# ശബ്ദതാരാവലി.

വ്യുൽപത്തി ചരിത്രപ്രയോഗങ്ങൾ മുതലായവ അടങ്ങിയ ഒരു

# മലയാളനിഘണ്ടു.

കൂടുതൽ വാക്കുകളും വിവരണങ്ങളും ചിത്രങ്ങളും

മററും ചേൎത്തു പരിഷ്കരിച്ച

രണ്ടാം പതിപ്പു്.

ഒന്നാം വാല്യം.

അ മുതൽ ദ വരെ.

ഗ്രന്ഥകൎത്താവു്

ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള.

പ്രകാശകൻ

പി. ചന്ദ്രശേഖരൻനായർ.

—:o:—

പ്രതി ൧൦൦൦.

"ഭാസ്കര"പ്രസ്സ്—തിരുവനന്തപുരം.

൧൧൦൮.

വില ബ്രി. രൂപ 7.

(പകൎപ്പവകാശം പ്രകാശകനിലും മററും).

പ്രസാധകന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിൎമ്മിതമാകുന്നു.

# മുഖവുര.

'ശബ്ദതാരാവലി' എന്ന ഈ മലയാളനിഘണ്ടുവിന്റെ ഒന്നാം പതിപ്പു പുറത്തായി രണ്ടുകൊല്ലം കഴിഞ്ഞശേഷം ആവശ്യക്കാൎക്കു പുസ്തകം കൊടുപ്പാനില്ലാതെ വന്നതുനിമിത്തം ഈ രണ്ടാംപതിപ്പു ആരംഭിക്കയും ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തി മുഴുപ്പിക്കയും ചെയ്തിട്ടുള്ളതാകുന്നു. ഇതിൽ ഞാൻ യഥാശക്തി വേണ്ട പരിഷ്കാരം ചെയ്തിട്ടുണ്ടു്. കേരളത്തിൽ എന്നല്ല, ഭാരതഖണ്ഡത്തിലും അതിനു പുറമേയും ഈ ഗ്രന്ഥം ചെലവായിക്കൊണ്ടിരിക്കുന്നതു നോക്കുമ്പോൾ പൊതുജനങ്ങൾ എന്നെ വേണ്ടുവോളം പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നു സ്പഷ്ടമാകുന്നു. അവരുടെ അനുഗ്രഹം എനിക്കു് അത്യന്തം ചാരിതാൎത്ഥ്യജനകമാണു്. എന്റെ പ്രയത്നത്തിന്റെ പ്രതിഫലവും അതു തന്നെ എന്നു ഞാൻ സവാത്മനാ സമ്മതിച്ചുകൊള്ളുന്നു. ഈ നിഘണ്ടു അപൂൎണ്ണമാണെന്നു അപൂൎവം ചിലർ അഭിപ്രായപ്പെടുന്നതായി കേൾക്കുന്നുണ്ടു്. നിഘണ്ടു ഒരിക്കലും പൂൎണ്ണമാകുന്ന ഗ്രന്ഥമല്ല. 'പൂൎണ്ണമായ നിഘണ്ടു' എന്നു് ഒരു നിഘണ്ടുകാരൻ പറയുമെന്നും എനിക്കു തോന്നുന്നില്ല. 'ശബ്ദതാരാവലി' പുറപ്പെട്ടതു മുതൽ 'നിഘണ്ടുനിൎമ്മാണനിശ്ശേഷം' ഉച്ചൈസ്തരമായിരിക്കുന്നു. ചുവരുണ്ടായാൽ ചിത്രമെഴുതാമല്ലൊ. 'ശബ്ദതാരാവലി'യെക്കാൾ മെച്ചമായ ഒരു നിഘണ്ടു ഉണ്ടാകുന്നതു് വാസ്തവത്തിൽ എനിക്കും അത്യധികം സന്തോഷംതന്നെ. എന്നാൽ നിൎമ്മത്സരന്മാരും കൃതമുഖന്മാരും പ്രതീക്ഷ്യന്മാരും ആയ എത്രാനും വിപശ്ചിദപശ്ചിമന്മാർ ഒത്തൊരുമിച്ചു് ഇരുപതോളം സംവത്സരം വേലചെയ്താലേ അതു് സാധിപ്പാൻ തരമുള്ളു. അതല്ല, രണ്ടുമൂന്നു കൊല്ലംകൊണ്ടു് ആരെങ്കിലും ഒരു നിഘണ്ടു എഴുതി പുറപ്പെടുവിക്കുന്നപക്ഷം അതു് 'ശബ്ദതാരാവലി'യുടെ പകൎപ്പായിരിപ്പാനേ എളുപ്പമുള്ളു. സൌഭികസമ്പ്രദായംകൊണ്ടു് നിഘണ്ടു നിൎമ്മിക്കാവുന്നതല്ല. 'സുഖം' എന്ന പദത്തിന്റെ അൎത്ഥം എന്റെ നിഘണ്ടുവിൽ കൊടുത്തിട്ടുണ്ടെന്നുവരികിലും പരമാൎത്ഥത്തിൽ അതെങ്ങനെയിരിക്കുമെന്നു് ഞാൻ ഇതുവരെ അറിഞ്ഞിട്ടുള്ളവനല്ല. എന്റെ കുടുംബക്കാരും ബന്ധുക്കളും സ്നേഹിതന്മാരും അതിനു സാക്ഷികളാകുന്നു. 'താരാവലി'യെ മുദ്രണംചെയ്തു വാണിജ്യയിൽ സമധികമായ ലാഭത്തെ സമ്പാദിക്കണമെന്നു വിചാരിക്കാതെ 'ക്രുലങ്കഷമായ ഭാഷാസാഹിത്യപരിചയത്തിന്നു പൎയ്യാപ്ത'മാകണമെന്നു

മാത്രം ഉദ്ദേശിച്ച ൧൦൭൨ മുതൽ ൧൧൦൩ വരെ ൩൧ സംവത്സരം 'ശബ്ദതാരാവലി'ക്കു ചെലവാക്കിയതിന്റെ ശേഷവും അതിനെ പ്പറ്റി എന്റെ ഹൃദയത്തിനുതന്നെ സംതൃപ്തി വന്നിട്ടില്ലെന്നുള്ളതും 'പെട്ടെന്ന് ഒരു നിഘണ്ടു പുറപ്പെടുവിച്ചുകളയാം' എന്നു വിചാരിക്കുന്നവർ ഓർമ്മിക്കേണ്ടതാകുന്നു. നിഘണ്ടു പതിപ്പുതോറും പരിഷ്കരിക്കണമെന്നുള്ളതും അതിന്റെ പ്രസാധകന്റെയും പിൻഗാമികളുടെയും ചുമതലയാണ്.

ഈ നിഘണ്ടുവിന്റെ ഒന്നാംപതിപ്പിൽ ഏതാനും പ്രതികൾ എടുത്തു സഹായിച്ച തിരുവിതാംകൂർ, കൊച്ചി ഈ രണ്ടു ബഹുമാനപ്പെട്ട ഗവർമ്മെണ്ടുകൾക്കും, വേണ്ട ഉപദേശങ്ങൾ തന്നും അനുമോദിച്ചും എന്നെ പ്രോത്സാഹിപ്പിച്ച പണ്ഡിതശ്രേഷ്ഠന്മാർക്കും, ഈ പതിപ്പിലേയ്ക്കു കൂടുതൽ വാക്കുകൾ ചേർക്കുന്നതിനിടയാക്കിയ മാന്യസ്നേഹിതന്മാർക്കും, ഒഴിച്ചുകൂടാത്ത ജോലിത്തിരക്കിന്നിടയിൽ വിലയേറിയ സമയത്തെ വ്യയംചെയ്തു് എന്റെ 'ജീവചരിത്രസംക്ഷേപം' സമുപജോഷം എഴുതിയയച്ചുതന്ന ഒരു പ്രത്യയിതസുഹൃത്തും ഭാഷാഭക്തനുമായ ശ്രീമാൻ പരുത്തിക്കാട്ടു ഗോപാലപിള്ള അവർകൾ ബി. ഏ-യ്ക്കും, ഈ പുസ്തകം ഭംഗിയായി അച്ചടിച്ചുതന്ന നിഷ്കളങ്കഹൃദയനും "ഭാസ്കര"പ്രസ്സ് മാനേജരുമായ ബ്രഹ്മശ്രീ എൻ. പത്മനാഭയ്യങ്കാർ അവർകൾക്കും ഹൃദയപൂർവം നന്ദിപറയുകയും, അസൂയാസഹസ്രഫണക്കരിമ്പാമ്പുകളുടെ ശല്യത്തിൽനിന്നും 'ശബ്ദതാരാവലി'യെ സംരക്ഷണംചെയ്തുപോരുന്ന സർവസാക്ഷിയായ ജഗദീശ്വരന്റെയും, ഈ നിഘണ്ടുനിർമ്മാണത്തിൽ തിരുവുള്ളമുണ്ടായി വേണ്ട പ്രോത്സാഹനം നൽകി എന്നെ അനുഗ്രഹിച്ചു നാടുനീങ്ങിയ ശ്രീമൂലകമഹാരാജാവു തിരുമനസ്സിലേയും ഇപ്പോൾ നാടുവാഴുന്ന കൊച്ചിമഹാരാജാവു തിരുമനസ്സിലേയും പാദാരവിന്ദങ്ങളെ ഭക്തിപൂർവം വന്ദിക്കയും ചെയ്തിട്ടു് ഈ രണ്ടാംപതിപ്പും ഞാൻ മഹാജനസമക്ഷം സവിനയം സമർപ്പിച്ചുകൊള്ളുന്നു.

---

൧൧൦൪-ഇടവം ൧൫.
തിരുവനന്തപുരം.

പ്രസാധകൻ.

## ഒന്നാം പതിപ്പിന്റെ

# മു ഖ വു ര.

—o—

സർവലോകൈകനിയന്താവിന്റെ അനുഗ്രഹം ഹേതുവായിട്ടു ശബ്ദതാരാവലി നിഘണ്ടു 22 സഞ്ചികയോടു—1584 പുറത്തോടു—കൂടി ഇതാ പൂർത്തിയായിരിക്കുന്നു. 1072-ാമാണ്ടു ഈ നിഘണ്ടു എഴുതുന്നതിനു ആരംഭിച്ചു. ആയിട എഴുത്തുകാപ്പി ഏതാനും പുറം ശ്രീമൽകേരളകാളിദാസനായ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ കാണിക്കയും അവിടുന്നു സന്തോഷിച്ചു "ഈ രീതിയിൽ മുഴപ്പിക്കുന്നതായാൽ മലയാളഭാഷയ്ക്കു ഇതു വലുതായ ഒരു സമ്പാദ്യമായിരിക്കുമെന്നും, വേണ്ട സഹായസഹകരണങ്ങൾ ചെയ്യാമെന്നും, മുമ്പു നിങ്ങളുടെ കാരണവർ—മിസ്റ്റർ പി. ഗോവിന്ദപ്പിള്ള ബി. ഏ—ഒരു 'ഇംഗ്ലീഷ് മലയാളനിഘണ്ടു' എഴുതുന്നതിനു ആരംഭിച്ചതിന്റെ ശേഷം, ദൈഹികങ്ങളായ ക്ലേശങ്ങളാലായിരിക്കാം, ഉടനടി മുടങ്ങിയതുപോലെ വന്നുപോകരുതെന്നും, ഈ മഹാരംഭത്തിന്റെ സ്ഥിതി ആലോചിച്ചാൽ ഇതു എഴുതിത്തീർക്കുന്നതിനു മുപ്പതോളം വൎഷം വേണ്ടിവരുമെന്നുള്ളതാകയാൽ ക്രമത്തിലധികം ക്ഷമയും ശ്രദ്ധയും ഉണ്ടായിരിക്കണമെന്നും" എന്നോടു കല്പിച്ചു. അവിടുത്തെ മരുമകനും കേരളപാണിനിയുമായ ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും ഇതേ വിധം തന്നെയാണു ഗുണദോഷിച്ചതു്. ഏതാനും ലക്കങ്ങൾ അവിടുന്നു കാണുകയും വേണ്ട ഉപദേശങ്ങൾ തരികയും ചെയ്തിട്ടുള്ള വാസ്തവവും പ്രസ്താവ്യമാകുന്നു. ഈ വിദ്വത്തല്ലജദ്വയത്തിന്റെ അഭാവം ശബ്ദതാരാവലിയുടെ ഭാഗ്യപരിപൂർണ്ണതയ്ക്കു ഹാനികരമായി തീർന്നിട്ടുണ്ടെന്നുള്ള പരമാൎത്ഥവും ഇവിടെ പ്രസ്താവിക്കാതിരിക്കാൻ എനിക്കു മനസ്സുവരുന്നില്ല.

1072 മുതൽ ഏഴു വൎഷം തുടൎച്ചയായി വേലചെയ്തതിന്റെ ശേഷം നിഘണ്ടു മുഴുവനാകുന്നതിനു ഇനിയും പത്തുപതിനഞ്ചു വൎഷംകൂടി വേണ്ടിവരുമല്ലോ എന്നു ഒരു വലിയ മടുപ്പു തോന്നുകയാൽ തൽക്കാലം ആ ജോലി നിറുത്തിവെച്ചു ക്രോഡീകരിച്ചിരുന്നവയിൽ ഏതാനും ശബ്ദങ്ങളെ എടുത്തു 'കീശാനിഘണ്ടു' എന്ന നാമധേയത്തിൽ ഒരു കാരാമി ഞാൻ പുറത്താക്കി. ഇതു 1080-ൽ ആയിരുന്നു. അതു എളുപ്പം ചെലവായതിനാൽ എന്റെ പ്രയത്നം വീണ്ടും ആരംഭിച്ചു. 1084 അവസാനത്തിൽ 'ശബ്ദരത്നാകരം' എന്ന നിഘണ്ടുവിന്റെ പുറപ്പാടിന്റെ വട്ടങ്ങൾ കണ്ടുതുടങ്ങി. അതിന്റെ പ്രയോജകന്മാർ എന്റെ പ്രിയസുഹൃത്തുക്കളായ ബ്രഹ്മശ്രീ സി. എൻ. ഏ. രാമയ്യാശാസ്ത്രി എം. ഏ. അവർകളും, ശ്രീമാൻ മുള്ളുവിളാകം കെ. ഗോവിന്ദപ്പിള്ള അവർകളും ആയിരുന്നു. രണ്ടുപേരും അതിലേക്കു സർവഥാ സമൎത്ഥന്മാരായിരുന്നു എങ്കിലും ഒരാൾ പാണ്ഡിത്യംകൊണ്ടും മറ്റേയാൾ പരിശ്രമംകൊണ്ടും മുമ്പും വമ്പും സമ്പാദിച്ചിരുന്നു. 1085 കന്നിയിൽ അതു പുറപ്പെട്ടതോടുകൂടി എന്റെ പ്രയത്നം ഞാൻ നിറുത്തിവച്ചു. ദുർദ്ദൈവവശാലായിരിക്കാം അഞ്ചോ ആറോ ലക്കങ്ങളോടുകൂടി ശബ്ദരത്നാകരത്തിന്റെ പ്രസ്ഥാനം അസ്ഥാനത്തിലായി. തദനന്തരം എന്റെ ഉദ്യമത്തെ ഞാൻ വീണ്ടും ആവൎത്തിച്ചു. ആകപ്പാടെ ഇരുപതുകൊല്ലംകൊണ്ടു—1092-ൽ—ഈ പുസ്തകം ഒരുവിധം പുറപ്പെടുവിക്കാമെന്നുള്ള നിലയിൽ വരുത്തി. ഇങ്ങനെയാണു ഇതിന്റെ ആവിർഭാവം.

ശീലവതി തുടങ്ങി മഹാഭാഗവതംവരെയുള്ള എല്ലാ ഗ്രന്ഥങ്ങളുടെയും, അനേകം വ്യാഖ്യാനങ്ങളുടെയും പ്രത്യേകം പ്രത്യേകമുള്ള അകാരാദി, തുടച്ചയിൽതന്നെ തയ്യാറാക്കിയ മുഖ്യസംഗതിയാണ്, ഇതു മുഴപ്പിക്കുന്നതിന സഹായിച്ചതെന്നു ഞാൻ പ്രത്യേകം അറിയിക്കുന്നു. മഹാശയന്മാരായ കൊല്ലിൻസ്, ഗുണ്ടർട്ട്, ബെയിലി, ആപ്റ്റി മുതലായവരുടെ നിഘണ്ടുകളും മററനേക ഗ്രന്ഥങ്ങളും എന്നെ ഇതിൽ വേണ്ടുംവിധം സഹായിച്ചിട്ടുണ്ടെന്നുള്ളതും അത്യന്തം സ്മരണീയമാകുന്നു. ശ്രീമാന്മാരായ പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ. അവർകൾ, വള്ളത്തോൾ നാരായണമേനോൻ അവർകൾ (ആത്മപോഷിണി പത്രാധിപർ) മുതലായവർ നേരിട്ടും, മാസികമുതലായവമൂലവും ചില ഭേദഗതികൾ ചെയ്യണമെന്നു മുൻകൂട്ടി ഉപദേശിച്ചതിനെ നിവൃത്തിയുള്ളിടത്തോളം ഞാൻ അനുസരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. നിർമ്മത്സരന്മാരായ ആ സഹൃദയന്മാർക്കും ഞാൻ ഹൃദയപൂർവ്വം നന്ദിപറഞ്ഞുകൊള്ളുന്നു. ഏറിയ കാലത്തെ നിരന്തരമായ പരിശ്രമംകൊണ്ടു ഇയ്യിടെ എനിക്കു ശരീരത്തിന ബലമായ സുഖക്കേടു തട്ടുകയാൽ മനസ്സിനെ ബാധിച്ചിട്ടുള്ള അലസത, ഈ മുഖവുരയെ ഇതിലധികം നീട്ടുന്നതിനും, തൽക്കാലം അനുബന്ധം ചേർക്കുന്നതിനും എന്നെ അനുവദിക്കുന്നില്ലെന്നു ഞാൻ സവിനയം അറിയിച്ചുകൊള്ളുന്നു.

ഇതിലുള്ള പല ന്യൂനതകളും പരിഹരിച്ചുതന്ന എൻ്റെ ഒരു ഗുരുനാഥനായ ശ്രീമാൻ എം. സി. നാരായണപിള്ള ബി. ഏ. അവർകളേയും, 15-ാം സഞ്ചികവരെ പ്രൂഫ്ഷീററ് തിരുത്തുന്നതിലും മററും സഹായിച്ചു് അടിച്ചുതന്ന സരസ്വതീവിലാസം പ്രസ്സ് ഉടമസ്ഥൻ ബ്രഹ്മശ്രീ എസ്. വിംലൈത്താഴർ (മഹോപാദ്ധ്യായൻ) അവർകളേയും, ശേഷം സഞ്ചികകളും ടൈററിൽ മുതലായവയും അച്ചിട്ടുതന്ന ഇംഗ്ലീഷ് ടീച്ചർ പ്രസ്സ് മാനേജർ എൻ. ശങ്കരപ്പിള്ള അവർകളേയും, ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതിൽ ഹാർദ്ദമായി സധൈര്യം പ്രയത്നിച്ച മേ. ദേകപ്പ അവർകളേയും കുറിച്ചുള്ള അത്യാകൃതജ്ഞതയോടും, ഈ ഗ്രന്ഥത്തെ എല്ലാവരും ആദരിക്കുന്ന പക്ഷം അതുതന്നെ എൻ്റെ പരിശ്രമത്തിൻ്റെ ഫലമെന്നുള്ള പൂർണ്ണവിശ്വാസത്തോടും ഇതിനെ മഹാജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

1098-ാമാണ്ടു
മീനമാസം ൭-ാംനു

ഗ്രന്ഥകർത്താ.

---

## ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തി പൂർത്തിയാക്കിയതിൽ പിന്നീടുള്ള അനുമോദനങ്ങളും മററും.

---

ചൂർണ്ണികര.
ആലുവാ.
23-8-98.

ശ്രീമൻ,

ശബ്ദതാരാവലിയുടെ ഒടുവിലെ ലക്കം സസന്തോഷം കൈപ്പററി. നിങ്ങൾ ഏകനായിത്തന്നെ ഈ സമുദ്രം പിന്നിട്ടതിനാൽ

കേരളീയരുടെയെല്ലാം പൂൎണ്ണബഹുമാനത്തിന്നും ശാശ്വതാഭിനന്ദനത്തിന്നും പാത്രീഭവിച്ചിരിക്കുന്നു. ഉത്സാഹശാലിയും ഭാഷാഭക്തനുമായ നിങ്ങൾക്കു ജഗദീശൻ ദീൎഘായുസ്സു നൽകുമാറാകട്ടെ!

താരാവലി ബയിൻഡുചെയ്തു സൂക്ഷിപ്പാൻ തുടങ്ങുകയാണ്.

സ്വന്തം വള്ളത്തോൾ
വി. നാരായണമേനോൻ.

---

A TRUE COPY OF A LETTER FROM DEWAN BAHADUR

# M. Krishnan Nair, B. A., B. L.,

(M. L. C)

## (Ex-Dewan of Travancore.)

Palghat,
17-4-1923.

My Dear Padmanabha Pillai,

I acknowledge with thanks the receipt of a copy of your "SABDA-THARAVALI" which you so kindly sent to me.

I have gone through the book with some care. It is a monumental work and will, I venture to think, last so long as the Malayalam language exists. It supplies a long-felt want. It is not only a useful Dictionary but a valuable commentary, in many instances, on Puranic events and personages. The perseverance and industry which you have brought to bear on the preparation of this remarkable work are admirable. You have by the production of this book laid the whole of the Malayalam speaking world under a deep debt of obligation to you. I am proud to think that I was of some service to you in the preparation of this book.

Wishing you every success and with kindest regards.

I am,
Yours sincerely,
M. KRISHNAN NAIR.

---

TRIVANDRUM DAILY NEWS.

*WEDNESDAY APRIL 4, 1923.*

## A Great Achievement.

Mr. G. Padmanabha Pillai of Srikanteswaram has completed in the current Malabar month his "Sabdatharavali", Malayalam Dictionary, a work which he began in 1072, i e. 26 years ago, four years earlier than was anticipated by His Highness the late Valiyakoil Thampuran, when the first part of it was submitted to him for his opinion. He said then that if in the way he gave it he could complete the work, the latter would be a great acquisition to Malayalam language and that he would render it all possible help and hoped it would not meet with the fate of the English-Malayalam Dictionary begun by the author's *karanavan*, the late Mr. P. Govinda Pillay B. A., Sarvadhikariyakar. He told him that only with extraordinary patience and attention he could complete the work: The same advice was given and the same hope expressed by the late Mr. A. R. Rajaraja Varma. He has been, besides the help received from the valuable works of Gundert, Collins, Bailey and Apte, reading all Malayalam works from *Seelavathi to Bhagavatham*, with the express object of acquiring a comprehensive vocabulary. He has also not failed in getting expert advice from some of the leading Malayalam Pandits of Kerala. Its usefulness has been recorded by the leading public organs of this country and also by some of its literary celebrities, one of whom, Mr. S. Parameswara Iyer, referring to this "gigantic work" said that the author's laudable efforts deserve due encouragement at the hands of the public. "Mr. Padmanabha Pillai is one of the very few who have the qualifications to begin a great work and to complete it. Though in the words of our *kavithilakan*, Mr. Padmanabha Pillai has already earned a name as an author and publisher of several Malayalam books", he will be best remembered by the most important and latest of them, the *Sabdatharavali*. Mr. Padmanabha Pillai's work makes it clear that success attends on those who aim high and who works patiently and attentively for the attainment of that aim and his life, that genius invariably has to taste the cup of poverty which on that account becomes sacred. Just as Olloor will in Malayalam literature be ever associated with Mr. Parameswara Iyer, Sreekantaswaram will be with the lexicographer, Mr. Padmanabha Pillai. Several independent attempts were made during the interval on this same line but not one of them was crowned with success. It would have been wiser if they had co-operated with the one who has

already begun to work in the field. Had they done so, this work would have been far more than "a skeleton of a comprehensive Malayalam Dictionary". We do not require three Malayalam Dictionaries or more for Kerala. One good Dictionary will be enough and that is to be the joint product of the best scholars of this coast. If this work is still regarded as a bare skeleton, we commend the idea of giving it flesh and blood to the *Kavithilakans* and *Sahityakusalans* of Kerala, without frittering away their energies on nonbeneficial literary activities. Mr. Pillai's work is a great achievement which will, however humbly, add to the literary brilliance of His Highness the present Maha Rajah's reign. We congratulate Mr. Padmanabha Pillai on his great achievement which will ever remain a monument of his high aim, patient work and unflagging industry and an inspiring example to the young men of this country. We wish the author strength and peace to continue his high literary labors for the good of the land of his birth and the development of his mother tongue.

---

## കങ്കണം. രാജഹംസ്സേന

---

സുപ്രസിദ്ധപത്രപ്രവൎത്തകനായ കണ്ടത്തിൽ വറുഗീസുമാപ്പിള അവർകളുടെ കാലത്തു 'മലയാളമനോരമ'പംക്തികളിൽ കവിതാസമരം നടത്തി വിരുതുനേടിയിട്ടുള്ള വിഖ്യാതരായ കേരളീയകവിവീരന്മാരുടെ ഇടയിൽ സമ്മതി സമ്പാദിച്ചിട്ടുള്ള മി. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള കഴിഞ്ഞ ഒരു പാദശതാബ്ദത്തിൽപരമായി 'ശബ്ദതാരാവലി' എന്ന നിഘണ്ടുവിന്റെ രചനയിൽ ഏൎപ്പെട്ടിരിക്കയായിരുന്നു. കഴിഞ്ഞ അഞ്ചുവൎഷങ്ങൾക്കുള്ളിൽ ഖണ്ഡശഃസഞ്ചികാരൂപത്തിൽ പ്രസിദ്ധീകരിച്ചുവന്ന ഈ മഹാകൃതി ഇക്കഴിഞ്ഞ മീനത്തിൽ പൂൎണ്ണമായ പുസ്തകരൂപം അവലംബിച്ചതായി ഞങ്ങൾ അറിഞ്ഞിട്ടുണ്ടു്. ഈ നിഘണ്ടു വായിച്ചു വിമൎശനം ചെയ്വാൻ ഞങ്ങൾക്കു നാളതുവരെ സൌകൎയ്യമുണ്ടായിട്ടില്ലെങ്കിലും ഡെമ്മി ൪ വലിപ്പത്തിൽ ൧൬൦൦ വശങ്ങളുള്ള ഈ ഗ്രന്ഥം മലയാളഭാഷാസാഹിത്യത്തിനു് ഒരു അമൂല്യനിധിയായിരിക്കുമെന്നുള്ള ഞങ്ങളുടെ ബോദ്ധ്യം അസ്ഥാനത്തിലായ്‌വരികയില്ലെന്നു വിശ്വസിക്കുന്നു. മററു പല കാൎയ്യങ്ങളിലെന്നപോലെതന്നെ കവിവരന്മാരെയും വിദ്വജ്ജനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിലും അനാദികാലം മുതൽക്കേ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളതാണു തിരുവിതാംകൂർ മഹാരാജകുടുംബം. കരുണാനിധിയായ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു മി.

പത്മനാഭപിള്ളയ്ക്കു് ഒരു വീരശൃംഖല കല്പിച്ചു സമ്മാനിച്ചിരിക്കുന്നതായി ഞങ്ങൾ അറിയുന്നു. പ്രായാധിക്യംനിമിത്തം ശരീരശക്തികൾ ക്രമേണ ക്ഷയോന്മുഖമായിത്തീരുന്ന വാർദ്ധക്യദശയിൽ ഇത്ര ഗംഭീരമായ ഒരു സാഹിത്യപ്രസ്ഥാനത്തിലേർപ്പെട്ടു് ഒരു പുരുഷായുസ്സിന്റെ ചതുർഭാഗത്തോളം വിനിയോഗിച്ചു് അതു് ഫലപ്രദമാക്കിത്തീർത്ത മി. പത്മനാഭപിള്ള ഏതാദൃശമായ മഹാരാജപ്രോത്സാഹനത്തിനു സർവ്വഥാ അർഹനും തിരുമനസ്സിലെ ഈ സമുചിതമായ സമ്മാനം സാഹിത്യപരിശ്രമികൾക്കു് ആകമാനം പ്രോത്സാഹജനകവുമാണെന്നുള്ളതു നിസ്സന്ദേഹം തന്നെ.

കേരളദീപം, ൯൮ ഇടവം ൧൦.

---

No. 843. 18-6-23.

ഭാഷാപോഷണവിഷയത്തിൽ നിങ്ങൾ ചെയ്തിട്ടുള്ള അതിമഹത്തായ പരിശ്രമത്തെ അഭിനന്ദിച്ചു മഹാരാജാവു തിരുമനസ്സുകൊണ്ടു നിങ്ങൾക്കു് ഒരു വീരശൃംഖല കല്പിച്ചു സമ്മാനിച്ചതന്നതിനു ഞാൻ അത്യന്തം സന്തോഷിക്കുകയും നിങ്ങളെ ഈ വിഷയത്തിൽ അഭിനന്ദിക്കുകയും ചെയ്യുന്നു. അധികകാലമായി നിങ്ങൾ ചെയ്തിട്ടുള്ള അശ്രാന്തമായ അദ്ധ്വാനത്തിനു് ഇതു ഒരു പ്രതിഫലമാകുന്നതല്ലെങ്കിലും തൃക്കയ്യിൽനിന്നു കിട്ടുന്ന ഒരു ബിരുദം പ്രത്യേകം വിലയേറിയതാണല്ലൊ. ഇനിയും നിങ്ങൾ ഇത്തരത്തിൽ പല വലിയ കാർയ്യങ്ങളിലുംപ്രവേശിച്ചു ജയംസിദ്ധിക്കുവാനിടവരുത്തണമെന്നു ഞാൻ ദൈവത്തെ പ്രാർത്ഥിക്കുന്നു.

പി. വി. കൃഷ്ണവാര്യർ,
കോട്ടയ്ക്കൽ.

---

തിരുവനന്തപുരം.
20-12-98.

ശ്രീരസ്തു.

ശ്രീമൻ,

സദയം അയച്ചുതന്ന ശബ്ദതാരാവലി (ബയിൻഡുചെയ്ത വാല്യം രണ്ടും) കിട്ടി. വളരെ വളരെ വന്ദനം. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം വലുതായ ഒരു ന്യൂനതയെ പരിഹരിക്കുന്നതിനു പ്രയോജനപ്പെട്ടുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഭാഷാസാഹിത്യചരിത്രകർത്താവിന്റെ വംശ്യനായ നിങ്ങൾ ശബ്ദകോശ

ത്തിൻെറ നിർമ്മിതിക്ക് ഉദ്യമിച്ചതും ആ മഹാപ്രയത്നത്തെ സഫലമായി നിർവ്വഹിച്ചതും വിചാരിച്ചു ഞാൻ അത്യന്തം ആഹ്ലാദിക്കുന്നു.

കൃത്യാന്തരപരമ്പരനിമിത്തം ഝടിതി മുഴുവൻ നോക്കുവാൻ സാധിക്കാത്തതിൽ ഞാൻ ഖേദിക്കുന്നു. എങ്കിലും വിശ്രുതമായ നിങ്ങളുടെ പാണ്ഡിത്യത്തെ വിശ്വസിച്ച് ഈ കൃതിയുടെ മാഹാത്മ്യത്തെ ഞാൻ സർവ്വാത്മനാ അഭിനന്ദിക്കുന്നു. ഇടയ്ക്കിടെ സന്ദേഹനിവൃത്തിക്കു വിഷമിച്ചു ഭദ്രമായ കോശഗ്രന്ഥങ്ങൾ ഇല്ലാതെ ഞാൻ ക്ലേശിക്കാറുണ്ട്. നിങ്ങളുടെ പ്രയത്നം മേലിൽ അങ്ങനെയുള്ള അവസരങ്ങളിൽ അനുഗ്രഹമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ മഹാപ്രബന്ധത്തിന്നു സകല സിദ്ധികളും ഞാൻ ആശംസിക്കുന്നു. എന്നു ശ്രീമാൻ

ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവർകൾക്ക്,
വിശ്വസ്തമിത്രം പി. കെ. നാരായണപിള്ള.

---

Camp. Trichur. Dated,
22nd July 1923.

My Dear Sir,

Your letter No. 55 dated the 21st Mithunam was received by me some three days after its despatch, but the copy of the 'Sabdataravali' advised in it reached me only three days ago. I am much obliged to you for sending me the copy. I have of course had no time to go through it except cursorily and must say from what I have seen of it that as a first attempt, it is a highly creditable production. You have to remember that long accustomed to standard English Dictionaries my ideals are rather high and in matters of definition I should naturally expect greater breadth and perspicacity. Considering however the fact that you had to practically work singlehanded your achievement is all the more creditable to you and the indebtedness of the Malayalam speaking community to you on that account is unquestionable.

Yours sincerely
P. Narayana Menon,
*Dewan of Cochin.*

---

നിഘണ്ടുനിർമ്മാണം ദുഷ്കരമായൊരു കർമ്മമാണ്. ഒരാളാൽ അതു കേവലം ദുസ്സാധമെന്നാണു ഞാൻ കരുതിയിരുന്നതും. എന്നാൽ നിങ്ങളുടെ 'ശബ്ദതാരാവലി' എന്നെ അത്ഭുതപരതന്ത്രനാക്കിത്തീ

ത്തിരിക്കുന്നു. അത് നിങ്ങളുടെ പാണ്ഡിത്യം, ക്ഷമ എന്നിവയുടെ പ്രത്യക്ഷതേജസ്സായി കോശനഭോമണ്ഡലത്തിൽ എന്നും ഉപകാരപ്രദമായി പ്രകാശിച്ചുകൊണ്ടിരിക്കട്ടെ.

കുമാരാലയം<br>
എറണാകുളം<br>
൧൦-൧-൧൦൯൯.

ററി. കെ. കൃഷ്ണമേനോൻ.

---

## ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിവരവെയുള്ള
## അനുമോദനക്കത്തുകൾ.

"ശബ്ദതാരാവലി" പ്രസാധകനായ മിസ്റ്റർ ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള അച്ചടിപ്പിച്ചുവരുന്ന ആ നിഘണ്ടുവിന്റെ ഒന്നാം ഭാഗം എനിക്ക അയച്ചുതന്നിട്ടുള്ളതു ഞാൻ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. ചെറിയന്നേ സരസ്വതീപ്രസാദം ലഭമായി തന്നിലുണ്ടെന്നു പ്രകടിപ്പിച്ച പ്രസാധകനെ ഞാൻതന്നെ കുറേനാൾ സംസ്കൃതം പഠിപ്പിച്ചിട്ടുണ്ട്. ലക്ഷ്മീകടാക്ഷം കുറഞ്ഞിരുന്നതിനാൽ പ്രസാധകനു ശരിയായവിധം ഇംഗ്ലീഷ് പഠിക്കാൻ ഭാഗ്യം ഉണ്ടായില്ല.

മലയാളഭാഷയിൽ അനേകം ലളിതങ്ങളായ ഗ്രന്ഥങ്ങൾ സാരസ്വതവൈഭവം ഏറെയുള്ള ഈ പ്രസാധകൻ രചിച്ചിട്ടുള്ളതു കണ്ടു ഞാൻ അഭിനന്ദിക്കുന്നു.

ഈ നിഘണ്ടു ആകട്ടെ പ്രസാധകന്റെ ൨൦, ൨൫ കൊല്ലങ്ങളിലെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമാകുന്നു. ഗ്രന്ഥമെഴുത്തുകാർക്കു ഗ്രന്ഥമെഴുതി അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതിലുള്ള ക്ലേശങ്ങൾ എത്രത്തോളമുണ്ടെന്നു അറിഞ്ഞുകൂട്ടു. പ്രസ്തുതഗ്രന്ഥത്തിൽ മിസ്റ്റർ പത്മനാഭപിള്ളയുടെ ക്ഷമയോടുകൂടിയ പരിശ്രമവും, നാനാമുഖമായ ജ്ഞാനവും നിഴലിച്ചു കാണുമാനുണ്ട്. ഈ പ്രസാധകൻ സർവ്വഥാ മലയാളഭാഷാഭിമാനികളാൽ അഭിനന്ദനീയൻ തന്നെ. എന്നാൽ നെടുനാൾ ഇടവിടാതെ ഏകനായി വേലചെയ്ത പ്രസാധകനേയും പ്രസാധകന്റെ ആ വേലയുടെ ഫലമായ ഈ അമൂല്യഗ്രന്ഥത്തേയും നാം അനുമോദിച്ചു സാധുവാദം ചൊല്ലി വിട്ടേച്ചാൽ പോരാ. ഈ ഗ്രന്ഥത്തെ ഒന്നു നന്നേ പോഷിപ്പിച്ചു ഇതു കൊഴുത്തു തടിച്ച മാംസളശരീരത്തോടുകൂടിയതായി വരുത്തക്കവണ്ണം നാം യത്നിക്കേണ്ടതായിട്ടുണ്ട്. അതിലേക്ക അനേകരുടെ പണ്ഡ അല്ലെങ്കിൽ പഠിപ്പും അധികം പണവും അത്യാപേക്ഷിതമായിരിക്കുന്നു. അതുകൊണ്ടു വിദ്യാഭ്യാസവിഷയത്തിൽ തല്പരതയോടുകൂടിയിരിക്കുന്ന നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഗവർമ്മെണ്ടും

കൊച്ചി നാട്ടിലെന്നും ഭാഷാഭിമാനികളായ പൌരശ്രേഷ്ഠന്മാരും പണ്ഡിതവര്യന്മാരും വേണ്ടതുപോലെ ഈ ഗ്രന്ഥകാരനെ സഹായിച്ചു "ശബ്ദതാരാവലി"യെ അചിരേണ "ലോകതാരാവലി"ക്കു ഗോചരമാക്കിത്തീർക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഒടുവിലായി ഒന്നു പറഞ്ഞുകൊള്ളട്ടെ. മഹാമേധാവിയായിരുന്ന മലയാള ഭാഷാചരിത്രത്തിന്റെ കർത്താവിനെ ആ ഗ്രന്ഥരചനയിൽ ഞാൻ ബ്രഹ്മചാരിയായിരുന്ന കാലത്തു യഥാശക്തി സഹായിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ ആ യശഃശരീരന്റെ സ്വദേശീയനായ ഈ ഭാഷാനിഘണ്ടു കർത്താവിനെ വാനപ്രസ്ഥാശ്രമത്തിൽ പ്രവേശിക്കേണ്ടതായ വയസ്സിൽ എത്തിക്കഴിഞ്ഞിരിക്കുന്ന എനിക്കു ഒരുവിധം സഹായിക്കാൻ ഇടവന്നതു് എന്റെ ഭാഗ്യംതന്നെ എന്നു വിചാരിച്ചു ഞാൻ സന്തോഷിക്കുന്നു. പ്രസാധകനും പ്രകാശകനും കൈതുടർന്നിരിക്കുന്ന ഈ പ്രശംസനീയമായ പ്രയത്നം ഫലപരിണതിയെ പ്രാപിച്ചിട്ടു് ഇരുവരും വിജയമുടി ചൂടുമാറു ജഗന്നിയന്താവു് ഇവരെ അനുഗ്രഹിക്കട്ടെ എന്നു സദാ ഞാൻ ആശീർവദിച്ചുകൊണ്ടിരിക്കുന്നു.

10-3-94. എം. സി. നാരായണപിള്ള ബി. ഏ.

---

I have gone through a few pages of "Sabdataravali" the new Malayalam Dictionary, now being published in parts by Mr. Sreecanteswaram G. Padmanabha Pillai. Mr. Padmanabha Pillai has already earned a name as an author and publisher of several Malayalam books and I am convinced that he has taken considerable pains in the preparation of the present publication. His laudable efforts in this direction certainly deserve due encouragement at the hands of the public. I do not mean to say that the book does not stand in need of revision here and there; but that may well be done in a future edition. What is now required is the skeleton of a comprehensive Malayalam Dictionary and I am glad to say that Mr. Padmanabha Pillai's publication is valuable as a skeleton and goes a long way towards satisfying a public demand. I wish the enterprising author all success in his present gigantic task.

Trivandrum,
28-10-1918. S. Parameswara Iyer, M. A., B. L., M. R. A. S.

---

സ്വസ്തി.

എഴുത്തും "ശബ്ദതാരാവലി" ഉതിരകാളിശബ്ദംവരെ മുള്ള പ്രാരംഭഖണ്ഡവും കിട്ടി. വളരെ നന്ദിപറഞ്ഞുകൊള്ളുന്നു.

ഭഗീരഥൻകൂടി രഥം തെളിപ്പോകത്തക്കവണ്ണമുള്ള ഈദൃശശ്രമം കൈക്കൊണ്ടിരിക്കുന്ന നിങ്ങളെക്കുറിച്ച് അഭിനന്ദിക്കുന്നതിനു താമസിക്കരുതെന്നു വിചാരിച്ചു ഝടിതി ഈ മറുപടി എഴുതുന്നതാകുന്നു.

പ്രസ്തുത കൃതിയെക്കുറിച്ചു സ്തുതിക്കയല്ലാതെ മാൎഗ്ഗം കാണുന്നില്ല. അസാമാന്യമായ ക്ഷമയും അവധാനവും സൎവ്വതോമുഖമായ വൈദുഷ്യവും കൊണ്ടല്ലാതെ ഇപ്രകാരം ഒരു ഗ്രന്ഥം നിൎമ്മിക്കുവാൻ സാധിക്കുന്നതല്ലെന്നു നിസ്സംശയമാകുന്നു. ഈ ഗുണങ്ങൾ നിങ്ങളുടെ കൃതിയിൽ സ്പഷ്ടമായി കാണുന്നുണ്ടെന്നു നിൎമ്മത്സരന്മാർ സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. അമരസിംഹാദി കൃതികൾ ഹൃദിസ്ഥമാക്കി ശബ്ദനിഷ്ഠ സമ്പാദിക്കുന്നതിനു വേണ്ട സൌകൎയ്യമൊ സമാധാനമൊ ആധുനികന്മാൎക്കുണ്ടെന്നു തോന്നുന്നില്ലാ. ആ സ്ഥിതിക്കു കേരളഭാഷയുടെ വൎദ്ധമാനാവസ്ഥയ്ക്കനുരൂപമായി സന്ദേഹനിവൃത്തിക്ക് ഒരു നിഘണ്ടു ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യംതന്നെ. ഗുണ്ടർട്ട് പ്രഭൃതികളുടെ കൃതികൾ പ്രശംസനീയങ്ങൾതന്നെ എങ്കിലും ക്ഷുല്ലങ്കഷമായ ഭാഷാസാഹിത്യപരിചയത്തിനു പൎയ്യാപ്തങ്ങളല്ല. ഈ നിലയിൽ ഭാഷാചരിത്രകൎത്താവിന്റെ ഭാഗിനേയൻ നിഘണ്ടുനിൎമ്മാണത്തിനു തുനിഞ്ഞതു സൎവ്വഥാ സമുചിതമായിരിക്കുന്നു. ഇതിനെ സംപൂൎണ്ണമാക്കുന്നപക്ഷം ഭാഷക്കു ശാശ്വതമായ ഒരു സമ്പാദ്യം ഗ്രന്ഥകാരനായ നിങ്ങൾ സമ്പാദിച്ചുകൊടുത്തു എന്നുള്ള ഖ്യാതി അനശ്വരമായി നിലനില്ക്കുന്നതാകുന്നു. ഗുണൈകതമമായി പറയുമ്പോൾ അസാരം അസ്വാരസ്യമായി തോന്നിയതു പറയാതിരിക്കുന്നതു ശരിയല്ലല്ലൊ എന്നു വിചാരിച്ച് അല്പം പ്രസ്താവിക്കേണ്ടതുണ്ട്. അതായതു ശബ്ദങ്ങളുടെ അൎത്ഥത്തിനെപ്പററി സന്ദേഹത്തിന് തീരെ അവകാശമില്ലാതിരിക്കെ ചിലേടത്തു നിങ്ങൾ വളരെ ഉദാഹരണങ്ങൾ ഉദ്ധരിച്ചുകാണുന്നതും പ്രയോഗങ്ങളെ വിശദീകരിക്കാൻ ഉദാഹരണങ്ങൾ വേണ്ടതായ ചില ദിക്കിൽ കേവലം മൌനം അവലംബിച്ചു കാണുന്നതും ആയ സംഗതിയാകുന്നു. ഈ അംശത്തിൽ കുറെക്കൂടി നിഷ്കൎഷയുണ്ടായാൽ കൊള്ളാമെന്നു തോന്നുന്നു. ഒരു നിഘണ്ടുവിന്റെ പ്രാമാണ്യത ശബ്ദങ്ങളുടെ ബാഹുല്യത്തെക്കാൾ അൎത്ഥനിഷ്കൎഷയെ അവലംബിച്ചിരിക്കുമെന്നുള്ള പ്രത്യേകം പറയേണ്ടതില്ലല്ലൊ.

ആകപ്പാടെ പറഞ്ഞാൽ ഈ ഉദ്യമത്തിൽ ഞാൻ നിങ്ങളെ ഹാൎദ്ദമായി അനുമോദിക്കയും ഈ ആരംഭത്തിനു സകല സിദ്ധികളും ആശംസിക്കയും ചെയ്യുന്നു. പൌരുഷനായ അമരസിംഹന്റെ കൃതികണ്ടു മത്സരിഷ്ഠയുള്ള ബ്രാഹ്മണർ, "അമരസിംഹോ, ഹി, പാപീയാൻ സൎവ്വം ഭാഷ്യമചൂചുരൽ" എന്നു പറഞ്ഞതായി ഒരു കഥ

യുണ്ടു്. അതുപോലെ കേരളീയരെപ്പററി ബഹുമാനം ഭാവിക്കാത്ത ക്ഷുദ്രന്മാരുണ്ടെങ്കിൽ "ജി. പത്മനാഭനാമാ, ഹി, പാപിയാൻ സർവ്വഭാഷാമഷീച്ചോരൻ" എന്നു അസൂയയോടുകൂടി പ്രലപിക്കമാറു ഭദ്രമായും ഗംഭീരമായും നിങ്ങളുടെ കൃതിക്കു പ്രതിഷ്ഠ ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

*　　*　　*　　*　　*　　*

കോട്ടയം　　　　　　പി. കെ. നാരായണപിള്ള,
12—3—94.　　　　　　ബി. എ., ബി. എൽ.

---

"ശബ്ദതാരാവലി"യുടെ ആരംഭദശമുതൽ നാളതുവരെ അതിന്റെ വളർച്ചയെ സോൽകണ്ഠം പ്രതീക്ഷിക്കയും അതിൽ വിവക്ഷിച്ചിട്ടുള്ള ഓരോ വാക്കും എത്രയും സൂക്ഷ്മമായി വായിച്ചു് അപ്പഴപ്പോൾ തോന്നീട്ടുള്ള അഭിപ്രായങ്ങളെ സാഹിത്യശ്രീമാനായ പത്മനാഭപിള്ളഅവർകളെ ഞാൻ അറിയിക്കുകയും ചെയ്തിട്ടുണ്ടു്. ദരിദ്രനു നിധി കിട്ടിയാൽ ഉണ്ടാകുന്ന അനുഭവമാണു് ഒരു നല്ല നിഘണ്ടു ലഭിച്ചാൽ മലയാളികൾക്കു സിദ്ധമാകുന്നതെന്നു നിശ്ചയമാണു്. ആർഭാടങ്ങൾ ഒന്നും കൂടാതെ ശക്തിക്കനുസരിച്ചു സാഹിത്യപരിപോഷണം ചെയ്യുന്ന ഒരു യഥാർത്ഥ ഭാഷാഭിമാനിയാണു് ഈ നിഘണ്ടുകാരൻ എന്നു മുക്തകണ്ഠം പ്രതിജ്ഞചെയ്യുവാൻ എനിക്കു ധൈര്യമുണ്ടു്. പ്രകൃതമായ സാഹിത്യസംരംഭം വിജയപൂർവ്വമായ പൂർണ്ണതയെ പ്രാപിക്കുന്നതോടുകൂടി പത്മനാഭപിള്ള അവർകളുടെ കീർത്തി മലയാളലോകത്തിൽ ചിരപ്രതിഷ്ഠയെ പ്രാപിക്കുമെന്നും നമ്മുടെ ഭാഷ ശശ്വൽപ്രകാശസമ്പന്നയാകുമെന്നും സധൈര്യം പ്രവചിക്കാം. പത്മനാഭപിള്ള അവർകളെ പ്രസ്തുത പരിശ്രമത്തിൽ സഹായിക്കുന്നതു സർവ്വശ്ലാഘ്യമായ ഒരു ധർമ്മാനുഷ്ഠാനം മാത്രമാണു്.　　എന്നു്

12—3—94.　മള്ളൂർ ഗോവിന്ദപ്പിള്ള, ബി. എ. ബി. എൽ.

---

Neyyattinkara,
25—8—1094.

*Dear Sir,*

The 1st Vol. of the ശബ്ദതാരാവലി sent by you, was duly received. Kindly excuse the delay in acknowledging the same. I wanted to write after using the book for some references. A standard Dictionary is a great desideratum at present for the Malayalam Language. Your book promises to supply this want. Its vocabulary is fuller, and explanations more elaborate and clearer than in other dictionaries in the field. The Encyclopædic information and the apt and interesting quotations interspersed with the explanations make occa-

sional references interesting, and the oppressive dryness in reading a dictionary is little felt. The book when completed will make an invaluable addition to all our Vernacular Libraries. The book may help not only to elucidate the past and current literature, but it may also promote its growth in indirect ways, I think it won't be an exaggeration on my part to say that the publication of the complete work may mark the beginning of a new Epoch in the history of the Malayalam Language, like that of Dr. Johnson's was for the English Language.

It is really literary works of the kind you have undertaken that deserve help from Government. I hope you will get it sooner or later. I wish every Departmental school in the State is supplied with a copy of your book as early as possible. Teachers are at present greatly handicapped in their work, owing to the want of a standard dictionary. I heartily congratulate you on what you have already achieved, and I pray to God to bless you with health and vigour to pursue your gigantic task with enthusiasm, and crown you with complete success in your noble and patriotic enterprise. Please enrol me also as a subscriber.

Yours sincerely,
P. Krishna Iyer.
Assistant Inspector, Dist, IV.
Neyyattinkara.

---

## പത്രാഭിപ്രായങ്ങൾ.

ഭാഷക്കു സമ്പത്തു വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നതിനു മുമ്പായി ഉള്ളതിന്റെ ഒരു ശരിയായ കണക്കു തയ്യാറാക്കുകയാണല്ലൊ ഭാഷാഭിമാനികൾ ചെയ്യേണ്ടതു്. ഈ കൃത്യം യഥായോഗ്യം നിർവ്വഹിക്കത്തക്ക ഒരു നിഘണ്ടു ഇതുവരെ മലയാളത്തിൽ ഉണ്ടാകാത്തതു വലിയ കഷ്ടമാണെന്നു പറയാതെ നിവൃത്തിയില്ല. ഭാഷാഭിമാനികളിൽ ചിലർ ഈ കാര്യത്തിൽ ഇടക്കു ചില ഒച്ചപ്പാടുകളുണ്ടാക്കിയെങ്കിലും പിന്നെ ഒന്നും കേൾക്കാതാവുകയാണു ചെയ്തതു്.

ഇങ്ങനെയിരിക്കുന്ന സന്ദർഭത്തിൽ ബഹളമൊന്നും കൂടാതെ ഏറ്റവും ഉപയോഗപ്രദമായ രീതിയിൽ പുറത്തിറങ്ങിയ ഈ ശബ്ദതാരാവലിക്കു ഞങ്ങൾ ഹൃദയപൂർവ്വം സ്വാഗതം പറഞ്ഞുകൊള്ളുന്നു. മലയാളപദങ്ങളുടേയും മലയാളത്തിൽ പ്രചാരത്തിലിരിക്കുന്ന സംസ്കൃതപദങ്ങളുടേയും അർത്ഥം, വ്യുൽപ്പത്തി, ചരിത്രം, പ്രയോഗങ്ങൾ എന്നിതെല്ലാം ഇതിൽ വേണ്ടതുപോലെ വിവരിച്ചുകാണുന്നുണ്ടു്.

ഡിമ്മി ൮-ൽ ൨൮ ഭാഗമുള്ള ഓരോ പുസ്തകം മാസംതോറും പ്രസിദ്ധപ്പെടുത്തിവരുന്നു. വരിസംഖ്യ കൊല്ലത്തിൽ ൪ ക. യാണു്.

ഈ നിലയിൽതന്നെ ഇതു മുഴുപ്പിച്ചുകിട്ടിയാൽ മലയാളഭാഷയ്ക്കൊരു നിഘണ്ടുവില്ലാത്ത കുറവു തീൎന്നുപോകുമെന്നു തന്നെയാണു ഞങ്ങൾക്കു തോന്നുന്നതു്. ഇതിൻെറ പ്രവൎത്തകന്മാൎക്കു ഞങ്ങൾ സൎവ്വവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു. (കവനകൌമുദി)

---

തിരുവനന്തപുരം ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവൎകൾ പുതിയതായി ഖണ്ഡശഃ പ്രസിദ്ധംചെയ്തുതുടങ്ങിയിരിക്കുന്ന ഒരു മലയാളനിഘണ്ടുവിൻെറ പേരാണു് ഇതു്. സൌകൎയ്യത്തെ ഉദ്ദേശിച്ചാണു് ഇങ്ങിനെ മാസികയായി ഈ പ്രസിദ്ധീകരണം ആരംഭിച്ചിരിക്കുന്നതു്. മിസ്റ്റർ പത്മനാഭപിള്ള കഴിഞ്ഞ ൨൦ വൎഷകാലം പരിശ്രമിച്ചതിൻെറ ഫലമായി ഉണ്ടാക്കിയിരിക്കുന്നതാണു് ഈ നിഘണ്ടുവെന്നു പറയുമ്പോൾ, എത്രമാത്രം ക്ഷമയോടുകൂടിയാണു് ഈ വിഷയത്തിൽ യത്നിച്ചിരിക്കുന്നതെന്നു് ആൎക്കും മനസ്സിലാക്കാവുന്നതാണു്. സാഹിത്യവിഷയമായി വളരെ പരിശ്രമിക്കുന്ന ഒരു സഹൃദയനാണു് മിസ്റ്റർ പത്മനാഭപിള്ള എന്നുള്ളതിനു സംശയമില്ല. ഇതുവരേക്കും അദ്ദേഹം ൪൨ ഗദ്യപദ്യകൃതികൾ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. ഈ നിഘണ്ടു കേരളീയൎക്കു വളരെ പ്രയോജനകരമായ ഒരു പ്രസിദ്ധീകരണമാണെന്നു പറയേണ്ടതില്ലല്ലോ. ഇപ്പോൾ ഞങ്ങളുടെ മുമ്പാകെ ഇരിക്കുന്നതു് ഒന്നാംലക്കമാണു്. ഇതിൽ 'അ' മുതൽ 'അകൃതി' വരെയുള്ള പദങ്ങൾ അടങ്ങീട്ടുണ്ടു്. പ്രസാധകൻെറ ഈ ഉദ്യമത്തിൽ കേരളീയരുടെ വേണ്ടതുപോലെയുള്ള പ്രോത്സാഹനം സിദ്ധിച്ചുകാണ്മാൻ ഞങ്ങൾ പ്രത്യേകം താല്പൎയ്യപ്പെടുന്നു. സരസ്വതീവിലാസം പ്രസ്സിൽ ഭംഗിയായി അച്ചടിച്ചിരിക്കുന്ന ഈ ഒന്നാം ലക്കം എല്ലാവിധത്തിലും വളരെ നന്നായിരിക്കുന്നു. (മലയാളി)

---

ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവൎകൾ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന "ശബ്ദതാരാവലി" എന്ന മലയാളനിഘണ്ടുവിൻെറ ൧-ം ൨-ം ലക്കങ്ങൾ ഞങ്ങൾക്കു കിട്ടിയിരിക്കുന്നു. ഇദ്ദേഹത്തിൻെറ ഈ പരിശ്രമം മലയാളികളാൽ അഭിനന്ദനീയമാണെന്നുള്ളതിനു സന്ദേഹമില്ല. ഇതിൻെറ രചനാരീതിനോക്കിയാൽ, മി. പത്മനാഭപിള്ള അത്യന്തം ക്ഷമയോടുകൂടി അനേക കാലം ചെയ്തിട്ടുള്ള പ്രയത്നത്തിൻെറ ഫലമാണെന്നു പ്രത്യക്ഷപ്പെടുന്നതാണു്. ഏററവും പ്രയോജനകരമായ ഈ ഉദ്യമത്തിൻെറ ശുഭകരമായ പൎയ്യാപ്തിക്കു ദേശാഭിമാനികളും ഭാഷാഭിമാനികളും ആയ സകലരും അദ്ദേഹത്തെ സഹായിക്കുമെന്നത്രേ ഞങ്ങളുടെ ദൃഢമായ വിശ്വാസം. ഈ ഗ്രന്ഥത്തിൻെറ പ്രയോജനത്തെ അപേക്ഷിച്ചു്

അതിലേക്കു നിശ്ചയിച്ചിട്ടുള്ള വില (ഒരാണ്ടേക്കു ൪ ഉറുപ്പിക) അശേഷം കൂടുതലല്ലെന്ന് ഏവരും സമ്മതിക്കുന്നതാണ്. ഈ ഗ്രന്ഥത്തെ എല്ലാ ഗവൎമ്മെണ്ടു സ്കൂളുകളുടേയും ഉപയോഗത്തിനായി ഓരോ പ്രതി വീതം വരുത്തിവെക്കുന്നതിനു വിദ്യാഭ്യാസമേലദ്ധ്യക്ഷന്മാർ ആജ്ഞാപിച്ചിരിക്കുമെന്നാകുന്നു ഞങ്ങളുടെ വിശ്വാസം. (പ്രതിദ്ധ്വനി)

---

ശരിയായ വിധത്തിലുള്ള ഒരു മലയാളനിഘണ്ടു ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് ഇക്കാലത്തു പലക്കും ഏറക്കുറെ ബോധപ്പെട്ടിരിക്കാനിടയുണ്ട്. റവ. റിച്ചാർഡ് കൊല്ലിൻസിന്റെ നിഘണ്ടു മുതലായി ഇപ്പോൾ ഭാഷയിൽ ചില നിഘണ്ടുക്കൾ ഇല്ലാതെയില്ലെങ്കിലും ഇക്കാലത്തെ ആവശ്യത്തിന് അതുകൾ പൎയ്യാപ്തമാകാതെയാണിരിക്കുന്നത്. എട്ടുപത്തുകൊല്ലങ്ങൾക്കു മുമ്പു, സി. എൻ. ഏ. രാമയ്യാശാസ്ത്രി അവർകൾ എം. ഏ. യും, മുള്ളുവിളാകം കെ. ഗോവിന്ദപ്പിള്ള അവർകളും 'ശബ്ദരത്നാകരം' എന്ന നാമധേയത്തിൽ ഒരു മലയാള നിഘണ്ടു നിൎമ്മിക്കാൻ ശ്രമിക്കയുണ്ടായി. തൽഫലമായി മാസികാരൂപത്തിൽ പ്രസ്തുതനിഘണ്ടുവിന്റെ ആദിമഭാഗം പുറത്തു വന്നുവെങ്കിലും, പ്രോത്സാഹനത്തിന്റെ കുറവുകൊണ്ടായിരിക്കാം, പ്രയോജനകരമായ ആ പ്രസിദ്ധീകരണം പിന്നെ തീരെ നിന്നുപോവുകയാണുണ്ടായത്. തന്മൂലം ഭാഷാഭിമാനികൾക്കു പൊതുവെ നേരിട്ട ഈ ക്ഷാമഭാഗത്തെ പരിഹരിക്കുന്നതിനോ എന്നു തോന്നുമാറു ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവർകൾ ശബ്ദതാരാവലി എന്ന അഭിധാനത്തിൽ വ്യുൽപത്തി ചരിത്രപ്രയോഗങ്ങൾ മുതലായവ അടങ്ങിയ ഒരു മലയാളനിഘണ്ടു മാസികാരൂപത്തിൽ ഇപ്പോൾ പ്രസിദ്ധീകരിച്ചുതുടങ്ങിയിരിക്കുന്നു. വായിച്ചുനോക്കിയേടത്തോളം പ്രസ്തുതനിഘണ്ടു പൂൎത്തിയായി കിട്ടുന്നപക്ഷം അതു മലയാളഭാഷക്കു വാസ്തവത്തിൽ ശാശ്വതമായ ഒരനുഗ്രഹവും ഒരു സമ്പാദ്യവുമായിരിക്കുമെന്നഭിപ്രായപ്പെടാൻ ഞങ്ങൾക്കു തെല്ലും അധൈൎയ്യമില്ല. വേണ്ടവിധത്തിൽ ഒരു നിഘണ്ടു നിൎമ്മിക്കയെന്നുള്ളതു് എത്രയോ കൃച്ഛ്റസാദ്ധ്യമായ ഒരു കാൎയ്യമാണ്. അസാധാരണമായ വ്യുൽപത്തിദാൎഢ്യവും വിസ്മയനീയമായ ക്ഷമയും ഈ ജോലിക്കു പുറപ്പെടുന്ന ആളിനു ഒഴിച്ചുകൂടാത്തതാകുന്നു. മലയാളഗ്രന്ഥങ്ങളും ഗ്രന്ഥകാരന്മാരും മണിക്കുറുതോറും വൎദ്ധിക്കുന്ന ഒരു കാലമായിരുന്നിട്ടും ഏതാദൃശമായ പ്രസിദ്ധീകരണങ്ങൾക്കു പ്രായേണ ആരും പുറപ്പെട്ടുകാണാത്തതിന്റെ രഹസ്യം ഇതല്ലാതെ മറ്റൊന്നുമല്ല. നിഘണ്ടുക്കൾ, ശാസ്ത്രകൃതികൾ മുതലായവ ഒരു ഭാഷയുടെ അസ്ഥിവാരങ്ങളാണെന്നു നിസ്സംശയം പറയാം. ഇങ്ങിനെയുള്ള ഗ്രന്ഥങ്ങളുടെ യോഗ്യതകളെ സാധാരണയായി ജന

ങ്ങൾ വേണ്ടപോലെ അറിഞ്ഞു് അവയെ ആദരിക്കുകയും തൽകൎത്താക്കളെ പ്രോത്സാഹിപ്പിക്കയും ചെയ്യുന്ന വരികയില്ല. അതിനാൽ എത്രയും പ്രയോജനകരങ്ങളായ ഈവക പ്രസിദ്ധീകരണങ്ങളുടെ വിഷയത്തിലെങ്കിലും ഗവൎമ്മെണ്ടിന്റെയും ധനവാന്മാരുടേയും സഹായവും പ്രോത്സാഹനവും ഓപരിത്യാജ്യമാണു്. "സാധിഷ്ഠമായധികദുഷ്കരമായ" ശബ്ദതാരാവലി നിൎമ്മാണത്തിനുദ്യോഗിച്ചിരിക്കുന്ന മിസ്റ്റർ പിള്ളയെ, അതിന്റെ ഏതാനും പ്രതികൾ വിലക്കെടുത്തെങ്കിലും, തിരുവിതാംകൂർ കൊച്ചി ഗവൎമ്മെണ്ടുകളും മററു ധനികരായ ഭാഷാഭിമാനികളും പ്രോത്സാഹിപ്പിച്ചുകാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. (നസ്രാണിദീപിക)

---

ശബ്ദതാരാവലി-വ്യുൽപത്തി ചരിത്രപ്രയോഗങ്ങൾ മുതലായവ അടങ്ങിയ ഒരു മലയാളനിഘണ്ടുവാണിതു്. ഈ മാസികയുടെ ഒന്നാം ലക്കം ഇവിടെ കിട്ടിയതിൽ 'അ' മുതൽ 'അകൃതി' എന്ന വാക്കുവരെ അടങ്ങിയിരിക്കുന്നു. പ്രസാധകൻ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവർകളാണു്. തിരുവനന്തപുരം സരസ്വതീവിലാസം അച്ചുക്കൂടത്തിൽനിന്നു് അച്ചടിപ്പിച്ചുപോരുന്നു. വരി ആണ്ടടക്കം ൪ ക. യാണു്. ഒ-ാംലക്കത്തിൽ ചേൎക്കപ്പെട്ട വാക്കുകളുടെ അൎത്ഥങ്ങളും മററും തൃപ്തികരമാംവണ്ണം വിശദമായിട്ടുണ്ടു്. ഇതു് ഈ വിധത്തിൽതന്നെ പൂൎത്തീകരിക്കപ്പെടുന്നതായാൽ പ്രസ്തുതനിഘണ്ടു മലയാളഭാഷക്കു വിലയേറിയ ഒരു ധനമായിരിക്കും. (കേരളസഞ്ചാരി)

---

തിരുവനന്തപുരത്തുനിന്നു ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവർകൾ എഴുതി പ്രസിദ്ധീകരിച്ചിരിക്കുന്ന 'ശബ്ദതാരാവലി' എന്ന മലയാളനിഘണ്ടുവിന്റെ ആദ്യലക്കം സന്തോഷപൂൎവ്വം കൈപ്പററിനന്ദിപറയുന്നു. ഈ ലക്കത്തിൽ 'അ' മുതൽ 'അകൃതി' വരെയുള്ള പദങ്ങളാണു് അടങ്ങിയിരിക്കുന്നതു്. പദങ്ങളുടെ വ്യുൽപത്തി ചരിത്രപ്രയോഗം ഇത്യാദികളോടുകൂടി എഴുതീട്ടുള്ള ഈ നിഘണ്ടു മലയാളികൾക്കു് അത്യന്തം ഉപയോഗമുള്ള ഒരു പുസ്തകമാണെന്നുള്ളതിൽ സംശയമില്ലാ. (ശാരദ)

---

ശബ്ദതാരാവലി—ഏതൊരു സംഗതിയിലും പൌരസ്ത്യൎക്കു മാൎഗ്ഗദൎശികളായിട്ടു് ഇപ്പോൾ പാശ്ചാത്യന്മാരാണല്ലോ വെളിക്കുവരു

ന്നതു്. അതുപോലെതന്നെ കേരളഭാഷായോഷയുടെ ഗാത്രപരിശോധനക്കും ആദ്യം അരങ്ങത്തിറങ്ങിയതു പടിഞ്ഞാറൻപണ്ഡിതന്മാർ തന്നെയായിരുന്നു. മെസ്സേഴ്സ് ഗാൎത്ത്വയിറു്, ഗുണ്ടൎട്ട്, എന്നീപണ്ഡിതന്മാർ ചിരപ്രയത്നംകൊണ്ടു സമ്പാദിച്ച ജ്ഞാനധനത്തിന്റെ ഏകലക്ഷ്യമായി കൈരളിക്കു വ്യാകരണവും നിഘണ്ടുവും നൂതനമായി നിൎമ്മിക്കയും അവരുടെ പരിശ്രമത്തിന്റെ സ്മാരകസ്തംഭങ്ങളായി ഇന്നും പ്രസ്തുത ഗ്രന്ഥങ്ങൾ മലയാളികളുടെ ആദരത്തിനു പാത്രീഭവിക്കയും ചെയ്തിട്ടുണ്ടു്.

എന്നാൽ മലയാളം മാതൃഭാഷയല്ലാതിരുന്നതുകൊണ്ടു കൈരളീപ്രണയികളായ മേൽപ്പറഞ്ഞ പണ്ഡിതശിരോമണികളുടെ ഗ്രന്ഥങ്ങൾ രണ്ടും ഏതാനും ചില ന്യൂനതകളോടുകൂടിയാണെന്നുള്ള ആക്ഷേപം ഭാഷാശാസ്ത്രജ്ഞന്മാരിൽ പലൎക്കും ഇപ്പോൾ ഉണ്ടുതന്നെ.

മേൽപ്പറഞ്ഞ ദോഷങ്ങൾ പരിഹരിക്കേണ്ട ചുമതല വ്യുൽപന്നന്മാരായ എല്ലാ മലയാളികൾക്കും ഉണ്ടെന്നാണു വിശ്വസിക്കുന്നതു്. ഈ ഒരു മഹത്തായ വിശ്വാസമാണു 'ശബ്ദതാരാവലി' പ്രസാധകത്വത്തിനായിട്ടു ശ്രീകണ്ഠേശ്വരം മിസ്റ്റർ ജി. പത്മനാഭപിള്ളയെ പ്രേരിപ്പിച്ചതെന്നുള്ളതിൽ സംശയമില്ല. വ്യുൽപത്തി ചരിത്രപ്രയോഗങ്ങൾ അടങ്ങിയ ഒരു മലയാളനിഘണ്ടുവിന്റെ ആവശ്യം മേൽപ്രകാരം ഒഴിച്ചുകൂടാത്തതാണെന്നുള്ള അഭിപ്രായംകൊണ്ടു ശബ്ദരത്നാകരം എന്നു് അന്വൎത്ഥനാമമായ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ ഒരുങ്ങിയ ചില വിദ്വൽകേസരികളുടെ അഭിനന്ദനീയമായ ശ്രമം വളരെനാൾ തുടൎന്നു കാണാതിരുന്നതു മലയാളത്തിന്റെയും മലയാളഭാഷാഭിമാനികളുടേയും ഭാഗ്യദോഷത്താൽ തന്നെയായിരുന്നു. എങ്കിലും ഭാഷാദേവീസമാരാധനത്താൽ പ്രസിദ്ധമായ ഒരു വംശത്തിൽജനിച്ച മിസ്റ്റർ പത്മനാഭപിള്ളയുടെ ഏതദ്വിഷയകമായ യത്നം മേൽപ്പറഞ്ഞ ആ ശങ്കയേയും ന്യൂനതയേയും സവിശേഷം പരിഹരിച്ചിട്ടുണ്ടെന്നാണു ഞങ്ങൾ അഭിപ്രായപ്പെടുന്നതു്.

ശബ്ദതാരാവലിയുടെ ഒന്നും രണ്ടും ഭാഗങ്ങൾ സംസ്കൃതത്തിലെ 'ശബ്ദേന്ദുശേഖരം' വാചസ്പത്യം മുതലായ ഉൽകൃഷ്ടനിഘണ്ടുഗ്രന്ഥങ്ങളോളം പ്രയോജനം ഉള്ളതാണെന്നു പറയാൻ അശേഷം മടിക്കേണ്ട ആവശ്യമില്ല. ഈ സദുദ്യമത്തിൽ പ്രസാധകപ്രകാശകന്മാരെ ഞങ്ങൾ സൎവ്വാത്മനാ അനുമോദിക്കയും ഗ്രന്ഥപരമ്പരയുടെ സമ്പൂൎണ്ണതക്കായി പ്രാൎത്ഥിക്കയും ചെയ്യുന്നു. (സ്വരാജ്യം)

We have great pleasure in acknowledging receipt of the first two numbers of the "Sabdatharavali" by Mr. G. Padmanabha Pillai of Srikanteswaram. Mr. Pillay's literary enterprises may not be well-known, but they are admirable and worthy of all imitation. This work he has begun shows the nature and spirit of his labours and we most heartily wish him success in this praiseworthy and absolutely essential enterprise. He deserves the encouragement of every one interested in the development of the Malayalam language.

The "Conch"

# ഗ്ര ന്ഥ വി ചാ ര ം.

## ശബ്ദതാരാവലി.

[മലയാളനിഘണ്ടു]

[പ്രസാധകൻ: ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള, പ്രകാശകൻ: ജെ. കേപ്പം; സരസ്വതീവിലാസം പ്രസ്സ്: തിരുവനന്തപുരം. സഞ്ചിക ഒന്നിനു വില ഒരുറുപ്പിക].

മതിയാംവണ്ണം ഒരു നിഘണ്ടു ഉണ്ടായി തീരുന്നതിൽ മലയാളികൾക്കുള്ള ആഗ്രഹം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. 'ഭാഷാപോഷിണി' സഭയുടേയും മറ്റും സമ്മേളനങ്ങൾ എപ്പോഴൊക്കെ നടന്നിട്ടുണ്ടോ; അപ്പോഴൊക്കെ നിഘണ്ടു നിർമ്മാണനിർദ്ദേശഘോഷം പ്രസംഗമണ്ഡപങ്ങളിൽനിന്നു പ്രസരിച്ച് ആകാശമണ്ഡലത്തിൽ ലയിക്കാതിരുന്നിട്ടില്ല. ഒന്നുരണ്ടു വർഷങ്ങൾക്കു മുമ്പു, കൊച്ചിയിലെ 'ഭാഷാപരിഷ്കരണ'ക്കമ്മിറ്റിയും നിഘണ്ടുവിന്നു വേണ്ട ചില ശബ്ദങ്ങൾ ഉണ്ടാക്കുകയുണ്ടായി. ഇപ്പോൾ അതും നിശ്ശബ്ദമായി എന്നു തോന്നുന്നു. ഈ കമ്മിറ്റി ഭാഷാപരിഷ്കരണത്തിന്നു പറയത്തക്കതായിട്ടെന്താണ് പ്രവർത്തിച്ചിട്ടുള്ളതെന്നോ, പ്രവർത്തിക്കുന്നതെന്നോ ഞങ്ങൾക്കറിഞ്ഞുകൂടാ. ഭാഷാപരിഷ്കരണം പേരിൽമാത്രം സ്ഥിതി ചെയ്താൽ മതി എന്നായിരിക്കുമോ, ഇതിന്നായി ഇരുപതിനായിരം ഉറുപ്പിക കല്പിച്ചു നൽകിയ ആ തിരുമേനിയുടെ (വാഴ്ചയൊഴിഞ്ഞ വലിയതമ്പുരാന്റെ) അഭിമതം!

കേരളത്തിന്റെ മൂന്നു സംസ്ഥാനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഏതാനും പണ്ഡിതന്മാർ ഒത്തൊരുമിച്ചുവേലചെയ്യാതെ, നമ

ഗ്രമായ ഒരു മലയാളനിഘണ്ടു ഉണ്ടായി വരികയുള്ളു. ആ ശോഭനമായ കാലം ഏതുഗുഹയിലാണാവോ കിടക്കുന്നതു! എന്നാൽ ഒരൊറ്റ പണ്ഡിതനിൽനിന്നുതന്നെ, ഇതാ, ഏതാണ്ടു പൂർണ്ണവും പ്രശസ്തവുമായ ഒരു നിഘണ്ടു നമുക്കു ലഭിപ്പാൻ പോകുന്നു. ശുഷ്കവും ദുർഗ്ഗവുമായ ഈ പരന്ന മരുഭൂമിയെ ഏകാകിയായി പിന്നിടുന്നതിന് ഒരുങ്ങി പുറപ്പെട്ടിരിക്കുന്ന പത്മനാഭപിള്ള അവർകളുടെ ഭാഷാഭിമാനഭൂമാവിൽനിന്നു സംഭൂതമായ മനോധൈര്യത്തെ ഒന്നാമതായി നാം അഭിനന്ദിക്കുക! ഈ ആണ്ടിന്റെ ആദിയിലാണു 'ശബ്ദതാരാവലി'യുടെ ആവിർഭാവം. ൧൦൯൨-തുലാമാസം മുതൽക്കു, രണ്ടു മാസത്തിലൊരിക്കൽ ഡെമ്മി ൮-ൽ ൨൦൦ പുറം വീതമുള്ള ഓരോ ലക്കമായി പ്രസിദ്ധീകരിച്ചുവരുന്ന ഇതിന്റെ ൧൧ ലക്കങ്ങൾ ഇവിടെ കിട്ടിയിട്ടുണ്ടു്. ൧൧-ാം ലക്കത്തിൽ 'ദശ' ശബ്ദമാണ് അവസാനിച്ചിരിക്കുന്നതു്.

പതിനൊന്നു ലക്കങ്ങളിൽക്കൂടി ൭൫൦ ഭാഗങ്ങളുള്ളതിൽ പലഭാഗങ്ങളും ഞങ്ങൾ സശ്രദ്ധം വായിച്ചുനോക്കി, എടുത്തുപറയത്തക്ക യാതൊരപഭ്രംശവും ഞങ്ങളുടെ ദൃഷ്ടിയിൽ പെടുകയുണ്ടായില്ലെന്നു സസന്തോഷം പ്രസ്താവിച്ചുകൊള്ളുന്നു. പദങ്ങളുടെ അർത്ഥം വിവരിക്കുകമാത്രമല്ല പ്രസാധകൻ ചെയ്തിട്ടുള്ളതു്; വ്യുല്പത്തി, ചരിത്രം, പ്രയോഗം മുതലായവയേയും വേണ്ടതിന്നും കാണിച്ചിട്ടുണ്ടു്. ഇത്തരത്തിൽ സുവിസ്തൃതമായ ഒരഭിധാനഗ്രന്ഥം രചിക്കേണമെങ്കിൽ, എത്രയെത്ര അന്വേഷണങ്ങൾ നടത്തണം, എത്രയെത്ര ഗ്രന്ഥങ്ങൾ വായിക്കണം എന്നൊക്കെ ആലോചിക്കുമ്പോഴേ, ഈ പരിശ്രമത്തിന്റെ മാഹാത്മ്യം കുറച്ചെങ്കിലും നമുക്കു മനസ്സിലാകയുള്ളൂ. ഹാ, ക്ലേശസഹിഷ്ണുത്വത്തെ ആമൂലാഗ്രം കുലുക്കിനോക്കുന്ന ഒരു മഹാപ്രാരംഭമാണിതു്! ഇതിനു ഞങ്ങൾ അവ്യാഹതമായ വിജയം ആശംസിക്കുന്നു. അചിരേണ നമ്മുടെ ഭാഷാമാതാവു നിഘണ്ടുദാരിദ്ര്യത്തിൽ നിന്നു് ഒരുവിധം വിമുക്തയായി, ശിശിരസുരഭിലമായ ദീർഘനിശ്വാസം അയക്കുമാറാകട്ടെ!

ഈ നിഘണ്ടുവിൽ ചിലേടത്തു തെല്ലൊരു വ്യവസ്ഥാഭംഗം പറ്റിപ്പോയിട്ടില്ലേ എന്നു ഞങ്ങൾ സംശയിക്കുന്നു. 'അ' എന്നതിനെ പദങ്ങളുടെ മുമ്പിൽചേർത്താൽ വിരുദ്ധാർത്ഥം വരുമെന്നു് ഉദാഹരണങ്ങളോടുകൂടി ആദ്യമേ ഉപദേശിച്ചിട്ടുള്ള സ്ഥിതിക്കു്, 'അകമ്രം' 'അകമനീയം' മുതലായ അനേകം പദങ്ങളെ വിശേഷാൽ കാണിക്കേണ്ടതില്ലായിരുന്നു. കമ്രകമനീയങ്ങളുടെ അർത്ഥം അറിഞ്ഞാൽ, അകമ്രകമനീയങ്ങളുടെ അർത്ഥവും അറിഞ്ഞു കഴിഞ്ഞുവല്ലോ. 'അതികരണം' 'അതികോപി' മുതലായവയും അത്യാവശ്യകങ്ങളല്ല. 'അതി'

യുടേയും 'കരുണ'ത്തിൻേറയും അർത്ഥം ഗ്രഹിച്ചവനു് അതികരുണം എന്ന സമസ്തപദവും സുവിജ്ഞേയം തന്നെയായിരിക്കും. 'അമരാപഗ'യുടെ അർത്ഥം കാണിച്ചേടത്തു്, അമരശബ്ദത്തോടു നദീപര്യായങ്ങൾ ചേർത്താൽ ഗംഗാനദി എന്നർത്ഥം സിദ്ധിക്കുമെന്നൊരു കുറിപ്പു കൊടുത്തിട്ടുണ്ടെങ്കിലും ഇതിൽനിന്നു ദേവപര്യായങ്ങളിലേതിനോടെങ്കിലും നദീപര്യായശബ്ദം ചേർത്താൽ ഗംഗാനദിയായി എന്ന ബോധം സാധാരണന്മാർക്കുണ്ടാകയില്ലെന്നു വരാം. 'അനംഗലീല'ക്കു മററും പ്രയോഗം കാണിച്ചേ കഴിയൂ എന്നില്ല. നേരെമറിച്ചു സമ്മതി എന്നർത്ഥംകൊടുത്തിട്ടുള്ള 'അമതി' മുതലായവ പ്രയോഗത്തെ പ്രതീക്ഷിക്കുന്നവയാണു്.

വിട്ടുപോയിട്ടുള്ള പദങ്ങളെ, അനുബന്ധത്തിൽ ചേർക്കുന്നതിനായി പണ്ഡിതന്മാർ എഴുതിയയച്ചുകൊടുത്താൽ കൊള്ളാമെന്നു പ്രസാധകൻ അപേക്ഷ ചെയ്തിട്ടുണ്ടു്. ഈ അപേക്ഷയെ അഭിജ്ഞന്മാർ നിറവേററുന്ന പക്ഷം, അതു ഭാഷക്കു് ഒരു വിലയേറിയ ഉപകാരമായിരിക്കും. മലയാളത്തിലെ ധനികന്മാരും, ഈ മഹാകൃത്യത്തെ തങ്ങളുടെ ഉദാരശീലതക്കു കുറഞ്ഞൊരു ലക്ഷ്യമാക്കിയാൽ കൊള്ളാം. ഇത്രയും വലുപ്പമുള്ള ഒരു പുസ്തകം അച്ചടിക്കുന്നതിനു്, ഇക്കാലത്തു വിശേഷിച്ചും, എത്രയേറെ പണച്ചെലവു വേണ്ടിവരുന്നുണ്ടാകാം!

വ്യുൽപിത്സുക്കളായ വായനക്കാരിൽ കഴിവുള്ളവരെല്ലാം ശബ്ദതാരാവലിയുടെ ഓരോ പ്രതി സമ്പാദിച്ചുവെക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഗ്രന്ഥപാരായണപരന്മാർക്കു് അപ്പപ്പോൾ സംശയം തീർത്തുകൊടുക്കുന്ന ഒരു നിത്യഗുരുവാണല്ലോ നിഘണ്ടുഗ്രന്ഥം.

(ആത്മപോഷിണി 1095 മിഥുനം.)

---

## ഒരു മറവടി.

കുന്നംകുളം,
28-൨-97.

ശ്രീമൻ,

22-ാംനു- അങ്ങു വാത്സല്യത്തോടെ അയച്ച എഴുത്തു് എന്നെ അത്യന്തം സന്തോഷിപ്പിക്കുന്നു. എൻെറ ബാല്യംമുതൽക്കു അങ്ങയുടെ നാമധേയം എനിക്കു പരിചിതമാണു്. ചെറുപ്പകാലത്തു ഞാൻ വായിച്ചുരസിച്ചിരുന്ന രമണീയകാവ്യങ്ങളിൽ ഒന്നായിരുന്നു അങ്ങയുടെ കൃതിയായ കനകലതാസ്വയംവരം നാടകം. കഴിഞ്ഞ ആണ്ടിൽ തൃശ്ശൂർവെച്ചു് എൻെറപ്രിയശിഷ്യനായ കേശവനോടു് അങ്ങയുടെ വൽക്കവിത്വത്തെ

മുഖം എന്നെപ്പററി തങ്ങളുമായി സംസാരിച്ചു എന്നു കേട്ടതിൽ ഞാൻ വാസ്തവമായും ബാഷ്പാകുലിതാക്ഷനായിപ്പോയി! മിത്രസന്ദർശനം അചിരേണ നമുക്കു സാധിക്കുമാറാകട്ടെ.

ശബ്ദതാരാവലിയെപ്പററി എനിക്കുള്ള സുവിസ്തീർണ്ണമായ ബഹുമാനത്തിന്റെ ഒരു ചെറിയ അംശമാത്രമാണു് ആത്മപോഷിണിയിൽ കണ്ടതു്. ആ മഹാഗ്രന്ഥം കൊച്ചിമഹാരാജാവു തിരുമനസ്സിലെ പ്രസാദത്തിനു പാത്രീഭവിച്ചതിൽ അത്ഭുതമൊന്നുമില്ല. എന്നാൽ തിരുമനസ്സിലെ ഔദാര്യലക്ഷ്മി താരാവലിയെ താലോലിച്ചതു് ഏതുവിധത്തിലായിരുന്നു എന്നു ഞാനറിഞ്ഞില്ല...............

അങ്ങേയ്ക്കു് അവ്യാഹതമായ ആരോഗ്യവും ശബ്ദതാരാവലിക്കു പ്രചുരമായ പ്രചാരവും ഞാൻ സദാ ആശംസിക്കുന്നു.

സ്വന്തം വള്ളത്തോൾ,

വി. നാരായണമേനോൻ (ഒപ്പ്)



SREEKUNTESWARAM G. PADMANABHA PILLAI

ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള
അവർകളുടെ

# ജീവചരിത്രസംക്ഷേപം.

ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവർകൾക്കും എനിക്കും തമ്മിലുള്ള മമതാബന്ധത്തിന്റെ ദൃഢതയും, 'ശബ്ദതാരാവലി'യുടെ എണ്ണവും വണ്ണവും നിർണ്ണയിച്ച ആ മഹാപുരുഷനിലുള്ള ബഹുമാനാതിരേകവും, ഈ ഒരൊററ മഹാഗ്രന്ഥമാകുന്ന ശാശ്വതസമ്പത്തു കൈരളീമഹിളയ്ക്കു ലഭിച്ചതിലുള്ള പരമാനന്ദവും സമ്മേളിച്ചു തിരതല്ലുന്ന ഒരു വികാര വിശേഷത്തിന്റെ പ്രവാഹമാണു് ഞാൻ എഴുതാൻ ഭാവിക്കുന്ന ഈ ജീവചരിത്ര സംക്ഷേപം.

"മലയാളത്തിലെ ഡാക്ടർ ജാൺസൻ" എന്നുള്ള മഹനീയമായ അപരാഭിധാനത്തിന് സർവ്വപ്രകാരേണയും അർഹനായിത്തീർന്നിട്ടുള്ള പത്മനാഭപിള്ള അവർകൾ മലയാളത്തിൽ സുമാറ് അറുപതു കൃതികളുടെ കർത്താവാണെന്നറിയുന്ന അവസരത്തിൽ ആർക്കുതന്നെ അത്ഭുതകുതൂഹലങ്ങൾ ഉളവാകുകയില്ല! ഒരു യതിവരന്റേതുപോലെ പരമപാവനമായ ഇദ്ദേഹത്തിന്റെ ജീവചരിത്രം ഒരു വിസ്തൃതമായ തോതിൽ പുസ്തകരൂപേണ അടുത്ത ഭാവിയിൽ പ്രസിദ്ധീകരിക്കാമെന്നുള്ള സമാധാനം നിമിത്തം ഇവിടെ അതിന്റെ ഒരു രത്നച്ചുരുക്കം മാത്രമേ തല്ക്കാലം ചേർക്കുന്നുള്ളു എന്നു വിചാരമുള്ളു.

കൊല്ലം ൧൦൪൦-ാമാണ്ടു വൃശ്ചികമാസം ൧൨-ാംനു ചിത്തിര നക്ഷത്രത്തിൽ തിരുവനന്തപുരത്തു ശ്രീകണ്ഠേശ്വരത്തു കുളവറവിളാകത്തു വീട്ടിലാണു് നമ്മുടെ നായകൻ ഭൂലോകജാതനായതു്. പിതാവു മേൽകങ്ങാണം തഹശീൽദാർ ആയിരുന്നു മരിച്ചുപോയ ശ്രീകണ്ഠേശ്വരത്തു പരുത്തിക്കാട്ടു നാരായണപിള്ള അവർകളും, മാതാവു്, കൊട്ടാരം സർവ്വാധികാര്യക്കാരും പ്രസിദ്ധനായ ഭാഷാചരിത്ര കർത്താവുമായ പി. ഗോവിന്ദപ്പിള്ള അവർകൾ ബി-എയുടെ മൂത്ത സഹോദരി ശ്രീമതി നാരായണിപ്പിള്ളയും ആയിരുന്നു. ഇദ്ദേഹം പഴയ തോതിൽ പ്രാഥമികവിദ്യാഭ്യാസം രാമൻപിള്ള ആശാന്റെ കളരിയിൽ സാധിച്ചശേഷം ഇംഗ്ലീഷ് പഠിച്ചുതുടങ്ങി. ബാല്യം മുതല്ക്കേ ഇദ്ദേഹത്തിനു മലയാളഭാഷയോടുള്ള പ്രത്യേക വാത്സല്യത്തെ മലയാളപണ്ഡിതന്മാരായിരുന്ന രാമക്കുറുപ്പ് അവർകൾ

ബി-എ, പുരുഷോത്തമൻപിള്ള അവർകൾ മുതലായവർ പ്രത്യേകം പ്രശംസിക്കയും അഭിനന്ദിച്ചു പ്രോത്സാഹിപ്പിക്കയും ചെയ്തു കൂടാതെ അദ്ദേഹത്തിന്റെ ഗുരുസ്ഥാനവും വഹിച്ചിട്ടുണ്ട്. രാമക്കുറുപ്പ് അവർകൾ ബി-എ, വാഞ്ചീശ്വരശാസ്ത്രിയൾ അവർകൾ, എം. സി, നാരായണപിള്ള അവർകൾ ബി-എ മുതലായവരുടെ കീഴിൽ സംസ്കൃതവും പരമേശ്വരമൂസ്സവർകളിൽ നിന്ന് ആയുർവ്വേദവും നമ്മുടെ നായകൻ അഭ്യസിച്ചു.

ബാല്യകാലം മുതൽ തുള്ളൽക്കഥയിലുള്ള അനിതരസാധാരണമായ ഒരു ഭ്രമം നിമിത്തം നമ്പിയാരുടെ തുള്ളൽക്കഥകൾ നിത്യപാരായണത്തിന് എടുത്തുവന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ഉത്സവകാലത്തുള്ള തുള്ളൽസ്ഥലങ്ങളിൽ ഇദ്ദേഹം ഒഴിവില്ലാതെ ഹാജർകൊടുക്കയും ചെയ്തിരുന്നു. പത്മനാഭപിള്ള അവർകളുടെ കവിതാവാണി ആദ്യമായി പ്രവഹിച്ചതു 'ബാലിവിജയം' എന്നുള്ള തന്റെ ഒരു തുള്ളൽക്കഥ വഴിക്കായിരുന്നെങ്കിലും പ്രോത്സാഹനക്കുറവിനാലും അരങ്ങത്തിറങ്ങുന്നതിലുള്ള ഭീരുത്വത്താലും അതിനു സൂര്യപ്രകാശം കാണാനിടയായില്ല. ഇദ്ദേഹത്തിന് അക്കാലത്തു 'തുള്ളൽ ഭ്രാന്ത്' എത്ര കലശലായിരുന്നു എന്നു താഴെ പറയുന്ന സംഭവത്തിൽ നിന്ന് ഊഹിക്കാവുന്നതാണ്. അതിനേപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വിവരണം തന്നെ താഴെ ഉദ്ധരണംചെയ്യുന്നു. തുള്ളലിൽനിന്നു കഥകളിയിലേക്കുള്ള പുറപ്പാടും ഇതിൽനിന്നുതന്നെ കാണാവുന്നതാണ്.

"കോട്ടയ്ക്കകത്തെ തുള്ളൽ തീർന്നാൽ ഞാൻ ഉടൻ ചാലയിൽ ചെന്ന് ആ തുള്ളൽക്കഥാപുസ്തകം വിലകൊടുത്തുവാങ്ങും. അന്നു തുള്ളൽക്കഥയ്ക്ക് എഴും എട്ടും ചക്രം കൊടുക്കണം. അക്കാലത്തു ഞാൻ ഇംഗ്ലീഷു വായിച്ചുകൊണ്ടിരിക്കയാണ്. ഹൈസ്കൂളിൽ നിന്ന് ഉച്ചയ്ക്കു ദിവസംപ്രതി ശ്രീകണ്ഠേശ്വരംവരെ വെയിലിൽ നടക്കുന്നത് വൈഷമ്യമെന്നു കരുതി അമ്മ മിക്കവാറും ദിവസങ്ങളിൽ ഉച്ചയ്ക്ക് കാപ്പിക്ക ചക്രം തന്നയയ്ക്കും. അതു ശേഖരിച്ചു ഞാൻ ചാലയിൽചെന്നു നമ്പിയാരുടെ തുള്ളൽക്കഥകൾ ഓരോന്നായി വാങ്ങിക്കുകയാണു പതിവ്. വിഷുവിനു കൈയ്നീട്ടം കിട്ടുന്ന പണം മുതലായവയും പുസ്തകം വാങ്ങുന്നതിലാണ് ഉപയോഗിക്കുക. ഒരിക്കൽ അച്ഛന്റെ വെള്ളിപ്പിടിയിട്ട പിച്ചാങ്കത്തിയെടുത്തു പണയം വെച്ച് ഒരു തുള്ളൽക്കഥ വിലയ്ക്കുവാങ്ങി. അച്ഛൻ അറിയാതെ

പുണയം തിരിയെ എടുത്തു. നമ്പിയാരുടെ തുള്ളൽക്കഥകൾ ഒട്ടു ക്കാലും വായിച്ചതിന്നശേഷം ഭ്രമം കഥകളിയിലായി. നമ്പിയാരിലുള്ള പ്രതിപത്തി കൊട്ടാരക്കരത്തമ്പുരാനിലേയ്ക്കും പകൎന്നു. ആടിക്കാണുന്നതിലും വലിയ ഭ്രമമാണു്. ഒരു ശിവരാത്രിയ്ക്കു വീട്ടിൽ ഒരു കഥകളി വേണമെന്നു നിശ്ചയിച്ചു. ഞാൻതന്നെ കൂട്ടുകാരുമായി ആലോചിച്ചു കളിക്കോപ്പുകൾ ഉണ്ടാക്കാൻ തുടങ്ങി. 'ദുൎയ്യോധനവധം' എന്ന കഥയും തീൎച്ചയാക്കി. കളിക്കോപ്പുകൾ നിൎമ്മിക്കുന്നതിനു, വേലകളിക്കാരോടു പരിചു സമ്പാദിച്ചു; ചാലയിൽ നിന്നു പലതരത്തിലുള്ള വൎണ്ണത്തകട്ടുകടലാസ്സുകൾ വിലയ്ക്കുവാങ്ങി പല്ലാങ്കുഴിയിൽ വച്ചു കുമിളകൾ തയ്യാറാക്കി; ചണമ്പുനാരു വാങ്ങി മഷി പിരട്ടി തലമുടിയുണ്ടാക്കി; ചെമ്പിച്ച തലമുടിക്കുവേണ്ടി ചണമ്പിൽ ചെമന്ന ചായം മുക്കി; കൊല്ലാരം മുതലായവ സ്വന്തപണിയിൽ തീൎത്തു. നിശ്ചയിച്ച ദിവസം കഥകളിക്കു കേളികൊട്ടുകഴിഞ്ഞപ്പോൾ എല്ലാവരും അറിഞ്ഞു. എനിക്കു് അന്നു ഭീമന്റെ വേഷമായിരുന്നു. നാണം ഇന്നതെന്നു് അറിഞ്ഞുകൂടാത്ത പ്രായമായിരുന്നതിനാൽ കാണിച്ച ഗോഷ്ഠിയോൎത്തിട്ടു് ഇപ്പോൾ ചിരിവരുന്നു. രാത്രി ഏഴു മണിയായപ്പോൾ ചുട്ടികുത്തുന്നതിനു പൊടുന്നനെ പ്രസിദ്ധനായ ആട്ടക്കാരൻ തകഴിയിൽ കൊച്ചുനീലകണ്ഠപ്പിള്ള അവൎകൾ വന്നുചേൎന്നു. അദ്ദേഹം ചുട്ടികൾ കുത്തിത്തന്നതു കൂടാതെ പ്രധാനവേഷക്കാൎക്കു മുദ്രക്കൈയ്കളും ആവശ്യത്തിനു പറഞ്ഞുതന്നു. പുറപ്പാടിനു ഞാൻതന്നെ ചെണ്ട കൊട്ടി. 'ഞാൻ ഭീമനാവുമ്പോൾ ചെണ്ട കൊട്ടുന്നതാര്?' എന്നു പരുങ്ങിയിരിക്കുന്ന സമയം ഭാഗ്യവശാൽ ഞങ്ങളെ ഉത്സാഹിപ്പിക്കുന്നതിനു മലയാള പണ്ഡിതർ രാമക്കുറുപ്പദ്ദേഹവും വന്നുചേൎന്നു. 'നിനക്കു് എന്താണു വേഷം?' എന്നു് എന്നോടു ചോദിച്ചു. 'ഭീമന്റെ വേഷം' എന്നു ഞാൻ മറുപടി പറഞ്ഞു. എന്താ പിന്നെ ചെണ്ടകൊട്ടിക്കൊണ്ടു നില്ക്കുന്നതു് എന്നു ചോദ്യംചെയ്തു. ഇതിനാരും ഇല്ലാത്തതുകൊണ്ടാണു് എന്നായിരുന്നു എന്റെ മറുപടി. 'ചെണ്ട ഇങ്ങോട്ടുതരൂ. നീ പോയി വേഷം അണിയുക' എന്നു പറഞ്ഞു് അദ്ദേഹം ചെണ്ട വാങ്ങിച്ചു തകൎത്തു തുടങ്ങി. അദ്ദേഹത്തിനു ബോധിച്ചതുപോലെ ചെണ്ട കൊട്ടു, ഞങ്ങൾക്കു ബോധിച്ചതുപോലെ കലാശവും. അപ്പോൾ ഞങ്ങൾക്കു് ഉത്സാഹം മുമ്പിലത്തേതിലും വൎദ്ധിച്ചു. ഞാൻ വേഷം അണിഞ്ഞുകൊണ്ടു വേഗം അരങ്ങത്തു വന്നു. പിന്നത്തെ ഗോഷ്ഠിയൊന്നും പറയാനില്ല. ഞങ്ങൾക്കു നേരിയതുകളും മററും സമ്മാനങ്ങളായി ചിലർ

തന്നു. അങ്ങനെ ഒരു ശിവരാത്രിയിൽ വേഷംകെട്ടി ആടിയതിനോടുകൂടി ഒരു കഥകളി എഴുതാൻ ശക്തനാകണമെന്ന് ഒരു ദുർമ്മോഹം എന്നിൽ കടന്നുകൂടി. പിന്നീട്ടും മൂന്നു നാലു ശിവരാത്രി ഇങ്ങിനെ ഘോഷിക്കാണിച്ചു. ആട്ടത്തിന് എവിടെയെങ്കിലും കേളികൊട്ടിയതായിക്കേട്ടാൽ അന്നു രാത്രി കഥകളിസ്ഥലത്തു ഞാൻ ഹാജർ. പാട്ടുകാരുടെ അടുക്കൽ എന്നെ നിശ്ചയമായി കാണും. എന്നാൽ രാത്രി പുറത്തിറങ്ങി സഞ്ചരിപ്പാൻ അമ്മ സമ്മതിക്കുന്ന പതിവില്ല. അമ്മ ഉറങ്ങുന്നതിനു പത്തു മണിയാകും. അതിനകം ഞങ്ങളുടെ മുറികളുടെ വാതുക്കൽ വന്ന് ഒരു പരിശോധന പതിവാണ്. ആ പരിശോധനയിൽ അകപ്പെടാതെയിരിപ്പാനായി തലയണയെടുത്തു നീളത്തിലിട്ടു മുണ്ടുകൊണ്ടു മൂടിയുംവെച്ചു പുറത്തു പോകും. അമ്മ പരിശോധനയ്ക്കു വരുമ്പോൾ ഇങ്ങനെയാണു ഞാൻ ജയംനേടുക."

ഒരിക്കൽ ഇദ്ദേഹം ഒരു പദ്യം എഴുതി മാതുലനു കൊടുത്തു. അതു ചുവടേ ചേർക്കുന്നു.

മുന്നംസ്വർല്ലോകനാഥാത്മജനതിബലവാൻസപ്തസാലപ്രഹാരി-
ക്കന്നംഭോരാശിമർദ്ദിച്ചുളവുകരഗതാകാബലാകല്യബുദ്ധെ।
വന്ദ്യന്മാരാംജടായുമനിലസുതനുമാരിന്ദ്രനാരാസനംഹേ
ധന്യാത്മൻചൊൽകയുക്തിക്കുചിതതരമതാമർത്ഥമിന്നർത്ഥയേഹം ॥

ഇതിൽ കാണുന്ന ഓരോ ചോദ്യത്തിന്റെയും ഉത്തരം എടുത്ത് ഓരോന്നിന്റേയും ഒടുവിലത്തേ അക്ഷരം ചേർത്തു വായിച്ചാൽ എന്തെന്നറിയാം. താര, പക്ഷി, ചൊക്കൻ, വാരണം. (ര+ക്ഷി+ക്ക+ണം)='രക്ഷിക്കണം'. ഇതിലേയ്ക്കു കാരണവർ അഞ്ചു രൂപാ ഇനാം കൊടുത്തിട്ടുണ്ട്. കാരണവർ കൊട്ടാരം സർവാധികാര്യക്കാരുദ്യോഗം ഒഴിഞ്ഞിരിക്കെ ഈ കഥാനായകൻ ശ്രീവിശാഖംതിരുനാൾ മഹാരാജാവു തിരുമുമ്പാകെ തിരുമനസ്സറിയിച്ചതും തുള്ളൽ രീതിയിൽ എഴുതിയതുമായ സങ്കടത്തിൽ ഒരു ഭാഗം താഴെ ചേർക്കുന്നു.

ഇന്ദ്രസമാനമഹാവിഭവൻതാം
ചന്ദ്രസമാനസുശീതളരൂപൻ
വന്ദാരുക്കടെപാണിതലത്തേ
മന്ദാരദ്രുമമെന്നുകണക്കേ
പൂരിപ്പിച്ചു ദരിദ്രതനീക്കി
ക്ഷീരസമാനയശസ്സുപരത്തി
സൂര്യസമം ബത ശോഭിക്കുമ്പോൾ

ദാരിദ്ര്യാമയ ക്രൂരിരുളുണ്ടോ?
കഞ്ഞികുടിപ്പാൻ വഴിയടിയങ്ങടെ
കുഞ്ഞുങ്ങൾക്കുലഭിപ്പാൻതക്കൊരു
മഞ്ജുളജീവനമിനി മമ പഴവൻ
പഞ്ഞികണക്കുപറക്കുംമുമ്പേ
നിന്തിരുവടിയുടെകല്പനയാലെ
സന്തോഷേണ ലഭിക്കാസ്സ്വരണം
മാപ്പുംതരണമുപേക്ഷിക്കാതെ
കാപ്പാനുള്ളൊരു നിന്തിരുമേനി.

വിദ്യാർത്ഥിയായിരുന്നപ്പോൾ ഒരിക്കൽ സ്ക്കൂളിലെ പീസു മുടങ്ങി. അതിലേക്കു തിരുമനസ്സറിയിച്ച പദ്യങ്ങളിൽ ഒന്നു താഴെ ചേർക്കുന്നു.

പീസില്ലാത്തതുകൊണ്ടു മാസ്റ്റർ വളരെക്കോപിച്ചു ഡിസ്മിസ്സിലായ്
ക്ലാസ്സിൽ കേറരുതാഞ്ഞു താപമൊടഹോ ലൂസുന്നു പാഠങ്ങളെ ।
മാസന്തോറുമൊടുക്കണം പണമൊരഞ്ചേകാലൊടുക്കായ്കില-
ഭ്യാസം റോഡുകൾതോറുമെന്നുകഠിനൻ വാദ്ധ്യാരിറക്കീബഹിഃ ॥

ഇങ്ങനെ ദിവസങ്ങൾ കഴിഞ്ഞു. പതിനെട്ടാമത്തെ വയസ്സിൽ ഇദ്ദേഹത്തിനു പിതൃവിയോഗദുഃഖം അനുഭവിക്കേണ്ടിവന്നു. മെട്രിക്കുലേഷന് ഒരുതവണ തോററതോടുകൂടി പഠിപ്പും തല്ക്കാലത്തേയ്ക്കു ഏടുകെട്ടി. ഇതിനുശേഷം ഇദ്ദേഹത്തിന്റെ നിരന്തരമായ പരിശ്രമം ആട്ടക്കഥാ നിർമ്മാണത്തിലായി.

## ധർമ്മഗുപ്തവിജയം.

### കഥകളി.

പ്രദോഷമാഹാത്മ്യം കഥയെ അടിസ്ഥാനപ്പെടുത്തി ഇതു ൧൦൭൮-ാമാണ്ടു എഴുതിത്തീർക്കയും, ശ്രീകണ്ഠേശ്വരത്തുള്ള സ്വന്ത ഭവനത്തിൽ വച്ച് അരങ്ങേററം കഴിപ്പിക്കയും ചെയ്തു. അക്കാലത്തെ രസിക ശിരോമണികളായ രാമക്കുറുപ്പവർകൾ ബി-ഏ, വക്കീൽ മാധവൻതമ്പി അവർകൾ, വക്കീൽ തിരുവല്ലാ വേലുപ്പിള്ള അവർകൾ മുതലായ മഹാന്മാർ ഹാജരായിരുന്നു് കൃതിയെ ശ്ലാഘിക്കയും ചെയ്തു. വലിയകൊട്ടാരത്തിലെ കഥകളിക്കാർക്കു കുടികളിലും കളിക്കാൻ അനുമതിസിദ്ധിച്ചു ആയിടക്കു കൊച്ചുനീലകണ്ഠപ്പിള്ള അവർകൾ മുതലായ നടന്മാരുടെ അഭിനയചാതുര്യവും മററും നിമിത്തം ഈ കൃതിയും പൊതുജനങ്ങളുടെ പ്രത്യേകാഹ്ലാദത്തിനു പാത്രീഭൂതമായി.

അറം എന്നതിൽ വല്ല അൎത്ഥവുമുണ്ടെന്ന് ആൎക്കെങ്കിലും വിചാരമുണ്ടെങ്കിൽ ഈ കഥകളിയിലുള്ള "ഇനിയൊരടിമമവരികബൌദ്ധ പണി" എന്ന ഭാഗമാണ് അദ്ദേഹത്തിനു പിന്നീട് ഒരവസരത്തിലുണ്ടായിരുന്ന ആത്മനീരിനു കാരണമാക്കിയതെന്നു വിശ്വസിക്കാതിരിക്കയില്ല. കഥകളിയിൽ ഒരു ഭാഗം താഴെ ചേൎക്കുന്നു.

കാപി—ചെമ്പട.

കലകലനിനദംകേട്ടുണ്ടുതാൻ വിപ്രപുത്രൻ
നിലമതിലമരുമ്പോളന്തികെ കാണമാറായ്‌ ।
വലിയൊരുകനകത്താൽ പൂൎണ്ണമാം കുംഭവും താൻ
നല്ലമൊട്ടജനയിത്രീമുന്നിടം ചേൎത്തിതപ്പോൾ ॥

കണ്ടാലുമമ്മേ! കനകമിതാ-ശ്രീകണ്ഠദേവൻ
കൊണ്ടാടിത്തന്ന ധനമതിതാ
കണ്ടായിതോയെൻ മാതെ
പണ്ടിതുപോൽക്കണ്ടിട്ടുണ്ടോ (കണ്ടാ)

കാമവൈരിയും മോദിച്ചു—നമ്മുടെ കാൎയ്യ
മാമയമെന്യേസാധിച്ചു.
ഭീമദാരിദ്ര്യം വേണ്ടാ—ഭിക്ഷക്കിനിനാംപോണ്ടാ
സാമോദമിങ്ങിരിക്കാം സോമചൂഡം ഭജിക്കാം (കണ്ടാ)

എത്രനാളായീനാമെല്ലാം—യാചിച്ചുംകൊണ്ടി
ട്ടുരുവാഴും വിധമെല്ലാം
മൃത്യുനാശനൻ പാരം ചിത്തേ നിനച്ചനേരം
മെത്തീടും കൃപവന്നു സദ്യോയിതിങ്ങുതന്നു (കണ്ടാ)

## സുന്ദോപസുന്ദയുദ്ധം

കഥകളി.

ഇതു ൧൦൩൩-ൽ എഴുതി ൧൦൫൦-ൽ അച്ചിട്ടു. ഇതിൽ ഏതാനും ഭാഗം താഴെ ചേൎക്കുന്നു.

കുമ്മി.

നാടെങ്ങും വിഖ്യാതിതേടീടുന്ന
പേടമാൻകണ്ണിമാർ ചൂടീടുന്ന
പാടലതുല്യാധരീമേനകേ പര
ചോടിന്നു പാടണം നീ മനോജ്ഞേ ॥

വിണ്ണവർ തമ്പുരാൻ തൃക്കണ്ണുക-
ളെണ്ണുകിലീരഞ്ഞൂറും മയങ്ങും
വണ്ണമോരോരോ വിനോദങ്ങൾ കാട്ടേണം
പുണ്ഡരീകാക്ഷിമാരേനാമിപ്പോൾ ॥

മാലകൾ താലി വളയെടുത്തോ—നല്ല
ചേലോട്ടു ചേലഞൊറിഞ്ഞുടുത്തോ
മാലിനിപോരാ—പാദസരം
കാലിന്നു ചേരാ—തലയിൽ പൂ
മാലയിതാരാ—ചൂടിനിന്റെ
കാലത്തും തീരാ—നിൻ ഗോഷ്ഠികൾ
ചേലൊത്തൊരു ബാലത്തരു-
ണീലിത്തിരുമേനിക്കൊരു
കാലത്തുമാശജനിക്കയില്ലേ—നിന്റെ
കോലത്തെയീമട്ടിൽ കാണിക്കല്ലേ ॥

രംഭവരുന്നവരവുകണ്ടോതോഴി
അംഭോജബാണനും പിമ്പെയുണ്ടോ
ഉമ്പർകോൻവന്നു—മട്ടുമല
രമ്പനും ചേന്റു—രസവിധ
വൻപുള്ളുടന്റു—സ്സുരരണേ
രംഭമേതിന്റു—കണ്ടോതോഴി
ജംഭാരിയുമമ്പോടനുകമ്പാലയരംഭാദിനി
തംബിനിമാരോടുമൊത്തുക്കൂടി—പരി
രംഭണംചെയ്യുന്നുമൈത്രമോടി ॥

മല്ലശരോപമചാരുഗാത്ര—പ്രാണ
വല്ലഭഞ്ഞങ്ങൾക്കാനന്ദപാത്ര
മുപ്പാരിടത്തേ—ജയിക്കും ക
ന്ദർപ്പനടുത്തേ—ശരമഞ്ചും
ഒപ്പം തൊടുത്തേ—സഖിക്കുന്നി
ല്ലല്പം മടുത്തേ—ന്മൊഴിമാർക്കു
ചെപ്പലുമൊരിപ്പോർമുല
കെല്പോടിനിയല്പേതര-
മുൾപ്രമോദേനപുണർന്നീടേണം—സ്മര
നിപ്രദേശം വെടിഞ്ഞോടീടേണം ॥

വളതളകിലുകിലെക്കിലുങ്ങീടവെ—നല്ല
കളുർമുലത്തുളുത്തുളെത്തുളുമ്പീടവേ

അളിവേണിമാരെ—കളിക്കുവിൻ
കളവാണിമാരെ—മൃദുഗാനം
തെളിവോടുനേരെ—പ്രയോഗിപ്പിൻ
കളിയല്ലചാരെ—വാവാനീയും
തിളതിളപ്പൊട്ടുകളികളിപ്പൊരു
കളമൊഴിക്കൊരുവളകൊടുക്കണ-
മെളുതാമോമേനകിക്കിന്നുലാസ്യം—അതു
കളിയല്ലീയുർവ്വശിക്കെത്രഹാസ്യം ॥

മുഖാരി—അടന്ത.

ഇതിസവിബുധാധീശോദന്താവളോപമഗാമിനീഃ
സുമശരസുഖേതാന്താഃ കാന്താമുദാപരിലാളയൻ ।
നികടഗവിസംപ്രാപ്തംഭക്ത്യാപ്രണമ്യതപോധനം
ധൃതഹരിപദാംഭോജസ്വാന്തംഹിനാരദമുക്തവാൻ ॥

വൈണികമാമുനേവന്ദേഹം.

ഭാവുകംകിംതേഹേവിഭോമേവുകമണിപീഠാന്തേ
സാവകാശമായിച്ചിലദേവകാര്യംചൊൽവാനുണ്ടു് ॥

ഗീർവ്വാണലോകമെന്നല്ലസർവ്വലോകങ്ങളുമയ്യോ
പൂർവ്വദേവന്മാരടക്കിനിർവ്വാഹമില്ലഹോ കഷ്ടം ॥
അത്യുപദ്രവികളാകുംദൈത്യവംശാധമന്മാരാം
ധൂർത്തസുന്ദോപസുന്ദന്മാരിത്രിലോകം മുടിക്കുന്നു ॥
സ്രഷ്ടാവിൻവരബലത്താൽ പുഷ്ടഗർവ്വോന്നദ്ധുരന്മാർ
കഷ്ടമഹോ! ചെയ്തീടും ദുശ്ചേഷ്ടിതംചൊല്ലാവോന്നല്ലേ ॥
ഘോരസന്താപാതിഭാരദൂരീകരണാർത്ഥമൊരു
സാരോപായമരുൾചെയ്ക സാരസസംഭവസൂനോ ॥ വൈ ॥

സാരി.

സ്രഷ്ടാസർവ്വചരാചരങ്ങളുടെ സാരാംശത്തെയെല്ലാമൊരു-
ക്കൂട്ടിത്തീർത്തൊരുദിവ്യരത്നഖചിതാകാരാംനിരീക്ഷ്യാദരാൽ ।
ചിത്രത്തിൽപ്പണിചെയ്തുവെച്ചൊരുശിലാരൂപംകണക്കേവരു-
പാർത്തങ്ങത്ഭുതമാർന്നുനില്ക്കയവളും നൃത്തംതുടങ്ങീടിനാൾ ॥

ദിവ്യനവരത്നപ്രഭതിങ്ങിവിങ്ങും—ചാരു
ഭവ്യസ്വരൂപിണി വിശ്വമോഹനാംഗി
ശുഭശശധരരുചിരഞ്ജിതമുഖിയവൾതന്നെക്കണ്ടാ—ലുടൻ
ത്രിഭുവനകമനികളഖിലരുമടിയിണവന്ദിച്ചീടും ॥

പൂൎണ്ണശാരദശശാങ്കബിംബപ്രഭ—തന്നിൽ
മന്ദമുരുകിടും ചന്ദ്രകാന്തംപോലെ
മന്ദഹസിതമരവിന്ദനയനയുഗംബാലചന്ദ്ര—ഫാലം
കുന്ദമുകുളനയനങ്ങളമൃതമുട്ടവാഗ്വിലാസം ॥

ബന്ധൂകത്തിൻചന്തം വെന്നകാന്തിചിന്തും—നല്ല
ദന്തഛദമതുമെൾപ്പൂനാസികയും
ഹന്തകാമുകന്മാരിലന്ധതചേൎത്തുകാമഭ്രാന്തായിടും—ഘോര
സിന്ധുവിൽ മുഴുകിക്കും ബന്ധുരമാംകടാക്ഷവീക്ഷണവും ॥

പങ്കജബാണന്റെ കേളിയാടിടുവാൻ—തീൎത്ത
തങ്കദ്രന്തച്ചെപ്പുകളാം കൊങ്കകളും
പങ്കമകന്നനീണ്ടിരുണ്ടുചുരുണ്ടുഭംഗ്യാപാദത്തോളം—പററി
സംഘടിതകുസുമപരിമളമെഴുമൊരു പൂങ്കുഴലും ॥

ഇത്യാദികൊണ്ടിത്രിലോകമൊന്നുപോലെ—ജയ
കീൎത്തിചേൎത്തതാൎത്തൻവാണീമെരലിരത്നം
മത്തഗജഗമനമന്ദമന്ദംസുന്ദോപസുന്ദന്മാരെ—കണ്ടു
തത്രപിതൃനിയോഗാൽ വാരിക്കോരിച്ചൊരിഞ്ഞു മന്ദാക്ഷങ്ങൾ ॥

## കനകലതാസ്വയംബരം

### നാടകം.

ഇതു ൧൦൬൯-ൽ ആരംഭിച്ചു. അതു കുറെ എഴുതിയശേഷം ഒരത്യാവശ്യമായി വിളവംകോട്ടുവരെപോയി മടങ്ങിവരുന്ന അവസരത്തിൽ കലശലായ ഒരതിസാരവും ഛൎദ്ദിയും പിടിപെട്ടു വഴിമദ്ധ്യേ ഒരു പുൽത്തകടിയിൽ കിടക്കുന്നതിനിടയായി. അപ്പോൾ അവശനായി പലതവണ വാവിട്ട് അമ്മയെ വിളിക്കുകയും ചെയ്തിട്ടുണ്ട്. ഒരുവിധം തപ്പിപ്പിഴച്ചു വീട്ടിൽ വന്നശേഷം നാടകത്തിൽ എഴുതിവച്ചിരുന്ന ഭാഗംനോക്കി. അതു ഇപ്രകാരമായിരുന്നു.

അമ്മേ! നീപെററിവൎണ്ണാസരസമരിമയായെന്നെയെന്നുംവളൎത്തി
സ്സൽമ്മാൎഗ്ഗലാളനംചെയ്തരികിലന്നുദിനംതങ്കമേ! എന്നനന്നച്ചും
നിൎമ്മായംവെച്ചുസൂക്ഷിച്ചതുമതുലമഹാപാപിയാംമൂൎഖനെന്നെ[ദം ॥
ത്തിമ്മാൎന്നാഥ തകൎത്തും!ജനകനെവിടെമാഃകാന്തുകൊൾകാത്തമാ

ഈ ശ്ലോകം അദ്ദേഹം പുൽത്തകടിയിൽവെച്ചു നല്ലവണ്ണം അനുഭവരസത്തോടെ അഭിനയിക്കയും ചെയ്തു. ഇതും അറുമായിരിക്കാം. ഈ നാടകം ൧൦൬൭-ൽ അച്ചിട്ടു.

ചൂതസായകൻ പഠിത്തത്തിൽ ഉപേക്ഷ കാണിക്കുന്നതറിഞ്ഞു പിതാവു ഗുരുവിനുകൊടുക്കുന്ന ആജ്ഞയാണു താഴെചേൎക്കുന്ന പദ്യം—

പഠനമെന്നതിലൊരല്പമെങ്കിലും
ശഠനിവന്നുമടിയെന്നുകാണ്കിലോ।
കഠിനശിക്ഷയതുനൽകണംദ്രുതം
ദ്ധമതിങ്കലൊരതൃപ്തിയില്ലമേ॥

കനകലത ചൂതസായകനെ പിരിയുമ്പോൾ—

പ്രാണൻപിന്നിൽകിടക്കുന്നുടലൊരുതടിമാത്രംഗമിക്കുന്നുമുന്നിൽ
പ്രാണൻരക്ഷിച്ചൊരോമൽപ്രിയതമസസുഖംവാഴ്കദീൎഘായുഷാനീ
ഞാനെൻസ്വപ്നത്തിലുംനിൻശശിസമവദനംവിസ്മരിക്കില്ലതെല്ലും
നൂനംത്വാമെന്നിയേമറ്റൊരുവനെവരനായ്ഞാൻവരിക്കില്ലയെന്നും

നാടകംകൊണ്ടു നാടകംനിറയുന്ന ഒരു കാലമായിരുന്നിട്ടും ഇതിനെ വിദ്വജ്ജനങ്ങൾ വേണ്ടുംവണ്ണം കൊണ്ടാടാതിരുന്നിട്ടില്ല. ഇതിനെപ്പറ്റി "Some time ago I read a good portion of it with the greatest pleasure and interest. What I read convinced me that you are a writer of force and elegance. The play is true to life" എന്നു കണ്ടെഴുത്തു ദിവാൻപേഷ്കാരും, നല്ലൊരു സാഹിത്യരസികനും, പണ്ഡിതനുമായ വി. നാഗമയ്യാ അവർകൾ ബി. ഏ. പോലും അദ്ദേഹത്തിന്ന് എഴുതിയിരുന്നു.

## രാമാനുചരിതം.

### തിരുവാതിരപ്പാട്ട്.

ഇതു ൧൦൬൭-ൽ എഴുതി അച്ചടിപ്പിച്ചു. ശ്രീകൃഷ്ണൻ രുക്മിണിയോടു പറയുന്ന ഭാഗം നോക്കുക—

(കൊണ്ടൽവേണിയാൾ എന്നപോലെ).

പ്രാണനാഥനുള്ളനാളേ ഞാനെന്നെയെ
കാണിനേരം പിരിഞ്ഞുമേ
വാണിടാൻ തെല്ലുമില്ലൊരാകാംക്ഷ
പ്രാണനായികേ ബോധയ
ബന്ധുകാധരപീയൂഷം നുക-
ൎന്നുമ്മ്മാരാൽ നിന്നന്തികേ
പന്തണിയുമക്കൊങ്കയും മാറിൽ

ബന്ധിച്ചംബുജലോചനൻ
ബന്ധുരാംഗി! യെൻ തങ്കമേയെന്നു
സന്തോഷേണ കൊണ്ടാടിയും
കുന്തളംകെട്ടിപ്പൂവണിഞ്ഞതി
ലന്തരമെന്യെ ചുംബിച്ചും
വാണതും ചാരുവേണിനീയൊക്കെ
..........................................................
മാനസേ മറന്നോ പ്രിയേ!

ഒരിക്കൽ ഒരു സ്നേഹിതൻ മുപ്പതുനാഴികകൊണ്ടു് ഒരു ശതകം നിർമ്മിക്കാമോ എന്നു ചോദിച്ചു. ഇദ്ദേഹം വടക്കനാണു്. മററു സ്നേഹിതന്മാരും കൂടി ഉത്സാഹിപ്പിക്കയാൽ ഒരു രാത്രി എട്ടര മണിക്കു് അതു് ആരംഭിക്കയും രാത്രിതന്നെ രണ്ടര മണിക്കു് അവസാനിപ്പിക്കയും ചെയ്തു. "ബാല്യോത്ഭവം" ആണു കഥ. എഴുത്തുകാപ്പി ആ സ്നേഹിതൻതന്നെ കൊണ്ടുപോയി. അച്ചടിപ്പിച്ചിട്ടില്ല. ഈ ശ്രുതകവനത്തിലെ ഒരു പദ്യം നോക്കുക—

സരിഗമപധനിസ പാടി
സരസമവരുടൻ ചിരിച്ചുകൂത്താടി।
സുരവരനതുകൊണ്ടാടി
സുരവനിതകൾ താണ്ഡവങ്ങൾബഹുമോടി॥

## പാണ്ഡവവിജയം

നാടകം.

ഇതു ൧൦൭൨-ൽ എഴുതി അച്ചടിപ്പിച്ചു. ൩-ാം പതിപ്പു മുതൽ സംഗീതംകൂടിച്ചേർത്തു. ഈ നാടകം ഇപ്പോൾ അനേകം പതിപ്പുകളായിട്ടുണ്ടു്.

ദുശ്ശാസനൻ പാഞ്ചാലിയെ തലമുടിക്കു ചുററിപ്പിടിച്ചു വലിച്ചിഴച്ചു കൊണ്ടുവരുന്ന അവസരത്തിലെ ശ്ലോകം—

പൊട്ടട്ടെങ്ങുനിന്റെതലകെട്ടട്ടെങ്ങുനല്ലമുലയാട്ടട്ടെങ്ങുമാടികലരും
മട്ടെങ്ങുകാന്തരുടെപിട്ടെങ്ങുപോയിവർവരട്ടിങ്ങുനമ്മൊടെതിരായ്
ഒട്ടംഗരാക്കെമുറിപെട്ടങ്ങുപാട്ടെയതിനിട്ടങ്ങുമിങ്ങുമൊരുപോൽ
പെട്ടെന്നിഴച്ചുപലവട്ടം ചുഴററുമുയിർപോട്ടെങ്കിലെന്തൊരുഭയം

പാഞ്ചാലിയുടെ ചോദ്യവും ഭീമന്റെ ഉത്തരവും:—
ചിക്കിക്കെട്ടാറുമില്ലീയിടമമചികരംനല്ലടക്കംപിടിച്ചി- [പ്പോൾ
ട്ടൊക്കെത്തൊട്ടാൽത്തൊഴിഞ്ഞീടുകപതിവുവിഴക്കില്ലതിന്മൂലമി

മൂക്കൻദുശ്ശാസനൻതന്നെജലനിധിതൻരക്തമാമെണ്ണനൽകാ-
നിക്കാണുന്നോരിലാക്കുള്ളൊരുദയ 'ദ്രഢമെന്നോമനേ ഭീമനുണ്ടു്' ॥

ഉള്ളക്കൈയൊരുചക്രത്താൽപ്രിയതമേ ബോധിക്ക നന്നായെനി-
ക്കുള്ളോരിഗ്ഗദചക്രലക്ഷകഠിനക്രോധം തടുക്കാളുയാം ।
എള്ളിൻപ്രായമരാതിദുർമ്മതിശഠൻദുശ്ശാസനൻതന്നെഞാൻ
മെല്ലെന്നാട്ടിയെടുത്തരക്തതിലജത്താൽക്കുന്തൽബന്ധിക്കുവെൻ ॥

ഇതിലും ഒരേറ്റം പറ്റിപ്പോയിട്ടുണ്ടു്.

മണ്ടയിടികൊണ്ടുതലമണ്ടപിളരുന്നെ-
ന്നിണ്ടലിവർകണ്ടഴലുകൊണ്ടുവലയുന്നു ।
വേണ്ടപനിയുണ്ടുകളിരുണ്ടുജലദോഷം
രണ്ടുദിനമുണ്ടതൊഴിയാണ്ടിഥവശായി ॥

എന്നതനുസരിച്ചു തലവേദന പതിനെട്ടു സംവത്സരക്കാലം ഒഴിയാതെ ഇദ്ദേഹത്തെ ബാധിച്ചിരുന്നു. ഈ നാടകത്തെപ്പറ്റി ലക്ഷ്മീപുരത്തു രവിവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും, നടുവത്തച്ഛൻ നമ്പൂതിരിപ്പാടവർകളും അയച്ചുകൊടുത്ത അഭിപ്രായവും ചുവടേ പകർത്തുന്നു.

ചങ്ങനാശ്ശേരി,
൯൮ മേടം ൩൦-ാംനു.

ശ്രീ

പത്മനാഭപിള്ളയ്ക്കു്,

എഴുത്തും പാണ്ഡവവിജയം നാടകവും കിട്ടി. നാടകം വായിച്ചുനോക്കി വളരെ സന്തോഷിക്കുന്നു. മലയാളഭാഷയ്ക്കു് ഉചിതമായ സാരള്യവും അനേക വിധത്തിൽ നവീനാർത്ഥകല്പനകൾ ചെയ്യുന്നതിനു ഗ്രന്ഥകർത്താവിനുള്ള ബുദ്ധിവൈദഗ്ദ്ധ്യവും വേണ്ടപോലെ ഈ കവിതയിൽ പ്രകാശിക്കുന്നുണ്ടു്. പ്രകൃതാനുസാരേണ നടുവത്തച്ഛനെന്നും ഭഗദത്തനെന്നും മററും അർത്ഥാന്തരത്തിൽ പ്രയോഗിച്ചിരിക്കുന്ന ഭാഗം പ്രത്യേകം ശ്ലാഘാസ്പദമായിരിക്കുന്നു.

ശ്രീപാണ്ഡുപുത്രവിജയം വിരവാടുവാർത്തി
ശ്രീപത്മനാഭകവിതീർത്തൊരു നൽപ്രബന്ധം ।
ശ്രീപാർമാൻകവിപുംഗവരംഗമദ്ധ്യ
ദീപായമാനരുചിപൂണ്ടുവിളങ്ങിടട്ടെ ॥

മുദ്രാലങ്കാരരീത്യാമുല്ലൂരപ്പിനടുവത്തച്ഛനേയുംവിശേഷാൽ
ഭദ്രാകാരം വിളങ്ങും സ്നേഹിതഭഗവദ്ഭക്തിയേയും പുകഴ്ത്തി ।
നൽദ്രാക്ഷാപാകമാർന്നിസ്സരസകവിവരൻതീർത്തഭാഗത്തെവീണ്ടും
മുദ്രാഹീനപ്രമോദത്തൊടുവിബുധവരന്മാരുകൊണ്ടാടിവാഴ്ത്തും ॥

ശുഭം.

ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ
രവിവർമ്മ കോയിത്തമ്പുരാൻ (ഒപ്പ്)

രാ-രാ. ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവർകൾക്ക്.

കിട്ടീപാണ്ഡവവിജയം
തുഷ്ട്യാ ഞാൻതന്നെ നോക്കിവായിച്ചു ।
മട്ടും കഥയുടെ കൂട്ടി-
ക്കെട്ടും മറ്റും മനോജ്ഞതരമായി ॥

വ്യംഗ്യപ്രയോഗാലതിലെന്നെയുംകൊ-
ണ്ടങ്ങുന്നു ചാടിച്ചതു കാണുകമൂലം ।
തുംഗപ്രമോദം കളിയാടിടുന്നു
മംഗല്യമൂർത്തേ! മഹനീയകീർത്തേ! ॥

നടുവത്തച്ഛൻ നമ്പൂരി.

ഇക്കാലത്തു കഥാനായകൻ പത്രത്തിൽ ഒരു സമസ്യ കാണുകയുണ്ടായി. അതു താഴെ പറയുംപ്രകാരമായിരുന്നു.

“വെള്ളക്കാക്കമലൻ രാത്രി ഗഗനത്തിങ്കൽ പറക്കും ദൃഢം.”

തന്നോട് കുറെ രൂപാ കടംവാങ്ങിച്ച തിരുവനന്തപുരത്തുകാരനായ ഒരു സ്നേഹിതൻ ഏതാനും മാസങ്ങൾ കഴിഞ്ഞിട്ടും അതു തിരിയെ തരാതെയിരിക്കുന്ന സന്ദർഭത്തിലാണ് ഈ സമസ്യ കണ്ടതു്. അതു താനും പൂരിപ്പിച്ചയച്ചു. അതു താഴെ പറയുംപ്രകാരമായിരുന്നു.

ഉള്ളിൽകള്ളമൊതുക്കിവച്ചു ചതിവായ്പ്പിന്നെത്തരാമെന്നുടൻ
ചൊല്ലീട്ടിഷ്ടജനങ്ങളോടുചതിവായ്‌രൂപ്പീസുതട്ടിച്ചിടും
കള്ളന്മാരതുഹന്തഹന്തതിരിയേനൽകുന്നകാലത്തഹോ
“വെള്ളക്കാക്കമലൻരാത്രിഗഗനത്തിങ്കൽപറക്കുംദൃഢം” ॥

## കീചകവധം

### ഓട്ടൻതുള്ളൽ.

ഇതു ൧൦൬൨-ൽ എഴുതി അച്ചടിപ്പിച്ചു. സൂത്രശാലിനിയായ സൈരന്ധ്രി കീചകനെ വട്ടത്തിലാക്കാൻ ഉദ്ദേശിച്ചു പറയുന്നഭാഗം സൂക്ഷിച്ചു വായിക്കുക.

“പ്രാജ്ഞകലാധിപപത്മമന്ദിരാലയ
പത്മദളാകാരാഞ്ചിതസുമുഖ !
നീരസഭാവമകററുകസമ്പ്രതി
നീരസമോടുധരിക്കഗിരംമേ
അപരാധംഞാൻചെയ്തതുമങ്ങേ
കൃപകൊണ്ടൊന്നുപൊറുത്തീടേണം
ഏററംക്രൂരൻപ്രിയതമനെന്നില
താരാഞ്ഞീടാഞ്ഞതുകൊണ്ടേററം
നാരായണപുനരിന്നിതിനെല്ലാം
കാരണമായ്വന്നയ്യോകഷ്ടം!
കാമിച്ചീടുംപുരുഷങ്കൽകുല
കാമിനിമാരപ്രിയമതുവിടുമോ ?
കാമിതമെല്ലാംസാധിക്കും മൽ
സ്വാമിക്കതുവിരോധംതെല്ലും
ഉത്താഗാരേനിശിവരവേണം
തത്രശയിക്കുംപ്രിയനന്നേരം
ചിത്തജമദവുംഗർവുമകപ്പൂ
മെത്തയിലിട്ടതകത്തുപൊടിക്കാം
മാലിനിമൂലംചെററുംമനസിജ
മാലിനിയുണ്ടാകാത്തവിധത്തിൽ
കാമവിലാസരസങ്ങളിലുള്ളൊരു
ഭീമപരാക്രമമൊക്കെക്കാട്ടാം.

## കേരളവർമ്മശതകം.

ഇതു് ൧൦൭൮-ൽ എഴുതി. ൧൦൮൨-ൽ അച്ചടിച്ചു. കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ജീവചരിത്ര സംഗ്രഹമാണു് വിഷയം. ആ വിശ്വവിശ്രുതനായ കേരളകാളിദാസൻ ൧൦൮൯ കന്നി ൨൨-ാംനു തീപ്പെട്ടതിൽ പിന്നീടു് എട്ടു ശ്ലോകം കൂട്ടിച്ചേർത്തു് ഈ പുസ്തകത്തിനു് “കേരളവർമ്മചരിതം” എന്നു പേർ കൊടുത്തു് വീണ്ടും പ്രസിദ്ധപ്പെടുത്തി. മാതൃക താഴെ ചേർക്കുന്നു.

പുത്തൻവാങ്മധു തൂകവേ ഭുവനസഞ്ചാരംമുദാ ചെയ്യുമെൻ
അത്യന്തോൽഗ്ഗുണശാലിനി ത്രിഭുവനൈകാനന്ദസന്ദായിനി!
നൽത്തേൻശർക്കര പഞ്ചസാര പഴവും പാലും ഭുജിച്ചിന്നുദ-
ത്താം കേരളസൽക്കവീന്ദ്രചരിതം സല്ലീലയാചൊൽക നീ ॥

വിദ്യാംഭോനിധിതന്നിലുത്സുകതയാംവൻതോണിയേറിശ്രമ
പൂൎത്തൻ നമ്പു വലിച്ചുടൻ മറുകരയ്ക്കെത്തീട്ടു കീൎത്ത്യൎത്ഥവും।
സമ്പ്രാനേടിയവിശ്രുതൻ വലിയകോയിത്തമ്പുരാൻ തന്റെ സ-
ദ്വൃത്താന്താമൃതപാനമാൎക്കമതുലാഹ്ലാദപ്രദംശാരികേ॥

ദിനചൎയ്യയെയിതുപോലൊരു
മനുജൻമനസ്സുതൃപ്തിവാഴ്കപണിപാരം।
ഗഡിഘോരംതൻ ഹൃദയവു-
മിണപിരികില്ലുണരക്കമതുകളിലും॥

## മാൎക്കണ്ഡചരിതം

### താരാട്ടു്.

ഇതു് ൧൦൭൦-ാമാണ്ടു് എഴുതിത്തീൎക്കയും ൧൦൭൭-ൽ അച്ചിട്ടു കയും ചെയ്തു. അതിൽ അല്പം ചുവടെ കാണിക്കുന്നു.

അന്നേരം ഗൎഭമുദിച്ചു—മെല്ലെ
നന്ദനനേപ്രസവിച്ചു
ഫാലേക്ഷണൻറെകൃപയാ—ചാരു
മേളംകലൻജനിച്ചു
ബാലകൻതന്നുടെ ദിവ്യ—രൂപ
മാലസ്യമാൎക്കമകററും
പാലൊത്തമാധുൎയ്യവാക്കും—നല്ല
ചേലൊത്തിണങ്ങുന്ന നോക്കും
എറംപ്പൂവും നേരിട്ടതോക്കും—ചാരു
കെല്പുകലന്നൊരു മൂക്കും
തൊണ്ടിപ്പഴംവെന്ന ചുണ്ടും—നല്ല
വണ്ടുകറം കണ്ണുടൻമണ്ടും
..........................................................

## നാളായണീചരിതം

### ഊഞ്ഞാൽപ്പാട്ടു്.

ഇതു് ൧൦൭൦-ൽ എഴുതുകയും ൧൦൭൨-ൽ അച്ചടിപ്പിക്കയും ചെയ്തു. മാതൃകയേക്കാണുക.

ക്രൂട്ടുവാനൊക്കെപ്പുകച്ചുവായിൽ
തൊട്ടീടാനേതുമരുതു കഷ്ടം!
നാറിപ്പുകഞ്ഞൊരുചാറെന്തിക്കായ്
കോരിവിളമ്പിയ നിന്നെയിപ്പോൾ
ചൂലാലടിക്കേണ്ടയാനിനക്കി

ക്കാലംമഹാനിന്ദതന്നെപെണ്ണെ !
വ്വളക്കരുട്ടകണ്ണനുംവലി
പ്പത്തലോവല്ലത്തുംവെട്ടിയിട്ട്
വയ്ക്കുംകറിപ്പിന്നെച്ചാറുനന്നായ്
കയ്ക്കുംകരിക്കട്ടകാൽകടിക്കും

## കുചേലവൃത്തം

### താരാട്ട്.

ഇതു ൧൦൭൬-ൽ എഴുതി. ൧൦൭൮-ൽ അച്ചടിച്ചു. മാതൃകയ്ക്കു അല്പം താഴെ ചേൎക്കുന്നു.

ഇന്നിത്രനേരമായി—ഇതേവരെ
യൊന്നുമേയമ്മതന്നീ
ലെന്നുമീമട്ടുതന്നെ—യീയമ്മയ്ക്കി
ങ്ങാരിരരാരാരോ.
ഇങ്ങനെകാട്ടിടാമോ—വിശപ്പിനെ
എങ്ങനെ നിവ്വഹിക്കും
അങ്ങോട്ടുംകറിരണ്ടു—കൊടുക്കണ്ണാ
മാരിരരാരാരോ.

## പൂതനാമോക്ഷം.

### ശ്ലോകത്താരാട്ട്.

൧൦൭൯-ലാണ് ഇതെഴുതിയത്. ൧൦൮൦-ൽ അച്ചടിപ്പിച്ചു. ഇതിൽ ഏതാനുംഭാഗം താഴെ ചേൎക്കുന്നു—

പൂതനയുടെ ലളിതാവേഷം ഇങ്ങിനെ വൎണ്ണിക്കുന്നു.

മാലോട്ടുമങ്ങളികുലങ്ങളൊളിച്ചുമണ്ടും
കാലോടിടഞ്ഞകചഭാരമവൎണ്ണനീയം ।
ചാലേവകുത്തൊരുവശത്തവൾകെട്ടിനല്പൂ-
മാലാംധരിച്ചുമുടനാരിരരാരിരാരോ ॥
വാച്ചിട്ടുകണ്ണെഴുതിബാലശശാങ്കതുല്യ
ഫാലപ്രദേശമതിൽ നൽത്തിലകം ചമച്ചു ।
വ്രീളാവിഹീനമവൾ വെറ്റിലതിന്നുനല്ല
ചേലാക്കിയോരധരമാരിരരാരിരാരോ ॥
ഇക്കണ്ടകാമുകജനങ്ങളെശങ്കിയാട്ടി
ത്തിക്കിത്തിരക്കിയധരത്തിലിടഞ്ഞുനോക്കും ।

വൃത്താന്തികഞ്ഞകളൾകൊങ്കയിലാശ്രുകാകോ
ളത്തെപ്പിരട്ടിയവളാരിരാരിരാരോ ॥

..........................................................

മട്ടോത്തവാനിയുലകൊങ്കയുമക്കടക്കൺ
വെട്ടിങ്കലിട്ടവരംകറക്കിമഹാകരീന്ദ്രൻ।
ഞെട്ടുന്നമന്ദഗതിപൂണ്ടുനടന്നിളംപൈ
തത്തിൻസമീപമുടനാരിരാരിരാരോ ॥

..........................................................

## കംസവധം

### വഞ്ചിപ്പാട്ട്.

ഇതിൻെറ ആവിർഭാവം ൫൦-ാം ഭാഗം-ലാകുന്നു. ൭ർ-ൽ അച്ചിട്ട.
ഗോപിമാർ കൃഷ്ണൻെറ വേർപാടിൽ ഇപ്രകാരം വ്യസനിക്കുന്നു.

നന്ദനന്ദനൻമഥുരതന്നിൽയാത്രാസന്നാഹംസാ
നന്ദംതുടരുന്നതറിഞ്ഞന്നുഗോപിമാർ ॥

ഒന്നിച്ചെല്ലാരുംകൂടികണ്ണുനീർപൊഴിച്ചപാരം
ഖിന്നതപൂണ്ടുവിലാപമാഹാതുടങ്ങി ॥

കംസമന്ദിരത്തിലുള്ളഹംസഗാമിനീജനങ്ങൾ
സംശയംവിനാമഹാകൃതാൎത്ഥമാരത്രേ ॥

ചഞ്ചലാക്ഷിമാരുടയപുഞ്ചിരിവിലാസവുംതാ
പിഞ്ഛനീലകേശഭാരനിസ്തുലാഭയും ॥

ശീലഗുണങ്ങളുംചന്ദ്രഫലപ്രകാശവിളങ്ങി
മേളിച്ചകാന്തിപ്രസരംചിന്തിടുന്നൊരു ॥

ചാന്തുക്കുറിയുംകാതിലാടലന്തുംപകിട്ടുമിരട്ടും
സിന്ദൂരാധരപ്രഭാകടാക്ഷവീക്ഷണം ॥

പന്തിടഞ്ഞപോർമുലപൈതന്തമൊഴിയുംചാരുകന്ദ
ളന്തപൂക്കിലശാഭയെന്നിവയെക്കാണുമ്പോൾ ॥

മായാമയന്നമവരിൽമയങ്ങാതിരിക്കുമൊചാ
യതാക്ഷിമാരുംസമ്പ്രദായക്കാരത്രേ ॥

ഇദ്ദേഹത്തിൻെറ അമ്മ ൧൦൭൪ കന്നിയിൽ പരലോകം പ്രാപിച്ചു. ഇദ്ദേഹം കുറേനാൾ കണ്ടെഴുത്തിൽ ജോലിയായിരുന്ന ശേഷം ൧൦൮൫-ൽ മജിസ്ട്രേട്ടുപരീക്ഷയിൽ ജയിച്ച് ഒരു വർഷം വക്കീൽജോലിയിൽ ഏർപ്പെട്ടിരുന്നു. ഇതിനിടയിൽ അനവധി ചില്ലറ പ്പുസ്തകങ്ങൾ എഴുതിത്തീർത്തു. ൧൦൮൬ മേടം ൨൭-ാം നു- രാത്രി തൃശ്ശിനാപ്പള്ളി നവരസാലംകാര നാടകക്കമ്പനിക്കാർ തമിഴു രീതിയിൽ "കനകലതാസ്വയംവരം" നാടകത്തെ അഭിനയിച്ചു.

## മാക്കണ്ഡചരിതം

### തിരുവാതിരപ്പാട്ട്.

ഇത് ൧൦൯൦-ൽ എഴുതി അച്ചടിപ്പിച്ചു. ഇതിൽ അല്പം താഴെ ചേർക്കുന്നു.

കാമോദരി—ചെമ്പട.

പല്ലവി.

സോമശേഖര ഹേ മഹേശ്വര—താവകീന ചരണ
താമരസം വന്ദേഹം ശംഭോ ॥

അനുപല്ലവി.

കാമനാശന കാലശാസന ഭീമഭവഹര ധീമതാം വര ॥ സോമ ॥

ചരണം.

കററജ്ജടയിലുമ്പരാറും—കാന്തി ചിന്തീടും
നെററിയതിലമ്പിളിക്കീറും—തീക്കനൽക്കട്ട
പൊട്ടിത്തെറിക്കും കണ്ണും ചീറും—ഫണിഗണവും
അസ്ഥിമാലാകപാലം നീറും - അണിഞ്ഞു മന്ദം—
ദേവമുനിഭൃതസേവിതനായുമാ
ദേവിയോടുമൊരുതേറിനലമോടു
കൈലാസാചലത്തിൽ വിലസും ജഗദീശ
ശ്രീപരമേശാ ॥ സോമ ॥

ശ്രീമതി ഗൌരി അമ്മയുമായുള്ള ഇദ്ദേഹത്തിൻെറ വിവാഹം ൧൦൭൫ മേടം ൨൨-ാം നു-യായിരുന്നു. ഈ ഗൌരി അമ്മ തിരുവനന്തപുരത്തു കൈതമുക്കിൽ വാറുവിളാകത്തു വീട്ടിൽ ആനന്ദപ്പിള്ള ലക്ഷ്മിപ്പിള്ളയുടെ പെരുങ്കടവിള അധികാരത്തിൽ ചെമ്പൂരുദേശത്തു

നെല്ലിവീട്ടിൽ പരമേശ്വരൻ പിള്ള അവർകൾക്കുണ്ടായ മൂത്തപുത്രിയാണു്.

൧൦൭൪ തുലാം ൯-ാംനു രാത്രി വിക്ടോറിയാ ജൂബിലി ടൌൺ ഹാളിൽവച്ചു പുന്നപുരം ഗാനനാടക സമാജക്കാർ 'സംഗീതകനകലതാസ്വയംവരം' നാടകത്തെ അഭിനയിച്ചു. 'സുന്ദോപസുന്ദയുദ്ധം' കഥകളിയുടെ അരങ്ങേററം ൧൦൮൫ മകരം ൧-ാംനു ഭാര്യാഗൃഹത്തിൽ വച്ചു നടത്തിച്ചു.

## ഹജൂർവിലാസം
### മണിപ്രവാളം.

ഇതു് ൧൦൮൫-ൽ എഴുതി അച്ചടിച്ചു. ഹജൂർകച്ചേരിയേയും അതിലെ ഓരോ തുറയേയും ഉദ്യോഗസ്ഥന്മാരെയും വിവരിക്കുന്നതാണു്. മാതൃക നോക്കുക—

ശ്രീമാനാംഭുജഗക്ഷ്മജക്ഷിതിവരൻ മന്ദാരദാരുപ്രഭൻ
ധീമാൻ മാധവരായർ മന്ത്രിതിലകൻ ബാട്ടൺമഹാനിഞ്ചിനീർ।
ഏകന്മാരിവരാണുകേൾപ്പൊനികഴിപ്പിച്ചിത്തരംകെട്ടിടം
സാമോദംശൃണുകൊല്ലമായിരമൊട്ടും നാല്പത്തിനാലായതിൽ ॥

ഇരിമ്പഴിയതുണ്ടുചുററമതിനുള്ളിലത്യുത്തമം
പരംപുതുമലർവിടിന്നരിയഭംഗിതിങ്ങുന്നതും।
തരിമ്പുകളവല്ലചൂതപനസാദിശോഭിപ്പതും
കരിമ്പുമുട്ടവാണികണ്ണിനിനിയലുന്നകൌതുഹലം ॥

ചൊല്ലേറ്റോള്ളും ധർമ്മരാജൻതിരുവടിസുജനക്ഷേമസംരക്ഷനയ്ക്കാ-
യിക്കാലംനാലുരൂപംവടിവിനൊടുധരിച്ചിങ്ങെഴുന്നെള്ളിയിപ്പോൾ।
പാർക്കുന്നെന്നാക്കുമേതോന്നിടുമൊരുവിധമജ്ജഡ്ജിമാരോടുകൂടി-
ത്തെക്കേബ്ലോക്കുകണ്ടീടുവതുസുമുഖിയിന്നാട്ടുഹൈക്കോട്ടുബാലേ॥

കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂർത്തിയെപ്പററി ഒരു സപ്തകമുണ്ടാക്കി അദ്ദേഹത്തിനയച്ചതിനു് തിരുമനസ്സുകൊണ്ടയച്ച മറുപടി താഴെ ചേർക്കുന്നു.

തിരുവനന്തപുരം,
൧൦൮൨ കുംഭം ൨൦.

ശ്രീ

ജി. പത്മനാഭപിള്ളയ്ക്കു്,

നിങ്ങൾ ൧൮-ാംനു അയച്ച എഴുത്തും ഷഷ്ടിപൂർത്തിസപ്തകവും കിട്ടി. വളരെ സന്തോഷമായി. പെരുന്തൃക്കോവിലപ്പന്റെ അനു

ഗ്രഹത്തിനാൽ അറുപതു വയസ്സു തികഞ്ഞ അവസരത്തിൽ നിങ്ങളെപ്പോലെയുള്ള ഇഷ്ടന്മാരുടേയും സ്നേഹിതന്മാരുടേയും ക്ഷേമാശംസ എനിക്കു അത്യന്തം ചാരിതാൎത്ഥ്യത്തെ ജനിപ്പിക്കുന്നുണ്ടു്. പിന്നെ നിങ്ങളുടെ സരസസാഹിത്യരൂപമായ ഈ അനുഗ്രഹത്തെക്കുറിച്ചു് വിശേഷിച്ചു ഒന്നും പറയേണ്ടതില്ലല്ലൊ.

നിങ്ങൾക്കുണ്ടായിരുന്ന സുഖക്കേടെല്ലാം നിശ്ശേഷം ശമിച്ചു് നിങ്ങൾ ആയുരാരോഗ്യസമ്പത്സമൃദ്ധിയോടുകൂടി സുഖമായിരിക്കേണമെന്നു പ്രാൎത്ഥിച്ചുകൊണ്ടു് നിങ്ങളുടെ ക്ഷേമാശംസിയായ

കേരളവൎമ്മ (ഒപ്പു്)

## മദനകാമചരിതം

### സംഗീതനാടകം.

ഇതു് ൧൦൮൧-ൽ എഴുതി. വഞ്ചിയൂർ ലളിതാവിലാസനാടകശാലാസമാജക്കാർ ൧൦൮൨-ചിങ്ങം ൩-ാംനു ബുധനാഴ്ച ജൂബിലിടൌൺഹാളിൽവച്ചു അഭിനയിച്ചു. മാതൃകയ്ക്കു ഏതാനും ഭാഗം ചുവടേ ചേൎക്കുന്നു:—

നല്ലങ്കു്.

ഭൂതേശാ! ഭുവനേശാ ഭവനാശനഭവനെ!
ശ്രീകണ്ഠാ! ശിതികണ്ഠാ! ശ്രിതവത്സലശിവനെ!
വെണ്ണീറുംബതചീറും വിമലഫണിഗണവും
വിണ്ണോരും പൂണ്ടനീയേവിശിഷ്യഗതിദിനവും ॥
മണ്ണാശപെണ്ണാശമരണമിരുവഴിയേ
ഉന്നതനമെളിയോനുമൊടുവിൽഗതികഴിയേ ॥
ഞാനെന്നുമെന്റേതെന്നും ദുരഭിമാനംവെറുതേ
മാനേലും കണ്ണികളിൽമനമഴിഞ്ഞീടരുതേ ॥
വിശ്വാസം കിന്തുഫലം വിറകുമുട്ടിജ്ജഡത്തിൽ
ആശ്വാസം നീങ്ങുമപ്പോളതുവിഫലം ജഗത്തിൽ ॥

൧൦൮൧-മേടം ൨൩-ാംനു ഉച്ചയ്ക്കു ൧൧ മണിക്കു ചോതിനക്ഷത്രത്തിൽ നമ്മുടെ നായകന്റെ ഭാൎയ്യ ഒരു പുരുഷപ്രജയെ പ്രസവിച്ചു. ആ കുഞ്ഞിനു 'ചന്ദ്രശേഖരൻ' എന്നു നാമകരണം ചെയ്തു. ൧൦൮൩-മിഥുനം ൨൩-ാംനു രണ്ടാമതും ഒരു ആൺകുട്ടിയെ പ്രസവിച്ചു. ഈ കുട്ടി ൧൦൮൪-ൽ പരലോകം പ്രാപിച്ചു. ൧൦൮൮-മേടം ൧൨-ാംനു രാത്രി ൮ മണിക്കു കേട്ടനക്ഷത്രത്തിൽ ഗൌരിഅമ്മ മൂന്നാ

മറ്റും ഒരു പുരുഷപ്രജയെ പ്രസവിച്ചു. ആ കുഞ്ഞിനു 'ദാമോദരൻ' എന്നു പേരിട്ടു.

## തിരുവിതാംകൂർ ഭൂമിശാസ്ത്രം

### പദ്യപാഠാവലി.

ഇതു ഫാവ്വൻ-ൾ എഴുതി അച്ചടിപ്പിച്ചു. അല്പം താഴെ ചേർക്കുന്നു.

പാനമട്ട്.

പർവ്വതങ്ങളെച്ചൊല്ലുവെൻഞാനിനി
തോവാളത്താലൂക്കിൽമഹേന്ദ്രഗിരി
അശമ്പുമലമൂലാഞ്ചിയിങ്ങിനെ
വിശാലങ്ങളായ്മൂന്നുണ്ടുപർവ്വതം

## ബാലരാമായണം പദ്യം

ഫാവ്വൻ-ലാണ് ഇതും എഴുതി അച്ചടിപ്പിച്ചതു്. ഏതാനും ഭാഗങ്ങൾ താഴെ ചേർക്കുന്നു.

കൃഷ്ണഗാഥാരീതി

കാടകംപുക്കൊരുനേരത്തുനേരിട്ടാൾ
താടകഘോരഭയംകരിയാൾ
പൊട്ടക്കിണറെന്നുപെട്ടെന്നുതോന്നിടും
ദൃഷ്ടികൾ വട്ടിവയറുംപിന്നെ
ഒട്ടറെച്ചെമ്പിച്ചകേശവുംഗഹ്വരം
തോറുപോം വായുംമലപോലുള്ള
ഗാത്രവുംപൂണ്ടൊരുരാത്രിഞ്ചരിയവൾ
ധാത്രീതലത്തെക്കുലുക്കിക്കൊണ്ടും
പച്ചയിറച്ചികവളിൽനിറച്ചുവെ
ച്ചുച്ചത്തിലങ്ങുചവച്ചുകൊണ്ടും
ഈച്ചകൾപോലെകഴുകുകൾകാകന്മാർ
മെച്ചത്തിൽമെയ്യെച്ചുഴലുന്നേരം
ആട്ടിക്കളഞ്ഞുംമനുഷ്യക്കുടൽമാല
മാറിമാറിമാറിലിട്ടുകൊണ്ടും
പാഞ്ഞുവരുംരക്ഷോനാരിയെക്കണ്ടിട്ടു
പാരാതെരാമൻചിരിച്ചുപോയി.

## ഹരിശ്ചന്ദ്രചരിതം.

### കിളിപ്പാട്ട്.

പലേപ്പോഴുമായി എഴുതിയതാണ്. ൧൦൯൦-ൽ അച്ചിട്ടു. വിവാദകാണ്ഡം, വഞ്ചനകാണ്ഡം, വ്യസനകാണ്ഡം, നഗരപരിത്യാഗകാണ്ഡം, കാശികാണ്ഡം, നിവൃത്തികാണ്ഡം ഇങ്ങിനെ ആറുകാണ്ഡങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. മാതൃക നോക്കുക.

ചന്ദ്രശേഖരന്തന്നെസ്തുതിച്ചുതുടങ്ങിനാൾ
ചന്ദ്രാനനാ സാ സതീമാലികാചന്ദ്രമതീ
മംഗലാകൃതേ! പാപനാശന! പരമേശാ!
ഗംഗാകാമുക! ഗൌരീവല്ലഭ! കൃപാനിധേ!
ചോരച്ചെന്താമരപ്പൂന്തളിരിൻപ്രഭപോലെ
പാരംകാന്ത്യാവിളങ്ങുംതല്പാദയുഗളവും
ചന്ദ്രക്കീറിൽശകലത്തുണ്ടുകൾപോലെഭൂരി
സാന്ദ്രപ്രകാശംതിങ്ങിവിളങ്ങുംനഖങ്ങളും
പഞ്ചസായകനതികൌതുകംപൂണ്ടുതന്റെ
പൂഞ്ചോലതന്നിൽനട്ടുപനിനീരുംതളിച്ചു
ചെഞ്ചമ്മേവളർത്തിയുണ്ടാക്കിയകൈതപ്പൂവിൻ
ചഞ്ചുമഞ്ചീടുംമുഴങ്കാലതുകണ്ടാലേററം
സമ്മോഹനശ്രീവിലാസപ്രൌഢിതേടുംഗാത്ര
പ്പൊന്മണ്ഡപപ്പുത്തൻതൂൺതുടശ്രീസുഷമയും
പന്നഗച്ചരടുകളണിഞ്ഞുതെളിഞ്ഞല
മുന്നിദ്രകാന്ത്യാമിന്നുമരയുംമനോജ്ഞയാം
ശ്യാമളശിലപോലെകോമളമായിനിത്യം
കാമദേവനുഗമിപ്പാനൊരുമാർഗ്ഗമായി
സീമാവിഹീനകാന്ത്യാവിളങ്ങീടുന്നദിവ്യ
രോമാവലിയുംഭൂതിഭൂഷിതതിരുമെയ്യും

## കുഞ്ചൻനമ്പിയാർ

### മണിപ്രവാളം

൧൨൯൦-ൽ എഴുതി അച്ചടിപ്പിച്ചു. ഒരു പദ്യം ചുവടെ കാണിക്കുന്നു:—

കിള്ളിക്കുറിച്ചിയിതികീൎത്തിയെഴുന്നദിക്കിൽ
തുള്ളൽക്കഥയ്ക്കൊരു പിതാവു ജനിച്ചുമുന്നം ।
കല്യാണശീലഗുണമേറിയതുഞ്ചനാകും
ചൊല്ലാൎന്നകേരളമഹാകവിയെന്നപോലെ ॥

## കാളീയമൎദ്ദനം.

### മണിപ്രവാളം.

ഇതു ൧൦൬൦-ൽ എഴുതി പ്രസിദ്ധംചെയ്തു. ഇതിൽ അല്പം ചുവടെ ചേൎക്കുന്നു:—

ചീളെന്നഹോകാളിമയായകാന്തി
കാളീട്ടനല്പാത്ഭുതമാക്കുമേകം
മേളംകലൎന്നീടിനരമ്യമായ
കാളിന്ദിയാം വാഹിനികണ്ടുമന്ദം
..........................................
ഉറക്കെഴുന്നഫണമണ്ഡലം രുഷാ
പൊക്കിയങ്ങിനെ പിടിച്ചു പന്നഗം
കൊച്ചുകൃഷ്ണനൊടു പാഞ്ഞടുത്തുതേ
വെക്കമാട്ടമൊരു വഞ്ചിയെന്നപോൽ.

—:o:—

### ശ്രീകണ്ഠേശ്വരം ജീ. പത്മനാഭപിള്ള അവൎകൾ

എഴുതിയിട്ടുള്ള പുസ്തകങ്ങളുടെ പട്ടിക താഴെ ചേൎക്കുന്നു.

1 ധൎമ്മഗുപ്തവിജയം കഥകളി.
2 സുന്ദോപസുന്ദയുദ്ധം ടി.
3 ഇൻഡ്യാവിവരണം നോട്ട്.
4 കനകലതാസ്വയംവരം നാടകം.
5 ഉഷാകല്യാണം ചമ്പു നോട്ട്.
6 രാമചരിതം തിരുവാതിരപ്പാട്ട്.
7 പാണ്ഡവവിജയം നാടകം.
8 കീചകവധം തുള്ളൽ.
9 കേരളവൎമ്മചരിതം മണിപ്രവാളം.
10 ഇൻഡ്യാചരിത്രം നോട്ട്.
11 തിരുവിതാംകൂർ ചരിത്രം ചോ-നോട്ട്.
12 ടി രണ്ടാംഭാഗം ടി
1 മാൎക്കണ്ഡചരിതം താരാട്ട്.
14 നാരായണീചരിതം ഊഞ്ഞാല്പാട്ട്.
15 കുചേലവൃത്തം താരാട്ട്.
16 പൂതനാമോക്ഷം ശ്ലോകത്താരാട്ട്.
17 കംസവധം വഞ്ചിപ്പാട്ട്.
13 ശ്രീകൃഷ്ണചരിതം നോട്ട് 12-സൎഗ്ഗം.
19 മാൎത്താണ്ഡവൎമ്മ ചോ-നോട്ട്.
20 അമരകോശം (൧-ാംകാണ്ഡം) വ്യാഖ്യാനം.

21 ശ്രീകൃഷ്ണചരിതം നോട്ട് (സ. വ).
22 മാർക്കണ്ഡചരിതം തിരുവാതിരപ്പാട്ട്.
23 മലയാള വ്യാകരണം
24 തിരുവിതാംകൂർ പ്രത്യേകഭൂമിശാസ്ത്രം.
25 കൃഷിശാസ്ത്രം.
26 രണ്ടാംപാഠനോട്ട് (പഴയത്).
27 ശ്രീകൃഷ്ണചരിതം നോട്ട് (സ-൧).
28 ഹജ്ജൂർവിലാസം മണിപ്രവാളം.
29 പുതിയ ഒന്നാംപാഠനോട്ട്.
30 ടി രണ്ടാംപാഠനോട്ട്.
31 ടി മൂന്നാംപാഠനോട്ട്.
32 കീശന്നിഘണ്ടു.
33 പാറക്കുട്ടി (ഗദ്യം).
34 മദനകാമചരിതം (നാടകം).
35 ലക്ഷ്മീരാജ്ഞി (ഗദ്യം).
36 (തിരു) ഭൂമിശാസ്ത്രം പദ്യപാഠാവലി.
37 ബാലരാമായണം (പദ്യം).
38 രാമചന്ദ്രൻ (ഗദ്യം).
39 ബി. എ. ബായിഅമ്മ (ഗദ്യം).
40 വക്കീൽ ജാനകിഅമ്മ (ഗദ്യം-തർജിമ)
41 വിജ്ഞാനരത്നാവലി (അകാരാദി).
42 ശ്രീരാമവർമ്മ (ഗദ്യം).
43 ഹരിശ്ചന്ദ്രചരിതം കിളിപ്പാട്ട്.
44 കുഞ്ചൻനമ്പ്യാർ മണിപ്രവാളം.
45 കാളിയമർദ്ദനം ടി
46 പ്രഥമഗണിതം (കണക്ക് ൧-ാംഭാഗം)
47 ടി ടി ൨-ാംഭാഗം.
48 നമ്മുടെ മഹാരാജാവ്. (ഗദ്യം).
49 വിദ്യാരംഭം (അക്ഷരമാല).
50 പുതിയ ൨-ാംപാഠനോട്ട്.
51 ടി ൩-ാംപാഠനോട്ട്.
52 ടി ൪-ാംപാഠനോട്ട്.
53 ടി ൫-ാംപാഠനോട്ട്.
54 ശബ്ദതാരാവലി നിഘണ്ടു.
55 പുതിയ ൬-ാംപാഠനോട്ട്.
56 വിദ്യാധനം (ഗദ്യം).
57 വിനോദചന്ദ്രിക (പദ്യം).
58 ബാലപരിശീലനം (ഗദ്യം).
59 (മലയാളം) ജനറൽഭാഷ.
60 പഴയമലയാളം പാക്കററ്നിഘണ്ടു.

---

വിസ്തരഭയത്താൽ ഇവയുടെയെല്ലാം പൂർണ്ണനിരൂപണം ഇനിയൊരവസരത്തിലേയ്ക്കു മാററിവയ്ക്കാനേ തരമുള്ളുവെന്നു വന്നിരിക്കുന്നു. പൊതുവെ പറയുന്നതായാൽ ഇവ പൊതുജനങ്ങളുടെ അത്യാദരത്തിന്നു പാത്രീഭൂതങ്ങളാണ്. അവയിൽ ചിലതിനെപ്പററി മാതൃകക്കായി ചില ഭാഗങ്ങൾ യഥാസ്ഥാനങ്ങളിൽ ചേർത്തിട്ടുണ്ട്.

സർവാധികാര്യക്കാർ ഗോവിന്ദപ്പിള്ള അവർകളുടെ അനല്പമായ സാഹിത്യപരിശ്രമങ്ങളും ഭാഷാഭിമാനവും തന്റെ ഭാഗിനേയനെ ഒവണ്ണംവണ്ണം പ്രേരിപ്പിക്കാതിരുന്നിട്ടില്ല. ഭാഷാദേവിക്കു ശാശ്വതമായി എന്തെങ്കിലും ചെയ്യണമെന്നുള്ള അഭിലാഷം നമ്മുടെ നായകനും ബാല്യത്തിലേ ഉള്ളതാണ്. ഒരു നിഘണ്ടു എഴുതണമെന്നുള്ള വിചാരം ൧൦൬൦-കാലത്തിലാണ് അദ്ദേഹത്തിന് ഉദിച്ചതു. ശീലവതി തുടങ്ങിയ സകല കൃതികളും-പ്രസിദ്ധങ്ങളും അപ്രസിദ്ധങ്ങളും-ക്ഷമയോടെ വായിച്ച് ഒരകാരാദി ചമയ്ക്കുയാണ് അദ്ദേഹം

ആദ്യമായി ചെയ്തതു്. ൧൦൮൧-ൽ പണി രാജികൊടുത്തിട്ടു ഇതിനായിത്തന്നെ ഉദ്യമിച്ചു് ഇത്രകാലം പരിശ്രമിച്ചിട്ടും കാൽഭാഗം പോലും ആയില്ലെന്നുള്ളതു് അദ്ദേഹത്തിനു വലുതായ കുണ്ഠിതമുണ്ടാക്കി. അതുകൊണ്ടു് ഒരു കീശാനിഘണ്ടു മതിയെന്നു തീച്ചയാക്കി അപ്രകാരം ഒന്നു പ്രസിദ്ധംചെയ്തു. ഇതിന്റെ ആയിരം പ്രതിയും ക്ഷണത്തിൽ വിററുതീന്നതിനാൽ ആദ്യത്തെ ശ്രമം പൂത്തിയാക്കാനുള്ള ഉദ്യമം വീണ്ടും തുടങ്ങി. എഴുതിത്തീന്ന നിഘണ്ടുവിന്റെ ഏതാനുംപുറം (കൈയെഴുത്തുകാപ്പി) കേരളവമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലേയ്ക്കും, ഏ. ആർ. രാജരാജവമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലേയ്ക്കും ൧൦൭൮-ാമാണ്ടിടയ്ക്കു കാണിച്ചശേഷം ഇതു മുഴപ്പിക്കുന്നതിനു മുപ്പതോളം കൊല്ലം വേണ്ടിവരുമെന്നും, അത്രയുംകാലം പത്മനാഭപിള്ള ഏകനായിരുന്നു കാര്യം നിറവേററുമെന്നു് നല്ലവിശ്വാസം തോന്നുന്നില്ലെന്നും, ഈ എഴുതിയിരിക്കുന്ന രീതിയിൽ മുഴുവനാകുന്നപക്ഷം ഭാഷയ്ക്കു വലുതായ സമ്പത്തു തന്നെന്നും, വേണ്ട സഹായസഹകരണങ്ങൾ ചെയ്യാൻ ഒരുക്കമാണെന്നും, റഫ്റൻസിനുവേണ്ടുന്ന പുസ്തകങ്ങൾ തന്നുകൊള്ളാമെന്നും, അയയ്ക്കുന്ന കൈയെഴുത്തു കാപ്പികൾ പരിശോധിച്ചു് അപ്പഴപ്പോൾ മടക്കിയയച്ചുതരാമെന്നും, പത്മനാഭപിള്ളയുടെ വിജയത്തിനായി ഈശ്വരനെ പ്രാത്ഥിക്കുന്നെന്നും ആ വിദ്വത്തേജോദ്വയം പ്രോത്സാഹിപ്പിച്ചു. ഇതു മുതൽ ഇദ്ദേഹം നിഘണ്ടുവിനു വേണ്ടി ൧൦൮൧-ൽ വീണ്ടും വക്കീൽ പണിയിൽ പ്രവേശിച്ചു് നെയ്യാററിൻകരെ താമസമുറപ്പിച്ചശേഷവും നിഘണ്ടുജോലിതന്നെ തുടന്നുവന്നു.

൧൦൮൩-ാമാണ്ടു് ബ്രഹ്മശ്രീ സി. എൻ. എ. രാമയ്യാശാസ്ത്രി അവർകൾ എം. ഏ യും, മുള്ളുവിളാകം ഗോവിന്ദപ്പിള്ള അവർകളും കൂടിച്ചേന്നു 'ശബ്ദരത്നാകരം' എന്നൊരു നിഘണ്ടു പുറപ്പെടുവിച്ചു തുടങ്ങി. നമ്മുടെ നായകനു് ഇതുനിമിത്തം അല്പം ഒരു മടുപ്പുണ്ടാകയാൽ നിഘണ്ടുവിനുള്ള എല്ലാ റിക്കാർട്ടുകളും തല്ക്കാലം കെട്ടിവച്ചു. ൧൦൮൫-ൽ ഇദ്ദേഹം ഭാഷാവിലാസം എന്നൊരു മാസിക തുടങ്ങി. ഒരുകൊല്ലം നടത്തി. 'ശബ്ദരത്നാകരം' പാടുന്നനെ നാമാവശേഷമായതോടുകൂടി പത്മനാഭപിള്ള അവർകൾ നിഘണ്ടുശ്രമത്തെ വീണ്ടും പൂവാധികം ഉൎജ്ജിതത്തോടെ തുടങ്ങി.

പലതരം ഗ്രഹപ്പിഴകൾ ഇക്കാലത്തു നമ്മുടെ നായകനുണ്ടായി. അദ്ദേഹത്തെ മസൂരിരോഗം ബാധിച്ചു. നിത്യവൃത്തിക്കുള്ള വകകൾ തനിയെതന്നെ ഉണ്ടാക്കേണ്ടഭാരം അദ്ദേഹത്തിനുണ്ടായിരുന്നതിനാൽ വളരെവലഞ്ഞു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ.

"മാതാനിന്ദിക്കുമച്ഛൻവെടിയുമധനനിൽ
സോദരന്മൌനനാകും
ഭൃത്യൻപാരംഹസിക്കുംനിജസുതനുമവൻ
ചൊല്ലുകിൽകേൾക്കയില്ല।
കോപിക്കുംഭാര്യബന്ധുക്കളുമധികഖല-
ട്ടോർത്തുകണ്ടാലൊളിക്കും
എന്നോർത്തർത്ഥങ്ങൾനേടീട്ടവിനഖിലജനം
വന്ദനംചെയ്യുമപ്പോൾ"

ഈ അനുഭവങ്ങളെല്ലാം അദ്ദേഹത്തിനുണ്ടായതാണു്. ൧൦൭൬-ൽ വർക്കലെ വക്കീൽ പണിയിൽ പ്രവേശിക്കയും അവിടെവെച്ചു "വിജ്ഞാനരത്നാവലി" എന്നൊരു പുതിയ അകാരാദി നിർമ്മിക്കുകയും ചെയ്തു. പിന്നിട്ട തിരുവനന്തപുരത്തു മടങ്ങിവന്നു. ൮൬-ൽ "ലക്ഷ്മീരാജ്ഞി" എന്നൊരു പുസ്തകം എഴുതി. ഇതിലേയ്ക്കു വലിയകോയിത്തമ്പുരാൻ, എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ എം. എ. മുതലായവർ നല്ല സർട്ടിഫിക്കറ്റുകൾ അയച്ചുകൊടുത്തിട്ടുണ്ടു്.

അതുപോലെതന്നെ ൧൦൯൦-ാമാണ്ടു് പ്രസിദ്ധീകരിച്ച 'ശ്രീരാമവർമ്മ' എന്ന പുസ്തകത്തെയും ജനങ്ങൾ ശ്ലാഘിച്ചു. ഇതു ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സിലെ ജീവചരിത്രമാണു്. തിരുവിതാംകൂർ ഗവർമ്മെൻറിൽനിന്നു ഇതിനെ ഇംഗ്ലീഷ്സ്കൂൾ ൫-ാം ഫാറത്തിലേയ്ക്കു ഉപപാഠമായി സ്വീകരിച്ചു. ഈ പുസ്തകത്തിനു് കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് കൊടുത്തിട്ടുള്ള അഭിപ്രായം ചുവടേ ചേർക്കുന്നു.

൨൨-൧-൯൦.

൧൫-ാംനു- അയച്ച എഴുത്തും 'ശ്രീരാമവർമ്മ' എന്ന ഗദ്യപുസ്തകവും കിട്ടി. പുസ്തകം ഞാൻ ഒരാവൃത്തി വായിച്ചുനോക്കി. പരമകാരുണികനും പ്രജാവത്സലനുമായ നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ഈ ചെറിയ ജീവചരിത്രം അഭിനന്ദനീയമായ രീതിയിൽ എഴുതപ്പെട്ടിരിക്കുന്നു എന്നുള്ളതിനു സംശയമില്ലാ. തിരുമനസ്സിലെ ചരിത്രത്തിൽ അവശ്യവിജ്ഞേയങ്ങളായ സംഗതികളെല്ലാം ഈ പുസ്തക

മശ്ശും വിശ്വസിക്കത്തക്കതാണെന്നു ചിലർ സന്ദേഹിച്ചേങ്കിലോ എന്നു വിചാരിച്ചു ഇവ ചേൎക്കണ്ടെന്നു നമ്മുടെ നായകൻ എന്നോടു പറഞ്ഞിട്ടും ഉണ്ടായിരുന്നു, എങ്കിലും ഇവ ചില പ്രത്യേക ഗുണാംശങ്ങളെ സൂചിപ്പിക്കുന്നവയാണെന്നു് എനിക്കു തോന്നുകയാൽ അവയിൽ ചിലതു ചുവടേ ചേൎക്കുന്നു.

## ചില വിശേഷ സംഭവങ്ങൾ.

"എന്റെ ജനനത്തിനു മുമ്പുണ്ടായതും അമ്മ പറഞ്ഞുകേട്ടിട്ടുള്ളതുമാകുന്നു് ആദ്യമായി പറയുന്നതു്.

൧. അമ്മയ്ക്കു ഗൎഭം ഒൻപതുമാസമായിരിക്കുമ്പോൾ ഒരുദിവസം ശ്രീകണ്ഠേശ്വരത്തു ഭവനത്തിൽവെച്ചുണ്ടായതാണു് ഈ അത്യാപൽക്കരമായ ഭയംകരസംഭവം. അമ്മയുടെ അച്ഛൻ അൎത്ഥായതു് അപ്പൂപ്പൻ മുൻസിഫു് മണക്കാട്ടു പപ്പുപിള്ള അവൎകൾ നത്തിനെ വെടിവെപ്പാനായി ഒരുദിവസം ഒരു തോക്കുനിറച്ചു് അടിച്ചുക്കൂട്ടുപുരയുടെ മൂലയിൽ വെച്ചിരുന്നു. ഈ നത്തു് പതിവായി വീട്ടിനകത്തുള്ള ഒരു വൃക്ഷത്തിന്മേലിരുന്നു ശബ്ദിക്കുകകൊണ്ടു് ആ ഉപദ്രവത്തിൽനിന്നു നിവൎത്തിപ്പാനാണു പിതാമഹൻ ഇതിനാരംഭിച്ചതു്. അദ്ദേഹം ഒരു നല്ല വെടിക്കാരനായിരുന്നു. എന്നാണു കേൾവി. അച്ഛൻ ഒരുദിവസം വൈകുന്നേരം കച്ചേരിയിൽനിന്നു വന്നപ്പോൾ അമ്മ ആ അടിച്ചുക്കൂട്ടുപുരക്കകം അടിച്ചുവാരുകയായിരുന്നു. അച്ഛൻ കച്ചേരിക്കുള്ള മുണ്ടു് അഴിച്ചിട്ടു് മറെറാരുമുണ്ടു് ഉടുത്തുംകൊണ്ടു് കളിക്കായി മൂലയിലിരുന്ന തോക്കെടുത്തു കളിയുയൎത്തി അമ്മയുടെ നെഞ്ചു് കുറിയാക്കി 'വയ്ക്കട്ടൊ വെടി' എന്നു ചോദിച്ചു. "കുറെച്ചതമുണ്ടു്" എന്നു അമ്മ പറഞ്ഞു. ഉടൻ കുറിയെ അല്പം ചുവരിലേക്കു മാററി കളിതെററിയതും ചൂലുമായി അമ്മയും, തോക്കുമായി അച്ഛനും നിലത്തുപതിച്ചതും ഒന്നായിക്കഴിഞ്ഞു. ഉടൻ നിലവിളിച്ചുകൊണ്ടു് എല്ലാവരും ഓടിവന്നു. അടിച്ചുക്കൂട്ടുപുര പുകകൊണ്ടും ആളുകളെക്കൊണ്ടും നിറഞ്ഞു. ഉടൻ രണ്ടുപേരും എഴുന്നേററു് 'ഒന്നുമില്ലാ, ഒന്നുമില്ലാ' എന്നു പറഞ്ഞു. വയററിൽക്കിടന്ന എന്നെ അന്നു് എല്ലാവരും പ്രശംസിക്കയും ദീൎഘായുസ്സിന്നു് ഈശ്വരനെ പ്രാൎത്ഥിക്കയും ചെയ്തു. അപ്പോഴുള്ള തോക്കുകൾ ഇപ്പോഴുള്ളവയെപ്പോലെ കേപ്പുവയ്ക്കുന്നവയല്ലെന്നും, കല്ലുവയ്ക്കുന്നവയാണെന്നുംകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

൨. ഒരുദിവസം ഒരു കാൎയ്യത്തിനായി എനിക്കു പാറയിശ്ശാല വരെ പോയിവരേണ്ടതായുണ്ടായിരുന്നു. അവിടെ എത്തി ആ കാൎയ്യം സാധിച്ചിട്ടു രാത്രി ഉദ്ദേശം ൭-മണിക്കു് മടങ്ങി. മണി പന്ത്രണ്ടടിച്ചപ്പോ എന്തൊ? പള്ളിച്ചൽ തോട്ടിന്നു് ഉദ്ദേശം രണ്ടു ഫൎലാങ്ങിനു കിഴക്കു വന്നപ്പോൾ എനിക്കു കുറച്ചുകുറച്ചു ഭയം തോന്നിത്തുടങ്ങി. അതുവരെ ഭയം എന്താണെന്നുള്ളതു് എന്നെ മനസ്സിലാക്കാതിരുന്നതു എൻെറ പ്രായമായിരുന്നു. ഭയം ക്രമേണ വൎദ്ധിച്ചു് ഒരു ചുവടു മുമ്പോട്ടു നടക്കുന്നതിനു ശക്തിയില്ലാതെ ഞാൻ തോട്ടിൻെറ പാലത്തിൽ വന്നു നിലയായി. ഞാൻ നടന്നു പോകുന്നു എന്നാണു് എൻെറ ഉള്ളിലെ വിചാരം. വാസ്തവത്തിൽ ഒരു കൈവരിയോടു ചേൎന്നു നില്ക്കുകയായിരുന്നു. വെളുത്തപക്ഷമായിരുന്നതിനാൽ കുറച്ചു ചന്ദ്രികയും ഉണ്ടായിരുന്നു. അല്പം കഴിഞ്ഞപ്പോൾ ഞാൻ നില്ക്കുകയാണെന്നും, സ്ഥലം ഇന്നതെന്നും ഓൎമ്മ വന്നു. ഒരു അഞ്ചലോട്ടക്കാരനെങ്കിലും വന്നെങ്കിൽ അയാളോടു് ഓടാമെന്നു് എനിക്കു് ഒരു വിചാരം തോന്നി. ഈ വിഷമഘട്ടത്തിൽ, തോട്ടിൽ ഇറങ്ങിയുംവെച്ചു റോട്ടിലേയ്ക്കു കയറിവരുന്ന ഒരു സന്ന്യാസി പെട്ടെന്നു് അഭിമുഖനായി ഭവിച്ചു. അപ്പോൾ എൻെറ ഭയം അശേഷം തീൎന്നു് സന്തോഷമുണ്ടായി.

സന്ന്യാസി—നിങ്ങൾ ആരു്? ഇവിടെ നില്ക്കുന്നതെന്തു്?

ഞാൻ—പാറയിശ്ശാലയിൽനിന്നു തിരുവനന്തപുരത്തേയ്ക്കു പോകുന്ന ഒരു പാന്ഥനാണു്.

സന്ന്യാസി—ഈ അസമയത്തു് ഏകാകിയായി സഞ്ചരിക്കുന്നതിനു എന്താണു കാരണം?

ഞാൻ—വിശേഷ കാരണം ഒന്നുമില്ല. നിങ്ങളും ഏകാകിതന്നല്ലൊ.

സന്ന്യാസി—ഞാൻ ഏകാകിയെന്നു സമ്മതിക്കുന്നു. പക്ഷേ നിങ്ങളെപ്പോലെ ഭീരു അല്ല.

ഞാൻ—നിങ്ങളുടെ നിലയിൽ ഞാനും എത്തിയിരുന്നുവെങ്കിൽ ഈ അഭിപ്രായം നിങ്ങൾക്കു തോന്നുകയില്ലായിരുന്നു. നമുക്കു നടന്നു കൊണ്ടു വൎത്തമാനം പറകയല്ലേ നന്നു്?

സന്ന്യാസി—അങ്ങനെയാകാം (തിരിക്കുന്നു)

ഞാൻ—വാസ്തവത്തിൽ ഞാൻ ഭയപ്പെട്ടു നില്ക്കുയായിരുന്നു.

സന്ന്യാസി—എനിക്കു മനസ്സിലായി. നിങ്ങളുടെ പേരെന്തു?

ഞാൻ—പത്മനാഭപിള്ള.

സന്ന്യാസി—പാൎപ്പുസ്ഥലം?

ഞാൻ—ശ്രീകണ്ഠേശ്വരം.

സന്ന്യാസി—നിങ്ങളെ ഞാൻ അറിയും. എന്നെ നിങ്ങൾ അറിയുക യില്ല. നിങ്ങൾ എന്നല്ല, എന്നെ അറിയുന്നവർ ചുരുക്കമാണു്.

ഞാൻ—അവിടത്തെ സ്വദേശം ഏതു്? അവിടുന്നു് ആരാണെന്നും ദയവുണ്ടായി അറിയിച്ചു തരുമോ?

സന്ന്യാസി—ഞാൻ തിരുവനന്തപുരത്തു തമ്പാന്മാർക്കാരനാണു്. പത്തു പന്ത്രണ്ടു വയസ്സു പ്രായമായപ്പോൾ കുടുംബംവിട്ടു പോകാനിട യായി. ഇപ്പോൾ എനിക്കു അൻപത്തഞ്ചുവയസ്സു് പ്രായമുണ്ടു്. ഇൻഡ്യാരാജ്യം ഒട്ടുക്കുള്ള പുണ്യസ്ഥലങ്ങളിൽ ദൎശനം കഴിച്ചു വരികയാണു്. ഇവിടെ അധികമായി താമസമില്ല. ശേഷ മുള്ള കാലവും ഈ സന്ന്യാസവൃത്തിയിൽ കഴിക്കണമെന്നാണു വിചാരം. നിങ്ങൾ സരസ്വതീവിലാസം ഉള്ള ഒരാളാണെന്നു് എനിക്കു തോന്നുന്നു.

ഞാൻ—ഇരിക്കാം. ഞാൻ ഒന്നുരണ്ടു പുസ്തകം എഴുതീട്ടുണ്ടു്.

സന്ന്യാസി—എന്താണു പേർ.

ഞാൻ—ഒന്നു 'ധൎമ്മഗുപ്തവിജയം' കഥകളി; മറ്റൊന്നു 'കനകലതാ സ്വയംവരം' നാടകം.

സന്ന്യാസി—വളരെ നന്നായി. എനിക്കു വൎത്തമാനത്തിനു ശരി യായ ഒരാളിനെ കിട്ടിയതിൽ വളരെ സന്തോഷിക്കുന്നു. നിങ്ങ ൾക്കു മേലാൽ ഭയം ഉണ്ടാകാതെയിരിപ്പാൻ ഞാൻ ഒരുപദേശം തരാം (കാതിൽ പറഞ്ഞുതരുന്നു). ഇതു ജപിച്ചുകൊണ്ടാൽ ഭയം തോന്നുകയില്ല. (മറ്റൊന്നു മറ്റേക്കാതിൽ ഉപദേശിച്ചിട്ടു്) ഇതു ജപിച്ചിരുന്നാൽ ദോഷമാകാൻ പോകുന്ന സംഗതികൾ ഗുണമായി ഭവിക്കും. ഭവിഷ്യൽഫലങ്ങൾ ഇതുകൊണ്ടറിയാം. ഏകാഗ്രമായ ഹൃദയത്തോടിരുന്നു ഇതു ജപിച്ചാൽ ഇന്ന കാൎയ്യം ഇന്നതുപോലെ അവസാനിക്കുമെന്നു ഗ്രഹിക്കാം. നിങ്ങളെ ആരു് ദ്രോഹിക്കുന്നുവൊ അവർ നിശ്ചയമായി അപകടത്തിൽ പെടും. ഈ ഉപദേശം ഞാൻ ഒരുക്കും നൽകുക പതിവില്ല.

സത്യവാനും മഹാശയാഗ്ര്യനും സമചിത്തനുമാണു നിങ്ങൾ എന്നു് എനിക്കു് ബോദ്ധ്യം വരികയാൽ തന്നതാണു്. നിങ്ങൾക്കു കുറെ കഷ്ടതകൾ ഉണ്ടാകും. അവിടം കഴിഞ്ഞതിനു മേലേ എന്റെ ഉപദേശങ്ങൾ പ്രകാശിക്കയുള്ളൂ. അതുവരെ എന്നെ പഴിക്കരുതു്. നിങ്ങളുടെ ഭാഗ്യം ദൂരത്തിൽ കിടക്കുന്നു. നിങ്ങൾക്കു സ്വന്ത കാൎയ്യത്തേക്കാൾ പരകാൎയ്യത്തെക്കുറിച്ചാണു് നോട്ടം. നിങ്ങൾ വലിയ കീൎത്തിമാനായി ഭവിക്കും.

ഞാൻ—അവിടുത്തെ അനുഗ്രഹം എനിക്കു നന്മയെ ചെയ്യട്ടെ. അവിടുന്നു സൎവ്വോൽക്കൎഷേണ വൎത്തിക്കേണം. (ഇങ്ങനെ പറഞ്ഞു നടന്നുതുടങ്ങി).

സന്ന്യാസി—കരമനപ്പാലമല്ലേ ഈ കാണുന്നതു് ?

ഞാൻ—അതേ.

സന്ന്യാസി—ഇനി ഭയമുണ്ടോ?

ഞാൻ—അവിടുന്നുകൂടിയുള്ളപ്പോൾ എനിക്കു് എന്താണു ഭയം ?

സന്ന്യാസി—ഞാൻ ഇവിടെ നില്ക്കാനാണു ഭാവം.

ഞാൻ—ഇവിടെ നില്ക്കുന്നുവെന്നോ ?

സന്ന്യാസി—(പാലത്തിന്റെ പടിഞ്ഞാറെ കൈവരിയിൽ ചാരിക്കൊണ്ടു്) നിങ്ങൾ പോകണം.

ഞാൻ—എന്നോടുകൂടി വരുന്നു എന്നല്ലെ പറഞ്ഞതു് ? പിന്നെ ഇവിടെ നില്ക്കുന്നുവെന്നു പറയുന്നതെന്തു് ?

സന്ന്യാസി—നിങ്ങളോടുകൂടിത്തന്നല്ലൊ ഞാൻ വന്നതു്.

ഞാൻ—തമ്പാന്മാരിൽ പോകുന്നുവെന്നല്ലെ പറഞ്ഞതു് ?

സന്ന്യാസി—അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല. തമ്പാന്മാർക്കാരനെന്നേ പറഞ്ഞിട്ടുള്ളൂ. നിങ്ങൾ നടക്കണം.

ഞാൻ—അങ്ങേയ്ക്കു് ഇവിടെയിറങ്ങി കുളിക്കണമെന്നുണ്ടോ ? എങ്കിൽ ഞാൻകൂടി ഇവിടെ നില്ക്കാം.

സന്ന്യാസി—ഞാൻ കുളിക്കും. പക്ഷേ നിങ്ങൾ അതുകാണ്മാൻപാടില്ല.

ഞാൻ—എന്നെ അങ്ങു തനിച്ചുപോകാൻ പറകയാണോ ?

സന്ന്യാസി—അതെ, ഞാൻ സൎവ്വഥാ നിങ്ങൾക്കു കൂട്ടുണ്ടു്. വിശേഷിച്ചു ഞാൻ ഉപദേശവും തന്നിട്ടുണ്ടല്ലോ. നിങ്ങൾക്കു ലോകത്തിൽ ഒരു ശത്രുവുണ്ടാകുന്നപക്ഷം അധികതാമസംകൂടാതെ

അയാൾക്കനർത്ഥങ്ങളുണ്ടായി നശിപ്പാനിടയാകും പോകണം, നടക്കണം. ഇനി അധികം വർത്തമാനം പറയുന്നതിന് എനിക്കവസരമില്ല. ഗ്രണ്ടിപ്പോളിട്ടും. പിന്നെ എന്താണ ഭയം?

ഞാൻ—ഗ്രണ്ടിന സമയമായോ? എന്നാൽ ഞാൻ നടക്കട്ടെ.

സന്ന്യാസി—നടക്കണം, തിരിഞ്ഞുനോക്കരുത്. നിങ്ങൾ മനഃപൂർവ്വമായി വിചാരിക്കുന്ന സമയങ്ങളിൽ ഞാൻ നിങ്ങളുടെ അരികിലുണ്ട്.

ഞാൻ നടക്കവെ ഈ വാക്കകേട്ടു ഭയപ്പെട്ടു തിരിഞ്ഞുനോക്കി. എന്തൊരത്ഭുതമാണ കണ്ടതു്? ഇതു് എൻെറ തോന്നലോ, വാസ്തവമോ! ദൈവമേ! സന്ന്യാസി കൈവരിയുടെ മുകളിൽ നാലഞ്ചാൾ പൊക്കത്തിൽനിന്നു് പതുക്കെ കീഴ്പ്പോട്ടു ജലത്തിൽ ഇറങ്ങുന്നതായി എൻെറ ദൃഷ്ടിയിൽപ്പെട്ടു. ഇതു സന്ന്യാസിയോ അതോ വേറെ സ്വരൂപമോ! തദനന്തരം ഉഷസ്സിൽ പതിവിൻപ്രകാരം എൻെറ ശയനസ്ഥലത്തുനിന്നും ഞാൻ ഉണൎന്നെഴുന്നേററതായി മാത്രമേ എനിക്കറിയാവൂ. പലൎക്കും വേണ്ടി പല ഭവിഷ്യൽഫലങ്ങൾ ഞാൻ പറയുകയും അവമിക്കവാറും ഫലിക്കയും ചെയ്യുന്നുണ്ടു്. അതു ഈ ദിവ്യൻെറ അനുഗ്രഹം ഒന്നുമാത്രംതന്നെ.

൩. വെള്ളംനിറഞ്ഞൊഴുകുന്ന കാലത്തു് ഒരുദിവസം ഞാനും ചില സ്നേഹിതന്മാരുമായി കരമനയാററിൽ കുളിക്കാൻ തിരിച്ചു. അവിടെച്ചെന്നു പാലക്കടവിനു വടക്കുവശമിറങ്ങി. "പടിഞ്ഞാറെ ക്കടവിലേയ്ക്കു മത്സരിച്ചു് നീന്താമോ" എന്നു ഒരു സ്നേഹിതൻ പലരോടും ചോദിച്ചു. പ്രയാസമെന്നു മറെറല്ലാവരും പിൻവലിച്ചു. ഞാനും അയാളുംകൂടി വാതുപിടിച്ചു നീന്തി. വടക്കുഭാഗം നില്ക്കുന്ന ചീലാന്തികളുംമുട്ടി ജലം പായുകയായിരുന്നു. മാൎഗ്ഗംപകുതികഴിഞ്ഞപ്പോൾ എൻെറ കൈയും കാലും തളൎന്നു യാതൊരവലംബവുമില്ലാതായി. ഇതിനു കാരണം മറെറ ആളെക്കാൾ മുമ്പേ കരയ്ക്കു് എത്തണമെന്നുള്ള എൻെറ നിബ്ബന്ധബുദ്ധിയായിരുന്നു. ഞാൻ ഒന്നുകണ്ടു താണുയൎന്നു. അപ്പോൾ ദൈവഗത്യാ ചീലാന്തിവൃക്ഷങ്ങളുടെ ഓൎമ്മ എനിക്കുണ്ടായി. ഉടൻ അതിലൊന്നിൽ പററിക്കയറി അവിടെയിരിക്കവേ ഒരുവൻ—ഒരുപരോപകാരതൽപരൻ—ഒരു വടവുംകൊണ്ടു

നീന്തി എന്റെ സമീപംവന്നു വടത്തിന്റെ ഒരുപുച്ഛം എന്റെ കൈയിൽതന്നിട്ടു കരയ്ക്കുപോയി. ഞാൻ ആ പുച്ഛത്തിൽ മുറുകെപ്പിടിച്ചുകൊണ്ടു നീന്തി. എന്തിനു് ഇനി സാമർത്ഥ്യം പറയുന്നു. അവർ പലരുംകൂടി എന്നെവലിച്ചു മുക്കുവന്മാർ മീൻവലയെ എന്നപോലെ കരയ്ക്കാക്കി. അങ്ങനേയും ഒരുതവണ രക്ഷപ്പെട്ടു.

'ശബ്ദതാരാവലി'യെപ്പററി അറിയുന്നതിനു ശ്രീമാൻ പി. കെ. നാരായണപിള്ള അവർകൾ ബി. എ., ബി. എൽ. മുതലായവർ എഴുതീട്ടുള്ള അഭിപ്രായത്തിലേക്കു വായനക്കാരുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

തിരുവനന്തപുരം.

20-12-98.

ശ്രീരസ്തു.

ശ്രീമൻ,

സാദരം അയച്ചുതന്ന ശബ്ദതാരാവലി (ബയിൻഡുചെയ്ത വാല്യം രണ്ടും) കിട്ടി. വളരെ വളരെ വന്ദനം. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം വലുതായ ഒരു ന്യൂനതയെ പരിഹരിക്കുന്നതിനു പ്രയോജനപ്പെടുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഭാഷാസാഹിത്യചരിത്രകർത്താവിന്റെ വംശ്യനായ നിങ്ങൾ ശബ്ദകോശത്തിന്റെ നിർമ്മിതിക്കു് ഉദ്യമിച്ചതും ആ മഹാപ്രയത്നത്തെ സഫലമായി നിർവഹിച്ചതും വിചാരിച്ചു ഞാൻ അത്യന്തം ആഹ്ലാദിക്കുന്നു.

കൃത്യാന്തരപാരമ്പര്യനിമിത്തം ഝടിതി മുഴുവൻ നോക്കുവാൻ സാധിക്കാത്തതിൽ ഞാൻ ഖേദിക്കുന്നു. എങ്കിലും വിശ്രുതമായ നിങ്ങളുടെ പാണ്ഡിത്യത്തെ വിശ്വസിച്ചു് ഈ കൃതിയുടെ മാഹാത്മ്യത്തെ ഞാൻ സർവ്വാത്മനാ അഭിനന്ദിക്കുന്നു. ഇടയ്ക്കിടെ സന്ദേഹനിവൃത്തിക്കു വിഷമിച്ചു ഭദ്രമായ കോശഗ്രന്ഥങ്ങൾ ഇല്ലാതെ ഞാൻ ക്ലേശിക്കാറുണ്ടു്. നിങ്ങളുടെ പ്രയത്നം മേലിൽ അങ്ങനെയുള്ള അവസരങ്ങളിൽ അനുഗ്രഹമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ മഹാപ്രബന്ധത്തിനു സകല സിദ്ധികളും ഞാൻ ആശംസിക്കുന്നു. എന്നു ശ്രീമാൻ

ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവർകൾക്കു്,

വിശ്വസ്തമിത്രം പി. കെ. നാരായണപിള്ള.

ചൂർണ്ണിക്കര.
ആലുവാ.
23-8-98.

ശ്രീമൻ,

ശബ്ദതാരാവലിയുടെ ഒടുവിലെ ലക്കം സസന്തോഷം കൈപ്പററി. നിങ്ങൾ ഏകനായിത്തന്നെ ഈ സമുദ്രം പിന്നിട്ടതിനാൽ കേരളീയരുടെയെല്ലാം പൂർണ്ണബഹുമാനത്തിനും ശാശ്വതാഭിനന്ദനത്തിനും പാത്രീഭവിച്ചിരിക്കുന്നു. ഉത്സാഹശാലിയും ഭാഷാഭക്തനുമായ നിങ്ങൾക്കു ജഗദീശൻ ദീർഘായുസ്സു നൽകുമാറാകട്ടെ !

'താരാവലി' ബയിൻഡുചെയ്തു സൂക്ഷിപ്പാൻ തുടങ്ങുകയാണു്.

സ്വന്തം വള്ളത്തോൾ
വി. നാരായണമേനോൻ.

---

## കങ്കണം രാജഹസ്തേന.

സുപ്രസിദ്ധപത്രപ്രവർത്തകനായ കണ്ടത്തിൽ വറുഗീസുമാപ്പിള അവർകളുടെകാലത്തു 'മലയാളമനോരമാ' പങ്ക്തികളിൽ കവിതാസമരം നടത്തി വിരുതുനേടിയിട്ടുള്ള വിഖ്യാതരായ കേരളീയകവിവീരന്മാരുടെ ഇടയിൽ സമ്മതി സമ്പാദിച്ചിട്ടുള്ള മി. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള കഴിഞ്ഞ ഒരു പാദശതാബ്ദത്തിൽപരമായി 'ശബ്ദതാരാവലി' എന്ന നിഘണ്ടുവിന്റെ രചനയിൽ ഏർപ്പെട്ടിരിക്കയായിരുന്നു. കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കുള്ളിൽ ഖണ്ഡശഃസഞ്ചികാരൂപത്തിൽ പ്രസിദ്ധീകരിച്ചുവന്ന ഈ മഹാകൃതി ഇക്കഴിഞ്ഞ മീനത്തിൽ പൂർണ്ണമായ പുസ്തകരൂപം അവലംബിച്ചതായി ഞങ്ങൾ അറിഞ്ഞിട്ടുണ്ടു്. ഈ നിഘണ്ടു വായിച്ചു വിമർശനംചെയ്വാൻ ഞങ്ങൾക്കു നാളതുവരെ സൌകര്യമുണ്ടായിട്ടില്ലെങ്കിലും ഡെമ്മി ൮ വലിപ്പത്തിൽ ൧൬൦൦ വശങ്ങളുള്ള ഈ ഗ്രന്ഥം മലയാളഭാഷാസാഹിത്യത്തിനു ഒരു അമൂല്യനിധിയായിരിക്കുമെന്നുള്ള ഞങ്ങളുടെ ബോദ്ധ്യം അസ്ഥാനത്തിലായു് വരികയില്ലെന്നു വിശ്വസിക്കുന്നു. മററു പല കാര്യങ്ങളിലെന്നപോലെതന്നെ കവിവരന്മാരെയും വിദ്വജ്ജനങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിലും അനാദികാലം മുതൽക്കേ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളതാണു് തിരുവിതാംകൂർ മഹാരാജകുടുംബം. കരുണാനിധിയായ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു്

മി. പത്മനാഭപിള്ളയ്ക്കു് ഒരു വീരശ്രുംഖല കല്പിച്ചു സമ്മാനിച്ചിരിക്കുന്നതായി ഞങ്ങൾ അറിയുന്നു. പ്രായാധിക്യംനിമിത്തം ശരീരശക്തികൾ ക്രമേണ ക്ഷയോന്മുഖമായിത്തീരുന്ന വാൎദ്ധക്യദശയിൽ ഇത്ര ഗംഭീരമായ ഒരു സാഹിത്യപ്രസ്ഥാനത്തിലേർപ്പെട്ടു് ഒരു പുരുഷായുസ്സിന്റെ ചതുർഭാഗത്തോളം വിനിയോഗിച്ചു് അതു ഫലപ്രദമാക്കിത്തീൎത്ത മി. പത്മനാഭപിള്ള ഏതാദൃശമായ മഹാരാജപ്രോത്സാഹനത്തിനു സർവഥാ അൎഹനും തിരുമനസ്സിലെ ഈ സമുചിതമായ സമ്മാനം സാഹിത്യപരിശ്രമികൾക്കു് ആകമാനം പ്രോത്സാഹജനകവുമാണെന്നുള്ളതു നിസ്സന്ദേഹം തന്നെ.

'കേരളദീപം'—ൻവ്വ് ഇടവം ൧൦.

പത്മനാഭപിള്ള അവർകളുടെ ഈ ഭഗീരഥപ്രയത്നത്തെ ആദരിച്ചു ഭാഷാഭിമാനികളും മററു നാട്ടുകാരും അദ്ദേഹത്തിനു് എന്തെല്ലാം ഒത്താശകൾ ചെയ്കയും ശ്ലാഘിച്ചു് എത്രമാത്രം ഔദാൎയ്യം കാണിക്കയും അദ്ദേഹം അൎഹിക്കുന്നവിധം എത്രുണ്ടു് അനുമോദിക്കയും ചെയ്തിട്ടുണ്ടെന്നു് എനിക്കു രൂപമില്ലായ്കയാൽ ആ ഭാഗം ഇവിടെ വൎണ്ണിക്കുന്നില്ല.

സകലേശ്വരനിലുള്ള നിഷ്കളങ്കമായ ഭക്തി, അപാരമായ പാണ്ഡിത്യം, അനാൎഭാടമായ ജീവിതരീതി, നവീനതത്വഗ്രഹണത്തിനുള്ള അത്യധികമായ ഗവേഷണശീലം, ക്രമ്മയായ പ്രതിഭാവിശേഷം മുതലായവയുടെ ഒരു വിശിഷ്ട നിലയനമായ പത്മനാഭപിള്ള അവർകൾ തന്റെ വിശിഷ്ടഗുണസമ്പന്നയായ സഹധൎമ്മിണിയോടും, പി. ചന്ദ്രശേഖരൻനായർ, പി. ദാമോദരൻനായർ ഇങ്ങിനെ രണ്ടു സന്താനങ്ങളോടും കൂടി സ്വപരിശ്രമത്താൽ നന്ദനത്തെ വെല്ലുന്നതും ചെറിയ ഒരു മനോഹരാരാമം ചുഴലുന്നതും കൈതമുക്കിൽ സ്ഥിതിചെയ്യുന്നതും ശമപ്രധാനവുമായ സ്വന്തം ആശ്രമത്തിൽ ഒരു യോഗീശ്വരനെപ്പോലെ പരിപൂതമായ ജീവിതത്തെ നയിക്കുന്നു. മഹാപരിശ്രമത്തിനു ശേഷം വിശ്രമം അനുഭവിക്കയാണെങ്കിലും ആനവധി പുതിയ ഗ്രന്ഥങ്ങൾ ഇനിയും നിൎമ്മിക്കുന്നതിനു സർവശക്തൻ ഇദ്ദേഹത്തിന്റെ വൃദ്ധതന്ത്രികൾക്കു നവീന ചൈതന്യം പ്രദാനം ചെയ്യട്ടെ!

ഈ മഹാപരിശ്രമത്തോടു് ഈവിധമെങ്കിലും സംബന്ധിക്കാനിടയായതിൽ പ്രത്യേകമായ സന്തോഷത്തോടുകൂടി ഉപസംഹരിക്കുന്നു.

# സങ്കേത സൂചി

അ—അവ്യയം.

അ. ക്രി.—അകർമ്മക്രിയ (അകർമ്മകൃതി).

ഇ—ഇംഗ്ലീഷ്.

ഉ-ം,—ഉദാഹരണം.

കാ. ക്രി.—കാരണക്രിയ (പ്രയോജകപ്രകൃതി).

ക്രി.—ക്രിയ (കൃതി).

ക്രി. മ.—ക്രിസ്തുമതസംബന്ധം.

ഗു. ന—ഗുണനാമം.

ഗ്രീ—ഗ്രീക്ക്.

ത—തമിഴ്.

ന. പ.—നാമപകരം (സർവ്വനാമം).

പ. മ.—പഴയമലയാളം.

പൊ, പോ.—പോർത്തുഗീസ്.

പ്ര. ല.—പ്രചാരലുപ്തം.

മ—മലയാളം.

ല—ലത്തീൻ.

വി—വിശേഷണം.

വി. ന.—വിശേഷണ നാമം.

സ. ക്രി.—സകർമ്മക്രിയ (സകർമ്മകൃതി).

സം—സംസ്കൃതം.

സു, സുറി.—സുറിയാനി.

ഹി—ഹിബ്രു.

# ശബ്ദതാരാവലി.

## മലയാള നിഘണ്ടു.

**അ**—ഇൻഡ്യയിലെ എല്ലാ ഭാഷകളിലുമുള്ള ആദിമമായ അക്ഷരം ഇതുതന്നെ.

| | |
|---|---|
| തമിഴിൽ | அ |
| ഗ്രന്ഥത്തിൽ | 𑌅 |
| സംസ്കൃതത്തിൽ | अ |
| ഇംഗ്ലീഷിൽ | A |

ഇങ്ങനെ പലമാതിരി ലിപികൾ ഉണ്ട്.

മലയാളത്തിൽ വിവേചകമായി 'അ' എന്നു പ്രയോഗിച്ചാൽ 'അവൻ' 'അവൾ' 'അക്കരെ' 'അപ്പുറം' ഇത്യാദിപോലെ 'അടുത്തല്ലാത്ത' എന്നർത്ഥം വരും. സംസ്കൃതത്തിൽ ര, ല എന്ന അക്ഷരങ്ങളിൽ ആരംഭിക്കുന്ന പദങ്ങൾ തത്ഭവക്രമപ്രകാരം അപൂർവമായി മലയാളത്തിൽ അകാരാദിപദങ്ങളായി കാണുന്നുണ്ട്. അരത്തം (രക്തം.) അരക്ക് (രാക്ഷ=രാക്ക.) അരചൻ (രാജം.)

മലയാളത്തിൽ 'അ' എന്ന കേവലസ്വരത്തെ ഉച്ചരിക്കുന്നതിന് അധികം പ്രയാസമുള്ളതിനാൽ അതിനെ തീവ്രപ്രയത്നം എന്നു പറയുന്നു. തന്നിമിത്തം പല വാക്കുകളിലും അതിന്റെ ഉച്ചാരണം ദുഷിച്ചിട്ടുണ്ട്. ആ ദുഷിച്ച ധ്വനി 'എ'കാരത്തിന്റെ ഛായയിൽ കാണും. ഉ-ം,- ഗന്ധം-ഗെന്ധം. രവി-രെവി. സംസ്കൃതത്തിൽ 'അഃ' എന്ന പദത്തിനു വിഷ്ണു എന്നർത്ഥമുണ്ട്. 'ഓം' എന്ന പ്രണവശബ്ദം വിഷ്ണുവിനെയും ശിവനെയും ബ്രഹ്മാവിനെയും കുറിക്കുന്നു. അ=വിഷ്ണു. ഉ=ശിവൻ. മ=ബ്രഹ്മാവ്. അ+ഉ+മ=ഓം.

'അകാരോ വിഷ്ണുരുദ്ദിഷ്ട
ഉകാരസ്തു മഹേശ്വരഃ
മകാരസ്തു സ്മൃതോ ബ്രഹ്മാ
പ്രണവസ്തു ത്രയാത്മകഃ' [നെ'
'ഓങ്കാരമായപൊരുൾ മൂന്നായ്പിരിഞ്ഞുട
(ഹരിനാമകീർത്തനം)

പുല്ലിംഗത്തിൽ 'അ' ശബ്ദത്തിനു 'കാമദേവൻ' എന്നർത്ഥം കാണുന്നു. സംഭാഷണത്തിന്റെ തുടർച്ചയെ കാണിക്കാൻ 'അ' എന്നതിനെ ഉപയോഗിക്കുന്നുണ്ട്. ഈ ശബ്ദം വ്യാക്ഷേപകമായി കൃപയേയും നിന്ദയേയും കുറിക്കും. സംസ്കൃതത്തിൽ 'അ' എന്നതിനെ നാമങ്ങളുടേയോ വിശേഷണപദങ്ങളുടേയോ അവ്യയപദങ്ങളുടേയോ, ചിലപ്പോൾ ക്രിയകളുടേയോ മുമ്പിൽ ചേർത്താൽ വിരോധാർത്ഥം വരും. (അശക്തൻ, അസുഖം, അക്ഷീണവിക്രമം.) ഈ 'അ', സ്വരങ്ങൾക്കുമുമ്പ് 'അൻ' എന്നാകും. ഋണീ എന്ന പദത്തിനു മുമ്പു മാത്രം അങ്ങനെ ആകാതെയുമിരിക്കും (അഋണീ.) ഈ വിധം നഞ് ആയിട്ടുപയോഗിക്കുമ്പോൾ, [ത

'തത്സാദൃശ്യമഭാവശ്ച തദന്യത്വം തദല്പ
അപ്രാശസ്ത്യം വിരോധശ്ച നഞർത്ഥാഃ
ഷട് പ്രകീർത്തിതാഃ'

എന്നതനുസരിച്ച് 'അ' എന്ന ഉപസർഗ്ഗത്തിനു ആറുമാതിരി അർത്ഥം കാണുന്നു. ൧. സാദൃശ്യം-അക്ഷത്രിയൻ; കണ്ടാൽ ക്ഷത്രിയനെന്നു തോന്നും; എന്നാൽ ക്ഷത്രിയനല്ലതാനും. ൨. അഭാവം (ഇല്ലായ്മ) -അജ്ഞാനം. ൩. അന്യത്വം (ഭേദം)-

അപടം; വസ്ത്രമല്ലാത്തതു്. ൪. അപ്രത-അനന്തരം; അല്പോദരി എന്നർത്ഥം ൫. അപ്രാശസ്ത്യം (കൊള്ളാത്തതു്)-അകൃത്യം. ൬. വിരോധം-അന്യായം. സംസ്കൃതത്തിൽ 'അഃ' എന്നതിനെ ശിവൻ, ബ്രഹ്മാവ്, വായു, അഗ്നി ഇവരുടെ പര്യായമായി പ്രയോഗിക്കുന്നു. നാനാർത്ഥരത്നമാലയിൽ 'അ' ശബ്ദത്തിനു ബ്രഹ്മാവ്, വിഷ്ണു, ശിവൻ, ആമ, അങ്കണം, യുദ്ധം, ഗൌരവം, അന്തഃപുരം, ഹേതു, ആഭരണം, കാൽ, പാർവതി, ഞാൻ എന്നീ അർത്ഥങ്ങൾ കാണുന്നു.

'അകാരോ ബ്രഹ്മവിഷ്ണ്വീശ
കമഠേഷ്വംഗണേ രണേ
ഗൌരവേന്തഃപുരേ ഹേതൌ
ഭൂഷണാംഘ്ര്യാംവുമേഷ്വയോഃ'

ക്രിയാരൂപങ്ങൾക്കു മുമ്പു് 'അ' വരുമ്പോൾ സാധാരണ നിഷേധാർത്ഥം വരും. 'അ' എന്ന ഉപസർഗ്ഗം ചിലപ്പോൾ പിന്നീടു വരുന്ന പദത്തിന്റെ അർത്ഥത്തെ അല്ല നിഷേധിക്കുന്നതു് എന്നതിനു 'അനുത്തമം' എന്ന പദം ദൃഷ്ടാന്തമാകുന്നു. അനുത്തമം = ഏതിനേക്കാൾ ഉത്തമമായി മറ്റൊന്നിനെ പറവാൻ കാണുന്നില്ലയോ അതു്.

അജ്ഞണി-കടമില്ലാത്തവൻ. 'അനൃണി' എന്ന പ്രയോഗം നന്നു്. സ്ത്രീലിംഗം-അനൃണിനി.

അംശം-പു. ഒരു പങ്കു്, ഓഹരി, ഭാഗം. അംശ് = വിഭജിക്ക. ഈ ധാതുവിനോടു് ഉപസർഗ്ഗമായ 'വി' ചേർത്താൽ 'വ്യംശ്' എന്നാകും. ഇതിനു് 'വിഭജിക്ക എന്നും ചിലപ്പോൾ, 'ചതിക്ക' എന്നും അർത്ഥം വരും. ൨. ജ്യോതിശ്ശാസ്ത്രത്തിൽ ൬൦ കല ചേർന്നതു്. ൬൦ വികല = ഒരു കല.

'വിദ്യാധരസ്ത്രീകൾ ദിവ്യപുഷ്പംകൊണ്ടു
ഏറ്റമായുള്ളോരു മാല്യം തൊടുത്തതു
ശിവാംശമാത്രമായോരു മുനീന്ദ്രനാം
ദുർവ്വാസാവിനു കൊടുത്തവസരം പോയാൽ'
(ഭാരതം)

അംശകം-പു. പങ്കു്, ഓഹരി, ഭാഗം, ൨. ഒരു ദിവസത്തിന്റെ നാലിൽ ഒരു ഭാഗം. ൩. മുപ്പതുദിവസംകൊണ്ടുള്ള ഒരു മാസത്തിലെ ഒരു ദിവസം (സൌരദിനം)

അംശകൻ-പു. ഒരു പങ്കിനവകാശമുള്ളവൻ. ൨. ബന്ധു.

അംശക്ക്രറു്-ശ്രേഷ്ഠത, ഉയർന്ന പദവി.

അംശജ-വിശേഷണശബ്ദം. അംശംകൊണ്ടു ജനിച്ച.

അംശനം-പങ്കിട്ടു കൊടുക്കുന്ന പ്രവൃത്തി.

അംശപത്രം-ഭാഗപത്രം.

അംശഭാക്ക്-മുതലിനവകാശമുള്ളവൻ.

അംശഭുക്ക്-പങ്കിനെ അനുഭവിക്കുന്നവൻ

അംശയിതാവ്-പങ്കിട്ടു കൊടുക്കുന്നവൻ

അംശല-വി. പങ്കിനവകാശമുള്ള.

അംശവടി-മെത്രാന്മാരുടെ മുൻപെ കൊണ്ടുനടക്കുന്ന വടി; അംശങ്ങളിൽ ഒന്നായ വടി. (അംശങ്ങൾ = ഉപകരണങ്ങൾ.)

അംശസവർണ്ണനം-(അങ്കഗണിതത്തിൽ) അംശങ്ങളെ (ഭിന്നസംഖ്യകളെ) സവർണ്ണനംചെയ്ക (ഒരേവിധം അധഃസ്ഥസംഖ്യയുള്ളവയാക്കിത്തീർക്കുക).

അംശഹരൻ-പങ്കിനവകാശമുള്ളവൻ.

അംശഹാരി-പങ്കിനവകാശമുള്ളവൻ.

അംശാംശം-പു. പങ്കിന്റെ ഒരു പങ്ക്. ൨. പ്രധാനമല്ലാത്ത ഒരവതാരം. (പ്രയോഗം ചുരുക്കം)

അംശാവതാരം, അംശാവതരണം-ഒരു ദേവന്റെ ഒരംശംമാത്രം മനുഷ്യനായി അവതരിക്കുക. ശ്രീരാമൻ-വിഷ്ണുവിന്റെ അർദ്ധാംശം. ലക്ഷ്മണൻ-കാൽ ഭാഗം ഭരതശത്രുഘ്നന്മാർ-അരക്കാൽവീതം

'സാമോദം ബാലക്രീഡാതല്പരന്മാരാംകാലം
രാമലക്ഷ്മണന്മാരും തമ്മിലെന്നപോലവേ
ഭരതശത്രുഘ്നന്മാരൊരുമിച്ചെല്ലാനാളും.
മരുവീടുന്നു പായസാംശാനുസാരവശാൽ'
(അദ്ധ്യാത്മരാമായണം)

ധൎമ്മരാജനം വനപിറന്ത വിദുരരായ്
ധൎമ്മൻതന്നുടെയംശമായതു യുധിഷ്ഠിരൻ
വായുവിന്നുടെയംശം ഭീമനെന്നറിഞ്ഞാലും
ദേവേന്ദ്രന്നുടെയംശം ഫല്ഗുനൻമഹാരഥൻ
അശ്വിനീദേവകൾതന്നംശം മാദ്രേയന്മാരു-
മഗ്നിതന്നുടെയംശമായതു ധൃഷ്ടദ്യുമ്നൻ
ആദിത്യന്നുടെയംശം കൎണ്ണനെന്നറിഞ്ഞാലും
സോമനന്ദനനായ സുവച്ചസ്സഭിമന്യു
വിശ്വദേവകളുടെയംശം ദ്രൌപദേയന്മാർ
സ്ത്രീപുംസമായിട്ടുള്ളരുദ്രകൻശിഖണ്ഡിയും
ത്രിദിവലക്ഷ്മിയുടെയംശംപോൽ
പാഞ്ചാലിയും
ധൃതിയും സിദ്ധിയുംപോൽ
കുന്തിയും മാദ്രിതാനും
പ്രദ്യുമ്നൻസനൽകുമാരാംശമെന്നതുംചൊല്ലും
അനന്തമൂൎത്തിയുടെയംശംപോൽ ബലഭദ്രൻ
വിഷ്ണുതന്നുടെയംശംകൃഷ്ണനെന്നറിഞ്ഞാലും'
(ഭാരതം)

അംശി-പംകുള്ളവൻ.

അംശിക്ക,അംശിക്കുക-പങ്കിട്ടു കൊടു ക്കുക.

അംശിനി-ഗ പങ്കിനവകാശമുള്ളവൻ. വ. പംകുകളുള്ളവൾ.

അംശിപ്പ്-പങ്കിടുന്ന പ്രവൃത്തി.

അംശിപ്പാൻ-അംശിക്കുവാൻ, അംശി ക്കാൻ.

അംശിപ്പിൻ- അംശിക്കുവിൻ, അംശി ക്കിൻ.

അംശു-ഗ. രശ്മി, ശോഭ, വെളിച്ചം, തേജസ്സ്, കതിര്, കിരണം. വ. നൂൽ, ചരടിൻെറ അററം. ന. മുന (അവ സാനം). ര് വസ്ത്രം, അലങ്കാരം, ഉടു പ്പ്. ൫ അംശു ന്നു ശീഘ്രം. അംശു എന്നു്, 'കിരണാസ്രമയുഖാംശു' എ ന്നമരമുള്ളതിനാൽ, സൂൎയ്യരശ്മിയുടെ(കിര ണത്തിൻെറ) പേർ എന്നു സ്പഷ്ടമാകു ന്നു. അംശു-വ്യാപിക്കുന്നതു്, മിക്കകളു പ്രചോദിക്കുന്നതു് എന്നു വ്യുൽപത്തി.

'ആൎക്കം വിശേഷിച്ചു ജന്മിതമില്ല ശീതാംശുവംശേ മഹാദേവശംഭോ'
(പതിനാലുവൃത്തം)

അംശുകം-ഗ. ഏതെങ്കിലും തരത്തിലുള്ള വസ്ത്രം, തുണി, അംശു (നൂൽ) കൊണ്ടു ണ്ടാക്കിയതു്, നേരിയവസ്ത്രം, ഉത്തരീയ വസ്ത്രം, വെളുത്തവസ്ത്രം.

'തിലമഹ്ലതസുമസ്സഹ സംസികതവസ്ത്രങ്ങ ദിവ്യപട്ടാംശുകജാലവുംചുററിനാർ' [ഠം
(അദ്ധ്യാത്മരാമായണം)

'നീലാംശുകധരന്മാരാം ചിമേന്ദ്രന്മാർ കോലാഹലേന വേദങ്ങളുമോതിനാർ'
(ഭാരതം)

'ഗജഗാമിനി ദേവയാനി, വേണം നിജമാമംശുക,മെന്നു ശൎമ്മിഷ്ഠ'
(ദേവയാനീപരിണയം മണിപ്രവാളം)
വ. പച്ചില (സമുദ്രപ്പച്ച) ന. ഇല. ര. അല്പമായ പ്രകാശം. പച്ചില കഫ ജങ്ങളായ എല്ലാ രോഗങ്ങൾക്കും നന്നാ ണ്. തചിസ്സും വിരചനത്തിനും കൊ ള്ളാം. മുഖത്തിലുള്ള ദോഷങ്ങളെയും, തല ച്ചോറിലുള്ള ദോഷത്തെയും ശോധന ചെയ്യും. പാണ്ഡു, കൃമി, വാതം, അശ സ്സ്, നെഞ്ചുകലിപ്പ്, വിഷം, വസ്തി ദോഷം, ജ്വരം, പീനസം, ഏമ്പക്കം, ഛൎദ്ദി ഇവയെ നീക്കും വസ്ത്രപച്ചയായ ങ്ങളെല്ലാം ഇതിനു പേരായിവരും.

അംശുജാലം-രശ്മിക്കൂട്ടം, പ്രകാശത്തിൻെറ അധികത.

അംശുത-അംശുവായുള്ള സ്ഥിതി, രശ്മി യായിരിക്കുന്ന ഭാവം, പ്രകാശസ്ഥിതി.

അംശുത്വം-അംശുവായിരിക്കുന്ന സ്ഥി തി, രശ്മിയായിരിക്കുന്ന ഭാവം, പ്രകാശ സ്ഥിതി.

ഏതു നാമത്തോടും 'ത്വം' എന്നോ 'ത' എന്നോ ചേൎത്തു് ആ നാമം കുറിക്കുന്ന വസ്തു ആയിരിക്കുന്ന സ്ഥിതി എന്നു അ ൎത്ഥം പറയാം. എങ്കിലും എല്ലാ നാമ

അങ്ങോട്ടും ഇങ്ങിനെ ചേൎത്തു പ്രയോഗി
ക്കാൻ ഒരുപോലെ അവസരങ്ങൾ വരു
ന്നതല്ല.

അംശുദൻ-അംശുവിനെ(രശ്മിയെ)ദാനം
ചെയ്യുന്നവൻ (കൊടുക്കുന്നവൻ). [ഏതു
വസ്തുവിനെ എങ്കിലും കൊടുക്കുന്നവൻ
എന്നു വരുന്നമെങ്കിൽ ആ വസ്തുവിനെ
കുറിക്കുന്ന ശബ്ദത്തോടു് 'ദൻ' എന്നു
ചേൎത്താൽ മതി. ഉ-ം, ക്ഷേമദൻ,
മോക്ഷദൻ ഇത്യാദി. സ്ത്രീ-ക്ഷേമദ, മോ
ക്ഷദ. നപും-ക്ഷേമദം, മോക്ഷദം.]

അംശുദാനം-അംശുവിന്റെ ദാനം, പ്ര
കാശത്തിന്റെ ദാനം (ദാനം=കൊടു
ക്കുക).

അംശുദാതാവു്-അംശുക്കളെ ദാനംചെ
യ്യുന്നവൻ, കിരണങ്ങളെ കൊടുക്കുന്ന
വൻ.

അംശുദായകൻ-കിരണങ്ങളെ കൊടു
ക്കുന്നവൻ.

അംശുദായി-കിരണങ്ങളെ കൊടുക്കുന്ന
വൻ.

അംശുദായിക-കിരണങ്ങളെ കൊടുക്കു
ന്നവൾ.

അംശുദായിനി-കിരണങ്ങളെ കൊടുക്കു
ന്നവൾ.

അംശുധരൻ-സൂൎയ്യൻ, കിരണത്തെ ധരി
ക്കുന്നവൻ, വേഗത്തെ ധരിക്കുന്നവൻ.

അംശുധാനപട്ടണം-ദശരഥൻ മരിച്ച
തിന്റെ ശേഷം ഭരതൻ കേകയരാജ്യ
ത്തിൽ നിന്നു് അയോദ്ധ്യയ്ക്കു തിരിച്ചുവരു
ന്ന വഴിയ്ക്കു് കണ്ട നഗരങ്ങളേയും നദി
കളേയും മറ്റും വാല്മീകി വൎണ്ണിച്ചിട്ടുള്ള
തിൽ ഉൾപ്പെട്ട ഒരു പട്ടണം.

'മഹാരണ്യത്തെയും വിലോകിച്ചുകൊണ്ടു്
മഹാവേഗത്താലംശുധാനപട്ടണേ
സുരനദിയെയും വിലോകിച്ചുകൊണ്ടു്
നടന്നു പ്രാഗ്വടപുരത്തിങ്കൽചെന്നു'
(കേരളവൎമ്മരാമായണം കിളിപ്പാട്ടു്)

അംശുനാഥൻ-സൂൎയ്യൻ, അംശുക്കളായ
സ്ത്രീകളുടെ നാഥൻ.

അംശുപട്ടം-അംശു (നേരിയ ഇഴ) കൊ
ണ്ടുണ്ടാക്കിയ പട്ടം (വസ്ത്രം), ഒരുവക
പട്ടുവസ്ത്രം.

ശ്രീഹാരേരംശുപട്ടാനാം. (വിഷ്ണു പു
രാണം).

അംശുപതി- സൂൎയ്യൻ, അംശുക്കളായ
സ്ത്രീകളുടെ ഭൎത്താവു്.

അംശുബാണൻ-സൂൎയ്യൻ, കിരണങ്ങൾ
ആകുന്ന ബാണ (ശര) ങ്ങളോടു കൂടിയ
വൻ.

അംശുഭൎത്താവു്-സൂൎയ്യൻ, കിരണങ്ങളെ
ഭരണംചെയ്യുന്നവൻ.

അംശുഭൃത്തു്-സൂൎയ്യൻ, കിരണങ്ങളെ ഭര
ണംചെയ്യുന്നവൻ.

അംശുമത്തു്-പ്രകാശമുള്ളതു്, ശോഭയു
ള്ളതു്.

അംശുമൽഫല-വാഴ. സൂൎയ്യനെപ്പോ
ലെ ചെമന്ന നിറത്തിൽ പഴമുള്ളതിനാ
ലും വാഴയുടെ പുഷ്പബന്ധത്തിനു ചുവപ്പും,
അംശുമാനു ചുവപ്പും അംശുക്കളുള്ളവ
ന്നും, വേണ്ടുവോളം ഫലമുള്ളതിനാലും
ഈ പേർ സിദ്ധിച്ചു.

അംശുമതി-മ. പ്രകാശമുള്ളവൾ. വ.
മൂവില. ന. ദ്രമിളൻ എന്ന ഗന്ധൎവ്വ
ന്റെ മകളുടെ പേർ.

'ദ്രമിളാഹ്വയഗന്ധൎവ്വാധിപന്റെ
മകളാമംശുമതീതി കുമാരി'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

'കാദകത്തിലുടനീടെഴുന്നോരതി
പാടലേന കളിയാലിയും
പാടിതോടിയിവ പാടിയാലിരുളു
മോടിയോടുമടക്കിയും
ഉദ്ധതാംഗമെഴപടമാൎന്നിളകും
ചൂടമംശുമതിചേടിമാ-
രോടടങ്ങുമശിചൂഢാകരചല-
നാദിമത്തിൽ വരിവോടുടൻ'
(ധൎമ്മപുത്രവിജയം കഥകളി)

**അംശുമാൻ**-പു. സൂര്യൻ. ൨ പ്രകാശമുള്ളവൻ, കിരണങ്ങൾ ഉള്ളവൻ. ൩. സൂര്യവംശത്തിൽ ഇക്ഷ്വാകു മുതൽ സുമിത്രൻവരെ ൯൦ രാജാക്കന്മാരുണ്ടായിരുന്നവരിൽ ഒരു രാജാവ്, (ദിലീപന്റെ അച്ഛൻ, സഗരന്റെ പൌത്രൻ, അസമഞ്ജന്റെ പുത്രൻ.) സഗരന്റെ അറുപതിനായിരം പുത്രന്മാർ കപിലമഹർഷിയുടെ ശാപംനിമിത്തം ഭസ്മമായിപ്പോയിരുന്നു. അവരുടെ അസ്ഥി മുതലായവയെ ഇദ്ദേഹം കണ്ടെത്തി.

**അംശുമാല**-കിരണങ്ങളുടെ കൂട്ടം. അന്യോന്യബന്ധമുള്ള അംഗങ്ങളോടുകൂടിയ സമൂഹത്തിനു മാലാശബ്ദം സവിശേഷം യോജിയ്ക്കും. ഉ-ം, ഗദ്യമാലാ, പദ്യമാലാ, കാവ്യമാലാ ഇത്യാദി.

**അംശുമാലി**-പു. സൂര്യൻ. അംശുമാലയോടുകൂടിയവൻ, അംശുക്കളെ മാലയെപ്പോലെ ധരിച്ചിട്ടുള്ളവൻ. ൨. എരിക്ക്

'അഥാഭിഗമ്യാന്തികമംശുമാലീ
നരാധിപസ്യാമരകേതിരാജഃ
തമബ്രവീത്സംകചിതാംശുജാലഃ
സ്സന്മാംഗ്ഗരാജാം പ്രകൃതിഃകിലൈഷാ'
(കിമ്മീരവധം കഥകളി)

**അംശുല**-വി. പ്രകാശമുള്ള, ശോഭയുള്ള.

**അംശുലൻ**-പു. പ്രകാശമുള്ളവൻ, ശോഭയുള്ളവൻ. ൨.ചാണക്യന്റെ ഒരു പേർ. മനീഷപ്രകാശം (ബുദ്ധിവിശേഷം) കൊണ്ട് ചാണക്യനു ഈ പേരുണ്ടായി.

**അംശുവാഹി**-സൂര്യൻ, കിരണങ്ങളുള്ളവൻ.

**അംശുശാലി**-സൂര്യൻ, കിരണങ്ങളുള്ളവൻ.

**അംശുസ്വാമി**-സൂര്യൻ. സൂര്യൻ അസ്തമിക്കുന്ന സമയം ആഗ്നേയത്തിന്റെ രശ്മികളാകുന്ന ചിറ്റകൾ കൂടെ മറിപ്പാനെന്നവണ്ണം അഗ്നിയിൽ പ്രവേശിക്കുന്നു എന്നതുകൊണ്ടു ഈ പേരുണ്ടായി.

**അംശുഹസ്തൻ**-സൂര്യൻ, കിരണങ്ങളാകുന്ന ഹസ്തങ്ങ (കൈക)ളോടുകൂടിയവൻ.

**അംസം**-പു. തോൾ, ചുമൽ.

'ബാഹുമാംസസമുന്നതസ്കന്ധംഗതികല്യണ്ണ
ഭീമശാർദ്ദൂല സിംഹമഹിഷവരാഹാദി'
(അദ്ധ്യാത്മരാമായണം)

'വസിക്കുനീ യെന്നംസേതാങ്ങി
വധിപ്പനുരഗം വക്രാപാംഗി'
(നളചരിതം കഥകളി)

'കംസനെ മഞ്ചത്തിന്നു-
ക്കാതംവഴീട്ടരുത്തിട്ടു [ക്കം
ഹിംസിച്ചിട്ടുംവൈരമൊട്ടുമടങ്ങാഞ്ഞുടനെ
അംസത്തിൽപ്പിടിച്ചിഴച്ചു
സർവസാക്ഷിയായിരിക്കും
പുംസാംകേൾ ചെയ്യാമിപ്പൊകൃപയുള്ളമഠം'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

൨. ഒരു മർമ്മം.

**അംസക്കൂടം**-പു. പൂഞ്ഞിക്കെട്ട്. കാളയുടെ കഴുത്തിനടുത്തുള്ള മുഴ. ഇതിനെ കാളപ്പൊന്തി, പൂഞ്ഞിക്കുടം, പൂഞ്ഞ കുറി എന്നിങ്ങനെ പറയുന്നു. ൨. വലിയ തോൾക്കെട്ട്. കൂടം = പൊങ്ങി നിൽക്കുന്ന ഭാഗം. ഉ-ം ഹേമകൂടം, അഗസ്ത്യകൂടം, ചിത്രകൂടം.

'രാജന്യോച്ചാംസകൂടകൂഥനപട്ടുരവൈ'
(പ്രബോധചന്ദ്രോദയം)

**അംസഫലകം**-തോളിന്റെ ഇളക്കം.

**അംസച്ഛദം**-തോളിന്റെ പിളുപ്പ്.

**അംസതടം**-അംസമാകുന്ന പരന്നഭാഗം.

**അംസത്രം**-പു. ഒരുവിധം കവചം. അംസത്തെ ത്രാണംചെയ്യുന്നത്. ത്രാണം ചെയ്ക=രക്ഷിക്ക. ൨. വില്ല്.

**അംസഫലകം**-പു മുതുകിന്റെ മുകൾവശം, അംസമാകുന്ന പരന്ന ഭാഗം.

'പൃഥ്വംസകപോലഫലകം'
(കാദംബരി)

൨. ഒരു മർമ്മം.

**അംസപ്രദേശം**-അംസസ്ഥലം.

അംസബലം-കൈയൂക്ക്. അംസബലം എന്ന പ്രയോഗം അപൂർവം. ബാഹുബലം, കരബലം എന്നിങ്ങനെ ധാരാളം കാണുന്നുണ്ട്.

അംസഭരം-തോളിൽ വയ്ക്കുന്ന ചുമട്.

അംസഭരൻ-ചുമലിൽ ചുമടെടുത്തുകൂടിയവൻ.

അംസഭാരം-തോളിൽ വയ്ക്കുന്ന ചുമട്.

അംസഭാരൻ-ചുമലിൽ ചുമടെടുത്തുകൂടിയവൻ.

അംസമധ്യ-തോളുകളുടെ നടുവിലുള്ള, തോളിന്റെ നടുവിലുള്ള.

അംസമധ്യം-ചുമലിന്റെയും ചുമലുകളുടെയും നടുവ്.

അംസല(ള)ൻ-ബലവാൻ, ബലമുള്ള അംസത്തോടുകൂടിയവൻ. സ്ത്രീലിംഗം-അംസല(ള). നപും; അംസല(ള)ം.

അംസശോഷം-ഒരു വാതവ്യാധി. തോളിൽ നിൽക്കുന്ന വായു അവിടെയുള്ള ബന്ധനത്തെ ശോഷിപ്പിക്കുമ്പോൾ തോൾ താണുപോകും. അതിനു 'അംസശോഷം' എന്നു പേർ.

'അംസദേശസ്ഥിതോ വായുഃ
ശോഷയേദംസബന്ധനം'
(മാധവനിദാനം)

അംസസ്ഥലി-അംസമാകുന്ന പരന്ന ഭാഗം.

അംസള-ബലമുള്ള.

അംസേഭാരൻ-ചുമലിൽ ചുമടെടുത്തുകൂടിയവൻ.

അംസ്യ-വി. അംസത്തെ (തോളിനെ) സംബന്ധിച്ച, അംസങ്ങളെ സംബന്ധിച്ച, ചുമലുകളെ സംബന്ധിച്ച. ൨. അംസത്തിൽ (അംസങ്ങളിൽ = ചുമലുകളിൽ) ഭവിക്കുന്ന.

അംഹ്-(ധാതു) ൧. പുറപ്പെടുക. ൨. പ്രകാശിക്കുക. ൩. അയയ്ക്കുക. ൪. അടക്കുക. ൫. സംസാരിക്കുക.

അംഹതി-സ്ത്രീ. സമ്മാനം, ഇനാം, ദാനം. ൨. കഷ്ടപ്പാട്. പാപത്തെ ഹനിക്കുന്നതുകൊണ്ടു ഈ പേരുണ്ടായി. പര്യായങ്ങൾ—

'ഉത്സർജ്ജനം പ്രാദേശനം,
അപവർജ്ജനമംഹതിഃ
അത്യായം സാത്വികം ദാനം
ഉദപൂർവ്വന്തു പൗർത്തികം'
(വൈജയന്തി)

അംഹനം-വക്ഷസ്സ് (മാറിടം)കൊണ്ടുള്ള ഗതി (ഗമനം). പാമ്പിനെപ്പോലെ ഗമിക്കുക.

'അംഹനം വക്ഷസാ ഗതിഃ'
(വൈജയന്തി)

അംഹസ്സ്-പാപം, അഘം, ദുഷ്കൃതം. പ്രായശ്ചിത്തംകൊണ്ടു നീങ്ങുന്നതിനാൽ ഈ പേരുണ്ടായി. ൨. കഷ്ടത, വ്യാകുലം, ചിന്ത, ആധി.

'അന്തഃക്രൂരതരാംഹ-
സ്സതിനിടയുള്ള വാക്കി'
(ഒരു പ്രാചീനപത്രം)

അംഹസ്പതി-സൂര്യൻ. ഭക്തജനങ്ങളുടെ ദുഷ്കൃതത്തെയും കഷ്ടപ്പാടിനെയും നീക്കാൻ അധികൃതനായതുകൊണ്ടു് ഈ പേരുണ്ടായി.

അംഹസ്വത്-വി. പാപമുള്ള.

അംഹിതി-സ്ത്രീ. ദാനം. പാപത്തെ നശിപ്പിക്കുകകൊണ്ടു് ഈ പേർ സിദ്ധിച്ചു. ൨. ഇനാം.

അംഹുഃ-(ത്രിഷു) ദുഷ്കൃതത്തെ ചെയ്യുന്ന.

ആരോധാചീസ്വതിവ്വൃത്യാരം ഹോംഹ്രിത്വം
(യജുർവ്വേദം)

അംഹുരഃ-(ത്രിഷു) നടക്കുന്ന. (ഈ ശബ്ദം ദുർല്ലഭം)

അംഹുരണ-വി. പാപമുള്ള.

അംഹോമുച്-വി. ഉപദ്രവകരമായ, പാപത്തിൽനിന്ന് ഒഴിഞ്ഞ.

അംഘ്രി—പു. പാദം. ഉ. വൃക്ഷാദികളുടെ വേര്. ന. നാല്. അംഹ്രി എന്നതാണ് അംഘ്രി എന്നായത്.

അംഘ്രിപം—വൃക്ഷം. പാദം (വേര്) കൊണ്ടു പാനംചെയ്യു(കുടിക്കു)ന്നതുനിമിത്തം ഈ പേർ ഉണ്ടായി.

അംഘ്രിസ്കന്ധം—കാൽപെരുവിരലിന്റെ സന്ധി, പുറംകാൽ.

അംക്—പു. പുറപ്പെടുക. ഉ. പാമ്പിനെപ്പോലെ വളഞ്ഞുപോക.

അക—മുള, ബീജം, പൂമൊട്ട്, ഞരമ്പ്, തളിർ. (പ്രയോഗം ദുർല്ലഭം).

അകം—(മലയാളത്തിൽ) പു. ഉൾവശം, ഉള്ള്, ഉള്ളകം, മനസ്സ്, അന്തർഭാഗം.

'ഘൃണശകലവുമെന്യേ ദുഷ്ടശർമ്മിഷ്ഠപൊട്ട-
ക്കിണറിനകമെടുത്താപ്പെണ്ണിനെത്തള്ളിയി
[ട്ടാൾ'
(ദേവയാനീപരിണയം മണിപ്രവാളം)

'പെയ്യും വന്മഴയൊക്കെയും ബതനന-
ഞ്ഞൂറിത്തണാത്തേററമ-
ങ്ങായും കോവിലകത്തുചെന്നഥനില-
ത്തീറം വ്രതത്തോടഹോ'
(പൂരപ്രബന്ധം)

'നെഞ്ചകമിളകുന്ന തിലകമതുമിട്ടു
പഞ്ചബാണനാനല്ലതാംബൂലമേകുംശിവ'
(സ്കാന്ദപുരാണം)

അകം >< പുറം. (സംസ്കൃതത്തിൽ) ഉ. ദുഷ്കൃതം, പാപം, വേദന, ദുഃഖം, ഭാഗ്യക്കേട്. കം (സുഖം) ഇല്ലായ്ക. ന. കം (ജലം) ഇല്ലായ്ക.

അകക്കടൽ—ഉൾക്കടൽ.

അകതാർ—ഹൃദയം, മനസ്സ്.

അകത്തെപ്പുൺ—കുട്ടികൾക്കു മൂന്നുവയസ്സു വരെയുണ്ടാകുന്ന ഒരു വ്യാധി. ഇതിനു പനിയും അതിസാരവുമുണ്ടാകും. പേകിട്ടും ചൊറിയും അളയും. വെള്ളദാഹം. ആരംഭത്തിലെ ചികിത്സിക്കണം. മുക്കാൽ പങ്കു, സമാംശം വെള്ളം, അക

ളും മറവും വ്രണം എന്നിവയുണ്ടായാൽ വൈഷമ്യമാണ്.

അകക്കാമ്പ്—മനസ്സ്. കാമ്പ് എന്നാൽ പുഷ്പത്തിന്റെ തണ്ട് എന്നർത്ഥം. മുഖ്യമായ ഭാഗം. പൂവിന് ആധാരം അതിന്റെ (കാമ്പ്) തണ്ടാണ്.

'സച്ചിദാനന്ദാത്മകനഭയനനാമയൻ
നിശ്ചലൻ നിരാകുലനെന്നുടെ ഗുരുനാഥൻ
ശ്രീരാമാദികളായ മുഖ്യശിഷ്യന്മാരോടും
സ്വൈരമെന്നകക്കാമ്പിൽവാണീടവേണം
(തേനാരിമാഹാത്മ്യം) [സമേ'

അകസ്സുക—പു. ചേർന്ന് ഒന്നാവുക. ഉ. പൊടിക്കുക, അങ്കുരിക്കുക, വളരുക.

'അടവിമഴുകൊണ്ടു വെട്ടിയാലകച്ചിടും
കഠിനവാചാ വെട്ടിമുറിച്ചാലകച്ചിടാ'
(ഭാരതം വിദുരവാക്യം)

അകക്കുരുന്ന്—മനസ്സ്. മനസ്സിൽനിന്ന് വിചാരങ്ങൾ ഉണ്ടായി വർദ്ധിക്കുന്നതുകൊണ്ടു ഈ പേരുണ്ടായി. ഉ-ം, മനക്കുരുന്ന്. ഇളംകുരുന്ന്. കുരുന്ന് = ഇളംപ്രായം, മൃദുത്വമുള്ളത്.

'പരിചൊടു പോരാതെയിന്നുള്ള കാലം
അകക്കുരുന്നോറാം തെളിഞ്ഞു ധർമ്മജൻ'
(ഭാരതം)

അകക്കോട്ട—ദുർഗ്ഗം, കോട്ട.

അകക്കാൽ—ഉള്ളംകാൽ, കാലിന്റെ അകം, പാദത്തിന്റെ കീഴ്ഭാഗം. ഉ-ം, 'ഉള്ളംകാൽമുതൽ ഉച്ചംതലവരെ'.

അകക്കൈ—ഉള്ളംകൈ, (കൈയുടെ അകത്തെ ഭാഗം).

അകചം—വി. കചം (രോമം) ഇല്ലാത്ത, തലമുടിയില്ലാത്ത.

അകചൻ—കേതു. കചത്തിനായി (ദുഃഖത്തിനായി) ഭവിക്കുന്നവൻ. കേതൂദയത്തിൽ ലോകത്തിനു കഷ്ടദശയുണ്ടാകുമെന്നു ശാസ്ത്രം ഘോഷിക്കുന്നു.

അകൃച്ഛ്രം—വി. ചൂടുപാറി മുഷിഞ്ഞതല്ലാത്ത, അഴുക്കില്ലാത്ത, വൈഷമ്യമില്ലാത്ത.

**അകഞ്ചുകിത**—വി. കഞ്ചുകം (ഉടുപ്പ്) ഇല്ലാത്ത.

**അകച്ഛത്ര**-വി. ൧. ചിറകില്ലാത്ത. ൨. കാമമില്ലാത്ത.

**അകഞ്ജ**-വി. വെള്ളത്തിലുണ്ടായതല്ലാത്ത

**അകടഘാടക**-വി. അധികം ഭക്ഷിക്കാത്ത

**അകടു**—വി. ൧. എരിവില്ലാത്ത. ൨. ക്രോധമില്ലാത്ത, കോപമില്ലാത്ത. ൩. ചൂടില്ലാത്ത. ൪. രസക്കേടില്ലാത്ത. ൫. ക്രൂരതയില്ലാത്ത. (സ്ത്രീ—അകട്വി.) കടു എന്നാൽ തീക്ഷ്ണം എന്നർത്ഥം.

'കടുസന്നിപാതകങ്ങൾ ഘനങ്ങൾ
ദുസ്സഹങ്ങൾ കടുകോപകരങ്ങൾ'
(പതിനാലുവൃത്തം)

**അകടവികടം**—തലകീഴാവുക, കീഴ്മേലാവുക, പ്രയോജനമില്ലാതാവുക.

**അകടുവികടു**—തലകീഴാവുക, കീഴ്മേലാവുക, പ്രയോജനമില്ലാതാവുക.

**അകഠിന**—വി. കഠിനമല്ലാത്ത, കടുപ്പമില്ലാത്ത, മൃദുവായ.

'കഠിനതരമലറി നിജകരമതിലെടുത്തുടൻ
കർബ്ബുരേന്ദ്രന്മാരടുത്താർ കപീന്ദ്രനം'
(അദ്ധ്യാത്മരാമായണം)

**അകഠോര**—വി. കഠോരമല്ലാത്ത, കടുപ്പമില്ലാത്ത, ക്രൂരതയില്ലാത്ത, മൃദുവായ.

'ക്ഷത്രിയകന്യയെ നിങ്ങൾക്കു വന്നു
തൊടാമോ കഠോരന്മാരേ'
(പത്തുവൃത്തം)

**അകഥഹം**—ഗ്രാഹ്യാഗ്രാഹ്യ മന്ത്രത്തിൽ ശുഭാശുഭവിചാരോപയോഗിയായ ഒരു ചക്രം.

**അകധാര**—വി. കരൾനിറമല്ലാത്ത, തവിട്ടുനിറമല്ലാത്ത.

**അകണിക**—വി. ഏറ്റവും ചെറുതല്ലാത്ത, ഇളയതല്ലാത്ത.

**അകണ്ടക**—വി. ഉപദ്രവത്തിനിടയില്ലാത്ത, ഉപദ്രവഹേതുവല്ലാത്ത (കണ്ടകൻ എന്നാൽ മൂർഖൻ, ദുഷ്ടൻ, ഉപദ്രവതല്ലൻ എന്നർത്ഥം).

'കപികുലബലാബല കടന്നുമരത്രയ-
കണ്ടകനെക്കൊന്നു കൊണ്ടുപോകാനുമം'
(അദ്ധ്യാത്മരാമായണം സുന്ദര)

**അകണ്ടകത്വം**—കണ്ടകത്വം (ദുഷ്ടത്വം, മൂർഖത്വം) ഇല്ലായ്മ.

**അകണ്ടകിത**—വി. ൧. മുള്ളില്ലാത്ത. ൨. രോമാഞ്ചമുണ്ടാകാത്ത.

**അകതരുണി**—മസൂരി പതിനെട്ടിനമുള്ളതിൽ ഒന്ന്. ഇത് മൂന്നുദിവസം കഴിഞ്ഞാൽ പ്രയത്നസാദ്ധ്യം എന്നു ശാസ്ത്രം.

അകതരുണിവ്യാധിക്കുലക്ഷണംപറയുന്നു
ഉരകത്താംകലങ്ങിയൊട്ടേറെ ഛർദ്ദിയുംപോക്ക [മാസ്തം
തൊട്ടാൽപാരം ചുട്ടുംദേഹമുടനെയുഷ്ണവും വ [ലം
തണുപ്പുപാരമുണ്ടാകും കോച്ചും കാലുകരങ്ങളും
കൺചുവന്നങ്ങുതാണീടുമെച്ചപ്പാരമടച്ചിടും
വായുപൂരണ്ടങ്ങോടീടും നോക്കീടുമിടവും വലം
ഉതളുംഭ്രതലേവീണാലെഴുന്നേല്പാൻതുടങ്ങിയും
മാംസംവെന്തമണംപോലെ ഗന്ധമങ്ങുപുറ [പ്പെടും
ഇവയൊക്കയിലുംമുന്നേതലവെട്ടുതുടങ്ങുകിൽ
അസാദ്ധ്യമകതരുണി മൂന്നാംനാളിൽമരിച്ചു [പോം
മരണംവന്നിടുന്നേരം സൂക്ഷിപ്പൂമർമ്മസന്ധി [ക്കു
കടുകിന്മണിപോലങ്ങു മൂന്നുമഞ്ചുകണക്കളും
നിഴലിച്ചിട്ടുകണ്ടീടുമതു സൂക്ഷിച്ചുകൊള്ളുക'.
(മസൂരിപടലം)

**അകതളിർ**—മനസ്സ്. തളിരെപ്പോലെ സൂക്ഷിച്ചു (അകൃത്യങ്ങളിൽ അകപ്പെടാതെ നോക്കി) നടക്കേണ്ടതുകൊണ്ട് ഈ പേർ സിദ്ധിച്ചു

'അതിവിശദമന്ദരുചിമൃദുഹസിതമാനനവു-
മകതളിരിലാകമമപരമരമ്യഭാഷയു'
(രാമായണം ൨൪ വൃത്തം)

**അകതാർ**—മനസ്സ്. താർ—തമിഴിൽ മാല, മലയാളത്തിൽ പുഷ്പം.

'ആയതുവരുമോ എന്നൊരു സംശയ-
മകതാരിൽ പുനരുണ്ടാകേണ്ടാ'
(കിരാതം ഓട്ടൻതുള്ളൽ)

അകതിപയ-വി. കുറച്ചല്ലാത്ത, ഏതാനുമല്ലാത്ത, ചിലതല്ലാത്ത. കതിപയശബ്ദത്തിനു 'ചില' 'ഏതാനും' 'കുറച്ചു' എന്നർത്ഥം.

'മതികമലവിലാസഹേതുഭൂതം
കതിപയസൂക്തമിദം കരോമി കാവ്യം'
(ശ്രീകൃഷ്ണചരിതം മണിപ്രവാളം)

അകത്തകം-ഉള്ളറ.

അകത്തണ്ട്-മനസ്സ്.

'ഉണ്ടുപണ്ടേമമകുക്ഷിയിൽ മണ്ണതു
കണ്ടകത്തണ്ടിലുണ്ടാകൊലാ ശങ്കയും'
(ഭാഗവതം)

അകത്തവർ, അകത്താർ-നംപൂതിരിമാരുടെ സ്ത്രീകൾക്കു പ്രത്യേകം പറയുന്ന ഒരു പേർ.

അകത്തമ്മമാർ-നംപൂതിരിമാരുടെ സ്ത്രീകൾ വെളിയിലിറങ്ങുന്നതിലേയ്ക്കു സ്വാതന്ത്ര്യമില്ലായ്കകൊണ്ടു നംപൂതിരിമാരുടെ സ്ത്രീകൾക്കു 'അകത്തമ്മമാർ' എന്ന പേർ സിദ്ധിച്ചു.

അകത്തഴി-ഭക്ഷണവസ്തുക്കളെ സമ്പാദിക്ക.

അകത്താൻ-വീട്ടിലെ നാഥൻ.

അകത്താർ-അകത്തവർ.

അകത്താൾ-വീട്ടിലെ നായിക.

അകത്തി-ഒരു വൃക്ഷം. അകത്തിയ്ക്കു മുരിങ്ങയോളം വലിപ്പമുണ്ട്. പരദേശങ്ങളിലാണ് ഇതു ധാരാളമുണ്ടാകുന്നതു്. കായ്ക്കു മുരിങ്ങയ്ക്കയോളം നീളമിരിയ്ക്കും. ഉഷ്ണത്തെയും പിത്തകഫങ്ങളേയും നീക്കും. ഇല കച്ചുരിച്ചു മധുരിച്ചിരിക്കും. ദ്വാദശിതിഥിയിൽ ഇതുകൊണ്ടുള്ള കറി ഉപയോഗിക്കുക വിശേഷമാണ്. വാതമുണ്ടാക്കും. വയറ്റിലെ പുണ്ണിനെ മാററും. കൃമി, കഫം, വിഷം, ചൊറി, രക്തപിത്തം ഇവയ്ക്കു നന്നു്. പുഷ്പം-പാകരസമെരിവാകുന്നു. കയ്പുചവർപ്പിരി... നാസം, വാതം, ചാതുർത്ഥിക ജ്വരം, നക്താന്ധ്യം, ഉഷ്ണം, കഫം, പിത്തം ഇവയെ കളയും. പര്യായങ്ങൾ-അഗസ്ത്യ, വംഗസേന, മുനിപുഷ്പം, മുനിദ്രുമം, അഗസ്തി, ശീഘ്രപുഷ്പം, വ്രണാരി, ദീർഘപാലകം, രക്തപുഷ്പം, സുരപ്രിയം, ശുക്ലപുഷ്പം, വ്രണാപഹം, ഖരധ്വാംസി, പവിത്രം, മുനിപ്രിയം, മുനിതരു, വംഗസേനകം, കനലി, വക്രപുഷ്പം. (സംസ്കൃതത്തിൽ) അഗസ്തി. (തമിഴിൽ) അകത്തി.

'സിതപീതനീലലോഹിത കസുമവിശേഷാച്ചതുർവിധോഗസ്തി' ഇതിൻപ്രകാരം നാലുവിധമുണ്ട്.

അകത്തിറച്ചി-ക. കാക്കാമ്പരണ്ട. ഖ. കരൾ.

അകത്ത്-ഉള്ളിൽ, മനസ്സിൽ 'അത്തു' മലയാളത്തിൽ പ്രയോഗിപ്പാനുള്ള രീതി കേരളപാണിനീയം ൫൯-ാം സൂത്രം നോക്കുക.

'നേത്രങ്ങളടച്ചുംകൊണ്ടി-
ന്ദ്രിയാർത്ഥങ്ങളെ തന്റെ
ഗാത്രത്തിന്നകത്താക്കി
ഹൃദയത്തോടു ബന്ധിച്ചു'
(ഗജേന്ദ്രമോക്ഷം പറയൻതുള്ളൽ)

'അകത്തുമമനാമൽ മുഴുത്തുരംഭ്യവരൻ
നിലത്തുകിടക്കയും ഹരിനാംബോ'
(രാമായണം ൨൪ വൃത്തം)

'പുറത്തകത്തുംപുറത്തും
ബലിശിലകളും, മതിൽ
പെററാവലികയും, പൊന്നും
കൊടിമരവും'
(കാചലവൃത്തം വഞ്ചിപ്പാട്ട്)

അകത്തുന-ഇല്ലാതാക്കുന്നു, ദൂരത്താക്കുന്നു.

'മാചകത്തുന്നസഖാദുമാലകത്തുന്നതീവി
(രാമാംഗദചരിതം മഹാകാവ്യം) [ധം'

അകത്തൂട്-പു. പുറമേ വെളിയോ-കതിരോ കെട്ടീട്ടുള്ള ഒരു വീട്. ഉ. മലബാറിൽ കോട്ടാരത്തിനുള്ള ഒരു പഴയ പര്യായപദം.

അകത്തൂട്ടുപരിഷ-നായന്മാരിൽ ഒരിനക്കാർ. ഇവർക്ക് 'ഉള്ളകത്തുനായർ' എന്നും 'കാച്ചുതിമ്പി' എന്നും പറയാറുണ്ട്. സാമൂതിരിയുടെ മക്കളിൽനിന്നു ജനിച്ചിട്ടുള്ളപ്രകാരം വിചാരിച്ചുവരുന്നതുകൊണ്ട് ഇവർക്ക് ഈ സ്ഥാനപ്പേരു കിട്ടി.

അകത്തേപ്പുറം-ഉൾവശം.

അകത്തേപ്രവൃത്തി-രാജാക്കന്മാരുടെ തിരുമുമ്പിലുള്ള സേവകവൃത്തി.

അകത്തോട്ട-ഉള്ളിലേക്കായിട്ട്. ഇതിന്റെ വ്യുൽപത്തിയെക്കുറിച്ചു പല അഭിപ്രായങ്ങളും കാണുന്നു. 'അകത്തൂട്', 'അങ്ങൂട്', 'ഇങ്ങൂട്' എന്നിങ്ങനെയുള്ള പദങ്ങൾ 'അകത്തോട്' 'അങ്ങോട്' 'ഇങ്ങോട്' എന്നിപ്രകാരം സംസാരിച്ച് 'അകത്തോട്ട്' 'അങ്ങോട്ട്' 'ഇങ്ങോട്ട്' എന്നിങ്ങനെയായി എന്ന പക്ഷമാണു നന്നെന്നു തോന്നുന്നു.

'അങ്ങോട്ടിങ്ങോട്ടുഴന്നും വിപിനഭുവി തളർ-
ന്നും വിചാരാകുലന്നും'
(നളചരിതം കഥകളി)

'അങ്ങോട്ടിങ്ങോട്ടുമോടിക്കളിച്ചുതുടങ്ങിനാൻ
കിങ്ങിണീശബ്ദിക്കയും സംഗീതംപാടുകയും
(സ്കാന്ദപുരാണം)

അകത്തോൻ-വീട്ടിനകത്തുള്ള വേലക്കാരൻ.

അകത്തോർ-അകത്തമ്മമാർ.

അകത്ഥനം-ആത്മസ്തുതി (തന്നത്താൻ സ്തുതി) ചെയ്യായ്ക.

അകഥക-വി. കഥപറയാത്ത.

അകഥനം-പറയാതിരിക്കുന്ന സ്ഥിതി.

'സൽക്കഥാകഥനമെന്നതില്ലാത്ത മംഗ്ളരുടെ'
(പഞ്ചതന്ത്രം)

'ഇതമന്ദൻ മമ ഇന്നവനെന്നിന
ധരണിസുരോത്തമന്മാരെല്ലാരും
സരസകഥാകഥനത്തിനെനിക്കൊരു
പെരുവഴിമാത്രം കാണാറായി'
(കിരാതം തുള്ളൽ)

അകഥനീയം-കഥനീയം (കഥിക്കത്തക്കതു്) അല്ലാത്തതു്, പറയരുതാത്തതു്, പറയാവുന്ന സ്ഥിതിയിലല്ലാത്തതു്, പറയത്തക്കതല്ലാത്തതു്.

'ഒരുവഴിയേക്കാളുമ്പഹുസങ്കടം
അതുബത കിം കഥനീയം'
(പത്തുവൃത്തം)

'മമജനകഭൂപന്റെരാജ്യാവകാശമതു
ശ്രമരഹിതമിന്നു മമ കിട്ടാനുപായമതെ
സുമതികഴക്കൂട്ടത്തുപിള്ളതാൻനിരൂപിച്ചു
കിമപികഥനീയമെന്നെന്നുടെമനോഗതം'
(വീരമാർത്താണ്ഡവർമ്മവിജയം കഥകളി)

അകഥിക-വി. പറയാത്ത.

അകഥിതം-പറയപ്പെട്ടിട്ടില്ലാത്തതു്.

'കഥിതമഖിലം മയാ ദേവവൃത്താന്തങ്ങൾ
കഞ്ജദളാക്ഷിയും വിശ്വസിച്ചീടിനാൾ'
(അദ്ധ്യാത്മരാമായണം സുന്ദര)

അകഥഹം-മന്ത്രസംബന്ധമായ ഒരു ചക്രം.

അകഥ്യ-വി. പറയാൻ എളുപ്പമില്ലാത്ത, പറയത്തക്കതല്ലാത്ത.

അകദനം-ദുഃഖമില്ലായ്ക.

അകദ്രൂണ-വി. കദ്രൂണം (അല്പമൂട്ട്) ഇല്ലാത്ത

അകദവദ-വി. ചീത്തവാക്കു പറയാത്ത.

അകനീയസ്സ്-വി. കനീയസ്സ് (ഏറ്റവും ചെറുത്) അല്ലാത്ത.

അകനിന്ദ-(ദ്രാവിഡ സംസ്കൃതപദങ്ങൾ സമാസിച്ചുണ്ടായതാകാം ഈ ശബ്ദം). ഉള്ളിലുള്ള വെറുപ്പ്, പുച്ഛം, പരിഹാസം, മനക്കാമ്പായി വിചാരിക്ക, ധിക്കാരം.

'അന്തിപ്പൊഴുതോളമകനിന്ദയുമെങ്കി-
ലതികിലെങ്ങും വിളങ്ങാ ഗുണം'

അകനിഷ്ഠൻ-പു. ബുദ്ധഗൌതമന്റെ ഒരു പേർ. ൨. ഏററവും ഇളയവനല്ലാത്തവൻ.

അകനിഷ്ഠപൻ-ബുദ്ധമതക്കാരുടെ ഒരു പ്രധാനി.

അകന്യ-കന്യയല്ലാത്തവൾ. (കന്യ=പത്തുവയസ്സായ പെൺകുട്ടി.) വിവാഹം കഴിച്ചിട്ടില്ലാത്ത പെൺകുട്ടികളെ പൊതുവായി കന്യ എന്നു പറഞ്ഞുവരുന്നു.

അകന്ദളിത-വി. അംകുരിച്ചിട്ടില്ലാത്ത, മുളച്ചിട്ടില്ലാത്ത.

അകപടം-ചതിയില്ലായ്ക, വ്യാജമില്ലായ്ക.
'കപടയതിവേഷമായ് കട്ടുകൊണ്ടീടിനാൻ
കാണാഞ്ഞു ദുഃഖിച്ചു രാമനും തമ്പിയും'
(അദ്ധ്യാത്മരാമായണം. സുന്ദര.)

അകപില-വി. കരാൽനിറമല്ലാത്ത ഒട്ടകത്തിന്റെ കഴുത്തിലുള്ള രോമങ്ങളുടെ നിറംപോലെയുള്ള നിറത്തിനു 'കപിലം' എന്നു പേർ.

അകപിശ-വി. കറുപ്പോടുകൂടിയ ചെമപ്പുനിറമല്ലാത്ത.

അകപ്പ്-ഒരു രാഗം.

അകപ്പം-പുൽക്കാമ്പ്, പുൽത്തണ്ട്.

അകപ്പക-ഉള്ളിലുള്ള വിരോധം, മനസ്സിലുള്ള നീരസം.

അകപ്പടുവൻ-മസൂരികയുടെ ഉപദ്രവവിശേഷം.
'വൃത്താന്തങ്ങളെക്കൊണ്ടും
കണ്ണുകൾകൊണ്ടും ദിവ്യക്കളുടൽ
ദുസ്സ്വപ്നദർശനംകൊണ്ടിട്ടും
ഉദ്വേഗം ചെയ്തിലും
കളിയും ഭക്ഷണംകൊണ്ടു-
മുറക്കംകൊണ്ടുമന്നിവ
പിഴച്ചുവന്നാൽ പടുവന-
ന്നന്ദനായിവന്നിടും
ഭക്ഷണത്തിൽപിഴച്ചെന്നാൽ
അകപ്പടുവനായ് വരും
അകപ്പടുവനുണ്ടായാൽ
മരിച്ചീടുമസംശയം'
(മസൂരിപടലം)

അകപ്പറങ്കി-വിഷയലമ്പടത്വം കൊണ്ടുണ്ടാകുന്ന ഒരു രോഗം, ഉല്പാദനേന്ദ്രിയരോഗം, രതിസംബന്ധമായ രോഗം. ഇതു സാധാരണ മൂത്രവസ്തിയിലുണ്ടാകുന്നു; അമിതഭോഗമാണ് ഇതിനു മുഖ്യകാരണം. (പറങ്കി=വ്യാധിവിശേഷം.)

അകപ്പാട്-കുടുങ്ങൽ, കുഴിയിലും (കണ്ണിയിലും) മററും വീഴുക. (പ്രവേശനം എന്നും ലാഭം എന്നുംകൂടി അർത്ഥമുണ്ട്).

അകപ്പെടുന്നു-ക്രി. കുഴിയിൽ വീഴുന്നു, കുടുങ്ങുന്നു. ൨. പ്രവേശിക്കുന്നു, ലഭിക്കുന്നു. ൩. ഉൾപ്പെടുന്നു. ൪. പിടിപെടുന്നു.
ഇക്കിടന്നങ്ങുറങ്ങുന്ന കംകേസ്സൻതന്നായി [പ്പോരം
അക്കണ്ണന്താനെല്ലമവ്യൂഢഘടനയിലകപ്പെട്ടു'
(കംകേസ്സവധം തുള്ളൽ)
'അതുതന്നു വധൂവധം മഹാത്മൻ
ദുരിതമകപ്പെടുമിപ്രകാരമായാൽ'
(ശ്രീകൃഷ്ണചരിതം മണിപ്രവാളം)
'അകപ്പെടുക' എന്ന ശബ്ദത്തിനു കുഴിയിൽ വീഴുക, കുടുങ്ങുക എന്നുള്ള അർത്ഥമാണ് അധികമായി നടപ്പിലിരിക്കുന്നത്. പ്രഥമദൃഷ്ട്യാ തോന്നിപ്പോകുന്നതു ആ അർത്ഥംതന്നെ.

അകപ്പെടുത്തുന്നു-കുടുക്കുന്നു, കുഴിയിൽ വീഴിക്കുന്നു.

അകപ്പൊരുൾ-പു. ഉള്ളിലെ പൊരുൾ, ഉള്ളിലെ ദ്രവ്യം, സാക്ഷാലുള്ള അർത്ഥം. ൨. ദൈവം. പൊരുൾ എന്നതിനു അർത്ഥം, ഐശ്വര്യം, ധനം, സാധനം എന്നീ അർത്ഥങ്ങളും കാണുന്നു. എല്ലാററിന്റെയും അകത്തു സാരഭൂതമായും സൂക്ഷ്മാർത്ഥമായും കിടക്കുന്നതുകൊണ്ട് അകപ്പൊരുൾ എന്ന പദത്തിനു 'ദൈവം' എന്ന അർത്ഥംതന്നെ ഉത്തമം.

'അക്ഷാനലാദിവെളിവൊക്കെ ഗ്രഹിക്കുമാറ്
കണ്ണിന്നുകണ്ണു മനമാകുന്നകണ്ണതിനു [രു
കണ്ണായിരുന്ന പൊരുൾതാനെന്നുറയ്ക്കുമള-
വാനന്ദമെന്തു ഹരിനാരായണായനമഃ'
(ഹരിനാമകീർത്തനം)

'ഗ്രന്ഥങ്ങൾ മാനാക്കി വായിച്ചുപൊരുൾപറ-
ഞ്ഞന്തരംകൂടാതെ കാലംകഴിക്കയും'
(ധ്രുവചരിതം തുള്ളൽ).

൩. തമിഴിലെ ഒരുഗ്രന്ഥത്തിന്റെ പേർ

**അകബെരൻ**-അക്ബർ (മുഗൾ) ചക്രവർത്തി (സ്ഥലം-ഡൽഹി.)

'പ്രത്യാഹൃതാഃ പാർത്ഥിവസമ്പദോ നവാഃ
പ്രപേദിരേ ചാകബരാം കുമാരകം'
(ആംഗലസാമ്രാജ്യം)

**അകബളിത**-വി. വിഴുങ്ങപ്പെട്ടതല്ലാത്ത.

**അകബളീകൃത** - വി. വിഴുങ്ങപ്പെട്ടതല്ലാത്ത.

**അകമടങ്ങുക**-മാനംമര്യാദയോടെ അകത്തടങ്ങിയിരിക്കുക, മറവിലിരിക്കുക. (ചില ജാതിയിലുള്ള സ്ത്രീകൾ അകമടങ്ങിയിരിക്കുക പതിവാണ്.)

**അകമന**-വി. ൧. കാമിക്കുക (ആഗ്രഹിക്കുക)ന്ന ശീലമല്ലാത്ത. ൨. സൌന്ദര്യമില്ലാത്ത. (മലയാളത്തിൽ) അകത്തെമന, അകത്തുള്ള മന.

**അകമനീയ**-വി. മനോഹരമല്ലാത്ത, ആഗ്രഹിക്കേണ്ടതല്ലാത്ത.

'കമലാകാന്തന്റെ കാരുണ്യശീലന്റെ
കമനീയാംഗന്റെ കാമസമാനന്റെ'
(പതിനാലുവൃത്തം)

**അകമല**-മലയാളത്തിൽ - അക+മല മലയിടുക്ക്, മലംപള്ളം, മലയടിവാരം, താഴ്‌വര.

കൊല്ലവർഷം ആദ്യകാലംമുതൽ മലയാളഭാഷയിൽ നടപ്പുണ്ടായിരുന്ന വാക്കുകളിൽ അനേകം വാക്കുകൾ ഇപ്പോൾ മലയാളത്തിൽ നടപ്പില്ല. 'അകമല' എന്ന ശബ്ദം കൊല്ലവർഷാരംഭത്തിൽ ഉണ്ടായ ഒരു ശിലാശാസനത്തിൽ കാണുന്നുണ്ട്.

'കാലവ്യാഴം കർക്കടകം ഞായർ ൭-ാം തീയതി നമ്മുടയ കല്പിക്കുങ്ങര ഇരുമൂർ ഭഗവതി തിരുമുമ്പെ വടക്കേനടയിൽ ശേഖരിവർമ്മ (എന്ന) തെക്കനാഥൻ നാലുകൂറ വാഴ്ച്ചയും രണ്ടു തമ്പുരാട്ടിയും രണ്ടു പെൺവഴി അനന്തരവന്മാരും കൂർ നംപൂരിപ്പാട്ടും നാട്ടുകാരും രായരിനല്ലൂർ കുമരപുരവും നഗരക്കാരും യോഗക്കാരും കൊല്ലക്കുമന്ദാടിയും രണ്ടു കൊടകത്തന്മാരും അറിയിക്കണം പാറയുടെകീഴെ ൧൪൦-ചേരിക്കിൽ ൨൪൨-കലം നെല്ലു വിതയ്ക്കാവുന്നു.) കൊട്ടപടി (എന്ന) നമ്മുടെ ഈ മൂർഭഗവതി ദേവസ്വം നിലവും ഉഭയവും പറമ്പും തൻകര(ക്കുട്ടത്തെ കളങ്ങളും) ൪൨-ചേരിക്കൽ മലയകം ചെമ്പനമുതൽ കാച്ചനടവരെയും മലയകം അകമല പുറമല ചിറമല കീഴ്മല വരെയു (ഉള്ള) ൧൨൧൦ കലം (നെല്ലു വിതയ്ക്കാവുന്ന) ഉഭയവും കല്ലും കാവേരിയും പുല്ലും ഭൂമിയും ഉള്ള നാൾവരെ മാന്ന്യംവിട്ടു (കൊട്ടത്തിരിക്കുന്ന അതുകളിൽനിന്നുമുള്ള) വരുമാനംകൊണ്ടു പൂജ ഊട്ടു, പാട്ടു, പ്രജകൾ (ഇവയുടെ) ചിലവുകൾ ഏറവരികയും ഇല്ലാമൽ (നടത്തിക്കൊള്ളുകയും) വേണം. ഇതുകൂടാതെ ൪൧൧-നെല്ലു വിതയ്ക്കാവുന്ന നിലങ്ങളുടെ പാട്ടംകൊണ്ടു വിശേഷ അടിയന്തിരം നടക്കും (ഇവയ്ക്കു) ദോഷംചെയ്യുന്നവൻ ഗംഗക്കരയിൽ ബ്രഹ്മഹത്തി ചെയ്യുന്ന ദോഷത്തിൽ പോകും വടക്കനാഥൻ വില്ലാദിനാഥൻ ഈ സാക്ഷികൾ അറിയാ' ഇതിൽ വരുമാനം, ഇല്ലാമൽ, മാന്ന്യാവിട്ടു എന്ന തമിഴുവാക്കുകളും കല്ലും കാവേരിയും ഗംഗക്കരയിൽ ബ്രഹ്മഹത്തി എന്നിങ്ങനെയുള്ള പഴയ ഉപമാനംചെയ്യുമ്പോൾ പറയുന്ന വാചകങ്ങളും അട

ങ്ങിട്ടുണ്ട്. ഇതിൻെറ തീയതി കൊല്ലം ൮൫ ആകുന്നു.

(മലയാളഭാഷാചരിത്രം)

(സംസ്കൃതത്തിൽ) അകമല-വി. കമലം (താമര) ഇല്ലാത്ത.

അകമലർ-മനസ്സ്. മനസ്സ്, മലർ (പുഷ്പം) പോലെയിരിക്കുന്നതിനാൽ അകമലർ എന്നു പറയുന്നു. മലരുക=വിടരുക, വികസിക്കുക. മനസ്സംവികസിക്കുമല്ലോ.

'വെളിവുമൊന്തു തെളിവുമവനകമലരിലില്ല വെണ്ണയുംപാലും കവൻഭുജിപ്പവൻ' [ടോ

(രാമചരിതം ഓട്ടൻതുള്ളൽ)

അകമര-വി. ആഗ്രഹമില്ലാത്ത.

അകമലരി-മസൂരിയിൽ ഒരിനം.

അകമിതാവ്-പു. കാമമില്ലാത്തവൻ. വ. കമിതാവ് (ഭർത്താവ്) അല്ലാത്തവൻ.

അകമിത്രി-കാമമില്ലാത്തവൾ, ആഗ്രഹമില്ലാത്തവൾ.

അകമുണ്ടി-കുട്ടികൾക്കു പതിനാറു വയസ്സിനു മുമ്പുണ്ടാകുന്ന അമ്പത്താറുവിധം കരപ്പനിൽ ഒന്ന്. പതിനേഴാംദിവസം ഇട യിട്ടു പനിയ്ക്കും. അകവും സ്വരവും അടയ്ക്കും. ബോധക്കേടുണ്ടാകും. വായ്, കണ്ണ്, മലദ്വാരം, സന്ധ്യാതുക്കൾ ഇവയിൽ നിന്നു രക്തംപോലെ പുറപ്പെടും. ഈ ലക്ഷണങ്ങൾ കണ്ടാൽ പന്ത്രണ്ടു ദിവസത്തിനകം മരിക്കും. അതിനു മുമ്പിൽ ചികിത്സിക്കുക നന്ന്.

അകമേ-ക്രി. മനസ്സിൽ, വ. അകത്ത്

'നിന്നഴല്ലമൂലംകഴിവന്നകാമവാഴുന്നവൻ'

(നളചരിതം കഥകളി)

'അളിവസം പുനരത്ര്യവെളിപ്പി-ന്നകമേസുഖമെഴുമാറ കളിച്ചു'

(ബ്രഹ്മാണ്ഡമാഹാത്മ്യം ഓട്ടൻതുള്ളൽ)

അകമ്ര-വി. കമ്രം അല്ലാത്തതു്. കമ്രം= മനോഹരം.

'ഫലഭരണനമ്രാ ബകുളവനസംഘാ മധുരതരമാമ്രാതകപാടകമാ

കചഭരണനമ്രാ മമതരണി താമ്രാ-ധരിയെവിടെഖീനാ പരമശിവശംഭോ'

(രാമായണം ഇരുപത്തിനാലുവൃത്തം)

അകമ്പടി-സേവകവൃത്തി, മെയ്കാവൽ, മററൊരാളുടെ ശരീരം കാക്കുക, കൊട്ടാരത്തിലേയും പ്രഭുകുടുംബത്തിലേയും പടി (ശമ്പളം).

'എന്നോമലാൾക്കരമനയ്ക്കു വരുന്നതിനു വന്നെത്തുമാളുകളകമ്പടിയോട്ടമെന്ന്'

(മലയാളശാകുന്തളം)

'കെല്പം പദവിയും പൌരുഷം കല്പനാശക്തിയുമെങ്ങു കളഞ്ഞു സ്വായംധനഒററക്കടപ്രൌഢി പച്ചത്തഴക്കൊടി പുറമകമ്പടിയും വെടിയും നടവട്ടത്തിൽനിന്നാലവട്ടങ്ങൾ വീശുന്ന വട്ടണിക്കൊങ്കമാരിപ്പോഴെങ്ങെങ്ങുപോയ്'

(ദുര്യോധനവധം തുള്ളൽ)

അകമ്പടികാര്യക്കാരൻ - അകമ്പടിക്കാരിൽ പ്രധാനി, സേവകവൃത്തി ചെയ്യുന്നവരിൽ മുഖ്യൻ.

അകമ്പടിക്കാരൻ-സേവകവൃത്തി ചെയ്യുന്നവൻ.

അകമ്പടിജനം-പു. സേവകവൃത്തിചെയ്യുന്നവൻ, അകമ്പടിക്കാരൻ. വ. കോഴിക്കോട്ട് മുതലായ സ്ഥലങ്ങളിലും മററു ചില നായന്മാർക്കുള്ള സ്ഥാനപ്പേർ.

അകമ്പടിനടത്തുന്നു- സേവകവൃത്തിനടത്തുന്നു.

'മരിച്ച പടജ്ജനവുമായി പിടിച്ചുകളിയകമ്പടികൾ നടത്തി കടരഴപിടിപ്പി-ച്ചുരിച്ചുതഴിപ്പുറിയിൽ പുക്ക'

(രാമായണം ഇരുപത്തിനാലുവൃത്തം)

അകമ്പൻ-പു. ഒരു രാക്ഷസൻ.

'കാമൻ നികാമനകമ്പനെന്നുള്ളോരു വമ്പടമമ്പോടു നില്പായിവണ്ടവും'

(കല്യാണസൌഗന്ധികം തുള്ളൽ)

ഇങ്ങനെ ഒരുവനെ കാണുന്നില്ല. നമ്പ്യാരിപ്രകാരം പറയുകയും ചെയ്യുന്നു.

അകമ്പനൻ ഉണ്ടു്. ആ അകമ്പനൻ ആയിരിക്കാം ഈ അകമ്പൻ.
൩. തിരുമലൻ.

**അകമ്പന**-വി. ഇളക്കമില്ലാത്ത (കമ്പനം = ഇളക്കം.)

'സ്തുതി നിശമ്യ ദശകണ്ഠനതിവേലം
കമ്പനമിയന്നു ജനതാപി ഹരിരാമ'
(രാമായണം ഇരുപത്തിനാലുവൃത്തം)

**അകമ്പനൻ**-ഒരു രാക്ഷസൻ. അകമ്പനൻ എന്ന പേരായിട്ടു രണ്ടു രാക്ഷസന്മാരെ കാണുന്നു.

'വായുതനയനോടേററവന്നാനിജ-
കായംവെടിഞ്ഞുകാലാലയം മേവിനാൻ'

എന്നതുകൊണ്ടു ഒരാളെ ഹനുമാൻ കൊന്നതായും,

'കമ്പനാകമ്പനപ്രമുഖേഷു
ബാലിസുതേന പ്രമാപിതേഷു'

എന്നതുകൊണ്ടു മറെറാരാളെ അംഗദൻ കൊന്നതായും വെളിവാകുന്നു

'അഞ്ജയാക്കി അകമ്പനൻ മെയ്യെല്ലാം'
(രാമചരിതം)

**അകമ്പിത**-വി. കമ്പിത (ഇളക്കപ്പെട്ടത) ല്ലാത്ത, ഇളകുന്നതല്ലാത്ത, ഇളകിയതല്ലാത്ത).

'ഝടിതികടുകോപിയാംഗന്ധവാഹാത്മജൻ
കഠിനമലരിസ്പൃടം കമ്പിതാശാമുഖൻ'
(പതിനാലുവൃത്തം)

**അകമ്പുറം**-൧. വിവേകം. ൨. അകത്തുള്ളതും പുറത്തുള്ളതും, അകവും പുറവും

'ഒട്ടുമകമ്പുറമില്ലാതുള്ളോരു-
യക്ഷീനില്പുനിനക്കെന്തറിയാം'
(ഘോഷയാത്ര ഓട്ടൻതുള്ളൽ)

'എട്ടുനാളിനകംപുറം ചില
ചട്ടമൊന്നു പകർന്നുപോം.'
(പതിനാലുവൃത്തം)

**അകമ്പുറം അറിയുക**-തിരിച്ചറിയുക.

**അകമ്പുറം ചെയ്ക**-ചതിചെയ്ക.

**അകമ്പുകുക**-അകത്തു പ്രവേശിക്കുക.

'വലിയവനമകം പൂകുമ്പോൾ
വലിയ ചിലനിനദംകേട്ടു'
(രാമായണം ഇരുപത്തിനാലുവൃത്തം)

**അകംപ്ര**-വി. ഇളക്കമില്ലാത്ത

**അകര**-വി. ൧. കരം (കൈ) ഇല്ലാത്ത. ൨. കരം (രശ്മി) ഇല്ലാത്ത. ൩. കരം (നികുതി) ഇല്ലാത്ത. കരമൊഴിവായുള്ള. ൪. പ്രകാശമില്ലാത്ത, ശോഭയില്ലാത്ത ൫. പ്രവർത്തിക്കാത്ത.

**അകരജ**-വി ൧. കൈയിൽ നിന്നുണ്ടാകാത്ത. ൨. രശ്മിയിൽ നിന്നുണ്ടാകാത്ത.

**അകരാ**-ബ്രാഹ്മണന്റെ ഭവനം, അല്ലെങ്കിൽ ഭവനങ്ങൾ. അഗാരം എന്നതിനു (സംസ്കൃതത്തിൽ) വീടു്, ഗൃഹം, ഭവനം, പട്ടണം എന്നിങ്ങനെ അർത്ഥങ്ങൾ കാണുന്നു. അഗാരം ആയിരിക്കാം അകരമായതു്.

**അകരണം**-൧. പ്രവൃത്തി ചെയ്യായ്ക, ൨. നിവൃത്തി (പ്രവൃത്തിക്കു വിപരീതമായ ഗതി.)

**അകരണൻ**-പരമാത്മാവു്. യാതൊരു കരണവും (ക്രിയയും) ഇല്ലാത്തവൻ.

**അകരണി**-൧. തോൽവി. കരണം (ക്രിയ) കൂടാതിരിക്കുക. ൨. തെററു്, നാശം മുടിവു്. അകരണിശബ്ദം ശാപത്തിലാണു് അധികമായി പ്രയോഗിക്കുക.

'അകരണിരിത്യാക്രോശാപേ' എന്ന മരം. ആദിശബ്ദം 'അജീവനി' 'അജനനി' ഇത്യാദികളെ കാണിക്കുന്നു. 'ഭോ പഥിക മകരണ്യാനശ്യ ജാനാസ അജീവനിസ്തേശഠ ഭൂയാൽ'—എടാ പാപി നീ ഒന്നും ചെയ്യാത്തതുകൊണ്ടു എങ്ങനെ [illegible]ന്നില. [illegible] പല [illegible] ഭൂമിയിൽ [illegible] അവരാൽ ഒന്നും ഒന്നും ചെയ്യാതിരുന്നാൽ ആ ഇരിപ്പു് അവനു [illegible] ഉണ്ടാക്കും, നിനക്കു [illegible]

ന്നില്ല; നീ അത്ര പാപിയാണ്, എന്നു താൽപര്യം. ഇതിൽ നിന്ദ അന്തർഭവിച്ചിരിക്കുന്നു.

അകരണീയ—ചെയ്യരുതാത്തതു്; അകാര്യം.

അകരംവല്ലി. 'സേവനാൽ അകംരാതി' സേവനംകൊണ്ടു ദുഃഖത്തെ ഇല്ലാതാക്കുന്നതു്; മന്നല്ലിക എന്നു താൽപര്യം.

അകരുണൻ-കരുണ (കൃപ) യില്ലാത്തവൻ, മനഃകാഠിന്യമുള്ളവൻ, നിർദ്ദയൻ.

'കരുണാചിത്തന്മാരാം ധരണീസുരവൃന്ദ-
ചരണാംഭോരുഹത്തെസ്മരണംപ്രാപിക്കുന്നേൻ'
(സംഭവം) [ൻ

അകൎക്ക-വി. വെളുത്തതല്ലാത്ത.

അകൎക്കശ-വി. കടുപ്പമില്ലാത്ത.

അകൎക്കശ-വി. കടുപ്പം ഇല്ലാത്ത, മൃദുവായ. (കൎക്കശം = കടുപ്പം.)

'കൎക്കശമാനസ നിൻതല നമ്മുടെ
ചക്രംകൊണ്ടു മുറിച്ചേവിടുന്നേൻ'
(കൃഷ്ണാർജ്ജുനവിജയം തുള്ളൽ)

അകൎണ്ണ-വി. ചെവിയില്ലാത്ത, ചെവി കേൾക്കാത്ത.

അകൎണ്ണം- പാമ്പു്. കൎണ്ണങ്ങളില്ലാത്തതു്. സൎപ്പം കണ്ണുകൊണ്ടുതന്നെയാണു് കേൾക്കുന്നതും. "ചക്ഷുശ്രവസ്സ്" = സൎപ്പം.

അകൎണ്യ-വി. ചെവിക്കു യോഗ്യമല്ലാത്ത.

അകൎത്തന-വി. ഉയരമില്ലാത്ത, പൊക്കമില്ലാത്ത.

അകൎത്തവ്യ-വി ചെയ്യാൻ പാടില്ലാത്ത, ചെയ്യപ്പെടേണ്ടതല്ലാത്ത, കരണത്തിനു (പ്രവൃത്തിക്കു) യോഗ്യതയില്ലാത്ത.

അകൎത്തൃ-വി. പ്രവൃത്തിയില്ലാത്ത. (അകൎത്താ, അകർത്രി, അകൎത്തൃ).

അകൎത്തൃത്വം—അധികാരമില്ലായ്ക.

അകൎദ്ദമം-പു. അഴുക്കില്ലാത്തതു്, ചളിയില്ലാത്തതു്. ൨. മാംസമല്ലാത്തതു്. ൩. പാപമല്ലാത്തതു്.

അകർബ്ബുര-വി. പല നിറമല്ലാത്ത

അകൎമ്മാ—ന കൎമ്മ (പ്രവൃത്തി) ഇല്ലായ്ക. ൨. അകൃത്യം, കുറ്റം. ൩. (വ്യാകരണത്തിൽ) കൎത്താവു് ക്രിയയുടെ ഫലത്തെ ഏതിൽ ചേൎക്കുന്നതിന്നാഗ്രഹിക്കുന്നുവോ ആ കാരകത്തിനു കൎമ്മം എന്നു പേർ. അങ്ങിനെയുള്ള കൎമ്മം ഇല്ലായ്ക. ൪. കൎമ്മം (ദുഷ്കൎമ്മം) ഇല്ലായ്ക.

അകൎമ്മക—വി. കൎമ്മം (പ്രവൃത്തി) ഒന്നുമില്ലാത്ത, കൎമ്മമൊന്നും ചെയ്യാത്ത.

അകൎമ്മകരൻ-അകൃത്യം ചെയ്യുന്നവൻ. (കൎമ്മകരൻ = കൂലിക്കാരൻ, ഭൃത്യൻ-അങ്ങിനെ അല്ലാത്തവൻ അകൎമ്മകരൻ).

അകൎമ്മകൃത്തു്—അകൃത്യം ചെയ്യുന്നവൻ.

അകൎമ്മ(ക)ക്രിയ- (വ്യാകരണത്തിൽ) ഇന്ന തരപ്രകാരം ഇരിക്കുന്നു എന്നുള്ള സ്ഥിതിയെക്കുറിക്കുന്നതു്, കൎമ്മത്തോടുകൂടാത്തതു്. ഉ-ം, ഉറങ്ങുക, നടക്കുക മുതലായവ.

അകൎമ്മഠ വി. വേലയിൽ മിടുക്കില്ലാത്ത, ജോലിയിൽ താൽപര്യമില്ലാത്ത.

അകൎമ്മണ്യ-വി. ജോലിയിൽ താല്പൎയ്യമില്ലാത്ത, ഉത്സാഹമില്ലാത്ത.

അകൎമ്മണ്യ—ഉത്സാഹമില്ലായ്മ, മിടുക്കില്ലായ്മ, സാമൎത്ഥ്യമില്ലായ്മ.

അകൎമ്മശീല-വി. കൎമ്മങ്ങൾ (പ്രവൃത്തികൾ) ചെയ്യുന്ന ശീലമില്ലാത്ത.

അകൎമ്മശൂര-വി. വേലചെയ്യാൻ സാമൎത്ഥ്യമില്ലാത്ത, ജോലിയിൽ ഉത്സാഹമില്ലാത്ത.

അകൎമ്മക്ഷമ-വി. ജോലിചെയ്യുന്നതിനു ശക്തിയില്ലാത്ത, പ്രവൃത്തിക്കു ശക്തിയില്ലാത്ത.

അകൎമ്മാൎഹ-വി. പ്രവൃത്തിക്കു യോഗ്യമല്ലാത്ത, കൎമ്മത്തിനു യോഗ്യമല്ലാത്ത.

അകൎശന-വി. മെലിപ്പിക്കാത്ത, ദുൎബ്ബലപ്പെടുത്താത്ത.

അകൎശിത-വി. മെലിഞ്ഞതല്ലാത്ത.

അകൎഷക-വി. കൃഷിചെയ്യുന്നതല്ലാത്ത.

അകഷിത- വി. ൧. ഉഴക്കപ്പെടാത്ത. ൨. ഉഴപ്പെട്ടതല്ലാത്ത. ൩. വലിക്കപ്പെട്ടതല്ലാത്ത.

അകൽ(ല്)-മണ്ണുകൊണ്ടുള്ള ഒരുവിധം ഉരുണ്ട വിളക്ക്-(ദേശ്യപദം)

അകല-വി. കലകൾ (അംശങ്ങൾ) ഇല്ലാത്ത. ലകാര ളകാരങ്ങൾക്ക സംസ്കൃതത്തിൽ ഭേദമില്ല. 'ലളയോരഭേദഃ' എന്നുണ്ടല്ലോ. ഈശ്വരനെ അകളൻ, നിഷ്കളൻ, സകളൻ എന്നിങ്ങനെ പറയുന്നു. അകലൻ (അകളൻ), നിഷ്കലൻ (നിഷ്കളൻ)=കലകൾ (അംശങ്ങൾ) ഇല്ലാത്തവൻ. സകലൻ (സകളൻ)=അംശങ്ങൾ ഉള്ളവൻ. ഈശ്വരനെ സകളനായും സങ്കല്പിക്കാറുണ്ട്.

'സകളനപി ച നിഷ്കളൻ ഹരേ നീ'
(ശ്രീകൃഷ്ണചരിതം)

അകലം-൧. ദൂരം. ൨. വീതി. അകന്നിരിക്കുന്നത്-അകലം. ഇതു സംസ്കൃതപദമല്ല.

'ഒരു നൂറു യോജനയു-
ണ്ടകലം ലങ്കയിൽ ചെല്ലാൻ'
(ലങ്കാമർദ്ദനം ഓട്ടൻതുള്ളൽ)

'അകിലുമരംകൊണ്ടഖിലം തീർത്തു
അകലം നീളവുമളവില്ലതും'
(സ്യമന്തകം ഓട്ടൻതുള്ളൽ)

അകലവേ-ദൂരത്ത്. 'അകല' എന്ന കേവൽക്രിയാരൂപത്തോട് 'ഏ' എന്ന നിപാതം ചേർന്നുണ്ടായ രൂപം.

'ഉദാക്കവംശാപമുഖംസ്മൃതിമറയുകയാൽ
വല്ലഭൻ നിന്നെയന്നാൾ
കൈക്കൊണ്ടില്ലിന്നുപിന്നെക്കലുഷമകലവേ
സാദരം സ്വീകരിച്ചു'
(മലയാളശാകുന്തളം)

അകലഹാ-ശണ്ഠയില്ലായ്മ. (കലഹം=ശണ്ഠ).

'കമലമുഖി ചാന്ദ്ര ഹരിണമിത വാവാ
കലഹമിഹ പോരും പരമശിവശംഭോ'
(രാമായണം ഇരുപത്തിനാലുവൃത്തം)

അകലിക്ക-അകലത്താക്കുക, ദൂരത്താക്കുക. അകലുക എന്ന കേവലക്രിയയുടെ പ്രയോജകക്രിയ (ഈ പ്രയോഗം ദുർല്ലഭം).

അകലിത-വി. ൧. എണ്ണപ്പെട്ടതല്ലാത്ത. ൨. സമ്പാദിക്കപ്പെട്ടതല്ലാത്ത. ൩. കെട്ടപ്പെട്ടതല്ലാത്ത. ൪. അറിയപ്പെട്ടതല്ലാത്ത.

'കലിതരുചിഗഗനതളവികാരണമെന്തെടോ
കാരുണ്യവാരാന്നിധേ കപികുഞ്ജര'
(അദ്ധ്യാത്മരാമായണം സുന്ദര)

അകലിലം-പ്രവേശിക്കപ്പെടുവാൻ പ്രയാസമല്ലാത്ത.

അകലുക-൧. ദൂരത്താക, ൨. ഇല്ലാതാക. 'അകൽ' എന്ന ധാതുവിനോട് 'ഉക' ചേർന്ന് 'അകലുക' എന്നായി. അകലുക എന്ന കേവലക്രിയയുടെ പ്രയോജകപ്രകൃതി 'അകററുക' എന്നാണ്, 'അകലിക്ക' എന്നുമുണ്ട്. പക്ഷേ ആ ശബ്ദം പ്രയോഗിക്കുക ചുരുക്കം. അകലുന്നു എന്നതിന്റെ ഭൂതകാലം=അകന്നു.

'ശാപമകന്നവളുമുടൻ ചാരുസ്മിതമധുരമുഖി'
(രാമായണം ഇരുപത്തിനാലുവൃത്തം)

അകലുഷ-൧. പാപമില്ലാത്ത. ൨. കലങ്ങിയ സ്ഥിതിയില്ലാത്ത, കലങ്ങൽ(കലക്കൽ) ഇല്ലാത്ത. [കളള

'കലുഷതകൾ കളവിനിഹരാക്ഷസസ്ത്രീ
കണ്ടുകൊള്ളാമിതു സത്യമത്രേ ദൃഢം'
'കലുഷമനവധിധാടിതിചെയ്തിതെന്നാകിൽ
കാരുണ്യമീവണ്ണമില്ല മറ്റാർക്കുമേ' [ല്യം
(രാമായണം സുന്ദരകാണ്ഡം)

അകലുഷിത-കലങ്ങിയതല്ലാത്ത, കലക്കപ്പെട്ടതല്ലാത്ത.

'ലോകനാഥനിതുനാൾ ശകുന്തള പിരി-
ഞ്ഞതന്നോർത്തുഹൃത്തസുഖം
തുകാഞ്ഞു ശോകഭരം കലുഷിതം
ഭാവം ജഡം ചിന്തയാൽ'
(മലയാളശാകുന്തളം)

അകലേ-ദൂരത്ത്. അകല എന്നതിനോട് 'ഏ' ചേർന്ന് 'ല' എന്നതിലെ അകാരം

ലോപിച്ച സന്ധിയിൽ 'അകലേ' എന്നായതാണ്.

'കോകീവാർത്താ പ്രിയവിരഹിതാ
കോമളാംഗീ തദാനീ-
മേകീഭൂതാ സഖികളകലെ-
ച്ചെന്നുറങ്ങുന്നനേരം'
(മയൂരസന്ദേശം)

'ഏതെങ്കിലും ഒരുമിച്ചു വന്നവരെ ചെന്നുകണ്ട് ആശ്രമത്തിൽനിന്നും അധികം അകലെയല്ലാതെ ഒരെടത്തു നിറുത്താം'
(അഭിജ്ഞാനശാകുന്തളം)

അകല്ക-വി. ൧. കലക്കം (അശുദ്ധി) ഇല്ലാത്ത. ൨. എണ്ണ വെളിച്ചെണ്ണ മുതലായതിൻെറ മട്ട (ഊറൽ) ഇല്ലാത്ത. ൩. പാപം ഇല്ലാത്ത. ൪. മരുന്നരച്ചും മററുമുണ്ടാകുന്ന കല്ക്കം എന്ന (വസ്തു) ഇല്ലാത്ത (അല്ലാത്ത.) ൫. തെളിവുള്ള.

അകല്ക-നിലാവ്. നിർമ്മലമായതു (കളങ്കമില്ലാത്തതു) കൊണ്ട് ഈ പേരുണ്ടായി.

അകല്കത-ആർജ്ജവം, സത്യം, നിർമ്മലത.

അകല്കന-വി. വിനയമുള്ള, മനസ്സിൽ ഗർവ്വമായ ദോഷം ഇല്ലാത്ത, പാപമില്ലാത്ത.

'അകല്കനോ നിരാരംഭഃ'
(ഭഗവദ്ഗീത)

അകൽക, അകലുക-ദൂരത്താക. 'അകൽക' എന്ന രൂപം തമിഴിൽ ധാരാളമുണ്ട്. മലയാളത്തിൽ അപൂർവ്വം. 'പറഞ്ഞുകൊൾക' 'ചെയ്തുകൊൾക' എന്നിങ്ങനെ കാണുന്നുമുണ്ട്. 'അകൽക' എന്നു പ്രയോഗിക്കാതെയിരിക്ക നന്ന്.

അകല്ച-അകന്നിരിക്കുന്ന സ്ഥിതി, വിടിച്ചു, വേർപാട്, ദൂരത്താക 'അകൽ' എന്നതിനോടു 'ച' എന്ന പ്രത്യയം ചേർന്നുണ്ടായതു്.
(കേരളപാണിനീയം സൂത്രം ൨൨൯)

'അകല്ച ചാണക്യനമൌര്യനോടുമെ-
(ചാണക്യസൂത്രം) [രികയുണ്ടു'

'ശകടം പഞ്ചഹസ്തേഷു
ദശഹസ്തേഷു വാജിനം
ഹസ്തിം ഹസ്തസഹസ്രേഷു
ദുർജ്ജനം ദൂരതസ്ത്യജേൽ'

എന്നതനുസരിച്ചു ചാടിന് അഞ്ചും, കുതിരയ്ക്കു പത്തും, ആനയ്ക്ക് ആയിരവും, ദുർജ്ജനത്തിന് അനവധിയും കോൽ അകന്നു നില്ക്കണം.

അകല്ചകൾ താഴെ വിവരിക്കുന്ന വണ്ണം നാലുവിധമുണ്ടെന്നും കാണുന്നു.

൧. ആനയ്ക്ക് ആയിരംകോൽ ൨. കുതിരയ്ക്കു നൂറുകോൽ. ൩. മററു കൊമ്പുള്ളവയ്ക്കു പത്തുകോൽ. ൪. ദുഷ്ടന്ന് അളവററ കോൽ.

അകല്പ-വി. ൧. സാദൃശ്യം തുല്യത ഇല്ലാത്ത. ൨. ബലക്കുറവുള്ള. ൩. തടുക്കത്താത്ത.

അകല്പിത-വി. ൧. കല്പിക്കപ്പെട്ടതല്ലാത്ത, ഉണ്ടാക്കപ്പെട്ടതല്ലാത്ത. ൨. ഉപദേശിക്കപ്പെട്ടതല്ലാത്ത. ൩. നിശ്ചയിക്കപ്പെട്ടതല്ലാത്ത. ൪. വിചാരിക്കപ്പെട്ടതല്ലാത്ത.

'കമ്പിൽകല്പിതവല്ക്കലസ്യ ച തരോ-
ർമ്മൂലേ ചികിഷ്യാമ്യഹം'
(അഭിജ്ഞാനശാകുന്തളം)

ഇവിടെ കല്പിതശബ്ദത്തിനു 'തൂക്കപ്പെട്ട' എന്നർത്ഥം.

അകല്മഷ-വി. കല്മഷം (പാപം) ഇല്ലാത്ത, ദൌഷ്ട്യമില്ലാത്ത, അഴുക്കില്ലാത്ത.

'കാലകല്മഷഹീനനായ മകനെ-
പ്പാററക്കന പ്രാപിച്ചാൽ
ബാലേ നീമമ വിപ്രയോഗകൃതമാം,
മാലതുമൊരുലാചിയാ'
(അഭിജ്ഞാനശാകുന്തളം)

അകല്മാഷൻ-൪-ാമത്തെ മനുവിൻെറ ഒരു മകൻ.

അകല്യ-വി. ൧. കലാവിദ്യകളിൽ നൈപുണ്യമില്ലാത്ത. ൨. രോഗമുള്ള.

൩. വിദ്യാവ്യുൽപത്തിയില്ലാത്ത. ൪. നിർവ്യാജമായ. ൫. സന്തോഷത്തെ നൽകുന്ന സ്ഥിതിയല്ലാത്ത. ൬. ശുഭമല്ലാത്ത. ൭. ഉത്തമയല്ലാത്ത. ൮. തയാറല്ലാത്ത. (കല്യ=കുശലിനി, ശുഭവതി).

'കല്യാ ദൈവാൽ കഥമപിസമുൻ-
മൂലിതസ്വാന്തശല്യാ'
'കല്യൻ ഗുണപ്രവരനൊരുവൻ
കാന്തയൊത്തേറെയനാരാൽ'
(മയൂരസന്ദേശം)

'ഉൽക്കർഷാൽ തത്ഭടരെപ്പുരം വിറപ്പി-
ച്ചുകല്യൻ നൃപനുടെ മട്ടിലാഗമിച്ചു'
(രുഗ്മാംഗദചരിതം മഹാകാവ്യം)

അകല്യാണ-വി. കല്യാണം (ശുഭം) ഇല്ലാത്ത. കല്യാണം എന്ന പദത്തിനു ഭാഷയിൽ 'വിവാഹം' എന്നു അർത്ഥം നടപ്പായിരിക്കുന്നു. സംസ്കൃതത്തിൽ ഈ ശബ്ദത്തിനു 'വിവാഹം' എന്നർത്ഥമില്ല

'ശ്വഃശ്രേയസം ശിവം ഭദ്രം
കല്യാണം മംഗളം ശുഭം
ഭാവുകം ഭവികം ഭവ്യം
കുശലം ക്ഷേമമസ്ത്രിയാം
ശസ്തം ചാഥ ത്രിഷു ദ്രവ്യേ
പാപപുണ്യസുഖാദി ച'

എന്നു അമരം ഉള്ളതുകൊണ്ടു സ്പഷ്ടമാകുന്നു. കല്യാണം രോഗമില്ലായ്മയെ പ്രാപിപ്പിക്കുന്നതു് എന്നു വ്യുൽപത്തി. 'കല്യാണം' എന്നതിനു വിവാഹസംബന്ധമായ അർത്ഥം ഇല്ല. ശുഭാവസരമായതുകൊണ്ടു വിവാഹത്തിനു 'കല്യാണം' എന്നു ഭാഷയിൽ അർത്ഥം വന്നുകൂടിയതായിരിക്കണം. ഇതു ധാരാളം നടപ്പിൽ വന്നുപോയതുകൊണ്ടു സാധു തന്നെ. 'സുന്ദരീകല്യാണം' 'ഉഷാകല്യാണം' 'ലക്ഷ്മീകല്യാണം' മുതലായവ നോക്കുക. 'കല്യാണം' ശുഭമെന്നതിനു ഉ-ം,

'കല്യാണാംഗി ക്വചികഠിനമാം-
പല്ലാവലം പിണഞ്ഞു'
(മയൂരസന്ദേശം)

'കല്യാണശീല നൃപതേ തവ പാത്രം[ന്നം'
ലഭിച്ചോരുദന്തം,കേട്ടുവാസ്തുന്നുപലതുംവേ
(കിർമ്മീരവധം കഥകളി)

വിവാഹം എന്നതിനു ഉ-ം,

'മല്ലാട്ട ദൈവജ്ഞവരം വരുത്തി-
ക്കല്പിച്ചു കല്യാണദിനം തദാനീം'
(ഭാഷാനൈഷധചമ്പു)

ഈ 'കല്യാണദിനത്തിനു ശുഭദിവസമെന്നും അർത്ഥം വരാമെന്നുള്ളതിനാൽ ഒരുദാഹരണം കൂടി ചേർക്കുന്നു:—

'കല്യാണക്കോപ്പിവണ്ണംകനിവിനൊടുവി-
രച്ചക്ഷമാപാലരത്നം'
'കല്യാണത്തിനെത്തീ വൃഥ്വീതിലകപരിവൃഢ-
പ്രൗഢിമാന്നേതുമാരാൽ'
(ഭാഷാനൈഷധചമ്പു)

അകല്യാണി-കല്യാണി അല്ലാത്തവൾ, നന്മയില്ലാത്തവൾ.

അകല്ലോല-വി. വിരോധമില്ലാത്ത,ശത്രുതയില്ലാത്ത.

അകവ-വി. വർണ്ണിക്കത്തക്കതല്ലാത്ത.
'അകവാമഹോഭിഃ' (വേദം)

അകവലിവു്-ഉൾവലിവു്, അകത്തോട്ടുള്ള വലിവു്. ആറ്റിന്റെയും മറ്റും അരികിൽ ചിലേടത്തു മേല്പോട്ടുള്ള ഒഴുക്കു്, അടിയിൽക്കൂടിയുള്ള വലിവു്.

അകവാരം-ഉൾഭാഗം, അന്തർഭാഗം.

അകവാൾ-മസൂരിയുടെ ഉപദ്രവവിശേഷം

അകവിപ്പു്-ബാലന്മാർക്കു പതിനാലുവയസ്സിനകത്തു് ഉണ്ടാകുന്ന അമ്പത്തെട്ടുവിധം കരപ്പനിൽ ഒന്നു്. പനി, ഇക്കിൾ, സഞ്ചാരം ഇവയുണ്ടാകും. അകാന്തരത്തു നീരുവീഴ്ച മുട്ടും, കൺമിഴി മേലെപ്പോളയിൽ മറയും, ദാഹം വർദ്ധിക്കും, വിളുമ്പിക്കാറും, അല്പഴപ്പും ഞെട്ടുകയും ചെയ്യും ഇത്യാദിയത്രെ ലക്ഷണങ്ങൾ.

അകവി-വി. ബുദ്ധിയില്ലാത്ത, ജ്ഞാനമില്ലാത്ത.

അകവില-നിര. വില. അകത്തു (കമ്പോളത്തിൽ) നടപ്പുള്ള വില.

അകർവാർണ്ണ-വി. കർവാർണ്ണം (അല്പമായ ചൂട്) അല്ലാത്ത.

അകശ്മല-വി. അഴുക്കില്ലാത്ത, മുഷിഞ്ഞതല്ലാത്ത, ലജ്ജയെ ഉണ്ടാക്കുന്നതല്ലാത്ത

'ഒരവസ്ഥതിരിയാത്ത കശ്മലന്മാരിവരല്ലൊ'

(നാളായണീചരിതം തുള്ളൽ)

അകശ്ശില- ഉരശില, അകത്തെശില, ഉരത്തുണി.

അകഷായ-വി. ഫ. ചവർപ്പുരസമല്ലാത്ത. വ. ചെമപ്പുനിറമല്ലാത്ത.

അകസ്മാൽ–അകാരണമായി, കാരണം കൂടാതെ, പെട്ടെന്ന്. ഇതു സംസ്കൃതത്തിലെ 'അകസ്മാത്' എന്ന ശബ്ദമാണ് ബലാത് =ബലാൽ ഇത്യാദി നോക്കുക.

'കല്യാണാംഗീ കതിപയപദാ-
ന്യേവ പോയിട്ടകസ്മാൽ'

(അഭിജ്ഞാനശാകുന്തളം)

അകളങ്ക-വി. കളങ്കം (കറ) ഇല്ലാത്ത, കറയില്ലാത്ത, മാലിന്യമില്ലാത്ത.

'ശുഷ്കപത്രനടുവേ വിലസീടും
നിഷ്കളങ്കതളിരെന്നതുപോലെ'

(അഭിജ്ഞാനശാകുന്തളം)

അകളങ്കിത–വി. കളങ്കിതമല്ലാത്ത (കളങ്കിതം=കളങ്കമുള്ളത്).

'തിങ്കൾതന്നുടെ കളങ്കിതാങ്കമുടൽ
ശങ്കരൻെറ ഗളമണ്ഡലം'

(ഭാഷാഭൂഷണം)

അകററുക-ദൂരത്താക്കുക. അകലുക എന്ന കേവലക്രിയയുടെ പ്രയോജകക്രിയ; 'അകല്ക്ക' എന്നപ്രയോഗം വളരെ ചുരുക്കം

'സന്താപന്താർദ്ധൂമമാഴിയക-
റീട്ടഭീഷ്ടങ്ങളെല്ലാം
സന്താനന്താനടിമേൽപണി-
ഞ്ഞീട്ടവോരൾക്കിട്ടുന്നു'

(മയൂരസന്ദേശം)

'സന്താപമകാന്നമകററവാനും
ചെന്താർശരൻതാനൊരുഹേതുവായി'

(മലയാളശാകുന്തളം)

'പങ്കജാസനനെബ്ഭജിച്ചവരെ-
ണ്ടതൊക്കെവരിക്കാനം
പങ്കമാശുകളഞ്ഞുനമ്മുടെ
സങ്കടങ്ങളകററണം.

(ത്രിപുരദഹനം തുള്ളൽ)

രണ്ടുവസ്തുക്കൾ ഒന്നിച്ചു തൊട്ടിരിക്കയും വളരെ അടുത്തിരിക്കുകയും ചെയ്താൽ അവയെ വേർപെടുത്തി ഇടയുണ്ടാക്കുന്നതിനും 'അകററുക' എന്നു പറയാറുണ്ട്.

അകാ–വീട്ടിനകം.

അകാകരുക-വി. ഫ. ഭീതിയില്ലാത്ത. വ. നഗ്നമല്ലാത്ത.

അകാചിത-ഉറിയിൽതൂക്കപ്പെട്ടതല്ലാത്ത.

അകാണ്ഡ-വി. പെട്ടെന്നുണ്ടായ, കാണ്ഡം (തടിയായ ഭാഗം) ഇല്ലാത്ത.

അകാണ്ഡജാത-വി. പെട്ടെന്നുണ്ടായ.

അകാണ്ഡപാതം-യാദൃച്ഛികമായ സംഭവം. അകാണ്ഡമായി (പെട്ടെന്നു) പതിച്ചത് (ഉണ്ടായത്).

അകാണ്ഡപാതജാത-വി. ജനിച്ചഉടൻ മരിക്കുന്ന.

അകാണ്ഡീന-വി. അസ്ത്രമില്ലാത്ത, അസ്ത്രമെടുക്കാത്ത.

അകാണ്ഡേ- (അവ്യയം) പെട്ടെന്ന്, അകാരണമായി.

'ഭ്രാന്തരണചരണക്ഷതജിത്യകാണ്ഡേ'

(സംസ്കൃതശാകുന്തളം)

അകാതര-വി. ഭയമില്ലാത്ത, പേടിയില്ലാത്ത. വ. പരവശതയില്ലാത്ത. കാതര=ഭയശീല.

'കലഹമവനോടുതുടങ്ങിതുടൈരമെങ്കാത്ര
കാതരയായ്ക്കുതംനീയെന്തിന്നിനിയം' [ശ്ശം

(അദ്ധ്യാത്മരാമായണം)

അകാതര്യം-കാതര്യം (ഭീരുത്വം) ഇല്ലായ്മ.

അകാന്ത-വി. കാന്തിയില്ലാത്ത, സൌന്ദര്യമില്ലാത്ത, മനോഹരമല്ലാത്ത.

അകാന്ദിശീക-ഭയപ്പാടില്ലാത്തയുള്ള.

അകാപടിക-വി. ഫ. കൗടില്യമില്ലാത്ത. വ. വ്യാജമില്ലാത്ത.

അകാപാലിക- വി. തലയോടിനോടു സംബന്ധിച്ചതല്ലാത്ത.

അകാമ-വി. പ. കാമം (ആഗ്രഹം) ഇല്ലാത്ത, സ്നേഹം ഇല്ലാത്ത. ല. അനുരാഗം ഇല്ലാത്ത, മനഃപൂർവ്വമില്ലാത്ത.

'അകാമനാണെങ്കിലുമഞ്ജിവർണ്ണമി-
ന്നകാരണംകേറിവരില്ലനിർണ്ണയം'
(രുക്മാംഗദചരിതം മഹാകാവ്യം)

അകാമതഃ-(തദ്ധിതാന്തമവ്യയം) മനഃപൂർവ്വമല്ലാതെ, മനസ്സില്ലാതെ, ഇഷ്ടമില്ലാതെ, ഫലോദ്ദേശം കൂടാതെ. [മതഃ'
'ഇതരേകൃതവന്തസ്തുപാപാന്യേതാന്യകാ
(മനുസ്മൃതി)

അകാമത-അനുരാഗം ഇല്ലായ്മ, സ്നേഹമില്ലായ്മ.

അകാമദ-വി. ഇഷ്ടമുള്ളതിനെ കൊടുക്കുന്നതല്ലാത്ത.

അകാമഹത-വി. അനുരാഗം നശിച്ച, ശാന്തമായ.

അകാമി-കാമി അല്ലാത്തവൻ, ആഗ്രഹമുള്ളവനല്ലാത്തവൻ.

'കണ്ടക്കാമീ നിജകമനീയാം
നീലവേണീം നിനച്ചി-
ട്ടിണ്ടൽക്കാറ്റം വശഗനവിടെ-
ത്തന്നെ മിണ്ടാതെനിന്നാൻ'
(മയൂരസന്ദേശം)
കാമീ ഭൂമീവലാരിർവ്യചരദുപവനേ
നസ്സഹായോ നഗൂഢഃ'
(ഭാഷാനൈഷധചമ്പു

അകാമ്യ-വി. കാമ്യം (ആഗ്രഹിക്കത്തക്കതു്) അല്ലാത്ത.

അകായ-വി. കായം (ശരീരം) ഇല്ലാത്ത.

അകായൻ-പു. ശരീരമില്ലാത്തവൻ. ല. പരബ്രഹ്മം. ന. രാഹു. പാലാഴിമഥനത്തിൽ രാഹുവിനു അംഗഭംഗമ വന്നിട്ടുള്ളു. ശരീരം മുഴുവനും പോയിട്ടുകാണുന്നല്ല 'അകായൻ' എന്ന പേരുണ്ടായതു്. രണ്ടു കൈകളും തലയും ഇല്ലാതായിട്ടുണ്ടു്. രാഹുർവേഷം മാറി അമൃതം കട്ടുണ്ണുന്ന ദേവന്മാരുടെ ഇടയിൽ ഇരുന്നു കട്ടു കുടിച്ചപ്പോൾ സൂര്യചന്ദ്രന്മാരിൽനിന്നു കിട്ടിയ അറിവുകൊണ്ടു വിഷ്ണു രാഹുവിനെ മേൽപ്രകാരം ശിക്ഷിക്കയുണ്ടായി.

അകായിൽ-ഭവനത്തിനകത്തു്, വീട്ടിനകത്തു്. 'അകവായിൽ' എന്ന ദ്രാവിഡപദമാണു് 'അകായിൽ' എന്നായതു്. അകവായിൽ = അകത്തു്. ഇൽ എന്ന പ്രത്യയത്തിനു (ഭവനം) ഇല്ലം എന്നാണു പണ്ടേയുള്ള അർത്ഥം.

അകായിലുള്ളവർ- ബ്രാഹ്മണസ്ത്രീകൾക്കു പ്രത്യേകിച്ചു പറയുന്ന ഒരു പേർ. (സംസ്കൃതത്തിൽ) ഗൃഹിണി. തമിഴിൽ ഇല്ലാൾ, മനൈവി.

അകായിക-വി. ശരീരസംബന്ധമല്ലാത്ത.

അകാര-വി. പ്രവർത്തിക്കാത്ത.

അകാരണ-വി. കാരണമില്ലാത്ത, പെട്ടെന്നു സംഭവിച്ച.

അകാരണം-കാരണമില്ലാതെയുണ്ടായതു്, കാരണമില്ലാതെയുള്ളതു്.

'കരവകമണവും കലർന്നു ഖാതം
കരളിനകാരണമായുമാർത്തിയേകും'
(മാളവികാഗ്നിമിത്രം)

അകാരം-'അ' എന്ന സ്വരം. 'കാരമം വിവർണ്ണം കുറിയ്ക്കും' (കേരളപാണിനീയം സൂത്രം ൨൭.)

അകാരാദി-വിഷയങ്ങളെ എളുപ്പം നോക്കി ഗ്രഹിപ്പാനായി അ. ആ. ഇ. ഈ. എന്നു ശബ്ദക്രമത്തിൽ അടുക്കി ചേർത്തെഴുതീട്ടുള്ളതു്.

അകാരിതം-അബലക്രിയ. (വ്യാകരണത്തിൽ) പ്രയോജകപ്രകൃതിയുടെ രൂപമുള്ള ചില കേവലധാതുക്കളെ (സേവിക്കു, മേയിക്കു) കാരിതം (ബലക്രിയ) എന്നും പ്രയോജകപ്രകൃതിയുടെ രൂപമില്ലാത്ത ധാതുക്കളെ (ഉറങ്ങുക, നടക്കുക) അകാരിതം (അബലക്രിയ) എന്നും പറയുന്നു.

അകാരുണിക- വി. കരുണയില്ലാത്ത, കൃപയില്ലാത്ത, ദയയില്ലാത്ത.

അകാരുണ്യ-വി. കാരുണ്യം (കൃപ= ദയ) ഇല്ലാത്ത.

അകാൎണ്ണവേഷ്ടകിക-വി. കണ്ണുകളിൽ അണിയാൻ കൊള്ളാത്ത.

അകാൎപ്പണ്യം-ന. കാൎപ്പണ്യം (കൃപണഭാവം) ഇല്ലായ്മ, ദരിദ്രതയില്ലായ്മ. ഉ. കൃപയില്ലായ്മ. ന. ദുരാഗ്രഹമില്ലായ്മ, ലോഭമില്ലായ്മ. ൪. മഹാമനസ്കതയില്ലായ്മ.

അകാൎമ്മ-വി. പ്രവൃത്തിക്ക ശീലമല്ലാത്ത.

അകാൎമ്മണം-വശീകരപ്രവൃത്തിയില്ലായ്മ സ്വാധീനമാകുന്നതിനുള്ള പ്രയോഗമില്ലായ്മ.

അകാൎമ്മുക-വി. ജോലി ചെയ്യുന്നതിൽ മിടുക്കും യോഗ്യതയും ഇല്ലാത്ത. പു-അകാൎമ്മുകൻ. സ്ത്രീ അകാൎമ്മുകി. നപു-അകാൎമ്മുകം.

അകാൎയ്യ-വി. ചെയ്യേണ്ടതല്ലാത്ത [ച്ചാൽ 'കാൎയ്യമില്ലാത്ത വസ്തു ചിന്തിച്ചു പ്രവൃത്തികാരണംകൂടാതുള്ളോരനൎത്ഥം ഭവിച്ചീടും' (പഞ്ചതന്ത്രം)

അകാൎയ്യം-കാൎയ്യമല്ലാത്ത പ്രവൃത്തി, ദുഷ്പ്രവൃത്തി, ദോഷം, ചെയ്യരുതാത്തതു്.

അകാൎയ്യകാരി-ദുഷ്കൃത്യം ചെയ്യുന്നവൻ, അകൃത്യം ചെയ്യുന്നവൻ.

അകാൎയ്യകുശലൻ-ചെയ്യാനുള്ള പ്രവൃത്തിയിൽ സാമൎത്ഥ്യമില്ലാത്തവൻ.

അകാൎത്രയം-ആനയുടെ കാലുകളിൽ മുട്ടിന്റെ നാൽവിരൽ മുകളിലുള്ള ഒരു മൎമ്മം

അകാൎശ്യം-കാൎശ്യം (മെലിവു്) ഇല്ലായ്മ.

അകാൎഷ്ണ്യം-കാൎഷ്ണ്യം (കറുത്തനിറം) ഇല്ലായ്മ.

അകാല-വി. തക്ക കാലത്തിലല്ലാത്ത. (കാലമല്ലാത്തതു=തക്കകാലമല്ലാത്തതു്) ഉ-ം, 'അകാലമരണം' 'അകാലജനനം'

'നേരമന്നേരത്തകലയുമിതു-
ന്നീടായും നീയകാലേ
ചാക്കുണ്ടാകാമെന്തശങ്കയവും
ചാക്കതേറില്ലവൎക്ക്'

(മയൂരസന്ദേശം)

കാലം എന്നാൽ തക്കകാലം എന്നൎത്ഥം.

'കാലേ കല്മഷഹീനനായ മകനെ-
പ്പെററക്കുന്നെ പ്രാപിപ്പോൾ'

(അഭിജ്ഞാനശാകുന്തളം) [ല്ലും

'ശോകുളും നാരികളും കാലത്തുകേവലമ
പൂക്കയുംകായ്ക്കയുംചെയ്തീടുമേ മരങ്ങളും'

(ഭാരതം)

അകാലം - അസമയം, തക്കകാലമല്ലാത്തതു്.

അകാലകുസുമം(പുഷ്പം) - തക്കകാലത്തിലല്ലാതെ ഉണ്ടാകുന്നതോ വിടരുന്നതോ ആയ പൂവു്.

അകാലഗതി-അകാലത്തിലെ (അസമയത്തിന്റെ) പോക്കു്.

അകാലജ-വി. അകാലത്തിലുണ്ടായ, തക്ക കാലത്തിലല്ലാതെയുണ്ടായ.

അകാലജലദം-അസമയത്തുണ്ടായ മേഘം

അകാലജാത-വി. അകാലത്തിലുണ്ടായ, തക്കകാലത്തിലല്ലാതെയുണ്ടായ.

അകാലജ്ഞ-വി അകാലത്തെയറിയുന്ന

അകാലവേള-തക്കതല്ലാത്ത സമയം, അകാലസമയം.

അകാലവൈഭവം-അസമയത്തിന്റെ ശക്തി.

അകാലസഹ-വി. ൧. സഹനശക്തിയില്ലാത്ത. ൨. താമസത്തെ സഹിക്കാത്ത. ൩. താങ്ങാൻ കഴിയാത്ത.

അകാലിക-വി. അസമയത്തുള്ള, അസമയത്തുണ്ടായ. പു-അകാലികൻ. സ്ത്രീ-അകാലികി. നപു-അകാലികം.

അകാലുഷ്യം-ന. കാലുഷ്യം(കലുഷത= കലുഷഭാവം) ഇല്ലായ്മ, അഴുക്കില്ലായ്മ. ൨. കലക്കമില്ലായ്മ, മനസ്സിനു വല്ലായ്മയില്ലാതിരിക്കുന്ന സ്ഥിതി

'കാലുഷ്യം സ്വയമേവ പോയിതമെന്നി-
ക്കത്യന്തവിശ്രംശവും'

(അഭിജ്ഞാനശാകുന്തളം)

അകാലോൽപന്ന- അകാലത്തുണ്ടായ.

അകാല്പനിക-വി. ഗ്ര. കാല്പനിക മല്ലാത്ത, വിചാരമാത്രമല്ലാത്ത വ. ചതിയില്ലാത്ത. കാല്പനികം = കല്പന ത്തെ സംബന്ധിച്ചതു്. (അറിയാത്ത കാ ര്യങ്ങളെ സൂക്ഷ്മമായി അറിഞ്ഞവയെ പ്പോലെ വിവരിച്ചു പറയുന്നതിനു 'കല്പ ന' എന്നു പേർ.

അകാല്യ-വി. ഗ്ര. അകാലത്തിലുള്ള,തക്ക കാലത്തിലുള്ളതല്ലാത്ത, സമയത്തുണ്ടാ കാൻ തക്കതല്ലാത്ത. വ. മനസ്സിനിണ ങ്ങിയതല്ലാത്ത. ന. മംഗലമല്ലാത്ത.

അകാല്യാണകം-അമംഗലം, ശുഭമില്ലാ യ്മ. ശുഭം അല്ലെങ്കിൽ മംഗലം എന്നർത്ഥ മുള്ള കല്യാണശബ്ദത്തിൽനിന്നു കാല്യാ ണകം ഉണ്ടായി. കാല്യാണകം ഇല്ലാ ത്തതു് അകാല്യാണകം.കാല്യാണകം= മംഗലം, അല്ലെങ്കിൽ മംഗലത്തെ നൽ കുന്ന സ്ഥിതി.

അകാവു-ബുഭുക്ഷ.

അകാവ്യ-വി. വിഭാവങ്ങളെയും കവി യുടെയും രീതിയില്ലാത്ത വ. വായാ നുള്ള കാര്യം മുൻകൂട്ടി ഗ്രഹിക്ക എന്നുള്ള സ്ഥിതിയില്ലാത്ത, ന. കവിതയിൽ വാ സനയില്ലാത്ത,

അകാശി-വി. പ്രകാശമില്ലാത്ത, ശോഭ യില്ലാത്ത

അകാശ്മല്യ-അകശ്മലത, മൂഢതയി ല്ലായ്മ, പാപമില്ലായ്മ, അഴുക്കില്ലായ്മ.

'ശുശീലനായുള്ള ശുശ്രൂഷസനൻറ
കാശ്മല്യമെന്നും മറന്നില്ലശീമൻ'

(പതിനാലുവൃത്തം)

അകാഷായ-വി. ചെമപ്പില്ലാത്ത.

അകാഷ്ഠ-ഗ്ര. മരമല്ലാത്തതു്, വിറകല്ലാ ത്തതു. വ. മലമല്ലാത്തതു്.

അകാസ-വി. കാസം(ചുമ)ഇല്ലാത്ത.

'അതിവ്യായാമതഃ കാസഃ
ജ്വരശ്ഛർദിശ്ചജായതേ'

(അഷ്ടാംഗഹൃദയം)

അകാഫല-വി. ഗ്ര. വാടാത്ത. വ. വല്യ തല്ലാത്ത, വളരെ അല്ലാത്ത ന. ഉപദ വിക്കാത്ത.

അകാള-വി. കറുത്തതല്ലാത്ത കാളം= കറുത്തതു.

'കാളമേഘമിടതിങ്ങിവിങ്ങിബത
ഭംഗിയേറുമിടിമിന്നലും'

(ശ്രീകൃഷ്ണചരിതം)

അകാളികം കാളികം (മഷി, കറുപ്പു്) അല്ലാത്ത.

അകിക്കക-ഗമിക്കുക. ഉ-ം, മന്ദാകിനി (മന്ദമായി അകിക്കുന്നവൾ, ഗമിക്കുന്ന വൾ) ഗംഗ.

അകിഞ്ചന-വി. അല്പവുമില്ലാത്ത. കി ഞ്ചന = അല്പം.

'വാക്കിനാരൊട്ടുമിന്നകിഞ്ചന
രോല്ലയില്ലതു നിശ്ചയം'

(നളായണീചരിതം തുള്ളൽ)

അകിഞ്ചനൻ-ദരിദ്രൻ, ആർക്കു് ഒട്ടുമി ല്ലയോ അവൻ അകിഞ്ചനൻ. (നാസ്തി കിഞ്ചന യസ്യ സഃ).

അകിഞ്ചനത-അകിഞ്ചനന്റെ ഭാവം, ഇരപ്പാളിത്തം.

അകിഞ്ചനത്വം- അകിഞ്ചനന്റെ ഭാ വം, ദാരിദ്ര്യം, ഇരപ്പാളിത്തം.

അകിഞ്ചിജ്ഞൻ- ഒന്നും അറിയാത്ത വൻ, മൂഢൻ.

അകിഞ്ചിത്കര-വി. ഒരു പ്രവൃത്തിയും ചെയ്യാത്ത, ഉപയോഗമില്ലാത്ത.

അകിട്-മൃഗങ്ങളുടെ മുലത്തടം, നാല്ക്കാ ല്മൃഗങ്ങളുടെ മുലകൾക്കു മേലെ പാലി രിക്കുന്ന സ്ഥലം.

'ഊധസ്സു ക്ലീബമാപീനം' എന്നമരം.

ഊധസ്സ്, ആപീനം ഇവ രണ്ടും അകി ടിൻറെ പര്യായങ്ങളാണ്.

'ക്ഷീരമുള്ളോരകിടിൻചുവട്ടിലും
ചോരതന്നെ കൊതുകിന്നുകൌതുകം

**അകിട്ടപകിട്ട**-അകട്ടവികട്ട, തലകീഴാവുക, കീഴ്മേലാവുക "അകടവികടമായി, അകിട്ടപകിട്ടായി, ഒക്കെ അകട്ടവികടമാക്കി."

**അകിതവൻ**-കിതവനല്ലാത്തവൻ, ധൂൎത്തനല്ലാത്തവൻ. കിതവൻ = ധൂൎത്തൻ.
'ഏവമയികിതവ മമ ഭാവമിനിയത്തുമറിക'
(നളചരിതം)

**അകിച്ച്**-മുക്കാരശബ്ദം, കാളയുടെ മുക്കാരശബ്ദംപോലെയുള്ള ശബ്ദം.

**അകിൎമ്മീര**-വി. ചിത്രവൎണ്ണങ്ങളില്ലാത്ത.

**അകിൎമ്മീരിതം**-ചിത്രവൎണ്ണമാക്കപ്പെട്ടതല്ലാത്തതു്.

**അകിൽ**-മണമുള്ള ഒരു വൃക്ഷം. അഗരു എന്നതിന്റെ തത്ഭവമാണ്. തമിഴിൽ അകിൽ എന്നും, ഇംഗ്ലീഷിൽ Eagle wood ഈഗിൾവുഡ് എന്നുംപറയുന്നു. സാധാരണ ഔഷധികൾക്കു് ഉപയോഗിച്ചുവരുന്നതു് ഇതിന്റെ തടിയാണ്. നാലുവിധമുള്ളതിൽ കറുത്തതാണ നന്ന്. ശ്രമവും ക്ലമവും നശിപ്പിക്കും. കഫനാശനമാണ്.
'അകിൽ ചെങ്കുങ്കുമച്ചാറും
ധരിച്ച തോഴിമാരോടും'
(നളചരിതം കഥകളി)
'അകിലണിവാർ മുലയാൾ'
'അകിലാരം വൻകൊങ്കകൾ'
(രാമചരിതം)

**അകിൽബിഷ**-വി. ൧. കിൽബിഷ(പാപ)മില്ലാത്ത. ൨. കുറ്റമില്ലാത്ത.
'കിൽബിഷകാരിണിയായകൈകേയിതൻ
ഗൎഭത്തിൽനിന്നു ജനിച്ചൊരു കാരണം'
(അദ്ധ്യാത്മരാമായണം)

**അകിശോര**-വി. ബാല്യമല്ലാത്ത, കുട്ടിക്കാലമല്ലാത്ത.

**അകിഷ്ണ**-വി. ചീത്തയല്ലാത്ത, നിന്ദയുണ്ടാക്കുന്നതല്ലാത്ത.

**അകിഴ്**-കിടങ്ങ്, കോട്ടയ്ക്കുചുററുമുള്ളകുഴി.

**അകിഴ്ക്കാറുക**-ഇതിനു ചിറകെട്ടിത്തടുക്കുക, അണകെട്ടി നിറുത്തുക എന്നും അൎത്ഥം കാണുന്നു.

**അകിറുക**-നിലവിളിക്ക, അലറുക, ആൎക്കുക, മുക്കറയിടുക, ഗൎജ്ജിക്കുക.

**അകിനാശ**-വി. ൧. കൃഷിവേലയില്ലാത്ത. ൨. ദാരിദ്ര്യമില്ലാത്ത. ൩. അല്പതയില്ലാത്ത.

**അകീൎത്തന**- വിസ്തരിക്കാതിരിക്കുന്നതു്, കീൎത്തികേട്.

**അകീൎത്തനം**- കീൎത്തിക്കാതിരിക്കുന്നതു്, പറയാതിരിക്കുന്നതു്, വിവരിക്കാതിരിക്കുന്നതു്.

**അകീൎത്തനീയം**-കീൎത്തിക്കത്തക്കതല്ലാത്തതു്, സ്തുതിക്കത്തക്കതല്ലാത്തതു്.
'കീൎത്തനീയഗുണവാരിധേ! തവ
കീൎത്തിപൂരമവനീപതേ'
(കാൎത്തവീൎയ്യാൎജ്ജുനവിജയം കഥകളി)

**അകീൎത്തി**-൧. ദുൎയ്യശസ്സ് (കീൎത്തികേട്). കീൎത്തിശബ്ദത്തിനു മുഖ്യമായ അൎത്ഥം യശസ്സ് എന്നാണ്. ൨. ഒച്ചയില്ലായ്ക. ൩. പ്രകാശമില്ലായ്ക. ൪. വിശാലമില്ലായ്ക.

**അകീൎത്തിത**- വി. കീൎത്തിക്കപ്പെട്ടതല്ലാത്ത, സ്തുതിക്കപ്പെട്ടതല്ലാത്ത.

**അകീലിത**-വി. മറപ്പിച്ചിട്ടില്ലാത്ത, ബന്ധിക്കപ്പെട്ടതല്ലാത്ത, തറയ്ക്കപ്പെട്ടതല്ലാത്ത, ആണിവെച്ചു മുറുക്കീട്ടില്ലാത്ത. (കീലം = ആണി).

**അകുചരൻ**-കുചരൻ അല്ലാത്തവൻ. കുചരൻ എന്നാൽ ദോഷത്തെ പറക ശീലമായിട്ടുള്ളവൻ എന്നൎത്ഥം.
'സമമെ കവരും കചരരെ' എന്നമരം.

**അകുചേല**-വി. മുഷിഞ്ഞവസ്ത്രമില്ലാത്ത.

**അകുഞ്ചിത**-വി. വളയ്ക്കപ്പെട്ടതല്ലാത്ത, വളഞ്ഞതല്ലാത്ത, ചുരുണ്ടതല്ലാത്ത. (കുഞ്ചിതം = ചുരുണ്ടതു്.)

'അഞ്ചമ്പൻമലർവില്ലിൻഭംഗിയെക്കെടുക്കുന്ന കഞ്ചിതമനവല്ലീ ചില്ലികൾ വിലസ
(വാല്മീകിരാമായണം) [വ്യം'

അകുടങ്ഗകം-ചെറിയ കുടിലല്ലാത്തത്.

അകുടപൻ-പു. സന്യാസിയല്ലാത്തവൻ, ജ്ഞാനിയല്ലാത്തവൻ. ല. മൂഢൻ.

അകുടി-പു. കുടിലല്ലാത്തത്, ചെറിയവേനമല്ലാത്തത്. ല. വളഞ്ഞതല്ലാത്തത്.

അകുടിരം-കുടിലല്ലാത്തത്.

അകുടില-വി. പ്ര. വളഞ്ഞതല്ലാത്ത, കൃത്രിമമായി നടക്കാത്ത, വളഞ്ഞു ഗമിക്കാത്ത. ല. ചതിയില്ലാത്ത. ന. കള്ളമില്ലാത്ത. ര. ചരിവില്ലാത്ത.

'കുടിലമതേ! പടപൊരുവതിനടമയെം-
ടടൽനിലമതിൽ വാടാ'
(ഉത്തരാസ്വയംവരം കഥകളി)

'കുടിലധൃതരാഷ്ട്രജന്മാരമായ് ചേരുവാ-
നടിയനൊരുനാളുമില്ലാഗ്രഹം മാനസേ'
(പതിനാലുവൃത്തം)

അകുടിലത-വളവില്ലായ്മ, ചതിവില്ലായ്മ.

അകുടീരം-പു. കുടിലല്ലാത്തത്. ല. കല്ലറയല്ലാത്തത്. ഉ-ം, 'ശവകുടീരം' (കുടീരം=വീട്).

'സായംഹ്നേ നിജാൽ കുടീരാൽ
നഷ്ടാർത്ഥാഃ പ്രയയുഃ'

വൈകിയസമയത്തു ജനങ്ങൾ തങ്ങളുടെ വീടുകളിൽനിന്നു ധനം നശിച്ചവരായി ഓടിപ്പോയി.
(കൃഷ്ണഗാഥാനിരൂപണം)

അകുടീരകം-കുടിലല്ലാത്തത്.

അകുടുംബവ്യാവൃത-വി. കുടുംബകാര്യത്തിൽ താൽപര്യമില്ലാത്ത.

അകുടുംബി-ഒരു കുടുംബം രക്ഷിക്കാനില്ലാത്തവൻ, കുടുംബിയല്ലാത്തവൻ.

അകുടുംബികൻ-ഒരു കുടുംബം രക്ഷിക്കാനില്ലാത്തവൻ, കുടുംബിയല്ലാത്തവൻ.

അകുട്ടനം-പു. പൊടിക്കാതിരിക്ക. കല്ലുകൊണ്ടു പൊടിച്ചുമാത്രം ഉപജീവിക്കുന്നവരെ 'അശ്മകുട്ടന്മാർ' എന്നു പറഞ്ഞു കാണുന്നു. ല. അറക്കാതിരിക്ക. ന. കുറ്റംപറയാതിരിക്ക. ര. അസഭ്യം പറയാതിരിക്ക.

അകുട്ടാക-വി. അംശിക്കാത്ത, പങ്കിടാത്ത, ഭാഗിക്കാത്ത.

അകുട്ടാരം-പു. ഉപേക്ഷിക്കാതിരിക്ക. ല. സ്ത്രീസംഗമില്ലായ്ക.

അകുട്ടിമം-പു. ചെറിയ വീടല്ലാത്തത്. ല. കൽത്തറയല്ലാത്തത്.

'നിസ്തുലതരപ്രഭേ നിബിഡമണികുട്ടിമേ
വിസ്തൃതമതേ സചില വിഭ്രമം വന്നി
(ദുര്യോധനവധം കഥകളി) [ഭാ'

അകുട്ടിഹാരികാ-അടിമയല്ലാത്തവൾ.

അകുട്മല-വി. വിടരാത്ത, വിരിയാത്ത.

അകുട്മലം-കുട്മളമല്ലാത്തത്. കുട്മളം=അല്പം വിരിഞ്ഞ പൂവ്.

'ഈഷത് ഭേദയതി ഇതി കുട്മളഃ'

'രശ്മിണീമേനികൊതിച്ചുതുടങ്ങിനാർ
കശ്മളം കണ്ടുള്ള വണ്ടുപോലെ'

'കുട്മളോമുകുളോസ്ത്രിയാം' എന്നമരം. ഇവരണ്ടും (കുട്മളം, മുകുളം) വിടർന്നുതുടങ്ങിയ മൊട്ടിന്റെ പേരാണ്. മഹേശ്വരടീകയിൽ 'കുട്മളോ മുകുളോസ്ത്രിയാം' എന്നു കാണുന്നു. അതിനാൽ കുട്മളശബ്ദം നന്ന്. കശ്മളം എന്നുള്ളതു പ്രാമാദികമാണ്.

'വനജസമാനനസ്തനമകുചകലശകുട്മളം
വക്ഷപ്രദേശം നിറഞ്ഞുതിങ്ങിടുന്നു'
(അഹല്യാമോക്ഷം ഓട്ടൻതുള്ളൽ)

അകുണ്ഠക-വി. തടുക്കാത്ത.

അകുണ്ഠ-വി. പ്ര. പ്രവൃത്തികളിൽ മിടുക്കുള്ള. ല. മൂർച്ചയുള്ള. ന. ബുദ്ധിക്കുറവില്ലാത്ത. ര. ഉദാസീനതയില്ലാത്ത. ഒ. മ്ലാനമില്ലാത്ത. ആ. ക്ഷോഭമില്ലാത്ത. ൧. ബലക്കുറവില്ലാത്ത. (അകുണ്ഠത, അകുണ്ഠത്വം).

'കുണ്ഠതയില്ല രണത്തിലെനിക്കിന്നു
ശുണ്ഠി നിന്റെ ബാഹുവീര്യങ്ങൾകാട്ടുക'
(രാജസൂയം കഥകളി)

'കുണ്ഠനാമടിയനു നീശരിയിന്നു ശങ്കര
(പതിനാലുവൃത്തം) [പാഹിമാം'

**അകുണ്ഠക**-വി. വിഡ്ഢിയല്ലാത്ത, മോഷനല്ലാത്ത.

**അകുണ്ഠധിഷ്ണ്യം**-സ്വർഗ്ഗം.

**അകുണ്ഠിത**-വി. ൧. മൂർച്ചകെട്ടിട്ടില്ലാത്ത. ൨. അവയവഹീനതയില്ലാത്ത. ൩. വിഷാദമില്ലാത്ത. ൪. ബുദ്ധിക്കുറവില്ലാത്ത. ൫. ധൈര്യമുള്ള.

**അകുതുകം**-ഉത്സാഹമില്ലായ്മ, സന്തോഷമില്ലായ്മ, താൽപര്യമില്ലായ്മ. [മാം

'ചരിതമതികുതുകമൊട്ടുമൊന്നു നോക്കീട്ടു
ചപലതരമാനസനെന്നറികെന്നെ നീ'
(അദ്ധ്യാത്മരാമായണം.)

**അകുതൂഹല**-വി. ൧. അത്ഭുതാവഹമല്ലാത്ത. ൨. ശ്രേഷ്ഠതയില്ലാത്ത. ൩. താല്പര്യമില്ലാത്ത. ൪. കീർത്തി ലഭിക്കാത്ത.

'ബലകുതൂഹലമങ്ങു കടന്നു
നടന്നിതു ശംഭോ ശരണം'
(പതിനാലുവൃത്തം)

**അകുതൂഹലം**-ന. ൧. ശ്രദ്ധയില്ലായ്മ. ൨. താൽപര്യമുണ്ടാക്കാത്ത വസ്തു. ൩. ആഗ്രഹമില്ലായ്മ.

**അകുതോഭയ**-വി. ഒരിടത്തും പേടിയില്ലാത്ത, ആപത്തില്ലാത്ത, നിർഭയമായ, സുരക്ഷിതമായ. 'നാസ്തി കുതോപി ഭയം യസ്യ' എന്നു വ്യുൽപത്തി. കുതഃ എന്നതു് അവ്യയമാണു്. അതിനു 'എവിടെ' എന്നർത്ഥം.

'ഭേദോ ന ജാനാതി കുതോ മനുഷ്യഃ'
(നീതിസാരം)

**അകുതഃ**-(അവ്യയം) ഒരു ദിക്കുനിന്നുമല്ലാത്ത, ഒരു കാരണംകൊണ്ടുമല്ലാത്ത.

**അകുതൻ**-ശിവൻ. ഒരു സ്ഥലത്തുനിന്നു ഒരു കാരണവുംകൊണ്ടു ഉണ്ടായിട്ടില്ലാത്തവൻ എന്നു വ്യുൽപത്തി.

**അകുതശ്ചലൻ**-ശിവൻ

**അകുത്സാ**-ഉദ്ദേശം ൩൨ അംഗുലമുള്ള ഒരളവു്.

**അകുത്സ**-നിന്ദിക്കായ്ക, അസത്യം പറയായ്ക, ശകാരിക്കായ്ക.

**അകുത്സനം**-നിന്ദിക്കായ്ക, അസത്യം പറയായ്ക, ശകാരിക്കായ്ക.

**അകുത്സിത**-വി. ൧. വെറുപ്പിക്കാത്ത. ൨. ദൌഷ്ട്യമില്ലാത്ത. ൩. നിന്ദിക്കപ്പെടാത്ത ൪ നീചാവസ്ഥയിലല്ലാത്ത.

'കുത്സിതമായ മത്സ്യകൂർമ്മാദികളായതും
വത്സപാലനംചെയ്തുവനത്തിൽനടന്നതും'
(വടക്കൻകല്യാണസൌഗന്ധികംകഥകളി')

**അകുനഖി**-വി. കുഴിനഖമില്ലാത്ത.

**അകുപിത**-വി. കോപിക്കാത്ത.

**അകുപൂയ**-വി. നീചതയില്ലാത്ത, നിന്ദ്യമായുള്ളതല്ലാത്ത, വെറുക്കപ്പെട്ടിട്ടില്ലാത്ത

**അകുപ്യം**-കുപ്യം (നീചലോഹം) അല്ലാത്തതു്, പൊന്നു്, വെള്ളി മുതലായതു്. ഒച്ച പുറപ്പെടുവിക്കുമ്പോൾ താൻ നീചലോഹമായി ഭവിച്ചുവല്ലോ എന്നു ലജ്ജഹേതുവായിട്ടു കോപിക്കുന്നതായി വിചാരിച്ചു നീചലോഹത്തിനു 'കുപ്യം' എന്നു പേരു കൊടുത്തു.

**അകുപ്രിയ**-വി. നികൃഷ്ടമല്ലാത്ത, കീർത്തരമല്ലാത്ത.

**അകുബ്ജ**-വി. കൂനില്ലാത്ത, വളവില്ലാത്ത.

'അപ്പോൾത്രിവക്രയാംകുബ്ജയുമാനന്ദ
കല്പിച്ചുറച്ചുടൻ പ്രാസാദമേറിനാൾ'
(അദ്ധ്യാത്മരാമായണം)

**അകുബ്ജിക** - കുബ്ജികയല്ലാത്തവൾ വിവാഹം കഴിഞ്ഞിട്ടില്ലാത്ത എട്ടു വയസ്സുള്ള പെൺകുട്ടിക്കു 'കുബ്ജിക' എന്നു പേർ. എട്ടു വയസ്സായവൾക്കു 'ഗൌരി' എന്നും പറയാം.

**അകുംഭ**-വ്യഭിചാരിണിയല്ലാത്തവൾ.

**അകുംഭിലൻ**-പു. കള്ളനല്ലാത്തവൻ.

ഉ. ഗർഭം പൂർത്തിയായതിൽപിന്നീട്ട ജനിക്കുന്നവൻ, അകാലങ്ങളിൽ ജനിക്കാത്തവൻ.

**അകുമതി**-വി. ദുർബുദ്ധിയല്ലാത്ത.

**അകുരൂപ**-വി. സൌന്ദര്യക്കേടില്ലാത്ത, ഭംഗികേടില്ലാത്ത.

**അകുല്പ്**-അപൂർവം.

**അകുലൻ**-പു. ശിവൻ. ഉ. നല്ല കുലത്തിൽ ജനിക്കാത്തവൻ.

**അകുല**-വി. താണതരത്തിലുള്ള, നീചമായ

**അകുല**-സ്ത്രീ. പാർവ്വതി. അകുലനായ ശിവന്റെ ഭാര്യയായതുകൊണ്ടു പാർവ്വതിക്ക് 'അകുല' എന്നു പേർ വന്നു. ഭവൻ-ഭവാനി. രുദ്രൻ-രുദ്രാണി. ശർവ്വൻ-ശർവ്വാണി ഇത്യാദി നോക്കുക. ഉ. നല്ല കുലത്തിൽ ജനിക്കാത്തവൾ.

**അകുലം**-ശ്രേഷ്ഠമല്ലാത്ത കുലം. കാലം=നല്ല കാലം. ഗുണം=നല്ല ഗുണം. എന്നിങ്ങനെ അർത്ഥം വരുന്നതുപോലെ കുലശബ്ദത്തിനു 'ശ്രേഷ്ഠകുലം' എന്നർത്ഥം.

**അകുലജ**-വി. ശ്രേഷ്ഠകുലത്തിൽ ജനിക്കാത്ത.

**അകുലട**-കുലട (വ്യഭിചാരിണി)യല്ലാത്തവൾ. 'കുലാനി അടതി ഇതി കുലടാ' അന്യഭവനങ്ങളിൽ (പുരുഷന്മാരെ തേടി) ചെല്ലുന്നതുകൊണ്ടു 'കുലട' എന്ന പേരുണ്ടായി. കുലത്തിന് അവമാനമുണ്ടാകത്തക്കവിധം തന്നിഷ്ടംപോലെ നടക്കുന്നവൾ എന്നു താൽപര്യം.

**അകുലിക**-വി. പ്ര. ശ്രേഷ്ഠതയുള്ള വംശത്തിൽ ജനിക്കാത്ത. ഉ. വംശത്തിൽ പ്രധാനമല്ലാത്ത.

**അകുലികൻ**-പു. ബന്ധുവല്ലാത്തവൻ ഉ. വംശത്തിൽ പ്രമാണിയല്ലാത്തവൻ.

**അകുലീന**-വി. നല്ല വംശത്തിൽ ജനിക്കാത്ത, നീചമായ, മാനംകെട്ട.

**അകുലീനൻ**-കുലീനൻ (കുലശ്രേഷ്ഠൻ) അല്ലാത്തവൻ.

'യസ്യാസ്തി വിത്തം സ നരഃ കുലീനഃ-
സ്സ പണ്ഡിതസ്സശ്രുതവാൻ ഗുണജ്ഞഃ'
(ഭർത്തൃഹരി)

**അകുല്യ**-വി. നല്ല വംശത്തിലുണ്ടാകാത്ത

**അകുല്യ** വ്യഭിചാരിണി.

**അകുശല**-വി. പ്ര. സാമർത്ഥ്യമില്ലാത്ത, മിടുക്കില്ലാത്ത, യോഗ്യതയില്ലാത്ത, പഠിപ്പില്ലാത്ത. ഉ. ഭാഗ്യമില്ലാത്ത. ന. ചീത്തയായ, ശരിയല്ലാത്ത.

**അകുശലൻ**-കുശലൻ (സമർത്ഥൻ) അല്ലാത്തവൻ, മിടുക്കില്ലാത്തവൻ.

'ഇജ്ഞാസന കേൾപ്പാനി-
ടയന്നെന്തൊരു ബന്ധം
നിശ്ശേഷവിധാനേ കുശ-
ലൻ ഞാൻ ഹരശംഭോ'
(പതിനാലുവൃത്തം)

**അകുശലം**-പ്ര. സാമർത്ഥ്യമില്ലായ്മ, സദ്ഗുണമില്ലായ്മ ഉ. ക്ഷേമമില്ലായ്മ.

**അകുശലപ്രശ്നം** - സൌഖ്യത്തെക്കുറിച്ചു ചോദിക്കാതിരിക്കൽ.

**അകുശലബുദ്ധി** — സാമർത്ഥ്യമില്ലാത്തവൻ, സാമർത്ഥ്യമില്ലാത്തവൾ, സാമർത്ഥ്യം കുറഞ്ഞ ബുദ്ധി.

**അകുശലി**-ഭാഗ്യമില്ലാത്തവൻ.

**അകുശലിനി**-ഭാഗ്യമില്ലാത്തവൾ.

**അകുശീല**-വി. കുശീലം (ദുശ്ശീലം) ഇല്ലാത്ത.

**അകുസുമിത**-വി. പൂവുണ്ടാകാത്ത, പൂക്കാത്ത.

**അകുസൃതി**-പ്ര. വഞ്ചനയില്ലായ്മ. ഉ. ശാഠ്യമില്ലായ്മ. ന. ദുർമ്മാർഗ്ഗമില്ലായ്മ. 'സൃ' ധാതുവിനു 'ഗമനം' എന്നർത്ഥം. അതിൽ നിന്നാണു 'സൃതി' ശബ്ദമുണ്ടായതു്. കുസൃതി എന്നതിനു 'ചീത്തയായ ആചരണം' എന്നു താൽപര്യം.

'കുസൃതി ഭാഗവതം പെരുതെന്നതിരുചി കലർന്നിട്ടിരുന്നതുകണ്ടു കപീന്ദ്രനും' [ദ്ധ
(അദ്ധ്യാത്മരാമായണം)

അകത്സിതൻ-കത്സിതൻഅല്ലാത്തവൻ.
കത്സിതൻ=നിന്ദിതൻ.

'ഏത്രയും കത്സിതനായി
സംഭവിച്ചോരജീവനാഥൻ'
(നാളായണീചരിതം തുള്ളൽ)

അകൈതവ(ക)-വി. വഞ്ചനയില്ലാത്ത, ഇന്ദ്രജാലമില്ലാത്ത.

അകൈതവ(ക)ൻ-ചതിയനല്ലാത്തവൻ.

അകൈതവകം-ചതിയില്ലായ്ക.

അകൈതവ-ഫ. അന്യോന്യമെന്നും ക്രടാതെ ഈശ്വരസംബന്ധമായ കമ്മങ്ങളെ അനുഷ്ഠിക്ക. വ. ചതിയില്ലായ്ക. ന. കപടഭക്തിയില്ലായ്ക.

അകൈതവികാ-അന്യോന്യമെന്നും ക്രടാതെ ഈശ്വരവിഷയകകമ്മങ്ങളെ അനുഷ്ഠിക്ക. വ. ചതിയില്ലായ്ക. ന. കപടഭക്തിയില്ലായ്ക.

അകളികവേള-കുളികവേളയല്ലാത്തതു്. കുളികവേള എന്നാൽ ഒരു നല്ലവേല തുടങ്ങുന്നതിനു കൊള്ളരുതാത്ത (ഓരോ ദിവസത്തിലുമുള്ള) കാലഭാഗങ്ങൾ എന്നത്ഥം. 'കലികവേലാ' എന്ന സംസ്കൃതപദമാണു മലയാളത്തിൽ 'ഗുളികവേള' എന്നായിത്തീൎന്നതു്.

അക്രൂട-വി. ഫ. കപടമില്ലാത്ത വ. ഉറപ്പില്ലാത്ത, ഇളകുന്നതായ. ന. വ്യാജമില്ലാത്ത.

അക്രൂടം-ഫ. കപടമില്ലായ്ക വ. അസത്യമല്ലാത്തതു്, ചതിയില്ലായ്ക. ന. അത്ഥഭേദം വരാത്തതു്. ര. പ്രത്യക്ഷമായ അത്ഥത്തോടുകൂടിയതു് ഒ. പൎവ്വതാഗ്രവുമില്ലാത്തതു്. ന്റ ഇന്ദ്രജാലമല്ലാത്തതു്. ൭. ഇളക്കത്തോടുകൂടിയതു്. വ. സമൂഹമല്ലാത്തതു്. ൯. മൃഗാദികളെ ഹിംസിപ്പാനുള്ള വല മുതലായ പദാത്ഥമല്ലാത്തതു്. ൧൦. ഇരുമ്പുകൊണ്ടുള്ള കൂടമല്ലാത്തതു്. ൧൧. കൊമ്പുവല്ലാത്തതു്.

'മദ്യംനിശ്ചലയന്ത്രേഷു
കൈതവാനൃതരാശിഷു
അയോഘനേ ശൈലശൃംഗേ
സിരാംശേക്രൂടമസ്ത്രിയാം'
(അമരം)

അക്രൂപാരം-ഫ. സമുദ്രം. അക്കരെ ചെല്ലുന്നതിനു എളുപ്പമില്ലാത്തതു കൊണ്ടു ഈ പേരുണ്ടായി.

'അപാരേ ഹന്ത്യാവ്യെ ഹരിഹരസമം-
ഭൂപതിരസം-
വക്രൂപാരേ മജ്ജന്നനയമനഘോ
ഹന്ത ദിവസാൻ'
(ഭാഷാനൈഷധചമ്പു)

വ. ലോകങ്ങളെ വഹിച്ചുകൊണ്ടിരിക്കുന്ന ആദികൂമ്മം. ക (ഭൂമി) ജലത്തിൽ താണുപോകാതെ താങ്ങിക്കൊണ്ടിരിക്കുന്നതിനാൽ ആദികൂമ്മം എന്ന പേർ സിദ്ധിച്ചു. ന. ആമ.

അക്രൂപാരൻ-സൂയ്യൻ. ദൂരഗാമിയായതിനാൽ സൂയ്യനു ഈ പേർ സിദ്ധിച്ചു.

അക്രൂച്ച്-വി. ഫ. ചതിയില്ലാത്ത. വ. കഷ്ടമില്ലാത്ത.

അക്രൂച്ച്ൻ-ബുദ്ധൻ.

അക്രൂവാരം-സമുദ്രം. അക്രൂപാരശബ്ദത്തിന്റെ പ്രയോഗബാഹുല്യംകൊണ്ടു്, പകാരവകാരലിപികളുടെ കഴപ്പമെന്നു തെറ്റിദ്ധരിക്കരുതു്.

അകൃഛ്ര-വി. കൃഛ്രം (പ്രയാസം)ഇല്ലാത്ത.

അകൃഛ്രം-കൃഛ്രം (പ്രയാസം) ഇല്ലായ്ക, കഠിനമില്ലായ്ക.

അകൃത-വി. ഫ. കൃതം (ചെയ്യപ്പെട്ടതു്) അല്ലാത്ത, പ്രവൎത്തിക്കാത്ത. വ. ചെയ്തു മുഴുവനാകാത്ത ന. സൃഷ്ടിക്കപ്പെടാത്ത. ര. ശരിയല്ലാത്തതായ മറെറാരു ചെയ്തുപായ. ഒ. പ്രാപ്തിവന്നിട്ടില്ലാത്ത, പാകമാകാത്ത.

അകൃതം-ഫ. ചെയ്യപ്പെട്ടിട്ടില്ലാത്ത പ്രവൃത്തി. കൃതം=ചെയ്യപ്പെട്ടതു്.

'ത്വനാളംലകൃതാഃത്വയിപ്രണയിതാം'
(അഭിജ്ഞാനശാകുന്തളം)

വ. കേവലം വിചാരമില്ലാത്ത ഒരു പ്രവൃത്തി, ക്രിയയുടെ അഭാവം. ന. ദുഷ്ടത, ദോഷം, ദുസ്സ്വഭാവം, വികൃതിത്തരം, അധർമ്മം, പാപം, കുററം, ദ്രോഹം. ൪. യാഗാദിക്രിയകൾ മുഴുവൻ ശേഖരിക്കാതെ കിടപ്പുള്ള സാധനം.

അകൃതക-വി. ൧. ഉണ്ടാക്കിവെച്ചതല്ലാത്ത. വ. കള്ളമല്ലാത്ത. ന. വ്യാജം ഇല്ലാത്ത, അകൃത്രിമമായ.

'അകൃതകപ്രണയമനരാഗമാർദ്രഭാവവും
സുകൃതസാധ്യമെന്നിൽ മുന്നേ ഭൈമിക്കി
(നളചരിതം കഥകളി) [ഇന്ദ്ര ദ്രഢം'

ഇവിടെ അകൃതകപ്രണയത്തിന് 'അകൃത്രിമമായ സ്നേഹം' എന്നുള്ള അർത്ഥം നോക്കുക.

അകൃതകപടം- കള്ളം കാണിക്കാതെ. കൃതകപടം = കള്ളം കാണിച്ച്.

അകൃതകർമ്മം-പ്രവർത്തിക്കപ്പെട്ടിട്ടില്ലാത്ത വേല (തൊഴിൽ).

അകൃതകർമ്മാവ്-തന്റെ തൊഴിൽ ചെയ്തിട്ടില്ലാത്തവൻ, തന്റെ തൊഴിലിൽ സാമർത്ഥ്യമില്ലാത്തവൻ. കർമ്മ എന്ന ശബ്ദം നകാരാന്തമാണ്. 'വ്' ആഗമം ചേർന്ന് കർമ്മാവ് എന്നായി.

ഉ-ം, പത്മജന്മാ-പത്മജന്മാവ്. വിശ്വകർമ്മാ-വിശ്വകർമ്മാവ് ഇത്യാദി.

അകൃതകാമ-കാമം (ആഗ്രഹം) സാധിച്ചിട്ടില്ലാത്ത.

അകൃതകാല-൧. കാലം കണക്കാക്കീട്ടില്ലാത്ത. വ. കുറെ കാലത്തേയ്ക്കു താമസിച്ചിട്ടില്ലാത്ത.

അകൃതകൃത്യ-വി. ചെയ്യേണ്ടതു ചെയ്തിട്ടില്ലാത്ത, തൃപ്തിവന്നിട്ടില്ലാത്ത, ജയം ലഭിച്ചിട്ടില്ലാത്ത, കാര്യം ഭേദവന്നിട്ടില്ലാത്ത, ചെയ്യേണ്ടതിനെ ചെയ്യാത്ത, ചെയ്യേണ്ടതിനെ ചെയ്തവൻ കൃതകൃത്യൻ.

'കനിവിനൊടു കണ്ടകൃതാർത്ഥനായേനഹം
കാമലാഭാൽ കൃതകൃത്യനായീടിനേൻ'
(അദ്ധ്യാത്മരാമായണം)

അകൃതകൃത്യത-കൃതകൃത്യതയില്ലായ്ക. കൃതകൃത്യത=ചെയ്യേണ്ടതു ചെയ്ത സുഖം.

അകൃതക്രയൻ-വാങ്ങീട്ടില്ലാത്തവൻ.

അകൃതകാഞ്ചന-വി. മതിയായ സമ്മതം കിട്ടീട്ടില്ലാത്ത

അകൃതഘ്ന-വി. ഉപകാരത്തെ മറന്നിട്ടില്ലാത്ത, നന്ദിയുള്ള. കൃതത്തെ ഹനിക്കയോ ഫലമില്ലാതാക്കുകയോ ചെയ്യുന്നവൻ 'കൃതഘ്നൻ'. [ൽ

'കിമപിനഹിഭവതി കരണീയംഭവതിയാം
കീർത്തിഹീനൻ കൃതഘ്നൻ തുലോംനിർമ്മൻ'
(അദ്ധ്യാത്മരാമായണം)

അകൃതഘ്നത- ഉപകാരത്തെ മറക്കുന്നവന്റെ സ്വഭാവം ഇല്ലായ്ക.

അകൃതചൂഡൻ-ചൂഡാകർമ്മം കഴിഞ്ഞിട്ടില്ലാത്തവൻ. ചൂഡാകർമ്മം എന്നതു കുട്ടികൾക്ക് ആദ്യമായി കുടുമ വയ്ക്കുമ്പോൾ നടത്തുന്ന മന്ത്രക്രിയയാകുന്നു. ഇതിനു 'ചൌളം' എന്നും പറയും.

അകൃതജപം- പ്രവർത്തിക്കപ്പെട്ടിട്ടില്ലാത്ത ജപം.

അകൃതജ്ഞൻ- കൃതജ്ഞൻ (നന്ദിയുള്ളവൻ) അല്ലാത്തവൻ. ചെയ്യപ്പെട്ടതിന്റെ ജ്ഞാനമുള്ളവൻ-കൃതജ്ഞൻ.

അകൃതജ്ഞത-ഉപകാരം ചെയ്തതിനെ കുറിച്ചു വിചാരിക്കുന്നസ്വഭാവം ഇല്ലായ്ക.

അകൃതതീർത്ഥ-വി. ൧. പുണ്യസ്ഥലങ്ങൾ ദർശിച്ചിട്ടില്ലാത്ത. വ. അദ്ധ്യാപകന്റെ കീഴിൽ പഠിവായി പഠിച്ചിട്ടില്ലാത്ത.

അകൃതദംശനൻ-കൃതമായിരിക്കുന്നദംശനങ്ങളോടുകൂടിയവൻ കൃതദംശനൻ, അതല്ലാത്തവൻ അകൃതദംശനൻ (ദംശനം=കടി.)

'മഹനമേചിത ഏഷ മഹീഭുജാ
മശപദ്രുവന്നേ കൃതദംശനീ'
(നളചരിതം കഥകളി)

അകൃതധൎമ്മം-പ്രവൎത്തിച്ചിട്ടില്ലാത്തധൎമ്മം

അകൃതധി(ബുദ്ധി)- വി. അജ്ഞാനിയായ.

അകൃതനിശ്ചയ-വി. നിശ്ചയംവന്നിട്ടില്ലാത്ത.

അകൃതപരിശ്രമൻ-പ. ശ്രമിച്ചിട്ടില്ലാത്തവൻ. ൨. പഠിച്ചിട്ടില്ലാത്തവൻ.

അകൃതപുംഖ- വി. ശരപ്രയോഗശീലം വന്നിട്ടില്ലാത്ത. പുംഖം എന്നതു് അമ്പിന്റെ കടയാണു്. അതിൽ ചിറകു കെട്ടിവയ്ക്കുക എന്ന ഏൎപ്പാടുണ്ടായിരുന്നു

'ഹേമപുംഖമൊട്ടു കങ്കപത്രമതു
ചേരത്തൊരസ്ത്രമൊന്നുകൈയിലും'
(ജാനകീപരിണയം)

അകൃതപുംഖൻ— ശരപ്രയോഗത്തിങ്കൽ സാമൎത്ഥ്യമില്ലാത്തവൻ (അകൃതഹസ്തശബ്ദവും നോക്കുക). പുംഖം (അമ്പിന്റെ ചുവട്) നല്ലവണ്ണം ഞാണിന്മേൽ തൊടുക്കുന്നവൻ കൃതപുംഖൻ.

അകൃതപുണ്യം- പ്രവൎത്തിക്കപ്പെട്ടിട്ടില്ലാത്ത പുണ്യം (സുകൃതം).

അകൃതപൂൎവ്വ-വി. മുമ്പു പ്രവൎത്തിച്ചിട്ടില്ലാത്ത.

അകൃതപ്രകമ്പനം- ചെയ്യപ്പെട്ടിട്ടില്ലാത്ത വലിയ ഇളക്കം.

അകൃതപ്രതിജ്ഞ-വാഗ്ദത്തമനുസരിച്ചു നടന്നിട്ടില്ലാത്ത,ഉടമ്പടിചെയ്തിട്ടില്ലാത്ത.

അകൃതബന്ധനം--ചെയ്യപ്പെട്ടിട്ടില്ലാത്ത ബന്ധനം. (കൃതബന്ധനം = ചെയ്യപ്പെട്ട ബന്ധനം).

'അമലഹരിമധുമഥനകേളിവിശ്രുതാരം-
യജ്ഞാനകൎമ്മകൃതബന്ധനംക്ഷണാൽ
സുചിരവിരചിതമപിവിമുച്യന്തരേഷം
സുസ്ഥിരംപ്രാപിക്കമില്ലാതസംശയം'
(അദ്ധ്യാത്മരാമായണം)

അകൃതമാൎഗ്ഗം-ചെയ്യപ്പെട്ടിട്ടില്ലാത്തവഴി.

അകൃതമുഖ-വി. പഠിപ്പില്ലാത്ത, ബുദ്ധിയില്ലാത്ത, സാമൎത്ഥ്യമില്ലാത്ത.

അകൃതയത്നം— ചെയ്യപ്പെട്ടിട്ടില്ലാത്ത യത്നം.

അകൃതലക്ഷണ-വി. ൧. അടയാളപ്പെടുത്തീട്ടില്ലാത്ത. ൨. ശംഗിയില്ലാത്ത, രൂപമില്ലാത്ത. ൩. ഗുണമില്ലാത്ത. ൪. കീൎത്തി(നിശ്ചയം ഇല്ലാത്ത. ൫. മൎയ്യാദയില്ലാത്ത. ൬. പ്രമാണമില്ലാത്ത.

അകൃതലക്ഷണൻ-പ. അടയാളപ്പെടുത്തീട്ടില്ലാത്തവൻ ൨. ശംഗിയില്ലാത്തവൻ, രൂപമില്ലാത്തവൻ. ൩. ഗുണമില്ലാത്തവൻ. ൪. കീൎത്തി (നിശ്ചയം)ഇല്ലാത്തവൻ. ൫. മൎയ്യാദയില്ലാത്തവൻ. ൬. പ്രമാണമില്ലാത്തവൻ. കൃതലക്ഷണൻ= ഗുണങ്ങളെക്കൊണ്ടു പ്രസിദ്ധനായവൻ.

'ഗുണൈഃ പ്രതീതെതുകൃത-
ലക്ഷണാഹതലക്ഷണെ' (അമരം)

അകൃതവതി കൃതവതിയല്ലാത്തവൾ. കൃതവതി = ചെയ്തവൾ.

അകൃതവാൻ- കൃതവാൻ അല്ലാത്തവൻ. കൃതവാൻ = ചെയ്തവൻ.

'ഭക്ത്യാ യോതിസമൎച്ചനന്തു കൃതവാൻ'
(കിരാതം തുള്ളൽ)

അകൃതവിദ്യ-വി. പഠിപ്പില്ലാത്ത.

അകൃതവേതന-വി. കൂലിയ്ക്കു വേല ചെയ്യാത്ത, കൂലിയില്ലാത്ത.

അകൃതവേദി-ഉപകാരസ്മരണയില്ലാത്തവൻ. 'അകൃതവേദി' എന്നു പുല്ലിംഗമായും നപുംസകലിംഗമായും ഉപയോഗിക്കാം. ഉ-ം, അകൃതവേദിയായ പുരുഷൻ. അകൃതവേദിയായ സംഘം.

അകൃതവേദിനി-ഉപകാരസ്മരണയില്ലാത്തവൾ.

അകൃതവേശ- വി. അലങ്കരിച്ചിട്ടില്ലാത്ത, ഉടുപ്പിട്ടിട്ടില്ലാത്ത.

അകൃതവേഷ- വി. ഉടുപ്പിട്ടിട്ടില്ലാത്ത, അലങ്കരിച്ചിട്ടില്ലാത്ത 'അകൃതവേശ' ശബ്ദത്തിന്നു അകൃതവേഷശബ്ദത്തോളം പ്രചാരമില്ല. രണ്ടും ഒന്നുതന്നെയാണു. ഇതുപോലെ ശ, ഷകാരങ്ങൾ തമ്മിൽ ഉച്ചാര

ണവ്യത്യാസം വരെയുംകാണുന്നു. വേഷശബ്ദത്തിനു വസ്ത്രാദികൾകൊണ്ടുണ്ടാക്കപ്പെട്ട ശോഭയെന്നു അർത്ഥമുണ്ട്.

'ആകല്പവേഷൌ' (അമരം)

അകൃതവൈരം-ന. കൃതവൈരം അല്ലാത്തതു്. കൃതവൈരം=ചെയ്യപ്പെട്ട കാൎയ്യത്തിൽ വിരോധം.

അകൃതശോഭ-വി. മലിനതയില്ലാത്ത, അഴുക്കില്ലാത്ത ല. സാമൎത്ഥ്യമില്ലാത്ത, മിടുക്കില്ലാത്ത.

അകൃതശൌച-ശുദ്ധിചെയ്തിട്ടില്ലാത്ത.

അകൃതശ്രമൻ-പു. ശ്രമിച്ചിട്ടില്ലാത്തവൻ. ല. പഠിച്ചിട്ടില്ലാത്തവൻ.

അകൃതശ്രാന്തി-വി. കൃതശ്രാന്തിയല്ലാത്ത. കൃതശ്രാന്തി=ചെയ്യപ്പെട്ടക്ഷീണം.

അകൃതസങ്കല്പ-വി. സങ്കല്പിച്ചിട്ടില്ലാത്ത (നിശ്ചയിച്ചിട്ടില്ലാത്ത).

അകൃതസാപത്ന്യക- കൃതസാപത്ന്യകയല്ലാത്തവൾ. കൃതസാപത്ന്യക=മുമ്പേ വേൾക്കപ്പെട്ട സ്ത്രീക്കു്, അവളുടെ ഭൎത്താവു പിന്നെ ഒരുത്തിയെ വേട്ടാൽ ഉണ്ടാകുന്നപേർ.

അകൃതഹസ്തൻ-വി. പു. ശരപ്രയോഗത്തിങ്കൽ സാമൎത്ഥ്യമില്ലാത്തവൻ. ല. മിടുക്കില്ലാത്തവൻ. കൃതഹസ്ത=കൃത (ശിക്ഷിതമായ) ഹസ്തം (കൈ)കൊണ്ടു ബാണങ്ങളെ പ്രയോഗിക്കുന്നവൻ

'കൃതഹസ്തസ്സുപ്രയോഗ
വിശിഖഃകൃതപുംഖവൽ' (അമരം)

അകൃതഹസ്തക-വി. പു. സാമൎത്ഥ്യമില്ലാത്ത. ല. ശരപ്രയോഗത്തിൽ വൈഭവമില്ലാത്ത. ഇതു് അകൃതഹസ്തശബ്ദത്തിൽ 'സ്വാൎത്ഥേകപ്രത്യയം' എന്നതനുസരിച്ചുണ്ടായതാണു്.

അകൃതഹസ്തത- പു. സാമൎത്ഥ്യക്കേടു്, വൈഭവക്കുറവു്. ല. ശരപ്രയോഗത്തിൽ വൈഭവമില്ലായ്മ.

അകൃതാത്മാവു്-ബുദ്ധിഹീനൻ.

അകൃതാൎത്ഥത-കൃതാൎത്ഥതയില്ലായ്മ, ഉദ്ദേശിച്ച കാൎയ്യത്തെ നേടാത്ത സ്ഥിതിയില്ലായ്മ, ഭാഗ്യക്കേടു്.

'എല്ലായ്പ്പോഴും മടിപെടുംശിശുവിനുചിതമേ
വല്ലാത്തശല്യമകൃതാൎത്ഥതകൊണ്ടസഹ്യം'
(പദ്യപാഠാവലി)

അകൃതാഭിഷേക-കൃതാഭിഷേകയല്ലാത്തവൾ. കൃതാഭിഷേക=രാജസ്ത്രീകളിൽ പട്ടംകെട്ടിയവൾ.

അകൃതാവമതി— കൃതാവമതിയല്ലാത്തവൾ. കൃതാവമതി=ചെയ്യപ്പെട്ടതായിരിക്കുന്ന അവമാനത്തോടുകൂടിയവൾ.

അകൃതാസ്ത്ര-വി. ശരപ്രയോഗശീലം വന്നിട്ടില്ലാത്ത.

അകൃതി-കൃതിയല്ലാത്തവൻ. കൃതി=പ്രവൃത്തിയിൽ സാമൎത്ഥ്യമുള്ളവൻ, വിദ്വാൻ.

'സംഭാവ്യസ്സുകൃതീ കൃതീ ശഠശ്ശുരതാം'
(രുക്മിണീസ്വയംവരം കഥകളി)

അകൃതിനി-പ്രവൃത്തിയിൽ വൈഭവമില്ലാത്തവൾ.

അകൃതോദ്വാഹ-വി. വേളികഴിച്ചിട്ടില്ലാത്ത.

അകൃത്ത-വി. വെട്ടീട്ടില്ലാത്ത.

അകൃത്ന-വി. പു. മിടുക്കില്ലാത്ത ല. ജോലി ചെയ്യുന്നതിനു ശേഷിയില്ലാത്ത. ന. ശക്തിയില്ലാത്ത.

അകൃത്യം-കൃത്യമല്ലാത്തതു്, ചെയ്യരുതാത്തതു്.

'കൃത്യവുമകൃത്യവും ധൎമ്മവുമധൎമ്മവും
നിത്യവുമനിത്യവുംസത്യവുമസത്യവും'
(പഞ്ചതന്ത്രം)

അകൃത്രിമ-വി. സഹജമായ, മനുഷ്യനാൽ ഉണ്ടാക്കപ്പെട്ടതല്ലാത്ത.

അകൃത്രിമപ്രേമ-കൃത്രിമപ്രേമയല്ലാത്തവൾ. കൃത്രിമപ്രേമ=സ്വാഭാവികമല്ലാത്ത സ്നേഹം.

അകൃത്രിമം-സഹജമായുള്ളതു്, മനുഷ്യനാൽ ഉണ്ടാക്കപ്പെട്ടതല്ലാത്തതു് സ്വാഭാവികമല്ലാത്തതു്=കൃത്രിമം. സംസ്കൃ

ത്തിൽ "കൃത്രിമത" എന്ന ശബ്ദമുണ്ട്. ഭാഷയിൽ 'കൃത്രിമം' എന്നു പ്രയോഗിക്കുന്നതാണു നന്ന്.

'കൃത്രിമമൃഗാങ്കനക്ഷത്രങ്ങൾകാൺകിലോ
ചിത്രമിതു സത്യമെന്നാത്തനിനച്ചിടും'
(ദുര്യോധനവധം കഥകളി.)

അകൃത്വാ-(അവ്യയം)ചെയ്യാതെ. കൃത്വാ എന്നതിന 'ചെയ്തിട്ട്' എന്നൎത്ഥം
'അകൃത്വാ കലസന്തതിം' (മനു)

അകൃത്സാ-മുറിതമില്ലായ്മ; പാപമില്ലായ്മ.

അകൃത്സ്ന-വി. മുഴുവനല്ലാത്ത. കൃത്സ്നം എന്നാൽ മുഴുവനും എന്നൎത്ഥം.

'കൃപയൊടൊത്ത കൃമിസദൃശന്യൂക്ഷ്മശരീരനാ
കൃത്സ്നം പുരവരമന്വേഷ്യന്നിശ്ചയം' [യ്
(അദ്ധ്യാത്മരാമായണം)

കൃത്സ്നംഎന്നാൽ ഒട്ടൊഴിയാതെയുള്ളതു് എന്നൎത്ഥം. പൎയ്യായങ്ങൾ നോക്കുക:—
'വിശ്വ,മശേഷം,കൃത്സ്നം' (അമരം)

അകൃന്തനം-മുറിക്കായ്ക. കൃന്തനംചെയ്യുക = മുറിക്കുക.

'അന്തകന്റെ ചിന്ത ഹന്ത കളഞ്ഞതും
ദന്തിവരാസുര കൃന്തനം ചെയ്തതും'
(ദക്ഷയാഗം കഥകളി)

അകൃപണ-വി. ൧. ദരിദ്രതയില്ലാത്ത. ൨, നീചത്വമില്ലാത്ത.

അകൃപണൻ-കൃപണനല്ലാത്തവൻ, ദരിദ്രനല്ലാത്തവൻ. നീചത്വമില്ലാത്തവൻ. പിശുക്കിന്റെ ശക്തികൊണ്ടു ദരിദ്രനെന്നപോലെ കഷ്ടമായി ജീവിക്കുന്നവന 'കൃപണൻ' എന്നു പേർ

'കദൎയ്യകൃപണക്ഷുദ്ര-
കിംപചാനമിതംപചാഃ' (അമരം)

അകൃപണവത്സല-വി. ദരിദ്രന്മാരോടു സ്നേഹമില്ലാത്ത, ദരിദ്രന്മാരോടു ദയയില്ലാത്ത.

അകൃപണവാത്സല്യം-ദരിദ്രന്മാരോടു സ്നേഹമില്ലായ്ക, ദരിദ്രന്മാരോടു ദയയില്ലായ്ക.

അകൃപാലു-വി. കൃപയില്ലാത്ത.

അകൃമിഘ്ന-പുഴുവിനെ നശിപ്പിക്കാത്ത.

അകൃമില-പ്രസവിക്കാത്ത സ്ത്രീ.

അകൃശ-വി. ൧ മെലിയാത്ത. കൃശം = മെലിഞ്ഞതു്.

'അതുപൊഴുതുപവനസുതനതികൃശശരീര-
നായംഗുഷ്ഠതുല്യനായുൾപ്പുക്കരുളിനാൻ'
(അദ്ധ്യാത്മരാമായണം)

കൃശം എന്നാൽ സൂക്ഷ്മമായ എന്നൎത്ഥം.
'ശ്ലക്ഷ്ണം ദഭ്രം കൃശം തനു'എന്നമരം.
൨. ക്ഷീണിക്കാത്ത. ൩ വലുതായ. ൪. കട്ടത്ത.

'കാട്ടതാനകൃശമാം കൃശാനുപിടി-
പെട്ടശേഷവുമെരിഞ്ഞുപോയ്"
(അന്യാപദേശശതകം)

അകൃശത്വം-൧. മെലിയാത്ത സ്ഥിതി. ൨. ക്ഷീണിക്കായ്ക. ൩. വലുതു്. ൪. കട്ടപ്പം.

അകൃശലക്ഷ്മി-പൂൎണ്ണൈശ്വൎയ്യത്തോടുകൂടിയ

അകൃശാശ്വൻ-ഒരു അയോദ്ധ്യാരാജാവിന്റെ പേർ.

അകൃഷ്ട-വി. കൃഷിചെയ്യപ്പെടാത്ത, കിളയ്ക്കാത്ത.

അകൃഷ്ടം-കൎഷിക്കപ്പെട്ടതല്ലാത്തതു, (വലിച്ചെടുക്കപ്പെട്ടതല്ലാത്തതു്.)

അകൃഷ്ടപച്യ-വി. താനെ മുളയ്ക്കുന്ന. അകൃഷ്ടമായ സ്ഥലത്തു പച്യമാനമായ (കിളയ്ക്കാത്തസ്ഥലത്തു വളൎന്നുവരുന്ന.)

അകൃഷ്ടി-വിദ്വാനല്ലാത്തവൻ, അറിവില്ലാത്തവൻ.

അകൃഷ്ണ-വി. ൧. കൃഷ്ണ (കറുപ്പു)നിറം ഇല്ലാത്ത. ൨. ശുദ്ധികേടില്ലാത്ത. ൩. ദുഷ്ടതയല്ലാത്ത. കൃഷ്ണം എന്നതിന മനസ്സിനെ ആകൎഷിക്കുന്നതു് എന്നു താല്പൎയ്യം.

അകൃഷ്ണകൎമ്മം-കറുപ്പുനിറമല്ലാത്തതെളിമ

അകൃഷ്ണൻ-കൃഷ്ണം (കളങ്കം) ഇല്ലാത്തവൻ
'ചന്ദ്രമാവൈ ബ്രഹ്മാകൃഷ്ണഃ' (ശ്രുതി)

**അകൃഷ്ണകൎമ്മാവു്** -ചന്ദ്രൻ, കററംചെയ്തിട്ടില്ലാത്തവൻ, പുണ്യശീലൻ, പുണ്യകൎമ്മങ്ങളെ ചെയ്യുന്നവൻ.

'ശിശ്വിദാനോ ഽകൃഷ്ണകൎമ്മാ' (അമരം)

**അകൃഷ്ണകൎമ്മി** -കററം ചെയ്തിട്ടില്ലാത്തവൾ, പുണ്യശീല.

**അകൃഷ്ണത**-ന. കറുപ്പുനിറമില്ലായ്ക. ൨. ശുദ്ധികേടില്ലായ്ക. ൩. ദുഷ്ടതയില്ലായ്ക

**അകൃഷ്ണത്വം**-കൃഷ്ണത്വം (കറുപ്പുനിറം) ഇല്ലായ്ക.

**അകൃഷ്ണധനം** -ദൌഷ്ട്യത്താൽ സമ്പാദിക്കാത്ത ധനം (പണം.)

**അകൢപ്ത**-വി. ന. ചമയ്ക്കപ്പെട്ടിട്ടില്ലാത്ത, നിൎമ്മിക്കപ്പെട്ടിട്ടില്ലാത്ത, ചെയ്യപ്പെട്ടിട്ടില്ലാത്ത, തയാറായിട്ടില്ലാത്ത. ൨. കല്പിക്കപ്പെട്ടിട്ടില്ലാത്ത, നിശ്ചയിച്ചിട്ടില്ലാത്ത, നിശ്ചയമില്ലാത്ത. ൩. വെളിപ്പെട്ടിട്ടില്ലാത്ത.

'പ്രാസംമത്തിൽ ശബ്ദമുഖര-
ശ്രേണികൢപ്തം കവാടം'
(മയൂരസന്ദേശം)

'കൢ' എന്ന അക്ഷരത്തിനുപകരം 'ക്ലി' എന്ന അക്ഷരം ഉപയോഗിക്കുന്നതു നന്നല്ല.

**അകൢപ്തി**-ന. ചമയ്ക്കായ്ക, നിൎമ്മിയ്ക്കായ്ക, തയാറാക്കായ്ക. ൨. ജയമില്ലായ്ക. ൩. നിശ്ചയമില്ലായ്ക. കൢപ്തി=പരിച്ഛേദം.

**അകൢപ്തിക**-വി. വാങ്ങീട്ടില്ലാത്ത.

**അകേകര**-വി കോങ്കണ്ണില്ലാത്ത.

**അകേതിത**-വി. ന. വിളിക്കപ്പെടാത്ത ൨. നിവസിക്കപ്പെടാത്ത,

**അകേതു**- (നാസ്തികേതുശ്ചിഹ്നം യസ്യ) കേതു ഇല്ലാത്തവൻ, ചിഹ്നം ഇല്ലാത്തവൻ.

**അകേന്ദ്രം** - വൃത്തത്തിന്റെ സൂക്ഷ്മമായ നടുഭാഗം കേന്ദ്രം. അതല്ലാത്തതു് അകേന്ദ്രം.

**അകേശ**-വി. ന. രോമമില്ലാത്ത. ൨. ചീത്തരോമമുള്ള.

**അകേശിക**-വി. വേണ്ടുവോളം രോമമില്ലാത്ത.

**അകേശിനി**-തലമുടിയില്ലാത്തവൾ.

**അകൈതവം**-ന. ചതിയില്ലായ്ക. ൨. വ്യാജമില്ലായ്ക. (കൈതവം=ചതി, വ്യാജം.)

**അകൈതവൻ**-പു. ചതിയനല്ലാത്തവൻ. ൨. വ്യാജമില്ലാത്തവൻ.

**അകൈശികം** - തലമുടിക്കൂട്ടമില്ലായ്ക, ധാരാളം രോമമില്ലായ്ക.

**അകൈശ്യം** - കൈശ്യം ഇല്ലാത്തതു്. കൈശ്യം=കേശസമൂഹം.

'കൈശ്യതങ്ങളെഴുക്കാലതിവികൃതമഴ-
ക്കേറിടും മാറിടം തേ'
(അമരുകശതകം)

**അകൈശോരം**-വി. ൧൫ വയസ്സിൽ കൂടിയ പ്രായം. കിശോരഭാവം. ൧൫ വയസ്സുവരെയാണെന്നു "കൈശോരമാപഞ്ചദശാത്" എന്ന ഭാഗം തെളിയിക്കുന്നു.

**അകൌല്യമ**-അതിശയമില്ലായ്ക, ആഡംബരമില്ലായ്ക. കൌല്യമ-'കൌല്യ' എന്ന ധാതുവിൽനിന്നു തന്മാത്രതദ്ധിതൻ.

**അകോടം**-കവുങ്ങ്. [ന കടതീവക്രീഭവതിസ്കന്ധാദിഷു] വളയാതെ ഒരേക്രമത്തിൽ ഒററത്തടിയായി നിവൻ വളരുന്നു.

**അകോമള**-മഞ്ജുളമല്ലാത്ത, ഭംഗിയില്ലാത്ത, മധുരതയില്ലാത്ത, മൃദുലമല്ലാത്ത.

'കോമളം മൃദുലം മൃദു' എന്നമരം-
'കോമളയായ നീ വീരനാമെന്നുടെ
മാനസന്തമയ്യമായന്നോടുക്കുടവെ'
'കോമളാകാര! ജയജയ ശ്രീപതേ'
(ഭാഗവതം)

**അകോപന** - കോപമില്ലാത്തവൻ, കോപന=കോപമുള്ളവൻ.

അകോവിദൻ-വിദ്വാനല്ലാത്തവൻ.
'വേദശാസ്ത്രാദികോവിദൻ വേദവല്ലീശം
(ദക്ഷയാഗം കഥകളി) [നി'

അകൗട- വി. ൧. സ്വന്തഗൃഹത്തിൽ വസിക്കാത്ത. ൨. സ്വാതന്ത്ര്യമില്ലാത്ത. ൩. ചതിയില്ലാത്ത. ൪. മര്യാദയുള്ള.

അകൗടം-൧. ചതിയില്ലായ്ക. ൨. കളവില്ലായ്ക.

അകൗടികൻ-കൗടികനല്ലാത്തവൻ. കൗടികൻ=പക്ഷികളെ പിടിക്കുന്നവൻ, മാംസം വില്ക്കുന്നവൻ.

അകൗടി-൧. ചതിയില്ലാത്തവൾ. ൨. സ്വാതന്ത്ര്യമില്ലാത്തവൾ. ൩. സ്വന്തഗൃഹത്തിൽ താമസിക്കാത്തവൾ. ൪ മര്യാദയുള്ളവൾ.

അകൗടിക-പക്ഷികളെ പിടിക്കാത്ത.

അകൗടില്യം-കൗടില്യം (കുടിലത=ചതി) ഇല്ലായ്ക. ൨. ദൗഷ്ട്യമില്ലായ്ക. ൩. വളവില്ലായ്ക, കൗടില്യം എന്നതു കുടിലശബ്ദത്തിൽ നിന്നുണ്ടായതാണ്.
'കലിതസംരംഭം കൗരവന്മാരുടെ
കലിയും ദ്വേഷവും കൗടില്യബുദ്ധിയും'
(പതിനാലുവൃത്തം

അകൗടുംബ-വി. ഭവനത്തിലേയ്ക്കാവശ്യമില്ലാത്ത.

അകൗടുംബി - ഭവനത്തിലേയ്ക്കാവശ്യമില്ലാത്തവൾ.

അകൗടുംബികൻ-ഒരു ഗൃഹത്തിലെ നായകനോ പിതാവോ അല്ലാത്തവൻ.

അകൗടുംബ - ബന്ധുത്വമില്ലായ്ക

അകൗതുകം-ആഗ്രഹമില്ലായ്ക ൨. കാത്തിരിപ്പില്ലായ്ക ൩. സന്തോഷമില്ലായ്ക
'കേൾക്കുന്നിതൊട്ടല്ല കേശപാശം കണ്ടു
കോകിലാലാപിനി മേഘകൗതുകാലാട്ട
(ദുര്യോധനവധം കഥകളി) [ന്ന'
കൗതുകം[കുതുകസ്യഭാവഃ]
'അങ്ങൊരുവനത്തിലതികൗതുകമിയ
(പതിനാലുവൃത്തം) [ന്നാൾ'

അകൗതുകാഗാരം-നല്ലവീടല്ലാത്തതു്

അകൗതൂഹലം-൧. ആഗ്രഹമില്ലായ്ക. ൨. കാത്തിരിപ്പില്ലായ്ക. ൩. സന്തോഷമില്ലായ്ക.
'കൗതൂഹലം കൗതുകഞ്ച
കുതുകഞ്ച കുതൂഹലം' (അമരം)
'ജനനീഗൃഹാദി സകലം
ചിന്തിച്ചു കൗതൂഹലാൽ'
(ശ്രീകൃഷ്ണചരിതം മണിപ്രവാളം)

അകൗതൂഹല്യം-൧. ആഗ്രഹമില്ലായ്ക. ൨. കാത്തിരിപ്പില്ലായ്ക. ൩. സന്തോഷമില്ലായ്ക.
കുതുകം, കൗതുകം, കുതൂഹലം, കൗതൂഹലം, കൗതൂഹല്യം എന്നിവയ്ക്കു കാണുന്നതിനോ കേൾക്കുന്നതിനോ അറിയുന്നതിനോ അനുഭവിക്കുന്നതിനോ ഉള്ള കാത്തിരിപ്പ് എന്നർത്ഥം

അകൗബേര-വി. കുബേര(വൈശ്രവണ)നെ സംബന്ധിച്ചതല്ലാത്ത.

അകൗമാരകം-൧. അഞ്ചുവയസ്സിനു മേലുള്ള പ്രായം ൨. (സ്ത്രീസംഗതിയിൽ) പതിനാറുവയസ്സിനു മേലുള്ള പ്രായം.

അകൗമുദി-നിലാവില്ലായ്ക.

അകൗല-വി. ൧. കുല(വംശ)ത്തെ സംബന്ധിക്കാത്ത. ൨. നല്ല വംശത്തിൽ ഉൾപ്പെടാത്ത. ൩. പാരമ്പര്യത്തിൽ വന്നിട്ടില്ലാത്ത.

അകൗലടിനേയൻ-കൗലടിനേയനല്ലാത്തവൻ കൗലടിനേയൻ=ഭിക്ഷുകിയായിക്കൊണ്ടു കുലങ്ങളെ അടനം ചെയ്യുന്ന സതിയുടെ പുത്രന്റെ പേർ കൗലടേയൻ. എന്നുമുണ്ട്.

അകൗലടേരൻ-കൗലടേരൻ അല്ലാത്തവൻ. കൗലടേരൻ=ജാരസംഗതിന്നായിക്കൊണ്ടു നടക്കുന്ന കുലടയുടെ പുത്രന്റെ പേർ.

അകൗലിക-വി. ൧. വംശത്തിലുൾപ്പെടാത്ത. ൨. വംശത്തിൽ പതിവില്ലാത്ത.

അകൌലികി—വംശത്തിൽ ചേരാത്തവൾ.

അകൌലീന-വി. സൽക്കുലത്തിൽഉൾപ്പെടാത്ത.

അകൌലീന്യം-ശ്രേഷ്ഠകുലത്തിൽ ജനിച്ച സ്ഥിതി ഇല്ലായ്ക.

അകൌലേയക-വി. നല്ല കുലത്തിൽ ജനിക്കാത്ത.

അകൌല്യ-വി. ശ്രേഷ്ഠകുലത്തിൽ ജനിക്കാത്ത.

അകൌശലം—പു. സൌഖ്യമില്ലായ്ക, ഭാഗ്യമില്ലായ്ക. ൨. മിടുക്കില്ലായ്ക, ചതുരതയില്ലായ്ക. ൩. അപ്രാപ്തി.

അകൌശല്യം-സാമർത്ഥ്യമില്ലായ്മ. കൌശല്യം = കുശലത, സാമർത്ഥ്യം.

'കൌശല്യം കലരാതെ ബാലികകര-
ഞ്ഞീടുന്നഹോ കേവലം'

(അമരുകശതകം)

അകൌസീദ്യം-പു. മടിയില്ലായ്മ, ചൊടിപ്പുള്ള, ഉണർച്ചയുള്ള. ൨. അന്യായപ്പലിശ വാങ്ങിക്കാതെയിരിക്ക.

അകൌസുംഭ-വി. കുയമ്പപ്പൂനിറമല്ലാത്ത, ചെമന്നതല്ലാത്ത.

അകൌസൃതികൻ-പു. ചതിയനല്ലാത്തവൻ. ൨. ഇന്ദ്രജാലവിദ്യയില്ലാത്തവൻ.

അക്കം—അക്ഷം എന്നതിൻെറ തത്ഭവം. പു. സംഖ്യയെകുറിക്കുന്ന അടയാളം. ൨. സംഖ്യ.

അക്കൻ-ജ്യേഷ്ഠത്തി (ചേട്ടത്തി)

അക്കൻ എന്ന പദം ദക്ഷിണകേരളത്തിലാണു നടപ്പ്. വയസ്സിനു മൂപ്പുള്ളവരെ ഉദ്ദേശിച്ചാണ് ഈ പ്രയോഗം അധികമായി കാണുന്നത്. ഇളയ സഹോദരിയും സഹോദരനും മൂത്തസഹോദരിയെ അക്കൻ എന്നു പറയാറുണ്ട്. ഉത്തരകേരളത്തിൽ ചേട്ടത്തി എന്നു പറഞ്ഞുവരുന്നു. തമിഴിൽ 'അക്കാൾ' എന്ന രൂപം നടപ്പുണ്ട്. ഇതിൻെറ വിളിരൂപം 'അക്കാ' എന്നാണ്. അക്കാ എന്ന ശബ്ദത്തിനു സംസ്കൃതത്തിൽ ജനനി എന്ന അർത്ഥം കാണുന്നു. പക്ഷേ ആ ഭാഷയിൽ ഇതു പ്രയുക്തമല്ല. അക്കൻ എന്നതിൻെറ പുല്ലിംഗപദം ഭാഷയിൽ 'അണ്ണൻ' എന്നാകുന്നു.

അക്കനം—(അക്ഷരം എന്നതിൻെറ തത്ഭവം). പു. വിശ്വം. ൨. പരബ്രഹ്മം. ൩. പ്രകൃതി. ൪. മനം. ഈശ്വരൻ അക്ഷരങ്ങളിലുള്ളവനാണല്ലോ.

'അക്കനങ്ങളിലൊക്കെയുമുള്ളൊരത്ഭുതമേ'

(അഞ്ചടി) [മേ'

അക്കച്ചി-അലക്കുകാരി വെളുത്തേടത്തി.

മടക്കാച്ചിയോട്ടുകിടയായ് മരുവുന്നനല്ലോരക്കച്ചിയുടെ വേനപ്പാടി കണ്ടനേരം'

'മുന്നം ഞാൻ ചിലമുണ്ടലക്കുവതിനായക്കച്ചി തൻ മന്ദിരം'

(വെണ്മണികൃതി)

തെക്കൻദിക്കിൽ കുഗ്രാമങ്ങളിൽ ജ്യേഷ്ഠസഹോദരിക്ക അക്കച്ചി എന്നു പറയാറുണ്ട്. ഔപചാരികമായും അക്കച്ചി, അമ്മച്ചി എന്നു വിളിച്ചുവരുന്നു.

അക്കണക്കൊട്ട്-അക്കം കൊണ്ടുള്ള ഒരു മാതിരി സംസാരം.

അക്കപ്പൂട്ട്-അക്കങ്ങളോടുകൂടിയ ഒരു മാതിരി രക്ഷാബന്ധം, മന്ത്രവാദികൾ ക്ഷുദ്രപ്രയോഗത്തിനായിട്ട് ഉണ്ടാക്കുന്ന ഒരു മാതിരി എഴുത്ത്. അക്കവട്ടം എന്നതു നോക്കുക.

അക്കപ്പൃ-നിരപ്പ്, ഐശ്വര്യം.

അക്കപ്പൂര-ഉപദ്രവം.

അക്കര മറുകര.

അകരം എന്നതും അ, ഇ, ഉ ഇവ മൂന്നും തമിഴ് വ്യാകരണപ്രകാരം വിവേചകങ്ങളായ ചുട്ടെഴുത്തുകളാണെങ്കിലും സാധാരണ പ്രയോഗിച്ചുകാണുന്നതു അ, ഇ ഇവ രണ്ടുമാണ്. ഇവയ്ക്കു ശേഷം ഖരം പരമായിവന്നാൽ മലയാളപദ്യത്തിലും ആ ഖരം ഇരട്ടിക്കും. ഗദ്യത്തിൽ അക്കര എന്നു ഖരം ഇരട്ടിച്ചുവരുന്നതി

ന്നെക്കാൾ 'ആ കര' എന്നാകുന്നതു് ഉത്തമം. [അക്കണ്ണിൽ-ആ കണ്ണിൽ] കേരളപാണിനീയം സൂത്രം ൧൦-൧, ൧൧-൨ നോക്കുക.

'ക്ഷീണിക്കാത ക്ഷണമണയണം
കായലിന്നക്കരയ്ക്കു്'
(മയൂരസന്ദേശം)

അക്കരം– (അക്ഷരശബ്ദത്തിന്റെ തത്ഭവം) ഇപ്പോൾ പ്രയോഗമില്ല. ഒരു രോഗം, ഇതു കുട്ടിക്കാലത്തു ചെവിക്കകത്തുണ്ടായി പഴുത്തു പൊട്ടുന്നതാണ്. വായിലുണ്ടാകുന്ന ഒരു ദീനമെന്നും കാണുന്നു)

അക്കരപ്പിഴ–൧. വലിയ അപരാധം. ൨. നിർഭാഗ്യം. ദുഃഖത്തിലും മററും 'എന്തൊരക്കരപ്പിഴ വന്നുപോയി' എന്നു പറയാറുണ്ട്.

അക്കരംകൊല്ലി–അക്കരം എന്ന വ്യാധിക്കുള്ള ഒരൌഷധച്ചെടി. ഇതിന് അമൽപൊരി എന്നും പേരുണ്ട്.

അക്കരെ-എതിർക്കര.

അക്കൽ-തീക്ഷ്ണജ്ഞാനം, നല്ല ബോധം. (പ്രയോഗം ദുർല്ലഭം)

അക്കൽകറുവാ-അക്രാവ് (ഒരങ്ങാടിമരുന്ന്). ഇതിന് 'അക്കിക്കറുവാ' 'അക്കിൽകറ' എന്നിങ്ങനെയും പറയുന്നു. 'അഗ്രഗ്രാഹി' എന്ന ശബ്ദമാണ് ഈവിധമെല്ലാമായിത്തീർന്നതു്.

അക്കവിട്ടം–മാന്ത്രികമായി ചില രക്ഷകൾക്കുപയോഗിക്കുന്ന അക്കപ്പട്ടിക.

അതിന്റെ സമ്പ്രദായം താഴെ കാണിക്കുന്നു.

| | | | |
|---|---|---|---|
| ൧ | ൮ | ൧ | ൮ |
| ൩ | ൨ | ൩ | ൨ |
| ൮ | ൧ | ൮ | ൧ |
| ൨ | ൩ | ൨ | ൩ |

അക്കാനി-ഒരു മദ്യം. തെങ്ങ്, പന മുതലായ വൃക്ഷങ്ങളുടെ കൂമ്പു ചതച്ച് അററം മുറിച്ചു ചുണ്ണാമ്പു തേച്ച് അതിൽ നിന്നെടുക്കുന്നു. കൂമ്പുകളെ തല്ലിച്ചതച്ചു താളിതേച്ചാൽ കള്ളുകിട്ടും. ഇതു് പുളിപ്പിച്ചു വാററുന്നതത്രേ ചാരായം. കരിപ്പട്ടി, പതനി, പനംകല്ലെണ്ണ് ഇവയെല്ലാം മേൽപ്പറഞ്ഞ അക്കാനിയുടെ രൂപാന്തരങ്ങളാണ്.

അക്കി–(അഗ്നി എന്നതിന്റെ തത്ഭവം) ദേഹത്തിൽ പാലിന്റെ നിറത്തിൽ ചെറുപോളകളായുണ്ടാകുന്ന ഒരു രോഗം. അഴൽ, കരു, മുഖക്കുരു.

അക്കിൽകറ-അക്രാവു, ഒരങ്ങാടിമരുന്ന്.

അക്കിക്കറുവാ-അക്രാവ്, ഒരങ്ങാടി മരുന്ന്.

'അക്കിക്കറുവയുമക്രാവുമെന്നാണിരുസ
(ഒരു ചൊല്ല്) [മാനനെ'

അക്കിത്തിരി-കേരളത്തിൽ യാഗംചെയ്ത നമ്പൂതിരിമാർക്കുള്ള ഒരു പേർ. 'അഗ്നിശ്രീ, 'അഗ്നിഹോത്രി' ഇവയത്രേ അക്കിത്തിരി.

'അക്കിത്തിരിമാർ ചോമാതിരിമാർ
ചൊല്ലേറുണ്ടീടിന ഭട്ടേരികളും'
(സ്യമന്തകം തുള്ളൽ)

അക്കിളാരിത്തേങ്ങ–അക്രാരി എന്നും പറയും. ഇതു പടിഞ്ഞാറെ സമുദ്രതീരത്തിൽ അധികമായുണ്ടാകുന്ന ഒരൌഷധം ആകുന്നു.

അക്കിളം–൧ കിക്കിളി (കക്ഷംതൊട്ടു ചിരിപ്പിക്കുക) കിക്കിളിക്കു ചില സ്ഥലങ്ങളിൽ 'കിറിണി' എന്നു പറയുന്നു. ൨. കക്ഷം.

അകത-വി. പുരട്ടിയിരിക്കുന്ന, തേച്ചിട്ടുള്ള. ഈ പദം സമാസത്തിൽ വരികയേ ഉള്ളൂ. (രക്താകത=രക്തലം പുരട്ടിയിരിക്കുന്ന.)

അകത-രാത്രി.

അക്ബർ, അക്ബരൻ-൧. ഒരു മുഗളചക്രവർത്തിയുടെ പേർ. ൨. അക്ബരെപ്പറ്റിച്ചു എഴുതീട്ടുള്ള ഒരു ആഖ്യായിക.

അക്രാത്രാം - യുദ്ധത്തിന്നുപയുക്തമായ ഒരു വസ്ത്രം.

അക്രതു-൧. ക്രതു(യജ്ഞം)ഇല്ലാത്തവൻ. ൨. സങ്കല്പമില്ലാത്തവൻ, പരമാത്മാവ്.

അക്രതു-൧. യാഗമില്ലായ്ക. ൨. സങ്കല്പമില്ലായ്ക. ൩. നിശ്ചയമില്ലായ്ക.

അക്രഥനം-കൊല്ലാതിരിക്കുക.

അക്രന്ദനം-കരയാതിരിക്കുക. (ക്രന്ദനം =കരച്ചൽ).

അക്രന്ദിത-വി. കരയാത്ത.

അക്രവുകം-വാങ്ങാതിരിക്കുക. (ക്രവുകം എന്നാൽ വിലയ്ക്കു വാങ്ങുക എന്നർത്ഥം.)

അക്രമ-വി ക്രമമില്ലാത്ത, രീതിമാറിയ, മുറതെററിയ, കുഴപ്പമായ.

അക്രമണം-സഞ്ചരിക്കായ്ക.

അക്രമം-൧. ക്രമമില്ലായ്ക, രീതിയില്ലായ്ക, മുറയില്ലായ്ക, കുഴപ്പം. ൨. നീതികേട്. ൩. മര്യാദകേട്. ൪. കാവ്യദോഷങ്ങളിൽ ഒന്ന്. (ഈ ദോഷം നിപാതങ്ങളെ വാക്യത്തിൽ ക്രമം മാറി പ്രയോഗിക്കുന്നിടത്തുണ്ടാകും). ഉദാഹരണം താഴെ കാണിക്കുന്നു.

'ഇന്നിഹസ്വൈരമായകളിക്കുക ചിരി-
ച്ചെന്നാലുമാളീജനം'

(ജാനകീപരിണയം)

"എന്നു ചിരിച്ചാലും" എന്നതിനു പകരം "ചിരിച്ചെന്നാലും" എന്ന പ്രയോഗം നോക്കുക.

അക്രമാതിശയോക്തി-ഒരലങ്കാരം (ഇതു കാര്യവും കാരണവും ഒന്നിച്ചു സംഭവിക്കുന്നതായി വർണ്ണിക്കുന്നതാകുന്നു).

അക്രമിക-വി. ൧. മുറച്ചേർച്ചയല്ലാത്ത. ൨. വംശക്രമത്തിലല്ലാത്ത.

അക്രമി - ക്രമക്കേടായി പ്രവർത്തിക്കുന്നവൻ, ദുഷ്ടൻ.

അക്രമിക്കുന്നു-ക്രമമല്ലാതെ ചെയ്യുന്നു, മുറകേടുചെയ്യുന്നു.

അക്രയം-വിലയ്ക്കു വാങ്ങാതിരിക്കുക.

അക്രയണം-വിലയ്ക്കു വാങ്ങാതിരിക്കുക.

അക്രയ്യ-വി. വിലകൊടുത്തു വാങ്ങിക്കത്തക്കതല്ലാത്ത.

അക്രശിമാവ്-ക്രശ്മാവല്ലാത്ത (മെലിഞ്ഞിരിക്കാത്ത) സ്ഥിതി. ക്രശിമാ=കൃശമായിരിക്കുന്ന സ്ഥിതി. മഹിമം, ലഘിമം, ഗരിമം ഇത്യാദിപോലെ ക്രശിമാ എന്നതും സംസ്കൃതപ്രഥമാരൂപമാകുന്നു.

അക്രാന്ത-ചെറുവഴുതിന.

അക്രാന്താ-ക്രാന്തം(വ്യാപ്തം)അല്ലാത്തത്.

അക്രായികൻ - ക്രായികനല്ലാത്തവൻ. ക്രായികൻ=വിലയ്ക്കു കൊള്ളുന്നവൻ

അക്രാരി-അക്ലാരിത്തേങ്ങ. പടിഞ്ഞാറെ സമുദ്രതീരത്തിൽ അധികമായുണ്ടാകുന്നു.

അക്രാവു— ഒരങ്ങാടിമരുന്ന്. ഇതിന് അക്കൽകറുവാ, അക്കിൽകറ, അക്കിക്കറുവാ ഈ പേരുകളും ഉണ്ട്.

അക്രാസനം-ക്രാസനം(മാർദ്ദവം)ഇല്ലായ്ക.

അക്രിയ-വി. ൧. ക്രിയ(പ്രവൃത്തി)യിൽ ജാഗ്രതയില്ലാത്ത. ൨. ഉത്സാഹമില്ലാത്ത.

അക്രിയൻ - ൧. മായാബന്ധമില്ലാത്തവൻ, സകല കർമ്മങ്ങളെയും വെടിഞ്ഞവൻ, പരമാത്മാവ്.

'നിർഗ്ഗുണൻ നിശ്ചലൻ
നിർമ്മലൻ നിരാധാരൻ
നിഷ്ക്രിയൻ നിഷ്കാരണൻ
നിരഹങ്കാരൻ നിത്യൻ'

(അദ്ധ്യാത്മരാമായണം)

൨. ഉത്സാഹമില്ലാത്തവൻ. ൩. പ്രവൃത്തിയിൽ താല്പര്യമില്ലാത്തവൻ.

അക്രിയ-ക്രിയയില്ലായ്ക, താല്പര്യമില്ലായ്ക, വേലയിൽ വീഴ്ച.

അക്രിയാകാരൻ-വേലചെയ്യാത്തവൻ.

അക്രിയാവാൻ-ക്രിയാവാനല്ലാത്തവൻ. ക്രിയാവാൻ=കർമ്മങ്ങളിൽ ഉത്സാഹത്തോടുകൂടിയവൻ.

'ക്രിയാവാൻ കർമ്മസൂദ്യതഃ' (അമരം)

അക്രുധ-ക്രോധം (കോപം) ഇല്ലായ്ക.

അക്രുദ്ധ-വി. കോപിക്കാത്ത.

'ക്രുദ്ധിച്ചുദന്തംകടിച്ചുദംഷ്ട്രകളും
ഉദ്ധൃത്യപൊട്ടിച്ചിരിച്ചലറി ദൃതം'
(ഭാഗവതം)

അക്രുഷ്ടം-കരയായ്ക.

അക്രൂര-മനഃകഠിനതയില്ലാത്ത (അപൂർവ്വമായി 'ദാരിദ്ര്യമില്ലാത്ത' 'ദുർഗ്ഗതിയില്ലാത്ത' 'നീചത്വമില്ലാത്ത' ഈ അർത്ഥങ്ങളും വരും).

'ക്രൂരവചസ്സുകളാകട്ടുളളപാലനം
പാരമകാരണമുസാരസ്യവാണിയാൽ'
(ഭാഗവതം)

അക്രൂരത-കഠിനതയില്ലായ്ക.

അക്രൂരം-ഉഷ്ണമില്ലായ്ക. (ക്രൂരശബ്ദത്തിന് 'ഉഷ്ണം' എന്ന അർത്ഥം അപൂർവ്വമായിട്ടേ ഉള്ളൂ) ക്രൂരം=കഠിനം. അതല്ലാത്തത് അക്രൂരം.

'കർക്കശം കഠിനം ക്രൂരം' (അമരം)

അക്രൂരൻ-പ്ര. ഒരു യാദവൻ. അച്ഛൻ ശ്വഫല്ക്കൻ. അമ്മ ഗാന്ദിനി. ഈ സ്ത്രീ കാശീശന്റെ പുത്രിയാണ്. ഗാന്ദിനിയുടെ പുത്രനാകയാൽ അക്രൂരനു 'ഗാന്ദിനേയൻ' എന്ന പേരുണ്ടായി.

'കാശീശൻ ദ്വാദശാബ്ദം
വർഷമില്ലാഞ്ഞ മൂലം
ദേശവാസികളോടും
ദുഃഖിച്ചുപിന്നെയവൻ
മുഖ്യനാം ശ്വഫല്ക്കനെ
കൊണ്ടുപോയ് രാജ്യത്തിങ്കൽ
മുഖ്യനായ് വച്ചനേരം
വർഷവുമുണ്ടായ്വന്നു
ദുഃഖങ്ങൾ തീർന്നിട്ടവൻ
കാശിഭൂപതി തന്റെ
വിഖ്യാതഗുണമായ
ഗാന്ദിനിതന്നെയന്നു
നല്കിനാൻ ശ്വഫല്ക്കനു
തൽപുത്രനക്രൂരനും'
(ഭാഗവതം)

അക്രൂരൻ കൃഷ്ണന്റെ ഒരു മാതുലനെന്നു തന്നെയല്ല, ആപ്തമിത്രവും ഭക്തനും കൂടിയായിരുന്നു. കംസനെ വധിപ്പാൻ രാമകൃഷ്ണന്മാരെ പ്രേരിപ്പിച്ചു. ഇതിനു കാരണം കംസൻ വസുദേവരേയും, ദേവകിയേയും, ഉഗ്രസേനനേയും അപമാനിച്ചതായിരുന്നു. കംസൻ രാമകൃഷ്ണന്മാരെ കൊല്ലുന്നതിനു ചാപപൂജ എന്ന വ്യാജേന ആരംഭിച്ച ആഘോഷം കാണ്മാൻ അവരെ കൂട്ടിക്കൊണ്ടുവരുന്നതിന് അമ്പാടിയിലേക്കയച്ചതു് ഈ അക്രൂരനെ ആയിരുന്നു. ഇദ്ദേഹത്തെ കൃഷ്ണൻ ഒരിക്കൽ വർത്തമാനങ്ങൾ അറിവാൻ ഹസ്തിനാപുരിയിലേക്കയച്ചിട്ടുണ്ടു്. അക്രൂരൻ സത്രാജിത്തിനെ ശതധന്വാവിനെക്കൊണ്ടു കൊല്ലിച്ചു. മണിയെ ശതധന്വാവു് അക്രൂരന്റെ പക്കൽ കൊടുത്തു. അനന്തരം ഗുരുദ്രോഹിയായ ശതധന്വാവിനെ കൃഷ്ണൻ വധിച്ചു. മണി അവന്റെ പക്കൽ കാണാഞ്ഞു് അതിന്റെ പോക്കിനെപ്പററി രാമകൃഷ്ണാദികൾ ആലോചനതുടങ്ങി. അക്രൂരൻ മണിയും കൊണ്ടു കാശിയിലേക്കു പോയി. കൃഷ്ണൻ അക്രൂരനെ വരുത്തി. അക്രൂരൻ മണി കൃഷ്ണനെ ഏല്പിച്ചു. എല്ലാവരും കൂടി ആലോചന നടത്തി മണി അക്രൂരന്റെ പക്കൽതന്നെയിരിക്കട്ടെ എന്നു തീർച്ചപ്പെടുത്തി.

൨. ക്രൂരനല്ലാത്തവൻ (പരദ്രോഹിയല്ലാത്തവൻ).

'നൃശംസോ ഘാതുകഃ ക്രൂരഃ' (അമരം)

അക്രീതി-വിലയ്ക്കു വാങ്ങായ്ക.

അക്രേതവ്യ-വി. വില്ക്കേണ്ടതല്ലാത്ത.

അക്രയ്യം-ക്രയം (വില്പാൻ യോഗ്യം) അല്ലാത്തതു്.

അക്രോട്ട്-പ്ര. അക്രോട്ടണ്ടി, ഒരുവക അണ്ടി. ൨. ഒരു മരം.

അക്രോധ-ക്രോധം (കോപം) ഇല്ലാത്ത.

അക്രോധം-കോപമില്ലായ്മ. [ന്നതി-

'ക്രോധനരവീന്ദ്രക്കൾ തമ്മെനോക്കീട്ട
ന്നാധിചേരന്നേഴും ഗ്രഹണങ്ങളായതു ര
(ഭാഗവതം) [ണ്ടും'

അക്രോധന-വി. കോപമില്ലാത്ത.

അക്രോധനൻ-പു. ചന്ദ്രവംശരാജാവായ അയുതായുസ്സിന്റെ ഭാര്യയിൽ ജനിച്ച ഒരു രാജാവ്. വ. ക്രോധനൻ അല്ലാത്തവൻ. ക്രോധനൻ=കോപശീലൻ.
'ക്രോധനോമർഷണഃകോപീ' (അമരം)

അക്രോധാലു- കോപസ്വഭാവമില്ലാത്ത.

അക്ലമം-തളർച്ചയില്ലായ്ക, വാട്ടമില്ലായ്ക.

അക്ലമഥം-തളർച്ചയില്ലായ്ക, വാട്ടമില്ലായ്ക.
'ക്ലമഥക്ലമൌ' (അമരം)

അക്ലാന്തം-വാടാത്തതു്. (ക്ലാന്തം=വാടിയതു്).

അക്ലാന്തത്വം-ക്ഷീണതയില്ലായ്മ. (ക്ലാന്തത്വം=ക്ഷീണത).
'ക്ലാന്തത്വത്തോടുചൊല്ലുമത്തരുണിയെ'
(അമരുകശതകം)

അക്ലാന്തി-തളർച്ചയില്ലായ്ക, പരവശതയില്ലായ്ക.
'ക്ലാന്തിവെടിഞ്ഞതികാന്തിയുതന്മാ-
രന്തസ്സുഖമൊടുചേർന്നാർമകളുടെ'
(ഘോഷയാത്ര തുള്ളൽ)

അക്ലാരി-അക്കരിത്തേങ്ങ. ഇതു പടിഞ്ഞാറെ സമുദ്രതീരത്തിൽ അധികമായുണ്ടാകുന്നു. ഇതിനെ അക്രാരി എന്നും പറയും. സംസ്കൃതത്തിൽ 'അഗ്നിജാര' എന്നു പറയുന്നു.

അക്ലികാ-അമരി.

അക്ലിന്ന-വി. നനവു വെയ്ക്കാത്ത.
'ആർദ്രംസാർദ്രം ക്ലിന്നം' (അമരം)

അക്ലിന്നവർത്മം-നേത്രവർത്മരോഗങ്ങളിൽ ഒന്നു്.
'യസ്യധൌതാന്യധൌതാനി
സന്ധീയന്തേപുനഃ പുനഃ
വർത്മാന്യപരിപാകാനി
വിദ്യാദക്ലിന്നവർത്മതൽ'
(മാധവനിദാനം)
കൺപോളകൾ കഴുകിയാലും കഴുകിയില്ലെങ്കിലും വീണ്ടും വീണ്ടും ഒട്ടിക്കുന്നപ്രകാരം തോന്നും. എന്നാൽ പഴുപ്പുണ്ടായിരിക്കയില്ല. ഇതിന്നു് അക്ലിന്നവർത്മം എന്നു പേർ.

അക്ലിശിതൻ— ക്ലിശിതനല്ലാത്തവൻ. ക്ലിശിതൻ=ക്ലേശിച്ചവൻ.

അക്ലിഷ്ട-വി. ക്ലിഷ്ടം (ക്ലേശമുള്ളതു്) അല്ലാത്ത, തളർച്ചയില്ലാത്ത, ദോഷം വെയ്ക്കാത്ത.
'ക്ലിഷ്ടകർമ്മമതെങ്കിലും കര
വാണിശങ്കര പാഹിമാം'
(പതിനാലുവൃത്തം)

അക്ലിഷ്ടൻ-ക്ലിഷ്ടനല്ലാത്തവൻ. ക്ലിഷ്ടൻ എന്നാൽ ക്ലേശിച്ചവൻ എന്നർത്ഥം.
'ക്ലിഷ്ട, ക്ലിശിതൌ, വസിതൌ' (അമരം)

അക്ലിഷ്ടത-ക്ലിഷ്ടത (ക്ലേശം) ഇല്ലാത്തതു്, ഞെരുക്കമില്ലാത്തതു്.
'ഇഷ്ട്വാമുനികളനി തപോർത്ഥത്തെ
ക്ലിഷ്ടതാപാത്മാവപാദശൂന്യം ചെയ്തു'
(ഭാഗവതം)

അക്ലിഷ്ടി-ക്ലേശം (വേദന) ഇല്ലായ്ക, പ്രയാസമില്ലായ്ക.

അക്ലീബ-നപുംസകലിംഗമല്ലാത്ത, ബലക്ഷയമില്ലാത്ത, നീചത്വമില്ലാത്ത.

അക്ലീബം-നപുംസകലിംഗമല്ലാത്തതു്.

അക്ലേദം-ക്ലേദം (നനവു്) ഇല്ലായ്ക.

അക്ലേശം- ബുദ്ധിമുട്ടില്ലായ്ക, വേദനയില്ലായ്ക.
'ആദീനവാസ്രവൌ ക്ലേശേ' (അമരം)

അക്വാണിതം-ക്വാണിതം (ശബ്ദം) ഇല്ലാത്ത.

അക്വാഥനം-കഷായംചെയ്യായ്ക.

അക്ഷം-പു. അച്ചു് (അക്ഷശബ്ദത്തിന്റെ തത്ഭവം), അച്ചുതണ്ടു്. ഉ. വണ്ടി (വാഹനം), ചക്രം മു. വണ്ടിയിലെ ഒ

തടി ൪. (ഭൂമിശാസ്ത്രപ്രകാരം) ഭൂമിയുടെ ഒരു രേഖ. ൫. ത്രാസിലെ കോൽ. ൬. മൂന്നുകഴഞ്ചു തൂക്കമുള്ള ഒരു മാത്ര. (കർഷം എന്നും പറയും.) ഒരു കഴഞ്ചു പന്ത്രണ്ടരപ്പണം തൂക്കമാകയാൽ മൂന്നു കഴഞ്ചിനു പണത്തൂക്കം മുപ്പത്തിയേഴര. ൭. ചൂതുകളിക്കുള്ള കരു, ചൂതുകായ. ൮. പാമ്പ്. ൯. ഹൃദയം. ൰. ജ്ഞാനം. ൰൧. വ്യവഹാരം, വ്യവഹാരനടപടി. ൰൨. രുദ്രാക്ഷം. ൰൩. ഒരുതരം ഉപ്പ്. ൰൪ തുവർച്ചിലയുപ്പ്.

‘സൌവർച്ചലേക്ഷരുചകേ തിലകം തത്ര [മേചകേ
(അമരം)

സൌവർച്ചലം, അക്ഷം, രുചകം ഇവമൂന്നും തുവർച്ചിലയുപ്പിന്റെ പേർ തിലകം = കറുത്ത തുവർച്ചിലയുപ്പിന്റെ പേർ. ൰൫. തുവർച്ചിലക്കാരം. ൰൬. താന്നി (താന്നിക്കായ്) ൰൭. തത്വജ്ഞാനം. ൰൮. ദേവസർഷപം (വെൺകടുക്). ൰൯. കടകപ്പാലയരി. ൨൰. മാതളനാരകം. ൨൰൧. കണ്ണ്.

അക്ഷകം-തൊടുകാര (ഗ്രാഹ്യാംശം പുറന്തൊലിയാണ്. ഇതിനു ‘തേരുമരം’ എന്നും ‘തോടുകാര’ എന്നും കൂടി പറയാറുണ്ട്.)

അക്ഷകർണ്ണം - സമത്രികോണ ത്രികോണത്തിൽ സമകോണത്തിനെതിരായി കിടക്കുന്ന വര.

അക്ഷകീലം - അച്ചുതണ്ടിന്റെ ആണി.

‘നിന്നോടുകൂടായ വിണ്ണിലകംപുക്ക [ൾ
സന്നദ്ധനായ്ച്ചെന്നസുരരോടേറ്റാപ്പോഴിന്നമാർന്നു രഥാക്ഷകീലം പാരിലെന്നതറിഞ്ഞതുമില്ല ദശരഥൻ’

(അദ്ധ്യാത്മരാമായണം)

അക്ഷകുമാരൻ- രാവണന്റെ ഇളയമകൻ. അക്ഷൻ എന്നും പറയും. ഇവനെ ഹനുമാൻ കൊന്നു.

‘വിനയമൊടുതൊഴുതിളയമകനുമുരചെയ്തു
വീരപുംസാമയോഗ്യമല്ലല്ലമേ. [ള്ളു

അലമലമിതറികിലനചിതമഖിലഭൂതോ-
മന്മാഥദാഹമെയ്ശൌര്യതേജോഹരം.
അരിവരനെനിമിഷമിഹകൊണ്ടുവരുവെ-
ന്നക്ഷകമാരനും നിർഗ്ഗമിച്ചീടിനാൻ [നെ-
കപിവരനുമതുപൊഴുതുതോരണമേറിനാൻ
കാണായിതക്ഷകുമാരനെ സന്നിധൌ.
ശരനികരശകലിതശരീരനായ്നിന്നിതു
ശാഖാമൃഗാധിപൻതാനുമതുനേരം
മുനിവിനൊടുഗഗനഭുവി നിന്നു താണാശ്ശുതന്നുടെ മുൽഗരംകൊണ്ടെറിഞ്ഞീടിനാൻ.
ശമനപുരിവിരവിനൊടു ചെന്നുപുക്കീടിനാ
ശക്തനാമക്ഷകുമാരൻമനോഹരൻ. [ൻ
(അദ്ധ്യാത്മരാമായണം)

അക്ഷകുശല-വി. ചൂതുകളിയിൽ സാമർത്ഥ്യമുള്ള.

അക്ഷകൂടം-കണ്ണിലെ കറുത്തമിഴി, അക്ഷത്തി(കണ്ണി)ന്റെ കൂടം (മുഖ്യഭാഗം).

അക്ഷകൈതവം-കള്ളച്ചൂതു്.

‘അക്ഷകൈതവഹേതുനാ
സകലംപിടിച്ചുപറിച്ചതും’
(പതിനാലുവൃത്തം)

അക്ഷകോവിദ-വി. ചൂതുകളിയിൽസാമർത്ഥ്യമുള്ള.

അക്ഷക്രിയ- ചൂതാട്ടം, ചൂതുകളി.

അക്ഷക്രീഡ-ചൂതാട്ടം, ചൂതുകളി.

‘ദേവനമക്ഷക്രീഡ കഴിഞ്ഞൊരനന്തരം
ദേവിമായാടലുംചെയ്തു നീയിനിപ്പോന്നു [വേണം’
(ഭാരതം)

അക്ഷഗ്ലഹൻ — ചൂതു കളിക്കുന്നവൻ.
‘ഗ്ലഹം എന്നാൽ ചൂതിൽ വാതുവെച്ചുള്ളി പണയംകെട്ടിയതിന്റെ പേരാകുന്നു’,
‘പണോക്ഷേഷു ഗ്ലഹഃ’ (അമരം)

അക്ഷജ - ൧. പ്രത്യക്ഷജ്ഞാനം, നേരിട്ടു കിട്ടിയ അറിവ്. ൨. വൈരക്കല്ല്. ൩. ഇടിവീഴുക.

അക്ഷജൻ-വിഷ്ണു.

അക്ഷജ്ഞ- വി. ചൂതുകളിയിൽ സാമർത്ഥ്യമുള്ള

അക്ഷണം-പു. വേഗം, ഉടൻ. ഉ. ഉത്സവംഇല്ലായ്മ. ന. നാഴികയിൽ ആറിലൊരംശം ഇല്ലായ്മ.

'മക്ഷാരിപാർശ്വമുപഗമ്യനിർജ്ജരന്മാരോ
ടക്ഷണമവസ്ഥകളെപ്പേരമറിയിച്ചാൻ'
(ഭാഗവതം)

അക്ഷണിക-വി. സ്ഥിരതയുള്ള. (ക്ഷണനേരത്തേയ്ക്ക് ഒരേ സ്ഥിതിയിലിരിക്കുന്നതു ക്ഷണികം).

'ഹരിവീക്ഷണാക്ഷണികചക്ഷുഷാ'
(മാഘം)

'ക്ഷണികമതാകിനവിഷയസുഖത്തിൽ
പ്രണയമിയന്നോരരസികന്മാർ'
(കിരാതം ഓട്ടൻതുള്ളൽ)

അക്ഷണ്വാൻ-കണ്ണുള്ളവൻ.

അക്ഷണ്വതി-കണ്ണുള്ളവൾ.

അക്ഷണ്വത്ത്-കണ്ണുള്ളത്.

അക്ഷത-പു. പകുത്തിട്ടില്ലാത്ത. ഉ. ന്യൂനത (ക്ഷയം) തട്ടീട്ടില്ലാത്ത, ഉപദ്രവം തട്ടാത്ത, മുറിപ്പെടാത്ത, മുറിവില്ലാത്ത.

'അക്ഷരമീവകകൂട്ടിച്ചേർത്തതി-
ലക്ഷതമാകിയ രസമുളവാക്കി'
(സ്യമന്തകം തുള്ളൽ)

'ക്ഷണംപുനരത്രതന്നെനി
ന്നുനമ്മോടുകൂടവേ
പക്ഷമെങ്കിലതങ്ങിനെമമ
പക്ഷമിക്ഷണമക്ഷത.'
(പതിനാലുവൃത്തം)

'സാമർത്ഥ്യംസൃഷ്ടിയിങ്കൽ കമലഭവനിന
ക്കക്ഷതം സംഭവിക്കും'
(ഭക്ഷാനാരായണീയം)

'അക്ഷതവീര്യമഹാബലധീര
അക്ഷിയുഗവുമിന്നുസഫലമായ്'
(ഗന്ധർവ്വവിജയം കഥകളി)

അക്ഷതൻ-പു. മുറിവുപെടാത്തവൻ. (ക്ഷതം=മുറിവ്). ഉ. ശിവൻ.

അക്ഷതം-പു. അരി. ഉ. മലര്. ന. യവം. (ഒരുവക ധാന്യം). ശ. നപുംസകൻ. ഔ. നെല്ലും അരിയുംകൂടെ പൂജ മുതലായതിനു ബ്രാഹ്മണൻ നനച്ചുവക്കാറുണ്ട്, അതിന്റെ പേര്. ഉണക്കലരിക്കും പറയുന്നു.

അക്ഷത-വിവാഹം കഴിയാത്ത സ്ത്രീ.

അക്ഷതണ്ഡുല-വലിയ കുന്നിക്കുരു. ഇതിനു സംസ്കൃതത്തിൽ 'മഹാബല' എന്നു പേർ (മലയാളത്തിൽ ആനക്കുന്നിക്കുരു എന്നു പറയുന്നതും ഇതുതന്നെ.).

അക്ഷതന്ത്രം- ചൂതുകളിശ്ശാസ്ത്രം, ചൂതുകളിയുടെ വിധം.

അക്ഷതധാന്യം-യവം (വാൽഗോതമ്പ്)

അക്ഷതയോനി-ഋതുശാന്തി കഴിഞ്ഞിട്ടില്ലാത്ത സ്ത്രീ.

അക്ഷതങ്ങൾ(അക്ഷതം)-മലര്.

[അക്ഷതങ്ങൾ എന്ന ശബ്ദത്തിൽ പ്രയോഗിക്കരുത്.]

അക്ഷതാഡനം-വൈകുന്നേരം വാദ്യമടിക്കുക.

'സായംതൂര്യ്യേക്ഷതാഡനം'(വൈജയന്തി)

അക്ഷതികം-നൽപഞ്ഞി.

അക്ഷതൈലം-താന്നിയെണ്ണ.

അക്ഷത്രം-തല. അക്ഷങ്ങളെ (ഇന്ദ്രിയങ്ങളെ) ത്രാണനം (രക്ഷ) ചെയ്യുന്നതു്.

'മൂർദ്ധീഷംശീർഷമക്ഷത്രം' (വൈജയന്തി)

അക്ഷത്രിയൻ-പു. ക്ഷത്രിയൻ അല്ലാത്തവൻ. ഉ. കണ്ടാൽ ക്ഷത്രിയനെപ്പോലെയിരിക്കും, എന്നാൽ ക്ഷത്രിയനല്ലതാനും, അങ്ങിനെയുള്ളവൻ.

അക്ഷത്രിയി-ക്ഷത്രിയന്റെ ഭാര്യയല്ലാത്തവൾ.

അക്ഷത്രയോഗ്യ-ക്ഷത്രിയന്നു യോഗ്യമല്ലാത്ത.

അക്ഷദർശകൻ-പു സാക്ഷി, മജിസ്ട്രേട്ട്, ന്യായാധിപതി. ഉ. ചൂതുകളിയിൽ പ്രധാനി. വാദിപ്രതിവാദികളുടെ വിവാദത്തിൽ തീർപ്പുകല്പിക്കുന്നവനത്രെ ന്യായാധിപതി. ഈ അവസ്ഥ ചൂതുകളിയിൽ പ്രധാനിക്കും ഉള്ളതുകൊണ്ട് ഈ പേരുണ്ടായി.

'പ്രാഡ്വിവാകോക്ഷദർശകഃ' (അമരം)

അക്ഷദ്രുക്ക്-പു. ജഡ്ജി, മജിസ്ട്രേട്ട്, ന്യായാധിപതി. വ. ചൂതുകളിയുടെ പ്രധാനി. [അക്ഷങ്ങൾ=വ്യവഹാര നിയമങ്ങൾ.]

അക്ഷദേവി-ചൂതുകളിക്കുന്നവൻ (ഇവിടെ 'ദിവ്'ധാതുവിനു 'ക്രീഡ'എന്നർത്ഥം)

'ധൂർത്തോക്ഷദേവീകിതവോ-

'ക്ഷധൂർത്തോദ്യൂതകൃത്സമാഃ' (അമരം)

(ധൂർത്തൻ, അക്ഷദേവി കിതവൻ, അക്ഷധൂർത്തൻ, ദ്യൂതകൃത്ത് ഇവ അഞ്ചും ചൂതുകളിക്കുന്നവന്റെ പേർ.)

അക്ഷദ്യൂതം-ചൂതുകളി.

'ദ്യൂതോസ്ത്രിയാമക്ഷവതീ

കൈതവം പണ ഇത്യപി' (അമരം)

(ദ്യൂതം, അക്ഷവതി, കൈതവം, പണം ഇവ നാലും ചൂതിന്റെ പേർ)

അക്ഷധരം-പരുവമരം. ശാഖോടവൃക്ഷം എന്നും പറയും.

അക്ഷധരൻ-വിഷ്ണു.

അക്ഷധാന്യം-യവം (വാൽഗോതമ്പ്).

അക്ഷധൂർത്തൻ-പു. ചൂതുകളിക്കാരൻ. വ. കള്ളച്ചൂതാളി. മടങ്ങുമ്പോൾ ദേഷ്യംകൊണ്ടു ചൂതെടുത്തു് എറിയുന്നതിനാൽ ഈ പേർ വന്നു.

അക്ഷധൂർത്താ-പരുവമരം. (ശാഖോട വൃക്ഷം.)

അക്ഷധൂർത്തില-വണ്ടിയിൽ കെട്ടീട്ടുള്ള കാള.

അക്ഷൻ-പു. ഗരുഡൻ വ. അക്ഷകുമാരൻ (രാവണന്റെ ഇളയ മകൻ). ഇവനെ ഹനുമാൻ കൊന്നു. (അക്ഷകുമാരൻ എന്ന ശബ്ദം നോക്കുക)

'അക്ഷൻ മരിച്ചപോലെയന്ന വിശേഷങ്ങ
ളുക്ഷണം ചെന്നങ്ങറിയിച്ചപ്പോൾ
രാക്ഷസാധിനാഥനാം ഭൂഖം പെരുത്തുട-
നക്ഷികളും വാർത്തു നാരായണ'

(രാമായണം ൨൪ വൃത്തം)

ന. ജനനാൽ കരടൻ (ജന്മസ്ഥൻ). ര. കണ്ണുള്ളവൻ. ഉ-ം, അശ്രുകമലാക്ഷൻ' പങ്കജാക്ഷൻ.

അക്ഷപടലം-പു. നിയമപ്രമാണങ്ങൾ സൂക്ഷിക്കുന്ന സ്ഥലം. വ. നീതിന്യായക്കോടതി.

അക്ഷപാടകൻ-ന്യായാധിപതി. പാടകൻ എന്നാൽ പാടനം ചെയ്യുന്നവൻ(സൂക്ഷ്മമായി ഗ്രഹിക്കുന്നവൻ) എന്നർത്ഥം.

അക്ഷപാദൻ-പു. ന്യായദർശനത്തെ സ്ഥാപിച്ച ഗൌതമമഹർഷി. വ. ന്യായദർശനത്തെ ആശ്രയിക്കുന്നവൻ ന്യായദർശനം എന്നതു ഷഡ്ദർശനങ്ങളിൽ ഒന്നാണ്. ഷഡ്ദർശനങ്ങൾ (തത്വദർശനങ്ങൾ). ൧. ന്യായം. ൨. വൈശേഷികം. ൩. സാംഖ്യം. ൪. യോഗം. ൫. പൂർവ്വമീമാംസ. ൬. ഉത്തരമീമാംസ ഇവയാകുന്നു.

അക്ഷപാദൻ എന്നതിന്റെ വ്യുൽപത്തിക്ക് ഒരു പുരാണകഥയുണ്ട്. അതിന്റെ സംഗ്രഹം താഴെ ചേർക്കുന്നു. തന്റെമതത്തെ ദുഷിക്കുന്ന വ്യാസന്റെ മുഖത്തു തന്റെ കണ്ണുകൊണ്ടു നോക്കുകയേ ഇല്ല എന്നു ഗൌതമൻ ശപഥം ചെയ്തിരിക്കെ, വ്യാസൻ അദ്ദേഹത്തെ സന്തോഷിപ്പിച്ചു. അനന്തരം ഗൌതമൻ തന്റെ പാദത്തിൽ കണ്ണുണ്ടാക്കി വ്യാസനെ നോക്കി. അതുകൊണ്ടു ഗൌതമനു് അക്ഷപാദൻ എന്ന പേരുണ്ടായി.

അക്ഷപിത-നശിപ്പിക്കപ്പെട്ടതല്ലാത്ത.

അക്ഷപീഡ-പു. ഇന്ദ്രിയങ്ങൾക്കുള്ള പീഡ (ഉപദ്രവം). ക്ഷുദ്രസങ്ങൾ ഹേതുവായിട്ട് അധികവും നാവിനുള്ള പീഡയ്ക്കാണ് ഈ പേർ പറയുന്നതു്. വ. കീരവള്ളി.

അക്ഷഫലം-രുദ്രാക്ഷം.

അക്ഷബീജം-താന്നിക്കുരു.

അക്ഷഭാഗം-ഭൂമിയുടെ അക്ഷരേഖയിൽ നിന്നു ദൂരം ഗ്രഹിപ്പാൻ എളുപ്പത്തിനു സങ്കല്പിക്കുന്ന ദൂരവിഭാഗം.

അക്ഷഭാരം-വണ്ടിച്ചുമട്.

അക്ഷഭീരു-ചൂതുകളിയിൽ ഭയമുള്ളവൻ.

അക്ഷമ-൧. കരുത്തില്ലാത്ത. ൨. ശക്തിയില്ലാത്ത. ൩. സഹനശക്തിയില്ലാത്ത.

‘അക്ഷമന്മാരായ ചക്ഷുശ്രവണന്മാർ
പക്ഷീശനാം മമ ഭക്ഷണമാകണം’
(ഭാരതം)

അക്ഷമൻ-അശക്തൻ, സഹനശക്തിയില്ലാത്തവൻ.

‘അക്ഷഹൃദയം വശമായ് വരും തവ
അക്ഷമനാം കലിയുമന്നൊഴിയും’
(നളചരിതം കഥകളി)

അക്ഷമണി-൧. മാല. ൨. രുദ്രാക്ഷക്കായ്.

അക്ഷമം കരുകിൽപക്ഷി.

അക്ഷമാത്രം-൧. പകിടയെപ്പോലെയുള്ളത്, പകിട. ൨. കണ്ണിമപ്പുനിമിഷം.

അക്ഷമാല-൧. ജപമാല(രുദ്രാക്ഷമാല)

‘പുരഃ പ്രവാളൈരിവപൂരിതാർദ്ധയാ
വിഭാന്തമച്ഛസ്ഫടികാക്ഷമാലയാ’
(മാഘം)

൨. അരുന്ധതി.

അക്ഷമാലിക-ജപമാല.

‘സരസീരുഹമക്ഷമാലികാ
സരസം വരപുസ്തകം ശുകം
കരപത്മപുടത്തിലേന്തിടും
വരദാ സുമുഖീ ജയിക്കണം’
(വൃത്തമഞ്ജരി)

അക്ഷമി-ക്ഷമാശീലനല്ലാത്തവൻ, സഹനശക്തിയില്ലാത്തവൻ.

അക്ഷയ-വി. ക്ഷയം (കുറവ്) ഇല്ലാത്ത, നാശമില്ലാത്ത.

‘തപസ്സാം ധനത്തിന്റെ ക്ഷയാംശമല്ലോ
ധന്യന്മാർക്കക്ഷയം താപസന്മാർ’
(അഭിജ്ഞാനശാകുന്തളം)

‘അക്ഷയേണമേവുന്നിതു ദൈവം
രക്ഷയുണ്ടിഹ സമസ്തജനാനാം’
(പ്രദോഷമാഹാത്മ്യം തുള്ളൽ)

അക്ഷയത-ക്ഷയമില്ലായ്മ, നാശമില്ലായ്മ, കുറവില്ലായ്മ.

അക്ഷയൻ-൧. പരമാത്മാവ്. ൨. ശിവൻ ൩. സന്യാസി.

അക്ഷയണി-പാർവതി.

അക്ഷയതൃതീയ-വൈശാഖമായ ചാന്ദ്രമാസത്തിൽ (മേടം, ഇടവം) ശുക്ലപക്ഷത്തിലുള്ള തൃതീയ. ഇതു കാർത്തികനക്ഷത്രത്തിലോ രോഹിണീനക്ഷത്രത്തിലോ വരും. ഈ ദിവസം ചെയ്യുന്ന പ്രവൃത്തികളുടെ ഫലം ക്ഷയിക്കയില്ല.

‘വൈശാഖേ മാസി രാജേന്ദ്ര
ശുക്ലപക്ഷതൃതീയികാ
അക്ഷയാസാതിഥിഃ പ്രോക്താ
കൃത്തികാരോഹിണീയുതാ
തസ്യാം ദാനാദികം സർവ്
മക്ഷയം സമുദാഹൃതം’
(ഭവിഷ്യൽപുരാണം)

അക്ഷയപാത്രം-സൂര്യൻ പാണ്ഡവന്മാർക്കു കൊടുത്ത പാത്രം.

‘കുന്തീതനയന്മാർ ദിനകരനെ
ചിന്തിച്ചാശ്രുതപസ്സുതുടങ്ങി;
കാന്ത്യാ മാഹനനാകിയ സൂര്യൻ-
മന്ദം കനിമനി വന്നു വിളങ്ങി;
ശാസ്ത്രം കൊണ്ടും ദുർഗ്രഹമാകിന
ഗോത്രം പൂണ്ടിനേശനവർക്കാ
പാത്രം ദാനം ചെയ്തു വിശേഷം
മാത്രം കേട്ടു മഹീസുരവരരേ!
എന്തൊരു വസ്തു ലഭിക്കണമെന്നാൽ
കുന്തികുമാരന്മാർക്കതു സർവ്വം
ചിന്തിച്ചീടുന്നളവിൽ കാണാം
എന്തൊരു വിസ്മയമസ്മാദികളേ!
ചോറും കറിയും ചാറും പുളിയും
നൂറു സഹസ്രം ജനമെന്നാലും
ചോറുകൊടുപ്പാൻ തടവില്ലൊട്ടും
ദ്രുപതിമാരുടെ വല്ലഭയാകും
ഭൂപതിവേണ്ടാതൊക്കെയുമുമ്പാൻ;
കൊററുകഴിഞ്ഞവരാപാത്രത്തിൽപ്പി
ന്നൊരുവറ്റിൽ കാണുകയില്ലെന്നോർ
(പാത്രചരിതം തുള്ളൽ)

അക്ഷയലോകം-സ്വൎഗ്ഗം.

അക്ഷയ്യ-വി. ക്ഷയമില്ലാത്ത, ക്ഷയമു ണ്ടാകാത്ത.

അക്ഷയ്യോദകം-ക്ഷയമില്ലാത്തവെള്ളം. ശ്രാദ്ധത്തിൽ പിണ്ഡദാനാനന്തരമുള്ള തൃപ്തിജലം. ഈ ജലം മധുവും എള്ളും കലൎന്നതായിരിക്കും.

'പ്രാണിനാമുദകംദത്തമക്ഷയ്യമുപതിഷ്ഠതു'

(ശ്രുതി)

അക്ഷര-പ്ര. നാശമില്ലാത്ത, അക്ഷയമാ യ. മ. ഇളക്കമില്ലാത്ത. ന. പരബ്രഹ്മ ത്തെ സംബന്ധിച്ച. ര. മാററമില്ലാത്ത.

അക്ഷരം-പ്ര. അകാരാദിവൎണ്ണങ്ങളുടെ പേർ. വ്യഞ്ജനത്തോടുകൂടിയോ കൂടാ തെയോ ഇരിക്കുന്ന ഒററസ്വരം.

'അക്ഷരമെന്നാലമ്പതുമൊന്നു-

മതില്പരമെങ്ങാൻകേൾപ്പാനുണ്ടോ?'

(സ്യമന്തകം തുള്ളൽ)

മ. മോക്ഷം. ന. പരബ്രഹ്മം. ര. ജലം. ഇ. ആകാശം. ന്ന. പ്രണവം (ഓം എന്നതു്). ൧. ധൎമ്മം. വൃ. പ്രകൃ തി. ൻ. യാഗം. പ്ര. തപസ്സ്.

അക്ഷരകം-ഒരക്ഷരം, ഒരു സ്വരം.

അക്ഷരകാഠിന്യം-അക്ഷരത്തിൻെറ ക ഠിനത (കട്ടപ്പം), ഒരക്ഷരം ശബ്ദിക്കു ന്നതിനുള്ള കട്ടപ്പം.

അക്ഷരചണ-വി. എഴുത്തുവാൻ സാമ ൎത്ഥ്യമുള്ള, എഴുതുന്നതിൽ തഴക്കമുള്ള.

'ലിപികാരോക്ഷരചണോ-

ക്ഷരചുഞ്ചുശ്ചലേഖകഃ' (അമരം)

(ലിപികാരൻ, അക്ഷരചണൻ, അക്ഷ രചുഞ്ചു, ലേഖകൻ ഇവ നാലും എഴു ത്തുകാരൻെറ പേർ).

അക്ഷരചഞ്ചു, അക്ഷരചുഞ്ചു-എഴു തുന്നതിനു തഴക്കമുള്ളവൻ (സാമൎത്ഥ്യമു ള്ളവൻ).

അക്ഷരചയം-അക്ഷരങ്ങളുടെ കൂട്ടം.

അക്ഷരച്ഛന്ദസ്സ്-കവിതയ്ക്കു് അടിയോ ന്നിനു് ഇത്ര അക്ഷരമുണ്ടായിരിക്കണമെ ന്നകണക്കാക്കുക(കവനം), വൎണ്ണവൃത്തം.

അക്ഷരച്ഛായ-അക്ഷരത്തിൻെറ നിഴൽ (പ്രതിബിംബം). ഒരക്ഷരംപോലെ മ ററൊരക്ഷരം ഇരിക്കുക.

അക്ഷരച്യുത-വി. അക്ഷരം വീണുപോ യ, അക്ഷരം ഇളകിയ.

അക്ഷരച്യുതകം-ഒരക്ഷരംവിട്ടു മുമ്പി ലത്തേതല്ലാത്ത അൎത്ഥം ഉണ്ടാക്കുക.

അക്ഷരച്യുതി-ഏതെങ്കിലും അക്ഷരം വിട്ടുപോകുന്നതു്.

അക്ഷരജനനി-എഴുത്തുതൂവൽ, അക്ഷ രത്തെ ജനിപ്പിക്കുന്നതു്.

അക്ഷരജീവൻ, അക്ഷരജീവികൻ, അക്ഷരജീവി-എഴുതി ഉപജീവനം കഴിക്കുന്നവൻ.

അക്ഷരജ്ഞാനം, അക്ഷരപരിജ്ഞാ നം-അക്ഷരത്തിലുള്ള പരിചയം, എഴു ത്തറിവ്.

'അക്ഷരജ്ഞാനവുമില്ലവിദ്യാഭ്യാസവുമില്ല രക്ഷശിക്ഷാദികളില്ലരാജ്യസംസാരവുമില്ല'

(സഭാപ്രവേശം തുള്ളൽ)

അക്ഷരൻ-പ്ര. ശിവൻ. മ. വിഷ്ണു. ന. ബ്രഹ്മാവ്. ര. കൂടസ്ഥൻ.

'ക്ഷരസ്സൎവാണി ഭൂതാനി കൂടസ്ഥോക്ഷര ഉച്യതേ' (ഭഗവദ്ഗീത)

അക്ഷരപരിജ്ഞാനി-അക്ഷരത്തിൽ പരിചയമുള്ളവൻ, എഴുത്തറിവുള്ളവൻ.

അക്ഷരതൂലിക—എഴുതുന്ന തൂവൽ, സ്റ്റീൽപേന. മ. ചായമിടുന്നതിനുള്ള ഉപകരണവിശേഷം.

അക്ഷരന്യാസം-പ്ര. എഴുതുക മ. അ ക്ഷരമാല. ന. അക്ഷരക്രമം.

അക്ഷരപട്ടിക-എഴുതുന്നതിനുള്ള പലക.

അക്ഷരമാല-അക്ഷരക്രമം, അ, ആ, ഇ തുടങ്ങി ഉടച്ചയായി വിവരിക്കുന്നതു്; ഭാഷയിലുള്ള എല്ലാം അക്ഷരങ്ങളേയും കൂടി പറയുന്ന പേർ.

അക്ഷരമുഖൻ-വിദ്വാൻ, വിദ്യാൎത്ഥി. മു ഖത്തു് അക്ഷരമയങ്ങളായ ശാസ്ത്രങ്ങളു ള്ളവൻ എന്നു വ്യുൽപത്തി.

അക്ഷരലക്ഷം-ഒരു സമ്മാനം. ഭോജചരിത്രം മുതലായ ഗ്രന്ഥങ്ങളിൽ കവികൾക്ക് 'അക്ഷരലക്ഷം' കൊടുത്തു എന്നു കാണുന്നുണ്ട്. വിശേഷമായ ശ്ലോകമാണെങ്കിൽ അതിൽ എത്ര അക്ഷരമുണ്ടോ അത്രയും അക്ഷരങ്ങൾക്ക ലക്ഷം പണം വീതം കൊടുക്കുന്നതിനാലാണ് അക്ഷരലക്ഷം എന്നു പറയുന്നത്. മഹാകവി കാളിദാസൻ ഒരിക്കൽ ഉണ്ടാക്കിയ നാലു ശ്ലോകത്തിനു പ്രതിഫലമായി ഭോജരാജാവു തന്റെ രാജ്യം മുഴുവൻ കൊടുത്തു എന്നു നാം പ്രസിദ്ധമായി കേട്ടിട്ടുണ്ടല്ലോ.
(ഒരു മാസിക)

അക്ഷരവർജ്ജിത-വി. വിദ്യയില്ലാത്ത, പഠിത്തമില്ലാത്ത. പഠിത്തമുള്ളവനെ(വിദ്വാനെ) സാക്ഷരൻ എന്നും പഠിത്തമില്ലാത്തവനെ അക്ഷരവർജ്ജിതൻ എന്നും പറയുന്നു.

അക്ഷരവിദ്യ-സാഹിത്യവിദ്യ,പഠിപ്പ്.

'സാക്ഷരന്മാർമറിക്കുമ്പോൾ
രാക്ഷസന്മാരായിത്തീരും
പക്ഷപാതമതുപിന്നെ
അക്ഷരവിദ്യയിൽവേണം'
(ത്രിപുരദഹനം തുള്ളൽ)

അക്ഷരവിന്യാസം-അക്ഷരത്തെ വിന്യസിക്കുന്നത്. വിന്യാസം എന്നാൽ വേണ്ടുംപ്രകാരമുള്ള നിരത്തൽ എന്നർത്ഥം.

ഉ-ം, ബലവിന്യാസം-സൈന്യത്തെ വേണ്ടുംപ്രകാരം നിരത്തുക.

അക്ഷരശഃ ഓരോ അക്ഷരമായിട്ട്, സൂക്ഷ്മമായിട്ട്.

അക്ഷരശ്ലോകം-നാ. ഒരു വിനോദം. ഒരാൾ ശ്ലോകം ചൊല്ലിയാൽ ആ ശ്ലോകത്തിന്റെ മൂന്നാംപാദത്തിന്റെ ആദ്യ അക്ഷരം ഏതോ ആ അക്ഷരത്തിൽ തുടങ്ങുന്ന ശ്ലോകം എതിർകക്ഷി ചൊല്ലേണ്ടതാണെന്നുള്ള വ്യവസ്ഥയോടുകൂടിയിരുന്ന് ആയതു നടത്തി ജയാജയവും കേൾവിയേയും പരീക്ഷിച്ചറിയുക. ൨. ഹരിനാമകീർത്തനം മുതലായ പുസ്തകങ്ങളുടെ അക്ഷരമാല പോലുള്ള ശ്ലോകസമൂഹം.

അക്ഷരസംഖ്യ-കടപയാദി, പരൽപ്പേർ.

അക്ഷരസംഖ്യാസൂത്രം താഴെ കാണിക്കുന്നു.

| ൧ | ൨ | ൩ | ൪ | ൫ | ൬ | ൭ | ൮ | ൯ | ശൂന്യം |
|---|---|---|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | ,, | ,, | ,, | ,, | ,, |
| യ | ര | ല | വ | ശ | ഷ | സ | ഹ | ള | ,, |

ഇങ്ങിനെ ക=൧ ഖ=൨ ഗ=൩. എന്നിപ്രകാരം ധരിക്കണം. വ്യഞ്ജനത്തോടു സ്വരം ചേർന്നാൽ സംഖ്യ ഭേദപ്പെടുകയില്ല ഉ-ം, കെ പൌ യൌ. ഇവയൊക്കയും ൧ എന്നുതന്നെ. കൂട്ടക്ഷരങ്ങളിൽ അവസാനത്തുള്ള വ്യഞ്ജനം കൂട്ടേണ്ടതാണ്. സ്പ=പ=൧. ക, ട, പ, യ=൧. ഖ, ഠ, ഫ, ര=൨. ഗ, ഡ, ബ, ല=൩. ഘ, ഢ, ഭ, വ=൪. ങ, ണ, മ, ശ=൫. ച, ത, ഷ=൬ ഛ, ഥ, സ=൭. ജ, ദ, ഹ=൮. ഝ, ധ, ള=൯. ഞ, ന ഇവ ൦-ം, അ ആ മുതലായ ൧൬ കേവലസ്വരങ്ങളും ശൂന്യം.

അക്ഷരസംയുക്തൻ-വിദ്യാഭ്യാസത്തോടുകൂടിയവൻ.

ശൂദ്രമക്ഷരസംയുക്തം' (നീതിസാരം)

അക്ഷരസംസ്ഥാനം-നാ. എഴുതപ്പെട്ട അക്ഷരം.

'ലിഖിതാക്ഷരസംസ്ഥാനേ
ലിപിർല്ലിബിരുഭേ സ്ത്രിയൌ' (അമരം)

[ലിഖിതം, അക്ഷരസംസ്ഥാനം, ലിപി, ലിബി ഇവ നാലും എഴുതപ്പെട്ട അക്ഷരത്തിന്റെ പേർ. 'ലിഖിതാക്ഷരവിന്യാസ' എന്നും പാഠം കാണുന്നു ]

൨. അക്ഷരങ്ങളെ വേണ്ടുംവണ്ണം കൂട്ടിച്ചേർക്കുക. ൩. അക്ഷരമാല.

അക്ഷരാംഗം-ലിപി. മലയാളത്തിൽ അക്ഷരങ്ങളുടെ ഉച്ചാരണത്തിനു വർണ്ണം എന്നു പേർ. വർണ്ണത്തെ എഴുതിക്കാണിപ്പാൻ പാടില്ല. ഉച്ചാരണത്തെ കുറിക്ക

ന്ന അ, ആ മുതലായ ചിഹ്നങ്ങൾക്ക 'ലിപി' എന്നു പറയുന്നു.

അക്ഷരാജൻ—പു. ചൂതുകളിയിൽ അധികം താൽപര്യമുള്ളവൻ. വ. ചൂതുകളിയിൽ അതിപ്രധാനമായ 'കലി' എന്ന കരു.

രാജാ, അഹസ്സ്, സഖി ഇൗ ശബ്ദങ്ങൾക്ക സമാസാന്തത്തിൽ 'ടച്ച' പ്രത്യയം വന്ന് അകാരാന്തത്വം വരുന്നു. ഉ—, ദേവരാജൻ, മകരകന്ധധരസഖൻ 'രാജാഹസ്സഖിഭ്യഷ്ടച്ച' എന്നു പാണിനിസൂത്രം.

അക്ഷരാഡംബരം—പു. ഒച്ചമുഴങ്ങുന്ന വിധത്തിലുള്ള അക്ഷരങ്ങൾ പ്രയോഗിക്കുക. വ. ചാതൽക്കാരം, ത്വല്യത ഇവ അക്ഷരങ്ങളിൽ വരുത്തുക.

അക്ഷരാഭ്യാസം—പു. അക്ഷരങ്ങൾ അഭ്യസിക്കുക (പഠിക്ക). വ. അക്ഷരവിദ്യ

അക്ഷരാരംഭം—വിദ്യാരംഭം, കുട്ടികൾക്ക സാഹിത്യവിദ്യ അല്ലെങ്കിൽ അക്ഷരവിദ്യ തുടങ്ങുക.

അക്ഷരാർത്ഥം— വ്യുൽപത്തിയനുസരിച്ചു പദങ്ങൾക്കുള്ള അർത്ഥം.

അക്ഷരീ—മഴക്കാലം.

അക്ഷലീല—ചൂതുകളി.

'അക്ഷലീലാവിധം നിത്തി
ദക്ഷവൈരിശേവാനും
തൽക്ഷണം തന്നുടെ രൂപം
പ്രകാശിപ്പിച്ചതാംചെയ്തു'
(പാശുപതാസ്ത്രോപാഖ്യാനം തുള്ളൽ)

അക്ഷവതി-ചൂതുകളി.

'ദ്യൂതോസ്ത്രിയാമക്ഷവതീ
കൈതവം പണഇത്യപി' അമരം)
ദ്യൂതം, അക്ഷവതി, കൈതവം, പണം ഇവ നാലും ചൂതിൻെറ പേർ.

അക്ഷവതീക്രീഡ-ചൂതുകളി, അക്ഷവുള്ള കളി.

അക്ഷവാടം, അക്ഷവാടി, അക്ഷവാടിക-ചൂതുകളിക്കുള്ള ഇടം, ചൂതുകളിപ്പലകയുള്ള പലക.

അക്ഷവിത്ത്—പു. ചൂതുകളി അറിയുന്നവൻ. വ. വ്യവഹാരം അറിയുന്നവൻ.

അക്ഷവിദ്യ-ചൂതുകളിയുടെ അറിവ്.

അക്ഷവൃത്തൻ-ചൂതുകളി പരിചയിച്ചവൻ

അക്ഷവേത്രി—പു ചൂതുകളി അറിയുന്നവൾ. വ. വ്യവഹാരം അറിയുന്നവൾ.

അക്ഷശാകം-വ് മരംമരം.

അക്ഷശൌണ്ഡൻ-ചൂതുകളിപ്പാൻ സമത്ഥൻ.

അക്ഷസസ്യാ-വ് മരംമരം.

അക്ഷസൂത്രം-ജപമാലയുള്ള ചരട്.

'അക്ഷസൂത്രം ശിവലിംഗം
വ്യാഘ്രചർമ്മിവയെല്ലാം
രക്ഷയും തൽക്ഷണം ദൂര-
ത്തുപേക്ഷിച്ചു കശ്മലന്മാർ'
(ത്രിപുരദഹനം തുള്ളൽ)

അക്ഷഹൃദയം-ഒരു മന്ത്രം. അക്ഷഹൃദയം ഒരു സിദ്ധവിദ്യയാണ്. ഇതു് അറിയാവുന്നവർക്ക് ഒരു മരത്തിൽ എത്ര ഇല പൂവു മുതലായവ ഉണ്ടെന്ന് എണ്ണാതെ പറവാൻ കഴിയും.

'വിശ്വാസഭാജനമായ് വന്നാൽപിന്നെ
അശ്വഹൃദയമവനായ് നൽകീടുകിൽ
അക്ഷഹൃദയം വശമാക്കുന്നു തവ;
അക്ഷമനാംകലിയുമകന്നോഴിയും'
(നളചരിതം കഥകളി)

അക്ഷാഗ്രകീല(ക)—അക്ഷത്തിൻെറ അഗ്രത്തിലുള്ള കീല(ക)ം (അച്ചുതണ്ടിയുടെ തലയ്ക്കുള്ള ആണി), അച്ചുതണ്ടിൻെറ ആണി

'പിണ്ഡികാനാഭിരക്ഷാഗ്ര
കീലകേതുഭയോരണി.' (അമരം)
പിണ്ഡിക, നാഭി ഇവ രണ്ടും ചക്രത്തിൻെറപേർ. അക്ഷാഗ്രകീല(ക)ം, അണി ഇവരണ്ടും അച്ചുതണ്ടിൻെറപേർ.

അക്ഷാന്തി-ക്ഷാന്തിയില്ലായ്മ, ഇഷ്യ്, ക്ഷമയില്ലായ്മ.

'അക്ഷാന്തിരീഷ്യാ' (അമരം)

അക്ഷാന്തി, ഈർഷ്യ ഇവരണ്ടും ഈർഷ്യയുടെ പേർ.

അക്ഷാന്തിമാൻ - ക്ഷമയില്ലാത്തവൻ, ഈർഷ്യയില്ലാത്തവൻ, അസൂയയില്ലാത്തവൻ, വിരോധമില്ലാത്തവൻ സ്ത്രീ- അക്ഷാന്തിമതി. ന-അക്ഷാന്തിമത്ത്.

അക്ഷാമ-ക്ഷാമം (ദുർല്ലഭത) ഇല്ലാത്ത.

'അക്ഷാമമക്തിപ്രവണേനമൂർധ്നാ
മഗ്രാഹരാത്രിഞ്ചരകാളരാത്രിഃ'

(ഉത്തരരാമായണം ചമ്പു)

അക്ഷാര-വി. സാക്ഷാൽ ഉപ്പായ.

അക്ഷാരം-സാക്ഷാൽ ഉപ്പ്.

അക്ഷാരലവണം-സാക്ഷാൽ ഉപ്പ്, ഇന്തുപ്പ്.

അക്ഷാവപനം-ചൂതുകളിപ്പലക. (ഇതു ചൂതിലുള്ള കരുക്കളെ ഇളക്കിയിടുന്നതിനുള്ള ആധാരസാധനം).

അക്ഷാവലി-ജപമാല (അക്ഷമാല)

അക്ഷാവാപൻ-ചൂതുകളിക്കുന്നവൻ അക്ഷങ്ങളെ ഇളക്കിക്കളിക്കുന്നതുകൊണ്ട് ഈ പേർ വന്നു.

അക്ഷാംശം-ഭൂമദ്ധ്യരേഖയിൽനിന്നു വടക്കോട്ടോ തെക്കോട്ടോ ഉള്ള ദൂരത്തിന്റെ പേർ.

അക്ഷം (അച്ചുതണ്ട്) വടക്കേ ധ്രുവം മുതൽ തെക്കേ ധ്രുവംവരെ ഭൂമിയുടെ ഉള്ളിൽക്കൂടി കടന്നുപോകുന്നതായി ഒരു അക്ഷം (അച്ചുതണ്ട്) ഉണ്ടെന്നാണു ശാസ്ത്രജ്ഞമതം. അതിന്റെ ഒത്ത നടുവിലാണു ഭൂമദ്ധ്യരേഖ

അക്ഷി-കണ്ണ്. വിഷയങ്ങളെ വ്യാപിക്കുന്നതു്, വസ്തുക്കളെ വ്യാപിച്ചറിയുന്നതു് എന്നു വ്യൽപത്തി.

അക്ഷികം-കണ്ണിനു ഹിതമായതു്.

അക്ഷികണ്ണം-പാമ്പു്.

'അക്ഷികർണ്ണൻമാർവംശം നഷ്ടമാക്കീടുവൻ
(മാരതം) [നാമ'

അക്ഷികമ്പം-കണ്ണിമയ്ക്കുക.

അക്ഷികൂടം-കറുത്ത മിഴി.

അക്ഷികൂലകം-കണ്മണി.

അക്ഷികോണം-കടക്കണ്ണ്,

'ബന്ധാമർഷാതിരേകഭ്രമിതപരിഷമ-
ത്താതിരൂക്ഷാക്ഷികോണഃ'

(കല്യാണസൗഗന്ധികം കഥകളി)

അക്ഷിഗത-വി. കണ്ട, കണ്ണിൽപ്പെട്ട, കണ്ണിനു നേരെ വന്ന.

അക്ഷിഗതൻ - ദ്വേഷിക്കപ്പെടത്തക്കവൻ.

'ദ്വേഷ്യേത്വക്ഷിഗതഃ' (അമരം) ദ്വേഷ്യൻ, അക്ഷിഗതൻ ഇവ രണ്ടും ദ്വേഷിക്കപ്പെടത്തക്കവന്റെ പേർ.

അക്ഷിഗോളം-കറുത്തമിഴി.

അക്ഷിഗോചര-വി കാണുന്ന.

അക്ഷിതാര-കറുത്തമിഴി.

അക്ഷിദലം-കണ്ണിണ.

അക്ഷിപക്ഷ്മം-ഇമ, കൺപീലികൾ.

അക്ഷിപടലം-കണ്മിഴിയുടെ പുറത്തെ തൊലി. ഉ. കണ്മിഴിയുടെ പുറത്തെ തൊലിയുടെ മീതെയുണ്ടാകുന്ന ഒരു രോഗം.

അക്ഷിപാകാത്യയ-ഒരു നേത്രരോഗം. വാതാദിദോഷം നിമിത്തം കൃഷ്ണമണ്ഡലം മുഴുവനും വെളുത്തതായ ശുക്ലം വ്യാപിക്കുന്നതാണു ലക്ഷണം. സന്നിപാതജമായ ഈ രോഗം വർജ്ജനീയമാകുന്നു.

'ശോഫരസമാക്രാന്തം സവ്രതോഫി
ദോഷേണയസ്യാസിതമണ്ഡലഞ്ച
തമക്ഷിപാകാത്യയമക്ഷിരോഗം
സർവ്വാത്മകം വർജ്ജയതവ്യമാഹുഃ'
(മാധവനിദാനം)

അക്ഷിപീലു-വലിയ വെള്ള്.

അക്ഷിപന്ന-ക്ഷിപ്ന (നിരാകരിക്കൽ) അല്ലാത്തവൻ.

'നിരാകരിഷ്ണുക്ഷിപ്നസ്യാൽ' (അമരം)

അക്ഷിഭ്രു-സത്യമായതു്,പ്രത്യക്ഷമായതു്.

അക്ഷിഭേഷജം-ചെമന്ന പാച്ചോററി, വെളുത്ത പാച്ചോററി എന്നു പാഠ്യം.

അക്ഷിഭ്രുവം-പുരികവും കണ്ണും തമ്മിൽ മുട്ടുക. ഇതു കോപാദിഭാവഭേദങ്ങളിൽ ഉണ്ടാകും.

അക്ഷിമണി-കണ്മണി, കണ്മിഴി, അക്ഷികൂടകം.

അക്ഷിയുഗം-കണ്ണിണ.

അക്ഷിലക്ഷീഭവിക്ക-കാണാമറയാക

അക്ഷിലോമം, അക്ഷിരോമം-ഇമ, കണ്ണിന്റെ രോമം.

അക്ഷിവ(ബ)ം-പ്ര. കടലപ്പ്. കണ്ണിനു പ്രീതിയെ ഉണ്ടാക്കുന്നതു് എന്നു താൽപര്യം. ര. മഞ്ഞനിറമുള്ള മുരിങ്ങ (ശോഭാഞ്ജനവൃക്ഷം.)

അക്ഷിവികൂണിതം -കടക്കണ്ണു കൊണ്ടുള്ള നോട്ടം.

അക്ഷിവികൂശിതം-കടക്കണ്ണു കൊണ്ടുള്ള നോട്ടം.

അക്ഷിവിലാസം-കണ്ണിന്റെ ഭംഗി.

അക്ഷിസ്യന്ദം-വ്ളർമമം.

അക്ഷീണ-വി. ക്ഷീണമില്ലാത്ത, തളൎച്ചയില്ലാത്ത.

'വീക്ഷിച്ചുവിഘ്നരഹിതംമുനികൃത്യമെല്ലാ
മക്ഷീണവിക്രമവിജൃംഭിതമാംതപശ്രീയും'
(അഭിജ്ഞാനശാകുന്തളം)

അക്ഷീണത-ക്ഷീണം(തളൎച്ച)ഇല്ലായ്മ.

അക്ഷീണരുക്ക്-പ്രബലമായ താപം.

'സാക്ഷാദഖ്യനാഇന്നു
വീക്ഷേവിധ്യനംഹരി-
ണാക്ഷീംതുവിനാവിരഹേ-
ണാക്ഷീണരുജാവിവശോ'
(നളചരിതം കഥകളി)

അക്ഷീര-വലിയവെപ്പ്.

അക്ഷീവ(വെ)ം-പ്ര. കടലപ്പ്. കറികളിൽ വ്യാപിക്കുന്നതിനാൽ ഇ പേരുണ്ടായി എന്നു കാണുന്നു.

'സാമുദ്രം യത്തുലവണ
മക്ഷീബംവസിരഞ്ചതൽ' (അമരം)

അക്ഷീബം, വസിരം ഇവരണ്ടും കടലുപ്പിന്റെ പേർ.

ര. (മഞ്ഞപ്പൂവുള്ള) മുരിങ്ങ.

'ശോഭാഞ്ജനേശിഗ്രു,തീക്ഷ്ണ
ഗന്ധകാക്ഷീബമോചകാഃ' (അമരം)

ശോഭാഞ്ജനം, ശിഗ്രു, തീക്ഷ്ണഗന്ധകം, അക്ഷീബം, മോചകം ഇവ അഞ്ചും മുരിങ്ങയുടെ പേർ.

അക്ഷീബ-വി. മദിച്ചിട്ടില്ലാത്ത.

'മത്തേശൌണ്ഡോൽക്കടക്ഷീബാഃ'
(അമരം)

മത്തൻ, ശൌണ്ഡൻ, ഉൽക്കടൻ, ക്ഷീബൻ ഇവ നാലും കുടിച്ചു മദിച്ചവന്റെ പേർ.

അക്ഷീരം-പ്ര. വലിയ വെപ്പ്. ര. മുളവെണ്ണ.

അക്ഷുണ്ണ-വി. പ്ര. പരിചയിക്കപ്പെടാത്ത. (ഉ-ം, അക്ഷുണ്ണശിഖരങ്ങൾ. 'അക്ബർ'). ര. ചതയ്ക്കപ്പെട്ടതല്ലാത്ത,പൊടിക്കപ്പെട്ടതല്ലാത്ത, മുറിക്കാത്ത, മുറിയാത്ത. ന. ജയിക്കപ്പെടാത്ത. ര്. ജയശീലമുള്ള. ഭ കുറക്കാത്ത, കുറയാത്ത. ത്ര. ചവുട്ടീട്ടില്ലാത്ത. ൬. അസാധാരണമായ. വ്യ. അഭ്യസിക്കാത്ത. ൯ തുടരെ നിവിൎന്നു കിടക്കുന്ന.

അക്ഷുദ്രൻ-പ്ര. ക്ഷുദ്രനല്ലാത്തവൻ. ക്ഷുദ്രൻ=പിശുക്കിന്റെ ശക്തികൊണ്ടു ദരിദ്രൻ എന്നപോലെ കഷ്ടമായി ജീവിക്കുന്നവൻ. ര. ശ്രേഷ്ഠൻ. ന. നിസ്സാരനല്ലാത്തവൻ. ര്. ശിവൻ.

അക്ഷുദ്ര-വി. പ്ര. ഹീനമല്ലാത്ത. ര. ലുബ്ധുള്ള ന. നിസ്സാരമല്ലാത്ത. ര്. ക്രൂരമല്ലാത്ത [മോട്ട

'രുക്ഷാട്ടഹാസമോട്ടമക്ഷിസ്ഫുലിംഗ
മക്ഷീണമാമസുരരക്ഷോമദേപ്രകര
യക്ഷപ്രധാനികളുമക്ഷുദ്രപക്ഷികകൾ-
രക്ഷുക്കളുംവളരെവിശംമരായനമഃ'
(പതിനാലുവൃത്തം)

അക്ഷ്ണൎത-ക്ഷ്ണതം (മുച്ചുകുടപ്പെട്ടതു്) അല്ലാത്തതു്.

അക്ഷത്ര-വി. പ്ര. കൃഷിചെയ്തിട്ടില്ലാത്ത. ര. വയലുകൾ ഇല്ലാത്ത.

അക്ഷത്രജീവൻ-കൃഷിക്കാരനല്ലാത്തവൻ.

**അക്ഷേത്ര**ഃ-൧. നല്ല വിദ്യാർത്ഥി അല്ലാത്തവൻ ൨. ചീത്തവയല്. ൩. ക്ഷേത്രം (ഭാര്യ) അല്ലാത്ത. ൪. ക്ഷേത്രം (ശരീരം) അല്ലാത്ത.

**അക്ഷേത്രി**-ഭാര്യയുടെനാഥനല്ലാത്തവൻ

**അക്ഷേപിഷ്ഠൻ**-ക്ഷേപിഷ്ഠൻ (വേഗാതിശയമുള്ളവൻ) അല്ലാത്തവൻ.

**അക്ഷോടം, അക്ഷോഡ(ക)ം**-മലഉകമരം,

'അക്ഷോടകന്ദരാളൌ' (അമരം)
അക്ഷോടം, കന്ദരാളം (കപ്പരാളം) രണ്ടും മലഉകമരത്തിന്റെ പേർ.

**അക്ഷോദിഷ്ഠൻ**-ക്ഷോദിഷ്ഠൻ (അതിക്ഷുദ്രൻ) അല്ലാത്തവൻ.

**അക്ഷോഭ്യ**-വി. ഇളകാത്ത, ഇളക്കാൻ കഴിയാത്ത, ഇളക്കപ്പെട്ടവാൻ വയ്യാത്ത, സ്ഥിരമായ. [തെ

'സമ്മാനത്തിങ്കലുള്ളിൽ സന്തോഷമുണ്ടാകാ
നിർമ്മലാപമാനത്തിങ്കലുംഖേദിയാതെ[ലെ
അക്ഷോഭ്യനായിഗംഗതന്നിലെഹ്രദംപോ
രക്ഷിച്ചു ധർമ്മത്തെയുംവാണീടുന്നവൻ വി
(ഭാരതം വിദുരവാക്യം) [ദ്വാൻ'

**അക്ഷോഭ്യനിശ്ചയൻ**-ഇളകാത്ത മനസ്സുറപ്പുള്ളവൻ.

**അക്ഷൗഹിണി**-ഒരു വലിയ സൈന്യവിഭാഗം.

'ഏകേഭൈകരഥാത്ര്യശ്വാ പത്തിഃപഞ്ചപദാതികാ' എന്നതനുസരിച്ച് ഒരു ആന, ഒരു തേര്, മൂന്നു കുതിര, അഞ്ചു കാലാൾ ഇത്രയും കൂടിയ സൈന്യത്തിനു 'പത്തി' എന്നു പേർ.

൩ പത്തി-ഒരു സേനാമുഖം.
൩ സേനാമുഖം-ഒരു ഗുല്മം.
൩ ഗുല്മം-ഒരു ഗണം.
൩ ഗണം-ഒരു വാഹിനി.
൩ വാഹിനി-ഒരു പൃതന
൩ പൃതന-ഒരു ചമു.
൩ ചമു-ഒരു അനീകിനി.
൧൦ അനീകിനി-ഒരു അക്ഷൗഹിണി.

ഇതനുസരിച്ച് ൨൧,൮൭൦ ആന ൨൧൮൭൦ തേര്, ൬൫,൬൧൦ കുതിര, ൧൦൯,൩൫൦ കാലാൾ ഇത്രയും കൂടിയ സൈന്യവിഭാഗമാണ് ഒരു അക്ഷൗഹിണി. ആനകളും തേരുകളും എണ്ണത്തിൽ തുല്യമായിരിക്കയും, കുതിരയും കാലാളും യഥാക്രമം മുൻചൊന്നവയുടെ മൂന്നും അഞ്ചും ഗുണംവീതം ആയിരിക്കയും ചെയ്യുന്നത് ഇൻഡ്യയിലെ പണ്ടത്തെ യുദ്ധസമ്പ്രദായമാകുന്നു. [ക

'ഹസ്തിയുംതേരുമൊരോന്നശ്വംമൂന്നഞ്ചുകാലാൾ
പത്തിയാം,മൂന്നുപത്തികൂടിയാൽസേനാമുഖം
തത്ത്രിഗുണിതംഗുല്മം,തത്ത്രിഗുണിതം ഗ
ത്ത്രിഗുണിതമല്ലോവാഹിനിയാകുന്നതും[ണം
തത്ത്രിഗുണിതയല്ലോ പൃതനയാകുന്നതും
തത്ത്രിഗുണിതംചമൂരാഖ്യയെന്നതു നൂനം
തത്ത്രിഗുണിതയല്ലോചൊല്ലുവമനീകിനി
തദ്ദശഗുണിതയാകുന്നതുമക്ഷൗഹിണി
ഇരുപത്തോരായിരത്തെണ്ണൂറ്റെഴുപതും
കരികളാവണം നല്ലരഥവുമത്രവേണം
മുമ്മടങ്ങതിലശ്വം കാലാളുമഞ്ചുമട-
ങ്ങിമ്മതമറിയിച്ചാൻ മുൻ കമലോദ്ഭവൻ'
ഭാരതം)

**അഖചിതം**-ഖചിതം (പതിച്ചിട്ടുള്ളത്) അല്ലാത്തത്, ചേർക്കപ്പെട്ടതല്ലാത്തത്.

**അഖട്ടം**-മുറംമരം (പ്രിയാളവൃക്ഷം).

**അഖട്ടി**-അനുചിതമായ വിസ്താരം. ശിഷ്ടമല്ലാത്ത വ്യവഹാരം.

**അഖണ്ഡ**-വി. മുഴുവനായ, ൨. മുറിഞ്ഞിട്ടില്ലാത്ത.

**അഖണ്ഡൻ**-പൂർണ്ണൻ, എല്ലായിടവും നിറഞ്ഞവൻ. [ശ്ലോ-

'ഭഗവത്തവസ്ഥിതിസംഹാരാദികളാലെ
നഖണ്ഡൻബ്രഹ്മവിഷ്ണുരുദ്രനാമങ്ങളാപ്പൂ
(അദ്ധ്യാത്മരാമായണം) [ണ്ടു'

**അഖണ്ഡം**-അ. മുടക്കംകൂടാതെ, ഇടവിടാതെ, തടവുകൂടാതെ, വിച്ഛേദംകൂടാതെ.

**അഖണ്ഡാ**-മട്ടാഴിയാതെയുള്ളത്.
൧. സമം. ൨. സർവ്വം. ൩. വിശ്വം. ൪. അശേഷം, ൫. കൃത്സ്നം. ൬. സമസ്തം.

൭. നിഖിലം. ൮. അഖിലം, ൯. നിശ്ശേഷം. ൧൦. സമഗ്രം. ൧൧. സകലം. ൧൨. പൂർണ്ണം. ൧൩. അഖണ്ഡം. ൧൪. അനൂനകം. ഇവ പതിനാലും 'ഒട്ടാഴിയാതെയുള്ളതു്, എന്ന അർത്ഥത്തോടുകൂടിയവയാകുന്നു.

'...............സമം സർവ്വം
വിശ്വമശേഷം കൃത്സ്നം
സമസ്തനിഖിലാഖിലാനി നിശ്ശേഷം
സമഗ്രം സകലം പൂർണ്ണ-
മഖണ്ഡം സ്യാദനൂനകേ' (അമരം)

**അഖണ്ഡന**-വി. മുഴവനായ, മുറിഞ്ഞിട്ടില്ലാത്ത.

**അഖണ്ഡനം**-ക്രി. മുറിഞ്ഞിട്ടില്ലാത്തതു്. ൨. മുറിയാതിരുന്നസ്ഥിതി, എതിർക്കപ്പെടാതെയിരിക്കുന്ന സ്ഥിതി, അസാധ്യവാകാതെയിരിക്കുന്ന സ്ഥിതി. ൩. കാലം.

'വിഷ്ണോരധീശ്വരൻ വജ്രം പ്രയോഗിച്ചു
ഖണ്ഡനംചെയ്തു വധിച്ചുകുമാരനെ'.
(ഹനുമദുത്ഭവം തുള്ളൽ)

**അഖണ്ഡന**-മുഴവനായവൾ, മുറിഞ്ഞിട്ടില്ലാത്തവൾ.

**അഖണ്ഡാനന്ദൻ**-പരിപൂർണ്ണ സച്ചിദാനന്ദത്തോടുകൂടിയവൻ.

**അഖണ്ഡിത**-വി. ക്രി. ഖണ്ഡിതം (മുറിക്കപ്പെട്ടതു്) അല്ലാത്ത, മുഴവനായ, അംശിക്കപ്പെട്ടതല്ലാത്ത. ൨. തടവുകൂടാത്ത, ഉപദ്രവം നേരിടാത്ത.

'അഖണ്ഡിതായുധമുഖങ്ങളും'
(നളചരിതം തുള്ളൽ)

**അഖണ്ഡിതഋതു, അഖണ്ഡിതർത്തു**-പൂക്കളും മററും വേണ്ടതുപോലെ പതിവനുസരിച്ചു് ഉണ്ടാകുന്ന കാലം. വിശേഷണമായാൽ ഫലവത്തായ എന്നർത്ഥം വരും.

**അഖണ്ഡ്യ**-വി. ഖണ്ഡ്യം (മുറിക്കത്തക്കതു്) അല്ലാത്ത.

**അഖർവ്വ**-വി. പൂർണ്ണതയുള്ള, തികവായ, ചെറുതല്ലാത്ത, വലുതായ.

'താവൽക്കല്പാന്തകാലോൽകടപവനലുഠ
പുഷ്കലാവർത്തകാഭ്ര- [ൽ-
പ്രഖ്യാനാഖർവ്വഗർവ്വസ്ഫുടനപടുതര-
സ്ഫാരവിഷ്ഫാരനാദഃ'
(ഉത്തരാസ്വയംവരം കഥകളി)

**അഖലതി**-വി. കഷണ്ടിയല്ലാത്ത.

**അഖലൻ**-ഖലൻ (ദുഷ്ടൻ) അല്ലാത്തവൻ, ക്രൂരനല്ലാത്തവൻ.

**അഖാതം**-വി. ക്രി. കുഴിച്ചിട്ടില്ലാത്ത. ൨. കുഴിച്ചിട്ടില്ലാത്ത.

**അഖാതം**-ക്രി. താനേയുണ്ടായ കുളം. പുണ്യതീർത്ഥം. ൨. ദേവക്ഷേത്രങ്ങളോടു ചേർന്നുള്ള പൊയ്ക (മററു ജലാശയം).

'അഖാതം ദേവഖാതകം' (അമരം)

അഖാതം=വെട്ടപ്പെടാത്തതു. ദേവഖാതകം=ദേവന്മാരാൽ വെട്ടപ്പെട്ടതു്. (രണ്ടും പുണ്യതീർത്ഥത്തിൻെറ പേർ)

**അഖാതകൻ**-കടം വാങ്ങിയവൻ.

**അഖാദകൻ**-ഭക്ഷിക്കാത്തവൻ.

**അഖാദനം**-തിന്നാതിരിക്ക

**അഖാദ്ധക**-വി. ഉപദ്രവം ചെയ്യുന്നതല്ലാത്ത, ദോഷംചെയ്യുന്നതല്ലാത്ത, ദോഷം ചെയ്യണമെന്നുള്ള വിചാരം ഇല്ലാത്ത. സ്ത്രീലിംഗം-അഖാദ്ധകി.

**അഖാദ്യ**-ഖാദ്യം (കടിച്ചുതിന്നാനുള്ളതു്) അല്ലാത്തതു്, ഭക്ഷണസാധനമല്ലാത്തതു്.

**അഖാർവ്വാടൻ**- കഷണ്ടിത്തലയനല്ലാത്തവൻ.

**അഖിദിരൻ**-ദരിദ്രനല്ലാത്തവൻ, സ്വത്തുനാശംവന്നവനല്ലാത്തവൻ.

**അഖിന്ന**-വി. ഖേദമില്ലാത്ത, ക്ഷീണമില്ലാത്ത, തളർച്ചയില്ലാത്ത.

'നിന്നോടുപായത്തിനുവാൻ നാണിച്ചു
ഖിന്നനായ്ത്തന്നു താതനറിക നീ'
(അദ്ധ്യാത്മരാമായണം)

**അഖിന്നത**-ഖേദമില്ലായ്ക, ക്ഷീണമില്ലായ്ക, തളർച്ചയില്ലായ്ക.

ഖിന്നതയും പറവതിനിഹ നഹി
നിന്നുടെ കൃപതാനിഹ ശരണം'
(രുഗ്മിണീസ്വയംവരം തുള്ളൽ)

**അഖില**-വി. പൂൎണ്ണമായ, തികവായ. [അഖണ്ഡം എന്നതു നോക്കുക.] [ല്യം

'അഖിലമൊന്നമിച്ചുരചന്നാവഹംചെയ്തു,
അഖിലബലവീൎയ്യനാമഞ്ജനാപുത്രനെൻ'
(രാമായണചരിതം തുള്ളൽ)

**അഖിലാണ്ഡം**-ലോകം മുഴുവനും.

കൈലാസവാസികരുണാനിധികാദ്രവേയ-
മാലാകലാപനഖിലാണ്ഡകടാഹനാഥൻ.
(സ്തുതികുസുമാഞ്ജലി)

**അഖിലഭൂമി**-കൃഷിചെയ്ത ഭൂമി.

**അഖിലാധാരൻ**-എല്ലാത്തിനെയും താങ്ങുന്നവൻ, എല്ലാത്തിനും ആശ്രയമായിത്തീൎന്നവൻ.

**അഖിലേന**-അ. പൂൎണ്ണം, പൂൎണ്ണമായിട്ട്.

**അഖിലേശൻ**-എല്ലാത്തിനും നാഥനായവൻ, ദൈവം, ഈശ്വരൻ.

**അഖുല്ലകൻ**-നീചനല്ലാത്തവൻ.

**അഖേചര**-വി. ആകാശത്തിൽ സഞ്ചരിക്കാത്ത.

**അഖേദം**-ഖേദം (ദുഃഖം, തളൎച്ച) ഇല്ലായ്ക.

**അഖേടികം**-പു. വൃക്ഷം. ൨. നായാട്ടു ശീലിച്ചിട്ടുള്ള നായ്.

**അഖേദനം**-ദുഃഖമില്ലായ്ക, തളൎച്ചയില്ലായ്ക

**അഖ്യാത**-ദുഷ്കീൎത്തിയുള്ള, യശസ്സുകെട്ട.

**അഖ്യാതി**-ദുഷ്കീൎത്തി, യശസ്സുകേട്.

**അഗ**-വി. ൧ ഗമിക്കാത്ത, പോകാത്ത. ൨. അടുക്കാൻവയ്യാത്ത (പാടില്ലാത്ത)

**അഗം**-പു. വൃക്ഷം. ൨. പൎവ്വതം. (രണ്ടിനും ഗമിക്കാത്തതു് എന്നു വ്യുൽപത്തി.) ൩. പാമ്പ്. ൪. ഏഴ് എന്ന ലക്കം. കുലപൎവ്വതങ്ങൾ ഏഴാകയാൽ ഈ പേർ വന്നു.

**അഗൻ**-സൂൎയ്യൻ.

**അഗച്ഛം**-വൃക്ഷം. (ഗമിക്കാത്തതിനാൽ ഈ പേരുണ്ടായി.)

**അഗജ**-പാൎവ്വതി.

**അഗജ**-വി. ൧. മലയിൽ നിന്നുണ്ടായ. ൨. വൃക്ഷത്തിൽ നിന്നുണ്ടായ.

**അഗജം**-കന്മദം. പൎവ്വതശിലയിൽ നിന്നുണ്ടാകയാൽ ഈ പേരുണ്ടായി.

**അഗണന**-എണ്ണായ്ക.

**അഗണനീയൻ**-ഗണിക്കപ്പെടാൻ യോഗ്യനല്ലാത്തവൻ, നിസ്സാരൻ.

**അഗണിതം**-വി. ഗണിതമല്ലാത്ത, എണ്ണപ്പെട്ടതല്ലാത്ത, അറിയപ്പെട്ടതല്ലാത്ത.

**അഗണ്യ**-വി. ഗണ്യം (ഗണിക്കത്തക്കതു്) അല്ലാത്ത, ൧. സംഖ്യയില്ലാത്ത. ൨. ഗണനത്തിന് അവകാശമില്ലാത്ത.

**അഗത**-പു. പോകാത്ത ൧. നശിക്കാത്ത.

**അഗതി**-പു. കാലക്ഷേപത്തിനു പാങ്ങില്ലായ്ക, ഉപജീവനത്തിനു വഴിയില്ലായ്ക. ൧. ഗതിയില്ലാത്തവൻ ൨. ഗതിയില്ലാത്തവൾ. ൩. ഗതിയില്ലാത്തതു്.

**അഗതിക**-വി. ഗതിയില്ലാത്ത.

**അഗതീക**-വി. ഗതിയില്ലാത്ത. (പ്രയോഗം ചുരുക്കം).

**അഗത്യന്തര**-ഗത്യന്തരം (അന്യ ഗതി) ഇല്ലാത്ത.

**അഗദ**-വി. ഗദം (രോഗം) ഇല്ലാത്ത.

**അഗദം**-പു. ഔഷധം, ഗദം (രോഗം) ഇല്ലാതാകുന്നതിനാൽ ഈ പേരുണ്ടായി. ൧. വൈദ്യശാസ്ത്രം. ൨. അരേണത. ൩. കൊട്ടം എന്ന ഔഷധം,

**അഗദരാജം**-കടുക്ക.

**അഗദങ്കാരൻ**-വൈദ്യൻ അഗദം (രോഗം) ഇല്ലാതാക്കുന്നവൻ

**അഗദിത**-ഗദിതം (പറയപ്പെട്ടതു്) അല്ലാത്തതു്.

**അഗരിമാ**-ഗാംഭീൎയ്യമില്ലായ്ക, മഹിമയില്ലായ്ക.

**അഗമം**-പു. പൎവ്വതം ൨. വൃക്ഷം, ഗമിക്കാത്തതു് = സഞ്ചരിക്കാത്തതു് എന്നു വ്യുൽപത്തി.

**അഗമ്യ**-വി. ഗമ്യം (പ്രവേശിക്കത്തക്കതു്) അല്ലാത്ത, പ്രാപിക്കത്തക്കതല്ലാത്ത, അടുക്കാൻ പാടില്ലാത്ത.

**അഗമ്യ**-സംയോഗത്തിനു കൊള്ളാത്തവൾ.

**അഗമ്യാഗമനം**-അഗമ്യയായസ്ത്രീയോടു കൂടിയുള്ള സംയോഗം.

**അഗമ്യാഗാമി**-അഗമ്യാഗമനം ചെയ്യുന്നവൻ.

**അഗംഭീരത**-ഗാംഭീര്യമില്ലായ്മ, മഹത്വമില്ലായ്മ.

**അഗരി**-ദേവതാളിവൃക്ഷം. വിഷമില്ലാതാക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു. വിഷമില്ലാത്തതാക്കുന്ന മററു സാധനങ്ങൾക്കും അപൂർവ്വമായി 'അഗരി' എന്നു പറയുന്നുണ്ടു്. ദേവതാളിക്കു 'ദേവതാഡം' എന്നും പറയും.

**അഗരിഷ്ഠ**-വി. ഗുരുത്വമില്ലാത്ത, ഉറപ്പില്ലാത്ത, കനമില്ലാത്ത.

**അഗരു**-അകിൽ (അഗരുചന്ദനം). അഗ്ഗുരു എന്നും പാഠമുണ്ടു്. ('അകിൽ' എന്ന ശബ്ദം നോക്കുക.)

**അഗരുവാചക**-മല്ലപ്പൂനാറി അകിൽ.

**അഗരുസാരം**-അകിൽ.

**അഗർവ്വ**-ഗർവ്വം (അഹങ്കാരം) ഇല്ലായ്ക.

**അഗർഹണം**-നിന്ദിക്കായ്ക.

**അഗർഹിത**-വി. നിന്ദിക്കപ്പെട്ടതല്ലാത്ത.

**അഗർഹ്യ**-വി. നിന്ദിക്കത്തക്കതല്ലാത്ത.

**അഗശി(അതസി)** - ചണച്ചെടി, പട്ടുനൂൽ ചണം, ഒരുവക ചെറിയ ചണം.

**അഗശിഖരം**-പർവ്വതത്തിൻെറ കൊടുമുടി. 'പൊങ്ങിപ്പോരുന്നപോലുള്ളഗശിഖരമതിൽ' (ശാകുന്തളം)

**അഗസ്തി**-൧. അഗസ്ത്യൻ എന്ന മുനി. ൨. അകത്തിവൃക്ഷം അഗസ്ത്യമഹർഷിക്കു പ്രിയമുള്ള വൃക്ഷമായതുകൊണ്ടു് ഈ പേരുണ്ടായി. ൩. അഗസ്ത്യസംബന്ധമുള്ള തെക്കേദിക്ക്.

**അഗസ്തിദ്രു**-അകത്തിവൃക്ഷം. 'അകത്തി' ശബ്ദം നോക്കുക.

**അഗസ്ത്യൻ**-അഗസ്ത്യൻ എന്ന മഹർഷി. വിന്ധ്യപർവ്വതത്തെ അമർത്തിയതിനാൽ ഈ പേരുണ്ടായി.

ഇദ്ദേഹമാണു തമിഴ് ഭാഷയ്ക്കു് ആദ്യമായി വ്യാകരണം നിർമ്മിച്ചതു്. സംസ്കൃതരീതിയെ ആശ്രയിച്ചു് ആ ഭാഷയ്ക്കു് ലിപികളും മററും നിശ്ചയിച്ചതും ഇദ്ദേഹം തന്നെ. ആദികാലത്തു് ഇൻഡ്യയിലെ തെക്കൻദിക്കുകളിൽ സഞ്ചരിക്കയും പാർക്കുകയും ചെയ്ത മഹർഷിമാരിൽ ഇദ്ദേഹം പ്രഥമഗണനീയനാകുന്നു. ഇന്ദ്രദ്യുമ്നൻ എന്ന പാണ്ഡ്യരാജപുത്രൻ ആനയായിത്തീർന്നതിനു കാരണം ഇദ്ദേഹത്തിൻെറ ശാപമാകുന്നു. മലയാദ്രിയിൽ ഇന്ദ്രദ്യുമ്നൻ തപസ്സുചെയ്യുന്ന സന്ദർഭത്തിൽ അവിടെ അഗസ്ത്യമഹർഷി ചെന്നതിൻെറ ശേഷം ഉപചരിച്ചില്ല എന്നുള്ളതാണു ഹേതു. നഹുഷൻ സർപ്പമായതും ഇദ്ദേഹത്തിൻെറ ശാപംനിമിത്തം തന്നെ. ഇദ്ദേഹമത്രേ ശ്രീരാമനു വൈഷ്ണവചാപം നൽകിയതു്. രാവണവധം കഴിഞ്ഞു ശ്രീരാമാദികൾ അയോദ്ധ്യക്കു പോകുമ്പോൾ ഇദ്ദേഹവുംകൂടി പോവുകയുണ്ടായി. വാതാപി എന്നും ഇല്വലൻ എന്നും രണ്ടു ദുഷ്ടരാക്ഷസന്മാരെ ഇദ്ദേഹം കൊന്നിട്ടുണ്ടു്.

ഇദ്ദേഹത്തിൻെറ ഭാര്യയെ ലോപാമുദ്ര, വരപ്രദ, കൌശീതകി എന്നിങ്ങനെ വിളിക്കുന്നു. സർവ്വമൃഗങ്ങളുടേയും ഭംഗിയേറുന്ന ഭാഗങ്ങളെ എടുത്താണു ലോപാമുദ്രയെ സൃഷ്ടിച്ചിട്ടുള്ളതു്. അഗസ്ത്യൻ തന്നെയാണു സൃഷ്ടിച്ചതു്. ഈ ലോപാമുദ്ര സീതയ്ക്കു വളരെ ഉപകാരങ്ങൾ ചെയ്തിട്ടുണ്ടു്. അതു ശ്രീരാമനാൽ ത്യജിക്കപ്പെട്ടകാലത്താണു്. ഗംഗാദേവിയുടെ അപേക്ഷയനുസരിച്ചാത്രേ ഉപകാരങ്ങൾ ചെയ്തതു്.

അഗസ്ത്യൻെറ പേരുകൾ.

൧. മൈത്രാവരുണി-ഉർവ്വശിയെ മോഹിച്ച മിത്രൻ, വരുണൻ ഇവരുടെ ബീജമായതുകൊണ്ടു്.

൨. പീതാബ്ധി, സമുദ്രചുളുകൻ-ദേവാസുരയുദ്ധത്തിൽ ദൈത്യന്മാർ സമു

ദ്രത്തിൽ ഒളിക്കയാൽ അതിനെ കുടിച്ചു വററിച്ചതുകൊണ്ട്.

൩. മാന്യൻ-ജനിച്ചപ്പോൾ വളരെ ചെറുതായിരുന്നതിനാൽ.

൪. കുംഭസംഭവൻ-കുംഭത്തിൽ നിന്നു ജനിച്ചതുകൊണ്ട്, ബീജം കുംഭത്തിൽ വീണുണ്ടായതുകൊണ്ട്.

൫. വിന്ധ്യകൂടൻ – വിന്ധ്യൻപർവ്വതം വണങ്ങിയതുകൊണ്ട്.

'അഗസ്ത്യഃ കുംഭസംഭവഃ,
മൈത്രാവരുണിരസ്യൈവ
ലോപാമുദ്രാസധർമ്മിണീ' (അമരം)

അഗസ്ത്യഗീത-ഭാരതത്തിലെ ശാന്തിപർവ്വത്തിൽ അടങ്ങിയ ഒരു മുഖ്യഭാഗം.

അഗസ്ത്യതീർത്ഥം-പഞ്ചതീർത്ഥങ്ങളിൽ ഒന്ന്.

അഗസ്ത്യരസായനം- ഒരു ലേഹ്യം. (ക്ഷയം, കാസം ഇവയ്ക്കു നന്ന്).

അഗസ്ത്യസംഹിത – വിഷ്ണുപൂജ മുതലായവ നടത്തേണ്ടും ക്രമത്തെ ഉപദേശിക്കുന്ന ഒരു ഗ്രന്ഥം.

അഗാധം-നിലയില്ലാത്ത പ്രദേശം, ആഴമുള്ള കുഴി.

അഗാധജലം-ആഴമുള്ള ജലാശയം.

അഗാത്മജ-പാർവ്വതീദേവി.

അഗാരം-വീട്, ഗ്രഹം. ഗമിക്കാത്തവരെ പ്രാപിക്കുന്നത് എന്നു വ്യുല്പത്തി.

'വിദ്യാദഗാരമാഗാരമപഗാമാപഗാമപി
എന്നുള്ളതിനാൽ 'ആഗാരം' എന്നും പറയാം.

അഗാരദാഹി-വീട്ടിനു തീ വയ്ക്കുന്നവൻ.

അഗാരദാഹിനി-വീട്ടിനു തീ വയ്ക്കുന്നവൾ.

അഗിരം-പു. സ്വർഗ്ഗം. വ. അഗ്നി. ൩. കൊടുവേലി.

അഗിരൻ-പു. ഒരു രാക്ഷസൻ. വ. ആദിത്യൻ.

അഗിരൌകസ്സ്-ദേവൻ. അഗിരഃസ്വർഗ്ഗഃ ഓകഃ വാസസ്ഥാനം യസ്യ= അഗിരം(സ്വർഗ്ഗം), ഓകസ്സ് (വാസസ്ഥാനം) ആയുള്ളവൻ.

അഗീർണ്ണ-വി. പ. വിഴുങ്ങപ്പെടാത്ത. വ. സ്തുതിക്കപ്പെടാത്ത.

അഗു-പു. രാഹു. വ. ഇരുട്ട്. നാസ്തി ഗൌരശ്മയ്യ-ഗൌ (കിരണം) ഇല്ലാതിരിക്കുന്നു എന്നു വ്യുൽപത്തി. രാഹുവിൽ സൂര്യപ്രകാശം തട്ടാത്തതിനാൽ ഈ പേരുണ്ടായി. രാഹു ഒരു ഗ്രഹമല്ലെന്നും ഇരുട്ടാണെന്നുമത്രേ ഒരു മതം.

അഗുണ-പു നല്ല ശീലമൊന്നും ഇല്ലാത്ത. വ. ഗുണങ്ങൾ (വിശേഷങ്ങൾ) ഒന്നുമില്ലാത്ത.

അഗുണവാദി-കുററം (ദോഷം) പറയുന്നവൻ.

അഗുണം-ദോഷം, കുററം.

അഗുപ്ത-ഗുപ്തം(മറയ്ക്കപ്പെട്ടതു്) അല്ലാത്ത.

അഗുരു-വി. ഗുരുവല്ലാത്തതു്, ഭാരമില്ലാത്തതു്, ഘനമില്ലാത്തതു്. സ്ത്രീലിംഗം-അഗുർവ്വി.

അഗുരു-പു. ഗുരുവല്ലാത്തവൻ. വ. ഗുരുവില്ലാത്തവൻ. ഗുരു=ഉപദേശകൻ. ൩. അഗരുചന്ദനം. ൪. ഒരു മാത്രയുള്ള അക്ഷരം (ലഘ്വക്ഷരം). ൫. ഇരുവൂൾമരം. ൬. അകിൽ.

അഗുരുശിംശപ-ഇരുവൂൾമരം.

അഗുരുസാരതൈലം-അകിലെണ്ണ.

അഗൂഢഗന്ധ-വി. മറച്ചുവയ്ക്കാൻ പാടില്ലാത്ത ഗന്ധമുള്ള.

അഗൂഢഗന്ധം-പെരുംകായം. കടുപ്പമായ ഗന്ധമുള്ളതിനാൽ ഈ പേരുണ്ടായി.

അഗൃധ്നു-വി. ആഗ്രഹമില്ലാത്ത.

അഗൃഭീത-ഗ്രഹിച്ചിട്ടില്ലാത്ത. (ഇതു വളരെപഴയകൃതികളിലേകാണൂ) ഭീ=ഹീ.

അഗൃഹൻ-പു. ഗൃഹമില്ലാതെ അലയുന്നവൻ. വ. സന്യാസി, വാനപ്രസ്ഥൻ.

അഗൃഹീത-വി. അറിയപ്പെട്ടതല്ലാത്ത

അഗൃഹീതദിക്ക്-വി. ദിക്കറിഞ്ഞിട്ടില്ലാത്ത, കുഴഞ്ഞുപോയ.

അഗൃഹ്യ-വി. ഗ്രഹിക്കത്തക്കതല്ലാത്ത,

**അഗോചര**-വി. ഇന്ദ്രിയങ്ങളെക്കൊണ്ട് അറിയാൻ വയ്യാത്ത.

'സർവ്വേഷാമഗോചരന യന്തര്യാമിയായ്
സർവ്വജഗത്പ്രവാഹകനായനീ'
(അദ്ധ്യാത്മരാമായണം)

**അഗോചരം**-൧. ഇന്ദ്രിയങ്ങളെക്കൊണ്ടു ഗ്രഹിച്ചിട്ടില്ലാത്ത വസ്തു. ൨. പരബ്രഹ്മം.

**അഗോപന**-വി. ഗോപനം (മറവ്) ഇല്ലാത്ത, രക്ഷണമില്ലാത്ത.

**അഗോപനീയ**-വി ഗോപനീയമല്ലാത്ത, മറയ്ക്കത്തക്കതല്ലാത്ത, രക്ഷിക്കത്തക്കതല്ലാത്ത.

**അഗൌകസ്സ്**-൧. അഗഃ പർവ്വതഃ ഓകോ യസ്യ (അഗം പർവ്വതം) ഓകസ്സ് (വാസസ്ഥാനം) ആയിട്ടുള്ള മനുഷ്യൻ അല്ലെങ്കിൽ മൃഗം. ൨. വൃക്ഷവാസി എന്ന പക്ഷി. ൩. ശരഭം എന്ന മൃഗം.

ശരഭത്തിനെ മലയാളത്തിൽ എട്ടടിമാൻ എന്നു പറയാറുണ്ട്. ശരഭം മഹാമൃഗവർഗ്ഗത്തിൽപെട്ടതാണ്. മാനിന്റെ ജാതിയിൽ ചേർന്നതല്ല. ഈ ശരഭമൃഗത്തിനു എട്ടു പാദങ്ങളും ഉണ്ട്.

'ശരഭസ്ത്വഗജാരാതിഃ വ്യാഘ്രീതു ചാഷ്ടപാ
(മഹാഭാരതം) [ദകഃ

എന്നതുകൊണ്ടു ഈ ജന്തു ഗജത്തെ കൊല്ലുന്നതാണെന്നും ഇതിനു വ്യാഘ്രി എന്നു പേരുണ്ടെന്നും തെളിയുന്നു. അഗൌകസ്സ് എന്ന ശബ്ദം ശരഭത്തിനു പര്യായമെന്നും കാണുന്നുണ്ട്.

**അഗൌര**-വി. വെളുത്തതല്ലാത്ത, മഞ്ഞനിറമല്ലാത്ത, ചെമപ്പല്ലാത്ത.

**അഗൌരവ**-വി. ഗൌരവമില്ലാത്ത, ഗുരുത്വമില്ലാത്ത, മാനമില്ലാത്ത, ശ്രേഷ്ഠതയില്ലാത്ത, ലഘുവായ.

**അഗ്നാമരുത്ത്**-അഗ്നിയും മരുത്തിനും കൂടി ഒന്നായുള്ള പേർ. ഒരേ ഹവിസ്സിനെ ഭുജിക്കുന്നവരാകയാൽ ഈ പേർ വന്നു.

**അഗ്നായി**-൧. സ്വാഹാദേവി (അഗ്നിയുടെ ഭാര്യയാണ്) ൨. ത്രേതായുഗം.

**അഗ്നി**-മേൽപ്പെട്ടു പോകുന്നതിനാൽ ഈ പേർ വന്നു. വളഞ്ഞോ നേരെയോ ഗമിക്കുന്നു എന്നും കാണുന്നു. ൧. തീ. ൨. അഗ്നിഭഗവാൻ.

'അഗ്നിർവൈശ്വാനരോവഹ്നി
ർവീതിഹോത്രോധനഞ്ജയഃ
കൃപീടയോനിർജ്ജ്വലനോ
ജാതവേദാസ്തനൂനപാത്
ബർഹിഃ ശുഷ്മാ കൃഷ്ണവർത്മാ
ശോചിഷ്കേശ ഉഷർബുധഃ
ആശ്രയാശോ ബൃഹദ്ഭാനുഃ
കൃശാനുഃ പാവകോനലഃ
രോഹിതാശ്വോവായുസഖ
ശ്ശിഖാവാനാശുശുക്ഷണിഃ
ഹിരണ്യരേതാഹുതഭു
ഗ്ദഹനോഹവ്യവാഹനഃ
സപ്താർച്ചിർദ്ദമുനാശ്ശുക്രശ്ചിത്രഭാനുർവിഭാ
ശുചിരപ്പിത്തം' (അമരം)[വസുഃ

൧ അഗ്നി. ൨. വൈശ്വാനരൻ. ൩. വഹ്നി. ൪. വീതിഹോത്രൻ. ൫. ധനഞ്ജയൻ. ൬. കൃപീടയോനി. ൭. ജ്വലനൻ. ൮. ജാതവേദസ്സ്. ൯. തനൂനപാത്ത്. ൧൦. ബർഹിസ്സ്. ൧൧. ശുഷ്മാവ് ൧൨. കൃഷ്ണവർത്മാവ്. ൧൩. ശോചിഷ്കേശൻ ൧൪. ഉഷർബുധൻ. ൧൫. ആശ്രയാശൻ ൧൬. ബൃഹദ്ഭാനു. ൧൭. കൃശാനു. ൧൮ പാവകൻ. ൧൯. അനലൻ. ൨൦ രോഹിതാശ്വൻ. ൨൧. വായുസഖൻ. ൨൨. ശിഖാവാൻ. ൨൩. ആശുശുക്ഷണി. ൨൪. ഹിരണ്യരേതസ്സ്. ൨൫. ഹുതഭുക്ക്. ൨൬. ദഹനൻ. ൨൭. ഹവ്യവാഹനൻ. ൨൮. സപ്താർച്ചിസ്സ്. ൨൯. ദമുനസ്സ്. ൩൦. ശുക്രൻ. ൩൧. ചിത്രഭാനു. ൩൨. വിഭാവസു. ൩൩. ശുചി. ൩൪ അപ്പിത്തം. ഇവ മുപ്പത്തിനാലും അഗ്നിയുടെ പേർ.

അഗ്നി വിഷ്ണുവിന്റെ മൂത്തപുത്രനാണെന്നു വിഷ്ണുപുരാണം ഘോഷിക്കുന്നു. അഗ്നിയുടെ ഭാര്യ സ്വാഹാദേവിയാണ്. അഗ്നിക്കു സ്വാഹയിൽ പാവകൻ, പവമാനൻ, ശുചി എന്നു മൂന്നു പുത്രന്മാരും ഇവർ എല്ലാംകൂടി നാല്പത്തഞ്ചു പുത്ര

ന്മാരും ഉണ്ടായിട്ടുണ്ട്. അഗ്നിയേയും അഗ്നിയുടെ പുത്രപൌത്രന്മാരേയും ഉൾപ്പെടുത്തിയാണ നാല്പത്തൊമ്പതഗ്നികൾ എന്ന പറയുന്നത്. അഗ്നിഭരിക്കൽ ഖാണ്ഡവവനം മുഴുവനും ദഹിപ്പിച്ചു. ഇതു കൃഷ്ണൻെറയും അർജ്ജുനൻെറയും സഹായത്തോടുകൂടിയായിരുന്നു. ആ വനത്തിലുള്ള ഔഷധികൾകൊണ്ട്, തൻെറ ശക്തിക്ഷയംശമിപ്പിക്കുന്നതിനായിരുന്നു ഇപ്രകാരം ചെയ്തതു്. അഗ്നിയെ ദേവന്മാരുടെ മുഖമായി സങ്കല്പിച്ചുകാണുന്നു.

'കരാളീധൂമിനീശ്വേതാ
ലോഹിതാനീലലോഹിതാ
സുവൎണ്ണാപത്മരാഗാച
ജിഹ്വാസ്സപ്തവിഭാവസോഃ'

എന്നതനുസരിച്ചു് അഗ്നിക്കു ൧. കരാളി. ൨. ധൂമിനി. ൩. ശ്വേത. ൪. ലോഹിത ൫. നീലലോഹിത. ൬. സുവൎണ്ണ. ൭. പത്മരാഗ. ഇങ്ങിനെ ഏഴു നാവുകൾ ഉണ്ടു്. അഗ്നിക്കു 'സപ്തജിഹ്വ' എന്ന പേരുണ്ടായതു് ഇതുകൊണ്ടു വെളിവാകുന്നു.

൩. ജഠരത്തിലെ അഗ്നി. ൪. യാഗത്തിലെ അഗ്നി ൫ സ്വൎണ്ണം ൬. പിത്തം. ൭. മൂന്നു് എന്ന അൎത്ഥം വരുന്നതിനു കാരണം ഗാൎഹപത്യം, ആഹവനീയം, ദക്ഷിണം എന്നിങ്ങനെ മൂന്നു യാഗാഗ്നികൾ ഉള്ളതിനാലാണ്. ൮. കൊടുവേലി. ൯. ചേരുമരം. ൧൦. വട്ടകപ്പുളി. ൧൧. നാരകം.

അഗ്നികം-൧. മിന്നാമിനുങ്ങ്, അഗ്നിയെപ്പോലെ പ്രകാശിക്കുന്നതിനാൽ ഈ പേരുണ്ടായി. ൨. കൊടുവേലി. ൩. ചേരുമരം.

അഗ്നികണം-തീപ്പൊരി.

'ത്രിഷുസ്ഫുലിംഗോഗ്നികണഃ'(അമരം)

സ്ഫുലിംഗം, അഗ്നികണം രണ്ടും തീപ്പൊരിയുടെ പേർ.

അഗ്നികൎമ്മം-ഹോമം, അഗ്നിഹോത്രം.

അഗ്നികല-അഗ്നിയുടെ അവയവഭേദം. അഗ്നികലകൾ പത്തുവിധം.

'ധൂമ്രാൎച്ചിരുഷ്മാജ്വലിനിജ്വാലിനി ബിസ്ഫുലിംഗിനി സുശ്രീഃ സുരൂപാകപിലാ ഹവ്യകവ്യവഹേ അപി'

അഗ്നികാൎയ്യം-ഹോമം. ബ്രാഹ്മണർ അഗ്നിയിൽ കഴിക്കുന്ന ഒരു കൎമ്മം.

അഗ്നികാരിക-ഹോമത്തെ ശുദ്ധമാക്കുവാനുള്ള വിധം.

അഗ്നികാഷ്ഠം-അകിൽ. അഗ്നിയെ ഉദ്ദീപനം ചെയ്യുന്നതു് എന്നു വ്യുല്പത്തി.

അഗ്നികുക്കുടം-അഗ്നി ജ്വലിക്കുന്ന പുൽക്കൂട്ടം. കുക്കുടം എന്നാൽ എരിയുന്ന മൂട്ടു് എന്നു് (ഇവിടെ) അൎത്ഥം.

അഗ്നികുണ്ഡം - അഗ്നിയിടുന്നതിനുള്ള വളച്ചുകെട്ടു്, തീച്ചൂള, അഗ്നിയെവെച്ചിരിക്കുന്ന പാത്രം, തീക്കുഴി.

അഗ്നികുമാരൻ-കാൎത്തികേയൻ (സുബ്രഹ്മണ്യൻ). അഗ്നിയിൽനിന്നുണ്ടാകയാൽ സുബ്രഹ്മണ്യനു ഈ പേർ സിദ്ധിച്ചു.

അഗ്നികുമാരരസം-ഒരു ഔഷധം. ഇതു് ആമദോഷങ്ങളെ നീക്കും.

അഗ്നികേതു-൧ പുക. ൨. രാവണൻെറ ഇഷ്ടന്മാരായ രണ്ടു രാക്ഷസന്മാർ. ഇവരെ ശ്രീരാമൻ കൊന്നു.

അഗ്നികോണം-തെക്കുകിഴക്കേ ദിക്ഭാഗം, തെക്കുകിഴക്കേമൂല. ഈ മൂല അഗ്നിയായ ദേവതയോടുകൂടിയതുകൊണ്ടു് ഈ പേർ സിദ്ധിച്ചു.

അഗ്നിക്രിയ-൧. ശവം ദഹിപ്പിക്കുക. ൨. ചൂടുവെയ്ക്കുക.

അഗ്നിക്രീഡ-വെടിക്കെട്ടു്, കരിമരുന്നുപ്രയോഗം.

അഗ്നിഗൎഭ മദ്ധ്യഭാഗത്തിൽ അഗ്നിയുള്ള, അകത്തു് അഗ്നിയുള്ള.

അഗ്നിഗൎഭം-൧. സൂൎയ്യകാന്തം. അഗ്നി ഉള്ളിൽ ഉള്ളതിനാൽ ഈ പേർ വന്നു. സൂൎയ്യകിരണം ഹേതുവായിട്ടു തീയുണ്ടാക്കുന്നതിനാലാണു് ഉള്ളിൽ അഗ്നിയുള്ളതെന്നു പറവാൻ കാരണം ൨. ശമിവൃക്ഷം (വന്നി). ൩. ആൎദ്രക.

അഗ്നിഗൎഭ-പു ഭൂമി. അകത്തു അഗ്നിയുള്ളതുകൊണ്ടു ഇപ്പേർ വന്നു. ര. വലിയവാല്യുഴവം എന്ന ഔഷധി. ന. വന്നി.

അഗ്നിഗൃഹം-ഹോമമാദികൾക്കുള്ളഗൃഹം.

അഗ്നിഗ്രന്ഥം-ഹോമമാദികളെ വിവരിക്കുന്ന ഗ്രന്ഥം.

അഗ്നിഘൃതം-വൈദ്യശാസ്ത്രപ്രകാരമുള്ള ഒരു നെയ്യു, ഇതു ജഠരാഗ്നിയെ ഉദ്ദീപിപ്പിക്കും.

അഗ്നിചയം, അഗ്നിചയനം-പു. അഗ്നി വൎദ്ധിക്കുന്നതിനുള്ള വസ്തു, അഗ്നിയെ വൎദ്ധിപ്പിക്കുന്നതു എന്നു വ്യുല്പത്തി. ര. ഒരു മന്ത്രം. ന. തിട്ടമ്പാരം. ൪. ഹോമാഗ്നിയെ സമ്പാദിച്ചു സൂക്ഷിക്കുക.

അഗ്നിചിത്തു്-അഗ്നിഹോത്രാദികൾ നടത്തുന്ന ഗൃഹസ്ഥൻ, അക്കിത്തിരി. ഹോമാഗ്നിയെ സമ്പാദിച്ചു സൂക്ഷിക്കുന്നവൻ

അഗ്നിചിത്യ-ഗൃഹസ്ഥൻ ചെയ്യാനുള്ള അഗ്നിസംരക്ഷണം (അഗ്ന്യാധാനം). ഹോമാഗ്നിയെ സൂക്ഷിക്കുക.

അഗ്നിചൂൎണ്ണം-വെടിമരുന്നു്.

അഗ്നിജ-വി. അഗ്നിയിൽ നിന്നുജനിച്ച.

അഗ്നിജൻ-സുബ്രഹ്മണ്യൻ. ര. വിഷ്ണു.

അഗ്നിജം-സ്വൎണ്ണം. അഗ്നിയിൽ നിന്നുണ്ടായതെന്നാരോപിക്കുന്നതിനാൽ ഇപ്പേർ വന്നു; ര. അഗ്നിജാരം എന്ന ഔഷധി (അക്കുരി).

അഗ്നിജന്മാവു്-പു. സുബ്രഹ്മണ്യൻ. ര. സ്വൎണ്ണം.

അഗ്നിജാതം-സ്വൎണ്ണം.

അഗ്നിജാതൻ-പു. സുബ്രഹ്മണ്യൻ. ര. വിഷ്ണു.

അഗ്നിജാരം-അക്കുരി.

അഗ്നിജിഹ്വ-പു. തീനാക്കു്, അഗ്നിജ്വാല. ര. മേത്തോന്നി.

അഗ്നിജിഹ്വിക-മേത്തോന്നി.

അഗ്നിജ്വാല-പു. തീജ്ജ്വാല, തീനാക്കു്. ജ്വാലഎന്നാൽജ്വലിക്കുന്നതു് എന്നൎത്ഥം.

'വഹ്നേൎദ്വയോൎജ്ജ്വാലകീലാ
വൎച്ചിൎഹേതിശ്ശിഖാസ്ത്രിയാം' (അമരം)

(ജ്വാല, കീല, അൎച്ചിസ്സ്, ഹേതി, ശിഖ ഇവ അഞ്ചും അഗ്നിജ്വാലയുടെ പേർ. ജ്വാല കീലെദ്വയോഃ-ജ്വാല കീലശബ്ദങ്ങൾ പുല്ലിംഗമായിട്ടും സ്ത്രീലിംഗമായിട്ടും വരും. സ്ത്രീലിംഗത്തിലായാൽ 'ജ്വാലാ' 'കീലാ' ഇപ്രകാരമിരിക്കും. (മലയാളമായാൽ ജ്വാല, കീല) ജ്വാല-ജ്വലിക്കുന്നതു്. കീലം-പക്ഷി മുതലായവയുടെ ഗതിയെ തടുക്കുന്നതു്). ര. താതിരി. ന. തീത്തിപ്പലി.

അഗ്നിതനയൻ-സുബ്രഹ്മണ്യൻ.

അഗ്നിതപസ്സ്-കഠിനമായ തപസ്സു്, പഞ്ചാഗ്നിമദ്ധ്യത്തിലുള്ള തപസ്സു്, അഗ്നിയെപ്പോലെ എരിയുന്ന, (കത്തുന്ന, ജ്വലിക്കുന്ന).

അഗ്നിതേജസ്സ്-അഗ്നിയുടെ പ്രകാശം (ശക്തി)

അഗ്നിത്രയം-ദക്ഷിണാഗ്നി, ഗാൎഹപത്യാഗ്നി, ആഹവനീയാഗ്നി ഈ മൂന്നഗ്നികൾകൂടി അഗ്നിത്രയം എന്നു പറയുന്നു.

'ദക്ഷിണാഗ്നിയതും ഗാൎഹ
പത്യമാഹവനീയവും
ഏവമഗ്നികൾമൂന്നെന്നു
ചൊല്ലീടുന്നുബുധാവലി'
(സ്മാൎത്തരത്നാകരം)

അഗ്നിദ-വി. തീവയ്ക്കുന്ന.

അഗ്നിദഗ്ദ്ധ-വി. അഗ്നി(തീ)യിൽ ദഹിച്ച, തീകൊണ്ടു ദഹിച്ച.

അഗ്നിദമനി-ചെറിയ കണ്ടകാരിച്ചുണ്ട. (ചിലർ 'മുത്തുവള്ള' എന്നും പറയുന്നുണ്ടു്).

അഗ്നിദാതാവു്-ശേഷക്രിയ ചെയ്യുന്നവൻ.

അഗ്നിദീപ്ത-വലിയ വാല്യുഴവം.

അഗ്നിദീപ്ത-വി. തീ ജ്വലിക്കുന്ന, തീപോലെ പ്രകാശിക്കുന്ന.

അഗ്നിദീപ്തി-ദഹനശക്തി.

അഗ്നിദൂഷിത-വി. ചൂടുവച്ച, തീക്കൊള്ളിവച്ച.

**അഗ്നിധമനം**-വെപ്പ്.

**അഗ്നിധമനി**-ചെറിയ കണ്ടകാരി.

**അഗ്നിധാനം**-അഗ്നിഹോത്രിയുടെ ഭവനം. ഗൃഹസ്ഥാഗ്നിയെ സൂക്ഷിപ്പാനുള്ള പാത്രം, അല്ലെങ്കിൽ സ്ഥലം.

**അഗ്നിധാരണം**-ഗൃഹസ്ഥൻ അഗ്നിയെ സംരക്ഷിക്കുക.

**അഗ്നിനിര്യാസം**-അഗ്നിജാരം(അക്കുരി)

**അഗ്നിനേത്ര**-വി. തീക്കണ്ണുള്ള.

**അഗ്നിപദം**-പു. തീയിടുന്ന സ്ഥലം. ന. അഗ്നി എന്ന പദം (വാക്ക്).

**അഗ്നിപരിക്രിയ, അഗ്നിപരിഷ്ക്രിയ**-അഗ്നിപൂജ.

**അഗ്നിപരിച്ഛദം**- ഹോമത്തിനാവശ്യമുള്ള ഉപകരണങ്ങൾ.

**അഗ്നിപരിധാനം**-ഒരുമാതിരി തിര (മറയ്ക്കുന്ന വസ്തു) കൊണ്ട് ഹോമാഗ്നിയെ വളയുക, പൊതിയുക, വളച്ചുകെട്ടുക.

**അഗ്നിപരീക്ഷ**-തീയിൽ ചാടി സത്യത്തെ പരിശോധിക്ക, തീയിൽ പതിച്ചു ശുദ്ധിയെ പരിശോധിക്ക.

**അഗ്നിപർവ്വതം**-ചില കാലങ്ങളിൽ തീ പൊട്ടിത്തെറിക്കുന്ന മല. ഭൂമിയുടെ അന്തർഭാഗത്തോട് ഒരു കുഴൽവഴിയായി ചേർന്നിരിക്കുന്നതും ഉരുകിയപാറകൾ, വസ്തുശകലങ്ങൾ, ആവി ഇവയെ മുഖത്തിൽകൂടി വെളിയിൽ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നതുമായ കുന്നുകൾ (പർവ്വതം). ഭൂലോകത്തിൽവച്ച് ഉയരം ഊർജ്ജിതമായിരിക്കുന്ന ആൻഡിസ് പർവ്വതത്തിലുള്ള 'കൊട്ടപ്പാക്സി' എന്ന അഗ്നിപർവ്വതത്തിനു സമുദ്രനിരപ്പിൽനിന്നു ൧൯,൬൧൩ അടി പൊക്കമുണ്ട്. അഗ്നിപർവ്വതത്തിനകത്തുള്ള സാധനങ്ങളെ പുറത്താക്കുന്നതിന് അതിന്റെ മുകളിൽ ഒരു വലിയ ദ്വാരം ഉള്ളതിന് ഇംഗ്ലീഷിൽ 'ക്രേറ്റർ' എന്നാണു പേർ. ഇതിന്റെ രൂപം കിണ്ണം പോലെയാണ്. അഗ്നിപർവ്വതം പൊട്ടുമ്പോൾ നാം കേൾക്കുന്നതു്, ഭൂമികുലുക്കം പൂട്ടപിടിച്ച ജലം ആവിയാകുന്നസമയം അതു ഭൂമിയെ ഭേദിക്കുന്ന ശബ്ദമാകുന്നു. ചളിയെയും ജലത്തെയും മാത്രം വമിക്കുന്ന കുന്നുകൾക്ക് 'സാൽസെസ്' എന്നു പറയുന്നു. ഇവയിൽ മണ്ണെണ്ണ ധാരാളം കാണുന്നു. അഗ്നിപർവ്വതത്തിന്റെ അകത്തുനിന്നു ദ്രവിച്ച ധാതുക്കൾ ഉൽക്കടമായ ചൂടോടുകൂടി ക്രേറ്റർമാർഗ്ഗമായി കവിനുമായ ജലപ്രവാഹം എന്നവണ്ണം പുറത്തൊഴുകുന്നതിനു ആഗ്നേയാംഗാരം(ലാവാ) എന്നാണു പേർ. എ. ഡി. ൭൯-ൽ വിസൂവിയസ് അഗ്നിപർവ്വതത്തിന്റെ ലോകപ്രസിദ്ധമായ പൊട്ടൽനിമിത്തം ഹർകലേനി, സ്റ്റാബി, പാംപി മുതലായ റോമൻപട്ടണങ്ങൾ നശിച്ചു. ആസന്ദർഭത്തിൽ അതിനുചുറ്റും ൧൫ നാഴിക അകലമുള്ള സ്ഥലത്തു പകൽസമയം അർദ്ധരാത്രി എന്നവണ്ണം ഇരുട്ടടഞ്ഞിരുന്നു. ഇപ്പോൾ ഭൂലോകത്തിൽ ൩൦൦-ൽ അധികം ഊർജ്ജിതങ്ങളായ അഗ്നിപർവ്വതങ്ങൾ ഉണ്ട്.

**അഗ്നിപാദപം**-വന്നിമരം (ശമിവൃക്ഷം)

**അഗ്നിപുരാണം**-പതിനെട്ടു പുരാണങ്ങളിൽ ഒന്ന്. ഇതിൽ ൧൫,൪൦൦ ശ്ലോകം കാണുന്നു. ഈ പുരാണത്തിൽ ജ്യോതിഷം, വൈദ്യം, സ്വപ്നഫലം, ഹസ്തസാമുദ്രികം, വേദം, വ്യാകരണം, അലങ്കാരം, ഛന്ദസ്സ്, പായുകടിച്ചികിത്സ ഇത്യാദിയെ ചുരുക്കമായി പ്രസ്താവിക്കുന്നു.

**അഗ്നിപുഷ്പിക**-താതിരി.

**അഗ്നിപ്രവേശം, അഗ്നിപ്രവേശനം**-തീയിൽ ചാടി മരിക്കുക. ഇതിന് ഉടന്തടി ചാടുക എന്നും പറയും.

**അഗ്നിഫല**-വലിയ വാലുഴവം.

**അഗ്നിബലം**-പു. ദഹനശക്തി. ന. തീയുടെ ശക്തി.

**അഗ്നിബാധ**-തീകൊണ്ടുള്ള ഉപദ്രവം.

**അഗ്നിബാഹു**-ഒന്നാമത്തെ മനുവിന്റെ ഒരു പുത്രൻ.

**അഗ്നിബീജം**-സ്വർണ്ണം.

**അഗ്നിഭ**-ചെറുപ്പുന്ന.

**അഗ്നിഭം**-സ്വർണ്ണം.

അഗ്നിഭവം-സ്വൎണ്ണം.

അഗ്നിഭാൎയ്യ-സ്വാഹാദേവി.

'.......... ആഗ്നേയീ
സ്വാഹാ ചഹുതഭുക്പ്രിയ' (അമരം)

(ആഗ്നേയി, സ്വാഹാ, ഹുതഭുക്പ്രിയ-ഇ-൩ അഗ്നിഭാൎയ്യയുടെ പേർ.)

അഗ്നിഭാസ-ചേരപ്പന്ന.

അഗ്നിഭു-സ്വൎണ്ണം.

അഗ്നിഭൂവ്-സുബ്രഹ്മണ്യൻ (അഗ്നിയിൽ നിന്നുണ്ടായവൻ).

'സേനാനീരഗ്നിഭൂൎഗ്ഗുഹഃ' (അമരം)

അഗ്നിഭസിത-ഏഴിലംപാല.

അഗ്നിമണി-൧. സൂൎയ്യകാന്തം. ൨. ചക്കമുക്കക്കല്ല് (ചക്കിമുക്കി.)

അഗ്നിമന്ഥകം-മുഞ്ഞ.

അഗ്നിമഥനം-൧. മുഞ്ഞ. ൨. തീകടഞ്ഞെടുക്കുക.

അഗ്നിമന്ഥം, അഗ്നിമന്ഥനം-൧. ഉരച്ചു തീയുണ്ടാക്കുക. ൨. മുഞ്ഞ.

അഗ്നിമന്ഥാദി-ഒരു കഷായം.

മുഞ്ഞവേർ, കുറുന്തോട്ടിവേർ, ആവണക്കിൻവേർ, ചെറുതേക്ക്, കൊട്ടം, ചുക്ക് ഇവകൊണ്ടുള്ളതാണ്. ഇത് ഇക്കിൾ, ശ്വാസം, കാസം ഇവയെ ശമിപ്പിക്കും.

'അഗ്നിമന്ഥബലരൈരണ്ഡ
ഭാൎങ്ഗീകുഷ്ഠമഹൌഷധൈഃ
പിബേൽ പ്രകഥിതം തോയം
ഹിക്ക്മാരുക് ശ്വാസകാസവാൻ'
(വൈദ്യസംഗ്രഹം)

അഗ്നിമത്ത്-വി. തീയുള്ള.

അഗ്നിമയം-വി. തീയുള്ള.

അഗ്നിമാൻ-തീയുള്ളവൻ, ഉപനയനം കഴിഞ്ഞ ബ്രാഹ്മണൻ, ഗൃഹസ്ഥാശ്രമത്തിലുള്ള ആൾ.

അഗ്നിമാന്ദ്യം-൧. ദഹനക്കുറവ്. ൨. തീയുടെ മന്ദത.

ജഠരാഗ്നി-മന്ദം, തീക്ഷ്ണം, വിഷമം, സമം ഇങ്ങനെ നാലുവിധമുണ്ട്. ദോഷങ്ങളുടെ ആധിക്യംനിമിത്തം ഇവയുണ്ടാകുന്നു ജഠരാഗ്നി കഫാധിക്യത്താൽ മന്ദമായും പിത്താധിക്യത്താൽ തീക്ഷ്ണമായും വാതാധിക്യത്താൽ വിഷമമായും മൂന്നു ദോഷങ്ങളുടേയും തുല്യതനിമിത്തം സമമായും ഭവിക്കുന്നു. [ത്രിവിധഃ

'മന്ദസ്തീക്ഷ്ണോഥവിഷമസ്സമശ്ചേതി ച
കഫപിത്താനിലാധിക്യാത്തത്സാമ്യാജ്ജാ
ഠരോനലഃ'

അഗ്നികളിൽവെച്ചു സമാഗ്നിയാകുന്നു ശ്രേഷ്ഠം. ഈ അഗ്നി ഉചിതമായ മാത്രയെ അനുസരിച്ചു ഭക്ഷിക്കുന്നവരുടെ ആഹാരത്തെ നല്ലവണ്ണം പചിക്കും.

'സമാഗ്നിഃ ശ്രേഷ്ഠ ഉച്യതേ'
(മാധവനിദാനം)

അഗ്നിമാലി-കൊട്ടുവേലി. അഗ്നിയുടെ പൎയ്യായങ്ങളെല്ലാം കൊട്ടുവേലിയുടെ പേരാണ്.

അഗ്നിമിത്രൻ-കാളിദാസന്റെ മാളവികാഗ്നിമിത്രം നാടകത്തിലെ നായകൻ. ഇദ്ദേഹം ശുംഗകുലത്തിലെ ഒരു രാജാവാണ്. അച്ഛന്റെ പേർ പുഷ്പമിത്രൻ.

അഗ്നിമുഖം-൧. കുങ്കുമം. ൨. മൂട്ട. ൩. കയ്യുണ്ണി. ൪. ചേരുമരം. ൫. കൊട്ടുവേലി.

അഗ്നിമുഖൻ-ദേവൻ. ൨. ബ്രാഹ്മണൻ.

'അഗ്നിമുഖാ വൈ ദേവാഃ' (എന്നു ശ്രുതി)

അഗ്നിമുഖി-൧. അടുക്കള. ൨. ചേരുമരം. ൩. മേന്തോന്നി.

അഗ്നിമൂല-തെക്കുകിഴക്കേദിക്ക് (കോണ്)

അഗ്നിരജസ്സ്-൧. മിന്നാമിനുങ്ങ് (ഇന്ദ്രഗോപകീടം) ൨. അഗ്നിയുടെ ശക്തി. ൩. സ്വൎണ്ണം.

അഗ്നിരാശി-തീയുടെ സമൂഹം, തീക്കൂമ്പാരം.

അഗ്നിരുഹ-മാംസരോഹിണി (ഔഷധി)

അഗ്നിരൂപ-വി. അഗ്നിയെപ്പോലെ ആകൃതിയുള്ള, അഗ്നിയുടെ സ്വഭാവമുള്ള.

അഗ്നിരേതസ്സ്-സ്വൎണ്ണം.

അഗ്നിരോഹിണി-ഒരു രോഗം.

അന്തർദ്ദാഹം, ജ്വരം ഇവയോടുകൂടി ജ്വലിച്ചിരിക്കുന്ന അഗ്നിപോലെയുള്ള പുളകങ്ങൾ മാംസം ഭേദിച്ചു കക്ഷഭാഗങ്ങളിൽ ഉത്ഭവിക്കുക. ഇത് ഏഴോ പത്തോ പതിനഞ്ചോ ദിവസംകൊണ്ടു പ്രാണഹാനി ചെയ്യും.

'കക്ഷഭാഗേഷുയസ്ഫോടാ
ജായന്തേമാംസദാരണാഃ
അന്തർദ്ദാഹജ്വരകരാ
ദീപ്തപാവകസന്നിഭാഃ
സപ്താഹാദ്വാദശാഹാദ്വാ
പക്ഷാദ്വാഘ്നന്തിമാനവം'
(മാധവനിദാനം)

**അഗ്നിലിംഗം**—൧. തീയുടെ അടയാളം ൨. പുക.

**അഗ്നിലോകം**—മഹാമേരു പർവ്വതശൃംഗത്തിൻ കീഴുള്ള ഒരു ഭാഗം.

**അഗ്നിവക്ത്രകം**—ചേരുമരം.

**അഗ്നിവർണ്ണൻ** - സൂര്യകുലത്തിലെ ഒരു രാജാവ്.

**അഗ്നിവധൂ**—സ്വാഹാദേവി (അഗ്നിയുടെ ഭാര്യ )

**അഗ്നിവർദ്ധക**—ദഹനശക്തിയുണ്ടാക്കുന്ന

**അഗ്നിവല്ലഭം**—തെള്ള്. ൨. ചെഞ്ചല്യം.

**അഗ്നിവാഹം**—൧. പുക, ൨. ആട്.

**അഗ്നിവിസർപ്പം**—ഒരു രോഗം.

അതിസാരം, പനി, ഛർദ്ദി ഇന്ദ്രിയസാദം, തണ്ണീർദാഹം, തലതിരിച്ചിൽ എല്ലുപൊട്ടൽ, അഗ്നിമാന്ദ്യം, തമകശ്വാസം, അരുചി ഇവയോടുകൂടിയ വിസർപ്പം ഉണ്ടാവുക.

ഈ വിസർപ്പം ശരീരത്തിൽ എവിടെ വ്യാപിക്കുന്നുവോ അവിടം കരിക്കട്ട എന്നവണ്ണം കറുക്കയോ നീലിക്കയോ ചെയ്യും. ഉടനെ തീ തട്ടിയ ദേഹംപോലെ ചില പൊള്ളലുകളോടുകൂടിയുമിരിക്കും. എല്ലാടവും വ്യാപിക്കുന്നതിനാൽ വിസർപ്പം എന്ന പേരുണ്ടായി.

**അഗ്നിവീര്യം**—൧. സ്വർണ്ണം. ൨. തീയുടെ ശക്തി.

**അഗ്നിവേശൻ**—ഒരു മുനി. (ചരകം മുതലായ വൈദ്യഗ്രന്ഥങ്ങളുടെ കർത്താവ്), അഗ്നിയുടെ പുത്രൻ, ദ്രോണരുടെ ഗുരു.

**അഗ്നിശരണം**—ഗൃഹസ്ഥന്റെ അഗ്നി സൂക്ഷിക്കുന്ന സ്ഥലം.

'ചെന്നാരും ഗ്രഹിയാതെയഗ്നിശരണേ
പൊട്ടിച്ചു പാത്രങ്ങളെ'
(ജാനകീപരിണയം)

**അഗ്നിശാല**—ഗൃഹസ്ഥന്റെ അഗ്നി സൂക്ഷിച്ചിരിക്കുന്ന സ്ഥലം.

**അഗ്നിശിഖ**—൧. തീജ്വാല. ൨. മേത്തോന്നി ൩. കപ്പമഞ്ഞൾ ൪. പാച്ചോറ്റി.

**അഗ്നിശിഖം**—൧. വിളക്ക്. ൨. ശരം. ൩. കരിമരുന്നുപ്രയോഗത്തിനുള്ള വസ്തു. ൪. സ്വർണ്ണം ൫ മഞ്ഞൾ. ൬. കുങ്കുമം. (തീനാക്കുപോലെ ശിഖയുള്ളതാകകൊണ്ട് ഈ പേർ വന്നു). ൭. കസുംഭ.

**അഗ്നിശേഖരം**—൧. കുങ്കുമം (കുങ്കുമമരം) ൨. കസുംഭരം.

**അഗ്നിഷ്ഠം**—ഹോമാഗ്നിയുടെ മുൻഭാഗത്തു നിറുത്തുന്ന യൂപം (തൂൺ).

**അഗ്നിഷ്ടോമം, അഗ്നിസ്തോമം** -ഒരു യാഗകർമ്മം.

**അഗ്നിസഖൻ**—വായു.

**അഗ്നിസാദം**—അഗ്നിമാന്ദ്യം, ദഹനശക്തിക്കുറവ്.

**അഗ്നിസഹായം**—പ്രാവ്.

**അഗ്നിസാരം**—രസാഞ്ജനം.

**അഗ്നിസംഗ്രഹം** ഹോമം നടത്തുവാനായിട്ട് അഗ്നി വെക്കുക.

**അഗ്നിസംഭവം**—൧. സ്വർണ്ണം. ൨. അജ്ഞാരി ൩. കാട്ടുകസുംഭ്.

**അഗ്നിസംസ്കാരം**—ശവം ദഹിപ്പിക്കുക; അഗ്നികൊണ്ടു ശുദ്ധമാക്കുക.

**അഗ്നിസാക്ഷിക**—വി. അഗ്നിയെ സാക്ഷിയായി വെച്ചിട്ടുള്ള, അഗ്നിയുടെ മുൻവശമുള്ള

'സുഗ്രീവരാഘവന്മാരഗ്നിസാക്ഷിയായ
സഖ്യവുംചെയ്തുപരസ്പരംകാത്തുവും'
(അദ്ധ്യാത്മരാമായണം)

**അഗ്നിസാത്**-അ. അഗ്നിയുടെ സ്ഥിതിയിൽ (അധീനം).

**അഗ്നിസാൽഭവിക്ക**- അഗ്നിയ്ക്കിരയായിത്തീരുക.

**അഗ്നിസുതൻ**-സുബ്രഹ്മണ്യൻ.

**അഗ്നിസ്തംഭം**-അഗ്നിയുടെ ദഹനശക്തി കുറയ്ക്കുന്ന ഒരു മന്ത്രം.

**അഗ്നിസ്തുത്**-ഒരു നാളത്തേയ്ക്കു മാത്രം നടക്കുന്ന യാഗകർമ്മം.

**അഗ്നിസ്തോമം, അഗ്നിഷ്ടോമം**-ഒരു യാഗകർമ്മം.

**അഗ്നിസ്ഫുലിംഗം**-തീപ്പൊരി.

'ത്രിഷുസ്ഫുലിംഗോഗ്നികണഃ' (അമരം)
സ്ഫുലിംഗം-ചലിക്കുന്നത്.

**അഗ്നിഹോത്രഹവ(നി)ണി**-അഗ്നിഹോത്രത്തിന് ആവശ്യമുള്ള ഒരു പാത്രവിശേഷം.

**അഗ്നിഹോത്രം**-പു. അഗ്നിയിൽ അനുഷ്ഠിക്കുന്ന ഹോമം. വ. ഒരു പ്രത്യേക ഹോമത്തിന്റെ പേർ.

'അഗ്നിഹോത്രവും രക്ഷി
ച്ചുഗ്രമാം തപസ്സോടു
മഗ്നിസന്നിഭൻ മഹാ
തേജസാ തപോധനൻ'

(ബ്രഹ്മാണ്ഡപുരാണം)

**അഗ്നിഹോത്രി**-പു. അഗ്നിഹോത്രം പതിവായി നടത്തുന്ന ആൾ, അഗ്നിഹോത്രാദികർമ്മങ്ങൾ പതിവായി അനുഷ്ഠിക്കുന്ന ആൾ. ഹോമത്തിനു വെണ്ണ, പാൽ എന്നിവ നൽകുന്ന പശു എന്നു ശബ്ദാർത്ഥം.

'മൃഷ്ടാന്നദാതാശരണാഗ്നിഹോത്രി'

(നീതിസാരം)

വ. വരരുചിയുടെ മൂത്തപുത്രൻ.

**അഗ്നീധ്രൻ**-പു. സ്വായംഭുവ മനുവിനു ശതരൂപ എന്ന പത്നിയിൽ പത്തു പുത്രന്മാരും ഊർജ്ജസ്വതി എന്ന ഒരു കന്യകയും ജനിച്ചു. ഇവരിൽ മൂത്തവൻ പ്രിയവ്രതനായിരുന്നു. ഈ പ്രിയവ്രതന്റെ പുത്രനത്രെ അഗ്നീധ്രൻ.

പ്രിയവ്രതന്റെ പത്നിയായ ബർഹിഷ്മതി വിശ്വകർമ്മാവിന്റെ മകളാണ്. പ്രിയവ്രതനു ബർഹിഷ്മതിയിൽ ജനിച്ചവരിൽ മൂത്തവനാത്രെ അഗ്നീധ്രൻ. ഇദ്ദേഹം ജംബുദ്വീപത്തിലെ അധിപനായിരുന്ന കാലത്തു പർവ്വതഗുഹയെ പ്രാപിച്ചു തപസ്സുചെയ്തു. അപ്പോൾ പൂർവ്വചിത്തി എന്ന അപ്സരസ്ത്രീ ബ്രഹ്മാവിന്റെ കല്പനപ്രകാരം അവിടെ ചെല്ലുകയും പ്രിയവ്രതനെ മോഹിപ്പിച്ചു ഭർത്താവാക്കുകയും ചെയ്തു. അവർ ൧. നാഭി ൨. കിംപുരുഷൻ ൩. ഹരി ൪. ഇളാവൃതൻ ൫. രമ്യകൻ ൬. ഹിരണ്മയൻ ൭. കുരു ൮. ഭദ്രാശ്വൻ ൯. കേതുമാലൻ എന്നിങ്ങനെ ഒമ്പതുപേരെ പ്രസവിച്ചതിന്റെ ശേഷം ബ്രഹ്മലോകം പ്രാപിച്ചു. തദനന്തരം അഗ്നീധ്രൻ ജംബുദ്വീപത്തെ ഒമ്പതുപുത്രന്മാർക്കായി പകുത്തുകൊടുത്തിട്ടു ബ്രഹ്മലോകത്തിൽ ചെന്നു പൂർവ്വചിത്തിയുമായി രമിച്ചു.

'അക്കാലമഗ്നീധ്രനും തന്നുടെ ജംബുദ്വീപ
മൊക്കവേ പകുത്തു തൻ നന്ദനന്മാർക്കു നല്കി
താൻ പിന്നെ തപോബലം കൊണ്ടു പോയ്
ബ്രഹ്മലോക
സംപ്രീതം രമിച്ചുപോൽ പൂർവ്വചിത്തിയുമാ
(ഭാഗവതം) യി'

വ. അഗ്നിയെ സൂക്ഷിക്കുന്ന ബ്രാഹ്മണൻ.

**അഗ്നീന്ധനം**-അഗ്നിയെ സംരക്ഷിക്കുക, അഗ്നിയെ പോഷിപ്പിക്കുക.

**അഗ്ന്യാഗാരം**-അഗ്നികാര്യത്തിനുള്ള ഭവനം, ഹോമം മുതലായവയ്ക്കുള്ള ഗൃഹം.

**അഗ്ന്യാഖ്യം**-കൊടുവേലി.

**അഗ്ന്യാധാനം** - ഹോമം നടത്താനുള്ള സ്ഥലത്തു അഗ്നിയിടുക.

**അഗ്ന്യാഹിതൻ**-അഗ്ന്യാധാനം ചെയ്ത ബ്രാഹ്മണൻ.

**അഗ്ന്യുൽപാതം**-ധൂമകേതു (വാൽനക്ഷത്രം), വാൽനക്ഷത്രത്തിന്റെ ഉദയം.
അഗ്ന്യുൽപാതം-അഗ്നിയുടെ (ഉൽപാതം) പ്രകൃതിവികൃതിയെ പ്രദർശിക്കുന്ന സ്ഥിതി.

അഗ്ന്യുൽപാതം എന്നതു ധൂമകേതുവിന്റെ ഉദയം എന്നു ചിലരുടെയും, വഹ്നിയാൽ ഉണ്ടാക്കപ്പെട്ട ആപത്തെന്നു് അന്യന്മാരുടെയും പക്ഷം.

'അഗ്ന്യുൽപാത ഉപാഹിതഃ' (അമരം)

അഗ്ര-വി. ആദ്യമായുള്ള, ശ്രേഷ്ഠമായ, ഒന്നാമത്തെ, വർദ്ധനയുള്ള.

അഗ്രകരം-ഉള്ളങ്കൈ.

അഗ്രം-ന. മുകൾഭാഗം, ഉപരിഭാഗത്തുള്ളതു്. ൨. അററം, മുന.

'പുരോധികമുപര്യഗ്രാ-
ണ്യഗാരേനഗരേപുരം' (അമരം)

അഗ്രം എന്നാൽ പുരോഭാഗത്തിന്റെയും അധികത്തിന്റെയും ഉപരിഭാഗത്തിന്റെയും പേർ.

'ഇരുണ്ടഗ്രം ചുരുണ്ടുള്ളതലമുടിവടിവോടെ'
(നാളായണീചരിതം തുള്ളൽ)

'അഗ്രജൻതന്നെപ്പരിചരിച്ചെപ്പൊഴു-
മഗ്രേനടന്നുകൊള്ളേണം പിരിയാതെ'
(അദ്ധ്യാത്മരാമായണം)

൨. മൂച്ച്. ൩. സൂക്ഷ്മത. ൪. (സാമുദ്രികശാസ്ത്രത്തിൽ) കേശം തുടങ്ങുന്ന നെററിയുടെ അവസാനത്തിൽനിന്നു് ആരംഭിച്ചു മൂക്കിന്റെ നടുവുവരെ നേരെ നടുവിലുള്ള പ്രദേശം. ൫. ഉദ്ദേശ്യം. ൬. ആരംഭം. ൭. കാണാത്ത വസ്തുവെക്കുറിച്ചുള്ള സ്വപ്നം. ൮. കൊടുമുടി, ശൃംഗം.

'കൈലാസാഗ്രേകദാചിദ്രവിശശിവിമലേ
സുന്ദരരത്നപീഠേ' (രാമായണംമൂലം)

അഗ്രഗൻ-നേതാവു്, അഗ്രസ്ഥാനത്തു ഗമിക്കുന്നവൻ.

അഗ്രഗണ്യൻ-ഒന്നാമതായി വിചാരിക്കപ്പെടത്തക്കവൻ.

അഗ്രഗാമി-മുമ്പേ പോകുന്നവൻ, സമർത്ഥൻ.

അഗ്രഗ്രാഹി-അക്കിൽകറ എന്ന മരുന്നു്. (അക്കിൽകറ നോക്കുക).

അഗ്രജൻ-പു. ജ്യേഷ്ഠൻ, മുമ്പുജനിച്ചവൻ എന്നു വ്യുൽപത്തി. ൨. വിപ്രൻ (അഗ്രസ്ഥാനത്തു ജനിക്കുന്നവൻ).

അഗ്രജന്മാവു്-പു. ജ്യേഷ്ഠൻ. ൨. ബ്രാഹ്മണൻ.

അഗ്രണി-ശ്രേഷ്ഠൻ, അഗ്രസ്ഥാനത്തു നയിക്കുന്നതുകൊണ്ടു് ഈ പേർ സിദ്ധിച്ചു. അഗ്നിയാണു് അഗ്രണിയായതു്.

'അപ്യഗ്രണീർമ്മന്ത്രകൃതാമൃഷീണാം'
(രഘുവംശം)

അഗ്രതഃ-അ. പു. അഗ്രത്തിൽ, അഗ്രത്തിൽനിന്നു്. ഈ മാതിരി ശബ്ദങ്ങൾ ഭാഷയിൽ ഗദ്യങ്ങളിൽ പ്രയോഗിക്കാതെയിരിക്കുന്നതു് ഉത്തമം. ൨. കിഴക്കെ ദിക്കിൽ നിന്നു്.

അഗ്രതഃകൃത്തു്-മുമ്പിലാക്കപ്പെട്ടവൻ, മുമ്പിൽചെയ്യപ്പെട്ടവൻ.

അഗ്രതസ്സര-വി. മുന്നിൽനടക്കുന്ന.

അഗ്രതസ്സരൻ-നേതാവു്, മുന്നിൽനടക്കുന്നവൻ, പ്രമാണി.

അഗ്രദാനി-ശവദഹനം സംബന്ധിച്ചുള്ള ദാനം വാങ്ങിക്കുന്ന ബ്രാഹ്മണൻ. അത്യാഗ്രഹംകൊണ്ടും ദാരിദ്ര്യംകൊണ്ടും ദാനം വാങ്ങുന്നവൎക്കു് ഈ പേർ പറയാം.

അഗ്രദിധിഷു-മൂത്തനായ (മരിച്ച) ജ്യേഷ്ഠന്റെ ഭാര്യയെ വേൾക്കുന്നവൻ.

അഗ്രദൂതൻ-ഒരു വൃത്താന്തം മുൻകൂട്ടി അറിവുകൊടുക്കുന്നവൻ.

അഗ്രദ്രവസംഹതി-പട.

അഗ്രദ്വീപം-ഒരു പുണ്യസ്ഥലം.

ഇതു ബങ്കാളത്തെ നദിയഡിസ്റ്റ്രിക്റ്റിൽ ഭാഗീരഥീതീരത്താകുന്നു. പ്രസിദ്ധനായ നവദ്വീപചൈതന്യന്റെ ശിഷ്യനായ ഘോഷാശേഖരന്റെ പ്രതിഷ്ഠയായി ഒരു ശ്രീകൃഷ്ണക്ഷേത്രമുണ്ടു്. ഗോപീനാഥൻ എന്നാണു മൂർത്തിയുടെ പേർ. ഇവിടെ കുംഭം മീനംകാലത്തു ഒരു ഉത്സവമുണ്ടു്. ൫൦,൦൦൦ ആളുകളെങ്കിലും അന്നവിടെ കൂടുമത്രെ. അക്കാലത്തു തീൎത്ഥയാത്രക്കാരുടെ ആവശ്യത്തിന്നായി അപ്പ

പ്പോരം കടിമുകരം കെട്ടിയുണ്ടാകകയം ഞ പതിവു്. അല്ലാതെ സത്രങ്ങരം ഒന്നം ഇല്ല. (മംഗളമാല)

**അഗ്രൻ**-മുഖ്യൻ.

'ക്ലീബേ പ്രധാനം പ്രമുഖ
പ്രവേകാനുത്തമോത്തമാഃ
മുഖ്യവര്യവരേണ്യാശ്ച
പ്രബർഹോനവരാർദ്ധ്യവൽ
പരാർദ്ധ്യാഗ്രപ്രാഗ്രഹര
പ്രാഗ്ര്യാഗ്ര്യാഗ്രീയമഗ്രിയം'

പ്രധാനം ഇതു് നിത്യനപുംസകമാകുന്നു പ്രമുഖൻ, പ്രവേകൻ, അനുത്തമൻ, ഉത്തമൻ, മുഖ്യൻ, വര്യൻ, വരേണ്യൻ, പ്രബർഹൻ, അനവരാർദ്ധ്യൻ,പരാർദ്ധ്യൻ, അഗ്രൻ, പ്രാഗ്രഹരൻ, പ്രാഗ്ര്യൻ, അഗ്ര്യൻ, അഗ്രീയൻ, അഗ്രിയൻ ഇവ ൧൭-ം മുഖ്യനായവന്റെ പേർ.

**അഗ്രനഖം**-നഖത്തിന്റെ അഗ്രഭാഗം.

**അഗ്രനിരൂപണം**-മുൻകൂട്ടി നിശ്ചയിക്കുക, ദീർഘദർശനം.

**അഗ്രന്മികൻ**-ജൈനന്മാരിൽ ഒരു ഇനക്കാരൻ.

**അഗ്രപത്രകം**-അമരി. തമിഴിൽ 'അവരി, സംസ്കൃതത്തിൽ 'നീലി'

**അഗ്രപര്ണ്ണി**-നായ്ക്കൊരണ.

**അഗ്രപാതി**-മുൻകൂട്ടി അനുഭവിക്കു, മുന്നം യുള്ള, മുൻനടക്കുന്ന.

**അഗ്രപാദം**-പാദത്തിന്റെ മുൻവശം,വിരൽ, വിരലുകരം ചേൎന്ന ഭാഗം.

**അഗ്രപൂജ**-മുഖ്യപൂജ. പ്രമാണിയെ ഉദ്ദേശിച്ചു ചെയ്യുന്ന പൂജ. (സല്ക്കാരം)

'അഗ്രപൂജയ്ക്കുവേണ്ടിബ്ബഹുഷികളുമനം ഞങ്ങാനിയ്ക്കാത്മാവിലും ദകം (ഭാഗവതം, ഉദ്ധാ'

**അഗ്രബീജം**-മഞ്ഞക്കുറഞ്ഞ.

**അഗ്രഭാഗം**-൧. മുഖ്യഭാഗം, പ്രധാനവശം. ൨. മുൻവശം, മുന. ൩. അവശേഷം.

'സുഗ്രീവനർഘ്യപാദ്യാദ്യൈനപൂജചെയ്തഗ്രമാംശേവീണുവീണുംവണങ്ങിനാൻ'
(അദ്ധ്യാത്മരാമായണം)

**അഗ്രഭാഗി**-ഒന്നാമതായി കൈക്കൊള്ളുന്നവൻ, ആദ്യമായവകാശപ്പെടുന്നവൻ.

**അഗ്രഭുക്കു്**-മുമ്പെ ഊണുകഴിക്കുന്നവൻ, പൂർവ്വസ്ഥാനത്തു ഭക്ഷണംകഴിക്കുന്നവൻ.

**അഗ്രഭൂ, അഗ്രഭൂമി**-ആഗ്രഹവിഷയം.

**അഗ്രഭോജനം**-ആദ്യമായി മററുള്ളവൎക്കു മുമ്പു് ഭക്ഷണം കഴിക്ക, പൂർവ്വസ്ഥാനത്തുള്ള ഭക്ഷണം

**അഗ്രമാംസം**-അഗ്ര 'ഉൽകൃഷ്ടമായ' മാംസം (ഇറച്ചി), ഹൃദയം. മാംസങ്ങളിൽ പ്രധാനം ഹൃദയത്തിനാണല്ലൊ. ഹൃദയാന്തർഗ്ഗതമായ മാംസവിശേഷം എന്നു പാരമേശ്വരി, മുഖ്യമാംസം എന്നു ബാലപ്രിയ.

'ബുക്കാഗ്രമാംസം ഹൃദയം
ഹൃന്മേദസ്തുവപാവസാ' (അമരം)

ബുക്കം, അഗ്രമാംസം ഇവ രണ്ടും മുഖ്യമാംസത്തിന്റെ പേർ. ഹൃദയം, ഹൃത്തു് ഇവ രണ്ടും ഹൃദയത്തിന്റെ പേർ. ബുക്കാഗ്നിനാലും തുല്യാർത്ഥമാകുന്നു എന്നും ഒരു പക്ഷമുണ്ടു്. ബുക്കാ എന്നതിനു 'വൃക്ക്യാ' എന്ന പാഠവും കാണുന്നു.

**അഗ്രയാനം**-മുമ്പിൽഗമിക്കുക, യുദ്ധത്തിന മുന്നോട്ടടുക്കുക.

**അഗ്രയായി**-൧. സേനാനായകൻ,മുമ്പെ ഗമിക്കുന്നവൻ. ൨. കൌരവരിൽ ഒരുവന്റെ പേർ.

**അഗ്രയോധി**-യുദ്ധത്തിൽ മുഖ്യഭാഗം വഹിക്കുന്നവൻ.

**അഗ്രലോഹിത**-ചീര അഗ്രം ലോഹിതം യസ്യാഃ സാ (ചില്ലീശാക.)

**അഗ്രശാല**-ഉമ്മറപ്പുര, ബ്രാഹ്മണൎക്കുള്ള ഭക്ഷണശാല.

**അഗ്രശാലപ്പുറ**-മുപ്പുറ, മുറ്റത്തെ പന്തിഭക്ഷണങ്ങരം കൊള്ളുന്ന പുര.

അഗ്രസന്ധാനി-മനുഷ്യരുടെ ശുഭാശുഭ പ്രവൃത്തികളുടെ വിവരം കുറിച്ചുവയ്ക്കുന്ന യമന്റെ പുസ്തകം.

അഗ്രസന്ധ്യ-സന്ധ്യക്കു കാച്ചു മുമ്പുള്ള കാലം.

'കക്ഷ്യാന്തരമുപരിതുഹിനംരഞ്ജയത്യഗ്ര (ശാകുന്തളം) സന്ധ്യാ'

അഗ്രസരൻ - മുന്നിൽനടക്കുന്നവൻ, മുഖ്യൻ. (പ്രായംശപ്രചാരം ചുരുങ്ങും.)

അഗ്രസാരം-മുള.

അഗ്രഹസ്തം—കരത്തിന്റെ മുൻവശം വലംകൈയ്, വിരലുകൾ, തുമ്പിക്കരത്തിന്റെ മുൻഭാഗം.

അഗ്രഹായനം, അഗ്രഹായണം -വർഷത്തി (ആണ്ടി)ന്റെ ആരംഭം, മാർകഴി എന്ന ചാന്ദ്രമാസം.

അഗ്രഹാരം—രാജാക്കന്മാർ ബ്രാഹ്മണർക്ക് ദാനംചെയ്ത ഭൂമി, ബ്രാഹ്മണർ പാർക്കുന്ന ഗ്രാമം മുൻവശം മാലപോലെ തൊട്ടിരിക്കുന്നതുകൊണ്ട് ഈ പേരുണ്ടായി.

'അഗ്രഭാഗേ രണ്ടു പന്തി നിരക്കവേ
അഗ്രഹാരംകണ്ടുകൌതുകംപൂണ്ടുടൻ'
(കല്യാണസൌഗന്ധികം തുള്ളൽ)

അഗ്രാനീകം, അഗ്രാണീകം-മുന്നണിയിലുള്ള സൈന്യം.

അഗ്രാമ്യ-വി. ഗ്രാമസംബന്ധമല്ലാത്ത, പട്ടണസംബന്ധമായ. ഉ. സഭ്യമായ, സഭയിലേയ്ക്കു അനുരൂപമുള്ള.

അഗ്രാശനം—മുമ്പേ ഭക്ഷണം കഴിക്ക, പൂജ്യസ്ഥാനത്തുള്ള ഭക്ഷണം.

അഗ്രാശി-പൂജ്യസ്ഥാനത്തിലുള്ള ഭക്ഷണം കഴിക്കുന്നവൻ, മുമ്പു ഭക്ഷിക്കുന്നവൻ.

അഗ്രാശിനി-പൂജ്യസ്ഥാനത്തിൽ ഭക്ഷണം കഴിക്കുന്നവൾ, മുൻകൂട്ടി ഭക്ഷിക്കുന്നവൾ.

'അഗ്രാശിനീമന്യഗൃഹപ്രവാസിനീം
മാതൃം ത്യജേൽപുത്രശതപ്രസൂതികാം'
(നീതിസാരം)

അഗ്രാസനം—പ്രധാനപീഠം, സമാജം മുതലായവയിൽ പ്രമാണികളുടെ പീഠം. ഈ പീഠത്തിൽ സ്ഥിതിചെയ്യുന്നവനെ അഗ്രാസനൻ, അഗ്രാസനാധിപതി, അഗ്രാസനപതി എന്നിങ്ങനെ പറയുന്നു.

അഗ്രാഹ്യ-ഗ്രഹിക്കാൻ വയ്യാത്ത, മനസ്സിലാക്കാൻ കഴിയാത്ത; കൈക്കൊള്ളുന്നതിനു യോഗ്യമല്ലാത്ത.

അഗ്രിമ-വി. മ. ശ്രേഷ്ഠമായ, പ്രധാനമായ, അഗ്രത്തിൽ വെച്ച ഉ. ജ്യേഷ്ഠതമുള്ള. ന. ഒന്നാമത്തെ.

അഗ്രിയ-മ. ശ്രേഷ്ഠമായ, പ്രധാനമായ, അഗ്രത്തിൽ വെച്ച. ഉ. ജ്യേഷ്ഠതമുള്ള. ന. ഒന്നാമത്തെ. (അഗ്രൻ എന്ന ശബ്ദം നോക്കുക).

അഗ്രിയൻ, അഗ്രീയൻ-മ. ജ്യേഷ്ഠഭ്രാതാവ്. ഉ. മുഖ്യൻ.

'വീരാഗ്രീയേഷുതേഷുപ്രതികലകലിതപ്രേമയാ യാജ്ഞസേന്യാ'
(കല്യാണസൌഗന്ധികം കഥകളി)

അഗ്രേ-അ. മുമ്പിലായിട്ട്, പ്രധാനസ്ഥാനത്തു്, പിൻവരുന്നഭാഗത്തിൽ. 'അഗ്ര' ശബ്ദം അഗ്രപദത്തിന്റെ സപ്തമി(ആധാരിക)യായിട്ടാണ് അധികമായി പ്രയോഗിച്ചുകാണുന്നതു്.

'അഗ്രേയാസ്യാമ്യഹം'
(അദ്ധ്യാത്മരാമായണം)

അഗ്രേഗണ്യൻ-പ്രധാനസ്ഥാനത്തു വിചാരിക്കപ്പെടേണ്ടവൻ.

'ഗ്രന്ഥന്മാരായ് ഗുരുവിനയരായ്
ശ്രോത്രിയന്മാരിലഗ്രേ
ഗണ്യന്മാരായ് ഗതകലുഷരാ-
യുള്ള യാത്രീസുരന്മാം'
(മയൂരസന്ദേശം)

അഗ്രേദിധിഷു-മ. ഒരിക്കൽകല്യാണം കഴിഞ്ഞ സ്ത്രീയെ വിവാഹംചെയ്യുന്ന ബ്രാഹ്മണൻ, ക്ഷത്രിയൻ അല്ലെങ്കിൽ വൈശ്യൻ. ഉ. ജ്യേഷ്ഠൻ ഇരിക്കിൽ പിറന്ന ജ്യേഷ്ഠന്റെ ഭാര്യയെ വിവാഹം ചെയ്യുന്നവൻ. ന. (സ്ത്രീലിംഗമായാൽ) ജ്യേഷ്ഠത്തിക്കു വിവാഹം കഴിയാതെയി

രിക്കെ വിവാഹംകഴിഞ്ഞ അന്തൎജ്ജനത്തിയുടെ പേർ എന്നൎത്ഥം.

പുനൎവിവാഹം ചെയ്യപ്പെട്ടവളെ പ്രധാനഭാൎയ്യയാക്കിട്ടുള്ള ബ്രാഹ്മണനെ അഗ്രദിധിഷു എന്നു പറയുന്നു. ദിധിഷു എന്നും ദിധീഷു എന്നുമാകാം. രണ്ടും, പുനൎവിവാഹം ചെയ്യപ്പെട്ടവളുടെ പേർ.

**അഗ്രദിധീഷൂപതി**–ജ്യേഷ്ഠത്തിക്കു വിവാഹംകഴിയാതെയിരിക്കുമ്പോൾ വിവാഹംകഴിഞ്ഞ അന്തൎജ്ജനത്തിയുടെ ഭൎത്താവിന്റെ പേർ.

**അഗ്രേഭവൻ**–മുമ്പിൽ ജനിച്ചവൻ.

**അഗ്രേവന(ണ)ം**–കാട്ടിന്റെ അററം.

**അഗ്രേസരൻ**–നേതാവു്, മുമ്പേ നടക്കുന്നവൻ.

'ഉൎവ്വിദേവകുലാഗ്രേസരനാകും
ആഴാഞ്ചേരിമഹീസുരരാജനും'
(മുറജപപ്പാന)

**അഗ്ര്യ**–വി. മുഖ്യമായ, പ്രധാനമായ, ശ്രേഷ്ഠമായ.

'അഗ്ര്യമായുള്ളൊരുപൂജകൊണ്ടെല്ലാരും
വ്യഗ്ര്യരായ്നിന്നു ചമഞ്ഞുകൂടി'
(കൃഷ്ണഗാഥ)

**അഗ്ര്യം**–വീട്ടിന്റെമേൽപുര, മേൽക്കൂട്ടു്.

**അഗ്ര്യൻ**–പു. മുമ്പൻ, ഒന്നാമൻ, മുമ്പിലുള്ളവൻ. ൨. ജ്യേഷ്ഠഭ്രാതാവു്.

**അഗ്ര്യജന്മാവു്**–പു. ജ്യേഷ്ഠൻ. ൨. ബ്രാഹ്മണൻ.

**അഗ്ര്യപൂജ**–മുഖ്യാരാധന.

**അഘം**–പു. പാപം. ൨. വ്യസനം, വേദന. ഭാനാദി കൊണ്ടുപോകുന്നതിനാൽ ഇൗ പേരുണ്ടായി.

'അഹരഹമഹമഘമകലുവാ–
നഹികുലപതിശയനലീലകാം'
(ഭാരതം)

'അഘവുംനീങ്ങി മേ സൎവ്വം
ഗൃഹവുംപൂതമായിപ്പോൾ'
(നളചരിതം കഥകളി)

**അഘകൃത്തു്**–വി. പാപംചെയ്യുന്ന, ദോഷംചെയ്യുന്ന. (പാപംചെയ്യുന്നവൻ, ദോഷംചെയ്യുന്നവൻ).

**അഘഘ്നൻ**–കൃഷ്ണൻ. (അഘൻ എന്ന അസുരനെ കൊന്നവൻ).

**അഘൻ**–ഒരസുരൻ. (കൃഷ്ണൻ കൊന്നു).

## അഘാസുരവധം.

ഒരിക്കൽ ശ്രീകൃഷ്ണൻ ഗോപാലന്മാരൊന്നിച്ചു കാളിന്ദീതീരത്തിൽ കളിച്ചു കൊണ്ടിരിക്കുമ്പോൾ അഘൻ എന്ന അസുരൻ കംസനിയോഗം ഹേതുവായിട്ടു കൃഷ്ണനെകൊല്ലുന്നതിനു പെരുമ്പാമ്പായി വന്നു. ഇൗ അഘാസുരൻ പൂതനയുടേയും ബകാസുരന്റെയും ഭ്രാതാവാണു്. അവരെ കൃഷ്ണൻ കൊല്ലുകയാൽ അവനു ക്രമത്തിലധികമായ വിരോധവും ശ്രീകൃഷ്ണനിൽ ഉണ്ടായിരുന്നു. കൃഷ്ണനും ഗോപാലന്മാരും സഞ്ചരിക്കുന്ന വഴി നോക്കിയാണു് അഘാസുരൻ (പെരുമ്പാമ്പു്) കിടന്നതു്. അവൻ ഗുഹപോലെ വായ് പിളൎന്നിരുന്നു. ആദ്യം ഗോപാലന്മാർ വിവരം അറിയാതെ ചെന്നു വായ്ക്കകത്തുകയറി. അതറിഞ്ഞു കൃഷ്ണൻ ഗോപാലന്മാരെ രക്ഷിപ്പാനായി കൂടെക്കയറി. കാൎയ്യം സാധിച്ചു എന്നു സന്തോഷിച്ചു് ഉടൻ പെരുമ്പാമ്പു് വായ് മുറുക്കി. അതുകണ്ടു ഭഗവാൻ പണ്ടു മഹാബലിയോടു ഭൂമി അളന്നുവാങ്ങിക്കുന്നതിനു വളൎന്നതുപോലെ വളൎന്നു. അനന്തരം തലയും ഉടലും പൊട്ടി(പാമ്പു)അഘാസുരൻ മരിക്കയും ഭഗവാനും ഗോപാലന്മാരും പുറത്തുവന്നു രക്ഷപ്പെടുകയും ചെയ്തു.

**അഘനാശനൻ**–പാപത്തെ നശിപ്പിക്കുന്നവൻ, ദോഷത്തെ ഇല്ലാതാക്കുന്നവൻ.

**അഘഭോഗി**–പു. പാപത്തെ ഭുജിക്കുന്നവൻ (അനുഭവിക്കുന്നവൻ). ൨. പാചകനായ തീററിക്കാരൻ (ദൈവത്തിനു കൊടുക്കാതെ തന്നത്താൻ വെച്ചു ഭക്ഷിക്കുന്നവൻ).

**അഘമൎഷണം**- സകല പാപങ്ങളേയും നശിപ്പിക്കുന്നതും നിത്യം ജപിക്കേണ്ടതുമായ ഒരു മന്ത്രം. പാപത്തെ നശിപ്പിക്കുന്നതുകൊണ്ട് ഈ പേർ സിദ്ധിച്ചു.

അഘമൎഷണോമന്ത്രഃ, അഘമൎഷണീ ഋക്, അഘമൎഷണംസൂക്തം ഇങ്ങിനെ മൂന്നു ലിംഗങ്ങളിലും വരും.

**അഘമൎഷണസൂക്തം**- ഋഗ്വേദത്തിലെ ഒരു ഗീതം. വെള്ളത്തിൽ നിന്ന് മൂന്നു പ്രാവശ്യം ഈ സൂക്തം ഉച്ചരിച്ചാൽ സൎവ്വപാപവും നശിച്ചുപോകും.

**അഘമാര**-വി. പാപത്തെ നശിപ്പിക്കുന്ന.

**അഘമോചനം**-പാപനിവൃത്തി.

**അഘല**-വി. പാപത്തെ കളയുന്ന (നശിപ്പിക്കുന്ന).

**അഘവിഷം**-ഒരു പാമ്പ്, ഭയങ്കരവിഷമുള്ളത്.

**അഘൎമ്മ**-വി. ചൂടില്ലാത്ത, തണുത്ത.

**അഘശംസൻ**-കള്ളനെപ്പോലെയുള്ള ദുഷ്ടൻ.

**അഘശംസി**-പാപത്തെ അറിയിക്കുന്നവൻ.

**അഘഹാരൻ**- പ്രസിദ്ധനായ കൊള്ളക്കാരൻ.

**അഘായു**-വി. പാപമുള്ള, ദുൎഗ്ഗുണമുള്ള, ദ്വേഷമുള്ള, ഉപദ്രവമുള്ള.

**അഘാരി**-പു. വ്യസനത്തോടുകൂടിയവൻ. വ. ആപത്തോടുകൂടിയവൻ, ഭാഗ്യക്കേടോടുകൂടിയവൻ.

**അഘാസുരൻ**-അഘൻ എന്ന അസുരൻ. (അഘൻ എന്നതു നോക്കുക).

**അഘൃണ**-വി. ഘൃണ (ദയ) ഇല്ലാത്ത.

**അഘോര**-വി. വളരെ ഘോരമല്ലാത്ത.

**അഘോര**-ഉഗ്രമായ, കൊടുംകോപമുള്ള. ഉ-ം, 'അഘോരരൂപം, അഘോരജ്വരം'

**അഘോര**-കന്നിമാസത്തിൽ കറുത്ത പക്ഷത്തിലെ പതിനാലാംദിവസം.

**അഘോരൻ**-പു. ശിവൻ. വ. ശിവവന്ദനക്കാരൻ, ദുൎഗ്ഗാവന്ദനക്കാരൻ.

**അഘോരപഥൻ, അഘോരമാൎഗ്ഗൻ**-ശിവന്റെ അനുഗാമി.

**അഘോരപ്രമാണം**-ഒരു ഭയങ്കരമായ സത്യം.

**അഘോരമൂൎത്തി**-ശിവൻ.

**അഘോരരൂപൻ**-ശിവൻ.

**അഘോരി**-കാര എന്ന മരുന്ന്. ഇതു കരക്കം, വീക്കം, സന്നിപാതം ഇവയ്ക്കു നന്ന്. ഇതിന്റെ കുരു ജ്വരത്തിനും സന്നിക്കും ഉപയോഗമുള്ളതാണ്. വിഷത്തിനുള്ള ഒരു പച്ചമരുന്ന്.

**അഘോഷ**-പു. ഘോഷം (ഉച്ചത്തിലുള്ള ശബ്ദം) ഇല്ലാത്ത. വ. ഇടയന്മാരില്ലാത്ത. ന. ഉച്ചശബ്ദമുള്ള.

**അഘൌഘം**-പാപാധിക്യം.

**അഘ്ന്യ**-വി. ഹനിക്കത്തക്കതല്ലാത്ത, വധിക്കത്തക്കതല്ലാത്ത.

**അഘ്ന്യ**-പശു ഹനിക്കപ്പെടരുതാത്തതിനാൽ ഈ പേരുണ്ടായി. (പൎയ്യായത്തിനു പശു എന്നതു നോക്കുക).

**അഘ്ന്യൻ**-പു. ബ്രഹ്മാവ്. വ. ഹനിക്കത്തക്കവനല്ലാത്തവൻ.

**അഘ്രേയ**- വി. ഘ്രാണിക്കത്തക്കതല്ലാത്ത, മണപ്പിക്കത്തക്കതല്ലാത്ത.

**അഘ്രേയം**-മദ്യം.

**അങ്ക്**-പു. അടയാളപ്പെടുക, [illegible]. വ. എണ്ണുക. ന. കളങ്കപ്പെടുത്തുക, ദുഷ്കീൎത്തിപ്പെടുത്തുക.

**അങ്കകരണം**-അടയാളപ്പെടുക.

**അങ്കഗണിതം**-കണക്കുശാസ്ത്രം.

**അങ്കകാരൻ**-യോദ്ധാവ്, പോരാളി.

**അങ്കണം**-മുറ്റം. നടക്കുന്നതിനുള്ള സ്ഥലമാകയാൽ ഈ പേർ സിദ്ധിച്ചു. (അംഗനം, അംഗണം).

'അംഗണംചത്വരാജിരേ' (അമരം)

(അംഗണം, ചത്വരം, അജിരം ഇവ മൂന്നും അങ്കണത്തിന്റെ പൎയ്യായങ്ങളാകുന്നു. അംഗണം എന്നതിനു അംഗനം എന്നും പാഠം കാണുന്നു).

'ഇന്ദ്രനീലശിലയാം നി-
ർമ്മിതമാം ശീവെളിപ്പന്തൽ
ഇന്ദ്രിയങ്ങൾക്കാനന്ദമാ-
മങ്കണങ്ങളും'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

അങ്കതന്ത്രം-കണക്കുശാസ്ത്രം.

അങ്കതത്വം-കണക്കുശാസ്ത്രം.

അങ്കതി-൧. കാറ്റ്. ൨. തീയ്. ൩. ബ്രഹ്മാവ്, ൪. ഹോമാഗ്നിയെ സൂക്ഷിക്കുന്ന ബ്രാഹ്മണൻ.

അങ്കധാരണം, അങ്കധാരണ-കുറിയിടുക, ഗോപിയിടുക. (വൈഷ്ണവമതക്കാരും മറ്റും ഗോപിയിടുക പതിവാണല്ലോ)

അങ്കനം-൧. അടയാളം. ൨. അടയാളം ഇടുന്ന ക്രിയ. ൩. അടയാളം ഇടുകയോ മുദ്രവയ്ക്കുകയോ ചെയ്യുന്ന വഴി.

അങ്കപരിവർത്തം-മടിയിൽ മറുപുറം തിരിയുക, ഒരാളുടെ മടിയിലോ ആയാളിലോ മറിയുക (വിളയാടുക), വിനോദാർത്ഥം മറിയുകയും തിരിയുകയും ചെയ്ക.

അങ്കപാലി-൧. അങ്കദേശം, അങ്കത്തിൽ (മടിയിൽ) ഉള്ള ഇരിപ്പ്, ആലിംഗനം ചെയ്ക. ൨. ശിശുക്കളെ എടുത്തു വളർത്തുന്നവൾ.

അങ്കപാലിക-ആലിംഗനം.

അങ്കപാശം-അങ്കഗണിതത്തിലെ ഒരു പ്രയോഗം, ചങ്ങല തൊടുക്കുന്നതുപോലെ അക്കങ്ങൾ തൊടുക്കുക.

അങ്കപൂരണം-സംഖ്യകളെ ഗുണിക്കുക.

അങ്കപ്പലക-ആനയുടെ മുൻകൈകളുടെ മുകൾഭാഗമുള്ള വീതിയേറിയ എല്ലിന്റെ പേർ.

അങ്കപ്പോര്- പരസ്യമായ ദ്വന്ദ്വയുദ്ധം (രണ്ടുപേർ കൂടി ചെയ്യുന്ന യുദ്ധം).

അങ്കപ്രാന്തം-അങ്കപ്രദേശം.

അങ്കബന്ധം-തുടകളെ ഒന്നോടൊന്നായി ബന്ധിച്ചു രൂപപ്പെടുത്തുക, തുടയെ പിണച്ചുവയ്ക്കുക.

അങ്കം-൧. അടയാളം. അടയാളപ്പെടുത്തുന്നതിനാൽ അങ്കം എന്ന പേരുണ്ടായി.
ഉ-ം, മൃഗാങ്കൻ, ശശാങ്കൻ.
൨. മടി. ബാലന്മാർ ഇവിടെ ശയിക്കുന്നതുകൊണ്ട് ഈ പേർ വന്നു.

'അങ്കേ ചേർത്തിട്ടു പത്ന്യാഃ പ്രണയപരവശൻ
ദക്ഷനിത്ഥം ബഭാഷേ'
(ദക്ഷയാഗം കഥകളി)

'ഉത്സംഗേ ചിഹ്നയോരങ്കഃ' അങ്കത്തിനു മടി, അടയാളം എന്നു നാനാർത്ഥം. ൩. യുദ്ധം.

'പങ്കമകന്നൊരു തങ്കം പൊന്നിനൊ-
ടങ്കം പൊരുതുമൊരംഗപ്രഭയും'
(നളചരിതം തുള്ളൽ)

൪. അടുപ്പം. ൫. നാടകത്തിലെ അങ്കം. ൬. കൊളുത്തു, ചൂണ്ടൽ. ൭. ഒരാഭരണം. ൮. കളിയിലെ യുദ്ധം. ൯. സ്ഥലം. ൧൦. ദുഷ്കർമ്മം, പാപം, പിഴ. ൧൧. വളഞ്ഞ. ൧൨. ശരീരം. ൧൩. മല ൧൪. ഒരു അക്കം, സംഖ്യ.

അങ്കം-കലിവർഷം ൩൪൦൦-നു മുമ്പു പെരുമാക്കന്മാരുടെ കാലംമുതൽ പോലീസ് കാര്യാദികളെ സംബന്ധിച്ചുണ്ടായ സംഗതികളെ പറയുന്ന പേർ.

'നാടും നഗരവുമങ്കം ചുങ്കം
വീടും കുടികളുമെന്നിവയെല്ലാം'
(പാത്രചരിതം തുള്ളൽ)

അങ്കഭാക്ക്-വി. മടിയിൽ ഇരിക്കുന്ന, കുഞ്ഞിനെപ്പോലെ എളിയിൽ (ഇടുപ്പിൽ) എടുത്തുകൊണ്ടു പോകുന്ന.

അങ്കമാലി-൧. ആലങ്ങാട്ട് ഒരു സ്ഥലം. ൨. പട്ടണത്തിലുംമറ്റും നാലു ചതുരമുള്ള സ്ഥലം. നാലുവശവും ഒരുപോലെയുള്ള പരസ്യമായ സ്ഥലം. ൩. പഴയ സിറിയൻ ബിഷപ്പിന്റെ ഇരിപ്പിടം. പീഠം ആസനം.

അങ്കലായ്പ്പ്-ദുഃഖം, വ്യസനം. (ഈ ഗ്രാമ്യപദം പ്രയോഗിക്കാതെയിരിക്കുക നന്ന്).

അങ്കമുഖം-കഥ മുഴുവനും സൂചിപ്പിക്കുന്ന പൂർവരംഗത്തിലെപ്രസ്താവന, മുന്നരങ്ങ്.

അങ്കലോപം-വ്യാപകലനം (കുറയ്ക്കുക)

അങ്കവടി-കുതിരപ്പുറത്തു ചവുട്ടിക്കയറുന്ന തിനുള്ള (ഇരിമ്പു) വളയം.

അങ്കവാൽ(ല്)-പൂവൻകോഴിയുടെ വളഞ്ഞ വാൽ.

അങ്കവിദ്യ-കണക്കശാസ്ത്രം.

അങ്കവൃക്ഷം-കടമ്പ്.

അങ്കസ്സ്-ന. അടയാളം. ഉ. ശരീരം.

അങ്കാം, അങ്കാമി-തല്ലാലനിയമനം. ഉ-ം, 'അങ്കാംഗ്ലമസ്തൻ,അങ്കാമിശിപായി'

അങ്കാങ്കം-ജലം.

അങ്കാവതാരം- മുമ്പിലത്തെ അങ്കത്തിന്റെ അവസാനത്തിൽ നടന്മാർ സൂചിപ്പിച്ചിട്ടുള്ള കഥയെ തുടർന്ന് അഭിനയിക്കുന്ന അങ്കത്തിന്റെ ആരംഭം.

അങ്കാശ്രയം - മടിയിൽ കയററിയിരുത്തുക.

'സന്താനാമരണാംനിബാലതനയാം-
നങ്കാശ്രയപ്രാർത്ഥിനഃ'
(അഭിജ്ഞാനശാകുന്തളം)

അങ്കാളപ്പൻ-ഒരുവക കരപ്പൻ.

അങ്കി-വി. അങ്കമുള്ള, അടയാളമുള്ള.

അങ്കി-ന. മുഴുക്കുപ്പായം. ഉ. ഒരുമാതിരി വാദ്യം, തുടി, ഉടുക്ക്. സ. അഗ്നി (തത്ഭവം).

അങ്കിത-വി. എണ്ണപ്പെട്ട, അടയാളം ഇടപ്പെട്ട.

അങ്കിനി-അടയാളങ്ങളുള്ള സ്ത്രീ.

അങ്കുടം-താക്കോൽ.

അങ്കുപം-വെള്ളം.

അങ്കുരം-ന. മുള, വിത്തിൽനിന്നു പുറപ്പെടുന്ന മുള, കിളുന്ത്, തളിർ, കൂമ്പ്, ന:യു. ഉ. വെള്ളം. (ഓവിനെ സൂചിപ്പിക്കുന്നതുകൊണ്ട് ഈ പേർ വന്നു).

അങ്കുരക -പക്ഷിക്കൂട്, ഇണക്കളെക്കൂട്.

അങ്കുരിക്കുക-മുളയ്ക്കുക, തളിർക്കുക. (മനസ്സിൽ അംകുരിക്കുന്നു = തോന്നുന്നു). സ. ക്രി. അംകുരിപ്പിക്കുക.

അങ്കുരിത-വി. മുളച്ച, മുളയുള്ള.

'അംകുരിതപുളകംകലർന്നിട്ട-
മെൻകപോലമതികലമ്പൊട്ട'
(സംസ്കൃതകീർത്തനങ്ങളും പദങ്ങളും)

അങ്കുരോൽപത്തി-കിളുക്കുക, മുളയുണ്ടാകുക.

അങ്കുശം-ന. തോട്ടി (ആനത്തോട്ടി). അടയാളപ്പെടുത്തുന്നതിനാൽ ഈ പേർവന്നു.

'സ്യാദംകുശോസ്ത്രീസൃണിർദ്വയോഃ'
(അംകുശം, സൃണി ഇവ ൨-ം ആനത്തോട്ടിയുടെ പേർ).

ഉ. (വ്യാകരണത്തിൽ) ചിഹ്നങ്ങളിൽ ഒന്ന്. ഇതു് അല്പമായ നിറുത്തലിനെ കുറിക്കുന്നു. തടവുകൂടാതെ വായിച്ചുകൊണ്ടു പോകുമ്പോൾ തോട്ടികൊണ്ട് ഒടക്കിയാലെങ്ങിനെ അതുപോലെ ഒരു തടയണം എന്ന് ഈ ചിഹ്നംകൊണ്ടു കാണിക്കുന്നു.

അങ്കുശഗ്രഹൻ-ആനപ്പാപ്പാൻ.

അങ്കുശധരൻ-ന. ഗണപതി.

'പാശാംകുശധരം വന്ദേ'
(ഗണാഷ്ടകം)

ഉ. ആനപ്പാപ്പാൻ.

അങ്കുശധാരണൻ-ന. ഗണപതി. ഉ. ആനപ്പാപ്പാൻ.

അങ്കുശധാരി- ന. ആനപ്പാപ്പാൻ. ഉ. ഗണപതി.

അങ്കുശിത-വി. തോട്ടികൊണ്ടു കുത്തിയ (ഉഴററിയ).

അങ്കുശി-തോട്ടിയുള്ള.

അങ്കൂരം-മുള, വിത്തിൽനിന്നു പുറപ്പെടുന്ന മുള, കൂമ്പ്.

'അങ്കൂരംകലത്തിന്നഭിനവമിളതെൻ-
മുലമുണ്ടായ് ചമഞ്ഞു'
(ഉത്തരരാമായണം ചമ്പു)

'അങ്കുരശ്ചാംകരഃ പ്രോക്തഃ' എന്നതിനാൽ അംകരം അങ്കൂരം എന്ന രണ്ടുമാകാം.

അങ്കുയന്ത്-വി. തപ്പിപ്പിഴപ്പെടാതിരുന്ന മലയപ്പോലെ ഇഴയുന്ന.

അങ്കുഷം—അംകുശം (തോട്ടി).

അങ്കോടം—അഴിഞ്ഞിൽ (അങ്കോലം നോക്കുക).

അങ്കോലം—അഴിഞ്ഞിൽ. അടയാളപ്പെടുത്തുന്നതിനാൽ ഈ പേർ വന്നു. (ഇതിനു മുള്ളുണ്ട്).

ഇതിലുള്ള കായ്കളിൽ ചിലതിനു ദിവ്യശക്തിയുണ്ടെന്നും അവ താഴെ വീണാൽ ഉടൻ മുന്നേപ്പോലെ ഞെട്ടിൽ ചെന്നു പററിക്കൊള്ളുമെന്നും ഉള്ള സംഗതി സുപ്രസിദ്ധമാകുന്നു. ഈ വക കായ്കളെ തിരഞ്ഞുപിടിച്ചു കൈവശമാക്കി അവയിൽനിന്നു തൈലം എടുത്താൽ അതുകൊണ്ടു പലേ പ്രയോഗങ്ങൾ ഫലവത്തുകളാകും എന്നു മന്ത്രശാസ്ത്രം ഘോഷിക്കുന്നു. ഈ വൃക്ഷത്തിന്റെ ചുവട്ടിൽ ചാമ്പൽ (വെണ്ണീർ) പരത്തിയാൽ ദിവ്യശക്തിയുള്ള കായെ കണ്ടുപിടിക്കുന്നതിനു എളുപ്പമുണ്ടുപോലും. ഇതിനു അങ്കോടം എന്നും അംഖോടം എന്നും പാഠാന്തരങ്ങൾ കാണുന്നു.

'അങ്കോലസ്തു നികോചകഃ' (അമരം)

അങ്കോലം, നികോചകം-൨-ം അഴിഞ്ഞിലിന്റെ പേർ. വേറെയും പല പര്യായങ്ങൾ കാണുന്നു.

അങ്കോലാദി—ഒരു എണ്ണ. അഴിഞ്ഞിൽക്കുരു മുതലായ ഏതാനും മരുന്നുകൾ കൂട്ടിച്ചേർത്തു കാച്ചുന്നതു്. തേച്ചുകുളിച്ചാൽ തലയിലെ ചൊറി ചിരങ്ങു മുതലായവ നശിക്കും.

അങ്കോലസാരം—അങ്കോലക്കുരുകൊണ്ടുണ്ടാക്കുന്ന ഒരുമാതിരി വിഷദ്രവ്യം.

അങ്കോലിക—൧. ആലിംഗനം. ൨. അഴിഞ്ഞിൽ.

അങ്ക്യ—വി. അടയാളപ്പെടുത്തത്തക്ക, അരയോളം ഇടത്തക്ക.

അങ്ക്യം—ഒരുമാതിരി വാദ്യം (മടിയിൽ വച്ചു കൊട്ടുന്നതാണ്).

'ഡിണ്ഡിമമങ്ക്യമിടയ്ക്കയുടുക്കുകൾ
മഡ്ഡുഝല്ലികൾഝർഝരവാദ്യം'
(സ്യമന്തകം തുള്ളൽ)

അങ്ക്റി—(കർണ്ണാടകത്തിൽ അച്ച്) പശുവിന്റെയും മററും മുല, മുലക്കാമ്പ്, സ്തനം.

അംഖ്—ഇഴയുക.

അംഖോടം—അഴിഞ്ഞിൽ. (അങ്കോലം നോക്കുക)

അംഗ—അ. സംബോധനാർത്ഥകം. ൧. ഹേ, അല്ലയോ, എടോ!

'അംഗ സ്വൈരം പ്രവിശ പലതും
തത്ര കാണാം വിശേഷം'
(മയൂരസന്ദേശം)

൨. പിന്നെ.

'പുനരർത്ഥേംഗ' (അമരം).

[അംഗ (അവ്യയം) പിന്നെ എന്നു ഇതിന്റെ അർത്ഥം]

അംഗകം—അവയവം.

'അനന്തരം വിദർഭജാ
ഭുജങ്ങളും കുചങ്ങളും
മനോഹരാധരോഷ്ഠവും
തദംഗകങ്ങളൊക്കവേ
തനിച്ചു തങ്ങളൊട്ടനാൾ
കൊടാഞ്ഞ കാംക്ഷിതങ്ങളെ
കണക്കു തീർത്തു നൽകിനാൾ
നളന്നു പുണ്യവാരിധി'
(ഭാഷാനൈഷധചമ്പു)

അംഗക്രിയ—൧. സുഗന്ധദ്രവ്യങ്ങളെ ശരീരത്തിൽ പൂശുക. ൨. (വ്യാകരണത്തിൽ) സന്ധ്യക്രിയകളിൽ ഒന്നു്.

അംഗഗ്രഹം—ഞരമ്പുവലി, കോച്ചൽ, ശരീരത്തിലെ കൊളുത്തു്.

അംഗച്ഛേദം—ശരീരം മുറിക്കുക, അവയവം മുറിക്കുക.

അംഗജ—വി. ശരീരത്തിൽനിന്നു ജനിച്ച.

അംഗജ—മകൾ.

അംഗജൻ—൧. കാമദേവൻ. (അംഗം = മനസ്സ്, മനസ്സിൽ ജനിക്കുന്നവൻ)

'അംഗജനങ്ങളുംതന്ത്രാംഗരൂപ്പജ്ഞ—
ന്നംഗങ്ങളായുള്ള സാധനങ്ങൾ'
(കൃഷ്ണഗാഥ)

'അംഗം പുണരുവതിനമ്പോടു വരികനീ
അംഗജസമാനാകാരാ'
(നരകാസുരവധം കഥകളി).

൨. പുത്രൻ.

അംഗജരിപു-പരമേശ്വരൻ. അംഗജന്റെ (കാമദേവന്റെ) രിപു (ശത്രു).

അംഗജചാപം-കാമന്റെ വില്ല്.

അംഗജതാപം-കാമവേദന (ചൂട്).

അംഗജബാണം-കാമന്റെ ശരം.

അംഗജലീല-കാമക്രീഡ.

'അംഗജലീലപൂണ്ടന്തഃപുരത്തിങ്കൽ'
(അദ്ധ്യാത്മരാമായണം)

അംഗജാരി-കാമദേവന്റെ ശത്രു,ശിവൻ

അംഗജാർത്തി-കാമപീഡ.

'ബലവദംഗജാർത്തിപെരുത്തിതുഹൃദി മേ'
(നളചരിതം കഥകളി)

അംഗജം-ചോര.

അംഗജ്വരം-ക്ഷയം.

അംഗണം-അങ്കണം (മുററം).

അംഗദം-തോൾവള.

'കിരീടഹാരാംഗദവന്യമാല'
(ശ്രീകൃഷ്ണചരിതം)

'കേയൂരമംഗദം തുല്യേ' കേയൂരം, അംഗദം ൨-ം തോൾവളയുടെ പേർ. രണ്ടും രണ്ടുവിധത്തിലുള്ളതാണെന്നും അഭിപ്രായമുണ്ട്. കേയൂരം-തോളിലേയ്ക്കു കയറി നിൽക്കുന്നതു്. അംഗദം-കേയൂരത്തിനു താഴെ കൈത്തണ്ടിൽ കെട്ടുന്നതു്. രണ്ടിനും തോൾവള എന്നുതന്നെ പേർ.

അംഗദൻ-പു. ബാലിയുടെ മകൻ, വാനരാധിപതി.

ബാലിക്കു താരയിൽ ജനിച്ചവനാണ്. വാക്സാമർത്ഥ്യം ബൃഹസ്പതിക്കു കൂടുമല്ലോ. അതിനാൽ ശ്രീരാമനെ സഹായിക്കുന്നതിനു ബൃഹസ്പതയുടെ അംശംകൊണ്ടു ജനിച്ചു. സീതയെ അന്വേഷിക്കാൻ സുഗ്രീവൻ നാലുദിക്കിലും വാനരന്മാരെ നിയോഗിച്ചു. തെക്കൻ ദിക്കുകളിൽ നിയമിക്കപ്പെട്ടവരിൽ മുഖ്യൻ അംഗദനായിരുന്നു. ഈ വാനരപുംഗവൻ രാമദൂതനായി രാവണസന്നിധിയെ പ്രാപിക്കയുണ്ടായിട്ടുണ്ട്. സുഗ്രീവനു പിന്നീടു അംഗദൻ കിഷ്കിന്ധയിൽ രാജാവായി.

൨. ലക്ഷ്മണനു ഊർമ്മിളയിൽ ഉണ്ടായവന്റെ പേർ. ൩. ദുര്യോധനപക്ഷിയിലുള്ള ഒരു യോദ്ധാവിന്റെ പേർ. ൪. കൃഷ്ണന്റെ ഭ്രാതാവായ ഗദന്റെ മകൻ.

അംഗദേശം-ബംഗാളിൽ ബഗൽപ്പൂർ ഡിസ്ട്രിക്റ്റ് ഉൾപ്പെട്ട സ്ഥലം.

അംഗന-സ്ത്രീ. സ്ത്രീ.

'അലങ്കരിച്ചു നിജഗേഹമെല്ലാം
കുലാംഗനാസംകുലമാം പ്രദേശം'
(ശ്രീകൃഷ്ണചരിതം)

൨. സുന്ദരി (നല്ല ശരീരമുള്ളവൾ). ൩. ദിക്കരിണി (വടക്കെ ദിഗ്ഗജത്തിന്റെ പിടിയാന). ൪. കററവാഴ. ൫. ഞാഴൽ.

അംഗനം-അംഗണം (അങ്കണം, മുററം)

'അംഗനം പ്രാംഗണേയാനേ
കാമിന്യാമംഗനാമതാ'
എന്നു വിശ്വവാക്യം.

അംഗനാജനം-സ്ത്രീജാതി.

അംഗനാപ്രിയം-ന. മാവ്. ൨. അശോകം.

അംഗപതി-കർണ്ണൻ, (അംഗദേശത്തിലെ അധിപൻ)

അംഗപാലിക-(അങ്കപാലിക നോക്കുക)

അംഗപ്പട - സൈന്യങ്ങളുടെ പ്രത്യേക പിരിവിനുള്ള പേർ.

ഉ-ം, നാലംഗപ്പട, പഞ്ചാംഗപ്പട.

അംഗപ്രകാശം - ദേഹകാന്തി, ശരീരശോഭ, അവയവഭംഗി.

'അംഗപ്രകാശമുടയോരു ഭവാനിതന്നി-
മംഗീകരിച്ചുതൾകവാഞ്ഛിതമംഗനാനാം'
(ശ്രീകൃഷ്ണചരിതം)

**അംഗപ്രത്യംഗം**-ചെറുതും വലുതുമായ എല്ലാ അവയവങ്ങളും, അവയവങ്ങൾ തോറും.

**അംഗഭംഗം**-അവയവനാശം, കാൽകൈ എന്നിവ നശിക്കുക.

**അംഗഭംഗി**-സൌന്ദര്യം, ശരീരകാന്തി.

'അങ്ങുവന്ന ജനകാത്മജതന്റെ
അംഗഭംഗിവഴിപോലെ ചമഞ്ഞു'
(രാമാനുചരിതം തുള്ളൽ)

**അംഗഭൂപൻ, അംഗഭൂപാല(ക)ൻ**-൧. കർണ്ണൻ. ൨. അംഗദേശത്തിലെ രാജാവ്.

'അംഗഭൂപാലനെക്കാൺക നീ കന്യകേ'
(ഹരിണീസ്വയംവരം തുള്ളൽ)

**അംഗഭൂവ്**-൧. ശരീരത്തിൽനിന്നുണ്ടായവൻ (പുത്രൻ)

'ഹിരണ്യഗർഭാംഗഭുവം മുനിം ഹരിഃ'
(മാഘം)

൨. കാമദേവൻ

**അംഗം**-൧. ശരീരം, ൨. അവയവം. ൩. പാഞ്ചു് ൪. കൂട്ടത്തിൽ ഒരാൾ (മെമ്പർ) ൫. വേദത്തിന്റെയും സേനയുടെയും ഒരു ഭാഗം. ൬. (വ്യാകരണത്തിൽ) സാദ്ധ്യക്രിയകളിൽ ഒന്ന്, വിശേഷണമായും അപ്രധാനമായും നിൽക്കുന്നതു് അംഗം. 'ബ്രഹ്മാവു് കാക്കുന്ന കൊട്ടാരം ഉറക്കമായിരുന്നു' ഇതിൽ 'കൊട്ടാരം'-അംഗം. ൭. ഭാഗം (വകുപ്പ്) ൮. ഗണിതശാസ്ത്രത്തിൽ ലഗ്നം. ൯. ൬ എന്ന അക്കം; ആറവയവാംഗങ്ങൾ ഉള്ളതിനാൽ. ൧൦ മനസ്സ്. (ഉ-ം അംഗജൻ=മനസ്സിൽ ജനിക്കുന്നവൻ). ൧൧. ബംഗാളിൽ ഭാഗൽപ്പൂർ ഡിസ്ത്രിക്ട് ഉൾപ്പെട്ട സ്ഥലം.

**അംഗചാത്രിക**-രാജാക്കന്മാർക്കും മററും ക്ഷൌരം ചെയ്യുക.

**അംഗമർദ്ദ(ക)ൻ** - കാൽമുതലായ അവയവം തിരുമ്മുന്നവൻ (തലോടുന്നവൻ)

**അംഗമർദ്ദനം**-കാൽ മുതലായ അവയവം തിരുമ്മുക (തലോടുക) മെല്ലെ ഉഴിയുക.

'സംവാഹനം മർദ്ദനം സ്യാൽ'
[സംവാഹനം, മർദ്ദനം ൨-ം, അംഗമർദ്ദനത്തിന്റെ പേർ.]

**അംഗമന്ത്രം**-ഒരുമാതിരി മന്ത്രം.

**അംഗമർഷം**-വാതവ്യാധി.

**അംഗമഹീപതി**-കർണ്ണൻ, അംഗദേശത്തിലെ രാജാവ്.

**അംഗയജ്ഞം**-ഒരുമാതിരി താഴ്ന്നതരം യാഗം.

**അംഗരക**-ചെറിയ ഉടുപ്പ്

**അംഗരക്തം**-കമ്പിപ്പാല, ഒരുവക ചാലുള്ള ചെറിയമരം.

**അംഗരക്ഷ(ണം)**-൧. ശരീരരക്ഷ(ണം) ൨. കുപ്പായം.

**അംഗരക്ഷകൻ**-ശരീരം കാക്കുന്നവൻ, ശരീരം കാത്തു(രക്ഷിച്ചു)നിൽക്കുന്നവൻ,

'രക്ഷിവർഗ്ഗസ്തുനീകസ്ഥഃ' (അമരം)
[രക്ഷിവർഗ്ഗം, അനീകസ്ഥം ൨-ം രാജാവിന്റെ അംഗരക്ഷകസമൂഹത്തിന്റെ പേർ].

**അംഗരക്ഷിണി**-൧. ഉടുപ്പ്, ചട്ട. ൨. ശരീരത്തെ രക്ഷിക്കുന്നവൾ.

**അംഗണം**-മിററം.

**അംഗരാഗം**-കുറിക്കൂട്ടു, ശരീരത്തിൽ പൂശുന്ന സുഗന്ധദ്രവ്യം.

'മംഗലഗാത്രിയായോരുതരുണിയെ
അംഗരാഗം നല്ല പാത്രത്തിൽവച്ചിട്ടു'
(ഭാഗവതം)

**അംഗരാജൻ**-കർണ്ണൻ. (അംഗദേശത്തിലെ രാജാവ്.)

**അംഗരുഹം**-ശരീരത്തിൽമുളച്ചതു, രോമം.

'വിഹംഗരാജാംഗരുഹൈരിവായതൈഃ'
(മാഘം)

**അംഗലാവണ്യം**-ശരീരശോഭ, സൌന്ദര്യം.

'അംഗലാവണ്യംകൊണ്ടംഗനമാർക്കുള്ളിൽ'
(വാതിൽതിറപ്പാട്ടു)

**അംഗലി**-മേത്തോന്നി എന്ന മരുന്ന്.

**അംഗലേപം**-ദേഹത്തിൽ പൂശുവാനുള്ള സുഗന്ധക്കൂട്ട്, കളഭം.

**അംഗലോദ്ധ്യം**-പ്ര. കാട്ടുവെള്ളരി. വ. ഒരുമാതിരി പുല്ല്.

**അംഗല്യം**-വെപ്പ്.

**അംഗവം**-ഉണങ്ങിയ കായ്,പഴം, കനി.

**അംഗവളപ്പൻ**-ദേഹത്തിലുണ്ടാകുന്ന ഭയങ്കരമായ വീക്കം (നീര്). ഇതിനെ അങ്കാളപ്പൻ എന്നു പറയാറുണ്ട്. പക്ഷേ ഇങ്ങനെ പറയുന്നതു് ഗ്രാമ്യമാകുന്നു.

**അംഗവസ്ത്രം**-ഉത്തരീയം, മേൽപുടവ.

**അംഗവാക്യം**-(വ്യാകരണത്തിൽ ഒരു പ്രധാനവാക്യത്തിൻെറ അംഗമായതു്.

**അംഗവികല**-വി. മുടന്തുള്ള, ശരീരത്തിന് അംഗകുറവുള്ള.

**അംഗവികൃതി**-ആട്ടക്കാരും മററും ആടുമ്പോൾ കരചരണാദികൾകൊണ്ടു കാണിക്കുന്ന പ്രവൃത്തിഭേദം. വ. അപസ്മാരം.

**അംഗവിക്ഷേപം** - ആട്ടക്കാരും മററും ആടുമ്പോൾ കരചരണാദികൾകൊണ്ടു കാണിക്കുന്ന പ്രവൃത്തിഭേദം (ഗോഷ്ടി.) അംഗവിക്ഷേപം എന്നതിന് അംഗത്തിൻെറ പ്രേരണം എന്ന അർത്ഥം.

'അംഗഹാരോംഗവിക്ഷേപഃ' (അമരം)

[അംഗഹാരം, അംഗവിക്ഷേപം]

**അംഗവിദ്യ**-പ്ര. വ്യാകരണശാസ്ത്രം. വ. അവയവങ്ങൾനോക്കി കുറിപറയുക. (ഗുണദോഷം പറയുക )

**അംഗവീരൻ**-പ്രധാന ശൂരൻ, മുഖ്യപരാക്രമി.

**അംഗവൈകല്യം** - ശരീരത്തിൻെറ മുടക്കം, അവയവങ്ങളുടെ മുടക്കം(ന്യൂനത)

**അംഗവൈകാര്യം** - അവയവങ്ങളുടെ ഭാവഭേദം, ശരീരത്തിൻെറ ഭാവഭേദം; ആംഗ്യം കാണിക്ക.

**അംഗവൈകൃതം**-ആംഗ്യം കാണിക്ക, അകമേയുള്ള വിചാരങ്ങളെ മുഖഭാവം കൊണ്ടു കാണിക്ക (അംഗവിക്ഷേപം നോക്കുക).

**അംഗവൈകൃത്യം**-(അംഗവികൃതി നോക്കുക).

'വികലാംഗസ്തുപോഗണ്ഡഃ' (അമരം).

വികലാംഗൻ, പോഗണ്ഡൻ-ഇ-ം ജനിക്കുമ്പോൾ തന്നെ അംഗവൈകല്യമുള്ളവൻെറ പേർ. വികലാംഗസ്തുപോഗണ്ഡഃ' എന്നും 'വികലാംഗസ്തപോഗണ്ഡഃ' എന്നും പക്ഷാന്തരങ്ങൾകാണുന്നു.

**അംഗവൈഗുണ്യം** - വിഷ്ണുഭേദത്തിലെ സങ്കല്പത്തിനുള്ള ന്യൂനത.

**അംഗവൈരൂപ്യം** - ശരീരത്തിൻെറ രൂപത (ഭംഗികേട്) അവയവങ്ങളുടെ ശോഭക്കുറവ്.

**അംഗസ്സ്**-ഒരു പക്ഷി.

**അംഗസത്വം**-ദേഹബലം.

**അംഗസംഗം**-പ്ര. ദേഹസ്പർശം, അവയവത്തോടുചേരുക. വ. ആലിംഗനം. ന. സംയോഗം.

**അംഗസംജ്ഞം**-ആംഗ്യം.

**അംഗസംസ്കാരം**-ദേഹത്തെ ശുദ്ധമാക്കിവെക്കുക, ശരീരത്തെ ചെടിപ്പാക്കുക.

'പരികർമ്മാംഗസംസ്കാരഃ' (അമരം)

പരികർമ്മം, അംഗസംസ്കാരം ഇ-ം മലിനതകളഞ്ഞു ശരീരം വെടിപ്പാക്കുന്നതിൻെറ പേർ.

**അംഗസംഹതി**-പ്ര. ശരീരബലം. വ, സുലക്ഷണം, ഒത്തകണക്ക, ചേല്ച്.

**അംഗസ്പർശം**-ശരീരത്തിൽ തൊടുക.

'അംഗസ്പർശം മമ സുലഭമല്ലെങ്കിലുംനിങ്കലേവം' (മയൂരസന്ദേശം)

**അംഗഹാനി**-അവയവനാശം, കാലിൻെറയും മററും മുടക്കം.

**അംഗഹാരം**-ആട്ടക്കാരും മററും ആടുമ്പോൾ കരചരണാദികൾകൊണ്ടു കാണിക്കുന്ന പ്രവൃത്തിഭേദം. [അംഗവിക്ഷേപം നോക്കുക.]അംഗഹാരം എന്നതിന് അംഗത്തെ അന്യസ്ഥാനം പ്രാപിപ്പിക്കുക എന്നു വ്യുൽപത്തി.

**അംഗഹീനത**-ശരീരത്തിൻെറ അംഗക്കുറവ് (ന്യൂനത).അവയവങ്ങളുടെ കുറവ്

**അംഗഹീനൻ**-അവയവത്തിനോ അവയവങ്ങൾക്കോ ന്യൂനത തട്ടിയവൻ.

**അംഗാംഗിഭാവം** - അലങ്കാരത്തിന്റെ ഒരു പിരിവ്.

**അംഗാധിപൻ**-കർണ്ണൻ (അംഗദേശത്തിലെ രാജാവ്).

'സിന്ധുഭൂപനമംഗാധിപനമത്തുകണ്ടു
കുന്തീനന്ദനരഥം പൂട്ടീടുമശ്വങ്ങളെ'
(ഭാരതം)

**അംഗാധീശൻ** - (അംഗദേശത്തിലെ രാജാവ്) കർണ്ണൻ.

**അംഗാരം**-൧. തീക്കനൽ.

'ചലമളിഝങ്കാരം ചെവികളിലംഗാരം'
(നളചരിതം കഥകളി)

൨. കരിക്കട്ട. ൩. ചെമപ്പ് (ചെമന്ന നിറം). ൪. ചെവതേക്ക്. ൫. കൊട്ടവേലി.

**അംഗാര**-വി. ചെമന്ന നിറമുള്ള.

'അംഗാരപ്രഭതേടും ത്രിഭുവന-
ഭംഗിയുമേമമൽതിരനാസികയും'
(വിഷ്ണുമായാചരിതം തുള്ളൽ)

**അംഗാരകം**-൧. തീക്കലം. ൨. കരിക്കട്ട, തീപ്പൊരി. ൩. (ചെമന്നപൂവുള്ള) മുരം കറുഞ്ഞി. ൪. കയ്യോന്നി.

**അംഗാരകതൈലം**- പെരുംകുരുമ്പവേര് തുടങ്ങിയുള്ള ഏതാനും മരുന്നുകൾ ചേർത്തുണ്ടാക്കുന്ന എണ്ണ. ഇതു ജ്വരത്തിനു വളരെ നന്ന്.

**അംഗാരകൻ**-ചൊവ്വ എന്ന ഗ്രഹം. തീയെപ്പോലെ നിറമുള്ളവൻ; അവയവങ്ങളെ പീഡിപ്പിക്കുന്നവൻ; ഗമിക്കുന്നവൻ എന്നിങ്ങനെ വ്യുൽപത്തി. പര്യായത്തിന് 'ചൊവ്വ' എന്ന ശബ്ദം നോക്കുക.

**അംഗാരക**-ഒരു രാക്ഷസി.

**അംഗാരകമണി**-പവിഴം.

**അംഗാരകാരകൻ**- കരി ചുട്ടുണ്ടാക്കുന്നവൻ, കരിയെടുക്കുന്നവൻ. [ലെ

'ആരാമത്തിങ്കൽചെന്നമാലാകാരനെപ്പോ
അരുളത്ഥിയങ്കമംഗാരകാരകന്റെ'
(ഭാരതം)

**അംഗാരകാരി**-വില്ലുനായി കരിയുണ്ടാക്കുന്നവൻ.

**അംഗാരകിത**-വി. വറുത്ത, പൊരിച്ച.

**അംഗാരകുഷ്ഠകം**-ഹിതാവലി എന്ന ഔഷധം.

**അംഗാരഗ്രന്ഥികം**-ഹിതാവലി എന്ന ഔഷധം.

**അംഗാരധാനി(ക)**-തീച്ചട്ടി; നെരിപ്പോട്. കനൽ ഇതിൽ നിധാനം ചെയ്യുന്നതിനാൽ ഈ പേർ വന്നു.

**അംഗാരനേത്രൻ**-ശിവൻ. (കണ്ണിൽതീയോടുകൂടിയവൻ).

**അംഗാരപരിപാചിതം**-പൊരിച്ചമാംസം, പൊരിച്ച ആഹാരസാധനം.

**അംഗാരപാത്രി**-തീക്കലം, നെരിപ്പോട്.

**അംഗാരപുഷ്പം**-ഓടൽമരം. അംഗാരം (തീക്കനൽ) പോലെ പുഷ്പം ചെമന്നിരിക്കുന്നതിനാൽ ഈ പേർ വന്നു.

**അംഗാരബാഷ്പം**-ഒരു വായു.

**അംഗാരഭോജി**-ചകോരപ്പക്ഷി.

**അംഗാരമഞ്ജരി**-വലിയ ഉങ്ങ്.

**അംഗാരലോചനൻ**-ശിവൻ (കണ്ണിൽ തീയോടുകൂടിയവൻ).

'അംഗാരലോചനതുല്യൻഫലദോല്ലൂച-
നംഗേശനോടുമസുരവരനോടും'
(ഭാരതം)

**അംഗാരവട്ടക**-തീച്ചട്ടി, നെരിപ്പോട്.

**അംഗാരവർണ്ണൻ**-പാണ്ഡവരുടെ സഹായിയായ ഒരു ഗന്ധർവ്വരാജാവ്.

പാണ്ഡവന്മാർ അമ്മയുമായി ഏകചക്രയിൽ നിന്നു പാഞ്ചാലപുരിയിലേക്കു പോകുമ്പോൾ ഗംഗാതീരത്തുചെന്ന ഉടൻ അർദ്ധരാത്രിയായി. അർജ്ജുനൻ ഒരു കൊള്ളിയും മിന്നി ഗംഗ കടക്കുന്നതിന് ആരംഭിച്ചു. അനന്തരം ഗംഗയിൽ സോമശ്രവായണം എന്ന തീർത്ഥത്തിൽ അംഗാരവർണ്ണൻ ഭാര്യയുമായി ക്രീഡിക്കുന്നതു കണ്ടു. എവിടെ പോകുന്നു എന്നുള്ള വിവരം പറയണമെന്നും അല്ലെങ്കിൽ യുദ്ധ

ത്തിനു തയാറായിക്കൊള്ളണമെന്നും അർജ്ജുനനോടു ഗന്ധർവ്വരാജൻ പറഞ്ഞു. അനന്തരം അവർ തമ്മിൽ ഘോരയുദ്ധം നടന്നു. ഫൽഗുനൻ അംഗാരവർണ്ണനെ കൊല്ലുന്നതിനു മുതിർന്നു. അതുകണ്ടു അവന്റെ ഭാര്യയായ കുംഭീനസി അർജ്ജുനന്റെ കാല്ക്കൽവീണു ശരണംപ്രാപിച്ച് ഭർത്താവിനെ വധിക്കരുതെന്നു പ്രാർത്ഥിച്ചു. ഇതുകേട്ട് അർജ്ജുനൻ അവനെ വധിച്ചില്ല. പ്രാണരക്ഷ കിട്ടുകയാലും അർജ്ജുനന്റെ യുദ്ധസാമർത്ഥ്യം കാണുകയാലും ഗന്ധർവ്വശ്രേഷ്ഠൻ സന്തോഷിച്ച് അർജ്ജുനനു ചാക്ഷുഷി എന്ന വിദ്യ കൊടുത്തു. പകരം ആഗ്നേയമന്ത്രം ഗന്ധർവ്വനേയും അർജ്ജുനൻ പഠിപ്പിച്ചു. അംഗാരവർണ്ണനു ചിത്രരഥൻ എന്നും പേരുണ്ട്. ഇപ്രകാരമാണ് അംഗാരവർണ്ണൻ പാണ്ഡവരുടെ മിത്രമായിത്തീർന്നത്.

അംഗാരവർണ്ണം-അംഗാരവർണ്ണൻ എന്ന ഗന്ധർവ്വന്റെ വക ഒരു വനം.

'അംഗാരവർണ്ണനെന്ന ഗന്ധർവ്വപ്രവരൻ ഞാ-
നംഗാരവർണ്ണം മമ നാമത്താൽ വനമിതും'
(ഭാരതം)

അംഗാരവർണ്ണ-ഇരുവൂൾമരം.

അംഗാരവല്ലരി, അംഗാരവല്ലി(ക)-പു. ചെറുതേക്ക്. വ. വലിയ ഉങ്ങ്, ഉങ്ങിൽ ഒരു വകഭേദം.

'അംഗാരവല്ലരീമൂലവല്ക്കലേനസ്ത്രുതാജലം
ഉഷ്ണകർപ്പൂരസംയുക്തം രജസ്സാമ്യകരം പരം'
(ഹോര)

അംഗാരവൃക്ഷം-മാടൽമരം.

അംഗാരവേണി-ഒരുമാതിരി മുള.

അംഗാരശകടി-തൊരിപ്പാട്, തീച്ചട്ടി.

അംഗാരസാര-ഇരുവൂൾമരം.

അംഗാരി-പു. കന്നാൻ, മൂശാരി. വ. തീച്ചട്ടി. ന. ചൂളിയാരൽ.

അംഗാരിക-പു. തീക്കലം. വ. കരിമ്പിന്റെ തണ്ട്. ന. പ്ലാശിന്റെ മൊട്ട്.

അംഗാരിണി-ചെറിയ തീച്ചട്ടി.

അംഗാരിത-വി. വറുത്ത, പൊരിച്ച.

അംഗാരിതം-പ്ലാശിന്റെ മൊട്ട്.

അംഗി-സംഖ്യാക്രിയകളിൽ ഒരിനം. വിശേഷമായും പ്രധാനമായും നില്ക്കുന്നത് അംഗി 'ബ്രഹ്മാവു കാമകേളിക്കു വരം കൊടുത്തു. അതു ഉറക്കമായിരുന്നു, ഇതിൽ 'കൊടുത്തു' അംഗി.

അംഗിക-ചട്ട.

അംഗിരൻ, അംഗിരസ്സ്-ഒരു പ്രജാപതിയും മഹർഷിയുമാണ്.

ഇദ്ദേഹത്തിന്റെ പത്നി കർദ്ദമന്റെ മകളായ ശ്രദ്ധയാകുന്നു. കൂടാതെ സ്മൃതി, സ്വധ, സതി എന്നിങ്ങനെ മൂന്നു ഭാര്യമാരും ഉണ്ട്. അംഗിരസ്സ് ബ്രഹ്മവിദ്യയിൽ ഒരുപാദ്ധ്യായനായിരുന്നു. ഇദ്ദേഹം ജ്യോതിഷഗ്രന്ഥങ്ങൾ ചമച്ചിട്ടുണ്ട്. ഉരുവിന് ആഗ്നേയിയിൽ ഉണ്ടായവനാണെന്നും, അഗ്നിയുടെ മകനാണെന്നും, അഗ്നിയുടെ അച്ഛനാണെന്നും, ബൃഹസ്പതിയെന്നും, ബൃഹസ്പതിയുടെ പിതാവെന്നും, വരുണൻ കഴിച്ച യാഗത്തിൽ നിന്ന് ഉത്ഭവിച്ച മൂന്ന് ഋഷികളിൽ ഒരുവനാണെന്നും പല കഥകൾ കാണുന്നു. അംഗിരസ്സ് ബ്രഹ്മാവിന്റെ പത്തു മാനസികപുത്രന്മാരിൽ ഒരുവനെന്നും പ്രജാപതികളിൽ ഒരാളാണെന്നും മററും പല അഭിപ്രായങ്ങൾ ഉണ്ട്.

അംഗിരസൻ-പരശുരാമാവതാരത്തിൽ വിഷ്ണുവിന്റെ ഒരു ശത്രു.

അംഗീകരണം-പു. കൈക്കൊള്ളുക. വ. പ്രതിജ്ഞചെയ്ക.

അംഗീകരിക്കുക-പു. കൈക്കൊള്ളുക. വ. പ്രതിജ്ഞചെയ്യുക.

'അംശപ്രകാശമുദയോദയവാനിമാനീ-
മംഗീകരിച്ചരുൾകവാഞ്ഛിതമംഗനാനാം'
(ശ്രീകൃഷ്ണചരിതം)

അംഗീകാരം-പു. സ്വീകാരം (കൈക്കൊള്ളുക). വ. പ്രതിജ്ഞ, ന. സമ്മതം, ഉടമ്പടി.

അംഗീകാരം എന്നതിന വിസമ്മതിച്ചതിനെ സമ്മതിക്കുന്നതു്, ആദ്യം സ്വീകരിക്കാതെയിരുന്നതിനെ സ്വീകരിക്കുന്നതു് എന്ന വ്യുൽപത്തി കാണുന്നു. അംഗീകാരം പ്രതിജ്ഞയുടെ പേരെന്നു് അമരം ഘോഷിക്കുന്നു.

അംഗീകൃത-വി. ഭ. സ്വീകരിക്കപ്പെട്ട, കൈക്കൊള്ളപ്പെട്ട. വ. പ്രതിജ്ഞ ചെയ്യപ്പെട്ട.

അംഗീകൃതം-സ്വീകരിച്ചതു (കൈക്കൊണ്ടതു).

അംഗീകൃതി-സ്വീകാരം (കൈക്കൊൾക)

അംഗു-കൈയ്.

അംഗുലം-ഭ. വിരൽ. വ. എട്ടു യവത്തിന്റെ നീളം.

'കോണുകളുചെന്നീടിനപാംശമെല്ലാം
രണ്ടംഗുലംനീളമതുന്നമായി'

(ശ്രീകൃഷ്ണചരിതം)

ന. പെരുവിരൽ. ര. അരയാൽ.

അംഗുലി(അംഗുലീ)-ഭ. വിരൽ. (ഭ. അംഗുഷ്ഠം=തള്ളവിരൽ. വ. തർജ്ജിനി=ചൂണ്ടുവിരൽ ന. മധ്യമ=നടുവിരൽ. ര അനാമിക=മോതിരവിരൽ ഇ. കനിഷ്ഠ=ചെറുവിരൽ.) വ. ആനത്തുമ്പിക്കൈയ്.

'അംഗുലീയങ്ങളുംകൈകളുവിളങ്ങീട്ട-
മംഗുലികളുംഹസ്തകടകവും'

(മുരമപ്പാട്ട)

അംഗുലിതോരണം-ചന്ദനം മുതലായവകൊണ്ടു നെററിയിൽ അർദ്ധചന്ദ്രാകാരത്തിൽ കുറിയിടുക.

അംഗുലിത്രാണകം-ഒരുയന്ത്രം.

ഇതു് ആനക്കൊമ്പും മററും കൊണ്ടുണ്ടാക്കുന്നതാണ്. നീളം നാലു വിരൽ സ്ഥലങ്ങളും രണ്ടുണ്ടു്. ആകൃതി പശുവിൻമുലപോലെയിരിക്കും. ഇതു വായു് വിട്ടുക എന്ന ക്രിയയിങ്കൽ സുഖകരമാകുന്നു.

'അംഗുലീത്രാണകംമാന്തം
വാർക്ഷം വാചതുരംഗുലം
ദ്വിച്ഛിദ്രം ഗോസ്തനാകാരം
തദ്വക്രൗവിധൗതൗ സുഖം'

(അഷ്ടാംഗഹൃദയം)

അംഗുലിത്രം, അംഗുലിത്രാണം-വില്ലാളികൾ വിരലുകൾക്കു് ഹാനി തട്ടാതിരിപ്പാൻ ഇടുന്ന ആവരണം.

'ബദ്ധഗോധാംഗുലിത്ര
യുക്തനായ് ഖഡ്ഗിയായ് സ-
ന്നദ്ധനായ് കവചിയായ്
ബ്രഹ്മനിർമ്മിതമായി'

(ഭാരതം)

അംഗുലിപഞ്ചകം-അഞ്ചു വിരലുകൾ.

അംഗുലിഫലം-കോഴിയവര.

അംഗുലിമാനം-വിരൽ, കോൽ മുതലായതു കൊണ്ടുള്ള അളവു്.

'മാനം തുലാംഗുലിപ്രസ്ഥൈഃ' എന്നതനുസരിച്ചു് മാനം-തുലാമാനം, അംഗുലിമാനം, പ്രസ്ഥമാനം ഇങ്ങനെ മൂന്നു വിധമാകുന്നു. തൂക്കി അളക്കുന്നതു് തുലാമാനം; വിരൽ,കോൽമുതലായതുകൊണ്ടു അളക്കുന്നതു് അംഗുലിമാനം; ഇടങ്ങഴി, നാഴി എന്നിവകൊണ്ടു അളക്കുന്നതു് പ്രസ്ഥമാനം.

അംഗുലിമുദ്ര, അംഗുലിമുദ്രിക-മുദ്രമോതിരം.

'അംഗുലീമുദ്രയേട്ടുചാണക്യനും
തൽക്കരതാരിൽചിച്ചിച്ചുനാ ...'

(ചാണക്യസൂത്രം)

അംഗുലിമോടന-ഭ. ഞെട്ടയാട്ടക്കം. വ. ഞൊടിക്ക.

അംഗുലിസംഭ്രതം-നഖം. അംഗുലികളിൽ (വിരലുകളിൽ)നിന്നു സംഭൂതം (സംഭവിച്ചതു-ഉണ്ടായതു.)

അംഗുലിസ്ഫോടനം-ഭ. ഞൊട്ടയിടിക്ക വ. ഞൊടിക്ക.

അംഗുലീയം, അംഗുലീയകം -മോതിരം. അംഗുലിയെ (വിരലിനെ) സംബന്ധിച്ചതെന്നർത്ഥം.

'ഭദ്രമമഹൃദിസപദിരഘുപതിരനാരതം
തസ്യാംഗുലീയവുമുണ്ടുശിരസിമേ'

(അദ്ധ്യാത്മരാമായണം)

അംഗുഷ്ഠം-പെരുവിരൽ, തള്ളവിരൽ.

'അതുപൊഴുതുപവനസുതനതികൃശശരീരനാ
യംഗുഷ്ഠതുല്യനായുരുപ്പക്ഷമുള്ളിനാൻ'

(അദ്ധ്യാത്മരാമായണം)

അംഗുഷ്ഠമാത്ര - പെരുവിരലോളമുള്ള. പും:—അംഗുഷ്ഠമാത്രൻ. സ്ത്രീ—അംഗുഷ്ഠമാത്രി.

അംഗുഷ്ഠ്യം-തള്ളവിരലിലേതു്. അംഗുഷ്ഠത്തിൽ ഭവിച്ചതു് എന്നർത്ഥം.

അംഗ്രപം—അസ്രം.

അംഗേശൻ—കർണ്ണൻ. അംഗദേശത്തിലെ രാജാവാകയാൽ ഈ പേർ വന്നു.

'ഇത്ഥമധിക്ഷേപവാക്കുകേട്ടംഗേശ-
നെത്രയുംകോപിച്ചുട്ടുത്തുയുദ്ധംചെയ്യാൻ'

(ഭാരതം)

അംഗേശ്വരൻ - കർണ്ണൻ. അംഗദേശത്തിലെ രാജാവു്.

'തുംഗനതാകിയ രുക്മിണീസുതനോടു-
മംഗേശ്വരനാം കർണ്ണനാമൊരു'

(കൃഷ്ണാർജ്ജുനവിജയം തുള്ളൽ)

അംഘ്-൧. പുറപ്പെടുക. ൨. ബലപ്പെടുക. ന. നിന്ദിക്ക.

അംഘസ്സ്-പാപം.

അംഘ്രി-പു. പാദം. ഏതുകൊണ്ടു നടക്കുന്നുവോ അതു് അംഘ്രി. ൨. വൃക്ഷാദികളുടെ വേർ. മനുഷ്യർക്കു പാദം എന്നപോലെ വൃക്ഷങ്ങൾക്കു വേരുള്ളതുകൊണ്ടു ഈ പേർ വന്നു. ന. നാലു്. പാദശബ്ദം നാലു എന്ന അർത്ഥത്തെ കുറിക്കുന്നതാകുന്നു. (അംഘ്രിശബ്ദം നോക്കുക).

അംഘ്രിനാമകം-മരവു്, വൃക്ഷത്തിന്റെ ചുവടു്.

അംഘ്രിപം-വൃക്ഷം. പാദം (വേർ) കൊണ്ടു പാനം ചെയ്യു (കടിക്കു)ന്നതിനാൽ ഈ പേർ വന്നു.

അംഘ്രിപർണ്ണി, അംഘ്രിപർണ്ണിക-ഓരില.

അംഘ്രിവല്ലി, അംഘ്രിവല്ലിക-ഓരില.

അംഘ്രിബല-ഓരില.

അംഘ്രിസ്കന്ധം-കാൽ പെരുവിരലിന്റെ സന്ധി, പുറംകാൽ.

അങ്ങനെ-അപ്രകാരം. (അങ്ങിനെ നോക്കുക.)

അങ്ങു്-അവ്യയം. ൧. ആ സ്ഥലത്തിൽ, അവിടെ. ൨. ദൂരെ.

അങ്ങു്-൧. അവിടുന്നു്. ബഹുമാനമുള്ളവരെ നീ എന്നു പറയുന്നതിനു പകരം ഉപയോഗിച്ചുവരുന്ന വാക്കു്. (വിരുദ്ധപദം--ഇങ്ങു്).

അങ്ങാടി-വരിവരിയായകച്ചവടസ്ഥലം.

'അങ്ങാടികളിലുമാൽത്തറമേലും
ഭംഗ്യാ നിന്നിതു ഘോഷം കണ്ടാൻ'

(ഘോഷയാത്ര തുള്ളൽ)

'വിപണിഃ പണ്യവീഥികാ' എന്നമരം.

[വിപണി, പണ്യവീഥിക]൨-ം അങ്ങാടിത്തെരുവിന്റെ പേർ. ആപണം, നിഷദ്യ എന്നു രണ്ടുംകൂടി ഉൾപ്പെടുത്തി ൪ പേരുണ്ടെന്നും അഭിപ്രായമുണ്ടു്.]

അങ്ങാടിക്കാരൻ-സാമാനങ്ങൾ വിൽക്കുന്നവൻ, അങ്ങാടിയിൽ ഇരുന്നു സാമാനങ്ങൾ വിലയ്ക്കു കൊടുക്കുന്നവൻ.

അങ്ങാടിച്ചരക്കു്-വിലയ്ക്കു കൊടുപ്പാനുള്ള സാമാനങ്ങൾ.

അങ്ങാടിത്തോലി-അങ്ങാടിയിൽ നിന്നു സാമാനം വാങ്ങുമ്പോൾ അറിയാതെ കൂടുതൽ വിലകൊടുത്തു പോവുക, ന്യായമായ വില അറിഞ്ഞു വാങ്ങുന്നതിനു വിവരമില്ലായ്ക.

'എങ്ങളോടെന്നതു ചെയ്തുകൊള്ളുമിപ്പോ-ളങ്ങാടിത്തൊഴിയമ്മയോടെ' (കൃഷ്ണഗാഥ)

**അങ്ങാടിത്തൊഴിയം**-വിലയ്ക്കു വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതിലുള്ള മായം. (കൃത്രിമം, ഉരുട്ടു, ചതി.)

**അങ്ങാടിപ്പാട്ടു**-പട്ടണ (നഗര)ത്തിലുള്ള പാട്ട്.

**അങ്ങാടിപ്പീടിക**-അങ്ങാടിത്തെരുവിലുള്ള കച്ചവടപ്പുര.

**അങ്ങാടിമരുന്നു**-കടകളിൽ കൊണ്ടുവന്നു വച്ചു വിൽക്കുന്ന ഉണക്കമരുന്നു.

**അങ്ങിട്ട്**-അവിടെ. (ഇങ്ങിട്ട് = ഇവിടെ) ഈ പ്രയോഗം തെക്കൻദിക്കുകളിൽ നടപ്പില്ല. (അങ്ങിട്ടിങ്ങിട്ട് = അവിടെയും ഇവിടെയും).

**അങ്ങിനെ, അങ്ങനെ**-അവ്വണ്ണം, അപ്രകാരം.

പഴയ കൃതികളിൽ അധികവും 'അങ്ങിനെ' എന്നു കാണുന്നു. വടക്കൻ ദിക്കുകളിലെ പ്രയോഗവും അപ്രകാരം തന്നെയാണു കാണുന്നതു്. തെക്കൻ ദിക്കുകളിൽ 'അങ്ങനെ' എന്നു എഴുതുക നടപ്പായിരിക്കുന്നു. 'അനെ' എന്നതിനു ആ വിധം എന്നർത്ഥം പറയുന്നു.

'അങ്ങിനെയുള്ളമരങ്ങളിന്നിങ്ങിനെ
അങ്ങിനെകാണായതെങ്കിലിപ്പോൾ'
'ഇങ്ങിനെചൊന്നവർവാഴ്ത്തിനനേരത്തു'
(കൃഷ്ണഗാഥ)

**അങ്ങിനത്തെ**-വി. അവ്വണ്ണമുള്ള, അതുപോലെയുള്ള, അപ്രകാരമുള്ള.

**അങ്ങില്ലാപ്പൊങ്ങ്**-വെള്ളത്തിലുണ്ടാകുന്ന ഒരുമാതിരി ചെടി (ഔഷധം)

**അങ്ങുന്നു്**-പ്ര. അവിടെനിന്നു്. ൨. വലിയ ഉദ്യോഗസ്ഥന്മാരെ നീ എന്നുപറയുന്നതിനു പകരം ഉപയോഗിക്കുന്ന വാക്കു്. അങ്ങുനിന്നു് എന്നതു 'അങ്ങുന്നു്' എന്നായി. 'അങ്ങുന്നേ' എന്നു സംബോധന

'അങ്ങുന്നു് അകത്തുമ്പാകുന്നു. പൊന്നുതമ്പുരാൻ തിരുവുള്ളമങ്ങാങ്ങപ്പേരിൽ ഉണ്ടാകട്ടെ'
(അഭിജ്ഞാനശാകുന്തളം)

**അങ്ങൂട്ട്** (അങ്ങോട്ട്, അങ്ങോട്ട്) അവിടത്തെ, ആ ഭാഗത്ത്.

(ഊട്ട എന്ന പദത്തിനു മദ്ധ്യം, അകം, തവണ(പ്രാവശ്യം), പ്രധാനഭാഗം, ഇടയിൽ ചേർക്കുക, സൂക്ഷ്മം എന്നീ അർത്ഥങ്ങൾ കാണുന്നു.)

**അങ്ങൂട്ട**-അങ്ങേവീട്ടിൽ.

**അങ്ങേ, അങ്ങേത്തെ**-വി. അവിടത്തെ, നിന്നെ സംബന്ധിച്ച. അങ്ങേടെ എന്നു പറയുന്നതിനെക്കാൾ അങ്ങയുടെ എന്നു പ്രയോഗിക്കുന്നതു നന്നു്. ഉ-ം, 'അങ്ങയുടെ അഭിപ്രായം'.

**അങ്ങേക്കൂറു**-അയൽപക്കം, അടുത്ത ഗൃഹം.

'അങ്ങേരവളെപ്പിരിഞ്ഞൊരനാഴിക
അങ്ങേക്കൂറിൽപോലുംപോകയുമില്ല'
(കുംഭകർണ്ണവധം തുള്ളൽ)

**അങ്ങേടം**-ആ സ്ഥലം. അങ്ങേ(ആ)ഇടം (സ്ഥലം.)

**അങ്ങേത്തു്**-അടുത്തവീട്, അയൽവീട്. അവിടത്തേതു്.

**അങ്ങേൻ**-അവൻ എന്നതിനു പകരം മാനിച്ചുപറയുന്നതൊവാക്കു്, അങ്ങുള്ളവൻ, അയാൾ, (പഴയപ്രയോഗമാകുന്നു)

**അങ്ങേർ**-അങ്ങുള്ളവര്, അവർ, അയാൾ
'അങ്ങേരവളെപ്പിരിഞ്ഞൊരനാഴിക'
(കുംഭകർണ്ണവധം തുള്ളൽ)

**അങ്ങേയവർ**-അങ്ങുള്ളവർ, അവർ.

**അങ്ങേവർ**-അങ്ങുള്ളവർ, അവർ

**അങ്ങോട്ട്**-ആ ഭാഗത്തേയ്ക്കു, ആ സ്ഥലത്തേയ്ക്കു, അവിടേയ്ക്കു. (അകത്തോട്ടു് എന്ന ശബ്ദം നോക്കുക.)

**അങ്ങോൻ**-അവൻ എന്നതിനു പകരം ബഹുമാനാർത്ഥം പ്രയോഗിക്കുന്ന[illegible]

**അങ്ങോരു്**-അദ്ദേഹം, അവൻ എന്നതി ന പകരം ബഹുമാനസൂചകമായി പറയുന്ന ഒരു വാക്കു്.

'അങ്ങോർ അതിൽ എന്തോ ഒരു സൂക്ഷ്മസംഗതി കണ്ടു പിടിച്ചിട്ടുണ്ടു്'
(കഥാരത്നമാല)

'അങ്ങോരായതുകേട്ടുകയർത്തുട-
നങ്ങോട്ടുംപലവാക്കുപറഞ്ഞു'
(രുക്മിണീസ്വയംവരം തുള്ളൽ)

**അച്**-പോവുക, അനങ്ങുക, ബഹുമാനിക്കുക, അപേക്ഷിക്കുക.

**അചക്ര**-വി. പ്ര. ചക്രം (ഉരുൾ)ഇല്ലാത്ത. ല. നീങ്ങാത്ത, അനങ്ങാത്ത. ന, വിറയ്ക്കാത്ത.

**അചക്ഷു**-വി. കാഴ്ചയില്ലാത്ത.

**അചക്ഷുസ്സ്**-പ്ര. ചീത്തക്കണ്ണു. ല. കാഴ്ചയില്ലാത്തവൻ.

**അചഞ്ചല**-വി. ചഞ്ചലം (ഇളക്കം) ഇല്ലാത്ത; ഉറപ്പുള്ള.

**അചണ്ഡ**-വി. ക്രൂരതയില്ലാത്ത.

**അചണ്ഡൻ**-അക്രൂരൻ, ക്രൂരതയില്ലാത്തവൻ.

**അചണ്ഡി**-പ്ര കോപമില്ലാത്തവൾ. ല. ഇണങ്ങിയ പശു.

'സ്യാദചണ്ഡീതുസുകരാ' എന്നമരം
(അചണ്ഡി, സുകര-ല-ം, ഇണക്കമുള്ള പശുവിന്റെ പേർ.)

**അചതുര**-വി. പ്ര. സാമർത്ഥ്യമില്ലാത്ത. ല. നാലല്ലാത്ത.

**അചപല**-വി. ചപലം (ഇളക്കം) ഇല്ലാത്ത

**അചര**-വി. ചരിക്കാത്ത, സഞ്ചരിക്കാത്ത.

'സഗുണനഗുണനായതും നീ
സകലചരാചരജീവനായതും നീ'
(ശ്രീകൃഷ്ണചരിതം)

ചരാചരങ്ങൾ, ചരങ്ങളും (ജംഗമങ്ങളും), അചരങ്ങളും (സ്ഥാവരങ്ങളും) ജംഗമങ്ങൾ ഇളകുന്നവ. സ്ഥാവരങ്ങൾ-ഇളകാത്തവ.

**അചരരാശി**-ചരരാശികൾ അല്ലാത്തവ എടവം, ചിങ്ങം, വൃശ്ചികം, കുംഭം ഇവ ർ-ം.

**അചരമ**-വി. അവസാനത്തതല്ലാത്ത.

**അചല**-വി. ചലം (ഇളക്കം) ഇല്ലാത്ത.

അചല-ഇളകാത്തതു്, പർവ്വതങ്ങളോടുകൂടിയതു്. ആകാശരഹിതം.

**അചലകന്യക**—പാർവ്വതി. അചലം (പർവ്വതം), കന്യക (പുത്രി). പാർവ്വതി ഹിമവാൻ പർവ്വതത്തിന്റെ പുത്രിയാകയാൽ ഈ പേരുണ്ടായി. അചലശബ്ദത്തോടു 'പുത്രി' എന്നർത്ഥമുള്ള ശബ്ദം ചേർത്താൽ പാർവ്വതി എന്നർത്ഥം ഉണ്ടാകും.

**അചലകീല**-ഭൂമി.

**അചലജാത** - വി. പർവ്വതത്തിൽനിന്നുണ്ടായ.

**അചലജ**-പാർവ്വതി. പർവ്വതത്തിന്റെപുത്രി, പർവ്വതത്തിനു ജനിച്ചവൾ.

**അചലതരം**-അനക്കംകൂടാതെ.

**അചലതമം**-ഒട്ടും അനക്കംകൂടാതെ.

**അചലദ്വേഷി**-ഇന്ദ്രൻ.

ഇന്ദ്രൻ പർവ്വതങ്ങളുടെ ചിറകുകളെ മുറിച്ചതുകൊണ്ടു് ഈ പേരുണ്ടായി. പണ്ടു പർവ്വതങ്ങൾക്കു ചിറകുണ്ടായിരുന്നു എന്നുള്ളതു പുരാണപ്രസിദ്ധമാണല്ലോ.

**അചലനന്ദിനി**-പാർവ്വതി, പർവ്വതത്തിന്റെ പുത്രി. ഹിമവാന്റെ മകൾ.

'അഖിലഗീർവ്വാണതരുണിമാർക്കുമ-
മചലനന്ദിനീബാല'
(കിരാതം കഥകളിപ്പാട്ടു്)

**അചലൻ**-പ്ര. ശിവൻ ല. ഗാന്ധാരരാജാവിന്റെ ഒരു പുത്രൻ.

**അചലപതി**-പർവ്വതരാജാവു്.

**അചലം**-പ്ര. പർവ്വതം. ല. ഇളക്കമില്ലാത്തതു്. (പര്യായങ്ങൾക്കു പർവ്വതം എന്ന ശബ്ദം നോക്കുക.)

**അചലരാട്ടു്**-പർവ്വതരാജാവു്.

അചലാ-ഭൂമി. (പര്യായങ്ങൾ ക്ക ഭൂമി എന്നതു നോക്കുക.)

അചാഞ്ചല്യം - അചഞ്ചലത. ചഞ്ചലത (ഇളക്കം) ഇല്ലാത്ത.

അചാതുര്യം-ചാതുര്യം (ചതുരത, സാമർത്ഥ്യം) ഇല്ലായ്ക.

അചാപല-ഉറപ്പുള്ള, ഇളക്കമില്ലാത്ത.

അചാപലം, അചാപല്യം-ഇളക്കം ഇല്ലായ്ക. ഉറപ്പ്.

അചാലനം-ചാലനം(ഇളക്കം) ഇല്ലായ്ക.

അചിക്കണം-പരുഷം, കഠിനം.

അചിത്ത്-ചിത്ത് (ജ്ഞാനം, അറിവ്) ഇല്ലാത്ത, ചൈതന്യമില്ലാത്ത.

അചിത്ത-വി. അഗോചരമായ. വിചാരിച്ചിരിക്കാത്ത. വ. മന്ദബുദ്ധിയായ.

അചിത്തം-മനസ്സില്ലാതെ,മനസ്സുകൂടാതെ.

അചിത്തി-മൂഢത.

അചിന്തനീയ-വി. വിചാരിക്കത്തക്കതല്ലാത്ത.

അചിന്തിതം-ചിന്തിതം, (ചിന്തിക്കപ്പെട്ടതു, വിചാരിക്കപ്പെട്ടതു)അല്ലാത്തതു.

'അചിന്തിതം കേട്ടഥ കണ്ണശല്യം-
വചസ്സമീയം ഭൂശവിക്കുബാന്തം'
(ഉത്തരരാമായണം ചമ്പു)

അചിന്ത്യ-വി. ചിന്ത്യം (വിചാരിക്കത്തക്കതു) അല്ലാത്ത, വിചാരിക്കപ്പെട്ടവാൻ കഴിയാത്ത.

അചിന്ത്യൻ—ഈശ്വരൻ, ദൈവം, ശിവൻ.

അചിന്ത്യജം-രസം.

അചിരം-ചിരം (ഏറെക്കാലം നില്ക്കാത്ത.

അചിരദ്യുതി-മിന്നൽ, ഇടിവാൾ.

അചിരപ്രഭ-മിന്നൽപിണർ.

അചിരപരിചിതൻ-അല്പകാലം പരിചയിക്കപ്പെട്ടവൻ.

അചിരഭാസ്സ്-മിന്നൽ.

അചിരരോചിസ്സ് -മിന്നൽ.

അചിരാൽ-താമസംകൂടാതെ, വേഗം,

അചിരാഭ-മിന്നൽ.

അചിരായ-(അവ്യയം)താമസംകൂടാതെ, വേഗം.

അചിരാംശു-മിന്നൽ.

അചിരേണ-താമസംകൂടാതെ, വേഗം.
'സിന്ധുവളരേണമചിരേണഹരശംഭോ'
(പതിന്നാലുവൃത്തം)

അചേതന-വി. ൧. ജീവനില്ലാത്ത. വ. ചൊടിപ്പില്ലാത്ത. ന. അറിവില്ലാത്ത.

അചേതസ്സ്-വി. ബുദ്ധിയില്ലാത്ത,ജീവനില്ലാത്ത.

അചേതാന — വി. മന്ദബുദ്ധിയായ, ബോധമില്ലാത്ത, നേരില്ലാത്ത. (വേദത്തിലെ പ്രയോഗമുള്ളൂ.)

അചേഷ്ട-വി. [നാസ്തിചേഷ്ടായസ്യ] ചേഷ്ട (ക്രിയ, പ്രവൃത്തി) ഇല്ലാത്ത, വ്യാപാരമില്ലാത്ത, അനക്കമില്ലാത്ത.

അചൈതന്യ-വി. ൧ വിശേഷജ്ഞാനമില്ലാത്ത, ബോധം (അറിവു)ഇല്ലാത്ത. വ. ബുദ്ധിമാന്ദ്യമുള്ള.

അച്ച-അമ്മ. തമിഴിൽ—അരുതെ.
'അച്ചതന്നുടെ മുലനൽകേണം'
(വൈരാഗ്യചന്ദ്രോദയം)

അച്ഛൻ-൧. സ്ഥാനവലിപ്പമുള്ളവരെ പറയുന്ന പേർ. വ. ചില രാജവംശങ്ങളിൽ പുരുഷന്മാർക്കുള്ള ബഹുമാനപ്പേര-കൊമ്പിയച്ഛൻ, പാലിയത്തച്ഛൻ ഇത്യാദി. ന. ചിലർ അമ്മയുടെ സഹോദരനെ വിളിക്കുന്ന പേർ ർ. പിതാവു, പ്രഭു, ജ്യേഷ്ഠൻ. ൫. ചില ജാതിപ്പേരിൻെറയും പേരിൻെറയും ഒടുക്കം ചേൎത്തു പറയുന്ന വാക്ക്. ഈ സ്ഥാനവാക്കുകളെല്ലാം ബഹുമാനത്തെയാകുന്നിക്കുന്നവാക്ക്. (ഉ-ം, കരഞ്ഞച്ഛൻ.) തമിഴിൽ-അത്തൻ, കൎണ്ണാടകത്തിലും തുളുവിലും 'അജ്ജൻ'.

അച്ഛൻകോവിൽമല- തിരുവിതാംകൂറിൽ ചെങ്കോട്ട താലൂക്കിലുള്ള ഒരു മല.

**അച്ച്** - അ മുതൽ പതിനാറ അക്ഷരങ്ങൾക്കുംകൂടി ഒന്നായ പേർ.

**അച്ച്** - ൧. അക്ഷരങ്ങൾ കൊത്തീട്ടുള്ള ആണി. ൨. അച്ചുതണ്ട്, അച്ചുതടി. ൩. കടച്ചിൽവേലയ്ക്കുള്ള ഒരു യന്ത്രം. ൪. ഒരുതരം ചെറിയ പുഴു. ൫. രാജമുദ്ര (ആധാരം മുതലായവയിൽ കുത്തുന്നത്) ൬. രൂപങ്ങൾ അടിച്ചെടുക്കുന്ന മാതൃക. ൭. അച്ചടിക്കുന്ന യന്ത്രം. ൮. പതിനാറ രാശി (൧൬ാം ചക്രം.) ൯. നെയ്യുന്നവർ നൂൽ അടുപ്പിക്കുന്ന കോൽ (മുള). ൧൦. തെററ് (അക്ഷരശ്ലോകത്തിൽ അച്ചു കൊള്ളുക)

'അക്ഷരശ്ലോകമോതിടിൽ
  അച്ചുകൂടാതെ ചൊല്ലണം
അച്ചുകൂടാതെ ചൊല്ലീടിൽ
  അക്കൈക്കു വള നൽകുവേൻ'

൧൧. ചെറിയ നത്ത. തമിഴിൽ ഇതിന് നത്ത്, അചറ എന്നു പറയും.

**അച്ചടക്കം** - ബഹുമാനം, ഭക്തി, ഉള്ളിലെ പേടി, ലജ്ജ, ശങ്ക.

**അച്ചടി, അച്ചടിപ്പ്** - ൧. രൂപങ്ങളെയും അക്ഷരങ്ങളെയും കടലാസ്സിൽ പതിച്ചെടുക്കുക. ഈ വക രൂപങ്ങൾ വർണ്ണങ്ങളാക്കിയവയായിരിക്കും. ൨. ഒരു മാതിരി ശീലയ്ക്ക് 'അച്ചടി' എന്നു പറയാറുണ്ട്.

'അച്ചടി കോസടി കച്ചകരിമ്പടം'
(ഹരിണീസ്വയംവരം തുള്ളൽ)

**അച്ചടിക്കരുക്കൾ** - അക്ഷരങ്ങൾ കൊത്തുള്ള ആണികൾ. ഇവ പല മാതിരിയുണ്ട്. ഗ്രേറ്റ്പ്രൈമർ, ഇംഗ്ലീഷ്, പൈക്കാ, സ്മാൾപൈക്കാ, ലാംഗ്പ്രൈമർ മുതലായവ.

**അച്ചടിക്കാരൻ** - അച്ചടിക്കുന്നവൻ.

**അച്ചടിക്കുക** - കമ്മട്ടിടിക്കുക.

**അച്ചടിമഷി** - അച്ചടിപ്പാനുള്ള മഷി. ഇതു ഇംഗ്ലണ്ടു നിർമ്മിതമാണ്. അതിനാൽ ഒരിക്കൽ കടലാസിൽ പതിഞ്ഞതിനെ മായ്ക്കുവാൻ സാധിക്കുന്നതല്ലാ.

**അച്ചടിയന്ത്രം** - അക്ഷരങ്ങളും രൂപങ്ങളും മററും പതിച്ചെടുക്കുന്നതിനുള്ള സൂത്രം.

റോമാപട്ടണമാണ അച്ചടിയന്ത്രത്തിന്റെ ജന്മഭൂമിയെന്നു റിസ്റ്റാലി എന്ന മഹാൻ അഭിപ്രായപ്പെടുന്നു, ജർമ്മനിയാണെന്നു ജർമ്മനിയും ഫ്രാൻസാണെന്നു ഫ്രാൻസും തർക്കിക്കുന്നുണ്ട്. അച്ചടിവിദ്യ ആദ്യം ചീനത്തു ഉത്ഭവിച്ചതായി നമുക്കു വാദിക്കാം. കടലാസുണ്ടായതു് ആദ്യമായി ആ ദിക്കിലാണല്ലോ. കടലാസും അച്ചടിയും ആപ്തമിത്രങ്ങളാകുന്നതിൽ പക്ഷാന്തരമെന്തുള്ളൂ. ഈ വിദ്യയെക്കുറിച്ചു സ്പഷ്ടമായ അറിവ് നമുക്കു കിട്ടീട്ടു ഇപ്പോൾ ൫൦൦ വർഷം ഇരിക്കും. അച്ചടിവിദ്യ ഒന്നാമതായി കണ്ടുപിടിച്ചതു് ലോറൻ കാസ്റ്റർ എന്ന മഹാനാണ്. ഇദ്ദേഹം ഡച്ചുദേശമായ ഹാർലം നഗരത്തിലെ ഒരു പള്ളിയുടെ വാർഡനായിരുന്നു. ഇദ്ദേഹം കുട്ടികളെ കളിപ്പിപ്പാൻ മരത്തൊലിയിൽ അക്ഷരങ്ങൾ കൊത്തി കടലാസിൽ പൊതിഞ്ഞു ഉടുപ്പിന്റെ ചേപ്പിൽ ഇടുക പതിവായിരുന്നു. ഒരിക്കൽ അവയെ എടുത്തു നോക്കിയപ്പോൾ അക്ഷരങ്ങൾ കടലാസിൽ പതിഞ്ഞുകണ്ടു. ഇങ്ങിനെയാണ് അച്ചടിവിദ്യയുടെ ഉത്ഭവം. പിന്നീടു പലരുടെയും സഹായം കൊണ്ടു അഭിവൃദ്ധിയിൽ വന്നു, ഇപ്പോൾ വിദ്യുച്ഛക്തികൊണ്ടു പണിചെയ്യുന്ന അച്ചടിയന്ത്രങ്ങൾ ഉണ്ട്. ആ യന്ത്രത്തിൽ മണിക്കൂറൊന്നിനു ലക്ഷത്തിലധികം പ്രതികൾ വരെ കിട്ടും. കല്ലച്ച് എന്നതു മറെറാരുവിധം യന്ത്രമാകുന്നു. ഇതിനു കരുക്കൾ വേണ്ട. ഒരു പ്രതി എഴുതിയാൽ ആവശ്യമുള്ള പ്രതികൾ അതിൽ നിന്നെടുക്കാം. ക്രിസ്തുവർഷം ൧൮൦൦ നു കൊല്ലവർഷം ൯൭൫-മാണ്ടിലുമാണ് മല

യംമൂത്തിൽ ആദ്യം അച്ചുക്കൂടം സ്ഥാപിച്ചതു്. ഇതു ഹോളണ്ടുവന്നതു് മെസ്യൂട്ട് പാതിരിമാരാകുന്നു. ആദ്യം സ്ഥാപിച്ച അച്ചുക്കൂടം കൊടുങ്ങല്ലൂരിനു സമീപം അമ്പലക്കാട്ട് എന്ന നഗരത്തിലായിരുന്നു.

അച്ചടിയോല-രാജമുദ്ര പതിച്ച ഓല.

അച്ചടിശാല-അച്ചുക്കൂടം.

അച്ചടിശ്ശീല-രൂപങ്ങൾ പതിച്ചെടുക്കുന്ന തുണി.

അച്ചട്ട-സൂക്ഷ്മം, ഉറപ്പ്, തികവ്.

അച്ചം-ഭയം.

'അച്ചമില്ലാത്ത നൃപന്മാർക്കവനിയിൽ'
(ഭഗവൽഗീത)

അച്ചാരം-വല്ലതും തരാമെന്നോ വാങ്ങിക്കാമെന്നോ പറഞ്ഞു് ഒതുങ്ങി ഒരു തുക തീർച്ചപ്പെടുത്തി ഉറപ്പിനായിട്ടു കുറച്ചു പണം (ദ്രവ്യം) മുമ്പേറ കൊടുക്കുക.

'ഞാൻ ഇതു് വിലയ്ക്കു തരാം' 'ഞാൻ ഇതു വിലയ്ക്കു വാങ്ങിച്ചുകൊള്ളാം' എന്നിപ്രകാരം പറയുന്നതിന്റെ പേർ.

'ക്ലീബേ സത്യാപനം സത്യംകാരസ്സത്യാകൃതിഃസ്ത്രിയാം' എന്നമരം.

(സത്യാപനം, സത്യംകാരം, സത്യാകൃതി ഇവ ന-ം അച്ചാരത്തിന്റെ പര്യായങ്ങൾ ആകുന്നു. സത്യാപനമെന്നു മാകാം )

അച്ചി-മ. നായർസ്ത്രീ.

'മാമുനി ശൂദ്രനായപ്പോൾ
കാമിനി അച്ചിയായല്ലോ'
(നാളായണീചരിതം തുള്ളൽ)

വ. അമ്മ. ന. ഷഷ്ഠമാനമായി വയസ്സിനു മൂത്തവരെ പറയുന്ന ഒരു വാക്ക്. (അച്ചൻ എന്നതു നോക്കുക.)

ഉ-ം, 'അക്കച്ചി, അമ്മച്ചി'.

അച്ചിക്കറുപ്പ്-കൊട്ടാരങ്ങളിലും ക്ഷേത്രങ്ങളിലും മറ്റും അടിച്ചുതളിക്കുന്ന സ്ത്രീകളുടെ മേൽവിചാരക്കാരൻ.

അച്ചിങ്ങ(അത്തിങ്ങ, അന്നിക്ക)-ചെറിയ പയറ്, ചെറിയ അമരയ്ക്ക. ഇതിനെ അച്ചിങ്ങാഎന്നും പറയുന്നുണ്ട്. 'അച്ചിങ്ങ പീച്ചങ്ങ കൊവ്വയ്ക്കു പാവയ്ക്കു' എന്ന നമ്പ്യാരുടെ പ്രയോഗം കാണുക.

അച്ചിട്ടുക-അച്ചടിക്കുക.

അച്ചിമട്ടം-ഒരുതരം കതിരം.

അച്ചിരി-മ. കോപത്തോടുകൂടിയുള്ള ചിരി, അട്ടഹാസം.

'അച്ചിതുമീമൻതരിച്ചിതുകൈകത്തലം
ഉച്ചത്തിലൊച്ചപൊങ്ങീനിലത്തെല്ലായാൽ
അച്യുതൻകൂടെചിരിച്ചുനേരം
മച്ചിരിപൂണ്ടാനനിലതനയനും'
(ഭാരതം)

വ. മുഖത്തിനു വാട്ടമുണ്ടാക. ന. ലജ്ജയോടുകൂടിയ ചിരി.

'അച്ഛൻചൊന്നതുകേട്ടി-
ട്ടച്ചിരിവന്നാകിൽ
നിശ്ചയംപൊറുക്കനു
തന്നാലുമെന്നാനവൻ'
(ഭാരതം)

ഇവിടെ 'അച്ചിരിവന്നാകിൽ' എന്നതിനു 'പരിഹാസമുണ്ടായാൽ' എന്നർത്ഥം.

അച്ചോ-അ. അയ്യോ, കഷ്ടം. അച്ഛോ എന്നും പറയാറുണ്ട്. വേദനയോ വ്യസനമോ ആശ്ചര്യമോ തോന്നുമ്പോൾ ഉപയോഗിക്കുന്നതാകുന്നു.

'അച്ചോ! നീലാംബരമതിലാരുടച്ചുകാന്തൽ'

അച്ഛ-വി നിർമ്മലമായ,തെളിവുള്ള.ദൃഷ്ടിയെ മറയ്ക്കാത്തതു് എന്നുവ്യുൽപത്തി

'പുരഃപ്രവാഹേണ വൃതിവപൃഥിവ്യോം
വിഭാന്തമച്ഛസ്ഫടികാംശുമാലയാ'
(മാഘം)

'ത്രിഷ്വച്ഛായാമല്പ്രസന്നോച്ഛഃ' (അമരം.)

[പ്രസന്നം; അച്ഛം ഇവരണ്ടും തെളിഞ്ഞതിന്റെ പേർ.]

അച്ഛം-മ. കരടി. വ. സ്ഫടികം. ന. നിർമ്മലം. ഭ. തെളിമുള്ളം.

'അച്ഛൗസ്ഫടികഭല്ലൂകനിർമ്മലേഷ്വച്ഛ
മവ്യയം' എന്നു മേദിനി.

**അച്ഛദം**-ഹിമാലയത്തിലുള്ള ഒരു തടാകം.

**അച്ഛൻ**-പു. പിതാവ്. (അടിയോൽ എന്നതു നോക്കുക.)

'താതസ്തു ജനകഃ പിതാ' എന്നമരം. [താതൻ, ജനകൻ, പിതാവ് ഇവ ൩-ം അച്ഛന്റെ പേർ. രാജാക്കന്മാരോടു അച്ഛനെ 'തിരുവപ്പഴവൻ' എന്നു വേണം പറവാൻ].

൨. തെളിവോടുകൂടിയവൻ. ൩. യജമാനൻ. ൪. അമ്മയുടെ സഹോദരൻ (എന്നും ചിലർ പറയുന്നു.) നാട്യോക്തിയിൽ അച്ഛനെ 'ആവുകൻ' എന്നു പറയുന്നു.

'ഗുരുശ്ശിക്ഷിതിപിത്രാദ്യൈ' എന്നതനുസരിച്ച് 'അച്ഛന്' 'ഗുരു' എന്നും പേരുണ്ട്. ജനിപ്പിക്ക, പഠിപ്പിക്ക, ചോറുകൊടുത്തു വളർത്തുക എന്നിത്യാദി ഉള്ളതിനാലും അച്ഛൻ അത്രെ ഗുരു.

**അച്ഛന്ന**-വി. ഛന്നം (മറച്ചത്) അല്ലാത്ത.

'അച്ഛന്നഗർവ്വമിതുചെയ്തതുകൊണ്ടെനിക്കു
ള്ളച്ഛന്നമുണ്ടുകറവെന്നഴലേറിടുന്നു'

(ദേവയാനീപരിണയം മണിപ്രവാളം)

**അച്ഛച്ഛൻ**-അച്ഛന്റെ അച്ഛൻ.

**അച്ഛഭല്ലം**-കരടിക്കരങ്ങ് (ആൺകരടി). ആഭിമുഖ്യമായി ഹിംസിക്കുന്നതു (ഇണങ്ങിക്കൊല്ലുന്നതു) കൊണ്ടു ഈ പേരുണ്ടായി

**അച്ഛമ്മ**-അച്ഛന്റെ അമ്മ.

**അച്ഛാവാകൻ**-പു. യാഗക്രിയ ചെയ്യുന്നവൻ. ഋത്വിക്കുകൾ ൧൬. ൧. അഗ്നീധ്രൻ. ൨. ബ്രാഹ്മണാച്ഛംസി. ൩. മൈത്രാവരുണൻ. ൪. ഹോതാവ്. ൫. പോതാവ്. ൬. പ്രശാസ്താവ്. ൭. അദ്ധ്വര്യു. ൮. ഗ്രാവസ്തുത്. ൯. ബ്രഹ്മൻ. ൧൦. പ്രതിഹർത്താവ്. ൧൧. സുബ്രഹ്മണ്യൻ. ൧൨. ഉൽഗാതാവ്. ൧൩. പ്രതിപ്രസ്ഥാതാവ്. ൧൪. നേഷ്ടാവ്. ൧൫. നേതാവ്. ൧൬. അച്ഛാവാകൻ. (ഋത്വിക്കുകൾ=ഋതുവിങ്കൽ യജിക്കുന്നവർ.)

**അച്ഛി** (അച്ചി)-അമ്മ. സ്ത്രീ എന്നുള്ള അർത്ഥങ്ങളിൽ ചില ദിക്കുകളിൽ പ്രയോഗിക്കുന്നു.

**അച്ഛിദ്ര**-വി. ഛിദ്രം (ദ്വാരം) ഇല്ലാത്ത. അററകുററമില്ലാത്ത, കലഹമില്ലാത്ത, അവസരമില്ലാത്ത.

**അച്ഛിദ്രം**-അക്ഷതം, ആരോഗ്യത്തോടു കൂടെ.

'അച്ഛിദ്രം നിന്തിരുവടിയിരിക്കേണമെന്നാന്നതാൻ' (മയൂരസന്ദേശം)

**അച്ഛിന്ന**-ഛിന്നം (മുറിക്കപ്പെട്ടതു്) അല്ലാത്ത.

'അച്ഛിന്നോഷ്ണം നയനസലിലം
കൊണ്ടനച്ഛാസ്യനായി'

(മയൂരസന്ദേശം)

[അച്ഛിന്നശബ്ദത്തിന് ഇവിടെ ധാര മുറിയാത്തതു് എന്നർത്ഥം].

**അച്ഛിന്നപത്രം**-ശാഖോടവൃക്ഷം.

**അച്ഛേദിക, അച്ഛൈദിക**-ഛേദിക്ക (മുറിക്ക) തക്കതല്ലാത്ത, (ഛേദനം നാർഹതി.)

**അച്ഛേദ്യ**-വി. വിഭജിക്കത്തക്കതല്ലാത്ത, വേർപിരിച്ചുകൂടാത്ത, പകുത്തുകൂടാത്ത, മുറിച്ചുകൂടാത്ത.

**അച്ഛോ** (അച്ചോ) അയ്യോ, കഷ്ടം. അച്ചോ എന്നതു നോക്കുക.

**അച്ഛോടനം**-വേട്ട.

**അച്യുത**-വി. ച്യുതം (നാശം) ഇല്ലാത്ത.

**അച്യുതവാസം**-അരയാൽ. അച്യുതാവാസം എന്നുമുണ്ടു്.

**അച്യുതസ്ഥലം**-പഞ്ചാബിൽ ഒരു സ്ഥലത്തിന്റെ പേർ.

**അച്യുതൻ**-വിഷ്ണു. ഒരിക്കലും നശിക്കാത്തവൻ എന്നു വ്യുൽപത്തി. (പര്യായങ്ങൾക്ക് വിഷ്ണു എന്നശബ്ദം നോക്കുക

'വിശ്വംഭരൻ വൃഷവാഹനവന്ദിത-
നച്യുതനവ്യയനവ്യക്തനഭയൻ'
(ഭാഗവതം)

അച്യുതാഗ്രജൻ-പു. ബലഭദ്രൻ. അച്യുത (കൃഷ്ണ)ന്റെ അഗ്രജൻ (ജ്യേഷ്ഠൻ). വ. ഇന്ദ്രൻ.

'വാമനമൂർത്തിമഹാബലിയേവഞ്ചിപ്പാനായ്
കാമമനിന്ദ്രാനുജനായവതാരം ചെയ്താൻ'
(ഭാഗവതം)

അച്യുതാഗ്രജം-അഞ്ചുപുളി (കോൽപുളി, മതുംപുളി, ഞെരിഞ്ഞാംപുളി, മരപ്പുളി, പിണംപുളി ഇവ ഭ-ം.)

അച്യുതാത്മജൻ-കാമദേവൻ, അച്യുത (കൃഷ്ണ)ന്റെ ആത്മജൻ(പുത്രൻ) കൃഷ്ണനു രുക്മിണിയിൽ ജനിച്ചവൻ.

അച്യുതാവാസം-അരയാൽ. അച്യുതവാസം എന്നുമാകാം.

അച്യുതി-നിലനില്പ്, സ്ഥിരത

അജ-വി. ജനിക്കാത്ത, ഉണ്ടാകാത്ത,

അജ-പു. പെണ്ണാട്, (ആട്ടിൻപെട), അജത്തിന്റെ സ്ത്രീ. (അജജാതിസ്ത്രീ). വ. മായാദേവി.

അജക-ചെറിയ പെണ്ണാട്.

അജക, അജകാജാതം-ഒരു നേത്രരോഗം.

ആട്ടിൻകാഷ്ഠംപോലെ കറുത്തുരുണ്ട് വേദനയോടും അല്പം ചെമപ്പായും ചെമന്ന് വഴുവഴുത്തു ചോരയോടെ സ്രാവത്തോടും കൃഷ്ണമണ്ഡലത്തെ ഭേദിച്ചുണ്ടാകുന്ന രോഗം.

'അജാപുരീഷ പ്രതിമഃസരുജാവാൻ
സംലോഹിതോ ലോഹിതപിച്ഛിലാസ്രുഃ
വിഗൃഹ്യകൃഷ്ണം പ്രചയോഭ്യുപൈതി
തച്ചാജകം ജാതമിതിവ്യവസ്യൽ'
(മാധവനിദാനം)

അജകർണ്ണ(ക)ം-മരുത്.

അജകതവം-പു. ശിവന്റെ വില്ല്. വ. ആടുകൾക്കു പ്രിയമുള്ള ഒരുമാതിരി വൃക്ഷം. ന. യാഗത്തിനുപയുക്തമായ ഒരുതരം മരപ്പാത്രം. ൪. അജകാജാതം എന്ന നേത്രരോഗം. ൫. വിഷമുള്ള ഒരുമാതിരി ചെറിയ ജന്തു.

അജകാവം-പു. ശിവന്റെ വില്ല്. വിഷ്ണുവിനെയും ബ്രഹ്മാവിനെയും രക്ഷിക്കുന്നതുകൊണ്ട് ഈ പേർ വന്നു.

അജക്ഷീരം-ആട്ടിന്റെ പാല്.

ആട്ടിൻപാൽ രാജയക്ഷ്മാവ്, പനി, ശ്വാസം, രക്തപിത്തം, അതിസാരം എന്നിവയെ ശമിപ്പിക്കും.

'ആജം ശോഷജ്വരശ്വാസ
രക്തപിത്താതിസാരജിൽ'

കറിയാടിന്റെ പാൽ ഹൃദയത്തിനു ഹിതമല്ല. ഉഷ്ണമാണ്. വാതവ്യാധിയെ ശമിപ്പിക്കും. എക്കിട്ടത്തെയും ഏക്കത്തെയും പിത്തകഫങ്ങളേയും ഉണ്ടാക്കും.

'അഹൃദ്യം തൂഷ്ണമാവികം
വാതവ്യാധിഹരം ഹിക്കാമ
ശ്വാസപിത്തകഫപ്രദം'
(അഷ്ടാംഗഹൃദയം)

അജഗജാന്തരം-ആടും ആനയും തമ്മിലുള്ള വ്യത്യാസം.

അജഗൻ-പു. വിഷ്ണു. വ. അഗ്നി.

അജഗല്ലം-സീരക്കായി. ചിലർ വെള്ളത്തിലെ പായ്, ജലവ്യാളം എന്നിങ്ങനെയും പറയുന്നു. അലഗർദ്ദം എന്നാണു പാഠം.

ചവിട്ടിയവരെ പീഡിപ്പിക്കുന്നവൻ ലഗർദ്ദൻ, അങ്ങിനെ അല്ലാത്തവർ അലഗർദ്ദൻ. കടിച്ചാലും വിഷമില്ലാത്തതിനാൽ ഉപദ്രവം ഒട്ടുകയില്ലെന്നർത്ഥം. ഭക്ഷണപ്രിയം അധികമുള്ളതു്. സഞ്ചരിക്കയും ശബ്ദിക്കയും ചെയ്യുന്നതു്.

അജഗന്ധ-സ്ത്രീ. അയമോദകം. 2. ആട്ടു നാറിവേള (വേള). തൈവേള എന്നും പറയുന്നു.

അജഗവം-ശിവന്റെ വില്ല്.

ത്രിപുരദഹനസമയം ബ്രഹ്മാവാണല്ലോ സൂതനായിരുന്നതു്; അതിനാൽ ഈ വില്ലിനെക്കുറിച്ചു് അദ്ദേഹത്തിനു നല്ല അറിവുണ്ടു്. അങ്ങിനെ ബ്രഹ്മാവു് അറിയുന്നതുകൊണ്ടു് ഈ പേരുണ്ടായി. അജത്തെ (യജ്ഞപശുവിനെ) പിൻതുടൎന്നു ചെല്ലുന്നതു്. ദക്ഷയാഗം മുടക്കുന്ന സമയം ശിവനെ പേടിച്ചു യജ്ഞം ഒരു മൃഗവേഷം അവലംബിച്ചു ഓടി. ഉടൻ ഭഗവാൻ വില്ലുംധരിച്ചു അതിന്റെ പിന്നാലെ ചെന്നു. 'മൃഗമനുഗതനാം പിനാകപാണിം നഗപതി നന്ദിനി തൻ പതിം സ്മരാമി' എന്ന വചനം നോക്കുക. അജഗവൻ-വിഷ്ണു ശരമായി ഇതിൽ സ്ഥിതി ചെയ്യുക കൊണ്ടും അജഗവം എന്ന പേർ സിദ്ധിച്ചു എന്നു പറയുന്നു. ഇതിനു് അജകവം എന്നും ആജഗവം എന്നും അജകാവം എന്നുംകൂടി പേരുണ്ടു്.

'പിനാകോഽജഗവം ധനുഃ' (അമരം.)

[പിനാകം, അജഗവം 2-ം ശിവന്റെ വില്ലിന്റെ പേര്].

അജഗാവം-ന. ശിവന്റെ വില്ല്. 2. സൂൎയ്യചന്ദ്രനക്ഷത്രാദികളുടെ പന്ഥാവിന്റെ തെക്കേ ഭാഗം. ന. ഒരു സൎപ്പ പ്രധാനി.

അജഗം-ശിവന്റെ വില്ല്.

അജഗരം പെരുമ്പാമ്പു്. (നാശമില്ലാത്ത വിഷമുള്ളതു്, ഉറക്കമധികമുള്ളതു്, ആടിനെക്കൂടി വിഴുങ്ങുന്നതു്).

അജഗന്ധിക-ആട്ടുനാറിവേള, നായ്‌വേള. ആടിന്റെ ഗന്ധമുള്ളതുകൊണ്ടു് ഈ പേർ സിദ്ധിച്ചു.

പൎയ്യായങ്ങൾ-അജഗന്ധ, ബസ്തഗന്ധ, സുരപുഷ്പി, വിഗന്ധിക, ഉഗ്രഗന്ധ, ബ്രഹ്മഗർഭ, ബ്രാഹ്മി, പൂതിമയൂരിക.

അജഗന്ധിനി-ആട്ടുകൊട്ടപ്പാല. ഇതിനെ ആട്ടുതിണ്ടാപ്പാല, ആട്ടുതൊടാപ്പാല എന്നിങ്ങനെയും പറയുന്നു.

അജഗല്ലിക-പാലുണ്ണി. ഇതു ക്ഷുദ്രരോഗങ്ങളിൽ ഒന്നാകുന്നു.

മന്ദവേഗമായും മഹാവേഗമായും ക്രൂരമായും മററുമുള്ള രോഗത്തെ ക്ഷുദ്രരോഗം എന്നു പറയുന്നു. ബാലന്മാൎക്കു ഈ രോഗം ഉണ്ടാകുന്നു. കഫവാതമാണു് ഇതിനു കാരണം. ഈ കുരുക്കൾ മിനുമിനുത്തിരിക്കും. ഇതിന്റെ നിറം ശരീരത്തിനു തുല്യമായി കാണും. ആകൃതിയിൽ ചെറുപയറെന്നു തോന്നും.

'സ്നിഗ്ദ്ധാസ്സവൎണ്ണാഗ്രഥിതാ
നീരുജാമുദ്ഗസന്നിഭാഃ
കഫവാതോത്ഥിതാജ്ഞേയാ
ബാലാനാമജഗല്ലികാഃ

(മാധവനിദാനം)

അജഗളം-കൊഴുത്ത മദ്യം.

അജഗളസ്തനം-ആട്ടിന്റെ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന മുലക്കുണ്ണ്

അജട-കിഴുകാനെല്ലി.

അജഝ-നായിക്കൊരുണ.

അജഝ-വി. മുഞ്ഞയില്ലാത്ത

അജഥ്യ-മഞ്ഞച്ചെമ്മൊഴി.

അജഥ്യ-ആട്ടിൻകൂട്ടം.

അജണ്ഡാ-മഹാക്ഷേത്രത്തിനു കിഴക്കുഭാഗമുള്ള പ്രസിദ്ധമായ ഗുഹാസമൂഹം.

[അവിടെയുള്ള വിഹാരത്തിൽ സ്ഥാപിച്ചിരിക്കുന്ന ബുദ്ധപ്രതിമ എഴുപതു അടി ഉയരമുള്ളതാണു പോൽ.]

അജദണ്ഡി-ബ്രഹ്മദണ്ഡി. ചമതക്കോൽ എന്നു മററാരു പക്ഷം.

അജൻ-പു. ബ്രഹ്മാവു്. 2. വിഷ്ണു. ന. ശിവൻ. ജനിക്കാത്തവൻ=അജൻ. 4.

ഒരു സൂര്യവംശരാജാവു്. (ദശരഥന്റെ അച്ഛൻ, ശ്രീരാമന്റെ അപ്പൂപ്പൻ) ബ്രഹ്മമുഹൂർത്തത്തിൽ ജനിക്കയാൽ അജൻ എന്ന പേരുണ്ടായി.

അയൻ എന്നതിനെ അജൻ (ബ്രഹ്മാവു്) എന്ന വിധത്തിൽ പ്രയോഗിച്ചിരിക്കുന്നതു കാണുക.

'മുരത്തിടകൊണ്ട പൂണ്ടെ-
ന്നുക്കിലാവളെയെന്നാ
മുരത്ത നളയനോടെല്ലാം
മുടനവൻ ചാപമിട്ടാൻ'
(രാമചരിതം)

അജൻ വിദർഭരാജാവിന്റെ മകളായ ഇന്ദുമതിയെ വിവാഹം ചെയ്യുന്നതിനു് പോകുന്നവഴിക്കു് ഒരു കാട്ടാനയെ വധിച്ചു. അനന്തരം ആ മൃഗത്തിൽ നിന്നു ഒരു ഗന്ധർവൻ ആവിർഭൂതനായി ഏതാനം ദിവ്യാസ്ത്രങ്ങളെ ദാനംചെയ്തു. ഇവ കൊണ്ടത്രേ സ്വയംവരത്തിൽ ജയം നേടിയതു്.

൩. ഒരു ഋഷിയുടെ പേർ. ൪. ചന്ദ്രൻ. ൫. കാമദേവൻ. ൬. ദൈവം.

അജനനി- ജനനാഭാവം. (അകരണി, അജീവനി എന്ന ശബ്ദങ്ങൾ നോക്കുക).

അജനൻ-ഈശ്വരൻ, ബ്രഹ്മാവു്.

അജനനാമകം-മാക്കിക്കല്ലു്. (പൊൻനിറമുള്ളതു്; ഔഷധത്തിനു നന്നു്).

അജനപത്രകം-വാവൽ എന്ന പക്ഷി.

അജനയോനി- ദക്ഷൻ. അജനനിൽ (ബ്രഹ്മാവിൽ) നിന്നുണ്ടായവൻ

അജനി-വഴി.

അജന്മാവു്-ജനിക്കാത്തവൻ, ദൈവം.

അജന്യ- വി. ൧. ജനിപ്പിക്കത്തക്കതല്ലാത്ത. ൨. മനുഷ്യസ്വഭാവത്തിനു ചേരാത്ത.

അജന്യം-ഭൂകമ്പം ധൂമകേതു മുതലായവ ദുശ്ശകുനസൂചകം. ജനങ്ങൾക്കു ഇഷ്ടമില്ലാത്തതു് എന്നു വ്യുൽപത്തി. അജനനിൽ (ഈശ്വരനിൽ) നിന്നുണ്ടായതു്.

അജപാല(ക)ൻ-ആട്ടിടയൻ.

അജപ്രിയ-൧. ലന്തമരം. ൨. വഹ്നിവൃക്ഷം (കൊട്ടവേലി).

അജഭക്ഷ-ചെറിയകൊടിത്തൂവ (വന്നി).

അജഭക്ഷം-കറുത്ത കാട്ടുതുളസി.

അജം-൧. ആടു്. ൨. വെളുത്ത ആട്ടിൻകുട്ടി. അവിടവിടെ സഞ്ചരിക്കുന്നതുകൊണ്ടു് ഈ പേർ വന്നു.

'ശുഭച്ഛാഗബസ്തച്ഛഗലകാഅജേ' അമരം.
(ശുഭം, ഛാഗം, ബസ്തം, ഛഗലകം, അജം ഇവ ൫-ം വെളുത്ത ആട്ടിന്റെ പേർ).

൩. മേടംരാശി. ൪. ഒരുമാതിരിധാന്യം. ൫. മാക്ഷികധാതു. ൬. സൂര്യന്റെരഥം.

അജംഭ-വി. പല്ലില്ലാത്ത. നാസ്തി ജംഭോ (ദന്തോ) യസ്യ എന്നു വ്യുൽപത്തി.

അജംഭം- ൧. തവള. ൨. പല്ലില്ലാത്ത സ്ഥിതി. (കുട്ടികളെപ്പോലെ).

അജംഭൻ-സൂര്യൻ.

അജമാംസം-ആട്ടിറച്ചി.

ആട്ടിന്റെ മാംസത്തിനു അല്പമായ തണുപ്പും, അല്പമായ ഗുരുത്വവും കുറച്ചു് സ്നിഗ്ദ്ധതയും ഉണ്ടു. ദോഷങ്ങളെ തുല്യമാക്കിച്ചെയ്യുന്നതാണു്. ആട്ടിന്റെ ശരീരധാതുക്കൾക്കു മനുഷ്യസാദൃശ്യമുണ്ടു്. അതിനാൽ കഫസ്രവണകരമല്ല. ദേഹത്തിനു പുഷ്ടിയുണ്ടാകും. [ശ്ലോ.

'നാതിശീതഗുരുസ്നിഗ്ദ്ധം മാംസമാജമദോഷളം
ശരീരധാതുസാമാന്യാദനഭിഷ്യന്ദിബൃംഹണം'
(അഷ്ടാംഗഹൃദയം) [ണം

അജമീഢം-ഒരു ദേശം.

അജമുഖൻ-ദക്ഷൻ. അജത്തി(ആട്ടി)ന്റെ മുഖമുള്ളവൻ.

അജമുഖി-ഒരു രാക്ഷസി.

രാവണൻ സീതയെ മോഷ്ടിച്ചു ലങ്കയിൽ അശോകവനത്തിൽ ഇരുത്തി പല

രാക്ഷസികളെയും കാവലാക്കിയിരുന്നു് അങ്ങനെ കാത്തുനിന്നവരിൽ ഒരുവളത്രേ 'അജമുഖി'.

അജമുഴ—മനുഷ്യന്റെ കഴുത്തിൽ മുൻഭാഗത്തുള്ള മുഴയുടെ പേർ.

ഇതിനെ 'തൊണ്ടമുഴ' എന്നും പറയും. മർമ്മശാസ്ത്രപ്രകാരം ഇതു് ഒരു മർമ്മമാണു് ഇവിടെ ബലം പ്രയോഗിച്ചാൽ അപകടം സംഭവിക്കും എന്നു മർമ്മശാസ്ത്രം ഉപദേശിക്കുന്നു.

അജമേധം—ആടിനെക്കൊണ്ടു ചെയ്യുന്ന ഒരു യാഗം.

അജമോജ—അയമോദകം, ഓമം.

അജമോജദ്രവം—ഒരു മരുന്നു്. ഇതു് അഗ്നിമാന്ദ്യം, വയറുവേദന ഇവയ്ക്കു നന്നു്.

അജമോജദ്രാവകം—ഒരു മരുന്നു്. ഇതു് അഗ്നിമാന്ദ്യം, വയറുവേദന ഇവയ്ക്കു നന്നു്.

അജമോദ—സ്ത്രീ. അയമോദകം, ഓമം. ആട്ടിന്റെ ഗന്ധത്തിനു തുല്യമായ ഗന്ധമുള്ളതുകൊണ്ടു് ഈ പേർ വന്നു. ൨. ഇലവിൻപശ.

അജമോദിക—കരാശാണി.

അജയ—വി. ജയമില്ലാത്ത.

അജയ—ദുർഗ്ഗയുടെ ഒരു സഖി.

അജയൻ—പു. അഗ്നി. ൨. വിഷ്ണു. ജയിക്കപ്പെടുവാൻ വയ്യാത്തവൻ എന്നു വ്യുൽപത്തി. ൩. ജയമില്ലാത്തവൻ.

അജയം—തോല്വി, അപജയം.

അജയ്യ—വി. ജയിക്കപ്പെടുവാൻ കഴിയാത്ത.

അജര—വി. ജരയില്ലാത്ത, എന്നും യൌവ്വനമുള്ള.

അജര—ചെറിയമറിക്കുന്നി. ൨. കറവാഴ.

അജരം—ന. സ്വർണ്ണം. ൨. ക്ഷീരം.

അജലംബനം—സ്രോതോഞ്ജനം.

അജവസൂരി—ആട്ടിനുണ്ടാകുന്ന വസൂരി.

മനുഷ്യർക്കു് എന്നപോലെ വസൂരിദീനം ആട്ടിനും ഉണ്ടാകുന്നു. അതിനെയാണു് അജവസൂരി എന്നു പറയുക. ആട്ടിന്റെ തുട, ചുണ്ടു്, വായു്, മൂക്കു് ഈ സ്ഥലങ്ങളിൽ കുരുവുണ്ടാകുന്നു. മൂക്കിൽനിന്നു വെള്ളം ഒഴുകുകയും പനിയും അതിസാരവും ക്ഷീണവും ഉണ്ടാകുകയും ചെയ്യും. ക്ഷണം പകരും. രണ്ടാഴ്ചവട്ടത്തോളം നിൽക്കും, വേഗത്തിൽ പരത്തും. ഉപ്പു ധാരാളം ചേർത്തു കുറച്ചു കുറച്ചു ലഘുത്വമുള്ള ഭക്ഷണം കഞ്ഞിയായി കൊടുക്കണം. സ്ഥലശുദ്ധി വരുത്തിക്കൊള്ളേണ്ടതു എത്രയും ആവശ്യം.

അജശൃംഗി(ക)—ആടുതൊടാപ്പാല (ഒരു ചെടി), ആടുതീണ്ടാപ്പാല ആട്ടുകൊട്ടപ്പാല എന്നും മററും കൂടെ പറയുന്നു. ആട്ടിന്റെ കൊമ്പുപോലെയുള്ള ഫലമുള്ളതിനാൽ ഈ പേർ സിദ്ധിച്ചു. വെളിപ്പരുത്തിക്കും ഈ പേർ പറയുന്നു.

അജസ്രം—അ. എല്ലായ്പ്പോഴും.

'അജസ്രമാസ്ഫാലിതവല്ലകീഗുണ-
ക്ഷതോജ്ജ്വലാംഗുഷ്ഠനഖാംശുഭിന്നയാ'
(മാഘം)

അജഹ—വി. ഉപേക്ഷിക്കാത്ത.

അജഹ—നായ്ക്കുരണ. ശൂകങ്ങളെ ഉപേക്ഷിക്കാത്തതു്.

അജാക്ഷി—കാട്ടത്തി (പേയത്തി), ഒരു മരം.

അജാഗര—വി. ഉണർച്ചയില്ലാത്ത, ശ്രദ്ധയില്ലാത്ത.

അജാഗരൂകം—വി. ജാഗരണം (ഉണർച്ച) ഇല്ലാത്ത.

അജാഗരം—കയ്യോന്നി.

അജാഗ്രത—ജാഗ്രത (ശ്രദ്ധ, ഉത്സാഹം) ഇല്ലായ്മ.

അജാഘൃതം—ആട്ടിൻനെയ്യു്.

അജാജി-പു. ജീരകം. സ്വാഭാവികമായ മന്ദാഗ്നിത്വത്തെ കളയുന്നത്. ൧. വെളുത്ത ജീരകം. ൨. കാട്ടുത്തി.

അജാജീവൻ, അജാജിവി-ആട്ടുമേച്ചു കാലം കഴിക്കുന്നവൻ.

'ജാബാലസ്സ്യാദജാജീവഃ' (അമരം).

[ജാബാലൻ, അജാജീവൻ (അജാജീവി) ൨-ം ആട്ടുമേക്കുന്നവന്റെ പേർ]

അജാഗന്ധി-മറിക്കുന്നി (ഒരുമാതിരി ചെടി)

അജാത-വി. ജാതം (ജനിച്ചത്) അല്ലാത്ത, ജനിക്കാത്ത.

അജാതവ്യവഹാരൻ-വയസ്സ് (പ്രായം) തികയാത്തവൻ (മൈനർ).

അജാതവ്യഞ്ജന-വി. തരംതിരിക്കുന്ന അടയാളമോ ആകൃതിയോ ഇല്ലാത്ത.

അജാതദന്ത-വി. പല്ലില്ലാത്ത, പല്ലില്ലാത്ത സ്ഥിതി.

അജാതപക്ഷ-തൂവലുകൾ വന്നു മൂടീട്ടില്ലാത്ത ചിറകോടുകൂടിയ.

അജാതരിപു-ധർമ്മപുത്രൻ.

അജാതശത്രു-പു. ധർമ്മപുത്രൻ. ൧. ഒരു മധുരരാജാവ്. ൨. ശിവൻ. ൩. ഒരു കാശിരാജാവ്. (വിദ്വാനും വിദ്യയുടെ രക്ഷകനുമായിരുന്ന ഇദ്ദേഹം ഒരു ബ്രാഹ്മണനു ജ്ഞാനം ഉപദേശിച്ചിട്ടുണ്ട്).

അജാതി-വി. ജാതിയല്ലാത്ത.

അജാതി-ശാശ്വതൻ, നിത്യൻ.

അജാതൈഡലപലി-ഒരു മുനി. ഇദ്ദേഹം ആട്ടിൻപാൽ മാത്രം കുടിച്ചു ഉപജീവിച്ചതായി പറയുന്നു.

അജാദധി-ആട്ടിൻതൈര്.

അജാദനി-ചെറിയ കൊടിത്തൂവ.

അജാനി-ഭാര്യയില്ലാത്തവൻ, ഭാര്യ മരിച്ചുപോയവൻ. 'നാസ്തിജായായസ്യ' എന്നു വ്യുൽപത്തി.

അജാനികൻ-ആട്ടിടയൻ.

അജാനേയ-വി. ഒരു കുതിരയെപ്പോലെ ഭയമില്ലാതെയും ശക്തിമത്തായുമുള്ള ജനത്തിലുള്ള.

അജാനേയം-ധൈര്യവും ശക്തിയുമുള്ള വിധം ജനിച്ച ഒരു കുതിര.

അജാന്ത്രി-മറക്കൂടരി, മറക്കുന്നി, ചെറിയ മറക്കുന്നി.

അജാപയസ്സ്-ആട്ടിൻപാല്.

അജാമിളൻ-കന്യാകുബ്ജത്തിലെ ഒരു ബ്രാഹ്മണൻ. (കാന്യകുബ്ജം എന്നും പറയുന്നു).

അജാമിളമോക്ഷം.

അജാമിളൻ കന്യാകുബ്ജപുരത്തിൽ ഗൃഹസ്ഥാശ്രമാചാരപ്രകാരമുള്ള കർമ്മങ്ങളും ചെയ്തു താമസിച്ചുവന്നു. ചമത മുതലായവയ്ക്കായി ഒരു ദിവസം ഇദ്ദേഹം കാട്ടിൽ ചെന്നപ്പോൾ അവിടെ ഒരു ശൂദ്രാംഗനാരത്നത്തെ കണ്ടെത്തി. സംഭാഷണം കൊണ്ടും മററും അന്യോന്യം അനുരാഗവശനായി ഒന്നുചേർന്നു തിരിയെ വന്നു ശൂദ്രസ്ത്രീയുടെ ഭവനത്തിൽ താമസമായി. തദനന്തരം ക്രമേണ ബ്രാഹ്മണൻ നിത്യവൃത്തിക്കായി ദുഷ്കർമ്മങ്ങൾ തുടങ്ങി. ഏതാനും പുത്രരും അക്കാലത്തു ജനിച്ചു അവരെ പോററുന്നതിന് അകൃത്യങ്ങൾ അനവധി ചെയ്തുവന്നു. തന്റെ വർണ്ണധർമ്മങ്ങളും കർമ്മവും ഒക്കെ മറന്നു മാംസത്തിനായി കൊന്ന പക്ഷികൾക്കും മററും കണക്കില്ല. ഒരു കാശിനും വകയില്ലാതായപ്പോൾ കട്ടും കവർന്നും മററും കാലയാപനം തുടങ്ങി. വൃദ്ധവയസ്സോളം ഇങ്ങനെ കഴിഞ്ഞു. അനന്തരം യമകിങ്കരന്മാരുടെ പുറപ്പാടായി. ഉടൻ ഭയത്തോടെ മൂത്തമകനായ നാരായണനെ 'നാരായണ! നാരായണ! രക്ഷിക്കരക്ഷിക്ക' എന്നു വിളിച്ചുപറഞ്ഞു. അപ്പോൾ തന്നെ വിഷ്ണുവിന്റെ അനുചരന്മാരായ നാലുസിദ്ധയോഗീന്ദ്രന്മാർ വന്നുചേർന്നു. കാലദൂതന്മാരോട് എതിർത്ത് അജാമിളനെ കെട്ടിയ പാശത്തെ വേർപെടുത്തുകയും ഉടൻ കാലകിങ്കരന്മാർ പരമാർത്ഥം

ചോദിച്ചു മനസ്സിലാക്കി. അജാമിളൻ വൈഷ്ണവരൂപം കണ്ടുമറായി എന്നു തന്നെയല്ല മറിയായ ജ്ഞാനവും ഉദിച്ചു. വിഷ്ണുദൂതന്മാരും നിർഗ്ഗമിച്ചു. അജാമിളൻ ഗംഗാതടം പ്രാപിച്ച് വിഷ്ണുഭക്തനായി സ്ഥിതിചെയ്തു. അനന്തരം വിഷ്ണുപാർഷദന്മാർ വന്നു തേരിൽ കയററി വൈകുണ്ഠത്തിക്ക കൊണ്ടുപോയി.

**അജാമൂത്രം**- ആട്ടിൻമൂത്രം. (മരുന്നിന് കോലാട്ടിൻമൂത്രം നന്ന്.)

ആട്ടിൻമൂത്രം മരുന്നിനു വിശേഷമാണ്. ആരേണകം, തിപ്പലി, രസാഞ്ജനം, ഇന്തുപ്പ് ഇവ ആട്ടിൻമൂത്രത്തിൽ അരച്ചു ചമച്ച ഗുളിക കണ്ണിലെഴുതുക. രാക്കണ്ണു കാണാതെ ശമിക്കും.

'അജാമൂത്രേണവാരകൈന്തി
കൃഷ്ണരസ്രോതോജ സൈന്ധവൈഃ'
(സഹസ്രയോഗം)

**അജികാ**-ചെറിയ പെണ്ണാട്.

**അജിത**-വി. ജയിക്കപ്പെടാത്ത, ആക്കും ജയിപ്പാൻ കഴിവില്ലാത്ത.

'അസ്ത്രമസ്ത്രമയച്ചിതു സാലചൻ
അജിതശരംമോചിച്ചു വിമതൻ'

**അജിത**-സ്ത്രീ. മിററം. ൨. തുവരിമണ്ണ്.

**അജിതൻ**-പു. വിഷ്ണു. ൨. ജയിക്കപ്പെടാത്തവൻ.

'വിഷ്ണാവപ്യജിതൌ' (അമരം)

കൌരവന്മാരിൽ ഒരുവനേയും ബുദ്ധമുനിയേയും അജിതൻഎന്നുപറയുന്നുണ്ട്.

**അജിതാപീഡൻ**-ഒരു രാജാവ്.

**അജിനം**-മാൻ മുതലായവയുടെ തോലിന്റെ പേർ. ക്ഷേപിക്കപ്പെടുന്നതുകൊണ്ട് ഈ പേർ സിദ്ധിച്ചു.

**അജിനപത്ര, അജിനപത്രി, അജിനപത്രിക**-ആവലിന്റെ പേർ, നരിച്ചീർ, വാതൽ, വവ്വാൽ എന്നും മററും കൂടി പറയുന്നുണ്ട്.

'ജതുകാജിനപത്രാസ്യാൽ
പരോഷ്ണീതൈലപായിക' (അമരം)

(ജതുക, അജിനപത്ര ഇവ ൨-ം, ആവലിന്റെ പേർ. പരോഷ്ണി, തൈലപായിക ഇവ ൨-ം, നരിച്ചീറിന്റെ പേർ. 'ജതുകാജിനപത്രാസ്യാൽ പരോഷ്ണീതൈലപായികാ' എന്നും പാഠാന്തരം. ഇവ ൪-ം ആവലിന്റെ പേർ എന്നും അഭിപ്രായം ഉണ്ട്.) തോലിനെപ്പോലെയുള്ള ചിറകുള്ളതുകൊണ്ട് ഈ പേരുണ്ടായി.

വാവൽ എന്ന പ്രാണിയെ 'വൌവ്വാൽ' എന്നും 'കടവാതൽ' എന്നും കൂടി പറയുന്നുണ്ട്. ഇതു പക്ഷിജാതിയിൽ പെട്ടതല്ല. പക്ഷികൾക്കു പല്ലില്ലല്ലോ. വവ്വലിനു പല്ലുകൾ ഉണ്ട്. ഇതു തലകീഴായി തൂങ്ങിക്കിടക്കുന്നു. ഇതു ജീവനോടെ കുട്ടിയെ പ്രസവിച്ചു മുലകൊടുത്തു വളർത്തുന്നു. ഈ പക്ഷികളിൽ നിന്നും ഇവയ്ക്കുള്ള വലിയ ഒരു അന്തരമാണ്. നരിച്ചീർ വാവലിന്റെ ജാതിയിൽ ഒരു വകഭേദമാകുന്നു.

**അജിനയോനി** മാൻ. ധ്യാനാസനമാകുന്ന അജിനമുള്ളത് എന്നു വ്യുൽപത്തി. (അജിനയോനികൾ = കൃഷ്ണസാരാദികൾ, മാന്തോലുണ്ടാകുന്നതിനു കാരണമാകയാൽ ഈ പേർ വന്നു).

**അജിര**-വി. വേഗമുള്ള.

**അജിര**-സ്ത്രീ. ദുർഗ്ഗാദേവി. ൨. ഒരു നദി.

**അജിരം**-ന. അങ്കണം (അംഗണം), മിററം, തെല്ലു മുതലായതു ചിന്നുന്ന സ്ഥലം, ഗമിക്കുന്നിടം ൨. ശബ്ദസ്പർശരൂപരസഗന്ധങ്ങളാകുന്ന വിഷയങ്ങൾ. ൩. ശരീരം. ൪ ഒരുമാതിരി ചുണ്ടെലി.

'അജിരം വിഷയകായേ' (അമരം)

**അജിഹ്മ**-വി. വളവോടുകൂടാത്ത, വളഞ്ഞതല്ലാത്ത.

**അജിഹ്മഗം**-അമ്പ്. വളഞ്ഞു ഗമിക്കാത്തതു് എന്നു വ്യുൽപത്തി. നേരെ പോകുന്നതു്.

**അജിഹ്മഗ**-വി. വളഞ്ഞു ഗമിക്കാത്ത.

'ഋജാവജിഹ്മപ്രഗുണൌ' (അമരം)

ഋജു, അജിഹ്മം, പ്രഗുണം ഇവ മൂ-ം വളവോടുകൂടാത്തതിൻെറ പേർ.

**അജിഹ്വം**-തവള. ഇതു അഗ്നിയെ കോപിപ്പിക്കയാൽ അദ്ദേഹം ശപിച്ചു. അതുകൊണ്ടു് ഇതിനു നാവില്ലാതായി.

**അജീകവം**-ശിവൻെറ വില്ലു്.

**അജീഗൎത്തം**-പാമ്പ്.

**അജീഗൎത്തൻ**-ഭൃഗുവംശത്തിലെ ഒരു ബ്രാഹ്മണൻ (ഋഷി)

ശുനശ്ശേഫൻെറ അച്ഛനാണു്. ബലികഴിപ്പാൻവേണ്ടി ശുനശ്ശേഫനെ വിലയ്ക്കുകൊടുത്തു.

**അജിത**-വി. ഒടുങ്ങാത്ത, ക്ഷീണിക്കാത്ത.

**അജിതി**-അഭിവൃദ്ധി, ക്ഷേമം.

**അജീവ**-വി. ജീവനില്ലാത്ത, ചത്തുപോയ.

**അജീവന**-വി. ജീവനത്തിനു(കാലക്ഷേപത്തിനു) ഇല്ലാത്ത.

**അജീവനി**-ജീവിച്ചിരിക്കായ്ക.

'അല്ലേ മൂഢ, നിനക്കു അജീവനി ഭവിക്കട്ടെ' എന്നതിൻെറ അൎത്ഥം നീ മരിക്കട്ടെ എന്നാകുന്നു. നിന്ദിച്ചുപറയുന്ന വാക്കിൽ അന്തൎഭവിച്ചിട്ടല്ലാതെ ഈ ശബ്ദം പ്രയോഗിക്കാറില്ല. 'അകരണി' എന്നപദം നോക്കുക.

**അജീവനം**-നാശം, മരണം.

**അജീവം**-മരണം, നാശം.

**അജീൎണ്ണ**-വി. ദഹിക്കാത്ത, കേടുവരാത്ത.

**അജീൎണ്ണകരം**-ഉഴുന്നു്.

**അജീൎണ്ണജരണം**-കച്ചോലം.

**അജീൎണ്ണം**-ന. ദഹനക്കേടു്. വ. ദഹനമില്ലായ്ക എന്ന രോഗത്തിൻെറ പേർ.

### അജീൎണ്ണലക്ഷണം.

കഫം ഹേതുവായിട്ടു ദഹിക്കാതെ കിടക്കുന്ന അന്നത്തിനു ആമം എന്നും, വായു ഹേതുവായിട്ടുണ്ടാകുന്ന അജീൎണ്ണത്തിനു വിഷ്ടംഭം എന്നും, പിത്തം ഹേതുവായിട്ടുണ്ടാകുന്ന അജീൎണ്ണത്തിനു വിദഗ്ദ്ധം എന്നും പറയപ്പെടുന്നു. ആമം, വിദഗ്ദ്ധം, വിഷ്ടംഭം എന്നീ മൂന്നു അജീൎണ്ണങ്ങൾക്കേ ദോഷസംബന്ധമുള്ളു. മൂ-ം അന്നത്തിൽനിന്നു ജനിക്കുന്നവയാണു്. ആഹാരരസത്തിങ്കൽ നിന്നു ജനിക്കുന്നതായി 'രസശേഷം' എന്നു ഒന്നുണ്ടു്. ഈ അജീൎണ്ണത്തിനു ദോഷസംബന്ധമില്ല. വയറുവീൎക്കുക മുതലായ ഉപദ്രവങ്ങളോടുകൂടി ഒരുദിവസം മുഴുവനും കൊണ്ടു ആഹാരം ദഹിക്കുന്നതിനായി ഒരു അജീൎണ്ണമുള്ളതിനെ അഞ്ചാമതായി ഗണിക്കാറുണ്ടു്. വയറുവീൎപ്പു് എന്നിത്യാദി ഉപദ്രവങ്ങളൊന്നും കൂടാതെ ഒരു പകൽകൊണ്ടു ആഹാരം ദഹിക്കുന്നതു് ആറാമത്തെ അജീൎണ്ണമെന്നു പറയുന്നു. ഭക്ഷണം കഴിഞ്ഞാൽ ഉടൻ നൂറടി നടക്കണം. തദനന്തരം ഇടത്തുഭാഗം ചെരിഞ്ഞു കിടക്കണം. മനസ്സിനു സന്തോഷത്തെ ചെയ്യുന്ന ശബ്ദരൂപസ്പൎശരസഗന്ധങ്ങളെ സേവിക്കണം. ഭക്ഷിച്ച അന്നം ദഹിക്കുന്നതിനു മേൽപ്പറഞ്ഞവ നല്ല മാൎഗ്ഗങ്ങളാകുന്നു.

'ഭുക്ത്വാ പാദശതം ഗത്വാ
വാമപാൎശ്വേന സംവിശേൽ
ശബ്ദരൂപരസസ്പൎശ
ഗന്ധാംശ്ച മനസഃ പ്രിയാൻ
ഭുക്തവാനുപസേവേത
തേനാന്നം സാധു തിഷ്ഠതി'

(സുശ്രുതം)

അധികമായി ജലപാനം ചെയ്ക, സമയം തെററി ആഹാരം കഴിക്ക, മലമൂത്രാദിവേഗങ്ങളെ തടുക്കുക, പകൽ ഉറങ്ങുക മുതലായവയത്രെ അജീർണ്ണത്തിനുള്ള പ്രധാന കാരണങ്ങൾ.

'അത്യംബുപാനാദ്വിഷമാശനാച്ച
സന്ധാരണാൽസ്വപ്നവിപര്യയാച്ച
കാലേപിസാത്മ്യംലഘുചാപിഭുക്ത
മന്നംനപാകംഭജതേനരസ്യ'

(മാധവനിദാനം)

അജൂഷ്ടി-ഇച്ഛാഭംഗം ഉണ്ടാകുക, അതൃപ്തി തോന്നുക, സുഖാനുഭവം ഇല്ലായ്ക.

അജേയ-വി. ജേയം (ജയിക്കത്തക്കതു്) അല്ലാത്ത, ജയിക്കപ്പെടുവാൻകഴിയാത്ത.

അജൈത്ര-വി. ജൈത്രം (ജയശീലം) അല്ലാത്ത, ജയിക്കത്തക്കതല്ലാത്ത.

അജോഷ-വി. തൃപ്തിയുണ്ടാകാത്ത, ഭാഗ്യമില്ലാത്ത, സുഖമില്ലാത്ത.

അജ്ജുക-വേശ്യാ (ഗണിക, ദാസി)

'നാട്യോക്തൌ' എന്നുള്ളതിനാൽ ഈ ശബ്ദം നാട്യോക്തിയിലാണ പ്രയോഗിക്കേണ്ടതു്.

അജ്ജുകാശബ്ദം നാട്യോക്തിയിലല്ലാതെയും പറയാം.

'ഗണികാപൃഥുലീവേശ്യാ
ഭോക്താരിക്ഷുനാട്യദൈവജ്ഞ
പ്രോക്താജ്ജുകാതുനാട്യേ
ഗണികായാമപിനാന്യത്ര'

(മേദിനി)

അജ്ഝടാ-കീഴ്കാനെല്ലി. കീഴാനെല്ലി എന്നും പറയുന്നുണ്ടു്. ആശ്ചര്യജനകമായ സംഘാതത്തോടുകൂടിയതു്.

അജ്ഝടാദി-ഒരു തൈലം.

കീഴ്കാനെല്ലി, വേപ്പിൻതൊലി, കരിനൊച്ചി ഇവററിൻനീരും വട്ടമഞ്ഞളും കല്ക്കവും. ഈ തൈലം കുഷ്ഠരോഗം ശമിപ്പിക്കും; ത്വക്കിലെ വ്യാധികൾക്കു നന്നു്.

അജ്ഝടാനിംബനിർഗ്ഗുണ്ഡീ
സ്വരസേനവിപാചിതാ
നിശാകല്ക്കയുതം തൈലം
കുഷ്ഠരോഗവിനാശനം.

(സഹസ്രയോഗം)

അജ്ഞ-വി. അറിവില്ലാത്ത, ജളബുദ്ധിയായ.

'അജ്ഞമൂഢയഥാജാത മൂർഖവൈധേയബാലിശാഃ' (അമരം)

[അജ്ഞൻ, മൂഢൻ, യഥാജാതൻ, മൂർഖൻ, വൈധേയൻ, ബാലിശൻ ഇവ ആറും മൂഢന്റെ പേർ.]

'ആജ്ഞയെച്ചെയ്കയാലജ്ഞനായുള്ള ഞാൻ'

(കൃഷ്ണഗാഥ)

അജ്ഞക-മൂഢസ്ത്രീ.

അജ്ഞഭ്രുവ്-ചെമപയറ്.

അജ്ഞാത-വി. ജ്ഞാതം (അറിയപ്പെട്ടതു്) അല്ലാത്ത.

അജ്ഞാതചര്യ-അജ്ഞാതവാസം. ആരുമറിയാതെയുള്ള പാർപ്പ്.

അജ്ഞാതവാസം- ആരുമറിയാതെയുള്ള പാർപ്പ്.

കൌരവന്മാർ കള്ളച്ചൂതു പൊരുതു പാണ്ഡവരെ ജയിക്കയും പന്ത്രണ്ടു സംവത്സരം വനവാസവും ഒരു സംവത്സരം അജ്ഞാതവാസവും അവർക്ക ശിക്ഷയായി കല്പിക്കയും ചെയ്തു. വനവാസം കഴിഞ്ഞതിൽ പിന്നെ പാണ്ഡവർ വേഷപ്രച്ഛന്നരായി ഒരു വർഷം വിരാടപുരത്തിലാണ കഴിച്ചുകൂട്ടിയതു. ഇപ്രകാരം ആരുമറിയാതെ ചെയ്ത വാസത്തിനു (പാർപ്പിനു) അജ്ഞാതവാസം എന്നു പറയുന്നു.

'അജ്ഞാനമെല്ലാമകലെക്കളഞ്ഞൊരു
വിജ്ഞാനികളായ ധൎമ്മജന്മാദികൾ
ആയുധമൊക്കെശ്ശമീവൃക്ഷത്തിന്മേൽവ-
ച്ചായതനേത്രയാം കൃഷ്ണയും തങ്ങളും
ഛന്നമായുള്ളൊരു നാനാവേഷത്തോടും
ചെന്നു വിരാടപുരിയിലകംപുക്ക'
(ഭാരതം)

ഈ കഥാവസ്തു അടങ്ങിയതിനാൽ ഈ പേരോടുകൂടിയ ഒരു ഭാഷാനാടകമുണ്ട്.

അജ്ഞാനം-ജ്ഞാനം (അറിവ്) ഇല്ലായ്മ. ജ്ഞാനസമ്പാദനത്തിൽ നശിക്കുന്നത്.
'അജ്ഞാനമവിദ്യാഹമ്മതിസ്ത്രിയാം' അമരം.
[അജ്ഞാനം, അവിദ്യ, അഹമ്മതി ഇവ ൩-ം അജ്ഞാനത്തിന്റെ പേർ]

അജ്ഞാനി-അറിവില്ലാത്തവൻ.
'അജ്ഞാനംകൊണ്ടുമല്ലമത്സരംകൊണ്ടുമല്ല
വിജ്ഞാനമുള്ളജനംകേൾക്കണമെന്റെവാക്യം
അജ്ഞാനിശിവനിവനെത്രയുമതിനീചൻ
വിജ്ഞാനമുണ്ടെന്നുള്ളതുള്ളിലെയുള്ളന്തനം'
(ദക്ഷയാഗം കിളിപ്പാട്ട്)

അജ്ഞേയ-വി. ജ്ഞേയം (അറിയേണ്ടത്) അല്ലാത്ത.

അഞ്ചടി-ഒരുവിധം പാട്ട്.

അഞ്ചതി-൧. കാറ്റ്. ൨. അഗ്നി.

അഞ്ചനം-അഞ്ജനം, അഞ്ചനം എന്ന് പണ്ടു ചെറുശ്ശേരി മുതലായവർ പ്രയോഗിച്ചിട്ടുണ്ട്. ഇപ്പോൾ ഈ പ്രയോഗം നടപ്പില്ല.

അഞ്ചം- ഒരുമാതിരി ചെറിയ കിണ്ണൻ പാത്രം.

അഞ്ചമ്പൻ-കാമദേവൻ. അഞ്ചു അമ്പുള്ളവൻ.

അഞ്ചും പുഷ്പങ്ങളാണ്. ൧ അരവിന്ദം (താമരപ്പൂവ്) ൨. അശോകം (അശോകപ്പൂവ്). ൩. ചൂതം (മാമ്പൂവ്), ൪. നവമാലിക (പിച്ചകപ്പൂവ്) നവമല്ലിക എന്നും പാഠമുണ്ട്. ൫. നീലോല്പലം (കരിങ്കുവളപ്പൂവ്) ഇവ ൫-ം കാമദേവന്റെ അസ്ത്രങ്ങളാണ് പഞ്ചബാണശബ്ദം നോക്കുക.

അഞ്ചൽ-ഒരു ദിക്കിൽനിന്നു മറ്റൊരു ദിക്കിലേയ്ക്ക് എഴുത്തുകളും പണവും സാമാനങ്ങളും മറ്റും കൊണ്ടുപോകുക ഇതു സൎക്കാർ ഏൎപ്പാടാണ്. ഇതിലേക്കു സൎക്കാരിൽനിന്ന് ഏൎപ്പെടുത്തീട്ടുള്ള കാൎയ്യാലയത്തിന് അഞ്ചലാഫീസ് എന്നു പേർ.

അഞ്ചലം-അറ്റം.

'ചഞ്ചലഭാവവുമഖിലമകന്നുക-
രാഞ്ചലയുഗളം മുകുളിതമാക്കി'
(കിരാതം തുള്ളൽ)

'അതുപൊഴുതുപവനതന-
യനെയുമവരാദരി-
ച്ചാലിംഗ്യഗാഢമാ
ചുംബ്യബാലാഞ്ചലം'
(അദ്ധ്യാത്മരാമായണം)

അഞ്ചാതെ-൧. കലുക്കംകൂടാതെ. ൨. പേടിക്കാതെ.

'പഞ്ചശരൻതന്റെ പഞ്ചശരങ്ങളെ
അഞ്ചാതെ കൈയിലാക്കിവന്നു'
(രുക്മിണീസ്വയംവരം തുള്ളൽ)

അഞ്ചാൻ-ഒരളവ്.

അഞ്ചാംപനി- പൊങ്ങൻപനി. വസൂരിസംബന്ധിച്ചുണ്ടാകുന്നതാണ്. ശരീരത്തിൽ തടിപ്പുണ്ടായിരിക്കും.

അഞ്ചാംപുര വ്യഭിചാരദോഷം ഉണ്ടെന്നു തോന്നുന്ന ബ്രാഹ്മണസ്ത്രീകളെ, അവർ നിൎണ്ണയപ്പെടുന്നതുവരെ താമസിപ്പിക്കുന്ന സ്ഥലം (ഗൃഹം)

അഞ്ചായുധൻ-കാമദേവൻ. അഞ്ചു ആയുധമുള്ളതുകൊണ്ട് ഈ പ്രകാരം പറയുന്നു. (അഞ്ചമ്പൻ എന്ന ശബ്ദം നോക്കുക).

'അഞ്ചാറനജന്മാരു നമുക്ക-
ഞ്ചായുധനെക്കാൾ വിരുതന്മാർ'
(ഘോഷയാത്ര തുള്ളൽ)

അഞ്ചിത-വി. ൧. പൂജിക്കപ്പെട്ട. ൨. മനോഹരമായ. ൩. തൊറ്റതു. ൪. വളഞ്ഞതു.

'അഞ്ചു പൂജനെ' എന്നുള്ളതിനാൽ ഈ ധാതുവിനു പൂജിയ്ക്കു എന്നുള്ള അൎത്ഥം സ്പഷ്ടം. അഞ്ചു എന്ന ധാതുവിനു പൂജിക്ക എന്നും ഗമിക്ക എന്നും അൎത്ഥമുള്ള പ്രകാരവും കാണുന്നുണ്ട്.

'പൂജിതേഞ്ചിതഃ (പൂജിതേച്ചിതഃ)' എന്നമരമുള്ളതിനാൽ പൂജിക്കപ്പെട്ടതു് എന്നതുതന്നെയാണ് പ്രധാനമായ അൎത്ഥം.

'വഞ്ചിമഹീപതി വരകുലശേഖര-
നഞ്ചിതവിമലമഹാഗുണസഞ്ചയ
സഞ്ചിതനാകിന സകലജനേശന-
രഞ്ചിതധനജനകലബലശാലി'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

അഞ്ചു്-എന്നതിനു ൧. വളയുക, ചുരുളുക. ൨. പോവുക, അനങ്ങുക. ൩. ഭജിക്ക, ബഹുമാനിക്ക, പൂജിക്ക. ൪. വന്ദിക്ക. ൫. അപേക്ഷിക്ക. ൬. അനുഗ്രഹിക്ക. ൭. ഉരുമ്മുക എന്നീ അൎത്ഥങ്ങൾ ഉള്ള പ്രകാരവും വെളിവാകുന്നുണ്ട്.

അഞ്ചിതഭ്രൂ-മനോഹരമായ പുരികമുള്ളവൾ, വളഞ്ഞ പുരികമുള്ളവൾ.

അഞ്ചുക-൧. ഭയപ്പെടുക. (അഞ്ചി=ഭയപ്പെട്ടു).

'വീരന്മാരപ്പുറപ്പുറകമവശംപിഴകണ്ടഞ്ചി.'
(രാമചരിതം)

൨. ലജ്ജിക്കുക.

അഞ്ചുതെങ്ങു്-ചിറയിൻകീഴ് താലൂക്കിലുള്ള ബ്രിട്ടീഷ് സ്ഥലം.

അഞ്ചുവൎണ്ണം-കറുപ്പു്, വെളുപ്പു്, ചുവപ്പു്, പച്ച, മഞ്ഞ ഇവ അഞ്ചും.

അഞ്ജനൻ-൧. പടിഞ്ഞാറെ ദിക്പാലകന്റെ ആന, മഷിപോലെ നിറമുള്ളതു്, ഭംഗിയായി ഗമിക്കുന്നതു്, പ്രകാശിക്കുന്നതു് എന്നു വ്യുൽപത്തി. കദ്രുകുലത്തിലെ ഒരു സൎപ്പം. ഇതിനു് അനേകം തലകൾ ഉണ്ടു്.

അഞ്ജനദ്യുതി-മഷിയുടെ നിറം പോലെയുള്ള ശോഭ.

'വസന്താമണാഞ്ജിനമഞ്ജനദ്യുതിഃ'
(മാഘം)

അഞ്ജനം-൧. മഷി. ൨. സൌവീരാഞ്ജനം, രസാഞ്ജനം, സ്രോതോഞ്ജനം ഇവ മൂന്നും. ൩. ഒരു പൎവ്വതം. ൪. ഒരുതരം ഗൌളി. ൫. ഒരു നേത്രരോഗം.

അഞ്ജനകേശി-൧. പവിഴക്കൊടി. അഞ്ജനവൎണ്ണമായ കേശമുള്ളതുകൊണ്ടു് ഈ പേർ സിദ്ധിച്ചു. (പൎയ്യായങ്ങൾക്കു പവിഴക്കൊടി നോക്കുക). ൨. നളികാമലകം എന്ന ഗന്ധദ്രവ്യം. ഇതിനു് ഉത്തരദേശങ്ങളിലെ പ്രസിദ്ധിയുള്ള നളികാമലകം എന്നതിനു ഭാഷയിൽ 'പവാരി' എന്ന ശബ്ദം കാണുന്നു. ൩. കറുത്ത തിരതാളി.

അഞ്ജനക്കല്ലു്-ഒരുവക കറുത്ത രേഷയക്കല്ലു്.

അഞ്ജനക്കുന്നു-അഞ്ജനപൎവ്വതം.

'അഞ്ജനക്കുന്നിന്മേൽനിന്നു വിളങ്ങിന
കഞ്ജമനോഹരമെന്നപോലെ'
(കൃഷ്ണഗാഥ)

അഞ്ജനശൈലം-അഞ്ജനപൎവ്വതം.

'അഞ്ജനശൈലംപോലെശരീരവു-
മഞ്ചിതനഖമുഖവും കണ്ടാൽ'
(കാൎത്തവീൎയ്യാൎജ്ജുനവിജയം തുള്ളൽ)

അഞ്ജനവൎണ്ണൻ-൧. വിഷ്ണു. ൨. കൃഷ്ണൻ (കറുത്ത നിറമുള്ളവൻ).

'അഞ്ജനവൎണ്ണനകാണ്മാനാഗ്രഹ-
മധികമതുണ്ടെന്നറികയിലെന്നിം'
(രാമാനുചരിതം തുള്ളൽ)

അഞ്ജനശലാക-മഷി പിരളി ഉപയോഗിക്കുന്ന ചെറിയ കമ്പു് (പെൻസിൽ.)

അഞ്ജന-ഹനുമാന്റെ അമ്മ.

അഞ്ജന എന്ന ഈ വാനരസ്ത്രീ മുമ്പു പുഞ്ജികസ്ഥലി എന്ന ഒരു അപ്സരസ്ത്രീയായിരുന്നു. ശാപം നിമിത്തമാണ് വാനരസ്ത്രീയായ്ഭവിച്ചതു്. അഞ്ജനയുടെ പിതാവിനെ കുഞ്ജരൻഎന്നും ഭത്താവിനെ കേസരി എന്നും വിളിക്കുന്നു. ഹനുമാനെ പ്രസവിച്ചതു് ഈ അഞ്ജനയാണ്. എന്നാൽ പിതാവു് വായു ആകുന്നു ഹനുമാൻ ശ്രീപരമേശ്വരന്റെ ബീജം കൊണ്ടുണ്ടായി എന്നുള്ളതിനും മററും ഹനുമാൻത്തവം നോക്കുക.

അഞ്ജനാദ്രി-അഞ്ജനപർവ്വതം.

അഞ്ജനനാമിക-ഒരു നേത്രരോഗം.

ഇതിനു പോളയിൽ കുരുവുണ്ടാകും. ചെറുതായിരിക്കും. ചൂടും കുത്തലും കാണും. ചെമ്പിച്ചും നേത്തുമിരിക്കും. അല്പമായ വേദനയും നേരിടും. ഇതു നേത്രവർത്മഗതരോഗമാണ്.

'ദാഹതോദവതീതാമ്രാ
പിടികാവർത്മസംഭവാ
മൃദ്വീമന്ദരുജാസൂക്ഷ്മാ
ജ്ഞേയാസാഞ്ജനനാമികാ'
(മാധവനിദാനം)

അഞ്ജനാതനയൻ-ഹനുമാൻ. അഞ്ജനയുടെ തനയൻ (പുത്രൻ)

അഞ്ജന എന്ന ശബ്ദത്തോടുകൂടി ആത്മജൻ, സുതൻ, നന്ദനൻ, സൂനു, തനുജൻ എന്നിപ്രകാരം പുത്രൻ എന്ന അത്ഥത്തെ കുറിക്കുന്ന ശബ്ദങ്ങൾചേൎന്നാൽ ഹനുമാൻ എന്നൎത്ഥം വരും.

അഞ്ജനാംഭസ്സ്-കണ്ണുനീർ.

അഞ്ജനാവതി-ഭിക്കരിണി, വടക്കു് കിഴക്കേ ദിക്പാലകന്റെ ആനയായ സുപ്രതീകന്റെ പിടിയാന. മഷിപോലെ നിറമുള്ളതു്, അഞ്ജനപർവ്വതംപോലെ ഇരിക്കുന്നതു് എന്നു വ്യുൽപത്തി.

അഞ്ജനി-കടുരോഹിണി.

അഞ്ജനിക-സ്ത്രീ. ഒരുമാതിരി ചുണ്ടെലി. ൨. സുപ്രതീകൻഎന്ന ആനയുടെ പിടി. ൩ വേദപാഠത്തിൽ അടക്കംപിടിക്കുക.

അഞ്ജലി-സ്ത്രീ. തൊഴുകൈ, കൂപ്പുകൈ. രണ്ടുകൈയുംകൂട്ടി തൊഴുതുപിടിച്ചതു്. രണ്ടുകൈയും കൂട്ടി വെള്ളം കൊള്ളത്തക്കവണ്ണം പിടിച്ചതു്.

'ചിന്മയനായ ഭഗവാനെ നാരായണനെ
അഞ്ജലികൊണ്ടുസേവിച്ചീടുന്നിവർകളും'
(ഭാഗവതം)

'അഞ്ജലികൂപ്പിയുണർത്തിച്ചാനട-
നഞ്ജനതനയകടമകനടവചനം'
(രാമായണചരിതം തുള്ളൽ)

൨. വെള്ളം എടുക്കുവാനുപയോഗിക്കുന്ന ഒരു പാത്രം. ൩. ഇരുപത്തിനാലു അംഗുലംനീളമുള്ള ആശാരിമുഴക്കോലിന്റെ പേർ. ൪. എല്ലാവിരലും നിവത്തിപ്പിടിച്ചു കൈപ്പടത്തോടുകൂടിയ കൈത്തണ്ടിന്റെ പേർ. ൫. ൨ പലം = ഒരു പ്രസൃതം, ൨ പ്രസൃതം = ഒരഞ്ജലി. ഇതിനു കുടുംബം എന്നു പറയും.

അഞ്ജലിക-ചെറിയ ചുണ്ടെലി.

അഞ്ജലികം-അർജ്ജുനന്റെ ഒരു അസ്ത്രത്തിന്റെ പേർ.

അഞ്ജലികാരിക-സ്ത്രീ. തീണ്ടാനാഴി (തീണ്ടാനാവി, മുക്കുററി). ൨. തൊട്ടാവാടി.

അഞ്ജലിബന്ധം — രണ്ടുകൈയുംകൂട്ടി തൊഴുതുപിടിക്കുക.

അഞ്ജസാ-വേഗത്തിൽ, ഉടനെ

'ഡംബരംതവഭഗ്നമായ്‌വരുമാഹവ
ശംബരാ! വരികപോരിന്നഞ്ജസാ'
(ശ്രീകൃഷ്ണചരിതം)

അഞ്ജീര(ക)ം-അഞ്ജീർ. ശീമഅത്തിപ്പഴം.

അഞ്ജീർ-അഞ്ജീർ, (തമിഴിൽ ശീമൈ അത്തിപ്പഴം).

അഞ്ഞായം-അന്യായം. അഞ്ഞായം എന്നു ഇപ്പോൾ പറയാറില്ല.

അട-(ധാതു) വഴിമറയ്ക്കുക.

അട-൧. ഒരു പലഹാരം (അപ്പം). ൨. സഞ്ചാരം, ഭിക്ഷാർത്ഥമായും മററും അവിടവിടെ സഞ്ചരിക്കുക.

'വ്രജ്യാടാട്യാപര്യടനം' അമരം.

[വ്രജ്യാ, അടാ, അട്യാ, പര്യടനം ഇവ ൪-ം, പര്യടനത്തിന്റെ പേർ.] പര്യടനം-എല്ലാ പ്രദേശങ്ങളിലുമുള്ള നടപ്പ്. അടാട്യാ എന്നു സമസ്തമായും കാണുന്നു. 'അടാപര്യടനം ഭ്രമഃ' എന്ന രത്നകോശത്തെയും 'വൃഥാട്യാംഖല്യസാതസ്യ' എന്ന പ്രയോഗത്തെയും അനുസരിച്ചു മാഹേശ്വരടീക അടാ അട്യാ എന്നു രണ്ടു പദമാക്കി പ്രതിപാദിക്കുന്നു.

൩. താഴ് (പൂട്ട്). ൪. വിളക്ക്.

അടകല്ല്-൧. അടയ്ക്കുന്ന കല്ല്. ൨. ലോഹങ്ങളെവെച്ച് അടിച്ചുപണിയുന്ന ഉരുക്കുകട്ടി.

അടക്കളം-രക്ഷാസ്ഥലം, രക്ഷ, ആശ്രയം.

അടക്കാവ്-൧. ഉരക്കരികിൽ, അടുക്കളക്കരികിൽ, അടക്കാപ്പക്ഷി. ൨. രക്ഷാസ്ഥലം.

അടക്കം-൧. ക്ഷമ.

'പെരികെയടക്കമിക്കാലമന്നിങ്ങനെ'
(രാമചരിതം)

൨. വിനയം.

'അടങ്കിയങ്ങാചന്നചെന്നെത്തൊഴുതുചൊല്ലി
ഉടങ്കിനൻപിടിപെരിന്തണന്തഴുയരെല്ലാം'
(രാമചരിതം)

൩. രഹസ്യം.

'ചരിയായിതെന്റടക്കമായവർകളൊ'
(രാമചരിതം) [ള്ളിതർ'

൪. സംസ്കാരം, ശവം അടക്കുക. ൫. മുഴുവൻ.

'പലകപറന്തടക്കംമുടിക്കും
വെൻറിവിളന്തിരിക്കും'
(രാമചരിതം)

൬. കീഴാക്കുക. ൭. അപഹരിക്കുക. ൮. ഒതുക്കം.

അടങ്ങുക-൧. സമാധാനപ്പെടുക. ൨. ചേരുക. ൩. കൊള്ളുക. ൪. താഴുക.

അടങ്കൽ-൧. ഒരു പണിവകയ്ക്കു ആകെപ്പാടെ നിശ്ചയിക്കുന്ന ചെലവുതുക. ൨. മുഴുവൻ.

അടത്തുന്നു-പിഴുന്നു, മുറിച്ചുചുട്ടുകുന്നു, വെട്ടിയെടുക്കുന്നു.

അടച്ചുപാററി-അടപലക.

അടച്ചൂററി-അടപ്പ്, അടയ്ക്കുന്നപലക.

അടനം-സഞ്ചാരം, ചുററിത്തിരിയുക. അട എന്ന ശബ്ദം നോക്കുക.

അടന-യാചിക്കുക.

'യാച്ഞാഭിക്ഷാടനാർദ്ദനാ' (അമരം)

[യാച്ഞാ, ഭിക്ഷാ, അടനാ, അർദ്ദനാ ൪-ം, യാചിക്ക എന്നതിന്റെ പേർ]

അടനി-വില്ലിന്റെ തല, വില്ലിന്റെ അററം, വില്ലിന്റെ അഗ്രം. ഞാൺ ഇതിനെ പ്രാപിക്കുന്നതിനാൽ ഈ പേർ വന്നു.

അടന്ത-ഒരു താളം.

അടപതിയൻ-ഒരു പച്ചമരുന്ന്.

ഇതിനെ അടപ്പതിയൻ, അടകതിയൻ, അടവതിയൻ ഇങ്ങനെ പലവിധം പറയുന്നു.

'ജീവന്തീജീവനീജീവാജീവനീയമധുസ്രവാ' അമരം.

[ജീവന്തി, ജീവനി, ജീവ, ജീവനീയ, മധുസ്രവ ഇവ അടപതിയന്റെ പേരുകൾ. മധു, സ്രവ എന്നു രണ്ടിന്റെയും പാഠമുണ്ട്.]

'ജീവന്തീസ്യാജ്ജീവനീജീവനീയാ
ജീവജീവ്യാജീവകജീവിദാത്രീ'

ശാകശ്രേഷ്ഠാജീവഭദ്രാചഭദ്രാ
മാംഗല്യാചക്ഷുഷ്യജീവായശസ്യാ
ശൃംഗാടീജീവപുഷ്പാച
കാഞ്ജികാശശശിംബികാ
സുപിംഗലാതിജീവന്തീ
ജ്ഞേയാ അഷ്ടാദശാഭിധാ'

അടപതിയന്റെ ഇല പുഴുങ്ങിത്തിന്നാൽ രക്തസ്സുകാണുന്നതു ശമിക്കും. ഓജസ്സിനെ വർദ്ധിപ്പിക്കും. ദേഹപുഷ്ടിയെ ചെയ്യും. ഒച്ച നന്നാക്കും. ഗുരുത്വമുള്ളതാണ്. ശുക്ലത്തെ അധികമാക്കും. യൌവ്വനത്തെ അധികകാലം നിറുത്തും. കണ്ണിന് ഹിതമാണ്. സകല ദോഷങ്ങളേയും ഇല്ലാതാക്കും. രസം മധുരവും വീര്യം ശീതവുമാണ്. [യന്തീ 'ജീവനീയ്യാഹണീകണ്ഠ്യാഗുർവ്വീവൃഷ്യാരസാ ചക്ഷുഷ്യാസർവ്വദോഷഘ്നീജീവന്തീമധുരാഹി (അഷ്ടാംഗഹൃദയം) [മാ'

അടപലക-നാ. കഞ്ഞിയും ചോറും വാർതിരിപ്പാൻ ഉപയോഗിക്കുന്ന പാത്രം.

പാത്രത്തിന്റെ വക്കിൽ ഈ പലക വച്ചാണ വാർക്കുന്നത്. ചിലേടത്തു പുറ്റിയാമി എന്നു പറയുന്നു. പിച്ചളകൊണ്ടു ഈയിട ചിലതു കാണുന്നുണ്ട്. അതിനെ ചിപ്പിലി എന്നു വിളിക്കുന്നു. ഇത് അരിവടിക്കുന്നതിനും ചോറ വിളമ്പുന്നതിനും ഉപയോഗിക്കുന്നു. ചോറ വിളമ്പുന്നതിൽ ചാരം കാണുകയില്ല.

അടമ്പ്-ഒരുവക വള്ളി. അടുമ്പ് എന്നു ചിലദിക്കിൽ പറയുന്നു.

അടപ്പ്-നാ. അടയ്ക്കുന്ന സാധനം, ഭരണിയും കുപ്പിയും മറ്റും തുറന്നുകിടക്കാതെ മൂടിവയ്ക്കുന്നതിനുള്ള വസ്തു. ഉ. അടയ്ക്കുന്ന സ്ഥിതി.

അടപ്പൻ, അടപ്പം-നാ. നൂറ (ചുണ്ണാമ്പ്) ഇട്ടുവയ്ക്കുന്ന പാത്രം. ഉ. വെറ്റില പാക്ക മുതലായവ ഇട്ടുവയ്ക്കുന്ന സഞ്ചി. ന. ക്ഷുരകന്മാർ കത്തിയും മറ്റും ഇട്ടു സൂക്ഷിക്കുന്ന ഉറ.

അടപ്പാംകുരു-കന്നുകാലികൾക്കുള്ള ഒരു വ്യാധി.

[ഇതു പകരുന്നതാണ്. മൃഗങ്ങളിൽനിന്നു മനുഷ്യർക്കും പകരും. ആടു മാടുകളേയും കുതിരകളേയും നശിപ്പിക്കുന്ന അസാദ്ധ്യരോഗമാണ്. ഇതിനെ നാ. സന്നിപാതോദരഗ്രന്ഥി. ഉ. നൊണ്ടിവീക്കം. ന. ശംഖപിടകം. ഇ. ബ്രാംക്സി. ഔ. വിഷജ്വരം. ന്യ. രാജകുരു ഇങ്ങിനെ തരംതിരിച്ചിരിക്കുന്നു.]

അടപ്പുക്കാരൻ-വെറ്റിലയും പാക്കും എടുത്തുകൊടുക്കുന്ന വേലക്കാരൻ.

അടപ്രഥമൻ-ഒരു മധുരക്കറി.

പഴപ്രഥമൻ, പരിപ്പുപ്രഥമൻ, ചക്കപ്രഥമൻ, കടലപ്രഥമൻ, അവൽപ്രഥമൻ, പാൽപ്രഥമൻ, ഗോതമ്പുപ്രഥമൻ, ചവ്വരിപ്രഥമൻ ഇത്യാദി പലവിധമുണ്ട്. ചേന, മത്തങ്ങ, ശീമച്ചക്ക, ഉരുളക്കിഴങ്ങ മുതലായ ഓരോന്നുകൊണ്ടും ഈയിട പ്രഥമൻ ഉണ്ടാക്കാറുണ്ട്. ഈയിട അമേരിക്കൻമാവുകൊണ്ടാണ് അധികമായി അടപ്രഥമൻ പാകംചെയ്തു കാണുന്നത്.

അടമഴ-ഇടവിടാതെയുള്ള വർഷം.

അടമാങ്ങ-നല്ലവിളഞ്ഞ പച്ചമാങ്ങ നുറുക്കി ഉപ്പുംഇട്ടു വയ്ക്കുകയും, ഉപ്പുപിടിക്കുമ്പോൾ വെയിലിൽഇട്ട് ഉണക്കുകയും ചെയ്യുന്നു. ഇങ്ങിനെ എടുക്കുന്ന മാങ്ങയ്ക്ക് അടമാങ്ങ എന്നു പേർ.

അടമാനം-നാ. അടയ്ക്കുന്ന സാധനം. ഉ. ഈട (പണയം). ന. ജാമ്യം.

അടമാറി-ഞാറ്റടി (ഞാറ വളർത്തുന്ന ചെറിയ വയൽ. ഇതിനെ ചില ദേശങ്ങളിൽ പള്ളത്തായൽ, പള്ളിയാൾ, പള്ളയാലി, പള്ളിമണായൽ ഇങ്ങിനെ പലവിധം പറയുന്നു. ഉ. ഭൂമിയുടെ നിരപ്പില്ലായ്മ.

അടയ, അടയെ-മുഴുവൻ, എല്ലാം.

'പൊരുതുപാർത്ഥനെക്കൊലചെയ്തുപോരിൽ
പൊരുതവനല്ലൂതടയനൽകവൻ'
(ഭാരതം)

അടയർ-ശത്രുക്കൾ.

അടയലർ-ശത്രുക്കൾ.

അടയാളം-വ്യത്യാസം അറിയിപ്പാനുള്ള ലക്ഷ്യം, പദാർത്ഥത്തെ കാണിച്ചുതരുന്നതു്.

'കളങ്കാങ്കൌ ലാഞ്ഛനഞ്ച
ചിഹ്നം ലക്ഷ്മ ച ലക്ഷണം' (അമരം)

[കളങ്കം, അങ്കം, ലാഞ്ഛനം, ചിഹ്നം, ലക്ഷ്മ, ലക്ഷണം ഇവ ൬ ം, അടയാളത്തിന്റെ പേർ. ലക്ഷണം എന്നതിനു ലക്ഷ്മണം എന്നും പറയാം].

അടയാളവാക്ക്-അടയാളത്തെ പ്രദർശിപ്പിക്കുന്ന വാക്ക്.

'എന്നുടെകാര്യത്തിനൊക്കിൽപ്രമാണംനീ
യെന്നിയേ മററാരുമില്ലെന്നു നിർണ്ണയം
പിന്നെ 'അടയാളവാക്ക്' മതാം ചെയ്തു
മന്നവൻപോയാലുമെന്നയച്ചീടിനാൻ'

എന്ന് അദ്ധ്യാത്മരാമായണത്തിൽ പറയുന്ന * അടയാളവാക്ക് ഒരു ഉദാഹരണമാകുന്നു ഇതു് ശ്രീരാമൻ ഹനുമാനോടു പറഞ്ഞതായ ...ന്നതാണ്.

* പഞ്ചവടിയിൽവച്ചു് 'രാവണൻവന്നു നിന്നെകൊണ്ടുപോകും; അതുകൊണ്ടു് നീ അഗ്നിയിൽ മറഞ്ഞിരിക്കണം; മായാസീതയെ ആശ്രമത്തിലാക്കണം' എന്നു ശ്രീരാമൻ സീതയോടു കല്പിച്ചതു്.

അടയുക-ക്രി. നിറയുക, മൂടുക.

'ചെകിടടയുമാറാരവം വാദ്യങ്ങൾ'
(ഭാരതം)

൨. പ്രവേശിക്കുക, ശമിക്കുക.

അടയ്ക്ക-പാക്ക്, കവുങ്ങിന്റെ കായ്.

പൂഗന്തു ചിക്കണീ ചിക്കം
ചിക്കണം ശ്ലക്ഷ്ണകം ഘടം
ഉദ്വേഗം ക്രമുകഫലം
ജ്ഞേയം പൂഗഫലം വസു'

എന്നു അടയ്ക്കയുടെ പര്യായങ്ങൾ. വെററിലയുമുമ്പായി അടയ്ക്ക തിന്നരുതു്. അങ്ങിനെ തിന്നുന്നവൻ ബുദ്ധിയില്ലാത്തവനും ദരിദ്രനുമാകും. മരണകാലത്തു് ഈശ്വരസ്മരണയും ഉണ്ടാകയില്ല.

'അനിധായ മുഖേ പർണ്ണം പൂഗം ഖാദതി യോ നരഃ
മതിഭ്രംശോ ദരിദ്രസ്യാദന്തേ സ്മരതി നോ ഹരിം'
എന്നു പ്രമാണം.

അടയ്ക്കാക്കത്തി-പാക്കുവെട്ടി, പാക്കുവെട്ടുന്നതിനുള്ള കത്തി (ആയുധം).

അടയ്ക്കാമണിയൻ-ഒരുമാതിരിയുള്ള (ചെടി). ഇതു വയലുകളിലും മററും കിട്ടും.

അടയ്ക്കാമരം-കവുങ്ങ്, പാക്കുകായ്ക്കുന്ന വൃക്ഷം.

'പൂഗസ്തു പൂഗവൃക്ഷശ്ച ക്രമുകോ ദീർഘപാദപഃ
ഉദ്വേഗോ വല്കതരുശ്ചിക്കണശ്ച മുനിപ്രിയ'
എന്നു കവുങ്ങിന്റെ പര്യായങ്ങൾ.

'ഘോണ്ടാ തു പൂഗഃ ക്രമുകോ
ഗുവാകഃ ഖപുരോസ്യ തു' അമരം

[ഘോണ്ട, പൂഗം, ക്രമുകം, ഗുവാകം, ഖപുരം ൫ ം കവുങ്ങിന്റെ പേർ. 'ഗുവാ ഗോപി ച ഗുവാകഃ' എന്നു ശബ്ദഭേദവചനമുള്ളതിനാൽ ഗുവാകം എന്നും പറയാം]

അടസ്സുക-മൂടുക, പൊതിയുക, നിറയ്ക്കുക

അടർ-യുദ്ധം, അടൽ.

അടരു-ക്രി. അടക്കുക, നാമം. ൨. ഒഴുകിയ വെള്ളം മണലും കല്ലും അടരടരായി വിട്ടിരിക്കുന്നതിലുള്ള ഗന്ധത്തിന്റെ പേര് എന്നു കൃഷിശാസ്ത്രം പറയുന്നു.

അടരുക-പൊളിഞ്ഞു വീഴുക, ഇളകി വീഴുക.

അടരൂഷം- ആടലോടകം. വഴിപോകുന്നവർ തിന്നാതിരിക്കുന്നതുകൊണ്ടു് ഈ പേർ സിദ്ധിച്ചു

[ഇതിന് അടരൂഷകം എന്നും ആടരൂഷകം എന്നും പാഠാന്തരങ്ങളുണ്ടു.

ചര്യായങ്ങൾക്ക് ആടലോടകം എന്ന ശബ്ദം നോക്കുക.]

അടച്ച്-അടഞ്ഞ സ്ഥിതി.

അടത്തുക- പൊളിക്കുക (അടത്തി= പൊളിച്ചു)

'മരുവചർവിക്രമവൃക്ഷമശേഷം
കരത്തിയടത്തുനശിപ്പിച്ചുടനെ'

(ഉത്തരരാമായണം ചമ്പു)

അടപ്പ്-അടച്ചെടുത്ത കഷണം, പൂള്.

അടൽ-യുദ്ധം.

'കടിലമതേ! പടപൊരുവതിനടമയൊ
ടടൽനിലമതിൽവാടാ'

(കീചകവധം കഥകളി)

'അപടുതയൊടടൽനടുവി-
ലിടയൊട്ടുധനഞ്ജയൻ'

(ഭാരതം)

അടൽ-വി. കൊല്ലുന്ന.

'അടലിടിപോലെ നാദംചെയ്യാൻ'

(ഭഗവൽഗീത)

[അടൽ എന്നതിനു യുദ്ധം എന്നും അർത്ഥമുണ്ട്. 'അടർ' എന്നു ഭാഷയിൽ രൂപാന്തരം.]

അടൽകരി-കൊലയാന(കൊല്ലുന്നആന)

'അടൽകരിക്കൂട്ടംകണ്ടചെറിനചിങ്കംപോലെ'

(രാമചരിതം)

അടൽകിടയ്ക്കുക-പോരിൽ എതിർക്കുക.

'ചിവനോടുമടൽകിടയ്ക്കാം
ചീർമചേർകരങ്കളുള്ളോൻ'

(രാമചരിതം)

അടൽക്കളം-യുദ്ധാങ്കണം, പടനിലം

അടൽത്തറ-യുദ്ധാങ്കണം, പടനിലം.

അടൽനിലം-യുദ്ധാങ്കണം, പടനിലം.

അടൽമഴ-ഇടവിടാത്ത മഴ, അടമഴ.

അടല-വി. ഇളക്കമില്ലാത്ത, ഉറപ്പുള്ള.

അടലാർ-പു.ശത്രുക്കൾ ഉ.യോദ്ധാക്കൾ.

'പിണഞ്ഞുമടലർപുറപ്പാടുനാക്കിത്തിറം'

(രാമചരിതം)

അടലാശ്രു ആടലോടകം.

അടലിട-യുദ്ധത്തിൽ.

അടവഴി-അടച്ചിട്ടുള്ളവഴി, ഒരിക്കൽ വഴിയായിരുന്ന് പിന്നീട് അടച്ച വഴി.

അടവി-കാട്. (സാധാരണയുള്ളത്). മൃഗങ്ങളും കിരാതന്മാരും, നായാട്ടിനായി മററുള്ളവരും സഞ്ചരിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു. കർണ്ണാടകത്തിലും തെലുങ്കിലും അഡവു എന്ന് പറയുന്നു. (പര്യായത്തിനു കാട് എന്ന ശബ്ദം നോക്കുക.)

'അവരെവില്ലുമായടുത്തുകാണുമ്പോ-
ളവനിമുട്ടപ്പാഞ്ഞടവിയേട്ടം നീ'

(ഭാരതം)

അടവികൻ— വനംവിചാരിപ്പുകാരൻ, വനചരൻ, കാട്ടാളൻ.

അടവിക്കച്ചോലം-ഒരു ഔഷധി.

ഇത് വിഷം, രക്തദോഷം, കുഷ്ഠം, ചൊറി, വ്രണം, കൃമി, വായുക്ഷോഭം, നാസാരോഗം, മുഖരോഗം ഇവയെ ശമിപ്പിക്കും ഉഗ്രഗന്ധമുള്ള ഒരു ധൂപദ്രവ്യമാകുന്നു.

'.........................രാക്ഷസീ
ചണ്ഡാധനഹരീക്ഷേമ
ദുഷ്പത്രഗണഹാസകൾ'

രാക്ഷസി, ചണ്ഡ, ധനഹരി, ക്ഷേമം, ദുഷ്പത്രം, ഗണഹാസകം ൬-ം പര്യായങ്ങളാകുന്നു. ഇതിനെ കരുകച്ചോലം, ചെറുകച്ചോലം, അടവിക്കച്ചൂരം, കാട്ടുകച്ചോലം, ചണ്ഡക്കിഴങ്ങ് എന്നും മററും കൂടി പറയാറുണ്ട്.

അടവീലതാ-കാട്ടുവള്ളി.

'അടവീലതയാഗുണൈസ്സ്വകീയൈഃ'

(അഭിജ്ഞാനശാകുന്തളം)

അടവ്-അഭ്യാസരീതി, യുദ്ധസമ്പ്രദായം, മുറ.

'പടയണിനടുവിലൊരടവുപിടിപ്പാൻ
പടുതയറിയുമതില്ലാത്തവനടെ'

(പ്രദോഷമാഹാത്മ്യം തുള്ളൽ)

അടാ- അടുക്കുന്നതല്ല, യോഗ്യമല്ല

അടാട്യ- സഞ്ചാരം. (അട എന്ന ശബ്ദം നോക്കുക).

അടാത്തോർ- അടുക്കാത്തവർ

'മന്നവനരക്കത്തുപൃക്കമറവിതൻപുരമടാത്തോർ'
(രാമചരിതം)

അടാപിടി- വെറുതേ വഴക്കുണ്ടാക്കുക, വല്യംവലി, ക്രമക്കേട്.

അടാംപിടി- മുറയ്ക്ക്, യഥാക്രമം. അടവാംപടി എന്നും കാണുന്നു.

അടാവഴി- കടക്കാൻപാടില്ലാത്ത വഴി, ദുർഘടമായ വഴി.

അടാത്ത- വി. തെറ്റായ, അടാത്തതു ചെയ്ക=തെറ്റുചെയ്ക.

അടി- പ്ര. പാദം. ൨. തല്ല്. ൩. കാൽചുവടുകൊണ്ടുള്ള അളവ്. ൪. താഴ്ന്നവശം.

അടികലശൽ- അടിക്കയും ശണ്ഠകൂടുകയും മറ്റും ചെയ്ക. അക്രമത്തിനായുള്ള ഒരുമ്പാടോ ദേഹോപദ്രവമോ കാണിച്ചാൽ ശിക്ഷാനിയമപ്രകാരം ഒരു കുറ്റമാകുന്നു. തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പ് ൩൨൨.

അടിതിരി- ആഹിതാഗ്നിയുടെ പേർ. ആധാനം എന്ന കർമ്മം ചെയ്തവനു അടിതിരി എന്നു ഭാഷ. അക്കിത്തിരിക്കു അടുത്ത സ്ഥാനമുള്ള ആൾ.

[അഗ്നിചിത്ത്, അഗ്നിയെ ചയിച്ചവന്റെ പേരെന്നും ഭാഷ അക്കിത്തിരി എന്നും കാണുന്നുണ്ട്.]

അടിയ്ക്കടി- പിന്നതല്ല്, പിന്നെയും പിന്നെയും, പലപ്രതി, കൂടക്കൂടെ.

അടിക്കാട്ട്- ചൂലുകൊണ്ടു അടിച്ചുകൂട്ടിയതിന്റെ പേർ, ചൂലുകൊണ്ടു അടിച്ചുകളയപ്പെട്ടതിന്റെ പേർ.

'സങ്കാരോവകരസ്തുല്യൌ' (അമരം)

സങ്കാരം, അവകരം ൨-ം, ചൂലുകൊണ്ടു അടിച്ചുകൂട്ടിയ അടിക്കാട്ടിന്റെ പേർ 'സംസ്കാരാവകരൌ' എന്നു 'സങ്കാരാവകരൌ' എന്നും പാഠം.

അടിക്കുക- തല്ലുക, വീശുക, അറയുക.

അടിത്തലമണ്ണ്- അടിപ്പാറയുടെ മുകളിൽമണ്ണുണ്ടായസ്ഥലത്തുകിടക്കുന്നമണ്ണ്.

മണ്ണിന്റെ ഗുണം പാറകളുടെ ഗുണത്തെ ആശ്രയിച്ചിരിക്കും. മണ്ണു പാറകളിൽനിന്നു ഉത്ഭവിക്കുന്നതാണല്ലൊ. അടിത്തലമണ്ണ് കോയമ്പുത്തൂർ മുതലായ ചില ജില്ലകളിലുള്ള ഉയർന്ന ഭൂമികളിൽ കാണുന്നുണ്ട്. ഈമണ്ണ് അതിന്റെ ഉത്ഭവത്തിനു കാരണമായ പാറയുടെ മേൽ ഘനംകുറഞ്ഞ അട്ടിയായി കിടക്കുന്നതു നിമിത്തം അതിൽ ചെടികൾ നല്ലപോലെ വളരുന്നില്ല.

അടിച്ചരക്ക്- പ്ര. കപ്പൽ മുതലായവയെ സ്ഥിരഗതിയാക്കുന്നതിനു അടിയിൽ കയറ്റുന്ന ഭാരം, അടിയിലിടുന്ന സാമാനം. ൨. പലവെഞ്ജനംമുതലായവയുടെ അടിൽ കിടക്കുന്ന ഉച്ഛിഷ്ടം മുതലായവ; അതായതു മുളകിന്റെ തൊലി, മഞ്ഞളുടെ പൊടി എന്നിത്യാദി. മരുവാണികൾ സാമാനങ്ങൾക്കു കുറിച്ചുകൊടുക്കുമ്പോൾ 'അടിച്ചരക്കു' എന്നുകൂടി എഴുതാറുണ്ട്.

അടിച്ചിൽ- പ്ര. എലിയെപിടിക്കുന്ന ഒരു യന്ത്രം, ൨. വീണു നിലത്തോടുപറ്റുക.

അടിച്ചിപാര, അടിച്ചാറ്- അടിച്ചുവാരാനുള്ള ചൂലുണ്ടാക്കുന്ന ഇർക്കിൽ എണ്ണ മുതലായതു അരിക്കാനുള്ള കോച്ചട്ട(ട്ടു) പന്തത്തിനും മറ്റുമുള്ള കൊളുത്ത്, ചൂട്ടു, ഓല മുതലായവ.

അടിതോൽ- രാജാക്കന്മാരോടു ജനങ്ങൾ വസ്തും എന്നതിനു പകരംപറയുന്ന ഒരു വാക്കു (ചില താഴ്ന്ന ജാതിക്കാർ ഉൽകൃഷ്ടജാതിക്കാരോടും ഇങ്ങിനെ പറയാറുണ്ട്. അടിയങ്കിൽ എന്നുംപറയും)

രാജാക്കന്മാരോടു ജനങ്ങൾ ഉപയോഗിപ്പാനുള്ള ഏതാനും വാക്കുകൾ താഴെ ചേർക്കുന്നു.

ചതി=കല്ലറ.

അപ്പൻ=തന്തപ്പുഴവൻ.

അനന്തരവൻ = അനന്തരവക്കിടാത്തൻ.
എഴുതുക = കൈക്കുററപ്പാട്ടുചെയ്യുക.
കഞ്ഞി = കരിക്കാടി.
കാരണവൻ = കാരണവപ്പഴവൻ.
ഗൃഹം = കപ്പപ്പാട്.
ഞാൻ = അടിയൻ.
തള്ള = പഴന്തള്ള.
പോക = വിടകൊള്ളുക.
മകൻ = മകൻകിടാത്തൻ.
മുണ്ട് = അടിത്തുകിൽ (അടിതോൽ)
മരിക്കുക = കാട്ടുമറയുക.
രാജാക്കന്മാരെ സംബന്ധിച്ചു ജനങ്ങൾ ഉപയോഗിപ്പാനുള്ളവാക്കുകൾ:
ഉപനയനം = തിരുമാടമ്പ്.
ഊണ് = അമൃതേത്ത്.
ഊണില = അടീക്കലം.
ഓടം = പള്ളിഞ്ഞോട്ട്, പള്ളിഓടം.
കുളി = നീരാട്ടുപള്ളി.
കെട്ടുകല്യാണം = പള്ളിക്കെട്ട്.
ഗർഭം = തിരുവയർ വാഴ്ക.
ദീനം = ആലസ്യം.
പല്ലുതേക്കുക = തിരുമുത്തു വിളക്കുക.
ഭാര്യ = അമ്മ (അമ്മച്ചി)
ഭാര്യാഗൃഹം = അമ്മവീട്.
മരണം = നാടുനീങ്ങൽ.
മകൻ = തമ്പി.
മകൾ = പൊന്നമ്മ.
മൂത്രവിസർജ്ജനം = നീപ്പള്ളി.
യാത്ര = എഴുന്നള്ളത്ത്.
ശവസംസ്കാരം = പള്ളിയടക്കം.
സന്തോഷം = തിരുവുള്ളം (കരുണ)

അടിനാശം-അടിയറവ്.

അടിപണിയുക-വണങ്ങുക, കുമ്പിടുക.

അടിപതറുക-നടുങ്ങുക.

അടിപിടി-ശണ്ഠ, അടികലശൽ, അടിക്കയും പിടിക്കയും ചെയ്യുക.

അടിപെടുക-അകപ്പെടുക, അടിയിൽ വീഴുക, വീഴുക.
'പടുതരവിദഗ്ദ്ധനാം ഗൃധ്രനാംപാശത്തി
ലടിപെടുമൊരിക്കലെന്നോർത്തുകൊൾക
(പഞ്ചതന്ത്രം) [ഭാവാൻ'

അടിത്തട്ട്-൧. കീഴിലുള്ള (താഴെയുള്ള) തട്ടുപലക. ൨. ചുവട്ടിലെ ഭാഗം.

അടിത്തളിർ-൧. അടി, പാദം ആകുന്ന തളിർ. ൨. തളിരുപോലെ മൃദുത്വമുള്ള പാദം. (കാൽചുവടിനെ ബഹുമാനിച്ചു പറയുന്ന ഒരു വാക്ക്). ൩. പാദം.

അടിത്താർ-പൂപോലെ മൃദുത്വമുള്ള പാദം. (മുന്നർത്ഥം നോക്കുക.)

അടിത്തുകിൽ-മുണ്ട് (അടിതോൽ നോക്കുക.)

അടിപ്പടവ്-അടിവാരം, അസ്ഥിവാരം കെട്ടിടത്തിനും മററും അടിയിൽ കല്ലു കെട്ടിയുറപ്പിക്കുന്നത്.

അടിപ്പാട്-൧. കീഴ്വശം. ൨. അടി നിമിത്തമുണ്ടായ പാട് (വടിവ്.)

അടിപ്പായൽ-൧. അടിയിലുള്ള പായൽ (ചണ്ടി). ൨. ഒരുമാതിരി കളി.

അടിപ്പ്-൧. അടിച്ചുണ്ടാക്കുക, തകിടു മുതലായവ അടിച്ചുണ്ടാക്കുക. ൨. അടിച്ചുണ്ടാക്കിയ സാധനം.

അടിപ്രമാണം-കീഴ്പ്രമാണം.

അടിമ-ദാസ്യവൃത്തിചെയ്യുന്നവൻ(ൾ), കീഴ്പ്പെട്ടവൻ(ൾ).

അടിമക്കച്ചവടം-അടിമകളെ വില്ക്കുക.
പണ്ടു തിരുവിതാംകൂറിൽ അടിമക്കച്ചവടം ഉണ്ടായിരുന്നു. [illegible] ൧൦൩൦- അടിമക്കച്ചവടം [illegible] തിരുവെഴുത്തുവിളംബരം ഉണ്ടായി തിരുവിതാംകൂറിലെ അടിമക്കച്ചവടം തീരെ ഇല്ലാതായതു എ. ഡി. ൧൮൫൫-ൽ ആകുന്നു.

അടിമണ്ണ്-കൃഷിശാസ്ത്രപ്രകാരമുള്ള ഒരു തരം മണ്ണ്.

ഇതു സാധാരണ ഒരു മങ്ങിയ നിറത്തിലുള്ളതാണ്. മേൽ മണ്ണിൽനിന്നും ഫലസമൃദ്ധിയിൽ ഭേദഗതിയുള്ളതാകുന്നു. അടിമണ്ണു കട്ടപ്പുള്ള കളിയായോ ചരലായോ കല്ലായോ ഇരുന്നാൽ അത്രഫലവത്തല്ല. ചിലതിൽ വളം വളരെ കീഴ്പെട്ടു വലിച്ചു വേരുകൾക്കു കിട്ടാതാകും. വളം വളരെ പ്രാവശ്യം ചേർക്കുന്നതിനാൽ ഈ മാതിരി മണ്ണിനെ 'ആർത്തിപിടിച്ച മണ്ണ്' എന്നു പറയുന്നു.

അടിമപ്പണി-അടിമകളുടെ പണി, (വേല), കീഴടങ്ങിയവൻ ചെയ്യാനുള്ള തൊഴിൽ.

അടിമപ്പെടുക-കീഴ്പ്പെടുക, വരുതിയിൽ ഉൾപ്പെടുക.

അടിമയാധന-അടിമകൾക്കു കരം ഒഴിവായി കൊടുത്തിട്ടുള്ള നിലം പുരയിടം മുതലായവ.

അടിമയോല-അടിമകളെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതിന് എഴുതുന്ന പ്രമാണം.

അടിമരം-തായ്മരം.

അടിമലർ-പുഷ്പംപോലെ മൃദുവായ പാദം.

അടിമവേല-അടിമകൾ ചെയ്യുന്ന തൊഴിൽ.

അടിമുടി-പാദം മുതൽ തലവരെ (പാദാദികേശം).

'കണ്ണൻകാണിക്കിടക്കുന്നടിമുടിമുഴുവൻ
മൂടിമണ്ണിൽക്കലർന്നു'

(അജ്ഞാതവാസം നാടകം)

അടിമുണ്ട്-അരയിൽ ഉടുക്കുന്ന മുണ്ടു (വസ്ത്രം.) കോണകത്തിനും (കൌപീനത്തിനും) ചിലർ അടിമുണ്ടെന്നു പറയുന്നു.

അടിയൻ-അടിമക്കാരൻ.

അടിയന്തു, അടിയന്തിരം-പ്ര. ആഘോഷം, കെട്ടുകല്യാണം, പുലകുളി മുതലായ മുടക്കാൻ വയ്യാത്ത കർമ്മം. ഉ. അവസരം. ന. നിർബന്ധം, അത്യാവശ്യം.

അടിയളവു-പാദം (കാൽച്ചുവടു) കൊണ്ട് അളക്കുക, സമയം അറിയാൻ നിഴൽ അളക്കുക.

അടിയറ പദവി (സ്ഥാനമാനം) അവകാശം എന്നിവ നേടുന്നതിനും മററും സർക്കാരിലേക്കു കൊടുക്കുന്ന ഫീസ് (ആദായം).

അടിയറവു-ചതുരംഗപ്പോരിൽ തോല്പിക്കുന്ന കരുതള്ളൽ.

അടിയാത്തി(ട്ടി), അടിയാൾ-അടിമക്കാരി.

അടിയാൻ-അടിമക്കാരൻ. അടിയം = അടിയൻ. (ഉ-ം അടിയത്തിനപ്രയാസം)

അടിയാർ-പ്ര. അടിമകൾ. ഉ. അടിവണങ്ങുന്നവർ.

അടിയാർ > < കടിയാർ.

'അടിയാരെക്കുറിച്ചേറ്റം കരുണയും
കഠിനദുഷ്ടരോടേറ്റം കോപവും'

(ഭാരതം)

ന. ബ്രാഹ്മണജാതിക്കാരുടെ ഭൃത്യ. ർ. ബ്രാഹ്മണജാതിക്കാർ.

അടിയാർപാട്ടം- ജന്മികൾക്കു കൊടുക്കുന്ന പഴയ ഒരുതരം കരം.

അടിയായ്മ-ദാസ്യം, ദാസവൃത്തി, അടിമയുടെ സ്ഥിതി.

അടിയിടുക-ആരംഭിക്ക, അടിയ്ക്കുക.

അടിയുരുളുക-വരുക നടക്കുക പോകുക എന്നതിന പകരം താഴ്ന്നജാതിക്കാർ ഉൽകൃഷ്ടജാതിക്കാരോടു പറയുന്ന വാക്ക്.

അടിയില-ദേവന്മാർ ക്ഷേത്രത്തിൽ ഉപയോഗിക്കുന്ന ഇല. അരിയിലയും (ശ്രാദ്ധത്തിന.)

അടിയുക-പ്ര. താഴ്ന്ന് അമരുക, അടുക, ചേരുക.

'ദീനാരോട്ടകനടിഞ്ഞു വാഴ്കവെ
ശീലമൻപുകലരും ഭവാൻ'
(ഉത്തരരാമായണം ചമ്പു)

വ. ജലത്തിലെ വസ്തു കാററടിച്ചു കരയ്ക്കുവന്നു ചേരുക ന. നശിക്കുക ൪. അടിക്കുക,

**അടിയേൻ**-ഇതു അടിയൻ എന്നതിൻെറ പൂർവ്വരൂപമാണു്. അടിമക്കാരൻ.

'നിറമെഴുമാഴിയങ്ങുകൊണ്ടു
ത്തെടുത്തതൊഴിൽചെയ്തുക്രന്തൽ
ച്ചെഴുമണിയും തരിത്തടിയേൻ
തിരിച്ചിങ്ങുമീണ്ടിതെൻെറ'
(രാമചരിതം)

**അടിയോടിമാർ**-നായന്മാരിൽ ഒരു വകക്കാർ. (പ്രധാനമായി കടത്തുവനാട്ടിൽ).

**അടിവയറു**- പൊക്കിളിൻെറ (നാഭിയുടെ) കീഴ്‌വശം.

**അടിവയ്ക്കുക**-പതുക്കെ നടക്കുക.

**അടിവഴുക്കൽ, അടിവഴുതൽ**-പാദം (ചുവടു) തെററുക. (ചരക്കുക, വീഴുന്നതിനു തുടങ്ങുക).

**അടിവഴുക്കുക, അടിവഴുതുക**-ചുവടു തെററുക (ചരക്കുക).

**അടിവാനം**-അസ്ഥിവാരം. കെട്ടിടംമുതലായവയ്ക്കു അടിയിൽചെയ്യുന്നകല്പണി.

**അടിവാരം**-പ്ര. കുന്നു മല ഇവയുടെ താഴ്‌വര. വ. താഴ്‌ന്നപ്രദേശം. ന. വൃക്ഷത്തിൻെറ ചുവടു.

**അടിസ്ഥലം**-കീഴ്‌നിലം.

**അടിസ്ഥാനം**-അടിവാനം, കെട്ടിടം മുതലായതു പണിയുമ്പോൾ ബലത്തിനു ചുവട്ടിൽ ചെയ്യുന്ന കല്പണി.

**അടീ**-തന്നിലിളയതായ സ്ത്രീകളെ വിളിക്കുന്ന വിധം. ചിലർ 'എടീ' എന്നു വിളിക്കുന്നു, ഇതു നന്നു്. അടാ എന്ന ശബ്ദം നോക്കുക.

**അടീക്കലം**-രാജാക്കന്മാർ അമൃതേത്തു കഴിക്കുന്നതിനിടുന്ന ഇലയും മററും.

**അടുക്കൽ**-സമീപത്തു, അരികെ.

**അടുക്കള**-അരിയും കറിയും മററും പാകം ചെയ്യുന്ന മുറി (പുര), മടപ്പള്ളി.

'സമാനൌരസവത്യാന്തു
പാകസ്ഥാനമഹാനസേ' (അമരം)

രസവതി, പാകസ്ഥാനം, മഹാനസം ൩-ം അടുക്കളയുടെ പേർ.

**അടുക്കളക്കാരൻ**- അരിവയ്പുകാരൻ.

**അടുക്കളപ്പൂങ്കാവു**-ഗൃഹത്തിലെ പൂങ്കാവു്. ഉമ്മറപ്പൂങ്കാവു് എന്നും പറയുന്നു.

'ഗൃഹാരാമസ്തു നിഷ്കുടഃ'

ഗൃഹാരാമം, നിഷ്കുടം ൨-ം, അടുത്തുള്ള പൂങ്കാവി (ഗൃഹത്തോടു ചേർത്തു വച്ചുപിടിപ്പിച്ചുണ്ടാക്കുന്ന പൂന്തോട്ടത്തി)ൻെറ പേർ.

**അടുക്കളവിചാരിപ്പു്**-അരിയുംകറിയും പാകം ചെയ്യുന്നവരുടെ മേലധികാരി, മടപ്പള്ളി വിചാരിപ്പു്.

[അടുക്കള എന്ന പദത്തിൻെറ പര്യായങ്ങളിൽ ഓരോന്നിനോടും 'അദ്ധ്യക്ഷൻ' എന്ന ശബ്ദം കൂടി ചേർത്താൽ 'അടുക്കളവിചാരിപ്പുകാരൻ' എന്നർത്ഥം വരും].

**അടുക്കു്** - മുറയ്ക്കുള്ള ഇരിപ്പു്, നിര, ഒപ്പം, ക്രമം.

**അടുക്കളക്കരികിൽ**-ഒരുതരം ചെറിയ കരികിൽ (പക്ഷി).

**അടുക്കളപ്പുര**-മടപ്പള്ളി, ചോറും മററും പാകംചെയ്യുന്ന മുറി.

**അടുക്കളപ്രവൃത്തി**-അരിവെയ്പുതൊഴിൽ, പാചകവൃത്തി.

**അടുക്കളവെയ്പു്**-അരിയുംകറികളും വെയ്ക്കുക.

**അടുക്കളവേല**-അടുക്കളതൊഴിൽ.

**അടുക്കുക**-മുറക്കു ചേർത്തുവയ്ക്കുക.

അട്ടക്കാവത്തു-മുതലാളിന്നു കൊഴുവൻ കൊടുക്കുന്ന ഒരു അവകാശം.

അടുത്ത-വി. ൧. സമീപമുള്ള. ൨. യോജിക്കുന്ന, സംബന്ധമുള്ള.

അടുത്തൂൺ-നിശ്ചയിച്ചിട്ടുള്ള കൊല്ലത്തോളം കാലം ഒരാൾ സർക്കാരിനെ സേവിച്ചാൽ അനന്തരം ജോലിയിൽ നിന്നു വിട്ടതിനു കൊടുക്കുന്ന ജീവനാംശം.

അടുപ്പ്-പാത്രങ്ങൾ മുതലായവ മുകളിൽ വെച്ചു തീകത്തിക്കുന്നതിനു രണ്ടോ മൂന്നോ കല്ലുകൊണ്ടും മററും ഉണ്ടാക്കുന്നതു്.

'അശ്മന്തമുദ്ധാനമധി
ശ്രയണീചുല്ലിരന്തികം' (അമരം)

[അശ്മന്തം, ഉദ്ധാനം, അധിശ്രയണി, ചുല്ലി, അന്തിക ൫-ം, അടുപ്പിന്റെ പേർ അശ്മന്തം എന്നതിനു 'അസ്മന്തം' എന്നും ഉദ്ധാനം എന്നതിനു 'ഉദ്ധ്മാനം' എന്നും പാഠാന്തരം കാണുന്നു.]

അടുപ്പം-൧. സമീപം ൨. സ്നേഹം ൩. ബന്ധം.

'സന്നിധിസ്സന്നികർഷണം' (അമരം)

[സന്നിധി, സന്നികർഷണം ൨-ം, അടുപ്പത്തിന്റെ (സാന്നിധ്യത്തിന്റെ) പേർ. സന്നിധിക്കു് സന്നിധം എന്നും പാഠം കാണുന്നു.]

'സ്യാദുപഘ്നോന്തികാശ്രയേ'

[ഉപഘ്നം, അന്തികാശ്രയം ൨-ം, അടുത്ത ആശ്രയത്തിന്റെ പേർ.]

അടോ-താണനിലയിലുള്ളവരെ വിളിക്കുന്നവിധം. എടാ എന്നതു നന്നു്.

എടാ! എന്ന നിപാതത്തിനു ലിംഗവ്യവസ്ഥയുണ്ടു്.

ഉ-ം, എടാ!-പുല്ലിംഗം,
എടീ!-സ്ത്രീലിംഗം.
എടോ!-സാധാരണലിംഗം.

അഠാല, അഠാലം-അടകല്ല്.

അഠാണ-ഒരു രാഗം.

അഠില്ല-ഒരു വൃക്ഷത്തിന്റെ പേർ.

അട്ട-൧. കറുപ്പു ചെമപ്പു മുതലായ നിറങ്ങളോടും വളരെ കാലുകളോടും കൂടിയ ഒരുതരം ജന്തു. (ഒരു നെല്ലിട മുതൽ ഒരു ചാൺവരെ നീളം കാണും). ൨. വെള്ളത്തിലെ അട്ട.

'രക്തപാ തു ജലൗകായാം
സ്ത്രിയാം ഭൂമ്നി ജലൗകസഃ' (അമരം)

(രക്തപാ, ജലൗക, ജലൗകസ്സ് ൩-ം അട്ടയുടെ പേർ. രക്തപാതുജലൗകായാംസ്ത്രിയാം ഭൂമ്നിജലൗകസഃ എന്നും പാഠം കാണുന്നു.)

അട്ട-വി. ൧. ഉന്നതമായ. ൨. ഉച്ചത്തിലുള്ള, ഉയർന്ന ശബ്ദമായുള്ള.

അട്ടകംപിടിക്കുക—സ്വാധ്യായത്തിന്നിരിക്കുമ്പോൾ ഉള്ള ക്രിയ. (ബ്രഹ്മാഞ്ജലി=വേദത്തിന്നായി കൈകൂപ്പി തൊഴുകൈ)

അട്ടക്കരി-പുകയറ, ഇല്ലക്കരി, ദീപകിട്ടം.

അട്ടക്കുളങ്ങര-തിരുവനന്തപുരത്തു കിഴക്കേകോട്ടവാതലിന്നു സമീപിച്ച ഒരു സ്ഥലത്തിന്റെ പേർ.

അട്ടം-൧. മാളിക, മേട. ൨. മാളികയുടെ ഉപരിഗൃഹം. ൩. യുദ്ധംചെയ്യാൻ കെട്ടിയ തേരോ മണ്ഡപമോ കൊത്തളമോ. ൪. മിററത്തിന്റെ പിൻപുറമാക്കിയ സ്ഥലം. ൫. കൊത്തളം.

ഈ കൊത്തളത്തിൽ രാജഭടന്മാർ എല്ലാ സാമഗ്രികളോടുകൂടി സന്നദ്ധരായിരിക്കും.

'സ്യാദട്ടഃ ക്ഷൗമമസ്ത്രിയാം' (അമരം)

[അട്ടം, ക്ഷൗമം ൨-ം, കൊത്തള (തേരുമണ്ഡപ)ത്തിന്റെ പേർ.]

'അട്ടങ്ങളും മണിഘട്ടങ്ങളും പല
ചട്ടങ്ങളുണ്ടതു ഭംഗിയോടെ'
(സമുദ്രപ്രവേശം [illegible])

അട്ടനം-ചക്രാകാരമായ ഒരായുധം.

**അട്ടസ്ഥലി**-വളരെ കൊട്ടാരങ്ങളും മാളികകളും കൊത്തളങ്ങളും ഉള്ള സ്ഥലമോ രാജ്യമോ.

**അട്ടഹസിക്കുക**-ക്രി. അലറുക. വ. ഉറക്കെ ചിരിക്കുക.

**അട്ടഹസിതം**-നാ. പൊട്ടിച്ചിരി. വ. അലച്ച്.

**അട്ടഹാസം**—നാ. ഉറക്കെയുള്ള ചിരി (പൊട്ടിച്ചിരി). വ. അലറുക. ന. കയ്ക്കത്തിമുല്ല

**അട്ടഹാസകം**—കയ്ക്കത്തിമുല്ല

**അട്ടഹാസി**-നാ. പൊട്ടിച്ചിരിക്കുന്നവൻ. വ. ശിവൻ

**അട്ടഹാസ്യം**- ക്രി. ഉറക്കെച്ചിരിക്കുക. വ. അലറുക.

**അട്ടാട്ടം**-നാ. നിന്ദ. വ. കവിച്ചിൽ, ആധിക്യം. ന. വലിപ്പം, പ്രധാനത, വിശേഷത.

**അട്ടാലം, അട്ടാലകം**-നാ. യുദ്ധം ചെയ്യുന്നതിനായി തെരുവു മണ്ഡപത്തിലോ കൊത്തളത്തിലോ കെട്ടുന്ന വീട്, കൊട്ടാരം, മാളിക

'അട്ടാലസൗധാലയ രത്നവാപീ
ഘട്ടങ്ങളും കേളിയിലെത്രകണ്ടാൻ'
ശ്രീകൃഷ്ണചരിതം മണിപ്രവാളം

**അട്ടാലിക**-നാ. മാളിക, കൊട്ടാരം. വ. ഒരു രാജ്യത്തിന്റെ പേർ.

**അട്ടാലികാകാരൻ**-കൊട്ടാരമോ വലിയ ഭവനമോ കെട്ടുന്നവൻ (ഉണ്ടാക്കുന്നവൻ), കല്ലാശാരി, വെട്ടുകൽപണിക്കാരൻ

**അട്ടി**-അടുക്ക്, കൂട്ടം, നിര, മുറ (ക്രമം)

**അട്ടിപ്പേറ്**-നിലം പുരയിടം മുതലായവയെ വിലയായി എഴുതിവാങ്ങുന്നതിനു ചില സ്ഥലങ്ങളിൽ പറയുന്ന പേർ.

**അട്ടിപ്പേറോല**-വിലതീറായി എഴുതിവാങ്ങുന്നതിനുള്ള അച്ചാരിയോല.

**അട്ടിപ്പേറോലക്കരണം**-വില തീറായി എഴുതിവാങ്ങിച്ച പ്രമാണം (മല.)

**അട്ടിമധുരം**-ഇരട്ടിമധുരം.

**അഡഹു**-അയനിപ്ലാവ്. വിരകിനെ യോഗിച്ചു ഭസ്മമാക്കുന്നതുകൊണ്ട് ഈ പേരുണ്ടായി.

'ലകുചോലികുചോഡഹുഃ' (അമരം)

[ലകുചം, ലികുചം, ഡഹു ഇവ മൂന്നും അയനിപ്ലാവിന്റെ പേർ. 'ഡഹു' എന്നതിനു 'അഡഹു' എന്നും 'ഡഹു' എന്നും പാഠാന്തരം.]

**അഡ്ഡനം**-ചക്രാകാരമായ ഒരായുധം, പരിശ (അട്ടനം).

**അഡ്ഡചലം**-കലപ്പയുടെ ഒരു ഭാഗം.

**അഡ്ഡീൽ**-സ്ത്രീകളുടെ ഒരാഭരണം, ഇതു കണ്ഠത്തിൽ അണിയുന്നതാണ്.

**അണ**-(ധാതു) ചേരുക

**അണ**-നാ. ഒരു ബ്രിട്ടീഷ് നാണയം. (നാലു ചക്രം അരക്കാശ്). വ. ചിറ. ന. വായ്ക്കകത്ത് ഇടത്തും വലത്തുമുള്ള രണ്ടു ഭാഗം. വാഴക്കൈയെന്നും കാണുന്നു.

**അണക**-വി. അധമസ്ഥിതിയിലുള്ള, നിന്ദിക്കപ്പെട്ട.

**അണകൻ**-നിന്ദിതൻ, അധമൻ. (അണകൻ എന്നുമാകാം)

**അണകം**-ഒരുതരം പക്ഷി.

**അണക്കടപ്പല്ല്** - വായ്ക്കകത്തു കോണുകളിലുമുള്ള പല്ല്. (അണക്കടപ്പല്ല് > < ഉമ്മരപ്പല്ല്).

**അണച്ചൽ**-നാ. ആശ്ലേഷം (കെട്ടിപ്പിടിക്കുക). വ. അടുത്തുവരുക. ന. മുഷ്ടിക്കുട്ടുക.

**അണപ്പ്**-കരശലം.

**അണപ്പല്ല്**-അണയിലെപ്പല്ല്, അരപ്പല്ല് (അണക്കടപ്പല്ല് നോക്കുക.) വിപരീതം-ഉമ്മരപ്പല്ല്

**അണയത്ത്**-സമീപത്ത്, അടുക്കെ.

'ദ്വേഷിച്ചുകിടക്കുന്നാരെപത്തിതന്നണയത്ത്' (ഭാഗവതം)

**അണയം**-അടുക്കൽ, സമീപം.

**അണയുക**-ക്രി. അടുക്കുക. ൨. നശിക്കുക

**അണയ്ക്കുക**-ക്രി. ചേർക്കുക, ആലിംഗനം ചെയ്യുക. ൨. കരയ്ക്കുക. ൩. ഇല്ലാതാക്കുക. ൪. മൂർച്ചയുണ്ടാക്കുക.

**അണയ്പ്പ്**-ക്രി. അരികിൽ ചേർക്കുക. ൨. ആലിംഗനം. ൩. മൂർച്ചയുണ്ടാക്കുക. ൪. ഇല്ലാതാക്കുക. (ഉ-ം, വിളക്കണച്ചു)

**അണൽ**-അണ്ണാക്ക്.

**അണലി**-ഒരുവക വിഷമുള്ള സർപ്പം.

**അണവീനം**-ചെറുനെല്ലു വിളയുന്നതിനു യോഗ്യമായ സ്ഥലം.

**അണവു**-ക്രി. ചേർച്ച. ൨. ആലിംഗനം.

**അണവ്യം**-ചെറുനെല്ലു വിളയുന്നതിനു യോഗ്യമായ സ്ഥലത്തിന്റെ പേർ.

**അണി**-ക്രി. നിരനിരയായി നിറുത്തുക ൨. വണ്ടിച്ചക്രത്തിന്റെ ആണി. ൩. സേനയുടെ നില. ൪. മൂർച്ചയുള്ള ആയുധത്തിന്റെ മുന. ൫. അലങ്കാരം (ഉ-ം, മുത്തണിക്കൊങ്കയാൾ, മുത്തണിപ്പോർമുലയാൾ)

**അണിച്ചൽ**-ആഭരണങ്ങൾ വസ്ത്രങ്ങൾ പുഷ്പങ്ങൾ എന്നിവകൊണ്ടു ദേഹത്തെയും ഗൃഹത്തെയും മററും അലങ്കരിക്കുക.

**അണിമതി**-ചന്ദ്രൻ.

'അണിമതിശകലവുമംബരനദിയും
ഫണിപതിഫണിഗണമണികളുമണിയും'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

**അണിമാവ്**-അഷ്ടൈശ്വര്യങ്ങളിൽ ഒന്നാമത്തേത്. ചെറുതാകണമെന്നു തോന്നിയാൽ ഇഷ്ടംപോലെ അതുവിധമാകുന്നതിനുള്ള ഒരു സിദ്ധി.

**അണിമാണ്ഡവ്യൻ**-ഒരു ഋഷി.

വിദ്വാനായ ഈ ബ്രാഹ്മണശ്രേഷ്ഠൻ കാട്ടിൽ തപസ്സുചെയ്യുമ്പോൾ അവിടെ കുറെ കള്ളന്മാർ വന്നുചേർന്നു. അവരെ തിരഞ്ഞു രാജഭടന്മാരും അവിടെച്ചെന്നു. കള്ളന്മാർ ഭയാക്രാന്തന്മാരായി ഓടിപ്പോയി. കള്ളന്മാർ എവിടെ എന്നു നൃപകിങ്കരന്മാർ മഹർഷിയോടു ചോദിച്ചു. ധ്യാനത്തിലാകയാൽ ആയത് അദ്ദേഹം ശ്രവിച്ചില്ല. ഇദ്ദേഹംതന്നെ ഒരു കള്ളനാണെന്നു അവർക്കു സംശയം തോന്നി. ചില കള്ളന്മാരെയും അവർക്കു പിടികിട്ടി. വിവരം തിരുമനസ്സറിയിച്ചു കള്ളന്മാരെ ശൂലത്തിലിടുവാൻ കല്പന വാങ്ങി. മാണ്ഡവ്യനെയും ശൂലത്തിന്മേലിട്ടു. അനേകംനാൾ കഴിഞ്ഞിട്ടും അദ്ദേഹം മരിച്ചില്ല. അങ്ങനെയിരിക്കുമ്പോൾ ചില മുനികൾ പക്ഷികളായി അവിടെച്ചെന്നു അദ്ദേഹത്തോടു വിവരം ചോദിച്ചു. കർമ്മഫലമാണെന്നും നൃപനു ദോഷമില്ലെന്നും അദ്ദേഹം മറുപടി പറഞ്ഞു മുനികൾ വിവരം നൃപനോടറിയിച്ചു. ഉടൻ രാജാവു മാണ്ഡവ്യനെ വന്നു വണങ്ങുകയും ശൂലം മുറിച്ചു വിടുകയുംചെയ്തു. അതിൽപിന്നീടു ഇദ്ദേഹത്തിനു ആണിമാണ്ഡവ്യൻ (അണിമാണ്ഡവ്യൻ) എന്നപേർ സിദ്ധിച്ചു. തന്നെ ശൂലത്തിലിടുന്നതിനു കാരണമെന്താണെന്നു മാണ്ഡവ്യൻ അന്തകനോടു ചോദിച്ചു. കുട്ടിക്കാലത്തു ഈർക്കിൽ കൂർപ്പിച്ചു ഈച്ചയിൽ കയററിയതിന്റെ ഫലമാണെന്നു അന്തകൻ മറുപടി പറഞ്ഞു. ൧൨ വയസ്സുവരെയുള്ള ബാലന്മാരുടെ പ്രവൃത്തിക്കു ദോഷമില്ലാത്തതിനാൽ 'നീ ഭൂമിയിൽ പോയി ജനിക്കുക' എന്നു ഉടൻ മാണ്ഡവ്യൻ ശപിച്ചു. അനന്തരം ധർമ്മരാജാവു ഭൂമിയിൽ വിദുരരായി ജനിച്ചു.

**അണിയം**-വള്ളത്തിന്റെ തല.

വള്ളങ്ങൾ ബോട്ടുകൾ കപ്പലുകൾ മുതലായ വാഹനങ്ങൾക്കു രണ്ടു ഭാഗങ്ങൾ ഉണ്ട്. അവ പൃഷ്ഠഭാഗവും പൂർവ്വഭാഗവുമാണ്. പൃഷ്ഠഭാഗത്തിന് അമരം എന്നുപേർ. പൂർവ്വഭാഗത്തിന് അണിയം (തല) എന്നു പേർ. അമരത്തിൽ ഇരിക്കുന്നവന് അമരക്കാരൻ എന്നാണു പേര്. വാഹനങ്ങളുടെ ഗതിയെ നിയന്ത്രണംചെയ്യുന്നത് ഇവനാകുന്നു. (അമരം > < അണിയം.)

**അണിയൽ**-അലങ്കാരം.

'ആടാം ചാക്യാർക്കണിയൽ പ്രധാനം'
(പഴഞ്ചൊല്ല്)

**അണിയറ**-ആട്ടക്കാർ, നാടകക്കാർ മുതലായവർ വേഷം ഒരുങ്ങുന്ന സ്ഥലം.

**അണിയുക**-അലങ്കരിക്കുക.

**അണിവിരൽ**-മോതിരവിരൽ.

**അണിവ്**-ആഭരണം, അലങ്കാരം.

**അണീയസ്സ്**-ഏററവും ചെറുത്, അത്യല്പം. (അത്യല്പം നോക്കുക. പര്യായം കാണാം).

**അണീയാൻ**-ഏററവും ചെറിയത്.

**അണു**-പു. സൂക്ഷ്മമായ വസ്തു, ഏററവും ചെറിയപൊടി. ൨. ചെറുനെല്ല്. ശബ്ദിക്കുന്നതിനാൽ പേരുണ്ടായി. ൩. ശർമ്മിഷ്ഠയിൽ യയാതിക്കു ജനിച്ചവൻ. (അനു എന്നും പറയുന്നു. അച്ഛനു യൌവനം കൊടുക്കായ്കയാൽ ശപിക്കപ്പെട്ടു) ൪. വാഴയിലയുടെ നടുവിലെ തണ്ട്. ൫. ശിവന്റെ ഒരു പേർ. ൬. ഒരു മുഹൂർത്തത്തിന്റെ ൫൪,൬൭,000-ാം ഭാഗം. ൭. കണക്കു സാരം അനുസരിച്ച് ൪൭,൨൪൪,00-ൽ ഒരു ഭാഗം.

**അണുക**-വി. വളരെ ചെറുതായ, മിടുക്കുള്ള.

**അണുകം**-ചെറുനെല്ല്.

**അണുകൻ**-അല്പൻ.

**അണുക്കുക**-അടുക്കുക.

**അണുത**-വളരെ ചെറുതാകുന്ന സ്ഥിതി.

**അണുതൈലം**-നസ്യത്തിനുള്ള ഒരു വിധം തൈലം.

**അണുപ്രാണിവിജ്ഞാനീയം**-അണുപ്രാണിശാസ്ത്രം.

**അണുപ്രായം**-അതിസൂക്ഷ്മം, വളരെ ചെറുത്.

**അണുഭ**-മിന്നൽ.

**അണുമതി**-അല്പബുദ്ധി.

'അണുമതിയാകുമൊരാടിയനുവടിവോടു'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

**അണുമാത്രം**-അല്പമെങ്കിലും.

**അണുമുഷ്ടികം**-വിഷമുഷ്ടി എന്ന ഔഷധം. വിഷമുഷ്ടി എന്നതിനു പിറാക്കെ നാറി, കാട്ടുതിപ്പലി, കാട്ടപ്പ, കക്കോടി, (തമിഴിൽ) കാഞ്ഞിരം എന്നിങ്ങനെ അർത്ഥം കാണുന്നു.

**അണുവീക്ഷണം**-പു. അല്പനേരത്തേക്കുള്ള നോക്ക്. ൨. ഭൂതക്കണ്ണാടിപോലെയുള്ള ഒരു യന്ത്രം.

**അണുവ്രീഹി**-ഒരുവിധം ധാന്യം(നെല്ല്)

**അണുരേവതി**-ചെറിയ ദന്തി.

**അണ്ട**-പു. ആനയുടെ കാഷ്ഠം (പിണ്ടി). ൨. ചെറിയ കട്ട (ക്രമ്പാരം).

**അണ്ടർ**-ദേവകൾ.

**അണ്ടർകോൻ**-ഇന്ദ്രൻ.

'അണ്ടർകോൻനാട്ടിലും ശോഭി
പ്പണിക്കുവിശാരദന്മാരെ
കണ്ടാലതികൗശലക്കാരൻ
നല്ലചിത്രപ്പണിക്കാരൻ',
(സഭാപ്രവേശം തുള്ളൽ)

**അണ്ഡം**-പു. വൃഷണം. (അണ്ഡം എന്നതിന്റെ തത്ഭവം.) ൨. വൃഷ്ണം. ൩. ബ്രഹ്മാണ്ഡം.

'അണ്ടമിളകുംപടിയരക്കനലറകേട്ടു'
(രാമചരിതം)

**അണ്ടി**-പു. മാങ്ങ മുതലായവയുടെ അകത്തെക്കുരു. ഉ. വൃഷണം.

**അണ്ടിയാട്ടം**-പു. തായംകളി, പകിടകളി. ഉ. പറങ്കിമാങ്ങയുടെ അണ്ടികൊണ്ടുള്ള ഒരുവിധം കളി.

**അണ്ഡം**-പു. മുട്ട(മൊട്ട). എല്ലാ മുട്ടകൾക്കും അണ്ഡമെന്നു പറയാം; ഇതിൽനിന്നു ശിശു പുറത്തുവരുന്നതിനാൽ ഈ പേർ വന്നു. ഉ. വൃഷണം. ന. ബ്രഹ്മാണ്ഡം.

**അണ്ഡകടാഹം**-ലോകംഒട്ടൊഴിയാതെ

'ഖണ്ഡമുസലശൂലങ്ങൾധരിച്ചുകൊ-
ണ്ടണ്ഡകടാഹംനടുങ്ങുമാറാറമാം'
(ഭാഗവതം)

**അണ്ഡകം**-പു. വൃഷണം. ഉ. ചെറിയ മൊട്ട (മുട്ട)

**അണ്ഡകോടരപുഷ്പി**-ശറിക്കുന്നി എന്ന ഒരു.

**അണ്ഡകോശം**-പു. വൃഷണം. അണ്ഡങ്ങൾ (മണി)സൂക്ഷിക്കുന്ന ഉറയാകയാൽ ഈ പേർസിദ്ധിച്ചു. അണ്ഡകോഷം-എന്നു പാഠാന്തരം. ഉ. ഭൂഗോളം.

**അണ്ഡഗജം**-തകര.

**അണ്ഡഗോളം**-അണ്ഡാകാരമായഗോളം.

**അണ്ഡജ**-വി. മൊട്ടയിൽനിന്നു ജനിക്കുന്ന.

**അണ്ഡജ**-കസ്തൂരി.

**അണ്ഡജൻ**-ബ്രഹ്മാവ്.

**അണ്ഡജനായകൻ**-ചുണ്ടും കാലും ചെമന്നിരിക്കുന്ന അന്നം

**അണ്ഡജം**-പു. മത്സ്യം ഉ. സർപ്പം. ന. പക്ഷി. ർ. ഗൌളി. ധ. നക്രം. ന്ത. ഉടുമ്പ്. മുട്ടയിൽനിന്നു ജനിക്കുന്ന എല്ലാ പ്രാണികൾക്കും പറയാം. അണ്ഡത്തിൽ (മുട്ടയിൽ) ജനിച്ചതു്.

'പക്ഷിസർപ്പമത്സ്യാണ്ഡജാഃ' (അമരം)

**അണ്ഡധരൻ**-ശിവൻ.

**അണ്ഡപേശി**-മൊട്ടഉണ്ണികൾ.

**അണ്ഡവർദ്ധനം, അണ്ഡവൃദ്ധി**-വൃഷണത്തിലെ വീക്കം.

**അണ്ഡശുക്രകം**-മുട്ടയുടെ വെള്ളപോലെയുള്ള ഒരു സാധനം.

**അണ്ഡഹസ്തി**-തകര.

**അണ്ഡവാതം** - വൃഷണത്തിലുണ്ടാകുന്ന വീക്കം.

**അണ്ഡാലു**-ഒരുമാതിരി മത്സ്യം.

**അണ്ഡീരൻ**-ശക്തിമാൻ (ബലശാലി)

**അണ്ഡുകം**-ആനച്ചങ്ങല.

**അണ്ണ**-മേൽഭാഗം.

**അണ്ണൻ**-പു. ജ്യേഷ്ഠൻ.

'അണ്ണനമാത്രംചോറുണ്ടവിടവ-
നണ്ണാമ്പോൾനല്ലതുകൊടുക്കും'
(കിരാതം തുള്ളൽ)

ഉ. ശ്രേഷ്ഠൻ. ന. അണ്ണാൻ. ർ. ഭഗവാൻ.

**അണ്ണൽ**-പു. അണ്ണാൻ. ഉ. ദൈവം.

**അണ്ണം**-അണ്ണാക്ക്.

**അണ്ണാക്ക്**-തൊണ്ട (നാക്കുതൊടിക്കുന്ന സ്ഥലം.)

'താല്വതുകാകുദം' (അമരം)

[താലു, കാകുദം-ഉ-ം, അണ്ണാക്കിന്റെ പേർ]

'അണ്ണയാക്കിയകമ്പനൻമെയ്യെല്ലാം'
എന്നു രാമചരിതത്തിൽ കാണുന്നു. ഈ കൃതി ൭-ാം ശതവർഷത്തിലുണ്ടായതാണ്. 'അണ്ണൻ' എന്ന വാക്കിന്റെ അർത്ഥം 'മേൽഭാഗം' എന്നാകുന്നു. ഇങ്ങനെയാണ് 'അണ്ണാക്ക്' എന്നായതു്.

'വണ്ണംപെരുകിയനിന്നുടെയുമലി-
ന്നണ്ണാക്കിൽതടയാതെവിഴുങ്ങിപ്പൻ'
(ലങ്കാമർദ്ദനം തുള്ളൽ)

**അണ്ണാക്കണ്ണൻ**-അണ്ണാൻ (അണ്ണിപ്പിള്ള).

ഇതിനു അണ്ണാക്കണ്ണൻ, അണ്ണാർക്കൊട്ടൻ, അണ്ണാൻ, അണ്ണി, അണ്ണപ്പിള്ള ഇങ്ങനെ ഓരോദിക്കിൽ ഓരോപേർ പറഞ്ഞുവരുന്നു. പണ്ടു ശ്രീരാമചന്ദ്രൻ സേതുബന്ധനം ചെയ്യുമ്പോൾ വാനരന്മാർ മലകൾ എടുത്തും അടുത്തും കൊണ്ടുവന്നിടുന്നതു കണ്ടു അണ്ണാക്കണ്ണൻ അതിന്നും സമുദ്രം നികത്തുന്നതിനു വെള്ളത്തിൽ മുങ്ങി കരയിൽ വരികയും

മണലിൽ കിടന്നുരുണ്ടു തന്റെ ദേഹത്തിൽ പററുന്ന മണൽ വീണ്ടും ജലത്തിൽ കൊണ്ടുചെന്നു കളകയും ചെയ്തു. ഇതുകണ്ടു സ്വാമി പ്രസാദിച്ച് അണ്ണാക്കണ്ണന്റെ മുതുകിൽ തൃക്കൈകൊണ്ടു മൂന്നു വരവരച്ചു. അതിൽപിന്നീട് 'അണ്ണാക്കണ്ണനും തന്നാലായത് അണ്ണാൻപിള്ളയും തന്നാലായത്' എന്നുള്ള പഴമൊഴിയുണ്ടായി. ഈ ജന്തു ഒരു പൂച്ചക്കുട്ടിയോളം വളരും; ഇതിന്റെ രോമം ചിത്രമെഴുത്തുകാർക്ക് ബ്രഷിനു (തൂലികക്ക്) ഉപയോഗമുള്ളതാണ്. ഉടുപ്പിന്റെ വക്കിലുള്ള വരികൾ ഉണ്ടാക്കുന്നതിനും ഇതുപയോഗമുണ്ട്.

അണ്ണാക്കോട്ടൻ–അണ്ണാൻ.

അണ്ണാടി–താടി. കവിൾ എന്നും കാണുന്നു.

അണ്ണാൻ–അണ്ണിപ്പിള്ള. (സാധാരണ അണ്ണാൻ, മലയണ്ണാൻ ഇങ്ങനെ രണ്ടു വിധമുണ്ടു).

അണ്ണാന്ന്–മേല്പോട്ടു നോക്കീട്ട്. (അണ്ണാ + എന്ന് = അണ്ണാന്ന്.)

'കാച്ചിയപാൽചെന്നുള്ളഭാജനംതന്മൂട്ടിൽ
മൂച്ചേററിടുന്നകാൽകൊണ്ടുടൻ
കുത്തിക്കൊണ്ടണ്ണാന്നുവായുംപിളന്നവൻ
ആസ്ഥയിൽനന്നായ്പ്പാൽകുടിക്കും'

(കൃഷ്ണഗാഥ)

അണ്ണാവി–പു. അണ്ണൻ. ൨. ഉപാദ്ധ്യായൻ. ൩. നടപ്രധാനി.

അണ്ണി–പു. (ഞണൽ) കവിൾത്തടത്തിനകം, കൊറട്. ൨. അണ്ണാൻ.

അതകൻ–സഞ്ചരിക്കുന്നവൻ.

അതകത–ബലച്ചാട് (തമിഴിൽ അതളി)

അതക്കുക–ഒളുക്കിവയ്ക്കുക, ദൂരത്താക്കുക. (തമിഴിൽ–അതുക്കം)

അതടം–പു. മലച്ചരിവ്. ൨. നിരപ്പില്ലാത്തേടം.

'പ്രപാതസ്ത്വതടോഭൃഗുഃ' (അമരം)

[പ്രപാതം, അതടം, ഭൃഗു ൩–ം, മലച്ചരിവിന്റെ പേർ].

അതട്ടുക–ഭയപ്പെടുത്തുക.

അതനൻ–സഞ്ചരിക്കുന്നവൻ.

അതനം–സഞ്ചാരം.

അതനു–വി. തനു (കൃശം) അല്ലാത്ത.

'പരമതനുശരീരേതാപംതപിപ്പിച്ചിടുന്നു'

(അഭിജ്ഞാനശാകുന്തളം)

അതനു–കാമദേവൻ. തനു (ശരീരം) ഇല്ലാത്തവൻ എന്നു വ്യൽപത്തി.

അതപ്തം–വി. തപ്തം (തപിപ്പിക്കപ്പെട്ടതു്) അല്ലാത്ത.

അതയ്ക്കുക–തടിയ്ക്കുക.

അതർക്കിതം–വിചാരിക്കപ്പെടാത്തതു്.

അതർക്കിതം–ഊഹിച്ചിരിക്കാതെ.

അതദ്ഗുണം–ഒരലങ്കാരം.

'സംസർഗ്ഗാൽപരഗുണം
പകരായ്കിലതദ്ഗുണം'

(ഭാഷാഭൂഷണം)

അതലം–പതിനാലു ലോകങ്ങളിൽ ഒന്നു്.

അതലൻ–ശിവൻ.

അതലസ്പൎശം–നിലയില്ലാത്ത പ്രദേശം. അടി തൊടുന്നതിനു നിവൃത്തിയില്ലാത്തേടം എന്നു വ്യൽപത്തി.

'അഗാധമതലസ്പൎശം' (അമരം.)

[അഗാധം, അതലസ്പൎശം–൨–ം, നിലയില്ലാത്തവിധം കയമുള്ളപ്രദേശത്തിന്റെ പേർ.]

അതലാന്തികവീചി–അററ്ലാന്റിക് മഹാസമുദ്രത്തിലെ തിരമാല.

അതസം–പു. വായു, കാററ്. ൨. ആത്മാവ്.

അതസി–അഗശി (നാട്ടുചെറുചണവിത്ത്) പരക്കുന്നതു് എന്നു വ്യൽപത്തി.

'അതസീസ്യാദുമാക്ഷുമാ' (അമരം)

[അതസി, ഉമ, ക്ഷുമ ഇവ മൂ-ം, അതസിയുടെ പേർ. ഇതിന തമിഴിൽ 'അലിസി' എന്ന പേർ കാണുന്നു.]

അതസി-ഭിക്ഷ എടുത്തു നടക്കുന്നവൻ. (വേദത്തിൽ പ്രയോഗം.)

അതളി-പു. ശബ്ദം. വ. അമളി. ന. കലശൽ. (തമിഴുവാക്കാണ്).

അതഃ-അ. ഇവിടെനിന്ന്, ഇതിൽനിന്ന് ഇതുമുതൽ, ഇതുകൊണ്ട്.

അതാ-അ. ദൂരത്തുള്ള വസ്തുവിനെ ചൂണ്ടിക്കാണിച്ചു പറയുന്ന വാക്ക്.

അതാവ്-പു. ക്ഷീണം, തളർച്ച. വ. ഇഷ്ടാഭംഗം.

'ആശാവഴിയോൻഅതാവുപെട്ടുപോം'
(പഴഞ്ചൊല്ല്)

[തെക്കോട്ട് ഈ ശബ്ദം കേൾക്കുന്നില്ല.]

അതി-അ. പു. പ്രകർഷം (ആധിക്യം.)
ഉ-ം, അതിരൂപയായ സ്ത്രീ.
വ. ലംഘനം (അതിക്രമിക്കുക.)
ഉ-ം, അതിസർവനായ മഹേശൻ.
'പ്രകർഷലംഘനേപ്യതി' (അമരം)
ന. ഭൃശം (ഏററവും).
ഉ-ം, അതിവൃഷ്ടി.
അതി എന്ന ശബ്ദത്തെ തമിഴിൽ അസി എന്നതിന പകരം ഉപയോഗിക്കുന്നുണ്ട്.
'ഇതവിടയക്രൂടം ചൂലമിട്ടിവിട്ടേറചൊട്ട-
യതിയിരിപ്പുഴകകത്തമാഴിവിൽപീലി'
(രാമചരിതം) [ക്ഷന്തം

അതികഥ-വി. പു. പറയത്തക്കതല്ലാത്ത. വ. അധികമായി കൂട്ടിക്കെട്ടിയ.

അതികഥ-പു. കൂട്ടിച്ചേർത്തുപറയുന്ന കഥ വ. അർത്ഥമില്ലാത്ത സംസാരം.

അതികന്ദകം-മാറമ്പു.

അതികണ്ടകം-വെൺകൊടിത്തൂവ.

അതികരുണം-ഏററവും ഭയങ്കരം.

അതികർഷണം-പു. വലിയ ഉപദ്രവം. വ. വലിയ പ്രയത്നം (ശ്രമം.) ന. ക്രമത്തിലധികമായി വലിക്കുക.

അതികായ-വി. വലിയകായം, (ശരീരം) ഉള്ള

അതികായൻ-രാവണന്റെ പുത്രൻ. ഇവനെ ലക്ഷ്മണൻ കൊന്നു.

അതികുമാരൻ-വളരെ ചെറുപ്പക്കാരൻ.

അതികൃഛ്റ-വി. വളരെ പ്രയാസമുള്ള.

അതികൃഛ്റം-അസാധാരണമായ കഷ്ടത, വലിയ സങ്കടം.

അതികൃതി-പു. അധികമായിചെയ്യുക വ. ഒരുവൃത്തം (വരിയൊന്നിന ൨൫ അക്ഷരം കാണും.)

അതികൃതം-അധികമായി ചെയ്തത്.

അതികേസരം, അതികേശരം-മുള്ളച്ചെമന്തി.

അതികേസര-മുള്ളുചെമന്തി.

അതികോട്ടം-ബഹുകഠിനം, ഭയങ്കരമായവണ്ണം.
അതികോട്-അ. വാളുകൊണ്ട്.
'വഴിയിൽമതിത്തടുത്തുതട
ത്തെതിർത്തുകവന്തവരെക്കെ
യതികൊടരിന്തവന്നവരെ
നില്ലയിമോകമിപ്പോൾ'
(രാമചരിതം)

അതികോപി-അധികം കോപമുള്ളവൻ
'ചണ്ഡസ്ത്വത്യന്തകോപനഃ' (അമരം)
[ചണ്ഡൻ, അത്യന്തകോപനൻ ൨-ം അതികോപശീലന്റെ പേർ.]

അതിക്കുക-നടക്കുക.
[ഉ-ം, യുഗാദ്യുഗം, യുഗങ്ങളുടെ യുഗം. യുഗാന്തകരം, യുഗംകൊണ്ട് അതിക്കുന്നവ, യുഗം-നുകം. അതിക്കുക-നടക്കുക. യുഗാദ്യതമെന്നത് പ്രയോഗമാണ്. പ്രാസംഗം-നുകത്തിന്മേൽവച്ചുകെട്ടുന്ന നുകം.]

**അതിക്രമം**-൧. ക്രമത്തിന്റെ വിപര്യം, ക്രമംവിട്ട പ്രവൃത്തി.

പൎയ്യായോതിക്രമസ്തസ്മിന്നതിപാതഉപാത്യയ (അമരം.)

[പൎയ്യായം, അതിക്രമം, അതിപാതം ഉപാത്യയം ൪ം, ക്രമംവിട്ട പ്രവൃത്തിയുടെ പേർ.]

൨. തെല്ലുപോലും ഭയംകൂടാതെ യുദ്ധത്തിൽ ശത്രുക്കളോട് എതിൎത്തുചെല്ലുക (അതിക്രമം.)

**അതിക്രമക്കാരൻ**-ക്രമംവിട്ടു പ്രവൎത്തിക്കുന്നവൻ.

**അതിക്രമിക്കുക**-ലംഘിക്കുക, കവിഞ്ഞു നിൽക്കുക.

**അതിഘോഷം**-വളരെ ഉറക്കെ.

**അതിക്ഷുദ്രൻ**-അധികം ലുബ്ധൻ, വളരെ പിശുക്കൻ.

അതിക്ഷുദ്രന് 'ക്ഷോദിഷ്ഠൻ' എന്നു പൎയ്യായം.

**അതിഖരം**-(വ്യാകരണത്തിൽ) ഖ ഛ ഠ ഥ ഫ ഇവ ഓരോന്നിന്നുമുള്ള പേർ.

**അതിഗണ്ഡൻ**-വലിയ കവിൾത്തടമുള്ളവൻ.

**അതിഗന്ധ**-വി. വളരെ മണമുള്ള.

**അതിഗന്ധം**-൧. ഗന്ധകം. ൨. ചെമ്പകം, ഭൂതൃണം, മുദ്ഗരം മുതലായവ.

അതിഗന്ധം എന്നതിന് പുതണക്കപ്പുല്ല്, എരവപ്പുല്ല്, കൊതിപ്പുല്ല്, ഇഞ്ചിക്കറിപ്പുല്ല് എന്നിങ്ങനെയും അൎത്ഥം കാണുന്നു.

**അതിഗന്ധകം**-മാടമരം.

**അതിഗന്ധാലു**-പുത്രദായി എന്ന ഔഷധം.

**അതിഗന്ധിക**-അടക്കാവണിയൻ.

**അതിഗന്ധി**-വി. വളരെ മണമുള്ള.

**അതിഗൎജ്ജനം**-അലൎച്ച.

**അതിഗൎജ്ജിക്കുക**-അധികം അലറുക.

**അതിഗുണ**-വി. വിശേഷഗുണമുള്ള.

**അതിഗുരു**-വി. വളരെ ഘനമുള്ള.

**അതിഗുരു**-ബഹുമാനിക്കത്തക്കവൻ (അച്ഛൻ മുതലായവരെപ്പോലെ).

**അതിഗുരുത്രയം**-പിതാവ്, മാതാവ്, ആചാൎയ്യൻ ഇവർ മൂവരും.

**അതിഗുഹ**-മൂവില.

**അതിഗ്രഹ**-വി. ഗ്രഹിക്കാൻ പ്രയാസമുള്ള.

**അതിഗ്രഹം, അതിഗ്രാഹം**-ഗ്രഹങ്ങളുടെ വിഷയങ്ങൾ.

| ഗ്രഹങ്ങൾ | അതിഗ്രഹങ്ങൾ. |
|---|---|
| ൧. പ്രാണൻ | അപാനൻ. |
| ൨. വാക്ക് | നാമം. |
| ൩. ജിഹ്വ | രസം. |
| ൪. ചക്ഷുസ്സ് | രൂപം |
| ൫. ശ്രോത്രം | ശബ്ദം. |
| ൬. മനസ്സ് | കാമം. |
| ൭. ഹസ്തം | കൎമ്മം. |
| ൮. ത്വക്ക് | സ്പൎശം. |

**അതിചണ്ഡ**-വി. അധികം ക്രൂരതയുള്ള.

'അതിചണ്ഡരിപുക്ഷന്ധഗളഖണ്ഡനപണ്ഡിത' (നളചരിതം കഥകളി)

**അതിചര**-വി. മറപുറംപോകുന്ന.

**അതിചര**-താമരത്താമര. വേഗത്തിൽ വ്യാപിക്കുന്നത് എന്നു വ്യുൽപത്തി.

**അതിചരവ്**-വലിയ അയവ്, അധികമായ അയച്ചിൽ.

**അതിച്ഛത്ര**-ശതകുപ്പ. ഛത്രത്തെക്കാൾ ഭംഗിയുള്ള പൂവോടുകൂടിയത്.

**അതിച്ഛത്രം**-കരിപ്പുല്ല്. പുതണക്കപ്പുല്ല് എന്നും കാണുന്നു. ഛത്രത്തെക്കാൾ ഭംഗിയുള്ളത് എന്നു വ്യുൽപത്തി.

**അതിജഗതി**-ഛന്ദസ്സുകളിൽ ഒന്ന്. ഈ വൃത്തത്തിന്റെ പാദത്തിൽ ൧൩ അക്ഷരങ്ങൾ വീതം കാണും.

അതിജവൻ-അതിവേഗത്തിൽ നടക്കുന്നവൻ.

'ജംഘാലോതിജവസ്തുല്യൌ' (അമരം)

[ജംഘാലൻ, അതിജവൻ ൨-ം അതിവേഗത്തിൽ നടക്കുന്നവന്റെ പേർ.]

അതിജാഗരം-പു. അധികം ഉണർവുള്ള സ്ഥിതി. ൨. കരിഞ്ഞാറൽപക്ഷി.

അതിതരാം-അ. ഏററവും.

അതിതാപം-വലിയ ചൂട്, അധികമായ വ്യസനം.

അതിതീക്ഷ്ണം-കരിമുരിങ്ങ.

അതിതീക്ഷ്ണ-ചെങ്കടുക്.

അതിതീവ്ര-മീൻകണ്ണിക്കറുവം.

അതിഥി-പു. വഴിപോക്കനായി ഭവനത്തിൽ വന്നവൻ. [തേ

'സ്യാദാവേശികആഗന്തുരതിഥിർന്നാഗൃഹാഗ (അമരം)

[ആവേശികൻ, ആഗന്തു, അതിഥി. ഗൃഹാഗതൻ ഇവ ൪-ം അതിഥിയുടെ പേർ. നടന്നും വിശന്നും തളർന്നും ഭക്ഷിപ്പാനാഗ്രഹിച്ചുവരുന്നവനാണ് അതിഥി. ക്ഷണിച്ചുവരുന്നവനല്ല.]

൨. ഒരിക്കൽ വന്നു പോയതിൽ പിന്നെ പതിനഞ്ചു ദിവസത്തിനകം വരാത്തവൻ. തിഥി, പ്രഥമ ദിവസം (അ+തിഥി, അതിഥി.)

൩. ഒരു നാൾ തികച്ചു താമസിക്കാത്തവൻ.

ഇവിടെ തിഥി എന്നാൽ ദിവസം എന്നതാൽപര്യം. അതിഥിയുടെ ലക്ഷണമില്ലാതെ വരുന്നവരൊക്കെ അഭ്യാഗതന്മാരാകുന്നു. അതായതു ബന്ധുക്കൾ, കാര്യം പ്രമാണിച്ചു വരുന്നവർ മുതലായവരത്രെ.

൪. ഒരു സൂര്യവംശരാജാവ്. കുമുദ്വതിയിൽ കുശന്റെ പുത്രൻ, (രാമന്റെ പൌത്രൻ.)

൫. കന്മദം.

അതിഥിഗ്വൻ-ദിവോദാസൻ. ദേവന്മാരുടെ സഹായത്തോടുകൂടി ഇദ്ദേഹം ശംബരനെ ജയിച്ചു.

അതിഥിപൂജ-വഴിപോക്കർക്കു ഭക്ഷണവും മററും കൊടുക്കുക (മനുഷ്യയജ്ഞം, അതിഥിസൽക്കാരം, അതിഥിപൂജനം)

അതിഥിസപര്യാ-അതിഥിപൂജ.

അതിസർജ്ജനം-അധികമായ വിട്ടുകൊടുക്കൽ.

അതിഥിസൽക്കാരം-അതിഥിപൂജ.

അതിഥേയം-അതിഥികൾക്കുള്ള തിൻപണ്ടങ്ങൾ (ഭക്ഷണസാധനങ്ങൾ) (സാധുവല്ല.)

അതിദയാപരൻ-വളരെ ദയയുള്ളവൻ.

അതിദാനം-ഔദാര്യം, അധികമായ വിട്ടുകൊടുക്കൽ.

'വിലംഭസ്ത്വതിസർജ്ജനം' (അമരം)

[വിലംഭം, അതിസർജ്ജനം ൨-ം; അതിദാനത്തിന്റെ പേർ.]

അതിദീപ്യം-ചെമന്ന കൊടുവേലി

അതിദൂരം-ഏററവും ദൂരം (അകലം)

'ദവീയശ്ചദവിഷ്ഠഞ്ചസുദൂരേ' (അമരം)

[ദവീയസ്സ്, ദവിഷ്ഠം, സുദൂരം ൩-ം അതിദൂരത്തുള്ളതിന്റെ അല്ലെങ്കിൽ അതിദൂരത്തിന്റെ പേർ.]

അതിദേവൻ-പു. ശിവൻ. ൨. ഏററവും ശ്രേഷ്ഠനായ ദേവൻ.

അതിധന്വാവ് - തുല്യനില്ലാത്ത വില്ലാളി.

അതിധൃതി-ഛന്ദസ്സുകളിൽ ഒന്ന്. ഈ വൃത്തത്തിനു പാദത്തിൽ ൧൯ അക്ഷരം വീതം കാണും.

അതിനിഷ്ഠുരൻ-വലിയ ക്രൂരൻ, വളരെ കഠിനൻ.

അതിനിർഹാരി-വളരെ ദൂരവ്യാപിയായ സുഗന്ധമുള്ള വസ്തു.

അതിനൌ-തോണിയെ അതിക്രമിച്ചു വർത്തിക്കുന്നതിന്റെ പേർ. തോണിയെ അതിക്രമിച്ചതു (നാവം അതിക്രാന്തം).

അതിപഞ്ച-അഞ്ചുവയസ്സായ പെൺകുട്ടി. (പഞ്ചവർഷമതിക്രാന്താ).

അതിപതനം-൧. അതിക്രമം (ലംഘനം). ൨. വീഴ്ച. ൩. വിരോധം.

അതിപത്രകം-തേക്കുമരം.

അതിപത്രം-മാറായ്യ്.

അതിപഥി-നല്ല റോട്ട് (വഴി).

അതിപദ-വി. ൧ പാദമില്ലാത്ത. ൨. പദത്തെ അതിക്രമിച്ച. (അതിക്രാന്തഃ പദം).

അതിപത്തി-൧. അപ്പുറംപോകുക. ൨. തോല്വി.

അതിപന്ന-വി. അപ്പുറംപോയ, കടന്ന.

അതിപന്ഥാവ്-നല്ലവഴി.

'അതിപന്ഥാസ്സുപന്ഥാശ്ചസത്പഥശ്ച' (അമരം)

(അതിപന്ഥാവ്, സുപന്ഥാവ് സത്പഥം ൩-ം നല്ലവഴിയുടെ പേർ).

അതിപര-വി. ശത്രുക്കളെ തോല്പിച്ച.

അതിപരൻ-വലിയ ശത്രു

അതിപരാക്രമം- മറ്റെല്ലാവരെക്കാളും അതിശയിതമായ ശക്തിയോടു കൂടിയ ഭാവം.

'വിക്രമസ്ത്വതിശക്തിതാ' (അമരം)

(വിക്രമം, അതിശക്തിത ൨-ം; അതിപരാക്രമത്തിന്റെ പേർ).

അതിപരുഷൻ-നിഷ്കരുണകൻ.

'പട്ടാളക്കാരതിപരുഷരായങ്ങുമിങ്ങും നടക്കും' (മയൂരസന്ദേശം)

അതിപരോക്ഷ-വി. കാഴ്ചയിൽനിന്നു വളരെ ദൂരത്തായ, കാണാകുന്നതല്ലാത്ത.

അതിപാതം-൧. അതിക്രമം(ലംഘനം) ൨. വീഴ്ച, വിരോധം.

അതിപാതകം-ഏറ്റവും ഹീനമായ പാപം.

അതിപാദം-ക്രമാതിക്രമം.

അതിപിച്ഛില-കറവാഴ.

അതിപുകച്ചൽ-൧. വലിയ കത്തൽ. ൨. വലിയ നീറൽ. ൩. തീരെ തെളിവില്ലായ്മ.

അതിപ്രകാശം-അധികമായ ശോഭ.

'ശുഭ്രമുദ്ദീപ്തശുക്ലയോഃ' (അമരം)

(ശുഭ്രം-അധികമായ പ്രകാശത്തോടു കൂടിയതിന്റെയും വെളുപ്പുനിറത്തോടു കൂടിയതിന്റെയും പേർ).

അതിപ്രബന്ധം-൧. വലിയ യോജിപ്പ്, വലിയ കൂട്ടിക്കെട്ട്, വലിയ ചേർച്ച. ൨. വലിയ സന്ധിബന്ധം. ൩. വലിയ തുടർച്ച.

അതിപ്രയോഗം-൧. അധികമായ യത്നം, അധികമായ പ്രവൃത്തി. ൨. കടന്ന പ്രവൃത്തി.

അതിപ്രവൃദ്ധ-വി. വളരെ വളർന്ന.

അതിപ്രശ്നം-മര്യാദവിട്ടുള്ള ചോദ്യം, അസഹ്യമായുള്ള ചോദ്യം.

അതിപ്രസംഗം-അതിവ്യാപ്തി, ശകാരം, നിന്ദ.

അതിപ്രസിദ്ധ-വി. പ്രകാശിക്കുന്ന.

'പ്രകാശോതിപ്രസിദ്ധേപി' (അമരം)

(പ്രകാശം പ്രകാശിക്കുന്നതു്-ഇതു് അത്യന്തംപ്രസിദ്ധമായിട്ടുള്ളതിന്റെപേർ).

അതിപ്രസിദ്ധി-വിശേഷമായകേൾവി.

'വിശ്രാവസ്തുപ്രവിഖ്യാതി' (അമരം)

[വിശ്രാവം, പ്രവിഖ്യാതി ൨-ം അതിപ്രസിദ്ധിയുടെ പേർ.]

അതിപ്രഹർഷം-അത്യന്തസന്തോഷം.

അതിപ്രാണപ്രിയം - ജീവനേക്കാളുമുള്ള സ്നേഹം (സന്തോഷം, ഇഷ്ടം).

അതിപ്രിയൻ-അധികം സന്തോഷിപ്പിക്കുന്നവൻ.

[പ്രേഷ്ഠൻ എന്നതു് അതിപ്രിയന്റെ പേരാകുന്നു. അതിശയേനപ്രിയൻ-പ്രേഷ്ഠൻ].

അതിപ്രീതൻ-വളരെസന്തോഷിച്ചവൻ

അതിപ്രീതി-അധികം സന്തോഷം, അധികം തൃപ്തി.

അതിബല-ഫ. ഒരു മന്ത്രം.

ശ്രീരാമലക്ഷ്മണന്മാരൊന്നിച്ചു വിശ്വാമിത്രൻ വനത്തിൽ പോകുന്നമദ്ധ്യേ ബല എന്നും അതിബല എന്നും രണ്ടു മന്ത്രങ്ങൾ ഉപദേശിച്ചിട്ടുണ്ട് എന്നുള്ളതു രാമായണം കൊണ്ടു സുപ്രസിദ്ധമാകുന്നു.

'ദാഹവും വിശപ്പുമുണ്ടാകാതെയിരിപ്പാനായ്
മാഹാത്മ്യമേറുമന്നാമ വിദ്യകളിവരണ്ടും
ബലവാന്മാരേ! നിങ്ങൾ പഠിച്ചുജപിച്ചാലും
ബലയുംപുനരതിബലയുംമടിയാതെ'

(അദ്ധ്യാത്മരാമായണം)

൨. ദക്ഷന്റെ ഒരു പുത്രി. ൩. കാട്ടുകുറുന്തോട്ടി.

അതിബലൻ-തുല്യനില്ലാത്തയോദ്ധാവ്

അതിബലവാൻ-അധികം ശക്തിയുള്ളവൻ.

'ഊർജ്ജസ്വലസ്സ്യാദൂർജ്ജസ്വീ' (അമരം)

[ഊർജ്ജസ്വലൻ, ഊർജ്ജസ്വി ൨-ം അതിബലവാന്റെ പേർ.]

അതിബലം-പവിഴം.

അതിബാല-ഫ. വളരെബാലയായവൾ. ൨. രണ്ടുവയസ്സായ പശുക്കുട്ടി.

അതിബാന്ധവൻ - ഫ. ഉററബന്ധു ൨. വളരെ ഭക്തിവിശ്വാസമുള്ളവൻ.

അതിബൃഹത്ഫലം-പ്ലാവ്.

അതിബ്രഹ്മചര്യൻ - ബ്രഹ്മചര്യത്തെ (അദ്ധ്യയനവൃത്തിയെ) കടന്നവൻ, സ്ത്രീയോടു ചേർച്ച തുടങ്ങിയവൻ.

അതിഭക്ഷകൻ-വലിയ തീററിക്കാരൻ.

അതിഭക്ഷണം-ക്രമത്തിലധികമായ തീററി (ഭക്ഷണം).

അതിഭരം, അതിഭാരം-വലിയ ചുമട്.

അതിഭാരഗം-ഫ. കഴുത. ൨. വെള്ളിക്കുതിര.

അതിഭീ-മിന്നൽ, ഇന്ദ്രന്റെ വജ്രായുധത്തിന്റെ കാന്തി.

അതിഭീരുത-വലിയ ഭയം.

അതിഭ്രമി-ഫ. അധികത്വം, കവിച്ചൽ. ൨. ധൈര്യം. ൩. ഉന്നതി, പ്രഭാവം. അധീശത്വം.

അതിഭോജനം-അധികം തിന്നുക (ഭക്ഷിക്കുക).

അതിമണ്ഡലം - പത്രക്ഷകം (ചിററീന്തൽ).

അതിമതി-അധികമായ ഡംഭം (ഗർവ്വം).

അതിമധുര-വി. ഫ. അധികംഇനിപ്പുള്ള. ൨. വളരെ മനോഹരമായ.

'അതിമധുരതരവപുഷമരികിലുടനൊരുപുര
മൃതമൊഴിസഖികളോടു കണ്ടു' [ക്ഷ

(നളചരിതം കഥകളി)

അതിമധുരം-ഫ ഇരട്ടിമധുരം. ൨. അധികമായ മധുരം.

അതിമര്യാദ-ക്രമത്തെ കവിഞ്ഞ സ്ഥിതി, ചട്ടത്തെ ലംഘിച്ച സ്ഥിതി, ആചാരത്തെ തെററിയുള്ള സ്ഥിതി, അതിര കവിഞ്ഞ സ്ഥിതി.

അതിമലിന-വി. വളരെ അഴുക്കുള്ള

അതിമാത്രം-അതിശയം (ഏററവും). അല്പത്തെ അതിക്രമിച്ചതു് എന്നു വ്യുല്പത്തി.

'അതിവേലഭൃശാത്യർത്ഥാ
തിമാത്രോദ്ഗാഢനിർഭരം
തീവ്രൈകാന്തനിതാന്താനി
ഗാഢബാഢദൃഢാനി ച'

(അമരം)

[അതിശയം, ഭരം, അതിവേലം, ഭൃശം, അത്യർത്ഥം, അതിമാത്രം, ഉദ്ഗാഢം, നിർഭരം, തീവ്രം, ഏകാന്തം, നിതാന്തം, ഗാഢം, ബാഢം, ദൃഢം ൧൪-ം അതിശയം (ഏററവും) എന്നതിന്റെ പേരാകുന്നു.]

**അതിമാനം** -അളക്കാൻപാടില്ലാത്തതു്, അളവുകടന്നതു്. ഉ. ബഹുമാനം.

**അതിമാനഹീന**-വി. തീരെ മാനമില്ലാത്ത.

**അതിമാനുഷൻ, അതിമർത്ത്യൻ**-മനുഷ്യന്റെ സ്ഥിതിയെകടന്നവൻ, ദൈവികസ്ഥിതിയുള്ളവൻ.

'അതിമാനുഷനിവനെങ്കിലുമനവധി
മതിമുഖിമാരൊടുകൂടിരമിപ്പാൻ'
(രാമചരിതം തുള്ളൽ)

**അതിമാന്യൻ**-വളരെമാനിക്കത്തക്കവൻ

**അതിമാംഗല്യ**-വി. വളരെ ശുഭമായ.

**അതിമാംഗല്യം**-കൂവളം.

**അതിമായികൻ**-ഈശ്വരൻ.

**അതിമാരുത**-വി. അധികം കാററുള്ള.

**അതിമാംസ**-വി. വളരെ മാംസമുള്ള; വളരെ തടിച്ച.

**അതിമിത**-വി. അളവുകടന്ന. അതിമിത (അ+തിമിത)=നനയാത്ത.

**അതിമിത്രം**-ഉററസ്നേഹിതൻ.

**അതിമുദിതം**-ഒരു വൃത്തത്തിന്റെ പേർ. (അഷ്ടിച്ഛന്ദസ്സിൽചേർന്നതാണ്. വരിഒന്നിൽ പതിനാറു അക്ഷരം വീതം കാണും.)

'തംതംതസംതംഗമത്രാം
തിമുദിതാംകേൾവൃത്തമാം'
(വൃത്തമഞ്ജരി)

**അതിമുക്ത**-വി. പു. ലോകവ്യാപാരങ്ങളെ വെടിഞ്ഞ. ഉ. വിരക്തന്മാരായ ജനങ്ങളെ അതിക്രമിച്ച.

**അതിമുക്തം**-പു. കരുക്കത്തിമുല്ല. വിരക്തന്മാരായവർക്കുകൂടി ഇതിൽതാൽപര്യമുള്ളതിനാൽ അവരെ അതിക്രമിച്ചതു്, വെളുത്തനിറം ഹേതുവായിട്ട് മുത്തുമണിയെകൂടി അതിക്രമിച്ചതു് എന്നു വ്യുൽപത്തി. [ഈ വള്ളിച്ചെടിക്കു കസ്തൂരിഗന്ധമുണ്ടെന്നു പറയുന്നു. കരുക്കത്തി എന്ന പദം തമിഴാണു].
ഉ. തൊട്ടുകാര. ന. പനച്ചി.

**അതിമുക്തി**-മോക്ഷം.

**അതിമൃത്യു**-മോക്ഷം.

**അതിമൈഥുനം**-സ്ത്രീ പുരുഷന്മാർ തമ്മിലുള്ള കവിഞ്ഞ ചേർച്ച.

**അതിമോഘ**-വി. നിഷ്ഫലമായ.

'അതിമോഘങ്ങളഘങ്ങൾ'
(നളചരിതം കഥകളി)

**അതിമോദ**- പു. അധികമായ സുഗന്ധം ഉ. നവമല്ലികാ, തുശിമുല്ല.

**അതിമോഹനം**-അധികം മോഹിക്കത്തക്കതു്.

'അതിമോഹനമെന്നുടെയാനം
അതിമോഹനമെന്നുടെഗാനം'
(കിരാതം തുള്ളൽ)

**അതിരു്**-അതിർത്തി (അതിർത്തി എന്ന ശബ്ദം നോക്കുക).

**അതിരഞ്ജക**-വി. അധികം യോജിപ്പിക്കുന്ന (ചേർക്കുന്ന.)

**അതിരക്ത**-വി. വളരെ ചെമന്ന, വളരെ പ്രിയമുള്ള (രാഗമുള്ള).

**അതിരഥൻ** - പ്രസിദ്ധനായ വലിയ യോദ്ധാവ്. അതിരഥനു മഹാരഥനെക്കാൾ പത്തുമടങ്ങു ഗുണമുണ്ടു്. സാരഥി മരിച്ചുപോയാലും താൻതന്നെ തേർതെളിച്ചുംകൊണ്ടു യുദ്ധംചെയ്തു ശത്രുവിനെ ജയിക്കുന്ന വില്ലാളി. (മഹാരഥശബ്ദം നോക്കുക.)

**അതിരഭസം**-വലിയ സാഹസം, വളരെ വേഗം, വലിയ ബദ്ധപ്പാടു്.

**അതിരസ**-പു. അരത്ത, ഉ. വള്ളിഏരളി മധുരം.

**അതിരാജൻ**-പു. ഒരു അസാധാരണ രാജാവ്. ഉ. രാജാവിനെവെല്ലുന്നമററൊരു രാജാവ്.

**അതിരാത്രം** - പു. രാത്രികഴിഞ്ഞു്. വ. അശ്വമേധത്തിന്റെ മൂന്നാംനാൾ.

**അതിരിക്ത**-വി. പ്ര. അധികം ഏറിയ, അത്യന്തം അധികമായ, അതിരേചിച്ചു് =അതിരിക്തം.

'അതിരിക്തഃസമധികഃ' (അമരം)

[അതിരിക്തം, സമധികം ഇ-ം അത്യന്തം അധികമായിട്ടുള്ളതിന്റെപേർ]

വ. ഒഴിഞ്ഞ, ന. പൊള്ളയായ.

**അതിരിച്യമാനം**-വി. കവിഞ്ഞ,അത്യധികമായ.

**അതിരുക** - ഭയപ്പെടുക. ഇതു് തമിഴും പ്രാചീനമലയാളവുമാണു്.

**അതിരുക്ക്**-പു. അതിസുന്ദരി. വ. കാലിന്റെ മുട്ടു് (മുഴങ്കാൽ).

**അതിരൂക്ഷ**-വി. അധികം കഠിനമായ.

**അതിരുചിര**-വളരെ മനോഹരമായ, അധികം ഭംഗിയുള്ള.

**അതിരുചിര**-ഒരു വൃത്തത്തിന്റെ പേര്. അതിജഗതി ഛന്ദസ്സിൽ ഉൾപ്പെട്ടതാണ്. വരി ഒന്നിൽ ൧൩ അക്ഷരം വീതം കാണും.

'ചതുർഗ്ഗതിർവ്യതിരുചിരാജഭസ്ജഗം'

(വൃത്തമഞ്ജരി)

ഉ-ം 'സപദ്മരാഗമവതീനാരമേദ്ദ്വം

സ്വപര്യാധിപിനിരഗാൽത്രിവിഷ്ടപാൽ

തമന്വയുഃശിഖിയമപാശപാണയഃ

ക്രമാദമീയയുരഥകന്ധിനാന്തികാ'

(നളചരിതം കഥകളി)

**അതിരുചിരം**-രണ്ടു വൃത്തങ്ങളുടെ പേർ. (ജഗതി ഛന്ദസ്സിൽ ഉൾപ്പെട്ടതിനു വരി ഒന്നിൽ ൧൨ അക്ഷരം വീതം കാണും).

'ജനനസാചരകിലതിരുചിരം'

[പ്രകൃതിഛന്ദസ്സിൽ ചേർന്നതും ൨൧ അക്ഷരം വീതമുള്ളതുമായ മറ്റൊരു വൃത്തം].

'ഇഹപതുലഘുലഘുവാംഗുരുവൊരുട്ടവി-

ലതിരുചിരമതാം'

(വൃത്തമഞ്ജരി)

**അതിരുച്യം**-പു. ഏററവും മനോഹരം. വ. (അന്നപക്ഷത്തിൽ) ഏററവും സ്വാദുള്ള.

**അതിരൂപ**-വി. പ്ര. ഭംഗിയില്ലാത്ത, രീതിയില്ലാത്ത, കാററിനെപ്പോലെ നിരാകൃതിയായ. വ. വളരെ ഭംഗിയുള്ള.

**അതിരൂപൻ** - ദൈവം, സർവ്വശക്തൻ (അതിക്രാന്തരൂപം).

**അതിരേകം**-വി. കവിയുന്ന, വർദ്ധിക്കുന്ന.

'അതിരേകംകൊതിയുമു

ണ്ടതിനൊത്തവിധിയുമു

ണ്ടതിൽക്രൂടെസ്ഥിതിചെയ്ക,

മതിഭൂമീപതിവീര'

(സഭാപ്രവേശം തുള്ളൽ)

**അതിരേചകം**-വി. വളരെ വയറിളക്കുന്നതിനുള്ള.

**അതിരോഗം**-ക്ഷയം എന്ന രോഗം.

**അതിരോമശ, അതിലോമശ**-വി. വളരെ മുടിയുള്ള (രോമമുള്ള.)

**അതിരോമശം**-കരിംകുരങ്ങു്. വ. ഉണക്കമില്ലാത്ത ആടു് (കാട്ടാടു്).

**അതിത്തി**-എല്ലക. കവിഞ്ഞു് അപ്പുറം കടന്നുകൂടാ എന്ന നിർബന്ധമുള്ളതു്.

'ഗ്രാമാന്തഉപശല്യംസ്യാൽ'

'സീമസീമേസ്ത്രിയാമുഭേ' (അമരം)

സീമാവു്, സീമ ഇ-ം ഗ്രാമാദികളുടെ അതിർത്തിയുടെ പേർ. ഋ ഌ ഇവ രണ്ടു സ്വരങ്ങളും ദ്രാവിഡത്തിലില്ലാത്ത സംസ്കൃതങ്ങളാകയാൽ ശുദ്ധമലയാളത്തിൽ ഋകാരം കാണുകയില്ല. എന്നാൽ ഇതു ചില മലയാളപദത്തിലും ഉപയോഗിച്ചു കാണുന്നു. ഇതു സംസ്കൃതപദങ്ങളിലെ ആവശ്യത്തിനായിട്ടാണ് സ്വീകരിക്കനിലയായതു്. ഉ-ം, ഋപ്പാരം, ഋതന്ന, അഋതി ഇവയിൽ ഋപ്പാരത്തിലെ 'ഋ' മാത്രം ഉചിതംതന്നെ. മറ്റൊക്കെ മുതിന്ന, അതിർത്തി, എന്നുതന്നെ എഴുതണം.

**അതിർത്തിതർക്കം** - അതിർത്തി സംബന്ധിച്ച വാദം.

**അതിലംബി**-ശതകുപ്പ.

**അതിലിഖി**-ഒരു വൃത്തം. (ഈ പ്രാകൃത വൃത്തത്തിന് ഓരോരോവരിയിൽ മാത്ര ൬൪ വീതം).

**അതിലോമശം**-൧. കരിംകുരങ്ങ്. ൨. ഇണക്കമില്ലാത്ത ആട് (കാട്ടാട്.)

**അതിവക്ര**-വി. വളരെ വളഞ്ഞ.

**അതിവക്താവ്**-അധികം പറയുന്നവൻ

'വാവദൂകോതിവക്തരി' (അമരം)

[വാവദൂകൻ, അതിവക്താവ് ൨-ം, അധികം പറയുന്നവന്റെ പേർ.]

**അതിവക്തൃ**-വി. വളരെപറയുന്ന(സംസാരിക്കുന്ന).

**അതിവർത്തനം**-൧. ലംഘനം. ൨. മാപ്പുകൊടുക്കത്തക്കകുറ്റം.

**അതിവർത്തിക്കുക**-ലംഘിക്കുക.

**അതിവർത്തുള**-വി. അധികം വൃത്താകാരമായ (വട്ടമായ).

**അതിവർത്തുളം**-മലങ്കടല.

**അതിവാദി**-അധികം സംസാരിക്കുന്നവൻ, വാചാലൻ.

**അതിവാദം**-മുഷിഞ്ഞു പറയുക. അപ്രിയം പറയുക. അതിരുകടന്നവാക്ക് എന്നു വ്യുൽപത്തി.

'പാരുഷ്യമതിവാദഃസ്യാൽ' (അമരം)

[പാരുഷ്യം, അതിവാദം, ൨-ം, അപ്രിയമായി മുഷിഞ്ഞു പറയുന്ന വാക്കിന്റെ പേർ ]

**അതിവാസന**-നല്ല മണം (ഗന്ധം) ഗ്രഹിപ്പാനുള്ള ശക്തി (മനസ്സിലാക്കുന്നതിനുള്ള സാമർത്ഥ്യം.)

**അതിവാസനം**-സുഗന്ധദ്രവ്യങ്ങൾകൊണ്ട് ശരീരാദികൾക്കു സൌരഭ്യമുണ്ടാക്കുക.

**അതിവാസം**-ശ്രാദ്ധത്തിന്റെ തലേദിവസമുള്ള ഉപവാസം.

**അതിവാഹകൻ**-മരിച്ചാൽ ജീവനെ മറ്റൊരു ശരീരത്തിലാക്കി കൊണ്ടുപോകുന്ന ദേവൻ.

**അതിവാഹനം**-വലിയ ചുമട്.

**അതിവികട**-വി. ൧. വളരെ ഭയങ്കരമായ. ൨. ദുശ്ശീലമുള്ള.

**അതിവികടൻ**-൧. വളരെ ദുശ്ശീലമുള്ളവൻ. ൨. ദുശ്ശീലമുള്ള ആന

**അതിവികൃതം**-ഏറ്റവും വക്രമായത്.

**അതിവിടയം**-ഒരങ്ങാടിമരുന്ന്.

അതിവിടയം എന്നതു തമിഴാകുന്നു. സംസ്കൃതത്തിൽ ഇതിന് 'അതിവിഷ' എന്നു പേർ.

'വിശ്വാവിഷാപ്രതിവിഷാ
തിവിഷോപവിഷാരുണാ
ശൃംഗീമഹൌഷധം' (അമരം)

[വിശ്വ, വിഷ, പ്രതിവിഷ, അതിവിഷ, ഉപവിഷ, അരുണ, ശൃംഗ, മഹൌഷധം ൮-ം, അതിവിടയത്തിന്റെ പേർ.]

അതിവിഷ എന്നതിനു വിഷത്തെ അതിക്രമിച്ചതു് എന്നർത്ഥം. ഇതു് കാസം, കഫപിത്തജ്വരം, വിഷം, ആമപക്വാതിസാരം, ഛർദ്ദി ഇവയെ ശമിപ്പിക്കുന്നതാകുന്നു.

**അതിവിടുവിഡ്ഢി**-ഒട്ടും അറിവില്ലാത്തവൻ.

**അതിവിതത**-വി വളരെ പരന്ന.

**അതിവിഭവം**-൧ വളരെ വിഭവത്തോടുകൂടുംവണ്ണം. ൨. വലിയ സമ്പത്ത്.

'അത്യാനന്ദംരചിച്ചാനതിവിഭവമാഹാ
ധന്യനാം വന്യമാലീ'
(ശ്രീകൃഷ്ണചരിതം)

**അതിവിഷ**-വി. വളരെ വിഷമുള്ള.

അതിവിഷ-അതിവിടയം. (അതിവിടയം എന്ന ശബ്ദം നോക്കുക.)

അതിവിഷാദ്രാവകം-ഇതു മരുന്നു ഗഹണി, അതിസാരം ഇവയ്ക്കു നന്ന്.

അതിവിസ്താര-വി. അധികംപരപ്പായ, അധികം വിസ്തീർണ്ണതയുള്ള, അധികം വ്യാപകമായ.

അതിവൃഷ്ടി - അധികമായ മഴ, ഈതി ദോഷങ്ങളിൽ ഒന്ന്.

അതിവേലം-ഏററവും. വേലയെ (മര്യാദയെ) അതിക്രമിച്ചതു് എന്നു വ്യുൽപത്തി. അതിമാത്രം എന്ന ശബ്ദം നോക്കുക).

'ലീലയാതാംബൂലചർവ്വണാരമ്പരതി
വേലംവിനോദിച്ചിരുന്നരുളുന്നേരം'
(അദ്ധ്യാത്മരാമായണം

അതിവേപിത-വി. ഏററവും വിറച്ച

അതിവ്യഥ-വലിയ വേദന.

അതിവ്യഥനം-വലിയ വേദന.

അതിവ്യക്ത-വി. അധികം സ്പഷ്ടമായ (തെളിവായ).

അതിവ്യാപ്തി-ഫ. അധികമായി വ്യാപിക്കുന്ന (പരക്കുന്ന) സ്ഥിതി. ഉ. ലക്ഷ്യത്തിനെ മറ്റുപുറം കടക്കുക.

അതിവ്യായാമം-അധികമായ ദേഹാധ്വാനം.

കസറത്തെടുക്കുക, ഓടുക, ചാടുക മുതലായവയാകുന്നു. സ്ത്രീകൾക്കു തിരുവാതിരക്കളിമുതലായതും ഗൃഹജോലിയും വ്യായാമമാകുന്നു. വ്യായാമം അധികമായി ചെയ്യുന്നതു്. അങ്ങിനെ ചെയ്താൽ കാസം, പനി, തൃഷ്ണ, ക്ഷയം, പ്രതമകം, രക്തപിത്തം, ദേഹേന്ദ്രിയങ്ങൾക്കു തളർച്ച ഇവയുണ്ടാകും.

'അതിവ്യായാമതഃകാസോ
ജ്വരശ്ഛർദ്ദിശ്ചജായതേ
തൃഷ്ണാക്ഷയഃപ്രതമകോ
രക്തപിത്തംശ്രമഃക്ലമഃ'
(അഷ്ടാംഗഹൃദയം)

അതിശക്തിത-അതിപരാക്രമം. മററുള്ളവരിൽ കൂടുതലായ ശക്തിയുള്ള സ്ഥിതി എന്നു വ്യുൽപത്തി (അതിപരാക്രമം എന്ന ശബ്ദം നോക്കുക)

അതിശക്തിഭാക്കു് -അധികം ബലമുള്ളവൻ.

അതിശക്വരി-ഛന്ദസ്സുകളിൽ ഒന്ന്.

[ഈ വൃത്തത്തിനു് പാദത്തിൽ പതിനഞ്ചു അക്ഷരം വീതം കാണും].

അതിശങ്ക-വലിയ സംശയം.

അതിശയം-ഏററവും.

'ഇതിയുവതിജനനാംദീനവാക്യങ്ങൾകേട്ട-
ങ്ങതിശയകരുണാവാനാത്മസാകുഞ്ജനാഭൻ'
(ശ്രീകൃഷ്ണചരിതം)

(ഭാഷയിൽ) വിസ്മയം. സംസ്കൃതത്തിൽ അതിശയശബ്ദത്തിനു വിസ്മയം എന്ന ർത്ഥമില്ല. (അതിമാത്രം എന്ന ശബ്ദം നോക്കുക).

'ഉൽകർഷോതിശയം' (അമരം).

[ഉൽകർഷം, അതിശയം ഉ-ം ഉൽകർഷത്തിൻെറ പേർ.] ഇവിടെ അതിശയശബ്ദത്തിനു അതിക്രമിക്കുക എന്നർത്ഥം.

അതിശയനം-മഹത്വം, വലിപ്പം, പ്രഭാവം.

അതിശയനീയ -(ഭാഷയിൽ) വിസ്മരിക്കത്തക്കതു്.

അതിശയിക്കുക എന്ന ക്രിയക്കു വിസ്മയിക്കുക എന്നു സംസ്കൃതത്തിൽ അർത്ഥമില്ല. ഈ അർത്ഥം ഭാഷയിൽ എങ്ങിനെയോ വന്നുചേർന്നതാണ്. അനീയം എന്നതു സംസ്കൃതത്തിലെ കൃത്യപ്രത്യയം ആകുന്നു (അതിശയ-അനീയം-അതിശയനീയം.)

അതിശയിക്കുക-(സംസ്കൃതത്തിൽ) അതിക്രമിക്കുക. (ഭാഷയിൽ) വിസ്മയിക്കുക ആശ്ചര്യപ്പെടുക.

അതിശയനി-ഒരു വൃത്തം. (ചിത്രലേഖ എന്നും പറയും)

അതിശയോക്തി-സ്ത്രീ. വാസ്തവത്തെ കവിഞ്ഞു പറക. ഉ. അലങ്കാരങ്ങളിൽ ഒന്ന്.

'ചൊല്ലുള്ളതിൽകവിഞ്ഞുള്ള
തെല്ലാമതിശയോക്തിയാം'
(ഭാഷാഭൂഷണം)

അതിശസ്തൻ-പു. അധികം ശ്രേഷ്ഠൻ. ഉ. ശത്രുവിനാൽ നേരിടപ്പെട്ടവൻ.

അതിശേഷം-അല്പമുള്ള മിച്ചം.

അതിശായനൻ-ഏററവും ശ്രേഷ്ഠൻ.

അതിശോഭനം-വളരെ ശോഭയുള്ളത്. അതിശയേന (ഏററവും)ശോഭനം (ശോഭയുള്ളത്.)

അതിശ്രേയസി-ഏററവും മഹത്വമുള്ള ഒരു സ്ത്രീയുടെ അധിപതി. [ശ്രേയസീമതിക്രാന്തഃ]

അതിസക്തി-സ്ത്രീ. വലിയ അടുപ്പം(ചേർച്ച). ഉ. അധികമായ പ്രസ്നഹം.

അതിസന്ധാനം-കളവ്. ഉ. ചതിവ്.

അതിസന്ധ്യ-ഉഷസ്സിനു മുമ്പും സന്ധ്യയ്ക്കു പിമ്പുമുള്ള അല്പസമയം.

അതിസമ്പന്നൻ-വളരെ സമൃദ്ധിയുള്ളവൻ.

'അധികർദ്ധിഃ സമൃദ്ധഃസ്യാൽ' (അമരം)
[അധികർദ്ധി, സമൃദ്ധൻ ഉ-ം അതിസമ്പന്നന്റെ പേർ].

അതിസംസ്കൃത-വി. അധികം പരിഷ്കരിക്കപ്പെട്ട.

അതിസമ്മത-രാമായണം ൨൪ വൃത്തത്തിലെ ൧൧-ാം വൃത്തത്തിന്റെ പേർ.

നഭജംയലഗംചേർന്നാലതിസമ്മതയായിടും
(വൃത്തമഞ്ജരി)

ഉ-ം,—
'തനെപവനാത്മജൻജാനകീവല്ലഭം [ൻ
നിജമനസിചെയ്തുരാമമഞ്ചിതാംഗശോമഹം
(ഇരുപത്തിനാലുവൃത്തം)

അതിസംവത്സരം-ഒരു വർഷത്തിലധികം.

അതിസർഗ്ഗം-പു. അനുഗ്രഹംപോലെ അനുവദിക്ക. ഉ. ജോലിയിൽനിന്നും പിരിച്ചുവിടുക. ന. കൊടുക്കുക. ൪ അധികമായ നിശ്ചയം.

അതിസർജ്ജനം-അധികമായവിട്ടുകൊടുക്കൽ. (അതിദാനം എന്ന ശബ്ദം നോക്കുക.)

അതിസർപ്പണം-ഗർഭത്തിലുള്ള ശിശുവിന്റെ അതിയായ ഇളക്കം.

അതിസർവ-വി. എല്ലാററിലും വിശേഷമായ (ഉപരിയായ).

അതിസർവൻ-ഈശ്വരൻ, ദൈവം.

അതിസഹസ്രകവത്സരം-ആയിരം വർഷത്തിലധികം.

അതിസാന്തപനം-ഒരുതരംകഠിനമായ തപസ്സ്.

അതിസാമ്യ-ഇരട്ടിമധുരം (ഒരൌഷധം)

അതിസാര-വി. പു. അധികം ബലമുള്ള ഉ. അധികം സ്ഥിരമുള്ള. ന. അധികം ശ്രേഷ്ഠമായ.

അതിസാരകി-അതിസാരരോഗത്തോടുകൂടിയവൻ.

'സാതിസാരോതിസാരകീ' (അമരം.)
[സാതിസാരൻ, അതിസാരകി ഉ. അതിസാരരോഗമുള്ളവന്റെ പേർ]

അതിസാരഘ്നി-അതിവിടയം.

അതിസാരം-വയറിളകിപ്പോകുന്ന ഒരു ദീനം, വയറൊഴിവ്. പലകപ്പയ്യാനിയുടെ തൊലി നുറുക്കിച്ചതച്ചു നെയ്യിൽ കാച്ച് ആവിയിൽ വാട്ടിപ്പിഴിഞ്ഞ നീരിൽ തേൻചേർത്തു സേവിച്ചാൽ ഒരു

ശക്തിയായ അതിസാരവും വേഗം ശമിക്കും.

കനം, വളരെ മയം, വളരെകട്ടപ്പം, അധികം ചൂട് ഇത്യാദിയായുള്ള പദാർത്ഥങ്ങൾ ഭക്ഷിക്കുക നിമിത്തവും മററും ദുഷിച്ചരസം, ജലം, മൂത്രം, സ്വേദം, മേദസ്സ്, കഫം, പിത്തം, രക്തം മുതലായവ ജഠരാഗ്നിയെ മന്ദിപ്പിച്ചിട്ട് അധോഭാഗത്തിൽ വായുവിനാൽ പ്രേരിതമായി മലത്തെ അയച്ചിട്ട ഗുദമാർഗ്ഗമായി വെളിയിൽ കളയുന്നു. ഇതത്രെ അതിസാരം. അതിസാരത്തിന്റെ പൂർവ്വരൂപങ്ങൾ-ഹൃദയം, നാഭി, ഗുദം, വയറ, കുക്ഷി ഇവയിൽ കുത്തിനോവുക, ദേഹത്തിന്ന ക്ഷീണം, വായുവിന്ന പ്രവൃത്തിയില്ലായ്ക, മലബന്ധം ഉണ്ടാക്കുക, വയറവീക്കുക, ദഹിക്കാതെയിരിക്കുക ഇവയാണ്.

'ഹൃന്നാഭിപായൂദരകുക്ഷിതോദ-
ഗാത്രാവസാദാനിലസന്നിരോധാഃ
വിട്സംഗമാധ്മാനമഥാവിപാകോ
ഭവിഷ്യതസ്തസ്യപുരസ്സരാണി'
(മാധവനിദാനം)

അതിസൂക്ഷ്മം-ന. ഏററവും ചെറുതായിട്ടുള്ളത്. ഉ. കരികിൽ.

അതിസൗരഭം-ന. അധികമായുള്ള സുഗന്ധം. ഉ. തേന്മാവ്. ന. മാവ്.

അതിസൗഹിത്യം-ആഹാരം കൊണ്ടു നിറയ്ക്കുക.

അതിസ്തിമിത-രാമായണം ൨൪ വൃത്തത്തിലെ ൧൦-ാം വൃത്തം. [ധാ

'സജതംജലംമാദ്യുഹിനാതിസ്തിമിതാഭി'
(വൃത്തമഞ്ജരി)

൨-ം,—
'ശല്യനാഥശസ്ത്രമുടനടയിൽത്തറച്ചുയന്ന-
ചാടിദ്രുതിനിന്നഖിലരമനീചരാധിപതി

അതിസ്ഥിരം-അതിശയമായസ്ഥിരമായിട്ടുള്ളത്. (മൂച്ചതിൽ കുന്നു).

'സ്ഥാസ്നുസ്ഥിരതരസ്ഥേയാൻ' (അമരം)

[സ്ഥാസ്നു, സ്ഥിരതരം, സ്ഥേയാൻ ൩-ം, അത്യന്തം സ്ഥിരമായിട്ടുള്ളതിന്റെ പേർ].

അതീത-വി. കഴിഞ്ഞ.

'അതീതജന്മങ്ങളിൽനിങ്ങൾചെയ്തോ-
രതീവപുണ്യക്രിയകൊണ്ടിദാനീം'
(ശ്രീകൃഷ്ണചരിതം)

അതീക്ഷ്ണം-കഠിനമല്ലാത്തത്.

അതീതനൗകം-തോണിയെ അതിക്രമിച്ച ഏതെങ്കിലും വസ്തുവിന്റെ (ആളുടെ)പേർ. തോണിയെ അതിക്രമിച്ചു വർത്തിക്കുന്നത് എന്നു വ്യുൽപത്തി.

അതീതേദ്യുഃ-കഴിഞ്ഞ ദിവസം.

അതീന്ദ്രിയ-വി. ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്ത, ഇന്ദ്രിയങ്ങളെക്കൊണ്ടു അറിയത്തക്കതല്ലാത്ത. ഇന്ദ്രിയങ്ങളെ അതിക്രമിച്ചതു് എന്നു ശബ്ദാർത്ഥം.

'അപ്രത്യക്ഷമതീന്ദ്രിയം' (അമരം)

[അപ്രത്യക്ഷം, അതീന്ദ്രിയം ൨-ം, ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തതിന്റെ പേർ.]

അതീന്ദ്രിയജ്ഞാനം-ഇന്ദ്രിയങ്ങളെ കവിഞ്ഞുള്ള അറിവ്.

## അതീന്ദ്രിയജ്ഞാനം.

യോഗാഭ്യാസം എന്നൊരു വിദ്യയുണ്ട്. അതു് ആഹാരാദികളെത്തന്നെ ചുരുക്കി ഇഷ്ടശരീരത്തോടുകൂടി ദേഹത്തിലുള്ള വാതകഫാദികളുടെ സ്ഥിതിക്കു ഭേദം വരുത്തി ക്ഷുൽപിപാസാദികളെ ജയിച്ചു ആകാശഗമനാദി ശക്തിവിശേഷത്തെ കൊടുക്കുന്ന സമ്പ്രദായമാകുന്നു. അവരുടെ അഭ്യാസവിശേഷം കൊണ്ടു ദൃഷ്ടിക്കു കുഴൽക്കണ്ണാടിയുടെ ചില്ലുകൾപോലെ നാലുപടലങ്ങളുള്ളതു തെളിഞ്ഞുവരും. അപ്പോൾ അതിദൂരത്തിങ്കലുള്ള സൂക്ഷ്മപദാർത്ഥങ്ങളേയും കാണും. അങ്ങിനെകണ്ടു

റിയുന്നതു് അതീന്ദ്രിയജ്ഞാനം എന്നു പറയുന്നു.

അതീവ-വളരെ (ഏററവും) അതി+ഇവ=അതീവ. (അതിച ഇവച).

'അതിൽകിടന്നൊക്കെമറിച്ചുപോയം-തതീവകഷ്ടം! ബന്ധപാണ്ഡവന്മാർ'

(ശ്രീകൃഷ്ണചരിതം)

അതു്—ആ കാൎയ്യം, ആ വസ്തു.

[പുല്ലിംഗം-അവൻ. സ്ത്രീലിംഗം-അവൾ. നപുംസകലിംഗം-അതു്. അതു് എന്നതിൻെറ ബഹുവചനം അവ അല്ലെങ്കിൽ അതുകൾ അവകൾ എന്നും ഉപയോഗിക്കുന്നുണ്ടു്. അവ എന്നതു മതിയാകും.]

അതുൎക്കക-കാക്കുക, തൈക്കുക, പിതുക്കുക, തിക്കിക്കടത്തുക.

അതുച്ഛം-വലിയ.

'അതുച്ഛമാംജപംപൂണ്ടുൽപതിച്ചുകനിന്ധിന (നളചരിതം കഥകളി) [പുരം'

അതുന്ദ-വി. തടിപ്പില്ലാത്ത, മെലിഞ്ഞ.

അതുല-തുല്യം (സദൃശം) അല്ലാത്ത.

'അതുലപരാക്രമശാലികളാകും ധൃതരാഷ്ട്രാത്മജരോടമർചെയ്യാൻ'

(ഘോഷയാത്ര തുള്ളൽ)

അതുലം-പ്ര. തുല്യമല്ലാത്തതു്. ഉ. എള്ളിൻെറ തൈ. പയിലെള്ളു്.

അതുലിത-വി. തുലിതം (തുല്യമാക്കപ്പെട്ടതു്) അല്ലാത്ത.

അതുഷാരകരൻ-സൂൎയ്യൻ.

അതൃണാദ-വി. പുല്ലുതിന്നാത്ത.

അതൃണാദം-അപ്പോൾ ജനിച്ച കിടാവു് (കന്നു്).

അതൃഷ്ണകൎമ്മാവു്-പുണ്യകൎമ്മങ്ങൾ ചെയ്യുന്നവൻ, സദാചാരയുക്തൻ.

അതേ-അ. അപ്രകാരംതന്നെ, ഉവ്വു്.

അത്ത-(അത്തൽ നോക്കുക).

അത്തം-പ്ര. ഇരുപത്തേഴു നക്ഷത്രങ്ങളിൽ ഒന്നു്. ഉ. ചിങ്ങത്തിലും മകരത്തിലും കൊല്ലിയിലുമുള്ള ഒരു ആഘോഷം.

അത്തനയിൽ-ആ അളവിൽ. (പ-മ.)

അത്തൽ-പ്ര. വ്യസനം, ദുഃഖം. ഉ. ഭയം.

'അത്രമഹാബലനാകിയദശമുഖ-നത്തൽവെടിഞ്ഞുതപംചെയ്യുടനേ'

(കാൎത്തവീൎയ്യാൎജ്ജുനവിജയം തുള്ളൽ)

അത്തർ-ഒരു സുഗന്ധദ്രവ്യം. റോസാപ്പൂവിൻെറ സത്തെന്നു പറയുന്നു. മുല്ലപ്പൂവിൻെറ സത്തെന്നു ചിലർ.

അത്തരം-അ. അപ്രകാരം.

അത്താണി-ചുമടുതാങ്ങി.

'നറുമലർവിലസിതപൂങ്കാവുകളും തറകളുമന്തണമത്താണികളും'

(നളചരിതം തുള്ളൽ)

അത്തായിത്തായി-കൊഞ്ഞവാക്കു്, വിക്കിപ്പറക.

അത്താഴം-രാത്രിയിലെ ഭക്ഷണം. അന്താഴം><മുത്താഴം.

[അൽ+താഴം-അൽ+തായം, അല്ലി(രാത്രി) ലെ തായം (ഭായം)-പങ്കു്. തായം എന്നതിനു മരുമക്കത്തായം മുതലായവ നോക്കുക].

'അത്താഴത്തിനു തരമെടയില്ല-യെന്തൊന്നതിനൊരുസംശയമില്ല'

(പ്രദോഷമാഹാത്മ്യം തുള്ളൽ)

അത്താറ്-മുളകൊണ്ടുള്ളഒരുവിധംപായു്.

അത്തി-പ്ര ഒരു വൃക്ഷം.

'ഉദുംബരജന്തുഫലോ യജ്ഞാംഗോഹേമദുഗ്ധകഃ'

[ഉദുംബരം (ഉഡുംബരം), ജന്തുഫലം, യജ്ഞാംഗം, ഹേമദുഗ്ധകം ൪-ം അത്തിയുടെ പേർ. അത്തിക്കാക്കു് സംസ്കൃതത്തിൽ'പ്ലാക്ഷം'എന്നപേർ കാണുന്നു.] ഉ. അസ്ഥി. (പ-മ)

അത്തി-നാമനം ശീമയുമുണ്ടു്. 'കടകളിൽ വാങ്ങാൻ കിട്ടുന്നതു ശീമഅത്തിപ്പഴമാണു്. നാടൻഅത്തിയുടെ പഴം ഭക്ഷണയോഗ്യമല്ല.

അത്തിക, അത്ത - ജ്യേഷ്ഠത്തി, മാതൃതുല്യ. എപ്പോഴും തന്റെ (അനുജത്തിയുടെ) സമീപത്തിരിക്കുന്നവൾ എന്നു താൽപര്യം 'അന്തിക' എന്നുമാകാം. അത്തികഎന്ന ശബ്ദത്തിനു സോദരന്റെ ഭാര്യയെ വാക്കുകൾകൊണ്ടു ഹിംസിക്കുന്നവൾ എന്നും വ്യുൽപത്തി കാണുന്നു. (നാടകത്തിൽ പ്രയോഗം).

അത്തിത്തിപ്പലി - ഒരങ്ങാടിമരുന്നു്.

'…………… …കരിപിപ്പലീ
കപിവല്ലീ കോലവല്ലീ
ശ്രേയസീ വശിരഃ പുമാൻ'

[കരിപിപ്പലി, കപിവല്ലി, കോലവല്ലി, ശ്രേയസി, വശിരം ൫-ം അത്തിത്തിപ്പലിയുടെ പേർ. ഇതിനു സംസ്കൃതത്തിൽ 'ഹസ്തിപിപ്പലി' എന്നും തമിഴിൽ യാനൈത്തിപ്പലി എന്നും പറയുന്നു ഇതിന്റെ ഗുണം സാധാരണ തിപ്പലിക്കുള്ളതുതന്നെ. മലപ്പാകിനെ വർദ്ധിപ്പിക്കുക മേഹത്തിനു നിറം ഉണ്ടാക്കുക ഇവ രണ്ടും വിശേഷാൽ ഉള്ള ഗുണങ്ങളാകുന്നു]

അത്തിയാൽ - അത്തിവൃക്ഷം (അത്തി എന്ന ശബ്ദം നോക്കുക).

അത്തു - ഇഞ്ച, ഈഞ്ച (ഈങ്ങ). തെക്കൻ ദിക്കുകളിൽ ഇഞ്ച (ഈഞ്ച) എന്നേ പറയാറുള്ളു.

അത്ഭുതം - ന. ആശ്ചര്യം. വ. നവരസങ്ങളിൽ ഒന്നു്. 'അലൌകികവസ്തുദർശനജന്യമായ ആശ്ചര്യമെന്നത്രെ അത്ഭുതം' എന്നു് ലക്ഷണങ്ങളിൽ (ഭാഷാഭൂഷണത്തിൽ) പറയുന്നു. (അത് = ആശ്ചര്യം) ആശ്ചര്യം കാട്ടുന്നതിനുണ്ടാകുന്നതു് എന്നു വ്യുൽപത്തി.

'വിസ്മയോത്ഭുതമാശ്ചര്യം ചിത്രം....' (അമരം)

[വിസ്മയം അത്ഭുതം ആശ്ചര്യം ചിത്രം ൪-ം അത്ഭുതരസത്തിന്റെ പേർ]

അത്ഭുതൻ - ഒന്നാമത്തെ മന്വന്തരത്തിലെ ഇന്ദ്രന്റെ പേർ.

അത്യഗ്നി - (അതി + അഗ്നി = അത്യഗ്നി). ന. അഗ്നിയെക്കാൾ അധികമായതു് വ. കഠിനമായ ദഹനം.

അത്യധികം - വളരെ അധികം. (അതി + അധികം = അത്യധികം). അതിരികം എന്ന ശബ്ദം നോക്കുക.

അത്യന്തശോണിതം - പൊൻകാവി.

അത്യല്പം - വളരെകുറച്ചു്; ഏററവും അല്പം (അതി + അല്പം = അത്യല്പം).

'അത്യല്പേല്പിഷ്ഠമല്പീയഃകനീയോണീയ (അമരം) [ഇത്യപി'

[അത്യല്പം അല്പിഷ്ഠം അല്പീയസ്സ് കനീയസ്സ് അണീയസ്സ് ൫-ം അത്യല്പത്തിന്റെ പേർ.]

അത്യനർത്ഥം - വലുതായ അപകടം.

അത്യന്ത - വി. ഏററവും അധികമായ.

അത്യന്തം - അ. ഏററവും, നല്ലവണ്ണം.

അത്യന്തകോപന - വി. വളരെ കോപശീലമുള്ള.

'ചണ്ഡസ്ത്വത്യന്തകോപനഃ' (അമരം)

[ചണ്ഡൻ അത്യന്തകോപനൻ ൨-ം അതികോപശീലന്റെ പേർ.]

അത്യന്തഗാമി - വി. വേഗം നടക്കുന്ന (ഗമിക്കുന്ന).

അത്യന്താതിശയോക്തി - ഒരു അലങ്കാരം.

'ഹേതുവിൻമുന്നമേകാര്യ
മത്യന്താതിശയോക്തിയാം
മാനംപോയ് മുന്നമേകാന്തൻ
പിന്നത്തേൻസാന്ത്വമോതിനാൻ'
(ഭാഷാഭൂഷണം)

അത്യന്തി - അന്തിമമുള്ളവൻ.

അത്യന്തിക - വി. ന. വളരെ അടുത്ത. വ. വളരെ ഉൾപോകുന്ന, വളരെവേഗം പോകുന്ന.

അത്യന്തികം-൧. വളരെ സമീപം. ൨. അന്തികത്തെ അതിക്രമിച്ചതു്.

അത്യന്തീനൻ-൧. വളരെദൂരം നടക്കുന്നവൻ, വേഗം നടക്കുന്നവൻ.

'കാമംഗാമ്യനുകാമീനോഽത്യന്തീനസ്തഥാഭൃ
(അമരം) [ശം'

[ധ്വന്ദാദികളിൽ വീണ്ടുംവീണ്ടും ഗമിക്കുന്നവൻ അത്യന്തീനൻ]

അത്യമ്ലപർണ്ണി-കാട്ടുമാതളനാരകം.

അത്യമ്ല-വി. വളരെ പുളിപ്പുള്ള.

അത്യമ്ല-കാട്ടുമാതളനാരകം.

അത്യമ്ലം-൧. മരപ്പുളി. ൨. കാട്ടുമാതളനാരകം. ൩. കോൽപുളി.

അത്യയം-൧. മരണം. മടങ്ങിവരാത്തഗമനം എന്നു വ്യുൽപത്തി. ൨. നാശം; അവസാനം.

'അത്യയോതിക്രമേകൃഛ്റേ
ദോഷേദണ്ഡേപ്യഥാപദി'
(അമരം)

[അത്യയം എന്നാൽ അതിക്രമിച്ചുഗമിക്കുക അത്യയം എന്നതു് അതിക്രമം ദുഃഖം ദോഷം ദണ്ഡം ഇവയുടെ പേർ എന്നു് നാനാർത്ഥവർഗ്ഗം.]

അത്യർക്കം-൧. മന്ദാരം. ൨. വെള്ളെരിക്കു്.

അത്യർത്ഥം-ഏററവും. അർത്ഥത്തെ (വിഷയത്തെ) കടന്നിരിക്കുന്നതു് എന്നു വ്യുൽപത്തി. പര്യായങ്ങൾക്കു് അതിമാത്രം എന്ന ശബ്ദം നോക്കുക.

അത്യഷ്ടിക്കു്-ഛന്ദസ്സുകളിൽഒന്നു്. പാദത്തിൽ ൧൭ അക്ഷരം വീതം കാണും.

അത്യാകാരം-൧. നിന്ദ. ൨. ദൂഷണം. ൩. അലക്ഷ്യം, ആക്ഷേപം.

അത്യാക്രമിക്കുക-എതിർക്കുക. (സമീപത്തുവരുക എന്ന അർത്ഥവും കാണുന്നു).

അത്യാക്ഷേപം-൧. വലിയ അസഭ്യം. ൨. വലിയ കററം. ൩. വലിയ ശോധന. ൪. വലിയ വിരോധം. ൫. വലിയ ചോദ്യം.

അത്യാഗ്രഹം-അധികമായ ആഗ്രഹം, അധികമായ ഇച്ഛ (മോഹം).

'ലാലസാംഭായേഃ' (അമരം)

[ലാലസ എന്നാൽ അധികമായ ആഗ്രഹം എന്നർത്ഥം. ലാലസം എന്നും പറയാം.]

അത്യാചാരം-പൂർവികമര്യാദയ്ക്കു വിപരീതമായ പ്രവൃത്തി.

അത്യാദിത്യം-ആദിത്യനേക്കാൾ ശോഭയുള്ളതു്.

അത്യാനന്ദ-രതിയിൽ ആസക്തിയില്ലായ്മ.

അത്യാനന്ദം-അതിസന്തോഷം.

അത്യാപത്തു്-വലിയഅപകടം.

അത്യായം-൧. അതിക്രമം, ലംഘനം, കററം, ദോഷം. ൨. അധികത്വം. ൩. വലിയലാഭം.

അത്യായത-വി. അധികം നീണ്ട.

അത്യായു-യാഗത്തിനുള്ളഒരുവകപാത്രം

അത്യാരൂഢൻ-൧. അധികം വളർന്നവൻ. ൨. ഉയർന്ന സ്ഥിതിയിലുള്ളവൻ.

അത്യാവശ്യം-വളരെ കൂടിയേതീരൂ എന്നുള്ള സ്ഥിതി.

അത്യാശ-അധികമായ ആഗ്രഹം.

'ലോലുപലോലുഭൌ' (അമരം.)

[ലോലുപൻ. ലോലുഭൻ ൨-ം അത്യാശയുള്ളവന്റെ പേർ.]

അത്യാസക്തി-അധികമായ ആഗ്രഹം.

അത്യാസന്ന-വി. വളരെസമീപമായ.

അത്യാഹിതം-൧. അതികലശലായ ഭയം. അഹീവാധീയതേസ്മ മനസി (മനസ്സിൽ ഏററവും പതിയുന്നതു്) എന്നു വ്യുൽപത്തി. ൨. ജീവനിൽ കൊതിയില്ലാതെ ചെയ്യുന്ന സാഹസകർമ്മം. ൩. വലിയ ആപത്തു്.

അത്യുക്ത-ഒരു ഛന്ദസ്സ്. ഒരുപാദത്തിൽ രണ്ടു് അക്ഷരം വീതം കാണും.

അത്യുക്തി-യഥാർത്ഥത്തെ അധികമാക്കിപ്പറക, കടന്ന സംസാരം, അസാധാരണ വചനം.

അത്യുഗ്ര-ഗു. വളരെ ഭയങ്കരമായ. ഉ. വളരെ കഠിനമായ.

അത്യുഗ്രം-പെരുംകായം.

അത്യുഗ്രഗന്ധം-ഗു. അയമോദകം. ഉ. കറുത്ത മലയമുക്കി.

അത്യുച്ച-വി. ഗു. വളരെ ഉയർന്ന. ഉ. വളരെ ഉറക്കെയുള്ള.

'അത്യുച്ചൈരഥപത്മനാഭഗിരിജാ
പത്യോസ്സദൈവോച്ചരൻ'
(സിംഹധ്വജചരിതം കഥകളി)

അത്യുത്സാഹം-അധികമായ ജാഗ്രത.

അത്യുത്സാഹി-അത്യുത്സാഹം ചെയ്യുന്നവൻ.

'മഹോത്സാഹോമഹോദ്യമഃ' (അമരം)

[മഹോത്സാഹൻ, മഹോദ്യമൻ ഈ-ം വലുതായ ഉത്സാഹത്തോടുകൂടിയ സാധിക്കാൻ പ്രയാസമുള്ള കാര്യംകൂടി സാധിപ്പാനായി ഉത്സാഹം ചെയ്യുന്നവന്റെ പേർ].

അത്യുന്നതം-വി. അധികം ഉയർന്ന.

അത്യുത്തമം-ഏററവും ശ്രേഷ്ഠം.

അത്യുപധാൻ-ധർമ്മാദിപരിചയംകൊണ്ടു പരിശുദ്ധനായ മന്ത്രി.

അത്യുഷ്ണം-അധികമായ ചൂടോടുകൂടിയതു്.

'തിഗ്മംതീക്ഷ്ണംഖരം' (അമരം)

[തിഗ്മം, തീക്ഷ്ണം, ഖരം ഈ-ം അത്യുഷ്ണത്തിന്റെ പേർ]

അത്യൂഹം-ഗു. അന്യവിചാരത്തോടുകൂടാത്ത ധ്യാനം, ചിന്ത. ഉ. നീർക്കാക്ക.

അത്യൂഹ-അമരി.

അത്ര-അ. ഇവിടെ.

'പുത്രമവേഹിസുതനയംനിന്നുടെ
വിദ്ധിമത്രകാണലാമെടോ'
(സുഭദ്രാഹരണം കഥകളി)

അത്ര-വി. വളരെ.

'അത്രദരിദ്രതയുള്ളവനിന്നുക-
മത്രംവച്ചുപുലർത്താൻമോഹം'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

അത്രത്തോളം, അത്രോളം-ഗു. അത്രമാത്രം. ഉ. അതുവരെ.

അത്രമാത്രം-അത്രത്തോളം.

അത്രമേചകം-കാരപ്പു്.

അത്ര്യം-മുഴുവനും.

അത്ര്യം > < ഇത്ര്യം.

അത്രാന്തരെ-അ. ആ സമയങ്ങളിൽ.

'അത്രാന്തരേതത്രസമീപവാസീ
സത്രാജിദാഖ്യൻഖിലയാദവേന്ദ്രൻ'
(ശ്രീകൃഷ്ണചരിതം)

അത്രി-ഒരു മഹർഷി.

ദക്ഷന്റെ മകളായ അനസൂയ സ്വായംഭുവ വൈവസ്വതമന്വന്തരങ്ങളിൽ ഇദ്ദേഹത്തിന്റെ ഭാര്യയായിരുന്നു. ഈ അനസൂയയിൽ സ്വായംഭുവ മന്വന്തരത്തിൽ 'ദത്തൻ' ദുർവ്വാസസ്സ്, 'സോമൻ' ഇങ്ങിനെ മൂന്നു പുത്രന്മാർ ജനിച്ചു. പിന്നത്തേതിൽ അര്യമൻ എന്ന ഒരു പുത്രനും അമല എന്ന ഒരു പുത്രിയുമുണ്ടായി. അത്രിയുടെ ആശ്രമം ചിത്രകൂടത്തിന്റെ തെക്കേഭാഗത്താണു്. ശ്രീരാമനും സീതയും ഇദ്ദേഹത്തെ അവിടെചെന്നു കാണുകയും യഥാമതി അദ്ദേഹം സല്ക്കരിക്കയും ചെയ്തിട്ടുണ്ടു്. ഇദ്ദേഹം തപസ്സു ചെയ്തുകൊണ്ടിരിക്കുമ്പോൾ കണ്ണിൽനിന്നു ചന്ദ്രനുണ്ടായി. അത്രിമുനി ബ്രഹ്മാവിന്റെ മാനസപുത്രനെന്നും പത്തു പ്രജാപതികളിൽ ഒരുവനെന്നും ബ്രഹ്മാവിന്റെ കണ്ണിൽനിന്നു ജനിച്ചവനെന്നും അഗ്നിജ്വാലയിൽ നിന്നുത്ഭവിച്ചവനെന്നും മററും പലവിധം കാണുന്നുണ്ടു്. ഇദ്ദേഹം സപ്തർഷികളിൽ ഒരുവനാകുന്നു.

അത്രേ-തന്നെ.

അത്രിജൻ-ചന്ദ്രൻ.

അത്രിതനയൻ- പ്ര. ദുർവ്വാസസ്സ്. ദ്വി. ചന്ദ്രൻ.

അത്രിനേത്രപ്രസൂതം-കർപ്പൂരം.

അത്രിനേത്രപ്രസൂതൻ-ചന്ദ്രൻ

അത്രേടം-അതുവരെ (അത്ര+ഇടം= അത്രേടം). അത്രോടം എന്നും പറയുന്നുണ്ട്, അതു നന്നല്ല.

അഥ-അനന്തരം, പിന്നീട്, എന്നിട്ട്, അഥ, അഥോ ഉ-ം, പക്ഷാന്തരത്തേയും മംഗളാർത്ഥത്തേയും സൂചിപ്പിക്കുന്ന അവ്യയങ്ങളാകുന്നു.

'അഥധ്യായൻ ജായാംകൽ പ്രയമിനൈഃ'
(നളചരിതം കഥകളി)

'അഥ' എന്നതിനെ ശുഭസൂചകമായി വിചാരിപ്പാൻ കാരണം ബ്രഹ്മാവിന്റെ കണ്ഠം ഭേദിച്ചുവന്നതാകുന്നു.

'ഓങ്കാരശ്ചാഥശബ്ദശ്ച
ദ്വാവേതൌ ബ്രഹ്മണഃപുരാ
കണ്ഠം ഭിത്വാ വിനിര്യാതൌ
തേനമാംഗലികാവുഭൌ'

അഥവാ-മറ്റൊരു പ്രകാരം.

അഥർവ്വൻ-ഋഗ്വേദത്തിൽ ഒരാചാര്യൻ. അഥർവ്വവേദത്തിന്റെ കർത്താവാണ്. ഒരു പ്രജാപതിയാകുന്നു. ബ്രഹ്മാവിന്റെ വായിൽ നിന്നുണ്ടായ മൂത്ത പുത്രനാണെന്നു പറഞ്ഞുകാണുന്നു.

ഇദ്ദേഹത്തിനു 'ശാന്തി' എന്നും 'ചിത്തി' എന്നും രണ്ടു ഭാര്യമാരുണ്ടായിരുന്നു. ശാന്തി കർദ്ദമപ്രജാപതിയുടെ പുത്രിയാണ്. തീ ആദ്യം സ്വർഗ്ഗത്തിൽനിന്നു ഭൂമിയിൽ കൊണ്ടുവന്നതു ഇദ്ദേഹമാകുന്നു. ബ്രഹ്മാവിൽ നിന്നാണ് അഥർവ്വൻ ബ്രഹ്മവിദ്യ അഭ്യസിച്ചിട്ടുള്ളതു.

അഥർവ്വം-നാലാമത്തെ വേദം. ഇതിൽ പ്രാർത്ഥനകളും ആഭിചാരമന്ത്രങ്ങളും മറ്റും കൂടി അടങ്ങീട്ടുണ്ട്.

അഥർവ്വാംഗിരസർ-അഥർവ്വന്റെയും അംഗിരസ്സിന്റേയും സന്തതി.

അഥാപി-അ. എന്നിട്ടും.

അഥോ-അ. പിന്നീട്. (അഥശബ്ദം നോക്കുക).

അദൎശ്യ-വി. ദർശിപ്പിക്കപ്പെടാത്ത.

അദണ്ഡ്യൻ-ശിക്ഷിക്കപ്പെടുവാൻ യോഗ്യനല്ലാത്തവൻ.

അദത്ത്-വി. പല്ലില്ലാത്ത.

അദനം-ഭക്ഷിക്കുക.

അദന്ത-വി. ദന്തം (പല്ല്) ഇല്ലാത്ത.

അദന്തൻ-ആദിത്യന്മാരിൽ ഒരുവനായ പൂഷാവിന്റെ പേർ. ദക്ഷയാഗത്തിൽ പല്ലുപോയതിനാൽ ഈ പേർ വന്നു.

അദല-വി. ഇലയില്ലാത്ത,ഇതളില്ലാത്ത.

അദല-കററവാഴ.

അദലം-നീർക്കടമ്പ്.

അദഭ്ര-വി. അല്പമല്ലാത്ത, ഏററവും, പെരുകിയ.

അദംഭ-വി. ചതിവില്ലാത്ത, ഡാംഭികമില്ലാത്ത, യോഗ്യതയുള്ള.

അദംഭൻ-ശിവൻ

അദർശനം-കാണാതാവുക, നശിക്കുക ദർശനത്തിന്റെ അഭാവം എന്നു വ്യുൽപത്തി.

അദായ-വി. പങ്കിനവകാശമില്ലാത്ത.

അദാലത്ത്-ദ്രവ്യസംബന്ധമായ വ്യവഹാരം. (സിവിൽകോടതി, നീതിന്യായക്കോടതി).

അദാഭ്യ-വി. പ്ര. നന്ദിയുള്ള വിശ്വാസമുള്ള. ദ്വി. ഉപദ്രവപ്പെടാത്ത, ദോഷം ഭവിക്കാത്ത. ത്രി. നിർമ്മലമായ. (വേദത്തിലേ പ്രയോഗമുള്ളൂ).

അദിക്കുക-ഭക്ഷിക്കുക.

അദിതി-ദേവമാതാവ്.

അദിതി, ഋഗ്വേദത്തിൽ ദക്ഷന്റെ അമ്മ എന്നും പുത്രിയെന്നും, യജുർവ്വേദത്തിൽ വിഷ്ണുവിന്റെ ഭാര്യയെന്നും മഹാഭാരതം രാമായണം മുതലായവയിൽ

വിഷ്ണുവിന്റെ മാതാവെന്നും, വിഷ്ണുപുരാണം അനുസരിച്ച് കശ്യപന്റെ ഭാര്യയെന്നും, ദക്ഷന്റെ മകളെന്നും, വാമനാവതാരത്തിൽ ഇന്ദ്രന്റെയും വിഷ്ണുവിന്റെയും അമ്മയെന്നും മററും കാണുന്നു. അദിതി ആകാശത്തിന്റെ രക്ഷാകർത്രിയും ഭൂമിയെ ആദരിക്കുന്ന മഹതിയും ഭൂമിയുടെ ഭരണകർത്രിയും ആണെന്നു വേദറെ ഒരു ഭാഗം വിവരിക്കുന്നു. കൃഷ്ണന്റെ അമ്മയായ ദേവകി അദിതിയുടെ അവതാരമാകുന്നു. ഇന്ദ്രൻ അദിതിക്കു രണ്ടു കുണ്ഡലങ്ങൾ സമ്മാനിച്ചു. ഇവ പാലാഴിമഥനത്തിൽകിട്ടിയതാണ്. നരകാസുരൻ അവയെ മോഷണം ചെയ്തു. അനന്തരം കൃഷ്ണൻ ആ വിവരം അറിഞ്ഞു നരകാസുരനെകൊന്നു കുണ്ഡലങ്ങൾ തിരിയെ എടുത്തുകൊടുത്തു. അദിതി എന്നതിന്റെ അർത്ഥം 'അഖണ്ഡമായും അനവച്ഛിന്നമായും ശാശ്വതമായും ഇരിക്കുന്ന വസ്തു എന്നാകുന്നു. ഭൂമിയേയും മേഘമണ്ഡലത്തെയും ആകാശത്തെയും അതിക്രമിച്ച് ആദിയും അവസാനവുമില്ലാതെ വാചാമഗോചരമായിരിക്കുന്നവസ്തുവിങ്കൽ മനുഷ്യനാൽ സൂക്ഷ്മത്തിങ്കൽ ഒന്നാമതായി ആരോപിക്കപ്പെട്ട വാക്ക് ഇതുതന്നെ ആയിരിക്കണം' എന്നു പ്രാചീനാർഷാവന്മാർ പറയുന്നു.

അദിതിനന്ദനന്മാർ-അദിതിയുടെ നന്ദന (പുത്ര) ന്മാർ. ദൈത്യമാതാവായ ദിതിയുടെ പുത്രന്മാരെ വധിക്കകൊണ്ടു അവൾക്ക സന്താപത്തെ നൽകുന്നവർ (വ്യസനത്തെ നൽകുന്നവർ).

അദീർഘൻ - ഭീരുവരിൽ (ഭയമേറിൽ, ഭയവൻ.

അദൂരം- സമീപം.

അദൂരവർത്തി- സമീപത്തു വർത്തിക്കുന്നവൻ.

അദൃക്ക്-ദൃക്ക് (കണ്ണ്) ഇല്ലാത്തവൻ, കുരുടൻ.

അദൃശ്യ-വി. കാണാൻ വയ്യാത്ത, കാണരുതാത്ത.

അദൃശ്യന്തി-ശക്തിയുടെ ഭാര്യ.

അദൃഷ്ട-വി. ദൃഷ്ടം (കാണപ്പെട്ടതു്) അല്ലാത്ത, കാണപ്പെടാത്ത.

അദൃഷ്ടചരൻ-കാണപ്പെട്ടിട്ടില്ലാത്തവൻ.

അദൃഷ്ടം-ന. കാണപ്പെടാത്തതു്. ഉ. എപ്പോഴാണു തീയ്, വെള്ളം മുതലായവയിൽ നിന്നു പെട്ടെന്നവ ഉണ്ടാകുന്ന ഭയം വന്നുചേരുന്നതെന്നു് മുൻകൂട്ടി അറിയാൻ നിവൃത്തിയില്ലാത്തതു്. ന. പ പം. ര്. ഭാഗ്യക്കേടു്.

അദൃഷ്ടി-കോപാദിവശം ഹേതുവായിട്ടുള്ള ക്രൂരമായ ദൃഷ്ടി (നോട്ടം). അദൃഷ്ടി-വിപരീതമായ ദൃഷ്ടി എന്നു വ്യുൽപത്തി.

അദേയം-കൊടുത്തുകൂടാൻ പാടില്ലാത്തതു്. (ഭാര്യ, പുത്രൻ മുതലായവർ).

'അന്വാഹിതംയാചിതക
മാധിസ്സാധാരണംചയൽ
നിക്ഷേപഃപുത്രദാരാശ്ച
സർവ്വസ്വംചാന്വയേസതി
ആപൽസ്വപിചകഷ്ടാസു
വർത്തമാനേനദേഹിനാ
അദേയാന്യാഹുരാചാര്യാ-
യച്ചാന്യസ്മൈപ്രതിശ്രുതം'

അദേയദാനം-ന്യായമല്ലാത്തദാനം.

അദേശം-ന. തെററിയ സ്ഥലം, ഉറപ്പില്ലാത്ത സ്ഥലം. ഒരുവന്റെ ശരിയായ സ്ഥലം അല്ലാത്തതു്. ഉ. ഗുണമില്ലാത്ത രാജ്യം.

അദോഷം- ന്യൂനതയില്ലാത്തതു്, കുററം ഇല്ലാത്തതു്.

അദ്ധാ-അ. ന. സത്യമായിട്ടു, പരമാർത്ഥമായിട്ടു.

'അദ്ധാതമാംനേതുമഭീപ്സമാനാ
ബദ്ധാഞ്ജലിംമാമിദമേവമൂചേ'
(നിവാതകവചവധം കഥകളി)

ല. പുംകരെ, പ്രത്യക്ഷമായിട്ട്. ന. വെണ്ണപോലെ.

അദ്ധരഥൻ-തേരിൽ ഏകനായി സ്ഥിതി ചെയ്തു സാരഥ്യകർമ്മം വഹിച്ചുംകൊണ്ടു വളരെ വില്ലാളികളോടു യുദ്ധംചെയ്വാൻ സമർത്ഥൻ.

അദ്മരൻ - ഭക്ഷണം പ്രധാനമായിട്ടുള്ളവൻ, അതിഭക്ഷണക്കാരൻ. അദിക്കുന്നവൻ (ഭക്ഷിക്കുന്നവൻ) എന്നു വ്യുൽപത്തി.

അദ്യ-അ. പ്ര. ഇന്ന്. ല. ഇപ്പോൾ.

അദ്യാപി-അ. പ്ര. ഇന്നും. ല. ഇപ്പോഴും. (അദ്യ+അപി=അദ്യാപി.)

അദ്യതനം-ഇന്നുള്ളത്, ഇപ്പോഴുള്ളത്.

അദ്യം-ഭക്ഷിക്കത്തക്കത്, ഭക്ഷണം.

അദ്യൈവ-അ. പ്ര. ഇന്നുതന്നെ. ല. ഇപ്പോൾതന്നെ. (അദ്യ+ഏവ=അദ്യൈവ.)

അദ്രി-പ്ര. പർവ്വതം. ഫലമൂലാദികൾ ഭക്ഷിപ്പാൻ കിട്ടുന്നേടം. ല. വൃക്ഷം. ന. ആദിത്യൻ. ര. ഇടിവാൾ. ത. കല്ല്. ന്യ. മേഘക്കൂട്ടം. ദ. ഒരളവ്. വ്യ. ഏഴ് എന്നക്കം.

അദ്രികർണ്ണി-മലയമുക്കി.

അദ്രികന്യ - പാർവ്വതി. പർവ്വതത്തിന്റെ പുത്രി. പർവ്വതത്തിന്റെ പര്യായങ്ങളോടു പുത്രി എന്നർത്ഥംവരുന്ന പദംചേർത്താൽ പാർവ്വതി എന്നർത്ഥംവരും.

അദ്രിക-ഒരപ്സരസ്ത്രീ.

കാളിന്ദിയിൽ മത്സ്യമായിട്ടു കിടന്നു. ഇവളുടെ മകൾ കാളി(വേദവ്യാസന്റെ അമ്മ)

അദ്രികുക്ഷി-മലയിലെ ഗുഹ.

അദ്രിജ-വി. പർവ്വതത്തിൽനിന്നുണ്ടായ.

അദ്രിജ-പ്ര. പാർവ്വതി. (അദ്രികന്യ നോക്കുക.) ല. മലന്തിപ്പലി. ചൃകായി എന്നും കാണുന്നുണ്ട്.

അദ്രിജം-പ്ര. കന്മദം. ല. തുമ്പുണി. കാവിമണ്ണെന്നും കാണുന്നു.

അദ്രികീല-ഭൂമി.

അദ്രികീലം-ഒരു പർവ്വതം.

അദ്രിജതു-കന്മദം.

അദ്രിപതി-പ്ര. ശിവൻ. ല. ഹിമാലയപർവ്വതം.

അദ്രിരാജൻ - പർവ്വതങ്ങളുടെ രാജാവ്, ഹിമവാൻ.

'ഹിമാലയോനാമനഗാധിരാജഃ'

(കുമാരസംഭവം)

അദ്രിശൃംഗം-കൊടുമുടി.

അദ്രിസരിത്ത്-മലയിൽനിന്നു പുറപ്പെടുന്ന നദി.

അദ്രിസാരം-ഉരുക്ക്.

അദ്രുതം-അ. പതുക്കെ.

അദ്രുമം-പവിഴം.

അദ്രോണി-അമരി. (പര്യായങ്ങൾക്ക് അമരി എന്ന ശബ്ദം നോക്കുക) തൊടത്തക്കതല്ലാത്തതിനാൽ സജ്ജനങ്ങൾ ഇതിനടുത്തുചെല്ലുന്നില്ല, അതുകൊണ്ട് ഈ പേർവന്നു.

[സ്മൃതികാരന്മാർ അസ്പൃശ്യങ്ങളുടെകൂട്ടത്തിൽ അമരിയെക്കൂടി ചേർത്തുകാണുന്നില്ലാത്തതിനാൽ ദ്രോണി എന്നപാഠം നന്ന്. ദ്രോണിഎന്നാൽ രോഗത്തെ പിൻതുടരുന്നതു് എന്നു ശബ്ദാർത്ഥം. അമരത്തിൽ താഴെ പറയുംപ്രകാരം കാണുന്നു.] [നീലിനീ'

'രഞ്ജനീശ്രീഫലീതുത്ഥാദ്രോണീദോലാച

[ഇവിടെ ദ്രോണി എന്നും അദ്രോണി എന്നും പദച്ഛേദംചെയ്യാനും എളുപ്പമുണ്ടല്ലോ.]

അദ്വയം-വി. ദ്വയം (ഇരട്ട, രണ്ട്) അല്ലാത്ത, ഒന്നായ.

അദ്വയം-നിശ്ചയം.

അദ്വയവാദി-പ്ര. സർവ്വജ്ഞൻ ല. ബു

ന്മഹർഷി. ന. ബ്രഹ്മമതക്കാരിൽ ഒരുവൻ, ജീവാത്മാവും പരമാത്മാവും ഒന്നെന്നു പറയുന്നവൻ.

അദ്വയൻ - രണ്ടല്ലാത്തവൻ.

അദ്വിതീയ-വി. രണ്ടല്ലാത്ത.

അദ്വിതീയൻ - ദ്വിതീയൻ (രണ്ടാമൻ) അല്ലാത്തവൻ, ഒന്നാമത്തവൻ.

അദ്വിതീയം - ബ്രഹ്മം.

അദ്വൈതം - ഏകമായ പരബ്രഹ്മം, പരമാത്മാവും ജീവാത്മാവും അഭേദം എന്നുള്ള മതം.

അദ്വൈതക്കാരൻ - പു. ശക്തിപൂജക്കാരൻ. ഉ. പരമാത്മാവും ജീവാത്മാവും ഒന്നുതന്നെ എന്നുള്ളവൻ.

അധന്യൻ - ധന്യനല്ലാത്തവൻ, സുകൃതമില്ലാത്തവൻ, ഭാഗ്യമില്ലാത്തവൻ.

അധമ-വി. നിന്ദിക്കപ്പെട്ട, കീഴ്ത്തരമായ.

'നികൃഷ്ടപ്രതികൃഷ്ടാർവരേഫയാപ്യാവമാധമാഃ
കുപൂയകുത്സിതാവദ്യഖേടഗർഹ്യാണകാഃ-
[സമാഃ

[നികൃഷ്ടം, പ്രതികൃഷ്ടം, അർവ്, രേഫം യാപ്യം, അവമം, അധമം, കുപൂയം, കുത്സിതം, അവദ്യം, ഖേടം, ഗർഹ്യം, അണകം ഇവ ൧൩-ം ജാത്യാചാരകുലാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ടതിന്റെ പേർ 'അമെന്ന്യൂനകുത്സിതൌ' എന്ന അനുസരിച്ചു ന്യൂനമായിട്ടുള്ളതിന്റെയും നിന്ദ്യമായിട്ടുള്ളതിന്റെയും പേർ എന്നു നാനാർത്ഥം. അധമം > < ഉത്തമം.]

അധമഭൃത(ക)ൻ-ചുമട്ടുകാരൻ. അണെ ഭരത്തിലുള്ള ഒരു വേലക്കാരൻ. മൂന്നു വിധമുള്ള വേലക്കാരിൽ ഒരുവൻ.

'ഉത്തമസ്ത്വായുധീയോത്ര
മദ്ധ്യമസ്തുകൃഷീവലഃ
അധമോഭാരവാഹീസ്യാ
ദിത്യേവംത്രിവിധോഭൃതഃ'

അധമർണ്ണൻ-കടം വാങ്ങുന്നവൻ, അധമമായുള്ള ഋണത്തോടുകൂടിയവൻ എന്നു വ്യുൽപത്തി.

അധര-വി. താഴത്തെ, കീഴുള്ള.

അധരകണ്ടിക-ശതാവരി.

അധരകണ്ഠം-കഴുത്തിന്റെ കീഴ്ഭാഗം.

അധരകായം-ശരീരത്തിന്റെകീഴ്ഭാഗം.

അധരൻ-അധമൻ.

അധരപാനം-പ്ര. അധരത്തെ ആസ്വദിക്കുക. ഉ. ചുംബനം.

അധരം-പ്ര. ചുണ്ട്. (താഴെയും മേലെയുമുള്ള രണ്ടു ചുണ്ടിനും പറയാം). സ്ഥിരമായി നില്ക്കാത്തതു് എന്നു വ്യുൽപത്തി.

പര്യായങ്ങൾക്ക ചുണ്ട് എന്ന ശബ്ദം നോക്കുക ഓഷ്ഠം എന്നതു മുകളിലത്തെ ചുണ്ടെന്നും അധരം എന്നതു് താഴത്തെ ചുണ്ടെന്നും അഭിപ്രായം കാണുന്നുണ്ട്. ഇതു ശരിഅല്ല. താഴെയും മേലെയുമുള്ള ചുണ്ടിനു അധരം എന്നുപറയാം. ഓഷ്ഠം എന്നുംപറയാം. ഓഷ്ഠം മേലെചുണ്ടെന്നു സ്ഥാപിക്കുന്നപക്ഷം 'ബിംബോഷ്ഠി' എന്നുള്ളേടത്തു മേലെചുണ്ടുമാത്രം ബിംബതുല്യമെന്നുള്ള അർത്ഥം വരുന്നു. ഇതു തീരെ യോജിക്കുന്നതല്ല.

ഉ. താഴെയുള്ള വസ്തു, (കീഴെഇരിക്കുന്ന വസ്തു). ധരിക്കാത്തതു് എന്നു വ്യുൽപത്തി

അധരമധു, അധരാമൃതം- ചുണ്ടിലെ സുധ (പീയൂഷം).

അധരാംബരം-അധര (താഴത്തെ) അംബരം (വസ്ത്രം), ഉള്ളിലുടുത്ത വസ്ത്രം

'സുവർണ്ണസൂത്രാകലിതാധരാംബരം'
(മാഘം)

അധരിത-താഴ്ത്തിയ, കീഴാക്കപ്പെട്ട.

'മധുരിമകൊണ്ടുമനധരിതമധുരതാ-
മധരസ്വാദംചെയ്യുംവൃന്ദൻ'
(ഭാഷാനൈഷധചമ്പു)

അധരീണ-വി. അധിക്ഷേപിക്കപ്പെട്ട, കുറ്റപ്പെടുത്തപ്പെട്ട.

**അധരേദ്യുഃ**-അ. താഴെ ദിവസത്തിൽ, ഇന്നലെ.

**അധരോത്തരം**-കീഴ്മേൽ.

**അധൎമ്മ**-വി. ഗ. ധൎമ്മം(പുണ്യം)ഇല്ലാത്ത. ൨. ചെയ്യേണ്ടതിന്നു എന്നുള്ള മുറ ഇല്ലാത്ത ൩. വേദത്താൽ വിധിക്കപ്പെട്ട യാഗാദികൎമ്മങ്ങൾ ഇല്ലാത്ത.

**അധൎമ്മദണ്ഡനം** - ന്യായരഹിതമായ ശിക്ഷ.

**അധൎമ്മിഷ്ഠൻ**-പുണ്യമില്ലാത്തവൻ, ചെയ്യേണ്ടതിന്നു എന്നുള്ള മുറ ഇല്ലാത്തവൻ, ദുഷ്കൎമ്മമുള്ളവൻ.

**അധൎമ്യ**-വി. പാപമുള്ള, ദുഷ്ടതയുള്ള, ന്യായരഹിതമായ, നീതിരഹിതമായ.

**അധവ**-ധവൻ (ഭൎത്താവ്) ഇല്ലാത്തവൾ.

**അധഃപതനം**-കീഴ്പ്പെട്ടു വീഴുക.

**അധശ്ചരൻ**-പു. കള്ളൻ. ൨. കീഴ്പ്പെട്ടു പോകുന്നവൻ.

**അധസ്തന**-വി. താഴെയുള്ള. ൨. മുമ്പുള്ള.

**അധസ്തലം**-താഴത്തെ പ്രദേശം.

**അധസ്താൽ**-അ. അധോഭാഗത്തിൽ, കീഴെ

**അധഃസ്ഥ, അധഃസ്ഥിത**-വി. കീഴ്പ്പെട്ട, കീഴുള്ള.

**അധാമാൎഗ്ഗവം**-കടലാടി.

**അധാൎമ്മിക**-വി. ധൎമ്മവിരുദ്ധമായ.

**അധി**-മേലെ, മീതെ, ഉയരെ, മുൻ, കവിഞ്ഞ, ശ്രേഷ്ഠം. (ഈ പദം സംസ്കൃതപദങ്ങളുടെ ആദിയിൽ വരുമ്പോൾ മുൻപറഞ്ഞ അൎത്ഥങ്ങൾ ഉണ്ടാകും).

**അധിക**-വി. വളരെ, പെരുകിയ, വൎദ്ധിച്ച.

**അധികകണ്ടകം**-വെരുകൊടുത്തുവ. (അധികണ്ടകം എന്നും കാണുന്നു).

**അധികത**-അധികമായ സ്ഥിതി.

**അധികം**-ന. വളരെ. ൨. ലാഭം.

'ലാഭോധികം ഫലം' എന്നമരം.

(ലാഭം=മുതൽ മുടക്കിട്ടു വ്യാപാരം ചെയ്യുമ്പോൾ ആ മുടക്കിനെക്കാൾ കൂടുതൽ കിട്ടുന്നതു.) ൩. അലങ്കാരം.

'ആധേയാധിക്യമധിക-
മാധാരാധിക്യവും തഥാ'
(ഭാഷാഭൂഷണം)

**അധികപ്പെടുക**-അധികമാവുക.

[അധികമാവുക എന്ന അൎത്ഥത്തിൽ 'അധികരിക്കുക' എന്നു ചിലർ പ്രയോഗിക്കുന്നുണ്ട്. അധികരിക്കുക എന്നതു അധികാരം എന്ന നാമത്തിന്റെ ക്രിയാരൂപമാണ്. അധികശബ്ദത്തോടു യാതൊരു സംബന്ധവും അധികരിക്കുക എന്നതിനില്ല. അതിനാൽ അധികരിക്കുക എന്നതിനെ തള്ളി അധികപ്പെടുക എന്നതിനെ സ്വീകരിക്കുകയാണ് നന്ന്.]

**അധികരണം**-ന. വല്ലതും വയ്ക്കുന്നതിനുള്ള പാത്രവും മറ്റും. ൨. നിയമനം. ൩. ചേൎച്ച, സംബന്ധം. ൪. (വ്യാകരണത്തിൽ) സപ്തമിവിഭക്തി. ൫. നീതിന്യായക്കോടതി. ൬. അവകാശം, വ്യവഹാരം ൭. മേലധികാരം. ൮. സംഗതി, വിഷയം.

**അധികരണികൻ**-പു. ന്യായാധിപതി, മജിസ്ത്രേറ്റ്. ൨. സൎക്കാർ ഉദ്യോഗസ്ഥൻ.

**അധികരണ്യം**- അധികാരം, ആധിപത്യം.

**അധികൎദ്ധി**- അതിസമ്പന്നൻ. അധികമായ ഋദ്ധിയോടുകൂടിയവൻ എന്നു വ്യുൽപത്തി. ഋദ്ധി=സമ്പത്ത്.

**അധികാൎമ്മികൻ**-ചന്തയിലെ ചുങ്കം ഈടാക്കുന്ന മേൽവിചാരിപ്പുകാരൻ.

**അധികാധികം**-വളരെവളരെ.

**അധികാംഗ**-വി. സാധാരണയിൽ കൂടുതൽ അവയവങ്ങൾ ഉള്ള.

**അധികാംഗം**-ചട്ടയുടെ മദ്ധ്യത്തിൽകെട്ടുന്ന പട്ട (കച്ച), അരപ്പട്ട. അംഗത്തിൽനിന്ന് അധികമായിട്ടുള്ളത് എന്നു വ്യുൽപത്തി.

'അധികാംശം സാരസനം' എന്നമരമാല. അധിപാംശം എന്നും പാഠാന്തരംകാണുന്നു. 'അധിപാംശം സാരസനം' എന്നു കാത്യവചനം.

ഇതിന്റെ അംശത്തിൽ അധിഷ്ഠാനംചെയ്തു പാലിക്കുന്നതു് എന്നു വ്യുൽപത്തി. അധികാംശം എന്നതിന്നു മറ്റൊരു പൎയ്യായമുള്ളതു സാരസനം (സാരസനാ) എന്നാകുന്നു.

**അധികാരപത്രം**- എഴുതിയ ഉടമ്പടി. സ്ഥാനമാനങ്ങളെ കല്പിച്ചു കൊടുക്കുന്ന തീട്ടു്.

**അധികാരം**-൧. മേൽവിചാരം. ൨. ഉദ്യോഗം. ൩. കാൎയ്യവിചാരം. ൪. സ്ഥാനമാനം. ൫. അവകാശം. ൬. ഒരു രാജാവിന്റെ പ്രത്യേകമുള്ള അവകാശം. ൭. ഉത്സാഹം, ശ്രമം, വ്യവസായം. ൮. അദ്ധ്യായം.

**അധികാരി**-അധികാരമുള്ളവൻ, ഭരിക്കുന്നവൻ, അവകാശി.

**അധികാരിചതുഷ്ടയം**- മന്ദൻ, മദ്ധ്യമൻ, ഉത്തമൻ, ഉത്തമോത്തമൻ ഇവരത്രെ ഗുരൂപദേശത്തിന്നധികാരികൾ

**അധികാരിത**-അധികാരിയുടെ സ്ഥിതി, ആധിപത്യം.

**അധികൃതൻ**-ഒരു കാൎയ്യത്തിൽ പ്രത്യേകമായ അധികാരം ലഭിച്ചവൻ. അധികമായി പ്രവൎത്തിക്കുന്നവൻ എന്നു വ്യുൽപത്തി.

'അദ്ധ്യക്ഷാധികൃതൌസമൌ' എന്നമരം. [അദ്ധ്യക്ഷൻ, അധികൃതൻ ഇ-ം, ഏതെങ്കിലും സംഗതിക്കു പ്രത്യേകാധികാരം ലഭിച്ചവന്റെ പേർ.]

**അധികൃതി**-പ്രത്യേകാധികാരം, മേൽവിചാരം, അവകാശം.

**അധിക്രമം**-ആക്രമിക്കുക, ബലമായുള്ള ഉൾപ്രവേശം, എതിൎക്കുക

**അധിക്ഷിപ്തം**-വി ൧. അധിക്ഷേപിക്കപ്പെട്ട, നിന്ദിക്കപ്പെട്ട.

'അധിക്ഷിപ്തഃപ്രതിക്ഷിപ്തഃ' എന്നമരം. [അധിക്ഷിപ്തൻ, പ്രതിക്ഷിപ്തൻ ഇ-ം, അധിക്ഷേപിക്കപ്പെട്ടവന്റെ പേർ.]

൨. എറിയപ്പെട്ട. ൩. അയക്കപ്പെട്ട.

**അധിക്ഷേപം**-നിന്ദിക്കുക. ഒരുവന്റെ ശൌൎയ്യം, വീൎയ്യം, മുതലായവയെക്കുറിച്ചു് അന്യൻ ചെയ്യുന്ന ആക്ഷേപമത്രെ അധിക്ഷേപം.

**അധിക്ഷേപൻ** - കൎമ്മഹീനനായിട്ടുള്ള ബ്രാഹ്മണൻ.

**അധിഗതം**-വി. പ്രാപ്തം, പഠിച്ച, അറിഞ്ഞു മനസ്സിലാക്കിയ.

**അധിഗമം, അധിഗമനം**-൧. ലഭിക്കുക, പ്രാപിക്കുക ൨. അറിവു്, പഠിത്തം. ൩. സാമൎത്ഥ്യം, ജയം.

**അധിജിഹ്വ**-൧ സൎപ്പം.

[കശപ്പുല്ലിലുണ്ടായിരുന്ന അമൃതം നക്കിക്കുടിക്കയാൽ നാവു രണ്ടായ്കീറി; തന്നിമിത്തം ഈ പേർ സിദ്ധിച്ചു ]

൨ തൊണ്ടയിൽ ഉണ്ടാകുന്ന ഒരുരോഗം.

[നാക്കിന്റെ മുകളിൽ നാവിന്റെ അഗ്രം എന്നപോലെ ഉണ്ടാകുന്ന വീക്കമാകുന്നു. പഴുത്താൽ ഉപേക്ഷിക്കണം ]

**അധിജ്യം**-ഞാണേറ്റപ്പെട്ടതു്.

'ഭാരകല് ശംഭുധൃത്ത ഭൂമമു-
ക്ഷ്യാധിജ്യമാം വില്ലിലും'
(അഭിജ്ഞാനശാകുന്തളം)

**അധിതടം**-അ. തടത്തിങ്കൽ.

**അധിത്യക**-പൎവ്വതത്തിന്റെമുകൾഭാഗം, ഉയൎച്ചഭൂമ്.

'ഉപത്യകാദ്രേരാസന്നാ-
ഭൂമിരൂൎദ്ധ്വമധിത്യകാ' (അമരം)

**അധിദന്തം**-ഒരു പല്ലിന്റെ മീതെ വരുന്ന അധികപ്പല്ലു്.

**അധിദൂതൻ**-മുതല്പവൻ, പ്രധാന ദേവദൂതൻ.

**അധിദേവ, അധിദേവത**-പ്രധാന ദേവത, രക്ഷിക്കുന്ന ദേവത. (ദൈവം, ദേവൻ.)

[ഓരോരോ ഇന്ദ്രിയത്തിനും ഓരോരോ അധിദേവതയുണ്ടു്. ചെവിയ്ക്കു-ദിക്കു്. ത്വക്കിനു്-വാതം. നേത്രത്തിനു-അർക്കൻ. നാക്കിനു-വരുണൻ. മൂക്കിനു അശ്വികൾ. വാക്കിനു-അഗ്നി. ഹസ്തത്തിനു ഇന്ദ്രൻ. പാദത്തിനു-ഉപേന്ദ്രൻ. വായുവിനു-മിത്രൻ. ഉപസ്ഥത്തിനു്-പ്രജാപതി. മനസ്സിനു-ചന്ദ്രൻ.]

**അധിനാഥൻ**-അധീശൻ. (അധിഭർത്താവു് എന്നതു നോക്കുക.)

**അധിപൻ**-പു. പ്രഭുത്വമുള്ളവൻ. അധിപാലനം ചെയ്യുന്നവൻ എന്നു പദാർത്ഥം.

'........സ്വാമീത്വീശ്വരഃപതിരീശിതാ
അധിഭൂർന്നായകോനേതാ പ്രഭുഃ
'പരിവൃഢോധിപഃ' എന്നമരം.

[സ്വാമി, ഈശ്വരൻ, പതി, ഈശിതാവു്, അധിഭൂവു്, നായകൻ, നേതാവു്, പ്രഭു, പരിവൃഢൻ, അധിപൻ ഇവ-൧൦ പ്രഭുത്വമുള്ളവന്റെ പേർ.]

ഉ. മേലധികാരി മ. ഉദ്യോഗസ്ഥൻ. ദ. ഉടയക്കാരൻ. ഉ. രാജാവു്.

**അധിപാംഗം**-മുട്ടപ്പിടുന്നവൻ മുറപ്പിനായിട്ടു് അതിന്റെ മദ്ധ്യേ കെട്ടുന്ന പട്ട (കച്ച), ഇളപ്പൂട്ടു്. (അധികാംഗം എന്നതു നോക്കുക).

**അധിഭർത്താവു്**-അധീശൻ [സാങ്കേതികശബ്ദമാകയാൽ (Governor-General) ഗവർണർ ജനറൽ.]

**അധിഭൂവു്**- പ്രഭുത്വമുള്ളവൻ-അധിഭവിക്കുന്നവൻ (മേലെ നിൽക്കുന്നവൻ) പര്യായങ്ങൾക്കു അധിപൻ എന്ന ശബ്ദം നോക്കുക.

**അധിമന്ഥം**-ഒരു നേത്രരോഗം. കണ്ണു അത്യധികം പിളർക്കപ്പെടുന്നു എന്നും മഥിക്കപ്പെടുന്നു എന്നും തോന്നുന്നതാണു് ഇതിന്റെ സാമാന്യലക്ഷണം.

'ഉൽപാട്യതഇവാത്യർത്ഥം
നേത്രംനിർമ്മഥ്യതേതഥാ'
(മാധവനിദാനം)

**അധിമാംസം**-ദന്തരോഗങ്ങളിൽ ഒന്നു്. കടവായിൽ താടിയെല്ലിനെ സംബന്ധിച്ച പല്ലിന്റെ ചുവട്ടിൽ വലിയ നീരും വലരെ വേദനയും ഉണ്ടാകയും ജലം ഒലിക്കയും ചെയ്യും. ഇതിനു കഫം നിമിത്തമുള്ള അധിമാംസം എന്നു പറയുന്നു.

**അധിരഥ**-വി. രഥത്തിൽ കയറിയ.

**അധിരഥൻ**-പു. കർണ്ണന്റെ വളർത്തച്ഛനായ അംഗദേശത്തിലെ ഒരു രാജാവു്. ഉ. സാരഥി. മ. ധൃതരാഷ്ട്രരുടെ സാരഥി.

**അധിരഥം**-വണ്ടിയിൽ കൊള്ളുന്ന ഭാരം ചാട്ടിൽ കൊള്ളുന്നതു്. (വേദത്തിലെ പ്രയോഗമുള്ളൂ).

**അധിരാട്ടു്** അധിരാജൻ, ചക്രവർത്തി.

**അധിരുക്മ**-വി. സ്വർണ്ണാഭരണങ്ങളുള്ള.

**അധിരൂഢ**-വി. പ. വർദ്ധിച്ച. ഉ. കയറിയ. മ. കരേറപ്പെട്ട.

**അധിരോഹൻ**-ആരോഹിച്ചവൻ.

**അധിരോഹണം**-കരേറ്റം.

**അധിരോഹിണി**-സ്ത്രീ-കോണി, കല്പട, അധിരോഹണം ചെയ്യുന്നതു(കയറുന്നതു)ള്ളു് എന്നു വ്യുൽപ്പത്തി.

**അധിവചനം**-പു. അധികംപറക, ഒരുവനിലെന്നപോലെ വ്യവഹരിക്കുക, ഉ. അനുകൂലം പറക.

**അധിവസിക്കുക**-പാർക്കുക.

**അധിവാസനം**-പു. കറികൂട്ടുകൾ, മഞ്ഞപ്പൊടി ഇത്യാദികൊണ്ടു ശരീരവസ്ത്രാദികൾ സുഗന്ധീകരിക്കുക ചെയ്യുന്ന പരിഷ്കാരം. ഉ. ബിംബപ്രതിഷ്ഠ.

'സംസ്കാരോ ഗന്ധമാല്യാദ്യൈ-
ര്യസ്സ്യാത്തദധിവാസനം'
(അമരം.)

**അധിവാസി**-വി. ൧. അധിവസിക്കുന്ന പാൎക്കുന്ന ൨. സുഗന്ധം ഉണ്ടാക്കുന്ന,

**അധിവാസം**-൧. പാൎപ്പ്. ൨. സുഗന്ധം വരുത്തുക. ൩. വസ്ത്രം, മേടപ്പു (കപ്പായം.)

**അധിവാസൻ**-അയല്പക്കക്കാരൻ, സമീപസ്ഥൻ.

**അധിവാഹനം**-എടുക്കുക, ചുമക്കുക, കൊണ്ടുപോകുക.

**അധിവികൎത്തനം**-വെട്ടുക.

**അധിവിന്ന**-ഒരുവൻ രണ്ടാമതു വേട്ട സ്ത്രീ, വിവാഹാനന്തരം സപത്നീലാഭമുണ്ടായവൾ എന്നു വ്യുൽപത്തി. (ഒരേഥൻ്റെ ഭാൎയ്യയായകൊണ്ടു സപത്ന്യൎക്കു ഈ പേർ ഉചിതം തന്നെ.)

**അധിഃവദം, അധിഃവദനം**-ഒരു ഭാഷ്യയെക്കൂടി വേറാക്കുക.

**അധിശ്രയണി**-അടുപ്പ് ഇതിൽ പാകം ചെയ്യുന്നതിനാൽ ഈ പേർ സിദ്ധിച്ചു (പൎയ്യായങ്ങൾക്കു 'അടുപ്പ്' എന്ന ശബ്ദം നോക്കുക.)

**അധിഷ്ഠാനം**-൧. ആധാരം. ൨. ആശ്രയം. ൩. വണ്ടിച്ചക്രം. ൪. പട്ടണം. ൫. നഗരം. ൬. പ്രഭാവം. ൭. ആക്രമിക്കുക (സ്ഥിതിചെയ്യുക.) ആശ്രയിച്ചിട്ടുള്ള ഇരിപ്പു എന്നു ചിലർ പറയുന്നു.

**അധിഷ്ഠിതം**-൧. അധികാരണം. ൨. ഉറപ്പിക്കപ്പെട്ടതു്. ൩. നിശ്ചയിക്കപ്പെട്ടതു്.

**അധീത**-വി. ൧. പഠിച്ച ൨. ഓൎമ്മിച്ച

**അധീതി**-൧. പഠിത്തം. ൨. ഓൎമ്മ.

**അധീതി**-വി. ൧. പഠിത്തമുള്ള. ൨. ഓൎമ്മയുള്ള.

**അധീതി**-൧. പഠിത്തമുള്ളവൻ, ൨. ഓൎമ്മയുള്ളവൻ.

**അധീന**-വി. അന്യൻ്റെ ചൊൽക്കീഴിൽ അടങ്ങിയ.

**അധീനൻ**-അധി (തൻ്റെമേൽ) ഇനൻ (സ്വാമി) ഉള്ളവൻ. ഇങ്ങനെ (പ്രഭുവിനെ) അധിഗമിച്ചവൻ എന്നു വ്യുൽപത്തി.

'അധീനോനിഘ്ന ആയത്തോ-
സ്വച്ഛന്ദോഗൃഹ്യകോപ്യസൌ,'
(അമരം.)

[അധീനൻ, നിഘ്നൻ, ആയത്തൻ, അസ്വച്ഛന്ദൻ, ഗൃഹ്യകൻ-൫-ം, അന്യന്നു അധീനനായിട്ടുള്ളവൻ്റെ പേർ. 'പരതന്ത്രഃ പരാധീനഃ പരവാൻനാഥവാനപി' അമരം. പരതന്ത്രൻ, പരാധീനൻ, പരവാൻ, നാഥവാൻ ൪-ം, അന്യൻ്റെ ചൊല്പടിക്കു നടക്കുന്നവൻ്റെ പേർ. ൻ-ം പരതന്ത്രത്തിൻ്റെ പേരെന്നും പറയുന്നു.]

**അധീനത**-അന്യൻ്റെ ചൊൽക്കീഴിൽ അടങ്ങിയ സ്ഥിതി.

**അധീനം**-കീഴടങ്ങൽ, വശം.

**അധീര**-വി. ധൈൎയ്യമില്ലാത്ത, ഉറപ്പില്ലാത്ത, ഭയമുള്ള.

'എന്നെ അധീരനെന്നോൎത്തുമപഹസിക്കരുതേ'
(നളചരിതം കഥകളി)

'അധീരകാതരഃ' (അമരം.)

[അധീരൻ, കാതരൻ ൨-ം, ഭയംകൊണ്ടു വ്യാകുലമനസ്സായിട്ടുള്ളവൻ്റെ പേർ]

**അധീവാസസ്സ്**-മുഴുവൻ ദേഹവും മറയ്ക്കുന്ന മേടപ്പു (കപ്പായം).

**അധീശൻ**-അധിനാഥൻ, അധിരാജാവു എന്നതു നോക്കുക.

**അധീശ്വരൻ**-നാട്ടുവാഴികളാൽ വണങ്ങപ്പെട്ട രാജാവു്. തൻ്റെ ചുററുമുള്ള മററു രാജാക്കന്മാരെ കീഴടക്കി വാഴുന്ന രാജാവു്. അധികനായ ഈശ്വരൻ എന്നു അൎത്ഥം.

അധുനാ- അ. ഇപ്പോൾ (ഈ കാലത്തിൽ).

'ഏതൎഹിസംപ്രതീദാനീ
മധുനാസാംപ്രതംതഥാ' (അമരം)

[ഏതൎഹി, സമ്പ്രതി, ഇദാനീം, അധുനാ, സാംപ്രതം-ഈ ൫-നും, ഇപ്പോൾ (ഈ കാലത്തിൽ) എന്നൎത്ഥം].

'നന്മയോടിന്ദ്രവരാംശയതാകം
പെണ്മണിതന്നുടെമുഖമിദമധുനാ'

(ഉത്തരാസ്വയംവരം കഥകളി)

അധുനാതന-വി. ഇപ്പോഴുള്ള, ഇക്കാലത്തുള്ള.

അധൃതി-ധൈൎയ്യമില്ലായ്ക.

അധൃഷ്ട-വി. ലജ്ജയുള്ള, സഭാകമ്പമുള്ള.

'സ്യാദധൃഷ്ടശാലീനഃ' (അമരം)

[അധൃഷ്ടൻ, ശാലീനൻ ൨ ം, ലജ്ജിച്ചവന്റെ പേർ]

അധൃഷ്യ-വി. ജയിച്ചുകൂടാത്ത, അതിക്രമിച്ചുകൂടാത്ത, ലജ്ജയുള്ള. അധൃഷ്യ > < അഭിഗമ്യം.

അധൃഷ്യ-ഒരാറ്.

അധേനു-പാൽ നൽകാത്ത പശു.

അധോക്ഷ-വി. വണ്ടിയുടെ അച്ചിന്റെ താഴെയുള്ള.

അധോക്ഷജൻ-വിഷ്ണു. തപസ്വികളാൽ മാത്രം കാണപ്പെടാവുന്നവൻ, ഇന്ദ്രിയങ്ങളെ ശക്തി ഉണ്ടായവൻ, അധോക്ഷ (ജിതേന്ദ്രിയ) ന്മാരാൽ ജനിക്കുന്നവൻ (പ്രത്യക്ഷനായി ഭവിക്കുന്നവൻ.)

അധോഗതി-കീഴ്പെട്ടുള്ളപോക്ക്.

അധോഗന്താവ്-എലി.

അധോഘണ്ട-വലിയ കടലാടി. നായുരിഞ്ഞും പറയും.

അധോജിഹ്വിക-ഉണ്ണാക്ക്.

അധോഫല-കീഴ്കാനെല്ലി.

അധോഭക്ത- ആഹാരം കഴിഞ്ഞതിന്റെശേഷം കഴിക്കുന്ന ഔഷധം (അതാതുമാത്ര അടങ്ങിയതു) വെള്ളം അല്ലെങ്കിൽ മരുന്ന്.

അധോഭാഗം-കീഴ് വശം, താഴത്തെ പ്രദേശം.

അധോഭുവനം-പാതാളം. താഴത്തെ ലോകം എന്ന ശബ്ദാൎത്ഥം.

അധോമുഖ-വി. തലതാഴ്ത്തിയ.

[അവാക്ക്, അധോമുഖൻ ൨-ം, തലതാഴ്ത്തിയവന്റെ പേർ. 'അവാഗ്രം' അവനതം, ആനതം-൩-ം, അധോമുഖമായിട്ടുള്ളതിന്റെ പേർ]

അധോമുഖ-കൊഴുപ്പാ.

അധോലോകം-പാതാളം, താഴത്തെലോകം.

അധോവാതം-കീഴ്പെട്ടുള്ള വായു.

[കീഴ്പ്പെട്ടുള്ള വായുവിന്റെ ഗതിയെ തടുത്താൽ ഗുന്മം, ഉദാവൎത്തം, വൃഷണോദരവസ്ത്യാദികളിൽ വേദന, ഇന്ദ്രിയങ്ങൾക്കു തളൎച്ച, വായുവിനും മൂത്രത്തിനും മലത്തിനും തടവ്, ദൃഷ്ടിനാശം അഗ്നിനാശം, ഹൃദ്രോഗം ഇവ സംഭവിക്കും.]

'അധോവാതസ്യരോധേന
ഗുന്മോദാവൎത്തരുക്ക്ലമാഃ
വാതമൂത്രശകൃത്സംഗ
ദൃഷ്ട്യഗ്നിവധഹൃൽഗദാഃ'

(അഷ്ടാംഗഹൃദയം)

അധോവായു-കീഴ്പ്പെട്ടുള്ള വായു. (അധോവാതം നോക്കുക).

അധോംശുകം-ഉടുവസ്ത്രം. ദേഹത്തിന്റെ താഴെയുള്ള വസ്ത്രം എന്നു പദാൎത്ഥം.

അധഃ-അ. താഴെ, കീഴ്.

അധഃകരിക്ക-താഴ്ത്താക്കുക.

അധഃപതനം-താഴ്ചവീ, സ്ഥാനമുതിൎന്നുതാഴ്ക, കീഴ്പ്പെട്ടുവീഴുക.

അധഃപുഷ്പി-കൊഴപ്പം.

അധഃശല്യം-വലിയകടലാടി.

അധ്യണ്ഡ-നായ്ക്കുരണ, കിഴകാനെല്ലി.

അധ്യർക്കം-മന്ദാരം.

അധ്യയനം, അധ്യായം-൧. പഠിത്തം. ൨. ഓത്ത്.

അധ്യവസിത-വി. ൧. ഉത്സാഹിച്ച, ശ്രമിച്ച. ൨. നിശ്ചയിച്ച.

അധ്യവസാനം-൧. ഉത്സാഹം. ൨. ശ്രമം.

അധ്യവസായം-ഉത്സാഹം, അവസാനംവരെ നിലനില്ക്കുന്നത് എന്നു വ്യുൽപത്തി.

അധ്യവസായി-വി. ഉത്സാഹമുള്ള.

അധ്യശനം-അമിതമായ ഭക്ഷണം.

അധ്യക്ഷ-വി. ഒരു കാര്യത്തിൽ പ്രത്യേകാധികാരം ലഭിച്ച. അധ്യക്ഷൻ എന്നാൽ എല്ലാറ്റിലും ചെല്ലുന്നവൻ, പ്രത്യേകമായി കണ്ടറിയുന്നവൻ എന്നു താൽപര്യം.

അധികൃതങ്ങളായ അക്ഷങ്ങളോടുകൂടിയവൻ അധ്യക്ഷൻ.

അധ്യക്ഷം-൧. പ്രത്യക്ഷമായിട്ടുള്ളത്. ൨. പഴമുണ്ണാല.

അധ്യാകാശം-അ. ആകാശത്തിങ്കൽ.

അധ്യാത്മ-വി. തന്നെ സംബന്ധിച്ച

അധ്യാത്മജ്ഞാനം, അധ്യാത്മവിദ്യ-ആത്മാവിനെക്കുറിച്ചുള്ള അറിവ്.

അധ്യാത്മപ്രദീപ(ക)ം-പരമാത്മജ്ഞാനത്തെ തെളിയിക്കുന്നത്.

അധ്യാത്മരാമായണം-പരമാത്മജ്ഞാനത്തെ കൊടുക്കുന്നവനായ ശ്രീരാമൻ ചെയ്തിട്ടുള്ള കൃത്യങ്ങളെ അറിവാനുള്ള മാർഗ്ഗം.

അധ്യാത്മവിചാരം-പരമാത്മജ്ഞാനത്തെ സംബന്ധിച്ച ആലോചന.

അധ്യാത്മം-൧. സൂക്ഷ്മശരീരം. ൨. തന്നെസംബന്ധിച്ചത്. ൩. പരമാത്മാവ്.

അധ്യാപകൻ-പഠിപ്പിക്കുന്നവൻ. അധ്യയനംചെയ്യിക്കുന്നവൻ എന്നു വ്യുൽപത്തി.

'ഉപാധ്യായോധ്യാപകഃ' (അമരം)

[ഉപാധ്യായൻ, അധ്യാപകൻ ൨-ം പഠിപ്പിക്കുന്നവന്റെ പേർ.]

അധ്യാപനം-അധ്യയനംചെയ്യുക, പഠിപ്പിക്കുക.

അധ്യായം-വകുപ്പുകൾ ചേർന്നുണ്ടാകുന്നതിന്റെ പേർ. പദങ്ങൾ ചേർന്നു വാക്യവും വാക്യങ്ങൾചേർന്നു വകുപ്പും ഉണ്ടാകുന്നു.

[വകുപ്പിനു ഖണ്ഡിക എന്നും പറയുന്നു. കീഴ്‌വകുപ്പ്-ഉപഖണ്ഡിക. അധ്യായത്തിനു പകരം സർഗ്ഗം, അങ്കം, കാണ്ഡം ഇത്യാദിയും ഉപയോഗിച്ചുവരുന്നു.]

അധ്യായി-വി. പഠിക്കുന്ന.

അധ്യാരൂഢ-വി ൧. പെരുകിയ. ൨. കേറിയ.

അധ്യാരോപം, അധ്യാരോപണം-ചുമത്തുക (ചുമത്തൽ).

അധ്യാരോപിത-വി. ചുമത്തപ്പെട്ട.

അധ്യാരോഹം, അധ്യാരോഹണം-കയറുക (കരേറ്റം).

അധ്യാസനം-കയറിയിരിപ്പ്, ഇരിപ്പ്, സ്ഥലം.

അധ്യാസിക്കുക-ഇരിക്കുക.

'അധ്യാസിച്ചുകൊള്ളാംപതിവരനെണി' (അമരുകശതകം)

അധ്യാസീനൻ-കയറിയിരിക്കുന്നവൻ.

അധ്യാഹാരം, അധ്യാഹരണം-ഊഹം, കുറവുള്ളതിനെ തീർപ്പാൻ കൂടുതൽ പദത്തെ ചേർക്കുക.

അധ്യൂഢ-വി. ൧. അധികം വർദ്ധിച്ച ൨. ഐശ്വര്യമുള്ള (സമ്പത്തുള്ള).

അദ്ധ്യൂഢ-വളരെ സ്ത്രീകളെ വിവാഹം ചെയ്തവൻ ആദ്യം വിവാഹംചെയ്ത സ്ത്രീയുടെ പേർ. ഈ സ്ത്രീക്ക് പിന്നീട്, ഭൎത്താവ് വേട്ട മറ്റൊരവളോടുകൂടിയവൾ എന്നു വ്യുൽപത്തി. അധിശബ്ദത്തിന് ഇവിടെ ഊൎദ്ധ്വം എന്നൎത്ഥം. (അധിവിന്ന എന്ന ശബ്ദം നോക്കുക).

അദ്ധ്യൂഢൻ-ശിവൻ.

അദ്ധ്യൂധ്നി-തടിച്ചുനിറഞ്ഞ അകിടുള്ള പശു. അധികം 'ഊധോ യസ്യാഃ' എന്നു വ്യുൽപത്തി. (ഊധസ്സ് എന്നതു് അകിടിന്റെ പൎയ്യായമാകുന്നു.)

അദ്ധ്യേഷണ-ഗുരു മുതലായവരെ ആരാധിക്കുക, ഗുരു മുതലായവരെ ഒരു കാൎയ്യത്തിൽ പ്രവൎത്തിപ്പിക്ക (ക്ഷണിക്ക), ഗുരു മുതലായവരെ അപേക്ഷാപൂൎവ്വമായി ഏതെങ്കിലും ഒരു കാൎയ്യത്തിൽ നിയോഗിക്കുക. സൽക്കാരപൂൎവ്വമായിട്ടുള്ളതു് എന്നു വ്യുൽപത്തി.) അദ്ധ്യേഷണൻ എന്നതിനു കണ്ടാൽ ക്ഷണിക്കുന്നവൻ എന്നുള്ള അൎത്ഥവും കാണുന്നു).

'സന്നിസ്ത്വദ്ധ്യേഷണ' (അമരം)

[സന്നി, അദ്ധ്യേഷണം ഉ-ം ഗുരു മുതലായവരെ ആരാധിക്കുന്നതിന്റെ പേർ.]

അദ്ധ്യേതാവ്-വിദ്യാൎത്ഥി.

അദ്ധ്രുവ-വി. നിശ്ചയമില്ലാത്ത, ഉറപ്പില്ലാത്ത.

അദ്ധ്രുഷം-പനിക്കൂടിയുള്ള ഒരുവക രോഗം. അണ്ണാക്കിൽ ചെമന്നനിറത്തിൽ മന്ദമായ നീരുണ്ടാകും. കഠിനമായ വേദനയും കാണും.

അദ്ധ്വഗഃഭാഗ്യം, അദ്ധ്വഃഭാഗ്യം-അമ്പഴം.

അദ്ധ്വഗ-ഗംഗാനദി.

അദ്ധ്വഗൻ-വഴിപോക്കൻ.

അദ്ധ്വഗം-൧. ഒട്ടകം. ൨. വെള്ളിക്കുതിര.

അദ്ധ്വഗമനം-വഴിനടപ്പ്.

അദ്ധ്വനീനൻ-വഴിപോക്കൻ. നല്ലവണ്ണം വഴിനടക്കുന്നവൻ എന്നു വ്യുല്പത്തി.

'അദ്ധ്വനീനനെരതിശ്രാന്തനെന്തു
ചെയ്‌വതു കേശീവപാദപഃ'

(ഭാരതചമ്പു)

അദ്ധ്വന്യൻ-വഴിപോക്കൻ. അദ്ധ്വാവിനെ ഗമിക്കുന്നവൻ എന്നു വ്യുൽപത്തി.

അദ്ധ്വപ്രശോഷി-അധികം വഴിനടക്കുകനിമിത്തം ക്ഷീണിച്ചവൻ.

അദ്ധ്വപ്രശോഷം-ക്ഷയരോഗം.

[അധികം വഴിനടക്കുക ഹേതുവായിട്ടുണ്ടാകും. ഉണങ്ങിയ മുഖം, ഉണങ്ങിയ മൂത്രാശയം, ഉണങ്ങിയ അണ്ണാക്ക് ഇവ ലക്ഷണങ്ങൾ.]

അദ്ധ്വബാധാ-വഴിയടപ്പ്.

അദ്ധ്വര-വി. ൧. വളഞ്ഞതല്ലാത്ത. ൨. കുഴഞ്ഞാത്ത. ൩. ശ്രദ്ധയുള്ള.

അദ്ധ്വരഥൻ-വഴിയാത്രയിൽ സാമൎത്ഥ്യമുള്ള ദൂതൻ.

അദ്ധ്വരഥം-വഴിപോകാനുള്ള തേര്.

അദ്ധ്വരം-യാഗം. സ്വൎഗ്ഗമാൎഗ്ഗത്തെ തരുന്നതു്, വൈദികമാൎഗ്ഗത്തെ ദാനംചെയ്യുന്നതു്.

'അദ്ധ്വരത്തിങ്കൽച്ചെന്നു
ശുനകൻ മന്ത്രംകൊണ്ടു
ശുദ്ധമാം പുരോഡാശം
കൊണ്ടുപോകുന്നപോലെ'

(അദ്ധ്യാത്മരാമായണം)

അദ്ധ്വൎയ്യു-യാഗത്തിങ്കൽ യജുൎവ്വേദകൎമ്മം ചെയ്യുന്ന ഋത്വിക്കിന്റെ പേർ. താൻതന്നെ വിചാരത്തോടുകൂടെ (കപടം കാണിക്കാതെ) യാഗത്തിൽ പ്രവൎത്തിക്കുന്നവൻ.

അദ്ധ്വശല്യം-വലിയ കടലാടി.

അദ്ധ്വസിദ്ധകം-നൊച്ചി.

അദ്ധ്വസ്ത-വി. ഇല്ലാതാക്കാപ്പെട്ട, നശിപ്പിക്കപ്പെട്ട.

അദ്ധ്വാധിപൻ-വഴി (റോട്ട) വിചാരിപ്പുകാരൻ.

അദ്ധ്വാനപ്പെടുക-പ്രയത്നപ്പെടുക; വലിയ വേലചെയ്യുക.

അദ്ധ്വാനം-൧. പ്രയത്നം. ൨. ധ്വാനം (ശബ്ദം) ഇല്ലായ്ക.

അദ്ധ്വാന്തം-൧. ഇരുട്ടില്ലായ്ക. ൨. അസ്തമനശോഭ.

അദ്ധ്വാവു്-വഴി. ബലത്തെ ഭക്ഷിക്കുന്നു (ഇല്ലാതാക്കുന്നു) എന്നു വ്യുൽപത്തി.

'അദ്ധ്വപരിശ്രമമുടക്കൊണ്ടയ്യോ
നിദ്രവരാത്തതുമായ്മറന്നോ'
(ഉത്തരരാമായണം ചമ്പു)

അന-അ. ഇല്ലാ, അല്ല.

ഉ-ം 'അനോപമയായശക്തി' ഇത്യാദി.

അനക-വി. അധമസ്ഥിതിയിലുള്ള. (അണക എന്നു നോക്കുക).

അനക്കം-ഇളക്കം.

അനക്കുക-ഇളക്കുക, ചലിപ്പിക്കുക.

അനക്ഷ-വി. ൧. കണ്ണില്ലാത്ത. ൨. അച്ചുതടിയില്ലാത്ത.

അനക്ഷരം-൧. പറവാൻ യോഗ്യമല്ലാത്തതു്. ൨. വിദ്യയില്ലാത്തതു്. നിന്ദ്യങ്ങളായ അൎത്ഥത്തോടുകൂടിയതു് എന്നു വ്യുൽപത്തി.

'അനക്ഷരമവാച്യംസ്യാൽ' (അമരം)
[അനക്ഷരം, അവാച്യം ൨-ം പറവാൻയോഗ്യമല്ലാത്ത വാക്കിന്റെപേർ]

അനഗാരൻ-അഗാരം (ഭവനം) ഇല്ലാത്തവൻ, സന്യാസി.

അനഗാരിക-അലഞ്ഞുനടക്കുന്ന സന്യാസിയുടെ ഭവനമില്ലാത്ത സ്ഥിതി.

അനഘ-വി. ൧. അഘം (പാപം) ഇല്ലാത്ത. ൨. വ്യസനമില്ലാത്ത. ൩. ദോഷം ഇല്ലാത്ത, ൪. കറ ഇല്ലാത്ത.

'അനഘമതാകിന കനകഗൃഹത്തിൽ
കനിവിലിരുത്തിപ്പരിപാലിച്ചു'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

അനഘം-അതിവിടയം.

അനഘൻ-൧. വിഷ്ണു. ൨. ശിവൻ.

അനങ്ങുക-ഇളകുക, ചലിക്കുക. ധാതു-അനങ്ങ്.

അനംഗ-വി. ൧. അംഗം (ശരീരം) ഇല്ലാത്ത. ൨. അവയവം ഇല്ലാത്ത. ൩. ജ്ഞാനമില്ലാത്ത.

അനംഗൻ-കാമദേവൻ. അംഗം (ശരീരം; ജ്ഞാനം) ഇല്ലാത്തവൻ എന്നു വ്യുൽപത്തി. (ശിവന്റെ തീക്കണ്ണിൽ കാമൻ ദഹിച്ചതു സുപ്രസിദ്ധമാണല്ലോ).

അനംഗം-൧. ആകാശം. ൨. കാറ്റ്.

അനംഗാരി-ശിവൻ. അനംഗ(കാമ)ന്റെ അരി(ശത്രു). കാമദേവൻ എന്നതിന്റെ പൎയ്യായങ്ങളോടു ശത്രു എന്നൎത്ഥമുള്ള പദം ചേൎത്താൽ ശിവൻ എന്നൎത്ഥമുണ്ടാകും.

അനച്ച-വി. ചൂടുള്ള. (അനൽച്ച എന്നും കാണുന്നുണ്ടു്).

'അനച്ചയുള്ളവെള്ളംകൊ-
ണ്ടുടനേഷം ക്ഷാളനം ചെയ്തും'
(നളായണീചരിതം തുള്ളൽ)

അനച്ഛ-വി. അച്ഛം (തെളിഞ്ഞതു്) അല്ലാത്തതു്, തെളിവില്ലാത്തതു്.

അനഞ്ജന-വി. ൧. അഞ്ജനം (മഷി) ഇല്ലാത്ത, ചായക്കൂട്ടില്ലാത്ത. ൨. മലിനതയില്ലാത്ത, കളങ്കമില്ലാത്ത, കറയില്ലാത്ത.

അനഞ്ജനം-൧. ആകാശം. ൨. പരബ്രഹ്മം; വിഷ്ണു.

അനഡുദ്വിഹ-കൊഴപ്പം.

അനഡ്വാൻ-കാള. അനസ്സിനെ (വണ്ടിയെ) വഹിക്കുന്നതിനാൽ ഈ പേർ വന്നു.

അനഡ്വാഹി-പശു.

അനതി-വി. അധികമല്ലാത്ത.

അനതിതീവ്രം-വി. ൧. അതിതീവ്രം (അതികഠിനം) അല്ലാത്ത. ൨. ഏതിനെക്കാളും അതിതീവ്രമായി മററൊന്നില്ലയോ അതു്.

അനതിപ്രാംശു - അതിദീർഘനല്ലാത്തവൻ.

അനതിരിക്തം-അതിയായി കഴിഞ്ഞതു് (പൊങ്ങുമായതു് അതിരിക്തം അങ്ങിനെ അല്ലാത്തതു് അനതിരിക്തം).

അനതിലംഘ്യം-കടക്കാൻ കഴിയാത്തതു്.

അനതിവാമനൻ-അധികം ഹ്രസ്വകായൻ (കിളരം കുറഞ്ഞവൻ) അല്ലാത്തവൻ.

അനതിശയനൻ – അതിശയിക്കപ്പെട്ടവൻകഴിയാത്തവൻ, (അതിശയിക്ക = കവിയുക).

അനതീത-വി. അതീതം (കഴിഞ്ഞുപോയതു്) അല്ലാത്ത.

അനത്തിനു്-എല്ലാത്തിനും (പ. മ.)
'വരുമെന്തപുണ്യക്ഷേത്രമനത്തിനു'
(ഭഗവൽഗീത)

അനത്തു-മുഴുവനും, എല്ലാം. (പ്രാചീനമലയാളം. പ്രചാരലുപ്തം).

അനത്തുക-കൂടപിടിപ്പിക്കുക.

അനധീനകൻ-തന്റെയിൽ അവകാശിയല്ലാത്ത തച്ചൻ. ആർക്കും അധീനനല്ലാത്തവൻ എന്നു വ്യുൽപ്പത്തി.

ഇവനു ബോധിച്ചതുപോലെ ഏതുസമയവും ആർക്കും വേലചെയ്യാം,തായിൽ അവകാശിയായതച്ചനു ഗ്രാമതക്ഷൻ എന്നു പേർ. ഇവൻ ഇന്നപ്പോഴും ഇന്നവർക്കു ചെയ്യേണ്ടതാണെന്നു നിർബന്ധമുണ്ടു്. അനധീനകൻ > < ഗ്രാമതക്ഷൻ.

അനധ്യക്ഷ-വി. ൧. മേലധികാരമില്ലാത്ത. ൨. പ്രത്യക്ഷമല്ലാത്ത.

അനനാസ്-കൈതച്ചക്ക, (അന്യഭാഷയിൽനിന്നു വന്നതായിരിക്കണം.)

അനനുവർത്തനം-അനുസരിക്കായ്ക.

അനധ്യയന, അനധ്യായ-വി. പഠിത്തമില്ലാത്ത, ഒഴിവുള്ള.

അനന്ത-വി. അന്തം (നാശം) ഇല്ലാത്ത, അവസാനമില്ലാത്ത.

അനന്ത-൧. ഭൂമി. അനന്തൻ ധരിച്ചിരിക്കുന്നതു് എന്നും അവസാനമില്ലാത്തതു് എന്നും വ്യുൽപ്പത്തി. ൨. കൊട്ടത്തൂവ്വാ, അവസാനമില്ലാത്തതു് എന്നർത്ഥം. ൩. നറുനീണ്ടി, അവസാനമില്ലാത്ത മാഹാത്മ്യത്തോടുകൂടിയതു്. ൪. കപ്പമഞ്ഞൾ, പല രാജ്യങ്ങളിലും പരന്നിരിക്കുന്നതു്. ൫. കറുക, നാടെങ്ങും വ്യാപിക്കുന്നതു്. ൬. കടുക്ക. ൭. മുഞ്ഞ. ൮. നെല്ലി. ൯. ചിററമൃതു്. ൧൦. തിപ്പലി. ൧൧. ത്രികോല്പക്കൊന്ന. ൧൨. വെററിലക്കൊടി. ൧൩. മേത്തോന്നി. ൧൪. പൃഥ്വിനു കൌസല്യയിലുണ്ടായ ജനമേജയന്റെ ഭാര്യ. ൧൫. പാർവതി. ൧൬. ചെറുചീര.

അനന്തകൻ-വേഴൽ.

അനന്തജിത്തു്-വി. സർവ്വം ജയിക്കുന്ന

അനന്തജിത്തു് -വിഷ്ണു.

അനന്തൻ-ആദിശേഷൻ.
'ശേഷോനന്തഃ' (അമരം)
[ശേഷൻ, അനന്തൻ ൨-ം ആദിശേഷന്റെ പേർ.]

അനന്തം - ൧. ആകാശം. ൨. അന്തം (അവസാനം) ഇല്ലാത്തതു്. ൩. അഭ്രകം. ൪. സ്വർണ്ണം. ൫. വെങ്കൊടിത്തൂവം. ൬. തൊച്ചി. ൭. ചമ്പു്. ൮. പരബ്രഹ്മം.

അനന്തദൃഷ്ടി - ൧. ശിവൻ. ൨. ഇന്ദ്രൻ.

അനന്തദേവൻ-൧. ആദിശേഷൻ. ൨. വിഷ്ണു.

അനന്തപടം-നാഗപടം, കഴുത്തിലെ ഒരാഭരണം. ഇപ്പോൾ അധികം നടപ്പില്ല. നാഗപടത്താലി ഇതിൽ ഉൾപ്പെട്ടതാണ്. നാഗപടത്തിന്റെ മാതിരി ഇപ്പോൾ തോടയിലും മററും കൊത്തുപണി കാണുന്നുണ്ട്.

അനന്തമുടി, അനന്തോടി-കാതില. (കാതിലിടുന്ന ആഭരണം).

അനന്തമൂലം-നറുനീണ്ടി.

അനന്തര-വി. ഗ്ര. അതിന്റെശേഷമുള്ള, പിന്നത്തെ. വ. വളരെ സമീപിച്ച.

അനന്തരപ്പാട്ട്-അവകാശി.

അനന്തരം-അ. അതിന്റെശേഷം.

'അനന്തരംബ്രാഹ്മണനേവമൂചെ'

(ശ്രീകൃഷ്ണചരിതം)

അനന്തരവൻ - ഗ്ര. ശേഷക്കാരൻ. (സഹോദരിയുടെ പുത്രൻ). വ. പിൻവാഴ്ചക്കാരൻ. (അടിതോൽ എന്നതു നോക്കുക). ന. മരുമകൻ (മകളുടെ ഭർത്താവ്) ശ. മുതലവകാശമുള്ളവൻ. ഉ. അനുജൻ.

അനന്തരസ്ഥാനം - പിൻവാഴ്ച. അനന്തരവന്റെ സ്ഥാനം (അവകാശം)

അനന്തൽ-ചിററക്കാ.

അനന്തവിജയം-ധർമ്മപുത്രരുടെ ശംഖിന്റെ പേർ.

അനന്തശയനം-ഗ്ര. തിരുവനന്തപുരത്തുള്ള സുപ്രസിദ്ധമായ ഒരു ക്ഷേത്രമാകുന്നു. പരശുരാമൻ തിരുവല്ലത്തു് എഴുന്നള്ളി താമസിക്കുമ്പോഴാണ് അനന്തശയനം ഉണ്ടായതെന്ന് ഐതിഹ്യമുണ്ട്. വ. തിരുവനന്തപുരം, തിരുവിതാംകൂർ.

അനന്തശീർഷ-വാസുകിയുടെ ഭാര്യ.

അനന്തവാതം-ഒരു രോഗം.

[ഇതു പിൻകഴുത്തിലെ ഞരമ്പുകളെ പീഡിപ്പിച്ചിട്ട് പിടലികളിൽ കഠിനമായ വേദന ഉണ്ടാക്കുകയും മററും ചെയ്യും.]

അനന്താസനൻ-വിഷ്ണു.

'മനാഗനന്താസനനായദേവൻ
മനോഹരംസാദരമാബഭാഷേ'

(ശ്രീകൃഷ്ണചരിതം)

അനന്യ-വി. തുല്യമില്ലാത്ത.

അനന്യജൻ-കാമദേവൻ. മനസ്സിൽ അല്ലാതെ വേറെ ഒരിടത്തും ജനിക്കാത്തവൻ. (പ്രത്യക്ഷമാവാത്തവൻ). വിഷ്ണുപുത്രൻ.

'അനന്യജശരങ്ങളാൽനിഹിതനാ
യൊരീയെന്നെനീ'

(മലയാളശാകുന്തളം)

അനന്യബന്ധു-വേറെബന്ധുവില്ലാത്ത.

അനന്യബുദ്ധി-വി. ഒന്നിൽതന്നെമനസ്സുറച്ച.

അനന്യവൃത്തി-ഒന്നിൽതന്നെ മനസ്സു പതിച്ചവൻ. ഒന്നിൽതന്നെ ശ്രദ്ധയുള്ളവൻ. വേറെ ഒന്നിൽ പ്രവൎത്തിക്കാത്തവൻ എന്നു താല്പര്യം.

അനന്യശാസന-വി. അന്യശാസന(വേറെകല്പന) കൂടാത്ത, ഒരേ കല്പനയുള്ള.

അനന്യാദൃശ-വി. വിശേഷമായ, മററുള്ളവരെപ്പോലെയല്ലാത്ത.

അനന്വയ-വി. സംബന്ധമില്ലാത്ത, കൂടെ ചേൎന്നു ഗമിക്കാത്ത.

അനന്വയം-ഗ്ര. സംബന്ധമില്ലാത്തത്. വ. ഒരലങ്കാരം.

വേറെ ഒരു സദൃശവസ്തുവില്ലെന്നു കാണിപ്പാനായി ഒരു വസ്തുവിനെ അതിനോടു തന്നെ ഉപമിക്കുന്നതു് അനന്വയം എന്ന അലങ്കാരമാകുന്നു. ഉ-ം, രാമരാവണയുദ്ധത്തിനു സദൃശം രാമരാവണയുദ്ധംതന്നെ.

അനപത്യ-വി. അപത്യം (സന്തതി) ഇല്ലാത്ത.

അനപത്യത, അനപത്യതാ.-സന്തതിയില്ലായ്ക.

അനപത്യൻ-സന്തതിയില്ലാത്തവൻ.

അനപായ-വി. അപായം (നാശം) ഇല്ലാത്ത.

അനപായം-പു. നാശമില്ലാത്തതു്. ൨. ഒരു വൃത്തം. (പ്രകൃതിഛന്ദസ്സിലുൾപ്പെട്ടതു്. വരി ഒന്നിനു ൨൧ അക്ഷരംവീതം കാണും.)

'സഭതതോടിഹകേൾസസനയചേരുകിലെപ്പെട്ടമനപായം'

(വൃത്തമഞ്ജരി)

അനപേക്ഷ-അപേക്ഷ (ആഗ്രഹം) ഇല്ലായ്ക, ഉപേക്ഷ.

അനപേക്ഷൻ-യോഗി, ആഗ്രഹമെല്ലാം ത്യജിച്ചവൻ.

അനപേതാൎത്ഥൻ-അൎത്ഥത്തോടു കൂടിയവൻ.

അനപ്പു്-ചൂടു്, ഉഷ്ണം.

അനഭിജ്ഞൻ-അറിവില്ലാത്തവൻ, മൂഢൻ, വേണ്ടതുപോലെ അറിഞ്ഞിട്ടില്ലാത്തവൻ.

അനഭ്രാ-വി. മേഘമില്ലാത്ത,

അനഭ്രംശം-ഭക്ഷിക്കപ്പെടാത്തതു്.

അനശ്രുതൽഫല-വാഴ.

അനമൻ-ബ്രാഹ്മണൻ.

അനമിതംപചൻ-ലുബ്ധൻ(പിശുക്കൻ) മിതംപചൻ എന്നാൽ മിതമായി പാകം ചെയ്യുന്നവൻ എന്നൎത്ഥം. അങ്ങിനെയല്ലാത്തവൻ അനമിതംപചൻ

അനമ്ര-വി. വണക്കമില്ലാത്ത.

അനയം-പു. ചൂതു മുതലായ സപ്തവ്യസനങ്ങൾ. ൨. പൂൎവ്വത്തിൽ ചെയ്ത പാപകൎമ്മം. ൩. ആപത്തു്. ഇതുകൊണ്ടു സുഖത്തിൽ എത്തുന്നില്ലെന്നു വ്യുൽപത്തി. ൪. നീതികേടു്, മുറകേടു്.

അനരണ്യൻ-സൂൎയ്യവംശത്തിലെ ഒരു രാജാവു്.

അനരുക-കായുക, ചൂടുപിടിക്കുക.

അനൎഗ്ഗള-വി. കടവുകൂടാത്ത.

'അനൎഗ്ഗളംവൈചിത്ര്യമായവിഭ്രമം
നിനക്കിലിബ്ഭൂമിയിലുത്തവിക്രമേ'

(അഭിജ്ഞാനശാകുന്തളം)

അനൎഘ-വി. വിലമതിക്കവയ്യാത്ത,

'അനക്കാക്രൂരാതേനരവരനണ-
ഞ്ഞൊരുകളകം-
ഒനൎഘ്യസപത്നംശയിതമരയ-
ന്നപ്പരിവൃഢം'

(നളചരിതം കഥകളി)

അനൎഘം-ശരിയല്ലാത്ത വില.

അനൎഘരാഘവം-ഒരു നാടകം. ഇതിന്റെ കൎത്താവു് മുരാരിമിശ്രനാണ്. അതിനാൽ മുരാരിനാടകമെന്നും പറയുന്നുണ്ടു്. കഥാവസ്തു രാമായണം ആകുന്നു.

അനൎത്ഥ-വി. പ്ര. അൎത്ഥം (സമ്പത്തു്) ഇല്ലാത്ത. ൨. പ്രയോജനമില്ലാത്ത.

അനൎത്ഥം-ഉപദ്രവം, ദുൎഘടം, ആപത്തു്.

അനൎത്ഥകം-അനുചിതവാക്കു്, അൎത്ഥമില്ലാത്ത വാക്കു്.

'അബദ്ധംസ്യാദനൎത്ഥകം' (അമരം)

[അബദ്ധം, അനൎത്ഥകം ൨-ം, അൎത്ഥമില്ലാത്ത വാക്കിന്റെ പേർ.]

അനൎത്ഥചതുഷ്ടയം-ദുഷ്ടജന്യം സ്വതജന്യം അപരാധജന്യം ക്രോധജന്യം-മനസ്സിനെ നേർവഴിയിൽ വിടാതെ കഴയ്ക്കുന്നവയാകുന്നു.

അനൎഹൻ-അയോഗ്യൻ.

അനൽ-പു. ചൂടു്. ൨. തീയു്.

അനൽച്ച-ചൂടു്. (അനച്ച നോക്കുക.)

അനലൻ-പു. അഗ്നിദേവൻ. സകലപ്രാണികളും ഇതിനാൽ ജീവിക്കുന്നതുകൊണ്ടു് ഈ പേരുണ്ടായി. ഭക്ഷണസാധനങ്ങളിൽ തൃപ്തിയില്ലാത്തവൻ എന്നും ജീവിച്ചിരിപ്പാൻ ഹേതുഭൂതൻ എന്നും വ്യുൽപത്തികാണുന്നു ൨. തീയ്.

൩. പിത്തം. ൪. കൊടുവേലി. ൫. വെളുത്ത വെണ്മകം. ൬. വിഷ്ണു, വാസുദേവൻ. ൭. അഷ്ടവസുക്കളിൽ ഒരുവൻ.

അനലനാമാ-കൊടുവേലി.

അനലപ്രഭ-്രം. അഗ്നിപ്രഭ. ൨. ചെറുപുന്ന.

അനലപ്രിയ - (അഗ്നിയുടെ ഭാര്യ) സ്വാഹാ.

അനലം-്രം. ചേരുമരം. ൨. കൊടുവേലി. ൩. സ്വർണ്ണം.

അനലംകൃത-വി. അലംകൃതം(അലങ്കരിക്കപ്പെട്ടതു്) അല്ലാത്ത.

അനലി-കൊക്കമന്ദാരം.

അനല്പ-വി. വളരെ, അല്പമല്ലാത്ത.

അനവച്ഛിന്നം- അവച്ഛിന്നമല്ലാത്തതു് മുറിക്കപ്പെടാത്തതു്, ഒന്നിച്ചിരിക്കുന്നതു്.

അനവധാന-വി. മനസ്സിരുത്തൽ ഇല്ലാത്ത.

അനവധാനത-പ്രമാദം (മനസ്സിരുത്തൽ ഇല്ലായ്ക,) സാവധാനം ഇല്ലായ്ക.

'പ്രമാദോനവധാനതാ' (അമരം)

[പ്രമാദം, അനവധാനത ൨-ം പ്രമാദത്തിന്റെ പേർ].

അനവധാരിതൻ — അറിയപ്പെടാത്തവൻ, അനിശ്ചിതൻ.

അനവദ്യ-വി. കുററമില്ലാത്ത,കളങ്കമററ.

'അനന്തജന്മാർജ്ജിതമെന്നുൽപുണ്യഫലം
അനവദ്യകന്യാരൂപംകണ്ടേൻകനീ'
(രുക്മാംഗദം കഥകളി)

അനവധി-വി. വളരെ, അവധി(അതി) ഇല്ലാത്ത.

അനവമം-ഒന്നായില്ലായ്ക.

അനവമ-വിശിഷ്ട.

'ഭീമനരേന്ദ്രസുതാമയന്തി
നാമമനവമം'
(നളചരിതം കഥകളി)

അനവരത-വി. എല്ലായ്പോഴുമുള്ള.

അനവരാർദ്ധ്യൻ-മുഖ്യൻ, ശ്രേഷ്ഠൻ.

അനവരാർദ്ധ്യം-മുഖ്യം, ശ്രേഷ്ഠം, അവരമായ അർദ്ധത്തിൽ (ഒടുക്കം) ഭവിച്ചതു് അവരാർദ്ധ്യം. അതല്ലാത്തതു് അനവരാർദ്ധ്യം അതായതു് ആദ്യത്തേതു്,(മുഖ്യം എന്നു പദാർത്ഥം.)

അനവസരം-വി. ജോലിയുള്ള.

അനവസ്കരം-അവസ്കരം (മലം) ഇല്ലാത്തതു്, ശുദ്ധി വരുത്തിയതു്.

അനവസ്ഥിത-വി, സ്ഥിരതയില്ലാത്ത, വ്യവസ്ഥയില്ലാത്ത.

അനവസ്ഥിതൻ.

'ക്രോധിക്കർത്ഥവുമില്ല, ശഠനുമിത്രമില്ല
ക്രൂരനുനാരിയില്ല, സുഖിക്കു വിദ്യയില്ല,
കാമിക്കുനാണമില്ല, കോശമില്ലലസനു
സർവ്വവുമില്ലനുനമനവസ്ഥിതാനാത്മാൽ'
(ഭാരതം-വിദുരവാക്യം)

അനവസ്ഥിതി-അവസ്ഥിതി (സ്ഥിരത) ഇല്ലാത്തതു്, വ്യവസ്ഥയില്ലാത്തതു്.

അനവഹിതത-അന്ധാളിത്തം,മനസ്സിരുത്തായ്ക.

അനവഹിതൻ-കരുതൽ കൂടാത്തവൻ.

'അലംഭാവിൽപുക്കനവഹിതന്മാ
യങ്ങുമിങ്ങുംനടന്നാൽ'
(മയൂരസന്ദേശം)

അനവാപ്ത-വി. അവാപ്തം(ലഭിക്കപ്പെട്ടതു്)അല്ലാത്ത, ലഭിക്കാത്ത.

അനവീകൃതം-കാവ്യദോഷങ്ങളിലൊന്നു.

'ഭംഗികൾ മാററി പുതുപ്പിക്കാതെ ഒരു മട്ടിൽ തന്നെ കൂടുതലാക്കുന്നതു്' എന്നു ലക്ഷണം.

അനശ്വരൻ-്രം, അഘം സന്യാസവൃത്തിയുള്ളവൻ. ൨. മേൽപ്രകാരമുള്ള ഒരു ജയിനൻ.

അനശന-വി. അശനം (ഭക്ഷണം) ഇല്ലാത്ത, ഉപവസിക്കുന്ന.

'അനശനേനപരമംബുലവ്വലം
അവനിദേവന്മാരുമഴലോടെ'
(കിമ്മീരവധം കഥകളി)

അനശനദീക്ഷ-സർവ്വം വെടിഞ്ഞു സന്ന്യസിച്ചതിൽപിന്നീട മേലിൽ ജലപാനംപോലും ചെയ്കയില്ലെന്നുള്ള ദൃഢനിശ്ചയം, ഉണ്ണുകയില്ലെന്നുള്ള വ്രതം.

അനശ്വര-വി. നശ്വരം (നാശം) ഇല്ലാത്ത, എന്നേയ്ക്കുമുള്ള.

അനസ്സ്-ന. വണ്ടി (ചാട്).
'ക്ലീബേനസ്സുകടഃ' (അമരം)
[അനസ്സ്, ശകടം ഉ-ം വണ്ടിയുടെ (ചാടിന്റെ) പേർ.]
'ഏത്രൈവവിചാരിച്ചുനാന്മുഖനതുനേരമെത്രയുംവിരവിനാലനസ്സനിർമ്മിച്ചഥ'
(സ്കാന്ദപുരാണം)
ഉ. ജനനം. ന. ജീവൻ, ശ്വാസം. ര. അടക്കുള്ള. ഒ. അമ്മ, അച്ഛൻ. ന്നു. ദേചാന.

അനസൂയ-ന. അത്രിമുനിയുടെ പത്നി, ദുർവാസസ്സുമഹർഷിയുടെ അമ്മ.
മാണ്ഡവ്യൻ എന്ന മഹർഷി 'നാളെ സൂര്യനുദിക്കുന്ന നേരത്തു നാശം വന്നുഭവിക്കട്ടെ നിനക്കെന്നു' എന്നു ഉഗ്രതപസ്സിനെ ശപിക്കയാൽ അദ്ദേഹത്തിന്റെ ഭാര്യയായ ശീലവതി സൂര്യനെ തപസ്സുചെയ്തു ഉദിക്കാതാക്കി. അക്കാലത്തു അനസൂയ തന്റെ പ്രിയസഖിയായശീലവതിയ്ക്കു മംഗല്യദോഷം നേരിടാത്ത വിധത്തിൽ സൂര്യനെ ഉദിപ്പിക്കയും ഈ വിഷയത്തിൽസഹായിക്കണമെന്നാപേക്ഷിച്ച ത്രിമൂർത്തികൾക്കും വരം ഇച്ഛപ്രകാരം വരിക്കുകയും ചെയ്തു. അനസൂയ തന്റെ ഭർത്താവിന്റെ ആശ്രമത്തിൽക്കൂടെ ഗംഗയെ പ്രവഹിപ്പിച്ചു. ഋഷികൾക്കായി ക്ഷാമം ഉണ്ടായപ്പോൾ ഈ പതിവ്രതാരത്നം ജലഫലമൂലാദികൾ സൃഷ്ടിച്ചു ജനങ്ങളെ സംരക്ഷിച്ചു. ഒരിക്കൽ അനസൂയയുടെ പാതിവ്രത്യപരീക്ഷണാർത്ഥം ത്രിമൂർത്തികൾ അവരുടെ ഭാര്യമാരുടെ വാക്കുകേട്ടു ചെന്നപ്പോൾ അവരെ ശിശുക്കളാക്കിത്തീർക്കുകയും ആ ഭാര്യമാർ വന്നു സങ്കടം പറകയാൽ ത്രിമൂർത്തികളെ പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്തു. ശ്രീരാമനും സീതയും ലക്ഷ്മണനും അത്രിയുടെ ആശ്രമത്തിൽ ചെന്നപ്പോൾ അനസൂയ വേണ്ടംവണ്ണം അവരെ സൽക്കരിക്കയും സീതക്ക് തക്ക ഗുണദോഷങ്ങളും, പോകുമ്പോൾ ശരീരകാന്തി സദാപി നില നിൽക്കുന്നതിന്ന സീതയെ അനുഗ്രഹിച്ച വിശ്വകർമ്മാവു നിർമ്മിച്ച ഒരു ദുകൂലവും കണ്ഠധവും അംഗരാഗവും നൽകയും ചെയ്തിട്ടുണ്ട്.
ഉ. ശകുന്തളയുടെ ഒരു തോഴി.

അനഹങ്കാരം, അനഹംകൃതി-അഹങ്കാരം, അഹംകൃതി (ഞാൻ എന്നുള്ള ഭാവം) ഇല്ലായ്ക, അടക്കം.

അനാകാര-വി. ആകാരം (ശരീരം) ഇല്ലാത്ത, രൂപംഇല്ലാത്ത.

അനാകാലം-ന. ക്ഷാമം, ഉ. അനവസരം.

അനാകുല-വി. ആകുലം (വ്യസനം) ഇല്ലാത്ത, ദുഃഖം ഇല്ലാത്ത, ചിന്നിച്ചിതറിയതല്ലാത്ത.

അനാകൃത-വിരോധിക്കപ്പെടാത്ത.

അനാകൃഷ്ട-വി. ആകൃഷ്ടം (ആകർഷിക്കപ്പെട്ടത്) അല്ലാത്ത.

അനാക്രാന്ത-വി. എതിർക്കപ്പെടാത്ത, ആക്രമിക്കപ്പെടാത്ത.

അനാക്രാന്ത-ന. കണ്ടകാരിച്ചുണ്ട. ഉ. ചെറുവഴുതിന.

അനാഗത-വി. ന. വരാത്ത. ഉ. വരുവാനിരിക്കുന്ന. (ഭാവികാലത്തോടു ചേരും).
ന. പഠിക്കാത്ത. ര. പ്രാപിക്കാത്ത, ലഭിക്കാത്ത. ഒ. അറിയാത്ത

അനാഗതശ്മശ്രു-മീശവരാത്തവൻ.

'ഉദൃതമലാംശ്മശ്രുപൃമുവേ' (അമരം)

'ബാലകനനാഗതശ്മശ്രുവാം വടുവിനു കാലദേശാവസ്ഥാദിഭേദബുദ്ധിയുമില്ല' (ഭാരതം)

അനാഗതാഘം-നാളെ, അല്പാഹ്നമായ ദിവസം.

അനാഗതാർത്തവ-തിരളാത്തവൾ. അനാഗതമാർത്തവം യസ്യാഃ (ഋതുകാലം വരാത്തവൾ) എന്നു വ്യുൽപത്തി.

അനാഗമം-വി. ഫ. ആഗമമല്ലാത്ത. ഉ. വ്യവഹാരത്തിൽ ആധാരമില്ലാത്ത.

അനാഗമ്യൻ-അടുത്തുകൂടാത്തവൻ.

അനാഘ്രാതം-മണപ്പിക്കപ്പെട്ടതല്ലാത്ത.

'അനാഘ്രാതം പുഷ്പം പുതുമധുവനം സ്വാദിതരസം' (അഭിജ്ഞാനശാകുന്തളം)

അനാചാര-വി. ആചാരം (മര്യാദ, സമ്പ്രദായം) ഇല്ലാത്ത.

അനാജി-ധാന്യം.

അനാജ്ഞപ്ത-വി. ആജ്ഞപ്തം (ആജ്ഞാപിക്കപ്പെട്ടതു, കല്പിക്കപ്പെട്ടതു) അല്ലാത്ത.

അനാജ്ഞാതൻ-ഫ. അറിയപ്പെടാത്തവൻ. ഉ. അറിയപ്പെട്ട എല്ലാററിനെക്കാൾ ശ്രേഷ്ഠൻ.

അനാതപം-തണൽ.

അനാതുര-വി ഫ. ദുഃഖമില്ലാത്ത. ഉ. രോഗമില്ലാത്ത.

അനാത്യന്തിക-വി. ഫ. നിലനില്ക്കാത്ത, സ്ഥിരതയില്ലാത്ത, അവസാനമായതല്ലാത്ത. ഉ. ഇടയ്ക്കിടവരുന്ന, കൂടെക്കൂടെവരുന്ന.

അനാഥ-വി. നാഥൻ (രക്ഷിതാവു്, രാജാവു്, ഭർത്താവു്) ഇല്ലാത്ത.

അനാഥത്വം-രക്ഷിതാവില്ലാത്ത സ്ഥിതി.

അനാഥപിണ്ഡദൻ-ഒരു കച്ചവടക്കാരൻ. ബുദ്ധഗൌതമൻ ശിഷ്യരെ അഭ്യസിപ്പിച്ചതു് ഇയാളുടെ തോട്ടത്തിൽ വെച്ചാകുന്നു.

അനാദരം-നിന്ദ, ആദരം (സൽക്കാരം) ഇല്ലായ്ക.

'അനാദരഃ പരിഭവഃ പരീഭാവസ്തിരസ്ക്രിയാ രീഢാവമാനനാവജ്ഞാ-വഹേളനമസൂക്ഷണം' (അമരം)

[അനാദരം, പരിഭവം, പരീഭാവം, തിരസ്ക്രിയ, രീഢ, അവമാനനം, അവജ്ഞ, അവഹേളനം, അസൂക്ഷണം ൻ-ം, അനാദരത്തിന്റെ പേർ.]

അനാദി-വി. ആദി (ആരംഭം, തുടക്കം) ഇല്ലാത്ത.

അനാദിത്വം-ആദിയില്ലാത്ത സ്ഥിതി.

അനാദിതരിശു്-പണ്ടേ തരിശായ്ക്കിടന്ന സ്ഥലം.

അനാദിനിധനം-ആദിയും അവസാനവും ഇല്ലാത്തതു്.

അനാദിബന്ധം-മായയുടെ കെട്ടുപാട്.

അനാദിമദ്ധ്യാന്ത-വി. ആദിയും മദ്ധ്യവും അന്തവും ഇല്ലാത്ത.

അനാദീനവ-വി. കുററമില്ലാത്ത; നിർദ്ദോഷമായ, പിഴയില്ലാത്ത, കാവില്ലാത്ത.

അനാദൃത-വി. ആദൃതം (ആദരിക്കപ്പെട്ടതു്) അല്ലാത്ത, നിന്ദിക്കപ്പെട്ട.

അനാദേയ-വി. സ്വീകരിക്കാൻ യോഗ്യമല്ലാത്ത, കൈക്കൊൾകത്തക്കതല്ലാത്ത.

അനാദ്യ-ഫ. അദി (ഭക്ഷി) ക്കത്തക്കതല്ലാത്ത. ഉ. ആദ്യമല്ലാത്ത.

അനാദ്യൻ-ആദിയില്ലാത്തവൻ, ഈശ്വരൻ.

അനാദ്യന്തൻ-ആദിയും അന്ത(അവസാന)വും ഇല്ലാത്തവൻ, ഈശ്വരൻ.

'കല്പപാദപസുകരാവഷമനാദ്യന്തം' (ഭാഗവതം)

അനാദ്യവിദ്യ-മായ, ഈശ്വരന്റെ ശക്തി.

അനാധാര-വി. ആധാരം (സഹായം, ആശ്രയം) ഇല്ലാത്ത.

അനാധി-വി. ആധി (ദുഃഖത്തെ ഉണ്ടാക്കുന്നതു) ഇല്ലാത്ത, വ്യാകുലമില്ലാത്ത.

അനാധൃഷ്യൻ-കൌരവരിൽ ഒരുവൻ.

അനാധൃഷ്ട-വി. പ്ര. അഹംകാരമില്ലാത്ത. വ. കുറ്റമില്ലാത്ത. ന. തടുക്കപ്പെടാൻ വയ്യാത്ത.

അനാധൃഷ്ടി-യാദവസൈന്യത്തിന്റെ അധിപൻ, ഉഗ്രസേനന്റെ പുത്രൻ.

അനാപ്തി-ലഭിക്കായ്ക.

അനാമക-വി. പ്ര. പ്രസിദ്ധിയില്ലാത്ത, കേൾവിയില്ലാത്ത. വ. പേരില്ലാത്ത.

അനാമകം-അൎശസ്സ് എന്ന മൂലരോഗം.

അനാമത്ത്- സൂക്ഷിപ്പാൻ ഏല്പിക്കൽ, രക്ഷക്കായിവെയ്ക്കുക.

അനാമയ-വി. പ്ര. ആമയം (വ്യാധി) ഇല്ലാത്ത. വ. ദുഃഖമില്ലാത്ത.

അനാമയം-രോഗമില്ലായ്ക. (രോഗത്തിന്റെ അഭാവമെന്നു ശബ്ദാൎത്ഥം).

'അനാമയംസ്യാദാരോഗ്യം' (അമരം)

[അനാമയം, ആരോഗ്യം ഉ-ം, രോഗമില്ലായ്മയുടെ പേർ.]

അനാമിക-മോതിരവിരൽ. പേരു പറവാൻ പാടില്ലാത്തതു് എന്നു ശബ്ദാൎത്ഥം. (അംഗുലി എന്നതു നോക്കുക).

[ബ്രഹ്മാവു കള്ളം പറഞ്ഞതിനാൽ ശിവൻ ഈ വിരൽകൊണ്ടാണു ബ്രഹ്മാവിന്റെ തല മുറിച്ചതു്. തന്നിമിത്തം ഇതിനു ബ്രഹ്മഹത്യാദോഷം ഉണ്ടു്. ഈ വിരലിന്മേൽ പവിത്രധാരണം ചെയ്യുന്നതിനു കാരണം ഇതാകുന്നു. മോതിരം ധരിക്കുന്നതിനും [illegible]

'അനാമികാൽപരം രേഖാ
കനിഷ്ഠാസ്യാദ്ഗതാധികാ
ധനവൃദ്ധികരാപുംസാം
മാതൃപക്ഷാബഹുസ്തഥാ'

(സാമുദ്രികാലക്ഷണം)

[മോതിരവിരലിൽനിന്നു് ആരംഭിച്ചു് ഒരു രേഖ ചെറുവിരലിനെ പ്രാപിക്കയാണെങ്കിൽ ആയാൾ ധനികനും അമ്മയുടെ ഇഷ്ടനും ആകും.]

അനാമിഷ-വി. പ്ര. ആമിഷം(മാംസം) ഇല്ലാത്ത. വ. ലാഭമില്ലാത്ത.

അനാമൃത-വി. മരണമില്ലാത്ത, നാശമില്ലാത്ത, നിത്യമായ.

അനായാസം-വി. മനസ്സിൽ ഭാരമില്ലാത്ത, പ്രയാസമില്ലാത്ത.

അനായാസകൃത-വി. പ്രയാസംകൂടാതെ ചെയ്യപ്പെട്ട.

അനായാസകൃതം-എളുപ്പത്തിൽ ഉണ്ടാക്കപ്പെട്ട കഷായവിശേഷം. പ്രയാസംകൂടാതെ ചമയ്ക്കപ്പെട്ടതു് എന്നു ശബ്ദാൎത്ഥം.

അനായുഷ്യ-അധികം ആയുസ്സില്ലാത്ത.

അനാരതം-എല്ലായ്പോഴും.

'അനാരതം തുംബുരനാരദാദി
മുനീന്ദ്രവന്ദ്യസ്തുതിവാദ്യഘോഷം'

(ശ്രീകൃഷ്ണചരിതം)

അനാൎയ്യകം-പ്ര. അകിൽ. വ. കറുപ്പുമഞ്ഞനിറമുള്ള അകിൽ.

അനാൎയ്യജം-അല്പം മഞ്ഞനിറമുള്ള അകിൽ.

അനാൎയ്യതിക്ത-കിരിയാത്ത. ഇതിനു തമിഴിൽ 'നിലവേപ്പ്' എന്നു പറയുന്നു. കിരാതദേശത്തുണ്ടാകുന്നതു കിരിയാത്ത. (കിരിയാത്ത്).

[illegible]

**അനാലസ്യം**-൧. ആലസ്യം (ക്ഷീണം) ഇല്ലായ്മ. ൨. ചൊടിപ്പ്.

**അനാലംബു(ബ്ബു)ക**-രജസ്വല. (തീണ്ടായിരുന്നവൾ).

**അനാലോകിതൻ** - നോക്കപ്പെടാത്തവൻ.

**അനാവശ്യം**-൧. ആവശ്യമില്ലായ്മ. ൨. പ്രയോജനമില്ലായ്മ.

**അനാവാസയോഗ്യം**-പാർക്കുന്നതിന് തക്കതല്ലാത്തത്.

**അനാവില**-വി. ആവിലം (കലങ്ങിയത്) അല്ലാത്ത, തെളിഞ്ഞ.

**അനാവൃത**-വി ആവൃതം (മറയ്ക്കപ്പെട്ടത്) അല്ലാത്ത, മറയ്ക്കപ്പെടാത്ത.

**അനാവൃതൻ**- മറയ്ക്കപ്പെടാത്തവൻ, നഗ്നൻ.

**അനാവൃഷ്ടി**-വൃഷ്ടി (മഴ) ഇല്ലായ്മ.

**അനാവേധോൽകീർണ്ണം**-ആവേധോൽകീർണ്ണം(കുത്തിത്തുളക്കപ്പെട്ടത്)അല്ലാത്ത.
'അനാവേധോൽകീർണ്ണം മണി'
(അഭിജ്ഞാനശാകുന്തളം)

**അനാശ**-വി. ൧. ആശ (ആഗ്രഹം) ഇല്ലാത്ത. (അൻ + ആശ). ൨. നാശം ഇല്ലാത്ത.—(അ + നാശ).

**അനാശസ്ത**-വി. സ്തുതിക്കപ്പെടാത്ത, പ്രശംസിക്കപ്പെടാത്ത.

**അനാശ്രയ**-ആശ്രയം (രക്ഷ) ഇല്ലായ്മ.

**അനാശ്രവ**-വി. കേൾക്കാത്ത, ചെവി കൊട്ടായ.

**അനാസ്ഥ**-വി. ൧. വിചാരമില്ലാത്ത. ൨. മാനമില്ലാത്ത, ൩. വിശ്വാസമില്ലാത്ത ൪. ആഗ്രഹമില്ലാത്ത.

**അനാസ്ഥാന**-വി. ൧. സമയില്ലാത്ത. ൨. ശരിയായ സ്ഥാനം ഇല്ലാത്ത, ഒക്കെ ഇരിപ്പിടം ഇല്ലാത്ത.

**അനാഹത**-വി. ആഹതം (മുറിക്കപ്പെട്ടത്, അടിക്കപ്പെട്ടത്) അല്ലാത്ത.

**അനാഹതം**-൧. നെയ്തിട്ടുതറിയിൽനിന്ന് ഉടൻ എടുത്തതും മുറിക്കാത്തതും അലക്കാത്തതുമായ വസ്ത്രം. (കോടി എന്നു ഭാഷ). ൨. ആറാധാരങ്ങളിൽ ഒന്ന്.

**അനാഹാരം**-ആഹാരമില്ലായ്മ.

**അനാഹാര്യ**-വി. ൧. സ്വാഭാവികമായ. ൨. ഭക്ഷിക്കത്തക്കതല്ലാത്ത, കൈക്കൊള്ളത്തക്കതല്ലാത്ത.

**അനിക**-കിണികിണിപ്പാല.

**അനിക്ഷു**-ചെറിയ കരിമ്പ് വിക്കരിമ്പ്.

**അനിഗ്രഹിതം**-മറയ്ക്കപ്പെടാത്തത്.

**അനിച്ഛം**-ഉപ്പനിച്ചം.

**അനിത്യ**-വി. സ്ഥിരമില്ലാത്ത, ഏറെക്കാലം നിൽക്കാത്ത.

**അനിത്യക്രിയ**-കൂടക്കൂടെയുള്ള പ്രവൃത്തി.

**അനിന്ദിത**-വി. നിന്ദിതം (നിന്ദിക്കപ്പെട്ടത്) അല്ലാത്ത.

**അനിമിത്ത**-വി. അടിസ്ഥാനമില്ലാത്ത, കാരണമില്ലാത്ത

**അനിമിത്തലിംഗനാശം**-ഒരു നയനരോഗം.
[ദേവന്മാരെയും ഋഷികളെയും ഗന്ധർവന്മാരെയും മഹാസർപ്പങ്ങളെയും സൂര്യനെയും സൂക്ഷിച്ചുനോക്കുന്നതുകൊണ്ടു മനുഷ്യന്റെ കണ്ണിനു കാഴ്ചയില്ലാതാവുക.]

**അനിമിഷം**-മത്സ്യം. ഇമച്ച മിഴി ഇല്ലാത്തത്.

**അനിമിഷൻ**-ദേവൻ.
'അനിമിഷവരാര ധരിച്ചുകൊണ്ടുവിൻ കനിവോടുകൈകടമ്മെവരിതന്നിയോഗം'
(ശ്രീകൃഷ്ണചരിതം)

**അനിമേഷ**-ഇമച്ചു മിഴിയാതുകൂടാതെ.
'ജനമെല്ലാമുൽമുഖമായനിമേഷകളായ നേത്രപംക്തികളാൽ,'
(അഭിജ്ഞാനശാകുന്തളം)

**അനിമേഷം**-മത്സ്യം.

അനിയന്ത്രണീയൻ-തടുക്കാൻകഴിയാത്തവൻ, അടക്കിവയ്ക്കാൻ കഴിയാത്തവൻ.

അനിയന്ത്രിതൻ-തന്റെ ബോധിച്ചതുപോലെ ചെയ്യുന്നവൻ.

അനിയന്ത്രിതം-അടക്കി വെക്കപ്പെടാത്തത്, സ്വാതന്ത്ര്യമുള്ളത്.

അനിയമപരിവൃത്തം- കാവ്യദോഷങ്ങളിൽ ഒന്ന്.

[നിയമം വേണ്ടാത്തിടത്തു അതു ചെയ്യുന്നതു ഉ-ം, 'വദനം ചന്ദ്രകാന്തംതാൻ' ഇവിടെ 'ചന്ദ്രകാന്തം താൻ' എന്ന നിയമം അനാവശ്യകം. [ഭാഷാഭൂഷണം].

അനിരുദ്ധ-വി. നിരുദ്ധം (തടഞ്ഞത്) അല്ലാത്ത, തടുക്കപ്പെട്ടുവാൻ കഴിയാത്ത

അനിരുദ്ധൻ-കൃഷ്ണന്റെ പുത്രനായ പ്രദ്യുമ്നന്റെ മകൻ, ബാണാസുരന്റെ മകളായ ഉഷയുടെ ഭർത്താവ്.

അനിർദ്ദേശം-ആജ്ഞയില്ലായ്ക, (കല്പനയില്ലായ്ക).

അനിർദ്ദേശ്യം-വി. തിരിച്ചു പറയപ്പെട്ടുവാൻ കഴിയാത്ത.

അനിർദ്ധാരിത-വി.ക്ലിപ്തപ്പെട്ടുത്താത്ത

അനിർമ്മല-വി. നിർമ്മലം (പരിശുദ്ധം) അല്ലാത്ത.

അനിർവ്വചനീയ-വി. പറയുവാൻ കഴിയാത്ത

അനിർവ്വചനീയസർവ്വസ്വം - ശ്രീഹർഷന്റെ ഒരു പുസ്തകം.

അനിർവ്വചനീയൻ-ഈശ്വരൻ. ഇന്നപ്രകാരമുള്ളവൻ എന്നു പറയപ്പെട്ടുവാൻ ആർക്കും കഴിയാത്തതുകൊണ്ടു ഈ പേർ വന്നു.

അനിർവ്വാണ-വി. ൧. കഴുകാത്ത, കുളിക്കാത്ത. ൨. മോക്ഷമില്ലാത്ത.

അനിർവ്വാച്യം, അനിർവ്വചനീയം-പറയപ്പെട്ടുവാൻ കഴിയാത്തത്.

അനിവാര്യ-വി. തടുത്തുകൂടാത്ത (നിവാര്യം-നിവാരണംചെയ്യത്തക്കത്. നിവാരണംചെയ്ക = തടുക്കുക).

അനിർവ്വാഹം-൧. നിർവ്വാഹമില്ലായ്ക. ൨. തീർച്ചയില്ലായ്ക. ൩. സാദ്ധ്യമില്ലായ്ക.

അനിർവ്വേദാ-വി. ൧. തളർച്ചയില്ലാത്ത. ൨. വിനയമില്ലാത്ത. ൩. വെറുപ്പില്ലാത്ത

അനിർവ്വേശം-൧. ശമ്പളമില്ലായ്ക. ൨. അധമമായ. ൩. പ്രവൃത്തിയില്ലായ്ക. ൪. ഉറച്ചുനിൽക്കായ്ക.

അനിലഘ്നകം-താന്നി.

അനിലൻ-വായു, സകലപ്രാണികളെയും ജീവിപ്പിക്കുന്നവൻ എന്നു വ്യുൽപത്തി.

അനിലന്മാർ-അനിലന്മാർ എന്ന ഗണദേവതകൾ (അനിലന്മാർ ൪൯.)

അനിലാത്മജൻ-ഭീമൻ. ൨. ഹനുമാൻ

അനിലോദ്ധത-വി. വായുവിനാൽ അടിച്ചു പറത്തപ്പെട്ട.

അനിശം-അ. എപ്പോഴും. രാത്രിയിലും അടങ്ങിയിരിക്കാത്തത്, വിച്ഛേദത്തോടുകൂടാത്തത്.

അനിഷിദ്ധ-വി. നിഷിദ്ധം (നിഷേധിക്കപ്പെട്ടത്) അല്ലാത്ത.

അനിഷ്കൃത-വി. സ്ഥിരപ്പെട്ടത്താത്ത. ഒതുങ്ങാത്ത, നിവർത്തിക്കാത്ത, തീർച്ചയാക്കാത്ത.

അനിഷ്ട-വി. ഇഷ്ടം (പ്രിയം) അല്ലാത്ത, അനുഗ്രഹിക്കപ്പെടാത്ത,

അനിഷ്ടഗ്രഹം-പാപഗ്രഹം, ദുഷ്ടഗ്രഹം.

അനിഷ്ടാപത്തി, അനിഷ്ടാപാദനം -അനിഷ്ടവാദം.

അനിഴം-ഒരു നക്ഷത്രം. അനുഷം, അനുഴം ഇങ്ങനെയും പറയുന്നുണ്ട്.

അനിസ്തീർണ്ണ-വി. കടക്കപ്പെടാത്ത.

അനീകം-൧. സേന. ഇതിനാൽ രാജശക്തി ജീവിക്കുന്നു എന്നു താൽപര്യം. ൨. യുദ്ധം.

അനീകസ്ഥം-൧. രാജാവിന്റെ അംഗരക്ഷകഗണം. സൈന്യത്തിൽ ചേൎന്നവർ എന്നു വ്യുല്പത്തി. ൨. അടയാളം. ൩. യുദ്ധത്തിലുള്ള കാഹളം. (ഊത്തു കുഴൽ).

അനീകസ്ഥൻ-൧. യോദ്ധാവ് (പോരാളി). ൨. ആയുധപാണിയായ ഒരു കാവൽക്കാരൻ. ൩. ആനപ്പാപ്പാൻ.

അനീകിനി-൧. സേന. ൨. സൈന്യവിഭാഗം. (അക്ഷൗഹിണി എന്നശബ്ദം നോക്കുക.)

അനീതി-നീതി (മൎയ്യാദ) കേട്, ദുഷിച്ച നടപ്പാവസ്ഥ (ദുൎന്നടപ്പ്).

അനീലവാജി-അൎജ്ജുനന്റെ ഒരു പേർ. (വെള്ളക്കുതിരയെ വാഹനമാക്കിയവൻ)

അനീശ്വര-വി, ൧. ഈശ്വരൻഇല്ലാത്ത. ൨. രക്ഷിതാവില്ലാത്ത.

അനീശ്വരവാദി-ദൈവം ഇല്ലെന്നു പറയുന്നവൻ, നാസ്തികൻ.

അനീഹൻ-൧. അയോദ്ധ്യയിലെ ഒരു രാജാവ്. ൨. ആഗ്രഹം ഇല്ലാത്തവൻ.

അനു-അ. ൧ പിന്നാലെ. ൨. സാദൃശ്യം. ൩. തോറും. ൪. ഭാഗം. ൫. ലക്ഷണം. ൬. സന്നിധി. ൭. ആയാമം. ൮. ഹീനം. ൯. പിൻഭാഗം. ൧൦. കൂടെ.

അനുക-വി. കാമിക്കുന്ന ശീലമുള്ള.

അനുകൻ-൧. ഭൎത്താവ്. ൨. കാമുകൻ, സ്ത്രീ തുടങ്ങിയുള്ള കാമവസ്തുക്കളെ കാമിക്കുന്നവൻ (ആഗ്രഹിക്കുന്നവൻ).

അനുകഥനം-കൂടെ (കഥിക്കുക) പറയുക

അനുകഥനീയം-കൂടെ (കഥിക്കത്തക്കതു്) പറയത്തക്കതു്.

അനുകമ്പ-കരുണാരസം, ദയ, കൃപ, പരദുഃഖത്തിൽ മനസ്സിനെ ഇളക്കുന്നതു് (ചലിപ്പിക്കുന്നതു്).

'അനുകമ്പയോദിതവരമാനസ'

(നളചരിതം കഥകളി)

അനുകമ്പി-കൃപയുള്ളവൻ, ദയയുള്ളവൻ.

'വാനോർനദീപുരവാണരുളീടുന്ന
ദീനാനുകമ്പിയാംകൃഷ്ണൻതിരുവടി'

(കല്യാണസൗഗന്ധികം തുള്ളൽ)

അനുകമ്പിത-വി. കൃപചെയ്യപ്പെട്ട.

അനുകമ്പ്യ-കൃപ (ദയ) ചെയ്യത്തക്ക.

അനുകരണം-അന്യനെപ്പോലെയുള്ള പ്രവൃത്തി.

അനുകരിക്കുക-അന്യൻ ചെയ്യുന്നതുപോലെ ചെയ്യുക, മാതൃകയാക്കി സ്വീകരിക്കുക.

അനുകല്പ-വി. ഏകദേശം സദൃശമായ.

അനുകല്പം-സൎവാംഗയുക്തമായ കൎമ്മത്തിൽനിന്നു് ഏതാനും കുറഞ്ഞ കൎമ്മം

[ശാസ്ത്രോക്തവിധി രണ്ടു പ്രകാരമുണ്ടു്. മുഖ്യവിധിക്കു പ്രഥമകല്പം എന്നും അപ്രധാനവിധിക്കു് (മുഖ്യ വിധിയെക്കാൾ താണതിനു്) അനുകല്പം എന്നും പേർ. ഉ-ം, ഔപാസനത്തിനു നെല്ലു മുഖ്യം; അതു കിട്ടിയില്ലെങ്കിൽ വരിനെല്ലും മതിയാകും. ഇതു് അനുകല്പം.]

അനുകൎഷം-൧. തേരിന്റെ അടിപ്പലക, അച്ചുതണ്ടിന്റെ ചുവട്ടിലെ ആണി, അനുകൎഷിക്കപ്പെടുന്നതു് എന്നു വ്യുൽപത്തി. ൨. മന്ത്രംകൊണ്ടു വിളിക്കുക, പിടിച്ചുവലിക്കൽ.

അനുകൎഷണം-൧. ആകൎഷിക്കുക. ൨. മന്ത്രംകൊണ്ടു വിളിക്കുക.

അനുകാമം-ഇഷ്ടംപോലെ.

'അച്യുതാനുകാമമിവനോടുകൂടി നീ
മധുരാനഗരമനുവസിച്ചുകൊൾക താത'

(ശ്രീകൃഷ്ണചരിതം)

അനുകാമീനൻ-ഇഷ്ടംപോലെ ചെയ്യുന്നവൻ, ഇഷ്ടംപോലെ നടക്കുന്നവൻ

'കാമംഗാമ്യനുകാമീനഃ' (അമരം)

[കാമംഗാമി, അനുകാമീനൻ ൨-ം, യുദ്ധാദികളിൽ സ്വേച്ഛപോലെ ദൈവന്റെ കീഴടങ്ങാതെ സഞ്ചരിക്കുന്നവന്റെ പേർ.]

അനുകാരഃ-ഒന്നിനു തുല്യമായിട്ടു ചെയ്യുക, മറെറാരുവനെപ്പോലെ ചെയ്യുക.
'അനുഹാരോനുകാരഃസ്യാൽ' (അമര)
[ഒരുവന്റെ രൂപം, ആചാരം, ലക്ഷണം മുതലായവയെ മറെറാരുവൻ അനുകരിക്കുന്നതിന്റെ പേർ.]

അനുകാരി-അനുകരിക്കുന്നവൻ.

അനുകാൎയ്യൻ - അനുകരിക്കപ്പെടുവാൻ യോഗ്യൻ.

അനുകാലം-കാലത്തിനു തക്കവണ്ണം.

അനുകീൎത്തനം-പറയുക, അറിയിക്കുക.

അനുകൂലം-വി. ഹിതമായ, ഇഷ്ടമായ.

അനുകൂല-ചെറിയ ഒന്തി.

അനുകൂലകം-ചെറിയ ഒന്തി.

അനുകൂലത-അനുസരിപ്പ്, വിരോധമില്ലായ്മ

അനുകൂലശത്രു-ഇഷ്ടമുള്ളഭാവത്തിൽ അടുത്തിരിക്കുന്ന (പെരുമാറുന്ന) വിരോധി.

അനുകൂലിക്ക-അനുസരിക്കുക.

അനുഃകസഃരാച്ചടാ-മുത്തങ്ങ.

അനുക്രമം-ക്രമത്തെ (മുറയെ) അനുസരിച്ചതു്.

അനുക്രമണം-ക്രമം, മുറ.

അനുക്രമണി, അനുക്രമണിക-ഒരു പുസ്തകത്തിലെ സംഗതിവിവരം.

അനുക്രോശം-കരുണാരസം, കൃപ, ദയ. ദീനന്മാരെ വിളിച്ചുവരുത്തുക, ദീനന്മാരെക്കുറിച്ചു വ്യസനിക്കുക എന്നൎത്ഥം, അനുശോചനം.

അനുക്തവാച്യം - കാവ്യദോഷങ്ങളിൽ ഒന്നു്.
[അവാച്യം പറയേണ്ടുന്ന അംശത്തെ പറയാതിരിക്ക. ഉ-ം, തെല്ലല്ലചില്ലം തെറ്റം വേലവില്ലാൽ' ഇവിടെ തെല്ല പോലും അല്ലലില്ലാത്ത എന്നു വേണ്ടതാണ്-ഭാഷാഭൂഷണം.]

അനുക്തവാദം-ഒരു വാദാരംഭം.

അനുക്ത-വി. പറയപ്പെടാത്ത (ഉക്തം = പറയപ്പെട്ടതു്.)

അനുക്ഷണം - വേഗത്തിൽ, പെട്ടെന്നു, ക്ഷണത്തിൽ, ഇടവിടാതെ.

അനുഗ-വി. അനുഗമിക്കുന്ന, പിന്നാലെ പോകുന്ന.

അനുഗൻ-പിന്നാലെ നടക്കുന്നവൻ.

അനുഗത-വി. അനുഗമിക്കപ്പെട്ട (പിന്നാലെ ചെന്ന)

അനുഗതവ്യാഖ്യാനം- മൂലഗ്രന്ഥത്തെ പദംപ്രതി വിവരിച്ചു് ഉപപത്തി കാണിക്കുന്നതു്.

അനുഗതി-പിന്നാലെ ചെല്ലുക.

അനുഗം-പിമ്പേ പോകുന്നതു്, അനുഗമിക്കുന്നതു്. [യം'
'അന്വഗന്വക്ഷമനുഗമനുപദം ക്ലീബമവ്യ
[അന്വക്ക്, അന്വക്ഷം, അനുഗം, അനുപദം ൪-ം പിന്നാലെ എന്ന അൎത്ഥത്തിൽ ഉപയോഗം]

അനുഗമം-പിന്നാലെ പോവുക.

അനുഗമിക്ക-പിന്നാലെ ഗമിക്കുക.

അനുഗമ്യ-വി. പിന്നാലെഗമിക്കത്തക്ക (പോകത്തക്ക.)

അനുഗാനം-കൂടെപ്പാടുക.

അനുഗാമി-പിന്നാലെ ഗമിക്കുന്നവൻ (പോകുന്നവൻ.)

അനുഗാമിനൻ-ഒത്തവണ്ണം നടക്കുന്നവൻ.

അനുഗീതി-ഒരു വൃത്തത്തിന്റെ പേർ.

അനുഗുണ-വി. അനുകൂലമായ ഗുണം നിമിത്തം സദൃശമായ, ചേൎച്ചയുള്ള.

അനുഗുപ്ത-വി. മറയ്ക്കപ്പെട്ട.

അനുഗൃഹീത-വി. അനുഗ്രഹിക്കപ്പെട്ട, നല്ലതുവരട്ടെ എന്നു കല്പിക്കപ്പെട്ട.

അനുഗ്രഹം-പു. പ്രസാദം, വരം, നല്ലതു വരട്ടെ എന്നു പറക.

[ഗുരുജനന്മാർ മുതലായവരുടെ കാൽ പിടിക്കുന്നതിന് 'അഭിവാദ്യം' എന്നു പേർ. അവർ ഇങ്ങോട്ടു ചെയ്യുന്ന അനുഗ്രഹത്തിനു, പ്രത്യഭിവാദനം എന്നു പറയപ്പെടുന്നു.]

൨. ഇഷ്ടത്തെ സമ്പാദിക്കയും അനിഷ്ടത്തെ തടുക്കുകയും ചെയ്യുക.

'അഭ്യുപപത്തിരനുഗ്രഹഃ' (അമരം)

[അഭ്യുപപത്തി, അനുഗ്രഹം ൨-ം, അനുഗ്രഹത്തിന്റെ പേർ. അനുഗ്രഹം എന്നാൽ ചുററും കാത്തു രക്ഷിക്കുക എന്നർത്ഥം.]

**അനുഗ്രഹിക്കുക**-'നല്ലതു വരട്ടെ' എന്നു കല്പിക്കുക.

**അനുചരൻ**- സഹായി, അകമ്പടിക്കാരൻ. പിന്നാലെ സഞ്ചരിക്കുന്നവൻ എന്നു വ്യുൽപത്തി.

**അനുചരിക്കുക**- പിന്നാലെ സഞ്ചരിക്കുക.

**അനുചാരകൻ**-പു. വേലക്കാരൻ. ൨. പിന്നാലെ നടക്കുന്നവൻ.

**അനുചാരി**-വി. പിന്നാലെ നടക്കുന്ന.

**അനുചാരിക**-പു. പിന്നാലെ നടക്കുന്നവൾ. ൨. വേലക്കാരി.

**അനുചിത**-വി. ഉചിതം (കൊള്ളാവുന്നതു്) അല്ലാത്ത.

**അനുചിതാർത്ഥം** - കാവ്യദോഷങ്ങളിൽ ഒന്ന്.

[വിവക്ഷിതത്തിനു വിരുദ്ധമായതു് അനുചിതാർത്ഥം എന്നു ദോഷലക്ഷണം.]

**അനുചിന്ത, അനുചിന്തനം**-വിചാരം

'മാരസംശമനുചിന്ത്യസന്തതം'

(ശ്രീകൃഷ്ണചരിതം)

[അനുചിന്ത്യ, അനുചിന്തനം ചെയ്തിട്ടു (വിചാരിച്ചിട്ടു) എന്നർത്ഥം.]

**അനുച്ചാരകൻ**-പു. ഒരുവനെ പിന്നാലെ ആവർത്തിച്ചുപറയുന്നവൻ. ൨. ഉത്തരവാദി, പ്രതിവാദി.

**അനുച്ഛ്രിതം**-പൊക്കം ഇല്ലാത്തതു്.

**അനുജ**-വി. പിന്നാലെ ഉണ്ടായ.

**അനുജൻ** പിന്നാലെ ജനിച്ചവൻ, രണ്ടാമതുണ്ടായവൻ (ഇളയ സഹോദരൻ.)

'ജഘന്യജേസ്യുഃകനിഷ്ഠ
യവീയോവരജാനുജാഃ' (അമരം)

[ജഘന്യജൻ, കനിഷ്ഠൻ, യവീയാൻ (കനീയാൻ), അവരജൻ, അനുജൻ ൫-ം, അനുജന്റെ പേർ].

**അനുജ**-ഇളയ സഹോദരി.

**അനുജത്തി**-ഇളയസഹോദരി.

**അനുജാ**-വീരപുണ്ഡരി (ഒരങ്ങാടിമരുന്നു.)

**അനുജന്മ**-വി. പിന്നീടുണ്ടായ.

**അനുജന്മനക്ഷത്രം**-ജന്മനക്ഷത്രം കഴിഞ്ഞുവരുന്ന ഒൻപതാമത്തെയും പതിനെട്ടാമത്തെയും നക്ഷത്രങ്ങൾ.

[അശ്വതിക്കു മകവും മൂലവും അനുജന്മനക്ഷത്രങ്ങളാകുന്നു. ഇങ്ങിനെ ക്രമപ്രകാരം കണ്ടുകൊള്ളുക ]

**അനുജന്മാവ്**-അനുജൻ.

**അനുജാത**-വി. പിന്നാലെ ജനിച്ച.

**അനുജാതൻ**-അനുജൻ (പിന്നാലെ ജനിച്ചവൻ).

**അനുജീവനൻ, അനുജീവി**-സേവകൻ.

**അനുജീവി**-വി. ആശ്രയിച്ചു പാർക്കുന്ന.

**അനുജ്ഞ**-കല്പന.

**അനുജ്ഞാത**-വി. കല്പിക്കപ്പെട്ട.

**അനുജ്ഞാപനം, അനുജ്ഞപ്തി**-കല്പന.

**അനുജ്ഞാപകൻ**-കല്പന കൊടുക്കുന്നവൻ, വരുതി നൽകുന്നവൻ.

**അനുജ്ഞായകം**-(വ്യാകരണത്തിൽ) പ്രകാരങ്ങൾ നാലുവിധമുള്ളവയിൽ നാലാമത്തേതു്.

**അനുതപിക്കുക**-ചെയ്തതിന്റെ ശേഷം അതിനെക്കുറിച്ചു ദുഃഖിക്കുക, പശ്ചാത്തപിക്കുക.

അനന്തപ്ത-വി. ചെയ്തതിനെക്കുറിച്ചു പിന്നീട ദുഃഖിച്ചു, ചൂടുപിടിപ്പിക്കപ്പെട്ട.

അനന്തർഷം, അനന്തർഷണം-പ്ര. ഒം ഹം. ൨. മദ്യപാനം. ൩. പാനപാത്രം.

അനന്തതാപം-കഴിഞ്ഞതിനെക്കുറിച്ചു ദുഃഖിക്കുക.

അനന്തത്തമം - അത്യുൽകൃഷ്ടം, ഏതിനെക്കാൾ ഉത്തമമായിട്ടു മറെറാന്നില്ലയോ അതു് അനന്തത്തമം.

അനന്തത്തമൻ-ആരെക്കാൾ ഉത്തമനായിട്ടു മറെറാരുവൻ ഇല്ലയൊ അവൻ, അത്യുൽകൃഷ്ടൻ.

അനന്തത്തരം-പ്ര. മേൽഭാഗത്തിങ്കലല്ലാത്തതു് (കീഴ്ഭാഗം). ൨. വടക്കല്ലാത്ത മാറിക്കിലുള്ളതു്.൩.ശ്രേഷ്ഠമല്ലാത്തതു്.

അനന്തത്ഥാനം-പ്രയത്നമില്ലായ്മ, അദ്ധ്വാനമില്ലായ്മ.

അനന്തൽപന്ന-ഉണ്ടാകാത്ത, ജനിക്കാത്ത.

അനുദക-വി. ഉദകം (ജലം) ഇല്ലാത്ത.

അനുദാത്തം-ഒരു സ്വരം. നീചസ്ഥാനത്തിൽ ഉച്ചരിക്കപ്പെടുന്നതു് എന്നു വ്യുൽപത്തി. ഉദാത്തം എന്നാൽ ഉച്ചത്തിൽ ഉച്ചരിക്കപ്പെടുന്നതു് എന്നർത്ഥം.

'ഉദാത്താനുദാത്തസ്വരിതാഃ സ്വരാഃ' (അമരം)

[സ്വരങ്ങൾ ഉദാത്തം, അനുദാത്തം, സ്വരിതം ഇങ്ങനെ ൩. പ്രചിതം എന്നു ഒരു സ്വരം കൂടെയുള്ള പ്രകാരം കാണുന്നു. അതു ഛാന്ദസമാത്രമാകയാൽ ഇവിടെ ഉപേക്ഷിച്ചിരിക്കുന്നു. 'ഉദാത്തശ്ചാനുദാത്തശ്ച സ്വരിതശ്ച സ്വരാസ്ത്രയഃ ചതുർത്ഥഃ പ്രചിതോ നാമ കേതായാതാം സമഛന്ദസഃ സ്മൃതഃ' എന്നു പ്രമാണം].

അനുദിനം, അനുദിവസം-ദിവസംപ്രതി.

അനുദ്യമ-ഉത്സാഹമില്ലാത്ത, മടിയുള്ള.

അനുദ്ഗ്രഹ - ശർമിഷ്ഠയിൽ യയാതിക്കു ജനിച്ചവൻ.

അനുധാവനം-പിറകേ ഓടുക.

അനുദ്ധത-വി. ൧. അഹങ്കാരമില്ലാത്ത. ൨. ഉയർത്തപ്പെട്ടതല്ലാത്ത.

അനുദ്ഭട-വി. ശക്തിയില്ലാത്ത, ധൈര്യമില്ലാത്ത, ശാന്തമായ.

അനുനന്ദിക്കുക-സന്തോഷിക്കുക.

അനുനയം-വണക്കം, ഇഷ്ടം, സമ്മതം, നല്ലവാക്ക്.

അനുനായിക-നാടകങ്ങളിൽ നായികയുടെ സഖിയോ ദാസിയോ ആയവൾ.

അനുനാസിക-ങ, ഞ, ണ, ന, ള, മ, ഇവ ന്ന ം, മൂക്കിനെ ആശ്രയിച്ചവയായകയാൽ ഈ പേർ വന്നു ൨. പഞ്ചമം.

അനുപദം-അ. പിമ്പെ, പദംപ്രതി (പദത്തോടു)പദത്തിൻെറ പിന്നാലെ എന്നു വ്യുൽപത്തി. അടുത്ത ക്ഷണത്തിൽ

അനുപദി-അന്വേഷണം ചെയ്യുന്നവൻ.

അനുപദീന-മൂടിച്ചെരിപ്പു് (ബൂട്സ്) കാലിൻെറ അകവും പുറവും ഒരുപോലെ മൂടിക്കൊണ്ടിരിക്കുന്നതു്.

അനുപധി-അ. നിർവ്യാജമായ.

'പ്രേമം നമ്മോടനുപധികലർന്നീടുമസ്സൽപ്രിയായാഃ'

(മയൂരസന്ദേശം)

അനുപപത്തി-പ്ര. കുറവു്, മുടക്കം. ൨. യുക്തമില്ലായ്മ, ചേരായ്മ. ൩. യുക്തിയില്ലായ്മ ർ. അതിദരിദ്രത, വിപത്തു്, കഷ്ടകാലം നിർഭാഗ്യം.

അനുപപന്നം-അയുക്തം.

അനുപഭുക്തം-ഉപഭോഗിക്കപ്പെടാത്തതു്. ഉപഭോഗിക്ക=അനുഭവിക്ക.

അനുപമ-വി. ഉപമ (സാദൃശ്യം, തുല്യം) ഇല്ലാത്ത.

'അനുപമഹരിമനുജേന്ദ്രാ-മനുജനസംഗതിവരുമെന്നാകിൽ'

(ഭാഗവതമാഹാത്മ്യം തുള്ളൽ)

അനുപമ - തെക്കുപടിഞ്ഞാറെക്കോണിലെ ദിക്‌പാലകന്റെ ആനയായ കുമുദന്റെ പിടിയാന. തുല്യത്തൊട്ടുകൂടാത്തതു് എന്നു ശബ്ദാൎത്ഥം.

അനുപയുക്ത-വി. ഉപയോഗമില്ലാത്ത, ഉപയോഗിക്കപ്പെടാത്ത.

അനുപലബ്ധി-നാ. മീമാംസകത്തിലുള്ള ഒരു പ്രമാണം. ൨. അപ്രത്യക്ഷം.

അനുപസ്ഥിതി-നാ. ഹാജരില്ലായ്ക, കൂടെയില്ലായ്ക. ൨. ഓൎമ്മയിലുള്ള ശക്തിക്കുറവു്.

അനുപാതം-നാ. തിട്ടം, വീതം, കൂറു്, മാത്ര.

'തുല്യാനുപാതകൌതുഹലം'

(ഭാഗവതം)

൨. കൂടെ വീഴുക,

അനുപാദേയം- സ്വീകാൎയ്യമല്ലാത്തതു്.

അനുപാനം-നാ. ഒരു മരുന്നു സേവിക്കുന്നതിനു മുമ്പോ പിമ്പോ പാനം ചെയ്യപ്പെടുന്നതു്. ൨. ചില ഔഷധം സേവിച്ചാൽ ഉടൻ കുടിക്കുന്ന പാലോ മററു വല്ലതുമൊ. ൩. മെമ്പൊടി (മെച്ചാടി)

അനുപാനീയം-കുടിച്ചതിന്റെ ശേഷം പിന്നീടും കുടിക്കുക,

അനുപാലനം-രക്ഷ. ൨. അനുസരണം.

അനുപുരുഷൻ-പിറകെ നടക്കുന്നവൻ.

അനുപേക്ഷണീയം-ഉപേക്ഷിക്കത്തക്കതല്ലാത്തതു്.

അനുപോതകം-വശളു. (വശളച്ചീര= ഒരുമാതിരി വള്ളി.)

അനുപ്രദാനം-നാ. സമ്മാനം, ദാനം. ൨ (വ്യാകരണത്തിൽ) വൎണ്ണങ്ങളുടെ പലമാതിരി ശ്രുതിവരുന്നതു് അഞ്ചുവക കാരണങ്ങളാലാണു്. അവയിൽ ഒന്നു്.

അനുപ്രയോഗം-നാ. കൂടെ ഉപയോഗിക്കുക. (പ്രയോജനപ്പെടുത്തുക), പിന്നെയും പിന്നെയും ചെയ്യുക. ൨. മറെറാരു ധാതുവിനെ സഹായിപ്പാനായി അതിനടുത്തു പരമായി് പ്രയോഗിക്കുന്ന ധാതു.

അനുപ്രവചനം-പിന്നെയും പിന്നെയും പറക.

അനുപ്രാപ്തി-അറുപത്തിനാലുകലകളിൽ ഒന്നു്.

അനുപ്രാസം-മററക്ഷരങ്ങളുടെ ആവൃത്തി. (പ്രാസം എന്നതു കവിതയുടെ ഒരുമാതിരി അക്ഷരച്ചേൎച്ചയാണു്) ശബ്ദാലങ്കാരങ്ങളിൽ ഒന്നു്.

പ്രതിഘടിതമാവാൽപ്രൌഢിജൃംഭിച്ചുകാരി ഭയുടേയും മദ്ദിയുടേയും ആവൎത്തനം നോക്കുക.

അനുപ്ലവൻ-സഹായിക്കുന്നവൻ, സഹായി. പിന്നാലെ പോകുന്നവൻ എന്നു ശബ്ദാൎത്ഥം.

അനുബദ്ധക-വി. ഒന്നിച്ചുകൂടിയ, സംഘടിച്ച, ചേൎന്ന.

അനുബന്ധചതുഷ്ടയം-വിഷയം, പ്രയോജനം, സംബന്ധം, അധികാരി ഇവ നാലും.

അനുബന്ധം-നാ. അച്ഛനമ്മമാരെ അനുസരിക്കുന്ന കുട്ടി. ൨. മോക്ഷസംഭവം. ൩. പ്രകൃതിപ്രത്യയാദികളിൽ നശിച്ചുപോകുന്ന അക്ഷരം. ൪. പ്രകൃതമായുള്ളതിനെ വിടാതെ രക്ഷിക്ക. ൫. അവസാനം. ൬. ഇടവാടു്. ൭. ചേൎച്ച. ൮. മണം ഇല്ലാതെ നശിച്ചുപോയതിനു മണം ഉണ്ടാക്കുക ൯. രോഗലക്ഷണം.

അനുബന്ധി-വി. സംബന്ധമുള്ള.

അനുബന്ധ്യ-വി. പ്രധാനമായുള്ള, മുഖ്യമായുള്ള.

അനുബിംബം-നിഴൽ (പ്രതിച്ഛായ).

അനുബിംബിക്കുക-നിഴലിക്കുക.

അനുബോധം-നാ. ഓൎമ്മ, അറിയിപ്പു്. ൨. ഗന്ധം നശിച്ച വസ്തുവിനു പിന്നീടു ഗന്ധം ഉണ്ടാക്കുക.

അനുബോധനം-ഓൎമ്മ, അറിയിപ്പ്.

അനുഭവം-പു. പ്രത്യക്ഷം. ൨. ശമ്പളം. ൩. ഉപയോഗം. ൪. സഹിക്കുക. ൫. സ്വീകാരം.

അനുഭാവക-വി. തിരിച്ചുകാണിക്കുന്ന, അറിയിക്കുന്ന.

അനുഭാവം-പു. സത്തുക്കളുടെ ബുദ്ധിനിശ്ചയം, മനോഗതത്തെ തോന്നിക്കുന്നത്, മനോവികാരങ്ങളെ പുറത്തറിയിക്കുന്ന ചേഷ്ടാവിശേഷം. ഭാവത്തിന്റെ ശേഷം ഉണ്ടാകുന്നത് എന്ന വ്യുൽപത്തി. ൨. അറിവ്. ൩. തേജസ്സ്, പ്രഭാവം.
'ജീവന്മുക്തൻപരമേശ്വരനോടനു-
ഭാവമേറലുണൎത്തിച്ചപ്പോൾപൂൎണ്ണനുടൻ'
(ഭാഗവതം)

അനുഭാവൻ-പരാക്രമമുള്ളവൻ.

അനുഭാവനം-തോന്നലിനെകാണിക്കുക.

അനുഭാഷണം-പറഞ്ഞതിനെ പിന്നെയും പറക, സഹഭാഷണം, സംസാരം, സംവാദം.

അനുഭൂതി-പു. തോന്നൽ, മനോഭാവം. ൨. അനുഭവം.

അനുഭൂതിചതുഷ്ടയം-പ്രത്യക്ഷം, അനുമിതി, ഉപമിതി, ശാബ്ദം ഇവ നാലും.
അനുഭൂതിസ്മൃതിശ്ചസ്യാദനുഭൂതിശ്ചതുൎവ്വിധാ
പ്രത്യക്ഷമപ്യനുമിതിസ്തഥോപമിതിശാബ്ദജേ
(കാരികാവലി)

അനുഭോക്താവു-അനുഭവിക്കുന്നവൻ.

അനുഭോഗം-അനുഭവം.

അനുമണ്ഡപി-ചെറിയ വശളച്ചീര.

അനുമത-പു. അനുവദിക്കപ്പെട്ട, അംഗീകരിക്കപ്പെട്ട. ൨. സന്തോഷിക്കപ്പെട്ട.

അനുമതം-പു. സമ്മതം. ൨ അംഗീകാരം.

അനുമതി-പു. സമ്മതം. ൨. അംഗീകാരം. ൩. പ്രഥമമുതൽ പതിനാലാം ദിവസം വരുന്ന വാവ്. ദേവകളാലും പിതൃക്കളാലും അനുമനനം ചെയ്യപ്പെടുന്നത് എന്ന ശബ്ദാൎത്ഥം.
[ചന്ദ്രൻ അപൂൎണ്ണകലനായി ഏതൊരു വെളുത്തവാവുന്നാൾ ഉദിക്കുന്നുവോ ആ വെളുത്തവാവിനു 'അനുമതി' എന്നു പേർ.]

അനുമതിക്കുക-സമ്മതിക്കുക.

അനുമനനം-സമ്മതം, അനുജ്ഞ, അനുവാദം.

അനുമരണം-ഉടന്തടി (ഉടഞ്ചാവു). ഭൎത്താവിന്റെ മൃതശരീരത്തെ ദഹിപ്പിക്കുമ്പോൾ ഭാൎയ്യകൂടി തീയിൽ പതിച്ചു മരിക്കുക.

അനുമാനം-പു. ഊഹം. ൨. ശാസ്ത്രത്തിലെ ഒരു പ്രമാണം. ൩. അലങ്കാരങ്ങളിൽ ഒന്നു (സാധനംകൊണ്ടു സാധ്യത്തെ ഊഹിക്കുന്നത്).

അനുമാനിക്കുക-ഊഹിക്കുക, സംശയിക്കുക.

അനുമാപകം-സംശയിപ്പിക്കുന്നത്.

അനുമിത-വി. ഊഹിക്കപ്പെട്ട, സംശയിക്കപ്പെട്ട.

അനുമേയ-വി. ഊഹിക്കത്തക്ക, സംശയിക്കത്തക്ക.

അനുമോദം-പു. കൂടെയുള്ള സന്തോഷം, സന്തോഷം, അനുകമ്പ നിമിത്തമുള്ള സന്തോഷം. ൨. അനുമോദനം.

അനുമോദനം-പു. അംഗീകാരം, താങ്ങൽ. ൨. സന്തോഷത്തെ ഉണ്ടാക്കുന്നത്, സന്തോഷം, കൂടെയുള്ള സന്തോഷം.

അനുമോദിക്കുക-കൂടെസന്തോഷിക്കുക.

അനുയവം-പട്ടുവര

അനുയാജം-യാഗത്തിന്റെ ഒരംശം (യജ്ഞാംഗം).

അനുയാത്ര-ബഹുമാനമുള്ളവരെ യാത്രയാക്കുമ്പോൾ കുറച്ചുദൂരം അവരൊന്നിച്ചു ആചാരപൂൎവ്വം പോവുക.

അനുയാത്രികൻ-കൂടെ പോകുന്നവൻ, അകമ്പടിക്കാരൻ.

അനുയാനം-കൂടെ നടക്കുക, അകമ്പടി പോവുക.

അനുയായി, അനുയായികൻ- പിന്നാലെ പോകുന്നവൻ, പിൻഗാമി, അനുചരൻ.

അനുയുക്ത-അനുയോജിക്ക (ചോദിക്ക) പ്പെട്ടവൾ.

'ഹേതുംചോദനഗതാധർധ്രുവമിയമനുയുക്താവദേദേവഖലം'

(അഭിജ്ഞാനശാകുന്തളം)

അനുയോഗം- ചോദ്യം. അത്ഥയോജന യോടുകൂടിയതു് എന്നു വ്യുൽപത്തി.

അനുയോജനം-ചോദ്യം, അറിവാൻ വേണ്ടിചോദിക്കുന്നതു്.

അനുയോജിക്കുക- ക്രി. ചേരുക. ഭ. ചോദിക്കുക. ന. ഇണങ്ങുക.

അനുയോജ്യൻ-ഭൃത്യൻ, താഴ്മയും അനുസരണവുമുള്ള ഭൃത്യൻ.

അനുരക്ത-അനുരാഗമുള്ള, സ്നേഹമുള്ള.

അനുരക്തൻ-അനുരാഗമുള്ളവൻ, സ്നേഹമുള്ളവൻ.

അനുരഞ്ജനജ്ഞാനം-അറുപത്തിനാലു കലകളിൽ ഒന്നു്.

അനുരഞ്ജനം-യോജിപ്പു്, ചേച്ച്, സ്നേഹം

അനുരണനം-മാറൊലി.

അനുരതൻ-താൽപര്യമുള്ളവൻ.

അനുരതി-സ്നേഹം, ആഗ്രഹം, താല്പര്യം.

അനുരഥ്യ-നടക്കുന്നവഴി, ഒരു തെരുവിന്റെ അരുക്, മറുവഴി.

അനുരസം, അനുരസിതം- മാറൊലി, മറുശബ്ദം.

അനുരാഗം-ക്രി. ആഗ്രഹം, സ്നേഹം. ഭ. വാത്സല്യം. വാത്സല്യം എന്ന അത്ഥത്തിൽ ഉദാഹരണം താഴെ ചേക്കുന്നു.

'തിന്നകമാരത്രിരാമന്നു മിൽത്തിറഞ്ഞനുരാഗവശേനചൊന്നാൻ'

(കണ്ണശ്ശരാമായണം)

[അനുരാഗത്തിനു രസം എന്നും പറയാം.]

'ഗുണരാഗേഭാവരസഃ' (അമരം)

അനുരാഗിണി-അനുരാഗമുള്ളവൾ.

അനുരാത്രം-വി. രാത്രിയെ തുടന്ന്.

അനുരാത്രം-അ. എല്ലാരാത്രിയിലും.

അനുരാധ-വി. ക്ഷേമം ഉണ്ടാക്കുന്ന.

അനുരാധ-അനിഴം.

അനുരൂപ-വി. തുല്യമായ, തക്കതായ.

അനുരൂപം-ക്രി. സാദൃശ്യം (തുല്യത). ഭ. ചേച്ച്, ഉചിതം, യോജിപ്പു്.

അനുരോദനം-ക്രി. അലിവു്, വ്യസനം. ഭ. കൂടെ കരയുക.

അനുരോധം, അനുരോധനം-അനുസരണം, പിന്നാലെ ചെന്നു തടുക്കുക.

'പോകുമ്പോൾ സ്നേഹിതന്മാർ പിറകേ ചെന്നു് 'ഇന്നു പോകരുതേ' എന്നു തടുക്കുന്നതുകൊണ്ടു് ഇഴ പോരുണ്ടായി.

അനുരോധക-വി. ഇണക്കമുള്ള, അനുസരണമുള്ള, അനുകൂലമുള്ള.

അനുലഗ്ന-വി. ചേന്ന്, പററിയ.

അനുലപിക്കുക-പറഞ്ഞതു തന്നെ പറയുക.

അനുലാപം-പിന്നെയും പിന്നെയും പറക, പറഞ്ഞുതീന്നഉടനേ വീണ്ടുംപറയുക.

'അനുലാപോമുഹുർഭാഷാ' (അമരം)

[അനുലാപം, മുഹുർഭാഷ ഇവ ര-ം, പിന്നെയും പിന്നെയും പറയുന്നതിന്റെ പേർ.]

അനുലാസം, അനുലാസ്യം-മയിൽ.

അനുലേപം, അനുലേപനം- കുറിക്കൂട്ടു്. (ദേഹത്തിൽ പൂശുവാനുള്ള ചന്ദനം മുതലായവ).

അനുലോമ-വി. മുറയുള്ള, ക്രമമായുള്ള, അനുകൂലമായ.

അനുലോമം-അനുകൂലം, മുറ, ക്രമം. അനുലോമം> <പ്രതിലോമം.

അനുലോമനം-ക്രി. ക്രമേണകമം, കഠോരം. ഭ. ശമനം. (ഔഷധത്തിൽ) വിരേചിപ്പിക്കുക, ശുദ്ധിവരുത്തുക.

അനുലോമജൻ-ഹീനജാതിക്കാരൻ.

അനുൽപത്തി-ജനിക്കായ്ക, ഉണ്ടാകായ്ക.

അനുവദിക്കുക-സമ്മതിക്കുക, അനുസരിക്കുക.

അനുവർത്തകൻ-അനുസരിക്കുന്നവൻ.

അനുവർത്തനം-അനുസരണം.

അനുവർത്തനീയ-അനുസരിക്കത്തക്ക.

അനുവർത്തിക്കുക-കണ്ടുചെയ്യുക.

അനുവദി-തത്ത.

അനുവദിനം-കഴംചേരിപ്പ്.

അനുവംശം-താഴ്വഴിപ്പട്ടിക, വംശപാരമ്പര്യപ്പട്ടിക.

അനുവാകം-പ്ര. ഋഗ്യജുസ്സുമയം, വേദത്തിന്റെ ഒരു ഭാഗം, വേദൈകദേശം. ദ്വി. നീക്കടയ്ക്.

അനുവാതം-പ്ര. കാററുവശം. ദ്വി. ശിഷ്യനിൽനിന്നു ഗുരുവിന്മേൽ അടിക്കുന്ന കാററ്.

അനുവാദം-സമ്മതം, അനുസരണം.

അനുവാദക, അനുവാദി-വി. പ്ര. അനുസരിച്ചു പറയുന്ന, സമ്മതിക്കുന്ന. ദ്വി. വിവരപ്പെടുത്തുന്ന.

അനുവാദപത്രം-സമ്മതപത്രം.

അനുവാസം, അനുവാസനം-പ്ര. വസ്ത്രത്തിനും മററും സുഗന്ധമുണ്ടാക്കുക. ദ്വി. സ്നേഹം.

അനുവാസരം-ദിവസംപ്രതി.

അനുവാസിത-ഉടുത്ത, ഉടുപ്പിട്ട.

അനുവിദ്ധം-പണയം.

അനുവിധാ-ജീവിതം (ശബ്ദം). ഇന്ന കർമ്മത്തിന് ഇന്നതു് എന്നു തീർച്ചപ്പെടുത്തിയതു് എന്നു വ്യുൽപത്തി.

അനുവിധാനം-അനുസരണം, താഴ്മ.

അനുവിദ്ധ-വി. പ്ര. തുളക്കപ്പെട്ട ഭാരം ഉണ്ടാക്കപ്പെട്ട. ദ്വി. മുറിക്കപ്പെട്ട. തൃ. ചേർക്കപ്പെട്ട.

അനുവൃത്തി-പ്ര. കണ്ടുചെയ്ക. ദ്വി. നിവൃത്തിയില്ലായ്ക; വിട്ടുപോകാതെ വിധത്തിലുള്ള സ്ഥിതി.

അനുവേധം-തുളക്കുക (ഭേദപ്പെടുത്തുക) മുറിക്കുക, ചേർക്കുക.

അനുവേലം-അനു എന്നതും, അതിമാത്രം എന്ന ശബ്ദവും നോക്കുക. [ചെ

'അനുപമഗുണശീല! നിനക്കിനി വഴിപോലെ
അനുകൂലകർമ്മങ്ങൾ ചെയ്തിടുമനുവേലം'

(സുഭദ്രാഹരണം കഥകളി)

അനുവ്യാഹാരം, അനുവ്യാഹരണം പ്ര. ആവർത്തിച്ചു പറക. ദ്വി. ശപഥം, ശാപം.

അനുവ്രജനം, അനുവ്രജ്യ-കൂടെ പോവുക.

അനുവ്രജിക്കുക-കൂടെ പോവുക, അനുകരിക്കുക.

അനുശയം-പ്ര. വിചാരിച്ചു ദുഃഖിക്കുക. പശ്ചാത്താപം. ദ്വി. പണ്ടേയുള്ള ദ്വേഷം.

അനുശരൻ-രാക്ഷസൻ.

അനുശസ്ത്രം-ശരായുധത്തിനു പകരം ഒല്ലാം ഉപയോഗിക്കുന്ന ആയുധം. (ഇതിൽ നഖവും ഉൾപ്പെട്ടു).

അനുശാസനം-വരുതി. ദ്വി. ചട്ടം. തൃ. ശാസ്ത്രം. ച. ഗുണദോഷം.

അനുശാസിക്കുക-പ്ര. വരുതികൊടുക്കുക. കല്പിക്കുക, ചട്ടംകെട്ടുക.

അനുശോകം, അനുശോചനം-പ്ര. പശ്ചാത്താപം ദ്വി. ദുഃഖം.

അനുഷക്തം-സംബന്ധം, സഹജം, (അനുഷംഗിച്ചതു് = ഒന്നിച്ചു ചേർന്നതു്).

'രംഗാദിരംഗാൻ സതതാനുഷക്തൻ'

(അഷ്ടാംഗഹൃദയം)

അനുഷക്ത-അനുരക്ത.

'നളേനാനുഷക്താമവബുദ്ധ്യപുത്രീം'

(നളചരിതം കഥകളി)

അനുഷക്തി-സ്നേഹം, അനുരാഗം.

അനുഷംഗം (അനുസംഗം)-പ്ര. ചേർച്ച ഒന്നിച്ചുചേരുക, സംബന്ധം. ദ്വി. കലർച്ച, അലിവ്.

അനുഷംഗി(ക)-സംബന്ധിച്ച, ചേർന്ന.

**അനുഷേകം, അനുഷേചനം**-വീണ്ടും നനക്കുക.

**അനുഷ്ടുപ്പ്**-ഛന്ദസ്സുകളിൽ ഒന്ന്, ഈ വൃത്തത്തിന് വരി ഒന്നിൽ ൮ അക്ഷരം വീതം കാണും.

**അനുഷ്ടുഭം**-അനുഷ്ടുപ്പ്, (വൃത്തം) ഇതിനു പദ്യം, ശ്ലോകം ഈ പേരുകളും ഉണ്ട്.

**അനുഷ്ഠാനം**-പ്രവൃത്തിക്കുക, ചെയ്യുക.

**അനുഷ്ഠാപനം**-ഒന്നു ചെയ്യാൻ ഇടയാക്കുക.

**അനുഷ്ഠിക്കുക**-പ്രവൃത്തിക്കുക, ചെയ്യുക

**അനുഷ്ഠിത**-വി. പ്രവൃത്തിക്കപ്പെട്ട, ചെയ്യപ്പെട്ട (അനുഷ്ഠിക്കപ്പെട്ട).

**അനുഷ്ഠേയ, അനുഷ്ഠാതവ്യ** - വി. ചെയ്യത്തക്ക.

**അനുഷ്ണൻ**-മടിയൻ. ഉഷ്ണം (ഉത്സാഹം) ഇല്ലാത്തവൻ; ഉഷ്ണൻ (ദക്ഷൻ) അല്ലാത്തവൻ; കാര്യങ്ങൾക്കു ചൂടില്ലാത്തവൻ.

**അനുഷ്ണം**-ഉല്പലം.

**അനുസന്ധാനം**-൧. ശോധനം, അന്വേഷണം. ൨. വിചാരണ. ൩. ചേർക്കുക

**അനുസന്ധിക്കുക**-൧. ശോധനചെയ്ക. ൨. ചേർക്കുക.

**അനുസമാപനം**-൧. സംപൂർത്തി, പരിപൂർണ്ണത, അവസാനം. ൨. തീർച്ച.

**അനുസരണം**-സമ്മതം, അനുവാദം, പിന്നാലെ നടക്കുക.

'അനുരോധാനുവർത്തനാ' (അമരം)

[അനുരോധം, അനുവർത്തനം ൨-ം, അനുസരണത്തിന്റെ പേർ]

**അനുസരിക്കുക**- സമ്മതിക്കുക, പിന്നാലെ നടക്കുക.

**അനുസാരം**-ക്രമം, മുറ

**അനുസാരി**-പിൻ തുടരുന്നവൻ.

**അനുസ്യൂതം**-ഇടവിടാതെ.

**അനുസ്വാനം**-മാറൊലി.

**അനുസൃതി**-പിൻ തുടർന്നുപോവുക.

**അനുസ്മരണം, അനുസ്മൃതി** - വീണ്ടുമുള്ള ഓർമ്മ. ഓർമ്മ.

**അനുസ്വാരം**-സ്വരത്തിനു പിന്നാലെ 'അം' എന്നപോലെ വരുന്ന ഉച്ചാരണം.

**അനുഹാരം, അനുഹരണം**-ഒന്നിനു തുല്യമായിട്ടു ചെയ്ക, ഒരുവനെപ്പോലെ കാണിക്ക, അനുകരിക്കുക. (അനുകാരം എന്നതു നോക്കുക).

**അനൂകം**-൧. സ്വഭാവം. ൨. വംശംവിടാതെ നിൽക്കുന്നത് എന്നു ശബ്ദാർത്ഥം.

[പുല്ലിംഗമായാൽ 'പുംസിസ്യാദ്ഗതജന്മനി' എന്നതനുസരിച്ച് കഴിഞ്ഞ ജന്മം' എന്നും അനൂകത്തിനു അർത്ഥം കാണുന്നു.]

**അനൂകാശം**-പ്രതിഫലിക്കുക, ദീപത്തിന്റെ പ്രതിബിംബം.

**അനൂചാനൻ** - വേദത്തെയും വേദാംഗത്തെയും അഭ്യസിച്ചവൻ, ഗുരു പറഞ്ഞുകൊടുക്കുന്നതിനെ കേട്ടു കൂടെ ചൊല്ലി പഠിക്കുന്നവൻ എന്നു പദാർത്ഥം (അനൂചാനൻ=കൂടെ ചൊല്ലിയവൻ).

**അനൂഢ**-വി. ൧. വഹിക്കപ്പെടാത്ത, അടങ്ങാത്ത. ൨. വിവാഹം കഴിക്കപ്പെടാത്ത (കഴിഞ്ഞിട്ടില്ലാത്ത)

**അനൂഢ**-വിവാഹം കഴിയാത്ത സ്ത്രീ.

**അനൂനകം** ഒട്ടൊഴിയാത്തതു്. (കപ്രത്യയം കൂടാതെയുമാകാം. അതിനും ഈ അർത്ഥം തന്നെ)

**അനൂനം**-വി. ഊനം (കുറവ്) ഇല്ലാത്തതു് പൂർത്തിയായതു്.

**അനൂപ**-വി. നനവുള്ള, വളരെ ശീതമുള്ള

**അനൂപജം**-ഇഞ്ചി.

**അനൂപാല്യ**-നീർച്ചയ്യ്.

**അനൂപം**-൧. വെള്ളംകൂടുതലുണ്ടായിരിക്കുന്ന സ്ഥലം.

'ജലപ്രായമനൂപംസ്യാൽ
പുംസികച്ഛസ്തഥാവിധഃ' (അമരം)

[ജലപ്രായം, അനൂപം, കച്ഛം ന-ം വെള്ളം വേണ്ടുവോളമുള്ള അനൂപദേശത്തിന്റെ പേർ.]

൧. ഒരു പ്രാച്യരാജ്യത്തിന്റെ പേർ. ൨. ഈറമുള്ള നിലം (ഈറനിലം). ൩. പോത്ത്. ൪. തവള. ൫. ആന. ൬. നദിയുടെയോ പർവ്വതത്തിന്റെയോ അരിക്. വ്യ. കച്ഛം (തടാകം).

അനൂരു-ഊരുക്കൾ (തുടകൾ) ഇല്ലാത്തവൻ, അരുണൻ (സൂര്യന്റെ സാരഥി).

വളരെക്കാലം കഴിഞ്ഞതിന്റെ ശേഷവും മുട്ടകൾ വിരിയായ്കയാൽ കശ്യപന്റെ ഭാര്യയായ വിനത പരീക്ഷക്കായി അവയിൽ ഒരെണ്ണം പൊട്ടിച്ചു. ഉടനെ അരയ്ക്കു താഴെ മൂപ്പായിട്ടില്ലാത്ത ഒരു കുട്ടിയെ കണ്ടു. അതത്രെ അരുണൻ.

അനൂരുകൻ-അരുണൻ.

അനൂരുസാരഥി-സൂര്യൻ. അനൂരു (അരുണൻ) സാരഥിയായിട്ടുള്ളവൻ.

'ഗതം തിരശ്ചീനമനൂരുസാരഥേഃ'
(മാഘം)

അനൃജു-വി. ഋജു (കുടിലം, വളഞ്ഞത്) അല്ലാത്ത, ചൊവ്വില്ലാത്ത, നേരില്ലാത്ത.

അനൃജു-ശാഠ്യക്കാരൻ, നേരില്ലാത്തവൻ, കുടിലമായ മനസ്സോടുകൂടിയവൻ, അപകടമനസ്സുള്ളവൻ.

അനൃജുഗതി-വക്രമായിത്തന്നെ നടക്കുക.

'കേമത്വം പൂണ്ടനൃജുഗതിയാം'
(മയൂരസന്ദേശം)

അനൃണ-വി. ഋണം (കടം) ഇല്ലാത്ത.

അനൃണത, അനൃണ്യം-കടം ഇല്ലായ്ക, കടം വീട്ടിയിരിക്കുന്ന സ്ഥിതി.

അനൃതം-ന. കളവ്, അസത്യം. ൨. കൃഷി

അനൃശംസൻ-നൃശംസൻ (ക്രൂരൻ) അല്ലാത്തവൻ.

അനേക-വി. ഏകം (ഒന്ന്) അല്ലാത്ത, ബഹു.

അനേകജം-ഒരു പക്ഷി.

അനേകധാ-അ. പലപ്രകാരം.

അനേകപ-പിടിയാന.

അനേകപം-ആന. അനേക(കൂട്ട)ത്തെ പാലിക്കുന്നത്. തുമ്പിക്കൈയും വായും കൊണ്ടു കുടിക്കുന്നത്. (തുമ്പിക്കൈയ് കൊണ്ട് ആദ്യം പാനംചെയ്തു ജലത്തെ വായിലാക്കിക്കുടിക്കുന്നതുകൊണ്ട് ഈ പേർ വന്നു.)

അനേകപ്രകാരം-ഏകപ്രകാരമല്ലാത്തത്, അനേകഭേദങ്ങളുള്ളത്.

'ഉച്ചാവചം ത്വനേകഭേദം' (അമരം)
[ഉച്ചാവചം, അനേകഭേദം ൨-ം അനേകപ്രകാരത്തിന്റെ പേർ].

അനേകമൂർത്തി-വിഷ്ണു. പല അവതാരങ്ങൾ എടുക്കുന്നതുകൊണ്ട് ഈ പേർ വന്നു.

അനേകശഃ-പലപ്രകാരം.

അനേകാർത്ഥം-മാംസം.

അനേഡ(ള)മൂകൻ-ഊമച്ചെകിടൻ, മിണ്ടാനും ചെവികേൾപ്പാനും വയ്യാത്തവൻ. ഏഡ (ചെവികേൾക്കാത്തവൻ) മൂക (മിണ്ടാൻവയ്യാത്തവൻ) =ഏഡമൂകൻ. [ഇവനേക്കാൾ ഏഡമൂകൻ ഇല്ല എന്നു ശബ്ദാർത്ഥം].

അനേനസ്സ്-സൂര്യവംശരാജാവായ പുരഞ്ജനന്റെ പുത്രൻ.

'പുത്രനായ് ശശദനെന്നുണ്ടായാനവന്നുടെ
പുത്രനായ് പുരന്ദരനെന്നുള്ളപനമുണ്ടായ്
തൽപുത്രനനേനസ്സുമുണ്ടായാൻ പ്രസിദ്ധ
[നായ-
തൽപുത്രൻ പൃഥുനൃപൻ തൽപുത്രൻ പൃഥുലം
(ബ്രഹ്മാണ്ഡപുരാണം) [ശ്വൻ'

അനേകലോചനൻ-പു. ശിവൻ. ൨. ഇന്ദ്രൻ.

അനേഹസ്സ്-കാലം. നശിക്കാത്തത് എന്നു വ്യുൽപത്തി.

[അനേഹവർ, അനേഹനത്തും അത്രയും ഈ ശബ്ദം തമിഴും പഴയമലയാളവും പഴയ കന്നടകവുമാണെന്നു കാണുന്നു]

അനോകഹം-വൃക്ഷം. അനസ്സിന്റെ (വണ്ടിയുടെ) അക (വേഗ)ത്തെ ഹന്തി (തടസ്സപ്പെടുത്തുന്നത്). മരത്തിന്റെ നേൎക്ക് ചെല്ലുന്ന ഏതു വസ്തുവും അതിൽ മുട്ടുകയും ഗതിക്കു മുടക്കം വരുകയും ചെയ്യും. (അനൌകഹം എന്ന പാഠം സാധുവല്ല)

അനൌചിത്യം-ഉചിതമല്ലാത്തത്, യോഗ്യമല്ലാത്തത്.

അന്ത-വി. അവസാനത്തിലുള്ള.

അന്തം-പു. മരണം. യമപാശംകൊണ്ടു കെട്ടുന്നതിനാൽ ഈ പേർ വന്നു. ൨. അവസാനം. ൩. നാശം. ൪. അതിര്. ൫. അയൽസ്ഥലം, അന്തികം. ൬. നിശ്ചയം. ൭. അകത്തുക. ൮. അഗ്രം.

[ഇതും പുരാതനവാക്കാണ്. പഞ്ചദ്രാവിഡഭാഷകളിലുമുണ്ടു].

അന്തകം-പു. അതിൎത്തി. ൨. സന്നിപാതം എന്ന രോഗം.

[ഇതിങ്കൽ ചൂട്ട്, സന്താപം, മോഹം, തലവിറയൽ, ഇക്കിൾ, ചുമ, ഇവയുണ്ടാകും. [അസാദ്ധ്യമാണ്.

അന്തകമാൎഗ്ഗം-കാലപുരത്തെക്കുള്ള വഴി.

[ഇതിനു വൈതരണിയെ കൂടാതെ എണ്ണത്താറായിരം യോജന വിസ്താരമുണ്ട്. ഇതു നൂറ്റിനാല്പത്തേഴു യോജന (ഒപ്പുകൾകൊണ്ടു) ദിവസംപ്രതി പ്രേതം നടക്കുന്നു.]

അന്തകൻ-പു. കാലൻ. അന്തം (നാശം) ചെയ്യുന്നവൻ, അവസാന(മരണ)ത്തെ ചെയ്യുന്നവൻ. ൨. ഒരു രാക്ഷസൻ. ൩. ഒരു യാദവൻ.

അന്തകരിപു - പരമശിവൻ. അന്തക (കാല)ന്റെ ശത്രു.

അന്തകാന്തകൻ-അന്തക (കാല)ന്റെ അന്തകൻ (കാലൻ)=ശിവൻ.

'അന്തകാന്തകനെവേദംഫളി
ചിന്തിയാതെമദാന്ധനായ്'
(ദക്ഷയാഗംകഥകളി)

അന്തൎഛിദ്രം - അകത്തെകലഹം. (ജനങ്ങളുടെ ഇടയിലുള്ള കലഹം)

അന്തജ-വി. ഒടുക്കം ജനിച്ച.

അന്തണൻ-ബ്രാഹ്മണൻ.

അന്തശില-നിലക്കുറഞ്ഞി എന്ന മരുന്ന്.

അന്തഗമനം-ഭക്ഷണംകൂടാതെ മരണാൎത്ഥമായിരിക്ക,

അന്തതഃ-ഒടുക്കം.

'അന്തതഃപറകിലില്ലതിനുഭേദം'
(അന്യാപദേശശതകം)

അന്തപാലൻ-അഗ്നിമിത്രന്റെകാലത്തു കോട്ടകൾ കാത്തുവന്ന ഉദ്യോഗസ്ഥന്റെപേർ.

അന്തരതഃ-അ. അകത്ത്.

അന്തരവയവങ്ങൾ-അകത്തുള്ള അംഗങ്ങൾ. അന്തഃ+അവയവങ്ങൾ=അന്തരവയവങ്ങൾ, ആമാശയം, പക്വാശയം, അന്നവാഹി, ശ്വാസാവയവം മുതലായവ.

അന്തരം-പു. അവകാശം. ൨. അവധി. ൩. ഉടുക്കുന്ന വസ്ത്രം. ൪. മറവ്. ൫. ഭേദം. ൬. അതിന്നായിക്കൊണ്ടുള്ളത്. ൭. പഴുതു. ൮. തന്നെസംബന്ധിച്ചത്. ൯. കൂടാതെ ൧൦. ബഹിൎഭാഗത്തിലുള്ളവ. ൧൧. അവസരം. ൧൨. മദ്ധ്യം. ൧൩. അന്തരാത്മാവ്. ൧൪. സാദൃശ്യം.

'അന്തരമവകാശാവധി
പരിധാനാന്തൎദ്ധിഭേദതാദൎത്ഥ്യ
ഛിദ്രാത്മീയവിനാബഹി
രവസരമദ്ധ്യാന്തരാത്മനിച'
(അമരം.)

[പു. അവകാശം (സ്ഥലം)-ഉ-ം, പ്രവേശം അന്തരം അസ്തി-പ്രവേശിപ്പാൻ സ്ഥലമുണ്ട്. ൨. അവധി-ഉ-ം,

നിമിഷാന്തരേ പേയം-ഒരു നിമിഷത്തിനുള്ളിൽ കുടിക്കണം. ൯. പരിധാനം (ഉടുക്കുന്ന വസ്ത്രം) ഉ-ം, അന്തരേസ്യ ചേലകാഃ-ഉടുപ്പാൻ നല്ല യോഗ്യങ്ങൾ. ൧൦. അന്തർധി (മറവു) ഉ-ം, മേഘാന്തരിതോ ചന്ദ്രഃ-മേഘത്താൽ മറക്കപ്പെട്ട ചന്ദ്രൻ. ൧൧. ഭേദം (വിശേഷം)-ഉ-ം, യദന്തരം രാവണരാമയോഃ-രാവണനും രാമനും തമ്മിൽ എത്ര ഭേദമുണ്ട്. ൧൨. താദർത്ഥ്യം – അതിന്നായിക്കൊണ്ടുള്ള-ഉ-ം, ഘൃതാന്തരഃക്ഷീരഃ-പാൽ നെയ്യുണ്ടാക്കുവാൻ വേണ്ടിയുള്ളതാകുന്നു. ൧൩. ഛിദ്രം (പഴുതു) ഉ-ം, അന്തരേപ്രഹർത്തവ്യാഃ-പഴുതുള്ളപ്പോൾ ശത്രുക്കൾ പ്രഹരിക്കപ്പെട്ടവാൻ യോഗ്യന്മാരാകുന്നു. ൧൪. ആത്മീയം-(തന്നെ സംബന്ധിച്ചതു്)-ഉ-ം അയമഭ്യന്തരോമമ-ഇവൻ എന്റെ സ്വന്ത ആളാകുന്നു. ൧൫. വിനാ (കൂടാതെ) ഉ-ം, അന്തരേണ പുരുഷാകാരം- പുരുഷാകൃതി കൂടാതെ. ൧൬. ബഹിഃ (ബഹിർഭാഗത്തിലുള്ളവ) ഉ-ം, അന്തരേചണ്ഡാലഗൃഹാഃഗ്രാമസ്യ- ചണ്ഡാലക്കുടികൾ ഗ്രാമത്തിനു പുറത്താകുന്നു. ൧൭. അവസരം-ഉ-ം, അത്രാന്തരേകിമപിമാന്മഥമാവിരാസീൽ-ഈ അവസരത്തിൽ ഒരു മന്മഥവികാരം പെട്ടെന്നുണ്ടായി. ൧൮. മദ്ധ്യം-ഉ-ം, ആവയോരന്തരേജാതം- നമ്മുടെ മദ്ധ്യത്തിലുണ്ടായതു്. ൧൯. അന്തരാത്മാവു്-ഉ-ം, ദൃഷ്ടാന്തരാത്മാജ്യോതിരൂപഃ-ജ്യോതിരൂപമായ അന്തരാത്മാവു കാണപ്പെട്ടു. ൨൦. സദൃശം ഉ-ം, ഹകാരസ്യാഘകാരോന്തരതമഃ ഹകാരത്തിനു ഘകാരം ഏററവും സദൃശമാകുന്നു.]

**അന്തരംഗ**-അകത്തുള്ള, ഹൃദയത്തിലുള്ള.

**അന്തരംഗം**-ഹൃദയം, മനസ്സ്.

'അന്തരംഗത്തിലെഴുമന്തരമില്ലതിനു'
(കിരാതം തുള്ളൽ)

**അന്തരാ, അന്തരേ, അന്തരേണ**-അ. ൧. മദ്ധ്യത്തിങ്കൽ (ഇടയിൽ). ൨. ഉള്ളിൽ, മനസ്സിൽ. ൩. കുറിച്ചു്.

**അന്തരാന്തരം**-അ. കൂടക്കൂടെ.

**അന്തരാഭവസത്വം**-അന്തരപിശാചു്.

**അന്തരായാമം**-ഒരു വാതവ്യാധി.

[വായു ശരീരത്തെ വില്ലുപോലെ അകത്തേക്കു വലിക്കുന്നതു് ഇതിന്റെ ലക്ഷണങ്ങളിൽ ഒന്നാണ്.]

**അന്തരായം**-മുടക്കം (വിഘ്നം). അന്തരത്തിന്റെ (മറവിന്റെ) അയം(ഗമനം) ഒന്നു തുടങ്ങിയാൽ മുഴുവനാകാതെ അതിനിടയിലുണ്ടാകുന്ന മറവ്

'എന്തഹോ! കഥശരംതൊടുക്കിലു-
ന്നന്തരായമപഹന്ത മന്നവൻ'
(അഭിജ്ഞാനശാകുന്തളം)

**അന്തരാർത്തി**-മനോവേദന.

**അന്തരാത്മാവു്**-പു. ജീവാത്മാവു്-ദേഹത്തിനു ചൈതന്യമുണ്ടാക്കുന്നതു്, അന്തർഭാഗത്തിൽ ശോഭിക്കുന്ന തേജസ്സ്. ൨. മനസ്സ്.

**അന്തരാളദശ**-ഘട്ടം.

**അന്തരാളം**-പു. മദ്ധ്യപ്രദേശം-രണ്ടു വസ്തുക്കളുടെ ഇടയിലുള്ള പ്രദേശം. അവകാശത്തെ കൊടുക്കുന്നതു് എന്നു വ്യുൽപത്തി. ൨. എട്ടുദിക്കുകളുടെനടുപ്രദേശം.

'അഭ്യന്തരന്ത്വന്തരാളം' (അമര.)

[അഭ്യന്തരം, അന്തരാളം ൨-ം, എട്ടുദിക്കുകളുടെ നടുപ്രദേശത്തിന്റെ പേർ]

**അന്തരിക്കുക**-പു. മരിക്കുക. ൨. ഇടയിൽ വരുക, ഭേദിക്കുക.

**അന്തരിതം**-ഇടവിട്ടുള്ളതു്.

**അന്തരിക്ഷം** – ആകാശം. അന്തർഭാഗത്തിൽ ഋക്ഷ (നക്ഷത്ര)ങ്ങൾ ഉള്ളതു്. അന്തരീക്ഷം എന്നും പറയാം.

**അന്തരിക്ഷൻ**-ഒരു സൂര്യവംശരാജാവ്.

അന്തരിക്ഷചരം-ഒരു പക്ഷി.

അന്തരീക്ഷം - ആകാശം. അന്തർഭാഗത്തിൽ കാണുന്ന ഋക്ഷത്തോടുകൂടിയതു് എന്നു വ്യുൽപത്തി.

അന്തരീപം-ദ്വീപം(ദ്വീപ്). വെള്ളത്തിന്റെ മദ്ധ്യത്തിലുള്ള തടം. ജലത്തിന്റെ മദ്ധ്യം, ജലമദ്ധ്യത്തിലിരിക്കുന്നതു് എന്നർത്ഥം.

അന്തരീയം-ഉടുക്കുന്ന വസ്ത്രം മേലാക്കിലിന്റെയും ഞെരിയാണിയുടെയും മദ്ധ്യത്തിലുള്ളതു് എന്നർത്ഥം.

അന്തരുദരം-ഉൾവയർ.

അന്തരേ-മദ്ധ്യത്തിൽ (ഇടയിൽ.)

അന്തരേണ-മദ്ധ്യത്തിൽ (ഇടയിൽ).

അന്തർഗ്ഗതം-ഭൂ. വിസ്മൃത-മറക്കപ്പെട്ടതു്. അന്തർഭാഗത്തിൽ ഗമിച്ചതു് എന്നു വ്യുൽപത്തി. ഉ. ഉള്ളിലുള്ളതു്. ന. അഭിപ്രായം.

'എന്തിനശോകം തേടുന്നു അന്തർഗ്ഗതമതിൽ ചെ
(ബകവധം കഥകളി) [ശ്ലോ'

അന്തർഗ്ഗളം-കരിംകുറഞ്ഞി.

അന്തർഗ്ഗൃഹം-സ്വകാര്യമുറി, അകത്തളം, ഉള്ളിലുള്ള ഗൃഹം.

അന്തർജ്ജനം-ബ്രാഹ്മണസ്ത്രീ.

അന്തർദ്ധ-മറയ്ക്ക എന്ന ക്രിയ.

അന്തർദ്ധാനം-അപ്രത്യക്ഷമാവുക,മറയുക.
'ദേവന്മാർ പ്രസാദിച്ചു നളന് ഓരോരുത്തനും ഇരണ്ടുവരം വീതംകൊടുത്തു അന്തർദ്ധാനം ചെയ്തു'.
(കാന്താരതാരകം)

അന്തർദ്ധാര-പെരുമഴ.

അന്തർദ്ധി-മറയ്ക്ക എന്ന ക്രിയ. ഇതിനാൽ പദാർത്ഥം. ഉള്ളിൽ മറയ്ക്കപ്പെടുന്ന എന്നർത്ഥം.

അന്തർദൃഷ്ടി-ഉൾക്കണ്ണ്.

അന്തർദ്വാരം-ഒളിവാതിൽ. ഗൂഢമായുള്ളതു് എന്നർത്ഥം.

അന്തർനഗരം-രാജാവിന്റെ കൊട്ടാരം. (പട്ടണത്തിനകത്തുള്ളതു്).

അന്തർഭവിക്കുക-അടങ്ങിയിരിക്കുക, അകത്തുണ്ടാവുക.

അന്തർഭാഗം-അകം.

അന്തർഭാവന-ഭൂ. ഉള്ളിലെ ധ്യാനം. ഉ. അകത്തടങ്ങിയ സ്ഥിതി.

അന്തർഭാവം-ഭൂ. അന്തർഭവിച്ചിരിക്കുന്ന സ്ഥിതി. ഉ. കാണാതാവുക, മറയുക.

അന്തർഭൂതം-അകത്തുണ്ടായതു്.

അന്തർമദം-ഗർവ്വം.

അന്തർമ്മനസ്സ്-വ്യാകുലചിത്തൻ, വിചാരം നിമിത്തം അന്തർഭാഗത്തിൽ ലയിച്ച മനസ്സുള്ളവൻ, ദുഃഖിതമായ മനസ്സോടുകൂടിയവൻ.

അന്തർമ്മഹാനാദം-ശംഖ്.

അന്തർമ്മോദം-സന്തോഷം.

അന്തര്യാഗം-മനസ്സുകൊണ്ടു ചെയ്യുന്ന യാഗം, വന്ദിക്ക.

അന്തര്യാമി-വി. എല്ലാററിന്റെയും ഉള്ളിൽ സഞ്ചരിക്കുന്ന.

അന്തര്യാമി-പരമാത്മാവ്.

അന്തര്യാമം-കടശിയിലെ യാമം. (ഒരു യാമം = ൭ൽ നാഴിക.)

അന്തര്യോഗം-വലുതായ ധ്യാനം.

അന്തർവ്വത്നി, അന്തർവ്വത്നി-ഗർഭിണി, അകത്തു ഗർഭം വഹിക്കുന്നവൾ.
'എന്താര്യന്മാരാരാമകല്പകവിരഹിതാന്നങ്ങൾക്കൂടിയോമാം -
മന്തർവ്വത്നീം വെടിഞ്ഞു വനഭുവി പുകൾച്ചെ-
ട്ടീലതിന്നേതുമേ ഞാൻ'
(ഉത്തരരാമായണം ചമ്പു)

അന്തർവ്വമി-ഓക്കാനം. (ദഹനക്കുറവു കൊണ്ടുണ്ടാകും.)

അന്തർവ്വംശം-അന്തർഗൃഹം.

അന്തർവ്വാഹിനി-ഭൂമിയുടെ അടിയിൽ കൂടി ഒഴുകുന്ന നദി.

അന്തർവ്വേശ്മികൻ-പള്ളിയറ വിചാരിപ്പുകാരൻ, പള്ളിയറക്കാരൻ.

അന്തർവ്വംശികൻ, അന്തർവ്വേശികൻ-രാജസ്ത്രീകളുടെ ഭവനത്തിലെ അധികാരി, അന്തഃപുരത്തിൽ നിയോഗിക്കപ്പെട്ടവൻ.

അന്തർവ്വാണി-ശാസ്ത്രജ്ഞൻ, അന്തർഭാഗത്തിൽ വാക്കുള്ളവൻ, അപ്പഴപ്പോഴും സമയോചിതങ്ങളായ വാക്കുകൾ തോന്നിക്കൊണ്ടിരിക്കുന്നവൻ.

'പ്രീണിതയാണീയന്തർ-
വാണികളുണിമണിയിൽ വാണിടുന്നതി
(ഷഷ്ഠിപൂർത്തിഷഷ്ഠി) [നാൽ'

അന്തർവ്വിദ്രധി-ഒരു രോഗം.

വാതം മുതലായ ദോഷങ്ങൾ പ്രത്യേകംപ്രത്യേകം കോപിച്ചു ഗുന്മംപോലെ കഠിനമായും പുറത്ത് എന്നവണ്ണം പൊങ്ങിയും ഇരിക്കുന്ന വിദ്രധിയെ അന്തർഭാഗത്തിങ്കൽ ഉണ്ടാകുന്നു. ഗുദം, വസ്തി, മുഖം, നാഭി, വയറ, ഒടികൾ, പ്രധാനമായ മാംസപിണ്ഡങ്ങൾ, പ്ലീഹ, യകൃത്ത്, ഹൃദയം, ക്ലോമം (ഒരു മാംസപിണ്ഡം) ഇവയിൽ ഒന്നിനെ ആശ്രയിച്ചുണ്ടാകും.

അന്തർഹാസം-ഉള്ളിലെചിരി.

അന്തർഹിതം-മറഞ്ഞതു്.

അന്തർഹിതാത്മാവു്-മറഞ്ഞിരിക്കുന്നവൻ.

അന്തസ്താപം-മനോദുഃഖം.

അന്തസ്ഥങ്ങൾ-യ, ര, ല, വ. (മദ്ധ്യമങ്ങൾ എന്നും പറയും).

അന്തസ്ഥ-വി. അകത്തിരിക്കുന്ന.

അന്തസ്ഥ-ഋഗ്വേദത്തിലെ ഒരു മന്ത്രത്തിന്റെ പേർ.

അന്തസ്ഥിത-വി. അകത്തിരിക്കുന്ന.

അന്തസ്സ്-ഗൗരവം.

അന്തസ്സാരം-ന. അകത്തെകാതൽ, ഗൗരവവിശേഷം. ഉ. മുഖ്യഭാഗം. ന. മനസ്സിന്റെ ഉറപ്പ്.

'അന്തകമാതുതനന്ദനഗീതക-
മന്തസ്സാരവിഹീനമിവണ്ണം'
(ഘോഷയാത്രാ തുള്ളൽ)

അന്തസ്സ്വേദം-ആന.

അന്താവസായി-പു. ക്ഷുരകൻ(ക്ഷൗരക്കാരൻ). അവസാനംവരെ മുറിപ്പാൻ ശീലമുള്ളവൻ എന്നർത്ഥം. ഉ. പറയൻ.

അന്താളം-ഡംഭം.

അന്താഴം, അന്തായം-തഴുതു്-സാക്ഷ, തടവ്. (ജന്നലുകളുടെ മുൻഭാഗം കാണുന്നതുപോലെയുള്ളതു്).

അന്തി-വൈകുന്നേരം. (സന്ധ്യ എന്നതിന്റെ തത്ഭവം).

[അന്തി-സന്ധ്യ. ശബ്ദങ്ങളുടെ ആദിയിലിരിക്കുന്ന ശ, സ-ഹങ്ങൾ ലോപിക്കുന്നതിന് ഇതു് ഒരു ഉദാഹരണമാകുന്നു.]

അന്തി-മൂത്തപെങ്ങൾ.

അന്തിക-പ്ര. അടുപ്പ്. ഇതിൽ പാത്രം ഉറപ്പിച്ചുവയ്ക്കുന്നതുകൊണ്ടു് ഈ പേർ വന്നു. ഉ. ചമ്മന്ത (ചമ്മന്തി) ഒരുതെ. ന. ജ്യേഷ്ഠത്തി. അത്തിക എന്നതു നോക്കുക.

അന്തികതമം-ഏററവും അടുത്തതു്.

അന്തികം-സമീപം. അന്തമുള്ളതു് എന്നു ശബ്ദാർത്ഥം.

'നേദിഷ്ഠമന്തികതമം' (അമരം)

[നേദിഷ്ഠം, അന്തികതമം ഉ-ം, ഏററവും അടുത്തതിന്റെ പേർ.]

അന്തികാ-ചെറുപിച്ചകം.

അന്തികാശ്രയം-പ്ര. അടുത്ത ആശ്രയം. ഉ. കൊടി മുതലായവ കേറുന്ന കാൽ അല്ലെങ്കിൽ മരം.

അന്തിഗൃഹം-അയൽവീട്.


അന്തിത്തിരി-അന്തിവിളക്ക്, വൈകുന്നേരം (സന്ധ്യയ്ക്കു) വിളക്കുകത്തിക്കുക.

അന്തിമ-വി. വളരെ അടുത്ത.

അന്തിമന്താരം-(അന്തിമലരി നോക്കുക).

അന്തിമം-അന്തികം.

അന്തിമലരി - അന്തിമന്താരം, സന്ധ്യയ്ക്കു വിടരുന്ന പൂവുള്ള ഒരു ചെടി, ചന്തിരടിപ്പൂവ്. ഇതു വൈകുന്നേരം നാലുമണിക്കു വിടരുന്നതിനാൽ "നാലുമണിപ്പൂവ്" എന്നും പറയുന്നു.



അന്തിമഹാകാളൻ-ഒരു പരദേവത.

അന്തിയാവള്ളിയൻ-ഒരു തൈ,

അന്തിവിളക്ക്-അന്തിത്തിരി.

അന്തേവാസി-പു. ശിഷ്യൻ. ഗുരുവിന്റെ അടുക്കൽ തന്നെ വസിക്കുന്നവൻ എന്നർത്ഥം. 2. ചണ്ഡാലൻ (പറയൻ). ഗ്രാമത്തിന്റെ അന്തത്തിൽ പാർക്കുന്നവൻ എന്നു വ്യുൽപത്തി.

അന്തോദ്ദേശചരൻ-ദൈവം, (വിലക്ഷണപദം) സർവ്വശക്തൻ.

അന്തോളം-പല്ലക്ക്, മഞ്ചൽ.

'ശിബികായാപ്യയാനംസ്യാൽ' (അമരം)

[ശിബിക, യാപ്യയാനം 2-ം, അന്തോളത്തിന്റെ പേർ.]

അന്തഃകരണം-മനസ്സ്.

അന്തഃകരണചതുഷ്ടയം-മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം.

അന്തഃകരണവിഷയചതുഷ്ടയം- മനസ്സിനു സങ്കല്പം, ചിത്തത്തിനു അനുസന്ധാനം, ബുദ്ധിക്കു നിശ്ചയം, അഹങ്കാരത്തിനു അഭിമാനം ഇങ്ങിനെ നാലു്.

അന്തഃകുപിതൻ-ഉള്ളിൽ കോപം തോന്നിയവൻ.

അന്തഃക്ഷോഭം-ആളുകളുടെ ഇടയിലുള്ള കലഹം.

അന്തഃപുരം-രാജാക്കന്മാരുടെ സ്ത്രീകൾ ഇരിക്കുന്ന ഗൃഹം. പുരത്തിന്റെ അകത്തുള്ളതു് എന്നു വ്യുൽപത്തി. (ഇതുതന്നെ രാജസ്ത്രീകളുടെ പേരായും വരും).

'സ്ത്ര്യഗാരംഭൂഭുജാമന്തഃപുരംസ്യാദവരോധനം ശുദ്ധാന്തശ്ചാവരോധശ്ച' (അമരം)

[അന്തഃപുരം, അവരോധനം, ശുദ്ധാന്തം, അവരോധം 4-ം, അന്തഃപുരത്തിന്റെ പേർ.]

അന്തഃപുരചാരി-രാജസ്ത്രീകൾ ഇരിക്കുന്നഭവനത്തിനുള്ളിൽസഞ്ചരിക്കുന്നവൻ. (സ്ത്രീലിംഗം-അന്തഃപുരചാരിണി).

'സൌവിദല്ലാഃ കഞ്ചുകിനഃ സ്ഥാപത്യാഃ സൌവിദാശ്ചതേ' (അമരം)

[സൌവിദല്ലൻ, കഞ്ചുകി, സ്ഥാപത്യൻ, സൌവിദൻ 4-ം, രാജസ്ത്രീകൾ താമസിക്കുന്ന അന്തഃപുരത്തിന്റെ പുറത്തെ രക്ഷാധികാരികൾ (രാജസമീപത്തിങ്കലോ രാജസ്ത്രീഗൃഹത്തിങ്കലോ ഉള്ള വേത്രാധികാരികൾ).]

[അന്തഃപുരത്തിലെ ദാസിക്ക് അസിക്നി എന്നു പേർ.]

അന്തഃപുരികമാർ-അന്തഃപുരസ്ത്രീകൾ, രാജസ്ത്രീകൾ.

അന്ത്യ-വി. ഒടുവിലുള്ള.

അന്ത്യകൻ-താണജാതിയിലുള്ളവൻ.

അന്ത്യകാലം-അവസാനസമയം.

അന്ത്യജ-വി. ഒടുക്കം ജനിച്ച.

അന്ത്യജൻ-പു. ശൂദ്രൻ. 2. പറയൻ.

അന്ത്യത്വം-മുതലത്തം.

അന്ത്യൻ-നീചൻ.

അന്ത്യപ്രാസം-ശബ്ദാലങ്കാരങ്ങളിൽ ഒന്ന്. ഈ പ്രാസം മഹാരാഷ്ട്രന്മാൎക്ക് വളരെ പ്രിയമാകയാൽ മഹാരാഷ്ട്രപ്രാസം എന്നു പേരിടാമെന്ന് ഭാഷാഭൂഷണം പറയുന്നു.

'കളഹംസവിരാജിതമന്ദഗതേ
കളധൌതമനോഹരദിവ്യലതേ
കളവല്ലകിയിൽക്കേളുഴൽതേടുന്നതേ
കളിയാട്ടകവാനുവരാത്മസുതേ'

തേരിൽക്കേറിത്തിരിച്ചു വിജനമതിലഹം
സൂതനോടും ചരിച്ചു
പാരംമോദംഭവിച്ചു പല മൃഗതതിയെ-
ത്തൽക്ഷണം ഞാൻവധിച്ചു
നേരേ മുന്നിൽഗ്ഗമിച്ചു വരതരുണിയൊരു-
ട്ടാത്തനാദം ശ്രവിച്ചു    [ത്തീ-
ചാരേ ചെൽവാനുറച്ചു മനുജനിനദമ-
ല്ലെന്നു സൂതൻവദിച്ചു.
(കനകലതാസ്വയംവരം നാടകം)

അന്ത്യഭം-രേവതി. അന്ത്യ (ഒടുക്കത്തെ) ഭം (നക്ഷത്രം).

അന്ത്യം-൧. അവസാനം. ൨. മരണം. ൩. നാശം. ൪. അവസാനത്തിൽ ഭവിച്ചതു്.

'അന്തോജഘന്യചരമ-
മന്ത്യപാശ്ചാത്യപശ്ചിമം' (അമരം)

[ജഘന്യം, ചരമം, അന്ത്യം, പാശ്ചാത്യം, പശ്ചിമം ഇ-ം അവസാനത്തിങ്കൽ ഭവിച്ചതിന്റെ പേർ.]

അന്ത്യമദലക്ഷണം-ഒരു രോഗം.

[വിധിക്കനുസരിച്ചല്ലാതെ സേവിക്കുന്ന മദ്യം നിമിത്തമുണ്ടാകുന്നതാണ് ഈ രോഗം. മദ്യത്തിന്റെ മൂന്നാമത്തെ മദാവസ്ഥയിൽ പെട്ടവൻ ഗുരുജനങ്ങളോടുകൂടാതെ ഗുരുഭാര്യ മുതലായവരെ പരിഗ്രഹിക്കയും മററും ചെയ്യുന്നതു് ഇതിന്റെ ലക്ഷണമാകുന്നു.]

അന്ത്യയുഗം-കലിയുഗം.

അന്ത്യവർണ്ണം-ശൂദ്രജാതി.

അന്ത്യാവസായി-കാട്ടാളസ്ത്രീയിൽ ചണ്ഡാലനുണ്ടായവൻ

അന്ത്യവിപുല-ഒരു വൃത്തം.

അന്ത്രക്രൂജം, അന്ത്രക്രൂജനം, അന്ത്രവിക്രൂജനം-കുടൽ ഇരപ്പ്, കുടൽ മുഴങ്ങുന്ന ശബ്ദം.

അന്ത്രം-കുടൽമാല. മാലയായിട്ടു വയററിൽ വ്യാപിച്ചുകിടക്കുന്നതു്. ആന്ത്രം എന്നും പറയുന്നു.

'ആന്ത്രം പുരീതൽ' (അമരം)

[അന്ത്രം (ആന്ത്രം), പുരീതൽ ൨-ം, കുടൽമാലയുടെ പേർ]

അന്ത്രമാംസം-ഒരുമാതിരി പൊരിച്ച ഇറച്ചി.

അന്ത്രവല്ലിക-ഏരമവള്ളി.

അന്ത്രവൃദ്ധി-വൃഷണത്തിലുണ്ടാകുന്ന വീക്കം (നീര്).

അന്ത്രശില-വിന്ധ്യപൎവ്വതത്തിൽ നിന്നു പുറപ്പെട്ട ഒരു നദി.

അന്ദിക-൧. അടുപ്പ്. ൨. അത്തിക(ജ്യേഷ്ഠത്തി).

അന്ദുക-൧. ആനച്ചങ്ങല. ഇതുകൊണ്ടു ബന്ധിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി. ൨. കാൽത്തള (നൂപുരം).

അന്ദൂക-൧. ആനച്ചങ്ങല. ൨. കാൽത്തള (നൂപുരം).

അന്ദോളം-ആന്ദോളം, മഞ്ചൽ.

'ആന്ദോളംപല്ലക്കുകളിത്യമീപര്യായങ്ങൾ'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

അന്ദോളിത-വി. ഇളക്കപ്പെട്ട.

അന്ധ-വി. കണ്ണുകാണാത്ത.

അന്ധക-വി. കണ്ണുകാണാത്ത.

അന്ധകൻ-൧. കുരുടൻ ൨. ഒരസുരൻ.

അന്ധകൻ കശ്യപന്നു ദിതിയിലുണ്ടായ ഒരസുരനാണ്. ഇവന്നു ൧൦൦൦ തലകളും ശിരസ്സുകളും, ൨൦൦൦ കണ്ണും കയ്യും ഉണ്ടു

യിരുന്നു. കണ്ണുകൾക്കു കാഴ്ച വേണ്ടുവോളമുണ്ടായിരുന്നിട്ടും അവൻ കുരുടനാണെന്നപോലെ അന്ധകാരത്തിൽ സഞ്ചരിച്ചതിനാൽ 'അന്ധകൻ' എന്നു വിളിക്കപ്പെട്ടു. പാർവതിയെ മോഷ്ടിച്ചുകൊണ്ടുപോകുന്നതിനായി ഭാവിച്ചപ്പോൾ ശിവൻ ഇവനെ കൊല്ലുന്നതിന്നുമതിൻ, എന്നു മത്സ്യപുരാണത്തിൽ കാണുന്നു. അനന്തരം അവൻ അദ്ദേഹത്തോടു ക്ഷമായാചനം ചെയ്തു. അവന്റെ ഭക്തികണ്ട് ശിവൻ അവനെ ഗണങ്ങളുടെ കൂട്ടത്തിൽ ചേർത്തു. ഒരിക്കൽ ഇവൻ സ്വർഗ്ഗത്തിൽ നിന്നു പാരിജാതം മോഷ്ടിക്കാൻ ഉദ്യമിച്ചപ്പോൾ ശിവൻ ഇവനെ കൊന്നു.

൨. കൃഷ്ണന്റെ പൂർവികനായ ഒരു യാദവൻ. അന്ധകനും വൃഷ്ണിയും കൂടി സ്ഥാപിച്ചതത്രേ അന്ധകവൃഷ്ണിവംശം. ൩. ഒരു ഋഷി. ഉചത്ഥ്യൻ എന്ന മുനിക്കു മമതയിലുണ്ടായവൻ.

**അന്ധകം**-ത്തുംപൂണി.

**അന്ധകരിപു**-ശിവൻ. അന്ധകാസുരനെ കൊന്നവൻ എന്നു ശബ്ദാർത്ഥം.

**അന്ധകവർത്തം**- ഒരു പർവതത്തിന്റെ പേർ.

**അന്ധകവൃഷ്ണികൾ**- അന്ധകന്റെയും വൃഷ്ണിയുടെയും വംശത്തിലുള്ളവർ.

**അന്ധകാരി**-ശിവൻ, അന്ധകരിപു.

**അന്ധകാരം**-ഇരുട്ട്. കണ്ണുകാണാതാക്കുന്നത് എന്നു ശബ്ദാർത്ഥം. ലോകത്തെ ഇരുട്ടാക്കുന്നത് എന്നുമാകാം.

**അന്ധകൂപം**-പൊട്ടക്കിണറ്, ഇരുട്ടുകുഴി.

**അന്ധഗോലാംഗൂലന്യായം**-"ഒരു വികൃതിയുടെ ഉപദേശം കേട്ടു ബാഹലിയുള്ള കാളക്കുറ്റന്റെ വാൽ പിടിച്ചു വഴിയറിയാൻ ശ്രമിച്ച കുരുടനു വളരെ അനർത്ഥം അനുഭവിക്കേണ്ടിവന്നു എന്ന സംഭവത്തെ ദൃഷ്ടാന്തപ്പെടുത്തിക്കൊണ്ടുള്ള ഈ ന്യായം, കണ്ണടച്ചു കാര്യങ്ങളിൽ പ്രവേശിച്ച് ആപത്തനുഭവിക്കുന്ന സമ്പ്രദായത്തെയാണു കാണിക്കുന്നത്."

**അന്ധത**-പ്ര. കണ്ണുകാണായ്ക. ൨. അറിവില്ലായ്ക.

**അന്ധതമസം**-കൂരിരുട്ട്. അധികമായ ഇരുട്ട്, കണ്ണു അല്പവും കാണാത്ത ഇരുട്ട്.

**അന്ധതാമിസ്രം**-ഒരു നരകം.

**അന്ധതിമിരം**-കൂരിരുൾ, വലിയ ഇരുട്ട്.

**അന്ധൻ**-പ്ര. കുരുടൻ. കണ്ണിന്റെ കാഴ്ച കെട്ടവൻ എന്നർത്ഥം.

'അന്ധോദൃക്' (അമരം)

[അന്ധൻ, അദൃക്ക് ൨-ം, കുരുടന്റെ പേർ.]

൨. അറിവില്ലാത്തവൻ.

'കണ്ണിനും പിടിപെടാത്തവയെല്ലാ-
മെണ്ണിയെണ്ണി വിവരത്തോടുചിതേ,
നിർണ്ണയിപ്പതിന്നനല്പോരുശാസ്ത്ര-
കണ്ണുകൾത്തെളിയാത്തവനന്ധൻ'
(ബാലഭൂഷണം)

'എന്തിക്കാലമകാരണം കണവനോ-
ടന്ധകലമ്പിച്ചുനീ'
(അമരുകശതകം)

**അന്ധപംഗുന്യായം**-"കുരുടനും അവന്റെ തോളിൽ ഇരിക്കുന്ന മുടന്തനും, നടപ്പാനും വഴികാണ്മാനും പരസ്പരം സഹായികളായിത്തീരുന്നു. അപ്രകാരം പ്രത്യേകമായി സാധിപ്പാൻ കഴിയാത്ത കാര്യങ്ങളെ യോജിച്ചു സാധിക്കുന്ന സമ്പ്രദായത്തെയാണ് ഈ ന്യായം കാണിക്കുന്നത്."

**അന്ധപൂതന**- കുട്ടികൾക്കു സുഖക്കേടുകൾ ഉണ്ടാക്കുന്ന ഒരു പിശാച്.

പീഡിതനായ ശിശുവിനു ഛർദ്ദി, കാസം, ജ്വരം, വെള്ളദാഹം, വസാഗന്ധം, അധികമായ കരച്ചൽ, പാലിൽ വെറുപ്പ്, അതിസാരം ഇവയുണ്ടാകും.

**അന്ധം**-പ്ര. ഇരുട്ട്. വ. തിമിരം എന്ന നേത്രരോഗം. ന. വെള്ളം, കലങ്ങിയ വെള്ളം

**അന്ധമാൎഗ്ഗങ്ങൾ**-അറിവില്ലാത്ത വിധങ്ങൾ.

**അന്ധവിശ്വാസം**-മൂഢവിശ്വാസം.

### അന്ധവിശ്വാസം.

സ്വപ്നങ്ങൾ, ശകുനങ്ങൾ, ഭാഗ്യം, ഭാഗ്യക്കുറി, മന്ത്രവാദം മുതലായ അയുക്തികങ്ങളായ അനുഭവങ്ങൾ അന്ധവിശ്വാസമെന്ന പദത്തിലുൾപ്പെടുന്നു.

**അന്ധസ്സ്**-പ്ര. ചോറ്. ഭക്ഷിക്കപ്പെടുന്നത് എന്നൎത്ഥം. വ. സോമലത.

**അന്ധഹസ്തിന്യായം**-'നാലുകുരുടന്മാർ കൂടി ആനയുടെ ആകൃതി അറിവാൻ പുറപ്പെട്ടു. ഒരാൾ കാലും മറെറാരാൾ വാലും വേറെ ഒരാൾ തുമ്പിക്കൈയും നാലാമൻ ചെവിയും മാത്രം തൊട്ടുനോക്കീട്ട് ആന തൂണുപോലെയെന്നും കയറുപോലെയെന്നും, പാമ്പുപോലെ എന്നും മുറംപോലെയെന്നും ഓരോരുത്തർ തീൎച്ചയാക്കി. ഇപ്രകാരം ഒരു വസ്തുവിന്റെ അല്പം ഭാഗം മാത്രം ഗ്രഹിച്ച് അതിന്റെ പൂൎണ്ണസ്വഭാവം അറിഞ്ഞുവെന്ന് അഭിമാനിക്കുന്ന സമ്പ്രദായത്തെയാണ് ഈ ന്യായം കാണിച്ചു കളിയാക്കുന്നത്'

**അന്ധാളി**-മടയൻ. (അന്താളം നോക്കുക)

**അന്ധാളിക്കുക** - പരിഭ്രമംകൊണ്ടോ മറ്റോ മറന്നുപോവുക

'അന്ധാളിച്ചപ്പോൾതനതുകഥയും
വിട്ടുപോകുന്നപോൽ'

(മലയാള ശാകുന്തളം)

**അന്ധാളിത്തം**-പരിഭ്രമംകൊണ്ടു മററം മറന്നുപോവുക.

**അന്ധിക**-പ്ര. രാത്രി. വ. കൺകെട്ടിക്കളി. ന. ഒരു നയനരോഗം.

**അന്ധു**-കിണറ്. ജനങ്ങൾക്കു ജീവനം കൊടുക്കുന്നത്, ജലമാധാരമായിട്ടു പ്രാണികളെ ജീവിപ്പിക്കുന്നത്.

**അന്ധുലം**-ശിരീഷവൃക്ഷം (നെന്മേനിവാക)

**അന്ധ്രാ**-ഒരു രാജ്യം. [ഇപ്പോഴത്തെ തെലിംഗാന.]

**അന്ന്**-ആ ദിവസം.

**അന്നടേ**-അപ്പോൾതന്നെ, തൽക്ഷണം.

**അന്നന്ന്**-അതതുദിവസം.

**അന്ന**-വി. അദിക്കപ്പെട്ട, ഭക്ഷിക്കപ്പെട്ട.

**അന്നകഫാമജാതൃഷ്ണ**-തൃഷ്ണാരോഗം.

[ജലവാഹികളായ സ്രോതസ്സുകൾ അന്നം കഫം ആമദോഷം ആയ ദോഷങ്ങൾ ഹേതുവായിട്ടു ദുഷിക്കുമ്പോഴ് തൃഷ്ണയുണ്ടാകുന്നു. ഇതു് ഏഴുവിധമുണ്ട്.]

**അന്നക്കൊടി**-പ്ര. അന്നത്തിന്റെ അടയാളമുള്ള ഒരു കൊടി. വ. വിശേഷപ്പെട്ട അരയന്നം. ന. അന്നം കൊടുക്കുന്നവരിൽ പ്രമാണി.

'തുള്ളമിളമാൻകിടാവോ-ശോഭ
കൊള്ളുമൊരന്നക്കൊടിയോ'

(ഒരു പഴയ താരാട്ട്)

**അന്നഗന്ധി**-പ്ര. ഗ്രഹണി. വ. അതിസാരം.

**അന്നജ**-ഇക്കിൾ അഞ്ചുവിധം ഉണ്ട്, അവയിൽ ഒന്ന്. അന്നത്തിൽനിന്നുണ്ടാകുന്നതുകൊണ്ട് ഈ പേർ വന്നു.

[ബലപ്പെട്ടും അധികമായും ചെയ്യുന്ന അന്നപാനങ്ങൾകൊണ്ടു വായു മേല്പെട്ടു ഗമിച്ച് ഇക്കിൾ ഉണ്ടാകുന്നു. പ്ര. അന്നജം. വ. യമിള. ന. ക്ഷുദ്ര. ദ്വ. ഗംഭീര. ഒ. മഹിത. ഇങ്ങിനെ ഇക്കിൾ ൫ വിധം.]

**അന്നഗൎത്തം**-അന്നക്കുഴി.

ഭോജകയുടെ പരിണയത്തിന്റെ ആ സ്ത്രീയുടെ അനുവാദപ്രകാരം അവസാന

മില്ലാത്ത ഭക്ഷണപദാർത്ഥങ്ങൾ ശേഖരിച്ചിരുന്നു. വിവാഹംചെയ്യാൻ വരുന്ന പരമശിവന്റെ ഭൂതങ്ങളെ തൃപ്തിപ്പെടുത്താനായിട്ടാണ് ഇത്രയൊക്കെ ശേഖരിച്ചത്. മലപ്രമാണം, ചെലവാകാതെ കിടപ്പുള്ള പദാർത്ഥങ്ങളെ ചെലവാക്കുന്നതിനു മാർഗ്ഗമുണ്ടാക്കിത്തരണമെന്നു തടാതക തന്റെ ഭർത്താവിനോട് അപേക്ഷിച്ചു. ഇതുകേട്ടു ഐശ്വര്യമദോന്മത്തയായ തടാതകയുടെ അഹങ്കാരം ശമിപ്പിക്കണമെന്നുദ്ദേശിച്ചു ഭഗവാൻ സമീപത്തു നിന്നിരുന്ന ഹ്രസ്വഗാത്രനായ കുണ്ഡോദരനെ ഒന്നുനോക്കി. ഉടൻ അയാൾക്കു അത്യുഗ്രം വിശപ്പു പിടിപെട്ടു. കുണ്ഡോദരൻ അനന്തരം അവിടെയുണ്ടായിരുന്ന സകലവും ഭക്ഷിച്ചിട്ടും വിശപ്പു സഹിക്കാഞ്ഞു പരമശിവന്റെ കാല്ക്കൽവീണു തന്റെ ക്ഷുദ്ബാധ തീർക്കണമെന്നറിയിച്ചു. തടാതകയും അങ്ങിനെ ഉടൻ ചെയ്യണമെന്നും കുണ്ഡോദരന്റെ വിശപ്പു തീർപ്പാൻ തനിക്കു ശക്തിയില്ലെന്നും ഭഗവാനെ അറിയിച്ചു. ശിവൻ ഉടൻ അന്നപൂർണ്ണേശ്വരിയെ സ്മരിച്ചു. ദേവി പ്രത്യക്ഷമായി നാലു അന്നക്കുഴികൾ കുണ്ഡോദരനു കാണിച്ചുകൊടുത്തു. ഇവ നാലും സകല വിഭവസംപൂർണ്ണങ്ങളായിരുന്നു. ഭഗവാന്റെ കല്പനപ്രകാരം കുണ്ഡോദരൻ അവയിലുള്ള സാധനങ്ങളെല്ലാം ഭക്ഷിച്ചു സംതൃപ്തനായി.

**അന്നതൃഷ്ണ**-തൃഷ്ണാരോഗം.

[മധുരം, പുളി, ഉപ്പ്, എരിവ്, ഗുരുദ്രവ്യം ഇത്യാദിപദാർത്ഥങ്ങൾ ഭക്ഷിക്കുക നിമിത്തം ഉണ്ടാകുന്നു.]

**അന്നദൻ**-അന്നംകൊടുക്കുന്നവൻ.

**അന്നദാതാവ്**-അന്നംകൊടുക്കുന്നവൻ.

**അന്നദാ**-സ്ത്രീ. ദുർഗ്ഗ. വ. അന്നപൂർണ്ണേശ്വരി

**അന്നദാനം**-ഭക്ഷണം കൊടുക്കുക.

**അന്നദ്രവശൂല**-ഒരു രോഗം.

[ആഹാരം ദഹിച്ചതിന്റെ ശേഷവും ദഹിക്കുന്ന സമയവും ദഹിക്കാതിരിക്കുന്ന സമയവും വേദനയുണ്ടാകും.]

**അന്നനട**-നാ. അരയന്നം നടക്കുന്നതുപോലെ നടക്കുക. വ. കിളിപ്പാട്ടു സംബന്ധിച്ച ഒരു വൃത്തം. കൃഷ്ണപ്പാട്ട് ഈ വൃത്തമാണ്.

**അന്നപാനാദി**-ആഹാരം (ചോറ) ജലം മുതലായവ.

**അന്നപൂർണ്ണ**-വി. അന്നം നിറഞ്ഞ.

**അന്നപൂർണ്ണ**-ദുർഗ്ഗയുടെ രൂപം.

**അന്നപൂർണ്ണേശ്വരി**-നാ. ദുർഗ്ഗ. വ. ഒരു ദേവിയുടെ രൂപം. (ഈ ദേവി സുഭിക്ഷത്തിന് ഈശ്വരിയാകുന്നു.)

**അന്നപ്രാശ(ന)ം**-ചോറൂണ്.

'അന്നപ്രാശനമുണ്ണിക്കീമാസത്തിൽ
പിന്നെഞാനമങ്ങെത്തുമറികെടോ'
(മുറജപപ്പാന)

**അന്നബലം**-ഭക്ഷണസാധനങ്ങളിൽ നിന്നുണ്ടാകുന്ന ബലം.

**അന്നഭേദി**-ഒരു മരുന്ന്.

**അന്നഭേദിസിന്ദൂരം(ഭസ്മം)**-ഒരു മരുന്ന്. രക്താശയം, പാണ്ഡു, ഗ്രഹണി ഇവയ്ക്കു നന്ന്.

**അന്നം**-നാ. ചോറ്. അദിക്കപ്പെടുന്നത് എന്നർത്ഥം. അദിക്ക=ഭക്ഷിക്ക.

'ഭിസ്സാസ്ത്രീഭക്തമന്ധോന്ന
മോദനോസ്ത്രീസദീദിവിഃ' (അമരം)

അന്നം.

'വസ്ത്രദാനഫലംരാജ്യം
പാദുകാഭ്യാംചവാഹനം
താംബൂലാദ്ഭോഗമാപ്നോതി
അന്നദാനഫലംത്രയം'(നീതിസാരം)

[ഭിസ്സ, ഭക്തം, അന്ധസ്സ്, അന്നം, ഓദനം, ദീദിവി-ം, ചോറിന്റെ പേർ.]

വ. ഭക്ഷിക്കപ്പെട്ട അന്നാദികൾ. ന. അരയന്നപ്പക്ഷി.



അന്നം

അരയന്നം പാലിൽ കലർന്ന നീരി
നെ വേർതിരിക്കും.

'പാലിൽകലർന്നുള്ളനീരിനെവേറിട്ടു
പാൽകുടിച്ചീടുന്നോരന്നംപോലെ'
(കൃഷ്ണഗാഥ)

[മന്ദമായും മനോഹരമായുമുള്ള അ
ന്നത്തിന്റെ നട പ്രസിദ്ധമാകുന്നു.]

അന്നമയം—ശരീരം. ചോറു മുതലായ ഭ
ക്ഷണപദാർത്ഥങ്ങൾ കൊണ്ടുണ്ടായതു്
എന്നു താല്പര്യം.

അന്നമയാദികോശം — പഞ്ചീകരിക്ക
പ്പെട്ട പഞ്ചഭൂതങ്ങളെക്കൊണ്ടുണ്ടായ സ്ഥൂ
ലശരീരം.

അന്നമൂഷിക—മെരുവാലി. (പെരുംപീരം
എന്നൊരു പക്ഷം).

അന്നരസം—പ്ര. ഭക്ഷണസാധനങ്ങളുടെ
വീര്യം, സത്തു്. വ. ഭക്ഷണസാധന
ങ്ങൾ പോകുന്ന ചെറുകുഴൽ.

അന്നൽ—പ്ര. അന്നം, അരയന്നം.

'അന്നൽനേർനടയാൾ'
(മഹാഭാരതം)

വ. വളരെ കട്ടി.

'അന്നലെപ്പോലെകരഞ്ഞു'
(കൃഷ്ണഗാഥ)

ന. ക്രൗഞ്ചപ്പക്ഷി.

അന്നവാഹി—വായിൽ നിന്നു് ആമാശ
യത്തിലേക്കുള്ള കുഴൽ.

അന്നസത്രം—ധർമ്മമായി ഭക്ഷണംകൊടു
ക്കുന്ന സ്ഥലം.

അന്നിൽ— ക്രൗഞ്ചപ്പക്ഷി. (തമിഴിൽ)
അൻറിൽപട്ച്ചി.

'ക്രുങ് ക്രൗഞ്ചഃ' (അമരം)

[ക്രുങ്, ക്രൗഞ്ചം—വ—ം, അന്നിൽ
പക്ഷിയുടെ പേർ. ക്രൗഞ്ചത്തിനു ക്രൗ
ഞ്ചപ്പക്ഷി എന്നേ അധികം പറയാ
റുള്ളു.]

അന്നീനൻ—ഭക്ഷിക്കുന്നവൻ.

അന്നേരം—അപ്പോൾ.

അമ്പട്ടൻ—ക്ഷൌരക്കാരൻ.

അൻപൻ—പ്ര. സന്തോഷമുള്ളവൻ. സ്നേ
ഹമുള്ളവൻ വ. ഭർത്താവു്. ഉ ം, 'മലമ
കളാമൻപൻ'—(രാമചരിതം)

അൻപാതെ—അ. വേഗത്തിൽ

അൻപിന—ഉള്ള.

അൻപു്—പ്ര. സന്തോഷം, സ്നേഹം. വ.
ദയ. ന. ഭക്തി. ര. വാത്സല്യം.

അൻപുക—പ്ര. സന്തോഷിക്കുക, സ്നേഹി
ക്കുക. വ. ചേരുക. ന. വസിക്കുക. ര.
ഏല്പ്പിടുക

അന്യ—വി. വേറെ, മറ്റു്.

അന്യചിന്ത—മററ വിചാരം.

അന്യതരം—വേറൊട്ടൊന്നു്.

അന്യതരേദ്യു—അ. രണ്ടിൽ വച്ചൊരു
ദിവസത്തിൽ, മറുനാൾ, രണ്ടിലൊരു
നാൾ.

അന്യതോവാതം—ഒരു നേത്രരോഗം.

[വാതം, പിടലി, കണ്ണു്, ശിരസ്സു്,
അടിംഎല്ലു് ഇവയിലോ പിൻകഴുത്തി
ലൊ ഞരമ്പിലൊ വേറെ സ്ഥാനങ്ങ
ളിലോ നിന്നിട്ടു് പുരികത്തിലും കണ്ണിലും
വേദനയെ ഉണ്ടാക്കും. ഇതാണു് അന്യ
തോവാതം.]

അന്യത്തു്—മറെറാന്നു്.

അന്യത്ര—പ്ര. വേറൊരിടത്തു്, മറെറാരി
ടത്തു്, വേറെ എവിടെയെങ്കിലും. വ.
കൂടാതെ.

അന്യഥാ—അ. മററപ്രകാരമായാൽ.

അന്യഥാത്വം—വേറൊരു പ്രകാരമുള്ള
സ്ഥിതി.

അന്യഥാജ്ഞാനം—ഭ്രമം.

'ഭ്രാന്തിർമ്മിഥ്യാമതിർഭ്രമഃ' (അമരം)

[ഭ്രാന്തി, മിഥ്യാമതി, ഭ്രമം—ന—ം,
അന്യഥാജ്ഞാനത്തിന്റെ പേർ.]

അന്യദ്രവ്യേച്ഛ-മററുള്ളവരുടെ വസ്തുക്കളെ ആഗ്രഹിക്കുക. (ഇതിന് 'അഭിധ്യ' എന്നു പര്യായം).

'അഭിധ്യാന്തുപരസ്വവിഷയേസ്പൃഹാ'
(അമരം)

അന്യനാഭി-വി. മററുവംശത്തിൽ ചേർന്ന.

അന്യൻ-മററൊരുവൻ.

'ഭിന്നാർത്ഥകാ അന്യതര
ഏകത്വാന്യേതരാവപി' (അമരം)

[ഭിന്നൻ, അന്യതരൻ, ഏകൻ, ത്വൻ, അന്യൻ, ഇതരൻ ന്ന-ം, അന്യന്റെ പേർ. അന്യതര എന്നതിന് ഏകതര എന്നും പാഠമുണ്ട്.]

അന്യനില്പ്-വംശം ഒടുങ്ങുക.

അന്യപുഷ്ടം-കുയിൽ. അന്യനാൽ വളർത്തപ്പെടുന്നതുകൊണ്ട് ഈ പേരുണ്ടായി.

കുയിൽ അതിന്റെ കുഞ്ഞുങ്ങളെ കാക്കയുടെ കൂട്ടിൽ കൊണ്ടുവെക്കും. തന്റെ കുഞ്ഞെന്നു ഭ്രമിച്ചു കാക്ക അതുകളെ വളർത്തും. പറന്നുതുടങ്ങിയാൽ അവ തങ്ങളുടെ കൂട്ടത്തിൽ ചേർന്നുകൊള്ളും.

അന്യം-ന. മററൊന്ന്. ൨. വംശം, സന്തതി.

അന്യഭാവം-വേറൊരുഭാവം (വിചാരം).

'അന്യഭാവമെന്നിൽവേണ്ട ആശയം നീ ചൊൽകബാലേ!' എന്നു ദക്ഷയാഗം കഥകളിയിൽ കാണുന്നു. ഇവിടെ പരിചിതൻ എന്ന വിചാരം-പരിചയമില്ലല്ലോ എന്നുള്ള വിചാരം എന്നർത്ഥം.

അന്യഭൃത്ത്-കാക്ക. മററൊന്നിനെ (കുയിലിനെ) വളർത്തുന്നതുകൊണ്ട് ഈ പേരുണ്ടായി.

അന്യഭൃത-കുയിൽ. അന്യമായ കാക്ക വളർത്തുകയാൽ ഈ പേർ സിദ്ധിച്ചു.

അന്യരൂപ-വി. രൂപം മാറിയ.

അന്യരൂപേണ-മററൊരു രൂപമായിട്ട്.

അന്യവാദി-വി. ന. കളവുപറയുന്ന. ൨. കള്ളത്തെളിവുകൊടുക്കുന്ന. ൩. മററുവല്ലതും പറയുന്ന.

അന്യശാഖൻ, അന്യശാഖകൻ-മററൊരുമതത്തിൽ ചേർന്നവൻ, മതത്യാഗി, മതദ്വേഷി.

അന്യസംഗമം-ന. മററൊന്നിനോടുള്ള ചേർച്ച.

'ആശയംതന്നിലന്യസംഗമ-
മംശയില്ലവർക്കംബുജാക്ഷ'
(പത്തുവൃത്തം)

൨. വ്യഭിചാരം.

അന്യാദൃശം-വി. ഒപ്പം ഇല്ലാത്ത, തുല്യമില്ലാത്ത, മററാരാലും ഇതുപോലെ കാണാത്തമട്ടിൽ അപൂർവം.

അന്യാധീനൻ-മററൊരുവന് അധീനനായവൻ. (അധീനശബ്ദം നോക്കുക). (അന്യാധീനപ്പെടുത്തുന്നു).

അന്യാപദേശം-പറയുന്നത് ഒന്ന്, മനസ്സിലാക്കേണ്ടതു മററൊന്ന്, ഇതത്രേ അന്യാപദേശരീതി. (അന്യം=മററൊന്ന്. അപദേശം=വ്യാജം)

അന്യാപദേശശതകം-ഒരു പുസ്തകത്തിന്റെ പേർ.

ഇതിന്റെ മൂലഗ്രന്ഥകർത്താവ് ശ്രീനീലകണ്ഠദീക്ഷിതരാകുന്നു. ഇതിലേക്ക് ൧൦൨൨-ാമാണ്ടു നാടുനീങ്ങിയ കവികുലശേഖരനായ സ്വാതിതിരുനാൾ മഹാരാജാവ് തിരുമനസ്സുകൊണ്ടു പ്രതിപദ്യം അവതാരിക എഴുതിച്ചേർത്തും സാഹിത്യസാമ്രാജ്യചക്രവർത്തിയായ മഹാമഹിമശ്രീ കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു മുഴുവനും ഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

അന്യായക്കാരൻ-ന. സങ്കടക്കാരൻ. കോടതികളിൽ അന്യായം ബോധിപ്പിക്കുന്നവൻ (വാദി). ൨. ന്യായം വിട്ടു നടക്കുന്നവൻ, അന്യായംചെയ്യുന്നവൻ.

അന്യായത്തടങ്കൽ-ക്രി. വല്ല ആളെയും ന്യായക്കേടായി തടയുക. ഉ. ശിക്ഷാനിയമപ്രകാരമുള്ള ഒരു കുററം. (തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പ് ൩൪൧.)

അന്യായത്തടവ്-ക്രി. വല്ല ആളെയും ന്യായക്കേടായി തടവിൽ വെക്കുക. ഉ. ശിക്ഷാനിയമപ്രകാരമുള്ള ഒരു കുററം. (തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പ് ൩൪൨-മുതൽ ൩൪൭-വരെ)

അന്യായം-ക്രി. ന്യായം (നീതി) അല്ലാത്തതു്, അധർമ്മം, മര്യാദക്കേട്. ഉ. കോടതിയിലും മററും എഴുതി ഹാജരാക്കുന്ന ഹർജി, ആവലാതി.

അന്യൂന-വി. കുറവില്ലാത്ത, മുഴുവനായ, വലുതായ.

അന്യൂനം-പരിപൂർണ്ണം. ന്യൂനം (കുററം കുറവ്) ഇല്ലാത്ത.

അന്യേ-അ. കൂടാതെ.

അന്യേതരൻ-അന്യനല്ലാത്തവൻ.

അന്യേദ്യുഃ-അടുത്തദിവസം. (അന്യസ്മിൻഅഹനി=മറെറാരുദിവസത്തിൽ)
'അന്യേദ്യുരുത്ഥായ ചയാത്രചൊല്ലി'
(ശ്രീകൃഷ്ണചരിതം)

അന്യോന്യ-വി. തമ്മിൽതമ്മിലുള്ള, പരസ്പരമുള്ള.

അന്യോന്യഭാവം-പരസ്പരമുള്ള സ്ഥിതി.

അന്യോന്യം-ക്രി. പരസ്പരം. ഉ. തമ്മിൽതമ്മിലുള്ളസ്നേഹം. ന. ഒരലങ്കാരം.

'പരസ്പരോപകാരംതാ-
നന്യോന്യാഖ്യമലംകൃതി
നിശയാൽശശിശോഭിക്കും
ശശിയാൽനിശയുംതഥാ'
(ഭാഷാഭൂഷണം)

അന്യോന്യവിരുദ്ധവാക്ക്-പരസ്പരം ചേർച്ചയില്ലാത്ത വാക്ക്.
'സംകുലക്ലിഷ്ടേപരസ്പരപരാഹതേ'
(അമരം)

[സംകുലം, ക്ലിഷ്ടം, പരസ്പരപരാഹതം ന-ം, അന്യോന്യവിരുദ്ധമായ വാക്കിൻെറ പേർ ]

അന്വക്ക്-വി. പിമ്പേപോകുന്ന. പിന്നാലെ കൂടെ ഗമിക്കുന്നതു് എന്നർത്ഥം.

അന്വക്ഷം-അ. പിന്നാലെ. ഇന്ദ്രിയത്തെ അനുഗമിച്ചതു് എന്നർത്ഥം.

അന്വയം-ക്രി. വംശം. ഉ. അന്യോന്യം സംബന്ധിക്കുന്നതു്. ന. അന്യോന്യാകാംക്ഷയെ വിവരിച്ചു കാണിക്കുക, പദങ്ങളെ വാചകമുറയ്ക്കു കൂട്ടുക.

അന്വയിക്കുക-പദങ്ങളെ യോജിപ്പായി ചേർക്കുക.

'അങ്ങുമിങ്ങുമിരിക്കുന്ന
പദങ്ങളെയഥാക്രമം
ചേരുന്നപടി ചേർക്കുന്ന-
തന്വയംപരികീർത്തിതം'
(ബാലപ്രബോധനം)

അന്വർത്ഥ-അർത്ഥത്തോടനുസരിച്ചുള്ള.

അന്വർത്ഥസംജ്ഞ-അർത്ഥത്തോടുകൂടിയ പേരു്, ഉചിതമായ പേരു്, യുക്തമായ പേരു്, തക്കതായ പേരു്.

അന്വർത്ഥം-ഏവുകാരുടെ നില.

അന്വവായം-ക്രി. വംശം. മുമ്പുമുമ്പുള്ളവരെ പിന്നെപ്പിന്നെയുള്ളവർ പിൻതുടർന്നു നടക്കുക എന്നർത്ഥം, പൂർവ്വം അപരവുമായി അന്വയിക്കപ്പെടുന്നതു്. ഉ. നാലനിരത്തുന്നതു്.

അന്വവായചതുഷ്ടയം-സത്യം, ആർജ്ജവം, ദമം, അനൃശംസ്യം ഇവ ൪-ം.

അന്വാഹം-ക്രി. ദിവസംപ്രതി. ഉ. എല്ലാ ദിവസവും.

അന്വാഖ്യാതസംഭാഷണം-'മറെറാരുവൻ റിപ്പോർട്ടുചെയ്യുന്നമട്ടിൽ വക്താവിൻെറ വാക്യത്തെ ഉദ്ധരിക്കാതെ വിവരിക്കുന്നതു്' എന്നു സാഹിത്യസാഹ്യം

അന്വാഖ്യാനം-റിപ്പോർട്ട് കേൾപ്പിക്ക, വിവരം അറിയിക്കുക.

അന്വാചയം-പ്രധാനാപ്രധാനക്രിയകളുടെ സാഹിത്യം.

അന്വാധി-൧. ജാമ്യം, മൂന്നാംസ്ഥാനം, ഉറപ്പ്, രക്ഷ. ൨. പശ്ചാത്താപം, അല്ലെങ്കിൽ ഒരു കാര്യം ചെയ്തുവച്ചു ദുഃഖിക്കുക.

അന്വാരോഹണം-ഉടന്തടി, ഉടഞ്ചാവു (അനുമരണം നോക്കുക.)

അന്വാസനം-൧. ശുശ്രൂഷ, ഊഴിയം. ൨. മറ്റൊരാളിനു പിന്നീടു സ്ഥാനം ഏല്ക്കുക. ൩. ദുഃഖിക്കുക. ൪. സ്നേഹവസ്തി. ൫. പണിസ്ഥലം.

അന്വാഹാര്യം, അന്വാഹാര്യകം-മാസന്തോറുമുള്ള പിതൃകർമ്മം, മാസന്തോറും പിണ്ഡപിതൃയജ്ഞത്തിനു ശേഷം ചെയ്യുന്നതായ അമാവാസ്യാശ്രാദ്ധം.

'പിണ്ഡാന്വാഹാര്യകം ശ്രാദ്ധം
കുര്യാന്മാസാനുമാസികം'
(മനുസ്മൃതി)

അന്വിത-വി. കൂടിയ.

അന്വിഷ്ട-വി. അന്വേഷിക്കപ്പെട്ട.

അന്വിഷ്ടം-അന്വേഷിക്കപ്പെട്ടതു് (തിരയപ്പെട്ടതു്.)

'അന്വേഷിതം ഗവേഷിത-
മന്വിഷ്ടം മാർഗ്ഗിതം മൃഗിതം' (അമരം)

[അന്വേഷിതം, ഗവേഷിതം, അന്വിഷ്ടം, മാർഗ്ഗിതം, മൃഗിതം ഇ-൫, അന്വേഷിക്കപ്പെട്ടതിന്റെ പേർ].

അന്വീക്ഷണം-തേടുക.

അന്വേഷണം, അന്വേഷം-തേടുക.

'സംവീക്ഷണം വിചയനം
മാർഗ്ഗണം മൃഗണാ മൃഗഃ' (അമരം)

സംവീക്ഷണം, വിചയനം, മാർഗ്ഗണം, മൃഗണാ, മൃഗം ഇ-൫, അന്വേഷണത്തിന്റെ പേർ.

'സത്യാന്വേഷണനിർവൃതം വിധുരതാഹമഹോ
(അഭിജ്ഞാനശാകുന്തളം)

അന്വേഷണ - ഉത്താലിക്കു യോഗ്യരെ അന്വേഷിക്കുക.

അന്വേഷിത-വി. അന്വേഷിക്കപ്പെട്ട (തിരയപ്പെട്ട).

അന്വേഷ്ടൃ-അന്വേഷിക്കുന്ന, തേടുന്ന.

അപ-അ. ൧. നീചം. ൨. വേർപാടു്. ൩. കീഴ്ത്തരം. ൪. വിരുദ്ധം. ൫. ഹ്രസ്വതം, ഇല്ലാതാവുക. ൬. സന്തോഷം. ൭. സത്യക്കേടു്.

അപകടം-൧. ആപത്തു്, ദോഷം, ൨. അഴിമതി.

അപകരുണം-കൃപകൂടാതെ.

അപകർഷം-൧. നിന്ദ, പരിഹാസം. ൨. തള്ളൽ, വലിക്കുക, തള്ളിപ്പുറത്താക്കൽ.

അപകർഷിക്കുക-൧. നിന്ദിക്കുക, പരിഹസിക്കുക, തള്ളുക, വലിക്കുക, തള്ളിപ്പുറത്താക്കുക.

അപകാമം-അ. ആഗ്രഹം കൂടാതെ, മനസ്സില്ലാതെ, മറ്റൊരാളിനു ഹിതക്കേടായിട്ടു്.

അപകാരഗീരു്-അപകാരവാക്കു്, ചീത്തപറയുക.

അപകാരം-ഉപകാരക്കേടു്, വിപരീതമായി ചെയ്യുക.

'നികാരോ വിപ്രകാരഃ സ്യാൽ'
(അമരം)

[നികാരം, വിപ്രകാരം ൨-ം, അപകാരത്തിന്റെ പേർ.]

അപകാരി, അപകാരകൻ-ഉപകാരം ചെയ്യുന്നവനല്ലാത്തവൻ, വിപരീതമായി ചെയ്യുന്നവൻ.

അപകിരണം-ചിതറൽ, ചിതറുക.

അപകീർത്തിപ്പെടുത്തുക-൧. ദുഷ്കീർത്തി ഉണ്ടാക്കുക. ൨. ശിക്ഷാനിയമപ്രകാരം ഒരു കുറ്റം. (തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പു് ൫൦൯.)

അപകൃത-വി. അപകാരം ചെയ്യപ്പെട്ട. വിപരീതമായി ചെയ്യപ്പെട്ട, ഇല്ലാതാക്കപ്പെട്ട.

അപകൃതശരണൻ-ശരണം ഇല്ലാത്തവൻ.

'അപകൃതശരണനുപകൃതിചെയ്യും'
(ഉത്തരരാമായണം ചമ്പു.)

അപകൃതി, അപകൃത്യം-ഉപദ്രവം, വിരോധം, ധിക്കാരം, ധിക്കാരപ്രവൃത്തി, അകൃത്യം.

അപകീർത്തി-ദുഷ്കീർത്തി, കീർത്തികേട്.

അപകൃഷ്ട-വി. ൧. താണതായ. ൨. ആട്ടിക്കളയപ്പെട്ട, പിടിച്ചുതള്ളിപ്പുറത്താക്കപ്പെട്ട.

അപകൃഷ്ടൻ-൧. പിടിച്ചുതള്ളി പുറത്താക്കപ്പെട്ടവൻ. ൨. താണവൻ.

അപകൃഷ്ടവംശജൻ-താണവംശത്തിൽ ജനിച്ചവൻ.

അപക്തി-പാകമാകാത്ത സ്ഥിതി.

അപക്രമം, അപക്രമണം-൧. ഓട്ടം. ശരിയല്ലാതെ കാൽവെയ്ക്കുക എന്ന ശബ്ദാർത്ഥം. ൨. പുറകോട്ടുപോവുക, ഒഴിഞ്ഞുപോവുക.

അപക്രയം, അപക്രയണം-വില.

അപക്രിയ-൧. ദുഷ്പ്രവൃത്തി. ൨. അശുഭമായ കർമ്മം. ൩. ഉപദ്രവം,

അപക്രോശം-൧. ശകാരം. ൨. നിന്ദ, ധിക്കാരം,

അപക്വ-വി. ൧. പക്വം (പാകം) വരാത്ത. ൨. പച്ചയായ. ൩. ദഹിക്കാത്ത.

അപക്വബുദ്ധി-വി. പാകംവരാത്ത ബുദ്ധിയുള്ള.

അപക്വപ്രമേഹം - ഒരു രോഗം. [പഴുക്കാത്ത നീര്, ചെറുചൂട്, അല്പനീര്, കഠിനത, തൊലിയുടെ നിറം. മന്ദാവമനെ ഇവയോടുകൂടിയിരിക്കും]

അപക്ഷ-വി. ൧. പക്ഷം (ചിറക്) ഇല്ലാത്ത. ൨. ഒരുഭാഗത്ത് (വശത്ത്) അല്ലാത്ത. ൩. പക്ഷം (സ്നേഹം) ഇല്ലാത്ത.

അപക്ഷേപം, അപക്ഷേപണം-എറിയുക, കീഴ്പ്പെടുത്തുക.

അപഖ്യാതി-ദുഷ്കീർത്തി, ദുഷ്യശസ്സ്.

അപഗ-വി. പോകുന്ന.

അപഗ-പുഴ. ജലംകൊണ്ടുഗമിക്കുന്നത്.
['ആപഗ' എന്നത് അധികം നടപ്പ്, 'അപഗ' എന്നും ആകാം. 'വിദ്യാദഗാമഗാരമപഗാമാപഗാമപി' എന്ന വിശ്വപ്രകാശം].

അപഗണിതം-വി. അനാദരിക്കപ്പെട്ട, ധിക്കരിക്കപ്പെട്ട.

അപഗത-മറഞ്ഞ, കഴിഞ്ഞ, പോയ.

അപഗമം, അപഗമനം-പിരിയുക. മറയുക, യാത്ര.

അപഗരം-ആക്ഷേപം, അപവാദം, ദൂഷണം, അപഖ്യാതി, ധിക്കാരം, ശകാരം, നിന്ദ.

അപഗരൻ-നിന്ദിക്കുന്നവൻ, അധിക്ഷേപിക്കുന്നവൻ, ശകാരിക്കുന്നവൻ.

അപഗ്രഥിക്ക-കെട്ടഴിക്ക.

അപഘനം-കൈകാൽ മുതലായ അവയവങ്ങൾ കൂട്ടിത്തല്ലപ്പെട്ടത്, പീഡിക്കപ്പെട്ടത് എന്ന വ്യുൽപത്തി.

അപഘ്നത്ത്-നശിപ്പിച്ചിയങ്ങുന്നത്.

'അപഘ്നന്താദുരിതം ഹവ്യവാഹഃ'
(അഭിജ്ഞാനശാകുന്തളം)

അപചൻ-കൊള്ളരുതാത്ത വെയ്പുകാരൻ (പാചകൻ.)

അപചയം-൧. അപഹരണം (അന്യന്റെ ധനത്തെ അവന്റെ ഇഷ്ടംകൂടാതെ കൈവശമാക്കുക) [അപ=അപ്രസാദം. ചയം=വൃദ്ധി=വൃദ്ധിയില്ലായ്മ] ൨. നാശം. ൩. കുറവ്, ൪. താഴ്ച, ൫. വീഴ്ച, പിഴ.

അപചരിത-വി. ദുരാചാരമുള്ള, മരിച്ച, പൊയ്പ്പോയ.

അപചരിതം-പിഴ, കുററം, അകൃത്യം.

അപചായിതം-നമസ്കരിക്കപ്പെട്ടതു്.
[അപചയിക്കപ്പെട്ടതു് = അപചായിതം. അപചയിക്ക = നമസ്കരിക്ക.]

അപചാരം-൧. തെററു്, പിഴ. ൨. മുഷിച്ചൽ. ൩. അപമാനം. ൪. മുട്ടു്. ൫. കൂടെയില്ലായ്മ. ൬. മരണം.

അപചി-പ്രമേഹക്കുരുക്കളിൽ ഒന്നിന്റെ പേർ, അപചിക്കുരു എന്നും പറയാറുണ്ടു്.
[ഞാറപ്പഴം, ഉന്തക്കുരു എന്നവയെപ്പോലെ കക്ഷം, കവിൾ, പിൻകഴുത്തു് ഇത്യാദി സ്ഥാനങ്ങളിൽ മുഴകൾ ഉണ്ടാകും. വളരെക്കാലം ചെന്നാൽ ഇവ പഴുക്കും. അതിനു ഗണ്ഡമാല എന്നു പറയും. മാലപോലെ മുഴകൾ ഉള്ളതു് എന്നർത്ഥം. പഴുത്തതും ഉണങ്ങിയതും എല്ലാംകൂടി വളരെക്കാലം വിട്ടുമാറാതെ നിന്നാൽ അതിനു അപചി എന്നുപേർ]

അപചിതം-൧. നമസ്കരിക്കപ്പെട്ടതു്. (അപചയിക്ക = നമസ്കരിക്ക) ൨. ഒരു മർമ്മം.

അപചിതി-൧. പൂജ. ൨. ക്ഷയം. പൂജിക്കുക എന്നു പദാർത്ഥം. ൩. നാശം, ചേതം.

അപച്ഛേദനം, അപച്ഛേദം-൧. മുറിക്കുക, തടസ്സം, ഉപദ്രവം. ൨. നഷ്ടം.

അപച്യുത-വി. ൧. വീണുപോയ. ൨. തെറിച്ചുപോയ. ൩. പിരിഞ്ഞുപോയ.

അപജയം-മടക്കേടു് (തോൽവി.)

അപജാതൻ-൧. ചീത്തപുത്രൻ. ൨. അച്ഛനമ്മമാരെക്കാൾ ഗുണം കുറഞ്ഞവൻ.

അപടാന്തര-വി. ഇടയിൽ മറ്റൊന്നില്ലാത്തവിധം തമ്മിൽ ഒന്നിച്ചുചേർന്ന.

അപടാന്തരം-ഇടയിൽ മറ്റൊന്നില്ലാത്തവിധം തമ്മിൽ ഒന്നിച്ചുചേർന്നതു്.

അപടി-തിരശ്ശീല.

അപടിക്ഷേപം-തിരശ്ശീലയിടുക.

അപടു-വി. ൧. പ്രവൃത്തിക്കു സാമർത്ഥ്യമില്ലാത്ത. ൨. രോഗമുള്ള. ൩. വാക്സാമർത്ഥ്യമില്ലാത്ത.

അപടു-അസമർത്ഥൻ, രോഗി, വ്യാധിയുള്ളവൻ.

അപഠ-വി. ൧. വായിപ്പാൻ ശക്തിയില്ലാത്ത. ൨. ചീത്തവായനയുള്ള.

അപണ്യ-വി. ൧. വില്ക്കത്തക്കതല്ലാത്ത. ൨. അഴിയുന്നതല്ലാത്ത.

അപതർപ്പണം-൧. ഉപവാസം (ദീനത്തിൽ.) ൨. തൃപ്തിയില്ലായ്മ.

അപതന്ത്രകം-ഒരു വാതവ്യാധി.
[വായുകോപിച്ചു ദേഹത്തെ വില്ലുപോലെ വളയ്ക്കും. രോഗി മാടപ്രാവുപോലെ കുറുകും. പണിപ്പെട്ടു ശ്വാസം വിടും.]

അപതാനകം-ഒരു വാതവ്യാധി.
വായു കണ്ണുകളുടെ രൂപഗ്രഹണശക്തി, അറിവു് ഇവയെ ഇല്ലാതാക്കി തൊണ്ടകൊണ്ടു ശബ്ദിക്കുമുതലായവ ലക്ഷണം.

അപത്നീകൻ-ഭാര്യ മരിച്ചവൻ.

അപതോക-ചെനകലങ്ങിയ പശു.

അപത്യജീവ(ക)ം-പുത്തിലഞ്ഞി.

അപത്യം-സ്ത്രീസന്തതിയും പുരുഷസന്തതിയും. മാതാപിതാക്കന്മാരെ നരകത്തിൽ പതിപ്പിക്കാത്തവർ എന്നർത്ഥം.

അപത്ര-വി. ൧. ചിറകില്ലാത്ത. ൨. ഇലയില്ലാത്ത.

അപത്രപ-൧. അന്യരിൽനിന്നുള്ള ലജ്ജ. ൨. കുഴപ്പം. ൩. പാതങ്ങൾ.

അപത്രപിക്കുക-ലജ്ജിക്കുക.

'അപത്രപിച്ചീടേണ്ടാ ഞാനോ
വനത്തിൽമേവുന്നോരാളു'
(നളചരിതം കഥകളി)

അപത്രവല്ലിക-ഏരമവള്ളി.

അപത്രം-൧. കരീരം (മുളവള). ൨. തളിരു, കരുന്നു്. ൩. മുളയുടെ കരുന്നു്.

ർ. ചിറകില്ലാത്ത ഒരു പക്ഷി. ഒ. ഇല പൊഴിഞ്ഞുപോയ വൃക്ഷം.

അപത്രപിഷ്ണു-ലജ്ജാശീലൻ, അന്യൻ നിമിത്തമായി ലജ്ജിക്കുന്നവൻ.

അപഥമ്പചിതി-ദുർനടപ്പ്.

അപഥം-ം. പിഴവഴി (തെററിയവഴി). വ. മാർഗ്ഗത്തിന്റെ അഭാവം (വഴിയില്ലായ്മ). ന. ദുർമ്മാർഗ്ഗം.

അപഥ്യം-ം. പഥ്യക്കേട്, രോഗത്തിനു വിരുദ്ധമായി പദാർത്ഥങ്ങളെ ഭക്ഷിക്കുക വ. ഹിതക്കേട്.

അപദ-വി. ം. പദമില്ലാത്ത. വ. സ്ഥാനമില്ലാത്ത.

അപദം-ം. ഇഴയുന്ന ജന്തു, അരിച്ചുനടക്കുന്ന ജന്തു. വ. ഇരിപ്പിടമില്ലാത്തതു് ന. പദം (വാക്ക്) ഇല്ലാത്തതു്.

അപദാനം-ഉൽകൃഷ്ടകൃത്യം, അത്ഭുതപരാക്രമം, നിർവ്വഹിക്കപ്പെട്ട കർമ്മം, മുൻകഴിഞ്ഞ ചരിത്രം.

'സുരയുവതിഭിരുച്ചൈർഗ്ഗീയമാനാപദാനാ'
(കൃഷ്ണവിലാസം)

(അവദാനം എന്നും പാഠം കാണുന്നു.)

അപദാഹം-രാമച്ചം.

അപദാന്തരം-ഇടയിൽ മറെറാന്നില്ലാതെ മട്ടിൽ ഒന്നിച്ചുചേർന്നതിന്റെ പേർ ഒരു കാലടി അകലമില്ലാത്തതു് എന്നു വ്യുൽപത്തി.

'സംസക്താവ്യവഹിത
മപദാന്തരമിത്യപി.' (അമരം)

[സംസക്തം, അവ്യവഹിതം, അപദാന്തരം ന-ം, ഇടയിൽ മറെറാന്നില്ലാതെമട്ടിൽ ഒന്നിച്ചുചേർന്നതിന്റെ പേർ]

അപദിശം-ദിങ്മദ്ധ്യം (ദിക്കുകളുടെ മദ്ധ്യപ്രദേശം) രണ്ടുദിക്കിന്റെ നടുത്തായുള്ള ദിക്കുകൾക്ക നാലുകോണുകൾ ഉള്ളവയിൽഒന്ന്. [നാലുകോണുകൾ= കിഴക്കുതെക്ക്, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറുവടക്ക്, വടക്കുകിഴക്ക്]

അപദേശം-ം. വ്യാജം, മറയ്ക്കൽ, സ്വരൂപാച്ഛാദനം.

'വ്യാജോപദേശലക്ഷ്യം' (അമരം)

[വ്യാജം, അപദേശം, ലക്ഷ്യം ന-ം, തന്റെ ആഗ്രഹം നേടുന്നതിനു ചെയ്യുന്ന പരവഞ്ചനസംസർഗ്ഗാദിവ്യാജപ്രവൃത്തിയുടെ പേർ ]

'കൃതാന്തീർത്ഥപ്രചാരംപ്രകടിതവനവാ
സാപദേശേന'
(കിർമ്മീരവധം കഥകളി)

വ. ലാക്ക്. ന. നിമിത്തം.

അപദേശിക്കുക-മറയ്ക്കുക, സ്വരൂപം ച്ഛാദനംചെയ്ക.

അപദ്രവ്യം-ചീത്തസാധനം.

അപദ്വാരം-ഒരുവശത്തെ വാതൽ, പ്രധാനവാതലല്ലാത്ത മറെറാരു വാതൽ.

അപധാവനം-ദുസ്തർക്കം, വക്രോക്തി.

അപധ്വസ്ത-വി. ം. ധിക്കരിക്കപ്പെട്ട (നിന്ദിക്കപ്പെട്ട). വ. കീഴ്പെട്ടു തള്ളപ്പെട്ട. ന. പൊടിക്കപ്പെട്ട. ർ. ശപിക്കപ്പെട്ട, ശകാരിക്കപ്പെട്ട.

അപധ്വംസി-വി. നശിക്കുന്ന.

അപധ്വസ്തൻ - നിന്ദിതൻ (നിന്ദിക്കപ്പെട്ടവൻ)

അപനയം-ം. അകററൽ. വ. അബദ്ധം. ന. നീതികേട്. ർ. ആപത്ത്. ഒ. കററം, ഉപദ്രവം.

അപനയനം-ം. അകലെആക്കുക, അകററൽ. വ. കഴുകുക ന. ഭിന്നംവാശിയാക്കുക. ർ. കടംവീട്ടുക.

അപനയിക്കുക-അകററുക.

അപനീത-വി. അകലത്താക്കിയ.

അപന്യായം-ന്യായക്കേട് (അപരാധം)

അപപ്രഥ-അപമാനം.

അപപ്രദാനം-കൈക്കൂലി.

അപന്ഥാവ്-ം. പിഴവഴി (പിഴച്ചവഴി). വ. വഴിയില്ലായ്മ.

അപഭൃതി-കേളി, നൃത്തം.

അപഭ്രംശം—അപശബ്ദം, തെററായവാക്ക്. സംസ്കൃതത്തിൽനിന്ന് അധഃപതനം വന്നത് എന്നർത്ഥം.

'അപഭ്രംശോപശബ്ദഃ' (അമരം)

[അപഭ്രംശം, അപശബ്ദം ര-ം, അപശബ്ദത്തിൻെറ പേർ.]

അപഭ്രഷ്ടൻ-അധമൻ.

അപമസ്തിദ-മസ്തിദകേട്.

അപമർദ്ദനം—പീഡ.

അപമാനം—മാനക്കേട്.

അപമാരിഷം—ചെറചീര.

അപമിത-വി. ൧. ധിക്കരിക്കപ്പെട്ട. ൨. അലംകൃതമല്ലാത്ത.

അപമിത്യകം, അപമിത്യം—കടം.

അപമൃത്യു-ദുർമ്മരണം. വെട്ട്, കുത്ത് മുതലായവകൊണ്ടു മരിക്കുക.

അപയാനം-൧. ഓട്ടം. ൨. തിരിച്ചുപോവുക. ൩. തോററോടുക.

അപര-വി. ൧. വേറൊന്ന്. ൨. വിരുദ്ധമായ. ൩. പടിഞ്ഞാറെയുള്ള. ൪. ഒടുക്കമുള്ള

അപരക്രിയ-ശവം ദഹിപ്പിക്കുക മുതലായവ.

അപരതന്ത്രം-വിരുദ്ധം, വിപരീതം.

അപരൻ-ശത്രു.

അപരപക്ഷം - കൃഷ്ണപക്ഷം (കറുത്ത പക്ഷം.)

അപരം-ആനയുടെ പിൻകാൽ മുട്ടിൻെറ കീഴ്ഭാഗം.

അപരവർണ്ണൻ-ശൂദ്രൻ.

അപരസ്പര-വി. ൧. (അ+പരസ്പര) അന്യോന്യമല്ലാത്ത. ൨. ഇടവിടാത്ത

അപര-൧. ഗർഭപാത്രം. ൨. പടിഞ്ഞാറ്

അപരാജിത-വി. ജയിക്കപ്പെടാത്ത

അപരാജിത-൧. വിഷ്ണുക്രാന്തി (മരുന്ന്) ൨. ചെറിയ അരശ്ശുവെണ്ണിയൻ. ൩. പുഴമുത്ത. ൪ വെളുത്തശംഖുപുഷ്പി. ൫ മലയമുക്കി. ൬. ദുർഗ്ഗാദേവി. ൭. ഒരു വിധം യോഗിനി. ൮. ഒരു വൃത്തത്തിൻെറ പേർ, ശക്വരിഛന്ദസ്സിൽ പെട്ടത്, വരി ഒന്നിൽ ൧൪ അക്ഷരം വീതം കാണും.

'നനരസലഗമേകംനടക്ക്പരാജിതാ'
(വൃത്തമഞ്ജരി)

അപരാജിതൻ-൧. ശിവൻ. ൨. വിഷ്ണു ൩. ഏകാദശരുദ്രന്മാരിൽ ഒരുവൻ. ൪. ഒരു മുനി.

അപരാജിതം-ഒരുതരം വിഷമുള്ള പുഴു.

അപരാദ്ധപൃഷത്ക - ലാക്കിൽനിന്ന് അമ്പു പിഴച്ചവൻ. തെററിപ്പോയ ശരത്തോടുകൂടിയവൻ എന്നു ശബ്ദാർത്ഥം.

[ശരപര്യായങ്ങളിൽ ഏതെങ്കിലും ഒന്നിനോട് 'അപരാദ്ധ'ശബ്ദം ചേർത്താൽ മററ പര്യായങ്ങളും കിട്ടും. ഉദാഹരണത്തിന 'അപരാദ്ധേഷു' (അപരാദ്ധ + ഇഷു) നോക്കുക.]

അപരാദ്ധേഷു- ലാക്കിൽനിന്ന് അമ്പു പിഴച്ചവൻ.

അപരാധഗന്ധാസ്പൃഷ്ടൻ-കുററത്തിൻെറ ഗന്ധംപോലും സ്പർശിക്കപ്പെട്ടിട്ടില്ലാത്തവൻ.

അപരാധം-പിഴ, കുററം, ദുഷ്യം, തെററ്. ഹിംസിക്കപ്പെടുന്നത്. കാര്യങ്ങളെ കെടുക്കുന്നത് എന്നു വ്യുൽപത്തി.

'ആഗോപരാധോമന്തുശ്ച' (അമരം)

[ആഗസ്സ്, അപരാധം, മന്തു ൩-ം, അപരാധത്തിൻെറ പേർ.]

അപരാധി-വി. തെററചെയ്ത, പിഴചെയ്ത, കുററംചെയ്ത.

അപരാന്തിക-മിശ്രവൃത്തങ്ങളിൽ ഒന്ന്. 'പ്രവൃത്തകത്തിൻെറ സമപാദം കൊണ്ടുതന്നെ ശ്ലോകം മുഴുവനും ചമച്ചാൽ അതു് അപരാന്തിക' എന്നു വൃത്തമഞ്ജരി.

അപരാധിക്കുക- കുറ്റംചെയ്യുക, പിഴ ചെയ്യുക. (ഭാഷയിൽ) വ്യഭിചാരം ചെയ്യുക.

അപരാത്രി-പു. രാത്രിയുടെ അവസാനം. ഉ. ഒടുവിലത്തെ യാമം.

അപരാത്തി-അന്യദുഃഖം.

അപരാൎദ്ധം-രണ്ടാമത്തെ പാതി.

അപരാസനം-ഹിംസിക്കുക.

അപരാഹം-ചീങ്കണ്ണി.

അപരാഹ്ണം-പകലിന്റെ ആറിലൊരുകൂറിൽ ഒടുക്കത്തേതു്, പത്തുനാഴിക പകലുള്ള സമയം മുതൽ അസ്തമനം വരെയുള്ള കാലം. അവസാന (ഒടുവില) ത്തെ അഹസ്സ് (പകൽ) എന്നു ശബ്ദാൎത്ഥം.

അപരിണയം-ബ്രഹ്മചൎയ്യം, വിവാഹം ചെയ്യായ്ക.

അപരു-ചെങ്കരിങ്ങാലി.

അപരിക്ഷതം-പരിക്ഷതം (മുറിവുപെട്ടതു്) അല്ലാത്തതു്.

'കൊണ്ടാടിയൻപൊടപരിക്ഷതകോമളം [നിൻ'
(അഭിജ്ഞാനശാകുന്തളം)

അപരിഗ്രഹം-ഒരാളിൽനിന്നു് ഏതുഭയങ്കരമായ ആപത്തിൽക്കൂടിയും ഒരു ദാനവും സ്വീകരിക്കാതിരിക്കുക.

അപരിചിത-വി. പരിചയിക്കപ്പെടാത്ത, ശീലിക്കപ്പെടാത്ത.

അപരിചിതൻ-പരിചയിക്കാത്തവൻ.

അപരിച്ഛിന്നൻ-ഇന്ന പ്രകാരത്തിലുള്ളവനെന്നു ഗണിക്കാൻ നിവൃത്തിയില്ലാത്തവൻ. [നായ'

'സൎവ്വഭൂതങ്ങൾക്കെല്ലാം ജ്ഞാനസ്വരൂപ
അപരിച്ഛിന്നമായിപരമാനന്ദമായ'
(ഭാഗവതം)

അപരിച്ഛേദ്യ-വി. പരിച്ഛേദിക്കത്തക്കതല്ലാത്ത, നിശ്ചയിക്കുന്നതിനു നിവൃത്തിയില്ലാത്ത, കണക്കാക്കാൻ പാടില്ലാത്ത.

അപരിനിഷ്ഠ-നിശ്ചയമില്ലായ്ക.

അപരിമിത-വി. അളവില്ലാത്ത, അവധിയില്ലാത്ത. (പരിമിതമല്ലാത്തതു്-അപരിമിതം).

അപരിമ്ലാനം-ചെമ്പകത്തി.

അപരിഹാൎയ്യം-പരിഹരിക്കാൻ പാടില്ലാത്തതു്, തള്ളിക്കളയാൻ വയ്യാത്തതു്, ഉപേക്ഷിക്കാൻ കഴിയാത്തതു്.

അപരിഹരണീയം-ഉപേക്ഷിക്കാൻ കഴിയാത്തതു്, തള്ളിക്കളയാൻ കഴിയാത്തതു്, പരിഹരിപ്പാൻ പാടില്ലാത്തതു്.

'അപരിഹരണീയവിധി
യന്ത്രത്തിരിപ്പുമൂന്നീ'
(നളചരിതം കഥകളി)

അപരൂപം-ഭംഗികേടു്, വിരൂപം.

അപരേദ്യുഃ-മറനാൾ, മറ്റെന്നാൾ. (അപരെദ്യു = മറ്റേ ദിവസത്തിൽ).

അപരോക്ഷം-പ്രത്യക്ഷം.

അപൎയ്യാപ്തൻ-മതിയാകാത്തവൻ.

അപരോധം-പുറത്താക്കൽ, നീക്കം.

അപൎണ്ണ-വി. പൎണ്ണം (ഇല) ഇല്ലാത്ത.

അപൎണ്ണ- പാൎവ്വതി. കഠിനതപസ്സുചെയ്യുന്നവരും, തപസ്സികൾ ഇലപോലും ഭക്ഷിച്ചിട്ടില്ലാത്തവരും.

'സ്വയംവിശീൎണ്ണദ്രുമപൎണ്ണവൃത്തിതാ
പരാഹികാഷ്ഠാതപസസ്തയാപുനഃ
തദപ്യപാകീൎണ്ണമതഃപ്രിയംവദാം
വദന്ത്യപൎണ്ണേതിചതാംപുരാവിദഃ'
(കുമാരസംഭവം)

അപൎണ്ണം-നിന്ദ. വിപരീതസ്തുതി എന്നു ശബ്ദാൎത്ഥം.

അപലം-മൊട്ടുസൂചി, ആണി, സാക്ഷ.

അപലാപം, അപലപനം-യഥാൎത്ഥത്തെ മറച്ചുപറക, കാൎയ്യത്തെ ദൂരെ മറച്ചുകളക മോശപ്പെടുത്തുന്ന വാക്കു് എന്നു ശബ്ദാൎത്ഥം.

അപവദിക്ക-ദോഷംപറക.

അപവൻ-വസിഷ്ഠൻ.

അപവൎഗ്ഗം-മോക്ഷം. ദുഃഖാദികളുടെ വൎജ്ജനം എന്നു വ്യുൽപത്തി.

അപവനം-നടക്കാവ്, ഉപവനം.

അപവൎജ്ജനം-൧. ദാനം. പാപത്തെ വൎജ്ജിക്കുന്നതിനാൽ ഈ പേർ വന്നു. ൨. മുക്തി, കൈവല്യം, പരമാനന്ദം. ൩. പരിത്യാഗം (വിട്ടൊഴിവ്).

അപവാദഗീര്-ദൂഷണവാക്ക്, നിന്ദാവാക്ക്.

അപവാദം-൧. ദുഷ്കീൎത്തി, മാനക്കേട്. ൨. നിന്ദ. അപകൃഷ്ടമായ വചനം എന്നൎത്ഥം. വിരോധവാക്ക്, ദൂഷണം. ൩. ആജ്ഞ.

'അപവാദസ്തുനിന്ദാജ്ഞെ' (അമരം)

[അപവാദം നിന്ദയുടേയും ആജ്ഞയുടേയും പേർ എന്നൎത്ഥം. മുകടനം വിശദം 'അപവാദം' എന്നാണു പറയുന്നതു്. അപവാദം എന്നാൽ ഒരു കാൎയ്യത്തെ അതിസ്ഥാനമാക്കി സ്പഷ്ടമായി പറയപ്പെടുന്നതു് എന്നു ശബ്ദാൎത്ഥം.]

അപവാദി-അപവാദം (ദൂഷണം) പറയുന്നവൻ, വിരോധംപറയുന്നവൻ, കീൎത്തിദോഷം ഉണ്ടാക്കുന്നവൻ, കുറ്റംപറയുന്നവൻ.

അപവാൎയ്യ-മറ്റാൾ കേൾക്കാതെ മറ്റൊരാളോടു പറക. (നാടകങ്ങളിൽ പ്രയോഗം.)

അപവാരണം-മറയ്ക്കുക, മൂടുക. ഇതിനാൽ പദാൎത്ഥം മൂടപ്പെടുന്നതുകൊണ്ടു് ഈ പേർ വന്നു.

അപവിത്ര-വി. പവിത്രം (ശുദ്ധം) അല്ലാത്ത.

അപവിദ്ധം-വി. ൧. ഉപേക്ഷിക്കപ്പെട്ട. ൨. നികൃഷ്ടമായ.

അപവിദ്ധൻ, അപപുത്രൻ-മാതാപിതാക്കന്മാർ ഉപേക്ഷിക്കയും അന്യൻ എടുക്കയും ചെയ്ത ഒരു പുത്രൻ.

അപവിദ്ധലോക-വി. ഇഹലോകം വെടിഞ്ഞ, മരിച്ച.

അപവിഷ-വി. വിഷമില്ലാത്ത.

അപവിഷ-നിൎവ്വിഷി, രാമച്ചം.

അപവേധം-മണിയേയോ മുത്തിനേയോ മറ്റും നേരെ അല്ലാതെ തുളച്ചു (തുരന്നു) വ്യൎത്ഥമാക്കുക.

അപവ്യയം-അനാവശ്യച്ചെലവ്, അഴിമതിയായ ചെലവ്, ധാരാളച്ചെലവ്, ദുൎവ്യയം.

അപവ്യയി, അപവ്യയമാന-വി. ൧. ദുൎവ്യയമുള്ള. ൨. കടംവീട്ടാത്ത, കടത്തെ നിഷേധിക്കുന്ന.

അപശകുനം-ദുശ്ശകുനം, ചീത്തശകുനം.

അപശദൻ-നിന്ദ്യൻ. നിൎഗ്ഗുണതാമൂലം ക്ഷയിക്കുന്നതുകൊണ്ടു് ഈ പേർ വന്നു.

അപശബ്ദം-തെറ്റായ വാക്ക്, അസാധുവായ ശബ്ദം. (അപഭ്രംശം എന്നതു നോക്കുക.)

അപശ്ചിമൻ-ശ്രേഷ്ഠൻ.

അപശ്രയം-തലയണ, നീണ്ടമെത്ത.

അപശ്രുതി-ചീത്തക്കേൾവി, ദുൎയ്യശസ്സ്, അശുഭങ്ങളായ ശബ്ദങ്ങൾ.

'നിങ്കലപശ്രുതികേൾക്കുമ്പോളതിൽ
സങ്കടമടിയങ്ങൾക്കു മഹേശ!'
(കിരാതം തുള്ളൽ)

അപഷ്ഠം-ആനത്തോട്ടിയുടെ അഗ്രം.

അപഷ്ഠു-൧. പ്രതികൂലം. അനുകൂലമില്ലാതെ നിൽക്കുന്നതു് എന്നു വ്യുൽപത്തി.

'നഷ്ടാകൃതിരപഷ്ഠുനിനാദ
സ്ഥിഷ്ണുതേസ്മ ഭവതോപ്യചലശ്രീ'
(നാരായണീയം)

൨. വിപരീതം. ൩. വിരോധാൎത്ഥം. ൪. ക്രൂരം. ൫. ഇടത്തേതു്. ൬. കാലം, സമയം.

അപഷ്ഠു-൧. ഭംഗിയായി. ൨. വിപരീതമായി. ൩. കളവായി. ൪. തെററായി.

അപഷ്ഠുര-വി. പ്രതികൂലമായ, എതിരായ.

അപസജ്ജിപ്പിക്ക-കെട്ടുക.

അപസദൻ-നീചൻ. അപകൃഷ്ടമായ നടപടിയിൽ ചേരുന്നവൻ എന്നു ശബ്ദാൎത്ഥം. 'അപശദൻ' എന്നുമാകാം.

അപസമം-കഴിഞ്ഞവൎഷത്തിൽ, വൎഷാവസാനത്തിൽ.

അപസൎജ്ജനം-൧. ദാനം, സമ്മാനം. ൨. വിട്ടൊഴിവു്, പരിത്യാഗം. ൩. പരമാനന്ദം, മോക്ഷം.

അപസൎപ്പൻ - ചാരപുരുഷൻ; ഒററാളി, വേഷംമാറിനടന്നു രാജ്യകാൎയ്യങ്ങൾ അറിയുന്നവൻ. ഒളിച്ചുനടക്കുന്നവൻ എന്നു ശബ്ദാൎത്ഥം. (അപസൎപ്പകൻ എന്നുമാവാം.)

അപസൎപ്പണം-൧. തിരിയെ പോവുക, മടങ്ങുക, ൨. ചാരപുരുഷനെപ്പോലെ ആചരിക്കുക.

അപസവ്യം-൧. പ്രതികൂലം, ഇടത്തുഭാഗത്തിൽനിന്നു വിട്ടതു് എന്നു ശബ്ദാൎത്ഥം. ൨, ശരീരത്തിൻെറ വലത്തുഭാഗം, ൩. പെരുവിരലിനും ചൂണ്ടാണിവിരലിനും മദ്ധ്യേയുള്ളസ്ഥലം.

അപസവ്യ-വി. ൧. വലത്തെ. ൨. എതിരായുള്ള. ൩. വിരോധമായുള്ള.

അപസ്കരം-രഥത്തിൻെറ അവയവങ്ങളുടെ പേർ. അതാതുസ്ഥാനത്തിൽ വെയ്ക്കപ്പെടുന്നതു് എന്നു ശബ്ദാൎത്ഥം.

'രഥാംഗമപസ്കരഃ' (അമരം)

[രഥാംഗം, അപസ്കരം ൨-ം, തേരിൻെറ അവയവങ്ങളുടെ പേർ. അപസ്കരശബ്ദം ചക്രമൊഴിച്ചു ബാക്കിയുള്ള രഥാവയവത്തെ പറയുന്നതാണെന്നും അഭിപ്രായമുണ്ടു്.]

അപസാരണം-ദൂരെ നീക്കുക, ഓടിക്കുക, പുറത്താക്കുക.

അപസ്തംഭം-ഉറപ്പിക്കുക, ഉറപ്പിക്കൽ.

അപസ്തംഭം-ജീവശ്വാസം നിറഞ്ഞതായി നെഞ്ഞിനു് ഒരുവശത്തിരിക്കുന്ന ഒരു പാത്രം.

അപസ്ഖലം-ചാട്ടം.

അപസ്നാത-മരിച്ച ആളെ ഉദ്ദേശിച്ചു കുളിച്ചവൻ. അപകൃഷ്ടമായി സ്നാനംചെയ്തവൻ എന്നു ശബ്ദാൎത്ഥം.

'അപസ്നാതോമൃതസ്നാതഃ' (അമരം)

[അപസ്നാതൻ, മൃതസ്നാതൻ ൨-ം, പുലകുളിച്ചവൻെറ പേർ.]

അപസ്നാനം-പുലകുളി (മരിച്ചവനെ ഉദ്ദേശിച്ചുള്ള കുളി.)

അപസ്മരിക്ക-മറക്കുക.

അപസ്മാരം - ബോധംകെട്ടുവീഴുന്ന ഒരു രോഗം.

അപസ്മൃതി-ഓൎമ്മകേടു്.

അപസ്വരം-തെററിയ സ്വരം.

അപഹം-തള്ളിക്കളയുക, പുറത്താക്കുക ഇ-ം, 'അതിസാരാപഹം' ക്ഷയാപഹം ഇത്യാദി.

അപഹൎത്തവു് -അപഹരിച്ചവൻ, ബലാൽ കൈക്കലാക്കിയവൻ.

അപഹരിക്കുക-൧. പിടിച്ചുപറിക്കുക. ബലം പ്രയോഗിച്ചു കൈക്കലാക്കുക. ൨. ഇല്ലായ്മചെയ്യുക.

അപഹല-വി. ചീത്തകലപ്പയുള്ള.

അപഹസിക്കുക-പരിഹസിക്കുക, കാരണംകൂടാതെ ചിരിക്കുക.

അപഹായ-അ. കൂടാതെ, ഒഴിച്ചിട്ടു്, വിട്ടിട്ടു്, ഉപേക്ഷിച്ചിട്ടു്.

അപഹാരം, അപഹരണം-കൊള്ള, പിടിച്ചുപറിക്ക, അന്യൻെറ ധനത്തെ അവൻെറ സമ്മതംകൂടാതെ കൈവശമാക്കുക.

'അപഹാരസ്ത്വപചയഃ' (അമരം) [അപഹാരം, അപചയം ര-ം, അന്യന്റെ സ്വത്തിനെ അവന്റെ സമ്മതം കൂടാതെ കൈവശമാക്കുന്നതിന്റെ പേർ]

അപഹാരകൻ, അപഹാരി-കൊള്ളക്കാരൻ, പിടിച്ചുപറിക്കുന്നവൻ.

അപഹാസം-പു. പരിഹാസം.
'ഭൂഷണങ്ങളധികം ധരിക്കിലും
ദോഷമെന്നെങ്കിലപഹാസകാരണം'
(ബാലഭൂഷണം)
ര. അകാരണമായ ചിരി.

അപഹാസി-വി. പരിഹസിക്കുന്ന.

അപഹാസ്യ-വി. അപഹസിക്കത്തക്ക, പരിഹസിക്കത്തക്ക.

അപഹാസ്യം-പു. പരിഹാസം, ര. അകാരണമായ ചിരി.

അപഹിതം-ഹിതക്കേട്.

അപഹൃത-വി. അപഹരിക്കപ്പെട്ട, പിടിച്ചുപറിക്കപ്പെട്ട.

അപഹ്നവം-പു. മറയ്ക്കൽ. ര. സ്നേഹം, മ. നിഷേധം.

അപഹ്നുതി-പു. ഒന്നിനെ അല്ലെന്നു മറയ്ക്കുക. ര. അലങ്കാരങ്ങളിൽ ഒന്ന്. 'വർണ്ണ്യവസ്തുവിനെ അതല്ലെന്നു ശബ്ദം കൊണ്ടുതന്നെയോ അർത്ഥംകൊണ്ടോ നിഷേധിച്ചിട്ട് അതാട സദൃശമായ മറ്റൊരു വസ്തുവാണെന്നു പറയുന്നത്'. (ഭാഷാഭൂഷണം).

അപാക-വി. പു. പാകമാകാത്ത, മൂക്കാത്ത, പഴുക്കാത്ത. ര. വേകാത്ത. മ. ദഹിക്കാത്ത.

അപാകത-സ്വഭാവത്തിന്റെ പാകതയില്ലായ്മ.

അപാകശാകം-ഇഞ്ചി.

അപാകൃതം-പു. നീക്കപ്പെട്ട. ര. നശിക്കപ്പെട്ട.

അപാകൃതി-നീക്കം, മാററം.

അപാംഗ-വി. അവയവഹീനമായ.

അപാംഗക-വി. അവയവഹീനംവന്ന.

അപാംഗൻ, അപാംഗകൻ-കാമദേവൻ.

അപാംഗകം-പു. കടക്കണ്ണ്. കണ്ണിന്റെ പുറങ്കോണ്. ര. വലിയകടലാടി. മ. തിലകം (പൊട്ട്).

അപാംഗദർശനം, അപാംഗദൃഷ്ടി-കടക്കണ്ണുകൊണ്ടുള്ള നോട്ടം, ചിരിച്ചുനോക്കുക, കടാക്ഷം.

അപാംഗം-പു. കടക്കണ്ണു, മിഴി ഇവിടെ ചെല്ലുകകൊണ്ട് ഈ പേരുണ്ടായി. (വാൽക്കണ്ണു).
'അപാംഗൌ നേത്രയോരന്തൌ' (അമരം) ര. തിലകം (പൊട്ട്.) മ. മതസംബന്ധമായി നെററിയിലിടുന്ന കുറി.

അപാകന്മാർ-മഹാകാവ്യകാലത്ത് ഹിന്ദുക്കൾ ആദ്യനിവാസികളെ വിളിച്ചുവന്ന ഒരു പേർ.

അപാചി-തെക്കേദിക്ക്. സൂര്യൻ ഇവിടെ മദ്ധ്യാഹ്നത്തിൽ ഗമിക്കുന്നതിനാൽ ഈ പേർ വന്നു.
[ഇവിടെ അപ എന്നതിനു മദ്ധ്യം എന്നർത്ഥം. അമരത്തിൽ 'അവാചീ' എന്നു കാണുന്നു് അപപാഠമെന്നു ര മാത്രമി പറയുന്നു.]

അപാചീന-വി. പു. തെക്കേദിക്കിൽ ഭവിച്ച, ര. പിറകിലുള്ള.

അപാടവം-പു. പാടവം (സാമർത്ഥ്യം) ഇല്ലാത്ത. ര. ദീനം.

അപാണിനീയ-വി. പാണിനിയുടെ വ്യാകരണം നല്ലവണ്ണം പഠിച്ചിട്ടില്ലാത്ത

അപാത്രം-പു. അയോഗ്യം. ര. ഉപയോഗമില്ലാത്ത പാത്രം. മ. വിലയില്ലാത്ത ആൾ. ര. സമ്മാനത്തിന് അർഹതയില്ലാത്ത ആൾ. ര. അസ്ഥാനം.

**അപാത്രീകരണചതുഷ്ടയം**— നിന്ദിതന്റെ ധനം വാങ്ങുക, വാണിജ്യം, ശൂദ്രസേവനം, അസത്യഭാഷണം ഇവ നാലും ബ്രാഹ്മണരെ അയോഗ്യരാക്കുന്ന പ്രവൃത്തികളാകുന്നു.

'നിന്ദിതേഭ്യോധനാദാനം
വാണിജ്യംശൂദ്രസേവനം
അപാത്രീകരണംജ്ഞേയം
അസത്യസ്യചഭാഷണം'

(മനുസ്മൃതി)

**അപാദാന**-വി. ഉൽകൃഷ്ടചരിത്രങ്ങളോടു കൂടിയ.

**അപാദാനം**-൧. നീക്കം, എടുക്കുക. ൨. ഒന്നിൽനിന്നെടുക്കുക. ൩. അഞ്ചാമത്തെ വിഭക്തിയെക്കുറിച്ചുള്ള ഒരു സംജ്ഞ.

'ധ്രുവമപായേഽപാദാനം'

(പാണിനിസൂത്രം)

**അപാനൻ**- പഞ്ചവായുക്കളിൽ ഒന്നു് (അധോവായു). വിണ്മൂത്രങ്ങളെ അധോമുഖമാക്കിച്ചെയ്തു പ്രാണികളെ ജീവിപ്പിക്കുന്നവൻ എന്നർത്ഥം. അപാനന്റെ സ്ഥാനം ഗുദമാകുന്നു.

**അപാനം**-മലദ്വാരം. അധോവായുവിനെ വിടുന്നതു് എന്നർത്ഥം.

**അപാമാർഗ്ഗം**-൧. വലിയ കടലാടി. ൨. ചെറിയ കടലാടി. ഇതിന്റെ കതിരിന്മേലുള്ള മണികൾ വേഗം മേൽതറക്കുന്നതിനാൽ ഈ അർത്ഥമുണ്ടായി. ഇതിന്റെ അടുത്ത വഴികൾ എല്ലാം അപകൃഷ്ടമാണു്. (അപകൃഷ്ട ആസമന്താൽമാർഗ്ഗോസ്യ).

ഇതു മൂലക്കുരു, മഹോദരം, രക്തദോഷം, ആമദോഷം, അതിസാരം, ഛർദ്ദി, ചൊറി, കഫരോഗം ഇവയെ ശമിപ്പിക്കും. ചെമന്നപൂവുള്ളതിനു 'രക്തപുഷ്പം' എന്നു പേർ. ഇതു വിഷദോഷഹരമാണു്. വേറെയും പല ഗുണങ്ങൾ ഉണ്ടു്.

**അപാംനാഥൻ**-൧. സമുദ്രം. ൨. വരുണൻ.

**അപാംനിധി**-൧. സമുദ്രം. ൨. വരുണൻ.

**അപാംപതി**-൧. സമുദ്രം. ൨. വരുണൻ. ജലങ്ങളുടെ നാഥൻ എന്നു താല്പര്യം.

**അപാമപിത്തം**-കൊടുവേലി.

**അപായശങ്ക**- അനർത്ഥത്തിനുള്ള സംശയം.

**അപാംയോനി**-സമുദ്രം.

**അപായം**-൧. അനർത്ഥം, നാശം. ൨. വ്യസനം. ൩. മരണം. ൪. ചേതം. ൫. മടങ്ങിപ്പോവുക. ൬. പുറപ്പാടു്. ൭. വിയോഗം.

**അപാര**-വി. ൧. പാരം(മറുകര)ഇല്ലാത്ത. ൨. അതിരില്ലാത്ത.

**അപാരം**-൧. ആനയുടെ രണ്ടു പിൻകാൽമുട്ടിന്റെ കീഴ്ഭാഗം. ഇതിനു 'അപരം' 'അവരം' എന്നിങ്ങനെ പാഠാന്തരങ്ങൾ കാണുന്നു. ൨. ഭൂമി.

**അപാരക**-വി. ശക്തിയില്ലാത്ത.

**അപാരം**-അതിരില്ലാത്തതു്, മറുകരയില്ലാത്തതു്.

**അപാർത്ഥ**-വി. ൧. അർത്ഥം(പ്രയോജനം) ഇല്ലാത്ത, പൊരുളില്ലാത്ത. ൨. ബുദ്ധിയില്ലാത്ത.

**അപാർത്ഥകരണം** - വ്യവഹാരത്തിൽ ഉടക്കുന്ന കളവായ വാദം.

**അപാവർത്തനം, അപാവൃത്തി**-൧. പിൻമാറ്റം. ൨. തിരിച്ചൽ. ൩. മറയിൽ ഉരുളുക.

**അപാവൃത**-വി. ൧ മൂടപ്പെട്ട ൨. ചുററപ്പെട്ട. ൩. തടസ്സപ്പെട്ട. ൪. തുറക്കപ്പെട്ട ൫. തന്നിഷ്ടമുള്ള.

**അപാവൃതൻ**-സ്വതന്ത്രൻ ആവരണം (തടസ്സം) ഇല്ലാത്തവൻ എന്നു ശബ്ദാർത്ഥം. തന്റെ ഇഷ്ടംപോലെ നടക്കുന്നവൻ.

അപാവൃതി, അപാവരണം-ന. ൧. മൂടുക. ൨. മൂടുക, മറയ്ക്കുക.

അപാസനം-കൊല, വധം.

അപാസരണം-മടങ്ങൽ, പിൻവാങ്ങൽ.

അപാസു-വി. ജീവൻപോയ, ചത്ത.

അപാസ്ത-വി. ൧. ഉപേക്ഷിക്കപ്പെട്ട. ൨. നിന്ദിക്കപ്പെട്ട. ൩. എറിയപ്പെട്ട. ൪. വധിക്കപ്പെട്ട. ൫. നിരസിക്കപ്പെട്ട.

അപാസ്തൻ-നിരസിക്കപ്പെട്ടവൻ.

അപി-അ. ൧. ഗർഹാ (നിന്ദ). ൨. സമുച്ചയം. ൩. പ്രശ്നം (ചോദ്യം). ൪. ശങ്ക (അനിശ്ചിതമായതിന്റെ ഊഹം). ൫. സംഭാവന (ശക്ത്യുൽകർഷത്തെ പ്രകാശിപ്പിപ്പാനായിക്കൊണ്ടുള്ള അത്യുക്തി).

'ഗർഹാസമുച്ചയപ്രശ്ന

ശങ്കാസംഭാവനാസ്വപി (അമരം)

[൧. ഗർഹയിൽ ഉ-ം, അപിപചാണ്ഡ്യാ സിഞ്ചേൽ ഉള്ളിയെ നനക്കുക തന്നെ നിന്ദക്കു കാരണം. ൨. സമുച്ചയത്തിൽ ഉ-ം, പാലയമാമപിപുത്രമപി-എന്നെയും പുത്രനെയും രക്ഷിച്ചാലും. ൩. പ്രശ്നം. ഉ-ം, അപിഭദ്രം-സൌഖ്യം തന്നെയോ. ൪. ശങ്ക ഉ-ം, അപിചോരോഭവേൽ- കള്ളനായിരിക്കുമോ. ൫. സംഭാവന. ഉ-ം, സമുദ്രമപിലംഘയേൽ -സമുദ്രത്തെക്കൂടി കടക്കും]

അപിഗീർണ്ണ-വി. സ്തുതിക്കപ്പെട്ട.

അപിച-അ. അത്രതന്നെയുമല്ല.

'അപിചമമമയിതാകളിയ-

പ്പനതിചിരമസുതാ പ്രാണൻ'

(നളചരിതം കഥകളി)

അപിച്ഛില-വി. ൧. പശയില്ലാത്ത. ൨. തെളിവുള്ള. ൩. കവങ്ങൽ ഇല്ലാത്ത.

അപിതു-എങ്കിലും, എന്നാലും.

അപിതൃക-വി. ൧. പിതാവില്ലാത്ത. ൨. പിതൃസംബന്ധമില്ലാത്ത.

അപിധാനം-മറയ്ക്കുക.

അപിനദ്ധൻ-ചട്ടയിട്ടവൻ.

അപിനദ്ധം-കെട്ടപ്പെട്ട ചട്ട, കപ്പായം മുതലായവ ബന്ധിക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം.

അപിനദ്ധ-വി. ചട്ട ധരിക്കപ്പെട്ട, വസ്ത്രം ധരിക്കപ്പെട്ട. ൨. ബന്ധിക്കപ്പെട്ട.

അപീനസം-ഒരു നാസാരോഗം.

[വാതകഫങ്ങളാൽ ഉത്ഭവിക്കപ്പെട്ടതാണു്- ലക്ഷണം പീനസത്തിന്റേതു തന്നെ ]

അപുഷ്ടം – കാവ്യദോഷങ്ങളിൽ ഒന്നു്. 'നിഷ്പ്രയോജനമോ അന്യഥാസിദ്ധമോ ആയതു്' എന്നു ഭാഷാഭൂഷണം.

ഉ-ം, ചെവികൊണ്ടുകേട്ടു്. കണ്ണുകൊണ്ടു കണ്ടു്.

അപുഷ്പഫലദം-പ്ലാവു്.

അപുഷ്പഫലസംബന്ധം — അത്തിയാലു്.

അപൂപം-അപ്പം. പൊട്ടിച്ചിതറാത്തതു് എന്നർത്ഥം.

അപൂപികി-ഇലവു്.

അപൂർവ-വി. ൧. അസാധാരണമായ. ൨. വിശേഷമായ. ൩. മുമ്പേയില്ലാത്ത, പുതനായ. ൪. കീഴ്ക്കേളില്ലാത്ത,

അപൂർവപതി-കന്യക.

അപൂർവം-൧. പുക്കം. ൨. ഏതു സംഗതിക്കു പണ്ടുപണ്ടേയുള്ള കാരണം. ൩. പരബ്രഹ്മം.

അപേത-വി. ൧. നശിച്ച. ൨. പോയ, ഇല്ലാത്ത. ൩. കൂടാത്ത.

അപേതരാക്ഷസി-തുളസി.

അപേയ-വി. പേയം (കുടിക്കത്തക്കതു്) അല്ലാത്ത.

അപേക്ഷ, അപേക്ഷണം-ന. ൧. ആഗ്രഹം. ൨. ആവശ്യം. ൩. കാത്തിരിപ്പു്. ൪. യാചന. ൫. വിചാരം. ൬. ഹർജി.

അപേക്ഷണീയ, അപേക്ഷ്യ, അപേക്ഷിതവ്യ-വി. ൧. വിചാരിക്ക

പ്പെടത്തക്ക. ൨. ആഗ്രഹിക്കപ്പെടത്തക്ക. ൩. ആവശ്യപ്പെടത്തക്ക.

അപേക്ഷണീയം > < ഉപേക്ഷണീയം.

'ആയാതമായാതമപേക്ഷണീയം
ഗതംഗതംസർവ്വമുപേക്ഷണീയം'

**അപേക്ഷിത**-വി. ൧. അപേക്ഷിക്കപ്പെട്ട. ൨. ആവശ്യപ്പെട്ട. ൩. ആഗ്രഹിക്കപ്പെട്ട.

**അപേക്ഷി**-വി. ൧. ആഗ്രഹിക്കുന്ന, അപേക്ഷിക്കുന്ന. ൨. ആവശ്യപ്പെടുന്ന.

**അപോഗണ്ഡൻ**-പു. ജനിക്കുമ്പോൾ തന്നെ അംഗവൈകല്യമുള്ളവൻ. അപകൃഷ്ടനായി ജനങ്ങളാൽ കണക്കാക്കപ്പെട്ടുന്നവൻ എന്നു ശബ്ദാർത്ഥം. ൨. പത്തുവയസ്സുവരെ പ്രായമുള്ള കുട്ടി. മേലാസകലം ചുളിയുള്ളവൻ അപോഗണ്ഡൻ. ഏതെങ്കിലും ചില അംഗങ്ങൾ അധികമുള്ളവൻ.

**അപോദിക**-വലിയ വശളച്ചീര.

**അപോദ്ധാരം** - (വ്യാകരണത്തിൽ) അനേകം ഉപവാക്യങ്ങളെ കൂട്ടിക്കെട്ടിച്ചമച്ചിരിക്കുന്ന ഒരു പ്രധാന വാക്യത്തെ അഴിച്ചു തരംതിരിക്കുക.

**അപോഹം, അപോഹനം**-നിർണ്ണയിക്കൽ.

[ഊഹാപോഹം (ഊഹം + അപോഹം) ഊഹം = ഒന്നിനെക്കുറിച്ചുള്ള ആലോചന. അപോഹം = ആലോചിക്കപ്പെട്ടതിന്റെ തീരുമാനം.]

**അപോഹ്യ, അപോഹനീയ**-വി. നിർണ്ണയിക്കത്തക്ക.

**അപൌരുഷ, അപൌരുഷേയ**-വി. പുരുഷത്വമില്ലാത്ത, ധൈര്യക്കുറവുള്ള

**അപൌരുഷം**-പുരുഷത്വമില്ലായ്ക, ധൈര്യക്കുറവ്.

**അപ്ലോഷ്യാമം**-ഒരുയന്ത്രം.

**അപ്പ്**-വെള്ളം.

**അപ്പക്കാരൻ**-അപ്പം (പലഹാരം) ഉണ്ടാക്കി വിൽക്കുന്നവൻ.

**അപ്പക്കാരിക**-അപ്പം വാർക്കുന്ന ഒരു പാത്രം. ഇതിനു കുഴികൂടിയുണ്ടായിരിക്കും.

**അപ്പക്കാരോൽ**-അപ്പം വാർക്കുന്ന ഒരു പാത്രം. ഇതിനു കുഴികൂടിയുണ്ടായിരിക്കും.

**അപ്പച്ചി**-അമ്മൂമ്മ.

**അപ്പച്ചൻ**-പു. ൧. ഭർത്താവിന്റെ അപ്പൻ. ൨. ഭാര്യയുടെ അപ്പൻ. ൩. അമ്മായപ്പൻ.

**അപ്പടി**-അപ്രകാരം.

**അപ്പടി**-മുഴുവനും.

**അപ്പതി**-പു. വരുണൻ. അപ്പുകളുടെ (ജലങ്ങളുടെ) പതി (നാഥൻ). ൨. സമുദ്രം.

**അപ്പൻ**-പു. പിതാവ് (അച്ഛൻ). ൨. പിതാവിന്റെ (അച്ഛന്റെ) അനുജൻ.

**അപ്പന്മാർ**-ദൈവങ്ങൾ. ഉ-ം, ഉദനാപുരത്തപ്പൻ, വൈക്കത്തപ്പൻ ഇത്യാദി.

**അപ്പൻവിരൽ**-തള്ളവിരൽ.

**അപ്പം**-പലഹാരം, അരിമാവ്, ഗോതമ്പ് മുതലായവ തനിച്ചും വേറെപലതും കൂട്ടിച്ചേർത്തിട്ടും ഉണ്ടാക്കുന്ന തിൻപണ്ടം.

'പൂപോപൂപഃപിഷ്ടകഃസ്യാൽ' (അമരം)

[പൂപം, അപൂപം, പിഷ്ടകം ൩-ം അപ്പത്തിന്റെ പേർ.]

**അപ്പാ**-അ. ഒരു അത്ഭുതദ്യോതകപദം, ഒരു വ്യാക്ഷേപകം. അസാമാന്യമായ ദുഃഖത്തിലും ആശ്ചര്യത്തിലും സന്തോഷത്തിലും മററും പറയാറുണ്ട്. അപ്പം, അപ്പപ്പാ, അപ്പടാ, അമ്പോ, അയ്യോ.

**അപ്പാടെ**-അപ്രകാരം.

**അപ്പാട്ട്**-അപ്രകാരം.

**അപ്പാട്ട്**-അയൽ, (അങ്ങേവീട്).

'അപ്പാട്ടെവീട്ടിലെകാളക്കിടാവിനെ
കട്ടവൻനമ്മുടെവീട്ടിലുംകെട്ടിനാൻ'
(കൃഷ്ണലീല തുള്ളൽ)

**അപ്പാൽ**-അവിടെ.

'പോരിടരയറിഞ്ഞനൻമാമരത്താൽ
പോയിതുപലനറങ്ങായതപ്പാൽ'
(രാമചരിതം)

**അപ്പായി**-അച്ഛന്റെ അമ്മ.

**അപ്പി**-൧. മലം. ൨. കുഞ്ഞ്, ഓമന.

**അപ്പിത്തം**-൧. തീയ്, അഗ്നി. പിത്തം എന്നപോലെ വെള്ളത്തെ ദഹിപ്പിക്കുന്നവൻ എന്നർത്ഥം. ൨. കൊടുവേലി.

**അപ്പു**-ഇരുവേലി.

**അപ്പുപ്പൻ** - അച്ഛന്റെയോ അമ്മയുടെയോ അച്ഛൻ.

**അപ്പുറപ്പെടുക**-മുതിരുക.

**അപ്പുറം**-അങ്ങേപ്പുറം, മറുപുറം.

**അപ്പോൾ**-അ. ആ സമയത്ത്, അന്നേരത്ത്.

**അപ്പൊഴുത്**-ആ സമയത്ത്, അപ്പോൾ.
അപ്പൊഴുതമരകൾകൈക്കൊണ്ടാരതിദ്രുതം
(ഭാഗവതം)

[പൊഴുതു-(കാലം) എന്ന ശബ്ദത്തിലെ 'തു' ലോപിക്കുമ്പോൾ 'അപ്പോൾ' 'ഇപ്പോൾ' 'എപ്പോൾ' എന്ന രൂപങ്ങൾ സിദ്ധിക്കുന്നു എന്നു പാണിനീയം.]

**അപ്പോലെ**-അതുപോലെ, അവ്വണ്ണം.
'അപ്പോലെമസൃണമേന്നതുഗന്ധവും'
(ഭാഗവതം)

**അപ്രകരണം**-൧. സംബന്ധമില്ലാത്ത സംഗതി. ൨. ഇടയിൽ സംഭവിക്കുന്നത്. ൩. അപ്രധാനമായ സംഗതി, കാര്യം.

**അപ്രകാണ്ഡം**-൧. തണ്ടില്ലാതെയും ഇലവിസ്താരത്തോടും ഉള്ള വള്ളി. ൨. കുറ്റുവൽ. ൩. കുറുകാട്, തായ്ത്തടിയില്ലാത്ത കാട്.

**അപ്രകാരം**-അ. അതിൻവണ്ണം, അതനുസരിച്ച്, അവ്വണ്ണം.

**അപ്രകാശം, അപ്രകാശനം**-൧. പ്രകാശം (തെളിവ്) ഇല്ലായ്ക. ൨. മറഞ്ഞ സ്ഥിതി, രഹസ്യമായ സ്ഥിതി.

**അപ്രകൃതാശ്ലേഷം**-ഒരലങ്കാരം. ശ്ലേഷത്താലുണ്ടാകുന്ന രണ്ടർത്ഥങ്ങളും അപ്രകൃതങ്ങളാകുന്നത്.

**അപ്രകൃഷ്ട**-വി. നിന്ദ്യമായ, ചീത്തയായ, നീചമായ.

**അപ്രകൃഷ്ടാ**-കാക്ക, കാകൻ.

**അപ്രക്ഷിത**-വി. നശിക്കാത്ത, ക്ഷയിക്കാത്ത.

**അപ്രഗല്ഭ**-വി. ൧. സാമർത്ഥ്യമില്ലാത്ത ൨. ഹീനമായ. ൩. പ്രസിദ്ധമല്ലാത്ത. ൪. ധൈര്യമില്ലാത്ത, കുലുക്കമില്ലാത്ത.

**അപ്രഗല്ഭം**-അസമർത്ഥം.

**അപ്രഗുണ**-ചിതറിയ, ചിന്നിച്ചിതറിയ

**അപ്രഗ്രാഹ**-൧. കീഴടക്കമില്ലാത്ത. ൨. ബന്ധനമില്ലാത്ത. ൩. സ്വാതന്ത്ര്യമുള്ള.

**അപ്രതാപം**-൧. പ്രതാപം (പ്രഭാവം) ഇല്ലായ്ക. ൨. ചൂടില്ലായ്ക. ൩. തേജസ്സില്ലായ്ക. ൪. മഹത്വമില്ലായ്ക.

**അപ്രതി**-വി. ശത്രുവില്ലാത്ത, വിരോധിയില്ലാത്ത.

**അപ്രതിഗ്രാഹക**-കൈക്കൊള്ളാത്ത.

**അപ്രതിപക്ഷ**-വി. ശത്രുവില്ലാത്ത.

**അപ്രതിപത്തി**-ഇന്നതു ചെയ്യേണമെന്നുള്ള അറിവില്ലായ്ക, ശ്രദ്ധയില്ലായ്ക.

**അപ്രതിബന്ധ**-വി. തടസ്സമില്ലാത്ത.

**അപ്രതിഭ**-വി. ൧. പ്രതിഭ (ബുദ്ധിവിശേഷം) ഇല്ലാത്ത. ൨. വിവേകശക്തിയില്ലാത്ത. ൩. പ്രതിബിംബിക്കാത്ത.

**അപ്രതിഭടൻ**-എതിരില്ലാത്ത യോദ്ധാവ്, തുല്യനില്ലാത്തപടയാളി, യുദ്ധഭടൻ.

**അപ്രതിമ**-വി. തുല്യമില്ലാത്ത, ഉപമയില്ലാത്ത, മറ്റൊന്നിനോടു സദൃശപ്പെടുത്താൻ വയ്യാത്ത.
'കെല്പുള്ളമരിമാരെചാല്പ്പൊരുമെന്നമെന്നകൾ
അപ്രതിമന്മാരവനേ'
(നളചരിതം കഥകളി)

**അപ്രതിയോഗി**-പ്രതിയോഗി (എതിരാളി) ഇല്ലാത്ത, എതൃകക്ഷിയില്ലാത്ത.

**അപ്രതിരഥൻ**-൧. എതിരാളിയില്ലാത്ത യോദ്ധാവ്. ൨. മുനി.

**അപ്രതിരവ**-വി. തർക്കം ഉടക്കാത്ത.

**അപ്രതിഷ്ഠ**-വി. ൧. പ്രതിഷ്ഠ (ഉറപ്പ്) ഇല്ലാത്ത. ൨. പ്രയോജനമില്ലാത്ത ൩. യശസ്സില്ലാത്ത.

**അപ്രതിഹത**-വി. നശിക്കപ്പെടാത്ത.
'അപ്രതിഹതമദമത്തന്മാരിൽ'
(അംബരീഷചരിതം കഥകളി)

**അപ്രതീക്ഷണം**-ഓർത്തിരിക്കാത്തത്.

**അപ്രതീതം**-൧. (കാവ്യത്തിൽ പദദോഷങ്ങളിൽ ഒന്ന്. 'ശാസ്ത്രമാത്രത്തിലല്ലാതെ ലോകത്തിൽ പ്രസിദ്ധികുറഞ്ഞത്' ഉ-ം, 'ഏഴാമേടം' ജ്യോതിശ്ശാസ്ത്രത്തിൽ 'ഭാര്യ' എന്നർത്ഥം. ൨. പ്രസിദ്ധി കുറഞ്ഞത്.

**അപ്രത്യക്ഷം**-വി. ഇന്ദ്രിയങ്ങൾക്ക വിഷയമല്ലാത്തത്, കാണാത്തത്, ഇല്ലാത്തത്. പ്രത്യക്ഷവിരുദ്ധം എന്ന ശബ്ദാർത്ഥം.

**അപ്രഥമൻ**-പ്രാഥമ്യമില്ലാത്തവൻ, പ്രാധാന്യമില്ലാത്തവൻ, ആദ്യത്തേവനല്ലാത്തവൻ.

**അപ്രദിക്ഷിണം** - ഇടത്തുനിന്നു വലത്തോട്ട്.

**അപ്രധാനൻ**-മുഖ്യനല്ലാത്തവൻ.

**അപ്രധാനം**-പ്രധാനമല്ലാത്തത്.
'അപ്രാഗ്ര്യം ദ്വയഹീനോദ്വേ
അപ്രധാനോപസർജ്ജനേ'
(അമരം)
[അപ്രാഗ്ര്യം, അപ്രധാനം, ഉപസർജ്ജനം ൩-ം, അപ്രധാനത്തിന്റെ പേർ]

**അപ്രമത്തഭാവം**-മനസ്സിരുത്തൽ.
'ഈവണ്ണമിഹ ഭുവനപുസ്തകമപ്രമത്ത-
മവലോകയന്നധികസുകൃതയെന്നബുദ്ധ്യാ'
(സുഭാഷിതരത്നാകരം)

**അപ്രമാണം**-൧. കളവ്. ൨. പ്രമാണം (കാരണം) ഇല്ലാത്തത്. ൩. വേദശാസ്ത്രാദികൊണ്ട സാക്ഷിപ്പെടുത്തുവാൻ വയ്യാത്തത്. ൪. പരിച്ഛേദമില്ലാത്തത്. ൫. വിശ്വാസം ഇല്ലാത്തത്. ൬. ദൃഷ്ടാന്തമില്ലാത്തത്. ൭. നിശ്ചയമില്ലാത്തത്. ൮. അതിർത്തിയില്ലാത്തത്. ൯. തെററായുള്ളത്.

**അപ്രമുക്ത**-വി. ൧. കെട്ടഴിഞ്ഞ. ൨. വിട്ടയച്ച. ൩. അഴിച്ചുവിട്ട.

**അപ്രമേയ**-വി. ൧. പ്രമാണിപ്പാനുള്ള കാരണം ഇല്ലാത്ത. ൨. അളക്കത്തക്കതല്ലാത്ത. ൩. എണ്ണത്തക്കതല്ലാത്ത. ൪. ഗ്രഹിച്ചുകൂടാത്ത; നിർണ്ണയിക്കാൻ വയ്യാത്ത.
'അപ്രമേയസ്ത്രീപുരുഷസംവാദങ്ങളും'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

**അപ്രമോദം**-സന്തോഷമില്ലായ്ക.

**അപ്രയത്നം**-പ്രയത്നമില്ലായ്ക, ജാഗ്രതയില്ലായ്ക, മടി.

**അപ്രയാസം**- എളുപ്പത്തിൽ, പ്രയാസമില്ലാതെ.

**അപ്രയുക്തം**-൧. പ്രയുക്തമല്ലാത്തത്, പ്രയോഗിക്കാവുന്നത്. ൨. (കാവ്യത്തിൽ) പദദോഷങ്ങളിൽ ഒന്ന്. ഒരു കാലത്തു നടപ്പുണ്ടായിരുന്നിട്ടു കാലക്രമേണ ഉപയോഗമില്ലാതെവന്നത്. ഉ-ം, 'വിള്ളു' ഇത്യാദി.

**അപ്രയോജനം**-വി. പ്രയോജനം (ഉപകാരം) ഇല്ലാത്ത.

**അപ്രവക്തവ്യം**-പറയത്തക്കതല്ലാത്ത.

**അപ്രശസ്ത**-വി. പ്രശസ്തം (പ്രശംസിക്കപ്പെട്ടത്) അല്ലാത്ത, കീർത്തിയില്ലാത്ത, നല്ലതല്ലാത്ത.

**അപ്രസക്ത**-വി. ൧. ചേർന്നിട്ടില്ലാത്ത. ൨. പ്രിയമില്ലാത്ത.

**അപ്രസന്ന**-വി. പ്രസന്നം (തെളിവ്) ഇല്ലാത്ത, കലങ്ങിയ, പ്രസാദമില്ലാത്ത.

**അപ്രസന്നത**-തെളിവില്ലായ്മ.

**അപ്രസവൻ**-സന്തതിയില്ലാത്തവൻ(പ്രസവം സന്തതി.)

**അപ്രസാദം**-പ്രസാദം (സന്തോഷം) ഇല്ലായ്ക, തെളിവില്ലായ്ക.

**അപ്രസൂത**-വി. കുഞ്ഞില്ലാത്ത, മച്ചിയായ.

**അപ്രസിദ്ധ**- വി. പ്രസിദ്ധമില്ലാത്ത, കേൾവിപ്പെടാത്ത, അപൂർവമായ, പ്രകർഷേണ സാധിച്ചതല്ലാത്ത.

**അപ്രസ്തുത**-വി. കാര്യത്തിനോ സമയത്തിനോ യോജിക്കാത്ത. ൨. സംബന്ധമില്ലാത്ത. ൩. നിരർത്ഥകമായ.

**അപ്രസ്തുതപ്രശംസ**-ഒരലങ്കാരം.

ഇതിന്റെ ലക്ഷണം-'അപ്രസ്തുതപ്രശംസാഖ്യമപ്രസ്തുതമുരയ്ക്കുതാൻ'
(ഭാഷാഭൂഷണം)

'സാരസം വിരിയുന്നനേരത്തേപ്പാർത്തുപാർത്തു
പാരാതെ മധുപാനംചെയ്തിട്ടും മധുപന്മാർ'
(സംഭവം)

ഇവിടെ ദേവയാനിക്ക് യൌവനം പ്രാപ്തമായിരിക്കുന്ന സ്ഥിതിക്കു കാമുകനായ കചന് അവൾ അനുഭവയോഗ്യയായിരിക്കുന്നു എന്നുള്ള പ്രസ്തുതം വർണ്ണ്യമായിരിക്കെ, അപ്രസ്തുതമായിരിക്കുന്ന താമരയുടേയും വണ്ടിന്റെയും കാര്യം പറഞ്ഞിരിക്കയാൽ അപ്രസ്തുത പ്രശംസ എന്ന അലങ്കാരമാകുന്നു.

**അപ്രഹത**-വി. ൧. ഉപദ്രവിക്കപ്പെടാത്ത, അടിക്കപ്പെടാത്ത ൨. കൃഷിചെയ്യപ്പെടാത്ത.

**അപ്രഹതം**-ഒരിക്കലും ഉഴാത്ത ഭൂമി, ഒരുനാളും ഉഴാത്ത നിലം, ഒരു കാലത്തും ഉഴാത്ത ഭൂമി. കലപ്പ മുതലായതിനാൽ പീഡിക്കപ്പെടാത്തതു് എന്നു അർത്ഥം.

**അപ്രാകൃത**-വി. പ്രാകൃതമല്ലാത്ത, ഹീനമല്ലാത്ത, മുഖ്യമായ, പ്രത്യേകമായ, വിശേഷമായ, അകാര്യം ചെയ്യാത്ത, സജ്ജനങ്ങളിൽനിന്നു വേർപിരിയാത്ത.

**അപ്രാകാശ്യം**-രഹസ്യമായി വയ്ക്കേണ്ട കാര്യങ്ങൾ- ഇവ- ൯.

'ജന്മർക്ഷംമൈഥുനംമന്ത്രോ
ഗൃഹച്ഛിദ്രം ച വഞ്ചനം
ആയുർദ്ധനാപമാനം സ്ത്രീ
നപ്രകാശ്യാനിസർവ്വദാ'

**അപ്രാഗ്ര്യ** - വി. പ്രാഗ്ര്യം അല്ലാത്ത, അപ്രധാനമായ.

**അപ്രാഗ്ര്യൻ**-പ്രധാനനല്ലാത്തവൻ.

**അപ്രാപണം**-ലഭിക്കായ്ക, കിട്ടായ്ക.

**അപ്രാപ്തകാലമൃതി**-അകാലമരണം.

**അപ്രാപ്യം**-കിട്ടാൻ എളുപ്പമല്ലാത്തതു്.

**അപ്രാമാണിക**-വി. ൧. വിശ്വസിക്കത്തക്കതല്ലാത്ത ൨. അധികാരമില്ലാത്ത

**അപ്രിയ** -വി. പ്രിയമല്ലാത്ത, ഇഷ്ടമല്ലാത്ത.

'ദുർമ്മുഖേമുഖരാബദ്ധമുഖഃ (അമരം)
[ദുർമ്മുഖൻ, മുഖരൻ, അബദ്ധമുഖൻ ൩-ം, അപ്രിയത്തെ പറയുന്നവന്റെ പേർ.]

**അപ്രിയവചനം**-മുഷിഞ്ഞുപറയുക.

'പാരുഷ്യമതിവാദഃ' (അമരം)
[പാരുഷ്യം, അതിവാദം, ൨-ം അപ്രിയവചനത്തിന്റെ പേർ.]

**അപ്രിയൻ**-പു. മുഷിഞ്ഞുപറയുന്നവൻ. ൨. ശത്രു.

**അപ്രിയവാദി**-ഇഷ്ടക്കേടായി പറയുന്നവൻ, മുഷിഞ്ഞു പറയുന്നവൻ.

**അപ്രിയ**-൧ അപ്രിയം പറയുന്നവൾ. ൨. ഒരു മത്സ്യം (ശൃംഗീമത്സ്യം).

**അപ്രീതി**-൧. പ്രീതി (സന്തോഷം) ഇല്ലായ്ക. ൨. വിരോധം.

**അപ്രതരാക്ഷസി**-[illegible].

**അപ്സരസ്സുകൾ**-ഉർവ്വശി മുതലായ ദേവസ്ത്രീകൾ. അപ്പുകളിൽ (വെള്ളത്തിൽ) നിന്നുണ്ടായവർ, പുണ്യകർമ്മങ്ങളാൽ പ്രാ

പിക്കപ്പെടുന്നവർ, ധൈര്യത്തിൽനിന്നു സർവ്വരേയും തെറ്റിക്കുന്നവർ.

[ഉർവ്വശി മുതലായവർ പാലാഴിമഥനത്തിൽ ഉത്ഭവിച്ചവരാണ്. ഇവർ ദേവസുരന്മാർക്കു പൊതുവെ ഭാര്യമാരാകുന്നു. ഇതിനു കാരണം അവർ രണ്ടു കൂട്ടരും ആര്യം സ്വീകരിക്കാത്തതുതന്നെ. യുദ്ധത്തിൽ മൃതന്മാരായി സ്വർഗ്ഗം പ്രാപിക്കുന്ന യോദ്ധാക്കന്മാർക്ക് ഇവരത്രേ ഭാര്യമാർ. കളിയിൽ ഇവർക്കു താൽപര്യംകൂടും. ഇന്ദ്രനു വിപരീതമായി വല്ലവരും കഠിനതപം ആരംഭിച്ചാൽ ഉടനെ അദ്ദേഹം ഈ സ്ത്രീകളെ അയച്ചു തപോവിഘ്നം വരുത്തും. സുരാംഗനകൾ, സ്വർവ്വേശ്യകൾ, സമുദ്രാത്മജമാർ എന്നും ഇവർക്കു പേരുണ്ട്. വിചാരിക്കുന്ന രൂപത്തെ അവലംബിക്കുന്നതിന് ഇവർക്കു ശക്തിയുണ്ട്. ഇന്ദ്രസ്വർഗ്ഗത്തിലെ പ്രധാന അപ്സരസ്ത്രീകൾ 'ഘൃതാചിമേനകാരംഭോർവ്വശീ ച തിലോത്തമാ സുകേശീ മഞ്ജുഘോഷാദ്യാഃ കഥ്യന്തേപ്സരസോ ബുധൈഃ. അപ്സരസ്ത്രീകളിൽ ഉത്തമകളാണു 'ഉർവ്വശീപൂർവ്വചിത്തിസഹജന്യയും പിന്നെമിശ്രയാംമേനകയും വിശ്വാചീ ഘൃതാചിയും അപ്സരസ്ത്രീകളിൽവച്ചിവർ കളരവതമത്തുതാംഗികളിൽമുഖ്യമാത്തമാമേനകതാൻ'.] (ഭാരതം)

അപ്സരസ്തീർത്ഥം- അപ്സരസ്സുകൾ കളിക്കുന്ന ഒരു പരിശുദ്ധമായ തടാകം

അപ്സരസ്പതി- ഇന്ദ്രൻ.

അഫല-വി. ൧. ഫലമില്ലാത്ത. ൨. കായില്ലാത്ത. ൩. ഉപയോഗമില്ലാത്ത. ൪. കാര്യമില്ലാത്ത.

അഫലം-൧. ഒരിക്കലും കായ്ക്കാത്തമരം. ഫലമില്ലാത്തതു് എന്നു ശബ്ദാർത്ഥം.

അഫല-കററവാഴ.

അഫൂകം-കറപ്പ്.

അഫേന-വി. നുരയില്ലാത്ത, പതയില്ലാത്ത.

അഫേന(ക)ം-കറപ്പ്.

അപ്ലവിക്ക-സ്നാനംചെയ്ക.

അപ്ലവ-വി. ൧. കപ്പൽഇല്ലാത്ത, ൨. നീന്താത്ത.

അബന്ധ്യ-വി. ബന്ധ്യം (ബന്ധിക്കത്തക്കതു്) അല്ലാത്ത.

അബദ്ധ-വി. ൧. കെട്ടപ്പെടാത്ത. ൨. സ്വാതന്ത്ര്യമുള്ള,

അബദ്ധം-൧. അർത്ഥമില്ലാത്തവാക്ക്. മനസ്സംബന്ധിക്കപ്പെടാത്തതു്, കേൾക്കുന്നവന്റെ മനസ്സ് ഇതിൽ ബന്ധിക്കുന്നില്ല എന്നർത്ഥം. ൨. തെററ്, ദോഷംപാക. ൩. കെട്ടപ്പെടാത്തതു്.

'അബദ്ധംസ്യാദനർത്ഥകം' (അമരം)

[അബദ്ധം, അനർത്ഥകം ൨-ം, അർത്ഥമില്ലാത്ത വാക്കിന്റെ പേർ. അബദ്ധ്യം എന്നും പാഠാന്തരം കാണുന്നുണ്ട്]

അബദ്ധമുഖൻ-അപ്രിയമായ പറയുന്നവൻ, മുഖത്തെ അടക്കാത്തവൻ എന്നു ശബ്ദാർത്ഥം.

അബദ്ധ്യം-അർത്ഥമില്ലാത്ത വാക്ക്. അബദ്ധം.

അബല-വി. ബലം (ശക്തി) ഇല്ലാത്ത.

അബല - സ്ത്രീ. ബലംകുറഞ്ഞവൾ എന്നർത്ഥം.

അബലം-൧. ബലമില്ലാത്തതു്. ൨. നീർമാതളം. ൩. യവം.

അബാധം-൧. ബാധ (തടവ്) ഇല്ലായ്ക. ൨. ഉപദ്രവമില്ലായ്ക.

അബാധിത-വി. ബാധിതം (ബാധിക്കപ്പെട്ടതു്) അല്ലാത്ത,തടുക്കപ്പെട്ടതല്ലാത്ത.

അബോധവേള-അർദ്ധരാത്രി.

അബ്ജൻ-൧. ചന്ദ്രൻ. വെള്ളത്തിൽ ഉണ്ടായവൻ എന്നു വ്യുൽപത്തി. ൨. ദേവവൈദ്യനായ ധന്വന്തരി.

അബ്ജകർണ്ണിക, അബ്ജകേസരം -താമരയല്ലി.

അബ്ജജൻ-ബ്രഹ്മാവ്. അബ്ജത്തിൽ (താമരയിൽ) ജനിച്ചവൻ. അബ്ജശബ്ദത്തോടു ഭൂ, ഭവൻ, യോനി ഇത്യാദി പദങ്ങളെ ചേർത്താൽ ബ്രഹ്മാവ് എന്നർത്ഥംവരും.

അബ്ജനയനൻ-താമരക്കണ്ണൻ, താമരയുടെ ഇതൾപോലെ നീണ്ടകണ്ണുള്ളവൻ. അബ്ജശബ്ദത്തോടു ദൃക്, ലോചന, നയന, നേത്ര, അക്ഷ ഇത്യാദി ചേർത്താൽ താമരപോലെ കണ്ണുള്ള എന്നർത്ഥംവരും.

അബ്ജബാന്ധവൻ-സൂര്യൻ; താമരബന്ധുവായുള്ളവൻ.

അബ്ജഭോഗം-൧. താമരക്കിഴങ്ങ്. ൨, കവടി.

അബ്ജം-൧. ശംഖ്. ൨. താമര. ൩. കർപ്പൂരം. ൪. നീർക്കടമ്പ്. ൫. വെളുത്ത ആമ്പൽ. ൬. ൧000,000,000 എന്ന സംഖ്യ.

അബ്ജവാഹനൻ-ശിവൻ. ചന്ദ്രനെ വഹിക്കുന്നവൻ എന്നർത്ഥം.

അബ്ജയോനി-ബ്രഹ്മാവ്, താമരയിൽ നിന്നു ജനിച്ചവൻ.

'ഗണപതിഭഗവാനമബ്ജയോനി
പ്രണയിനിയാകിയദേവിവാണിതാനും'
(ശ്രീകൃഷ്ണചരിതം)

അബ്ജസംഭവൻ-ബ്രഹ്മാവ് (താമരയിൽനിന്നുണ്ടായവൻ)

അബ്ജസ്ഥിതൻ-ബ്രഹ്മാവ്.

അബ്ജഹസ്തൻ- സൂര്യൻ. കൈയിൽ താമരയോടുകൂടിയവൻ എന്നർത്ഥം.

അബ്ജിനി-താമരപ്പൊയ്ക.

അബ്ജിനീപതി-സൂര്യൻ.

അബ്ദൻ-൧. ജലദാനത്തെ ചെയ്യുന്നവൻ. ൨. ഒരു രാക്ഷസൻ.

'അബ്ദൻകമ്പസ്പാർശ്വമഹോദരൻ
അന്യരമലിപ്രഭംഘവിശങ്കൻ'
(ലങ്കാമർദ്ദനം തുള്ളൽ)

അബ്ദം-൧. മേഘം. ൨. വത്സരം, ൩. മുത്തങ്ങ. ൪. ഒരു പർവ്വതത്തിന്റെപേർ.

അബ്ദവാഹനൻ-൧. ഇന്ദ്രൻ. ൨. ശിവൻ.

അബ്ദസാരം-കർപ്പൂരം.

അബ്ധി-൧. സമുദ്രം. ജലത്തിന്റെ ഇരിപ്പിടം, വെള്ളത്തെ ധരിക്കുന്നതു് എന്നു വ്യുൽപത്തി. ൨. കുളം. ൩. കായൽ.

അബ്ധികഫം-കടൽനാക്ക് (കടൽനുര) സമുദ്രത്തിന്റെ കഫംപോലെയുള്ളതു് എന്നർത്ഥം.

അബ്ധിജ-വി. സമുദ്രത്തിൽനിന്നുണ്ടായ.

അബ്ധിജ-൧. ലക്ഷ്മീദേവി. ൨. മദ്യം.

അബ്ധിജൻ-ചന്ദ്രൻ.

അബ്ധിജന്മാർ-അശ്വനീപുത്രന്മാർ, ദേവന്മാർ.

അബ്ധിജാതൻ- ചന്ദ്രൻ, സമുദ്രത്തിൽ നിന്നു ജനിച്ചവൻ.

അബ്ധിജം-ശംഖ്, ചിപ്പി.

അബ്ധിഡിണ്ഡീരം-കടൽനാക്ക്, കടൽനുര.

അബ്ധിനഗരി-ദ്വാരക.

അബ്ധിനവനീത(ക)ം-ചന്ദ്രൻ.

അബ്ധിദ്വീപ-ഭൂമി, ദ്വീപം.

അബ്ധിനന്ദിനി- മഹാലക്ഷ്മി (സമുദ്രത്തിന്റെ മകൾ)

അബ്ധിപല്ലവം-പവിഴം.

അബ്ധിഫേനം-കടൽനുര, കടൽനാക്ക്

അബ്ധിഭവ - വി. സമുദ്രത്തിൽ നിന്നുണ്ടായ.

അബ്ധിമണ്ഡൂകി-മുത്തുച്ചിപ്പി.

അബ്ധിമേഖല-ഭൂമി. അബ്ധി (സമുദ്രം) ആകുന്നമേഖല (ഉടഞാൺ) ഉള്ളതു്. വെള്ളംകൊണ്ടു ചുറ്റപ്പെട്ടിരിക്കുന്നതു് എന്നു താൽപര്യം.

അബ്ധിശയനൻ-വിഷ്ണു.

അബ്ധിസാരം-ഒരു രത്നം.

അബ്ധ്യഗ്നി - ബഡവാഗ്നി, സമുദ്രാഗ്നി.

അബ്ധ്യംബുവികൃതി - സമുദ്രജലത്തിന്റെ വികാരം, വേലിയേറ്റം.

അബ്രഹ്മണ്യം - ബ്രാഹ്മണാദികളാൽ ചെയ്യപ്പെടുന്ന ദോഷോക്തി. ബ്രാഹ്മണന്ന് ഇഷ്ടമല്ലാത്തത് എന്നർത്ഥം.

അബ്രാഹ്മണൻ - കണ്ടാൽ ബ്രാഹ്മണനെപ്പോലെ തോന്നും, എന്നാൽ ബ്രാഹ്മണനല്ലതാനും.

അബ്ബാ! - (വ്യാകരണത്തിൽ) പ്രധാനവ്യാക്ഷേപങ്ങളിൽ ഒന്ന്. അത്ഭുതം, ദുഃഖം, സന്തോഷം എന്നിവയുണ്ടാകുമ്പോൾ പറയുന്നത്. അപ്പാ എന്നതു നോക്കുക.

അഭഗ - വി. ഭാഗ്യംകെട്ട.

അഭംഗം - പു. നാശമില്ലായ്മ. ഉ. തടവില്ലായ്മ. ന. തിരമാലയില്ലായ്ക. ർ. ശ്ലേഷാലങ്കാരത്തിന്റെ ഒരു പിരിവ്.

അഭംഗുര - വി. നാശമില്ലാത്ത.

'തിങ്ങിയിണങ്ങിയഭംഗുരഭംഗിവിളങ്ങി'
(നളചരിതം കഥകളി)

അഭയം - പു. ശരണം.

'ശ്രീമതിവസുദേവനേവമപ്പോ
ളുഭയമിരന്നുവണങ്ങിനിന്നുചൊന്നാൻ'
(ശ്രീകൃഷ്ണചരിതം)

ഉ. പേടിയില്ലായ്ക, ധൈര്യം. ന. രാമച്ചത്തിന്റെ വേർ. വ്യാധിഭയം കളയുന്നതുകൊണ്ട് ഈ പേർവന്നു.

അഭയ - പു. കടുക്ക. ഭയത്തെ കളയുന്നത് എന്നർത്ഥം. ഉ. ദുർഗ്ഗയുടെ ഒരു രൂപം.

അഭയാരിഷ്ടം - ഒരു മരുന്ന്. ഈ മൂലക്കുരു, ശോധനക്കുറവ് ഇവകൾക്കു നന്ന്.

അഭയാലവണം - (ഒരു ഭസ്മം) ഈ മരുന്നു ദീപനക്ഷയം, പ്ലീഹാരോഗം ഇവയ്ക്കു നന്ന്.

അഭയാമോദകം - ഈ മരുന്നു കാസത്തിനു പ്രധാനം.

അഭയാഹ്വ - കണവീരം (എന്നാരുപക്ഷം).

അഭയൻ - പു. ഭയമുള്ളവൻ. ഉ. കൌരവരിൽ (നൂറുപേരിൽ) ഒരുവൻ.

അഭാഗ - വി. ഭാഗിച്ചിട്ടില്ലാത്ത, പകുത്തിട്ടില്ലാത്ത.

അഭാഗ്യം - വി. ഭാഗ്യം (ദൈവാനുകൂലം) ഇല്ലാത്ത.

അഭാവം - പു. ഇല്ലെന്നുള്ള അവസ്ഥ, ഇല്ലായ്മ. ഉ. മരണം. ന. നാശം. നാശമെന്നതു ധ്വംസം എന്ന അഭാവമാകുന്നു. ഇതിന്റെ പുറമേ പ്രാഗഭാവവും അത്യന്താഭാവവും അന്യോന്യാഭാവവുമുണ്ട്. അതുകളും അഭാവപദത്തിന്റെ അർത്ഥമാകുന്നു. ർ. ശ്ലോകാർത്ഥത്തിന്ന് അലങ്കാരശാസ്ത്രമനുസരിച്ചുള്ള സാരഭാഗം ഇല്ലായ്ക.

അഭാവന - ധ്യാനം ഇല്ലായ്ക.

അഭാഷണം - പു. സംസാരിക്കാതിരിക്ക, മിണ്ടാതിരിക്ക. ഉ. വ്രതങ്ങൾ നിമിത്തമായി മിണ്ടാതിരിക്ക.

അഭാസ്വരൻ - ശോഭയോടുകൂടാത്തവൻ.

അഭി - അ. ഏററവും, നേരെ, വേറെ, മീതെ, അടുക്കൽ.

അഭിക - വി. സ്ത്രീ തുടങ്ങിയുള്ള കാമ്യവസ്തുക്കളെ കാമിക്കുന്ന.

അഭികൻ - പു. ഭർത്താവ്. ഉ. കാമുകൻ. സ്ത്രീ തുടങ്ങിയുള്ള കാമ്യവസ്തുക്കളെ കാമിക്കുന്നവൻ.

അഭിക്രന്ദ - അലച്ച, വലുതായ ഒച്ച.

അഭികൃതി - ഛന്ദസ്സുകളിൽ ഒന്ന്, പദമൊന്നിനു ൨൫ അക്ഷരംവീതം കാണും.

അഭിക്രമം - പു. ശത്രുക്കളോടു നേരെ ഭയപ്പെടാതെ പുറപ്പെടുക. അഭിമുഖമായ ക്രമണം എന്നു ശബ്ദാർത്ഥം. ഉ. കേറുക.

അഭിക്രോശം - പു. കരച്ചിൽ. ഉ. ശകാരം.

അഭിഖ്യ-സ്ത്രീ. സാമാന്യശോഭ. പുകഴലവും പ്രസിദ്ധമായി കാണപ്പെടുന്നതു് എന്നർത്ഥം. ൧. പേർ. ൨. യശസ്സ്. ൩. മഹത്വം.

'അഭിഖ്യാനാമശോഭയോഃ' (അമരം)

[അഭിഖ്യാ-പുകഴലവും പ്രസിദ്ധപ്പെട്ടതു്. ഇതു് പേരിന്റെയും ശോഭയുടെയും പേർ].

'ചിന്തിച്ചുൾവിധമാമജനിച്ചുഷർശരൻ
നാരായണാഭിഖ്യയം'
(ശ്രീമദാദിശങ്കരവിജയം)

അഭിഖ്യാതം-വി. കീർത്തിപ്പെട്ട.

അഭിഖ്യാനം-ഇല്ലാത്തദോഷത്തെ ചുമത്തിപ്പറക. ഇല്ലാത്തതിനെ ഉണ്ടാക്കിപ്പറക എന്നു ശബ്ദാർത്ഥം, കാരണംകൂടാതെയുള്ള ചോദ്യം (വഴക്ക്).

അഭിഗമനം-നേരെവരിക, നേരെചെല്ലുക, അടുക്കൽചെല്ലുക.

അഭിഗമ്യ-സമീപത്തു ചെല്ലുവാൻതക്ക, നേരെ ചെല്ലുവാൻതക്ക.

അഭിഗരം-സ്തുതി.

അഭിഗർജ്ജനം-കഠിനമായ അലച്ച് (അലറുക).

അഭിഗുപ്തി-സംരക്ഷിക്കുക

അഭിഗ്രസ്ത-വി. ഭൂ. വിഴുങ്ങപ്പെട്ട. ൧. കീഴടക്കപ്പെട്ട. ൨. പിടിക്കപ്പെട്ട.

അഭിഗ്രഹം-പു. പോരിനുവിളി. ചുററുഗ്രഹിക്കുക എന്നു ശബ്ദാർത്ഥം. ൧. നല്ലവണ്ണം പറഞ്ഞു തടവുചെയ്യു.

അഭിഗ്രഹണം-പു. നേരിട്ടു പോത്തിപ്പിടിക്കുക, അഭിമുഖമായ ഗ്രഹണം എന്നു ശബ്ദാർത്ഥം. ൧. മോഷണം.

അഭിഘർഷണം-ഉരസ്സുക.

അഭിഘാതി-പു. ശത്രു. അഭിഹനിക്കുന്ന ശീലമുള്ളവൻ എന്നർത്ഥം. ൧. കൊല്ലുന്നവൻ. ൨. ഉപദ്രവിക്കുന്നവൻ.

അഭിഘാതം-അടിയ്ക്കുക, അടി.

'നിത്യംചാപഗുണാഭിഘാതകഠിനി'
(അഭിജ്ഞാനശാകുന്തളം)

[ഇവിടെ ചാപഗുണാഭിഘാതം എന്നതിനു ഞാണടി എന്നർത്ഥം]

അഭിഘാതജരോഗം-ഒരു രോഗം. മുറിയുക, വീണുപൊട്ടുക, ചതവുപററുക, ശീതക്കാററടിക്കുക, കടൽക്കാററേൽക്കുക, ചേരിൻവാലു് നായ്ക്കുരണയുടെ രോക് ഇവ മേൽ തട്ടുക ഇത്യാദി ഹേതുക്കളാലുണ്ടാകുന്ന രോഗം. വിസർപ്പം, തീവ്രമായ ചൂടു്, ചെമപ്പുനിറം ഇത്യാദി ലക്ഷണം.

അഭിഘാരം-ഉരുക്കിയ പശുവിൻനെയ്യ്.

അഭിചരണം-മന്ത്രം, അഭിചാരം.

അഭിചരൻ-സഹായിക്കുന്നവൻ, പിന്നാലെ നടക്കുന്നവൻ, ഭൃത്യൻ. അഭി (ചുററിലും) ചരൻ (ഗമിക്കുന്നവൻ)

അഭിചാരം-മാന്ത്രികമായ മാരണാദികർമ്മം, മറെറാരുത്തനെ കൊല്ലുന്നതിനായി ചെയ്യുന്ന ഹോമം ജപം മന്ത്രം മുതലായവ.

'ഹിംസാകർമ്മാഭിചാരഃസ്യാൽ' (അമരം)

[ഹിംസാകർമ്മം, അഭിചാരം ൨-ം, പര്യായങ്ങൾ.]

അഭിചാരിണി-ക്ഷുദ്രപ്രവൃത്തി ചെയ്യുന്നവൾ.

അഭിജനം-പു. വംശം. ഇടവിടാതെ ഉത്ഭവിക്കുന്നു, ഇതിന്നഭിമുഖമായിജനങ്ങൾ ജനിക്കുന്നു എന്നർത്ഥം. ൧. ജനിച്ച രാജ്യം (ജന്മഭൂമി). ൨. വംശമുഖ്യൻ. ൩. കീർത്തി. ൪. ജ്ഞാനം. ൫. സൌന്ദര്യം. ൬. സൌഭാഗ്യം. ൭. ഭാഗ്യാതിശയം. ൮. കലഹം.

'ഉൽഖ്യാതാഭിജനീകായ
കചമിനകലഖ്യാതയശോജനനമിഷു
ഭാഗ്യാൽകാഞ്ചനസൌന്ദര്യ
ജ്ഞാനസമ്പത്ത്യയാദപി'
(ശബ്ദവ്യൂഹതരംഗിണി)

**അഭിജന്മത്വം** – അഭിജന്മാവിന്റെ ഭാവം, ആഭിജാത്യം.

**അഭിജയം**–പൂൎണ്ണജയം.

**അഭിജാത**–വി. നല്ലകുലത്തിൽ ജനിച്ച. ൨. വിദ്വാനായ. ൩. യോഗ്യതയുള്ള. ൪. ഭംഗിയുള്ള.

**അഭിജാതൻ**–പു. നല്ലകുലത്തിങ്കൽ ജനിച്ചവൻ, നല്ല തറവാട്ടിലുള്ളവൻ. നല്ല ജനനത്തോടുകൂടിയവൻ എന്നൎത്ഥം. ൨. വിദ്വാൻ.

**അഭിജിത്തു്**–വി. പു. പൂൎണ്ണജയമുള്ള. ൨. നക്ഷത്രക്കൂട്ടത്തിൽ ജനിച്ച.

**അഭിജിത്തു്**–പു. വിഷ്ണു. ൨. ഒരു യാഗം. ൩. ഒരു നക്ഷത്രത്തിന്റെ പേർ. ൪. ഒരു ദിവസത്തിന്റെ എട്ടാമത്തെ മുഹൂൎത്തം, ശ്രാദ്ധത്തിനുപയുക്തമായ മദ്ധ്യാഹ്നം. ൫. യാത്രയ്ക്കു കൊള്ളാവുന്ന ഒരു ലഗ്നത്തിന്റെ പേർ.

**അഭിജിഹ്വിക**–നറുനീണ്ടി.

**അഭിജ്ഞ**–വി. പു. സാമൎത്ഥ്യമുള്ള. ൨. എല്ലാം അറിയുന്ന.

**അഭിജ്ഞൻ**–സമൎത്ഥൻ. എല്ലാം അറിയുന്നവൻ എന്നു ശബ്ദാൎത്ഥം.

**അഭിജ്ഞത**–സമൎത്ഥത.

**അഭിജ്ഞാതാൻ**– വിദ്വാൻ, എല്ലാമറിഞ്ഞവൻ.

**അഭിജ്ഞാനശാകുന്തളം**–കാളിദാസൻ എഴുതിയ അതിപ്രസിദ്ധിയുള്ള ഒരു നാടകം. ഇതിനെ മഹാമഹിമശ്രീ കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ഭാഷാന്തരപ്പെടുത്തിയിട്ടുണ്ടു്.

[ശ്രീമഹാഭാരതം ആദിപൎവ്വത്തിനുള്ളിലുള്ള സംഭവം എന്ന അവാന്തരപൎവ്വത്തിൽ ൬൮ മുതൽ ൭൪ വരെയുള്ള ൭ അദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ട ശകുന്തളോപാഖ്യാനമാകുന്നു അഭിജ്ഞാനശാകുന്തളത്തിലെ കഥാവസ്തു. കഥാസംഗ്രഹം—പണ്ടു ചന്ദ്രവംശത്തിൽ അതിധാൎമ്മികനായി ദുഷ്ഷന്തൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം ഒരിക്കൽ നായാട്ടിനു പോയപ്പോൾ കണ്വമഹൎഷിയുടെ ആശ്രമം കാണുകയുണ്ടായി. മഹൎഷിയെ അന്വേഷിച്ചു് അകത്തു കടന്നപ്പോൾ രൂപവതിയായ ഒരു മുനികന്യക വന്നു ആതിഥ്യം ചെയ്തു തന്റെ അച്ഛനായ കണ്വൻ ഫലാഹരണത്തിനായി വെളിയിൽ പോയിരിക്കുന്നു എന്നറിയിച്ചു. അവിടെ അവർ തമ്മിൽ ഉണ്ടായ സംഭാഷണത്താൽ പരസ്പരം അനുരാഗം വൎദ്ധിച്ചു. ശകുന്തള തന്റെ ഉല്പത്തിയെ ദുഷ്ഷന്തനെ സവിശേഷം കേൾപ്പിച്ചു. അനന്തരം അവിടെവച്ചു് അവർതമ്മിൽ ഗാന്ധൎവ്വവിവാഹം നടന്നു. കുറച്ചുകാലം ആശ്രമത്തിൽ താമസിച്ചു. പിന്നെ രാജാവു നഗരത്തിലേക്കു പോയി. ശകുന്തള ഗൎഭം ധരിച്ചു. മടങ്ങിവന്ന കണ്വമഹൎഷി കഥയെല്ലാം ദിവ്യചക്ഷുസ്സുകൊണ്ടറിഞ്ഞു. ശകുന്തള ആശ്രമത്തിൽ തന്നെ പ്രസവിച്ചു. കുഞ്ഞിനു 'സൎവ്വദമനൻ' എന്ന പേർ കല്പിച്ചു. കുമാരനു യൌവ്വരാജ്യാഭിഷേകത്തിനു പ്രായമായപ്പോൾ കണ്വൻ ശിഷ്യരെ ഏല്പിച്ചു പുത്രനോന്നിച്ചു ശകുന്തളയെ നാട്ടിലേക്കയച്ചു. രാജാവു് ശകുന്തളയെ നിരാകരിച്ചു. ശകുന്തള മടങ്ങുന്നതിനു ഭാവിച്ചു. അപ്പോൾ അശരീരിവാക്കുണ്ടായി. അനന്തരം മഹാരാജാവു ശകുന്തളയെ സ്വീകരിച്ചു് പട്ടമഹിഷിയാക്കി അഭിഷേകംചെയ്തു. ഇങ്ങിനെയാണു മൂലഗ്രന്ഥകഥാസംഗ്രഹം. ദുൎവ്വാസശ്ശാപം, അംഗുലീയവൃത്താന്തം, സ്വൎഗ്ഗയാത്ര ഇവമൂന്നും നാടകകൎത്താവു വിശേഷാൽ ചേൎത്തിട്ടുണ്ടു്.]

**അഭിജ്ഞാനം**–അടയാളം. ൨. അറിവു്.

**അഭിജ്ഞാപക**–വി. അറിയിക്കുന്ന.

**അഭിതപിക്ക**–വ്യസനിക്ക.

അഭിതപ്ത-വി. ഏററവും ചൂടുള്ള, വളരെ വ്യസനിച്ച.

അഭിതരൻ-സഹായക്കാരൻ.

അഭിതഃ അ. ൧. അടുക്കെ, സമീപം. ൨. ഇരുഭാഗങ്ങളിൽ. ൩. ചൊടുന്നനെ. ൪. എല്ലാ ദേശങ്ങളിലും. ൫ മുഖത്തിനു നേരെയുള്ള ഭാഗത്തിൽ.

അഭിതാമ്ര-വി, വളരെ ചെമന്ന.

അഭിധ-൧. പേർ. ൨. (ശബ്ദാർത്ഥപ്രകരണത്തിൽ) "ഒരു വാചകശബ്ദം തന്റെ അർത്ഥത്തെ പ്രതിപാദിക്കുന്നതിൽ ചെയ്യുന്ന വ്യാപാരം അഭിധ". അഭിധ മൂന്നുവിധം. രൂഢി, യോഗം, യോഗരൂഢി.

അഭിധാധ്വംസി-വി. ഒരുവന്റെ പേരിനെ കളയുന്ന.

അഭിധർമ്മം-ബുദ്ധമത സിദ്ധാന്തമനുസരിച്ചുള്ള അത്യുൽകൃഷ്ടമായ സത്യം.

അഭിധാനകം-ശബ്ദം.

അഭിധാനകോശം-നിഘണ്ടു.

അഭിധാനചിന്താമണി- ഹേമചന്ദ്രൻ ഉണ്ടാക്കിയ ഒരു പ്രസിദ്ധനിഘണ്ടു.

അഭിധാനമാല-ഒരു നിഘണ്ടു.

അഭിധാനരത്നമാല - ഹലായുധന്റെ ഒരു നിഘണ്ടു.

അഭിധാനം-നാമം (പേർ) ധരിക്കപ്പെടുന്നതു്.

അഭിധാവകൻ-൧. പിറകെ ഓടുന്നവൻ. ൨. കൈയേററം ചെയ്യുന്നവൻ.

അഭിധായ-പറഞ്ഞിട്ടു്.

അഭിധാവനം-൧. പിന്നാലെയുള്ളഓട്ടം. ൨. കൈയേററം.

അഭിധേയ-വി. പറയത്തക്ക, പേരിടത്തക്ക.

അഭിധേയം-൧. പേർ. ൨. പദാർത്ഥം, വസ്തു. ൩. അർത്ഥമുള്ള വാക്ക്.

അഭിധ്യാ-അന്യദ്രവ്യത്തിങ്കലുള്ള ഇച്ഛ. പിടിച്ചടക്കവാനുള്ളവിചാരം എന്നർത്ഥം.

അഭിധ്യാനം-മനസ്സുകൊണ്ടുള്ള ആരാധന.

അഭിനന്ദ-സന്തോഷം, അനുഗ്രഹം.

അഭിനന്ദനം-൧. സന്തോഷം, ൨. പ്രോത്സാഹിപ്പിക്കൽ.

അഭിനമിക്ക-നമസ്കരിക്ക.

അഭിനയം-ആട്ടം. മനോഭിപ്രായത്തെ കൈമുദ്രമുതലായവകൊണ്ടു പുറത്തു കാണിച്ചു മനസ്സിലാക്കിക്കൊടുക്കുക.

'വ്യഞ്ജകാഭിനയൌ' (അമരം)

[വ്യഞ്ജകം, അഭിനയം ഇവ ൨-ം, പര്യായങ്ങൾ. അഭിനയം രണ്ടു വിധം. ൧. ആംഗികം. ൨. സാത്വികം. ഇവ ൨-ം, ക്രമാൽ പുരികം മുതലായ അംഗങ്ങൾകൊണ്ടു ജനിപ്പിക്കുന്നക്രിയകൾക്കും സത്വത്താൽ ഉണ്ടാക്കപ്പെട്ട സ്വേദരോമാഞ്ചാദികൾക്കും ഉള്ള പേരാകുന്നു. ഭ്രൂവിക്ഷേപാദിക്രിയകൾ ആംഗികങ്ങൾ എന്നും, സ്തംഭം, പ്രളയം, രോമാഞ്ചം, സ്വേദം, വൈവർണ്യം, വേപഥു, അശ്രു, വൈസ്വര്യം ഇവ എട്ടും സാത്വികങ്ങൾ എന്നും അറിയുക ]

അഭിനയചതുഷ്ടയം-ആംഗികം, സാത്വികം, വാചികം, ആഹാര്യകം ഈ നാലും നാട്യത്തിൽ അടങ്ങിയവ.

അഭിനവ-വി. പുതിയ

അഭിനവവയസ്സ്-൧. തിരുവയസ്സ്. ൨. പുതിയ പ്രായം.

അഭിനവം-പുതിയതു്, പുറം പ്രശംസിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

'പതിപ്രതിഭേദാവിഭേദാകരണാഭിനവം'

(അഭിജ്ഞാനശാകുന്തളം)

അഭിനവോദ്ഭിത്ത്-വിത്തിന്റെ പുതിയ മുള. അഭിനവ=പുതിയതു്. ഉദ്ഭിത്ത്=പൊട്ടിപ്പുറപ്പെടുന്നതു്. ബീജത്തിൽനിന്നുണ്ടാകുന്ന മുള, കൂമ്പ്

**അഭിനിധാനം**-ഇടുക, വെയ്ക്കുക.

**അഭിനിയുക്ത**-വി. ജോലിയിൽ നിയോഗിക്കപ്പെട്ട.

**അഭിനിയോഗം**-പു. കല്പന. വ. മഹോത്സാഹം, ജാഗ്രത.

**അഭിനിർമ്മുക്ത**-വി. ഉപേക്ഷിക്കപ്പെട്ട, തള്ളപ്പെട്ട.

**അഭിനിർമ്മുക്തൻ**-പു. തള്ളപ്പെട്ടവൻ. വ. സൂര്യൻ അസ്തമിക്കുന്നസമയം ഉറങ്ങുന്നവൻ. വൈകുന്നേരത്തെ സന്ധ്യാവന്ദനത്തെ ഉപേക്ഷിച്ചവൻ എന്നർത്ഥം.

**അഭിനിർയ്യാണം**-യാത്ര, പുറപ്പാട്. (എല്ലാവിധ യാത്രയ്ക്കും പറയാം).

**അഭിനിവേശ(ന)ം**-പു. അഭിപ്രായം. വ. കാര്യസാദ്ധ്യത്തിനുള്ള താൽപര്യം. ന. ശുഷ്കാന്തി.

**അഭിനിവേശിക്ക**-പു. ജാഗ്രതചെയ്ക. വ. ശുഷ്കാന്തിയുണ്ടാക്കുക, പ്രവേശിക്കുക.

**അഭിനിഷ്ക്രമണം**-വെളിയിൽ പോവുക.

**അഭിനീത**-വി. പു. യുക്തമായിട്ടുള്ള. വ. ഏറ്റവും അലങ്കരിക്കപ്പെട്ട. ന. ക്ഷമയോടുകൂടിയ. ര. സമീപത്തു കൊണ്ടുവന്ന.

**അഭിനീതം**-പു. ന്യായമായി കിട്ടുന്നതു്. വ. യുക്തം. ന. ന്യായത്തോടുകൂടിയതു്. കാര്യങ്ങളെ സാധിപ്പിക്കുന്നതു് എന്നു ശബ്ദാർത്ഥം.

**അഭിനീതൻ**-പു. യോഗ്യനായിട്ടുള്ളവൻ വ. ക്ഷമയോടുകൂടിയവൻ.

**അഭിനുത**-വി. സ്തുതിക്കപ്പെട്ട.

**അഭിനേതാവു്**-പു. കാര്യം നടത്തുന്നവൻ. വ. ആട്ടക്കാരൻ.

**അഭിനേത്രി**-പു. കാര്യം നടത്തുന്നവൾ. വ. ആട്ടക്കാരി.

**അഭിന്യാസം**-ഒരുവക സന്നിപാതജ്വരം.

ഈ സന്നിപാതത്തിൽ മുഖത്തിനു മിനുമിനുപ്പ്, നിദ്രാനാശം, നിശ്ചേഷ്ടത, കണ്ഠവാക്ക്, ബലക്ഷയം, ശ്വാസകാസങ്ങൾക്കു് തടവ് ഇവയുണ്ടാകും. ഇതു കാലനാകുന്നു.

**അഭിന്നം**-വി. പു. ഭിന്നം (ഖണ്ഡിക്കപ്പെട്ടതു്) അല്ലാത്ത. വ. വ്യത്യാസം വന്നിട്ടില്ലാത്ത.

**അഭിപന്നൻ**-പു. അപരാധമുള്ളവൻ. വ. ആപത്തിൽ അകപ്പെട്ടവൻ. ന. ശത്രുവിനാൽ ആക്രമിക്കപ്പെട്ടവൻ. അഭിപതിച്ചവൻ എന്നു ശബ്ദാർത്ഥം.

**അഭിപൂർവ്വം**-അ. തുടരെ.

**അഭിപൂരണം**-നിറക്കുക.

**അഭിപ്രതപ്ത**-വി വളരെ ചൂടുപിടിച്ച, വേദനനിമിത്തം ക്ഷീണിച്ച.

**അഭിപ്രായം**-മനസ്സിലിരിപ്പ്, അവനവന്റെ മനസ്സിൽ തോന്നിയതു്. എല്ലാവർക്കും തൃപ്തിവരുത്തുക എന്നു ശബ്ദാർത്ഥം. 'അഭിപ്രായശ്ഛന്ദ ആശയഃ' (അമരം)
[അഭിപ്രായം, ഛന്ദസ്സ്, ആശയം ന-ം, അഭിപ്രായത്തിന്റെ പേർ.]

**അഭിപ്രീതി**-സന്തോഷം.

**അഭിപ്രേത**-വി. പു. ആഗ്രഹിക്കപ്പെട്ട. വ. വിചാരിക്കപ്പെട്ട. ന. യത്നിക്കപ്പെട്ട.

**അഭിപ്രോക്ഷണം**-തളിപ്പു (തളിക്കുക).

**അഭിപ്ലവം**-പു. ഉപദ്രവം. വ. തോലി. ന. അവമാനം.

**അഭിബുദ്ധി**-ജ്ഞാനേന്ദ്രിയങ്ങൾ. കണ്ണ്, മൂക്ക്, ചെവി, നാക്ക്, തൊലി.

**അഭിഭവം**-പു. അവമാനം. വ. തോലി.

**അഭിഭ**-ശോഭ, കാന്തി.

**അഭിഭംഗം**-ഹാനി, തടസ്സം, മുടക്കം.

**അഭിഭാര**-വി. വളരെ ഘനമുള്ള.

**അഭിഭൂത**-വി. പു. പരിഭവിക്കപ്പെട്ട. വ. കീഴാക്കപ്പെട്ട, തോല്പിക്കപ്പെട്ട.

**അഭിഭൂതൻ**-പരിഭവിക്കപ്പെട്ടവൻ. അഭിഭവിക്കപ്പെട്ടവൻ എന്നു ശബ്ദാർത്ഥം.

(പരിഭവിക്കപ്പെട്ടവൻ എന്നാൽ അന്യനാൽ അഹങ്കാരം ഇല്ലാതാക്കപ്പെട്ടവൻ എന്നർത്ഥം.)

**അഭിഭൂതി**-൧. നിന്ദ, അവമാനം. ൨. മേൽവിചാരം. ൩. ജയം.

**അഭിമത**-വി. ൧. സമ്മതിക്കപ്പെട്ട. ൨. അഭിപ്രായപ്പെട്ട. ൩. ആഗ്രഹിക്കപ്പെട്ട.

**അഭിമതം**-൧. സമ്മതം. ൨. ആഗ്രഹം, ഇഷ്ടം.

'അവനിലിന്ധമെന്നപോലവെ ഇപ്പോൾ
അഭിമതമല്ലവനസഹായം'
(നളചരിതം കഥകളി)

**അഭിമത**-സഖി.

**അഭിമതൻ**-സ്നേഹമുള്ളവൻ, പ്രിയൻ.

**അഭിമന്ത്രണം**-൧. ക്ഷണിക്ക, വിളിക്ക. ൨. ആലോചന. ൩. വശീകരണം. ൪. മന്ത്രംചൊല്ലുക.

**അഭിമന്ത്രിത**-വി. ൧. ക്ഷണിക്കപ്പെട്ട, വിളിക്കപ്പെട്ട. ൨. ആലോചന ചെയ്യപ്പെട്ട. ൩. വശീകരിക്കപ്പെട്ട. ൪. മന്ത്രം ചൊല്ലപ്പെട്ട.

**അഭിമന്യു**-അർജ്ജുനനു സുഭദ്രയിൽ ജനിച്ചവൻ, ശ്രീകൃഷ്ണന്റെ അനന്തരവൻ

[അഭിമന്യു അതിസുന്ദരനും ധീരനുമാണ്. ജനനത്തിൽതന്നെ പരാക്രമശാലിയായും ദീർഘബാഹുവായും അഗ്നിസദൃശനായും കാണപ്പെട്ടു. അതിനാൽ അഭിമന്യു എന്നുപേർനൽകി. വിരാടരാജാവിന്റെ പുത്രിയായ ഉത്തരയും, ബലരാമന്റെ പുത്രിയായ വത്സലയും തന്റെ ഭാര്യമാരാകുന്നു. ദുര്യോധനന്റെ മകനായ ലക്ഷ്മണനെ അഭിമന്യുവാണ് കൊന്നത്. കൗരവന്മാർ അഭിമന്യുവിനെ പത്മവ്യൂഹ (ചക്രവ്യൂഹ)ത്തിൽ അകപ്പെടുത്തി വഞ്ചിച്ചു വധിച്ചു. അഭിമന്യുവിനു സൗഭദ്രൻ എന്നും പേരുണ്ട്. കർണ്ണൻ, കൃപൻ, ദ്രോണർ, അശ്വത്ഥാമാവ്, കൃതവർമ്മാവ്, ബൃഹദ്ബലൻ ഇങ്ങിനെ ആറു മഹാരഥന്മാർ കൂടിയാണ് അഭിമന്യുവിനെ ൧൩-ാം ദിവസം കൊന്നത്. അക്കാലം ഉത്തരയ്ക്ക് ഗർഭമുണ്ടായിരുന്നു. അനന്തരം ഉത്തര പ്രസവിച്ചു, പുത്രനു പരീക്ഷിത്ത് എന്നു നാമകരണം ചെയ്തു. ഇദ്ദേഹം ഹസ്തിനപുരിയിൽ രാജാവായി.]

**അഭിമരം**-൧. യുദ്ധം. ൨. കൊല. ൩. സ്വന്തകക്ഷിയിലോ ആളിലോ നിന്നുണ്ടാകുന്ന ആപത്ത്. ൪. വിലങ്ങ്, ചങ്ങല, ബന്ധനം.

**അഭിമരൻ**-ആന, കടുവാ മുതലായവയോട് എതിർത്തു ശണ്ഠകൂട്ടുന്നവൻ.

**അഭിമർദ്ദനം**-൧. യുദ്ധം. ൨. അടി. ൩. ഞെരുക്കൽ, പീഡ.

**അഭിമർശനം, അഭിമർഷണം**-൧. സ്പർശനം, തൊടൽ. ൨. കൈയേററം, അതിക്രമം. ൩. സംയോഗം. ൪. ശോധനം.

**അഭിമാതി**-ശത്രു. പ്രതിപക്ഷത്തെ അറിയുന്നവൻ എന്നു ശബ്ദാർത്ഥം.

**അഭിമാത്രൻ**-ശത്രു.

**അഭിമാദം**-ലഹരി, മയക്കം.

**അഭിമാനം**-൧. ഗർവം. തനിക്കു വലിയ അവസ്ഥയുണ്ട് എന്നുള്ള ഭാവം, ധനാദികളാലുണ്ടായ ഗർവ്വ, ഞാൻ എന്റേത് എന്നുതുടങ്ങിയ വിചാരം, എല്ലാവരും തന്നെ പൂജിക്കണം എന്നുള്ള വിചാരം.

'ഗർവോഭിമാനോഹങ്കാരഃ' (അമരം)

[ഗർവം, അഭിമാനം, അഹങ്കാരം ൩-ം, ഗർവ്വത്തിന്റെ പേർ.]

൨. അജ്ഞാനം (ജ്ഞാനം). ൩. പ്രാർത്ഥന. ൪. ഹിംസ മററുള്ളവരെ കെടുക്കുന്നു എന്നു ശബ്ദാർത്ഥം.

അഭിമാനി-പു. അഭിമാനമുള്ളവൻ ൨. തനിക്കു ബഹുമാനമുണ്ടെന്നു താൻതന്നെ വിചാരിക്കുന്നവൻ.

അഭിമാനിക്ക-അഹങ്കരിക്ക, അഭിമാനം കരുതുക.

അഭിമാനിത്വം-പു. അഹംബുദ്ധി, അഹംഭാവം. ൨. സ്നേഹം.

അഭിമുഖ-മുഖത്തിന്നനേരെ ചെല്ലുക.

അഭിമുഖത-അനുകൂലത, മുഖത്തിന്നനേരെയുള്ളതു്.

അഭിമുഖം-അ. എതിരേ, നേരിട്ടു്.

അഭിമുഖീകരിക്ക-മുമ്പെചെല്ലുക, നേരെചെല്ലുക, നേരെമുഖത്തോടുകൂടിയതാക്കിച്ചെയ്യു, മുൻഭാഗത്താവുക.

അഭിമോദം-സന്തോഷം.

അഭിയാതി-പു. ശത്രു. ൨. സവ്വ്യാപ്തി

അഭിയുക്ത-വി. തക്ക, ശരിയായ, അഭിയോജിക്കപ്പെട്ട.

അഭിയുക്തന്മാർ-യോഗ്യന്മാർ.

'അഭിയുക്തന്മാർകുശലന്മാരെന്നിവനാലും'
(ഭാഗവതം)

അഭിയോഗം-പു. പോരിന്നായിക്കൊണ്ടുള്ളവിളി, ചുറ്റുംകൂട്ടുക എന്നു ശബ്ദാർത്ഥം. ൨. നല്ലവണ്ണം പറഞ്ഞു തടവുചെയ്യുക. ൩. അത്ഭുതപ്പെട്ടുചോദിക്കുക.

അഭിയോഗി-വി. പു. പോർക്കുവിളിക്കുന്ന. ൨. എതിർക്കുന്ന, കയ്യേറുന്ന.

അഭിയോഗി-പു. പോർക്കുവിളിക്കുന്നവൻ. ൨. വാദി (അന്യായക്കാരൻ.)

അഭിയോക്താവു്-യുദ്ധസന്നദ്ധൻ, എതിരാളി, എതിർകക്ഷി.

അഭിരതം-ആനന്ദം, സന്തോഷം.

അഭിരാമ-വി. മനോഹരമായ, സൌന്ദര്യമുള്ള, ഭംഗിയുള്ള.

അഭിരാമത-മനോഹരത്വം.

അഭിരാമം-മനോഹരം, മനസ്സിനെ സന്തോഷിപ്പിക്കുന്നതു്.

അഭിരാമമണി സുന്ദരമിശ്രൻ എഴുതിയ ഒരു നാടകം. (കഥാവസ്തു-രാമായണം)

അഭിരുചി-പു. ആഗ്രഹം. ൨. താൽപര്യം.

'മാധവൻകഥാമൃതംതന്നിലുള്ളഭിരുചി-
ചേതസികാഞ്ഞീടിലേതുമേഫലമില്ല'
(ഭാഗവതം)

അഭിരുചിതം-ഇഷ്ടം.

അഭിരുചിതൻ-പ്രിയൻ, ഇഷ്ടൻ.

അഭിരുച്യം-പു. ഏറ്റവും മനോഹരം. ൨. ഏറ്റവും സ്വാദുള്ളതു്.

അഭിരുതം-കരച്ചൽ, ശബ്ദം.

അഭിരൂപൻ-പു. വിദ്വാൻ. ൨. സുന്ദരൻ. അഭിലക്ഷ്യമായ രൂപത്തോടുകൂടിയവൻ എന്നു ശബ്ദാർത്ഥം. ൩. ശിവൻ. ൪. വിഷ്ണു. ൫. കാമൻ. ൬. ചന്ദ്രൻ.

അഭിരൂപം-മനോഹരമായിട്ടുള്ളതു്.

അഭിലഷിത-വി. ആഗ്രഹിക്കപ്പെട്ട.

അഭിലഷിതം-അഭിലാഷം.

'നരപതേ! ഭവദഭിലഷിതമെന്നാൽ
സാധിതപ്രായമിദം'
(നളചരിതം കഥകളി)

അഭിലാപം-വാക്ക്.

അഭിലാവം-കൊയിത്തു് (നെല്ലു മുതലായവ കൊയ്യുക) ഛേദിക്കുക എന്നു ശബ്ദാർത്ഥം.

അഭിലാഷം-ഇച്ഛ, വഴിപോലെ ആഗ്രഹിക്കുക. ചുഴലവും പ്രകാശിക്കുക എന്നു ശബ്ദാർത്ഥം.

'അഭിലാഷംകൊണ്ടതെന്നുള്ളിലാഷംവേ
(നളചരിതം കഥകളി) [ണ്ടമല്ല

'......................ഥ ദോഹദം
ഇച്ഛാകാംക്ഷാസ്പൃഹേഹാ തൃഡ്
വാഞ്ഛാലിപ്സാ മനോരഥം
കാമോഭിലാഷസ്തർഷശ്ച' (അമരം)

[ദോഹദം, ഇച്ഛാ, കാംക്ഷ, സ്പൃഹ, ഈഹ, തൃട്, വാഞ്ഛ, ലിപ്സ, മനോരഥം, കാമം, അഭിലാഷം, തർഷം,

ഥമ-ം, ഇച്ഛയുടെ പേർ. ഈ ഇച്ഛ അത്യന്തം വർദ്ധിച്ചാൽ അതിന 'ലാലസ' എന്നും, അഭിലാഷമുള്ള ഗർഭിണിക്ക് 'ശ്രദ്ധാലു, ദോഹദവതി' എന്നും അഭിലാഷാധിക്യത്തിന 'ആശ' എന്നും പേർ.]

അഭിലാഷുക-വി. ആശയുള്ള (അഭിലാഷാധിക്യമുള്ള).

അഭിലിഖിതം, അഭിലേഖനം-എഴുത്ത്.

അഭിവന്ദനം-നമസ്കാരം, തൊഴുക.

അഭിവന്ദിത-വി. നമസ്കരിക്കപ്പെട്ട.

അഭിവന്ദ്യ-വി. നമസ്കരിക്കത്തക്ക. അ. നമസ്കരിച്ചിട്ട്.

അഭിലൂതാ-ഒരുമാതിരി ചിലന്തി.

അഭിവയസ്സ്-വളരെപ്പുതിയ, ചെറിയ.

അഭിവാഞ്ഛ-ആഗ്രഹം, മോഹം.

അഭിവാഞ്ഛിക്ക - ആഗ്രഹിക്ക, മോഹിക്ക

അഭിവാഞ്ഛിത-വി. ആഗ്രഹിക്കപ്പെട്ട, മോഹിക്കപ്പെട്ട.

അഭിവാദക-വി. വന്ദനശീലമുള്ള.

അഭിവാദകൻ-വന്ദനശീലൻ, അഭിവാദ്യംചെയ്യുന്നവൻ എന്നർത്ഥം.

അഭിവാദനം-ന. അഭിവാദ്യംചെയ്യുക. വന്ദിക്കപ്പെടുവാൻ അർഹന്മാരായ ഗുരുക്കന്മാർ മുതലായവരുടെ മുമ്പിൽ ചെന്നു തന്റെ പേരും കുലവും പറഞ്ഞു കാൽപിടിക്കുന്നതിന് അഭിവാദ്യം എന്നു പേർ. ഉ. ഉപചാരം, ഉക്തിവാക്ക്.

അഭിവാദ്യ-വി. വന്ദിക്കപ്പെടത്തക്ക.

അഭിവാദ്യം - വന്ദനം. (അഭിവാദനം നോക്കുക).

അഭിവാസം, അഭിവാസനം-ന. മൂടുക. ഉ. മൂടുക.

അഭിവൃദ്ധി-വർദ്ധന, നന്മ, സൗഖ്യം, ജയം.

അഭിവ്യക്തത-വളരെ സ്പഷ്ടത (തെളിവ്)

അഭിവ്യക്തം-നല്ലസ്പഷ്ടം. (തെളിവ്)

അഭിവ്യഞ്ജനം-പ്രകാശിപ്പിക്കൽ, അറിയിക്കൽ.

അഭിവ്യഞ്ജിപ്പിക്ക- പ്രകാശിപ്പിക്ക, അറിയിക്ക.

അഭിവ്യാദാനം-പ്രതിദ്ധ്വനി.

അഭിവ്യാപ്ത-വി. വ്യാപിക്കപ്പെട്ട, പരക്കപ്പെട്ട.

അഭിവ്യാപ്തി-എല്ലാം പ്രദേശത്തിങ്കലുമുള്ള വ്യാപനം.

അഭിശംസനം - അപവാദം, അവമാനം, മുറിവാക്ക്, അധിക്ഷേപം.

അഭിശസ്തൻ-പു. ലോകാപവാദത്താൽ ദൂഷിതനായവൻ. ഉ. മൈഥുനം നിമിത്തമായി നിന്ദിക്കപ്പെട്ടവൻ. അഭിതഃ (ചുറ്റും) വാക്കുകൊണ്ടു ഹിംസിക്കപ്പെട്ടവൻ എന്നു ശബ്ദാർത്ഥം.

'ആക്ഷാരിതഃ ക്ഷാരിതോഭിശസ്തേ'
(അമരം)

[ആക്ഷാരിതൻ, ക്ഷാരിതൻ, അഭിശസ്തൻ ന-ം, പര്യായം.]

അഭിശസ്ത-വി. ഉപദ്രവം ചെയ്യപ്പെട്ട, എതിർക്കപ്പെട്ട, അധിക്ഷേപിക്കപ്പെട്ട.

അഭിശസ്തി-പ്ര. യാചന (യാചിക്കുക.) അഭിമുഖമായി സ്തുതിക്കുക (യാചിക്കുക) എന്നു ശബ്ദാർത്ഥം. 'അഭിശസ്തി' എന്നു പാഠാന്തരം. ഉ. നിർബ്ബന്ധമായി യാചിക്കുക. ന. അപവാദം, അധിക്ഷേപം. ര. ഭാഗ്യക്കേട്.

അഭിശാപം, അഭിശപനം-പ്ര. ഇല്ലാത്തദോഷത്തെ ഉണ്ടാക്കിപ്പറക. ആരോപിച്ചു ശപിക്കുക എന്നു ശബ്ദാർത്ഥം.

'......അധർമ്മിഷ്ഠാഭിശംസനം
അഭിശാപഃ' (അമരം)

[മിഥ്യാഭിശംസനം, അഭിശാപം ൨-ം, 'നീ മോഷ്ടിച്ചു' എന്നും മററും ഇല്ലാത്തദോഷത്തെ ഉണ്ടാക്കിപ്പറയുന്നതിന്റെ പേർ.]
൨. ദൂഷ്യം, കുറ്റം, നുണ, അപവാദം. ൩. ഉപദ്രവം.

അഭിശാപജ്വരം-ശാപോച്ചാരണം നിമിത്തമുണ്ടായ പനി.

അഭിശാപനം-ശാപോച്ചാരണം.

അഭിഷംഗം (അഭിസംഗം)-പു. ശാപം. ൨. തിരസ്കാരം. ചുററും പാറുന്നതു് എന്നു ശബ്ദാർത്ഥം. ൩. ചേർച്ച. ൪. പിശാചും മററും ഉപദ്രവിക്കുക. ൫. സത്യം. ൬. ആലിംഗനം. ൭. പരിഹാസം, നിന്ദ, അപമാനിക്കുക. ൮. പെട്ടെന്നുണ്ടായ ഇളക്കം അല്ലെങ്കിൽ ദുഃഖം. ൯. അത്യാസക്തി.

അഭിഷംഗജ്വരം-പിശാചു ബാധിക്കകൊണ്ടുണ്ടാകുന്ന പനി.

അഭിഷവം-പു. സോമവള്ളി ഇടിച്ചുപിഴിയുന്ന ക്രിയ (സോമാഭിഷവം.) ൨. യജ്ഞാന്തസ്നാനം. ൩. റാക്ക കാച്ചുക (മദ്യസന്ധാനം). ആണ്ട, മുള, കരിമ്പ് മുതലായവയിൽ നിന്നു ബഹുകാലം കൊണ്ടു ചമച്ച മദ്യം. ൪. കാടി. ൫. അഭിഷേകം, കുളി.

അഭിഷസ്തി-യാചന, 'അഭിശസ്തി' നോക്കുക.

അഭിഷിക്ത-വി. അഭിഷേകം ചെയ്യപ്പെട്ട, നനയ്ക്കപ്പെട്ട.

അഭിഷുതം-കാടി. കത്തിപ്പിഴിഞ്ഞതു് എന്നു ശബ്ദാർത്ഥം.

അഭിഷേകം-പു. എണ്ണമുതലായവ തലയിൽ ഒഴിക്കുക. ൨. രാജാവാകുന്നതിനു ചെയ്യുന്ന ഒരു ക്രിയ.

അഭിഷേചനം-അഭിഷേകം.

'ഉത്തരമഭിഷേചനംമേഘ്നാത്മജനകാരുണ്യം സകലസാധകമെന്നു'
(നിവാതകവചവധം കഥകളി)

അഭിഷേണനം-പു. സൈന്യസമേതം ശത്രുവിന്നു് എതിരേചെല്ലുക. സേനയോന്നിച്ചു് അഭിമുഖമായി ചെല്ലുക എന്നർത്ഥം. ൨. ആക്രമണം.

അഭിഷ്ടവം-സ്തുതി.

അഭിഷ്ടുത-സ്തുതിക്കപ്പെട്ട.

അഭിഷ്യന്ദ-വി. ഒലിക്കുന്ന (ഒഴുകുന്ന)

അഭിഷ്യന്ദം-ഒരു നേത്രരോഗം.
വാതം, പിത്തം, കഫം, രക്തം ഇവ ഓരോന്നും ഹേതുവായിട്ടു് ഈ രോഗം ൪ വിധം ഉണ്ടാകും. ദുസ്സഹമായ വേദന കാണും. പ്രായേണ എല്ലാ നേത്രരോഗങ്ങളേയും ഉണ്ടാക്കും.

അഭിഷ്യന്ദി-വി. പു. ഒലിക്കുന്ന, ഒഴുകുന്ന. ൨. വയറിളക്കുന്ന.

അഭിഷ്യന്ദിരമണം-ഉപഗ്രാമം, ശാഖാനഗരം.

അഭിഷ്വംഗം-പു. സ്പർശം, സംഘടം. ൨. അനുരാഗം, സ്നേഹം.

അഭിസന്താപം-പു. യുദ്ധം. ൨. ചൂട്. ൩. വ്യസനം.

അഭിസന്ധ(ക)ൻ-ചതിയൻ.

അഭിസന്ധാനം-പു. ചേർച്ച. ൨. ചതി. ൩. സമാധാനം ഉണ്ടാക്കുക.

അഭിസംപരായം-വരുംഫലം.

അഭിസംപാതം-യുദ്ധം, പോര്. ശത്രുക്കൾക്കു് അഭിമുഖമായി ഗമിക്കുക. നേരിട്ടു ചാടിവീഴുക എന്നു ശബ്ദാർത്ഥം.

അഭിസംബോധനംചെയ്ക - നേരെ നോക്കി വിളിക്ക

അഭിസംവൃത-മൂടപ്പെട്ട, വസ്ത്രംധരിച്ച.

അഭിസംശ്രയം-രക്ഷാസ്ഥലം, അഭയസ്ഥലം.

അഭിസംസ്കാരം-പു. വിചാരം, അഭിപ്രായം. വ. ലാഭമില്ലാത്ത പ്രവൃത്തി.

അഭിസംസ്തവം-വലിയ സ്തുതി.

അഭിസമവായം-ചേർച്ച.

അഭിസരൻ-സഹായി, പുറമേ സഞ്ചരിക്കുന്നവൻ എന്ന ശബ്ദാർത്ഥം.

അഭിസരണം-എതിരേ ചെല്ലുക.

'പ്രസഭമഭിസരന്തിലഭ്യനന്ദീ'
(ഭക്ഷയംഗാ കഥകളി)

അഭിസാരണം-ഒരു പ്രിയനോടു ചേരുവാനായി പോവുക.

അഭിസാരം-പു. ചെന്നുചേരുന്നതിനായി പോവുക (ഒരു പ്രിയനോടെന്നപോലെ). വ. അനുരാഗമുള്ളവർ മുറപ്രകാരം കൂടുന്ന സ്ഥലം (സംകേതം). ന. എതിർക്കൽ. ൻ. യുദ്ധം. ഇ. ശക്തി. ന്തു. ഒരായുധം. ൧. മീൻ.

അഭിസാരൻ-സഹായക്കാരൻ, കൂടെനടക്കുന്നവൻ.

അഭിസാരിക-പുരുഷനെ അന്വേഷിച്ചു കുറിസ്ഥലത്തു ചെല്ലുന്നവൾ, നേരിട്ടുചെല്ലുന്നവൾ എന്നർത്ഥം.

അഭിസാരികാലക്ഷണം—

'അഭിസാരയതേകാന്തം യാ മന്മഥവശംവദാ
സ്വയം വാഭിസരത്യേഷാ ധീരൈരുക്താഭിസാരികാ'
(സാഹിത്യദർപ്പണം) [സാരികം'

[കാമാർത്തയായി കീഴ്പെട്ടു എവളുടെ കാന്തനെ കുറിസ്ഥലത്തേക്കു വരുത്തുകയോ, താൻതന്നെ കുറിസ്ഥലത്തേക്കു ചെല്ലുകയോ ചെയ്യുന്ന അവളത്രേ 'അഭിസാരിക' വ-ം, ഇതിൽ വളരെ അന്തരമില്ല വേറെ ഒന്നിനൊത്തുള്ള പൂങ്കാവുകളിലും മറ്റും കാന്തനെ വരുത്തുകയായിരിക്കാം ഒന്നാമത്തേതു്. രണ്ടാമത്തേതു പ്രസ്തുതത്തിലുള്ള അഭിസാരികയാകുന്നു.]

അഭിസാരികകളുടെ ഭേദങ്ങൾ:-

'സംലീനാ സ്വേഷു ഗാത്രേഷു
മൂകീകൃതവിഭൂഷണാ
അവഗുണ്ഠനസംവീതാ
കുലജാഭിസരേദ്യദി
വിചിത്രോജ്ജ്വലവേഷാ തു
രണന്നൂപുരകങ്കണാ
പ്രമോദസ്മേരവദനാ
സ്യാദ്വേശ്യാഭിസരേദ്യദി
മദസ്ഖലിതസല്ലാപാ
വിഭ്രമോൽഫുല്ലലോചനാ
ആവിദ്ധഗതിസഞ്ചാരാ
സ്യാൽപ്രേഷ്യാഭിസരേദ്യദി'

[കുലസ്ത്രീയാണെങ്കിൽ അവൾ അവയവങ്ങളെല്ലാം ഒതുക്കിയും ആഭരണങ്ങളുടെ ഒച്ച കേൾപ്പിക്കാതെയും വസ്ത്രം പൂമാല കുറിക്കൂട്ടു മുതലായവകൊണ്ടു ദേഹം മറച്ചും അഭിസരിക്കണം. ഒരു വേശ്യ എങ്കിൽ വിവിധം ശോഭിക്കുന്ന വേഷത്തോടും ഒച്ച പുറപ്പെടുവിക്കുന്ന കാൽചിലമ്പു വള മുതലായ ആഭരണങ്ങളോടും സന്തോഷിച്ചും ചിരിച്ചും അഭിസരിക്കണം. ഒരു ദാസിയാണെങ്കിൽ മദംകൊണ്ടു സ്ഖലിതമായ വാക്കുകളോടും വിലാസഹേതുവായിട്ടു വിടർന്ന കണ്ണുകളോടും തട്ടിത്തടഞ്ഞഗതിയോടും കൂടിയവളായി അഭിസരിക്കണം.]

അഭിസരണസ്ഥാനങ്ങൾ:-

'ക്ഷേത്രം വാടീ ഭഗ്നദേവാ-
ലയോ ദൂതീഗൃഹം വനം
മാലാപഞ്ചശ്ശ്മശാനഞ്ച
നദ്യാദീനാം തടീ തഥാ
ഏവം കൃതാഭിസാരാണാം
പുംശ്ചലീനാം വിനോദനേ
സ്ഥാനാന്യഷ്ടൗ തഥാധ്വാന്തേ
ച്ഛന്നേ കുത്രചിദാശ്രയ'

പ്ര. കൃഷിത്തോട്ടങ്ങൾ, വയലുകൾ. a. പൂങ്കാവുകൾ. m. ജീർണ്ണമായ ദേവാലയം. ർ. ഋഷിമാരുടെ ഭവനം. ൧ വനം. ൬. വഴിയമ്പലം. ൭. ചുടുകാട്. ൮. നദി മുതലായവയുടെ കര ഇവ എട്ടുമാത്രേ അഭിക്രീഡാസ്ഥാനങ്ങൾ. ഇരുൾ നിറഞ്ഞ ഗുഹ മുതലായ സ്ഥലങ്ങളും ഇവക്കു യോഗ്യസ്ഥലങ്ങളാകുന്നു.]

അഭിസർഗ്ഗം-സൃഷ്ടി.

അഭിസർജ്ജനം-പ്ര. ദാനം. a. കൊല.

അഭിഘാത-വി. പ്ര. അടിക്കപ്പെട്ട. a. കീഴടക്കപ്പെട്ട. m. ഹനിക്കപ്പെട്ട. ർ. തടയപ്പെട്ട.

അഭിഘനനം-പ്ര. കൊല. a. ഉപദ്രവം, നാശം.

അഭിഹരണം, അഭിഹാരം-പ്ര. നേരിട്ടു പൊന്തിപ്പിടിക്കുക. ആഭിമുഖ്യേന യുള്ള ഹരണം എന്നു ശബ്ദാൎത്ഥം. (അഭിഗ്രഹണം നോക്കുക). a. മോഷണം. m. നേരെ ചെന്നാക്രമിക്കുക. ർ. കവചബന്ധനം മുതലായതു്.

അഭിഹാസം-ഉല്ലാസം, നേരമ്പോക്ക്, കളിവാക്ക്.

അഭിഹിത-വി. പറയപ്പെട്ട.
'വിതതംഗഗനം,ക്ഷിതിതലമപിഹിതം
മഭിഹിതമപിഹിതവചനംനന്നൃണത'
(നളചരിതം കഥകളി)

അഭിഹൂതി-പ്ര. വിളി. a. ഉപാസന, ആരാധനം.

അഭീക-വി. കാമശീലമുള്ള.

അഭീകൻ-പ്ര. കാമുകൻ. അഭികാമിക്കുന്നവൻ എന്നു ശബ്ദാൎത്ഥം. a. ഒരു സ്വഷ്ടുവംശരാജാവ്. m. സ്ത്രീ ഉടങ്ങിയുള്ള കാമവസ്തുക്കളെ കാമിക്കുന്നവൻ. ർ. ഒരു കവി.

അഭീക്ഷ്ണം-അ. പ്ര. പിന്നെയും പിന്നെയും. a. എല്ലായ്പ്പോഴും.

അഭീത-വി. ഭയമില്ലാത്ത.

അഭീതി-ഭയമില്ലായ്ക.

അഭീപ്സിത-വി. ആഗ്രഹിക്കപ്പെട്ട.

അഭീപ്സിതാ-ഇഷ്ടമായതു്. പിന്നെയും പിന്നെയും പ്രാപിക്കാനിച്ഛിക്കപ്പെടുന്നതു് എന്നു ശബ്ദാൎത്ഥം.

അഭീരപല്ലി-ഇടയന്മാരുടെവാസസ്ഥലം (ആഭീരപല്ലി എന്നാണ് അധികം കാണുന്നതു്). അഭിരപല്ലി എന്നും പാഠമുണ്ട്.

അഭീമൻ-പ്ര. ഭയങ്കരനല്ലാത്തവൻ. a. വിഷ്ണു.

അഭീരൻ-പശുപാലൻ (ഇടയൻ). (ആഭീരശബ്ദമാണ് അധികം നടപ്പ്.)

അഭീര-കമിഴ്.

അഭീരി-അഭീരജനങ്ങളുടെ ഭാഷ.

അഭീരു-വി. ഭീരുവല്ലാത്ത, ഭയമില്ലാത്ത.

അഭീരു-പ്ര. ശതാവരി. ഉറപ്പുള്ള മുള്ളും ഇലകളുമുള്ളതുകൊണ്ടു ഭയമില്ലാത്തതു് എന്നു ശബ്ദാൎത്ഥം. a. ശിവൻ. m. യുദ്ധാംഗണം.

അഭീരുപത്രി-ശതാവരി. ഉറപ്പുള്ള ഇലകൾ ഉള്ളതു് എന്നു ശബ്ദാൎത്ഥം.

അഭീവൃത-വി. മൂടിയ, ചുററിയ.

അഭീശു, അഭീഷു-പ്ര. കടിഞാൺ. a. രശ്മി. അഭിഗമിക്കുന്നതു്, അഭിഗമിപ്പിക്കുന്നതു് എന്നു ശബ്ദാൎത്ഥം.
'അഭീഷുഃ പ്രഗ്രഹേ രശ്മൗ' (അമരം)

അഭീഷംഗാ-ശാപം. അഭിമുഖമായി ശപം ഏല്പിക്കുക എന്നു ശബ്ദാൎത്ഥം.

അഭീഷ്ട-പ്രിയപ്പെട്ട, ആഗ്രഹിക്കപ്പെട്ട.

അഭീഷ്ടം-പ്ര. ഇഷ്ടമായതു്. എല്ലാടവും ഇച്ഛിക്കപ്പെടുന്നതു് എന്നു ശബ്ദാൎത്ഥം. a. മനോഗതം.

'അഭീഷ്ടമീപ്സിതം ഹൃദ്യം
ദയിതം വല്ലഭം പ്രിയം'

[അഭീഷ്ടം, അഭീപ്സിതം, ഹൃദ്യം, ദയിതം, വല്ലഭം, പ്രിയം ന.°, ഇഷ്ടമ, യതിന്റെ പേർ.]

൩. ഉണ്ണി, ഓമന. ൪. മയിലെള്ള്.

അഭീഷ്ട-നാ. പ്രിയമുള്ളസ്ത്രീ, പഠിപ്പിക്കുന്നസ്ത്രീ. ൨. അരേണുകം.

അഭൂതപൂർവ്വ-മുമ്പിൽഉണ്ടായിട്ടില്ലാത്തതു

അഭൂതാത്മകം-പഞ്ചഭൂതസംബന്ധമല്ലാത്തതു്.

അഭൂതി-ദാരിദ്ര്യം.

അഭ്രുവു്-വിഷ്ണു. ജനനമില്ലാത്തവനെന്നർത്ഥം.

അഭേദ-വി. ഭേദമില്ലാത്ത, വ്യത്യാസമില്ലാത്ത, തുല്യമായ.

അഭേദ്യ-വി. ഭേദ്യം (ഭേദിക്കത്തക്കതു്) അല്ലാത്ത.

അഭേദ്യം-നാ. ഭേദ്യമല്ലാത്തതു്. ൨. വജ്രം

അഭോഗം-അനുഭവമില്ലായ്ക.

അഭോജനം-ഭക്ഷണം ഇല്ലായ്ക, ഉപവാസം.

അഭോജ്യ-വി. ഭോജ്യം (ഭുജിക്കത്തക്കതു്) അല്ലാത്ത.

അഭൌതിക-വി. ഭൌതികം (ഭൂതസംബന്ധം) അല്ലാത്ത, മനസ്സോടുചേർന്ന.

അഭൌമം-ഭൂസംബന്ധമല്ലാത്തതു്.

അഭ്യക്തൻ-എണ്ണതേച്ചവൻ.

അഭ്യഗ്ര-വി. അടുത്ത, സമീപമുള്ള.

അഭ്യഗ്ര -സമീപം. അഭിമുഖമായ അഗ്രത്തോടുകൂടിയതു് എന്നു ശബ്ദാർത്ഥം.

അഭ്യംഗം-എണ്ണ, എണ്ണതേപ്പു്.

അഭ്യംഗസ്നാനം-എണ്ണതേച്ചുകുളി.

അഭ്യന്തരം-രണ്ടു വസ്തുക്കളുടെ ഇടയിലുള്ള സ്ഥലം, രണ്ടു ദിക്കുകളുടെ ഇടയിലുള്ള പ്രദേശത്തിന്റെ പേർ. അവകാശം (ഇട) മദ്ധ്യമു് എന്നു ശബ്ദാർത്ഥം.

അഭ്യന്തര-വി. ഉള്ളിലുള്ള.

അഭ്യന്തരകൻ-ഉററ സ്നേഹിതൻ.

അഭ്യനുജ്ഞ-കല്പന.

അഭ്യമനം-നാ. ആക്രമം, ഉപദ്രവം. ൨. വ്യാധി, രോഗം.

അഭ്യമിത-വി. രോഗമുള്ള.

അഭ്യമിതൻ- രോഗി, രോഗംകൊണ്ടു് ആഹാരനിഹാരങ്ങൾ മുടങ്ങിയവൻ.

അഭ്യമിത്ര്യൻ, അഭ്യമിത്രീയൻ, അഭ്യമിത്രീണൻ-യാവനൊരുത്തൻ ശത്രുക്കളെക്കുറിച്ചു യുദ്ധത്തിന്നായിക്കൊണ്ടു നേരിട്ടടുക്കുന്നുവോ അവൻ, ബലാൽക്കാരമായി ശത്രുവിന്റെ നേരെ എതിർത്തു ചെല്ലുന്നവൻ.

അഭ്യമിത്രം-ശത്രുവിനെ എതിർക്കുക.

അഭ്യർച്ചനം-പൂജ.

അഭ്യർച്ച-പൂജ.

അഭ്യർച്ചിത-വി. പൂജിക്കപ്പെട്ട.

അഭ്യർണ്ണ-വി. അടുത്ത.

അഭ്യർണ്ണം-സമീപം. അഭിഗമിക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം.

'സനാതനാഭ്യർണ്ണമണഞ്ഞുചൊന്നാൻ'

(ശ്രീകൃഷ്ണചരിതം)

അഭ്യർണ്ണത-സമീപം.

അഭ്യർത്ഥനം, അഭ്യർത്ഥന-അപേക്ഷ.

അഭ്യർത്ഥിത-വി. അപേക്ഷിക്കപ്പെട്ട, യാചിക്കപ്പെട്ട.

അഭ്യർദ്ദനം-പീഡ, ഖണ്ഡം, വേദന, ദുഃഖം.

അഭ്യർഹിതൻ-പൂജ്യൻ.

അഭ്യവകരണം-പുറത്തു കളക.

അഭ്യവകർഷണം-പുറത്താക്കൽ, അമ്പുമറ്റും ദേഹത്തിൽ പതിച്ചാൽ പുറത്തെടുക്കുക. അഭിമുഖമായി അവകർഷിക്കുകയെന്നു ശബ്ദാർത്ഥം.

അഭ്യവകാശം-തുറന്നസ്ഥലം.

അഭ്യവപത്തി-അനുഗ്രഹം.

അഭ്യവസ്കന്ദനം-ചതിച്ചാക്രമിക്കുക. പൃഷ്ഠിയോടു നിലനിന്നിരുന്നതിനെ പൊടുന്നനവെ നശിപ്പിക്കുക എന്നു ശബ്ദാർത്ഥം.

അഭ്യവഹാരം-ഭക്ഷണം.

അഭ്യവഹൃത-വി. ഭക്ഷിക്കപ്പെട്ട.

അഭ്യാവഹൃതം-ഭക്ഷിക്കപ്പെട്ട അന്നം മുതലായതു്. അഭ്യവഹരിക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം.

അഭ്യസനം-ശീലം, പഠിത്തം.

അഭ്യസിക്കുക-ശീലിക്കുക, പഠിക്കുക.

അഭ്യസ്ത-വി. അഭ്യസിക്കപ്പെട്ട.

അഭ്യാഖ്യാനം-ഇല്ലാത്ത ദോഷത്തെ ചുമത്തിപ്പറയുക. ഇല്ലാത്തതു് ഉണ്ടെന്നാക്കിപ്പറയുന്ന ആക്ഷേപവാക്കു്. (അഭിഖ്യാനം എന്നും പറയാം).

അഭ്യാഗത-വി. നേരെ വന്ന.

അഭ്യാഗതൻ-പു. നേരെ വന്നവൻ. ൨. വിരുന്നുകാരൻ, തന്റെ ഗൃഹത്തിലേയ്ക്കു വന്ന അതിഥി.

'പ്രാഘുണ്ണികഃ പ്രാഘുണകഃ' (അമരം)

[പ്രാഘുണ്ണികൻ, പ്രാഘുണകൻ ൨-ം അഭ്യാഗതന്റെ പേർ. അതിഥിക്കു പറഞ്ഞ ലക്ഷണങ്ങൾ ഇല്ലാത്തവരെല്ലാം അഭ്യാഗതന്മാരാകുന്നു. ബന്ധുക്കൾ, കാര്യംപ്രമാണിച്ചു വരുന്നവർ മുതലായവർ ഇതിൽ ഉൾപ്പെടും.]

അഭ്യാഗമം-പു. പോരു് യുദ്ധം. അഭിമുഖമായ ആഗമനം, നേരിട്ടെതിർത്തുചെല്ലുക എന്നു ശബ്ദാർത്ഥം. ൨. നേരെവരുക, തമ്മിൽ കണ്ടു സംസാരിക്കുക (സമാഗമം.) ൩. സമീപം. ൪. എഴുന്നേൽക്കുക. ൫. അടിക്കുക. ൬. എതിർക്കുക. ൭. ശത്രുത്വം.

അഭ്യാഗമനം-തമ്മിൽകാണുക, വരവു്.

അഭ്യാഗാരികൻ-കുടുംബത്തിൽ തന്നെ പ്രയത്നം ചെയ്യുന്നവൻ, കുടുംബസംരക്ഷണത്തിനായി സദാ യത്നിച്ചുകൊണ്ടിരിക്കുന്നവൻ ഗൃഹംവിട്ടു പോകുന്നതിനു നിവൃത്തിയില്ലാത്തവൻ എന്നു ശബ്ദാർത്ഥം

അഭ്യാഘാതം-അടി, ആക്രമം.

അഭ്യാദാനം-ആരംഭമാത്രം. ആദിമുഖേനയുള്ള ആദാനം എന്നു ശബ്ദാർത്ഥം.

അഭ്യാന്ത-വി. രോഗമുള്ള.

അഭ്യാന്തൻ-രോഗമുള്ളവൻ, രോഗി.

അഭ്യാപാതം-നിർഭാഗ്യം, ഭാഗ്യദോഷം.

അഭ്യാമർദ്ദം-പോരു്, യുദ്ധം, ജനങ്ങൾ ഇതിങ്കൽതിക്കിത്തിരക്കുന്നതിനാൽ ഈ പേരുണ്ടായി. അഭിമർദ്ദം (എന്നും ആകാം)

അഭ്യാരൂഢ-വി. ൧. കയറിയ. ൨. വർദ്ധിച്ച.

അഭ്യാശ, അഭ്യാസ-വി. അടുത്തുള്ള.

അഭ്യാശം-സമീപം. ചുറ്റും വ്യാപിച്ചതു് എന്നു ശബ്ദാർത്ഥം. അഭ്യാസം എന്നുമാകാം. '(അഭ്യാശസാഭ്യസന്നേന്തികേ' എന്നു വിശ്വം.)

അഭ്യാസം-പു. ശിക്ഷ. ൨. പരിചയം. ൩. ഒരു വിഷയത്തെത്തന്നെ മനസ്സിൽ വീണ്ടും വീണ്ടും വിചാരിച്ചു ശീലിക്കുക. ൪. പഠിപ്പു്. ൫. സമീപം. ൬. കച്ചകെട്ടിനടത്തുന്ന ചാട്ടം മറിച്ചൽ മുതലായവ.

അഭ്യാസശാല - അഭ്യസിക്കുന്ന ശാല (സ്ഥലം.)

അഭ്യാസാദനം-ചതിച്ചാക്രമിക്ക, പൊടിപൊടിക്കുക എന്നു ശബ്ദാർത്ഥം.

അഭ്യാസി-അഭ്യസിക്കുന്ന, പഠിക്കുന്ന.

അഭ്യാസി-ആയുധങ്ങളെ പ്രയോഗിപ്പാൻ ശീലമുള്ളവൻ.

അഭ്യാഹാരം-പു. കവരു്, മോഷണം. ൨. നേരിട്ടു പൊത്തിപ്പിടിക്കുക.

അഭ്യുക്ഷണം-നനപ്പു്, നനയ്ക്കുക, തളിപ്പു്, തളിക്കുക.

അഭ്യുചിത-വി. പതിവായ, നടപ്പായ.

അഭ്യുച്ഛ്രിത-വി. മേല്പോട്ടുയർത്തിയ, ശ്രേഷ്ഠനിലയിലാക്കപ്പെട്ട.

അഭ്യുത്ഥാനം-പു. എതിരേല്പ്, ബഹുമാനാർത്ഥം എഴുന്നേല്പ്. 2. പുറപ്പെടുക. 3. സൂര്യോദയം, ഉദയകാലം. 4. ക്ഷേമം, വാഴ്ച.

അഭ്യുത്ഥായി-വി. എതിരേല്ക്കുന്ന, ബഹുമാനാർത്ഥം എഴുന്നേല്ക്കുന്ന, ഉയർത്തിയ.

അഭ്യുത്ഥിത-വി. എതിരേററ, ബഹുമാനാർത്ഥം എഴുന്നേററ, ഉയർത്തപ്പെട്ട, തീ പോലെ ജ്വലിച്ച.

അഭ്യുദയം-ഉയർച്ച, ശ്രേയസ്സ്, ഐശ്വര്യവർദ്ധന, ശുഭവൃത്തി.

അഭ്യുദിത-പു. ആദിത്യോദയ സമയം കിടന്നുറങ്ങുന്ന. 2. യാദൃച്ഛികമായുണ്ടായ. 3. ഉയർത്തപ്പെട്ട. 4. ഉദിക്കപ്പെട്ട.

അഭ്യുദിതൻ-പു. സൂര്യോദയസമയം കിടന്നുറങ്ങുന്നവൻ, കാലത്തു ചെയ്യേണ്ടതായ സന്ധ്യാവന്ദനം മുതലായ കർമ്മങ്ങളെ വെടിഞ്ഞവൻ എന്നു ശബ്ദാർത്ഥം. 2. നേരെ ഉദിച്ചവൻ.

അഭ്യുദ്യത-വി. ഉത്സാഹമുള്ള, താല്പര്യമുള്ള.

അഭ്യുന്നതം-ഉയർന്നതു്.

അഭ്യുന്നതി-ഉയർച്ച

അഭ്യുൽപതനം-ചാട്ടം, കുതിച്ചുൽ പൊങ്ങുക, മേല്പോട്ടുള്ള ചാട്ടം.

അഭ്യുപഗമം-പു. അംഗീകാരം, കൈയേൽക്കുക, പ്രതിജ്ഞ. 2. മുമ്പു് എല്ലാത്തിനെ ഏൽക്കുക എല്ലായിടത്തും അറിയുന്നതു്. ഏതുപക്ഷം സമ്മതിക്കുന്നതു് എന്നു ശബ്ദാർത്ഥം.

അഭ്യുപപത്തി-പു. യുക്തം, വാക്കിൻ്റെ യുക്തി. 2. സഹായം. 3. അറിവ്. 4. അനുഗ്രഹം.

അഭ്യുപായം-പു. പ്രതിജ്ഞ. 2. ഉപായം, നിർവ്വാഹം, വഴി, കഴിവ്.

അഭ്യുപായനം-കൈക്കൂലി, ഉപചാരപൂർവ്വമായ ദാനം.

അഭ്യുപേത്യ-അ. പു. പ്രാപിച്ചിട്ടു്. 2. പ്രതിജ്ഞചെയ്തിട്ടു്.

അഭ്യൂഷം, അഭ്യൂഷം, അഭ്യോഷം-ബോളി ഒട്ടട മുതലായ പലഹാരം. (ഇവ അരിമാവു് ഗോതമ്പുമാവു് മുതലായതുകൊണ്ടു് ഉണ്ടാക്കപ്പെടുന്ന സാധാരണയിൽ കുറഞ്ഞ വേവേ ഇവയ്ക്കു പറ്റുള്ളു) അഭ്യൂഷം എന്നതിന് എല്ലാടവും വേവുതട്ടിയതു് എന്നത്രേ ശബ്ദാർത്ഥം. 'ആപൂപകാപൗലിരഭ്യൂഷ' (അമരം).

[ആപൂപകം, പൗലി, അഭ്യൂഷം ഇവ മൂ-ം, പര്യായങ്ങൾ. പകുതി വേവിച്ച യവം മുതലായതോ നെയ്യിലും മററും വറുത്ത യവം മുതലായതോ കൊണ്ടു് ഉണ്ടാക്കുന്ന ഒരു സാധനമെന്നും ഒരു ദേശത്തിൽ ഇതിനു 'പൊല' എന്നു പറയുന്നു എന്നും അഭിപ്രായം കാണുന്നു. എള്ളു്, ശർക്കര മുതലായതും അരിമാവും കൂട്ടി ഉണ്ടാക്കുന്നതാണെന്നു മററൊരഭിപ്രായവും ഉണ്ടു്. അഭ്യൂഷം എന്ന പദത്തിനാണു് അധികം പ്രചാരം.]

അഭ്രകം-ഒരുവക ധാതു, ഗിരിജാമലം, അഭ്രം, കക്കോലപ്പൊന്നു്, പഴമാനം. മേഘതുല്യം എന്നു ശബ്ദാർത്ഥം.

അഭ്രകാദി-ഒരു ചൂർണ്ണം. മേഹനക്ഷയം, ഗുന്മൻ ഇവയ്ക്കു നന്നു്.

അഭ്രഗംഗ-ആകാശഗംഗ.

അഭ്രതലം-ആകാശം

അഭ്രനാഗം-ഐരാവതം.

അഭ്രനിർജ്ഝരണി-ആ.ഗ.

'പ്രേമസ്ഥത്തിയൊരഭ്രനിർജ്ഝരണി യെക്കുറഞ്ഞടങ്ങുമോ'

(മദനകാമചരിതം നാടകം)

അഭ്രപഥം-ആകാശം. ൨. ധൂമയന്ത്രം.

അഭ്രപിശാചം-രാഹു

അഭ്രപുഷ്പം-പു. വഞ്ഞി. വർഷകാലത്തു പൂക്കുന്നതു് എന്നു ശബ്ദാർത്ഥം. ൨. ജലം. ൩. ആകാശപ്പൂവ്, സാധിക്കാത്ത കാര്യം എന്നർത്ഥം ആകാശത്തിൽ വെലികെട്ടുക എന്നും മററും പറക സാധാരണമാണല്ലൊ.

അഭ്രം-പു ആകാശം, ചലനമില്ലാത്തതു്, പ്രകാശമില്ലാത്തതു്, ഒന്നിനേയും ഭരിക്കാത്തതു്, (വല്ലതും മേല്പെട്ടിട്ടാൽ കീഴ്പെട്ടു പോരുകകൊണ്ടു ഈ അർത്ഥം സിദ്ധിച്ചു) ഇങ്ങിനെ വ്യുല്പത്തി. ൨. മേഘം, വെള്ളത്തെ ധരിക്കുന്നതു്, ശമിക്കുന്നതു, എന്നിങ്ങിനെ വ്യുല്പത്തി. ൩. അഭ്രകം. ൪. മുത്തങ്ങ ൫. സ്വർണ്ണം. ൬. കർപ്പൂരം. (കണക്കിൽ) '൦' (പൂജ്യം).

[അഭ്രം എന്ന ധാതുദ്രവ്യം ഭൂമിയിൽനിന്നെടുക്കുന്ന ഒരു മരുന്നാണ്. ഇതു സ്വതേ നാലുവിധമുണ്ടു്. ൧. ചെമന്നതു്-ഇതു തീയിലിട്ടാൽ തവളയെപ്പോലെ ശബ്ദിക്കും. അതിനാൽ അതിനു 'ദർദ്ദുരം' എന്നപേർ സിദ്ധിച്ചു. ൨. വെളുത്തതു്-ഇതു നാഗംപോലെ ശബ്ദിക്കും. ൩. മഞ്ഞയായുള്ളതു്-തീയിലിട്ടാൽ നാലുവിധം ശബ്ദിക്കും. ൪. കറുത്തതു്-ശബ്ദിക്കയില്ല.]

അഭ്രംകഷ-വി ആകാശത്തെ സ്പർശിക്കുന്ന, ആകാശത്തിൽ ഉരസുന്ന.

അഭ്രംകഷം-പു. വായു ൨. പർവതം. ൩. തേക്കമരം.

അഭ്രഭസ്മം-ഒരു മരുന്നു്. ശുക്ലവൃദ്ധിക്കും ആയുർവൃദ്ധിക്കും നന്നു്.

അഭ്രംലിഹ-വി. മേഘത്തെ തൊട്ട, വളരെ ഉയർന്ന. (പൊക്കമുള്ള).

അഭ്രമാതംഗം-ഐരാവതംഎന്ന ആന അഭ്രത്തിങ്കൽ (=ആകാശത്തിൽ—മേഘക്കൂട്ടത്തിൽ) ഉള്ള ആന, മേഘസ്വരൂപമായ ആന എന്നിങ്ങിനെവ്യുല്പത്തി.

അഭ്രമാംസി-ആകാശമാഞ്ചി എന്ന മരുന്നു്.

അഭ്രമു-കിഴക്കേദിക്കരിണി (കിഴക്കെ ദിക്പാലകന്റെ) ആനയുടെ പിടി. മേഘങ്ങളിൽ വർത്തിക്കുന്നതു്, ആകാശത്തിൽ ഒതുങ്ങിനില്ക്കുന്നതു്, ഭർത്താവിനെ വിട്ടുപിരിയാത്തതു് എന്നിങ്ങനെ വ്യുല്പത്തി.

അഭ്രമുവല്ലഭൻ-ഐരാവതം. അഭ്രമുവിന്റെ ഭർത്താവു് എന്നർത്ഥം.

'അഭ്രമുവല്ലഭനോടഭ്രമമുടക്കൊ-
ണ്ടഭ്രതലേപരവശനായ്മണ്ടി'
(ഐരാവതപൂജ തുള്ളൽ)

അഭ്രവാടികം, അഭ്രവാടിക-അമ്പഴം.

അഭ്രാതൃക-വി. സഹോദരന്മാരില്ലാത്ത.

അഭ്രരോഹം-വൈഡൂര്യം.

അഭ്രസഖൻ-മയിൽ.

അഭ്രസത്വം-ഉരുക്ക്.

അഭ്രസാരം-കർപ്പൂരം.

അഭ്രി-പു. തോണികെട്ടുന്ന കററി, തോണിയിലെ നാനാവിധം കളഞ്ഞു നന്നാക്കുന്ന കുപ്പിൻകോൽ എന്നും അഭിപ്രായമുണ്ടു്. ൨. മരക്കത്തില.

അഭ്രിയ-വി. മേഘത്തിൽ ചേർച്ച.

അഭ്രിയം-പു. മേഘത്തിൽനിന്നുണ്ടായ വസ്തു. അഭ്ര (മേഘ) ത്തിൽ ഉണ്ടായതു് എന്നു ശബ്ദാർത്ഥം. ൨. മിന്നൽ. ൩. ഇടി മേഘങ്ങളുടെ കൂട്ടം.

അഭ്രിഖാത-വി. തൂമ്പ (മൺവെട്ടി) കൊണ്ടു കിളച്ച.

അഭ്രിഖാതം-ഉഴുത വയൽ.

അഭ്ര[illegible]ൻ-നഗ്നൻ, മുണ്ടുടുക്കാത്ത പെ സ്വ്. കാററിനെ ഉടുക്കുന്നവൻ(നഗ്നൻ) എന്നു ശബ്ദാർത്ഥം.

അഭ്രേയം-മിന്നൽ.

അഭ്രേയം-നീതിന്യായം, യോഗ്യത, സ്വധർമ്മത്തിൽനിന്നു തെറ്റാത്തതു്.

അഭ്രാതൃത്വം-വൈരം.

അമ-അമെമ്പാട്ടൽ എന്ന ഔഷധം, പേക്കരിമ്പ്.

'ഗുന്ദ്രസ്തേജനകഃശരഃ' (അമരം)

[ഗുന്ദ്രം, തേജനകം, ശരം ന-ം, അമയുടെ പേർ. ശരോബാണേഷുഃ കാണ്ഡമൽക്കടഃ സായകഃക്ഷുരഃ ഇക്ഷുരഃ ക്ഷുരികാപത്രാവിശിഖശ്ചമശാഖിഡഃ' എന്ന പര്യായങ്ങൾ.]

അമ-അ. കൂടെ.

'മഹാനശമനവരതമേണരമ'

(നളചരിതം കഥകളി)

അമട്ട്-ഭയപ്പെടുത്തൽ, ഭീഷണിവാക്ക്.

അമട്ടുക-ഭയപ്പെടുത്തുക, ഭീഷണിപറക.

അമണ്ഡ-അലങ്കരിക്കാത്ത.

അമണ്ഡം-ആവണക്ക്. ആമണ്ഡം, ആരണ്ഡം, മണ്ഡം ഇങ്ങിനെയും പറയാം. മണ്ഡം എന്നതിന് അലങ്കരിക്കുന്നതു് എന്നർത്ഥം.

അമതി-പു. ദുർബ്ബുദ്ധി. വ. കള്ളൻ.

അമത്രം-പാത്രം. അന്നാദികൾ വെയ്ക്കപ്പെടുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

അമന്ദൻ-മന്ദൻ(മടിയൻ) അല്ലാത്തവൻ.

അമനാക്-അ. അനല്പമായ.

'അമനാക്മദീയതാംതദീയാം'

(ദക്ഷയാഗം കഥകളി)

അമംഗല, അമംഗല്യ-വി. പു. മംഗളമല്ലാത്ത, ശുഭമല്ലാത്ത, ദോഷമായ. വ. തീക്ഷ്ണമുള്ള.

അമംഗലം-ആവണക്ക്.

അമയുക-വസിക്കുക.

അമർ-യുദ്ധം.

അമർക്കളം-പോർക്കളം.

അമർക്കുക-ഉറപ്പിക്കുക, ഞെക്കുക.

അമർച്ച-ശാന്തത.

അമർച്ചക്കൊടി-വാതക്കൊടി (ഔഷധം)

അമർത്തൽ-ഉറപ്പിക്കൽ, ഞെക്കൽ.

അമര-വി. മരണമില്ലാത്ത, ചാകാത്ത.

അമര-പു. ഒരുമാതിരിപയറ്, അമരയ്ക്ക, അവര എന്നും പറയും. വ. ചതുരക്കള്ളി. ന. ചിററമൃത്. ദ. കരിംകുറുക. കറുകവാഴ. ന്റ. ആററുപേരാൽ. ത. വലിയ അമരി. വ്യ. തേക്കിട. ൻ. ചെറിയകാട്ടുവെള്ളരി. പ്ര. ഇന്ദ്രനഗരി. പ്പ. ഗർഭപാത്രം. പ്ര. തൂണ്.

അമരകണ്ടകം-റീവ രാജ്യത്തുള്ള ഒരു പുണ്യക്ഷേത്രം.

അമരകണ്ടകൻ-ഒരു രാക്ഷസൻ. മഹാവിഷ്ണു വധിച്ചു.

അമരകോശം - അമരസിംഹാചാര്യൻ എഴുതിയ 'നാമലിംഗാനുശാസനം' എന്ന സംസ്കൃതഗ്രന്ഥം.

അമർത്ത്യാപഗ-ദേവനദി.

അമരന്മാർ-ദേവന്മാർ. മരണം ഇല്ലാത്തവർ എന്നർത്ഥം.

അമരകാഷ്ഠം-ദേവതാരം.

അമരക്കാരൻ-അമരത്തിലിരിക്കുന്നവൻ വാഹനങ്ങളുടെ ഗതിയെ നിയന്ത്രണം ചെയ്യുന്നവൻ.

അമരചന്ദ്രൻ, വേണീകൃപാണാമരൻ-ഒരു കവി.

അമരത-പു. സ്വർഗ്ഗസംബന്ധമായ പരമാനന്ദം. വ. ദേവകളുടെ സ്ഥിതി.

അമരദാരു-ദേവതാരം.

അമരനാഥം-കാശ്മീരരാജ്യത്തുള്ള ഒരു പുണ്യക്ഷേത്രം.

അമരനിമ്നഗ-ഗംഗ.

'ഘോരമായമരനിമ്നഗാമിപതനം'

(അന്യാപദേശശതകം)

അമരപരിഷകം-ദേവസമൂഹം.

അമരപുഷ്പകം, അമരപുഷ്പം-കരവിക്കായ്, ചൂതം, കേതകം, കല്പവൃക്ഷം

അമരപുഷ്പി-ശതകുപ്പാ.

**അമരപുഷ്പിക**-ശതകുപ്പ, വയൽച്ചുള്ളി.

**അമരപ്രഭു**-വിഷ്ണുവിന്റെ സഹസ്രനാമങ്ങളിൽ ഒന്നു്.

**അമരം**-൧. അമരകോശം എന്ന ഗ്രന്ഥം. ൨. വള്ളങ്ങൾ കപ്പലുകൾ മുതലായവയുടെ രണ്ടു ഭാഗങ്ങളിൽ പൃഷ്ഠഭാഗത്തിന്റെ പേർ. പൂർവ്വഭാഗത്തിനെ അണിയം(തല) എന്നു പറയുന്നു. അമരത്തിൽ ഇരിക്കുന്നവൻ അമരക്കാരൻ; വാഹനങ്ങളുടെ ഗതിയെ നിയന്ത്രണംചെയ്യുന്നതു് ഇവനാകുന്നു. ൩. ആനയുടെ പിൻപുറം. ൪. കണ്ണിൽ ഉണ്ടാകുന്ന ഒരു രോഗം. ൫. രസം. ൬. ചതുരക്കള്ളി, ൭. ചങ്ങലംപരണ്ട. ൮. സ്വർണ്ണം.

**അമരർകോൻ**-ദേവേന്ദ്രൻ.

**അമരമാല**-ഒരു അകാരാദി.

**അമരരത്നം**-സ്ഫടികം.

**അമരലത**-ആകാശവള്ളി.

**അമരവല്ലി, അമരവല്ലിക**-ആകാശവള്ളി.

**അമരവരൻ**-ദേവേന്ദ്രൻ.

**അമരസരിത്തു്**-ഗംഗാനദി.

**അമരസിംഹൻ**-അമരകോശം എന്ന ഗ്രന്ഥത്തിന്റെ കർത്താവു്.

[നേപ്പാളരാജ്യത്തിൽ കാന്തി എന്ന രാജധാനിക്കു കിഴക്കായിട്ടു 'വിശാലം' എന്നു ഒരു നഗരം വിക്രമാബ്ദം ൧൨-ാം നൂറ്റാണ്ടിനു മുമ്പുണ്ടായിരുന്നു. ഇതു ൧൩-ാം നൂറ്റാണ്ടിൽ ഘോരമായ ഒരഗ്നിബാധയിൽ നശിച്ചു. ഇക്കാലത്തും കൃഷിക്കാർ കിളക്കുമ്പോൾ അന്നത്തെ ഗൃഹോപകരണങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടുവരുന്നതിനാൽ അപ്രകാരം ഒരു നഗരം ഉണ്ടായിരുന്നു എന്നു പ്രസ്പഷ്ടമാകുന്നു. ഈ നഗരത്തിലാണു് അമരസിംഹൻ ജനിച്ചതു്. ഒരിക്കൽ ഇദ്ദേഹവും ശങ്കരാചാര്യസ്വാമിയും തമ്മിൽ ഒരാഴ്ചവട്ടം വാദം നടത്തി. ആ സമയം അമരസിംഹൻ ഒരു തിരശ്ശീലക്കുള്ളിലും ആചാര്യസ്വാമി അതിനു വെളിയിലുമാണു് ഇരുന്നിരുന്നതു്. ആർക്കും ജയമോ തോൽവിയോ ഉണ്ടാകാത്തതിനാൽ സംശയം തോന്നി ആചാര്യസ്വാമി തിരശ്ശീലനീക്കി നോക്കിയപ്പോൾ അമരസിംഹൻ മൌനവ്രതത്തോടു നിൽക്കുന്നതും കുടത്തിൽ ആവാഹിച്ചുവെച്ചിട്ടുള്ള സരസ്വതി സംസാരിക്കുന്നതും കണ്ടു്, എടീ! പാപി നീ എന്നെ ഉപേക്ഷിച്ചു് ഒരു ബൌദ്ധനെ സ്വീകരിച്ചുവോ എന്നു ആചാര്യസ്വാമി ചോദിച്ചു. അനന്തരം സരസ്വതി അവിടെ നിന്നും മറഞ്ഞു. വീണ്ടും ഉണ്ടായ വാദത്തിൽ അമരസിംഹൻ തോററു ലജ്ജാഹേതുവായിട്ടു പട്ടിണികിടന്നു മരിച്ചു. ഇപ്രകാരം പല ഐതിഹ്യങ്ങൾ കാണുന്നുണ്ടു്. അമരസിംഹൻ ജൈനമതക്കാരനായിരുന്നു എന്നു മറെറാരഭിപ്രായവും ഇല്ലാതില്ല. ബുദ്ധഗയയിലെ ക്ഷേത്രം ഇദ്ദേഹമാണു പോൽ പണികഴിപ്പിച്ചതു്. ഇദ്ദേഹം വിക്രമാദിത്യന്റെ സദസ്സിലുണ്ടായിരുന്ന നവരത്നങ്ങളിൽ ഒന്നായിരുന്നു എന്നു താഴെ പറയുന്ന ഭാഗംകൊണ്ടു തെളിയുന്നു.]

'ധന്വന്തരിക്ഷപണകാമരസിംഹശങ്കു
വേതാളഭട്ടഘടഖർപ്പരകാളിദാസാഃ [ഖ്യാ
തോ വരാഹമിഹിരോ നൃപതേസ്സഭായാം
രത്നാനി വൈ വരരുചിർന്നവ വിക്രമസ്യ
(ജ്യോതിർവിദാഭരണം)

**അമരാംഗന**-ദേവസ്ത്രീ.

**അമരാചാര്യൻ**-ദേവഗുരു (ബൃഹസ്പതി, വ്യാഴൻ)

**അമരാദ്രി**-മഹാമേരുപർവ്വതം.

**അമരാധിപൻ**-൧. ദേവേന്ദ്രൻ. അമര എന്ന പദത്തോടു് ഇന്ദ്രൻ, ഈശ്വരൻ,

ഈശൻ, പതി, ഭൎത്താ, രാജാ ഇത്യാദി പദങ്ങൾ ചേൎത്താൽ ദേവേന്ദ്രൻ എന്ന അൎത്ഥമുണ്ടാകും. ൨. ശിവൻ. ൩. വിഷ്ണു.

**അമരാപഗ**-ഗംഗ എന്ന നദി. അമര എന്ന ശബ്ദത്തോടു തടിനി, സരിത്ത് ഇത്യാദി നദീപൎയ്യായങ്ങൾ ചേൎത്താൽ ഗംഗാനദി എന്നൎത്ഥം ഉണ്ടാകും.

**അമരാരി**-അസുരൻ, ദേവന്മാരുടെ ശത്രു.

**അമരാലയം**-സ്വൎഗ്ഗം.

**അമരാവതി**-൧. ഇന്ദ്രനഗരി. ദേവകളുടെ വാസസ്ഥാനം എന്നു ശബ്ദാൎത്ഥം. ൨. ബീരാർ എന്ന രാജ്യത്തിലെ ഇപ്പോഴത്തെ ഒരു പട്ടണം. ൩. ഒരു നദി.

**അമരി**-൧. ഒരു ചെടി, തമിഴിൽ 'അവുരി' എന്നും ഇംഗ്ലീഷിൽ 'ഇൻഡിഗോ' (Indigo) എന്നും പറയുന്നു. [കം

'നീലീകാലാക്ലീതകികാഗ്രാമീണാമധുപൎണ്ണി

രഞ്ജനീശ്രീഫലീതുത്ഥാദ്രോണീദോളാചനീ

(അമരം) [ലിനി'

[നീലി, കാല, ക്ലീതകിക, ഗ്രാമീണ, മധുപൎണ്ണിക, രഞ്ജനീ (രജനി), ശ്രീഫലി, തുത്ഥ, ദ്രോണി, ദോള, നീലിനി ൧൧-ം, അമരിയുടെ പേർ. 'നീലിനീലാനീലിനീനീലപത്രീതുത്ഥാരംജനീനീലികാനീലപുഷ്പീ; കാലീശ്യാമാശോധനീശ്രീഫലം ച ഗ്രാമ്യാ ഭദ്രാഭാരവാഹീ ച മോചാ; കൃഷ്ണാവ്യഞ്ജനാകേശീ ച രഞ്ജനീ ച മഹാഫലാ; അസിതാ ക്ലീതനീനീലാകേശീചാരടികാമതാ; ഗന്ധപുഷ്പാശ്യാമലികാരംഗപത്രീമഹാബലാ; സ്ഥിരരംഗാരംഗപുഷ്പീ സ്യാദേകവിംശതിസാഹ്വയാ' എന്നു പൎയ്യായം. ഇതു കൃമി, കാസശ്വാസം, ജ്വരം, ആമവാതം, വാതരക്തരോഗം, മഹോദരം, തൃഷ്ണ, ഗുന്മൻ ഇവയെ ഇല്ലാതാക്കും. വിഷത്തിന് അമരി സിദ്ധൌഷധമാകുന്നു. കേശവൎദ്ധനമാണ്.]

൨. മരിക്കാത്തവർ, ൩. ദേവസ്ത്രീ.

**അമരുക**-ചെരുക, വസിക്കുക, അടങ്ങുക, ശാന്തമാവുക, താഴുക.

**അമരുകൻ, അമരു**-ഒരു കവിയും രാജാവുമാണ്. ക്രിസ്ത്വാബ്ദം ൭൦൦-നു മുമ്പു ജീവിച്ചിരുന്നു. സംസ്കൃതത്തിൽ ശൃംഗാരരസം അടങ്ങിയതും ൧൦൦ പദ്യങ്ങളുള്ളതുമായ ഒരു കാവ്യം ഇദ്ദേഹം നിൎമ്മിച്ചിട്ടുണ്ട്. അതിനു 'അമരുകശതകം' എന്നു പേർ. ഇദ്ദേഹം ശങ്കരാചാൎയ്യരുടെ അവതാരമാണെന്ന് അഭിപ്രായമുണ്ട്.

**അമരുകശതകം**-ശൃംഗാരരസപ്രധാനമായി ൧൦൦ ശ്ലോകങ്ങൾ അടങ്ങിയ ഒരു സംസ്കൃതകാവ്യം. അമരുകൻ ഉണ്ടാക്കിയതിനാൽ ഈ പേർ സിദ്ധിച്ചു.

"ശങ്കരാചാൎയ്യർ ദിഗ്വിജയത്തിനുള്ള വ്യാജേന കാശ്മീരരാജ്യത്തിൽ പോയ സമയം ശൃംഗാരരസപ്രധാനമായി ഒരു കാവ്യം ഉണ്ടാക്കാൻ സദസ്യന്മാരാൽ പ്രാൎത്ഥിക്കപ്പെട്ടു എന്നും, മൃതനായ അമരുകരാജാവിന്റെ ശരീരത്തിൽ തന്റെ ജീവനെ ആരോപിച്ചുകൊണ്ടു രാജാവിന്റെ ഭാൎയ്യമാരോടൊരുമിച്ചു സുഖമായി വസിച്ച് അമരുകശതകത്തെ ഉണ്ടാക്കി എന്നും രവിചന്ദ്രന്റെ അമരുകശതകവ്യാഖ്യാനത്തിൽ കാണുന്ന പ്രകാരവും മററും മഹാമഹിമശ്രീ പൂയം തിരുനാൾ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ഭാഷാന്തരീകരണമായ അമരുകശതകം മണിപ്രവാളത്തിന്റെ മുഖവുരയിൽ പ്രസ്താവിച്ചിരിക്കുന്നു."

**അമരുലക്**-ദേവലോകം.

**അമരേത്ത്, അമറേത്ത്**-രാജാക്കന്മാർ ആഹാരം കഴിക്കുന്നതിനു പറയുന്ന പേർ. വിലക്ഷണപദമാണ്. ഇപ്പോൾ ഉപയോഗിക്ക പതിവില്ല. 'അമൃതേത്ത്' എന്നാണിപ്പോൾ നടപ്പ്.

**അമരേന്ദ്രൻ**-ദേവേന്ദ്രൻ.

അമരേശ്വരൻ-ദേവേന്ദ്രൻ.

അമരൌഘം-ദേവക്കൂട്ടം.

അമർച്ച-അടക്കം, ഒതുക്കം.

അമർച്ചക്കൊടി-വാതക്കൊടി എന്ന ഔഷധം.

അമർത്തൽ-ഞെക്കൽ, ഞെരുക്കൽ, ഉറപ്പിച്ചിരുത്തൽ.

അമർത്തുക-ഞെരുക്കുക, ഉറപ്പിച്ചിരുത്തുക.

അമർത്ത്യ-വി. മർത്ത്യൻ (മനുഷ്യൻ) അല്ലാത്ത, ചാകാത്ത.

അമർത്ത്യൻ-ദേവൻ. മരണം ഇല്ലാത്തവൻ എന്നു വ്യുൽപത്തി.

അമർത്ത്യത്വം-൧. ദേവത്വം. ൨. മരണം ഇല്ലായ്ക.

അമർത്ത്യനദി-ദേവഗംഗ.

അമർത്ത്യഭുവനം-സ്വർഗ്ഗം.

അമർത്ത്യവൈരി-അസുരൻ, ദേവശത്രു.

അമർന്ന-വി. ൧. ചേർന്ന, വസിച്ച. ൨. അടങ്ങിയ. ൩. ശാന്തമായ.

അമർപ്പ്-ചേർപ്പ്.

അമർമ്മജാത-വി. മർമ്മത്തിൽ ഉണ്ടാകാത്ത

അമർമ്മവധി-വി. ൧. മർമ്മത്തെ ഉപദ്രവിക്കാത്ത. ൨. ശാന്തമായ. ൩. മൃദുവായ.

അമർയ്യാദ-വി. ൧. മർയ്യാദ (ക്രമം) ഇല്ലാത്ത, ക്രമക്കേടുള്ള. ൨. അതിരില്ലാത്ത. ൩. ന്യായമില്ലാത്ത, നീതിയില്ലാത്ത, ദുസ്സ്വഭാവമുള്ള.

അമർയ്യാദ-ക്രമക്കേട്, ന്യായക്കേട്, നീതികേട്, ദുസ്സ്വഭാവം, ബഹുമാനത്തെ ലംഘിക്കുക.

അമർഷഹാസം-കോപമുള്ള ചിരി.

അമർഷ-വി. ക്ഷയമില്ലാത്ത, സഹനശക്തിയില്ലാത്ത.

അമർഷണ-വി. കോപശീലമുള്ള.

അമർഷണൻ-൧. കോപശീലൻ, സഹിക്കാത്തവൻ എന്നു ശബ്ദാർത്ഥം ൨. ഒരു സുശ്രുവംശരാജാവ്.

അമർഷം-കോപം, സഹിക്കായ്ക എന്നു ശബ്ദാർത്ഥം.

അമല്-൧. കരപ്പിരിവ്. ഇതു് അറബിഭാഷയാണ്. ൨. കിറക്കം.

അമല്പൊരി-അക്കരം എന്ന രോഗത്തിനു ശമനൌഷധമായ ഒരു ചെടി. ചെമപ്പ് വെളുപ്പ് ഇങ്ങിനെ രണ്ടുവിധം പൂവുള്ളതുണ്ട്. ചെമന്ന പൂവുള്ളതു് വിഷത്തിനു നന്ന്. കുഷ്ഠശമനത്തെയും ചെയ്യും. വെളുത്ത പൂവുള്ളതു് അക്കരം എന്ന രോഗത്തിനും, മറ്റുകരപ്പൻ മുതലായുള്ള രോഗങ്ങൾക്കും ശമനൌഷധമാകുന്നു. ഇതിന്നു് അക്കരംകൊല്ലി എന്നും പേരുണ്ട്.

അമല-വി. മലം (അഴുക്ക്) ഇല്ലാത്ത, തെളിഞ്ഞ, ശുദ്ധിയുള്ള, പ്രകാശമുള്ള, വെളുപ്പുള്ള.

അമല-൧. ഒരു വൃത്തം. അഷ്ടിഛന്ദസ്സിൽ ഉൾപ്പെട്ടതാണ്. പാദം ഒന്നിൽ ൧൬ അക്ഷരം കാണും.

'അമലാഖ്യംസഭസഭസംപിന്നൊരുഗുരു
(വൃത്തമഞ്ജരി) [വൃംകോം'

൨. കിഴുകാനെല്ലി.

അമലതരം-൧. ഒരു വൃത്തം, അതിധൃതിഛന്ദസ്സിൽപെട്ടതു്. ഒരു പാദത്തിൽ ൧൯ അക്ഷരം കാണും.

'അമലതരാഭിധമിഹനജനംസനനഗ
(വൃത്തമഞ്ജരി) [വരികിൽ'

൨. വളരെ തെളിവുള്ളതു്. ൩. പഴയനം. ൪. അഭ്രകം.

അമലം-൧. നിർമ്മലം, സ്വച്ഛം, അഴുക്കില്ലാത്തതു്. ൨. ലക്ഷ്മി. ൩. ചന്ദനം.

അമലമണി-സ്ഫടികം.

അമലരത്നം-സ്ഫടികം.

അമലി-൧. സുരഭി. ൨. ലക്ഷ്മി.

അമലിക്കുക-സുരഭിയാക്കുക, ശേഖരിച്ചുവയ്ക്കുക.

അമലിന-വി. അഴുക്കില്ലാത്ത, പരിശുദ്ധമായ.

അമസം-പു. രോഗം. ഉ.വിഡ്ഢിത്തം.

അമസൃണ-വി. മസൃണം (മൃദുത്വം) ഇല്ലാത്ത.

അമളി-പു. ദുർഘടം, ആലോചനയില്ലായ്മ. തിട്ടുക്കം, പരിഭ്രമം, അമ്പരപ്പു്, വലച്ചൽ, വ്യസനം, കലക്കം, കലമ്പൽ.

'വീട്ടിലൊരമളിനമുക്കുണ്ടായതു
കേട്ടില്ലെങ്കിൽ പറയാം കുറെ ഞാൻ'
(രുക്മിണീസ്വയംവരം തുള്ളൽ)

ഉ. കിടക്ക, മെത്ത(ഇപ്പോൾനടപ്പില്ല).

'അല്ലഅമളിക്കുമേൽഅണഞ്ഞുപള്ളികൊണ്ട'
(രാമചരിതം)

അമളിക്കുക-പരിഭ്രമിക്കുക, തിട്ടുക്കപ്പെടുക, വ്യസനിക്കുക.

അമറൽ-പു. കാളയുടെയും മററും ശബ്ദം. ഉ, കാളയെപ്പോലെയുള്ള ശബ്ദം.

അമറുക-കാളയേയും മററും പോലെ ശബ്ദിക്കുക.

അമാ-അ. പു. കൂടെ. ഉ. സമീപം.

'സാകംസത്രാസമംസാൎദ്ധമമാസഹ'
(അവ്യയാൎത്ഥപ്രകാശം)

പു. അമാത്യൻ-സമീപത്തിലുള്ളവൻ.

ഉ. അമാവാസ്യ-സൂൎയ്യനും ചന്ദ്രനും ഇവിടെ കൂടിയിരിക്കുന്നു എന്നു സഹാൎത്ഥം

ന. കറുത്തവാവു്, സൂൎയ്യനും ചന്ദ്രനും കൂടി ചേരുന്ന ദിവസം.

അമാത്യ-അരികിലുള്ള.

അമാത്യൻ-പു. പ്രധാനമന്ത്രി സദാ സമീപത്തിൽതന്നെ നില്ക്കുന്നവൻ എന്നു ശബ്ദാൎത്ഥം.

'മന്ത്രീധീസചിവോമാത്യഃ' (അമരം)

[മന്ത്രി, ധീസചിവൻ, അമാത്യൻ ൩-ം, പ്രധാനമന്ത്രിയുടെ പേർ.]

ഉ. രാജ്യാംഗങ്ങളിൽ ഒന്നു്.

[സ്വാമി, അമാത്യൻ, സുഹൃത്തു്, കോശം, രാഷ്ട്രം, ദുൎഗ്ഗം, ബലം ൭-ം, രാജ്യാംഗങ്ങൾ ആകുന്നു.]

അമാനന(ം)- വിനയമില്ലായ്മ, നിന്ദ, അനുസരണക്കേടു്.

അമാനവ-വി. മനുഷ്യസംബന്ധമല്ലാത്ത, ദൈവസംബന്ധമായ.

അമാനസ്യം-ദുഃഖം. അമനസ്സിന്റെ(ദുൎമ്മനസ്സിന്റെ-ദുഷ്ടമനസ്സിന്റെ) ഭാവം.

അമാനുഷ(ഷി)-വി. മാനുഷം (മനുഷ്യസംബന്ധം) അല്ലാത്ത, ദൈവികമായുള്ള.

അമാനുഷ്യ-വി. മനുഷ്യസംബന്ധമല്ലാത്ത, ദൈവികമായ.

അമാന്തം-അമളി, നാനാവിധം, കുഴപ്പം, മടി.

അമാന്തക്കാരൻ- അമാന്തം കാണിക്കുന്നവൻ.

അമാംസ-വി. മാംസമില്ലാത്ത, മെലിഞ്ഞ, ബലംകുറഞ്ഞ.

അമാംസൻ-ദുൎബ്ബലൻ. അല്പമാംസമുള്ളവൻ എന്നു ശബ്ദാൎത്ഥം.

അമാർ-ഒരുവൃക്ഷം. പട്ടുനൂലുണ്ടാക്കുന്ന പുഴുക്കൾക്കു് ഇതിന്റെ ഇല ഭക്ഷണമായി കൊടുക്കുന്നു. അമാർ എന്നതു പേർഷ്യൻഭാഷയാണു്.

അമാൎഗ്ഗ-വി. മാൎഗ്ഗം (വഴി) ഇല്ലാത്ത.

അമാൎഗ്ഗം-വഴിയില്ലായ്ക.

അമാനത്തു് (പേർഷ്യൻഭാഷ) അനാമത്തു്, പണയം.

അമാനം-അളവററതു്.

അമാമസി-കറുത്തവാവു്.

അമാമാസി-കറുത്തവാവു്.

അമാവസി-കറുത്തവാവു്.

അമാവാസി-കറുത്തവാവു്.

അമാവാസ്യ,അമാവസ്യ-കറുത്തവാവു്. ആദിത്യനും ചന്ദ്രനും ഈ ദിവസം ഒന്നിച്ചുവസിക്കുന്നു എന്നു ശബ്ദാൎത്ഥം.

അമി-വരിനെല്ലു്.

അമിക്കയറു-നുകംവെച്ചു കെട്ടുന്നകയറു്.

അമിക്കുക-നുകംവെച്ചുകെട്ടുക.

അമിൽദാർ-പട്ടാളത്തിലെ ഒരു ജോലി. അറബിഭാഷ.

അമിത-വി. മിതം (കണക്കു്) അല്ലാത്ത, ക്രമത്തിലധികമായ.

അമിത്രഘാത-വി. ശത്രുക്കളെ കൊല്ലുന്ന.

അമിത്രജിത്തു്-വി. ശത്രുക്കളെ ജയിക്കുന്ന.

അമിത്രജിത്തു്-പ്ര. ഒരു സൂര്യവംശരാജാവു്. ൨. കൌരവരിൽ ഒരുവൻ.

അമിത്രത്വം-ശത്രുത്വം, വിരോധം.

അമിത്രൻ-ശത്രു.

അമിത്രാന്തകൻ-ജയിക്കുന്നവൻ. ശത്രുക്കളുടെ കാലൻ എന്നു ശബ്ദാർത്ഥം.

അമിലാതകം-വൻകുറുഞ്ഞി.

അമിഴ്ത്തുക-ഉറപ്പിക്കുക.

അമിഴുക-(പഴയമലയാളം) താഴുക, മുഴുകുക, മുങ്ങുക.

'പോരിൽഅമിഴ്ന്തകവിവീരരെയരക്കർ
ചിലർവാമ്പിളർന്തമണ്ണിനപൊയ്യുംനായും'
(രാമചരിതം)

വീഴുക, പതിക്കുക, വസിക്കുക.

'ഇരുലോകംതന്നിലമണ്ണുതുടങ്ങിനാർ
നുതനമാംയോഗകാന്തിയുമായ്'
(കൃഷ്ണഗാഥ)

അമീത-വി. ഉപദ്രവിക്കാത്ത, നിർദ്ദോഷമായുള്ള.

അമീത്തു്-ഭക്ഷണംകഴിക്ക.

അമീൻ-(അറബിഭാഷ) സ്വദേശമുഷ്ഠി, ചുമതലപതിച്ചവൻ.

അമീൻ-(അറബിഭാഷ) കുലശ്രേഷ്ഠൻ, മഹാൻ. (അമീന്മാർ-കുലശ്രേഷ്ഠന്മാർ, മഹാന്മാർ.)

അമുക്കൻ-വലിയ കള്ളൻ.

അമുക്കു്, അമുക്കൽ-ഞെക്കൽ, ഞെരുക്കൽ.

അമുക്കം-ഞെക്കൽ, ഞെരുക്കൽ, കരുക്കൽ, പിതുക്കൽ, പിഴിയൽ.

അമുക്കുക-ഞെക്കുക, ഞെരുക്കുക, പിതുക്കുക.

അമുക്കുരം-ഒരങ്ങാടിമരുന്നു്. അമുക്കിരം. തമിഴിൽ-അച്ചുവകെന്തിക്കിഴങ്ങ്, അമുക്കിറാക്കിഴങ്ങ്. സംസ്കൃതത്തിൽ-അശ്വഗന്ധം.

അമുങ്ങുക-ഞെരുങ്ങുക, പതുങ്ങുക.

അമുക്തം-ഒരായുധം, വാൾ, കത്തി. ഇതു വീണുപോകാതെ സദാ കൈയിൽ മുറുകിയിരിക്കുന്നതാണു്.

അമുതു്-അമൃതു്. (പ-മ.)

അമുത്ര-അ. ജന്മാന്തരത്തിങ്കൽ, പരലോകത്തിൽ.

അമുഴ്ത്തുക-പതിക്കുക. ഉ-ം, രത്നങ്ങൾ അമുഴ്ത്തിയ ആഭരണങ്ങൾ.

അമൂർത്ത-വി. മൂർത്തം (രൂപം) ഇല്ലാത്ത, ആകൃതിയില്ലാത്ത, ശരീരമില്ലാത്ത.

അമൂർത്തദ്രവ്യങ്ങൾ

ഇന്ദ്രിയഗോചരങ്ങളായ യാതൊരു ലക്ഷണങ്ങളും ഇല്ലാത്ത പദാർത്ഥങ്ങളെ 'അമൂർത്തദ്രവ്യങ്ങൾ' എന്നു പറയുന്നു, കാലം, ദിക്കു് മുതലായവ.

അമൂർത്തൻ-ശിവൻ.

അമൂർത്തി-വി. രൂപമില്ലാത്ത, ആകൃതിയില്ലാത്ത.

അമൂർത്തി-പ്ര. വിഷ്ണു. ൨. രൂപമില്ലായ്മ, ആകൃതിയില്ലായ്മ.

അമൂല-വി. ൧. കിഴങ്ങില്ലാത്ത. ൨. കാരണമില്ലാത്ത, അടിസ്ഥാനമില്ലാത്ത.

അമൂല-മേത്തോന്നി എന്ന ഔഷധം.

അമൂല്യ-വി. വിലമതിക്കത്തക്കതല്ലാത്ത, വിലയേറിയ.

അമ്മണാളം-രാമച്ചം. ജലത്തിൽ സ്ഥിതിചെയ്യുന്നതു് എന്നു വ്യുല്പത്തി. ജലത്തിന്ന

രികെ ഇതു സാധാരണ നല്ലവണ്ണം വരുന്നു.

അമൃത-വി. മരിക്കാത്ത, മരണമില്ലാത്ത.

അമൃത-നാ. നെല്ലി. മരണത്തെക്കളയുന്നതെന്നു ശബ്ദാർത്ഥം. ൨. കടുക്ക. ൩. ചിററമൃത്. ൪. മദ്യം. ൫. കരിംകറുക. ൬. ചെറുപ്പുന്ന. ൭. കിഴുകാനെല്ലി. ൮. കടുക്ക. ൯. കിണികിണിപ്പാല ൧൦. ചെറുവിരലിക്കോവ. ൧൧. അതിവിടയം. ൧൨. തുളസി. ൧൩. തിപ്പലി. ൧൪. നാലെല്ലൊപ്പക്കൊന്ന. ൧൫. സൂര്യന്റെ ഒരു കിരണത്തിന്റെ പേർ. ൧൬. ചെറുകാട്ടുവെള്ളരി.

അമൃതകരൻ-ചന്ദ്രൻ.

അമൃതകിരണം-കർപ്പൂരം.

അമൃതകിരണൻ-ചന്ദ്രൻ.

അമൃതകുംഭം-സുധനിറഞ്ഞൊരുപാത്രം.

അമൃതഗർഭ-വി. അമൃതവും വെള്ളവും നിറഞ്ഞ.

അമൃതജട-മഞ്ചി.

അമൃതതരംഗിണി-നിലാവ്.

അമൃതദശമൂലാദി-ഒരു കഷായം. ക്ഷയം, കര, അഗ്നിമാന്ദ്യം ഇവയ്ക്കുനന്ന്.

അമൃതദീധിതി-ചന്ദ്രൻ.

അമൃതദ്യുതി-ചന്ദ്രൻ.

അമൃതൻ-നാ. മരണമില്ലാത്തവൻ. ൨. ദേവൻ. ൩. ഇന്ദ്രൻ. ൪. വിഷ്ണു. ൫. ശിവൻ ൬. സൂര്യൻ.

അമൃതഫലാ-നാ. നെല്ലി. ൨. മുന്തിരി.

അമൃതഫലം-നാ. നെല്ലിക്ക. ൨. കടുക്ക. ൩. നാസപാതി. ൪. കണ്ണൻപടോലം. ൫. ദ്വീപാന്തരത്തിലുള്ള ഈത്തപ്പഴം.

അമൃതം-നാ. അമൃത്, സുധാ. ൨. മോക്ഷം. മരണമില്ലാത്തതു എന്ന് ഇതിന്റെ ശബ്ദാർത്ഥം. മരണമില്ലാത്ത സ്ഥിതിയാകുമ്പോൾ മരണവുമില്ലല്ലോ. ൩. ജലം. മരണത്തെ നിവർത്തിപ്പിക്കുന്നതു എന്നു ശബ്ദാർത്ഥം. ൪. യാഗശിഷ്ടമായ ഹവിസ്സുമുതലായതു്. ൫. ആരെങ്കിലും വല്ലതും മനസ്സറിഞ്ഞു തരുന്നതിനെ ഭക്ഷിക്കുക, ആരോടും ഒന്നിനേയും യാചിക്കാതെ ഈശ്വരധ്യാനത്തോടെ സന്തുഷ്ടനായി വസിക്കുക. ൬. പാൽ. ൭. രസം. ൮. നെയ്യ്, ഉരുക്കുനെയ്യ്. ൯. വത്സനാഭം. ൧൦. കിഴുകാനെല്ലി. ൧൧. പന്നിക്കിഴങ്ങ്. ൧൨. മകുട്ടപയറ്. ൧൩. ചിററമൃത്. ൧൪. വിഷം. ൧൫. മോര്. ൧൬. കടുക്ക. ൧൭. നെല്ല്. ൧൮. ചോറ്. ൧൯. ബ്രഹ്മം. ൨൦ വാരനക്ഷത്രയോഗം, തിഥിവാരയോഗം. ൨൧. നാല എന്ന അക്കം. ൨൨. സ്വർണ്ണം.

അമൃതമഥനം-പാലാഴിമഥനം.

വിദ്യാധരസ്ത്രീകൾ ഒരു ദിവ്യപുഷ്പമാല ദുർവ്വാസസ്സിനു കൊടുത്തു. അദ്ദേഹം അതിനെ ഇന്ദ്രനു ദാനംചെയ്തു. ഇന്ദ്രൻ ആ മാലയെ ഐരാവതത്തിന്റെ മസ്തകത്തിന്മേൽ വെച്ചിട്ടു തലചിക്കിളുമത്തപ്പോൾ വണ്ടുകളുടെ ഉപദ്രവം ഹേതുവായിട്ട് ആ പുഷ്പമാലയെ ഐരാവതം നശിപ്പിച്ചു. അതുകണ്ടു കോപാക്രാന്തനായി 'ദേവകൾ ജരാനരയുള്ളവരായി വൃദ്ധരായി ഭവിക്കട്ടെ' എന്നു ദുർവ്വാസസ്സു മഹർഷി ശപിച്ചു. പിന്നീടു 'അമൃതഭോജനം കൊണ്ടു ജരാനര തീരട്ടെ' എന്ന് ശാപമോക്ഷം നൽകി. അമൃതം എടുക്കുന്നതിനായിട്ട് അനന്തരം പാലാഴി കടഞ്ഞു. ഇതിലേയ്ക്കു മത്തു മന്ദരപർവ്വതവും, കയറു വാസുകിയും, പ്രവർത്തകന്മാർ ദേവാസുരന്മാരും ആയിരുന്നു.

അമൃതമാലിനി-ദുർഗ്ഗയുടെ ഒരു പേർ.

അമൃതരശ്മി-ചന്ദ്രൻ.

അമൃതരസാ-വലിയ മുന്തിരി.

അമൃതലത, അമൃതവ്രതിക-ചിററമൃത്.

അമൃതവല്ലി, അമൃതവല്ലരി-ചിററമൃത്.

അമൃതസംഭവം-ചിററമൃത്.

അമൃതസംസ്കാരം-കല്പമുതലായതിന്റെ വിഷം പോക്കുക.

അമൃതസോദരം-കുതിര.

അമൃതസ്രവ-അമൃതവല്ലി. അഴകണ്ണി.

അമൃതസ്രവം-അമൃതത്തിന്റെ ഒലിപ്പ്.

അമൃതാംശു-൧. ചന്ദ്രൻ. ൨. കർപ്പൂരം.

അമൃതാദി-ഒരു എണ്ണ. (ചെറിയത്) രക്തവാതത്തിനും തലചുട്ട്, വേദന ഇവക്കും നന്ന്, (വലിയത്) നീരിളക്കം, കുരു, ചിരങ്ങ് ഇവയിൽ തലയിൽ തേയ്ക്കണം.

അമൃതാന്ധസ്സുകൾ-ദേവന്മാർ. അമൃതത്തെ ഭക്ഷിക്കുന്നവർ എന്നു ശബ്ദാർത്ഥം.

അമൃതാത്മാവ്-൧. ചന്ദ്രൻ. ൨. ശിവൻ. അമൃതസ്വരൂപൻ (മരണമില്ലാത്തവൻ).

'തിരോഹിതേ ഭാഗമൃതാത്മനീശ്വരേ
(ദക്ഷയാഗം കഥകളി)

അമൃതഭാനു-ചന്ദ്രൻ.

അമൃതാർണ്ണവലേഹ്യം-ഒരു മരുന്ന്. രക്തശുദ്ധി, ശരീരകാന്തി, ഓർമ്മശക്തി, ഇവയെ നൽകുന്നതും ക്ഷയം, വയറുപോക്ക, ദീർഘകാലം ചെന്ന തലവേദന, നെഞ്ഞുവേദന ഇവയെ ശമിപ്പിക്കുന്നതുമാകുന്നു.

അമൃതാഫലാ-കൈപ്പൻ പടവലം.

അമൃതപ്രാശ(ന)ം-ഒരു ഘൃതം. ശുക്ലക്ഷയം, ബലക്ഷയം, ശോഷം, ക്ഷതം, കാസം ഇവയ്ക്കു നന്ന്.

അമൃതാശനന്മാർ-ദേവന്മാർ. അമൃതം ഭക്ഷിക്കുന്നവർ എന്നർത്ഥം.

അമൃതാസംഗം-കപ്പരീതുത്ഥം.

അമൃതാശൻ-വിഷ്ണു.

അമൃതാഹ്വം-നാനാപാതി എന്ന ഔഷധം.

അമൃതാഹരൻ-ഗരുഡൻ.

അമൃതാഹ്വയം-നെയ്യ്.

അമൃതു-൧. അമൃത് എന്ന മരുന്ന്. ൨. ദേവകളുടെ ഭക്ഷണം. ൩. ജലം. ൪. മോക്ഷം. ൫. പാൽ. ൬. വിഷം. ൭. ഉരുക്കുനെയ്യ്. ൮. മോര്. ൯. സ്വത്ത്. ൧൦. യാഗശിഷ്ടം. ൧൧. ഒന്നും യാചിക്കാതെ ദൈവവിചാരത്തിൽ ഇരിക്കുക. ൧൨. അന്നം, ചോറ്. ൧൩. പൊന്ന്. ൧൪. രസം—'അമൃതം' എന്ന ശബ്ദം നോക്കുക.

അമൃതേശൻ, അമൃതേശ്വരൻ-ശിവൻ.

അമൃതേശയൻ-വിഷ്ണു വെള്ളത്തിൽ ശയിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

അമൃതേത്ത്-രാജാക്കന്മാരും മററും ഭക്ഷിക്കുന്നതിനു പറയുന്ന പേർ. അമീത്തു എന്നും കാണുന്നു. അമൃതേത്ത് എന്നതാണ് അധികം നടപ്പ്.

'ഉണ്ണിഗണേശനു വയർനിറവോളം
കണ്ണുമടച്ചമൃതേത്തുകഴിക്കാം'
(ഐരാവതപൂജ തുള്ളൽ)

അമൃത്യു-മരണം ഇല്ലായ്ക.

അമൃഷാ-അ. സത്യമായിട്ട്, കളവുകൂടാതെ.

അമേദ്ധ്യ-വി. മേദ്ധ്യം (ശുദ്ധിയുള്ളത്) അല്ലാത്ത, വെടിപ്പില്ലാത്ത, ഭക്ഷിച്ചാൽ ബുദ്ധിക്കുകൊള്ളരുതാത്ത.

അമേദ്ധ്യം-൧. മലം. ൨. ദുഷ്കർമ്മം.

അമേദ്ധ്യലേപം-മലംപുരളൽ, അഴുക്കു പിരട്ടുക.

അമേയ-വി. അളവില്ലാത്ത, പരിച്ഛേദിക്കാൻ വയ്യാത്ത.

അമേയം-എത്രാമതും ഉണ്ടെന്നു പരിച്ഛേദിക്കാൻ വയ്യാത്തത്.

'അനുമേയം, അനാമയം
അനുമേയമെന്നുമല്ലയകിൽ'
(നളചരിതം കഥകളി)

**അമോക്ഷം**-ന. മോക്ഷം ഇല്ലായ്ക. വ. മാസ്യം, കാവൽ.

**അമോഘ**-വി. വിലയേറിയ.

'അമോഘചിന്താമണിഭക്തിഭാജാം'
(ശ്രീകൃഷ്ണചരിതം)

വ. ഫലമുള്ള. ന. വ്യർത്ഥമല്ലാത്ത

**അമോഘ**-സ്ത്രീ. പാതിരി (പൂപ്പാതിരി) വ. വിഴാൽവൃക്ഷം ന. കടുക്ക. ര. കൈപ്പൻപടവലം.

**അമ്പണം**-അസഭ്യം.

**അമ്പത്**-നൂറിൽ പാതി.

**അമ്പ!**-അ. പ്രധാനവ്യാക്ഷേപകങ്ങളിൽ ഒന്ന്.

**അമ്പാടി**-ഗോഷ്ഠം, തൊഴുത്ത്.

മന്നുലകിയക്കീട്ടമ്പാടിയിലെട്ടാമ്പതുവർഷം
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

**അമ്പ്**-അസ്ത്രം.

'പൃഷൽകബാണവിശിഖാ
അജിഹ്മഗഖഗാശുഗാഃ
കലംബമാർഗ്ഗണശരാഃ
പത്രീരോപഇഷുർദ്വയോഃ'
(അമരം)



അമ്പ്

[പൃഷൽകം, ബാണം, വിശിഖം, അജിഹ്മഗം, ഖഗം, ആശുഗം, കലംബം, മാർഗ്ഗണം, ശരം, പത്രി, രോപം, ഇഷു ഇവ-അമ്പിന്റെ പേർ. ശരം എന്നതിന് 'സരം' എന്നും പാഠമുണ്ട്. 'ചിത്രപുങ്ഖസ്സരശ്ശര:'

**അമ്പ**-ബലമുള്ള കയറ്.

**അമ്പുക**-ചേരുക, വസിക്കുക.

**അമ്പുകൂട്**-ആവനാഴി, അമ്പുറ, അമ്പറ (അമ്പിടുന്ന പാത്രം.)

**അമ്പുകോൽ**-അമ്പിന്റെ തണ്ട്.

**അമ്പട്ടൻ**-ക്ഷൗരക്കാരൻ.

**അമ്പരക്കുക**-പരിഭ്രമിക്കുക, വിഷമിക്കുക.

'കയ്യിലുന്നോരു വചനത്താലഗ്ഗോപാക്ഷമ-
ന്നമ്പരന്നാഭോജസംഭവനാകെ'
(ഭാഗവതം)

**അമ്പരപ്പ്**-പരിഭ്രമം, വിഷമം

**അമ്പലപ്പടി**-ക്ഷേത്രത്തിൽ ചിലക്കുമാത്രമുള്ള ഒരു ബഹുമാനസ്ഥാനം.

**അമ്പലം**-ക്ഷേത്രം.

**അമ്പലപ്പുഴ**-ന. തിരുവിതാംകൂറിലെ ഒരു താലൂക്ക്. വ. ആ താലൂക്കിലെ ഒരു പകുതി.

[അമ്പലപ്പുഴ ചെമ്പകശ്ശേരി രാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. എന്നാൽ ൯൨൯-ൽ രാമയ്യൻദളവാ അതിനെ തിരുവിതാംകൂറിനോടു ചേർത്തു. ഇവിടെ വിശേഷപ്പെട്ട ഒരു കൃഷ്ണസ്വാമിക്ഷേത്രമുണ്ട്. അമ്പലപ്പുഴക്കു സംസ്കൃതത്തിൽ 'അംബരാപഗാപുരം' എന്നു പേർ ]

**അമ്പലപ്പുഴപ്പായസം**-അമ്പലപ്പുഴ കൃഷ്ണസ്വാമിക്ഷേത്രത്തിലെ പാൽപായസം. ഈ പായസം വകയ്ക്ക് ആണ്ടൊന്നിനു പതിനെണ്ണായിരപ്പറ നെല്ലും, ദിവസമൊന്നിനു മുപ്പത്തിആറുപറ പാലും, മൂന്നിടങ്ങഴി അരിയും, ഒന്നരത്തുലാം പഞ്ചസാരയും ചെലവുണ്ടെന്നാണ് അറിവ്. ഈ പായസം സുപ്രസിദ്ധമാകുന്നു.

"ഒരിക്കൽ ചെമ്പകശ്ശേരിരാജാവ് സൈന്യച്ചെലവിനായി നാട്ടുകാരനായ ഒരു പരദേശബ്രാഹ്മണനോടു പന്തീരായിരപ്പറ നെല്ല് വായ്പവാങ്ങി. ഈ കടം വീട്ടാൻ ഇടയാകാതെ കുറേക്കാലം കിടന്നു. മുതലും പലിശയും പലിശയ്ക്കു പലിശയും കൂടി ക്രമത്തിലധികം വർദ്ധിച്ചു. ഭണ്ഡാഗാരത്തിൽ മുതൽ കുറഞ്ഞും ബ്രാഹ്മണൻ കടം വീട്ടണമെന്നു ശഠിച്ചും ഒരു ദുരവസരത്തിലായിരുന്നു. ശീവേലിയെഴുന്നള്ളത്തുസമയം നോക്കി ഒരു ദിവസം ബ്രാഹ്മണൻ ധ്വജമണ്ഡപത്തിൽ മറിപ്പുതിന്നു. ഉടൻ എഴുന്നള്ളത്തായി. അപ്പോൾ ബ്രാഹ്മണൻ ഇപ്രകാരം

പറഞ്ഞു 'എന്റെ കടംതീക്കാതെ തേവരാണെ അകത്തുകടക്കരുതു്' ഇതുകേട്ടു രാജാവു് പരുങ്ങലിലായി. നിമിഷം കൊണ്ടു മന്ത്രിയുടെ വരുതിയനുസരിച്ചു കണക്കിൻപ്രകാരം നെല്ലും മുതലുംപലിശയും പലിശയ്ക്കുപലിശയും ഒക്കെക്കൂട്ടി ബ്രാഹ്മണന്റെ മുമ്പാകെ അളന്നുകൂട്ടി ബ്രാഹ്മണൻ അനന്തരം സന്തോഷത്തിലും ആശ്ചര്യത്തിലും ഒന്നോടെ മുങ്ങി. ഉടമ്പടിയനുസരിച്ചു നെല്ലു് ഉടൻമാററിക്കൊള്ളണമെന്നു മന്ത്രി നിർബ്ബന്ധിച്ചു അതിലേക്കുള്ള ഉപകരണം ഒന്നും കിട്ടാഞ്ഞു ബ്രാഹ്മണൻ മാപ്പുചോദിക്കയും അവധിക്കപേക്ഷിക്കയും ചെയ്തിട്ടു ഫലപ്പെടായ്കയാൽ ഒടുവിൽ നെല്ലും കച്ചീട്ടും ക്രിടി കൃഷ്ണസ്വാമിക്കു നടയ്ക്കുവെച്ചു് അതു മുതൽകൊണ്ടു് എല്ലാംനാളും കൃഷ്ണസ്വാമിക്കു പാൽപ്പായസം നടത്തിക്കൊള്ളണമെന്നു് ഏർപ്പാടുചെയ്തിട്ടുപിരിഞ്ഞു."

'അമ്പലപ്പുഴെമേവുമംബുജ
നേത്രകൃഷ്ണനമോസ്തുതേ'
(നാളായണീചരിതം തുള്ളൽ)

**അമ്പലവാസി**-൧. ക്ഷേത്രത്തിൽ താമസിക്കുന്നവൻ. ൨. ക്ഷേത്രത്തിലെ വേലക്കാരൻ. ൩. ക്ഷേത്രത്തിലെ വേലക്കാരുടെ ജാതി.

[വാര്യർ, കുരുക്കൾ, പുഷ്പകൻ, മാരാൻ, പിഷാരടി, നമ്പിയാർ, ചാക്യാർ, പൊതുവാൾ, നമ്പിടി ഇവരെല്ലാം അമ്പലവാസികളിൽ ഉൾപ്പെട്ടവരാണു്.]

**അമ്പഴം**-ഒരു വൃക്ഷം.

'...................പീതനകപീതനൌ
ആമ്രാതക...............' (അമരം)

[പീതനം, കപീതനം, ആമ്രാതകം ൩-ം, അമ്പഴത്തിന്റെ പേർ. 'ആമ്രാതകഃപീതനകഃകപിചൂതോമ്ലവാടി(കി)കഃ; ശൃംഗികപിരസാഢ്യശ്ചതനുക്ഷീരഃ കപിപ്രിയഃ' എന്നു പര്യായങ്ങൾ. ഇതിന്റെ പച്ചക്കായ് അത്ര പിത്തകരമല്ല. തലി. മാംസം, വാതപിത്തങ്ങൾ ഇവയ്ക്കു് വളരെ നന്നു്. ബലത്തെ വർദ്ധിപ്പിക്കും. കഫത്തെയുണ്ടാക്കും. വിരേചനകരമാണു്. പഴുത്തകായ് പിത്തകഫാപഹമാണു് ദാഹം ക്ഷയം ക്ഷതം ഇവയെയും കളയും. ഈ വൃക്ഷത്തെ 'അമ്പാഴം' എന്നും ചിലദിക്കിൽപറയുന്നു. കർണ്ണാടകത്തിലും തുളുവിലും 'അമ്പട' എന്നത്രെ]

**അമ്പഴങ്ങാ**-അമ്പഴത്തിന്റെ കായ്.

**അമ്പറ, അമ്പുറ**-ആവനാഴി, അമ്പിടുന്ന സാധനം.



അമ്പറ

**അമ്പാട്ടുപാട്ടു**-തണ്ടു വലിക്കുന്ന പാട്ടു്.

**അമ്പാരാ**-കുമ്പൽ.

**അമ്പാരി**-ആനയുടെ പുറത്തു രാജാവിനു് എഴുന്നെള്ളുവാൻ കെട്ടിയുണ്ടാക്കുന്നതു്. ഇതു രാജാവിന്റെ (ചിഹ്നങ്ങളിൽ) സ്ഥാനമാനങ്ങളിൽ ഒന്നാകുന്നു. ഇതു ഹിന്ദുസ്ഥാനി ഭാഷയാണു്.

'കല്പനാസജ്ജനാസമേ' (അമരം)

[കല്പന, സജ്ജന, ൨-ം, രാജാവിനു കയറുവാനായി ആനയുടെ പുറത്തു അമ്പാരികെട്ടിച്ചമക്കുന്നതിന്റെ പേർ.]

**അമ്പിൻചിറകു്**-അമ്പിനു വേഗം കൂട്ടുന്നതിനായിട്ടതിന്റെ കടയ്ക്കൽ ചേർത്തു കെട്ടുന്ന തൂവൽ.

'പക്ഷവാജൗസ്ത്രിഷൂത്തരൗ'

[പക്ഷം, വാജം ൨-ം അമ്പിന്റെ കടയ്ക്കലെ തൂവലിന്റെ പേർ]

**അമ്പിൻമുന**-അമ്പിന്റെ തലയ്ക്കൽ മുറിവേല്ക്കാനു കൂർത്തതായി ഉണ്ടാക്കിവെയ്ക്കുന്ന മുനയുടെ പേർ.

'വരൂപസിശല്യംശങ്കന്തം' (അമരം)

[ശല്യം, ശംകു ഉ-ം, പര്യായങ്ങളും കാണും. മൂച്ചിയുള്ളഇരിമ്പുകറവടിയുടെ പേരെന്നും അഭിപ്രായമുണ്ട്.]

അമ്പിട്ടൻ - ക്ഷൌരക്കാരൻ, അമ്പട്ടൻ എന്നുമുണ്ട്.

അമ്പിളി-൧. ചന്ദ്രൻ. ൨. കർപ്പൂരം.

അമ്പിളിക്കല-ചന്ദ്രകല (ചന്ദ്രക്കല).

അമ്പിളിത്തെല്ല്-ചന്ദ്രകല.

അമ്പിളിയമ്മാമൻ-ചന്ദ്രൻ.

അമ്പുക-ചേരുക, വസിക്കുക.

അമ്പുമാരി-ശരവർഷം.

അമ്പേ, അമ്മേ-ഒരു വ്യാക്ഷേപകം. അത്ഭുതം, സന്തോഷം ഇവയുണ്ടാകുമ്പോൾ പറയപ്പെടുന്നു.

അമ്പോടു-സന്തോഷത്തോടു.

അമ്പോട്ടൽ-അമ്മയുടെപേർ (തമിഴിൽ) പേക്കുറിയും.

അംബ-൧. അമ്മ. ൨. പാർവ്വതി, ദുർഗ്ഗ, ൩. മരപ്സമസ്ത്രീ ൪. അംബാഡി. ൫. കാശിരാജാവിന്റെ ഒരു പുത്രി.

കാശിരാജാവിനു മൂന്നു പുത്രികൾ ഉണ്ടായിരുന്നു. അവരിൽ ഒന്നത്രെ അംബ മററ രണ്ടുപേരുടേയും നാമധേയം അംബികയെന്നും അംബാലിക എന്നുമായിരുന്നു. ഇവരെ വിചിത്രവീര്യനു വിവാഹം ചെയ്തുകൊടുപ്പാനായി ഇവരെയും കൊണ്ടു ഭീഷ്മർ ഹസ്തിനപുരം പ്രാപിച്ചു. തനിക്കു സാല്വർ മതിയെന്നു അംബ ശഠിച്ചു അവൾ സാല്വന്റെ അടുക്കൽ ചെന്നു. സാല്വനും അവളെ ഉപേക്ഷിച്ചു അതിനു കാരണം അവൾ അന്യഗൃഹത്തിൽപാർത്തു എന്നുള്ളതാണത്രെ. തിരിയെ ഭീഷ്മരോടു സങ്കടം അറിയിച്ചു. അദ്ദേഹവും അവളെ ഉപേക്ഷിച്ചു. അനന്തരം വ്യസനാക്രാന്തയായ അംബ കാട്ടിൽചെന്നു ഭീഷ്മരോടു പ്രതിക്രിയക്കായി തപസ്സുതുടങ്ങി. ശിവൻ പ്രത്യക്ഷനായി അടുത്തജന്മത്തിൽ മനോരഥം സാധിക്കട്ടെ എന്നു വരംകൊടുത്തു. പിന്നീടു ദ്രുപദന്റെ പുത്രിയായി ശിഖണ്ഡി എന്ന നാമധേയത്തോടു ജനിച്ചു.

അംബകം-൧. കണ്ണ്. ഉ-ം, ത്ര്യംബകൻ (ത്രി + അംബകൻ) ത്രിനേത്രൻ = മുക്കണ്ണൻ = ശിവൻ.

'അംബകംനയനംദൃഷ്ടിഃ' ഇതിഹലായുധഃ

൨. കൊക്കുമന്താരം ൩. ചെമ്പ്.

അംബകൻ-പിതാവ്. ഉ-ം, ത്ര്യംബകൻ = മൂന്നുലോകങ്ങൾക്കും പിതാവായവൻ (ശിവൻ.)

അംബം-കണ്ണ്. ൨. വെള്ളം. ൩. ശബ്ദം.

അംബൻ-൧. അച്ഛൻ. ൨. ശബ്ദിക്കുന്നവൻ.

അംബരതടിനി-ആകാശ ഗംഗ.

'അംബരതടിനീനിലയനിലീനമമം-
രംബുജനയനംനയനാനന്ദം'
(ഘോഷയാത്ര തുള്ളൽ)

അംബരചാരി-വി. ആകാശത്തിൽ സഞ്ചരിക്കുന്ന.

അംബരദം-പഞ്ഞി.

അംബരനദി-ഗംഗ.

അംബരം-൧. ആകാശം, ശബ്ദിക്കുന്നതു് എന്നു വ്യുൽപത്തി. ൨. വസ്ത്രം. ൩. ജലം. ൪. അഭ്രകം. ൫. പച്ചില.

അംബരമണി-സൂര്യൻ.

'അംബരമാർഗ്ഗംതന്നിൽവിളങ്ങുമൊ-
രംബരമണിയുടെബിംബമൊതന്നാലോ'
(സ്യമന്തകം)

അംബരമാർഗ്ഗം-ആകാശം.

അംബരയുഗം-ഉടുക്കുന്ന വസ്ത്രവും മേലിൽ ഇടുന്ന വസ്ത്രവും.

അംബരസ്ഥലി-ഭൂമി.

അംബരാന്തം-൧. ചക്രവാളം. ൨. വസ്ത്രത്തിന്റെ അഗ്രം. ൩. ആകാശപ്രദേശം.

അംബരാന്തം-അ. ചക്രവാളംവരെ.

'അംബരാന്തംമുഴങ്ങുമാറുള്ളതോ'
(സന്താനഗോപാലം പാന)

**അംബരായണം**—ആകാശഗമനം.

'വെണ്മതികലമൌലിധനഞ്ജയ-
നംബരായണമാകുന്നവിദ്യയാൽ'
(സന്താനഗോപാലം-പാന)

**അംബരി**—സാമൂതിരിമാരുടെ സ്ത്രീകൾക്കുള്ള ബഹുമാനപ്പേർ (വലിയതമ്പുരാട്ടി).

**അംബരീഷൻ**—പ. ഒരു സൂര്യവംശരാജാവ്. (നാഭാഗരാജന്റെ പുത്രൻ). ൨. ശിവൻ. ൩. വിഷ്ണു.

**അംബരീഷചരിതം**-അംബരീഷരാജാവിന്റെ കഥ.

വിഷ്ണുഭക്തനായ അംബരീഷനൃപൻ പത്നിയൊന്നിച്ചു ദ്വാദശീവ്രതാനുഷ്ഠാനംചെയ്തു കാളിന്ദിയുടെ സമീപത്തിൽ വസിച്ചിരുന്നു. ഭക്ത്യതിശയം ഹേതുവായിട്ടു വിഷ്ണു പ്രസാദിച്ചു് ഇദ്ദേഹത്തിനു് ഒരു ചക്രം കൊടുത്തു. പാരണദിവസം വിഷ്ണുപൂജാവസാനത്തിൽ ദുർവ്വാസസ്സ് മഹർഷി അദ്ദേഹത്തെ പ്രാപിച്ചു. ഉടൻ നൃപതി അദ്ദേഹത്തെ ഊണിനു ക്ഷണിച്ചു. അനന്തരം യമുനയിൽ സ്നാനത്തിനായി മഹർഷിഗമിച്ചു. പാരണസമയം തെറ്റിപ്പോകുമെന്നു ഭയപ്പെട്ടു് രാജാവു് പാരണംകഴിച്ചു. ഇതു് മുനി ദിവ്യദൃഷ്ടികൊണ്ടു് അറിഞ്ഞു് കോപാന്ധനായിവന്നു് നൃപനെ അസഭ്യം പറഞ്ഞു ജടപറിച്ചു കൃത്തികയെ ഉണ്ടാക്കി. ഭീഷണരൂപിണിയായ കൃത്യയെക്കണ്ടു സംഭ്രമിച്ചു അംബരീഷനൃപൻ വിഷ്ണുവിനെസ്മരിച്ചു. ഉടൻ വിഷ്ണുചക്രം പുറപ്പെട്ടു. കൃത്യ അഗ്നിയിൽ ശലഭം എന്നപോലെനശിച്ചു. ചക്രം മുനിയെ പിൻതുടൎന്നോടിച്ചു. മുനി ബ്രഹ്മാവിനെയും ശിവനെയും പ്രാപിച്ചു രക്ഷകിട്ടിയില്ല. പിന്നീടു വിഷ്ണുവിന്റെ കാൽക്കൽതന്നെ വന്നുവീണു. അംബരീഷനൃപന്റെപക്കം സേവിപ്പാൻ അദ്ദേഹം ആജ്ഞാപിച്ചു. മുനി വ്യസനത്തോടെ രാജാവിന്റെ കാൽപിടിച്ചു. ഉടൻ രാജാവു് ചക്രം അടക്കുന്നതിനു വിഷ്ണുവിനെ സ്തുതിച്ചു. പെട്ടെന്നു ചക്രം മറഞ്ഞു. മുനി സന്തുഷ്ടനായി നൃപനു് ഇഷ്ടവരങ്ങളെ പ്രദാനംചെയ്തു.

**അംബരീഷം**-പ. വറവുപാത്രം, കനല്ക്കൂര, അപ്പക്കാരിക. മലരു വറക്കുമ്പോഴും മററും ശബ്ദിക്കുന്നതു് എന്നു ശബ്ദാർത്ഥം. ൨. അമ്പഴം. ൩. കാരകിൽ. ൪. പതിനെട്ടു നരകങ്ങളിൽ ഒന്നു്. ൫. യുദ്ധം. ൬. ആൺകതിരക്കുട്ടി, ആൺകഴുതക്കുട്ടി. ൭. ആകുലം, വ്യസനം, പശ്ചാത്താപം.

**അംബഷ്ഠ**—പ. കരുമുഴിമുല്ല. അമ്മയെപ്പോലെ സ്ഥിതിചെയ്യുന്നതു എന്നു വ്യുൽപത്തി. ൨. പാട (വള്ളി). ൩. പുളിയാരൽ. ൪. അമ്പട്ടത്തി.

**അംബഷ്ഠൻ**—പ. അമ്പട്ടൻ. ൨. ആനക്കാരൻ. ൩. വൈദ്യൻ. ൪. വൈശ്യസ്ത്രീയിൽ ബ്രാഹ്മണനു ജനിച്ചവൻ. ഇവന്റെ പ്രവൃത്തി ചികിത്സയാകുന്നു.

**അംബഷ്ഠകി**—പാട (വള്ളി).

**അംബഷ്ഠികാ**-ബ്രഹ്മി.

**അംബഷ്ഠി**—അമ്പട്ടത്തി.

**അംബഷ്ഠം**—അമ്പഴം.

**അംബാലിക**—പ. വിചിത്രവീര്യന്റെ ഭാര്യ, കാശിരാജാവിന്റെ ഒരു പുത്രി, പാണ്ഡുവിന്റെ അമ്മ (അംബാലികയിൽ വ്യാസനാണു പാണ്ഡുജനിച്ചതു്). ൨. അംബാഡി.

**അംബിക**—പ. പാർവ്വതി. ജഗന്മാതാവു്, ലോകമാതാവു് എന്നു ശബ്ദാർത്ഥം. ൨. ധൃതരാഷ്ട്രരുടെ അമ്മ.

'അംബികാപാർവ്വതീമാത്രോർ
ധൃതരാഷ്ട്രനൃമാതരി'
എന്നു മേദിനി.

**അംബായു**—അമ്മ.

**അംബികേയൻ**—പ. ഗണേശ്വരൻ. ൨. സുബ്രഹ്മണ്യൻ. അംബികയായ പാർവ്വതിയിൽ ജനിച്ചതുകൊണ്ടു് ഈ പേർ സി

ലിച്ചു ന. ധൃതരാഷ്ട്രർ. അംബിക എന്ന കാശിരാജപുത്രിയിൽ ഉണ്ടായതുകൊണ്ടു് ഈ പേർവന്നു.

അംബു-പ്ര. ജലം, ഒഴുകമ്പോൾ ശബ്ദിക്കുന്നതിനാൽ ഈ പേരുണ്ടായി. ഉ. ഇരുവേലി (തി).

'നാംബുപായമശക്ത്യാവാ
സ്വല്പമല്പാഗ്നിഗുന്മിഭിഃ
പാണ്ഡുദരാതിസാരാർശോ
ഗ്രഹണീരോഗശോഷിഭിഃ
സമസ്ഥലക്രശാളുകത
മദ്ധ്യാന്തപ്രഥമാംബുവാ'

[മന്ദാഗ്നിയുള്ളവൻ, ഗുന്മമുള്ളവൻ, പാണ്ഡുരോഗി, മഹോദരമുള്ളവൻ, അതിസാരമുള്ളവൻ, അർശസ്സുള്ളവൻ, ഗ്രഹണിരോഗമുള്ളവൻ, ക്ഷീണമുള്ളവൻ ഇവർ വെള്ളം കുടിക്കരുതു്. തീരെ സഹിക്കവയ്യെങ്കിൽ കാച്ചു കുടിക്കണം. രോഗമില്ലാത്തവനായാലും ശരത് ഗ്രീഷ്മം രണ്ടിനെയുംഒഴിച്ചു ശേഷമുള്ള കാലങ്ങളിൽ ജലം കാച്ചു കുടിക്കണം. ശരൽഗ്രീഷ്മങ്ങളിൽ ഇഷ്ടംപോലെ കുടിക്കാം. ഭക്ഷണമദ്ധ്യത്തിൽ വെള്ളം കുടിച്ചാൽ ശരീരം വളരെ തടിക്കുകയും വളരെ മെലിയുകയും ഇല്ല. സമശരീരനായി ഭവിക്കും. ഭക്ഷണത്തിന്റെ ഒടുവിൽ ജലപാനം ചെയ്താൽ ദേഹം തടിക്കും. ഭക്ഷണത്തിന്റെ ആദിയിൽ വെള്ളം കുടിച്ചാൽ ദേഹം മെലിയും. അതിനാൽ ഭക്ഷണമദ്ധ്യത്തിൽ ജലപാനം ചെയ്യുന്നു.

അംബുകണം-വെള്ളത്തുള്ളി.

അംബുകണ്ടകം-പ്ര. മുതല ഉ. വൻകോട്ട.

അംബുകഝാകര -ഉറവകുഴി.

അംബുകം-കൊക്കുമന്ദാരം, എരുമന്ദാരം, വെള്ളഎരുക്ക്, ഇലഞ്ഞി.

അംബുകിരാതം-മുതല.

അംബുക്രുമ്മ, അംബുകീശം-മുതലയോടു തുല്യാകൃതിയായ ഒരുജന്തുവിന്റെ പേർ (ശിംശുമാരം), നീക്കറാഞ്ചു്, നീർമുതല, കടലാന, ചീങ്കണ്ണി.

അംബുകുക്കുടം-നീർകോഴി.

അംബുചാമരം-കരിമ്പായൽ.

അംബുജ-വി. ജലത്തിൽ ഉണ്ടായ.

അംബുജൻ-ചന്ദ്രൻ.

അംബുജന്മാ-പ്ര. ചന്ദ്രൻ. ഉ. താമര. ന. വണ്ടാരാംകോഴി. ര. ശംഖു്, ചിപ്പി.

അംബുജബന്ധു-സൂൎയ്യൻ.

അംബുജം-പ്ര. താമര. ജലത്തിലുണ്ടായതു് എന്നു ശബ്ദാൎത്ഥം. ഉ. നീർകടമ്പു്. ന. ആററുവഞ്ഞിയുടെ വകഭേദം. ര. ശംഖു, ചിപ്പി.

അംബുജശരൻ-കാമദേവൻ.

അംബുജാക്ഷ-വി. താമരപ്പൂപോലെ കണ്ണുള്ള, സൌന്ദൎയ്യമുള്ള.

അംബുജാക്ഷൻ-വിഷ്ണു.

അംബുജാസനൻ-ബ്രഹ്മാവു്.

അംബുജാസന-ലക്ഷ്മി.

അംബുജാവാസൻ-ബ്രഹ്മാവു്.

അംബുജേക്ഷണ-വി. താമരപ്പൂപോലെ കണ്ണുള്ള.

അംബുജാതഭവൻ-ബ്രഹ്മാവു്.

അംബുതസ്കരൻ-സൂൎയ്യൻ. തന്റെ രശ്മി ജലത്തെ കട്ടുകളയുന്നതിനാൽ ഈ പേരുണ്ടായി.

അംബുതാലം-കരിംപായൽ.

അംബുദ-വി. ജലത്തെ കൊടുക്കുന്ന.

അംബുദം-പ്ര. മുത്തങ്ങ. ഉ. മേഘം.

അംബുദാഹ്വയം-മുത്തങ്ങ.

അംബുധരം-പ്ര. മുത്തങ്ങ ഉ. മേഘം.

അംബുധി-സമുദ്രം.

അംബുധിപ്രസവാ-കററവാഴ.

അംബുധിസ്രവാ-കററവാഴ.

അംബുനാമാ-ഇരുവേലി.

അംബുനിധി-കടൽ.

അംബുപനസം-അയിനി.

അംബുപ്രസാദം-തേററമരം.

അംബുപ്രസാദനം-തേററാമ്പരൽ.

അംബുഭൃഷണൻ-വരുണൻ.

അംബുഭൃത്ത്-മേഘം ജലത്തെ ഭരിക്കുന്നതു് എന്നു ശബ്ദാർത്ഥം. സമുദ്രമെന്നും പറയുന്നു.

അംബുരാശി-സമുദ്രം.

അംബുരാജൻ-വരുണൻ, സമുദ്രം.

അംബുരുഹാം-താമര. അംബുവിൽ(ജലത്തിൽ) രുഹിക്കുന്നതു (മുളയ്ക്കുന്നതു്)

അംബുരോഹി-പു. വണ്ടാരംകോഴി. ന. താമര.

അംബുവല്ലികാ-പാവൽ (വല്യതു്).

അംബുവാഹം-പു. മേഘം. ന. ജലത്തെ ചുമക്കുന്നതു്.

'അംബുവാഹങ്ങൾകേശംശിരസ്സുവിധം (ഭാഗവതം) [ഭാവം'

അംബുവേതസം-ആററുവഞ്ഞി(മരം).

അംബുസരണം-ജലത്തിന്റെ ഒഴുക്ക്.

അംബുസാരം-വാഴ

അംബുസ്സർപ്പികാ-മുത്തുച്ചിപ്പി.

അംബുകൃതം-വായിലെ വെള്ളം തെറിക്കത്തക്കവിധം പറക. അംബുഇല്ലാത്തതിനെ അംബു ഉള്ളതാക്കിചെയ്യുതു് അംബൂകൃതം.

അംഭസ്സ്-പു. ജലം. ഗമിക്കുന്നതു്, ഒലിച്ചുചെല്ലുന്നതു് എന്നു വ്യൽപത്തി ന. ഇതാവലി.

അംഭസ്സംഭ്രമം-നീർച്ചുഴ.

അംഭസ്സാരം-മുത്തു്.

അംഭാരവം-കാളയെപ്പോലെ മുക്കായിടുക, അലച്ചു.

അംഭോജ-വി ജലത്തിൽനിന്നുണ്ടായ.

അംഭോജം-പു. താമര. ന. ശംഖു്. ന. വണ്ടാരംകോഴി. ന. കപ്പൂരം

അംഭോജൻ-ചന്ദ്രൻ.

അംഭോജബാണൻ-കാമദേവൻ. അംഭോജം (താമരപ്പൂവ്) ബാണം (ശരം) ആയിട്ടുള്ളവൻ.

അംഭോജയോനി-ബ്രഹ്മാവ്. അംഭോജം (താമരപ്പൂവ്) യോനി (ജനനസ്ഥാനം ആയിട്ടുള്ളവൻ.

'അംഭോജയോനിക്കുമില്ലനമ്മളിൽ'
(കാളിയമർദ്ദനം തുള്ളൽ)

അംഭോജിനി-താമരപ്പൊയ്ക.

അംഭോദം-പു. മേഘം. ന. മുത്തങ്ങ.

അംഭോധരം-പു. മേഘം. ന. മുത്തങ്ങ. ന. കടൽ.

അംഭോധി-സമുദ്രം.

അംഭോധികന്യ-ലക്ഷ്മി.

അംഭോധിനാഥൻ-വരുണൻ

അംഭോധിപാനം-അധികമായ ജലപാനം.

അംഭോധിവല്ലഭം-പവിഴം.

അംഭോധിശായി- വിഷ്ണു. പാൽക്കടലിൽ കിടക്കുന്നവൻ എന്നർത്ഥം

അംഭോനിധി-സമുദ്രം

അംഭോരാശി-സമുദ്രം.

അംഭോരുഹം-പു. താമര. അംഭസ്സിൽ (ജലത്തിൽ) രുഹം (ഉണ്ടായതു്). ന. വണ്ടാരംകോഴി.

അമ്മ-പു. മാതാവ്.

'ജനയിത്രീപ്രസൂർമ്മാതാജനനീ'(അമരം)
[ജനയിത്രി, പ്രസൂ, മാതാവ്, ജനനി ൪-ം, അമ്മയുടെ പേർ. അടിതോൽ എന്നതു നോക്കുക ]

ന. സ്ത്രീകളെ ബഹുമാനിച്ചു പറയുന്ന വാക്ക്.

അമ്മക്കള്ളൻ-വലിയകള്ളൻ.

അമ്മച്ചി-പു. അമ്മ. ന. വയസ്സുചെന്ന സ്ത്രീകളെയും രാജാക്കന്മാരുടെ ഭാര്യമാരെയും ബഹുമാനിച്ചു പറയുന്ന വാക്ക്.

**അമ്മച്ഛൻ**-അമ്മയുടെ അച്ഛൻ.

**അമ്മയകം**-ബ്രാഹ്മണഭാര്യയുടെതറവാട്.

**അമ്മയച്ഛന്മാർ**-അമ്മയും അച്ഛനും.

'മാതാപിതരൌ പിതരൌ മാതരപിതരൌ പ്രസൂജനയിതാരൌ' (അമരം)

[മാതാപിതാക്കന്മാർ, പിതാക്കന്മാർ, മാതരപിതാക്കന്മാർ, പ്രസൂജനയിതാക്കന്മാർ ഇവ ൪-ം, അച്ഛനും അമ്മയും കൂടിയുള്ള പേർ.]

**അമ്മയം**-അപ്പിന്റെ (വെള്ളത്തിന്റെ) വികാരം. (പര്യായം-ആപ്യം) വെള്ളമുള്ള, ജലമയമായി പരപോലെയും മറമായിരിക്കുന്നത്. (അപ് + മയം = അമ്മയം.)

**അമ്മമ്മ**-ഭ. അമ്മയുടെ അമ്മ. ഖ. ദുഃഖമോ വലിയ സംശയമോ അത്ഭുതമോ വരുമ്പോഴും 'അമ്മമ്മാ' എന്നു വിളിക്കാറുണ്ട്.

**അമ്മരം**-വക്ഷളത്തം, അസഭ്യവാക്ക്.

**അമ്മരക്കാരൻ**-അസഭ്യം പറയുന്നവൻ.

**അമ്മയാർ**-ആയിമ്മ, ബ്രാഹ്മണരുടെസ്ത്രീ.

**അമ്മവീട്**-രാജാക്കന്മാരുടെ ഭാര്യവീട്.

**അമ്മശാസ്ത്രം**-ഐതിഹ്യം, പഴഞ്ചൊല്ല്.

**അമ്മാണിയമ്മാണി, അമ്മാണിഉമ്മാണി**-അല്പവൃത്തി, കറച്ച്, അങ്ങിനെ, ഇങ്ങിനെ.

**അമ്മാത്തു**-അമ്മയുടെ ഉടപ്പിറന്നവന്റെ വീട്.

**അമ്മാത്തുമുത്തശ്ശൻ**-അമ്മയുടെ പിതാവ്. (പര്യായം-മാതാമഹൻ.)

**അമ്മാത്തുമുത്തശ്ശി**-അമ്മയുടെ അമ്മ.

**അമ്മാൻ**-അമ്മാവൻ, അമ്മാനപ്പൻ, അമ്മായപ്പൻ, അച്ഛന്റെ സഹോദരം.

**അമ്മാനക്കാ**-അമ്മാനം എറിഞ്ഞു കളിക്കുന്നതിന് ഓട്ടുപാത്രമോ മരംകൊണ്ടോ ഉണ്ടാക്കിയ ഉരുണ്ടവസ്തു.

**അമ്മാനപ്പാട്ട്**-കേരളത്തിൽ പുരാതനമായി അമ്മാനക്കളിക്ക് ഉപയോഗിച്ചുവരുന്ന ഒരു പാട്ട്.

**അമ്മാനം**-ഒരുവക കളി, അമ്മാനയാട്ടം.

**അമ്മാനയാട്ടക്കാരൻ**-അമ്മാനം കളിക്കുന്നവൻ.

**അമ്മാനക്കളി**-അമ്മാനക്കായമേല്പോട്ട് എറിഞ്ഞു പിടിച്ചുകളിക്കുന്ന ഒരു വിനോദം.

**അമ്മാമ(വ)ൻ**- അമ്മയുടെതാഴെയും മേലെയുമുള്ള സഹോദരൻ. (ഭാര്യയുടെ അച്ഛനേയും ഇങ്ങിനെ വിളിക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ അമ്മോൻ, അമ്മോമൻ എന്നും വിളിച്ചുവരുന്നു

'മാതുൎഭ്രാതാ തു മാതുലഃ' (അമരം)

ഭ്രാതൃശബ്ദം ജ്യേഷ്ഠനേയും അനുജനേയും കുറിക്കുന്നു.

**അമ്മായിപ്പഞ്ചതന്ത്രം** - ഒരു പുസ്തകത്തിന്റെ പേർ.

**അമ്മായി, അമ്മാവി**-അമ്മാമന്റെഭാര്യ.

'മാതുലാനീ തു മാതുലീ' (അമരം)

[മാതുലാനീ, മാതുലി ൨-ം, അമ്മായിയുടെ പേർ.]

ഭർത്താവിന്റെ അമ്മയേയും ഭാര്യയുടെ അമ്മയേയും ഇങ്ങിനെ വിളിക്കുന്നുണ്ട്. ഭാര്യയുടെ അമ്മയെ അമ്മാമി, അമ്മായിയമ്മ എന്നും വിളിച്ചുവരുന്നു.

**അമ്മായിശാസ്ത്രം** - പഴയപെണ്ണുങ്ങളുടെ ശാസ്ത്രം, അന്ധവിശ്വാസത്തെ പ്രകടിപ്പിക്കുന്ന പഠിത്തം.

**അമ്മാശി**-സാമൂതിരി ജയിച്ച ഒരു ജാതിക്കാർ.

**അമ്മി**-അരകല്ല്.

**അമ്മിക്കുഴവി**- അരകല്ലിന്മേൽ വെച്ചരയ്ക്കുന്ന ചെറിയ കല്ല്. അമ്മിക്കുട്ടി, അമ്മിപ്പിള്ള.

**അമ്മിഞ്ഞി**-മുല. സാധാരണ മുല കുടിക്കുന്ന കുട്ടികൾ മുലയ്ക്ക് അമ്മിഞ്ഞി

എന്നാണ് പറയുക. കർണ്ണാടകത്തിലും തുളുവിലും 'അമ്മണ്ണി' എന്നു പറയുന്നു.

അമ്മിഞ്ഞിനന്നായ്ക്കുടിച്ചുകൊൾക നിന്റെ
അമ്മയാകുന്നതൊന്നെന്നറിഞ്ഞീടുനീ'

(കൃഷ്ണലീല തുള്ളൽ)

**അമ്മിട്ടം**—കീഴ്ച്ചുണ്ട്. തമിഴിൽ 'നമട്ട'

**അമ്മിണി**—ഒരു സ്ത്രീയുടെ പേർ. വാത്സല്യംകൊണ്ട് അമ്മയും മക്കളും അന്യോന്യം വിളിക്കുന്ന പേർ. ഭാര്യയേയും അമ്മയേയും മററു ചിലർ 'അമ്മണി' എന്നു വിളിക്കുന്നു.

**അമ്മിപ്പിള്ള**—അരകല്ലിന്മേൽ വെച്ചരയ്ക്കുന്ന ചെറിയ കല്ല്, അമ്മിക്കുട്ടി.

**അമ്മു**—൧. ഓമനപ്പേര. ൨. ഒരു സ്ത്രീയുടെ പേർ. ൩. വ്യസനത്തിൽ പറയുന്ന ഒരു വാക്ക്.

**അമ്മുക**—അമുങ്ങുക.

**അമ്മുണ്ണി**—വടക്കേ മലയാളത്തിൽ ഈ പേർ സ്ത്രീകൾക്കാണ്. അമ്മുണ്ണി, കുഞ്ഞിക്കുട്ടി, മാതു എന്നീ മൂന്നുപേരുകളും ചില ദിക്കിൽ പുരുഷന്മാർക്കും മററു ചില ദിക്കിൽ സ്ത്രീകൾക്കും ധാരാളം ഉപയോഗിച്ചുവരുന്നുണ്ട്.

**അമ്മുമ്മ**—൧. അമ്മയുടെ അമ്മ. ൨. വയസ്സധികംചെന്ന സ്ത്രീകളെ ബഹുമാനിച്ചു പറയുന്ന വാക്ക്.

**അമ്മുമ്മത്തള്ള**—അമ്മുമ്മ.

**അമ്മേ**—ആശ്ചര്യം, പേടി, വ്യസനം എന്നിവയുണ്ടാകുമ്പോൾ പറയുന്ന ഒരു വാക്ക്.

**അമ്മോച്ചൻ**—൧. അമ്മാവൻ ൨. സിംഹത്തെയോ കടുവായെയോ വിളിക്കുന്ന ഒരു കുന്നവാക്ക് (ദുർഭാഷ).

**അമ്രം**—മാവ്.

**അമ്രാതകം**—അമ്പഴം. അമ്ലരസത്തെ പ്രാപിച്ചുകൊണ്ടിരിക്കുന്നത് എന്നു ശബ്ദാർത്ഥം. ആമ്രാതകം (ആമ്രാതം) എന്ന പാഠം കുറെക്കൂടി നന്ന്.

**അമ്ല**—വി. പുളിയുള്ള.

**അമ്ലകാ**—൧. അയനിമരം ൨. പുളിച്ചുതികട്ടൽ.

**അമ്ലജനകം**—ജീവധാരബാഷ്പം, പ്രാണവായു.

**അമ്ലപത്രകം**—വെണ്ട.

**അമ്ലപനസം**—അയിനി.

**അമ്ലപിത്തം**—ഒരു രോഗം.

[ദഹനക്കേട്, ക്ഷീണം, ഉന്മാദം, തേട്ടൽ, ശരീരത്തിനു കനം, ഹൃദയവും തൊണ്ടയും വരളുക, അരുചി ഇവ ലക്ഷണം.]

**അമ്ലാ**—൧. പുളിപ്പ്, രോഗത്തെ ചെയ്യുന്നത്, അരുചിയെ പോക്കുന്നത് എന്നു ശബ്ദാർത്ഥം. [അമ്ലം ഇതും പാഠാന്തരം. തിന്നുമ്പോൾ പുളിപ്പു ഹേതുവായിട്ടു ശബ്ദം പുറപ്പെടുവിക്കുന്നു എന്നു ശബ്ദാർത്ഥം. ൨. മോര്. ൩. ഞെരിഞ്ഞാമ്പുളി. ൪. ചണ.

**അമ്ലലോണി(ക), അമ്ലലോളികം, അമ്ലലോളി**—പുളിയാരൽ.

**അമ്ലവല്ക്കം**—പുളിവേരിന്മേൽ തൊലി.

**അമ്ലവേതസം**—ഞെരിഞ്ഞാമ്പുളി. പുളിയുള്ളതായി വെള്ളത്തിനരികെ തൂങ്ങിനിൽക്കുന്നത് എന്നു ശബ്ദാർത്ഥം.

**അമ്ലസാരം**—൧. കാടി. ൨. ഞെരിഞ്ഞാമ്പുളി. ൩. വട്ടകപ്പുളി നാരകം. ൪. ഈന്തപ്പന.

**അമ്ലാ**—൧. ഇഞ്ച. ൨. കോല്പുളി. ൩. പുളിഞ്ചി. ൪. പുളിയാരൽ.

**അമ്ലാദ്ധ്യുഷിതം**—ഒരു നേത്രരോഗം.

[കണ്ണിന്റെ നടുവ് കരുവാളിച്ചും ചെമന്നുമിരിക്കും. കണ്ണുമുഴുവൻ പഴുക്കും. ചുട്ടം വീക്കവും കാണും. കണ്ണുനീരും ഉണ്ടായിരിക്കും ഇവ ലക്ഷണം.]

**അമ്ലാന**—വി. മ്ലാനം (വാടിയതു) അല്ലാത്ത, തെളിവുള്ള.

**അമ്ലാനാ**—വാടാക്കുറിഞ്ഞി. എപ്പോഴും വാടാത്ത പൂവുള്ളത് എന്നു ശബ്ദാർത്ഥം.

**അല്ലിക**-പുളിമരം. പുളിരസമുള്ളതു് എന്നർത്ഥം. 'ആല്ലകം' എന്നും പാഠമുണ്ട്.

**അയ**-(ധാതു) മുറുകാതിരിക്ക.

**അയ**-വല്ലതും (മുണ്ടോ ഉടുപ്പോ മററുവല്ലതുമോ) ഇടുന്നതിനു കെട്ടുന്ന കയർ.

**അയം**-പ്ര. അനുകൂലമായ ദൈവത്തിന്റെ പേർ. സുകൃതിയെ (പുണ്യവാനെ) പ്രാപിക്കുന്നതു്. ഭാഗ്യം, ശുഭവിധി. ഉ. പോക്കു്, നീങ്ങൽ. ന. ചുക്കിണി, പകിട.

**അയം**=ഇവൻ. (സംസ്കൃതം പു. ഏ)

**അയക്കൂറ്**-ഒരു വക മത്സ്യം. (തമിഴിൽ അയം=ചളി, ജലം.)

**അയക്കോൽ**-മുണ്ടു മുതലായവ ഇടുന്നതിനു കെട്ടിയ വടി.

**അയയ്ക്കുക**-ക്രി. മുറുക്കമില്ലാതാക്കുക. ഉ. ആർദ്രമാക്കുക. ന. വിടുക. ര. കടപ്പം കുറവാക്കുക.

**അയക്ഷ്മം**-ആരോഗ്യം.

**അയച്ചൽ** - അയവു്, മുറുക്കമില്ലാത്ത സ്ഥിതി, വിടുതൽ.

**അയജ്ഞക**-വി. യാഗത്തിനു കൊള്ളരുതാത്ത.

**അയഞ്ഞ**-വി. പ്ര. ഉരുകിയ.

'വിലീനേ വിദ്രുതദ്രുതൌ' (അമരം)

[വിലീനം, വിദ്രുതം, ദ്രുതം ന-ം ഉരുകിയതിന്റെ തന്നത്താൻ അയഞ്ഞതിന്റെ പേർ.]

ഉ. മുറുക്കമില്ലാതായ, കടപ്പംകുറഞ്ഞ.

**അയതം**-വി. തടുക്കപ്പെടാത്ത.

**അയൻ**-അജൻ, ബ്രഹ്മാവ്. (പ. മ)

**അയന്ത്രാ**-ശത്രുക്കളെ കീഴടക്കുന്നതിനുള്ള ശക്തികുറഞ്ഞ ഒരു ആയുധം.

**അയഥാ**-വി. ഇരിക്കേണ്ടതുപോലെ ഇരിക്കാത്തതായ.

**അയപ്പ്**-പ്ര. അയക്കുക. ഉ. അയവ്. ന. വിടുതൽ.

**അയനം**-പ്ര. സഞ്ചാരം, ഗതി. ഉ. മൂന്നു ഋതുക്കൾ കൂടിയ കാലം. അയ=ഗമിക്ക. സൂര്യൻ ഇതുകൊണ്ടു ഗമിക്കുന്നു.

അയനം രണ്ടു. പ്ര. ഉത്തരായണം. ഉ. ദക്ഷിണായനം. മാഘം മുതൽ ആഷാഢമാസം വരെ സൂര്യൻ ഉത്തരമായി പോകുന്നതിനാൽ ഉത്തരായണം എന്നും ശ്രാവണം മുതൽ പുഷ്യമാസം വരെ സൂര്യൻ ദക്ഷിണമായി ഗമിക്കുന്നതിനാൽ ദക്ഷിണായനമെന്നും പേർ.

ന. മാർഗ്ഗം, വഴി. ഗമിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

**അയനി, അയനിഊണ്**-വിവാഹമുഹൂർത്തത്തിനു അല്പം മുമ്പ് അതു സംബന്ധമായി കഴിക്കുന്ന ആഹാരം.

**അയനിപ്പിലാവ്** - അയനിമരം, ആഞ്ഞിലി.

'ലകുചോലികുചഡഹു'ഃ (അമരം)

[ലകുചം, ലികുചം, ഡഹു ഇവ ന-ം അയനിപ്പിലാവിന്റെ പേർ]

**അയന്ത്രിതം**-വി, കീഴടക്കപ്പെടാത്ത.

**അയന്ദ**-ക്ഷീണിച്ച.

**അയമിത**-വി. കീഴടക്കപ്പെടാത്ത.

**അയമോദകം**-ഓമം. തമിഴിൽ അയമോദകത്തിന് ഓമം, കായച്ചുരക്ക്, കാശിച്ചുരക്ക്, കാച്ചുരക്ക് എന്നിങ്ങനെ പറയുന്നു. സംസ്കൃതത്തിൽ 'അജമോദാ' എന്ന പേർ ആട്ടിന്റെ ഗന്ധത്തോടു സദൃശമായ ഗന്ധമുള്ളതു്. ആടിനു സന്തോഷം ഉണ്ടാകുന്നതു.

അജമോദാ ഉഗ്രഗന്ധാബ്രഹ്മദർഭാ (അമരം) യവാനികാ

[അജമോദ, ഉഗ്രഗന്ധ, ബ്രഹ്മദർഭ, യവാനിക ഇവ ര. അയമോദകത്തിന്റെ പേർ ഇവയിൽ ആദ്യത്തെ രണ്ടും ഒരു വിധവും മറ്റു രണ്ടും വേറൊരു വിധവുമായ അയമോദകമാണെന്നു അഭിപ്രായക്കാരുണ്ട്. കാശകാണി (ആശയം)]

എന്ന വേറൊരു പക്ഷം. ഇതു വയറു വേദന, കഫവാതരോഗങ്ങൾ, കൃമിരോഗം, ഇക്കിൾ, അഗ്നിമാന്ദ്യം, അരോചകം, മഹോദരം, ജ്വരം, മേൽവയറുവീൎപ്പ്, ഗ്രഹണി ഇവയെ ഇല്ലാതാക്കും. നന്നാലും പനിക്കു വളരെ നന്ന്.]

അയയുക-ക്രി. മുറുക്കംകുറയുക. ൨. ആൎദ്രമാവുക.

അയൎക്കുക-ക്രി. മൂർച്ഛിക്കുക, മറക്കുക. ൨. തളരുക, ൩. നിന്ദയോടു സംസാരിക്കുക. ൪. ഇടയുക. ൫. വെറുത്തു പറയുക. 'പഴതേതന്നെനിന്നൊടയൎത്തുഞാൻ' (സന്താനഗോപാലം പാന)

അയൎത്തി, അയൎപ്പ്-ന. മൂർച്ഛ, മോഹാലസ്യം. ൨. മറവി. ൩. ഇടച്ചൽ. ൪. നിന്ദിച്ചുള്ള സംസാരം. ൫. കോപം.

അയൎപ്പിക്കുക-കോപമുണ്ടാക്കുക.

അയൽ-വി. സമീപമുള്ള, അടുക്കലുള്ള.

അയൽ-അയ (വല്ലതും ഇടുന്നതിനു കെട്ടുന്ന കയർ) വടക്കൻപ്രയോഗം.

അയൽ-സമീപം, അടുക്കൽ.

അയല-ഒരുവക മത്സ്യം.

അയൽപക്കം-അടുത്തവീട്, സമീപമുള്ള ഭവനം.

അയൽപക്ഷം-അയൽപക്കം. പ്രയോഗം ചുരുക്കം.

അയവ്-മുറുക്കമില്ലാത്ത സ്ഥിതി, അയച്ചൽ.

അയലപക്കം-അയൽപക്കം. അയൽപക്കം എന്നതു ലോപിച്ചു അയലപക്കമായി. ഇതു് ഒരു വിലക്ഷണപദമാണ്.

അയവിറക്കുക-അയറുക. ആടു മുതലായ ചില ജന്തുക്കൾ തിന്നതിനെ കക്കി വീണ്ടും വായിലാക്കി ചവയ്ക്കുക, അയവെട്ടുക എന്നും പറയും.

അയവെട്ടുക-അയവിറക്കുക.

അയശ്ശലാകം-നേരിയ തകിടാക്കിയ ഇരിമ്പ്.

അയസ്കൃതി-ഒരു മരുന്ന്. പ്രമേഹം, രക്തപിത്തം ഇവയ്ക്കു നന്ന്.

അയശസ്സ്-യശസ്സ് (കീൎത്തി) കേട്, ദുഷ്കീൎത്തി.

അയസ്കാണ്ഡം-ന. ഇരിമ്പമ്പ്, (ഇരിമ്പുകൊണ്ടുള്ള അമ്പ്). ൨. നല്ല ഇരിമ്പ്.

അയസ്കാന്തം-കാന്തക്കല്ല്. തമിഴിൽ-ഊചിക്കാന്തം. ദഹനം, രുചി, ഗുന്മം, മേഹം ഇവയ്ക്കു നന്ന്.

അയസ്കാരൻ-കൊല്ലൻ.

അയസ്സ്-ഇരിമ്പ്, ഉരുക്ക്. ശല്യാദിരൂപം കൊണ്ടു പിളൎക്കുന്നതിനാൽ ഈ പേരുണ്ടായി.

അയാചിതം-ഇരക്കാത്തതു്.

അയാനം-വി. പോകാത്ത, ഇരക്കാത്ത.

അയാവക-വി. സ്വഭാവേന ചെമന്ന.

അയി-അ. അല്ലയോ, ഹേ. അനുനയത്തിങ്കൽ പ്രയോഗം.

അയിക്കരെനാട്ട-കുന്നത്തുനാട്ടുതാലൂക്കിൽ ഒരു പകുതി.

അയിനി-അയിണിമരം. ഇതത്രെ ആഞ്ഞിലി. ഇതിന്റെ പഴം നിന്ദ്യമാണ്. സംസ്കൃതത്തിൽ-ലകുചം. തമിഴിൽ-ഈറപ്പല, ആചിനി.

അയിരാണിമുട്ടം-തിരുവനന്തപുരം താലൂക്കിൽ ഒരു പകുതി.

അയിരു, അയിരം-പഞ്ചലോഹങ്ങളുള്ള കല്ലോ മണ്ണോ. ഇരിമ്പുണ്ടാക്കുന്ന ഒരുവക കല്ല്

അയിരാ[illegible]-ന. അലമ്പൽ, മനസ്സിന്റെ വ്യാകുലത. ൨. അനൎത്ഥം.

അയിരി-വായ്ക്കാൽപ്പുര, ഉണങ്ങിയ പുൽപ്പുര.

അയിരുരുക്ക്-അയിര് ഉരുക്കി ഇരിമ്പാക്കുക.

**അയിരൂപ്പാറ**-തിരുവനന്തപുരം താലൂക്കിൽ ഒരു പകുതി.

**അയിരൂർ**-ചിറയിൻകീഴ്, തിരുവല്ലാ, ആലങ്ങാട്ട് ഈ മൂന്നു താലൂക്കുകളിലും ഈ പേരുള്ള ഓരോ പകുതിയുണ്ട്.

**അയുക്ത**-വി. യുക്തം (യോഗ്യം) അല്ലാത്ത, ചേരാത്ത.

'അത്രവല്ലനമ്മുടയശത്രുവാഴുന്നതു-
മെത്രയുമയുക്തതരമത്രേനിനയ്ക്കിലേവം'
(ദുര്യോധനവധം കഥകളി)

**അയുക്തി**-യുക്തി (ചേർച്ച) കേട്.

**അയുഗ**-വി. ഒററയായുള്ള. (യുഗം = ഇരട്ട).

**അയുഗനേത്രൻ, അയുഗനയനൻ**-ശിവൻ.

**അയുഗബാണൻ**-കാമദേവൻ.

**അയുഗവിശിഖൻ**-കാമദേവൻ.

'മദവദനനയുഗശരചരവശതയാസമം'
(അദ്ധ്യാത്മരാമായണം)

**അയുഗസപ്തി**-സൂര്യൻ.

**അയുഗള**-വി. യുഗളം (ഇരട്ട) അല്ലാത്ത. ഒററയായ.

**അയുഗൂ**-ഒരു കുട്ടിയുള്ളസ്ത്രീ.

**അയുഗ്മ**-വി. ഒററയായുള്ള. യുഗ്മം (ഇരട്ട) അല്ലാത്ത.

**അയുഗ്മനേത്രൻ, അയുഗ്മനയനൻ**-ശിവൻ.

**അയുഗ്മാ**-ഫ. ഒററ. വ. (വൃത്തശാസ്ത്രത്തിൽ) പദ്യത്തിൽ നാലു പാദങ്ങളും ഉള്ളതിൽ ഒന്നും മൂന്നും ചേർന്നതിന്റെ പേർ.

അയുഗ, അയുഗ്മ, അയുഗള ഈ പദങ്ങളോടു കണ്ണുള്ളവൻ എന്ന അർത്ഥം വരുന്ന നേത്രൻ, ലോചനൻ മുതലായ പദങ്ങൾ ചേർത്താൽ ശിവൻ എന്നും, അമ്പുള്ളവൻ എന്നർത്ഥം വരുന്ന ബാണൻ, ശരൻ മുതലായവ ചേർത്താൽ കാമദേവൻ എന്നും അർത്ഥം വരും.

**അയുജ**-വി. ഫ. കൂട്ടില്ലാത്ത. വ. ഒററയായ. ന. പ്രത്യേകമായ.

**അയുത**-വി. യുതം (ചേർന്നതു്) അല്ലാത്ത, ചേരാത്ത.

**അയുതൻ**-ചന്ദ്രവംശത്തിൽ മഹാഭൌമൻ എന്ന രാജാവിനു സുമന്ത്രയിൽ ഉണ്ടായവൻ.

**അയുതം**-ഫ. ചേർന്നതല്ലാത്തതു്. വ. പതിനായിരം

**അയുതാദ്ധ്യാപകൻ**-നല്ല വാദ്ധ്യാർ.

**അയുധൻ**-യോദ്ധാവല്ലാത്തവൻ, പോരാളി അല്ലാത്തവൻ.

**അയേ**-അ. സ്മരണം, വിചാരത്തെ ബോധിപ്പിക്കുന്നതു, ഹേ, അല്ലയോ.

**അയോഗം**-ഫ. വേർപാട്, പിരിവ്. വ. ന്യായമല്ലാത്ത ചേർച്ച

**അയോഗൻ**-ഭാര്യമരിച്ചവൻ.

**അയോഗു**-കൊല്ലൻ.

**അയോഗ്യ**-വി. യോഗ്യം (ചേർച്ച) ഇല്ലാത്ത, യോഗ്യമല്ലാത്ത.

**അയോഗ്രം, അയോഗ്രകം**-ഫ. ഉലക്ക. തലയ്ക്കൽ ഇരുമ്പുകൊണ്ടു കെട്ടിയതു് എന്നർത്ഥം. വ. ചുററികല്ല്.

**അയോഘനം**-ഇരിമ്പടിക്കുന്ന കൂടം.

**അയോജ്യത**-ചേർച്ചയില്ലായ്ക.

**അയോദ്ധ്യ**-ഒരു നഗരം. പട്ടണം. യുദ്ധം ചെയ്യപ്പെടത്തക്കതല്ലാത്തതു് എന്നു ശബ്ദാർത്ഥം.

ഇതു സൂര്യവംശരാജാക്കന്മാരുടെ രാജധാനിയാണ്. ഇപ്പോൾ ഇതിനു ഔഡ് (Oudh) എന്നു പേർ. ഈ സരയൂനദിയുടെ തീരത്തിലാണ് സ്ഥിതിചെയ്യുന്നതു്. ഇതിനു ൪൮ മയിൽ നീളവും ൧൨ മയിൽ വീതിയുമുണ്ട്. ഇതിനു 'സാകേതം' എന്നും പേരുണ്ട്.

**അയോനി**-വി. ഫ. ജനനസ്ഥാനമില്ലാത്ത. വ. ശാശ്വതമായ. ന. ആദ്യന്തമില്ലാത്ത.

അയോനി-പു. ബ്രഹ്മാവ് ൨. ശിവൻ.

അയോനിജ-യോനിജം (പ്രസവിച്ചുണ്ടായത്) അല്ലാത്ത.

അയോനിജ, അയോനിസംഭവ-സീത.

അയോനിജൻ-വിഷ്ണു.

അയോപാനം-നരകങ്ങളിൽ ഒന്ന്. ഇവിടെ ചെന്നകപ്പെടുന്നവരുടെ വായിൽ ഇരിമ്പ് ഉരുക്കി ഒഴിച്ച് അവരെക്കൊണ്ടു കുടിപ്പിക്കും. അതുകൊണ്ട് ഈ പേരുണ്ടായി.

അയോമയ-വി. ഇരിമ്പുകൊണ്ടുള്ള.

അയോമലം-ഇരിമ്പുകീടം.

അയോരജസ്സ്, അയോരസം-ഇരിമ്പുകീടം, ഉരുക്കുപൊടി.

അയഃപത്രം-ഇരിമ്പുതകട്.

അയഃപിണ്ഡം-ഇരിമ്പുണ്ട.

അയ്യ- അ. പരിഹാസവാക്ക്, നിന്ദാവാക്ക്.

അയ്യൻ-പിതാവ്, പ്രഭു, യജമാനൻ. ബ്രാഹ്മണരുടെ നാമധേയത്തോട് ഈ പദം ചേർക്കാറുണ്ട്. ഉ-ം, രാമയ്യൻ, കൃഷ്ണയ്യൻ ഇത്യാദി.

അയ്യൻ, അയ്യപ്പൻ-ശാസ്താവ്.

അയ്യൻവഴി-ആറുമാതിരി നായാട്ടുള്ളതിൽ ബഹുമാനമുള്ള ഒന്ന്. (കുറിച്ചനായാട്ട്).

അയ്യന്നി-ആണ്ടിൽ രണ്ടുതവണ വിളയുന്ന നിലം (വയൽ) മകരക്കണ്ടം.

അയ്യ-വി. ചീത്ത, കൊള്ളരുതാത്ത.

അയ്യം-പു. ദുഃഖം. ൨. കൊള്ളരുതാത്തത്. ൩. യാചന ൪. ധർമ്മം ൫. നിലവിളി. ൬. സംശയം.

അയ്യാവിളി-പു. ഏലാവിളി. ൨. നിലവിളി. ൩. ഭയംകൊണ്ടുള്ള വിളി.

അയ്യയ്യേ-നിന്ദ, ആക്ഷേപം, പരിഹാസം ഇവയെ അറിയിക്കുന്നത്.

അയ്യയ്യോ, അയ്യോ-സങ്കടത്തെയും ഭയത്തെയും അറിയിക്കുന്ന ഒരു പ്രധാന വ്യാക്ഷേപകം.

അയ്യായിരം-ഒരു സംഖ്യ (൫൦൦൦).

അര-(ധാതു) ദ്രവം ചേർത്തു പൊടിയുക.

അര-പു. കടിപ്രദേശം, മദ്ധ്യം, നടുവ്, ഇട.

'കടോനാശ്രോണിഫലകം
കടിശ്രോണീകകദ്മതീ' (അമരം)

[കടം, ശ്രോണിഫലകം ൨-ം അരയുടെ പേർ എന്നും കടം, ശ്രോണിഫലകം, കടി, ശ്രോണി, കകദ്മതി ഇവ ൫-ം അരയുടെ പേർ എന്നും രണ്ടുപക്ഷമുണ്ട്. ഒടുവിലെ ൩-ം കുറകിന്റെ പേരെന്നു മറ്റൊരഭിപ്രായവും കാണുന്നു.]

൨. ഒന്നിൽ പകുതി.

[അരൻ-ഹരൻ പഴയമലയാളം. ശിവൻ എന്നർത്ഥം.]

അരം-അ. കാലതാമസംകൂടാതെ, വേഗം, ഏറ്റം.

അരം-പു. രാകാനുള്ള ഒരായുധം ൨. രഥചക്രം.

'ചാരുതരകരപങ്ക്തിതൻവിവ-
രാൽബഹിഃപതയാലുഭിഃ'
(അഭിജ്ഞാനശാകുന്തളം)

൩. കട്ടിലിന്റെ കാൽ തുളച്ചു ചെലുത്തുന്ന മരം (ഏഴുക) കീലം. ൪. മൂല, കോണം. ൫. അല്ലി.

അരകല്ല്-അരയ്ക്കാനുള്ള കല്ല്.

അരക്ക്-പു. കോലരക്ക്. ൨. കറ, പശ. ൩. മുദ്രതിരി. ൪. ചക്കയരക്ക്.

'ലാക്ഷാരാക്ഷാജതുക്ലീബേ
യാവോലക്തോദ്രുമാമയഃ'

[ലാക്ഷ, രാക്ഷ, ജതു, യാവം, അലക്തം, ദ്രുമാമയം ഇവ ൬-ം അരക്കിന്റെ പേർ. അരക്ക് എന്നതു തമിഴ് വാക്കാകുന്നു. കോലരക്ക വിശേഷം വാ

ഷം, ഭ്രാന്ത്, മുറിവ്, നേത്രരോഗം ഇവയെ ശമിപ്പിക്കും. കേശത്തിന്നു വളരെ നന്ന് ]

അരക്കച്ച-അരയിൽ കെട്ടുന്ന ഒരുമാതിരി ശീലത്തുണ്ട് (വാറ്).

അരക്കൻ-പു. രാക്ഷസൻ.

'അരക്കന്മാരൊട്ടാനത്തു
കുരങ്ങന്മാരിവിടത്തിൽ'
(കുംഭകർണ്ണവധം തുള്ളൽ)

൨. പിശുക്കൻ, ലുബ്ധൻ. ൩. ചെമന്ന മുഖം.

അരക്കാട്ടുക-ചായം തേച്ച് മിനുക്കം വരുന്നതിനായി പെട്ടിയിലും മററും കോലരക്ക് ഉരുക്കി പുരട്ടുക.

അരയ്ക്കാണി-ഒന്നു നൂററുപതായി ഭാഗിച്ചതു് ൧൬൦-ൽ ൧.

അരയ്ക്കാൽ-ഒന്ന് എട്ടായി ഭാഗിച്ചതു്. ൮-ൽ ൧.

അരക്കിടുക-ചുളുക്കവരാതിരിക്കാൻ തോട, തോലി, കാപ്പ് മുതലായ ആഭരണങ്ങൾക്കകത്ത് അരക്ക് ഉരുക്കിഒഴിക്കുക.

അരക്കില്ലം-അരക്കുകൊണ്ടുണ്ടാക്കിയ ഗൃഹം, ജതുഗേഹം.

പാണ്ഡവന്മാരെ ചതിപ്പാൻ നൂററുവർ തീർപ്പിച്ചുകൊടുത്ത അരക്കില്ലം പുരാണപ്രസിദ്ധമാണ്. കൌരവപക്ഷത്തിലുള്ള പുരോചനൻ ആണ് ഇതു തീർപ്പിച്ചതു്. ഈ കെട്ടിടത്തിൽ ചണം, ചെഞ്ചില്യം മുതലായ അഗ്നിദീപകമായ വസ്തുക്കൾ ധാരാളമുണ്ട്. നെയ്യ്, എണ്ണ, കൊഴുപ്പ്, അരക്ക് എന്നിവ മണ്ണിൽ കലർത്തി ചുമരുകളിലെല്ലാം കനത്തിൽ തേച്ചിരിക്കയാണ്. സമ്പ്രദായത്തിൽ പാണ്ഡവരെ അവിടെ താമസമാക്കി. കാര്യം മുഴുവൻ മനസ്സിലാക്കിയിരുന്ന ഭീമൻ ഒരു ദിവസം കൃഷ്ണപക്ഷത്തിൽ ചതുർദ്ദശിനാളിൽ രാത്രി പുരയ്ക്കു തീവെച്ചു. എന്നാൽ വിദുരർ ചതിയുടെ വിവരം മുൻകൂട്ടി അറിഞ്ഞു് പണിമദ്ധ്യേ ഒരു ബിലംകൂടി തീർപ്പിച്ചിരുന്നു. അതൂടെ പാഞ്ഞു പാണ്ഡവർ രക്ഷയെ പ്രാപിച്ചു. തരംനോക്കി തീവെച്ചു പാണ്ഡവരെ നശിപ്പിക്കാമെന്നു സ്വധൈര്യം വാഗ്ദത്തം ചെയ്തു് അനുകൂലശത്രുവായി താമസിച്ച പുരോചനന്റെ ക്രൂരകൃത്യം സാധിപ്പാൻ സർവേശ്വരൻ സമ്മതിച്ചില്ല.

അരക്കുതിരി-മെഴുകുതിരി. ഇതു മുദ്രവെയ്പാനുള്ളതു്.

അരക്കുപാകം-അരക്കിന്റെ പാകം.

അരക്കുപാവ-അരക്കുകൊണ്ടുണ്ടാക്കിയ പാവ. ഇതിനു സംസ്കൃതത്തിൽ 'ജതൂഷം' എന്നു പേർ.

അരക്കുപ്പായം-അരയിലേക്കുള്ള ചട്ട.

അരക്കുഴൽ-അരയിൽ കെട്ടുന്ന ഒരാഭരണം. പൊന്നു മുതലായവകൊണ്ടു തീർക്കുന്നതാണ്.

അരക്കെട്ട്-പു. ഇട, മദ്ധ്യം, ഏളി. ൨. കച്ചവാറ്.

അരക്തം-അരത്ത.

അരക്ഷണം-ക്ഷണത്തിൽ പകുതി, അടുത്ത ക്ഷണം, അധികം വേഗം

അരക്ഷിതം-രക്ഷിതം (രക്ഷിക്കപ്പെട്ടതു്) അല്ലാത്തതു്, രക്ഷിക്കപ്പെടാത്തതു്.

അരഗൻ-ആരോൻ. Eel. ഒരു പക്ഷി.

അരഗ്വധം-കൊന്ന വൃക്ഷം. (ആരഗ്വധം എന്നുമുണ്ട്. മുഴുവൻ രോഗങ്ങളെയും കളയുന്നതു് എന്നർത്ഥം).

അരഘട്ട-വെള്ളംകോരുന്ന ഒരു യന്ത്രം, തുലായന്ത്രം.

അരങ്ങ്-പു. കളികൾക്കുള്ള സ്ഥലം. ൨. കളരി, ൩. സഭ. ൪. പോർക്കളം. (രംഗം = അരങ്ങ്). ൫. രംഗസ്ഥലം, ൬. പാവയെ കളിപ്പിക്കുന്നവർ മൂടുന്ന തുണി.

അരങ്ങൽ-തിരികാറി. കരക് ഇതിൽ കിടന്നു തിരിയുന്നു.

അരങ്ങഴിക്കുക-അവമാനിക്കുക.

അരങ്ങഴിച്ചൽ, അരങ്ങഴിവു-അപകീർത്തി, അപവാദം, അനേകംആളുകൾ അറിയത്തക്കവണ്ണമുള്ള പരിഹാസം.

അരങ്ങഴിയുക-അപമാനം സംഭവിച്ചു നടക്കുക.

അരങ്ങിടുക-ആരംഭിക്കുക.

അരങ്ങുക, അരക്കുക - നെല്ലുകുത്തി തൊലിക്കുക. വ. മുറിക്കുക. ഉ-ം, ഓല അരങ്ങുക, ചതക്കുക, ഞെരുക്കുക, ഭഞ്ജിക്കുക.

അരങ്ങേറുക - ഒന്ന് അഭ്യസിച്ചതിൻറ ശേഷം ആദ്യമായി അരങ്ങത്തു (സഭയിൽ) പ്രയോഗിക്കുക.

അരങ്ങേററം, അരങ്ങേററു്-അഭ്യാസം ശീലിച്ചതിൻറ ശേഷം ഒന്നാമതായി സഭയിൽ കാണിക്കുന്ന പ്രയോഗം.

അരചൻ-പ്ര. രാജാവു്. വ. പ്രഭു. തത്ഭവത്തിൽപെട്ട രാജാ എന്ന പ്രകൃതിയുടെ വികൃതി. അരചൻ ദുഷിച്ചു അരയൻ എന്നായി.

അരചിടുക-സ്ഥിരീകരിക്ക, സ്ഥാപിക്ക

അരചീനൻ- ചന്ദ്രവംശത്തിൽ ജയസേനന സുഷ്വയിൽ ഉണ്ടായവൻ.

അരചു-പ്ര. രാജത്വം. വ. സന്മാർഗ്ഗം, വിനയം. ന. അരയാൻ (അരചം എന്നും കാണുന്നു) ർ. രാജാവു്. (പ-മ).

അരചുവാഴ്ച-രാജ്യഭാരം.

അരച്ചട്ട-പ്ര അരയിൽ ഇടുന്ന കുപ്പായം വ. കൊച്ചുചട്ട. (അരവരെ എത്തുന്നതു)

അരച്ചല്ലടം-അര മുതൽ മുട്ടുവരെയുള്ള ചെറിയ കുപ്പായം.

അരച്ചിപ്പുല്ലു-സംസ്കൃതത്തിൽ ഗർമ്മുത് ഗർമ്മുള്ള് എന്നതു് അരച്ചിപ്പുല്ലു് എന്നു ചിലരും, തിന എന്നു മററു ചിലരും അഭിപ്രായപ്പെടുന്നു.

അരച്ചരിക-കുഞ്ഞുങ്ങളുടെ അരയിലിടുന്ന ആഭരണം.

അരഞാൺ, അരഞ്ഞാൺ-അരയിൽ കെട്ടുന്നതിനു പൊന്നു വെള്ളി എന്നിവ കൊണ്ടുണ്ടാക്കുന്ന ആഭരണം. അപൂർവ്വമായി 'അരഞ്ഞാൾ' എന്നും ചില സ്ഥലത്തു പറയുന്നു.

....മേഖലാകാഞ്ചിസപ്തകീരശനാസ്ത്രിയാം
ക്ലീബേസാരസനം ചാഥ..................

[മേഖല, കാഞ്ചി, സപ്തകി, രശന, സാരസനം-ഇവ ൫-ം, സ്ത്രീകൾ അരയിൽ ഉടുത്ത വസ്ത്രത്തിൻറ മേൽഭാഗത്തു കെട്ടുന്ന അരഞ്ഞാണിൻറ പേർ]

അരഞ്ഞിൽ-അഴിഞ്ഞിൽവൃക്ഷം.

അരട്-മരംകൊണ്ടുള്ള വണ്ടിയുടെ അച്ചു്. കടയാണി.

അരട്ടുക-ഭയപ്പെടുത്തുക.

അരൺ-പ്ര. കോട്ട. വ. അഴകു്.

അരണ-ഇഴയുന്ന ഒരു ചെറിയ ജന്തു.

അരണം-പ്ര അനക്കം, പോക്കു്. വ. അഭയസ്ഥാനം.

അരണികം-കാട്ടുമുഞ്ഞ, മുഞ്ഞ.

അരണി-പ്ര. അഗ്നി. കടഞ്ഞെടുപ്പാനുള്ള മുട്ടി (മരത്തുണ്ടു്) ഇതു രണ്ടുണ്ടു്. ഒന്നു്, ഉത്തരാരണി, മററൊന്നു് അധരാരണി. 'അഗ്നി' ഇതിൽ നിന്നുത്ഭവിക്കുന്നതിനാൽ 'അരണി' എന്ന പേരുണ്ടായി. വ. കടലാടി. ന. കോട്ട. ഈ അർത്ഥം ഇപ്പോൾ മലയാളത്തിൽ നടപ്പില്ല.

'അരണിയൽകിഴക്കിൻവാഴികൾ'
(രാമചരിതം)

ർ. മുഞ്ഞ. ൭ അരണകം.

അരണിക്ക- പ്രതികൂലമായിരിക്ക.

അരണിപ്പു്- യോജിച്ചുകൂടാത്തതായിരിക്ക, ഇണക്കമില്ലാത്തതായിരിക്ക.

അരണികേതു-മുഞ്ഞ.

അരണിസുതൻ-ശുകൻ എന്ന മുനി. ഘൃതാചിയെ മോഹിച്ചുപോയ വ്യാസന്റെ വീര്യം അരണിയിൽ(വൃക്ഷത്തിൽ)

വീഴുകയും ശുകൻ ജനിക്കയുമുണ്ടായി. അതിനാൽ ഈ പേർ വന്നു.

**അരണ്മന**—കോട്ടമതിലുകളുള്ള മന, ഉറപ്പുള്ള മന. ഈ ശബ്ദമാണ് 'അരമന' ആയത്.

**അരണ്യം**-കാട്, വനം. മൃഗകിരാതാദികളും നായാട്ടിനായി മററുള്ളവരും സഞ്ചരിക്കുന്ന സ്ഥലം എന്നർത്ഥം.

**അരണ്യധാന്യം**—നീവാരം, വരിനെല്ല്

**അരണ്യമക്ഷിക**-കാട്ടീച്ച.

**അരണ്യരക്ഷകൻ** - വനം സൂക്ഷിപ്പുകാരൻ.

**അരണ്യരാജൻ**-സിംഹം. കടുവാ എന്നും അഭിപ്രായം ഉണ്ട്.

**അരണ്യശ്വാവ്**-ചെന്നായ്.

**അരണ്യാനി**-വലിയ കാട്.

**അരത**-വി. തൃപ്തികേടുവരുത്തുന്ന, അസന്തുഷ്ടിയുള്ള.

**അരതം** - സംഗമില്ലായ്ക, സംഭോഗമില്ലായ്ക.

**അരതി**-ഉല്ലാസമില്ലായ്ക, സന്തോഷമില്ലായ്ക, ഇഷ്ടമില്ലായ്ക, കോപം.

**അരത്ത**-അങ്ങാടിമരുന്നുവകയിൽ ഒന്ന്. ഇതു ചെമന്നതും വെളുത്തതുമുണ്ട്. ചെമന്നതിനു ചിററരത്ത എന്നു പേർ. അതു ഉഷ്ണമാണ്. കഫം, വിഷം, കാസം, മാഹോദരം, ശോഫം, ആമദോഷം രക്തവാതം ഇവയെ കളയും. വെളുത്തതിനും ഈ ഗുണം തന്നെ. പരക്ഷ അല്പം കറയും? അരത്ത എന്നതു തമിഴാണ്. സംസ്കൃതത്തിൽ രാസ്നം. പര്യായങ്ങൾ നാകുലി, സുരസം രാസ്നാ, സുഗന്ധ, ഗന്ധനാകുലി, നകുലേഷ്ട, ഭുജംഗാക്ഷി, ഛത്രാകി, സുവഹ. ഏലാപർണ്ണി, സുവഹ, രാസ്ന, യുക്തരസ ഇവർ—ചിററരത്തയുടെ പേരാണും അരത്തയുടെ പേരെന്നും അഭിപ്രായങ്ങൾ കാണുന്നു. ഏലാപർണ്ണി യുക്തരസ ഇവ ര-ം അരത്തയുടേയും സുവഹ, രാസ്ന ഇവ ര-ം അരത്തയുടേയും ചിററരത്തയുടേയും പേരെന്നു ഔഷധനിഘണ്ടു പറയുന്നു.

**അരത്തം**-കുരുതി. മഞ്ഞളും ചുണ്ണാമ്പും കൂട്ടിച്ചേർത്തു കലക്കിയ ജലം. രക്തം എന്ന പദമാണ് അരത്തം എന്നായത്.

**അരത്താലി**-കുട്ടികളുടെ അരയിൽ കെട്ടുന്ന താലി (ഒരാഭരണം).

**അരദ**-വി. പ്ര. പല്ലില്ലാത്ത. വ. പല്ലടന്നുപോയ.

**അരദേശി**-പരദേശി.

**അരത്നി**-പു. കൈമുട്ടുമുതൽ ചെറുവിരലിന്റെ അററംവരെയുള്ള ഭാഗം, ചെറുവിരൽമാത്രം നിവർത്തി മററു വിരലൊക്കെ മടക്കിപ്പിടിച്ച മുഷ്ടിയോടുകൂടിയ ഹസ്തം. (രത്നി അല്ലാത്തത് അരത്നി. രത്നി കച്ചവടക്കാർ ഇതുകൊണ്ടു രമിക്കുന്നതിനാൽ ഈ പേർ വന്നു) വ. മുഴം കൈ, കൈയുടെ മുട്ട്. ചിലപ്പോൾ മുഷ്ടി എന്നും പറയുന്നു. ന. ബാഹു, ഭുജം (അരത്നി എന്നതുകൂടാതെ അരത്നം എന്നും അപൂർവം കാണുന്നു.)

**അരൻ**-ശിവൻ, ഹരൻ.

**അരന്ധുഷ**-വി. ഉറക്കെ ശബ്ദിക്കുന്ന.

**അരപ്പടം**-അരക്കച്ച.

**അരപ്പട്ട**-ചട്ടയിടുന്നവർ ഉറപ്പിനുവേണ്ടി മദ്ധ്യത്തിൽ കെട്ടുന്ന പട്ടയുടെ പേർ. സാരസനം, അധികാംഗം ഇവ രണ്ടും പര്യായങ്ങൾ. 'അധികാംഗം' എന്ന ശബ്ദവും നോക്കുക.

**അരപ്പ്**-അറവ്, അരയ്ക്കുക.

**അരാ**-പ്ര. രാകുന്നതിനു സാധനം. വ. മുള്ള. ന. (വണ്ടിയുരുളിന്റെയും മററും) കീലം, എഴുക.

അരമ-നാ. ഒന്നിനെ നാല്പതായിട്ടു ഭാഗിച്ചതു്. ൪൦-ൽ നാ. വ. സാക്ഷം. അരമസ്സു (സാക്ഷസ്സു്) പര്യായം അർത്ഥം.

അരമ-വി. താഴ്ന്ന, ഹീനമായ, നീചമായ.

അരമണ, അരമമാണ-വി. നാ. സന്തോഷമില്ലാത്ത. വ. ഒഴിയാത്ത, ഇടവിടാത്ത.

അരമണി-നാ. കുഞ്ഞുങ്ങളുടെ അരയിൽ അണിയുന്ന ഒരാഭരണം. വ. രമണിഅല്ലാത്തവൾ. ആലിംഗനചുംബനാദികളെക്കൊണ്ടു പുരുഷനെ രമിപ്പിക്കുന്നവളെ 'രമണി' എന്നു പറയുന്നു.

അരമതി-നാ. കാന്തി. വ. ആഡംബരം. ന. അനുസരണം.

അരമതി-വി. ചൊടിപ്പുള്ള.

അരമൻ-വളരാത്ത ധാന്യം.

അരമന-നാ. കൊട്ടാരം. അരൺമന എന്നതാണ് അരമനയായതു് (അരൺമന നോക്കുക.)

'അരമനസദനത്തിൽഭാഗ്യസന്താനവല്ലീ
അരമനവഴിയേചെന്നത്ഭുതശ്രീവിലാസെ'
(ശ്രീമച്ഛിശേഖരരാജവിജയം)

'സൌധോസ്ത്രീരാജസദനം' (അമരം)

[സൌധം, രാജസദനം ര-ം, അരമനയുടെ പേർ.]

വ. ന്യായസ്ഥലം.

അരമാനം-അര.

അരമാറ്-അരക്കെട്ടു്, ഇളി.

അരയന്നം-ഒരുവക പക്ഷി.

'ഹംസാസ്തുശ്വേതഗരുത
ശ്ചക്രാംഗാമാനസൗകസഃ'
(അമരം)

[ഹംസം, ശ്വേതഗരുത്തു്, ചക്രാംഗം, മാനസൌകസ്സ് ഇവ ൪-ം, അരയന്നത്തിന്റെ പേർ (കാദംബം, കളഹംസം ര-ം, കാരന്നത്തിന്റെ പേർ. കൊക്കും കാലും ചെമന്നും ബാക്കി മുഴുവൻ വെളുത്തും ഇരിക്കുന്ന ഹംസങ്ങൾക്കു 'രാജഹംസങ്ങൾ' എന്നു പേർ. ചെറക്കു ധൂമ്രനിറമുള്ള കൊക്കും കാലുമുള്ളവയും ശേഷമത്രയും വെളുപ്പോടു കൂടിയവയുമായ ഹംസങ്ങൾക്കു 'മല്ലികങ്ങൾ' എന്നു പേർ. കൊക്കും കാലും കറുത്തും ശരീരം വെളുത്തുമുള്ള അരയന്നങ്ങൾക്കു 'ധാർത്തരാഷ്ട്രങ്ങൾ' എന്നു പേർ. അരയന്നപ്പിടക്കു വരട എന്നു പറയുന്നു]

അരയൻ-നാ. മുക്കുവന്മാരുടെ പ്രധാനി, മരക്കാന്മാരുടെ പ്രമാണി. വ. തെക്കോട്ടുള്ള ഒരുവക മുക്കുവവർഗ്ഗം. കാവലരയന്മാരിൽ പ്രധാനി. 'ചെമ്പിൽ അരയൻ. ന. മലയരിൽ ഒരു ഇനം. സ്ത്രീലിംഗം—അരയി.

അരയാൽ-ഒരു വൃക്ഷം, അരശുമരം. അരശുവൃക്ഷം. തമിഴിൽ അരചമരം. സംസ്കൃതത്തിൽ അശ്വത്ഥം.

'ബോധദ്രുമശ്ചലദലഃപിപ്പലഃകുഞ്ജരാശനഃ
അശ്വത്ഥേഥ .......' (അമരം)

[ബോധദ്രുമം, ചലദലം, പിപ്പലം, കുഞ്ജരാശനം, അശ്വത്ഥം ഇവ ൫-ം, അരയാലിന്റെ പേർ. അരയാലിന്റെ രസം മധുരകഷായവും വീര്യം ശീതവുമാണ്. ഇതു ചുട്ടുനീറൽ, രക്തദോഷം, കഫപിത്തങ്ങൾ ഇവയെ കളയും. ഇതു കൊണ്ടുള്ള കഷായം യോനിദോഷങ്ങളെ എളുപ്പം ശമിപ്പിക്കും. അരയാൽ കാട്ടു അശ്വത്ഥം എന്നുപേർ. 'എല്ലാവൃക്ഷങ്ങളിലും വെച്ച് അശ്വത്ഥവൃക്ഷം ഞാനാകുന്നു' എന്ന ഭഗവദ്വാക്യമുള്ളതിനാൽ വൃക്ഷങ്ങളിൽ ശ്രേഷ്ഠം അശ്വത്ഥമാകുന്നു. ഇതു് വൃക്ഷജാതിയിൽ ബ്രാഹ്മണനും ജ്ഞാനിയുമാണ്.]

അരയുകാരം-(വ്യാകരണത്തിൽ) ഉകാരം രണ്ടുപ്രകാരം ഉള്ളതിൽ ഒന്ന്. പല്ല്, നാട്ട് എന്നിവയെപ്പോലെ അസ്ഫുട

മായി ഒരു ഉറുവലിയോടുകൂടി ഉച്ചരിക്കുന്നത്. ഇതിനു സംവൃതം എന്നു പേർ.

അരയ്ക്കുക-തേയ്ക്കുക, അമ്മിയിൽ വല്ലതും വെച്ചിട്ട് അതിന്റെ കുഴവികൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും ഉരുട്ടി നേർമ്മവരുത്തുക.

അരരം-വാതിൽ. അങ്ങോട്ടും ഇങ്ങോട്ടും വന്നുപോയിക്കൊണ്ടിരിക്കുന്നത്.

'അരരംതിറവല്ലാരേ! ദൂത-
മടച്ചിടാതിഹമനംതെളിഞ്ഞുനീ'
(വാതിൽതിറപ്പാട്ട്)

അരരി-വാതിൽ.

അരവ്-അരയ്ക്കുക, അരപ്പ്.

അരവ-വി. രവം (ഒച്ച) ഇല്ലാത്ത.

അരവം-നാ. പാമ്പ്. ഉ. ശബ്ദമില്ലായ്ക.

അരവാശി-അർദ്ധം, പാതി.

അരവിന്ദനാഭൻ, അരവിന്ദനാഭി-വിഷ്ണു. നാഭിയിൽ അരവിന്ദം (താമര) ഉള്ളവൻ.

അരവിന്ദം-താമരപ്പൂവ്. അല്ലികൾ ഉള്ളത്, മുള്ളുള്ള ഇലകൾ ഉള്ളത്, ചക്രാംഗതുല്യങ്ങളായ ഇതളുകൾ ഉള്ളത്, വേഗത്തിൽ ആഗ്രഹത്തെ ഉണ്ടാക്കുന്നത് എന്നിങ്ങനെ ശബ്ദാർത്ഥം.

അരവിന്ദാക്ഷൻ-നാ. വിഷ്ണു. ഉ. താമരപ്പൂപോലെ കണ്ണുള്ളവൻ. ന. സുന്ദരൻ.

അരവിന്ദാക്ഷി-നാ. ലക്ഷ്മി. ഉ. താമരപ്പൂപോലെ കണ്ണുള്ളവൾ. ന. സുന്ദരി.

അരശ്ശു-ഒരു വൃക്ഷം (അരചു).

അരളി-ഒരു വൃക്ഷം.

അരള്ള-നാ. പലകപ്പയ്യാന. വ്യസനശീലമത്രെ ഈ പേരിനു കാരണം. ഉ. പെരുമരം. ന. വയ്യാഴാന്ത.

അരളുക-നാ. ഭയപ്പെടുക. അരണ്ടു=ഭയപ്പെട്ടു.

'കണ്ണനാംചെന്നവൻവാതിലെപ്പൂകാമ്പാൾ
വിണ്ണവർതിണ്ണമരണ്ടുനിന്നു'
(കൃഷ്ണഗാഥ)

ഉ. കരയുക. ന. ചുരങ്ങുക, ചുളുങ്ങുക.

അരളുകാ-നാ. പലകപ്പയ്യാന. ഉ. പെരുമരം. ന. വയ്യാഴാന്ത.

അരാൾച്ച-പേടി, ഭീതി.

അരാജക-വി. രാജാവില്ലാത്ത.

അരാജി-പേയത്തി എന്ന ഔഷധി.

അരാതി-ശത്രു (നരാതിസുഖം) സുഖത്തെ കൊടുക്കാത്തവൻ എന്നർത്ഥം.

അരാധി-നാ. കുററം, പാപം. ഉ. അസൂയ.

അരാള-വി. വളഞ്ഞ, ചുരുണ്ട.

അരാളകേശി-ചുരുണ്ടതലമുടിയുള്ളവൾ.

'മരാളകന്യാമിവമാനസംഗതാം
അരാളകേശീമവലോകൃതാംസതീം'
(ദക്ഷയാഗം കഥകളി)

അരാളം-നാ. ചെഞ്ചല്യം. ദുഃഖത്തെ കൊടുക്കാത്തത് എന്നു ശബ്ദാർത്ഥം. ഉ. വളഞ്ഞത്, ബാഹു. ന. മദംപിടിച്ച ആന.

അരാള-നാ. വ്യഭിചാരിണി, കുലട. ഉ. മര്യാദയുള്ള സ്ത്രീ, അടക്കമുള്ള സ്ത്രീ.

അരി-നാ. നെല്ലിനകത്തുള്ള കുരു, ചക്കപ്പഴത്തിനകത്തിരിക്കുന്നകുരു. ഉ. ശത്രു. വിരോധത്തെ ഗമിക്കുന്നവൻ എന്നർത്ഥം. ന. ചക്രം എന്ന ആയുധം. ഠ. വണ്ടിയുടെ ഉരുൾ. ൫. ആറ എന്ന അക്കം. (ശത്രുക്കൾ ആറു വിധം ഉള്ളതിനാൽ—കാമം, ക്രോധം, ലോഭം, മദം, മോഹം, മത്സരം). ൬. കാററ്. ൭. പ്രഭ. ൮. ദേവകളെയുള്ളവൻ. ൯. ഹരി. ൰. വാനരൻ. ഈ പ്രയോഗം കേരളവർമ്മരാജാവിന്റെ കാലത്തുകൂടി നടപ്പിലിരുന്നു (അടിയോൽ എന്നപദം നോക്കുക)

അരികത്ത്-സമീപത്ത്.

അരികം-നാ. സമീപം, അടുക്കൽ. ഉ. വക്ക്.

അരികാദേശി-ഒരുവിധം സപ്തമാല.

അരികവഴി-സമീപത്തുള്ള വഴി.

അരിക്കൻ-ആദിത്യൻ. അർക്കൻ എന്ന താണ് അരിക്കൻ ആയത്.

'അരിക്കനൻറകലമലങ്കരിക്കുംന്നിനുടെ'

(നളചരിതം കഥകളി)

അരിക്കാടി-അരികഴുകിയ വെള്ളം. തമിഴിൽ അരിചിക്കാടി, സംസ്കൃതത്തിൽ തണ്ഡുലാംബു.

അരിക്കാറരി- ന. കടകപ്പാലരി. ൨. കാർകോലരി. ൩. ചെറുപുന്നയരി. ൪. കൊത്തമ്പാലരി. ൫. ഏലത്തരി. ൬. വിഴാലരി. ഇങ്ങിനെ ൬. ഇതിന് 'അരിയാറ്' എന്നുള്ള പാഠം പ്രസിദ്ധം.

അരിക്കുക-ക്രി. അരിയിലെകല്ല്, എണ്ണയിലെ കല്ലും മുതലായവ വേർപെടുത്തുക. ൨. ഉറുമ്പു മുതലായവ നടക്കുകയും കരണ്ടു ഭക്ഷിക്കുകയും ചെയ്യുക. എണ്ണ മുതലായവ അരിക്കുന്നതുകൂടാതെ ആററുമണൽ മുതലായവയും അരിക്കാറുണ്ട്.

അരിക്കൊട്ട-അരിവട്ടി. അരികഴുകുന്നതിനു വേയുടെ പൊളി മുതലായവകൊണ്ടുണ്ടാക്കുന്നത്.

അരിഗ്രസ്ത-വി. ശത്രുവിനാൽ പിടിക്കപ്പെട്ട.

അരിങ്കമാല-കഴുത്തിലേക്കുള്ള ഒരു വില പിടിച്ചമാല, കണ്ഠഭൂഷ.

അരിങ്കിനാവ്-അപൂർവമായ കിനാവ് (സ്വപ്നം.)

അരിച്ചൽ-ക്രി. വേർപെടുത്തുക, അരിക്കുക. ൨. ചെറിയ പ്രാണികളുടെ സഞ്ചാരം.

അരിജീവിതം-പണയം.

അരിജാതി-നെല്ല്, ചോളം, കമ്പ, തിന, വരക, ചാമ, ഗോതമ്പ്, കമ്പച്ചോളം, രായി മുതലായവ.

അരിതാരം-കരഞ്ചാടിമരുന്ന്, താളകം, സംസ്കൃതത്തിൽ ഹരിതാല. തമിഴിൽ അരിതാരം. ഇതിൻെറ രസം നന്നായി ചവർത്തു മധുരിച്ചതാണ്. വിഷത്തിനു നന്ന്.

'പിഞ്ജരംപീതനംതാലമാലഞ്ചഹരിതാലകേ' (അമരം)

[പിഞ്ജരം, പീതനം, താലം, ആലം, ഹരിതാലകം ഇവ ൫-ം, അരിതാരത്തിൻെറ പേർ. ഇതിൻെറഭസ്മം ചുമ, മന്തം, കുഷ്ഠം, വണ്ടുകടി, എലിവിഷം ഇവയ്ക്കു നന്ന്.]

അരിത്രം-ചുക്കാൻ, തുഴ, പങ്കായം. ഇതുകൊണ്ടു തോണി ഗമിക്കുന്നു.

അരിദാരം-പൊയ്തലച്ചി എന്ന ഔഷധി.

അരിന്തപൻ-ജയിക്കുന്നവൻ.

അരിന്ദമ-വി. ജയിക്കുന്ന.

അരിന്ദമൻ-പു. വിഷ്ണു. ൨. ശത്രുക്കളെ അടക്കുന്നവൻ.

അരിമണി-മരതകം.

അരിപ്പം, അരുപ്പം-പ്രയാസം.

അരിപ്പ്-പു. അരിക്കുന്ന വസ്തും അല്ലെങ്കിൽ പാത്രം. ൨. അരിക്കുക.

അരിപ്പുകൊട്ട-തിരകല്ലിലിട്ടു പൊടിച്ച അരി, ഗോതമ്പു മുതലായവയുടെ തരിയും പൊടിയും വേർതിരിപ്പാനുള്ള ഒരു പാത്രം. ഇതിന് അനേകം ഭേദങ്ങളും കാണും. കെട്ടിത്തൂക്കി ആട്ടുന്നതാണ്. ചിലർ ചല്ലടമെന്നു പറയാറുണ്ട്, പര്യായങ്ങളും ചാലിനി, തിതഉ.

അരിപ്പുണ്ണ്-വ്രണത്തിൽ പൊങ്ങിവരുന്ന മാംസം. ഇതു അരിച്ചുപോലെയിരിക്കും

അരിപ്പുവല-മീൻ പിടിക്കുന്ന ഒരു തരം വല.

അരിപ്പൊടി-മാവുമപൊടി.

**അരിപ്രാവ്**-കാട്ടുപ്രാവ്, കൊത്തുപ്രാവ്

**അരിപ്രം**-വി. പാപമില്ലാത്ത, കറയില്ലാത്ത.

**അരിമ**-വി. ൧. പ്രിയമുള്ള. ൨. പ്രയാസമുള്ള. ൩. ശ്രേഷ്ഠതയുള്ള.

**അരിമ**-വേമം.

**അരിമാരൻ**-വെള്ളക്കരിങ്ങാലി, പീനാറി

**അരിമാവ്**-അരി പൊടിച്ചത്.

[ഇതു തണുപ്പാണ്. ഇതു ജലത്തിൽ കലക്കി തീയിൽ കുറുക്കി പുണ്ണിൽവെച്ചു കെട്ടിയാൽ നന്നായി ഉണങ്ങും. വങ്കം ഉപ്പച്ചു എന്ന നഞ്ചു തിന്നാൽ ഇതു പാലിൽ കലക്കിക്കൊടുക്കുന്ന പക്ഷം ഗുണമുണ്ടാകും. വസൂരി പിടിപെട്ടു കിടക്കുന്നവരുടെ ഉഷ്ണശാന്തിക്ക് ഇതു പുറത്തു വിതറിയാൽ മതിയാകും.]

**അരിമേദം**-പീനാറി. സഹിക്കവയ്യാത്ത ഗന്ധത്തോടുകൂടിയ കൊഴുപ്പുള്ളത് എന്നർത്ഥം. ചിലർ കരിവേലം എന്നു പറയുന്നു. കറുത്ത കരിങ്ങാലി എന്നു വേറെ ചിലർ. വെള്ളക്കരിങ്ങാലി എന്നു മറ്റൊരഭിപ്രായം. മറ്റൊരു പര്യായം—വിട്ഖദിരം.

[ഇതു മുഖരോഗം, വിഷം, വിസർപ്പം, കാസം, ഉദരബാധ, ശോഫം ഇവയെ ശമിപ്പിക്കും.]

**അരിമ്പ്, അരിമ്പു**-ന. രാശിക്കു ഉറപ്പിനമായി ആഭരണങ്ങളുടെ വക്കിലും മറ്റും പൊന്നുകൊണ്ടുണ്ടാക്കി വെയ്ക്കുന്നത്. ൨. പൂമൊട്ട്.

**അരിമ്പാറ**-ശരീരത്തിൽ മുളച്ചുണ്ടാകുന്ന ഒരു വക കുരു. ഇതു കാണാതിരിക്കും; വേദന കാണുകയില്ല. ഉതളം പിഴിഞ്ഞു പുഴുങ്ങിയ വെള്ളംകൊണ്ട് ഈ ബാധയുള്ള ഭാഗം തേച്ചുകഴുകുകയോ പല പ്രാവശ്യം ഒക്കെ ആ വെള്ളത്തിൽ മുക്കുകയോ ചെയ്താൽ നശിച്ചുപോകും.

**അരിമ്പുണ്ണ്**-അരിപ്പുണ്ണ്.

**അരിമ്പുമണി**-അനവധി അരിമ്പുകൾ കൂട്ടി വിളക്കിയുണ്ടാക്കുന്ന ഒരാഭരണം.

**അരിമ്പൊരുൾ**-സാക്ഷാലുള്ള അർത്ഥം.

**അരിയ**-വി. ൧. വലിയ. ൨. അസാധാരണമായ. ൩. കഠിനമായ, പ്രയാസമുള്ള.

'സുരലോകേ ചെന്നമരാരികളാം
അരിയനിവാതകകവചന്മാരെ'
(സന്താനഗോപാലം തുള്ളൽ)

**അരിയാറു**-ന. കടകപ്പാലരി മുതലായി ആറുവിധം അരികൾ. 'അരിക്കാറരി' എന്നതു നോക്കുക. ൨. ശരീരത്തിലുള്ള കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം ഈ ആറു ശത്രുക്കൾ.

**അരിയിട്ടുവാഴ്ച**-രാജാക്കന്മാരുടെ കിരീടധാരണസംബന്ധമായ ഒരു ശുഭക്രിയ. ഈ ക്രിയയിൽ കുറച്ചു അരിയും പൂവും കൂടെ എടുത്തു് അവരുടെ ശിരസ്സിൽ ഇടുക പതിവാണ്.

**അരിയുന്നു**-കണ്ടിക്കുന്നു, നുറുക്കുന്നു, കൊയ്യുന്നു, ചെത്തുന്നു.

**അരിവെയ്പുകാരൻ**-അരിയും കറിയും പാകംചെയ്യുന്നവൻ. ആരാളികൻ, ആന്ധസികൻ, സൂദൻ, ഔദനികൻ, ഗുണൻ ഇവ ൫-ം പര്യായങ്ങൾ.

**അരിവട്ടി**-അരി കഴുകുന്നതിനും മറ്റും വേയുടെ പൊളി മുതലായവകൊണ്ടുണ്ടാക്കുന്ന ഒരു പാത്രം.

**അരിവാൾ**-ന. പുല്ലും മറ്റും അറുക്കുന്നതിനുള്ള ഒരുവിധം ആയുധം, വളഞ്ഞ കത്തി.

[ഇതുകൊണ്ടു അരിയുന്നതിനാൽ അരിവാൾ എന്ന പേരുണ്ടായി. ദാത്രം, ലവിത്രം ൨-ം, പര്യായങ്ങൾ]

൨. ദുമ്പം, കിളുന്നമ്പ

**അരിവി, അരുവി**-നീർച്ചാട്ടം.

'അരിവികൾ മദാംബുസമം
ചൊരിയുന്ന മദാംബുപോലരുവി'
(ഭാഷാഭൂഷണം)

**അരിശം**-കോപം.

**അരിഷണ്യ**-വി. ഉപദ്രവിക്കാത്ത.

**അരിഷം**-൧. നില്ലാതെ വളരെനേരം പെയ്യുന്ന മഴ. ൨. ഒരു മൂലരോഗം.

**അരിഷ്ടകം**-പുളിഞ്ചിമരം.

**അരിഷ്ടത**-കഷ്ടത, വ്യസനം, ഭാഗ്യക്കേടു, ദരിദ്രത.

**അരിഷ്ടതാതി**-ശുഭത്തെ ചെയ്യുന്നവൻ.

**അരിഷ്ടതാതി**-വി. ശുഭത്തെ ചെയ്യുന്ന, ഗുണമുള്ള, ശുഭമായ.

**അരിഷ്ടതി**-രക്ഷ, സുഖം, തുടർച്ചയായ സൌഖ്യം.

**അരിഷ്ടദുഷ്ടധി**-മരണം അടുത്തതിനാൽ ക്ഷീച്ച മനസ്സോടുകൂടിയവൻ, മരണലക്ഷണംകൊണ്ടു ബുദ്ധികെട്ടവൻ.

**അരിഷ്ടൻ**-ഒരസുരൻ. ബലിയുടെപുത്രൻ. [ഇവൻ കാളയുടെ ആകൃതിയിൽ കൃഷ്ണനോടെതിർത്തു. അദ്ദേഹം ഇവനെ കൊന്നു.]

**അരിഷ്ടപുരം**-ഒരു സ്ഥലത്തിന്റെ പേർ.

**അരിഷ്ടമഥനൻ**-൧. വിഷ്ണു, കൃഷ്ണൻ. ൨. ശിവൻ.

**അരിഷ്ട**-വി. ൧. നിശ്ശേഷമായുള്ള. ൨. തികവായ. ൩. നിശ്ചയമായ, ഉറപ്പായ.

**അരിഷ്ട**-ദക്ഷന്റെ ഒരു പുത്രി, കശ്യപന്റെ ഒരു ഭാര്യ.

**അരിഷ്ടം**-൧. ശുഭം, ഭാഗ്യം. ൨. അശുഭം· നിർഭാഗ്യം. ൩. ഈറ്റില്ലം. ൪. പുളിഞ്ചിമരം. രക്ഷിക്കുന്നതു് എന്നർത്ഥം. പുവ്വത്തി എന്നു തമിഴരും ശീതഫേനം എന്നു മലയാളികളും പറയുന്നു. ൫. വെള്ളുള്ളി. അശുഭമല്ലാത്തതു് എന്നു ശബ്ദാർത്ഥം. ൬. കാക്ക(കാകൻ). മരണമില്ലാത്തതു് എന്നു ശബ്ദാർത്ഥം. ൭. മോര്. ദുഃഖം ഉണ്ടാകാത്തതു് എന്നർത്ഥം. ൮. മരണലക്ഷണം. ൯. ആപത്തിനുള്ള ഒരു അടയാളം. ൧൦. ഒരുവക മദ്യം. ൧൧. ഞാറപ്പക്ഷി. ൧൨. പുളിഞ്ചി. ൧൩. വേപ്പുമരം.

'അരിഷ്ടോലശുനേനിംബ
ഫേനിലേകാകകങ്കയോഃ
അരിഷ്ടമശുഭേതക്രേസൂതികാഗാര
ആസവേശുഭേമരണചിഹ്നേച'
എന്നു മേദിനി.

**അരിഷ്ടശയ്യാ**-ഇരിക്കക്കട്ടിലിലെശയനം.

'അരിഷ്ടശയ്യാംപരിതോവിസാരിണാ'
(രഘുവംശം)

**അരിഷ്ടസൂദനൻ**-കൃഷ്ണൻ, വിഷ്ണു.

**അരിഷ്ടിക്കുക**-കഷ്ടപ്പെട്ടു കഴിക്കുക.

**അരു, അരുവ്**-൧. വക്ക്. ൨. വിശേഷമായ, ശ്രേഷ്ഠമായ.

'അരുമറകളരിമയോടു
വകവകതിരിച്ചവർ' (ഭാരതം)

൩. അശക്യമായ. ൪. സൂക്ഷ്മമായ.

**അരു**-ശുഭശബ്ദങ്ങളിൽ ഒന്നു്. അപൂർവ്വം എന്നായിരുന്നു ഈ വാക്കിന്റെ അർത്ഥം. ഇതു് ഒരു പുരാതനവാക്കാണ്. പല ദ്രാവിഡഭാഷകളിലും കാണുന്നുണ്ടു്.

**അരുക**-വക്ക്.

**അരുകുക**-കുറയുക, താഴുക, ചെറുതാവുക.

**അരുക്കു്**-വി. രുക്ക് (രോഗം) ഇല്ലാത്ത.

**അരുക്കു്**-രുക്കോടു (രോഗത്തോടു) കൂടാത്തവൻ.

**അരുകൊല**-അറുകൊല, കൊന്നുകൊല്ലുക, നിർദ്ദയഹിംസ.

**അരുചി**-ദുസ്സ്വാദു്, രുചികേടു്.

രുചി കുറവുള്ളവർ ഭക്ഷണം കഴിക്കുന്നതിനു് അരമണിക്കൂറിനു മുമ്പേ അരക്കഴഞ്ചു് ഇഞ്ചി അല്പം ഉപ്പുകൂട്ടി തിന്നാൽ ഉണ്ണുന്ന നല്ല രുചി തോന്നുന്നതാണു്.

**അരുജ**-വി. രുജ (രോഗം) ഇല്ലാത്ത.

**അരുജം**-കൊന്നവൃക്ഷം.

അരുണ-വി. ചെമപ്പുള്ള, അവ്യക്തമായ ചെമപ്പുള്ള.

അരുണ-നാ. അതിവിടയം. ൨. ത്രികോല്പക്കൊന്ന. ൩. നാല്ക്കൊല്പക്കൊന്ന. ൪. കന്നി. ൫. മഞ്ചട്ടി.

അരുണൻ-നാ. സൂര്യൻ. സഞ്ചരിക്കുന്നവൻ (ഗമിക്കുന്നവൻ) എന്നർത്ഥം. ൨. സൂര്യന്റെ സാരഥി. അരുണനിറമുള്ളവൻ എന്നർത്ഥം.

[അരുണോല്പത്തി-കശ്യപപ്രജാപതിക്കു 'കദ്രു' എന്നും 'വിനത' എന്നും രണ്ടു ഭാര്യമാരുണ്ടായിരുന്നു. അവരുടെ സൌശീല്യാദിഗുണം കണ്ടിട്ടു് അദ്ദേഹം പ്രസന്നനായി അവരോടു എന്തുവരം വേണമെന്നു ചോദിച്ചു. വീര്യബലമുള്ള നാഗസഹസ്രം വേണമെന്നു കദ്രു ഉത്തരം പറഞ്ഞു. കദ്രുസുതന്മാരെക്കാൾ വേഗമുള്ള രണ്ടു പുത്രന്മാരുണ്ടാകണമെന്നായിരുന്നു വിനതയുടെ അപേക്ഷ. രണ്ടുപേർക്കും മുട്ടയായുണ്ടാകുമെന്നും പൊട്ടാതെ സൂക്ഷിച്ചുകൊള്ളണമെന്നും കശ്യപൻ കല്പിച്ചു. അതിന്റെ ശേഷം കദ്രു ആയിരം മുട്ടയും വിനത രണ്ടു മുട്ടയും പെറ്റു. അഞ്ഞൂറു വർഷം കഴിഞ്ഞപ്പോൾ ആയിരം മുട്ടയിൽനിന്നു് ആയിരം നാഗങ്ങളുണ്ടായി. മുട്ട വിരിയാഞ്ഞു വിനത വ്യസനിച്ചു് ഒന്നിനെ കൊട്ടിയുടച്ചു. അനന്തരം അനൂരുവായി (തുടകൾ ഇല്ലാത്തവനായി) അരുണൻ ജനിച്ചു് ആകാശം പ്രാപിച്ചു. ശരീരം മുഴുവനും തീരുന്നതിനുമുമ്പു് ഈ വിധം ചെയ്യുകകൊണ്ടു് 'കദ്രുവിനു് അടിമയായി വരട്ടെ' എന്നു അരുണൻ മാതാവിനെ ശപിക്കയും 'ഇരിക്കുന്ന മുട്ടയെ പൊട്ടിച്ചുകളയരുതു്' അവൻ ഉത്ഭവിച്ചു അമ്മയുടെ ദാസ്യം തീർക്കും, ഇനി അഞ്ഞൂറു വർഷത്തെ താമസമുണ്ടു്, അവൻ മഹാബലവാനായിട്ടു അമ്മയ്ക്കു ഗതി വരുത്തും' എന്നിങ്ങനെ ഉപദേശിക്കയും ചെയ്തശേഷം താൻ സൂര്യന്റെ സാരഥിയായി തീർന്നു. അരുണനു് അനൂരു, സൂതൻ, അനൂരു, വിപാദൻ എന്നിങ്ങനെ പല പേരുണ്ടു്. അരുണന്റെ ഭാര്യയ്ക്കു് ശ്യേനി എന്നു പേർ. സമ്പാതിയും ജടായുവും അരുണന്നു ശ്യേനിയിൽ ഉണ്ടായവരാകുന്നു.] അരുണശബ്ദത്തിനു് എരിക്കു് എന്നും അർത്ഥം ഉണ്ടു്.

അരുണം-നാ. ചെമപ്പു, വ്യക്തമല്ലാത്ത ചെമപ്പു, (പ്രകാശം ഇല്ലാത്ത ചെമപ്പു). മനസ്സിനെ പ്രാപിക്കുന്നതു് എന്നർത്ഥം.

'അവ്യക്തരാഗസ്ത്വരുണഃ'

(അമരം)

൨. ചെറു ചെങ്കുറിഞ്ഞി. ൩. കൈലാസത്തിനു പടിഞ്ഞാറുള്ള (ഹിമവാന്റെ) ഒരു കൊടുമുടി. ൪. പുളുതായ. ൫-ം, അരുണതാരുണ്യൻ.

അരുണാഗ്രജൻ-ഗരുഡൻ. അരുണൻ എന്ന അഗ്രജൻ (ജ്യേഷ്ഠൻ) ഉള്ളവൻ എന്നർത്ഥം.

അരുണാത്മജ- യമുന. അരുണന്റെ (സൂര്യന്റെ) ആത്മജ (പുത്രി)

അരുണാത്മജൻ-നാ. ശനി. ൨. കർണ്ണൻ. ൩. സുഗ്രീവൻ. ൪. യമൻ. ൫. സാവർണ്ണിമനു-ഇവർ സൂര്യപുത്രന്മാർ. ൬. സമ്പാതി, ജടായു ഇവർ രണ്ടുപേരും, സൂര്യസാരഥിയായ അരുണന്റെ പുത്രന്മാർ.

അരുണാർച്ചിസ്സ്-സൂര്യൻ

അരുണലോചനം-നാ. ചെമന്നകണ്ണു്. ൨. പ്രാവു്.

അരുണാവരജൻ ഗരുഡൻ.

അരുണിത, അരുണീകൃത-വി ചെമപ്പുനിറമാക്കപ്പെട്ട.

അരുണിമ-നാ. ചെമപ്പുനിറം. ൨. ചെമന്നനിറമുള്ള പശു.

അരുണോദക-ഒരു നദിയുടെ പേർ.

**അരുണോദകം** - ഒരു കായലിന്റെ പേർ.

**അരുണോദയം** - പ്രഭാതം, ആദിത്യൻ ഉദിപ്പാൻ തുടങ്ങുന്ന സമയം, ഉഷസ്സ്.

**അരുതു്** - നിഷേധവാക്ക്. പ്രയാസമായിട്ടുള്ളതു്. ഉ-ം, വിലയറിയാനരുതാകിയ രത്നം. അരിയമുതലായ പദങ്ങൾ കാൺക.

**അരുതാത്ത**-വി. നിഷേധിക്കപ്പെട്ട, വിലക്കപ്പെട്ട, ദോഷമുള്ള.

**അരുതായ്ക** - ആവതില്ലായ്ക. അതൃപ്തി, ക്ഷീണത.

**അരുതായ്മ** - ആവതില്ലായ്മ, അതൃപ്തി. ക്ഷീണത.

**അരുന്തപൻ** - ദുർല്ലഭമായ തപസ്സോടുകൂടിയവൻ.

**അരുന്തുദ**-വി. അത്യുപദ്രവമുണ്ടാക്കുന്ന, മർമ്മത്തെ പിളക്കുന്ന, വ്രണങ്ങളെ വേദനപ്പെടുത്തുന്ന.

**അരുന്ധതി** - വസിഷ്ഠമഹർഷിയുടെ പത്നി.

[അമ്മ ദേവഹൂതി. അച്ഛൻ-കർദ്ദമപ്രജാപതി. അരുന്ധതി പാതിവ്രത്യനിഷ്ഠയിൽ അതിപ്രസിദ്ധയാണ്. ഒരു നക്ഷത്രം ആകുന്നു. മരണം സമീപിച്ചിരിക്കുന്നവർ നോക്കിയാൽ ഈ നക്ഷത്രത്തെ കാണുകയില്ല. ആകാശത്തിൽ വടക്കു ദിക്കിൽ സപ്തർഷിമണ്ഡലചക്രത്തിൽ വസിഷ്ഠസമീപത്തു പ്രകാശത്തോടുകൂടി മംഗലരൂപത്തിൽ അരുന്ധതി സ്ഥിതിചെയ്യുന്നു ]

'അനസൂയാദേവിപോലെയും
അരുന്ധതിമുമ്പാകും
മുനിഗൃഹിണിമാരെല്ലാരും
അനുഗ്രഹിക്കുന്നു നമ്മെ'

(നളചരിതം കഥകളി)

**അരുമ** - ഓമന

**അരുമന** - വിളവങ്കോട്ടു താലൂക്കിൽ ഒരു പകുതി.

**അരുമനല്ലൂർ** - തോവാളത്താലൂക്കിൽ ഒരു പകുതി.

**അരുമാന്ത**-വി. പ്ര. അപൂർവമായ. വ. കൗതുകമുള്ള.

**അരുമാമറ** - സൂക്ഷ്മവും മഹത്തുമായ വേദം.

**അരുമറ** - അരു (സൂക്ഷ്മമായ) മറ (വേദം)

**അരുവ** - സുന്ദരി (പ-മ.)

**അരുവയർ** - പ്ര. സുന്ദരിമാർ. അരുവ എന്ന പദത്തോടുകൂടി 'അർ' പ്രത്യയം ചേർന്നതാണ്. വയറുമായി യാതൊരു സംബന്ധവുമില്ല. വ. ഇരുപത്തഞ്ചു വയസ്സായ പെണ്ണ്.

**അരുവലർ** - ശത്രുക്കൾ.

**അരുവാൾ** - അരിവാൾ (ഈ പദം നോക്കുക.)

**അരുവി, അരിവി** - നീർച്ചാട്ടം.

**അരുവിക്കര** - കൽക്കുളം താലൂക്കിലെ ഒരു പകുതി.

**അരുവിയാറു** - പർവതത്തിൽ ജലം (ഉറവ്) പുറപ്പെടുന്ന സ്ഥലത്തിൽനിന്നുള്ള ജലപ്രവാഹം. വാരിപ്രവാഹം, നിർഝരം, ഝരം ഇവ ന-ം, പര്യായങ്ങൾ.

**അരുവൈ** - (അരിവൈ എന്ന പദത്തിന്റെ രൂപാന്തരം) ഇരുപത്തഞ്ചു വയസ്സായ പെൺ. സുന്ദരി. (ഈ പദത്തോടു പുല്ലിംഗബഹുവചനപ്രത്യയമായ 'അർ' ചേർത്താൽ അരുവയരാകും. അരുവയറിനു വയറുമായി സംബന്ധമില്ല.)

**അരുഷൻ** - പ്ര. സൂര്യൻ. വ. സൂര്യന്റെ ചെമപ്പുകതിര.

**അരുഷി** - ഊർവന്റെ ഭാര്യ, ഔർവന്റെ അമ്മ

**അരുഷം** - സൂര്യന്റെ ചെമന്നകതിര.

**അരുഷ്കര**-വി. വ്രണത്തെ ചെയ്യുന്ന.

**അരുഷ്കരം** - ചേർമരം. വ്രണത്തെ ചെയ്യുന്നത് എന്നർത്ഥം.

അരുഷ്കൃത-വി. മുറിപ്പെടുത്തിയ, വേദനപ്പെടുത്തിയ.

അരുസ്സ്-വ്രണം, പുണ്ണ്. ചീഞ്ഞതായിക്കുന്നതു് എന്നർത്ഥം.

അരുളം-പു. കല്പന. ൨. കരുണ, സ്നേഹം.
'നാരായണനരുളാലൊരു നരകൃമി'
(ദേവഗീത)

അരുളപ്പാട്-കല്പന.
'അരുളപ്പാടെല്ലാംകേട്ടു കിരീടി
പുരികക്കൊടികൊണ്ടൊന്നറിയിച്ചു'
(കൃഷ്ണാർജ്ജുനവിജയം തുള്ളൽ)

അരുളിച്ചെയ്യുക-കല്പിക്കുക, പറയുക.

അരുളുക-ക്രി. കല്പിക്കുക, പറയുക. ൨. കൊടുക്കുക ൩. മംഗളാശംസചെയ്യുക.

അരുക്കുററി-ചേർത്തലതാലൂക്കിലെ ഒരു പകുതി.

അരൂപ-വി. രൂപം (ശരീരം-ആകൃതി-സൌന്ദര്യം) ഇല്ലാത്ത.

അരൂപം-ചതുരക്കം.

അരൂപി-ദൈവം. രൂപം (ശരീരം, ആകൃതി) ഇല്ലാത്തവൻ എന്നർത്ഥം.

അരൂർ-ചേർത്തലതാലൂക്കിലെ ഒരു പകുതി

അരുഷിക-ഒരു ക്ഷുദ്രരോഗം.
[കഫരക്തങ്ങളും കൃമിയും കോപിച്ച് തലയിൽ വ്രണമുണ്ടാകും. വളരെ മുഖങ്ങളും പഴുപ്പും കാണും]

അരേ-അ. ഏടാ, ഹീനന്മാരെ സംബോധനചെയ്യുന്നതിൽ പ്രയോഗം.
അരേ ! ദുരാചാരനൃശംസകംസ !
(ശ്രീകൃഷ്ണചരിതം)

അരേണുകം-വാൽമുളക്, തക്കോലം, സംസ്കൃതത്തിൽ ഹരേണു. തമിഴിൽ-വാൽമിളക്. കമലസി എന്നു ചിലർ പറയുന്നു. ദ്വിജ, ഹരേണു, രേണുകം, കൌന്തി, കപില, ഭസ്മഗന്ധിനി-ആ-ം, പര്യായങ്ങൾ.

അരോക-വി. പ്രഭയോടുകൂടാത്ത, പ്രഭയില്ലാത്ത. രോചനം (ദീപ്തി) ഇല്ലാത്ത എന്നർത്ഥം.

അരോഗത-രോഗമില്ലായ്മ.

അരോചകം-പു. അരുചി. രുചികേട്. ൨. ഒരു രോഗം.
[മനസ്സിന് അധികമായ ദുഃഖം, ഭയം, ക്രോധം, ശോകം, അതിലോഭം മുതലായവകൊണ്ട് അരോചകം ഉണ്ടാകുന്നു. വാതംകൊണ്ടുള്ള അരോചകത്തിന് പല്ലുപുളിക്കും, വായ്ക്കു ചവർപ്പുരസം കാണും.]

അർക്കചന്ദനം-രക്തചന്ദനം.

അർക്കജൻ-പു. കർണ്ണൻ. ൨. ശനി. ൩. സുഗ്രീവൻ. ൪. അന്തകൻ. ൫. വൈവസ്വതമനു. ഇവർ അർക്കനിൽ (സൂര്യനിൽ) നിന്നുണ്ടായവരാകയാൽ ഈ പേർ വന്നു.

അർക്കതനയ-യമുനാനദി. യമുന സൂര്യന്റെ പുത്രിയാകയാൽ ഈ പേർവന്നു.

അർക്കൻ-പു. സൂര്യൻ. സർവരാലും പൂജിക്കപ്പെടുന്നവൻ എന്നർത്ഥം. ൨. വിഷ്ണു.

അർക്കപത്രം-എരിക്കില.

അർക്കപാദപം-നിംബം (വേപ്പ്).

അർക്കപർണ്ണം-എരിക്ക്. സൂര്യനെപ്പോലെ തിളങ്ങുന്ന ഇലകൾ ഉള്ളത് എന്ന ശബ്ദാർത്ഥം.

അർക്കപുത്രൻ-പു. കർണ്ണൻ. ൨. ശനി. ൩. സുഗ്രീവൻ. ൪. അന്തകൻ. ൫. വൈവസ്വതമനു.

അർക്കബന്ധു-ശാക്യമുനി. സൂര്യകുലത്തിൽ അവതരിച്ചതുകൊണ്ട് ഈ പേരുണ്ടായി.

അർക്കബാന്ധവൻ-ശാക്യമുനി.

അർക്കം-പു. സ്ഫടികം, സൂര്യകാന്തം. ൨. എരിക്ക്.

അർക്കവല്ലഭം-പു. അമര. ൨. ബന്ധൂകം.

അർക്കവാസരം—ഞായറാഴ്ച.

അർക്കാശ്മം—പു. സൂര്യകാന്തക്കല്ല്. വ. കന്നി.

അർക്കവാരം—ഞായറാഴ്ച.

അർക്കവേധം—താലീശപത്രം.

അർക്കാന്വയം—സൂര്യവംശം. അർക്കന്റെ (സൂര്യന്റെ) അന്വയം (വംശം).

അർക്കാഹ്വം—എരിക്ക്. അർക്കം എന്നു പേരുള്ളത്.

അർക്കേന്ദുസംഗമം—അമാവാസ്യ.

അർഗ്ഗളം—സാക്ഷ (തഴുത്) മുറുകിനിൽക്കുന്നത് എന്നർത്ഥം.

'അർഗ്ഗളബാഹുവാം രോഹിണീപുത്രൻ'
(കൃഷ്ണലീല തുള്ളൽ)

അർഗ്ഗള—സാക്ഷ (തഴുത്).

'ഹാരമഹിന്നോരുവേത്രഹാരിണീ
ശാബമുഗ്ദ്ധാക്ഷികാമം
ചാരുസജ്ജന്മണിമയകവാ
ടാർഗ്ഗളാസംഗതാഗാൽ'

അർഗ്ഗളി—സാക്ഷ (തഴുത്).

അർഗ്ഗളിക—ചെറിയ സാക്ഷ (തഴുത്)

അർഗ്ഗളിത—വി. സാക്ഷയിട്ട (തഴുതിട്ട).

അർഗ്ഗളീയ—വി. സാക്ഷയെ (തഴുതിനെ) സംബന്ധിച്ച.

അർഘം—പു. വില. വ. പൂജാവിധി. ഇതുകൊണ്ടു പൂജിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

അർഘാംശൻ—ശിവൻ.

അർഘ്യ—വി. പൂജയ്ക്കായിക്കൊണ്ടുള്ള, പൂജിക്കപ്പെടത്തക്ക.

അർഘ്യ—നല്ല മതിപ്പുള്ള.

അർഘ്യം—പു. പൂജയ്ക്കായിക്കൊണ്ടുള്ള ജലം. വ. വിലമതിക്കത്തക്കത്.

അർഗ്വധം, ആരഗ്വധം—കൊന്നവൃക്ഷം. രോഗശങ്കയെയെല്ലാം കളയുന്നതെന്ന ശബ്ദാർത്ഥം.

അർച്ച—പു. പൂജ. വ. പ്രതിബിംബം, പൂജയ്ക്കായി ശില, ലോഹം മുതലായവ കൊണ്ടു നിർമ്മിക്കുന്ന പ്രതിമ. മറ്റുള്ളവയ്ക്കും (ഉപചാരാൽ) പറയാം. ന. നേത്രരോഗവിശേഷം.

അർച്ചകൻ—പൂജക്കാരൻ.

അർച്ചന—പൂജ.

അർച്ചനം—പൂജ, വന്ദനം.

അർച്ചനീയ—വി. പൂജിക്കത്തക്ക.

അർച്ചി, അർച്ചിസ്സ്—അഗ്നിജ്വാല. പൂജിക്കപ്പെടുന്നത് എന്നു ശബ്ദാർത്ഥം.

അർച്ചിക്കുക—പൂജിക്കുക.

അർച്ചിത—വി. പൂജിക്കപ്പെട്ട.

അർച്ചിതം—പു. പൂജിക്കപ്പെട്ടത്. വ. നമസ്കരിക്കപ്പെട്ടത്.

അർച്ചിഷ്കണം—തീപ്പൊരി.

അർച്ചിസ്സ്—പു. അഗ്നിജ്വാല. പൂജിക്കപ്പെടുന്നത് എന്നർത്ഥം. വ. സൂര്യകിരണം. ന. ജ്വാല, ശോഭ.

അർജ്ജക—വി. നേടുന്ന.

അർജ്ജകം—വെൺകഞ്ചകം. ആരോഗ്യത്തെ സമ്പാദിക്കുന്നത് എന്നർത്ഥം. വെളുത്ത തുളസി എന്നും പറയുന്നുണ്ട്. ചിലർ നല്ലതൃത്താവ് എന്നു വിളിക്കുന്നു.

അർജ്ജനം—സമ്പാദ്യം.

അർജ്ജി, അർജി, ഹർജി—അപേക്ഷയെയും സങ്കടം, പരാതി ഇവയെയും എഴുതി സർക്കാരിൽ ബോധിപ്പിക്കുക.

അർജ്ജിത—വി. സമ്പാദിക്കപ്പെട്ട.

അർജ്ജുന—വി. വെളുത്ത.

'പിശംഗമൗഞ്ജീയുജമർജ്ജുനച്ഛവിം'
(മാഘം)

അർജ്ജുന—ഒരു രാജ്യത്തിന്റെ പേർ.

അർജ്ജുനകൻ—അർജ്ജുനനെ വന്ദിക്കുന്നവൻ.

**അൎജ്ജുനക്കൊടി**-ഒരു പച്ചമരുന്ന്.

**അൎജ്ജുനൻ**-൧, പാണ്ഡവരിൽ മൂന്നാമത്തവൻ.

പാണ്ഡവർ അഞ്ചുപേർ. ൧. ധൎമ്മപുത്രൻ. ൨. ഭീമൻ. ൩. അൎജ്ജുനൻ. ൪. നകുലൻ. ൫. സഹദേവൻ. ഇവരിൽ അൎജ്ജുനൻ ഇന്ദ്രനു കുന്തിയിൽ ജനിച്ചവനാകുന്നു. ദ്രോണർ ആകുന്നു അൎജ്ജുനനെ ആയുധവിദ്യ അഭ്യസിപ്പിച്ചതു്. ഇദ്ദേഹം ദ്രോണരുടെ പ്രിയശിഷ്യനെന്നുള്ളതു് സുപ്രസിദ്ധമാണ്. പാണ്ഡവന്മാർ അഞ്ചുപേരും കൂടിയാണ് പാഞ്ചാലിയെ ഭാൎയ്യയാക്കി താമസിപ്പിച്ചുവന്നതു്. എന്നാൽ വിവാഹം ചെയ്തതു് അൎജ്ജുനനായിരുന്നു. ഓരോവത്സരം ഓരോരുത്തനും പാഞ്ചാലിയുമായി ഗൃഹത്തിൽ താമസിക്കണമെന്നും ആ ദിവസം മറ്റുള്ള നാലുപേരിൽ ആരെങ്കിലും ആ ഗൃഹത്തിൽ വന്നാൽ ആയാൾ തീൎത്ഥയാത്ര ചെയ്യണമെന്നും ഒരു നിയമം ഉണ്ടായിരുന്നു. ഇതു കുന്തിയുടേതായിരുന്നുവത്രെ. ഒരുദിവസം അൎജ്ജുനൻ പാഞ്ചാലിയുടെ താമസസ്ഥലത്തു തന്റെ ആയുധം എടുപ്പാനായി ഓടിച്ചെന്നപ്പോൾ ദ്രൌപദിയെയും ധൎമ്മപുത്രരെയും ഒന്നിച്ചു കാണ്മാനിടയായി. ഇതു ഹേതുവായിട്ടു മുൻ നിശ്ചയപ്രകാരം അൎജ്ജുനൻ ൧൨ മാസം കുടുംബത്തെ വെടിഞ്ഞു സഞ്ചരിക്കേണ്ടിവന്നു. ഇദ്ദേഹം ഖാണ്ഡവവനം ദഹിപ്പിച്ച് അഗ്നിയോടു ഗാണ്ഡീവവും, കിരാതവേഷം ധരിച്ചുവന്ന പരമേശ്വരങ്കൽനിന്നു പാശുപതവും വാങ്ങി. അൎജ്ജുനൻ ഭാരതയുദ്ധത്തിൽ ഭീഷ്മരെ കഠിനമായി മുറിവേല്പിക്കയും പലരെയും തോല്പിക്കയും ജയദ്രഥനെയും കൎണ്ണനെയും കൊല്ലുകയും ചെയ്തു. അൎജ്ജുനനു പാഞ്ചാലിയിൽ ശ്രുതകീൎത്തി, സുഭദ്രയിൽ അഭിമന്യു, ഉലൂപിയിൽ ഇരാവാൻ, ചിത്രാംഗദയിൽ ബഭ്രുവാഹനൻ ഇങ്ങിനെ നാലു പുത്രന്മാർ ഉണ്ടായിട്ടുണ്ട്. കൃഷ്ണനെക്കാൾ മൂന്നുമാസത്തെ ഇളപ്പമുണ്ട് അൎജ്ജുനന്. അൎജ്ജുനൻ, ഫൽഗുനൻ, പാൎത്ഥൻ, കിരീടി, ശ്വേതവാഹനൻ, ബീഭത്സു, വിജയൻ, ജിഷ്ണു, സവ്യസാചി, ധനഞ്ജയൻ ഇവ പത്തും അൎജ്ജുനന്റെ പേരാകുന്നു.

'അൎജ്ജുനഃ ഫൽഗുനഃ പാൎത്ഥഃ
കിരീടി ശ്വേതവാഹനഃ
ബീഭത്സുൎവ്വിജയോ ജിഷ്ണുഃ
സവ്യസാചീ ധനഞ്ജയഃ'

ഈ പത്തു പേരും ജപിച്ചുകൊണ്ടാൽ ഇടിഭയം ഉണ്ടാകയില്ലെന്നു വൃദ്ധവചനം. അൎജ്ജുനന്റെ എല്ലാ പേരുകളും കകുഭവൃക്ഷത്തിന്റെ (നീർമരുതിന്റെ—വല്ലമരുതിന്റെ) പൎയ്യായങ്ങളാകുന്നു.

'അൎജ്ജുനഃ കകുഭഃ പാൎത്ഥ
ശ്ചിത്രയോധീ ധനഞ്ജയഃ
വീരാന്തകഃ കിരീടീച
നദീസൎജ്ജോപി പാണ്ഡവഃ'

(ധന്വന്തരി)

'അൎജ്ജുനസ്താംബരഃ പാൎത്ഥ
ശ്ചിത്രയോധീ ധനഞ്ജയഃ
വൈരാന്തകഃ കിരീടീച
ഗാണ്ഡീവീ ശിവമല്ലകഃ
സവ്യസാചീ നദീസൎജ്ജഃ
കൎണ്ണാരിഃ കുരുവീരകഃ
കൌന്തേയ ഇന്ദ്രസൂനുശ്ച
വീരദ്രുഃ കൃഷ്ണസാരഥിഃ
പൃഥാജഃ ഫൽഗുനോ ധന്വീ
കകുഭശ്ചൈകവിംശതിഃ'

(രാജനിഘണ്ടു)

൨. കാൎത്തവീൎയ്യൻ-ഹൈഹയാധിപനായ കൃതവീൎയ്യന്റെ മകൻ. സാധാരണ പേർ കാൎത്തവീൎയ്യൻ. ഇദ്ദേഹത്തെ പരശുരാമൻ വധിച്ചു. ൩. ഇന്ദ്രൻ.

അർജ്ജുനം-൧. വെളുത്ത നിറം. സമ്പാദിച്ചുവെയ്ക്കുന്നതു് എന്നർത്ഥം. ൨. നീർമരുതു്. പുല്ലുമരുതെന്നും അഭിപ്രായം കാണുന്നു. അർജ്ജുനന്റെ പേരുള്ളതു് എന്നർത്ഥം. ൩. തൃണഭേദം. സമ്പാദിക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം. ൪. വെള്ളി. ൫. സ്വർണ്ണം. ൬. ഒരു നേത്രരോഗം.
[വേദനകൂടാതെയും മിനപ്പോടുകൂടിയും മുയലിന്റെ ചോരപോലെ രക്തവർണ്ണമായുള്ള ഒരു ബിന്ദു കണ്ണിന്റെ ശുക്ലമണ്ഡലത്തിങ്കൽ ഉണ്ടാകും. ഇതത്രേ അർജ്ജുനം.]

അർജ്ജുനി-൧. പശു. ൨. ഒരുവക സർപ്പം. ൩. ഉഷ (അനിരുദ്ധന്റെ ഭാര്യ). ൪. ഒരു നദി (കരതോയ). ൫. അർജ്ജുനന്റെ പുത്രൻ. ൬. മിക്കവാറും വെളുത്ത നിറമുള്ളവൻ.

അർജ്ജുനോപമം-തേക്കുവൃക്ഷം.

അർണ്ണ-ഒരു നദി.

അർണ്ണപോതം-വള്ളം, കപ്പൽ.

അർണ്ണം-തേക്കുമരം.

അർണ്ണവകാഞ്ചി-ഭൂമി.

അർണ്ണവം-സമുദ്രം, ജലമുള്ളതു്.

'കർണ്ണസ്വായംധനമീഷ്ടാദികളാം
അർണ്ണവമാശുകടപ്പാൻനല്ലൊരു'
(കിരാതം തുള്ളൽ)

അർണ്ണവമന്ദിരൻ-൧. വിഷ്ണു. ൨. വരുണൻ.

അർണ്ണവമലം-കടൽനുര.

അർണ്ണവോൽഭവ-ലക്ഷ്മി.

അർണ്ണവോത്ഭവൻ-ചന്ദ്രൻ.

അർണ്ണവോത്ഭവം-അഗ്നിജാരവൃക്ഷം.

അർണ്ണസ്സ്-൧. ജലം. പൊയ്ക്കൊണ്ടിരിക്കുന്നതു് എന്നർത്ഥം. ൨. ഇരുവേലി.

അർണ്ണോജഭവൻ-ബ്രഹ്മാവു്. താമരയിൽ ഉണ്ടായവൻ എന്നർത്ഥം.

അർണ്ണോജം-താമര. ജലത്തിലുണ്ടായതു്.

അർണ്ണോദഃ-൧. മേഘം. ൨. മുത്തങ്ങ.

അർണ്ണോരുഹം-താമര. ജലത്തിൽ മുളച്ചതു്.

അർണ്ണോരുഹാക്ഷൻ-വിഷ്ണു. താമരപോലെയിരിക്കുന്ന കണ്ണുകളോടുകൂടിയവൻ.

അർത്തഗളം-നീലക്കുറിഞ്ഞി.

അർത്തന-വി. ൧. ദുഷിക്കുന്ന, നിന്ദിക്കുന്ന. ൨. ദുഃഖമുള്ള, ദുഃഖിച്ച.

അർത്തനാ-൧. ജുഗുപ്സ (ലജ്ജ). ൨. ആക്ഷേപം.

അർത്തി-൧. പീഡ. ൨. വില്ലിന്റെ അഗ്രഭാഗം. ഹിംസിക്കുന്നതു് എന്നർത്ഥം.

അർത്ഥദാപനം-കടം വാങ്ങിക്കൊടുത്ത അർത്ഥത്തെ മടക്കി കൊടുപ്പിക്കുന്നതു്.

അർത്ഥദൂഷണം-൧. ദുർവ്യയം, അധികച്ചെലവു്. കോപജമായ ദോഷം. അർത്ഥദൂഷണം സപ്തവ്യസനങ്ങളിൽ ഒന്നാകുന്നു. ൨. അർത്ഥത്തിൽ ദോഷം കണ്ടുപിടിക്കുക. ൩. അന്യന്റെ വസ്തുവെ നശിപ്പിക്കുക.

അർത്ഥന-യാചന, അപേക്ഷ.

അർത്ഥനിർദ്ദേശം-പൊരുൾതിരിപ്പു്.

അർത്ഥപതി-൧. കുബേരൻ. ൨. മഹാരാജാവു്.

അർത്ഥപരീക്ഷ-അർത്ഥനിർണ്ണയം ചെയ്ക, വഴിപോലെ കണ്ടുനോക്കുക. ചർച്ച, സംഖ്യ, വിചാരണ ഇവ ൩-ം, പര്യായങ്ങളാം (പ്രമാണംകൊണ്ടുള്ള അർത്ഥപരീക്ഷ എന്നു താൽപര്യം).

അർത്ഥപാലിത-ഉദയം

അർത്ഥപൌനരുക്ത്യം-പറയാതെ ഒന്നു സിദ്ധിക്കുന്ന അർത്ഥത്തെ എടുത്തുപറയുക ഉ-ം, വെള്ളം ഗാഹിക്കുന്നു, വയറിളക്കുന്നു മുതലായവ

അർത്ഥപ്രയോഗം-ധനം കൊടുത്തു പലിശവാങ്ങി കാലക്ഷേപം കഴിക്കുക.

അൎത്ഥബന്ധം-വാക്കുകളുടെ അടുക്കു.
അൎത്ഥം-പ്ര. ധനം. യാചിക്കപ്പെടുന്നതു് എന്നൎത്ഥം. ദ്വി. ശബ്ദംകൊണ്ടു പറയപ്പെടുന്നതു്. തൃ. നിവൃത്തി. ച. പ്രയോജനം. പ. വസ്തുതത്വം. ഷ. (വ്യാകരണത്തിൽ) കൃതികളിൽ ഒരു വിഭാഗം.
അൎത്ഥലാലുപ-വി. ദുരാഗ്രഹമുള്ള.
അൎത്ഥവത്തു്-വി. പ്ര. ധനമുള്ള. ദ്വി. ബുദ്ധിയുള്ള. തൃ. സാരമുള്ള. ച. ജയമുള്ള. പ. ഉപയോഗമുള്ള.
അൎത്ഥവാൻ-പ്ര. ധനവാൻ. ദ്വി. മനുഷ്യൻ.
അൎത്ഥവിചാരം- അൎത്ഥത്തെക്കുറിച്ചുള്ള ഓൎമ്മ.
അൎത്ഥവിജ്ഞാനം- അൎത്ഥത്തെക്കുറിച്ചുള്ള അറിവു്.
അൎത്ഥവ്യക്തി-കാവ്യഗുണങ്ങളിൽഒന്നു്. വസ്തുസ്വഭാവം സ്ഫുടമായിരിക്കുന്നതു്.
അൎത്ഥശാസ്ത്രം- അൎത്ഥമെന്ന പുരുഷാൎത്ഥത്തിനു് ഉപയോഗിയായ ശാസ്ത്രം. അൎത്ഥം=ഭൂമി, ധനം മുതലായതു്. ഇവയെക്കുറിച്ചുള്ളശാസ്ത്രം അൎത്ഥശാസ്ത്രം. ഇതു് അറിഞ്ഞിരുന്നെങ്കിലത്രേ ഭൂമി മുതലായ സ്വത്തുക്കളെ പരിപാലിപ്പാൻ കഴികയുള്ളൂ.
അൎത്ഥസാധനം-വേപ്പു്.
അൎത്ഥാഗമം-ധനലാഭം.
അൎത്ഥാഗ്രഹം-ധനത്തിലുള്ള താല്പൎയ്യം.
അൎത്ഥാഗ്രഹി-ധനത്തിലിച്ഛയുള്ളവൻ.
അൎത്ഥാതിദപ്പം-ധനം മുതലായതിനാലുണ്ടായ ഗൎവ്വം.
അൎത്ഥാതുരൻ-ധനേച്ഛകൊണ്ടു ക്ഷീണിച്ചവൻ.
അൎത്ഥാന്തരന്യാസം-ഒരലങ്കാരം. 'പ്രസ്തുതമായ സാമാന്യത്തെ സമൎത്ഥിപ്പാൻ വേണ്ടി അപ്രസ്തുതമായ വിശേഷത്തെയോ, മറിച്ചു പ്രസ്തുതമായ വിശേഷത്തിനു വേണ്ടി അപ്രസ്തുതമായ സാമാന്യത്തെയോ കഥിക്കുന്നതു്'. (ഭാഷാഭൂഷണം)
അൎത്ഥാന്തരം-മറെറാരൎത്ഥം.
അൎത്ഥാപത്തി-ഒരലങ്കാരം. 'ഒരു കാൎയ്യത്തിന്റെ ഉല്പത്തിയിൽ അതിനെ സംബന്ധിച്ചു് മറെറാരു കാൎയ്യത്തിന്റെ സിദ്ധിത്തി അൎത്ഥസിദ്ധമായി വരിക'. (ഭാഷാഭൂഷണം)
അൎത്ഥാൎത്ഥി-അൎത്ഥത്തെ യാചിക്കുന്ന.
അൎത്ഥാലങ്കാരം- അലങ്കാരത്തിൽ ഒരു പിരിവു്. മറെറാന്നു ശബ്ദാലങ്കാരം.
അൎത്ഥി-പ്ര. യാചകൻ. ധനം കൈവശമില്ലാത്തവൻ എന്നു പദാൎത്ഥം. ദ്വി. ധനമുള്ളവൻ. തൃ. രാജസേവൻ.
അൎത്ഥികൻ-പ്ര. വിളിച്ചുപറയുന്നവൻ, കാവൽക്കാരൻ. ദ്വി. ഭൃത്യൻ. ഉണരുസമയത്തെയും ഉറക്കസമയത്തെയും പാട്ടു പാടി അറിയിക്കുന്നതാണു് ഇവന്റെ തൊഴിൽ.
അൎത്ഥിക്കുക- യാചിക്കുക, അപേക്ഷിക്കുക.
അൎത്ഥിത-വി. യാചിക്കപ്പെട്ട.
അൎത്ഥിതം-അനുഗ്രഹം.
അൎത്ഥൈകദേശസ്സ്-ബന്ധാഗാരം.
അൎത്ഥ്യ-വി. പ്ര. അൎത്ഥിക്കത്തക്ക, യാചിക്കത്തക്ക. ദ്വി. ധനമുള്ള. തൃ. ശരിയായ. ച. ബുദ്ധിയുള്ള.
അൎത്ഥ്യൻ-പ്ര. അൎത്ഥത്തോടുകൂടിയവൻ. ദ്വി. ധൈൎയ്യമുള്ളവൻ.
അൎത്ഥ്യം- കന്മദം. രോഗികൾ യാചിക്കുന്നതു് എന്നൎത്ഥം.
അൎദ്ദന-പ്ര. കൊല. ദ്വി. ഉപദ്രവം, പീഡ. തൃ. ദുഃഖം. ച. യാചന.
അൎദ്ദനൻ-കൊല്ലുന്നവൻ, പീഡിപ്പിക്കുന്നവൻ.
അൎദ്ദനം-പ്ര. പീഡ ദ്വി. ദുഃഖം. തൃ. കൊല. ച. യാചിക്കുക.

അർദ്ദിനി-ഛ. രോഗം. വ. അഗ്നി. ന. യാചന.
അർദ്ദിക്കുക-ഛ. ഉപദ്രവിക്കുക, കൊല്ലുക, വ. യാചിക്കുക.
അർദ്ദിത-വി. ഛ. ഉപദ്രവിക്കപ്പെട്ട, ദുഃഖിപ്പിക്കപ്പെട്ട, കൊല്ലപ്പെട്ട. വ. യാചിക്കപ്പെട്ട.
അർദ്ദിതം-ഛ. ഉപദ്രവിക്കപ്പെട്ടതു്, ദുഃഖിപ്പിക്കപ്പെട്ടതു്, കൊല്ലപ്പെട്ടതു്. വ. യാചിക്കപ്പെട്ടതു്. ന. കോട്ടവാതം.

[അർദ്ദിതം-എന്ന വാതവ്യാധിക്കു മുഖത്തിന്റെ പകുതിഭാഗത്തിനു കോട്ടം ഭവിക്കും. കഴുത്തിനും കോട്ടം ഉണ്ടാകും, തലവിറക്കും, വാക്കുപുറപ്പെടുകയില്ല ഇത്യാദി ലക്ഷണങ്ങളാം.]

അർദ്ധകേതു-ഛദൻ.
അർദ്ധക്ഷൌരം-തല ഒഴിച്ചുള്ള ക്ഷൌരം.
അർദ്ധഗംഗ-കാവേരി.
അർദ്ധഗ്രാസം-തികയാത്ത ഭക്ഷണം.
അർദ്ധചന്ദ്ര-വി. പാതിച്ചന്ദ്രനെപ്പോലെയുള്ള.
അർദ്ധചന്ദ്ര-നാരല്ലൂപ്പക്കൊന്ന. അർദ്ധചന്ദ്രാകൃതിയിലുള്ള ഇലയോടുകൂടിയതു് എന്നർത്ഥം.
അർദ്ധചന്ദ്രൻ-പാതിച്ചന്ദ്രൻ.
അർദ്ധചന്ദ്രം-വ്യാകരണത്തിൽ സംവൃതോകാരത്തിനുള്ള അടയാളം-ഉ-ം, (◡).
അർദ്ധചന്ദ്രാകാരം, അർദ്ധചന്ദ്രാകൃതി-അർദ്ധചന്ദ്രനെപ്പോലെയുള്ളതു്.
അർദ്ധതൂരം-ഒരുവക വാദ്യം.
അർദ്ധനാരായണൻ-വിഷ്ണുവിന്റെ ഒരു രൂപം.
അർദ്ധനാരീശൻ, അർദ്ധനാരീശ്വരൻ-ശിവൻ. പകുതി സ്ത്രീയും പകുതി പുരുഷനുമായുള്ള ശിവന്റെ രൂപം.
അർദ്ധനാവം-തോണിയുടെ നേർപകുതി (സ്ഥലത്തിന്റെ പേർ). തോവിന്റെ (തോണിയുടെ) അർദ്ധം (പകുതി).

[അകമ്പടിക്കാർക്കു രക്ഷികൾക്കുമായിട്ടു തോണിയുടെ നേർപകുതി കൊടുത്തതിന്റെശേഷം വിവാഹംചെയ്യുവനേയും പത്നിയേയും ഔപാസനാഗ്നിയേയും ശേഷം പകുതി സ്ഥലത്തിരുത്തേണ്ടതാണെന്നുള്ള ഗൃഹ്യവചനത്തിൽ ഈശബ്ദം പ്രയോഗിച്ചു കാണുന്നു-'പുരോഗാഭിഃ പൃഷ്ഠരക്ഷിഭ്യശ്ചാർദ്ധനാവംപ്രകല്പ്യ വധൂവരമഗ്നിഞ്ചസ്ഥാപയതി'].

അർദ്ധനിശ-പാതിരാത്രി.
അർദ്ധപഞ്ചാശത്തു്-ഇരുപത്തഞ്ചു് (൨൫)
അർദ്ധപാദിക-വി. അരപ്പാദമുള്ള.
അർദ്ധപാരാവതം-ഒരുവക പ്രാവു്.
അർദ്ധം-ഛ. നേർപകുതി. കൃത്യമായതിനെ വേർതിരിക്കുന്നതു് എന്നർത്ഥം. വ. ശകലം.
അർദ്ധമാണവം, അർദ്ധമാണവകം-കഴുത്തിൽ കെട്ടുന്നതും പന്ത്രണ്ടു് ഇഴയുള്ളതുമായ ഒരാഭരണം. (മുത്തുമാല)
അർദ്ധമൌലി-ശിവൻ.
അർദ്ധരഥൻ-ഛ. യുദ്ധത്തിൽ ധീരത ഇല്ലാത്തവൻ. വ. ഒരു തേരാളിയുടെ സാമർത്ഥ്യമില്ലാത്ത മറ്റൊരുവനൊന്നിച്ചു രഥത്തിൽഇരുന്നു യുദ്ധംചെയ്യുന്നവൻ (യോദ്ധാവു്.)
അർദ്ധരാത്രം-രാത്രിയുടെ മദ്ധ്യകാലം.
അർദ്ധരാത്രാർദ്ധദിവസം-സമരാത്രി, രാപ്പകൽ ഒരുപോലെ ഇരിക്കുന്ന കാലം.
അർദ്ധരാത്രി-പാതിരാത്രി. പര്യായങ്ങൾ-അർദ്ധരാത്രം, നിശീഥം.
അർദ്ധർച്ചം-ഋക്കിന്റെ പകുതി. വേദത്തിൽ ഒരു വാക്യത്തിന്റെ പകുതി.
അർദ്ധലക്ഷ്മീഹരി-അർദ്ധരൂപം ലക്ഷ്മിയുടേതായിട്ടുള്ള ഹരി.
അർദ്ധവിലം-ഒരു കഷായം. ശോഫത്തിനും ശോധനക്കാവിനും നന്നു്.

അൎദ്ധവൃദ്ധ-അമ്പതുവയസ്സുചെന്ന ഭൎത്താവുമരിച്ച് കാഷായവസ്ത്രം ധരിച്ചിരിക്കുന്നവൾ.

അൎദ്ധശതം-അമ്പതു് (൫൦)

അൎദ്ധശഫരം-ഒരുവക മത്സ്യം.

അൎദ്ധസമവൃത്തം- (ഛന്ദശ്ശാസ്ത്രത്തിൽ) ഒരു പദ്യത്തിന്റെ പ്രഥമതൃതീയപാദങ്ങൾക്കും ദ്വിതീയചതുൎത്ഥപാദങ്ങൾക്കും ലക്ഷണം ഒന്നാകുന്നതു്.

'ജനനമരണമെന്നതിജ്ജനാനാ-
മനവരതമെന്നതിനെന്തുതാവിവാദം
മരണദിവസവും ശിരസ്സിലാക്കി
ധരണിതലം പ്രവിശന്തിമാനുഷന്മാർ
(ശ്രീകൃഷ്ണചരിതം)

അൎദ്ധസീരി-പകുതിവിളവു തന്റെ വേലയ്ക്കു വകവച്ചെടുക്കുന്ന കൃഷിക്കാരൻ.

അൎദ്ധഹാരം-പന്ത്രണ്ടു ഇഴയുള്ള മുത്തുമാല, പാതിതരോക്ഷവും പാതിമുത്തും കൂടിയമാല, അറുപത്തിനാലു മുത്തു കോൎത്തമാല.

അൎദ്ധാൎദ്ധം-പകുതിയിൽ പകുതി.

അൎദ്ധാസനസ്ഥ-വി. പകുതിസ്ഥലത്തിരുന്ന.

അൎദ്ധാസനം-മാനിച്ചുകൂടെ ഇരുത്തുക.

അൎദ്ധി,അൎദ്ധിക-വി. പകുതിക്കവകാശമുള്ള.

അൎദ്ധിക്കുക-പകുതിയാക്കുക,

അൎദ്ധോക്തം-പകുതി പറയപ്പെട്ടതു്.

അൎദ്ധോദയം-പു. പകുതി ഉദിക്കുക. വ. ഒരു പുണ്യദിനം. കറുത്തവാവും, തിങ്കളാഴ്ചയും, തിരുവോണവും, വ്യതീപാതയോഗവും ചേൎന്നദിവസം.)

അൎദ്ധോദിത-വി. പു. പകുതി ഉദിച്ച വ. പകുതി പറയപ്പെട്ട.

അൎദ്ധോരുകം – സ്ത്രീകളുടെ അരമാത്രം മറയ്ക്കുന്നവസ്ത്രം, സ്ത്രീകൾ തുടയുടെ നടുവുവരെ ഉടുക്കുന്നവസ്ത്രം, ചല്ലടം. തുടയുടെ പകുതിയിൽ ശോഭിക്കുന്നതു് എന്നു ശബ്ദാൎത്ഥം. മറൊരുപൎയ്യായം-ചണ്ഡാതകം.

അൎദ്ധ്യ-വി. പു. പാതിയെസംബന്ധിച്ച. വ. വൎദ്ധിപ്പിക്കത്തക്ക.

അൎപ്പണം-വെയ്ക്കുക, കൊടുക്കുക.

അൎപ്പിക്കുന്നു-വെയ്ക്കുന്നു, കൊടുക്കുന്നു.

അൎപ്പിത-വെയ്ക്കപ്പെട്ട, കൊടുക്കപ്പെട്ട.

അൎബ്ബുദി, അൎബ്ബുദൻ - സപ്തൎഷിയായ ഒരസുരൻ. ഇവനെ ഇന്ദ്രൻ കൊന്നു.

അൎബ്ബുദം-പു. പത്തുകോടി എന്ന സംഖ്യ. വ. വ്യാധിവിശേഷം. ന. പശ്ചിമ ഇൻഡ്യയിലുള്ള ഒരു പൎവ്വതം.

അൎഭക-വി. ചെറുതായ.

അൎഭകൻ-പു. കുട്ടി, കുഞ്ഞു്, പൈതൽ. വളൎത്തപ്പെടുന്നതുകൊണ്ടു് അല്ലെങ്കിൽ അമ്മയെ ആശ്രയിച്ചു ഗമിക്കുന്നതുകൊണ്ടു് ഈ പേരുണ്ടായി. വ. മൂഢൻ.

അൎഭകം—ആനയുടെ ഒരു മൎമ്മം.

അൎമ്മക-വി. മെലിഞ്ഞ, ഉണങ്ങിയ.

അൎമ്മം-പു. നേത്രരോഗവിശേഷം. വ. ഒരുവൻ പോകേണ്ടതായ ദേശം (ഗന്തവ്യദേശം.) ന. ശ്മശാനഭൂമി.

അൎയ്യ-വി. പു. മഹത്വമുള്ള, ശ്രേഷ്ഠമായുള്ള. വ. മാന്യമായ, യോഗ്യമായ.

അൎയ്യൻ-പു. പ്രഭു, ശ്രേഷ്ഠൻ. വ. വൈശ്യൻ. ഗമിക്കുന്നവൻ എന്നൎത്ഥം.

അൎയ്യമാവു് - സൂൎയ്യൻ. അസ്തമനപൎയ്യന്തമിടവിടാതെ ഗമിക്കുന്നവൻ,ഗമനശീലൻ എന്നിങ്ങനെ ശബ്ദാൎത്ഥം.

അൎയ്യ-പു. പ്രഭ്വി, ശ്രേഷ്ഠ. വ. വൈശ്യസ്ത്രീ.

അൎയ്യാണി-വൈശ്യജാതിയിൽ പിറന്നവൾ.

അൎയ്യീ.വൈശ്യന്റെ ഭാൎയ്യ.

അൎവ്വാ(വ്യ)-പു. കുതിര. ഗമിക്കുന്നതു് എന്നൎത്ഥം. വ. നിന്ദിക്കപ്പെട്ടതു്. കൂട്ടത്തിൽനിന്നു് പിരിഞ്ഞുപോകുന്നതു് എന്നൎത്ഥം, അപകൎഷത്തെ ഗമിക്കുന്നതു്

എന്നുമാകാം. ന. ചന്ദ്രന്റെ പത്തുകതി
രുകളിൽ ഒന്ന്. ൪. ചൊട്ടച്ചൂൺ. ഉ.
ദൈത്യരുടെ വാഹനം (പകുതി കുതിര
യും പകുതി പക്ഷിയും).

അർവ്വാ(വ്)-പു. അധമൻ. വ. ഇന്ദ്രൻ.

അർവ്വാവസു-പു. സൂര്യന്റെ ഒരു രശ്മി
വ. രൈഭ്യൻ എന്ന ഋഷിയുടെ ഒരു പു
ത്രന്റെ പേർ. ദേവകളുടെ ഹോതാവ്.
[ഭരദ്വാജമഹർഷിയുടെ പുത്രനും യാ
ഗത്തിൽ നിന്നുത്ഭവിച്ച ഒരു രാക്ഷസ
നാൽ കൊല്ലപ്പെട്ടവനുമായ യവക്രീത
നേയും, യവക്രീതന്റെ ചിതയിൽ ക
യറി മരിച്ച ഭരദ്വാജനേയും പരാവ
സുവിനാൽ കൊല്ലപ്പെട്ട രൈഭ്യനേയും
അർവ്വാവസുവിന്റെ ഭക്തിനിമിത്തം ദേ
വകൾ ജീവിപ്പിച്ചു.]

അർവ്വതി-പു. പെൺകുതിര. വ. തായ്ക്കി
ഴവി, ദൂതി, കൂട്ടിക്കൊടുക്കുന്ന സ്ത്രീ.

അർവ്വശ-വി. വേഗമുള്ള.

അർവ്വാക്-അ. കീഴായകാലത്തിങ്കൽ, കീ
ഴായ ദേശത്തിങ്കൽ, കീഴായകാലത്തി
ലോ ദേശത്തിലോ ഭവിച്ചതു്, പിമ്പിൽ.

അർവ്വാക്-വി. പിന്നാലെ വരുന്ന.

അർവ്വാംഗൻ-തലകുമ്പിട്ടവൻ.

അർവ്വാചീനൻ-പിന്നീടുള്ളവൻ, ഇക്കാ
ലത്തുള്ളവൻ.

അർവ്വുകർ-ദക്ഷിണഭാരതത്തിലെ ഒരു ജാ
തിക്കാർ. മഹാഭാരതത്തിൽ സഹദേവൻ
ജയിച്ചു് എന്നു പറയുന്നവരാണ്.

അർശം-നഷ്ടം, ഖേദം, ഉപദ്രവം.

അർശസ്സ്-മൂലക്കുരു, മൂലരോഗം. ഉണ്ടാ
യാൽ ഉടൻ ഗുദത്തിലെല്ലാം പരക്കുന്ന
തു് എന്നർത്ഥം, ശത്രുക്കൾക്കു സമം പ്രാ
ണികളെ കൊല്ലുന്നതു് എന്നുമാകാം. മ
റ്റൊരുപർയ്യായം-ദുർന്നാമകം.

അർശസൻ-മൂലരോഗമുള്ളവൻ.

അർശോഘ്നം-ചേന, കാട്ടുചേന. അർ
ശസ്സിനെ ഹനിക്കുന്നതു് എന്നർത്ഥം.
[അർശോഘ്നം, സൂരണം, കന്ദം ഇവ
മൂന്നും ചേനയുടെ സാമാന്യവാചകമാ
ണെന്നും അർശസ്സ് എന്ന രോഗത്തെ
ഹനിപ്പാൻ കാട്ടുചേനയ്ക്കാണ് കൂടുതൽ
സാമർത്ഥ്യമെന്നും ഔഷധിനിഘണ്ടു പ്ര
സ്താവിക്കുന്നു.]

അർശോരോഗയുതൻ-അർശസ്സുള്ളവൻ.

അർഷണം-പു. ഗമനം. വ. അനകം.

അർഹ-വി. യോഗ്യമായ.

അർഹ-പൂജ.

അർഹത-യോഗ്യത.

അർഹൻ-പു. യോഗ്യൻ. വ. ഇന്ദ്രൻ.
ന. വിഷ്ണു

അർഹതൻ-പു. ബുദ്ധൻ. വ. ശിവൻ.

അർഹണാ, അർഹണം-പൂജ, ബഹു
മാനം.

അർഹണീയ-വി. പൂജിക്കത്തക്ക.

അർഹവർണ്ണൻ-ഓരുകാരൻ.

അർഹിത-വി. നമസ്കരിക്കപ്പെട്ട.

അല-ഒരു ധാതു. ഈ ധാതുവിനു (മലയാ
ളത്തിൽ) തെണ്ടിനടക്കുക എന്നർത്ഥം.

അല-പു. സമുദ്രത്തിലെതിര. വ. ദുഃഖം.

അലകടൽ-തിരകളോടുകൂടിയ സമുദ്രം.

അലക്-പു. കമുകിന്റെയും മറ്റും കീറ്.
വ. വാരി. ന. പിച്ചാത്തി മുതലായതു
പിടിക്കുന്നതിന്റെ മേൽവശം.

അലക്ക്-പു. വസ്ത്രങ്ങൾ അടിച്ചുകഴുകി
വെളുപ്പിക്കൽ. വ. തല്ലുക, അടിക്കുക.
[അലക്കിയ ഇണപ്പുടവയ്ക്കു 'ഉദ്ഗമ
നീയം' എന്നും അലക്കിയ പട്ടിനു
'ധൗതകൗശേയം' എന്നും പേർ.]

അലക്കുക-പു. മുണ്ടു അടിച്ചുകഴുകിവെളു
പ്പിക്കുക. വ. തല്ലുക, അടിക്കുക.

അലക്കുകാരൻ-വെളുത്തേടൻ, അലക്കു
ന്നവൻ.

അലക്ത(ക)ം-അരക്ക്, ചെമ്പഞ്ഞിച്ചാ
റ്. കാൽവിരലുകൾ ഇതുകൊണ്ട് അ

ലങ്കരിക്കുന്നതിനാൽ ഈ പേർ വന്നു. അരക്കുതന്നെയാണ് ചെമ്പഞ്ഞിച്ചാറായിട്ടും മററും ഉപയോഗിക്കാറുള്ളത്.

'ലാക്ഷാലക്തകനവപല്ലവകോമളേന'
(അമരുകശതകം)

**അലക്ഷണ**-വി. പ്ര. രൂപമില്ലാത്ത. ല. ഭംഗിയില്ലാത്ത, അടയാളമില്ലാത്ത, ഗുണമില്ലാത്ത.

**അലക്ഷിത**-വി. പ്ര. കാണപ്പെട്ടതല്ലാത്ത. ല. അടയാളമിടപ്പെട്ടതല്ലാത്ത.

**അലക്ഷിതൻ**-കാണപ്പെടാത്തവൻ.

**അലക്ഷ്മി**-പ്ര. അഭാഗ്യം. ല. അഴുക്ക്. ന. പുത്തികേട്.

**അലക്ഷ്മീ**-പ്ര. നരകദേവത. ല. ജ്യേഷ്ഠാഭഗവതി.

**അലക്ഷ്മീക**-വി. പ്ര. ഭാഗ്യക്കേടുള്ള. ല. പുത്തിയില്ലാത്ത.

**അലക്ഷ്മീവത്ത്**-വി. ലക്ഷ്മിയില്ലാത്ത.

**അലക്ഷ്യ**-വി. പ്ര. ലക്ഷ്യം (കാണപ്പെടത്തക്കത്) അല്ലാത്ത. ല. തിരിച്ചറിയാവതല്ലാത്ത, തെളിഞ്ഞിട്ടില്ലാത്ത.

**അലക്ഷ്യാ**-പ്ര. കാണപ്പെടായ്ക. ല. അടയാളമില്ലായ്ക. ന. ലാക്കില്ലായ്ക. ക. വകവയ്ക്കാത്ത സ്ഥിതി.

**അലംകരണം**-ആഭരണം. അലങ്കരിക്കുക എന്നർത്ഥം.

**അലംകരിക്കുക**-ആഭരണങ്ങൾ മുതലായവ അണിയുക, വിതാനിക്കുക, പട്ടുവിരിക്കുക മുതലായവ ചെയ്ക.

**അലംകരിഷ്ണു**-അലംകരിക്ക ശീലമായവൻ.

**അലങ്കർത്താവ്**-അലങ്കരിക്ക ശീലമായിട്ടുള്ളവൻ. പരിഷ്കൃതമാക്കിച്ചെയ്യുന്നവൻ എന്നർത്ഥം.

**അലങ്കർമ്മീണൻ**- വ്യാപാരശക്തിയുള്ളവൻ, ക്രിയകൾ ചെയ്യുന്നതിനു സാമർത്ഥ്യമുള്ളവൻ.

**അലങ്കാരചതുഷ്ടയം** - നക്ഷത്രങ്ങൾക്കു ചന്ദ്രൻ, സ്ത്രീകൾക്കു ഭർത്താവ്, ഭൂമിക്കു രാജാവ്, എല്ലാവർക്കും വിദ്യ ഇങ്ങനെ നാല്.

**അലങ്കാരചിത്രിതം** - അലങ്കാരങ്ങൾ കൊണ്ടു നാനാവർണ്ണമാക്കപ്പെട്ടത്.

**അലങ്കാരം**-പ്ര. ആഭരണം.

'അലങ്കാരസ്ത്വാഭരണം പരിഷ്കാരോ വിഭൂഷണം മണ്ഡനം....' (അമരം)

[അലങ്കാരം, ആഭരണം, പരിഷ്കാരം, വിഭൂഷണം, മണ്ഡനം ഇവ ൫-ം ആഭരണത്തിൻെറ പേർ.]

ല. അലങ്കാരശാസ്ത്രം. "സഹൃദയന്മാരുടെ ഹൃദയത്തിന് ആഹ്ലാദത്തെ ജനിപ്പിക്കുന്നതായ കവിതാധർമ്മത്തിന് ചമൽകാരം എന്നു പേർ. ചമൽകാരത്തിന് ആശ്രയമായ വാക്യഭംഗിതന്നെ അലങ്കാരം. (ഭാഷാഭൂഷണം)"

**അലങ്കാര്യ**-അലങ്കരിക്കപ്പെടേണ്ടത്.

**അലങ്കാരസാധനചതുഷ്ടയം**- അതിശയം, സാമ്യം, വാസ്തവം, ശ്ലേഷം ഇവ നാലും (അർത്ഥാലങ്കാരത്തിലുള്ളവ).

**അലങ്കാരസ്വർണ്ണം**-അലങ്കാരരൂപമായ സ്വർണ്ണം. സംസ്കൃതത്തിൽ ശൃംഗീകനകം.

**അലംകൃത**-വി. അലങ്കരിക്കപ്പെട്ട.

'മണ്ഡിതഃ പ്രസാധിതോലംകൃതശ്ച ഭൂഷിതശ്ച പരിഷ്കൃതഃ'

[മണ്ഡിതൻ, പ്രസാധിതൻ, അലംകൃതൻ, ഭൂഷിതൻ, പരിഷ്കൃതൻ ൫-ം, അലങ്കരിക്കപ്പെട്ടവൻെറ പേർ]

**അലംകൃതി**-അലങ്കാരം, അലങ്കരിക്ക.

**അലംക്രിയ**-അലങ്കാരക്രിയ, അലങ്കരിക്കുക എന്ന ക്രിയ. മറെറാരുപർയ്യായം-ഭൂഷണം.

**അലംബുകായിക**-മോതകപ്പുല്ല്.

**അലംകോലം**-പുത്തികേട്, കുഴച്ചിൽ.

**അലഗർദ്ദ(ർ)ം**-നീർക്കോലി. ലോകത്തെ പീഡിപ്പിക്കാത്തതു്, തവളകളെ വിഴുങ്ങുന്നതു്. [ലഗർദ്ദൻ അല്ലാത്തവൻ = അലഗർദ്ദൻ. ലഗർദ്ദൻ=ചവിട്ടിയവനെ പീഡിപ്പിക്കുന്നവൻ.] വിഷമില്ലാത്തതിനാൽ കടി ഏറ്റാലും പീഡ ഉണ്ടാകയില്ല. ശബ്ദിക്കയും സഞ്ചരിക്കയും ചെയ്യുന്നതു്. ലക്ഷണത്തിൽ വളരെ താൽപര്യമുള്ളതു് എന്നിങ്ങനെ വ്യുൽപത്തി.

**അലഘു**-വി. ലഘുവല്ലാത്ത, വലുതായ.

'അലഘുസംപരിസജ്ജനവുംതഥാ'
(അഭിജ്ഞാനശാകുന്തളം)

**അലഘുപലം**-പാറ.

**അലംഘ്യം**-ലംഘി (അതിക്രമി) ക്കപ്പെടുവാൻ വയ്യാത്തതു്, സാധിപ്പാൻ പ്രയാസമായതു്, ചെയ്യപ്പെടാൻവയ്യാത്തതു്.

**അലങ്ങൽ**-൧. അനക്കം. ൨. അമളി, കലഹം.

**അലങ്ങുക**-അനങ്ങുക.

**അലച്ചൽ**-൧. കഷ്ടത. ൨. വ്യസനം. ൩. കുഴച്ചു. ൪. ഇളക്കം. അലച്ചിൽ എന്നുമുണ്ടു്. അലശൽ അലച്ചൽ ഇങ്ങിനെ പഴയ പ്രയോഗവും കാണുന്നു.

**അലജി**-പ്രമേഹക്കുരുക്കളിൽ ഒരുവക.

**അലജം**-ഒരുവക പക്ഷി.

**അലജ്ജ**-ലജ്ജയില്ലായ്ക, നാണമില്ലായ്ക.

**അലഞ്ഞരി**-മംഗലി (മംകലി).

**അലഞ്ജരം**-മംഗലി (മങ്കലി). പിടാവു് മുതലായ വലിയ പാത്രം. [അളിഞ്ജരം എന്നമരത്തിൽകാണുന്നു.] സാമർത്ഥ്യമില്ലാത്തതു്, വേഗം പൊട്ടിപ്പോകുന്നതു് എന്നു ശബ്ദാർത്ഥം. മറ്റൊരു പര്യായം-മണികം.

**അലഞ്ജീവിക**-കാലക്ഷേപത്തിനുള്ള.

**അലട്ടു്**-ബുദ്ധിമുട്ടു്, പ്രയാസം, ഉപദ്രവം. ഈ ധാതുവിനു ബുദ്ധിമുട്ടിക്ക എന്നർത്ഥം. (അലട്ടുക=ഉപദ്രവിക്ക).

'മാതാനിന്ദിക്കമപ്പൻ വെടിയുമധനനിൽ
സോദരൻ മൌനനാകും
ഭൃത്യൻപാരം ഹസിക്കും നിജ സുതനവൻ
ചൊല്ലുകിൽ കേൾക്കയില്ല
കോപിക്കും ഭാര്യ ബന്ധുക്കളുമധികമല-
ട്ടോർത്തു കണ്ടാലൊളിക്കും
എന്നോർത്തർത്ഥങ്ങൾ നേടീടണമഖിലജനം
വന്ദനം ചെയ്യുമപ്പോൾ'.
(ബാലഭൂഷണം)

**അലതാരി**-കോപ്പു്, ആവശ്യമുള്ള സാമാനങ്ങൾ.

**അലതി**-൧. അരിഷ്ടത. ൨. ഉപദ്രവം. ൩. സന്തോഷമില്ലാത്ത വേലനിമിത്തമുണ്ടാകുന്ന ക്ഷീണം.

**അലപ്പറ**-അസഹ്യത, അലട്ടു്, പ്രയാസം.

**അലപ്പു്**-൧. കുഴപ്പം, കലഹം, അമളി, കലശൽ. ൨. അത്യാഗ്രഹം, കൊതി. ൩. മയക്കം.

'ഇലക്കണന്നടേതമയനോടടൽകൊട്ടതാ-
രലപ്പിനോടുറംകമവനന്തകനും വാനം'
(രാമചരിതം)

**അലബ്ധ**-വി. ലബ്ധം (ലഭിച്ചതു്) അല്ലാത്ത, കിട്ടാത്ത.

**അലബ്ധി**-ലഭിക്കായ്ക.

**അലഭ്യ**-വി. ലഭ്യ (ലഭിക്കത്തക്കതു്) അല്ലാത്ത.

**അലം**-അ. ൧. ഭൂഷണം. ൨. പര്യാപ്തി (പരിപൂർണ്ണത, മതി). ൩. ശക്തി (സാമർത്ഥ്യം.) ൪. വാരണം (തടവു്).

'അലംഭൂഷണപര്യാപ്തി
ശക്തിവാരണവാചകം' (അമരം)

൫. അരിതാരം.

**അലംഗാമി**-വി. പിൻതുടരുന്ന.

**അലമ്പൽ**-൧. ശോകനിമിത്തം ഇന്നതാണു് ചെയ്യേണ്ടതെന്നുള്ള അറിവില്ലായ്ക. ൨. കീറൽ.

**അലമ്പു്**-൧. ഉപദ്രവം. ൨. ക്ഷീണം.

അലമ്പുക-൧. കഴുകുക. ൨. ക്ഷീണിക്കുക. ൩. മുണ്ടോ മറ്റോ വെള്ളത്തിലിട്ടു കഴുകുക.

അലംബുദ്ധി, അലംമതി-മതി എന്ന മനസ്സ് (തൃപ്തി).

അലംബുഷാ-൧. പാച്ചോറ്റി. ൨. ഒരു അപ്സരസ്ത്രീ.

അലംബുഷൻ-ഒരു രാക്ഷസൻ (ഇവനെ ഘടോൽക്കചൻ കൊന്നു). ൨. പ്രഹസ്തൻ (രാവണന്റെ മന്ത്രി).

അലംബുസം-നീലക്കടമ്പ്.

അലംഭാവം-മതിയെന്നുള്ളബുദ്ധി(തൃപ്തി)

അലംമതി-മതിയെന്നുള്ളബുദ്ധി (തൃപ്തി).

അലമലം-മതിമതി.

അലമാരി, അൽമാരി-സാമാനങ്ങൾ വെയ്ക്കാനുള്ള ഒരുമാതിരി പെട്ടി. ഇതു പർഷ്യൻ വാക്കാണ്.

അലയ്ക്കുക-൧. മാറടിക്കുക, ദുഃഖംനിമിത്തം രണ്ടു കൈയും കൊണ്ടു തന്നത്താൻ നെഞ്ചിലടിക്കുക. ൨. തിരയടിക്കുക. ൩. തല്ലുക.

അലയുക-൧. ഉഴലുക, ചുറ്റിനടക്കുക. ൨. തളരുക ൩. അനങ്ങുക, ഉലയുക. ൪. തിരയടിക്കുക.

അലർ-൧. മൊട്ട്. ൨. പൂവ്.

അലരി-അരളി എന്ന പുഷ്പം, ഒരു പൂച്ചെടി.

[പ്രതിഹാസം, ശതപ്രാസം, ചണ്ഡാതം, ഹയമാരകം, കരവീരം ഇവ പര്യായങ്ങൾ].

അലരുക-൧. വികസിക്കുക, വിടരുക ൨. വളരെ ചൂടുകൊണ്ടു പൊരിയുക. ൩. അധികം ആഗ്രഹിക്കുക.

അലർച്ച-൧. അലറുക, അട്ടഹാസം. ൨. അത്യാഗ്രഹം.

അലർന്ന-വി. മലർന്ന.

'മൈവരേഹിമയമവെകാരതകാണ്മാന-
൭കൊടലമന്ദാരശാകമിതാഗനാലസ്യ
(കണ്ണശ്ശരാമായണം) [മനോഗൻ'

അലർന്നവൻ-അലർച്ചക്കാരൻ, അത്യാഗ്രഹി.

അലൽ, അല്ലൽ-ദുഃഖം.

അലവല-കീറിപ്പറിഞ്ഞതു്.

'വേറൊരുപൊന്നിൻചെപ്പതിലല്ലാ-
ലലവലയാകിയ...................'
(ഭഗവൽഗീത)

അലവാലം-വൃക്ഷങ്ങളുടെ ചുവട്ടിൽ വെള്ളം നില്പാനായിട്ടു ഉണ്ടാക്കുന്ന തടം. ആലവാലം എന്നതിനാണ് അധികം പ്രചാരം.

അലസ-വി. ൧. മടിയുള്ള. ൨. ഇളക്കമുള്ള.

അലസക-വി. മടിയുള്ള. ഇളക്കമുള്ള.

അലസകം-വായുക്ഷോഭം.

അലസത-൧. മടി. ൨. ഇളക്കം. ൩. ഇടച്ചൽ. ൪. സാഹിത്യസാഹ്യപ്രകാരമുള്ള ഒരു രീതി. (അലസം നോക്കുക.)

അലസൻ-മടിയൻ, മടികൊണ്ടു കാര്യങ്ങളിൽ ശോഭിക്കാത്തവൻ.

'വല്യതായസുരകാര്യംപലതുമുണ്ടിഹപാർത്ഥ-
ഖലവീര്യ്യേണസാധിപ്പ അലസനല്ലവനോ
(നിവാതകവചവധം കഥകളി) ട്ടം'

അലസം, അലസത-൧. മന്ദ (പെരുക്കാൽ). ൨. ഒരു വൃക്ഷം ൩. കാൽവിരലുകളുടെ ഇടയിലുണ്ടാകുന്ന വിള്ളൽ. ൪. സാഹിത്യസാഹ്യപ്രകാരം രീതികളിൽ ഒന്ന്. വൈചിത്ര്യംകൊണ്ടും ഫലിതംകൊണ്ടും ഉണ്ടാകുന്ന കാന്തിവിശേഷം ഉണ്ടാകാതിരിക്കുക).

ഉജ്ജ്വലം > < അലസം.

അലസൽ-൧. ഗർഭം ഛിദ്രിക്കുക. ൨. ഉലച്ച്. ൩. മടക്കം. ൪. കലക്കം. ൫. വേർവിടുക

അലസു-ഒരു വസ്തു.

അലസാലാപം-വേറെ ജോലിയില്ലാഞ്ഞിട്ടു വല്ലതും പറക.

അലസാതെ-വി. മ. ഇളരാതെ. വ. ഗർഭം ഛിദ്രിക്കാതെ.

അലസിപ്പൂവു്-പുഷ്പാഞ്ജലിക്കു് ഉപയോഗമുള്ള ഒരുവകപ്പൂവു്.

അലസുക-ഗർഭം ഛിദ്രിക്കുക (പിള്ളയഴിയുക.)

അലറുക-നിലവിളിക്കുക, അട്ടഹാസം ചെയ്ക.

അലാക്കു്-നാശം.

അലാക്കായി-ഉദാസീനമായി.

അലാതം-തീക്കൊള്ളി. പൊള്ളലിനെ പേടിച്ചു് ആരും ഇതിനെ എടുക്കാത്തതിനാൽ ഈ പേർവന്നു. മറെറാരുപര്യായം-'ഉല്മുകം'

അലിക്കത്തു്-മേൽകാതിലെകടുക്കൻ.

അലാബു-ചുര. ഇതിൻെറ ഉണങ്ങിയ കായ് (ചുരക്ക-ചുരങ്ങ) ജലത്തിലിട്ടാൽ താഴുകില്ല. അതിനാൽ ഈപേരുണ്ടായി. താഴാത്തതു് എന്നു് അർത്ഥം.

[രണ്ടു് ഉണങ്ങിയ കായ് കൂട്ടി പിണച്ചുകെട്ടി ജലാശയത്തിൽ ഇട്ടു് അതിൽ കിടന്നു തുഴഞ്ഞു് നീന്തിക്കടക്കാം. അലാംബു, ആലംബു, ആലാബു, ലംബു, ലാബു ഇവ പാഠാന്തരങ്ങൾ. ചുരക്ക (ചുരങ്ങ) ഭക്ഷിക്കത്തക്കതാണു്. സ്വാദുണ്ടു്. ചിലസ്ഥലങ്ങളിൽ ബ്രാഹ്മണർ ഇതിനെ സ്വീകരിക്കുന്നില്ല. പാൽചുരങ്ങ എന്നും കറുത്തചുരങ്ങ എന്നും രണ്ടിനം കാണുന്നു. കറുത്തതു ഭക്ഷിക്കത്തക്കതല്ലെന്നു് അഭിപ്രായക്കാരുണ്ടു്.]

അലാംബു-ചുര. അലാബു നോക്കുക.

അലായുധൻ-ഒരു രാക്ഷസൻ. ഇയാളെ ഘടോല്ക്കചൻ കൊന്നു.

അലി-ഈ ധാതുവിനു മലയാളത്തിൽ 'ദ്രവമാവുക' എന്നർത്ഥം.

അലിച്ചൽ-അലിവു്, ഉരുകൽ.

അലിഞ്ജരം-മംഗലി (മങ്കലി) എന്ന പാത്രം. അലഞ്ജരം നോക്കുക.

അലിപ്പണ്ണു്-കഴിഞ്ഞലവണം.

അലിയുക-ഉരുവുക.

അലിവു്-മ. ആർദ്രത, കൃപ. വ. ഉരുകൽ.

അലിംഗബഹുവചനം-(വ്യാകരണത്തിൽ) സ്ത്രീപുരുഷലിംഗങ്ങൾ രണ്ടും കൂടികലർന്നുവരുന്ന ബഹുവചനത്തെ കുറിക്കുന്നതു്. പ്രത്യയം-ആർ.

സലിംഗം—അലിംഗം.

കരുടന്മാർ } കരുടർ
കരുടികൾ }

അലിംഗം-മ. ലിംഗം (ചിഹ്നം-അടയാളം) ഇല്ലാത്തതു്. വ. (വ്യാകരണത്തിൽ) ലിംഗമില്ലാത്തതു്.

അലിംഗൻ-ദൈവം.

അലുക്കു്-തൊങ്ങൽ.

അലുക്കുക-മ. ഇളക്കുക. വ. വ്യാകുലപ്പെടുത്തുക. ന. ക്ഷീണിപ്പിക്കുക.

അലുക്കലുക്കു്-ഞെട്ടൽ, നടുക്കൽ, ഭയം കൊണ്ടുള്ള വിറയൽ.

'വലിയചിലവനംപുകുമ്പോൾ
വലിയചിലനിനദംകേട്ടി-
ട്ടലുക്കലുക്കപിടിച്ചുമനി
രാമരംഘ്ലുനാഥമയ'

(രാമായണം ൨൪ വൃത്തം)

അലുങ്ങൽ-ഇളക്കം, അമളി, തിരക്കു്.

അലുപ്തം-വി. ലുപ്തം (നശിക്കപ്പെട്ടതു്) അല്ലാത്ത.

അലുപ്പു്-ക്ഷീണം, തളർച്ച.

അലുബ്ധൻ-ലുബ്ധനല്ലാത്തവൻ.

അലുവസ്-തൊഴിൽ, ദവച.

അലുവാ-ഒരു പലഹാരം (അറബിഭാഷ)

അലൂന-വി. ലൂനം (മുറിക്കപ്പെട്ടതു്) അല്ലാത്ത.

'അനാദവോധാൽകീർണ്ണംമണി
തല്ലലൂനംകരതരഹോ'

(അഭിജ്ഞാനശാകുന്തളം)

അലേഖം-എഴുതാത്ത ഗ്രന്ഥം.

അലേപകൻ- വസ്ത്രാഭരണമില്ലാത്തവൻ, ശൈവം.

'ആനന്ദരൂപമാലേപകമവ്യയം'
(ഭാഗവതം)

അലേമാനി-ജർമ്മനി.

അലോക്യപ്പെടുത്തുക-അസഹ്യപ്പെടുത്തുക.

അലോക്യം-അസഹ്യം, ഉപദ്രവം.

അലോക്യ-വി. നടപ്പില്ലാത്ത, അപൂർവ്വമായ.

അലോല-ഒരു വൃത്തം, ശക്വരിഛന്ദസ്സിൽ പെട്ടതാണ്. പാദമൊന്നിൽ പതിനാലു അക്ഷരം വീതം കാണും.

'മംസംമംഭഗഗംചോന്നാഴഴെങ്കിലലോലം'
(വൃത്തമഞ്ജരി)

അലോലുപൻ-നൂററുപേരിൽ ഒരുവൻ

അലോസരം-ബുദ്ധിമുട്ട്, കഴക്ക്. പ്രയോഗം ചുരുക്കം.)

അലോഹ്യ-ലോഹസംബന്ധമല്ലാത്ത.

അലൌകികൻ - ലോകമര്യാദ അറിഞ്ഞുകൂടാത്തവൻ, ലോകസ്ഥിതിയെ കവിഞ്ഞവൻ.

അലൌകികത-ലൌകികമില്ലായ്ക, ലോകമര്യാദയില്ലായ്ക.

അല്ക്കം-പു. വൃക്ഷം. ന. അവയവം.

അല്ക്കീടം-ജഘനം, ഗുഹ്യപ്രദേശം. അല്ലീടം എന്നും കാണുന്നു. 'ചീരത്താരല്ലീടം' (കൃഷ്ണഗാഥ.)

അല്പ-വി. പു. ഹീനമായ, ചെറിയ. ന. സാരമില്ലാത്ത.

അല്പകാലം-അല്പസമയം.

'സംസാരചക്രമെല്ലാമായവരങ്ങൊന്നിച്ചാൽ
തേരിയസൂചിമുഖംകൊണ്ടുകൈകടയായ
പൂവിതളനൂറതിലാവേഗമൊട്ടുന്നവിധൌ
പത്രമൊന്നറിഞ്ഞടുത്തതിൽ ചെന്നു
പാറീടുന്നതിനിടയുള്ളൊരു കാലക്രമം
മുല്ലംശിന്നല്പകാലമെന്നുപേർ ചൊല്ലീടുന്നു'
(ഭാഗവതം)

അല്പഗന്ധം-ചെന്താമര.

അല്പതനു-ചെറിയ ദേഹമായവൻ.

അല്പൻ-സാരമില്ലാത്തവൻ.

അല്പപത്മം-ചെന്താമര.

അല്പപ്രജ്ഞ-വി. ബുദ്ധികുറവായ.

അല്പം-സൂക്ഷ്മമായത്. കുറഞ്ഞത് (?) തടുക്കപ്പെടുന്നത് എന്നു ശബ്ദാർത്ഥം.

'സ്തോകാല്പക്ഷുല്ലകാശ്ലക്ഷ്ണം
സൂക്ഷ്മം ദഭ്രം കൃശം തനു
സ്ത്രീയാം മാത്രാ ത്രുടീപുംസി
ലവലേശകണാണവഃ'

[സ്തോകം, അല്പം, ക്ഷുല്ലകം, ശ്ലക്ഷ്ണം സൂക്ഷ്മം, ദഭ്രം, കൃശം, തനു, മാത്ര, ത്രുടി ലവം, ലേശം, കണം, അണു ഇവ-ം സൂക്ഷ്മമായതിന്റെ പേർ. സ്തോകശബ്ദം മുതൽ ൰-ം അല്പത്തിന്റെ പേരാണെന്നും അഭിപ്രായം കാണുന്നു.]

അല്പബുദ്ധി-വി. ബുദ്ധികുറഞ്ഞ.

അല്പമതി-അല്പബുദ്ധി.

അല്പവൃത്തി-കുറച്ച്, കുറെ; ഉപായസ്ഥിതി

അല്പമദ്ധ്യമ-വി. ചെറിയ (കൃശമായ) അരയുള്ള.

അല്പമാരിഷം-ചെറുചീര.

[രസപാകങ്ങളിൽ മധുരവും ശീതവീര്യവുമാകുന്നു. അരോചകം, അഗ്നിമാന്ദ്യം, പിത്തരോഗം, കഫരോഗം, തലതിരിച്ചൽ, വിഷം, ചുട്ടുനീറൽ ഇവയെ നശിപ്പിക്കും.]

അല്പമൂർത്തി-വി. പു. ചെറിയശരീരമുള്ള. ന. കിളരം കുറഞ്ഞ.

അല്പരസം-അല്പമായ സന്തോഷം.

അല്പവിദ്യ-പഠിത്തമില്ലായ്ക, മൂഢത്വം.

അല്പശമി - ശമിയെപ്പോലെയുള്ള ഒരു ചെറിയ വൃക്ഷം.

അല്പസരസ്സ്-ചിറക്കുഴി. മഴപെയ്യുമ്പോഴുണ്ടാകുന്ന ജലാശയം-വേശന്തം, പല്വലം.

അല്പസാര-വി. പു. ബുദ്ധികുറഞ്ഞ. ന. ശക്തികുറഞ്ഞ.

അല്പസാരജ്ഞ-വി. ബുദ്ധികുറഞ്ഞ.

അല്പ-ഫ. തൊട്ടാവാടി. ഉ. വളരെ ചെറുതായ ഒരുമാതിരി ഈച്ച.

അല്പാചമനം-മൂത്രവിസർജ്ജനം. (ഇതൊരു ബഹുമാനവാചകം).

അല്പാല്പ-വി. വളരെ ചെറുതായ.

'അല്പാല്പംപെനിനക്കപ്പൊഴുമഭിലഷിതം'
(ഉത്തരരാമായണം ചമ്പു)

അല്പായുസ്സ്-വി. ആയുസ്സുകുറഞ്ഞ.

അല്പാർത്ഥൻ-പാവപ്പെട്ടവൻ.

അല്പാർത്ഥവാചി-അർത്ഥംകുറഞ്ഞവാക്ക്.

അല്പാശമി-ശമി, ചമത, ചെറുവന്നി.

അല്പിഷ്ഠ-വി. അധികം ചെറിയ, അത്യല്പമായ.

അല്പീയസ്സ്-ഏററവും അല്പം.

അല്പേതര-വി. വലുതായ.

അല്, അല്ല്-ഫ. രാത്രി. ഉ. ഇരുട്ട്. ഇതിൽനിന്നു(അൽ + താഴം)അന്താഴം, അത്താഴം ഇത്യാദിയുണ്ടായി.

അല്ല്-ഇരുട്ട്, രാത്രി.

അല്ല-നിഷേധവാക്ക്.

അല്ലാൽ-അല്ലാത്തതിനാൽ.

അല്ല-നാടകത്തിൽ മാതാവിനു പറയുന്ന പേർ.

അല്ലൽ-ഫ. വ്യസനം, സങ്കടം. ഉ. ഭീതി. (അലൽ എന്നു പാഠം.)

അല്ലയോ-ഫ. ഹേ (സംബോധന) ഉ-ം, അല്ലയോ രാമ! ഉ. അല്ലോ.

അല്ലല്പെടുക-ഫ. വ്യസനിക്കുക. ഉ. ഭയപ്പെടുക.

അല്ലായ്കിൽ-അല്ലെങ്കിൽ.

അല്ലാതെ-കൂടാതെ.

അല്ലി, അല്ലല്ലി ?-അല്ലാതിരിക്കുമോ? ചോദ്യത്തിങ്കൽ പറയുന്ന വാക്ക്.

അല്ലി-ഫ. പൂക്കാമ്പകമെയുള്ള കേസരം. ഉ. ജലത്തിലുള്ള ഒരു ഓത.

അല്ലിത്താർ-താമരപ്പൂവ്. അല്ലിത്താർ എന്ന ശബ്ദത്തോടു ശരപര്യായങ്ങൾ ചേർത്താൽ കാമദേവൻ എന്നർത്ഥമാകും. ഉ-ം, അല്ലിത്താർശരൻ, അല്ലിത്താർബാണൻ ഇത്യാദി.

അല്ലിത്താർമാത്ത്-ലക്ഷ്മീദേവി. അല്ലിത്താരിന്റെ (അല്ലിത്താമരയുടെ) മാത്ത് (പെൺ). അല്ലിത്താരാണ് ലക്ഷ്മിയുടെ മാതാവ് എന്നും പറയാം.

അല്ലിപ്പൂമകൾ-ലക്ഷ്മി. മുന്നർത്ഥം നോക്കുക.

'അല്ലിപ്പൂമകൾകാന്തൻ
താനനുഗ്രഹംചെയ്തീടിനാൻ' (ഭാഗവതം)

അല്ലിയൻ-ഫ. ഉഴലുന്ന ആന. ഉ. പെണ്ണാന.

അല്ലിവിശിഖൻ-കാമൻ. അല്ലി (അല്ലിത്താർ) വിശിഖൻ (ശരമാക്കിയവൻ).

'അല്ലിവിശിഖനുടെവില്ലിൻവിലാസത്തെ
(പ്രദോഷമാഹാത്മ്യം തുള്ളൽ) [യും'

അല്ലീ-അ. അല്ലയോ.

അല്ലൂർ-കൊടുങ്ങല്ലൂരിൽ പെരുമാക്കന്മാരുടെ വാസസ്ഥലം. 'അല്ലൽപെരുംകോയിലകം' എന്നും പറയും.

അല്ലേ-അ. 'അല്ലയോ' എന്നതിന്റെ സംക്ഷിപ്തരൂപമായിട്ടാണ് സാധാരണ പ്രയോഗിക്കുക. ചിലേടത്ത് 'ഏ' എന്നതു് അവധാരണാർത്ഥകമായ ഒരു നിപാതമായിട്ടും വരും. രണ്ടാമത്തേതിനു് ഉ-ം,

'നമുക്കതുകൊണ്ടുപകാരം
മനോജ്ഞധർമ്മം സാരം
നിനക്കല്ലേ വീരനും പാരം
നിത്യസഞ്ചാരം'
(നളചരിതം കഥകളി)

അല്ലോ-അ. അല്ലായോ, വാക്കുകളുടെ അവസാനത്തിൽ നിശ്ചയത്തിനുവേണ്ടി പ്രയോഗിക്കുന്ന ഒരു വാക്ക്.

അവ-അ. ഈ ഉപസർഗ്ഗം സംസ്കൃതങ്ങളുടെ മുമ്പിൽ കാണാം. നഷ്ടം, കീർത്തിരം, വേർപാടു, കാച്ചൽ, രക്ഷണം, പരപ്പ്, അറിവ്, കല്പന, മുഖ്യ്, ആചാരമില്ലായ്ക ഇത്യാദി ഇതിൻെറ അർത്ഥം.

അവ-പ്ര. അതു് എന്നതിൻെറ ബഹുവചനം. അതുകൾ എന്നമാകാം. അവ, അവററ, അവററകൾ, അവററ് ഈ ബഹുവചനങ്ങൾ നപുംസകത്തിൽ പ്രയോഗം. ഉ. അംകുരം, മുള, ക്രൂയ്, തളിരു്.

അവകടം-പ്ര. ആപത്തു്. ഉ. ദുർഘടം.

അവകടിക-പ്ര. മറയം, മാറാട്ടം. ഉ. ഉൾകപടം. ന. വ്യാപ്തി.

അവകരം-അടിച്ചുകളയപ്പെട്ടതു്, ചൂറപ്പ (ചൂല്)കൊണ്ടു് അടിച്ചുകൂട്ടിയ അടിക്കാട്ടു്. അടിച്ചുകൂട്ടപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. മറെറാരു പര്യായം (സങ്കരം.)

അവകഷ്ണണം-പുറത്തേയ്ക്കു വലിക്കുക.

അവകലിത-വി. പ്ര. കാണപ്പെട്ട. ഉ. അറിയപ്പെട്ട. ന. സ്വീകരിക്കപ്പെട്ട. ര. പ്രതികൂലമായുള്ള, വികടമായുള്ള, ദുശ്ശീലമുള്ള.

അവകാശം-പ്ര. അധികാരം. ഉ. അനുഭവം. ന. സംഗതി. (സംസ്കൃതത്തിൽ) ര. ഇടം. ഒ. സമയം. ന്ത. സ്ഥലം.

അവകാശപ്പെടുക- അനുഭവമായിത്തീരുക.

അവകാശി-അവകാശക്കാരൻ, ഉടയക്കാരൻ.

അവകീർണ്ണ-വി. പ്ര. വിതറപ്പെട്ട. ഉ. പെരിക്കപ്പെട്ട. ന. ഉപേക്ഷിക്കപ്പെട്ട

അവകീർണ്ണി-ബ്രഹ്മചര്യാദി വ്രതത്തിൽനിന്നു പിഴച്ചവൻ. വിക്ഷിപ്തമായ വ്രതത്തോടുകൂടിയവൻ എന്നു ശബ്ദാർത്ഥം. മറെറാരു പര്യായം-'ക്ഷതവ്രതൻ'.

അവകീർത്തി-ദുര്യശസ്സ്.

അവകുബ്ജനം-പ്ര. വളവ്. ഉ. ഞെരുക്കം.

അവകുണ്ഠനം-പ്ര. വളവ്. ഉ. മൂടപ്പെടുത്തൽ.

അവകുണ്ഠനംചെയ്ക-മറയ്ക്കുക.

അവക്കുലി-ഒരുവക നെൽക്കുലി.

അവകൃഷ്ട-വി. പുറത്തു തള്ളപ്പെട്ട.

അവകൃഷ്ടൻ-പ്ര. പിടിച്ചുതള്ളി പുറത്താക്കപ്പെട്ടവൻ. അവകർഷിക്കപ്പെട്ടവൻ എന്നു ശബ്ദാർത്ഥം. അപകൃഷ്ടൻ എന്നു പാഠാന്തരം. മറെറാരുപര്യായം-നിഷ്കാസിതൻ. ഉ. അടിച്ചുതളി മുതലായ താഴ്ന്ന വേല ചെയ്യുന്നവൻ.

അവകേട്ട-അബലം.

അവകേശ-വി. കീഴ്പെട്ടു നീണ്ടുകിടക്കുന്ന കേശം (തലമുടി) ഉള്ള.

അവകേശൻ-തലമുടിയില്ലാത്തവൻ.

അവകേശി-തലമുടിയില്ലാത്തവൻ. ഉ. ഒരിക്കലും കായ്ക്കാത്ത മരം. അവകേശനെ (തലമുടിയില്ലാത്തവനെ) പ്പോലെ ഭംഗിയില്ലാത്തതു് എന്നർത്ഥം.

അവകേശി-വി. പ്ര. കാച്ചു തലമുടിയുള്ള. ഉ. കായ്ക്കാത്ത.

അവകം-ശൂന്യം.

അവക്തവ്യം-പറഞ്ഞുകൂടാത്തതു്.

അവക്രന്ദം, അവക്രന്ദനം-കരച്ചൽ.

അവക്രമം- പ്ര. ക്രമക്കേടു്. ഉ. വിനാശം.

അവക്രയം-വില. ഇതുകൊണ്ടു പകരം വാങ്ങുന്നതിനാൽ ഈ പേരുണ്ടായി.

അവക്രിയ-ഉപേക്ഷ, വീഴ്ച.

അവക്രോശം-പ്ര. ചെയ്യിലല്ലാത്തശബ്ദം. ഉ. നിന്ദ, ന. ശാപം.

അവക്ഷയം-നാശം.

അവക്ഷേപണം-പ്ര. എറിയുക. ഉ. ന്യായശാസ്ത്രപ്രകാരം അഞ്ചുവിധം കർമ്മങ്ങളിൽ ഒന്നു്. ന. നിന്ദ. ര. തകരം. ഒ. ഭയം.

അവക്ഷേപണി-കടിഞ്ഞാൺ.

**അവക്ഷേപം**-പ്ര. കുററംപറയുക, നിന്ദിച്ചുപറയുക. വ. വിരോധം.

**അവഖണ്ഡിക്കുക**-പ്ര. പകുക്കുക. വ. ഇല്ലാതാക്കുക.

**അവഖാതം**-താഴ്ച്ചയുള്ള കിടങ്ങ്.

**അവഖാദം**-നിന്ദ്യമായ ഭക്ഷണം.

**അവഖ്യാതി**-ദുഷ്കീർത്തി.

**അവഗണനം**-പ്ര. അനുസരണമില്ലായ്ക, ബഹുമാനമില്ലായ്ക. വ. തോൽവി.

**അവഗണിത**-വി. അവമാനിക്കപ്പെട്ട.

**അവഗണിതം**-അവമാനിക്കപ്പെട്ടതു്. കണക്കാക്കപ്പെടാത്തതെന്നു ശബ്ദാർത്ഥം.

**അവഗണ്ഡം**-മുഖപ്പരു, മുഖക്കുരു.

**അവഗതം**-അറിയപ്പെട്ടതു്. (അവഗമിക്കപ്പെട്ടതു് അവഗതം).

'ആകാരേണൈവാവഗതമാളികളിസ്സംഭാവാചാം'
(നളചരിതം കഥകളി)

**അവഗതി**-പ്ര. അറിവു്. വ. പോക്ക്.

**അവഗമ(ന)ം**-പ്ര അറിവു്. വ. പോക്ക്.

**അവഗമിക്ക**-പ്ര. അറിയുക. വ. പോവുക.

**അവഗാദം**-വള്ളത്തിൽനിന്നു വെള്ളംകോരിക്കളയുന്നതിനു മരംകൊണ്ടു തീർത്ത ചെറിയ പാത്രം.

**അവഗാഹനം, അവഗാഹം**-പ്ര. സ്നാനം (കുളി), മുങ്ങൽ. വ. ഒരു ചികിത്സ.
[വാതകോപം സർവാവയവങ്ങളിലുമായി വരുമ്പോൾ ചില മരുന്നുകളിട്ട് തിളപ്പിച്ച ജലം ഒരു കുഴിയിൽ നിറച്ചു രോഗി അതിലിറങ്ങി നിൽക്കുകയോ ഇരിക്കുകയോ ചെയ്യുക. മൂത്രകൃച്ഛ്രം, അർശസ്സ് മുതലായവ പിടിപെട്ടാൽ മേൽപ്രകാരം ചെയ്യു ഉത്തമം കുഴിയിലേ പാടുള്ളു എന്നില്ല. വലുതായ പാത്രങ്ങളിലും മുൻപറഞ്ഞതുപോലെ ആവാം.]

**അവഗാഹി** - സംഹിത്യസാഹ്യപ്രകാരം രീതികളിൽ ഒന്ന്. രീതി എന്നാൽ പദങ്ങളെ ചേർക്കുന്നതിന്റെ മാതിരി ഭേദമാണ്. വായിച്ചാൽ ഉടൻ മനസ്സിലിറങ്ങി അവിടെ പതിഞ്ഞുകിടക്കുന്നതു് അവഗാഹി. ഇതിനു വിപരീതം (മസൃണം.)

**അവഗീതം**-പ്ര. നിന്ദിച്ചു പാടപ്പെട്ടതു്. വ. നിന്ദിക്കപ്പെട്ടതു്. ന. ഔത്സുക്യം. ഭ. യുദ്ധം.

**അവഗീതൻ**-അധമൻ, പ്രസിദ്ധപ്പെട്ട നിന്ദയോടുകൂടിയവൻ (അവഗാനം ചെയ്യപ്പെട്ടവൻ=അവഗീതൻ.) മറ്റൊരു പര്യായം 'ഖ്യാതഗർഹണൻ'.

**അവഗീർണ്ണ**-വി. സ്തുതിക്കപ്പെട്ട.

**അവഗുണം**-പ്ര. ദുർഗ്ഗുണം. വ. കുറവ്.

**അവഗുണ്ഠനം**-സ്ത്രീകളുടെ മൂടുപടം.

**അവഗുണ്ഠിക**-തിരശ്ശീല.

**അവഗുണ്ഠിത**-വി. തിരശ്ശീലയിട്ടുമൂടിയ.

**അവഗൂഹനം**-പ്ര. മൂടുക. വ. ആലിംഗനം.

**അവഗൃഹീത**-വി. തടഞ്ഞ, വിരോധിച്ച.

**അവഗ്രഹണം**-പ്ര. തടവ്, വിരോധം. വ. അവമാനം. ന. അറിവ്.

**അവഗ്രഹം**-പ്ര. വർഷപ്രതിബന്ധം (മഴയുടെ തടസ്സം). പിടിച്ചുനിർത്തുന്നതു് എന്നു ശബ്ദാർത്ഥം. ഈ തടസ്സം ഗ്രഹങ്ങൾ പിഴച്ചുനിന്നിട്ടുണ്ടാകുന്നതാണെന്നു ശബ്ദംകൊണ്ടു വെളിവാകുന്നു. അവഗ്രാഹം എന്ന പാഠവും കാണുന്നു.

'വ്യാധികളാധികളശാന്ത്യമമൃത്യം
ശൈത്യംക്രൗര്യംദുഷ്ടദുഷ്ടത
ശുദ്ധതമരണമവഗ്രഹമെന്നിവ്വണ്ണികൾ'
(ഉത്തരരാമായണം ചമ്പു)

വ. ആനയുടെ നെററിയുടെ പേർ, കോട്ടികൊണ്ട് അവഗ്രഹിക്കപ്പെടുന്നേടം. 'ഗജാളികകൃഷ്ടിരോധേപ്രതിബന്ധപ്യവഗ്രഹൗ' എന്നു മേദൻ. ന. സ്വീകാരം. ഭ. വിരോധം. ഔ. ശാപവാക്ക്. ക്ര. അപഹരണം. ഓ. ഊനക്ക്. വ്യ. ബന്ധനം.

**അവഗ്രാഹം**-പ്ര. ശാപവചനം. ര. മഴയുടെ തടസ്സം. ന. തടവ്, പ്രതിബന്ധം. ൪. അകററൽ.

**അവഘൂർണ്ണനം**-ചുഴൽച്ച, ചുററുക.

**അവഘോഷം, അവഘോഷണം, അവഘോഷ**-പരസ്യം, വിളംബരം.

**അവചിത**-വി. പ്ര. ശേഖരിക്കപ്പെട്ട, നിറക്കപ്പെട്ട. ര. പറിച്ചുകൂട്ടപ്പെട്ട.

**അവചൂഡം, അവചൂലം**-രഥത്തിൽ തൂങ്ങുന്ന ഒരു തുണി, കൊടിയുടെ മുകളിൽ തൂങ്ങുന്ന ഒരലങ്കാരവസ്തു.

**അവചൂർണ്ണനം**-പ്ര. പൊടിയാക്കുക. ര. ഒരുവക രോഗം, പുണ്ണ്. ന. മുറിവിൽ മരുന്നു പൊടിയിടുക.

**അവചൂർണ്ണിത**-വി. പൊടിക്കപ്പെട്ട. (അവധ്വസ്ത എന്നും ആകാം).

**അവച്ഛ(ച്ഛാ)ദം**-മൂടി, മറവ്, പൊതപ്പ്, മൂടുപടം.

**അവച്ഛിന്ന**-വി. പ്ര. മുറിക്കപ്പെട്ട. ര. അതിരാക്കപ്പെട്ട.

**അവച്ഛേദം**-പ്ര. ഭാഗം, പങ്ക്. ര. അതിര്.

**അവച്ഛേദക**-വി. പ്ര. പങ്കുള്ള, പ്രത്യേകമുള്ള, വേർതിരിക്കുന്ന. ര. അതിരാക്കുന്ന.

**അവച്ഛേദകം**-പ്ര. ലക്ഷണംകൊണ്ടുള്ള അറിവ്. ര. നിശ്ചയവചനം (മറെറാന്നിനെക്കുറിച്ചു നിശ്ചയമായി പറയുക). ന. അതിര്. ൪. ഗുണം.

**അവച്ഛേദനം**-പ്ര. വേർപിരിവ്, മുറിക്കുക. ര. അതിർതിരിക്കുക.

**അവച്ഛേദിക്ക**-നിശ്ചയിക്ക.

**അവജയം, അപജയം**-തോൽവി.

**അവജിത**-വി. പ്ര. ജയിക്കപ്പെട്ട. ര. ആക്ഷേപിക്കപ്പെട്ട, നിന്ദിക്കപ്പെട്ട.

**അവജിതി**-തോൽവി.

**അവജ്ഞ**-അനാദരം, നിന്ദ. ഹീനമായി അറിയുന്നതു് എന്നു ശബ്ദാർത്ഥം. അവജ്ഞാനം എന്നുമാകാം.

**അവജ്ഞാനം**-നിന്ദ, അനാദരം.

**അവജ്ഞാത**-വി. നിന്ദിക്കപ്പെട്ട, അനാദരിക്കപ്പെട്ട, അവമാനിക്കപ്പെട്ട.

**അവജ്ഞേയൻ** - അവമാനിക്കപ്പെടേണ്ടവൻ.

**അവഞ്ഞാട്ട്, അവഞ്ഞനാട്ട്**-കടത്തുവനാട്ടിന്റെ തെക്കുപടിഞ്ഞാറുള്ള ഒരു ദേശം.

**അവടൻ**-ചെപ്പടിവിദ്യക്കാരൻ, ഇന്ദ്രജാലക്കാരൻ.

**അവടം**-പ്ര. ഗുഹ, [ങ്ങളും'

'അവടങ്ങളുംസങ്കടങ്ങളുംഅകമേരുഷ്ഷുമൊ

(നളചരിതം കഥകളി)

ര. കുഴി. ചോരാദികളെ രക്ഷിക്കുന്നതു് എന്നു ശബ്ദാർത്ഥം. 'അവടി' എന്നുമാകാം. 'മാർഗ്ഗപവിത്രമവടിരവാടപി' എന്നു ഹലായുധൻ.

**അവടി**-ഗുഹ, കുഴി, 'അവടം' എന്നതു നോക്കുക.

**അവടീടൻ**-പതിമൂക്കൻ, കുഴിമൂക്കൻ. അവടീട (കുഴിഞ്ഞമൂക്ക്) ഉള്ളവൻ എന്നു ശബ്ദാർത്ഥം. അവടീടം=നാസികയുടെ നതം (കുഴിവ്).

**അവടു**-പ്ര. പിൻകഴുത്തും തലയും കൂടുന്ന സന്ധിഭാഗത്തിന്റെ പേർ. ര. കഴുത്തിലെമുഴ. ന. പിടരി (പിടലി). ൪. കിണറ്. ൫. പോതു്. ൬. ഒരു വൃക്ഷം.

**അവടു**-വടു (ബ്രഹ്മചാരി) അല്ലാത്തവൻ.

**അവഡീനം**-പക്ഷികളുടെ പറപ്പ്.

**അവണം**-ഒരു തൂക്കം, അളവ്.

**അവതന്ത്രാ**-ഒരുവക അപസ്മാരം.

**അവതം**-പ്ര. കിണറ്. ര. വെള്ളം കോരിക്കുന്ന തൊട്ടി, മരവി.

**അവതംസം**-പ്ര. ശിരോഭൂഷണം. ര. കർണ്ണാലങ്കാരം (കുണ്ഡലം).

**അവതംസിതം**-പ്ര. ശിരോഭൂഷണത്തോടുകൂടിയതു്. ര. കർണ്ണാലങ്കാരത്തോടുകൂടിയതു്.

**അവതമസം**-൧. കറുത്തഇരുട്ട് (മങ്ങൽ). അവഹീനമായ (കറുത്ത) തമസം (ഇരുട്ട്). ൨. കിരീടം മുതലായത്. ൩. കാതിലിടുന്ന ഓല മുതലായത്.

**അവതരണം**-൧. ജനനം. ൨. ഇറക്കം.

**അവതരണികാ**-മുഖവുര, തലക്കെട്ട്.

**അവതരിക്കുക**-൧. ജനിക്കുക. ൨. ഇറങ്ങുക.

**അവതർപ്പണം**-വേദന ഇല്ലാതാക്കുന്ന ഒരു ഔഷധം.

**അവതാരകവി**-ഒരു സംസ്കൃതകവി. കാശ്മീരക്കാരനാണ്. അനേകബന്ധവിചിത്രമായി സടീകമായി ഈശ്വരശതകം എന്നൊരു പുസ്തകമുണ്ടാക്കിട്ടുണ്ട്. സ്തുതികുസുമാഞ്ജലിടീകാകാരനായ രാജാനക രത്നകണ്ഠന്റെ മുത്തച്ഛനാണെന്നു തോന്നുന്നു.

**അവതാരം**-൧. ജനനം. ൨. ഇറക്കം. ൩. വിഷ്ണുവിന്റെയും മററും ജനനം, രാജാക്കന്മാരുടെ ജനനം.

[ഭാഗവതപുരാണപ്രകാരം അവതാരങ്ങൾ ൨൨. ൧. പുരുഷൻ. ൨. വരാഹം. ൩. നാരദൻ. ൪. നരനാരായണന്മാർ. ൫. കപിലൻ. ൬. ദത്താത്രേയൻ. ൭. യജ്ഞൻ. ൮. ഋഷഭൻ. ൯. പൃഥു. ൧൦. മത്സ്യം. ൧൧. കൂർമ്മം. ൧൨-൧൩-ം ധന്വന്തരി. ൧൪. നരസിംഹം. ൧൫. വാമനൻ. ൧൬. പരശുരാമൻ. ൧൭. വേദവ്യാസൻ. ൧൮. രാമൻ. ൧൯. ബലരാമൻ. ൨൦. കൃഷ്ണൻ. ൨൧. ബുദ്ധൻ. ൨൨. കല്ക്കി.

ദശാവതാരം

(പത്തവതാരം).

'മത്സ്യഃ കൂർമ്മോ വരാഹശ്ച
നാരസിംഹശ്ച വാമനഃ
രാമോ രാമശ്ച രാമശ്ച
കൃഷ്ണഃ ഖഡ്ഗീത്യമീ ദശ'
(രാമോ രാമശ്ച കൃഷ്ണശ്ച
ബുദ്ധഃ കല്ക്കിരിതി ദശ)

൧. മത്സ്യാവതാരം-വേദങ്ങളെ മോഷ്ടിച്ചുകൊണ്ടുപോയ ഹയഗ്രീവാസുരനെ കൊല്ലുന്നതിനും ഭക്തനായ വൈവസ്വതമനുവിനു മോക്ഷം നൽകുന്നതിനും വേണ്ടി വിഷ്ണു മകരമത്സ്യമായി അവതരിച്ചു.

൨. കൂർമ്മാവതാരം-ഗന്ധർവസ്ത്രീകൾ ഒരു പുഷ്പമാലകെട്ടി ദുർവ്വാസസ്സ് മഹർഷിക്കു കൊടുത്തു. അദ്ദേഹം അതിനെ ഇന്ദ്രനു നൽകി. ഇന്ദ്രൻ ആ മാലയെ ഐരാവതത്തിന്റെ ശിരസ്സിൽ വെച്ചിരിക്കുമ്പോൾ അതു് അതിനെ തുമ്പിക്കൈകൊണ്ടു് എടുത്തു നശിപ്പിച്ചു. ഇതുകണ്ടു മഹർഷി കോപിച്ചു് 'ദേവാദികൾ ജരാനരയുള്ളവരായി വൃദ്ധരായി ഭവിക്കട്ടെ' എന്നു ശപിക്കയും 'അമൃതഭോജനം കൊണ്ടു് ജരാനര തീരട്ടെ' എന്നു ശാപമോക്ഷം കൊടുക്കയും ചെയ്തു. അനന്തരം അമൃതം എടുപ്പാൻ പാലാഴി കടഞ്ഞു. ആ സന്ദർഭത്തിൽ മന്ദരപർവ്വതമായിരുന്നു മത്തു്. അതു സമുദ്രത്തിൽ താണുപോയി. അതിനെ ഉയർത്തിക്കൊണ്ടു വരുന്നതിനു വിഷ്ണു നൂറുയോജന വിസ്താരമുള്ള ഒരു ആമയായി അവതരിച്ചു.

൩. വരാഹാവതാരം-ഹിരണ്യാക്ഷനെ കൊല്ലുന്നതിനു വിഷ്ണു പന്നിയായി അവതരിച്ചു.

൪. നരസിംഹാവതാരം-ഹിരണ്യകശിപുവിനെ നിഗ്രഹിപ്പാൻ വിഷ്ണു കഴുത്തിനു മേൽ സിംഹത്തിന്റെ രൂപത്തെയും കഴുത്തിനു് കീഴ് മനുഷ്യന്റെ രൂപത്തെയും അവലംബിച്ചു നരസിംഹമൂർത്തിയായി അവതരിച്ചു.

൫. വാമനാവതാരം-മഹാബലിയുടെ അഹങ്കാരം തീർത്തു ലോകരക്ഷചെയ്യാൻ വേണ്ടി വിഷ്ണു വാമനനായി അവതരിച്ചു.

൬. പരശുരാമാവതാരം-കാർത്തവീര്യൻ മുതലായ ക്ഷത്രിയരാജാക്കന്മാരെ

നിഗ്രഹിച്ചു ധർമ്മസംരക്ഷണം ചെയ്യാൻ വിഷ്ണു രേണുകയിൽ പരശുരാമനായി അവതരിച്ചു.

൭. ശ്രീരാമാവതാരം-രാവണൻ മുതലായ ദുഷ്ടരാക്ഷസന്മാരെ കൊല്ലുന്നതിനു വിഷ്ണു കൌസല്യയിൽ ദശരഥന്റെ പുത്രനായി രാമനായി അവതരിച്ചു.

൮. ബലരാമാവതാരം- കൃഷ്ണന്റെ ജ്യേഷ്ഠനായി പ്രലംബാസുരാദികളെ നിഗ്രഹിപ്പാൻ ബലരാമനായി അവതരിച്ചു.

൯. ശ്രീകൃഷ്ണാവതാരം-കംസൻ മുതലായ ദുഷ്ടന്മാരെ നിഗ്രഹിപ്പാനും പാണ്ഡവന്മാരെ സഹായിപ്പാനുമായി വിഷ്ണു ദേവകിയിൽ വസുദേവപുത്രനായി കൃഷ്ണനായി അവതരിച്ചു.

൧൦. കല്ക്കി-കലിയുഗത്തിന്റെ അവസാനത്തിൽ ദുഷ്ടരെ ഇല്ലാതാക്കുവാനായി വിഷ്ണു കല്ക്കിയായി അവതരിക്കും.

അവതാരിക-മുഖവുര, തലക്കെട്ട്.

അവതാളം-൧. ക്ഷേത്രം. ൨. തെററ. ൩. കള്ളം. ൪. താളപ്പിഴ.

അവതീർണ്ണ-വി. അവതരിക്കപ്പെട്ട, ജനിക്കപ്പെട്ട.

അവതോക-ചെന കലങ്ങിയ പശു. (ഗർഭം അലസിപ്പോയ പശു). അവഗളിതം (വീണുപോയ) തോകം (അപത്യം). മററൊരു പര്യായം 'വന്ധ്യാ'.

അവത്രസ്ത-വി. ഭയപ്പെട്ട.

അവദംശം-൧. രുചിയുണ്ടാകുവാൻ വേണ്ടി കഴിക്കാവുന്ന കൂട്ടുവാനുള്ള പദാർത്ഥം. 'ഉപദംശസ്തു ഭക്ഷണം' എന്നും പാഠം കാണുന്നു. കൂട്ടിക്കഴിക്കുന്നത് എന്നു ശബ്ദാർത്ഥം. മദ്യം സേവിക്കുമ്പോൾ അതിനു രുചിയുണ്ടാകുന്നതും അതോടുകൂടി കഴിക്കുന്നതുമായ മാംസാദികൾ എന്നു വേറൊരർത്ഥവും കാണുന്നു. (കടുമാങ്ങ, ഉപ്പിലിട്ടത്). ൨. വറുത്തുപ്പേരി.

അവദത്ത-വി. ൧. ദാനംചെയ്ത. ൨. പൂർത്തിയാക്കിയ.

അവദരണം-ഉടയുക, പൊട്ടുക, വേർവിടുക.

അവദാത-൧. വെളുപ്പുനിറമുള്ള. ൨. മഞ്ഞനിറമുള്ള.

അവദാതം-൧. വെളുപ്പുനിറം. ശുദ്ധിയാക്കുന്നതെന്നു ശബ്ദാർത്ഥം ൨. വെളുത്തത്, മഞ്ഞനിറത്തിലുള്ളത്. ൩. ശുദ്ധിയുള്ളത്.

അവദാനം-൧. അതിശ്രേഷ്ഠമായ പ്രവൃത്തി, ശ്ലാഘ്യജീവിതം, മുൻകഴിഞ്ഞ ചരിത്രം. ൨. രാമച്ചം.

അവദാരണം-മൺവെട്ടി, പാര, കൈക്കോട്ടു മുതലായ കിളയ്ക്കുന്ന ആയുധം. പിളർക്കുന്നത് എന്നു ശബ്ദാർത്ഥം. മററൊരു പര്യായം 'ഖനിത്രം'.

അവദാഹം-രാമച്ചം. ദാഹം-ചുട്ടുനീറൽ-ഇതുകൊണ്ടു ശമിപ്പിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി.

അവദീർണ്ണ-വി. ൧. ദ്രവിച്ച. ൨. പിളർക്കപ്പെട്ട.

അവദീർണ്ണം-൧. ഉരുക്കപ്പെട്ട സ്വർണ്ണം മുതലായവ. അവദാരണം ചെയ്യപ്പെട്ടത് അവദീർണ്ണം. അവദാരണം ചെയ്ക=ഉരുക്കുക. മററുപര്യായം-ദ്രുതം. ൨. പിളർക്കപ്പെട്ടത്. ൩. ദ്രവിച്ചത്, ഉരുക്കപ്പെട്ടത്.

അവദൂറ്-ദൂഷ്യം, കരള്, നുണ.

അവദോഹം-൧. പാൽ കറക്കുക. ൨. പാൽ.

അവദ്ധ്യം-അബദ്ധം (എന്നതിന്റെ തത്ഭവം), അപകടം, പിശക്.

അവദ്യ-വി. നിന്ദിക്കപ്പെട്ട, ഹീനമായ, പാപമുള്ള.

അവദ്യൻ-നിന്ദിക്കപ്പെട്ടവൻ, പാപി.

അവദ്യം-നിന്ദിക്കപ്പെട്ടതു (ജാതി, ആചാരം, വംശം മുതലായവകൊണ്ടായിരിക്കണം). പറയപ്പെടരുതാത്തതെന്നു ശബ്ദാർത്ഥം.

അവധാനം-മനസ്സിരുത്തൽ, ശ്രദ്ധ.
അവധാരണം-നിശ്ചയം.
അവധാവനം-ഫ. പിറകെ ഓടുക. വ. കഴുകുക, വൃത്തിയാക്കുക.
അവധാരിതൻ-അവധാരണംചെയ്യപ്പെട്ടവൻ. അവധാരണം ചെയ്യുക=നിശ്ചയിക്കുക.
അവധി-ഫ. അതിർത്തി. വ. മട (അളു) ന. നിശ്ചയിച്ച സമയം. ർ. അവസാനം. ഇ. മര്യാദ. ന്യ. ബലം.
അവധിക്രയം-പറഞ്ഞുവെച്ച പ്രകാരമുള്ള വില്പന.
അവധീരണം-ഫ. തിരസ്കാരം, നിരാകരണം. വ. അപമാനം.
അവധീരിതൻ-നിരാകരണം ചെയ്യപ്പെട്ടവൻ.
അവധൂകൻ-മാന്ത്രയില്ലാത്തവൻ.
അവധൂത-വി. ഫ. ലോകകാര്യങ്ങളിൽനിന്നു വേർപെട്ട. വ. ഉപേക്ഷിക്കപ്പെട്ട. ന. ഇളക്കപ്പെട്ട. ർ. നിർബ്ബന്ധിക്കപ്പെട്ട. ഇ. ആക്രമിക്കപ്പെട്ട.
അവധൂതൻ-സന്ന്യാസി, സർവസംഗപരിത്യാഗം ചെയ്തവൻ.
അവധൂപിത-വി. സുഗന്ധദ്രവ്യങ്ങളാൽ പുകയ്ക്കപ്പെട്ട.
അവധൂലനം-പൂക്കളിൽ പൊടി വിതറുക.
അവധൃത-വി. ഫ. കെട്ടഴിഞ്ഞ. വ. കെട്ടറിയപ്പെട്ട.
അവധ്യ-വി. വധ്യം (വധിക്കപ്പെടേണ്ടതു, കൊല്ലപ്പെടേണ്ടതു്)അല്ലാത്ത.
അവധ്യോക്തി - കൊല്ലരുതെന്നുള്ള വാക്ക്.
അവധ്വംസം-ഫ. പൊടിക്കുക, അരപ്പ്. വ. ഉപേക്ഷിക്കൽ. ന. അപവാദം.
അവധ്വസ്ത-വി. പൊടിക്കപ്പെട്ട മറ്റൊരു പര്യായം-അവചൂർണ്ണിത.
അവനക്ഷത്രം-നക്ഷത്രങ്ങളുടെ മറവ്.
അവനത-വി. നമസ്കരിച്ച, കനിഞ്ഞ, വളഞ്ഞ.
അവനതമൂർദ്ധാവ്-തലകുനിട്ടവൻ.
അവനതം-തലകുനിച്ചതു്, അധോമുഖമായുള്ളതു്.
അവനതാനത-വി. കീഴ്ക്കാമ്പാടുള്ള.
അവനതി-വളവ്, കനിവ്.
അവനദ്ധ-വി. ഫ. ഉണ്ടാക്കപ്പെട്ട. വ. ഉറപ്പിക്കപ്പെട്ട.
അവനദ്ധം-ഒരു വാദ്യം, ചെണ്ട, മേരി.
അവനം-ഫ. രക്ഷ. വ. തൃപ്തിവരുത്തൽ. ന. സന്തോഷം. ർ. ഭയ ഇ. യാചിക്ക. ന്യ. പിടിച്ചുപറിക്ക. ഉ. കൊല വൃ. ഗമനം. ൻ ആശ്ലേഷം. ഫ൦. പ്രാപിക്കുക.
അവനമിക്ക-നമസ്കരിക്ക, കനിയുക, താഴുക.
അവനമ്ര-വി. കനിഞ്ഞ, താഴ്ന്ന.

'ലജ്ജാവനമ്രവദനാതമപൃച്ഛദേവം'
(സുഭദ്രാഹരണം കഥകളി).

അവനവഞ്ചേരി - തിരുവിതാംകൂറിൽ ചിറയിൻകീഴ് താലൂക്കിൽ ചേർന്ന ഒരു പകുതി.
അവനാടൻ-പരിമുക്കൻ, കഴിമുക്കൻ. അവനാടം (കഴിഞ്ഞമൂക്ക) ഉള്ളവൻ. എന്നു ശബ്ദാർത്ഥം. അവനാടം=നാസികയുടെ നതം (കഴിവ്).
അവനായം-കീഴ്പ്പെട്ടുകൊണ്ടുപോവുക. താഴ്ത്തുക, അവനയിക്കുക എന്നു ശബ്ദാർത്ഥം.
അവനാഹം-മൂറികെട്ടുക.
അവനി-ഫ. ഭൂമി. മനുഷ്യരെ കാക്കുന്നതു് എന്നു ശബ്ദാർത്ഥം. 'അവനി' എന്നും രൂപം. വ. വിരൽ. ന.

നമി. ഈ ശബ്ദത്തോടു് ഈശൻ, ഈശ്വരൻ, പാലൻ, നാഥൻ, പതി ഇത്യാദി ശബ്ദങ്ങളെ ചേർത്താൽ 'രാജാവു്' എന്നർത്ഥം ഉണ്ടാകും. ൪. ഒരു വൃത്തം. അതിജഗതിഛന്ദസ്സിൽ ഉൾപ്പെട്ടതാണു്. പാദം ഒന്നിൽ പന്ത്രണ്ട് അക്ഷരം കാണും. 'അവനിക്കവതം സസനജലം കില' വൃത്തമഞ്ജരി.

അവനീതലം-ഭൂമി.

അവനീദേവൻ-ബ്രാഹ്മണൻ. അവനി ശബ്ദത്തോടു ദേവപര്യായങ്ങൾ ചേർത്താൽ ബ്രാഹ്മണൻ എന്നർത്ഥമുണ്ടാകും.

അവനേജനം-കഴുകുക.

അവൻ-ആ പുരുഷൻ.

അവന്തി, അവന്തികാ-സ്ത്രീ. ഉജ്ജയിനിനഗരത്തിന്റെ പുരാതനപ്പേർ. അവന്തിദേശം മാൾവായുടെ പടിഞ്ഞാറു നർമ്മദയ്ക്കു വടക്കുള്ള രാജ്യമായിരുന്നു. ഇതിന്റെ പ്രധാനപട്ടണമാണു് ഉജ്ജയിനി. ഹിന്ദുക്കളുടെ ഏഴു പുണ്യനഗരങ്ങളിൽ ഒന്നു്.

'അയോദ്ധ്യാമഥുരാമായാ
കാശീകാഞ്ചിരവന്തികാ
പുരീദ്വാരവതീചൈവ
സപ്തൈതാമോക്ഷദായികാഃ'

ഇവയത്രേ ൭ നഗരങ്ങൾ. ൨. ഒരു നദിയുടെ പേർ.

അവന്തിസോമം-കാടി, പുളിപ്പുകാടി അവന്തിദേശത്തു വിശേഷവിധിയാകുന്നതിനാൽ അങ്ങനെ പേരുള്ളതു്.

[കാടി ദാഹത്തെ ഇല്ലാതാക്കും. ആമത്തെ പചിപ്പിക്കും. ഒഴുകുന്ന പക്ഷം ജ്വരം, ചുട്ടുനീറൽ ഇവയെ കളയും. അഗ്നിയെ വർദ്ധിപ്പിക്കും. ഏറെയപ്രസാദത്തെയും തടിയേയും ജനിപ്പിക്കും. കട്ടിയായാൽ കഫം, വീക്കം, വാതം, മൂർച്ഛ, ശ്രമം, ശൂലം, ആധാനം ഇവയെ നശിപ്പിക്കും; അഗ്നിയെ വർദ്ധിപ്പിക്കയും ചെയ്യും.]

അവന്ധ്യ-വി. യഥാകാലം കായ്ക്കുന്ന.

അവന്ധ്യ, അബന്ധ്യം-യഥാകാലം കായ്ക്കുന്ന വൃക്ഷം ലത മുതലായവ. വന്ധ്യം അല്ലാത്തതു് അവന്ധ്യം. വന്ധ്യം =ഫലത്തെ പുറത്തുവിടാതെ ബന്ധിച്ചു നിറുത്തുന്നതു്.

അവപതിക്കുക-വീഴുക.

അവപഥ്യം-അപഥ്യം.

അവപാക-വി വകയ്ക്കുകൊള്ളാതെ പചിക്കപ്പെട്ട

അവപീഡകം-മൂത്രംതടുത്താലുണ്ടാകുന്ന രോഗങ്ങളെ ശമിപ്പിക്കുന്നതിനുള്ള ഒരു നെയ്യ്സേവ.

അവബോധം-ശ്രേഷ്ഠമായ അറിവു്.

അവബോധിക്കുക-അറിയുക.

അവഭൃഥം - യാഗദീക്ഷാവസാനത്തിലെ ഇഷ്ടിയുടേയും, യാഗാവസാനത്തിലെ കുളിയുടെയും പേർ. യാഗദീക്ഷയെ ഒഴുവനാക്കിച്ചെയ്യുന്നതു് എന്നു ശബ്ദാർത്ഥം.

അവഭൃഥസ്നാതൻ-അവഭൃതസ്നാനംചെയ്തവൻ.

അവഭ്രടൻ-പതിമൂക്കൻ, കഴിമൂക്കൻ. അവഭ്രട(കഴിഞ്ഞമൂക്കു്)ഉള്ളവൻ എന്നു ശബ്ദാർത്ഥം. അവഭ്രടം =നാസികയുടെ നതം (കഴിവു്).

അവമ-വി നിന്ദിക്കപ്പെട്ട.

അവമത-വി. അവമാനിക്കപ്പെട്ട.

അവമതി-അവമാനം; അനിഷ്ടം.

അവമൻ-അധമൻ. ജാതി കുലം ആചാരം എന്നിവയാകുന്നു നിന്ദിക്കപ്പെട്ടവൻ. ഇതിനെക്കൊണ്ടു് ആത്മാവിനെ രക്ഷിക്കുന്നു എന്നു ശബ്ദാർത്ഥം.

അവമന്തവ്യ-അവമാനിക്കപ്പെടാവുന്ന.

അവമർദ്ദം-പീഡനം,(അവമർദ്ദിക്കുക =കശക്കുക). ശത്രുസൈന്യം വന്നു ഞെരുക്കുക, പൊടിക്കുകയാണു് ഈ അർത്ഥം വന്നതായും അഭിപ്രായപ്പെടുന്നു.

അവമൎയ്യാദ-മൎയ്യാദകേട്.

അവമൎശം-സ്പൎശം.

അവമൎഷം-പ്ര. നാടകത്തിലെ അഞ്ചുസന്ധികളിൽ ഒന്ന്. വ. തിരക്കം. ന. വിചാരണ.

അവമൎഷണം-പ്ര. പൊറുതിയില്ലായ്മ. വ. മായ്ക്കുക, മാച്ചുകളയുക.

അവമാനന, അവമാനനം-നിന്ദ, അനാദരം. പൂജയ്ക്കു വിപരീതമായുള്ളതെന്നു ശബ്ദാൎത്ഥം. മാനിക്കാത്തത് എന്നു താൽപൎയ്യം.

അവമാനം-മാനക്കേട്, അനാദരം, നിന്ദ

അവമാനിക്കുക-മാനക്കേടു വരുത്തുക, നിന്ദിക്കുക, അനാദരിക്കുക.

അവമാനിത-വി. അവമാനിക്കപ്പെട്ട.

അവയ്ക്കുക-പ്ര. തഴയ്ക്കുക, മുളവരുക, ക്രുദ്ധവരുക. വ. നെല്ലുകുത്തി അരിയായതിൻറ ശേഷം അതിലുള്ള തവിട്ടുകളഞ്ഞു വെളുപ്പിക്കുക (തീട്ടുക).

അവയവസംസ്ഥാനം- അവയവങ്ങളുടെ വഴിപോലെയുള്ള ഇരിപ്പ്.

അവയവം-പ്ര. അംഗം, കൈകാൽ മുതലായവ. അന്യോന്യം ഒന്നിച്ചു ചരാതെ പ്രത്യേകം പ്രത്യേകം ഇരിക്കുന്നത് എന്നു ശബ്ദാൎത്ഥം.

'അംഗംപ്രതീകോവയവോപഘനോഥ' (അമരം)

[അംഗം, പ്രതീകം, അവയവം, അപഘനം-ഠ ം. കൈ, കാൽ മുതലായ അവയവങ്ങളുടെ പേർ ]

വ. സാധനം (ഉപകരണം)

അവയവി-അവയവമുള്ളത്. [തെങ്ങ്- അവയവി. തൊണ്ട്, ചിരട്ട, തേങ്ങാപ്പിപ്പ് ഇത്യാദി അവയവങ്ങൾ ]

അവയോഗം-ശകനപ്പിഴ, ദുൎന്നകനം.

അവര്-അതു ആളുകൾ.

അവര-വി. ഒടുക്കമുള്ള, പിൻപുവരുന്ന.

അവര, അവരക്ക-അവരപ്പയറ്, അമരക്ക.

അവരജ-താഴെയുള്ള കാലത്തിൽ ജനിച്ച.

അവരജൻ-(കനിഷ്ഠഭ്രാതാവ്) അനുജൻ. പിന്നാലെ ജനിച്ചവൻ എന്നു ശബ്ദാൎത്ഥം. അവരജ=അനുജത്തി.

അവരതി-ഉപരാമത്തിൻറ പേർ. ഉപരാമം എന്നാൽ ഒന്നിൽ നിവൃത്തിക്കുക-അടങ്ങുക എന്നൎത്ഥം. അവസാനം-നിറുത്തൽ.

അവര-പ്ര. ദുൎഗ്ഗ. വ. ഒരു തൈ, അമര.

അവരം-പ്ര. ആനയുടെ പിന്നിലുള്ള കാലുകളുടെ മുട്ടിനു താഴെയുള്ള ഭാഗം, പ്രധാനമല്ലാത്ത അംഗം. വരിക്കാത്തത് എന്നു ശബ്ദാൎത്ഥം. 'അപരം' എന്നും പാഠം കാണുന്നു. വ. പിൻപുറം. ന. ശ്രേഷ്ഠമല്ലാത്തത്.

അവരവൎണ്ണൻ-ശൂദ്രൻ. ബ്രാഹ്മണ ക്ഷത്രിയ വൈശ്യരേക്കാൾ താണജാതി എന്നു ശബ്ദാൎത്ഥം. അവര (കീഴെയുള്ള) വൎണ്ണത്തിൽ (ജാതിയിൽ) ഉള്ളവൻ. അവരവൎണ്ണാ=ശൂദ്രസ്ത്രീ.

അവരശൈലം-പശ്ചിമപൎവ്വതം. (ഇതിനപ്പുറകിൽനിന്നു സൂൎയ്യൻ ഉദിക്കുന്നു).

അവരാജിതാ-നീരാരൽ.

അവരാഘം, അവരാഘകം-പ്ര. ചീങ്കണ്ണി. വ. കോൎമുതല. ചുററിക്കൊണ്ടു പ്രാണികളെ ഹിംസിക്കുന്ന മത്സ്യവിശേഷത്തിൻറ പേർ എന്നും കാണുന്നു. ഇതിനു 'നീരാളി' എന്നു ചിലരിക്കിൽ പറഞ്ഞുവരുന്നു ഔഷധിനിഘണ്ടു 'ചീങ്കണ്ണി' എന്നുതന്നെ ബഹുമായി പറയുന്നു. ഭവഹാരം, അവഹാരകം എന്ന പാഠങ്ങളുമുണ്ട്. ഇതിനുചുററി അനാചക്കിച്ച് എത്തിപ്പിടിക്കുക എന്നു ശബ്ദാൎത്ഥം.

അവരി-അമരി.

അവരീണ-വി. ധിക്കരിക്കപ്പെട്ട.

അവരീണൻ-ധിക്കരിക്കപ്പെട്ടവൻ. അവസ്രവിച്ചവൻ- കീഴ്പെട്ടു വീണവൻ എന്നൎത്ഥം.

അവരുദ്ധ-വി. ൧. തടുക്കപ്പെട്ട ൨. വളയപ്പെട്ട. ൩. ബന്ധനത്തിലാക്കപ്പെട്ട. ൪. വേഷം മാററപ്പെട്ട.

അവരൂപം-രൂപംകെട്ടതു്.

അവരോധനൻ-ശയൻ എന്ന രാജശ്രേഷ്ഠന്റെ ഒരു പുത്രൻ.

അവരോധം, അവരോധനം-൧. രാജാക്കന്മാരുടെ സ്ത്രീകളിരിക്കുന്നഗൃഹം. അന്തഃപുരം. അന്യന്മാരുടെ പ്രവേശനത്തെ തടുക്കുന്നതു് എന്നു ശബ്ദാൎത്ഥം. ൨. രാജസ്ത്രീ. ൩. വിരോധം, തടസ്സം, തടങ്ങൽ. ൪. വലിയ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കുക.

അവരോധിക്കുക-തടുക്കുക, വിരോധിക്കുക.

അവരോപണം-൧. വേരോടെ പറിക്കുക. ൨. ചെറുതാക്കുക. ൩. താഴ്ത്തുക.

അവരോഹണം-ഇറക്കം. ൨ കരേററം. അവരോഹണം><ആരോഹണം.

അവരോഹം-൧. വേടു് (ഇതു മരത്തിന്റെ മുകളിൽനിന്നു പൊട്ടിയുണ്ടാകുന്നതാണു്. ശാഖ, കൊമ്പു്). വേടു് എന്നതു ചില മരത്തിന്റെ കൊമ്പിൽ നിന്നു പുറപ്പെടുന്ന വേർ എന്നു പറയുന്നു. ൨. വൃക്ഷമൂലത്തിങ്കൽ നിന്നു തുടങ്ങി വൃക്ഷാഗ്രംവരെ പോയതായ വള്ളി. (തൊണ്ടി ചിററമൃതു് മുതലായവ). ൩. ഇറക്കം. ൪. കരേററം.

അവൎജ്ജിത-വി. വൎജ്ജിതമല്ലാത്ത.

അവൎണ്ണ-വി. ൧. വൎണ്ണം (നിറം) ഇല്ലാത്ത. ൨. താഴ്ന്നതരമായ.

അവൎണ്ണം-൧. ആക്ഷേപം, നിന്ദ. സ്തുതിക്കു വിപരീതം എന്നു ശബ്ദാൎത്ഥം. (വൎണ്ണം=സ്തുതി). ൨. അ, ആ ഈ അക്ഷരങ്ങളുള്ള പേർ, ൩. നിന്ദിച്ചുപറയുക, വെറുപ്പ്.

അവലക്ഷണ-വി. ലക്ഷണമില്ലാത്ത.

അവലക്ഷണം-൧. ലക്ഷണംകെട്ടതു്, രൂപംകെട്ടതു്. ൨. ദുശ്ശകുനം.

അവലക്ഷം-വെളുപ്പുനിറം.

അവൽഗുജം-കാൎക്കോകിൽ. കാൎക്കോകിലരിക്കു ദുൎഗ്ഗന്ധമുള്ളതുകൊണ്ടു് ഈ പേർ വന്നു.

അവലഗ്ന-വി. ചേൎന്ന, പതിഞ്ഞ.

അവലഗ്നം-അര, ശരീരമദ്ധ്യപ്രദേശം, ഇളി. പൂൎവ്വാപരാവയവങ്ങളേക്കാൾ കൃശമായതുകൊണ്ടു ലജ്ജിക്കുന്നതു് എന്നു ശബ്ദാൎത്ഥം.

അവലംബനം, അവലംബം-ആശ്രയം. ൨. തൂങ്ങിക്കിടക്കുക ൩. താങ്ങു്.

അവലംബിക്കുക-൧. ആശ്രയിക്കുക. ൨. ആശ്ലേഷംചെയ്യുക.

അവലംബിതം-ആശ്രയിക്കപ്പെട്ടതു്.

അവലാപം-നിഷേധവാക്കു്, മറച്ചുപറക, ഭോഷ്കു്.

അവലിപ്ത-വി. ൧. പൂശപ്പെട്ട ൨. അഹങ്കാരമുള്ള.

അവലിപ്തത-൧. സ്നിഗ്ദ്ധത. ൨. ഡംഭം.

അവലീല-കളി, സന്തോഷം. ൨. നിന്ദ.

അവലീഢ-വി. ൧. ഭക്ഷിക്കപ്പെട്ട, ചവയ്ക്കപ്പെട്ട. ൨. നക്കപ്പെട്ട.

അവലുണ്ഠനം-ഭൂമിയിൽ-ചേററിൽ-ഉരുളുക.

അവലേപം-൧ മദം. ൨. തേപ്പു്. പൂശൽ. ൩. ചേൎച്ച ൪ ആഭരണം.

അവലേഹനം-നക്കുക.

അവലോകനം-൧. കാണുക, കാഴ്ച. ൨. നോക്കു്. ൩. അന്വേഷണം.

അവല്ഗുജ, അവൽഗുജ-കാൎക്കോകിലരി.

അവവാരകം-൧. വിടവു്, പഴുതു്, ദ്വാരം. ൨. ജന്നൽ.

അവവാദ-കല്പന, ആജ്ഞ. ൨. നിന്ദ. അപവാദം എന്നും പാഠം കാണുന്നു. ഒരു

സംഗതിയെ അടിസ്ഥാനമാക്കി വ്യക്ത മായി പറയപ്പെടുന്നതെന്ന ശബ്ദാർത്ഥം.

അവശകനം-മുസ്ലകനം.

അവരത-വി. സ്വാധീനമില്ലാത്ത.

അവശ-വി. വശം(സ്വാധീനം)ഇല്ലാത്ത കീഴ്പെടാത്ത.

അവശം-പരവശം.

അവശിഷ്ട-വി. ശേഷിച്ച

അവശീകൃത-വി. വശീകൃതം(സ്വാധീന ത്തിലാക്കപ്പെട്ടതു്) അല്ലാത്ത.

അവശേഷം-പിന്നീടുള്ളശേഷിപ്പ്,ശിഷ്ടം

അവശ്യദ്രശ്യം-നിശ്ചയമായി കാണേ ണ്ടതു്.

അവശ്യ-വി. വശ്യം(വശത്താക്കത്തക്കതു) അല്ലാത്ത.

അവശ്യം-അ. കൂടിയേതീരുഎന്നമട്ടിൽ, നിശ്ചയമായിട്ടു്. മറ്റൊരുപര്യായം-ഠനം.

അവശ്യം-നിർബന്ധം,കൂടിയേ തീരു എ ന്നുള്ളതു്.

അവശ്യായം-മഞ്ഞു്. കുളിരിനോടു കൂ ടിയതെന്ന ശബ്ദാർത്ഥം. ഉ, അളിമാനം.

അവഷ്ടംഭം-ഫ. മദം. ഒപ്പ്ളാവലേപോവ ഷ്ടംഭയിത്തൊദ്രേകാസ്മായാമദഃ' എന്ന മഹേശ്വരപാഠം. ഉ. ആരംഭം. ന. സ്വർണ്ണം. ൪. ധൈര്യം.

അവഷ്ടബ്ധൻ-ഫ ആശ്രയിച്ചവൻ. ഉ. സമീപത്തിലിരിക്കുന്നവൻ, അവലംബി ച്ചവൻ എന്ന ശബ്ദാർത്ഥം.

[അവസഥം എന്നൊരു ശബ്ദവും അ തിന്ന ഭവനം, ഗ്രാമം എന്നിങ്ങനെ അ ർത്ഥവും ചില നിഘണ്ടുകളിൽ കാണുന്നു. അമരത്തിൽ ആവസഥം എന്നാണു കാ ണുന്നതു്.]

അവസരം-സമയം ഉ. പ്രസംഗം. വാ ക്കിൻെറ അവസരം എന്നാൽ ആവാക്ക പറയുന്നതിന്ന യോഗ്യമായ സമയം എ ന്നർത്ഥം.

അവസാദം-അലസത.

അവസാനം-ഫ. ഒടുക്കം, ഉ.സമാപനം. ന, മരണം.

അവസാമം-ഫീത്തപ്പാട്ടു്.

അവസായം-സമാപ്തി, അവസാനം, തീ ച്ച്, (മറപ്പു്).

അവസിതനില-മരണാവസ്ഥ

അവസിത-വി. ഫ. ഒടുങ്ങിയ, അവസാ നിച്ച. ഉ. നിവർത്തിച്ച. ന. അറിഞ്ഞ,

അവസിതം-ഫ. അവസാനിച്ചതു്.

'തവമമസൃപകർമ്മമാനപോൽതാ-
നവസിതമിന്നഫലത്തിലംഗുലീയ!'
(അഭിജ്ഞാനശാകുന്തളം)

ഉ. അവസാനിപ്പിച്ചതു്. (സമാപ്തമായി ട്ടുള്ളതു) മറ്റൊരുപര്യായം-സിതം.

അവസിതൻ-നിശ്ചതൻ.

അവസിതി-അവസാനം.

അവസ്കര-ഫ. മലം. കീഴ്പെട്ടു തള്ളി ക്കളയുന്നതു് എന്ന ശബ്ദാർത്ഥം. ഉ. ഗു ഹ്യപ്രദേശം. നിന്ദിക്കപ്പെടുന്നതു് എന്ന ശബ്ദാർത്ഥം. ന. അഴുക്കു്. ൪. കുപ്പ. ൫. തേരിൻെറ അവയവം.

അവസ്ഥാ-സ്ഥിതി, നില, ഇരിപ്പു്.

അവസ്ഥപ്പെടുത്തുക- ധൃതിപ്പെടുത്തുക, ഉപദ്രവിക്ക.

അവസ്ഥാത്രയം-ഫ. ജാഗ്രത്തു്, (നല്ലഉ ണച്ച്) ഉ. സ്വപ്നം (പകുതി ഉറക്കവും പകുതി ഉണച്ച്യും) സുഷുപ്തി (വലിയ നിദ്ര) ഇവ മൂന്നും.

അവസ്ഥാന്തരം-മറ്റൊരവസ്ഥ, സ്ഥി തിഭേദം. ഉ. ഇടയിൽവരുന്നഅവസരം.

അവസ്ഥിത-വി. സ്ഥിരപ്പെട്ട

അവസ്ഥിതി,അവസ്ഥാനം-ഇരിപ്പ് നില.

അവസ്ലസ-ചെറുതേയ്ച്ച്.

**അവസ്രവിക്ക**-കീഴ്പെട്ടുവീഴുക

**അവസ്വരം**-ശബ്ദമാധുര്യമില്ലായ്മ, സംഗീതജ്ഞാനമില്ലായ്മ.

**അവഹരം**-പു. വളഞ്ഞവഴി. ൨. ചതി

**അവഹസ്തം**-കൈയുടെ പുറവശം (പിൻവശം).

**അവഹാരകം, അവഹാരം**-പു. ചീങ്കണ്ണി. ൨. കോർമുതല. (അവരാഹം എന്നതു നോക്കുക) ഇതിന് ഗ്രാഹ്, കടലാന, മുതല എന്നിങ്ങനെയും പറയുന്നുണ്ട്

**അവഹിത**-വി. പു. ശ്രദ്ധയുള്ള. ൨. അറിയപ്പെട്ട.

**അവഹിതൻ**-അടക്കമുള്ളവൻ.

**അവഹിതം**-അയോഗ്യം.

**അവഹിതാഞ്ജലി**-കൂപ്പുകൈ.

**അവഹിത്ഥാ**-മനസ്സിലുള്ളതിനെ മറച്ചുവെക്കുക. മുഖവികാരത്തെ മറച്ചുകളയുന്നതിനും പറയാം. വെളിയിലേക്കു കാണിക്കാതിരിക്കുന്ന സ്ഥിതി എന്നു ശബ്ദാർത്ഥം.

[‘അവഹിത്ഥം’ എന്നൊരു പദവും അതിനു ‘വ്യാപ്തി’ എന്നർത്ഥവും അപൂർവം ചില അകാരാദികളിൽ കാണുന്നുണ്ട്.]

**അവഹേളനം**-അനാദരം, നിന്ദ. ആദരവില്ലായ്മ എന്നു ശബ്ദാർത്ഥം.

**അവഹേളിതൻ**-അനാദരിക്കപ്പെട്ടവൻ നിന്ദിക്കപ്പെട്ടവൻ.

**അവൾ**-ആ സ്ത്രീ.

**അവാക്**-പു. പറയാപ്പാകാത്തവൻ, മൂകൻ. ൨. തലതാഴ്ത്തിയവൻ.

**അവാൿ**-അ. കീഴിൽ.

**അവാൿ** വി. തലകുമ്പിട്ട.

**അവാക്പുഷ്പി**-പു. ശതകുപ്പ ൨. പെരുംശതകുപ്പ ൩. കാട്ടുശതകുപ്പ. തലതാഴ്ന്ന പൂക്കളോടുകൂടിയതു് എന്നു ശബ്ദാർത്ഥം.

**അവാകരം**-കമ്മട്ടം, നാണയങ്ങൾ അടിക്കുന്ന സ്ഥലം.

**അവാക്കർണ്ണൻ**-സംസാരിപ്പാനും കേൾപ്പാനും വയ്യാത്തവൻ.

**അവാഗ്ര**-വി. അധോമുഖമായ, കുനിഞ്ഞ.

**അവാഗ്രം**-അധോമുഖമായതു്, തലകീഴായതു്. അവനതമായ അഗ്രത്തോടുകൂടിയതു് എന്നു ശബ്ദാർത്ഥം.

**അവാങ്മുഖം**-വി. തലകുമ്പിട്ട.

**അവാചകം**-കാവ്യദോഷങ്ങളിൽ ഒന്ന്. പദദോഷങ്ങളിൽ പെട്ടതാണ്. വിവക്ഷിതമായ അർത്ഥത്തെ കുറിക്കാൻ ശക്തിയില്ലാത്തതു്. ‘മുമ്പിൽവന്നാദരിക്കുമവരോടു ചേരണം’ ഇവിടെ ആദരിക്ക എന്നതിനു ‘ക്ഷണിക്ക’ എന്നർത്ഥം വേണ്ടിയിരിക്കുന്നു. ഈ അർത്ഥം ആ ശബ്ദത്തിനില്ല (ഭാഷാഭൂഷണം). ൨. വാചകമല്ലാത്തതു്.

**അവാചി**-തെക്കേ ദിക്ക്. സൂര്യൻ ഇവിടെ മദ്ധ്യാഹ്നത്തിൽ ഗമിക്കുന്നതുകൊണ്ടും ദക്ഷിണായനംകൊണ്ടു ഗമിക്കുന്നതിനാലും ഈ പേർ വന്നു.

[അവാചി എന്ന പാഠം ശരിയല്ലെന്നു രാമാശ്രമി പറയുന്നു. അപാചീ എന്നു ശരി. അപ എന്നാൽ മദ്ധ്യം എന്നർത്ഥം. മദ്ധ്യാഹ്നസമയം സൂര്യനെ ഗമിക്കുന്നതു് എന്നു താൽപര്യം].

**അവാചീനം, അവാഗ്ഭവം**-തെക്കേദിക്കിൽ ഭവിച്ചതു്.

**അവാച്യ**-വി. വചിക്കത്തക്കതു് (പറയത്തക്കതു്) അല്ലാത്ത.

**അവാതം**-പു. കാറ്റില്ലായ്ക. ൨. കാറ്റില്ലാത്ത സ്ഥലം

**അവാന്തര**-വി. ഉള്ളിൽപ്പെട്ട, അടങ്ങിയ.

**അവാന്തരാ**-പു. ഇട. ൨. ആക്രമണം.

**അവാപ്തി**-കിട്ടുക, ലഭിക്കുക, പ്രാപ്തി.

അവാരം-ഇക്കര. യാതൊരു കരയിൽ നിന്നു മറുകരയെ നിശ്ചയിക്കുന്നുവോ ആ കര. ജലമില്ലാതിരിക്കുന്നത് എന്നു ശബ്ദാർത്ഥം. അവാരം = അവാക്കായതീരം (ഇക്കര). പരാവ്യാചീതീരം (അക്കര) പരമായ തീരം.

അവാലഞ്ഞ്-മാമ്പ്യം, ഊപ്പ്.

അവാസസ്സ്- ഉടുക്കാത്തവൻ (വസ്ത്രരഹിതൻ).

അവി-കറിയാട്ട്. ൨. തീണ്ടായിരുന്നവൾ.

[തീണ്ടായിരിയായാൽ സ്ത്രീകൾ വെളിയിൽ സഞ്ചരിക്കരുതെന്നു പറയുന്നതിനു കാരണം അപ്പോഴത്തെ ദേഹത്തിലുള്ള അശുദ്ധിനിമിത്തം ഭൂതഗ്രഹാദി ബാധയുണ്ടാവാൻ എളുപ്പമുള്ളതുകൊണ്ടാണ്. ഇവക്ക് ഉപദ്രവിപ്പാൻ നല്ലതരം ഈ സന്ദർഭമാകുന്നു. ഈ വിധം രക്ഷിക്കുകയാൽ 'അവി' എന്ന പേരുണ്ടായി.]

൩. പർവ്വതം. ൪. ആട്. ൫. ആദിത്യൻ ൬. മല. ൭. കാററ (വായു). ൮. കരിമ്പടം. ൯. യജമാനൻ. ൧൦. മതിൽ. (അവിയാട്ട്-കറിയാട്ട്).

അവികം-൧. ആട്. ൨. വൈരക്കല്ല്.

അവികല-വി. വികലം (ശൂന്യം) അല്ലാത്ത, നിറഞ്ഞ, ഇളകിയതല്ലാത്ത.

'അവികലകലശലക്കുട്ടിയ സമയെ'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

അവികല്പം-വികല്പം (സംശയം, തെററ, മാററം) ഇല്ലാത്തത്.

അവികാര-വി. വികാരം (ഭാവഭേദം) ഇല്ലാത്ത.

അവിക്കയറു-നുകക്കയറ്.

അവിക്കുക-൧. വേവിക്കുക. ൨. നുകം വെച്ചുകെട്ടുക.

അവിക്രമൻ-ശക്തി കുറഞ്ഞവൻ.

അവിക്രമം-ശക്തി കുറവ്.

അവിഖ്യാതി-ദുഷ്കീർത്തി.

അവിഗ്നാം-പെരുംക്ലാവ്. തമിഴിൽ ചെരുങ്കുരാച്ചെടി. ഇത് 'ഞെട്ടാഞെട്ടങ്ങ' ആണെന്നും പറയുന്നു. രോഗങ്ങളെ ഭയപ്പെടുത്തുന്നത് എന്നു ശബ്ദാർത്ഥം. (ക്ലാക്കാവൃക്ഷമെന്നും പറയുന്നു).

[ഇതിൻെറ പച്ചക്കായ് പിത്തത്തെ ഉണ്ടാക്കും. കുറച്ചു കയ്പും പുളിയും കൂടിയതാണ്. ദീപനത്തെ ചെയ്യും. പഴക്കായ് വിഷത്തെ കളയും. മധുരമാണ്. ത്രിദോഷങ്ങളെ നശിപ്പിക്കും.]

അവിഘ്നം-വിഘ്നം (തടസ്സം) കൂടാതെ.

അവിചലിത-വി. ഇളക്കമില്ലാത്ത.

അവിചാൽ-ഒരു പിശാച്.

അവിച്ചൻ-മഹന്മ.

അവിച്ഛിന്ന-വി. ഇടവിടാതെയുള്ള, ഇടയ്ക്കു ഭംഗം വരാതെയുള്ള.

അവിജ്ഞ-വി. അറിവില്ലാത്ത.

അവിജ്ഞത-അറിവില്ലായ്മ.

അവിജ്ഞാത-വി. വിജ്ഞാതം (അറിയപ്പെട്ടത്) അല്ലാത്ത.

അവിജ്ഞേയൻ-ദൈവം.

അവിജ്ഞേയ-വി. വിജ്ഞേയം (അറിയേണ്ടത്) അല്ലാത്ത.

അവിടം-ആ സ്ഥലം.

അവിടെ-ആ സ്ഥലത്ത്.

അവിട്ടം-ഒരു നക്ഷത്രം. (൨൩-ാമത്തേതു)

അവിത-വി. രക്ഷിക്കപ്പെട്ട

അവിതം- രക്ഷിക്കപ്പെട്ടതു് (അവനം ചെയ്യപ്പെട്ടതു്)

അവിത്തൻ-ധനഹീനൻ.

അവിതഥം-വിതഥം (കള്ളം) അല്ലാത്തതു.

അവിദൻ-അറിയാത്തവൻ.

അവിദിതൻ-അറിയപ്പെടാത്തവൻ.

അവിദൂരൻ-സമീപസ്ഥൻ.

അവിദൂരം-സമീപം.

അവിദ്യ-ദോഷതമുള്ള, ബുദ്ധിയില്ലാത്ത.

അവിദ്യൻ-വിദ്യയില്ലാത്തവൻ, ബുദ്ധിയില്ലാത്തവൻ.

അവിദ്യ-ഫ. അജ്ഞാനം, അറിവില്ലായ്ക. വിപരീതമായ അറിവ് എന്നു ശബ്ദാർത്ഥം. ഉ. മായം.

അവിലകണ്ണി-പാട (വള്ളി) ഇതിന്റെ ഇല വേശം മുറിയുന്നതല്ലാത്തതിനാൽ ഈ പേർ വന്നു 'വിലകണ്ണി' എന്ന പാഠം പ്രധാനമെന്നു ചിലരുടെപക്ഷം. വിലകണ്ണി-വൈദ്യശാസ്ത്രത്തിൽ വേണ്ട വോളം കേൾക്കപ്പെടുന്നതു്.

അവിധവ-സുമംഗലി.

'ആലോചിച്ചീവിധമവിധവേ
ചിത്തമാശചസ്തമാക്കി' (മയൂരസന്ദേശം)

അവിധാ-ഫ. ഒഴിവുകഴിവു. ഉ. ആപത്തി, സങ്കടം.

അവിധാനം-നിശ്ചിതമായ ചട്ടത്തിനു വിപരീതംചെയ്ക, ചട്ടലംഘനം, അഴിമതി, ക്രമക്കേടു്.

അവിധി-വി. വിധിക്കു വിപരീതമായ, വിധിയില്ലാത്ത, പ്രമാണമില്ലാത്ത, ചട്ടത്തിനു് അനുസരണമല്ലാത്ത.

അവിധി-ന്യായവിരുദ്ധം, ചട്ടലംഘനം.

അവിധേയ-വി. ഫ. തരിക്കപ്പെട്ടവാൻ തക്കതല്ലാത്ത. ഉ. ചെയ്യപ്പെട്ടവാൻ തക്കതല്ലാത്ത.

അവിധൃത-വി. ഫ. ധരിക്കപ്പെടാത്ത. ഉ. വിടപ്പെട്ട.

അവിപത്തി-ഫ. ആപത്തില്ലായ്ക ഉ. ഒരുപൊടി. പാണ്ഡുരോഗികൾക്കു നന്നു്.

[ചുക്കു, മുളകു, തിപ്പലി, ഏലത്തരി, ഇലവങ്ങത്തൊലി, പച്ചില, മുത്തങ്ങാക്കിഴങ്ങു്, വിഴാലരി, നെല്ലിക്കാ, ത്രികോല്പക്കൊന്ന ഇവ പൊടിച്ചതു്. അതോടു പഞ്ചസാര, തേൻ ഇവ ചേർക്ക ഈ പൊടി പിത്തരോഗങ്ങളിൽ വിരേചനത്തിനു നന്നു്.]

അവിനഷ്ട-വി. ചട്ടയിടപ്പെട്ട.

അവിനയം-ധിക്കാരം, വിനയം (വണക്കം-മര്യാദ) ഇല്ലായ്ക.

അവിനയവാൻ-മര്യാദകെട്ടവൻ.

'അവളുവശമുറങ്ങുന്നേരം
അവിനയവാൻപോയീടുരം'
(നളചരിതം കഥകളി)

അവിനാശി-നാശമില്ലായ്ക.

അവിനീത-വി. വിനീതം (വണക്കം-അടക്കം) ഇല്ലാത്ത.

അവിനീത-പാതിവ്രത്യം വെടിഞ്ഞസ്ത്രീ.

അവിനീതൻ-അഹംഭാവി, വിനയം ഇല്ലാത്തവൻ.

അവിമർശം-വിചാരംകൂടാതെ.

അവിമുക്ത-വി. വിമുക്തം(വിടപ്പെട്ടതു, അഴിക്കപ്പെട്ടതു്) അല്ലാത്ത.

അവിമുക്തം-കാശി, കാശിക്കടുത്തു് ഒരു തീർത്ഥസ്ഥലം.

അവിമൃശ്യകാരി-വിചാരിക്കാതെ പ്രവർത്തിക്കുന്നവൻ.

അവിമൃഷ്ടവിധേയാംശം-കാവ്യദോഷങ്ങളിൽ ഒന്നു്. 'വിധിക്കേണ്ടതായ ഭാഗത്തെ പ്രധാനമായി നിർദ്ദേശിക്കാതിരിക്ക' (ഭാഷാഭൂഷണം).

അവിയൽ-ഒരു കറി, കൂട്ടാൻ.

അവിയുക-ഫ. വെന്തുകറയുക. ഉ. ചീഞ്ഞുകറയുക, ചുരുങ്ങുക

അവിരത-വി. നിത്യമായ.

അവിരതം-എപ്പോഴും, വിരതം (അവസാനം) ഇല്ലാത്തതു്.

അവിരളം-കറയാതെ, സമ്പൂർണ്ണമായി.

അവിൽ-ഒരു പലഹാരം. ഇതു നെല്ലു കുറച്ചു് അവിച്ചു വറുത്തിടിച്ചു് പരത്തി എടുക്കുന്നതാണു്. തമിഴിൽ അവൽ, അവൈയൽ.

'പൃഥുകഃസ്യാച്ചിപിടകഃ' (അമരം)

[പൃഥുകം, ചിപിടകം ഉ-, അവലിന്റെ പേർ. ചിപിടം എന്നും പര്യായം തന്നെ. പൃതവിൽ എന്നതു പൃന്നല്ലിന്റെ അവിലാകുന്നു.]

**അവില്പരി, അമിൽപൊരി, അകില്പരി**-അരത്ത.

**അവിലാഘിത**-വി. ലംഘിതം (കടക്കപ്പെട്ടതു്) അല്ലാത്ത.

**അവിലുക**-പകുതി വേവിക്കുക.

**അവിൽദാർ**-പട്ടാളത്തിലെ ഒരു ഉദ്യോഗസ്ഥൻ.

**അവിവേകം**-വിവേകം (തിരിച്ചറിവു്) ഇല്ലായ്മ, വിചാരംഇല്ലായ്മ.

**അവിവേകി**- തിരിച്ചറിവില്ലാത്തവൻ, വിചാരമില്ലാത്തവൻ.

**അവിശസ്തൻ**-സ്വയംമൃതൻ (തന്നെ മരിച്ചവൻ).

**അവിശേഷ**-വി. ഒന്നുപോലെയുള്ള, തുല്യതയുള്ള.

**അവിശ്വാസ**-വി. വിശ്വാസമില്ലാത്ത

**അവിശ്വാസി**-വിശ്വാസമില്ലാത്തവൻ.

**അവിഷ**-അതിവിടയം.

**അവിഷ**-വി. വിഷമില്ലാത്ത.

**അവിഷം**-പു. സമുദ്രം. വ. ആകാശം.

**അവിഷി**-പു. ഒരു നദി. വ. ഭൂമി. ന. സ്വൎഗ്ഗം.

**അവിസ്പഷ്ട**-വി. തെളിവില്ലാത്ത.

**അവിസ്പഷ്ടം**-പു. തെളിവില്ലാത്തതു്. വ. കൊഞ്ഞവാക്ക്. വ്യക്തമല്ലാത്തതു് എന്നു ശബ്ദാൎത്ഥം. മറെറാരുപൎയ്യായം 'ക്ലിഷ്ടം'.

**അവിഹിതം**-പു. വിഹിതമല്ലാത്തതു്. വ. പീനൽകോടനുസരിച്ചുള്ള ഒരു കററം. (തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പ ൪൦൩-ം, ൪൦൪-ം).

**അവിളംബം**-താമസംകൂടാതെ, വേഗത്തിൽ.

**അവിളംബിതം**-പു. ബദ്ധപ്പാടുള്ളതു്, വേഗമുള്ളതു്. വിളംബിതം (താമസം) ഇല്ലാത്തതു്. അവിളംബനം എന്നു പാഠാന്തരം കാണുന്നു.

**അവിളംബിതം**-കാലതാമസംകൂടാതെ. ഇതുകൊണ്ടു താമസിക്കപ്പെടുന്നില്ലാ എന്നു ശബ്ദാൎത്ഥം.

**അവീചി**-ഒരു നരകം. സുഖം ഇല്ലാത്തിടം എന്നു ശബ്ദാൎത്ഥം.

**അവീട്ടവൻ**-വടക്കൻമലയാളത്തിൽ തീയരെപോലെയുള്ള ഒരു ജാതിക്കാരൻ.

**അവീൻ**-കറപ്പു്. (അറബിഭാഷയാണു്).

**അവീർ**-മുഖത്തിടുന്ന ഒരു സുഗന്ധവസ്തു. (അറബിഭാഷയാണു്).

**അവീര**-വി. ശക്തികെട്ട.

**അവീര**-ഭൎത്താവും പുത്രനും ഇല്ലാത്തവൾ. വിധവയാകയും മക്കളില്ലാതെ വരികയും കൂടി ഒരുമിച്ചു ചേരുന്ന അവസ്ഥയാണു് ഈ പേരിനു കാരണം. വീര (പതിയും പുത്രനും ഉള്ളവൾ) അല്ലാത്തവൾ.

'അവീരാനിഷ്പതിസുതാ' (അമരം)

**അവൃകം**-പു. രക്ഷ. വ. സമാധാനം.

**അവൃഷ്യ**-വി. പു. ശുക്ലത്തെ വൎദ്ധിപ്പിക്കാത്ത. വ. ശരീരപുഷ്ടിയെ ഉണ്ടാക്കാത്ത.

**അവേക്ഷ, അവേക്ഷണം**-ദൃഷ്ടി ഉറപ്പിച്ചുള്ള നോട്ടം, അവേക്ഷ എന്നതിനു തുല്യം, ഉടമ്പടി ഈ അൎത്ഥവുംകാണുന്നു.

**അവേക്ഷമാണൻ**- അവേക്ഷിച്ചിരിക്കുന്നവൻ.

'അവേക്ഷമാണാംമഹതീംമുഹുൎമ്മുഹുഃ' (മാഘം)

**അവേക്ഷിക്കുക**-ദൃഷ്ടിഉറപ്പിച്ചുനോക്കുക, രക്ഷിക്കുക.

**അവേദ്യ**-അറിയപ്പെടുവാൻ വയ്യാത്ത.

**അവേദ്യം**-കിടാവു്, കന്നു്.

**അവേല്ലജഃ**-കടുക (നല്ലകടുക).

**അവൈദികം**-വൈദികം (വേദസംബന്ധം) അല്ലാത്തതു്.

**അവ്യക്ത**-വ്യക്തം (സ്പഷ്ടം) അല്ലാത്ത.

**അവ്യക്തത**-സ്പഷ്ടമില്ലായ്മ.

**അവ്യക്തം**-പ. വ്യക്തം (സ്പഷ്ടം) അല്ലാത്തതു്. ൨. അവ്യാകൃതാദിനാമങ്ങളാൽ കൊണ്ടു പറയപ്പെട്ടവാൻ യോഗ്യമായിരിക്കുന്ന ഈശ്വരന്റെ ശക്തിവിശേഷം.

**അവ്യക്തൻ**-പ. വിഷ്ണു. ഇന്നപ്രകാരമെന്നു സ്പഷ്ടമല്ലാത്തവൻ. ൨. പരമാത്മാവു്. ൩. ശിവൻ. ൪. കാമദേവൻ.

**അവ്യക്തമൂൎത്തി**-ദൈവം. അഗോചരമായ രൂപമുള്ളവൻ.

**അവ്യക്തരാഗം**-വ്യക്തമല്ലാത്ത ചെമപ്പു്

**അവ്യക്തരാശി**-അറിയപ്പെടാത്ത അക്കം, അല്ലെങ്കിൽ സംഖ്യ.

**അവ്യക്തരൂപി**-ദൈവം, കാണപ്പെടാത്തവൻ.

**അവ്യക്തലക്ഷണൻ**-ശിവൻ.

**അവ്യക്തവചനം**-കൊഞ്ചവാക്കു്.

**അവ്യഗ്ര**-വി. ഭ്രമമില്ലാത്ത, വ്യാകുലമില്ലാത്ത. ൨. ശ്രദ്ധയുള്ള, അധൈൎയ്യമില്ലാത്ത. ൩. പ്രവൃത്തിയിൽ പ്രവേശിക്കാത്ത, ഇളക്കമില്ലാത്ത.

**അവ്യഗ്രം**-അ. പതുക്കെ, സാവധാനത്തിൽ.

**അവ്യണ്ഡ**-വി. നായ്ക്കുരണ. [ന വിഗതമണ്ഡം ബീജമസ്യാഃ]. ഇതിന്റെ അണ്ഡം വിഗതമാവുകയില്ല.

**അവ്യഥ**-വി. വ്യഥ (വേദന) ഇല്ലാത്ത

**അവ്യഥാ**-പ. കടുക്കമരം. വ്യഥായാ (ദുഃഖത്തെ) കളയുന്നതു് എന്നു ശബ്ദാൎത്ഥം. ൨. ഓരിലത്താമര. വേദനയില്ലായ്മ.

**അവ്യഥം**-ഒരു സൎപ്പം.

**അവ്യഭിചരിതം**-വ്യഭിചരിക്കാത്തതു്. നിയതസ്ഥലത്തിൽ നിന്നു് അന്യസ്ഥലത്തിൽ പ്രവേശിക്കാത്തതു്.

**അവ്യയ**-വി. ൧. നാശമില്ലാത്ത. ൨. ചെലവില്ലാത്ത.

**അവ്യയം**-പ. വ്യയം (നാശം, ചെലവു്) ഇല്ലാത്തതു്. ൨. (വ്യാകരണത്തിൽ) നാമം, ക്രിയ, ഭേദകം, നിപാതം ഇവയിൽ ഏതെങ്കിലും ഒരു ജാതിയിൽ ജനിച്ച പദം കാരണവശാൽ സ്വജാതിധൎമ്മം വിടുന്നതായാൽ അപ്പോൾ അതിനുള്ള പേർ. രൂപത്തിനു ഭേദം വരാത്ത പദം—അവ്യയം. ൩. പരബ്രഹ്മം.

**അവ്യയൻ**-പ. നാശമില്ലാത്തവൻ, ബ്രഹ്മ, വിഷ്ണു, ശിവൻ. ൨. ബുദ്ധൻ.

**അവ്യവസായി**-വി. ജാഗ്രതയില്ലാത്ത.

**അവ്യവസിത**-വി. വ്യവസിതം (നിശ്ചയം) ഇല്ലാത്ത

**അവ്യവസ്ഥ**-വി. വ്യവസ്ഥയില്ലാത്ത.

**അവ്യവഹിതം**-ഇടയിൽ വേറെ ഒന്നില്ലാത്ത വിധം തമ്മിൽ കൂടിച്ചേൎന്നതു്.

**അവ്യാകുല**-വി. ഇളക്കമില്ലാത്ത.

**അവ്യാകൃതം** - തെളിയിച്ചുകൂടാത്തതു്, സ്പഷ്ടമാക്കിക്കൂടാത്തതു്, വ്യാകരിപ്പില്ലാത്തതു്. വ്യാകരിപ്പു് = യാതൊരു ഭേദവും കൂടാതെ ഒരേ ആകൃതിയിൽ ബ്രഹ്മമായിരിക്കാത്തതു്.

'മായയാ മൂടി മറഞ്ഞിരിക്കുന്നോരു
നീയല്ലോ നൂനമവ്യാകൃതമായതും'
(അദ്ധ്യാത്മരാമായണം)

**അവ്യാജ**-വി. വ്യാജം (കളവു്) ഇല്ലാത്ത, സത്യമായ.

**അവ്യാപ്ത**-വ്യാപ്തം (വ്യാപിക്കപ്പെട്ടതു്) അല്ലാത്ത, എത്തിയതല്ലാത്ത, പരക്കാത്ത.

**അവ്യാപ്തി**-വ്യാപിക്കായ്ക, എത്തേണ്ട ദിക്കുകളിൽ മുഴുവൻ എത്തായ്ക.

**അവ്യാഹത**-വി. തടുക്കപ്പെടാത്ത, തടവില്ലാത്ത, വിരോധമില്ലാത്ത.

**അവ്യാഹൃതം**-വ്യാഹൃതം (പറയപ്പെട്ടതു്) അല്ലാത്തതു്, മൗനം.

**അവ്യാവലി**-ആട്ടിൻകൂട്ടം.

**അവ്വണ്ണം**-അ. അതുപോലെ.

**അശക്ത**-വി. ശക്തമല്ലാത്ത, ബലമില്ലാത്ത, ക്ഷീണിച്ച

**അശക്തി**-ശക്തി (ബലം) ഇല്ലായ്മ.

**അശക്യം**-ശക്യം (കഴിയുന്നതു്) അല്ലാത്തതു്, കഴിയാത്തതു്.

അശങ്ക-വി. ൧. ശങ്ക(സംശയം, ഭയ)കൂടാത്ത. ൨. ഉറപ്പുള്ള.

അശങ്കിതം-അ. സംശയംകൂടാതെ.

അശംസിതം-ശംസിതം(സ്തുതിക്കപ്പെട്ടതു) അല്ലാത്തതു്.

അശട്ട-൧. സംശയം. ൨. ഭീതി. ൩. സൂക്ഷ്മക്കുറവ്.

അശടി-സൂക്ഷ്മക്കുറവ്.

അശനം-ഭക്ഷണം.

അശനായ-വിശപ്പ്, അശനത്തിന്റെ ഇച്ഛ. ഭക്ഷണത്തിനുള്ള ഇച്ഛ എന്നു ശബ്ദാൎത്ഥം.

അശനായിത-വി. വിശപ്പുള്ള.

അശനി-വജ്രായുധം, ഇടിത്തീയ്, ത്രൈലോക്യത്തെ ഭുജിക്കുന്നതു്, ശത്രുപ്രാണങ്ങളെ ഭക്ഷിക്കുന്നതു്, ഇന്ദ്രനു മൂന്നു ലോകങ്ങളെ സ്വാധീനമാക്കുന്നതിനുള്ള ഉപകരണം.

'അശനിസമംതവചാപമാപതിക്കും'
(ശ്രീകൃഷ്ണചരിതം)

അശഃനച്ഛത്ര-അതിഭക്ഷകൻ.

അശനൈഃ-അ. വേഗം.

അശമന്നൂർ-തിരുവിതാംകൂറിൽ കുന്നത്തുനാട്ടു താലൂക്കിൽ ഒരു പകുതി.

അശരണ-വി. ശരണം (സഹായം) ഇല്ലാത്ത.

അശരീരി-വി. ശരീരമില്ലാത്ത.

അശരീരിവാക്ക്-ദേവവാക്ക്, ദിവ്യവാക്ക്.

അശാന്ത-വി. ശാന്തമില്ലാത്ത.

അശാന്തം-ശമിക്കുന്നതല്ലാത്തതു്.

അശിക്കുക-ഭക്ഷിക്കുക.

അശിക്ഷിത-വി. ശിക്ഷിക്കപ്പെടാത്ത, അഭ്യസിക്കപ്പെടാത്ത.

'സ്ത്രീകൾക്കശിക്ഷിതപടുത്വമമാനുഷീഷു'
(അഭിജ്ഞാനശാകുന്തളം)

അശിത-വി. ഭക്ഷിക്കപ്പെട്ട.

അശിതം-ഭക്ഷിക്കപ്പെട്ട അന്നംമുതലായവ. ഭുജിക്കപ്പെട്ടതു് എന്നു ശബ്ദാൎത്ഥം.

അശിരൻ-൧. അഗ്നി. ൨. സൂൎയ്യൻ ൩. എരുക്ക്. ൪. കൊടുവേലി. ൫. ദുൎബ്ബലൻ. ൬. ഒരു രാക്ഷസന്റെ പേർ. ൭. കാററ്.

അശിര-ഒരു രാക്ഷസന്റെ ഭാൎയ്യ.

അശിരസ്നാനം-തലയൊഴിച്ചുള്ള കുളി. അതായതു് ദേഹമാസകലം ജലംകൊണ്ടു കഴുകുക.

അശിര-വജ്രം, രത്നം.

അശിവം-അമംഗളം. ശിവം (ശുഭം) ഇല്ലായ്ക, നിൎഭാഗ്യം.

അശിശ്വി-കുട്ടികളില്ലാത്തവൾ. ശിശുവില്ലാത്തവൾ എന്നു ശബ്ദാൎത്ഥം.

അശിഷ്ട-വി. ൧. മൂഢതയുള്ള. ൨. നല്ല നടത്തയില്ലാത്ത.

അശിഷ്ഠം-അഗ്നി.

അശിഷ്ഠ-വി. അധികം ഭക്ഷിക്കുന്ന.

അശീത-വി. ശീതം (തണുപ്പ്) ഇല്ലാത്ത.

അശീതകരൻ-സൂൎയ്യൻ.

അശീതത്വിട്ട്-സൂൎയ്യൻ.

അശീതരശ്മി-സൂൎയ്യൻ.

അശീതി-എണ്പതു് (൮൦).

അശീതികൻ-എണ്പതുവയസ്സായവൻ.

അശീൎഷക-വി. ശീൎഷം (തല) ഇല്ലാത്ത.

അശീലം-ശീലം (മൎയ്യാദ, നല്ലസ്വഭാവം) ഇല്ലായ്ക, മൂൎഖത.

അശ്രു-വി. ഊലംപോയതായ.

അശുചി-൧. ശുചി (വൃത്തി) കേട്, അശുദ്ധി. ൨. കറുപ്പുനിറം. അവമാനം എന്നും പറയുന്നു.

അശുദ്ധ-വി. ശുദ്ധമല്ലാത്ത, അഴുക്കായ, തെററായ.

അശുദ്ധി-ശുദ്ധിയില്ലായ്മ.

അശുഭ-വി. ൧. ശുഭം (ക്ഷേമം, സൌഖ്യം) ഇല്ലാത്ത. ൨. നന്മകെട്ടുള്ള. ൩. അമംഗളമായ. ൪. നിൎഭാഗ്യമുള്ള.

**അശുഭം**-ന. ക്ഷേമമില്ലായ്മ, അമംഗളം. പ. പാപം. സ. നിർഭാഗ്യം. ർ. നന്മകേട്.

**അശുഭോദർക്കം**-അമംഗലഫലം.

'നീരന്ധ്രാംഭോധരനിരയതി
ന്നാർപ്പുകേട്ടാർട്ടിക്കാ-
യാരംഭിച്ചാലതുടനശുഭോ
ദർക്കമാം തർക്കമില്ല'
(മയൂരസന്ദേശം)

**അശ്രുത**-വി. ന. പാകംചെയ്യപ്പെടാത്ത. പ. മൂക്കാത്ത, പച്ചയായ (പഴുക്കാത്ത).

**അശേഷം**-ഒട്ടൊഴിയാതെയുള്ളത്, മുഴുവനായുള്ളത്. ബാക്കിയില്ലാത്തത് എന്നു ശബ്ദാർത്ഥം.

**അശോക**-ശോക (ദുഃഖ) മില്ലാത്ത.

**അശോകൻ**-ന. ശോകം (ദുഃഖം) ഇല്ലാത്തവൻ. പ. വിഷ്ണു. സ. ദശരഥന്റെ ഒരു മന്ത്രി. ർ. മൌര്യവംശത്തിലെ പ്രധാനരാജാവ്.

[ബുദ്ധമതകാലം തുടങ്ങുന്നത് അശോക മഹാരാജാവിന്റെ രാജ്യഭരണം മുതൽക്കാണ്. വിഖ്യാതികൊണ്ട് ഇദ്ദേഹം ഭാരതത്തിലുള്ള എല്ലാ രാജാക്കന്മാരേയും ജയിച്ചിരുന്നു. അശോകമഹാരാജാവിന്റെ അച്ഛന്റെ പേർ ബിന്ദുസാരൻ എന്നായിരുന്നു. അമ്മ സുഭദ്രാംഗി എന്ന ബ്രാഹ്മണസ്ത്രീയാണ്. കലിവർഷ[illegible]-ലൊ [illegible]-ലൊ ഇദ്ദേഹം സിംഹാസനാരോഹണംചെയ്തു. ഇദ്ദേഹം വേണ്ടുംവണ്ണം ബുദ്ധമതത്തെ പ്രചരിപ്പിച്ചു. മഹാരാജാവിന് ഒന്നിലധികം ഭാര്യമാരുണ്ടായിരുന്നു. പാടലീപുത്രമായിരുന്നു തന്റെ തലസ്ഥാനം. ചന്ദ്രഗുപ്തന്റെ പൌത്രനാണ്.]

**അശോകം**-ന. അശോകവൃക്ഷം. ശോകത്തെകളയുന്നത് എന്നു വ്യുൽപത്തി. വഞ്ജുളം, എന്നും പര്യായമാകുന്നു.

[ഇത് ഗന്ധം, ശൂല, വ്രണം, മുലക്കുരു, തൃഷ്ണ, പിത്തം, ചുട്ടുനീറൽ, മേൽ വയറുവീക്കൽ ഇവയെ ശമിപ്പിക്കും. തിക്തരസമാണ്.]

'അശോകഃശോകനാശസ്യാ-
ദ്വിശോകോവഞ്ജുളദ്രുമഃ
മധുപുഷ്പാപശോകശ്ച
കങ്കേളീകലികസ്തഥാ
രക്തപല്ലവകശ്ചിത്രോ
വിചിത്രഃകർണ്ണപൂരകഃ
സുഭാഽധിവാസഃസുഭഗോ
ദോഷഹാരീപ്രപല്ലവഃ
രാഗീതരുർഹേമപുഷ്പോ
രാമാവാമാംഘ്രിഘാതകഃ
പിണ്ഡീപുഷ്പോനടശ്ചൈവ
പല്ലവദ്രുർദ്വിവിംശതിഃ'

എന്നു പര്യായം. പ. കടുകരോഹിണി. സ. കന്മദം.

**അശോകാ**- ന. കടുകരോഹിണി. പ. രസം.

**അശോകരോഹിണി**-കടുകരോഹിണി അശോകംപോലെ മുളച്ചുണ്ടാകുന്നത് എന്നു വ്യുൽപത്തി.

**അശോകവനിക**-അശോകോദ്യാനം.

**അശോകവനികാന്യായം**-"അശോകവനികയോടു തുല്യങ്ങളായി വേറെയും ഉദ്യാനങ്ങൾ ലങ്കയിലുണ്ടായിരുന്നുവെങ്കിലും അശോകവനികയിലാണ് രാവണൻ സീതയെക്കൊണ്ടാക്കിയത്. അപ്രകാരം തുല്യഗുണങ്ങളിൽ ഒന്നു തിരഞ്ഞെടുക്കുന്നതിനു സ്വേച്ഛയാണ് പ്രമാണം. ആ വിഷയത്തിൽ ചോദ്യത്തിന്നവകാശമില്ല എന്ന സമ്പ്രദായത്തെ ഈ ന്യായം കാണിക്കുന്നു."

**അശോകവർദ്ധനൻ**-മഗധയിലെ ഒരു ചക്രവർത്തി.

**അശോഭന**-വി. ശോഭനമല്ലാത്ത, പ്രകാശമില്ലാത്ത.

**അശൌചം**-അശുദ്ധി.

**അശ്മകം**-കന്മദം.

അശ്മകൻ-൧. ഒരു രാജാവു്. ൨. ഒരു മുനി.

അശ്മകുട്ടൻ-കല്ലുകൊണ്ടു പൊടിച്ചുമാത്രം ഭക്ഷിക്കുന്നവൻ.

അശ്മഗർഭം-മരതകരത്നം. കല്ലിൽനിന്നുണ്ടായതു് എന്നു ശബ്ദാർത്ഥം.

അശ്മജം-കന്മദം.

അശ്മജതു-കന്മദം.

അശ്മദാരണം-കല്ലുളി, മഴു.

അശ്മന്ത-വി. ൧. അതിരില്ലാത്ത. ൨. ചീത്തശകുനമുള്ള.

അശ്മന്തകം - കല്ലൂർവഞ്ചി, കൊങ്ങമന്ദാരം.

അശ്മന്തം-൧. അടുപ്പു്. കല്ലിനകൂടി നാശംവരുത്തുന്നതുകൊണ്ടു ഈ പേർവന്നു. അവസാനത്തിൽ കല്ലുള്ളതു് എന്നും വ്യുൽപത്തികാണുന്നു. 'അസന്തം' എന്നും പാഠമുണ്ടു്. ൨. മരണം. ൩. അശുഭം.

അശ്മപട്ടം-പാറപ്പുറം.

അശ്മപുഷ്പം-ശൈലേയം. കല്ലിൻെറ പൂപോലെയുള്ളതെന്നു ശബ്ദാർത്ഥം. ഇതു പാറപ്പുറത്തുണ്ടായി വളരുന്നു.

അശ്മഭിത്തു്-കല്ലൂർവഞ്ചി(ഞ്ഞി).

അശ്മഭേദം-കല്ലൂർവഞ്ചി(ഞ്ഞി).

അശ്മം-൧. കല്ലു്, പാറ, ശില. ൨. മല. അശിക്ക-ഭക്ഷിക്കുക. വസ്ത്രാദികളെ അപഹരിക്കുമ്പോൾ ഭക്ഷിക്കുന്നതു് എന്നർത്ഥം.

അശ്മരി-കല്ലടപ്പു്. കല്ലുണ്ടാക്കിത്തീർക്കുന്നതു് എന്നു ശബ്ദാർത്ഥം.

[ഇതു വായു, വസ്തി മുഖത്തെ രോധിച്ചു മൂത്രത്തെ പിത്തത്തോടോ കഫത്തോടോ ശുക്ലത്തോടൊകൂടി ഉണ്ടാക്കുന്നതാകുന്നു (പശുവിൻെറ പിത്തത്തിങ്കൽനിന്നു ഗോരോചനയുണ്ടാകുംവണ്ണം)].

അശ്മശ്രു-മീശവരാത്ത പുരുഷൻ.

അശ്മസാരം-ഇരിമ്പു്, കല്ലിൻെറ സാരം. ഇരിമ്പു് മെത്തരം കല്ലിൽനിന്നു കിട്ടുന്നതുകൊണ്ടു ഈ പേരുണ്ടായി.

അശ്മാവു്-കല്ലു്.

അശ്മിക-പ്രാചീനനായൊൻെറ ഭാര്യ.

അശ്രദ്ധാനൻ - ശ്രദ്ധിക്കുന്നവനല്ലാത്തവൻ.

അശ്രദ്ധ-വി. ശ്രദ്ധ(താല്പര്യം, ജാഗ്രത, വിശ്വാസം) ഇല്ലാത്ത.

അശ്രദ്ധ-വിശ്വാസക്കേടു്.

അശ്രം-൧. മൂല. ഉ-ം, ചതുരശ്രം ഇത്യാദി. ൨. കണ്ണുനീർ (കണ്ണുനീരിനു 'അസ്രം' എന്നതു നന്നു്.)

അശ്രമം-ശ്രമം (അലസത, ക്ഷീണം) ഇല്ലായ്ക.

അശ്രാന്ത-വി. ക്ഷീണം ഇല്ലാത്ത, എപ്പോഴുമുള്ള.

അശ്രാന്തം-എല്ലായ്പോഴും, എപ്പോഴുമുള്ളതു്.

അശ്രാവ്യ-വി. ശ്രാവ്യം (കേൾക്കാതക്കതു്, ശ്രവിക്കത്തക്കതു്) അല്ലാത്ത.

അശ്രി-വി. ഐശ്വര്യമില്ലാത്ത.

അശ്രി-ആയുധങ്ങളുടെ വായ്തല. ശത്രുക്കളുടെ ശരീരത്തിൽ പ്രവേശിക്കുന്നതു് എന്നു ശബ്ദാർത്ഥം.

അശ്രി-൧. കത്തിയുടെ മുന. ൨. കോൺ. ൩. ഒരു മുറിയുടെയും വീട്ടിൻെറയും മൂല.

അശ്രീക-വി. ൧. അഴകില്ലാത്ത. ൨. നിർഭാഗ്യമുള്ള, ഐശ്വര്യമില്ലാത്ത.

അശ്രീകരം-വൃത്തികേടു്, ദാരിദ്ര്യം.

അശ്രു-കണ്ണുനീർ. ഒരേടത്ത (ഇരുന്നു) വീഴുന്നതു്, കവിൾത്തടത്തിൽ വ്യാപിക്കുന്നതു് എന്നിങ്ങനെ ശബ്ദാർത്ഥം.

'ചാസ്രു നേത്രാംബുരോദനഞ്ചാസ്രമശ്രു ച'
(അമരം)

[അസ്രു, നേത്രാംബു, രോദനം, അസ്രം, അശ്രു ഇ-ം, കണ്ണുനീരിൻെറ പേർ.]

അശ്രുകണം-കണ്ണുനീർതുള്ളി.

അശ്രുകല-കണ്ണുനീർതുള്ളി.

അശ്രുജലം—കണ്ണുനീർ.

അശ്രുത-വി. ശ്രുതം (കേട്ടിട്ടുള്ളതു്) അല്ലാത്ത, കേട്ടിട്ടില്ലാത്ത.

അശ്രുദേവൻ-ഒരു സൂര്യവംശരാജാവു്.

അശ്രുവാർക്കുക—കണ്ണുനീർതൂകുക, കരയുക

'അശ്രുവാർത്തുരമംഗനന്നിന്നപ്പോൾ
വിശ്രുതകീർത്തിചൊല്ലിനാൻഗോവിന്ദ'
(രാമായണം ൨൪ വൃത്തം)

അശ്ലീല-വി. സഭായോഗ്യതയില്ലാത്ത.

അശ്ലീലം-ന. നീചവചനം, സഭായോഗ്യതയില്ലാത്തവാക്കു്. ഭംഗിയില്ലാത്തതു, മനോഹരത്വമില്ലാത്തതു് എന്നിപ്രകാരം വ്യുൽപത്തി. ൨. സാഹിത്യസാമ്രാജ്യപ്രകാരം കാവ്യ (പദ) ദോഷങ്ങളിൽ ഒന്നു്. ലജ്ജ, ജുഗുപ്സ, അമംഗലം ഇവയ്ക്കു ഇടംകൊടുക്കുന്നതു്.

'വീരാരതങ്കംവിധുസ്ത്രീവടിവുവിധുധരൻ
കണ്ടുകാമിച്ചടുത്തി-
ട്ടേതാണ്ടൊക്കെപ്രവർത്തിച്ചമൂവവതരണം
ചെയ്തചൈതന്യമൂർത്തി'

ഇവിടെ 'ഏതാണ്ടൊക്കെ പ്രവർത്തിച്ചമൂവ്' എന്നതു് അശ്ലീലം ആകുന്നു. (ഭാഷാഭൂഷണം.)

അശ്വകം-ന. ചെറിയ കുതിര. ൨. ഉടമസ്ഥൻ ഇന്നാരെന്നറിയാതെ വഴിതെറ്റിനടക്കുന്ന കുതിര.

അശ്വകർണ്ണ(ക)ം-മരുതു്. കുതിരച്ചെവിപോലെ ഇലകളുള്ളതു് എന്നു ശബ്ദാർത്ഥം. മരുപ്പുമരുതു്, വെണ്മരുതു് ഇങ്ങിനെയും കാണുന്നു

അശ്വകാമകൻ-കുതിരപ്രധാനി.

അശ്വഗതി-ന. കുതിരയുടെ ഗമനം. ൨. രണ്ടു വൃത്തങ്ങളുടെ പേർ. ഒന്നു അഷ്ടിഛന്ദസ്സിൽ ഉൾപ്പെട്ടതു്. പാദത്തിൽ ൧൬ അക്ഷരം വീതം കാണും.

'അഞ്ചുഭകാരമിഹാശ്വ
ഗതിക്കൊടുവിൽ ഗുരുവും'

മറ്റൊന്നു ധൃതിഛന്ദസ്സിൽ ഉൾപ്പെട്ടതു് പാദത്തിൽ ൧൮ അക്ഷരംവീതംകാണും.

'അഞ്ചുഭകാരമിഹാശ്വഗതിക്കു
സകാരവുമൊടുവിൽ' (വൃത്തമഞ്ജരി)

അശ്വഗന്ധം-അമുക്കുരം.

അശ്വഗ്രീവൻ-ഹയഗ്രീവൻ എന്ന അസുരൻ.

അശ്വഘോഷൻ - 'ബുദ്ധചരിത'ത്തിന്റെ കർത്താവാകുന്നു. ഇദ്ദേഹം കനിഷ്കൻ എന്ന രാജാവിന്റെ സമകാലീനനാണു് എന്നു ബുദ്ധമതക്കാർ പറയുന്നു. അതു വാസ്തവമാണെങ്കിൽ പ്രസ്തുതകവി എ-ഡി ഒന്നാംനൂറ്റാണ്ടിൽ ജീവിച്ചിരുന്നിരിക്കണം. ഏതായാലും ബുദ്ധചരിതത്തിന്റെ നിർമ്മാണകാലം എ-ഡി. ൩൦൦-നും, ൪൦൦-നും പിമ്പാകാൻ നിവൃത്തിയില്ല എന്നുള്ളതിനു തെളിവുണ്ടു്.

അശ്വഫല്ലു-പേരാൽ.

അശ്വതരം-ഒരുമാതിരി കഴുത.

അശ്വതി-ആദ്യത്തെ നക്ഷത്രം.

അശ്വത്ഥം-അരയാൽ. വളരെക്കാലം നിലനിൽക്കുന്നതു്, ബലമുള്ളതു് എന്നു ശബ്ദാർത്ഥം.

അശ്വത്ഥാമാവു്—ദ്രോണർക്കു് കൃപി എന്ന ഭാര്യയിൽ ജനിച്ച ഏകപുത്രൻ. അശ്വത്തിനൊപ്പം സ്ഥാമം (ബലം) ഉള്ളവൻ എന്നു ശബ്ദാർത്ഥം. അശ്വത്തിന്റെ സ്ഥിതിപോലെയിരിക്കുന്ന സ്ഥിതിയോടുകൂടിയവൻ എന്നുമാകാം.

[ഈ അശ്വത്ഥാമാവു് ജന്മനാ ബ്രാഹ്മണനും ബ്രാഹ്മണർക്കു് നിഷിദ്ധമായ യുദ്ധത്തിൽ അതിവിദഗ്ദ്ധനുമായിരുന്നു. ഇദ്ദേഹം ചിരംജീവികളിൽ ഒരുവനാണു്. കൌരവരുടെ സേനാപതിയുമായിരുന്നു. ഭീമൻ അർജ്ജുനൻ മുതലായവർ കൂടി അടിച്ചു് ഈ വീരന്റെ തലയിലുണ്ടായിരുന്ന രത്നത്തെ പറിച്ചെടുത്തു പ

ഘോഷിക്ക കൊട്ടത്തു. ബ്രാഹ്മണനാകയാൽ കൊന്നില്ല.]

ചിരംജീവികൾ.

'അശ്വത്ഥാമാബലിർവ്യാസോ
ഹനൂമാംശ്ച വിഭീഷണഃ
കൃപഃ പരശുരാമശ്ച
സപ്തൈതേ ചിരജീവിനഃ'

**അശ്വപതി**—പു. കുതിരക്കാരൻ. ൨. ഒരു ബുദ്ധമാനപ്പേർ.

**അശ്വപാലൻ**—കുതിരക്കാരൻ, ലായം വിചാരിപ്പുകാരൻ.

**അശ്വം**—കുതിര. ഗമനംകൊണ്ടു ദിക്കുകളെ വ്യാപിക്കുന്നതു്, വേഗത്തോടെ ഗമിക്കുന്നതു് എന്നു വ്യുൽപത്തി.

**അശ്വമാലിക**—തുളസി.

**അശ്വമേധം**—ഒരു യാഗം.

ഇതു പുരാണകാലങ്ങളിൽ ഉണ്ടായിരുന്നതാണു്. രാജാക്കന്മാർ മോക്ഷനിവൃത്തിക്കു് ഇതു നടത്തിവന്നിരുന്നു. ഒരു കുതിരയെ യഥേഷ്ടം സഞ്ചരിക്കുന്നതിനയക്കയും അതു ചെല്ലുന്ന രാജ്യത്തുള്ള രാജാക്കന്മാർ അതിനെ തടയുകയും അയച്ച രാജാവു് അവിടെ ചെന്നു യുദ്ധംചെയ്തു ജയിച്ചു് അതിനെ തിരികെ കൊണ്ടുപോരുകയും ചെയ്യുകയാണു്. നൂറു അശ്വമേധം കഴിക്കുന്ന രാജാവിനു് ഇന്ദ്രനാകാം.

**അശ്വമേധീയം**—അശ്വമേധയാഗത്തിനു നിശ്ചയിക്കപ്പെട്ട കുതിര. മറെറാരു പര്യായം 'യയു'.

**അശ്വയുക്കു്**—അശ്വതിനക്ഷത്രം. രൂപംകൊണ്ടു അശ്വത്തിനു തുല്യമായതു്.

**അശ്വയുജം**—തുലാമാസം.

**അശ്വരഥ**—ഒരു നദി. (ഗന്ധമാദനപർവ്വതത്തിലാണു്).

**അശ്വരത്നം**—നല്ല കുതിര.

**അശ്വലളിതം**—ഒരു വൃത്തം. വികൃതിഛന്ദസ്സിൽ പെട്ടതു്. പാദത്തിൽ ൨൩ അക്ഷരം വീതം കാണും.

'ഇഹ പതിനൊന്നിൽനിന്നു നജഭം ജഭം ജഭലഗങ്ങളശ്വലളിതം'

(വൃത്തമഞ്ജരി)

**അശ്വലക്ഷണം**—കുതിരയുടെലക്ഷണം.

**അശ്വവൃത്തി**—നീചന്മാരെ സേവിക്കുന്നവൻ.

**അശ്വശാല**—കുതിരപ്പുര.

**അശ്വസൻ**—നായാടി. ഇവൻവേടനാണു്.

**അശ്വസമൂഹം**—കുതിരക്കൂട്ടം. അശ്വീയം (ആശ്വീയം), ആശ്വം—ഇവ പര്യായങ്ങൾ.

**അശ്വസാദി**—കുതിരസ്സേവകക്കാരൻ.

**അശ്വസേനൻ**—തക്ഷകന്റെ പുത്രൻ.

**അശ്വഹൃദയം**—അശ്വത്തെ നയിക്കുന്നതിനുള്ള ഒരു മന്ത്രം. ഇതു നളൻ ഋതുപർണ്ണനു കൊടുത്തതാണു്. ഈ മന്ത്രം പഠിച്ചാൽ മനോവേഗത്തിൽ കുതിരയെഓടിക്കുന്നതിനു കഴിയും. (അക്ഷഹൃദയം എന്ന ശബ്ദം നോക്കുക).

**അശ്വാ**—പെൺകുതിര.

**അശ്വാനീകം**—കുതിരപ്പട്ടാളം, അശ്വസൈന്യം.

**അശ്വാരൂഢ**—കുതിരപ്പുറത്തു കയറിയ.

**അശ്വാരോഹണം, അശ്വാരോഹം**—കുതിരപ്പുറത്തു കയറുക.

**അശ്വാരോഹൻ**—പു. കുതിരമേൽ കയറിയവൻ. ൨. കുതിരക്കാരൻ.

**അശ്വാരോഹ**—അമുക്കുരം.

**അശ്വി**—പു. അശ്വതിനക്ഷത്രം. ൨. ശ്രേഷ്ഠനായ കുതിരപ്പടയാളി.

**അശ്വികൾ**—ദേവവൈദ്യന്മാർ, വൈദ്യശാസ്ത്രോപദേഷ്ടാക്കന്മാരായ രണ്ടു ദേവകൾ.

**അശ്വിനി**—അശ്വതിനക്ഷത്രം. അശ്വത്തെപ്പോലെ രൂപമുള്ളതെന്നർത്ഥം.

**അശ്വിനീദേവന്മാർ**—സ്വർഗ്ഗവൈദ്യന്മാർ.

[ഇവർ രണ്ടുപേരും സദാ ഒരുമിച്ചു സഞ്ചരിക്കുന്നവരാണ്. ഇവരിൽ ഒരാളുടെ പേർ 'നാസത്യൻ', മറ്റൊരാളുടെ പേർ 'ദസ്രൻ'. ഇവർ നകുലന്റേയും സഹദേവന്റേയും പിതാക്കന്മാരാകുന്നു. കുതിരയുടെ രൂപം അവലംബിച്ച (അശ്വിനി) സംജ്ഞാദേവി എന്ന അപ്സരസ്ത്രീയിൽ സൂൎയ്യനുജനിച്ചവരാകുന്നു. ഇവൎക്കു ഗദാഗദർ, സ്വൎവൈദ്യർ, അബ്ധിജർ, വാമദേയർ, പുഷ്കരസ്രജർ എന്നുള്ള പേരുകളും കാണുന്നുണ്ട്.]

**അശ്വിനീസുതന്മാർ**- അശ്വിനീദേവന്മാർ (അശ്വിനിയുടെ പുത്രന്മാർ).

**അശ്വിമാഹാത്മ്യം**-പ്ര. ശ്രേഷ്ഠരായ കുതിരപ്പടയാളികളുടെ സാമൎത്ഥ്യം. ൨. അശ്വിനീദേവന്മാരെപ്പോലെയുള്ള വൈദ്യവിദ്യാസാമൎത്ഥ്യം.

**അശ്വീയം**-കുതിരക്കൂട്ടം. [ആശ്വീയം എന്നു കൂടി നന്ന്.]

**അശ്വോപജീവനൻ**-കുതിരയെ രക്ഷിച്ചു നിത്യവൃത്തി കഴിക്കുന്നവൻ.

**അശ്വൗഘം**-കുതിരക്കൂട്ടം.

**അഷഡക്ഷീണം**-രണ്ടാൾ തനിച്ചു ചെയ്യുന്ന മന്ത്രം, മൂന്നാമതൊരുവനറിയാത്ത മന്ത്രം, ആറു ചെവി കേൾക്കാത്തത് എന്നു ശബ്ദാൎത്ഥം. (രഹസ്യം).

**അഷാഢകം**-കൎക്കടകമാസം. ആഷാഢ(ക)ം എന്ന ശബ്ദം പ്രസിദ്ധം. 'സ്യാദാഷാഢശ്ചാഷാഢകഃ' എന്നു ശബ്ദാൎണ്ണവവചനം. 'ആശാഢം' എന്നു തമിഴ്പ്പാഠം (ആഷാഢം എന്നതു മിഥുനം മദ്ധ്യം മുതൽ കൎക്കടകം മദ്ധ്യംവരെയാണെന്നു കാണുന്നു.)

**അഷ്ട**-വി. എട്ടാമത്തെ.

**അഷ്ടകഷ്ടങ്ങൾ**-കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സൎയ്യം, ഡംഭം, അസൂയ ഇവ എട്ടും.

**അഷ്ടകൻ**-ഒരു മുനി, വിശ്വാമിത്രന്റെ ഒരു പുത്രൻ.

**അഷ്ടകം**-എട്ട്, എട്ടാമത്തെ.

**അഷ്ടകോണം**-എട്ടുകോണുള്ളത്.

**അഷ്ടഗന്ധം**-അകിൽ, ചന്ദനം, ഗുൽഗുലു, മാഞ്ചി, കുങ്കുമം, കൊട്ടം, രാമച്ചം, ഇരുവേലി ഇവ എട്ടും ചേൎന്നതു്.

**അഷ്ടഗുണങ്ങൾ**-എല്ലാഭൂതങ്ങളിലുംദയ, ക്ഷമ, അനസൂയ, ഗൌരവം, അനായാസം, മംഗളം, അകാൎപ്പണ്യം, അസ്പൃഹ ഇവ എട്ടും. ഇവയെ അഷ്ടാംഗബ്രഹ്മചൎയ്യനിഷ്ഠ എന്നും പറയും.

**അഷ്ടഗൃഹാഢ്യർ**-പരശുരാമൻ ഉത്തരദേശത്തു കൃഷ്ണാനദിയുടെതീരത്തു നിന്നു കൊണ്ടുവന്ന വേദശാസ്ത്രാദികളിൽനിപുണനായ ഒരു ബ്രാഹ്മണന്റെ (സ്ഥാനപ്പേർ യോഗാചാൎയ്യൻ) എട്ടുപുത്രന്മാർ. ഇവൎക്ക് എട്ടുപേൎക്കും വെവ്വേറെ ഇല്ലവും കെട്ടിച്ചു എട്ടില്ലക്കാൎക്കും സ്ഥാനവലിപ്പവും അഷ്ടഗൃഹത്തിലെ 'ആഢ്യർ' എന്നപേരും കൊടുത്തു വാഴിച്ചു."

(മ-ഓ-ച)

**അഷ്ടഗ്രാഹി**-എട്ടുരുളമാത്രം ഭക്ഷിക്കുന്നവൻ സന്യാസി.

**അഷ്ടചൂൎണ്ണം**-ചുക്ക്, മുളക്, തിപ്പലി, അയമോദകം, ജീരകം, കരിഞ്ജീരകം, ഇന്തുപ്പ്, കായം ഇവ എട്ടുകൂട്ടം മരുന്നുകൾ കൂട്ടിയുണ്ടാക്കുന്ന ഒരു പൊടി. ഇതു് അഗ്നിവൎദ്ധനവും വാതഗുന്മത്തിനും മറ്റും നന്ന്.

**അഷ്ടതാരിണി**-താരിണീദേവിയുടെ എട്ടുരൂപങ്ങൾ

'താരാചോഗ്രാമഹോഗ്രാച
വജ്രാകാളീസരസ്വതീ
കാമേശ്വരീചചാമുണ്ഡാ
താരിണ്യോഷ്ടാവിതീരിതാഃ

**അഷ്ടദിക്പതികൾ, അഷ്ടദിക്പാലന്മാർ**-ഇന്ദ്രൻ, വഹ്നി, പിതൃപതി, നിരൃതി, വരുണൻ, മരുത്ത്, കുബേരൻ, ഈശൻ ഇവർ എട്ടും.

'ഇന്ദ്രോവഹ്നിഃ പിതൃപതിർ-
നിരൃതിർവ്വരുണോമരുത്
കുബേര ഈശഃ പതയഃ
പൂർവ്വാദീനാം ദിശാം ക്രമാൽ' (അമരം)

അഷ്ടദിക്കുകൾ-എട്ടുദിക്കുകൾ. കിഴക്ക്, തെക്കുകിഴക്ക്, തെക്ക്, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറ്, വടക്കുപടിഞ്ഞാറ്, വടക്ക്, വടക്കുകിഴക്ക്. (൪ ദിക്കും അതുകളുടെ ൪ കോണും.)

'പൂർവ്വാഗ്നേയീദക്ഷിണാ ച
നൈരൃതീ പശ്ചിമാ തഥാ
വായവീ ചോത്തരൈശാനീ
ദിശസ്ത്വഷ്ടാവിതീരിതഃ'

അഷ്ടദിക്കരിണികൾ-എട്ടു ദിഗ്ഗജങ്ങളുടെ പിടിയാനകൾ. അഭ്രമു, കപില, പിംഗല, അനുപമ, താമ്രകർണ്ണി, ശുഭദന്തി, അംഗന, അഞ്ജനാവതി.

അഷ്ടദിഗ്ഗജങ്ങൾ-ഐരാവതൻ, പുണ്ഡരീകൻ, വാമനൻ, കുമുദൻ, അഞ്ജനൻ, പുഷ്പദന്തൻ, സാർവ്വഭൗമൻ, സുപ്രതീകൻ ഇങ്ങനെ ൮.

അഷ്ടദ്രവ്യം- യാഗത്തിനുപയുക്തങ്ങളായ എട്ടു ദ്രവ്യങ്ങൾ. അരയാൽ, അത്തി, പ്ലാവ്, പേരാൽ ഇതുകളുടെ ചമത, കടുക്, എള്ള്, പായസം, നെയ്യ്-ഇവ.

'അശ്വത്ഥോദുംബരപ്ലക്ഷ
ന്യഗ്രോധസമിധസ്തിലാഃ
സിദ്ധാർത്ഥപായസാജ്യാനി
ദ്രവ്യാണ്യഷ്ടൗ വിദുർബ്ബുധാഃ'

അഷ്ടധാ-അ. എട്ടുപ്രകാരം.

അഷ്ടധാതുക്കൾ-പൊന്ന്, വെള്ളി, ചെമ്പ്, വെള്ളീയം, യശദം, കാരീയം, ഇരിമ്പ്, രസം ഇവ ൮-ം.

'സ്വർണ്ണം രൂപ്യം ച താമ്രം ച
രംഗം യശദമേവ ച
സീസം ലോഹം രസശ്ചേതി
ധാതവോഷ്ടൗ പ്രകീർത്തിതാഃ'

അഷ്ടപദി-ഒരു പാട്ടുപുസ്തകം. [ഇതിൽ കൃഷ്ണന്റെയും ഗോപസ്ത്രീകളുടെയും ക്രീഡാവർണ്ണനമാണ് അടങ്ങിയിരിക്കുന്നത്. കലിവർഷം ൪൨൦൦-ന്റെ ഇടയ്ക്കു ജീവിച്ചിരുന്ന 'ജയദേവർ' എന്ന പ്രസിദ്ധകവിയുടെ കൃതികളിൽ ഒന്നാണ്. ഈ ഗ്രന്ഥത്തിന്റെ പ്രധാനപേർ 'ഗീതഗോവിന്ദം' എന്നാകുന്നു. (സംസ്കൃതഗ്രന്ഥമാണ്)].

അഷ്ടപാത്ത്-എട്ടുകാലി, എട്ടടിമാൻ.

അഷ്ടപാദം-എട്ടുകാലി.

അഷ്ടപ്രാസം-ശബ്ദാലങ്കാരങ്ങളിൽ ഒന്ന്.

അഷ്ടബന്ധം-ബിംബം ഉറപ്പിപ്പാൻ ഏതാനം മരുന്നുകൾ ഇടിച്ചു നേർപ്പിച്ചുണ്ടാക്കുന്നത്.

അഷ്ടബുദ്ധിഗുണങ്ങൾ-ശുശ്രൂഷ, ശ്രവണം, ഗ്രഹണം, ധാരണം, ഊഹാപോഹങ്ങൾ, അർത്ഥവിജ്ഞാനം, തത്വജ്ഞാനം ഇവ എട്ടും.

അഷ്ടഭാര്യമാർ-ശ്രീകൃഷ്ണന്റെ എട്ടു ഭാര്യമാർ. ൧. രുക്മിണി. ൨. ജാംബവതി. ൩. സത്യഭാമ. ൪. കാളിന്ദി. ൫. മിത്രവിന്ദ. ൬. സത്യ. ൭. ഭദ്ര. ൮. ലക്ഷണ.

അഷ്ടഭുജാഷ്ടകം-എട്ടു കൈകളുടേയും തീക്ഷ്ണമായ ശക്തി.

അഷ്ടമ-വി. എട്ടാമത്തെ.

അഷ്ടമംഗലം-ബ്രാഹ്മണൻ, പശു, അഗ്നി, സ്വർണ്ണം, നെയ്യ്, ആദിത്യൻ, ജലം, രാജാവ് ഇവ എട്ടു.

അഷ്ടമംഗല്യം-കരവാ, ദർപ്പണം, ദീപം, കലശം, വസ്ത്രം, അക്ഷതം, അംഗനാ, സ്വർണ്ണം ഇവ എട്ടും.

'കരവാം ദർപ്പണം ദീപം കലശം വസ്ത്രമക്ഷതം
അംഗനാ ഹേമസംയുക്തമഷ്ടമാംഗല്യലക്ഷ
[ണം'

'കല്പോടഷ്ടമംഗല്യാദിസാകല്യത്തോടും'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

**അഷ്ടമി**-എട്ടാമത്തെ പക്കം.

**അഷ്ടമിരോഹിണി**-ഒരു വിശേഷദിവസം (കൃഷ്ണൻ ജനിച്ച ദിവസം.)

**അഷ്ടമുടി**-തിരുവിതാംകൂറിൽ കൊല്ലം താലൂക്കിലുള്ള ഒരു കായൽ. നീളം മയിൽ പത്ത്. ഇതിന് എട്ടു ശാഖകൾ (മുടികൾ) ഉള്ളതുകൊണ്ടാണ് അഷ്ടമുടി എന്നു വിളിക്കുന്നത്. ഇവയിൽ പ്രധാനശാഖകൾ ൧. മഞ്ഞപ്പാടം, ൨. മുകുന്ദപുരം, ൩. അഷ്ടമുടി. ൪. ആശ്രാമം, ൫. കരീപ്പുഴ. ൬. കാഞ്ഞിരക്കോട് ഇവയാണ്. നീണ്ടകരഅഴി ഇതിനെ സമുദ്രത്തോടു ചേർക്കുന്നു.

**അഷ്ടമൂർത്തി**-ശിവൻ. ജലം, വഹ്നി (അഗ്നി), യജമാനൻ (ഹോതാവ്), സൂര്യൻ, ചന്ദ്രൻ, ആകാശം, വായു, അവനി (ഭൂമി) ഇവ എട്ടു മൂർത്തികളോടുകൂടിയവൻ

'ജലംവഹ്നിസ്തഥായഷ്ടാ
സൂര്യാചന്ദ്രമസൌതഥാ
ആകാശംവായുരവനീ,
മൂർത്തയോഷ്ടൌപിനാകിനഃ'

മറ്റൊന്ന്.

'പൃഥിവീസലിലംതേജോ
വായുരാകാശമേവച
സൂര്യാചന്ദ്രമസൌസോമ
യാജീചേത്യഷ്ടമൂർത്തയഃ'

**അഷ്ടരസങ്ങൾ**-ശൃംഗാരം, ഹാസ്യം, കരുണം, രൌദ്രം, വീരം, ഭയാനകം, ബീഭത്സം, അത്ഭുതം ഇവ എട്ടും. ഇവയോടു ശാന്തം കൂടി ചേർന്നാൽ 'നവരസം'

'ശൃംഗാരഹാസ്യകരുണാ
രൌദ്രവീരഭയാനകാഃ
ബീഭത്സാത്ഭുതസംജ്ഞൌചേ
ത്യഷ്ടൌനാട്യേരസാഃസ്മൃതാഃ'

**അഷ്ടരാഗങ്ങൾ**-കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, ഡംഭം, അസൂയ ഇവ എട്ടും.

**അഷ്ടലോഹകം**-എട്ടുലോഹങ്ങൾ.

'സ്വർണ്ണംരജതംതാമ്രം
സീസകംകാന്തികംതഥാ
വംഗംലോഹംതീക്ഷ്ണലോഹം
ലോഹാന്യഷ്ടൌവിമാനിതു'

**അഷ്ടവർഗ്ഗം**-ഒരു കഷായം. വാതത്തിനു നന്ന്.

**അഷ്ടവസുക്കൾ**-ധരൻ; ധ്രുവൻ, സോമൻ, ആപൻ, അനലൻ, അനിലൻ, പ്രത്യൂഷൻ, പ്രഭാസൻ ഇവർ എട്ടും.

'ധരന്ധ്രുവന്സോമൻ
പ്രത്യൂഷനനിലൻതഥാ
ആപൻപ്രഭാസനനല
നേവമഷ്ടവസുക്കളും'
(സുഭാഷിതരത്നാകരം)

**അഷ്ടവിവാഹങ്ങൾ**-എട്ടു തരം വിവാഹങ്ങൾ.

'ബ്രാഹ്മംദൈവവുമാർഷം
പ്രാജാപത്യംനിനയ്ക്കഗാന്ധർവ്വം
ആസുരവുംരാക്ഷസവും
പൈശാചവുമാംവിവാഹമെട്ടേവം'
(സുഭാഷിതരത്നാകരം)

[൧. ബ്രാഹ്മം-പിതാവു പുത്രിയെ ഉദകത്തോടുകൂടി പ്രതിഫലം കൂടാതെ ഒരു ബ്രഹ്മചാരിക്കു കൊടുക്കുക.

൨. ദൈവം-പിതാവു പുത്രിയെ ആഭരണങ്ങളെക്കൊണ്ട് അലങ്കരിച്ച് യാഗത്തിൽ ഋത്വിക്കായ (പുരോഹിതനു) കൊടുക്കുക.

൩. ആർഷം-പശുവിനെയോ കാളയെയോ വാങ്ങിച്ചുകൊണ്ടു പകരം കന്യകയെ കൊടുക്കുക.

൪. പ്രാജാപത്യം-'നിങ്ങൾ നിയമാനുഷ്ഠാനത്തോടുകൂടി വാഴുവിൻ' എന്നു പറഞ്ഞിട്ട് പിതാവു പ്രതിഫലംകൂടാതെ പുത്രിയെ പുരുഷനു കൊടുക്കുക.

൫. ഗാന്ധർവ്വം—കാമുകൻ അനുരക്തയായ സ്ത്രീയെ ബന്ധുക്കളോടും മററും ആലോചിക്കാതെയും കർമ്മങ്ങൾ കൂടാതെയും കൈക്കൊള്ളുക. (രണ്ടാപേർ പരസ്പരാനുരാഗംകൊണ്ടു ഗുരുസമ്മതം ഗണിക്കാതെ ചെയ്യുന്ന വിവാഹം).

'ഇച്ഛയാന്യോന്യസംയോഗഃ
കന്യായാശ്ച വരസ്യ ച
ഗാന്ധർവ്വസ്സതു വിജ്ഞേയോ
മൈഥുന്യഃ കാമസംഭവഃ' (മനു)

൬. ആസുരം—(മാനുഷം) ഒരു പുരുഷൻ കന്യകയെ പിതാവിന്റെ അടുക്കൽനിന്നു വിലയ്ക്കു വാങ്ങുക.

൭. രാക്ഷസം—ഒരു സ്ത്രീയെ ബന്ധുക്കളെ യുദ്ധത്തിൽ തോല്പിച്ചു ബലാൽക്കാരേണ പിടിച്ചുകൊണ്ടുപോക.

൮. പൈശാചം—സ്ത്രീക്കു ബോധം ഇല്ലാതിരിക്കുമ്പോൾ അവളെ പുരുഷൻ ബലാൽക്കാരേണ ഭാര്യയാക്കുക. (ഇവയിൽ ആദ്യത്തെ ആറും വസിഷ്ഠമതം. ശേഷം ബോധായനമതം).

വിവാഹത്തിനു പുരുഷന്റെ ജന്മനക്ഷത്രം മാത്രം വർജ്ജിക്കണം.]

അഷ്ടവൈദ്യന്മാർ—൧. കട്ടൻചെരിമൂസ്സ് (വാസസ്ഥലം—കൊച്ചിവടക്കാഞ്ചേരി). ൨. പുലാമന്തോൾമൂസ്സ് (വള്ളുവനാട്ടു താലൂക്ക്). ൩. ചീരട്ടമൺമൂസ്സ് (കോട്ടയത്തു് മലയിൽ). ൪. ഇളയിടത്തു തൈക്കാട്ടുമൂസ്സ്. ൫. തൃശ്ശിവപേരൂർ തൈക്കാട്ടുമൂസ്സ്. ൬. വെള്ളോട്ടുമൂസ്സ്. ൭. ആലത്തൂർനമ്പി. ൮. കാരത്തോൾനമ്പി. ഇവർ എട്ടുപേരും.

അഷ്ടവൈദ്യന്മാർ—പരശുരാമൻ ൮ നമ്പൂരിമാരിൽ ൮ ഇല്ലക്കാർക്കു വൈദ്യശാസ്ത്രം ഉപദേശിച്ചു. ഇതു കേരളവാസികൾക്കു രോഗശമനം വരുത്തിക്കൊടുക്കുന്നതിനായിരുന്നു. കലിവർഷം ഏകദേശം ൩൪൦൦-നു ഇപ്പുറം അഷ്ടവൈദ്യന്മാരിൽ ഓരോ വിദ്വാന്മാർ യോഗരത്നസമുച്ചയം, ശാർങ്ഗധരം, സഹസ്രയോഗം, നവഖണ്ഡം, മനോരമ മുതലായ വൈദ്യഗ്രന്ഥങ്ങൾ കേരളത്തിൽ സംസ്കൃതഭാഷയിൽ ഉണ്ടാക്കി. അവരുടെ ശിഷ്യന്മാരെ പഠിപ്പിച്ചുവന്നു. കേരളബ്രാഹ്മണർ ഉണ്ടാക്കീട്ടുള്ള വൈദ്യഗ്രന്ഥങ്ങൾ വേറെയും അനേകം ഉണ്ടു്.

അഷ്ടശൈലം—പ്രധാനങ്ങളായ എട്ടു പർവ്വതങ്ങൾ.

അഷ്ടസിദ്ധി—അഷ്ടൈശ്വര്യം.

അഷ്ടാക്ഷരം—'ഓം നമോ നാരായണായ' എന്ന മന്ത്രം.

അഷ്ടാംഗയോഗങ്ങൾ—൧. പരബ്രഹ്മയോഗം. ൨. ജ്ഞാനയോഗം. ൩. രാജയോഗം. ൪. സാംഖ്യയോഗം. ൫. സന്യാസയോഗം. ൬. അഭ്യാസയോഗം. ൭. ഭക്തിയോഗം. ൮. വിവേകയോഗം. ഇങ്ങനെ എട്ടു്.

അഷ്ടാംഗപാതം, അഷ്ടാംഗപ്രണാമം, അഷ്ടാംഗനമസ്കാരം—സാഷ്ടാംഗനമസ്കാരം (എട്ടംഗങ്ങളും കൊണ്ടുള്ള നമസ്കാരം.)

'ജാനുഭ്യാഞ്ച തഥാ പദ്ഭ്യാം
പാണിഭ്യാമുരസാ ധിയാ
ശിരസാ വചസാ ദൃഷ്ട്യാ
പ്രണാമോഷ്ടാംഗ ഈരിതഃ'

അഷ്ടാംഗബ്രഹ്മചര്യനിഷ്ഠ—എട്ടംഗങ്ങളോടുകൂടിയ ബ്രഹ്മചര്യനിഷ്ഠ. ഈ എട്ടംഗങ്ങളാവിതു്. ൧. എല്ലാ ഭൂതങ്ങളിലും ദയയും, ൨. ക്ഷമയും, ൩. അനസൂയയും, ൪. ശൌചവും, ൫. അനായാസവും, ൬. മംഗലവും, ൭. അകാർപ്പണ്യവും, ൮. അസ്പൃഹതയും (എന്നു ഗൌതമമതം.)

അഷ്ടാംഗയോഗങ്ങൾ—൧. യമം, ൨.

നിയമം. ൩. ആസനം. ൪. പ്രാണായാമം. ൫. പ്രത്യാഹാരം. ൬. ധ്യാനം. ൭. ധാരണ. ൮. സമാധി ഇങ്ങനെ എട്ട്

**അഷ്ടാംഗഹൃദയം**-എട്ടംഗങ്ങളെ സംബന്ധിച്ചുള്ള ഒരു വൈദ്യഗ്രന്ഥം. ൧. കായം:-ധാതുക്കളുടെ തികവോടുകൂടിയ ശരീരം. ൨. ബാലം:-ധാതുക്കളുടെ തികവോടുകൂടാത്ത ശരീരം. ൩. ഗ്രഹം:-ബാലന്മാരെ ബാധിക്കുന്ന ഭൂതങ്ങൾ. ൪. ഊർദ്ധ്വാംഗം:-ശിരസ്സ്. ൫. ശല്യം:-ശരീരത്തിലുൾപ്പെട്ട ശല്യം മുതലായവ. ൬. ദംഷ്ട്ര:-വിഷപ്പല്ല്. ൭. ജരാ:-വയോഹാനി (യൌവനക്ഷയം) ൮. വൃഷം:-ശുക്ലം. ഇങ്ങിനെ എട്ടു വസ്തുക്കളിൽ ചികിത്സയുടെ സംശ്രയം ഉണ്ടാകയാൽ ഈ പേരുണ്ടായി.

**അഷ്ടാംഗങ്ങൾ**-ശരീരത്തിലെ എട്ടു പ്രധാനമായ അംശങ്ങൾ. (അഷ്ടാംഗപ്രണാമം, അഷ്ടാംഗഹൃദയം ഇവ നോക്കുക.)

**അഷ്ടാദശപർവ്വങ്ങൾ**-ആദി, സഭാ, വനം, വിരാടം, ഉദ്യോഗം, ഭീഷ്മം, ദ്രോണം, കർണ്ണം, ശല്യം, സൌപ്തികം, സ്ത്രീ, ശാന്തി, അനുശാസനം, ആശ്വമേധികം, ആശ്രമവാസികം, മൌസലം, മഹാപ്രസ്ഥാനികം, സ്വർഗ്ഗാരോഹണം.

**അഷ്ടാദശപുരാണങ്ങൾ** - വൈഷ്ണവങ്ങൾ:- ൧. വൈഷ്ണവം. ൨. നാരദീയം. ൩. ഭാഗവതം. ൪. ഗാരുഡം. ൫. പാത്മം. ൬. വാരാഹം. ശൈവങ്ങൾ:- ൭. മാത്സ്യം. ൮. കൌർമ്മം. ൯. ലൈംഗ്യം. ൧൦. വായവ്യം. ൧൧. സ്കാന്ദം. ൧൨. ആഗ്നേയം:-ബ്രാഹ്മങ്ങൾ:-൧൩. ബ്രഹ്മാണ്ഡം. ൧൪. ബ്രഹ്മവൈവർത്തം. ൧൫. മാർക്കണ്ഡേയം. ൧൬. ഭവിഷ്യത്ത്. ൧൭. വാമനം. ൧൮. ബ്രാഹ്മം ഇവ പതിനെട്ടും.

**അഷ്ടാദശസ്മൃതികർത്താക്കന്മാർ**— ൧. മനു. ൨. അത്രി. ൩. വിഷ്ണു. ൪. ഹാരീതൻ. ൫. യാജ്ഞവൽക്യൻ. ൬. ഉശനസ്സ്. ൭. അംഗിരസ്സ്. ൮ യമൻ. ൯. ആപസ്തംബൻ. ൧൦. സംവർത്തൻ. ൧൧. കാത്യായനൻ. ൧൨. ബൃഹസ്പതി. ൧൩. പരാശരൻ. ൧൪. വ്യാസൻ. ൧൫. ശംഖൻ. ൧൬. ലിഖിതൻ. ൧൭. ദക്ഷൻ. ൧൮. ഗൌതമൻ, ഇങ്ങനെ പതിനെട്ടു മഹർഷികൾ.

**അഷ്ടാദശോപപുരാണങ്ങൾ**-൧. സനൽകുമാരം. ൨. നാരസിംഹം. ൩. നാരദീയം. ൪. ശിവപുരാണം. ൫. ദൌർവ്വാസസം. ൬. കാപിലം. ൭. മാനവം. ൮. ഔശനസം. ൯. ബ്രഹ്മാണ്ഡം. ൧൦. വാരുണം. ൧൧. കാളികം. ൧൨. മാഹേശ്വരം. ൧൩. സാംബം. ൧൪. സൌരം. ൧൫. പാരാശര്യം. ൧൬. ഭാഗവതം. (രണ്ട്.) ൧൭. കൌർമ്മപുരാണം.

'അഷ്ടാന്യേവപുരാണാനി
മുനിഭിഃകഥിതാനിതു
ആദ്യംസനൽകുമാരോക്തം
നാരസിംഹമതഃപരം
തൃതീയംനാരദപ്രോക്തം
കുമാരേണതുഭാഷിതം
ചതുർത്ഥംശിവധർമ്മാഖ്യം
സാക്ഷാന്നന്ദീശഭാഷിതം
ദുർവ്വാസസോക്തമാശ്ചര്യം
നാരദോക്തമതഃപരം
കാപിലംമാനവംചൈവ
തഥൈവോശനസേരിതം
ബ്രഹ്മാണ്ഡംവാരുണഞ്ചാഥ
കാളികാഹ്വയമേവച
മാഹേശ്വരംതഥാസാംബം
സൌരംസർവ്വാർത്ഥസഞ്ചയം
പരാശരോക്തംപ്രവരം
തഥാഭാഗവതദ്വയം

ഇദമഷ്ടാദശപ്രോക്തം
പുരാണം ധർമ്മസംയുതം'

അഷ്ടാദശോപചാരങ്ങൾ-പതിനെട്ട് ഉപചാരങ്ങൾ.

'ആസനം സ്വാഗതം പാദ്യം
അർഘ്യമാചമനീയകം
സ്നാനം വസ്ത്രോപവീതം ച
ഭൂഷണാനി ച സർവശഃ
ഗന്ധപുഷ്പേ തഥാ ധൂപ
ദീപംവന്നാദ്യതർപ്പണം
മാല്യാനുലേപനം ചൈവ
നമസ്കാരവിസർജ്ജനേ
അഷ്ടാദശോപചാരൈസ്തു
മന്ത്രീ പൂജാം സമാചരേൽ'

അഷ്ടാദശ-പതിനെട്ട്.

അഷ്ടാദശധാന്യങ്ങൾ-പതിനെട്ടു ധാന്യങ്ങൾ.

'യവഗോധൂമധാന്യാനി
തിലകംഗുകുലസ്ഥകാഃ
മാഷമുദ്ഗമസൂരാശ്ച
നിഷ്പാവാഃ ശ്യാമസർഷപാഃ
ഗവേധുകാശ്ച നീവാരാ
ആഢക്യോഥ സതീനകം
ചണകാശ്ചീനകാശ്ചൈവ
ധാന്യാന്യഷ്ടാദശൈവ തു'

അഷ്ടാദശവിദ്യകൾ-പതിനെട്ടു വിദ്യകൾ.

'അംഗാനി വേദാശ്ചത്വാരോ
മീമാംസാന്യായവിസ്തരഃ
പുരാണം ധർമ്മശാസ്ത്രഞ്ച
വിദ്യാ ഹ്യേതാശ്ചതുർദ്ദശ
ആയുർവ്വേദോ ധനുർവ്വേദോ
ഗാന്ധർവ്വശ്ചേതി തേ ത്രയഃ
അർത്ഥശാസ്ത്രം ചതുർത്ഥന്തു
വിദ്യാ ഹ്യഷ്ടാദശൈവ തു'

അഷ്ടാപദം-൧ സ്വർണ്ണം. എട്ടുധാതുക്കളിൽ നിന്നുണ്ടാകുന്നതു് 'അഷ്ടധാതവഃ പദനിസ്ഥാനാന്യസ്യ' എന്നു ശബ്ദാർത്ഥം. ൨. ചൂതുപടം. എല്ലാവരിയിലും എട്ടു കള്ളിയുള്ളതു് എന്നു ശബ്ദാർത്ഥം. ൩. എട്ടുകാലി. ൪. കൈലാസപർവ്വതം. ൫. ശരഭം എന്ന മൃഗം. (അശോകസ്സ് എന്ന ശബ്ദം നോക്കുക). ൬. ഒരു പുഴ.

അഷ്ടാപദി-കാട്ടുമുല്ല.

അഷ്ടാവക്രൻ-ഒരു ബ്രാഹ്മണൻ, മുനി.

'ഇദ്ദേഹം കഹോളമുനിയുടെ പുത്രനാണ്. ഗർഭത്തിലെ അച്ഛനെ ശപിച്ചു. കാരണം അദ്ദേഹം വിദ്യാഭ്യാസത്തിലുള്ള താൽപര്യം ഹേതുവായിട്ട് ഭാര്യയോട് അതിപ്രീതികാണിക്കാതിരുന്നതാണ്. ആ ശാപംകൊണ്ടത്രേ വക്രമായ അവയവങ്ങളോടുകൂടി ജനിപ്പാൻ ഇടയായതു്. അനന്തരം കഹോളൻ ഒരു ബുദ്ധസന്യാസിയുമായുള്ള വാഗ്വാദത്തിൽ പരാജിതനായതിനാൽ പരാജിതന്മാരായ ബ്രാഹ്മണരോടുകൂടി ഒരു ആററിൽ തള്ളപ്പെട്ടു. പന്ത്രണ്ടുവയസ്സിൽ അഷ്ടാവക്രൻ ഈ വിവരം അറിഞ്ഞു് ആ ബുദ്ധസന്യാസിയെ വാദത്തിൽ മടക്കി. അപ്പോൾ 'താൻ വരുണപുത്രനാണെന്നും ഒരു യാഗത്തിനു ബ്രാഹ്മണരെ ലഭിപ്പാൻ വേണ്ടിയാണു ബ്രാഹ്മണരെ ഇങ്ങിനെ നദിയിൽ തള്ളിച്ചതാണെന്നും പറഞ്ഞു് കഹോളനെ തിരിയെ വരുത്തി. പിന്നീട് അഷ്ടാവക്രൻ പോയി സമംഗനദിയിൽ കുളിച്ചു ദേഹത്തിന്റെ വക്രതയെ കളഞ്ഞു്. ഈ സ്നാനം കഹോളന്റെ കല്പനപ്രകാരമായിരുന്നു. ഒരിക്കൽ അഷ്ടാവക്രൻ ജലത്തിൽ തപസ്സുചെയ്തു നില്ക്കവെ ഏതാനും ദേവസ്ത്രീകൾ അദ്ദേഹത്തെ വന്ദിച്ചു. സന്തുഷ്ടനായി ഉടൻ അദ്ദേഹം ഏതു വരം വേണമെന്നു് അവരോടു ചോദിച്ചു.

മനുഷ്യനിൽ ഉത്തമനായവൻ ഭർത്താവാ കണമെന്ന് അവർ അപേക്ഷിച്ചു. താൻ ഭർത്താവായിക്കൊള്ളാമെന്നു പറഞ്ഞ് മുനി കരയിൽ കയറി. വക്രതകണ്ട് അവർ ചിരിച്ചു. ഉടൻ കോപിച്ച് ഇഷ്ടം പോലെ ഭർത്താവിനെ കിട്ടുമെന്നും കള്ളന്മാർ അവരെ കൊല്ലുമെന്നും പറഞ്ഞ് മറഞ്ഞു'.

അഷ്ടാശി-എണ്പത്.

അഷ്ടാശീതി-എണ്പത്തെട്ട്.

അഷ്ടി-ഈ ഛന്ദസ്സിന പാദത്തിൽ പതിനാറ അക്ഷരംവീതം കാണും.

അഷ്ടി-പു. ഭക്ഷണം, ഉണ്ണ്. 2. അന്നം.

അഷ്ടീല-പു. കടകപ്പാല. 2. മാംസക്കട്ടി.

അഷ്ടീവാൻ, അഷ്ടീവത്ത്-മുട്ട്, കനത്ത അസ്ഥിയുള്ളതെന്നു ശബ്ദാർത്ഥം.

അഷ്ടൈശ്വര്യങ്ങൾ-പു. അണിമാവ് (ചെറുപ്പം) 2. മഹിമാവ് (വലുപ്പം). 3. ലഘിമാവ് (ലഘുത്വം). 4. ഗരിമാവ് (ഗുരുത്വം). 5. ഈശിത്വം (എല്ലാത്തിനേയും അതിശയിച്ചിരിക്കുന്ന എന്നുള്ളത്). 6. വശിത്വം (എല്ലാവരേയും തനിക്ക് അധീനന്മാരാക്കുന്നത്. ഇന്ദ്രിയങ്ങളെ സ്വാധീനത്തിൽ ഇരുത്തുന്നത്). 7. പ്രാപ്തി (ലാഭം). 8. പ്രാകാമ്യം (ഇഷ്ടംപോലെ സഞ്ചാരശക്തിയെ കൊടുക്കുന്നത്).

അസകൃൽ-അ. വളരെ പ്രാവശ്യം, വീണ്ടുംവീണ്ടും.

അസക്ത-വി. സക്തം (താൽപര്യം) ഇല്ലാത്ത, ഇഹലോകവ്യാപാരങ്ങൾ വെടിഞ്ഞ.

അസക്തി-പു സക്തി (താൽപര്യം) ഇല്ലായ്മ, 2. ചേർച്ചയില്ലായ്മ. 3. സ്നേഹമില്ലായ്മ.

അസഞ്ജാതരസം-കന്നില.

അസതി-സതി (പതിവ്രത) അല്ലാത്തവൾ, വ്യഭിചാരിണി.

അസതീസുതൻ-കലടാപുത്രൻ.

അസൽ-വി. പു. ഇല്ലാത്ത. 2. നേരല്ലാത്ത. 3. ഭവിക്കാത്ത.

അസൽ-പകർപ്പെഴുതിയതിനെ ശരിപ്പെടുത്തി എഴുതിയത്.

അസൽഭാവം-പു. ഇല്ലായ്മ. 2. ചീത്ത സ്വഭാവം.

അസത്ത്-പു. ചീത്തയായത്. 2. ശരിയല്ലാത്തത്.

അസത്യ-വി. സത്യം അല്ലാത്ത.

അസത്യം-സത്യക്കേട്, വ്യാജം.

അസത്യഭാഷണം-പൊളിപറക. വിതഥം എന്നു പര്യായം.

അസത്യവാദി-പൊളിപറയുന്നവൻ.

അസത്വ-വി. പു. സത്വഗുണമില്ലാത്ത. 2. ബലമില്ലാത്ത. 3. ജന്തുവില്ലാത്ത. 4. നന്മയില്ലാത്ത.

അസത്വം-പു. സത്വഗുണമില്ലായ്മ. 2. സത്യമില്ലായ്മ. 3. മൂർച്ഛ. 4. ഇരുട്ട്.

അസനവില്വാദി(തൈലം)-കരെണ്ണ

'അസനവില്വബലാമൃതപാചിതേ
മധുകനാഗരകത്രിഫലാന്വിതേ
പയസിതൈലമിദംപയസാപചേൽ
നയനകർണ്ണശിരോഹിമുത്തമം'

വേങ്ങാക്കാതൽ, കൂവളത്തിൻവേർ, കറുന്തോട്ടിവേർ, അമൃത് ഇവ കഷായം. എണ്ണ, പാല്, ഇരട്ടിമധുരം, ചുക്ക്, ത്രിഫല, കല്ക്കം. ഈ തൈലം നയനരോഗവും കർണ്ണരോഗവും ശിരോരോഗവും ശമിപ്പിക്കും.

അസനപർണ്ണി-ഉഴവപ്പയറ്. (നീരാരൽ എന്നും അഭിപ്രായമുണ്ട്). വേങ്ങയുടെ ഇലയെപ്പോലെ ഇലയുള്ളത് എന്ന ശബ്ദാർത്ഥം.

അസനം-പു. വേങ്ങാമരം. കഫം മുതലായവയെ നശിപ്പിക്കുന്നതു് എന്നു ശബ്ദാർത്ഥം. അശനം എന്നും ആസനം എന്നും കൂടെ പറയാമെന്നു കാണുന്നു. ഉ. ഒഴിച്ചൽ. ന. വിട്ടൽ.

അസന്തുഷ്ട-വി. സന്തോഷമില്ലാത്ത.

അസന്തുഷ്ടി-സന്തോഷമില്ലായ്ക.

അസന്ദിഗ്ദ്ധ-വി. സന്ദിഗ്ദ്ധം (സംശയിക്കപ്പെട്ടതു്) അല്ലാത്ത. നിശ്ചയമുള്ള, തെളിവുള്ള.

അസന്ദിഗ്ദ്ധാത്മാവു് - യാതൊന്നിലും സംശയം ഇല്ലാത്തവൻ.

അസന്ദിഗ്ദ്ധം-സംശയം ഇല്ലായ്ക, നിശ്ചയം.

അസന്ദിഷ്ട-വി. അറിയപ്പെടാത്ത.

അസന്ധി-വി. ഒരുമിപ്പില്ലാത്ത.

അസന്നികർഷം-ദൂരം, അകല്ച.

അസന്നികൃഷ്ട-അടുത്തല്ലാത്ത, അകന്ന.

അസഭ്യ-വി. സഭ്യം (സഭയ്ക്കു യോഗ്യമായതു) അല്ലാത്ത, ഹീനമായ.

അസഭ്യവാക്കു്-ചീത്തവാക്കു്.

അസമഞ്ജൻ-ഒരു സൂര്യവംശരാജാവു്.

അസമഞ്ജസ-വി. പു. നീതിന്യായമില്ലാത്ത, സമ്മതമായ തെളിവോടുകൂടാത്ത. ഉ. തെളിവില്ലാത്ത, അസ്പഷ്ടമായ.

അസമർത്ഥം-കഴിവില്ലാത്തതു്.

അസമശരൻ-കാമദേവൻ. അസമശബ്ദത്തോടു ശരപര്യായങ്ങൾ ചേർത്താൽ 'കാമദേവൻ' എന്നർത്ഥമുണ്ടാകും.

അസമാന-സമാനം (തുല്യം) അല്ലാത്ത.

അസമാസാർത്ഥ-സമസ്യം.

അസമീക്ഷ്യകാരി-വി. വരുംകാര്യം ആലോചിക്കാതെ പ്രവർത്തിക്കുന്ന.

അസമുന്നദ്ധൻ -ഗർവ്വമില്ലാത്തവൻ, വലിയവൻ എന്നു വിചാരിക്കാത്തവൻ.

അസമേഷു-കാമദേവൻ.

അസമ്മത-വി. സമ്മതം (ഇഷ്ടം) അല്ലാത്ത, വിരോധമുള്ള.

അസമ്മതി-സമ്മതമില്ലായ്ക.

അസംകുല-തെരക്കാത്ത, തിങ്ങാത്ത.

അസംകുലം-വീതി (വിസ്തീർണ്ണം) ഉള്ള വഴി

അസംഖ്യ-വി. എണ്ണം ഇല്ലാത്ത.

അസംഖ്യാവത്തുക്കൾ-പു. സംഖ്യയില്ലാത്തവർ. ഉ. സംഖ്യാവത്തുക്കൾ-വിദ്വാന്മാർ-അല്ലാത്തവർ.

അസംഗ-വി. ചേർച്ച ഇല്ലാത്ത.

അസംഗതം-അസംബന്ധം.

അസംഗതി-പു. കാരണമില്ലായ്മ; ഉ. ഒരലങ്കാരം.

'ഹേതുവൊന്നിൽകാര്യമൊന്നി
ലെന്നുവന്നാലസംഗതി
കൊണ്ടല്ലുണ്ടു വിഷം, മൂർച്ഛ
പൂണ്ടുപോൽപാന്ഥനാരിമാർ'

(ഭാഷാഭൂഷണം)

അസംഗൻ-ദിങ്നാഗൻ എന്ന കവിയുടെ ആചാര്യൻ.

അസംപത്തി-നിർദ്ധന്യം.

അസംപ്രേക്ഷണം-ക്രമംവിട്ടപ്രവൃത്തി, സാഹസം.

അസംബന്ധ-വി. സംബന്ധം (ചേർച്ച) ഇല്ലാത്ത.

അസംബന്ധാതിശയോക്തി-ഒരലങ്കാരം.

'അയോഗം ചൊൽകയോഗത്തി-
ലായതാതിശയോക്തിയാം
ത്വൽപ്രസാദമുള്ളപ്പോൾ
കല്പപാദപമല്പമാം'

(ഭാഷാഭൂഷണം)

അസംബാധാ-പു. തിക്കില്ലാത്തതു്, ഇളസ്സായുള്ളതു്. ഉ. പ്രയാസത്തോടുകൂടാത്തതു്. ന. ഒരു വൃത്തം, ശകാരികയെ

സ്സിൽപെട്ടതു്. പാദം ഒന്നിൽ 28 അ ക്ഷരംവീതം കാണം.
'അഖിൽതട്ടുംമംതനസഗഗമസംബംധാ' (വൃത്തമഞ്ജരി)
അസംഭവ-സംഭവമല്ലാത്ത,ഉണ്ടാകാത്ത.
അസംഭവം-ഉണ്ടാകായ്ക, അപൂൎവ്വകാൎയ്യം.
അസംഭാവ്യം-വി. സംഭാവ്യം (സംഭവിക്കത്തക്കതു്) അല്ലാത്ത.
അസംഭിന്ന-വി. സംഭിന്നം (ഭേദിച്ചതു്) അല്ലാത്ത, വേർപെടാത്ത.
അസംഭൃത-വി. സംഭവിച്ചതല്ലാത്ത, ഉണ്ടായതല്ലാത്ത.
അസംരംഭം-ഇളക്കമില്ലാതിരിക്ക.
അസംശയം-സംശയമില്ലായ്ക.
അസംശയം-അ. നിശ്ചയമായിട്ടു്, ക്രസൽക്കൂടാതെ.
അസംസ്കൃത-വി. ൧. സംസ്കൃതം (സംസ്കരിക്കപ്പെട്ടതു്, പരിഷ്കരിക്കപ്പെട്ടതു്) അല്ലാത്ത. ൨. ഉണ്ടാക്കപ്പെടാത്ത. ൩. അലങ്കരിക്കപ്പെടാത്ത. ൪. ശുദ്ധീകരിക്കപ്പെടാത്ത.
അസഹന-വി. സഹിച്ചുകൂടാത്ത.
അസഹനൻ-ശത്രു.
അസഹനീയ-വി. സഹിക്കവയ്യാത്ത.
അസഹായ-വി. സഹായം(ആശ്രയം)ഇല്ലാത്ത.
അസഹിഷ്ണു-വി. സഹിഷ്ണു(സഹിക്കുന്ന ശീലം) ഇല്ലാത്ത.
അസഹ്യ-വി. സഹ്യം (സഹിക്കത്തക്കതു്)അല്ലാത്ത.
അസഹ്യപ്പെടുത്തുക-ഉപദ്രവപ്പെടുത്തുക.
അസാകല്യം - സംപൂൎണ്ണമാകാതെയിരിക്ക, ഏതാനും.
അസാംഗത്യം-യോജിപ്പില്ലായ്ക.
അസാധക-വി. സാധിക്കാത്ത, സാധകമല്ലാത്ത.
അസാധാരണ-വി. സാധാരണം (സാമാന്യം) അല്ലാത്ത.
അസാധാരണം-പതിവില്ലാത്തതു്.
അസാധു-വി. ൧. സാധു(നല്ലതു്) അല്ലാത്ത, ചീത്തയായ ൨. നന്മയില്ലാത്ത. ൩. മനോഹരമല്ലാത്ത.
അസാധു-നല്ലതറവാട്ടിൽജനിക്കാത്തവൻ. ധൎമ്മത്തെ സാധിക്കാത്തവൻ.
അസാധ്യ-വി. സാധ്യം(സാധിക്കത്തക്കതു്) അല്ലാത്ത.
അസാധ്വി-പതിവ്രതയല്ലാത്തവൾ.
അസാംപ്രതം-അ. അയുക്തം.
'വിഷവൃക്ഷോപിസംവൎദ്ധ്യ
സ്വയംഛേത്തുമസാംപ്രതം'
അസാമാന്യ-വി. ൧. സാമാന്യം (സാധാരണം) അല്ലാത്ത. ൨. തുല്യമല്ലാത്ത. ൩. പ്രാധാന്യമുള്ള.
അസാര-വി. സാരം (കാതൽ, ബലം, ചാറു്) ഇല്ലാത്ത.
അസാരത-വകയില്ലാകൊള്ളായ്ക.
അസാരം-൧. അല്പം. ൨. കാതൽ(ബലം) ഇല്ലാത്തതു്. സാരം (സ്ഥിരാംശം)ഇല്ലാത്തതു് എന്നു വ്യുൽപത്തി. ൩. ആവണക്കു്. ൪. വാഴ.
അസാരസ്യ-൧. വി. സാരസ്യം (രസികത്വം) ഇല്ലാത്ത. ൨. രുചിയില്ലാത്ത.
അസി-൧. വാൾ. ശത്രുക്കളെ ക്ഷേപിക്കുന്നതു് എന്നൎത്ഥം. ൨. കാശിക്ക തെക്കുവശത്തുള്ള ഒരു നദി.
അസിക്നി-൧. വാൎദ്ധക്യം വരാതെയും രാജസ്ത്രീകളുടെ ദാസ്യംചെയ്തും അവരുടെ ഗൃഹത്തിൽ പാൎക്കുന്നവൾ.(ദാസി) കറുത്ത തലമുടിയുള്ളവൾ എന്നു ശബ്ദാൎത്ഥം. ൨. രാത്രി. ൩. പഞ്ചാബിൽ ഒരു നദിയുടെ പേർ.
അസിജീവി-വാൾകൊണ്ടു് ഉപജീവിക്കുന്നവൻ, പടയാളി.

അസിത-വി. സിതം (വെളുത്തത്) അല്ലാത്ത, കറുത്ത.

അസിതഛത്ര-ശതകുപ്പ.

അസിതൻ-നാ. ശനി. കറുപ്പുനിറമുള്ളവൻ എന്നു ശബ്ദാർത്ഥം. ഉ. ഒരു സൂര്യവംശരാജാവ്.

അസിതാ-നാ. കറുപ്പ്. ഉ. അവീൻ. ന. അമരി.

അസിതം-നാ. കറുപ്പ്. ഉ. കറുത്തപക്ഷം.

അസിദന്തം-നാ. മുതല. ഉ. ചീങ്കണ്ണി.

അസിധാര- വാളിന്റെ വായ്ത്തല. വാൾ മുതലായവയെ വെടിപ്പാക്കുന്നതു കൊണ്ട് ഈ പേർ വന്നു.

അസിധാരാവ്രതം-'കാമോദ്ദീപകങ്ങളായ സകല ശൃംഗാരോപകരണങ്ങളെക്കൊണ്ടും അലങ്കരിക്കപ്പെട്ട ശയ്യാഗൃഹത്തിൽ മനോമോഹനങ്ങളായ വേഷാലങ്കാരങ്ങളെക്കൊണ്ടു ഹൃദയഹാരിണിയായ ഭാര്യയോടുകൂടി സരസസല്ലാപാദിവിനോദങ്ങളും ചെയ്തു ഏകശയ്യയിൽ കിടക്കണം. മനസ്സിൽ അല്പംപോലും കാമവികാരം ഉണ്ടാകയും അരുത്.'

(അശ്വവിസർജ്ജനം കഴിഞ്ഞാൽ ആ അശ്വം ഭൂപ്രദക്ഷിണം കഴിച്ചു തിരിയെ വന്നെത്തുന്നതിനുള്ള കാലം ഒരു സംവത്സരമാണ്. ആ ഒരു സംവത്സരകാലം ധർമ്മപുത്രർ 'അസിധാരാവ്രതം' അനുഷ്ഠിച്ചുകൊണ്ടിരുന്നിട്ടുണ്ട്).

അസിധാവകൻ-ആയുധം (വാൾ) കടയുന്നവൻ, കടച്ചിക്കൊല്ലൻ.

അസിധേനുക, അസിധേനു-ചുരിക എന്ന ആയുധം. അസിയുടെ (വാളിന്റെ) ധേനുക(പുത്രി) എന്നു ശബ്ദാർത്ഥം.

അസിപത്രം, അസിപത്രകം-നാ. കരിമ്പ്. ഉ. ഒരു നരകം. ന. വാളുറ.

അസിപത്രവനം-ഒരു നരകം.

അസിപുത്രി-ചുരിക.

അസിരം-നാ. രശ്മി. ഉ. അമ്പ്.

അസിൽ-ഒരുവകപ്പക്ഷി. ഇതിനു 'ക്രുങ്', 'ക്രൌഞ്ചം' ഇങ്ങിനെ രണ്ടു പര്യായങ്ങൾ അമരത്തിൽ കാണുന്നു.

അസിലത-ഖഡ്ഗം, വാൾ, നല്ലവാൾ, വള്ളിപോലെ പുളയുന്ന വാൾ.

അസിഹേതി-വാൾക്കാരൻ, വാളോടുകൂടിയവൻ. മറ്റൊരു പര്യായം-'നൈസ്ത്രിംശികൻ'.

അസു-നാ. പ്രാണൻ. ശോഭിക്കുന്നതു എന്നർത്ഥം. ഉ. ജലം.

അസുഖം-സുഖക്കേട്, വ്യസനം, വേദന.

അസുധാരണൻ-ജീവനോടുകൂടിയിരിക്കുന്നവൻ.

അസുധാരണം-ജീവിച്ചിരിപ്പ്.

അസുനാശം-ജീവനാശം, മരണം.

അസുനിയമം-പ്രാണധാരണം.

'യാവദസുനിയമമത്രമില്ല'
(നളചരിതം കഥകളി)

അസുപ്ത-വി. ഉറങ്ങാത്ത.

അസുഭരണം-പ്രാണധാരണം.

'വസുനിനക്കിനുതന്നെയസുഭരണോചിതം'
(നളചരിതം കഥകളി)

അസുരഗണം-അസുരക്കൂട്ടം.

അസുരൻ-സുരന്മാരല്ലാത്തവർ. ദേവന്മാരെ ഉപദ്രവിക്കുന്നവൻ എന്നർത്ഥം.

[ഇന്ദ്രൻ, അഗ്നി, വരുണൻ ഇവർക്കും ദേവന്മാർ എന്ന അർത്ഥത്തിൽ ഈ വാക്ക് ഉപയോഗിച്ചുവന്നു. ക്രമേണ അർത്ഥഭേദംവന്ന് ദേവന്മാരുടെ ശത്രു എന്നായി. അസുരന്മാരും രാക്ഷസന്മാരും ഒന്നല്ല. രാക്ഷസർ പുലസ്ത്യസന്തതികളാണ്. പ്രജാപതി, ദേവന്മാർ മുതലായവരെ സൃഷ്ടിച്ചപ്പോൾ ദോഹനകോ

വയററിൽനിന്ന് ഉത്ഭവിച്ചവരാണ് അസുരന്മാർ എന്നു കാണുന്നു. പ്രജാപതിയുടെ മേൽപ്പറഞ്ഞ സൃഷ്ടിസമയം നിലത്തു തൂകിയ ജലത്തിൽനിന്നുണ്ടായി എന്നും ബ്രഹ്മാവിന്റെ അരയിൽനിന്നും ഉത്ഭവിച്ചു എന്നും പലവിധം കാണുന്നുണ്ട്. അന്യായകർമ്മങ്ങൾ ചെയ്കയാൽ അസുരന്മാർ ദേവകളുടെ കൂട്ടത്തിൽനിന്നു ഭ്രഷ്ടന്മാരായിത്തീർന്നു. അസുരന്മാർ പാതാളവാസികളുമാണ്.]

'അസുരാ ദൈത്യ ദൈതേയ
ദനുജേന്ദ്രാരിദാനവാഃ
ശുക്രശിഷ്യാ ദിതിസുതാഃ
പൂർവ്വദേവാഃ സുരദ്വിഷഃ'

[അസുരൻ, ദൈത്യൻ, ദൈതേയൻ, ദനുജൻ, ഇന്ദ്രാരി, ദാനവൻ, ശുക്രശിഷ്യൻ, ദിതിസുതൻ, പൂർവ്വദേവൻ, സുരദ്വിട്ട്—൧൦-ം അസുരന്റെ പേർ.]

**അസുരനഖം**—ഒരൌഷധം. ഇതിന് അരേണുകത്തിന്റെ ഗുണമുണ്ട്.

**അസുരരിപു**—വിഷ്ണു.

**അസുരാ**—൧. രാത്രി. ൨. ഒരു രാശി.

**അസുരാചാര്യൻ** ശുക്രൻ.

**അസുരാധിപൻ**—ഇന്ദ്രൻ.

**അസുരി**—൧. അസുരസ്ത്രീ. ൨. കറുത്ത കടുക്.

**അസുലഭം**—എളുപ്പത്തിൽ കിട്ടാത്തത്.

**അസുഹൃത്ത്**—സുഹൃത്ത് (ഇഷ്ടൻ) അല്ലാത്തവൻ, ശത്രു.

**അസൂയ**—മററുള്ളവരുടെ ഗുണങ്ങൾക്കു ദോഷത്തെ ഉണ്ടാക്കുക. (ഈർഷ്യ എന്നതു നോക്കുക).

"കോപം, രാഗം, അസൂയ മുതലായ മനോവികാരങ്ങൾ നിമിത്തം മനുഷ്യദേഹത്തിൽ വിഷമയമായ ഓരോ ദ്രവ്യങ്ങൾ ഉണ്ടാകുമെന്നും, അതിൽ ചിലതു വളരെ അപായകരമാണെന്നും വാഷിംഗ്ടണിലെ പ്രൊഫസർ എൽമർഗേറ്റ്സ് എന്ന മഹാൻ രസതന്ത്രപരീക്ഷകൾകൊണ്ടു സിദ്ധാന്തിച്ചിരിക്കുന്നു. കോപംകൊണ്ട് ചെമ്പുനിറത്തിലുള്ള ഒരു വക ദ്രവമാണുണ്ടാകുന്നത്. അതു മററു ജീവികളിൽ കുത്തിവച്ചാൽ സ്നായുക്ഷോഭമുണ്ടാകും. അസൂയാദ്രവം ഒരു പന്നിയുടെ ദേഹത്തിൽ കടത്തിയ ക്ഷണത്തിൽ ആ ജന്തു മരിച്ചുപോയത്രേ." (ഒരു മാസിക)

**അസൂർക്ഷണം, അസൂക്ഷണം**—അനാദരം, ആദരമില്ലായ്ക, നിന്ദ, പ്രാണങ്ങളെ നശിപ്പിക്കുന്നത്.

**അസൃൿ**—ചോര. ചർമ്മം മുറിയുമ്പോൾ പുറത്തുവരുന്നത് എന്നർത്ഥം.

**അസൃക്പൻ**—രാക്ഷസൻ. രക്തം കുടിക്കുന്നവൻ എന്നു ശബ്ദാർത്ഥം. അസ്രപൻ, അശ്രപൻ ഈ പാഠങ്ങളും കാണുന്നു.

**അസൃക്കര**—രസധാതു.

**അസൃഗ്ദരം**—സ്ത്രീകൾക്കുണ്ടാകുന്ന ഒരു രോഗവിശേഷം.

**അസൃഗ്ധര**—തൊലി. രക്തധാതു ഒഴുകിപ്പോകാതെ നിറുത്തിക്കൊള്ളുന്നത്. 'അസൃഗ്ധരം' എന്നും പാഠം കാണുന്നു.

**അസേചനകം**—കണ്ടാൽ തൃപ്തിവരാത്ത വസ്തു (വീണ്ടുംവീണ്ടും കണ്ടാൽ കൊള്ളാമെന്നു തോന്നുന്ന വസ്തു). ഇതിൽനിന്നു മനസ്സ് പിരിഞ്ഞുപോകാത്തതുകൊണ്ട് ഈ പേർ വന്നു. (കളപ്പിക്കുന്നത് എന്നു താൽപര്യം).

**അസേവനം**—അനുസരണമില്ലായ്ക.

**അസൌ**—ഇവൻ (പ്ര. ഏ.) സംസ്കൃതപദമാണ്.

**അസൌഖ്യം**—സൌഖ്യം ഇല്ലായ്ക.

**അസൌമ്യസ്വരം**—വി. കാക്കയുടെയും മററുംപോലെ ക്രൂരമായ ശബ്ദം.

അസൌമ്യാക്ഷം-ഭയത്തെജനിപ്പിക്കുന്ന നോട്ടം.

അസ്ഖലിത-വി. നിലയിൽനിന്നു ചലിക്കാത്ത, തെററാത്ത, ഇളകാത്ത, ഇളക്കമില്ലാത്ത.

അസ്ത-വി, പ്ര. നീക്കപ്പെട്ട. ദ. പ്രേരിപ്പിക്കപ്പെട്ട.

അസ്തകം-മോക്ഷാനന്ദം.

അസ്തം-പ്ര. അസ്തമനപർവതം. സന്ധ്യാസമയത്തിൽ പ്രകാശിക്കുന്നതു്, സൂൎയ്യചന്ദ്രന്മാരെ തള്ളിയിടുന്നതു് എന്നിങ്ങനെ വ്യുൽപത്തി. ദ. കാണാതാവുക.

[അദൎശനം രണ്ടുവിധം. കേവലനാശംകൊണ്ടു്. ഉ-ം, അസ്തംഗതോബാലിഃ. ദ. മറവുകൊണ്ടു്. ഉ-ം, അസ്തംഗതശ്ചന്ദ്രഃ.]

അസ്തമതി-മൂവില.

അസ്തമനപർവതം-ആദിത്യൻ മറയുന്ന പർവതം. പൎയ്യായങ്ങൾ-അസ്തം, ചരമക്ഷ്മാഭൃത്തു്.

അസ്തമനം- പകലിന്റെ അവസാനത്തിൽ ആദിത്യൻ മറയുക.

അസ്തമനസന്ധ്യ-ദിനാവസാനസമയം. (പകലിന്റെ അവസാനകാലം). ദിനാന്തം, സായം-ഉ-ം, പൎയ്യായങ്ങൾ.

അസ്തമയം-സൂൎയ്യൻ മറയുന്ന സമയം.

അസ്തമാനം-അസ്തമനം.

അസ്തമിക്കുക-മറയുക. (ദിവസാവസാനത്തിൽ ആദിത്യൻ മറയുക).

അസ്തശംകം-വി. പ്ര. ശംക (സംശയം) കൂടാത്ത. ദ. ഭയം കൂടാത്ത.

അസ്തശിഖി-അസ്തപൎവതത്തിന്റെ കൊടുമുടി.

അസ്താചലം-അസ്തമന പൎവതം.

അസ്തി-അ. കാലസാമാന്യം. ഉണ്ടു് എന്നു ഇതിന്റെ അൎത്ഥം. കോപത്തോടുകൂടിയ വാക്യത്തിങ്കൽ പ്രയോഗം.

അസ്തികൻ-ഒരു ഋഷി.

[ജരല്ക്കാരു എന്ന മഹാമുനി വാസുകിയുടെ സോദരിയായ ജരല്ക്കാരു എന്ന വളെ വേട്ടു. ഇവളിൽ ഉണ്ടായവനത്രെ അസ്തികൻ. ജനമേജയന്റെ യാഗത്തിൽ, തീയിൽ നശിക്കാതെ, നാഗങ്ങളെ രക്ഷിച്ചു.]

അസ്തിത്വം-ഇരിപ്പു്.

അസ്തു-അ. പ്ര ഇരിക്കട്ടെ. ദ. ഭവിക്കട്ടെ. ന. അസൂയയോടുകൂടിയുള്ള അംഗീകാരം. അസൂയ എന്നതിനു കോപം എന്നു തമിഴ് വ്യാഖ്യാനം.

അസ്തുവാകുക-ഇല്ലാതാവുക.

അസ്തേയം-മോഷണംചെയ്യായ്ക.

അസ്തോകം-അ. അനല്പം.

അസ്ത്രജീവൻ-പട്ടാളക്കാരൻ.

അസ്ത്രജ്ഞ-വി. അസ്ത്രവിദ്യയെ അറിയുന്ന.

അസ്ത്രം-പ്ര. അസ്യ്. ദ. ആയുധം. ഇതുകൊണ്ടു് ശത്രുക്കളെ ഓടിക്കുന്നു എന്നൎത്ഥം. സാമാന്യം ആയുധം, എറിയുന്നതു്.

അസ്ത്രമാൎജ്ജകൻ-കടച്ചിക്കൊല്ലൻ.

അസ്ത്രശാല-ആയുധംവെയ്ക്കുന്ന ഭവനം.

അസ്ത്രാഭ്യാസം-ആയുധവിദ്യ പഠിക്കുക.

അസ്ത്രി-പ്ര. യുദ്ധസമൎത്ഥൻ. ദ. വില്ലാളി. ന, മന്ത്രാസ്ത്രമുള്ളവൻ.

അസ്ത്രീകൻ-പ്ര. സ്ത്രീയില്ലാത്തവൻ. ദ. ഭാൎയ്യയില്ലാത്തവൻ.

അസ്ഥാനത്തിൽ— കാരണമില്ലാത്തപ്പോൾ.

അസ്ഥാനസ്ഥപദം- കാവ്യദോഷങ്ങളിൽ ഒന്നു്.

പദങ്ങളെ വേണ്ടസ്ഥാനത്തുനിന്നു തെററി പ്രയോഗിക്കുക. 'പക്ഷിരാജൻ ജടായുസ്സിതിനുടെ വധുതയുള്ള ശ്രാന്ത

ത്തിൽ വരണാൻ' 'ഇക്ഷോണിധ്രച്ഛവട്ടിൽ സുഖമൊടുമുടോജ ഞങ്ങളും വാണുമുന്നം'. (ഭാഷാഭൂഷണം)

അസ്ഥി-എല്ല്. മാംസഭോജികളാൽ എടുത്തുകളയപ്പെടുന്നത്, അശുദ്ധമെന്ന് ഉപേക്ഷിച്ചു കളയുന്നത് എന്നിങ്ങനെ ശബ്ദാർത്ഥം. (കീകസം, കുല്യം, അസ്ഥി-ഇവ മൂന്നും എല്ലിൻെറ പേർ).

അസ്ഥിക്കൂടം-എല്ലുമാത്രമുള്ള ശരീരം.

അസ്ഥിക്കുറച്ചി, അത്തിക്കുറച്ചി-ശൂദ്രജാതിയിൽ ഒരു താണവകക്കാർ. ശവസംസ്കാര ക്രിയയിൽ നായന്മാർക്ക് ഇവരെക്കൊണ്ടുപകാരമുണ്ട്.

അസ്ഥിച്ചോര-മജ്ജ.

അസ്ഥിഭൂഷണൻ-ശിവൻ. എല്ലുകളെ അണിയുന്നവൻ എന്നു ശബ്ദാർത്ഥം.

അസ്ഥിമാലി-ശിവൻ. അസ്ഥികളായ (എല്ലുകളായ) മാലയോടുകൂടിയവൻ.

അസ്ഥിയുരുക്കം-ഒരു രോഗം.

അസ്ഥിര-വി. സ്ഥിരം (ഉറപ്പ്) ഇല്ലാത്ത, ഇളക്കമുള്ള.

അസ്ഥിരൻ-സ്ഥിരതയില്ലാത്തവൻ.

അസ്ഥിസമർപ്പണം-മരിച്ച് ദഹനം കഴിഞ്ഞതിൽപിന്നീട് അവരുടെ അസ്ഥി (എല്ല്) എടുത്ത് മൺകലത്തിലാക്കി നദിയിൽ ഒഴുക്കുകയോ ഭൂമിയിൽ സ്ഥാപിക്കയോ ചെയ്ക.

അസ്ഥിസഞ്ചയം-മരിച്ചു ദഹനം കഴിഞ്ഞാൽ അസ്ഥി എടുക്കുക.

അസ്ഥിസ്രാവം—എല്ലുരുക്കൽ എന്ന രോഗം.

അസ്പഷ്ട—വി. സ്പഷ്ടം-വ്യക്തം—അല്ലാത്ത.

അസ്പഷ്ടദൃഷ്ട-സ്പഷ്ടമായിട്ടല്ലാതെ കാണപ്പെട്ടത്.

അസ്പഷ്ടം-മെലിനതരം.

അസ്പൃശി-പുത്തരിച്ചുണ്ട. സ്പർശിച്ചുകൂടാത്തത്. കണ്ടകാരിച്ചുണ്ട എന്നും പറയുന്നുണ്ട്.

അസ്പൃഷ്ട-വി. സ്പൃഷ്ടം (സ്പർശിക്കപ്പെട്ടത്-തൊടപ്പെട്ടത്) അല്ലാത്ത.

അസ്ഫുടവാക്ക്-അസ്പഷ്ടമായി പറയുന്നവൻ. മറെറാരു പര്യായം—'ലോഹലൻ'.

അസ്മദീയം-എന്നെ സംബന്ധിച്ചത്.
'അതിനടയസമാപ്ലാവസ്മദീയാവരോധം'
(അഭിജ്ഞാനശാകുന്തളം)

അസ്മൽ-വി. എന്നെ സംബന്ധിച്ച

അസ്മാതിക്കാർ-നമ്മുടെ ജാതിക്കാർ, ഒരു ജാതിയിലുള്ളവർ.

അസ്രപ-അട്ട. രക്തത്തെ പാനം ചെയ്യുന്നത്.

അസ്രപൻ-രാക്ഷസൻ. ചോരകുടിക്കുന്നവൻ എന്നർത്ഥം.

അസ്രം-പു. രക്തം അസൃക്‌ശബ്ദത്തിൻെറ അർത്ഥം തന്നെ. ക. തലമുടി. ക്ഷേപിക്കപ്പെട്ടത് എന്നർത്ഥം. ന. കോണ്. ര് കണ്ണുനീർ.

അസ്രു-കണ്ണുനീർ, മെറൊററവീഴുന്നത്

അസ്വച്ഛന്ന-വി. മറൊരുത്തൻെറ വരുതിക്ക കീഴടങ്ങുന്ന, അന്യാശ്രയമുള്ള.

അസ്വതന്ത്രൻ-പരാധീനൻ.

അസ്വന്തം-ഞെട്ടപ്പ്. [അശ്വന്തം എന്ന ശബ്ദത്തിൻെറ പാഠഭേദം.]

അസ്വപ്നന്മാർ-ദേവന്മാർ. സ്വപ്നം (ഉറക്കം) ഇല്ലാത്തവർ എന്നു ശബ്ദാർത്ഥം.

അസ്വരൻ-കാക്കയേയും മറും പോലെ ക്രൂരമായ ശബ്ദമുള്ളവർ.

അസ്വാസ്ഥത, അസ്വാസ്ഥ്യ-സുഖക്കേട്.

അസ്വാതന്ത്ര്യം-പരാധീനം.

അസ്വാദ്ധ്യായൻ-പു. വേദമദ്ധ്യയനമി

ല്ലാത്തവൻ, വേദം പഠിക്കാത്തവൻ. ര. വേദം പഠിച്ചു മറന്നവൻ. [സ്വാദ്ധ്യായം=വേദംപഠിക്കുക.]

അസ്വാധീന-വി. സ്വാധീനമല്ലാത്ത, വശത്തിൽ നില്ക്കാത്ത.

അസ്വാധീനത-സ്വാധീനമില്ലായ്മ

അസ്വാസ്ഥ്യ-വി. സ്വാസ്ഥ്യം(സൌഖ്യം) ഇല്ലാത്ത.

അസ്സർ-അസ്സർപ്പു (പതിററടി-അറബി ഭാഷ).

അസ്സൽ-ഒന്നെഴുതിയതിന്റെ ശേഷം അതിനെ തിരുത്തി ശരിയാക്കിഎഴുതിയാൽ അതിനുള്ള പേർ. ആദ്യം എഴുതിയതിനെ നക്കൽ എന്നു പേർ. അസ്സൽ-അറബി ഭാഷയാണ്.

'പക്ഷെ അസ്സൽ എഴുതിയതിൽ ഒരു ബലം പററി'. (കഥാരത്നമാല)

അഹമഹമിക-ഞാൻ ശക്തനാകുന്നു ഞാൻ ശക്തനാകുന്നു എന്നിപ്രകാരമുള്ള അഹങ്കാരം, ഞാൻ മുമ്പേ ഞാൻ മുമ്പേ എന്നുള്ള തിരക്ക്.

'തെന്നിച്ചംഭസ്സതിലതിരയം
ഭോട്ടപായിക്കുമുള്ളം
തന്നിൽതിങ്ങുന്നഹമഹമികാ
മെയ്യാത്തുകൈവത്തരപ്പോൾ'
(മയൂരസന്ദേശം)

അഹം-ഞാൻ (പ്ര. ഏ.) ഇതു സംസ്കൃതശബ്ദമാണ്.

അഹങ്കരിക്കുക-മദിക്കുക.

അഹങ്കാരം-ഗർവ്വം. ഞാൻ ശ്രേഷ്ഠൻ എന്ന ബുദ്ധിയെ തോന്നിക്കുന്നതു എന്നു ശബ്ദാർത്ഥം. ഗർവ്വം, അഭിമാനം, അഹങ്കാരം ഇവ പര്യായങ്ങൾ.

അഹങ്കാരശീല-വി. ഗർവ്വസ്വഭാവമുള്ള.

അഹങ്കാരി-ഗർവ്വമുള്ളവൻ. അഹംയു, എന്നു മറെറാരു പര്യായമാകുന്നു.

അഹംകൃതൻ-അഹങ്കരിച്ചവൻ.

അഹംകൃതി-ഗർവ്വം.

അഹംബുദ്ധി-അഹംമതി.

അഹംഭാവം-അഹംമതി.

അഹംഭാവി-ഡംഭമുള്ളവൻ, മദമുള്ളവൻ.

അഹമ്മതി-തന്നോടൊപ്പമില്ലാ എന്നുള്ള നിനവ്, ദേഹാദികളിൽ ഞാൻ എന്നുള്ള ബുദ്ധി, അറിവില്ലായ്മ, മദം.

അഹംയു-പു. അഹങ്കാരി. അഹം എന്ന ഭാവമുള്ളവൻ എന്നു ശബ്ദാർത്ഥം. ര. പട്ടാളക്കാരൻ.

അഹംപൂർവ്വം, അഹംപൂർവ്വിക-ഞാൻ മുമ്പിൽ ഞാൻ മുമ്പിൽ എന്നു തമ്മിലുള്ള തിരക്ക്. സേനകൾ യുദ്ധത്തിന്നായി ഞാൻ മുമ്പേ, ഞാൻ മുമ്പേ എന്നമട്ടിൽ ഒരുങ്ങി കൂട്ടുക എന്നതിനും പറയാം.

അഹർഗ്ഗണം-മാസം.

അഹർന്നിശം-അ. രാപ്പകൽ, രാത്രിയും പകലും.

അഹർപ്പതി-പു. ആദിത്യൻ. അഹസ്സിന്റെ (പകലിന്റെ) പതി (അധിപൻ). ര. എരുക്ക്.

അഹർമ്മുഖം-പ്രഭാതം. പകലിന്റെ ആരംഭകാലം എന്നു ശബ്ദാർത്ഥം.

അഹർവൃത്തി-നിത്യോപജീവിതം. ഭാഷയിൽ ഇതിനെ അഹോവൃത്തി എന്നു പറയുന്നു.

അഹരഹം-ദിനംതോറും, പ്രതിദിവസം. (അഹഃ+അഹം=അഹരഹം).

'അഹരഹമഹമാദ്യമകല്യാൻ'
(ഭാരതം)

അഹല്ലിക-ശവം.

അഹല്യ-ഗൌതമമഹർഷിയുടെ പത്നി.

ഇന്ദ്രൻ ഒരിക്കൽ അഹല്യയെ കാമിക്കയും മുനി നാലാംയാമത്തിൽ സന്ധ്യാവന്ദനത്തിനു പോയപ്പോൾ അഹല്യയെ പ്രാപിക്കയും ചെയ്തു. അനന്തരം സൂര്യോദയം അടുത്തില്ലെന്നു കണ്ടു മുനി

തിരിയെ വന്നപ്പോൾ പരമാർത്ഥം മനസ്സിലാക്കി 'സഹസ്രഭഗനായി ഭവിക്കട്ടെ' എന്നു ഇന്ദ്രനെയും 'കല്ലായിപ്പോവുക' എന്നു അഹല്യയെയും ശപിക്കയുമുണ്ടായി. 'ശ്രീരാമപാദസ്പർശം കൊണ്ടു ദുരിതം നശിക്കട്ടെ' എന്നു് അനന്തരം അഹല്യയ്ക്കു മുനി ശാപമോക്ഷം നൽകി. ഇന്ദ്രൻ ഗൌതമരൂപത്തിലാണു് അഹല്യയെ പ്രാപിച്ചതെന്നും കോഴിയുടെ ശബ്ദം പുറപ്പെടുവിച്ചാണു് മഹർഷിയെ അകററിയതെന്നും കാണുന്നുണ്ടു്. ബ്രഹ്മാവു് ആദ്യം സൃഷ്ടിച്ച സ്ത്രീയത്രെ അഹല്യ.

അഹല്യാകാമുകൻ-ദേവേന്ദ്രൻ.

അഹല്യാജാരൻ-ദേവേന്ദ്രൻ.

അഹല്യാനന്ദനൻ-ശതാനന്ദമുനി.

അഹല്യം-വി. ഉഴപ്പെടാത്ത.

അഹസ്കരൻ-൧. സൂര്യൻ. അഹസ്സിനെ (പകലിനെ) ചെയ്യുന്നവൻ എന്നു ശബ്ദാർത്ഥം. ൨. എരുക്കു്.

അഹസ്പതി-ആദിത്യൻ.

അഹസ്സ്-പകൽ. സൂര്യനെ പിരിഞ്ഞിരിക്കാത്തതു്. സൂര്യനാൽ ഉപേക്ഷിക്കപ്പെടാത്തതു്, മടങ്ങി വരവിനെ കൈവെടിയാത്തതു് എന്നിങ്ങനെ വ്യുല്പത്തി.

അഹഹ-അ. ൧. അത്ഭുതം. ൨. ഖേദം. ൩. ക്ഷീണം. ൪. ഇഷ്ടം. ൫. കഷ്ടം. ൬. വിളി.

അഹാര്യ-വി. ഹാര്യം (ഹരിക്കത്തക്കതു്) അല്ലാത്ത.

അഹാര്യം-പർവ്വതം. ഹരിക്കപ്പെടുവാൻ വയ്യാത്തതു് എന്നർത്ഥം.

അഹികാന്തം-വായു, കാററു്.

അഹി-൧. സർപ്പം. ഗമിക്കുന്നതു്, കൊല്ലുന്നതു് എന്നർത്ഥം. ൨. ഉദയം.

അഹി-൧ വൃത്രാസുരൻ. ൨. ആദിത്യൻ. ൩. വഴിപോക്കൻ.

അഹിഗ്രാഹി-പാമ്പിനെ പിടിക്കുന്നവൻ.

അഹിച്ഛത്രം-അർജ്ജുനൻ ജയിച്ചു് ദ്രോണർക്കു കൊടുത്ത ഒരു രാജ്യം, അഹിക്ഷേത്രം.

അഹിച്ഛത്ര-കരിമ്പ്.

അഹിച്ഛത്രകം-കമിഴ്, കൂൺ.

അഹിജിത്ത്-കൃഷ്ണൻ. കാളിയനെ കൊന്നതിനാൽ ഈ പേർവന്നു. ൨. ഇന്ദ്രൻ.

അഹിത-വി. ഹിതം (ഇഷ്ടം) ഇല്ലാത്ത.

അഹിതൻ-ശത്രു. ഒരിക്കലും ഹിതത്തെ ചെയ്യാത്തവൻ എന്നു ശബ്ദാർത്ഥം.

അഹിതുണ്ഡികൻ-പാമ്പാട്ടി. അഹിതുണ്ഡം (പാമ്പിന്റെ മുഖം) കൊണ്ടു കളിക്കുന്നവൻ എന്നു ശബ്ദാർത്ഥം. 'ആഹിതുണ്ഡികൻ' എന്നു പാഠാന്തരം.

അഹിദംഷ്ട്ര, അഹിദംഷ്ട്രിക-പാമ്പിൻപല്ലു്.

അഹിദേശം-പൂർവ്വകാലത്തു ഗ്രീസ്സ് രാജ്യത്തുനിന്നു ദിക്സഞ്ചാരികളായി വന്നിരുന്ന ഭൂഗോളശാസ്ത്രജ്ഞന്മാരിൽ മുമ്പനായ 'ടാളമി' കേരളത്തിനെ 'അഹിദേശം' എന്നു പേർ വിളിച്ചതായി പ്രാചീനഗ്രന്ഥങ്ങളിൽ നാം കാണുന്നു.

അഹിനാഭൃത്ത്-ബലദേവൻ.

അഹിപതി-൧. അനന്തൻ. ൨. വാസുകി. ൩. തക്ഷകൻ, സർപ്പരാജാവു്.

അഹിഫേനാദ്രാവകം-ഒരു മരുന്നു്. അതിസാരം വയറുവേദന ഇവയ്ക്കു നന്നു്.

അഹിഫേനാസവം-ഒരു ഔഷധം. അതിസാരം, ഗ്രഹണി, ശൂല ഇവയ്ക്കു നന്നു്.

അഹിഫേനം-കറുപ്പു്.

അഹിഭയം-൧. സർപ്പഭയം. ൨. സ്വപക്ഷക്കാരിൽ നിന്നുണ്ടാകുന്ന ഭയം. രാജാവിനു് വിശ്വസ്തന്മാരിൽ നിന്നുണ്ടാവുന്ന പോലെയുള്ള ഭയമാണു് അഹിഭയം.

'മഹീഭൃതാമഹിമയേം സ്വപക്ഷപ്രവേശയം'
(അമരം)

'ശ്രീമത്തായതാൽ മരതമൊട്ടുകൾ
പ്രാണനേതിനുനന്നായ്
സാമർത്ഥ്യത്തോടഹിയെയുമരി
പ്പിച്ചുഭൂമീപതിക്കും (മയൂരസന്ദേശം)

അഹിഭുക്ക്-൧. മയിൽ. ൨. ഗരുഡൻ. പാമ്പിനെ തിന്നുന്നത് എന്നു ശബ്ദാർത്ഥം. ചകോരം, പാമ്പുതീനി.

അഹിഭൂഷണൻ-ശിവൻ. പാമ്പിനെ ഭൂഷണമാക്കിയവൻ.

അഹിമകിരണൻ-സൂര്യൻ.

അഹിമരശ്മി-സൂര്യൻ.

അഹിമാരകം-ഗരുഡക്കൊടി.

അഹിയാമൻ (ഹൈയമൻ) -'ചീനരാജ്യത്തുകാർ വളരെക്കാലം മുമ്പു ദക്ഷിണഖണ്ഡത്തിന്റെ ഭൂപടം ഉണ്ടാക്കിയതിൽ മലയക്കൂട്ടം അല്ലെങ്കിൽ മലയാളം എന്ന രാജ്യത്തിനു 'ഹൈയമൻ' അല്ലെങ്കിൽ 'അഹിയമൻ' എന്ന പേർകൂടി ഉപയോഗിച്ചതായി അറിയുന്നു. ഈ പേരുകളുടെ പൂർവ്വാർദ്ധത്തിൽകാണുന്ന 'അഹി' എന്ന സംസ്കൃതപദത്തിന്റെ അർത്ഥം പാമ്പ് എന്നാകുന്നു'. (അഹിദേശം എന്നതുകൂടി നോക്കുക).

അഹിരിപു-൧. ഗരുഡൻ. ൨. കൃഷ്ണൻ. ൩. ഇന്ദ്രൻ.

അഹിർബുധ്ന്യൻ-ശിവൻ.

അഹിംസ-പരപീഡചെയ്യാതിരിക്ക.

അഹിംസ്യ-പരപീഡചെയ്യേണ്ടതല്ലാത്ത

അഹിംസ്ര-വി. ഉപദ്രവമില്ലാത്ത.

അഹിഹാ-൧. വൃത്രൻ. ൨. ഗരുഡൻ. ൩. ഇന്ദ്രൻ.

അഹീനൻ-സർപ്പശ്രേഷ്ഠൻ.

'വിമൃശാന്താസവാചേദ്രാപത്യ മന്ദി
സ്ഥുരണം സമഹീനമഹീനഭ്രമം'
(അംബരീഷചരിതം കഥകളി)

അഹീനഭുജൻ-ദീർഘബാഹു.

അഹേതു-ഹേതു (കാരണം) ഇല്ലായ്ക.

അഹേതുക-വി. കാരണമില്ലാത്ത.

അഹേരു-ശതാവരി. പോകാത്തത്, നശിക്കാത്തത് എന്നു ശബ്ദാർത്ഥം. 'അഹേര' എന്ന പാഠവും കാണുന്നു.

അഹോ-൧. വിസ്മയം. ൨. വികല്പം. ൩. നിന്ദ. ൪. ഖേദ. ൫. പരിഹാസം. ൬. ദുഃഖം. ൭. അപമാനം. ൮. ക്ഷീണം. ൯. ഗ്രന്ഥപൂരണം. ൧൦. കഷ്ടം. ൧൧. വിളി. ൧൨. പ്രശംസ. 'അഹോം' എന്നുമാവാം.

അഹോബലം-ഒരു പുണ്യസ്ഥലം.

അഹോരാത്രം-൩൦ മുഹൂർത്തം. (൬൦ നാഴിക ൨൪ മണിക്കൂർ) കൂടിയത്. ഒരു മുഴുവൻ ദിവസം, രാവുപകൽ, പകലിനോടുകൂടിയ രാത്രി എന്നിങ്ങനെ ശബ്ദാർത്ഥം.

അഹോവൃത്തി-കാലക്ഷേപം, നിത്യച്ചെലവ്.

[സന്ധിയിൽ 'അഹർവൃത്തി' എന്നു വേണ്ടതാണ്. ഭാഷയിൽ 'അഹോവൃത്തി' എന്നു സാധുതന്നെ.]

അഹ്ന-അഹസ്സ്.

അഹ്നാന്തം-വൈകുന്നേരം.

അഹ്നായ-അ. ഉടനെ, വേഗം.

അളമാരി, അൾമാരി-ഉടുപ്പുപെട്ടി, വസ്ത്രം മുതലായവ വെയ്ക്കുന്ന ഒരുമാതിരി പെട്ടി. (ഇതു പേർഷ്യൻഭാഷയാകുന്നു).

അളം-പൊത്ത്. വൃക്ഷങ്ങളിൽ പക്ഷികളും മറ്റും ഇരിക്കുന്ന ദ്വാരം.

അളകം-൧. കുറുനിര. നെറ്റിയുടെ മുകളിൽ വണ്ടിന്റെ വടിവിൽ പ്രത്യേകം പ്രത്യേകം അഴകിയമട്ടിൽ വെട്ടിനിറുത്തു

ന്ന തലമുടി. മററൊരുപര്യായം 'ചൂർണ്ണകുന്തളം'. ൨. പേപ്പട്ടി.

അളകവർണ്ണൻ-കൃഷ്ണൻ. കടൽവർണ്ണൻ. (തമിഴിൽ അളം=സമുദ്രം).

അളമട-പക്ഷികളും എലികളും ഇരിക്കുന്ന ദ്വാരം.

അളക-൧. വൈശ്രവണന്റെ രാജധാനി. അലങ്കരിക്കുന്നത് എന്നു ശബ്ദാർത്ഥം.

ഈ നഗരം ഹിമാലയപർവതത്തിലാണ്. ഗന്ധർവന്മാരുടെ വാസസ്ഥലമാകുന്നു. ഈ ശബ്ദത്തോട് അധിപൻ,പതി, ഈശ്വരൻ ഇത്യാദി ചേർത്താൽ കുബേരൻ എന്ന് അർത്ഥംവരും.

൨. എട്ടുമുതൽ ൧൦ (വയസ്സ്) വരെ പ്രായംചെന്ന പെൺകുട്ടി.

അളകാനന്ദ-൧. ഗംഗ. ൨. ഗംഗയിൽ വീഴുന്ന മറെറാരു നദി. ൩. ൮-മുതൽ ൧൦-വരെ പ്രായംചെന്ന പെൺകുട്ടി.

അളകാപുരി- വൈശ്രവണന്റെ രാജധാനി.

അളക്കുക-തൂക്കം അറിയുക. നാഴി, ഇടങ്ങഴി മുതലായവകൊണ്ട് എത്രമാത്രമുണ്ടെന്നു തിട്ടംവരുത്തുക.

അളം-൧. ഉപ്പു ശേഖരിക്കുന്ന സ്ഥലം. ൨. ഇളംനിലമെന്നും കാണുന്നുണ്ട്. (തമിഴിൽ സമുദ്രം).

അളർക്കം-൧. വെള്ളെരിക്ക. ൨. പേനായ്. എല്ലാവരാലും തടുക്കപ്പെടുന്നതുകൊണ്ട് ഈ പേർ വന്നു. മദനൻമുതലായവരെക്കൊണ്ട് ഉന്മാദിയാക്കപ്പെട്ടനായ് എന്നുമുണ്ട്. ൩. മന്ദാരം (മദാരം).

അളക്കർ-സമുദ്രം.

അളക്കുക-അലറുക, കരയുക.

അളത്തം-അളവ്.

അളച്ച്, അളപ്പ്-അലറുക, കരച്ചൽ.

അളവ്-തിട്ടവരുത്തൽ, തൂക്കം ഗ്രഹിക്കുക അളക്കുക, അളക്കുന്ന തൊഴിൽ.

അളവററ-വി. എണ്ണമില്ലാത്ത, അളവില്ലാത്ത.

[അളമാന്തിക്കപ്പിത്താൻ-ജർമ്മൻ പ്രധാനി. അലേമാനി=ജർമ്മനി ]

അളരുക-ഭയപ്പെടുക.

അളവൻ-൧. അളക്കുന്നവൻ. ൨. തന്നെത്താൻ സ്തുതിക്കുന്നവൻ.

അളവററവൻ-ഈശ്വരൻ.

അളവുകോൽ-മുഴക്കോൽ, അളക്കുന്നതിനുള്ള കോൽ.

അളവുചങ്ങല-അളക്കുന്നതിനുള്ള തുടൽ. ൬൬ ജാതിയടി അല്ലെങ്കിൽ ൧൦൦ ലിംക്സ് നീളമുള്ള ചങ്ങല.

അളവുവാശി-അളക്കുന്നതിൽ അധികം വരുന്നത്.

അളവേ-൧. ഭംഗിയായി.

'എന്നറിയിത്തവനംവണങ്കിനാനളവേ'
(രാമചരിതം)

൨. മുഴുവനും. ൩. സ്ഥിതിയിൽ, സമയത്ത്.

അളി-൧. വണ്ട്. ൨. മദ്യം. ൩. തേൾ. ൪. കൂട്ടം.

അളികണ്ണ്-പീളക്കണ്ണ്.

അളികം-നെററി. അലങ്കരിക്കപ്പെടുന്നത് എന്നർത്ഥം.

അളികുളം-ചെറു വണ്ട്.

അളിക്കാന്തകാരി- ഒരു വകപ്പക്ഷി. ആരായി, പില്ലം-ഇവ പര്യായങ്ങൾ.

അളിക്കുക-കൈകൊണ്ടു ഞെവിടുക (പിശുക്കുക).

അളിച്ചൽ-പീച്ചൽ. അളി എന്ന ധാതുവിനു പാകമേറി ദ്രവിക്കുക എന്നർത്ഥം.

അളിഞ്ജരം-പാത്രവിശേഷം. അലിഞ്ജരം നോക്കുക.

അളിന്ദം-പുറന്തിണ്ണ.

അളിനി-പെൺവണ്ട്.

'നാനാതരുപ്രസവവല്ലീനാളിനീനിവഹ-
ഗാനാതിമോഹനതമാഭേ'
(അംബരീഷചരിതം കഥകളി)

അളിപ്പ്-അളിച്ചൽ.

അളിയൻ-പ്ര. ഭാര്യയുടെ സഹോദരൻ. ദ്വി. സഹോദരിയുടെ ഭർത്താവ്.

അളിയുക-ചീയുക.

അളീകം-പ്ര. അപ്രിയം. ദ്വി. അസത്യം.

'പത്ഥ്യപ്പോയീടിനാരാളികളംവെളിയിലളീ
കങ്ങളോരോന്നുചൊല്ലി'
(അമരുകശതകം)

തൃ. നെററി. ച. സ്വർഗ്ഗം.

അളുക്ക്-ചിമിഴ്.

അളുക്കുക-തിരമ്പിപ്പോവുക, കോച്ചുക.

അളുങ്കു-ചെറുപനച്ചി. ഇതു് വയറുകടിക്കും കണ്ണിനും നന്നു്.

അളുക്കം-ഭയം.

അളുമ്പുക-ചതയ്ക്കുക, ഞെരുക്കുക, പിഴിയുക.

അളുപം-ചെമ്പ്.

അള്ള-ദൈവം. (അറബിവാക്ക്).

അള്ളയാക-മെലിയുക.

അള്ളുക-മാന്തുക.

അഴകൻ-സുന്ദരൻ.

അഴകം-സ്ത്രീകൾ കൈയിലിടുന്ന ഒരടയാളം.

അഴകി-സുന്ദരി.

അഴകിയരാവണൻ-വേഷംകെട്ടിസൌന്ദര്യമുണ്ടാക്കുന്നവൻ.

അഴകിയപാണ്ടിപുരം-തിരുവിതാംകൂറിൽ തോവാള താലൂക്കിലെ ഒരു പകുതി.

അഴക്-ഭംഗി.

അഴയുക- അയയുക. വിപരീതപദം 'കൊഴുക്കുക'.

അഴൽ-പ്ര. വ്യസനം. ദ്വി. ചൂട്. തൃ. ചെറിയ ചൊറി.

അഴൽച്ച-ചൂട്, നീററൽ, ദുഃഖം.

അഴലുക-പ്ര. വ്യസനിക്കുക. ദ്വി. ഉഷ്ണിക്കുക. തൃ. എരിയുക. ച. കാന്തുക.

അഴി-പ്ര. തൂച്ചുകയറുന്ന മരം. ദ്വി. കായലും സമുദ്രവും തമ്മിൽ സമം തൊട്ടുകിടക്കുന്ന ഭാഗം. അഴി എന്ന ധാതുവിനു കെട്ടുവിടുക എന്നർത്ഥം.

അഴിച്ചൽ-പ്ര. ചെലവ്. ദ്വി. നാശം. തൃ. ജനസമ്മതം.

അഴിഞ്ഞിൽ-അങ്കോലം എന്ന വൃക്ഷം. അങ്കോലം എന്നതു് നോക്കുക.

അഴിനില-പ്ര. തരക്കേട്. ദ്വി. തടസ്സം. തൃ. നാശം. ച. ആശാഭംഗം. പ. നില വിടുതൽ.

അഴിഞ്ഞ്-മനസ്സുരുകി. (പ-മ.)

അഴിപ്പുര-ഠാണാവ്, പാറാവ്, കാരാഗൃഹം.

അഴിമതി-പ്ര. അക്രമം, ദുർനടപ്പ്. ദ്വി. നാശം.

അഴിമുഖം-പ്ര. കപ്പൽ അടുക്കുന്ന ഭാഗം. ദ്വി. നദി സമുദ്രത്തോടു ചേരുന്ന സ്ഥലം. പര്യായങ്ങൾ- സംഭേദം, സിന്ധുസംഗമം.

അഴിയം-പ്ര. തോട്ടം. ദ്വി. കുടിയിരിക്കുന്നിടം.

അഴിയുക-പ്ര. കെട്ടുവിടുക. ദ്വി. ചെലവാകുക. തൃ. നശിക്കുക.

അഴിവു്-പ്ര. ചെലവ്. ദ്വി. നാശം. തൃ. മരണം. ഉ-ം, അഴിവുപെട്ടു = മരിച്ചു.

അഴു, അഴുക്-വലിയ കൽച്ചുവര്.

അഴുകൽ-ചീച്ചൽ.

അഴുകുക-ചീയുക. (തമിഴിൽ-കരയുക.)

അഴുകരാൻ-ഒരു പക്ഷി. പര്യായങ്ങൾ- ഉൽക്രോശം, കുരരം (കുരലം).

അഴുക്ക്-മലം, ചെളി, മുഷികേട്.

അഴുതയാറ്-തിരുവിതാംകൂറിൽ പമ്പയാററിന്റെ ഒരു പോഷകനദി.

അഴുത്തം-മിനുസം.

അഴുത്തുക-അമിഴ്ത്തുക.

അഴുവ-ആമാശയത്തിന്റെ മുഖത്തുണ്ടാകുന്ന നീക്കെട്ട്.

അഴൂർ-തിരുവിതാംകൂറിൽ ചിറയിൻകീഴ് താലൂക്കിലെ ഒരു പകുതി.

അറ-ധാ. തല്ലിനുറുക്കുക.

അറ-൧. നെല്ലു പണം മുതലായവ വെച്ചുസൂക്ഷിക്കുന്ന മുറി. ൨. കിടപ്പുമുറി. ൩. മുഴുവൻ.

അറക്കളം-തിരുവിതാംകൂറിൽമൂവാററുപുഴ താലൂക്കിലെ ഒരു പകുതി.

അറക്കുക-൧. മുറിക്കുക. ൨. കൊയ്യുക ൩. പിളക്കുക.

അറച്ചീര-ഒരുവക ചീര. ഇതിന്റെ ഇല ഗുരുത്വമുള്ളതാണ്.

അറപ്പക്ഷി-അടുക്കളക്കരികിൽ

അറപ്പ്-൧. കൊയിത്ത്. ൨ മുറിക്കുക.

അറപ്പുര-൧. നെല്ലുര. ൨. ഒരു കെട്ടിടം. (ഇതു സാധാരണ വീട്ടിന്റെ പടിഞ്ഞാറുവശത്തായിരിക്കും).

അറപ്പുവാൾ-അറക്കുന്ന വാൾ.

അറം-൧. കവികൾ കഥാപാത്രങ്ങളുടെ വാക്കായിട്ട് ഉത്തമപുരുഷസർവ്വനാമം ചേർത്ത് ശാപരൂപമായ സംഗതി പറയുന്നതു മേലാൽ തനിക്കുതന്നെ ഫലിക്കുന്നതാണ് അറം.

തന്മയത്വമാണ് ഇതിനു മുഖ്യം. അതു മഹാകവികളുടെ വാക്കിലേ കാണുകയുള്ളു. ക്ഷുദ്രകവികൾക്ക് അറം വരുക പതിവില്ല.

'കലമിതഖിലവുമറുതിവന്നിതു'

(നളചരിതം കഥകളി)

[മഹാകവിയായ ഉണ്ണായിവാര്യരുടെ അറവാക്കു അദ്ദേഹത്തോടുകൂടി അന്യം നിന്നുപോയി എന്നതു സുപ്രസിദ്ധമാണല്ലോ.]

൨. ധർമ്മം. ൩. നാശം.

അറമുറിയൻ-തുരങ്കക്കാരൻ.

അറയുക-൧. വെട്ടിനുറുക്കുക. ൨. നുറുങ്ങെ തല്ലുക ൩. അടിക്കുക.

അറയ്ക്കുക-വെറുക്കുക, ദുർഗ്ഗന്ധം മുതലായവകൊണ്ടു തൊടുന്നതിനു മടിക്കുക.

അറപ്പ് (അറയ്പ്)-അറയ്ക്കുക, മടി.

അറവാതൻ-അറയുടെ മുൻഭാഗത്തുള്ള കതക്.

അറവി-അറേബിയാ എന്ന രാജ്യം.

അറാം-ന്യായവിരുദ്ധം.

അറിമുഖം-പരിചയം.

അറിയുക-ഗ്രഹിക്കുക, മനസ്സിലാക്കുക. അറി എന്ന ധാതുവിനു ഗ്രഹിക്കുക എന്നർത്ഥം.

അറിവ്-മനസ്സിലാക്കൽ.

അറിയിപ്പ്-അറിവു കൊടുക്കുക.

അറിവാളൻ, അറിവൻ-പഠിച്ചവൻ, പരിചയിച്ചവൻ.

അറുക-൧. മുറിയുക. ൨. അവസാനിക്കുക. 'അറു' എന്ന ധാതുവിനു 'ഖണ്ഡിക്ക' എന്നർത്ഥം.

അറുകുലഹീനൻ-തീരെ താണ കുലത്തിൽ ജനിച്ചവൻ, ചണ്ഡാലൻ.

'മായേനാകിലുമറുകുലഹീനൻ'

(ഭഗവൽഗീത)

അറുകൻപുല്ല്-കറുക.

അറുകൊല-കൊത്തിക്കൊല്ലുക, നിർദ്ദയഹിംസ.

അറുക്കൽ-ഭിത്തിയില്ലാതാക്കിയ അറ.

അറുപ്പ്-മുറിക്ക, പിളക്കുക.

അറുനൂറു-ആറുനൂറു കൂടിയതു.

അറുനൂറർ-നായർയോഗക്കാർ.

['അറുനൂറർ', 'പതിനായിരത്താർ' എന്നും മററും പറയുന്നതു, നമ്പൂതിരിമാർ

അവരുടെ അധികാരങ്ങളെ കൈകടത്തി പ്രയോഗിച്ചു കാലത്തുണ്ടായിരുന്ന നാട്ടിലെ രക്ഷാധികാരികളായ നായർ യോഗക്കാരെ ആകുന്നു.]

അറുനെല്ലി-കീഴാനെല്ലി. (അറുനെല്ലി എന്നതു തമിഴാണ്).

അറുതി-അവസാനം.

അറുപ്പുവാൾ-അറുക്കുന്ന വാൾ.

അറുമുഖൻ-സുബ്രഹ്മണ്യൻ. (ആറുമുഖമുള്ളവൻ).

അറുവർ-ആറുപേർ.

അറുമ്പ്-പഞ്ഞം, ദുർഭിക്ഷം.

അററ-വി. അവസാനിച്ച, ഇല്ലാത്ത, അറുതിവന്ന.

അററകാലം-മരണം.

അററക്കുഴ-ജലാശയങ്ങളിൽ നിൽക്കുന്ന മഴവെള്ളം.

അററകുററം-കേട്, കെട്ടമതി.

അററടക്കം-തറവാട്ടിലെ അനന്തരാവകാശം ലഭിക്കാത്ത ഒരു ശാഖയെ ജയിപ്പാനുള്ള അവകാശം നേടുക.

അററം-അവസാനം, ഒടുക്കം.

അഠ-അ. അത്ഭുതത്തിൽ പ്രയോഗിക്കുന്ന ഒരു വാക്ക്.

---

## ആ

ആ—പു. മലയാള അക്ഷരങ്ങളിൽ രണ്ടാമത്തേത്. ൧. ഓർമ്മ. ൨. ദയ. ൩. സംശയം. ൪. അവധി. ൫. അഭിവിധി. ൬. അല്പം.

ആം-അ. അനുസരണത്തിങ്കൽ ഉപയോഗിക്കുന്നത്. ആകാം.

ആക-വി. മുഴുവനായ.

ആകണ്ഠം-അ. കണ്ഠം (കഴുത്തു) വരെ.

'ആകണ്ഠംനീരിലാഴ്ന്നും മുനികളുടെ ജടാ
ഭാരമാട്ടും മശായ്യാം'

(ജാനകീപരിണയം)

ആകത്ഥനം-വമ്പു പറക.

ആകത്ര്യാ-അശ്ലമാക്കുക.

ആകനിഷ്ഠം-ചെറുവിരൽവരെ.

ആകപ്പാടെ-അ. മുഴുവനും.

ആകമാനം-മുഴുവനും, എല്ലാം, പൊതുവെ.

ആകമ്പനം-ഇളക്കം.

ആകമ്പിത, ആകമ്പ്ര-വി. ഇളക്കപ്പെട്ട, കുറഞ്ഞൊന്നു ഇളക്കപ്പെട്ട.

ആകയാൽ-അ. ആയതുകൊണ്ട്.

ആകരം-പു. രത്നങ്ങൾ വിളയുന്നസ്ഥലം. ൧. പുരുഷാരം. ൨. ഇരിപ്പിടം.

ആകരികൻ-രത്നം വിളയുന്ന സ്ഥലത്തിലെ വിചാരിപ്പുകാരൻ.

ആകർണ്യാകർണ്യ-അ. പിന്നെയും പിന്നെയും കേട്ടിട്ട്.

ആകർണ്ണനം-കേൾക്കുക.

ആകർണ്ണം-ചെവിയോളം.

ആകമ്ര-വി. വഴിച്ച.

'ആകമ്രശ്രീകകാചന്ദനവിടപിവര-
ഭ്രാന്തിമൈകൈക്കൊണ്ടുഞൊനം'

(ഉത്തരരാമായണം ചമ്പു)

ആകർഷക-വി. വലിക്കുന്ന. സ്ത്രീലിംഗം ആകർഷകി.

ആകർഷകം-കാന്തക്കല്ല്, ഉരകല്ല്.

ആകർഷണം-പു. വലിക്കുക. ആകർഷിക്കുന്നത്, ആകർഷിക്കപ്പെടുന്നത് എന്ന ശബ്ദാർത്ഥം. ൧. വണ്ടിയുടെ ചക്രം. ൨. വാദപ്രതിവാദം.

ആകർഷിക്കുക-വലിക്കുക, വലിച്ചടുക്കുക.

ആകർഷം-ചൂതുകളി, പകിടക്കളി, ചൂതിനുള്ള പലക ഇവയുടെ പേർ.

ആകലനം-പു. കണക്കുകൂട്ടുക. ൧. പിടിക്കുക. ൨. മനസ്സിലാക്കുക. ൩. അന്വേഷണം. ൪. ആഗ്രഹം.

ആകലിതം-ജ്ഞാതം, കെട്ടപ്പെട്ടതു, ചെയ്യപ്പെട്ടതു.

'സുവൎണ്ണസൂത്രാകലിതാധരാംബരം'
(മാഘം)

ആകല്പകം-പു. വ്യസനത്തോടെ ഓൎമ്മിക്കുക. ൨. സന്തോഷം. ൩. ബുദ്ധിമാന്ദ്യം. ൪. കെട്ട്, (മുടിച്ചൽ.)

ആകല്പം, ആകല്പകാലം-അ. ലോകനാശം വരെ.

ആകല്പം-പു. അലങ്കാരം, വസ്ത്രമാല്യാദികളെക്കൊണ്ടുള്ള അലങ്കാരം. ൨. അലങ്കാരം നിമിത്തമുണ്ടായ ശോഭ. ൩. മീനം. ൪. വല്ഗനം.

ആകല്യം-രോഗം.

ആകവെ-അ. മുഴുവനും, എല്ലാംകൂടെ.

ആകസ്മികം-അ. പെട്ടെന്ന്, കാരണം കൂടാതെ.

'കൂരിരുട്ടുമാകസ്മികമായൊരുമഹാമഴയും'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

ആകാ-അ, ആകില്ല, കൊള്ളരുത്, ഇല്ല.

ആകാത്ത, ആകാത-കൊള്ളരുതാത്ത, ചീത്ത.

ആകാംക്ഷ-പു. ആഗ്രഹം.

'ആകാംക്ഷാപരവശചേതസാ ചോദിക്കുന്നു'
(അദ്ധ്യാത്മരാമായണം)

൨. (വ്യാകരണത്തിൽ) വിശേഷണത്തിനു വിശേഷ്യത്തോടു എന്നപോലെ ശബ്ദങ്ങളുടെ വേർപെടുത്താൻ പാടില്ലാത്ത ബന്ധം.

ആകാംക്ഷിക്കുക-ആഗ്രഹിക്കുക.

ആകാംക്ഷിത-വി. ആഗ്രഹിക്കപ്പെട്ട

ആകായ്ക-വിഡ്ഢിത്തം, കൊള്ളരുതായ്ക.

ആകായം-പു. ചിത. ൨. ചിതയിൽ കത്തുന്ന തീയ്. ൩. പാൎപ്പിടം.

ആകാരം-പു. ശരീരം. ൨. ആകൃതി (അവയവസംസ്ഥാനം). ൩. രത്നങ്ങൾ വിളയുന്ന സ്ഥലം. ൪. അഭിപ്രായത്തിന് അനുരൂപമായ ചേഷ്ട. ൫. അഭിപ്രായം. ൬. സ്വഭാവം. ൭. 'ആ' എന്ന അക്ഷരം. ൮. അടയാളം.

ആകാരഗോപനം, ആകാരഗുപ്തി, ആകാരഗൂഹനം-ശോകം മുതലായവകൊണ്ടുണ്ടായ മനോവികാരം മുഖവികാരം ഇവയെ മറച്ചുവെയ്ക്കുക. ആകാരത്തെ മറച്ചുവെയ്ക്കുക എന്നു ശബ്ദാൎത്ഥം.

ആകാരണം, ആകാരണ-വിളിക്കുക എന്ന ക്രിയ, ക്ഷണിക്കൽ.

ആകാരാന്തം-'ആ' കൊണ്ടവസാനിക്കുന്നത്.

ആകാരികൻ-രത്നം വിളയുന്ന സ്ഥലം സൂക്ഷിപ്പുകാരുടെ മേലധികാരിയായി രാജാവിനാൽ നിയമിക്കപ്പെട്ടവൻ.

ആകാരിത-വി. വിളിക്കപ്പെട്ട.

ആകാലം-പു. ശരിയായ സമയം. ൨. തെററായ സമയം.

ആകാലിക-വി. ൧. അല്പസമയത്തെയ്ക്കു മാത്രമുള്ള. ൨. സമയത്തിനു തക്കതല്ലാത്ത. ൩. സമയത്തിനുമുമ്പുള്ള.

ആകാലികി-മിന്നൽ.

ആകാശഗം-പക്ഷി.

ആകാശഗംഗ, ആകാശഗാ-സ്വൎഗ്ഗത്തിലെ നദി.

ആകാശഗമനം- ആകാശത്തിൽ നടക്കുക.

ആകാശഗരുഡൻ-ഗരുഡക്കൊടി, പെയത്തി, ചീന്തിൽ.

[ആകാശഗരുഡക്കൊടി എന്നു ഇതിനെ വിളിക്കാറുണ്ട്. ഇതു സന്നിപാതത്തിനു നന്ന്.]

ആകാശചമസം-ചന്ദ്രൻ.

ആകാശചാരി-വി. ആകാശത്തിൽ സഞ്ചരിക്കുന്ന.

ആകാശചൂൎണ്ണം-പുകയറ, ഇതു മരുന്നാണ്. മേഹരോഗത്തിനും ശീതജ്വരത്തിനും വിഷത്തിനുമുപയോഗം.

ആകാശദീപം, ആകാശപ്രദീപം-ദീപാവലിദിവസം ലക്ഷ്മിയുടെയോ വിഷ്ണുവിന്റെയോ പ്രസാദത്തിനുവേണ്ടി

കൊളുത്തിക്കമ്പിന്റെ മുകളിൽ തൂക്കുന്ന വിളക്ക്.

ആകാശഭാഷിതം-അശരീരിവാക്ക്.

ആകാശമണ്ഡലം-നക്ഷത്രങ്ങൾ കാണപ്പെടുന്ന ദേശം, ആകാശം.

ആകാശമാർഗ്ഗം-ആകാശത്തിലെ വഴി.

ആകാശം-൧. പഞ്ചഭൂതങ്ങളിൽ ഒടുവിലത്തേത്. എങ്ങും പ്രകാശിക്കുന്നത്. സൂര്യാദികളുടെ ശോഭയോടുകൂടിയത്. ഭൂമിക്കും നക്ഷത്രങ്ങൾക്കും ഇടയിലുള്ള ദേശം. ൨. ഒഴിഞ്ഞസ്ഥലം. ൩. ഭാരം. ൪. അനുസ്വാരം, ഒരു കുത്ത്.

പര്യായങ്ങൾ-൧. ദ്യോ. ൨. ദ്യൌ. ൩. അഭ്രം. ൪. വ്യോമം. ൫. പുഷ്കരം. ൬. അംബരം. ൭. നഭസ്സ്. ൮. അന്തരിക്ഷം (അന്തരീക്ഷം). ൯. ഗഗനം. ൰. അനന്തം. ൰൧. സുരവർത്മ. ൰൨. ഖം. ൰൩. വിയത്ത്. ൰൪. വിഷ്ണുപദം. ൰൫. ആകാശം. ൰൬. വിഹായസ്സ്. ൰൭. വിഹായസം. ൰൮. നാകം. ൰൯. ദ്യു. ൨൰. താരാപഥം. ൨൰൧. ശബ്ദഗുണം. ൨൰൨. മേഘാദ്ധ്വാവ്. ൨൰൩. മഹാബിലം.

ആകാശവഴുതിന-ഒരു ചെടി.

ആകാശവാണി-അശരീരിവാക്ക്.

ആകാശവീഥി-ആകാശമാർഗ്ഗം.

ആകാശസലിലം-൧. മഴ. ൨. മഞ്ഞ്.

ആകി-ആയി. (പ-മ.)

ആകിൽ-കഴിയുമെങ്കിൽ.

ആകിഞ്ചനം, ആകിഞ്ചന്യം-ദാരിദ്ര്യം.

ആകീർണ്ണ-വി. ൧. ചിതറപ്പെട്ട. ൨. പലവസ്തുക്കൾ കൂടിയ. ൩. നിറയപ്പെട്ട. ൪. പരന്ന.

ആകീർണ്ണം-൧. അനേകതരത്തിലുള്ളവ ഒന്നിച്ചുചേർന്നത്. ൨. അത്യന്തമിശ്രമായത്. മററു പര്യായങ്ങൾ-സങ്കീർണ്ണം, സങ്കലം.

ആകീർണ്ണത-നിറവ്.

ആകുഞ്ചം-൧. ജീവനം. ൨. വളവ്.

ആകുഞ്ചനം-൧. വളവ്. ൨. ചുരുക്കുക, വലിക്കുക.

ആകുഞ്ചിത-വി. ൧. വളയ്ക്കപ്പെട്ട. ൨. ചുരുക്കപ്പെട്ട.

'അതിവിപുലശുഭവപുമാർജ്ജവമകുടി-
ന്നാകുഞ്ചിതാംഘ്രിയാമുൽപന്നയായായ്'
(അദ്ധ്യാത്മരാമായണം)

ആകുക-൧. ഭവിക്കുക. ൨. തീരുക.

ആകുല-വി. ൧. ദുഃഖമുള്ള. ൨. ക്ഷീണമുള്ള. ൩. കുഴഞ്ഞ, ക്രമംതെറ്റിയ. ൪. നിറഞ്ഞ. ൫. മനം കലങ്ങിയ.

ആകുലതാ, ആകുലത-൧. ദുഃഖം. ൨. പാരവശ്യം. ൩. ക്രമക്കേട്.

ആകുലപ്പെടുക-൧. ദുഃഖപ്പെടുക, ൨. പരവശപ്പെടുക.

ആകുലി-ആവിമരം, ആവീരമരം.

ആകുലീഭൂതം-ആകുലമായി ഭവിച്ചത്.

ആകുലം-൧. ദുഃഖിച്ചത്, ദുഃഖം, വ്യസനം. ൨. സംഭ്രാന്തം. ൩. ചിന്നിച്ചിതറിയത്, കൂട്ടിക്കെട്ടിക്കിടപ്പ കാണുന്നു എന്ന ശബ്ദാർത്ഥം.

ആകുല്യം-ആവിക്കര, ആവീരക്കര.

ആകൂതം-൧. അഭിപ്രായം, ആഗ്രഹം, ൨. അത്ഭുതം.

ആകൃതി-൧. സ്വരൂപം. ൨. ഛന്ദസ്സുകളിൽ ഒന്ന്.

ആകൃതിപ്പെടുക-രൂപമുണ്ടാവുക.

ആകൃഷ്ട-വി. ആകർഷിക്ക(വലിക്ക)പ്പെട്ട.

ആകോലി-ആവോലി, ഒരു മത്സ്യം.

ആകോകേരം-മകരംരാശി.

ആക്കം-൧. ബലം, ശക്തി, ഉയർച്ച, ശ്രീ. ൨. വീറ. ൩. വിസ്താരം. ൪. [illegible] പക്ഷം, ആഗ്രഹം. ൫. അഭിവൃദ്ധി.

'ആക്കമിയന്ന വലാഹകജാലകിമ'
(കൃഷ്ണഗാഥ)

ആക്കുക-ക്രി. നിയമിക്കുക; ഏർപ്പെടുത്തുക. ൨. ചെയ്യുക.

ആക്രന്ദൻ-നാ. എതിരാളി. ൨. കരയുന്നവൻ.

ആക്രന്ദ(ന)ം-നാ. നിലവിളി. ൨. വിളി. ൩. നിലവിളിപ്പിക്കൽ. ൪. മുറവിളി (ഉച്ചപ്പെട്ട കരയുക). ൫. ഭയങ്കരയുദ്ധം. ൬. രക്ഷിതാവ്.

ആക്രന്ദികൻ-നിലവിളികേട്ടു സ്ഥലത്തേയ്ക്കു ഓടിച്ചെല്ലുന്നവൻ.

ആക്രന്ദിത-വി. നിലവിളിക്കപ്പെട്ട.

ആക്രമണം, ആക്രമം-നാ. ക്രമക്കേടായ പ്രവേശം, അതിരവിട്ട പ്രവേശം. ൨. അപ്പുറം കടക്കുക. ൩. ശത്രുരാജ്യം വളയുക. ൪. ജയം.

ആക്രമി-നാ. ആക്രമിക്കുന്നവൻ, ബലാൽ കയ്യേറ്റം ചെയ്യുന്നവൻ. ൨. ജയിക്കുന്നവൻ.

ആക്രമിക്കുക-ക്രി. അതിരുകവിയുക. ൨. അപ്പുറം കടക്കുക, ബലാൽകയറുക. ൩. ജയിക്കുക.

ആക്രാന്തൻ-ആക്രമിക്കപ്പെട്ടവൻ.

ആക്രാന്തം-ആക്രമിക്കപ്പെട്ടത്.

ആക്രാമകൻ-ക്രമക്കേടായി പ്രവേശിക്കുന്നവൻ, ആക്രമിക്കുന്നവൻ.

ആക്രീഡം-നാ. ഉദ്യാനം, പൂങ്കാവ്. ക്രീഡിക്കുന്നേടം എന്നർത്ഥം. 'ആരാമമാക്രീഡമുദ്യാനം' എന്നമരമാല. ൨. ഉല്ലാസം.

ആക്രോശനം-ശാപം. അഭിമുഖ്യേന വിളിച്ചുപറയുന്നത്.

ആക്രോശം-നാ. ശാപവചനം, ശാപം, ആണ, ആക്രോശം, ഉരേക്ഷണ,-ഇവ പര്യായങ്ങൾ. ൨. നിലവിളി. ൩. നിന്ദ

ആക്രോശിക്കുക-ശപിക്കുക, നിന്ദിക്കുക

'ആക്രോശിക്കുന്നിതെന്നെ പ്രതിനിധിലജനം'

(ഉത്തരരാമായണം ചമ്പു)

ആക്ഷേപകൻ-എറിയുന്നവൻ.

ആക്ഷേപണം-പഴിണി.

ആക്ഷപാദൻ-ന്യായശാസ്ത്രത്തെ അറിയുന്നവൻ. 'അക്ഷപാദൻ' എന്നുമാകാം. ഈ ശബ്ദം നോക്കുക.

ആക്ഷപാടികൻ-ന്യായാധിപതി. അക്ഷപാടകശബ്ദം നോക്കുക.

ആക്ഷാരണ, ആക്ഷാരണം-മൈഥുനത്തെക്കുറിച്ചു നിന്ദിച്ചുപറക. അന്യന്റെ സംസർഗ്ഗം ഹേതുവായിട്ട് ഒരു സ്ത്രീയെയും, അന്യസ്ത്രീസംസർഗ്ഗം ഹേതുവായിട്ട് ഒരു പുരുഷനെയും നിന്ദിക്കുക. നാടെങ്ങും പരക്കുന്നത് എന്നു ശബ്ദാർത്ഥം.

ആക്ഷാരിതൻ-മൈഥുനം ഹേതുവായിട്ട് ഉള്ളതും ഇല്ലാത്തതുമായ ദോഷങ്ങളെ ആരോപിച്ചു നിന്ദിക്കപ്പെട്ടവൻ, ലോകാപവാദം ഹേതുവായിട്ട് ദൂഷിതനായവൻ.

ആക്ഷാരം-മൈഥുനം നിമിത്തമായ നിന്ദാവചനം.

ആക്ഷികം-ചൂതുകളിയിൽ കിട്ടിയ പണം, ചൂതുകളിയിൽ നഷ്ടമായ പണം.

ആക്ഷിപ്ത-വി. ആക്ഷേപിക്ക(നിന്ദിക്ക-പരിഹസിക്ക)പ്പെട്ട.

ആക്ഷീവ(ബ)ം-മുരിങ്ങ. മദിപ്പിക്കുന്നത് എന്നർത്ഥം.

ആക്ഷേപം-നാ. പരിഹാസം, നിന്ദ. ൨. വിരോധം. ൩. ചോദ്യം. ൪. കുറ്റം. ൫. ശോധന. ൬. ഞെട്ടപ്പെട്ടു ചോദിക്കുക. ൭. ഒരു അലങ്കാരം (പറഞ്ഞിട്ടോ, പറയാൻ ഭാവിച്ചിട്ടോ മറ്റൊന്ന് ആലോചിച്ചിട്ടുവേണ്ടെന്നു വയ്ക്കുന്നത്).

ആക്ഷേപണം-ഏറ (എറിച്ചൽ), എറിയുക.

ആക്ഷേപിക്കുക-പരിഹസിക്കുക, നിന്ദിക്കുക.

ആക്ഷോട(ഡ)ം-മലകമരം. 'അക്ഷോടം' എന്നതു നോക്കുക.

**ആഖണ്ഡലൻ**-ഇന്ദ്രൻ. ശത്രുക്കളെ കൊല്ലുന്നവൻ, ശത്രുക്കളെ പിളൎക്കുന്നവൻ ഇങ്ങിനെ ശബ്ദാൎത്ഥം.

**ആഖനഃ**—തൂമ്പാ.

**ആഖനികൻ**-പു. കള്ളൻ. വ. തുരന്നു മോഷ്ടിക്കുന്നവൻ. ന. നിലം വെട്ടിക്കിളിക്കുന്നവൻ.

**ആഖനികം**-പു. തൂമ്പാ. വ. എലി, മുണ്ടെലി. ന. പന്നി.

**ആഖരം**—തൂമ്പാ, മൺവെട്ടി.

**ആഖരൻ**- കിളൎക്കുന്നവൻ, ആഖരതം-കള്ളം.

**ആഖു**-പു. എലി. പുറം തുരക്കുന്നവൻ എന്നൎത്ഥം. വ. പന്നി. ന. ഒരു വൃക്ഷം. ൪. കള്ളൻ. ൫. ദേവതാളി.

**ആഖുകൎണ്ണിക**-എലിച്ചെവിയൻ.

**ആഖുഗൻ**-ഗണേശൻ.

**ആഖുപത്രൻ**-ഗണേശൻ.

**ആഖുഭുക്ക്**-പൂച്ച. എലിയെ തിന്നുന്നതു് എന്നൎത്ഥം.

**ആഖുരഥൻ**-ഗണേശൻ.

**ആഖുവാഹനൻ**-ഗണേശൻ.

**ആഖുവിഷഹാ**-ദേവതാളിലത. ഇതു് എലി കടിച്ച വിഷത്തിനു നന്നു്.

**ആഖേടം**-നായാട്ടു്. ഭയപ്പെടുത്തുന്നതു് എന്നൎത്ഥം.

**ആഖ്യ**-പു. പേരു, നാമം. പറയപ്പെടുന്നതു് എന്നൎത്ഥം. വ. (വ്യാകരണത്തിൽ) നാം ഏതിനെക്കുറിച്ചു പറയുന്നുവോ അതു്. ഉ-ം, കൃഷ്ണൻ പാഠം പഠിച്ചു. ഇതിൽ 'കൃഷ്ണൻ' എന്നതു് ആഖ്യ.

**ആഖ്യാതം**-പു. ആഖ്യയെക്കുറിച്ചു നാം എന്തുപറയുന്നുവോ അതു് ഉ-ം, 'രാമൻപഠിച്ചു' 'പഠിച്ചു' എന്നതു് ആഖ്യാതം. വ. പറയപ്പെട്ടതു്. (ആഖ്യാതം ചെയ്യപ്പെട്ടതു്). ന. വിളിക്കപ്പെട്ടതു്.

**ആഖ്യാനം**-പു. കഥ. വ. വാക്കു്. ന. പേരു. ൪. പറക. ൫. ഒരു സംഗതി നടന്നതായി പ്രസ്താവിക്കുന്നതിനു പൊതുവേ പറയുന്ന പേർ.

**ആഖ്യാനകി** - അൎദ്ധസമവൃത്തങ്ങളിൽ ഒന്നു്.

[വിഷമപാദങ്ങളിൽ ഇന്ദ്രവജ്രയും സമപാദങ്ങളിൽ ഉപേന്ദ്രവജ്രയും പ്രയോഗിക്കുന്നതു്.]

**ആഖ്യാനിക്കുക**-പറയുക.

**ആഖ്യായകൻ**-ചാരൻ, ദൂതൻ.

**ആഖ്യായിക**- കവികല്പിതമാത്രമല്ലാത്തതും പരമാൎത്ഥത്തിൽ മുഖ്യ നടന്നതുമായ കഥയെ പ്രതിപാദിക്കുന്നതു്, നോവൽ.

ഒരു യഥാൎത്ഥനോവലിന്റെ ഉദ്ദേശ്യം ഒരു സമുദായത്തിന്റെ ആചാരനടപടികളും ചില പ്രത്യേകജനങ്ങളുടെ സ്വഭാവവിശേഷങ്ങളും വിവരിക്കുകയാകുന്നു. ഏതു തരത്തിലുള്ള വായനക്കാരേയും അതു സാമാന്യമായി രസിപ്പിക്കണം. അവരെക്കൊണ്ടു് ആവശ്യംപോലെ ചിരിപ്പിക്കയും കരയിക്കയും ഇടയ്ക്കിടയ്ക്കു് ഗൌരവമായ ആലോചന ചെയ്യിക്കയും അവരുടെ ഹൃദയത്തിൽ നാനാപ്രകാരേണ ക്ഷോഭങ്ങളും ഉണ്ടാക്കുകയും ആകപ്പാടെ അത്യന്തം തൃപ്തികരമായ ഒരനുഭവം ജനിപ്പിക്കയും ചെയ്യണം. ഇവയെല്ലാം അടങ്ങിയെങ്കിലത്രേ ഒരു യഥാൎത്ഥനോവൽ ആകയുള്ളൂ. ഉ-ം, 'ഇന്ദുലേഖ.'

**ആഗത**-വി. വന്ന, ലഭിക്കപ്പെട്ട.

**ആഗതപുഷ്പി**-മേത്തോന്നി.

**ആഗതി**-വരവു്, ലാഭം.

**ആഗന്തു**-പു. തന്റെ ഗ്രഹത്തിലേക്കുവന്ന അതിഥി, വിരുന്നുകാരൻ. വ. വഴിപോക്കൻ.

**ആഗന്തു(ക)**-വി. വരുന്ന, പ്രാപിക്കുന്ന.

**ആഗന്തുകൻ**-വിരുന്നുകാരൻ, വഴിപോക്കൻ.

അന്നരംഗത്തിൻ്റെവട്ടങ്ങൾക്കൂട്ടി
ആഗസ്സുകന്മാരാംവന്നിടക്കൂടി'
(ഹരിണീസ്വയംവരം തുള്ളൽ)

**ആഗമജ്ഞൻ**-വേദജ്ഞൻ.

**ആഗമനനാൾ** - ൧. വരവുനാൾ ൨. ക്രിസ്തുവിൻ്റെ വരവുനാൾ, ഇംഗ്ലീഷ് സഭയിൽ ആദ്യഞായറാഴ്ച.

**ആഗമനം, ആഗമം**-വരവ്.

**ആഗമം**-൧. വേദം. ൨. വരവ്. ൩. ശാസ്ത്രം. ൪. വ്യാകരണത്തിൽ പദങ്ങളെക്കൂട്ടിച്ചേർക്കുമ്പോൾ ഇടയിൽവരുന്ന വർണ്ണം. [സാധാരണമായി ഇങ്ങനെ ചേരുന്നതു് യ്, വ് എന്നിവററിൽ ഒന്നുതന്നെ ഉ-ം, ചാടി+ഓടി=ചാടിയോടി. തിരു+ഓണം=തിരുവോണം.] ൫. ചരിത്രം.

**ആഗരം**-അമാവാസ്യ.

**ആഗസ്ത്യൻ**-അഗസ്ത്യൻ. അഗസ്ത്യൻ എന്ന ശബ്ദം നോക്കുക.

**ആഗസ്സ്**-൧. പാപം.

'ആഗസ്സുണ്ടാക്കരുതവരെന്നീ
ഹന്തബോധിച്ചസാധ്വൻ'
(മയൂരസന്ദേശം)

൨. കുററം, അപരാധം. പ്രതികൂലമായതു പ്രാപിക്കുന്നതു് എന്നർത്ഥം.

**ആഗസ്വി**-അപരാധി.

**ആഗളം**-കഴുത്തുവരെ.

**ആഗാഖാൻ**-മഹമ്മദീയസമുദായോദ്ധാരകൻ. സ്ഥലം. പശ്ചിമഇൻഡ്യ.

**ആഗാമി**-വി. വരുവാനുള്ള.

**ആഗാമിക**-വി. വരുവാനുള്ള.

**ആഗാരദാഹം**-വീട്ടിനുതീവയ്ക്കുക.

**ആഗാരം**-ഭവനം.

**ആഗു**-പ്രതിജ്ഞ (ഏല്ക്കുന്നതു്), അംഗീകാരം. എല്ലാം അറിയുന്നതു്, ഉദ്യമിക്കുന്നതു്, എന്ന വ്യുൽപത്തി.

**ആഗോഷ്പദം**-ഗോഷ്പദം (അമ്പാടി-പശുക്കൾ സ്ഥിതിചെയ്യുന്നിടം)വരെ.

**ആഗ്നിക**-വി. അഗ്നിയെ സംബന്ധിച്ച, യാഗാഗ്നിയെ സംബന്ധിച്ച.

**ആഗ്നീധ്രൻ**-ഋത്വിക്ക്, യാഗാഗ്നിയെ പോഷിപ്പിക്കുന്നവൻ.

അഗ്നീധ്രാദികൾ(ഋത്വിക്കുകൾ)൧൬. ൧. അഗ്നീധ്രൻ. ൨. ബ്രാഹ്മണാച്ഛംസി. ൩. മൈത്രാവരുണൻ. ൪. ഹോതാവ്. ൫. പോതാവ്. ൬. പ്രശാസ്താവ്. ൭ അധ്വര്യു. ൮. ഗ്രാവസ്തുത്. ൯. ബ്രഹ്മൻ. (ബ്രഹ്മാവ്) ൧൦. പ്രതിഹർത്താവ്. ൧൧. സുബ്രഹ്മണ്യൻ. ൧൨. ഉൽഗാതാവ്. ൧൩. പ്രതിപ്രസ്ഥാതാവ്. ൧൪. നേഷ്ടാവ്. ൧൫. നേതാവ്. ൧൬. അച്ഛാവാകൻ. ഇവരത്രേ യാഗക്രിയ ചെയ്യുന്നവർ.

**ആഗ്നീധ്രം**-ഹോമകുണ്ഡം.

**ആഗ്നേയ**-വി. അഗ്നിയെസംബന്ധിച്ച.

**ആഗ്നേയകീടം**-ശലഭം, തീയിൽപാറി വീഴുന്ന ഈയൽ.

**ആഗ്നേയൻ**-൧. അഗസ്ത്യൻ. ൨. കാർത്തികേയൻ. ൩. അഗ്നിവന്ദനക്കാരൻ.

**ആഗ്നേയപുരാണം**-പതിനെട്ടു പുരാണങ്ങളിൽ ഒന്ന്.

**ആഗ്നേയം**-൧. സ്വർണ്ണം. ൨. കാർത്തിക നക്ഷത്രം. ൩. ൧൮ പുരാണങ്ങളിൽ ഒന്ന്. ൪. ചോര. ൫. ഒരു രാജ്യം.

**ആഗ്നേയി**-൧. തെക്കുകിഴക്കേക്കോൺ. (അഗ്നിക്കോൺ) ൨. അഗ്നിയുടെഭാര്യ.

**ആഗ്നേയോൽഗാരം**-അഗ്നിപർവ്വതത്തിൻ്റെ അന്തർഭാഗത്തിൽ നിന്നും ഉദിച്ചിട്ടുള്ള ധാതുക്കൾ അതികഠിനമായ പുകയോടുകൂടി ക്രേറ്റർ വഴിയായി തീവ്രമായ ജലപ്രവാഹംപോലെ പുറത്തേയ്ക്കൊഴുകുക.

[ക്രേറ്റർ-ഇതു അഗ്നിപർവ്വതത്തിനകത്തുള്ള വസ്തുക്കളെ പുറത്തുകൊണ്ടുവരുന്നതിനു അഗ്നിപർവ്വതത്തിൻ്റെ മുകളിൽ ഉള്ള വലുതായ ദ്വാരമാകുന്നു.]

**ആഗ്ന്യാധാനികി**-ദക്ഷിണ.
**ആഗ്രയണം, ആഗ്രായണം**-പുത്തരിയൂണ്. ബ്രാഹ്മണരുടെ ഒരു കൎമ്മം.
**ആഗ്രഹം**-മോഹം, ഇഷ്ടം, ഇച്ഛ.
**ആഗ്രഹായണി**-മകീരം. അഗ്രത്തിങ്കൽ ഹായനത്തോടു (സംവത്സരത്തോടു) കൂടിയതു്. (മൃഗശീഷ നക്ഷത്രത്തോടുകൂടിയ പൌൎണ്ണമിയിൽ സംവത്സരത്തിന്റെ ആരംഭത്തിൽ പുതുയുഗധ്യാനം കൊണ്ടു് ഹവിൎഭാഗം ചെയ്യുന്നതിനാൽ അഗ്രത്തിങ്കൽ ഹായനത്തോടുകൂടിയതു്) നവവ്രീഹികളോടുകൂടിയതു്. മാൎഗ്ഗശീഷമാസം മുതൽക്കു വത്സരം ആരംഭിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു.
**ആഗ്രഹായണികം, ആഗ്രഹായണം**-ധനുമാസം. അഗ്രഹായണി (മകയിരം) ഇതോടുകൂടിയ വെളുത്തവാവു് ഇതിങ്കലുള്ളതിനാൽ ഈ പേരുണ്ടായി
**ആഗ്രഹി**-ഇച്ഛയുള്ളവൻ, ആഗ്രഹമുള്ളവൻ.
**ആഗ്രഹിക**-സ്നേഹം. ൨. സഹായം.
**ആഗ്രഹിക്കുക**-ക്രി. മോഹിക്കുക. ൨. ഇച്ഛിക്കുക.
**ആഗ്രഹിത**-വി. മോഹിക്കപ്പെട്ട, ആഗ്രഹിക്കപ്പെട്ട.
**ആഘട്ടന(ം)**-ക്രി. അടി. ൨. കുത്തു്. ൩. മുട്ടു്. ൪. ഉരയൽ. ൫. തേപ്പു്.
**ആഘൎഷണം**-ഉരച്ചൽ. ൨. കൂട്ടിമുട്ടൽ.
**ആഘാടം**-ക്രി. കൊല. ൨. ഒരു വാദ്യം. ൩. അതിര്.
**ആഘാടി**-ഒരു വാദ്യം.
**ആഘാതം**-ക്രി. അടി. ൨. കടലാടി. ൩. കുത്തു്, മുറിവു്. ൪. കൊല്ലുക. ൫. കൊലസ്ഥലം.
**ആഘാരം**-വെണ്ണ, നെയ്യ്.
**ആഘൂൎണ്ണനം**-ചുററൽ, ചുററിത്തിരിയൽ
**ആഘൂൎണ്ണിത**-വി. ക്രി. ചുററിക്കപ്പെട്ടവ.

'പോയ് വാഗലിഷ്ടാഘൂൎണ്ണിതാ'
(അമരുകശതകം)

൨. തുറിച്ചുമിഴിക്കപ്പെട്ട. ൩. ചുററിക്കപ്പെട്ട, ഉരുട്ടപ്പെട്ട.
**ആഘൃണി**-സൂൎയ്യൻ.
**ആഘോഷം**-കോലാഹലം, ആൎപ്പുവിളി.
**ആഘോഷിക്കുക**-ക്രി. ആൎപ്പുവിളിക്കുക. ൨. കോലാഹലമായി നടത്തുക.
**ആഘ്രാണം**-മണപ്പിക്കൽ.
**ആഘ്രാണിക്കുക**-മണക്കുക.
**ആഘ്രാത**-വി. ക്രി. മണപ്പിക്കപ്പെട്ട.

'അനാഘ്രാതം പുഷ്പം പുതുമധുവതാം
സ്വാദിതരസം'
(അഭിജ്ഞാനശാകുന്തളം)

൨. കവിയപ്പെട്ട.
**ആങ്കു്**-അങ്ങു്. (പ.മ.)
**ആങ്കോലാ**-അങ്കോലം. (അങ്കോലശബ്ദം നോക്കുക).
**ആങ്ങ്**-അ, ഒരു ഉപസൎഗ്ഗം ക്രി. പ്രാപ്തി. ൨. ഇച്ഛ. ൩. ബന്ധനം. ൪. ഭയം. ൫. വാക്യം. ൬. ശ്ലേഷം. ൭. അഭിവിധി. ൮. സാമീപ്യം. ൯. കൃഛ്രം. ൧൦. ആഭികൎമ്മം. ൧൧. ഗ്രഹണം. ൧൨. നിശ്ചയം. ൧൩. സമീപ്യം. ൧൪. വിക്രിയ. ൧൫. നിമന്ത്രണം. ൧൬. നിവൃത്തി. ൧൭. ആശിസ്സ്. ൧൮. ആദാനം. ൧൯. അന്താവം. ൨൦. സ്പൎശം ൨൧. ആധിക്യം. ൨൨. ഉത്ഭാഷകൎമ്മം. ൨൩. വിസ്മയം. ൨൪. പ്രതിഷ്ഠ. ൨൫. നിൎദ്ദേശം. ൨൬. ശക്തി ൨൭. ഉദ്ധാര. (ഉപയോഗത്തിൽ) ക്രി. കരം, കാച്ചു്. ൨. മുടങ്ങി ൩. വരെ, മാത്രം. ൪. അതിന് എന്നീ അൎത്ഥങ്ങൾ പ്രധാനം.
**ആംഗ**-വി. ക്രി. അവയവസംബന്ധമായ. ൨. ശരീരസംബന്ധമായ. ൩. നാടകത്തിലെ താണതരം പാത്രങ്ങളോടു സംബന്ധിച്ച.

ആംഗലം-ഇംഗ്ലാണ്ടു്.

ആംഗലന്മാർ-ഇംഗ്ലീഷുകാർ.

ആംഗ്ലേശൻ-ഇംഗ്ലീഷു ഗവർണ്ണർ.

ആംഗാരം-൧. തീക്കൊള്ളികളുടെ കൂട്ടം. ൨. കരി, കരിക്കട്ട

ആംഗികം-൧. പിരികക്കൊടി മുതലായ അംഗങ്ങളെക്കൊണ്ടു ജനിപ്പിക്കുന്നക്രിയ. പിരികക്കൊടി ഇളക്കുക മുതലായ അംഗവിക്ഷേപംകൊണ്ടു മനോഗതാൎത്ഥത്തെ പ്രകാശിപ്പിക്കുക. ൨. ശരീരസംബന്ധമായതു്. (വ്യാകരണത്തിൽ) അഭിധാനിയമകങ്ങളിൽ ഒന്നു്.

ആംഗികൻ-മിഴാവടിക്കുന്നവൻ.

ആംഗൻ-അംഗദേശരാജാവു്.

ആംഗം-സൌന്ദൎയ്യമുള്ള ശരീരം.

ആംഗകൻ-൧. അംഗദേശനിവാസി ൨. അംഗദേശത്തെ ഭരിക്കുന്ന ആൾ.

ആംഗിരസൻ-വ്യാഴൻ. അംഗിരസ്സിന്റെ പുത്രൻ, ദേവകളുടെ ആചാൎയ്യൻ.

ആംഗിരസ്സുകൾ-അംഗിരസ്സിന്റെ വംശത്തിൽ ജനിച്ച ദീൎഘതമസ്സിന്റെ പുത്രന്മാർ.

ആംഗ്യഭാഷ-കൈക്രിയ.

ആംഗ്യം-കൈ മുതലായ അംഗങ്ങളെക്കൊണ്ടു അറിയിക്കുന്ന ഭാവം, കൈക്രിയ, നവരസങ്ങളെ നടിക്കുക.

ആങ്ങള-൧. ഉടപ്പിറന്നവൻ, സഹോദരൻ. ആങ്ങള><പെങ്ങൾ. നായർസ്ത്രീകളും മററും സഹോദരനെ ആങ്ങള എന്നു വിളിക്കുന്നു. ൨. പുരുഷൻ.

ആചണ്ഡാലൻ-ബ്രാഹ്മണൻ മുതൽ പറയൻ വരെ.

ആചന്ദ്രകാലം-ചന്ദ്രൻ ഉള്ളതുവരെ.

ആചന്ദ്രതാരകം, ആചന്ദ്രതാരം-ചന്ദ്രനും നക്ഷത്രങ്ങളും ഉള്ള കാലംവരെ.

ആചന്ദ്രാൎക്കം-ചന്ദ്രനും അൎക്കനും (സൂൎയ്യനും) ഉള്ള കാലംവരെ.

ആചമനം-ബ്രാഹ്മണർ ജലംകൊണ്ടു ശരീരശുദ്ധിചെയ്യുക, വെള്ളം കുറച്ചു ഭക്ഷിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി.

ആചമനീയം-ആചമിപ്പാനുള്ള ജലം.

ആചമിക്കുക-ജലംകൊണ്ടു ശരീരശുദ്ധി ചെയ്യുക.

ആചയം-൧. കുന്നുപോലെ കൂട്ടിയതു്, കുമ്പാരം. ൨. ധാരാളം ശേഖരിച്ചതു്.

ആചയകം-ശേഖരിപ്പാൻ സാമൎത്ഥ്യമുള്ള.

ആചരണം-അനുഷ്ഠാനം, നടത്തൽ.

ആചരിക്കുക-൧. നടത്തുക, അനുഷ്ഠിക്കുക, ചെയ്യുക. ൨. ശീലിക്കുക.

ആചരിതം-ആചരിക്കപ്പെട്ടതു്, നടന്ന.

ആചൎയ്യചൎയ്യൻ-അനുകരണീയമായ നടപടിയോടുകൂടിയവൻ.

ആചാമം-വാൎത്തകഞ്ഞി. ആചമിക്കപ്പെടുന്നതു് (ഭക്ഷിക്കപ്പെടുന്നതു്) എന്നൎത്ഥം.

ആചാമനകം-പടിക്കം, തുപ്പാനുള്ള പാത്രം.

ആചാരദീപം-ആചാരത്തിനു വെക്കുന്ന വിളക്കു്. 'നിറനാഴിയുംവിളക്കും' എന്നും മററും പ്രസിദ്ധമാണല്ലൊ.

ആചാരം-൧. നടപ്പു്. ൨. മൎയ്യാദ, ൩. മുറ. ൪. ചട്ടം. ൫. അനുഷ്ഠാനം.

ആചാരാനുരോധേന-ആചാരപ്രകാരം.

ആചാൎയ്യകം-പഠിപ്പിപ്പു്, പഠിപ്പിക്കുക, വാദ്ധ്യാർവേല.

ആചാൎയ്യത, ആചാൎയ്യത്വം-ആചാൎയ്യന്റെ അവസ്ഥ.

ആചാൎയ്യപത്നി-ആചാൎയ്യന്റെ ഭാൎയ്യ, ആചാൎയ്യാനി എന്നു പൎയ്യായം.

ആചാൎയ്യൻ-ഗുരു, വാദ്ധ്യാർ, ആശാൻ, പട്ടക്കാരൻ. തന്റെ ശിഷ്യജനങ്ങളെക്കൊണ്ടു ധൎമ്മങ്ങളെ ആചരിപ്പിക്കുന്നവൻ എന്നു ശബ്ദാൎത്ഥം.

ആചാൎയ്യ-സ്വയം പഠിപ്പിക്കുന്ന സ്ത്രീ, മന്ത്രവ്യാഖ്യാനം ചെയ്യുന്നവളുടെ പേർ. ആചരിക്കുന്നവൾ എന്നു ശബ്ദാൎത്ഥം.

[പണ്ടു സ്ത്രീകൾ ഉപനയനാദിസംസ്കാരവും ഗായത്രി ജപവും വേദം അഭ്യസിപ്പിക്കലും നടത്തിവന്നിരുന്നു എന്നു യമസ്മൃതി തെളിയിക്കുന്നു ]

ആചാര്യാനി-ആചാര്യന്റെ ഭാര്യ. ഇതിൽ 'ന'കാരത്തിനു ണത്വം ഇല്ല

[ആചാര്യാണി എന്നതു തെറ്റാകുന്നു. 'ന'കാരത്തിന്റെ സ്ഥാനത്തു 'ണ'കാരാദേശത്തിനു നിഷേധമുണ്ടാകയാൽ 'ആചാര്യാണി' എന്ന ശബ്ദത്തിനു ശാസ്ത്രസമ്മതിയില്ല.]

ആചിത-വി. കൂട്ടപ്പെട്ട. ഉ. പരത്തപ്പെട്ട. ന. കോർക്കപ്പെട്ട. ര. മൂടപ്പെട്ട.

ആചിതം, ആചിതി-ഒരു വണ്ടിയിൽ കയററാവുന്ന ഭാരം, പത്തുഭാരം (പാരം) വലിച്ചതു് എന്നു ശബ്ദാർത്ഥം.

ആചീന-വി. പത്തു ഭാരം തൂങ്ങുന്ന.

ആചൂഷണം-വലിച്ചുകുടിക്കുക, വായ്കൊണ്ടു വലിയ്ക്കുക.

ആച്ചി-ഇടയത്തി. പുല്ലിംഗം-ആയൻ.

ആച്ചിയാർ-വൈശ്യത്തി.

ആച്ച്-പ്ര. തഞ്ചം. ഉ. സൌകര്യം, തക്കസമയം.

ആച്ചുക-കനം നോക്കുക.

ആച്ഛന്നം-മറയ്ക്കപ്പെട്ടതു്.

ആച്ഛാകം, ആച്ഛുകം-ഒരുവൃക്ഷം (ആക്ഷികം).

ആച്ഛാദനം-പ്ര. മറയ്ക്കുക. ഉ. മൂടി. ന. കപ്പായം. ര. മറ. ല. വസ്ത്രം. ഇതുകൊണ്ടു് ആച്ഛാദനം ചെയ്യുന്നു എന്നർത്ഥം.

ആച്ഛാദനി-പ്ര. മറ. ഉ. വസ്ത്രം.

ആച്ഛാദിക്കുക-പ്ര. മറയ്ക്കുക, മൂടുക. ഉ. ഉടുക്കുക.

ആച്ഛാദിത-വി. പ്ര. മറയ്ക്കപ്പെട്ട, മൂടപ്പെട്ട. ഉ. ഉടുക്കപ്പെട്ട.

ആച്ഛുരിത(ക)ം- പൊട്ടിച്ചിരിക്കുക. മറെറാരുവന്റെ മനസ്സിനെ പിളർക്കുന്നതു് എന്നു ശബ്ദാർത്ഥം

ആച്ഛോദനം-നായാട്ടു്. ഇതിൽ മൃഗാദികൾ ആച്ഛാദിക്കപ്പെടുന്നതിനാൽ ഈ പേർ വന്നു.

ആച്ഛോടനം-ഞൊട്ടയൊടിക്കുക.

ആജകം-കോലാടിൻകൂട്ടം, ആട്ടിൻകൂട്ടം.

ആജകാരൻ-ശിവന്റെ കാള.

ആജനനം-ഉന്നതമായ ജനനം (ഉത്ഭവം )

ആജനനം-അ. ജനനം മുതൽ.

ആജന്മം-അ. ജനിച്ച നാൾതുടങ്ങി.

ആജഗവം-ശിവന്റെ വില്ലു്. 'അജഗവം' എന്നതു നോക്കുക.

ആജം-ഉരുക്കുനെയ്യ്. ഉ. ആട്ടിൻപാൽ.

ആജയനം-പ്ര. ജയം. ഉ. യുദ്ധം.

ആജാനമനോഹരം-പ്രകൃത്യാതന്നെ മനോഹരം.

'രാജാനനുമേതരവോഢ-
മാജാനമനോരമമൂർത്തികളാം'
(നളചരിതം കഥകളി)

ആജാനു-അ. മുട്ടുവരെ.

ആജാനുബാഹു-വി. കാൽമുട്ടോളം കൈയ്യു നീളമുള്ള.

ആജാനം-പ്ര. ജന്മഭൂമി. ഉ. ജനനം.

ആജാനി-പ്ര. ജനനം. ഉ. വംശം.

ആജാനേയം-നല്ലജാതി കുതിര. കുതിരക്കാരന്റെ സംജ്ഞകളെ അറിയുന്നതു് എന്നു വ്യുൽപത്തി.

മറെറാരുപര്യായം-കുലീനം.

[എല്ലാ അശ്വലക്ഷണങ്ങളും തികഞ്ഞ ആൺകുതിരയിൽനിന്നു് ആ വിധമുള്ള പെൺകുതിരയിൽ ഉണ്ടായതായിരിക്കണം.]

ആജി-പ്ര. യുദ്ധം.

'ആജിതന്നിൽനിന്നു് ആത്മശക്ത്യാ ചലച്ചു-
[illegible]'
(സുഭദ്രാഹരണം കഥകളി)

ഉ. സമഭൂമി.

ആജിക്രിയ-ശബ്ദ, യുദ്ധം.

ആജിശൂരൻ-യുദ്ധവിദഗ്ദ്ധൻ.

ആജീവകഫലം-പേയത്തി.

ആജീവനാന്തം-അ. ജീവിച്ചിരിക്കുന്ന കാലം മുഴുവനും, ജനനം മുതൽ മരണം വരെ.

ആജീവം-ജീവനോപായം, ഉപജീവനം. ഇതുകൊണ്ടു ജീവിക്കുന്നു എന്നർത്ഥം.

ആജീവ(ന)ം-പ്ര. ഉപജീവനം. വ. ഉപജീവനത്തിനുള്ള പ്രവൃത്തി.

ആജീവകൻ-ഭിക്ഷക്കാരൻ.

ആജു-പ്ര. ബലാൽക്കാരേണ നരകത്തിലിടുക എന്ന ക്രിയ. നരകദുഃഖത്തെ അനുഭവിക്കുന്നത് എന്നർത്ഥം. വ. നരകത്തിലിടപ്പെടുന്ന പ്രാണി. ന. കൂലികൊടുക്കാതെ വേലയെടുപ്പിക്കുക.

ആജീവിക-ജീവനോപായം.

ആജ്യം-നെയ്യ്. അന്നത്തിൽ ഒഴിപ്പാൻ യോഗ്യം എന്നു ശബ്ദാർത്ഥം. മററു പര്യായങ്ങൾ-ഘൃതം, ഹവിസ്സ്, സർപ്പിസ്സ്.

ആജ്ഞ-കല്പന. നല്ലവണ്ണം അറിവുകൊടുക്കുന്നതു് എന്നു ശബ്ദാർത്ഥം. മററു പര്യായങ്ങൾ അവവാദം, നിർദ്ദേശം, നിദേശം, ശാസനം, ശിഷ്ടി. ആജ്ഞയുടെ തത്ഭവം-ആണ.

ആജ്ഞപ്തി-കല്പന.

ആജ്ഞാകരൻ-ഭൃത്യൻ. ആജ്ഞയെ ചെയ്യുന്നവൻ എന്നർത്ഥം.

ആജ്ഞാകാരിണി-വേലക്കാരി.

ആജ്ഞാചക്രം-ആധാരങ്ങളിൽ ഒന്നു്.

ആജ്ഞാപക-വി. കല്പിക്കുന്ന, കല്പന കൊടുക്കുന്ന.

ആജ്ഞാപത്രം-കല്പന എഴുതിയ കടലാസ്.

ആജ്ഞാപനം-കല്പന.

ആജ്ഞാപിക്കുക-കല്പിക്കുക.

ആജ്ഞാഭംഗം-കല്പനയ്ക്കു വിരോധം.

ആജ്ഞാപിത-വി. കല്പിക്കപ്പെട്ട

ആജ്ഞാപ്രതീക്ഷി-ആജ്ഞയെ കാത്തു നിൽക്കുന്നവൻ. സ്ത്രീലിംഗം-ആജ്ഞാപ്രതീക്ഷിണി.

ആജ്ഞാവശംവദൻ-ആജ്ഞയെ അനുസരിക്കുന്നവൻ.

ആജ്ഞാവശീകൃതൻ-വഴതി കേൾക്കുന്നവൻ.

ആജ്ഞാവഹൻ-വേലക്കാരൻ.

ആജ്ഞാവിധേയ-വഴതികേൾക്കുന്ന.

ആജ്യാഹുതി-ആജ്യംകൊണ്ടുള്ള ഹോമം.

ആഞ്ചുക-മുന്നോട്ടു ചാടുക, ആയുക.

ആഞ്ഞിലി, ആഞ്ഞലി-അയനിമരം. 'അയനി' എന്നതു നോക്കുക. അയണി എന്നും പറയാറുണ്ട്. ഇതിന്റെ പഴം വളരെ നിന്ദ്യമാണ്.

ആട-വസ്ത്രം (മുഖ്യമായി സ്ത്രീകളുടേതാണ്) കുട്ടികൾ വിശേഷദിവസങ്ങളിൽ ഉടുക്കുന്ന വസ്ത്രത്തിനു 'ചിററാട' എന്നാകുന്നു.

ആടകം-ഒരളവ്.

ആടരൂഷകം-ആടലോടകം. 'അടരൂഷം' നോക്കുക.

ആടൽ-പ്ര. ഉൾക്കണ്ണ.

'കൂട്ടുക്കൂടെക്കരയുമതിനാ
ലംഗനീയന്തികേ ചെ-
ന്നാടൽക്കെല്ലാമവധിയുളവാം
ക്ഷേമമെൻക്ഷേമമോതി'
(മയൂരസന്ദേശം)

വ. വ്യസനം, ദുഃഖം. ന. ആട്ടം (ആടുക) ചാഞ്ചാട്ടം, അനക്കം. ർ. ഇളക്കം. ൻ. ഉഴഞ്ഞാലാട്ടം.

ആടലോടകം-ഒരു പച്ചമരുന്ന്. പര്യായങ്ങൾ-വൈദ്യമാതാവ്, സിംഹി, വാശിക (വാസിക), വൃഷം, അടരൂഷം (ആടരൂഷം), സിംഹാസ്യം, വാസകം (വാശകം), വാജിദന്തകം-വ്യ. ഇതിന്റെ വേര ഛർദ്ദിക്കു വിശേഷം. ആടലോട

കം ഔഷധിക്കു പച്ചയായിരിക്കണം. ഛർദ്ദി, കാസം, രക്തപിത്തം ഇവയെ ശമിപ്പിപ്പാൻ പ്രധാനം. ഇതിന്റെ ഇല ശീതമാണ്, രസം തിക്തം പാകത്തിൽ കടു ഗ്രാഹിയാണ്. വാതവും കഫപിത്തമിളക്കുമാകുന്നു.

ആടി—കർക്കടകമാസം.

ആടിമാതങ്ങൾ-മഴക്കാലം. (പ-മ)

ആട്—ഒരു നാല്ക്കാലിമൃഗം.

[മലയാട്, വരയാട്, കോലാട്, വെള്ളാട്, പള്ളാട്, ചെമ്മരിയാട് ഇങ്ങിനെ പലവിധമാകുന്നു. അജ, ഛാഗി ൨-ം, പെൺകോലാട്ടിന്റെ പേർ. സ്തഭം, ഛാഗം, ബസ്തം, ഛഗലകം, അജം ൫-ം, കോലാടിന്റെ പേർ. മേഢ്റം, ഉരഭ്രം, ഉരണം, ഊർണ്ണായു, മേഷം, വൃഷ്ണി, ഏഡകം ൭ ം, കറിയാടിന്റെ പേർ. അജ, ഛാഗി ഇവ വെളുത്ത പെണ്ണാടിന്റെയും സ്തംഭാദി ൫-ം, വെളുത്ത ആണാടിന്റെയും മേഢ്റാദി ൭-ം, ചെമന്ന ആടിന്റെയും പേരെന്നു ചിലരുടെ പക്ഷം.]

[പെരു (Peru) ദേശത്തിൽ മൃദുവായ നീണ്ട രോമങ്ങളോടുകൂടിയ ഒരു വകവെളുത്ത ആടുണ്ട്. അതിന്റെ പേർ Alpaca (അല്പക്കാ) എന്നു പറയുന്ന പടം നോക്കുക.]



ആടുക—അങ്ങോട്ടും ഇങ്ങോട്ടും മാറി മാറി പ്പോവുക, തൂങ്ങുക, അലയുക ൨. കളിക്കുക (നാടകം ആടുക). ൩. മുഴുകുക, (തീർത്ഥമാടുക), നായാടുക, എണ്ണയാടുക.

ആടുതീണ്ടാപ്പാല, ആടുതൊടാപ്പാല-ഒരു വള്ളി, വെലിപ്പരുത്തി.

ആടുമാട്-കന്നുകാലി.

ആടെറാപ്പാല-ആട്ടുകൊട്ടപ്പാല.

ആടോപം-ഗർവം.

'സാടോപം വികടഗഭീരഗർജ്ജനത്താൽ'
(അംബരീഷചരിതം കഥകളി)

൨. ആഡംബരം. (സംസ്കൃതത്തിൽ) സമാസമീന എന്നു പേർ.

ആട്ട-ആണ്ട്. ഉ-ം ആട്ടപ്പിറന്നാൾ, ആട്ടവലി ഇത്യാദി.

ആട്ടക്കഥ-കേരളത്തിൽ അഭിനയയോഗ്യമായ ഒരുതരം പ്രാചീനകൃതി. ഇതു ഇവിടെ നടപ്പായിട്ടു എട്ടു ശതവർഷം കഴിഞ്ഞിരിക്കും. (കഥകളി എന്നതു നോക്കുക).

ആട്ടക്കന്നി-ആണ്ടിൽ ആണ്ടിൽ പെറുന്ന പശു.

ആട്ടക്കാരത്തി-ആടുന്നവൾ, വേഷംകെട്ടി കളിക്കുന്നവൾ. പര്യായങ്ങൾ-നർത്തകി, ലാസിക.

ആട്ടങ്ങ-കാട്ടുവെള്ളരിക്ക.

ആട്ടപ്പിറന്നാൾ-ആണ്ടുതോറും വരുന്ന പിറന്നാൾ.

ആട്ടം-കളി, കഥകളി, രാമനാട്ടം.

ആട്ടവിശേഷം-ആണ്ടുതോറും വരുന്ന വിശേഷദിവസം, പെരുന്നാൾ.

ആട്ടിക്കിടയൻ-കമകൻ(നാട്ടുപേർ).

ആട്ടിടയൻ-ആട്ടിനെ മേയ്ക്കുന്നവൻ, പര്യായങ്ങൾ-ജാബാലൻ, അജജീവൻ.

ആട്ടിങ്കല്ല്-ഗോരോചന.

ആട്ടിനറുങ്ങനം- പരാജയപ്പെടുത്തിയപ്പോൾ. (പ-മ)

ആട്ടിൻകുട്ടി-ആട്ടിന്റെകുട്ടി, കുഞ്ഞാട്.

ആട്ടിൻകൊമ്പ്-ആട്ടിന്റെ കൊമ്പ്. ഇതു കണ്ണിന്നുപയോഗം.

ആട്ടിൻപല്ല്-ആട്ടിന്റെ പല്ല്. കണ്ണിന്നു ഹിതം.

ആട്ടിൻപാൽ-ആട്ടിന്റെ പാല്.

ആട്ടിൻപിഴുക്ക-ആട്ടിന്റെ കാഷ്ഠം (മലം).

ആട്ടിൻപെട്ടി-ആട്ടിന്റെ തൊഴുത്ത്.

ആട്ടിൻമരാമം-ആട്ടിൻെറ രോമം.

ആട്ടുക-ചെക്കിലിട്ടു ഞെക്കി എണ്ണ എടുക്കുക. ഉ. ഇളക്കുക. ന. പുറത്തുപോകുവാൻക എന്നും മററും കോപത്തോടു പറക, അലക്ഷ്യമാക്കുക. ർ. അങ്ങും ഇങ്ങും ആട്ടുന്നതിന് ഇടയാക്കുക.

ആട്ടുകട്ടിൽ-ഊഞ്ഞാൽകട്ടിൽ, തൊട്ടി.

ആട്ടുകല്ല്-കഴിയുള്ളതും പലഹാരം മുതലായവയ്ക്കു അരിയും മററും ആട്ടുന്നതുമായ ഒരു പണിചെയ്ത കല്ല്.

ആട്ടുകൊട്ടപ്പാല, ആട്ടുകൊട്ടമ്പാല-ആട്ടിന്നാപ്പാല, ആടേറാപ്പാല, വെലിപ്പരത്തി എന്നു ചിലർ പറയുന്നു. പര്യായങ്ങൾ, അജശൃംഗി, വിഷാണി.

[ഇതു വിഷഹരമാണ്. സന്നിപാതത്തിനു നന്ന്. വാതം, ജ്വരം, ഗുന്മം, ശൂല, അഷ്ഠീല, മഹോദരം, അഗ്നിമാന്ദ്യം, ചെവിവേദന, വ്രണം ഇവയ്ക്കു നന്ന്. മഞ്ഞപ്പൂവുള്ളതു കണ്ണിനു ഹിതം]

ആട്ടുകൊററൻ-മുട്ടാട്, ആണാട്.

ആട്ടുനാറിവേള-വേള, നായർവേള പര്യായങ്ങൾ-ബർബരം, കബരി, തുംഗി, ഖരപുഷ്പം, അജഗന്ധിക.

ആട്ടെ-(ഒരു പ്രധാന വ്യാക്ഷേപകം) അനുസരിച്ചു പറക.

ആഡംബരം-ഫ. അലങ്കാരം. ഉ. കോലാഹലം. ന. വാദ്യഘോഷം. ർ. ആനയുടെ അലർച്ച. ഒ. ആരംഭം. ആ. അഹംഭാവം. ൭. യുദ്ധാരംഭത്തിലും യുദ്ധാവസാനത്തിലും പെരുമ്പറകൊട്ടുക വ്യതിരിക്തം ആഘാതം ചെയ്യുന്നമെന്നു 'ആവശ്യം.' അതിനു സഭ്യയുടെ വട്ടങ്ങൾ വേണമെന്നു 'ആഡംബരം'

ആഢകം-നാഴികയിരിഞ്ഞാപ്പം നടപ്പുള്ളതു എന്നു ശബ്ദാർത്ഥം. മരക്കാലിനും പറയാറുണ്ട്.

ആഢകി-ഫ തുവരപ്പയറ. ആഢകം(മരുവപാത്രം) കൊണ്ടു അളക്കുന്നതിനാൽ ഈ പേർ വന്നു. ഇളകികൊണ്ടിരിക്കുന്നതു എന്നർത്ഥം. ഉ. കാട്ടുപയറ്. ന. മണമുള്ള മണ്ണ്. ർ. പാവ്.

ആഢകികം-നാലിടങ്ങഴി വിത്തുവിതയ്ക്കുന്ന സ്ഥലം.

ആഢ്യ-വി. ഫ. ധനമുള്ള, സമ്പത്തുള്ള. ഉ. ശ്രേഷ്ഠമായ.

ആഢ്യൻ-ഫ. ധനവാൻ. സമം ധ്യാനിച്ചുകൊണ്ടിരിക്കുന്നവൻ എന്നു ശബ്ദാർത്ഥം. മററു പര്യായങ്ങൾ-ധനി, ഇഭ്യൻ. ഉ. ശ്രേഷ്ഠൻ. ന. അഷ്ടഗൃഹക്കാരിൽഒരാൾ (അഷ്ടഗൃഹക്കാർ-ബ്രാഹ്മണരിൽ ശ്രേഷ്ഠതയുള്ള ഒരു സംഘക്കാർ). ർ. പ്രഭു.

'പരിവാരങ്ങളും ഭൃത്യരും
പിശാചങ്ങളുമനേകം
നിസ്രുപാഢ്യൻ താനെ-
ന്നുണ്ടൊരു ഭാവമുള്ളിൽ'
(ദക്ഷയാഗം കഥകളി)

ആണൻ-ആണ് (പുരുഷൻ).

ആണ-ശപഥം, സത്യം.

ആണകൻ-മാതൃാചാരകലാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ടവൻ. 'അണക'ശബ്ദം നോക്കുക.

ആണത്തം-ഫ. പുരുഷൻെറ അവസ്ഥ, പുരുഷത്വം. ഉ. ധീരത.

'ആണത്തംനടിച്ചുവരാണാംപലരെല്ലാരും
(ഹിഡിംബവധം തുള്ളൽ) [ഉ.'

ആണം-ഫ. ചാറ്. ഉ-ം, ആട്ടണം, കോഴിയാണം. ഉ. സൂപ്പു (ഇറച്ചിച്ചാറ) ന. കഴമ്പ്. ആണം><കാണം.

ആണി-ഫ. ഇരിമ്പു, മരം മുതലായവകൊണ്ടു മുനകൂർപ്പിച്ചു തറയ്ക്കുവാനായി ഉണ്ടാക്കുന്ന വസ്തു. ഉ-ം, പട്ടിലാണി, കടയാണി. ഉ. പൊന്നിൻെറ മാററ് ഉരച്ചുനോക്കുന്നതിനു പൊന്നുകൊണ്ടുണ്ടാക്കുന്നത്. ന. പാദ (കാൽ) യിൽ അക

ണിരിക്കുന്ന (ആണി) കർണ്ണൻ 4. മററെല്ലാം ആശ്രയിച്ചുനില്ക്കുന്ന ഒരു ആളു്. ഉ-ം, കർണ്ണൻ കൌരവർക്ക് ഒരാണിയാണ്.

ആണിക്കണ്ണി-ഒരു വക മത്സ്യം.

ആണിക്കൂട്ടം-മാറററിവാൻ പലതരത്തിൽ സ്വർണ്ണംകൊണ്ടുണ്ടാക്കിയ സ്വർണ്ണശകലങ്ങൾ.

ആണിപ്പൊന്ന-മാററുകൂടിയ പൊന്ന്.

ആണിമാണ്ഡവ്യൻ-ഒരു ഋഷി. (അണിമാണ്ഡവ്യൻ എന്നതു നോക്കുക.)

ആണില്ലക്കാർ-ഭർത്താവിന്റെ ബന്ധുക്കൾ.

ആണ്ട, ആണ്ടൽ-മുള, തളിർ.

ആണ്ടങ്ങ, ആട്ടക്ക-കാട്ടുവെള്ളരിക്ക.

ആണ്ടൽ, ആണ്ടാൽ-ഇല്ലിക്കൂമ്പ്, മുളംകൂമ്പ്.

ആണ്ടാൻമുള-മുളംകൂമ്പ്.

ആണ്ടി-പു. സുബ്രഹ്മണ്യന്റെ ഭക്തൻ. 2. പണ്ടാരം. 3. മോക്ഷത്തിനായിട്ട് ഇരന്നുനടക്കുന്നവൻ.

ആണ്ടിയാട്ടം-പു. പണ്ടാരങ്ങൾ ഹനുമാന്റെ മുഖം വെച്ചുകെട്ടി ആടുക. ഈ പണ്ടാരത്തിനെ സാധാരണ 'ഹനുമാൻ പണ്ടാരം' എന്നു വിളിക്കുന്നു. 2. ഒരു വിധം കളി.

'ആണ്ടിയാട്ടവുമായുധക്കളി
പാഠകം പല ചാട്ടവും'

(സഭാപ്രവേശം തുള്ളൽ)

ആണ്ടിയൂട്ട്-പണ്ടാരങ്ങൾക്കു ഭക്ഷണം കൊടുക്കുക.

ആണ്ട്-സംവത്സരം (പ്ര. മാസം) പര്യായങ്ങൾ-സംവത്സരം, വത്സരം, അബ്ദം, ഹായനം, ശരത്ത്, സമകൾ.

'വത്സരമൊന്നാറാപക്ഷങ്ങളുംകാലമൊപ്പം
മനുഷ്യർക്കാണ്ടൊന്നു ദേവകൾക്കഹോരാത്രം'

(ഭാഗവതം)

ആണ്ടുപൂണ്ടു വന്നണയു (ആണ്ടുപൂണ്ടു കം-വന്നണയുക.)

ആൺപാട്ട്-പ്ര. പുരുഷന്റെ പ്രവൃത്തി. 2. ആൺപിറന്നവൻ, പുരുഷൻ.

ആണ്മ-ആണത്തം, ധീരത.

'ആണ്മതിരണ്ടോരനന്തമുഖൻ'

(കൃഷ്ണഗാഥ)

ആണ്മുറി-തേങ്ങയുടെ കീഴ്പകുതിമുറി.

ആതങ്കം-പു. രോഗം. 2. ദുഃഖം. 3. ഭയം. വളരെ കഷ്ടതയിൽ ജീവിക്കുക എന്നർത്ഥം.

ആതഞ്ചനം-പു. പാലിൽ ഉറവീഴ്ത്തുക, കഷായത്തിൽ മേമ്പൊടി ചേർക്കുക, എണ്ണയിൽ കല്ക്കം ചേർക്കുക ഇത്യാദി. 2. സന്തോഷിപ്പിക്കുക. 3. വേഗം. ക്രിചേതക എന്നു ശബ്ദാർത്ഥം. 4. ലോഹാദികൾ നീററുന്ന പൊടി.

ആതത-വി. വിസ്താരമുള്ള, പരന്ന.

ആതതായി-പു. കൊല്ലാൻ ഒരുമ്പെട്ടവൻ, വമ്പുകവചാദികളെക്കൊണ്ടു സന്നദ്ധനായിട്ടു ശത്രുവിനെ കൊല്ലുന്നതിനു ഒരുങ്ങിപ്പുറപ്പെട്ടവൻ. 2. കള്ളൻ. 3. കവർച്ചക്കാരൻ. സ്ത്രീലിംഗം-ആതതായിനി

ആതനം-പു. കാറ്റ്. 2. വിസ്താരം, വ്യാപനം.

ആതപത്രം-പു. വെൺകൊററക്കുട. ആതപത്തിൽനിന്നു ത്രാണംചെയ്യുന്നതു് (രക്ഷിക്കുന്നതു്) എന്നർത്ഥം. 2. കുട.

ആതപനൻ-ശിവൻ.

ആതപം-വെയിൽ. എല്ലാരെയും (എങ്ങും) തപിപ്പിക്കുന്നതു് എന്നു ശബ്ദാർത്ഥം. പ്രകാശമാത്രത്തിനും (നിലാവിനും) പറയാമെന്നു അഭിപ്രായം കാണുന്നു. ചന്ദ്രാതപം പ്രയോഗങ്ങളും കാണുന്നുണ്ട്.

'ആതപമേററമതേ തൊന്നുമറിയാതെ'

(അന്യാപദേശശതകം)

ആതപവാരണം-കുട. വെയിലിനെ തടുക്കുന്നതു് എന്നു ശബ്ദാർത്ഥം.

**ആതപീയ**-വെയിൽതട്ടുന്ന, വെയിലുള്ള.

**ആതരം**-തോണിക്കൂലി, കപ്പൽക്കൂലി. ജലമാൎഗ്ഗസഞ്ചാരത്തിൽ കടത്തുന്ന സാധനംകൊണ്ടു നടക്കുന്നവൎക്കു കൊടുക്കുന്ന കൂലി. ഇതുകൊണ്ടു തോണികടപ്പാൻ കഴിയുന്നതിനാൽ ഈ പേർ വന്നു.

'തമസ്സമസൌമിത്രിമൈത്രീമയമുപകൃതവാ
നാതരം നാവികായ' (മുരാരി)

**ആതാപി, ആതായി**-അളിക്കൺ കഴുവി. തന്റെ കൂട്ടരെ രക്ഷിക്കുന്നതു്. മറ്റൊരു പൎയ്യായം-ചില്ലം; മലങ്കരികിൽ, പരുന്തു് ഇങ്ങിനെയും പറയുന്നു.

**ആതാമ്ര**-വി. ചെമ്പിച്ച നിറമായ, കറച്ച ചെമന്ന.

**ആതായി**-ഒരു പക്ഷി. (ആതാപി നോക്കുക).

**ആതാളിക്ക**-വിളിച്ചുബഹളം കൂട്ടുക.

**ആതി**-പൊന്മാൻ, ഒരു പക്ഷി.

**ആതിച്ചനല്ലൂർ**-തിരുവിതാംകൂറിൽ കൊല്ലം താലൂക്കിലെ ഒരു പകുതി.

**ആതിഥ്യം**-അതിഥിക്കായുള്ള അന്നാദി. അതിഥിസല്ക്കാരരൂപമായ ക്രിയക്കും വിശേഷിപ്പിയ്ക്കും, അതിഥിസല്ക്കാരം.

'ആതിഥ്യമനിമന്ത്രിച്ചുടനേ'
(അംബരീഷചരിതം കഥകളി)

**ആതിഥ്യ, ആതിഥേയ**-വി. അതിഥികളെ സല്ക്കരിക്കുന്നതിനു യോഗ്യമായ.

**ആതിര**-തിരുവാതിരനക്ഷത്രം.

**ആതു**-പൊങ്ങുതടി, ചങ്ങാടം.

**ആതുര**-രോഗമുള്ള. വ. പാരവശ്യമുള്ള.

**ആതുരൻ**-പു. രോഗി. വ. പരവശൻ. രോഗശാന്തിക്കായി ബദ്ധപ്പെടുന്നവൻ എന്നു ശബ്ദാൎത്ഥം.

**ആതുരത**-സ്ത്രീ. രോഗിയുടെ അവസ്ഥ. വ. പരവശത.

**ആതുരശാല**-ആശുപത്രി.

**ആതുളി**-ശബ്ദം, മുഴക്കം. തമിഴിൽ-അമളി.

**ആതോദ്യം**-വീണ മുതലായ തതവാദ്യത്തിന്റെയും, മുരജംമുതലായ ആനദ്ധവാദ്യത്തിന്റെയും, വംശാദിയായ സുഷിരവാദ്യത്തിന്റെയും, കാംസ്യതാളാദിയായ ഘനവാദ്യത്തിന്റെയും സാമാന്യമായ പേർ. എങ്ങും അടിക്കപ്പെടുന്നതു് എന്നു ശബ്ദാൎത്ഥം.

[തതം-വീണ മുതലായ വാദ്യങ്ങൾ. സുഷിരം-ഓടക്കുഴൽ മുതലായ വാദ്യങ്ങൾ. ഘനം-ഓട്ടുകൊണ്ടുണ്ടാക്കപ്പെട്ട താളക്കൂട്ടുമുതലായതു്. കാംസ്യം-ഓട്ടുകൊണ്ടുണ്ടാക്കിയതു്.]

'തതം വീണാദികം വാദ്യ
മാനദ്ധം മുരജാദികം
വംശാദികന്തുസുഷിരം
കാംസ്യംതാളാദികംഘനം' (അമരം)

**ആത്ത**-വി. ഭൂ. പ്രാപിച്ച. വ. എടുക്കപ്പെട്ട (ആ+ദത്ത).

**ആത്ത**-ഒരു വൃക്ഷം.

**ആത്തഗന്ധ**-വി. ഭൂ. സുഗന്ധമുള്ള. വ. താഴ്ത്തപ്പെട്ട.

**ആത്തഗന്ധ, ആത്തഗൎവ്വ**-വി. പരിഭവിക്കപ്പെട്ട, മറ്റൊരുത്തനാൽ ഗൎവ്വം നശിപ്പിക്കപ്പെട്ട.

**ആത്തഗൎവ്വൻ, ആത്തഗന്ധൻ**-മറ്റൊരുത്തനാൽ ഗൎവ്വം നശിപ്പിക്കപ്പെട്ടവൻ. ഇവിടെ ഗന്ധശബ്ദത്തിനു 'ഗൎവ്വം' എന്നൎത്ഥം. ആത്തഗൎവ്വൻ എന്നതിനു ഗൎവ്വത്തെ കളഞ്ഞവൻ എന്നു ശബ്ദാൎത്ഥം.

'ഗന്ധോഗന്ധക ആമോദേ
സംബന്ധലേശഗൎവ്വയോഃ' (വിശ്വം)

**ആത്തഗൎവ്വ**-വി. അഹംഭാവമുള്ള.

**ആത്തചാപൻ**-ആത്ത (എടുക്കപ്പെട്ട) ചാപത്തോടു (വില്ലോടു) കൂടിയവൻ.

'മൃഗമതിനെയുമാത്തചാപനാകും'
(അഭിജ്ഞാനശാകുന്തളം)

ആത്തമോദ-വി. സന്തോഷമുള്ള.

ആത്തിറം-പരിഭ്രമം.

ആത്തോല്-നംപൂരിമാരുടെ സ്ത്രീകൾ. (ആത്തോൽ = അകത്തെ അവൾ.)

ആത്മാ-പു. ആത്മാവ്. സ്വകർമ്മഫലത്തെ അനുഭവിക്കുന്നവൻ, എല്ലായ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്നവൻ ഇങ്ങനെ ശബ്ദാർത്ഥം. മററപര്യായങ്ങൾ-ക്ഷേത്രജ്ഞൻ, പുരുഷൻ. ൨. ജീവാത്മാവ്. ൩. പ്രയത്നം. ൪. ധൈര്യം. ൫. ബുദ്ധി ൬. സ്വഭാവം. ൭. ബ്രഹ്മം. ൮. ശരീരം. ൯. വേദം. ൧൦. സ്വരൂപം. ൧൧. അഗ്നി. ൧൨. വായു. ൧൩. പുത്രൻ. ൧൪. പരമാത്മാവ്. ൧൫. മനസ്സ്. ൧൬. ബോധം. ൧൭. താൻ. ൧൮. ആദിത്യൻ

ആത്മകർമ്മം-തന്റെ പ്രവൃത്തി.

ആത്മഗതം-മനസ്സിൽ വിചാരിക്കുക. നാടകങ്ങളിൽ കാണുന്ന ഈ ആത്മഗതം എന്ന ശബ്ദത്തിന്റെ വിരുദ്ധപദം 'പ്രകാശം'.

ആത്മഗുപ്ത-നായ്ക്കുരണ. തന്നെത്താൻ രക്ഷിക്കുന്നതു് എന്നു ശബ്ദാർത്ഥം.

ആത്മഗുപ്തി-ഞടകം.

ആത്മഘാതകൻ, ആത്മഘാതി-തന്നെത്താൻ കൊല്ലുന്നവൻ.

ആത്മഘോഷം-പു. കാക്ക. 'കാകാ' എന്നിങ്ങനെ തന്നെത്താൻ ഘോഷിക്കുന്നതു് എന്നർത്ഥം. ൨. പൂവൻകോഴി.

ആത്മജൻ, ആത്മജന്മാ-പുത്രൻ. ആത്മാവിങ്കൽനിന്നു ജനിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ആത്മജ-പുത്രി.

ആത്മജാതൻ-പുത്രൻ. സ്ത്രീലിംഗം-ആത്മജാത.

ആത്മജ്ഞാനം-പരമാർത്ഥമായമോക്ഷ അറിവ്.

'ക്രമത്താലാത്മാവിങ്കലഖിലകർമ്മങ്ങളും
സമർപ്പിച്ചിരിക്കുമ്പോളരിക്കുമാത്മജ്ഞാനം'
(ഭാഗവതം)

ആത്മതത്വം-തന്റെ പരമാർത്ഥം.

ആത്മദമനം - തന്നെത്താനടക്കുന്നുള്ള ശീലം.

ആത്മനിയമനം-തന്നെത്താൻ അടക്കുക

ആത്മപരിത്യാഗം-തന്നെക്കൂടി ഉപേക്ഷിക്കയെന്നുള്ള സ്ഥിതി.

ആത്മപ്രശംസ-തന്നെത്താൻ സ്തുതിക്കുക.

ആത്മബഹുമതി-സ്വാഭിമാനം.

ആത്മബോധം-തന്നെത്താനുള്ള അറിവ്

ആത്മഭവൻ-പുത്രൻ.

ആത്മഭൂവ്-ആത്മാവിങ്കൽനിന്നുണ്ടായ.

ആത്മഭൂവ്-പു. ബ്രഹ്മാവ്. തന്നെത്താനുണ്ടായവൻ, പരമാത്മാവിങ്കൽനിന്നുണ്ടായവൻ എന്നർത്ഥം. ൨. കാമദേവൻ. തന്നെത്താൻ പ്രകാശിക്കുന്നവൻ, മനസ്സിൽ ജനിക്കുന്നവൻ എന്നു ശബ്ദാർത്ഥം. ൩. വിഷ്ണു ൪. ശിവൻ. ൫. പുത്രൻ.

ആത്മംഭരി-തന്റെ വയറുമാത്രം നിറയ്ക്കുന്നവൻ, ആത്മാവിനെ ഭരിക്കുന്നവൻ എന്നു ശബ്ദാർത്ഥം. മറെറാരുപര്യായം-കുക്ഷിംഭരി.

ആത്മരുചി-തന്റാശ.

ആത്മയോനി-പു. ബ്രഹ്മാവ്. ൨. വിഷ്ണു. ൩. ശിവൻ. ൪. കാമദേവൻ.

ആത്മവത്ത്-ബുദ്ധിയുള്ള, അടക്കമുള്ള.

ആത്മവിചാരം-തന്നെത്താൻ അറിയുക.

ആത്മവിത്ത്-ആത്മജ്ഞൻ, ജ്ഞാനി.

[ആത്മാ=ആത്മാവ് എന്നതത്വം, ജീവാത്മാവ്, പരമാത്മാവ് ഇങ്ങിനെ രണ്ടുവിധം വ്യവഹരിക്കപ്പെടുന്നതായും ആത്മാവെന്നു സാധാരണമായ പേരോടുകൂടിയതായുമിരിക്കുന്ന വസ്തു എന്നു സമാസം.) വദിക്ക = വിചാരിക്ക. മേൽപ്പറഞ്ഞ പര്യായശിയായ ആത്മബോധത്തിനായി യതിച്ചുവരുന്നവൻ എന്നു സാരം.

ആത്മസംഭാവന-തന്നെക്കുറിച്ചുള്ള ബഹുമാനം, തന്നെക്കുറിച്ചുള്ള അഭിമാനം.

ആത്മസംയമനം-ആത്മാവിനെ വഴിപോലെ അടക്കുക, മനസ്സിലുണ്ടാകുന്ന ദുർവിചാരങ്ങളെ അടക്കുക.

ആത്മസംയമനംനിത്യംചെയ്തീടുന്നമഹാമതി
രാജ്യംപിടിച്ചടക്കുന്നവീരനെക്കാളുമുത്തമൻ
(സുഭാഷിതരത്നാകരം)

ആത്മഹത്യ-൧. തന്നത്താൻകൊല്ലുക. ൨. ശിക്ഷാനിയമപ്രകാരമുള്ളൊരു കുററം.

[ആത്മഹത്യചെയ്യാൻ ഉത്സാഹിപ്പിക്കുന്നതിനു പത്തുകൊല്ലത്തെ രണ്ടിൽ ഏതുവിധമെങ്കിലുമായ തടവു വിധിക്കേണ്ടതുകൂടാതെ, പിഴയുംകൂടി വിധിക്കാം. തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പു ൩൦൬. ആത്മഹത്യചെയ്യാൻ ശ്രമിക്കുന്നതിനു ഒരു കൊല്ലത്തെ വെറുംതടവോ പിഴയോ രണ്ടും കൂടിയോ വിധിക്കാം. തി-ശി-നി വകുപ്പു ൩൦൯.]

ആത്മാർത്ഥ-വി. തനിക്കുവേണ്ടിയുള്ള.

ആത്മാനുരൂപൻ-തനിക്കുചേർന്നവൻ.

ആത്മാവബോധം-തന്നെപ്പററിയുള്ള അറിവ്.

ആത്മാരാമൻ-൧. ആത്മാവിനു് ആരാമമായുള്ളവൻ. ൨. സകലജീവനും തന്നിൽതന്നെ രമിക്കുന്നവൻ.

ആത്മാർത്ഥം-൧. സ്നേഹം. ൨. യഥാർത്ഥം. ൩. മനഃപൂർവ്വം.

ആത്മീയം-സ്വന്തം, തനിക്കുള്ളതു്, തന്നെ സംബന്ധിച്ചതു്.

ആത്മോദയം-തന്റെ വൃദ്ധി.

ആത്മോചിതം - തനിക്കുചിതമായിട്ടുള്ളതു്.

ആത്യന്തികം-൧. നിലനില്ക്കുന്നതു്. വിരുദ്ധപദം-താല്ക്കാലികം. ൨. അത്യധികമായ. ൩. ഇടവിടാതുള്ള, തുടർച്ചയായ, അവസാനമില്ലാത്ത. ൪. അമിതമായ. ൫. പൂർണ്ണമായ. ൬. അതിമാത്രമായ.

ആത്രേയൻ-അത്രിയുടെ പുത്രൻ.

ആത്രേയി-൧. തീണ്ടായിരിക്കുന്നവൾ. ആത്രേയമഹർഷിയുടെ പത്നിയായ ആത്രേയിയെപ്പോലെ ഗമിച്ചുകൂടാത്തവൾ എന്നർത്ഥം.

[ഋതുവായാൽ ൪ ദിവസം കഴിഞ്ഞേ ഗമിക്കാൻ പാടുള്ളൂ. അല്ലെങ്കിൽ പാപമുണ്ടു്. ആദ്യത്തെനാലുദിവസവും വർജ്ജ്യങ്ങളാണെന്നു ജ്യോതിശ്ശാസ്ത്രവചനമുണ്ടു് ആദ്യത്തെ മൂന്നുദിവസവും ൧൧-ാംദിവസവും വർജ്ജ്യമാണെന്നു വാഗ്ഭടൻ അഭിപ്രായപ്പെടുന്നു.]

൨. അത്രേയമഹർഷിയുടെ പത്നി.

ആഥർവ്വണൻ-അഥർവ്വവേദം പഠിച്ച ബ്രാഹ്മണൻ.

ആഥർവ്വണം-൧. അഥർവ്വങ്ങളുടെസമൂഹം. ൨. അഥർവ്വമുനി കൊടുത്ത പ്രാർത്ഥനകളും മററും.

ആദരണീയം-ആദരിക്കത്തക്കതു്.

'ഏതൊരുവൃക്ഷനിലങ്ങളിൽകൌതുകംപാരി
ലാദരണീയം തസ്യജാതകം'
(നളചരിതം കഥകളി)

ആദരം, ആദരവു്-൧. വണക്കം. ൨. ബഹുമാനം.

ആദരിക്കുക-൧. ബഹുമാനിക്കുക. ൨. അനുസരിക്കുക.

ആദർശം-൧. കണ്ണാടി. രൂപം മുഴുവനും ഇതിൽ കാണപ്പെടുന്നതുകൊണ്ടു ഈ പേർ വന്നു. മററുപര്യായങ്ങൾ-ദർപ്പണം മുകുരം. ൨. മാതൃക.

ആദർശകം, ആദർശനം-കണ്ണാടി.

ആദാനം-സ്വീകാരം, എടുക്കുക.

ആദായപ്പെടുക-ലാഭത്തിൽ കിട്ടുക, ലഭിക്കുക.

ആദായം-൧. ലാഭം, ൨. വരവു്.

ആദി-മുതലായതു്. ൨. മുമ്പു്, ആരംഭം.

ആദി-ആദിയിൽ വെച്ചതു്. പ്രഥമം ഗ്രഹിക്കപ്പെടുന്നതു് എന്നർത്ഥം. മററു പ

ര്യായങ്ങൾ-പൂർവ്വം, പൌരസ്ത്യം, പ്രഥമം, ആദ്യം.

**ആദികവി**-പു. വാല്മീകിമഹർഷി. ൨. ബ്രഹ്മാവ്.

**ആദികാരണം**-മുഖ്യകാരണം, കാര്യത്തിന്റെ ആരംഭകാലത്തിലെ കാരണം. എന്നു ശബ്ദാർത്ഥം. ഉപാദാനകാരണം. മററു പര്യായം-നിദാനം.

**ആദികാലം**-മുമ്പുള്ള സമയം, പണ്ടെ കാലം.

**ആദിതേയന്മാർ**-ദേവന്മാർ. അദിതിയുടെ പുത്രന്മാർ എന്നു ശബ്ദാർത്ഥം.

**ആദിത്യകേതു**-പു. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ. ൨. ആദിത്യന്റെ തേർ തെളിക്കുന്നവൻ.

**ആദിത്യൻ**-പു. സൂര്യൻ. അദിതിയുടെ പുത്രൻ എന്നു ശബ്ദാർത്ഥം. ൨. ദേവൻ. ൩. എരിക്ക്.

**ആദിത്യപുത്രന്മാർ**-പു. യമൻ. ൨. കർണ്ണൻ. ൩. ശനി. ൪. സുഗ്രീവൻ.

**ആദിത്യഭക്ത**-ഓരിലത്താമര.

**ആദിത്യവല്ലി**-വെളുത്ത ഉഴിഞ്ഞ.

**ആദിനായകൻ**-മഹാവിഷ്ണു.

**ആദിപുരാണം**-ബ്രഹ്മപുരാണം.

**ആദിപൂരുഷൻ**-പു. വിഷ്ണു(കൃഷ്ണൻ). ൨. ഒന്നാമത്തെ സൃഷ്ടികർത്താവ്.

**ആദിപ്രാസം**-ശബ്ദാലങ്കാരത്തിൽ പെട്ടതാണ്. അടുത്തടുത്തുള്ള പദങ്ങളെ ഒരേ വർണ്ണംകൊണ്ട് ആരംഭിക്കുക.

'മങ്ങാതെങ്ങും മഹിതതരയശോ
മഞ്ജിരാശ്രേണികൊണ്ടും
മുങ്ങാനേററം മുമമതളിടും
മുത്ഭുജാപാദസ്സുകൊണ്ടും'
(മയൂരസന്ദേശം)

ഇതിനു ഇംഗ്ലീഷ് കവിതകളിൽ അധികം പ്രചാരമുള്ളതിനാൽ 'ആംഗലപ്രാസം' എന്നും അഭിപ്രായമുണ്ട്.

**ആദിഭൂത**-വി. ഒന്നാമതുണ്ടായ.

**ആദിഭൂതൻ**-ദൈവം, ഈശ്വരൻ, ആദിയിൽ ഉണ്ടായവൻ.

**ആദിമ**-വി. ആദ്യമുള്ള.


**ആദിയോഗാചാര്യൻ**-ശിവൻ.

**ആദിരസം**-ശൃംഗാരം.

**ആദിരാജൻ**-മനു. ൨. പൃഥുചക്രവർത്തി.

**ആദിവരാഹൻ**-വിഷ്ണു.

**ആദിശേഷൻ**-അനന്തൻ.



ആദിശേഷൻ

**ആദിസർഗ്ഗം**-ആദ്യത്തെ സൃഷ്ടി.

**ആദീനവം**-ക്ലേശം. ക്ലേശിക്കുക എന്നതിന്റെ പേർ. ക്ഷയിച്ചുകൊണ്ടിരിക്കുക എന്നു ശബ്ദാർത്ഥം. മററു പര്യായങ്ങൾ-ആസ്രവം, ക്ലേശം.

**ആദൃഃ**-അ. അസ്പഷ്ടം.

**ആദൃത**-വി. പ്ര. ആദരത്തോടുകൂടിയ. ൨. ആദരിക്കപ്പെട്ട, മാനിക്കപ്പെട്ട.

**ആദൃതൻ**-പു. ആദരിക്കപ്പെട്ടവൻ, മാനിക്കപ്പെട്ടവൻ. ൨. ആദരവോടുകൂടിയവൻ.

**ആദൃശം**-തുല്യം.

**ആദേവനം**-ചൂതുകളി. ൨. ചുക്കിണി.

**ആദേശം**-പ്ര. കല്പന. ൨. (വ്യാകരണത്തിൽ) അക്ഷരങ്ങളുടെ ചേർപ്പിൽ ഒരു വർണ്ണത്തിനുപകരം മറെറാരു വർണ്ണം വരുക. ഉ-ം, പൊൻതാമര = പൊല്ത്താമര, ഇത്യാദി.

**ആദേഷ്ടാവ്**-പു. കല്പിക്കുന്നവൻ. ൨. യാഗം ചെയ്യിക്കുന്നവൻ.

**ആദ്യ**-ദൃ.

**ആദ്യ**-വി. പ്ര. ആദിയിൽവെച്ചു, മുമ്പെയുള്ള. ൨. തിന്നാകുന്ന.

**ആദ്യൻ**-ഈശ്വരൻ, ആദിയിൽ [illegible]വൻ, ദൈവം.

ആദ്യന്ത-ആദിയും അവസാനവും ഉള്ള.
ആദ്യന്തഹീന-വി. ആദിയും അന്തവും ഇല്ലാത്ത.
ആദ്യന്തഹീനൻ-ആദിയും അന്തവും ഇല്ലാത്തവൻ, ഈശ്വരൻ, ദൈവം.
ആദ്യം-ക്രി. ഒന്നാമത്തേതു. ഉ. അന്നം. ന. ധാന്യം.
ആദ്യമാഷകം-അഞ്ചു കന്നിത്തൂക്കം, (൫ പണത്തൂക്കം).
ക്ക നെന്മണി=ക്ക വീശത്തൂക്കം.
ക്കു വീശത്തൂക്കം=ക്ക പണത്തൂക്കം.
൲ വീശത്തൂക്കം=ഒരു കന്നിയിട.
ഉ പണത്തൂക്കവും ൧ൾ വീശത്തൂക്കവുമാണു്. ഒരു ആദ്യമാഷമെന്നു മറ്റൊരു ഭിപ്രായം. ഞാൻ ആദ്യഭിപ്രായത്തോടു യോജിക്കുന്നു.
ആദ്യനൻ-പ്ര. ജയിപ്പാനുള്ള ഇച്ഛ ഇല്ലാത്തവൻ, വിശപ്പുകൊണ്ടു ശത്രുവിനെ ജയിപ്പാൻ കൂടെ ഇച്ഛയില്ലാത്തവൻ. മറ്റൊരുപര്യായം-ഔദരികൻ. ഉ. ആദിയില്ലാത്തവൻ.
ആദ്യാതം-പ്രഭ, പ്രകാശം.
ആധാനം-പ്ര. ഉൽപാദനം (ഗർഭാധാനം). ഉ. വെയ്ക്കു
ആധാരി-സപ്തമി.
ആധാരം-പ്ര. ആശ്രയം. ഉ. പ്രമാണം.
ആധി-പ്ര. മനഃപീഡ. ദുഃഖത്തെ ഉണ്ടാക്കുന്നതു് എന്നു ശബ്ദാർത്ഥം. വ്യസനം. ഉ. ആപത്തു്. ന. പണയം.
ആധികാരികം-രൂപകത്തിലെ വസ്തുക്കളിൽ ഒന്നു്. മറ്റൊന്നു 'പ്രാസംഗികം'
ആധിക്യം-അധികത.
ആധിദൈവിക-വി. ദൈവത്തിൽനിന്നുണ്ടായ.
ആധിപത്യം-കോയ്മ, അധികാരം.
ആധിപാദ്രോധി-ആധിയാകുന്നആഴി
ആധിഭൌതിക-വി. ഭൂതങ്ങളിൽ നിന്നുണ്ടായ.
ആധീന-വി. അധികാരത്തിനു കീഴുള്ള.
ആധുനിക-വി. ഇപ്പോഴുണ്ടായ. പ്രത്യക്ഷമായ.
ആധൂത-വി. കാറ്റത്താടു ഇളക്കപ്പെട്ട (ആധൂനനം ചെയ്യപ്പെട്ടതു്-ആധൂതം. ആധൂനനംചെയ്ക=കാറ്റത്താടു ഇളക്കുക). മറ്റുപര്യായങ്ങൾ-വെല്ലിതം, പ്രേംഖിതം, ചലിതം, ആകംപിതം, ധുതം.
ആധേയ-വി. പ്ര. വെയ്ക്കപ്പെട്ട. ഉ. പണയം വെയ്ക്കപ്പെടത്തക്ക.
ആധേയം-ആശ്രയി.
ആധോരണൻ-ആനക്കാരൻ, ആനയെ നല്ലവണ്ണം നടത്തുന്നവൻ എന്നു ശബ്ദാർത്ഥം. മറ്റു പര്യായങ്ങൾ-ഹസ്തിപകൻ (ഹസ്തിപൻ), ഹസ്ത്യാരോഹൻ, നിഷാദി.
ആധൌത-വി. പ്ര. വെളുപ്പിക്കപ്പെട്ട. ഉ. കഴുകപ്പെട്ട.
ആധ്മാത- വി. ഊതിവീപ്പിക്കപ്പെട്ട, ഊതിവീക്കപ്പെട്ട.
ആധ്മാതം-വയറുവീപ്പു്.
ആധ്മാനം-പ്ര. വീക്കം. ഉ. വയറുവീപ്പു്. ന. തീത്തുത്തി.
ആധ്യക്ഷം-ആധിപത്യം.
ആധ്യാത്മിക-വി. പരമാത്മാവിനെ സംബന്ധിച്ച, ദുഃഖമായ.
ആധ്യാനം-സ്മൃതി (ചിന്തിക്കുന്നതു്), ദുഃഖത്തോടുകൂടിയ വിചാരം.
ആന-ഒരു മൃഗം. പര്യായങ്ങൾ-ദന്തി, ദന്താവളം, ഹസ്തി, ദ്വിരദം, അനേകപം, ദ്വിപം, മതംഗജം, ഗജം, നാഗം, കുഞ്ജരം, വാരണം, കരി, ഇഭം, സ്തംബേരമം, പത്മി-ഗജ. (ശയ്യാട്ടുകേൾ-കൊടച്ചുവിയൻ).

യൂഥപൻ, യൂഥനാഥൻ ഇ-ം, ആനത്തലവന്റെ പേർ. മദോൽകടം, മദകലം ഇ-ം, മദമുള്ള ആനയുടെ പേർ. കളഭം, കരിശാബകം ഇ-ം, ആനക്കുട്ടിയുടെ പേർ. പ്രഭിന്നൻ, ഗർജ്ജിതൻ, മത്തൻ ന-ം, മദംപൊട്ടിയ ആനയുടെ പേർ. ഉദ്വാന്തൻ, നിർമ്മദൻ ഇ-ം, മദം അടങ്ങിയ ആനയുടെ പേർ. ഹാസ്തികം, ഗജതാ ഇ-ം, ആനക്കൂട്ടത്തിന്റെ പേർ. കരിണി, ധേനുക, വശ ന-ം, പിടിയാനയുടെ പേർ. ഗണ്ഡം, കടം ഇ-ം, ആനയുടെ കവിൾത്തടത്തിന്റെ പേർ മദം, ദാനം ഇ-ം, മദജലത്തിന്റെ പേർ. വമഥു, കരശീകരം ഇ-ം, തുമ്പിക്കൈയിൽ നിന്നു വീഴുന്ന വെള്ളത്തുള്ളിയുടെ പേർ. കുംഭങ്ങൾ—ആനയുടെ മസ്തകത്തിന്റെ മുഴകളുടെ പേർ. വിദു-മസ്തകങ്ങളുടെ മദ്ധ്യപ്രദേശത്തിന്റെ പേർ. അവഗ്രാഹം-ആനയുടെ നെററിയുടെ പേർ. ഇഷീകം-ആനയുടെ നേത്രഗോളത്തിന്റെ പേർ. നിര്യാണം-ആനയുടെ കടക്കണ്ണിന്റെ പേർ. ചൂളികം-ആനയുടെ ചെവിക്കുററിയുടെ പേർ. വാഹിത്ഥം-ആനയുടെ മസ്തകത്തിന്റെ താഴെയുള്ള ഭാഗത്തിന്റെ പേർ. പ്രതിമാനം-കൊമ്പുകളുടെ നടുവിന്റെ പേർ. ആസനം, സ്കന്ധദേശം ഇ-ം, ആനയുടെ സ്കന്ധപ്രദേശത്തിന്റെ പേർ (കഴുത്തിൽ ആളിരിക്കുന്നേടം). പത്മകം, ബിന്ദുജാലകം ഇ-ം, ആനയുടെ മുഖാദികളിലെ പുള്ളികളുടെ പേർ. പക്ഷഭാഗം, പാർശ്വഭാഗം ഇ-ം, ആനയുടെ പാർശ്വഭാഗത്തിന്റെ പേർ. ദന്തഭാഗം-ആനയുടെ മുൻഭാഗത്തിന്റെ പേർ. ഗാത്രം-ആനയുടെ മുമ്പിലുള്ള കാലുകളുടെ മുട്ടിനു താഴെയുള്ള ഭാഗത്തിന്റെ പേർ. അവരം (അപരം)-ആനയുടെ പിന്നിലെ കാലുകളുടെ മുട്ടിനു താഴെയുള്ള ഭാഗത്തിന്റെ പേർ. തോത്രം, വൈണുകം (വേണുകം) ഇ-ം, ആനയെ ശിക്ഷിപ്പാനുപയോഗിക്കുന്ന കോലിന്റെ (ആനവടിയുടെ) പേർ. ആലാനം, ബന്ധസ്തംഭം ഇ-ം, ആനയെ തളയ്ക്കുന്ന കെട്ടുകുററിയുടെ പേർ. ശൃംഖലം (ശൃംഖലം), അന്ദുകം, നിഗഡം (നിഗളം) ന-ം, ആനച്ചങ്ങലയുടെ പേർ. അങ്കുശം, സൃണി ഇ-ം, ആനത്തോട്ടിയുടെ പേർ. ദൂഷ്യം (ചൂഷ്യം, ചൂഷ), കക്ഷ്യം (കക്ഷം), വരത്രം ന-ം, കച്ചക്കയറിന്റെ പേർ. (ആനയുടെ നടുഭാഗത്തു കെട്ടുന്ന തോൽ എന്നു ചിലർ). കല്പനാ, സജ്ജനാ ഇ-ം, രാജാവിനു കയറുവാനായി ആനയെ അമ്പാരി കെട്ടി ചമയിക്കുന്നതിന്റെ പേർ. പ്രവേണി, ആസ്തരണം, വർണ്ണം, പരിസ്തോമം, കഥം ഇ-ം, ആനപ്പുറത്തു വിരിക്കുന്ന കമ്പിളിയുടെ പേർ. വീത-യുദ്ധം മുതലായതിനു ഉപയോഗമില്ലാത്തതും ബലക്കുറവുള്ളതുമായ ആനയുടേയും കുതിരയുടേയും പേർ. വാരി, ഗജബന്ധനി ഇ-ം, ആനയെ ചതിച്ചു ചാടിച്ചുപിടിക്കുന്നതിനു കാട്ടാനകൾ സഞ്ചരിക്കുന്ന കാട്ടിൽ കുഴിയുണ്ടാക്കുന്ന വാരിക്കുഴിയുടെ പേർ. ആനപ്പന്തിയെന്നു ചിലർ പറയുന്നു.

ആനകദുന്ദുഭി-വസുദേവർ. ഇദ്ദേഹത്തിന്റെ ഭവനത്തിൽ വിഷ്ണു ജനിച്ചസമയം ദേവകൾ ആനകവാദ്യങ്ങളേയും ദുന്ദുഭിവാദ്യങ്ങളേയും മുഴക്കിയതിനാൽ ഈ പേരുണ്ടായി.

ആനകം-ചെണ്ട എന്ന വാദ്യം. ഭടന്മാരെ ഉത്സാഹിപ്പിക്കുന്നതു എന്നു ശബ്ദാർത്ഥം.

ആനക്കളി-കുട്ടികളുടെ ഒരുതരംകളി. (മുതുകിൽ കയറി കളിക്കയും മററും).

ആനക്കപ്പട-ഗോപുരത്തിൽനിന്ന് സുഖമായി ഇറങ്ങുന്നതിനും കയറുന്നതിനും മണ്ണുകൊണ്ടോ കല്ലുകൊണ്ടോ ക്രമത്തിൽ

ചാപ്പായി കെട്ടിയുണ്ടാക്കുന്നതു്. പര്യാ യം—ഹസ്തിനഖം.

ആനക്കായ്ക്കുവ—ഒരു ഔഷധം.

**ആനക്കാരൻ**—ആനപ്പാപ്പാൻ. പര്യായങ്ങൾ— ആധോരണൻ, ഹസ്തിപകൻ(ഹസ്തിപൻ),ഹസ്ത്യാരോഹൻ, നിഷാദി.

**ആനക്കാൽ**—ന. ആനയുടെ കാലു്. ഉ. റേട്ടുനന്നാക്കുന്ന മരായുധം.

**ആനക്കുറുന്തോട്ടി, വൻകുറുന്തോട്ടി**—വലിയ കുറുന്തോട്ടി. പര്യായം മഹാബല.

ഗുണം കുറുന്തോട്ടിക്കു സമം തന്നെ. ബൃംഹണകരമാകുന്നു. ശുക്ലത്തെ വൎദ്ധിപ്പിക്കും. സന്താപം, ദേഹംവറളുക ഇവയെ നശിപ്പിക്കും. ക്ഷതം ഹേതുവായിട്ടു ക്ഷീണത ഭവിച്ചവൎക്കു വളരെനന്നു്. ജ്വരം, വിഷമജ്വരം, മൂത്രകൃച്ഛ്രം, സോമരോഗം, (വളരെ മൂത്രം പോകുന്നതു), ത്രിദോഷകോപം, ശോഫം, വാതാർശസ്സ്, പ്രമേഹം, മോഹം ഇവയെ കളയും. മഹാബലാക്കു് (ആനക്കുറുന്തോട്ടിക്കു) മഹാരാഷ്ട്രഭാഷയിൽ-ഭാംഭുർഡി. ഗുജരാത്തിയിൽ സഹദേവി. കൎണ്ണാടകത്തിൽ—വെല്ലുട്ടുരവേ. ലത്തീനിൽ (ലാറിനിൽ) (Sidarhomfifolia).

**ആനക്കുളം**—തിരുവിതാംകൂറിൽ ദേവികുളം താലൂക്കിൽ ഒരു പകുതി.

**ആനക്കുഴി**—ആനയെ പിടിക്കുന്ന കുഴി.

**ആനക്കൊട്ടിൽ**—ന. ആനപ്പുര. ഉ. കൊട്ടാരങ്ങളുടേയും മറ്റും പ്രധാനവാതിലിനോടു ചേൎത്തു മുൻവശം കെട്ടിയുണ്ടാക്കുന്ന പുര.

'ഘോടകചാകരികളുമാനക്കൊട്ടിലുമുണ്ടു'
(കാചലവൃത്തം വഞ്ചിപ്പാട്ടു്)

**ആനക്കൊമ്പു്**—ആനയുടെ കൊമ്പു്, ദന്തം.

[ഇതു കണ്ണിലെ വ്രണത്തിനും മറ്റും നന്നു്. സംസ്കൃതത്തിൽ വിഷാണം, കുംഭം, നാഗദന്തകം എന്നിപ്രകാരം പറയുന്നു.]

ആനക്കോൽ—ഒരുമുവ്, ഒരു ചെണ്ടു്.

ആനച്ചന്തം—ഓരോ അംശവും പ്രത്യേകം പ്രത്യേകം സൂക്ഷിക്കുമ്പോൾ വിരൂപതയുണ്ടെങ്കിലും ആകപ്പാടെ ഒരു നോട്ടത്തിൽ തരക്കേടില്ലാത്ത സ്ഥിതി.

ആനച്ചുണ്ട—ഒരു ഔഷധം. കറുത്ത ചുണ്ടയുടെ ഗുണം തന്നെ. വിശേഷിച്ചു കൃമിനാശനമാണു്. പുഴുക്കടിക്കു നന്നു്.

ആനച്ചുവടി—ആനയടിയൻ, ക്രുഞ്ചിതിക്ക എന്നും പറയും.

[ഇതു പ്രമേഹം, പാണ്ഡു, വിദ്രധി, സന്നി, മൂലരോഗം മുതലായവക്കുപയോഗം.]

ആനച്ചൊറി—വലിയചൊറി.

ആനച്ചൊറിയൻ—വലിയ ചൊറിയുള്ളവൻ.

ആനത—വി. ന. താഴ്ത്തപ്പെട്ട.

ആത്രദ്ധവിനയംകൊണ്ടാനത വക്ത്രത്തോടു
(അദ്ധ്യാത്മരാമായണം)

ഉ. അധോമുഖമായിട്ടുള്ള. ന. കുനിഞ്ഞോ. ഒ. വളഞ്ഞ. ഇ. താണ. ത്യ. നമിച്ചു.

ആനത്തലവൻ—ആനക്കൂട്ടത്തെ കാക്കുന്നവൻ. പര്യായങ്ങൾ—യൂഥനാഥൻ, യൂഥപൻ.

ആനത്തോട്ടി—ആനയെ നടത്തുന്ന തോട്ടി. പര്യായങ്ങൾ—അംകുശം, സൃണി.

ആനദ്ധ—വി. കെട്ടപ്പെട്ട.

ആനദ്ധം—ന. കെട്ടപ്പെട്ടതു്. ഉ. മിഴാവു മദ്ദളം മുതലായ വാദ്യം. ചൎമ്മംകൊണ്ടു മുഖത്തിൽ ബന്ധിക്കപ്പെട്ടതു് എന്നു ശബ്ദാൎത്ഥം.

ആനനക്കി—മലയിലെ ഒരുവക വിഷവൃക്ഷം.

'പാലക്കാട്ടുള്ള എഴിമലൽ എന്ന മലയിൽ ഒരു പുതിയതരം വൃക്ഷം കണ്ടെ

ത്തിയിരിക്കുന്നെന്നും ഇതിന്റെ ഇല തൊട്ടുന്നവൎക്കു ഒൻപതുദിവസത്തേക്കു കഠിനമായ പനിയും ബോധക്ഷയവുമുണ്ടാകുമെന്നും കാണുന്നു ഈ വൃക്ഷത്തിനു ഇപ്പോൾ വിളിച്ചുവരുന്ന പേരു "ആനനക്കി" എന്നാണെങ്കിലും അതിനെക്കണ്ടാൽ ആനയ്ക്കും വലിയ ഭയമാണെന്നു പറയപ്പെടുന്നു.'

**ആനനം**-മുഖം. നിശ്വാസോച്ഛ്വാസങ്ങളെ ചെയ്യുന്നതു് എന്നു ശബ്ദാൎത്ഥം.

**ആനന്ദം**-൧. സന്തോഷം (സുഖം). ൨. ഭാഗ്യം. ൩. നിൎവ്വാണം. (ആനന്ദം ൮ വിധം:—൧. വിഷയാനന്ദം. ൨. ബ്രഹ്മാനന്ദം. ൩. വാസനാനന്ദം. ൪. ആത്മാനന്ദം. ൫. മുഖ്യാനന്ദം. ൬. നിജാനന്ദം. ൭. അദ്വൈതാനന്ദം. ൮. ജ്ഞാനാനന്ദം)'

**ആനന്ദഥു**-൧. സന്തോഷം (സുഖം). ൨. ഭാഗ്യം.

**ആനന്ദനം**-ബന്ധുക്കളെയും മററും സ്വാഗതവാക്യങ്ങൾ മുതലായവകൊണ്ടു ആനന്ദിപ്പിക്കുക. ആനന്ദിപ്പിക്കുക എന്നു ശബ്ദാൎത്ഥം.

**ആനന്ദബഹുലം**-൧. ഉപസ്ഥം. ൨. സന്തോഷാധിക്യം.

**ആനന്ദബാഷ്പം**-സന്തോഷംകൊണ്ടുണ്ടാകുന്ന കണ്ണുനീർ.

**ആനന്ദവനം**-ശ്രീകാശി.

[സ്കന്ദപുരാണത്തിലുള്ള ശങ്കരസംഹിതയെ അഗസ്ത്യൻ തന്റെ ശിഷ്യരായ വസിഷ്ഠാദിമഹൎഷികൾക്കു ഉപദേശിച്ചതു് ഈ വനത്തിൽവെച്ചായിരുന്നു].

**ആനന്ദഭൈരവി**-ഒരു രാഗം.

**ആനന്ദി**-൧. ഭാഗ്യം. ൨. സന്തോഷം.

**ആനന്ദിക്കുക**-൧. സന്തോഷിക്കുക. ൨. ദിവസംപ്രതി കാലത്തു് എഴുനേററു അവരവരുടെ കിണററിലെ ജലം മുഖത്തു ഒഴുക്കുക.

**ആനപ്പട**-ആനകൾ കൂട്ടിച്ചേൎന്നു യുദ്ധത്തിന്നായി നില്ക്കുക. പൎയ്യായങ്ങൾ-ഘടനം, ഘടം.

**ആനപ്പന്തി**-ആനപ്പുര, ആനയെ ചതിച്ചു ചാടിച്ചു പിടിക്കുന്നതിനു കാട്ടാനകൾ സഞ്ചരിക്കുന്ന കാട്ടിൽ കുഴിച്ചുണ്ടാക്കുന്ന വാരിക്കുഴി. പൎയ്യായങ്ങൾ-വാരി, ഗജബന്ധനി.

**ആനപ്പരുവ**-ഒരു ചെടി, ഒരുവള്ളി. ഈ വള്ളി സമൂലം കഷായം വെച്ചുസേവിച്ചാൽ വിട്ടുമാറാതെയുള്ള മലമ്പനി ശമിക്കും.

**ആനപ്പല്ലു്**-ആനയുടെ പല്ലു്.

[കണ്ണിനു നന്നു്. പല്ലുകൾക്കിനുപയോഗമുണ്ടു്. ക്ഷതശുക്ലത്തിനു വിശേഷം. തലവേദനക്കു ഇതിനെ അരച്ചു നെററിയിൽ ഇടുക പതിവാണു്.]

**ആനപ്പാൽ, പിടിപ്പാൽ**-ആനയുടെ പാൽ.

[ഇതു ഗുരുവാണു്. കണ്ണിനു ഹിതം, സ്ഥൈൎയ്യകരമാകുന്നു, ബലവൎദ്ധനവും ശീതവുമാണത്രെ.]

**ആനപ്പാവു്**-ആനയെ ഇണക്കുന്ന ഒരു സമ്പ്രദായം.

**ആനപ്പാവാൻ, ആനപ്പാപ്പാൻ**-ആനക്കാരൻ.

**ആനപ്പിണ്ടി**-ആനയുടെ മലം.

**ആനക്കുടം, ആനമുടകം**-ഒരു ഔഷധം.

[ഇതു് ബാലപീഡക്കും ശൂലയ്ക്കും നന്നു്. വായുശമിക്കും. പിത്തത്തിനു കൊള്ളാം. ഏലിത്തടി എന്നും പറയാറുണ്ടു്. ഇതു വലിയ മരങ്ങളിൽ പററി നേരെ കയറിച്ചെല്ലുന്ന തടിച്ച വള്ളിയാണു്].

**ആനമനം**-നമസ്കാരം, വണക്കം.

**ആനമിക്കുക**-നമസ്കരിക്കുക, വണങ്ങുക താഴുക.

**ആനമുഖൻ**-ഗണപതി.

**ആനമുള്ള്**-ഒരു ചെടി.

**ആനമ്ര**-വി. വളഞ്ഞ, കുനിഞ്ഞ.

**ആനയിക്കുന്നു**-കൊണ്ടുവരുന്നു.

ആനയിരുത്തി-ഒരു ചെടി.

**ആനവണങ്ങി**-തെക്കിട എന്ന ഔഷധം. [ഇതു ഹൃദ്യമാണ്. വാതപിത്ത ശമനമാകുന്നു. ശോഷം, ശ്വാസം, കാസം, ഗുന്മം, കഫം, കൃമി, കുഷ്ഠം, അംഗമർദ്ദം ഇവകളെ നന്ന്.]

ആനയടിവേർ-ആനച്ചുവടി.

**ആനവളർ**-ആനയെ ശിക്ഷിപ്പാൻ ഉപയോഗിക്കുന്ന കോൽ. പര്യായങ്ങൾ-തോത്രം, വൈണകം(വേണകം).

ആനവാൾ-ക്ഷേത്രാധികാരി. ക്ഷേത്രത്തിലെ ഒരു ഉദ്യോഗസ്ഥൻ.

ആനറായപ്പക്ഷി-റാഞ്ചൽ, ഒരു വക പരുന്ത്.

ആനാകം-ആ. സ്വർഗ്ഗത്തോളം, ആകാശത്തോളം.

ആനാട്ട്-തിരുവിതാംകൂറിൽ നെടുമങ്ങാട്ടു താലൂക്കിലേ ഒരു പകുതി.

ആനായൻ-ഇടയൻ, പശുവടിക്കുന്നവൻ 'ആനായപ്പിള്ളരാൽ ചൂഴറ്റകാര്വർണ്ണൻ' (കൃഷ്ണഗാഥ)

ആനായത്തീട്ട്-ഓരോ ബ്രാഹ്മണനേയും പന്ത്രണ്ടു പന്ത്രണ്ടു സംവത്സരം രാജാവാക്കുന്ന സംഗതികൾക്കുള്ള പ്രമാണം.

**ആനായം**-വല. മത്സ്യങ്ങളെ ആനയിക്കുന്നതു്. (പിടിച്ചെടുക്കുന്നതു്) എന്നു ശബ്ദാർത്ഥം. മറ്റൊരു പര്യായം-ജാലം.

**ആനായ്യ**-വി. കൊണ്ടുവരപ്പെടത്തക്ക.

ആനായ്യം-ഗാർഹപത്യാഗ്നിയിൽനിന്നെടുത്തിട്ടു യാതൊരു ദക്ഷിണാഗ്നി പ്രണയിക്കപ്പെടുന്നുവോ, അതു്, ഏതൊരു ദക്ഷിണാഗ്നിയാണോ ഗാർഹപത്യാഗ്നിയിൽ നിന്നു കൊണ്ടുവന്നു സംസ്കരിക്കപ്പെടുന്നതു് അതു്, ഗാർഹപത്യാഗ്നിയിൽ നിന്നു കൊണ്ടുവരപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

ആനാവ്-പ്ര. പശുക്കിടാവ്. ഉ. നാക.

ആനാഹം-പ്ര. മലമൂത്രങ്ങളുടെ തടവ്, മേൽവയർവീർപ്പ്. ഒന്നായിട്ടുള്ള ബന്ധനം എന്നു ശബ്ദാർത്ഥം. മറ്റൊരു പര്യായം. 'വിബന്ധം' (നിബന്ധം)ഉ. നീളം ഇതുകൊണ്ടു കെട്ടുന്നു എന്നർത്ഥം. മററ പര്യായങ്ങൾ-ദൈർഘ്യം,ആയാമം. ന. വസ്ത്രത്തിന്റെ നീളം.

ആനാഹലക്ഷണം-ആമമോ മലമോ ക്രമേണ വയററിൽ വർദ്ധിച്ചാൽ അതു പിന്നെ ഗുണഹീനനായ വായുവിനാൽ വിബദ്ധമായിട്ടു പ്രവൃത്തിയില്ലാതെ കിടക്കും. ആ രോഗത്തെ അനാഹം എന്നു പറയുന്നു."

ആനി-മിഥുനം എന്ന മാസം.

ആനീത-ആനയിക്ക(കൊണ്ടുവര)പ്പെട്ട.

**ആനീലൻ**-കറുത്ത കുതിര.

ആനുകൂല്യം-അനുകൂലഭാവം,

ആനുപൂർവി, ആനുപൂർവ്യം-സ്വാരസ്യയക്രമം, ക്രമം. അനുപൂർവത്തിന്റെ (പൂർവത്തെ അനുക്രമിച്ചിട്ടുള്ള സ്ഥിതിയുടെ) ഭാവം, മുമ്പുള്ളതിനെ തുടർന്നുകൊണ്ടുള്ളതു് എന്നിങ്ങനെ ശബ്ദാർത്ഥം.

ആനുയാത്രികൻ-പിൻതുടരുന്നവൻ.

ആനുലോമ്യം-മുകളിൽനിന്നു മുറയ്ക്കു കീഴ്പെട്ടു,ക്രമം. ആനുലോമ്യം><പ്രാതിലോമ്യം.

ആനൂപ-വി. ജലമുള്ള, നനവുള്ള.

ആനൂപം-സമഃ ജലത്തിൽ പെരുമാറുന്ന ജന്തു. ഉ-ം, പോത്തു്.

ആനിലൻ, **ആനിലി**-പ്ര. ഹനുമാൻ. ഉ. ഭീമൻ.

ആനൃത-വി. ഏപ്പോഴും കള്ളംപറയുന്ന.

ആനൃശംസ്യം-പ്ര. സൌമ്യത. ഉ. കൃപ.

ആഗ്നേയം-വൈശ്യകലത്തിൽ നിന്നോമ റോം കൊണ്ടുവന്നു സംസ്കരിക്കപ്പെട്ട ദക്ഷിണാഗ്നി.

ആന്ത-വി. അന്തത്തെ (അവസാനത്തെ) സംബന്ധിച്ച.

ആന്ത-ഒന്നു്.

ആന്തം-പ്ര. കള്ളന്മാർ ഫലവൃക്ഷങ്ങളിൽ പ്രവേശിക്കാതെ തട്ടപ്പാനുള്ള കുന്തം മനയോടുകൂടിയ കോൽ, ആന്തക്കോൽ. വ. കൊന്തക്കത്തി.

ആന്തര-വി. പ്ര. രഹസ്യമായുള്ള. വ. നടുവിലുള്ള,ഇടയിലുള്ള. ന. അകത്തുള്ള.

ആന്തരാഗാരിക-വി. പണ്ടകശാല വിചാരിപ്പുകാരന്റെ ജോലികളെ സംബന്ധിച്ച, പള്ളിയറവിചാരിപ്പുകാരന്റെ ജോലികളെ സംബന്ധിച്ച, അറവിചാരിപ്പുകാരന്റെജോലികളെസംബന്ധിച്ച.

ആന്തരം-രഹസ്യം, മനസ്സിലുള്ളതു്.

ആന്തരികം-ആഭ്യന്തരം,അകമേയുള്ളതു.

ആന്തര്യം-അഭിപ്രായം.

ആന്തിക-ജ്യേഷ്ഠത്തി.

ആന്തിയന്മാർ-കലംഉണ്ടാക്കുന്നവർ,ഒരു ജാതിക്കാർ.

ആന്തുറനായന്മാർ, ആന്തൂർനായന്മാർ-ഒരുവക ജാതിക്കാർ. കലം ഉണ്ടാക്കുന്നവർ. അന്ധ്യൻ എന്ന ശബ്ദവും കാണുന്നു.

ആന്ത്രം-പ്ര. കടൽമാല. മാലാന്ത്രപേണ ഉദരത്തിൽ വ്യാപിച്ചുകിടക്കുന്നതു എന്നു ശബ്ദാർത്ഥം. മററൊരു പര്യായം പുരീതത്തു്. വ. വൃഷണം.

ആന്ത്രവായു-ഒരു രോഗം.

ആന്ത്രവീക്കം-വൃഷണത്തിൽ ഉണ്ടാകുന്ന നീർ.

ആന്ത്രവൃദ്ധി-വൃഷണത്തിൽ ഉണ്ടാകുന്ന നീർ.

വാതാകോപകരങ്ങളായ ആഹാരങ്ങൾ ഭക്ഷിക്ക, തണുത്ത ജലത്തിൽ മുഴുകുക, മലമൂത്രാദിവേഗങ്ങളെ അടക്കുക, അവയെ ബലമായി പുറപ്പെടുവിക്കുക, ചുമടുചുമക്കുക, ക്രമത്തിലധികം വഴി നടക്കുക, ദേഹത്തിനു പ്രയാസമുള്ള പ്രവൃത്തികൾ ചെയ്ക, ഇവകൊണ്ടു കോപിച്ച വായു കുടലിന്റെ ഒരു ഭാഗത്തെ ചുരുക്കി സ്വസ്ഥാനത്തിൽ നിന്നു കീഴ്‌വശത്താക്കി ഒടിയുടെ സന്ധിയിൽ നിന്നിട്ടു മുഴപോലുള്ള നീരിനെ ഉണ്ടാക്കും. ചികിത്സ ഉടൻ ചെയ്യാഞ്ഞാൽ മേൽവയർ വീക്കം, വേദന, സ്തംഭനം, ഇവയോടൊന്നിച്ചു വൃഷണങ്ങളെ വർദ്ധിപ്പിക്കും. കൈകൊണ്ടമർത്തിയാൽ വായു മൂളിക്കൊണ്ടു അകത്തു പോവുകയും കൈയെടുത്താൽ വീണ്ടും വീർപ്പിക്കയും ചെയ്യും. ഇതു് ആകൃതികൊണ്ടു വാതവൃദ്ധിപോലിരിക്കും. ഈ രോഗമാത്രം ആന്ത്രവൃദ്ധി അസാദ്ധ്യമാണു്.

ആന്ദോളിക-ആന്ദോളം.

ആന്ദോളം,ആന്ദോളനം-ഊഞ്ഞാലാട്ടം, അങ്ങോട്ടും ഇങ്ങോട്ടും ആടുക, ആടിക്കൊണ്ടിരിക്ക.

ആന്ദോളിത-വി ഇളക്കപ്പെട്ട, ഇളകുന്ന.

ആന്ധസികൻ-വെപ്പുകാരൻ,അടുക്കളക്കാരൻ. അന്ധസ്സിനെ (അന്നത്തെ) ഉണ്ടാക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ആന്ധ്യം-അന്ധത്വം,കണ്ണില്ലായ്മ,കുരുടു, അജ്ഞാനം.

'കാന്തിമയവാക്തീടുമന്നങ്ങുനക്ഷിനി-
ന്നാന്ധ്യത്തൊക്കാവലണ്ടായായ്മിപ്പോൾ'
(കൃഷ്ണഗാഥ)

ആന്ധ്രഭാവി ലക്ഷണം-സംസ്കൃതഗ്രന്ഥകാരന്മാർ രാക്ഷിണാത്യദേശക്കാരെ ഇങ്ങനെയും വിവരിക്കുന്നു.

ആന്ധ്രാ-ഹൈദരാബാദ്. Hyderabad.

ആന്ന്യം-ആശാരിക്കും മററും കൊടുക്കുന്ന കൂലി.

ആനായിക-വി. ക്രമമായ, നല്ല വംശത്തിലുള്ള.

ആന്വീക്ഷികി-(ഗൌതമാദിപ്രണീതമായ) തൎക്കശാസ്ത്രം. അന്വീക്ഷാപ്രയോജനമായിട്ടുള്ളത് ആന്വീക്ഷികി. അനു=ശ്രവിച്ചതിൽപിന്നീട്, ഈക്ഷാ=പരീക്ഷണം. അത് അന്വീക്ഷാ.

'പ്രത്യക്ഷാഗമങ്ങളെക്കൊണ്ടു സിദ്ധമായ വസ്തുവിനെ യുക്തിബലത്താൽ നല്ലവണ്ണം ആലോചിച്ചു നന്നായ് ഉറപ്പിക്കുന്നതാണത്രേ തൎക്കവിദ്യയുടെ പ്രയോജനം. ഭഗവാൻ ദത്താത്രേയനായി അവതരിച്ച് അളൎക്കൻ എന്ന രാജാവിനും പ്രഹ്ലാദാദികൾക്കും ആന്വീക്ഷികിയെ ഉപദേശിച്ചപ്രകാരം ഭാഗവതത്തിൽ കാണുന്നു.'

ആപകര-വി. ൧. വിരോധമായ, അനിഷ്ടമായ, ൨. അപകടമുള്ള, ഉപദ്രവമുള്ള.

ആപാകം-൧. അരിമാവ്, ഗോതമ്പുമാവ് എന്നിവകൊണ്ടുണ്ടാക്കുന്ന ഓട്ടട, ബോളി മുതലായവ. ഇവയെല്ലാം സാധാരണയിൽ ചുരുങ്ങിയ വേവേ പാട്ടുള്ളു. പകുതി വെന്തത് എന്നു ശബ്ദാൎത്ഥം. ൨. പകുതി വേവിച്ചത്. ൩. ഒട്ടൊട്ടു പഴുത്തത്.

ആപഗാ-പുഴ. ജലസമൂഹംകൊണ്ടു ഗമിക്കുന്നത് എന്നു ശബ്ദാൎത്ഥം. അപഗാ എന്നുമാകാം. നദി, ആറ്.

ആപഗേയൻ-ഭീഷ്മർ നദിയുടെ പുത്രൻ എന്നൎത്ഥം.

ആപണം-ചന്ത മുതലായ കച്ചവടസ്ഥലം. എല്ലാടവും കൊടുത്തുവാങ്ങൽ ഉള്ളത് എന്നു ശബ്ദാൎത്ഥം. മറ്റൊരുപൎയ്യായം 'നിഷദ്യം'.

ആപണികൻ-കച്ചവടക്കാരൻ, (സാമാനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്നവൻ).

ആപണിക- കച്ചവടസംബന്ധമായുള്ള.

ആപതനം-൧. അടുക്കുക, സമീപിക്കുക. ൨. കയ്യേറ്റം. ൩. അനുഭവം, സംഭവം ൪. ഇറങ്ങിവരവ്.

ആപതികം-പുള്ള്, രാജാളി.

ആപതിക-വി. യാദൃച്ഛികമായ.

ആപതിത-വി. ൧. വീണുപോയ, വീഴപ്പെട്ട, ൨. ഉണ്ടായ, സംഭവിച്ച.

ആപത്തി-ആപത്ത്. ആപത്ത് >< സമ്പത്ത്.

ആപത്ത്-അനൎത്ഥം, അപകടം. പൎയ്യായങ്ങൾ-വിപത്തി, വിപത്, ആപത്.

ആപൽക്കര-വി. ആപത്തുണ്ടാക്കുന്ന.

ആപൽപ്രാപ്ത-ആപത്തിൽ അകപ്പെട്ട.

ആപൽപ്രാപ്തൻ- ആപത്തിൽ അകപ്പെട്ടവൻ, മറ്റൊരുപൎയ്യായം-ആപന്നൻ

ആപന്ന-വി. ൧. ആപത്തിൽ അകപ്പെട്ട. ൨. ലഭിച്ച.

ആപന്നൻ-ആപത്തിലകപ്പെട്ടവൻ, ആപദിക്കപ്പെട്ടവൻ എന്നു ശബ്ദാൎത്ഥം. ആപന്നൻ >< സമ്പന്നൻ.

ആപന്നസത്വാ-ഗൎഭിണി. പ്രാപ്തമായ സത്വത്തോടു (ജന്തുവോടു) കൂടിയവൾ എന്നു ശബ്ദാൎത്ഥം. ആണോ പെണ്ണോ എന്നു വ്യക്തമായി അറിവാൻ വയ്യാത്തതുകൊണ്ടു ജന്തു (ജീവി) എന്നു പറയപ്പെട്ടു

ആപമിത്യകം-ഒന്നുകൊടുത്തു പകരം മറ്റൊന്നുവാങ്ങിയത്. പകരം കൊടുത്തു കിട്ടുന്നത് എന്നു ശബ്ദാൎത്ഥം. കൈമാറ്റം കൊണ്ടുണ്ടായ ദ്രവ്യം.

ആപവൻ-വസിഷ്ഠൻ.

ആപാതമധുരം-വീഴുമ്പോൾ (കേട്ടതിനമ്പോൾ) മധുരമായിരിക്കുന്നത്,' ഒല്ലം ലം മധുരമായിരിക്കുന്നത്.

ആപാതം-വീഴ്ച.

ആപാതുക-വി. വീഴുക ശീലമുള്ള.

ആപാദം-അ. പാദംവരെ.

ആപാദചൂഡം, ആപാദമസ്തകം-കാലുമുതൽ തലവരെ.

ആപാദമധുരം-മുഴുവനും മധുരമായിരിക്കുന്നതു്.

ആപാദിക്ക-ലഭിക്ക, കൈക്കൊള്ളുക.

ആപാനം, ആപാനകം-മദ്യപാനം ചെയ്യാനായി കൂടിച്ചേരുന്ന സഭ. കൂടിച്ചേർന്നു കുടിക്കുന്നേടം എന്നു ശബ്ദാർത്ഥം. മദ്യപാനംചെയ്യുന്ന സ്ഥലം. ൨. മദ്യം വില്ക്കുന്ന സ്ഥലം.

ആപാലി-പേൻ.

ആപിഞ്ജര-വി. ചെമന്നനിറമുള്ള.

ആപിഞ്ജരം-സ്വർണ്ണം.

ആപീഡം-ശിരോലങ്കാരം, തലയിലെ ആഭരണം. ചുഴിഞ്ഞുനില്ക്കുന്നതു് എന്നു വ്യുൽപത്തി. മറ്റൊരു പര്യായം-ശേഖരം.

ആപീഡനം-൧. ഞെക്കൽ, ഞെരുക്കൽ. ൨. വേദനപ്പെടുത്തൽ.

ആപീത-വി. ൧. പാനംചെയ്യപ്പെട്ട, കുടിക്കപ്പെട്ട. ൨. മഞ്ഞൾനിറമുള്ള.

ആപീന-വി. തടിച്ച

ആപീനം-൧. അകിടു്. വളരുന്നതു് എന്നു ശബ്ദാർത്ഥം. മറ്റൊരു പര്യായം-ഊധസ്സ്. ൨. കിണറ്.

ആപീനസം-പീനസം എന്ന രോഗം. തടിച്ചവനെക്കൂടി കൊല്ലുന്നതു് എന്നു ശബ്ദാർത്ഥം. മറ്റൊരു പര്യായം-'പ്രതിശ്യായം'.

ആപൂപം-അപ്പം.

ആപൂപികൻ - പലഹാരക്കച്ചവടക്കാരൻ. മററു പര്യായങ്ങൾ-കാന്ദവികൻ, ഭക്ഷകാരൻ. ആപൂപം (അപ്പം) കച്ചവടമായിട്ടുള്ളവൻ എന്നു ശബ്ദാർത്ഥം.

ആപൂപികം-അപൂപങ്ങളുടെ (അപ്പങ്ങളുടെ) സമൂഹം.

ആപൂര-വി. നിറഞ്ഞ.

ആപൃച്ഛനം-സംഭാഷണം.

ആപേക്ഷികമായി-താരതമ്യപ്പെടുത്തി പറയുമ്പോൾ, സദൃശപ്പെടുത്തി പറയുമ്പോൾ.

ആപോക്ലിമം-൩, ൬, ൯, ൧൨ ഈ രാശികൾ.

ആപ്ത-വി. ൧. വിശ്വസിക്കപ്പെട്ട. ൨. ലഭിക്കപ്പെട്ട.

ആപ്തഗർഭ-ഗർഭിണി.

ആപ്തൻ-വിശ്വസ്തൻ, സ്വകാര്യവർത്തമാനങ്ങളെ അറിയുന്നവൻ എന്നു വ്യുൽപത്തി.

ആപ്തമിത്രം-വിശ്വസ്തമിത്രം, മനഃപൂർവം സ്നേഹിക്കുന്നവൻ.

ആപ്തസ്നേഹം-ഉററസ്നേഹം.

ആപ്ത-പിരിച്ച തലമുടി.

ആപ്തി-൧. ലാഭം, ഇഷ്ടലാഭം. ൨. ബന്ധനം, കെട്ടു്. ൩. വിശ്വാസം. ൪. ചേർച്ച. ൫. സ്ത്രീയോടുള്ള ചേർച്ച. ൬. യോഗ്യത. ൭. ഭാഗ്യസമയം.

ആപ്തോക്തി-ഗുണദോഷവചനം.

ആപ്പ-തവി, കരണ്ടി, വലിയ തവി.

ആപ്പു്-മരപ്പൂള്, അടപ്പു്, അടമാനം, സാക്ഷ.

ആപ്യ-വി. ജലത്തിൽ വെച്ച.

ആപ്യം-൧. അപ്പിന്റെ (ജലത്തിന്റെ) വികാരം. മറ്റൊരുപര്യായം-'അമ്മയം' ൨. കൊട്ടം.

ആപ്യായനം-൧. തൃപ്തി ൨. തടിപ്പു്.

ആപ്യായിത-൧. തൃപ്തിപ്പെട്ട. ൨ തടിച്ച

ആപ്രച്ഛനം-സ്വാഗതസംപ്രശ്നാദികളെക്കൊണ്ടു് ഉണ്ടാക്കപ്പെട്ട, ആനന്ദം, ബന്ധ്വാദിജനങ്ങളെ സ്വാഗതവചനം മുതലായതുകൊണ്ടു് ആനന്ദിപ്പിക്കുക.

ആപ്രച്ഛന്ന-രഹസ്യമായുള്ള, മറഞ്ഞ.

ആപ്രപദം-അ. പുറവടിയോളം.

ആപ്രപദീനം-പുറവടിയോളം താണവസ്ത്രം, വസ്ത്രത്തിന്റെ എന്നുതന്നെയല്ല പുറവടിവരെ എത്തുന്ന വക്ക മുതലായ തോട്ടുകൂടിയ വസ്ത്രാദികൾ, നിലയങ്കിമുതലായതു്. പാദാഗ്രത്തെ പ്രാപിക്കുന്നതു് എന്ന ശബ്ദാർത്ഥം.

ആപ്ലവനം, ആപ്ലാവം, ആപ്ലവം-൧. തലമുങ്ങിക്കുളി. ൨. കുളി, വെള്ളം തളിക്ക, വെള്ളത്തിൽ മുഴുവനാംഗമിക്കുക എന്ന ശബ്ദാർത്ഥം.

ആപ്ലവവ്രതി-ഗൃഹസ്ഥൻ, വിവാഹം കഴിച്ച ബ്രാഹ്മണൻ.

ആപ്ലവിക്ക-൧. തലമുങ്ങിക്കുളിക്കുക. ൨. കടക്കുക.

ആപ്ലുത-വി. കുളിച്ച.

ആപ്ലുതം-കുളി.

ആപ്ലുതവ്രതി-സ്നാതകൻ.

[ബ്രഹ്മചര്യാശ്രമത്തിന്റെ സമാപ്തികർമ്മമായ സമാവർത്തനം കഴിഞ്ഞു; ഗൃഹസ്ഥാശ്രമം കൈക്കൊണ്ടിട്ടുമില്ല; ഈ നിലയിലിരിക്കുന്നവനത്രേ സ്നാതകൻ.]

ആപ്ലുതൻ-ഗൃഹസ്ഥൻ.

ആഫലോദയം-അ. ഫലം ലഭിക്കുന്നതുവരെ.

ആഫൂകം-കറുപ്പു്.

ആബദ്ധ-വി. കെട്ടപ്പെട്ട.

ആബദ്ധഭ്രൂണൻ-അമ്മുറയിട്ടവൻ.

ആബദ്ധം-കെട്ടു്. അമിക്കയറു്.

ആബന്ധനം-൧. കെട്ടു്. ൨. നുകക്കയറു്. ൩. ആഭരണം, അലങ്കാരം.

ആബന്ധം-൧. നുകക്കയറു്. ഇതുകൊണ്ടു ബന്ധിക്കുന്നു. മറ്റു പര്യായങ്ങൾ-യോത്രം, യോക്ത്രം. ൨. കെട്ടു്. ൩. ആഭരണം, അലങ്കാരം.

ആബല്യം-ക്ഷീണം, തളർച്ച.

ആബാധ-ദുഃഖം. കലക്കുന്നതു് എന്നർത്ഥം.

ആബാലവൃദ്ധം-അ. ബാലന്മാർ മുതൽ വൃദ്ധന്മാർ വരെ.

ആബാല്യാൽ-ബാല്യംമുതൽക്കേ.

'ആബാല്യാൽപശുപതിമേവ ദൈവതമേവ'

(ദക്ഷയാഗം കഥകളി)

ആബ്ദികം-വി. ആണ്ടുതോറുമുള്ള.

ആബ്ദികം-ആട്ടബലി.

ആഭ-ശോഭ.

ആഭരണം-അലങ്കാരം. മറ്റു പര്യായങ്ങൾ-അലങ്കാരം, പരിഷ്കാരം, വിഭൂഷണം, മണ്ഡനം.

ആഭാഷണം-സംബോധനാപൂർവ്വകമായിട്ടുള്ള ഭാഷണം. നേരിട്ടിട്ടുള്ള ഭാഷണം എന്ന ശബ്ദാർത്ഥം. സംസാരം, സംഭാഷണം.

ആഭാസ-വി ൧. വഷളത്വമുള്ള. ൨. ശോഭയുള്ള.

ആഭാസത്തനം-വേണ്ടാതനം.

ആഭാസത്വം-൧. വഷളത്വം. ൨. പ്രകാശത്വം.

ആഭാസം-൧. വഷൾ. ൨. വെളിച്ചം, പ്രതിബിംബം.

ആഭാസരൂപകം-രൂപകാലങ്കാരത്തിന്റെ ഒരു പിരിവു്, കവികൾ ചിലപ്പോൾ പാദപൂരണത്തിനുവേണ്ടി ചെയ്യുന്ന രൂപകം. ഉ-ം, അടിമലർ, മുഖാരവിന്ദം ഇത്യാദി.

ആഭാസ്വരന്മാർ-ഗണദേവതകളിൽ ഒരു കൂട്ടക്കാർ. ഇവർ ൬൪. ഗണദേവതകൾ=ഒന്നിച്ചുസഞ്ചരിക്കുന്ന ദേവന്മാർ. ആഭാസ്വരന്മാർ എന്നാൽ പ്രകാശിക്കുന്നവർ എന്നർത്ഥം.

ആഭിചാരം-അന്യരെ ഹിംസിക്കാൻവേണ്ടി ചെയ്യുന്ന ഹോമമന്ത്രജപാദിരൂപമായ കർമ്മം. ക്ഷുദ്രം, കൂടോത്രം.

ആഭിചാരികൻ, ആഭിചരണികൻ-ആഭിചാരം ചെയ്യുന്നവൻ, ക്ഷുദ്രംചെയ്യുന്നവൻ.

**ആഭിജാത്യം**-നല്ലകുലത്തിലെ ജനനം.

**ആഭിമുഖ്യം**-ന. അനുകൂലഭാവം.

'അതിനൊരുത്തരമാഭിമുഖ്യവും'
(നളചരിതം കഥകളി)

വ. സന്നിധി, മുഖത്തോടുമുഖം.

**ആഭീരൻ**-ഇടയൻ, ഗോപൻ. പശുക്കളെ തെളിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

**ആഭീരപല്ലി**-ഇടയഗ്രാമം, ഇടയന്മാരുടെ വാസസ്ഥലം. മറ്റൊരു പര്യായം-ഘോഷം. പല്ലി എന്നു മാത്രമായാലും പര്യായംതന്നെ.

'ചൌര്യേണപ്രണയേനവാപഹരതഃ
പല്ലീഷുഗവ്യാന്യപി'
(നീലകണ്ഠചമ്പു)

**ആഭീരി**-ഇടയത്തി(ഇടച്ചി). ആഭീരന്റെ സ്ത്രീ എന്നർത്ഥം.

**ആഭീലം**-ന. ദുഃഖം. എല്ലാടവും ഭയത്തെ ചെയ്യുന്നത് എന്നു ശബ്ദാർത്ഥം. വ. അതിവേദന. നു. ശരീരപീഡ.

**ആഭുഗ്ന**-വി. അല്പം വളഞ്ഞ, വളഞ്ഞ.

**ആഭൂതസംപ്ലവം**-പിശാചുക്കളാലുള്ള ബാധ.

**ആഭൂതസംപ്ലവം**-അ. ലോകനാശംവരെ.

**ആഭൂതി**-ശക്തി, സാമർത്ഥ്യം.

**ആഭോഗം**-പരിപൂർത്തി, പരിപൂർണ്ണാവസ്ഥ. ഒരേടത്തും ന്യൂനതയില്ലായ്ക എന്നു ശബ്ദാർത്ഥം, മറ്റൊരു പര്യായം-പരിപൂർണ്ണത.

**ആഭോഗമാന്ന്**-സുഖാനുഭവയോഗ്യമായ

**ആഭോഗാനന്ദം**-പൂർണ്ണസന്തോഷം.

**ആഭ്യന്തര**-വി. അകമേയുള്ള. ആഭ്യന്തരം > < ബാഹ്യം.

**ആഭ്യന്തരകൃമി**-ഒരു രോഗം.

[ജ്വരവും വൈവർണ്ണ്യവും വയററിൽ വേദനയും ഹൃദ്രോഗവും ശരീരസാദവും തലതിരിച്ചലും അന്നത്തിൽ വെറുപ്പും അതിസാരവും ഉണ്ടാകുമ്പോൾ അകത്തു കൃമിയുടെ ഉപദ്രവമുണ്ടെന്നറിയണം.]

**ആഭ്യന്തരം**-വ്യാകരണത്തിൽ ഒരു പ്രയത്നം.

**ആമ്** (ആം)-അ. അംഗീകാരം, ഒരുത്തൻ ഒന്നുപറഞ്ഞാൽ മടിക്കാതെ അതിനെ അംഗീകരിക്കുന്നതിൽപ്രയോഗം. മറ്റൊരു പര്യായം-'ഏവം'.

'സമ്പ്രശ്നേവരേച്ഛായാം
ഗാഢമേവംസ്വയമാത്മനാ' (അമരം)

**ആമ**-വി. പച്ചയായ. ഉ-ം; ആമകുംഭം= പച്ചക്കുടം.

**ആമ**-ന. ഇഴയുന്ന ഒരു ജന്തു. ഇത് ഇതിന്റെ അവയവങ്ങൾ അഞ്ചിനെയും ഉള്ളിലേയ്ക്കു വലിക്കുന്നതുകൊണ്ട് ഇതിനു 'പഞ്ചാംഗം' എന്നു പേരുണ്ട്. പര്യായങ്ങൾ-കൂർമ്മം, കമഠം, കച്ഛപം. വ. അംഗീകാരം.

**ആമഗന്ധി**-മരിക്കാതെ പോകുന്ന മലത്തിന്റെ നാററം, പച്ചമാംസത്തിന്റെ ഗന്ധത്തോടു തുല്യമായ ഗന്ധത്തോടുകൂടിയ വസ്തു.

**ആമജ്വരം**-ഒരു ദീനം.

[ഇതിനു വായിൽനിന്നു വെള്ളം ഒഴുകും, നെഞ്ചു കലിക്കും. ഏമ്പക്കത്തിന് അശുദ്ധി, അരുചി, മടി, ക്ഷീണം, മനക്കുറവ് ഇവയുണ്ടാകും. വായ്ക്കു രസം സംഭവിക്കയില്ല. ദേഹത്തിനു കനമുണ്ടാകും. വിശപ്പ് കാണുകയില്ല. മൂത്രം വളരെ പോകും. ദേഹം സ്തംഭിക്കും. ജ്വരത്തിനു വേഗം അധികമാവും. ഈ രോഗത്തിനു ഔഷധം കൊടുത്താൽ പിന്നെയും വർദ്ധിക്കും.

**ആമതാ, ആമത്വം**-പച്ചയായസ്ഥിതി.

**ആമതൃഷ്ണ**-ഒരു രോഗം.

[ആമദോഷം ഹേതുവായിട്ടും തൃഷ്ണയുണ്ടാകും. അതിനു ത്രിദോഷത്തിന്റെ ലക്ഷണങ്ങളും കാണും, ഏമ്പക്കത്തിനു വേ

നോ, കണ്ണുകളുടെയുള്ള തുപ്പൽ, ശരീരത്തിന്റെ തളർച്ച് ഇവയും കൂടി ഉണ്ടാകും.]

**ആമണ്ഡം**-ആവണക്ക് (ആമണക്ക്). അലങ്കരിക്കുന്നത് എന്നു ശബ്ദാർത്ഥം.

**ആമനസ്യം**-ന. ദുഃഖം. അമനസ്സിന്റെ (ദുർമ്മനസ്സിന്റെ) ഭാവം എന്നർത്ഥം. വ. മനഃപീഡ. സ. വൈമനസ്യം. വി. പ്രസാദവദനം.

**ആമന്ത്രണം**-വഴിയാത്രപറയൽ, യാത്ര ചോദിക്കുക, ക്ഷണിക്കുക, ഭക്ഷണത്തിനു വിളിക്കുക.

**ആമന്ത്രിക്ക**-യാത്രചോദിക്കുക.

'ആമന്ത്രിച്ചിത്രിദിശവൃതനാം
ധീശനാമീശസൂനും' (മയൂരസന്ദേശം)

**ആമന്ത്രാണം**-ക്ഷണിക്കൽ. വ. ഊട്ട്.

**ആമന്ത്രിത**-വി. ന. ക്ഷണിക്കപ്പെട്ട, വിളിക്കപ്പെട്ട. വ. യാത്രപറയപ്പെട്ട.

**ആമന്ദ്രം**-മുഴക്കം, മുഴങ്ങൽ.

**ആമപീനസം**-ഒരു രോഗം.

[ഈ രോഗത്തിനു തലക്കു കനവും അരുചിയും ഉണ്ടാകും. മൂക്കിൽകൂടി വെള്ളം ഒഴുകും. ശബ്ദം താഴ്ന്നതായും അവ്യക്തമായും ഇരിക്കും. മൂക്കിൽകൂടി കൂടക്കൂടെ കഫം വരും.]

**ആമം**-ന. തടിവിലങ്ങ്. വ. ദഹിക്കാതെ വയറ്റിൽ കിടക്കുന്ന അന്നം. സ. രോഗം. വി. അജീർണ്ണം.

**ആമന്ദം**-അ. പതുക്കപ്പതുക്കെ.

**ആമപ്പലക**-ആമയുടെ ആകൃതിയിൽ ബ്രാഹ്മണർക്കിരിപ്പാൻ ഉണ്ടാക്കുന്ന പീഠം (കൂർമ്മപീഠം)

**ആമമാംസം**-പച്ചയിറച്ചി.

**ആമയം**-ന. വ്യാധി. കൊല്ലുന്നത് എന്നു ശബ്ദാർത്ഥം. വ. ദീനം, രോഗം. സ. കോട്ടം.

**ആമയാവി**-വി. വ്യാധിയുള്ള.

**ആമരണാന്തം, ആമരണാന്തികം**-അ. മരിക്കുന്നതുവരെ.

**ആമർദ്ദനംചെയ്ക**-തടവുക.

**ആമർശനം**-ന. ആലോചന. വ. തൊടുക. സ. ഉരയുക.

**ആമർഷം, ആമർഷണം**-ന. കോപം. വ. ക്ഷമയില്ലായ്മ.

**ആമലകം**-നെല്ലിക്ക. വ. നെല്ലിവൃക്ഷം.

**ആമലകി, ആമലകം**-ന. നെല്ലി. ഗുണങ്ങളെ ധരിക്കുന്നത് എന്നു ശബ്ദാർത്ഥം. വ. നെല്ലിക്ക.

[നെല്ലിയെ പ്രദക്ഷിണംവയ്ക്കുക, സേവിക്കുക, നനയ്ക്കുക, നെല്ലിക്ക മുടങ്ങാതെ തിന്നുക മുതലായവകൊണ്ടു കലിബാധതീരും. ഇവരെ കലിബാധിക്കുകയില്ല.]

**ആമവാതം**-ഒരു രോഗം.

[വിരുദ്ധാഹാരം ഭക്ഷിക്കുന്നവൻ, വിരുദ്ധകർമ്മപ്രവർത്തകൻ, അഗ്നിമാന്ദ്യമുള്ളവൻ, വ്യായാമമില്ലാത്തവൻ, സ്നിഗ്ദ്ധദ്രവ്യങ്ങളെ ക്രമത്തിലധികം ഭക്ഷിക്കുന്നവൻ, ഭക്ഷണം കഴിഞ്ഞാൽ ഉടൻ വ്യായാമം ചെയ്യുന്നവൻ ഇങ്ങിനെയുള്ളവക്ക് ഈ രോഗം ഉണ്ടാകുന്നു. ആമം വായുപ്രേരിതമായിട്ടു കഫസ്ഥാനത്തെ പ്രാപിക്കയും മററും ചെയ്യും. ദേഹം സ്തംഭിക്കുന്നതാണു പ്രധാനലക്ഷണങ്ങളിൽ ഒന്ന്.]

**ആമശൂല**-ഒരു രോഗം.

[ഈ രോഗത്തിനു വയററിൽ പൊട്ടപൊട്ട് എന്ന ശബ്ദവും, നെഞ്ചു കലപ്പും, ഛർദ്ദിയും, ഗുരുത്വവും, മന്ദതയും, വയർവീർപ്പും മററും ലക്ഷണങ്ങളാകുന്നു.]

**ആമശ്രാദ്ധം**-പിതൃസംബന്ധമായ ഒരു ശ്രാദ്ധം, (ചോറു ഉരുട്ടുന്നതിനു പകരം, അരിമുതലായ ഭക്ഷണസാധനങ്ങളെ ദാനംചെയ്യുക.)

ആമാജീർണ്ണം-ഒരു രോഗം.

[അജീർണ്ണങ്ങളിൽവെച്ച് ഈ രോഗത്തിൽ ദേഹത്തിന്നു കനവും, തേട്ടലും കവിൾത്തടങ്ങളിലുംകണ്ണിൻപോളയിലും വീക്കവും, ഏമ്പക്കവുമുണ്ടാകും. അപ്പോൾ ഭക്ഷണം കഴിച്ചതുപോലെ തോന്നും, ഇവയത്രേ ലക്ഷണം.]

ആമാതിസാരം-ഒരു രോഗം.

[അന്നം ദഹിക്കായ്കനിമിത്തം വാതം മുതലായ ദോഷങ്ങൾ സ്വസ്ഥാനത്തെ ഉപേക്ഷിച്ച് കോഷ്ഠത്തിൽ എത്തിരക്തം തുടങ്ങിയ ധാതുക്കളേയും മലമൂത്രങ്ങളെയും ഇളക്കി അതിസാരത്തെ ഉണ്ടാക്കുന്നു. ആ മലം പല നിറത്തിലിരിക്കും. വയറുവേദനയോടുകൂടിയാണു മലംപോവുക. ഇതു് ആറാമത്തെ അതിസാരമാണ്.]

ആമാത്യൻ-പ്ര. മന്ത്രി. വ. ഭൃത്യൻ.

ആമാനസ്യം-പ്ര. വേദന. വ. വ്യസനം

ആമാശയം-ഇതു മാംസപേശികളെക്കൊണ്ടു ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു സഞ്ചിയും ദഹനേന്ദ്രിയങ്ങളിൽ ഒന്നുമാകുന്നു, മേൽവയറ്.

ആമാറു-(വ്യാകരണത്തിൽ) കൊണ്ടാദിഗണത്തിൽ ഉൾപ്പെട്ടതാണ്. ചതുർത്ഥിവിഭക്തിയിൽ ചേരും.

ആമി-ഘനം കുറഞ്ഞ ഒരു വക വൃക്ഷം (ഉതി).

ആമിക്ഷാ, ആമീക്ഷാ-കാച്ചിയതും ചൂടുള്ളതുമായ പാലിൽ തൈർ ചേർത്തുണ്ടാക്കുന്നതു്. കൂട്ടിച്ചേർക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം.

ആമിഷഭോജി-രാക്ഷസൻ.

'ആമിഷഭോജികളെ വധിപ്പാനായികൊണ്ടു'
(അദ്ധ്യാത്മരാമായണം)

ആമിത്രി-ശത്രുവിന്റെകുട്ടി (കന്യ).

ആമിഷാശി-മാംസം ഭക്ഷിക്കുന്നവൻ, രാക്ഷസൻ. മററൊരു പര്യായം-ശൌഷ്കലൻ' സ്ത്രീലിംഗം-ആമിഷാശിനി.

ആമിഷം-പ്ര. മാംസം. പരസ്പരസ്പർശകാരണം എന്നു ശബ്ദാർത്ഥം. വ. കൈക്കൂലി. അനുഭവിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. ന. കപ്പം. ര. കാഴ്ചദ്രവ്യം.

ആമിഷി-മാഞ്ചി.

ആമീൻ-പ്ര. സ്വദേശപോലീസ് ഉദ്യോഗസ്ഥൻ. വ. സിവിൽകോടതികളിലെ ഒരു ജീവനക്കാരൻ.

ആമീൽ-ശേഖരിപ്പുകാരൻ.

ആമുക്ത-വി. പ്ര. അഴിച്ചുവിടപ്പെട്ട. വ. ധരിക്കപ്പെട്ട.

ആമുക്തം-പ്ര. കെട്ടപ്പെട്ട ചട്ട കുപ്പായം മുതലായതു. ആമോചിക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം. വ. വിടപ്പെട്ടതു്.

ആമുക്തി-പ്ര. മോചനം, വിടുതൽ. വ. മോക്ഷം.

ആമുഖം-ആരംഭം.

ആമുഗ്ദ്ധ-വി. സൌന്ദര്യമുള്ള.

ആമുഷ്മിക-പരലോകസംബന്ധമായ.

ആമൂലം-അ. ചുവട്ടിലോളം.

ആമൂലാഗ്രം-അ. ചുവടുമുതൽ തലവരെ.

ആമൂർണ-വി. മുറിവേൽപ്പിക്കത്തക്ക, മുറിവേൽപ്പിക്കാകുന്ന.

ആമൃഷ്ടം-തുടയ്ക്കപ്പെട്ടതു്.

'പരിചോടുചിരിച്ചുമൃഷ്ടോരു
സ്ഫുരൽരുചിചന്ദനം' (ശാകുന്തളം)

ആമേരികം-അമേരിക്ക (America)

ആമോചനം-പ്ര. അഴിച്ചുവിടുക, സ്വാതന്ത്ര്യമാക്കുക. വ. ധരിക്കുക, കെട്ടുക.

ആമോടനം-ഞെരുക്കുക, ഞെരിക്കുക.

ആമോദനം-പ്ര. സന്തോഷം. വ. സുഗന്ധമുണ്ടാക്കുക.

ആമോദം-പ്ര. സുഗന്ധം. വ. സന്തോഷം. ഈ രണ്ടർത്ഥവും ഒരുമിച്ചുകാണിക്കുന്ന ഉദാഹരണത്തിൽ ഉണ്ട്.

'കാമോല്ലാസസാന്ദ്രകുലംകുവലയഖഹള ാ-മോദമസന്ദേയ്ക്കാത്രീം'
(ദക്ഷയാഗം കഥകളി)

ആമോദംചെയ്ക-മണത്തറിയുക.

ആമോദി-വി. പ്ര. സൌരഭ്യത്തെ ഉണ്ടാക്കുന്ന. ഉ. സന്തോഷത്തെ ഉണ്ടാക്കുന്ന.

ആമോദി-മുഖത്തിനു സൌരഭ്യത്തെ ഉണ്ടാക്കുന്നതായ താംബൂലം, കർപ്പൂരം,മദ്യം മുതലായതു്.

ആമോഷി-കള്ളൻ.

ആമോഷം-പ്ര. കളവു. ഉ. കവച്ചു.

ആമോഢനിക-ഒരു സുഗന്ധസാധനം.

ആമ്നായം-പ്ര. വേദം. അഭ്യസിക്കപ്പെടുന്നതു്. ധർമ്മാധർമ്മങ്ങളെ ഉപദേശിക്കുന്നതു് എന്നു ശബ്ദാർത്ഥം. ഉ. ഗുരുപരമ്പരയായി സിദ്ധിച്ച സദുപദേശം.

ആമ്നായമൂർത്തി-പ്ര. വിഷ്ണു. ഉ. ശിവൻ.

ആമ്പൽ-വെള്ളത്തിലുള്ള ഒരു തരം പുഷ്പം. വെള്ളാമ്പൽ, രക്താമ്പൽ, ചെറുചിറാമ്പൽ, ഒട്ടലാമ്പൽ, ചിററാമ്പൽ, നെയ്യാമ്പൽ ഇങ്ങിനെ പലതരം ഉണ്ടു്. പര്യായങ്ങൾ-കുമുദം, കൈരവം.

ആമ്പൽപ്പൊയ്ക-ആമ്പൽനിറഞ്ഞതടാകം. പര്യായങ്ങൾ-കുമുദ്വതി,കുമുദിനി.

ആമ്പാടി, അമ്പാടി-ഗോപാലന്മാരുടെ രാജധാനി. ആയൻപാടി, ഒഴുമ്പാടി ഇങ്ങിനേയും പറയുന്നു.

ആമ്രഫലം-മാങ്ങ.

ആംബരീഷപുത്രകാ-അംബരീഷപുത്രന്മാർ നിവസിച്ച ഒരു രാജ്യം.

ആംബികേയൻ-പ്ര. ധൃതരാഷ്ട്രർ. ഉ. സുബ്രഹ്മണ്യൻ.

ആംഭസികം-മത്സ്യം. അംഭസ്സിൽ (ജലത്തിൽ) ഉണ്ടാകുന്നതു്.

ആമ്രകൂടാ-ഒരു പർവ്വതം. (സാനുമാനമ്രകൂടം.)

ആമ്രാതം, ആമ്രാതകം-അമ്പഴം. മാങ്ങായോടു തുല്യമായ ഫലമുള്ളതു് എന്നു ശബ്ദാർത്ഥം.

ആമ്രാസ്ഥി-മാങ്ങയണ്ടി.

ആമ്രം-മാവു്. ആഗ്രഹിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

ആമ്രേഡനം-പിന്നെയും പിന്നെയും പറക.

ആമ്രേഡിക്ക-വർദ്ധിപ്പിക്ക.

ആമ്രേഡിത-വി. പിന്നെയുംപിന്നെയും ആവർത്തിക്കപ്പെട്ട, രണ്ടുമൂന്നുപ്രാവശ്യം പറയപ്പെട്ട.

ആമ്രേഡിതം-രണ്ടും മൂന്നും പ്രാവശ്യം പറയുന്നതിന്റെ പേർ. പരിഭ്രമം ഹേതുവായിട്ടു പല തവണ ഉച്ചരിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. ഉ-ം, 'ഹോ! പേപ്പട്ടി!, പേപ്പട്ടി!'

ആമ്ലാനം-വാടിയതു്.

ആമ്ലം-പുളിരസം. ഉ. പുളിമരം.

ആമ്ലികാ, ആമ്ലികാ-പ്ര. പുളിമരം. പുളിരസമുള്ളതു് എന്നർത്ഥം. ഉ. പുളിപ്പു്.

ആയക്കെട്ടു്-കരം പതിഞ്ഞ നിലങ്ങളുടെ കണക്കു്, നിലം പുരയിടങ്ങളുടെ കണക്കു്.

ആയത-വി. പ്ര. നീളമുള്ള, നീണ്ട. ഉ. പരന്ന.

ആയതനം-പ്ര. വീടു, പാർപ്പിടം. ഉ. യജ്ഞസ്ഥാനവിശേഷം. അഗ്നികാർയ്യമായി യത്നം ചെയ്യുന്നിടം എന്നു ശബ്ദാർത്ഥം. ഉ. ദേവാലയം. ന. രാജപൂജിതവൃക്ഷം ഗ. ബൌദ്ധാലയം. ഒ. രോഗങ്ങളുടെ കാരണം.

ആയതനേത്രൻ-നീണ്ടകണ്ണുള്ളവൻ.

ആയതനേത്ര, ആയതലോചന, ആയതേക്ഷണ, ആയതാക്ഷി-നീണ്ടകണ്ണുള്ളവൾ (സുന്ദരി എന്നർത്ഥം)

ആയതാക്ഷ-വി. നീണ്ടകണ്ണുള്ള.

ആയതി-൧. ദൈർഘ്യം.

'ശ്രുതിയാളും കൈരളി! നിൻ
സ്തുതിയായതിയാർന്നിട്ടും ഉദ്ധംപാരിൽ'
(ഷഷ്ടിപൂർത്തിഷഷ്ടി)

൨. ഭാവികാലം. ഒടുവിൽ അവസാനിക്കുന്നത്. വരാൻപോകുന്നത് എന്നർത്ഥം. ൩. പ്രഭുത്വം. ൪. ചേർച്ച. ൫. സ്വീകാരം, ലഭിക്കുക.

ആയതം-നീണ്ടത്. പ്രയത്നപ്പെടുന്നത് എന്ന ശബ്ദാർത്ഥം. മറ്റൊരു പര്യായം-ദീർഘം.

'ആയതമായുള്ള ധാത്രീതലംഭവാൻ'
(ധ്രുവചരിതം തുള്ളൽ)

ആയത്ത-വി. അധീനമായ.

ആയത്തൻ-അന്യന്നധീനൻ. അന്യനെ വേണ്ടിയതിക്കുന്നവൻ എന്ന ശബ്ദാർത്ഥം

ആയത്തി-൧ അധീനം. ൨. ബലം ൩. അതിര്. ൪. നീളം. ൫. ഭാവികാലം. ൬. പ്രഭുത്വം.

ആയഥാതഥ്യം-വേണ്ടപോലെ അല്ലാത്ത.

ആയൻ-൧. ഇടയൻ, ആട്ടിടയൻ, ൨. പശുവളർത്തുന്നവൻ. (ആയർ=ഇടയർ) സ്ത്രീലിംഗം-ആച്ചി

ആയമ്പാടി-൧. അമ്പാടി, ഗോഷ്ഠം. ൨. സാമൂതിരിയുടെ കോവിലകം(അമ്പാടി.)

ആയം-൧. വരവ്, പണത്തിന്റെ വരവ്, ലാഭം. ൨. ദേഹാദ്ധ്വാനത്തിന്റെ സ്വാധീനത ആയം> <വ്യയം. ൩. (ജ്യോതിഷത്തിൽ)പതിനൊന്നാമേടം.

ആയർകോൻ-൧ ആയന്മാരിൽ (ഇടയന്മാരിൽ) പ്രമാണി. ൨. പശുവളർത്തുന്നവരിൽ മുഖ്യൻ. (കോൻ-മുഖ്യൻ, ശ്രേഷ്ഠൻ) ൩-൦, അമരർകോൻ(ഇന്ദ്രൻ)

ആയർമകൻ-ഗോപാലബാലൻ.

ആയവണ്ണം-കഴിയുന്നപോലെ.

ആയസ-വി ൧. ഇരുമ്പുകൊണ്ടുള്ള. ൨. ഇരുമ്പായുധം ധരിച്ച.

ആയസി-പടച്ചട്ട,(ഇരുമ്പു) കവചം.

ആയസം-൧. ഇരുമ്പ്. ൨. ഇരുമ്പുകൊണ്ടുണ്ടാക്കിയത്. ൩. ആയുധം.

ആയസ്ഥാനം-ആനയുടെ തുടയുടെ മുകൾവശം.

ആയാഗം-യാഗത്തിൽ കൊടുക്കുന്ന ഒരു സമ്മാനം.

ആയാചിത-വി. ആവശ്യമായി യാചിക്കപ്പെട്ട.

ആയാത-വി. വന്ന.

ആയാതി-വരവ്.

ആയാതം-വന്നത്.

ആയാനം-വരവ്.

ആയാപനം-൧. വരുവാൻ കാരണമാക്കുക, ൨. ക്ഷണം (ക്ഷണിക്കുക)

ആയാമം-നീളം, വാര, കോൽ മുതലായതുകൊണ്ട് അളന്നു തിട്ടപ്പെടുത്തുന്നത് എന്നർത്ഥം.

'ആയാമമുള്ളോരു ചാലവിളങ്ങും
കായാമ്പൂതൻകോരകമെന്നപോലെ'
(ശ്രീകൃഷ്ണചരിതം)

ആയാംകുടി-തിരുവിതാംകൂറിൽ ഏറ്റുമാനൂർ താലൂക്കിലെ ഒരു പകുതിയായ കടുത്തുരുത്തിയിലുള്ള ഒരു കര.

ആയാസിക്ക-പ്രയാസപ്പെടുക.

ആയാസം-൧. ക്ഷീണം, തളർച്ച ൨. പ്രയാസം.

ആയി-൧. ഭവിച്ച ൨. തിൻ ൩ (വ്യാകരണത്തിൽ)കെ എന്നാദിഗണത്തിൽ ഒന്ന്. ചതുർത്ഥിയിൽ ചേരുന്നു. ദേവനായി=ദേവനുവേണ്ടി.

ആയിക്കുടി-തിരുവിതാംകൂറിൽ ചെങ്കോട്ട താലൂക്കിലെ ഒരു പകുതി.

ആയിക്കൊണ്ടു-വേണ്ടി. ചതുർത്ഥിയുടെ പ്രത്യയം.

ആയിക്കോട്ട-തിരുവിതാംകൂറിന്റെ വടക്കെ അതിൎത്തിയിലെ കോട്ട.

ആയിനി ആഞ്ഞിലി, കാട്ടുപിലാവ് പുളിയാഞ്ഞിലി-ഇതിന്റെഫലത്തിനു 'കാട്ടുചക്ക' എന്നു പേർ.

ആയിനിവിളമ്പുക- പാൽചോറൂണ്. അയിനിയൂണു നോക്കുക.

ആയിരക്കണ്ണി-വിഭധിക്കര.

ആയിരപ്പന്തം-ആയിരം ദീപമുള്ള പന്തം (വിളക്കുതണ്ട്)

ആയിരം-പത്തു നൂറുകൂടിയത്.

ആയിരംതെങ്ങ് - തിരുവിതാംകൂറിൽ അഷ്ടമുടിക്കായലിനെ കായംകുളത്തോടു യോജിപ്പിക്കുന്ന മറ്റൊരു ചെറിയ കായൽ.

ആയിരനാവൻ-അനന്തൻ.

ആയിരംപല്ലി-ഒരു വക മത്സ്യം. സംസ്കൃതത്തിൽ 'സഹസ്രദംഷ്ട്രം' എന്നും 'പാഠീനം' എന്നും പേർ.

ആയിരോൻ-ആയിരം നായന്മാൎക്കു പ്രമാണി.

ആയില്യം-൧. ഒൻപതാമത്തെനക്ഷത്രം ൨. മണ്ണാറശ്ശാലെ നാഗങ്ങളെ സംബന്ധിച്ച ഒരു വിശേഷനാൾ.

ആയുക-൧. ബലംമൂന്നുക. ൨. അടുക്കുക. ൩. മുമ്പോട്ടുചാടുക, (തെരയുക, പെറുക്കുക, ചിതറുക).

ആയുക്ഷീണം-ആയുസ്സിന്റെ ബലക്കുറവ്.

ആയുധജീവി-ആയുധംകൊണ്ടു ജീവിക്കുന്നവൻ. പൎയ്യായങ്ങൾ-ശസ്ത്രാജീവൻ കാണ്ഡപൃഷ്ഠൻ, ആയുധീയൻ, ആയുധികൻ.

ആയുധപാണി ആയുധം ധരിച്ചവൻ.

ആയുധം-വാള്, കുന്തം ശൂലം, വില്ല്, അമ്പ് മുതലായത്. ഇതുകൊണ്ടു യുദ്ധം ചെയ്യുന്നതിനാൽ ഈ പേരുണ്ടായി- മററു പൎയ്യായങ്ങൾ-പ്രഹരണം, ശസ്ത്രം, അസ്ത്രം.

'ശൂലം,മുസലം,പരിഘവും, ചക്രവും
വേലോട്ട,വെണ്മഴു,കുന്തം,ഗദകളും,
ഉളളുംമുനയോടിരുകം ചുരികകൾ,
ഉളളാംകട്ടങ്ങളുംകട്ടത്തില,വാളുകൾ'

ആയുധവിദ്യ-ആയുധാഭ്യാസം. ആയുധശാസ്ത്രം.

ആയുധശാല-ആയുധങ്ങൾസൂക്ഷിക്കുന്ന മുറി.

ആയുധാഭ്യാസം-ആയുധപ്രയോഗം ശീലിക്കുക.

ഈ വിദ്യ ൧൮ വിധം (തട്ടുകുന്നപ്രയോഗവും പണിക്കർ പഠിപ്പിക്കുന്നതുമാണ്.) ൧. ഓതിരം, ൨. കടകം, ൩. ചട്ടം. ൪. മണ്ഡലം. ൫. വൃത്തചക്രം. ൬. സുകുങ്കാളം, ൭. വിജയം, ൮. വിശോമോഹനം ൯. തിൎയ്യങ്മണ്ഡലം (അന്യോന്യം) ൧൦. ശയ്യാഖേടശഫാരം. ൧൧ ശത്രുഞ്ജയം. ൧൨. സൌഭദ്രം. ൧൩. പടലം. ൧൪. പുരഞ്ജയം. ൧൫. കായവൃദ്ധി. ൧൬. ശിലാഖണ്ഡം. ൧൭. ശാരംശസ്ത്രം. ൧൮. അനന്തമം.

ആയുധികൻ, ആയുധീയൻ-ആയുധവിദ്യകൊണ്ടുപജീവിക്കുന്നവൻ, ആയുധക്കാരൻ.

ആയുൎദ്ദായം-ജീവനകാലം.

ആയുൎബ്ബലം-ആയുസ്സിന്റെ ശക്തി.

ആയുൎഭാവം-എട്ടാംരാശി, എട്ടാംഭാവം.

ആയുരന്തം-മരണം,(ആയുഃ+അന്തം= ആയുരന്തം)

ആയുൎവ്വൎദ്ധനം-ആയുസ്സിന്റെ ഐശ്വൎയ്യം

ആയുൎവ്വേദം-ഋഗ്വേദത്തിന്റെഉപവേദം, വൈദ്യം.

ആയുശ്ശേഷം-ശേഷിച്ച ആയുസ്സ്.

ആയുഷ്കര-ആയുസ്സിനെ ചെയ്യുന്ന.

ആയുഷ്കൎമ്മം-ആയുസ്സുണ്ടാവാൻചെയ്യുന്ന പ്രവൃത്തി.

**ആയുഃഷ്ടോമം, ആയുഃസ്തോമം**–ആയുസ്സിനെ സംബന്ധിച്ചു ഒരു അടിയന്ത്രം.

**ആയുഷ്പരിമാണം**–ആയുസ്സിന്റെ പരിമാണം. (ഭാഗവതം തൃതീയസ്കന്ധം നോക്കുക).

**ആയുഷ്മൽ**–വി. വളരെകാലം ജീവിച്ചിരിക്കുന്ന.

**ആയുഷ്മാൻ**–വളരെക്കാലം ജീവിച്ചിരിക്കുന്നവൻ. വളരെ ആയുസ്സുള്ളവൻ എന്നൎത്ഥം. മറ്റൊരു പൎയ്യായം–ജൈവാതൃകൻ.

**ആയുഷ്യം**–ം. ആയുസ്സിന്റെ വൃദ്ധി. ൨. കുട്ടി പിറന്നാലുള്ള ഒരടിയന്ത്രം.

**ആയുസ്സ്**–ം. ജീവിച്ചിരിക്കുന്ന കാലം. പ്രാപിക്കുന്നതു് എന്നു ശബ്ദാൎത്ഥം. മറ്റൊരു പൎയ്യായം–'ജീവിതകാലം'. ൨. പുരൂരവസ്സിന്റെ പുത്രൻ. (ഉൎവ്വശിയിൽ പുരൂരവസ്സിനുണ്ടായവൻ), നഹുഷന്റെ പിതാവു്.

**ആയോഗം**–ം. നിയമനം, ഏൎപ്പെടുത്തുക. ൨. പ്രവൃത്തി. ന കര ൎ. ചെച്ച്

**ആയോഗവൻ**–ശൂദ്രനു വൈശ്യസ്ത്രീയിൽ ഉണ്ടായവൻ. അസവൎണ്ണന്മാരായ മാതാപിതാക്കന്മാരുടെ സംയോഗത്താൽ പതിമ്മൂന്നു സങ്കരജാതികൾ ഉണ്ടാകുന്നതായി പ്രാചീനാൎയ്യാവൃത്തം പറയുന്നു. സ്ത്രീലിംഗം–ആയോഗവി.

**ആയോജിതം**–ചേൎക്കപ്പെട്ടതു്.

**ആയോധനം**–യുദ്ധം. നല്ലവണ്ണം പ്രഹരിക്കുക എന്നൎത്ഥം.

'അയിവിജയതരികഗയമപതതുരംമസം
ആയോധനം വേണമെന്നില്ല ശാഠ്യവും'
(കൃഷ്ണാൎജ്ജുനവിജയം തുള്ളൽ)

**ആരു്**–തെങ്ങു, കവുങ്ങു മുതലായതിന്റെ വാരിയിൽനിന്നു് മുള്ളുപോലെ എഴുന്നു വരുന്ന വസ്തു.

**ആരു്?**–പരിചയമില്ലാത്ത ഒരാളെക്കുറിച്ചു ചോദിക്കുന്ന വാക്ക്. ഉ ം, താൻ ആരു്? നീ ആരു്?

**ആര**–വി. വിചായരിയ, ഓഷധ–ട്ടിമുള്ള.

**ആരക്കൂടം**–പിച്ചള. ചെല്ലുന്നടം പൊള്ളിക്കുന്നതു് എന്നു വ്യുല്പത്തി. മറ്റൊരു പൎയ്യായം–രീതി.

**ആരക്തം**–കുറഞ്ഞൊന്നു ചുമന്നതു്.

**ആരക്ഷകൻ**–കാവൽക്കാരൻ, നടന്നുകാവൽ കാക്കുന്നവൻ.

**ആരഖാൻ**–ആരഖാൻ Arakhan.

**ആരഗ്വധം**–കൊന്നവൃക്ഷം. രോഗശങ്കയെ മുഴുവൻ കളയുന്നതു് എന്നു ശബ്ദാൎത്ഥം. അരഗ്വധം, അൎഗ്ഗ്വധം എന്നു പാഠഭേദങ്ങൾ

**ആരഘട്ടം**–കിണറു.

**ആരചിക്ക**–ചെയ്യുക.

**ആരടം**–തറവാടു്.

**ആരടൻ**–കളിക്കാരൻ, വേഷക്കാരൻ.

**ആരട്ടം**–പഞ്ചാബിൽ വടക്കു കിഴക്കുവശമുള്ള ഒരു സ്ഥലം; കുതിരകൾക്കു വിശേഷപ്പെട്ടതു്.

**ആരണൻ**–ബ്രാഹ്മണൻ.

**ആരണം**–വേദം.

**ആരണി**–നീൎച്ചുഴി.

**ആരണ്ഡ**–ആവണക്ക്.

**ആരണ്യ**–വി. കാട്ടിലുണ്ടായ, കാട്ടിനെ സംബന്ധിച്ച.

**ആരണ്യകം**–ബ്രാഹ്മണങ്ങളുടെ അന്തത്തിൽ ആരണ്യകമെന്ന ഒരു ഭാഗമുണ്ടു്. ഇതു ഭാഗത്തെ വാനപ്രസ്ഥൻ വനത്തിൽനിന്നു അദ്ധ്യയനം ചെയ്യും. അതിൽ വിധിച്ച ധൎമ്മങ്ങളെ അനുഷ്ഠിക്കേണ്ടതുകൊണ്ടു അതിനു 'ആരണ്യകം' എന്നു പേർ. വേദർഷി പിതൃക്കളുടെ ഋണങ്ങൾ തീൎന്നശേഷം ഗൃഹഭാരം പുത്രന്മാൎക്കു ഏല്പിച്ചുകൊടുത്തു. ഗൃഹസ്ഥൻ

നിവൃത്തി മാർഗ്ഗത്തിൽ പോവാനായി സ്വീകരിക്കേണ്ടുന്ന ആശ്രമം വാനപ്രസ്ഥമാകുന്നു."

**ആരണ്യം**-ന. കാട്. ൨. മഹാകാവ്യകാലത്തെ സാഹിത്യാംശങ്ങളിൽ ഒന്ന്. ഇതിൽ കൗരവർ, പാണ്ഡവന്മാർ, കോസലരാജ്യക്കാർ വിദേഹന്മാരാദിയായിട്ടുള്ളവർ ഗംഗാതടത്തിൽതാമസിച്ചിരുന്നകാലത്തെക്കുറിച്ചുപറയുന്നു. ൩. രാമായണത്തിലെ ഒരു കാണ്ഡം. ൪. ഭാരതത്തിലേ ഒരു പർവം. ൫. വിത്തുവിതയ്ക്കാതെ വളരുന്ന ഒരു ധാന്യം. ൬. ചാണകം.

**ആരതി**-ഉപരാമം (നിവൃത്തി), (ഒന്നിൽ നിവർത്തിക്കുക-അടങ്ങുക), നിവൃത്തി. അടങ്ങുക എന്നു ശബ്ദാർത്ഥം.

ആരഥം-ന. ഒററക്കാളവണ്ടി. ൨. ഒററക്കുതിരവണ്ടി.

ആരൻ-ചൊവ്വാ (ഗ്രഹം).

ആരനാളകം, ആരനാളം-വെപ്പുകാടി. പരന്നിരിക്കുന്ന ഗന്ധമുള്ളതു് എന്നു ശബ്ദാർത്ഥം.

ആരമ്പക്കളി-കുട്ടികളും അച്ഛനമ്മമാരുംകൂടികളിച്ചുരസിക്കുക.

ആരമ്പക്കുട്ടി-ഓമനക്കുട്ടി.

ആരമ്പപ്പൈതൽ-ഓമനക്കുട്ടി.

**ആരമ്പം**-ഓമന (ആരമ്പമായി വളർക്കുക=ഓമനിച്ചുവളർക്കുക)=പോററുക.

ആരമ്പുളി-ഒരുമാതിരി പുളിമരം. ഇതു വാതപിത്തങ്ങളെ ശമിപ്പിക്കും. വെള്ളിയുടെ അഴുക്കു കളയുന്നതിനു വിശേഷം.

**ആരബ്ധം**-തുടങ്ങിയതു്, ആരംഭിക്കപ്പെട്ടതു്.

**ആരബ്ധി**-തുടങ്ങുക, ആരംഭം.

**ആരഭടൻ**-ധീരൻ.

**ആരഭടി**-നൃത്തം (ആർഭടി).

ആരഭി-ഒരു രാഗം.

ആരം-ന. ഹാരം, മാല, മുത്തുമാല. ഉ-ം, ആരവാർമുല. (പഴയ മലയാളവാക്കു്). ൨. പിച്ചള (പിത്തള). ൩. മൂല, കോൺ. ൪. ശനി എന്ന ഗ്രഹം.

ആരംഭം-ന. തുടങ്ങുക, വേഗത്തിൽ തുടങ്ങുക.

പക്രമം, ഉപക്രമം ൨-ം, പ്രഥമാരംഭത്തിന്റെ പേർ. അഭ്യാദാനം, ഉൽഘാതം, ആരംഭം, ൩-ം, ആരംഭമാത്രത്തിന്റെ പേർ. പ്രക്രമം മുതൽ ൫-ം, ആരംഭത്തിന്റെ പേരെന്നും അഭിപ്രായമുണ്ടു്.

൨. ഒരുക്കം. ൩. മുഖവുര. ൪. അവതാരിക.

ആരംഭണം-ന. കൈക്കലാക്കൽ. ൨. കൈപിടി.

ആരംഭി-വി. താൽപര്യമുള്ള.

**ആരംഭി**-സമർത്ഥൻ.

ആരംഭിക്കുക-തുടങ്ങുക.

ആരമണം-സന്തോഷം. ൨. നിർത്തൽ.

**ആരമാ**-ഒരു നാണയം. (ഇ രൂപയ്ക്കുള്ളതു).

ആരൽ-ന. ഒരുവക മത്സ്യം. ൨. നീരാരൽ, പുളിയാരൽ.

ആരവം-ശബ്ദം.

> 'ആരവമെന്തിതറിയുന്നതോ-ഇഹ
> ഘോരവനത്തിൽ നിന്നെഴുന്നതും'
> (നളചരിതം കഥകളി)

ആരവാർമുലയാൾ- ആരം (ഹാരം) കൊണ്ടു വിലസുന്ന മുലയോടുകൂടിയവൾ, മുത്തണിമുലയാൾ. സുന്ദരി എന്നർത്ഥം.

ആരവാരം-ന. കോട്ട. ൨. അലച്ചിലുള്ള പുരക്ഷാരം (മനക്കൂട്ടം).

ആരസ്യം-(അരസത) രുചിയില്ലായ്മ, വാസനയില്ലായ്മ.

**ആരാ**-ആരൽ, ഉളി. ഗമിക്കുന്നതു്, ചർമ്മത്തെ ഭേദിക്കുന്നതു് എന്നർത്ഥം. മറെറാരുപര്യായം-'ചർമ്മഭേദികാ'

ആരാവാരം-പരിവാരം, കൂട്ടായ്മ.

**ആരാടിക്കുക**-താരാട്ടുചൊല്ലി ഉറക്കുക.

**ആരാട്ടു**-താരാട്ടു.

ആരാതി-ശത്രു.

ആരാധനം-പ്ര. പൂജ. ൨. നിൎമ്മാണം. ൩. പ്രാപ്തി. ൪. സന്തോഷം.

ആരാധകൻ-സേവിക്കുന്നവൻ, ഭജിക്കുന്നവൻ.

ആരാധിക്കുക-പ്ര. പൂജിക്കുക. ൨. സിദ്ധിക്കുക. ൩. പ്രാപിക്കുക. ൪. സന്തോഷിപ്പിക്കുക.

ആരാധിത-വി. ആരാധിക്കപ്പെട്ട, പൂജിക്കപ്പെട്ട, ഉപചരിക്കപ്പെട്ട.

'ഏധിതംഭുവിമഹാതരുക്കൾവരു
രാവതോളമിഹലോകമാ
രാധിതംതണൽഫലങ്ങൾപൂക്കളിവ
കൊണ്ടശക്തിയതിനൊത്തപോൽ'
(അന്യാപദേശശതകം)

ആരാൻ-ഏവനെങ്കിലും ഒരുവൻ, വല്ലവൻ, ഒരാൾ.

'ആരാനുംകൊണ്ടെന്നുതന്നെങ്കിൽഭക്ഷിക്കാം'
(ശീലാവതി)

ആരാമികൻ-തോട്ടക്കാരൻ.

ആരാമം-നട്ടുനനച്ചുണ്ടാക്കിയ തോപ്പ് (പൂങ്കാവു). മറ്റൊരു പൎയ്യായം-ഉപവനം. കളിക്കുന്നേടം എന്നൎത്ഥം.

[സ്വതേ മുളച്ചുണ്ടായി വളൎന്ന വൃക്ഷലതാദികളോടുകൂടിയ വനത്തിനു ഈ പേർ പറഞ്ഞുകൂടാ]

ആരാൽ-പ്ര. അടുക്കൽ. ൨. ദൂരെ.

ആരായുക-അന്വേഷിക്കുക, തെരയുക.

'ആരാഞ്ഞുപുറപ്പെട്ടുനീളേസഞ്ചരിക്കുമ്പോൾ'
(ത്രിപുരദഹനം തുള്ളൽ)

ആരാവം-പ്ര. ശബ്ദം. ൨. ആൎത്തനാദം.

'അതുപൊഴുതുസുരമുനികൾനാരദനാദികൾ
ആരാവപൂൎവ്വമവനെസ്തുതിച്ചുടൻ'
(ഭാഗവതം)

ആരാളികൻ-വെപ്പുകാരൻ, അടുക്കളക്കാരൻ, കുടിലമായി ചരിക്കുന്നവൻ (ആരാളം=കുടിലം).

ആരിഷം-ഋഷിപ്രോക്തം (ഋഷികളുടെ വാക്ക്.) ആൎഷം എന്ന സംസ്കൃതം.

ആരു-പ്ര. പന്നി. ൨. ഞണ്ട്. ൩. കുടം. (ജലപാത്രം) ൪. ഒരു മരം.

ആരുക-നിറഞ്ഞിരിക്ക, തിങ്ങിയിരിക്ക. ('ആൎന്ന' എന്ന പദം നോക്കുക). ഉ-ം, അകിലാൎന്നമുല.

ആരുന്ന-ഉള്ള.

ആരൂഢ-വി. കരേറിയ, വൎദ്ധിച്ച.

'ആരൂഢപ്രേമഭാരന്ത്രിഭുവനവിജയി-
ന്യൂൎജ്ജന്നേധാത്തരാഷ്ട്രം'
(സുഭദ്രാഹരണം കഥകളി)

ആരൂഢം-പ്ര. കരേറിയതു, വൎദ്ധിച്ചതു. ൨. മേന്തായത്തിനു താഴെയുള്ളുത്തരം.

ആരൂഢമോദം-അ. ഏറിയ സന്തോഷത്തോടെ.

ആരുണി-ധൌമ്യമഹൎഷിയുടെ ഒരുപേർ.

ആരുണ്യം-അരുണത (ചെമപ്പ്)

ആരുദ്ധം-പ്ര. തടുക്കപ്പെട്ട ൨. തടവിൽ പാൎപ്പിക്കപ്പെട്ട.

ആരുയിർ-ശ്രേഷ്ഠമായ ഉയിർ, പ്രിയമുള്ള ഉയിർ.

ആരുവാമൊഴി-തോവാളയിൽ ഒരു പ്രധാന സ്ഥലം. ഇതിനെ തിരുവിതാംകൂറിൽനിന്നു തിരുനൽവേലിക്കു കടക്കുന്ന അതിൎത്തിവാതലെന്നു പറയുന്നു. ഇവിടെ ഒരു ചവുക്കയുണ്ട്. അതിൎത്തിരക്ഷയ്ക്കായുണ്ടായിരുന്ന ഒരു കോട്ടയുടെ അവശിഷ്ടങ്ങളും കാണുന്നു.

ആരേവതം-കൊന്ന. മലത്തെ അയച്ചു കളയുന്നതു് എന്നു ശബ്ദാൎത്ഥം.

ആരോഗ്യം-പ്ര. (അരോഗത) രോഗമില്ലായ്ക, രോഗമില്ലാത്ത സ്ഥിതി എന്നൎത്ഥം. മറ്റൊരു പൎയ്യായം-അനാമയം. ആയുൎവ്വേദപ്രകാരം മോക്ഷസാമ്യം. ൨. ശക്തി. ൩. ദേഹസുഖം.

ആരോൻ-നീളമുള്ള ഒരു മത്സ്യം.

ആരോചകൻ-ചുമളുന്നവൻ.

ആരോപണം, ആരോപം-പു. ചുമത്തുക. ൨. ഏല്പിക്ക. ൩. കാരണം.

ആരോപിക്കുക-ചുമത്തുക.

ആരോമൽ-അരുമയായ, ഓമനയായ.

'ആരോമൽകളവാണിനീപറകെടോ
ശ്രീവഞ്ചിഭൂവാസവൻ'
(ശ്രീമദ്വിശാഖരാജവിജയം)

ആരോഹണം-പു. കല്പട. കല്ലുകൊണ്ടും മരം (കെട്ടിപ്പടുത്തുണ്ടാക്കുന്നത്). ഇതിലൂടെ മേല്പോട്ടു കയറുന്നു എന്നർത്ഥം. മറ്റൊരു പര്യായം-'സോപാനം'

മരം മുതലായതുകൊണ്ടു പണിചെയ്യപ്പെടുന്ന കോണിക്കു 'നിശ്രേണി' എന്നും 'അധിരോഹിണി' എന്നും പേർ.

൨. കയറ്റം. ൩. മുളച്ചുണ്ടാവുക. ൪. മഴമരം.

ആരോഹം-പു. നീളം. ഇതുകൊണ്ടു മരത്തിലും മറ്റും കയറുന്നു എന്നർത്ഥം. ൨. ഉത്തമസ്ത്രീയുടെ കടിപ്രദേശം. ഭർത്താവിനാൽ ആരോഹണം ചെയ്യപ്പെടുന്നതു എന്നു ശബ്ദാർത്ഥം. ൩. ഉയരം. ൪. കയറ്റം. ൫. വൃക്ഷങ്ങളുടെ മുള. ൬. പൃഷ്ഠം. ൭. സ്ത്രീകളുടെ അര

ആരോഹകൻ-കുതിരപ്പുറത്തും മറ്റും കയറുന്നവൻ, കയറി ഓട്ടിക്കുന്നവൻ.

ആരോഹിക്ക-കയറുക. വിപരീതപദം-അവരോഹിക്ക.

ആർ-പു. ഏതാൾ. ൨. മൂർച്ച (മുന). ൩. അലക്. ഉ-ം, ആരിൻകുന്തം, ആരിൻകോൽ. ൪. ആര്.

ആർ-വി. ൧. പ്രകാശമുള്ള. ൨. ശ്രേഷ്ഠമായ. ൩. നിറഞ്ഞ. ൪. സൂക്ഷ്മമായ. ൫. അപൂർവമായ

ആർക്കൽ-ആർപ്പ്.

ആർക്കാനം-വല്ലവനം.

'ആർക്കാനമുള്ളോരുപെണ്ണിനെഞാൻപാട്ടിലാക്കാമെന്നോർത്താശിച്ചൊരുമൂഢൻ'
(കുംഭകർണ്ണവധം തുള്ളൽ)

ആർക്കുക-ആർപ്പുവിളിക്കുക, ഉറക്കെ ശബ്ദിക്കുക.

ആർക്കാടു-ഒരു ദേശം. Arcot.

ആർജ്ജകം-കരിങ്കഞ്ഞകം.

ആർജ്ജനം-സമ്പാദ്യം.

ആർജ്ജവം-പു. നേര്, സത്യം. ൨. വണക്കം. [ഋജുത്വം (വക്രത) ഇല്ലായ്മ=നേര്.]

ആർജ്ജിക്കുക-സമ്പാദിക്കുക ആർജ്ജിക്ക >< വർജ്ജിക്ക.

ആർജ്ജിത-വി. സമ്പാദിക്കപ്പെട്ട.

ആർത്ത-വി. ൧. ദുഃഖമുള്ള. ൨. രോഗമുള്ള. ൩. പരവശതയുള്ള

ആർത്തഗളം-പു. നീലക്കുറിഞ്ഞി. പഴകിയാൽ പൊട്ടിച്ചിതറുന്നത്, പഴകിയാൽ ഭക്ഷിക്കാവുന്നത് എന്നർത്ഥം. ൨. കരിങ്കുറിഞ്ഞി. നീലക്കുറിഞ്ഞിയും കരിങ്കുറിഞ്ഞിയും ഒന്നാണെന്നുള്ള അഭിപ്രായക്കാരുമുണ്ട്.

ആർത്തധ്വനി-കരച്ചിൽ.

ആർത്തനാദം-കരച്ചിൽ.

ആർത്തപരായണ-വി. ആർത്തന്മാരെക്കുറിച്ചു കൃപയുള്ള.

ആർത്തബന്ധു-ദീനരക്ഷകൻ.

ആർത്തവ-വി. ഋതുക്കളെ സംബന്ധിച്ച.

ആർത്തവം-പു. സ്ത്രീകൾക്കു ഋതുകാലത്തിൽ സ്രവിക്കുന്ന രക്തം. [സ്ത്രീകൾക്ക് അശുചി (വിലക്കം) ആവുമ്പോൾ (മാസന്തോറും) പ്രവർത്തിക്കുന്ന രക്തം.] ൨. പൂവ്.

ആർത്തവശുദ്ധിലക്ഷണം-തീണ്ടായിരിച്ചവരുടെ ശുദ്ധിയുടെ ലക്ഷണം.

[പശപശപ്പില്ലാതെയും ചൂടു വേദന ഇവ ഇല്ലാതെയും അധികമല്ലാതെയും വളരെ കുറയാതെയും മാസംതോറും അഞ്ചുനാൾവരെ പ്രവർത്തിക്കുന്ന രക്തം ശുദ്ധരക്തമാണ്. മുയൽചോര ചെമ്പ

ഞ്ഞിച്ചാറ് ഇവയെപോലെയുള്ള രക്തവും കഴുകിയ വസ്ത്രത്തിൽ പററിയിരിക്കുന്ന രക്തവും ശുക്ലരക്തം തന്നെ.

**ആൎത്തസ്വരം**-കരച്ചിൽ

**ആൎത്തി**-സ്ത്രീ. വ്യസനം, ദുഃഖം. 2. വേദന. 3. വില്ലിന്റെ അററം. 4. നാശം. 5. ദീനം.

**ആൎത്വിജം**-യാഗക്രിയക്കു കൂടുന്ന ബ്രാഹ്മണക്കൂട്ടം.

**ആൎത്ഥക**-സ്ത്രീ. ബുദ്ധിയുള്ള. 2. ധനമുള്ള.

**ആൎത്ഥികം**-അൎത്ഥികളുടെ കൂട്ടം.

**ആൎദ്ര**-വി. 1. നനഞ്ഞ. 2. പാകം വന്ന. 3. അലിവുള്ള.

**ആൎദ്രത**-സ്ത്രീ. അലിവു, ദയ. 2. നനവു.

**ആൎദ്രം**-ന. നനഞ്ഞതു്. നനവിനെ പ്രാപിച്ചതു് എന്നു ശബ്ദാൎത്ഥം. 2. അലിഞ്ഞതു്.

**ആൎദ്ര**-തിരുവാതിരനക്ഷത്രം.

[ഇതിന്റെ ഉൽപത്തി-ബ്രഹ്മാവു് ഒരിക്കൽ 'സന്ധ്യ' എന്നു പേരായ തന്റെ മകളോടു സംസൎഗ്ഗത്തിനു വട്ടം കൂട്ടുന്നതു കണ്ടു് അവൾ മാൻപേടയുടെ രൂപം ധരിച്ചു ഓടി. മാനിന്റെ രൂപത്തിൽ തന്നെ ബ്രഹ്മാവും പിന്നാലെ ഓട്ടം തുടങ്ങി. അവരോടു അടുത്തപ്പോൾ ശിവൻ കണ്ടു അസ്ത്രമയച്ചു. ആ അസ്ത്രം ആണ്മാനിന്റെ കഴുത്തു മുറിച്ചു. അനന്തരം ബ്രഹ്മാവു് സദ്രൂപത്തെ അവലംബിച്ചു് ശിവനെ ഭജിച്ചു് പൂജിച്ചു. അതിൽപിന്നെ ശിവന്റെ അമ്പു് 'ആൎദ്ര' എന്ന നക്ഷത്രമായും മാനിന്റെ ശിരസ്സ് 'മൃഗശിരസ്സ്' (മകയിരം) എന്ന നക്ഷത്രമായും ഭവിച്ചു ]

**ആൎദ്രകം**-ഇഞ്ചി. നാക്കിനെ നനവുള്ളതാക്കിച്ചെയ്യുന്നതു്. ആൎദ്രാനക്ഷത്രത്തിൽ ഉണ്ടായതു് എന്നു ശബ്ദാൎത്ഥം. മററൊരു പച്ചമരുന്നു-ശൃംഗാവരം (ശൃംഗിവേരം).

**ആൎദ്രപാകം**-നല്ലവണ്ണം പഴുത്ത പഴം.

**ആൎദ്രബുദ്ധി**-അലിവുള്ള മനസ്സ്, ദയയുള്ള മനസ്സ്.

**ആൎദ്രഭാവം**-അലിവു, ദയ.

**ആൎദ്രാലുബ്ധകം**-തിരുവാതിരയിൽ കൂടെ കാണുന്ന നക്ഷത്രം.

**ആൎദ്രി**-സ്ത്രീ. ഇഞ്ചി. 2. ഉള്ളി.

**ആൎദ്രിക**-പച്ചക്കൊത്തമ്പാലയരി.

**ആൎന്ന**-വി. 1. ഉള്ള. 2. പൂണ്ട. 3. കൂടിയ. 4. പ്രാപിച്ച. 5. നിറഞ്ഞ. 6. ഉണ്ടായ.

ഇതു ആരുക എന്ന ക്രിയയിൽ നിന്നുണ്ടായതാണു്. ആരുക=നിറഞ്ഞിരിക്ക, തിങ്ങിയിരിക്ക ഈ അൎത്ഥം പോയി ഇപ്പോൾ 'ഉള്ള' 'പൂണ്ട' 'കൂടിയ' എന്ന അൎത്ഥങ്ങൾ വന്നിരിക്കുന്നു. 'അരാൎമാന്തു' എന്നതിലേ ആർ എന്നതിനു 'തിങ്ങിയിരിക്ക' എന്നൎത്ഥം. ആൎന്നു് എന്നതു വ്യാകരണപ്രകാരം 'കൊണ്ടാദി' ഗണത്തിൽ ഉൾപ്പെട്ടതാണു്. ദ്വിതീയ വിഭക്തിയിൽ ചേരുന്നു.

**ആൎപ്പു്**-നിലവിളി, ഉറക്കെയുള്ള ശബ്ദം.

**ആൎഭടി**-നൃത്തം.

'നീരന്ധ്രാംഭോധരനിരയതി
നാൎപ്പുകേട്ടാൎഭടികളായ' (മയൂരസന്ദേശം)

**ആൎഭാടം**-ബഹളം, ഒച്ചപ്പാടു്.

**ആൎയ്യ**-വി. ശ്രേഷ്ഠമായ, നല്ല.

**ആൎയ്യകൻ**-മുത്തച്ഛൻ.

**ആൎയ്യകടകു്**-ഒരൌഷധം.

ഇതിന്റെ ഇല ഉഷ്ണവും ദീപനവും ഹൃദ്യവും ലഘുവും ക്രിമിഹരവും ആകുന്നു.

**ആൎയ്യകം**-പിതൃക്രിയക്കുള്ള ഒരു പാത്രം.

**ആൎയ്യകൎമ്മം**-ശ്രേഷ്ഠപ്രവൃത്തി.

**ആൎയ്യങ്കാവു്**-തിരുവിതാംകൂറിൽ മലവാരത്തുള്ള ശാസ്താപ്രതിഷ്ഠാസ്ഥലങ്ങളിൽ ഒന്നും പുണ്യഭൂമിയുമാകുന്നു.

**ആൎയ്യൻ**-പു. മാന്യൻ. വി. ശ്രേഷ്ഠൻ. ന. നല്ല തറവാട്ടിൽ ജനിച്ചവൻ. അടുത്തു പരിചയിക്കുന്നതിനു നല്ലവൻ, പാപകൎമ്മത്തിന്റെ അടുത്തുചെല്ലാത്തവൻ എന്നൎത്ഥം.

'ആരാൽയാതഃ' എന്നു വിഗ്രഹിച്ചാൽ ഹിന്ദുകുഷത്തിൽ നിന്നു പോന്നവർ എന്നൎത്ഥം വരും. ആധുനികന്മാരുടെ അഭിമതവും അങ്ങിനെയാണല്ലൊ. 'നല്ല തറവാട്ടിൽ ജനിച്ചവൻ' എന്നതിന്റെ പൎയ്യായങ്ങൾ-മഹാകുലൻ, കുലീനൻ, ആൎയ്യൻ, സഭ്യൻ, സജ്ജനം, സാധു.

**ആൎയ്യപട്ടർ**-ഒരുവക പരദേശബ്രാഹ്മണർ.

**ആൎയ്യപടിക്കൽ**-കൊട്ടാരവാതുക്കൽ.

**ആൎയ്യപുത്രൻ**-പു. ഭൎത്താവ്. (നാടകത്തിൽ പ്രയോഗം). വി. ഭവാൻ. ന. ഗുരുപുത്രൻ.

**ആൎയ്യഭട്ടൻ**- പൌരാണികകാലത്തുണ്ടായിരുന്ന ആദ്യത്തെ ജ്യോതിഷഗ്രന്ഥകാരൻ.

ഇദ്ദേഹം കലിവൎഷം ൩൫൭൭-ൽ പാടലീപുത്രത്തിൽ ജനിച്ചു. വരാഹമിഹിരൻ ഈ മഹാന്റെ പിൻതുടൎച്ചക്കാരനാണ്. ആൎയ്യഭട്ടന്റെ പ്രധാനകൃതിക്ക് 'ആൎയ്യഭട്ടീയം' എന്നു പേർ.

**ആൎയ്യഭാഷ**-സംസ്കൃതം (ശ്രേഷ്ഠഭാഷ).

**ആൎയ്യം**-ശ്രേഷ്ഠം.

**ആൎയ്യമാവ്**- സൂൎയ്യൻ, അസ്തമനപൎവ്വതത്തിലേയ്ക്കു ഗമിക്കുന്നവൻ, ഗമനശീലൻ എന്നു ശബ്ദാൎത്ഥം.

**ആൎയ്യവെപ്പ്**-മലവെപ്പ്. ഇതു ഏററവും താഹിയും വാതത്തെ ഉണ്ടാക്കുന്നതുമാണ്.

**ആൎയ്യാ**-പാൎവ്വതി. വി. ശ്രേഷ്ഠയായവൾ.

**ആൎയ്യാട്ടുതെക്ക്, ആൎയ്യാട്ടുവടക്ക്**-തിരുവിതാംകൂറിൽ ചേൎത്തലതാലൂക്കിലെ രണ്ടു പകുതികൾ.

ആൎയ്യാട്ടു-ആലപ്പുഴക്ക് അല്പം വടക്കാണ്. ഇവിടെ മൺറോ സായ്പിന്റെ ഓൎമ്മയ്ക്കായി ഒരു ദീപസ്തംഭം പണിയിച്ചിട്ടുണ്ട്.

**ആൎയ്യാണി**-ശ്രേഷ്ഠ.

**ആൎയ്യാവൎത്തം**-വിന്ധ്യപൎവ്വതത്തിന്റെയും ഹിമവാൻ പൎവ്വതത്തിന്റെയും മദ്ധ്യദേശം. ഉത്തരഹിന്ദുസ്ഥാൻ. എല്ലാദവും ആൎയ്യന്മാർ പാൎക്കുന്ന സ്ഥലം എന്നൎത്ഥം. മററൊരു പൎയ്യായം-പുണ്യഭൂമി.

മനുവിന്റെ അഭിപ്രായം-കിഴക്കേ സമുദ്രത്തിൽ നിന്നും പടിഞ്ഞാട്ടും പടിഞ്ഞാറെ സമുദ്രത്തിൽ നിന്നും കിഴക്കോട്ടും, ഹിമവൽ പൎവ്വതത്തിൽ നിന്നും തെക്കോട്ടും, വിന്ധ്യപൎവ്വതത്തിൽ നിന്നു വടക്കോട്ടുമുള്ള പ്രദേശം.

**ആൎയ്യാവൃത്തം**-മാത്രാവൃത്തങ്ങളിലൊന്ന്.

(വൃത്തശാസ്ത്രപ്രകാരം)

'മതിമുഖിപദത്തോടുരണ്ടിഹ
ചിതമായ്പ്പാദങ്ങൾതന്നിലൊററകളിൽ
പതിനെട്ടുരണ്ടിൽനാലിൽ
പതിനഞ്ചാംമാത്രയാൎയ്യയ്ക്കു'

(കാന്തവൃത്തം)

**ആൎഷ**-വി. ഋഷിയെ സംബന്ധിച്ച.

**ആൎഷഭൻ**-ഋഷഭദേവന്റെ പുത്രൻ (ഭരതൻ).

**ആൎഷഭം**-പു. ഋഷഭദേവനെ സംബന്ധിച്ചതു്. വി. കാളയെ സംബന്ധിച്ചതു്.

**ആൎഷഭ്യൻ**-ഉടായ്ക്കുന്ന പ്രായമായ കാളക്കുട്ടി, ഋഷഭത്തിന്റെ പ്രകൃതിയെന്നൎത്ഥം. മറെറാരുപൎയ്യായം-'ഷണ്ഡതായോഗ്യം'

**ആൎഷം**-പു. ഋഷിപ്രോക്തം. പാണിനിമഹൎഷിയുടെ വ്യാകരണത്തിന്റെ പ്രചാരത്തിന്റെ ശേഷമുണ്ടായ പുരാണങ്ങളും ഇതിഹാസങ്ങളും കാവ്യനാടകങ്ങളും പ്രായേണ മഹൎഷിയുടെ വ്യാകരണത്തിനു അനുസരിച്ചു ഇരിക്കുന്നു. പാണിനി

യത്തിൽ നിന്നു വ്യത്യസ്തമായി മേല്പടി ഗ്രന്ഥങ്ങളിൽ കാണുന്ന പ്രയോഗങ്ങളെ 'ആർഷം' എന്നു പറയും. ൨. എട്ടുവിധം വിവാഹങ്ങളിൽ ഒന്നു്. (അഷ്ടവിവാഹങ്ങൾ നോക്കുക.)

ആർഷ്ടിഷേണൻ-ഒരു ഉഗ്രതപസ്വി.

ആർഥകൻ-വാദികൻ.

ആർഥതൻ-പ്ര. ബുദ്ധൻ. ൨. ബുദ്ധമുനിയുടെ പിതാവ്. ൩. ശുദ്ധോദനൻ.

ആൽ(ല്)-പേരാൽ എന്ന വൃക്ഷം.

ആല-വി. വിസ്താരമുള്ള.

ആല-പ്ര. കൊല്ലന്റെയുംമററും പണിപ്പുര. ൨. ആടുകളെ അടച്ചു സൂക്ഷിക്കുന്നേടം. ൩. ചക്കപ്പുര. ൪. തിരുവിതാംകൂറിൽ ചെങ്ങന്നൂർതാലൂക്കിലേ ഒരു പകുതി.

ആലക്ഷ്യം-വി. കാണപ്പെടുന്ന.

ആലക്ഷണ്യം-നിർഭാഗ്യം.

ആലത്തൂർകാക്ക-ആശിച്ചു കാലം കളയുന്നവൻ.

ആലത്തൂർനമ്പി- അഷ്ടവൈദ്യന്മാരിൽ ഒരാൾ.

സഹസ്രയോഗം എന്ന ഗ്രന്ഥത്തിലെ രോഗനിദാനസ്ഥാനം ഉണ്ടാക്കിയിട്ടുണ്ട്. സ്ഥലം കോഴിക്കോട്ടുപൊന്നാനിതാലൂക്ക്.

ആലപിക്കുക-പ്ര. പാടുക. ൨. സംഭാഷണംചെയ്ക.

ആലപ്പുഴ-തിരുവിതാംകൂറിൽ അമ്പലപ്പുഴതാലൂക്കിലേ ഒരു പകുതി.

ഇതു തിരുവിതാംകൂർസംസ്ഥാനത്തിന്റെ പ്രധാന തുറമുഖവും പ്രധാന കച്ചവടസ്ഥലവും ആണ്. ഇതു വേമ്പനാട്ടുകായലിന്റെ തെക്കേ അററത്തു കിടക്കുന്നു. ഇവിടെ ഒരു ദീപസ്തംഭം ഉണ്ടു്.

ആലബ്ധം-പ്ര. തൊടപ്പെട്ട, കൂട്ടിച്ചേർക്കപ്പെട്ട. ൨. കൊല്ലപ്പെട്ട.

ആലം-പ്ര. അരിതാരം. ൨. വിസ്താരം. ൩. വിഷം. ൪. പേഴമരം. ൫. ഭൂമി, ലോകം. ഉ-ം, 'ആലങ്ങാട്'

ആലങ്കാരികൻ-അലങ്കാരശാസ്ത്രം വഴിയാംവണ്ണം പഠിച്ചവൻ.

ആലങ്കോട്-തിരുവിതാംകൂറിൽ ചിറയിൻകീഴ് താലൂക്കിലേ ഒരു പകുതി.

ആലങ്ങാട്-പ്ര തിരുവിതാംകൂറിലേ ഒരു താലൂക്ക്. ൨. ആ താലൂക്കിലേ ഒരു പകുതി.

ആലമാനം-ഒരുക്കം.

ആലംബ(ന)ം-ആശ്രയം, രക്ഷ

ആലംബിക്കുക-ആശ്രയിക്കുക.

ആലംബിത-വി. ആശ്രയിക്കപ്പെട്ട.

ആലംബിതകരൻ-കൈയിൽ കടന്നു പിടിച്ചവൻ.

ആലംഭം-വധം, കൊല.

'പാലംഭോനിധിയിലഹീന്ദ്രമഞ്ചമധ്യേ
ലോലംബോപമരുചിപള്ളികൊള്ളുമീശൻ
ആലംഭത്തിനുയമനാഗമിച്ചിടുമ്പോ-
ളാലംബംകനിവൊടെനിക്കുനൽകിടേണം'
(സ്തുതികുസുമാഞ്ജലി)

ആലംഭനം-പ്ര. പിടിച്ചുകെട്ടുക, തൊടുക. ൨. യാഗത്തിനു മൃഗങ്ങളെ കൊല്ലുക. ൩. ദേഹത്തെ പറിക്ക, ചീന്തുക.

ആലയം-ഭവനം, വീട്, പാർപ്പിടം. സ്വകാര്യമായി ഇരിപ്പാനുള്ള സ്ഥലം എന്നർഥം.

ആലവട്ടം-പ്ര. മയിൽ പീലിയും മററും കൊണ്ടു കെട്ടിയുണ്ടാക്കുന്ന വിശറി. പര്യായങ്ങൾ 'താലവൃന്തം', വ്യജനം. ൨. പങ്കാ.



ആലവട്ടം ചാർത്തുക-വീശുക (ആചാരവാക്ക്.)

ആലവാണ്യം-പ്ര. ഒച്ചകേട്. ൨. ഭംഗികേട്, വിരൂപത.

ആലവാലം-വൃക്ഷലതാദികളുടെ ചുവട്ടിൽ വെള്ളം നിറുത്തുവാൻ ഉണ്ടാക്കുന്ന തടം. വെള്ളത്തുള്ളികളെ ചുററും ആദാനം ചെയ്യുന്നതു് എന്നു ശബ്ദാർത്ഥം. മററു പര്യായങ്ങൾ-ആവാലം (ആബാലം), ആവാപം.

ആലശീല-അസഹ്യത, വ്യസനം.

ആലസൻ-അലസൻ, മടിയൻ.

ആലസ-വി. മടിയുള്ള.

ആലസ്യം-(അലസത)പു. മടി. ൨. ക്ഷീണം. ൩. ദീനം. [അടിതോൽ എന്നതിൽ 'ദീനം' എന്നതു നോക്കുക.]

ആലാതം-തീക്കൊള്ളി.

ആലാത്തുക-അലറുക, കരവയിടുക.

ആലാപം-പു. സംബോധനാപൂർവകമായി ഒരുത്തനോടു പറയുക, വ്യക്തമായി പറയുക എന്നു ശബ്ദാർത്ഥം. മററൊരു പര്യായം-ആഭാഷണം. ൨. സംഭാഷണം. 'എന്നാലാപമതോടു സമ്മിളിതമായൊന്നും' (അഭിജ്ഞാനശാകുന്തളം.) ൨. കളിവാക്കു്.

ആലാബു-ചുര. 'അലാബു' നോക്കുക.

ആലാരാമപുരം-തിരുവിതാംകൂറിൽ മാവേലിക്കരത്താലൂക്കിൽ ഉൾപ്പെട്ട ഒരു സ്ഥലം.

ആലാവർത്തം-ആലവട്ടം.(തത്ഭവമാണു്)

ആലാസ്സ്, ആലാത്തു-നങ്കൂരക്കയർ, വടം (അറബിഭാഷയാണു്).

ആലാസ്യം-മുതല.

ആലിക്ക-ആപ്പുവിളിക്ക (പ-മ.)

ആലിംഗനം-പു. കെട്ടിപ്പിടിച്ചു തഴുകുക. പര്യായങ്ങൾ-പരിരംഭം (പരീരംഭം) പരിഷ്വംഗം, സംശ്ലേഷം, ഉപഗൂഹനം. ൨. തഴുതാമ (ചാമരണ).

ആലിംഗി-തഴുകിക്കൊട്ടുന്ന വാദ്യം.

ആലിംഗ്യം-തഴുകിക്കൊട്ടുന്ന വാദ്യം. ഇതിന്റെ ആകൃതി ഗോപുച്ഛംപോലെയിരിക്കും.

ആലിപ്പഴം-പുതുമഴക്കും മററും ചിലപ്പോൾ നിലത്തുവീണു് അല്പം കഴിഞ്ഞാൽ അലിഞ്ഞു ജലത്തിൽ ചേരുന്നതും, കാഴ്ചയിൽ മഞ്ഞുകട്ടിപോലെയിരിക്കുന്നതുമായ വർഷോപലം. (വർഷോപലം=വെള്ളം കല്ലുപോലെ ഉറച്ചു കട്ടിയായതു്) സംസ്കൃതത്തിൽ കരകാ (കരകം) ('ഗന്ധകമഴ' നോക്കുക)

ആലിമികൾ-വിദ്വാന്മാർ. (അറബിഭാഷ).

ആലീഢം-വി. ൧. ഭുക്കപ്പെട്ട. ൨. നക്കപ്പെട്ട. ൩. നറുക്കപ്പെട്ട, ൪. ചുററിക്കെട്ടപ്പെട്ട. ൫. മുറിച്ചെടുക്കപ്പെട്ട.

ആലീഢം-വില്ലാളികളുടെ നില്പു് (എയ്വുകാരുടെ നില). വലത്തെ മുഴങ്കാൽ നീട്ടി ഇടത്തെ മുഴങ്കാൽ കുറക്കിയുള്ള സ്ഥിതിയാണു് ആലീഢം.

വില്ലാളികളുടെ നില അഞ്ചുവിധം-൧. പ്രത്യാലീഢം-ഇടത്തെമുഴങ്കാൽ നീട്ടി വലത്തെ മുഴങ്കാൽ കുറക്കിയുള്ള നില. ൨. ആലീഢം-മുമ്പു പറഞ്ഞതുപോലെ. ൩. സമപദം-ഒത്തടിനിൽക്കുന്നതു്. ൪. വൈശാഖം-കാലുകളെ പന്ത്രണ്ടംഗുലം അകത്തിവച്ചുനിൽക്കുന്നതു്. ൫. മണ്ഡലം-കാലുകളെ മണ്ഡലാകാരമായ്വച്ചുകൊണ്ടുള്ള സ്ഥിതി. 'വൈഷ്ണവം' എന്നു ഒരു സ്ഥാനം കൂടിയുണ്ടെന്നു ഭരതമതം.

ആലു-പു. കിണ്ടി. ജലത്തെ ദാനം ചെയ്യുന്നതു് എന്നർത്ഥം. മററു പര്യായങ്ങൾ-കർക്കരി, ഗളന്തികാ. 'ആലു' എന്നതു് കരകക്കിണ്ടിയാണെന്നും ഒരു മാതിരി കുടമാണെന്നുമുള്ള അഭിപ്രായവും കാണുന്നു. ൨. മൂങ്ങ. ൩. ഒരു വൃക്ഷം. (കരിന്തകാളി.)

ആലുക-അനങ്ങുക, വ്യാപിക്കുക.

ആലുകൻ-ശേഷൻ.

ആലുഞ്ചനം-മുണ്ടു മുണ്ടായി കീറുക.

ആലുണ്ഠനം-കൊള്ള, കവർച്ച.

ആലുല-വി. അനക്കമുള്ള, ഉറപ്പില്ലാത്ത, അസ്ഥിരമായ.

ആലുവാ-തിരുവിതാംകൂറിൽ ആലങ്ങാട്ടു താലൂക്കിലെ ഒരു പകുതി.

[ഇതു പെരിയാററിന്റെ തീരത്തുള്ള ഒരു സുഖവാസസ്ഥലമാണ്. ശങ്കരാചാൎയ്യഗുരുവരന്റെ ജന്മഭൂമിയായ 'കാലടി' ഇതിനു കിഴക്കാകുന്നു. കുംഭമാസത്തിലെ ശിവരാത്രിയത്രേ ആലുവായിൽ ഒരു പ്രധാനോത്സവം.]

ആലുളിതം-ഇളക്കപ്പെട്ടതു്.

ആലുഴി-പേരാലിൽനിന്നു വീണ കാകരം.

ആലൂന-വി. മുറിക്കപ്പെട്ട.

ആലൂല-വി. അനക്കമുള്ള.

ആലേഖനം-എഴുത്തു്.

ആലേഖ്യം-പടം.

'ശില്പംകല്പിച്ചെഴുമൊരുമരാ-
ലേഖ്യമാലോക്യവാഴും' (മയൂരസന്ദേശം)

ആലേപനം-ക്രി, പൂശുക. ന. ചന്ദനപ്പൂച്ച്.

ആലോകനം-ദൎശനം, നോട്ടം. ചുററും നോക്കുക എന്നു ശബ്ദാൎത്ഥം.

ആലോകം-ക്രി. ദൎശനം കാണുക. ന. പ്രകാശം.

ആലോകിത-വി. കാണപ്പെട്ട.

ആലോക്യമാനൻ-നോക്കപ്പെടുന്നവൻ.

ആലോക്യൻ-കാണപ്പെടേണ്ടവൻ.

ആലോചന-ക്രി. കൂടിവിചാരം. ന. ഗുണദോഷം. ന. ഭാവം, ശോധന.

മനുഷ്യന് ഒരു ആലോചന അവനവൻ തന്നെ അറിയുവാൻ ഒരു സെക്കണ്ടിന്റെ നാല്പതിലൊരംശം നേരം വേണ്ടിവരുമെന്ന് സിംസ് തോംപ്സൺ എന്ന വൈദ്യൻ പറഞ്ഞിരിക്കുന്നു. (ശരീര).

ആലോചനകൎത്താവു-ആലോചനക്കാരിൽ പ്രമാണി.

ആലോഡനം-ഉരുളുക, പിരളുക, ഇളക്കം, കലക്കം, അന്യോന്യം ചേരുക.

ആലോലമാകുക-മറിപ്പാറാവുക.

ആലോലം-വി. ഇളകുന്ന.

'ഇന്നാലോലാളകാളീലളിതമിളകിടും'
(അമരുകശതകം)

ആൽത്തറ-ആലിന്റെ ചുററും കല്ലുകൊണ്ടു പണിചെയ്ത തറ.

ആവണക്കല്ല്-കിണററിനടുത്തുള്ള തൊട്ടി (താളിയും മററും പിഴിയുന്നതു്).

ആവണക്ക്-ഒരു തൈ. പൎയ്യായങ്ങൾ-വ്യാഘ്രപുച്ഛം, ഗന്ധൎവ്വഹസ്തകം, ഏരണ്ഡം, ഉരുവൂകം (ഉരുബൂകം) രുചകം, ചിത്രകം, ചഞ്ചു, പഞ്ചാംഗുലം, മണ്ഡം (അമണ്ഡം, ആമണ്ഡം) വൎദ്ധമാനം, വ്യഡംബകം (വ്യഡംബനം). ചിലർ ആമണക്ക് എന്നും പറയുന്നു.

ചിററാവണക്ക്, പേരാവണക്ക്, വെളുത്താവണക്ക്, ചുവന്നാവണക്ക്, കടലാവണക്ക്, കാട്ടാവണക്ക്, പുല്ലാവണക്ക്, കൊടിയാവണക്ക് ഇങ്ങനെ പലതുണ്ട്. ഇവയിൽ പ്രധാനം ചിററാവണക്കെന്ന വെളുത്താവണക്കാകുന്നു. ഇതു മലശോധനത്തിനു നന്ന്. കഫവാതങ്ങളെ ശമിപ്പിക്കും. ശോഫം, ഗുന്മം ഇവയെ കളയും. ഇതിന്റെ ഇല ലഘുവാണ്. വാതഹരമാകുന്നു. വേരും തൊലിയും-വൃഷ്യവും വാതഹരവും എന്നു തന്നെയല്ല മലശോധനത്തിനും നന്ന്. എണ്ണ-ഒരു റാത്തൽ കുരുവിൽനിന്നു അര റാത്തൽ എണ്ണകിട്ടും. ഇതു വാതത്തെ ശമിപ്പിക്കും. സുഖവിരേചനത്തെ ഉണ്ടാക്കും. കഫം, വിഷമജ്വരം, ഗുന്മം, മഹോദരം മുതലായവയ്ക്കു ഗുണം.

(ഉത്തരതിരുവിതാംകൂറിലുള്ള ഉൾനാട്ടുകളിൽ ധാരാളമായി (കൃഷി ചെയ്യാതെ തന്നെ) ഉണ്ടാകുന്ന ഒരു ചെടിയാണ്. ഇതിന്റെ വേര്, ഇല, കുരു, എന്നിവ ദിവ്യൌഷധങ്ങളാണ്. ആ

വണക്കു രണ്ടുതരമുണ്ടു്. ഒന്നു വെളുത്തതു്, മററൊന്നു ചെമന്നതു്. വെളുത്തതു ഔഷധികൾക്കു വിശേഷം. ഇതിന്റെ കുരുവാത്ര വിത്തും.)

**ആവണക്കെണ്ണ**-ആവണക്കിന്റെ കുരുവിൽ നിന്നെടുക്കുന്ന എണ്ണ.

**ആവണപ്പലക**-ബ്രാഹ്മണന്നു ഇരിപ്പാനുള്ള പലക (ആമപ്പലക).

**ആവണി**-ചിങ്ങം. (സംസ്കൃതത്തിൽ-ശ്രാവണം).

**ആവണിവട്ടം**-ബ്രാഹ്മണർക്കുള്ള ഒരു വിശേഷദിവസം. (ആവണിഅവിട്ടം=ഉപാകർമ്മം).

**ആവതു**-കഴിവുള്ളതു്.

**ആവനാഴിക**-അമ്പുറ (അമ്പു് ഇടുന്ന ഉറ). പര്യായങ്ങൾ-തൂണം, ഉപാസംഗം, തൂണീരം, നിഷംഗം, ഇഷുധി, തൂണി. (അമ്പറ എന്നതു നോക്കുക).

**ആവപനം**-൧. പാത്രം. സാധനങ്ങൾ വയ്ക്കുന്നതു് എന്നു ശബ്ദാർത്ഥം. ൨. വിത്തുവിതയ്ക്കുക.

**ആവരണം**-൧. മറവു്. ൨. തടവു്. ൩. മായയ്ക്കുള്ള ശക്തികളിൽ ഒന്നു്. (മറെറാന്നു വിക്ഷേപം).

**ആവർജ്ജിത**-വി. ദാനം ചെയ്യപ്പെട്ട.

**ആവർത്തനം**-൧. വീണ്ടും പ്രവർത്തിക്കുക. ൨. ചുററിത്തിരിയുക. ൩. കടയുക.

**ആവർത്തം**-൧. നീർച്ചുഴി (ജലത്തിലെ ചുഴി). ചക്രത്തെപ്പോലെ ചുററിത്തിരയുന്നതു് എന്നു ശബ്ദാർത്ഥം. ൨. ചുരുണ്ട തലമുടി. ൩. ഉരുൾച്ച. ൪. വിചാരം. ൫. ഒരു കല്പാന്തകാലമേഘം.

**ആവർത്തിക്ക**-൧. വീണ്ടും ചെയ്യുക. ൨. ചുററിത്തിരിയുക.

**ആവർത്തിച്ചുറിയുക**-തിരിച്ചുറിയുക.

**ആവർത്തിനി**-കണവീരം.

**ആവൽ, ആവിൽ**-ഞെട്ടാവൽ (ഒരു വൃക്ഷം). ഉങ്ങിൽ ഒരു വകഭേദം. പര്യായങ്ങൾ-പ്രകീര്യം, പൂതികരജം, പൂതികം, കലിമാരകം. ആവലിനെ 'ആവിമരം' എന്നും പറയാറുണ്ടു്.

**ആവൽ**-വാവൽ (വവ്വാൽ). പര്യായങ്ങൾ-ജതുകം, അജിനപത്രം. (വാംഗ്ഗമെന്നു തത്വാർത്ഥദീപിക).

**ആവലാതി**-വഴക്കു്, സങ്കടം.

**ആവലി**-൧. കൂട്ടം, നിര. ൨. ഇടതൂർമ്മയില്ലാത്ത മരക്കൂട്ടം, ചുററും മറയ്ക്കുന്നതു് എന്നു ശബ്ദാർത്ഥം.

**ആവശ്യം, ആവശ്യകം**-൧. വേണ്ടുന്നതു്, കൂടിയേകഴിയൂ എന്നതു്. ൨. മുട്ടു്. (ആവശ്യക്കാരൻ=മുട്ടുള്ളവൻ).

**ആവസതി**-രാത്രി, പാതിരാത്രി.

**ആവസഥം**-ഭവനം (പാർപ്പിടം) ആവാസസ്ഥാനം എന്നു ശബ്ദാർത്ഥം.

**ആവസിക്കുക**-പാർക്കുക.

**ആവസിത**-വി. പാർക്കപ്പെട്ട.

**ആവസിതം**-പൊലി [മെതിച്ചുവാരുമ്പോൾ നീക്കി ചേറുവാൻ (പാററുവാൻ) തയ്യാറാക്കിവെച്ച നെല്ലു്.]

**ആവഹൻ**-സപ്തമരുത്തുകളിൽ ഒന്നു്, ഗഗനൻ. [അന്തരിക്ഷത്തിൽ സഞ്ചാരം]

**ആവഹിക്കുക**-ഉണ്ടാക്കുക.

**ആവാക്കു്**-ആ വഴി.

'ആവാക്കത്തീവടിവൊടുപടി-
ഞ്ഞാട്ടുകിഞ്ചിൽഗമിച്ചാൽ'
(മയൂരസന്ദേശം)

**ആവാപകം**-വള. മണിബന്ധത്തിനു മീതെ ഇടുന്നതു് എന്നർത്ഥം.

**ആവാപനം**-൧. തറി, തറിമരം. ൨. നൂൽചുററുന്നോട്ടു്. ൩. ക്ഷൌരംചെയ്ക.

**ആവാപം**-൧. തടം (വൃക്ഷലതാദികളുടെ ചുവട്ടിൽ ജലം നിറുത്തുവാൻ ഉണ്ടാ

ക്കുന്നത്.) ജലം ഇതിൽ നിധാനം ചെയ്യപ്പെടുന്നു എന്നു ശബ്ദാർത്ഥം മററുപൎയ്യായങ്ങളും-ആലവാലം, ആവാലം. ൨. വിത. ൩. വല. ൪. കല്ലുംചെക്കുക. ൫. എറിക. ൬. പാത്രം.

ആവാര-ഒരു തൈ.

ആവാരി-പീടിക.

ആവാലം-തടം(ആലവാലം നോക്കുക.) വെള്ളത്തെ ചുററും തടഞ്ഞുനിൎത്തുന്നത് എന്നു ശബ്ദാർത്ഥം.

ആവാസം-വാസസ്ഥലം, പാൎപ്പിടം, ഭവനം.

ആവാസശാല-൧. പാൎപ്പുസ്ഥലം. ൨. പടക്കുടി.

ആവാഹനം-മന്ത്രംജപിച്ചു ദൈവത്തെ വിളിക്കുക, വിളി, ക്ഷണം(ക്ഷണിക്കുക)

ആവാഹം-വിവാഹം.

ആവാഹിക്കുക-മന്ത്രംജപിച്ചു ദൈവത്തെ വിളിക്കുക, വിളിക്കുക.

ആവി-൧. ജലബാഷ്പം, പുക. ൨. ഉഷ്മാവ്. ൩. ചൂട്. ൪. ഒരു വൃക്ഷം. ൫. ആട്.

ആവിവൃക്ഷത്തിൻെറ വേരിന്മേൽ തൊലിയും ഇലയും ദീപനമാണ്. അൎശസ്സ്, കൃമി, കുഷ്ഠം, പ്ലീഹ, ഉദാവൎത്തം ഇവയെ നശിപ്പിക്കും. കഫഘ്നമാണ്.

ആവികം-കമ്പിളി.

ആവിക്കലം-വെള്ളത്തോടൻതുണിപുഴുങ്ങുന്നകലം.

ആവിഗ്ന-വി. ബുദ്ധിമുട്ടിക്കപ്പെട്ട, ഉപദ്രവിക്കപ്പെട്ട.

ആവിഗ്നം-ക്ലേശം.

ആവിദ്ധ-വി. ൧. വളഞ്ഞ (ആവ്യധിക്കപ്പെട്ടത്-ആവിദ്ധം.) ൨. ഇടപ്പെട്ട, ൩. മുറിക്കപ്പെട്ട. ൪. പ്രേരിപ്പിക്കപ്പെട്ട. ൫. നീക്കപ്പെട്ട. ൬. തുളയ്ക്കപ്പെട്ട.

ആവിധം-൧. കുത്തുവാനുള്ള ആയുധം, തുരപ്പണി, തോൽമുതലായതു തുരക്കുന്ന വജ്രസൂചി, ഭ്രമരസൂചി, ഇതുകൊണ്ടു വധിക്കുന്നതിനാൽ ഈ പേർവന്നു. ൨. കെട്ടുന്നകോൽ.

ആവിർഭവം-൧. ജനനം. ൨. പ്രത്യക്ഷം.

ആവിർഭവിക്കുക-പ്രത്യക്ഷമാവുക, പുറത്തുവരിക, ഉണ്ടാവുക.

ആവിർഭാവം-പ്രത്യക്ഷത.

ആവിർഭൂത-വി. പ്രത്യക്ഷമായ, പുറത്തുവന്ന, ഉണ്ടായ.

ആവിൎമ്മോദം-സന്തോഷം.

ആവിയാട്ട-പള്ളാട്ട്.

ഇതിൻെറപാല് അഗ്നിവൃദ്ധിയും ഉഷ്ണവുമാണ്. വാതരോഗത്തെ ശമിപ്പിക്കും. ഇക്കിളം, ശ്വാസം, പിത്തം, കഫം ഇവയെ ഉണ്ടാക്കും.

ആവിൽ-ആവിമരം(ആവൽ നോക്കുക)

ആവിലിതം-കലക്കപ്പെട്ടത്.

ആവിലം-കലങ്ങിയതു്, തെളിവില്ലാത്തതു്. കണ്ണിനെ ചുററുംവെറപ്പിക്കുന്നത് എന്നു ശബ്ദാർത്ഥം.

ആവിഷ്കരിക്ക-പുറത്താക്കുക, പ്രത്യക്ഷപ്പെടുത്തുക, വെളിവാക്കുക.

ആവിഷ്ടൻ-൧ ബാധിക്കപ്പെട്ടവൻ, ൨. പ്രവേശിക്കപ്പെട്ടവൻ

ആവിഷ്ടാ-വി. ൧. പ്രവേശിച്ച. ൨. ബാധിക്കപ്പെട്ട.

ആവിഃ-അ. പ്രകാശമായി, സ്പഷ്ടം. 'ആവിൎഭവന്മോദക്കിരക്ഷസകലം' (ഉത്തരരാമായണം ചമ്പു)

ആവീരം-ഒരുവക പച്ചമരുന്ന്, പൊന്നാവീരൻ ഇതിൻെറ കുരു എല്ലാപ്രമേഹത്തിനും ഉപയോഗമുള്ളതാണ്.

ആവുഃ-ഒരു പ്രധാന വ്യാക്ഷേപകം. വേദന, ക്ഷീണം മുതലായവയിൽ പറയുന്ന ഒരു വാക്ക്.

**ആവുക**-നിറയുക.

**ആവുകൻ**-അച്ഛൻ. രക്ഷിക്കുന്നവൻ എന്നു ശബ്ദാർത്ഥം. (നാടകത്തിൽപ്രയോഗം)

**ആവുത്തൻ**-സഹോദരിയുടെ ഭർത്താവ്, അളിയൻ. (നാടകത്തിൽ പ്രയോഗം) ആവുത്തൻ എന്നും പറയും. സഹോദരിയെ രക്ഷിക്കുന്നവൻ എന്നു അർത്ഥം.

**ആവൂ!**-ഒരു പ്രയാസ വ്യാക്ഷേപകം. വേദന, ക്ഷീണം മുതലായവയിൽ പറയുന്ന ഒരു വാക്ക്.

**ആവൃത**-വി. ൧. ചുററപ്പെട്ട. ൨. മറയ്ക്കപ്പെട്ട.

**ആവൃതം**-൧. ചുററപ്പെട്ടതു്. ൨. മറയ്ക്കപ്പെട്ടതു്. ൩. നദി മുതലായതിനാൽ ചുററപ്പെട്ട ദ്വീപു മുതലായതിന്റെ പേർ.

**ആവൃതശരീരൻ**-മറയ്ക്കപ്പെട്ടശരീരത്തോടുകൂടിയവൻ.

**ആവൃതി**-൧. കയ്യാല. ൨. വേലി.

**ആവൃത്ത്**-സ്വാദ്ധ്യായക്രമം, ഉപചാരാൽ മററു ക്രമങ്ങൾക്കും പറയും. ആവർത്തിക്കുക എന്നു ശബ്ദാർത്ഥം. മററു പര്യായങ്ങൾ-ആനുപൂർവി, പരിപാടി, അനുക്രമം, പര്യായം.

**ആവൃത്ത**-വി. ൧. പിൻതിരിക്കപ്പെട്ട.

'സോൽക്കണ്ഠമാവൃത്തകണ്ഠാ'
(അമരുകശതകം)

൨. ചുററിത്തിരിയപ്പെട്ട

**ആവൃത്തി**-൧. പ്രാവശ്യം, തവണ. ൨. ചുററിത്തിരിയൽ. ൩. പിൻതിരിയൽ.

**ആവൃത്തിദീപകം**-ഒരലങ്കാരം.

'വളർന്നുതുടങ്ങിനാർമ്മുവരമന്ദമിച്ച
വളർന്നസന്തോഷവും പുരവാസികൾക്കെല്ലാം'
(ഭാരതം)

ഇവിടെ 'വളർന്നുതുടങ്ങിനാർ' ഇത്യാദിയിൽ ഇവർ വളരുകയും സന്തോഷം വളരുകയും ചെയ്തു. വളർന്നു എന്നതു ആവർത്തിച്ചിരിക്കുന്നതുകൊണ്ടു ആവൃത്തിദീപകം എന്നലങ്കാരം. ഇതു മൂന്നു വിധം. അർത്ഥാവൃത്തി, പദാവൃത്തി, ഉഭയാവൃത്തി.

**ആവേഗം**-൧. തിടുക്കം. ൨. കോപം. ൩. ഭയം.

**ആവേഗി**-മറിക്കുന്നി. ആവേഗം(ഭയം) ഉള്ളതു് എന്നു ശബ്ദാർത്ഥം. പൊന്തിച്ചീരയെന്നും പറയുന്നുണ്ടു്. ആട്ടിന്നാപ്പാലയെന്നു മററാരഭിപ്രായവും കാണുന്നു.

ഇതു വാതകഫരോഗങ്ങൾ, ശോഫം, കൃമിരോഗം, പ്രമേഹം, രക്തവാതം, മഹോദരം, കാസം, ആമദോഷം ഇവയെ കളയും; ബലത്തെ ഉണ്ടാക്കും; ശുക്ലവൃദ്ധികരമാണു്.

**ആവേദനം**-അറിയിക്കൽ

**ആവേധോൽകീർണ്ണം**-കുത്തിത്തുളയ്ക്കപ്പെട്ടതു്.

**ആവേശനം**-൧. ആല (ആശാരി, കൊല്ലൻ, തട്ടാൻ, മൂശാരി, കമ്മാളൻ മുതലായ കൈവേലക്കാരുടെ പണിപ്പുര.) പണിചെയ്യുന്ന ശില്പികളും പണിചെയ്യിപ്പിക്കുന്ന മററു ജനങ്ങളും പ്രവേശിക്കുന്ന സ്ഥലം എന്നർത്ഥം. മററൊരുപര്യായം- ശില്പിശാല (ശില്പിശാലം) ൨. പ്രവേശം. ൩. പിശാചുബാധ.

**ആവേശം**-൧. ബാധ.

'കല്യാവേശാൽകലുഷമതിയാമെന്റെ ചാപല്യമൂലം'(മയൂരസന്ദേശം)

൨. പാരവശ്യം. ൩. പിശാചുബാധ. ൪. പ്രവേശം. ൫. മോഹാലസ്യം. ൬. ഡംഭം. ൭. (മലയാളത്തിൽ) ദുരാഗ്രഹം.

**ആവേശികൻ**-തന്റെ ഗൃഹത്തിലെത്തു വന്ന അതിഥിയുടെ പേർ. വഴിപോക്കൻ. ആവേശത്തിൽ ഭവിച്ചവൻ എന്നു ശബ്ദാർത്ഥം. തന്റെ ഗൃഹത്തിലുള്ളവൻ വന്നാൽ അവൻ അതിഥിയല്ല എന്നു തന്റെ പക്ഷം.

**ആവേശികം**-സ്വന്തമായ, പ്രത്യേകമായ.

**ആവേശിക്കുക**-൧. ബാധിക്കുക. ൨. പ്രവേശിക്കുക.

ആവേഷ്ടകം-കെണി, മതില്, വേലി.

ആവേഷ്ടനം-പ്ര. വേലികെട്ട്, കെണികെട്ട്, മതിലുകെട്ട്. ഉ. തലപ്പാവ്.

ആവോ!-അ. (ഒരു പ്രധാന വ്യാക്ഷേപകം). അറിയുന്നില്ല.

ആവോന്ന്-ആവത്.

ആവോലി-ഒരുവക മത്സ്യം.

ആവോളം- കഴിവോളം, കഴിയുന്നിടത്തോളം.

ആശ-പ്ര. ആഗ്രഹം. ഉ. ദിക്ക (എങ്ങും വ്യാപിക്കുന്നതെന്നു ശബ്ദാർത്ഥം).

'ആശയംതന്നിലന്യസംഗമ
മാശയില്ലെനിക്കംബുജാക്ഷ' (പത്തുവൃത്തം)

'പൂവ്ശാബലയായതൻതരുണിയെ
പ്പൂണ്ടെന്നറിഞ്ഞപ്പൊഴേ'
(പാണ്ഡവവിജയം നാടകം)

ന. അഭിലാഷാധിക്യം (അധികമായ ആഗ്രഹം). [അഭിലാഷം എന്നതു നോക്കുക].

[ഗൃദ്ധ്നു, ഗർദ്ധനൻ, ലുബ്ധൻ, അഭിലാഷുകൻ, തൃഷ്ണൻ ഇവ ൫-ം, ആശയുള്ളവൻെറ പേർ. ആദ്യത്തെ രണ്ടും ആകാംക്ഷയുള്ളവൻെറയും, ശേഷംമൂന്നും അഭിലാഷമുള്ളവൻെറയും പേരാണെന്നും അഭിപ്രായമുണ്ട്.]

ആശങ്ക-പ്ര. ഭയം. ഉ. സംശയം.

ആശങ്കനീയ-വി. സംശയമുള്ള.

ആശങ്കിത-വി. പ്ര. ഭയപ്പെട്ട. ഉ. സംശയിക്കപ്പെട്ട.

ആശനം-ഇടിവാൾ, മേഘമൂർത്തി.

ആശപ്പെടുക-ആഗ്രഹിക്കുക.

ആശംസ, ആശംസനം-പ്ര. ഇച്ഛ, ആഗ്രഹം. ഉ. പറക. ന. സ്തുതി.

ആശംസിത-പ്ര. ഇച്ഛിക്കപ്പെട്ട, ആഗ്രഹിക്കപ്പെട്ട. ഉ. പറയപ്പെട്ട.

ആശംസിതാവ്-ഇഷ്ടാർത്ഥത്തെ പ്രാപിപ്പാൻ ആഗ്രഹിക്കുന്നവൻ. മറ്റൊരു പര്യായം-ആശംസു.

ആശംസിതൃ-വി. പ്ര. ആഗ്രഹിക്കുന്ന. ഉ. പറയുന്ന.

ആശംസു- ഇഷ്ടാർത്ഥത്തെ പ്രാപിപ്പാൻ ആഗ്രഹിക്കുന്നവൻ, ആശംസിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ആശയഭേദം-ആമാശയവും പക്വാമാശയവും പക്വാശയവും വസ്തിയും യകൃത്തും പ്ലീഹാവും ഹൃദയവും മലാശയവും ഹൃദയത്തിൻെറ വാമഭാഗവും കോഷ്ഠം എന്നു പറയപ്പെടുന്നു.

'സ്ഥാനാന്യാമാഗ്നിപക്വാനാം
മൂത്രസ്യ രുധിരസ്യ ച
ഹൃദുണ്ഡുകഃ ഫുഫ്ഫുസശ്ച
കോഷ്ഠ ഇത്യഭിധീയതേ'
(മാധവനിദാനം)

ആശയം-പ്ര. മനസ്സ്. ഉ. സഞ്ചി. ന. ഭാവം. ൪. വയറ്, ൫. ഇരിപ്പിടം, ൬. അഭിപ്രായം.

ആശയാശി-അഗ്നി. ആശ്രയാശൻ എന്നതിൻെറ പാഠഭേദം.

ആശരൻ-പ്ര. രാക്ഷസൻ,കൊല്ലുന്നവൻ. ഹിംസിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

'ആശരനാഥമദ്ധ്യമാം'
(രാവണവിജയം കഥകളി)

ഉ. കൊടുവേലി. ന. അഗ്നി.

ആശാ-ദിക്ക്. എങ്ങും വ്യാപിക്കുന്നത് എന്നു ശബ്ദാർത്ഥം.

ആശാധിപതികൾ-ഇന്ദ്രൻ തുടങ്ങിയ ദിക്പതികൾ. (അഷ്ടദിക്പതികൾ എന്നു നോക്കുക).

ആശാൻ-ഗുരു, വാദ്ധ്യാർ.

ആശാപാശം-മോഹബന്ധം, ആഗ്രഹം.

ആശാപുഷ്പി-മത്തെന്നി.

ആശാബന്ധം-പ്ര. മോഹബന്ധം, ആഗ്രഹം. ഉ. ചിലന്തിവല.

ആശാഭംഗം-ആഗ്രഹനാശം.

ആശാരി-തച്ചൻ.

ആശാള-കറ്റംശാണി എന്ന ഔഷധി.

[കാസം, പാർശ്വശൂല, അർശസ്സ്, ഗ്രഹണി, ജ്വരം ഇവയ്ക്കു നന്നു്.]

ആശി-പു. അനുഗ്രഹം. ൨. വിഷപ്പല്ല്.

ആശിത-വി. ഭക്ഷിക്കപ്പെട്ട.

ആശിതിക-ഇലന്ത.

ആശിതംഗവീനം-മുമ്പു പശുക്കളെ മേച്ചുതീററിയിരുന്ന സ്ഥലം. (യത്രപൂർവ്വം ഗാവഃ ആശിതാഃ).

ആശിരൻ-രാക്ഷസൻ. ആശരൻ എന്നതിന്റെ പാഠഭേദം.

ആശിരം-പു. അഗ്നി, ൨. ഭൂതം ൩. പിശാചു.

ആശിസ്സ്-പു. അനുഗ്രഹം. ൨. ഇഷ്ടമായവസ്തു. ൩. പാമ്പ്. ൪. വിഷപ്പല്ല്. ൫. വിഷം.

ആശീർവചനം-അനുഗ്രഹവാക്ക്.

ആശീർവദിക്കുക-അനുഗ്രഹിക്കുക.

ആശീർവാദം-അനുഗ്രഹവാക്ക്.

ആശീവിഷം-സർപ്പം. ആശിസ്സുകൾ (വിഷപ്പല്ലിൽ) വിഷമുള്ളതു് എന്നു ശബ്ദാർത്ഥം.

ആശു-അ. വേഗത്തിൽ, കാലതാമസം കൂടാതെ, വ്യാപിക്കുന്നതു് എന്നു ശബ്ദാർത്ഥം.

ആശു-ചെന്നെല്ല്.

ആശുഗ-വി. വേഗം ഗമിക്കുന്ന.

ആശുഗൻ-വായു. വേഗത്തിൽ ഗമിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ആശുഗം-അമ്പ്.

ആശുവ്രീഹി-നവര മുതലായ നെല്ല്. വേഗം വിളയുന്ന നെല്ല് എന്നു ശബ്ദാർത്ഥം. വ്രീഹി എന്നും അഭിപ്രായം കാണുന്നു.

ആശുശുക്ഷണി-പു. അഗ്നി. വേഗത്തിൽ ശോഷിപ്പിപ്പാൻ ആഗ്രഹിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ഈ ശബ്ദത്തിനു മറെറാരു വ്യുല്പത്തിയും കാണുന്നു. അതായതു് വേഗത്തിൽ നല്ലവണ്ണം ഹിംസിക്കുന്നവൻ. ആശുശുക്ഷണി-ശു എന്നതു പൂജാർത്ഥകമായ അവ്യയം.

'ആശുശുക്ഷണിദേവനാശകരാമിതാംവണ്ണം'
(ഭാഗവതം)

൨. കൊടുവേലി. ൩. വായു.

ആശോത്തരം-അധികമുള്ള ആഗ്രഹം.

ആശോഷണം-ഉണക്കുക, ശോഷിപ്പിക്കുക.

ആശൌചം-അശുദ്ധി, പുല.

ആശ്ചര്യതാ, ആശ്ചര്യത്വം-അത്ഭുതം

ആശ്ചര്യപ്പെട്ടവൻ-അത്ഭുതപ്പെട്ടവൻ. പര്യായങ്ങൾ:-വിലക്ഷൻ, വിസ്മയാന്വിതൻ.

ആശ്ചര്യാവിഷ്കരണം-ആശ്ചര്യത്തെ പ്രത്യക്ഷപ്പെടുത്തുക.

ആശ്ചര്യം-അത്ഭുതരസം. എല്ലാവരാലും സ്വീകരിക്കപ്പെടുന്നതു്. ആഃ എന്നിടയിപ്പിക്കുന്നതു് എന്നു ശബ്ദാർത്ഥം. പര്യായങ്ങൾ-വിസ്മയം, അത്ഭുതം, ആശ്ചര്യം, ചിത്രം.

ആശ്ച്യോതനം-ഒഴുകൽ, ധാര, നനയ്ക്കുക, കഴുകുക.

ആശ്മം-കല്ലുകൊണ്ടുണ്ടാക്കിയതു്.

ആശ്രപണം-പാചകവൃത്തി.

ആശ്രം-കണ്ണുനീർ.

ആശ്രമധർമ്മം-ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, സന്യാസി എന്നീ നാലുപേരും ചെയ്യേണ്ടുന്ന മുറ.

ആശ്രമപദം-പർണ്ണശാല.

ആശ്രമം-പു. പർണ്ണശാല, മുനികളുടെ ഇരിപ്പിടം. ൨. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം ഇങ്ങിനെ ആ

ശ്രമം നാല്. ഇതിങ്കൽ പൊസ്സാട്ടുകൂടിയവരായിരിക്കുന്നു എന്നു ശബ്ദാർത്ഥം. എപ്പോഴും സ്വധർമ്മാചരണക്ലേശം ഹേതുവായിട്ടു (ശ്രമം) ബുദ്ധിമുട്ടുള്ളതു് എന്നുമാകാം. ബ്രഹ്മചര്യാദി നാലിനും 'ആശ്രമം' എന്നു പറയുന്നുണ്ടു്.

൧. ബ്രഹ്മചാരി-ഗുരുവോടു വേദം പഠിക്കുന്നകാലം. ൨. ഗൃഹസ്ഥൻ-ഭാര്യാസമേതം ഗൃഹകൃത്യനിർവ്വഹണവും, വേദം പഠിപ്പിക്കുക, ബലികഴിക്കുക, ദാനംകൊടുക്കുക ഇവയും ചെയ്യേണ്ടുകാലം. ൩. വാനപ്രസ്ഥൻ-ധ്യാനേന്ദ്രിയനിഗ്രഹങ്ങൾക്കു് വേണ്ടി വനത്തിൽ താമസിക്കേണ്ട കാലം. ൪. സന്ന്യാസി-സന്തോഷസന്താപങ്ങളേയും മോഹങ്ങളേയും ഉപേക്ഷിച്ചു പരമാത്മാവിൽ ലയിപ്പാനുള്ള ആഗ്രഹം മാത്രം സ്വീകരിച്ചു് ഭിക്ഷയെടുത്തു ഉപജീവിക്കേണ്ട കാലം.

ആശ്രമിക-വി. ആശ്രമങ്ങൾ നാലുള്ളതിൽ ഒന്നിനോടുചേരുന്ന.

ആശ്രയഭക്ഷണൻ-അഗ്നി.

ആശ്രയഭൂത-രക്ഷിതാവായി ഭവിച്ച.

ആശ്രയം-൧. താങ്ങ്, തുണ, സഹായം, സേവ. ൨. ആറുഗുണങ്ങളിൽ ഒന്ന്. ആ ഗുണങ്ങൾ:-സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധം, ആശ്രയം. ആശ്രയിക്ക എന്നതിന്റെ പര്യായങ്ങൾ-ശ്രായം, ശ്രയണം. ൩. രക്ഷാസ്ഥലം. രക്ഷ. ൪. ചേർച്ച.

ആശ്രയാശൻ-൧ അഗ്നി. ആശ്രയിക്കുന്നതിനെ ഭക്ഷിക്കുന്നവൻ എന്നു ശബ്ദാർത്ഥം. പാഠാന്തരങ്ങൾ-ആശ്രയാശി, ആശയാശി ൨. രക്ഷാസ്ഥലത്തെ ഇല്ലാതാക്കിയവൻ. ൩. കൊടുവേലി.

ആശ്രയാശി-അഗ്നി.

ആശ്രയിക്കുക-ശരണം പ്രാപിക്കുക, സഹായം അപേക്ഷിക്കുക, സേവിക്കുക.

ആശ്രയീഭൂതൻ - ആശ്രയമായി ഭവിച്ചവൻ.

ആശ്രവ-വി. അനുസരണമുള്ള, പറഞ്ഞു കേൾക്കുന്ന.

ആശ്രവൻ-പറഞ്ഞതു കേട്ടു നടക്കുന്നവൻ. മുഴുവൻ കേൾക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ആശ്രവിക്കുക-ഏൽക്കുക ൨. കേൾക്കുക

ആശ്രവം-൧. പ്രതിജ്ഞ (ഏൽക്കുന്നതു), അംഗീകാരം. നല്ലവണ്ണം കേൾക്കുന്നതു് എന്നർത്ഥം. ൨. മുടമ്പടി. ൩. ആലസ്യം

ആശ്രി-വാളിന്റെ വക്കു്.

ആശ്രിത-വി. ൧. ആശ്രയിക്കപ്പെട്ട, ശരണം പ്രാപിച്ച. ൨. പാർക്കുന്ന.

ആശ്രിതപരായണ-വി. ആശ്രയിക്കുന്നവരെക്കുറിച്ചു താല്പര്യമുള്ള.

ആശ്രിതരക്ഷണം-ശരണം പ്രാപിച്ചവരെ രക്ഷിക്ക.

ആശ്രിതവത്സല-വി. ശരണം പ്രാപിച്ചവരിൽ സ്നേഹമുള്ള.

ആശ്രുത-വി. ൧ കേൾക്കപ്പെട്ട. ൨. വാഗ്ദത്തംചെയ്യപ്പെട്ട. ൩. ഏല്ക്കപ്പെട്ട.

ആശ്രുതി-കേൾക്കുക. ൨. സ്വീകാരം.

ആശ്രുതം - ൧. അംഗീകരിക്കപ്പെട്ടതു്. ആശ്രവിക്കപ്പെട്ടതു്, ഏല്ക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം. ൨. കേൾക്കപ്പെട്ടതു്.

ആശ്ലിഷ്ട-വി. ൧. ആശ്ലേഷം (ആലിംഗനം) ചെയ്യപ്പെട്ട, കെട്ടിപ്പിടിക്കപ്പെട്ട. ൨. ചേർക്കപ്പെട്ട.

ആശ്ലേഷം-ആലിംഗനം (കെട്ടിപ്പിടി). ൨. ചേർച്ച.

ആശ്ലേഷ-ആയില്യം എന്ന നക്ഷത്രം.

ആശ്ലേഷിക്കുക- ആലിംഗനംചെയ്യുക, കെട്ടിപ്പിടിക്കുക.

ആശ്വ- ൧. കുതിരയെ സംബന്ധിച്ചു. ൨. കുതിരകളാൽ വലിക്കപ്പെട്ട.

ആശ്വത്ഥം-അരയാൽക്കുരു.

ആശ്വം-കുതിരക്കൂട്ടം.

ആശ്വയുജ-തുലാംമാസത്തോടു ചേരുന്ന.

ആശ്വയുജം-ആശ്വിനമാസം. (തുലാമാ സം). അശ്വതി നക്ഷത്രത്തോടുകൂടിയ പൌൎണ്ണമിയുള്ളതു് എന്നു ശബ്ദാൎത്ഥം.

ആശ്വയുജി-തുലാംമാസത്തിലെ വെളുത്ത വാവു്.

ആശ്വലക്ഷണിക-വി. കുതിരയുടെ ലക്ഷണങ്ങളെ അറിയുന്ന.

ആശ്വലക്ഷണികൻ-പു. കുതിരവൈ ദ്യൻ. ൨. ചാട്ട തറയ്ക്കുന്നവൻ. ൩. ലായം വിചാരിപ്പുകാരൻ.

ആശ്വലായനൻ-ഒരുമഹൎഷി, ഒരുകവി. ആശ്വലായനൻ ജീവിച്ചിരുന്നതു് മ ഹാകാവ്യകാലത്തിനടുത്തു് ഇപ്പുറമുള്ള ചോദാൎന്നികകാലത്താണു്. [മഹാകാ വ്യകാലം-൫൦൦൦-൨൫൦൦] അശ്വലാ യനന്റെ ഗൃഹ്യസൂത്രത്തിൽ മഹാഭാര തത്തിന്റെ പേർ കാണുന്നുണ്ടു്. (പ്രാചീ നാഴ്ഗ്വൃത്തം).

ആശ്വസിക്കുക-സുഖിക്കുക.

ആശ്വസ്ത-വി. ആശ്വസിക്കപ്പെട്ട.

ആശ്വാസകം-മടപ്പു, വസ്ത്രം.

ആശ്വാസപ്രദ-വി. ആശ്വാസത്തെ കൊടുക്കുന്ന.

ആശ്വാസം-പു. സുഖം. ൨. ദീൎഘശ്വാ സം. ൩. പൂൎത്തി. ൪. അദ്ധ്യായം.

ആശ്വികൻ-പു. കുതിരക്കാരൻ. ൨. കു തിരപ്പടയാളി.

ആശ്വിനം-തുലാമാസം. അശ്വതിയോ ടുകൂടിയ പൌൎണ്ണമാസിയുള്ള മാസം.

ആശ്വിനി-കുമ്പാരം, കൂട്ടം.

ആശ്വിനേയന്മാർ-അശ്വിനീപുത്രന്മാ ർ, അശ്വിനീദേവന്മാർ, ദേവവൈദ്യ ന്മാർ. ഇവർ രണ്ടുപേരും സദാ ഒന്നിച്ചി രിക്കുന്നവരാണു്.

ആശ്വീനം-ഒരുകുതിര ഒരു ദിവസംകൊ ണ്ടു എത്രദൂരം ചെല്ലുമോ അത്രയും ദൂരം.

ആശ്വീയം-കുതിരക്കൂട്ടം.

ആഷാഢ-പൂരാടം നക്ഷത്രം.

ആഷാഢം-പു. ആടിമാസം (കൎക്കടക മാസം). മിഥുനം മദ്ധ്യംമുതൽ കൎക്കടകം മദ്ധ്യം വരെയാണു് ആഷാഢമാസം എന്നും കാണുന്നു. ൨. വ്രതവിഷയമായി ധരിക്കുന്നതും പ്ലാശുമരംകൊണ്ടുണ്ടാക്കി യതുമായ ദണ്ഡു്, ബ്രഹ്മചാരിയാൽധരി ക്കപ്പെട്ട പലാശദണ്ഡം. മററ വ്രതസ്ഥ ന്മാരുടേതിനും ഇതു് പറയാം. ൩. മല യപൎവ്വതം. ആഷാഢകം എന്നുംകാണുന്നു

ആഷാഢി-ആഷാഢം (പ്ലാശുദണ്ഡു്) കൈയിലുള്ളവൻ.

ആഷാഢി - കൎക്കടകത്തിലെ വെളുത്ത വാവു.

ആസകല-മുഴുവൻ, എല്ലാം.

ആസക്ത-ആഗ്രഹമുള്ള, തൃഷ്ണയുള്ള.

ആസക്തൻ- താൽപര്യത്തോടുകൂടിയവ ൻ. ആസംഗിച്ചവൻ എന്നു ശബ്ദാൎത്ഥം

ആസക്തി-പു. താൽപര്യം, ആഗ്രഹം. ൨. തൃഷ്ണ.

ആസംഗ-വി. എന്നുമുള്ള.

ആസംഗത്യം-വേർപിരിയൽ,ചേരായ്ക, ഭിന്നത.

ആസംഗം-പു. ഇടുക്കം.

'ചിത്താസംഗേനമദം മിഴികളിടകല ൎന്നാദരം' (അമരുകശതകം)

൨. ചേൎച്ച,സംബന്ധം. ൩. എന്നും. ൪. ആഗ്രഹം.

ആസംഗിനി-ചുഴലിക്കാററു്.

ആസംഗിമം-മുറിവിനെ കെട്ടുന്ന കെട്ടു (ശസ്ത്രക്രിയ സംബന്ധിച്ചതാണു്.)

ആസംജനം-പു. ഉറപ്പിക്കൽ. ൨. ചേ ൎച്ച, സംബന്ധം. ൩. ഭക്തി,ഉപാസനം. ൪ താൽപര്യം.

**ആസത്തി**-പ്ര. സമീപം. ഉ. ലാഭം. ന. ചേർച്ച, അധികമായ അടുപ്പം.

**ആസനം**-പ്ര. പൃഷ്ഠം, കടിയിൽ മുന്തിയ പ്രദേശം. ഉ. വെങ്ങ. (പീഠാദ്യേസ്തു സ്ഥലയോഃ ക്ലീബമാസനം നാജ്ജീവകേ) ന. പീഠം. ർ. ഇരിപ്പാനുള്ള കസാല, പായ്, തോൽ മുതലായവ. ഇരിപ്പാനുള്ളത് എന്നു ശബ്ദാർത്ഥം. ഇ. ആറു നയങ്ങളിൽ ഒന്ന്. ന്യ. ആനയുടെ സ്കന്ധപ്രദേശം. ഇവിടെ ഇരിക്കുന്നതിനാൽ ഈ പേർ വന്നു. ൭. ഇരിപ്പ്. വ്യ. അഷ്ടാംഗയോഗാംഗങ്ങളിൽ ഒന്ന്. ഓരോ വിധത്തിലുള്ള ഇരിപ്പ്.

**ആസനങ്ങൾ**-ഭദ്രാസനം, വജ്രാസനം, വ്യാഘ്രചർമ്മാസനം, വൽക്കലാസനം, കുശാസനം, കൃഷ്ണാസനം, വിഷ്ടരാസനം, പത്മാസനം, മയൂരാസനം, വീരാസനം, സ്വസ്തികാസനം, കൂർമ്മാസനം മുതലായവ.

**ആസനാ, ആസ്യാ**-ഒരേദിക്കിൽതന്നെ സ്ഥിരമായിച്ചെയ്യുന്ന ഇരിപ്പ്.

**ആസനി**-പ്ര. പീടിക (കട). ഉ. പീഠം.

**ആസന്ദി**-പ്ര. ആസനവിശേഷം, സന്യാസികൾ ഇരിക്കുന്ന ആസനം. ഉ. കസേര, കൈയുള്ളകസേര, വീതിയിൽ നീളമധികമുള്ള നാല്ക്കാലി.

**ആസന്ദിക**-ചെറിയആസനം(കസേര)

**ആസന്ന**-വി. അടുത്ത.

'ആസന്നമൃത്യുവായുള്ളോ-
ർക്കിതുയോഗ്യംതന്നെ'
(ഭാഗവതം)

**ആസന്നം**-പ്ര. സമീപം. അടുത്തുവന്നത് എന്നു ശബ്ദാർത്ഥം. ഉ. അടുത്തത്. ന. അടുത്തിരിക്കുന്നത്.

**ആസന്നമരണത്വം**-മരണകാലസാമീപ്യം, മരണത്തിന്റെ അടുപ്പം.

**ആസന്നമൃത്യു**-മരണം അടുത്തവൻ.

**ആസന്നമരണൻ**-മരണം അടുത്തവൻ.

**ആസന്നവർത്തി**-വി. അടുക്കൽ സഞ്ചരിക്കുന്ന.

**ആസവം**-പ്ര. മരുന്നുകളിട്ടുകാച്ചിയമദ്യം, മദ്യം; കരിമ്പിൻനീർപാകംചെയ്തുണ്ടാക്കുന്നതു ശീധു; അതുതന്നെ പാകംചെയ്യാതെ പുളിപ്പിച്ചുണ്ടാക്കുന്നത് ആസവം.

**ആസാദനം**-പ്ര. പ്രാപിക്കുക, ലഭിക്കുക. ഉ. സാദ്ധ്യം. ന. നിവൃത്തി.

**ആസാദിത**-വി. പ്ര. പ്രാപിക്കപ്പെട്ട, ലഭിക്കപ്പെട്ട, സമ്പാദിക്കപ്പെട്ട. ഉ. ക്ഷീണിക്കപ്പെട്ട. ന. മറയ്ക്കപ്പെട്ട.

**ആസാദിക്കുക**-പ്രാപിക്കുക.

**ആസാധനം**-പ്ര. നിവൃത്തി. ഉ. പ്രാപ്തി. ന. സമ്പാദനം.

**ആസാമം**-കാമരൂപം എന്നരാജ്യം, Assam.

**ആസാരം**-പ്ര. പെരുമഴ, ധാരമുറിയാതെയുള്ള മഴ. എങ്ങും വ്യാപിക്കുന്നത് എന്നർത്ഥം.

'ആധാരമില്ലമറ്റെന്നവർകാകഴയോ-
ളുമാസാരവുംതുടങ്ങിടിനാൻവാസവൻ'
(ഭാരതം)

ഉ. എല്ലാടവും വ്യാപിച്ചുകൊണ്ടുള്ള പടപ്പുറപ്പാടിന്റെ പേർ. പരന്നു തൂകുക എന്നു ശബ്ദാർത്ഥം. മറ്റൊരു പര്യായം-പ്രസരണി. ന. ജലകണം. ർ. ശത്രുവെ വളയുക. ഇ. തീൻപണ്ടം.

**ആസിക**-ഇരിപ്പ്.

'സഹപൂരലോമജയാപ്യനാലമായാ
നിജഗൃഹമുഗ്രഹനാസ്വാസികം'
(നളചരിതം കഥകളി)

**ആസികൻ**-വാൾക്കാരൻ (ഖഡ്ഗപാണി).

**ആസിക്ത**-വി. നനയ്ക്കപ്പെട്ട.

**ആസിധാരം**-ഒരു വ്രതം. 'അസിധാരം' നോക്കുക.

'അഭ്യസ്യതീവവ്രതമാസിധാരം'

**ആസീന**-വി. ഇരുന്ന.

**ആസീനൻ**-ഇരിക്കുന്നവൻ.

'വിജ്ഞാരാത്മാനമാസീനംവിധിസമം'
(അദ്ധ്യാത്മരാമായണം)

**ആഃ, ആഃ**-അ. കോപം, ഭീഷണി, ദുഃഖം ഇവയിൽ പറയുന്ന വാക്ക്.

**ആസുര**-വി. അസുരനെ സംബന്ധിച്ച.

**ആസുരൻ**-ദൈത്യൻ.

**ആസുരം**-ദൌഷ്ട്യം, കാഠിന്യം.

**ആസുരി**-൧. കരിങ്കടുക്. കടുരസം കൊണ്ട് അസുരസ്ത്രീയെപ്പോലെയുള്ളത്. മുത്താറി എന്നും ചിലർ പറയുന്നു. ൨. കടുപ്പമുള്ള അസ്ത്രപ്രയോഗം.

**ആസൂത്രണം**-(സാഹിത്യസാഹ്യപ്രകാരം) "വിഷയത്തിൽ വിവരിക്കേണ്ട അംശങ്ങൾ ഏതെല്ലാമെന്നാലോചിച്ച് നിശ്ചയിച്ച് കുറിച്ചുവെയ്ക്കുന്നതിനു 'വിഷയവിശകലനം" എന്നു പേർ. "വിശകലനം ചെയ്തു സംഗ്രഹിച്ച കുറിപ്പു (നോട്ടു)കളെ തരംതിരിച്ചു ക്രമപ്പെടുത്തി എഴുതിയാൽ അതു് ആസൂത്രണം." (പ്ലാൻ).

**ആസൂത്രിത**-വി. മാലയുടെ ആകൃതിയിലാക്കിയ.

**ആസേകം**-തളിക്ക, നനയ്ക്ക.

**ആസേചനക**-വി. തളിക്കുന്ന.

**ആസേചനകം, അസേചനകം**-൧. കണ്ടാൽ തൃപ്തിവരാത്ത (പിന്നേയും പിന്നേയും കാണണമെന്നു തോന്നുന്ന) വസ്തു. തളിപ്പിക്കുന്നതു് എന്നർത്ഥം.

'അപശ്യദാസേചനകം
തലേകരളമന്ധലം
കേരാളികാമളതരം
ഉവാകാണേതിവേശിതം'
(ഗുരുവായൂപുരമാഹാത്മ്യം)

൨. തളിപ്പു് (തളിക്കുക).

**ആസേദിവാൻ**-പ്രാപിച്ചവൻ, ഇരുന്നവൻ.

**ആസേദുഷി**-ഇരുന്നവൾ.

**ആസേവാ, ആസേവനം**-൧. വൈരാഗ്യമുള്ളപ്രവൃത്തി. ൨. സംസർഗ്ഗം. ൩. തുടർച്ച.

**ആസേവിത**-വി. ൧. പ്രവർത്തിക്കപ്പെട്ട. ൨. പിന്നേയും പറയപ്പെട്ട.

**ആസേവിതം**-പ്രവൃത്തി, അനുഷ്ഠാനം.

**ആസ്കന്ദ(ന)ം**-൧. യുദ്ധം. മരിപ്പാനൊരുങ്ങി പുറപ്പെടുക എന്നു ശബ്ദാർത്ഥം. ൨. തിരസ്കാരം, ആക്ഷേപം. ൩. സംശോഷണം. ൪. കുതിരയുടെ ഗതിഭേദം.

**ആസ്കന്ദിതം**-കുതിരയുടെ ഗതിഭേദം, കോപംകൊണ്ടോ എന്നുതോന്നുമാറ് നാലുകാലുംപൊക്കി ചാടിച്ചാടിയുള്ള ഓട്ടം.

**ആസ്ഖലിത**-വി. ഇടറിവീഴപ്പെട്ട.

**ആസ്തരണിക**-വിരിപ്പിന്മേൽ സുഖമെടുക്കുന്ന.

**ആസ്തരണം**-൧. വിരിപ്പ്, മേൽവിരിപ്പ്.

'മണിമയസമനോമാഹനശയനേ
മണമിയലുംനവകസുമാസ്തരണേ'
(കിർമ്മീരവധം കഥകളി)

൨. ആനപ്പുറത്തു വിരിക്കുന്ന കമ്പിളി. മായ്ക്കുന്നത് എന്നു ശബ്ദാർത്ഥം. ൩. പഞ്ഞിയിട്ടുകിടക്കയുടെ മേൽവിരിപ്പ്. ൪. ആനക്കോപ്പ്. ൫. കിടക്ക. ൬. കിടക്കയിൽ വിരിക്കുന്ന വസ്ത്രം. ൭. വിരിക്കുക. ൮. ചിതറുക.

**ആസ്താരം**-വിരിക്കുക, ചിതറുക.

**ആസ്താവം**-൧. യാഗത്തിൽ സങ്കീർത്തനം ചൊല്ലുന്നസ്ഥലം. ൨. സങ്കീർത്തനം, സ്തുതി.

**ആസ്തി**-സമ്പത്ത്, സ്വത്ത്.

**ആസ്തിക**-വി. ൧. ദൈവവിശ്വാസമുള്ള. ൨. വിശ്വാസമുള്ള, ഭക്തിയുള്ള.

ആസ്തികൻ-പു. പരലോകത്തെയും ദൈവത്തെയും വിശ്വസിക്കുന്നവൻ. ആസ്തികൻ><നാസ്തികൻ. ൨. ഒരു മുനി.

ആസ്തികൻ-ഒരുമുനി, വാസുകിയുടെ സഹോദരിയായ 'ജരൽക്കാരു' എന്നവളിൽ 'ജരൽക്കാരു' എന്ന മുനിക്കുണ്ടായവൻ. സർപ്പസത്രത്തെ ഒഴിച്ചതു് ഈ ആസ്തികൻ ആകുന്നു. ആസ്തീകൻ എന്നും കാണുന്നു.

ആസ്തികം-മഹാഭാരതത്തിലെ ഒരു പർവ്വം.

ആസ്തിക്യം, ആസ്തികതാ, ആസ്തികത്വം-പു. ശ്രദ്ധ. ൨. ഒരു ദൈവമുണ്ടെന്നുള്ള വിശ്വാസം.

ആസ്തീർണ്ണം-വിരിക്കപ്പെട്ടതു്.

ആസ്തൃത-വി. പു. വിരിക്കപ്പെട്ട.

'കണ്ടാലുമെങ്കിൽകുശാസ്തൃതംസീതയാം'
(അദ്ധ്യാത്മരാമായണം)

൨. മൂടപ്പെട്ട. ൩. മറഞ്ഞ. ൪. ചേർത്തു കെട്ടപ്പെട്ട.

ആസ്ഥൻ-ആധീനൻ.

ആസ്ഥാ-പു. ആഗ്രഹം.

'എന്തൊരാസ്ഥാമഹാത്മാക്കൾക്കിതിനാമുള്ളതും'
(അദ്ധ്യാത്മരാമായണം)

൨. ആദരവു്. ൩. താൽപര്യം, ശ്രദ്ധ. ൪. സ്നേഹം. ൫. ആസ്ഥാനമണ്ഡപം. ൬. പ്രയത്നം. ഇതിൽ സ്ഥിതിചെയ്യുന്നു എന്നു ശബ്ദാർത്ഥം. ൭. ഇരിപ്പിടം.

ആസ്ഥാനദേശം-രാജാക്കന്മാർ സഭകൂടാനുള്ള സ്ഥലം (സഭാമണ്ഡപം).

ആസ്ഥാനം-പു. ഇരിപ്പിടം. ൨. രാജസഭ. എല്ലാവരും ഇരിക്കുന്നേടം എന്നു ശബ്ദാർത്ഥം.

'ആസ്ഥാനത്തിങ്ങിരിപ്പുന്നിയവുമറിവു
ലോകവൃത്താന്തമാരാൽ'
(ഉത്തരരാമായണം ചമ്പു)

൩. സഭ.

ആസ്ഥാനമണ്ഡപം- രാജാക്കന്മാർ സഭകൂടാനുള്ള സ്ഥലം.

ആസ്ഥാനി-രാജസഭ. എല്ലാവരും ഇരിക്കുന്നേടം എന്നു ശബ്ദാർത്ഥം.

ആസ്ഥാപനം-പു. സ്ഥാപിക്കുക, വയ്ക്കുക. ൨. താമസത്തിനിടയാക്കുക.

ആസ്ഥിത-വി. ഇരിക്കപ്പെട്ട, ഇരുന്ന.

ആസ്ഥിതൻ-കയറിയിരിക്കുന്നവൻ.

'സോമകേളിസമയാമകഞ്ചുകി
ലലാമമമലമാസ്ഥിതം'
(അംബരീഷചരിതം കഥകളി)

ആസ്പദീഭൂതം-ആസ്പദം (സ്ഥാനം-ഇരിപ്പിടം) ആയിഭവിച്ചതു്.

ആസ്പദം-പു. സ്ഥാനം, ഇരിപ്പിടം. ൨. ചെയ്യത്തക്ക കാര്യം. ഇതിൽ പ്രാപിക്കുന്നു എന്നു ശബ്ദാർത്ഥം.

ആസ്പന്ദനം-ഇളക്കം.

ആസ്ഫാലനം-പു. അടി, അഭിഘാതം. ൨. അഹംഭാവം, അഹങ്കാരം, ഡംഭം. ൩. ആന ചെവിയാട്ടുക.

ആസ്ഫാലിത-വി. അടിക്കപ്പെട്ട.

'അജസ്രമാസ്ഫാലിതവല്ലകീഗുണ
ക്ഷതോജ്ജ്വലാംഗുഷ്ഠനഖാംശുഭിന്നയാ'
(മാഘം)

ആസ്ഫുരിത-വി. ശോഭിക്കപ്പെട്ട.

ആസ്ഫോട(ന)ം-വിരിച്ച്, പിളർപ്പ്.

ആസ്ഫോടം-പു. വിരിച്ച്, പിളപ്പ്. ൨. എരിക്കു്. ൩. മുള്ളുചിപ്പിപ്പുള്ള്.

ആസ്ഫോടനി-പു. തൊരം തുളയ്ക്കുന്ന കത്തി, മണിവേധകസൂചി എന്നും പാഠം. പിളർക്കുന്നതു് എന്നു ശബ്ദാർത്ഥം. മറ്റൊരു പര്യായം-വേധനിക. ൨. മരം തുളയ്ക്കുന്ന ഉളി (വിധ). ൩. കത്രിക (കത്തിരി).

ആസ്ഫോതം-എരിക്കു്. വിരിയുന്നതു എന്നു ശബ്ദാർത്ഥം. ആസ്ഫോടം എന്നും പാഠമുണ്ടു്.

**ആസ്ഫോതാ, ആസ്ഫോടാ**-൧. വിഷ്ണുക്രാന്തി (കൃഷ്ണക്രാന്തി). നാലുഭേദവും വിരിന്ന പൂക്കൾ ഉള്ളത് എന്നു ശബ്ദാർത്ഥം. ൨. കാട്ടുമല്ലി. ൩. വെള്ളരിക്ക്. ൪. കാട്ടുപിച്ചകം. ൫. ചേറിൻകര. ൬. എരിക്ക്. ൭. നവമല്ലികപ്പൂവ്.

**ആസ്യം**-൧. മുഖം. ൨. വായ്. പുളിരസവും മറവുംകൊണ്ടു ഒലിക്കുന്നത്, അക്ഷരത്തെ ഉച്ചരിക്കുന്നത് ഇങ്ങനെ ശബ്ദാർത്ഥം.

**ആസ്യന്ദനം**-വി. ഒഴുകുന്ന, ഊറുന്ന.

**ആസ്യപത്രം**-താമര.

**ആസ്യലാംഗലം**-൧. പന്നി. ൨. പട്ടി.

**ആസ്യലോമ**-൧. മീശ. ൨. കരടി.

**ആസ്യാ, ആസനാ**-ഇരിപ്പ്. ഒരു ദിക്കിൽതന്നെ സ്ഥിരമായിട്ടു ഇരിക്കുക. മററു പര്യായങ്ങൾ-സ്ഥിതി, സ്ഥാനം.

**ആസ്യാസവം**-വായിലെ വെള്ളം (ഉമിനീർ).

**ആസ്രപൻ**-രാക്ഷസൻ (ചോര കുടിക്കുന്നവൻ).

**ആസ്രം**-൧. രക്തം. ൨. കണ്ണുനീർ.

**ആസ്രവം**-ക്ലേശം, സങ്കടം. പൊഴുകുണിരിക്കുക എന്നു ശബ്ദാർത്ഥം. മററു പര്യായങ്ങൾ-ആദീനവം, ക്ലേശം.

**ആസ്രാവ**-വി. ഒഴുകുന്ന, ഓടുന്ന.

**ആസ്രാവം**-൧. മുറിവ്. ൨. വേദന. ൩. രോഗം. ൪. ഗതി, പോക്ക്.

**ആസ്വദിക്കുക**-൧. ഭക്ഷിക്കുക.

'പാരമപ്പിഹവിരാസ്വദിച്ചധുനാ'

(അംബരീഷചരിതം കഥകളി)

൨. രുചിനോക്കുക. ൩. അനുഭവിക്കുക.

**ആസ്വനിത**-വി. ശബ്ദമുണ്ടാക്കപ്പെട്ട.

**ആസ്വാദനം**-൧. ഭക്ഷണം. ൨. രുചിനോക്കുക. ൩. അനുഭവിക്കുക.

**ആസ്വാദിത**-വി. ആസ്വദിക്കപ്പെട്ട, ഭക്ഷിക്കപ്പെട്ട, രുചിനോക്കപ്പെട്ട, അനുഭവിക്കപ്പെട്ട.

**ആഹകാ**-മൂക്കിലെ ഒരുവക രോഗം.

**ആഹത**-വി. ൧. അടിക്കപ്പെട്ട. ൨. അറിയപ്പെട്ട. ൩. പെരുകിയ.

**ആഹതനം**-അടി. ൨. കൊലസ്ഥലം.

**ആഹതം**-൧. അടിച്ചുണ്ടാക്കിയത്. ൨. ഒട്ടും ചേർച്ചയില്ലാത്ത അർത്ഥത്തോടുകൂടിയ വാക്ക്. ൩. പെരുക്കിയ സംഖ്യ. ൪. ഒരു വാദ്യം.

**ആഹതലക്ഷണൻ**-ഗുണങ്ങൾ ഹേതുവായിട്ടു പ്രസിദ്ധി നേടിയവൻ. ജനങ്ങൾ പിന്നെയും പിന്നെയും പറയുന്ന പേരോടുകൂടിയവൻ എന്നു ശബ്ദാർത്ഥം. ആഹിതലക്ഷണൻ എന്നും ചിലർ പറയുന്നുണ്ട്. മററൊരു പര്യായം-കൃതലക്ഷണൻ.

**ആഹതി**-൧. അടി. ൨. കൊല്ലുക.

**ആഹനനം**-൧. അടി. ൨. വടി.

**ആഹനിക്കുക**-താഡിക്കുക, അടിക്കുക.

'സിംഹംതാൻകോപിച്ചങ്ങാനതൻമസ്തകമാഹനിച്ചങ്ങുപൊളിപ്പതിനായ്'

(കൃഷ്ണഗാഥ)

൨. കൊല്ലുക.

**ആഹന്ത**-അ. കഷ്ടം, ആശ്ചര്യം.

**ആഹരണം**-൧. കൈക്കൊള്ളുക. ൨. സ്ത്രീധനം.

**ആഹരം**-ധൈര്യം.

**ആഹരി**-ഒരു രാഗം.

**ആഹരിക്കുക**-കൈക്കൊള്ളുക, കൊണ്ടുവരിക.

**ആഹവം**-൧. യുദ്ധം. സ്പർദ്ധിച്ചു പ്രവൃത്തി എന്നു ശബ്ദാർത്ഥം.

'ആഹവമതിലതിമോഹികളായ് ചില
ദേഹികളുംവന്നിടുകിൽ'

(അംബരീഷചരിതം കഥകളി)

൨. യാഗം.

**ആഹവനം**-യാഗം.

**ആഹവനീയം**-അഗ്നികൾ മൂന്നുള്ളതിൽ ഒന്ന്. മററവ ദക്ഷിണാഗ്നി, ഗാർഹപത്യാഗ്നി.

മതാംകാര്യകർമ്മങ്ങൾ വെളിയിൽപരിഷ്ഠാഗ്നിയെ ജ്വലിപ്പിക്കുന്നത് എല്ലാം ഗൃഹസ്ഥന്മാരുടേയും ഒരു മുഖ്യപ്രവൃത്തിയായിരുന്നു. ഗാർഹപത്യാഗ്നി വൃത്തത്തിലും, ആഹവനീയാഗ്നി ചതുരത്തിലും, ദക്ഷിണാഗ്നി അർദ്ധവൃത്താകാരത്തിലും ഇട്ടു വന്നിരുന്നു.

ആഹവഭൂമി-പടനിലം.

ആഹാ-അ. സന്തോഷം, അത്ഭുതം, ദുഃഖം ഇവയുണ്ടാകുമ്പോൾ പ്രയോഗിക്കുന്ന ഒരു വാക്ക്.

ആഹാരം-൧. ഭക്ഷണം, ഊണ്, തീററി, തിന്നാനുള്ളത്. പര്യായങ്ങൾ-ജഗ്ധി, ഭോജനം, ജേമനം, ലേഹം, ആഹാരം, നിഘസം.

ആഹാരപദാർത്ഥങ്ങൾ നാലുവിധം-൧. ഖാദ്യം-കടിച്ചുതിന്നുന്നത്. ൨. പേയം-കുടിക്കത്തക്കത്. ൩. ലേഹ്യം-നക്കിത്തിന്നാവുന്നത്. ൪. ഭോജ്യം (ഭക്ഷ്യം)-ഭുജിക്കത്തക്കത്.

൨. എടുക്കുക.

ആഹാരാദിചതുഷ്ടയം-ആഹാരം മുതലായ നാലു കാര്യങ്ങൾ. ആഹാരം, വിഹാരം, മൈഥുനം, നിദ്ര ഇവ നാലുമത്രെ മനുഷ്യധർമ്മങ്ങൾ.

ആഹാര്യ-വി. ആഹരിക്ക(എടുക്ക)പ്പെടേണ്ടുന്ന.

ആഹാര്യശോഭ-വാസ്തവത്തിലധികമായ ശോഭ. ഇവിടെ ആഹാര്യം എന്ന പദത്തിനു 'കൃത്രിമം' (കെട്ടിച്ചമച്ചുണ്ടാക്കുന്നത്) എന്നർത്ഥം.

ആഹാവം-കൽത്തൊട്ടി. (ഇതു സാധാരണ കിണറുകളും മുതലായതിനു സമീപം നിർമ്മിക്കാറുണ്ട്. പശുക്കൾക്കു വെള്ളം കുടിപ്പാനായിട്ടാണ്.) ഇതിന്റെ അടുക്കൽ പശുക്കൾ വിളിക്കപ്പെടുന്നു എന്നർത്ഥം. മറ്റൊരു പര്യായം-നിപാനം.

ആഹികജ്വരം-ഇടവിട്ടുള്ള പനി.

ആഹികൻ-൧. കേതു. ൨. പാണിനിയുടെ മറെറാരുപേർ.

ആഹിത-വി. വയ്ക്കപ്പെട്ട.

ആഹിതലക്ഷണ-വി. ഗുണങ്ങളെക്കൊണ്ടു പ്രസിദ്ധിനേടിയ. (ആഹിതലക്ഷണൻ എന്നതു നോക്കുക.)

ആഹിതാഗ്നി-അഗ്നിഹോത്രി.

ആഹിതാനലൻ-അഗ്നിഹോത്രി. (ആഹിതാനല എന്നുള്ളതു [illegible] കത്തിൽ 'ഹൈതാഗ്ന' എന്നായി).

ആഹിതുണ്ഡികൻ-പാമ്പു പിടിക്കുന്നവൻ (പാമ്പാട്ടി). അഹിതുണ്ഡം (പാമ്പിന്റെ മുഖം) കൊണ്ടു കളിക്കുന്നവൻ എന്നു പറയാം. മറ്റൊരു പര്യായം-വ്യാളഗ്രാഹി.

ആഹുകൻ-ഉഗ്രസേനന്റെ പിതാവ്.

ആഹുത-വി. ഹോമിക്കപ്പെട്ട.

ആഹുതി-ഹോമം.

ആഹൂത-വി. വിളിക്കപ്പെട്ട.

ആഹൂതസംപ്ലവം-ലോകനാശകാലം.

ആഹൂതി-൧. സ്വായംഭുവമനുവിനു ശതരൂപയിൽ ഉണ്ടായവൾ. ൨. വിളി.

ആഹൂതാ-വിളി.

ആഹൃത-വി. ആഹരിക്ക(എടുക്ക)പ്പെട്ട.

ആഹേയ-വി. അഹിയെ (സർപ്പത്തെ) സംബന്ധിച്ച.

ആഹേയം-പാമ്പിന്റെ അസ്ഥി, വിഷം, വളമുതലായതു. അഹിയിൽ (പാമ്പിൽ) ഭവിച്ചതു എന്നു ശബ്ദാർത്ഥം.

ആഹേരു-ശതാവരി. (അഹേരു എന്നതു നോക്കുക.)

ആഹളനം-നിന്ദ.

ആഹോ-അ. അതോ ഇതോ എന്നുള്ള വികല്പത്തിലും വിശേഷണയുള്ള അർത്ഥത്തിലും പ്രയോഗം. ഇതു ചോദ്യത്തിലും പ്രയോഗിക്കാറുണ്ട്.

ആഹോപുരുഷിക-അഹംഭാവം അഹംകാരം, ഞാൻ കേമനാണ്, സമർത്ഥനാണ്, ധീരനാണ് എന്നും മററുമുള്ള വിചാരം.

ആഹോസ്വിൽ-ആഹോ എന്നതിന്റെ അർത്ഥം.

ആഹ്നിക-വി. പകലിനെസംബന്ധിച്ച.

ആഹ്നികം-ദിവസന്തോറും ചെയ്യുന്നത് (കുളി ഭക്ഷണം ഇത്യാദിപോലെ.)

ആഹ്നികക്രിയ-പകലത്തേകർമ്മം.

ആഹ്ലാദനീയ-വി. സന്തോഷിപ്പിക്കേണ്ടുന്ന.

ആഹ്ലാദനം-സന്തോഷത്തെനൽകുന്നത്

ആഹ്ലാദം-സന്തോഷം.

ആഹ്ലാദി- വി. സന്തോഷത്തെ കൊടുക്കുന്ന.

ആഹ്ലാദിക്കുക-സന്തോഷിക്കുക.

ആഹ്ലാദിത-വി. സന്തോഷിപ്പിക്കപ്പെട്ട.

ആഹ്വ-പേർ, നാമം. ആഹ്വാനം ചെയ്യപ്പെടുന്നത് (വിളിക്കപ്പെടുന്നത്) എന്നർത്ഥം.

ആഹ്വയം-പേർ, നാമം. വിളിക്കപ്പെടുന്നത് എന്നു ശബ്ദാർത്ഥം.

ആഹ്വാനദർശനം-വിചാരണയ്ക്കുഹാജരാവുക.

ആഹ്വാനം-൧. വിളി. ൨. കോടതിയിൽ നിന്നു സമൻസയച്ചു വിളിക്കുക.

ആഹ്വാനയതി- സമൻസയക്കുക, കല്പിച്ചുവിളിക്കുക.

ആഹ്വായം-൧. സമൻസ്. ൨. പേർ.

ആഹ്വായക-വി. ക്ഷണിക്കുന്ന, വിളിക്കുന്ന.

ആഹ്വായകൻ-ദൂതൻ.

ആൾ, ആള്-൧. മനുഷ്യൻ. ൨. ശേഷിയുള്ളവൻ, സമർത്ഥൻ.

'പൃത്ഥ്വന്താമേഹാവതിനുമാ
മല്ലന്നീതഅന്നാവേണം'
(മയൂരസന്ദേശം)

ആളക്കൊല്ലി-പണം, ദ്രവ്യം, ധനം.

ആളന്തരം-പുരുഷാന്തരം, മരണം.

ആളർക്കം-അളർക്കത്തെ (പേപ്പട്ടിയെ)സംബന്ധിച്ച.

'ആളർക്കംവിഷമിവസർവ്വതഃപ്രസൃപ്തം'
(ഉത്തരരാമായണംചമ്പു)

ആളാനം-ആനയെ കെട്ടുന്നതറി, ആനയെ തളയ്ക്കുന്ന കെട്ടുകുററി. ഇതിനോടു ചേർത്തു കെട്ടുന്നതിനാൽ ഈ പേർവന്നു. മററുപര്യായം-ബന്ധസ്തംഭം.

ആളായ്മ-ശേഷി, കാര്യപ്രാപ്തി, തനിക്കുതാൻപോരിക.

ആളി-൧. കൂട്ടം (സമൂഹം.) ൨. സഖി (ഒപ്പം കളിച്ചു വളർന്നവൾ.) അലങ്കരിക്കുന്നവൾ എന്നർത്ഥം. മററു പര്യായങ്ങൾ-സഖി, വയസ്യ. ൩. ചിറ, ചെറിയചിറ. വെള്ളത്തെ തടുക്കുന്നത് എന്നു ശബ്ദാർത്ഥം. മററുപര്യായം-സേതു. ൪. ഇടമുറിയില്ലാത്ത മരക്കൂട്ടം. അലങ്കരിക്കുന്നത് എന്നു ശബ്ദാർത്ഥം. ൫. നിര. ൬. വരമ്പ്. ൭ വരി. ൮. വര.

ആളിന്ദം-പുറന്തിണ്ണ. (അലിന്ദം എന്നതിന്റെ പ്രചാരം കൂടുതലുണ്ട്).

ആളുക-൧. ഭരിക്കുക. ൨. രക്ഷിക്കുക. ൩. വഹിക്കുക. ൪. അനുഭവിക്കുക. ൫. ഉണ്ടായിരിക്കുക. ൬. വാഴുക. ൭. ഉയരുക. ൮. പടർന്നാകുക.

ആളുപാകം-ഇരച്ചേച്ച്.

ആളൂർ-തിരുവിതാംകൂറിൽ ഇരണിയൽ താലൂക്കിലെ ഒരു പകുതി.

ആളോടി-വെളിപ്പുഴു.

ആളംപ്പാട്ടം-അടിമയെ മററൊരാൾക്കു ഏല്പിക്കുമ്പോൾ ആണ്ടുതോറും വാങ്ങിക്കുന്ന ദ്രവ്യം.

ആറംപ്രമാണം – കൈപ്പടത്തോടുകൂടി കൈ മേല്പെട്ടു നീട്ടിനിന്ന മനുഷ്യന്റെ (പുരുഷന്റെ) നീളം. ഇതിന ഭാഷയിൽ 'ഒരാളും കൈയെടുപ്പും' എന്ന പറയാറുണ്ട്. പര്യായം-പൌരുഷം.

ആറംകാട്ടി-പുള്ള്, അസഹ്യതയുണ്ടാക്കുന്ന ഒരുവക പക്ഷി.

ആറംക്കാർ- കീഴ്പെട്ടവർ, കീഴ്പതിക്കാർ, ആശ്രിതന്മാർ.

ആറംക്കുറിയൻ-ഒരു പക്ഷി.

ആഴക്ക്-നാഴിയിൽ എട്ടിലൊന്ന്.

ആഴം-താഴ്ച (കുഴി).

ആഴാതി – അമ്പലവാസികളുടെ ഒരു സ്ഥാനപ്പേർ.

ആഴാന്തൽ-പലകപ്പയ്യാനി.

ആഴി-൧. സമുദ്രം(ആഴമുള്ളത് എന്നർത്ഥം), ൨. മോതിരം. ൩-ാം, തിരുവാഴി. ൪. സുദർശനം എന്ന ചക്രം. ൫. കുളം. ൬ എരിയുന്ന തീയ്.

ആഴിമാതാവു, ആഴിമാതു്-ലക്ഷ്മീഭഗവതി. സമുദ്രം അമ്മയായവൾ എന്ന ശബ്ദാർത്ഥം.

ആഴിവണ്ണൻ-വിഷ്ണു. (കടൽനിറമുള്ളവൻ).

ആഴ്ക-താഴുക, മുങ്ങുക, താണുകിടക്കുക

ആഴ്വാഞ്ചേരി- ഒരു ബ്രാഹ്മണഗ്രാമത്തിന്റെ പേർ. ഇതു് തിരുനാവായ്ക്കടുത്താണ്. ഇതിലെ പ്രമാണിക്ക ആഴ്വാഞ്ചേരിതമ്പ്രാക്കൾ എന്ന പറഞ്ഞുവരുന്നു.

ആഴെ-വി അഗാധമായി.

ആഴ്ച-തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം, വെള്ളി, ശനി, ഞായർ എന്ന ഗ്രഹങ്ങളിൽ ഓരോന്നിനും പറയുന്ന പേർ.

ആഴ്ചവട്ടം-ഏഴാഴ്ചകളും കൂടി പറയുന്ന പേർ.

ആറന്മുള-തിരുവിതാംകൂറിൽ തിരുവല്ലാതാലൂക്കിൽ ചേർന്ന ഒരു പകുതി. ഇത വള്ളംകളിക്ക വിശേഷമുള്ളതാണ്.

ആറക്കാൽ-വണ്ടിച്ചക്രത്തിന്റെ വട്ടത്തിന്നും കടത്തിന്നും മദ്ധ്യേയുള്ള കാല്. ചിലെടത്തു് ഇതിന 'അരക്കാൽ' എന്നാണ് പേർ. സംസ്കൃതത്തിൽ'അരം' എന്നും 'ആരം' എന്നും പറയുന്നു.

'ആറക്കാലിനിടക്കുകൂടിനെടുക്കെ
നുഴഞ്ഞുവേഴാമ്പൽ'
(മലയാളശാകുന്തളം)

ആറാട്ടുക-കുളിക്കുക.

ആറാട്ടം-൧. കളി. ൨. പിരളുക.

ആറാട്ടു്-കുളി, ബിംബത്തെ കുളിപ്പിക്ക.

ആറാട്ടുതറ-വെടിക്കോട്ട.

ആറാട്ടുപുഴ-തിരുവിതാംകൂറിൽ കാർത്തികപ്പള്ളി താലൂക്കിൽ ഒരു പകുതി.

ആറാംപഴിഞ്ഞി–തൊങ്ങണാപുല്ല്.

ആറാമട-തിരുവിതാംകൂറിൽ തിരുവനന്തപുരം താലൂക്കിലെ ഒരു പകുതി.

ആറാംവരി-വാരിപ്പുറം, വാരിയെല്ല്.

ആറായിരം-ആറ് ആയിരംചേർന്നതു്.

ആറാറ്-൧. മുപ്പത്താറ്. ആറു തവണ ആറ് കൂടിയതു്. ൨. ആറുവീതമായ.

ആറു-മാതിരി, സമ്പ്രദായം. (പ-മ)

ആറു-൧. അഞ്ചുകഴിഞ്ഞെണ്ണുന്നതു്, മൂന്നിരട്ടിച്ചാൽ വരുന്ന തുക. ൨. നദി. ൩. വഴി. ൪-ാം, ചെയ്യാറ, വന്നാറ. ൫. വിധം, സ്ഥിതി. ൬-ാം, കിട്ടിയവാറങ്ങിനെ. ൭. വണ്ണം. ൮-ാം, വരുമാറു=വരുംവണ്ണം.

ആറുക-ചൂടില്ലാതാവുക.

ആറുകാലാടി–ഒരു വിധം എണ്ണ.

കരിമ്പനാ, ചിറ്റമൃതു, കൊഴുപ്പ,
കറുക, മുഴിഞ്ഞ ഇവ സമം ഇടിച്ചു പി
ഴിഞ്ഞ നീര് ഇരുനാഴി, എണ്ണ നാഴി;
കല്ക്കത്തിന കരളികിഴങ്ങു നാലു കഴഞ്ചു;
ഞെരിഞ്ഞിൽ കുറുക്കി കാച്ചിയരിച്ചു തേക്കുക;
ഇതെല്ലാം കാമിലയ്ക്കു നന്നു. കല്ക്ക

ത്തിനു ഇരട്ടിമധുരം, ചന്ദനം, കൊട്ടം ഇവയാംകിലുമാം. പ്രസവിച്ചാൽ തല നോവു വർദ്ധിക്കുന്ന പക്ഷം ഈ ഒരെലം ഉപയോഗപ്പെട്ടും. ഈ യോഗം ഗർഭചികിത്സയിൽ പെട്ടതാണ്.

**ആറുകാല്പ്**-൧. കയ്യന്ന്യം (കയ്യോന്നി). ൨. വണ്ട്.

**ആറുദേശപ്പാറ്**-തിരുവിതാംകൂറിൽവിളവങ്കോട്ടു താലൂക്കിലെ ഒരു പകുതി.

**ആറുനയങ്ങൾ**-സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം ഇവ ആറും.

**ആറുമുഖൻ**-സുബ്രഹ്മണ്യൻ (ശിവന്റെ പുത്രൻ).

**ആറുരസങ്ങൾ**-സ്വാദ് (മധുരം), അമ്ലം (പുളി), ലവണം (ഉപ്പ്), തിക്തം (കയ്പ്), ഉഷ്ണം (എരു), കഷായം (ചവർപ്പ്) ഇവ ആറും.

ഇവ ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്നു. മുമ്പേ മുമ്പേ പറയപ്പെട്ട രസം ദേഹത്തിന് അധികമായി ബലത്തെയുണ്ടാക്കും.

**ആറുശാസ്ത്രങ്ങൾ**-(വേദാംഗങ്ങൾ) ൧. ശിക്ഷ. (ഉച്ചാരണം ശരിയായി അഭ്യസിപ്പിക്കുന്ന ശാസ്ത്രം). ൨. കല്പം (ആചാരക്രമങ്ങളെ വിവരിക്കുന്ന ശാസ്ത്രം). ൩. വ്യാകരണം (ഭാഷയെക്കുറിക്കുന്നതു). ൪. നിരുക്തം (പദങ്ങളുടെ അർത്ഥത്തെ വിവരിക്കുന്നതു). ൫. ജ്യോതിഷം (നക്ഷത്രം മുതലായവയെ പ്രതിപാദിക്കുന്നതു). ൬. ഛന്ദസ്സ് (വൃത്തത്തെക്കുറിച്ചുള്ളതു).

'ശിക്ഷാ കല്പം വ്യാകരണം
നിരുക്തം ഛന്ദസാം ചയഃ
ജ്യോതിഷാമയനം ചൈവ
വേദാംഗാനി ഷഡേവ തു'

**ആറേ**-അ. ആററിൽക്കൂടെ.

**ആററ**-കരുവി, ചെറിയപക്ഷി.

**ആററ**-വി. ഓമനയായ.

**ആററൽ**-വി. ഓമനയായ.

'ആററൽകിടാവിനെചീററവും പൂണ്ടു'
(കൃഷ്ണഗാഥ)

**ആററൽ**-൧. ചെണ്ടി, ശ്ലേഷ്മാന്തി.

'കാററുതട്ടിവിളക്കണഞ്ഞു
കെട്ടുപോയാലതിൽപിന്നെ
ആററലോടെവെളിച്ചമുണ്ടു
പകർന്നാൽകത്തുമാറുണ്ടോ'
(ത്രിപുരദഹനം തുള്ളൽ)

൨. മനോഹരമായ വളച്ചു. ൩. ആശ്വസിപ്പിക്ക. ൪. തണുപ്പിക്ക. ൫. ശമിപ്പിക്ക.

**ആററം**-വളരെ. ൨. വല്ലതും, ഏതാനും.

**ആററുക**-തണുപ്പിക്ക, ചൂടില്ലാതാക്കുക.

**ആററുകാൽ**-൧. ആററിൽ നിന്നുണ്ടായ തോട്. ൨. തിരുവനന്തപുരത്തു ഒരിണിലുള്ള ഒരു സ്ഥലത്തിന്റെ പേർ.

**ആററുങ്ങൽ**-തിരുവിതാംകൂറിൽ ചിറയിൻകീഴ് താലൂക്കിലെ ഒരു പകുതി.

ഇതു തിരുവിതാംകൂറിലെ വിശേഷസ്ഥലങ്ങളിൽ ഒന്നാകുന്നു. പണ്ട് ഒരു രാജ്ഞിയിൽ നിന്നു തിരുവിതാംകൂറിനു കിട്ടിയതാണ്. ഇതു നമ്മുടെ രാജ്ഞിമാരുടെ പൊതു കുടുംബമാണെന്നുള്ളതു 'ആററങ്ങൽ മൂത്തതമ്പുരാൻ', 'ഇളയതമ്പുരാൻ' എന്ന നാമധേയങ്ങൾ കൊണ്ടു സ്പഷ്ടമാകുന്നു. ആററങ്ങലും ഇടവാട്ടും ശ്രീപാദം വകയാണ്.

**ആററുദർഭ**-ഒരുവകപ്പുല്ല്. പര്യായങ്ങൾ-കാശം, ഇക്ഷുഗന്ധ, പോടഗളം, കവ്ഷീരിയ് എന്നും പറയുന്നു.

ഇതു ഭ്രമം, ശോഷം, അരോചകം, ആമദോഷം, രക്തപിത്തം, ദുർബലത, ചുട്ടുനീറൽ, ക്ഷയം ഇവയെ നശിപ്പിക്കും. മൂത്രവൃദ്ധിയെ ചെയ്യും. രസത്തിൽ മധുരവും പാകത്തിൽ തിക്തരസവും ശീതളവുമാകുന്നു. ഇതു കണ്ണിനു മെ

ലെ ഉണ്ടാകുന്ന രോഗങ്ങൾക്കും ഉദര
രോഗങ്ങൾക്കും ഉപയോഗം.

ആററുനോററുപോവുക- കുളിച്ചു ഉപ
വസിച്ച് വ്രതമിരിക്ക.

ആററുപേരാൽ-ഒരുവക വൃക്ഷം.

‘നദീവടോയജ്ഞവൃക്ഷഃ
സിദ്ധാർത്ഥോവടകാവടീ
അമരാസംഗിനീചൈവ
ക്ഷീരകാഷ്ഠാചകീർത്തിതാ’

എന്നു പര്യായം.

‘വടീകഷായമധുരാശിശിരാപിത്തഹാരിണീ
ദാഹതൃഷ്ണാശ്രമശ്വാസവിച്ഛർദ്ദിശമനീപരാ’

എന്നു ഗുണങ്ങൾ.

ആററുപ്ര-തിരുവിതാംകൂറിൽ തിരുവന
ന്തപുരം താലൂക്കിലെ ഒരു പകുതി.

ആററുവഞ്ഞി-ഒരു വൃക്ഷം. പര്യായ
ങ്ങൾ-പരിവ്യാധം, വിദുലം, നാദേയി,
അംബുവേതസം.

ഇതിൻെറ പൂവും കായും ഭൂതബാധ
യെ കളയും. ദീപനവും രുചികരവുമാ
കുന്നു. രക്തപിത്തത്തെ കളയും. ഇതി
ന്നു ആററുവഞ്ചി എന്നും നീർവഞ്ചി എ
ന്നുമുള്ള ഭേദം കാണുന്നു. വ്രണവാതം,
മൂത്രകൃച്ഛ്റം, അശ്മരി ഇവക്കും നന്നാ
ണത്രെ. അധികം ആററുവഞ്ഞിയുള്ള പ്ര
ദേശത്തിന് ‘വേതസ്വാൻ’ എന്നുപേർ.

ആററുവട്ടു-൧. ഒരു ചെടി. ൨. ആററു
വക്ക്.

ആററുവെപ്പ്-ആററരികിൽ എക്കൽ
കേറിയുണ്ടാകുന്ന സ്ഥലം. ആററുവെ
പ്പ് ><കരവെപ്പ്.

ആററൂർ-തിരുവിതാംകൂറിൽ കല്ക്കുളം താ
ലൂക്കിലെ ഒരു പകുതി.

# ഇ

ഇ —സ്വരാക്ഷരങ്ങളിൽ മൂന്നാമത്തെ
ത്. (താലവ്യം.)

ഇ-കാമദേവൻ.

ഇഃ-അ. ൧. കോപം. ൨. അത്ഭുതം. ൩.
വ്യസനം. ൪. ആർദ്രത. ൫. നിന്ദ. ൬.
ബുദ്ധിമുട്ട്.

ഇകൽ-യുദ്ധം, പോർ. (പഴയമലയാളം)
‘അങ്ങുചെന്നികൽകിട്ടുവോമമ്’
(രാമചരിതം)

ഇകൽക്കളം-പോർക്കളം.

ഇകടം-മുളംതളിർ, മുളംകൂമ്പ്.

ഇകണക്കരു-കഴഞ്ചിക്കുരു.

ഇകന്നു-വെറുത്തു, പരിത്യജിച്ചു.
‘കാമ്യമതായുമികന്നുങ്കിൽ’
(ഭഗവൽഗീത.)

ഇകററുക-അകററുക.
‘ഇകററമേട്ടുഖമാശമമാപ്പോൾ’

ഇകാരം-ഇ എന്ന അക്ഷരം.

ഇക്കട്ടു-പ്രയാസം, ദുർഘടം, വൈഷമ്യം.

ഇക്കു-കാരണവൻ. (അഞ്ചിവാക്ക്.)

ഇക്കര-ഇങ്ങക്കര.

സംസ്കൃതത്തിൽ അക്കരക്കു ‘പാരം’ എ
ന്നും ഇക്കരക്കു ‘അവാരം’ എന്നുംപേർ.

ഇക്കണക്കെ, ഇക്കണക്ക്-അ. ഇ
ങ്ങനെ, ഇപ്രകാരം, ഇതുപോലെ.

ഇക്കിളം-എക്കിട്ട എന്ന ദീനം.

ഉൾപ്പനിക്കും മററുമുണ്ടാകുന്ന പക്വാ
ശയങ്ങളുടെ ക്ഷീണം, അധികം ശീത
ജലം മുതലായതുകൊണ്ടു പാനാശന
സ്നാനാദികൾ ചെയ്ക, പൊടി, പുക ഇ
വ ഏല്ക്കുക, വെയിൽകൊള്ളുക, ക
രേറകുക, വലിയഭാരം എടുക്കുക, അ
തിവ്യായാമം ചെയ്യുക, വളരെ വഴിനട
ക്കുക, മലമൂത്രാദിവേഗങ്ങളെ തടുക്കുക,
ഉപവാസംചെയ്ക ഇവ ഹേതുവായിട്ട്

ഇക്കിളും ശ്വാസകാസവും ഉണ്ടാകുന്നു. പൊട്ടുന്നതായ അസുഖങ്ങളെ ഹനിക്കുക നിമിത്തം ഹിക്ക (ഇക്കിൾ) എന്നു പറയുന്നു. ഇക്കിൾ അഞ്ചുവിധം.

൧. അന്നജ-ബലപ്പെട്ടുപയോഗിക്കുന്ന അന്നപാനങ്ങൾ കൊണ്ട് വായുപീഡിതനായി മെല്ലെട്ട ഗമിച്ചുണ്ടാകുന്നത്.

൨. യമള-വളരെ നേരംകൊണ്ട് ഇരണ്ടുകൂടിവരും; ശിരസ്സിനും കഴുത്തിനും ഇളക്കമുണ്ടാകും.

൩. ക്ഷുദ്രം-കണ്ഠസന്ധിയുടെ മൂലത്തിൽ നിന്നും പുറപ്പെടും; മന്ദവേഗത്തോടെ വളരെനേരംകൊണ്ടാണു പുറപ്പെടുന്നത്.

൪. ഗംഭീരം-നാഭിയിൽ നിന്നു പുറപ്പെടും; ഗംഭീരമായ മുഴക്കംകാണും. തണ്ണീർദാഹം, ജ്വരം മുതലായവയും ഉണ്ടായിരിക്കും. ഇതു ഭയങ്കരമാണ്.

൫. മഹതി-മൂത്രാശയം, ശിരസ്സ്, ഹൃദയം ഇവയെ പീഡിപ്പിച്ചു സർവ്വശരീരങ്ങളേയും ഇളക്കി സദാപുറപ്പെടും.

ഇക്കിളി-കിക്കിളി, കിക്കിലി.

ഇക്കിളിക്കുക-ശ്വാസം മെല്ലെട്ടാക്കി വയറാളിക്കുക. ഇക്കളിക്ക എന്നും അപൂർവ്വം കാണുന്നുണ്ട്.

ഇക്കട-ആപത്തു, ഉപദ്രവം. (പ-മ)

ഇക്കുറി-ഇത്തവണ, ഈ പ്രാവശ്യം.

ഇക്കേരി- ബെഡ്‌നൂർ, (Lingaite) രാജാക്കന്മാരുടെ രാജധാനി. ഇവരുടെ രാജ്യത്തിനു ഇക്കേരി സംസ്ഥാനമെന്നും, നാണയങ്ങൾക്കു ഇക്കേരിപ്പണം, വരാഹൻ, എന്നും പറയുന്നു.

ഇക്കേരിയാൻ-കോലനാട്ടിനു വടക്കു ഭാഗം കീഴടക്കിയ ഒരു രാജാവ്.

ഇക്ഷു-൧. കരിമ്പ്. ഇച്ഛിക്കപ്പെടുന്നത് എന്നു ശബ്ദാർത്ഥം. മറ്റൊരു പര്യായം—രസാളം ഇവ ൨-ം, കരിമ്പിന്റെ സാമാന്യമായ പേരാണ്. ൨. ആഗ്രഹം.

ഇക്ഷുകാണ്ഡം-പാൽമുതക്ക.

ഇക്ഷുക്കുട്ടകൻ-കരിമ്പുശേഖരിക്കുന്നവൻ

ഇക്ഷുഗന്ധാ-൧. ഞെരിഞ്ഞിൽ. ഇക്ഷുവിന്റെ ഗന്ധംപോലെ ഗന്ധമുള്ളത് എന്നു ശബ്ദാർത്ഥം. ൨. വയൽച്ചുള്ളി, ൩. കരിമുതക്ക്, പാൽമുതക്ക്, വെണ്മുതക്ക് ഇങ്ങനെയുംപറയുന്നു. ൪. ആറുമുള (കുരവിക്കരിമ്പ് എന്നുംപറയുന്നുണ്ട്.)

ഇക്ഷുദണ്ഡം, ഇക്ഷുയഷ്ടി-കരിമ്പിൻതണ്ട്.

ഇക്ഷുദണ്ഡികാ - ഒരു വൃക്ഷത്തിന്റെ പേർ.

ഇക്ഷുദർഭ-ഒരുവിധം പുല്ല്.

ഇക്ഷുദാ-ഒരു നദിയുടെ പേർ.

ഇക്ഷുധന്വാവ്-കാമദേവൻ. കരിമ്പുവില്ലായുള്ളവൻ.

ഇക്ഷുനിര്യാസം-കരിമ്പിൻനീര്.

ഇക്ഷുരം-൧. വയൽച്ചുള്ളി. കരിമ്പിന്റെ ഗന്ധംപോലെ ഗന്ധമുള്ളത്. ഇക്ഷുരകം എന്നുമാവാം. ൨. കരിമ്പ്.

ഇക്ഷുരസം-കരിമ്പിൻനീര്.

ഇക്ഷുവല്ലി-പാൽമുതക്ക്.

ഇക്ഷ്വോദം-കരിമ്പിൻനീര്.

ഇക്ഷ്വാകു-സൂര്യവംശത്തിലെ ഒന്നാമത്തെ രാജാവ്.

ബ്രഹ്മാവിന്റെ മാനസപുത്രനായ മരീചിമഹർഷിയുടെപുത്രൻ കശ്യപപ്രജാപതി, തൽപുത്രൻ സൂര്യൻ, തൽപുത്രൻ വൈവസ്വതമനു, തൽപുത്രൻ.

(വൈവസ്വതമനുവിനു ക്ഷുതമായി ഉണ്ടായവൻ).

'ആദിയിൽ വൈവസ്വതനാകിയ മനുവിനു
മോദമോടെ തനയനാമിക്ഷ്വാകുവുണ്ടായല്ലോ
രാമൻ തിരുവവതരിച്ചതുമവൻ
മന്നിലക്കുലം പരിപാലിച്ചുപിന്നെ'

(ബ്രഹ്മാണ്ഡപുരാണം)

ഇക്ഷ്വാകു-പേച്ചുര. കൈപ്പുരസമുള്ളതായിട്ട കരിമ്പിനെപോലും മധുരമില്ലാതാക്കുന്നതു് എന്ന ശബ്ദാർത്ഥം. മറ്റൊരുപര്യായം-കടുംതുംബി.

ഇംഗ-വി. അനക്കമുള്ള, അസ്ഥിരമുള്ള, ഇളക്കമുള്ള.

ഇംഗണം-തീപ്പൊരി;

ഇംഗം-പ്ര. ഇളകുന്ന വസ്തു. (ഇംഗമം.)ഗമിക്കുന്നതു് എന്ന ശബ്ദാർത്ഥം. ഉ. അഭിപ്രായത്തിന്നനുരൂപമായ ചേഷ്ട, ഇംഗം, അഭിപ്രായം. "ഇതുകൊണ്ടറിയുന്ന എന്ന ശബ്ദാർത്ഥം. സ. അടയാളം.

ഇംഗാലം-കരി.

ഇംഗാലാസ്ത്രം - വായുവിൽനിന്നുകിട്ടുന്ന ഒരു സാധനം.

ഇംഗിതജ്ഞ-വി. അഭിപ്രായത്തെ അറിയുന്ന.

ഇംഗിതം-പ്ര. അഭിപ്രായം. ഉ. അഭിപ്രായത്തിന്നനുരൂപമായ ചേഷ്ട. സ. സൂചകം. ര. അനക്കം. മററ പര്യായങ്ങൾ-ഇംഗം, ആകാരം.

[അബുദ്ധിപൂർവ്വമായ മുഖരാഗാദികൾക്ക 'ആകാരം' എന്നും, ബുദ്ധിപൂർവ്വകമായ ഹസ്തനയനാദിചേഷ്ടകൾക്ക 'ഇംഗിതം' എന്നും ഭേദമുണ്ടെന്നു അഭിപ്രായക്കാരുണ്ട്. അഭിപ്രായദ്യോതനം രണ്ടിനും സമമാകയാൽ രണ്ടും ഒന്നായി പറയപ്പെടുന്നു]

ഇംഗു-ഒരു രോഗം. (കണ്ണുരകത്തിൽ കായം).

ഇംഗുദഫലം-ഓടൽക്കുരു.

ഇംഗുദി-ഓടമരം. മേല്പ്പെട്ടുപോകുന്നതു് എന്ന ശബ്ദാർത്ഥം. മറേറാരു പര്യായം-താപസതരു.

ഇംഗുദം-ഓടമരം.

ഇങ്ങിനെ,ഇങ്ങനെ-അ. ഇപ്രകാരം. [അങ്ങിനെ എന്നതു നോക്കുക.]

ഇങ്ങിട്ട്-അ. ഇവിടെ[അങ്ങിട്ട എന്നതു നോക്കുക.]

ഇങ്ങിനത്തെ-അ. ഈ വസ്തുക്കൾ.

ഇങ്ങു-അ. പ്ര. ഇവിടെ ഉ. നീ എന്നു പറയുന്നതിനുള്ള ഉപചാരവാക്ക്.

ഇങ്ങുന്നു-അ. ഇവിടെനിന്നു, എന്നിൽനിന്നു് (ഇങ്ങു+നിന്നു)

ഇങ്ങോട്ട്-ഇവിടെ, ഇങ്ങ്(അങ്ങോട്ട് നോക്കുക).

ഇങ്ങേട്ട-ഇങ്ങെവീട്ടിൽ.

ഇങ്ങേ-അ. ഈ വശത്തെ, ഈഭാഗത്തെ.

ഇങ്ങേ,ഇങ്ങേത്തെ-വി. ഇവിടത്തെ, എന്നെ സംബന്ധിച്ച[അങ്ങേ, അങ്ങത്തെ നോക്കുക.]

ഇങ്ങേൻ,ഇങ്ങേരു-ഈശ്വരൻ, ഇയാൾ.

ഇങ്ങേക്കൂററു-അയൽപക്കം,

ഇങ്ങേടം-ഈ സ്ഥലം.

ഇങ്ങേതു-അടുത്തവീട്.

ഇങ്ങേയവർ-ഇവർ, ഇങ്ങുള്ളവർ.

ഇങ്ങോട്ട്-അ. ഇവിടേക്കു് [അങ്ങോട്ടു എന്നതു നോക്കുക].

ഇങ്ങോൻ, ഇങ്ങോര-ഇവൻ എന്നതിന പകരം ഉപയോഗിക്കുന്നഉപചാരവാക്ക്(അങ്ങോര എന്നതു നോക്കുക.)

ഇചികിലം-ചളം, ചിറ.

ഇച്ചക്കൻ-പ്ര. സ്നേഹമുള്ളവൻ. ഉ. മുഖസ്തുതൻ.

ഇച്ചിരി-പ്ര. ഇരച്ചിരി. ഉ. ഒരു സ്ത്രീയുടെ പേര്.

'ന്നിച്ചിരിയിച്ചിരിനോക്കിയാച്ചിയും'
(കൃഷ്ണലീല ഉത്തമൻ)

സ. ഇത്തിരി.

ഇച്ഛുകം-വള്ളിനാരങ്ങ.

ഇച്ഛ-ആഗ്രഹം. മററ പര്യായങ്ങൾ-ഇഹം, കാംക്ഷ, സ്പൃഹ, ഈഹ, തൃട്, വാഞ്ഛ, ലിപ്സ, മനോരഥം, കാമം, അഭിലാഷം, തർഷം.

ഇച്ഛാപഥ്യം-വൈദ്യൻ അഭിപ്രായപ്പെടുന്നതുപോലെയുള്ള പഥ്യം. പഥ്യം എന്നാൽ വിരോധമൊന്നുംകൂടാതെയുള്ള ഇരിപ്പ് എന്നർത്ഥം. ഇച്ഛാപഥ്യം എന്നു പറഞ്ഞാൽ കഠിനമായ പഥ്യമല്ലെന്നു ഗ്രഹിക്കണം.

ഇച്ഛാമതി-ഒരു ശാഖാനദി.

[നേപാളരാജ്യത്തിൽ 'കാന്തി' എന്നു പേരായ രാജധാനിയെ ജനങ്ങൾ 'കാഷ്ഠമണ്ഡപം' (കട്മണ്ട്)എന്നു വിളിച്ചുവരുന്നു. ഈ കാഷ്ഠമണ്ഡപത്തിന് അല്പം കിഴക്കാണ് ഈ ശാഖാനദി.]

ഇച്ഛാവത്ത്-വി. ആഗ്രഹമുള്ള

ഇച്ഛാവതി-ആഗ്രഹമുള്ളവൾ

ഇച്ഛാശക്തി-വേദാന്ത സിദ്ധാന്തപ്രകാരം ഈശ്വരനുള്ള മൂന്നു പ്രധാനശക്തികളിൽ ഒന്നു. മററവ ജ്ഞാനശക്തി. ക്രിയാശക്തി ഇവയാകുന്നു.

[ഈ ഇച്ഛാശക്തികൊണ്ടാണ് ഈശ്വരൻ പ്രപഞ്ചം സൃഷ്ടിക്കുന്നത്-'ഇച്ഛാമാത്രംപ്രഭോഃസൃഷ്ടിഃ'എന്നുപ്രമാണം]

ഇച്ഛാനുകൂല, ഇച്ഛാനുരൂപ-വി ആഗ്രഹത്തിനൊക്കുവണ്ണമുള്ള.

ഇച്ഛിക്കുക-ആഗ്രഹിക്കുക.

ഇച്ഛിത-വി. ആഗ്രഹിക്കപ്പെട്ട.

ഇച്ഛു-ഇച്ഛിക്കുന്നവൻ.

'അപുണ്യവാന്മാരമരേന്ദ്രഭോഗം-
വരിക്കുവാനിച്ഛുവതാകുമോ ചൊൽ'
(കനകലതാസ്വയംവരം)

ഇജ്ജലം-നീർക്കടമ്പ് വൃക്ഷം. ജലത്തെ ഗമിക്കുന്നത് എന്നർത്ഥം. ഹിജ്ജലം എന്നതിനാണ് അധികം പ്രചാരം.

ഇജ്യൻ-പു. ഗുരു. ൨. ബൃഹസ്പതി. ൩. വിഷ്ണു.

ഇജ്യാ-സ്ത്രീ. യാഗം. ൨. ദാനം. ൩. പശു

ഇജ്യാശീലൻ-പിന്നെയും പിന്നെയും യാഗം ചെയ്യുന്നവൻ. മറെറാപര്യായം-യായജൂകൻ.

ഇഞ്ച-ഒരു മുൾച്ചെടി.

ശരീരത്തിലുള്ള അഴുക്കും മെഴുക്കും മററും കളയുന്നതിനു ഇതിന്റെ തൊലി നന്നാണ്. ഇംഗ്ല, അത്ത ഇങ്ങിനെ പലവിധം പറയുന്നുണ്ട്. ഇഞ്ച കാതുങ്ങളുടെ കരപ്പനു നന്ന്. കഫത്തെയും വാതത്തെയും ജയിക്കും.

ഇഞ്ചി-പു. എരിവുള്ള ഒരു വക കിഴങ്ങ് പര്യായങ്ങൾ-ആർദ്രകം, ശൃംഗവേരം (ശൃംഗിവേരം.) ൨. കോപം.

ഇഞ്ചിത്തൈരു്-ഒരു കറി.

ഇഞ്ചിപ്പച്ചടി-ഒരു കറി.

ഇഞ്ചിളിപ്പു-പു. ഭയം. ൨. ശക്തി. ൩. മത്സരം

ഇഞ്ചീൽ, ഇഞ്ജീൽ-സുവിശേഷം. (വേദപുസ്തകമായ പുതിയ നിയമം.)

ഇട്,ഇററ് - (വ്യാകരണത്തിൽ) അനുപ്രയോഗങ്ങളിൽ ഉൾപ്പെട്ട ഒരു ധാതു.

ഇട-(ധാതു) ശണ്ഠകൂടുക.

ഇട,ഏട-പു. സമയം,കാലം. ൨. നടുവു. ൩. തുക്കം. ൪. കാരണം. ൫. സ്ഥലം. ൬. അകലം.

ഇട്ചരം-ഉടയോരത്തവനും തന്നിഷ്ടംപോലെ സഞ്ചരിക്കുന്നവനുമായ കാള. സ്വൈരത്തിങ്കൽ ആഗ്രഹത്തോടെ സഞ്ചരിക്കുന്നവൻ എന്നു ശബ്ദാർത്ഥം. തിരുവരത്തിക്കുററൻ, എന്നും പറയാറുണ്ട്. മററു പര്യായങ്ങൾ-ഷണ്ഡം, ഗോപതി.

ഇടകലച്ചു്-കൂടിമേളിപ്പ്.

ഇടകലരുക-കൂടിമേളിക്കുക.

ഇടക്ക-ഒരു വാദ്യം.

ഇടക്കാഴി-തറിയുടെ കൈവഴി.

ഇടക്കിട, ഇടക്കിടെ-അ. ഇടവിട്ടു്, കൂടക്കൂടെ.

ഇടകൂടുക-ചേരുക, സംഗതിയാവുക.

ഇടക്കൂട്ടുക-സംഗതിവരുത്തുക.

ഇടക്കട്ടി-തൂക്കം ശരിയാക്കുന്നതിന ഇടയ്ക്കിടുന്നകട്ടി.

ഇടക്കുടി, ഇടക്കുടിയാൻ-ഇടക്കാണക്കാരൻ, കൊഴുവന്റെ കൊഴുവൻ.

ഇടക്കുറച്ചിൽ-സ്ഥലക്കുറവ്.

ഇടക്കെട്ട്-൧. അരയിൽകെട്ടുന്ന കച്ച. ൨. ഇടയ്ക്കുകെട്ടുന്ന കെട്ട്. ൩. ഇടനാഴി. ൪. നാലുകെട്ട്.

ഇടക്കേട്-ഉപദ്രവം. ൨. വിരോധം.

ഇടക്കൊഴുവൻ-കൊഴുവനോട നിലം പുരയിടങ്ങളും എഴുതിവാങ്ങിച്ചവൻ.

ഇടക്കോട്-തിരുവിതാംകൂറിൽ വിളവങ്കോട് ചിറയിൻകീഴ് ഈ താലൂക്കുകളിൽ ഉള്ള ഓരോ പകുതി.

ഇടക്കൊഴ-കൈക്കുഴി.

ഇടങ്കേട്-൧. ഉപദ്രവം. ൨. വിരോധം. ൩. ദോഷം, കുറ്റം. ൪. പ്രയാസം.

ഇടങ്കൈ-ഇടത്തുകൈ.

ഇടങ്ങഴി-ചങ്ങഴി, നാനാഴി. (നാലുനാഴികൊള്ളുന്ന ഒരളവുപാത്രം). പര്യായം പ്രസ്ഥം.

ഇടങ്ങഴിക്കണ്ടം-ഒരിടങ്ങഴി വിത്തു വിതയ്ക്കുന്ന സ്ഥലം. പര്യായം-പ്രാസ്ഥികം.

ഇടങ്ങാറ്, ഇടങ്ങറ്, ഇടങ്ങേറ്-൧. പ്രയാസം, ഇടങ്കേട്. ൨. വിപരീതം. ൩. ഞെരുക്കം.

ഇടചുരുക-ആഭരണങ്ങളുടെ ഇടയിൽ കോർക്കുന്ന പൂട്ടിങ്ങ(ആഭരണവിശേഷം).

ഇടചേരുക-യോജിക്കുക.

ഇടചേർച്ച-യോജിപ്പ്.

ഇടച്ചി-ഇടയന്റെ സ്ത്രീ.

ഇടച്ചിൽ, ഇടച്ചല്-൧. വഴക്ക്. ൨. യോജിപ്പില്ലായ്ക. ൩. കൂട്ടിമുട്ടുക. ൪. കലഹം.

ഇടച്ചേരി, ഇടച്ചൂരി-കടത്തുവഞ്ചിയിലെ ഇടവകസ്ഥാനം.

ഇടതൂരുക-ഇടതിങ്ങുക, നിറയുക.

ഇടതൂർമ്മ-നിറപ്പ്, നിറഞ്ഞിരിക്കുന്ന സ്ഥിതി.

ഇടത്ത്, ഇടത്ത-ഇടത്തുഭാഗത്തുള്ള.

ഇടത്താട്ട്-൧. മോഷണം. ൨. ചതിച്ചെടുക്കുക.

ഇടത്തൻ-ഇടങ്കൈ വഴക്കമുള്ളവൻ.

ഇടത്തരം-ഇടയിലുള്ളത്.

ഇടത്തല-ഇടത്തേവശം. ൨-ം, തോണിയുടെ ഇടത്തല.

ഇടത്തിടുക-൧. പൂണൂലിനെ ഇടത്തെ കൈക്കെ പൊന്തിച്ച വലത്തെച്ചുമലിൽ ഒട്ടിച്ചിടുക. ൨. ഇടത്തുവശമിടുക.

ഇടത്തൂട്-൧. വിരോധം. ൨. വിപരീതം. ൩. ഇടത്തുവശം.

ഇടത്തൂട്ടുകാർ-വേദവിപരീതക്കാർ, മതവിരോധികൾ.

ഇടനാഴി-രണ്ടു മുറികൾക്കു നടുവേയുള്ള ഒരു വഴി.

ഇടനിര-മുറിതിരിച്ച പണിത നിര.

ഇടനില-മദ്ധ്യം.

ഇടനില്ല-ഒഴിവില്ല.

ഇടനീതി-ചീട്ടോല.

ഇടനെഞ്ച്-ഹൃദയം.

ഇടനേരം-ഉച്ചകഴിഞ്ഞ സമയം.

ഇടന്തുക-ബുദ്ധിമുട്ടി നടക്കുക, പ്രയാസപ്പെട്ടു നടക്കുക

ഇടപഴകുക-അല്പം പരിചയിക്കുക.

ഇടപഴക്കം-അല്പപരിചയം.

ഇടപറക-മറ്റൊരാളുടെ വേണ്ടി പറയുക.

ഇടപാട്, ഇടവാട്-൧. വഴക്ക്. ൨. വ്യവഹാരം. ൩. കച്ചേരി. ൪. ജോലി. ൫. ഏർപ്പാട്. ൬. വാദം.

ഇടപെടുക-ഏർപ്പെടുക.

ഇടപൊക്ക്-പരിചയം, ശീലം.

ഇടപ്പക്കം-രാജാവിന്റെ ബ്രാഹ്മണർ ഭക്ഷിക്കുന്ന സ്ഥലം.

**ഇടപ്പള്ളിനമ്പിയാതിരി** - പരശുരാമനാൽ മതം ചെയ്തു ഖഡ്ഗത്തോടുകൂടി ചൊവ്വൂരിന്നു സമീപം താമസിക്കുന്ന നമ്പൂരി ബ്രാഹ്മണരുടെ പ്രമാണി.

**ഇടപ്പുറം** - ഇടത്തുവശം.

**ഇടപ്രഭു** - നാടുവാഴി.

**ഇടപ്പെടുക** - വിസ്താരമാവുക, ഇടയുണ്ടാവുക.

'കൺ ഇടപ്പെടത്തുറന്നുനോക്കി'
(രാമചരിതം)

**ഇടപ്രായക്കാരൻ** - ൪൦-ം, ൫൦-ം, വയസ്സിന്നു മദ്ധ്യയുള്ളവൻ.

**ഇടം** - ഫ. സ്ഥലം, ഇടം ഏടമായി. ഇപ്പോൾ ഏടമായി എന്നഭിപ്രായക്കാരുണ്ടെന്നു കാണുന്നു. ഏടമായി തീർന്നതു ഇയ്യിടെയല്ലാ എന്നതിനു ദൃഷ്ടാന്തം താഴെ ചേർക്കുന്നു.

'യോഗീന്ദ്രന്മാർക്കിരിപ്പാനൊരിടമവനിദേവാവലീനാമമോരേടം'
(ഉത്തരരാമായണം ചമ്പു)

൨. രാജധാനി. ൩. സംഗതി. ൪. വിസ്താരം.

**ഇടംകൊണ്ടു** - വിസ്താരമായി.

**ഇടമണി, ഇടസരി** - ഇഴച്ചുതക്ക, പൂമിഞ്ഞ (ആഭരണവിശേഷം).

'മണികനകമിടസരികലർന്നുള്ളമാലയും'
(ചാണക്യസൂത്രം)

**ഇടമനക്കൈക്കാരൻ** - ഇടമനെ വാങ്ങുന്നവൻ.

**ഇടമിടർ** - സന്തോഷമോ വ്യസനമോ കൊണ്ടു സംസാരത്തിന്നുണ്ടാകുന്ന തടവു.

**ഇടമുട്ടു** - ഇടവഴിമുട്ടുക.

**ഇടമ്പൽ** - ഫ. വിരോധം. ൨. അഹംഭാവം. ൩. നിഷേധം.

**ഇടമ്പിരി** - ഫ. ഇടവകം എന്ന മരം. ൨. ഇടത്തോട്ടു പിരിവുള്ള ശംഖ്.

**ഇടമ്പുക** - ഫ. നിന്ദിക്കുക. ൨. വിരോധിക്കുക.

**ഇടമ്പെട്ട** - വി. വിസ്താരമായ, വീതിയുള്ള, അകലമുള്ള.

**ഇടംവലം** - ഇടവും വലവും (ഇടത്തും വലത്തും ഭാഗം).

**ഇടയത്താഴം** - ഫ. അത്താഴം കഴിച്ചതിന്നു ശേഷം മരിക്കൽ കൂടി ആയതു കഴിക്കുന്നതിനുള്ള പേർ. ൨. ആദ്യം വിവാഹം കഴിക്കുന്ന തീയരുടെ ഒന്നാമത്തെ രാത്രി.

**ഇടയത്തി, ഇടച്ചി** - ഇടയന്റെ ജാതിയിലുള്ള സ്ത്രീ. പര്യായം - ആഭീരി.

**ഇടയൻ** - പശുക്കളെ മേയ്ക്കുന്ന ഒരു ജാതിക്കാരൻ, ഗോപൻ. പര്യായങ്ങൾ - ഗോപൻ, ഗോപാലൻ, ഗോസംഖ്യൻ, ഗോധുക് (ഗോധുഹൻ), ആഭീരൻ, വല്ലവൻ.

**ഇടയാട്ടം, ഇടയിളക്കം** - സംശയം.

**ഇടയായുധം** - ഉപകരണം, ചമയം, കോപ്പ്.

**ഇടയാളൻ** - മദ്ധ്യസ്ഥൻ, ഇടയിൽ നില്ക്കുന്നവൻ.

**ഇടയിടെ** - അ. കൂടക്കൂടെ, ഇടയിടയിൽ.

**ഇടയിളക്കം** - സംശയം.

**ഇടയുക** - കുട്ടിമുട്ടുക, കലഹിക്കുക, വിപരീതമാവുക, പിണങ്ങുക.

**ഇടയുമ്മരം** - ഇടവാതൽ.

**ഇടർ** - ഫ. ദുഃഖം.

'ശല്യപതിയോടിനിയൊരിടരാഴിയെ'
(അദ്ധ്യാത്മരാമായണം)

൨. കഷ്ടം. ൩. തെറ്റ്. ൪. യുദ്ധം.

**ഇടർച്ച** - ഫ. തടസ്സം. ൨. തെറ്റ്. ൩. സംശയം, ഉതപ്പ്.

**ഇടർപെടുക** - ഫ. ദുഃഖിക്കുക. ൨. കഷ്ടപ്പെടുക.

**ഇടറുക** - ഫ. തെറ്റുക. ൨. സംശയിക്കുക.

**ഇടവ** - സ്ഥലത്തെക്കുറിച്ചുള്ള സൂക്ഷ്മജ്ഞാനം.

ഇടറുക-൧. അല്പം തടയുക.
'വഴികളിലിടറിച്ചിരേണനാഭി-
ച്ചുഴിയിലിറങ്ങിനവീനവർഷബിന്ദു'
(കുമാരസംഭവം)
൨. സംശയിക്കുക. ൩. വഴുതുക.

ഇടല-വേഗം എരിഞ്ഞുപോകുന്ന ഒരുമാതിരി വിറക്. ഉ-ം, 'ഇടലചുടലക്കാകം'

ഇടവക-കീഴിട്ട്, ഇടപ്രഭുവിന്റെ ഭരണത്തിൽപെട്ട രാജ്യം.

ഇടവകം-ഒരു മരുന്ന്. ചില പര്യായങ്ങൾ-ശൃംഗി, ഋഷഭം, വൃഷം.
[ഇതു രക്തപിത്തം, വാതരോഗം, ക്ഷയം, ദാഹജ്വരം ഇവയെ ശമിപ്പിക്കും. അത്യധികം ശുക്ലവൃദ്ധിയെ ഉണ്ടാക്കുന്നതാണ്.]

ഇടവൻ-വീരൻ, ശൂരൻ. (ഋഷഭൻ) എന്നതിന്റെ തത്ഭവം.

ഇടവം,എടവം-൧. ഒരു മാസം. ൨. ഒരു രാശി.

ഇടവാഴി-ഇടപ്രഭു.

ഇടവിടാതെ-അ. എല്ലാപ്പോഴും, തുടരെത്തുടരെ.

ഇടവിടുക-വേർപെടുക, മുറിയുക.

ഇടി-൧. മേഘശബ്ദം.
[സ്തനിതം, ഗർജ്ജിതം, മേഘനിർഘോഷം, രസിതം ൪-ം, മേഘധ്വനിയുടെ പേർ. സ്ഫൂർജ്ജഥു, വജ്രനിർഘോഷം, (വജ്രനിർഘാതം, വജ്രനിഷ്പേഷം) ഇവ ൨-ം, ഇടിയുടെ (വജ്രസംഘട്ടനശബ്ദത്തിന്റെ)പേർ. ഉപനയനം മുതലായ ക്രിയകൾക്കു വിഘ്നം വരുത്തുന്ന ഇടമുഴക്കമോ അതിലും അല്പം അധികമായും അപായം പാറുന്നതല്ലെന്നു തോന്നുന്നതുമായ ഇടിയുടേയും പേരാണ് സ്തനിതം തുടങ്ങിയ ൪-ം. ഇവ മേഘങ്ങൾ അന്യോന്യം കൂട്ടിമുട്ടുന്ന സമയം ഉണ്ടാകുന്നു എന്നും അഭിപ്രായമുണ്ട്. സ്ഫൂർജ്ജഥുവും വജ്രനിർഘോഷവും എങ്ങനെയുള്ളവയെന്നാൽ 'ആ ഇടി ആർക്കെങ്കിലും പറ്റിക്കാണും' എന്നു തോന്നും വിധം ഭയങ്കരമായി വെട്ടിയതിന്റെ ശേഷം മനുഷ്യർക്കോ മരങ്ങൾക്കോ മറ്റോ അതു നിമിത്തം നാശമുണ്ടായപ്രകാരം കേൾപ്പാൻ ഇടവരുന്ന ഇടിയുടെ പേർ ആകുന്നു. ഇതിനെ വജ്രായുധം അയയ്ക്കുന്ന സമയം ഉണ്ടാകുന്ന ശബ്ദമെന്നും പറയുന്നുണ്ട്]

ഇടിവെട്ടലിൽ അവശത.

ഇടിവെട്ടി അവശത ഭവിച്ചാൽ ഉടനെ ചെമ്പുപാത്രത്തിൽ വെള്ളം നിറച്ചു അതിൽ കിടത്തുകയോ, ആ വെള്ളം ധാരചെയ്യുകയോ ചെയ്താൽമതി.

൨. കൈ മുറുക്കി പ്രഹരിക്കുക. ൩. പൊടിക്കുക എന്ന പ്രവൃത്തി, ചതയ്ക്കുക എന്ന ക്രിയ. ൪. കുത്ത്.

ഇടികല്ല്-വെറ്റിലയും പാക്കും ചതയ്ക്കുന്ന ഉരൽ.

ഇടികുഴൽ-വെറ്റിലയും പാക്കും ചതയ്ക്കുന്ന ഉരൽ (ഒരുമാതിരി കുഴൽ).

ഇടിക്കുക-൧. കൈമുറുക്കി പ്രഹരിക്കുക. ൨. പൊടിക്കുക. ൩. ചതയ്ക്കുക. ൪. നശിപ്പിക്കുക. ൫. കുത്തുക ൬. ക്ഷീണിപ്പിക്കുക (ഇടിവു വരുത്തുക).

ഇടിച്ചക്ക-മൂക്കാത്ത ചക്ക.

ഇടിച്ചക്ക മൂത്തു കൊത്തൻ ചക്കയാകും. അതു മൂത്തു പാകമാകുന്നു. ഇടിച്ചക്ക ദാഹം ശമിപ്പിക്കും. കൃമിക്കു നന്നാണ്. ഗുരുത്വമുള്ളതാണ്. കഫം, മേദസ്സ്, ബലം ഇവയെ ഉണ്ടാക്കും. ഗുന്മിക്കും ബലഹീനനും കൊള്ളാം.

ഇടിച്ചി-ഇടയത്തി (ഇടയസ്ത്രീ).

ഇടിച്ചിൽ-൧. താഴ്ച. ൨. വ്യസനം. ൩. നാശം.

ഇടിഞ്ഞിൽ-മണ്ണുകൊണ്ടുണ്ടാക്കുന്ന വിളക്ക്.

ഇടിത്തീയ്-മിന്നൽ, കൊള്ളിയാൻ, ഇടിയിൽനിന്നു കീഴ്പെട്ടുവീണു വൃക്ഷാദികളിൽ പിടിപെടുന്ന തേജസ്സ്. പര്യായങ്ങൾ-മേഘജ്യോതിസ്സ്, ഇരമ്മദം.

ഇടിനികരം-വി. ഇടിക്കു തുല്യമായ.

ഇടിപൊടി-പ്ര. കോലാഹലം. വ. നേർമ്മയായ പൊടി.

ഇടിമരം-തോക്കിന്റെ അച്ചുകോൽ.

ഇടിമിന്നൽ-കൊള്ളിയാൻ.

ഇടിമുഴക്കം-മേഘത്തിന്റെ ശബ്ദം.

ഇടിയൻ-പ്ര. ഒരു ജാതിക്കാരൻ. ഇവരുടെ തൊഴിൽ (സാധാരണ) അവൽ ഇടിക്കയാണ്. വ. വെററിലയും പാക്കും ഇടിക്കുന്ന ഉരൽ (ഇടികല്ല്).

ഇടിയപ്പം-ഒരു വക അപ്പം.

ഇടിയുക-പ്ര. വീഴുക. വ. താഴുക. ന. തകരുക. ര. ദുഃഖിക്കുക.

ഇടിയുണ്ണി, ഇടിയുന്നി-ഒരു മാതിരി അപ്പം.

ഇടിയുരൽ-വെററില ഇടിക്കുന്ന ഉരൽ.

ഇടിവ്-പ്ര. മനസ്സുമുട്ടൽ, താഴ്ച. വ. ഇടിച്ചൽ. ന. ദുഃഖം. ര. ക്ഷീണം.

ഇടിവാൾ-മിന്നൽ, കൊള്ളിയാൻ.

ഇടിവാളം-ചാണകവളത്തിൽ ഇടി വീണാൽ കിട്ടുമെന്നുപറയുന്ന സ്വർണ്ണക്കട്ട.

ഇടിവിഴുക-വീഴുന്നതു മിന്നലിന്റെ ശക്തിയാണ്; എങ്കിലും ഇടിവീണു എന്നാണു സാധാരണ പറയുക.

ഇടിവെട്ട്-ഇടിമുഴക്കം, ഇടികൊണ്ടുണ്ടാകുന്ന ഉപദ്രവം.

ഇടിവേർ, ഇട്ടുവേർ-പൊട്ടി പുറപ്പെട്ടു വേരായി വളരുന്നതിനായിട്ടിരിക്കുന്ന ഒരു കയറുള്ള അണ്ടി.

ഇടുക-പ്ര. താഴെ കളയുക, താഴെ വീഴിക്കുക. വ. ധരിക്കുക. ഉ-ം, ഉടുപ്പിക്കുക മലയിടുക.

ഇടുകാട്-ചുടുകാട്, പ്രേതം ദഹിപ്പിക്കുന്ന സ്ഥലം.

ഇടുകുഴി-പ്ര. നിലവറക്കുഴിയിൽ ഇറങ്ങുന്ന വാതിൽ. വ. മാളികയിൽ കയറുന്ന വാതിൽ. ന. ദുഷ്ടരെ അടക്കുന്ന ശവക്കുഴി.

ഇടുക്കം-പ്ര. വിസ്തീർണ്ണക്കുറവ്. വ. പ്രയാസം. ന. ദാരിദ്ര്യം, ബുദ്ധിമുട്ട്.

ഇടുക്ക്-പ്ര. വിസ്താരം കുറവായ (കുടുസ്സായ) സ്ഥലം. വ. കൊമ്പിന്റെ കാല്. ന. ദാരിദ്ര്യം, ബുദ്ധിമുട്ട്.

ഇടുക്കുക-ഞെരുക്കുക.

ഇടുക്കുകോൽ-കിട്ടി, ഞെക്കുന്ന കോൽ.

ഇടുക്കുവഴി-വിസ്താരം കുറഞ്ഞ വഴി.

ഇടുങ്ങുക-ചുരുങ്ങുക, ഇറങ്ങുക.

ഇടുപടി-പടിവാതിൽ.

ഇടുപലക-മാളികയിൽ കയറുന്ന വാതിൽ.

ഇടുപൊടുന്നനെ-അ. പെട്ടെന്ന്, വേഗത്തിൽ.

ഇടുപ്പ്-എളി (അര).

ഇടുവ-ഇടുങ്ങിയ വഴി.

ഇട്ട-മലം. വിഷ്ഠ എന്നതിന്റെ തത്ഭവം.

ഇട്ടലി, ഇഡ്ഢലി-ഒരു പലഹാരം.

ഇതു ആവിയിൽ വേകുന്നതാകയാൽ ഗുരുത്വം കുറയും. മാവുകൊണ്ടുള്ള പലഹാരങ്ങൾ ആവികൊണ്ടു വേവിക്കാതെ വറയാൽ ഭക്ഷിക്കായ്കയാൽ പല സുഖക്കേടുകളും ഉണ്ടാകും.

ഇട്ടം ഇട്ടപ്പുറം-പ്ര. വീട്ടിനു ചുററുമുള്ള പുറന്തിണ്ണ. വ. വരമ്പ്, പാമ്പ്.

ഇട്ടറ-ആശാരിമാർ (പണിക്കന്മാർ) ഉപയോഗിക്കുന്നതും കയറു തൂക്കുന്നതുമായ ഒരു മരക്കഷണം. (ഇതു അപ്പടിച്ച പലകകളും മറവും കീറാനുള്ളതാണ്).

ഇട്ടി-പ്ര. വിവാഹം കഴിയാത്ത പെണ്ണ്. വ. മണ്ണി എന്ന വകക്കാരുടെ സ്ത്രീ. ന. വടി. യഷ്ടി എന്നതിന്റെ തത്ഭവം.

ഇട്ടിക-൧. ചെങ്കല്ല്. ഇഷ്ടക എന്നതിന്റെ തത്ഭവം. ൨. കമ്മായം കൊണ്ടുണ്ടാക്കുന്ന ഒരുമാതിരി കല്ല്.

ഇട്ടിക്കൊമ്പിയച്ഛൻ-പാലക്കാട്ടുരാജാവ് (ഇട്ടിക്കൊമ്പിമന്നവന്റെ പഞ്ചതന്ത്രം എന്നതു പ്രസിദ്ധമാണല്ലോ). ഇട്ടിപ്പുഞ്ഞിയച്ഛന്റെ മരുമകൻ.

ഇട്ടൂഴി-അട്ടിപ്പേറ്.

ഇട്ടെങ്കി-കള്ളു വാററുന്ന സ്ഥലം.

ഇഡാ, ഇളാ-൧. പശു. ൨. ഭൂമി. ൩. വാക്ക്. ഉൽക്ഷേപിക്കുന്നത്, ഉൽക്ഷേപിക്കപ്പെടുന്നത് എന്നു ശബ്ദാർത്ഥം.

സൂര്യന്റെ മകനായ വൈവസ്വതമനുവിനു ശ്രദ്ധ എന്നൊരു ഭാര്യയുണ്ടായിരുന്നു. ഒരു പുത്രനുണ്ടാവാൻ വേണ്ടി വൈവസ്വതൻ മിത്രാവരുണയാഗം കഴിച്ചു. യാഗസന്ദർഭത്തിൽ തനിക്ക് ഒരു പുത്രി വേണമെന്നു ശ്രദ്ധ ഹോതാവിനോടപേക്ഷിച്ചു. അപ്രകാരം ഒരു പുത്രി ഉണ്ടായി. അവളത്രേ ഇള. പിന്നീട് വൈവസ്വതന്റെ അപേക്ഷയനുസരിച്ചു വസിഷ്ഠൻ ഇളയ്ക്കു പുരുഷത്വം കൊടുത്തു. ഇളൻ എന്നും സുദ്യുമ്നൻ എന്നും പേരുകളും ഇട്ടു.

൪. ഒരു നാഡി. ൫. വൈവസ്വതമനുവിനു ശ്രദ്ധയിൽ ഉണ്ടായവൾ. ൬. വായുവിന്റെ ഒരു പുത്രി; ധ്രുവൻ വേട്ടു. ഇവളിൽ ഉല്ക്കലൻ ജനിച്ചു

ഇഡൻ-അഗ്നി.

ഇഡവിഡാ-വിശ്രവസ്സിന്റെ ഭാര്യ

ഇലവിലം എന്നും പറയും. വൈശ്രവണന്റെ അമ്മ. ഇതുകൊണ്ടു കുബേരനെ ഐലവിലൻ എന്നു വിളിക്കുന്നു. ഇലവിലയുടെ അച്ഛൻ തൃണബിന്ദു. അമ്മ അലംബുഷാ എന്ന അപ്സരസ്ത്രീ.

ഇഡസ്പതി-൧. വിഷ്ണു. ൨. ആദിത്യൻ.

ഇഡാചിക-കട്ടന്നൽ (കുത്തുന്ന ഒരുമാതിരി ഈച്ച).

ഇഡികാ-ഭൂമി.

ഇഡുകഞ്ചി-ഒരുവക ഗ്രാമക്കാരുടെ പേർ.

ഇഡ്ഡലി-ഇട്ടലി നോക്കുക.

ഇണ-൧. ഇരട്ട. ൨. ജോടു.

ഇണ-വി. കൂടെയുള്ള.

ഇണക്കം-൧. ഇഷ്ടം, സ്നേഹം. ഇണക്കം > < പിണക്കം. ൨. സാദൃശ്യം. ൩. ചേർച്ച. ൪. അനുസരണം.

ഇണക്കുക-സ്നേഹിപ്പിച്ചുപഴക്കുക.

ഇണക്ക്-൧. ഉടമ്പടി, ഉഭയസമ്മതം. ൨. ഉഭയസ്ഥർ പണയക്കാരനു കൊടുക്കുന്നസാക്ഷിപത്രം; ജന്മി മേറിവാങ്ങിയവനു കൊടുക്കുന്നസർട്ടിഫിക്കേററ് (യോഗ്യതാപത്രം).

ഇണങ്ങിന-ഉള്ള (പ-മ)

ഇണങ്ങ്-സ്വജാതി.

ഇണങ്ങത്തി-സ്വജാതിക്കാരി.

ഇണങ്ങൻ-സ്വജാതിക്കാരൻ.

ഇണങ്ങുക-൧. സ്നേഹിക്കുക. ൨. അനുസരിക്കുക. ൩. ചേരുക.

ഇണപെററ്-ചേർന്ന്.

ഇണയുക-ചേരുക.

ഇണർ-൧. മീൻമൊട്ട. ൨. പൂങ്കുല (എന്നു തമിഴ്).

ഇണുക്കിയിണുക്കി-കുറേശ്ശ.

ഇണുക്ക്-ശകലം.

ഇണ്ട-കൂട്ടം.

'വണ്ടിണ്ടയാകുമളകമ്പടി' (കൃഷ്ണഗാഥ)

'കൊണ്ടലിണ്ടയുടമേൽകുടികൊള്ളും
മേടാമലിടകലന്നിടിനാദം'

(ഭാഷാകുമാരസംഭവം)

തെളിച്ച എന്നും പൂമാല എന്നും കൂടെ അർത്ഥം (ചുരുക്കം) കാണുന്നുണ്ട്.

ഇണ്ടന്തിരി-൧. നിലവിളി. ൨. ഇരച്ചിൽ. ൩. അമളി.

ഇണ്ടൽ-ദുഃഖം.

ഇത-മുള, തളിർ. ൨. ചെറിയ വേലി.

ഇത-വി. പ്രാപിച്ച.

ഇതകൾ-പ്രാപ്തകൾ.

ഇത്ത്-അടുത്തുള്ളതിനെ പറയുന്ന വാക്ക്.

ഇതക്കുക-മുളയ്ക്കുക.

ഇതം-ഹിതം. (പഴയമലയാളം).

'ഇണക്കാമെന്നോർത്തങ്ങിതമൊടുപിടി ച്ചോരളവിലേ'

(നളചരിതം കഥകളി)

[ശബ്ദങ്ങളുടെ ആദിയിലിരിക്കുന്ന ശസഹങ്ങൾ ലോപിക്കാമെന്നു കേരളപാണിനീയം പറയുന്നു, ഉ-ം, ഹിതം-ഇതം.]

ഇതര-വി. ൧. മറ്റു. ൨. നീചമായ.

ഇതരൻ-൧. നീചൻ. തെണ്ടി നടക്കുന്നവൻ, കാമപരവശൻ, കാമം ഹേതുവായിട്ടു കടന്നു ചാടിപ്പോകുന്നവൻ എന്നിങ്ങനെ ശബ്ദാർത്ഥം. ൨. അന്യൻ.

ഇതരം-അന്യം (വേറെട്ടൊന്ന്). ആഗ്രഹംകൊണ്ടു കഴിച്ചുകൂട്ടുന്നതു് എന്നു ശബ്ദാർത്ഥം.

ഇതരേതരം-അ. അന്യോന്യം.

ഇതരേദ്യുഃ-അ. മറ്റൊരു ദിവസത്തിൽ (ഇതരസ്മിൻഅഹനി).

ഇതറു-ഹിതം, പ്രിയം. (ഇതവിയ-ഹിതമായ) യോഗ്യതയുള്ള.

'മല്ലാരിക്കിതവിനൊടുള്ളാതനാസം'

(വേതാളചരിതം)

ഇതവിത-വി. പ്രിയമുള്ള, യോജിപ്പുള്ള

ഇതൾ-പൂക്കളുടെ ദളം (ഇല).

ഇതസ്തതഃ-അ. എല്ലാടവും.

ഇതളരിനാരകം-ഒരുവൃക്ഷം.(ഔഷധി).

ഇതാ-കാണിച്ചുപറയുന്ന വാക്ക്.

ഇതി-അ. ൧. ഇപ്രകാരം. ൨. ഹേതു. ൩. പ്രകാരം. ൪. പ്രകാശം. ൫. സമാപ്തി. ൬. പ്രസിദ്ധം. ൭. സംബന്ധം. ൮. ക്രമം. ൯. എന്നുവെച്ച്. ഈ അർത്ഥങ്ങൾ വരും.

ഇതികിം-അ. ഇതെന്ത്.

ഇതിവൃത്തം-൧. കഥ, സംഗതി. ൨. കള്ളക്കഥ. ൩. സംഭവം, ഉണ്ടാകുന്നകാര്യം.

ഇതികഥാ-സാരമില്ലാത്ത വാക്ക്.

ഇതികർത്തവ്യ, ഇതികരണീയ-വി. ചെയ്യപ്പെടേണ്ടതായ.

ഇതികർത്തവ്യതാമൂഢൻ-ഇന്നതാണു ചെയ്യേണ്ടതെന്നറിയാത്തവൻ.

ഇതിൻവണ്ണം-അ. ഇപ്രകാരം.

ഇതിഹ-അ. പാരമ്പര്യമായ ഉപദേശം. [ഇതി=ഇങ്ങിനെ. ഹ=പ്രസിദ്ധം. ഇതിഹത്തിൽ ഭവിച്ചതു് ഐതിഹ്യം.]

ഇതിഹാസം-പുരാതനചരിത്രം. മറ്റൊരു പര്യായം-പുരാവൃത്തം. ഇതിഹ(പാരമ്പര്യോപദേശം) അടങ്ങിയതു് എന്നർത്ഥം.

[ഇതിഹാസത്തിനെ ഇപ്രകാരം നിർവ്വചിച്ചിരിക്കുന്നു.

'ധർമ്മാർത്ഥകാമമോക്ഷാണാ-
മുപദേശസമന്വിതം
പൂർവ്വവൃത്തം കഥായുക്ത-
മിതിഹാസം പ്രചക്ഷതേ'

ധർമ്മം, അർത്ഥം, കാമം, മോക്ഷം ഇവയെ ഉപദേശിക്കുന്നതും, കഥായുക്തവുമായ പൂർവ്വചരിത്രത്തെ ഇതിഹാസം എന്നു പറയുന്നു. രാമായണവും ഭാരതവും ഇതിഹാസങ്ങളാണ്. 'അഞ്ചിതമായമഹാഭാരതമിതിഹാസമഞ്ചാമതാം വേദമെന്നത്രേ ചൊല്ലിമുനി' (ഭാരതം) ഇതിഹാസവും പുരാണവും തമ്മിലുള്ള വ്യത്യാസം അറിഞ്ഞിരിക്കേണ്ടതാണ്. പുരാണം നോക്കുക.]

ഇതഃ-അ. ഇവിടെനിന്നു. ൨. ഇതുഹേതുവായിട്ട്. ൩. ഇപ്രകാരം. ൪. ഇപ്പോൾ.

ഇതഃപരം-അ ഇനിമേൽ.

'ഇതഃപരം സമ്പ്രതിയെന്തെന്നോ'

(ശ്രീകൃഷ്ണചരിതം)

ഇത്ത-ഇതെ.

ഇത്തരം-ഇതുപോലെയുള്ള.

ഇത്തി-ഒരുവൃക്ഷം. പര്യായങ്ങൾ-പ്ലക്ഷം, ജടി, പർക്കടി. [ഇത്തിയാല് എന്നു ഔഷധിനിഘണ്ടു. ചിററാല് എന്നു ബാലപ്രിയ.]

[ഇതിന്റെ തളിരും തൊലിയും അത്തിയുടെ ഗുണം പോലെതന്നെ മേഹാലസ്യം, തൃഷ്ണ, രക്തപിത്തം, പേയ്പാറക മുതലായവയെ ശമിപ്പിക്കും. രക്തപ്രസാദനമാണ്.]

ഇത്തിക്കണ്ണി-ഇത്തിൾ (മരത്തിന്മേൽ കിളുത്തുണ്ടാകുന്നത്). പര്യായങ്ങൾ-വന്ദാ, വൃക്ഷാദനി, വൃക്ഷരുഹ, ജീവന്തികം. [ഇത്തിൾ എന്നതു നോക്കുക.]

ഇത്തിരി-കുറേ, അല്പം, വളരെകുറച്ച്.

'ഇത്തരമുള്ളൊരുഗർവ്വശമിപ്പാ-
നിത്തിരിപാകം വന്നേതീരൂ'
(കിരാതം തുള്ളൽ)

ഇത്തിൾ-൧. ഇത്തിക്കണ്ണി.

പര്യായം അറിയുന്നതിന് ഇത്തിക്കണ്ണി എന്ന ശബ്ദം നോക്കുക. ഇതു മരത്തിന്മേൽ പററിയുണ്ടായി വളരുന്നു. ഗർഭരക്ഷാചികിത്സകൾക്ക് ഇതു നന്നാണ്. വാതജരോഗങ്ങൾ, മൂത്രകൃച്ഛ്റം, അശ്മരി, മൂത്രഘാതം ഇവയെ കളയും. കരപ്പനും കൊള്ളാം.

൨. ഞമഞ്ഞി. ൩. അമ. ൪. പല്ലുകളിൽ പററിപ്പിടിക്കുന്ന അഴുക്ക്.

ഇത്തിൾക്കൂടം-ഇത്തിക്കണ്ണി.

ഇത്തുട്ട-ഈ തുണ്ട്.

ഇത്ഥം-അ. ഇപ്രകാരം.

ഇത്ഥസി-മീനംരാശി.

ഇത്യാദി-ഇപ്രകാരം തുടങ്ങി.

ഇത്യുക്തം-വിവരം, അറിയിപ്പ്.

ഇത്ര-അ. ൧. ഇതിൻവണ്ണം. ൨. ഇതിനോളം. [ഇ+തിര=ഇത്ര. തിര=മാത്ര.]

ഇത്രത്തോളം-ഇത്രമാത്രം, ഇതുവരെയും.

ഇത്രപ്പോഴം-അ. ഈ സമയംവരെയും.

ഇത്രമാത്രം-അ. ഇത്രതന്നെ.

ഇത്വരം-മുടക്കുള്ളവനും തന്നിഷ്ടപ്രകാരം സഞ്ചരിക്കുന്നവനുമായ കാള. 'ഇട്വരം' എന്നതിന്റെ പാഠഭേദം.

ഇത്വരി-തേവിടിച്ചി, വ്യഭിചാരിണി, ഗുരുജനങ്ങൾ ഇരിക്കുന്നേടത്തെല്ലാം താനേ കടന്നുചെല്ലുന്നവൾ എന്നു ശബ്ദാർത്ഥം.

ഇദം-ഇതു, ഈ.

ഇദീയം-വി. ഇതിനെ സംബന്ധിച്ച.

ഇദംപ്രഥമം-ഒന്നാമതായ.

ഇദംപ്രകാരം-അ. ഈ രീതിയിൽ.

ഇദാനീം-അ. ഇപ്പോൾ (ഈ കാലത്തിൽ).

ഇദാനീന്തന-വി. ഇപ്പോഴുള്ള. സ്ത്രീലിംഗം-ഇദാനീന്തനി.

ഇദാനീന്തനന്മാർ-ഇപ്പോഴുള്ള ആളുകൾ. [ഇദാനീം+തനം. തനം ഒരു പ്രത്യയമാകുന്നു]

ഇദ്ധ-വി. ൧. ജ്വലിക്കപ്പെട്ട. ൨. തെളിവുള്ള. ൩. പ്രകാശിച്ചിരിക്കുന്ന. ൪. ജ്വലിച്ച.

'ഇദ്ധന്മാരായ്പുനരപരേ
കാന്തോദ്വീക്ഷാസഹ്യാൽ'
(ആംഗ്ലസാമ്രാജ്യം)

ഇദ്ധം-പ്രകാശിച്ചിരിക്കുന്നത്, പ്രകാശം. ൨. വെയിൽ. ൩. ചൂട്. ൪. ജ്വലിച്ചുള്ള.

ഇധ്മം-൧. വിറക്. അഗ്നി കത്തുവാനുള്ള കരണം എന്നു ശബ്ദാർത്ഥം. ൨. ചമത.

ഇധ്മവാഹൻ-൧. അഗ്നി. ൨. ഒരു രാജാവ്.

ഇന-വി. ശക്തിയുള്ള, ഉറപ്പുള്ള, ധൈര്യമുള്ള.

ഇനൻ-൧. സൂര്യൻ. ശക്തിമാൻ, പ്രഭവിക്കുന്നവൻ, പ്രാപിക്കപ്പെടുന്നവൻ എന്നിങ്ങനെ ശബ്ദാർത്ഥം. ൨. പ്രഭു.

ഇനപൻ-൧. കപ്പൂരം. ൨. ഏലക്ക.

ഇനം-൧. ജാതി, തരം.

[ഈ അർത്ഥത്തിൽ ഇനം എന്ന പദം തിരുവിതാംകോട്ട ദേശത്തിലും പ്രയോഗിക്കാറുണ്ട്. കൂട്ടം എന്ന അർത്ഥത്തിൽ

തിരുവിതാംകോട്ടും ഗദ്യത്തിൽ പ്രയോഗിക്കുന്നതു നടപ്പില്ല.

വ. കൂട്ടം.

'കോരികനാംകയിലിനങ്ങൾതരോപചാരി

(ഭാഷാനൈഷധചമ്പു) [ഞാൻ'

**ഇനി**-അ. പ്ര. മേലിൽ, വരുംകാലം വ. വീണ്ടും

**ഇനിപ്പം**-ഇമ്പം.

**ഇനിമ**-മേന്മ.

**ഇനിമേലാൽ, ഇനിമേലിൽ, ഇനിമേൽ**-അ. വരുംകാലത്ത്.

**ഇനിയ**-വി. പ്ര. ആദ്യത്തെ, മുമ്പിലത്തെ

'അക്ഷീണംഉൾമാഴ്കുന്നതുമിനിയപുരീ-
പ്രാപ്തിയും പ്രീതിദാരം'

(ഉത്തരരാമായണം ചമ്പു)

വ. വരുംകാലത്തുള്ള. ന. നല്ല. ര. ഹിതമുള്ള. ഒ. മധുരമായ. ആ. മനോഹരമായ. ശ്രേ. ശ്രേഷ്ഠമായ. വ്യ. മഹിമയുള്ള ഇൻ (മധുരമായ) ധാതുവിൽനിന്നുണ്ടായത്. ഇനിപ്പ്=മാധുര്യം. ഇനിയ ചൊൽ മുതലായവയുമായി ഒത്തുനോക്കുക. (പ്രചാരലുപ്തം) ഇപ്പോൾ പ്രയോഗം ചുരുക്കം.

**ഇനിയും**-അ. വീണ്ടും, പിന്നെയും.

**ഇനിസ്സ**-മാതിരി, ഇനം, തരം. (അറബിഭാഷ).

**ഇന്തു**-സിന്ധു (എന്നതിന്റെ തത്ഭവം)

**ഇന്തുപ്പ്**-ഒരുമാതിരി ഉപ്പ്. ചില പര്യായങ്ങൾ-സൈന്ധവം, ശീതശിവം, മണിമന്ഥം, സിന്ധുജം

[ഇതു മധുരമാകുന്നു. രുചിയെ ഉണ്ടാക്കും. ലഘുവും സ്നിഗ്ദ്ധവുമാണ്. വീര്യം ശീതമാകുന്നു. ഇതു ദോഷങ്ങളുടെ തടവിനെയും ചെറിയ നാഡികളിൽ പ്രവേശിച്ചു ദോഷങ്ങളെയും നീക്കും. ത്രിദോഷകോപങ്ങൾ, മലബന്ധം, ഏമ്പക്കം ഇവയെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും. ഇതിന്റെ കാരണം ദീപനപാചനമാണ്. ഹിമമാകയാൽ വിദാഹിയല്ല. ലവണങ്ങളിൽ ഇന്തുപ്പ് ശ്രേഷ്ഠമാണ്. 'ലവണേഷു ച സൈന്ധവം' എന്നു പ്രമാണം. ചെമന്നതും വെളുത്തതും രണ്ടുതരമുള്ളതിൽ വെളുത്തതു ഉത്തമം. മിനുസത്തിൽ ഇതു സ്ഫടികസദൃശമായിരിക്കും. ഇതു കിട്ടുന്നതിനു വേണം ശ്രമിപ്പാൻ. ഇതിനു ഇംഗ്ലീഷിൽ Chloride of sodium എന്നും ലാറ്റിൻ ഭാഷയിൽ Sodii Chloridum എന്നും പേർ.]

**ഇന്ദിന്ദിരം**-വണ്ട്. ഇന്ദതി ഇന്ദിരയാസഹ എന്നു വ്യുൽപ്പത്തി ഇദിപരമൈശ്വര്യേ-പത്മങ്ങളിൽ ലക്ഷ്മിയൊന്നിച്ചു പരമൈശ്വര്യത്തോടു സ്ഥിതിചെയ്യുന്നത് എന്നർത്ഥം.

**ഇന്ദിരാ**-ലക്ഷ്മി. (ഇന്ദിക്ക=ശോഭിക്ക) പരമൈശ്വര്യത്തോടുകൂടിയവൾ എന്നർത്ഥം.

**ഇന്ദിരാമന്ദിരൻ**-വിഷ്ണു.

**ഇന്ദിരാമന്ദിരം**-നീലത്താമര.

**ഇന്ദിരാപതി**-വിഷ്ണു.

**ഇന്ദീവരം**-കരിങ്കുവളം, കരിംകുവലയം. ഇന്ദി=ലക്ഷ്മി. ലക്ഷ്മീദേവിക്കു വരം പ്രധാനമായത് എന്നു ശബ്ദാർത്ഥം. ഇന്ദിവാരം, ഇന്ദീവാരം ഇപ്രകാരവും പാഠങ്ങൾ കാണുന്നു. മറ്റൊരു പര്യായം-'നീലാംബുജന്മാ'. നീലത്താമര എന്ന പേരും ഉണ്ട്.

**ഇന്ദീവരാക്ഷൻ**-വിഷ്ണു.

**ഇന്ദീവരി**-ശതാവരി. ഇന്ദീവരസദൃശമായ പുഷ്പമുള്ളത് എന്നർത്ഥം.

**ഇന്ദു**-പ്ര. ചന്ദ്രൻ. ഒന്നുകൊണ്ടു നനയ്ക്കുന്നവൻ എന്നർത്ഥം. വ. കർപ്പൂരം.

**ഇന്ദുകാന്ത**-ചന്ദ്രരശ്മി.

**ഇന്ദുകമലം**-വെള്ളത്താമര.

**ഇന്ദുകല**-ചന്ദ്രകല.

**ഇന്ദുകലിക**-ചന്ദ്രകല. വ. കേതകി.

ഇന്ദുകാന്തം-ചന്ദ്രകാന്തം. ഒരുമാതിരി സ്ഫടികം.
ഇന്ദുഗോപം-മിന്നാമിനുങ്ങ്. വർഷകാലത്തുണ്ടാകുന്ന ഒരു മാതിരി ചെമന്നപുഴു.
ഇന്ദുചൂഡൻ-ശിവൻ.
ഇന്ദുജ-വി. ചന്ദ്രനിൽനിന്നുണ്ടായ.
ഇന്ദുജ-നർമ്മദാ എന്ന നദി, രേവാ.
ഇന്ദുത-പ്ര. രാത്രി. ൨. കേതകി.
ഇന്ദുദലം-ചന്ദ്രകല.
ഇന്ദുധരൻ-ശിവൻ.
ഇന്ദുബിംബം-ചന്ദ്രബിംബം.
ഇന്ദുഭം-രോഹിണീനക്ഷത്രം.
ഇന്ദുമണ്ഡലം-ചന്ദ്രമണ്ഡലം.
ഇന്ദുമതി-പ്ര. വിദർഭരാജാവായ ഭോജന്റെ സഹോദരി, അജന്റെ ഭാര്യ, ദശരഥന്റെ അമ്മ, (നിദ്രയിൽ നാരദന്റെമാല നെഞ്ചിൽ വീണുമൃതയായി). ൨. പൂർണ്ണിമ.
ഇന്ദുമതീസുതൻ-ദശരഥൻ.
ഇന്ദുമണി-ചന്ദ്രകാന്തം.
ഇന്ദുമുഖി-സുന്ദരി (ചന്ദ്രനെപ്പോലെ മുഖമുള്ളവൾ).
ഇന്ദുമൌലി-ശിവൻ.
ഇന്ദുരത്നം-മുത്ത്, മുക്താമണി.
ഇന്ദുരേഖ-ചന്ദ്രകല.
ഇന്ദുലോഹ(ക)ം-വെള്ളി.
ഇന്ദുവദന-ചന്ദ്രമുഖി. ൨. ഒരു വൃത്തം. രാമായണം ൨൪ വൃത്തത്തിലെ ൯-ം, ൧൦-ം വൃത്തങ്ങൾ ഇന്ദുവദനയാണ്.

'ഇന്ദുവദനയ്ക്കു ഭജസംനഗുരുക്കളും'
(വൃത്തമഞ്ജരി)

ഇന്ദുവാരം-തിങ്കളാഴ്ച.
ഇന്ദുവാസരം-തിങ്കളാഴ്ച.
ഇന്ദുശകലം-ചന്ദ്രകല.
ഇന്ദുശേഖരൻ-ശിവൻ.
ഇന്ദൂരം-പ്ര. എലി, ചുണ്ടെലി. ൨. ഒരു രാജ്യം. Indur.

ഇന്ദ്രകീലം-പ്ര. മന്ദരപർവ്വതം. ൨. പാറ. ൩. ഇന്ദ്രന്റെ കൊടി.
ഇന്ദ്രകുഞ്ജരം-ഐരാവതം.
ഇന്ദ്രകൂടം-ഒരു പർവ്വതം.
ഇന്ദ്രകേതു, ഇന്ദ്രകീലം-ഇന്ദ്രന്റെ കൊടി.
ഇന്ദ്രകോശം, ഇന്ദ്രകോഷ(ക)ം-ഇരിക്കക്കട്ടിൽ Sofa (സോഫാ).
ഇന്ദ്രക്കാററ്-കിഴക്കേക്കാററ്.
ഇന്ദ്രഗിരി-മഹേന്ദ്രപർവ്വതം.
ഇന്ദ്രഗുരു-ബൃഹസ്പതി.
ഇന്ദ്രഗോപകം, ഇന്ദ്രഗോപം-ഒരു വിധം പുഴു (കീടം). ചെമന്നും വെളുത്തും രണ്ടു വിധമുണ്ട്.
ഇന്ദ്രചന്ദനം-വെളുത്ത ചന്ദനം.
ഇന്ദ്രചാപം-മേഘവില്ല്, മഴവില്ല്.
ഇന്ദ്രജാലം-പ്ര. മായ. ൨. വഞ്ചന. ൩. ക്ഷുദ്രം ൪. അർജ്ജുനന്റെ ഒരായുധം.

[മായം, ശാംബരി ൨-ം, ഇന്ദ്രജാലാദിമായയുടെ പേർ.]

ഇന്ദ്രജാലക്കാരൻ-മായാപ്രയോഗക്കാരൻ, ക്ഷുദ്രക്കാരൻ, വഞ്ചനക്കാരൻ. പര്യായങ്ങൾ-മായാകാരൻ, പ്രാതിഹാരികൻ.
ഇന്ദ്രജാലികൻ-ഇന്ദ്രജാലക്കാരൻ.
ഇന്ദ്രജിത്ത്-മേഘനാദൻ (രാവണന്റെ മകൻ).

ഇന്ദ്രനെ ജയിക്കയാൽ 'ഇന്ദ്രജിത്ത്' എന്ന പേരുണ്ടായി. ലക്ഷ്മണനാൽ വധിക്കപ്പെട്ടു].

ഇന്ദ്രജിദ്വിജയി-ലക്ഷ്മണൻ.
ഇന്ദ്രതൂർണ്ണം-(തോവൽനം എന്നു നോക്കുക.)
ഇന്ദ്രദിക്ക്-കിഴക്കദിക്ക്.
ഇന്ദ്രദൈവം-ബ്രഹ്മാവ്.
ഇന്ദ്രദ്യുമ്നൻ-സുമതിയുടെ പുത്രൻ. ൨. ഭരതന്റെ പൌത്രൻ ൩. പാണ്ഡ്യരാജാവ്

[ഇന്ദ്രദ്യുമ്നൻ എന്ന പാണ്ഡ്യരാജാവ് വനത്തിൽ സമാധിയിലിരിക്കവെ അ

ഗസ്ത്യമുനി അവിടെ ചെന്നു. സല്ക്കാരം ചെയ്യായ്കയാൽ രാജാവു ആനയായിപ്പോകട്ടെ എന്നു മുനി ശപിച്ചു. അഗസ്ത്യന്റെ ശാപം ഹേതുവായിട്ട് ആനയായി അനേകം കാട്ടുകളിൽ ചുററി നടന്നു. ഈ ആന ഒരിക്കൽ ഒരു തടാകത്തിൽ ചെന്നിറങ്ങി. അതിൽ കിടന്നിരുന്ന ഒരു മുതല ഉടൻ ആനയുടെ കാലിൽ പിടികൂടി. മുതലയായി കിടന്നിരുന്നതു ഹൂഹൂ എന്ന ഗന്ധർവനായിരുന്നു. മുതലയുടെ പിടിവിടുവിക്കുന്നതിനു ആന നന്നേ ശ്രമിച്ചു, പററിയില്ല. അനന്തരം വിഷ്ണുവിനെ സ്തുതിച്ചു. അദ്ദേഹം വന്നു പിടിവിടുവിച്ചു. കൂടുതൽ വിവരത്തിനു 'ഗജേന്ദ്രമോക്ഷം' നോക്കുക].

ഇന്ദ്രദ്രു-നീർമരുത്. ഇന്ദ്രൻ സ്വാധീനത്തിൽവെച്ചിരിക്കുന്നതു്. സ്വപുത്രനായ അർജ്ജുനന്റെ നാമം ഇതിനുള്ളതു നിമിത്തം ഇന്ദ്രനു സന്തോഷം ഉണ്ടാക്കുന്ന മരം എന്നർത്ഥം. (പുല്ലുമരുത്, ഓടമരം ഇങ്ങിനെയും പറയുന്നു.)

'ഐന്ദ്രമിന്ദ്രദ്രുയുഗം തഥാവിധം'
(നാരായണീയം)

ഇന്ദ്രധനുസ്സ്-മേഘവില്ല്, മഴവില്ല്.

ഇന്ദ്രൻ-പു. സ്വർഗ്ഗത്തിന്റെ രാജാവ്, ദേവേന്ദ്രൻ. ശ്രേഷ്ഠമായ ഐശ്വര്യത്തോടു കൂടിയവൻ എന്നർത്ഥം.

പര്യായങ്ങൾ-൧. ഇന്ദ്രൻ. ൨. മരുത്വാൻ. ൩. മഘവാവ്. ൪. വിഡൌജസ്സ്. ൫. പാകശാസനൻ. ൬. വൃദ്ധശ്രവസ്സ്. ൭. സുനാസീരൻ. ൮. പുരുഹൂതൻ. ൯. പുരന്ദരൻ. ൧൦. ജിഷ്ണു. ൧൧. ലേഖർഷഭൻ. ൧൨. ശക്രൻ. ൧൩. ശതമന്യു. ൧൪. ദിവസ്പതി. ൧൫. സുത്രാമാവ്. ൧൬. ഗോത്രഭിത്ത്. ൧൭. വജ്രി. ൧൮. വാസവൻ. ൧൯. വൃത്രഹാവ്. ൨൦. വൃഷാവ്. ൨൧. വാസ്തോഷ്പതി. ൨൨. സുരപതി. ൨൩. ബലാരാതി. ൨൪. ശചീപതി. ൨൫. ജംഭഭേദി. ൨൬. ഹരിഹയൻ. ൨൭. സ്വാരാട്ട്. ൨൮. നമുചിസൂദനൻ. ൨൯. സംക്രന്ദനൻ. ൩൦. ദുശ്ച്യവനൻ. ൩൧. തുരാഷാട്ട്. ൩൨. മേഘവാഹനൻ. ൩൩. ആഖണ്ഡലൻ. ൩൪. സഹസ്രാക്ഷൻ. ൩൫. ഋഭുക്ഷാവ്

ബ്രാഹ്മണനായ വൃത്രാസുരനെ കൊല്ലുകയാൽ ഇന്ദ്രനു ബ്രഹ്മഹത്യാപാപം ഉണ്ടായി. അതു യാഗംകൊണ്ടു പരിഹരിച്ചു. ഒരിക്കൽ ഗൌതമപത്നിയായ അഹല്യയെ പ്രാപിക്കയാൽ സഹസ്രഭഗനായിത്തീൎന്നു. പിന്നീടു സഹസ്രാക്ഷനായി. ഒരിക്കൽ ഇന്ദ്രജിത്തു പിടിച്ചുകെട്ടി ലങ്കയിൽ കൊണ്ടുപോയി. ബ്രഹ്മാവു മുതലായവർ വിടുവിച്ചു. ദുർവാസസ്സുമഹർഷി ഒരിക്കൽ ഇന്ദ്രനു ഒരു പൂമാല കൊടുത്തു. അതിനെ ഇന്ദ്രന്റെ ഐരാവതം നശിപ്പിക്കയാൽ മുനി ഇന്ദ്രനെ ശപിച്ചു. അതു ഹേതുവായിട്ട് ജരാനര ഭവിച്ചു. പാലാഴി കടഞ്ഞു് അമൃതം എടുത്തു അതു തീൎത്തു. ഗോവർദ്ധനയാഗത്തിൽ കൃഷ്ണനോടു മത്സരിച്ചു ഇന്ദ്രൻ പെരുമഴ പെയ്യിച്ചു. ഗോവർദ്ധനപർവ്വതത്തെ കുടയാക്കി കൃഷ്ണൻ ഗോപസമൂഹത്തേയും ഗോക്കളേയും രക്ഷിച്ചു. വൃന്ദാവനത്തിൽവെച്ചു ഒരിക്കൽ കൃഷ്ണനെ നിന്ദിപ്പാനായി ഇന്ദ്രൻ ഗോക്കളേയും ഗോപന്മാരേയും മറച്ചു. കൃഷ്ണൻ അവരെ സൃഷ്ടിക്കയാൽ അതിലും ഇന്ദ്രൻ തോററു. അർജ്ജുനൻ ശിവനെ ഉദ്ദേശിച്ചു തപസ്സുചെയ്യുമ്പോൾ തപോവിഘ്നത്തിനായി ഇന്ദ്രൻ ദേവസ്ത്രീകളെ നിയോഗിച്ചു. തപസ്സിളപ്പാൻ ശക്തിയില്ലാതെ അവർ മടങ്ങി. പാരിജാതം ഹരിച്ച സമയത്തിലും ഇന്ദ്രൻ കൃഷ്ണനാൽ തോല്പിക്കപ്പെട്ടു. ഇന്ദ്രൻ ദിതിയുടെ സന്താനങ്ങളെ ഗർഭത്തിൽ വെച്ചു കൊന്നു. തന്റെ വജ്രായുധംകൊണ്ടു പർവതങ്ങളുടെ ചിറകുകളെ ഛേദിച്ചു. ഇന്ദ്രന്റെ ഭാര്യ-ഇന്ദ്രാണി

പുത്രൻ-ജയന്തൻ. നഗരം-അമരാവതി, രഥം-വ്യോമയാനം. സാരഥി-മാതലി. അശ്വം-ഉച്ചൈശ്രവസ്സ്. പൂങ്കാവ്-നന്ദനം. ആന-ഐരാവതം. ആയുധം-വജ്രം. മാളിക-വൈജയന്തം. ഉത്സവം-ശക്രധ്വജോത്ഥാനം. വൃക്ഷം-മന്ദാരം. ഭക്ഷണം-അമൃതം. വില്ല്-ശക്രധനു. ദേവസഭ-സുധർമ്മ.

ഉ. ശ്രേഷ്ഠൻ, അധിപൻ. ന. ആത്മാ.

**ഇന്ദ്രനീലം, ഇന്ദ്രനീലകം**-ഒരു രത്നം.

**ഇന്ദ്രപുഷ്പി**-മേത്തോന്നി.

**ഇന്ദ്രപുത്രൻ**-ജയന്തൻ.

**ഇന്ദ്രപ്രസ്ഥം**-ഒരു നഗരം. ഇതു യമുനാതീരത്തിൽ പാണ്ഡവന്മാരുടെ വാസസ്ഥലമായിരുന്നു. ഇപ്പോഴത്തെ പേർ ഡൽഹി.

[ഇന്ദ്രപ്രസ്ഥം പണ്ടത്തെ സോമവംശരാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. ഇതു മഹമ്മദീയരാജാക്കന്മാരുടെ കാലത്തു ഡൽഹിയായിത്തീർന്നു.]

**ഇന്ദ്രഭം**-തൃക്കേട്ട നക്ഷത്രം.

**ഇന്ദ്രഭുജഗം**-ഋത്ഥനാഗം.

**ഇന്ദ്രഭോഗകൃമി**-ഒരു ചെറിയ ജന്തു.

**ഇന്ദ്രമാല**-ഒരു കൊടിയുടെ പേർ.

ഉപരിചരൻ തപസ്സുചെയ്തു ഇന്ദ്രപദം കൂടി അർഹിക്കാമെന്ന നിലയിൽ എത്തിയപ്പോൾ ദേവന്മാർ ചേദിരാജാവായിരിക്കണമെന്നു ആവശ്യപ്പെട്ടു. അപ്രകാരം ചെയ്യുന്നതിനായി ഇന്ദ്രൻ ഉപരിചരന് ഒരു വിശേഷതരമായ വിമാനവും മാലയും നൽകി. കൊടിയുടെ പേരാണ് 'ഇന്ദ്രമാല'.

ദമിതാം വൈജയന്തീം മാലാമമ്ലാനപങ്കജാം
ഇന്ദ്രമാലേതിവിഖ്യാതാം ധന്യാമപ്രതിമാം മഹൽ
(മഹാഭാരതം)

**ഇന്ദ്രമാളിക**-ഇന്ദ്രന്റെ മാളിക, പേർ വൈജയന്തം.

**ഇന്ദ്രമൌലിഭേദനം**-ഹാലാസ്യനാഥന്റെ പുത്രനായ ഉഗ്രപാണ്ഡ്യനെക്കൊണ്ടു ദേവേന്ദ്രന്റെ മൌലിഭേദനം ചെയ്ത ലീല (ഹാലാസ്യമാഹാത്മ്യം അദ്ധ്യായം ൧൪).

**ഇന്ദ്രയവം**-കുടകപ്പാലയരി. ഇന്ദ്രന്റെ വാഹ്യമായ വൃക്ഷത്തിൽ യവതുല്യമായുണ്ടായതു് എന്നർത്ഥം. മറ്റുപര്യായങ്ങൾ കലിംഗം, ഭദ്രയവം.

[ഇതു ത്രിദോഷങ്ങളെ കളയും. ചർദ്ദി, രക്തപിത്തം, പനി, വാതദോഷമോ അഗ്നിമാന്ദ്യം, രക്താതിസാരം മുതലായവയെ വിശേഷാൽ ശമിപ്പിക്കും.]

**ഇന്ദ്രലത**-ഉഴിഞ്ഞ.

**ഇന്ദ്രലുപ്തകം**-രോമം കൊഴിയുക, കഷണ്ടി, തലയിലെ രോമം കൊഴിയുക. മറ്റൊരു പര്യായം-കേശഘ്നം.

[പിത്തം വാതത്തോടൊന്നിച്ചു രോമകൂപങ്ങളിൽ ചെല്ലുകനിമിത്തമാണു രോമങ്ങൾ കൊഴിഞ്ഞുപോകുന്നതു്. കൊഴിഞ്ഞാൽ കഫം രക്തത്തോടുകൂടി രോമകൂപങ്ങളെ അടയ്ക്കും. ഇതുകൊണ്ടത്രേ വേറെ രോമങ്ങൾ വരാത്തതു്. ഇതിനു ഇന്ദ്രലുപ്തം, കാലിത്യം (ഖലിത്യം), രൂഹ്യ ഇങ്ങനെ പല പേരു പറയുന്നു.]

**ഇന്ദ്രവജ്ര**-ഒരു വൃത്തത്തിന്റെ പേർ. ത്രിഷ്ടുപ്ഛന്ദസ്സിൽ ചേർന്നതു്. പാദം ഒന്നിൽ അക്ഷരം ൧൧ വീതം കാണും.

'കേളീന്ദ്രവജ്രാ തതജംഗഗം ഗം'
(വൃത്തമഞ്ജരി)

**ഇന്ദ്രവല്ലി**-ഉഴിഞ്ഞ, കോരക്കാറ്റാൻ.

**ഇന്ദ്രവല്ലി, ഇന്ദ്രവല്ലരി**-പാരിജാതം.

**ഇന്ദ്രവല്ലി**-സോമവല്ലി.

**ഇന്ദ്രവാരുണി**-ഗ്ര. വലിയ കാട്ടുവെള്ളരി, ഇന്ദ്രനെ തടുക്കുന്നതു്; അമൃതം കൈവശമുള്ള ഇന്ദ്രൻ വന്നാലും അതിലും വിശേഷമാംവണ്ണം രോഗങ്ങളെ നീക്കുവാൻ

സാമർത്ഥ്യമുള്ളതു് എന്നർത്ഥം. മറെറാരു പര്യായം-'വിശാലം' മെത്തുക്കാ എന്നും കവരത്ത ശംഖുപുഷ്പം എന്നും കമ്മിട്ടിക്കാ എന്നും കൂടി പറഞ്ഞുകാണുന്നു.

ഇന്ദ്രവിദ്ധാ-ഒരു രോഗം.

[കുരുക്കൾ വ്യാപിക്കുന്നതാണു് ഇതിന്റെ ലക്ഷണം. അവ വാതപിത്തങ്ങൾ കൊണ്ടുണ്ടായതായും പത്മകർണ്ണിക പോലെ അടിച്ചുരുങ്ങിയും മുകൾ പരന്നും ഉള്ളതായും ഇരിക്കും].

ഇന്ദ്രവല്ലികാ-തലയിൽ ഉണ്ടാകുന്ന ഒരു വക കുരു.

[വാതപിത്തങ്ങൾ നിമിത്തമുണ്ടാകുന്നു. വൃത്തമായിരിക്കും. അധികം വേദനയും ദാഹവും കാണും]

ഇന്ദ്രസുതൻ,ഇന്ദ്രസൂനു-പു. ജയന്തൻ ഉ. അർജ്ജുനൻ. ബ. ബാലി.

ഇന്ദ്രസുരസം,ഇന്ദ്രസുരിസം-ന.കരുനൊച്ചി. ഐശ്വര്യകരമായ രസത്തോടുകൂടിയതു് എന്നർത്ഥം,ഇന്ദ്രനിഷ്ടമുള്ളതു എന്നും പറയാം. ഉ. കരുനൊച്ചു.

[നൊച്ചികറുത്തതും വെളുത്തതുമുണ്ടെന്നു കാണുന്നു. കറുത്തതിനു നീലമഞ്ജരി മുതലായ പര്യായങ്ങളും, വെളുത്തതിനു ശ്വേതസുരസാ മുതലായ ശബ്ദങ്ങളും പ്രത്യേകം പ്രത്യേകം കാണുന്ന സ്ഥിതിക്കു് ഇന്ദ്രസുരസം, നിർഗ്ഗുണ്ഡി, ഇന്ദ്രാണികാ, സിന്ദുവാരം, സിന്ദുകം ഇവ ര-ം, നൊച്ചിയുടെ സാമാന്യവാചകമാവാനേ ഇടയുള്ളു. എന്നാൽ ഇവയെ കരുനൊച്ചി എന്ന അർത്ഥത്തിൽ ഉപയോഗിച്ചും കാണുന്നുണ്ടു്.]

ഇന്ദ്രസേനാനി-സുബ്രഹ്മണ്യൻ.

ഇന്ദ്രസേനൻ-നളന്റെ പുത്രൻ.

ഇന്ദ്രസേന-സ്ത്രീ. നളന്റെ പുത്രി. ഉ. പ. പാഞ്ചാലിയുടെ പൂർവ്വജന്മത്തിലെ പേർ. നാളായണി എന്നും പറയും. 'ഇന്ദ്രസേനയെന്നു നാമം പിന്നെ നാളായണിയെന്നും'(നാളായണീചരിതം തുള്ളൽ)

ഇന്ദ്രാണികാ,ഇന്ദ്രാണി-സ്ത്രീ. ഇന്ദ്രനിഷ്ടമായതു്;ഇന്ദ്രന്റെ മാതാവായ അദിതി ഇതിന്റെ അധിദേവതയാകകൊണ്ടു 'ഇന്ദ്രനെ ജനിപ്പിച്ചതു്' എന്ന അർത്ഥവും കാണുന്നു. ഉ. കരുനൊച്ചി (ഇന്ദ്രസുരസം എന്നതു നോക്കുക)

ഇന്ദ്ര-കാട്ടുവെള്ളരി.

ഇന്ദ്രാണി-സ്ത്രീ. ശചി, ഇന്ദ്രന്റെ ഭാര്യ. മററു പര്യായങ്ങൾ-'പുലോമജാ, ശചി, ഇന്ദ്രാണി. ഇന്ദ്രനെ കൊണ്ടുവന്നവൾ, ഇന്ദ്രനെ ജീവിപ്പിച്ചവൾ എന്നർത്ഥം.

[ഇന്ദ്രൻ ഒരിക്കൽ താമരവളയത്തിനുള്ളിൽ ഒളിച്ചിരിക്കേണ്ടിവന്നു. ഇതിനു കാരണം ബ്രഹ്മഹത്യാ ദോഷമായിരുന്നു. ഇന്ദ്രന്റെ ഈ സ്ഥിതി ഇന്ദ്രാണി, ബൃഹസ്പതിയെ അറിയപ്പെടുത്തുകയും ബ്രഹ്മഹത്യക്കു നിവൃത്തിവരുത്തി പഴയസ്ഥാനത്തിൽ കൊണ്ടുവരുകയും ചെയ്തു.]

ഉ. നൊച്ചി, കരുനൊച്ചി. ബ. ദുർഗ്ഗാ.

ഇന്ദ്രായുധം-മേഘവില്ലു്, ഇന്ദ്രന്റെ ആയുധം. മറെറാരു പര്യായം ശക്രധനു. ഇതു മേഘത്തിൽ വില്ലിന്റെ ആകൃതിയിൽ അനേകവർണ്ണമായി ചിലകാലത്തിൽ പ്രതിഫലിച്ചു കാണപ്പെടുന്ന സൂർയ്യരശ്മി (രേഖസ്സ്) ആകുന്നു.

ഇന്ദ്രാരി-അസുരൻ. ഇന്ദ്രന്റെ ശത്രു എന്നർത്ഥം,

ഇന്ദ്രാവരജൻ-വിഷ്ണു. ഇന്ദ്രന്റെ അവരജൻ (അനുജൻ) എന്നർത്ഥം. വാമനമൂർത്തി.

[വാമനാവതാരത്തിൽ വിഷ്ണു അദിതിയുടെ പുത്രനായി ജനിക്കയാൽ വിഷ്ണു ഇന്ദ്രന്റെ അനുജനായി.]

വാമനമൂർത്തിമഹാബലിയെച്ചതിപ്പതിനായ്
കാമമൊടിന്ദ്രാനുജനായവതാരം ചെയ്താൻ
(ഭാഗവതം)

ഇന്ദ്രാവസാനം-വനം, വിജനപ്രദേശം.

ഇന്ദ്രാശനം-൧. കന്നിമരം (ഗുഞ്ജാവൃക്ഷം.) ൨. ചണ, ചണനാര്.

ഇന്ദ്രിയഗ്രാമം-പഞ്ചേന്ദ്രിയങ്ങൾ. [കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക് (തൊലി) ഇവ അഞ്ചും.]

ഇന്ദ്രിയനിഗ്രഹം - ഇന്ദ്രിയങ്ങളെ തന്റെ തന്റെ വിഷയങ്ങളിൽനിന്ന പിൻമടക്കുക.

ഇന്ദ്രിയനിഗ്രഹി-ഇന്ദ്രിയങ്ങളെ അടക്കിയവൻ, ആശകറഞ്ഞവൻ.

ഇന്ദ്രിയബലം-ഇന്ദ്രിയങ്ങളുടെ ശക്തി.

ഇന്ദ്രിയം-൧. ആത്മാവിന്റെ അടയാളം (ഇന്ദ്രിയമിന്ദ്രലിംഗം-ഇന്ദ്രൻ=ആത്മാ) ജീവാത്മാവ് ദേഹത്തിലിരിക്കുന്നുണ്ടെന്ന് ഇന്ദ്രിയങ്ങൾ ദൃഷ്ടാന്തപ്പെടുത്തുന്നതിനാൽ ഈ പേരുണ്ടായി. മററു പൎയ്യായങ്ങൾ—ഹൃഷീകം, വിഷയി.

൧. കൎമ്മേന്ദ്രിയങ്ങൾ-ഗുദം, ഉപസ്ഥം, കൈ, കാൽ, വാക്ക് (നാവ്) ഇവയുടെ പ്രവൃത്തി മലവിസൎജ്ജനം, സന്തോഷിക്കുക, എടുക്കുക, നടക്കുക, സംസാരിക്കുക.

൨. ജ്ഞാനേന്ദ്രിയങ്ങൾ(മനസ്സ്), ചെവി, കണ്ണ്, രസന, ത്വക്, നാസികാ.

൩. അന്തരിന്ദ്രിയം—മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം.

൪. പുരുഷബീജം (ശുക്ലം.)

ഇന്ദ്രിയവശഗൻ-ഇന്ദ്രിയങ്ങൾക്ക വശമായിപ്പോയവൻ.

ഇന്ദ്രിയവിഷയ-വി. ഇന്ദ്രിയങ്ങളെ സംബന്ധിച്ച:

ഇന്ദ്രിയവിഷയം-ഇന്ദ്രിയങ്ങളെ സംബന്ധിച്ചുണ്ടാകുന്ന സൌഖ്യം, ഇന്ദ്രിയങ്ങളുടെ വിഷയം[ആകാശ ഗുണമായ ശബ്ദം ശ്രോത്രേന്ദ്രിയത്തിന്റെ വിഷയമാകുന്നു ഇത്യാദി.]

ഇന്ദ്രിയസ്ഖലനം-ബീജംപുറപ്പെട്ടുപോവുക.

ഇന്ദ്രിയാൎത്ഥം - വിഷയം. ഇന്ദ്രിയങ്ങൾമൂലം ആഗ്രഹിക്കപ്പെടുന്നവ എന്നൎത്ഥം. ഇന്ദ്രിയാൎത്ഥങ്ങൾ—ശബ്ദസ്പൎശരൂപരസഗന്ധങ്ങൾ.

ഇന്ദ്രിയേശൻ-ഇന്ദ്രിയങ്ങളെ അടക്കിയവൻ.

ഇന്ധനം-൧. വിറക്. അഗ്നി ഇതുകൊണ്ടു കത്തിജ്വലിക്കുന്നു എന്നൎത്ഥം. ൨. തീയ്കത്തിപ്പാനുള്ള പുല്ല്.

ഇന്ധാനം-ജ്വലിച്ചിയങ്ങുന്നതു്.

ഇന്ന്-അ. ഈ ദിവസം.

ഇന്ന-വി. ഏതെന്നുള്ള.

ഇന്നത്തെ-വി. ഈ ദിവസത്തെ.

ഇന്നൽ-ഇണ്ടൽ.

ഇന്നലെ-കഴിഞ്ഞ ദിവസം.

ഇന്നാ-അ. ഇതാ, കൊടുപ്പാൻനേരം പറയുന്ന ഒരു വാക്ക്.

ഇന്നാങ്കം-൧. ദുഃഖം. ൨. പ്രയാസം, തടസ്സം, ഉപദ്രവം.

ഇന്നാർ-ഇന്നവൻ.

ഇന്നാൾ-അ. ൧. ഈ ദിവസം. ൨. കഴിഞ്ഞ ഒരു ദിവസം.

ഇന്നി, ഇനി-ഇതുമുതൽക്ക, ഇന്നുമുതൽ.

ഇന്നിശാ-ഒരു രാഗം.

ഇന്നും-ഇനിയും.

ഇന്നേടം-അ. ഇന്നസ്ഥലം.

ഇന്നേ-അ. ഇന്നുതന്നെ.

ഇന്നേടം-അ. ഈ ദിവസം.

ഇമ്പപ്പെടുക-ഇഷ്ടപ്പെടുക.

ഇമ്പം-ഇഷ്ടമുള്ള, അഴകുള്ള, ചേൎച്ചയുള്ള.

ഇമ്പാ-൧. ഇഷ്ടം. ൨. സന്തോഷം, ൩. സുഖം.

ഇന്വകകൾ - മകീരത്തിനമീതെ വട്ടത്തിൽ നില്ക്കുന്ന പ്രകാശത്തെ ൫ നക്ഷത്രം. (ഇല്വലകൾ).

ഇപ്പടി-ഈവിധം, ഇപ്രകാരം.

ഇപ്പാടെ-ഇപ്രകാരം, ഇതുപോലെ.

ഇപ്പാർ-ഈ ലോകം.

ഇപ്പി-ചിപ്പി.

ഇപ്പിപ്പുട്ടിൽ-മുത്തുച്ചിപ്പി.

ഇപ്പുറം-ഈവശം, കഴിഞ്ഞതിന്റെശേഷം

ഇപ്പോൾ-അ. ഈ സമയത്തു, ഈ കാലത്തിൽ. പര്യായങ്ങൾ-ഏതർഹി, സമ്പ്രതി, ഇദാനീം, അധുനാ, സാമ്പ്രതം.

ഇപ്പോലെ-അ. ഇതുപോലെ.

ഇപ്പോഴും, ഇപ്പൊഴെ-ഈ സമയത്തുതന്നെ, ഈ കാലത്തുതന്നെ.

ഇപ്രകാരം-ഈ വിധം, ഇങ്ങിനെ.

ഇപ്രദേശം-ഈ ദിക്ക.

ഇബാദത്തു്-ശുശ്രൂഷ, ദാസവൃത്തി. (അറബിഭാഷ).

ഇബിലിസ്സ്-പിശാച്, കള്ളൻ, ഖലൻ.

ഇഭകൃത്തി-ആനത്തുകൽ.

'അസ്ഥിയണിഞ്ഞിഭകൃത്തിയുടുത്തു
കരത്തിലെടുത്തുകപാലം'
(ദക്ഷയാഗം കഥകളി)

ഇഭനിമീലിക-സം. കൃത്രിമം, കൌശലം. വ. കുശാഗ്രബുദ്ധി.

ഇഭപോടാ-പെണ്ണാനക്കുട്ടി.

ഇഭാനനൻ-ഗണേശൻ.

ഇഭാരി-സിംഹം. ഇഭത്തിന്റെ (ആനയുടെ) അരി (ശത്രു).

ഇഭി-പിടിയാന.

ഇഭം-ആന. ഭംഗിയായി നടക്കുന്നതു്.

ഇഭമാചലം-സിംഹം.

ഇഭ്യ-വി. സം. ധനമുള്ള. വ. പുഷ്ടിയുള്ള.

ഇഭ്യ(ക)-വി. ധനമുള്ള. വ. പുഷ്ടിയുള്ള.

ഇഭ്യൻ-ധനവാൻ. ഇഭത്തെ (ആനയെ) അർഹിക്കുന്നവൻ എന്നർത്ഥം.

ഇഭ്യാ-പെണ്ണാന.

ഇഭ്യം-സം. ധനം. വ. പുഷ്ടി.

ഇമ-കൺപീലി (കൺപോളയിലെ രോമം.)

ഇമം-ഹിമം (തത്ഭവമാണ്.)

ഇമയാട്ടുക-കണ്ണടക്കുക, നയനസംജ്ഞ കാട്ടുക.

ഇമയുക-കണ്ണടയുക.

ഇമയ്ക്കുക-കണ്ണടയ്ക്കുക, കണ്ണു ഒന്നു കൂടതുറക്കുക.

ഇമരുക-കടുപ്പമായവേദനകൊണ്ടു ശബ്ദിക്കുക. (തമിഴിൽ ശബ്ദിക്കുക എന്നും കന്നടകത്തിൽ ആവിപുറപ്പെടുക എന്നും കാണുന്നു.)

ഇമാൻ-സം. വിശ്വാസം, ഭക്തി, ശ്രദ്ധ. വ. മാനം, പ്രതാപം, ശ്രേയസ്സ് (അറബിഭാഷ).

ഇമ്മി-സം. ഒരു കീഴ്കണക്ക്. 21/1 അണ, 494802/1, 2150400/1. വ. ഇത്തിരി, ഇമ്മിണി.

ഇമ്മിണി-ഇത്തിരി, വളരെക്കുറച്ച്.

'നമ്പൂരാരെടപുറകെനടന്നി-
ട്ടിമ്മിണിമുതലെനമുക്കുണ്ടായതു്'
(സ്യമന്തകം തുള്ളൽ)

ഇമ്പാ-വേട്ടസമയത്തുള്ള വിളി.

ഇയക്കം-കമ്പം.

'തരമവരണ്ടുമിയക്കമൊഴിക്കം'
(ഭഗവൽഗീത)

ഇയക്കുക-ചേർക്കുക, ഏച്ചു (ഇയച്ചു) കെട്ടുക.

'അപ്പാശേക്കിയതൊന്നിലുമില്ലെന്നുയരെ
അപ്പോളുടമറ്റൊന്നിയച്ചാളുമ'
(കൃഷ്ണഗാഥ)

['ആ കയറു പൊട്ടിയതിനാൽ മറ്റൊന്നുകൂടി ഏച്ചുകെട്ടുക' എന്ന സാധാരണ പറയുന്നത് ഈ 'ഇയക്കു' എന്നതിനെയാണ്.]

ഇയങ്ങുക-ശരിയായി നടത്തുക, 'പ്രവ ൎത്തിക്കുക.

പദ്യങ്ങളിലാണ പ്രയോഗം അധി കം. സേവിച്ചിയങ്ങുക-സേവിച്ചുപോരു ക ഇത്യാദി.

ഇയത്തക-വി. വളരെ ചെറിയ.

ഇയത്താ, ഇയത്താം-ഇത്രമാത്രമുള്ളതാ വു എന്നുള്ളത്.

ഇയത്തകാ-ചീത്തത്തിന്റ.

ഇയമ്പുക-പറയുക, ശബ്ദിക്കുക.

ഇയം-ഇവരം.

ഇയൽ-സ്ഥിതി, സംഗതിയുടെ നില.

ഇയലുക-൧. ചേരുക, കൂടുക, പ്രാപിക്കു ക, ഇരിക്കുക. ൨. പൊരുത്തമുണ്ടായി രിക്കുക. ൩. ഉത്സാഹിക്കുക. ഏലുകയാ ണ 'ഇയലുക'യായത്.

ഇയറുക-ഉണ്ടാക്കുക, വരുത്തുക, ഇട യാക്കുക.

ഇയ്യപ്രാവ-ഇയ്യംകൊണ്ടുണ്ടാക്കിയ പാ വ. പൎയ്യായം-ത്രാപുഷം.

ഇയ്യം-ലോഹങ്ങളിൽ ഒന്ന, ഈയം, കാ രീയ്യവും വെള്ളീയ്യവും ഉണ്ട. പൎയ്യായ ങ്ങൾ-നാഗം, സീസകം, യോഗേഷ്ടം, വപ്രം ഇവ ൪-ം, കറുത്തഇയ്യം. ത്രപു, പിച്ചടം, രംഗം, വംഗം, ഇവ ൪-ം, വെളുത്ത ഇയ്യം.

[നാഗം തുടങ്ങി ൪-ം, ഇയ്യത്തിന്റെ യും, ത്രപു മുതൽ ൪-ം, തകരത്തിന്റെ യും പേരെന്ന് അഭിപ്രായമുണ്ട്]

ഇയ്യാമ്പാററ-അഗ്നിയിൽവന്ന പതിക്കു ന്ന ചെറിയ പറവക(പക്ഷി), ശലഭം.

ഇയ്യിട-ന്ന. ഇതിനല്ലം മുമ്പ്, ഇതിനടു ത്ത്. (ഇ+ഇട). അടുത്ത കാലം.

ഇരക്കുക-യാചിക്കുക.

ഇരമ്പുക-മുഴങ്ങുക, ശബ്ദിക്കുക.

ഇരക്കുന്നവൻ യാചിക്കുന്നവൻ. പൎയ്യാ യങ്ങൾ-തിസ്വൻ, ദുവിധൻ, ദീനൻ, ദു ൎഗ്ഗതൻ, ദരിദ്രൻ.

ഇരച്ചിൽ, ഇരച്ചൽ-ശബ്ദം, മുഴക്കം, കടലിന്റെ ശബ്ദം.

ഇരഞ്ഞി-ഇലഞ്ഞി.

ഇരട്ടക-ഇടറുക (ഇടച്ചു=വഴുക്കൽ, തെ ററ്.)

ഇരട്ട-വി. രണ്ടുകൂടിയ, ഇരട്ടഎന്നതിന്റെ പൎയ്യായങ്ങൾ-യുഗ്മം, യുഗളം, യുഗം.

ഇരട്ടി-വി. രണ്ടുമടങ്ങുകൂടിയ.

ഇരട്ടിക്കുക-രണ്ടുമടങ്ങുകൂട്ടുക, വൎദ്ധിക്കുക

ഇരട്ടിപ്പ-രണ്ടുമടങ്ങ്, വൎദ്ധനം.

ഇരട്ടിപ്പടി-ഇരട്ടിച്ച പ്രകാരം.

ഇരട്ടിമധുരം-അതിമധുരം. പൎയ്യായങ്ങ ൾ-മധുകം, ക്ലീതകം, യഷ്ടീമധുകം, മധു യഷ്ടികം.

[ഇതു ക്ഷയം, തൃഷ്ണ, രക്തരോഗം, ഛൎദ്ദി, വിഷം, അരോചകം, പിത്ത രോഗങ്ങൾ, ശീതപിത്തം, വ്രണം ഇ വയെ ശമിപ്പിക്കും. ശുക്ലത്തെ അധിക മായി വൎദ്ധിപ്പിക്കും. കന്നുകാലികളുടെ ചുമയ്ക്കും വായിൽ പുണ്ണിനും നന്ന. ഇ രട്ടിമധുരം വെളുത്ത കുന്നിയുടെ വേരാ ണെന്ന അഭിപ്രായംകാണുന്നുണ്ട്. വെളു ത്തകുന്നിയുടെ ഇലയും വേരും "ഞാൻ ചവച്ചുനോക്കിയതിൽ നല്ല മധുരമായും ഇരിക്കുന്നു".]

ഇരണം-൧. ഉവൎനിലം. ൨. വനം.

ഇരണ്ട-ഒരു പക്ഷി.

ഇരണ്ടം-ആനയുടെ മലം. ചിലർ 'ആ നറാണ്ടം' എന്ന പറയാറുമുണ്ട്.

ഇരപ്പ്-൧. യാചന. ൨. മുഴക്കം, ശബ്ദം.

ഇരപ്പൻ-യാചിക്കുന്നവൻ.

ഇരപ്പാളി-യാചിക്കുന്നവൻ, ദരിദ്രൻ.

ഇരപ്പാളിത്ത(ന)ം, ഇരപ്പത്തനം ദാരിദ്ര്യം, യാചകവൃത്തി.

ഇരം-വെള്ളം.

ഇരക്കോൽ-൧. വഴിയമ്പ്. ൨. വെള്ള ക്കാരുടെ കോൽ.

ഇരമ്മലം-ഇടിത്തീ. വെള്ളംകൊണ്ടുജ്വ ലിക്കുന്നത് എന്നൎത്ഥം. മറൊരു പൎയ്യായം-മേഘജ്യോതിസ്സ്.

[ഇടിത്തീയ് പടിപെട്ടപ്പോൾ മഴ പെയ്യുന്നുണ്ടെങ്കിലും ആ തീയ് കെട്ടു പോകാതെ വൎദ്ധിക്കതന്നെ ചെയ്യും.]
൧. ബഡവാഗ്നി മുതലായതിൽ നിന്നുണ്ടാകുന്ന തീയ്യ്.
'മേഘാഗ്ന്യാമിരിരമ്മദഃ' (ശബ്ദാൎണ്ണവം)

ഇരവതി-ഇരുപത്തേഴാം നക്ഷത്രം. (രേവതി).

ഇരവി-ഒരു പേർ. രവിയാണ് ഇരവിയായതു്.
[രലങ്ങൾക്ക ആദിയിൽ സ്വരയോഗം വരും എന്നു വ്യാകരണം. ഉ-ം, രവി=ഇരവി. രക്തം=അരത്തം ഇത്യാദി].

ഇരവു്-രാത്രി. [കൎണ്ണാടകം-ഇരുൾ.]

ഇരവുപകൽ-അ. രാവും പകലും (രാപ്പകൽ).
ഇരവുപകലധികതരസുഖമൊടുവസിക്കയും'
(പഞ്ചതന്ത്രം)

ഇരവു്, ഇരവല്-വായ്പ കടം, കടം കൊള്ളുക, മറെറാരുത്തന്റെ വസ്തു പെരുമാറുക. ഉ-ം, ഇരവല്വാങ്ങിയ വള.

ഇര-ഫ. മദ്യം. കാമാവേശത്തെ ഉണ്ടാക്കുന്നതു് എന്നു ശബ്ദാൎത്ഥം [ഇ=കാമൻ രാ-മാമനെ]. ൧. ഭൂമി. ൨. വാക്ക്. ൩. സരസ്വതി. ൪. കള്ളു്, പാൽതുള്ളി, കുടിക്കാവുന്ന (പാനീയ) ദ്രവ്യം. ൬. ജലം. ൭. ഭക്ഷണം. ൮ സൌഖ്യം. ൯. മൃഗങ്ങൾക്ക കിട്ടുന്ന ഭക്ഷണം. ൰. ഇരാവതി. ൰൧. ഇരപ്പ് (ശബ്ദം)

ഇരാചര-വി ഫ. ഭൂമിയിലുള്ള, ഭൂമിയിൽ നടക്കുന്ന. ൧. ജലത്തിലുള്ള.

ഇരാചരം-ആലിപ്പഴം.

ഇരാജൻ കാമൻ.

ഇരാതെ-ഇരിക്കാതെ.

ഇരാവതി-ഫ. ബൎമ്മായിലെ ഒരു നദി. ൧. ദുൎഗ്ഗാ. ൨. ഒരു ചെടി

ഇരാവാൻ-ഫ. ഉലൂപിയിൽ അൎജ്ജുനനു ജനിച്ചവൻ. ൧. സമുദ്രം. ൨. മേഘം. ൩. ഒരു രാജാവു്.

ഇരിക്കക്കട്ടിൽ-ഇരിപ്പാനുള്ള ഒരു വക കട്ടിൽ.

ഇരിക്കുക-ഫ. പാൎക്കുക. ൧. ജീവിക്കുക.

ഇരിങ്ങാടികോടേ, ഇരിങ്ങാണിക്കോട്ട്-ഒരു ബ്രാഹ്മണഗ്രാമം (ഇതു കോഴിക്കോട്ടിനു വടക്കാണ്).

ഇരിച്ചിൽ-ഇടച്ചു്.

ഇരിണം-ഫ. ഓർനിലം. (ഉവർനിലം) ൧. നിരാശ്രയദേശം (നിൎജ്ജനദേശം.) ൨. ചിററാറു്, ചെറുപുഴ, തോടു്.

ഇരിനൽ-പുകയറ, കരി.

ഇരിപ്പ ഇലിപ്പവൃക്ഷം. പൎയ്യായങ്ങൾ-മധുകം, ഗുഡപുഷ്പം, മധുദ്രുമം, വാനപ്രസ്ഥം, മധുഷ്ഠീലം.

ഇരിപ്പിടം-ഫ. ഭവനം. ൧. പാൎക്കുന്ന സ്ഥലം. ൨. ആസനം.

ഇരിപ്പു-ഫ. സ്ഥിതി, അവസ്ഥ. ൧ ശേഷിപ്പു. ൨. വാസം. ൩. വെപ്പു്.

ഇരിപ്പെഴുക്കു്-ഇരുമ്പുവള, തടി.

ഇരിമ്പു്-ഫ. ലോഹങ്ങളിൽ ഒന്നു്. പൎയ്യായങ്ങൾ-ലോഹം, ശസ്ത്രകം, തീക്ഷ്ണം, പിണ്ഡം, കാളായസം, അയസ്സ്, അശ്മസാരം. ഇരിമ്പിനു തെലുങ്കിൽ-'ഇനുമു'
[ഇരിമ്പിന്റെ ഉൽപത്തി ഒരു തരം കല്ലിൽനിന്നാണ്. ഇരിമ്പിൻകിട്ടത്തിനു പൎയ്യായങ്ങൾ-മണ്ഡൂരം, ശിംഘാണം]

ഇരിമ്പകം-ഇരുമ്പ്.

ഇരിമ്പാല-കൊല്ലന്റെ പണിസ്ഥലം.

ഇരിമ്പുതാഴ്ത്തി-നങ്കൂരം, ചീനി.

ഇരിമ്പുപ്രതിമ-ഇരിമ്പുകൊണ്ടുള്ള പ്രതിമ. പൎയ്യായങ്ങൾ-സൂൎമ്മി, സ്ഥൂണ, അയഃപ്രതിമ.

ഇരിമ്പുലക്ക-ഇരിമ്പുകൊണ്ടുള്ള ഉലക്ക (ഒരായുധം). പൎയ്യായങ്ങൾ-ദ്രുഘണം, മുൽഗരം, ഘനം [പരിഘം, പരിഘാതനം-ഇവയും പൎയ്യായങ്ങളെന്നു കാണുന്നു.]

[പരിഘം, പരിഘാതനം ഇവ ൨-ം ഇരിമ്പുകെട്ടിയ വടി (ഇരിമ്പുലക്ക)യുടെ പേരെന്നും ദ്രുഘണം, മുൽഗരം, ഘനം, ഇവ ൩-ം, മുട്ടിത്തടി (ഇരിമ്പുഗദ-ഇരിമ്പുലക്ക)യുടെ പേരെന്നും അഭിപ്രായമുണ്ട്.]

ഇരിയുക-അടക്കുക, പറിക്കുക.

ഇരിൾ-ഇരുട്ട്.

ഇരു-രണ്ടു.

ഇരുകര-രണ്ടുകര.

ഇരുക്കുറു-രണ്ടുപംക്ക്.

ഇരുചാൽ-രണ്ടുപ്രാവശ്യം ഉഴുക.

ഇരുട്ട്-ഇരുള്. പൎയ്യായങ്ങൾ-അന്ധകാരം, ധ്വാന്തം, തമിസ്രം, തിമിരം, തമസ്സ്.

[കണ്ണു ലേശം കാണാത്ത ഇരുട്ട് (കൂരിരുട്ട്)-'അന്ധതമസം'. ക്ഷീണമായ ഇരിട്ടു-'അവതമസം'. പരന്ന ഇരുട്ടു-സന്തമസം'.]

ഇരുതലമൂരി-ഒരു പാമ്പ്.

ഇരുതലമൂലി-വിരുദ്ധകക്ഷികളിൽ രണ്ടിലും ചേരുന്നവൻ (ശൈലി).

ഇരുത്ത്, ഇരുത്താ-ഇരുപ്പ. വ. താഴ്മ.

ഇരുത്തി-ഋദ്ധി എന്ന ഔഷധം. തമിഴിൽ സിദ്ധി എന്നു പറയുന്നു, മററു പൎയ്യായങ്ങൾ-യോഗ്യം, സിദ്ധി, ലക്ഷ്മി.

[ഇതിനു കാട്ടുഴുന്നു, കാട്ടുമുതിര ഇങ്ങിനെയും പറയുന്നുണ്ട്. ഋദ്ധി=ഇരുത്തി. ഋദ്ധിയെ ചിലർ എടമ്പിരി എന്നു പറയുന്നു. ഇതു കഫരോഗം, കുഷ്ഠം, കൃമി മുതലായവയെ നശിപ്പിക്കും.]

ഇരുത്തുക-പ്ര. പാപ്പിക്കുക. വ. ജീവിപ്പിക്കുക.

ഇരുനിറപ്പച്ച-ഒരു ഔഷധി. ഇതിന്നു വിഷ്ണുനാരായണി എന്നും പറയും. വൃക്ഷത്തിനു നന്ന്.

ഇരുന്നൽ-കൊല്ലന്മാർ ഉപയോഗിക്കുന്ന കരി, നീറിവേവിക്കുന്ന കരി.

ഇരുന്നല്ക്കാരൻ-കല്ക്കരിവില്ക്കുന്നവൻ, കല്ക്കരി കഴിച്ചെടുക്കുന്നവൻ.

ഇരുന്നാലിൽപ്പാട്ടം, ഇരുനാൽപാട്ടം-ഉടമസ്ഥനും പാട്ടക്കാരനും കൂടി ധാന്യം സമമായി വീതിച്ചെടുക്കുക.

ഇരുപങ്ക്-രണ്ടുപംക്ക്.

ഇരുപരിഷ-രണ്ടുഭാഗക്കാർ.

ഇരുപാട്ട്-രണ്ടുവശം.

ഇരുപാട്ടുകാർ-രണ്ടുഭാഗക്കാർ.

ഇരുപുറം-രണ്ടുവശം.

ഇരുപ്പ-ഇലിപ്പമരം.

ഇരുപ്പൂൾ, ഇരുപൂൾ, ഇരുവൂൾ-ഇരുമുള്ളുമരം.

ഇരുമ-ഒരു കീഴ്കണക്ക്. 10/1.

ഇരുമണി-പെറുക്കിയ നെല്ല്.

ഇരുമണിപെറുക്കുക- കാലാപെറുക്കുക, പെറുക്കിയെടുക്കുക.

ഇരുമുടി ഇരട്ടച്ചുമട്.

ഇരുമുന-പ്ര. ഇരട്ടമുന. വ. ഇരട്ടനാക്ക്.

ഇരുമുനനാരായം-രണ്ടുതലയുംമൂൎച്ചയുള്ള നാരായം.

ഇരുമുനവാൾ- രണ്ടുതലയും മൂൎച്ചയുള്ള വാൾ.

ഇരുമുള്ള, ഇരിവുള്ള-ഒരു വൃക്ഷം. പൎയ്യായങ്ങൾ-പിച്ഛിലാ, അഗരു, ശിംശപാ, കപിലാ, ഭസ്മഗർഭാ.

ആദ്യത്തെ മൂന്നും കറുത്ത ഇരുമുള്ളമരമെന്നും അഭിപ്രായമുണ്ട്.

ഇരുവഴിനാട്ട്, ഇരുവൈനാട്ട്-കോലത്തിരിയുടെ കീഴിൽ നമ്പ്യാർമരിക്കൽ ഭരിച്ചതും തലശ്ശേരിയിലുൾപ്പെട്ടതുമായ ഒരു ദേശം.

ഇരവാൽചാത്തൻ-ഒരു പക്ഷി. പര്യായങ്ങൾ കൃകണം, ക്രകരം.

[ഇതു കരേട്ടവിൽ (വരണ്ട) ഒരു വകഭേദമെന്നും തമിഴിൽ ഇതിനു 'കക്കരാവു' എന്നാണു പേരെന്നും കാണുന്നു.]

ഇരുവി-ഒരൌഷധം.

ഇരുവിരം, ഇരുരം-ഒരുവിധം ചെമന്ന തട്ടി.

ഇരുവേലി, ഇരുവേരി-ഒരു മരുന്ന്. തമിഴിൽ വെട്ടിവേര്.

[ജലത്തിന്റെ പര്യായങ്ങളെല്ലാം ഇരുവേലിയുടെയും പര്യായങ്ങളാകുന്നു. ഇതു കയ്പുരസമാണ്. പിത്തം, ശ്ലേഷ്മം, വിസർപ്പം ഇവയെ ക്ഷയിക്കും. വാതത്തെ ഉണ്ടാക്കും. തുട്ട്, ചുട്ടുനീറൽ, പനി, കുഷ്ഠം ഇവയെ ശമിപ്പിക്കും.]

ഇരുൾ-പ്ര. ഇരുട്ട്. വ. മോഹം. ന. കറുപ്പ്.

ഇരുൾമയക്കം-മൂടൽ.

ഇരുളർ-കാട്ടിൽ പാർപ്പുകാരായ ഒരു ജാതിക്കാർ.

ഇരുളാൻ, ഇറളൻ-ഒരുവക പുല്ല്.

ഇരുളുക-പ്ര. ഇരുട്ടാവുക. വ. കറുക്കുക.

ഇരുസാൽ, ഇരിസാൽ-ഉണ്ടികക്കടലാസ്, ദൂരദേശത്തേയ്ക്കു പണം അയയ്ക്കുക. (അറബിഭാഷ.)

ഇരുളി-വലിയ ചിലന്തി (എട്ടുകാലി.)

ഇരെച്ചുകെട്ടുക-പ്ര. രണ്ടു തേങ്ങ മന്നിച്ചുകെട്ടുക; ഓരോ തേങ്ങയുടേയും ചകരി ഇരിഞ്ഞു തമ്മിൽ കെട്ടുക. വ. പട്ടികളുടെ പിണച്ചിൽ (സംയോഗം.)

ഇരേശൻ-പ്ര. വരുണൻ. വ. വിഷ്ണു. ന. ശങ്കരൻ.

ഇർവാരു-വെള്ളരി.

ഇൽ-സപ്തമിപ്രത്യയം. ഇതിനു വീട്, സ്ഥലം എന്നീ അർത്ഥമുണ്ട്. (ഇല്ലം.) ഉ-ം, കോയിൽ.

ഇല-പ്ര. പത്രം. പര്യായങ്ങൾ-പത്രം, പലാശം, ഛദനം, ദളം, പർണ്ണം, ഛദം. വ. കടലാസ്. ന. ചക്രപ്പലക. ദ. അലക്, വാളലക്.

ഇലയമൃതത്തുകഴിക്ക = ദമ്പുരാക്കന്മാർ വെററിലതിന്നുക.

ഇലകുക-ശോഭിക്കുക.

ഇലക്കണം-പ്ര. അടയാളം. (ലക്ഷണം എന്നതിന്റെ തത്ഭവം.) വ. ശ്രേഷ്ഠവും വ്യാകരണസംബന്ധവുമായ ഒരു ഭാഷാഭേദം.

ഇലക്കള്ളി-ഒരു ചെടി.

[ഇതു ക്രൂരവിഷദോഷങ്ങളെ ശമിപ്പിക്കും. അഗ്നിസമം, വീര്യോഷ്ണം, കടു, കഫവാതഘ്നം.]

ഇലക്കറി-പ്ര. കറിവെപ്പാനുപയോഗിക്കുന്ന ചീര മുതലായതിന്റെ പേർ. പര്യായങ്ങൾ-ശാകം, ഹരിതകം, ശിഗ്രു. വ. ഇലകൊണ്ടുള്ള കറി.

ഇലക്കിയൻ-കോവിലുകളിൽ ഇലകൾ കൊണ്ടുകൊടുക്കുന്ന ഒരു ജാതിക്കാരൻ.

ഇലക്കുടി-ഇലകൊണ്ടുള്ള വീട്.

ഇലക്കുടിഞ്ഞിൽ-ആശ്രമം (മുനിവാസസ്ഥലം.)

ഇലച്ചന-മുദ്രമോതിരം.

ഇലച്ചൽ-(ചെടികളുടെ) ഇലകൾക്കുള്ള പടപ്പ്.

'കണ്ണാവുംബതതിരിച്ചുനാക്കിയവൾ
വല്ലൂലാഞ്ചലമിലച്ചലിൽ'
(മലയാളശാകുന്തളം)

[ഇല എന്ന നാമത്തിനുള്ള ഈ ക്രിയാരൂപം ചില ദിക്കുകളിൽ നടപ്പായി കണ്ടിട്ടില്ല.]

ഇലഞ്ഞി-ഒരു വൃക്ഷം. പര്യായങ്ങൾ-കേസരം, ബകുളം.

[ഇതു ശീതളവും ഹൃദ്യവുമാകുന്നു. വിഷദോഷത്തെ കളയും. ഇലഞ്ഞിപ്പൂവു

പാലിൽ ഇട്ടു കറുക്കി സേവിക്കുന്നതാ യാൽ അതിസാരം ശമിക്കും. ഇതിൻെറ കുരു പല്ലിനു നല്ല ഉറപ്പുണ്ടാക്കും.]

ഇലത്താളം-കൈമണി (ഒരു വാദ്യം.)

ഇലന്ത-ഒരു വൃക്ഷം.

[ഇതിൻെറ കുരു-ഛർദ്ദി, തൃഷ്ണ, കാസം ഇവയ്ക്കു് നന്നു്. കണ്ണിനഹിതം പച്ചക്കായ്-ദാഹം, ഛർദ്ദി ഇവയെ ശമിപ്പിക്കും. പഴം-ദാഹം, ക്ഷതം, ക്ഷയം ഇവയെ കളയും ]

ഇലമുളച്ചി-ആകാശച്ചെടി.

ഇലവു്-ഒരു വൃക്ഷം, ഇലവിമരം. പര്യായങ്ങൾ-പിച്ഛില, പൂരണി, മോചാ, സ്ഥിരായു, ശാല്മലി, [തൂലവൃക്ഷം, രക്തഫലം, യമദ്രുമം, ദീർഘദ്രുമം, ദീർഘഫലം ഇത്യാദിയും പര്യായം തന്നെ.]

[ഇതു മധുരശീതളമാണ്. ശുക്ലവൃദ്ധിയെ ചെയ്യും. ബലത്തെ ഉണ്ടാക്കും. കഫത്തെ വിശേഷമായി വർദ്ധിപ്പിക്കും. ഇതിൻെറ പശ-ബലം, പുഷ്ടി, വീര്യം, വർണ്ണഗുണം, ആയുസ്സ് പ്രജ്ഞ ഇവയെ അധികം വളർത്തും. ഇലവിൻ പശയ്ക്കു് പര്യായങ്ങൾ-പിച്ഛാ, ശാല്മലീവേഷ്ടം. ഇലവിനു ചിലദിക്കുകളിൽ 'പൂള' എന്നും പേരുള്ളതായിക്കാണുന്നു.]

ഇലവങ്ങം, ഇലവംഗം-കരയാമ്പൂമരം. പര്യായങ്ങൾ-ത്വക്പത്രം, ഉൽക്കടം, ഭൃംഗം, ത്വചം, ചോചം, വരാംഗം. ത്വക്പത്രം എന്നതിലെ 'പത്രം' എന്നതു പ്രത്യേകം പര്യായമായും സ്വീകരിക്കുന്നുണ്ടു്.

[ഇലവങ്ങം കണ്ണു ശുദ്ധീകരിപ്പാൻ വളരെ വിശേഷമാണ്. കഫവാതരോഗങ്ങൾ, ചൊറി, വിഷം, വക്ത്രരോഗം, ശിരോരോഗം, വസ്തിരോഗം, ശുക്ലദോഷം ഇവയെ ശമിപ്പിക്കും.]

ഇലവങ്ങപ്പൂവ് - ഇലവങ്ങത്തിൻെറ പൂവ്. പര്യായങ്ങൾ-ലവംഗം, ദേവകുസുമം, ശ്രീസംജ്ഞം.

ഇലവാണിയൻ-സസ്യങ്ങൾ വില്ക്കുന്ന ഒരുവകക്കാർ. ഇലവാണിയൻെറ സ്ത്രീയ്ക്കു ഇലവാണിച്ചി എന്നു പേർ.

ഇലവില-തൃണബിന്ദുവിന്റെ അലംബുഷ എന്ന അപ്സരസ്ത്രീയിൽ ഉണ്ടായമകൾ, വിശ്രവസ്സിൻെറ ഭാര്യ, വൈശ്രവണൻെറ അമ്മ. വൈശ്രവണനെ 'ഐലവിലൻ' എന്നു വിളിക്കുന്നുണ്ടു്. പുലസ്ത്യൻെറ ഭാര്യയും വിശ്രവസ്സിൻെറ മാതാവും ആണെന്നു മറ്റൊരുപക്ഷം.

ഇലി-വിനാഴിക.

ഇലിപ്പ-ഇരിപ്പ, ഒരു വൃക്ഷം.

ഇരിപ്പക്കാതൽ മധുരവും ശീതളവുമാണ്. പിത്തം, ദാഹം, ശ്രമം ഇവയെ കളയും. ത്രിദോഷങ്ങളെ നീക്കും. പുഷ്ടിയേയും വീര്യത്തേയും വർദ്ധിപ്പിക്കും. വാതകരമല്ല. കണ്ഠരോഗത്തിനും കൊള്ളാം.

ഇരിപ്പപ്പൂവ്-ഗുരുവും അഹൃദ്യവുമാണ്. പുഷ്ടിയെ ഉണ്ടാക്കും,

ഇരിപ്പക്കായ്-വാതപിത്തങ്ങളെ ശമിപ്പിക്കും.

പഴുത്തകായ്-ദാഹം, ക്ഷയം, ക്ഷതം ഇവയെ കളയും.

ആററിരിപ്പ- ജലത്തിലുണ്ടാകുന്നതാണ്. ഇതിൻെറ ഇല നീണ്ടിരിക്കും. അതു വ്രണത്തെ ഉണക്കും. ശുക്ലവൃദ്ധിയെ ചെയ്യും. ഛർദ്ദിക്കു വളരെ നന്നു്.

ഇലാക്ക-ലാക്ക് (ലക്ഷ്യം.)

'ബാലിവായുരസ്സ്: ഇലാക്കായുടൻ'

(കേരളവർമ്മരാമായണം)

ഇലാവുക-ഉലാവുക, പതുക്കെ അങ്ങും ഇങ്ങോട്ടും നടക്കുക.

ഇലിയ-വി. നിസ്സാരമായ (പ. മ.)

ഇലീവിഷൻ-ഒരസുരൻ. (ഇവനെ ഇന്ദ്രൻ തോല്പിച്ചിട്ടുണ്ടു്.)

ഇല്ല്-ശാസ്ത്രം.

ഇല്ല-നാസ്തി. (വ്യാകരണപ്രകാരം ഒരു പ്രധാന വ്യാക്ഷേപകമാണ്)

ഇല്ലട്ടം-മേല്പുര.

ഇല്ലട്ടക്കരി-പുകയറ.

ഇല്ലത്തുമൂത്തച്ഛൻ-അച്ഛന്റെ അച്ഛൻ പൎയ്യായങ്ങൾ-പിതാമഹൻ, പിതൃപിതാവ്.

ഇല്ലം-ൟ. നമ്പൂരിമാരുടെ ഭവനം. ൨. ഭവനം, സ്ഥലം. ൩. നായന്മാർ നാലു തരമുള്ളവരിൽ ഒന്നാമത്തേത്.

[ഇല്ലം എന്ന ൟ ശബ്ദം തന്നെയാണ് ആധാരികയുടെ 'ഇൽ' പ്രത്യയമായി തീൎന്നിട്ടുള്ളത്.]

ഇല്ലെമ്മാനില്ല-മരിച്ചുപോയി എന്നും പറവാൻ പാടില്ല.

ഇല്വലകൾ-മകയിരം നക്ഷത്രത്തിന്റെ മീതെ നില്ക്കുന്ന നക്ഷത്രങ്ങൾ. [തച്ഛിരോദേശേ യാസ്താരകാ നിവസന്തിതാഃ ഇല്വലാഃ ഇത്യച്യന്തേ=അതു മകയിരം നക്ഷത്രത്തിന്റെ ഉപരിഭാഗത്തു യാതൊരു നക്ഷത്രങ്ങൾ വസിക്കുന്നുവോ അവ ഇല്വലകൾ എന്നു പറയപ്പെടുന്നു.]

ഇല്വലൻ-ദണ്ഡകാരണ്യത്തിലെ ഒരു രാക്ഷസൻ.

വാതാപി, ഇല്വലൻ എന്ന രണ്ടു രാക്ഷസന്മാരും ദണ്ഡകാരണ്യത്തിലെ പാൎപ്പുകാരാണ്. ഒരിക്കൽ വാതാപി ഒരു ആടായിട്ടു ബ്രാഹ്മണരുടെ സമീപം ചെന്നു, ഉടൻ അവർ പിടിച്ചു ബലികഴിച്ച് ആ മാംസത്തെ ഭക്ഷിച്ചു. അനന്തരം ഇല്വലൻ വാതാപിയെ വിളിച്ചു. വാതാപി ബ്രാഹ്മണരുടെ വയർ പൊളിച്ചു പുറത്തുവന്നു. ൟ പ്രയോഗം ഒരിക്കൽ ആ രണ്ടു രാക്ഷസന്മാരും അഗസ്ത്യമഹൎഷിയോട് എടുത്തു. അദ്ദേഹം വാതാപിയെ ഭക്ഷിച്ചു. എന്നാൽ ഇല്വലൻ വിളിക്കുംമുമ്പെ അവൻ ദഹിച്ചുപോയി. ൟ കാരണത്താൽ ഇല്വലൻ മുനിയോടു എതിൎക്കയും അദ്ദേഹത്തിന്റെ ശാപാഗ്നിയിൽ ഭസ്മമാകയും ചെയ്തു.

ഇല്ലല്ലി-അ. അല്ലയോ.

ഇല്ലറക്കരി-പുകയറ.

ഇല്ലറം-ഗൃഹധൎമ്മം.

ഇല്ലാച്ചൊല്ല്-ദൂഷണവാക്ക്.

ഇല്ലാതെ-അ. കൂടാതെ.

ഇല്ലായ്മ-ഇല്ലായ്ക.

ഇല്ലി-ൟ. ചെടി. ൨. മുളവൃക്ഷം.

ഇല്ലിപ്പുട്ടിൽ-ഇല്ലിക്കൂട്ടം.

ഇവ-ഇതുകൾ. [ഇ എന്ന സൎവ്വനാമത്തിന്റെ ബഹുവചനം ഇവററ, ഇവററകൾ, ഇവററ്.]

ഇവ-അ. എന്നപോലെ, എന്നു തോന്നുമാറ്.

'പുരഃപ്ലവാമൈരിവപൂരിതാൎദ്ധയം' (മാഘം)

ഇവണ്ണം-അ. ഇപ്രകാരം.

ഇവൻ-ൟ മനുഷ്യൻ.

ഇവർ-ൟ മനുഷ്യർ.

ഇവൾ-ൟ സ്ത്രീ.

ഇവററ, ഇവററ്-ഇതുകൾ, ൟ ജന്തുക്കൾ.

ഇവററ്-അ. ൟവിധഃ, ഇപ്രകാരം, ഇവ.

ഇവിടം-അ. ൟ സ്ഥലം.

ഇഴി-അല്പം.

ഇഷം-തുലാമാസം. കന്നി തുലാം മാസങ്ങൾ എന്നും കാണുന്നു.

ഇഷൌ-കന്നി തുലാം മാസങ്ങൾ.

ഇഷിക-ൟ. ആനയുടെ നേത്രഗോളം (കൺമിഴി) പാഠാന്തരങ്ങൾ-ഇഷീകാ, ഇഷീകം, ഇഷികാ. ൨. നാങ്ങണപ്പോലെ ഒരു മാതിരി പുല്ല്; തൂലിക.

ഇഷീകം-ൟ. തൂലിക. ൨. ചെറിയുവൽ. ൩. പുല്ക്കൊടി.

ഇഷുഗ്രഹൻ-ആയുധപാണി.

ഇഷുധി-അമ്പുറ.

ഇഷു-ശരം (അമ്പ്)

ഇഷ്ട-വി. ൧. സ്നേഹമുള്ള. ൨. സന്തോഷമുള്ള.

ഇഷ്ടക, ഇഷ്ടിക-ഇട്ടിക, ചെങ്കല്ല്, ചീക്കല്ല്.

ഇഷ്ടകാപഥം-രാമച്ചം.

ഇഷ്ടഗന്ധ-വി. നല്ല മണമുള്ള.

ഇഷ്ടഗന്ധാ-പാൽമുതക്ക്, വെണ്മുതക്ക്.

ഇഷ്ടപ്പെടുക-സന്തോഷിക്കുക.

ഇഷ്ടം-൧. പ്രിയം. ൨. സ്നേഹം. ൩. ആഗ്രഹം.

ഇഷ്ടം-യഥേഷ്ടം. ഈ അൎത്ഥത്തിൽ ക്രിയാവിശേഷണമായി ഉപയോഗിക്കണം. പൎയ്യായങ്ങൾ-കാമം, പ്രകാമം, പൎയ്യാപ്തം, നികാമം, ഇഷ്ടം, യഥേപ്സിതം.

ഇഷ്ടമധുകാ-തേക്കട.

ഇഷ്ടമാടുക-ഇഷ്ടംപോലെ ചെയ്യുക.

ഇഷ്ടരശ്ശു-(ചതുരംഗക്കളിയിൽ) അരശുപറക എന്നതിൽ ഒന്ന്.

ഇരുകക്ഷികളും തവണ ഇട്ടുകളിക്കും. ഒരു കക്ഷി തന്റെ ഒരു കരു നീക്കിയാൽ പിന്നെ അവന് എതുകക്ഷികൾക്കു ചില്ലാതെ കളിക്ക് അവകാശമില്ല. ആ സമയം വൻകരുവിൽ ഒന്നിന്റെ കാൽ ദേവനിൽ തട്ടുകയാണെങ്കിൽ ചെറുകരുക്കാരന്റെ അടുത്ത കളി ദേവനെ നീക്കുക മാത്രമാണ്. ധൎമ്മയുദ്ധമായതുകൊണ്ട് ദേവനെ വെട്ടാൻ തുടങ്ങുന്ന എന്നുള്ള സംഗതി വിളിച്ചുപറകയും പതിവുണ്ട്. ഇതിനു പൊതുവയുള്ള പേർ 'അരശുപറക' എന്നാണ്. ഓരോ കരു ചെയ്യുന്ന അരശിനും പ്രത്യേകിച്ചു പേരുണ്ട്.

തേരുകൊണ്ടുള്ളതു്-വെച്ചരശു.
കുതിരയെക്കൊണ്ടു-ഇഷ്ടരശു്.
ആനയെക്കൊണ്ടു-പോട്ടരശു.
മന്ത്രിയെക്കൊണ്ടു-കത്തിയരശു്.
ആളെക്കൊണ്ടു-ഉന്തിയരശു.

ഇഷ്ടലാഭം-ആഗ്രഹിച്ചതിനെ ലഭിക്കുക.

ഇഷ്ടവൽ-വി. ൧. പ്രിയമുള്ള. ൨. സ്നേഹമുള്ള. ൩. ആഗ്രഹമുള്ള.

ഇഷ്ടവാക്ക്-പ്രിയവാക്ക്.

ഇഷ്ടസഖൻ-പ്രിയതോഴൻ.

ഇഷ്ടാനിഷ്ടം-ഇഷ്ടവും അനിഷ്ടവും (അനിഷ്ടം=ഇഷ്ടക്കേട്.)

ഇഷ്ടാപൂൎത്തം, ഇഷ്ടാപൂൎത്തി-കിണറ്, കുളം മുതലായവ കഴിക്ക, യാഗം ചെയ്ക, വൃക്ഷാദികൾ നട്ടുണ്ടാക്കുക, ദാനംചെയ്ക മുതലായ ധൎമ്മപ്രവൃത്തികളുടെ അനുഷ്ഠാനം.

'വാപീകൂപതടാകാദി
ദേവതായതനാനിച
അന്നപ്രദാനമാരാമാഃ
പൂൎത്തമൎത്ഥ്യാഃ പ്രചക്ഷതേ
ഏകാഗ്നികൎമ്മഹവനം
ത്രേതായാംയച്ചഹൂയതേ
അന്തൎവ്വേദ്യാം ച യദ്ദാനം
ഇഷ്ടം തദഭിധീയതേ'

ഇഷ്ടാൎത്ഥം-പ്രിയമുള്ള കാൎയ്യം.

ഇഷ്ടാൎത്ഥം-അ. താൽപൎയ്യമായിട്ട്.

ഇഷ്ടാൎത്ഥോദ്യുക്ത-വി. തന്റെ സിദ്ധാന്തത്തിനുദ്യോഗിച്ച (ഒരുമ്പെട്ട).

ഇഷ്ടി-൧. യാഗം. ൨. ഇച്ഛ.

ഇഷ്ടിക-ഇട്ടിക ചെങ്കല്ല്. ചീക്കല്ല്.

ഇഷ്മ-വി. ആഗ്രഹമുള്ള.

ഇഷ്മൻ കാമദേവൻ.

ഇഷ്വൻ-ബലമുള്ളവൻ.

ഇഷ്വാസം-വില്ല്.

ഇസ്തിരിഇടുക-മുഴുവാക്കുക (അറബിഭാഷ) നേൎമ്മയാക്കുക [മടപ്പ് ഇസ്തിരി ഇടുന്നു.]

ഇസ്ലാം-ഇസ്സലാം മതത്തിലുള്ള മനുഷ്യർ.

ഇസ്ലാംമതക്കാരൻ-മഹമ്മദിയൻ.

ഇഹം-അ. ഇവിടെ.

ഇഹം-ഈ ലോകം.

ഇള-ഃ. ഭൂമി. വ. പശു. ന. ശബ്ദം. ര. ബുധന്റെ ഭാര്യ. (ഇഡ എന്നതു നോക്കുക.) ൧. (വ്യാകരണത്തിൽ) സുഖാദേ ശകങ്ങളിൽ ഒന്ന്. ൯. ഒരു നദി (തീർത്ഥം).

ഇളകുക-അനങ്ങുക.

ഇളകൊള്ളുക-ഃ. മുളയ്ക്കുക (ഇപ്പോൾ ഇതു നടപ്പില്ല). ഇള (ഭൂമി) എന്ന അർത്ഥത്തിൽ നിന്നുണ്ടായതു്.

'എന്നമെൻമനക്കുരുന്നിൽ
ഇളകൊള്ളും മൈതലി
(രാമചരിതം)

വ. വിശ്രമിക്കുക.

ഇളക്കുക-അനക്കുക. ഇളക്കുക എന്ന ക്രിയയുടെ പര്യായങ്ങൾ-വിധൂനനം, വിധുവനം.

ഇളക്കം-ഃ. അനക്കം. വ. സംശയം.

ഇളക്കത്താലി-സ്ത്രീകൾ കഴുത്തിലിടുന്ന ഒരു ആഭരണം.

ഇളച്ചു-ഃ. കാഴ്ച.

'വഞ്ചിമുങ്ങുമളവിങ്കലും ശരം-
നിളച്ചായില്ലവിലതെല്ലമെ'
(അന്യാപദേശശതകം)

വ. തൃഷിക്ക.

ഇളതരം-വി. ഃ. ഇളയ. വ. താണ. ന. മൂക്കാത്ത. ര. ക്ഷീണം തട്ടിയ.

ഇളൻ-മനുവിന്റെ പുത്രൻ (ഇഡ എന്നതു നോക്കുക).

ഇളനീലം-നീലനിറം, താണതരത്തിലുള്ള നീലം, കടുത്തനീലമല്ലാത്തതു്.

ഇളന്നീര-കരിക്ക്.

[ഇതു ചുട്ടുനീറൽ (ദാഹം), അസ്ഥിസ്രാവം മുതലായവയെ നശിപ്പിക്കും. ശീതളവും ഹൃദ്യവുമാണ്]

ഇളന്തച്ചൻ-കപ്പൽപണിക്കാരൻ.

ഇളപ്പം-വി. ഇളപ്പമുള്ള.

ഇളപ്പം-ഃ. താഴ്ച. വ. ഇടിവ്. ന. അപമാനം. ര. ചീത്തത്തം. ൧. മൂപ്പു കുറവ്. ൯. പതുപ്പു, മാർദ്ദവം.

ഇളപ്പെടുക-ഃ. താഴുക. വ. കുറയുക.

ഇളപ്പെടുത്തുക-താഴ്ത്തുക. വ. കുറയ്ക്കുക.

ഇളമ-വി. ഇളയ.

ഇളമ-ഇളപ്പം.

ഇളമനസ്സ്-ധൈര്യമില്ലായ്മ.

ഇളമപ്പെട്ട്, ഇളമസ്ഥാനം-ഇളയരാജാവിന്റെ സ്ഥാനം.

ഇളമുറ-ഇളയരാജാവിന്റെ മുറ.

ഇളം-വി. ഃ. ഇളയ. വ. മൂക്കാത്ത. ന. അലിവുള്ള.

ഇളംകൂറ-ഇളയരാജാവിന്റെ സ്ഥാനം.

ഇളംകൂറവാഴ്ച-ഇളയരാജാവായിട്ടു വാഴ്ക.

ഇളംപ്രായം-ചെറുപ്രായം.

ഇളംബുദ്ധി-ബുദ്ധിക്കുറവ്.

ഇളമതി-ബാലചന്ദ്രൻ.

ഇളയ-വി. ഃ. ചെറിയ. വ. മൂക്കാത്ത. ന. മെലിഞ്ഞ. ര. മൃദുവായ. ൧. ആർദ്രതയുള്ള.

ഇളയതു-അമ്പലവാസികളിൽ ഒരു ജാതി. നായന്മാരുടെ പുരോഹിതൻ.

ഇളയബ്ഭൂട്ട്, ഇളബ്ഭൂട്ട-ശീതാഷ്ണം.

ഇളയപ്പൻ-ചിറ്റപ്പൻ. അമ്മയുടെ അനുജത്തിയുടെ ഭർത്താവ്. അച്ഛന്റെ അനുജൻ.

ഇളയച്ഛൻ-കൊച്ചച്ഛൻ (അച്ഛന്റെ അനുജൻ.)

[ഇളയപ്പനെന്നും ഇളയച്ഛനെന്നും ഉള്ളതിനു വ്യത്യാസമില്ലാത്ത വിധം ഒരേ അർത്ഥത്തിലും ഉപയോഗിക്കുന്നുണ്ട്]

ഇളയമ്മ-ഃ. ചിറ്റമ്മ. വ. അമ്മയുടെ അനുജത്തി. ന. അച്ഛന്റെ അനുജന്റെ ഭാര്യ.

ഇളയരശ്രു്-ഇളങ്കുറു്.
ഇളയവൻ-൧. അനുജൻ. ൨. തന്നിൽ താണ വയസ്സുള്ളവൻ ൩. തന്നിൽ താണവൻ.
ഇളവു്-൧. അവധി. ൨. മാപ്പു്.
'തോഴിയെച്ചെന്നു കാണു; ഞാനും ഇളവുകിട്ടിയതുകൊണ്ടു് ഗൃഹത്തിലേയ്ക്കു പോകുന്നു(മാളവികാഗ്നിമിത്രംനാടകം)
ഇളവൻ-കുമ്പളങ്ങ. ൨. മൂക്കാത്തകായു്.
ഇളവൻകായു്-മൂക്കാത്ത കായു്.
ഇളവാപ്പു-ഇളയപ്പൻ. (മുസൽമന്മാരും മററും ഉപയോഗിക്കുന്നു.)
ഇളാപാലനം-രാജ്യഭരണം.
ഇളാവൃതം,ഇളാവൃതവർഷം, ഇളാവൃതഖണ്ഡം-ഭൂമിയുടെ നവഖണ്ഡങ്ങളിൽ മദ്ധ്യത്തിലുള്ളതു്.
ഇളി-൧. പല്ലുകാട്ടിയുള്ള ചിരി. ൨. എളിക്കൂടു് (അരക്കെട്ടു്). ൩. കുതിരയുടെ കരച്ചിൽ. ൪. ചെറവാറു. ൫. വടി, കറവടി.
ഇളിക്കുക-൧. പല്ലുകാട്ടി ചിരിക്കുക. ൨. കുതിരകരയുക. ൩. ലജ്ജിക്കുക.
ഇളിഞ്ഞിൽ-ഒരു മാതിരി വൃക്ഷം. (കളിർമാവു്.)
ഇളിപ്പു്-പല്ലുകാട്ടിയുള്ള ചിരി.
ഇളിബിളി-വിശ്രുവസ്സിന്റെ ഭാൎയ്യ, കുബേരന്റെ അമ്മ (ഇലവില എന്നതു് നോക്കുക.)
ഇളിഭ്യൻ-ഭോഷൻ.
ഇളിഭ്യാ-ഭോഷത്തം.
'പാരമിളിഭ്യമാകുന്നിതെല്ലാക്കുമി-
പ്പാരവശ്യാധീനയാകുന്നതല്ലതോൻ'
(ഭാഗവതം)
ഇളയ്ക്കു-വി. ൧. ക്ഷമിക്ക. ൨. ക്ഷമിക്ക.
ഇളമ്പു്-ഇടം.
ഇളൈയൻ-അനുജൻ, ഇളയോൻ.
ഇഴ-ധാ. പതിഞ്ഞുനടക്കുക.
ഇഴ-നൂൽപ്പിണി.
ഇഴച്ചൽ, ഇഴച്ചിൽ-൧. വഴക്കൽ. ൨. ഇഴഞ്ഞുനടക്ക. ൩. വലിച്ചിൽ.
ഇഴയുക-൧. ഇഴഞ്ഞുനടക്കുക. ൨. വഴുക്കുക. ൩. വലിയുക. (സ. ക്രി. ഇഴയ്ക്കുക)
ഇഴികു-അവതരിക്കുക, താഴുക.
ഇഴിയുക-൧. താഴുക. ൨. ഇറങ്ങുക.
'ആദിമൂലശ്രീപരമാനന്ദസ്വരൂപതയിൽനി-
ന്നാദരാലുണർന്നിഴിഞ്ഞീടിനോരമൃതവും'
(ഭാഗവതം)
ഇഴുക-൧. തേയുക. ൨. വഴക്കുക. ൩. പാറുക. (സ. ക്രി. ഇഴുക്കുക.)
'മങ്കകരംതന്നുടെകൊങ്കയിലിഴുകും'
(സ്യമന്തകം തുള്ളൽ)
ഇഴുകൽ-൧. തേപ്പു്. ൨ വഴുക്കൽ.
ഇഴുക്കം-൧. തേപ്പു്. ൨. വഴുക്കൽ. ൩. നിരപ്പു്. ൪. മിനുസം.
ഇഴുങ്ങുക-ഇഴുക (ഉ-ം,വസ്ത്രം ഇഴുങ്ങുന്നു)
ഈറ-൧. ഈറ്റു്. ൨ ഇറക്കാരാണ്മ എഴുതിവാങ്ങിച്ച നിലത്തിന്റെ മിച്ചവാരം. ൩. കരംതീരുവ.
ഇറകു-ചിറകു.
ഇറക്കം-൧. കീഴ്പെട്ടുള്ള ഗതി, താഴ്ച. ൨ സമുദ്രത്തിലേയ്ക്കു ജലത്തിന്റെ വലിവു്. ൩. ക്ഷയം. ൪. ചന്ദ്രന്റെ ക്ഷയം.
ഇറക്കാരാണ്മ-മുതലാളന്മാരോടു പാട്ടത്തിന ഏററ സ്ഥലം.
ഇറക്കാരാണ്മയോല-ഇറക്കാരാണ്മ എഴുതിവാങ്ങിച്ച ഓല.
ഇറക്കല്ലു്, ഇറങ്കൽ-പ്രവേശിപ്പാനുള്ള പടി, കോണിപ്പടി.
ഇറങ്ങുക-൧. താഴത്തു വരുക ൨. വയററിലേയ്ക്കു ചെല്ലുക. ൩. വിഷം വേർപെടുക. (സ. ക്രി. ഇറക്കുക.)

ഈറച്ചി-മാംസം.
ഈറച്ചില്ലവെ ന്ന-വീട്ടുമേൽ ചാർത്തുന്നുങ്ങുക.
ഈറന്നിടുക-ചാവുക.
ഈറപ്പുള്ളാളൻ-പുള്ള് (പക്ഷി)
ഈറപ്പ്-പ്ര. വാസം. ഈറയാട്ടുകൃതിയത്ത് ഈറപ്പ്. ഈറയം-തിണ്ണ എന്ന അർത്ഥത്തിൽ ഉപയോഗിച്ചുവരുന്നു വ. മരണം.
'നാശംവരാതുടയ്ലിറപ്പു പുറപ്പില്ലാതൊരു'
(ഭഗവൽഗീത)
ഈറപ്പുറം-ഈറയുടെ മേൽഭാഗം.
ഈറമ്പ്-പ്ര. ഈറ. വ. മലയുടെ അരിക്. ന. വൃക്ഷത്തിന്റെ ചുവട്ടിലുള്ള സ്ഥലം.
ഈറമ്പുക-ഇരയ്ക്കുക.
ഈറമുളൻ-മാപ്പിളമാരുടേയും മലബാർ മഹമ്മദന്മാരുടേയും ഉപവാസ (വ്രത) മാസം.
ഈറയചെറുമർ-പാലക്കാട്ടിന്റ സമീപമുള്ള ഒരു വക താണജാതിക്കാർ. (ഇവർക്ക് തീണ്ടുണ്ട്.)
ഈറയാൽ-വെള്ളിപ്പത്താക്ക്. (പോർട്ടുഗീസ് ഭാഷ).
ഈറയുക-ഈറയ്ക്കുക. ഉ-ം, കളംഈറയ്ക്കുക.
ഈറയം, ഈറയകാ-തിണ്ണ. ഈറപ്പ് എന്നതു നോക്കുക.
ഈറയിലി-പ്ര. മാറ്റിച്ചുകൊടുക്കുന്ന സമ്മാനം. വ. വിരുത്തിനിലം.
ഈറയവൻ-പ്ര. രാജാവ്. വ. ഈശ്വരൻ. (പ-മ.)
'ഈറയവ! ചന്ദ്രാദിത്യന്മാരുടെ
മട്ടിയതായ്മേവ്ന്നൂണാന്'
(ഭഗവൽഗീത)
ഈറവൻ-പ്ര. ഈശ്വരൻ.
'ഈറവനിവൻനാരായണനെന്നെ'
(ഭഗവൽഗീത)
വ. കറവൻ (ഈറവാളർ).
ഈറവരി-രാജഭാഗം.
ഈറവാരം-പ്ര. വീട്ടിന്റെ ഈറയ്. വ. വീതിയുള്ള തിണ്ണ.
ഈറാൻ-ഇളപ്പമുള്ളവർ വിളിക്കേൾക്കുന്ന ഒരാചാരവാക്ക്.
ഈറുക്ക്, ഈറുക്കം-പ്ര. ഞെക്ക്. വ. ഞണ്ടും മറവും കൊമ്പുകൊണ്ടു കുത്തുക. ന. മുറുക്കുക. (ഈറുക്കം-മുറുക്കം.)
ഈറുക്കുക-പ്ര. ഞെക്കുക. വ. ഞണ്ടും മറവും കൊമ്പുകൊണ്ടു കുത്തുക. ന. മുറുക്കുക, മുറുകെ കെട്ടുക. ർ. മുറുകെ പിടിക്കുക.
ഈറുങ്ങ്-പ്ര. ഒരു ചെടി. വ. അതിന്റെ അരി.
ഇതു വാതം ഹേതുവായിട്ടുണ്ടാകുന്ന രോഗങ്ങളേയും കല്ലടപ്പ്, മൂത്രകൃച്ഛ്രം, മുതലായവയേയും ശമിപ്പിക്കും.
ഈറുങ്ങുക-ഞെക്കുക.
ഈറുമ്പ്-പ്ര. എറുമ്പ്. വ. ഭൂമിയിൽ അരിച്ചുനടക്കുന്ന പല പ്രാണികൾക്കും കൂടി പറയുന്ന പേർ.
ഈറുമ്പുക-കടിക്കുക.
ഈറുമ്മുക-വായ് തുറക്കാതെ പല്ലു കടിക്കുക.
'ഉമ്മരത്തെപ്പല്ലുകൊണ്ടു
ചിരിക്കും നമ്മളെക്കണ്ടാൽ
ഉള്ളിലേ പല്ലുകൾകൊണ്ടി-
ട്ടിറുമ്മും പാണ്ഡുപുത്രന്മാർ'
(സഭാപ്രവേശം തുള്ളൽ)
ഈററിക്കണ്ണി-ഇത്തിക്കണ്ണി.
ഈററിററ-തുള്ളിതുള്ളിയായി.
ഈററ-തുള്ളി.
ഈററുക-തുള്ളിയായി വീഴുക. (കാ. ക്രി. ഈററിക്കുക.)

---

# ഉൗ

ഉൗ—സ്വരാക്ഷരങ്ങളിൽ ഒന്ന്.
(താലവ്യം)

ഈ—൧. കാമദേവൻ. ൨. ലക്ഷ്മി.

ഈ—അ. ൧. ദുഃഖം. ൨. കോപം. ൩. വേദന. ൪. അത്ഭുതം.

ഈകാരം-ഈ എന്ന അക്ഷരം.

ഈക്കിൽ-തെങ്ങു പന മുതലായവയുടെ ഓലക്കാലിന്റെ നടുവിൽ നീളത്തിൽ വണ്ണം കുറഞ്ഞു കട്ടപ്പമായിക്കാണുന്ന വസ്തു. ഈർക്കിലി.

ഈക്കിക്കി-കുഞ്ഞുങ്ങളുടെ ഒരു മാതിരി കളി, കണ്ണാമ്പൊത്തിക്കളി.

ഈക്കുക-ഇഴക്കുക (ഈത്തു=ഇഴുത്തു) ഈ ശബ്ദം നീചമാണ്.

ഈക്ഷ-൧. കാഴ്ച, ൨. വിചാരം.

ഈക്ഷകൻ-കാഴ്ചക്കാരൻ, കാണുന്നവൻ.

ഈക്ഷണം-൧. കണ്ണു. ൨. കാഴ്ച. ൩. നോട്ടം, ദർശനം.

ഈക്ഷണിക-ശുഭാശുഭലക്ഷണം പറയുന്നവൾ, മററു പൎയ്യായങ്ങൾ-വിപ്രശ്നിക, ദൈവജ്ഞ.

ഈക്ഷികാ-കൺപുരികങ്ങളുടെതാഴേടം.

ഈക്ഷിക്കുക-നോക്കുക, കാണുക.

ഈക്ഷിത-വി. കാണപ്പെട്ട.

ഈങ്ങ-ഇഞ്ച.

ഈങ്ങുക-ഇഴക്കുക. ഉ-ം, ഉടുപുടവ ഈങ്ങുന്നു.

ഈച്ച-പറക്കുന്ന ഒരു വക ചെറിയ ജന്തു. പൎയ്യായങ്ങൾ-വൎവ്വണാ, മക്ഷികാ, നീലം.

ഈച്ചത്തോൽ-വനങ്ങളിലുള്ള ക്ഷേത്രങ്ങളിലെ സദ്യയിൽ ഉപയോഗിച്ചു ഒരു മാതിരി മുളകളിൽ നിന്നെടുത്ത നാരു അല്ലെങ്കിൽ ചകിരി.

ഈച്ചമരം-ഒരു കാട്ടുവൃക്ഷം. ഇതു പൊട്ടുമ്പോൾ ഈച്ചകൾ പുറപ്പെട്ടും.

ഈച്ചരൻ-ഈശ്വരൻ.

'ഈച്ചരനായമരാഴിച്ചെപ്പിന്നെ
കാഴ്ചക്കങ്ങും ഞാൻ പോറില്ല'
(രുക്മിണീസ്വയംവരം തുള്ളൽ)

ഈച്ചാടി-ഉണക്കു മതിയാകാത്ത അരി.

ഈഞ്ച-ഇഞ്ച.

ഈടറവു്-(ചതുരംഗക്കളിയിൽ) "ഒരു കക്ഷിയിലെ ദേവനു തല്ക്കാലം നേരെ അരശൊന്നും തട്ടീട്ടില്ല, എന്നാൽ ചുററും ശത്രുക്കളുടെ കാലാകയാൽ നീങ്ങാൻ അട്ടിയില്ല; മററു കരുക്കളെല്ലാം വെട്ടിപ്പോകയും ചെയ്തു. കളി തുടരാൻ നിൎവ്വാഹമില്ല ഇങ്ങിനേയും കളി അവസാനിക്കാറുണ്ട്. ഇതിനു 'ഈടറാവു്' എന്നു പേർ".

ഈടററ-വി. തുല്യമില്ലാത്ത.

ഈടാരുക-ബലമുള്ളതാക്കുക, നന്നാക്കുക.

'ഈഞ്ചപ്പതകൊണ്ടു തേച്ചുകളിപ്പിച്ചു
ഈടാന്നശോധനചെയ്തുകൊണ്ടാൽ'
(ശീലാവതി)

ഈടി-അധികമായി.

ഈടിക്കളിക്ക-അഭിനയിച്ചുകളിക്ക.

ഈടിടുക-മുഷ്ടികൊണ്ടിടിക്ക, മുഷ്ടിയുദ്ധം ചെയ്ക.

ഈടിയ-വി. ൧. ഈടുള്ള. ൨. ശാശ്വതമായ.

'ഇരുളേറിയമുകിലാൽമഴപെയ്തുവ-
രീടിയപ്രത്യുപകാരമിയററവർ'
(ഭഗവൽഗീത)

൩. വലുതായ. ൪. അധികമായ.

ഈടു്-൧. ഉറപ്പു്. ൨, പഴക്കം. ൩. വയസ്സു, ൪. പണയം. ൫. കൈയാല. ൬. വരമ്പു്. ൭. ഇടം. ൮. തുല്യം. ൯. കനം. ൰. അഹംഭാവം.

ഈടുക-൧. ചേരുക.

'അപ്പലീടിയോടിനാർ' (രാമചരിതം)

൨. ഉണ്ടാവുക. ൩. ഉള്ള.

'ചന്ദനമീടിനകന്നു' (ചന്ദനക്കുന്നു)
(കൃഷ്ണഗാഥ)

ഈട്ടവെല്ലുക-നിലനില്ക്കുക.

ഈട്ടന-ഉള്ള.

ഈട്ടുമാട്ട-൧. കൈയാല. ൨. വരമ്പ്. ൩. തടം.

ഈട്ടുമുട്ടാക്കുക- ഉത്തരംമുട്ടിച്ചു തോല്പിക്കുക.

ഈട്ടുമുട്ട-വിരോധം, തടവ്.

ഈട്ടുവെപ്പ്-കൊച്ചിയിലെ ഭണ്ഡാഗാരം.

ഈടേറുക-൧. കനക്കുക. ൨. സന്തോഷിക്കുക. ൩. നിലനില്ക്കുക.

ഈട്ടം-൧. കൂട്ടം. (തമിഴിൽ-ഇണ്ട.) ൨. കൂടുതൽ.

ഈട്ടി-൧. ഒരു വൃക്ഷം. ൨. കുന്തം. (ഒരായുധം.) യഷ്ടി എന്നതിന്റെ തത്ഭവം.

ഈഡ, ഈഡനം-സ്തുതി.

ഈഡിത, ഈളിത-വി. സ്തുതിക്കപ്പെട്ട.

ഈണം, ഈണക്കം-൧. മൂളൽ ൨. സ്വരം. ൩. ക്രമം.

ഈണ്ണ്-വീണ്ണ്, വീണ്.

ഈതി-൧. അതിവൎഷം മുതലായി ഒരു രാജ്യത്തിൽ നേരിടുന്ന കഷ്ടതകൾ.

[ഇവ ൬ ൧. അതിവൎഷം. ൨. വൎഷമില്ലായ്മ. ൩. ശലഭങ്ങൾ. ൪. എലികൾ. ൫. കിളി. ൬. അത്യാസന്നനൃപന്മാർ.]

'അതിവൃഷ്ടിരനാവൃഷ്ടി-
ൎമ്മൂഷികാശ്ശലഭാശ്ശുകാഃ
അത്യാസന്നാശ്ച രാജാനഃ
ഷഡേതാ ഈതയഃ സ്മൃതാഃ'

ശമിക്കുന്നു് എന്നു ശബ്ദാൎത്ഥം. ൨. നാശം. ൩. നാട്ടുവെടിഞ്ഞു ദേശാന്തരംപോവുക. ൪. ഒരു പകരുന്ന വ്യാധി. ൫. ശണ്ഠ (കലഹം)

ഈന്തു-അ. വീതം. ഉ-ം, ഏഴുപതീന്തു, എണ്ണതീന്തു ഇത്യാദി.

ഈന്ത- പേരീച്ചം. 'കാട്ടീന്ത' എന്നു മററുചിലർ. പൎയ്യായം-ഖൎജ്ജൂരം.

ഈന്തപ്പഴത്തിനു പേരീച്ചംപഴം, പേരീത്തംപഴം, ഈന്തപ്പഴമെന്നും മററും പറയാറുണ്ട്.

ഈത്ത-വായിലെവെള്ളം.

ഈദൃശം-വി. ഇപ്രകാരമുള്ള, ഈമാതിരിയുള്ള.

ഈനാംചാത്തി, ഈനാംപേച്ചി, ഈനാംപൂച്ചി, ഈനാംപക്കി-ഒരു ദുഷ്ടപിശാച്.

ഈനാമനി-വി. താണ, ഹീനമായ.

ഈന്ത, ഈന്തപ്പന-ഈത്ത (തൃണദ്രുമം.)

ഈന്ത്-ഒരു വൃക്ഷം. പൎയ്യായങ്ങൾ-ഗജഭക്ഷം, സുവഹാ, സുരഭി, രസം, മഹേരുണം, കുന്ദുരുകി, സല്ലകി, ഹ്ലാദിനി.

ഇതു വാതപിത്തരോഗങ്ങൾ, കഫം, രക്തദോഷം, അൎശസ്സ്, വ്രണം ഇവയെ ശമിപ്പിക്കും; വീൎയ്യം ശീതമാകുന്നു.

ഈന്റി-അ. കൂടാതെ.

ഇൻറി എന്നതിന്റെ രൂപഭേദം. ഇൻറിയിൽനിന്നു എൻറി, എന്നി, എന്നിയേ ഈ രൂപങ്ങൾ കാലാന്തരത്തിലുണ്ടായി. ഈൻറി എന്നു മലയാളഭാഷയിൽ ഇപ്പോൾ പ്രയോഗിക്കാറില്ല.

ഈപ്സ-ലഭിപ്പാനുള്ള ആഗ്രഹം.

ഈപ്സിത-വി. പ്രാപിക്കാൻ ആഗ്രഹിക്കപ്പെട്ട.

'ശ്രീയാലീപ്സിതനായവൻ കഥമാഹോ'
(അഭിജ്ഞാനശാകുന്തളം)

ഈമാൻ-നന്ദി, യോഗ്യത. (അറബിവാക്ക.)

ഈമ്പുക-കടിക്കുക. [ഈണ്ട=കടിച്ചു.] കൎണ്ണാടകം-ഈമ്പു. തമിഴിൽ-ഈഴയുക.

ഈമ്പി-ലുബ്ധൻ, ദുരാഗ്രഹി.

ഈയക്കട്ടി-ഈയംകൊണ്ടുള്ള ഉണ്ട.

ഈയക്കോൽ-പെൻസിൽ, കടലാസിൽ വരക്കുന്നതിന് ഈയംകൊണ്ടുണ്ടാക്കിയ കോൽ.

ഈയ, ഈയം-ഒരു ലോഹം. സീസം എന്നതിന്റെ തത്ഭവം.
[ഇതു രണ്ടുപ്രകാരത്തിൽ ഉണ്ട്. ഒന്നു കറുത്തീയം (കരുവങ്കം), മററതു വെളുത്തീയം (വെളുത്തവങ്കം). കറുത്തീയത്തിന്റ പൎയ്യായങ്ങൾ-നാഗം, സീസകം (സീസം), യോഗേഷ്ടം, വപ്രം. വെളുത്തീയത്തിന്റ-ത്രപു, പിച്ചടം, രംഗം, വംഗം. നാഗം മുതൽ നാലും ഈയത്തിന്റെയും ത്രപു മുതൽ നാലും തകരത്തിന്റെയും പേരെന്നും അഭിപ്രായമുണ്ട്.]
ഈയാംപാററ, ഈയൽ-ഒരുവക പുഴു, ചിറകുള്ളതും വളരെ ചെറിയതുമായ ഒരുതരം പാററ, വിട്ടില, ശലഭം.
ഈയിട-അ. സമീപകാലത്തുള്ള.
ഈർ-പേനിന്റെ മൊട്ട, ഈരു്.
ഈരു്, ഈർ-൧. ഇരു, ഈരണ്ടു.
ഈൎവ്വാൾ-അറപ്പുവാൾ.
ഈര-കോഞ്ഞാട്ട
ഈരണം-൧. വാക്ക്. ൨. വായു ൩. അനക്കം.
ഈരങ്കി-വാദം (Hearing)
ഈരണ്ടു-രണ്ടുവീതം.
ഈരം, ഈരപ്പാട്-നാല്ക്കാലിമൃഗങ്ങളുടെ മൂത്രദ്വാരം.
ഈരം-൧. അഴക്. ൨. അറിവ്. ൩. സ്നേഹം. ൪. കൃപ.
ഈരം, ഈററം-൧. മലം, അഴുക്ക്. ൨. നനവ്.
ഈരംകൊല്ലി, ഈരാങ്കൊല്ലി-വെളുത്തേടൻ.
ഈരവുള്ളി-ചെമന്നുള്ളി.
ഈരവെങ്കായം-ചെമന്നുള്ളി.
ഈരൽ-കുടർ.
ഈരിക്ക-നനയ്ക്ക, ഈറമാക്കുക.
ഈരിണം-൧ ശൂന്യമായതു്. ശൂന്യശബ്ദത്തിനു നിരാശ്രയദേശം എന്നൎത്ഥം കാണുന്നുണ്ട്, നിൎജ്ജനദേശം. ൨. ഓർനിലം.
ഈരിത-വി. ൧. പ്രേരിപ്പിക്കപ്പെട്ട. ൨. നീക്കപ്പെട്ട. ൩. ശബ്ദിക്കപ്പെട്ട. ൪. പറഞ്ഞയക്കപ്പെട്ട.
ഈരിതേക്ഷണൻ-ദീൎഘദൎശി.
ഈരുക-അറുക്കുക, മുറിക്കുക.
ഈരുള്ളി-ചെമന്നുള്ളി.
ഈൎക്കൊല്ലി-ഒരുമാതിരി ചെറിയ ചീപ്പ്
ഈൎക്കിൽ-ഈക്കിൽ. ചിലദിക്കിൽ ഈക്കോൽ, ഈൎക്കൽ ഇങ്ങിനേയും പറയുന്നു.
ഈൎക്കിൽകരയൻ-കരയ്ക്കു വീതികുറഞ്ഞവസ്ത്രം.
ഈൎക്കിലി-തുറപ്പ (മാച്ചിൽ.)
ഈൎച്ച-൧. അറപ്പ്. ൨. കഷണം. ൩. സുഖമില്ലായ്ക.
ഈൎച്ചക്കാരൻ-അറപ്പുകാരൻ.
ഈൎച്ചപ്പൊടി-അറപ്പുപൊടി.
ഈൎച്ചവാൾ-അറപ്പുവാൾ. പൎയ്യായങ്ങൾ-ക്രകചം, കരപത്രം.
ഈൎപ്പം-നനവ്.
ഈൎമ്മം-വ്രണം മററുപൎയ്യായങ്ങൾ-അരുസ്സ്, വ്രണം. ശരീരത്തിൽ വ്യാപിക്കുന്നതു് എന്നൎത്ഥം.
ഈൎമ്മൻ-ഈറൻ (നനവുള്ള) മുണ്ട്.
ഈൎയ്യാ-൧. അറിയപ്പെടുന്ന പരമാൎത്ഥവാദി. ൨. തീൎത്ഥയാത്ര. ൩. ദുൎമ്മാൎഗ്ഗസ്ഥിതി.
ഈൎയ്യാപഥം-ധ്യാനമൌനാദിയോഗമാൎഗ്ഗം.
ഈൎവ്വലി, പേനീവ്വലി-ഒരുമാതിരി ചെറിയ ചീപ്പ്.
ഈൎവ്വാരു, ഈൎവ്വാലു-വെള്ളരി. മററൊരു പൎയ്യായം-കൎക്കടി.

ഈർഷ്യ, ഈർഷ-അന്യന്മാർക്ക് ഉൽകൃഷ്ടതയുണ്ടാകുന്നതിനെ സഹിക്കാൻപാടില്ലാത്ത സ്ഥിതി. അന്യന്റെ ഉന്നതസ്ഥിതിയെ സഹിക്കാൻപാടില്ലായ്ക. മറ്റൊ പര്യായം-അക്ഷാന്തി.

ഈർഷ്യയെ ചിലർ അസൂയ എന്നു വിചാരിക്കുന്നുണ്ട്. അതു ശരിയല്ല. അസൂയ എന്നതു മറ്റൊരുത്തന്റെ ഗുണത്തിങ്കൽ ദോഷത്തെ ഉണ്ടാക്കുക, നല്ലതിൽ ചീത്തയെ വലിച്ചിടുക എന്നാകുന്നു.

ഈല-അ. ഇല്ല. (പദ്യത്തിലാണ് അധികം പ്രയോഗം.)

ഈവണ്ണം-അ. ഇപ്രകാരം.

ഈശക്കോൺ, ഈശക്കോണം-വടക്കുകിഴക്കേമൂല. ഈശക്കോൺ > < നിരൃതിക്കോൺ.

ഈശൻ-ശിവൻ. ഐശ്വര്യത്തോടുകൂടിയവൻ, ഐശ്വര്യപരിപൂർണ്ണൻ ഇങ്ങിനെ ശബ്ദാർത്ഥം. ൧. നാഥൻ. ൨. ശങ്കരൻ. ൩. ഭർത്താവ്. ൪. രുദ്രൻ ൫. പതിനൊന്ന് എന്ന അക്കം. (പതിനൊന്നു രുദ്രന്മാരുള്ളതുകൊണ്ട്)

ഈശനം-ഫ. ഭരണം. ൧. ആർദ്രാനക്ഷത്രം. ൨. പ്രകാശം. ൩. ശാല്മലിവൃക്ഷം.

ഈശനഗരി-കാശി.

ഈശബലം-പാശുപതാസ്ത്രം.

ഈശസഖൻ-കുബേരൻ.

ഈശാ-ഫ. ദുർഗ്ഗ (ഈശാനി) ൧. ധനമേറെയുള്ളവൾ, ഐശ്വര്യത്തെ ഗമിക്കുന്നവൾ.

ഈശാനൻ-ഫ ശിവൻ, ഐശ്വര്യം ഉള്ളവൻ, ഐശ്വര്യത്തെ നല്കുന്നവൻ. 'ഈശാനസ്സർവ്വവിദ്യാനാം' എന്നതനുസരിച്ചു സർവ്വവിദ്യാധിപതി ഇങ്ങിനെ ശബ്ദാർത്ഥം. ൧. വിഷ്ണു. ൨. ഭരണകർത്താവ് ൩. പ്രഭ.

ഈശാന-വി. ഫ. ധനമുള്ള. ൧. ഭരിക്കുന്ന.

ഈശാനമൂല-വടക്കുകിഴക്കേക്കോണ്.

ഈശിത, ഈശിത്വം-അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്. തന്റെ ആജ്ഞയ്ക്കു മറിടലും തടവില്ലായ്ക, സ്വാമിയായി എന്നുള്ളത്, ഈശന്റെ ഭാവം, ശ്രേഷ്ഠത.

ഈശിതാവ്-പ്രഭുത്വമുള്ളവൻ.

ഈശിതവ്യം-അധീശത്വം.

ഈശ്വര-പ്രഭവാദി അറുപതു വത്സരങ്ങളിൽ പതിനൊന്നാമത്തെ വർഷം.

ഈശ്വരകൃഷ്ണൻ-'സാംഖ്യകാരിക' എന്ന പുസ്തകത്തിന്റെ കർത്താവ്.

ഈശ്വരൻ-ഫ. ശിവൻ. ഐശ്വര്യത്തോടുകൂടിയവൻ എന്നർത്ഥം. ൧. പ്രഭുത്വമുള്ളവൻ. ൨. ദൈവം. ൩. രക്ഷിതാവ്. ൪. നാഥൻ. ൫. രാജാവ്. ൬. ഭർത്താവ്. ൭. കാമദേവൻ. ൮. പരമാത്മാവ്.

ഈശ്വരബിന്ദു-രസം.

ഈശ്വരമല്ലിക-എരിക്ക് (എന്നൊരു പക്ഷം).

ഈശ്വരൻകാക്ക-ചകോരപ്പക്ഷി.

ഈശ്വരമൂലി-ഒരു മരുന്ന്. ഈ 'നെയ്യുണ്ണി' യാണ് എന്നഭിപ്രായമുണ്ട്. വിഷത്തിനു നന്ന്.

ഈശ്വരസാന്നിധ്യം-ദൈവത്തിന്റെ അടുപ്പം, ദൈവത്തിന്റെ ഇരിപ്പ്.

ഈശ്വരസേവ-ദൈവത്തെ പൂജിക്കുക മുതലായത്.

ഈശ്വരാധീന-ദൈവത്തിന്റെ അധീനത്തിലുള്ള, ദൈവത്തിന്റെ കീഴിലുള്ള.

ഈശ്വരാനുഗ്രഹം-ദൈവത്തിന്റെ പ്രസാദം, ദൈവാനുഗ്രഹം.

ഈശ്വരിബന്ധു-ഗന്ധകം.

**ഈശ്വരി, ഈശ്വരാ**-ഫ. പാർവ്വതി, ഈശ്വരന്റെ ഭാര്യ എന്നർത്ഥം. ഐശ്വര്യശാലിനി എന്നുമാകാം. വ. അണലിവേഗം.

**ഈശ്വരേച്ഛ**-ദൈവത്തിന്റെ ഇഷ്ടം.

**ഈഷ**-കലപ്പത്തണ്ട്, കരിക്കോൽ, മറ്റൊരു പര്യായം-ലാംഗലദണ്ഡം.

**ഈഷം**-തുലാമാസം.

**ഈഷണാ**-ഫ. ശീഘ്രം. വ. തിടുക്കം. ന. ബദ്ധപ്പാട്.

**ഈഷത്ത്**-അ. ഫ. അല്പം, കുറഞ്ഞൊന്ന് വ. സംശയം.

**ഈഷന്നമിതം**-കുറഞ്ഞൊന്നു താഴ്ത്തപ്പെട്ടത്.

**ഈഷൽപാണ്ഡു**-അല്പം വെളുപ്പുള്ളത്.

**ഈഷിക, ഇഷീക**-ഫ. ആനയുടെ നേത്രഗോളം. വ. തൂലികപ്പുല്ല്. ന. പുല്ലുകൊണ്ടുള്ള ചിത്രമെഴുതുന്ന തൂലിക. ര. ഒരായുധം.

**ഈഹ**-ഫ. ഇച്ഛ. വ. ആഗ്രഹം. ന. പ്രയത്നം.

**ഈഹം**-ഫ. ശ്രമം. വ. ഉദ്യമം.

**ഈഹാമൃഗഃ**-ഫ. ചെന്നായ്. മൃഗങ്ങളിൽ ആഗ്രഹമുള്ളത് എന്നർത്ഥം. മറ്റു പര്യായങ്ങൾ-കോകം, വൃകം. വ. കരകൌശലപ്പണിയിലുള്ള മാൻ. ന. നാലങ്കമുള്ള നാടകത്തിലെ ഒരു ഭാഗം.

**ഈഹാവൃകം**-ചെന്നായ്.

**ഈഹിക്ക**-ഇച്ഛിക്ക.

**ഈഹിത**-വി. ഇച്ഛിക്കപ്പെട്ട.

**ഈഹിതം**-ഇഷ്ടം.

**ഈള, ഈഡ**-ഫ. സ്തുതി. വ. (മലയാളത്തിൽ) കഫം, വാനീർ.

**ഈളി**-ഫ. ചെറുവാൾ. സ്തുതിക്കപ്പെടുന്നത് എന്നർത്ഥം. മറ്റൊരു പര്യായം-'കരവാളികാ' വ. വാളിന്റെ രൂപത്തിലുണ്ടാക്കിയ വടി.

**ഈളിത**-വി. സ്തുതിക്കപ്പെട്ട.

**ഈഴക്കരിമ്പു**-കരിമ്പിന്റെ വകഭേദം. പര്യായം-'കാന്താരകം'.

**ഈഴം**-ഫ. ലങ്ക. വ. പൊന്ന്. ന. കള്ള്.

**ഈഴച്ചേമ്പ്**-ഒരു മാതിരിച്ചേമ്പ്.

**ഈഴപ്പനമ്പ്**-ഈഴദേശത്തെ ചൂരൽ.

**ഈഴത്തി**-ചോകത്തി.

**ഈഴവൻ**-ചോകൻ. സീഴം (സിംഹളം) എന്നതിൽ നിന്നുത്ഭവിക്കയാൽ ഈ പേരുണ്ടായി. പര്യായങ്ങൾ-ശൌണ്ഡികൻ, മണ്ഡകാരകൻ.

**ഈഴവാത്തി**-ചോകോനെ ക്ഷൌരം ചെയ്യുന്നവൻ, കോമരം.

**ഈറ**-കോപം.

'തുരഗജനത്തിലൊരുത്തനനേരി-
ല്ലീറവരുന്നതുചെയ്യരുതോ രാജാ!'
(ഘോഷയാത്ര തുള്ളൽ)

**ഈറൻ**-നനഞ്ഞമുണ്ട്.

**ഈറമ്പനി**-ഫ. ശീതജ്വരം. വ. ഉപായപ്പനി, സാരമില്ലാത്ത പനി.

**ഈറിക്ക**-കോപംവരുത്തുക.

**ഈറ്**-ഫ. കോപം. വ. അതിര്.

**ഈറുക**-കോപിക്കുക, നശിപ്പിക്കുക.

**ഈറം**-ഫ. നനവ്. വ. മലം, അഴുക്ക്. ഈരം എന്നും കാണുന്നുണ്ട്.

**ഈറമ്പന**-ഒരു വൃക്ഷം, ഈന്തൽപ്പന.

**ഈറുക്ക**-കോപിക്കുക.

**ഈറ**-ഫ. ചെടി. വ. ലജ്ജ. [ഈരുക (ഇഴക്ക വലിക്ക) എന്നതിൽ നിന്നുണ്ടായി.]

**ഈറക്കുഴൽ**-ഒരു മാതിരി കുഴൽ.

**ഈറൻ**-ലജ്ജൻ.

**ഈറപ്പാമ്പ്, ഈറ്റുപാമ്പ്**-തള്ളപ്പാമ്പ്, പെറ്റ പാമ്പ്.

**ഈറ്റുപ്പുര, ഈറ്റുപുര**-പ്രസവിച്ചു കിടക്കുന്ന മുറി.

**ഈറ്റുപ്പുല, ഈറ്റുപുല**-പ്രസവി

ച്ചാൽ പത്തുദിവസം ക്രിയകൾക്കു അശുദ്ധി.

ഈററപ്പുലി, ഈററുപുലി-പെററ കുട്ടിയോടുകൂടി കിടക്കുന്ന പുലി.

ഈററം-പു. മൃഗങ്ങളുടെ യോനി. വ. തുഷ്ടികേട്.

ഈററമായൻ-ലുബ്ധൻ.

ഈററിക്ക-മുറുകെ പിടിക്ക, (ചെലവു ചെയ്യാതെ വെച്ചുകൊള്ളുക).

ഈററിനം-ചെറിയ ജന്തുക്കളുടെ കൂട്ടം.

ഈററില്ലം-പ്രസവിച്ചു കിടക്കുന്ന മുറി. പൎയ്യായങ്ങൾ-അരിഷ്ടം, സൂതികാഗൃഹം.

ഈററു-പ്രസവം.

ഈററുകാരി പേറെടുക്കുന്നവൾ.

ഈററുനോവു-പ്രസവവേദന.

[ഇതിന്നു മൂന്നു സന്ധികൾ ഉണ്ടു. നോവിന്റെ ആദ്യസന്ധി-ഗൎഭാശയത്തിന്റെ വായ് തുറക്കുന്നതു. രണ്ടാമത്തേതു-കുട്ടിയുടെ ജനനം. മൂന്നാമത്തേതു-മറുപിള്ള പിറക്കുന്നതു.]

ഈററുപട്ടി-പ്രസവിച്ച പട്ടി.

ഈററുവേദന, ഈററുവിളി-പ്രസവവേദന.

ഈറെറടുക്കുക-പു. പ്രസവവേദനപ്പെടുക. വ. പേറെടുക്കുക.

ഈറെറടുക്കുന്നവൾ-പു. പ്രസവവേദനപ്പെടുന്നവൾ വ. പേറെടുക്കുന്നവൾ.

# ഉ

ഉ-മലയാളഅക്ഷരങ്ങളിൽ അഞ്ചാമത്തേതു. (ഓഷ്ഠ്യം)

ഉ-അ. ഇതു കോപത്തോടുകൂടെ പറയുന്നതിൽ വൎത്തിക്കുന്നു.

ഉ-ശബ്ദിക്കുക, മുക്കറയിടുക.

ഉ-പു. ശിവൻ.

'അകാരോവിഷ്ണുരുദ്ദിഷ്ട
ഉകാരസ്തുമഹേശ്വരഃ
മകാരസ്തുസ്മൃതോബ്രഹ്മാ
പ്രണവസ്തുത്രയാത്മക'

വ. ബ്രഹ്മാവു. ന. ചന്ദ്രമണ്ഡലം, ർ. തപസ്സ്.

ഉക-ഒരു വൃക്ഷം. പൎയ്യായങ്ങൾ-പീലു, ഗുഡഫലം; സ്രംസി. ഇതു കാപ്പി എന്നു ചിലർ പറയുന്നുണ്ടു.

ഇതു എണ്ണമയമുള്ള അരിയോടുകൂടിയ ഒരു വൃക്ഷമാണ്. പിത്തത്തെ വൎദ്ധിപ്പിക്കും. കഫവാതങ്ങളെ നശിപ്പിക്കും. ഭേദി, പ്ലീഹ, അൎശസ്സ്, കൃമി ഇവയെ ശമിപ്പിക്കും. രസം കയ്പാണ്, ഗുരുവാകുന്നു. കൈപ്പും മധുരവുമായ മറെറാരിനമുണ്ടു. അതു ത്രിദോഷങ്ങളെ കളയും. അധികം ഉഷ്ണമല്ല.

ഉകാനഹം-ചെമപ്പും മഞ്ഞയും നിറമുള്ള കുതിര.

ഉകാരം-ഉ എന്ന അക്ഷരം. വ. ശിവൻ.

ഉകിർ-നഖത്തിനടുത്തുള്ള മാംസം.

ഉകുണം-മൂട്ട.

ഉക്കഴുത്തു-സ്ത്രീകളുടെ വിവാഹത്തിൽ കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

ഉക്കാ-പുക വലിപ്പാനുള്ള ഒരു സൂത്രം.

ഉക്കച്ചോറി-മുഖക്കുരു.

ഉക്കം-പു. മദ്ധ്യം. വ. വശം.

ഉക്കൽ-ഉക്കം.

ഉക്കളം-യാമം (രാത്രി നടന്നുള്ള കാവൽ)

ഉക്കു-ഊക്കു, ബലം, ശക്തി.

ഉക്കുക-പു. വേഗത്തിൽ ചാടുക. വ. മറിക്കുക. ന. ചായുക, ചരിയുക.

ഉക്കുടി-പു. കിണ്ണ വ. വീട്ടിന്റെ ദെവഴിയിലെ മൂല.

ഉക്കെട്ടു-ഉക്കഴുത്തു.

ഉക്ത-വി. പറയപ്പെട്ട.

ഉക്ത-ഛന്ദസ്സുകളിൽ ഒന്നു്, പാദത്തിൽ ഒരക്ഷരം വീതം കാണും.

ഉക്തപദാ-കാവ്യദോഷങ്ങളിൽ ഒന്നു്. (ഒരു പദ്യത്തിൽ) ഒരൎത്ഥത്തിൽ തന്നെ ഒരേപദത്തെ ഒന്നിലധികം പ്രാവശ്യം പ്രയോഗിക്ക.

ഉക്തി-വാക്കു്.

ഉക്തിപ്രത്യുക്തി-വാദപ്രതിവാദം.

ഉക്ത്വാ-അ. പറഞ്ഞിട്ടു്, വചിച്ചിട്ടു്.

ഉക്ഥം-പു. സാമവിശേഷം, സാമവേദം. വ. സ്തുതി.

ഉക്രാണം-അഹങ്കാരശബ്ദം.

ഉക്ഷ-കാള, രേതസ്സിനെ ചവുട്ടുന്നതു് എന്നൎത്ഥം. ഉ-ം, ഉക്ഷാധിരൂഢൻ.

ഉക്ഷണം-നനപ്പു്, തളിപ്പു്.

ഉക്ഷതരം-ചെറിയ കാള.

ഉക്ഷാല-വി. പ്ര വേഗമുള്ള. വ. ഭയങ്കരമായ. ന. വലിയ.

ഉക്ഷിത-വി. പ്ര. നനക്കപ്പെട്ട. വ. തളിച്ച. ന. ശുദ്ധിയാക്കിയ. ൪. പഴകിയ.

ഉഖ-കലം. ഭക്ഷണസ്ഥലത്തേക്കു് പോകുന്നതു് എന്നു ശബ്ദാൎത്ഥം. മറുപൎയ്യായങ്ങൾ-പിഠരം, സ്ഥാലി, കണ്ഡു. (പാനയുടെ പേർ, ചോറ മുതലായതു വെയ്ക്കുന്ന പാത്രത്തിന്റെ പേർ.) വ. സൂൎയ്യരശ്മി.

ഉഖവല്ലം-ഒരുവക പുല്ലു്.

ഉഖ്യം-വി. കലത്തിൽ വേവിച്ച.

ഉഖ്യം-കൽച്ചട്ടി, മൺചട്ടി മുതലായവയിൽ പാകംചെയ്ത ചോറും കറികളും മററും. ഉഖയിൽ (പാത്രത്തിൽ) വേവിച്ചതു് എന്നു ശബ്ദാൎത്ഥം.

ഉഗ്ര-വി. പ്ര. കോപമുള്ള. വ. ഭയങ്കരമായ.

ഉഗ്ര-വയമ്പു്.

ഉഗ്രക-വി. പ്ര. ശക്തിയുള്ള. വ. ധൈൎയ്യമുള്ള.

ഉഗ്രകാണ്ഡഃ-കയ്പി. പാവൽ എന്ന പക്ഷക്കാരും ഉണ്ടു്.

ഉഗ്രഗന്ധ-പ്ര. വയമ്പു്. വ. അയമോദകം.

ഉഗ്രഗന്ധ-വി. കഠിനമായ അഹങ്കാരത്തോടുകൂടിയ.

ഉഗ്രചാരിണി, ഉഗ്രചണ്ഡാ-ദുൎഗ്ഗ.

ഉഗ്രജാതി-ഹീനജാതിയിൽ ജനിച്ച

ഉഗ്രത, ഉഗ്രത്വാ-ഭയങ്കരത്വം.

ഉഗ്രധന്വാവു്-പ്ര. ശിവൻ. വ. ഇന്ദ്രൻ.

ഉഗ്രൻ-പ്ര. ശിവൻ. ഭയങ്കരൻ, കോപമുള്ള എന്നു ശബ്ദാൎത്ഥം. വ. ശൂദ്രസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രൻ. രണ്ടു ജാതിയിൽ കൂടിനിൽക്കുന്നവൻ എന്നു ശബ്ദാൎത്ഥം.

ഉഗ്രനാസിക-വി. വലിയ മൂക്കുള്ള.

ഉഗ്രപുത്ര-വി മാഹാത്മ്യമുള്ള കുലത്തിൽ ജനിച്ച.

ഉഗ്രപുത്രൻ-കാൎത്തികേയൻ.

ഉഗ്രാ-രൌദ്രരസം. ഭയത്തെ കൂട്ടിച്ചേൎക്കുന്നതു് എന്നു ശബ്ദാൎത്ഥം. മറുപൎയ്യായങ്ങൾ-രൌദ്രം, കോപം.

ഉഗ്രം-വി. ഉൽക്കടം.

ഉഗ്രവീൎയ്യൻ-ശിവഭക്തനായ ഒരു മുനി.

ഉഗ്രശേഖരാ-ഗംഗ.

ഉഗ്രശ്രവസ്സു്-പ്ര. സൂതൻ (ഇതിഹാസങ്ങൾ മാരുതം ശൌനകാദികളെ കേൾപ്പിച്ചതു്.) വ. (ശീലവതിയുടെ ഭൎത്താവായ) മുനി.

ഉഗ്രസേനൻ-പ്ര. മഥുരയിലെ രാജാവു്. കൃഷ്ണന്റെ മുത്തച്ഛൻ. കംസന്റെ അച്ഛൻ. [കംസനാൽ രാജ്യഭ്രഷ്ടനാക്കി. കൃഷ്ണൻ കംസനെ വധിച്ചു വീണ്ടും സിംഹാസനം നൽകി.] വ. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ. ന. ജനമേജയനൃപന്റെ ഒരു സോദരൻ.

ഉഗ്രസേനാ-അക്രൂരന്റെ ഭാര്യ.

ഉഗ്രസേനജൻ-കംസൻ

ഉഗ്രാണം-൧. കലവറ. ൨. ഭണ്ഡാഗാരം. ൩. ഉന്നതി.

ഉങ്ക്-ബലം, ശക്തി.

ഉങ്കൻ-ഉക്കൻ, ബലമുള്ളവൻ.

ഉങ്കണം-൧. പേൻ. ൨. ചെള്ള്. ൩. മൂട്ട (മക്കുണം).

ഉങ്ങ്-ഒരു വൃക്ഷം, പുങ്ക്. പര്യായങ്ങൾ-ഷഡ്ഗ്രന്ഥം, മർക്കടി, അംഗാരവല്ലരി ഇവ ൩-ം ഉങ്ങുകളിൽ തന്നെ ചേരുന്നവയായ മൂന്നു ജാതി മരങ്ങൾ. വലിയ ഉങ്ങ് എന്നും അഭിപ്രായം കാണുന്നു.

ഉചഥം-സ്തോത്രം.

ഉചഥ്യൻ-അംഗിരസ്സിന്റെ ഒരു പുത്രൻ.

ഉചഥ്യ-വി. സ്തോത്രസംബന്ധമായ.

ഉചിത-വി. ൧. യോഗ്യമായ. ൨. സ്വീകരിക്കത്തക്ക.

ഉചിതം-യോഗ്യം, യോജിച്ചത്.

'വസന്തിനക്കിന്നേതാനൻ
അസുരരണോചിതം'

(നളചരിതം കഥകളി)

ഉചിതയോഗജ്ഞൻ-ഇന്ന കാര്യത്തിന് ഇന്നതിനെ ചെയ്യണമെന്നു അറിയുന്നവൻ.

ഉച്ച-മദ്ധ്യാഹ്നം, പകലിന്റെ മദ്ധ്യം.

ഉച്ച-വി ഉയർന്ന. അ. ഉറക്കെ.

ഉച്ചൈഃ-അ. ഉറക്കെ.

ഉച്ചട-കരിമുത്തങ്ങ, ചെറുമുത്തങ്ങ. രോഗങ്ങളെ ഉച്ചാടനം ചെയ്യുന്നതു (ഓടിച്ചുകളയുന്നത്) എന്നർത്ഥം. ചെറുതാമരപ്പുല്ല്, കരുവിവള്ളി, കരുവിക്കിഴങ്ങ് എന്നും പേരുകളും കാണുന്നു.

ഉച്ചണ്ഡ-വി. ബദ്ധപ്പാടുള്ള, വേഗമുള്ള.

ഉച്ചണ്ഡം-ബദ്ധപ്പാടുള്ളത്. ഉച്ചണ്ഡനം (കോപം) ഉള്ളത് എന്നു ശബ്ദാർത്ഥം.

ഉച്ചതരം-അത്യുന്നതം.

ഉച്ചതരു-തെങ്ങ്.

ഉച്ചൻ-ബുദ്ധിഭ്രമമുള്ളവൻ.

ഉച്ചനീച-വി. ഉയർന്നതും താണതുമായ.

ഉച്ചാ-വി. ഉയരമുള്ള.

ഉച്ചം-൧. ഉയർന്നത്. ൨. ഉയരം.

ഉച്ചമലരി-ഒരു മാതിരി പുഷ്പം. പര്യായങ്ങൾ-രക്തകം, ബന്ധൂകം, ബന്ധുജീവകം.

[കറുപ്പ്, ചെമപ്പ്, വെളുപ്പ്, മഞ്ഞ ഇങ്ങിനെ നാലുവിധം നിറമുള്ള പൂവോടുകൂടിയ ഉച്ചമലരിയുണ്ട്. പനി, ഗ്രഹബാധകൾ, പിശാചുബാധകൾ ഇവയെ ശമിപ്പിക്കും. ഇതിന്റെ പൂവ് ശീതളവും വിഷപിത്തങ്ങളെ കളയുന്നതുമാകുന്നു.]

ഉച്ചമാളൻ-ഒരു പരദേവത, (മഹാകാളൻ).

ഉച്ചയം-൧. കണക്കത്ത്. ൨. ഉന്നതം. ൩. സമ്പാദനം.

ഉച്ചരണം-൧. വാക്ക്. ൨. പറക.

ഉച്ചരിക്കുക-൧. ശബ്ദിക്കുക. ൨. പറയുക. ൩. ചൊല്ലുക.

ഉച്ചരിത-വി. ൧. ശബ്ദിക്കപ്പെട്ട. ൨. പറയപ്പെട്ട. ൩. ചൊല്ലപ്പെട്ട.

ഉച്ചലിപ്പിക്ക-ഉയർത്തിവിടുക.

'പേടിച്ചോടുംപടിയോടിത്തിയോ-
നുച്ചലിപ്പിച്ചിടേണം'

(മയൂരസന്ദേശം)

ഉച്ചസ്ഥ-വി. ഉച്ചത്തിൽ നില്ക്കുന്ന.

'വക്രനുമുച്ചസ്ഥനായ് മകരംരാശിതന്നിൽ'

(അദ്ധ്യാത്മരാമായണം)

ഉച്ചാടനം-൧. ഓടിച്ചുകളയുക, ആട്ടിക്കളയുക ൨. അയയ്ക്കൽ. ൩. ഒരുമാതിരി മന്ത്രം.

ഉച്ചാരണം-വാക്ക്.

ഉച്ചാർ-മകരമാസം ഒടുവിലുള്ള കാലം

ഉച്ചാരം-ന മലം. വയററിൽ നിന്നൊഴിയുന്നതു്, ത്യജിക്കപ്പെടുന്നതു് എന്നൎത്ഥം. വ. വാക്കു്.

ഉച്ചാരൽ, ഉച്ചാൽ, ഉച്ചാരൻ-മകരമാസം വ്യ-൨൮-ഉള്ള ഒരു വിശേഷദിവസം.

ഉച്ചാവച-വി. ന പലപ്രകാരത്തിലുള്ള. വ. ഏററക്കുറച്ചിലുള്ള.

ഉച്ചാവചം-അനേകപ്രകാരം. മറെറാരു പൎയ്യായം-നൈകഭേദം. മേലും കീഴും വ്യാപിക്കുന്നതു് എന്നു ശബ്ദാൎത്ഥം. [ഉദക്ച അവാക്ച ഉച്ചാവചം.]

ഉച്ചി-നിറുക, നെറുക. (തലയുടെ നടുവു്)

ഉച്ചു്-ന തെററുക, വഴുക്കുക, ചവുക്കുക. വ. ബുദ്ധിവരളുച്ച.

ഉച്ചെലി-ഒരു ചെടി. ഒച്ചെലി എന്നും പറയും.

ഉച്ചൈഃ-അ. ന. മഹത്തു്; വലിയതു്. വ. ഉയൎന്ന, ന. ഉറക്കെ. [ഭേദകാവ്യയം.]

ഉച്ചൈൎഗ്ഘുഷ്ടം-ഉറക്കെ ശബ്ദിക്കുക. ഉറക്കെ ഘോഷിക്കപ്പെട്ടതു് എന്നു ശബ്ദാൎത്ഥം. മറെറാരുപൎയ്യായം-ഘോഷണാ [ഉറച്ചു പറക, നിലവിളി.]

ഉച്ചൈൎഘോഷം-ഉറക്കെയുള്ള ശബ്ദം.

ഉച്ചൈഃശ്രവസ്സ്-ഇന്ദ്രന്റെ കുതിര. ഉന്നതങ്ങളായ ചെവികളോടുകൂടിയതു്, ശ്രേഷ്ഠമായ യശസ്സോടുകൂടിയതു് എന്നു ശബ്ദാൎത്ഥം.

[പാലാഴിമഥനത്തിൽ കിട്ടിയതാണു്. അമൃതം ഭക്ഷിച്ചു ജീവിക്കുന്നു.]

ഉച്ചൈസ്തരം-അ. ഏററവും വലിയതു്, ഏററവും ഉയൎന്ന, ഏററവും ഉറക്കെ.

ഉച്ഛാദനം-സുഗന്ധംപൂശുക.

ഉച്ഛിഷ്ടം-ഭക്ഷിച്ചതിന്റെ ശേഷിപ്പുള്ള.

ഉച്ഛീൎഷിക-വി. തലപൊക്കിയ.

ഉച്ഛീൎഷകം-ന. തലയണ. വ. തല.

ഉച്ഛൃംഖല-വി. ന. തടവില്ലാത്ത. വ. അടക്കമില്ലാത്ത. ന. അതിരവിട്ട.

ഉച്ഛോഷം-നീരു്, വീൎപ്പു്.

ഉച്ഛ്രയം, ഉച്ഛ്റയണം, ഉച്ഛ്റായം-വൃക്ഷാദികളുടെ ദൈൎഘ്യത്തിന്റെ പേർ, ഉയരം, ഉന്നതി.

ഉച്ഛ്രാവണം-ഒരാളെ ഉറക്കെ കേൾപ്പിക്കുക.

ഉച്ഛ്രിത-വി. ന. ഉയൎന്ന. വ. ജനിച്ച. ന. വൎദ്ധിച്ച. ഏററവും സേവിക്കപ്പെട്ടതു് എന്നു ശബ്ദാൎത്ഥം.

ഉച്ഛ്വാസനം-നെടുവീൎപ്പു്, ദീൎഘശ്വാസം.

ഉച്ഛ്വാസിത-വി. ന. ശ്വാസം വലിക്കപ്പെട്ട. വ. വിടിരപ്പെട്ട ന. ഊതപ്പെട്ട.

ഉച്ഛ്വാസിതഃ-ന. ഉച്ഛ്വാസം. വ. വിസ്താരം. ന. പരപ്പു. ൪. പുസ്തകത്തിന്റെ ഒരു ഭാഗം. (അദ്ധ്യായം.)

ഉജ്ജീനം-ഉപജീവനം.

ഉജ്ജട-മഞ്ഞക്കരിമ്പു്.

ഉജ്ജയിനി-അവന്തിയിലെ പ്രധാന നഗരം, വിക്രമാദിത്യന്റെ രാജധാനി Oojein. അവന്തി എന്നതു നോക്കുക.

ഉജ്ജാലം-മലനെല്ലു്.

ഉജ്ജാസനം-വധം. ഹിംസിക്കുക എന്നൎത്ഥം.

ഉജ്ജീവനം-പോഷിപ്പിക്കുന്നതു്.

ഉജ്ജൃംഭിത-വി. വിരിഞ്ഞ.

ഉജ്ജ്വല-വി. ന. പ്രകാശിച്ച. വ. ഭംഗിയുള്ള.

ഉജ്ജ്വലത്തു്-ന. വീൎയ്യമുള്ള. വ. ഭംഗിയുള്ള. ന. പ്രകാശമുള്ള. ൪. തെളിവുള്ള.

ഉജ്ജ്വലനം-ശോഭ.

ഉജ്ജ്വലഃ-ന. പ്രകാശിക്കുന്നതു്. വ. ശൃംഗാരരസം. ന. സ്നേഹം. ൪. പൊന്നു്. ൫. [(സാഹിത്യസാമ്യപ്രകാരം) ഒരു തികളിൽ ഒന്നു്. വൈചിത്ര്യം കൊണ്ടും ഫലിതംകൊണ്ടും ഉണ്ടാകുന്ന കാന്തിവിശേഷം. ഉജ്ജ്വലം > <അലസം.]

ഉജ്ജ്വലാ-ഒരു വൃത്തം. ജഗതീഛന്ദസ്സിൽ പെട്ടതാണ്. പാദം ഒന്നിൽ അക്ഷരം ൧൨.

'ഇഹനനഭരാചരകിലുജ്ജ്വലാ'
(വൃത്തമഞ്ജരി)

ഉജ്ജ്വലിക്ക-ഏററവും പ്രകാശിക്ക, ശോഭിക്ക.

ഉജ്ജ്വലിത-വി. ഏററവും പ്രകാശിക്കപ്പെട്ട, ശോഭിക്കപ്പെട്ട.

ഉജ്ഝം-തള്ളപ്പെട്ടത്.

ഉജ്ഝിത-വി. ൧. ഉപേക്ഷിക്കപ്പെട്ട.

'ഉജ്ഝിതമാണ്ടുകളെല്ലാരാനനം'
(കൃഷ്ണഗാഥ)

൨. ഒഴുകപ്പെട്ട. ൩. പുറപ്പെടുവിക്കപ്പെട്ട.

ഉഞ്ഛം-അങ്ങാടി മുതലായ സ്ഥലങ്ങളിൽ വീണുപോയ നെന്മണി മുതലായതിനെ ഓരോന്നായി പെറുക്കി എടുത്തു സമ്പാദിക്ക.

[നെല്ലു കുത്തുമ്പോൾ ഉരലിന്റെ മൂട്ടിൽ കൊഴിഞ്ഞിരിക്കുന്നതും ഉടയക്കാരൻ എടുത്തു നീക്കി ശേഷിച്ചതുമായ അരിമണി പെറുക്കിയെടുത്തുപജീവിക്കുക എന്നും കാണുന്നു. ഉഞ്ഛശിലം എന്നു (ഇതിനു) അമരം പറയുന്നു. 'ഋതമുഞ്ഛശിലം സ്മൃതം' എന്നു മനുവും അഭിപ്രായപ്പെടുന്നു. 'ശിലോഞ്ഛം' എന്നും കാണുന്നുണ്ട്. 'ശിലോഞ്ഛവൃത്ത്യാപരിതുഷ്ടചിത്തഃ' എന്നു ഭാഗവതം.]

ഉഞ്ഛസിലം, ഉഞ്ഛശിലം-ഇരിമണി പെറുക്കുക. [ഉഞ്ഛം എന്നതു നോക്കുക]

ഉഞ്ഛവൃത്തി-ഇരിമണികൊണ്ടുള്ള ഉപജീവനം.

ഉട-ധാ. പൊട്ടിച്ചിതറുക.

ഉട-വി. സംബന്ധിച്ച, ഉൾപ്പെട്ട.

ഉട-ന. വസ്തിപ്രദേശം. ൨. ഉടുക്കുന്ന വസ്ത്രം, ഉടുക്കുക. ൩. കാളയുടെ വൃഷണം. ൪. ഉടവ്.

ഉടകലമാന-വി. അലങ്കരിച്ച.

ഉടക്കൻ-ഉപദ്രവം ചെയ്യുന്നവൻ.

ഉടക്ക്-ന. പിടിത്തം. ൨. തർക്കം. ൩. തടവ്. ൪. വില്ലുകുലയ്ക്കൽ. (ക്രിയ-ഉടക്കുക.)

ഉടക്കളി-ചാട്ടുളി (ചാണുന്ന ഉളി)

ഉടങ്ങ്-ഉടക്ക്.

ഉടജം-മഹർഷിമാരുടെ പർണ്ണശാല. (ഉടം= തൃണം, പർണ്ണം മുതലായതു) തൃണപർണ്ണാദിജനിതം എന്നു ശബ്ദാർത്ഥം.

'ഉടജത്തിൽവസിച്ചിട്ടും ജനത്തി-
ന്നുടലേവം രമണീയമെന്നുവന്നാൽ'
(അഭിജ്ഞാനശാകുന്തളം)

ഉടൻകട്ട, ഉടഞ്ചാവ്-ഭാര്യ ഭർത്താവിനോടുകൂടി മരിക്കുക.

ഉടഞാൺ-അരഞാണം, [ഉടുപ്പുടവയുടെ മേൽകെട്ടുന്നത്. സ്ത്രീകളുടെ ഉടഞാണിന്റെ പര്യായങ്ങൾ-മേഖലം, കാഞ്ചി, സപ്തകി, രസനം, സാരസനം. പുരുഷന്റെ ഉടഞാണിന്റെ പര്യായം-ശൃംഖലം]

ഉടൻ-അപ്പോൾതന്നെ.

ഉടനടി-ന. ഇപ്പോൾതന്നെ.

'നീ മന്ദിക്കാതുടനടി പുറ-
പ്പെട്ടുകൊണ്ടാലുമിപ്പോൾ'
(മയൂരസന്ദേശം)

൨. അപ്പോൾതന്നെ.

ഉടനീളം-ശരീരത്തിന്റെ നീളം, ഒരു ആളിന്റെ പൊക്കം.

ഉടനോടൻ-അ. തെരുതെരെ, കൂടക്കൂടെ.

ഉടന്തടി-ഉടഞ്ചാവ്, ഉടൻകട്ട.

ഉടന്തടിചാടുക-ഭർത്താവു മരിച്ചു ദഹിപ്പിക്കുമ്പോൾ ഭാര്യ കൂടി ചിതയിൽ ചാടുക.

'ഉടന്തടിചാടൽ' എന്ന കർമ്മത്തെക്കുറിച്ചു ഋഗ്വേദത്തിൽ യാതൊന്നുമില്ലെങ്കിലും അതിൽ ഒരു മന്ത്രത്തെ തെററി വ്യാഖ്യാനിക്കയും അതിനെ പ്രമാണപ്പെടുത്തി അനേകായിരം പ്രാണ

ങ്ങളെ നാശപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. (പ്രാചീനാര്യാവർത്തം)

ഉടമ്പെടുക - ഉടമ്പടിചെയ്ക, തമ്മിൽ യോജിക്കുക.

ഉടപ്പം-ചാർച്ച, സംബന്ധം [ഉടമ എന്നുള്ളതു് ഈ ധാതുതന്നെയാണു്.]

ഉടപ്പിറന്നവൻ-സഹോദരൻ.

ഉടപ്പിറന്നവൾ-സഹോദരി. പര്യായങ്ങൾ-ഭഗിനി, സ്വസാവു്.

ഉടപ്പിറപ്പു-കൂടെപ്പിറപ്പു്.

ഉടപ്പിറവി-൧. കൂടെപ്പിറവി, കൂടെപ്പിറപ്പു്. ൨. ജനിക്കുമ്പോൾ കൂടെയുള്ളതു്.

ഉടം-൧. ഇല [ഉ-ം, ശരക്ഷോടം=അക്ഷത്തിന്റെ (വിഭീതകത്തിന്റെ) ഉടങ്ങളെ (ഇലകളെ)പ്പോലെയുള്ള ഇലകളോടുകൂടിയതു്. ൨. പുല്ലു്.

ഉടംപിടിക്ക-ഉടമ്പടിചെയ്ക.

ഉടമ-൧. ശമ്പളം. ൨. കൊടുക്കൽ ൩. ആഭരണം. ൪. താൽപര്യം. ൫. ഭംഗി, നല്ല സ്ഥിതി.

ഉടമക്കാരൻ-ഉടമസ്ഥൻ, അവകാശി.

ഉടമ്പടി-൧. കരാറ. ൨. ഉഭയസമ്മതം.

ഉടമ്പിക്ക-സമ്പാദിക്ക, ശേഖരിക്ക.

ഉടമ്പു്-ഉടൽ, ദേഹം.

ഉടമ്പാറ-ഉള്ളറ.

ഉടയതു്-നാഥൻ, യജമാനൻ.

ഉടയതമ്പുരാൻ-ദൈവം

ഉടയർ-ഉള്ളവർ.

ഉടയവൻ, ഉടയക്കാരൻ-യജമാനൻ, അവകാശി

ഉടയവർ-ബന്ധുക്കൾ, യജമാനന്മാർ.

ഉടയവൾ-ഉടയക്കാരത്തി, യജമാനത്തി

ഉടയാട-മാനമുള്ളവർ ഉടുക്കുന്ന വസ്ത്രത്തിനു പറയുന്ന പേർ.

'ഉടയാടകരയുലഴിച്ചുവെച്ചു-
പ്പിട്ടമാൻനേർമിഴിമാർ'
(ദേവയാനീപരിണയം മണിപ്രവാളം)

ഉടയുക-പൊട്ടുക, തകരുക.

ഉടയ്ക്കുക-പൊട്ടിക്കുക, തകർക്കുക.

ഉടൽ-ദേഹം, ശരീരം.

ഉടൽക്കൂറു്-ശരീരാവസ്ഥ.

ഉടലം-ഉടൽ.

'വല്ലുടലം എങ്ങും ആഭരണമാക്കിനാൻ'
(രാമചരിതം)

ഉടവാൾ-രാജാവിന്റെ സ്ഥാനത്തെ കാണിക്കുന്ന വാൾ.

ഉടവു്-൧. പൊട്ടൽ. ൨. തകർച്ച. ൩. മെലിച്ചിൽ.

ഉടുകൽ-സമയം.

ഉടുക്കു്-(ഒരു വാദ്യം) ഉടുക്ക്, കടുന്തുടി എന്നുമാം. പര്യായം-('ഡമരു')

ഉടുക്കുക-വസ്ത്രം ധരിക്കുക.

ഉടുതുണി-ഉടുക്കുന്ന വസ്ത്രം.

ഉടുപുടവ-സ്ത്രീകൾ ഉടുക്കുന്ന വസ്ത്രം.

ഉടുപ്പിക്കുക-വസ്ത്രം ധരിപ്പിക്കുക.

ഉടുപ്പി, ഉടുപ്പു, (ഉടുപ)-മംഗലപുരം ജില്ലയിൽ ഒരു താലൂക്കിലെ പ്രധാന സ്ഥലം. (ചന്ദ്രനു പരമശിവൻ പ്രത്യക്ഷമായി ശാപമോക്ഷം കൊടുത്തതുകൊണ്ടു് ഈ പേരു വന്നു.)

ഉടുപ്പു്-൧. വസ്ത്രം. ൨. കുപ്പായം.

ഉടുമ്പു്-൧. ഒരു ജന്തു. പര്യായങ്ങൾ-(ഉടുമ്പിൻകുട്ടിക്കു) ഗൌധേരം, ഗൌധാരം, ഗൌധേയം, ഗൌധികാത്മജം. [ഗോധാ=ഉടുമ്പു്.] (നായാട്ടുപേർ-മംകരിമാൻ) ൨. തഴുതു (ഓടാമ്പൽ)

[ഉടുമ്പിന്റെ മാംസം പാകത്തിൽ മധുരം. രസത്തിൽ കഷായമധുരം. വാതപിത്തങ്ങളെ ഉണ്ടാക്കും. ബൃംഹണമാണു്]

ഉട്ടം-നീർപോള പുറപ്പെടുക.

ഉട്ടുരുട്ട-ഒരു വീട്ടിലുള്ള എല്ലാ സാമാനങ്ങളും. [ഉടു=ഉടമ. ഉരുക്കു്.]

**ഉഡ്ഡാമരം**-വി. ഭ. ചേഷ്ടയുള്ള, മനോഹരമായുള്ള. വ. ഭയങ്കരമായ.

**ഉഡ്ഡീനം**-പക്ഷികളുടെ ഗതിവിശേഷം. മററ പര്യായങ്ങൾ-പ്രാഡീനം, സണ്ഡീനം.

**ഉഡു**-നക്ഷത്രം. ഉയൎന്നു ഗമിക്കുന്നതു എന്നു ശബ്ദാൎത്ഥം. ആകാശത്തിൽ സ്ഥിതിചെയ്തു ലോകരക്ഷചെയ്യുന്നതു്, കോപവചനത്തോടെ ആകാശത്തിൽ സഞ്ചരിക്കുന്നതു് ഇങ്ങനെയും അൎത്ഥമുണ്ടു്.

[തങ്ങളുടെ ഭൎത്താവായ ചന്ദ്രൻ സപത്നിയായ രോഹിണിയിൽ ആസക്തി മുഴുക്കുകയാൽ മററുള്ള നക്ഷത്രങ്ങൾ കോപിച്ചു് ആ സംഗതി അച്ഛനായ ദക്ഷനെ ധരിപ്പിപ്പാൻ കോപവചനത്തോടെ നടന്നതായി കഥ കാണുന്നു.]

**ഉഡുപതി**-ഭ. ചന്ദ്രൻ. വ. കപ്പൂരം. [വരുണൻ എന്നൎത്ഥവും കാണുന്നുണ്ടു്.]

**ഉഡുപഥം**-നക്ഷത്രത്തിന്റെ മാൎഗ്ഗം.

**ഉഡുപൻ**-ഭ. ചന്ദ്രൻ. വ. കപ്പൂരം.

**ഉഡുപം**-ഭ. പൊങ്ങുതടി, ചങ്ങാടം. വെള്ളത്തിൽനിന്നു രക്ഷിക്കുന്നതു്, നക്ഷത്രമെന്നപോലെ തന്നിൽ കയറിയവരെ രക്ഷിക്കുന്നതു്. മററുപൎയ്യായങ്ങൾ-പ്ലവം, കോലം. വ. നക്ഷത്രം.

**ഉഡുംബരം**-ഭ. അത്തിമരം. വ. ഒരു വീട്ടിലേ ഉമ്മരപ്പടി. ന. ചെമ്പു്. ര. ഒരുതരം കൃമി. ഒ. ഒരു കഷം (രണ്ടു തോലാ.)

**ഉഡ്രം**-ഇപ്പോഴത്തെ ഒറിസ്സാ (രാജ്യം.)

**ഉഡൂഖലം**-ഉരൽ

**ഉഡ്ഡി**-പറപ്പു്.

**ഉഡ്ഡീനം**-പക്ഷികളുടെ ഗതിവിശേഷം. മേല്പോട്ടുപറക്കുക എന്നൎത്ഥം.

**ഉഡ്ഡീയനം**-പൊങ്ങിയുള്ള പറപ്പു്.

**ഉണക്കു്**-വരൾച്ച, ശോഷണം.

**ഉണക്കം**-വരൾച്ച, ശോഷിപ്പു്.

**ഉണക്കലരി, ഉണങ്ങലരി** പച്ചരി, പുഴുങ്ങാത്ത നെല്ലിന്റെ അരി.

**ഉണക്കൽ, ഉണങ്ങൽ**-ഭ. ഉണക്കലരി. വ. ഉണങ്ങുക.

**ഉണരുക**-ഭ. ഉറക്കത്തിൽ നിന്നു വേർപെടുക. വ. കാത്തിരിക്കുക, ജാഗ്രതയോടിരിക്കുക.

'രാമകാൎയ്യാൎത്ഥമുണൎന്നിരിക്കുന്നു ഞാൻ'
(അദ്ധ്യാത്മരാമായണം)

**ഉണൎച്ച**-ഭ. ഉത്സാഹം, ജാഗ്രത. വ. ഉറക്കത്തിൽ നിന്നു വേർപെടുക.

**ഉണൎത്തുക**-ഭ. ഉറക്കത്തിൽ നിന്നു വേർപെടുത്തുക. വ. അറിയിക്കുക.

**ഉണൎവു്**-ഭ. പ്രബോധം. വ. ഉറക്കത്തിൽ നിന്നു വേർപെടുക. ന. ജാഗ്രത

**ഉണ്ണിത്തിരി, ഉണ്ണുത്തിരിമാർ**-അമ്പലവാസികളിൽ ഒരു വകക്കാർ. (ഉണ്ണി എന്നും കാണുന്നു.)

**ഉണ്ണിൽ, നന്നിൽ**-ചെറിയ ചൊറി.

**ഉണ്ടു്**-അ. ഭവിക്കുന്നു.

**ഉണ്ട**-ഭ. ഉരുള. വ. ഗുളിക ന. കട്ട. ര. ഒരു പലഹാരം. ഒ. വെള്ളത്തിലെ മുങ്ങിക്കളി.

**ഉണ്ടക്കാറം**-വെടികൊണ്ട വ്രണം.

**ഉണ്ടനൂൽ**-ഭ. കല്ലനൂൽ. വ. ഉരുണ്ടയായി പിരുട്ടിവെച്ചിട്ടുള്ള നൂൽ.

**ഉണ്ടപ്പാച്ചിൽ**-ഭ. ഉണ്ടയുടെ വേഗം. വ. ഉണ്ടപോകുന്ന അകലം.

**ഉണ്ടപ്പായൽ**-വെള്ളത്തിൽ ഉണ്ടാകുന്ന ഒരു പുല്ലു്.

**ഉണ്ടപ്പെട്ടി**- വെടിയുണ്ട സൂക്ഷിക്കുന്ന പാത്രം.

**ഉണ്ടവല**-മീൻപിടിക്കുന്ന ചെറിയവല.

**ഉണ്ടവില്ലു്**-കല്ലുവെച്ചു തെററുന്ന വില്ലു്.

**ഉണ്ടവെയ്ക്കുക**-ഭ. കട്ടപിടിക്കുക. വ. വെള്ളത്തിൽ മുങ്ങിക്കളിക്കുക.

ഉണ്ടറുതി-ഒരുവിധം പ്രമാണം. (ഉണ്ടറുതി ആധാരം, ഉണ്ടറുതിപ്പാട്ടം, ഉണ്ടറുതി പ്പണയംമുതലായവ )

ഉണ്ടാകുക-ക്രി. ജനിക്കുക. വ. ഭവിക്കുക. ന. കിളിക്കുക.

ഉണ്ടിക, ഹുണ്ടിക-ഒരുമാതിരി മുദ്ര, കൈമാററക്കുറിമാനം.

ഉണ്ടികക്കലശം-തിരുവപ്പണം സൂക്ഷിക്കുന്ന ഒരു പെട്ടി.

ഉണ്ടിയൽ-ഉണ്ടിക.

ഉണ്ടികപ്പണം-തിരുവപ്പണം.

ഉണ്ടുരുട്ടി-ഒരുവക പലഹാരം.

ഉണ്ടെമ്മാനില്ല-ഇന്നിടത്തുണ്ടെന്നു പറവാനില്ല.

'ആളുയച്ചിട്ടുണ്ടെമ്മാനില്ല, ഇല്ലെമ്മാനില്ലാ'
(നളചരിതംകഥകളി)

ഉണ്ഡുകം-ക്രി. ഒരുവക കഷ്ടം. വ. വല്ല, നെയിത്തു്. ന. ശരീരത്തിന്റെ ഒരു ഭാഗം.

ഉണ്ഡേരകം-മാവുണ്ട, ഉണ്ടഅപ്പം.

ഉണ്ണാക്കു്-അണ്ണാക്കു്. [ഉൾ+നാക്കു്= ഉണ്ണാക്കു് ]

ഉണ്ണാടി-ഉൾനാടി.

ഉണ്ണാർ-ഉണ്ണാത്തവർ.

'ചെറുമികവുണ്ണമവരുണ്ണാർ'
(ഭഗവൽഗീത)

ഉണ്ണി-ക്രി. ചെറിയ പൈതൽ. വ. ഒരു ജാതിക്കാരൻ. ഉണ്ണികളുടെ സ്ത്രീകൾക്കു ഇട്ടി എന്നു പേർ. ന. പശുവിന്റെ ബാലവട്ടൻ.

ഉണ്ണിക്ക-ഊട്ടുക, ഊണുകഴിപ്പിക്ക.

ഉണ്ണിത്തണ്ടു-വാഴക്കാമ്പു്, വാഴപ്പിണ്ടി.

ഉണ്ണിമാങ്ങ-ചെറിയമാങ്ങ.

ഉണ്ണിയപ്പം-ചെറിയഅപ്പം.

[ചെറുതായിരിക്കുന്ന അപ്പങ്ങൾക്കെല്ലാം ഉണ്ണിഅപ്പം എന്നു പറയാറ പതിവില്ല. ക്ഷേത്രങ്ങളിൽ ഈ അപ്പം വഴിപ്പിക്കുക എന്നതു വഴിപാടുനടത്തുന്നവർക്കു പ്രധാനമാണു്. പച്ചരി ഇടിച്ചെടുത്ത മാവിൽ ശർക്കര, പഴം ഇവ ഞരടിച്ചേർത്തു നെയ്യിൽ ഉണ്ടാക്കുന്നതായിട്ടാണു കാണുക.]

ഉണ്ണുക-ക്രി. ഭക്ഷിക്കുക വ. മുലകുടിക്കുക.

ഉണ്മ-ക്രി. ഉണ്ടു് എന്നുള്ള സ്ഥിതി, വാസ്തവം. വ. സത്യം, യഥാർത്ഥം, തത്വം.

'ഷണ്മുഖൻതന്നുടെ കാരുണ്യംതന്നാലെ യുണ്മയായുള്ളതറിഞ്ഞുമമെല്ലേ'
(ഭാരതഗാഥ)

[ഉൾ+മ=ഉണ്മ.] ന. ഉറപ്പായ വിശ്വാസം. ഠ. സ്നേഹം.

'മററുണ്മയൊടുചേർത്തുഗാഢംപുണർന്നു'
(കുചേലവൃത്തംവഞ്ചിപ്പാട്ടു്)

ഉത-അ. ക്രി. വികല്പാർത്ഥകം. (അങ്ങിനെയൊ ഇങ്ങിനേയൊ).

'പ്രതനിയമമിവൾക്കുവാവുകൾക്കുവാരളെ-യ്ക്കുതനവിഹാരവിരോധിയാകുമാരോ? ഉതഹരിണികളോടു വാഴുമാരോ? സതതമിയംമമിരേക്ഷണപ്രിയാമിഃ?'
(അഭിജ്ഞാനശാകുന്തളം)

വ. വിതർക്കം.

'കോപാൽചതുരതാവതാരമകരോദുവ!'
അവതാരം അകരോൽഉത=അവതരിച്ചുവാ.

ന. സമുച്ചയം.

'ഉതഭീമ ഉതാർജ്ജുനഃ'
ഭീമനും അർജ്ജുനനും എന്നർത്ഥം.

ഠ. ചോദ്യം.

'സ്മരസിസ്മരമേഖലാഗുണൈരുത ഗോത്രസ്ഖലിതേഷുബന്ധനം'
(സ്മരസിഉത=ഓർക്കുന്നുവോ?)

ഉത-ക്രി. ഉതഞു്. വ. കാലുകൊണ്ടുള്ള കുതിപ്പു്. ന. തോക്കിന്റെ ഇടിപ്പു്.

ഉതകുക-ക്രി. ഉപകരിക്കുക. വ. വഴിക്കുക.

ഉതക്കം-സഹായം.

ഉതത്ഥ്യൻ- അംഗിരസ്സിന്റെ മകൻ, ബൃഹസ്പതിയുടെ ജ്യേഷ്ഠസഹോദരൻ.
[ഈ ബ്രാഹ്മണന്റെ ഭാൎയ്യ സോമന്റെ പുത്രിയായ ഭദ്രയാണ്. ഒരിക്കൽ ഈയാൾ കോപാന്ധനായി സമുദ്രം മുഴുവനും കുടിച്ചു വററിച്ചു. ഇതിനു കാരണം വരുണൻ തന്റെ ഭാൎയ്യയായ ഭദ്രയെ അപഹരിച്ചതായിരുന്നു. സമുദ്രം കുടിച്ചുവററിച്ചിട്ടും വരുണൻ ഭദ്രയെ തിരിയെ കൊടുക്കായ്കയാൽ വരുണന്റെ സരസ്സു കുടിച്ചു വററിച്ചു അനന്തരം രാജ്യം അശേഷം ഉണങ്ങിപ്പോയി. ഉടൻ വരുണൻ ഭദ്രയെ തിരിയെകൊടുത്തു ]

ഉതത്ഥ്യതനയൻ-ഗൌതമൻ.

ഉതം-വി. നെയ്യപ്പെട്ട.

ഉതം-ം. ഊടും പാവുമായി നെയ്യപ്പെട്ടതു്. മററു പൎയ്യായങ്ങൾ-ഊതം, സ്യൂതം ഉ. ഉദം എന്നതിന്റെ തത്ഭവം. ഉദം = ജലം, ഉറവ്.

ഉതവി-തുണ, സഹായം.

ഉതളം-ഒരു വൃക്ഷം.
[ഇതിന്റെ ഇല വാതത്തിനു നന്ന്. കായുടെ പരിപ്പു വലിയ ദോഷത്തെ ചെയ്യും. ഉള്ളിൽ ചെന്നാൽ (തിന്നാൽ) പ്രാണഹാനി വരും.]

ഉതളി-ഒരു തോൽപാത്രം. ഉ. മൂത്രാശയം

ഉതളിക്ക-ഊതിവീൎപ്പിക്ക, കാററുകൊണ്ടു വീൎക്കുക.

ഉതറൽ-കുടഞ്ഞുവിടീക്കൽ, തട്ടി വിടുവിക്കൽ.

ഉതറുക-കുടഞ്ഞുവിടുക, തട്ടിവിടുക.

ഉതാഹോ-അ. ഉത എന്നതിന്റെയും അഹോ എന്നതിന്റെയും സമാഹാരം. പ്രധാനമായ അൎത്ഥം വികല്പം തന്നെ (ഉത നോക്കുക.)

ഉതി-ം. ഒരു വൃക്ഷം.
[ഈ വ്രണങ്ങളെ ഉണക്കും. ഭഗ സന്താനകൃത്താണ്.]
ഉ. തുരുത്തി.

ഉതിക്കൽ-ചീററൽ

ഉതിക്കുക-ചീററുക.

ഉതിപ്പ്-ചീററൽ.

ഉതിരകാളി-മായാദേവി.

ഉതിരക്കുറിച്ചേട്ടം- രാജാക്കന്മാൎക്കുള്ള ഒരു വിധം വരവ്.

ഉതിരം-ചോര. [രുധിരം എന്നതിന്റെ തത്ഭവം].

ഉതിരു-ം. കുലയിൽനിന്നുപൊഴിക. ഉ. ഉതിർമണി.

ഉതിരുക-പൊഴിയുക.

ഉതിൎക്ക-പൊഴിക്ക.

ഉതിൎച്ച-പൊഴിച്ചിൽ.

ഉതിൎപ്പ്-പൊഴിച്ചിൽ.

ഉതിൎമ്മണി-പൊഴിഞ്ഞധാന്യം.

ഉതിൎമ്മ പൊഴിച്ചിൽ.

ഉൽകം-അവസരം.

ഉൽകചകം-ഒരു തീൎത്ഥം. [ഈ തീൎത്ഥത്തിനു ഭാഗവതം മൂലത്തിൽ 'ഉൽകാചകം' എന്നു കാണുന്നു. എഴുത്തച്ഛന്റെ സംഭവപൎവ്വത്തിൽ കണ്ടു 'ഉൽകചകം' എന്നാണ്.]

ഉൽകത-ആഗ്രഹം.

ഉൽകുലം-കുലത്തിൽനിന്നു തെററിപ്പോയവൾ (വ്യഭിചാരിണി)

ഉൽകൃതി-ഒരു ഛന്ദസ്സ്. പാദത്തിൽ ൨൬ അക്ഷരം വീതം കാണും.

'ഭകാരസനഭത്തോടു ഭകാരസനഭം ലഘുഗുരുക്കളിഹാംശമുണ്ടനാം'
(വൃത്തമഞ്ജരി)

ഉൽകൃഷ്ട-വി. ം. ശ്രേഷ്ഠമായ. ഉ. അധികമായ. ന. ആകൎഷിക്കപ്പെട്ട.

ഉൽകൃഷ്ടൻ-ഉയൎന്നസ്ഥിതിയിലുള്ളവൻ.

ഉൽകൃഷ്ടകാന്തി-അത്യന്തശോഭ. പര്യായം-സുഷമാ.

ഉൽക്ക-വി. പ്ര ദുഃഖമുള്ള. ൨. കഴിഞ്ഞ. ൩. ആഗ്രഹമുള്ള.

ഉൽകഞ്ചുക-കഞ്ചുകം (ചട്ട)യില്ലാത്ത.

ഉൽകട-വി പ്ര. അധികമായ. ൨, ഭ്രമമുള്ള ൩. മദ്യപാനം ചെയ്ത ൪. ഒപ്പനിരപ്പില്ലാത്ത.

ഉൽകടം-കോപം.

ഉൽകടൻ-മദ്യം മുതലായവകൊണ്ട മത്തനായുള്ളവൻ. തടസ്ഥമില്ലാത്തവൻ എന്നർത്ഥം.

ഉൽകടുകാസനം-ഒതുങ്ങിയിരിപ്പ്.

ഉൽകണിക-എടുത്തപൊടി, അംശം.

ഉൽകണ്ഠാ-പ്ര. പ്രിയവൃത്താന്ത ശ്രവണത്തിലുള്ള അത്യാസക്തി.

'വാൎത്താമാവൎത്തനമൊടനുയോഗിക്കമുൽക്കണ്ഠമൂലം'

(മയൂരസന്ദേശം)

ഇഷ്ടമായ വസ്തു ലഭിപ്പാൻ നേരിടുന്ന താമസത്തെക്കുറിച്ചുള്ള മനോവിചാരം. ൨. ആധി, മറ്റൊരു പൎയ്യായം-ഉൽകലിക.

ഉൽകണ്ഠാ-ഇച്ഛാതിശയം.

ഉൽകണ്ഠിത-വി. ആഗ്രഹിക്കപ്പെട്ട.

ഉൽകര-വി. പ്ര. ഉയൎത്തുന്ന. ൨. കൂമ്പൽ കൂട്ടുന്ന.

ഉൽകരം-പ്ര. നെല്ലു മുതലായതുകൂട്ടിയതു, ധാന്യാദിസമൂഹം. ൨. കൂമ്പാരം, കൂട്ടം

ഉൽകൎക്കരം-ഒരു വാദ്യം.

ഉൽകലം-ജഗന്നാഥത്തെ ഒറിസ്സരാജ്യം Orissa.

ഉൽകലിക-ഉൽക്കണ്ഠ, ഒന്നിലുള്ള അത്യാസക്തി, ഇഷ്ടമായ വസ്തു ലഭിപ്പാൻ നേരിടുന്ന താമസത്തെക്കുറിച്ചുള്ള മനോവിചാരം. ൨. ആധി. കണക്കില്ലാത്തത് എന്നർത്ഥം.

ഉൽകലിത-വി. തെളിഞ്ഞ. കെട്ടഴിഞ്ഞ.

ഉൽകലികാപ്രായം-ഒരു വിധംഗദ്യം. (ഇതിൽ സമാസങ്ങളും ദൃഢാക്ഷരങ്ങളും അധികം കാണും.)

ഉൽകൎഷം-പ്ര. അതിശയം. അതിക്രമിക്കുക, ഉന്നതമായിരിക്കുക എന്നർത്ഥം. മറ്റൊരു പൎയ്യായം-അതിശയം. ൨. ശ്രേഷ്ഠത. ൩. വൎദ്ധന. ൪. വലിക്കുക. ഉൽകൎഷം > <അപകൎഷം.

ഉൽകൎഷിക്കുക-അതിക്രമിക്കുക.

ഉൽകലങ്കി-ഉണ്ടായ കളങ്കത്തോടുകൂടിയത്.

ഉൽകാകാ-ആണ്ടു തോറും പെറുന്ന പശു.

ഉൽകാരം-നെല്ലു കാററത്തിടുക. ഉൽക്ഷേപിക്കുന്നത് എന്നർത്ഥം.

ഉൽകാശനം-ആജ്ഞാപനം.

ഉൽകീൎണ്ണനം-വിതറുക, വിരക്കുക.

ഉൽകീലിത-വി. ആണിതറച്ച.

ഉൽകോചം-പ്ര. കൈക്കൂലി. ൨. ഒരു തീൎത്ഥം. [ഉൽക്കോചകം നോക്കുക]

ഉൽക്രമം-ക്രമക്കേടു, അഴിമതി.

ഉൽക്രാന്ത-വി. വിട്ടുമാറിയ, വിട്ടുപിരിഞ്ഞ.

ഉൽക്രോശം-പ്ര അഴുകരൾ എന്ന പക്ഷി. നിലവിളിക്കുന്നത് എന്നു ശബ്ദാൎത്ഥം. മറ്റൊരു പൎയ്യായം. കുരരം. 'ഞാറപ്പക്ഷി' എന്നും കാണുന്നു. ൨. നിലവിളി. ൩. ഒവാരം.

ഉൽക്ലേശനം-ദോഷങ്ങളെ സ്വസ്ഥാനങ്ങളിൽ നിന്നിളക്കുക. (വൈദ്യസംബന്ധം.)

ഉൽക്ഷിപ്ത-വി. ഉൽക്ഷേപിക്കപ്പെട്ട. [ഉൽക്ഷേപിക്ക - ഉപരിഭാഗത്തിൽ ധരിക്കുക] മേല്പെട്ടെറിയപ്പെട്ട, ഉയൎത്തപ്പെട്ട.

ഉൽക്ഷിപ്തം-ഉമ്മം.

ഉൽക്ഷേപണം-൧. പൊന്തുകയുക. ൨. മെല്ലെട്ടെറിയുക. ൩. ഉഴന്നുക. ൪. മുറം.

ഉൽക്ഷേപം -൧. പൊന്തുകയുക. ൨. വെൺചാമരം.

ഉൽഖാത-വി. ൧. വേരോടെ പറിക്കപ്പെട്ട. ൨. നശിപ്പിക്കപ്പെട്ട.

ഉൽഖാതം-കുഴിച്ചത്.

'ഉൽഖാതംനിധിശങ്കയാക്ഷിതിതലം'
(ഭർത്തൃഹരി)

ഉൽഗമിക്ക-ഉയരുക, കരേറുക.

ഉത്ത-വി. നനഞ്ഞ.

ഉത്തപ്തം-൧. ഉണങ്ങിയ മാംസം. ൨. ഉതപിച്ചത്.

ഉത്തമ-വി. ശ്രേഷ്ഠമായ, പ്രധാനമായ, ഏറ്റവും ഉൽകൃഷ്ടമായ.

ഉത്തമകന്യാഖ്യ-വെലിപ്പരുത്തി.

ഉത്തമൻ-൧. ശ്രേഷ്ഠൻ. ൨. ശിവഭക്തനായ ഒരു മുനി. ൩. പതിനാലു മനുക്കളിൽ മൂന്നാമത്തെ മനു.

ഉത്തമപുരുഷൻ-൧. നല്ല മനുഷ്യൻ. ൨. (വ്യാകരണത്തിൽ) മൂന്നു പുരുഷന്മാരിൽ ഒന്ന്. ഉ-ം, ഞാൻ. [മദ്ധ്യമപുരുഷൻ-നീ. പ്രഥമപുരുഷൻ-അവൻ] ൩. വിഷ്ണു.

ഉത്തമം-ശ്രേഷ്ഠം.

[പര്യായങ്ങൾ-പ്രധാനം, പ്രമുഖം, പ്രവേകം, അനുത്തമം, ഉത്തമം, മുഖ്യം, വര്യം, വരേണ്യം, പ്രബർഹം, അനവരാർദ്ധ്യം, പരാർദ്ധ്യം, അഗ്രം, പ്രാഗ്രഹരം, പ്രാഗ്ര്യം, അഗ്ര്യം, അഗ്രീയം, അഗ്രിയം.]

ഉത്തമർണ്ണ-വി. കടംകൊടുത്ത.

ഉത്തമർണ്ണൻ-കടം കൊടുക്കുന്നവൻ. ഉത്തമമായ ഋണത്തോടുകൂടിയവൻ എന്നു ശബ്ദാർത്ഥം. ഉത്തമർണ്ണൻ > > അധമർണ്ണൻ.

ഉത്തമവേശൻ-ശിവൻ.

ഉത്തമസ്ത്രീ-ശ്രേഷ്ഠയായ സ്ത്രീ. പര്യായങ്ങൾ-വരാരോഹാ, മത്തകാശിനി, ഉത്തമാ, വരവർണ്ണിനി ഇവ നാലും.

ഉത്തമാ-൧. ഉത്തമസ്ത്രീ. ൨. ഒരു രോഗം.

[ശൂകജങ്ങളായി പതിനെട്ടു വ്യാധികൾ ഉണ്ട്. ലിംഗത്തിനു ക്രമത്തിലധികം വർദ്ധനയുണ്ടാവാനായി ചില മന്ദബുദ്ധികൾ വിഷമുള്ള ജന്തുക്കളേയോ തീക്ഷ്ണദ്രവ്യങ്ങളേയോ അരച്ചു ലിംഗത്തിൽ തേയ്ക്കും. അവന് ഈ രോഗങ്ങൾ പിടിപെടും. ലക്ഷണം-ചെമന്ന കുരുക്കൾ പുറപ്പെടും. ആകൃതിയിൽ ചെറുപയറോ ഉഴുന്നോ എന്നു തോന്നും.]

ഉത്തമാംഗം-തല. ഉത്തമമായ അവയവം എന്നർത്ഥം.

ഉത്തമോത്തമം-അത്യുത്തമം.

ഉത്തമൌജസ്സ്-പാണ്ഡവരുടെ സ്നേഹിതനായ ഒരു യോദ്ധാവ്.

ഉത്തംസം-൧. കർണ്ണാലങ്കാരം. ൨. ശിരോഭൂഷണം. മറെറാരു പര്യായം-അവതംസം.

ഉത്തര-വി. ൧. പിന്നത്തെ. ൨. ശ്രേഷ്ഠമായ. ൩. വടക്കുള്ള.

ഉത്തരകാണ്ഡം-രാമായണത്തിലെ ൭-ാം കാണ്ഡം.

ഉത്തരകായം-ശരീരത്തിന്റെ മുകൾഭാഗം

ഉത്തരകാലം-വരുംകാലം.

ഉത്തരകാര്യം-ശേഷക്രിയ.

ഉത്തരക്രിയ-ശേഷക്രിയ.

ഉത്തരക്ഷണം-അടുത്ത ക്ഷണകാലം.

ഉത്തരച്ഛദം-മീതെമൂടി.

ഉത്തരണം-കടക്കുക.

ഉത്തരദിക്ക്-വടക്കേദിക്ക്.

[പുരാതനഹിന്ദുക്കളുടെ വിശ്വാസപ്രകാരം ഭൂമിയുടെ ഉത്തരഭാഗം ദേവ

ന്മാരുടെയും ദക്ഷിണഭാഗം അസുരന്മാരുടെയും മദ്ധ്യഭാഗം മനുഷ്യരുടെയും വാസസ്ഥലങ്ങളാകുന്നു.]

ഉത്തരംചെയ്ക- പകരം വീട്ടുക, പകമീളുക.

ഉത്തരൻ-പു. വിഷ്ണു. ൨. ശിവൻ. ൩. വിരാടരാജാവിന്റെ പുത്രൻ (ശല്യർ വധിച്ചു).

ഉത്തരപക്ഷം-ഒടുവിൽ പറഞ്ഞ അഭിപ്രായം, തീരുമാനം.

ഉത്തരപദം-പിന്നത്തെ പദം.

ഉത്തരനൈഷധചരിത്രം- നിഷധരാജാവായനളന്റെചരിത്രം. (ശ്രീഹർഷൻ ഉണ്ടാക്കിയത്.)

ഉത്തരപാലൻ, ഉത്തരപതി, ഉത്തരേശൻ-കുബേരൻ.

ഉത്തരപൂർവ്വ-വടക്കുകിഴക്ക്.

ഉത്തരപ്രത്യുത്തരം-ഉത്തരത്തിനുത്തരം.

ഉത്തരഭദ്ര-ഉത്രട്ടാതി നക്ഷത്രം.

ഉത്തരഭാഗം-പു. വടക്കുവശം ഉത്തരഭാഗം > < ദക്ഷിണഭാഗം. ൨. പിന്നത്തെ ഭാഗം. ഉത്തരഭാഗം> <പൂർവ്വഭാഗം.

ഉത്തരഫൽഗുനി-ഉത്രംനക്ഷത്രം.

ഉത്തരം- പു. പ്രതിവാക്യം. ചോദ്യത്തെ കടക്കുന്നത്, ചോദിച്ച സംശയംതീർക്കുന്നത് എന്നർത്ഥം. ൨ ഉത്രംനാൾ. ൩. വീട്ടിന്റെ ഭിത്തിക്കുമീതെ പണിചെയ്തുവെയ്ക്കുന്ന മരം. ൪. വടക്കുള്ളത്. ൫. മേൽഭാഗം. ൬. ശ്രേഷ്ഠമായിട്ടുള്ളത്. ൭. ഉത്തരവ്. ൮. അലങ്കാരങ്ങളിൽ ഒന്ന്.

'ചോദ്യംനടിച്ചുത്തരമായ്
ഗ്രന്ഥാർത്ഥംചൊൽകയുത്തരം
അക്കരയ്ക്കുകടക്കേണ്ടു-
ന്നക്കാവിൻനേക്കപാന്ഥ! കേൾ'
(ഭാഷാഭൂഷണം)

ഉത്തരാംഗം-വി. ജലംകൊണ്ടു മൂടപ്പെട്ട.

ഉത്തരാംഗം-വാതലിന്റെ മീതെ വളച്ചു പണിതുവെക്കുന്ന ഒരു തടി.

ഉത്തരമീമാംസ-ബാദരായണന്റെ ദർശനങ്ങളിൽ ഒന്ന്.

[ഉത്തരമീമാംസ വ്യാസമഹർഷിയുടെതെന്നും പൂർവ്വമീമാംസ ജൈമിനിമഹർഷിയുടേതെന്നും കാണുന്നുണ്ട്. ബൗദ്ധന്മാർ നിരീശ്വരന്മാരായി തീരുവാൻ തുടങ്ങിയപ്പോൾ ഇവ രണ്ടും ഹിന്ദുക്കൾക്കു ആശ്വാസകാരണമായിത്തീർന്നു എന്നു പ്രാചീനാപ്തവാക്യം പറയുന്നു. പൂർവ്വമീമാംസയിലെ പ്രധാനമായ പ്രമേയം യാഗമാണ്. ഉത്തരമീമാംസയിലേത് വേദാന്തം ]

ഉത്തരയായാതം- മഹാഭാരതത്തിലുള്ള ഒരു ഉപപർവ്വം.

ഉത്തരരാമചരിതം-ഭവഭൂതിയുടെ ഒരു നാടകം (രാമായണം ൭-ാം ഭാഗം.)

ഉത്തരവ്-പു. കല്പന. ൨. അനുവാദം. ൩. ഉത്തരം.

ഉത്തരവാദം-പു. ചുമതല. ൨. ജാമ്യം.

ഉത്തരവാദി-പു. ചുമതലക്കാരൻ. ൨. ജാമ്യക്കാരൻ.

ഉത്തരവേദി-കുരുക്ഷേത്രത്തിനു സമീപമുള്ള ഒരു തീർത്ഥം.

ഉത്തരസാക്ഷി-പ്രതിസാക്ഷി.

ഉത്തരസാധകൻ-സഹായക്കാരൻ.

ഉത്തരാ-പു. വടക്കു. ഒരു മുതലായവയെ കടക്കുന്നത് എന്നർത്ഥം. ൨. ഉത്രം ൩. ഉത്രാടം. ൪. ഉത്രട്ടാതി. ൫. വിരാടന്റെ പുത്രി, അഭിമന്യുവിന്റെ ഭാര്യ, പരീക്ഷിത്തിന്റെ അമ്മ.

ഉത്തരാധര-വി. ഉയർന്നും താണുമുള്ള.

ഉത്തരാധരങ്ങൾ-ഉയരത്തെയുംതാഴത്തെയും ചുണ്ടുകൾ.

ഉത്തരാപഥ-വി വടക്കുപടിഞ്ഞാറുള്ള .

ഉത്തരാഭാസം-നേരല്ലാത്ത ഉത്തരം, സംരമില്ലാത്ത ഉത്തരം.

ഉത്തരായണം-സൂൎയ്യന്റെ വടക്കോട്ടുള്ള ഗതി. [മകരം മുതൽ മിഥുനം വരെ ആറുമാസം.] ഉത്തരായണം > < ദക്ഷിണായനം.

ഉത്തരായണപക്ഷി-ചക്രവാകം.

ഉത്തരാൎത്ഥം-കീഴ്‌വരുന്നതിനായി.

ഉത്തരാൎദ്ധം-ക. രണ്ടാമത്തെ പാതി. ഉത്തരാൎദ്ധം > < പൂൎവ്വാൎദ്ധം. വ. ശരീരത്തിന്റെ മുകൾഭാഗം. ന. വടക്കുഭാഗം. ൪. ഒരു പദ്യത്തിന്റെ (ശ്ലോകത്തിന്റെ) പിന്നത്തെ രണ്ടുപാദം ചേൎന്നതു്.

ഉത്തരാഷാഢ-ഉത്രാടം നക്ഷത്രം.

ഉത്തരാസംഗം-മേല്പുടവ. (രണ്ടാമുണ്ടു്, ഉത്തരീയം ഇവയുടെ പേർ.) ഊൎദ്ധ്വഭാഗത്തിൽ ചേൎന്നിരിക്കുന്നതു് എന്നൎത്ഥം.

ഉത്തരീയം-ഉത്തരാസംഗം (മേല്പുടവ.)

ഉത്തരേദ്യുഃ-അ. പിറേറദിവസത്തിൽ.

ഉത്തരേശൻ-ക. കുബേരൻ. വ. അഗ്നി മന്ത്ര.

ഉത്തരോത്തരം-മേല്ക്കുമേൽ.

ഉത്തറാക്കം-രുദ്രാക്ഷം. (നീചം).

ഉത്താന-വി. ക. മലൎന്ന. വ. ആഴമില്ലാത്ത.

ഉത്താനം-ക. നിമ്നത്തിനു വിരുദ്ധമായ (കുണ്ടില്ലാത്ത) പ്രദേശം. വിസ്താരമില്ലാത്തതു് എന്നു ശബ്ദാൎത്ഥം. വ. അജാഗ്രത, ഉദാസീനത.

'ഉത്താനന്മാൎക്കുമജ്ഞാനോവിവേകവും'
(പഞ്ചതന്ത്രം)

ഉത്താനപാദൻ-ധ്രുവന്റെ പിതാവായ രാജാവു്.

ഉത്താനപാദം-ചെരിന്ന കാലുകൾ.

ഉത്താനശയ-വി. മലൎന്നു കിടക്കുന്ന.

ഉത്താനശയ, ഉത്താനശയം-മുലകുടി പ്രായത്തിലുള്ള കുട്ടി. മലൎന്നുകിടക്കുന്നതു് എന്നൎത്ഥം.

[ഉത്താനശയാ-കൊച്ചു പെൺപൈതൽ, മലൎന്നു കിടക്കുന്നവൾ. ഉത്താനശയൻ-കൊച്ചു ആൺപൈതൽ, മലൎന്നു കിടക്കുന്നവൻ]

ഉത്താനശായി-വി. മലൎന്നു കിടക്കുന്ന.

'ഉത്താനശായികാന്തൻ
വിസ്താരമാൎന്നമാവിൽ'
(സാഹിത്യകീൎത്തനങ്ങളും പദങ്ങളും)

ഉത്താപം-ദാരുണമായ ദുഃഖം, ചൂടു്.

ഉത്താരകൻ-ശിവൻ.

ഉത്താരണൻ-വിഷ്ണു.

ഉത്താരം-ഉദ്ധാരം (കടം) എന്നതിന്റെ തത്ഭവം.

ഉത്താല-വി. ക. വേഗമുള്ള. വ. പ്രയാസമുള്ള. ന. ശ്രേഷ്ഠമായ. ൪. ഭയങ്കരമായ. ൫. പൊക്കമുള്ള.

ഉത്താലം-കുരങ്ങു്.

ഉത്താളം-തടവില്ലാത്തതു്.

ഉത്തിരി-ഇത്തിരി.

ഉത്തിഷ്ഠ-എഴുന്നേറ്റാലും.

ഉത്തീൎണ്ണ-വി. ഉത്തരണംചെയ്യ (കടക്കപ്പെട്ട.

ഉത്തുംഗ-വി. ഉന്നതമായ, ഉയൎന്ന.

ഉത്തുണ്ണി-കരിക്കൽവള്ളി.

ഉത്തേജനംചെയ്ക-മൂൎച്ചകൂട്ടുക, ഇളക്കുക ചെയ്ക.

ഉത്തേജനിക-മണികാഞ്ചകം.

ഉത്ഥല-വെള്ള.

ഉത്ഥാനം-ക. പുരുഷത്വം, പുരുഷപ്രയത്നസാദ്ധ്യമായ ഉത്സാഹശക്തി. വ. ഇരുന്നവൻ എഴുന്നേല്ക്കുക. ന. തന്ത്രം. എഴുന്നേല്ക്കുക എന്നൎത്ഥം. ൪. സേന. ൫. ഉദ്യോഗം. ൬. സമാപ്തി. ൭. മുററം. ൮. മഹോത്സവം. ൯. സന്തോഷം. ൧൦. ശാസ്ത്രം. ൧൧. രോഗത്തിന്റെ ആധിക്യം.

ഉത്ഥാപനം-൧ എഴുന്നേല്പ്. 'ചലനചതാനനാത്ഥാപനംഭ്രമരങ്ങളിൽ ചതുരതകലന്മാവീരന്മാരിരുവരും' (മഹാഭാരതം) ൨. ഉയർത്തുക. ൩ ഒരു വീട്ടിനെ വേർവിടാൻ സംഗതിയാക്കുക. ൪. ചൂർത്തി. ൫. ഉണച്ചു. ൬ ചാട്ടി ൭. പ്രസവം. ൮. സാധിക്കുക.

ഉത്ഥിത-വി. ൧. എഴുന്നേററ. ൨. ഉയർന്ന, മേല്പെട്ടുപോയ. ൩. ജനിച്ച. ൪. പുറപ്പെട്ട. ൫. വൃദ്ധിയോടുകൂടിയ. ൬. ഉത്സാഹത്തോടുകൂടിയ.

ഉൽപതനം-൧ മേല്പോട്ടുള്ള ചാട്ടം. ൨. ജനനം. ൩. ഉത്ഭവം.

ഉൽപതിക്കുക-മേല്പെട്ടു പൊങ്ങുക, മേല്പെട്ടു ചാടുക.
'ഉപ്പുംപുളിയുംകുടിച്ചവനാണെങ്കിൽ ഉൽപതിച്ചിടെടാവെള്ളത്തിൽനിന്നുടൻ' (ദുര്യോധനവധം തുള്ളൽ)

ഉൽപതിഷ്ണു-വി. മേല്പെട്ടു പൊങ്ങുന്ന

ഉൽപതിതാവ്-മേല്പെട്ടു പൊങ്ങുക ശീലമായിട്ടുള്ളവൻ.

ഉൽപതിഷ്ണു- ഉൽപതിക്ക ശീലമായിട്ടുള്ളവൻ.

ഉൽപതംഗം-ഒരു പക്ഷി.

ഉൽപഥം-തെററിപ്പോയ വഴി.

ഉൽപത്തി-൧. ഉത്ഭവം, ജനനം. ൨. ആരംഭം. ൩. ദ്രവ്യംകൊടുത്തു നേടിയ നിലം പുരയിടങ്ങൾ. ൪. ചരിത്രം. [ഉ-ം, കേരളോൽപത്തി.]

ഉൽപത്തിപ്രകാരം-ഉത്ഭവസ്ഥിതി.

ഉൽപന്ന-വി. ൧. ഉണ്ടായ. ൨. ലഭിച്ച.

ഉൽപന്നിപ്പിക്ക-൧ ഗർഭംഉണ്ടാക്കുക. ൨. നിറവേററുക.

ഉൽപഞ്ജര (ല)-വി. ൧. കൂട്ടിലിടപ്പെടാത്ത. ൨. കഴപ്പത്തിലായ.

ഉൽപലപത്രം-൧. കരിങ്കുവളത്തിന്റെ ഇല. ൨. സ്ത്രീയുടെ നഖംകൊണ്ടുണ്ടായ മുറിവ്.

ഉൽപലപത്രകം- വീതിയുള്ള കത്തി (കത്തി.)

ഉൽപല-വി. ൧. ശേഷിച്ച. ൨. നേരത്ത.

ഉൽപലം-൧ ചെങ്ങഴിനീർപൂവ്. ഈ പുഷ്പത്തിന്റെ പേരെന്നും കാണുന്നു. വെള്ളത്തിൽനിന്നു മേല്പെട്ടു പൊങ്ങിവരുന്നതു് എന്നർത്ഥം. ൨. കരിങ്കുവളം. ൩. താമര. ൪. കൊട്ടം [നീലോൽപലം-നീലത്താമര.]

[ഉൽപലം, കുവലയം ഇവ രണ്ടും താമര ആമ്പൽ മുതലായതിന്റെ സാമാന്യമായ പേരാണെന്നുള്ള രാമാശ്രമിയുടെ അഭിപ്രായം പ്രയോഗങ്ങൾകൊണ്ടു സ്ഥിരമാകുന്നു. ഉൽപലശബ്ദം ഇന്ദീവരത്തിന്റെ പര്യായമാണെന്നു ഭരതസൻ പറയുന്നു.

ഉൽപലമകരം-ലക്ഷ്മി (മലർമകൾ.)

ഉൽപലരിപു-ചന്ദ്രൻ.

ഉൽപലമാലിക-ഒരു വൃത്തം കൃതിഛന്ദസ്സിൽ പെട്ടതു്. പാദം ഒന്നിൽ അക്ഷരം ൨൦ വീതം.
'ഉല്പലമാലികാഭരനഭംഭരലംഗുരുവും (വൃത്തമഞ്ജരി) [വരുന്നതാം'

ഉൽപലശാരിബാ-൧. നറുനീണ്ടി. ഉല്പലപ്പൂവിനു തുല്യമായ പൂവോടുകൂടിയതു് എന്നർത്ഥം. ൨. പാൽവള്ളി, പാൽമുതക്ക് ഇങ്ങിനെയും പറയുന്നു.

ഉൽപലാക്ഷ-വി. കരിങ്കുവളപ്പൂവുപോലെ കണ്ണുള്ള.

ഉൽപലാക്ഷി-സുന്ദരി. ഉൽപലപ്പൂവുപോലെ കണ്ണുള്ളവൾ, കാന്ത കണ്ണുള്ളവൾ.

ഉൽപലാദ്യം-൧. ചെങ്ങഴിനീർകിഴങ്ങു. ൨. ആമ്പൽകിഴങ്ങ്. ൩. നെയ്തൽക്കിഴങ്ങ്.

ഉൽപലിനി-ഒരു നദി. ഉല്പലങ്ങൾ ഉള്ളതു് എന്നു വ്യുൽപത്തി.

'അവിടെനിന്നുനേരേ കിഴക്കോട്ടിറങ്ങി
ഉടനപ്രസിദ്ധയാമുല്പലിനിയെക്കണ്ടാൻ'
(ഭാരതം അൎജ്ജുനന്റെ തീൎത്ഥയാത്ര)

ഉൽപാടകൻ-വേരോടെപറിക്കുന്നവൻ

ഉല്പാട(ക)ം-ചെവിയുടെ പുറത്തുള്ള ഒരു ദീനം.

ഉൽപാടനം-൧. പിഴുപ്പു്. ൨. വേരോടെ പറിക്ക.

ഉൽപാടിക-മരത്തിന്റെപുറത്തെതൊലി

ഉൽപാടിത-വേരോടെ പറിക്കപ്പെട്ട.

ഉൽപാതപവനൻ - ചുഴലിക്കാററ്, കൊടുങ്കാററ്.

ഉൽപാതം-൧. ദുൎന്നിമിത്തം. ൨. ആപൽസൂചകമായ അസാധാരണ സംഭവം. ഭൂകമ്പം, ധൂമകേതു, വാൽനക്ഷത്രം ഇത്യാദി. ഓൎക്കാതെ സംഭവിക്കുന്നതു് എന്നു ശബ്ദാൎത്ഥം. മററു പൎയ്യായങ്ങൾ- അജന്യം, ഉപസൎഗ്ഗം. [ഇവയ്ക്കുമൂന്നിനും "ദുൎന്നിമിത്തം" എന്ന അൎത്ഥം അതിപ്രസിദ്ധം ]

ഉൽപാതം, ഉൽപാതകം-ഒരു രോഗം.

[ഇതു വാതകൎണ്ണരോഗനിദാനത്തിൽ പെട്ടതാണ്. ഘനമുള്ള ആഭരണങ്ങളെ കാതിൽ ഇടുക, അടി ഏല്ക്കുക, വളരെ ഉരയുക എന്നിവ നിമിത്തം കാതിന്റെ വള്ളിയിൽ നീരുണ്ടാകും; അതിനു ചുട്ടും പഴുപ്പും വേദനയും കാണും. നിറം കറുവാളിച്ചു ചെമന്നും ഇരിക്കും]

ഉൽപാതക-വി. ജനിപ്പിക്കുന്ന.

ഉൽപാതകൻ-൧. ജനിപ്പിക്കുന്നവൻ. ൨. എട്ടുകാലി.

ഉൽപാദനം, ഉൽപാദം-ജനിപ്പിക്ക, പിറപ്പിക്ക (ഉ-ം, പുത്രോൽപാദനം).

ഉൽപാദിക-൧. അമ്മ. ൨. വെളുത്ത ഉറുമ്പ്.

ഉൽപാദിക്കുക-ജനിക്കുക, ഉണ്ടാകുക.

ഉൽപാദിപ്പിക്കുക-ജനിപ്പിക്കുക, ഉണ്ടാക്കുക.

ഉൽപാദ്യം-ഉൽപത്തി അനുസരിച്ചു രൂപകത്തിലെ വസ്തുവിനെ (കഥാശരീരത്തെ) മൂന്നായി വിഭജിച്ചതിൽ ഒന്നു്. മററവ-പ്രഖ്യാതം, മിശ്രം [കവികല്പിതമായിട്ടുള്ളതു്-ഉല്പാദ്യം]

ഉൽപാദി-ധനം, ദ്രവ്യം.

ഉൽപാദം-ഉൽപത്തി, ജനനം.

ഉൽപാലി-സുഖം, ആരോഗ്യം, ക്ഷേമം.

ഉൽപാസം-നിന്ദാവാക്കു്.

ഉൽപിഞ്ജല-വി. ഏററവും ഇടഞ്ഞ

ഉൽപിഞ്ജലം-ഏററവും പരവശപ്പെട്ടതായ സൈന്യാദി.

ഉൽപിഷ്ട-വി. പേഷണംചെയ്യപ്പെട്ട, മട്ടിക്കപ്പെട്ട.

ഉൽപിഷ്ടം-ഒരു രോഗം.

[ഇതു് ഭഗ്നനിദാനത്തിൽപെട്ടതാണ്. ഭഗ്നം രണ്ടുവിധമുണ്ടു്. അവയിൽ സന്ധിഭഗ്നത്തിൽ ആറുമാതിരി ഉള്ളതിൽ ഒന്നാണ് 'ഉൽപിഷ്ടം'. ഉൽപിഷ്ടസന്ധിക്കു് ഇരുഭാഗത്തിങ്കലും നീരു കാണും. വിശേഷിച്ചും രാത്രിയിൽ വേദനകാണും. രണ്ടസ്ഥികളുടെ സന്ധികൾ പരസ്പരം ഉരയുകകൊണ്ടാണ് ഉൽപിഷ്ടം എന്ന പേർ സിദ്ധിച്ചതു്.]

ഉൽപ്രാശനം-എന്തെങ്കിലും ഉയൎത്തി തിന്നുക.

ഉൽപ്രാസ(ന)ം-൧. അപഹാസനം, പരിഹാസം, നിന്ദാവാക്കു്, ഹാസ്യം. ൨. വീശിഎറിയുക, പിടിച്ചുതള്ളൽ. ൩. ഫലിതം, കളി.

ഉൽപ്രേക്ഷ-൧. ലഘുവായ ശങ്ക. ൨. ഓൎക്കുക. ൩. മേല്പോട്ടുനോക്കുക. ൪. ഒരലങ്കാരം.

'വിബുധപതിയൊടുനിശിചരാധമന്മാരൊ
ടൊന്ന
വൃത്രനെന്തെല്ലാമറിയിച്ചുകൊണ്ടാൻ

'അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോളമുയൎന്നു ചെന്നുമുദാ'
(അദ്ധ്യാത്മരാമായണം)

ഉൽപ്രേക്ഷാവല്ലഭൻ-ഒരു സംസ്കൃത കവി, സാക്ഷാൽ പേർ 'ശിവഭക്തദാസൻ' എന്നാണ്. ഉത്തമകാവ്യനിൎമ്മാണത്താൽ ഉൽപ്രേക്ഷാവല്ലഭൻ എന്ന പേർ സമ്പാദിച്ചു. ഭിക്ഷാടനം, സുന്ദരീശതകം എന്നിവയുണ്ടാക്കി.

ഉൽപ്ലവനം-ചാട്ടം, ഉയൎന്ന ചാട്ടം.

ഉൽപ്ലുതം-൧. മുങ്ങിയ. ൨. കവിഞ്ഞൊഴുകിയ, ൩. എറിഞ്ഞ. ൪. നീന്തിയ.

ഉൽഫുല്ല-വി. വിടൎന്ന.

ഉൽഫുല്ലം-൧. വിടൎന്നു പൂത്തുനില്ക്കുന്ന മരം. ൨. വിരിഞ്ഞതു്.

ഉത്രട്ടാതി-ഇരുപത്താറാം നക്ഷത്രം (സംസ്കൃതം-ഉത്തരഭാദ്രപദം.)

ഉത്രം-പന്ത്രണ്ടാം നക്ഷത്രം. (തൽഭവം-ഉത്തിരം).

ഉത്രാടം-ഇരുപത്തൊന്നാം നക്ഷത്രം (സംസ്കൃതത്തിൽ-ഉത്തരാഷാഢം).

ഉത്സധി-കിണറു്.

ഉത്സം-അരുവി, പൎവ്വതത്തിൽ ജലം (ഉറവു) പുറപ്പെടുന്നസ്ഥലം. വെള്ളംകൊണ്ടു നനയുന്നിടം എന്നു വ്യുൽപത്തി. മറ്റൊരു പൎയ്യായം-പ്രസ്രവണം.

'പാവനംനദവുമുത്സവുംനദിയുമമ്ബുവും
(അന്യാപദേശശതകം)

ഉത്സംഗപിടകം-ഒരു നേത്രരോഗം. [ഇതു കണ്ണിന്റെ പോളയിൽ ഉണ്ടാകുന്ന പിടകമാണു്. പോളയുടെ അകത്തു മുഖമായിട്ടും താമ്രനിറത്തിലും ഉയൎന്നു നില്ക്കും വലിയ ചൊറിച്ചൽ കാണും.]

ഉത്സംഗം-൧. മടി (തുട) ൨. ആലിംഗനം. ൩. ചരിവു, ഇറക്കം. ൪. മുകൾഭാഗം. ൫. കൊടുമുടി.

ഉത്സംഗിത-വി. ൧. ചേൎന്ന. ൨. മടിയിൽ വെക്കപ്പെട്ട.

ഉത്സൎഗ്ഗം-൧. വിടുതൽ. ൨. കൊടുക്കൽ.

ഉത്സൎജ്ജനം-ദാനം. ധനാദികളെ തന്റെ കൈയിൽ നിന്നു വിടുക എന്നൎത്ഥം.

ഉത്സൎജ്ജിക്ക-പുറത്തേക്കു കളയുക, ഒഴിക്കുക.

ഉത്സൎപ്പണം, ഉത്സൎപ്പം-൧. വീക്കം, വീൎപ്പു. ൨. മെല്ലെപ്പോക്കുള്ള ഗതി. ൩. തിരമറിച്ചൽ.

ഉത്സവം-൧. ഘോഷം. സുഖത്തെ വരുത്തുന്നതു്, സന്തോഷത്തെ പ്രേരിപ്പിക്കുന്നതു് എന്നൎത്ഥം. ൨. അഹംഭാവം. ൩. കോപം. ൪. ഇച്ഛാപ്രസവം. ൫. ഉത്സവാദികളായ സന്തോഷാവസരം. ചെട്ടെന്നുണ്ടാകുന്നതു് എന്നൎത്ഥം. ൬. കൊടിയേററ്. ൭. മദം. മററു പൎയ്യായങ്ങൾ-ക്ഷണം, ഉദ്ധൎഷം, മഹം, ഉദ്ധവം.

ഉത്സാദനം-൧. നവരച്ചോറു തേയ്ക്കുക മുതലായതുചെയ്തു ശരീരത്തിലെ അഴുക്കു കളയുക, അവയവങ്ങളെ തിരുമ്മുക, ദേഹത്തിലെ അഴുക്കു മുഴുവൻ കളയുക എന്നൎത്ഥം. മറ്റൊരു പൎയ്യായം-ഉദ്വൎത്തനം. ൨. സുഗന്ധം പൂശുക. ൩. കരേറുക. ൪. നശിപ്പിക്കുക. ൫. പൊക്കുക.

ഉത്സാദിത-വി. ഉത്സാദനം ചെയ്യപ്പെട്ട (ഉത്സാദനം എന്നതു നോക്കുക).

ഉത്സാരകൻ-൧ പോലീസുകാരൻ. [ആളുകളെ ദൂരത്തോട്ടു കളഞ്ഞു മറവുള്ളവൎക്കു സ്ഥലം ഉണ്ടാക്കുന്നവൻ]. ൨. വാതൽ കാക്കുന്നവൻ.

ഉത്സാഹനം-ശ്രമം, പ്രയത്നം.

ഉത്സാഹം-൧. സന്തോഷം, ധാതുര. ൨. പ്രയാസത്തെ സഹിക്കുക എന്നൎത്ഥം. ൩. ഉദ്യമം. കാലതാമസത്തെ സഹിക്കാത്തതു് എന്നൎത്ഥം. മറ്റൊരു പൎയ്യായം-അദ്ധ്യവസായം. ൪. (സാഹിത്യസാമ്രാജ്യ രസനിരൂപണപ്രകാരം) പരന്റെ പരാക്രമം, ദാനം മുതലായതു

സ്മരിക്കുമ്പോൾ ഉണ്ടാകുന്ന ഔന്നത്യാഖ്യമായ ചിത്തവൃത്തിവിശേഷം.

ഉത്സാഹവർദ്ധനം-വീരരസം. ഉത്സാഹത്തെ വർദ്ധിപ്പിക്കുന്നതു് എന്നർത്ഥം. മറെറാരു പര്യായം-വീരം. ഉത്സാഹം കൊണ്ടു വർദ്ധിക്കുന്നതു ധൈര്യം.

ഉത്സാഹശക്തി-അത്യധികമായ വിക്രമചേഷ്ട.

ശക്തിത്രയങ്ങളിൽ ഒന്നു. ശക്തിത്രയങ്ങൾ-പ്രഭാവശക്തി, ഉത്സാഹശക്തി, മന്ത്രശക്തി.

ഉത്സാഹി-വി. ഉത്സാഹമുള്ള.

ഉത്സാഹിക്കുക ഉദ്യോഗിക്കുക, ഉദ്യമിക്കുക.

ഉത്സാഹിപ്പിക്കുക- ഉദ്യോഗിപ്പിക്കുക, ഉദ്യമിപ്പിക്കുക.

ഉത്സുക-വി. ൧ ഉത്കണ്ഠയോടുകൂടിയ. ൨. ഇഷ്ടമായ കാര്യം സാധിക്കേണ്ടതിനു ഉത്സാഹിക്കുന്ന.

ഉത്സൂരം-വൈകുന്നേരം.

ഉത്സൃഷ്ട-ഉപേക്ഷിക്കപ്പെട്ട, ഉത്സർജ്ജിക്കപ്പെട്ടതു് ഉത്സൃഷ്ടം. ഉത്സർജ്ജിക്ക=ഉപേക്ഷിക്ക.

ഉത്സേകം-൧. മദം, അഹങ്കാരം. ൨. ഒഴുക്കുക.

ഉത്സേധം-൧. വൃക്ഷം മുതലായതിന്റെ ഉയരം. ൨. വൃക്ഷാദികളുടെ ദൈർഘ്യം. ഏകന്ന ഗതി എന്നർത്ഥം. ൩. ഉയരം ൪. ശരീരം. ഇതുകൊണ്ടു ഗമിക്കുന്നു എന്നർത്ഥം. ൫ വധം.

ഉൽസ്മയം-ചിരി.

ഉൽസ്രുതം- പൊഴിഞ്ഞു തുടങ്ങിയതു്, പൊഴിഞ്ഞതു്.

ഉദ്, ഉൽ-അ. (ക്രിയകളോടു മുമ്പു ചേർക്കുന്ന ഉപസർഗ്ഗം, ഒരു നിപാതം) ൧. മീതെ. ൨. വലിപ്പം. ൩. ശക്തി. ൪. പ്രസിദ്ധം. ൫. അഹങ്കാരം. ൬. വേർപാടു. ൭. സഹായമില്ലായ്ക. ൮ ബന്ധം

ഉദക്-അ. വടക്കു.

[സപ്തമീപഞ്ചമീപ്രഥമാന്തങ്ങളായി അർത്ഥം വിവരിക്കണം. സപ്തമി-ഉദക്കായദിക്കിങ്കൽ, പഞ്ചമി-ഉദക്കായദിക്കിൽനിന്നു്. പ്രഥമ-ഉദക്കായ ദിക്കു്]

ഉദകക്രിയ-മരിച്ചവൎക്കായിട്ടു് ചെയ്യുന്ന ഒരു കർമ്മം, ശേഷക്രിയ.

ഉദകഗാഹം-കുളി.

ഉദകചന്ദ്രം-ജലവിദ്യ.

ഉദകധരം-മേഘം.

ഉദകദാനം-൧. ഉദകക്രിയ. ൨. തണ്ണീർ. ൩. വഴിയാത്രക്കാൎക്കു ജലം കൊടുക്കുക.

ഉദകപിണ്ഡം-ശേഷക്രിയ.

ഉദകം-൧ ജലം. നനവിനെ ഉണ്ടാക്കുന്നതു് എന്നർത്ഥം. ൨. ഇരുവേലി.

ഉദകമണ്ഡലു-ജലപാത്രം.

ഉദകമേഹം-നീരൊഴിവുരോഗം.

ഉദകവജ്രം-ഇടിയോടുകൂടിയ മഴ.

ഉദകശാന്തി-പനി മാറുന്നതിനു് ഒരുവന്റെമേൽ ജപിച്ചൊഴിക്കുന്ന ജലം.

ഉദകാധാരം-൧ തൊട്ടി ൨. കിണറു്.

ഉദകീൎയ്യം ആവിമരം.

ഉദകോദഞ്ജനം-ജലം ഒഴിക്കുന്നതോണി.

ഉദകോദരം-മഹോദരം എന്ന രോഗം.

ഉദക്യ-തീണ്ടായിരിക്കുന്നവൾ, നാലാമത്തെ ദിവസം ഉദകത്തെ (കുളിയെ) അർഹിക്കുന്നവൾ.

ഉദഗയനം-ഉത്തരായണം.

ഉദഗ്ര-വി. ൧. ഉന്നതമായ. ൨. ഉൽകൃഷ്ടമായ ൩. ക്രൂരമായ

ഉദഗ്രം-൧. ഉയർന്നതു്. ഉദ്ഗതമായ അഗ്രത്തോടു കൂടിയതു് എന്നർത്ഥം. ൨. ക്രൂരം.

ഉദങ്മുഖൻ-വടക്കോട്ടു നോക്കിയവൻ.

ഉദഞ്ചനം-൧. പാത്രങ്ങളെ പൊക്കുക. പാത്രപ്രേരണം എന്നർത്ഥം. ൨. ദാമരപ്പൂവ്.

ഉദക്ത-വി. മേല്പെട്ടു പൊക്കിയ.

ഉദങ്കൻ-ഒരു മുനി.

[ധൌമ്യമഹർഷിയുടെ ശിഷ്യരിൽ ഒരുവനായ വൈദൻ എന്ന മഹർഷിയുടെ ശിഷ്യൻ. ഉദങ്കോപാഖ്യാനം ഭാരതം പൌലോമം നോക്കുക]

ഉദങ്കം-തോൽപാത്രം.

ഉദഞ്ചനം-പ്ര. അടപ്പു്, മൂടി. ദ്വി. മേല്പെട്ടെറിയുക.

ഉദഞ്ചിതം-പ്ര. വന്ദിച്ചതു്.

'അഞ്ചിതവിമലമഹാഗുണസഞ്ചയ
സഞ്ചിതനാകിനസകലജനേശ-
നദഞ്ചിതധനജനകബലശാലി'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

ദ്വി. മേല്പെട്ടിടപ്പെട്ട, ഉയർത്തപ്പെട്ട.

ഉദഞ്ചു്-വി. പ്ര. തിരിഞ്ഞ. ദ്വി. മേല്പെട്ടു പോകുന്ന.

ഉദണ്ഡപാലം-പ്ര. ഒരുവക മീൻ. ദ്വി. പാമ്പു്.

ഉദണ്ഡം-ഭയജനകം.

ഉദധി-പ്ര. സമുദ്രം. ജലത്തിന്നിരിപ്പിടം എന്നർത്ഥം. [ഉദം=ഉദകം]. ദ്വി. മേഘം. തൃ. കായൽ. ച. വലിയതൊട്ടി.

ഉദധികന്യാ, ഉദധിതനയാ, ഉദധിസുതാ-ലക്ഷ്മി. കടൽമകൾ എന്നർത്ഥം.

ഉദധിമേഖലാ-ഭൂമി. സമുദ്രമാകുന്ന പടിയരഞ്ഞാണോടുകൂടിയതു് എന്നർത്ഥം.

ഉദധിഭാരം-മേഘം.

ഉദധിവജ്രാ-ഇടിയോടുകൂടിയ മഴ.

ഉദധിവാഹം-മേഘം.

ഉദധിഹരണം-വെള്ളം കോരുന്ന പാത്രം.

ഉദന്താ, ഉദന്തകാ-പ്ര. വൃത്താന്തം (വർത്തമാനം). ഉദന്തായ (ഉൽപന്നമായ) അന്തത്തോടു (നിശ്ചയത്തോടു) കൂടിയതു്.

'നിന്നുദന്തം ദൈമീജാനെ
നിഖിലവും ഞാനറിയിക്കുന്നേൻ'
(നളചരിതം കഥകളി)

ദ്വി. കഥ.

ഉദന്തിക-തൃപ്തി.

ഉദന്യ-വി. ദാഹമുള്ള, വെള്ളം കുടിപ്പാനിച്ഛയുള്ള.

ഉദന്യാ-ദാഹം, ഉദകത്തിലുള്ള ഇച്ഛ എന്നർത്ഥം. മററു പര്യായങ്ങൾ-പിപാസാ, തൃട്ടു്, തർഷം.

ഉദന്യു-വി. പ്ര. ദാഹമുള്ള. ദ്വി. ജലം അന്വേഷിക്കുന്ന. തൃ. വെള്ളത്തിൽ നടക്കുന്ന.

ഉദന്വാൻ-സമുദ്രം. ജലമുള്ളതു് എന്നർത്ഥം.

ഉദപാനം-പ്ര. കിണറു് ഇതിൽ നിന്നും ജലം പാനം ചെയ്യുന്നു എന്നർത്ഥം ദ്വി. തൊട്ടി.

ഉദയകാലം-ഉഷസ്സ്.

ഉദയഗിരി-ഉദയപർവതം.

ഉദയൻ-ഒരു ചേരരാജാവു്.

[ദ്വാപരയുഗത്തിന്റെ അവസാനത്തിൽ ഭാരതയുദ്ധം നടന്നതായി കാണുന്നു. അന്നു കേരളം രക്ഷിച്ചിരുന്നതു് ഉദയൻ (ഉതിയൻ) എന്ന ചേരരാജാവാണു്. പാണ്ഡവരെ സഹായിപ്പാനായി ഇദ്ദേഹം കുരുക്ഷേത്രത്തിലേക്കു പോയിരുന്നു. ഇദ്ദേഹം അന്നദാനത്തിന്നു അത്യധികം പ്രസിദ്ധനായിരുന്നതിനാൽ രണ്ടു ഭാഗത്തിലുമുള്ള ഭടന്മാർക്കു ഭക്ഷണം കൊടുപ്പാനായിട്ടു ധർമ്മപുത്രർ ഇദ്ദേഹത്തെ അന്നദാനം മുഴുവനേല്പിച്ചു. രാജാവു് അതിന്നും അനുകൂലിച്ചു. ഈ ചരിത്രം മുരഞ്ചിയൂർ മുടിനാഗരായർ എന്ന പ്രാചീനകവി പുറനാനൂറു് എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള പ്രകാരം കാണുന്നു.]

ഉദയനൻ-പു. അഗസ്ത്യൻ. ൨. വത്സരാജാവു്.

[ഉജ്ജയിനിയിലെ രാജാവായ ചണ്ഡമഹാസേനന്റെ പുത്രിയാകുന്ന വാസവദത്ത സഹസ്രാനീകന്റെ പുത്രനും ചന്ദ്രവംശത്തിലെ രാജാവുമായ ഉദയനനെ (വത്സരാജാവിനെ) സ്വപ്നത്തിൽ കണ്ടിട്ടു മോഹിക്കയാൽ അദ്ദേഹത്തെ വശീകരിച്ചു ഉജ്ജയിനിയിൽ തന്റെ സമീപത്തിൽവരുത്തി തടവിൽ പാർപ്പിച്ചു. അവിടത്തെ മന്ത്രിയുടെ സഹായം ഹേതുവായിട്ടു തടവിൽനിന്നു വിടുന്നതിനു ഇടയാകയും വാസവദത്തയോന്നിച്ചു ഉദയനൻ സ്വരാജ്യത്തിലേക്കു പോകയും ചെയ്തു.]

ഉദയനം-കയററം.

ഉദയപർവ്വതം-പൂർവ്വപർവ്വതം. ആദിത്യാദി ഗ്രഹങ്ങൾ ഇതിൽ നിന്നുദിക്കുന്നതുകൊണ്ടു ഈ പേർ വന്നു.

ഉദയം-പു. ക്ഷേമം. ൨. ഉല്പത്തി, ഉത്ഭവം, ജനനം. ൩. സൗഭാഗ്യം. ൪. ഉദയപർവ്വതം. ൫. ഉഷസ്സ്. ൬. ഉത്സവം. ൭. ശുഭവൃത്തി. ൮. ആവിർഭാവം. ൯. അഭ്യുദയം.

ഉദയരാഗം-ഒരു രാഗം, ഭൂപാളം.

ഉദയശൈലം-ഉദയപർവ്വതം.

ഉദയാചലം, ഉദയാദ്രി-ഉദയപർവ്വതം.

ഉദരഗ്രന്ഥി-ഒരു വയററുദീനം.

ഉദരത്രാണം-ചട്ട.

ഉദധി-പു. സമുദ്രം. ൨. സൂര്യൻ.

ഉദരപിശാചൻ-വയറെരക്ഷിക്കുന്നവൻ.

ഉദരപൂരണം-വയറുനിറയ്ക്കൽ.

ഉദരപൂർത്തി-വയറുനിറപ്പ്.

ഉദരപോഷണം-വയറുനിറപ്പ്.

ഉദരംഭരി-വി. തന്നത്താൻ പോററുന്ന.

'ഉദരംഭരായ ഹരയേ'

(രാമായണം)

ഉദരം-പു. വയറു. ശം. ഇതിൽനിന്നു് ഉൽക്രമിക്കുന്നു എന്നർത്ഥം. മററു പര്യായങ്ങൾ-പിചണ്ഡം; കുക്ഷി, ജഠരം, തുന്ദം. ൨. ഗർഭപാത്രം (ഉ-ം, 'സഹോദരൻ') ൩. മഹോദരം എന്ന രോഗം.

ഉദരരോഗം-വയററിലുണ്ടാകുന്ന ഒരു ദീനം.

ഉദരവ്യഥ-വയററിലുണ്ടാകുന്ന ഒരു ദീനം.

ഉദരവ്യാധി - വയററിലുണ്ടാകുന്ന ഒരു ദീനം.

ഉദരശൂല-വയറുവേദന. ഒരു വക വയററുദീനം.

ഉദരാഗ്നി-ജഠരാഗ്നി.

ഉദരാധ്മാനം-വായുവീർപ്പു.

ഉദരാമയം-ഉദരവ്യാധി.

ഉദരാവർത്തം-പു. നദി. ൨. പൊക്കിൾ.

ഉദരില-വി. ൧. തുടിച്ച. ൨. വണ്ണമുള്ള.

ഉദർക്കം-വരുംഫലം. മേലിൽ അനുഭവിക്കുമെന്നു പറയപ്പെടുന്നതു് എന്നർത്ഥം.

'ആരംഭിച്ചാലതുടനശുഭോദർക്കമാം കർമ്മമില്ല'

(മയൂരസന്ദേശം)

[ഇതു മേലിൽ അനുഭവിപ്പാനിടവരുന്ന കർമ്മഫലത്തിന്റെ പേരാകുന്നു. കർമ്മം ചെയ്തു ഉടൻ അനുഭവിക്കുന്നതല്ല. ഈ ജന്മത്തിലോ ജന്മാന്തരത്തിലോ അനുഭവിക്കും]

ഉദർച്ചിസ്സ്-അഗ്നി.

ഉദവസിതം-ഭവനം. ബന്ധത്തെ ഉണ്ടാക്കുന്നതു്. ഇതുകൊണ്ടു വീടു ശാശ്വതമല്ലെന്നും ബന്ധത്തെ ചെയ്യുന്നതാണെന്നും വ്യക്തമാകുന്നു.

ഉദശ്വിത്ത്-പു. പകുതി വെള്ളം ചേർത്ത മോരു്. ഉദകം കൊണ്ടു വർദ്ധിക്കുന്നതു് എന്നർത്ഥം. ൨. മോരു്.

ഉദശ്രു-വി. കരയുന്ന.

ഉദസനം-പു. പൊക്കുക. ൨. എറിയുക. ൩. ആട്ടിക്കളയുക.

ഉദസ്തം-വി. ൧. പൊക്കപ്പെട്ട. ൨. എറിയപ്പെട്ട. ൩. ആട്ടിക്കളയപ്പെട്ട.

ഉദസ്രം-ഉൽഗതമായ അസ്രങ്ങളോടു (കണ്ണീരോടു) കൂടിവന്നും.

ഉദാത്ത-വി. പ്ര. ഔദാര്യമുള്ള. വ. ശ്രേഷ്ഠതയുള്ള.

ഉദാത്തം-പ്ര. സ്വരഭേദം. [അനുദാത്തം എന്ന ശബ്ദംനോക്കുക] വ. ഒരലങ്കാരം.

[പുരാതന മഹാന്മാരുടെ ചരിത്ര സംബന്ധംകൊണ്ടു വർണ്ണ്യവസ്തുവിനു ശ്ലാഘ്യത സമ്പാദിക്കുന്നതു് ഉദാത്തം].

'പത്തരമാററിൽപൊന്നുകൾരത്നത്താൽ
വിസ്താരത്തിൽ ചമച്ചുകിടക്കുന്ന
പത്തനങ്ങളും പത്തുനൂറായിരം
ചിത്തരമ്യമിതെത്രയുംഗോവിന്ദ'

(രാമായണം വർ വൃത്തം)

ഉദാനൻ-പഞ്ചവായുക്കളിൽ ഒന്നു്. ശബ്ദാദികളെ മേല്പെട്ടു വരുത്തുന്നവൻ എന്നർത്ഥം, ഉദാനവായു കണ്ഠസ്ഥാനത്തിലിരുന്നു വാക്കു മുതലായവയെ ഉണ്ടാക്കുന്നു.

ഉദായുധ-വി മേല്പെട്ടുയർത്തപ്പെട്ട ആയുധത്തോടുകൂടിയ.

ഉദാര-വി. പ്ര. കൊടുക്കുന്നശീലമുള്ള. വ. ശ്രേഷ്ഠതയുള്ള.

ഉദാരത-കൊടുക്കുന്നശീലം.

ഉദാരതാ-പ്ര. ദാനശീലം. വ. കാവ്യഗുണപ്രകരണത്തിൽ ശ്ലേഷാദി പത്തു ഗുണമുള്ളതിൽ ഒരു ഗുണം; പദങ്ങൾ നൃത്തം ചെയ്യുന്നതുപോലെ തോന്നുന്നതു്.

ഉദാരധി, ഉദാരധി-വിഷ്ണു.

ഉദാരൻ-പ്ര. ഹൃദയത്തിനു കപടം ഇല്ലാത്തവൻ. വ. ഇഷ്ടത്തെ അനുസരിക്കുന്നവൻ. ഉൽകൃഷ്ടമായ വിധം എല്ലാടവും ദാനംചെയ്യുന്നവൻ എന്നർത്ഥം ന. മഹാൻ, ഔദാര്യമുള്ളവൻ.

ഉദാരം-വലിപ്പമുള്ളതു്, മഹത്തു്.

ഉദാരശീല-വി. കൊടുക്കുന്നശീലമുള്ള.

ഉദാവർത്ത(ന)ം- കടർ സംബന്ധിച്ച രോഗം.

[അധോവാതം, ഉദ്ഗാരവാതം, പുരീഷം, മൂത്രം, കോട്ടുവാ, കണ്ണുനീർ, തുമ്മൽ, ഏമ്പക്കം, ഛർദ്ദി, വിശപ്പു, ദാഹം, ശുക്ലം, ശ്വാസം, ഉറക്കം ഇവയുടെ വേഗങ്ങൾ ധരിക്കുകകൊണ്ടു് 'ഉദാവർത്തം' ഉണ്ടാകുന്നു.]

ഉദാസം-പ്ര. മേല്പെട്ടെറിയുക. വ. പൊക്കുക. ന. ആട്ടിക്കളയുക.

ഉദാസീന-വി. പ്ര. ബന്ധുവും ശത്രുവും അല്ലാത്ത. വ. ജാഗ്രതയില്ലാത്ത.

ഉദാസീനത-പ്ര. ഉപേക്ഷ, മടി. വ ജാഗ്രതയില്ലായ്ക.

ഉദാസീനൻ-പ്ര. ശത്രുവും ബന്ധുവും അല്ലാത്തവൻ, ഉപകാരത്തിനും ഉപദ്രവത്തിനും വരാതെ സ്വസ്ഥമായിരിക്കുന്നവൻ. വ. മടിയൻ.

ഉദാസ്ഥിതൻ-പ്ര. ഒററുകാരൻ. വ. വാതൽ കാവൽക്കാരൻ. ന. പ്രമാണി.

ഉദാഹരണം-പ്ര. ദൃഷ്ടാന്തം. വ. വർണ്ണനം. ന. പറയുക.

ഉദാഹാരം-പ്ര. പറവാൻപോകുന്ന വിഷയത്തെക്കുറിച്ചു വിവരിക്കുക. എടുത്തു പറയപ്പെടുന്നതു് എന്നർത്ഥം. വ. പ്രകൃതാർത്ഥത്തെ ഉപപാദിക്കുന്നതിനായിട്ടു കാണിക്കുന്ന ദൃഷ്ടാന്തം മുതലായതു്.

ഉദാഹിത-വി. ഉയർത്തിയ, പൊക്കിയ.

ഉദാഹൃത-വി. ഉദാഹരിക്കപ്പെട്ട, പറയപ്പെട്ട.

ഉദാഹൃതി-ഉദാഹരണം.

ഉദിക്കുക-ഉണ്ടാവുക, ജനിക്കുക; ഉത്ഭവിക്കുക.

ഉദിത-വി. പ്ര. പറയപ്പെട്ട. വ. ഉണ്ടായ. ന. ഉദിച്ച.

ഉദിതി-പ്ര. കയററം. വ. വചനം. ന. സൂര്യോദയം.

ഉദിതാശം-ഉദിക്കശീലമായിട്ടുള്ളതു്.

'ഇത്ഥമനർത്ഥമുദിതാശമാം; അതി
നത്ഥമാശുമങ്കസതാമിപ്പോൾ'

(നളചരിതംകഥകളി)

ഉദിപ്പിക്കുക-ഉണ്ടാക്കുക, ജനിപ്പിക്കുക, ഉത്ഭവിപ്പിക്കുക.

ഉദിപ്പ്-ഉദിക്ക.

ഉദീചി- വടക്ക്. സൂര്യൻ ഊർദ്ധ്വഭാഗത്തിൽ ഗമിക്കുന്നതിനാൽ ഈ പേരുണ്ടായി.

ഉദീചീന-വി. വടക്കുള്ള.

ഉദീചീനം-വടക്കുദിക്കിൽ ഭവിച്ചത്.

ഉദീച്യ-പ്ര. ശരാവതി നദിയുടെ വടക്കുപടിഞ്ഞാറുള്ള ദേശം. വ. രാമച്ചം. ന. ഇരുവേലി ർ. കേശം.

ഉദീച്യവൃത്തി-ഒരു വൃത്തം. (മിശ്രവൃത്തത്തിൽ പെട്ടത്.)

[രണ്ടാമക്ഷരം ഗുരുവാകുന്നതു വിഷമപാദങ്ങളിൽ മാത്രമാകയാൽ അതു ഉദീച്യവൃത്തി]

'ഉദീച്യവൃത്ത്യാഖ്യമാമിതേ
രണ്ടാംഗുരുവിഷമത്തിൽമാത്രമായ്'
(വൃത്തമഞ്ജരി)

ഉദീരണം-പറക.

ഉദീരിത-വി. പറയപ്പെട്ട.

ഉദീർണ്ണ-വി. പ്ര. ഔദാര്യമുള്ള. വ. ശ്രേഷ്ഠതയുള്ള. ന. കട്ടപ്പമായ ർ. പറയപ്പെട്ട.

ഉദീർണ്ണൻ-വിഷ്ണു.

ഉദീപം-വെള്ളപ്പൊക്കം.

ഉദുംബരപർണ്ണി-ചെറിയനാഗദന്തി, അത്തിയുടെ ഇലപോലെ ഇലകൾ ഉള്ളത് എന്നർത്ഥം. ഇതിനെ ചിലർ നാഗദന്തി എന്നും മററുചിലർ വരുദന്തി എന്നും പറയുന്നുണ്ട്.

ഉദുംബരം-പ്ര. അത്തി. ആകാശത്തെ അതിക്രമിച്ചത്, അതിശയന ശബ്ദിക്കുന്നത് ഇങ്ങിനെ ശബ്ദാർത്ഥം. 'ഉഡുംബരം' എന്ന പാഠവും കാണുന്നു. വ. ചെമ്പ്. ഉൽകൃഷ്ടനായ ശംഭുവിനെ വരിക്കുന്നത് എന്നർത്ഥം. [ഉൽ ഉം ശംഭും വൃണാതി.] ന. ഉമ്മരം.

ഉദുംബല-വി. ശക്തിമത്തായ.

ഉദുംബലം-അത്തിമരം.

ഉദൂഖലം-പ്ര. ഗുൽഗുലു. അമരത്തിൽ 'ഉലൂഖലകം' എന്നു കാണുന്നു. അതിനു ആകാശത്തെ വ്യാപിക്കുന്നത് എന്നു ശബ്ദാർത്ഥം. വ. ഉരൽ. മേല്പെട്ട ഭാരമുള്ളതു് എന്നർത്ഥം.

ഉദൂഢ-വി. പ്ര. വിവാഹം ചെയ്യപ്പെട്ട. വ. വളർച്ച. ന. പരുപരുപ്പുള്ള.

ഉദൂഢരാഗം-അതിസ്നേഹം.

ഉദ്ഗത-വി. പ്ര. മുളച്ചുവന്ന. വ. ഛർദ്ദിക്കപ്പെട്ട. ന. ഉയന്ന.

ഉദ്ഗതജാനു-വി. കാൽ നീളമുള്ള.

ഉദ്ഗതം-ഛർദ്ദിക്കപ്പെട്ടഅന്നാദികൾ. ഉദ്ഗമിക്കപ്പെട്ടതു് എന്നർത്ഥം. മററൊരു പര്യായം-'ഉദ്വാന്തം'.

ഉദ്ഗതാ-ഒരു വിഷമവൃത്തം.

[ഒന്നാംപാദത്തിൽ സജസല; രണ്ടിൽ നസജഗ; മൂന്നിൽ ഭനജലഗ; നാലിൽ സജസജഗ ഇങ്ങിനെ നാലുപാദവും നാലുവിധമായ വൃത്തം 'ഉദ്ഗതാ'.]

ഉദ്ഗമനീയ-വി. പ്ര. പോകത്തക്ക. വ. കരേറത്തക്ക.

ഉദ്ഗമനീയം-അലക്കിയ ഇണപ്പുടവ. അഭിലഷിക്കപ്പെടുന്നതു് എന്നർത്ഥം. 'വസ്ത്രവും ഉത്തരീയവും' എന്നുള്ള അർത്ഥം കാണുന്നു.

ഉദ്ഗമം-പ്ര. പുറപ്പാട്. വ. ജനനം. ന. സൃഷ്ടി. ർ. ആരംഭം. ഉ. മുളയ്ക്കുക. ഞ. ഛർദ്ദി.

ഉദ്ഗമിക്ക-പൊങ്ങുക, കരേറുക.

ഉദ്ഗലിക്ക-ഒഴുകുക.

ഉദ്ഗലിത-വി. വീണ, പൊഴിഞ്ഞ.

ഉദ്ഗാഢ-വി. അധികമായ, ഏററമുള്ള.

ഉദ്ഗാഢം-അ. ഏററവും.

ഉദ്ഗാഢം-ഏററവും. ഉന്നതമായി ഉണ്ടാകുന്നതു് എന്നർത്ഥം. അധികമായതു്.

ഉദ്ഗാതാവ്-പ്ര. സാമഗാനം മുതലായ സാമവേദകർമ്മങ്ങളെ ചെയ്യുന്ന ഋത്വി

ക്ക്. ഉദ്ഗാനം ചെയ്യുന്നവൻ എന്നൎത്ഥം. 'ഉൽ' എന്ന ഉപസൎഗ്ഗം സാമംന്തീട്ടിച്ചൊല്ലുണ്ടതാണെന്നു വെളിവാക്കുന്നു. സാമവേദംപഠിച്ചവൻ, സാമവേദക്കാരൻ. വ. പാട്ടുപാടുന്നവൻ.

ഉദ്ഗാരം-പ്ര. ഛൎദ്ദി ഉൽഗിരണംചെയ്യുന്നതു് എന്നൎത്ഥം. വ. ഏമ്പക്കം. ന. ഛൎദ്ദി. ഒന്നാമത്തെ അൎത്ഥത്തിനാണധികം പ്രസിദ്ധി.

ഉദ്ഗിരണം-പ്ര. ഛൎദ്ദി വ. ഏമ്പക്കം. ന. ഛൎദ്ദി.

ഉദ്ഗിരണംചെയ്ക-പുറപ്പെടുവിക്ക.
'സമമുടനുദ്ഗിരന്തിപരധാമസമാക്രമണ'
(അഭിജ്ഞാനശാകുന്തളം)

ഉദ്ഗീതി-ഒരു മാത്രാവൃത്തം.
[ആൎയ്യയുടെ പൂൎവാൎദ്ധത്തെ ഉത്തരാൎദ്ധവും, ഉത്തരാൎദ്ധത്തെ പൂൎവാൎദ്ധവുമാക്കി മറിച്ചിട്ടാൽ ഉദ്ഗീതി.]

ഉദ്ഗീതി-ഉച്ചത്തിലുള്ള പാട്ടു്.

ഉദ്ഗീഥം-സാമവേദധ്വനി. സാമവേദത്തിൽ ഒരുഭാഗം എന്നും അഭിപ്രായം കാണുന്നു.

ഉദ്ഗൂൎണ്ണ-വി. ഓങ്ങപ്പെട്ട, ഉയൎത്തപ്പെട്ട, ഉയൎത്തിയ.

ഉദ്ഗൂൎണ്ണം-പ്ര. ഓങ്ങപ്പെട്ടതു്, ഉയൎത്തപ്പെട്ടതു്, ഉയൎത്തിയതു്. വ. ഓങ്ങപ്പെട്ട ശസ്ത്രാദികളുടെ പേർ. ഉദ്യമിപ്പിക്കപ്പെട്ടതു് എന്നൎത്ഥം. മറ്റൊരുപൎയ്യായം- 'ഉദ്യതം'.

ഉദ്ഗൂൎണ്ണം-ചേറിട്ടവസ്തു.

ഉദ്ഗ്രന്ഥ-വി. കെട്ടഴിഞ്ഞ.

ഉദ്ഗ്രന്ഥം-പ്ര. കെട്ടഴിഞ്ഞതു്. വ. അദ്ധ്യായം.

ഉദ്ഗ്രന്ഥി-വി. സംസാരബന്ധം വേർപെട്ട.

ഉദ്ഗ്രാഹം-മേല്പെട്ടെടുക്കുക. ഉൽഗ്രഹിക്കുക എന്നൎത്ഥം.

ഉദ്ഘടിതം-പ്ര. സൂചകം. വ. സംഘാതം.

ഉദ്ഘനം-മുട്ടി. മരം ചെത്തുന്നസമയം അയതു് ഏതു സാധനത്തിന്മേൽവെച്ചു ചെത്തുന്നുവൊ അതു്. ഇതിന്റെമേലെ ഹനിക്കുന്നു എന്നൎത്ഥം. ചെത്തുന്നതിനു താഴെവെക്കുന്ന തടി എന്നു ചുരുക്കത്തിൽ പറയാം.

ഉദ്ഘം-ശ്രേഷ്ഠം. വിനാശരഹിതം എന്നൎത്ഥം. ഇതു സമസ്തപദത്തിൽ ചേൎന്നതായിട്ടല്ലാതെ പ്രയോഗിക്ക പതിവില്ല. ഉ-ം, 'ഗവോദ്ഘം'.

ഉദ്ഘൎഷണം-ഗദ, വടി.

ഉദ്ഘസം-ഇറച്ചി.

ഉദ്ഘാടകം-പ്ര. താക്കോൽ. വ. വെള്ളംകോരുന്നതിനുള്ള പാളയും (തൊട്ടിയും) കയറും.

ഉദ്ഘാടനം-പ്ര. കിണറ്റിൽ നിന്നും വെള്ളംകോരുന്ന യന്ത്രം (ഏത്തം=തുലാം). ഇതുകൊണ്ടു ജലം മേല്പെട്ടു കോരുന്നു എന്നൎത്ഥം. മറ്റൊരുപൎയ്യായം- ഘടീയന്ത്രം. വ. തുറക്കുന്ന യന്ത്രം. ന. തുറക്ക.

ഉദ്ഘാടം-കാവൽ.

ഉദ്ഘാടിത-വി. പ്ര. ആരംഭിച്ച. വ. തുറന്ന. ന. പൊക്കിയ ൪. പ്രയത്നിച്ച

ഉദ്ഘാടിത-വി. പ്ര. പ്രയത്നംചെയ്യപ്പെട്ട. വ. തുറക്കപ്പെട്ട. ന. ഉയൎത്തപ്പെട്ട.

ഉദ്ഘാടിതജ്ഞ-വി ബുദ്ധിയുള്ള.

ഉദ്ഘാതം-പ്ര. ആരംഭമാത്രം. മുരടു പിടിച്ചു തുടങ്ങുക എന്നൎത്ഥം. ആരംഭം എന്നുമുണ്ടു്. വ. ആയുധം ന. അടിക്ക, മുറിക്ക. ൪. മുറിവു്.

ഉദ്ഘോഷം-ഉറക്കപ്പറക, പരസ്യമാക്കൽ, പൊതുസംസാരം.

ഉദ്ഘോഷിക്ക-സ്തുതിക്ക.

ഉദ്ദന്ധത-പ്ര. ബലം. വ. ദുരഹങ്കാരം. ന. ക്രൂരം.

ഉദ്ദണ്ഡൻ-പ്ര. ബലവാൻ. ഉ. ദുരഹങ്കാരി. ന. ക്രൂരൻ. ര. വിദ്വാൻ.

ഉദ്ദന്തുര-വി. പ്ര. ഉയൎന്ന. ഉ. ഭയങ്കരമായ. ന. വലിയപല്ലുള്ള.

ഉദ്ദംശം-മൂട്ട.

ഉദ്ദാനം-പ്ര. ബന്ധനം (തടവിലിടുക) ഉദ്ഭൂതമായ പ്രയത്നത്തോടുകൂടിയതു് എന്നൎത്ഥം. മറെറാരു പൎയ്യായം-'ബന്ധനം' ഉ. കെട്ടുകററി.

ഉദ്ദാമൻ-പ്ര. വരുണൻ. ഉ. യമൻ.

ഉദ്ദാമം-വി. പ്ര. വിടപ്പെട്ട. ഉ. അയയ്ക്കപ്പെട്ട.

ഉദ്ദാലം-നറവരി എന്ന വൃക്ഷം. വ്യാധികളെ പിളൎക്കുന്നതു് എന്നൎത്ഥം.

ഉദ്ദാലകൻ-ഒരു ഋഷി. [ഇദ്ദേഹത്തിൻെറ പുത്രൻെറ പേർ "ശ്വേതകേതു" എന്നാണു്.]

ഉദ്ദാലകം-കൌങ്ങിൻ പൂത്താഴം നെല്ലു്.

ഉദ്ദിതം-വി. ബന്ധിക്കപ്പെട്ട.

ഉദ്ദിനം-ഉച്ചസമയം.

ഉദ്ദിഷ്ട-വി. ഉദ്ദേശിക്കപ്പെട്ട, നിശ്ചയിക്കപ്പെട്ട.

ഉദ്ദിഷ്ടം-പ്ര. ഉദ്ദേശിക്കപ്പെട്ടതു്, നിശ്ചയിക്കപ്പെട്ടതു്. ഉ. ഒരു വൃത്തം.

ഉദ്ദീപകം-ചുട്ടുറുമ്പു് (ഒരു വക കറുത്ത ഉറുമ്പു്).

ഉദ്ദീപനം-ജ്വലനം, പ്രകാശം.

ഉദ്ദീപിക-വി. ജ്വലിപ്പിക്കുന്ന.

ഉദ്ദീപിതം-പ്രകാശിപ്പിക്കപ്പെട്ടതു്.

ഉദ്ദീപിപ്പിക്ക-ജ്വലിപ്പിക്ക, എരിയിക്ക.

ഉദ്ദീപ്ത-വി. പ്രകാശിക്കപ്പെട്ട, ജ്വലിക്കപ്പെട്ട, ജ്വലിച്ച.

ഉദ്ദേശം-പ്ര. ഊഹിച്ചിട്ടുള്ളനിശ്ചയം. ഉ. സംശയം.

ഉദ്ദേശികാ-ചതുൎത്ഥി വിഭക്തി.

ഉദ്ദേശിക്കുക-പ്ര. ഊഹിച്ചുനിശ്ചയിക്കുക. ഉ. സംശയിക്കുക.

ഉദ്ദേഹികാ-വെളുത്ത ഉറുമ്പു്.

ഉദ്ധതൻ-അഹങ്കാരി.

ഉദ്ധതം-പ്ര. ഉയൎത്തപ്പെട്ടതു്, ഇളക്കിയുയൎത്തപ്പെട്ടതു്. ഉ. അഭിമാനം. ന. അഹങ്കാരം ര. അധികമായതു്. സാഹിത്യസാഹ്യപ്രകാരം രീതികളിൽ ഒന്നു്. ഇതിനു വിപരീതം സൌമ്യം. ['ഗ്രന്ഥകാരൻ തൻെറ പാണ്ഡിത്യപ്രകടനത്തിനു വേണ്ടി ആടോപം കാണിക്കുന്നിടത്തു ഔദ്ധത്യം; ഇല്ലാത്തിടത്തു സൌമ്യത']

ഉദ്ധതി-പ്ര. അഹങ്കാരം, അഭിമാനം, ഡംഭം. ഉ. മുട്ടാളത്വം.

ഉദ്ധരണം-പ്ര. പൊക്കുക. ഉ. വേരോടെ പറിക്കുക.

ഉദ്ധരണി-പ്ര. ചെറിയ തവി. ഉ. ചിഹ്നങ്ങളിൽ ഒന്നു്.

["" ഈ ചിഹ്നമത്രേ ഉദ്ധരണി. ഇതു ഗ്രന്ഥകൎത്താവിൻെറ വാക്കുകളിൽ നിന്നു വേറെയുള്ളവരുടെ വാക്കുകളെ തിരിച്ചു കാണിക്കുന്നു. ഇതിനെ ഒററയായിട്ടു ഉപയോഗിക്കാം ' '.]

ഉദ്ധരിക്കുക-പ്ര. പൊക്കുക. ഉ. രക്ഷിക്കുക. ന. പറിക്കുക ര. താങ്ങുക. ള. മടങ്ങിവാങ്ങുക. ന്ന. എടുത്തു കാണിക്കുക.

ഉദ്ധർഷം-ഉത്സവം. സന്തോഷത്തെ ചെയ്യുന്നതു് എന്നൎത്ഥം.

ഉദ്ധവം-പ്ര. ഉത്സവം. ദുഃഖത്തെ കളയുന്നതു് എന്നൎത്ഥം. ഉ. യാഗാഗ്നി.

ഉദ്ധവൻ-ഒരു യാദവൻ.

[ശ്രീകൃഷ്ണൻെറ മന്ത്രിയും ഒരു ബന്ധുവുമാണു്. അക്രൂരൻ കൃഷ്ണനെ മഥുരയ്ക്കു കൂട്ടിക്കൊണ്ടുപോയതിൻെറ ശേഷം അദ്ദേഹത്തെ ചെന്നു അന്വേഷിച്ചുവരണമെന്നു ഗോകുലവാസികൾ ഇദ്ദേഹത്തോടു പ്രാൎത്ഥിക്കയുണ്ടായി. യാദവരെല്ലാം നശിക്കുമെന്നു കണ്ടു ഉദ്ധവൻ കൃഷ്ണനോടു താൻ എന്താണു വേണ്ടതു എന്നു ചോ

ദിച്ചു. ബദരികാശ്രമത്തിൽ ചെന്നു തപസ്സുചെയ്തു മോക്ഷം പ്രാപിച്ചുകൊള്ളണമെന്ന് ഉപദേശിച്ചു. ഇദ്ദേഹത്തെ 'പവനവ്യാധി' എന്നു വിളിക്കാറുണ്ട്. ഇദ്ദേഹത്തെ സംബന്ധിച്ച് 'ഉദ്ധവദൂതം' 'ഉദ്ധവസന്ദേശം' ഇങ്ങിനെ രണ്ടു ചെറിയ കാവ്യങ്ങൾ ഉള്ളപ്രകാരം കാണുന്നു.]

ഉദ്ധസ്ത-വി. കൈപൊക്കിയ.

ഉദ്ധാന-വി. ൧. കരേറിയ. ൨. ഛർദ്ദിച്ച.

ഉദ്ധാനം-൧. അടുപ്പ്. ഇതിൽനിന്നു പാത്രം ഉദ്ധരിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി. ൨. ഛർദ്ദിക്കപ്പെട്ട അന്നംമുതലായത്. [ഉദ്ധാന്തശബ്ദത്തിന്റെപാഠം]

ഉദ്ധാര-അമൃതുവള്ളി.

ഉദ്ധാരക-വി. പൊക്കുന്ന.

ഉദ്ധാരണം-൧. പൊക്കുക. ൨. രക്ഷണം.

ഉദ്ധാരം-൧. കടം. ഉദ്ധരിക്കപ്പെടുന്നത്, മടങ്ങിവാങ്ങുന്നത് എന്നർത്ഥം. ൨. ഉയർത്തൽ, പൊക്കുക. ൩. തുകയിൽ തള്ളൽ. ൪. രക്ഷ. ൫. അടുപ്പ്.

ഉദ്ധൃത-വി. ഉയർത്തിപിഴുതെടുക്കപ്പെട്ട.

'ഉദ്ധൃതവൃക്ഷംകരാംഭോജജ്ജ്വലദംഷ്ട്രാനനാതി
വക്ത്രഗഹ്വരം'
(അദ്ധ്യാത്മരാമായണം)

൨. ഇളക്കപ്പെട്ട. ൩. ഉയർത്തപ്പെട്ട. ൪. ഉയർന്ന, ഉയരമുള്ള. ൫. ഉയർന്ന ശബ്ദമായുള്ള.

ഉദ്ധൂനനം-൧. ഉയർത്തിപിഴുതെടുക്കുക. ൨. ഇളക്കം. ൩. മേല്പ്പോട്ടെറിയുക. ൪. പൊക്കുക.

ഉദ്ധൂപനം-പുകക്കുക, പുകപിടിപ്പിക്കുക.

ഉദ്ധൂലനം-൧. പൊടിയാക്കൽ. ൨. പൊടിതൂറൽ.

ഉദ്ധൂഷണം-ഇരപ്പണം, തരിത്.

ഉദ്ധ്മാനം-അടുപ്പ്. (ഉദ്ധാനം എന്നതിന്റെ പാഠഭേദം.)

ഉദ്ധൃത-വി. ൧. എടുക്കപ്പെട്ട. ൨. ഉയർത്തപ്പെട്ട. ൩. രക്ഷിക്കപ്പെട്ട. ൪. വേരോടെ പറിക്കപ്പെട്ട.

ഉദ്ധൃത-ഉദ്ധരിക്കപ്പെട്ടത് (എടുക്കപ്പെട്ടത്).

ഉദ്ബാഷ്പ-വി. കണ്ണുനീർനിറഞ്ഞ.

ഉദ്ബാഹു-വി. കൈനീട്ടിയ.

ഉദ്ബില-വി. ഗുഹയിൽനിന്നു വെളിയിലായ.

ഉദ്ബുദ്ധ-വി. ഉയർന്നിരിക്കുന്ന.

ഉദ്ഭട-൧. ശ്രേഷ്ഠമായ. മഹിമയുള്ള.

ഉദ്ഭടൻ-൧ സമർത്ഥൻ. ൨. ആദിത്യൻ. ൩. എരിക്ക്.

ഉദ്ഭം-വിസ്താരം.

ഉദ്ഭടം-൧. ശക്തിമത്ത്. ൨. ആമ.

ഉദ്ഭവം-ജനനം, ഉൽപത്തി.

ഉദ്ഭവിക്കുക-ജനിക്കുക.

ഉദ്ഭവിപ്പിക്കുക-ജനിപ്പിക്കുക.

ഉദ്ഭിജം, ഉദ്ഭിജ്ജം-൧. മുളച്ചുണ്ടാകുന്ന ചെടി മരം മുതലായവ. ഉത്ഭേദിച്ചു ജനിക്കുന്നത്. ൨. മുള. ൩. കുരുമ്പ്.

ഉദ്ഭിത്ത്, ഉദ്ഭിദ്-മുളച്ചുണ്ടാകുന്ന ചെടി മരം മുതലായവ. ഭൂമിയെ പിളർന്നുണ്ടാകുന്നത് എന്നർത്ഥം

ഉദ്ഭിദ-വി. മുളക്കുന്ന. ൨. കുരുമ്പുവരുന്ന.

ഉദ്ഭിദ-൧. മുള. ൨. കുരുമ്പ്. ൩. ഒരുമാതിരി ഉപ്പ്.

ഉദ്ഭിന്ന-വി. ൧. ഛേദംവന്ന, കാണുണ്ടായ, ഉത്ഭവിച്ച. ൨. കുരുമ്പുവന്ന.

ഉദ്ഭൂത-വി. ൧. ഉത്ഭവിച്ച, ജനിച്ച. ൨. ഉയർന്ന.

ഉദ്ഭ്രമം-൧. ഭയപ്പെടൽ. മനസ്സ് സ്ഥിരമായി നില്ക്കാതിരിക്കുക എന്നർത്ഥം. ൨. ചുഴറ്റൽ, ചുറ്റൽ. ൩. കമ്പിതം, സങ്കടം. ൪. മേല്പ്പോട്ടുള്ള ചാട്ടം.

ഉദ്ഭ്രാജ്-വി. ൧. പ്രകാശിക്കുന്ന. ൨. പ്രകാശിച്ച ൩. ഉയരുന്ന.

ഉദ്യതനം-ന. ഉയർത്തുക. വ. പ്രയത്നം. ന. ഉത്സാഹം.

ഉദ്യത-വി. ന. ഉത്സാഹിച്ച

'മുനിതനയാന്വയാനമതിനദ്യതനായ് സഹ
(അഭിജ്ഞാനശാകുന്തളം) സാ'

വ. ഉയർത്തപ്പെട്ട.

ഉദ്യതം-ന. ഓങ്ങപ്പെട്ട ശസ്ത്രാദികൾ. ഉദ്യമിക്കപ്പെട്ടതു് എന്നർത്ഥം. മറെറാരു പര്യായം-'ഉദ്ഗൂർണ്ണം' വ. അദ്ധ്യായം.

ഉദ്യൻ-ഉദിച്ചവൻ.

ഉദ്യമം, ഉദ്യമനം-ന. ഉത്സാഹം വ. പരിശ്രമം, പ്രയത്നം. ന. ഓങ്ങൽ.

ഉദ്യാതം-ഉദ്യാനംചെയ്തതു (പുറത്തു പോയതു്).

ഉദ്യാനം-ന. പൂങ്കാവു്. വ. രാജാവിന്റെ സാധാരണമായ വനക്രീഡ, നായാട്ടു് എന്നിവയ്ക്കുള്ള വനം. ഉത്സാഹത്തോടെ പോകുന്നേടം എന്നർത്ഥം. മറെറാരുപര്യായം 'ആക്രീഡം'. ന. പുറത്തേയ്ക്കുള്ള ഗമനം. ശ. പ്രയോജനം. ഇ. സാംഗതി, കാര്യം.

ഉദ്യാനകം-ന. പൂങ്കാവു്. വ. മാൻ മുതലായ മൃഗങ്ങളെ വളർത്തുന്നതിനു വളച്ചു കെട്ടിയ സ്ഥലം.

ഉദ്യാനപാലകൻ, ഉദ്യാനപാലൻ, ഉദ്യാനരക്ഷകൻ-ഉദ്യാനം വിചാരിപ്പുകാരൻ.

ഉദ്യാപനം-ന. പൂർത്തിയാക്കൽ. വ. വ്രതാവസാനം.

ഉദ്യാവം-കൂട്ടിക്കലപ്പു്.

ഉദ്യുക്ത-വി. ഉത്സാഹമുള്ള.

ഉദ്യോഗപർവ്വം-മഹാഭാരതത്തിലെ ൫-ാമത്തെ പർവ്വം.

ഉദ്യോഗം-ന ഉത്സാഹം, പ്രാരംഭത്വം. വ. പ്രയത്നം. ന. അധികാരം. ശ. തൊഴിൽ, വേല.

ഉദ്യോഗസ്ഥൻ-ജീവനക്കാരൻ, അധികാരമുള്ളവൻ.

[വലിയ ഒരു തുക ശമ്പളമോ തക്കതായ ചുമതലയോ ഇല്ലാത്തവരെ സാധാരണ ഉദ്യോഗസ്ഥന്മാരെന്നു പറയാറില്ല. ഉയർന്നതരം സർക്കാർജോലി വഹിക്കുന്നവർക്ക് ഈ പേർ പരന്നിട്ടുണ്ടു്.]

ഉദ്യോഗി-വി. ഉത്സാഹമുള്ള.

ഉദ്യോഗിക്കുക-ന. ഉത്സാഹിക്കുക. വ. പ്രയത്നിക്കുക.

ഉദ്യോഗിപ്പിക്കുക-ന. ഉത്സാഹിപ്പിക്കുക. വ. പ്രയത്നിപ്പിക്കുക.

ഉദ്യോത-വി. പ്രകാശിച്ച.

ഉദ്യോതമാന-വി. പ്രകാശിച്ചിരിക്കുന്ന.

ഉദ്രഥം-വണ്ടിയുടെ അച്ചിലെ ആണി.

ഉദ്രം-നീർപ്പൂച്ച. ചിലർ നീർനായ് എന്നു പറയുന്നു. എപ്പോഴും നനഞ്ഞുകൊണ്ടിരിക്കുന്നതു് എന്നർത്ഥം.

ഉദ്രങ്കം, ഉദ്രംഗം-ഹരിശ്ചന്ദ്രന്റെ നഗരം.

ഉദ്രാവം-ന. ഓട്ടം. വ. ഒഴുക്കു്.

ഉദ്രിക്ത-വി. ന. വർദ്ധിച്ച. വ. വേർവിട്ട. ന. തെളിവുള്ള

ഉദ്രേകം-ന. ആരംഭം. വ. ആധിക്യം, വർദ്ധന.

ഉദ്രേകാ-മഹാനിംബം എന്ന ചെടി.

ഉദ്വത്-വി. മഹത്തായ, ശ്രേഷ്ഠമായ.

ഉദ്വത്സരം-വർഷം.

ഉദ്വപനം-സമ്മാനം.

ഉദ്വമനം-ഛർദ്ദി.

ഉദ്വർത്തനം-ന. തിരുമ്മുക, നവരച്ചുരക്കുക മുതലായതുകൊണ്ടു ശരീരത്തെ നിർമ്മലമാക്കുക. മറെറാരുപര്യായം 'ഉത്സാദനം'.

ഉദ്വർത്തനം കൊണ്ടുള്ള ഗുണം:-

'ഉദ്വർത്തനം കഫഹരം
മേദസഃ പ്രവിലാപനം
സ്ഥിരീകരണമംഗാനാം
ത്വക്പ്രസാദകരംപരം'

(അഷ്ടാംഗഹൃദയം)

൨. മെയ്പ്പിടിക്ക. ൩. കരേറുക. ൪. സുഗന്ധം തളിക്കുക.

ഉദ്വൃത്ത-വി. ൧. അധികമായ. ൨. ശേഷിച്ച.

ഉദ്വൃത്തം-ശേഷിപ്പ്.

ഉദ്വധ്നം-൧. ആധിക്യം. ൨. കൌശലത്തിലുള്ള കൊല.

ഉദ്വസിക്കുക-൧. കൊല്ലുക. ൨. അയയ്ക്കുക.

ഉദ്വസിപ്പിക്കുക-൧. കൊല്ലിക്കുക. ൨. അയപ്പിക്കുക.

ഉദ്വഹൻ-൧. വഹിക്കുന്നവൻ. ൨. നടത്തിക്കൊണ്ടു പോകുന്നവൻ. ൩. ആവഹാദി ഏഴു മരുത്തുകളിൽ ഒന്ന്. ൪. പുത്രൻ.

ഉദ്വഹനം-൧. എടുക്കൽ ൨. വിവാഹം

ഉദ്വഹം-വിവാഹം. (ഉദ്വാഹം എന്ന് അമരം.)

ഉദ്വഹാ-പുത്രി.

ഉദ്വഹിക്കുക-൧. വിവാഹംചെയ്യുക. ൨. എടുക്കുക.

ഉദ്വാന്ത-വി. ൧. വെളിയിൽ പുറപ്പെട്ട.

'നോക്കിയുദ്വാന്തബാഷ്പാ'

(അമരുകശതകം)

൨. ഛർദ്ദിച്ച.

ഉദ്വാന്തൻ-മദം മാറിയ ആന. മദം പൊട്ടിയൊലിക്കുന്നതു മാറിയവൻ എന്നർത്ഥം.

ഉദ്വാന്തം-ഛർദ്ദിക്കപ്പെട്ട അന്നം മുതലായത്. ഉദ്വമിക്കപ്പെട്ടത് എന്നർത്ഥം.

ഉദ്വാദനം-മറക്കൊയ്യുള്ള കരച്ചിൽ.

ഉദ്വാന-വി. ഛർദ്ദിച്ച.

ഉദ്വാനം-ഛർദ്ദിക്കപ്പെട്ട അന്നം മുതലായതിന്റെ പേർ. [ഉദ്വാന്തശബ്ദത്തിന്റെ പാഠഭേദം]

ഉദ്വാപം-൧. നീക്കിക്കളയുക, പുറത്താക്കുക. ൨. ക്ഷൌരംചെയ്യുക.

ഉദ്വാസനം, ഉദ്വാസം-൧. വധം. കൊല. ൨. നാടുകടത്തൽ.

ഉദ്വാഹ(ന)ം--൧. വിവാഹം ൨. രണ്ടുതവണ നിലം ഉഴുക.

ഉദ്വാഹനി-കയറ്.

ഉദ്വാഹം-വിവാഹം.

ഉദ്വാഹിക-വിവാഹത്തെ സംബന്ധിച്ച.

ഉദ്വാഹിത-വി. ൧. ഉയർത്തപ്പെട്ട ൨. വേരോടെ പറിക്കപ്പെട്ട.

ഉദ്വാഹിനി-കയറ്.

ഉദ്വിഗ്ന-വി. ൧. ദുഃഖമുള്ള. ൨. വിരഹദുഃഖമുള്ള.

ഉദ്വീജനം-വീശുക.

ഉദ്വൃത്ത-വി. ൧. ഛർദ്ദിക്കപ്പെട്ട. ൨. ഉയർത്തപ്പെട്ട. ൩. അടക്കമില്ലാത്ത.

ഉദ്വേഗ-വി. വേഗം പോകുന്ന.

ഉദ്വേഗം-൧. ഭയപ്പെടൽ. ൨. ചലനം, വ്യാകുലത, സംഭ്രമം. ൩. വൈരസ്യം. ൪. കരേറ്റം. ൫. അടയ്ക്കാ. ഭയപ്പെടുത്തുന്നത് എന്നർത്ഥം. ചില അടയ്ക്കാ ചെതക്കുന്നതുകൊണ്ടു ഈ പേർ സിദ്ധിച്ചു.

ഉദ്വേഗൻ-വേഗം ഓടുന്നവൻ.

ഉദ്വേജിനി-കാട്ടുതഴുതാവ്, കാട്ടുതുളസി.

ഉന്തിയരശ്ശ്-ചതുരംഗക്കളിയിൽ അരശു പറക. [ഉന്തരശ്ശ് എന്നു നോക്കുക]

ഉന്തിനില്ല-തള്ളിനില്ല.

ഉന്ത്-൧. തള്ള്. ൨. കുന്ന്. ൩. വെള്ളത്തിലെ ഒഴുക്ക്.

ഉന്തുക-തള്ളുക.

'വീഴുമ്പോളുദ്വിഗ്നവാക്കിയാൽ വെള്ളത്തും
വാഴുമ്പോൾ മിഴിമിഴിശോഭയാൽ കറുത്തും

ഉണ്ണുമ്പോൾകരതലകാന്തിയാൽ ചുമന്നും
പരന്താന്നെങ്കിലുമിന്നുന്ദുരാഖ്യമെത്രമാന്നം'
(ഭാഷാഭൂഷണം)

ഉന്ദുരു-എലി [ഉന്ദരു, ഉന്ദൂരു, ഉന്ദൂരു ഇങ്ങിനെയും പറയാമെന്ന കാണുന്നു].
'വാരണാസ്യനെവണങ്ങുമവാചമിഹ
കൊന്നിട്ടന്നമുന്ദുരുരുദ്രൻ'
(അന്യാപദേശശതകം)

ഉന്ദുരുകൎണ്ണിക-എലിച്ചെവിയൻ.

ഉന്നത-വി. ഉയൎന്ന, പൊക്കമുള്ള. ഉന്നമിച്ചതു് എന്നൎത്ഥം.

ഉന്നതാനത-വി. ഉയൎന്നും താണുമുള്ള, കിഴക്കാംതൂക്കിലുള്ള. [ഉന്നതവും ആനതവും ആയതു് ഉന്നതാനതം]

ഉന്നതാവനതം-ഉയൎന്നും താണുമിരിക്കുന്നതു്.

ഉന്നതി-സ്ത്രീ. ഉയരം.
'ഉന്നതിപോരാഞ്ഞു പിന്നെയതിന്മീതെ
ഉന്നതമായൊരു പീഠം വെച്ചാൻ'
(കൃഷ്ണഗാഥ)

൨. വൎദ്ധന. ൩. ഗരുഡന്റെ ഭാൎയ്യ.

ഉന്നം-പു. ലാക്കു് [ഉന്നം (ലാക്ക) തെററിയവനു് സംസ്കൃതത്തിൽ അപരാദ്ധപൃഷൽകൻ എന്നുപേർ] ൨. ഇലവിൻപഞ്ഞി.

ഉന്നമനം-ന. ഉയൎത്തുക. ൨. പൊക്കം.

ഉന്നമിക്ക-ഉയരുക.

ഉന്നമിത-വി. ഭൂ. ഉയൎത്തപ്പെട്ട. ൨. പൊളിച്ചുപൊക്കിയ.

ഉന്നമിപ്പിക്ക-ഉയൎത്തുക.

ഉന്നദ്ധ-വി. ഭൂ. ഉയൎത്തപ്പെട്ട. ൨. വലിയ, പൊങ്ങിയ. ഉ-ം, ഉന്നദ്ധകാന്തി.

ഉന്നയനം-ന. വിചാരം. ൨. ഊഹം. ൩. ഉയൎത്തുക.

ഉന്നയം, ഉന്നായം-മേല്പ്പെട്ടുപൊക്കുക, ഉന്നയിക്ക എന്നൎത്ഥം.

ഉന്നയിക്ക-ക്രി. അനുമാനിക്ക. ൨. മേല്പ്പെട്ടുപൊക്കുക.

ഉന്നാഭൻ-ഒരു സൂൎയ്യവംശരാജാവു്.

ഉന്നിദ്രക-ക്രി. നിശ്ചയിക്കുക. ൨. സംശയിക്കുക. ൩. തെളിക്കുക. ൪. മുട്ടുക.

ഉന്നിദ്രം-വി. നിദ്രയില്ലാത്ത, ജാഗരണമുള്ള, ഉണൎച്ചയുള്ള.

ഉന്നിദ്രാണാഭ-മാറ്കാതെ വിലസുന്ന പ്രകാശം.

ഉന്നുക-ക്രി. ലാക്കുനോക്കുക. ൨. വിചാരിക്കുക. ൩. ഒരു സംഗതിയിൽതന്നെ മനസ്സുറപ്പിക്കുക.

ഉന്നേയം-ന. ലാക്കു്, കുറി. ൨. ഊഹിക്കത്തക്കതു്.

ഉന്മ-സത്യം, ഉണ്ടു് എന്നുള്ള സ്ഥിതി.
'നിൎമ്മലമായുള്ളൊരുന്മയെക്കാണുമ്പോൾ'
(കൃഷ്ണഗാഥ)

ഉന്മയിൽ-അ. വേണ്ടുവണ്ണം.

ഉന്മജ്ജനം-വെള്ളത്തിൽനിന്നു പൊങ്ങുക [മജ്ജനം=മുങ്ങുക]

ഉന്മജ്ജനൻ-ശിവന്റെ ഒരു ഭൃത്യൻ.

ഉന്മത്ത-ഭൂ. ഭ്രാന്തുള്ള. ൨. ലഹരിപിടിച്ച

ഉന്മത്തൻ-ഭ്രാന്തൻ. ൨. കള്ളുകുടിച്ചവൻ

ഉന്മത്തം-പു. ഉമ്മത്തു്, ഉമ്മം. ഉന്മത്തതയെ ഉണ്ടാക്കുന്നതു് എന്നൎത്ഥം. ൨. ബുദ്ധിയിളക്കം.

ഉന്മഥിത-വി. കൊല്ലപ്പെട്ട. ഉന്മഥനം ചെയ്യപ്പെട്ട എന്നൎത്ഥം.

ഉന്മദ-ഭൂ. ഭ്രാന്തുള്ള. ൨. ലഹരിപിടിച്ച.

ഉന്മദൻ-ഉന്മാദമുള്ളവൻ. ഹൎഷമില്ലാത്തവൻ എന്നൎത്ഥം.

ഉന്മദം-ഭ്രാന്തു്, ലഹരി.

ഉന്മദിഷ്ണു-ഉന്മാദമുള്ളവൻ, ഉന്മദശീലൻ എന്നൎത്ഥം.

ഉന്മനസ്സ്-വി. ഭൂ. ഉൽകണ്ഠയോടുകൂടിയ. ൨. മനസ്താപമുള്ള.

ഉന്മനസ്സ്-ഒന്നിൽ അധികം കല്പിച്ചുപ്പെട്ട മനസ്സോടുകൂടിയവൻ.

ഉന്മന്ഥകം-ഒരു കൎണ്ണരോഗം.

[ബലമായി കാതിനെ വലുത്തിയാൽ വള്ളിയിൽ വായുകംചിച്ചു കഫത്തോടു കൂടി വീക്കാത്ത ഉണ്ടാക്കും. ആ വീക്കം സ്തംഭിച്ചിരിക്കും. വേദന കാണുകയില്ല. ചൊറിയുണ്ടായിരിക്കും.]

ഉന്മഥ.-വധം (കൊല) ഉന്മാഥം എന്നതിന്റെ പാഠഭേദം.

ഉന്മാഥം-പ്ര. വധം (കൊല). വ. കണി (മൃഗാദികളെ കട്ടക്കവാനുള്ള യന്ത്രം ) ഇതുകൊണ്ടു ഉന്മഥനം ചെയ്യുന്നതിനാൽ ഈ പേർവന്നു. മറ്റൊരുപര്യായം 'കൂടയന്ത്രം'.

ഉന്മാദം-പ്ര ഭ്രാന്തു്. ഭൂതബാധ മുതലായതു നിമിത്തമുണ്ടാകുന്ന മനശ്ചാഞ്ചല്യം. ത കരാറായ സന്തോഷം എന്നർത്ഥം. വ. ഒരുവ്യാധി.

[വാതാദിദോഷങ്ങൾ അധികമായി വഴിതെറ്റിനടന്നു മനസ്സിനെ വഹിച്ചിരിക്കുന്ന നാഡികളിൽ എത്തി മനോവിഭ്രമത്തെ ഉണ്ടാക്കുന്നതിനാൽ ഉന്മാദം എന്നപേർവന്നു.]

ന. ലഹരി.

ഉന്മാദവത്തു്-വി. പ്ര. ഭ്രാന്തുള്ള. വ. ലഹരിയുള്ള.

ഉന്മാദവാൻ-ഉന്മാദമുള്ളവൻ, ഭ്രാന്തൻ. [സ്ത്രീ-ഉന്മാദവതി.] മറ്റൊരുപര്യായം 'ഉന്മത്തൻ'.

ഉന്മാഥം- ഇരവെച്ചു മൃഗപക്ഷ്യാദികളെ പിടിക്കുന്ന യന്ത്രം.

ഉന്മാർജ്ജനം-പ്ര. തേയ്ക്കുക. വ. തുടയ്ക്കുക. ന. നീക്കുക.

ഉന്മീലത്തു്-വി. പ്ര. വിടരുന്ന.

'ഉന്മീലൽപത്രവല്ലീംപൃഥുലകചഭരോം'

(ഉത്തരരാമചരിതംകഥകളി)

വ. കണ്ണുമിഴിച്ച ന. ഉണരുന്ന.

ഉന്മീലനം-പ്ര. കണ്ണുമിഴിക്കുക. വ. വിരിയുക. ന. ഉണരുക.

ഉന്മീലിത-വി. പ്ര. മിഴിക്കപ്പെട്ട. വ. വിടിരപ്പെട്ട, വിടർന്ന. ന. ഉണരപ്പെട്ട.

ഉന്മീലിപ്പിക്ക-ഉണർത്തുക.

ഉന്മുകം-തീക്കൊള്ളി.

ഉന്മുക്ത-വി. പ്ര. ഉപേക്ഷിക്കപ്പെട്ട. വ. ഊരപ്പെട്ട.

ഉന്മുഖ-വി. ഉയർത്തപ്പെട്ട മുഖത്തോടുകൂടിയ, മേല്പെട്ടു നോക്കുന്ന.

'ജനമെല്ലാമുന്മുഖമായ്'

(അടിയന്താനംകന്തളം)

ഉന്മുഖത-ഉന്മുഖമായിരിക്ക, നോക്കിയിരിക്ക, ഭാവിച്ചിരിക്ക.

ഉന്മുഖര-വി. വലിയ ശബ്ദമുള്ള, ശബ്ദമുള്ള.

ഉന്മുഖീകരിക്ക-ഉന്മുഖമാക്കിച്ചെയ്ക.

ഉന്മുദ്ര-പ്ര. വിടർന്ന. വ. മുദ്രയഴിച്ച.

ഉന്മൂലനം-വേരോടെ പറിക്ക.

ഉന്മൂലിത-വി. വേരോടെപറിക്കപ്പെട്ട.

ഉന്മേദസ്സ്-പുഷ്ടി.

ഉന്മേദാ-പുഷ്ടി, തടിപ്പു്.

ഉന്മേഷം-പ്ര. കണ്ണുമിഴിക്ക. വ. പ്രസാദം ന. ജാഗ്രത, ഉത്സാഹം. ർ. വികാസം. ഇ. പ്രകാശം.

ഉന്മേഷിപ്പിക്ക-സന്തോഷിപ്പിക്ക.

ഉന്മോചനം-വിടുക, അയയ്ക്കുക (അയവു്).

ഉപ-അ. സമീപം, താണ, അലങ്കാരം, കൊടുക്ക, അനുഗ്രഹിക്ക, അധികാരം, ഒന്നിച്ചു, തുല്യം, ആരംഭം, കൊല്ലു, കുറ്റം, മൂലം, ചാർച്ച്.

ഉപകണ്ഠ-വി. സമീപമുള്ള.

ഉപകണ്ഠ-സമീപം കണ്ഠമായ ഉപകണ്ഠം എന്നർത്ഥം.

ഉപകണ്ഠം-അ. കണ്ഠത്തിനടുക്കൽ.

ഉപകഥ ഒരു പ്രധാനകഥയിൽ അംഗമായിനില്ക്കുന്ന കഥ, ചെറിയകഥ.

ഉപകനിഷ്ഠികാ-അനാമികാ (മോതിര വിരൽ.)
ഉപകന്യാ-പുത്രിയുടെ സഖി.
ഉപകർണ്ണനംചെയ്ക-കേൾക്കുക.
'ഋഊപണ്ഡരണീപാല! നീയിക്കേണം ഉപകർണ്ണയമേവചനം'
(നളചരിതംകഥകളി)
[ഉപകർണ്ണയ = കേട്ടാലും.]
ഉപകർണ്ണികാ-സ്ത്രീ. ശ്രുതി, കേൾവി. വ. വർത്തമാനംഅറിയിക്കൽ.
ഉപകരണം-അതാതിനുപയോഗമുള്ളതായസാധനം.
ഉപകരി-പങ്ക്.
ഉപകരിക്ക-ഉതകുക, ആവശ്യത്തിനു കിട്ടുക.
ഉപകർയ്യ-രാജഭവനം.
ഉപകർത്താവു്-ഉപകാരംചെയ്യുവൻ.
ഉപകാരക-വി. പ്രയോജനമുള്ള.
ഉപകാരജ്ഞൻ-നന്ദിയുള്ളവൻ.
ഉപകാരസ്മരണ-നന്ദി, കൃതജ്ഞത.
ഉപകാരം-പ്രയോജനം ഉപകാരം > < അപകാരം.
ഉപകാരി-വി. ഉപകാരംചെയ്യുന്ന.
ഉപകാരി, ഉപകാര്യാ, ഉപകാരികാ-കൂടാരം.
ഉപകാരിക-സ്ത്രീ. ഉപകാരംചെയ്യുന്നവൾ. വ. രാജഭവനം.
ഉപകാലികാ-പെരുംജീരകം.
ഉപകിരണം-ചിതറൽ, എറിയുക.
ഉപകിരണം-അ. രശ്മികടട്ടു്.
ഉപകീചകന്മാർ-പു. കീചകന്റെ അനുചരന്മാർ വ. കീചകന്റെ നേതൃത്വത്തിലുള്ള വിരാടസൈന്യം.
ഉപകുഞ്ചി, ഉപകുഞ്ചികാ-സ്ത്രീ. ചിറേലം. ഏററവുംചെറിയതു് എന്നർത്ഥം. വ. കരിഞ്ജീരകം. വാതാദികളെ നശിപ്പിക്കുന്നതു് എന്നർത്ഥം.
[പെരുഞ്ജീരകത്തിനും പറയാമെന്നു ചിലർ അഭിപ്രായപ്പെടുന്നു.]
ഉപകുംഭ-വി. പു. കുംഭത്തിനടുത്തുള്ള. വ. ഏകാന്തമായ. ന. പ്രത്യേകമായ.
ഉപകുംഭം-അ. കുംഭത്തിനടുക്കൽ.
ഉപകുല്യാ-സ്ത്രീ. തിപ്പലി. കുല്യയുടെ സമീപത്തുണ്ടാകുന്നതു്, കെട്ടിപ്പിണഞ്ഞു കിടക്കുന്നതു് എന്നർത്ഥം. വ. കൈത്തോട (ചെറിയതോടു്.)
ഉപകുശം-വായിലെ ഒരു രോഗം.
[ഊനുകളിൽ ചൂടും പഴുപ്പും ഉണ്ടായി പല്ലുകൾ ഇളകുന്നതിനു 'ഉപകുശം' എന്നു പേർ.]
ഉപകൂപജലാശയം-കൽത്തൊട്ടി.
ഉപകൃതി, ഉപക്രിയ-ഉപകാരം.
ഉപക്രമം-പു. ആരംഭം, ഒന്നാമതായിട്ടുള്ള ആരംഭം, അറിഞ്ഞതിന്റെശേഷം ആ അറിവിനെ നിറവേററുന്നതിനു ചെയ്യുന്ന ആരംഭം. [അളവും ശുക്ലവും ആദ്യമായി ആരംഭിച്ചതു നന്ദരാജാവായതുകൊണ്ടു് അതു നന്ദന്റെ ഉപക്രമം എന്നു പറയുന്നു.] വ. മന്ത്രിമാരുടെ ശീലം പരീക്ഷിക്കുക. ന. ഉപായം. ശ. ചികിത്സാ. ഉ. മുമ്പോട്ടുള്ള നടപ്പു്.
ഉപക്രമണം-പു. ആരംഭം. വ. ചികിത്സ. ന. മുമ്പോട്ടുനടക്കുക.
ഉപക്രമണികാ-മുഖവുര.
ഉപക്രമിക്കുക-ആരംഭിക്കുക.
ഉപക്രീഡാ-കളിപ്പാനുള്ള സ്ഥലം.
ഉപക്രോശം-നിന്ദ. എല്ലാരവും ചീത്തയായ വിളി എന്നർത്ഥം.
ഉപക്വണം- വീണാദി സകല വാദ്യധ്വനികളുടെയും പേർ.
ഉപക്ഷേപം-പു. ഉപന്യാസം. വ. കഥനം. ന. എറിഞ്ഞുകളയുക. ശ. പ്രാരംഭം. ഉ. ഭീഷണിവാക്ക്.

ഉപക്ഷിപ്തം-പ്ര. തള്ളപ്പെട്ടതു്. വ. ചേർക്കപ്പെട്ടതു്.

ഉപക്ഷേപണം-പ്ര. എറിഞ്ഞുകളക. വ. കുററപ്പെടുത്തൽ.

ഉപഗത-വി. പ്ര. സമീപത്തുവന്ന. വ. അംഗീകരിക്കപ്പെട്ട. ന. പ്രതിജ്ഞചെയ്യപ്പെട്ട.

ഉപഗമം, ഉപഗമനം-പ്ര. സമീപത്തുവരിക. വ. പ്രതിജ്ഞ.

ഉപഗമിക്ക-സമീപിക്ക.

ഉപഗമ്യ-സമീപിക്കത്തക്ക.

ഉപഗിരി-അ. പർവ്വതത്തിനടുത്തു്.

ഉപഗീതി-മാത്രാവൃത്തങ്ങളിൽ ഒന്നു്.

'താന്തോന്നിമൊഴിപൂർവ്വാർദ്ധവു-
മോർത്താൽഞാൻചൊന്നൊരാര്യയുടെ
ഉത്തരമാമർദ്ധത്തോ-
ടൊത്തതുമാലായതുപഗീതി'
(കാന്തവൃത്തം)

ഉപഗീത-വി. പ്ര. പാടപ്പെട്ട. വ. സ്തുതിക്കപ്പെട്ട.

ഉപഗു-അ. പശുവിന്റെ അടുക്കൽ.

ഉപഗുപ്ത-വി. ഒളിക്കപ്പെട്ട, ഒളിച്ച.

ഉപഗുരു-സഹായാദ്ധ്യാപകൻ.

ഉപഗുരു-അ. ഗുരുവിന്റെ അടുക്കൽ.

ഉപഗൂഢ-വി. ഒളിക്കപ്പെട്ട.

ഉപഗൂഹനം-പ്ര. ആലിംഗനം. ക്രിയ ചെയ്തു മറയ്ക്കുക എന്നർത്ഥം.

'സ്വഗൂഢമന്ത്രമുപഗൂഹനം ചെയ്കിലും'
(അദ്ധ്യാത്മരാമായണം)

വ. ഒളിക്കുക. ന. ചേക്കുക. ശ. ആശ്ചര്യം.

ഉപഗ്രഹൻ പിടിച്ചുകെട്ടിക്കൊണ്ടുവന്നിടപ്പെട്ടവൻ

ഉപഗ്രഹം-പ്ര. പിടിച്ചുകെട്ടിക്കൊണ്ടുവന്നിടുക. വ. കൃപ. ന. ധൈര്യം. ശ. സഹായം. ഷ. തോൽവി ന്ത തടവു്.

[ഉപഗ്രഹം എന്നതിന വന്ദിശാല, ചോരാമികളെ ആകർഷിക്കുക എന്നും മററുമുള്ള അർത്ഥങ്ങളും കാണുന്നു]

ഉപഗ്രാമം-ഗ്രാമത്തിനടുത്ത സ്ഥലം. അടുത്ത ഗ്രാമം.

ഉപഗ്രാഹ്യം-കാഴ്ചദ്രവ്യം [ഉപ=സമീപത്തിൽ. ഗ്രാഹ്യം=ഗ്രഹിക്കത്തക്കതു്] മററുപര്യായങ്ങൾ-ഉപഹാരം, ഉപദം, ഉപായനം.

ഉപഘ്നം-അടുത്ത ആശ്രയം. തനിക്കു നേരിടുന്ന സങ്കടങ്ങളെ ഹനിക്കുന്നതുകൊണ്ടു ഈ പേരുണ്ടായി.

'ഉപഘ്നവൃക്ഷസ്യപരാക്ഷരോവാൽ'
(മേഘസന്ദേശ)

ഉപഘാത-വി. കൊലചെയ്ത.

ഉപഘാതിനി-ശ്ര. ഒഴിഞ്ഞവൾ.

ഉപചക്ഷുസ്സ്-മൂക്കിക്കണ്ണാടി.

ഉപചയം-പ്ര. ക്രമ്പാരം. വ. ഉയച്ച. ന. ന, ന്ന, ഛ, ഛഛ ഈ രാശികളുടെ പേർ (ജ്യോതിഷം).

ഉപചരണം-പ്ര. ആചാരം; മര്യാദ. വ. നല്ലനടപ്പു്, തൊഴിൽ.

ഉപചരിക്കുക-ആചരിക്കുക, ബഹുമാനിക്കുക

ഉപചരിത-ഉപചരിക്കപ്പെട്ട, പൂജിക്കപ്പെട്ട, സല്കരിക്കപ്പെട്ട. പര്യായങ്ങൾ-വരിവസിതം, വരിവസ്യതം, ഉപാസിതം

ഉപചർമ്മം-ചർമ്മത്തിനടുക്കൽ.

ഉപചര്യ-വി. ശുശ്രൂഷിക്കപ്പെടത്തക്ക.

ഉപചര്യാ-ചികിത്സ

ഉപചാര്യം-ചികിത്സ.

ഉപചാരം-പ്ര. ആചാരം, മര്യാദ. വ. നല്ലനടപ്പു്, തൊഴിൽ.

ഉപചാരിക-മര്യാദയുള്ള.

ഉപചിതം-പ്ര. പുഷ്ടിയെ പ്രാപിച്ചതു്. വ. പുഷ്ടിയെ പ്രാപിപ്പിച്ചതു്. ഉപചയിക്കപ്പെട്ടതു് എന്നർത്ഥം. ന. കഷായം ചായില്യം മുതലായതുകൊണ്ടു ലേപനം ചെയ്യപ്പെട്ട പുരമ മുതലായതു്.

ഉപചിത-വി. പ്ര. വർദ്ധിക്കപ്പെട്ട. വ. പൂശപ്പെട്ട.

ഉപചിതി-൧. വൎദ്ധന. ൨. ശേഖരിപ്പു.

ഉപചിത്ര-൧. എലിച്ചെവി(യൻ) എന്ന ഔഷധം. നാനാരൂപത്തെ കൈക്കൊണ്ടതു് എന്നൎത്ഥം. ൨. സ്വാതി. ൩. അത്തം

ഉപചിത്രം-അൎദ്ധസമവൃത്തങ്ങളിൽ ഒന്നു്
'സസസംലഗമൊററയിൽ, മററതിൽ
ഭംഭഭഗംഗവുമിങ്ങുപചിത്രം'
(വൃത്തമഞ്ജരി)

ഉപചിത്രകാ-നാഗദന്തി.

ഉപജാത-വി. കൂടെ ജനിച്ച.

ഉപജാതി-ഒരു വൃത്തം.

[ഇന്ദ്രവജ്രയേയും ഉപേന്ദ്രവജ്രയേയും കൂട്ടിക്കലൎത്തി പ്രയോഗിക്കുന്ന വൃത്തത്തിന്നു് ഉപജാതി എന്നു പേർ. ഇന്ദ്രവംശോപേന്ദ്രവംശകളെപ്പോലെ മററുചില വൃത്തങ്ങളേയും കലൎത്താറുണ്ടു്. അതിന്നും ഈ പേർതന്നെ.]

ഉപജാപം-ഭേദം എന്ന ഉപായം. സ്വകാൎയ്യമായി ഏഷണിപറഞ്ഞു സാധിക്കുന്നതു് എന്നൎത്ഥം.

ഉപജാപക-൧. ഭേദോപായമുള്ള. ൨. വിശ്വാസഘാതകമുള്ള ൩. ദ്രോഹമുള്ള.

ഉപജല്പനം,ഉപജല്പിതം-വൎത്തമാനം, സംസാരം.

ഉപജിഹ്വാ-൧. ചെറുനാക്കു്, അണ്ണാക്കു് ൨. ഒരു പുഴ. ൩. നാക്കിലുണ്ടാകുന്നൊരു രോഗം.

[നാക്കിന്റെ കീഴ് നാവിന്റെ അഗ്രം പോലെ വീങ്ങും. നീരൊലിക്കും ചെറിയ ചൂടും കാണും. ഇവയത്രേ ലക്ഷണങ്ങൾ.]

ഉപജിഹ്വികാ-൧. ഒരു വക ഉറുമ്പു്. ൨. ചെറുനാക്കു്, അണ്ണാക്കു്.

ഉപജീവനം, ഉപജീവികാ-ജീവനവൃത്തി.

ഉപജീവി-വേലക്കാരൻ, ഭൃത്യൻ.

ഉപജീവിക്കുക-ജീവവൃത്തികഴിക്കുക.

ഉപജീവിത-ജീവനവൃത്തി കഴിക്കപ്പെട്ട

ഉപജീവ്യൻ-രക്ഷിതാവു്, മേൽസ്ഥാനമുള്ളവൻ,

ഉപജീവ്യം-ഉപജീവനമാൎഗ്ഗം.

ഉപജുഷ്ട-വി. ൧. പൂജിക്കപ്പെട്ട, സല്ക്കരിക്കപ്പെട്ട. ൨. അടുക്കൽ.

ഉപജോഷം-സന്തോഷവചനം [ഉപയോഷം എന്ന പാഠവും കാണുന്നു]

ഉപജോഷം-അ. ൧. ഒരാളുടെ ഇഷ്ടം പോലെ. ൨. മൌനമായിട്ടു്.

ഉപജ്ഞാ-ഉപദേശമില്ലാതെയുണ്ടായ അറിവു്. ആദ്യമായ അറിവു് എന്നൎത്ഥം.

[ശ്ലോകം എന്നൊരു സമ്പ്രദായം ഇല്ലാതിരുന്ന കാലത്തു് 'മാനിഷാദപ്രതിഷ്ഠാം ത്വം' ഇത്യാദിയായി ശ്ലോകം നിൎമ്മിക്കുന്നതിന്നു വാല്മീകിക്കു തന്നത്താനേ ഉണ്ടായ ജ്ഞാനം ഉപജ്ഞയാകുന്നു]

ഉപതടം-അ. വക്കിനടുക്കൽ, വിളുമ്പിനടുക്കൽ.

ഉപതപ്ത-൧. ദുഃഖമുള്ള ൨. ചൂടുപിടിക്കപ്പെട്ട ൩. പരവശപ്പെട്ട, വലഞ്ഞ.

ഉപതപ്ത-വി ചൂടുപിടിപ്പിക്കുന്ന.

ഉപതപ്താവു് - രോഗബാധനാദികളെക്കൊണ്ടു സന്തപ്തനായവൻ. ഉപതപിക്കുന്നവൻ എന്നൎത്ഥം.

ഉപതാപം-൧ വ്യാധി. ദുഃഖിപ്പിക്കുന്നതു് എന്നൎത്ഥം ൨. ദുഃഖം. ൩. ഉഷ്ണം. ൪. ഉഴറുക.

ഉപതാരക-വി. കവിഞ്ഞൊഴുകുന്ന

ഉപത്യകാ-പൎവ്വതത്തിന്റെ അടുത്തുള്ള ഭൂമി.

ഉപദശ-അ. പതിനെട്ടു്.

ഉപദംശം-൧. കറി. ൨. മുരിങ്ങ. ൩. കടി (കടിക്കുക) ൪. ലിംഗത്തിൽ ഉണ്ടാകുന്ന ഒരു രോഗം.

[ഇതു് അഞ്ചുവിധമുണ്ടു്. അധികമായ രതിക്രീഡയുംമററും കൊണ്ടുണ്ടാകുന്നു]

ഉപദൎശകൻ-൧ വാതിൽകാക്കുന്നവൻ. ൨. വഴികാണിക്കുന്നവൻ. ൩. സാക്ഷി.

ഉപദാ-൧. കാഴ്ചദ്രവ്യം. ഉപദാനം ചെയ്യപ്പെടുന്നതു് എന്നൎത്ഥം. ൨ സമ്മാനം.

ഉപദാനകം-കാഴ്ചദ്രവ്യം. ൨ സമ്മാനം.

ഉപദാനവി-ദുഷ്യന്തന്റെ മാതാവു്, വൃഷപൎവ്വാസുരന്റെ പുത്രി.

ഉപദിഷ്ട-വി. ഉപദേശിക്കപ്പെട്ട.

ഉപദീകാ-ഒരു മാതിരി ഉറുമ്പു്.

ഉപദേവത-ദേവയോനി.

ഉപദേശസഹസ്രി - ശങ്കരാചാൎയ്യരുടെ ഒരു പുസ്തകം.

ഉപദേശം-൧. ഗുരുശാസനം. ൨. ഗുണദോഷം. ൩. പഠിത്തം. ൪. ഗ്രന്ഥങ്ങളെ രണ്ടുതരമായി വിഭാഗിച്ചതിൽ ഒന്നു്. മറെറാന്നു വിനോദം.

[പ്രാചീനാൎയ്യാവൎത്തം ഒരു ഉപദേശഗ്രന്ഥവും അന്യാപദേശശതകം ഒരു വിനോദഗ്രന്ഥവും ആണത്രെ].

ഉപദേശവാക്ക്-ഗുണദോഷവാക്കു്.

ഉപദേശി-൧. പഠിപ്പിക്കുന്നവൻ. ൨. ഗുരു. ൩. ക്രിസ്തുമതസംബന്ധമായി പള്ളികളിലും നടന്നു പ്രസംഗങ്ങൾ ചെയ്യുന്ന ഒരാൾ. [ഇവർ അനേകം പേരുണ്ടു്. അവരെ ഉപദേശികൾ എന്നു പൊതുവെ വിളിക്കുന്നു].

ഉപദേശിക്കുക-൧. ഗുണദോഷിക്കുക. ൨. പഠിപ്പിക്കുക.

ഉപദേഷ്ടാവ്-ഗുരു, പട്ടക്കാരൻ, ഉപദേശി.

ഉപദോഹം-൧. പശുവിന്റെ മുലക്കണ്ണു ൨. പാൽകറക്കുന്ന പാത്രം.

ഉപദ്രവം-പീഡ, വേദന. ൨. അസഹ്യത. ൩. ദീനം. ൪. ദുഃഖം. ൫. ആപത്തു.

ഉപദ്രവി-൧. ഉപദ്രവിക്കുന്ന, പീഡിപ്പിക്കുന്ന.

ഉപദ്വീപം-മൂന്നുഭാഗവും വെള്ളംകൊണ്ടു ചുററപ്പെട്ട സ്ഥലം.

[നാലുകരയും വെള്ളംകൊണ്ടു ചുററപ്പെട്ടതു ദ്വീപം]

ഉപധൎമ്മം-പ്രത്യേകചട്ടം, നീതി.

ഉപധൎമ്മൻ-മതവിരോധി.

ഉപധാ-ധൎമ്മാദികളെക്കൊണ്ടുള്ള പരീക്ഷ. ശുദ്ധനോ അശുദ്ധനോ എന്നുള്ളതു് ഇതിൽ ഉപധാനം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഈ പേരുണ്ടായി.

ഉപധാതുക്കൾ-൧. (ഉപധാതുക്കളായ) ഏഴു ലോഹങ്ങൾ.

'സപ്തോപധാതവഃസ്വൎണ്ണം
മാക്ഷികം താരമാക്ഷികം
തുത്ഥംകാംസ്യംചരാതിശ്ച
സിന്ദൂരം ച ശിലാജതു'

൨. ശരീരത്തിൽ നിന്നു സ്രവിക്കുന്നഏഴു സാധനങ്ങൾ.

'സ്തന്യംരജോവസാസ്വേദോ
ദന്താഃകേശാസ്തഥൈവച
ഔജസ്യം സപ്തധാതൂനാം
ക്രമാൽ സ്യാൽസപ്തോപധാതവഃ'

ഉപധാനം-൧. തലയിണ. ശിരസ്സു് ഇതിൽ വെയ്ക്കുന്നതുകൊണ്ടു് ഈ പേർ ഉണ്ടായി. ൨. സ്നേഹം. ൩. വിഷം.

ഉപധാനീയം-തലയിണ.

ഉപധാനീയ-സമീപത്തു വെയ്ക്കത്തക്ക.

ഉപധാഭൃതൻ-അയോഗ്യനെന്നു സ്ഥാപിക്കപ്പെട്ട ഒരു ഭൃത്യൻ.

ഉപധി-൧. വ്യാജം. സമീപവസ്തുവിനെ മറച്ചുവെയ്ക്കുന്നതു് എന്നൎത്ഥം. എത്രയോ ളം അടുക്കുന്നുവോ അത്രത്തോളം ബാധിക്കുന്നതു് എന്നു താല്പൎയ്യം. ൨. ഭയം. ൩. രഥത്തിന്റെ ചക്രം.

ഉപധ്മാനി-മാരാരാചി.

ഉപനഖം-കൈവിരലിന്മേലെ ഒരു ദീനം.

ഉപനഗരം-അടുത്ത നഗരം.

ഉപനത-വി. ൧ വളഞ്ഞ, കുനിഞ്ഞ. ൨. നമസ്കരിച്ച, താണ.

ഉപനതി-൧. നമസ്കാരം. ൨. വളവു്.

ഉപനതാ-സമീപത്തെ പ്രാപിച്ചതു്, ഉപനമിക്കപ്പെട്ടതു്.

ഉപനയ(ന)ം-പ്ര. മേഖല കെട്ടുക, പൂണൂൽകല്യാണം.

[ബ്രാഹ്മണനു വസന്തത്തിലും, ക്ഷത്രിയനു ഗ്രീഷ്മത്തിലും, വൈശ്യനു ശരത്തിലും ഉപനയനംചെയ്യണമെന്നു് എന്നു ഭവിഷ്യൽപുരാണത്തിൽ കാണുന്നു. അതുകൂടാതെ ഈ മൂന്നു വർണ്ണങ്ങൾക്കും ഈ പ്രധാനമായ കർമ്മത്തിങ്കൽ ആചാര്യന്റെ അടുക്കൽ വിദ്യാഭ്യാസം തുടങ്ങുന്നു. യജ്ഞോപവീതം ആദ്യമായി ധരിക്കുന്നതും ഈ സമയത്തുതന്നെ ആയിരുന്നു. ഇപ്പോഴത്തെ ഉപനയനവും പണ്ടത്തെ ഉപനയനവും തമ്മിൽ അജഗജാന്തരമുണ്ടെന്നും മററും പ്രാചീനാർവ്വാചീനത്വങ്ങളിലെ ഗൃഹ്യധർമ്മങ്ങളിൽ പറയുന്നു. ഉപനയനത്തിനു ജന്മനാൾ വർജ്ജിക്കണം]. (അടിയോൽ എന്നതുനോക്കുക) വ. തിരുമാടമ്പു്. ന. സമീപത്തു വരുത്തുക.

ഉപനയം-പ്ര. പൂണൂൽകല്യാണം. വ. സമീപത്തു വരുത്തുക. ന. പഞ്ചാവയവവാക്യത്തിൽ ഒന്നു്. (ന്യായശാസ്ത്രം).

ഉപനയിക്കുക-പ്ര. പൂണൂൽകല്യാണം കഴിക്കുക. വ. സമീപത്തു വരുത്തുക.

ഉപനഹനം-പ്ര. വല്ലതും കെട്ടിവെച്ചിട്ടുള്ള തുണി. വ. ഒന്നിച്ചു കെട്ടുക.

ഉപനാഹം-പ്ര. വീണയുടെ കമ്പി കെട്ടിമുറുക്കുന്നതു. ബന്ധനസ്ഥാനം എന്നർത്ഥം. വ. പുഴുക്കിരി. ന. കരടീനം.

ഉപനിധാ, ഉപനിധാനം-പ്ര. അടുക്കൽവെയ്ക്കുക. വ. ഒരാളെ സൂക്ഷിപ്പാൻ ചുമതലപ്പെടുത്തുക.

ഉപനിധി-പ്ര. നിക്ഷേപം. വ. സൂക്ഷിപ്പാൻ കൊടുത്തതു്. ഉപനിധാനം ചെയ്യപ്പെട്ടതു് എന്നർത്ഥം.

ഉപനിയന്ത്രണം-പ്ര. ക്ഷണിക്കുക. വ. പ്രതിഷ്ഠ. ന. പട്ടാഭിഷേകം.

ഉപനിഷത്തു്-പ്ര. ധർമ്മം. വ. വിജനസ്ഥലം. ശ്രേയോമാർഗ്ഗം സ്ഥിതിചെയ്യുന്നതു് എന്നർത്ഥം. ന. ദൈവവചനം, ശ്രുതി. ര. സൂക്തം. ൫. രഹസ്യം.

[ഉപനിഷത്തുകൾ വ്യാഖ്യാനരീതിയിലുള്ള ഗ്രന്ഥങ്ങളാണു്. ആരണ്യകങ്ങളും (പ്രത്യേകം വേദാന്തവും) ഇവയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. വേദങ്ങളുടെ ഗൂഢാർത്ഥം ഇവയിൽനിന്നു ഗ്രഹിക്കാം. ഉപനിഷത്തുകൾ ജ്ഞാനമാർഗ്ഗപ്രദർശകങ്ങളാണു്. മുക്തികോപനിഷത്തനുസരിച്ചു് ഉപനിഷത്തുകൾ ൧൦൮. ഇവയിൽ പ്രധാനമായവയെ താഴെ പറയുന്നു.

'ഈശകേനകഠപ്രശ്ന
മുണ്ഡമാണ്ഡൂക്യതിത്തിരാഃ
ഐതരേയം ച ഛാന്ദോഗ്യം
ബൃഹദാരണ്യകം തഥാ'

ഉപനിഷത്തുമഹാകാവ്യകാലത്തെ സാഹിത്യാംഗങ്ങളിൽ ഒന്നാകുന്നു. ഉപനിഷത്തുകൾ രചിച്ചതു കലി ൨൦൦൦-നും ൨൫൦൦-നും മദ്ധ്യേ ആണെന്നു കാണുന്നു.]

ഉപനിഷ്കരാ-രാജധാനിയുടെ സമീപത്തുള്ള വിശാലമായ രാജമാർഗ്ഗം. സൈന്യങ്ങളാൽ അടുത്തു പരിചരിക്കപ്പെട്ടിരിക്കപ്പെടുന്നതുകൊണ്ടു് ഈ പേരുണ്ടായി. ൨. വീഥി രാജധാനിയിലേക്കു പോകുന്ന വഴി.

ഉപനിഷ്ക്രമണം-പ്ര. വെളിയിൽ പോവുക. വ. പ്രധാനവീഥി, തെരുവു്. ന. പ്രസവിച്ചാൽ ആ കുഞ്ഞിനെ ആദ്യമായി വെളിയിൽ കൊണ്ടുവരിക, ഇതു നാലാമത്തെ മാസത്തിൽ നടത്തുന്നതായും അഭിപ്രായമുണ്ടു്. സാധാരണമായി ഇപ്പോൾ കണ്ടുവരുന്നതു നാല്പതിനൊന്നിനാണു്.

ഉപനീത-അടുക്കൽ കൊണ്ടുവരപ്പെട്ട.
ഉപനീതൻ-പൂണൂൽകല്യാണം കഴിക്കപ്പെട്ടവൻ.
ഉപനീതി-പൂണൂൽകല്യാണം.
ഉപനുത-വി. സ്തുതിക്കപ്പെട്ട.
ഉപനൃത്യം-ആട്ടപ്പന്തൽ.
ഉപനേതാവ്-പൂണൂൽകല്യാണം കഴിപ്പിക്കുന്നവൻ [സ്ത്രീ-ഉപനേത്രി].
ഉപനേയം-കൊണ്ടുവരപ്പെടേണ്ടതു്.

'കുങ്കുമാദികൾ കൂലമാഭരണ-
മിങ്ങു സർവ്വമുപനേയം'
(നളചരിതം കഥകളി)

ഉപന്യസ്ത-വി. ഗ. പ്രസംഗിക്കപ്പെട്ട. വ. പണയംവെയ്ക്കപ്പെട്ട, വെയ്ക്കപ്പെട്ട. ന. കൊടുക്കപ്പെട്ട. ർ. ഉദാഹരണമായി പറഞ്ഞുതുടങ്ങപ്പെട്ട.
ഉപന്യാസം-ഗ. വചനാരംഭം, പ്രസംഗം. മറെറാരുപര്യായം-വാങ്മുഖം വ. പണയം.
ഉപന്യസിക്കുക-ഒരു വിഷയത്തെപ്പററി യുക്തിയുക്തമായി പ്രതിപാദിക്കുക.
ഉപപക്ഷം-തോൾ [വേദത്തിൽ പ്രയോഗം.]
ഉപപതി-രഹസ്യക്കാരൻ, ഒളിശയനക്കാരൻ. പതിയോടു സദൃശപ്പെട്ടത്തിയവൻ. അല്ലെങ്കിൽ പതിയെ ആട്ടിപ്പായിക്കുന്നവൻ എന്നർത്ഥം. മറെറാരുപര്യായം-ജാരൻ.
ഉപപത്തനം-അയൽപക്കം, അടുത്ത നഗരം.
ഉപപത്തി-ഗ. യുക്തം, വ. കാരണം. ന. സിദ്ധി. ർ. ഊണ. ഒ. അറിവു്.
ഉപപത്നി-വെപ്പാട്ടി, വിവാഹം ചെയ്യാതെ എടുത്ത ഭാര്യ.
ഉപപഥം-മതവിന്റെ സമീപം.
ഉപപദം-ചെറിയ പദം, സമാസപദം.
ഉപപന്നം-വി. ഗ. യോജിപ്പുള്ള, യോഗ്യമായതു്.

'കഷ്ടമിക്കോപ്പുപപന്നമല്ലോട്ടുമേ'
(അദ്ധ്യാത്മരാമായണം)

വ. പ്രാപിക്കപ്പെട്ടതു്.
ഉപപാതകം-താഴ്ന്നതരം പാപം.

'മഹാപാതകതുല്യാനി
പാപാന്യുക്താനിയാനിതു
താനിപാതകസംജ്ഞാനി
തന്ന്യൂനമുപപാതകം'

ഉപപാതം-മാന്ദ്യക്കേടു്, ആപത്തു്.
ഉപപാദനം-ഗ. യുക്തികാണിച്ചു ഒരു അഭിപ്രായം സ്ഥാപിക്കുക, തെളിയിക്കുക. വ. സാധിക്കുക. ന. കൊടുക്കുക.
ഉപപാദക-വി. ചെരുപ്പുള്ള.
ഉപപാദകൻ-പരബ്രഹ്മം, ദൈവം.
ഉപപാപം-താഴ്ന്നതരം പാപം.
ഉപപാർശ്വങ്ങൾ-ഇരുവശങ്ങൾ.
ഉപപുരം-അയൽപക്കം, അടുത്തനഗരം.
ഉപപുരാണം-താഴ്ന്നതരം പുരാണം [അഷ്ടാദശോപപുരാണം നോക്കുക].
ഉപപുഷ്പികാ-കോട്ടുവാ.
ഉപപ്രദർശനം-കാണിക്കുക, കണിപ്പു്.
ഉപപ്രദാനം-ഗ. വിശ്വസിപ്പിക്കുക. വ. കൈക്കൂലി. ന. സമ്മാനം.
ഉപപ്രലോഭനം-ഗ. ആഗ്രഹിപ്പിക്കുക. വ. വശീകരിപ്പിക്കുക. ന. കൈക്കൂലി.
ഉപപ്രേക്ഷണം-അശ്രദ്ധ, ഉദാസീനമായ വിചാരം.
ഉപപ്രൈഷം-ഗ. ക്ഷണം, വിളി. വ. സമൻകല്പന.
ഉപപ്ലവം-ഗ. കഷ്ടത, നാശം. വ. രാഹു. ന. ഗ്രഹണം.
ഉപപ്ലാവ്യം-ഒരു നഗരം [പാണ്ഡവന്മാർ അജ്ഞാതവാസം കഴിഞ്ഞു് ഈ നഗരത്തിലാണ് പാർത്തിരുന്നതു്].
ഉപപ്ലുത-വി. ഗ. പിടിപ്പിക്കപ്പെട്ട. രാഹുവിനാൽ പിടിപ്പിക്കപ്പെട്ട. വ.

ബുദ്ധിമുട്ടിപ്പിക്കപ്പെട്ട, ചഞ്ചലപ്പെടുത്തപ്പെട്ട.

ഉപബർഹം, ഉപബർഹണം-തലയിണ. ഇതിൽനിന്നു ശിരസ്സുപൊക്കുന്നു എന്നർത്ഥം. മറെറാരുപര്യായം-ഉപധാനം.

ഉപബൃംഹണം-വർദ്ധനം.

ഉപഭുക്തശിഷ്ടം-ഉച്ഛിഷ്ടം.

ഉപഭൂഷണം-താണതരം ആഭരണം.

ഉപഭൃത്ത് - അരയാലുകൊണ്ടുണ്ടാക്കിയ സ്രുക്കിന്റെ പേർ. യാഗത്തിനുപയോഗമുള്ള ഒരു പാത്രം, ഹോമാർത്ഥമായി ഭരിക്കപ്പെടുന്നതു് എന്നർത്ഥം.

ഉപഭോഗം-അനുഭവിക്കുക. ഉപഭുജിക്കുക എന്നർത്ഥം. മറെറാരുപര്യായം-'നിർവേശം'

ഉപമ-വി. തുല്യമായ.

ഉപമന്ത്രണം-ക്രി. വിളി, ക്ഷണം. വ. പറഞ്ഞുരസിപ്പിക്ക. ന. ബോധിപ്പിക്ക

ഉപമന്യു-ധൌമ്യമഹർഷിയുടെ ഒരു ശിഷ്യൻ.

ഉപമാ-തുല്യത; സാദൃശ്യം.

[നിഭം, സങ്കാശം, നീകാശം, പ്രതീകാശം, ഉപമം ഈ ശബ്ദങ്ങൾ സമാസത്തിന്റെ ശേഷമല്ലാതെ പ്രയോഗിക്കപ്പെടുന്നതല്ല].

ഒരലങ്കാരം. [ഒരു വസ്തുവിനെ മറെറാന്നിനോടു ചമൽക്കാരകാരകമായ സാദൃശ്യം ചെല്ലുന്നതു് ഉപമാലങ്കാരം].

ഉപമർദ്ദം-ക്രി. ഞെരുക്കം. വ. തേപ്പ്. ന. ഞെരുക്കുക, ഞെരിക്കുക. ര് കൊല്ലുക, നശിപ്പിക്കുക. ൩ വേദനയുണ്ടാക്കുക.

ഉപമാതാവ്-വളർത്തമ്മ.

'മാതൃഷ്വസാമാതുലാനീ
പിതൃവ്യസ്ത്രീപിതൃഷ്വസാ
ശ്വശ്രൂഃപൂർവ്വജപത്നീ ച
മാതൃതുല്യാഃ പ്രകീർത്തിതാഃ'

ഉപമാതി-ക്രി. സാദൃശ്യം. വ. കൊല.

ഉപമാദഃ-സന്തോഷം. വ. സ്വയംവരം.

ഉപമാനപദാർത്ഥങ്ങൾ-മനോഹര പദാർത്ഥങ്ങൾ. ചന്ദ്രൻ, താമര തുടങ്ങിയുള്ളവ.

ഉപമാനം-ക്രി. സദൃശപദാർത്ഥം. വ. (അലങ്കാരശാസ്ത്രപ്രകാരം) ഉപമചെയ്യുന്നതിൽ നാലെണ്ണങ്ങൾ ആവശ്യമുണ്ടു്. അവയിൽ ഒന്നു്.

[ഏതിനെ മറെറാന്നിനോടു് ഉപമിക്കുന്നുവോ അതു് ഉപമേയം. ഉപമേയം ഏതിനോടു തുല്യമെന്നു പറയപ്പെടുന്നുവോ അതു് 'ഉപമാനം'.]

ഉപമാരണം-വെള്ളത്തിൽ മുക്കിക്കൊല്ലുക. [വേദത്തിൽ പ്രയോഗം.]

ഉപമാലിനി-ഒരു വൃത്തം. അതിശക്വരീഛന്ദസ്സിൽപ്പെട്ടതു്. പാദമൊന്നിൽ അക്ഷരം പതിനഞ്ചുവീതം.

'നനതഭരമതെട്ടാൽമുറിഞ്ഞുപമാലിനി'
(വൃത്തമഞ്ജരി)

ഉപമാവാചകം-(അലങ്കാരത്തിൽ)സാദൃശ്യത്തെ കുറിക്കുന്നശബ്ദം.

ഉപമാസ്യം-മാസന്തോറും നടത്തുന്ന ശ്രാദ്ധം.

ഉപമിക്കുക-തുല്യമാക്കിപ്പറയുക.

ഉപമിത-വി. ഉപമിക്കപ്പെട്ട.

ഉപമിതി-തുല്യത.

ഉപമേതം-ചേതമരം.

ഉപമേയ-വി. ഉപമിക്കത്തക്ക.

ഉപമേയം-ഏതിനെ മറെറാന്നിനോടു ഉപമിക്കുന്നുവൊ അതു്. [ഉപമാനം എന്നു നോക്കുക.]

ഉപമേയോപമ-ഒരു അലങ്കാരം.

[ഉപമേയത്തെ ഉപമാനത്തോടു ഉപമിച്ചതിന്റെശേഷം മറിച്ചു ഉപമാനത്തെ ഉപമേയത്തോടും ഉപമിക്കുന്നതു്.]

ഉപയന്താവ്-ഭർത്താവ്.

ഉപയമം, ഉപയാമം-ക്രി വിവാഹം. അനാവശ്യത്തിൽ ഉപയോഗപ്പെടാതെ അട

ങ്ങി ഒതുങ്ങിയുള്ള വില എന്നൎത്ഥം. ൨. അടക്കം.

ഉപയാചനം-ഇരക്കുക.

ഉപയാത-വി. ൧. ഉപയാനംചെയ്യപ്പെട്ട. ൨. കൂടെ പോയ. ൩. സമീപത്തുവന്ന, തിരിയെവന്ന.

ഉപയാനം-൧. കൂടെ പോവുക. ൨. സമീപത്തു വരിക.

ഉപയാമം-൧. വിവാഹം. ൨. യാഗത്തിലുള്ള ഒരു പാത്രം.

ഉപയായി-വി. വരുന്ന.

ഉപയുക്ത-വി. കൊള്ളാവുന്ന, യോഗ്യമായ.

ഉപയുക്തം-൧. അവകാശം. ൨. ഉപയോഗമുള്ളത്. ൩. ശരിയായുള്ളത്.

ഉപയുക്തി-യോഗ്യത, ഉപായശം, ഉചിതം.

ഉപയോഗം-൧. പ്രയോജനം. ൨. ഉപകാരം, ഉചിതം. ൩. ചികിത്സ.

ഉപയോഗിത, ഉപയോഗിത്വം-൧. യോഗ്യത. ൨. പ്രയോജനം. ൩. ആവശ്യം.

ഉപയോജനം-കുതിരക്കു കോപ്പിടുക.

ഉപയോജ്യ-വി. ൧. യോഗ്യമായ, കൊള്ളാവുന്ന. ൨. പ്രയോജനമുള്ള.

ഉപയോഷം-ആനന്ദാത്മകം. [ഉപജോഷം നോക്കുക.]

ഉപരക്ത-വി. ൧. വ്യസനപ്പെട്ട. ൨. നിറപ്പകച്ചയുണ്ടായ.

ഉപരക്തൻ-൧. ദൈവികമായും മാനുഷികമായുമുള്ള പീഡകളെക്കൊണ്ടു വ്യാകുലനായവൻ. വ്യസനം ഹേതുവായിട്ടു മുഖഭാവം മാറിയവൻ എന്നൎത്ഥം. മറ്റൊരുപൎയ്യായം-വ്യസനാൎത്തൻ. ൨. രാഹുവിനാൽ വിഴുങ്ങപ്പെട്ട സൂൎയ്യൻ അല്ലെങ്കിൽ ചന്ദ്രൻ. ൩. രാഹു.

ഉപരക്ഷണം-൧. കാവൽസ്ഥലം. ൨. പടക്കുടിക്കു പുറമം സേനയുടെ രക്ഷക്കായുണ്ടാക്കുന്ന വേലി മുതലായതു, സൈന്യരക്ഷാൎത്ഥം നിറുത്തിയ കാവൽസൈന്യം. ൩. അണിനിരത്തുക.

ഉപരതൻ-രാജ്യഭരണം നിറുത്തി ശമത്തെ പ്രാപിച്ചവൻ.

ഉപരതം-ഉപേക്ഷിക്കപ്പെട്ടതു്, പൊയ്പ്പോയതു്, നിറുത്തിയതു്.

ഉപരതി-൧. വലുതായ സന്തോഷം. ൨. നിറുത്തു്, നിറുത്തൽ.

ഉപരത്നങ്ങൾ-താണതരം രത്നങ്ങൾ.

'ഉപരത്നാനികാചശ്ച
കൎപ്പൂരാശ്മാതഥൈവച
മുക്താശുക്തിസ്തഥാശംഖ
ഇത്യാദീനിബഹൂന്യപി
ഗുണായഥൈവരത്നാനാ
മുപരത്നേഷുതേതഥാ
കിന്തുകിഞ്ചിത്തതോഹീനാ
വിശേഷോയമുദാഹൃതഃ'

ഉപരമം-നിറുത്തുക, അവസാനിപ്പിക്കുക.

ഉപരാഗം-൧. സൂൎയ്യചന്ദ്രന്മാരുടെ ഗ്രഹണം. സൂൎയ്യനും ചന്ദ്രനും ഇതിനാൽ ഉപരഞ്ജിക്കപ്പെടുന്നു (ചുവക്കപ്പെടുന്നു) എന്നൎത്ഥം. മറ്റൊരുപൎയ്യായം 'ഗ്രഹം'. ൨. ചെമപ്പുനിറം. ൩. ആപത്തു, വേദന.

ഉപരാജാവു്-രാജാവിന്റെ പകരം രാജാധികാരത്തോടെ വാഴുന്നവൻ, രാജാവിന്റെ രണ്ടാമൻ.

ഉപരാമം-ഒന്നിൽ നിവൎത്തിക്കുക, അടങ്ങുക.

ഉപരി ൧. മേൽഭാഗത്തു്, മുകളെ. ൨. വലിയതു്.

ഉപരിചരൻ-ഒരു വസു.

'ഉപരിരാശക്തികൾചരിക്കുന്നമൂലം
ഉപരിചരനെന്നനാമവുമുണ്ടായ്വന്നു'
(ഭാരതം)

[ഇയാൾ വളരെ തപസ്സുചെയ്തു ഇന്ദ്രനോടുകൂടി അർഹിക്കാമെന്ന നിലയിലായപ്പോൾ ചേദിരാജ്യാധിപതിയായിരിപ്പാൻ ദേവന്മാർ ആവശ്യപ്പെട്ടു. അപ്രകാരം ചെയ്യാനായി ദേവേന്ദ്രൻ വിശേഷപ്പെട്ട വിമാനം മുതലായവ കൊടുത്തു. മത്സ്യൻ എന്നൊരു പുത്രനും സത്യവതി എന്നൊരു പുത്രിയും ഉണ്ടായിരുന്നു. മത്സ്യന്റെ അമ്മ, ഒരു ശാപം ഹേതുവായിട്ടു ഭൂമിയിൽ മത്സ്യമായി ജീവിച്ചിരുന്ന അദ്രിക എന്ന അപ്സരസ്ത്രീയാകുന്നു. സത്യവതി വ്യാസന്റെ അമ്മയുമാണത്രേ.]

ഉപരിപ്ലവബുദ്ധി- മീതെ കാണുന്നതിനെമാത്രം നോക്കുന്ന ബുദ്ധി.

ഉപരിശയനം-സുഖമെട്ടപ്പാനുള്ളസ്ഥലം

ഉപരുദ്ധ-വി. ഉപരോധിക്കപ്പെട്ട, തടയപ്പെട്ട, വളയപ്പെട്ട.

ഉപരൂപകം-താണതരം രൂപകം, ഇതു പതിനെട്ടുവിധമുണ്ട്.

'നാടികാത്രോടകംഗോഷ്ഠീ
സട്ടകംനാട്യരാസകം
പ്രസ്ഥാനോല്ലാപ്യകാവ്യാനി
പ്രേംഖണംരാസകംതഥാ
സംലാപകംശ്രീഗദിതാ
ശില്പകംചവിലാസികം
ദുർമ്മല്ലികാപ്രകരണീഹല്ലീ
ശോഭാണികേതിച'

ഉപരേഖം-അ. വരകളുടെ സമീപം.

ഉപരോധകം- രഹസ്യമുറി, സ്വകാര്യമുറി.

ഉപരോധം-൧. തടസ്സം, തടങ്ങൽ. ൨. കോട്ടയെവളയുക, വളയുക.

ഉപരോധിക്കുക-തടുക്കുക.

ഉപര്യധോഭാഗങ്ങൾ-ഉപരി (മേൽ) ഭാഗവും, അധോ (കീഴ്) ഭാഗവും.

ഉപര്യുപരി-മേല്ക്കുമേൽ.

ഉപലക്ഷക-വി. ൧. അടയാളമിടുന്ന. ൨. കാണുന്ന.

ഉപലക്ഷണം-൧. സംക്ഷേപണം. ൨. കുറിപ്പ്. ൩. കാഴ്ച. ൪. അടയാളം.

ഉപലക്ഷിതൻ-വി. ൧. കൂടിയ. ൨. കാണപ്പെട്ട. ൩. അടയാളമിട്ട. ൪. മനസ്സിലാക്കപ്പെട്ട.

ഉപലക്ഷ്യം-൧. താങ്ങ്, ആധാരം. ൨. രക്ഷാസ്ഥലം. ൩. കാണത്തക്കത്.

ഉപലബ്ധ-വി. ൧. ലഭിക്കപ്പെട്ട. ൨. അറിയപ്പെട്ട.

ഉപലബ്ധാർത്ഥ- ഏതെങ്കിലും ഉപായം കൊണ്ടറിഞ്ഞ വാസ്തവകഥയോടുകൂടിയത്.

[ഇതു കവികല്പിതമാത്രമല്ലാത്തതുംവാസ്തവത്തിൽ മുമ്പു നടന്നതുമായ കഥയെ പ്രതിപാദിക്കുന്ന 'വാസവദത്ത, ഹർഷചരിതം' മുതലായതിന്റെ പേരാകുന്നു]

ഉപലബ്ധി-൧. ബുദ്ധി. ൨. ജ്ഞാനം, ഉണർവ്. ൩. ലാഭം. പദാർത്ഥങ്ങളെ (ഉപലഭിക്കപ്പെടുന്നതു) വഴിപോലെ അറിയുന്നതു, വിചാരിച്ചു പരമാർത്ഥം അറിയുന്നതു എന്നു ശബ്ദാർത്ഥം.

ഉപലകം-കല്ല്.

ഉപലഭ്യം-ലഭിക്കപ്പെടുവാൻ യോഗ്യം.

ഉപലം-൧. കല്ല് (പാറ). കോപത്തോടെ പുറകെ ചെല്ലുന്നതു, അന്യവസ്തുക്കളെ പിടുക്കുന്നതു എന്നിങ്ങനെ അർത്ഥം.

[ഉ: = ശംഭോ. പല: = യോധക:. ഉപല: = ശിവലിംഗാദിശിലാവിശേഷങ്ങൾ ദേവത്സ്മൃതിയേയും ദേവത്വാനിശ്ചയത്തെയും ചെയ്യുക ഹേതുവായിട്ടു ഈ അർത്ഥം വന്നു.]

൨. രത്നം. ൩. കല്ലുണം. ൪. ചരൽ. ൫. കരപ്രദേശം.

ഉപലംഭം-ബോധം, ഇന്ദ്രിയങ്ങളുടെ സാമീപ്യം നിമിത്തമുണ്ടാകുന്ന ജ്ഞാനം.

ഉപലംഭിക്കുക എന്ന ശബ്ദാൎത്ഥം. ഇതിനെ പ്രത്യക്ഷമെന്നും സാക്ഷാൽകാരം എന്നും പറയുന്നുണ്ട്.

ഉപലംഭക-വി. ഓൎമ്മിക്കുന്ന.

ഉപലാ-ര. കല്ലുകളും വ. പഞ്ചസാര. കൂടെ ആദാനംചെയ്യപ്പെടുന്നതു് എന്ന ൎത്ഥം. ന. കല്ലു്.

ഉപലാളനം-വാത്സല്യം കാണിപ്പു്.

ഉപലാളിക-ര. ദാഹം. വ. ആശ.

ഉപലാളിത-വി. ഉപലാളിക്കപ്പെട്ട.

ഉപലിപ്സാ-ആഗ്രഹം.

ഉപലിംഗം-ഉല്ക്കുകനം.

ഉപലീഢ-വി. നക്കപ്പെട്ട.

ഉപലുപ്ത-വി ര. നശിപ്പിക്കപ്പെട്ട. വ. കുറയ്ക്കപ്പെട്ട.

ഉപലേപനം-ര. പൂശുക. വ. തൈലം ന. കഴമ്പു്.

ഉപവനം-പൂങ്കാവു്. നട്ടുനനച്ചുണ്ടാക്കി യ തോപ്പു്. സമീപത്തിലുള്ള വനം എ ന്നൎത്ഥം. മറെറാരുപൎയ്യായം-'ആരാമം' [സ്വാതേയുണ്ടായ അകൃത്രിമവനത്തിന ഈ പേർ പറഞ്ഞുകൂട].

ഉപവൎത്തനം-ര. ദേശം, ഇതിൽ ജന ങ്ങൾ സ്ഥിതിചെയ്യുന്നു എന്നൎത്ഥം. മററ പൎയ്യായങ്ങൾ-ദേശം, വിഷയം.

[ദേശമെന്നതുജനപദസമൂഹമാകുന്നു എന്നു ചിലരും ഗ്രാമസമൂഹവാചകമാ ണെന്നു മററ ചിലരും സ്ഥാനമാത്രമാ കുന്നു എന്നു വേറെ ചിലരും അഭിപ്രായ പ്പെടുന്നു].

വ. രാജ്യം, രാജ്യത്തിൻെറ ഒരംശം,കര ന. ശരീരാഭ്യാസംചെയ്യാനുള്ള സ്ഥലം ര. ഇരേൻനിലം

ഉപവൎത്തിക്ക-പ്രാപിക്ക.

ഉപവൎഷൻ-ശങ്കരസ്വാമിയുടെ പുത്രൻ.

ഉപവൎഹം-തലയിണ [ഉപബൎഹംഎന്ന ശബ്ദം അധികം നടപ്പു്].

ഉപവാദനം-പാടുന്നതിന ആരംഭിക്കു ന്നതിന മുമ്പു മൂളുന്ന ഒരു സ്വരം.

ഉപവസഥം-ഗ്രാമം.

ഉപവസിക്കുക-ര. ഭക്ഷിക്കാതിരിക്ക. വ. വ്രതമിരിക്കുക (നോൻപുനോക്കുക).

ഉപവസ്തം-ഉപവാസം, വ്രതം, (നോൻ പു്).

ഉപവസ്താവു്-ഉപവസിക്കുന്നവൻ.

ഉപവസ്തി-ജീവനെ രക്ഷിക്കുന്നതു്.[ആ ഹാരം, നിദ്ര മുതലായതു്].

ഉപവസ്ത്രം-ഉത്തരീയം.

ഉപവാകം-ര. വൎത്തമാനം വ. സ്തുതി. ന. കുടകപ്പാലയരി.

ഉപവാജനം-വിശറി.

ഉപവാദം-കുററപ്പെടുത്തൽ.

ഉപവാസനം-ഉടുപ്പു, വസ്ത്രം [വേദ ത്തിൽ പ്രയോഗം].

ഉപവാസം-ഭക്ഷിക്കാതിരിക്കുക, നോ ൻപു്. ഉപവസിക്കുകഎന്നൎത്ഥം. മററ രുപൎയ്യായം-'ഉപവസ്തം' (ഔപവസ്ത്രം).

ഉപവാസകം-ഉപവാസം.

ഉപവാസി-ഭക്ഷിക്കാതെയിരിക്കുന്ന.

ഉപവാഹനം-സമീപത്തുകൊണ്ടുവരുക, വഹിക്കുക.

ഉപവാഹ്യം, ഉപവാഹ്യ-രാജാവി ൻെറ ആന, രാജാവിൻെറ വാഹനം.

ഉപവി-ര. സ്നേഹം. വ. ലാഭം. ന. അനുഗ്രഹം.

ഉപവിഷ-അതിവിടയം. വിഷത്തിന സ ദൃശമായതു്, സ്വന്തകാൎയ്യത്തെ അതി വേഗത്തിൽ പ്രവൎത്തിക്കുന്നതു് എന്നൎത്ഥം.

ഉപവിഷങ്ങൾ-താന്ത്രികം കൃത്രിമമായ വിഷങ്ങൾ.

'അൎക്കക്ഷീരം സ്നുഹിക്ഷീരം
തഥൈവകലിഹാരികാ
ധത്തൂരഃകരവീരശ്ച
പഞ്ചചോപവിഷാസ്മൃതാഃ'

ഉപവിഷ്ട-വി. ഉപവേശിച്ച, ഇരുന്ന.

ഉപവീതം-വലത്തിടുന്ന പൂണൂൽ, ഇട ത്തെ ചുമലിൽ ക്ഷേപിക്കപ്പെടുന്നതു് എന്നർത്ഥം. മറെറാരു പര്യായം-'യജ്ഞസൂത്രം.'
[വലത്തിട്ടകമെന്നാൽ വലത്തെ കൈ പൊങ്ങിച്ച ഇടത്തെ ചുമലിൽ തട്ടിച്ചിട്ടുന്നതു എന്നർത്ഥം].

ഉപവീതി-പൂണൂൽ ധരിക്കുക.

ഉപവേദം-ആയുർവേദം (വൈദ്യം), ആയുധശാസ്ത്രം, സംഗീതം, ശില്പശാസ്ത്രം ഇവ നാലും.
[ഇവ വേദത്തോടു ചേർന്ന ശാസ്ത്രങ്ങളാകുന്നു. ഋഗ്വേദത്തിന് ആയുർവേദം (വൈദ്യം). യജുർവേദത്തിനു ധനുർവേദം (ആയുധശാസ്ത്രം). സാമവേദത്തിനു ഗാന്ധർവവേദം (സംഗീതം). അഥർവവേദത്തിനു സ്ഥാപത്യവേദം (ശില്പശാസ്ത്രം). ആയുർവേദം അഥർവവേദത്തിന്റെ ഉപവേദം എന്നു അഭിപ്രായക്കാരുണ്ടു്.]

ഉപവേശം, ഉപവേശനം-ഇരിപ്പു്.

ഉപവേശിക്കുക-ഇരിക്കുക.

ഉപവേഷ്ടനം-ഇടക്കെട്ടു.

ഉപവേഷ്ടിത-വി ഇടക്കെട്ടുകെട്ടപ്പെട്ട.

ഉപവൈണവം-ത്രിസന്ധ്യ. [പ്രഭാതം മദ്ധ്യാഹ്നം, സായാഹ്നം]

ഉപശമനം-അടക്കം.

ഉപശമം-അടക്കം, ക്ഷമ, ശാന്തത.

ഉപശമിക്ക-അടങ്ങുക.

ഉപശമിപ്പിക്ക-അടക്കുക.

ഉപശയം-ഃ സമീപത്തുകിടക്കുക. ഖ. നല്ലസുഖം, സന്തോഷം.

ഉപശല്യം -ഗ്രാമസമീപദേശം. [ശല്യത്തെ ഉപഗതം. അതു ഗ്രാമവാസികൾ ഇവിടെ വന്നും പോയും ഇരിക്കുന്നതെന്ന ശല്യം] മറെറാരുപര്യായം-'ഗ്രാമാന്തം'

ഉപശാഖ ചെറിയകൊമ്പു്, കൊമ്പിലെ കൊമ്പു്.

ഉപശാന്തി ഃ അടക്കം. ഖ. കഴിവു. ഗ. മോചനം. ഘ പഴക്കമുള്ള ആന.

ഉപശായം-ക്രമത്താലുള്ള ഉറക്കം. [കാവൽക്കാർ മണിക്കൂർ ക്ലിപ്തമാക്കി കാക്കുകയും ഒരുവന്റെ സമയം കഴിഞ്ഞാൽ മറെറാരുവനെ എഴുന്നേല്പിച്ച താനുറങ്ങുകയും ചെയ്യുന്നതു പതിവാണല്ലോ] മറെറാരു പര്യായം-വിശായം.

ഉപശാലം-ഃ ശാലക്കു സമീപം. ഖ. വീട്ടിനടുത്തുള്ള സ്ഥലം. ഗ. ക്രമത്തിലുള്ള നിദ്ര.

ഉപശി(ഘ)ന-മണപ്പിക്കുക.

ഉപശിക്ഷ,ഉപശിക്ഷണം-പഠിത്തം, അഭ്യാസം.

ഉപശിഷ്യൻ-ശിഷ്യന്റെ ശിഷ്യൻ.

ഉപശോഭിത-വി. പ്രകാശിക്കപ്പെട്ട, പ്രകാശിച്ച.

ഉപശോഭ, ഉപശോഭനം-അലങ്കരിപ്പു്.

ഉപശ്രാവിക-അംഗീകരിക്ക.

ഉപശ്രി അടപ്പു, മൂടി.

ഉപശ്രുത-വി. ഃ. വാഗ്ദാനംചെയ്ത. ഖ. അംഗീകരിക്കപ്പെട്ട ഗ. കേൾക്കപ്പെട്ട.

ഉപശ്രുതി-ഃ. മാറെറാലി. ഖ. വരംഫലം പറക, വരംഫലത്തെപ്പററി രാത്രിയിൽ കേൾക്കുന്ന ഒരു ആകാശവാണി. ഗ. പുരാണം.

ഉപശ്ലേഷം, ഉപശ്ലേഷണം-ആലിംഗനം.

ഉപശ്ലേഷിക്ക-സ്പർശിക്ക.

ഉപസത്തു്-ഃ. ജ്യോതിഷ്ടോമയാഗത്തിന്റെ ഒരു ഭാഗം. ഖ. എതിർക്കുക. ഗ. ശുശ്രൂഷ.

ഉപസക്തി-ഃ. ശുശ്രൂഷ. ഖ. ഭക്തി. ഗ. ശുശ്രൂഷ.

ഉപസംഖ്യാനം-൧ കണക്കുകൂട്ടുക. ൨ കൂട്ടൽ ചേൎക്കുക. ൩ പറയുക.

ഉപസംഗ്രഹം, ഉപസംഗ്രഹണം-൧ വണക്കം. ൨. ഉപകരണം ൩ ശേഖരിക്കുക, സ്വീകരിക്കുക. [ഭാൎയ്യയെ എന്നവൎണ്ണം].

ഉപസംഗ്രാഹ്യ-വി. വണങ്ങേണ്ടുന്ന

ഉപസദനം-അയൽപക്കം.

ഉപസദഃ-സമ്മാനം.

ഉപസന്ധാനം-ചേൎക്കുക, കൂട്ടുക.

ഉപസമ്പന്ന-വി. നേടിയ.

ഉപസമ്പന്നം-യാഗത്തിന കൊല്ലപ്പെട്ടപശു. കൊല്ലുന്നതിനായി ഉഴിഞ്ഞിട്ടതു എന്നൎത്ഥം. മറ്റുപൎയ്യായങ്ങൾ-പ്രമീതം, പ്രോക്ഷിതം.

ഉപസംയമം-൧ തടയുക. ൨. ലോകാവസാനം, ലോകനാശം.

ഉപസംവ്യാനം-അടിമുണ്ടു, ഉടുക്കുന്നവസ്ത്രം, ഉടുക്കപ്പെടുന്നതു എന്നൎത്ഥം.

ഉപസംഹരിക്കുക- പറഞ്ഞുനിൎത്തുക, അടക്കുക.

ഉപസംഹാരം-൧. പറഞ്ഞുനിൎത്തൽ, അവസാനം. ൨. അടക്കം. ൩. ജപിച്ചു പ്രയോഗിച്ച അമ്പു തിരിയെ മടക്കിക്കൊള്ളുക. ൪. മരണം. ൫. പിൻവലിക്കുക.

ഉപസംഹിത-വി. ചേൎക്കപ്പെട്ട.

ഉപസംഹൃത-വി. അവസാനിപ്പിക്കപ്പെട്ട, നിൎത്തപ്പെട്ട.

ഉപസമുദ്രം-൧. ഉൾക്കടൽ. ൨. സമുദ്രസമീപത്തിൽ

ഉപസരഃ-൧. ഗൎഭഗ്രഹണം. ൨. പ്രഥമഗൎഭഗ്രഹണം, ൩. പശുവിനുണ്ടാകുന്ന ആദ്യഗൎഭം. ൪. മൃഗങ്ങളുടെ ജനനം. ൫ മറ്റൊരുപൎയ്യായം—'പ്രജനം'. ൬. സമീപം

ഉപസരിക്കുക-അടുക്കുക, സമീപത്തു വരുക, ചെല്ലുക.

ഉപസൎഗ്ഗതൃഷ്ണാ-ഒരു രോഗം.

[ഈ തൃഷ്ണാനിദാനത്തിൽപെട്ടതാണ്. ഉപസൎഗ്ഗാത്മകമെന്നു പറയുന്നതു പനി, മോഹം, ക്ഷയം, ചുമ, ശ്വാസം, അതിസാരം മുതലായ രോഗങ്ങൾ ഉള്ളവൎക്കു വരുന്ന തൃഷ്ണയാണ്. ഈ ശരീരത്തെ ശോഷിപ്പിക്കും. കഷ്ടസാദ്ധ്യമാണ്. ലക്ഷണങ്ങൾ-വാക്കുകൾ പുറപ്പെടായ്ക, മോഹം, തളൎച്ച, വയറുവരൾച്ച, കഴുത്തും അണ്ണാക്കും ഉണങ്ങുക ഇവയാകുന്നു].

ഉപസൎഗ്ഗം-൧. ദുൎന്നിമിത്തം. ൨. ക്രിയാപദങ്ങൾക്കുമുമ്പേ വെയ്ക്കപ്പെടുന്ന പ്ര, പരാ തുടങ്ങിയ ചിലവാക്കുകൾ. ൩. ബാധാ. ൪. രോഗം. ൫. മരണചിഹ്നം. ൬. ഗ്രഹണം. ൭. കൂടുതൽ അൎത്ഥത്തെ സൃഷ്ടിക്കുന്നതു്. ൮. കൂട്ടുക.

[ഉപസൎഗ്ഗം എന്നാൽ കൂടെ സൃഷ്ടിക്കുന്നതു് എന്നൎത്ഥം. മംഗളാമംഗളങ്ങളുടെ പ്രവൎത്തകനായ ഈശ്വരൻ അവയുടെ ഫലം നല്കുന്നതോടുകൂടി ഈ ഉത്പാതങ്ങളെയും സൃഷ്ടിക്കുന്നു എന്നു താൽപൎയ്യം. ഉപസൎഗ്ഗം എന്നു ശുഭാശുഭങ്ങളെ സൂചിപ്പിക്കുന്ന ഉൽപാതവിശേഷങ്ങൾ എന്നാണ് അൎത്ഥം എന്നുവരികിലും ദുൎന്നിമിത്തം എന്ന അൎത്ഥത്തിനാണ് അധികം പ്രസിദ്ധിയുള്ളതു്. (വ്യാകരണപ്രകാരം) ഉപസൎഗ്ഗങ്ങൾ ൨൦. പ്ര, പരാ, അപ, സം, അനു, അവ, നിസ്(നിർ), ദുസ്(ദുർ), വി, ആ, നി, അധി, അപി, അതി, സു, ഉത്, അഭി, പ്രതി, പരി, ഉപ].

ഉപസൎജ്ജനം-൧ അപ്രധാനം. ഉപസൎജ്ജിക്കപ്പെടുന്നതു് (ഉപേക്ഷിക്കപ്പെടുന്നതു്) എന്നൎത്ഥം. കിങ്കരം, ഭണ്ഡാരം. ൨. ദുൎന്നിമിത്തം. ൩. വ്യാകരണത്തിൽ ഒരു സംജ്ഞ.

'പ്രഥമാനിർദ്ദിഷ്ടം സമാസ ഉപസർജ്ജനം'
(പാണിനിസൂത്രം)

**ഉപസർജ്ജിക്കുക**-ഉപേക്ഷിക്കുക.

**ഉപസർപ്പണം**-അടുത്തുവരുക.

**ഉപസർപ്പം**-പു. അടുപ്പം, സാമീപ്യം. വ. പിൻതുടച്ച.

**ഉപസർപ്പിണി**-ഒരു വൃത്തം [രാമായണം ൨൪ വൃത്തത്തിലെ ൨൨-ാമത്തെ വൃത്തം.]
'ചരണപല്ലവംകമ്പിട്ടുലക്ഷ്മണൻ
'മരമരികെച്ചേർന്നുമെല്ലെമറഞ്ഞപ്പോൾ'
(രാമായണം ൨൪ വൃത്തം)

**ഉപസൎയ്യ**-ചിനപിടിക്കാറായപശു, ഗർഭം ധരിക്കാറായ പശു. കാള ഉപസരിക്കുക (അടുത്തുകൂടിത്തുടങ്ങുക) കൊണ്ട് ഈ പേരുണ്ടായി.

**ഉപസംസ്കൃതം**-തയാർചെയ്യപ്പെട്ടതു്.

**ഉപസീതം**-കലപ്പ.

**ഉപസുന്ദൻ**-നികുംഭാ (സുനിന്ദാ) സുരന്റെ ഇളയ പുത്രൻ, മൂകന്റെ പിതാവു [നികുംഭന്റെ മൂത്ത പുത്രൻ സുന്ദൻ].
[ഹിരണ്യകശിപുവിന്റെ കാലത്തിൽ നികുംഭൻ എന്ന ഒരു അസുരനുണ്ടായി അവനു സുന്ദൻ എന്നും ഉപസുന്ദൻ എന്നും രണ്ടു പുത്രന്മാർ ജനിച്ചു. അത്യന്തം സാഹോദരവാത്സല്യത്തോടുകൂടി സമം ഒരുമിച്ചു പെരുമാറിവന്ന അവർ ത്രൈലോക്യം ജയിക്കണമെന്നു ഉദ്ദേശിച്ചു ബ്രഹ്മാവിനെ തപസ്സുചെയ്തു അന്യോന്യമായിട്ടു തങ്ങളെ ആരും കൊല്ലരുതെന്നു വരംവാങ്ങി. അനന്തരം അവർ ത്രിഭുവനങ്ങളെ നശിപ്പിപ്പാൻ വട്ടംകൂട്ടി. സകലം സഹിക്കവയ്യാതെ ദേവാദികൾ വിവരം ബ്രഹ്മാവിനോടറിയിച്ചു. ഉടൻ അദ്ദേഹം സത്യലോകശില്പിയെ വിളിച്ചു സർവചരാചരങ്ങളുടെയും സാരാംശത്തെ എടുത്തു ഒരു സർവാവയവ സൌന്ദര്യവതിയെ സൃഷ്ടിച്ചുകൊണ്ടുവരുന്നതിന് ആജ്ഞാപിച്ചു. ശില്പിശ്രേഷ്ഠൻ അപ്രകാരം ചെയ്തു. ലാവണ്യവൈശിഷ്ട്യഹേതുവായിട്ട് അവളെ ബ്രഹ്മാവു 'തിലോത്തമ' എന്നു നാമകരണംചെയ്തു. വേഗത്തിൽ ചെന്നു സുന്ദോപസുന്ദന്മാർക്കു പരസ്പരം കലഹമുണ്ടാക്കിത്തീർക്കണമെന്നു ബ്രഹ്മാവ് അവളോടു പറഞ്ഞു. ആജ്ഞയെ ശിരസാവഹിച്ചു തിലോത്തമ തിരിച്ചു. സുന്ദനും ഉപസുന്ദനും സഞ്ചരിക്കുന്ന സ്ഥലത്തെത്തി. അവളുടെ രൂപലാവണ്യം ഹേതുവായിട്ടു മന്മഥോന്മഥിത ചിത്തന്മാരായ ജ്യേഷ്ഠാനുജന്മാർ എന്റെ ഭാര്യ എന്റെ ഭാര്യ എനിക്കാവണം എനിക്കാവണം എന്നു പിണങ്ങി തമ്മിലടിച്ചു ഒന്നിച്ചു മരിച്ചു. കൂടുതൽ വിവരങ്ങൾക്കു ഭാരതം സംഭവപർവ്വം നോക്കുക. ഈ കഥയെ ഈ നിഘണ്ടുകാരനായ ഞാൻ (ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള) കഥകളിയായി എഴുതി അച്ചടിപ്പിച്ചിട്ടുണ്ട്. പേർ 'സുന്ദോപസുന്ദയുദ്ധം'.]

**ഉപസൂതിക**-വയറാട്ടി.

**ഉപസൂരണം**-കിഴങ്ങ്.

**ഉപസൂര്യകം**-പരിവേഷം. സൂര്യനെ ഉപഗമിച്ചതു് എന്നർത്ഥം. ഇതു സൂര്യചന്ദ്രന്മാരുടെ ചുറ്റും വൃത്താകാരത്തിൽ ചിലപ്പോൾ കാണാറുണ്ട്.
[സൂര്യന്റെ സമീപത്തിൽ സൂര്യനെപ്പോലെ ഇരിക്കുന്നതു് എന്നും അർത്ഥം കാണുന്നു. പരിവേഷം ഒരു ഉൽപാതസൂചകമാണെന്നു പറയപ്പെട്ടിരിക്കുന്നു.]

**ഉപസൃഷ്ട**-വി. ചേർക്കപ്പെട്ട, ചേരപ്പെട്ട.

**ഉപസൃഷ്ടം**-പു. ചേർക്കപ്പെട്ടതു്. വ. ചേച്ച.

**ഉപസ്രഷ്ടാൻ** - ഗ്രഹണസമയത്തെചന്ദ്രൻ അല്ലെങ്കിൽ സൂര്യൻ.

**ഉപാസകം, ഉപാസനം**-നമസ്കരിക്കുക, ഭജിക്കുക, സേവിക്കുക.

ഉപസ്കരാ-കറിവെപ്പാനുപയോഗമുള്ള മഞ്ഞൾപൊടി മുളകുപൊടി കായം ജീരകം മുതലായവ. മറെറാരുപൎയ്യായം-'വേസവാരം' കുഴമ്പാക്കിച്ചമച്ചസാധനം, കറി എന്നിങ്ങിനെയും അൎത്ഥം കാണുന്നുണ്ട്.

ഉപസ്കരണം-൧. കൊല, ൨. ഉപദ്രവം. ൩. ശേഖരിപ്പ്.

ഉപസ്കാരം-൧. ആഭരണം. ൨. ശേഖരിക്കുക.

ഉപസ്കൃതി-കൂട്ടിച്ചേൎപ്പ്, ന്യൂനതയെ പൂരിപ്പിക്കുക.

ഉപസ്തരണം-൧. ഉരുക്കുനെയ്യ്. ൨. തളിപ്പ്. ൩. തൂകുക, വിതറുക. ൪. നെയ്‌വിളമ്പുക. ൫. മെത്ത.

ഉപസ്തരിക്കുക-൧. നെയ്‌വിളമ്പുക. ൨. തളിക്കുക. ൩. തൂകുക, വിതറുക.

ഉപസ്തംഭം, ഉപസ്തംഭനം-൧. ജീവസംരക്ഷണം. [ആഹാരനിദ്രാദിപോലെ.] ൨. പ്രോത്സാഹിപ്പിക്കൽ.

ഉപസ്തി-൧. ഒരു വൃക്ഷം. ൨. ഭൃത്യൻ, പരിചാരകൻ [വേദത്തിൽ പ്രയോഗം]

ഉപസ്ത്രീ-വെപ്പാട്ടി.

ഉപസ്ഥ-വി. സമീപത്തിൽ ഇരിക്കുന്ന.

ഉപസ്ഥനിഗ്രഹം-അടക്കം.

ഉപസ്ഥം-൧. ഗുഹ്യം, സ്ത്രീയോനിയുടേയും പുരുഷലിംഗത്തിൻേറയും പേർ. [രണ്ടിനും പറയാം]. അന്യോന്യം അടുക്കൽ ഇരിക്കുന്നതു് എന്നൎത്ഥം. ൨. മടി (തുട).

ഉപസ്ഥാനം-൧. ബ്രാഹ്മണർ ഉച്ചയ്ക്കു് ചെയ്യുന്ന ഒരു കൎമ്മം. ൨. ഓൎമ്മ. ൩. പരിശുദ്ധസ്ഥലം.

ഉപസ്ഥാപം-മനസ്സിൽ ഉറപ്പിക്കുക, ഓൎമ്മയിൽ വരുത്തുക.

ഉപസ്ഥാപനം-സമീപത്തുവെക്കുക.

ഉപസ്ഥായകൻ-ഭൃത്യൻ.

ഉപസ്ഥിതി-൧. ഓൎമ്മ. ൨. അടുപ്പം ൩. ശുശ്രൂഷ. ൪. ലാഭം.

ഉപസ്ഥിതാ-൧. സമീപമായതു്. ൨. ഒരു വൃത്തം. ത്രിഷ്ടുപ്ഛന്ദസ്സിൽപെട്ടതു. പാദം ഒന്നിൽ അക്ഷരം ൧൧ വീതം.
'ഉപസ്ഥിതമേതാംജംസംതഗംഗം'
(വൃത്തമഞ്ജരി)

ഉപസ്ഥിത-വി. ൧. സമീപമായ. ൨. ഒരു വൃത്തം. ത്രിഷ്ടുപ്ഛന്ദസ്സിൽപെട്ടതു പാദം ഒന്നിൽ അക്ഷരം ൧൧ വീതം.
'തംജംജഗഗങ്ങളുപസ്ഥിതാഖ്യം'
(വൃത്തമഞ്ജരി)

ഉപസ്നേഹം-നനവുവരുത്തുക.

ഉപസ്പൎശം-൧. ആചമനം. ൨. കൂട്ടിത്തൊടുക. ൩. കുളി.

ഉപസ്മരണം-ഓൎമ്മ.

ഉപസ്മൃതി-൧. ഓൎമ്മ. ൨. താണതരം നിയമഗ്രന്ഥം, ഇതു ൧൮ വിധം ഉണ്ട്.

ഉപസ്രവണം-ഒഴുകുക, ഒഴുകൽ.

ഉപഹതക-വി. നിൎഭാഗ്യമുള്ള.

ഉപഹതി-൧. കൊല. ൨. ഉപദ്രവം.

ഉപഹരണം-൧. അടുക്കൽകൊണ്ടുവരിക. ൨. കാണിക്ക.

ഉപഹവം-൧. വിളി, ക്ഷണിക്കുക. ൨. സമൻസ് അയച്ചു വിളിക്കുക.

ഉപഹസിതം-പരിഹാസം, നിന്ദിച്ചു ചിരിക്കുക.

ഉപഹസ്തികാ-വെററില, പാക്ക്, ചുണ്ണാമ്പ്, പുകയില ഇവ ഇട്ടുവെയ്ക്കുന്ന പെട്ടി (സഞ്ചി).

ഉപഹാരം-൧. കാഴ്ചദ്രവ്യം, രാജാവിനു കൊണ്ടുചെല്ലുന്ന കാഴ്ചദ്രവ്യം. ഉപഹരിക്കപ്പെടുന്നതു് എന്നൎത്ഥം. ൨. പൂജാദ്രവ്യം

ഉപഹാലകം-കുന്തളരാജ്യം.

ഉപഹാസകൻ-൧. ഹാസ്യക്കാരൻ. ൨. കളിവാക്കു പറയുന്നവൻ.

ഉപഹാസം-ന. നിന്ദിച്ചുചിരിക്കുക. വ. പരിഹാസം. ന. നേരമ്പോക്ക്.

ഉപഹൂതൻ-ക്ഷണിക്കപ്പെട്ടവൻ.

'നിശ്ചക്രാമ നളോപി നിശ്ചിതമനാ ദൂതോപഹൂതഃ സ്വയം'

(നളചരിതം കഥകളി)

ഉപഹൃത-വി. ഉപഹരിക്കപ്പെട്ട.

ഉപഹ്വരം-ന. വിജനസ്ഥലം. വ. സമീപം. ഇവിടെ കുടിലമായി ഗമിക്കുന്ന എന്നർത്ഥം. ന. വണ്ടി.

ഉപാംശു-ന. രഹസ്യസ്ഥലം, വിജനപ്രദേശം. ഉപഗതങ്ങളായ അംശുക്കളോടു കൂടിയതു് എന്നർത്ഥം. വ. സമീപം,

ഉപാക-വി. ഒന്നിച്ചുചേൎന്ന [വേദത്തിൽ പ്രയോഗം].

ഉപാകങ്ങൾ-രാപ്പകലിനൊന്നായവർ.

ഉപാകരണം, ഉപാകർമ്മം-ന. ഉപനയനം കഴിഞ്ഞതിൽപിന്നെ ചെയ്യപ്പെടുന്ന വേദാരംഭം, വേദം പഠിപ്പാൻ തുടങ്ങുക. വ. വേദം പഠിക്കുന്നതിനു മുമ്പെ ചെയ്യപ്പെടുന്ന ഒരു കർമ്മം. ന. യാഗാർത്ഥം കൊല്ലപ്പെട്ട ആടു്. ര. ആരംഭം.

ഉപാകൃത-വി. ന. മന്ത്രങ്ങളോടു കൂടിയ. വ. സ്വീകരിക്കപ്പെട്ട.

ഉപാകൃതം-ന. യാഗത്തിങ്കൽ മന്ത്രോച്ചാരണപൂർവ്വകമായി ഹിംസിക്കപ്പെടുവാൻ ഭാവിക്കുന്ന പശു. വ. മന്ത്രിതം. ന. സ്വീകരിക്കപ്പെട്ടതു്.

ഉപാക്ഷം-അ. കണ്ണിന്മുമ്പേ, മുമ്പാകെ.

ഉപാഖ്യാനം-ന. വലിയകഥയുടെ ഇടയിൽ വരുന്ന ചെറിയ കഥ.

[ഭാരതം പാണ്ഡവരുടെ കഥയാണല്ലോ. അതിൽ പ്രസംഗവശാൽ ഏഴുതീട്ടുള്ള നളൻ, ശകുന്തള മുതലായവരുടെ കഥകൾക്കുള്ള പേർ].

വ. പലരും പറഞ്ഞുകേട്ട കഥ വീണ്ടും പറക.

ഉപാഗത-വി. അടുക്കൽവന്ന.

ഉപാഗമം-ന. അടുക്കൽവരിക. വ. പ്രതിജ്ഞ.

ഉപാംഗം-ന. ചന്ദനക്കുറി. വ. ശരീരത്തിനടുക്കൽ.

ഉപാഗ്രം-അററത്തിനടുത്തഭാഗം.

ഉപാഞ്ജനം-ചാണകംകൊണ്ടുമെഴുകുക.

ഉപാത്ത-വി. ന. ലഭിക്കപ്പെട്ട. വ. ആരംഭിക്കപ്പെട്ട.

ഉപാത്യയം-ന. ക്രമത്തെതെററി ചെല്ലുക. ഉപഗതത്തെ അതിക്രമിച്ചഗതിയെന്നർത്ഥം. മററുപര്യായങ്ങൾ-അതിപാതം, പര്യയം. വ. ക്രമക്കേടു, ക്രമംവിട്ട പ്രവൃത്തി. ന. ഉദാസീനം.

ഉപാദാനം-ന. ഇന്ദ്രിയങ്ങളെ അതാതുകളുടെ വിഷയങ്ങളിൽനിന്നു പിൻമടക്കുക. മറെറാരുപര്യായം- പ്രത്യാഹാരം. വ. വാങ്ങിക്കുക, എടുക്കുക. ന. ഭിക്ഷ.

ഉപാദീയമാനം- വാങ്ങിക്കപ്പെട്ടുവരുന്നതു്.

'നൃപന്മാർക്കുമററുള്ളവസ്തുങ്ങളിൽനി-
ന്നുപാദീയമാനംധനംനശ്വരംതാൻ'

(അദ്ധ്യാത്മരാമായണം)

ഉപാദേയം-സ്വീകരിക്കത്തക്കതു്.

ഉപാധാ-ന. അടുത്തോ മുകളിലോ വെക്കുക. വ. ധരിക്കുക.

ഉപാധി-ന. ധർമ്മവിചാരം. ആധിയോടടുത്തുനില്ക്കുന്നതു് എന്നർത്ഥം. ദുഃഖമുള്ളവനേ വസ്തുവമായി ധർമ്മവിചാരം ഉണ്ടാകയുള്ളൂ എന്നതു പ്രസിദ്ധമാണല്ലോ. മറെറാരുപര്യായം-ധർമ്മചിന്താ. വ. ആധി. ന. തടങ്ങൽ. ര. (വ്യാകരണപ്രകാരം) പ്രകൃതി, സ്വഭാവം, കാലം, പ്രകാരം, പ്രയോഗം, പുരുഷൻ, ലിംഗം, വചനം വ്യ-. ഒ. എപ്പോഴും കുടുംബഭരണത്തിനായി യത്നിച്ചുകൊണ്ടിരിക്കുന്നവൻ. ആധിയെ ഉപാദാനിച്ചവൻ എന്നർത്ഥം. മററുപര്യായങ്ങൾ-കുടുംബ

വ്യാപൃതൻ, അഭ്യാഗാരികൻ. ൬. ന്യായശാസ്ത്രപ്രകാരം ഷോഡശപദാൎത്ഥങ്ങളിൽ ഒന്നു്. ൭. വിശേഷ(ണ)ം.

ഉപാധിക-വി. അധികമായുള്ള.

ഉപാധിത്രയം-സ്ഥൂലം സൂക്ഷ്മം കാരണം ഇവ മൂന്നും.

ഉപാദ്ധ്യായൻ-വാദ്ധ്യാർ, പുരോഹിതൻ. ഇവന്റെ സമീപത്തുചെന്നു അദ്ധ്യയനം ചെയ്യുന്നതിനാൽ ഈ പേരുണ്ടായി. ഓതിക്കന്റെ പേർ എന്നും കാണുന്നു. [ബ്രാഹ്മണരിൽ വേദം പഠിപ്പിക്കുന്ന ഗുരുവിനു 'ഓതിക്കൻ' എന്നു പറയുന്നു.] മറെറാരുപൎയ്യായം- അദ്ധ്യാപകൻ. [ഉപാദ്ധ്യായർ-തത്സമത്തിൽ പ്രകൃതി,-വാദ്ധ്യാർ-തത്ഭവത്തിൽ വികൃതി.]

ഉപാദ്ധ്യായപത്നി-ഉപാദ്ധ്യായന്റെ ഭാൎയ്യ. പൎയ്യായങ്ങൾ-ഉപാദ്ധ്യായാനി, ഉപാദ്ധ്യായീ.

ഉപാദ്ധ്യായാ- വിദ്യ അഭ്യസിപ്പിക്കുന്നവൾ.

ഉപാദ്ധ്യായാനി-(സംസ്കൃതത്തിൽ) ഉപാദ്ധ്യായന്റെ ഭാൎയ്യ. (ഭാഷയിൽ) സ്വയം വാദ്ധ്യാരുടെ പ്രവൃത്തിചെയ്യുന്നവൾ. [പുല്ലിംഗം ഉപാദ്ധ്യായൻ.]

[ഉപാദ്ധ്യായശബ്ദം ആദിയിൽ വാദ്ധ്യായൻ എന്നും പിന്നീടു 'യ' കാരവും കൂടി ലോപിച്ചു വാദ്ധ്യാൻ എന്നും ആയതീൎന്നു. ഈയിടെ സ്ത്രീകളായ വാദ്ധ്യാന്മാർ ഉണ്ടായിത്തുടങ്ങിയപ്പോൾ 'ഉപാദ്ധ്യായാനി' എന്ന സംസ്കൃതരൂപത്തെ അവലംബിച്ചു 'വാദ്ധ്യായിനി' എന്നൊരു ശബ്ദം നടപ്പിൽ വന്നിരിക്കുന്നു. സംസ്കൃതത്തിൽ ഉപാദ്ധ്യായാനീ എന്നാൽ ഉപാദ്ധ്യായന്റെ ഭാൎയ്യയാണു്. ഭാഷയിൽ സ്വയം വാദ്ധ്യാരുടെ പ്രവൃത്തി ചെയ്യുന്നവൾ എന്നാണൎത്ഥം.-മണിദീപിക.]

ഉപാദ്ധ്യായി- വിദ്യ അഭ്യസിപ്പിക്കുന്നവൾ. മറെറാരുപൎയ്യായം-'ഉപാദ്ധ്യായാ' ൨. ഉപാദ്ധ്യായന്റെ ഭാൎയ്യ.

ഉപാനൽ-ചെരിപ്പ്.

ഉപാന്ത-വി. സമീപത്തുള്ള.

ഉപാന്തം-അ. സമീപം.

ഉപാന്തം, ഉപാന്ത്യം-കടക്കണ്ണ്, കണ്ണിന്റെ അററം.

ഉപാന്തിക-വി. സമീപത്തിലുള്ള.

ഉപാന്തികം-സമീപത.

ഉപാന്തിമ-വി. സമീപത്തുള്ള.

ഉപായജ്ഞൻ-പു. തന്ത്രത്തെ അറിയുന്നവൻ. ൨. (മലയാളത്തിൽ) കള്ളസമ്പ്രദായക്കാരൻ, കള്ളസൂത്രക്കാരൻ.

ഉപായനം-പു. കാഴ്ചദ്രവ്യം, രാജാവിനു കൊണ്ടുചെല്ലുന്ന കാഴ്ചദ്രവ്യം. സമീപത്തിൽ കൊണ്ടുചെല്ലുന്നതു് എന്നൎത്ഥം. മററുപൎയ്യായങ്ങൾ-ഉപഗ്രാഹ്യം, ഉപഹാരം, ഉപദാ ൨. അടുക്കൽ ചെല്ലുക ൩. കാണിക്ക

ഉപായം-പു. യുക്തി, തന്ത്രം. ൨. കള്ളസൂത്രം. ൩. കള്ളസമ്പ്രദായം. ൪. കൌശലം. ൫. നീക്കുപോക്ക്. ൬. സാമദാനാദി. ൭. വഞ്ചന.

ഉപായചതുഷ്ടയം-നാലുപായങ്ങൾ. സാമം, ദാനം, ഭേദം, ദണ്ഡം.

ഉപായക്കാരൻ, ഉപായി-പു. കള്ളസൂത്രക്കാരൻ. ൨. ചതിയൻ. ൩. കൌശലക്കാരൻ.

ഉപായാത-വി. സമീപത്തു വന്ന

ഉപായാതം-പു. വരവു്. ൨. സംഭവം.

ഉപാരം-പു. തെററു്. ൨. കുററം. ൩. പാപം. ൪. സമീപം. ൫. സാന്നിദ്ധ്യം.

ഉപാൎജ്ജിതം-ഉപാൎജ്ജിക്കപ്പെട്ടതു(സമ്പാദിക്കപ്പെട്ടതു).

ഉപാലംഭിക്ക-നിന്ദിക്ക.

ഉപാലംഭം, ഉപാലംഭനം-പു. ശകാരം, നിന്ദാവാക്ക്. ൨. ശാസിപ്പിക്ക

ഉപാവൎത്തനം-ഉരുളുക, ചുററുക.

ഉപാവൎത്തിക്ക-നിലത്തു കിടന്നുരുളുക.

ഉപാവൃത്ത-വി. പ്ര. നിലത്തു കിടന്നുരുളുന്ന. വ. നിന്നുപോയ.

ഉപാവൃത്തം- ക്ഷീണംതീൎപ്പാൻ പിന്നെയും പിന്നെയും നിലത്തു കിടന്നുരുളുന്ന കുതിര. ഉപാവൎത്തിക്കുന്നതു് എന്നൎത്ഥം.

ഉപാശ്രമം-ആശ്രമത്തിനടുക്കൽ.

ഉപാസകൻ-പ്ര. ഭജനംചെയ്യുന്നവൻ. വ. അനുചരൻ, ഭൃത്യൻ.

ഉപാസനം, ഉപാസന-പ്ര. ശുശ്രൂഷ. അടുത്തിരിക്കുക എന്നൎത്ഥം. മറുപൎയ്യായങ്ങൾ-വരിവസ്യ, ശുശ്രൂഷ, പരിചൎയ്യ. വ. സേവ.

ഉപാസനം-പ്ര. ശരാഭ്യാസം (വില്പയററു്). ശരത്തെ ഉപേക്ഷിക്കുക എന്നൎത്ഥം. വ. ശുശ്രൂഷ. ന. ഭജനം.

ഉപാസനപഞ്ചാംഗം-ജപം ഹോമം തൎപ്പണം അഭിഷേകം വിപ്രഭോജനം ഇവ ൫.

ഉപാസംഗം-പ്ര. ആവനാഴിക. ശരങ്ങൾ ഇതിൽ പററി നില്ക്കുന്നതിനാൽ ഈ പേരുണ്ടായി. വ. സമീപം.

ഉപാസാ-പ്ര. സേവകവൃത്തി. വ. ഭജനം.

ഉപാസിക്കുക-പ്ര. സേവിക്കുക. വ. ശുശ്രൂഷിക്കുക.

ഉപാസിത-വി. പ്ര. പൂജിക്കപ്പെട്ട. വ. സേവിക്കപ്പെട്ട. ന. വസിക്കപ്പെട്ട [ഉപാസിക്കപ്പെട്ടതു് ഉപാസിതം]. മറുപൎയ്യായങ്ങൾ-വരിവസിതം, വരിവസ്യിതം, ഉപചരിതം.

ഉപാസീന-വി. ഇരുന്ന.

ഉപാസ്തി-സേവ.

ഉപാസ്യൻ-സേവിക്കപ്പെട്ടവാൻ യോഗ്യൻ.

ഉപാഹിത-വി. പ്ര. കൂട്ടിച്ചേൎക്കപ്പെട്ട. ഉപധാനം ചെയ്യപ്പെട്ട എന്നൎത്ഥം. വ. വെയ്ക്കപ്പെട്ട.

'ഉപാഹിതാംവക്ഷസി പീവരസ്തനേ'

ഉപാഹിതം-പ്ര. ധൂമകേതു. അടുത്ത അനിഷ്ടത്തെ സൂചിപ്പിക്കുന്നതു് എന്നൎത്ഥം. വ. അഗ്നിയാൽ ഉണ്ടാക്കപ്പെട്ടആപത്തു് മറെറാരുപൎയ്യായം-'സംയോജിതം'.

ഉപാഹൃത-എടുക്കപ്പെട്ട. വ. കൊണ്ടുവരപ്പെട്ട. ന. പിടിക്കപ്പെട്ട. ൪. കൂടിയ.

ഉപേക്ഷ-ഉദാസീനത, മടി. വ. കളക. ന. നിന്ദ ൪. യോഗത്തിലേതുപായം,

ഉപേക്ഷണം-ഉപേക്ഷ.

ഉപേക്ഷണീയം-ഉപേക്ഷിക്കത്തക്കതു്.

ഉപേക്ഷിക്ക-പ്ര. തള്ളിക്കളക. വ. നിന്ദിക്കുക.

ഉപേക്ഷിത-വി. പ്ര. തള്ളപ്പെട്ട വ. ഉപേക്ഷിക്കപ്പെട്ട. പൎയ്യായങ്ങൾ-ത്യക്തം, ഹീനം, വിധുതം, സമുജ്ഝിതം, ധൂതം ഉൽസൃഷ്ടം ഇവ ആറു. ന. നിന്ദിക്കപ്പെട്ട.

ഉപേക്ഷ്യ-വി. പ്ര. തള്ളിക്കളയത്തക്ക. വ. നിന്ദിക്കപ്പെടത്തക്ക.

ഉപേത-വി. പ്രാപിച്ച, കൂടിയ.

ഉപേതി-വരവു്, അടുപ്പം, പ്രാപിക്കുക.

ഉപേന്ദ്രൻ-വിഷ്ണു. വാമനരൂപനായ ഇന്ദ്രന്റെ അനുജനായവൻ, ഇന്ദ്രന്റെ രക്ഷക്കായിട്ടു സമീപത്തിൽ സ്ഥിതിചെയ്യുന്നവൻ. ഇന്ദ്രലോകത്തിൽനിന്നു മേൽഭാഗത്തിൽ ഇരിക്കുന്നവൻ ഇങ്ങിനെ ശബ്ദാൎത്ഥം.

ഉപേന്ദ്രവജ്രാ-ഒരു വൃത്തം. ത്രിഷ്ടുപ് ഛന്ദസ്സിൽപ്പെട്ടതു്. പാദം ഒന്നിൽ ൧൧ അക്ഷരം വീതം കാണും.

'ഉപേന്ദ്രവജ്രാ ജതജം ഗഗംതം'

(വൃത്തമഞ്ജരി)

ഉപേയ-വി. പ്രാപിക്കത്തക്ക.

ഉപോഢ-വി. പ്ര. വിവാഹംചെയ്യപ്പെട്ട. വ. അടുത്ത. ന. വൎദ്ധിച്ച, ശേഖരിച്ച. ൪. ആരംഭിച്ച.

ഉപോതി, ഉപോതിക-ഒരു ചീര.

ഉപോദകാ, ഉപോദികാ, ഉപോദീകാ-കൊഞ്ഞുവശള, വശളച്ചീര, കൊഴപ്പ അധികം നീരുള്ളതു്, വെള്ളത്തിനടുത്തുനില്ക്കുന്നതു് എന്നൎത്ഥം.

ഉപോദകം-അ. വെള്ളത്തിനടുത്തു്.

ഉപോദ്ഗ്രഹം-അറിവു്, ജ്ഞാനം.

ഉപോദി-ഒരു വക ചീര, കൊഴുപ്പ.

ഉപോദ്ഘാതം-പു. പറവാൻ പോകുന്ന വിഷയത്തെപ്പററി വിവരിക്കുക അടുത്തറിയിക്കുന്നതു് എന്നൎത്ഥം. വ. ഉദാഹരണം, ദൃഷ്ടാന്തം. ന. ആരംഭം. മറെറാരു പൎയ്യായം-'ഉദാഹാരം'

ഉപോദ്ബലനം-പു. സ്ഥാപനം. വ. ഉറപ്പു്, സ്ഥിരീകരണം.

ഉപോഷണം, ഉപോഷിതം-ഉപവാസം, അനശനം.

ഉപോഷിക്കുക-ഉപവസിക്കുക

ഉപോഷിത-വി. ഉപവസിക്കപ്പെട്ട.

ഉപോഹം-പു. കൂട്ടുക വ. കൂട്ടം,

ഉപ്തകൃഷ്ട-വിതച്ചുടിച്ച [ഉപകൃത എന്നും കാണുന്നുണ്ടു്].

ഉപ്ത-പു വിതയ്ക്കപ്പെട്ട. വ. പടിക്കപ്പെട്ട

ഉപ്തകൃഷ്ടം-വിത്തുവിതച്ചു പിന്നേയും ഉഴുത നിലം. ആദ്യം വിതച്ചു പിന്നേ ഉഴുതതു് എന്നൎത്ഥം. മറെറാരുപൎയ്യായം-'ബീജാകൃതം'.

ഉപ്പനച്ചം-ഒരു ചെടി.

[ഇതിനെ 'അനിച്ചം' എന്നും 'മുപ്പുരച്ചം' എന്നും പറയാറുണ്ടു്. ഇതു വിഷത്തെയും ശോഫത്തെയും കളയും അതിവിദാഹിയല്ല. ഇതിന്റെ ഇല കറി ചെയ്താൽ-ഗ്രാഹി, വിദാഹി, കടു, രൂക്ഷം, ഹൃദ്യം, ദീപനം, പാചനം, ദൃക്ശുക്ലകൃമിഹരം, തീക്ഷ്ണം, ദോഷശുക്ലകരം, ലഘു].

ഉപ്പദ്രാവം-ഉപ്പുനീർ.

ഉപ്പൻ-ചെമ്പോത്തു് ഈശ്വരൻകാക്ക. പൎയ്യായം-ചകോരം (ചകോരകം).

[ഈ പക്ഷിയുടെ മാംസം മധുരവും സ്നിഗ്ദ്ധവും വാതപിത്തപ്രശമനവും ആണു്. പാകത്തിങ്കലും രസത്തിങ്കലും കടു. ഇതു കഫത്തെയും ശുക്ലത്തെയും വൎദ്ധിപ്പിക്കും].

ഉപ്പളം-ഉപ്പുപടന, ഉപ്പുവിളയുന്നസ്ഥലം.

ഉപ്പാ-അപ്പൻ [അറബിഭാഷ].

ഉപ്പാട്ടി-അച്ചി, നായർസ്ത്രീ.

ഉപ്പാളൻ-ഉപ്പുണ്ടാക്കുന്നവൻ.

ഉപ്പിക്ക-ഉപ്പുരസമാക്കുക

ഉപ്പിനികായി-ഉപ്പിലിട്ടതു്. (ഉപ്പിനകായി, കന്നടം).

ഉപ്പിപ്പു-ഉപ്പുരസം.

ഉപ്പിലിട്ടതു-പു. നാരങ്ങ, ഇഞ്ചി, മുളക, മാങ്ങ മുതലായവ, ഉപ്പിലിട്ടുവയ്ക്കുന്നതിന്റെ പേർ. വ. നാരങ്ങാക്കറി, ഇഞ്ചിക്കറി മുതലായവയ്ക്കും പറയാമെന്നു പക്ഷമുണ്ടു്. ന. ഉപ്പിലിട്ട സൂക്ഷിക്കുന്നവസ്തു.

ഉപ്പില്ലാപത്ഥ്യം-ഉപ്പുകൂടാത്ത പത്ഥ്യം.

ഉപ്പിളി-പാമ്പിന്റെ പുറത്തെ തോലു് (പാമ്പിൻചട്ട) ഉപ്പുക എന്നതിനു തമിഴിൽ വീൎക്കുക എന്നൎത്ഥം. അതിൽനിന്നു ഉപ്പിളി ഉണ്ടായി

ഉപ്പിറച്ചി-ഉപ്പിലിട്ടുണങ്ങിയ മാംസം.

ഉപ്പു്-പു കടലുപ്പു്. പൎയ്യായങ്ങൾ-സാമുദ്രം, ലവണം, അക്ഷീവം, വശിരം.

[വൈദ്യശാസ്ത്രപ്രകാരം ഉപ്പു പ്രധാനമായി എട്ടുവിധം ഉണ്ടെന്നു കാണുന്നു. തുവച്ചിലയുപ്പു്, ഇന്തുപ്പു്, വിളയുപ്പു് (വളയുപ്പു്), കടലുപ്പു്, ഉവരുപ്പു്, മേരുപ്പു്, പൊടിയുപ്പു് (വെടിയുപ്പു്), കാരുപ്പു് (നാട്ടുപ്പു്), ഇവയെല്ലാം തീക്ഷ്ണവും

ഉഷ്ണവും വൃഷ്യവുമാണ്. മലത്തെ ഉണ്ടാക്കും. വാതഘ്നമാണ്. കഫപിത്തങ്ങളെ ചെയ്യും. കല്ലുപ്പിനു ചവരുപ്പ് ഇന്തുപ്പ് ഇങ്ങിനെയും പേരുകാണുന്നു. കൃഷിശാസ്ത്രപ്രകാരം ഉപ്പു വളത്തിനു നന്ന്. ഇതു തെങ്ങുകൾക്കും വെടിയുപ്പോടു ചേർത്താൽ കോതമ്പിനും മുത്താറിക്കും ഉപയോഗമുള്ള വളമാണ്. ഉപ്പു മനുഷ്യർക്ക് എന്നപോലെ മൃഗങ്ങൾക്കും ആവശ്യമാണ്. ദഹനം ഉണ്ടാക്കും, രോഗത്തിന് ഇടയാക്കുകയില്ല. വയററിലെ കൃമികളെ നശിപ്പിക്കും].

വ. കാളയുടെ പൂഞ്ഞുകററി.

ഉപ്പുകടൽ-ലവണസമുദ്രം.

ഉപ്പുകളർ-ഉപ്പു അധികമായിക്കാണുന്ന ഒരു മാതിരി വെളുത്ത മണ്ണ്. (കൃഷിശാസ്ത്രം).

ഉപ്പുകുത്തി, ഉപ്പില-ഉപ്പിനു നനവുതട്ടാതിരിപ്പാനുള്ള ഒരു വക ഇല.

ഉപ്പുകററി, ഉപ്പൂററി-കതികാൽമടമ്പ്, പാദമൂലം

ഉപ്പുകററി-ഉപ്പുരുക്കുന്ന പാ.

ഉപ്പുകൊററൻ-പു. ഉപ്പുകൃഷികൊണ്ട് ഉപജീവിക്കുന്നവൻ. വ. ഉപ്പുകച്ചവടക്കാരൻ. ന. താണജാതിയിലുള്ള ഒരു പ്രസിദ്ധനായ ജ്ഞാനി (മുനി)

ഉപ്പുകൊററവർ-തമിഴരിൽപെട്ട കള്ളന്മാരായ ഒരു വകക്കാർ.

ഉപ്പുതന്ത-ഉപ്പിനകത്ത് ഉറഞ്ഞുകിടക്കുന്ന ചളി

ഉപ്പുതെളി-പു. ഉപ്പിന്റെ തെളി. വ. ഉപ്പുകലക്കിത്തെളിക്കുന്ന ഒരു പച്ചമരുന്നു. ന. ഉപ്പുവള്ളി.

[ഉപ്പുവള്ളിയുടെ നീര ചെറുനാരങ്ങാനീരിൽ ചേർത്തു കൊടുക്കുന്നതു വാതത്തിനും നന്ന്].

ഉപ്പുപടന(ന്ന)-ഉപ്പുവിളയുന്ന സ്ഥലം. പര്യായങ്ങൾ-ഗഞ്ജം, രുമം, ലവണാകരം ഇവ മൂന്നും.

ഉപ്പുപണ്ടകശാല-ഉപ്പു ശേഖരിച്ചിടുന്ന കെട്ടിടം.

ഉപ്പുമത്തി-ഉപ്പിലിട്ടുണങ്ങിയ ഒരു വക മത്സ്യം.

ഉപ്പുമഴ-ഉപ്പുകട്ടകൾ പതിക്കുന്ന മഴ.

[ഉപ്പുമഴ ൧൮൭൭ അക്ടോബർ ൨ നു- കൊട്ടാരക്കര റെയിൽവേസ്റ്റേഷനു സമീപമുള്ള ഒരു സ്ഥലത്തു പെയ്തു. ഏകദേശം ൧൫ മിനിട്ടുനേരത്തെയ്ക്കു വർഷപാതത്തോടുകൂടി ഉപ്പുകട്ടകൾ പതിച്ചുകൊണ്ടിരുന്നു. ഇതു സമുദ്രതീരങ്ങൾക്കു സമീപം എവിടെയോ ചുഴലിക്കാററുണ്ടായതിൽ ജലവഞ്ചം സഞ്ചരിച്ചു അധോഭാഗത്തുള്ള ജലത്തെ ആകർഷിച്ചു അതിനെ വളരെ ദൂരംകൊണ്ടുവരികയും ആ ജലം ഘനീഭവിച്ചപ്പോൾ അതിലുള്ള ലവണാംശങ്ങൾ ഭൂമിയിൽ പതിക്കുകയും ചെയ്തതാണെന്നാണ് അറിഞ്ഞവരുടെ അഭിപ്രായം-'കേരള' ൧൦൫൩ കുംഭം. പുസ്തകം ൫, ലക്കം ൨]

ഉപ്പുമാങ്ങ-ഉപ്പിലിട്ട മാങ്ങ.

ഉപ്പുമീൻ-ഉപ്പിലിട്ടുണങ്ങിയ മത്സ്യം.

ഉപ്പുരസം-ഉപ്പിന്റെ രുചിയുള്ളത്. പര്യായം-'ലവണം'.

ഉപ്പുസമുദ്രം-ഉപ്പുകടൽ.

ഉപ്പൂററി-ഒരു ചെടി.

[ഇതിന്റെ ഇല സ്വാദും രൂക്ഷവുമാണ്. വാതശ്ലേഷ്മങ്ങളെ ഉണ്ടാക്കും. ഗുരുവും ശീതളവുമാകുന്നു. വിരേചകമാണ്. വിഷ്ടംഭത്തെ ചെയ്യും. താമസിച്ചു ദഹിക്കും].

ഉപ്പൂററി-കാലടിയുടെ പിൻപുറം

ഉപ്പേരി-ഉപ്പുചേർത്തു എണ്ണയിൽ (വെളി

ച്ചെണ്ണയിൽ) വറുത്തുണ്ടാക്കുന്ന ഭക്ഷണ സാധനം.

ഉഭയചര-വി. പ്ര. ഭൂമിയിലും ജലത്തിലും വസിക്കുന്ന. ഉ. കാററിൽ വസിക്കുന്ന

ഉഭയനിശാ-മഞ്ഞളും മരമഞ്ഞളും.

ഉഭയതഃ-അ. രണ്ടു പ്രകാരം.

ഉഭയത്ര-രണ്ടു സ്ഥലത്തും, രണ്ടു വശത്തും.

ഉഭയം-രണ്ടുകൂടിയ, രണ്ട്.

ഉഭയം-പ്ര. പഷിശ. ഉ. നിലം. ന. മരഫലം, തെങ്ങ്, കവുങ്ങ്, പിലാവ്, വള്ളി ഈ നാലുനുഭവമുള്ള വൃക്ഷങ്ങൾ. ൪. അനുഭവം.

ഉഭയരാശി-മിഥുനം, കന്നി, ധനു, മീനം ഈ നാലുരാശികൾക്കുംകൂടിയുള്ള പേർ.

ഉഭയസമ്മതം-വാദിപ്രതികൾ തമ്മിലുള്ള സമ്മതം, ഉടമ്പടി.

ഉഭയീയ-വി. രണ്ടിനേയും സംബന്ധിച്ച.

ഉഭയേദ്യുഃ-പ്ര. രണ്ടുദിവസത്തിൽ. ഉ. തലേനാളും പിറേറന്നാളും.

ഉഭസ്ഥീൻ-മോത്.

ഉഭൌമേധ-മേധയും, മഹാമേധയും.

ഉമഃ-പ്ര. പട്ടണം. ഉ. തുറമുഖം.

ഉമ്ക്കുക-ചെണ്ടുകൂട്ടുക.

ഉമരി, ഉവരി-കടൽ.

ഉമാ-പ്ര. പാർവ്വതി, രക്ഷിക്കുന്നവൾ [ഉ= അല്ലയോ. മാ= അരുത്. അമ്മയാൽ തപസ്സിൽനിന്നു നിഷേധിക്കപ്പെട്ടതുകൊണ്ട് ഉമാ എന്ന പേരുണ്ടായി.]

[ഉമാ=ഉ+മാ. ഉ=തപസ്സ്. മാ =അരുത്. 'ഉ' എന്നതിനു സംബോധനാർത്ഥവുമുണ്ട്. (ഹേ വത്സേ!) തപസ്സ് അരുതെന്നും അല്ലേ പുത്രി! അരുത് എന്നും ഉമാ എന്ന പദത്തിന് അർത്ഥം ഉണ്ട്. 'ഉ'വിന്റെ (ശിവന്റെ) മാ=ലക്ഷ്മി. ലക്ഷണയാ ലക്ഷ്മി എന്നർത്ഥം].

'ഉമേതിമാത്രാ തപസോനിഷിദ്ധാ
പശ്ചാദുമാഖ്യാം സുമുഖീജഗാമ'
(കുമാരസംഭവം)

ഉ. അഗശ. ഇതിന്റെ പൂവ് മാല കെട്ടി ശിവനു ചാർത്തുന്നതുകൊണ്ട് ഈ പേർ വന്നു. ന. പ്രകാശം, കാന്തി, ശോഭ. ൪. കീർത്തി, മാനാ. ൫. ശാന്തത. ൬. രാത്രി. ൭. മഞ്ഞൾ.

ഉമാഗുരു-ഹിമാലയപർവ്വതം.

ഉമാജനകൻ-ഹിമാലയപർവ്വതം.

ഉമാപതി-ശിവൻ. ഉമയുടെ (പാർവ്വതിയുടെ) ഭർത്താവ്.

ഉമാപതിധരൻ-ജയദേവരുടെ സമാനകാലീനന്മാരായ കവികളിൽ ഒരുവൻ.

ഉമാർ-ജീവിതകാലം.

ഉമാസുതൻ-പ്ര. സുബ്രഹ്മണ്യൻ. ഉ. ഗണേശൻ.

ഉമി-ധാന്യങ്ങളുടെ തൊലി. പര്യായങ്ങൾ -ധാന്യത്വക്ക്, തുഷം.

ഉമിക്കരി-ഉമികരിച്ചത്.

ഉമിക്കുക-തുപ്പുക.

ഉമിത്തീയ്-ഉമിയിൽപിടിച്ച തീയ്.

ഉമിനീര്-വായിലെവെള്ളം, തുപ്പൽ.

ഉമിയുക, ഉമിഴുക-പ്ര. തുപ്പുക. ഉ. തുപ്പലിറക്കുക. ന. കലുക്കഴിയുക.

ഉമിർ-ദേഹത്തിലെരോമം.

ഉമിഴ്-തുപ്പൽ.

ഉമിഴ്ക, ഉമിഴുക-പ്ര. തുപ്പുക. [ഉമിഞ്ഞു=തുപ്പി.] ഉ. പുറത്തു തള്ളുക.

ഉമേദവാർ-ഉദ്യോഗത്തിനു കാത്തുനിന്നു ജോലി പരിചയിക്കുന്നവൻ. Vclunteer (വളൻറിയർ) ഉമേദവാർ പേർഷ്യൻ ഭാഷയാണ്.

ഉമ്മ-മുത്തം, ചുംബനം. [കർണ്ണാടകം= ഉമ്മു.]

ഉമ്മക്കൊടുക്കുക-മുത്തുക, ചുംബിക്കുക.

ഉമ്മം, ഉമ്മത്ത്-പ്ര. ഒരുചെടി. പര്യ°

യങ്ങൾ-ഉന്മത്തം, കിതവം, ധൂർത്തം, ധത്തൂരം, കനകാഹ്വയം, മാതുലം, മദനം ഇവ ഏഴും.

[ഇതിന്റെ കായ്ക്കു 'മാതുലപുത്രകം' എന്നു അമരം. ഉന്മാ ഒരു ഉപവിഷമാകുന്നു. മന്ത്ര, അനുപാനം മുതലായവിധികൾ ഇവയെ നല്ലപോലെ അറിഞ്ഞു പ്രയോഗിച്ചാൽ ജ്വരം, കുഷ്ഠം, കാസശ്വാസം, വിഷം, ക്ഷയം, മൂത്രകൃച്ഛ്രം, അശ്മരി, പ്രമേഹം മുതലായവക്ക് കൈകണ്ടമരുന്നാണ്. സൂക്ഷിച്ചുചെയ്യാഞ്ഞാൽ മരണം വരുത്തും. പേപ്പട്ടിവിഷത്തിന് ഒന്നാംതരമാകുന്നു. വെളുത്തനിറത്തിലും നീലനിറത്തിലുമുണ്ട്. സ്വർണ്ണനിറത്തിൽ പൂവുള്ളതു കടചാദ്രിയുടെ മുകളിൽ ഉള്ളതായി പറയുന്നു.]

വ. സ്വർണ്ണക്ഷയം, കനകമത്താങ്ങൽ, പൊൻപൊടിപ്പ്.

ഉമ്മത്ത്-ജനങ്ങൾ. (അറബിഭാഷ).

ഉമ്മൻ-മൂമൻ.

ഉമ്മരപ്പടി-വാതിൽപ്പടി.

ഉമ്മരപ്പല്ല്-മുൻഭാഗത്തെപല്ല്,മുൻപല്ല്

'ഉമ്മരത്തെപല്ലുകൊണ്ടു
ചിരിക്കുന്നമ്മയെക്കണ്ടാൽ'
(സഭാപ്രാവശം റുള്ളൽ)

ഉമ്മ(റ)പ്പൂങ്കാവ്-ഗൃഹത്തോടു ചേർത്തു വച്ചു പിടിപ്പിച്ചുണ്ടാക്കുന്ന പൂന്തോട്ടം. പര്യായങ്ങൾ-ഗൃഹാരാമം, നിഷ്കുടം ഇവ രണ്ട്.

ഉമ്മരം, ഉമ്മാരം-ന. മുൻഭാഗം. വ. വാതിൽപടി.

ഉമ്മാ, ഉമ്മാച്ചി, ഉമ്മച്ചി-ന. അമ്മ. (അറബിഭാഷ) വ. ജോനകസ്ത്രീ.

ഉമ്മാൻ-അമ്മ. (അറബിഭാഷ)

ഉമ്മാൾ-അമ്മ ഇന്നാൾ.

ഉമ്മാണി-കാച്ചു.

ഉമ്മിണി-അ. കുറെ, അല്പം.

ഉമ്മിണി-ഒരു പേര്.

ഉമ്മിട്ടം-ദുർഘടമായ ശ്വാസംവിടുതൽ. വ. കുട്ടികൾ കരഞ്ഞു ദീർഘശ്വാസം വിടുക [ഇതു വിമ്മിട്ടം എന്ന ശബ്ദം ആയിരിക്കണം.]

ഉമ്യം-ഉമ (അഗശി) വിളയുവാൻ യോഗ്യമായ ക്ഷേത്രം. മറ്റൊരുപര്യായം-ഔമീനം.

ഉം-ന. ഒരു പ്രധാനവ്യാക്ഷേപകം. വ. കോപം, അനുജ്ഞ, വാദം, ശമനം മുതലായവയിൽ പ്രയോഗിക്കുന്ന ഒരു അവ്യയം. ന. വാക്കുകളെ തമ്മിൽ ചേർക്കുന്ന ഒരു അവ്യയം. ദ. ഒരു ഘടകനിപാതം. [ഉ-ം, പാർവ്വതിയുടേയും ലക്ഷ്മിയുടേയും സംവാദം.]

ഉമ്പർ-ദേവകൾ.

ഉമ്പർകോൻ-ഇന്ദ്രൻ.

ഉമ്പർതടിനി-ഗംഗ.

ഉമ്പർനാട്, ഉമ്പർപുരം-സ്വർഗ്ഗം.

ഉയന്തുക-എമ്പക്കമിടുക.

ഉയരം-പൊക്കം. പര്യായങ്ങൾ-ഉച്ഛ്രായം, ഉത്സേധം, ഉച്ഛ്രയം ഇവ മൂന്നും.

ഉയരുക-ന. പൊങ്ങുക, കിളരുക. വ. പ്രബലമാവുക, ശ്രേഷ്ഠമാവുക.

ഉയരെ, ഉയരവേ-അ. പൊക്കത്തിൽ, മുകളിൽ.

ഉയർത്തുക-പൊക്കുക, വലിയസ്ഥിതിയിലാക്കുക.

ഉയർച്ച-പൊക്കം, ഉയരം.

ഉയന്നതു-ഉയർച്ചയുള്ളതു. പര്യായങ്ങൾ-ഉച്ചം, പ്രാംശു, ഉന്നതം, ഉദഗ്രം, ഉച്ഛ്രിതം, തുംഗം ഇവ ആറും.

ഉയന്നിലം-പൊങ്ങിയ നിലം.

ഉയർമല-പൊങ്ങിയ മല.

ഉയിർ-ന. ജീവൻ. വ. ശ്വാസം.

ഉയിക്കുക-ജീവിക്കുക, ജീവനുണ്ടാവുക.

ഉയിപ്പിക്കുക-ജീവിപ്പിക്കുക,ജീവനുണ്ടാക്കുക.

ഉയിപ്പ്-ജീവിപ്പ്.

ഉയിപ്പിക്ക-ജീവിപ്പിക്ക.

ഉയിൽ-മരണപത്രിക.

ഉയ്യുമാറ്-മീട്ടത്തക്കവണ്ണം.

ഉര-ധാ. പറയുക.

ഉര-ധാ. തമ്മിൽ ചേൎന്നിരിക്കുക.

ഉര-പ്ര. കീൎത്തി, വീൎയ്യം.
'ഉരപെരുകിയപുത്രന്മാരിലേററംതരാനീം'
(ഭാഷാനൈഷധചമ്പു)
വ. ഉരസൽ. ന. തേപ്പ്. ര. വാക്ക്.

ഉരകല്ല്, ഉരക്കല്ല്-പ്ര. സ്വൎണ്ണം മാററ നോക്കുന്നതിനുള്ള കല്ല്. വ. കത്തികടയുന്ന ചാണ. പൎയ്യായങ്ങൾ-ശാണം, നികഷം, കഷം ഇവ മൂന്നും.

ഉരക്കുക-പ്ര. തേയ്ക്കുക. വ. പറയുക. ന. ബലപ്പെടുക, കടുപ്പമാവുക.

ഉരക്ഷതം-പ്ര. ഉരസ്സിലെ മുറിവ്. വ. ഒരു രോഗം. ഉരസ്സിന്റെ ഉള്ളിലെ മുറിവ്.
[കഠിനഭാരം വഹിക്ക, ബലവാനോടു പിടിക്കുക, ഉയരത്തിൽനിന്നു വീഴുക, ഓടുന്ന കുതിര മുതലായവയെ പിടിച്ചു നിറുത്തുക മുതലായതിൽ ഇതുണ്ടാകുന്നു]

ഉരഗധ്വജൻ-ദുൎയ്യോധനൻ. (പാമ്പുകൊടിയടയാളമുള്ളവൻ.)

ഉരഗഭൂഷണൻ-ശിവൻ. ഉരഗ (സൎപ്പ)ത്തെ ഭൂഷണമാക്കിയിരിക്കുന്നവൻ.

ഉരഗം-പാമ്പ്. ഉരസ്സുകൊണ്ടു ഗമിക്കുന്നത് എന്നൎത്ഥം.

ഉരഗരാജൻ-പ്ര. അനന്തൻ. വ. വാസുകി.

ഉരഗശത്രു-ഗരുഡൻ.

ഉരഗാ-ഒരു പട്ടണത്തിന്റെ പേർ.

ഉരഗാഭരണൻ-ശിവൻ.

ഉരഗാരി-ഗരുഡൻ. ഉരഗത്തിന്റെ അരി (ശത്രു) എന്നൎത്ഥം.

ഉരഗാശനൻ-ഗരുഡൻ. ഉരഗത്തെ അശിക്കുന്നവൻ (തിന്നുന്നവൻ.)

ഉരഗി-പെൺപാമ്പ്.

ഉരഗേന്ദ്രൻ-അനന്തൻ. വ. വാസുകി.

ഉരചെയ്ക, ഉരയ്ക്കുക-പറക.

ഉരച്ഛദം-കുപ്പായം, ചട്ട. മാറിനെ മറയ്ക്കുന്നത് എന്നൎത്ഥം.

ഉരണൻ-ഒരസുരൻ. (ഇവനെ ഇന്ദ്രൻ കൊന്നു)

ഉരണകം-പ്ര. കുറിയാട്ട്. ഗമിക്കുന്നത് എന്നൎത്ഥം. ആട്ടുകൊററൻ, മുട്ടാട്, ആണാട്, ചെമന്നആട് ഇങ്ങിനെയും കാണുന്നുണ്ട്. വ. മേഘം. ന. മുത്തങ്ങ.

ഉരണാഖ്യം-തകര. മേഷത്തിന്റെ പേരുള്ളത് എന്നൎത്ഥം.

ഉരണാക്ഷം-തകര.

ഉരണി-പെണ്ണാട്.

ഉരതല്ലുക-പൊരുതുക.

ഉരത്ത-വി. പ്ര. വീൎയ്യമുള്ള. വ. പറഞ്ഞ. ന. വൎദ്ധിച്ച.

ഉരത്തകരുത്തൻ-സ്ഥിരശക്തൻ.

ഉരത്തവണ്ണം-പറഞ്ഞതുപോലെ.

ഉരത്തവൻ, ഉരത്തൻ-ബലവാൻ.

ഉരത്തശില-കട്ടിത്തൂണി.

ഉരത്തിടം-ശക്തിയുടെ ആധിക്യം.

ഉരത്തുക-ഉരമ്മുക, തേയ്ക്കുക.

ഉരപ്പൻ-കരപ്പൻ, ഇരുമ്പുചീപ്പ്.

ഉരപ്പ്-പ്ര. കീൎത്തി. വ. തേപ്പ്, ഉരയ്ക്കുന്ന (തേയ്ക്കുന്ന) പ്രവൃത്തി.

ഉരഭ്രം-കുറിയാട്ട്. വട്ടമായ ഓടിനടക്കുന്നത് എന്നൎത്ഥം. ആട്ടുകൊററൻ, മുട്ടാട്, ആണാട്, ചെമന്നആട് ഇങ്ങിനെയും പറയുന്നു.

ഉരംഗം, ഉരംഗമം-സൎപ്പം.

ഉരമരുന്ന്-ചെറിയകുട്ടികൾക്കു ഉരച്ചു കൊടുക്കുന്ന മരുന്ന്.

ഉരം-പ്ര. ശക്തി, ഊക്ക്. വ. മറപ്പ്. ന. മാറ്. ര. തോൾ. ൫. സസ്യാദികളു

ടെ വളച്ചുകപാലമായി നിലം പൂര യിടങ്ങളിൽ ഇടുന്ന സാധനം, വളം. ൩. മാർവ്.

ഉരങ്കോൽ-വള്ളക്കാരുടെ കോൽ.

ഉരമികം-വി. കീർത്തി അധികമുള്ള.

ഉരമ്മുക-ഉരയുക, അലറുക.

ഉരമ്പൽ-വലിയശബ്ദം. ൨. മുരമുരപ്പ്.

ഉരമ്പുക-൧. ഉറക്കെ ശബ്ദിക്കുക. ൨ മുരമുരക്കുക. ഉരമ്മുക എന്നുമാകാം.

ഉരയുക-൧. തേയുക. ൨. കാറുക.

ഉരയ്ക്കുക-൧. ഉരസുക, തേയ്ക്കുക. ൨. മത്സരിക്കുക. ൩. പൊന്നുമുതലായതു് ഉരച്ചു മാറ്റുനോക്കുക. ൪. പറയുക.

ഉരയ്പ്, ഉരപ്പ്-൧. ഉരമ്പൽ, തേപ്പ്. ൨. മത്സരം. ൩. പൊന്നുംമറ്റും ഉരച്ചു മാറ്റുനോക്കുക. ൪. സംസാരം, വർത്തമാനം. ൫. കീർത്തി.

ഉരരീ-അ. അംഗീകാരം. ൨. വിസ്താരം.

ഉരരീകാരം-൧. വാഗ്ദത്തം. ൨. അംഗീകാരം.

ഉരരീകൃതം-൧. അംഗീകരിക്കപ്പെട്ട. ഉരരീകരിക്കപ്പെട്ട എന്നർത്ഥം. ൨. വിടിക്കപ്പെട്ട. ൩. പ്രതിജ്ഞചെയ്യപ്പെട്ട.



ഉരൽ-നെല്ലുകുത്തുക, വല്ലതും പൊടിക്കുക മുതലായവയ്ക്കു കല്ലുകൊണ്ടോ മരംകൊണ്ടോ ഒരുവശം കഴിച്ചുണ്ടാക്കുന്ന ഒരു വസ്തു. പര്യായങ്ങൾ-ഉദൂഖലം (ഉലൂഖലം), ഉലൂഖലം.

ഉരൽപ്പുര-നെല്ലുകുത്തുന്ന പുര.

ഉരവ്-തേപ്പ്.

ഉരസൽ-൧. ഉരപ്പ്. ൨. വാഗ്വാദം.

ഉരസിക്കുക-തേയ്ക്കുക, ഉരയ്ക്കുക.

ഉരസിജം-മുല. ഉരസ്സിൽ (മാറിൽ) ജനിച്ചതു്.

ഉരസില-വി. നെഞ്ചുറപ്പുള്ള.

ഉരസിലൻ-പരന്ന മാറിടത്തോടുകൂടിയവൻ, മാറിടത്തിന്റെ വിശാലത കാണുമ്പോൾ ഇവൻ അധികം ബലമുള്ളവനാണെന്നു അറിയുന്നതിനാൽ ഈ പേരുണ്ടായി. മറ്റൊരുപര്യായം-ഉരസ്വാൻ

ഉരസുക-തേയുക, ഉരയുക.

ഉരഃസൂത്രിക-മുത്തുമണികൊണ്ടുണ്ടാക്കിയ താവടം (അയവായി കെട്ടുന്ന കണ്ഠാഭരണം), മുത്തുമാല.

ഉരസ്ത്രാണം-ചട്ട, കവചം.

ഉരസ്യൻ-സവർണ്ണയായ ഭാര്യയിൽ തനിക്കുതന്നെ ഉണ്ടായപുത്രൻ. മറ്റൊരുപര്യായം-ഔരസൻ.

ഉരസ്വൽ-വി. നെഞ്ചുറപ്പുള്ള, ബലമുള്ള [പും-ഉരസ്വാൻ. സ്ത്രീം-ഉരസ്വതി.]

ഉരസ്സ്-മാറിടം, സൈന്യത്തെ ഗമിക്കുന്നതു് എന്നർത്ഥം. മറ്റുപര്യായങ്ങൾ-വത്സം, വക്ഷസ്സ്. [ക്രോഡം, ഭുജാന്തരം ഇവരണ്ടും കൂടി പര്യായമായി സ്വീകരിക്കാമെന്നു കാണുന്നു.]

ഉരസ്സൂത്രം-പാമ്പ്.

ഉരി-ധാ. പറിഞ്ഞുപോക.

ഉരി-നാഴിയിൽ പാതിയായ അളവ്.

ഉരി-അ. ൧. വിസ്താരം. ൨. അംഗീകാരം ൩. പ്രതിജ്ഞ.

ഉരിച്ചിൽ, ഉരിപ്പ്-൧. തൊലിക്ക. ൨ വസ്ത്രം അഴിച്ചുകളക.

ഉരിപ്പ്-ബലമുള്ള തടി.

ഉരിയൻ-കള്ളവൻ.

ഉരിയാടുക-മിണ്ടുക, സംസാരിക്കുക, പറയുക, ശബ്ദിക്കുക. (ഉരിയാടൽ-പാച്ചിൽ. ഉരയാടൽ എന്നതിൽ നിന്നു വന്നതു.)

ഉരിയാട്ടം-സംസാരം, വർത്തമാനം.

ഉരിയുക-൧. തൊലിക്കുക. ൨. വസ്ത്രം അഴിച്ചുകളക.

ഉരിവ്-ഉരിച്ചിൽ.

ഉരീകൃത-വി. ൧. അംഗീകരിക്കപ്പെട്ട. ൨. വിടിക്കപ്പെട്ട. ൩. പ്രതിജ്ഞചെയ്യപ്പെട്ട.

ഉരു-൧. വലിയ. ൨. അധികമായ. പര്യായങ്ങൾ-വിശങ്കടം, പൃഥു, ബൃഹത്ത്, പൃഥുലം, വിശാലം, മഹത്ത്, വഡ്രം, വിപുലം.

ഉരു-൧. രൂപം. ൨. ആവർത്തി. ൩. ഒരുതുക (എണ്ണം.) ൪. കപ്പൽ. ൫. വെങ്കലപാത്രങ്ങൾ. ൬. ദേഹം. ൭. ആന.

ഉരുകുക-അലിയുക, ദ്രവിക്കുക, മൃദുവാകുക.

ഉരുക്കഴിക്കുക-ഉരുവിടുക, വളരെപ്രാവശ്യം ചൊല്ലിത്തോന്നിക്കുക.

ഉരുക്കം-൧. അലിച്ചിൽ. ൨. വ്യസനം.

ഉരുക്കാരൻ-കപ്പലോടിക്കുന്നവൻ.

ഉരുക്ക്-൧. ഉരുകിയ ഇരുമ്പ്. ൨. അലിച്ചിൽ

ഉരുക്കുക-അലിക്കുക, ദ്രവിപ്പിക്കുക, മൃദുവാക്കുക.

ഉരുക്കുനെയ്യ്-ഉരുക്കിയനെയ്യ്.

ഉരുക്കുപൊടി-ഉരുക്കിന്റെപൊടി. [ഇതു ഗോമൂത്രത്തിൽശുദ്ധിചെയ്താൽ ശോഫത്തിനുനന്ന്. പാണ്ഡു, പ്ലീഹ, കുഷ്ഠം, അർശസ്സ്, കണ്ണിലെ വ്രണങ്ങളാദികൾ ഇവ ശമിക്കുന്നതിനു കൊള്ളാം.]

ഉരുക്കുപൊന്ന്-പൊൻകട്ടി.

ഉരുക്കുമണി-ഒരാഭരണം.

ഉരുക്കുമണിക്കാതില-കാതിലിടുന്ന ഒരാഭരണം.

ഉരുക്കുവെള്ളി-വെള്ളിക്കട്ടി.

ഉരുക്കൂട്ടുക-ശേഖരിക്കുക.

ഉരുങ്ങുക-തേയുക, ഉരയുക.

ഉരുട്ടൻ-ചതിയൻ.

ഉരുട്ടു-൧. കള്ളസ്സൂത്രം, കള്ളസ്സമ്പ്രദായം. ൨. ചതിവ്.

ഉരുട്ടു-ഉരുണ്ട, വൃത്തമുള്ള.

ഉരുട്ടുക-൧. കള്ളസ്സൂത്രം കാണിക്കുക. ൨. ചതിക്കുക.

ഉരുണി-എല്ലിന്റെ തട്ടു (സ്ഥാനം.)

ഉരുണ്ട-വി. ഉണ്ടയായ, ഉരുണ്ടിരിക്കുന്ന.

ഉരുതമ-വി. വളരെ വലുതായ.

ഉരുതര-വി. ഏറ്റവും വലുതായ. [തരം എന്നതിൽ കൂടിയതാണു തമം.]

ഉരുതരം-ഓരോ തരത്തിലുള്ള വസ്തു.

ഉരുതാ, ഉരുത്വാ-വലിയത്, വലുപ്പം, മഹത്ത്.

ഉരുതി-ഭംഗി. [രീതി എന്നതിന്റെ തത്ഭവം]

ഉരുത്തരം-ചെന്നിരിക്കുന്ന ഭാഗങ്ങൾ.

ഉരുത്തിരളുക-ആകൃതിയിലാവുക.

ഉരുത്തിരിക്കുക-൧. ആകൃതിപ്പെടുത്തുക. ൨. വേർപെടുത്തുക.

ഉരുത്തിരിയുക-൧. ആകൃതിപ്പെടുക. ൨. വേർപെടുക.

ഉരുത്തികയുക-സാമാനങ്ങൾ മതിയാവുക.

ഉരുത്തിരിവു-൧. ആകൃതിപ്പെടുത്തുക. ൨. വേർപാടു.

ഉരുവൃകം-ആവണക്ക്. സംസ്കൃതത്തിൽ 'ഉരുബൂകം'

ഉരുപ്പടി-സാമാനം, ഓരോതരത്തിലുള്ള വസ്തു.

ഉരുബൂകം-ആവണക്ക്. വലിയ രോഗങ്ങളെക്കൂടെ മാറ്റുന്നത്.

ഉരുമൽ-മിനുസം വരുത്തുക.

ഉരുമ്മുക-൧. തേയ്ക്കുക, ഉരസുക.

'അംബരമുരുമ്മിച്ചാടും'

(ഉത്തരരാമായണംചാപ്പ)

൨. മിനുസം വരുത്തുക. ൩. ഉഴിയുക. ൪. കടാക്ഷിക്ക. [ഉറുമ്മുക എന്നും കാണാറുണ്ട്.]

ഉരുവം-രൂപം എന്നതിന്റെ തത്ഭവം.

'മൈഥിലിതിരുവുരുവം'

(രാമചരിതം)

ഉരുവഴിഞ്ഞുപോയി-കാണാതായി.

ഉരുവാക്കുക-ആകൃതിപ്പെടുത്തുക.

ഉരുവിടുക-ഉരുക്കഴിക്കുക, വളരെ പ്രാവശ്യം ചൊല്ലി തോന്നിക്കുക.

ഉരുവിടുവിക്കുക-ഉരുക്കഴിപ്പിക്കുക, വളരെപ്രാവശ്യംചൊല്ലിച്ചു തോന്നിപ്പിക്കുക.

ഉരുവോട്ടം-കപ്പലോട്ടം.

ഉരുസൽ-൧. വീഴ്ച. ൨. കുഴപ്പം; ശണ്ഠ. ൩. കാക. ൪. മുടക്കം. ൫. അലസൽ.

ഉരുസുക-൧. വീഴുക. ൨. കുറയുക. ൩. മുടങ്ങുക. ൪. അലസുക. ൫. കുഴയുക.

ഉരുള-ഉണ്ട, പിണ്ഡം. പര്യായങ്ങൾ-ഗ്രാസം, കബളം ഇവ രണ്ടും.

ഉരുളക്കട്ട, ഉറുളക്കട്ട-കൃഷിക്കുള്ള ഒരു ഉപകരണം.

[ഇത് കല്ലുരുൾപോലെ ഘനമുള്ള മരംകൊണ്ടു ചെയ്തു ഉരുൾത്തടിയാകുന്നു. ഈ കട്ടയുടെയും ഭൂമിയെ മൃദുവാക്കും. മണ്ണ് അമർന്നു വിത്തുകൾ ആഴത്തിൽ പോകുന്നതിനെ തടയും. ഭൂമിയെ വിത്തുവിതയ്ക്കത്തക്കസ്ഥിതിയിൽ ആക്കുന്നതിനു പൂട്ടൽ, പല്ലിത്തടി വലിക്കൽ, ഉരുളക്കട്ട വലിക്കൽ ഇവ പ്രാധാന്യപ്രവൃത്തികളാകുന്നു. ഉരുളക്കട്ടയ്ക്കു പകരം ചില സ്ഥലങ്ങളിൽ മരക്കഷണമോ പലകയോ ഉപയോഗിച്ചുവരുന്നു.]

ഉരുളൻ-വി. ഉരുണ്ടിരിക്കുന്ന.

ഉരുളപ്പലിശ-പലിശയ്ക്കുപലിശ.

ഉരുളി-ഒരുമാതിരി ഓട്ടുപാത്രം.

ഉരുളിക്കുക-ഉരുളുന്നതിനിടയാക്കുക.

ഉരുളുക-൧. മറിഞ്ഞുതിരിഞ്ഞു മറിഞ്ഞുതിരിഞ്ഞു പോവുക. ൨. ഉണ്ടയാവുക.

ഉരുൾ-ചക്രം, വണ്ടി.

ഉരുൾച്ച-ഉരുളുക.

ഉരുൾത്തടി-൧. വെട്ടിയറിച്ചമരം. ൨. ഉരുൾത്തടി.

ഉരോജം-കുച. ഉരസ്സിൽ ജനിച്ചത് എന്നർത്ഥം.

ഉർവ്വര-എല്ലാസസ്യങ്ങളും വിളയുന്നഭൂമി. ദാരിദ്ര്യത്തെ നശിപ്പിക്കുന്നതെന്നർത്ഥം. ധനികന്മാരെ വരിക്കുന്നത് എന്നുമാകാം. ൨. ഭൂമി.

ഉർവ്വരാവരൻ-സർവ്വസസ്യസമ്പന്നയായ ഭൂമിയുടെ നായകൻ.

ഉർവ്വശി-൧. ഒരു ദേവസ്ത്രീ. ഏററവും പ്രകാശിക്കുന്നവൾ, നാരായണമഹർഷിയുടെ തുടയിൽനിന്നു ജനിച്ചവൾ, വളരെപ്പേരെ വശീകരിക്കുന്നവൾ എന്നർത്ഥം.

[ഈ അപ്സരസ്ത്രീ പുരൂരവസ്സിന്റെ ഭാര്യയായിത്തീർന്നു. മിത്രനും വരുണനും കൊടുത്ത ശാപംകൊണ്ടാണ് അവൾ ഭൂമിയിൽ ജനിപ്പാനിടയായത്. മിത്രാവരുണന്മാർ അവളെക്കണ്ടു മോഹിക്കുകനിമിത്തം അഗസ്ത്യനും വസിഷ്ഠനും ഉത്ഭവിച്ചു. പുരൂരവസ്സിന്റെ ഭാര്യയായിരുന്നു. കുറച്ചുകഴിഞ്ഞു ശാപം തീർന്നുടൻ തിരികെ സ്വർഗ്ഗം പ്രാപിച്ചു.] ൨. ആഗ്രഹം, കാംക്ഷ, ഉത്സാഹം. ൩. ഒരു വൃത്തം. അതിജഗതിച്ഛന്ദസ്സിൽ പെട്ടത്. പാദം ഒന്നിൽ അക്ഷരം ൧൩ വീതം കാണും.

'നതതംഗംവരുന്നെങ്കിലാമുർവശി'
(വൃത്തമഞ്ജരി)

ഉർവ്വശീതീർത്ഥം-ഭാരതത്തിലെ ഒരു പുണ്യസ്ഥലം.

ഉർവ്വശീവിലാസം-ഒരുതരം വസ്ത്രം.

'ഉർവ്വശീവിലാസാഖ്യമാം വസ്ത്രവും
ഉർവ്ദേവ! ലഭിച്ചെങ്കിലത്ഭുതം'
(മുറജപപ്പാന)

ഉർവ്വാരു-൧. വെള്ളരി. മൂത്രത്തെ ധാരാളമായി പ്രേരിപ്പിക്കുന്നത് എന്നർത്ഥം. ൨. പേക്കുമ്മട്ടി.

ഉർവ്വാരുകം-വെള്ളരി. ൨. പേക്കുമ്മട്ടി.

ഉർവി-വി. മഹത്തായ, വലുതായ.

ഉർവി-ഭൂമി. പാതാളലോകത്തെ മറയ്ക്കുന്നത് എന്നർത്ഥം.

ഉർവീതലം-ഭൂലോകം.

ഉർവീധരം-പർവ്വതം, ഉർവിയെധരിക്കുന്നത്

ഉർവീധവൻ-രാജാവു്, ഭൂമിയുടെ ഭർത്താവു് എന്നർത്ഥം.
ഉർവീപതി-രാജാവു്.
ഉർവീന്ദ്രൻ-രാജാവു്.
ഉർവീഭൃത്തു്-പ്ര. രാജാവു്. വ. പർവതം.
ഉർവീരുഹം-വൃക്ഷം. ഉർവിയിൽ മുളയ്ക്കുന്നതു്.
ഉർവീശൻ, ഉർവീശ്വരൻ-രാജാവു്
ഉർവിസുരൻ-ബ്രാഹ്മണൻ. ഉർവിയിലെ സുരൻ (ദേവൻ).
ഉല-ധാ. ഇളകുക, അയവുചേരുക.
ഉല-പ്ര. ലോഹാദികൾ ഉരുക്കുന്നതീക്കുഴി, മൂശ. വ. ഉലഭത്താൽ. ന. മാംസച്ഛദം.
ഉലകം-ലോകം.
ഉലക്കം-നടുക്കം.
ഉലക്ക-നെല്ലു കുത്തുന്നതിനുള്ള ഒരു ആയുധം. ഉലയ്ക്ക എന്നതു നോക്കുക.
ഉലക്കൊടിൽ-കൊടിൽ, തീയിൽനിന്നു് എടുക്കുന്നതിനും മററുമുള്ള ഒരു ഇരുമ്പു സാധനം.
ഉലച്ചിൽ, ഉലച്ചൽ-പ്ര ഇളക്കം, കലക്കം. വ വ്യാകുലം. ന. ക്ഷയം.
ഉലത്തോൽ-ഉലയിൽവെച്ചൂതുന്നതോൽ. പര്യായങ്ങൾ-ഭസ്ത്രം, ചർമ്മപ്രസേവിക.
ഉലപം-ഇലകളും വള്ളികളും ഉള്ളവള്ളി. മറയ്ക്കുന്നതു് എന്നർത്ഥം. വ. പടർന്നുപിടിച്ച വള്ളി.
ഉലം-ഒരു കാട്ടു ജന്തു.
ഉലയ-ഉലയുന്നവണ്ണം.
'ഭുവനതലമുലയമുദ്ധരചരി'
(അദ്ധ്യാത്മരാമായണം)
ഉലയുക-പ്ര. ഇളകുക, ആടുക. വ. ക്ഷീണിക്കുക. ന. ഉടവുതട്ടുക.
ഉലയ്ക്ക-പ്ര. നെല്ലുകുത്തുന്നതിനുള്ള ഒരു സാധനം. പര്യായങ്ങൾ-അയോഗ്രം, മുസലം. വ ഇളക്കം.
ഉലയ്ക്കുക-ഇളക്കുക, ആട്ടുക. വ. ക്ഷീണിപ്പിക്കുക, തോല്പിക്കുക. ന. ഉടവാക്കുക.
ഉലയ്‌വു്-പ്ര. കലക്കം. വ. ക്ഷീണത.
ഉലരുക-ഉണങ്ങുക, പൊരിയുക, നീരുവലിയുക, വാടുക.
ഉലർക്കുക, ഉലർത്തുക-ഉണക്കുക, പൊരിക്കുക, നീരുവലിയിക്കുക.
ഉലച്ച്-ഉണക്ക്.
ഉലപ്പു്-ഉണക്ക്.
ഉലവു്-പ്ര. ഉണക്കു്. വ. കലക്കം.
ഉലാത്തുക - വിശ്രമാർത്ഥം അങ്ങുമിങ്ങോട്ടും പതുക്കെപ്പതുക്കെ നടക്കുക.
ഉലാവിന-ലഭിക്കുന്ന, ഉള്ള.
ഉലാവുക-പ്ര. നടക്കുക, സഞ്ചരിക്കുക. വ. കോഴി മുട്ടയിടുന്നതിനു സ്ഥലം അന്വേഷിച്ചു നടക്കുക. ന. പ്രാപിക്കുക, പറവുക. ർ ലഭിക്കുന്ന, ഉള്ള.
'എന്നെയുമയ്യാമെയ്യിലുലാവും'
'ഹനുമാനെ മണംകലരുമലർവീ-ട്ടിനരോമാഞ്ചകഞ്ചുകമിങ്ങു ഇളകാംഗം'
(ഉത്തരരാമായണം ചമ്പു)
ഉലുമ്പു്-പ്ര ദുർഗ്ഗന്ധം. വ. ദുസ്സ്വാദ്.
ഉലുവാ-ഒരങ്ങാടിമരുന്ന് അറബിഭാഷയാണു്.
[ഉലുവാശ്ശ വെന്തയം എന്നും പറയും. വാതത്തിനും വയററിളക്കപ്പത്തിനും നീർമ്മോക്ഷത്തിനും നന്നു്. വാതരക്തത്തിനു വിശേഷം].
ഉലുവാൻ-കുന്തുരുക്കം.
ഉലൂകൻ-പ്ര. ഇന്ദ്രൻ വ. കൌരവന്മാരുടെ ഇഷ്ടനായ ഒരു രാജാവു് (ഈ ഉലൂകനെ കൌരവർ പാണ്ഡവന്മാരുടെ സമീപത്തു ദൂതനായി അയയ്ക്കുകയുണ്ടായിട്ടുണ്ടു്. ഉലൂകന്റെ രാജ്യം ഉലൂകം )
ഉലൂകം-പ്ര. മൂങ്ങ, ഉമൻ. കൂട്ടംകൂട്ടമായി സഞ്ചരിക്കുന്നതു് എന്നർത്ഥം. നേത്രജ്യോതിസ്സുകൊണ്ടു കാക്കകളെ ഹിംസിക്കുന്നതു് എന്നുമാകാം. വ. ആനയുടെ തൊഴിക്കും, ന. ഒരു രാജ്യം. [ഉലൂകൻ എന്ന രാജാവായ, കൌരവരുടെ ഒരു ഇഷ്ടൻ ഭരിച്ചിരുന്നതു്.]

ഉലൂഖലകം-പു. ഗുൽഗുലു. ആകാശത്തെ വ്യാപിക്കുന്നതു് എന്നൎത്ഥം. വ. ഉരൽ

ഉലൂഖലം-പു. ഉരൽ. വ. ഗുഗ്ഗുലു. [മലയാളികൾ പറയുന്നതു ഗുൽഗുലു].

ഉലൂഖലിക-വി. ഉരലിൽ ഉലക്കകൊണ്ടു് ഇടിച്ചുപൊടിച്ച.

ഉലൂപി-സ്ത്രീ. കൊഴുമീൻ. ആശ്ചൎയ്യകരമായ രൂപമുള്ളതു്, ശിവനു സദൃശമായ രൂപമുള്ളതു്. മറെറാരുപൎയ്യായം-'ശിശുകം'. വ. ഒരു നാഗരാജ്ഞി, അൎജ്ജുനന്റെ ഒരു ഭാൎയ്യ. ഇവളിൽ അൎജ്ജുനനു് ഇരാവാൻ ജനിച്ചു.

[ഉലൂപി നാഗരാജാവായ കൌരവ്യന്റെ പുത്രിയാണു്. ഒരിക്കൽ അവൾ ഗംഗയിൽ കുളിക്കുമ്പോൾ അൎജ്ജുനനെ കണ്ടു മോഹിച്ചു പിടിച്ചു പാതാളത്തിൽ കൊണ്ടുപോയി. അനന്തരം അൎജ്ജുനൻ അവളെ ഭാൎയ്യയാക്കി. ബഭ്രുവാഹനൻ അൎജ്ജുനനെ കൊന്നപ്പോൾ ഇവൾ ജീവിപ്പിച്ചു.]

ഉലൂതം-പെരുമ്പാമ്പു, അജഗരം.

ഉല്ബണൻ-ഒന്നിൽ അധികം താൽപൎയ്യപ്പെട്ട മനസ്സോടുകൂടിയവൻ.

ഉല്കാമാലി-ശിവന്റെ ഭൃത്യരിൽ ഒരുവൻ

ഉല്കാമുഖൻ-ഒരു അസുരൻ. മുഖത്തു തീയുള്ളവൻ ആകയാൽ ഈ പേർ വന്നു.

ഉല്ക-സ്ത്രീ. തീക്കൊള്ളി. കത്തുന്ന തീക്കൊള്ളി. വ. കൊള്ളിമീൻ, ജ്യോതിശ്ചക്രം. ന. ഇരിന്നൽ

ഉല്പന്നം-പു. ഉത്ഭവിച്ചതു്. വ. ലഭിച്ചതു. ന. ജനിച്ചതു.

ഉല്പലം-പു. ഗന്ധദ്രവ്യം. കൂടിച്ചേരുന്നതു് എന്നൎത്ഥം. വ. മരപ്പിള്ള.

ഉല്ബണം-സ്പഷ്ടം. വ. അധികം.

ഉല്മുകം-പു. തീക്കൊള്ളി. ദഹിക്കുന്നതു എന്നൎത്ഥം. മറെറാരുപൎയ്യായം-'അലാതം'. വ. കരിക്കൊള്ളി.

ഉല്ലംഘനം-പു. കടക്കുക. വ. തിരു.

ഉല്ലംഘിക്ക-ചാടിക്കടക്കുക.

ഉല്ലംഘിത-വി. കടക്കപ്പെട്ട.

'ഉല്ലംഘിതാജ്ഞന്മാരെക്കൊല്ലും സന്ദേഹമി
(നളചരിതം കഥകളി) ല്ല'

ഉല്ലല-വി. ഇളകുന്ന, വിറയ്ക്കുന്ന.

ഉല്ലസിക്കുക-പു. സന്തോഷിക്കുക. വ. വിടരുക. ന, ശോഭിക്ക.

ഉല്ലസിത-വി. പു. സന്തോഷിച്ച. വ. വിടൎന്ന ന. പ്രകാശിക്കപ്പെട്ട.

ഉല്ലാഘ-വി. രോഗം മാറിയ.

ഉല്ലാഘൻ-രോഗം മാറി സുഖപ്പെട്ടവൻ. എല്ലാം ചെയ്യുന്നതിനു നിപുണൻ എന്നൎത്ഥം.

ഉല്ലാഘവം-ഉൽകൃഷ്ടമായ ലാഘവത്തോടുകൂടിയതു്.

'പാരാൽ ക്ഷീണമതെങ്കിലും ദൃഢതകൊ-
ണ്ടുല്ലാഘവം സാമിതൻ'
(അഭിജ്ഞാനശാകുന്തളം)

ഉല്ലാപം-പു. കൊഞ്ചിപ്പറക. വ. കണ്ഠരോദനസ്വരം.

ഉല്ലാസം-പു. സന്തോഷം. വ. കാന്തം. ന. വിടിച്ച്.

ഉല്ലീഢ-പു. വി. ഉരയ്ക്കപ്പെട്ട, തേയ്ക്കപ്പെട്ട. വ. വൃത്തിയാക്കിയ, തേജസ്സുണ്ടാക്കിയ, മിനുക്കിയ

'മണിശ്ശാണോല്ലീഢഃ' (ഭൎത്തൃഹരി)

ഉല്ലേഖനം-പു. എഴുത്തു്. വ. ചൊ...ക. ന. കിള. ൪. ഛൎദ്ദിക്കുക. ൫. ഛെപ്പ്.

ഉല്ലേഖം-പു. ഒരലങ്കാരം. പല ഗുണങ്ങളുള്ള ഒരു വസ്തുവിനെ അവയിൽ ഒരോന്നിനെ പ്രമാണിച്ചു് ഓരോന്നാക്കി കല്പിക്കുന്നതു്.

'ഉല്ലേഖമൊന്നിതുതന്നെ
പലതായി നിനയ്ക്കുകിൽ
കാമനെന്നിവനെസ്ത്രീകൾ
കാലനെന്നാൎത്തുവൈരികൾ'
(ഭാഷാഭൂഷണം)

വ. തേയ്ക്കുക(തേപ്പ്),മെഴുപ്പ്. ന. ക്ള

ഉല്ലേപികാ-കഴയ്.

ഉല്ലോചം-മേൽക്കെട്ടി. മേൽഭാഗത്തുശോഭിക്കുന്നതു്. മററൊരുപര്യായം-'വിതാനം'.

ഉല്ലോലം-വലിയ തിരമാല, മേല്പെട്ടു പൊങ്ങിച്ചാടുന്നതു്. മററൊരുപര്യായം-കല്ലോലം.

ഉവയ്ക്കുക-ഫ. സ്നേഹിക്കുക. വ. സന്തോഷിയ്ക്കുക. ന. വിശ്വസിയ്ക്കുക.

ഉവന്നു്-വാത്സല്യത്തോടുകൂടി.

'ഉത്തമനാമിന്ദ്രൻ മമ താതനു-
വന്നേ തന്നൊരു കാഞ്ചനമാല'

ഉവപ്പു്-ഫ. സ്നേഹം. വ. സന്തോഷം.

ഉവരി, ഉമരി-കടൽ.

ഉവർ-ഓരു്, (സമുദ്രത്തിലേ വെള്ളത്തിൻെറ) ഉപ്പുരസം.

ഉവർകാലി-ജലത്തിൽ കിടപ്പാൻ ആഗ്രഹിക്കുന്ന പോത്തും മററും.

ഉവർനിലം-ഉവർവെള്ളംകേറുന്നസ്ഥലം

ഉവന്തരിക ദാനമായി തരിക.

'സുവർണ്ണമണിമുക്താദരത്നവസ്ത്രാദിക-
ളുവന്തരുമവൻഞാൻനിനക്കുവേണ്ടുവോളം
(ഭാരതം)

ഉവർമണ്ണു-ഉവർനിലത്തിലേ മണ്ണു്.

[ഇതിനു മൂത്രക്ഷാരമെന്നും പേരുണ്ടു്. മൂത്രകൃച്ഛ്രം, ഗുന്മം, കഫം, മേദസ്സ് യോനിദോഷം ഇവയെ കളയും].

ഉവർവെള്ളം-സമുദ്രത്തിലെ വെള്ളം.

ഉവരുപ്പു്-മണ്ണുപ്പ്.

[ഇതിനെ ഉനീർ എന്നും പറയും. ഇതു് ഉവർമണ്ണിൽ വിളയുന്നതാണ്.]

ഉവവി-ഫ. വാത്സല്യം. 'ഉവന്നു' എന്നതു നോക്കുക. വ. ആഗ്രഹം, കാംക്ഷ. ന. ചാഴ്ച്.

ഉവാ-തികവു്.

ഉവ്വ്-ഒരു പ്രധാന വ്യാക്ഷേപകം. അനുസരിക്കുന്ന ഒരു വാക്കു്.

ഉശനസ്സ്-ശുക്രമഹർഷി, അസുരന്മാരുടെ ശ്രേയസ്സിനെ ഇച്ഛിക്കുന്നവൻ.

[ഇദ്ദേഹം അസുരന്മാരുടെ ആചാര്യനാണു്. ഒരു ധർമ്മശാസ്ത്രഗ്രന്ഥവും നിർമ്മിച്ചിട്ടുണ്ടു്.]

ഉശാനി-ഒരു രാജാ.

ഉശീനരൻ-ശിബിയുടെ പിതാവു്.

ഉശീനരാ-ഒരു ദേശം (കന്ദഹാർ).

ഉശീരം-രാമച്ചത്തിൻ വേരു്, ഇച്ഛിക്കപ്പെടുന്നതു് എന്നർത്ഥം. മററ പര്യായങ്ങൾ-അഭയം, നളദം, സേവ്യം, അമൃണാളം, ജലാശയം, ലാമജ്ജകം, ലഘുലയം, അവദാഹം, ഇഷ്ടകാപഥം.

ഉഷ-അ. പുലർകാലം, രാത്രിയുടെ അവസാനം.

ഉഷ-ഫ. പ്രഭാതകാലം. ഉഷസ്സ് എന്നതിൻെറ പാഠഭേദം, വ. ഓർച്ചയുള്ള മണ്ണു്. ഉഷം എന്നതിൻെറ പാഠാന്തരം. ന. കലം, പാന. ഉഖ എന്നതിൻെറ പാഠഭേദം. ര. അനിരുദ്ധൻെറ ഭാര്യ, ബാണാസുരൻെറ മകൾ, ബലിയുടെ പൌത്രി. (ഉഷാപതി എന്നുള്ളതുനോക്കുക)

ഉഷംഗു-ശിവൻ.

ഉഷണം-മുളകു്. ദഹിപ്പിക്കുന്നതു് എന്നർത്ഥം. ഊഷണം എന്നതിൻെറ പാഠാന്തരം.

ഉഷണാ-തിപ്പലി. ചുട്ടുനീറിക്കുന്നതു്. ഊഷണാ എന്നതിൻെറ പാഠഭേദം.

ഉഷതി-അമംഗലവചനം. രുശതി എന്നതിൻെറ പാഠാന്തരം.

ഉഷപൻ-ഫ. അഗ്നി. വ. സൂര്യൻ.

ഉഷർബ്ബുധൻ-അഗ്നി. പ്രഭാതകാലത്തിൽ പ്രകാശിക്കുന്നവൻ, സന്ധ്യകളിൽ ഉണരുന്നവൻ. [സന്ധ്യാസമയങ്ങളിൽ മഹാപാതകനാശികർമ്മങ്ങൾക്കു വേണ്ടി അഗ്നി

യെ ജ്വലിപ്പിക്ക പതിവായതുകൊണ്ട ഇങ്ങിനെ അൎത്ഥം.

ഉഷസ്യൂക-വെളിച്ചമാവുക.

ഉഷസ്സ്-പ്രഭാതകാലം. ഇരുട്ടിനെ അശേഷം കളയുന്നതു് എന്നൎത്ഥം.

ഉഷാപതി-അനിരുദ്ധൻ. ബാണപുത്രിയായ ഉഷയുടെ ഭൎത്താവു് എന്നൎത്ഥം.

[ഉഷ ഒരു രാത്രിയിൽ അതിസുന്ദരനായ ഒരുവനെ സ്വപ്നത്തിൽ കണ്ടു ഞെട്ടിയുണൎന്നു. അതു മൂലം അവൾ നിദ്ര വെടിഞ്ഞു വിവശയായി. അനന്തരം തന്റെ സഖിയായ ചിത്രലേഖ ഉഷയുടെ ദീനഭാവം കണ്ടു് അവളോടു് അതിന്റെ കാരണം ചോദിച്ചു. അവൾ സൎവ്വാവയവസൌന്ദൎയ്യമുള്ള ഒരുവനെ സ്വപ്നത്തിൽ കണ്ടതായും ഇന്നാരെന്നു നിശ്ചയമില്ലെന്നും അവനെ കൂടാതെ ജീവിച്ചിരിക്കുക പ്രയാസമെന്നും സഖിയോടു പറഞ്ഞു. ഉടൻ പല രാജാക്കന്മാരുടെയും ഛായാപടം ചിത്രലേഖ വരച്ചു കാണിച്ചു. അനിരുദ്ധന്റെ പടം കണ്ടപ്പോൾ താൻ ഇദ്ദേഹത്തെത്തന്നെയാണു സ്വപ്നത്തിൽ കണ്ടതെന്നും മറ്റും പറഞ്ഞു പടത്തെ ആലിംഗനാദികൾ ചെയ്തു. ഇതു കണ്ടു് അലിവാറ്റ കൃപാതോന്നിയ തോഴി ഉടൻ ശോണിതപുരത്തെ പ്രാപിച്ചു നിദ്രയിൽ കിടന്ന അനിരുദ്ധനെ ആരും അറിയാതെ രാത്രി തന്നെ എടുത്തു ഉഷയുടെ സമീപത്താക്കി. ഈ മോഷണം ഹേതുവായിട്ടു കൃഷ്ണൻ, ബലഭദ്രൻ മുതലായവർ ഒരു പക്ഷമായും ബാണൻ, ശിവൻ മുതലായവർ മറ്റൊരു പക്ഷമായും ഘോരയുദ്ധം നടന്നു. ഒടുക്കം കൃഷ്ണൻ ബാണന്റെ കരങ്ങളെ ഛേദിച്ചു. പ്രഹ്ലാദവംശജനാകയാൽ കൊന്നില്ല. ബാണൻ സന്തോഷിച്ചു തന്റെ മകളായ ഉഷ എന്ന സുന്ദരിയെ അനിരുദ്ധനായി കൊണ്ടുകൊടുത്തു. എല്ലാവരുടെയും സമ്മതത്തോടു കൂടി അവർ രണ്ടാളും ഭാൎയ്യാഭൎത്താക്കന്മാരായി ഭവിച്ചു. അനിരുദ്ധനെ ഝഷാങ്കൻ എന്നും ഉഷാപതി എന്നും കൂടെ വിളിക്കാറുണ്ടു്. ഈ ദമ്പതികൾക്കു് വജ്രൻ എന്ന പേരായി ഒരു പുത്രനുണ്ടായിരുന്ന പ്രകാരം കാണുന്നു.]

ഉഷിത-വി. ഭ. വസിക്കപ്പെട്ട. ഠ. പഴകിയ. ന. ചുട്ട, ദഹിപ്പിക്കപ്പെട്ട.

ഉഷ്ട്രം-ഒട്ടകം. എപ്പോഴും വെയിലുകൊണ്ടു തപിക്കുന്നതു് എന്നൎത്ഥം.

ഉഷ്ട്രകണ്ടകഭോജനന്യായം-"ഒട്ടകം വളരെ പ്രയാസപ്പെട്ടു മുള്ളു തിന്നുന്നു. അതുകൊണ്ടു ഫലമോ വളരെ സ്വല്പം. ഉപയോഗത്തിന്റെ സന്ദൎഭം സ്പഷ്ടം."

ഉഷ്ണ-വി. ചൂടുള്ള.

ഉഷ്ണക-വി. ഭ. ചൂടുള്ള. ഠ. സാമൎത്ഥ്യമുള്ള.

ഉഷ്ണകരൻ-സൂൎയ്യൻ.

ഉഷ്ണകം-പനി.

ഉഷ്ണകിരണൻ-സൂൎയ്യൻ.

ഉഷ്ണഗു-സൂൎയ്യൻ.

ഉഷ്ണദീധിതി-സൂൎയ്യൻ.

ഉഷ്ണൻ-മടികൂടാതെ കാൎയ്യങ്ങളിൽ പ്രവൎത്തിക്കുന്നവൻ.

ഉഷ്ണപ്പുണ്ണ്-ഗുഹ്യരോഗം, പിത്തപ്പുണ്ണ്.

ഉഷ്ണബാഷ്പം-കണ്ണുനീർ.

ഉഷ്ണം-ഭ. ഗ്രീഷ്മഋതു. ചൂടുതീരുന്ന കാലം എന്നൎത്ഥം. ഠ. ചൂടു്. ഉഷ്ണം> <ശീതം. ന. എരിവു്. ര. ഉള്ളി.

ഉഷ്ണമേഖല-ഉത്തരായനത്തിനും ദക്ഷിണായനത്തിനും മദ്ധ്യത്തുള്ള ഭൂഭാഗം. [ഇവിടെ സൂൎയ്യനെ എപ്പോഴും തലയ്ക്കുനേരെ (മുകളിൽ) കാണാം] ഭൂമിയിൽ മദ്ധ്യരേഖയ്ക്കടുത്ത ഭൂഭാഗം.

ഉഷ്ണരശ്മി-ആദിത്യൻ. ചൂടുള്ള രശ്മികളുള്ളവൻ എന്നൎത്ഥം.

ഉഷ്ണരുചി-ആദിത്യൻ.

ഉഷ്ണവാതം-ഒരു രോഗം.

[വ്യായാമം, വഴിനടക്കുക, വെയിൽകൊള്ളുക എന്നിവകൊണ്ടു പിത്തം അധികമായി വാതമൊന്നിച്ചു വസ്തിയിൽ എത്തി അവിടെയും ലിംഗം ഗുദം ഇവിടങ്ങളിലും ദാഹത്തെ ഉണ്ടാക്കി മൂത്രത്തേയോ രക്തത്തേയോ വീണ്ടുംവീണ്ടും പണിപ്പെട്ടു ഒഴിപ്പിക്കും. മൂത്രം മഞ്ഞനിറമായൊ ചെറുചെമപ്പായൊ ഇരിക്കും.]

ഉഷ്ണവാരണം-കുട.

ഉഷ്ണാഗമം-വേനൽക്കാലം.

ഉഷ്ണാംശു-സൂൎയ്യൻ. ഉഷ്ണാംശു> <ശീതാംശു.

ഉഷ്ണാംശുകൻ-ആദിത്യൻ.

ഉഷ്ണിക-കഞ്ഞി, ചുക്കുകഞ്ഞി.

ഉഷ്ണിക്-ഒരു ഛന്ദസ്സ്. ഒരു പാദത്തിൽ അക്ഷരം ൭.

ഉഷ്ണിക്കുക-ചൂടുക, ചൂടുവരുക.

ഉഷ്ണിപ്പിക്കുക - ചൂടുവിക്കുക, ചൂടുവരുത്തുക.

ഉഷ്ണീഷം-പു. തൊപ്പി, തലപ്പാവ്. വ. തലയിൽകെട്ട്, കിരീടം. ഉഷ്ണത്തെ നശിപ്പിക്കുന്നത് എന്നൎത്ഥം.

ഉഷ്ണേതര-വി. തണുത്ത.

ഉഷ്ണേതരാംശു-ചന്ദ്രൻ.

'ഉഷ്ണേതരാംശു ദിവാകരലോചനൻ'

(ഭാഗവതം)

ഉഷ്ണോദകം-ചൂടുവെള്ളം.

ഉഷ്ണോപഗമം-ഗ്രീഷ്മൎത്തു, ഉഷ്ണത്തെ പ്രാപിക്കുന്നതു് എന്നൎത്ഥം.

ഉഷ്മം, ഉഷ്മകം-പു. ഗ്രീഷ്മൎത്തു. വ. ചൂട്. ന. കോപം. ൪. ഉത്സാഹം, താല്പൎയ്യം.

ഉഷ്മാഗമം-ഗ്രീഷ്മൎത്തു

ഉസ്രൻ-സൂൎയ്യൻ.

ഉസ്രം-പു. രശ്മി. വ. ജലത്തിന്റെ നിവാസസ്ഥാനം (ഇതിനകത്തു ജലമുണ്ട്) എന്നൎത്ഥം. വ. കാള ന. ദിവസം.

ഉസ്രാ-സ്ത്രീ. പശു. ഇതിൽ ക്ഷീരം ഇരിക്കുന്നതിനാൽ ഈ പേർ വന്നു. നല്ലമതിപ്പുള്ള എന്നും അൎത്ഥം കാണുന്നു. വ. ഒരു ചെടി. ന. പ്രഭാതം. ൪. പ്രകാശമാനമായ ആകാശം. ൫. ഭൂമി.

ഉസ്രികാ-സ്ത്രീ. കാളക്കുട്ടി. വ. പ്രായം അധികമായ കാള.

ഉസ്രികാ-പശു.

ഉസ്രിയം-കാള.

ഉസ്രിയാ-സ്ത്രീ. പശു. വ. രശ്മി, പ്രകാശം. ന. കന്നുക്കുട്ടി. ൪ പാൽ.

ഉള-ഉള്ള.

ഉളക്, ഉളവു്-ആയുധാഭ്യാസത്തിൽ ഒരു പ്രധാനഭാഗം.

ഉളയ്ക്കുക,ഉളുക-നോവുക, വേദനപ്പെടുക.

ഉളയ്പ്-സ്ത്രീ. ശബ്ദിക്ക (തമിഴ). വ. പന്തുകളിക്ക'

ഉളവാകുക-ഉണ്ടാവുക.

ഉളവ്-പു. ഉത്ഭവം. വ. ഉളയുക.

ഉളറുക-കഥയില്ലാത്തു പറക.

ഉളി-മരം പണിയുന്ന ആയുധം.

ഉളിയത്തച്ചൻ-പ്രസിദ്ധിയുള്ള ഒരു കീഴ്ജാതിജ്ഞാനി. ഉളിയന്നൂർപെരുന്തച്ചൻ.

ഉളിന്ദൻ-ശിവൻ.

ഉളിയം-കരടി. (തമിഴ്).

ഉളിയുക-നോക്കുക.

ഉളു-മരത്തിലുള്ള പുഴു.

ഉളുക്ക്, ഉളുക്കൽ-കൊളുത്തു, ഇടച്ചു.

ഉളുക്കുക-പു. കൊളുത്തുക, ഇടറുക. വ. മരപ്പുഴു ഉള്ളച്ചു ചീത്തയാവുക.

ഉളുപ്പു്-പു. ലജ്ജാശീലം. വ. നാണം. ന. ഉണൎച്ച.

ഉളുമ്പു്-ധാന്യത്തിലുള്ള ഒരു വക പുഴു.

ഉളെ, ഉള്ളെ-ഉള്ളിൽ.

ഉള്ള-വി. ഭ. ഭവിക്കുന്ന. വ. ... ന. ചേന്ന.

ഉള്ളകം-ഭ. അകത്തെ മുറി.

'വെണ്ണയുംപാലുംവെച്ചുള്ള കം... ...നാർ' (കൃഷ്ണഗാഥ)

വ. ഹൃദയം.

ഉള്ളം-ഭ. മനസ്സ്. വ. അകം.

ഉള്ളങ്കാൽ-കാലിൻെറ അകം.

ഉള്ളങ്കൈയ്-ഉൾകൈയുടെ അകം, കൈപ്പടം. പര്യായങ്ങൾ-പഞ്ചശാഖം, ശയം, പാണി.

ഉള്ളവണ്ണം-അ. ഭ. സത്യമായിട്ടു്. വ. ഉള്ളതുപോലെ.

ഉള്ളഴിയുക-ഭയതോന്നുക, മനസ്സഴിയുക.

ഉള്ളഴിവു്-ഭയ, മനസ്സലിവു്.

ഉള്ളറ-ഭ. അകത്തകം. വ. ഗർഭഗൃഹം. ഗർഭാഗാരം, അമ്പലങ്ങളിൽ വിഗ്രഹപ്രതിഷ്ഠ ചെയ്തിട്ടുള്ളഗർഭഗൃഹം. ന. പെട്ടിക്കകത്തുള്ള അറ.

ഉള്ളറിവു്-മനസ്സറിവു്.

ഉള്ളാക്കു്-കരടിയുടെ അലച്ച.

ഉള്ളാടൻ-കാട്ടുമനുഷ്യൻ. വ. വേടൻ. ന. കൊച്ചിമലയടിക്കുള്ളൊരുവകവേടന്മാർ

ഉള്ളാളൻ-ഭ. കോഴിക്കോട്ടു അരിയളവു കൊടുക്കുന്ന ഒരു ജാതിയിൽ പെട്ടവൻ, പള്ളിച്ചാൻ വ. ഉള്ളാടൻ.

ഉള്ളി-ഒരു ഔഷധിമരുന്നു്. (ഇതു രണ്ടു വിധം. ചെമന്നുള്ളി, വെളുത്തുള്ളി )

ഉള്ളു-ഭ. അകം. വ. ഹൃദയം. ന. സൂക്ഷ്മസ്ഥിതി, വിശ്വസ്തത. ര. ഒരാളു ഗ്രഹിപ്പിക്കാതെ മറ്റൊരുവനോടു യോജിച്ചിരിക്കുന്ന സ്ഥിതി.

ഉള്ളുണച്ച-അറിവു്, ബോധം.

ഉള്ളുരുക്കം-മുള്ളേൽ, ഉൾച്ചൂടു്.

ഉള്ളുക്കു്-ഉൾഭയം, ഉഴിവ്, കട്ടപ്പു.

ഉള്ളൂരി-അകത്തെ തൊലി, കനംകുറഞ്ഞതോൽ.

ഉൾ-അ. അകം, ദ്യോതകങ്ങളിൽകണു. [ചെം, വെൾ, വെറു, ഇരു, തെളി, മുതു, പുതു, പഴ, കടു, കൊടു, അരു. ഒൺ, നൽ, പശ്(പൈ), താഴ്, കീഴ്, മേൽ, കള്ളർ, ഒരു, ഉൾ, നേർ, പേരു, ചെറു, പൊറു, പൊലി, ഏളി, കിഴ, പഴ്, വൽ, മുഴ ഇത്യാദി ദ്യോതകങ്ങളാകുന്നു].

ഉള്ള, നിശ്ചയം (ഉള്ള), വാസ്തവം, ഉണ്ട് എന്ന സ്ഥിതി, ഇത്യാദി അർത്ഥങ്ങൾ ഉണ്ടാകും.

ഉൾക്കടൽ-അകക്കടൽ.

ഉൾക്കണ്ണു്-ദിവ്യചക്ഷുസ്സ്, ജ്ഞാനദൃഷ്ടി.

ഉൾക്കനം-ധൈര്യം.

ഉൾക്കപടം-മായം, വഞ്ചന.

ഉൾക്കമലം-ഹൃദയം, മനസ്സ്.

ഉൾക്കരൾ-ഉൾക്കാമ്പു്.

ഉൾക്കരുത്തു്-ധൈര്യം, ഉറപ്പു്.

ഉൾക്കലക്ക-വി. ഇടകലക്ക.

ഉൾക്കാഴ്ച-ഉൾക്കാഴ, കൈക്കൂലി.

ഉൾക്കാമ്പു-മനസ്സ്, ബുദ്ധി.

ഉൾക്കാഴ്ച-മനസ്സുകൊണ്ടു കാണുന്നകാഴ്ച.

ഉൾക്കരുന്ന-മനസ്സ്.

ഉൾക്കേട്ടു്-അകാരമയുള്ളരോഗം, ചീത്ത മനസ്സ്.

ഉൾക്കൈയ്-സഹായം, ഇതു മറെറുള്ളവർ അറിയാതെ കള്ളന്മാർ മുതലായവർക്കു ചെയ്യുന്ന സഹായം ആകുന്നു.

ഉൾക്കൊൾക-അനുഭവിക്ക, പ്രാപിക്ക.

ഉൾക്കോപം-വിരോധം, വൈരം.

ഉൾക്കോഴ-കൈക്കൂലി.

ഉൾച്ചൂട്ട-അകാരത്തെ കപ്പവും.

ഉൾച്ചതി-കൈശലം, സമ്പ്രദായം, സൂത്രം.

ഉൾച്ചിരി-വ്യാജച്ചിരി, പുഞ്ചിച്ച സന്തോഷം.

ഉൾച്ചേർച്ച്-സ്നേഹം.
ഉൾത്തളിർ, ഉൾത്താർ-മനസ്സ്, ബുദ്ധി
ഉൾത്താപം-അകമേയുള്ള ദുഃഖം.
ഉൾത്തിരക്ക്-ഫ. മത്സരം. വ. ശത്രുത്വം. ന. അസൂയ.
ഉൾപ്പക-നീരസം, വൈരം.
ഉൾപ്പൂക-ഉള്ളിൽ (അകത്തു) പോവുക.
ഉൾപ്പൂവ്-മനസ്സ്, ബുദ്ധി.
ഉൾപ്പെടുക-ചേരുക, പ്രവേശിക്കുക, ഏർപ്പെടുക.
ഉൾപ്പെടുത്തുക-ചേർക്കുക, പ്രവേശിപ്പിക്കുക, ഏർപ്പെടുത്തുക.
ഉൾപ്പേടി-ഭയം, ഭീരുത്വം.
ഉൾപ്പൊരുൾ-ഒളിവായി കിടക്കുന്ന അർത്ഥം.
ഉൾപ്പോര്-ഫ. മത്സരം. വ. അസൂയ.
ഉൾപ്രേമം-സ്നേഹം.
ഉൾബോധം-അറിവ്, ഉള്ളിലെ ബോധം, ജ്ഞാനം.
ഉൾഭയം-ഉൾപ്പേടി.
ഉൾവെട്ട്-ഫ. അറുത്ത തടിയുടെ അകത്തെഭാഗം. വ. ചതി. ന. ചതിച്ചെടുക്കുന്ന ലാഭം.
ഉഴ-ധാ. പുളയുക, ഛട്ടിപ്പാൻ വരുക.
ഉഴകലം-പരിമനം, രാജചിഹ്നം.
ഉഴക്കൻവള-അഴിച്ചുവെയ്ക്കാവുന്ന ഒരു മാതിരി വള, വിരിയൻവള.
ഉഴക്ക്, ഉഴക്കുതോപ്പ്-നാഴിയിൽ നാലിൽ ഒരു ഭാഗം. പര്യായം-നികുഞ്ചം (നികുഞ്ചകം).
ഉഴങ്ങ്-ചെറിയ കടുക്ക.
ഉഴപ്പ്-ധൃതി, തിടുക്കം.
ഉഴമ്പുക, ഉഴപ്പുക-ധൃതിപ്പെടുക, തിടുക്കപ്പെടുക.
ഉഴം-കൃഷിചെയ്യുന്ന മല.
ഉഴൽമാൻ-ഒരു വക മാൻ [ഉഴമാൻ എന്നും കാണുന്നു].

[പുള്ളിമാൻ, കലമാൻ ഇങ്ങിനെ പലവിധം പറയുന്നു]
ഉഴയുക-അദ്ധ്വാനിക്കുക, പ്രയത്നപ്പെടുക
ഉഴയ്ക്കുക-ഫ. അദ്ധ്വാനപ്പെടുക, ക്ഷീണിക്കുക. വ. നിലത്തു കിടന്നുരുളുക, പാമ്പിനെപ്പോലെ ഓടുക.
ഉഴപ്പ്-ഫ. അദ്ധ്വാനം. വ. താല്പര്യം. ന. ഉരുൾച്ച.
ഉഴല-മരത്തിന്റെ കേട്.
ഉഴലുക-ഫ. അലഞ്ഞുതിരിയുക, ചുററിനടക്കുക, ചുഴലുക. വ. കഷ്ടപ്പെടുക, ബുദ്ധിമുട്ടുക. ന. അദ്ധ്വാനപ്പെടുക. ര. ക്ഷീണിക്കുക.
ഉഴൽ, ഉഴൽച്ച-ഫ. ക്ഷീണം. വ. അദ്ധ്വാനം. ന. ചുററിനടപ്പ്.
ഉഴവ്, ഉഴമ-ഉഴുക. വ. കൃഷിചെയ്ക.
ഉഴയവൻ, ഉഴമക്കാരൻ-കൃഷിക്കാരൻ
ഉഴവാതിൽ-പടിവാതിൽ.
ഉഴവുചാൽ-ഉഴപ്പൊളി.
ഉഴർമ്മപ്പെടുക-ധൃതികാട്ടുക, തിടുക്കപ്പെടുക.
ഉഴറൽ, ഉഴററ്-ഫ. തിടുക്കം. വ. ബലപ്പാട്.
ഉഴറി ശീഘ്രമായി.
ഉഴറുക-ഫ. തിടുക്കപ്പെടുക. വ. ബലപ്പെടുക. ന. ചുററിഓടുക, ഓടുക.
ഉഴററുക-ഫ. തിടുക്കപ്പെടുത്തുക. വ. ബലപ്പെടുത്തുക.
ഉഴറോടെ-അ. വേഗത്തിൽ.
ഉഴി-ധാ. വട്ടത്തിൽ ചുററുക.
ഉഴി-ഒരു വൃക്ഷം.
ഉഴികാണുക-പ്രസ്ഥാവെക്കുക.
ഉഴിച്ചിൽ-ഫ. തിരുമ്മുക. വ. ഒരു കർമ്മം.
ഉഴിഞ്ഞ-ഒരു വള്ളി, ചെടി.

[ഇതു കഫപിത്തങ്ങളെ കളയും. ഇതിന്റെ വേര സന്നിക്കു നന്ന്. ശരി

ണികൾക്കും കൊള്ളാം. അരയാൽമേങ്ങൾ ഉള്ളത് ഇവയ്ക്കും ഉപയോഗമുണ്ട്.]

ഉഴിഞ്ഞാൽ-ആട്ടുകട്ടിൽ. പര്യായങ്ങൾ ദോള, പ്രേംഖ ഇവ രണ്ടും.

ഉഴിയുക-ക്രി. തിരുമ്മുക. വ. ചുഴററുക. ന. ഉഴിഞ്ഞുമാററുക.

ഉഴിയിക്കുക-ക്രി. തിരുമ്മിക്കുക. വ. ഉഴിഞ്ഞുമാററിക്കുക.

ഉഴിവ്-ഒഴിച്ചിൽ.

ഉഴകയർ-കൃഷിക്കുള്ള ഒരു ഉപകരണം.

[ഇതു തണ്ടിന്റെ അററത്തു നുകം കെട്ടുന്നിടത്തു ചേർത്തിരിക്കുന്നു. ഇതു താഴ്ത്തിയാൽ ആഴംകുറയും. പൊക്കിയാൽ ആഴം കൂടും ഇതുകൊണ്ടു ചാലിന്റെ അകലം ഇത്രയുണ്ടെന്നു നിശ്ചയപ്പെടുത്തുവാൻ കഴിയും.]

ഉഴ(വു)ക-പൂട്ടുക.

ഉഴുന്നു-ഒരു ധാന്യം. [സംസ്കൃതത്തിൽ മാഷം].

[കേരളത്തിൽ വിളയുന്ന ധാന്യങ്ങളിൽ ഒന്നാണ്. സ്നിഗ്ദ്ധമാണ്. ബലത്തെയും ശ്ലേഷ്മത്തെയും മലത്തെയും പിത്തത്തെയും ഉണ്ടാക്കും. ഗുരുത്വവും ഉഷ്ണവുമാകുന്നു. വാതത്തെ കളയും. സ്വാദുമാണ്. ശുക്ലവൃദ്ധിയെചെയ്യും. ഹിതംപോലെ വിരേചിപ്പിക്കും. സരമാകുന്നു. ഉഴുന്നു വിളയുവാൻ യോഗ്യമായ ക്ഷേത്രത്തിനു മാഷ്യം, മാഷീണം എന്നു പര്യായങ്ങൾ.]

ഉഴുതകണ്ടം-പൂട്ടിയ കണ്ടം. പര്യായങ്ങൾ-സിതം, കൃഷ്ടം, ഹല്യം ഇവമൂന്നും

ഉറ-ധാ. കട്ടിയാവുക.

ഉറ-ക്രി. ആയുധം ഇടുന്ന സഞ്ചി. വ. പാലുകാച്ചി ആറിയതിൽപിന്നെ തൈരാകുവാൻ ചേർക്കുന്ന മോര് അല്ലെങ്കിൽ തൈർ. ന. കതിരുള്ള തീററികൊടുക്കുന്ന സഞ്ചി. ര. വീതും. ൧ ന്നറ് എന്ന സംഖ്യ. ന്ത ഇവപൂവരംകൂടിയതലവ് ൧. മൂടി.

ഉറക്കൂട്ടുക-പാലിൽ മോരോ തൈരോ ചേർന്ന് തൈരാവുക.

ഉറക്കൂട്ടുക-പാലിൽ മോരോ തൈരോ ചേർത്ത് തൈരാക്കുക

ഉറക്കം-ക്രി. നിദ്ര. പര്യായങ്ങൾ-നിദ്ര, ശയനം, സ്വാപം, സ്വപ്നം, സംവേശം. വ. മയക്കം.

[ഒരാൾ ഇടവിടാതെ അമ്പതു ദിവസത്തിലധികം ഉറക്കമൊഴിച്ചാൽ മരിച്ചുപോകുന്നതാണ്.]

ഉറക്കറ-കിടപ്പുപുര, കിടക്കപ്പുര, ഉറക്കത്തിനുള്ള അറ.

'കാമവശനായവനറക്കറയിൽവീണാൻ'
(രാമായണം ൨൪ വൃത്തം)

ഉറങ്ങുക-നിദ്രചെയ്യുക. വ. മയങ്ങുക

ഉറക്കുക-നിദ്രചെയ്യിക്കുക.

ഉറക്കത്തു്-പുഴുതിന്നുക, ഉ-ം, ഉറക്കത്തുള്ള മരം.

ഉറക്കെ, ഉറക്കവെ-അ. ക്രി. ഉച്ചത്തിൽ. വ. മുറുകെ.

ഉറക്കൊഴിവ്-ഉറക്കമിളപ്പ്.

ഉറക്കമൊഴിക്കുക-ഉറക്കമിളയ്ക്കുക.

[ഉറക്കമൊഴിക്കുന്നതിന്റെ പര്യായങ്ങൾ-ജാഗര്യാ, ജാഗര ഉറക്കമൊഴിക്കുന്നവൻ അല്ലെങ്കിൽ ഉണർന്നിരിക്കുന്നവൻ എന്നതിനു പര്യായങ്ങൾ-ജാഗരൂകൻ, ജാഗരിതാവ്. ഉറക്കം തൂങ്ങുന്നവന്റെ പര്യായങ്ങൾ-ഘൂർണ്ണിതൻ, പ്രചലായിതൻ. ഉണർച്ചയില്ലാത്തവനും ഇവയെ പറയാം. നിദ്രാശീലൻ എന്നതിനു പര്യായങ്ങൾ സ്വപ്നക്, ശയാലു(ലു), നിദ്രാലു(ലു) ന. ഉറങ്ങിയവൻ എന്നതിനു പര്യായങ്ങൾ-നിദ്രാണൻ, ശയിതൻ.]

ഉറങ്ങുക-ക്രി. നിദ്രചെയ്യുക. വ. മയങ്ങുക.

ഉറച്ചിൽ-ക്രി. പാലിൽ മോരൊ തൈരൊ ചേർത്ത് തൈരാക്കുക. വ. ഉറയൽ, വിറയൽ.

ഉറതൈതരു്-കട്ടതൈതരു്.
ഉറത്തുക-പൃഴതിന്നുക.
ഉറന്നെഴുക-ഊറിവരുക.
ഉറന്തു്-വാസസ്ഥലമാക്കി.
ഉറപ്പിക്കുക-ഫ. സ്ഥിരപ്പെടുത്തുക. വ. നിശ്ചയപ്പെടുത്തുക. ന. കട്ടയാക്കുക.
ഉറപ്പു്-ഫ. ശക്തി. വ. സ്ഥിരത. ന. കട്ടപ്പം. ര. വീര്യം.
ഉറപ്പുഴ-ഒരു കൃമി, മരത്തിലുള്ള പുഴു.
ഉറയുക-ഫ. തുള്ളുക, വിറയ്ക്കുക. വ. കട്ടിയാവുക. ന. ഊറുക.
ഉറയ്ക്കുക-ഫ. സ്ഥിരപ്പെടുക. വ. നിശ്ചയിക്കുക. ന. കട്ടയാകുക.
ഉറൽ, ഉറപ്പൊടി-കേടുപററിയ മരത്തിൻെറ പൊടി.
ഉറവക്കണ്ണു്-ഭൂമിയിൽനിന്നു ജലംവരുന്ന ദ്വാരം.
ഉറവൻ-ചെള്ളു്, ഒരു പുഴു.
ഉറവു്-ഫ. പുഴ, കിണറു, കുളം മുതലായവയിൽ ഭൂമിയുടെ അന്തർഭാഗത്തിലിരിക്കുന്ന ജലം മേല്പെട്ടു പൊങ്ങുക. (ഭൂമിയിൽനിന്നു ചില ദ്വാരങ്ങളിൽകൂടെ ജലം വരുന്നതിനും പറയാം.) ഊററു്. പര്യായങ്ങൾ-ഭേദം, ജലനിര്ഗ്ഗമം. വ. സ്നേഹം, അന്തരംഗം. ന. ബന്ധുത്വം.
[പർവ്വതത്തിൽ ഉറവു പുറപ്പെടുന്നസ്ഥലത്തിനു പര്യായങ്ങൾ-ഉത്സം, പ്രസ്രവണം.] ര. ഉണച്ച്.
ഉറവായി-ബന്ധുത്വത്തോടുകൂടി.
ഉറം-ഫ. തീപ്പൊരി. വ. ഒരുവിധം പുഴു [ഇതു മരം മുതലായവയെ ത്തുളയ്ക്കും.]
ഉറി-പാത്രങ്ങളുംമററും വെക്കുന്നതിനു കയറുമുതലായതുകൊണ്ടു കെട്ടിയുണ്ടാക്കിത്തൂക്കുന്നതു്. പര്യായങ്ങൾ-ശിക്യം, കാചം
ഉറിഞ്ചുക-ഫ. ഈമ്പുക. വ. വലിച്ചുകുടിക്കുക. ന. മെക്കെകടിക്കുക, ഇറയുക, നക്കുക.
ഉറിയപ്പം-ഒരു പലഹാരം.
ഉറിവല-മത്സ്യംപിടിക്കുന്ന ഒരുമാതിരി ചെറിയവല.
ഉറു-ഉള്ള. [പ്രചാരലുപ്തം.]
ഉറുക-ഫ. ഉണ്ടാക. വ. ചേരുക.
ഉറുകലി-വിഷമുള്ള ഒരുമാതിരി ചിലന്തി. [കർണ്ണാടകത്തിൽ ഉക്കലു.]
ഉറുക്കു്-ഫ. കൈവള. വ. അരയിൽ കെട്ടുന്ന രക്ഷ. ഉ-ം, വെള്ളിയുറുക്കു്, ഏലസ്സുറുക്കു് ഇത്യാദി.
ഉറുഞ്ചിമരം-പുവത്തി. പര്യായങ്ങൾ-അരിഷ്ടം, ഫേനിലം.
[ഉറുഞ്ചിമരം എന്നതു അരച്ചാൽ പതയുന്ന ഒരുവിധം മരമാണു്. തമിഴർ പുവത്തി എന്നും മലയാളികൾ ശീക്കാഫേനം എന്നും ഇതിനു പേർപറയുന്നു.]
ഉറുഞ്ചുക-ചുണ്ടുചേർത്തു വലിച്ചെടുക്കുക.
ഉറുതി-ഫ. ഭംഗി, വൃത്തി. വ. ഉറപ്പു്, ദൃഢത. ന. അറിവു്. ര. വഴക്കു്.
ഉറുത്തുക-ഫ. ക്രൂരതയോടെ നോക്കുക. വ. പരുപരുക്കുക. ന. ഈയം, തിണ്ണമുതലായവ ഇടിഞ്ഞാൽ (ഇളകിയാൽ) മണ്ണു കഴച്ചു ആ സ്ഥലം വെടിപ്പാക്കുക. ര. നടത്തുക.
ഉറുപ്പ-ഫ വലിയസഞ്ചി. വ. വൃഷണം. ന. ഗർഭപാത്രം.
ഉറുപ്പടക്കം-നെഞ്ചടക്കം.
ഉറുപ്പികാ-രൂപം, ഒരു നാണയം.
ഉറുപ്പു്-ഫ. നെഞ്ചും തോളും കൈയ്യും കൂടിയ ശരീരത്തിൻെറഭാഗം. വ. ബലമുള്ളതടി, ഇരിപ്പ.
ഉറുമ്പരിക്ക-ഉറുമ്പുകടിക്കുന്നതുപോലെ തോന്നുക.
ഉറുമ്പാൽ-അലാൽ, കടുവായെപ്പോലെ അലറുക.
ഉറുമ്പു്-ഭൂമിയിൽ അരിച്ചുനടക്കുന്ന ഒരുവിധം ചെറിയജന്തു, എറുമ്പു്. ഈമാതിരി അരിച്ചുനടക്കുന്ന പല പ്രാണികൾ

ക്കം പറയും. ഉറുമ്പിന്റെ പര്യായം-പിപീലിക.

[ഉറുമ്പു പലവിധമുണ്ട്. കട്ടുറുമ്പ്, നീറുറുമ്പ്, ശവംതിന്നിയുറുമ്പ്, നെയ്യുറുമ്പ്, പാമ്പുറുമ്പ്, പുളിയുറുമ്പ് ഇത്യാദിയാകുന്നു]

ഉറുമ്പുക, ഉറുമ്പുക-അമറുക.

ഉറുമാപ്പുലി, ഉറുമാമ്പുലി-വിഷമുള്ള ഒരുമാതിരി ചെറിയജന്തു, വിഷച്ചിലന്തി.

ഉറുമാമ്പഴം, ഉറുമാൻ-താളിമാതളം. പര്യായങ്ങൾ-കരകം, ദാഡിമം (ഡാഡിമം).

[താളിമാതളം രണ്ടുവിധം ഉണ്ടെന്നു കാണുന്നു. ഒന്നു മധുരരസവും മറ്റേതു പുളിരസവും ഉള്ളകായ്കളുള്ളതാണ്. ഇതു കാസം, വാതകഫപിത്തരോഗങ്ങൾ, അരോചകം ഇവയെ കളയും.]

ഉറുമാൽ-തലയിൽകെട്ടുന്ന ലേസ്. [പേർഷ്യൻ വാക്ക്.]

'പട്ടുകൾപുടവകൾതൊപ്പിട്ടികളുമി-
രട്ടുകരിമ്പടമുറുമാൽവകകൾ'
(രുക്മിണീസ്വയംവരം തുള്ളൽ)

ഉറുമി-ഒരു പട്ടണത്തിന്റെ പേർ. [ഉറുമിരാജാവ് = ടർക്കിസുൽത്താൻ.]

ഉറുള-ഉരുള.

ഉറുളക്കട്ട-കൃഷിക്കുള്ള ഒരുപകരണം. [ഉരുളക്കട്ട എന്നതു നോക്കുക.]

ഉറ്റ-വി. ഫ. ഉള്ള. വ. അടുത്ത. ന. തക്കതായ

ഉറ്റബന്ധു അടുത്ത ചാർച്ചക്കാരൻ

ഉറ്റാൽ-ഉള്ളി, ഈറൽ.

ഉറ്റവൻ-അടുത്തവൻ. വ. സ്നേഹിതൻ.

ഉറ്റവർ-ബന്ധുക്കൾ.

ഉറ്ററിവ്-തത്വജ്ഞാനം.

ഉറ്റിക്ക- ഇറ്റിക്ക, തുള്ളിതുള്ളിയായി വീഴിക്ക.

ഉറവ്-വാത്സല്യത്തോടുകൂടി.

# ഊ

ഊ—സ്വരാക്ഷരങ്ങളിൽ ഒന്ന്. (ഒരു ദീർഘമായ ഓഷ്ഠ്യം.)

ഊ-ഫ. ശിവൻ. വ. ചന്ദ്രൻ ന. രക്ഷിതാവ്.

ഊകാരം-ഊ എന്ന അക്ഷരം.

ഊക്കൻ ശക്തിയുള്ളവൻ.

ഊക്കം-ബലം, ശക്തി.

ഊക്ക്-ഫ. ശക്തി, ബലം. വ. സന്ധ്യാവന്ദനം.

ഊക്കാരൻ-കറിവെപ്പിക്കുന്നവൻ.

ഊക്കുക-ഫ ആചമിക്കുക, ബ്രാഹ്മണർ നിത്യകർമ്മം കഴിക്കുക. വ. ചാട്ടിക്കുക ന. മുന്നോട്ടായുക ഉ-ം,

'തീക്കുഴിതന്നിൽചാടുവാനൂക്കുമ്പോൾ'
(സന്താനഗോപാലം-പാന)

ഊചിവാൻ-പറഞ്ഞു

ഊച്ച്-ഇണ, ചങ്ങാതി.

ഊഞ്ചൽ-ഊഞ്ഞാൽ, ഉഴിഞ്ഞാൽ.

ഊഞ്ചൽകട്ടിൽ-തൂക്കുമഞ്ചം.

ഊഞ്ഞാൽ ഉഴിഞ്ഞാൽ

ഊഞ്ഞാവള്ളി - ഒരു ചെടി.



([illegible])

ഊട്-ഫ മധ്യം, സരമായ ഭാഗം ഉ-ം, ഊട്വഴിക്ക, മുകളിലുള്ള വരുന്ന ഭാഷവായ്ക്കാവു വ. അകം. ന. തവണ (പ്രാവശ്യം.) ഉ-ം, ഒരൂട്. ഈ പദത്തെ ഇപ്പോൾ സപ്തമി വിഭക്തിയോടു ചേർത്ത പ്രയോഗിക്കാറുള്ളു. അതോടു ചേർത്തു പ്രയോഗിക്കുന്നതു 'മുതൽ' എന്ന നിപാതപൂർവമായിട്ടുവേണം വിഭക്തിയോഗം കൂടാതെ പദ്യത്തിൽ പ്രയോഗിച്ചുകാണുന്നുണ്ട്. ഉ-ം,

'ഊടാടശരംകൊണ്ടു'
(കേരളവർമ്മരാമായണം)
'രണ്ടുമൂന്നൂടകൊന്നാർ'
(മഹാഭാരതം)
'ഊടേതുടന്നിതൊരുപട വാഹിനീപതീനാം'
(ഭാഷാനൈഷധചമ്പു)
൪. സൂക്ഷ്മം, പരമാർത്ഥം. ഉ-ം, ഊടറിവ് (സൂക്ഷ്മജ്ഞാനം.) ൫. പരിചയം, ശീലം. ൬. കൂടെ. ഉ-ം, അതിലൂടെ. ൭. നെയ്ത്തുകാരന്റെ വിലങ്ങുനൂൽ. ൮. രഹസ്യം. ൯. (വ്യാകരണത്തിൽ) അനുപ്രയോഗങ്ങളിൽ പെട്ട ധാതുക്കളിൽ ഒന്ന്.

ഊടറിവ്-൧. സൂക്ഷ്മമായ ജ്ഞാനം. ൨. പരിചയം. ൩. ശീലം.

ഊടാടാത്തവൻ- സഞ്ചരിക്കാത്തവൻ, പരിചയം ലഭിക്കാത്തവൻ ഉ-ം, അവന്റെ വീട്ടിൽ ഊടാടാത്തവൻ (ദേശ്യം)

ഊടാടുക-൧. മദ്ധ്യേകൂടി പോകുക. ൨. സഞ്ചരിക്കുക. ൩. മദ്ധ്യം ഇളകിപ്പോകുക. "ആട്ടുമാടും കാടാകും; അരചൻ ഊടാടും നാടാകും" ൪. അയഞ്ഞുകിടക്കുക, ൫. ഇളക്കുക. ൬. കാററു മുതലായവയെപ്പോലെ കടന്നുപോവുക ൭. പരിചയിക്കുക.

ഊടാട്ടം-അയച്ചിൽ.

ഊടാണി-അയവുള്ള ആണി.

ഊടായി-ആയുധക്കത്തി.

ഊടുനടക്കാ-ഊരന്നു കയറുക.

ഊടുപാട്, ഊടുപോക്കു-൧. അറിവ്. ൨. ശീലം.

ഊടുപാട്-അ. ൧. മുഴുവനും. ൨. കൂടെ.

ഊടുവഴി-൧. രഹസ്യമായവഴി. ൨. ഇഷ്ടമായ പ്രത്യേകവഴി, കഴഞ്ഞ പ്രത്യേകവഴി.

ഊടുവലിക്ക-ചോച്ചു മാററുക, ഇടയിൽ ചേർക്കുക.

ഊടെ-വ്യാകരണത്തിൽ കൊണ്ടാദിഗണങ്ങളിൽ പെട്ടതു്. സപ്തമിവിഭക്തിയിൽ ചേരുന്നു. ഉ-ം, അതിൽ ഊടെ (കൂടെ) എന്നർത്ഥം.

ഊട്ട്-൧ ഭക്ഷണം ൨. സദ്യ. [തമിഴ് മലയാള കർണ്ണാടകങ്ങളിൽ-ഉൺ.] ൩. അടിച്ചുപററിക്കുന്ന ഇരിമ്പ്. ൪. ഉരുക്കിനാവശ്യമുള്ള തീ പററലിന്റെ ക്രമം.

ഊട്ടി-കണ്ണാ.

ഊട്ടുക-൧. ഭക്ഷിപ്പിക്കുക. ൨. ആയുധങ്ങളെ പൂജകഴിക്കുക. ൩. ഇരുമ്പു മയം വരുത്തുക.

ഊട്ടുകാർ-അരിവെപ്പുകാർ.

ഊട്ടുപുര-ബ്രാഹ്മണർക്കു ഭക്ഷണം കൊടുക്കുന്ന സ്ഥലം. [ഇതു ക്ഷേത്രം സംബന്ധിച്ചിരിക്കും].

ഊട്ടുബ്രാഹ്മണസ്വം-ബ്രാഹ്മണരുടെ ഊട്ടുവകക്കു ഏല്പ്പെടുത്തിയ മുതൽ

ഊഢകങ്കട-വി. പടച്ചട്ട ധരിച്ച.

ഊഢ-വി. ൧. വിവാഹംചെയ്യപ്പെട്ട ൨. വഹിക്കപ്പെട്ട ൩. വഹിച്ച. ഉ-ം, ഊഢഃഖദം.

ഊഢാ-൧ വിവാഹം ചെയ്യപ്പെട്ടവൾ. ൨. രണ്ടുകെട്ടു വേട്ടവൾ.

ഊണരി-ഉണ്ണുന്നതിനുള്ള അരി.

ഊണി, ഊണുകാരൻ-൧. അധികം ഭക്ഷിക്കുന്നവൻ. ൨. വിരുന്നുകാരൻ.

ഊണില-ഊടീക്കലം. (ഊടിതോൽ എന്നു നോക്കുക.)

ഊണ്-ഭക്ഷണം, ചോറ്. (ഊട്ടോൽ എന്നു നോക്കുക.)

ഊത-വി. നെയ്യപ്പെട്ട.

ഊതൻ-മനുഷ്യർക്കു കടന്നുപോകുന്നതിനു വേലിയിൽ ഉപയോഗിക്കുന്ന മരക്കുററി. [കർണ്ണാടകവും തെലുങ്കും ഊതു= ഊന്ന്.]

ഊതം-ഊടും പാവുമായി നെയ്യപ്പെട്ടതു്. മറവപദ്ധായങ്ങൾ-സ്യൂതം, ഊതം. പല കിയ നൂൽ എന്നും കാണുന്നു.

ഊതാമ്പി-പൊന്നൻ.

ഊതി-൧. നെയ്ത്ത്. ൨. പാലനം. ൩. ധാരക. ൪. വേഗം. ൫. സുഖം ൬. അദ്ധ്വാനം, ആയാസം. ൭. കളി. ൮. കൃപ. ൯. സഹായം. ൧൦. തയ്യൽകാരന്റെ കൂലി. ൧൧. അനുഗ്രഹം, സന്തോഷം.

ഊതിക്കഴിക്കുക-തീകൊണ്ടു സ്വർണ്ണമുതലായവയുടെ കറകളുക.

ഊതുക-൧. പ്രവർത്തിച്ചു കാററുണ്ടാക്കുക. ൨. കുഴലും മററും വിളിക്കുക. ൩. കാററടിക്കുക. [കാ-ക്രി=ഊതിക്കുക.]

ഊതുകട്ടി-മാററുള്ളവെള്ളി.

ഊത്ത-൧. മീൻപിടിക്കുന്ന ഒരു കാലം. ൨. കേട്.

ഊത്ത-വി. ചാടിയ, തള്ളിയ.

ഊത്തവയറ്-ചാടിയവയറ്, തള്ളിയ വയറ്.

ഊത്തവയറ്-വി വയറു ചാടിയ [ഊത്തവയറൻ, ഊത്തവയറി, ഊത്തവയറ്.]

ഊത്തിന്നുവാസ്സിടിയൻ-പാമ്പ്. (നം യാട്ടുപേർ.)

ഊത്ത്-൧. കുഴലും മററും വിളിക്കുക ൨. കുഴൽ, നച്ചുകുഴൽ. ൩. ചീററൽ. ൪. കാററടിപ്പ്. ൫. കാററുണ്ടാവാൻ തക്ക പ്രവൃത്തിചെയ്ക.

ഊധസ്സ്-൧. അകിട്. ക്ഷീരത്തെ വഹിക്കുന്നു എന്നർത്ഥം. ൨. സ്നേഹിതന്മാർക്കു മാത്രം വരുന്നതിനു തടസ്സമില്ലാത്തമറവു (സ്വകാര്യ) സ്ഥലം. ൩. നെഞ്ച്.

ഊധസ്യം-പാൽ.

ഊൻ-൧. പല്ലിന്റെ മോണ. ൨. നഖത്തിന്റെ ചുവട്. ൩. വ്രണത്തിലുണ്ടാകുന്ന അരിപ്പുണ്ണ്. ൪. വ്രണം.

ഊൻകുത്ത്-പല്ലുകുത്ത്.

ഊന-വി. ൧. അല്പമായ. ൨. നിന്ദ്യമായ ൩. കുറവുള്ള. ൪. അംഗഹീനമായ. ൫. താണ ൬. ചെറിയ.

ഊനക-വി. താണതരത്തിലുള്ള.

ഊനകാകളി-ഒരു കിളിപ്പാട്ടുവൃത്തം.

'രണ്ടാംപാദാവസാനത്തിൽ
വരുന്നൊരുഗണത്തിനു
വർണ്ണമൊന്നുകുറഞ്ഞീടി
ലൂനകാകളിയാമത്'
(വൃത്തമഞ്ജരി)

'നാരായണകഥകേട്ടോളുവുമതി-
ലേറനിതുരുചികിളിമകളേ'
(ഭാരതം)

ഊനച്ചൂട്-ചീത്തവാക്ക്, മുറുമുറുപ്പ്. (ഊനാച്ചൂട് എന്നും കാണുന്നു)

ഊനച്ഛന്ദം-അ. സ്വാതന്ത്ര്യമില്ലാതെ.

ഊനതരംഗിണി-ഒരു തുള്ളപ്പാട്ടുവൃത്തം
'രണ്ടാംപാദഗണം രണ്ടുകുറഞ്ഞൂനതരംഗിണി.' (വൃത്തമഞ്ജരി)

ഊനം-൧. കുറവ്. ൨. പഴുത്. ൩. ദോഷം.

ഊനംവരുത്തുക-നശിപ്പിക്കുക.

ഊനമാനം-കുറച്ചിൽ.

ഊനവിംശതി-പത്തൊമ്പത് (൧൯.)

ഊനാതിരേകം-അ. ഏറക്കുറവ്.

ഊനിക്കുക-൧. കിളിക്കുക, മുളയ്ക്കുക. ൨. പ്രത്യക്ഷമാവുക ൩. വളരുക.

ഊനിത-വി. കായ്ക്കപ്പെട്ട.

ഊന്ന്-൧. താങ്ങ്. ൨. കഴുക്കോൽകുത്ത്. ൩. ബലം ൪. അടയാളം.

ഊന്നുക-൧. ഊന്നിക്കുക ൨. തടി മുതലായതു കുത്തിനിറുത്തുക. ൩. കഴുക്കോൽ കുത്തുക. ൪. ചാരുക. ൫. കണക്കിൽ അടയാളമിടുക. ൬. വൃക്ഷത്തിനു വേരുപടിക്കുക. ൭. സ്വീകരിക്കുക.

ഊന്നുകാരൻ-വള്ളക്കാരൻ.

ഊന്നുകാൽ-കാറി.

ഊന്നുകോൽ-വടി, ബഡ്, ഊന്നുവടി.
ഊപ്പ-ചെറിയ മത്സ്യം.
ഊപ്പടങ്ങേപ്പിടിക്ക - നെഞ്ചോടുകൂടി അടക്കിപ്പിടിക്ക.
ഊപ്പത്തരി-ക്രി. ഏററവും ചെറിയവസ്തു. വ. നിസ്സാരകാൎയ്യം. (ഊപ്പത്തിരി പാഠാന്തരം).
ഊപ്പാട്ട-നാശം, അവശത.
ഊപ്പിടി-ഭീഷണിവാക്ക്.
ഊപ്പിടികാട്ടം-ഭയപ്പെടുത്തുക.
ഊപ്പ്-ക്രി. വേട്ടയാട്ടം. [ഇതു ക്രവ്യവിധം ഉണ്ടു്] വ. ദശ, ഇറച്ചി.
ഊമ്പൽ-ക്രി. വാടിയ പൂക്കളിലുള്ള ഒരു മാതിരി പൂമ്പൊടി.

'ഊമ്പലുറഞ്ഞങ്ങുകൂമ്പിമയങ്ങിനോ-
രാമ്പൽനിരകളും മെല്ലെമെല്ലെ'
(കൃഷ്ണഗാഥ)

വ. ഊണ്, തീററി, (ഗ്രാമ്യം).
ഊമ്പുക-ക്രി. ഈമ്പുക, കുടിക്കുക. വ. ഉണ്ണുക, തിന്നുക (ഗ്രാമ്യം).
ഊം-അ. പ്രശ്നംചോദിക്കുക, എന്ന ഇതിന്റെ അൎത്ഥം.
ഊമ-വി. രക്ഷിക്കുന്ന.
ഊമ-മിണ്ടാൻ വയ്യാത്തവൻ. പൎയ്യായം-'മൂകൻ'
ഊമച്ചെകിടൻ-മിണ്ടാനും ചെവികേൾപ്പാനും വയ്യാത്തവൻ. പൎയ്യായം-'എഡമൂകൻ'.
ഊമൻ-ക്രി. മിണ്ടാൻവയ്യാത്തവൻ [സ്ത്രീ-ഊമച്ചി]. വ. മൂങ്ങ. പൎയ്യായങ്ങൾ-ഉലൂകം, വായസാരാതി, പേചകം, ദിവസാന്ധം, കൌശികം, ഘൂകം, ദിവാഭീതം, നിശാടനം ഇവ എട്ടും.
ഊമമലർ-മലരിന്നായിട്ടു് നെല്ലു വറുത്താൽ നല്ലാപോലെ മലരാതെ കിടക്കുന്നതു്.

[ഇതു വിഷ്ടംഭത്തെ ഉണ്ടാക്കും. രൂക്ഷവും, തൃപ്തണവും, ലേപനവും, ഗുരുവുമാകുന്നു.]
ഊമരി-കടൽ. ഉമരി, ഉവരി ഇങ്ങനെയും കാണുന്നു.
ഊമരികാരം-ഒരു ഭസ്മം.
ഊയൽ-ഊഞ്ഞൽ, ഊഞ്ഞാൽ.
ഊയലാട്ടുക-ഊഞ്ഞാലാട്ടുക.
ഊയി-വേദനയുണ്ടാകുമ്പോൾ പറയുന്ന ഒരു വാക്ക്.
ഊയികാരം, ഊയാരം-വലിയശബ്ദം, കുഴഞ്ഞിയ ശബ്ദം.
ഊർ-(വ്യാകരണത്തിൽ) അരുളാദിഗണത്തിൽ ഒന്നു്.
ഊര-പൃഷ്ഠം, ചന്തി, കണ്ടി.
ഊരകം-ക്രി. ഊരിന്റെ അകം. വ. കരന്തോട്ടിയിൽ ഒരു വകഭേദം.
ഊരകത്തമ്മതിരുവടി-ഈ ക്ഷേത്രം കേരളത്തിലെ അതിപ്രസിദ്ധവും മാഹാത്മ്യങ്ങളും കൂടിയതാണ്. ഊരകത്തമ്മതിരുവടിയുടെ പ്രധാന തിരുനാമം തിരുവലയനൂർ ഭഗവതി എന്നാകുന്നു.
ഊരകുത്തിവീഴുക-പൃഷ്ഠം കുത്തിവീഴുക.
ഊരടി ഒരു വക അടിമകൾ.
ഊരം-ഒരു വക കാരാന്തോട്ടി. (ഊരകം, ഊപ്പൻ.)

[ഇതിനെ ഊപ്പനം എന്നും ഉത്തി എന്നും പറയാറുണ്ടു്. ഉഷ്ണരോധത്തിന്നു കൊള്ളാം. ശരീരക്ഷയവും നന്നാകും. ഇതിന്റെ വേര കണ്ണിലെ വാതാതിമിരാദികൾക്കുപയോഗമുണ്ടു്.]
ഊരയാടിപ്പക്ഷി-കളകളപ്പക്ഷി.
ഊരരി-അ. വിസ്താരം. വ. അംഗീകാരം.
ഊരരീകൃത വി. അംഗീകരിക്കപ്പെട്ടു.
ഊരൽ-ക്രി. വലിച്ചുനടപ്പു്. വ. ഉറയും മററും പോലെയുള്ള അരിച്ചുനടപ്പു്.
ഊൎവ്യൻ-വൈശ്യൻ.

ഊരഴി-ഊരി എടുക്കാവുന്ന അഴി.

ഊരാണി-എടുക്കാൻ തക്കവിധം തറയ്ക്കുന്ന ആണി, അയവ്.

ഊരാമൂതൽ-അന്യവസ്തു.

ഊരാണ്മ, ഊരായ്മ-ബ്രാഹ്മണക്ക് ക്ഷേത്രങ്ങളിലുള്ള ഒരധികാരം.

ഊരാളൻ-ഊരാണ്മക്കാരൻ.

ഊരാളി-ഫ. ശൂദ്രരിൽ താണ ഒരു ജാതി വ. കാട്ടിൽ പാക്കുന്ന ഒരു ജാതി.

[തെക്കൻ ദിക്കുകളിൽ തേങ്ങ അടക്കുന്ന ഒരു വക ജാതിക്കാരെയാണ് ഊരാളിമാർ എന്നു പറയുന്നത്. ഇവരെ വടക്കൻദിക്കുകാർ തണ്ടാന്മാർ എന്നു വിളിക്കുന്നു].

ഊരാളിമന്നൻ-ഒരുതരം വലിയപാമ്പ്, ഏകദേശം മൂവ്വ അടി നീളവും ഒരു കമുകിൻെറ വണ്ണവും കാണും.

ഊരി-വലിച്ചെടുത്തു. ഊരുകഎന്നതിൻെറ ഭൂതകാലം.

ഊരി-അ. അംഗീകാരം. വ. വിസ്താരം.

ഊരീകൃത-വി. ഫ. അംഗീകരിക്കപ്പെട്ട. വ. വാഗ്ദത്തം ചെയ്യപ്പെട്ട. ന. വിസ്താരമാക്കപ്പെട്ട.

ഊര്, ഊർ-ഗ്രാമം, പട്ടണം. ഉ-ം, ബിലപ്പൂര്, കണ്ണൂർ ഇത്യാദി.

ഊരു-തുട. വസ്ത്രത്താൽ മറയ്ക്കപ്പെടുന്നത് എന്നർത്ഥം. മറ്റൊരുപര്യായം-സക്ഥി.

ഊരുക-ഫ വലിച്ചെടുക്കുക. വ. അരിച്ചു നടക്കുക.

ഊരുകാണ്ഡം-തുട.

ഊരുജൻ, ഊരുജന്മാവ്-വൈശ്യൻ. വിരാടപുരുഷൻെറ ഊരുക്കളിൽ നിന്നു ണ്ടായവൻ എന്നർത്ഥം.

'ബ്രാഹ്മണോസ്യമുഖമാസീൽ
ബാഹുരാജന്യഃ കൃതഃ
ഊരൂതദസ്യയദ്വൈശ്യഃ
പദ്ഭ്യാം ശൂദ്രോ അജായത'

(ശ്രുതി)

ഊരുദഘ്നം-തുട.

ഊരുപർവ്വം-മുട്ട്. തുടയുടെ സന്ധി എന്നർത്ഥം.

ഊരുബുകം, ഊരുബൂകം-ആവണക്കു. വലിയ രോഗങ്ങളെ മാററുന്നത് എന്നർത്ഥം.

ഊരുമാതളം-നീർമാതളം.

ഊരുവു, ഊരുവുകം, ഊരുവൂകം-ആവണക്ക്.

ഊരുസ്തംഭം-ഫ. മുടന്ത്. വ. തുട. ന. തുടകൾ സ്തംഭിക്കുന്ന ഒരു രോഗം. ആഢ്യവാതം എന്നും പറയും.

ഊരുസ്തംഭാ-വാഴ.

ഊരുൽ-ഒരു (മരുന്നു) ചെടി.

ഊർക്കുരുകിൽ-ഒരു ചെറിയ പക്ഷി. പര്യായങ്ങൾ-ചടകം, കളവിങ്കം.

[ഈ പക്ഷി നാട്ടുമ്പുറങ്ങളിൽ ഉള്ളതായിട്ടറിയുന്നു. പെൺപക്ഷിക്കു ചടകം എന്നു പേർ].

ഊർച്ച്-ഫ. ഞെവരി (ഞവരി). വ. ഇറക്കം. ന. (കൃഷിശാസ്ത്രപ്രകാരം) വെള്ളം വിട്ടു മണ്ണു ചേറാക്കുക.

ഊർച്ചുപിടിക്ക-നിലം നിരപ്പാക്കുക.

ഊർച്ചുപ്പലക - വിതയ്ക്കുമ്പോൾ നിലം നിരപ്പുവരുത്തുന്നതിനുള്ള ഒരു പലക, ഞവരി.

ഊർച്ചുമരം-നിലം നിരപ്പാക്കുന്ന തടി, പല്ലിത്തടി.

ഊർച്ചാംവഴി-കാട്ടിൽക്കൂടെയുള്ള ഇടുക്കുവഴി.

ഊർജ്ജം-ഫ. കാർത്തികമാസം. വിശേഷേണ ജയിപ്പാൻ ആഗ്രഹമുള്ളവക്ക് ഇതിങ്കൽ ഉത്സാഹം ഭവിക്കുന്നതിനാൽ ഈ പേരുണ്ടായി. വ. ബലം, ശക്തി. ന. പ്രയത്നം. ഗ. ജീവൻ. ഉ. ശ്വാസം ന്ന. ജലം.

ഊർജ്ജസ്വല-വി. ഫ. ബലവത്തായ, ശക്തിയുള്ള. വ. തിക്ഷ്ണമായ. ന. ഉറപ്പുള്ള.

ഉൎജ്ജസ്വലൻ-അതിബലവാൻ.

ഉൎജ്ജസ്വതി-ചെംടിയുള്ളവർ.

ഉൎജ്ജസ്വലത-ചാതുൎയ്യം. ൨. ശക്തി.

ഉൎജ്ജസ്വി-വി. ശക്തിയുള്ള. [സ്ത്രീ-ഊൎജ്ജസ്വിനി].

ഉൎജ്ജസ്സ്-അതിബലം.

ഉൎജ്ജാ-൧. ആഹാരം. ൨. ബലം. ൩. ദക്ഷന്റെ പുത്രി, വസിഷ്ഠന്റെ ഭാൎയ്യ.

ഉൎജ്ജാതിശയാന്വിതൻ-അതിബലവാൻ.

ഉൎജ്ജിത-വി. ൧. വൎദ്ധിച്ച. ൨. ബലമുള്ള. ൩. ഉൽകൃഷ്ടമായ.

ഉൎണ്ണനാഭം, ഉൎണ്ണനാഭി-ചിലന്തി നാഭിയിൽ നൂലുള്ളതു്. [ആട്ടിൻരോമത്തോടു തുല്യമായ നൂലുള്ളതു്.]

ഉൎണ്ണം-൧. ആട്ടിൻരോമം. ൨. കമ്പിളി.

ഉൎണ്ണാ-൧. ആടു മുതലായവയുടെ രോമം. ൨. പുരികങ്ങളുടെ നടുവിലെ ചുഴി. മറയ്ക്കുന്നതു് എന്നൎത്ഥം. ൩. ചിത്രരഥന്റെ ഭാൎയ്യ. ൪. നെയ്യിത്തിനു കൊള്ളാവുന്ന രോമം.

ഉൎണ്ണായു-൧. കറിയാടു, ഊൎണ്ണകൾ(നെയ്യിത്തിനുപയോഗമുള്ള രോമങ്ങൾ) ഉള്ളതു് എന്നൎത്ഥം. ൨. ആട്ടിൻരോമം കൊണ്ടു നെയ്യുണ്ടായ കരിമ്പടം (കമ്പിളി) മുതലായതു്. ഊൎണ്ണ=(ആട്ടിൻരോമം) ഉള്ളതു് എന്നൎത്ഥം. ൩. ചെമന്ന ആടു്. ൪. ചിലന്തി.

ഉൎദ്ദരൻ-൧. വീരൻ. ൨. ശൂരൻ ൩. ഒരു രാക്ഷസൻ.

ഉൎദ്ദരാ-ധാന്യം അളക്കുന്ന പാത്രം.

ഉൎദ്ധ്വ-വി. ൧. മുകളിലുള്ള. ൨. ഉയൎന്ന. ൩. ഒടുക്കമുള്ള.

ഉൎദ്ധ്വകം-ഊൎദ്ധ്വഭാഗത്തു (ഉയരമുള്ള) കെട്ടിയുയൎത്തി കൊട്ടുന്ന ഒരു വാദ്യം.

ഉൎദ്ധ്വകേശൻ-ശിവൻ.

ഉൎദ്ധ്വഗതി, ഉൎദ്ധ്വഗമനം-൧. മേൽഗതി, സ്വൎഗ്ഗം. ൨. കരേറ്റം. ൩. വൎദ്ധന.

ഉൎദ്ധ്വഗൻ-വിഷ്ണു.

ഉൎദ്ധ്വഗം-ഒരു രോഗം.

ഉൎദ്ധ്വജാനു, ഉൎദ്ധ്വജ്ഞ-വി. മേല്പെട്ടു പൊന്തിനില്ക്കുന്ന മുട്ടുള്ള.

ഉൎദ്ധ്വജ്വലനം-മേല്പെട്ടുള്ള ജ്വലനം (കത്തൽ).

'പ്രസിദ്ധമൂൎദ്ധ്വജ്വലനം ഹവിൎഭുജഃ'

(മാഘം)

ഉൎദ്ധ്വദംഷ്ട്രൻ-ശിവൻ.

ഉൎദ്ധ്വൻ-ഒടുക്കത്തെ ശ്വാസം, മരണവായു.

[ക്ഷുദ്രകൻ, തമകൻ, ഛിന്നൻ, മഹാൻ, ഊൎദ്ധ്വൻ ഇവ അഞ്ചും മരണവായുക്കൾ].

ഉൎദ്ധ്വപുണ്ഡ്രം-ഗോപിക്കുറി.

'ശോഭിതലലാടോൎദ്ധ്വപുണ്ഡ്രകമളകാഭം'

(ഭാഗവതം)

ഉൎദ്ധ്വപുരം-ഹരിശ്ചന്ദ്രന്റെ പുരം.

ഉൎദ്ധ്വപുഷ്പി-മേത്തോന്നി.

ഉൎദ്ധ്വപ്രാപ്തി-൧. സ്വൎഗ്ഗത്തിലേക്കുള്ള കയററം. ൨. മരണം. ൩. വൎദ്ധന.

ഉൎദ്ധ്വബാഹു-വി. കൈയുയൎത്തിയ.

ഉൎദ്ധ്വബാഹു-കൈയുയൎത്തിപ്പിടിച്ചു തപസ്സുചെയ്യുന്ന ഋഷി.

ഉൎദ്ധ്വഭാഗം-മുകൾവശം.

ഉൎദ്ധ്വഭൂമി-മുകൾപരപ്പു്. പൎയ്യ.-'അധിത്യക'.

ഉൎദ്ധ്വം-അ. മേൽ, മേലെ.

ഉൎദ്ധ്വമാവുക-വെവേറെയാവുക, ഇല്ലാതാവുക.

ഉൎദ്ധ്വമുഖ-വി. മേല്പെട്ടു മുഖമായുള്ള.

ഉൎദ്ധ്വമുഖി-ആദിത്യൻ നില്ക്കുന്ന രാശിയുടെ മുൻപിലത്തെ രാശിക്കു പറയുന്ന ഒരു പേർ.

ഊൎദ്ധ്വരേതസ്സ്-പ്ര. ശിവൻ. വ. ഭീഷ്മർ. ന. ഇന്ദ്രിയനിഗ്രഹംചെയ്യുവൻ.

ഊൎദ്ധ്വരോധനം-ഛർദ്ദി.

ഊൎദ്ധ്വരോമം-മേലോട്ടുനില്ക്കുന്നരോമം

ഊൎദ്ധ്വലിംഗൻ-ശിവൻ.

ഊൎദ്ധ്വലോകം-സ്വൎഗ്ഗം, മേൽഭാഗം.

ഊൎദ്ധ്വവൎത്മം-ആകാശം.

ഊൎദ്ധ്വവായു-ഒടുക്കത്തെ ശ്വാസം. [ഊൎദ്ധ്വൻ എന്നതു നോക്കുക].

ഊൎദ്ധ്വശായി-ശിവൻ.

ഊൎദ്ധ്വശ്വാസം-ഒടുക്കത്തെ ശ്വാസം. [ഊൎദ്ധ്വൻ എന്നതു നോക്കുക].

ഊൎദ്ധ്വസ്രോതസ്സ്-തപസ്വി.

ഊൎപ്പണം, ഊൎപ്പം-ഉത്തി. ഊരം എന്നും പറയും. കരുന്തോട്ടിയിൽ ഒരു വകഭേദം.

ഊൎപ്പന്നി-പോക്കു്, പഴക്കമുള്ള പന്നി.

ഊൎപ്പള്ളി-നായന്മാൎക്കു സ്ഥാനമാനവും അവകാശവും സമ്പാദിച്ചു കിട്ടീട്ടുള്ള കെട്ടിടം, അവരുടെ വേട്ടയ്ക്കുള്ള അതിൎത്തിസ്ഥലം.

ഊൎപ്പു്-അവകാശം.

ഊൎപ്രദക്ഷിണം-പട്ടണം ചുററിസഞ്ചരിക്കുക.

ഊൎമ്മി-പ്ര. തിര, ഗമനശീലം എന്നൎത്ഥം. മററു പൎയ്യായങ്ങൾ-ഭംഗം, തരംഗം, വീചി. വ. ഞെറിവ്. ന. ഒഴുക്ക്. ശ. പ്രകാശം. ഒ. സുഖമില്ലായ്മ. ന്ന. ഉക, സംഖ്യ 6. വെള്ളത്തുള്ളി. ഉ. ഓ, ഗംഗാജലോൎമ്മി.

ഊൎമ്മിക-പ്ര. മോതിരം, വിരലിൽ ഒന്നിലധികം മോതിരമിട്ടാൽ തിരമാലപോലെ തിരിക്കും അതിനാൽ ഈ പേരുണ്ടായി. മററു പൎയ്യായം-അംഗുലീയം. വ. തിര. ന. ഞൊറിവ്. ശ. ഭേദിച്ചയുടെ മുഴക്കം. ഒ. വ്യസനം.

ഊൎമ്മിമാല-തിരമാല.

ഊൎമ്മിമാലി-സമുദ്രം. ഊൎമ്മിമാലയോടുകൂടിയതു്.

ഊൎമ്മ്യ-വി. തിരയെ സംബന്ധിച്ച.

ഊൎമ്മ്യാ-രാത്രി.

ഊൎമ്മിമത്തു്-വി. പ്ര. തിരമാലയുള്ള. വ. വളഞ്ഞ.

ഊൎമ്മിമത്തു്-വളഞ്ഞതു്. ഊൎമ്മിയോടുകൂടിയതു് എന്നൎത്ഥം. സമുദ്രം.

ഊൎമ്മിള-ലക്ഷ്മണന്റെ ഭാൎയ്യ, സീതയുടെ സഹോദരി, ഗന്ധൎവ്വീസോമദയുടെ മാതാവു്.

ഊൎവ്വ-വി. വലിയ, വൎദ്ധിച്ച.

ഊൎവ്വൻ-ഋചീകന്റെ അച്ഛൻ, ജമദഗ്നിയുടെ പിതാമഹൻ.

ഊൎവ്വം-പ്ര. ബഡവാഗ്നി. വ. മേഘം.

ഊൎവ്വാരു,ഊൎവ്വാലു-വെള്ളരി, [ഉൎവ്വാരു എന്നതു നോക്കുക ]

ഊൎവ്വാംഗം-കൂണു്, കൂൺ, കമിഴു, കടയുടെ ഭാഷയിൽ ഭൂമിയിൽ നിന്നു എഴുന്നുണ്ടാകുന്ന ഒരു സാധനം.

ഊരവൽ, ഊരയൽ-ചൂളമിടുക

ഊവു്-വേദന.

[ഇതു തെക്കൻദിക്കിൽ ശിശുക്കൾക്കു വേദനയുണ്ടാകുമ്പോൾ പറയാറുണ്ടു്.

'സൂൎയ്യൻ അധികതരം കരുതുന്നൽ

ആഴയെ വിളക്ക്' (രാമചരിതം)

ഇതിൽ 'ഒവ്വ്' എന്ന വാക്കിന്റെ അൎത്ഥം 'തീക്കട്ട്' എന്നാകുന്നു. ഇതിൽ നിന്നാണു് 'ഊവു്' എന്നതു് ഇപ്പോൾ നടപ്പിലായിട്ടുള്ളതു്.]

ഊശൻ-പ്ര. മോഷൻ. വ. മീശകറുത്തവൻ.

ഊശിയാക്കുക-നിസ്സാരമാക്കുക, നാണിപ്പിക്കുക, ഊശിയാക്കുക എന്നും ഉണ്ടു്.

ഊശാന്താടി-കനത്ത മീശ.

ഊഷകം-പ്ര. ഉഷസ്സ്, പ്രഭാതം. വ. നല്ലമുളക്. ന. ഉപ്പു്. ശ. ഉവർമണ്ണ്. ഒ. കല്ലുപ്പ്. ന്ന. മയൂരതുത്ഥം.

ഊഷസ്സ്-പ്രഭാതം. ഉഷസ്സ് എന്നതിന്റെ പാഠം.

ഊഷം-ഓർപ്പുളിയുള്ള മണ്ണ്. നീറലിനെ ചെയ്യുന്നതു് എന്നൎത്ഥം. മൂത്രക്ഷാരമണ്ണു.

ഊഷണത്രയം ചുക്ക്, മുളക്, തിപ്പലി ഇവ മൂന്നും.

ഊഷണം, ഉഷണം-ഫ നല്ലമുളക്. ദഹിപ്പിക്കുന്നതു, വേദനപ്പെടുത്തുന്നതു് എന്നൎത്ഥം. മുളക്. വ. തിപ്പലി. ന. ചുക്ക്. ര വാൽമുളക്.

ഊഷണാ, ഉഷണാ-തിപ്പലി. വേദനപ്പെടുത്തുന്നതു്, ചുട്ടുനീറുന്നതു് എന്നൎത്ഥം.

ഊഷത്വം, ഊഴത്വം-ഫ. ഭോഷത്വം. വ. നാശം. ന. മൂഢത.

ഊഷൻ, ഊഴൻ-എന്തുചെയ്യണമെന്നറിവാൻ പാടില്ലാത്ത മൌഢ്യത്തോടുകൂടിയവൻ, ഭോഷൻ.

'ഭോഷമകന്നോരുഗാനത്തെകേൾക്കയാൽ
ഊഷനായിങ്ങനെനിന്നുപോയി'
(കൃഷ്ണഗാഥ)

ഊഷരം, ഊഷരാ-ഓർനിലം (പടന്ന) വളം വെളിപ്പെടാതെ കിടക്കുന്ന ഭൂമി.

ഊഷവാൻ-ഓർനിലം (പടന്ന) [സ്ത്രീ ഊഷവതി. നപും-ഊഷവത്.]

ഊഷാപതി-അനിരുദ്ധൻ. [ബാണപുത്രിയായ ഉഷയ്ക്കു ഊഷയെന്നും പറയാം]

ഊഷ്മ-വി. ചൂടു്, വെയിൽ.

ഊഷ്മകം-ഗ്രീഷ്മഋതു, വേനൽകാലം. വേദനപ്പെടുത്തുന്നതു് എന്നൎത്ഥം. ഉഷ്ണംകൊണ്ടു ദുഃഖിപ്പിക്കുന്നകാലം എന്നുമാകാം

ഊഷ്മത-ചൂടു്.

ഊഷ്മളം-ചൂടുള്ളതു്.

ഊഷ്മാഗമം-ഗ്രീഷ്മകാലം. ഊഷ്മാവിന്റെ ആഗമം (വരവു്) എന്നൎത്ഥം.

ഊഷ്മാവു്-ചൂടു്, ജ്വാല.

ഊഷ്മാക്കൾ-(വ്യാകരണത്തിൽ) ശ, ഷ, സ, ഹ ഇവ നാലും.

ഊഹനീ-ചൂൽ.

ഊഹനീയ-വി. ഫ. ഊഹിക്കത്തക്ക, വിചാരിക്കത്തക്ക. വ. തൎക്കിക്കത്തക്ക. ന. ഉദ്ദേശിക്കത്തക്ക.

ഊഹം-ഫ വിതൎക്കം. ഇതുകൊണ്ടു സംശയിക്കപ്പെടുന്നു. [അങ്ങിനെയോ ഇങ്ങിനെയൊ എന്നുള്ള ആലോചനയത്രെ വിതൎക്കം] മറുപൎയ്യായങ്ങൾ-അഭ്യൂഹം, തൎക്കം [ഊഹം എന്നതിനു കുറവുള്ളതിനെ തീൎക്കുന്നതിനായി അധികപദത്തെ ചേൎക്കുന്നതിനെ അപൂൎവ്വാൎത്ഥത്തെ ഉൽപ്രേക്ഷിക്കുന്നതിനെ ഉള്ള പേർ എന്നും അൎത്ഥം കാണുന്നു.] വ. വിചാരം. ന. ഉദ്ദേശം

ഊഹാപോഹങ്ങൾ-ഊഹങ്ങളും അപോഹങ്ങളും. ഊഹം=ഒരു കാൎയ്യത്തിൽനിന്നു മറ്റൊരുകാൎയ്യത്തെ അറിവാനുള്ള ശക്തി. അപോഹം=നിൎണ്ണയിക്കൽ.

ഊഹിക്കുക-ഫ. വിചാരിക്കുക. വ. തൎക്കിക്കുക, ന. ഉദ്ദേശിക്കുക.

ഊഹിത-വി. ഫ വിചാരിക്കപ്പെട്ട. വ. തൎക്കിക്കപ്പെട്ട. ന. ഉദ്ദേശിക്കപ്പെട്ട.

ഊഹ്യമാന-വി. ഫ. വിചാരിക്കുന്ന വ. തൎക്കിക്കുന്ന. ന. ഉദ്ദേശിക്കുന്ന. ര വഹിക്കപ്പെടുന്ന.

ഊഹ്യ-വി. ഫ. വിചാരിക്കത്തക്ക. വ. തൎക്കിക്കത്തക്ക. ന. ഉദ്ദേശിക്കത്തക്ക. ര. എടുക്കപ്പെടുവാൻതക്ക. ഞ. ചുമക്കപ്പെടുവാൻതക്ക

ഊള-. ഒരു ചെടി. വ ഞെരുകൽ.

ഊളൻ-ഫ. നരി. വ (വ്യംഗ്യാൎത്ഥം) കുരുട്ടുബുദ്ധിയുള്ളവനായി വളരെ പതിഞ്ഞവഴിയിൽ നടക്കുന്നവൻ.

ഊഴ്-[തമിഴിൽ ഊഴ്വൽ.] വിധി, കല്പിതം, ഭാഗ്യം.

ഊഴ്ക്കാരൻ-ഭാഗ്യക്കുറി നടത്തുന്നവൻ.

ഊഴൻ, ഊഷൻ-ഗ്ര. ദോഷൻ. വ. രാജഭൃത്യൻ.

ഊഴത്വം, ഊഷത്വം-ഗ്ര. ദോഷത്വം. വ. മൂഢത. ന. നാണം.

ഊഴം-ഗ്ര. മുറ, സമയം, വട്ടം, കുറി. വ. പരിചയം. ഉ-ം, ഈ പണിക്ക് അവനു ഊഴമുണ്ട്.

ഊഴംകുത്തുക-രാജാക്കന്മാൎക്ക് അരികത്തിക്കൊട്ടുക്കുക.

ഊഴമിടുക-മുറയിട്ടു പണിചെയ്ക.

ഊഴൽ-ഗ്രം. അഴുക്ക്, ദുഷ്ടു, കല്ക്കം. വ. ചൂളം.

ഊഴലിടുക-ചൂളമിടുക.

ഊഴി, ഊഴിമണ്ഡലം-ഭൂമി, ഭൂതലം.

ഊഴിയക്കാരൻ-വേലക്കാരൻ.

ഊഴിയം-ശുശ്രൂഷ, വേല, സേവ.

ഊഴിയംനടത്തുക-ഗ്ര. വേലചെയ്ക. വ. (വ്യംഗ്യാൎത്ഥം) ഫലം വല്ലവിധവും വരട്ടെ എന്നുള്ള ഉദ്ദേശ്യത്തോടുകൂടി താൻ ചെയ്യേണ്ടതു ചെയ്യുക.

ഊഴിയവേല-ചൊല്ലുവേല, അടിമവേല.

ഊറ, ഊറൽ-മട്ട്.

ഊറക്കാടി-അരി കഴുകിയ വെള്ളത്തിലെ ഊറൽ=കാടി.

ഊറയിടുക-മയംവരുത്തുക.

ഊറയ്ക്കിടുക-മയംവരുത്തുക.

ഊറാമ്പുലി-എട്ടുകാലി. ചില ദിക്കിൽ ക്രാംചുചി എന്നു പറയുന്നു. [വിഷച്ചിലന്തി.]

ഊറുക-ഗ്ര. മട്ടാകുക. വ. ജലം പതച്ചുവരുക.

ഊറ്റ-ഗ്ര. മട്ടു. വ. അരിപ്പ. ന. ഒഴിക്ക. ദ. അഴുക്ക്. ൧ വാറ്റ.

ഊറ്റം-ഗ്ര. ബലം, ശക്തി. വ. വലിപ്പം. ന. സ്തുതി.

ഊറ്റവാക്ക്-ഗ്ര. വലിപ്പംപറക. വ. ദീക്ഷണിവാക്ക്. ന. മുഖസ്തുതി.

ഊറ്റവെള്ളം-ഗ്ര. കഞ്ഞി. വ. കാടി.

ഊറവു്-ഉറവു്. [ഉറവു എന്ന ശബ്ദം നോക്കുക].

ഊറവുക-ഗ്ര. വാറുക. വ. അരിക്കുക. ന. ഒഴിക്കുക.

ഊറവുകുഴി-ഉറവുകുഴി.

# ഋ

ഋ- ഒരു സ്വരാക്ഷരം. (ദന്തമൂൎദ്ധന്യം) ഇരു, ഇരി (തത്ഭവം). വൃത്തി=വിരുത്തി. ഗൃഹം=കിരിയം.

ഋ-ൠ. എന്ന രണ്ടു സ്വരം ദ്രാവിഡത്തിലില്ലാത്ത സംസ്കൃതങ്ങളാകുന്നു. ദ്രാവിഡത്തിലില്ലാത്ത സ്വരമാകയാൽ ശുദ്ധമലയാളപദങ്ങളിൽ ഋകാരം കാണാൻ ഇടയില്ല. എന്നാൽ സംസ്കൃതപദങ്ങളിലേ ആവശ്യത്തിനു വേണ്ടി ഋകാരം സ്വീകരിച്ചതിന്റെ ശേഷം അതിനെ ചില മലയാളപദത്തിലും ഉപയോഗിച്ചു കാണുന്നുണ്ട്. തൃപ്പാദം, തൃക്കോട്ട, അതൃത്തി, മൃതുന്നു. ഇതിൽ തൃപ്പാദം ഇത്യാദികളിലെ 'തൃ'മാത്രം സമ്മതിക്കാം. അതൃത്തി, മൃതുന്നു ഇത്യാദികളെ 'അതിൎത്തി, മുതിൎന്നു' ഇത്യാദിയായിത്തന്നെ എഴുതേണ്ടതാണ്]. (കേരളപാണിനീയം.)

ഋകാരം-ഋ എന്ന അക്ഷരം.

ഋക്ക്-ഗ്ര വേദങ്ങളിൽ ഒന്ന്. ദേവന്മാർ ഇതുകൊണ്ടു സ്തുതിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി. വ. അഗ്നിയെ ജ്വലിപ്പിക്കാൻ ചൊല്ലുന്ന ഋക്ക്.

ഋക്ണ-വി. മുറിവുപെട്ട, ഉപദ്രവപ്പെട്ട.

ഋക്ഥം-ഗ്ര. ധനം. പ്രസിദ്ധിയെ ഉണ്ടാക്കുന്നതു് എന്നൎത്ഥം. വ. പൊന്നു്.

ഋക്ഥാദാനൻ-അവകാശി.

ഋക്ഷഗന്ധാ-മറിക്കുന്നി. ഋക്ഷത്തിന്റെ (കരടിക്കരങ്ങിന്റെ) ഗന്ധത്തിനു തുല്യമായ ഗന്ധമുള്ളതു് എന്നൎത്ഥം. പൊത്തിച്ചീര എന്നും അഭിപ്രായമുണ്ടു്. ഋശ്യഗന്ധം, ഋഷ്യഗന്ധാ ഇങ്ങിനെപാഠാന്തരം

ഋക്ഷഗന്ധികാ-വെളുത്ത മുത(ത്തു)ക്കു് (പാൽമുത(ത്തു)ക്കു്) കരടിയെപ്പോലെ ക്രൂരങ്ങളായ പിത്താദിരോഗങ്ങളെ ശമിപ്പിക്കുന്നതു് എന്നൎത്ഥം.

ഋക്ഷചക്രം-നക്ഷത്രങ്ങൾ വൃത്താകാരത്തിൽ നില്ക്കുക.

ഋക്ഷൻ-ചന്ദ്രവംശത്തിൽ നൃപൻ എന്ന രാജാവിനു വാമാദേവിയിൽ ഉണ്ടായ പുത്രൻ.

ഋക്ഷനാഥൻ-൧. ചന്ദ്രൻ. ൨. ഈശ്വരൻ. ൩. ജാംബവാൻ.

ഋക്ഷനേമി-വിഷ്ണു.

ഋക്ഷാ-വടക്കു്.

ഋക്ഷം-൧. നക്ഷത്രം. സഞ്ചരിക്കുന്നതു്, ഇരുട്ടിനെ കളയുന്നതു്. ൨. പലകപ്പയ്യാന്യശമനശീലം എന്നൎത്ഥം. ൩. കരടി. ഹിംസിക്കുന്നതു് എന്നൎത്ഥം. ൪. ഒരു മരം

ഋക്ഷരൻ-ഋത്വിക്കു്.

ഋക്ഷരാജൻ-ചന്ദ്രൻ. ൨. ജാംബവാൻ

ഋക്ഷരാ, ഋക്ഷരം-ഒഴുക്കു്.

ഋക്ഷി-പെൺകരടി.

ഋക്ഷികാ-ദേവി.

ഋക്ഷേശൻ-൧. ചന്ദ്രൻ. ൨. കൎപ്പൂരം.

ഋഗ്വേദം-ഒന്നാമത്തെ വേദം.

[ഇതു് പ്രധാനവേദമാണു്. അഷ്ടകങ്ങൾ ൮. ഓരോന്നിൽ ൮ അദ്ധ്യായം വീതം. സായനാചാൎയ്യൻ മുതലായവർ ഇതിനു വിശേഷമായ ഓരോ വ്യാഖ്യാനം നിൎമ്മിച്ചിട്ടുണ്ടു്. ഋഗ്വേദം ലോകത്തിൽ അത്യധികം പഴക്കമുള്ളതാണു് ഋഗ്വേദം അഗ്നിയിൽ നിന്നു ഉണ്ടായി എന്നു പറയപ്പെടുന്നു.]

ഋഗ്വേദസംഹിത-ഒരു ഗ്രന്ഥം.

[സിന്ധുനദി കടന്നു പഞ്ചനദത്തെ ആൎയ്യന്മാർ അധിവസിച്ചതായ വൈദികകാലത്തെ കൃതികളിൽ ഒന്നാണു് 'ഋഗ്വേദസംഹിത'. ഈ വൈദികകാലത്തുണ്ടായിരുന്ന പരിഷ്കാരത്തെ തെളിയിക്കുന്നു.]

ഋഗ്വേദി-ഋഗ്വേദം പഠിച്ചവൻ.

ഋചീകൻ-ഒരു ഋഷി. ജമദഗ്നിയുടെ അച്ഛൻ, വിശ്വാമിത്രന്റെ സഹോദരിയായ സത്യവതിയുടെ ഭൎത്താവു്, ഊൎവന്റെ പുത്രൻ.

[സത്യവതി എന്ന ഒരു ക്ഷത്രിയയുവതിയെ ഋചീകൻ എന്ന ബ്രാഹ്മണൻ കല്യാണം കഴിച്ചു. ബ്രാഹ്മണഗുണങ്ങളോടുകൂടിയ പുത്രനെ ഉല്പാദനം ചെയ്യുന്നതായ ഒരു ആഹാരവിശേഷം തന്റെ ഭാൎയ്യക്കും, ക്ഷാത്രഗുണങ്ങളോടുകൂടിയ പുത്രനെ ജനിപ്പിക്കുന്നതായ ഭോജനം ഒരു ക്ഷത്രിയന്റെ പത്നിയായ തന്റെ ശ്വശ്രുവിനും ഋചീകൻ പാകം ചെയ്തു കൊടുത്തു. പക്ഷേ ഭക്ഷണദ്രവ്യങ്ങൾ ഇവരറിയാതെ മറിയതിനാൽ ക്ഷത്രിയഭാൎയ്യയ്ക്കു് ഗൎഭം ധരിച്ച ബ്രാഹ്മണശീലത്തോടുകൂടിയ വിശ്വാമിത്രനെയും സത്യവതി ക്ഷാത്രവീൎയ്യത്തോടുകൂടിയ ജമദഗ്നിയേയും പ്രസവിച്ചു. ഈ ജമദഗ്നിയുടെ പുത്രനായ പരശുരാമൻ ബ്രാഹ്മണനായിരുന്നുവെങ്കിലും വിക്രൂരനും വിനാശകാരിയുമായ ഒരു യോദ്ധാവായിത്തീൎന്നു. ഈവക കഥകൾ വൈദികഋഷികളുടെ ഇടയിൽ ജാതിഭേദം ഉണ്ടായിരുന്നു എന്നതിനെ സാധൂകരിക്കാൻ വേണ്ടി നവീനകവികൾ ഉണ്ടാക്കീട്ടുള്ളവയാകുന്നു. "പ്രാചീനാൎയ്യാവൎത്തം".]

ഋചീകാ-൧. അട വറക്കുന്ന കലം. ൨. ഒരു രാജ്യം.

ഋച്ഛകാ-ആഗ്രഹം.

ഋച്ഛരാ–൧. വിലങ്ങ്. ൨. വ്യഭിചാരിണി. [വേദത്തിൽ പ്രയോഗം.]

ഋജീക–വി. നാനാവൎണ്ണമായ.

ഋജീകൻ–ഇന്ദ്രൻ.

ഋജീകം–൧. പുക. ൨. ഒരു പൎവ്വതം.

ഋജീഷം, ഋചീഷം–൧. അടവറക്കുന്ന കലം (പാത്രം). അപൂപാദിയെ സമ്പാദിക്കുന്നത് എന്നൎത്ഥം. ൨. നരകം.

ഋജു–വി. ൧. ചൊവ്വുള്ള, വളവോടുകൂടാത്ത. ആദരണ സമ്പാദിക്കപ്പെടുന്ന എന്നൎത്ഥം. ൨. സത്യമുള്ള.

ഋജുകണ്ടകം–ഇലന്ത.

ഋജുഗതി–നേരെയുള്ള പോക്ക്.

ഋജുത–൧. ചൊവ്വ്. ൨. സത്യം. ഋജുത >< വക്രത.

ഋജുപ്രായം–ചൊവ്വുള്ളത്.

ഋജുലംബി–തോൾമാല.

ഋണഗ്രഹം–കടം വാങ്ങുക.

ഋണത്രയം–ഋഷികൾക്കുള്ള കടം, സുരന്മാൎക്കുള്ള കടം, പിതൃക്കൾക്കുള്ള കടം ഇവ ൩-ം. ഒന്നാമത്തെ കടം ബ്രഹ്മചൎയ്യം കൊണ്ടും, രണ്ടാമത്തേതു യാഗം കൊണ്ടും, മൂന്നാമത്തേതു പുത്രലാഭം കൊണ്ടും തീൎക്കുന്നു.

ഋണദാതാവ്–കടം കൊടുക്കുന്നവൻ.

ഋണപ്പെടുക–കടം പെടുക.

ഋണപ്പെടുത്തുക–കടപ്പെടുത്തുക.

ഋണം–൧. കടം. കാലാന്തരത്തിൽ മടങ്ങിവരുന്നതു. മറുപൎയ്യായങ്ങൾ–പൎയ്യുദഞ്ചനം, ഉദ്ധാരം. ൨. കോട്ട. ൩. ജലം. ൪. ഭൂമി.

ഋണമുക്തി, ഋണമോചനം–കടം വീട്ടുക.

ഋണവത്ത്–വി. കടംപെട്ട. [പു.-വാൻ. സ്ത്രീ.-വതി.]

ഋണസംബന്ധം–കടംകൊണ്ടുള്ള സംബന്ധം.

ഋണാദാനം–കടംകൊടുത്തതു തിരിയെ വാങ്ങുക.

ഋണികൻ–കടം കൊണ്ടവൻ.

ഋണീയാ–കൃപ.

ഋത–വി. ൧. പോയ. ൨. പ്രകാശമുള്ള. ൩. വന്ദിക്കപ്പെട്ട.

ഋതം–൧. സത്യം. ജനങ്ങൾ പ്രശംസിക്കനിമിത്തം ലോകത്തിൽ പ്രസിദ്ധമായിത്തീരുന്നത് എന്നൎത്ഥം. ൨. ഉരുമണിപെറുക്കുക. [ഉഞ്ഛം എന്നതു നോക്കുക.] ൩. വെള്ളം. ൪. ഇരുവേലി.

ഋതംഭരൻ–൧. ഈശ്വരൻ. ൨. സത്യം ഭരിക്കുന്നവൻ.

ഋതി–൧. ഭാഗ്യം. ൨. ഗമനം. ൩. വഴി ൪. സേന. ൫. ശകാരം, കലശൽ. ൬. ഓൎമ്മ. ൭. ഭാഗ്യക്കേട്. ൮. രക്ഷ.

ഋതീയാ–൧. ലജ്ജ. ൨. രോഷം. ൩. കൃപ. ൪. ഭയം.

ഋതു–൧. മാഘാദികളായ മാസങ്ങളിൽ ഈരണ്ടു കൂടിയാൽ വരുന്ന കാലം. ഗമിക്കുന്നത്. [ദ്വൌദ്വൌമാഘാദിമാസൌസ്യാദൃതുരിതി വ്യവസ്ഥിത=മാഘം മുതലായ ഈരണ്ടുമാസങ്ങൾ കൂടിയകാലം 'ഋതു' എന്നു പറയപ്പെടുന്നു.]

[മകം നക്ഷത്രത്തോടുകൂടിയ വെളുത്തവാവു യാതൊരു മാസത്തിങ്കൽ വരുന്നുവോ അതിനെ മാഘമാസം എന്നറിക. മേൽവിവരിച്ചപ്രകാരമുണ്ടാകുന്ന ഋതുക്കൾക്കു ശിശിരം, വസന്തം, ഗ്രീഷ്മം, വൎഷം, ശരത്ത്, ഹേമന്തം ഇങ്ങിനെ പേർപറയപ്പെടുന്നു.]

൨. സ്ത്രീരജസ്സ്, തീണ്ടായിരി. ഗമിക്കുന്നത് എന്നൎത്ഥം. ൩. ആറ് എന്ന സംഖ്യ. ൪. പ്രകാശം. ൫. സന്തോഷം. ൬. മാസം. ൭. വിഷ്ണു. ൮. ഒരുമാതിരി അഞ്ജനം, മഷി.

ഋതുകാലം–൧. മേടമാസം മുതൽ ഈരണ്ടുമാസം കൂടുന്ന സമയം. ൨. തീണ്ടായിരിക്കുന്ന (തിരളുന്ന) സമയം.

ഋതുപർണ്ണൻ–ഒരു അയോദ്ധ്യാരാജാവ്, സർവ്വകാമന്റെ പുത്രൻ. ചതുരംഗക്കളിയിൽ സമർത്ഥനാണ്.

[നളൻ വേഷംമാറി ഇദ്ദേഹത്തിന്റെ പുരിയിൽ (കോസലത്തിൽ) ആണു താമസിച്ചതു്. മറ്റൊക്കെ നളചരിതംകൊണ്ടു ഗ്രഹിക്കാം. ഋതുപർണ്ണനാമശബ്ദത്തിന്നു ഋതുക്കളുടെ ജാതിയിൽ (പ്രധാനിയായ വസന്തമെന്നും അർത്ഥമുണ്ട്. ഭാഷയിലൊക്കെയും ഋതുവർണ്ണൻ എന്നുതന്നെയാണു കാണുന്നതു്. ഭാഗവതത്തിൽ 'ദ്രവിഡൻ' വിവിദനും, 'ഊഷ' ഉഷയും ആയിപ്പോയതുപോലെ ഋതുപർണ്ണൻ ഋതുവർണ്ണനാകുന്നതിനു വിരോധം കാണുന്നില്ല.]

ഋതുപ്രാപ്ത–വി. ഫലംവരുന്ന, ഫലമുള്ള.

ഋതുമതി–തീണ്ടായിരിക്കുന്നവൾ. ഋതുവുള്ളവൾ എന്നർത്ഥം. മറുപര്യായങ്ങൾ– രജസ്വല, സ്ത്രീധർമ്മിണി, അവി, ആത്രേയി, മലിനി, പുഷ്പവതി, ഉദക്യ.

ഋതുവേല–ന. മേടം മുതൽ ഈരണ്ടുമാസം കൂടുന്ന സമയം. ൨. തീണ്ടായിരിക്കുന്ന സമയം.

ഋതുസമയം–ഋതുകാലം.

ഋതുസംഹാരം–കാളിദാസന്റെ ഒരുകൃതി ഋതുക്കളെ സംബന്ധിച്ചുള്ളതാണ്.

ഋതേ–അ. കൂടാതെ, ഒഴികെ.

ഋത്വിക്ക്– യാഗത്തിൽ ക്രിയചെയ്യുന്ന ആചാര്യൻ.

[ഋത്വിക്കുകൾ ൰൬. ൧. അഗ്നീദ്ധ്രൻ. ൨. ബ്രാഹ്മണാച്ഛംസി. ൩. മൈത്രാവരുണൻ. ൪. ഹോതാവ്. ൫. പോതാവ്. ൬. പ്രശാസ്താവ്. ൭. അദ്ധ്വര്യു. ൮. ഗ്രാവസ്തുത്ത്. ൯. ബ്രഹ്മൻ. ൰. പ്രതിഹർത്താവ്. ൰൧. സുബ്രഹ്മണ്യൻ. ൰൨. ഉൽഗാതാവ്. ൰൩. പ്രതിപ്രസ്ഥാതാവ്. ൰൪. നേഷ്ടാവ്. ൰൫. നേതാവ്. ൰൬. അച്ഛാവാകൻ.]

'അഗ്നീദ്ധ്രോ ബ്രാഹ്മണാച്ഛംസി
മൈത്രാവരുണ ഏവ ച
ഹോതൃപോതൃപ്രശാസ്താരോ
ഹ്യദ്ധ്വര്യുഗ്രാവസ്തുതൗ തഥാ
ബ്രഹ്മാഥപ്രതിഹർത്താസു-
ബ്രഹ്മണ്യോദ്ഗാതൃനാമകൌ
പ്രതിപ്രസ്ഥാതൃനേഷ്ടാരൗ
വൃചിദോന്നേതൃസംജ്ഞകഃ
അച്ഛാവാകശ്ചയേനിത്യം
യജമാനഹിതൈഷിണഃ'

ഋദ്ധ–വി. വർദ്ധിച്ച.

ഋദ്ധം–പൊലി, മെതിച്ചു വയ്ക്കോൽനീക്കി ചേറുവാൻ തയാറാക്കിവെച്ച നെല്ല്.

ഋദ്ധി–ന. ഇരുത്തി. [ഇരുത്തി എന്ന ശബ്ദം നോക്കുക.] ൨. വർദ്ധന. ൩. പാർവ്വതി. ൪. സമ്പത്ത്. ൫. കുബേരന്റെ ഭാര്യ. ൬. ലക്ഷ്മി. ൭. ചെറുവിടാക്കാൽ.

ഋഭു–ന. നാലുകുമാരന്മാരിൽ ഒരുവൻ. നിദാഘനു (പുലസ്ത്യന്റെ പുത്രനു) ജ്ഞാനോപദേശംചെയ്തു. ഈ ഋഭുവിനു ബ്രഹ്മാവു വിഷ്ണുപുരാണം ഉപദേശിച്ചിട്ടുണ്ട്. ൨. ചിത്രമെഴുത്തുകാരൻ. ൩. കൊല്ലൻ. ൪. രഥകാരൻ.

ഋഭുക്കൾ–ന. ദേവന്മാർ. ഋ=ദേവിക. അതിൽ ജനിച്ചവർ, സത്യത്തോടു പിറന്നവർ എന്നർത്ഥം. ൨. സുധന്വാവിന്റെ ഋഭു, വിഭ്വൻ, വാജൻ എന്ന മൂന്നു പുത്രന്മാർ.

[സുധന്വാവ് അംഗിരസ്സിന്റെ വംശജനാണ്. നന്മചെയ്തു ഹേതുവായിട്ടു അമാനുഷശക്തികളും ദിവ്യത്വവും ലഭിച്ചു. ഇവരത്രെ ഇന്ദ്രന്റെ കുതിരകളെയും അശ്വിനികളുടെ രഥത്തെയും ബൃഹസ്പതിയുടെ വിശേഷപ്പെട്ട പശുവിനെയും നിർമ്മിച്ചതു്. ഇവർ വൃദ്ധരായ മാതാപിതാക്കന്മാർക്കു യൌവ്വനം നൽകി. പ

ഷ്ടിയുടെ ഒരു പാത്രത്തിൽനിന്ന് നാലു പാത്രങ്ങളും ഉണ്ടാക്കി.]

ഋഭു-വി. ബുദ്ധിശക്തിയുള്ള, സാമൎത്ഥ്യമുള്ള.

ഋഭുക്ഷൻ-ഇന്ദ്രൻ.

ഋഭുക്ഷാ-ശിവന്റെ വജ്രം.

ഋഭുക്ഷാവ്-ദേവേന്ദ്രൻ. ദേവകളെ ചൊല്ലിനടത്തുന്നവൻ എന്നൎത്ഥം. ദേവകഠ സമീപത്തിലുള്ളവൻ എന്നും പറയാം. ഋഭുക്ഷി എന്നുമാകാം.

ഋല്ലകൻ-വാദ്യക്കാരൻ.

ഋല്ലരി-ഒരു വാദ്യം.

ഋശ്യകേതനൻ, ഋശ്യകേതു- ഫ. അനിരുദ്ധൻ, പ്രദ്യുമ്നന്റെ പുത്രൻ. വ. കാമദേവൻ.

ഋശ്യഗന്ധം-ആനക്കുറുന്തോട്ടി.

ഋശ്യഗന്ധാ-മറിക്കുന്നി. [ഋക്ഷഗന്ധ ശബ്ദം നോക്കുക].

ഋശ്യദം-മരമാനിനെ പിടിക്കുന്ന കുഴി.

ഋശ്യ(ഷ്യ)പ്രോക്താ-ഫ. നായ്ക്കുരണ. ഋഷികളാൽ പറയപ്പെട്ടതു്, ഇതിന്റെ പൊടി പററി ചൊറിപൊറുപ്പാൻ വയ്യാതെ ഉഴലുന്ന മൃഗങ്ങളെക്കാണമ്പോഠ ആ ദിക്കിൽ നായ്ക്കുരണ ഉണ്ടെന്നു മനുഷ്യൎക്കറിയാവുന്നതുകൊണ്ടു ഈ പേരുണ്ടായി. വ. ശതാവരി. വ്യാഘ്രവിരോധിയാകകൊണ്ടു മൃഗങ്ങഠ ആശ്രയിക്കു ഹേതുവായിട്ടു് ഈ പേരു സിദ്ധിച്ചു. ന. ആനക്കുറുന്തോട്ടി.

ഋശ്യം-മരമാൻ. ഗമനശീലം എന്നൎത്ഥം.

ഋശ്യമൂകം-ഒരു പൎവ്വതം.

ഋശ്യശൃംഗൻ-ഒരു ഋഷി.

ഋഷഭധ്വജൻ-ശിവൻ.

ഋഷഭൻ-ഫ. നാഭിയുടെയും മേരുവിന്റെയും പുത്രൻ.

[ഇദ്ദേഹത്തിനു നൂറു പുത്രന്മാരുണ്ടായിരുന്നു. അവരിൽ മൂത്തവൻ ഭരതൻ. രാജ്യം ഭരതനെ ഏല്പിച്ചു് വനത്തിൽ ചെന്നു തപസ്സുചെയ്തു].

വ. ശ്രേഷ്ഠൻ. ഋഷഭൻ എന്നതു് ഒരു പദത്തിന്റെ പിന്നാലെ ചേരുമ്പോഠ ഈ അൎത്ഥം ഉണ്ടാകുന്നു. ഉ-ം, മനുജൎഷഭൻ =മനുജശ്രേഷ്ഠൻ. ന. വിഷ്ണുവിന്റെ ഒരവതാരം.

ഋഷഭം-ഫ. കാള. ഓടുന്നതു് എന്നൎത്ഥം. വ. ഇടവകം (ഇടമ്പിരി). രോഗത്തെ പിൻതുടൎന്നു ചെല്ലുന്നതു് എന്നൎത്ഥം. ന. സപ്തസ്വരങ്ങളിൽ രണ്ടാമത്തേതു്. ഹൃദയത്തെ (മനസ്സിനെ)പ്രവേശിക്കുന്നതു്, കാളയുടെ ശബ്ദത്തിനു തുല്യമായതു്, പശുക്കളുടെ കൂട്ടത്തിൽ ഋഷഭം (കാള) എന്നതുപോലെ മററു സ്വരങ്ങളുടെ ഇടയിൽ ശോഭിക്കുന്നതു് എന്നിങ്ങനെ ശബ്ദാൎത്ഥം. ര. ഇടവംരാശി.

ഋഷി-ഫ. മഹൎഷി. വ. വേദം.

ഋഷികഠ-മഹൎഷി ദേവൎഷി ബ്രഹ്മൎഷി തുടങ്ങിയ മേലെതിന്നമ്മാരായ ഋഷികഠ. ജ്ഞാനത്തിന്റെമറുകരയിലെത്തിയവർ. വ. ജ്ഞാനികഠ.

[ഗൌതമൻ, ഭരദ്വാജൻ, വിശ്വാമിത്രൻ, ജമദഗ്നി, വസിഷ്ഠൻ, നാരദൻ, കശ്യപൻ, അത്രി, മരീചി, അംഗിരസ്സ്, പുലഹൻ, ക്രതു, പുലസ്ത്യൻ, വസിഷ്ഠൻ, ഭൃഗു, വാല്മീകി, വ്യാസൻ, വിഭണ്ഡകൻ മുതലായി അനേകം മഹൎഷികളുണ്ടു്. (സപ്തൎഷികളെ അറിയുന്നതിനു 'സപ്തൎഷികഠ' എന്ന പദം നോക്കുക.) വിശ്വാമിത്രഗോത്രക്കാരും വസിഷ്ഠഗോത്രക്കാരും വൈദികഋഷിഗോത്രക്കാരിൽപ്രധാനികളായിരുന്നു. ഇവർ പരസ്പരം കലഹിക്കയും ശപിക്കയും പതിവുണ്ടായിരുന്നു. വസിഷ്ഠൻ ബ്രാഹ്മണനെന്നും വിശ്വാമിത്രൻ ക്ഷത്രിയനെന്നും പുരാണം തെളിയിക്കുന്നു. ഇപ്പോഠ

ബ്രാഹ്മണർ ജപിക്കുന്ന ഗായത്രി മുതലായ ചില മന്ത്രങ്ങൾ വിശ്വാമിത്രൻ ഉണ്ടാക്കിയവയാകുന്നു. ജമദഗ്നിയുടെ പേർ ഋഗ്വേദത്തിൽ കാണുന്നു. പരശുരാമന്റെ പേർ കാണുന്നില്ല. ഗൌതമൻ, കണ്വൻ, ഭരദ്വാജൻ, അംഗിരസ്സ് മുതലായവർ വൈദികഋഷികളാണ്. ഇവരും വേദത്തെഎഴുതീട്ടുണ്ട്. ഇക്കാലത്തെ ഗ്രന്ഥകാരന്മാർ ഋഷികളെ ദേവഷികളെന്നും ബ്രഹ്മഷികളെന്നും രാജർഷികളെന്നും തരംതിരിച്ചിരിക്കുന്നു. വൈദികകാലത്തുള്ള ഋഷികൾ ഇവയിൽ മൂന്നിലും ചേർന്നുകാണുന്നില്ല].

ഋഷികല്യാ—ഹ. പരിശുദ്ധനദി. വ. മഹാനദിയുടെ പേർ,

ഋഷിഗിരി—മഗധരാജ്യത്തിലെ ഒരു പവ്വതത്തിന്റെ പേർ.

ഋഷിജാംഗലം, ഋഷിജാംഗലികാ—മറിക്കുന്നി.

ഋഷിപഞ്ചമി—സ്ത്രീകൾക്കുള്ള ഒരു വിശേഷദിവസം.

[ഇതു ഭാദ്രപദത്തിന്റെ ശുക്ലപഞ്ചമിദിവസം സ്ത്രീകൾ രജോദോഷപ്രായശ്ചിത്താൎത്ഥം ആചരിക്കപ്പെടുന്ന ഒരു വ്രതം]

ഋഷിപത്നി—ഋഷിയുടെ ഭായ്യ.

ഋഷിപ്രോക്ത—വി. ഋഷിമാരാൽ പറയപ്പെട്ട.

ഋഷിവാടം—മഹഷിമാരുടെകുടിയിരിപ്പ്.

ഋഷ്ടി—വാൾ.

ഋഷ്യം—മരമാൻ, [ഋശ്യം എന്നതിന്റെ പാഠം].

ഋഷ്യകേതു—[ഋശ്യകേതനൻ എന്നശബ്ദം നോക്കുക].

ഋഷ്യഗന്ധാ—മറിക്കുന്നി.

ഋഷ്യപ്രോക്താ—ഹ. നായ്ക്കുരണ. വ. ശതാവരി. [ഋശ്യപ്രോക്താ എന്നതു നോക്കുക]

ഋഷ്യമൂകം—ഒരു പവ്വതം.

[ഇതു പമ്പാതീരത്തിലാണ്. ഇവിടെ വച്ചാണ് രാമസുഗ്രീവന്മാർ അന്യോന്യം അവരവരുടെ കാൎയ്യലാഭത്തിനായ് മൈത്ര്യത്തെ പ്രാപിച്ചതും മറ്റും]

ഋഷ്യശൃംഗൻ—ഒരു ഋഷി.

[വിഭണ്ഡകന്റെ പുത്രൻ. അതിനാൽ വൈഭണ്ഡകൻ എന്നും വിളിക്കാറുണ്ട്. ഇദ്ദേഹം ഒരു മാനിന്റെ കുട്ടിയായിരുന്നു. നെററിയിൽ ഒരു കൊമ്പുണ്ടായിരുന്നതിനാലാണ് ഋശ്യശൃംഗൻ എന്നു വിളിക്കാനിടയായതു്. വനത്തിൽ ഇദ്ദേഹം പിതാവിനാൽ വളൎത്തപ്പെട്ടു. പുരുഷത്വം പ്രാപിക്കുന്നതുവരെ മനുഷ്യരെ കണ്ടിട്ടേ ഇല്ലായിരുന്നു. അംഗരാജ്യത്തിൽ ഒരിക്കൽമഴയില്ലാതിരുന്നതുനിമിത്തം അവിടത്തെ രാജാവായ ലോമപാദൻ ചില ബ്രാഹ്മണരുമായി ആലോചിച്ച് ഏതാനും യുവതികളെ അയച്ച് ഇദ്ദേഹത്തെ വശീകരിച്ചുകൊണ്ടുവന്നു ശാന്തയെ ഭാൎയ്യയാക്കി നൽകി. ശാന്ത ലോമപാദന്റെ ദത്തുപുത്രിയും ദശരഥന്റെ പുത്രിയും ആയിരുന്നു. അനന്തരം ഋശ്യശൃംഗൻ സന്തോഷിച്ചു മഴപെയ്യിച്ചു. ദശരഥന്നു പുത്രലാഭാൎത്ഥം പുത്രകാമേഷ്ടി ചെയ്യിച്ചു ഈ ഋശ്യശൃംഗനാണത്രേ.]

# ൠ

ൠ—അ. ഹ. ഭയം. വ. ഭയം. ന. ആക്ഷേപം. ശ. കരുണ (ദീൎഘമായ ഋ മൂൎദ്ധന്യം)

ൠ—ഹ. ഭൈരവൻ. വ. ഒരു ദാനവൻ.

ൠകാരം—ൠ എന്നുള്ള അക്ഷരം.

# ഌ

**ഌ**—ഭ. ഭൂമി. വ. പർവതം. ന. ദേവി. ഋ. സ്ത്രീസ്വഭാവം. (അന്ത്യസ്വരം).

ഌകാരം—ഌ എന്ന അക്ഷരം.

# ൡ

**ൡ**—ഭ. അമ്മ. വ. ദിവ്യസ്ത്രീ. ന. ശിവൻ. ദീർഘമായ മന്ത്യം. [ഋ, ൠ, ഌ, ൡ ഈ സ്വരങ്ങൾ ആദിയായിട്ടുള്ള ശബ്ദങ്ങൾ അപൂർവം.]

# എ

**എ**—ഒരു സ്വരാക്ഷരം. (ഹ്രസ്വസ്വരം) ഇതു് ഒരു കണ്ഠതാലവ്യം. ഈ സ്വരത്തിനു സംസ്കൃതത്തിൽ ഹ്രസ്വാന്തമായ പാഠമില്ല.

[എ എന്നതു 'ഇ' 'ഉ' എന്നിങ്ങനെ മാറിക്കാണാറുണ്ടു്. ഉ-ം, ഇറവു് ഉറവു് ചിലപ്പോൾ 'അ' എന്നുമാകാം. എന്ന 'അന്നേ'.

എ—ഭ വിഷ്ണു. വ. മാൻ. ന. അസൂയ. ഋ. കരുണ. ൡ. വിളി. ൠ നിന്ദ, അധിക്ഷേപം.

എകരു—പല്ലു, തേറ (പ്രചാരലുപ്തം).

എകിറു—ഭ. പല്ലു്, ദംഷ്ട്രാ

'കഠിനവജ്രസമമേടകിലെകിറമ
ങ്ങിനസമന്നമാനനവുമുള്ളതാം'
(പാതാളരാമായണം)

വ. തേറ. ന. ചിറകു്.

എക്ക—ഭ എക്കൽ. വ. കൃഷ്ണമധുരയിൽ വാഹനങ്ങളിൽ ഉപയോഗപ്പെടുത്തുന്ന ഒരു കുതിര.

എക്കച്ചക്കം—വഴക്കു്.

എക്കം—ഭ. തക്കം. വ. അന്നന്നുള്ളവില. ന. വിലക്കവാങ്ങുന്നതിനുതക്ക സമയം.

എക്കൽ—ഭ. ഒഴുക്കുകൊണ്ടുണ്ടാകുന്ന വളം. വ. എന്തിവലിയുക ന. വയറൊട്ടിക

എക്കളിക്ക, എക്കിളിക്ക—എന്തിവലിയുക, എത്തുക.

എക്കിട്ട, എക്കിൾ, ഇക്കിൾ—ഒരു ശ്വാസവികൃതി. സംസ്കൃതത്തിൽ 'ഹിക്ക'

എക്കുക—ഭ. എക്കിളിക്കുക. വ. എന്തിവലിയുക.

എങ്കിൽ, എങ്കിലും—അ. സംശയത്തിങ്കൽ പ്രയോഗം.

എങ്ങൾ—ഞങ്ങൾ (നീചഭാഷ) ഞങ്ങൾ എന്നതു് ഉത്തമം. ഞാനും മററുള്ളവരും എന്നർത്ഥം.

എങ്ങാണ്ടു—അ. എവിടെയോ.

എങ്ങാനും—അ. വല്ലേടത്തും.

എങ്ങിനത്തേ—വി. ഏതുപ്രകാരമുള്ള.

എങ്ങിനെ—അ. ഏതുപ്രകാരം.

എങ്ങിനെഎങ്കിലും—അ. വല്ല പ്രകാരവും.

എങ്ങിനെയും—അ. ഏതുപ്രകാരവും.

എങ്ങിനെയുള്ള—അ. ഏതുപ്രകാരമുള്ള.

എങ്ങു്—അ. എവിടെ.

എങ്ങുനിന്നു, എങ്ങുന്നു—എവിടെനിന്നു.

എങ്ങും—അ. എവിടെയും, ഒരിടത്തും.

എങ്ങേനും—എങ്ങാനും, എവിടെഎങ്കിലും (പഴയ മലയാളം).

'എങ്ങാനും മണ്ടിനാൻ'
(കൃഷ്ണഗാഥ)

എങ്ങോട്ടു—എവിടേയ്ക്കു്.

എങ്ങോൻ—അ. അവൻ എവിടെ (എങ്ങു അവൻ).

എച്ചം—ഭ. മനുഷ്യരുടെ മലം. (പ്രധാനമായി ചിലന്തി, പല്ലി ഇവയുടേതാണു്) വ. ഈച്ചയുടെ മലം.

എച്ചിൽ-ഃ. ഉണ്ടശേഷിച്ചതു്. പര്യായങ്ങൾ-ഫേലം, ഭുക്തസമുജ്ഝിതം. ഛ. ഭക്ഷിച്ചതിന്റെ ശേഷിപ്പു്, ഉച്ഛിഷ്ടം. ന. അശുദ്ധി. [കർണ്ണാടകത്തിൽ-എഞ്ജൽ. തെലുങ്കിൽ-എംഗിൽ.]

എച്ചിൽകപ്പു-അശുദ്ധമായതും അടിച്ചുകൂട്ടിയതുമായ ചവറു്.

എച്ചിൽക്കരുന്നു്-ഒരു ചെടി.

എച്ചിൽക്കുഴി-എച്ചിലിടുന്ന കുഴി (സ്ഥലം.)

എച്ചിൽനക്കി-എച്ചിൽ തിന്നുന്നവൻ, ഇരപ്പാളി.

എച്ചിൽപാററുക-തളിക്കുക.

എച്ചിൽപ്പാട്ടു്-ആഹാരം കഴിഞ്ഞതിനുമേലുള്ള പാട്ടു്.

എച്ചിൽപ്പുണ്ണു്-ഒരു ദീനം.

എജമാനൻ-(യജമാനൻ) ഗൃഹസ്ഥൻ, പ്രഭു.

എടനാട്ടു്-കേവലം നാട്ടും കേവലം കാട്ടും അല്ലാത്ത പ്രദേശം.

എടവാട്ടു്-കൊടുക്കൽവാങ്ങൽ.

എടാ-തന്നെക്കാറം താണവനെ വിളിക്കുന്ന ഒരു വാക്കു്.

[ഈ നിപാതത്തിനു ലിംഗവ്യവസ്ഥയുണ്ടു്. 'എടാ' എന്നതു് പുല്ലിംഗമാണു് സ്ത്രീലിംഗം-'എടീ'. എടോ=സാധാരണലിംഗം.]

എടുക്കുക-കൈക്കൊള്ളുക, ചെയ്യുക.

എടുപ്പിക്കുക-കൈക്കൊള്ളിക്കുക, ചെയ്യിക്കുക.

എടുപ്പു്-ഃ. എടുക്കുക. ഛ. ഒരു ദീനം ന. ലാഭം. ർ. പൊക്കം. ൫. വരവു്. ൬. ശേഖരിപ്പു്. ൭. നികുതി. ൮. കറയ്ക്കുക.

എടോ-(ഒരു നിപാതം.) സമത്വമുള്ളവനെ വിളിക്കുന്ന ഒരു വാക്കു്. [എടാ! എന്നതു നോക്കുക.]

എട്ടടിമാൻ-ഒരു മൃഗം.

[സംസ്കൃതത്തിൽ ശരഭം എന്നു പറയപ്പെടുന്നു. ഇതു സിംഹത്തെ കൊല്ലുന്നതാണു്. ഇതിനു എട്ടു കാലുണ്ടു്. മഹാവിഷ്ണു പന്നിയായി അവതരിച്ചു ഹിരണ്യകശിപുവിനെ കൊന്നതിന്റെ ശേഷം അദ്ദേഹത്തിന്റെ ഉഗ്രത ശമിച്ചില്ലെന്നുകണ്ടു് ആയതു ശമിപ്പിപ്പാനായി പരമശിവൻ ശരഭമായി അവതരണം ചെയ്തു. ശരഭത്തിനു സിംഹത്തെ കൊല്ലുന്നതിനുള്ള ശക്തിയുണ്ടു്. ഈ ജന്തു മൃഗത്തിന്റെയും പക്ഷിയുടെയും വർഗ്ഗത്തിൽ ഉൾപ്പെടും. ശരഭമഹാമന്ത്രത്തിന്റെ ധ്യാനത്തിൽ പക്ഷിസ്വരൂപമായിട്ടാണു് വർണ്ണിച്ചിട്ടുള്ളതു്. 'ശരഭം' നോക്കുക].

എട്ടംഗം-തല, നെററി, മൂക്കു്, മാറു്, രണ്ടുകൈ, രണ്ടുകാൽ ഇവ എട്ടും. (അഷ്ടാംഗശബ്ദം നോക്കുക)

എട്ടരയോഗം-തിരുവിതാംകൂറിൽ ശ്രീപത്മനാഭക്ഷേത്രം സംബന്ധിച്ചു കൊല്ലം ൨൨൫ ൽ നാടുവാണിരുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു ഏർപ്പെടുത്തിയ ഒരു യോഗം.

ഓരോ യോഗം വീതമുള്ള എട്ടു പോററിമാരും, ഒരു സ്വാമിയാരും, അരയോഗം വീതമുള്ള ഒരു പോററിയും കൂടിയതാകുന്നു. (മഹാരാജാവും=(എട്ടര.)

൮ പോററിമാർ ഃ. കൂവക്കാട്ടുപോററി. ഛ. വഞ്ചിയൂർ അത്തിയറപ്പോററി. ന. കൊല്ലൂർ അത്തിയറപ്പോററി. ർ. മുട്ടവിളപ്പോററി ൫. കരുവാപ്പോററി. ൬. നെയ്താശ്ശേരിപ്പോററി.

എട്ടാം-വി. എട്ടാമത്തെ.

എട്ടാമതു്-ഏഴുകഴിഞ്ഞതായുള്ളതു്.

എട്ടാമത്തെ-വി. ഏഴുകഴിഞ്ഞതായുള്ള.

**എട്ടാമൻ**-എട്ടാമത്തവൻ.

**എട്ടാലൊന്ന**-എട്ടിലൊരുപാകം $\frac{1}{8}$, അരക്കാൽ.

'തട്ടാൻതൊട്ടാൽ എട്ടാലൊന്ന'

**എട്ടാവട്ടത്ത**-അടുക്കളെങ്ങും.

**എട്ടാശ**-എട്ടുദിക്ക്, നാലുദിക്കും അതുകളുടെ നാലുമൂലയും ഇങ്ങിനെ-വ്യ.

**എട്ടി**-കാഞ്ഞിരം.

**എട്ടിയാൻ**-ചെട്ടിയാൻ. (പരദേശക്കച്ചവടക്കാരിൽ ഒരു വകക്കാർ)

**എട്ടിലൊന്ന**- എട്ടിലൊരുപംക, അരക്കാൽ.

**എട്ട്**-നാലിരട്ടിച്ചത്.

**എട്ടുകാലൻ, എട്ടുകാലി**-ചിലന്തി.

എട്ടുകാലിയുടെ ഒരു വലയിലേ നൂലിന ൨൫൦ നാഴിക നീളമുണ്ടാകുമത്രെ.

**എട്ടുദിക്ക്**-എട്ടുദേശം. [എട്ടാശ നോക്കുക]

**എട്ടുവീട്ടിൽപിള്ളമാർ**-എട്ടു ഭവനങ്ങളിലെ പ്രധാനികൾ. ൧. മാത്താണ്ഡമഠത്തിൽ പിള്ള. ൨. രാമനാമഠത്തിൽപിള്ള. ൩. കുളത്തൂർപിള്ള. ൪ കഴക്കൂട്ടത്തുപിള്ള. ൫. വെങ്ങാനൂർപിള്ള. ൬. ചെമ്പഴന്തിപ്പിള്ള. ൭. കൊടുമൺപിള്ള ൮. പള്ളിച്ചൽപിള്ള.

'മാത്താണ്ഡാലയരാമനാമഠകുള
ത്തൂരംകഴക്കൂട്ടവും
വെങ്ങാനൂരഥചെമ്പഴന്തി കൊടുമൺ
പള്ളിച്ചലെന്നിങ്ങിനെ
ചൊല്ലാർന്നീടുമൊരെട്ടുദിക്കിലമരും
ശൂരാരാംപിള്ളമാ-
രൊപ്പംവിക്രമവാരിരാശികളഹോ
ചേരുമവരുന്നീതന്നാർ'

(ശ്രീവീരമാത്താണ്ഡവമ്മവിജയംകഥകളി)

**എട്ടെട്ട**-അറുപത്തിനാല (൬൪), എട്ടു എട്ടു കൂടിയത്, എട്ടുവീതമുള്ള.

**എണ്ണ**-൧. എള്ളിൽനിന്നെടുക്കുന്ന തൈലം. എണ്ണ=എള്ളിലെ നെയ്. ൨. വല്ലതിൻറയും തൈലം.

[വൃക്ഷങ്ങളുടേയും ചെടികളുടേയും അരിയൊ കുരുവൊ തടിയൊ വേരൊ വാററിയൊ ആട്ടിയൊ എടുക്കുന്നതാണ് തൈലം. മൃഗങ്ങളുടെ മാംസം, കൊഴുപ്പ്, മജ്ജ മുതലായവയിൽ നിന്നും തൈലമെടുക്കാം]

**എണ്ണക്കര**-ഒരു വൃക്ഷം.

**എണ്ണക്കുരുക്കൾ**-എണ്ണ എടുക്കാവുന്ന കുരുക്കൾ. ആവണക്കിൻകുരു, എള്ള്, നിലക്കടല, പേയെള്ള്, തേങ്ങാ, കാട്ടുമഞ്ഞൾ മുതലായവ.

**എണ്ണക്കുടി**-ഒരുമാതിരി അപ്പം.

**എണ്ണച്ചട്ടി**-തൈലപ്പാത്രം.

**എണ്ണച്ചായൽ**-വി. വിളച്ചയുള്ള.

**എണ്ണത്തഴകി**-ഒരു മരുന്ന്.

**എണ്ണപ്പാത്തി**-തൈലത്തോണി.

**എണ്ണപ്പായൽ** - വെള്ളത്തിലുള്ള ഒരു ചെടി.

**എണ്ണപ്പെട്ട**-വി. ൧. തുക എടുക്കപ്പെട്ട.

[എണ്ണപ്പെട്ട എന്നതിന പര്യായങ്ങൾ-സംഖ്യാതം, ഗണിതം. എണ്ണപ്പെടുവാൻ യോഗ്യം എന്നതിന പര്യായങ്ങൾ-ഗണനീയം, ഗണേയം.]

൨. മാനിക്കപ്പെട്ട.

**എണ്ണം**. ൧. സംഖ്യാ, തുക, കണക്ക. ൨. മതിപ്പ. ൩. വിചാരം. ൪. വിശ്വാസം. മൂന്നും നാലും അർത്ഥങ്ങൾക്ക തമിഴിന് അധികം പ്രസിദ്ധി. മലയാളത്തിലും നടപ്പുണ്ട്.

'മനമതിൽ മറിച്ചെണ്ണമെണ്ണമായി'

(മയൂരസന്ദേശം)

**എണ്ണവണ്ണം**-എണ്ണുവാൻ തക്കപോലെ.

**എണ്ണലർ**-ശത്രുക്കൾ. [പദ്യത്തിൽ പ്രയോഗം]

എണ്ണാങ്ക്-എട്ടുനാലുംകൂടിയതു്. (൩൨)
എണ്ണാങ്കൊടി-ഒരു ചെടി.
എണ്ണായിരം-എട്ടു ആയിരം കൂടിയതു് (൮൦൦൦)
എണ്ണാഴി-എട്ടു നാഴി കൂടിയതു്, രണ്ടിടങ്ങഴി.
എണ്ണിക്കകൊട്ടുക-കണക്കകൊട്ടുക.
എണ്ണുക-ക്രി. കണക്കു കൂട്ടുക. ൨. വിചാരിക്കുക. ൩. മതിക്കുക. ൪. വിശ്വസിക്കുക. ൫. കരുതുക.
എണ്ണൂറു്-എട്ടുനൂറുകൂടിയതു് (൮൦൦.)
എൺ-വി. എട്ടിനെ സംബന്ധിച്ച. തമിഴിൽ എണ്ണം.
എൺകയിൽ-വി. എട്ടുകരങ്ങളിയിൽ കൊള്ളുന്ന.
എൺകോൺ-വി. എട്ടുകോണുള്ള.
എൺദിശയും-അ. എട്ടുദിക്കുകളിലും, എല്ലാടവും.
എണ്പതിനായിരം-എട്ടു പതിനായിരം കൂടിയതു് (൮൦൦൦൦)
എണ്പതു്-എട്ടു പത്തു കൂടിയതു് (൮൦.)
എണ്പലം-എട്ടുപലം.
എണ്മണി-എള്ളിന്റെ മണി.
എണ്മർ-എട്ടുപേർ. ഉ-ം, എണ്മർയോഗം
എണ്മൂന്ന-ഇരുപത്തിനാലു്.
എത-ക്രി. അതിര. ൨. അവസാനം. ൩. സൂക്ഷ്മമായ സമയം. ൪. മുഖ്യസമയം.
എതം-തക്കം, തരം, എളുപ്പു്, സൌകര്യം. (എതമൊട്ടുന്തരം നോക്കി)
'ഇണക്കമൊന്നാത്തങ്ങെതമൊട്ടു'
(നളചരിതംകഥകളി)
എതിരാളി-ശത്രു. നേരിട്ടുവരുന്നവൻ.
എതിരിട-മാറുക, പകപ്പു്.
എതിരിടുക-ക്രി. നേരിടുക. ൨. തടുക്കുക
എതിരു്-വി. ക്രി. വിരോധമായുള്ള. ൨. മുമ്പെയുള്ള.
എതിരു്-ക്രി. വിരോധം. ൨. മുഖ്യം. ൩. മാതൃക. ൪. മുൻഭാഗം. ൫. ഉപമ.
എതിരെ, എതിരവെ-ക്രി. നേരെ. ൨. പുലരവെ. ൩. കാലത്തെ.
എതിരേല്പു്-ക്രി. നേരെ ചെന്നു കൂട്ടിക്കൊണ്ടു പോരിക. ൨. നേരിടുക.
എതിരേറുക-എതിർക്കുക.
എതിർ-വി. നേരെയുള്ള.
എതിർക്കുക-നേരിടുക.
എതിർകോൽ-നടക്കുന്നവരുടെകാലിൽ കൊള്ളുവാൻ തക്കവണ്ണം മാർഗ്ഗത്തിൽ കിടക്കുന്ന കോൽ.
എതിർതരിക-യുദ്ധത്തിനു കൂട്ടുക.
എതിർതല, എതിർത്തല-ശത്രു.
എതിരേത്ത-അ. മുഴുവനും. ഉ-ം, എതിരേത്തപച്ചനിറം.
എതിർപെട്ടുക-നേരിടുക.
എതിർപൊരുക-യുദ്ധംചെയ്ക.
എതിർപ്പു്-ക്രി. നേരിടുക. ൨. വിരോധിക്ക. ൩. ശകുനം. ൪. ഉല്ലംഘനം.
എതിർമുഖം-ക്രി. അഭിമുഖം, എതിരെ മുഖമായി. ൨. എതിർപുറം.
എതിർമുള്ള-മാറിലെ എല്ലു്.
എതിർമൊഴി-എതിർപറക.
എതിർവാക്കു്-എതിർമൊഴി, എതിരുപറക, വിരോധംപറക.
എതിർവീടു്-നേരെയുള്ള വീടു്.
എതു്-അതിര, അവസാനം. [എത നോക്കുക]
എതുക-ദ്വിതീയാക്ഷരപ്രാസം എന്ന പേരിൽ നാം ഇപ്പോൾ വ്യവഹരിച്ചുവരുന്ന ശബ്ദാലങ്കാരവിശേഷം. (ദ്വിതീയ സംഖ്യാമക്ഷരനിബന്ധനമെതുകയാമന്യനൈവിശേഷം പാട്ടു്) (ലീലാതിലകം). എതുകയെ ഇന്നും ഭാഷാകവികൾ പ്രായേണ ആദരിച്ചുവരുന്നു.
എത്താം, എത്തൽ, എത്തു്-ക്രി. എത്തുക, തൊടുവാൻ തക്കവണ്ണമാവുക. ൨. തീരം.

എത്തികാൽ-എന്തൽ. ഉ-ം, കാൽഎത്തികാൽ.

എത്തിവലിയുക-കാലിന്റെ വിരൽ കുത്തി പൊങ്ങുക.

എത്തുക-പ്ര. ചെല്ലുക.

'എത്താനും തൽപുരമതിൽമഹാ-
രാജ്ഞിമയക്കാണവാനും'
(മയൂരസന്ദേശം)

വ. തീരുക, ഇല്ലാതാകുക. ന. തൊട്ടവാൻതക്കവിധമാവുക. [സം. ക്രി. എത്തിക്കുക].

എത്ര-അ. പ്ര. ഇത്രയെന്നു നിശ്ചയമില്ലാത്തതിനെപ്പററി ചോദിക്കുന്ന ഒരു വാക്ക്. വ. വളരെ. ന. ഏറാവും. [എത്ര = എ + തിര. തിര = മാത്ര.]

എത്രയും-അ. ഏറ്റവും അധികം.

എത്രോളം, എത്രോടം, എത്രേടം-അ. ഏതുവരെ.

എന-എന്ത്.

എനി-ഇനി.

എന്തു-ഒ. (ഒരു പ്രധാനവ്യാക്ഷേപകം.) അറിയാത്തതിനെക്കുറിച്ചു ചോദിക്കുന്ന ഒരു വാക്ക്.

എന്തുവാൻ-എന്താണ്.

എന്തോ-ഒ (വ്യാക്ഷേപകം). സംശയത്തെ സൂചിപ്പിക്കുക.

എന്ത്യാ, എന്തേ-അ കാരണം അറിയാത്തതിനെക്കുറിച്ചു ചോദിക്കുന്ന ഒരു വാക്ക്.

എൻ-എന്റെ.

എൻപെരുമാൻ-ഇളനാട്ടിലുള്ള ബ്രാഹ്മണൻ.

എൻപ്രാൻ-പ്ര. എന്റെ എജമാനൻ. വ. എമ്പ്രാൻ, തീപേശാരത്തും മറമുള്ള വരും യാഗം കഴിക്കുന്നവരുമായ ഒരു വക ബ്രാഹ്മണൻ.

'എമ്പ്രാന്റവിളക്കത്തു
വാരിയന്റെ അത്താഴം'

എൻറീശ്വര-ഒരു വ്യാക്ഷേപകം.

എൻറു-(പ-മ). എന്നു

എന്നവാറെ-അ. അപ്പോൾ, അതിൽ പിന്നീട്.

എന്നാകിൽ, എന്നാൽ-അ. എങ്കിൽ.

എന്നാറെ-അ. അതിൽപിന്നീട്.

എന്നിങ്ങനെ-അ. ഇപ്രകാരം

എന്നിട്ട്-അ. പിന്നെ, അതിന്റെശേഷം, എന്നു പറഞ്ഞിട്ട്.

എന്നിട്ടും-അ. അതിന്റെശേഷവും, പിന്നേയും, എങ്കിലും.

എന്നി, എന്നിയെ-അ. കൂടാതെ.

[ഇൻറി-കൂടാതെ. ഇതു ഇൻറി എന്നതിന്റെ രൂപഭേദം. ഇൻറിയിൽ നിന്നു എൻറി, എന്നി, എന്നിയെ ഈ രൂപങ്ങൾ കാലാന്തരത്തിലുണ്ടായി].

എന്നിരിക്കെ-അ. അപ്പോൾ.

എന്നീവണ്ണം-അ. ഇപ്രകാരം.

എന്നു-അ. പ്ര. ഇങ്ങിനെ. വ. ഏതുദിവസം. എപ്പോൾ [തമിഴിൽ എൻറു].

എന്നും-അ. എല്ലായ്പോഴും.

എന്നുമ്പോൾ-എന്നുപറയുമ്പോൾ, എന്നു വിചാരിക്കുമ്പോൾ.

എന്നുമേ-അ. എപ്പോഴും, ഒരുനാളും.

എന്നുവെച്ച്-ഇങ്ങനെ വിചാരിച്ചു, അതുകൊണ്ട്.

എന്നേ-അ. മുഖത്തിലും സന്തോഷത്തിലും ആശ്ചര്യത്തിലും പറയുന്നൊരുവാക്ക്.

എന്നേക്കും, എന്നെന്നേക്കും, എന്നെന്നും-എല്ലാനാളും.

എന്മാൻ, എന്മാൻ-എന്നുപറവാൻ, എന്നുകൊണ്ട്. (എന്മാൻ എന്നതു ദോഷം)

എപ്പുറം-ഏതുപുറം.

എന്മോരു-എന്നുപറയപ്പെടുന്നു.

എന്മേടം-എന്നുള്ള സംഗതി.

എപ്പേർപ്പെട്ടതും-അ. എല്ലാം, മുഴുവനും

എപ്പേരും-അ. എല്ലാം, എല്ലാവരും.

എപ്പൊഴുതും-അ. എല്ലാനേരവും.

എപ്പോൾ-അ. ഏതുസമയത്ത്.

എപ്പോഴും-അ. ഏതുസമയത്തും.

[പര്യായങ്ങൾ-സതതം, അനാരതം, അശ്രാന്തം, സന്തതം, അവിരതം, അനിശം, നിത്യം, അനവരതം, അജസ്രം-ൻ.

എപ്പോഴും, എപ്പോളും-എല്ലാനേരവും

എമ്പ്രാദോർ-ചക്രവർത്തി.

എമ്പ്രാൻ-എൻപുരാൻ.

എമൻ-യമൻ.

എമ്മൾ-നമ്മൾ.

എമ്മൻകിടാവ് - കോലത്തിരിയുടെ കാര്യസ്ഥൻ.

എമ്മാൻ-അ. എന്നതുകൊണ്ട്.

എമ്മാൻ-എന്നു പറവാൻ.

'ആളയച്ചിട്ടുണ്ടെമ്മാനില്ല, ഇല്ലെമ്മാനില്ല
നീളെനിന്നവനും,-കളിയല്ല
(നളചരിതം കഥകളി)

[എമ്മാൻ = എന്നുപറവാൻ 'എൻ' എന്ന ഖിലധാതുവിന്റെ പിൻവിനയെച്ചമാണ് 'എമ്മാൻ'. 'എന്നാൽ' = എന്നുപറഞ്ഞാൽ. ഇത്യാദി പ്രയോഗങ്ങൾ നോക്കുക. 'ഉണ്മാൻ' എന്നതിനെ 'ഉമ്മാൻ' എന്നു എഴുതാറുള്ളതുപോലെ 'എന്മാൻ' എന്നതും എഴുത്തിൽ 'എമ്മാൻ' എന്നായി (ആളയച്ചിട്ട്) നളനെ അന്വേഷിപ്പാൻ ദൂതനെ അയച്ചതിൽ (ഉണ്ടെമ്മാനില്ല) അവൻ ഇന്നേടത്തുണ്ടെന്നു പറവാനില്ല; (ഇല്ലെമ്മാനില്ല) മരിച്ചുപോയി എന്നു പറവാൻ പാടില്ല നളനെപ്പറ്റി യാതൊരറിവും കിട്ടീട്ടില്ലെന്നു അർത്ഥം. 'നചസന്ത്യജതേ വീരോ നാദ്യജീവതി വാ ന വാ' എന്ന മൂലത്തിന്റെ ശരിതർജ്ജമയാകുന്നു ഇത്. സാഹിത്യസാഹ്യം.]

എയിത്-എയ്യുക, അമ്പുകൊണ്ടുള്ള പ്രയോഗം, തറെക്കുക.

എയ്തുക-പ്രാപിക്കുക.

എയ്തിയ-വി. എത്തിയ, പ്രാപിച്ച. [പഴയ മലയാളം].

എയ്തുന്ന-എത്തുന്ന.

എയ്യൻ-മുള്ളൻ, മുള്ളൻപന്നി.

എയ്യൻപന്നി-മുള്ളൻപന്നി.

എയ്യമ്പുല്ല്-ഏരകം.

[സമുദ്രതീരത്തിൽ ഉണ്ടാകുന്നതും ശരത്തിന് (അമ്പിന്) ഉപയോഗമുള്ളതുമായ ഒരു മാതിരി പുല്ല്. ഇത് ഇരിമ്പുലക്കപൊടിയിൽനിന്നുണ്ടായി വളരുന്നതാണെന്നു പറയപ്പെടുന്നു.]

എയ്യൻമുള്ള്-മുള്ളൻപന്നിയുടെ മുള്ള്. (തൂവൽ).

എയ്യുക-അമ്പ് അയക്കുക, അമ്പുകൊണ്ടു പ്രയോഗിക്കുക, തറെക്കുക.

എരക്കം-ഒഴിവ്, അഴിവ്.

എരട്ടിമധുരം-ഒരു അങ്ങാടിമരുന്ന. പര്യായങ്ങൾ-മധുകം, ക്ലീതകം, യഷ്ടിമധുകം, മധുയഷ്ടികാ ഇവ നാലും.

[ഇതു ക്ഷയം, തൃഷ്ണ, നയനരോഗം, വിഷം, ഛർദ്ദി, അരോചകം, ശീതപിത്തം, പിത്തരോഗങ്ങൾ, വ്രണം ഇവയെ ശമിപ്പിക്കും. ശുക്ലവൃദ്ധിയെ ചെയ്യും]

എരപ്പ്-വായ്പ്പ വാങ്ങുന്ന ആൾ മുതലായത്. ഏരവൽ എന്നു ചിലേടങ്ങളിൽ.

എരി, എരിവ്, എരുപ്പ്-ന. മുളകിന്റെ രസം ൨. ഉഷ്ണം. ൩. കത്തൽ. ൪. കോപം. പര്യായം-'കടു'.

എരികനല്-കത്തുന്നതീയ്, തീക്കനൽ.

എരിക്ക്-ഒരു ചെടി. പര്യായങ്ങൾ-അർക്കാഹ്വം, വസുകം, ആസ്ഫോടം, ഗണരൂപം, വികിരണം, മന്ദാരം, അർക്കപർണ്ണം.

[ഇതിന്റെ ഇല വാതത്തെയും കഫത്തെയും ശമിപ്പിക്കും. വേര്, വിരേചനത്തെ ചെയ്യും. വിഷഹരവുമാണ്. എരിക്കു വാതത്തെ കളയും. ദീപനവും ഉഷ്ണവുമാണ്. കൃമിരോഗങ്ങൾക്കു വളരെ വിശേഷം. ശോഫം, ചൊറി, കുഷ്ഠം, വ്രണം, പ്ലീഹ മുതലായവയ്ക്കു ഉത്തമം.]

എരിക്കിഴങ്ങ്-ഇഞ്ചി

എരിക്കുക-ചുടുക, തീകത്തിക്കുക.

എരികൊള്ളി-തീക്കൊള്ളി.

എരിച്ചിൽ-ഉ. എരിവ്. വ. തീകത്തൽ. ന-കോപം.

എരിതീയ്-കത്തുന്നതീയ്.

എരിതേങ്ങാ-ചില കർമ്മങ്ങൾക്കു മടലോടെ തീകത്തിച്ചുഴിയുന്ന തേങ്ങാ.

എരിപുളി, എരിവുപുളി-ഒരു കറി (മോരു ചേർത്തുണ്ടാക്കുന്നതാണ്.)

എരിപൊരി-വലുതായ സങ്കടം.

എരിപൊരിസഞ്ചാരം-ഉഷ്ണംനിമിത്തം ഉണ്ടാകുന്ന അധികമായ വ്യസനം, എരിച്ചിൽ.

എരിപ്പ്-ഉ. എരിവ്. വ. തീകത്തിക്കൽ. ന. ചൊല. ര. തീക്കൊള്ളി.

എരിമക്കള്ളി-ഒരു ചെടി. ചതുരക്കള്ളി എന്നും പറയുന്നു. ഇതു വിരേചനകരമാണ്. മലഎരിമ എന്നു മറെറാരുപക്ഷം

എരിമത്താളി-ഒരു വള്ളി.

[എരിമത്താളി (എരുമത്താളി)ക്കു പര്യായങ്ങളായി പട്ടപച്ചി, ഹൈമവതി, സ്വർണ്ണക്ഷീരി, ഹിമാവതി ഇങ്ങനെ ശബ്ദങ്ങൾ കാണുന്നുണ്ട്. ചിലർ മചംഎരുമയുടെ പേരെന്നു പറയുന്നു.]

എരിമപ്പാവൽ-ഒരു ചീര.

എരിമരം-രാത്രിയിൽ പ്രകാശിക്കുന്ന ഒരു മരം.

എരിയുക-നീറുക, തീകത്തുക.

എരിപുകാരൻ-ഘോരൻ, ഉഗ്രൻ.

എരിശ്ശേരി-ഉ. തേങ്ങാ അരച്ചു ചേർത്തുണ്ടാക്കുന്ന ഒരു കറി. വ. എരിച്ച കറി.

എരുക്ക്-എരിക്ക്. [എരിക്ക് എന്നതു നോക്കുക].

എരുത്-കാള, മൂരി, ചുമടെടുപ്പാൻ സാമർത്ഥ്യമുള്ള കാള.

എരുത്തിൽ-കാളക്കൂട്, തൊഴുത്തു.

എരുന്ത്, എരിന്ത്-നദിയിലുള്ള ചിപ്പിമീൻ.

എരുപുളി-മോരു ചേർത്തുണ്ടാക്കുന്ന ഒരു കറി

എരുമ-പെൺകന്ന്.

എരുമപ്പാൽ-എരുമയുടെ പാൽ.

[വളരെ ഗുരുവാണ്. അത്യഗ്നിയെ ശമിപ്പിക്കുന്നതുമാകുന്നു. ഉറക്കത്തെ ഉണ്ടാക്കും.]

എരുമത്തൈർ-എരുമയുടെ പാലിൽ നിന്നുണ്ടാക്കുന്ന തൈർ.

[വളരെ ഗുരുവാണ്. ഉഷ്ണവും വിഷ്ടംഭവുമാകുന്നു. വാതങ്ങൾ ഉണ്ടാകും. മൂലരോഗം, അതിസാരം ഇവയെ ശമിപ്പിക്കും.]

എരുമക്കള്ളി-ഒരു ചെടി എരിമക്കള്ളി നോക്കുക.

[ദുഗ്ധിക, ക്ഷീരാവി എന്നവ എരുമക്കള്ളിയുടെ പര്യായങ്ങളെന്നു കാണുന്നുണ്ട്.]

എരുമഗന്ധം-എരിവ്, എരിവിന്റെ വാസന നല്ലമുളക് (കുരുമുളക്) എന്നതിന്റെതുപോലെയുള്ള വാസന.

എരുമപ്പാവൽ-ഒരു ചെടി.

[ഇതിന്റെ കിഴങ്ങ് ബാലന്മാരുടെ കടക്കവീക്കം തീർക്കും.]

എഴമാൻ-കല്ലാശാരിമാരിൽ ഒരുവകക്കാർ. (ഇവർ തെല്പ്പറമ്പിൽ ധാരാളമുണ്ട്.)

എറോപ്പ-യൂറോപ്പ് എന്ന ഭൂഖണ്ഡം. Europe.

എലങ്ങം-ഇലവങ്ങം.

എലവു-ഇലവു എന്ന വൃക്ഷം. (ഇലവു് എന്നതു നോക്കുക.)

എലാഞ്ചുക, ലാഞ്ചുക-ഊഞ്ചുക, അലയുക

[ഒരു പാത്രത്തിൽ നിറയെ അല്ലാതെ വെള്ളംകഴിച്ചു് എടുത്താൽ അതു മലയുന്നതിനു ഈ പേർ പറയുന്നു. വെള്ളം ലാഞ്ചുന്നു എന്നു സാധാരണ പറയാറുണ്ടു്. 'ഓളാഞ്ചുക' എന്ന ശബ്ദവും കാണുന്നു.]

എലി-ഒരു ചെറിയജന്തു. പര്യായങ്ങൾ-ഉന്ദുരു, മൂഷികൻ, ആഖു.

[ഗിരികാ, ബാലമൂഷിക ഉ-ം, ചുണ്ടെലിയുടെ പേർ. ചുചുന്ദരി, ഗന്ധമൂഷി ഉ-ം അച്ചലിയുടെ പേർ. എലിമാംസം ഗുഹ്യരോഗങ്ങൾക്കു നന്നു്.]

എലിക്കണി-എലിയെ പിടിക്കുന്ന ഒരു യന്ത്രം.

എലിക്കത്തിരി-എലിക്കണി.

എലിക്കാഷ്ടം-എലിപ്പിഴുക്ക, എലിയുടെ മലം.

എലിച്ചെവി-ഒരു പച്ചമരുന്നു്. പര്യായങ്ങൾ-ചിത്രാ, ഉപചിത്രാ, ന്യഗ്രോധി, ദ്രവന്തി, ശംബരി, വൃഷാ, പ്രത്യക്ശ്രേണി, സുതശ്രേണി, രണ്ഡാ, മൂഷികപർണ്ണി.

[ഇതു കഫപിത്തങ്ങളേയും ആനാഹം, ജ്വരം, വയറുവേദന ഇവയേയും നശിപ്പിക്കും. പാചനമാകുന്നു. ഇതിനു മുയൽചെവി, എഴുത്താണിപ്പച്ച, തിരുമേവി എന്നിങ്ങനെയും പറയുന്നു.]

എ[illegible]-വ്യാഘ്രപാദം.

എലിത്തടി-ഒരു പച്ചമരുന്നു്. (ആനമടക്കം എന്നതു നോക്കുക.)

എലിനടകം, എലിടക്കാൻ, എലിവാട-മേല്പുരയുടെ (മേല്പുരയിന്റെ) ഒരു ഭാഗം. എലിയാടി.

എലിനാഴി-എലിയെപ്പിടിക്കുന്ന യന്ത്രം.

എലിപ്പച്ച-ഒരു ചെടി.

എലിപ്പത്തായം-എലിയെ പിടിക്കുന്ന ഒരു യന്ത്രം.

എലിപ്പാതാളം-എലിമട.

എലിപ്പാഷാണം-എലിയെ കൊല്ലുന്ന ഒരു മരുന്നു്. (വിഷമാണു്.)

[ഇതു എലിവിഷത്തിനു നന്നു്. ശീതജ്വരത്തിനും കൊള്ളാം. ഉരുക്കിലച്ചാറിൽ പ്രയോഗിക്കുന്നതു ഗുണകരം].

എലിപ്പിഴുക്ക-എലിക്കാഷ്ടം. [ഇതു വിഷമോഹത്തിനു കൊള്ളാം.]

എലിപ്പുനം-എലിമട.

എലിമഞ്ചി-എലിയെ പിടിക്കുന്ന ഒരു യന്ത്രം.

എലിമട-എലിയുടെ ദ്വാരം, എലിപ്പാതാളം

എലിമുള്ള-ഒരു മുൾച്ചെടി.

എലിവഞ്ചികാ-എലിയെ പിടിക്കുന്ന യന്ത്രം.

എലുമിച്ച-കടകപ്പുളിനാരകം.

എലുമ്പൽ-ചെറിയഎല്ലു്.

എലുമ്പു്-എല്ലു്.

എല്ക, എലുക-അതിർ. [എല്ല നോക്കുക.]

എല്കക്കല്ലു്, എലുകക്കല്ലു്-അതിർത്തിക്കല്ലു്, അതിരറിവാൻ ഇടുന്ന കല്ലു്.

എല്ല-അതിർ. [എല്ലപ്പുറംപ്പെടുത്തുക = അതിർത്തിക്കപ്പുറംപ്പെടുത്തുക]. ഉ. അവധി എല്ലയിൽനിന്നു 'എലുക' വന്നു. എല്ല-ഏൽക = എലുക.

എല്ലത്തല-അതിർ.

എല്ലാടവും-അ. എല്ലാസ്ഥലത്തും.

എല്ലാടത്തും-അ. എല്ലാസ്ഥലത്തും.

എല്ലാനാളും-അ. എല്ലാദിവസവും.

എല്ലാനേരവും-അ. എല്ലായ്പ്പോഴും.

എല്ലാം-അ. ഒക്കെ, മുഴുവനും. പര്യായങ്ങൾ-സമം, സർവം, വിശ്വം, അശേഷം, കൃത്സ്നം, സമസ്തം, നിഖിലം, അഖിലം, നിശ്ശേഷം, സമഗ്രം, സകലം, പൂർണ്ണം, അഖണ്ഡം, അന്യൂനകം. [എല്ലാം എന്നതു നിത്യബഹുവചനമാകുന്നു.

എല്ലായ്പോഴും-അ. എല്ലാസമയത്തും.

എല്ലാററിലും-ഒക്കെയിലും, മുഴുവനിലും.

എല്ലാരും, എല്ലാവരും-സകല മനുഷ്യരും.

എല്ല്-അസ്ഥി. പര്യായങ്ങൾ-കീകസം, കല്യം, അസ്ഥി.

എല്ലുകാമ്പു-അസ്ഥിസാരം, അസ്ഥിഗുരുതാം, മജ്ജ.

എല്ലുരുക്കം-എല്ലുരുകിപ്പോകുന്ന ഒരു രോഗം.

എവിട്ടത്തു-അ. എവിടെ.

[മാധവനെവിട്ടത്തു, എന്ന ഉദ്യോഗപർവ്വം പ്രയോഗം കാണുക. 'കോട്ടയം' 'കൊല്ലം' ഇത്യാദിയിൽ 'ത്തു' ചേർത്തു കോട്ടയത്തു', കൊല്ലത്തു' ഇത്യാദി രൂപമുണ്ടാകുന്നതുപോലെ എവിടം എന്നതിൽനിന്നു 'എവിടത്തു' എന്ന രൂപം മുണ്ടായി.]

എവിടെ-അ. ഏതുദിക്കിൽ.

എവിടേയും-അ. ഏതുദിക്കിലും, ഒരു ദിക്കിലും.

എഷ്ടിമധുകം-ഇരട്ടിമധുരം, അതിമധുരം.

എഷ്ടി-ഇരട്ടിമധുരം.

എഷ്ട്യാഹ്വാ-ഇരട്ടിമധുരം.

എങ്കല്ലർസാമ്രാജ്യം-ഇംഗ്ലീഷ് രാജവംശം.

എള്ളി-അരക്കൂട്. (ഗ്രാ.)

എഴ്ത്തി-(വ്യാകരണത്തിൽ) ഘോഷഭേദങ്ങളിൽ ഒന്ന്.

എളിമ-൧. താണസ്ഥിതി. ൨. അടക്കം. ൩. ബലക്ഷയം ൪. ദരിദ്രത.

എളിയ-വി. ൧. താണ. ൨. അശക്തിയായ.

എളിയോൻ-നിസ്സാരൻ.

എളുതു-വി. എളുപ്പമുള്ള, കഴിയുന്ന.

എളുപ്പം-അ. പ്രയാസംകൂടാതെ, വേഗം

എളേടത്ത്-വേണാട്ടു പ്രദേശം പണ്ട് അഞ്ചു രാജ്യമായി വിഭജിച്ചിരുന്നതിൽ ഒന്ന്.

എള്ള്-എണ്ണയുള്ള ഒരു ധാന്യം.

[ഇതു കൈപ്പും എരിപ്പുമാണ്. ഉഷ്ണവീര്യമാകുന്നു. ത്വക്കിനു ഹിതം. സ്നിഗ്ധമാകുന്നു. കഷായമധുരരസം. വാതത്തെ ക്ഷയിപ്പിക്കും. മേധാ, അഗ്നി, കഫം, പിത്തം, ബുദ്ധി, കേശം ഇവയെ വർദ്ധിപ്പിക്കും. മൂത്രത്തെ കായ്ക്കും. ദീപനമുണ്ടാക്കും. എള്ള് കറുത്തും വെളുത്തും ചെമന്നുമുള്ള നിറങ്ങളിലുണ്ട്. ഇവയിൽ മേലേമേലേതിനു ഗുണം ക്രമമായി കുറഞ്ഞിരിക്കും. ഇതിൻെറ ഇല വാതളവും കടുതിക്താമ്ലവും ഭേദിയുമാകുന്നു. എള്ളെണ്ണ എണ്ണകളിൽ പ്രധാനമാണ്.]

എള്ളോളം-എള്ളളവ്.

എഴ-൧. നീളമുള്ള കോൽ. ൨. നീളമുള്ള നൂൽ. ൩. പായുടെ അളി.

എഴിമല-ഒരുപർവതം.

എഴിൽ-ബലം.

എഴു-൧. മുതലെടുപ്പ്. ൨. ഉയരം. ൩. ഉന്തിനില്പ്. ൪. മുഴപ്പ്. ൫. ഏഴ് എന്ന അക്കം. ൬. ഏഴുപേർ.

എഴുക-കട്ടിലിൻെറ കാൽ ഉളച്ചു ചെലുത്തുന്ന മരം.

എഴുക-൧. പൊങ്ങുക. ൨. വർദ്ധിക്കുക. ൩. ഉണരുക. ൪. എഴുന്നേൽക്കുക.

എഴുതുക-൧. അക്ഷരം ചമയ്ക്കുക. (അടിതൽ എന്നതു നോക്കുക.) ൨. ചിത്രം വരയ്ക്കുക. ൩. കണ്ണിൽ മഷിതേയ്ക്കുക. [സംക്രി ലേഖിക്കുക.]

എഴുത്തച്ഛൻ-ആശാൻ, ഗുരു, എഴുതിക്കുന്നവൻ.

[തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ മലയാളഭാഷയുടെ ആദിപിതാവാകുന്നു. കൊല്ലവൎഷം ൭൦൦-നും, ൮൦൦-നും മദ്ധ്യേ ജീവിച്ചിരുന്നു. ജാതിയിൽ ചക്കാലയാണ്. അച്ഛൻ സൎവ്വശാസ്ത്രപാരംഗതനായ നീലകണ്ഠൻ നമ്പൂതിരിയാകുന്നു. ജനനസ്ഥലം തിരൂർ തീവണ്ടിആഫീസിനു സമീപം തൃക്കണ്ടിയൂർ എന്ന ദിക്കിൽ ഒരു ഭവനമാണ്. കിളിപ്പാട്ട് എന്ന പുതിയ രീതി കണ്ടുപിടിച്ചതു് ഇദ്ദേഹമാണത്രെ].

എഴുത്ത്-വി. ചിത്രമെഴുതിയ, ചായം പിടിച്ച.

എഴുത്താൻ-എഴുത്തുകാരൻ.

എഴുത്താണി-എഴുതുന്ന നാരായം.

എഴുത്താണിപ്പച്ച-എലിച്ചെവിയൻ.

എഴുത്താണിവാലൻ-ചേര. (നായാട്ടുപേർ).

എഴുത്താശാൻ-ഗുരു.

എഴുത്ത്-൧. എഴുതുക, അക്ഷരം. ൨. ചിത്രം. ൩. വിദ്യ. ചീട്ടുകറിമുതലായവ

എഴുത്തുപള്ളി-പാഠശാല.

എഴുത്തോല-കരിമ്പനയോല.

എഴുനിന്ന-എഴുന്നേറ്റ.

എഴുനിലമാടം-എഴുനിലമാളിക.

എഴുന്തീയ്-കാട്ടുതീയ്.

എഴുന്നരുളത്തു, എഴുന്നള്ളത്തു-ബ്രാഹ്മണർ രാജാക്കന്മാർ മുതലായവർ പോകയോ വരികയോ ചെയ്യുന്നതിനു പറയുന്ന പേർ.

എഴുന്നരുളുക-എഴുന്നള്ളുക.

എഴുന്ന-വി. പൊങ്ങിനില്ക്കുന്ന.

എഴുന്നില്ക്ക, എഴുനില്ക്ക, എഴുന്നേല്ക്ക-ഉയരുക. എഴുന്നുനില്ക്ക എന്നതിൽനിന്നു വന്നതായിരിക്കണം. അതു ലോപിച്ചു എണീക്ക എന്നും ആയിട്ടുണ്ട്.

എഴുന്നെള്ളത്ത്-ഘോഷയാത്ര. (അടിതോൽ എന്നതിൽ യാത്ര എന്ന പദം നോക്കുക.)

എഴുന്നെള്ളിയേടം-തിരുമെയ്യ്.

എഴുന്നെള്ളിയേടത്തമ്മാർ-തളിപ്പറമ്പിലുള്ള ഒരു ബ്രാഹ്മണവൎഗ്ഗം.

എഴുന്നേല്പ്-ഉയരുക.

എഴുമ്പുല്ല്-ഒരുമാതിരി വലിയ പുല്ല്.

എഴുന്നെള്ളിക്ക, എഴുന്നള്ളിക്ക-ഘോഷയാത്ര പുറപ്പെടുവിക്കുക.

എഴുമ്പുക-പൊങ്ങുക, വൎദ്ധിക്കുക.

എഴുമ-പൊക്കം, ഉയരം.

എഴുവർ-ഏഴുപേർ.

എറ-ഇറ.

എറി-ഏറു്.

എറികണ്ണ്-ചുളിച്ചുനോക്കുക.

എറിക്കുക-തടിയുടെ വെള്ള കളഞ്ഞു ഉരുട്ടുക.

എറിപ്പ്-എറിച്ചിൽ.

എറിയൻ-കണ്ണിൽ ചിലപ്പോൾ വീഴാറുള്ള ഒരു വക ചെറിയ ജന്തു.

എറിയുക-൧. കളയുക. ൨. ചാട്ടുക.

എറുക-നെറ്റി.

എറുമ്പ്-ഉറുമ്പ്.

എറുമ്പൊഴുക്കൽ-രോമാവലി.

എറ്റ്-൧. അലക്ക്. ൨. അടി. ൩. കണി, കണ്ണി, കരുക്ക്.

എറ്റുക-൧. അലക്കുക. ൨. അടിക്കുക.

---

# ഏ

ഏ—ഒരു സ്വരാക്ഷരം. (കണ്ഠതാലവ്യം.)

ഏ-ഒരു വ്യാക്ഷേപകം. ൧. ഓൎമ്മ. ൨. മനസ്സലിയുക. ൩. വിളിക്ക. ൪. അനുസരണം. ൫. ഖേദം, ഉറപ്പ്. ൬. ബ

സ്ഥം ൧. മാത്രം. ൮ വിഷ്ണു. ൯. കരുണ. ൧൦. അസൂയ. ൧൧. ആക്ഷേപം, നിന്ദ.

ഏക-വി. ൧. ഒന്നായ, ഒററയായ. ൨. മാത്രമായ. ൩. മറെറാന്നിനോടുകൂടാത്ത. ൪. ഉറപ്പായ. ൫. മാററപ്പെട്ടില്ലാത്ത ൬. ശ്രേഷ്ഠമായ. ൭. ഒന്നിൽ തന്നെ ചേൎന്ന. ൮. അതുല്യമായ. ൯. ചെറുതായ. ൧൦. സത്യമായ.

ഏകക-വി. താനേയുള്ള, ഒന്ന മാത്രമായിട്ടുള്ള.

ഏകകണ്ടകം-വയൽച്ചുള്ളി.

ഏകകൻ-ആരും സഹായമില്ലാതെ ഒററയായിട്ടുള്ളവൻ.

ഏകകൽ-കൊടുപ്പ്, ഓഗ്യം, വിധി.

ഏകാ-ദുൎഗ്ഗാ.

ഏകകാലിക, ഏകകാലീന-വി. ഒരേ കാലത്തുള്ള.

ഏകകുണ്ഡലൻ-൧. കുബേരൻ. ൨. ബലഭദ്രൻ. ൩. ശേഷൻ.

ഏകഗുരു-ഒരു ഗുരുവിങ്കൽനിന്ന വിദ്യാഭ്യാസം ചെയ്തവർ അന്യോന്യം വിളിക്കുന്ന പേർ. മറെറാരു പൎയ്യായം-സതീൎത്ഥ്യൻ.

ഏകചക്ര ഒരു നഗരം. വ്യാസന്റെ ഗുണദോഷം ഹേതുവായിട്ടു പാണ്ഡവർ ഇവിടെ കുറക്കാലം താമസിക്കയുണ്ടായി

'ജടയും വല്ക്കലവും ധരിച്ചു പാണ്ഡവന്മാരടവികളും പല നദിയും ഗിരികളും
കടന്നുചൊന്നിരുന്നേകചക്രയാം ഗ്രാമംപുക്കാർ
നടന്നാരവിടെയും ഭിക്ഷയായൊററാട്ടുകാലം'

(ഭാരതം)

ഏകചരം-ഒരു കാട്ടുമൃഗം.

ഏകചിത്തൻ-ഒരു കാൎയ്യത്തിൽ തന്നെ ബുദ്ധി ചെന്നിരിക്കുന്നവൻ.

ഏകഛത്രാധിപതി-൧. ഭൂമി ഒട്ടുക്ക് അടക്കി ഭരിക്കുന്നവൻ. ൨. ചക്രവൎത്തി.

ഏകജൻ-ശൂദ്രൻ, ഒരു ജന്മം മാത്രമുള്ളവൻ.

ഏകജ്യോതിസ്സ്-ശിവൻ.

ഏകണി, ഏകണിപ്പ്-ഏക്കണി.

ഏകതഃ-അ. ഒരിടത്തു്.

ഏകത, ഏകത്വം - ഒന്ന് എന്നുള്ള സ്ഥിതി, ഐക്യം.

ഏകതമ-വി. പലതിൽ ഒന്ന്.

ഏകതരം-വി. ൧. വേറെഒട്ടൊന്ന്, അന്യം. ൨. രണ്ടിൽ ഒന്ന.

ഏകതാന-വി. ഒരു കാൎയ്യത്തിൽ തന്നെ ബുദ്ധിചെന്നിരിക്കുന്ന.

ഏകതാനത-ഏകാഗ്രത്വം.

'നന്മയോടരശനെപ്പൊഴും ജനഹിതൈകതാനത ഭവിക്കണം'

(ശാകുന്തളം)

ഏകതാളം-ഒററത്താളം.

[സമന്വിതലയസ്തു ഏകതാള ഇത്യുച്യതെ=ലയം വഴിപോലെ ഏതിൽ ചേൎന്നിരിക്കുന്നുവോ അതു ഏകതാളം. 'ലയം' എന്നാൽ നൃത്തഗീതവാദ്യങ്ങളുടെ ശരിയായ കലാശം ആകുന്നു]. വേണ്ടവിധത്തിൽ യോജിച്ചുനില്ക്കുന്നതായ ഗീതവാദ്യപാദവിന്യാസങ്ങളുടെ ക്രിയാകാലസാമ്യാവസ്ഥ.

ഏകത്ര-അ. ഒരിടത്തു്.

ഏകദന്തൻ, ഏകദംഷ്ട്രൻ-ഒററക്കൊമ്പൻ, ഗണപതി.

ഏകദാ-അ. ഒരിക്കൽ, ഒരു കാലത്തു് (ഒരു നാൾ).

ഏകദൃഷ്ടി-൧. കാക്ക. ഒരു കണ്ണിൽ മാത്രം ദൎശനശക്തിയുള്ളതിനാൽ ഈ പേർ വന്നു. രണ്ടുകണ്ണുകൊണ്ടു നോക്കാൻ മടിക്കുന്ന അതിനു ദൎശനശക്തി കാണുകയില്ല എന്നറിക.

ഏകദേശം-അ. ൧. ഭിക്കവാറും. ൨. ഒരേദേശം. ൩. ചില അംശം.

ഏകദേഹൻ-ബുധൻ.

ഏകധനം-ന. നല്ല സമ്മാനം. വ. ചില വിശേഷദിവസങ്ങളിൽ വെള്ളം കോരുന്ന ഒരു പാത്രം.

ഏകധാ-ന. ഒരുപ്രകാരം. വ. ഒരിക്കൽ ന. ചിലപ്പോൾ.

ഏകധുര, ഏകധുരാവഹ, ഏകധുരീണ-വി ഒരുവേലതന്നെ എടുക്കുന്ന.

ഏകധുരീണൻ, ഏകധുരൻ-ന. ഒരു ഭാരത്തെ വഹിക്കുന്നവൻ. വ. വണ്ടികരി മുതലായതിൽ ഏതെങ്കിലും ഒരു ഭാരത്തെ തന്നെ വഹിക്കുന്ന കാള.

ഏകൻ-ന. ഒരുത്തൻ. വ വിഷ്ണു. ന. ബ്രഹ്മം. ര. മുഖ്യൻ. ഉ. അന്യൻ. ന്വ. കേവലൻ.

ഏകനവതമ-തൊണ്ണൂറ്റൊന്നാമത്തെ.

ഏകനവതി-തൊണ്ണൂറ്റൊന്നു.

ഏകനാഥൻ-താൻ തന്നെ നാഥനായുള്ളു എന്നുള്ളവൻ.

ഏകനായക-വി. ഒരുവൻ തന്നെ പ്രമാണിയായ.

ഏകനായകാ-പൊൻകര(റ)ണ്ടി.

[ഇതു മോഹത്തെ നശിപ്പിക്കും വിഷത്തിനു നന്നു.]

ഏകനിഷ്ഠ-വി. ഒരു കാൎയ്യത്തിൽ തന്നെ ബുദ്ധിചെന്നിരിക്കുന്ന.

ഏകപഞ്ചാശത്തു-അമ്പത്തൊന്നു.

ഏകപതിക-വി. ഒരു ഭൎത്താവുള്ള.

ഏകപത്രം-ഓരിലത്താമര.

ഏകപദം-ഞ. ന. അപ്പോൾ. വ. ഒരിക്കൽ ന. ഒരു വചനം, ഒരു പദം.

ഏകപദി-വഴി. ഓരോരോ കാലടിയുള്ളതു് എന്നൎത്ഥം.

ഏകപദീമാൎഗ്ഗം-ഒററയടിപ്പാത.

ഏകപൎണ്ണാ-ഹിമവാനു മേനയിലുള്ള ഒരു പുത്രി.

[ഹിമവാനു മേനയിൽ ഉള്ള പുത്രിമാരാണ് ഏകപൎണ്ണാ, ഏകപാടലാ, അപൎണ്ണാ ഇവർ മൂന്നാളും. അവർ മൂവരും കൃഛ്രതപസ്സുചെയ്തു. ഏകപൎണ്ണാ ഒരിലയും ഏകപാടല ഒരു പാടലയും മാത്രം ഭക്ഷിച്ചു ജീവിച്ചു. അപൎണ്ണാ ഒരു ഇലയാകട്ടെ ഭക്ഷിച്ചില്ല. ഇതു കണ്ടു അപൎണ്ണയുടെ അമ്മ 'ഉ-മാ' (മാ) അരുതു എന്നു പറഞ്ഞു. അതു നിമിത്തം ആ ദേവി ശിവന്റെ പത്നിയായ ഉമയായി ഭവിച്ചു.]

ഏകപാടല-ഹിമവാനു മേനയിലുള്ള ഒരു പുത്രി. [ഏകപൎണ്ണശബ്ദം നോക്കുക]

ഏകപാദികാ-പക്ഷികളുടെ ഒരുമാതിരി കിടപ്പു്.

ഏകപാൽ, ഏകപാത്തു്-ന. ഒററക്കാലൻ. വ. ശിവൻ.

ഏകപിംഗൻ-വൈശ്രവണൻ. പിംഗലമായ (പഴുപ്പുനിറമായ) വൎണ്ണമുള്ള ഒരു കണ്ണോടുകൂടിയവൻ.

[വൈശ്രവണൻ, പരമേശ്വരന്റെ വാമാങ്കത്തിൽ സ്ഥിതിചെയ്യുന്ന പാൎവ്വതിയെ ഒരിക്കൽ അസൂയയോടുകൂടി നോക്കിയതിനാൽ ഒരു കണ്ണു പൊട്ടിപ്പോയി. പാൎവ്വതിക്കു മനസ്സമാധാനം, ശിവന്റെ അനുനയം-ഹേതുവായിട്ടു-ഉണ്ടായപ്പോൾ എല്ലാക്കാലവും ഓൎമ്മയിരിക്കത്തക്കവണ്ണം ആ നോക്കിയ കണ്ണിനെ പിംഗലനിറമാക്കിത്തീൎത്തു].

ഏകം-ന. ഒന്നു. വ. ശ്രേഷ്ഠം. [ഏക എന്നതു നോക്കുക].

ഏകമനസ്സ്-വി. ഒരുപോലെമനസ്സുള്ള.

ഏകമൂല-മൂവില.

ഏകയഷ്ടികാ-ഒരിഴമാത്രമായിട്ടുള്ള മുത്തുമാല. [മറെറാരുപൎയ്യായം-ഏകാവലി].

ഏകരം-ഉദരം (നീചമാണ്).

ഏകരാത്രം-ഒരു രാത്രി മുഴുവനുള്ള ഒരുദിവസം.

ഏകരീതി-ഒരുമാതിരി, തുല്യത.

ഏകൽ–ദ്ര. ഉച്ചാരണം. ൨. കല്പന ൩. ശാസന. ൪. മാഗ്ഗം, വിധി. ൫. അനുഗ്രഹം. ൬. പ്രതിജ്ഞ. ൭. കോട്ടപ്പ്.

ഏകവചനം–ദ്ര. ഒരു വാക്ക്. ൨. (വ്യാകരണത്തിൽ) വചനങ്ങളിൽ ഒന്ന്, ഒന്നിനെ കുറിക്കുന്നതു്.

ഏകലൻ–ഏകൻ, ആരും സഹായമില്ലാതെ ഒററയായുള്ളവൻ.

ഏകലവ്യൻ–ദ്രോണശിഷ്യന്മാരിൽ ഒരുവൻ, നിഷാദരാജാവിന്റെ പുത്രൻ. 'ഏകലവ്യനെക്കണ്ടുകരച്ചുസാരമേയം' (ഭാരതം)

ഏകവസ്ത്രൻ–ഒരു വസ്ത്രം ധരിച്ചവൻ.

ഏകവിംശതി–വി. ഇരുപത്തിയൊന്ന്.

ഏകവിലോചനൻ–ശിവൻ.

ഏകശാസന–വി. ഒരുവന്റെ കല്പനതന്നെയുള്ള.

ഏകശാസനം–ഒരു രാജാവിന്റെ വരുതി.

ഏകശൃംഗം–കാണ്ടാമൃഗം.

ഏകസപ്തതി–വി. എഴുപത്തൊന്ന്.

ഏകസൎഗ്ഗ–വി. ഒരു കാൎയ്യത്തിൽ തന്നെ ബുദ്ധിചെന്നിരിക്കുന്ന, ഒരൊററനിശ്ചയത്തോടുകൂടിയ.

ഏകഹായനി–ഒരു വയസ്സുചെന്ന പശു

ഏകാകി–വി. താനേയുള്ള. [സ്ത്രീ–ഏകാകിനി]

ഏകാകിത്വം–താനേയുള്ള എന്നസ്ഥിതി

ഏകാക്ഷൻ–ശിവൻ.

ഏകാക്ഷം–കാക്ക.

ഏകാഗാരികൻ–കള്ളൻ.

ഏകാംഗൻ–വിഷ്ണു.

ഏകാംഗം–ചന്ദനം.

ഏകാഗ്ര–വി. ദ്ര. ഒരു കാൎയ്യത്തിൽതന്നെ ബുദ്ധിചെന്നിരിക്കുന്ന, ഒരേടത്തുതന്നെ മനസ്സു നിറുത്തിയ. ൨. കലക്കപ്പെട്ടാത്ത.

ഏകാഗ്രചിത്ത–വി. ഒന്നിച്ചുതന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന.

ഏകാഗ്രത, ഏകാഗ്രത്വം–ഒരിടത്തുതന്നെ മനസ്സു നിറുത്തിയ സ്ഥിതി.

ഏകാഗ്ര്യ–വി. ദ്ര. അധികം താല്പൎയ്യമുള്ള. ൨. ഒന്നിൽതന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന.

ഏകാദശരുദ്രന്മാർ– അജൈകപാത്ത്, അഹിർബുധ്ന്യൻ, വിരൂപാക്ഷൻ, സുരേശ്വരൻ, ജയന്തൻ, ബഹുരൂപൻ, അപരാജിതൻ, സാവിത്രൻ, ത്ര്യംബകൻ, വൈവസ്വതൻ, ഹരൻ ഇങ്ങിനെ പതിനൊന്നു രുദ്രന്മാർ.

ഏകാദശി–പതിനഞ്ചുപക്കങ്ങളിൽ പതിനൊന്നാംപക്കം.

ഏകാന്ത–വി. ദ്ര. അധികമായ. ൨. തനിച്ചുള്ള. ൩. വേറെ.

ഏകാന്തം–ദ്ര. ഏററവും, മുഖ്യമായ നിശ്ചയമുള്ളതു് എന്നൎത്ഥം. ൨. രഹസ്യസ്ഥലം. ൩. അധികത. ൪. ഏകത്വം.

ഏകാബ്ദാ–ഒരുവയസ്സുചെന്ന പശു.

ഏകായന–വി. ഒരേമാൎഗ്ഗത്തെ ആശ്രയിച്ച, ഒന്നിൽതന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന.

ഏകായനഗത–വി. ഒന്നിൽതന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന.

ഏകാരം–ഏ എന്ന അക്ഷരം.

ഏകാൎഗ്ഗളം– നവദോഷങ്ങളിൽ ഒന്ന്. (ജ്യോതിഷത്തിൽ.) നവദോഷങ്ങൾ–ഗുളികൻ, വ്യാഴി, ശണ്ഡാന്തം, വിഷം, ഉഷ്ണം, ഏകാൎഗ്ഗളം, സാപ്പശിരസ്സ്, ലാടം, വൈധൃതം.

ഏകാവലി–ദ്ര. ഒരീഴമാത്രമായിട്ടുള്ള മുത്തുമാല ൨. ഒരലങ്കാരം.

[മുൻമുൻ ചൊന്നതു പിൻപിൻ വരുന്നതിന് ഏതുവിധമെങ്കിലും വിശേഷണമാകത്തക്കവണ്ണമോ അല്ലെങ്കിൽ നേ

രമെറിച്ചാ പിടിച്ചു വിടുന്ന മട്ടിൽ വി-
ശേഷണവിശേഷ്യങ്ങളെ ചങ്ങലകോൎക്കുന്നതു് ഏകാവലി-ഭാഷാഭൂഷണം.]

ഏകാശ്രയ-വി. ഒരാശ്രയംതന്നെയുള്ള.

ഏകാഷ്ടക-വി. ഇന്ദ്രസാമന്മാരുടെ മാതാവു്, ഒരു പ്രജാപതിയുടെ മകൾ

ഏകാഷ്ഠീല-കൊങ്ങമന്ദാരം. ഒരസ്ഥിയുള്ളതെന്നൎത്ഥം. [രുദ്രമന്ദാരം എന്നും വെള്ളെരുക്കു് എന്നും കൂടി കാണുന്നുണ്ടു്]

ഏകാഷ്ഠീലാ-പാട (പാടവള്ളി) മുഖ്യമായ സാരമുള്ളതു് എന്നൎത്ഥം.

ഏകാഹം-ന. ഒരു ദിവസം. വ. മരിച്ചാൽ പതിനൊന്നാം ദിവസത്തിൽ ചെയ്യുന്ന ഒരു വൈദികകൎമ്മം.

ഏകിപ്പറക-നിന്ദിച്ചു പറക.

'കൃഷ്ണനോടുമേചൊന്നകിപ്പറവാനും
ചേച്ചയില്ലാതെതീൎന്നിൻവാക്കിനാൽ'
(സന്താനഗോപാലം പാന)

ഏകിയ-വി. ആജ്ഞാപിച്ച.

ഏകീകരണം-ഒന്നാക്കൽ

ഏകീകരിക്ക-ഒന്നാക്കുക

ഏകീകൃത-വി. ഒന്നാക്കപ്പെട്ട.

ഏകീഭവിക്ക-ഒന്നാവുക.

ഏകീഭൂത-വി. തനിച്ചായ.

ഏകുക-ന. നല്കുക, കൊടുക്കുക. വ. കല്പിക്കുക. ന. ഉച്ചരിക്കുക. ര. ശാസിക്കുക. ഖ. പ്രതിജ്ഞചെയ്ക. ഞ. സമ്മതിച്ചു പറക.

'മോദമേനതാതനൊപ്പാവതിന്നേകിനാൻ'
(ഭാരതം)

ഏകിനാൻ=സമ്മതിച്ചു പറഞ്ഞു

ഏകൈകം-അ. ഓരോന്നു, ഓരോന്നാ

ഏകോഭാവം-ഒരുമിച്ചുചേൎന്നുള്ള സ്ഥിതി ഐകമത്യം

ഏകോപിക്ക-ഒരുമിച്ചുചേരുക.

ഏകോനവിംശതി-വി. പത്തൊൻപതു്.

ഏക്കന-മുൻകൂട്ടി.

ഏക്കം-ശ്വാസം അധികമായി വലിക്കുക, നെടുവീപ്പു്.

ഏക്കി-യക്ഷി.

ഏൎക്കുക, ഏയ്ക്കുക-കൂട്ടിക്കെട്ടുക, കൂട്ടിത്തൈയ്ക്കുക, ഒന്നിച്ചുചേൎക്കുക (ഏപ്പു്.)

ഏക്കോണിക്ക-ന. കോണോടുകോണാക്കുക. വ. മട്ടം തെറിക്ക. ന. മൂലകൾ കാൽ കൈകൾ സങ്കോചിപ്പിച്ചുകിടക്കുക. ര. വളരെ കോണുകൾ ഉണ്ടാകുംവിധം സാധനങ്ങൾ വെക്കുക.

ഏങ്ങൽ-ശ്വാസം വലിക്കുക, നെടുവീൎപ്പിടുക.

ഏച്ചിൽ-ഏപ്പു്, ഏച്ചുകെട്ടുക.

ഏച്ചു-ക്ഷീണിച്ചു, തളൎന്നു

ഏജക-വി. നടുങ്ങുന്ന.

ഏജതക-വി. വിറക്കുന്ന, നടുങ്ങുന്ന.

ഏജനം-വിറയൽ, നടുങ്ങൽ.

ഏട-വി മുടന്തുള്ള.

ഏടം-ന. ഇടം. ഉ-ം, ഓരിടം. വ. സമയം.

ഏടാകൂടം-ന. ദുർഘടം.

'ഏടാകൂടംവരുമെയിടനാ
ലോടേപോകുന്നതാകിൽ'
(മയൂരസന്ദേശം)

വ. അപകടം. ന. വിരോധം. ര. വിരോധവാക്കു്. ഖ. തടവു്. ഞ. പ്രയാസം ൧. ദോഷത്തം. വ്യ. ഉപദ്രവം. ൻ. തെറ്റു്.

ഏടുകെട്ടുക-പഠിത്തം മതിയാക്കുക, നിറുത്തുക (മലയാ).

ഏട്-എഴുവാനായിട്ടു വൻമുറിച്ചുള്ള ഓല, അദ്ധ്യായം

ഏറ്റുക-ഏല്ക്കുക, ഏക്കുക.

ഏട്ടി-ഒരു മത്സ്യം.

ഏട്ടൻ-ചേട്ടൻ.

ഏട്ടകമ്പു്-തണ്ടപ്പടി.

ഏട്ടുപടി-തന്മപ്പടി

ഏഡൻ-ചെവി കേൾപ്പാൻ കഴിയാത്ത വൻ, ചെകിടൻ. ലോകസ്ഥിതി ഒന്നും അറിയാത്തവൻ എന്നർത്ഥം.

ഏഡകം-ആട്ടുകൊററൻ, കറിയാട്. ഓടിനടക്കുന്നതും, ക്ഷേപിക്കുന്നതും എന്നർത്ഥം.

ഏഡകാ-പെണ്ണാട്.

ഏഡഗജം-തകര. ആന വൃക്ഷങ്ങളെ നശിപ്പിക്കുന്നതുപോലെ ആട് ഇവയെ നശിപ്പിക്കുന്നതിനാൽ ഈ പേരുണ്ടായി.

ഏഡ-വി. ചെവി കേൾക്കാത്ത.

ഏഡമൂകൻ-ഊമച്ചെകിടൻ. (മിണ്ടുന്നതിനും ചെവികേൾക്കുന്നതിനും വയ്യാത്തവൻ, ഏഡനും മൂകനുമായവൻ).

ഏഡൂകം-ഉറപ്പിനു വേണ്ടി അകമേ കല്ല്, അലക് ഇല്ലിമുള്ള മുതലായതു വെച്ചുകെട്ടിയുണ്ടാക്കപ്പെട്ട ചുമര്. 'വളരെ വിശേഷം' എന്നു പറയപ്പെടുന്നത് എന്നർത്ഥം ഏഡകം, ഏഡുകം ഇങ്ങിനെയും പാഠങ്ങൾ കാണുന്നു

ഏഡചാളകം-ഏലാവാലുകം.

ഏണതിലകൻ-ചന്ദ്രൻ.

ഏണദൃക്ക്-വി. മാൻകണ്ണുള്ള.

ഏണദൃക്ക്-്ര മകരംരാശി. ഉ. സുന്ദരി

ഏണനാഭി-കസ്തൂരിമൃഗം.

ഏണഭൃത്ത്-ചന്ദ്രൻ.

ഏണം-്ര. മാൻ. ഉ. കൃഷ്ണമൃഗം ഓടുന്നത് എന്നർത്ഥം. ന. വിശാലമായ കണ്ണുകളുള്ള കറുത്ത മാൻ. (ഏണകം ഏണമേകം).

ഏണലാഞ്ഛനൻ-ചന്ദ്രൻ.

ഏണലോചന-മാൻകണ്ണി, സുന്ദരി. [ഏണമിഴി, ഏണനയന, ഏണനേത്ര ഇത്യാദി.]

ഏണാക്ഷീപ്പ്-അരിയനെ കൊതി.

ഏണാങ്കചൂഡൻ-ശിവൻ. ചന്ദ്രനെ ആഭരണമാക്കിയതുകൊണ്ട് ഈ പേർ വന്നു.

ഏണാങ്കബിംബം-ചന്ദ്രമണ്ഡലം.


ഏണാങ്കൻ-ചന്ദ്രൻ.

ഏണാങ്കമൌലി-ശിവൻ

ഏണാങ്കശേഖരൻ-ശിവൻ.

ഏണാജിനം-മാൻതോൽ.

ഏണി-കോവിണി. ശ്രേണി എന്ന പ്രകൃതിയുടെ വികൃതി



ഏണി-മാൻപേട.

ഏണിക-നേരെയാവുക. ഇതിനു വിപരീതമത്രേ കോണിക്കുക.

ഏണീദൃക്ക്-മാൻകണ്ണി, സുന്ദരി.

ഏണീപദം-ഒരു മാതിരി സർപ്പം.

ഏണ്-വക്ക്, ചിരട്ടയുടെ മൂന്നുകോണ്.

ഏതദീയ-വി ഇതിനെ സംബന്ധിച്ച.

ഏത-വി. ്ര പലനിറമുള്ള. ഉ. ചെന്നു ചേർന്ന.

ഏതനം-്ര നശിക്കു ഉ. ഒരുവക മത്സ്യം. ന. ശ്വാസം വലിക്കുക.

ഏതം-്ര നാനാവർണ്ണം. പലനിറങ്ങളും ചേർന്ന പ്രത്യേകനിറമായത് എന്നർത്ഥം. ഉ. മാൻ. ന. പാപം.

ഏതൽ-ഇവ, ഇത്.

ഏതർഹി-അ. ഇപ്പോൾ.

ഏതാ-നാനാവർണ്ണമുള്ളവൾ, ന നാവർണ്ണം മാറാത്തപക്ഷിയായ ഏനി.

ഏതദ്വസ്തു-അറിയാത്തവസ്തു.

ഏതാദൃശ-ഇതുപോലെയുള്ള.

ഏതന്നം-അ. അല്പം, കാറ.

ഏതാരാ യാതൊരു.

ഏതാവൽ-അ. ഇത്രത്തോളം.

'ഏതാവൽസകലംമദ്വസ്ഥമിദ്ധനിയതം'

(അമരുകശതകം)

ഏതു്-അറിയാഞ്ഞു ചോദിക്കുന്ന ഒരു വാക്ക്.

ഏതുമേ-അ. അല്പംപോലും.

ഏതേതു-ഏതു് ഏതു്.

ഏത്ത[illegible]-വടക്കർ ഇതിനെ ആഴത്തിൽ നിന്നു വെള്ളം വലിക്കാനുള്ള 'ഏത്തം' എന്ന യന്ത്രത്തിനു സംബന്ധപ്പെട്ട ഏതോ ഒരു സാധനമെന്നു പറയുന്നു. തെക്കർ ഇതിനെ നേന്ത്രക്കായ്ക്കു് ഉപയോഗിച്ചുവരുന്നു.

ഏത്തക്കായ്-നേന്ത്രക്കായ്. (ഒരുവിധം വാഴയ്ക്കാ.)

ഏത്തം-പ്ര. വന്ദനം. ഉ. വെള്ളംകോരുന്ന ഒരു യന്ത്രം (തുലാം) പര്യായങ്ങൾ-ഉദ്ഘാടനം, ഘടീയന്ത്രം.

ഏത്തമിടുക-ഇടത്തുകൈ വലത്തുചെവിയിലും വലത്തുകൈ ഇടത്തുചെവിയിലും പിടിച്ചും കാലുരണ്ടും പിണച്ചും നിന്നു കൈയുടെ മുട്ടുരണ്ടും നിലത്തു മുട്ടിച്ചു വന്ദിക്കുക.

[ഇതു പണ്ടു പള്ളിക്കൂടങ്ങളിൽ ആശാന്മാരുടെ കാലത്തു കുട്ടികളിൽ നടത്തിവന്ന ഒരു ശിക്ഷയാകുന്നു.]

ഏത്തവാഴ-നേന്ത്രവാഴ.

ഏത്താക്കൾ-പാട്ടുകാർ. [തമിഴിൽ ഏത്തു=സ്തുതിക്ക, വന്ദിക്ക. ആട്കൾ=ആക്കൾ]

ഏത്താപ്പ്-സ്ത്രീകൾ മാറത്തിടുന്ന വസ്ത്രം.

ഏത്തായ-വായ്നീര്. പര്യായങ്ങൾ-ലാലാസ്യന്ദിനി, സൃണികാ.

ഏദിധിഷൂപതി-ജ്യേഷ്ഠത്തി വിവാഹം കഴിക്കുന്നതിനു മുമ്പ് അനുജത്തിക്കു വരുന്ന ഭർത്താവിനു പറയുന്ന പേർ.

ഏധമാന-വി. വർദ്ധിക്കുന്ന.

ഏധസ്സ്-വിറക്. അഗ്നി ഇതുകൊണ്ടു വർദ്ധിക്കുന്നതിനാൽ ഈ പേരുണ്ടായി.

ഏധാ-ധനാഭിവൃദ്ധി.

ഏധ്-അ. പ്ര. മൃഗയം. ഉ. വർദ്ധന.

ഏധിത-വി. വർദ്ധിക്കപ്പെട്ട, വർദ്ധിച്ച.

ഏധിതം-വർദ്ധിച്ചതു്.

ഏനപ്പാത്തി-മത്സ്യം വാറ്റുന്ന പാത്രം.

ഏനപ്പെടുക-ഒരുങ്ങുക. [സ ക്രി. ഏനപ്പെടുത്തുക.]

ഏനസ്വത്ത്, ഏനസ്വീ-വി. പാപമുള്ള, കുറ്റമുള്ള.

ഏനസ്സ്-പ്ര. പാപം. അധോഗതിക്കു കാരണമായതു് എന്നർത്ഥം. ഉ. കുറ്റം.

ഏനസ്യ-വി. പ്ര. പാപമുള്ള. ഉ. കുറ്റമുള്ള.

ഏനി-നാനാവർണ്ണമുള്ളവൾ, നാനാവർണ്ണം.

ഏനം-പ്ര. തരം, അവസരം. ഉ. ഭംഗി. മ. യോഗ്യത. ൪. ഒരുക്കം.

ഏനമ-പ്ര. യോഗ്യമായ. ഉ. ഭംഗിയുള്ള.

ഏന്തൽ-പ്ര. മുടന്തു്. ഉ. കൈയിൽ എടുത്തു പിടിക്കുക.

ഏന്തുകാൽ-മുടന്തുകാൽ

ഏന്തുക-പ്ര. മുടന്തുക. ഉ. കൈയിൽ എടുത്തു പിടിക്കുക, വഹിക്കുക.

ഏന്ത്രം-യന്ത്രം.

ഏമ്പക്കം-മേല്പോട്ടുള്ള ഒരു ശ്വാസവേഗം. [വയറു നിറയുമ്പോൾ സാധാരണ ഇതു വരാറുണ്ടു്.]

ഏമ്പൽ-ഏമ്പക്കം.

ഏമ്പലം-ഏമ്പക്കം.

ഏമ്പു്-ഏപ്പു്.

ഏപ്പു്-ചേപ്പ്, സന്ധി.

ഏമ്പ്രാൻ-[illegible].

ഏമാളി-ഇരപ്പാളി.

ഏമാറ്റം-പ്ര. കെടംമറിപ്പ്, ചതിവ്. ഉ. ഭക്ഷണത്തിനുള്ള അത്യാശ.

ഏങ്ങുക-ക്ഷീണിക്കുക, തളരുക.

ഏര്-ഇണ.

ഏരകപ്പുല്ല്-കടൽപ്പുല്ല്, [illegible].

'വാരിധിതീരത്തു് കൽപൂരിതകൃതമായോ-
രേരകകണിശങ്ങൾകൊണ്ടുതങ്ങളിൽതന്നെ'
(ഭാഗവതം)

ഏരകാ-ഏരകപ്പുല്ലു്.

ഏരകം-പ്ര. ചെമ്മരിയാട്ടിന്റെ രോമം കൊണ്ടുള്ള കമ്പിളി. വ. എഴുത്തുപുല്ലു്.

ഏരണ്ഡദ്വീപം-ചെമന്ന ആവണക്കം വെളുത്ത ആവണക്കം.

ഏരണ്ഡം-ആവണക്കു്. രോഗത്തെ കളയുന്നതു് എന്നർത്ഥം.

ഏരാ-എഴുത്തുപുല്ലു്.

ഏരംഗം-ഒരു വക മത്സ്യം.

ഏറാളൻ പ്ര. ഏറാളനാട്ടിലുള്ളവൻ. വ. വീരൻ ന. ശൂരൻ

ഏരി പ്ര. കൃഷിക്കുവേണ്ടി വെള്ളം കെട്ടിനിറുത്തിയ ചിറ മുതലായതു്. പദ്യാർത്ഥം -'ആധാരം' ജലം ധരിക്കപ്പെടുന്നതു് എന്നർത്ഥം, കൈത്തോടുകൾ വെട്ടി പുഴയിലുള്ള വെള്ളത്തെ ആ വഴിയുടെ കൊണ്ടുചെന്നു കെട്ടിനിറുത്തുന്നിടം.

ഏരി, ഏരിക്കാൽ-വരമ്പിന്റെ രക്ഷക്കായിട്ടു നാട്ടുന്ന കോൽ.

ഏരിപിടിക്ക-വരമ്പിടുക.

ഏർകാൽ-ചക്രക്കാൽ.

ഏർക്കരു-കൃഷിക്കുള്ള ഉപകരണം.

ഏർമ്മ-ആഴമുള്ള മഴവു്.

ഏർവാരു, ഏർവാരുക-വെള്ളരിക്ക.

ഏലകം-ആട്ടുകൊറ്റൻ, മുട്ടാടു്.

ഏലക്കായു്-ഏലപ്പുട്ടിൽ.

ഏലച്ചരക്കു്-മലകളിൽനിന്നു കിട്ടുന്ന ചരക്കു്.

ഏലത്തരി-ചിറ്റേലം, സൂക്ഷ്മൈലം.

[സൌരഭ്യമുള്ളതാണു്. കഫവാതങ്ങളെ കളയും, ദഹനശക്തിയുണ്ടാക്കും. ഹൃദ്യമാണു്. അർശ്മാവിനെ ശമിപ്പിക്കും മൂത്രകൃച്ഛ്രത്തിനു നന്നു്. മേഹത്തിനു കൊള്ളാം.]

ഏലപ്പുട്ടിൽ, ഏലപ്പിട്ടിൽ-ഏലക്കായു്, ഏലത്തരിയുണ്ടാകുന്ന ചുള.

[ഇതു ദാഹത്തിനും ഛർദ്ദിക്കും നന്നു്].

ഏലംഗം-ഒരു വക മത്സ്യം.

ഏലം-ഏലത്തരി.

ഏലം, ലേലം-വില്പാനുള്ള വസ്തുവിനെ പ്രസിദ്ധപ്പെടുത്തുക.

ഏലമല-ഏലത്തരിയുണ്ടാകുന്ന പർവ്വതം.

ഏലംവിളി, ലേലംവിളി-വില്പാനുണ്ടെന്നു വിളിച്ചുപറയുക. [ഇതു സാധാരണ കോടതികളിൽ നടന്നുവരുന്നു].

ഏലവിലൻ-വൈശ്രവണൻ.

ഏലസ്സു്-അരയിൽ കെട്ടുന്ന ഒരാഭരണം.

ഏലാ-പ്ര. ഏലത്തെ, ഏലത്തരി. മുഖത്തുള്ള നാററത്തെ (ദുർഗ്ഗന്ധത്തെ) കളയുന്നതു് എന്നർത്ഥം. വ. തടിയും മറ്റും പിടിക്കുമ്പോൾ പാടുന്ന പാട്ടു്.

ഏലാപത്രം-ഒരു നാഗം.

ഏലാപർണ്ണി-അരത്ത, ചിററരത്ത. ഏലയുടെ ഇലയ്ക്കു സദൃശമായ ഇലയുള്ളതു് എന്നർത്ഥം.

ഏലായുഗ്മം-ചിററേലവും പേരേലവും.

ഏലാവാലുകം-ഒരു മരുന്നു്. ഏലവള്ളിപോലെ ഇരുകന്നതു് എന്നർത്ഥം.

[ഇതു പാകത്തിൽ കടുവാണു്. കഫവാതരോഗങ്ങളെയും വിഷം, ചൊറി, കുഷ്ഠം, വ്രണം, ജ്വരം, ചുട്ടുനീറൽ ഇവയേയും ശമിപ്പിക്കും. ലഘുവും ഉഷ്ണവുമാകുന്നു. മൂത്രാശ്മരോഗത്തിനും വിഷത്തിനും കൊള്ളാം. ഏലാലുകം, ഏലവാലുകം, ഏല്യവാലുകം ഇങ്ങിനെ പാഠങ്ങൾ കാണുന്നു.]

ഏലീകാ-ചെറിയ ഏലത്തരികൾ.

ഏലു്-സുഖം; ശക്തി.

ഏലുക-ഇയലുക.

ഏലുക-പ്ര. യോഗ്യമാവുക. വ. പററുക. ന. ഉണ്ടാവുക.

ഏല്യ—ആരാന്തം. (പഴയമലയാളം).
'കൈപിടിപ്പാന്നായ്വരേല്യം' (കൃഷ്ണഗാഥ)

ഏല്ക്കുക—പ്ര. കൈക്കൊള്ളുക. ദ്വ. ചുമതലപ്പെടുക. ത്രി. യോജിക്കുക. ച. സമ്മതിക്കുക. പ. സഹിക്കുക, കൊള്ളുക. പര്യായങ്ങൾ-സംവിത്ത്, ആഗൂ, പ്രതിജ്ഞാനം, നിയമം, ആശ്രവം, സംശ്രവം, അംഗീകാരം, അഭ്യുപഗമം, പ്രതിശ്രവം, സമാധി ഇവ പത്തും.

ഏലാപ്പുറങ്ങൾ—വയലുകളുടെ അടുത്തും മററം തണലുള്ള പ്രദേശങ്ങൾ.

ഏല്പു്, ഏല്പ്പു്—പ്ര. ഉത്തരവാദം, ചുമതലപ്പെടുത്തുക. ദ്വ. ആരംഭം. ത്രി. തടസ്സം.

ഏല്പ്—സ്വീകാരം.

ഏല്പെടുക, ഏറ്റെടുക്കുക—പ്ര. ഉത്തരവാദിയാവുക, ചുമതലപ്പെടുക. ദ്വ. ഉൾപ്പെടുക. ത്രി. ചേരുക. ച. ഒരുങ്ങുക [സ. ക്രി. ഏല്പെടുത്തുക, ഏല്പ്പെടുത്തുക]

ഏവ—അ. തന്നെ. അവധാരണാത്ഥം. അവധാരണം എന്നാൽ തിട്ടപ്പെടുത്തുക എന്നത്ഥം.

ഏവ, ഏവറെകൾ, ഏവററ, ഏവററ്—ഇത്രയും 'ഏ' എന്ന സർവ്വനാമങ്ങളുടെ ബഹുവചനങ്ങൾ ആകുന്നു; ന പുംസകത്തിൽ പ്രയോഗം.

ഏവൻ—ഏതൊരുവൻ.

ഏവം—അ. പ്ര. ഇപ്രകാരം. ദ്വ. സാദൃശ്യം ത്രി. അവധാരണം (നിശ്ചയം). ച. അംഗീകാരം. പ. കല്പന. ഷ. ഗ്രന്ഥപൂരണം.

ഏവരും—അ. എല്ലാവരും.

ഏവൾ—ഏതൊരുത്തി.

ഏവ്—അമ്പുകൊണ്ടുള്ള പ്രയോഗം.

ഏശ—പ്ര. രാത്രിയിലെ ആദ്യയാമം. ദ്വ. സന്ധ്യകഴിഞ്ഞുള്ള പ്രാത്ഥന. [അറബിഭാഷ.]

ഏശൽ—പ്ര. തൊടുക. ദ്വ. കൊള്ളുക, പററുക, ഏല്ക്കുക. ത്രി. സാധിക്കുക. ച. ഒരുമിക്കുക. പ. എതിരിടുക. ഷ. ഒരു രാഗം.

ഏശുക—പ്ര. തൊടുക. ദ്വ. കൊള്ളുക, പററുക, ഏല്ക്കുക. ത്രി. സാധിക്കുക. ച. ഒരുമിക്കുക. പ. എതിക്കുക.

ഏഷഃ—ഇവൻ.

ഏഷണാത്രയം— പുത്രൈഷണം, വിത്തൈഷണം, ദാരൈഷണം ഇവ മൂന്നും.
'വേർപെടുത്തനരിന്നമേഷണാത്രയങ്ങളും'
(ഭാഗവതം)

ഏഷണം—പ്ര. ആഗ്രഹം. ദ്വ. അന്വേഷണം. ത്രി. ഇരിമ്പുകൊണ്ടുള്ള അമ്പ്.

ഏഷണാ—പ്ര. അന്വേഷണം. ദ്വ. ആഗ്രഹം. ത്രി. യാചന, അപേക്ഷ.

ഏഷണി—പ്ര കരള, ഷണ. ദ്വ. തട്ടാന്റെ ത്രാസ്.

ഏഷണികാ—പ്ര. തട്ടാന്റെ (പൊന്നു തൂക്കുന്ന) ത്രാസ്. ഇതുകൊണ്ടു തൂക്കം ശരിയായി അറിയുന്നതിനാൽ ഈ പേരുണ്ടായി. മറൊരുപര്യായം-നാരാചി. ദ്വ. ചെറുനാരായക്കോൽ.

ഏഷണിക്കാരൻ — ഏഷണിപറയുന്നവൻ. പര്യായങ്ങൾ-കർണ്ണജപൻ, സൂചകൻ, പിശുനൻ.

ഏഷം, ഏഷാ—ആഗ്രഹം.

ഏഷികാ—ചിത്രമെഴുതുന്നതിനും മററുമുള്ള തൂവൽ. എഴുതുമ്പോൾ നടന്നുകൊണ്ടിരിക്കുന്നതു എന്നത്ഥം.

ഏഷ്ടി—ആഗ്രഹം.

ഏസ്സ്—കോപം.

ഏള—വി. ബധിരകർണ്ണമായതു.

ഏളകാ—ചെമന്ന കടുമാരം.

ഏളഗജം—തകര. [എഡഗജം നോക്കുക.]

ഏളിതം—പരിഹാസം.

ഏളിയേടത്തന്മാർ— തളിപ്പറമ്പിലുള്ള ഒരു ബ്രാഹ്മണവർഗ്ഗക്കാർ.

ഏള്ളുക-ഏഴുക. ഉ-ം, ഏതിരേളുക. ബഹു മാനാർത്ഥം ഉപയോഗിക്കുന്നതാണ്. [ഏഴുകന്നള്ളുക-കാണുക.]

ഏള്ളത്തു-ബോധിച്ചത്.

ഏഴ-പ്രായശ്ചിത്തം.

ഏഴ-പാവപ്പെട്ട ആരം.

ഏഴക്കോഴ-പ്ര. സമ്മാനം. ഫ, കൈക്കൂലി.

ഏഴാമുത്ത-ഒരു കളി.

ഏഴാമേടം-പ്ര. ഏഴാമത്തെ രാശി. ഫ. ഭാര്യ.

ഏഴി-സപ്തശൈലം. (ഏഴി-ഏഴുള്ളത്.)

ഏഴിമ്പ്രെരുമാൾ-കോലത്തിരിരാജാവ്

ഏഴിലമ്പാല-ഒരു വൃക്ഷം. പര്യായ ങ്ങൾ-സപ്തപർണ്ണം, വിശാലത്വക്ക്, ശാരദം, വിഷമച്ഛദം.

[ഇതിനെ 'മുക്കംപാല' എന്നും വിളിക്കാറുണ്ട്. ഇതു ത്രിദോഷങ്ങളെ നശിപ്പിക്കും. തിക്തവും ഉഷ്ണവും ദീപനവുമാണ്, ത്വക്‌ദോഷാദികൾക്കും ശൂലക്കും കൊള്ളാം.]

ഏറക്കുറ-പ്ര. ഏറവും കുറവും, വ്യത്യാസം, കൂടുതലും അല്ല കുറവുമല്ല എന്നുള്ള സ്ഥിതി. ഫ. അതിക്രമം, അക്രമം.

ഏറക്കുറവ്-വ്യത്യാസം.

ഏറക്കുറെ-മിക്കതും.

ഏറടവ്-കണക്കുകൂട്ടുക, കണക്കുപുസ്തകം

ഏറാങ്കടെ-ഒടുവിൽ.

... ഗോപാലർ കോഴിക്കോട്ടു ... കുടുംബം (ആയമ്പാടി.)

ഏറാട്ടുമേനോൻ-സാമൂതിരിയുടെ(ഇടത്തെ മന്ത്രി) രായസക്കാരൻ.

ഏറിടുക-കണക്കുകൂട്ടുക.

ഏറിയ-വലിയ.

ഏറ്-പ്ര. ഏറിക, ചാട്ട്. ഫ. ദോഷം. ഉ-ം, കണ്ണേറ് = ദൃഷ്ടിദോഷം. ന. ഏറ്റം, കേററം.

ഏറുക-കേറുക, വർദ്ധിക്കുക.

ഏറും-പ്ര. ഏറുന്ന, വർദ്ധിക്കുന്ന. ഫ. കൂടപ്പെടുന്ന.

ഏറുമാടം-മരത്തിന്റെ മുകളിൽ കെട്ടുന്ന കാവൽപ്പുര; മച്ചുള്ള മാടം.

ഏറെ-അ. അധികം.

ഏററകുററം-കയ്യേററം, അതിക്രമം.

ഏററത്താഴ്ച്ച-കേററവും ഇറക്കവും, പൊക്കവും താഴ്ച്ചയും.

ഏററം-അ. അധികം, വളരെ.

ഏററം-പ്ര. വർദ്ധനം. ഫ. കരേററം, ഉയർച്ച വേലിയേററം. ര. കലഹം. ര. കാച്ചിലും മററും കേറുന്നതിനായി നാട്ടുന്നകോൽ. ന. ക്രൂരത.

ഏററക്കുറച്ചിൽ-അ. ഭേദം, വ്യത്യാസം

ഏററവും-അ. അധികം, വളരെ. [പര്യായങ്ങൾക്ക് 'അതിമാത്രം' എന്ന ശബ്ദം നോക്കുക.]

ഏററാളി-പ്ര. പ്രതിയോഗി. ഫ. പരവൻ.

ഏററിറക്കം-കേററവും ഇറക്കവും.

ഏററു ചുമതല വഹിച്ചു (ഏല്ക്ക എന്നതിന്റെ ഭൂതകാലം.)

ഏററുതെററിപ്പറക-വിരുദ്ധമായി പറക, വിപരീതമായി പറക.

ഏററുപാടുക-കൂടെ പാടുക.

ഏററുമതി-മററു സ്ഥലത്തേക്കു കയററിക്കൊണ്ടുപോകുന്ന സാമാനം. ഏററുമതി >< ഇറക്കുമതി.

ഏററുമാറുക-എഴുന്നററുമാറുക, എഴുന്നേററുപോവുക.

'ഏററുകയറ്റിപ്പറയുന്നതെന്തിനി
ഏററമാററമെനിക്കേതുമില്ലേതുമല്ലേ'
(കല്യാണസൌഗന്ധികം തുള്ളൽ)

ഏററുവാണിഭം-ചില്ലറക്കച്ചവടം.

# ഐ

**ഐ**— ഒരു സ്വരാക്ഷരം. [ദീർഘസ്വരം] കണ്ഠതാലവ്യം.

[അ+അ+ഇ എന്ന മൂന്നു സ്വരം ചേർന്നുണ്ടായ സന്ധ്യക്ഷരമാകുന്നു 'ഐകാരം' എന്നാണു സംസ്കൃതത്തിൽ ഗണിക്കപ്പെടുന്നതു്. എന്നാൽ മലയാളത്തിനു തമിഴിലേ ഉച്ചാരണമാവശ്യം. ഐ=അ+ഇ അല്ലെങ്കിൽ അ+യ് എന്നു കേരളപാണിനീയം.]

**ഐ**—ഉ. അഞ്ചു് ഓ. [തമിഴിൽ ഐന്തു്] ഉ-ം, ഐവർ. വ. ഓമ്മ. ന. വിളി.

**ഐ**—ശിവൻ.

**ഐക**—വി. ഒന്നിനെ സംബന്ധിച്ച.

**ഐകദ്ര്യം**—അ. ഉടനെ.

**ഐകപത്യം**—ഒരേ അധിപൻ എന്നുള്ള സ്ഥിതി, ഏകച്ഛത്രാധിപത്യം.

**ഐകമത്യം**—യോജിപ്പു്, ചേർച്ച.

**ഐകാഗാരികൻ**—ഉ. കള്ളൻ. ആരുമില്ലാത്ത സ്ഥലത്തു കക്കുന്നവൻ. വ. ഒററ വീട്ടിന്റെ ഉടമസ്ഥൻ.

**ഐകാഗ്ര്യം**—ഏകാഗ്രത, ഒന്നിങ്കൽ തന്നെയുള്ള ശ്രദ്ധ.

**ഐക്യരാജ്യം**—ഏകച്ഛത്രാധിപത്യം.

**ഐക്യത**—യോജിപ്പു്, ഒരുമിപ്പു്.

**ഐക്യം**—യോജിപ്പു്, ഒരുമിപ്പു്.

**ഐക്ഷവം**—വി. ഇക്ഷു (കരിമ്പു) സംബന്ധിച്ച, കരിമ്പിൽ നിന്നുണ്ടായ.

**ഐംഗുദം**—ഓടക്കുഴൽ.

'ചന്ദനംചേർന്നൊരംഗുദം ചുണ്ടുമേൽചിരമസൃണീ
ഭൂതമാംമെച്ചപട്ടം'
(അഭിജ്ഞാനശാകുന്തളം)

**ഐങ്കല്യ, ഐങ്കലം**—പള്ളിയുടെ ...

**ഐങ്കുടി**—കമ്മാളന്മാരിൽ അഞ്ചു വകക്കാർ.

**ഐങ്കൊല്ലന്മാർ**—കമ്മാളന്മാരിൽ അഞ്ചുവകക്കാർ.

**ഐച്ഛികം**—വി. ഇച്ഛിക്കപ്പെട്ടുള്ള.

**ഐഡവിഡൻ**—വൈശ്രവണൻ.

**ഐഡവിലൻ**—വൈശ്രവണൻ.

**ഐണം**—ആണമാനിന്റെ തോൽ കൊമ്പു മുതലായതു്, ഏണത്തെ സംബന്ധിച്ചതു എന്നർത്ഥം.

**ഐണം**—മാൻകൂട്ടം.

**ഐണികൻ**—മാനിനെ കൊല്ലുന്നവൻ.

**ഐണേയം**—ഉ. മാൻപേടയുടെ തോൽ എല്ലു മാംസം മുതലായതു്. ഏണിയെ (മാൻ പേടയെ) സംബന്ധിച്ചതു് എന്നർത്ഥം. വ. കറുത്ത മാൻ.

**ഐതരേയബ്രാഹ്മണം**—വേദത്തിന്റെ ഒരു ഭാഗം.

**ഐതിഹ്യം**—ഉ. പഴഞ്ചൊല്ലു്, പാരമ്പര്യോപദേശം. വ. പുരാണകഥ ഇതിഹത്തിൽ ഭവിച്ചതു് ഐതിഹ്യം. മറെറാരുപര്യായം-ഇതിഹ. (അവ്യയം) ഇതി=ഇങ്ങിനെ. ഹ=പ്രസിദ്ധം.

**ഐദമ്പര്യം**—ഒന്നിനോടു മാത്രമുള്ള താൽപര്യം. (ഐദംപര്യം=ഒന്നിനോടു മാത്രമുള്ള താൽപര്യത്തോടുകൂടി) ഇദംപരം=ഇതു ശ്രേഷ്ഠം. ഇതിൽനിന്നു ഐദംപര്യമുണ്ടായി.

**ഐനസം**—പാപം.

**ഐനാങ്കു**—അഞ്ചു നാലു കൂടിയതു (൨൦).

**ഐന്താർബാണാരി** - ശിവൻ. ഐന്താർബാണൻ (അഞ്ചു പൂക്കളാകുന്ന അമ്പാക്കിയവൻ-കാമദേവൻ.) കാമന്റെ ശത്രു എന്നർത്ഥം.

**ഐന്തോളം**—അഞ്ചോളം, പല്ലക്ക്.

**ഐന്ദ്ര**—വി ഇന്ദ്രനെസംബന്ധിച്ച.(സ്ത്രീ-ഐന്ദ്രി).

**ഐന്ദ്രജാലിക**—വി. വഞ്ചനയുള്ള, കപടമുള്ള, മായയുള്ള.

ഐന്ദ്രജാലികൻ-ക്ഷുദ്രക്കാരൻ, ചെപ്പടിക്കാരൻ.

ഐന്ദ്രൻ-പു. അൎജ്ജുനൻ. ൨. ബാലി. ൩. ജയന്തൻ.

ഐന്ദ്രം-ഒരു സംവത്സരത്തിന്റെ പേർ.

ഐന്ദ്രലുപ്തികൻ-കഷണ്ടിക്കാരൻ.

ഐന്ദ്രിക-വി. ഇന്ദ്രിയങ്ങളെ സംബന്ധിച്ച, ഗ്രഹിക്കത്തക്ക.

ഐന്ദ്രിയകം-കാണാമെന്നൊ കേൾപ്പാമെന്നൊ മറ്റൊ ആകഴിയുന്നതു്. ഇന്ദ്രിയത്താൽ അനുഭവിക്കപ്പെടുന്നതു് എന്നൎത്ഥം. മറ്റൊരു പൎയ്യായം-പ്രത്യക്ഷം.

ഐന്ദ്രി-പു. ഇന്ദ്രന്റെ ഭാൎയ്യ. ൨. ദുൎഗ്ഗ. ൩. ജ്യേഷ്ഠാഭഗവതി. ൪. ഒരു വള്ളി, കാട്ടുവെള്ളരി. ൫. തൃക്കേട്ട ൬. കിഴക്കേദിക്ക. ൭. ഉഴിഞ്ഞ.

ഐന്ധനൻ-സൂൎയ്യൻ.

ഐമ്പതു-അഞ്ചു പത്തു കൂടിയതു (൫൦).

ഐമ്പരുത്തി-ഒരു പുഷ്പം.

ഐമ്പാടി-ആയമ്പാടി.

ഐമ്പെരുമാൾ-ഭൎത്താവിന്റെ അനുജൻ, ദേവരൻ.

ഐമ്പൊന്നു-അഞ്ചു പ്രധാന ലോഹങ്ങൾ, പഞ്ചലോഹം, സ്വൎണ്ണം, വെള്ളി, ചെമ്പു്, വെള്ളീയം, നാഗം ഇവ ൫-ം.

ഐമ്മുല-അഞ്ചു മുലയുള്ള പശു.

ഐയൻ, അയ്യൻ-ദൈവം. [അയ്യൻ എന്നു നോക്കുക].

ഐയപ്പൻ, അയ്യപ്പൻ-ശാസ്താവ്, നായാട്ടു പരദേവത.

ഐയം, അയ്യം-പു. ധൎമ്മം. ൨. സംശയം. ൩. ഭിക്ഷ.

ഐയാമലയാഴി-അഞ്ചാമത്തെസമുദ്രം [ഉപ്പു്, കറുപ്പു്, ചെമപ്പു്, പാൽ ഇങ്ങിനെ നാലു സമുദ്രങ്ങൾ കഴിഞ്ഞു് അഞ്ചാമത്തേതു ശുദ്ധജലസമുദ്രം].

ഐയർ, അയ്യർ-പു. ബ്രാഹ്മണർ. ൨. ദൈവങ്ങൾ. [അയ്യൻ എന്നതു നോക്കുക]

ഐരണ്ടാനനൻ-ദശമുഖൻ, രാവണൻ.

ഐരം-പു. ശബ്ദം. ൨. ഇരത്തെ (ജലത്തെ) സംബന്ധിച്ചതു്.

ഐരാണി-കുതള എന്ന ചെടി, കാട്ടുകരുണ, കാട്ടുപിണ്ണാക്ക്.

ഐരാവണം-ഇന്ദ്രന്റെ ആന ഐരാവതം. ഇരാവണത്തിൽ (സമുദ്രത്തിൽ) ഉണ്ടായതു്. ഇരകെ ണ്ട (വണതി) ശബ്ദിക്കുന്നതു. ഇരാവണം=സമുദ്രം.

ഐരാവതം-പു. ഇന്ദ്രന്റെ ആന. ഇരാ=ജലം. ഇരാവാൻ=സമുദ്രം. സമുദ്രത്തിൽ നിന്നു് ഉണ്ടായതു്. മറ്റു പൎയ്യായങ്ങൾ-അഭ്രമാതംഗം, ഐരാവണം, അഭ്രമുവല്ലഭൻ. ൨. നാരകം. മിന്നലിനെപ്പോലെ നിറമുള്ളതു് എന്നൎത്ഥം. ൩. നിലഞാവൽ. ൪. മധുരനാരങ്ങ. ൫. മേഘവില്ലു്. ൬. ഇരളൂരിനാരകം. ൭. മൊത്തൊന്നി.

ഐരാവതത്തോൻ - ഐരാവതമുള്ളവൻ.

ഐരാവണി-ഇന്ദ്രാണി.

ഐരാവതി-പു. മിന്നൽ. ഇരാവാനിൽ (മേഘത്തിൽ) നിന്നുണ്ടായതു് എന്നൎത്ഥം. ൨. പഞ്ചാബിലെ ഒരു നദി. ൩. ഐരാവതം എന്ന ആനയുടെ പിടി. ൪. ചെറുനാരകം.

ഐരി-വയ്ക്കോൽ പുറ.

ഐരിണം-കല്ലുപ്പു്, ഭൂമിയിൽ നിന്നു വെട്ടിയെടുത്തതു്, ധാതു.

ഐരു, അയിർ-ഇരുമ്പുണ്ടാക്കുന്ന കല്ലു് പഞ്ചലോഹവുമുള്ള കല്ലോ മണ്ണോ.

ഐരൂർചാക്കര- കൊടുങ്ങല്ലൂർതമ്പുരാക്കന്മാരുടെയും പൂഞ്ഞാറ്റിൽ തമ്പുരാക്കന്മാരുടെയും മറ്റും വംശമൂലമായ സ്വരൂപം.

ഐല-ഒരു വക മത്സ്യം.
ഐലവിലൻ-വൈശ്രവണൻ. (ഇലവില (ഇളബിള)യുടെ പുത്രൻ എന്നർത്ഥം.
ഐലവാലുക-ഒരങ്ങാടിമരുന്ന്, ഒരു സുഗന്ധദ്രവ്യം.
ഐലേയം-ഒരങ്ങാടിമരുന്ന്. ഭൂമിയിൽ ഉണ്ടായതു് എന്നർത്ഥം. ഏലവാലുകം
ഐശ, ഐശ്വര-വി. ഈശനെ-ഈശ്വരനെ സംബന്ധിച്ച, ശിവനെ സംബന്ധിച്ച.
ഐശ്വര്യം-ന. സമ്പൽസമൃദ്ധി. ഈശ്വരഭാവം (അമാനുഷത്വം) എന്നർത്ഥം. ഉ. ശ്രീ, സമ്പൽസമൃദ്ധിയും സുഖാഭിവൃദ്ധിയും. ന. ധനം മാനം മുതലായതുള്ള അവസ്ഥ. ര്. അണിമാദ്യഷ്ടൈശ്വര്യം. മററു പര്യായങ്ങൾ-വിഭൂതി, ഭൂതി.
ഐശ്വര്യവത്തു്-വി. സമ്പൽസമൃദ്ധിയുള്ള. സ്ത്രീ-ഐശ്വര്യവതി. പും-ഐശ്വര്യവാൻ )
ഐഷണികം-തുലാസ്സ്.
ഐഷമസ്സ്-ഈ സംവത്സരം.
ഐഹിക-വി. ഇഹലോകത്തിനടുത്ത
ഐഹികാനന്ദം-ഇഹലോകസുഖം(സന്തോഷം.)
ഐളബിലൻ-പുരൂരവസ്സ്.
ഐളബിളൻ-വൈശ്രവണൻ
ഐലവം-ശബ്ദം, കരച്ചിൽ.
ഐളിവിളി-വൈശ്രവണൻ.

# ഒ

ഒ—ന. ഒരു സ്വരാക്ഷരം. [ഹ്രസ്വസ്വരം, കണ്ഠോഷ്ഠ്യം]. അ+ഉ=ഒ. ഉ. അനുസരണം. ന. വിളി. ര്, ഓർമ്മ. ൪ ദയ.
ഒകൊട്ടി-നീട്ടി വലിച്ചു കാണിച്ചിട്ടു കൊടുക്കാതെയിരിക്ക.
ഒക്ക-അ. എല്ലാം.
ഒക്ക-ഭംഗിയിൽ.
ഒക്കപ്പൊടെ-അ. എല്ലാം കൂടെ.
ഒക്കവേ-അ, മുഴുവനും.
ഒക്കറായ്മ, ഒക്കായ്മ,ഒവ്വായ്മ-ചേരായ്മ, ചേരായ്മ.
ഒക്കാണം-വാഗ്ദത്തം ചെയ്ത സമ്മാനം.
ഒക്കു-ഏളി (ഇളി), അര.
ഒക്കുക-ക്രി. യോജിക്കുക. ഉ. തന്നാക്കുക. ന. തുല്യമാവുക. ര്. ഉണ്ടാവുക. ൪. സാധിക്കുക.
ഒക്കെ-അ എല്ലാം.
ഒക്കെയും-അ. മുഴുവനും.
ഒച്ച-ന. ശബ്ദം (ഓശ). ഉ കേൾവി, കീർത്തി.
ഒച്ചപ്പാടു്-ശബ്ദം.
ഒച്ചപ്പെടുക-ശബ്ദമുണ്ടാവുക. [സ. ക്രി. ഒച്ചപ്പെടുത്തുക].
[ഒച്ചപ്പെടുത്തപ്പെട്ടതിനു പര്യായങ്ങൾ-സ്വനിതം, ധ്വനിതം. ഒച്ചപ്പെടുത്തുന്നവൻ എന്നതിനു പര്യായങ്ങൾ-രവണൻ, ശബ്ദനൻ].
ഒച്ചയടപ്പു്-ശബ്ദം പുറപ്പെടുന്നതിനുള്ള തടവു്.
ഒച്ചു്-ഇഴയുന്ന ഒരു ചെറിയ ജന്തു.
ഒച്ചൂടികത്തി-ഒരൌഷധം.
[വെളുത്തതിൻെറ വേരു് ബാലന്മാരുടെ 'ചിറ്റുക്കരണിഎടപ്പു്' എന്ന രോഗത്തിനു നന്നു].
ഒടി-ന. വലി. ഉ-, വയററിൻെറ ഒടി. ഉ. വലിച്ചുമുറിക്കുക, പൊട്ടിക്കുക. ന. നിലത്തിൻെറ ഒരു ഭാഗം. ര്. ഒടുകതിര്. ൪. മറപ്പുര. ൫. കഴലപ്പാടു്. ൬. വേട്ടക്കാരൻെറ മാടം (കുടിൽ).
ഒടിക്കാരൻ-ന കൂട്ടുകാരൻ. ഉ. വേട്ടയിൽ ഒടിയിലിരിക്കുന്നവൻ.

ഒടിക്കുക–ക്രി. മുറിക്കുക, വളച്ചു മുറിക്കുക. വ. ക്ഷുദ്രം ചെയ്യുക. [കാ. ക്രി. ഒടിപ്പിക്കുക].

ഒടിക്കുരു–ഒടുകനീര (ഒരു മീനം.)

ഒടിക്കുഴി–മറപ്പുര.

ഒടിച്ചിൽ–ഒടിവു്. ഒടിച്ചതു് എന്നതിന്റെ പര്യായങ്ങൾ–ഭഗ്നം, ഭുഗ്നം.

ഒടിമാടം–ന. ചീങ്കവീടു്. വ. വേട്ടക്കാരുടെ മാടം.

ഒടിയൻ–ക്ഷുദ്രക്കാരൻ.

ഒടിയറവു–വീഴ്ച.

ഒടിയുക–മുറിഞ്ഞു വേർപെടുക.

ഒടിവിദ്യ–ക്ഷുദ്രം, ആഭിചാരം.

ഒടിവു്–വളച്ചുമുറിക്കുക.

ഒടു–സംയോജികാപ്രത്യയം. (വ്യാകരണത്തിൽ).

ഒടുകു്–ന. കഴല. വ. നീര.

പാരം വന്ന പഴത്തോരൊടുകിന്

(കിരാതം തുള്ളൽ)

ന. ഒരു വൃക്ഷം.

ഒടുക്കത്തു്–അ. അവസാനത്തിൽ.

ഒടുക്കം–അവസാനം. [ഒടുവു് എന്നതു നോക്കുക].

ഒടുക്കുക–ക്രി. അവസാനിപ്പിക്കുക. വ. കരംകൊടുക്കുക. ന. ചെലവിടുക. [കാ. ക്രി. ഒടുക്കിക്കുക].

ഒടുങ്ങൽ–ന. അവസാനം, നാശം, മരണം. വ. ചെലവാക, തീർന്നുപോവുക. ന. വസൂരികൊണ്ടു മരണംപ്രാപിക്കുക.


ഒടുങ്ങുക–ക്രി. അവസാനിക്കുക, നശിക്കുക, മരിക്കുക. വ. ചെലവാകുക, തീർന്നുപോവുക. ന. വസൂരി പിടിപെട്ടു മരിക്കുക.

ഒടുവു്–അവസാനം.

[ഒടുവിലുള്ളതു് അല്ലെങ്കിൽ ഒടുവിലുണ്ടായതു് എന്നതിന്റെ പര്യായങ്ങൾ–അന്തം, ജഘന്യം, ചരമം, പശ്ചിമം, പാശ്ചാത്യം, അന്ത്യം.]

ഒട്ടകം–ഒരു മൃഗം. പര്യായങ്ങൾ–ഉഷ്ട്രം, ക്രമേളകം, മയം, മഹാംഗം.

[ഒട്ടകക്കൂട്ടിന്റെ പര്യായം–'കരഭം' ഒട്ടകക്കൂട്ടത്തിന്റെ പര്യായം–'ഔഷ്ട്രകം'. ഒട്ടകപ്പാൽ കഫം, വാതം, ആനാഹം, കൃമി, ശോഫം, ഉദരം, അർശസ്സ് ഇവയെ നശിപ്പിക്കും, ദീപനമാണു്. അല്പരൂക്ഷവും ഉഷ്ണവുമാകുന്നു.]



ഒട്ടകം

ഒട്ടം–ന. രണ്ടു പലക തമ്മിൽ ചേർക്കുന്നതിനു കുട്ടിത്തറയ്ക്കുന്ന മരക്കഷണം. വ. പോരാട്ടം. ന. വിവാദം.

ഒട്ടർ, ഒട്ടിയർ–ഒരു താണ ജാതിക്കാർ, കുളംകോരികൾ. [സ്ത്രീ–ഒട്ടത്തി.]

ഒട്ടൽ–ന. അമപ്പുല്ലു്. വ. പാറൽ.

ഒട്ടലാമ്പൽ–ഒരു വക താമര.

ഒട്ടലാർ–ശത്രുക്കൾ. തമിഴിൽ––ഒട്ടാർ.

ഒട്ടി–ഒരു മന്തിരി അപ്പം.

ഒട്ടിക്ക–ചേർക്കുക.

ഒട്ടു്–അ. ന. കുറെ, അല്പം ഏതാനും. വ. അധികം.

ഒട്ടു്–ന. ചേപ്പു്. വ. ചതവു്. ന. ഞെരുക്കു്, ര് ഒരു വിധം പശ.

ഒട്ടോ–അ. അല്പവും, കുറച്ചും.

ഒട്ടുക–ചേരുക, പററുക, കൂടുക. [സ. ക്രി. ഒട്ടുക്കുക.]

[സായോജികാ പ്രത്യയമായ 'ഒട്ട' എന്നതു 'ഒട്ടുക' എന്ന കൃതിരൂപത്തിൽനിന്നും ഉത്ഭവിച്ചതാണു്.]

ഒട്ടുകോൽ–പോരാൽ പശപിരട്ടി പക്ഷിയെ പിടിപ്പാൻ വെയ്ക്കുന്ന കോൽ.

ഒട്ടുക്കു്–അ. എല്ലാംകൂടെ.

ഒട്ടുചിലന്തി–മസൂരി ചതിനെട്ടിൽ ഒന്നു്.

'ശ്ലേഷ്മപ്രകോപത്തിലാറാമൻ

ഒട്ടുന്നുള്ള ചിലന്തിയാം

വിരേചിച്ചു തുടങ്ങീടും

കണ്ണു പാരം ചുവന്നിടും

കണ്ണാലുടൻ വരത്തിട്ടു

പഴുത്ത മസൂരയോപോൽ

തിറവും മണവും പിന്നെ
പത്താംനാളിൽ കളിച്ചിടാം
പലക്കം പകരുന്നോമ
വ്യാധിയെന്നറിവു പുനഃ
ചികിത്സാരക്ഷകൾ ചെയ്താൽ
മരിക്കില്ലെന്നു നിർണ്ണയം'
(മസൂരിപടലം)

ഒട്ടഞാൺ, ഒട്ടിഞാൺ-അരയിൽ ഉണ്ടാകുന്ന ചൊറി.

ഒട്ടുതുക-ഒതുക്കുക.

ഒട്ടടം-അ. കുറേദൂരം, കുറേദിക്ക്.

ഒട്ടേറെ-അ. കുറേ അധികം.

ഒട്ടൊട്ടു-അ. കുറച്ചുകുറച്ചു, കുറേശ്ശേ.

ഒട്ടൊഴിയാതെ-അ. വളരെയുള്ള, സംഖ്യയില്ലാത്ത.

ഒണ്ട-ചുരക്കുടുക്ക.

ഒൺ-അഴകുള്ള, വലുതായ.

ഒൺ-(വ്യാകരണത്തിൽ)ഒരു ശുദ്ധഭേദകം.

ഒണ്ണുതലാർ-സുന്ദരിമാർ. [പ്ര-ല്യ.]

ഒണ്മ-അഴക്, ഭംഗി. (വിശേഷണം-ഒൺ)

ഒതളങ്ങാ-കണിക്കാപ്പരിപ്പ്. ഒരു വക കായ്. വിഷമുള്ളതാണ്. തിന്നാൽ മരിച്ചുപോകും.

ഒതി-മതി.

ഒതുക്കം-ഫ. അടക്കം. വ. ശാന്തത. ന. വണക്കം. ര. ഇറക്കം. ഉ. മറവ്. ന്ത. ഞെരുക്കം. ൦. അമർത്തൽ. വ്യ. രഹസ്യം. ൻ. ഗൂഢസ്ഥലം. ഫം. മൈക്കയടക്കം. ഫഫ മയ്യാഭ. ഫവ. സാവധാനത്തിലുള്ള ചെയ്ത്.

ഒതുക്ക്-കല്പട.
[ആരോപണം,സോപാനം ഇവ വ-ം, കല്ലുകൊണ്ടും മറവും കെട്ടിപ്പടുത്തുണ്ടാക്കിയ ഒതുക്കിൻെറ (കല്പടയുടെ) പേർ.]

ഒതുങ്ങുക-ഫ അടങ്ങുക. വ. ശാന്തമായിരിക്കുക ന. വണങ്ങുക. ര. ഇറങ്ങുക. ഉ മറയുക. ന്ത. ഞെരുങ്ങുക. ൦. അമർന്നിരിക്കുക. [സ. ക്രി. ഒതുക്കുക.] വ്യ. സാവധാനത്തിൽ ചേരുക.

ഒത്ത-വി. ഫ. ചേർച്ചയുള്ള. വ. ശരിയായ. ന. ഇഷ്ടമായ.

ഒത്തപോലെ,ഒത്തവണ്ണം-അ. ഇഷ്ടംപോലെ.

ഒത്താൻ, ഒസ്സാൻ-മാപ്പിളക്ഷൌരകൻ (അറബിഭാഷ).

ഒത്തായം, ഒത്തായ്മ-പയററൽ, ചാട്ടം.

ഒത്താശ-സഹായം.

ഒത്തുക-ചാടുക, പയറുക.

ഒത്തുണിയുക-പറിച്ചെടുക്കുക.

ഒത്തൊരുമ-സ്നേഹം, ചേർച്ച.

ഒദനപാകി-പാച്ചോററി, കരിങ്കുറിഞ്ഞി

ഒൻപതിതു-വി. ഒൻപതുഒൻപതുവീതം, ഒൻപതൊൻപതായിട്ടുള്ള.

ഒന്നാകെ-അ. എല്ലാംകൂടെ

ഒന്നാന്തരം-മേൽത്തരം,ഒന്നാമത്തേത്.

ഒന്നായ്-അ. ചേർന്ന്, കൂടി

ഒന്നിക്കുക-ചേർക്കുക, കൂട്ടുക.

ഒന്നിച്ച്-അ. ഒരുമിച്ചു, കൂടെ.

ഒന്നിപ്പിക്ക-ഒരുമിപ്പിക്ക

ഒന്നിയ-ഇണങ്ങിയ.

ഒന്നുക-യോജിക്കുക.

ഒപ്പന-പരസമ്മതം.

ഒപ്പനപ്പാട്ടു-തിരട്ടുകല്യാണത്തിനു മാപ്പിള സ്ത്രീകൾ പാടുന്ന പാട്ട്.

ഒപ്പനമുട്ടുക-ഒപ്പനപ്പാട്ടു പാടുക.

ഒപ്പം-വി. ഫ. തുല്യമായ, വ. നിരപ്പായ.

ഒപ്പം-ഫ. തുല്യം വ. നിരപ്പ്.

ഒപ്പമിടുക-നിരപ്പാക്കുക.

ഒപ്പരം-ഒരുമിപ്പ്.

ഒപ്പരി-മരിച്ചവരെ മുദ്ദേശിച്ചു സ്തുതിപാടിക്കരയുക. [ചിലരിക്കിൽ ഒപ്പാരി എന്നു പറയുന്നു.]

ഒപ്പൽ-ഫ. മുടയ്ക്കൽ. വ. വല്ലതും മീതെ അമർന്നിരിക്കുന്ന ഒട്ടുക്കുക. ന. പതുക്കെ തൊടുക.

ഒപ്പവർ-ഒക്കുന്നവർ.

ഒപ്പാരു്-മരിച്ചവരെ ഉദ്ദേശിച്ചു സ്തുതിപാടിക്കരയുക.

ഒപ്പിക്കുക-ശരിയാക്കുക, തുല്യമാക്കുക, ബോദ്ധ്യപ്പെടുത്തുക, ചതിക്കുക.

ഒപ്പിടുക-എഴുത്തിൽ അടയാളം വെയ്ക്കുക

ഒപ്പു്-൧. എഴുത്തിൽ വെയ്ക്കുന്ന അടയാളം. ൨. തുല്യത. (പ്രചാരലുപ്തം.)

ഒപ്പുക-൧ തുടയ്ക്കുക ൨. വല്ലതും മീതെ അമർത്തി തിരിയെ എടുക്കുക. ൩. പതുക്കെ തൊടുക

ഒപ്പുറാന്നം ഒപ്പിട്ടുകൊടുക്കുന്നതിനുള്ള അനുഭവം.

ഒപ്പുനിരപ്പു്, ഒപ്പുനിരപ്പു്-സമം.

ഒപ്പോപ്പം-വി. തുല്യമായ.

ഒപ്പോരുകൈ-ഒത്തകൈ.

ഒമട്ട-മഴ.

ഒയിവനം-ഉപജീവനം. (പ-മ.)

ഒയ്യാരം-നാട്യം, വലിപ്പം. (പ-മ.)

ഒരക്കണം-ഒരു നിമിഷത്തിൽ

ഒരിക്കൽ, ഒരിക്കാൽ-അ ഒരുസമയത്തു്.

'ഒരിക്കലൊരിക്കലൊരുപിടിയുണ്ണ്പ്പാൻ' (പതിനാലുവൃത്തം)

ഒരിക്കൽ-ഒരുനേരം ആഹാരം കഴിച്ചിരിക്കുക (വ്രതം.)

ഒരിക്കം-ഇഷ്ടം

ഒരിക്കലും-അ. ഒരു സമയത്തും.

ഒരിക്കാൽ-ഒരുകാൽ എന്നതിന്റെ രൂപഭേദം. ഇതാണ് മട്ടവിൽ 'ഒരിക്കൽ' എന്നു പരിണമിച്ചതു്.

ഒരിട്ടു്-ഒരു പ്രാവശ്യം.

ഒരു-വി. ഒന്നു്.

ഒരുകൈ(യ്)-വി. ൧. ഏകമനസ്സുള്ള. ൨. ഒരു കൈ നിറഞ്ഞ.

ഒരുക്കം-൧. വട്ടംകൂട്ടുക, ഉദ്യമം. ൨. തുടങ്ങുക, ആരംഭം. ൩. പ്രയത്നം. ൪. അവസാനം. ൫. യോജിപ്പു്.

ഒരുതമോന്നം-വസ്തുക്കൾ.

ഒരുങ്ങുക-൧. വട്ടംകൂട്ടുക, തയാറാവുക. ൨. തുടങ്ങുക. ൩. പ്രയത്നം ചെയ്യുക. ൪. അവസാനിക്കുക, തീരുക. [സ. ക്രി. ഒരുക്കുക.]

ഒരുച്ചെവിയൻ-ഒരു ചെടി.

ഒരുത്തൻ-ഒരു മനുഷ്യൻ.

ഒരുത്തി-ഒരു സ്ത്രീ.

ഒരുനാളും-ഒരിക്കലും.

ഒരുനില-വി ഏകമനസ്സായുള്ള.

ഒരുനേരം-൧. ഒരു സമയം ൨. ഒരിക്കൽ (വ്രതം.)

ഒരുപാട്ട-വി. ഒരു പക്ഷത്തിലുള്ള

ഒരുപാട്ട-ഒരംശം

ഒരുപാട്ട-അ. ൧. ഒരിക്കൽ. ൨. അധികം.

ഒരുമ-സ്നേഹം, ഐക്യം.

ഒരുമ-വി. ഒരു കീഴ്കണക്ക്.

ഒരുമപ്പാട്-ഒരുമ്പാട്.

ഒരുമാവ്-ഒരു കീഴ്കണക്ക്, ഒരുമ.

ഒരുമിക്കുക-ഒന്നിച്ചുചേരുക.

ഒരുമിച്ചു്-അ. ൧. കൂടെ, ഒന്നിച്ചു. ൨. ഏകമനസ്സായിട്ട്.

ഒരുമ്പാട്-൧. ഉദ്യമം, ഒരുക്കം, ശ്രമം. ൨. ആരംഭം. ൩. ഐക്യം.

ഒരുമ്പെടുക-൧. ഉദ്യമിക്കുക, ഒരുങ്ങുക, ശ്രമിക്കുക ൨. ആരംഭിക്കുക. ൩. ഒരുമിക്കുക.

ഒരുവൻ, ഒരുവർ-ഒരുത്തൻ.

ഒരുവൾ-ഒരുത്തി.

ഒരുവേരൻ-ചെറുകലം, ചെറുക, ഒരു ചെടി.

ഒരുഴം-അ. ൧. ഒരു സമയം. ൨. ഒരിക്കൽ. ൩. ഒരു പ്രാവശ്യം.

ഒരേടത്തു്-അ. ഒരു ദിക്കിൽ.
ഒരേടം-അ. ഒരു ദിക്കു്.
ഒരേടവും-അ. ഒരു ദിക്കിലും.
ഒലന്ത, ലന്ത-ഹാളൻഡു് എന്ന രാജ്യം.
ഒലമാരി-ഒരു വിധം കപ്പൽ.
ഒലി-ശബ്ദം.
ഒലിക്കുക-ഒഴുകുക. പൎയ്യായങ്ങൾ-സ്രവം, സ്രുവം. [സം. ക്രി. ഒലിപ്പിക്കുക].
ഒലിപ്പു്-ഒഴുക്കു്.
ഒലിവു്-പ്ര. ഒഴുക്കു്. ദ്വി. ജലപ്രവാഹം. [ജലപ്രവാഹത്തിന്റെ പൎയ്യായം-സ്രോതസ്സു്].
ഒലുമ്പു്-തൂക്കുകട്ടി, ഈയക്കട്ടി.
ഒലുമ്പുക-ലാഞ്ചുക, ജലത്തിൽ അങ്ങോട്ടും ഇങ്ങോട്ടും ഉലച്ചുകഴുകുക.
ഒല്ല, ഒലാ-അ. അരുതു, പാടുള്ളതല്ല. [ഇവ നിഷേധാൎത്ഥത്തെ കുറിക്കുന്നു.]
'പോകൊല്ലാ പോകൊല്ലാ മമവല്ലഭാ
പോകിൽനിന്നെക്കൊലചെയ്യുംസുഗ്രീവൻ'
(ഇരുപത്തിനാലുവൃത്തം)
'കൊന്നീടൊലാ സോദരാ കന്യകാംമേ'
(ശ്രീകൃഷ്ണചരിതം)
ഒല്ലാത്ത, ഒല്ലാത-അ. അരുതാത്ത.
'ഒഴികൊഴിക ശശവദന തൃണമമ വചോ ര
ഒല്ലാതകാൎയ്യമോരായ്കമൂഢപ്രഭോ [വാൻ'
(അദ്ധ്യാത്മരാമായണം)
ഒല്ലായ്മ-പ്ര. മോക്ഷം. ദ്വി. ചീത്തത്തം. ത്രി. ഭ്രാഷ്ടുകേടു്.
ഒല്ലി-പുതപ്പു്.
ഒല്ലിയൽ-ഉടയാട.
ഒല്ലുക-പ്ര. സമ്മതിക്കുക. ദ്വി. സ്നേഹിക്കുക. ത്രി. സാധിക്കുക. ച. യോഗ്യമാകുക.
ഒവ്വ-ഒക്കുക.
ഒവ്വാ-അ. ഒക്കുകയില്ല, സമമാവുകയില്ല ദ്വി. വഹിയാ, ഇല്ല.
ഒവ്വാതെ-ഒക്കാതെ, ച്ചേരാകാതെ.
ഒവ്വാത്ത-വി. ചേരാത്ത.
ഒവ്വായ്മ-ചേരായ്മ.
ഒസ്യത്തു്-മരണപത്രം.
ഒളകു്-ആയുധാഭ്യാസത്തിൽ ഒരു പ്രധാന ഭാഗം, ഉളകു്, ഉളവു്.
ഒളച്ചിൽ-വേദന, കത്തിനോവുക, ഉള ച്ചിൽ.
ഒളയുക-വേദനയുണ്ടാവുക, കത്തിനോവു ക, ഉളയുക.
ഒളി-കാന്തി.
ഒളിക്കുക-മറഞ്ഞുകളയുക. [സം. ക്രി. ഒ ളിപ്പിക്കുക ]
[ഒളിച്ചവൻ എന്നതിന്റെ പൎയ്യായങ്ങൾ -നഷ്ടൻ, തിരോഹിതൻ].
ഒളിപുരുഷൻ-ജാരൻ, ഒളിശയനക്കാരൻ
ഒളിപ്പിടം-ഒളിക്കുന്ന സ്ഥലം.
ഒളിപ്പു്-മറവു്.
ഒളിമ-പ്രകാശം, ശോഭ.
ഒളിമരം-എരിമരം, രാത്രിയിൽ പ്രകാശി ക്കുന്ന ഒരു മരം.
ഒളിമറ-ഒളിക്കുന്ന സ്ഥലം.
ഒളിമിന്നൽ-ശോഭ.
ഒളിയമ്പു്-ഒളിച്ചുവിടുന്ന അമ്പു്.
ഒളിയുക-മറയുക. ഒളിയുക > < തെളി യുക.
ഒളിവതൽ-ഗൂഢമായ മാൎഗ്ഗം. പൎയ്യായ ങ്ങൾ-പ്രച്ഛന്നം, അന്തൎദ്വാരം.
ഒളിവു്-പ്ര. പ്രകാശം, ശോഭ. ദ്വി. മറവു്.
ഒഴികഴിവു്-പ്ര. ഉപായം. ദ്വി. കാൎയ്യവഴി ത്രി. നിവൃത്തി. ച. മാററം.
ഒഴികെ-അ. കൂടാതെ.
ഒഴിച്ചിൽ-പ്ര. നിവൃത്തി, നിൎവാഹം. ദ്വി. ഉപായം. ത്രി. വേൎപാടു്. ച. മാററം. പ. അതിസാരം. ഷ. അവസരം.
ഒഴിച്ചുപോക-പിൻതിരിക.
ഒഴിഞ്ഞു്-അ. കൂടാതെ (തമിഴ്).
ഒഴിയുക-പ്ര. മാറുക, വിട്ടുപോവുക. ദ്വി. അത്സരിക്കുക. ത്രി. ഒഴുക.

ഒഴിവു്-പ്ര. വേലയില്ലാത്ത സമയം. ൨. ഉപായം. ൩. നിവാഹം. ൪. നിവൃത്തി. ൫. അതിസാരം. ൬. അവസരം. ൭. വേർപാടു്. ൮. മാററം.

ഒഴിവുമുറി, ഒഴിമുറി-നിലം പുരയിടങ്ങൾ മുതലായവ തിരിയെ വാങ്ങുന്നതിന്ന എഴുതിക്കൊടുക്കുന്ന പ്രമാണം.

ഒഴുകൽ-പ്ര. ഒഴിവു്. ൨. ഒഴുകുക.

ഒഴുക്-പ്ര. നിലം പുരയിടങ്ങളുടെ അതിരുവിവരം എഴുതിയ കണക്ക്. ൨. ഭിത്തിയുടെ ഒരു വശം.

ഒഴുകുക-ഒലിക്കുക. [സം. ക്രി. ഒഴുക്കുക].

ഒഴുക്കററ-വി. മിനുസമുള്ള.

ഒഴുക്കം-പ്ര. മിനുസം. ൨. ഭംഗി. ൩. ക്രമം. ൪. ഒലിപ്പു്.

ഒഴുക്കു്-ഒലിവു്. പൎയ്യായങ്ങൾ-പ്രവാഹം, പ്രവൃത്തി.

ഒഴുക്കുനീരു്-ഒഴുകുന്ന വെള്ളം.

ഒഴുങ്ങു-മര.

ഒഴുവാരം-അറയുടെ പിൻവശത്തുള്ള ഒരു മുറി.

ഒറുവന-കിട്ടാത്ത. "ഒറുവനകാലം"

ഒററ-വി. ഒന്നായുള്ള.

ഒററത്താളം-ഏകതാളം. [ഏകതാളം എന്നതു നോക്കുക].

ഒററൻ-ഒററുന്നവൻ, ചാരൻ.

ഒററപ്പടവൻ-ഒററമൂടുപടമുള്ള സൎപ്പം.

ഒററയായ-വി. ഒന്നായ.

[ഒററയായിട്ടുള്ളവൻ എന്നതിന്ന പൎയ്യായങ്ങൾ-ഏകൻ, ഏകകൻ, ഏകാകി]

ഒററാൽ-പ്ര. മീൻപിടിത്തം. ൨. മീൻ പിടിക്കുന്ന (പാത്രം) യന്ത്രം, കുരുത്തി, മീൻകൂട. [ചിലർ മാററാൽ, ഒററാൽ ഇങ്ങിനെയും പറയുന്നു]. പൎയ്യായങ്ങൾ-മത്സ്യധാനി, കുവേണി.

ഒററി-നിലം പുരയിടങ്ങൾ അടവെക്കുന്നതിലുള്ള ഒരു മുറ.

ഒററിക്കുറു-ഒളിച്ചുകളി.

ഒററിത്തേട്ടം-ഒററിയായി നിലം പുരയിടങ്ങൾ എഴുതിവാങ്ങുക.

ഒററിപ്പൂക്കളിക്ക-ചാരൻെറജോലിചെയ്യു

ഒററിയാൻ, ഒററയാൻ-പ്ര. അണ്ണന്നി. ൨. കൊമ്പനാന.

ഒററു്-വ്യാജത്തെ അറിഞ്ഞു ഗൂഢമായിപ്പറക.

ഒററുക-പ്ര. വ്യാജത്തെ അറിഞ്ഞുപറയുക. ൨. മീൻപിടിക്കുക. ൩. ഒരുക്കുക (മെത) പുഴുക്കു വെളിയിലാക്കുക.

ഒററുകാണം- ഒററി കൊടുക്കുന്നതിനുള്ള കൂലി.

ഒററുകാരൻ-പ്ര. ചാരൻ. ൨. ചതിയൻ. ൩. മീൻപിടിക്കുന്നവൻ.

---

# ഓ

ഓ—ഒരു സ്വരാക്ഷരം. [ദീൎഘസ്വരം, കണ്ഠോഷ്ഠ്യം].

ഓ-അ. പ്ര. ഓൎമ്മ. ൨. അനുസരണം. ൩. ആശ്ചൎയ്യം. ൪. വിളി. ൫. കരുണ. ൬. ചോദ്യം. ൭. ഉദാസീനം. ൮. വിപരീതം ൯. സംശയം.

ഓഃ-ബ്രഹ്മാവു്.

ഓക-ശൂകം, നെല്ലിൻെറ ഓക്.

ഓകൻ-മീശയുള്ള നെല്ലു്.

ഓകം-പ്ര. ഭവനം. ൨. ആശ്രയസ്ഥാനം. ൩. ആശ്രയം. ൪. ഒരു പക്ഷി.

ഓകസ്സ്-പ്ര. ഭവനം. ഇവിടെ കൂടിച്ചേരുന്നു എന്നൎത്ഥം. ൨. ആശ്രയസ്ഥാനം. ൩. സ്ഥാനം, ഇരിപ്പിടം.

ഓകാരം-ഓ എന്ന അക്ഷരം.

ഓക്-പ്ര. വെള്ളം വെളിയിൽപോകുന്നതിന്ന ശിലാദികൾകൊണ്ടുണ്ടാക്കുന്നഓവു. പൎയ്യായം-പ്രണാളി. ൨. നെല്ലിൻെറ മീശ.

ഓകലം-മാന്ധണ്ടം, മരവപ്പം.

ഓക്കാനം-മനംമറിപ്പ്, ഛർദ്ദിപ്പാനുള്ള ഭാവം.

ഓക്കാനിക്കുക – മനംമറിക്കുക, ഛർദ്ദിപ്പാൻ ഭാവിക്കുക.

ഓക്യം-ന. സുഖപ്പെടാനുള്ള സ്ഥലം. വ. നന്ദി. ന. സന്തോഷം.

ഓഘം-ന. കൂട്ടം. ഊഹിക്കപ്പെടുന്നത് എന്നർത്ഥം. വ. ഒഴുക്ക്. വഹിക്കുന്നത് എന്നർത്ഥം. ന. മുറുകിയ മട്ടിലുള്ള നൃത്താദികളുടെ പേർ, താളഭേദം. കൂട്ടിച്ചേർത്തത് എന്നർത്ഥം. ര. പാരമ്പര്യോപദേശം

-ഓങ്കം-ഉന്നതമായ.

ഓങ്കാരം-പ്രണവം. ഓം എന്ന അക്ഷരം. ഓം = രക്ഷിക്കുന്നത് എന്നർത്ഥം. അഃ= വിഷ്ണു ഉഃ = ശിവൻ. മഃ=ബ്രഹ്മാവ്. ഈ മൂന്നു ശബ്ദങ്ങളും കൂടിച്ചേരുമ്പോൾ അ + ഉ + മ = 'ഓം' എന്നാകുന്നു. ബ്രഹ്മവിഷ്ണുശിവന്മാർക്ക് ഒന്നിച്ചുള്ള പേരാകയാൽ ബ്രഹ്മത്തിന്റെ വാചകം എന്നർത്ഥം.

'അകാരോ ബ്രഹ്മവിഷ്ണീശ
കമഠശേഷപംഗദാണരാജേ
ഗൌരാവന്തഃപുരാഹേകൌ
ഭൂഷണഃ ശ്ലേഷ്യാവുമേജ്യായഃ
ഉകാരഃക്ഷത്രിയേ ന്മേത്രേ
ഹരമെഘമേഷ ഹാരഹകൌ
മണ്ഡാമൈ ധാതരിമന്ദൌനഃ' (രത്നമാല)

ഓങ്ങൽ-ന. അടിപ്പാൻ ഭാവിക്കുക. വ. തുനിയുക. പര്യായങ്ങൾ-ഗൂരണം, ഉദ്യമം. ന. ഭയപ്പെടുത്തുക. ര. തുടങ്ങുക.

'കേഴവാൻഓങ്ങുമ്പോൾ'

(കൃഷ്ണഗാഥ)

ഓങ്ങുക-ന. അടിപ്പാൻ ഭാവിക്കുക. വ. തുനിയുക.

ഓച്ചർ-ക്ഷേത്രത്തിൽ മദ്ദളം കൊട്ടുന്നവരായ ഒരുവക മാരാന്മാർ.

ഓച്ഛാനം-ന. വണക്കം വ. വലിയ ആളുകളുടെ അടുക്കൽ 'ഓ' എന്നു മറുപടി പറയുക.

ഓജരാശി-ചന്ദ്രന്റെ രാശികളിൽ ഒററയായി വരുന്ന രാശി.

ഓജസ്സ്-ന. തേജസ്സ്. വ. ബലം. നേരിട്ടുനില്ക്കുന്നത് എന്നർത്ഥം. ന. പ്രകാശം. ര. രസംമുതൽ ശുക്ലംവരെയുള്ള ധാതുക്കളുടെ സാരം. ഇതു ദേഹത്തിൽ സർവാംഗം വ്യാപിക്കുന്നു. ഓജസ്സു നശിച്ചാൽ മരണം. ബുദ്ധ്യഹങ്കാരങ്ങൾ ഇതിൽനിന്നുണ്ടാകുന്നു. ഒ. പ്രതാപം. ന്യ. കാവ്യഗുണങ്ങളിൽ ഒന്ന്.

[ഓജസ്സ് (കാവ്യഗുണം.) ഏതിന്റെ വൈഭവത്താൽ മനസ്സിനു ഒരു ജ്വലിതത്വപ്രതീതിയുളവാക്കുന്നുവോ ആ ഗുണം ഓജസ്സാകുന്നു. ഓജസ്സു വീരത്തിലും, അതിനെക്കാൾ ബീഭത്സത്തിലും, അതിനെക്കാൾ രൌദ്രത്തിലും അധികം കാണും.-ഭാഷാഭൂഷണം.]

ഓജസ്വത്ത്, ഓജസ്വി-വി. ബലമുള്ള, പ്രകാശമുള്ള.

ഓജിഷ്ഠ-വി. അത്യധികം ശക്തിയുള്ള.

ഓട്ട്-അ. കൂടെ, കൂടി ഒന്നിച്ച്.

ഓട്ട്-ന. ചെമ്പും തുത്തനാകവുംകൂട്ടി ഉരുക്കിയ ഒരു ലോഹം വ. പുറമെയുന്നതിനു മണ്ണുകൊണ്ടുണ്ടാക്കിയ ഒരു സാധനം. ന. ഫലങ്ങളുടെ പുറമേ കട്ടപ്പത്തിയിരിക്കുന്ന തോട്. ര. ആമയുടെയും മററും പുറത്തിരിക്കുന്ന കട്ടപ്പമുള്ള തോട്.

ഓടക്കുഴൽ-ന. സംഗീതം ഊതുന്ന കുഴൽ. പര്യായം-സുഷിരം. വ. തീയൂതുന്ന കുഴൽ.

ഓടൻ, ഓടത്തുനായർ-കേരളത്തിലെ ഒരുജാതിനായർ, ഓട്ടുണ്ടാക്കുന്നവൻ.

ഓടമം-ഒരു വൃക്ഷം. പര്യായങ്ങൾ-ഇംഗുദി (ഇംഗുദം), താപസതരു. ഇതു വലസ്ഥാവരത്തിൽ ലതാരൂപമാകുന്നു.

[ഇതു കടുവും ഉഷ്ണവുമാകുന്നു. മദഗന്ധമുണ്ട്. രസായനമാണ്. വ്രണം, കൃമി, വാതകഫരോഗങ്ങളും ഇവയെ കളയും. താപസന്മാർ ഇതിൻെറ കായ്ക ഭക്ഷിക്കും. ഓടലെണ്ണക്കു കശപ്പുണ്ട്. വളരെ ലഘുവാണ്. വാതത്തെ ശമിപ്പിക്കും. ഉഷ്ണമാണത്രെ. ഓടൽക്കുരു സ്വാദണ്. അത്യുഷ്ണമല്ല. ത്രിദോഷഘ്നമാകുന്നു.]

ഓടം-ജലത്തിൽ സഞ്ചരിക്കുന്നതിനുള്ള ഒരുമാതിരി തോണി. ഉ-ം, 'പള്ളിയോടം'. (അടിമരാൽ എന്നതു നോക്കുക)

ഓടം-അ. ഓളം. ഉ-ം, ഏത്രോടം, ഏത്രത്തോടം = ഏതുവരെ.

ഓടൽ-ഒരു വള്ളി. (ഓടമരം നോക്കുക)

ഓടാമ്പൽ-വാതലടച്ചു പൂട്ടുന്നതിന് ഇരിമ്പുകൊണ്ടുണ്ടാക്കി തറയ്ക്കുന്ന ഓട്ടതണ്ട്, സാക്ഷ, തഴുത്.

ഓടി-വേഗവും ഭംഗിയുമുള്ള ഒരുമാതിരി ചെറിയ വള്ളം.

ഓട്ടുക-ഭൂ. പായുക. വ. കപ്പൽപോവുക. ന. തടവില്ലാതിരിക്കുക. ഉ-ം, 'എൻെറ വാക്ക അവന്ന് ഓട്ടുന്നില്ല'.

ഓട്ട-ചെറിയഭാരം.

ഓട്ടക്കഴയാൻ-അല്പബുദ്ധിയുള്ളവൻ.

ഓട്ടക്കൈ(യ്)-വി. കൈയിൽ ദ്രവ്യം ഇരിക്കാത്ത.

ഓട്ടട-ഓട്ടപ്പം. പര്യായങ്ങൾ-അപൂപം, പൌലി, അഭ്യൂഷം.

[അരിമാവ്, ഗോതമ്പുമാവ് ഇവ കൊണ്ടുണ്ടാക്കുന്നതാണ്. ശർക്കര മുതലായതു ഇതിൽ ചേരും. ഇവക്ക ചുതങ്ങിയ ദോഷപാടുള്ളൂ.]

ഓട്ടൻതുള്ളൽ-തുള്ളക്കളി.

[തുള്ളക്കഥയുടെ പ്രഥമജനയിതാവ് പ്രസിദ്ധകവി ശിരോമണിയായ കലക്കത്തു കുഞ്ചൻനമ്പ്യാരാകുന്നു. ഇതിൻെറ ആവിർഭാവത്തിനു കാരണം അദ്ദേഹവും ഒരു ചാക്യാരും തമ്മിലുണ്ടായ രസക്കേടമാണ്. തുള്ളൽ മൂന്നുവിധം ഉണ്ട്. ഭൂ. ഓട്ടൻ-പതിനാലുവൃത്തത്തിലെ ആദിവൃത്തം 'ഗുണഗണമിയലും ഗണനായകനം' എന്നപോലെ ഇരിക്കും. വ. ശീതങ്കൻ-ഇതു മുറക്കാരകൊണ്ടു ഓട്ടനിൽ താണതാണ്. 'രാജ്യംനിനക്കമെനിക്കവിപിനവും' എന്ന കിളിപ്പാട്ടുരീതി. ന. പറയൻ-ഇതു ശീതങ്കനിലും പതിഞ്ഞരീതിയിലുള്ളതാകുന്നു. പതിനാലുവൃത്തത്തിലെ നവമവൃത്തം 'തേരിൽനിന്നങ്ങിലത്തിറങ്ങിവിളങ്ങുമംബുജലോചനൻ' എന്നപോലെ.]

ഓട്ടപ്പം-ഓട്ടട. [ഓട്ടട നോക്കുക]

ഓട്ടപ്പെട്ടുത്തുക-തുള (ദ്വാരം) ഉണ്ടാക്കുക.

ഓട്ടഭൂമി-നല്ല വളമുള്ള ഭൂമി. (മലയാളഭൂമി)

ഓട്ടം-ഭൂ. പാച്ചിൽ. പര്യായങ്ങൾ-പ്രദ്രാവം, ഉദ്രാവം, സംദ്രാവം, വിദ്രവം, ദ്രവം, സന്ദാവം, അപക്രമം, അപയാനം. വ. നല്ലഗ്രഹണശക്തി. ഉ-ം, 'ബുദ്ധിക്ക് ഓട്ടം ഉണ്ട്'.

ഓട്ടാളൻ-ഭൂ. ദൂതൻ. വ. ചാരൻ. ന. ഓടുന്നവൻ.

ഓട്ടി-കപ്പിത്താൻ, കപ്പലോടിക്കുന്നവൻ.

ഓട്ടുകലം-വറകലം, ഓടുകൊണ്ടുണ്ടാക്കിയ ഒരു പാത്രം.

ഓട്ടുപണിക്കാരൻ-മൂശാരി.

ഓട്ടുപാത്രം-ഓടുകൊണ്ടുള്ള പാത്രം.

ഓട്ടുമേനി-വി. ഓടിൻെറ നിറമുള്ള.

ഓട്ടുവള-ഓടുകൊണ്ടുള്ള കൈയാഭരണം.

ഓട്ടെരിമ-ഒരുമാതിരി മത്സ്യം. (മുട്ട)

ഓട്ടേണം-ഓടിക്കണം, വേഗത്തിൽ പറഞ്ഞയക്കണം.

'ഓട്ടേണംതിങ്ങളൊരുഭൃത്യജനങ്ങളെ'

(സന്താനഗോപാലം-പാന)

ഓണത്തല്ലു-കയ്യാങ്കളി.

ഓണത്തുപെരുമാൾ-കായംകുളത്തു തമ്പുരാൻ.

ഓണപ്പൂ-ഒരു വള്ളിയിലുണ്ടാകുന്ന പുഷ്പം

ഓണം-ഫ ഇരുപത്തുരണ്ടാം നക്ഷത്രം. വ. ഒരു വിശേഷദിവസം.

"പരശുരാമൻ കേരളത്തിൽ വേണ്ട ഏർപ്പാടു ചെയ്തതിൻെറശേഷം തൻെറ സഹായം ആവശ്യമെന്നു എപ്പോഴെങ്കിലും തോന്നിയാൽ ശ്രീമൂലസ്ഥാനത്തു കേരളബ്രാഹ്മണർ സംഘം കൂടി മൂന്നുദിവസം വ്രതമിരുന്നു വിചാരിച്ചാൽ അപ്പോൾ കാണാമെന്നു പറഞ്ഞതായി പുരാവൃത്തമുണ്ടായിരുന്നു. ഇങ്ങിനെ കുറെ കാലം കഴിഞ്ഞതിൻെറശേഷം നംപൂരിമാരുടെ സന്തതികൾ പരീക്ഷിക്കണമെന്നു വിചാരിച്ചു യോഗം കൂടി ധ്യാനിച്ചു. അപ്പോൾ അവിടെ പ്രത്യക്ഷമായി. വിശേഷകാര്യം ഒന്നും ഇല്ലാതിരുന്നതിനാൽ ഇനിമേൽ ഇപ്രകാരം യോജിപ്പില്ലാതെയും യോഗംകൂടാൻ സംഗതിവരാതെയും വരട്ടെ എന്നു ശപിച്ചു. ആ ശാപം ഹേതുവാൽ നംപൂരിമാർ വളരെ വ്യസനിച്ചതുകണ്ടു അദ്ദേഹം ചിങ്ങമാസത്തിൽ തിരുവോണത്തുംനാൾ താൻ ശ്രീമൂലസ്ഥാനത്തുവരുമെന്നുംകല്പിച്ചു." (മ. ഭാ.ച)

ഓഡ്രപുഷ്പം-ചെമ്പരത്തിപ്പൂവു്. കുറഞ്ഞൊന്നു തലവുള്ള പുഷ്പം എന്നർത്ഥം. മറെറാരു പര്യായം-ജവാപുഷ്പം (ജപാപുഷ്പം.)

ഓതം-ഫ. മഴക്കാലത്തിൽ വീട്ടിൻെറ തറയിലുള്ള ഈറം. വ. പൊട്ടൽ. ന. വൃദ്ധി എന്ന രോഗം. ര്‍ സമുദ്രം.

ഓതിക്ക-പഠിപ്പിക്ക.

ഓതിക്കവൻ, ഓതിക്കോൻ-ബ്രാഹ്മണരിൽ വേദം പഠിപ്പിക്കുന്ന ഗുരു. 'ഓതിക്കൻ' എന്നും പറയുന്നുണ്ടു്. പര്യായങ്ങൾ-ഉപാദ്ധ്യായൻ, അദ്ധ്യാപകൻ.

ഓതിരം-ഫ. ഒരുമാതിരി കരണംമറിച്ചിൽ. വ. വെക്കീട്ടുള്ള അടി. [ആയുധാഭ്യാസം എന്നതു നോക്കുക.]

ഓതു്-പൂച്ച. എലികളുടെ ഉപദ്രവത്തിൽ നിന്നു ഭവനത്തെ രക്ഷിക്കുന്നതു് എന്നർത്ഥം.

ഓതുക-ഫ. വേദം ചൊല്ലുക. വ. മന്ത്രം ചൊല്ലുക ന. പറയുക, ഉച്ചരിക്കുക. ര്‍ ഊതുക. [സ. ക്രി. ഓതിക്കുക.]

ഓത്തൻ-വേദംപഠിച്ച ബ്രാഹ്മണൻ.

ഓത്തി-ഫ. ഓവു്. വ. പാത്തി. ന. വെള്ളച്ചാൽ.

ഓത്തു്-ഫ. വേദം. വ. വേദംചൊല്ലുക. ന. പറയുക.

ഓദനി-കുറുന്തോട്ടി.

ഓദനം-ഫ. ചോറ. തലവുള്ളതു് എന്നർത്ഥം. വ. മേഘം.

ഓധസ്സു്-അകിടു്.

ഓനായി-ചെന്നായു്. (തമിഴാണ്.)

ഓന്തു്-ഒരു ചെറിയ ജന്തു പര്യായങ്ങൾ-സരടം, കൃകലാസം. [ഓന്തു വാതത്തിനു കിഴിയിടുവാൻ നന്നാണു്.] (പച്ചഓന്തിനെപ്പോലെ നിറംമാറുന്ന ഒരു ജാതി 'ഗിനി' എന്ന രാജ്യത്തിലുണ്ടു്. അതിനു Agama (ആഗമ) എന്നു പറയും. പടം നോക്കുക.)



ഓന്തൊററി, ഓന്തുകൊത്തി-പ്രാപ്പിടിയൻ, പുള്ളു്.

ഓപ്പക്കല്ലു്-ഉരക്കല്ലു്, ഉരകല്ലു്.

'പൊന്നിനിറമിട്ടുമതൻഓപ്പക്കല്ലുമായൊരു'
(കൃഷ്ണഗാഥ)

ഓപ്പം-ഫ. മിനുസം, ശോഭം. വ. തിളക്കു്. [ഓപ്പു് എന്നും കാണുന്നു.]

ഓപ്പമിടുക-ഫ. മിനുക്കുക. വ. തിളപ്പിക്കുക.

ഓപ്പിട്ടക-മിനുസംവരുത്തുക, മൃദുവാക്കുക

ഓം-പ്രണവം. (എല്ലാമന്ത്രങ്ങളുടേയും ആദിയിൽ ഉച്ചരിക്കുന്ന ശബ്ദം.) ഓങ്കാരം എന്നതു നോക്കുക. 'ഓം' എന്നതിനു ഉദ്ഗീഥ, ഏകാക്ഷരം ഇങ്ങിനെയും പേർ കാണുന്നു.

ഓം-അ. അംഗീകാരം.

ഓമ-ന്ത്രീ. തുണിന്റെ അടിയിൽ കടഞ്ഞു തീൎത്തുവെയ്ക്കുന്ന മരക്കഷണം. വ. കപ്പളം. (മുറപ്പില്ലാത്ത ഒരുവക ചെറിയ വൃക്ഷം.)

[കപ്പളം എന്നു മാത്രമല്ല 'കപ്പയാവണക്ക്' 'പപ്പക്കാ' ഇങ്ങിനെയും പറയുന്നുണ്ട്. ഇതു പിത്തത്തെ ഉണ്ടാക്കും. കൃമിയെ നശിപ്പിക്കും. ഇതിന്റെ പാലു പല്ലുകത്തിനു നന്നാണ്. അധികമാകരുത്, വയറുകടി വരും.]

ഓമൻ-രക്ഷാകൎത്താവ്.

ഓമന-വി. ഭംഗിയുള്ള, ഇഷ്ടമുള്ള.

ഓമനക്കാരൻ-കുത്തുങ്ങളൊന്നിച്ചു കളിക്കുന്നവൻ.

ഓമനക്കോടിയൻ-മെരു (വെരു) കിനു വേട്ടക്കാർ വിളിക്കുന്നപേർ.

ഓമനപ്പുതിയകോയിലകം-തിരുവിതാംകൂർ രാജധാനി.

ഓമം-ഒരു മരുന്ന്. അയമോദകം, [അയമോദകം, എന്നു നോക്കുക.]

ഓമനിക്ക-ലാളിക്ക.

'ഓമനിച്ചീടുവാൻ തോന്നുമത്രെ'
(കൃഷ്ണഗാഥ)

ഓമൽ-വി. ന്ത്രീ. ഭംഗിയുള്ള, അഴകേറിയ. വ. ഇഷ്ടമുള്ള ന. വൃത്തിയുള്ള ര. ഓമനിക്കത്തക്ക ര. സാധുത്വമുള്ള.

ഓമൽക്കുഴി-അരയിലെ കുഴി.

ഓമലാൾ-സുന്ദരി.

ഓമലൊടിയൻ-മേഴക്കു വേട്ടയിലുള്ള പേർ. [ഓമൽ+ഒടിയൻ].

ഓമായം-മധുരവാക്ക്, സംസാരം.

ഓമുടച്ചുൎ-മൂൎദ്ധവസം

ഓയാതെ-ഇടവിടാതെ.

ഓമ്പുക-ന്ത്രീ. തലോടുക. ഉ-ം, കുഞ്ഞിനെ കമ്പിത്തടവി. വ. കൊഞ്ചുക. ന. തേമ്മയാക്കുക. ര. മിനുസം വരുത്തുക. ഉ-ം, 'തലമുടി ഓമ്പിക്കെട്ടി'. ൫. രക്ഷിക്കുക. ന്ത. വളൎത്തുക.

ഓരം-ന്ത്രീ. ഉയരം. വ. വശം. ന. അററം. ര. അതിര്. ൫. വിളുമ്പ് (വക്ക്) ന്ത. കര.

ഓരാഥം-കഠിനമായ മന്തൽ

ഓരാഴിക-ആണ്ടടിയന്തിരം, മരിച്ചാൽ ഒരാണ്ടു കഴിയുമ്പോൾ ഉള്ളഅടിയന്തിരം

ഓരാതെ-അ. ഓൎക്കാതെ.

ഓരായം-രണ്ടു തടിയോ രണ്ടു കല്ലോ ചേൎത്തു എന്നറിയാത്തവിധം ഒന്നായിച്ചേൎക്കുക. ഇതിനു ഓരായപ്പണി, ഓരായക്കെട്ടു് എന്നിങ്ങനേ പറയുന്നു.

ഓരി-ന്ത്രീ. നരി. വ. പങ്ക് (അംശം) ന. ശബ്ദം.

ഓരില-ഒരു ചെടി.

[ഇതു കൈപ്പുരസമാണ്. കാസശ്വാസങ്ങൾ, വാതഗ്രഹണി, ജ്വരം, ഹിക്കാ, ഗുന്മം, ശ്ലേഷ്മം മുതലായവയെകളയും]

ഓരിലത്താമര ഒരു പച്ചമരുന്ന്. പൎയ്യായങ്ങൾ-അംബ്ഷ്ഠ, അതിചര, പത്മചാരടി, പത്മചാരിണി. ഓരിലത്താമര എന്നു തമിഴ്. നിലത്താമരഎന്ന പേരും കാണുന്നു

[ഇതു സുഗന്ധമുള്ളതാണ്. മോഹാലസ്യം, അപസ്മാരം, ഛൎദ്ദി, രക്തപിത്തം, പ്രമേഹം, മൂത്രബാധ, അതിസാരം ഇവയെ ശമിപ്പിക്കും.]

ഓരിലമുതക്ക്-ഒരു പച്ചമരുന്ന്.

ഓരു്-സമുദ്രത്തിലെ വെള്ളത്തിന്റെ രസം, ഉപ്പുരസം.

ഓരുക-ഓൎക്കുക

ഓരോ, ഓരോരോ-അ. ഓരോന്ന്.

ഓർകാലി-ഉവർകാലി.

ഓർക്കുക വിചാരിക്കുക, നിനയ്ക്കുക. [കാ. ക്രി. ഓർമ്മിക്കുക].

ഓർച്ച-ഫ. വിചാരം. ൨. വിശ്വാസം.

'ഓർച്ചയുംപൂണ്ടുപറഞ്ഞുനിന്നീടിനാൻ'

(കൃഷ്ണഗാഥ)

ഓർച്ച, ഉയർച്ച-പൊക്കമുള്ള സ്ഥലം, ഉയരം.

ഓർനിലം-പടന്ന. പര്യായങ്ങൾ-ഉഷവാൻ, ഉഷരം.

ഓർപ്പ്-ഓർത്തുനോക്കുക.

ഓർമ്മ-സ്മരണം, വിചാരം.

ഓർമ്മകേട്-മറവി.

ഓർമിന്നൽ-ഉപ്പുവെള്ളത്തിന്റെ പ്രകാശം.

ഓർവ്വ-ഫ. വിചാരം. ൨. ഓർമ്മ.

ഓല, ഒല്ല-വി. നനഞ്ഞ.

ഓല-അ. തുള്ളിയായിട്ട്.

ഓല-ഫ. തെങ്ങു പന മുതലായ വൃക്ഷങ്ങളുടെ ഇല. ൨. കാതിലിടുന്ന ഒരാഭരണം.

ഓല, ഒല്ല-അ. അരുത്. [ഒല്ലനോക്കുക]

ഓലക്കം-ഫ. മനോഹരത്വം. ൨. പ്രഭാവം. ൩. പ്രകാശം. ൪. ആഡംബരം. ൫. മഹത്വം. ൬. ഓളാങ്കം, കളി.

'ചാലക്കലൻ കളിച്ചുനിന്നീടിനാൻ ഓലക്കം ചേരുന്ന ബാലതമായ്'

(കൃഷ്ണഗാഥ)

ഓലക്കരണം-കാലപ്രമാണം.

ഓലക്കെട്ട്-കെട്ടിടം ഓലകെട്ടുക.

ഓലക്കോട്ടിക്കുക-ഊട്ടുവലിക്കുക, ഇടയോല വലിക്കുക.

ഓലങ്കം-എണ്ണ അളക്കുന്ന ഒരു മാതിരി പാത്രം [ഇതു തമിഴ്പാചെയിരിക്കും]

ഓലച്ചെവിയൻ-ചെവിയനു വേട്ടയിലുള്ള പേർ.

ഓലൻ-"ഏതു കറിയിലെ കഷണങ്ങൾ അതി 'ലോലം' ആയിരിക്കുന്നുവോ അതു ഓലൻ. ഈ ലക്ഷണങ്ങളോടുകൂടി കറികൾ വേറെയും ഉണ്ട്. എന്നാലും ഒരു ഒതുക്കവും, വകറികാളാട്ടുള്ള വണക്കവും, ചന്ദ്രമണ്ഡലത്തിന്റെ കാന്തിയും ഓലനു മാത്രമേ കാണുന്നുള്ളൂ."

ഓലപ്പണം-രാജമുദ്ര പതിച്ച എഴുത്തോലയുടെ വില.

ഓലപ്പുര-ഫ. ഓലകെട്ടിയപുര. ൨. ഓല വില്പാൻ വെച്ചിട്ടുള്ള പുര.

ഓലപ്പുറംമറിയുക-തല കീഴ്മേൽ മറിയുക. [വടത്തിന്മേൽ ഞാണ്ടിപ്പുകാരുടെ മറിച്ചിൽ സാധാരണയാണല്ലൊ].

ഓലപ്പെട്ടി-ആധാരപ്പെട്ടി.

ഓലം-ഫ. സഹായിപ്പാൻ വേണ്ടിയുള്ള വിളി. ൨. ചേന.

ഓലം, ഓലൻ-ഒരു കറി. ('ഓലൻ നോക്കുക.)

ഓലമടൽ-ഓലയുടെ തണ്ട്.

ഓലമത്സ്യം-വാൾമീൻ.

ഓലമാരി, ഒലമാരി-ഒരു മാതിരികപ്പൽ.

ഓലമൂറിയൻ-ഒരു പക്ഷി, ഒരുചാത്തൻ.

ഓലയെഴുത്തൻ-രായസംപിള്ള.

ഓലി-ഫ. വട്ടം കുറഞ്ഞ കുളം. ൨. ആറ മണലിൽ മാന്തിയുണ്ടാക്കുന്ന കുഴി. ൩. നരി. ൪. നിലവിളി, ശബ്ദം.

ഓലുക-ഒഴുകുക.

ഓലും-വി. ഒഴുകുന്ന.

'പാരാചാലും മൊഴിമാർ കുലതിലകേ'

(കിമ്മീരവധം കഥകളി)

ഓലോകനം-ഉല, കൊല്ലന്റെ ഇരിമ്പുപണിസ്ഥലം.

ഓലോല-അ. തുള്ളിതുള്ളിയായിട്ട്.

ഓലോലൻ-ഒരു കറി.

ഓല്ല-ആൾ ഭാഗ്യം.

ഓവ്-ജലം ഒഴുകി പുറത്തേയ്ക്കു പോകുവാനായി വെള്ളങ്ങളിലും മറവും കെട്ടുന്നത്. പര്യായം-പ്രണാളി (പ്രണാളം).

ഓശ, ഓച-ശബ്ദം, ഒച്ച.

ഓശക്കുഴൽ-വലിയ മുരളുകുഴൽ.

ഓശപ്പെട്ടക-ശബ്ദം ഉണ്ടാകുക [സ. ക്രി. ഓശപ്പെടുത്തുക.]

ഓശപ്പെട്ടവൻ-കീൎത്തിനേടിയവൻ.

ഓശവെടി-അടിയന്തിരം പ്രമാണിച്ചുവെക്കുന്ന വെടി.

ഓഷണം-എരിവു്.

ഓഷധി-൧. ലതാവൃക്ഷാദികളുടെ ജാതി. അതായതു ചിററമൃതു്, ആവണക്കു് ഇത്യാദി. ഗുളിക, പൊടി മുതലായവയ്ക്കു് ഔഷധം എന്നു പേർ. ൨. ആണ്ടുതോറും ഉണ്ടാകുന്ന ഒരു ചെടി. ൩. ഒരു നക്ഷത്രം. ൪. ഫലം വരിപാകമാകുമ്പോൾ നശിച്ചുപോകുന്ന വാഴ നെല്ലു മുതലായവ.

ഓഷധിഗൎഭൻ-ചന്ദ്രൻ.

ഓഷധിധരൻ-വൈദ്യൻ.

ഓഷധിനാഥൻ-൧. ചന്ദ്രൻ. ൨. വൈദ്യൻ.

ഓഷധിപതി-ചന്ദ്രൻ. ൨. വൈദ്യൻ.

ഓഷധിപ്രസ്ഥം-ഹിമാലയത്തിലെ ഒരു പ്രധാനനഗരം.

ഓഷധീശൻ-ചന്ദ്രൻ. ഓഷധികളുടെ അധിപൻ.

ഓഷം-൧. ദഹിക്കുക, പൊള്ളുക. മറെറാരു പര്യായം-പ്ലോഷം. വേവുക എന്നു ശബ്ദാൎത്ഥം. ൨. ദഹനം, ചൂടു്. ൩. പാചകവൃത്തി.

ഓഷ്ഠകം-ചുണ്ടു്.

ഓഷ്ഠകൎണ്ണകർ-മഹാഭാരതമനുസരിച്ചു് ചെവിവരെ ചിറിയുള്ള ഒരു വക മനുഷ്യർ.

ഓഷ്ഠകോപം, ഓഷ്ഠപ്രകോപം-ചുണ്ടിലെ ഒരു രോഗം.

ഓഷ്ഠപുടം-ചുണ്ടു്.

ഓഷ്ഠം-൧. ചുണ്ടു്, ചൊടി. ഉഷ്ണാഹാരം മുതലായതു തട്ടുമ്പോൾ ചുട്ടുനീറുന്നതു് എന്നൎത്ഥം. ൨. കോവൽ [അധരം എന്നതു നോക്കുക.]

ഓഷ്ഠസംപുടം-ഇതൾപോലെ അററം അല്പം അകത്തേയ്ക്കു വളഞ്ഞു നില്ക്കുന്ന ചുണ്ടു്.

ഓഷ്ഠാധരങ്ങൾ-മേലത്തെ ചുണ്ടും താഴത്തെ ചുണ്ടും.

ഓഷ്ഠോപുഷ്പി-ചെമ്പരത്തി.

ഓഷ്ഠോപമഫലം-കോവൽ, തൊണ്ടി.

ഓഷ്ഠ്യ-വി. ചുണ്ടിനെ സംബന്ധിച്ച.

ഓഷ്ഠ്യങ്ങൾ-പ, ഫ, ബ, ഭ, മ, ഉ ഇവ ആറും ഓഷ്ഠമാകുന്ന അധരപ്രയോഗം കൊണ്ടു ജനിക്കയാൽ ഓഷ്ഠ്യങ്ങൾ.

ഓഹരി-പംക്ക.

ഓഹരിക്കാരൻ-പങ്കുകാരൻ.

ഓഹോ-അ. അനുവാദം, ആശ്ചര്യം, ഉദാസീനത, ഭയം, വ്യസനം.

ഓൾ, ഓള-ഭാൎയ്യ, സ്ത്രീ, അവൾ.

ഓളം-൧. കായലിലും മററുമുള്ള ചെറിയ തിര. ൨. തിരമാല.

ഓളം-അ. വരെയും, അത്രയും. വ്യാകരണപ്രകാരം കൊണ്ടാദിഗണത്തിൽ പെട്ടതു്, നിൎദ്ദേശിക വിഭക്തിയിൽ ചേരും.

ഓളാങ്കം-൧. കളി. ൨. ഉല്ലാസം. ൩. അഹങ്കാരം.

ഓളി-൧. കൂകൽ. ൨. അലച്ച. ൩. നിലവിളി. ൪. ബഹുമാനത്തിനു നീ എന്നതിനു പകരം പറയുന്ന ഒരു വാക്കു്. ൫. സ്ത്രീലോലി, വിഷയാസക്തൻ, കാമാതുരൻ. [ഈ പദം ചില ദിക്കിൽ സഭ്യമല്ല].

ഓറുക-[illegible] (മൂത്രം) പുഴുതരിക.

ഓ[illegible]-ഒഴുകുക, ഒലിക്കുക.

ഓഴവൻ-പൎവ്വതത്തിന്റെ താഴ്വര, മലയടി.

# ഔ

**ഔ** ഒരു സ്വരാക്ഷരം. [അ+ഉ= ഔ.]

ഔ-ഫ. ശബ്ദം. വ. അനന്തൻ. ന. ഭൂമി.

ഔ-അ ഫ വിളി. വ. വിരോധം, എതിര്. ന. സൂക്ഷ്മവചനം, നിശ്ചയവാക്ക്.

ഔകാരം-'ഔ' എന്ന അക്ഷരം.

ഔക്ഷകം, ഔക്ഷം-കാളക്കൂട്ടം.

ഔഖ്യ-വി പാത്രത്തിൽ വേവിച്ച.

ഔഗ്ര്യം-ഉഗ്രത, കാഠിന്യം, ക്രൌര്യം, ഭയങ്കരം.

ഔചിതി, ഔചിത്യം-യോഗ്യത, അർഹത, ചേർച്ച.

ഔജസിക-വി അതിബലമുള്ള.

ഔജസം-സ്വർണ്ണം.

ഔജസ്യം-ബലം.

ഔജ്ജ്വല്യം-(ഉജ്ജ്വലത) പ്രകാശം, കാന്തി, ശോഭ.

ഔഡ-വി. തന്നത്ത.

ഔഡുപികൻ-വള്ളം കേറി പോകുന്നവൻ.

ഔഡ്രപുഷ്പം-ചെമ്പരത്തി.

ഔഡവ-വി. ഉഡുവിനെ (നക്ഷത്രത്തെ) സംബന്ധിച്ച

ഔത്തമി മൂന്നാമത്തെ മനു.

ഔത്തര-ഉത്തരദിക്കിനെ സംബന്ധിച്ച.

ഔത്തരേയൻ-പരീക്ഷിത്ത് അഭിമന്യുവിന് ഉത്തരയിൽ ഉണ്ടായവൻ.

ഔത്താനപാദൻ-ധ്രുവൻ എന്ന രാജാവ്. ഉത്താനപാദന്റെ പുത്രൻ എന്നർത്ഥം

ഔത്തരാഹൻ-ഉത്തരദിക്കിലുള്ളവൻ.

ഔത്ഭിദം-ഉവരുപ്പ്, പൊടിയുപ്പ്.

ഔത്സുക്യം-ഫ. ഇഷ്ടമായ അർത്ഥത്തെക്കുറിച്ചുള്ള ഉത്സാഹം. വ. താൽപര്യം. ന, അധികമുള്ള ശുശ്രൂഷ.

ഔദകം-ഉദക(വെള്ള)ത്തെ സംബന്ധിച്ചതു 'ഔദകമായൊരു പിണ്ഡവും കർമ്മവും' (കൃഷ്ണഗാഥ)

ഔദനികൻ-വെപ്പുകാരൻ, ചോറുവെക്കുന്നവൻ. ഔദനം ശില്പമായിട്ടുള്ളവൻ എന്നർത്ഥം.

ഔദരിക-വി, തന്നത്താൻ പോററുന്ന. [ഉദരത്തിൽ താൽപര്യമുള്ളവൻ ഔദരികൻ. ഐഹികപാരത്രികങ്ങളായി ഒരുവന് അനേകം ശ്രേയസ്സുകൾ ലഭിക്കേണ്ടതായുണ്ട്. വെശപ്പുനിമിത്തം ആ ശ്രേയസ്സുകൾ ഇല്ലാതായിത്തീർന്നവൻ എന്നർത്ഥം. മറെറാരുപര്യായം-ആത്മംഭരി]

ഔദാര്യം-ഫ. ഉദാരത, വളരെ കൊടുക്കുന്ന സ്വഭാവം. വ. മഹത്വം. ന. നായികാശ്രയങ്ങളായ ഇരുപതു അലങ്കാരങ്ങളിൽ ഒന്ന്. 'ഔദാര്യം വിനയസ്സദാ' എപ്പോഴും വിനയത്തോടുകൂടിയിരിക്കുന്നതു 'ഔദാര്യം' എന്നാമുണ്ട്.

ഔദ്കം-ഉദകം (ജലം) സംബന്ധിച്ചതു്.

ഔദുംബരം-ഫ. അത്തിക്കായ. വ. ചെമ്പു.

ഔദുംബര-വി. ഫ. അത്തിയെ സംബന്ധിച്ച. വ. ചെമ്പിനെ സംബന്ധിച്ച.

ഔദ്ദാലകം-ഔദ്ദാലകം എന്ന ചോതൻ.

ഔദ്ഭിജ്ജം-പൊടിയുപ്പ്.

ഔദ്ഭിദം-പൊടിയുപ്പ്.

ഔദ്ഭിദസലിലം-മലരി.

ഔധസ്യം-പാല്.

ഔപത്യപരിഹാര-സാംഖ്യശാസ്ത്ര പ്രകാരം ബന്ധനമണ്ഡലങ്ങളും ചേർക്കുന്നതിൽ ഉൾപ്പെട്ട ഉപദേശങ്ങളിലൊന്ന്.

ഔപത്യം-ഫ. ശാഠിത്യം. വ. ഡംഭം.

ഔന്നത്യം-ഉയർച്ച, വലിപ്പം, മഹത്വം. പര്യായങ്ങൾ-ചിത്തസന്നതി, മാനം.

ഔന്ന്യ-ഉന്നത, നിർഭാഗ്യം, കഷ്ടത, ദുഃഖം, അരിഷ്ടത, ദൗർഭാഗ്യം.

ഔപകൎണ്ണിക-വി. ചെവിക്കടുത്തുള്ള.

ഔപഗവകം-ഔപഗവന്മാരുടെ സമൂഹം. ഔപഗവന്മാർ=ഉപഗുവിന്റെ അപത്യങ്ങൾ.

ഔപചാരിക-വി. ഉപചാരത്തെ സംബന്ധിച്ച, മൎയ്യാദപ്രകാരമുള്ള.

ഔപധേയം-വണ്ടിച്ചക്രം, രഥാംഗം.

ഔപനിധികം-പണയം.

ഔപമ്യം-ഉപമാനം, സാദൃശ്യം.

ഔപയികം-ഉപായശബ്ദാൎത്ഥം. ഉപായം =കാൎയ്യസാധകം, ഉചിതം.

ഔപരാജിക-രാജാവിനു പകരം രാജാധികാരത്തോടു വാഴുന്നവനെ(Viceroy-യെ) സംബന്ധിച്ച.

ഔപവസ്ത്രം-ഉത്തരീയം.

ഔപവാസ്ഥം-ഉപവാസം.

ഔപവാഹ്യം-രാജാവിന്റെവാഹനം.

ഔപാസനം-ഉപാസന, സേവ.

ഔപസ്ഥിക-വി. സ്ത്രീസംഗം കൊണ്ടുപജീവിക്കുന്ന, പരസ്ത്രീസംഗം കൊണ്ടുപജീവിക്കുന്ന.

ഔമീനം-ചണം വിളയുന്ന സ്ഥലം.

ഔരഗം-ആയില്യം നക്ഷത്രം.

ഔരഭ്രകം-കറിയാട്ടിൻകൂട്ടം.

ഔരസൻ, ഔരസ്യൻ, ഉരസ്യൻ-സ്വന്തപുത്രൻ. തങ്കൽനിന്നു ജനിച്ച പുത്രന്റെ പേർ. ഉരസ്സുകൊണ്ടു നിൎമ്മിതൻ എന്നു ശബ്ദാൎത്ഥം. സവൎണ്ണയായ ഭാൎയ്യയിൽ തനിക്കുണ്ടാകുന്ന ഉണ്ടായ പുത്രന്റെ പേർ എന്നും കാണുന്നുണ്ട്.

ഔൎദ്ധ്വദേഹികം-ശേഷക്രിയ, പിതൃക്രിയ. ദേഹാന്തകാലം മേല ചെയ്യുന്നതെന്നൎത്ഥം. 'ഔൎദ്ധ്വദൈഹികം' എന്നും കാണുന്നു.

ഔൎവ്വൻ-പ്ര. ഒരു പ്രസിദ്ധമഹൎഷി. ഉ. ഹിംസിക്കുന്നവൻ.

[ഊൎവ്വന്റെപുത്രനും ഭൃഗുവിന്റെ പൌത്രനുമാണ്. മഹാഭാരതപ്രകാരം ഈ ഋഷിയിൽ ദ്യവാനനെന്നയവൻ. കൃതവീൎയ്യരാജാവിന്റെ ധനങ്ങൾകൊണ്ടു ധനികരായ ഭൃഗുസന്തതി, ഒരിക്കൽ ആപത്തിൽപെട്ട ശേഷൽപറഞ്ഞ നൃപന്റെ സന്തതികളെ ഭേശവും സഹായം ചെയ്യായ്കയാൽ ക്ഷത്രിയർ ഭൃഗുസന്തതിയുടെ മൂലനാശത്തിനൊരുമ്പെട്ടു. ഒരു ശക്തിനിമാത്രം തന്റെ കുട്ടിയെ ഊരുവിൽ ഒളിച്ചുവയ്ക്കുകയുണ്ടായി. ക്ഷത്രിയർ ഈ വൃത്താന്തം അറിഞ്ഞു കുട്ടിയെ കൊലചെയ്വാൻ അന്വേഷിച്ചു പുറപ്പെട്ടു. അനന്തരംകുട്ടി സ്വമാതാവിന്റെ ഊരുവിൽനിന്നു തിളങ്ങിക്കൊണ്ടിറങ്ങി സ്വപ്രകാശ ഹേതുവായിട്ടു ക്ഷത്രിയരെ ഒന്നൊഴിയാതെ അന്ധരാക്കി. ഊരുവിൽ നിന്നു ജനിക്കയാൽ ആ കുട്ടിക്കു ഔൎവ്വൻ എന്ന പേരുണ്ടായി. ക്ഷത്രിയൎക്കു വിരോധമായ അവന്റെ തപസ്സുകൾ ദേവന്മാൎക്കും ക്ഷത്രിയൎക്കും ഉദ്വേഗമുണ്ടാക്കി. ഒടുവിൽ പിതൃക്കളുടെ ഉപദേശം അനുസരിച്ച് ഔൎവ്വൻ തന്റെകോപത്തെ അബ്ധിയിൽ എറിഞ്ഞു. അതു അവിടെ കുതിരമുഖമുള്ള ഹയശിരസ്സായി ഭവിച്ചു. ഔൎവ്വൻ വനത്തിൽ തപോനിഷ്ഠനായിരിക്കെ രാജാവായ ബാഹുവിന്റെ ഭാൎയ്യ ഭൎത്താവിന്റെ ശവത്തോടുകൂടി ദഹിപ്പിക്കപ്പെടുവാൻ സമ്മതിക്കാതെയിരുന്നു. ഏഴു വൎഷം ഗൎഭസ്ഥമായ അവളുടെ കുട്ടി ജനിച്ചു ഉടൻ ഔൎവ്വന്റെ ശിഷ്യനായി ഭവിക്കയും ഔൎവ്വനിൽനിന്നു ആഗ്നേയാസ്ത്രം ലഭിക്കയും ചെയ്തു. ഔൎവ്വന്റെ പുത്രനാണ് ഋചീകൻ].

ഔൎവ്വം-പ്ര. ബഡവാഗ്നി, സമുദ്രാഗ്നി. ഇതു സമുദ്രമദ്ധ്യത്തിലുള്ള ഒരു പെൺകുതിരയുടെ മുഖത്താകുന്നു സ്ഥിതി ചെയ്യുന്നതെന്നു പ്രസിദ്ധം. ഉ, പെരുതിയുപ്പ്.

ഔൎവ്വശേയൻ-അഗസ്ത്യൻ, ഉൎവ്വശിയുടെ പുത്രൻ.

ഔർവ്വാഗ്നി–സമുദ്രാഗ്നി.
ഔലാനം–പ്ര. രക്ഷ. ഉ. തൊട്ടി.
ഔലൂക്യൻ-ഔലൂക്യ അല്ലെങ്കിൽ വൈശേഷികദർശനത്തിന്റെ സ്ഥാപകനായ കണാദന്റെ പേർ. ദ്രവ്യ, ഗുണ, കർമ്മ, സാമാന്യ, വിശേഷ, സമവായ, അഭാവങ്ങളാകുന്ന സപ്തപദാർത്ഥങ്ങളെ പിടിച്ചു വാദിക്കുന്ന വൈശേഷികമതക്കാരന്റെ പേർ.
ഔലോത്ത-അവിൽ, അരിമാവു്.
ഔല്പലം–ചെങ്ങഴനീർക്കിഴങ്ങു്.
ഔവു-നീക്കൂട്ടു്.
'സൂര്യൻ അധികതരം കവരുന്നതൽ
ആഴിയെ ഔവിളക്കി' (രാമചരിതം)
[ഇതു് ഇപ്പോഴും നടപ്പില്ലെന്നില്ല. ശില്പക്കാരം 'ഉഴവു' എന്നു വല്ല വേദനയ്യും പറയുന്നതു തെക്കൻദിക്കിൽ നടപ്പാകുന്നു].
ഔവണ്ണഃ–അ. അതുപോലെ.
ഔവനിക്കട–ബ്രാഹ്മണവംശം.
ഔശ്വ-സരസ്വതി.
ഔശനസം–വി. ഉശനസ്സി(ശുക്ര)നെ സംബന്ധിച്ച.
ഔശനസം–പ്ര. ഒരു ഉപപുരാണം. ഉ. ഒരു ധർമ്മശാസ്ത്രഗ്രന്ഥം.
ഔശീനരി–പുരൂരവസ്സരാജാവിന്റെ ഭാര്യ
ഔശീരം–പ്ര. വെഞ്ചാമരപ്പിടി; ശേഷിക്കുന്നതു് എന്നർത്ഥം. ഉ. വെഞ്ചാമരം. ന. മെത്തമുതലായ കിടപ്പുസാധനം. ദ. പീഠം മുതലായ ഇരിപ്പുസാധനം. കിടപ്പാനും ഇരിപ്പാനും ഉള്ളതിന്റെ പേർ എന്നും പറയുന്നുണ്ടു്. മ. രാമച്ചം.
ഔഷണം–എരിവു്.
ഔഷണശൌണ്ഡി–ചുക്കു്.
ഔഷധം–രോഗഹരമായുള്ള ഒരു വസ്തു. [ഓഷധി ശബ്ദം നോക്കുക.] ചുക്കു പൊടി മുതലായവ.
ഔഷധി-ആവണക്കു് അമൃതു മുതലായ ഓരോ വസ്തുവിന്റെ പേർ. [ഓഷധി ശബ്ദം നോക്കുക]
ഔഷരം–ചോടിയുപ്പു്.
ഔഷരകം–ഉവരുപ്പു്.
ഔഷ്ട്രകം–ഒട്ടകക്കൂട്ടം.
ഔഷ്ട്രഘൃതം–ഒട്ടകത്തിൻനെയ്യു്.
ഔഷ്ണ്യം–പ്ര. ഉഷ്ണത, ചൂടു്. ഉ. സാമർത്ഥ്യം

# ക

ക— ഒരു വ്യഞ്ജനാക്ഷരം, ഖരങ്ങളിൽ ഒന്നു്, ഒരു കണ്ഠ്യം.
കകുഞ്ജലം–വേഴാമ്പൽപക്ഷി.
കകുൽ, കകുത്തു്–കാളയുടെ പൂഞ്ഞുകുറി.
കകുൽസ്ഥൻ-ഒരു സൂര്യവംശരാജാവു്, പുരഞ്ജയൻ.
[വികുക്ഷിയുടെ പുത്രനാണു്. ത്രേതായുഗത്തിൽ അസുരന്മാർ ദേവന്മാരെ തോല്പിച്ചു. അനന്തരം ദേവന്മാർ വിഷ്ണുവിനോടു് അടയാറിരന്നു. പുരഞ്ജയന്റെ സഹായം ചോദിപ്പാൻ വിഷ്ണു അവരെ പറഞ്ഞയച്ചു. അതിനുത്തരം ചെയ്യുമ്പോൾ, ഇന്ദ്രൻ ഒരു കാളയുടെ രൂപത്തിൽ തന്റെ പൂഞ്ഞുകുറിയിൽ ഇരുന്ന കൊണ്ടു പോവുകയാണെങ്കിൽ സഹായിക്കാമെന്നായിരുന്നു പുരഞ്ജയന്റെ മറുപടി. ഇന്ദ്രൻ അതിനുത്തരം ചെയ്കയും പുരഞ്ജയൻ കാളപ്പുറത്തു കയറിച്ചെന്നു അസുരാദികളെ തോല്പിക്കയും ചെയ്തു. പുരഞ്ജയനു അന്നുമുതൽ കകുൽസ്ഥൻ എന്ന പേർ സിദ്ധിച്ചു.]
കകുദ്–മക്ഷന്റെ ഒരു പുത്രി, യമന്റെ പത്നി.
കകുദ്മതി–കറകു്, അരാപ്പു താഴെയുള്ള

ഭാഗം മുഴുവൻ. കാളയുടെ ചുമലിലുള്ള ശൃംഗാപോലെ കളിയായ മാംസത്തോടു കൂടിയതു്.

കകുദ്മാൻ-പു. കാള. വ. ഇടവകം.

കകുദ്മി-കാള.

കകുദ്മികന്യാ-ബലരാമന്റെ ഭാര്യ.

കകുദം-പു. കാളയുടെ പൂഞ്ഞുകുറി. വ. പ്രധാനമായിട്ടുള്ളതു്. ന. രാജചിഹ്നമായ ഛത്രചാമരാദികൾ. ര. കൊടുമുടി. പ്രസിദ്ധമായ സുഖത്തെ ദാനം ചെയ്യുന്നതു് എന്നർത്ഥം.

കകുപ്പ്-ദിക്ക്. സൂര്യനെക്കൊണ്ടു പ്രകാശിക്കുന്നതു്. വായുവിനേയും ജലത്തെയും വിസ്തീർണ്ണമാക്കുന്നതു് എന്നർത്ഥം.

കകുഭം-പു. വീണയുടെ ചുവട്ടിൽ ചേർത്തു ബന്ധിക്കപ്പെട്ട ചുരങ്ങ. വായുവിനെ വിടാതെ സ്തംഭിപ്പിച്ചു നിറുത്തുന്നതെന്നർത്ഥം. വ. വീണയുടെ വളവോടുകൂടിയ ഭാഗം. ന. നീർമരുതു്. അധികമായ വിസ്താരം ഹേതുവായിട്ടു കകുപ്പു (ദിക്കു)കളെ വ്യാപിച്ചതു് എന്നർത്ഥം. ര. തിത്തിരിപ്പുള്ള്.

[വീണയുടെ ചുര മരംകൊണ്ടുണ്ടാക്കി തോൽ പൊതിഞ്ഞിട്ടുമാവാം. ഇതു ചേർക്കുന്നതു ശബ്ദഗാംഭീര്യത്തിനു വേണ്ടിയാണ്.]

കകുഭാദനി-പവിഴക്കൊടി.

കക്രുന്നകാ-ഒരു ബാലരോഗം.

[പാലിന്റെ ദോഷം ഹേതുവായിട്ടു കുട്ടിയുടെ കൺപോളയിൽ ഉണ്ടാകുന്നു. കണ്ണു ചൊറിയും, ജലമൊലിക്കും, നെററിയും കണ്ണും മൂക്കും കൈകൊണ്ടു തിരുമ്മും, സൂര്യരശ്മിയെ നോക്കാൻ പാടില്ല. കൺപോളകളെ ഇളക്കുന്നതിനും കഴികയില്ല.]

കകേരുകം-വയററിലെ പുഴു.

കക്കർ-പു. ഛർദ്ദി. വ. ഒരു ചെടി. ന. പക്ഷികളുടെ അകത്തിരിക്കുന്ന ഒരു സാധനം.

കക്കട-ഒരായുധം, ചൊട്ട.

കക്കടം-ഒരു ജന്തു

കക്കൻ-പു. വിക്കൻ, വിക്കിപ്പറയുന്നവൻ. വ. കൊഞ്ഞയായി സംസാരിക്കുന്നവൻ.

കക്കരി-ഒരുവക വെള്ളരി.

കക്കാ-ചില ജന്തുക്കളുടെ പുറന്തോടു്, ഇത്തിൾ, ചിപ്പി.

[കക്കാ നല്ല ഉരമാണ്. നിലങ്ങളിൽ അമർത്താണിയാ ഇളക്കിവിടുന്നതിനു നന്നു്. ഇതു കുറച്ചേ ചേർക്കാവു. നിലത്തിലെ കാരത്തിനെ എടുത്തുകളയും. അതുള്ള ഇംഗ്ലണ്ടുകൊണ്ടു സസ്യാദികൾ വളർച്ചക്കു ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.]

കക്കം-കല്ലം.

കക്കാട്ട്-കാരണപ്പാട്, നമ്പിടി ജാതിയിലുള്ള (Punatur) രാജാവ്.

കക്കിപ്പറക-ഞഞ്ഞിപ്പറക, വിക്കിപ്പറക, കൊഞ്ഞയായി പറക.

കക്കുക-പു. മോഷ്ടിക്കുക. [ഭൂതകാലം-കട്ടു.] വ. ഛർദ്ദിക്കുക, അകത്തു ചെല്ലുന്ന വസ്തു അവിടെ കൊള്ളാതെ അതിലുടനെ പുറത്തുപോരിക [ഭൂതകാലം-കക്കി.]

കക്കലം-ഇലഞ്ഞി.

കക്കൂസ്-മറപ്പുര.

കക്കോല(ക)ം-മാക്കലപ്പുട്ടിൽ, ഒരു സൌരഭ്യമുള്ള ചെടി. ആഗ്രഹിക്കപ്പെടുന്നതും കട്ടപ്പിടിച്ചതും എന്നർത്ഥം. മററ പര്യായങ്ങൾ-കോലകം, കോശഫലം.

കക്ഖടം-കഠിനമായിട്ടുള്ളതു്. [കക്ശത്തിന്റെ പാഠഭേദം.]

കക്ഖടി-ഖടി, എഴുത്തുകല്ലു്.

കകൂട-വി. കട്ടിയുള്ള.

കകുടി-കൽച്ചുണ്ണാമ്പു്.

കക്ഷപം-ആമ.

കക്ഷം-പു. കൈകക്ഷി. മരുന്നുപുല്ലും യം-ബാഹുമൂലം. വ. ഭാഗം, വശം. ന. വള്ളിക്കാട്ടു്, പുല്ക്കാട്ടു്. ര്. ഉണക്കപ്പുല്ല്. ഠ. പുല്ലു്. ന്റ. ആററരിക്. [കൈകക്ഷി എന്നതു കൈകളുടെ ചുവട്ടിലെ ഭാഗമാകുന്നു കക്ഷം-ഞെരുക്കുന്ന തു് എന്നു ശബ്ദാർത്ഥം.] ൩. കാക്ക. വ്യ. പോത്തു്. ൻ. ഒരു ക്ഷുദ്രരോഗം.

കക്ഷധരാ-തോളെല്ലുകൾ

കക്ഷരായം, കക്ഷരാഘു-നായു്.

കക്ഷാ-ഒരു ക്ഷുദ്രരോഗം.

[കൈകയിലോ പാൎശ്വങ്ങളിലോ ചുമലിലോ കക്ഷത്തിലോ കറുത്ത പൊള്ളച്ചുകളോടും വേദനയോടും കൂടിയും ഉണ്ടാകും അതത്രേ കക്ഷ.]

കക്ഷ്യാ, കക്ഷാ-പ്ര. ആനയുടെ കച്ചക്കയറു്. വ. ആനയുടെ നടുഭാഗത്തു കെട്ടുന്ന തോൽ. ന. ഉടഞ്ഞാൺ. ര്. ഇടമുറം. ഠ. വിരോധം. ന്റ. ഉത്തരീയം. ൫ മാളിക മുതലായവയുടെ പുറം തിണ്ണവു. കൈക്കുഴിയിലുണ്ടാകുന്ന (വേദനയുള്ള) ഒരു ദീനം. ൻ. രാജധാനിയുടെ അകത്തെ മുറി.

'നാടകശാലകളുട്ടിലുംകക്ഷ്യാ
പ്രാകാരഗോപുരങ്ങളും'
(കാചകവൃത്താന്തംവഞ്ചിപ്പാട്ടു്)

കക്ഷി-പ്ര ഒരു പക്ഷത്തുള്ള ആൾ. വ. ഭാഗം, വശം. ന. അപകടം. ര് വിരോധം.

കക്ഷിക്കാരൻ-ഭാഗത്തുള്ളവൻ, വശത്തുള്ളവൻ.

കക്ഷീവൽ-ഋഗ്വേദത്തിലെ ചില ഗീതങ്ങളുടെ കർത്താവായ ഒരു ഋഷി, പജ്രിയൻ എന്നും പേരുണ്ടു്.

കക്ഷോത്ഥാ-ചെങ്ങഴുനീർക്കിഴങ്ങ്.

കങ്കടകം, കങ്കടം-കവചം, കുപ്പായം, പടച്ചട്ട. ദേഹത്തെ രക്ഷിക്കുന്നതു് എന്നർത്ഥം.

'വജ്രനിപാതാദ്ദൃഢവിശങ്കടകങ്കടാന്ത്രേ'
(കിമ്മീരവധംകഥകളി)

കങ്കണം-പ്ര. കൈവള, ശബ്ദിക്കുന്നതെന്നർത്ഥം. വ. വെള്ളത്തിന്റെ ഒരു തുള്ളി. ന. മുത്തുവള, പവിഴക്കാരി, കാപ്പു മുതലായതു്.

കങ്കണി-ചെറിയ മണി. ശബ്ദത്തെ ശംസിക്കുന്നതു് എന്നർത്ഥം.

കങ്കതം-വലിയ ഉരകം

കങ്കതിക, കങ്കതി-ഉരകം.

കങ്കതിക, കങ്കതി, കങ്കതാ-ചീപ്പു്, തലമുടി ചീന്തുന്നതിനുള്ളതു്. ശിരസ്സിൽ വകതോരങ്ങളെല്ലാം ചെല്ലുന്നതു് എന്നർത്ഥം. 'കങ്കതപ്രസാധനം'-'കങ്കതീപ്രസാധനീ' എന്ന പ്രയോഗങ്ങളും കാണുക.

കങ്കത്രോടാ, കങ്കത്രോടി-കോലാമീൻ.

കങ്കൻ-പ്ര യമൻ. വ. വ്യാജമായിട്ടു ബ്രാഹ്മണവേഷം ധരിച്ചവൻ. ന. ധർമ്മപുത്രർ വ്യാജമായിട്ടു സന്യാസി വേഷം ധരിച്ചപ്പോൾ എടുത്തിരുന്ന പേർ. ര്. ക്ഷത്രിയൻ.

കങ്കപത്രം-പ്ര. അമ്പു്. വ. കഴുകൻപക്ഷിയുടെ തൂവൽ.

കങ്കം-പ്ര. കഴുകൻ എന്ന പക്ഷി. വ. വെളുമ്പാത്തു്, രാജഹംസപക്ഷി. പറക്കുന്നതു് എന്നർത്ഥം. ന. കൊക്കു്. ര്. വലിയ ഒരു കരിയൻമാവു്.

കങ്കര-വി. ചീത്തയായ, മുഷിഞ്ഞ,

കങ്കരം-പ്ര. വെള്ളം അധികം കൂട്ടിയമോരു് വ. നൂറു നിയുതം കൂടിയ സംഖ്യ.

കങ്കരാലം-അരിഞ്ഞിൽ.

കങ്കവള്ളരി-കഴുകൻ തുമ്പ മുതലായവ.

കങ്കശത്രു-ഓരില.

**കങ്കശായം**-നെയ്.

**കങ്കാ**-ഒരു മാതിരി ചന്ദനം.

**കങ്കാളൻ**-ശിവൻ.

**കങ്കാളി**-പാർവ്വതി.

**കങ്കാളം**-പ്ര. തോലും മാംസവും ഇല്ലാത്ത ശരീരാസ്ഥി. സുഖത്തെ കളയുന്നതു് എന്നർത്ഥം. വ. (മലയാളത്തിൽ) ഒരു മാതിരി മണ്ണ്.

**കങ്കിരാതം**-മഞ്ഞക്കുറുഞ്ഞി.

**കങ്കു**-തിന.

**കങ്കുട്ടം**-ഒരു വക മലമണ്ണ്. (പാർവ്വതീയമൃത്തികാവിശേഷം)

['ഹിമവൽപാദശിഖരേ കങ്കുഷ്ഠമുപജായതേ' എന്നുള്ളതിനാൽ ഈ മണ്ണ് ഹിമാലയപർവ്വതത്തിൽ കിട്ടും. ഒരു മരുന്നാണ്. ഇതു വെള്ളി, പൊന്നു് ഈ രണ്ടുനിറത്തിലുമുണ്ട്. പൊന്നരിതാരം പോലെയിരിക്കും. സംസ്കൃതത്തിൽ— കങ്കുഷ്ഠം, കങ്ഗുഷ്ഠം ]

**കങ്കരം**-സച്ഛം.

**കങ്കുഷ്ഠ(ക)ം**-കാകട്ടം.

**കങ്കേലി(ല്ലി)**-അശോകം.

**കങ്കേല്ലം**-ചീര.

**കങ്കേളി**-അശോകവൃക്ഷം.

'കങ്കേളിചെമ്പകമാലികൾപൂത്തുനില്ക്കുന്ന'
(നളചരിതം കഥകളി)

**കങ്കോട്ട്**-കൈക്കോട്ട്, കിളമ്പ.

**കങ്കോത്തി**-കൽകൊത്ത്, കല്ലുവെട്ടുന്ന ആൾ.

**കങ്കോലി(ക)ം**-തക്കോലപ്പുട്ടിൽ. [തക്കോലം നോക്കുക].

**കംഖം**-അനുഭവം.

**കംഗു**-തിന എന്ന ധാന്യം. സുഖത്തെ ഉണ്ടാക്കുന്നതു് എന്നർത്ഥം. മറ്റൊരു പര്യായം-പ്രിയംഗു.

**കംഗുണി**-വലിയ വാലുഴവം.

**കംഗുണിനി**-പ്ര. ചെറുപ്പുന്ന, വ. തിന.

**കംഗേണീപത്രം**-പണ്യാന്ധാ, ഒരു പുൽച്ചെടി.

**കംഗുഷ്ഠം**-കാകട്ടം, ഒരു വക മലമണ്ണ്.

**കംഗ്രു**-ഞാഴൽ.

**കങ്ങരത്**-പ്ര. കരിച്ചിൽ, വ. തീപ്പെട്ടുണ്ടായ വ്രണം.

**കങ്ങാണി**-പ്ര. കൊയ്ത്തിൽ ആദ്യം എടുത്തു ദേവാലയങ്ങളിൽ കൊടുക്കുന്ന ധാന്യം. വ. കൃഷിക്കാരിൽ പ്രധാനി. ന. സമ്മാനം.

**കങ്ങാണിക്കുക**-പ്ര. തർക്കിക്കുക, വഴക്കുപറയുക. വ. വിശ്വസിച്ചേല്പിക്കുക

**കങ്ങാണിപ്പ്**-പ്ര. തർക്കം, വഴക്ക്. വ. ശബ്ദം. ന. ഉപദ്രവം.

**കങ്ങാനം**-വെപ്പുപാത്രം.

**കങ്ങുക**-കരിയുക.

**കചഗ്രഹം**-തലമുടിക്കു പിടിക്കുക.

**കചൻ**-ബൃഹസ്പതിയുടെ പുത്രൻ.

[പണ്ടു ദേവാസുരയുദ്ധകാലത്തു മൃതസഞ്ജീവനി എന്ന വിദ്യ അഭ്യസിച്ചുവരുന്നതിനായി ദേവന്മാർ കചനെ ശുക്രമഹർഷിയുടെ അടുക്കലയച്ചു. ശുക്രന്റെ മകളായ ദേവയാനിയെ വശത്താക്കിയാൽ വിദ്യ എളുപ്പം കൈക്കലാക്കാമെന്നും മകൾ പറയുന്നതു മഹർഷി കേൾക്കുമെന്നും കചനെ ധരിപ്പിച്ചാണ് അയച്ചതു്. കചൻ അപ്രകാരം അനുകൂലമായ വിധത്തിൽ അവിടെ വസിച്ചു. കാലക്രമംകൊണ്ടു ദേവയാനിക്കു കചനിൽ ദൃഢാനുരാഗം വേരൂന്നി. വളരെ നാൾ കഴിഞ്ഞപ്പോൾ കചന്റെ പരമാർത്ഥം അസുരന്മാർ അറിഞ്ഞു. ഒരിക്കൽ കചൻ കാട്ടിൽ പശുക്കളെ മേച്ചുനിൽക്കുമ്പോൾ അസുരകൾ അവനെ വെട്ടിനുറുക്കി ചെന്നായ്ക്കൾക്കു കൊടുത്തു. കചനെ കാണാഞ്ഞു ദേവയാനി വിഷാദിച്ചപ്പോൾ ശുക്രൻ കചനെ വിളിച്ചു. ചെന്നായ്ക്കളുടെ വയറുപിളർന്നു ഉടൻ കചൻ പുറത്തു വ

ന്നു. മററാർക്കൽ അവൻെറ ദേഹത്തെ പൊടിച്ചു് ആഴിയിൽ തള്ളി. അന്നും അവനെ മുനി ജീവിപ്പിച്ചു. ഇനി ഇവൻ ജീവിച്ചുവരരുതെന്നു വിചാരിച്ചു് അസുരകൾ ഇവൻെറ ദേഹത്തെ വെന്തുപൊടിച്ചു തരി പോലാക്കി മദ്യത്തിൽ കലക്കി ശുക്രനെ സേവിപ്പിച്ചു. അപ്പോഴും മകൾ രോദനം തുടങ്ങി. ഉടൻ ശുക്രൻ കചനെ വിളിച്ചു. അവൻ വയററിനകത്തു കിടന്നു വിളികേട്ടു. ഈ സന്ദർഭത്തിൽ മുനി മൃതസഞ്ജീവനിവിദ്യ കചനു ഉപദേശിച്ചു. കചൻപുറത്തുവന്നു. ഉടൻ മഹർഷി മരിച്ചു. മഹർഷിയെ ആ വിദ്യകൊണ്ടു കചൻ ജീവിപ്പിച്ചു. അക്കാലം മുതൽ ബ്രാഹ്മണർക്കു ശുക്രൻ മദ്യപാനം വിരോധിച്ചു. ഒടുവിൽ ദേവയാനിയെ ഉപേക്ഷിച്ചിട്ടു കചൻ തിരിയെ പോയി.]

കചപക്ഷം-നല്ല തലമുടി.

കചഭരം, കചഭാരം-നല്ല തലമുടി, വളരെ തലമുടിയുണ്ടായിരിക്കുക.

കചം-പു. തലമുടി. ബന്ധിക്കപ്പെടുന്നതു് എന്നർത്ഥം. വ. ഉണങ്ങിയ വ്രണം, തഴമ്പു് ന. മേഘം, ഒ. കെട്ടു്, ബന്ധനം. ഇ. വസ്ത്രത്തിൻെറ വക്കു്. നൃ. ഇരുവേലി.

കചംഗലം-സമുദ്രം.

കചരിപുഫലാ-വന്നി.

കചാ-പെണ്ണാന. വ. പ്രകാശം, കാന്തി.

കചാട്ടരം-നള്ളു്.

കചാമോദം-ഇരുവേലി.

കചില്ലകം-പു. പാവൽ വ. വെളുത്ത തഴുതാമ ന. ചെറുചൂരസി.

കച്ച്-കാച്ചിൽ.

കച്ച-പു. അരമാതിരി കട്ടിയുള്ള വസ്ത്രം. വ. ആട്ടം, ആയുധവിദ്യ മുതലായതു് അഭ്യസിക്കുമ്പോഴും ചെയ്യുമ്പോഴും അരയ്ക്കു് ഉറക്കവും മുറുക്കവും വരുന്നതിനായി അരയിൽ കെട്ടുന്ന വീതികുറഞ്ഞുനീളമുള്ള ഒരു ശീല.

കച്ചകെട്ട്-ആയുധവിദ്യ ആട്ടം മുതലായവകളുള്ള അഭ്യാസം.

കച്ചകെട്ടിയിറങ്ങുക-ഒരുങ്ങുക, ഉത്സുകമാക (മുശലി).

കച്ചകെട്ടുക-മെയ്യൊരുക്കം വരുത്തുക.

കച്ചക്കണക്ക്-ഭവളിവ്യാപാരക്കാരുടെ കണക്കു്.

കച്ചകയറു-ആനയുടെ നടുക്കയറു്.

കച്ചത്തരം-കട്ടിയുള്ള വസ്ത്രം.

കച്ചപ്പുറം-ഒരാഭരണം, പടിയരഞ്ഞാണ്

കച്ചര-വി. പു. മലിനമായിട്ടുള്ള, ചളിപററി മുഷിഞ്ഞ, കുത്സിതമായി ചരിക്കുന്നതു് എന്നർത്ഥം. വ. ദ്വേഷമുള്ള

കച്ചുരം-മോരു്.

കച്ചവടക്കാരൻ-സാമാനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്നവൻ. പര്യായങ്ങൾ-വൈദേഹകൻ, സാർത്ഥവാഹൻ, നൈഗമൻ, വാണിജൻ, വണിക്കു്, പണ്യാജീവൻ, ആപണികൻ, ക്രയവിക്രയികൻ.

കച്ചവടം-വില്ക്കുകയും കൊള്ളുകയും ചെയ്യു, വ്യാപാരം. പര്യായം-വാണിജ്യം, സത്യാനൃതം.

കച്ചവടസ്ഥലം-കച്ചവടം ചെയ്യുന്ന സ്ഥലം. പര്യായം-വിപണി.

കച്ചി, കച്ചില്-വയ്ക്കോൽ.

കച്ചിക്കഴൽ-സ്ത്രീകൾ കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

കച്ചിൽ-അ. ചോദ്യത്തിലും അനാദരത്തിലും ഉപയോഗിക്കുന്ന ഒരവ്യയം. [കൽ+ചിൽ=കച്ചിൽ].

[കച്ചിൽ എന്നതു് ഇക്കാലത്തിലും നന്നു് അധികം ഉപയോഗിക്കാറില്ല. ഉ-ം, 'കച്ചിജ്ജീവതി മേ മാതാ'=എൻെറ അമ്മ ജീവിച്ചിരിക്കുന്നുവോ? അമ്മ

ജീവിച്ചിരിക്കുന്നുവെന്നുള്ള ഇഷ്ടത്തെയാണ് ഇവിടെ ചോദിക്കുന്നതെന്നറിക].

കച്ചില-യുദ്ധത്തിനുള്ള അരക്കെട്ട്

കച്ചിലേക്കിഴങ്ങ് - കച്ചോലം.

കച്ചീട്ട്-ലക്ഷ്യമാക്കി എഴുതിക്കൊടുക്കുന്ന ആധാരം.

കച്ച്-പ്ര. നാട വ. റവുക്ക.

കച്ചു-വെറുത്തു. [കയ്ക്കുക എന്നതിന്റെ ഭൂതകാലം].

കച്ചൂരി-പ്ര. കച്ചൂരിക്കിഴങ്ങ്. വ. കച്ചോലം.

കച്ചൂരം-കച്ചോലം. [അടവിക്കച്ചോലം എന്നതു നോക്കുക].

കച്ചേരി-സർക്കാരുദ്യോഗസ്ഥന്മാർ ഇരുന്നു ജോലി ചെയ്യുന്ന സ്ഥലം (ഹിന്ദുസ്ഥാനിഭാഷ).

കച്ചേരിനായി - നായന്മാരിൽ ഒരിനക്കാർ. [അകത്തൂട്ടുപരിഷ എന്നതു നോക്കുക].

കച്ചോലും-വി. ശംഗിയുള്ള.

'കച്ചൽവെളുത്തുലിതമാകുതങ്ങ-
ളുമാശുചന്നതെല്ലാംപുണർന്നാന്തിച്ചതിൽ'
(ഭാഗവതം)

[കച്ച് എന്നതിന 'റവുക്ക' എന്നർത്ഥം കാണുന്നു. റവുക്കയിട്ട് ഇറുക്കിയിരിക്കുന്ന മുലക്കു പ്രത്യേകം ഒരു ശംഗിവരാൻ കാരണമുണ്ട്. അതായിരിക്കാം കച്ചണിമുലയാൾ എന്ന പദത്തിന്റെയും മറ്റും ശരിയായ അർത്ഥം]

കച്ചോലം, കച്ചോരം-സൌരഭ്യമുള്ള ഒരു ചെടി. പര്യായങ്ങൾ-കച്ചൂരകം, ദ്രാവിഡകം, കാല്യകം, വേധമുഖ്യകം.

[കച്ചോലത്തിന്റെ ഇല ത്രിദോഷങ്ങളെ കളയും. ലഘുവും ഗ്രാഹിയുമാണ് കിഴങ്ങു വളരെ ശീതമാകുന്നു. കഫത്തിനു നന്ന്].

കച്ഛകാ-പടകരണ.

കച്ഛപാലി-നീർക്കയ്യ്.

കച്ഛപം-പ്ര. ആമ. മുട്ടിൽക്കൂടെ ജലത്തെ ദേഹത്തേക്കു വലിക്കുന്നത്, ക്ഷുദ്രമായുള്ള കച്ചത്തിനുന്നതിനു ജലമുള്ളേടത്തു തരം നോക്കി കാത്തിരിക്കുന്നത്, എന്നിങ്ങനെ അർത്ഥം. വ. വൈശ്രവണന്റെ നവനിധികളിൽ ഒന്ന്. ആമയെപ്പോലെ ഉറപ്പായിരിക്കുന്നത് എന്നർത്ഥം. ന. ഒരു രോഗം.

[കച്ഛപം എന്നതു അണ്ണാക്കിലുണ്ടാകുന്ന ഒരു രോഗമാണ്. അണ്ണാക്കിന്റെ മദ്ധ്യത്തിൽ അല്പവേദനയോടുകൂടി ആമപോലെ ഉയർന്ന വീക്കമുണ്ടാകും. വളരെക്കാലം കൊണ്ടു വളരും].

കച്ഛപി-പ്ര. പെണ്ണാമ. കച്ഛത്തിൽ പത്നം ചെയ്യുന്നത് എന്നർത്ഥം. വ. സരസ്വതിയുടെ വീണ. ന. രോഗവിശേഷം.

കച്ഛപിക-പ്രമേഹക്കുരുക്കളിൽ ഒന്ന്, മുഖക്കുരു.

[ഇത് ഒരു ക്ഷുദ്രരോഗമാണ്. കഫവാതങ്ങൾ ഹേതുവായിട്ട് ആമപോലെ ഉയർച്ചയോടുകൂടിയ അഞ്ചോ ആറോ മുഴകൾ അടുത്തടുത്തുണ്ടാകും.]

കച്ഛം-പ്ര. വെള്ളം കെട്ടിനില്ക്കുന്ന താഴ്ന്നപ്രദേശം.

'വണ്ടും ഞണ്ടും വടിവൊടുകളി
ക്കുന്ന കച്ഛങ്ങളേയും'
(മയൂരസന്ദേശം)

വ. ജലത്തോടടുത്ത പ്രദേശം. ന. വെള്ളം അധികമുള്ളതായ അനൂപദേശം. വെള്ളത്തെ കണക്കാക്കുന്നത് എന്നർത്ഥം. ര. തടം. ഒ. പൂവരശുവൃക്ഷം. പടകരണ എന്ന പേരും കാണുന്നു. ഇത് ആലിന്റെ ആകൃതിയിലുള്ളതും ആനകൾക്ക് ആഹാരമായിട്ടുള്ളതുമാണെന്നും കാണുന്നുണ്ട്. ഞ. വസ്ത്രത്തിന്റെ ചുളുക്ക്.

കച്ഛരുഹാ-പ്ര. ചെറുമുഞ്ഞ, വ. കറുക.

കച്ഛാ-ചന്നിക്കിഴങ്ങ്.

കച്ഛാന്തരുഹാ-വെങ്കരുക.

കച്ഛു-സ്ത്രീ. ചിരങ്ങ്. വ. ചൊറി. ശരീരത്തെ കെടുക്കുന്നതു് എന്നർത്ഥം.

കച്ഛുകുഷ്ഠം-ഒരുവക കുഷ്ഠം.

[അസഹ്യമായ ചൂട്, വലിയ പുളകങ്ങളും ഇവ കാണും. കൈപ്പടത്തിലും ആസനത്തിലും ഉണ്ടാകും. കഠിനമാണ്]

കച്ഛുഘ്നീ-സ്ത്രീ. ചെറിയ അടയ്ക്കാമണിയൻ. വ. കൈപ്പൻപടവലം.

കച്ഛുനാശിനി-ചെറിയ അടയ്ക്കാമണിയൻ.

കച്ഛുമതി-നായിക്കൊരുണ.

കച്ഛുരം-വി. സ്ത്രീ. ചിരങ്ങുള്ള. വ. കാമമുള്ള.

കച്ഛുരാ-സ്ത്രീ. ചെറുകച്ചോലം. വ. ചെങ്കൊടിത്തൂവ. ന. നായിക്കൊരുണ. ര. വെൺകൊടിത്തൂവ.

കച്ഛൂര(ക)ാ-(ചെറു) കച്ചോലം.

കച്ഛൂരാ-സ്ത്രീ. കൊടിത്തൂവം. വ. നായിക്കൊരുണ.

കച്ഛൂരി-കൊടിത്തൂവ.

കച്ഛേഷ്ടം-ആമ.

കച്ഛോത്ഥാ-മുത്തങ്ങ.

കച്ഛോരാ-ചെറുകച്ചോലം.

കച്ഛി-കാച്ചിൽ.

കജം-സ്ത്രീ. താമര. വ. മീൻ.

കജ്ജളം-സ്ത്രീ. അഴുക്ക്, മഷി.

'കജ്ജളംപോറിരുൾസ്ഫചന്ദ്രനുംനിഷ്പ്രഭം'
(അദ്ധ്യാത്മരാമായണം)

ക. കണ്ണിലെഴുതുന്ന മഷി, അഞ്ജനം. ന. വിളക്കിലുണ്ടാകുന്ന മഷി, ര. മേഘം. ര്. മുത്തങ്ങ.

കജ്ജലം-വിളക്കിലുണ്ടാകുന്ന മഷി.

കജ്ജലധ്വജം-വിളക്ക്.

കഞ്ചടം-[illegible]ചീര.

കഞ്ചം-തകര.

കഞ്ചൻ, കഞ്ചത്താൻ-കംസൻ. (പഴയമലയാളം)

കഞ്ചാരം-എരിക്ക്.

കഞ്ചാവ്-ലഹരിയുള്ള ഒരുവക ചെടി. 'ഗഞ്ജാ' എന്നതാണ 'കഞ്ചാവ്' എന്നായത്. (ഗഞ്ജാ ഹിന്ദുസ്ഥാനി ഭാഷ). തമിഴിൽ കോരക്കൂലി, കോരക്കൂലി എന്നിങ്ങനെ പറയുന്നു. ശിവമൂലി എന്നും പേരുണ്ട്.

[ഇതു ബുദ്ധിഭ്രമകരമാണ്. ദീപനമാണ്. മദത്തെ നൽകും. ഒരു യോഗകല്പമാകുന്നു. മദ്യത്തിന്റെഗുണങ്ങളുമുണ്ട്]

കഞ്ചിതം-പീഡിതം.

കഞ്ചുകാലു്-പാമ്പ്.

കഞ്ചുകം-സ്ത്രീ. ഉടുപ്പ്, കുപ്പായം, റവുക്ക. വ. പടച്ചട്ട. ബാധിക്കപ്പെടുന്നതു് എന്നർത്ഥം. ന. പാമ്പിന്റെ പട. സർപ്പശരീരത്തോട്ടുകൂടി ബന്ധിച്ചു നില്ക്കുന്നതെന്നർത്ഥം.

കഞ്ചുകി-സ്ത്രീ. സർപ്പം. പടയുള്ളതെന്നർത്ഥം. വ. രാജസ്ത്രീകളുടെ [illegible]ന്റെ പുറത്തെ [illegible]കാരൻ. കുപ്പായമിട്ടിട്ടുള്ളവൻ എന്നർത്ഥം. ന. യവം. ര. കുടപ്പ. ഒ പക്ഷ്. ഞ. കീരകിൽ.

കഞ്ചുകിത-വി. കഞ്ചുകമുള്ള, ഉടുപ്പുള്ള.

കഞ്ചുളിക-റവുക്ക.

'പ്രാന്തകുപ്പിതദൃഢതകഞ്ചുളികാസവികരഹ!
ഹന്താതാരാക്കുളരചട്ട്'
([illegible])

കഞ്ജ-വി. [illegible].

കഞ്ജനം-സ്ത്രീ. [illegible] പക്ഷി. വ. [illegible]കാവ്.

കഞ്ജൻ-ബ്രഹ്മാവ്.

കഞ്ജനൻ-കാമദേവൻ.

കഞ്ജനാഭൻ-വിഷ്ണു. നാഭിയിൽ താമരയുള്ളവൻ എന്നർത്ഥം.

കഞ്ജനം-മന്മഥന്റെ പക്ഷി, മൈനാപക്ഷി.

കഞ്ജം-ന. താമരപ്പൂവ്. കം (ജലത്തിൽ) ജം (ജനിച്ചത്.) 2. അമൃതം, പീയൂഷം.

കഞ്ജരം-പു. എരിക്ക്. 2. ആന.

കഞ്ജലം-മൈനാപക്ഷി.

കഞ്ജാരം-പു. എരിക്ക്. 2. ആന.

കഞ്ജികാ-ചെറുതേക്ക്.

കഞ്ഞാൻ-ചീഞ്ഞയായി വെച്ച ചോറ്.

കഞ്ഞി-അരിയിട്ടു വേവിച്ച വെള്ളം. [കായക്കഞ്ഞി, കഴക്കഞ്ഞി, വാത്തകഞ്ഞി, പാൽക്കഞ്ഞി, കഷായക്കഞ്ഞി, പൂടവക്കഞ്ഞി ഇങ്ങിനെ പലവിധമുണ്ട്.] പര്യായങ്ങൾ-യവാഗൂ, ഉഷ്ണികം, ശ്രാണ, വിലേപി, തരളം. (അടിതോൽ എന്നതു നോക്കുക.)

കഞ്ഞുണ്ണി-ഒരു പച്ചമരുന്ന്. കയ്യുണ്ണി, കയ്യൂന്നം. പര്യായങ്ങൾ-മാർക്കവം, ഭൃംഗരാജം.

കട-ധാ കലക്കുക.

കട-പു. അങ്ങാടി. 2. ചുവട്.

കടകട-വി. വളരെ നല്ലതായ.

കടകടൻ-പു. ശിവൻ. 2. ഗണേശൻ.

കടകതടം-താഴ്വര.

കടകൻ-പൊട്ടനായവൻ.

കടകം-പു. പൊൻവള. കൈയെ മറയ്ക്കുന്നതെന്നർത്ഥം. 2. പർവ്വതത്തിന്റെ മദ്ധ്യപ്രദേശം മറയ്ക്കുന്നതെന്നർത്ഥം. 3. തശാം. 4. മലനാട്. 5. രാജ്യം. 6. അരയ്ക്കു താഴെ അടിക്കുന്ന അടി. 7. കടലപ്പ്.

കടകാമുഖം-ചൂണ്ടുവിരലിന്റെയും നടുവിരലിന്റെയും മദ്ധ്യത്തിൽ പെരുവിരൽ അമർത്തി മോതിരവിരൽ ചേർത്തു പിടിക്കുന്ന മുദ്ര.

'കണ്ഠാന്തംകടകാമുഖാകലിതമായ്
ജ്യാകർഷണംചെയ്തും........'
(അമരുകശതകം)

കടകെട്ടവൻ-കൊള്ളരുതാത്തവൻ, അയോഗ്യൻ.

കടകോൽ-മത്ത്, തൈരുകലക്കുന്നതിനുള്ള ഒരു വസ്തു. പര്യായങ്ങൾ-വൈശാഖം, മന്ഥം, മന്ഥാനം, മന്ഥാവ്, മന്ഥദണ്ഡകം.

കടക്കണ്ടം-ഇളന്തല.

കടക്കണ്ണ്-കണ്ണിന്റെ പുറത്തേ കോണ്. പര്യായം-അപാംഗം.

കടക്കാരൻ, കടംകാരൻ-പു. കടം വാങ്ങിച്ചവൻ. 2. കടം കൊടുത്തവൻ. 3. പീടികയിലിരുന്നു കച്ചവടം ചെയ്യുന്നവൻ.

കടക്കുക-പു. അപ്പുറം പോവുക. 2. പ്രവേശിക്കുക. അകത്തുകടന്നു പ്രവേശിക്കുക. 3. അതിക്രമിക്കുക.

കടക്കോടി-കടപ്പുറത്തു പാർക്കുന്ന ഒരു ജാതിക്കാരൻ, മരയ്ക്കാൻ.

കടഖാദക-വി. അധികം ഭക്ഷിക്കുന്ന.

കടഖാദകം-പു. സ്ഫടികപാത്രം. 2. കാക്ക 3. കുറുക്കൻ.

കടങ്കേരി മരത്തോൽ.

കടങ്കാരൻ-കടക്കാരൻ.

കടഘാട-മലങ്കാര.

കടച്ചിനാൻ-കൈകന്നാര്.

കടച്ചിൽ, കടച്ചൽ-പു. മൂച്ച് മിനുസം എന്നവ വരുത്തുവാനും മററും അച്ച്, കടച്ചിച്ചാണ ഇവയിൽവെച്ചു ചെയ്യുന്ന പ്രവൃത്തി. 2. കഴപ്പ്.

കടച്ചിൽക്കൊല്ലൻ - കടച്ചിൽപ്പണി ചെയ്യുന്ന ഒരു ജാതിക്കാരൻ. പര്യായങ്ങൾ-ശാസ്ത്രമാർജൻ, അസിധാവകൻ.

കടച്ചിൽച്ചാണ-ആയുധങ്ങൾ മൂർച്ചവരുത്തുന്നതിനുള്ള ചാണ.

കടച്ചിൽപ്പണി-അച്ചിലുംമററും വെച്ചു ചെയ്യുന്ന വേല.

കടതല-ചുവടും തലയും, ആരംഭവും അവസാനവും.

കടത്തൽ-അതിക്രമം.

കടത്തിയൂട്ട്- മറെറാരുവൻെറ ഭവനത്തിൽവെച്ചു സദ്യകഴിക്ക.

കടത്തു, കടത്തൽ-തോണിയിലുംമററും കയററി മറെറാരു സ്ഥലത്താക്കുക. ൨. ദൂരത്താക്കുക. ൩. കൊണ്ടുപോവുക. ൪ അകത്തേയ്ക്കു പ്രവേശിപ്പിക്കുക.

കടത്തുക-൧. തോണിയിൽ കേററി അക്കരെ കൊണ്ടുപോയി ഇറക്കുക. ൨. വസ്തുക്കളെ വേറൊരു ദിക്കിൽ കൊണ്ടുപോവുക. ൩. ദൂരത്താക്കുക. ൪. അകത്തേയ്ക്കു ചെലുത്തുക.

കടത്തുകടവ്-വള്ളത്തിൽ കേറുകയും ഇറക്കുകയും ചെയ്യുന്ന സ്ഥലം.

കടത്തുകാരൻ-വള്ളത്തിൽ കയററി അക്കരയും ഇക്കരയും വിടുന്നവൻ.

കടത്തുതോണി-വഴിക്കാരെ അക്കരയും ഇക്കരയും വിടുന്നതിനുള്ള തോണി

കടന്ത, കടന്നൽ-കുത്തുന്നതായ ഒരുമാതിരി ഈച്ച. പര്യായങ്ങൾ-ഗന്ധോളി, വരട.

കടൻപുല്ല്-ഒരുമാതിരി പുല്ല്.

കടപുഴക്കുക-ചുവടുമറിച്ചുവീഴ്ത്തുക.

കടപ്പിലാവ്-ഒരു വൃക്ഷം.

കടപ്പ്-ചീത്തവാക്ക്, ശകാരം.

കടപ്പുവാക്ക്-ശകാരവാക്ക്.

കടപ്പുറത്തിൻെറതാക്കോൽ-൧. ഭോഷൻ. ൨. കഥയില്ലാത്തതിനുള്ള പൂട്ടുകെട്ട്. (ശൈലി-ഗ്രാമ്യം.)

കടഭി-വാഴുഴവം എന്ന ചെടി, ചെറുപ്പന്ന. കളം (പഴ്) പോലെ ശോഭിക്കുന്ന ഇലകൾ ഉള്ളതു്. തമിഴിൽ 'വഴുവു്'. ചെംകന്നി എന്ന അർത്ഥവും കാണുന്നു. കടഭി-മലയമുക്കിയാണെന്നും പറയുന്നു.

കടമരം-ഇരുപ്പുമരം.

[പീനസത്തെ കളയും. കഫഹരമാണ്. ശ്വിത്രം, കുഷ്ഠം, പ്രമേഹം ഇവയെ ജയിക്കും. ദുഷ്ടവ്രണത്തെ ശമിപ്പിക്കും.]

കടമാൻ-ഒരു വലിയ കാട്ടുമൃഗം.

കടമാലിനി-മദ്യം.

കടം-൧. പായ്. മറയ്ക്കുന്നതു് എന്നർത്ഥം. മറെറാരുപര്യായം-കിളിഞ്ജകം. ൨. ആനയുടെ കവിൾത്തടം (ചെന്നിത്തടം.) മദജലത്തെ വഹിക്കുന്നതു് എന്നർത്ഥം. ൩. അര, ശരീരത്തിൻെറ മദ്ധ്യം. വസ്ത്രാദികൊണ്ടു മറയ്ക്കപ്പെടുന്നതു് എന്നർത്ഥം. മറെറാരുപര്യായം-ശ്രോണീഫലകം. ൪. ഒരുമാതിരി പുല്ല്. ൫. ശവം. ൬. ശവം കൊണ്ടുപോകുന്ന വണ്ടി, ശവമഞ്ചം. ൭. അസ്ത്രം, ശരം. ൮. ചിത. ൯. വേഴൽ. ൰. (മലയാളം) വാങ്ങിച്ച മുതൽ. പര്യായങ്ങൾ-സത്യാനൃതം, ഋണം, പര്യുദഞ്ചനം. [കടം കൊടുക്കുന്നവൻ-'ഉത്തമർണ്ണൻ'. കടം വാങ്ങുന്നവൻ-'അധമർണ്ണൻ'.]

കടങ്കടം-൧. അഗ്നി. ൨. പൊന്ന്. ൩. കൊട്ടുവേലി.

കടംകടി-മരമഞ്ഞൾ, മഞ്ഞൾ.

കടംകടേരി (ക)-മരമഞ്ഞൾ, മഞ്ഞൾ.

കടംകൊള്ളുക-കടം വാങ്ങുക.

കടമ്പ്-ഒരു വൃക്ഷം. പര്യായങ്ങൾ-നീപം, പ്രിയകം, കദംബം, ഹലിപ്രിയം. ഇതു ത്രിദോഷശമനമാണ്.

കടംപെടുക-കടത്തിൽ അകപ്പെടുക.

കടമ്പ-വേലി കടപ്പാനുള്ള ഒരു സൂത്രം.

കടംബര-ഒരു വൃക്ഷം, നീർക്കമ്പ്.

കടംഭരാ-പലകപ്പയ്യാനി.

കടംഭരാ-൧. ഒരു പച്ചമരുന്ന്, പ്രസാരണി ൨. കടുകരോഹിണി. ൩. പെരു.

കബന്ധം. ൪ വലിയ വശളച്ചീര, ൫ വെട്ടുന്ന കഴുത്താമ. ൬ പിടിയനം. ൭ മണ്ണുക്കവന്തോട്ടി.

കടംവരാ-കട്ടുരോഹിണി.

കടംവാസ്സ-പിന്നെ കൊടുക്കാമെന്ന പറഞ്ഞു വാങ്ങുന്ന മുതൽ.

കടാവീട്ടുക-വാങ്ങിച്ചതു തിരിയെ കൊടുക്കുക.

കടയ്ക്കൽ-അം. ചുവട്ടിൽ.

കടയുക-ക്രി. കലക്കുക. ൨. കടച്ചിൽപണിചെയ്യുക. ൩. കഴയ്ക്കുക.

കടൽ-സമുദ്രം. പര്യായങ്ങൾ-സമുദ്രം, അബ്ധി, അകൂപാരം, പാരാവാരം, സരിൽപതി, ഉദന്വാൻ, ഉദധി, സിന്ധു, സരസ്വാൻ, സാഗരം, അർണ്ണവം, രത്നാകരം, ജലനിധി, യാദഃപതി, അപ്പാംപതി.

„ കടലുകളുടെ വകഭേദം.

ക്ഷീരാബ്ധി-പാൽപോലെയുള്ള ജലത്തോടുകൂടിയതു.

ലവണാംബു-ഉപ്പുരസമുള്ള ജലത്തോടുകൂടിയതു. (ഇപ്പോൾ നാം കണ്ടുവരുന്ന കടലാണിതു.)

മധൂദം-തെങ്ങിൻപാലപോലുള്ള ജലത്തോടുകൂടിയതു.

ഘൃതാബ്ധി-നെയ്യുപോലെയുള്ള ജലത്തോടുകൂടിയതു.

സുരാബ്ധി-മദ്യംപോലെയുള്ള ജലത്തോടുകൂടിയതു.

ഇക്ഷുരസാബ്ധി-കരിമ്പിൻനീരുപോലെയുള്ള ജലത്തോടുകൂടിയതു.

സ്വാദൂദം-ശുദ്ധജലത്തോടുകൂടിയതു.

കടൽക്കന്നി-അഴിമാവു, ലക്ഷ്മീദേവി.

കടൽക്കര-സമുദ്രതീരം.

കടൽക്കാക്ക-സമുദ്രത്തിൽ സഞ്ചരിക്കുന്ന ഒരു പക്ഷി.

കടൽക്കാറ്റ്-ക്രി. കടലിലുള്ള കാറ്റു. ൨. കടലിൽനിന്നടിക്കുന്ന കാറ്റ്.

കടൽക്കുതിര-ഒരുമാതിരി വലിയ ജലജന്തു.

കടൽക്കൂരി-സമുദ്രത്തിലെ ഒരുവക മത്സ്യം.

കടൽക്കോലാ-ഒരുവക മത്സ്യം.

കടൽക്കോൾ-കടലിൽ തിരമാല വലിക്കുക.

കടൽച്ചുരക്ക-ഇറക്കമതി (ചുരക്ക്).

കടൽച്ചിറാവ്-സമുദ്രത്തിലുള്ള ഒരുമാതിരി വലിയ മത്സ്യം.

കടൽച്ചുങ്കം-കടൽത്തീരുവ.

കടൽത്തിര-സമുദ്രത്തിലെ ഓളം.

കടൽത്തുറ-സമുദ്രത്തിൽ കപ്പൽ വന്നടുക്കുന്ന സ്ഥലം, തുറമുഖം, അഴിമുഖം.

കടൽത്തെങ്ങ്- ചില ദ്വീപുകളിലുള്ള തെങ്ങുമരം.

കടൽത്തേങ്ങ-ചില ദ്വീപുകളിലുണ്ടാകുന്ന തെങ്ങിലെ കായ്.

കടൽത്തോണി-കടലിലെ തോണി. പര്യായം-'സാമുദ്രികം'.

കടൽപ്പന്നി-ഒരു ജലജന്തു.

കടൽപ്പായൽ-കടലിലെ പായൽ, നീരൊപ്പി.

കടൽപ്പുറം-സമുദ്രതീരം.

കടൽനാക്ക്, കടൽനര-ക്രി. കടപ്പുറത്തുനിന്നു കിട്ടുന്ന ഒരു മരുന്നു. ൨. ഒരുമാതിരി മത്സ്യത്തിന്റെ അസ്ഥി. പര്യായങ്ങൾ- ഡിണ്ഡീരം, അബ്ധികഫം, ഫേനം.

[ശീതവും ചക്ഷുഷ്യവുമാണ്. ചർമ്മരോഗം. ലേഖനമാകുന്നു.]

കടൽമകൾ-ലക്ഷ്മീദേവി.

കടൽമഞ്ഞി-കടൽവള്ളം.

കടൽവണ്ണൻ-ക്രി. വിഷ്ണു. ൨. കൃഷ്ണൻ.

കടൽവഴി-കടൽമാർഗ്ഗം.

കടൽവാഴയ്ക്കാ-മത്സ്യം.

'കടൽവാഴണ്ടാ,ഞെറിയുമണ്ടം്ഭവക
ടോലാഞ്ജനമത്തുക്കുടാതില്ലു'

(ഘോഷയാത്ര തുള്ളൽ)

കടല-ഒരുമാതിരി പയറുചെടി. പര്യായങ്ങൾ-കളായം, മുണ്ഡചണകം, വിശരണം, രേണുകം, സതിലകം, ഖണ്ഡികം, ത്രിപുടാ, അതിവർത്തുള, ശമന, നീലകകണ്ഠീ, സതീല, സതീനു, വിരേണുക, സതീനകം. കടല ശബ്ദം കണ്ഠാടകമാണു്. ഇംഗ്ലീഷ്-Fieldpea. ഫീൽഡ് പീ. ലാററിൻ-പൈസം സാതിവം. Pisum sativum.

'കലായഃശീതളോവാതം
പിത്തംദാഹകഫാപഹഃ
രുചിപുഷ്ടിപ്രദഃശീതഃ
കഷായശ്ചാമദോഷകൃൽ'

(രാജനിഘണ്ടു)

[ഇതു വാതത്തെ വളരെ വർദ്ധിപ്പിക്കും. 'കളായസ്തു അതിവാതളഃ' എന്നു പ്രമാണം. ബങ്കാളത്തു കുതിരകളെ തീററിക്കുന്നതിനാൽ ഇതിനെ 'ബങ്കാളമുതിര' എന്നു പറയുന്നു. ഘനമുള്ള ഭൂമികളിൽ സാധാരണ ഉണ്ടാകുന്നു. മഴക്കാലത്തിന്റെ അവസാനത്തിലാണു് ഇതിനെ വിതെയ്ക്കുന്നതു്. ഇതിനെ ആഴത്തിൽ പൂട്ടി വിതെയ്ക്കണം ]

കടലയ്ക്കാ-കടലയുടെ കായ്.

കടലാടി-ഒരു പച്ചമരുന്നു്. പര്യായങ്ങൾ-അപമാൎഗ്ഗം, ശൈഖരികം, ധാമാൎഗ്ഗവം, മയൂരകം, പ്രത്യക്പൎണ്ണി, കിണിഹി, ഖരമഞ്ജരി.

[ഇതിനെ 'നായുരുവി' എന്നും പറയും. വാതം, കഫം, വസ്തിരോഗം ഇവയെ ശമിപ്പിക്കും. നായ് കടിച്ചു വിഷത്തിനും മറിവിനും ഉത്തമം.]

കടലാട്ടുക-കടലിൽ കളിക്കുക.

കടലാന-കടലിലുള്ള ആന, ഒരുമാതിരി വലിയ മത്സ്യം.

കടലാമ-കടലിലുള്ള ആമ.

കടലാവണക്കു്-ഒരു ചെടി, അപ്പയം വണക്കു്. കറിയോട്ടി എന്നു ചിലർ പറയുന്നു.

[ഇതു വാതത്തെയും കഫത്തെയും ശമിപ്പിക്കും. ഇതിന്റെ അരി ശൂലയ്ക്കും വിഷത്തിനും നന്നു്. അരിയിലെ എണ്ണ വാതശമനമാണു് സുഖവിരേചനത്തെ ചെയ്യും. വർത്മവായു, ഗുന്മം, കഫം, വിഷമജ്വരം, മഹോദരം ഇവക്കെല്ലാം നന്നു്. കായാഗ്നിയെ വർദ്ധിപ്പിക്കും. അരക്കെട്ടു്, കോഷ്ഠം, ഗുഹ്യം, പൃഷ്ഠം ഇവ സ്ഥലങ്ങളിലെ നീരിനും വേദനെയ്ക്കും അത്യുത്തമം.]

കടലാസ്-എഴുതുന്നതിനായിട്ടു പഞ്ഞികൊണ്ടും മററും ഉണ്ടാക്കുന്ന സാധനം. [അറബിഭാഷ.]

കടലിഃവേഗം-ഒരു പച്ചമരുന്നു്.

കടലുപ്പു്-ഉപ്പിൽ ഒരിനം. പര്യായങ്ങൾ-[ഉപ്പു എന്നതു നോക്കുക.]

കടലെടുപ്പു്-പെരുങ്കടൽ.

കടലോടി-കടൽപ്പന്നി.

കടലോരം-സമുദ്രതീരം.

കടവയറു-അടിവയറു്.

കടവാ-ചൊടികൾ രണ്ടും കൂടി അവസാനിക്കുന്ന സ്ഥലം.

കടവാതിൽ-വാവൽ, വവ്വാൽ.

കടവിരിക്ക-കച്ചവടസ്ഥലങ്ങളിൽ ചരക്കുകൾ നിരത്തിവെയ്ക്കുക [കട+വിരിക്കുക].

കടവിരിക്കുക-മലശോധനയ്ക്കുപോവുക [കടവ് + ഇരിക്കുക].

കടവിറങ്ങുക-മലശോധനകഴിച്ചു പിന്നീടു ജലം കൊണ്ടു കഴുകുക. [കടവു് + ഇറങ്ങുക].

കടവു്-ന. ആറു് കുളം മുതലായ ജലാശയങ്ങളിൽ കുളിപ്പാനിറങ്ങുന്ന സ്ഥലം.

വ. വള്ളം അടുക്കുന്ന സ്ഥലം. ന. അവസരം, സമയം.

കടവുക്രൂട്ടുക-തടികൾ വലിച്ചുവെള്ളത്തിലാക്കുക.

കടവുവഞ്ചി-ആററിലും മററും അക്കരയിക്കരെ കടത്തുന്നതിനുള്ള വഞ്ചി.

കടാക്ഷം-പു. കടക്കണ്ണുകൊണ്ടുള്ളനോട്ടം വ. ദയയോടുകൂടിയുള്ള നോട്ടം. അതിശയിതങ്ങളായ അക്ഷികളോടുകൂടിയതു് എന്നർത്ഥം.

കടാക്ഷാഞ്ചലം-കടക്കണ്ണിന്റെഅററം. 'ത്വണ്ടാർമാതിൻകടാക്ഷാഞ്ചലകുവലയകാല്യാണദാമാഞ്ചിതാത്മാ'

(ഭാഷാനൈഷധചമ്പു)

കടാക്ഷിക്കുക-പു. കടക്കണ്ണുകൊണ്ടുനോക്കുക. വ. ദയയോടുകൂടി നോക്കുക. ന. ദയചെയ്യുക.

കടാടങ്കൻ-ശിവൻ.

കടാരൻ-ശമംഹരമുള്ളവൻ.

കടാവുക-പു. തടത്തുക. [ഈ പദം പൂന്താനം നംപൂതിരിയുടെ കാലം വരെ ഭാഷയിൽ പ്രചുരപ്രചാരമായിരുന്നു].

'വാരമതുകളെത് വിരഞ്ഞുകടാവി നനേരം' (ഭഗവൽഗീത-മാധവപ്പണിക്കർ)

വ. ചെലുത്തുക.

കടാഹം, കടാഹകം-പു. വലിയ കടം വ. ഒരു മാതിരി ചെമ്പുപാത്രം, കിടാരം. ന. എരുമക്കുട്ടി ൪. ആമത്തോട് ൫. കുമ്പാരം, കൂട്ടം.

കടായനം-രാമച്ചം.

കടാവരിയ-ലംഘിക്കുവാൻ പ്രയാസമായ, ദുർഗ്ഗമമായ.

കടാഹവയം-താമരക്കിഴങ്ങ്

കടി-പു. അര, ശരീരമദ്ധ്യം വസ്ത്രാദികൊണ്ടു മറയ്ക്കപ്പെടുന്നതു് എന്നർത്ഥം. വ. ആനയുടെ ചെന്നിത്തടം. ന. വലിയ കടലാടി. ൪. തിപ്പലി. ൫. കുടമ്പുളി. (മലയാളം). ൬ ചൊറിച്ചിൽ. ൭. പല്ലുകൊണ്ടുള്ള പ്രവൃത്തി, കടിക്കുക. ൮. ചതി.

കടികം-വെള്ളം കോരാമ്പാൾ കയററിൽ കെട്ടി ചെപ്പുക്കുടത്തിൽ ഇടുന്ന മരക്കഷണം

കടികം-അര, ഇളി (എള്).

കടികതരുണം-അരയിലുള്ള ഒരു മർമ്മം.

കടിക്രൂട്ടുക-കടിക്കുക.

കടിക്കോൽ-കടിക്കുന്നതിനു ചില മൃഗങ്ങളുടെ വായിലിടുന്ന കോൽ.

കടിക്കുക-പല്ലുകൊണ്ടു മുറിക്കുക [കാ. ക്രി. കടിപ്പിക്കുക].

കടിച്ചി-കടിയന്റെ സ്ത്രീ.

കടിഞാൺ-കുതിരയുടെ വായിലിടുന്ന കടിയിരിമ്പിൽ കെട്ടുന്ന വാറു് ചമ്മട്ടിയും. കവികം, ഖലീനം.

കടിഞ്ഞു്-അ. പ്രയാസപ്പെട്ടു്.

കടിഞ്ഞൂൽ-ഒന്നാമതു പ്രസവിക്കപ്പെട്ട

കടിഞ്ഞൂൽ-ഒന്നാമത്തെ പ്രസവം.

'നിച്ചിരിയത്തി കടിഞ്ഞൂൽപെറെറാരു കൊച്ചിനെയിന്നിവരും കൊല്ലുംതാനും'

(രുക്മിണീസ്വയംവരം തുള്ളൽ)

കടിതടം-അര, ശരീരത്തിന്റെ നടുവു്.

കടിതരുണം-ശരീരത്തിൽ തണ്ടെല്ലും അരയും കൂടുന്ന സ്ഥലം (ചെപ്പു്).

കടിപിടിക്രൂട്ടുക-ശണ്ഠപിടിക്കുക (ശൈലി ഗ്രാമ്യം).

കടിപ്പിക്കുക-കടിചെടുത്തുക, കടിയ്ക്കും നിടയാക്കുക

കടിപ്പു്-പല്ലുകൊണ്ടു മുറിക്കുക.

കടിപ്രദേശം - അര, ശരീരത്തിന്റെ മദ്ധ്യം.

കടിപ്രോഥം-കടിയിൽ ഉന്നതമായ പ്രദേശത്തിന്റെ-ആസനത്തിന്റെ-പേർ. കടിപ്രദേശത്തെ പൂശ്ചിപ്പെടുത്തുന്നതു് എന്നർത്ഥം.

കടിഫലം-അഞ്ജീർ.

കടിയൻ-൧ കടിമ്മിക്കാരൻ, ഇടിയൻ. ൨. കടിക്കുന്ന പട്ടി.

കടിയവൻ-കടപ്പക്കാരൻ.

കടിയർ-'സപ്തഭീതികൊണ്ടു കേരളത്തിൽ നിന്നു പരദേശങ്ങളിൽ ഓടിപ്പോയ ബ്രാഹ്മണർ തിരിയെ വന്നപ്പോൾ കേരളബ്രാഹ്മണർ അവരെ അവരുടെ കൂട്ടത്തിൽചേർത്തില്ല. ഇങ്ങിനെ തിരിയെ വന്നു പാർത്ത ശേഖരത്തിൽ കൊങ്ങിണികളോടുകൂടി വന്നിട്ടുണ്ടായിരുന്ന കൊങ്കണരുക്കു 'കടിയർ' എന്നു പേർ കല്പിക്കപ്പെട്ടു'. (മ. ഭാ. ച.)

കടിയാണ്ണം-കടിഞ്ഞാൺ.

കടിയുക-തെരിഞ്ഞെടുക്കുക, വേർതിരിക്കുക.

കടില്ലകം-൧. പാവൽവള്ളി. ഇതിന്റെ കായത്രെ 'പാവയ്ക്കാ'. 'കറില്ലകം' എന്നതിനു അധികം പ്രചാരമുണ്ട്. ൨. വെന്തഴതാമ. ൩. ചെറുതുളസി.

കടിവായ്-പാമ്പുകടിച്ച മുറിപാടു്, കോമ്പുവായു്.

കടിവാളം-കടിഞ്ഞാൺ.

കടിവാളവാറ-കടിഞ്ഞാണിന്റെ വാറ.

കടിശൃംഖലാ-ചിലങ്കകെട്ടിയ അരഞ്ഞാൺ.

കടിസൂത്രം-അരയിൽകെട്ടുന്ന ചരടു്, അരഞ്ഞാണം.

കടീതലം-ഒരു മാതിരി വളഞ്ഞ വാൾ.

കടീരം, കടീരകം-൧. പിൻഭാഗം, ൨. ഗുഹ.

കടു-വി. ൧. എരിവുള്ള. ൨. ക്രൂരതയുള്ള. ൩. നീരസമുള്ള. ൪. കോപമുള്ള. ൫. ചൂടുള്ള. ൬. അസഹ്യമായ. ൭. ദുർഗ്ഗന്ധമുള്ള. ൮. മത്സരമുള്ള. ൯. അനിഷ്ടമായ.

കടു-൧. എരിവു്. വേണ്ടുവോളം ഭയത്തെ ഉണ്ടാക്കുന്നതു് എന്നർത്ഥം. തീക്ഷ്ണതകൊണ്ടു മുഖത്തെ ആവരണം ചെയ്യുന്നതു്. ൨. തീക്ഷ്ണം. ദുസ്സഹമായിട്ടുള്ളതു്. ൩. കടുകരോഹിണി. രോഗങ്ങളെ തടുക്കുന്നതു് എന്നർത്ഥം. ൪. ചെയ്യരുതാത്ത കാര്യം. ൫. മത്സരം. ൬. കർപ്പൂരം. ൭. കടുക്. ൮. ചുക്ക്. ൯. തിപ്പലി. ൧൦. മണിത്തക്കാളി. ൧൧. തൊഴൽ. ൧൨. എരിവില്ലു. ൧൩. കൊഴിഞ്ഞിൽ.

കടുകന്ദം-൧. ഇഞ്ചി. ൨. മുരിങ്ങ. ൩. വെള്ളുള്ളി.

കടുകൻ-തീക്ഷ്ണൻ.

കടുകപ്പുളിനാരങ്ങാ - വടുകപ്പുളിനാരങ്ങാ എന്നും പറയും. ശീതളമാണ്. അഗ്നിയെ ശമിപ്പിക്കും. അധികം പിത്തകരമല്ല.

കടുകഫലം=തക്കോലം.

കടുകം-൧. മുളകരിയു്. ൨. എരിവുരസം. ൩. മുളക്. ൪. അഴിഞ്ഞിൽ. ൫. എരിക്ക്. ൬. കൈപ്പൻപടവലം. ൭. കരിങ്കടുക്. ൮. കടുകപ്പാല.

കടു(ക)രോഹിണി- ഒരങ്ങാടിമരുന്ന്. പര്യായങ്ങൾ-കടു, കടംഭരാ, അശോകരോഹിണി, മത്സ്യപിത്താ, കൃഷ്ണഭേദി, ചക്രാംഗി, ശകുലാദനി.

[ഇതു പിത്തരോഗം, ചുട്ടുനീറൽ, അരോചകം, ജ്വരം, ശ്വാസകാസം, രക്തപിത്തം, വിഷമജ്വരം, കുഷ്ഠം ഇവയെ ശമിപ്പിക്കും.

കടുകവല്ലി-എരിവുവള്ളി.

കടുക്, കടു-ഒരു ധാന്യം. പര്യായങ്ങൾ -സർഷപം, തന്തുഭം(തുന്തുഭം), കുടുംബരം.

'കടുക് ഭക്ഷണത്തിനു രുചിയുണ്ടാക്കുന്നതും ദഹനത്തിനു സഹായിക്കുന്നതും ചില്ലറ വിഷങ്ങളുടെ ശക്തിയെ തടുക്കുന്നതുമാണെന്നു് ഇംഗ്ലീഷ് വൈദ്യശാസ്ത്രത്തിൽ കാണുന്നു. ഇന്ത്യക്കാർ പുരാതനകാലം മുതല്ക്കു കറികളിലും മറവും കടുക വറുത്തിടുന്നതിന്റെ കാരണം മേല്പറഞ്ഞ ഗുണങ്ങൾ കണ്ടറിഞ്ഞിട്ടുതന്നെയാണു്'.

[വെളുത്ത കടുക്, കറുത്ത കടുക്, ചെറുകടുക്, നാട്ടുകടുക്, കാട്ടുകടുക് ഇങ്ങിനെ കടുക് പലവിധമുണ്ട്].

കടുകാ-പ്ര. കടുരോഹിണി. വ. പേച്ചുര. ന. കൈപ്പൻകായ. ര് വെറിച്ച ക്കൊടി. ൫ ചെങ്കടുക്.

കടുകാഫലം-ലതാകസ്തൂരികാ.

കടുകാലാബു(ബൂ)-ചേച്ചുര.

കടുകി-പ്ര. കടുകരോഹിണി. വ. താഴൽ എന്ന വൃക്ഷം.

കടുകികാ-പ്ര. കാട്ടുപൊന്നാവീരം. വ. കരച്ചുലി. ന ചുണ്ടയ്ക്ക ര്. വേപ്പ്.

കടുകീട(ക)ം-കൊതുക്.

കടുകേ, കടുകന്നേ-അ. പ്ര. വേഗത്തിൽ. വ. ഭയങ്കരമായിട്ട.

കടുകെ, കടുക്കനേ, കടുക്കെന്ന-അ. പ്ര. വേഗത്തിൽ. വ. കടുപ്പമായി.

കടുക്കനേ-വേഗത്തിൽ.

കടുക്കൻ-പുരുഷന്മാർ കാതിലിടുന്ന ഒരാഭരണം.

കടുക്കാ-ഒരൌഷധിമരുന്ന്. പര്യായങ്ങൾ- അഭയം, അവ്യഥാ, പഥ്യാ, കായസ്ഥാ (വയഃസ്ഥാ), പൂതനാ, അമൃതാ, ഹരീതകി, ഹൈമവതി, ചേതകി (രേചകി), ശിവാ, ശ്രേയസി.

[ത്രിദോഷം, വായുമുട്ടൽ, ചുമ, പ്രമേഹം, അർശസ്സ്, കുഷ്ഠം, വീക്കം, ഉദരം, കൃമി, സ്വരഭേദം, ഗ്രഹണി, കഫപ്രസേകം, ഹൃദ്വികാരം, മലബന്ധം, അരുചി, മലബന്ധം, സ്രോതസ്സുകളുടെ തടവ്, വിഷമജ്വരം, പുരാണജ്വരം, വയറുവീർപ്പ്, ഗുന്മം, വ്രണം, ശിരോരോഗം, ഛർദ്ദി, ഇക്കിൾ, ചൊറി, ഹൃദ്രോഗം, കാമല, ശൂല, പ്ലീഹ, യകൃത്ത്, പാണ്ഡു, അതിസാരം, അശ്മരി, മൂത്രകൃച്ഛ്രം, മൂത്രാഘാതം, ബോധക്കേട്, ജരാവ്യാധി ഇവയെ ശമിപ്പിക്കും. അഗ്നിയേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. ഇന്ദ്രിയബലത്തെ ഉണ്ടാക്കും. തടഞ്ഞിരിക്കുന്ന വായുവിനേയും മലത്തെ നേരെ ആക്കും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ ഇളക്കും. ദേഹത്തെ തടിപ്പിക്കും. ബുദ്ധിയെ നന്നാക്കും. യൌവ്വനത്തെ നിലനിറുത്തും. കണ്ണിനും ആയുസ്സിനും നന്ന്.]

കടുക്കാര-കാര എന്ന മരുന്ന്. അങ്കോരി എന്നും പറയും. [അങ്കോരി-നോക്കുക.]

കടുക്കുക-പ്ര. കോപിക്കുക. വ. വലിക്കുക. ന. കടുപ്പമുണ്ടാകുക.

കടുക്കെന്ന-വേഗത്തിൽ. ഉ-ം, 'കടുക്കെന്നുതെളിഞ്ഞുപുരാന്തകൻ'

കടുക്വാണം-ടിട്ടിഭപ്പക്ഷി.

കടുഗ്രന്ഥി-ചുക്ക്.

കടുഗ്രന്ഥി(ക)ം-തിപ്പലിമൂലം.

കടുച്ഛദം-തകരം.

കടുതലർ-ശത്രുക്കൾ.

കടുതായി-അ. കഠിനമായി.

കടുതി-വരുത്തം, സുഖമില്ലായ്മ.

കടുതിക്തം-ചണ്ഡ.

കടുതിക്ത(ക)ം-പ്ര. നിലവപ്പ്. വ. ചണ.

കടുതിക്താ, കടുതിക്തികാ-പേച്ചുര.

കടുതുണ്ഡി, കടുതുണ്ഡികാ-പ്ര. കൈപ്പൻകോവ. വ. പേച്ചുര.

കടുതുംബി, കടുതുംബിനി-പേച്ചുര. പറമ്പപ്പുള്ള ചുര എന്നർത്ഥം.

കടുത്തില-വളഞ്ഞവായായാടുകൂടിയവാൾ. കടുത്തല എന്നും അപൂർവ്വം കാണുന്നു.

കടുത്രയം-ചുക്ക, മുളക, തിപ്പലി ഇവ മൂന്നിനും കൂടിയുള്ള പേർ. മുക്കടുക് എന്നും പറയും.

[കാസശ്വാസം, പീനസം, അഗ്നിസാദം, സ്ഥൂലം മുതലായവയ്ക്കു കട്ടത്രയം നന്ന്.]

കട്ടത്രികാ-കട്ടത്രയം.

കട്ടദലാ-കക്കരി.

കട്ടനിഷ്പാവം-ആറാമര.

കട്ടന്തിരി-അ. കട്ടക്കനെ.

കട്ടന്തുടി-ഉ. ഒരു വാദ്യം, എടയ്ക്കാ. [മഡ്ഡു-നെട്ടന്തുടി. ഡമരു-കട്ടന്തുടി]. ഓ. ഒരു മാതിരി കളിപ്പന്തം.

കട്ടന്തൂക്കം-കിഴക്കാന്തൂക്കമായ സ്ഥലം.

കട്ടന്നിച്ച്, കട്ടന്നൽ-കുത്തുന്നതായ ഒരു മാതിരി ഈച്ച, കടുവി. [കടന്ത എന്നതു നോക്കുക].

കട്ടപത്രികാ-ഉ. വെളുത്ത ചെറുതുളസി. ഓ. പപ്പടകപ്പുല്ല്.

കട്ടപത്രികാ-കാര.

കട്ടപർണ്ണികാ, കട്ടപർണ്ണി-മലംഎരുമ.

കട്ടപാസ്ഥ-പെരുംചീര.

കട്ടഫലം-ഉ. കമ്പിളിവൃക്ഷം, ഓ. ശ്രുവളത്തിൻകായ്. ന. തക്കോലം. ര. കൈപ്പൻപടവലം.

കട്ടഫലാ-ഉ. കൈപ്പൻപടവലം, ഓ. പേച്ചുര ന. പുളിഞ്ചി.

കട്ടപ്പട്ടർ-ശൂദ്രരിൽ താണ ഒരു ജാതി.

കട്ടപ്പാ-ഉ. ഉറപ്പ്. ഓ. ദയയില്ലായ്ക. ന. പ്രയാസം.

കട്ടബീ(വീ)ജാ-തിപ്പലി.

കട്ടബീജികാ-ഉലുവാ.

കട്ടഭംഗാ-ചുക്ക്.

കട്ടഭദ്രാ-ഉ. ചുക്ക്. ഓ. ഇഞ്ചി.

കട്ടമ-കട്ടപ്പം.

'കട്ടമപ്പുനരതിന്നസമമമാന്നമില്ലെന്നാഹോ'
(ചാണക്യസൂത്രം)

കട്ടമഞ്ജരികാ-വലിയ കടലാടി.

കട്ടമാൻ-ഒരു മൃഗം.

കട്ടമീൻ-ഒരു വക മത്സ്യം.

കട്ടമൂലം-തിപ്പലിമൂലം.

കട്ടമോദം-പച്ചപ്പുഴുവ്.

കട്ടരം-മോര്.

കട്ടരകയാളി-മുഴുത്തശത്രു.

കട്ടമ്പ്-ഇമ്പക്കറി.

കട്ടംഭരാ-കട്ടകരോഹിണി.

കട്ടരവാ-തവള.

കട്ടരസം-വരിയൻകക്കരി.

കട്ടരോഹിണി-കട്ടകരോഹിണി.

കട്ടവൻ-പൂച്ച, പന്നി മുതലായവയിലെ ആൺ, ആൺമൃഗം.

കട്ടവറുപ്പ്-കട്ടകം കരുവേപ്പിലയുംകൂടെ നെയ്യിൽ വറുത്തു കറിയിലിടുക.

കട്ടവാ-കാട്ടിലുള്ള ഒരു വൃക്ഷജന്തു.

കട്ടവാക്ക്-ചീത്തവാക്ക്, ശകാരം.

കട്ടവാക്കൂട്ടിൽതലയിടുക-ഉ. സാഹസം പ്രവർത്തിക്കുക. ഓ. ആപത്തിൽചാടുക. (ശൈലി).

കട്ടവാർത്താകി-വെളുത്തകണ്ടകാരിച്ചുണ്ട

കട്ടശർക്കരാ-ചുണ്ണാമ്പ്.

കട്ടശ്രൃംഗാലഃ-ഗൌരസ്വർണ്ണമെന്ന ശാകം.

കട്ടസ്നേഹം-വെങ്കടുക്.

കട്ടങ്കം-ചുക്ക്.

കട്ടല്പടം-ഉ. മരമഞ്ഞൾ. ഓ. ഇഞ്ചി.

കട്ട്-ചില ക്ഷീണവസ്തുക്കളിലുള്ളരസം. [മരച്ചീനിയിൽ കട്ടുള്ളത് നാലംശം അധികം പ്രാവശ്യം ഊററിക്കളയുന്നു]

കട്ട്-ഉ. കൂട്ടിയാച്ചൂ്. ഓ. ചില ആഭരണങ്ങളിൽ വെയ്ക്കുന്നപൊന്നിൻശകലം.

കട്ടക്കാണം-ഉ. ഉടമ്പടിക്കാണം, കൊട്ട് അവകാശം. ഓ. നിലംകൃഷിക്കാരനു ഗുണമില്ലാത്തവിധമുള്ള അനുഭവ മുറ. ന. പ്രേതം കട്ടയിൽ വെയ്ക്കുമ്പോൾ സ്ഥലഉടമസ്ഥനു കൊടുക്കുന്ന പണം.

കട്ടക്കാര-ഒരു വക മുൾച്ചെടി.

കട്ടക്കിടാവ്-ചോരക്കുഞ്ഞ്, പെറ്റു അധികനാളാകാത്ത കുട്ടി.

'കട്ടക്കിടാവുതൻ കൈത്തലംകൊണ്ടുള്ള'
(കൃഷ്ണഗാഥ)

കട്ടക്കരികിൽ-ഒരുവക ചെറിയ പക്ഷി.

കട്ടക്കാൽ-ഫ വിതച്ചതിൽപിന്നീട്ട കട്ടകൾ ഉടപ്പാനുള്ളതും പിടിയുള്ളതുമായ ഒരായുധം. വ. മരത്തൊട്ടി.

കട്ടങ്ങം-കാളയുടെ കഴുത്തിലിടുന്ന വള്ളി വളയൽ.

കട്ടപ്പാര-കട്ട കുത്തിയെടുക്കുന്ന അലകുപാര.

കട്ടയ്ക്കുക, കട്ടയ്പ്പു-കട്ടയായിത്തീരുക, ഉറച്ചു കട്ടയാവുക.

കട്ടറ, കട്ടകറ-തുരുമ്പ്.

കട്ടാക്കട്ടി-ഫ. ഗൃഹസംഭാരം, ഗൃഹത്തിലെ തട്ടുമുട്ടു (സാമാനങ്ങൾ), വ. സ്നേഹിച്ചുള്ള കൂട്ടുകെട്ട്.

കട്ടായം, കട്ടായ്മ-ഫ. കണിശം. വ. സത്യം.

കട്ടായം-കൊത്തന്മാർ കല്ലു കുറക്കെവച്ചു കെട്ടുക [കട്ടായം ↗ ↙നെട്ടായം.]

കട്ടാരം, കട്ടാരി, കഠാരി-ഒരു മാതിരി ആയുധം, ചൊട്ട.

കട്ടാരി-ഫ. ചൊട്ട. വ. ഒരുമാതിരി മരപ്പാത്രം (ഹിന്ദുസ്ഥാനിഭാഷ).

കട്ടി-ഫ. മൂശയിൽ ഇട്ടു ഉരുക്കുന്നതിന് ദ്രവ്യം മുതലായവകൊണ്ടുണ്ടാക്കുന്ന വസ്തു. വ. ഉറപ്പ്. ന. കാഠിന്യം. ര. കനം.

കട്ടിക്കാരൻ, കട്ടിയക്കാരൻ-ഫ. സമർത്ഥൻ. വ. തമിഴ്നാടകങ്ങളിൽ ഹാസ്യരസം പ്രകടിപ്പിക്കുന്ന ഒരു പാത്രം കഥകളിയിൽ ഈ പാത്രത്തിനു 'മീര' എന്നു പേർ. നാടകത്തിൽ 'വിദൂഷകൻ'

കട്ടിക്കുക-കട്ടം വയ്ക്കുക.

കട്ടിൽ, കട്ടിൾ-കിടക്കുന്നതിനുള്ളവസ്തു. പലകക്കട്ടിൽ, കയറുകട്ടിൽ മുതലായി പലതരമുണ്ട്. പര്യായങ്ങൾ-മഞ്ചം, പര്യങ്കം, പല്യങ്കം, ഖട്വാ

കട്ടിൽസ്ഥാനം-നായന്മാർ അവരവരുടെ ഭാര്യക്കും കഞ്ഞുങ്ങൾക്കും കൊടുക്കുന്ന വസ്തുക്കൾ.

കട്ടിള-കതകു തൊടുപ്പാൻ മരംകൊണ്ടുണ്ടാക്കി ചുവരിൽ ഉറപ്പിക്കുന്ന വസ്തു.

കട്ടിളക്കാൽ-കട്ടിളയിൽ ഇടത്തും വലത്തും നീളത്തിൽപണിതുനിറുത്തുന്നകാൽ.

കട്ടുമുള്ള്-കോഴിയുടെ കാലിലേ മുള്ള്.

കട്ടോടം-പ്രസവിച്ചുകിടക്കുന്ന സ്ത്രീകൾക്കും ദീനക്കാർക്കും ഉപകരിക്കുന്ന ഒരു മരപ്പാത്രം, മരത്തൊട്ടി.

കട്ടോടാചാത്തൻ-ഒരുവക പക്ഷി, ചേഴംമ്പൽ.

കട്(ഠം)ഫലം-ഫ. ചെറുകമിഴ്. മരത്തെ മറപ്പാൻ തക്കവണ്ണം ഫലമുള്ളത് എന്നർത്ഥം. വ. കുമ്പിൾ. ന. തേക്കമരം

കട്ഫലാ-ഫ. വെളുത്ത ചെറിയ വെള്ളരി വ. മണിത്തക്കാളി. ന. തക്കാരി വഴുതിന. ര. ദേവതാളി. ഇ. കമിഴ്. ന. ചെറുവഴുതിന.

കട്ഭ്യാലം-കുമ്പിൾ വൃക്ഷം.

കട്ഭ്രാവ്-ഒരു വക ചെമന്ന ശില.

കഡംഗൻ-ദിലീപൻ എന്ന രാജാവ്.

കഡംഗം-പലകപ്പയ്യാനി, പെരുമരം.

കഡാരം-മോര്.

കഡി-ഫ. കടുരോഹിണി, വ. എരിവള്ളി ന. പലകപ്പയ്യാനി.

കഠര-വി. കഠിനമായ.

കഠാക-ഒരു പക്ഷി.

കഠാരം-കഠാരി, കട്ടാരി.

കഠാഹകം-മഞ്ഞ്.

കഠിക-എഴുത്തുകല്ല്.

കഠിഞ്ജരം-ഫ. തുളസി,ചെറുതുളസി. വ. കഞ്ജകം. കഠിനമായ വസ്തുവിനെക്കൂടി ജരിപ്പിക്കുന്നത് എന്നർത്ഥം. ന. ചെറുമുലകം.

കഠിന-വി. ഫ. ഉറപ്പുള്ള. വ. കട്ടപ്പമായ, മൃദുവല്ലാത്ത. ന. ക്രൂരമായ.

കഠിനകം-ആമ.
കഠിനകോഷ്ഠം-മരുന്നു കടിച്ചാലും ഇളകാത്ത വയറ്.
കഠിനപൃഷ്ഠ(ക)ം-ആമ.
കഠിനം-ഫ. കട്ടപ്പമായിട്ടുള്ളത്. പര്യായങ്ങൾ-കർക്കശം, കഠിനം; ക്രൂരം, കഠോരം, നിഷ്ഠുരം, ദൃഢം, ജരഠം, മൂർത്തം, മൂർത്തിമത്ത്. വ. (സാഹിത്യസാഹ്യപ്രകാരം) രീതികളിൽ ഒന്ന്. ന. വരക്.
കഠിനാ-ഫ. ഒരു മൺപാത്രം. വ. ഒരു മധുര പലഹാരം. ന. എഴുത്തുകല്ല്. ര. കാട്ടത്തി.
കഠിനി, കഠിനികാ-ഫ കൽച്ചുണ്ണാമ്പ്. വ. ചെറുവിരൽ. ന. എഴുത്തുകല്ല്.
കഠിനീഭൂത-വി. കഠിനമായിഭവിച്ച.
കഠില്ലകം-ഫ. പാവൽവള്ളി. [കടില്ലകം നോക്കുക.] വ. വെന്തഴതാമ.
കഠേരൻ-ദരിദ്രൻ (പാപ്പർ), ഇരപ്പാളി, ഭിക്ഷക്കാരൻ.
കഠോര-വി. ഫ. കട്ടപ്പമായ, കട്ടിയുള്ള. വ. ക്രൂരതയുള്ള. ന. ഭയങ്കരമായ.
കഠോരഗിരിമാഹാത്മ്യം-ബ്രഹ്മാണ്ഡ പുരാണത്തിൽ ഒരു ഭാഗം.
കഡ-വി. ഫ. ഒച്ചഅടപ്പുള്ള. വ. ഉരിയാടാത്ത. ന. മൂഢതയുള്ള.
കഡംകരം, കഡംഗരം-ഫ. പതിര്. കളത്തിൽ പരക്കുന്നത് എന്നർത്ഥം. മറെറാരുപര്യായം-ബുസം വ. വയ്ക്കോൽ.
കഡംഗം-ലഹരിയുള്ള മദ്യം.
കഡാമ്പം-ചീരത്തണ്ടു മുതലായതിന്റെ പേർ മരത്ത ചെയ്യുന്നത് എന്നർത്ഥം.
കഡംബരാ-ചീരത്തണ്ട്.
കഡംബി-വലിയ വരച്ചീര.
കഡാര-വി. കരാൽനിറമുള്ള, തവിട്ടുനിറമുള്ള.
കഡാരം-ഗോരോചനത്തിന്റെനിറത്തോടൊത്ത നിറം (പിംഗളവർണ്ണം). കണ്ണിനെ ആശ്ചര്യപ്പിക്കുന്നത് എന്നർത്ഥം. മട്ടകത്തിന്റെ കഴുത്തിലെ രോമത്തോട് തുല്യമായ നിറം എന്നും പക്ഷാന്തരം. തവിട്ടുനിറം, കരാൽ എന്നു സാധാരണ പറയുന്നു.
കഡിലുതം-വാഠം.
കണ-ഫ. ദേഹം ചടയ്ക്കുന്നതും സാധാരണ കട്ടികൾക്കണ്ടാകുന്നതുമായ ഒരു ദീനം. വ. തിപ്പലി. ശബ്ദിക്കുന്നത്, എരിവുള്ളത് എന്നർത്ഥം. ന. ജീരകം. സ്വല്പാവയവങ്ങളുള്ളത് എന്നർത്ഥം. (മലയാളത്തിൽ.) ര. ഇല്ലിയുടെ ശിഖരം, ഇല്ലിക്കണ. ഠ. അമ്പു (ശരം). ണ. ചക്കകണ ൧. വാളിന്റെയുംമറും പിടി.
കണക്കധികാരം-കണക്ക പഠിക്കുന്നതിനുള്ള ഒരു പുസ്തകം.
കണക്കൻ-ഫ. കണക്ക പഠിച്ചവൻ വ. കണക്കെഴുത്തുകാരൻ, പിള്ള. ന. ഒരു താണജാതിക്കാരൻ.
കണക്കപ്പിള്ള-കണക്കെഴുതുന്ന ആൾ.
കണക്കാക്കുക-വേണ്ടുംപ്രകാരമായിത്തീരുക.
[കണക്കാക്കപ്പെടുവാൻ ശക്യമായിട്ടുള്ളതിനു 'ഗണനീയം', 'ഗണ്യം' എന്നും, കണക്കാക്കപ്പെട്ടതിനു 'സംഖ്യാതം' 'ഗണിതം' എന്നും പര്യായങ്ങൾ.]
കണക്കിടുക-എണ്ണുക.
കണക്കിലാക്കുക-ഫ. വേണ്ടുംപ്രകാരമാക്കുക, നല്ലവണ്ണമാക്കുക. വ സാധിപ്പിക്കുക.
കണക്ക്-വി. കൊള്ളാവുന്ന, ഉചിതമായ.
കണക്ക്-ഫ എണ്ണം, സംഖ്യ. വ. സംഖ്യനിശ്ചയിച്ചെഴുതിയ കടലാസുംമററും. ന. കണക്കധികാരപ്പുസ്തകം. ര. വരവിനും ചെലവിനും വിവരം എഴുതിയ എഴുത്ത്. ഠ. കണക്കെഴുത്തുകാരന്റെ ഉദ്യോഗം.

**കണകത്തു്** - വസ്ത്രം ഉടുക്കുമ്പോൾ അരയിൽ ഉറപ്പിച്ചിരിക്കുന്നഭാഗം, വസ്ത്രത്തിന്റെകെട്ടു, സ്ത്രീകൾ അരയിൽ ഉടുക്കുന്ന വസ്ത്രം അഴിഞ്ഞുപോകാതിരിപ്പാൻവേണ്ടി ഉള്ളിലേയ്ക്കു തിരുകുമ്പോൾ അതു തിരുകൽകൊണ്ടുണ്ടാകുന്ന മുഴ. [സംസ്കൃതത്തിൽ-നീവി.]

**കണകസാരം** - കണക്കു പഠിപ്പാനുള്ള ഒരു പുസ്തകം.

**കണക്കേ, കണക്കനേ** - അ. പോലെ, വിധത്തിൽ.

**കണങ്കാൽ** - മുഴങ്കാൽ, കാൽമുട്ടിനുതാഴെ പാദത്തിനു മുകളിലുള്ളഭാഗം. പര്യായങ്ങൾ - ജംഘാ, പ്രസൃതാ.

**കണങ്കുത്തു്** - കണക്കുത്തു്. [കണക്കുത്തു് എന്നതു നോക്കുക.]

**കണങ്കൈ** - കൈകളുടെ പത്തിക്കുമേൽ മുട്ടിനുതാഴെയുള്ള ഭാഗം.

**കണജീരകം** - ചെറുജീരകം, വെളുത്ത ജീരകം.

**കണജീർണ്ണ** - വെളുത്ത ജീരകം.

**കണപം** - കുന്തം, ഈട്ടി, വേൽ, ഉടക്കുളി.

**കണപ്പുൽ** - നല്ലകൂൺ.

**കണപ്പു്** - ചതുരശ്രത്തിന്റെ കോണു്.

**കണപ്പുമട്ടം** - ചതുരശ്രം.

**കണപ്പൂട്ടു്** - മൂക്കുത്തിപ്പൂവു്.

[ഇതിനു കാട്ടുജവന്തി എന്നു പറയും. കുഞ്ഞുങ്ങളുടെ ശൂല, കണ, ശോഫം ഇത്യാദികൾക്കു നന്നു്.]

**കണം** - ൧. തുള്ളി. ൨. വളരെ ചെറിയ അംശം, അല്പം. കാണ്മാൻ കഴിയാത്തതെന്നർത്ഥം. ൩. ധാന്യങ്ങളുടെ കണ്ണു്. ൪. അഗ്നി, രത്നം മുതലായതിൽനിന്നു പുറപ്പെടുന്ന ചെറിയ ശകലം. ൫. തിപ്പലി. 'ത്രായന്തീമുസ്തഭൂനിംബകലിംഗകണചന്ദനൈഃ' എന്നു് അഷ്ടാംഗഹൃദയം. ൬. നവഞ്ഞരി.

**കണമരം** - ഈന്തു.

**കണമ്പു്** - ഒരുവക മത്സ്യം.

**കണയം** - കുന്തം എന്ന ആയുധം.

**കണയാഴി** - കാലിൽ ഇടുന്ന ഒരാഭരണം. 'പൊൻചിലമ്പണിനല്ല മിഞ്ചുമക്കണയാഴി'
(വാല്മീകിരാമായണം)

**കണയെണ്ണ** - ചക്കിന്റെ കണ അല്ലെങ്കിൽ ഉലക്കയിൽ നിന്നെടുക്കുന്ന എണ്ണ.
[ഇതു വാതത്തിനു നന്നു്. ചൊറിചിരങ്ങിനു വിശേഷം. കൃമിഹരമാണു്.]

**കണലാഭം** - ജലത്തിലുണ്ടാകുന്ന ചുഴി, നീർച്ചുഴി.

**കണവൻ** - ഭർത്താവു്.

**കണവില്ലു്** - ഒരുമാതിരി വില്ലു്.

**കണവീരം** - ഒരു പച്ചമരുന്നു്. പര്യായങ്ങൾ - പ്രതിഹാസം(പ്രതീഹാസം) ശതപ്രാസം, ചണ്ഡാതം, ഹയമാരകം, കരവീരം. കണവീരം 'അലരി'യുടെ പേരെന്നും അഭിപ്രായം കാണുന്നു.
[കണവീരം ബാലന്മാർക്കു നന്നു്. വൃഷ്യവും സർവ്വദോഷഹരവുമാകുന്നു.]

**കണശഃ** - അ. ശകലംശകലമായി, തുള്ളിതുള്ളിയായി, കുറച്ചുകുറച്ചു്.

**കണാ** - ൧. തിപ്പലി. ൨. ജീരകം. വെളുത്തജീരകം. ['കണ' എന്ന ശബ്ദം നോക്കുക.]

**കണാഖ്യാ** - വെൺജീരകം.

**കണാടീര(കി)ം** - കരിംകുരികിൽ.

**കണാദൻ** - തട്ടാൻ.

**കണാദൻ, കണഭക്ഷകൻ, കണഭുക്കു്** - വൈശേഷിക ദർശനം സ്ഥാപിച്ച ഒരു ഋഷിക്കു ചിലർ കൊടുത്ത പരിഹാസപ്പേർ. അണുക്കളെ ഭക്ഷിക്കുന്നവൻ എന്നർത്ഥം.

**കണാമൂലം** - കാട്ടുതിപ്പലിവേരു്, തിപ്പലിമൂലം.

**കണാഹ്വാ** - വെളുത്ത ജീരകം.

കണി-പ്ര. പക്ഷികളേയും മററും പിടി ക്കാൻ വെയ്ക്കുന്ന ഒരു സൂത്രം, കുരുക്ക്. വ. രാവിലെ ഉണരുമ്പോൾ ആദ്യം കാ ണുന്ന വസ്തു. ന. വിഷുക്കണി.

കണികൻ-ധൃതരാഷ്ട്രരുടെ മന്ത്രിപ്രധാ നി. (ബ്രാഹ്മണനാണ്.)

കണികാ-പ്ര. മുത്ത. ശബ്ദിക്കുന്നതെന്ന ർത്ഥം. വ. അതിസൂക്ഷ്മമായ വസ്തു, പര മാണു, അല്പം, ശകലം. ന. ജീരകം ര. തിപ്പലി.

കണികാണുക-രാവിലേ ഉണരുമ്പോൾ ആദ്യമായി ഒരു വസ്തുവിനെ കാണുക (ഇതു വിഷുദിവസം പ്രധാനം.)

കണികം-പ്ര. അല്പമായ വസ്തു. വ. തു ള്ളി. ന. ധാന്യങ്ങളുടെ കണ്ണ്. ര. അ ഗ്നി രത്നം മുതലായവയിൽ നിന്നു പുറ പ്പെടുന്ന ശകലം. ഇ. ശത്രു.

കണിക്കുക-പ്ര. കണിവെയ്ക്കുക, വ. കട യുടെ ചട്ടം-ഉരുവം-ഉണ്ടാക്കുക.

കണിപ്പ്-അവയവങ്ങളുടെ സന്ധി.

കണിയട്ട-ഒരുമാതിരി ചെറിയ കറുത്ത അട്ട.

കണിയാട്ടി-കണിയാന്റെ സ്ത്രീ.

കണിയാൻ-കമ്മാളന്മാരിൽ ഒരു ജാതി, ഇവൎക്ക ജ്യോതിശ്ശാസ്ത്രം പഠിപ്പാണ വൃ ത്തി. ചിലർ ഓലക്കുടയുണ്ടാക്കുന്നവരാ യുമുണ്ട്.

കണിയാരക്കുറുപ്പ്, കണിയാരപ്പ ണിക്കർ-കണിയാന്മാരിൽ ഒരു ജാതി, അവരുടെ ക്ഷൌരക്കാരും മററും.

കണിയാരം-മുള, ഇല്ലി.

കണിവെയ്ക്കുക-പ്ര. വിഷുദിവസം രാ വിലെ ഉണൎന്നാൽ ആദ്യമായിക്കാണുന്ന തിനു പുഷ്പം മുതലായതു വെയ്ക്കുക. വ. കുരുക്കുവെയ്ക്കുക.

കണിശൻ-കണിയാൻ.

കണിശം-പ്ര. തൂക്കത്തിന്, കതിര് ക ണങ്ങൾ (മണികൾ) ഉള്ളതെന്നർത്ഥം. മറെറാരു പൎയ്യായം-'സസ്യമഞ്ജരി'. വ. (മലയാളത്തിൽ) ഠെക്കം.

കനിക-വി. പ്ര ഏററവും ചെറുതായ. വ ഇളയ.

കനിവി-ചെമന്ന കനി.

കനീയസ്സ് - ഏററവും ചെറുതായതു്. [പുല്ലിംഗം-കനീയാൻ. സ്ത്രീ-കനീയ സി].

കണേരം-ചെറുകൊന്ന.

കണേരു-ചെറുകൊന്ന. വ. പെണ്ണാന.

കൺകുരു-കണ്ണിലുണ്ടാകുന്ന കുരു.

കൺകുഴി-കണ്ണിന്റെ കുഴി.

കൺകുഴിയൻ-ഒരു വക മസൂരി.

കൺക്രുലി-കണ്ടുപിടിക്കുന്നതിനുള്ളകൂലി

കൺകെട്ട്-ഇന്ദ്രജാലം, ചെപ്പടിവിദ്യ.

കൺകേട്-കാഴ്ചക്കുറവു്.

കൺകൊത്തി(പാമ്പു്)-ചിത്രസൎപ്പം (പച്ചിലപ്പാമ്പ്, പച്ചിലപ്പാമ്പ്). 'മണ്ഡലി' എന്നും പറയുന്നുണ്ടു്. പൎയ്യായ ങ്ങൾ-മാലുധനം, മാതുലാഹി.

കൺകോച്ചുക-കണ്ണടക്കുക.

കൺപൊലിയുക-ഉറങ്ങുക.

കണ്ട-വി. മുള്ളുള്ള.

കണ്ട-ക്രി., ചേമ്പു മുതലായ കിഴങ്ങ്.

കണ്ടക-വി. ഉപദ്രവകാരണമായ.

കണ്ടകതാ-ദുഷ്ടത, മൂഢത.

കണ്ടകദ്രുമം-ഇലവ്.

കണ്ടകൻ-പ്ര. കള്ളൻ. വ. ക്രൂരൻ. ന. നിന്ദ്യൻ. ര. ശത്രു.

കണ്ടകപ്രാവൃത-കററവാഴ.

കണ്ടകഫല -പ്ര. പ്ലാവ്. വ. വലിയ ഞെരിഞ്ഞിൽ.

കണ്ടകഭക്ഷണം-ഒട്ടകം.

കണ്ടകഭുക്ക് -ഒട്ടകം.

കണ്ടകം-പ്ര രോമാഞ്ചം. വ. മുള്ള്. ന. സൂചിയുടെ മുന. ര. സൂചിമുനപോലെ കൂൎത്തതു്. ഇ. മത്സ്യത്തിന്റെ എല്ല്. ന്യ.

(ജ്യോതിഷം) ഉദയം, നാല്, ഏഴ്, പത്ത് ഈ നാലു രാശികൾ. ൧. ശത്രു. വൃ. മുള.
കണ്ടകവൃക്ഷം-ഇലവ്.
കണ്ടകവൃന്താകി-തക്കാരിവഴുതിന.
കണ്ടകശ്രേണി-പ്ര. കണ്ടകാരിച്ചുണ്ട. ദ്വ. മുള്ളൻപന്നി.
കണ്ടകാഗാരം-ഒരു മാതിരി പുഴു
കണ്ടകാഢ്യ-ഇലവ്.
കണ്ടകാഢ്യം-മുള്ളുചെമന്തി.
കണ്ടകാര കട്ടക്കാര.
കണ്ടകാരം-വയ്യംകതക്. ദ്വ. ഇലവ്.
കണ്ടകാരി, കണ്ടകാരികാ-പുത്തരിച്ചുണ്ട. കണ്ടകാരിച്ചുണ്ട എന്നും പറയുന്നുണ്ട്. കണ്ടങ്കത്തിരി, കട്ടക്കാര എന്ന മറ്റൊരഭിപ്രായം. പര്യായങ്ങൾ-നിദിഗ്ധികാ, സ്പൃശി, വ്യാഘ്രി, ബൃഹതി, കണ്ടകാരികാ, പ്രചോദനി, കുലി, ക്ഷുദ്രാ, ദുസ്പർശാ, രാഷ്ട്രികാ.
[ഇത് എരിവും കയ്പും ഉള്ളതാകുന്നു കാസശ്വാസങ്ങൾ, അരോചകം, വാതം, ആമദോഷം, ഹൃദ്രോഗം, പീനസം, അഗ്നിമാന്ദ്യം, കഫവാതജ്വരം ഇവയെ ശമിപ്പിക്കും.]
കണ്ടകാലം-പിലാവ്.
കണ്ടകാലുകാ-വെക്കൊടിത്തൂവ.
കണ്ടകാശനം-ഒട്ടകം.
കണ്ടകി-വി. മുള്ളുള്ള.
കണ്ടകി-പ്ര. മലങ്കാര. ദ്വ. വലിയഞെരിഞ്ഞിൽ. ന. കൂവളം. ര. ചെറുവഴുതിന ൭. നിലാവപ്പ്. ന്റ. ചന്ദനമരം. ൯ കരിങ്ങാലി. വൃ. മുരിക്ക്. ൻ. മുള. പ്രാ. വയ്യംകതക്. പ്ര. മത്സ്യവകഭേദം
കണ്ടകിദുമുല്പകൾ-ഒരുമാതിരിപ്പുണി.
കണ്ടകിത-വി. പ്ര. മുള്ളുള്ള. ദ്വ. രോമാഞ്ചമുണ്ടാകുന്ന.
കണ്ടകിദലാ-പൂക്കൈത.
കണ്ടകിദ്രുമം-ഇലവ്.
കണ്ടകിനി-പ്ര. കണ്ടകാരിച്ചുണ്ട. ദ്വ. ചെറുവഴുതിന. ന. മുൾക്കുരുഞ്ഞി. ര. തക്കാരിവഴുതിന.
കണ്ടകിഫലം, കണ്ടകഫലം-പ്ര. പിലാവ്. മുള്ളുള്ള ഫലമുള്ളതെന്നർത്ഥം. ദ്വ. മാങ്ങാനാറി, വലിയ ഞെരിഞ്ഞിൽ. ര. അയിനി
കണ്ടകിംശുകം-മുരിക്ക്.
കണ്ടകിവൃക്ഷം-ഇലവ്.
കണ്ടകീടകം-ഓടമരം.
കണ്ടകീദ്രുമം-കരിങ്ങാലി.
കണ്ടകീഫലം-പ്ലാവ്.
കണ്ടകുബ്ജം-സന്നിപാതം.
[തലവേദന, കഴുത്തുകുനക, ചൂട്, ബോധക്ഷയം, വിറയൽ, പനി, രക്തം തുപ്പുക, വായുകോപം, വായ് തുറപ്പാൻ പ്രയാസം, സന്താപം, വിളിച്ചുപറയുക, ഇന്ദ്രിയസാദം ഇവയത്രേ ഇതിന്റെ ലക്ഷണങ്ങൾ. കഷ്ടസാദ്ധ്യമാണ്.]
കണ്ടകരണ്ടം-മുൾക്കുരുഞ്ഞി.
കണ്ടതനു-ചെറുവഴുതിന.
കണ്ടത്തിൽനായർ-കോഴിക്കോട്ടിലെ ഒരു പ്രസിദ്ധനായ കാര്യസ്ഥൻ.
കണ്ടദലാ-പൂക്കൈത.
കണ്ടൻ-ആൺ. ഉ-ം, കണ്ടൻപൂച്ച. [സ്ത്രീലിംഗം-ചക്കിപ്പൂച്ച].
കണ്ടപത്രം, കണ്ടപത്രഫല-ബ്രഹ്മദണ്ഡി
കണ്ടപത്രം-വയ്യംകതക്.
കണ്ടപത്രികാ-തക്കാരിവഴുതിന.
കണ്ടപാദം-വയ്യംകതക്.
കണ്ടപുംഖാ, കണ്ടപുംഖികാ-മുള്ളൻകൊഴിഞ്ഞിൽ.
കണ്ടഫല-പ്ര. പ്ലാവ്. ദ്വ. (ചെറിയ) ഞെരിഞ്ഞിൽ. ന. കഴഞ്ചി. ര. ഉമ്മത്ത്. ൭. വെള്ളത്താവണക്ക്,
കണ്ടഫലാ-പ്ര. പാവൽ. ദ്വ. ബ്രഹ്മദണ്ഡി. ന. വെളരി. ര. ഢിംഢിശം. ൭. നെയ്പാവൽ.

കണ്ഠഃ-വയൽ. വ. കഷണം, ഖണ്ഡം.

കണ്ഠംമുണ്ട്-ഉറക്കത്തിന വിരിക്കുന്നൊരു മുണ്ടു.

കണ്ഠൽ-പ്ര. കായൽത്തീരങ്ങളിലും മറവും നില്ക്കുന്ന ഒരു വൃക്ഷം. വ. പാതിപഴുത്ത ഫലം.

കണ്ഠലം-പ്ര. കണ്തലം. വ. ഒരു ചെടി.

കണ്ഠവല്ലി-പുളിഞ്ചി.

കണ്ഠവൃന്താകി-തക്കാരിവഴുതിന.

കണ്ഠശല്മലി-മുള്ളിലവു്.

കണ്ഠശ്ശർക്കര-നിക്കണ്ടിശക്കര, ഒരുവിധം ശക്കര, കട്ടയായശക്കര. പൎയ്യായങ്ങൾ-മത്സ്യണ്ഡി, ഫാണിതം.

കണ്ഠങ്കാര-കട്ടക്കാര.

കണ്ഠങ്കി, കണ്ഠാങ്കി-പണ്ടിയിലും മറവുമുള്ള സ്ത്രീകൾ ഉടുക്കുന്ന ഒരു വക ചേല.

കണ്ഠാഫലം-പ്ലാവു്.

കണ്ഠാരികാ-കണ്ടകാരിച്ചുണ്ട

കണ്ഠാൎത്തഗളാ-മുൾക്കുറുഞ്ഞി. കറുത്ത പൂവുള്ളതു് ഔഷധത്തിന നന്നു്).

കണ്ഠാലം-മലങ്കാര.

കണ്ഠാലി, കണ്ഠാലികാ-കണ്ടകാരിച്ചുണ്ട.

കണ്ഠാലു-പ്ര. മുള. വ. ചെറുവഴുതിന. ന. വെൾവേലം. ര. തക്കാരിവഴുതിന. ഉ. കക്കരി. ന്റ. മുള്ളൻകൊഴിഞ്ഞിൽ.

കണ്ഠാലും-അ. പ്ര. അത്ഭുതം തോന്നുമ്പോൾ ചിലർ പറയുന്ന ഒരു വാക്കു്. വ. നോക്കിയാലും, കണ്ണിന വിഷയമാക്കിച്ചെയ്താലും.

കണ്ഠി-പ്ര. ഇരുപത്തെട്ടു തുലാം കൂടിയതു. വ. നാലു തുമരമുള്ള തടി. ന. കട്ടയായതു്. ര പായൽ, ചാണ്ടി. ഉ. അഞ്ചുറ റാത്തൽ.

കണ്ഠിക്കൻ(ചേല)-കട്ടം പച്ചനിറമുള്ള ഒരു വക ചേല.

കണ്ഠിക്കാർ-കട്ടയായുള്ള മേഘം.

കണ്ഠിക്കാർകുഴൽ, കണ്ഠിക്കാർകുന്തൽ-മേഘം പോലെ കറുത്തും നീണ്ടുമുള്ള തലമുടി.

കണ്ഠിക്കുക-മുറിച്ചു വേർതിരിക്കുക.

കണ്ഠിലവു്-ഇലവിന്റെ വകഭേദം, മുള്ളിലവു്.

കണ്ഠിവാർകുഴലി-സുന്ദരി, കറുത്ത തലമുടിയുള്ള സ്ത്രീ.

കണ്ഠിവെണ്ണ-ഒരങ്ങാടിമരുന്നു.

[ഉഷ്ണമാണു്. വ്രണം, ചൊറി ഇവയെ കളയും. കേശത്തിന നന്നു്. ത്രിദോഷങ്ങളെ കളയും. തൃഷ്ണാ, ഛർദ്ദി, ജ്വരം, വിഷൂചിക ഇവയെ ശമിപ്പിക്കും].

കണ്ടുകാഴ്ച-കാഴ്ചവെച്ചു കാണുക.

കണ്ടുകൃഷി-രാജാവിന്റെ വകയായിട്ടുള്ള ഒരു കൃഷി.

കണ്ടുകെട്ടു്-സൎക്കാരിൽ നിന്നും ഒരുവന്റെ വസ്തു വില്ക്കുന്നതിനായി നിശ്ചയിക്കുമ്പോൾ അതിനെ കണ്ടെഴുതി സൂക്ഷിക്കുക.

കണ്ടെഴുതുക-പ്ര. നിലം അളന്നും വൃക്ഷങ്ങൾ എണ്ണി തരംതിരിച്ചും കണക്കിൽ പതിക്കുക. വ. ഒന്നിനെക്കണ്ടു മാറാതെ പോലെ എഴുതുക.

കണ്ടെഴുത്തു്-നിലം പറമ്പു മുതലായതു കണ്ടു നിശ്ചയിച്ചു കണക്കെഴുതുക.

'പണ്ടത്തെക്കണ്ടെഴുത്തെന്നതിനെയനുസരി-
ച്ചിപ്പോഴും നാട്ടിലെല്ലാം
കണ്ടിട്ടും വൃക്ഷമാലം വയൽ പുരയിടമെ-
ന്നുള്ള വസ്തുക്കളൊക്കെ
വേണ്ടുംപോൽചെന്നുകണ്ടിട്ടവയിലിടപെട്ടു
നല്ലതില്ലൊക്കെ നോക്കി-
ക്കണ്ടുള്ളതൻകരംചേർപ്പാന തുറയുടെ പേർ
കണ്ടെഴുത്തെന്നുനാം'

(ഹരൂർവിലാസം മണിപ്രവാളം)

കണ്ടേടം-അ. എല്ലാടവും, എവിടെയെങ്കിലും.

**കണ്ഠോ!**-(വ്യാകരണത്തിൽ) ഒരു പ്രധാന വ്യാക്ഷേപകം.

**കണ്ഠോഷ്ഠ്യം**-മുച്ചുണ്ട്.

**കണ്ഠകാണ്ഡം**-കഴുത്തിൻതണ്ട്.

**കണ്ഠതലാസിക**-കുതിരയുടെകഴുത്തിൽ കെട്ടുന്ന തോൽ (കയർ).

**കണ്ഠദേശം**-കഴുത്ത്.

**കണ്ഠധ്വനി, കണ്ഠനാദം**-കഴുത്തിനകത്തുനിന്നു പുറപ്പെടുന്ന ശബ്ദം, അട്ടഹാസം.

**കണ്ഠനാളം**-കഴുത്തിൻതണ്ട്.
'കണ്ഠനാളമഴകിൽതിരിച്ചനവപദം'
(അഭിജ്ഞാനശാകുന്തളം)

**കണ്ഠനീഡകം**-പ്ര. പരുന്ത്. വ. അളിക്കൺകുരുവി.

**കണ്ഠഭൂഷാ**-കഴുത്തിൽ കെട്ടുന്ന ആഭരണം, കണ്ഠാലങ്കാരം. മറ്റൊരുപര്യായം 'ഗ്രൈവേയകം'.

**കണ്ഠം**-പ്ര. കഴുത്ത്. വ. ചങ്ക്. ശബ്ദിക്കുന്നത് എന്നർത്ഥം.
'കണ്ഠാശ്ലേഷ സന്നിധാനേ
ധ്വാനേന മന്ദപാദമവേ' (വിശ്വം)
ന. മലങ്കാര.

**കണ്ഠമാല**-പ്ര. കഴുത്തിലുണ്ടാകുന്ന ഒരു മന്തിരി പരുക്കാം. വ. കഴുത്തിലിടുന്ന ആഭരണം.

**കണ്ഠരോഗം**-കഴുത്തിലുണ്ടാകുന്നരോഗം.

**കണ്ഠശാലൂകം**-തൊണ്ടയിൽ ഉണ്ടാകുന്ന ഒരു രോഗം.
[തൊണ്ടയിൽ ലന്തക്കുരു പ്രമാണത്തിൽ പരുപരുത്തിട്ടും ഉറച്ചിട്ടും മുള്ളുപോലെയോ നെല്ലിന്റെ ഓകുപോലെയോ വേദനയോടുകൂടി നീരുണ്ടാകും ഇതു ശസ്ത്രക്രിയകൊണ്ടു സാദ്ധ്യം.]

**കണ്ഠസൂത്രം**-കഴുത്തിൽ കെട്ടുന്ന ചരട്, താലി.

**കണ്ഠാഭം**-ഒരു രാഗം.

**കണ്ഠാലം**-പ്ര. വള്ളം. വ. യുദ്ധം. ന. ഒട്ടകം. ദ്. മൺവെട്ടി. ഉ. സഞ്ചി. നൃ. ചേന.

**കണ്ഠാലങ്കാരം, കണ്ഠാഭരണം**-കഴുത്തിൽ കെട്ടുന്ന ആഭരണം.

**കണ്ഠീരവം**-സിംഹം. വ. മാടപ്രാവ്.

**കണ്ഠീരവി**-ആടലോടകം.

**കണ്ഠീലം**-ഒട്ടകം.

**കണ്ഠേകാളൻ**-ശിവൻ.
'കണ്ഠേകാളജടാലംകാരം'
(ദക്ഷയാഗംകഥകളി)

**കണ്ഠ്യങ്ങൾ**-പ്ര. കണ്ഠത്തെ സംബന്ധിച്ചവ. വ. (വ്യാകരണത്തിൽ) ക, ഖ, ഗ, ഘ, ങ, അ, ഹ ഇവ ഏഴും തൊണ്ടയാകുന്ന കണ്ഠത്തിൽനിന്നു ജനിക്കയാൽ കണ്ഠ്യങ്ങൾ.

**കണ്ഡനം**-ധാന്യം അടിക്കുക.

**കണ്ഡനി**-ഉലക്ക.

**കണ്ഡം**-ചിരങ്ങ്.

**കണ്ഡാനകൻ**-ശിവന്റെ ഒരു ഭൃത്യൻ.

**കണ്ഡുരം**-പാവൽ.

**കണ്ഡുര(ല)ാ**-പ്ര. വെററിലപ്പുളി. വ. നായ്ക്കുരണ.

**കണ്ഡൂരാ, കണ്ഡൂകരി**-നായ്ക്കുരണ.

**കണ്ഡൂ, കണ്ഡൂതി, കണ്ഡൂയാ**-ചൊറി. ശരീരത്തിന്മേൽ ഉരയ്ക്കുന്നത്.

**കണ്ഡൂഘ്നം**-പ്ര. വൻകൊന്ന. വ. വെങ്കടുക്.

**കണ്ഡൂയനം**-ചൊറിയുക.
'കണ്ഡൂയനമതുകൊണ്ടുമയക്കി'
(ദുര്യോധനവധംകഥകളി)

**കണ്ഡൂരാ, കണ്ഡൂലാ**- നായ്ക്കുരണ. ചൊറിയുണ്ടാക്കുന്നത് എന്നർത്ഥം.

**കണ്ഡോലം**-ചേന.

**കണ്ഡോലായം**-കമ്പിളിപ്പുഴു.

**കണ്ഡോല(ക)ം**-പ്ര. കുരുക്കൊട്ട, പൂരക്കൊട്ട, വേച്ചൂട്ട, വല്ലം. മറ്റൊരുപര്യായം-'പിടം'. എലികരം മേരിക്കുന്നതു കൊണ്ട് ഇതു പേരായതു. വ. പത്തായം, ശേഖരിപ്പുര. ന. ഒട്ടകം.

കണ്ഡാലവീണ-കണ്ഡാലമൻറ (ചണ്ഡാലമൻറ) വീണ. കടോലവീണ എന്നും പറയാം. മറെറാരുപര്യായം-ചണ്ഡാലവല്ലകി.

കണ്ഡാഷം-കമ്പിളിപ്പുഴ, പുഴ.

കണ്ഡു-ഗ. പാപം. വ. ദോഷം.

കണ്ണട-മൂക്കിൽ വെയ്ക്കുന്ന കണ്ണാടി.

കണ്ണടയ്ക്കുക-മരിക്കുക (ശൈലി.)

കണ്ണടപ്പുള്ളി-ചില കാളയുടെ കണ്ണിൻറ മുകളിലുണ്ടായിരിക്കുന്ന വെളുത്ത രേഖ.

കണ്ണൻ-ഗ. കൃഷ്ണൻ വ. വിശേഷപ്പെട്ട കണ്ണുള്ളവൻ. ന. ഒരുവക വാഴ.

'കണ്ണൻ പഴവും പൊന്നിൻ
കിണ്ണം നിറച്ചു ചോറും'
(കിരാതം തുള്ളൽ)

കണ്ണഞ്ചിറാവ്-ഒരുമാതിരി ചിറാക് (ശ്രാവ്) മത്സ്യം. [ഇതിൻറ തല ചുറക്കല്ലുപോലെയിരിക്കും.]

കണ്ണാക്ക്-മരിച്ചവരുടെ ശേഷക്കാരെ ചെന്നുകാണുക, ഉഴവനേഷിച്ചു ചെല്ലുക.

കണ്ണാടി-കാഴ്ചയുടെ ഉപയോഗത്തിനായി സ്ഫടികം, വെള്ളോട്ടു മുതലായതു കൊണ്ടു വാർത്തുണ്ടാക്കുന്ന സാധനം. മൂക്കിക്കണ്ണാടി, മുഖക്കണ്ണാടി, വാൽക്കണ്ണാടി, കുഴൽക്കണ്ണാടി മുതലായതു്. കണ്ണാടിക്കു പര്യായങ്ങൾ-മപ്പണം, മുകരം, ആദർശം.

കണ്ണാടിക്കൂട്-കണ്ണാടികൾ ഉറപ്പിച്ചു വെയ്ക്കുന്നതിനും സൂക്ഷിക്കുന്നതിനും മരം മുതലായതുകൊണ്ടുണ്ടാക്കുന്ന വസ്തു.

കണ്ണാടിത്തടം-എളിക്കുതാഴെയുള്ളസ്ഥലം

കണ്ണാടിത്തിണ്ണ-ഇറയത്തിനു താഴെയുണ്ടാക്കുന്ന കോലിറയം, ഇളന്തിണ്ണ.

കണ്ണാടിവാതിൽ-കണ്ണാടിവെച്ച വാതിൽ.

കണ്ണായം-ഗ. നേർമ്മയുള്ളതു്, കട്ടിയില്ലാത്തതു്. വ. നല്ലവസ്ത്രം.

കണ്ണാരം-ഒരുമാതിരി പാമ്പ്.

കണ്ണാളി-കാമി, കാമാതുരൻ.

കണ്ണാറ ഒരുവക വെളുത്തപക്ഷി, വെളിർ.

കണ്ണി-ഗ. ചങ്ങലവളയം. വ. വലക്കണ്ണി. ന. ഒരുവക മത്സ്യം. ശ. വെററിലക്കൊടിയിലുണ്ടാകുന്ന ചിനപ്പ്. ഉ. പയറുകളുടെ പൂക്കുല.

കണ്ണികഴിയുക-ചിലരിക്കിൽ ചാകുന്ന തിനുപകരം പറയുന്ന പേർ.

കണ്ണികുത്തുക-ഗ. കൊടിന്മേൽവെററില ഉണ്ടാകുന്നതിനുള്ള ചിനപ്പുണ്ടാവുക. വ. പയററിനു പൂക്കുലയുണ്ടാവുക.

കണ്ണിണ-രണ്ടു കണ്ണിനും കൂടിപറയുന്ന പേർ.

കണ്ണിപ്പുഴ-ഒരുവക പുഴ.

കണ്ണിമ-കണ്ണിൻറ പോളയിലെ ചരോമം, കൺപീലി.

കണ്ണിമയ്ക്കുക-കണ്ണടയ്ക്കുക.

കണ്ണിമാങ്ങ-ചെറിയ ഇളയമാങ്ങ.

[ചവപ്പ്, എരു, പുളി എന്നീ രസങ്ങൾ ഉള്ളതും രുക്ഷവും വാതരക്തപിത്തങ്ങളെ ഉണ്ടാക്കുന്നതും ആകുന്നു.]

കണ്ണിൽമണ്ണിടുക-ഗ. ഒരു കാര്യത്തിൽ പ്രത്യുകുക്ഷിയോടുകൂടിയിരിക്കുന്ന ഒരുവനെ മറെറാരുവൻ കബളിപ്പിക്ക .. വഞ്ചിക്ക.

കണ്ണിലുണ്ണി-ഗ. ഏററവും പ്രിയമുള്ളതും, വളരെ വാത്സല്യത്തിനു വിഷയമായ സാധനം (ശൈലി). വ. കണ്ണിൻറ അകത്തെ കൃഷ്ണമണി

കണ്ണിവെററില-കണ്ണികത്തുണ്ടാകുന്ന വെററില, നല്ലവെററില

കണ്ണീർ-കണ്ണിലെവെള്ളം. [കണ്ണീർ=കൺ+നീര്. വെണ്ണിലാവ്=വെൺ

+നിലാവു് ഈ സന്ധികളിൽ ന്'ണ' ആയിമാറുന്നു ]

കണ്ണു്-ഠ. കാണുന്നതിനുള്ള ഇന്ദ്രിയം. പര്യായങ്ങൾ-ലോചനം, നയനം, നേത്രം, ഈക്ഷണം, ചക്ഷുസ്സ്, അക്ഷി, ദൃക്, ദൃഷ്ടി 'കണ്ണിൽ ചുണ്ണാമ്പുതട്ടിയാൽ പച്ചവെള്ളത്തിൽ പഞ്ചസാര കലക്കി ധാരയിട്ടാൽ ഗുണംകിട്ടും. അടയ്ക്കാ പച്ചപറിച്ചു കൊണ്ടുവന്നു് നീരെടുത്തു ധാരയിടുന്നതു നല്ലതാണെന്നു് പണ്ടേ പ്രസിദ്ധമാണു്.' ൨. വലക്കണ്ണു് (വലയിലുള്ള ഇട). ൩. മുലക്കണ്ണു്. ൪. തേങ്ങാക്കണ്ണു്.

കണ്ണുകടി-ഠ. കണ്ണുകടിക്കുക. ൨. അസൂയ.

കണ്ണുകാട്ടുക- മനസ്സിലിരിക്കുന്ന ചില ഭാവത്തെ കണ്ണുകൊണ്ടറിയിക്കുക.

കണ്ണുകൊൾക-കടക്കണ്ണുകൊണ്ടു നോക്കുക, കാണുക.

കണ്ണുചികിത്സ-കണ്ണുവൈദ്യം.

കണ്ണുചീമ്പുക-ഠ കണ്ണുചീമ്പയാവുക ൨. ചീമക്കണ്ണുണ്ടാകുന്ന ഒരുമാതിരി ദീനം കണ്ണിനുണ്ടാവുക. ൩. കണ്ണടയ്ക്കുക.

കണ്ണുണ്ണി-ഠ. വളരെ വാത്സല്യത്തിനു വിഷയമായ സാധനം. ൨ കണ്ണിലെ കൃഷ്ണമണി.

കണ്ണുതട്ടുക-കടക്കണ്ണുകൊണ്ടു നോക്കുക, കാണുക.

കണ്ണുതുറിയ്ക്കുക-കോപിച്ചോ മററോ കണ്ണു മുഴുവൻ തുറന്നു നോക്കുക.

കണ്ണുവെയ്ക്കുക-മോഹം തോന്നുക, ആശിക്കുക.

കണ്ണുനീർ-കണ്ണിലെവെള്ളം. പര്യായങ്ങൾ-അശ്രു, നേത്രാംബു, രോദനം, അസ്രം, അസ്രു.

കണ്ണുരയുന്നു-കണ്ണു അരഞ്ഞുപോകുന്നു.

കണ്ണുരുട്ടു്-കണ്ണു മുഴുവൻ ഉരുണ്ടു കോപിച്ചു (ഉരുട്ടി) നോക്കുക.

കണ്ണുവൈദ്യൻ-കണ്ണിലെ ദീനത്തിനു ചികിത്സിക്കുന്ന ആൾ.

കണ്ണുക്കു്- മരിച്ചവരുടെ ശേഷക്കാരെ ചെന്നുകാണുക, കണ്ണോക്കു്, കണ്ണാക്കു്.

കണ്ണൂർ-ഒരു ദേശം.

കണ്ണെഴുത്തു്-കണ്ണിൽ മഷിയോ മററോ തേയ്ക്കുക.

കണ്ണേല്ക്ക-ദൃഷ്ടിദോഷം ഏല്ക്ക.

കണ്ണേറു്-നോക്കിക്കൊതിക്കുക.

കണ്ണോക്കു്-കണ്ണുക്കു്.

കണ്ണോട്ടം-ഠ. കടാക്ഷം. ൨. ദോഷമുള്ള നോട്ടം.

കൺപീള-കണ്ണിലെ മലം.

കൺപൊലിയുക-ഉറങ്ങുക.

കൺപോള-കണ്ണിന്റെ താഴെയും മുകളിലുമുള്ള തൊലിയും രോമവും കൂടിയതു്.

കണ്മട്ടു്-കണ്ടിട്ടുള്ള നിശ്ചയം.

കണ്മണി-കണ്ണിന്റെ കൃഷ്ണമണി.

കണ്മതി-കണ്ണുകൊണ്ടു മതിക്കുക

കണ്മയക്കം- ഉറക്കം തൂങ്ങുക, അല്പമുറങ്ങുക.

കണ്മയങ്ങുക ഉറക്കംവന്നു കണ്ണടയുക.

കണ്മയററം-നോക്കി സ്വാധീനമാക്കുക

കണ്മായം-ഠ. കൺകെട്ടു്. ൨. വശീകരണം. ൩. ഒരു മാതിരി ചെപ്പടിവിദ്യ ൪. നോക്കുന്നതിലുള്ള വ്യാജം.

കണ്മായവിദ്യ-ഇന്ദ്രജാലം.

കണ്മിഴി-ഠ. കണ്ണിന്റെ അകത്തു വട്ടത്തിലുള്ളതു്. ൨. കണ്ണുതുറക്കുക.

കണ്മുന-കടക്കണ്ണു്, കണ്ണിന്റെ അററം.

കണ്മുനത്തെല്ലു്-കടക്കണ്ണുകൊണ്ടു അല്പമായിട്ടു നോക്കുക, മയയോടുകൂടിയ നോട്ടം.

കണ്വൻ-ഒരു മഹർഷി.

[ഇദ്ദേഹമാണു ശകുന്തളയെ വളർത്തിയതു്. ഋഗ്വേദത്തിലെ പല മന്ത്രങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ടു്. ഈ പേരുള്ളവർ വേറെയും ഉണ്ടായിരുന്നു.]

കണ്വാശ്രമം-ഹരിദ്വാരത്തിന്റെ സമീപം, ശകുന്തളയുടെ ജന്മഭൂമി.

കതക്, കതവ്-വാതിൽ അടപ്പാനായിട്ടു പണിതു കട്ടളയിൽ തൊടുക്കുന്ന പലക.

കതം, കതകം-തേററാമ്പൽ.

കതാ-ബലം.

'കതമെൻടവനാലെന്തിക്കവരാകേട്ട'

(ഭഗവൽഗീത-മാധവപ്പണിക്കർ)

കതമ-വി. ഏതു്, ഏതു്. [മൻ,മാ,മം]

കതയ്ക്കുക-ക്രി. ക്ഷീണിക്കുക. വ. അണയ്ക്കുക [നാമം-കതപ്പു്.]

കതറുക-ഭയംകൊണ്ടോ ദുഃഖംകൊണ്ടോ ഒന്നെ പൊട്ടിക്കരയുക, നിലവിളിക്ക.

കതി-അ. എത്ര.

കതിചിൽ-അ. ചില.

കതിന-വെടിവയ്ക്കുന്നതിനുള്ള ഒരു മന്തിരി ഇരിമ്പുകുററി, കതിനാക്കുററി.

കതിനാവെടി-കതിനാകുററിയിൽ മരുന്നിട്ടിടിച്ചു വെയ്ക്കുന്ന വെടി.

കതിപയ-അ. ചില, കുറഞ്ഞ സംഖ്യ, ഏതാനം. [അകതിപയ ശബ്ദം നോക്കുക].

കതിപയ-വി. സ്വല്പമായ.

കതിരവൻ-ആദിത്യൻ.

'അതിശയമവനുടെശരനികരത്താൽ
കതിരവനുടെ കിരണങ്ങളുംമറഞ്ഞു'

(കിരാതം തുള്ളൽ)

കതിരിന്മേൽ വളം വെയ്ക്കുക-ഭൂമിച്ചാൽ സാധിക്കുമെന്നുള്ള കാലത്തു മെനമായിരുന്നു അവസാനത്തിൽ ശ്രമം ചെയ്യുക, കാലം തെററി പ്രവൎത്തിക്കുക (ശൈലി).

കതിരു്, കതിർ-ക്രി. നെല്ലു മുതലായ ചില ധാന്യങ്ങളുടെ കുല. വ. ആദിത്യന്റെ രശ്മി (കിരണം). ന. നൂലു ണ്ടാക്കുന്നതിനുള്ള ഒരു മാതിരി ചെറിയ യന്ത്രം. പൎയ്യായങ്ങൾ-കണിശം, സൂര്യമഞ്ജരി.

കതിരുക്കു്-ക്രി. കതിരിന്റെ വലിപ്പം വ. രശ്മിയുടെ ശക്തി.

കതിരോൻ-ആദിത്യൻ.

കതിർക്കുക-ക്രി. കതിരുള്ളതായ്തീരുക. വ. അതിക്രമിക്കുക. ന. അഹംകരിക്കുക. ര. കയക്കുക.

കതിർക്കല-കതിരു്.

കതിർപ്പു്-ക്രി. മത്സ്യം മുതലായവയെ ഉപ്പിലിട്ടുവെൻ കീറിയതു്. വ. അടയ്ക്കുക്കല മുതലായതിൽ ഉള്ള ചെറിയ കവകൾ. ന. രടസ്ഥം ര. ശങ്ക

കതിർപ്പുളി-ചൂട്ടുകോൽ, ചൂടുവെയ്ക്കുന്ന കോൽ.

കതിർമ്മ-ആദിത്യൻ. ഉദിച്ചാൽ ഉടനെയുള്ള രശ്മിയുടെ വരവു്.

കതുണം-ക്രി. ചുണ്ടു. വ. താമ്രകപ്പല്ലു്.

കത്ത-കുടിപ്പാനുള്ള പാത്രം.

കത്തൻ കൎത്താ(വിന്റെ രൂപം)

കത്തനാരു-സുറിയാനിപ്പട്ടക്കാരിൽ ചിലക്കുണ്ടാകുന്ന സ്ഥാനപ്പേർ.

കത്തൽ-കത്തുക, എരിച്ചൽ.

കത്തി. ക്രി. പിച്ചാങ്കത്തി വ. ചെത്തുകത്തി ന. മുതിരയുടെകായു്. ര. കള്ളെടുപ്പാൻ പനംകലയും മററും ചെത്തുന്ന ഒരു മാതിരി ആയുധം. ഉ. ഇരുമ്പുകൊണ്ടുള്ള ഒരു മാതിരി ആയുധം. [കത്തുന്ന (ജ്വലിക്കുന്ന) എന്നതിന്റെ രൂപഭേദം] ൬. കൊഴുവിന്റെ മുമ്പിലുള്ള പരന്ന ഇരിമ്പുചട്ടം.

[ഇതിന്റെ കായ്കൾ കത്തിപോലെ മൂച്ചയുള്ളതായിരിക്കും. ഈ മണ്ണിനെ ആഴത്തിൽ മുറിക്കും. പുല്ലും കളയും അധികമായി നിലത്തിൽ ഉണ്ടെങ്കിൽ ആണു പക്ഷമാം ഇതു് ഉപയോഗപ്പെടുത്താവൂ ]

**കത്തിക്കാരൻ**-കള്ളെടുപ്പാൻ പനംകുലയും മററം ചെത്തുന്നവൻ. ഈഴവൻ, ക്ഷൌരകൻ മുതലായവർ.

**കത്തിക്കൂട്**-കത്തികൾ സൂക്ഷിപ്പാനുള്ള ഉറ.

**കത്തിപ്പണം**-കള്ളെടുക്കുന്നവൻ സർക്കാരിലേക്കു കൊടുക്കേണ്ടുന്ന പണം; കലാൽ പണം.

**കത്തിപ്പിട്ടൽ**-കത്തിക്കൂട്.

**കത്തിയമ്പ്**-കത്തിയുടെ ഭാഷയിലുള്ള ഒരു മാതിരി അമ്പ്.

**കത്തിയെഴുത്താണി**-പിടി കൂടാതെ പിച്ചാങ്കത്തിയോടുകൂടിയുള്ള ഒരു വക നാരായം, നാരായമുള്ള പിച്ചാങ്കത്തി.

**കത്തിവാൾ, കത്തുവാൾ**-ഒരുമാതിരി വലിയ പിച്ചാങ്കത്തി.

**കത്തിശട്ടിവക**-ശില്പികളുടെപണിക്കോപ്പു വകക്കുള്ള കരം.

**കത്ത്**-മ. ചില ഉദ്യോഗസ്ഥന്മാരുംമററം എഴുതിയ എഴുത്ത്. ഗ. എഴുത്ത്. ന. അധികാരം. ര. കല്പന. ത. ചീട്ട്. [അറബിഭാഷ].

**കത്തുക**-മ. ജ്വലിക്കുക, എരിയുക. ഗ. ഒടിഞ്ഞ അസ്ഥി തമ്മിൽ ചേരുക. [സ. ക്രി. കത്തിക്കുക].

**കത്തുകളി**-ചീട്ടുകളി.

**കത്തുവാൾ**-ഒരു മാതിരി വലിയ പിച്ചാങ്കത്തി.

**കത്തൃണം**-നാന്മുകപ്പുല്ല്, സുഗന്ധമുള്ള ഒരു മാതിരി പുല്ല്. കാവട്ടംപുല്ല് എന്നു മററൊരു പക്ഷം. പശുക്കൾക്കു അരുചിക്കാരണമായതുകൊണ്ടു കുത്സിതമായ തൃണം എന്നർത്ഥം. ഗ. കോടപ്പുയൽ. ന. ഓരില.

**കത്തോയം**-മദ്യം.

**കത്ഥ**-മ. ഭിത്തി. ഗ. കാലിലെ നഖം. ന. ചെളിരിക്കുന്ന പഴുണ്ണി.

**കത്ഥനം**-ഉററവരക്ക പറക, ആത്മസ്തുതി.

**കത്രിക, കത്തിരി**-ശീല മീശ മുതലായവയെ വെട്ടുവാനുള്ള സാധനം.

**കത്രികപ്പൂട്ട്**-മ. കത്രികയുടെ ഭാഷയിൽ രണ്ടു മുളയോ മററോ കൂട്ടികെട്ടിയത്. ഗ. നേരിയമുണ്ടും മററം തലയിൽ കെട്ടുന്നതിൻെറ ഒരു മാതിരിഭേദം.

**കത്രിക്കുക**-കത്രികൊണ്ടു മുറിക്കുക.

**കഥ**-വാക്യരചനാവിശേഷം. എന്തിനെ എങ്കിലും കുറിച്ചു വിസ്തരിച്ചുഎഴുതുകയോ പറകയോ ചെയ്യുന്നത്.

[ഈ വാക്യരചനാവിശേഷം കുറെ സത്യമായും രസാനുഗുണമായി മററ ചില സംഭവങ്ങളും കൂട്ടിച്ചേർത്തു ഭംഗി വരുത്തിയതായും ഇരിക്കണം. 'കാദംബരി' ഒരു കഥയാകുന്നു].

**കഥക**-വി. കഥപറയുന്ന.

**കഥകഴിഞ്ഞു**-അവസാനിച്ചു, മരിച്ചു (ശൈലി).

**കഥകളി**-ഒരു വക കളി; വേഷം കെട്ടി കഥകൾ ചൊല്ലിക്കളിക്കുക, ആട്ടം.

[കഥകളി എന്നൊരു പുതിയ രീതിയെ ആദ്യമായി കണ്ടുപിടിച്ചതു കൊട്ടാരക്കര കേരളവർമ്മതമ്പുരാൻ ആകുന്നു. ഇദ്ദേഹം കൊല്ലവർഷം ൭൮-നും ൮൦-നും മദ്ധ്യേ ജീവിച്ചിരുന്നു. രാമായണം മുഴുവനും എട്ടുദിവസത്തെ കഥയായി ഇദ്ദേഹം എഴുതീട്ടുണ്ട്. ഇദ്ദേഹം തിരുവിതാംകൂർ രോഹിണിതിരുനാൾ വീരകേരളവർമ്മരാജാവിൻെറ ഒരു ഭാഗിനേയനാകുന്നു. കഥകളിക്കു ഒരുക്കോട്ടുള്ളവർ ആട്ടക്കഥയെന്നാണു പറഞ്ഞുവരുന്നത്. കോഴിക്കോട്ടു 'കൃഷ്ണാട്ടം' നടപ്പുണ്ടായിരുന്നു. ഒരടിയന്തിരത്തിനു കൃഷ്ണാട്ടക്കാരെ അയച്ചുതരണമെന്നു ഒരിക്കൽ കൊട്ടാരക്കരത്തമ്പുരാൻ സാമൂതിരിക്കു എഴുതി അയച്ചു. അതിനു തെക്കൻദിക്കിൽ കൃഷ്ണാട്ടത്തിൻെറ രസം ഗ്രഹിപ്പാൻ തക്ക വിദ്വാന്മാരില്ലായ്കയാൽ

ഷ്യപ്പന്നിടയില്ലെന്നു അദ്ദേഹം ആക്ഷേപമായി മറുപടി അയച്ചു. ഇതു കൊട്ടാരക്കരത്തമ്പുരാന്നു തീരെ രസിച്ചില്ല. ഉടൻ തെക്കൻദിക്കിൽ രാമനാട്ടം ആകട്ടെ എന്നു നിശ്ചയിച്ചു് അതിലേയ്ക്കായി ഒരുമ്പെട്ടു. കഥകളി ആദ്യം അരങ്ങേററം കഴിച്ചതു കൊട്ടാരക്കര ഗണപതിക്ഷേത്രസന്നിധിയിലായിരുന്നു. അന്നു കുപ്പായവും കിരീടവും മററും ഉണ്ടായിരുന്നില്ല. കണിശന്മാരുടെ കോലം കെട്ടിയാട്ടത്തെപ്പോലെ കമുകിൻപാളയിൽ വേഷങ്ങൾ എഴുതി വെച്ചു കെട്ടി ആടിവന്നു. പാട്ടുന്നതു് ആട്ടക്കാർ തന്നെ ആയിരുന്നു. ചെണ്ട അന്നില്ല. മദ്ദളം ഉണ്ടായിരുന്നു. പിന്നീടു വടക്കേവെട്ടത്തനാട്ടുരാജാവു ചില പരിഷ്കാരങ്ങൾ ചെയ്തു. പാള നിറുത്തി, കിരീടമാക്കി മുഖത്തു മനയോല തേയ്ക്കുകയും കുപ്പായമിടുകയും നടപ്പാക്കി. ആട്ടക്കാർതന്നെ പാടിവന്നതിനെ നിറുത്തി വേറെ ആളാക്കി. അപ്പോഴാണു ചെണ്ട നടപ്പിൽ വന്നതു്. പിന്നീടു നിണം അണിയുക ചുട്ടികുത്തുക മുതലായ ചില പുതിയ ഏർപ്പാടുകൾ കപ്ലിങ്ങാട്ടു (കല്പലങ്ങാട്ടു) നമ്പൂതിരിയും, കലാശത്തിലും മുദ്രകൈയിലും ചില പരിഷ്കാരങ്ങൾ കല്ലടിക്കോട്ടു നമ്പൂതിരിയും ചെയ്തുണ്ടായിട്ടുണ്ട്. കഥകളിയുടേയും നാടകത്തിൻേറയും രീതികൾ വളരെ ഭിന്നങ്ങളാണ്. ആ സ്ഥിതിക്കു അവയെ താരതമ്യപ്പെടുത്തി നിരൂപണം ചെയ്യുന്നതു് അത്യന്താപേക്ഷിതമെന്നു തോന്നുന്നില്ല. കഥകളിയുടെ കർത്താക്കന്മാർ നാടകലക്ഷണങ്ങളെ ശ്രദ്ധിച്ചിട്ടേയില്ല. കഥകളി ഒരു നല്ല വിനോദവിശേഷമാണെന്നുള്ളതിനു സംശയമില്ല. അതിൽ രസം തോന്നണമെങ്കിൽ കഥ മുഴുവനും മനസ്സിലാക്കിയിരിക്ക, സംഗീതജ്ഞാനം, കൈകപരിചയം, കളിയുടെ ചടങ്ങുകളുടെ ജ്ഞാനം മുതലായവ കൂടിയേ കഴിയൂ].

കഥങ്കഥിക-വി. ചോദിക്കുന്ന.

കഥങ്കഥികത-ചോദ്യം.

കഥഞ്ചന-പണിപ്പെട്ടു്, ഞെരുങ്ങീട്ടു്.

'കൃതചാമുക്തികയാകഥഞ്ചനപൃഥാ
പുത്രസ്ത്രിണേത്രാകൃതിം'
(കിരാതം തുള്ളൽ)

കഥഞ്ചിൽ-അ. പണിപ്പെട്ടു, ഞെരുങ്ങീട്ടു.

കഥന-വി. പറയുന്ന.

കഥനകൻ-ഒരു ഒട്ടകത്തിൻെറ പേർ.

കഥനം-പറക, പറയുന്ന സ്ഥിതി.

കഥനീയം-പറയത്തക്കതു്.

കഥം അ. എങ്ങിനെ, എന്തു്.

കഥ -മേൽവിരിപ്പു്, ആനയുടെ പുറത്തു വിരിക്കുന്നതു്.

'കഥേനനാഗേന്ദ്രമിവേന്ദ്രവാഹനം'
(മാഘം)

കഥമപി-അ. പണിപ്പെട്ടു്, ഏതുവിധേനയെങ്കിലും.

കഥയ-അ. കഥിച്ചാലും, പറഞ്ഞാലും.

കഥാചന, കഥാചിത്-അ. വല്ലതരത്തിലും.

കഥാപാത്രം-ഒരു കഥയിലെ സംഭവങ്ങളിൽ പങ്കുകൊള്ളുന്ന ആൾ.

കഥാപുരുഷൻ-കഥാസംഭവങ്ങളിൽ ഏർപ്പെടുന്ന പ്രധാനപുരുഷൻ.

കഥാപ്രസക്തൻ-കഥ കേൾപ്പാനാഗ്രഹമുള്ളവൻ.

കഥാപ്രസംഗം-ഒരു കഥ പറയുന്നതിൽ അതിനെ സംബന്ധിച്ച മറേറതു വർത്തമാനം വരിക.

കഥാപ്രാണൻ-ആട്ടക്കാരൻ.

കഥാരസം-കഥയിലുള്ള താൽപര്യം.

കഥാർണ്ണവം-മുപ്പത്തഞ്ചു കഥകളുടെ ഒരു സംഗ്രഹം. ഒരു ശിവദാസൻ ഉണ്ടാക്കിയതു്.

കഥാവശേഷം-കഥ മാത്രം അവസാനിച്ചത്.

കഥാവിശേഷം-കഥകളിലുള്ള ഭേദം, ഒരു കഥ.

കഥാസരിത്സാഗരം-ഒരു കഥാപുസ്തകം, കാശ്മീരദേശക്കാരനായ സോമദേവഭട്ടൻ സംഗ്രഹിച്ചത്. പന്ത്രണ്ടാം ശതാബ്ദം.

കഥാസാരം-കഥയുടെ പ്രധാനമായുള്ള അർത്ഥം.

കഥിക-വി. പറയുന്ന.

കഥികൻ-പറയുന്നവൻ.

കഥിക്കുക-പറയുക.

കഥിത-പറയപ്പെട്ട, പറയപ്പെട്ടിട്ടുള്ള.

കഥ്യ-വി. പറയാവുന്ന, പറയാൻ പ്രയാസമില്ലാത്ത

കദ-വി. ജലത്തെ ദാനം ചെയ്യുന്ന.

കദകം-മേല്കൂട്ടി, വിതാനം.

കദധ്വാ-ചീത്തവഴി. കുത്സിതമായ മാർഗ്ഗമെന്നർത്ഥം.

കദാചാർക്കാ-വല്ലപ്പോഴും കൂടി ഉണ്ടാകുന്നത്.

കദനം-പ്ര. മർദ്ദനം. ഉ. കർമ്മം. ന. ദുഃഖം. ൪. ഹിംസ. ൫ യുദ്ധം. ൬. നാശം. ൭. പാപം.

കദം-ദാഹം.

കദംബം, കദംബകം-പ്ര. കൂട്ടം. കോലാഹലത്തോടെ കുത്സിതമായി ശബ്ദിക്കുന്നതെന്നർത്ഥം. ഉ. കടക്. ഹിംസിക്കുന്നതെന്നർത്ഥം. ന. നീർക്കടമ്പ്, കടമ്പ്. ൪. അമ്പ് ൫. ദേവദാരു.

കദംബകം-പ്ര വലിയ വേഴൽ. ഉ. മഞ്ഞക്കടമ്പ്.

കദംബഗോളകന്യായം-'കടമ്പുമരത്തിന്മേൽ എല്ലാഭാഗത്തും ഒപ്പമാണ് പൂവുണ്ടാകുന്നത്'. ഒരുമിച്ചേ ഉണ്ടാവുള്ളന്ന സംഗതികളിൽ ഈ ന്യായം പ്രവർത്തിക്കുന്നു.

കദംബവാദി-വലിയ കടമ്പ്.

കദംബി-ദേവതാളി.

കദരം-പ്ര. വെണ്കരിങ്ങാലി. കുത്സിതമായ ദരത്തെ കളയുന്നതെന്നർത്ഥം. മറ്റൊരുപക്ഷം സോമവല്ക്കം. ഉ. അറക്കുന്നതിനുള്ള വാൾ. ന. ആനത്തോട്ടി. ൪. ക്ഷുദ്രരോഗം. (മുള).

[ക്ഷുദ്രരോഗലക്ഷണം-കാല്വകൾ ചരക്കല്ലുകൊണ്ടിട്ട അകൻപോകയോ മുള്ള മുതലായവ കൊണ്ടിട്ട മുറികയോ ചെയ്താൽ ലന്തക്കുരു പോലെ മുഴയുണ്ടാകും. ഇതാകുന്നു കദരം. മുള എന്ന ഭാഷ.]

കദര്യ-വി. ദ്രവ്യം ചിലവിടാത്ത, അന്നഭക്ഷണവും കൊടുക്കയും ചെയ്യാത്ത.

കദര്യൻ-ലുബ്ധൻ, പിശുക്കൻ, ദ്രവ്യം ചെലവഴിപ്പാനുള്ള മടികൊണ്ട ദരിദ്രനെപ്പോലെ കഷ്ടപ്പെട്ട കഴിക്കുന്നവൻ.

കദലം, കദലകം-വാഴ.

കദലാ, കദലി, കദളം-വാഴ. വായു ഇളക്കുന്നതെന്നർത്ഥം.

കദലാ-പ്ര ഇലവ്. ഉ. ഓരില. ന. ബ്രഹ്മി. ൪ വാഴ. ൫. പലകപ്പയ്യാനി.

കദളി-പ്ര വാഴ. ഉ ഒരു വക മാൻ. ന. കൊടിക്കൂറ. ൪. ഒരു വക പൂച്ചെടി.

[മാൻ എന്ന പറഞ്ഞിട്ടുള്ളത് പുള്ളിയും പുറത്തു വരയും ഉള്ളതും ഗുഹയിൽ കിടക്കുന്നതുമായ മാൻ എന്ന് അമരിപ്രായം കാണുന്നു. കദളി എന്നത് ന വെള്ളത്തിൽ നീന്തിക്കളിക്കുന്നതെന്നർത്ഥം].

കദളി, കദളിക-വാഴ.

കദളിവാഴ-ഒരു വക വാഴ.

[കദളിവാഴയുടെ മാങ്ങം ത്രിദോഷശമനമാണ്. പച്ചക്കായ് ശ്ലേഷ്മത്തെയും ദീപനത്തെയും വരുത്തും. ഇളങ്കായ് രക്തപിത്തത്തിനും ജ്വരത്തിനും നന്ന്. മാത്തിക്കായ് അഗ്നിയെ വരുത്തും ഉത്തമം. പൂവ് ചോരാപക്ഷത്തിനും പകപാതി

സാരത്തിനും കൊള്ളാം. പഴം ഇന്ദ്രിയ വൎദ്ധനമാണ്. വളരെ തണുപ്പുകൊണ്ടു നന്നായിപ്പഴുത്തതു് വാതപിത്തഹരിതം ആണ്. വൃഷ്യവും അതിഗുരുവും തീക്ഷ്ണഹരവുമാകുന്നു].

കദളീകുസുമം-വാഴപ്പൂവ്.

കദളീക്ഷത-ഫ. സുന്ദരി. ഠ. ഒരു മാതിരി വെള്ളരിക്ക.

കദളീദണ്ഡം-വാഴപ്പിണ്ടി.

കദാ-അ. എപ്പോഴും.

കദാചന-അ. ഒരിക്കൽ, ഒരുകാലത്തു്, ചിലപ്പോഴും.

കദാചിൽ-അ ഒരിക്കൽ, ഒരുകാലത്തു്, ചിലപ്പോഴും.

[ചിൽ, ചന ഈ രണ്ടു് അവ്യയത്തിനും കിം ശബ്ദത്തോടല്ലാതെ ഒററയായി പ്രയോഗമുണ്ടെന്നു കാണുന്നില്ല.]

കദാത്തിനുവെളിപ്പെടുക- മലശോധനയ്ക്കു പോവുക. [അറബിഭാഷ]

കദാപി-അ. ഒരിക്കൽ, ഒരുകാലത്തു്, ചിലപ്പോഴും.

കദ്രുഷ്ണ-വി. അല്പം ചൂടുള്ള.

കദ്രുഷ്ണം-കുറഞ്ഞ ചൂടു്. കിഞ്ചിൽ(കുറച്ചു) ഉഷ്ണം (ചൂടു്) എന്നൎത്ഥം.

കദ്രു-ഫ. പിംഗളവൎണ്ണം (ഗോരോചനത്തിന്റെ നിറം). ശോഭിക്കുന്നതു്, മോഹിപ്പിക്കുന്ന നിറമുള്ളതെന്നൎത്ഥം. ചെമപ്പോടുകൂടിയ മഞ്ഞനിറമെന്നും പൊൻനിറമെന്നും കൂടി പറയുന്നുണ്ടു്. ഠ. പ്ലാശു. ന. സൎപ്പം.

കദ്രു-ദക്ഷന്റെ പുത്രി, കശ്യപന്റെ പതിമൂന്നു ഭാൎയ്യമാരിൽ ഒരുവൾ, ശേഷൻ, വാസുകി മുതലായ ൧൦൦൦ നാഗങ്ങളുടെ മാതാവു്. [അരുണൻ എന്ന ശബ്ദം നോക്കുക].

കദ്രു-വി. പിംഗളവൎണ്ണമുള്ള, ചെമപ്പോടുകൂടിയ മഞ്ഞനിറമുള്ള.

കദ്രുപുത്രൻ-പാമ്പു്.

കദ്വദ-വി. ചീത്തയായി പറയുന്ന. [കുത്സിതമായി വാദിക്കുന്നവൻ. ദുർഭാഷി എന്നൎത്ഥം] മറെറാരുപൎയ്യായം-ശബ്ദവാദി.

കധി-കടൽ.

കനകക്കല്ലൂരി-മസൂരിപതിനെട്ടിൽഒന്നു്

[ഇതു വന്നാൽ പന്ത്രണ്ടുദിവസത്തിനകം മരിക്കാത്ത പക്ഷം ആ ആൾ രാജാവിനു തുല്യനായിരിക്കും.]

കനകക്കല്ലൂരിരോഗസ്യലക്ഷണംപറയാമിനി ഉണ്ടായാലുടനേ പിത്തജ്വരമായിട്ടുസൂചകം ॥ മാംസത്തിൽനിന്നുരക്തങ്ങളുംമണിപോലെനിറഞ്ഞിട്ടും ഉപരംതുടങ്ങിയാൽ ദേഹത്തിന്നിടംവിടാതെ ദിനം ॥ പിന്നെമൂൎച്ഛിച്ചുമെല്ലെന്നു ഛൎദ്ദിക്കുടാതിരിക്കിലും കണ്ണുരണ്ടുംചുവന്നീടും മൂത്രാവയവപീളക്ഷയും ॥ പൂർകങ്ങളുംതിരന്നീടും കറഞ്ഞീടുംവിരേചനം ചെമ്പഴക്കനിറംപോലെ ദേഹത്തിന്റെപ്രകാശവും ॥ അഞ്ചാംനാളിൽമുളച്ചീടും മുളച്ചാൽസൌമ്യമാമുടൻ ഏഴാംനാളിൽകണ്ണുരണ്ടും കലങ്ങുംതൊണ്ടനൊന്തിടും ॥ അസ്തമിച്ചാൽവിളക്കുപോലെ കാണുംപൊന്നിൻപോലയാം കദളിപ്പഴസാദൃശ്യമായിടുംവസനത്തിനുമയം ॥ കരക്കുംകീറിയുള്ളിൽനിന്നു തിക്കുംപൊടിയോട്ടടൻ ഉ... മാകററന്നു് ... ॥ പ...നാളിൽമരിക്കുന്നവ്യാധിയെന്നുറയ്ക്കയം എട്ടിൽശയംകഴിച്ചിട്ടുമരിഞ്ഞീടുകമുള്ളതി ॥ മൂലായാസങ്ങളുംതൊന്നിടും തൊണ്ടനൊന്തുതുടങ്ങുമാം ഏറ്റം തേജസ്സവൎക്കും പൊന്നിക്കലിളങ്ങുമെങ്കിലും ॥ സിദ്ധിക്കയില്ലയീവ്യാധി ഒരുത്തർക്കുംവിശേഷമാ ഉയവിച്ചെന്നു വന്നെങ്കിൽ മരിച്ചീടുന്നനിശ്ചയം ॥ മരിയാതെയിരുന്നാകിലവൻഭൂപതിയായ്വരും മ

രിക്കമെന്നുവയ്ക്കാതെ ചികിത്സകരാകൂട്ടണം || മുന്തിരിങ്ങാപ്പഴംപാലിമുന്നിമലപ്പൊട്ടി പഞ്ചസാരകൾകല്ലുണ്ടം കരിമ്പനക്കരിക്കനീർ || വെള്ളരിപ്പഴവും പിന്നെ കരിമ്പിൻനീരുമെല്ലമാം ഭക്ഷ്യമമൂത്തകം പിന്നെന്നായ് അണരതിലും || ആവോളമശനംചെയ്യിച്ചിട്ടുക്കൽ തണ്ണീരിക്കയും ഈവണ്ണം ചെയ്തുസൂക്ഷിച്ചാൽ ജീവിക്കിലതുഭാഗ്യമാം.

(മസൂരിപടലം)

കനകക്ഷാരം—പൊൻകാരം.

കനകക്ഷീരി—ഹ മലംഏരിമ വ. എരിമക്കള്ളി.

കനകദന്തം—ഹ. പൊന്നുകൊണ്ടുള്ള വടി. വ. പൊന്നുകൊണ്ടു കാലുള്ള കുട.

കനകദലം—ഉമ്മത്തില.

കനകൻ—ഹരിണിയുടെ മകനായ ഭൂമ്മന ചിത്രാംഗിയിൽ ജനിച്ചവൻ.

'വേട്ടിളു,ചിത്രാംഗിപൊറണ്ടായികനകനും

(ബ്രഹ്മാണ്ഡപുരാണം)

കനകപലം—ഒരു പലം സ്വർണ്ണം.

കനകപ്പല്ലക്ക്—പൊന്നു പൊതിഞ്ഞ പല്ലക്ക്.

കനകപ്പൊടി—പൊൻപൊടി.

കനകപ്രഭ—ഹ. വലിയ വാലുഴവം. വ. മാത്തക്കറുമ്പ്.

കനകപ്രസവ—പൊൻകൈത.

കനകം—ഹ. പൊന്ന്, സ്വർണ്ണം. പ്രകാശിക്കുന്നത് എന്നർത്ഥം. വ. പ്ലാശ്. ന. നാഗപ്പൂമരം, നാകപ്പൂവ്. ര. ഉമ്മത്ത് (ഉന്മത്തം). ഒ. മഞ്ഞക്കുറിഞ്ഞി. ന്ന. കണ്ണുള്ള റ. പൊന്നാവീരം. വ്യ ചീതചന്ദനം. ൻ മലയകത്തി. ഹ. ചെമ്പകം.

കനകരംഭ—സ്വർണ്ണവാഴ.

കനകരസം—അരിതാരം.

കനകലത—ഹ സ്വർണ്ണവള്ളി. വ ഒരു സ്ത്രീയുടെ പേർ. ന. കനകലതാസ്വയംവരം ഭാഷാനാടകത്തിലെ നായിക.

['കനകലതാസ്വയംവരം നാടകം' ഈ നിഘണ്ടുകാരനായ ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ളയുടെ ചെറുപ്പകാലത്തെ കൃതിയും കല്പിതകഥയുമാണ്]

കനകലോഹിതം—ചെമ്പല്യം.

കനകവാഴ—കാനകവാഴ, ഒരു മാതിരി ചീര.

കനകശൈലം—സുമേരുപർവ്വതം.

കനകസ്തംഭ—സ്വർണ്ണവാഴ

കനകാചലം—സുമേരുപർവ്വതം. [ക്ഷീരജലസമുദ്രത്തിൽ നിന്നു ഹന. കാതം വടക്ക്. ഐരാമലയാഴി നോക്കുക].

കനകാദ്രി—സുമേരു പർവ്വതം.

കനകാധ്യക്ഷൻ—പൊൻപണം പൊൻനാണ്യം മുതലായവ വെയ്ക്കുന്ന സ്വർണ്ണഭണ്ഡാരത്തിൽ അധികാരമുള്ളവൻ, മറെറാരു പയ്യായം—ഖജാരികൻ.

കനകാഭിഷേകം—സ്വർണ്ണനാണയം ഒരുവന്റെ ശിരസ്സിൽ കോരിച്ചൊരിയുക.

കനകാരം—മലയകത്തി.

കനകാലുക പൊൻകിണ്ടി. കനക (സ്വർണ്ണമയമായ) ആലു (കിണ്ടി) എന്നർത്ഥം. പിടിമൊന്ത എന്ന പക്ഷവും ഉണ്ട്. തമിഴിൽ ക്രൂവ് (കൂശ) എന്നു കാണുന്നു.

കനകാഹ്വയം—ഹ. ഉമ്മത്ത്. കനകത്തിന്റെ പേരുള്ളത് അല്ലെങ്കിൽ കനകം എന്നു പേരുള്ളത് എന്നർത്ഥം. വ. നാകപ്പൂവ്.

കനകാഹ്വകം—മദ്ദളം മുതലായ വാദ്യങ്ങൾ.

കനക്കവെ—അ. വലുതെ, ഘോരവും.

കനക്കുക—ഹ. തടിക്കുക. വ ഭാരം തോന്നുക.

കനക്കറവ്—ഹ. കനമില്ലായ്മ, ലഘുതാ വ. മെലിച്ചിൽ, വണ്ണക്കുറവ്. ന. ഭരക്കുറവ്.

കനക്കെ-അ. വളരെ, ഏററവും.
'കനക്കെ കൊതി നിനക്കെന്തുചൊല്ലുക
മറന്നതാരൊരോട്ട മറന്നിതൊ'
(നളചരിതം കഥകളി)
കനക്കേട്ട്-കനക്കുറവ്.
'കനക്കേട്ടവരുള്ളമക്കഴവേറിയറിഞ്ഞെന്നാം
(കൃഷ്ണലീല തുള്ളൽ) ൽ'
കനത്തുമിനത്ത-വി. കനത്തും മിനത്തു
മിരിക്കുന്ന. കനത്തും മിനത്തും ഇരിക്കു
ന്നവന്റ പര്യായം-'മേദുരൻ']
കനം-വി. ൧. വണ്ണമുള്ള ൨. തടിപ്പുള്ള.
൩. കട്ടിയുള്ള. ൪. ഘനമുള്ള. ൫. ഭാര
മുള്ള.
കനം-൧. ഭാരം. ൨. അധികം. ൩. കട്ടി.
൪. ഘനം. ൫. വണ്ണം. [ഘനമാണ
കനമായത്]. ൬. ബലം.
കനം-അ. അധികമായി.
കനയ്ക്കുക - വെളിച്ചെണ്ണയിലുണ്ടാക്കിയ
പലഹാരവും മററും പഴകിത്തിന്നാൽ
ചുവയ്ക്കുക.
കനയ്പ്-കനയ്ക്കുക.
കനൽ-൧. തീക്കട്ട. ൨. കൊട്ടുവേലി. ൩.
ചൊവ്വാ എന്ന ഗ്രഹം. കാർത്തികനക്ഷ
ത്രം.
കനാവ്-കിനാവിന്റെ പൂർവ്വരൂപം.
കനി-വൃക്ഷം മുതലായവയുടെകായ്,ഫലം
കനി-൧. പെൺകുട്ടി, കന്യ. ൨. പുത്രി.
കനിച്ചിൽ-അല്പമായിട്ടു വെള്ളം പുറ
പ്പെടുക, വാലുക.
കനിയുക-൧. മനസ്സലിയുക, ദയാതോന്നു
ക. ൨, അല്പമായിട്ടുവെള്ളം പുറപ്പെടുക.
കനിവ്-മനസ്സിന്റെ അലിവ്, ദയ.
കനിഷ്ഠ-വി. ചെറിയ, വയസ്സുകറഞ്ഞ.
കനിഷ്ഠൻ-൧. അനുജൻ. വയസ്സുകറ
ഞ്ഞവൻ എന്നർത്ഥം. ൨. അത്യന്തം
യുവാവ്. ൩. അരുച്ചൻ. ൪. ശിവൻ
കനിഷ്ഠ, കനിഷ്ഠിക-൧. അനുജത്തി
൨. ചെറുവിരൽ. അത്യല്പം എന്നർത്ഥം.
൩. കടുരോഹിണി. ൪. കണ്മണി.

കനീചി-ചെമന്ന കന്നി.
കനീനക-കന്യക. കണ്മിഴി.
കനീനകൻ-൧. പൈതൽ. ൨. യുവാവു.
കനീനകം-കണ്മിഴി.
കനീനിക-൧. കണ്ണിന്റെ കൃഷ്ണമണി.
ശോഭിക്കുന്നതെന്നർത്ഥം. ൨, ചെറുവി
രൽ.
കനീയസ്സ്-ഏററവും ചെറിയ. [പു-ം,
-യാൻ. സ്ത്രീ-ം,-യസി].
കനീയാൻ-൧. അനുജൻ. ൨. താഴെയു
ള്ളവൻ.
കനൂജ്-കാന്യകുബ്ജം, കന്യാകുബ്ജം,
കനീയസം-ചെമ്പ്.
കനീയസി-അനുജത്തി.
കന്ത്-കൃസരി. (സഭ്യമല്ല).
കന്ഥരി-ഇലക്കള്ളി.
കന്ഥാ-൧. ശീലയുടെ ശകലങ്ങൾ കൂട്ടി
വെച്ചു തച്ചിരിക്കുന്ന പഴന്തുണി.
'കചചിൽ കന്ഥാധാരീ കചചിച്ചെപിച
പര്യങ്കശയനം'
(ഭർതൃഹരി)
൨. നിഗളം. ൩. ഭിത്തി. ൪. കാലിലെ
നഖം.
കന്ഥാ(രി)-ഇലക്കള്ളി.
കന്ദകം-പല്ലക്ക്.
കന്ദഗുഡൂചി, കന്ദഗുളൂചി-പേര
മൂട്.
കന്ദഗ്രന്ഥി-ചിന്നുള്ളിച്ചുവന്നുള്ളി.
കന്ദരം-വെളുത്ത ആമ്പൽ
കന്ദപലാ-നാൻകിഴങ്ങ്.
കന്ദം-൧. കിഴങ്ങ് മൂലം. ൨. മേഘം.
ദുരാഗങ്ങളെ ഉച്ഛേദിക്കുന്നതെന്നർത്ഥം.
കാട്ടുചാര എന്നും അഭിപ്രായം കാണു
ന്നു. മറപര്യായങ്ങൾ-അർശസ്സ്, സ്വ
രണം. ൩. താമരക്കിഴങ്ങ്. ൪ മേഘം
൫. വീപ്പ്,നീര്. ൬. ചണ്ണുമുള്ളങ്കി. ൭.
കർപ്പൂരം.

കന്ദ-വി. ഉണ്ടാക്കുന്ന. ഉ-ം, 'ശ്രീകന്ദരാഗം.'

കന്ദമൂലം-മുള്ളങ്കി.

കന്ദരം-ന. ഗുഹ, മലയുടെയുംമറ്റുംഗുഹ.

'കന്ദരംതന്നിലെ മന്ദിരമായുള്ള'
(കൃഷ്ണഗാഥ)

വ. കൃത്രിമമായി ഉണ്ടാക്കപ്പെട്ടതും ഗുഹയുള്ളവുമായ മട. കൃത്രിമമോ, അകൃത്രിമമോ, വെള്ളമുള്ളതോ വെള്ളമില്ലാത്തതോ ആയ പർവ്വതവിവരം എന്നും അഭിപ്രായം കാണുന്നു.

[കന്ദരം പലവിധത്തിൽ ഉണ്ടാകുന്നു. വെള്ളച്ചാട്ടം ഭൂകമ്പം ഇവകൊണ്ടോ വന്നി മുതലായ മൃഗങ്ങളോ കള്ളന്മാരോ ഉണ്ടാക്കീട്ടോ ഉണ്ടാകാം.]

ന. ഇഞ്ചി.

കന്ദരാളം-ന. കല്ലാല്. ഗുഹാപ്രദേശത്തെ അലങ്കരിക്കുന്നതു് എന്നർത്ഥം. വ. മലഉകമരം. പർവ്വതസാനുക്കളെ അലങ്കരിക്കുന്നതു് എന്നർത്ഥം. [അക്ഷോടം എന്നതു നോക്കുക]. ന. പൂവരശു്.

കന്ദരാള(ക)ം-ഇത്തിയാല്.

കന്ദരോദ്ഭവ-ചെറിയ കല്ലുർവഞ്ചി.

കന്ദരോഹിണി-പേരമൃതു്.

കന്ദർപ്പദഹനൻ-ശിവൻ.

കന്ദർപ്പൻ-കാമദേവൻ. [കം=നിന്ദിതം ദർപ്പം=അഹങ്കാരം]. നിന്ദിക്കപ്പെട്ട അഹങ്കാരത്തോടുകൂടിയവൻ, സുഖത്തോടുകൂടിയവരിൽ അഹങ്കരിക്കുന്നവൻ, ബ്രഹ്മാവിൽ കൂടിയും അഹങ്കാരത്തെ പ്രവർത്തിക്കുന്നവൻ എന്നിപ്രകാരം അർത്ഥം.

കന്ദർപ്പമഥനൻ-ശിവൻ.

കന്ദലത-ന. മാലക്കിഴങ്ങ്. വ. തെയ്പാവൽ.

കന്ദലം-ന. ഇഞ്ചി. വ. ചേന. ന. പുഷ്പം. ര. അങ്കുരം, മുള.

കന്ദലികുസുമം-കൂൺ.

കന്ദവർദ്ധനം-ചേന.

കന്ദവല്ലി-ന. കാട്ടുപാവൽ. വ. മുതക്ക്.

കന്ദശൂരണം-ചേന.

കന്ദസാരം-ഇന്ദ്രന്റെ തോട്ടം.

കന്ദളം, കന്ദലം-ന. മുള, അംകുരം തളിര്. ഉ-ം, 'കിരണകന്ദളം'. വ. യുദ്ധം. ന. വാഴ. ഉ-ം, കന്ദളദളോല്ലാസം. ര. ഇഞ്ചി. ഇ. ചേന. ന്യ. കൂട്ടം. റ. സ്വർണ്ണം.

കന്ദളി-വലിയ വയറും കറുത്ത മുൻകാലുകളും ഉള്ള മാൻ. സസ്യങ്ങളുടെ കിഴങ്ങു കുത്തിപ്പറിച്ചു തിന്നുന്നതെന്നർത്ഥം.

കന്ദളികാ-കന്നുതക്കാ.

കന്ദളിത-വി. അംകുരിച്ച, മുളച്ച.

കന്ദാഢ്യം-നിലക്കിഴങ്ങ്.

കന്ദാമൃത-പേരമൃതു്.

കന്ദായം-നാലു മാസത്തിന്റെ ഇട.

കന്ദാരാ-ന. പേരാൽവൃക്ഷം. വ. താമരക്കിഴങ്ങ്.

കന്ദാഹ്വാ-ചേന.

കന്ദാലു-ന. കുന്നൻചേമ്പ്. വ. നാരൻകിഴങ്ങ്. ന. നിലക്കിഴങ്ങ്.

കന്ദി-ന. ചേന. വ. മുക്കുറി.

കന്ദിരി-നെയ്യൂലം.

കന്ദു-ന. ദോശച്ചട്ടി. അപൂപാദിയെ ശോഷിപ്പിക്കുന്നതെന്നർത്ഥം. വ. മദ്യം വാറ്റുന്നപാത്രം. മറ്റൊരുപര്യായം-'സ്വേദനി'.

കന്ദുകം-പന്തു്. സുഖത്തെ ദാനം ചെയ്യുന്നതു്, ശിരസ്സിനു വേദനയുണ്ടാക്കുന്നതു് ആഹ്വാനം ചെയ്യപ്പെടുന്നതു് എന്നിങ്ങനെ അർത്ഥം. മറ്റൊരു പര്യായം-'ഗേണ്ഡുകം'.

'ഭൃത്യൈകന്ദുകവേലനേ മേനക-
ക്ഷേപാദി ലീലാന്തരേ'
(ഭാഷാനൈഷധചമ്പു)

കന്ദുളം-പെരിച്ചാഴി.

കന്ദോടം-ന. കറുത്ത ആമ്പൽ. വ. വെളുത്ത ആമ്പൽ.

കണ്ഠോതം-ആമ്പൽ.

കണ്ഠോത്ഥം-കറുത്ത ആമ്പൽ.

കണ്ഠോദ്ഭവാ-പേരാറ്റ്.

കന്ധം-മേഘം.

കന്ധ(ര)ം-പ്ര. മുത്തങ്ങ. ൨. മേഘം.

കന്ധരാ-പ്ര. കഴുത്ത്. ശിരസ്സിനെ ധരിക്കുന്നതെന്നർത്ഥം. ൨. മുത്തങ്ങ. ൩. മേഘം. ൪. ചെറുചെഞ്ചീര.

കന്ധി-പ്ര. കഴുത്ത്. ൨. സമുദ്രം.

കന്നക്കാരൻ-ചതിയൻ.

കന്നക്കഴൽ-കന്നടിത്തോക്ക്.

കന്നക്കോൽ-കള്ളന്മാർ ചുവരു തുരക്കുന്ന ആയുധം.

'കന്നൽക്കണ്ണാരാം മണികളവിടെ-
കള്ളമോടും കടാക്ഷ-
കന്നൽക്കോലാൽ തരുണരുടെ ഹൃ-
ത്തട്ടിനെബ്ഭിന്നമാക്കി'
(മയൂരസന്ദേശം)

കന്നടം-ഒരു ദേശം.

കന്നടിക്കാരൻ-ഇടയൻ, കന്നിനെ രക്ഷിക്കുന്നവൻ.

കന്നടിക്കുക-കന്നുകാലികളെ തീററുക, മേയ്ക്കുക.

കന്നടിയൻ-കന്നടിദേശക്കാരൻ.

കന്നട്ട-വെള്ളത്തിലുണ്ടാകുന്നവലിയഅട്ട.

കന്നട്ടം, കന്നട്ട-കൊമ്പിറ(കൊമ്പ്രാ)ഉണ്ടാക്കുന്ന സ്ഥലം.

കന്നത്തം, കന്നത്തരം-മുട്ടാളത്തരം, നീചമായ കൌശലം, വെടിപ്പുകേട്, ദുസ്സാമർത്ഥ്യം.

കന്നൻ-വൃത്തികെട്ടവൻ, വെടിപ്പില്ലാത്ത പ്രവൃത്തി കാട്ടുന്നവൻ, അസത്യം പറയുന്നവൻ.

കന്നപ്പൂ-ചെവിയുടെ മുകളിൽ അലങ്കരിക്കുന്ന ഒരാഭരണം.

കന്നം-പ്ര. ചെകിട്, കവിൾത്തടം. ശബ്ദം എന്നതാണ കന്നം എന്നായത്. ൨. കർണ്ണം, ചെവി (സംസ്കൃതം). ൩. പാപം. ൪. മോഹാലസ്യം, ബോധക്കേട.

കന്നമോടി-വൃത്തികെട്ടവന്റെ പ്രവൃത്തിയും വാക്കും ഭാവവും.

കന്നമോടിക്കാരൻ-പ്രവൃത്തിയില്ലാത്തവൻ.

കന്നൽ-മത്സ്യം. ഉ-ം, കന്നൽമിഴി=മീനാക്ഷി.

[കന്നൽ ശബ്ദത്തിന തമിഴിൽ മധുരം, ശർക്കര, കരിമ്പ് ഈ അർത്ഥങ്ങളും കാണുന്നു. ഉ-ം, കന്നമൊഴി. മിഴിക്കും രമണീയതകൊണ്ടും മാധുര്യം കൊണ്ടും ഈ ശബ്ദം യുക്തമാകയാൽ 'കന്നൽമിഴി' എന്നു പറയാമെന്നും അഭിപ്രായം കാണുന്നു. കന്നൽശബ്ദം കറിംകുവളവാചിയാണെന്നു വേറൊരു പക്ഷവുമുണ്ട് കന്നൽമൊഴി, കന്നൽമിഴി എന്നവ കൂടാതെ കന്നൽമുടിയാൾ എന്ന പദവും കാണുന്നു. കന്നൽമൊഴി കന്നൽമിഴിയായി, അതിന പുറമേ കന്നൽമുടിയാളുമായിത്തീർന്നു. ഉ-ം, ഏഴാംക്ലാസ് പാഠ്യപുസ്തകം ൨-മത്-'കിളിപോയ കൂട്' എന്നതിൽ 'കന്നൽക്കാർവേണിയാൾ' എന്നു കാണുന്നു. ഇതിന നല്ല കറുത്ത തലമുടിയോടുകൂടിയവൾ, സുന്ദരി എന്നർത്ഥം പറയുന്നതിന്നു തരവുമുള്ളു. മത്സ്യവും മധുരവും ശർക്കരയും കരിമ്പും ഒന്നും ഇവയ്ക്കു ചേരുകയില്ല].

കന്നൽക്കണ്ണി-സുന്ദരി. [കന്നൽശബ്ദം നോക്കുക].

കന്നൽക്കൂത്ത്-ഒരു വക പാട്ടുംകളിയും.

കന്നാത്തി-കന്നാന്റെ സ്ത്രീ.

കന്നാൻ-ഓട്ടുംപിച്ചളയുംകൊണ്ടുവാർക്കുന്ന ഒരു ജാതിക്കാരൻ.

കന്നാരം-കരഞ്ഞാലിമരുന്ന്.

[ഇതിനെ ശുദ്ധിചെയ്തു ഭസ്മമാക്കിയാൽ കഫം, മൂർച്ഛം, പല്ലിളക്കം, ക്ഷയം, ചുമ, കാസം ഇവയെ കളയും].

കന്നി-ന. ഒരു മലയാളമാസത്തിന്റെ പേർ. വ. കന്യക. ന. ക്രന്നി.

കന്നികായ്ക്കുക-പിലാവു മുതലായ ചില വൃക്ഷങ്ങൾ ഒന്നാമതു കായ്ക്കുക.

കന്നിക്കണ്ടം-കന്നിഞാറൽകണ്ടം, ആണ്ടിൽ ഒരിക്കൽ വിളവെടുക്കുന്നവയൽ, കന്നിവിള, കരക്കണ്ടം ഇങ്ങിനെ പല പേരുണ്ട്.

കന്നിക്കൂറ്-മേടക്കൂറു മുതൽ പന്ത്രണ്ടു കൂറുള്ളതിൽ ആറാമത്തെ കൂറ്.

കന്നിപ്പേറ്-ഒന്നാമത്തെ പ്രസവം, കടിഞ്ഞൽ.

കന്നിമാസം-ഒരു മാസത്തിന്റെ പേർ.

കന്നിമൂല-തെക്കുപടിഞ്ഞാറെക്കോണ്.

കന്നിരാശി-ആറാമത്തെ രാശി.

കന്നു-പശുക്കുട്ടി, പശു, കുട്ടി.

[മലയാളത്തിൽ ചിലേടത്തു പോത്തിനേയും എരുമയേയും 'കന്നു' എന്നു പറഞ്ഞുവരുന്നു].

കന്നുകാലി-കന്ന് കാള പശു ഇവയ്ക്കുള്ള പേർ.

കന്നുകാലിപ്പിള്ളർ-കന്നുകാലികളെ മേയ്ക്കുന്ന പിള്ളർ.

കന്മദം-പാറകളിൽനിന്നു പ്രവേശിക്കുന്ന ഒരു ദ്രവം, വേനൽക്കാലത്തിൽ വെയിലേററ മലമ്പാറകൾ തപ്തമാകുമ്പോൾ അതിൽനിന്ന് അരക്കുപോലെ പുറപ്പെടുന്ന ഒരു സാധനം. [കല് + മദം = കന്മദം].

[ഇതിനു ശിലാജതു എന്നും മററും പേർ കാണുന്നു. ഇതു, സ്വൎണ്ണം, രജതം, താമ്രം, ആയസം ഇങ്ങിനെ നാലു തരമുണ്ട്. 'നിദാഘേ ഘൎമ്മസന്തപ്താ ധാതുസാരം ധരാധരാഃ നിൎയ്യാസവൽ പ്രമുഞ്ചന്തി തച്ഛിലാജതുകീൎത്തിതം' എന്നു ഭാവമിശ്രവചനം. കഫം, പ്രമേഹം, കല്ലടപ്പ്, മൂത്രകൃച്ഛ്രം, ക്ഷയം, വായുമുട്ടൽ, വാതരക്തം, അൎശസ്സ്, പാണ്ഡു, അപസ്മാരം, ഉന്മാദം, വീക്കം, കുഷ്ഠം, മഹോദരം, കൃമി, അഗ്നിമാന്ദ്യം ജ്വരം ഇവയെ ശമിപ്പിക്കും. കല്മദം നാലുജാതിയുള്ളതിൽ 'ആയസം' ശ്രേഷ്ഠമാകുന്നു. ഇതു വിന്ധ്യപൎവ്വതത്തിൽ ധാരാളമുണ്ടാകുന്നു. ഇരിമ്പ് അവിടെ അധികമുണ്ടല്ലോ. ഇതിനു ശിലാജതു, അദ്രിജതു, ശൈലനിൎയ്യാസ, ഗൈരേയ, അശ്മജ, ഗിരിജ, ശൈലധാതുജ, അൎഘ്യ, ശിലാജ, അഗജ, ശൈല, ശൈലേയ, ശീതപുഷ്പക, ശിലാവ്യാധി, അശ്മോത്ഥ, അശ്മലാക്ഷ, അശ്മജതുക, ജത്വശ്മക ഇവ പൎയ്യായങ്ങൾ. ഇംഗ്ലീഷിൽ Bitumen കന്മദം എന്നതിനു കല്മദം എന്നോ കന്മദം എന്നോ പറയാം. എന്നാൽ സംസ്കൃതവാക്കായ കല്മഷത്തെ കന്മഷമാക്കുന്നതു തെററാകുന്നു.]

കന്മഷം-[കല്മഷം എന്നതു നോക്കുക.

കന്മാടം-കരിങ്കല്ലുകൊണ്ടുള്ള ഭവനം.

കന്യ-ന. പത്തുവയസ്സായ പെൺകുട്ടി. വിവാഹം കഴിച്ചിട്ടില്ലാത്ത പെൺകുട്ടികൾക്കു പൊതുവായി ഈ പേർ പറയാറുണ്ട്. കന്യക എന്നും പറയും. ശോഭയുള്ളവൾ, അനുഗ്രഹിക്കപ്പെടുന്നവൾ എന്നിങ്ങിനെ അൎത്ഥം. പൎയ്യായങ്ങൾ-കന്യ, കുമാരി.

'ദശമേ കന്യകാ പ്രോക്താ
അത ഊൎദ്ധ്വം രജസ്വലാ'
(സ്മൃതി)

വ. രണ്ടു വൃത്തങ്ങളുടെ പേർ. [ന. പ്രതിഷ്ഠാഛന്ദസ്സിൽപെട്ടതു്. മം ഗം കന്യാ വ. ജഗതിഛന്ദസ്സിൽപെട്ടതു്. 'അത്ര സനയം വദവതു കന്യാ,-വൃത്തമാഖ്യാതി]. ന. ദുൎഗ്ഗാദേവി, കന്യ, കുമാരി. ര. കററവാഴ (കററാർവാഴ). ര. ആഴൽ. ന്യ. കാട്ടുപാവൽ. ര. പേരേലം. വ്യ. ഒന്നിക്കിഴങ്ങ്. ൻ. മുത്തി.

കന്യകാ-ു. കന്യാ. [കന്യാ എന്നതു നോക്കുക]. ഉ. പുത്രി. ന. കല്യാണം കഴിയാത്തവൾ. ർ. കറുത്തി. ഇ. പേരേലം. ത്രൂ. കറുവാഴ.

കന്യകാജാതൻ-കന്യകാപുത്രൻ. കന്യകയിൽ ജനിച്ചവൻ എന്നൎത്ഥം, മറ്റൊരു പൎയ്യായം-കാനീനൻ.

കന്യകാപുടം-പേരേലം.

കന്യകാമണി-ു. കന്യകാരത്നം, അതിസുന്ദരിയായ കന്യക. ഉ. ഒരു വൃത്തത്തിന്റെ പേർ, ഉൽകൃതിഛന്ദസ്സിൽ പെട്ടതാണ്. പാദം ഒന്നിൽ വന്ന അക്ഷരം കാണാം.

'രേഫവുംജകാരവും കലൎന്നാരെട്ടുവിന്നെലംഗവുംധരിക്കകന്യകാമണിയാം'

(വൃത്തമഞ്ജരി)

കന്യാകുബ്ജം - ഒരു രാജ്യത്തിന്റെ പേർ, ഒരു പഴയ നഗരം. ഇപ്പോൾ കനൂജ് എന്നു പറയപ്പെടുന്നു.

[ഇതു വടക്കേഇൻഡ്യയിൽ ഗംഗയുടെ കൈവഴിയിൽ സ്ഥിതിചെയ്യുന്നു. കാന്യകുബ്ജം എന്നുമുണ്ട്. സംസ്കൃതത്തിൽ ഈ ശബ്ദമാണ് അധികം കാണുന്നതു്. കന്യാകുബ്ജം=കന്യാകുമാരി എന്നു റിച്ചാർഡ്കോളിൻസ്.]

കന്യാകുമാരി-തിരുവിതാംകൂറിൽ അഗസ്തീശ്വരംതാലൂക്കിലേ ഒരു പകുതി. ഇതു തിരുവിതാംകൂറിന്റെ എന്നല്ല ഇൻഡ്യാമഹാരാജ്യത്തിന്റെ ഏററവും തെക്കേ അററത്തേ കോടിയാകുന്നു.

[ഇവിടെ പ്രസിദ്ധപ്പെട്ട ഒരു ദേവിക്ഷേത്രമുണ്ട്. കന്യാകുമാരി സുഖവാസസ്ഥലങ്ങളിൽ ഒന്നാണ്.]

കന്യാത്വം, കന്യകാത്വം-കന്യകയുടെ സ്ഥിതി.

കന്യാദാനം-പ്രതിഫലം വാങ്ങിക്കാതെ മകളെ ഒരുവനു വിവാഹംകഴിപ്പിച്ചു കൊടുക്കുക.

കന്യാപ്പെണ്ണ്-വിവാഹം കഴിയാത്ത സ്ത്രീ.

കന്യാവ്രതം-വിവാഹത്തിനു മുമ്പേയുള്ള അവസ്ഥ.

കന്യാസ്ത്രീ-കന്യാപ്പെണ്ണ്.

കപടക്കാരൻ-ു. കള്ളമുള്ളവൻ. ഉ. ചതിയൻ.

കപടം-വ്യാജം. ഒരു വസ്ത്രംഎന്നപോലെ ശിരസ്സിനെ മറയ്ക്കുന്നതെന്നൎത്ഥം. കപടപ്രവൃത്തികൊണ്ടുള്ള ദുഷ്കീൎത്തി തലയുള്ള കാലം മുഴുവൻ കാണുമെന്നു സാരം. ബ്രഹ്മാവിനെപ്പോലും മറയ്ക്കുന്നതു് എന്നുമാകാം. പൎയ്യായങ്ങൾ-കപടം, വ്യാജം, ദംഭം, ഉപാധി, ഛത്മം, കൈതവം, കസൃതി, നികൃതി, ശാഠ്യം.

കപടസൂത്രം-കള്ളക്കൌശലം, ചതിക്കുന്നതിനുള്ള ഉപായം.

കപടസ്ഥൻ-കപടക്കാരൻ.

കപടി-വി. വ്യാജമുള്ള. [സ്ത്രീലിംഗം-കപടിനി.]

കപടേശ്വരി-വെളുത്തകണ്ടകാരി.

കപൎദ്ദം-ു. ശിവന്റെ ജടാഭാരം. ശിരസ്സിനെ നിറയ്ക്കുന്നതു്, ഗംഗാജലംകൊണ്ടു ശുദ്ധമാക്കിചെയ്യുന്നതു് എന്നിങ്ങനെ ശബ്ദാൎത്ഥം. ഉ. കവടി.

കപൎദ്ദി-ശിവൻ, കപൎദ്ദം എന്ന ജടയുള്ളവൻ.

കപൎദ്ദിക-കവടി.

കപാടഘ്നൻ-കള്ളൻ, ഭേദനം ചെയ്യുന്നവൻ.

കപാടം-കതക്, വാതിൽ. വായുവിനെപ്പോലും അകത്തു കടത്താത്തതു്, കാററു നിമിത്തം ശബ്ദിക്കുന്നതു്, ശിരസ്സിനെ പിളൎക്കുന്നതു് എന്നിങ്ങനെ ശബ്ദാൎത്ഥം. കവാടം, കവാടം, എന്നും കാണുന്നുണ്ടു. മറെറാരു പൎയ്യായം-അരരം.

കപാടിനി-ചീനത്തമരത്തതാമര.

**കപാടോൽഘാടനം**-൧. വാതിൽ തുറക്കുക, ൨. താക്കോൽ.

**കപാലപാണി**-ശിവൻ.

**കപാലഭൃത്ത്**-ശിവൻ.

**കപാലം**-൧. തലയോട്. ശിരസ്സിനെ രക്ഷിക്കുന്നതെന്നർത്ഥം. മറെറാരുപർയ്യായം-കർപ്പരം. ൨. പരന്ന അസ്ഥി. ൩. ഭിക്ഷക്കാരന്റെ ഒരു മാതിരി പാത്രം. ൪. ഒരു കടത്തിന്റെ പാതി.

**കപാലമാലി**-ശിവൻ.

**കപാലമാലിനി**-ദുർഗ്ഗ.

**കപാലശിരസ്സ്**-ശിവൻ.

**കപാലി**-ശിവൻ.

[ശ്രീപരമേശ്വരൻ തലയോടെടുത്തു് ഇരക്കുന്നതിനുള്ള കാരണം താഴെ പ്രസ്താവിക്കുന്നു. ത്രൈലോക്യാധിപത്യത്തെപ്പററി ഒരിക്കൽ ബ്രഹ്മാവും വിഷ്ണുവും പരസ്പരം വലുതായ വാദം തുടങ്ങി. അങ്ങിനെ വാദിച്ചുപോരുന്ന സന്ദർഭത്തിൽ അവരുടെ മദ്ധ്യേ ഒരു തേജസ്സു കാണുകയുണ്ടായി. ഉടനടി ഒരു അശരീരിവാക്കും ഉത്ഭവിച്ചു. 'ഈ തേജസ്സിന്റെ അവസാനം ആരാണോ കണ്ടുപിടിക്കുന്നു അവനത്രേ ത്രൈലോക്യാധിപതി' എന്നായിരുന്നു അശരീരിവാക്കിന്റെ താൽപര്യം. അനന്തരം ബ്രഹ്മാവു മേൽഭാഗത്തേയ്ക്കും വിഷ്ണു കീഴ്ഭാഗത്തേയ്ക്കും പുറപ്പെടുന്നതിനു സമ്മതിച്ചു യാത്ര തുടങ്ങി. വളരെക്കാലം കഴിഞ്ഞിട്ടും തേജസ്സിന്റെ അവസാനം കാണായ്കയാൽ വളരെ മനസ്സുമുട്ടി. ഇങ്ങിനെ ഇരിക്കെ ഒരു കൈതപ്പൂവ് ഉപരിഭാഗത്തുനിന്നും വരുന്നതു കണ്ടു് എവിടെ നിന്നു വരുന്നു എന്നു ബ്രഹ്മാവു ചോദിച്ചു. ഈ തേജസ്സിന്റെ അവസാനഭാഗത്തുനിന്നു വരുന്നു എന്നു് അതു് ഉത്തരം പറഞ്ഞതുകേട്ടിട്ടു് അവിടെ ചെല്ലുന്നതിനു ഇനിയും എത്ര ദൂരം പോകണമെന്നു ബ്രഹ്മാവു ചോദിച്ചു ഞാൻ അവിടെ നിന്നു തിരിച്ചതിൽ പിന്നെ മൂന്നു ബ്രഹ്മപ്രളയം കഴിഞ്ഞിരിക്കുന്നു എന്നു പുഷ്പം മറുപടി പറകയുണ്ടായി ഇതു കേട്ടു നിനക്കു് എന്റെ കരത്തിൽ ഇരിക്കുന്നതിനു മനസ്സുണ്ടോ എന്നു ബ്രഹ്മാവു ചോദിച്ചു. പൂർണ്ണസമ്മതമെന്നു പുഷ്പം ഉത്തരം പറഞ്ഞു. അപ്പണ്ണം സത്യം ചെയ്യണമെന്നു ബ്രഹ്മാവു അപേക്ഷിച്ചതനുസരിച്ചു കൈതപ്പൂവ് പ്രവർത്തിക്കയും അതിനെ ബ്രഹ്മാവു തന്റെ കരത്തിൽ വച്ചുകൊള്ളുകയും ചെയ്തു. അനന്തരം അദ്ദേഹം വിഷ്ണുവിന്റെ സമീപത്തിൽ ചെന്നുചേർന്നു. തേജസ്സിന്റെ അവസാനം കണ്ടുവോ എന്നു വിഷ്ണു ചോദിച്ചതിനു അതിന്റെ മൂർദ്ധാവിലിരുന്ന പുഷ്പം ഇതാണെന്നു കൈതപ്പൂവിനെ ചൂണ്ടിക്കാണിച്ചു ബ്രഹ്മാവു പറഞ്ഞു. മൂർദ്ധാവു കണ്ടുവോ എന്നു പിന്നെയും വിഷ്ണു നിർബന്ധിച്ചു ചോദിച്ചു. ഉടൻ അഞ്ചുതലയുള്ളതിൽ ഒന്നുകൊണ്ടു കുലുക്കി അനുസരിച്ചു. ഇതു കണ്ടു കൈയിലിരുന്ന പുഷ്പം രുദ്രാകൃതിപൂണ്ടു കുലുക്കിയ തലയെ ഉടൻ അറുത്തു. അനന്തരം 'നീ കപാലം (തലയോടു്) എടുത്തു ഇരക്കുക' എന്നു ബ്രഹ്മാവു ശിവനെ ശപിച്ചു ഇതുമുതൽ ശിവനു കപാലി എന്ന പേരുണ്ടായി.

### അധികം ഭേദമില്ലാത്ത മറെറാരഭിപ്രായം.

അഞ്ചു ശിരസ്സുണ്ടല്ലോ ബ്രഹ്മാവിനു ആദ്യം ഉണ്ടായിരുന്നതു്. പരമേശ്വരന്റെ ആദ്യവസാനം കാണ്മാൻ ഒരിക്കൽ വരാഹരൂപത്തെ അവലംബിച്ചു പാദാന്വേഷണാർത്ഥം വിഷ്ണു അധോഭാഗത്തേക്കും, ഹംസരൂപാവലംബിയായി ബ്രഹ്മാവു ശിരോദർശനാർത്ഥം ഉപരിഭാ

ശത്തെക്കം തിരിച്ചു. ഇടക്കു ഭഗവാന്റെ ശിരസ്സിൽനിന്നു കീഴ്പ്പെട്ടുവരുന്ന ഒരു പൂമാലയെ ബ്രഹ്മാവു കാണുകയുണ്ടായി. എവിടുന്നാണെന്നു ചോദിച്ചതിൽ അനേകകല്പാന്തങ്ങൾക്കു മുമ്പു പരമേശ്വരന്റെ ശിരസ്സിൽനിന്നു പോന്നതിന്റെ ശേഷവും ഇതുവരെയ്ക്കുമേ വന്നെത്തുന്നതിനു സാധിച്ചുള്ളു എന്നു പൂമാല പറയുന്നതു കേട്ടു. ബ്രഹ്മാവു തൽകാര്യം അസാദ്ധ്യമെന്നുകരുതി മടങ്ങിപ്പോന്നു. അനന്തരം പാദം കാണാതെ വിഷ്ണുവും മടങ്ങി എത്തി. പിന്നീടു വിഷ്ണുവിനോടു 'ഞാൻ ശിവശിരസ്സ് കണ്ടു' എന്നു ബ്രഹ്മാവു കള്ളം പറകയാൽ കള്ളംപറഞ്ഞ ശിരസ്സിനെ ഉടൻ ശിവൻ അറുത്തു. അന്നുമുതൽ ബ്രഹ്മകപാലത്തെ ശിവൻ ധരിപ്പാനിടയായി. ബ്രഹ്മഹത്തിയെ മറച്ചുവെയ്ക്കാതെ പ്രത്യക്ഷമാക്കുന്നതിനായിട്ടാണ് ശിവൻ അതിനെ ധരിച്ചത്.]

കപാലിക-ഌ. ഒരു ദന്തരോഗം.

[പല്ലുതേയ്ക്കായ്കകൊണ്ട് അതിലെ മലം ഹേതുവായി ചരൽക്കല്ലുപോലെയുണ്ടാകുന്ന ദന്തശർക്കര എന്ന രോഗം പല്ലുകളെ അല്പമായി പിളക്കും. അതുകൊണ്ടു പല്ലുകൾക്കു നാശം വരും. ഇതത്രേ കപാലിക].

വ. പിച്ചകം.

കപി-ഌ. വാനരം, കരങ്ങ്. ഒരു ദിക്കിലും ഉറച്ചുനില്ക്കാത്തതെന്നർത്ഥം. പര്യായങ്ങൾ-കപി, പ്ലവംഗം, പ്ലവഗം, ശാഖാമൃഗം, വലീമുഖം, മർക്കടം, വാനരം, കീശം, വനൌകസ്സ്. വ. അറബിക്കുന്തുരുക്കം, ന. രക്തചന്ദനം. ർ. പന്നി. ഉ. നെല്ലി. ന്ന വലിയ മുഞ്ഞ്. ൧. ആന. വ്വ. സൂര്യൻ. ൻ. വിഷ്ണു.

കപിക-ഌ. കരിഞൊച്ചി. വ. നായിക്കൊരുണ. ന. കരിനൊച്ചി.

കപികച്ഛു-നായിക്കൊരുണ. കരങ്ങനെക്കൂടി ചൊറിക്ക ഹേതു എന്നർത്ഥം.

കപികന്ദുകം-തലയോട്ട്.

കപികേതനൻ-അർജ്ജുനൻ. [അർജ്ജുനന്റെ ധ്വജത്തിൽ ഹനുമാനായിരുന്നുകൊണ്ട് ഈ പേരുണ്ടായി.]

കപിചൂഡം-ഌ. അമ്പഴം. വ. കല്ലാൽ. ന. വെളുത്ത പേരാൽ.

കപിജം-അറബിക്കുന്തുരുക്കം.

കപിഞ്ജലം-ഌ വേഴാമ്പൽപക്ഷി. വ. ചിതാരിപ്പുള്ള്.

കപിതൈലം-അറബിക്കുന്തുരുക്കം.

കപിധ്വജൻ-അർജ്ജുനൻ. [കപികേതനൻ നോക്കുക].

കപിത്ഥത്വക്ക്-ഏലംവാലുകം.

കപിത്ഥഫലിനി-വിളാമ്പശ.

കപിത്ഥം-ഌ. ഏലാവാലുകം. വ. വിളാർമരം.

കപിനാമ, കപിനാമകം-അറബിക്കുന്തുരുക്കം.

കപിപിങ്ഗാകാ-കണ്ടിവെണ്ണ.

കപിപിപ്പലി-ചെറിയ കടലാടി.

കപിപ്രിയം-ഌ. വിളാർ. വ. അമ്പഴം. ന. പഴമുൺപാല.

കപിരഥൻ-ഌ. അർജ്ജുനൻ. വ. രാമൻ.

കപില-വി കരാൽനിറമുള്ള.

കപിപ്രഭ-നായിക്കൊരുണ.

കപിരോമ, കപിരോമഫല-നായിക്കൊരുണ.

കപിലദ്യുതി-സൂര്യൻ.

കപിലചന്ദനം-കപിലവർണ്ണമായ ചന്ദനം. പര്യായം-ഹരിചന്ദനം.

കപിലദ്രാക്ഷ-വലിയ മുന്തിരി.

കപിലധര-ഗംഗാനദി.

കപിലൻ-ഒരു മഹർഷി. കർദ്ദമന് ദേവഹൂതിയിലുണ്ടായവൻ.

[ഈ മഹർഷി സഗരന്റെ അറുപതിനായിരം പുത്രന്മാരെ ദൃഷ്ടിയിൽ എരിച്ചു. സാംഖ്യദർശനം സ്ഥാപിച്ചതു ഇദ്ദേഹമാണ്. ഇദ്ദേഹത്തിനു കപിലവാസുദേവൻ എന്നും പേരുണ്ട്.]

കപിലപുരാണം - ഒരു ഉപപുരാണം [അഷ്ടാദശോപപുരാണം നോക്കുക.]

കപിലഫലാ-വലിയ മുന്തിരി.

കപിലം-൧. പിച്ചള. ൨. അറബിക്കുന്തുരുക്കം. ൩. നായ്.

കപിലർ-ഒരു ഒരു ബ്രാഹ്മണകവി.

[ഇദ്ദേഹം പാണ്ടിയിൽ തിരുവടവൂർ എന്ന ദേശത്തു ജനിച്ചു. മലയാളത്തിൽ വന്നു താമസിച്ചു. 'പൊയ്യാനമ്പിക്കപിലർ' (പൊയ്യ് പറയാത്തവൻ) എന്ന ബിരുദു പേർ നേടി].

കപിലലോഹം-നല്ല പിച്ചള.

കപിലവസ്തു-ശുദ്ധോദനന്റെ പ്രധാനനഗരം. [ശുദ്ധോദനൻ ഗൌതമബുദ്ധന്റെ പിതാവാണ്.]

കപിലശിംശപാ-ഇരുവുൾമരം. [അല്പം മഞ്ഞനിറമുള്ളതു്.)

കപില-൧. അഗ്നിക്കോണിലെ ഗജമായ പുണ്ഡരീകന്റെ പിടി. കപിലവർണ്ണമുള്ളതെന്നർത്ഥം. ൨. ഇരുമുള്ള്. ൩. അരണകം. ൪. കറവപ്പശു. ൫. പശു. ൬. നല്ല പിച്ചള. ൭. അത്തിത്തിപ്പലി.

കപിലാക്ഷി-൧. ഒരു വക മാൻ. ൨. അല്പം മഞ്ഞനിറമുള്ള ഇരുവുൾമരം. ൩. വെളുത്ത ചെറിയ വെള്ളരി.

കപിലൈലാ-അരണകം.

കപിലോമ-നായ്ക്കുരണ.

കപില്ലിക-അത്തിത്തിപ്പലി.

കപിലാഞ്ജനൻ-ശിവൻ.

കപിലാശ്വൻ-ഇന്ദ്രൻ.

കപിലോല-അരണകം.

കപിലോമഫല-നായ്ക്കുരണ.

കപിവക്ത്രൻ-നാരദൻ.

കപിവല്ലി-൧. അത്തിത്തിപ്പലി, കരങ്ങനൊപ്പാലെയുള്ള(അങ്ങോട്ടുമിങ്ങോട്ടും) പടരുന്ന) വള്ളി. ൨. വലിയകടലാടി.

കപിവദാന്യം-അമ്പഴം.

കപിശ-വി. കറുപ്പോടുകൂടിയ ചെമപ്പുനിറമുള്ള.

കപിശം-൧. കറുപ്പും മഞ്ഞയും ചേർന്ന നിറം (കരിവാളിപ്പ്) കപിശബ്ദത്തിനു ഇവിടെ നിറവിശേഷമെന്നർത്ഥം. വാനരവർണ്ണസദൃശമെന്നു ശബ്ദാർത്ഥം. മററൊരു പര്യായം-ശ്യാവം. ൨. കറുപ്പോടുകൂടിയ ചെമപ്പുനിറം, പാതിരിപ്പൂനിറം. ൩. തവിട്ടുനിറം. ൪. സാമ്പ്രാണി. ൫. ഒരു വക മദ്യം. ൬. അറബിക്കുന്തുരുക്കം.

കപിശാ(ശി)-൧. മാധവീലത. ൨. ഒരു നദിയുടെ പേർ. ൩. ഒരു വക മദ്യം.

കപിശാഞ്ജനൻ-ശിവൻ.

കപിശീക-ഒരു വക മദ്യം.

കപിശീർഷകം-ചായില്യം.

കപീകച്ഛു-നായിക്കൊരുണ.

കപീജ്യൻ-൧. രാമൻ. ൨. സുഗ്രീവൻ.

കപീജ്യം-പഴമുൺപാല.

കപീതനം-൧. അമ്പഴം. വാനരന്റെ നിറത്തോടു തുല്യമെന്നർത്ഥം. ൨. കല്ലാൽ. ജലത്തെ പീതനിറമാക്കുന്നതു്. ൩. നെന്മേനിവാക. ൪. പൂവരശ്ശ്. ൫. കവുങ്ങ്. ൬. ഇത്തിയാല്. ൭. കൂവളം. ൮. അരയാൽ.

കപീന്ദ്രൻ-൧. സുഗ്രീവൻ. ൨. ജാംബവാൻ. ൩. ഹനുമാൻ.

കപീലു-പനച്ചി.

കപീഷ്ടം-പഴമുൺപാല. ൨. വീളൾമരം.

കപൂയ-വി. ൧. ജാത്യാചാരകലങ്ങളെക്കൊണ്ടു നിന്ദിക്കപ്പെട്ട. [കുത്സിതമായി നശിക്കുന്നതു കപൂയം]. ൨. നീചമായ് നിന്ദ്യമായ, അഴുന്ന.

കപേവാസം-വെളുത്ത പേരാൽ.

കപോണി—കൈമുട്ട് മടക്കുന്നതിനും നിവൎത്തുന്നതിനും പ്രയാസമില്ലാത്തതെന്നൎത്ഥം. കഫോണി, കഫണി എന്നുമാകാമെന്നു കാണുന്നു. 'കഫോണിഃകഫണിർ ദ്വയോഃ' (ശബ്ദാൎണ്ണവം).

കപോതകം—ഫ. പ്രാക്കുഞ്ഞു്. വ. സൌവീരാഞ്ജനം.

കപോതചരണ—പവിഴക്കൊടി. മാടപ്രാവിന്റെ കാലിനു സദൃശമായ വേരുള്ളതു് എന്നൎത്ഥം.

കപോതനന്ദനം—അഞ്ജനക്കല്ലു്.

കപോതപാകം—അടയ്ക്കാമണിയൻ.

കപോതപാലി(ളി), കപോതപാലി(ളി)ക—ഫ. പ്രാവിൻപലക. വ. പ്രാക്കൂടു്. മറ്റൊരുപൎയ്യായം—വിടങ്കം.

കപോതം—ഫ. മാടപ്രാവു്. വായുവിന്റെ സഹായത്തോടുകൂടി പറക്കുന്നതെന്നൎത്ഥം. വ. കരുവിപ്പക്ഷി. ന. തവിട്ടുനിറം. ൪. കാട്ടുപ്രാവു്. ൫. പുരയുടെ ഉത്തരത്തിന്റെ താഴത്തു വെയ്ക്കുന്ന മരം.

കപോതയാമുനം—രസാഞ്ജനം.

കപോതവങ്ക—ബ്രഹ്മി.

കപോതവൎണ്ണി, കപോതവൎണ്ണിക—ചിറ്റേല.

കപോതവാണ—പവിഴക്കൊടി.

കപോതവേഗ—ബ്രഹ്മി.

കപോതസമൂഹം—കാപോതക്കൂട്ടം. പൎയ്യായം—കാപോതം.

കപോതസാരം—സ്രോതാഞ്ജനം.

കപോതാംഘ്രി—ഫ. പവിഴക്കൊടി. വ. ഒരു വക മണമുള്ള ചെടി, നാഞ്ചി.

കപോതാഞ്ജനം—സ്രോതാഞ്ജനം.

കപോതാരി—പെരുമ്പരുന്തു്, പരുന്തു്.

കപോതി, കപോതിക—പെടപ്രാവു്.

കപോലപാളി—കവിൾത്തടം.

കപോലഫലകം—കവിൾത്തടം.

കപോലം—കവിൾത്തടം. കോപം മുതലായവയിൽ വിറയ്ക്കുന്നതു്, സ്വയമേ അധികമാക്കുന്നതെന്നൎത്ഥം. മറ്റൊരുപൎയ്യായം—ഗണ്ഡം.

[കണ്ണിനു വരെ അടുത്ത ഭാഗം കവിളും അതിനു കീഴ്ഭാഗം കപോലവുമാണെന്നു ചിലൎക്കിപ്രായമുള്ളപ്രകാരം കാണുന്നു].

കപ്പ—കപ്പയാവണക്കു്. [ഓമ എന്നതുനോക്കുക].

കപ്പക്കിഴങ്ങു്—നട്ടുണ്ടാക്കുന്ന ഒരു വക കിഴങ്ങു്.

കപ്പട, കപ്പണ—കല്ലുവെട്ടാംകുഴി.

കപ്പം—രാജാക്കന്മാർ ചക്രവൎത്തികൾക്കു കൊടുക്കുന്ന കരം. പൎയ്യായങ്ങൾ—ഭാഗധേയം, കരം, ബലി.

കപ്പംകെട്ടുക—കപ്പംകൊടുക്കുക.

കപ്പൽ—ഫ. സമുദ്രത്തിലെ വാഹനങ്ങളിൽ വെച്ചു വലുതായുള്ളതു്. വ. ഉരു. പൎയ്യായങ്ങൾ—യാനപാത്രം, പോതം.



[കപ്പൽക്കച്ചവടക്കാരനു പൎയ്യായങ്ങൾ സാംയാത്രികൻ, പോതവണിക്ക് കപ്പൽക്കൂലിക്കു തുല്യം എന്നു പേർ.]

കപ്പൽച്ചക്ക—ഒരു മാതിരി കൈതയിലുണ്ടാകുന്ന കായ്, കൈതച്ചക്ക.

കപ്പൽച്ചരക്കു്—കപ്പലിൽ കൊണ്ടുവരുന്ന കച്ചവടവസ്തു.

കപ്പൽച്ചാൽ—കപ്പലോടുന്നതിനുള്ളവഴി.

കപ്പൽച്ചേതം—കപ്പലിന്റെ നാശം.

കപ്പൽപായ്—കപ്പലിന്റെ പാമരത്തിൽ കെട്ടുന്ന തുണിപ്പായ്.

കപ്പൽമാങ്ങ—കപ്പൽമാവിന്റെ കായ്.

കപ്പൽമാവു്—പറങ്കിമാവു്.

കപ്പൽമുളക്—ഒരു വക വലിയ മുളക്, ചീനമുളക്.

കപ്പലണ്ടി—കപ്പൽമാങ്ങയിൽ പറ്റിനിൽക്കുന്ന വിത്തു്, കശുവണ്ടി, പറങ്കിയണ്ടി

കപ്പലോട്ടം-കപ്പൽസഞ്ചാരം.

കപ്പളങ്ങ-കപ്പളത്തിന്റെ കായ്.

കപ്പളം-ഉറപ്പില്ലാത്ത ഒരു മാതിരി ചെറിയ വൃക്ഷം, കപ്പയാവണക്ക്.

കപ്പാരിക്കുക-വൃഷണം ഉടയ്ക്കുക.

കപ്പി-തടിയും മറവും മുകളിൽ കയററുന്നതിന്ന കയറിലിടുന്ന ഒരു യന്ത്രം.

കപ്പിത്താൻ – കപ്പലിലെ കാര്യസ്ഥൻ. [പോർത്തുഗീസ് ഭാഷ].

കപ്പിയാര്-പള്ളിയിലെ ഒരു വേലക്കാരൻ.

കപ്പിയോളം-അററം വരെ. (പ-മ).

കപ്പു്-ക്രി. കൈകൂട്ടാതെ വായ്കൊണ്ടു കമ്മുക. ഉ. പട്ടിയെപ്പോലെതിന്നുക. ന. കവരം.

കപ്പുക-കൈയുടെ സഹായംകൂടാതെ കമ്മിത്തിന്നുക.

കഫകാലം-കഫം വർദ്ധിക്കുന്ന സമയം.

കഫകൂർച്ചിക-ഉമിനീർ.

കഫഘ്നി-ചെറിയ അടയ്ക്കാമണിയൻ.

കഫണി-കൈമുട്ട്. [കഫോണി എന്നതു നോക്കുക].

കഫം-ത്രിദോഷങ്ങളിൽ ഒന്നു്, ശ്ലേഷ്മം. വെള്ളം കൊണ്ടു വർദ്ധിക്കുന്നതു്, പററിച്ചേരുന്നതു് എന്നിങ്ങനെ ശബ്ദാർത്ഥം.

[ശ്ലേഷ്മണൻ, ശ്ലേഷ്മളൻ, കഫി ഇവ മൂന്നും കഫരോഗിയുടെ പേർ].

കഫവർദ്ധനം-മലങ്കാര.

കഫവിരോധി-മുളക്.

കഫഹരം-കൈപ്പൻപടവലം.

കഫാന്തകം-മുള്ളങ്കി. ഉ. വെൺവേലം.

കഫാരി-ചുക്ക്.

കഫി-വി. ക്രി. ശ്ലേഷ്മമുള്ള. ഉ. കാരമുള്ള. ന. കഫരോഗമുള്ള.

കഫി-കഫരോഗമുള്ളവൻ.

കഫേലം-ശ്ലേഷ്മമുള്ള. ഉ. കഫമുള്ള.

കഫേലുല്ലു-നാവരി.

കഫോണി-കൈമുട്ട്. [കഫോണി എന്നതു നോക്കുക].

കബന്ധൻ-ഭയങ്കരനും വിരൂപിയുമായ ഒരു രാക്ഷസൻ.

[ശ്രീരാമലക്ഷ്മണന്മാർ വനവാസത്തിൽ സീതാന്വേഷണംചെയ്യും മദ്ധ്യേ ഈ രാക്ഷസനെ കാണുകയുണ്ടായി. 'വക്ഷസിവദനവും യോജനബാഹുക്കളും ചക്ഷുരാദികളുമില്ലെന്തൊരു സത്വമിതു? പക്ഷിയുംമൃഗവുമല്ലെത്രയുംചിത്രംചിത്രം വക്ഷസിവക്ത്രംകാലും തലയുമില്ലതാനും' ഈ രാക്ഷസന്റെ കൈക്കകത്തകപ്പെട്ടുകയാൽ വലത്തുകൈ രാമചന്ദ്രനും, ഇടത്തു കൈ ലക്ഷ്മണനും മുറിച്ചു. അനന്തരം വസ്തുവമെല്ലാം കബന്ധനെ അറിയിക്കയാൽ അവൻ സന്തുഷ്ടചിത്തനായി താൻ ഒരു ഗന്ധർവനാണെന്നും അഷ്ടവക്രമുനിയുടെ ശാപംനിമിത്തം രാക്ഷസനായി എന്നും ഇന്ദ്രൻ വജ്രായുധംകൊണ്ടു ശിരസ്സു മുറിക്കകയാൽ ഈ രൂപത്തിലായി എന്നും ശാപമോക്ഷം ഇതാ സിദ്ധിച്ചു എന്നും ഉണർത്തിച്ചു. പിന്നീടു കബന്ധനെ അവർ ദഹിപ്പിച്ചു. ഗന്ധർവൻ രാമനെ സ്തുതിച്ചു മടങ്ങി. കബന്ധനു 'ദനു' എന്നും പേരുണ്ട്. കബന്ധനു വയററിൽ ഒരു കണ്ണുകൂടിയുണ്ടെന്നു അഭിപ്രായം കാണുന്നു.]

ഉ. രാഹു.

കബന്ധനൃത്തം-കബന്ധം തുള്ളുക.

കബന്ധം-ന. ജലം. സുഖത്തെ വിട്ടുകളയാതെ ബന്ധിച്ചുനിറുത്തുന്നതെന്നർത്ഥം. ഉ. നൃത്തംചെയ്യുന്നതും തലപോയതുമായ ഉടൽ. പ്രാണൻ കേവലം പോയിട്ടില്ലാത്തതു് (വായു ബാധിച്ചിരിക്കുന്നതു്) എന്നർത്ഥം.

[തലപോയാൽ ഉടലിൽ കുറച്ചുസമയത്തേക്കു പ്രാണശേഷം നില്ക്കുന്നതുകൊണ്ടു് ഉടൽ തുള്ളും. അതാത്രേ കബന്ധം].

ന. വയറ്. ൪. മേഷം. ൫. വാൽനക്ഷത്രം.

**കബര**-ആട്ടനാറിവേള.

**കബരി**-ഫ. കെട്ടിവെച്ച തലമുടി. ശിരസ്സിനെ മറയ്ക്കുന്നതെന്നൎത്ഥം. ഇതു വകരു ഭംഗിയായി കെട്ടിവെച്ച തലമുടിയുടെ പേരാണ്. മറെറാരുപൎയ്യായം-കേശവേശം. ര. ആട്ടനാറിവേള. കേശത്തോടു തുല്യം എന്നൎത്ഥം. ന. കായമുണ്ടാകുന്ന മരം, കായമുണ്ടാകുന്ന മരത്തിൻെറ ഇല. തലമുടിയുടെ സാദൃശ്യം (ഏതൊരുപ്രകാരമെമാ) ഉള്ളതു്. ൪. കബരിമാൻ. ൫. അരേണകം. ൬. കറിക്കായം. ൭. നായർവെണ്ണ, ഒരു മരുന്നു ചെടി, ൮. ഒരു വൃത്തം. (അനുഷ്ടുപ് ഛന്ദസ്സിൽപെട്ടതു്).

'തംജംലംഘുംകബരി' (വൃത്തമഞ്ജരി)

**കബരീഭരം**-കേശഭാരം.

'ദുഷ്ടനായതവാത്മജൻദ്രുപദാത്മജാകബരീഭരം' (പതിനാലുവൃത്തം)

**കബളക്കാരൻ**-ചതിയൻ.

**കബളം**-ഫ. ഉരു(ട)ള. വെള്ളത്തോടുകൂടുമ്പോൾ തൃപ്തിയെ ചെയ്യുന്നതെന്നൎത്ഥം. മറെറാരുപൎയ്യായം-ഗ്രാസം. ര. (മലയാളം) വ്യാജം, ചതി.

'കബളമതൊരുവരോടും' (ശിവപുരാണം)

**കബളിക്കുക**-ഫ. ഉരുട്ടുക ര. കബളിപ്പിക്കുക. ന. വിഴുങ്ങുക. ൪. ചതിക്കുക.

**കബളിത**-വി. വിഴുങ്ങപ്പെട്ട.

**കബളിപ്പിക്ക**-ചതിക്കുക.

**കബളീകരിക്ക**-ഭക്ഷിക്കുക.

**കബിത്ഥം**-വിളർമരം. വാനരന്മാർ ഇരിക്കുന്നിടം എന്നൎത്ഥം.

**കബിലേസ്സ്, കവിലിയസ്സ്**-വിശേഷദിവസങ്ങളിൽവെടിവെയ്ക്കുന്നതോക്ക.

**കബുകം**-കവുങ്ങ്.

**കം**-ഫ. സന്തോഷം. ര. ജലം. ന. കെട്ട്, മുടിച്ചി. ൪. മയിൽ. ൫. ബുദ്ധി. ൬. ശരീരം. ൭. സമയം. ൮. ശിരസ്സ്. ൯. വാളു്. ൧൦. മേഘം. ൧൧. വാക്ക്, ശബ്ദം. ൧൨. പ്രകാശം, കാന്തി. ൧൩. ധനം. ൧൪. ഇച്ഛിക്കപ്പെടുന്നതു്. ൧൫. കടൽ. ൧൬ കയിൽ. ൧൭ എറിക്ക്. ൧൮. കൊടുവഴി.

**കമ**-ഫ. അഴക്. ര. സ്നേഹം, പ്രേമം.

**കമട്ടി**-ധൃഷ്ടികുട്ടി, പരിഭ്രമിപ്പിച്ചു.

**കമഠം**-ഫ. ആമ. ജലത്തിൽ വസിക്കുന്നതെന്നൎത്ഥം. മറുപൎയ്യായങ്ങൾ-കൂൎമ്മം, കച്ഛപം. ര. ഈന്തിൽ. ന മുള.

**കമഠി**-പെണ്ണാമ.

**കമണ്ഡലു**-ഫ കിണ്ടി, മുനികളുടെ ജലപാത്രം. കം=ജലം. മണ്ഡം=സാരം നല്ല ജലത്തെ സ്വീകരിക്കുന്നതെന്നൎത്ഥം ര. ഇത്തിയാല്. ന. കല്ലാല്.

**കമണ്ഡലുതരു**-ഇത്തിയാല്.

**കമണ്ഡലുധരൻ**-ഇത്തിയാല്.

**കമഥനാഥ**-ചിത്രകൂടത്തിലെ ഒരു മല.

[ഇവിടെ യന്ത്രക്കാർ അധികം പോകാറുണ്ട. ഇതിൻെറ ഒരു കൊടുമുടിയിൽ ശ്രീരാമൻ പന്തീരാണ്ടു തപസ്സുചെയ്തു എന്നു പുരാണാവലികൾ പറയുന്നു. ഈ പൎവ്വതം സാമാന്യം പൊക്കമുള്ളതുതന്നെയാണ്. ഇതിനു ചുററും ചെരിവുകളിൽ ചെറുതും വലുതുമായി അനേകം കെട്ടിടങ്ങളുമുണ്ട്. അജയഗഢം, പന്നാ എന്നീ നാട്ടിലെ രാജാക്കന്മാരാണ് ഈ കെട്ടിടങ്ങൾ കെട്ടിച്ചതു്. ഇതിനു ഒഴിഞ്ഞ ഒരു ഭാഗത്തു പ്രത്യേകം ഒരു കൊടുമുടിയുണ്ട. ഇവിടെയാണത്രെ ലക്ഷ്മണൻ താമസിച്ചിരുന്നതു്. ആത്മബോധിനി ൧൫൯ ലക്കം].

**കമന**-വി. ഫ. കാമിക്കുന്ന ശീലമുള്ള. ര. സൌന്ദൎയ്യമുള്ള.

**കമനച്ഛദം**-കങ്കപക്ഷി.

കമനൻ-പു. ബ്രഹ്മാവ്. വ. കാമദേവൻ ന. കാമുകൻ. ര. ആഗ്രഹം ഉള്ളവൻ.

കമനം-അശോകവൃക്ഷം.

കമനി-സൌന്ദര്യമുള്ള സ്ത്രീ.

കമനീയ-വി. പ. ഇച്ഛിക്കേണ്ടതായ. വ. മനോഹരമായ.

കമനീയത-പു. ഭംഗി. വൃ സൌന്ദര്യം.

കമനീയം-പു. ചെമ്പകം. വ. ഒരു വൃത്തം, അഷ്ടിഛന്ദസ്സിൽപെട്ടതു്. [പാദം ഒന്നിൽ പന്ത്രണ്ടു അക്ഷരം വീതം കാണും.]

'കമനീയമതാംസഗണങ്ങളൊ രണ്ടൊട്ടുവിൽഗം'

(വൃത്തമഞ്ജരി)

കമന്ധം-വെള്ളം. [കബന്ധത്തിന്റെ പാഠഭേദം.]

കമര-വി. ആഗ്രഹമുള്ള.

കമർക്ക-ചവർക്ക.

കമർപ്പ്-ചവർപ്പ്.

കമല-വി. താൽപര്യമുള്ള.

കമല-പു. ലക്ഷ്മി. താമരപ്പൂഷ്പമുള്ളവൾ, ഇച്ഛിക്കപ്പെടുന്നവൾ എന്നർത്ഥം. വ. ഉത്തമസ്ത്രീ. ന. ദമയന്തിയുടെ ഒരു സഖി.

കമലകം-ചെറിയ താമര.

കമലജൻ-ബ്രഹ്മാവ്. താമരപ്പൂവിൽനിന്നുണ്ടായവൻ എന്നർത്ഥം.

കമലജന്മാവ്-ബ്രഹ്മാവ്.

കമലദിവാകരം-ഒരു വൃത്തം, ആകൃതിഛന്ദസ്സിൽ പെട്ടതു്. പാദം ഒന്നിൽ ൨൨ അക്ഷരം വീതം കാണും.

'കമലദിവാകരമിഹനജനംസനനമ ഗുരുവേശടവന്നാൽ'

(വൃത്തമഞ്ജരി)

കമലബന്ധു-ആദിത്യൻ. വ. എരിക്ക്.

കമലബീജം-താമരക്കുരു.

കമലഭവൻ-ബ്രഹ്മാവ്.

കമലഭൂവ്-ബ്രഹ്മാവ്.

കമലം-പു. ജലം, മാഹിക്കുന്നവർ ആഗ്രഹിക്കുന്നതു്. വ. താമര. ജലത്തെ അലങ്കരിക്കുന്നതെന്നർത്ഥം. ന. മാൻ. ഇച്ഛിക്കപ്പെടുന്നതെന്നർത്ഥം. ര. ചെമ്പു്. ല. ഇരുവേലി. ന്ദ. താമരവളയം. ൭. വണ്ടാരംകോഴി.

കമലയോനി-ബ്രഹ്മാവ്. കമലം (താമരപ്പൂവ്) ജനനസ്ഥാനമായുള്ളവൻ.

കമലലോചനം-പു. താമരക്കണ്ണ്. വ. ചെഞ്ചീര.

കമലാകരം-പു. താമരപ്പൊയ്ക. വ. താമരക്കൂട്ടം. ന. ഒരു വൃത്തം. ശകരീഛന്ദസ്സിൽപെട്ടതു്. പാദം ഒന്നിൽ ൧൪ അക്ഷരംവീതം കാണും.

'നനഭസകമലാകരമിഹലം ലഘു'

(വൃത്തമഞ്ജരി)

കമലാക്ഷൻ-പു. വിഷ്ണു. വ. താമരക്കണ്ണൻ, താമരപോലെ കണ്ണുള്ളവൻ, സുന്ദരൻ.

കമലാക്ഷം-പു. താമരക്കണ്ണ്. വ. ഒരു വൃത്തം. അതിധൃതിഛന്ദസ്സിൽ പെട്ടതു്. പാദം ഒന്നിൽ അക്ഷരം ൧൯ വീതം കാണും.

'വൃത്തമതുണ്ടാം കമലാക്ഷാഖ്യം ഭതയഭസംസഗമെന്നാൽ'

(വൃത്തമഞ്ജരി)

കമലാഗ്നി-ചില പുടക്രിയകളിൽ താമരപ്പൂവിന്റെ വലിപ്പത്തിൽ കത്തിക്കുന്ന തീയ്.

കമലാപതി-വിഷ്ണു.

കമലാലയ-ലക്ഷ്മി. കമലം (താമര) ആലയം (ഭവനം) ആയുള്ളവൾ.

കമലാവരൻ-വിഷ്ണു. ലക്ഷ്മിയുടെ ഭർത്താവെന്നർത്ഥം.

കമലാസഖി-വിഷ്ണു.

കമലാസനൻ-ബ്രഹ്മാവ്. താമരപ്പൂവിലിരിക്കുന്നവൻ എന്നർത്ഥം.

കമലിനി-താമരപ്പൊയ്ക.

കമലേക്ഷണൻ-വിഷ്ണു. താമരക്കണ്ണൻ എന്നൎത്ഥം.

കമലോത്തരം-കസുംഭത്തിന്റെ (കയുമ്പിന്റെ) പൂവ്. താമരപ്പൂവിനെക്കാൾ അധികം ശോഭയുള്ളതെന്നൎത്ഥം. കമലോത്തരം എന്നതിനെ 'ചപ്പങ്ങം' എന്നും പറയുന്നു

കമലോത്ഭവൻ-ബ്രഹ്മാവു്. താമരയിൽ നിന്നും ഉത്ഭവിച്ചവൻ എന്നൎത്ഥം.

കമലോത്ഭവരജസ്സ്-താമരയല്ലി.

കമാൻ-ആൎക്കു്, വളവു്. [പേൎഷ്യൻഭാഷയാണ്.]

കമിതാവു്-പ്ര. കാമുകൻ, കാമമുള്ളവൻ ൨. ഭൎത്താവു്.

കമിത്ര-വി. കാമശീലമുള്ള

കമിത്രി-കാമമുള്ളവൾ.

കമിഴ്ത്തുക-മറിക്കുക, മറിച്ചുവെക്കുക ഉ-ം, കുടം കമിഴ്ത്തുന്നു.

കമുക്, കമുങ്ങ്, കവുങ്ങ്-അടയ്ക്കാമരം. [അടയ്ക്ക എന്നതു നോക്കുക.]

കമ്പ-പ്ര. രണ്ടു പലക ഒന്നായി ചേൎക്കുമ്പോൾ-കതകിലും മററും-വെച്ചുപിടിപ്പിക്കുന്ന മരക്കഷണം ൨. ഒരുവകവിളവ്

[കമ്പ വരണ്ട നിലങ്ങളിൽ പയറു്, പരുത്തി ഇവയോടുകൂടി കലൎന്നു സാധാരണ വിതെക്കുന്നു. കനംകുറഞ്ഞ മണ്ണിലാണു കൃഷിചെയ്യുന്നതു്. മഴപെയ്താൽ ഉടൻ വിതെക്കുന്നതു പതിവാണ്. ഇതിൽനിന്നു വളരെ ഉപയോഗമുള്ള ഒരു അരിയുണ്ടാകുന്നു. വിളവിനു അധികം മൂപ്പുചെന്നതിനുമേൽ വയ്ക്കോൽ അരിയുന്നതുകൊണ്ടു് അതു് അധികം പരുത്തതും ഉറപ്പുള്ളതുമായിത്തീരുന്നു. അതു സാധാരണ ഉപയോഗിക്കുന്നതു വിറകായിട്ടാണ്.]

കമ്പക്കൂട്ടുക-ഒരു പുസ്തകം വായിച്ചുതീൎക്കുക.

കമ്പക്കളി - കയററിന്മേൽ കേറിയുള്ള കളി.

കമ്പക്കാൽ-പടക്കങ്ങൾ വെച്ചുകെട്ടി വെടിവെക്കുന്നതിനായി നാട്ടുന്ന തൂണ്.

കമ്പക്കൂത്ത്-കമ്പക്കളി.

കമ്പക്കൂത്താടി-കമ്പക്കളിക്കാരൻ.

കമ്പച്ചോളം-ഒരുവക വിളവ്.

[ഭക്ഷണത്തിനു നല്ല ഒരു അരിയാണ്. കാലിക്കു തീററിക്കു നന്നു്.]

കമ്പന-വി. ഇളക്കമുള്ള.

കമ്പനം-പ്ര. ഇളക്കം, വിറയൽ. ൨. ശിശിരൎത്തു. ൩. (മലയാളം) അടിവയറു വീൎക്കുക. ൪. ഒരുമാതിരി പനി, സന്നിപാതം.

കമ്പം-പ്ര. ഇളക്കം, അനക്കം. ൨. ഭയം. ൩. തൂണ് ൪. വിറയൽ ൫. കമ്പക്കളിക്കാർ നാട്ടുന്ന മുള, കമ്പക്കാൽ. ൬. കമ്പവെടി. ൭. സംശയം. വ്യ. അസംബന്ധം. കമ്പാ=ഇളക്കം. വിറയൽ എന്നതിനുപൎയ്യായം-വേപഥു.

കമ്പംകെട്ട്-പ്ര. വെടിക്കെട്ട്. ൨. ഒരുമാതിരി യുദ്ധം. നായാട്ടുപോലെ ഒരുവനെ നേരിടുക.

കമ്പംപൊട്ടിക്കുക-വല്ലതും വിളിച്ചുപറക. [ശൈലി-ഗ്രാമ്യം.]

കമ്പവെടി-കമ്പക്കാൽ നാട്ടിയതിൽ പടക്കംവെച്ചുകെട്ടി തീ കത്തിച്ചുണ്ടാക്കുന്ന വെടി.

കമ്പളം-കരിമ്പടം.

കമ്പാ-ഇളക്കം, അനക്കം.

കമ്പാകം-കാററു്.

കമ്പാവു്-പ്ര. വലിയ കാററു്. ൨. തടി പൊക്കുന്നതിനുള്ള കപ്പാവു്. (രണ്ടു മുളയോ മററോ കൂട്ടി കത്രികപോലെ കെട്ടിയതു്.)

കമ്പി-പ്ര. ലോഹങ്ങൾകൊണ്ടുള്ള നൂൽ. ൨. വീണയുടെ കമ്പി. ൩. ലോഹംകമ്പി. ൪. കമ്പിത്തായം കളിക്കുമ്പോൾ രണ്ട്

ചുക്കിണിയും ഓററയായി വീഴുമ്പോൾ പറയുന്ന പേർ.

കമ്പികളിക്ക-൧. ചതിയിൽ പെടുക. ൨. ബുദ്ധിമയങ്ങുക.

കമ്പിക്കുക-൧. വിറയ്ക്കുക. ൨. വയറ വീക്കുക.

കമ്പിത-വി. ഇളക്കപ്പെട്ട, ഇളകുന്ന, ഇളക്കിയ.

കമ്പിതം-ഇളക്കം, ഇളകിയതു്.

കമ്പിത്തായം-ചുക്കിണിയും മൂന്നുംകൊണ്ടുള്ള ഒരുമാതിരി കളി.

കമ്പിനീട്ടുക-വേഗത്തിൽ പുറപ്പെടുക. [ശൈലി-ഗ്രാമ്യം.]

കമ്പിപിണയ്ക്കുക-ചതിക്കുക.

കമ്പിപ്പാല-പാലുള്ള ഒരുവക ചെറിയ മരം. പര്യായങ്ങൾ-കമ്പില്യം, കർക്കശം, ചന്ദ്രം, രക്താംഗം, രോചനി.

[ഇതു വിരേചനദ്രവ്യമാണ്. വീര്യം ഉഷ്ണമാകുന്നു. വ്രണം, വിബന്ധം, കൃമിരോഗം, കഫരോഗം, ഗുന്മം, മഹോദരം, മേൽവയറുവീപ്പ് ഇവയെ നശിപ്പിക്കും. മാത്രയേയും ബലത്തേയും കവിഞ്ഞു ഉപയോഗിച്ചാൽ ആപൽക്കരമാകുന്നു.]

കമ്പിയച്ച്-കമ്പിവലിച്ചു നീട്ടുവാൻ ഉള്ള ഇരുമ്പുസാധനം.

കമ്പില്യ(ക)ം-കമ്പിപ്പാല. കാച്ചിലക്കുന്നതു്.

കമ്പിവലിക്ക-കമ്പിയെ നീട്ടുക.

കമ്പിളി-ആട്ടുരോമംകൊണ്ടുള്ള വസ്ത്രം, കരിമ്പടം. പര്യായങ്ങൾ രല്ലകം, കാമ്പളകം.

"കമ്പിളി എന്നതു കിടപ്പാനും പുതപ്പാനും ഉപയോഗിച്ചുവരുന്ന ഒരു സാധനമാകുന്നു. ഇതു ധനികന്മാർക്ക പരിചയം കൊണ്ടെങ്കിലും അറിവുണ്ടായിരിക്കാം. കമ്പിളി ചില മൃഗങ്ങളുടെ രോമങ്ങളെക്കൊണ്ടാകുന്നു ഉണ്ടാക്കുന്നതു്. ഉണ്ടാക്കേണ്ടതും അങ്ങിനെതന്നെയാകുന്നു. പാക്ഷ ചിലർ ലാമെത്തമാത്രം കരുതി ഉള്ളിൽ പഞ്ഞിനൂൽ ഉപയോഗിക്കുന്ന പതിവായി. ഇതു നോക്കാതെ പഴയവിലയും കൊടുത്തു ചിലർ കമ്പിളി വാങ്ങാറുണ്ട്. ഇമ്മാതിരി കിണ്ടലം പിണയുന്നവരുടെ കാര്യത്തെപ്പററി പറയുമ്പോൾ 'അവരുടെ കാര്യം കമ്പിളിതന്നെ' എന്നിപ്പോൾ അഭിപ്രായപ്പെടുന്നു."

കമ്പിളിക്കെട്ട്-മാറാപ്പ്.

കമ്പിളിപ്പഴം-പട്ടുനൂലുണ്ടാക്കുന്ന പുഴുക്കൾക്ക് ഇല ഭക്ഷണമായി കൊടുക്കുന്നതിനും മററുമുള്ള ഒരുവക വൃക്ഷം.

കമ്പിളിപ്പുഴു-ഒരുമാതിരി രോമമുള്ളപുഴു.

കമ്പിളിപ്പൂച്ചി-ഒരുമാതിരി രോമമുള്ള പുഴു.

കമ്പിളിമാറാപ്പ്-പാന്ഥന്റെ (വഴിപോക്കന്റെ) ഭാണ്ഡം.

കമ്പിളിയാട്-രോമത്തിനു നീളമുള്ള ഒരുമാതിരി ആട്.

കമ്പ്-൧. വടി. ൨. വൃക്ഷത്തിന്റെ കൊമ്പ്. ൩. മുള മുതലായവയുടെ മുട്ട്. ൪. ഗ്രന്ഥത്തിന്റെ പിടി, ഏട്ടുകമ്പ്.

കമ്പുകുലുക്കി-ഒരു ചെടി, കപ്പുമണി.

കമ്പോളം-പലവക കച്ചവടമുള്ളസ്ഥലം.

കമ്പ്ര-വി. ഇളക്കമുള്ള.

കംബര-വി. പലനിറമുള്ള.

കംബലം-വെള്ളം.

കംബള(ക)ം-കമ്പിളി.

കംബളം-൧. കരിമ്പടം, കമ്പിളി, പുതപ്പ്. ശീതകാലങ്ങളിൽ സഞ്ചാരത്തിന് ഇതിന്റെ സഹായം ആവശ്യമുള്ളതുനിമിത്തം ഈ പേർ സിദ്ധിച്ചു. കമ്പിതമാം കംവല്ലം ചുററപ്പെടുന്നതു് എന്നുമാകാം. ൨. താട. ൩. പായ്.

കംബി-ഹ. തവി, ചട്ടുകം, കരണ്ടി മുതലായതിനുള്ള പേർ. ആഗ്രഹിക്കപ്പെടുന്നതെന്നൎത്ഥം. വ. മുളയുടെ കമ്പ്.

കംബു-ഹ. ശംഖ്. ജനങ്ങൾ ആഗ്രഹിക്കുന്നത് എന്നും സുഖത്തെ അൎത്ഥിക്കുന്നവരാൽ ഇച്ഛിക്കപ്പെടുന്നതു് എന്നും അൎത്ഥമാകാം. മറ്റൊരുപൎയ്യായം ശംഖം. വ. കൈവള. ഗമിക്കുന്നതെന്നൎത്ഥം. ന. ആന. ർ. കഴുത്ത്. ഋ. പലനിറം. ണ. ശേഴൽ. ൧. കച്ചോലം. വൃ. കക്കാ. ൻ. കൊള്ളക്കാരൻ.

[കംബു എന്നതു ശംഖജന്തുവാണ്. നാം മംഗളധ്വനിക്കും മറ്റും ഉപയോഗിക്കുന്ന ശംഖ് ഈ ജലജന്തുവിന്റെ അസ്ഥിയാകുന്നു.]

കംബു-വി. പലനിറമുള്ള.

കംബുക, കംബുകാഷ്ഠ-അമുക്കിരം.

കംബുകണ്ഠി-ശംഖിനോടു തുല്യമായ കഴുത്തുള്ളവൾ.

കംബുകൻ-നിന്ദ്യൻ.

കംബുകാ-കവുങ്ങ്.

കംബുഗ്രീവ-മൂന്നു രേഖയോടുകൂടിയ കഴുത്ത്.

[സാമുദ്രികാശാസ്ത്രപ്രകാരം ഇതു് ഉത്തമന്മാൎക്കു മാത്രം ഉണ്ടാകുന്നതിനാൽ ഇതു മഹാഭാഗ്യവാന്റെ ഒരു ലക്ഷണമാകുന്നു.]

കംബുപുഷ്പി-ശംഖപുഷ്പി.

കംബുമാലിനി-ശംഖപുഷ്പി.

കംബോജം-ശംഖ്.

കംഭാരി-കമിഴ്.

കംളു-രാമച്ചം.

കമ്മട്ടം-നേരമ്പോക്ക്.

'കമ്മട്ടമല്ലീവ്യഭിന്റെ കളിയെന്നിട്ടുകയറും
ചമ്മട്ടിയും വെച്ചിട്ടുനായുധമാം സത്യം'
(കാചലവൃത്തംവഞ്ചിപ്പാട്ട്)

കമ്മട്ടി-കലമാവണക്ക്.

കമ്മട്ടിവള്ളി-ഒരുമാതിരി വള്ളി.

കമ്മട്ടം, കമ്മിട്ടം-നാണയങ്ങൾ അടിക്കുന്ന സ്ഥലം.

കമ്മട്ടമടി-നാണയമുണ്ടാക്കുക.

കമ്മൻ-ഹ. പോരാളി, യോദ്ധാവ്. വ. പണിക്കാരൻ. ന. അസുരൻ. ർ. ബലമുള്ളവൻ.

കമ്മൾ, കൈമൾ-ഹ. ശൂദ്രരിൽ ഒരു പ്രധാനപ്പേർ, കൎത്താവ്. വ. കമ്മാളന്മാർ നായന്മാരെ എല്ലാവരെയും പറയുന്ന ബഹുമാനപ്പേർ.

കമ്മാട്ടി-കമ്മാളസ്ത്രീ.

കമ്മാരൻ-കൊല്ലൻ. [സംസ്കൃതത്തിൽ കൎമ്മാരൻ.]

കമ്മാളൻ-ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ.

കമ്മി-നഷ്ടം.

കമ്മുക-കപ്പുക.

കമ്മുക്കാ-ദുഷ്പ്രഭാവം, ഡംഭം.

കമ്ര-വി. ഹ. മനോഹരമായ. വ. കാമമുള്ള. ന. ആഗ്രഹമുള്ള.

കമ്രൻ-കാമുകൻ.

കംശം-ഓട്ടുപാത്രം.

കംസകം-മണിവാക്കന്ന ലോഹം, വെള്ളോട്.

കംസകാരൻ-ഓട്ടുപാത്രപ്പണിക്കാരൻ.

കംസജിത്ത്, കംസാരി, കംസാരാതി-കൃഷ്ണൻ.

കംസൻ-പണ്ടു മഥുരയിൽ ഉണ്ടായിരുന്ന ഒരു രാജാവ്.

[കൃഷ്ണന്റെ അമ്മയായ ദേവകിയുടെ സഹോദരൻ, (ശ്രീകൃഷ്ണന്റെ അമ്മാവൻ) ഉഗ്രസേനന്റെ പുത്രൻ. കംസൻ അംശംകൊണ്ടു് അസുരനായ കാലനേമിയാണ്. അച്ഛനെ സ്ഥാനഭ്രഷ്ടനാക്കി താൻ രാജ്യം വാണു. സഹോദരിയായ ദേവകിയെ വസുദേവൻ വിവാഹം ചെ

സ്തു രഥം കയറിയപ്പോൾ കംസനായിരുന്നു തേർതെളിച്ചതു്. മാർഗ്ഗമദ്ധ്യേ 'ദേവകിയുടെ എട്ടാമത്തെ ശിശു, കംസാ! നിന്റെ അന്തകനാകുന്നു' എന്നു് ഒരു അശരീരിവാക്യമുണ്ടായി ഉടൻ കംസൻ ദേവകിയെ കൊല്ലുന്നതിനു മുതിൎന്നു വസുദേവൻ സമാധാനപ്പെടുത്തി. അപ്പഴപ്പോൾ ദേവകി പ്രസവിക്കുന്ന കുട്ടികളെ കംസനെ ഏല്പിച്ചുകൊള്ളാമെന്നും ഇഷ്ടംപോലെ ചെയ്തുകൊള്ളുന്നതു സമ്മതമാണെന്നും പറഞ്ഞതിനാലാണു് കംസൻ സമാധാനപ്പെട്ടതു്. അനന്തരം ദേവകിയേയും വസുദേവനേയും ബന്ധനത്തിലാക്കി. ദേവകി പ്രസവിച്ച ആറു കുട്ടികളെ കംസൻ കൊല്ലുകയുണ്ടായി പിന്നീടു ഏഴാമതു ഗർഭംധരിച്ചു. മായ ഈ ഗർഭത്തെ വസുദേവരുടെ മറെറാരു പത്നിയായ രോഹിണിയിലാക്കി ഇപ്രകാരം ബലരാമൻ ജനിച്ചു. എട്ടാമതും ദേവകിക്കു ഗർഭമുണ്ടായി പ്രസവിച്ചു. അതു സാക്ഷാൽ ശ്രീനാരായണൻതന്നെ കൃഷ്ണനായവതരിച്ചതാണു്. കംസനെ പേടിച്ചു് ഈ ശിശുവിനെ അപ്പോൾ തന്നെ നന്ദപത്നിയായ യശോദയുടെ അടുക്കൽ കൊണ്ടു കിടത്തി യശോദ പ്രസവിച്ച പെൺപൈതലിനെ എടുത്തു ദേവകിയുടെ സമീപത്തുമാക്കി. ദുഷ്ടനായ കംസൻ ദേവകി പ്രസവിച്ച വിവരം അറിഞ്ഞു കുഞ്ഞിനെ വന്നെടുത്തു കല്ലിൽ അടിപ്പാനായി കാലിൽ പിടിച്ചു ഓങ്ങി. ഉടൻ ആ ശിശു —

'അമ്പാടിതന്നിൽപിറന്നവളുതാൻ
വമ്പനാം നിന്നെക്കൊലചെയ്യുതിന്നിഹ
കമ്പമകന്നൊരു ബാലകതന്നൂ-
മൻപോടു ചിന്തിക്ക കംസ! മൂഢമതേ'

എന്നു പറഞ്ഞു് ആകാശത്തേക്കു ഗമിച്ചു. പ്രാണഭയം നിമിത്തം കംസൻ കൃഷ്ണനെ അറിഞ്ഞു കൊല്ലുവാൻ കഴിയാഞ്ഞിട്ടു് ആ പ്രായമുള്ള അനേകം ശിശുക്കളെ വധിക്കയും വധിപ്പിക്കുകയും ചെയ്തു. ഒടുക്കം കൃഷ്ണബലരാമന്മാരെ ചതിച്ചുകൊല്ലുന്നതിനായി കംസൻ മധുരയിൽ വരുത്തി. അവിടെവെച്ചു കംസനെ കൃഷ്ണൻ വധിച്ചു. കംസനെ 'കലാങ്കുരൻ' എന്നും പറയും].

കംസം-ന. ഒരു ഓട്ടുപാത്രം, കിണ്ണം, പാനഭാജനം. ആഗ്രഹിക്കപ്പെട്ടതു എന്നൎത്ഥം. വ. വെള്ളോട്ടു്.

കംസ(ക)ം-വെള്ളോട്ടു്.

കംസാ-കംസന്റെ സഹോദരി.

കംസാസ്ഥി-വെള്ളോട്ടു്.

കംസീയം-വെള്ളോട്ടു്.

കംസോദ്ഭവ-തുവരിമണ്ണു്.

കയം-വെള്ളക്കുഴി, കുഴി.

'ജന്മമായ് പുഴയതിൻ കയത്തിലവിടെ
ച്ചിരമായപരിപുഷ്ടിയെ'
(അന്യാപദേശശതകം)

ആഴം, വളരെ വെള്ളമുള്ള സ്ഥലം. പൎയ്യായം-ഹ്രദം.

കയന്തല-സന്തതി.

കയമ്പം-വിവാദം, തൎക്കം. [കയമ്പ് എന്നതു ശരിയല്ല.]

കയ്യിനിക്കൊള്ളുക-(പ. മ.) മൂത്രമൊഴിക്ക.

കയക്കുക-തൎക്കിക്കുക.

കയൎക്കുക-കോപിക്കുക.

കയപ്പു്-കോപം.

കയൽ-ന. ഒരുവക മത്സ്യം, 'കെണ്ട' എന്ന മീൻ. വ. കയറു്. ന. വേരിൽ നിന്നുണ്ടാകുന്ന മുള അല്ലെങ്കിൽ കൊമ്പു് (കവരം.)

കയൽക്കണ്ണി-സുന്ദരി. (കയൽപോലെ കണ്ണുള്ളവൾ.)

കയൽക്കണ്ണു്-മീൻപോലെയുള്ള കണ്ണു്, നല്ലകണ്ണു്.

'ഏണ്ണൂറും വൈരഭാജ്യാംവരയുവതികയ-
ത്തെക്കയൽകണ്ണുകൊണ്ടേ'

**കയല**-കരട്, തരി.

**കയസ്ഥാ**-പ്ര. കാകോളി. വ. കാട്ടുതുത്താവു് ന. കടുക്ക.

**കയറു്**-ചകരി മുതലായവകൊണ്ടു പിരിച്ചുണ്ടാക്കിയതു്. പര്യായങ്ങൾ-ദാമം, സന്ദാനം.

[ശുല്ബം, വരാടകം, രജ്ജു, വടി, ഗുണം ഇവ ഉ-ം, വലച്ചരടിൻെറ പേർ. കയറിൻെറ പേർ എന്നും അഭിപ്രായമുണ്ടു്. പാശം എന്നതും കയറുതന്നെ. പക്ഷേ, കെട്ടുവാനുള്ളതാണ്. പ്രഗ്രഹം, പ്രഗ്രഹം ഉ-ം കുതിര മുതലായതിനെ കെട്ടുന്ന കയറാകുന്നു. പശുരജ്ജു, ദാമനീ ഇവ ഉ-ം പശുക്കളെ കെട്ടുന്ന കയറിൻെറ പേർ. ദാമം, സന്ദാനം ഇവ ഉ-ം പശുക്കളെ കറക്കുന്ന സമയം കാൽകെട്ടുവാനുള്ള കയർ എന്നും സാമാന്യം കയർ എന്നും രണ്ടഭിപ്രായമുണ്ടു്].

**കയറുക**-കേറുക.

**കയററുക**-കേററുക

**കയററുകട്ടിൽ**-കയറുകൊണ്ടു കെട്ടുന്ന കട്ടിൽ.

**കയററുകൊടി**-കയററിന്മേൽ കേററുന്ന വെററിലക്കൊടി.

**കയററം**-കേററം, മീതെകേറുക, മുകളിൽ കേറുക,

**കയററുവല**-കയറുകൊണ്ടുള്ള വല. പര്യായങ്ങൾ-ശണസൂത്രം, പവിത്രകം.

**കയററുവാണം**-കയററിന്മേൽ കോർത്തു തീകൊളുത്തുന്ന വാണം.

**കയ്പ**-കണ്ണിച്ചുര, പേച്ചുര.

[കറച്ചു എരിപ്പും കൈപ്പുംകൂടെ ഉള്ളതാണ്. ദീപനത്തിനു നന്ന്. ക്രിമിയേയും കഫത്തെയും കളയും. ഇതിൻെറ ഇല തിക്തവും പാകത്തിൽ കടുവുമാകുന്നു. കഫപിത്തഘ്നിയാണ്. വാതളമാകുന്നു. കായ കടുവും തിക്തവുമാണ്. പിത്തത്തെ വർദ്ധിപ്പിക്കും. വിഷത്തെ നശിപ്പിക്കും. ദീപനമാണത്രെ].

**കയ്പിടി**-വാളു മുതലായ ആയുധങ്ങളുടെ പിടി.

**കയ്പിത്തു്**-മെഴുക്.

**കയ്പു്**-കച്ചിരിക്കുന്നതു്. പര്യായം-തിക്തം.

**കയാധു**-ഹിരണ്യകശിപുവിൻെറ ഭാര്യ; പ്രഹ്ലാദൻെറ അമ്മ.

**കയ്യകലം**-ദൂരം.

**കയ്യടി**-കുട്ടികളുടെ കൈകളിൽ വാദ്ധ്യ ആശാന്മാർ അടിച്ചുവന്ന അടി.

**കയ്യുണ്ണം**-കഞ്ഞുണ്ണി.

**കയ്യൻ**-പ്ര. ഭോഷൻ. വ. ഒരു താണ ജാതിക്കാരൻ. ന. ദുഷ്ടൻ. [നാവികകയ്യർ =ദുഷ്ടരായ വള്ളക്കാർ].

'വഞ്ചിത്തുഭ്രാന്തെഴുമരയരാം
നാവികകയ്യരേനീ' (മയൂരസന്ദേശം)

**കയ്യന്യം, കയ്യേണ്യം, കയ്യണ്ണം, കയ്യോന്നി, കയ്യോന്ന്യം**-കഞ്ഞുണ്ണി എന്ന പച്ചമരുന്ന്. [തമിഴിൽ-'കയ്യാന്തകര'. വടക്കൻദിക്കിൽ-'കഞ്ഞുണ്ണി' തെക്കൻദിക്കുകളിൽ-കൈയോന്നി, കൈതോന്നി എന്നിങ്ങനെ പലവിധം പറയുന്നുണ്ട്]. പര്യായങ്ങൾ-മാർക്കവം, ഭൃംഗരാജം.

[ഇതു കഫരോഗം, ശോഫം, പാണ്ഡുരോഗം, വിഷം, ഏറുരോഗം, ത്വഗ്ദോഷം ഇവയെ നശിപ്പിക്കും. തലമുടിക്കു നല്ല കറുപ്പുണ്ടാക്കും. രസായനമാണ്. മന്ത്രതന്ത്രത്തിൽ ഒരു കഞ്ഞുണ്ണിയുണ്ട്. അതിനു 'സ്വർണ്ണഭൃംഗാരം' എന്നു പേർ. ഇതു വളരെ പ്രയോജനമുള്ളതാണത്രെ]

**കയ്യാലപ്പുറത്തെ തേങ്ങാ**-ഇരുകക്ഷികളിൽ ഏതിൽ ചേരണമെന്നു സന്ദേഹിച്ചുകൊണ്ടിരിക്കുന്ന ആൾ. (ശൈലി).

കയ്യാച്ച-വിവാഹസംബന്ധമായ ആദ്യത്തെ അവേക്ഷ. (പ-മ)

കയ്യാളിക്ക-വല്ലതും വാങ്ങിപ്പാൻ മുൻകൂറ പണം കൊടുത്തുറപ്പിക്കുക.

കയ്യിൽ-തവി.

കയ്യുറ-കൈ പൊതിയുന്നതിനുള്ള ഒരു തുന്നൽപണി.

കയ്യോന്യം-കഞ്ഞുണ്ണി.

കയ്യോന്നി-കഞ്ഞുണ്ണി.

കയ്യോന്യഃ-കഞ്ഞുണ്ണി.

കര-ധാ. കണ്ണീരൊലിപ്പിക്ക

കര-പ്ര. കടൽ കായൽ മുതലായവയുടെ സമീപസ്ഥലം. വ. ചെറിയ ദേശം. ന. ചില വസ്ത്രങ്ങളിൽ ചെമന്ന നൂലുകൊണ്ടും മററും നീളത്തിൽ നെയ്തുണ്ടാക്കുന്ന കര. ർ. ഉതി.

കരക-പ്ര. ആലിപ്പഴം. [ആലിപ്പഴം എന്ന ശബ്ദം നോക്കുക]. സസ്യത്തെ ഇല്ലാതാക്കുന്നതു്, കാററിനാൽ ഭൂമിയിൽ ചിതറപ്പെടുന്നതു് എന്നിങ്ങനെ അർത്ഥം. വ. പാവൽ.

കരകകിണ്ടി-മകിണ്ടി.

കരകങ്കണം-കൈവള.

കരകങ്കണന്യായം-'കങ്കണം എന്നതിന്നുതന്നെ കൈവള എന്നർത്ഥമുണ്ടായിരിക്കേ കരകങ്കണം എന്നു പ്രയോഗിക്കുന്നതുകൊണ്ടു കൈയിന്മേൽ കിടക്കുന്ന കൈവള എന്നർത്ഥം കാണിക്കുന്നു. ഈ ന്യായത്തിന്റെ ഉപയോഗം പ്രായേണ ബോധവിഷയത്തിലായിരിക്കും'.

കരകട-ഞണ്ടു്.

കരകണ്ട-സിന്ദൂരി.

കരകം-പ്ര. കിണ്ടി. കൈനനയെ ചെയ്യുന്നതെന്നർത്ഥം. ജലപാത്രം. വ. ആലിപ്പഴം. ന. മാതളം (മാതളനാരകം). മോക്ഷത്തെ ചെയ്യുന്നതെന്നർത്ഥം. ർ. തെങ്ങ്. ഉ. ഒരു വക പക്ഷി. നൃ. മലയകത്തി. ൧. ഇലഞ്ഞി. വൃ. മാവു്.

ൻ. പ്ലാശു്. ൧൦. കരീരം. ൧൧. ചിരട്ട. (പാത്രമായി ഉപയോഗിക്കുന്നതു്). ൧൨. കൈയ്യ്.

കരകമലം-പ്ര, താമരപ്പൂപോലെ ശോഭയുള്ള കൈയ്യ്. വ. ഒരു വൃത്തം. ധൃതി ഛന്ദസ്സിൽപെട്ടതു്. പാദം ഒന്നിൽ പതിനെട്ട അക്ഷരം വീതം കാണും.

'ഭംഭനജംനസഗണമിഹചേപ്പതുകരകമലം'

(വൃത്തമഞ്ജരി)

കരകവല്ലഭ-നെയ്യുണ്ണി.

കരകാംഭോജ-തെങ്ങ്.

കരകാമ്ലം-പ്ര മാതളം. വ. അമ്പഴം.

കരകൂളുക-കരയിചെയ്യു ഴുഴയുക.

കരകൌശലം-കൈവേലയിലുള്ള സാമത്ഥ്യം.

കരക്കൊഞ്ഞിരം-കിരിയാത്തു്.

കരക്കാർ-ദേശത്തുള്ള ജനങ്ങൾ.

കരക്കാററു്-ഉച്ചയ്ക്കു മുമ്പുണ്ടാകുന്ന ഒരു മാതിരി കിഴക്കൻകാററു്.

കരയ്ക്കുക-പ്ര. ഉണങ്ങിപ്പോവുക. വ. അലിഞ്ഞോ ദ്രവിച്ചോ പോവുക.

'ഉരംകരന്തുകമ്പം' (രാമചരിതം)

ന. കരളുക.

കരന്തുപോവുക - അലിഞ്ഞുപോവുക, ദ്രവിച്ചുപോവുക. വ. നശിച്ചുപോവുക. ന. ക്ഷയിച്ചുപോവുക.

കരക്കെട്ടു്-പൊടിപ്പു്, കഞ്ചം.

കരക്കൊത്തു-പുനംകൃഷി.

കരങ്കം-നാക്കരിയു്.

കരങ്കശാലി-നൽക്കരിയു്.

കരഗ്രഹം, കരഗ്രഹണം-പ്ര വിവാഹം. വ. കൈപിടിക്കുക. ന. കപ്പംവാങ്ങിക്കുക.

കരഗ്രാഹൻ-പ്ര. കപ്പംപിരിക്കുന്നവൻ. വ. ഭർത്താവു്.

കരഗ്രാഹി-വി പ്ര. കപ്പംവാങ്ങിക്കുന്ന. വ. കൈപിടിക്കുന്ന.

കരഘാട-മലങ്കാര.

കരച്ചിൽ-ദുഃഖിച്ചു കണ്ണുനീർപൊഴിക്കുക.

കരച്ചീര-ഒരു മാതിരി ചീര.

കരച്ചുങ്കം-കരമാർഗ്ഗംകൊണ്ടുപോകുന്ന സാമാനങ്ങൾക്കുള്ള തീരുവ.

കരച്ചുള്ളി-മലങ്കാര.

കരച്ഛദം-ശാഖോടവൃക്ഷം. വ. സിന്ദൂരി.

കരജ-വി. പ്ര. കൈയിൽനിന്നുണ്ടായ. വ. രശ്മിയിൽ നിന്നുണ്ടായ.

കരജം-പ്ര. കൈനഖം. കരത്തിൽ ജനിച്ചതെന്നർത്ഥം.

'കൈയ്യിന്മേൽ പരിചിൽപരന്നകരജശ്രീപൂരസമ്മിശ്രിതം'

(അമരുകശതകം)

വ. ഉങ്ങ്. ജലത്തെ രഞ്ജിപ്പിക്കുന്നതെന്നർത്ഥം. ന. പുലിച്ചുവടി. നഖസദൃശം എന്നർത്ഥം. ര്. നാങ്ഗണം. ത. ആവിവൃക്ഷം (ഉങ്ങിൽ ഒരു വകഭേദം).

കരജാഖ്യം-നാങ്ഗണം.

കരഞെണ്ടു്-കരപ്രദേശത്തുള്ള ഒരു വക ഞണ്ടു.

കരഞ്ജ(ക)ം-ഉങ്ങ്.

കരഞ്ജതൈലം-ഉങ്ങെണ്ണ.

കരഞ്ജയുഗ്മം-ഉങ്ങും ആവിയും.

കരഞ്ജഭേദം-ആവിൽ.

കരട-പ്ര. ആനയുടെ കവിൾത്തടം. വ. കറക്കാൻ പ്രയാസമുള്ള പശു.

കരട(ക)ം-കാക്ക.

കരടകൻ-പ്ര. കാക്ക. വ. ഒരുകുറുക്കന്റെ പേർ.

കരടൻ-പ്ര. നാസ്തികൻ. വ. താണനിലയിലുള്ളവൻ.

കരടൻപൊടി-തരി.

കരടം-പ്ര. കാക്ക. ആകാശത്തിൽ ശബ്ദിക്കുന്നതെന്നർത്ഥം. വ. ആനയുടെ കവിൾത്തടം. ന. ഒരു വാദ്യം. ര്. കുങ്കുമം. ത. കുസുമ്പമരം. ന്ധ. കുവളം.

കരടി-ഒരുവക കാട്ടുമൃഗം (നായാട്ടുപർവ്വല്ലാനാപ്പാട്ടു്).

കരടിക്കരണ്ടു്-ഒരുമാതിരി കരണ്ടു്. പര്യായങ്ങൾ-ഭല്ലുകം, ഋക്ഷം, അച്ഛഭല്ലം, ഭല്ലുകം ഈ നാലുശബ്ദത്തിനും 'ആറുകരടി' എന്നും അഭിപ്രായം കാണുന്നു.

കരടി-ആന.

'ദിഗന്തേ ശ്രൂയന്തേമദമലിനഗണ്ഡാകരടിനഃ'

കരട്ടു്-വരണ്ട.

കരട്ടു, കരേട്ടു-കൊക്കു് എന്ന പക്ഷി.

കരട്ടു-പ്ര. തരി, ചകിരിയുടെ പൊടിയും മററും. വ. പകർപ്പു്, അസലിനുമുമ്പു തയാറാക്കിയതു്.

കരണത്രാണം-തല.

കരണൻ-പ്ര. ശൂദ്രസ്ത്രീയിൽ വൈശ്യനു ജനിച്ചവൻ. വിക്ഷേപിക്കപ്പെടുന്നവൻ എന്നർത്ഥം. വ എഴുത്തുകാരൻ.

കരണപ്പിഴ – അച്ചടിയോലയിലല്ലാതെ ആധാരം എഴുതിവാങ്ങിച്ചതിനു ചെയ്യുന്ന പിഴ.

കരണം-പ്ര. സാധനം. വ. ഉപകരണം, ഉപകരിക്കുന്ന അവയവം. ന. ചക്ഷുരാദിഇന്ദ്രിയങ്ങൾ. ര്. ഏതെങ്കിലും ഒരു ക്രിയ ചെയ്യുന്നേടത്തു് ആ ക്രിയയെ വേഗം സാധിപ്പിക്കുന്ന വസ്തു. ത. നെല്ലുമുതലായതു കൃഷിചെയ്യുന്ന സ്ഥലം ന്ധ. ശരീരം, ക്ഷേത്രം. ൭. കാരണം, വ്യുല്പത്തിൻ. സ്ഥാനം, ൮. നിലം. ൯. ആധാരം ൧൦. യോനനാരകം. ൧൧. ഹോമനാദിക്രിയകളിൽ ഉപയോഗിക്കുന്ന വാൾ മുതലായതു്. ൧൨. സംഗീതാദിഭേദങ്ങൾ ൧൩. ദേഹം.

കരണംമറിച്ചിൽ,കരണംമറിയുക-പ്ര. മുമ്പോട്ടോ പുറകോട്ടോ ദേഹം മറിച്ചു ചാടുക. വ. ബുദ്ധിമുട്ടുക. (ശൈലി-ഗ്രാമ്യം).

**കരണവിഭ്രമം**-(വ്യാകരണത്തിൽ) വർണ്ണങ്ങൾക്കു പലമാതിരി ശ്രുതിവരുത്തുന്നതിനുള്ള അഞ്ചു വക കാരണങ്ങളിലൊന്ന്. [ഇതിനു ബാഹ്യപ്രയത്നം എന്നും പറയും. കരണം എന്നാൽ ഉപകരണം. ധ്വനി പുറപ്പെടുവിക്കുന്നതിൽ ഉപകരിക്കുന്ന അവയവം. അതായതു് നാവ്. അതിന്റെ വിഭ്രമം = ചേഷ്ടാവിശേഷം. നാവുകൊണ്ടു കണ്ഠരന്ധ്രത്തെ അടയ്ക്കുകയും തുറക്കുകയും എന്നു താൽപര്യം. (കേരളപാണിനീയം)].

**കരണീയ**-വി. ചെയ്യേണ്ടുന്ന.

**കരണീയം**-ചെയ്യേണ്ടുന്നതു്.

**കരണീയാന്തരം**-മററുകൃത്യം.

**കരണ്ട**-കായാവു്.

**കരണ്ടകം**-ചുണ്ണാമ്പു വെയ്ക്കുന്നതിനുള്ള ഓട്ടുപാത്രം, അടപ്പൻ.

**കരണ്ടി**-വാലുള്ള ഒരു മാതിരി ചെറിയ ഇരിമ്പുപാത്രം.

**കരണ്ടിടുക**-അറുത്തു കയറുക.

**കരണ്ഡകം**-ഇരണ്ടപ്പക്ഷി.

**കരണ്ഡഫലകം**-വിളാർമരം.

**കരണ്ഡം**-പു. ചെട്ടകം (സമ്പുടം). 2. ചുണ്ണാമ്പുവെയ്ക്കുന്ന പാത്രം. കരണ്ടകം എന്നും പറയാറുണ്ടു്. ന. ഷോരുമരം. 4. ചൂരലോ മുളയോ കൊണ്ടുണ്ടാക്കുന്ന ഒരു മാതിരി പെട്ടി.

'ഭഗ്നാശസ്യകരണ്ഡപിണ്ഡിതതനോഃ'
(ഭർത്തൃഹരി)

5. വാൾ. ന്നു. തേനീച്ചക്കൂട്. 6. കാരണം.

**കരണ്ഡി**-മീൻ.

**കരണ്ഡു**-അക്രോധനൻ എന്ന ചന്ദ്രവംശരാജാവിന്റെ ഭാര്യ.

**കരതം**-മാതളനാരകം.

**കരതലം**-കൈയുടെ അകം.

**കരതളിർ**-തളിരുപോലെ മൃദുവായുള്ള കൈ.

**കരതാർ**-താമരപ്പൂവുപോലെ ഭംഗിയുള്ള കൈ.

**കരതോയാ**-ഒരു നദി.

[പാർവതീപരിണയസന്ദർഭത്തിൽ ശിവന്റെ കൈയിലെ കന്യാപ്രദാനജലം ഒരു നദിയായി ഒഴുകി എന്നു പ്രസിദ്ധം. അതാണ് ഈ നദി. 'നർമ്മദാനദി' എന്നു കോളിൻസ്].

**കരത്താമര**-ഓരിലത്താമര.

**കരദീപിക**-ചങ്ങലവിളക്ക്.

**കരന്തകാളി**-കരിങ്കൊടങ്ങൽ.

**കരദ്രുമം**-കാഞ്ഞിരം.

**കരന്നുപോവുക**-ദ്രവിച്ചുപോവുക, അലിഞ്ഞുപോവുക, ആവിയായിപ്പോവുക.

**കരപത്രം**-ഈർച്ചവാൾ. കയ്യിൽനിന്നു വീണുകൊണ്ടിരിക്കുന്നതെന്നർത്ഥം. മരമറുക്കുന്നതിനുള്ള വാൾ. മറെറാരുപര്യായം-ക്രകചം.

**കരപർണ്ണം**-പു. വെണ്ട. 2. ചെമന്നാവണക്ക്.

**കരപല്ലവം** - തളിരുപോലെ മൃദുവായ കൈയ്.

**കരപാലം**-വാൾ. കരത്തെ (കൈയെ) പാലിക്കുന്ന (രക്ഷിക്കുന്ന)തെന്നർത്ഥം, കരവാളം എന്നു പാഠാന്തരം.

**കരപാലിക**-സ്ത്രീ. ചെറുവാൾ. കയ്യാക്കുന്നതെന്നർത്ഥം മറെറാരുപര്യായം-ഈളി. കരവാളിക എന്നു കരപാലികയുടെ പാഠാന്തരം. 2. ഒരു മാതിരി വടി

**കരപീഡനം**-വിവാഹം.

**കരപ്പൻ**-പൈതങ്ങൾക്കുണ്ടാകുന്ന ഒരുവക ദീനം.

'ബാലന്മാർക്കുളവിച്ചീടും കരപ്പൻവഴിയൊക്കവെ ചൊല്ലുന്നേൻ ചുരുക്കത്തിൽ അല്ലോഷയതായതു॥ വാതപിത്തകഫം കൂടിഅമ്പത്താറു കരപ്പനാം പതിനാറുവയസ്സോളം കാണാം വ്യാധിവിശേഷതാ॥ 2. അമ്പത്തിനാലെങ്കിൽ കഫത്തിനാമയിട്ടും പിത്തംമുമ്പത്തിനാലെങ്കിൽ കഫത്തിൽനി

ഠമായിടും॥ ശ്ലേഷ്മംമൂത്രായനീരെങ്കിൽ ശ്വേതവർണ്ണമതായിട്ടും എരന്തന്നില്ലാതെ വന്നീടുംകരപ്പൻവ്യാധിയപ്പോഴേ॥ അറിഞ്ഞിട്ടങ്ങുചെയ്തീടിൽ പൊറുപ്പുണ്ടെന്നു നിശ്ചയം ഇത്ഥമെല്ലാമറിഞ്ഞിട്ടുചെയ്ക കൊൾകചികിത്സകർ'

(ബാലചികിത്സ)

കരപ്പോക്ക്–രത്നങ്ങളിൽ തുലോം വില കുറഞ്ഞതായുള്ള ഒരുമാതിരി ചായക്കല്ല്.

കരഭ–തേക്കിട.

കരഭ(ക)ം–ഒട്ടകം.

കരഭകാണ്ഡിക–ഒട്ടകച്ചെടി.

കരഭഞ്ജിക–ചെറുകുരുവ്.

കരഭപ്രിയ –ഉകമരം.

കരഭപ്രിയാ- ചെറിയ കൊട്ടത്തുവ.

കരഭം–പു. നാഗ്ഗണം. ൨. ഒട്ടകക്കുട്ടി. പൊടിപറപ്പിക്കുന്നതെന്നർത്ഥം. ൩. കരബന്ധത്തിൽനിന്നു ചെറുവിരൽവരെ ഉള്ളകൈയിൽനിന്നു താഴെയുള്ള ഭാഗം, കൈയുടെ പത്തി. മണിബന്ധംമുതൽ കൈയുടെ ചെറുവിരലിന്റെ മുരട്ടുവരെയുള്ള കൈപ്പടത്തിന്റെ പുറംഭാഗം. ൪. ആനക്കുട്ടി. ൫. ആനത്തുമ്പിക്കൈയ്.

കരഭവല്ലഭം–പു. വ്ളർമരം. ൨. ഉകമരം.

കരഭാദനിക, കരഭാദനി– ചെറിയ കൊട്ടത്തുവ.

കരഭി–പു. തേക്കിട. ൨. ആന.

കരഭിക–തേക്കിട.

കരഭീഘൃതം - ഒട്ടകത്തിൻനെയ്യ്.

കരഭീരം–സിംഹം.

കരഭ്രൂവ്–കൈനഖം.

കരഭൂഷണം–പു കൈയിലിടുന്ന ആഭരണം, കൈവള. ൨. വീരചങ്ങല. മറൊരുപര്യായം-കങ്കണം. ൩. മുത്തുവള, പവിഴക്കരി, കാപ്പു മുതലായതു്.

കരം–പു. കൈയ്. ൨. രാജാവിനു കൊടുക്കേണ്ടുന്ന നീതി, കപ്പം. ൩. രശ്മി.

കരമ്പല്ല്–കൽക്കം.

കരമട്ടം–കവങ്ങ്.

കരമർദ്ദകാ–പെരുംകുരാവ്. [തമിഴിൽ–പെരുങ്കളാച്ചെടി. ഞെട്ടാഞെട്ടങ്ങ എന്നും പേരുണ്ട്.]

കരമരി–പിടിച്ചുകെട്ടി കാരാഗൃഹത്തിലാക്കപ്പെട്ടവൻ.

കരമാലം–പുക.

കരമാല്യവു–പുക.

കരമുക്തം–ഒവൽ

കരമൊഴിവു്–സർക്കാരിൽനിന്നു കരംകൂടാതെ അനുഭവിപ്പാൻ കൊടുത്തിരിക്കുന്ന നിലമോ പുരയിടമോ.

കരങ്കം–പു. തലയോട്ട്. ൨. ശരീരത്തിലെ എല്ല്.

കരംബ–വി. വ്യാപിക്കുന്ന.

കരംബം–തൈരിൽ അരിപ്പൊടി മലർ ഇവ ചേർത്തുണ്ടാക്കുന്ന പലഹാരം.

കരംബിത–വി. വ്യാപിക്കപ്പെട്ട.

കരംഭ–പു. വേലിപ്പരുത്തി ൨. താഴൽ.

കരംഭം–പു. തൈരിൽ അരിപ്പൊടി മലരപ്പൊടി ഇവ ചേർത്തുണ്ടാക്കുന്ന പലഹാരം. ജലത്തോടുകൂടി ചേരുന്നതെന്നർത്ഥം. തൈരിൽ ചേർത്ത വറുത്ത യവം മുതലായതിന്റെ പൊടിയുടെ പേർ എന്നുമുണ്ട്. 'കരംബം' എന്നുമാകാം. ൨. ഉമ്മത്ത്. ൩. ചെറുതേക്ക്. ൪. ഒരു വൃത്തത്തിന്റെ പേർ. [ഉൽകൃതിഛന്ദസ്സിൽ പെട്ടതു്. പാദംഒന്നിൽ വന്ന അക്ഷരം വീതം കാണും.]

'നജനനയജതൊടുസനനഗഗുരുവുംചേർ
വരുന്നതുപറകകരംഭം'

(വൃത്തമഞ്ജരി)

൫. ശതാവരി. ൬. ഞാഴൽ.

കരയൻ–കരയുള്ള വസ്ത്രം.

കരയം–ഒരുമാതിരി വൃക്ഷം.

കരയാമ്പൂ–കിരാമ്പൂ, ഒരങ്ങാടിമരുന്ന്.

[ഇതു് കടുവും ദീപനവും ഉഷ്ണവുമാണ്. ഛർദ്ദി, അതിസാരം, വായു ഇവ

യെ നശിപ്പിക്കും സന്നിക്കും കരപ്പനും നല്ല്. അജീർണ്ണം, അഗ്നിമാന്ദ്യം, വയറു കടി ഇവയ്ക്കും കൊള്ളും. കഫത്തെ കളയുന്നതാകുന്നു.]

കരയുക-ദുഃഖിച്ചു കണ്ണുനീരൊലിപ്പിക്കുക [സ. ക്രി. കരയിക്ക.] 'കരയുന്നതു' എന്നതിന്റെ പര്യായങ്ങൾ-ക്രന്ദിതം, രുദിതം, ക്രുഷ്ടം.

കരയേറുക-കേറുക [സ. ക്രി. കരയേററുക.]

കരയേററം-ന. കേററം, കേറുക. വ. ധലനം.

കരയോരം-കര, ആററിന്റെയുംമററും അടുത്ത പ്രദേശം.

കരരുഹം-കൈനഖം. കരത്തിൽ മുളച്ചുണ്ടാകുന്നതെന്നർത്ഥം.

കരൽ-കര, വക്ക്. ഉ-ം, 'തൊപ്പിയുടെ കരൽ'.

കരവല്ലഭം-കൈകൊണ്ടുള്ളൊരുസംസാരം.

കരവഴി-തോണിയിലും മററും കയറാതെ ഭൂമിയിൽക്കൂടിയുള്ള വഴി.

കരവാളം-വാൾ. [കരപാലം നോക്കുക]

കരവാളിക-ചെറുവാൾ. [കരപാലിക നോക്കുക.]

കരവി-കറിക്കായം.

കരവീര-മനോയാല.

കരവീരകം-ന. നീർമരുതു്. വ. കണവീരം. ന. ഒരുമാതിരി വാൾ. ർ. ഒരു വിഷം.

കരവീരഭുജ, കരവീരഭൂഷ-നവരപ്പയറ്.

കരവീരം-ന കണവീരം. വ. കൈപ്പ.

കരവെപ്പു്-ഉയർന്ന തായിൽ നടുക കരവെപ്പ് > <ആറവെപ്പ്.

കരശൽമണ്ണ്-പരത്തിക്കുള്ള കടപ്പമണ്ണ് [ഇതു പരത്തിച്ചെടിക്കു വളരെ ഉപയോഗമുള്ളതാണ്. ഇതിൽ കല്ലുകാണാൻ പ്രയാസം. ഈ മണ്ണ് അധികംകാലം ഈറമായിരിക്കും വേനലിൽ കടുപ്പമുള്ളതാകുന്നു.]

കരശാഖ-കൈവിരൽ [വിരലിന്റെ സാമാന്യമായ പേർ.] കൈയിന്റെ ശാഖാപാലയുള്ളതെന്നർത്ഥം. മററുപര്യായം-അംഗുലി.

കരശീകരം-ആനയുടെ തുമ്പിക്കൈയിൽ നിന്നു വരുന്ന ജലം.

കരശൂകം-കൈവിരൽ.

കരസ്ഥ-വി. കൈയിലിരിക്കുന്ന, കൈയിൽകിട്ടിയ.

കരസ്ഥമാക്കുക-കൈക്കലാക്കുക.

കരസ്ഥാനം-അരുളു ചെയ്യു പാക്കുന്നവന്റെ അവസ്ഥ.

കരസ്ഥിത-വി. കൈയിലിരിക്കുന്ന.

കരള-ന. കരട്, കയല. വ. ഉണങ്ങിയ ഫലം അല്ലെങ്കിൽ പഴം.

കരള-വി. കരടായ, കട്ടിയായ. [കരളുകമ്മായം > <നേരിയ കമ്മായം.]

കരഹാട(ക)ം-ന, മലങ്കാര. കൈ പൊളളിക്കുന്നതെന്നർത്ഥം. വ. താമരക്കിഴങ്ങ്. കരത്തെ ശോഭിപ്പിക്കുന്നതു്. ജപത്തിനായിട്ട് ഇതുകൊണ്ടു മാലയുണ്ടാക്കി ഉപയോഗിക്കാറുണ്ട്. അതിനാലാണ് ഈ അർത്ഥമുണ്ടായതു്. മററൊരുപര്യായം-ശിഫാകന്ദം.

കരളിച്ച-ന. അറണ്ടുകയറുക, കടിച്ചുതുരക്കുക. വ. അല്പമായികരണ്ടുതിന്നുക.

കരളു്-ന. മനസ്സ്. വ. ചങ്ക്.

കരളുക-ന. അറണ്ടുകയറുക, കടിച്ചുതുരക്കുക. വ. എലിയെപ്പോലെ കടിച്ചു തിന്നുക.

കരാമട്ടം-പെരുംകുളാവു്.

കരാർ-ഇന്നപ്രകാരം ചെയ്തുകൊള്ളാമെന്നു സമ്മതിച്ചു എഴുതിമാറുകയും മററും, ഉടമ്പടി, ചട്ടം, തീർച്ച.

കരാവി-കരിഞ്ചീരകം

കരാളകം-കരിങ്കല്ലു്.

കരാംബുകം-ചെറുക്ലാവു്.

കരാല്ല(ക)ം-പെരുംക്ലാവു്.

കരാള-വി. ൧. ഉയരമുള്ള ൨. ഭയങ്കരമായ

'കരാളകളേബരമാകിയകൃത്യാ'
(അംബരീഷചരിതംകഥകളി)

൩. കോന്ത്രപ്പല്ലുള്ള.

കരാളകം-കറുത്ത ചെറുതുളസി.

കരാളം-൧. കോപം. ൨. കരിഞ്ചീരകം. ൩. കറുത്ത ചെറുതുളസി. ൪. കസ്തൂരിമൃഗം. ൫. ഒരു ദന്തരോഗം

[വായ് പല്ലുകളെ ആശ്രയിച്ചിട്ടു പതുക്കെപ്പതുക്കെ അവയെ നീട്ടിയും വളച്ചും (കോന്ത്രപ്പല്ലുകൾ) ഉണ്ടാക്കും. അതു് അസാദ്ധ്യമാകുന്നു ഇതത്രെ കരാളലക്ഷണം.]

കരാളാ-൧. മൂന്നുദളമുള്ള കടല. ൨. നറുനീണ്ടി.

കരാളി-അഗ്നിയുടെ നാക്കുകളിൽ ഒന്നു്. [അഗ്നി എന്നതു നോക്കുക.]

കരാളിക-ദുർഗ്ഗാ.

കരാളികാ-൧. ഒരു വൃക്ഷം ൨. വാൾ.

കരി-൧. ആന. ഭംഗിയായി നടക്കുന്നവൻ എന്നർത്ഥം. [സ്ത്രീലിംഗം-കരിണി.] ൨. കലപ്പ. ൩. ഒരുമാതിരി പുല്ലു്. ൪. കായലിനു സമീപവും മററും കാലാകാലത്തിനു കൃഷിചെയ്യാതെ കിടക്കുന്ന ഒരുവക കറുത്തനിലം. ൫. (മലയാളത്തിൽ) കരിക്കട്ട.

കരി-വി. കറുത്ത.

കരികാ-പീനാറി.

കരികാ-൧. നഖക്ഷതം. ൨. കാര.

കരികിലാഞ്ചി, കരികാഞ്ചി-൧. ഒരു വക പക്ഷി. ൨. ഒരുവക വള്ളി.

[ഇതിൻെറ വേരു വ്രണങ്ങൾക്കു നന്നു്. ഇതിനു നാട്ടുപാവു് എന്നുംപേരുണ്ടു്.]

കരികോലം, കരുവേല-തിരുവിതാംകൂർമഹാരാജാവു തിരുമനസ്സിലെ ഭണ്ഡാരം.

കരിക്കട്ട-തീക്കനലിൽനിന്നു തീ പോയാലുള്ള വസ്തു, ഇരുന്നൽ.

കരിക്കൽ-ആദിത്യൻ അസ്തമിക്കുന്ന സമയം, ഇരുളുക. [തമിഴിൽ-കരുക്കൽ].

കരിക്കലാക്കുക-ഇരുട്ടാക്കുക, കൂടലാക്കുക.

കരിക്കാടി-ചോറു മുതലായ ഭക്ഷണവസ്തുക്കളെക്കുറിച്ചു താണജാതികൾ ഉയർന്നജാതിക്കാരോടു പറയുന്ന ആചാരവാക്കു. (അടിതോൽ എന്നതു നോക്കുക.)

കരിക്കു്-ഇളന്തേങ്ങ, ഇളനീർ.

കരിക്കുക-വേവിച്ചു കരിയാക്കുക.

കരിക്കെന്നു്-അ. വേഗത്തിൽ.

കരിക്കോൽ-കലപ്പത്തണ്ടു്. പര്യായങ്ങൾ-ഈഷ, ലാംഗലദണ്ഡം.

കരിഗർജ്ജിതം-ആനയുടെ അലർച്ച.

കരിങ്കച്ചോലം-ഒരു ചെടി. പര്യായങ്ങൾ-രാക്ഷസി, ചണ്ഡാ, ധനഹരി, ക്ഷേമം, ദുഷ്പുത്രം, ഗണഹാസക° ഇവ ൬-ം, അടവിക്കച്ചോലം, ചെറുകച്ചോലം ഇവയാണെന്നും പറയുന്നു.

കരിങ്കടൽ-൧. കറുത്ത കടൽ. ൨. ബ്ളക്സി എന്ന കടൽ.

കരിങ്കടുകു്-കറുത്ത കടുകു്. പര്യായങ്ങൾ-ക്ഷവം, ക്ഷുധാഭിജനനം, രാജികാ, കൃഷ്ണികാ, ആസുരി ഇവ ൫-ം, മറ്റെറിയുടെ പേർ എന്ന അഭിപ്രായക്കാരുമുണ്ടു്.

കരിങ്കണ്ണു്-൧. കാഴ്ചയില്ലാത്തകണ്ണു്. ൨. നോക്കിയാൽ ദോഷം വരുത്തുന്ന കണ്ണു്.

കരിങ്കണ്ണൻ-൧. നോക്കിയാൽ ദോഷം വരുത്തുവാൻ തക്ക കണ്ണുള്ളവൻ. ൨. കണ്ണുകാണാത്തവൻ.

കരിങ്കദളിവാഴ-ഒരു മാതിരി വാഴ.

[ഇതു ശ്ലേഷ്മവർദ്ധനവും ഗുരുവും ദീപനവുമാകുന്നു. മലം തടുത്തുപാകം. പൂവിനുകച്ചുചവർപ്പുരസമാണു്. ഇതിൻെറ പഴം നയനരാഗത്തിനു നന്നു്. ജ്വരം, ദാഹം, അതിസാരം, വിഷൂചിക ഇവയ്ക്കു കൊള്ളാം.]

**കരിങ്കന്ന**-കറുത്തകന്ന്, പോത്ത്.

**കരിങ്കരപ്പൻ**-കരപ്പനിൽ ഒരിനം

[ചെവിടടയ്ക്കും, പനിക്കും, ചൊറുനീരട്ടും, ബലംകുറയും, കുങ്കുമംപോലെ മേൽ സർവ്വാംഗം കറുത്തു വീഴും, ദാഹം കുറയും (വേറെവിധം) രാവു പനിക്കും. ദേഹത്തിൽ കറുത്ത പോള പൊട്ടും. നടുവു കഴിയും].

**കരിങ്കര**-ഒരു വൃക്ഷം.

**കരിങ്കലം**-മൺകലം. കരിങ്കലം - ◀ വെങ്കലം.

**കരിങ്കല്ല്**-കറുത്ത കല്ല്, പാറ.

**കരിങ്കള്ളൻ**-വലിയ കള്ളൻ.

**കരിങ്കാലി**-ശിവന്റെ വേദ്രൂപം.

**കരിങ്കാളൻ**-ഒരു കറി.

**കരിങ്കുടങ്ങൽ**-കരിന്തകാളി.

**കരിങ്കുട്ടിച്ചാത്തൻ**- കുട്ടിച്ചാത്തന്മാരിൽ ഒന്ന്.

**കരിങ്കുന്നി**-ഒരു വള്ളി.

**കരിങ്കുരങ്ങ്**-ഒരു മാതിരി കറുത്തകുരങ്ങ്.

**കരിങ്കുരികിൽ**-കറുത്ത കുരികിൽപക്ഷി, പര്യായങ്ങൾ-ഖഞ്ജരീടം, ഖഞ്ജനം.

**കരിങ്കുവലയപ്പൂവ്**- കരിങ്കുവളപ്പൂവ്, പര്യായങ്ങൾ- നീലാംബുജന്മാ, ഇന്ദീവരം.

**കരിങ്കുഴിയൻ**-ഒരുമാതിരി കരപ്പൻ.

[പനിക്കും, നടുങ്ങും, വിറക്കും, തൊണ്ടയിൽ പുണ്ണുകെട്ടും, മേൽ സർവ്വാംഗം തീപ്പൊരി തെറിച്ചപോലെ വീഴും, ചുമക്കും, മൂത്രമടക്കം.]

**കരിങ്കുറുഞ്ഞി**-ഒരു പച്ച മരുന്ന്. പര്യായങ്ങൾ-നീലം, ഝിണ്ടി, ബാണാ, ദാസി, ആർത്തഗളം ഇവ ൫ം, നീലക്കുറിഞ്ഞിയാണെന്നും അഭിപ്രായമുണ്ട്.

**കരിങ്കുറിഞ്ഞിമൂർഖൻ**- ഒരുവക മലമ്പാമ്പ്.

**കരിങ്കുറുന്തോട്ടി**-കറുത്ത കുറുന്തോട്ടി.

**കരിങ്കുറുവ**-കറുത്ത നീളംകുറഞ്ഞ ഒരുമാതിരി നെല്ല്.

**കരിങ്കുരാൻ**-ഒരുമാതിരി പക്ഷി.

**കരിങ്കുവള**-കറുത്ത താമര.

**കരിങ്കോഴി**-കറുത്തകോഴി.

**കരിഗർജ്ജിതം**-ആനകളുടെ ശബ്ദം. മറെറാരുപര്യായം-ബൃംഹിതം.

**കരിങ്ങാലി**-ഒരു വൃക്ഷം. പര്യായങ്ങൾ-ഗായത്രി, ബാലതനയം, ഖദിരം, ദന്തധാവനം.

[പാചനമാണ്. ഇതു പിത്തം, കഫം, രക്തദോഷം, കുഷ്ഠം, ആമദോഷം കാസം, ചൊറി, കൃമി, വ്രണം ഇവയെ ശമിപ്പിക്കും.]

**കരിങ്ങോട്ട**-ഒരു വൃക്ഷം.

**കരിച്ചാൽ**-കരിപോയ വഴി, ഉഴപ്പെള്ളി, പര്യായങ്ങൾ സീതാ, ലാംഗലപദ്ധതി.

**കരിഞ്ചക്കര**-പനങ്കള്ള് കുറുക്കിയുണ്ടാക്കുന്ന ഒരു മാതിരി ശർക്കര.

**കരിഞ്ചണ്ടി**-കരിമ്പായൽ, കറുത്ത പായൽ, പര്യായങ്ങൾ-ജലനീലി, ശൈവാലം, ശൈവലം.

**കരിഞ്ചപ്പട്ട**-ഒരു കടുപ്പമായ മസൂരി.

കരിഞ്ചപ്പട്ടവ്യാധിക്കു ചൊല്ലുംലക്ഷ
ണമങ്ങിനെ വാതജ്വരങ്ങൾ മൂർച്ഛിച്ചു അ
ഞ്ചാംനാൾ വ്യാധികണ്ടിടും ॥ പിഴയാ
തെചികിത്സിച്ചാൽ മരിക്കായെന്നതിന്നി
യം ഇതുപമത്തൊട്ടുമെല്ലാതെ കുളിച്ചീടരു
താമയ ॥ തൊണ്ണൂറ്റൊരു ദിവസംകൊണ്ടു
സൌഖ്യമായ്വരുന്നെന്നാം ജ്വരങ്ങൾ
കൊണ്ടാൽ രണ്ടാംനാൾ ഛർദ്ദിക്കും മൂക്ക
ടച്ചിടും ॥ ഇക്കിളുംകൂടെയുണ്ടാകമെത്ത
പ്പോൾശമിച്ചിട്ടും ബാധകെട്ടുകിടന്നീടും
പുറപ്പെട്ടാലുമാമയ ॥ വല്യതാംപപ്പടം
പോലെ കാണാംവ്യാധിയിതക്കിളെ മുക
കിൻറരിപോലെ തന്നിലക്കിട്ട ചെല്ലു
പോൽ ॥ മുണ്ടായിട്ടു മുഴുക്കുമ്മരതകെ

യങ്ങപഴക്കവും ചെറതായുള്ളതൊക്കെ ത്താൻ വരണ്ടുപൊളിയുംക്രമാൽ ‖ ഇങ്ങിനെയുള്ളവ്യാധിക്ക ചികിത്സിച്ചീടുകപ്പെണ്ണെ വല്യഞ്ഞാറയുടെനീരും വെള്ളത്തക്കിൻറപാല്യമായ് ‖ കൊട്ടത്തിട്ടുകമുന്നേതാൻ കുരുക്കൾതെളിവാനമയ് കഷായംവെച്ചാതൻചേൎത്തു കൊട്ടുക പത്തുനാൾമുതൽ ‖ ഇടംമഞ്ചിഞ്ചകൊട്ടഞ്ചകൊട്ടത്തുവഞ്ചപാവുമയ് കൊട്ടത്തീട്ടപൊടിച്ചിട്ടു തേനിലാവോളമാമരാൽ‖കഫനാശം ഭവിച്ചീട്ടും ഉദരത്തിനസൌഖ്യവും കുരുക്കളുംവളൎന്നീടും രുചിയുണ്ടാംസുഖപ്രദം‖അകരുണിമുതലായിച്ചൊന്നൌഷധമൊൎത്തുടൻ ഔചിത്യംകൊണ്ടെടുത്തിട്ടുചെയ്തിടേണംചികിത്സകൾ‖ പത്തുനാൾകഴിഞ്ഞെന്നാൽഅതിസാരങ്ങൾ കാണുകിൽ ഉടനേമുന്തിരിങ്ങായെകൊട്ടത്തീടണമാമരാൽ‖ അടങ്ങുമുടനേതന്നെ വലിച്ചുവന്നിരിക്കിലോ മരിക്കുമതിനാൽതന്നെപിഴച്ചേമരണംവരു‖".

(മസൂരിപടലം)

കരിഞ്ചമ്മാ-ആനത്തുകിൽ.

കരിഞ്ചൊത്തി, കരിഞ്ചൊത്ത-ഒരുതരം കറുത്ത പാമ്പു്. വളരെ വിഷമുള്ളതാണ്.

കരിഞ്ചീരകം-ഒരങ്ങാടിമരുന്ന്. പൎയ്യായങ്ങൾ-ഖരാശ്വ, കാരവി, ദീപ്യം.

[കരിഞ്ചീരകം തീക്ഷ്ണവും ഉഷ്ണവുമാണ്. മേധാഗ്നിവൎദ്ധനവും രുച്യവും ലഘുവും ശ്ലേഷ്മാനിലാപഹവും അന്നഗന്ധഹരവും ദീപനവുമാകുന്നു.]

കരിഞ്ചുര-ഒരുമാതിരി അരി.

കരിഞ്ചെള്ള-പറക്കുന്ന ഒരുമാതിരി ചെറിയ ജന്തു.

കരിഞ്ചെമ്പു്-വെട്ടുചെമ്പ്.

കരിഞ്ചേര-കറുത്ത ചേരപ്പാമ്പ്.

കരിഞ്ചേരട്ട-വലിയമാതിരി അട്ട.

കരിണി-പിടിയാന. പൎയ്യായങ്ങൾ-ധേനുകം, വശാ.

കരിഞ്ഞോട്ട-ഒരു വൃക്ഷം.

[കരിഞ്ഞോട്ട വാതത്തിന നന്ന്.]

കരിതെളിയിക്കുക-കരിതുനിഷം നന്നാക്കുക.

കരിത്തലച്ചി-ചെചാരക്ക്, അംഗാരവല്ലി.

കരിദാരകം-സിംഹം.

കരിനാക്കൻ - നോക്കിക്കൊണ്ടു പറഞ്ഞാൽ ദോഷംവരുത്തുന്നതിനു ശക്തനാകുന്നവൻ. സ്ത്രീലിംഗം-കരിനാക്കി.

കരിനാട്ടി-പറിച്ചുനട്ടിട്ടു തെളിയുന്ന ഒരു വക നെല്ല്.

കരിനൂൽ-ആശാരിമാരുടെ നൂൽ.

കരിനൊച്ചി-ഒരു ചെടി.

കരിനാസിക-ഒരു വാദ്യം.

കരിന്തകര-ഒരു വൃക്ഷം.

[രക്തസ്രാവം, വാതം ഇവക്കു നന്ന്.]

കരിന്തകാളി, കരിന്താളി-കറുകൊടങ്ങൽ.

കരിന്തുമ്പ-ഒരു പച്ചമരുന്ന്.

[ഗുണം തുമ്പയുടേതുതന്നെ. വിശേഷിച്ച രുചിയുണ്ടാക്കും. കൃമിനാശനമാണ്.]

കരിന്തുളസി-കൃഷ്ണതുളസി. കാരതുന്താവ് എന്നും കാണുന്നു.

കരിന്തേൾ-കറുത്ത തേൾ.

കരിപത്രം-താലീശപത്രം.

കരിപൻ-ആനപ്പാപ്പാൻ.

കരിപാട്ടം-കൃഷിചെയ്യാത്ത നിലത്തിന കൊടുക്കേണ്ടിവരുന്ന കരം.

കരിപ്പിപ്പലി-അത്തിത്തിപ്പലി, ആനത്തിപ്പലി എന്നും പറയാറുണ്ട്.

കരിപോതകം-ആനക്കുട്ടി.

കരിപ്പട്ടി-കരിമ്പനയുടെ കള്ളുകൊണ്ടുണ്ടാക്കിയ ശൎക്കര. തമിഴിൽ-കരിപ്പട്ടി.

**കരിപ്പ്**—പ്ര. കാടുചുട്ടു കൃഷിചെയ്യുക. വ. ഇളവാച്ചു.

**കരിപ്പത്തുകോവിലകം**—കോലത്തിരിയുടെ ഒരു കൊട്ടാരം.

**കരിപ്പാലി**—ഒരു വക നെല്ല്.

**കരിമ**—കറുപ്പ്.

**കരിമരം**—മരുത്.

**കരിമരുത്**—ഒരു വൃക്ഷം.

**കരിമരുന്ന്**—കരിയും വെടിയുപ്പും മററും കൂട്ടിയരച്ചുണ്ടാക്കിയത്, വെടിമരുന്ന്.

**കരിമാചലം**—സിംഹം.

**കരിമാൻ**—ഒരു വക മൃഗം.

**കരിമാനം**—കാർമേഘം.

**കരിമീൻ**—ഒരു വക മത്സ്യം.

**കരിമുകിൽ**—കറുത്ത മേഘം.

**കരിമുഖൻ**—ഗണേശൻ. ആനമുഖമുള്ളവൻ എന്നർത്ഥം.

**കരിമുട്ടി**—പ്ര. പാതി എരിഞ്ഞ വടി. വ. മുട്ടൻ. ന. താന്തോന്നി, തെമ്മാടി. സ്ത്രീലിംഗം—കരിമുട്ടിച്ചി.

**കരിമുണ്ടകൻ**—ഒരു വക നെല്ല്.

**കരിമുള്ള്**—ചക്കയുടെ മുള്ള്.

**കരിമ്പടം**—പുതപ്പ്. പര്യായങ്ങൾ—രല്ലകം, കംബളം.

[ആട്ടുരോമംകൊണ്ടു നെയ്തുണ്ടാക്കിയ കരിമ്പടം മുതലായതിനു മേഷകംബളം, ഊർണ്ണായു എന്നു പര്യായങ്ങൾ].

**കരിമ്പൻ**—പ്ര. വസ്ത്രങ്ങൾ നനഞ്ഞിട്ടു ഉണങ്ങാതെ കുറേനാൾ ഇരുന്നാൽ അതിന്മേലുണ്ടാകുന്ന കറുത്ത നിറം. വ. കറുത്ത കാള.

**കരിമ്പന**—എഴുത്തോലയുണ്ടാകുന്ന പന. പര്യായം—തൃണരാജാഹ്വയം.

[കരിമ്പനയുടെ വേർ—ബലത്തെയുണ്ടാക്കും. കഫത്തെ കളയും. മൂത്രത്തെ വർദ്ധിപ്പിക്കും. ഇതിന്റെ പഴം—പിത്തത്തെ വളർത്തും. ബലകരമാകുന്നു. ഇതിന്റെ ഫലം—ഗുരുവും പിത്തജിത്തുമാകുന്നു. ഇതിന്റെ ഇത്തിളിനു 'പനവാഴ' എന്നു പേർ. ഇതു പിത്തജങ്ങളായ വ്രണങ്ങളെ ശമിപ്പിക്കും. കരിമ്പനയുടെ ഓലത്തണ്ടു വാട്ടിപ്പിഴിഞ്ഞെടുക്കുന്ന ചാറ് കണ്ണിലെ പല രോഗങ്ങൾക്കും ഉപായമുണ്ട്. ഇതിന്റെ അങ്കുരത്തിനു പനങ്കിഴങ്ങ് എന്നു പേർ. ഇത് അസ്ഥിസ്രാവത്തിനു നന്ന്. മേഹത്തിനു വിശേഷം. പനംകള്ളിനു (ചുണ്ണാമ്പു ചേർത്തുള്ളതിനു) അക്കാനി എന്നു പറയും. ബലത്തെയുണ്ടാക്കും. വിശപ്പിനു കൊള്ളാം. ഇതിൽനിന്നു ശക്കരയുണ്ടാക്കുന്നു. നല്ലവണ്ണം കാച്ചിക്കുറുക്കുന്ന പക്ഷം പനംകല്ക്കണ്ടും കിട്ടും. അതു തണുപ്പും കഫഹരവുമാണ്. ചുണ്ണാമ്പു ചേർക്കാത്ത കള്ളിനു മദ്യത്തിന്റെ ഗുണമുണ്ട്. പനംകൂമ്പ് വ്രണത്തെ ഉണ്ടാക്കും.

**കരിമ്പനമുണ്ടം**—പനംകൂമ്പ്. പനംകാച്ചിൽ എന്നും പറയും.

**കരിമ്പയറ്**—കറുത്ത പയറ്.

**കരിമ്പാട്ട്**—കരിമ്പിൻനീരെടുപ്പാൻ ചക്കിൽവെച്ചു ഞെക്കുക. [കരിമ്പ് + ആട്ട്].

**കരിമ്പായൽ**—നനയുന്ന ഭിത്തിയിലും മററുമുണ്ടാകുന്ന ഒരു മാതിരി പായൽ.

**കരിമ്പാലർ**—കാട്ടിൽപാർപ്പുകാരും കള്ളന്മാരുമായ ഒരു ജാതിക്കാർ.

**കരിമ്പാറ**—കരിങ്കല്ല്.

**കരിമ്പിത്തം**—ഒരു ദീനം.

**കരിമ്പിൻനീർ**—കരിമ്പിൽ നിന്നു പുറപ്പെടുന്ന വെള്ളം.

[കരിമ്പിൻനീർ മുതലായതുകൊണ്ടുണ്ടാക്കുന്ന മദ്യത്തിനു 'മൈരേയം' എന്നു പേർ].

**കരിമ്പ്**—ഒരു ചെടി. പര്യായങ്ങൾ—രസാലം, ഇക്ഷു.

[ഇതിന്റെ തണ്ടു പിഴിഞ്ഞു നീരിനെ തിളപ്പിച്ചാൽ പഞ്ചസാര കിട്ടും.

ങ്ങുകളെ ചക്കിന്റെ ഇടയിൽ തിരുകി ഞെരുക്കിയാൽ കിട്ടുന്ന ചാറ് അടുപ്പു ത്തുവെച്ചു വററിച്ചാൽ ശക്കര കിട്ടും. കരിമ്പിൻനീര് ഗുരുവും സ്നിഗ്ദ്ധവും ബൃംഹണവും ശുക്ലവൃദ്ധിയെ ചെയ്യുന്നതും കഫത്തേയും മൂത്രത്തേയും ഉണ്ടാക്കുന്നതും രക്തപിത്തഹരവും സ്വാദു പാകരസവു മാണ് കരിമ്പിന്റെ വേരുമുലപ്പാലുണ്ടാ ക്കുന്നതിനു നന്ന്. കണ്ണത്തിനും കൊ ള്ളാം. പുണ്ഡരീകക്കരിമ്പു്, മുളക്കരിമ്പു്, നീലക്കരിമ്പു്, വെണ്ണീററുംകരിമ്പു്, ഈ ഴക്കരിമ്പു്, നാംപൂരിമ്പു് ഇങ്ങിനെ പല തരമുണ്ട്. കരിമ്പിൻചണ്ടിയിൽ നിന്നു മെഴുകണ്ടാക്കാമെന്നു കണ്ടുപിടിക്കപ്പെട്ട കയും നേററൽരാജ്യത്തു ഈവ്യവസായം ആരംഭിക്കകയും ചെയ്തിരിക്കുന്ന പ്രകാരം ൻ൨-൯-൨൯-ലെ 'സത്യനാദം' എന്ന പത്രം പ്രസ്താവിക്കുന്നു.]

കരിമ്പുമാലി-കരിമ്പു കൃഷിചെയ്യുന്നതി നുള്ള വയൽ.

കരിമ്പുലി-കറുത്ത പുലി.

കരിമ്പൂവീട്ട്-തളിപ്പറമ്പിലുള്ള കോല ത്തിരിരാജ്ഞിയുടെ കൊട്ടാരം.

കരിമ്പുറ-പോത്ത്.

കരിമ്പൂച്ച-ഒരുമാതിരി കറുത്ത പൂച്ച

കരിമ്പോള-ഒരു പച്ചമരുന്ന്.

കരിയറ-കലപ്പയിൽ കൊഴുവെച്ചുറപ്പിക്കു ന്ന ഭാഗം. പര്യായങ്ങൾ-ഫലം, നിരീ ശം, കടകം, ഫാലം, കൃഷികം.

[ഇവ ൧-ം, കൊഴുവിന്റെ പേരെ ന്നും, ആദ്യത്തെ മൂന്നും കരിയറയുടേയും ശേഷം ഉള്ള ൨-ം കൊഴുവിന്റെയും പേരെന്നും അഭിപ്രായമുണ്ട് ]

കരിയാത്തൻ-കരികുട്ടിച്ചാത്തൻ, കരുമ കൻ.

കരിയില-ഉണങ്ങിയ ഇല.

കരിയിലിറങ്ങുക-നിലം പണയമായി ഒഴുതിവാങ്ങിച്ചവൻ ആ നിലത്തിൽ കൃഷി തുടങ്ങുക [കാംക്രി-കരിയിറക്കുക]

കരിയുക-ക്രി. വെന്തുകരിയുക. ഉ. ഉണ ങ്ങി പച്ചകെട്ടുപോവുക, ഉണങ്ങികരുത്തു പോവുക

കരിയോല-പഴയ അഴുക്കിലിട്ട ഓല.

കരിവങ്കം-കറുത്ത ഈയ്യം.

[ചക്ഷുഷ്യമാണ്. വാതം, പ്രമേഹം, വ്രണം, മേദസ്സ്, പാണ്ഡു ഇവയെ നശി പ്പിക്കും. കരിവങ്കത്തിന്റെ ഭസ്മം അനു പാനഭേദംകൊണ്ടു മുൻപറഞ്ഞ രോഗ ങ്ങൾക്കും വിശിഷ്യ നീക്കുപ്പിനും കൊ ള്ളാം.]

കരിവഴല-ഒരു വക പാമ്പു്.

കരിവാകമീൻ-ഒരുവക മത്സ്യം.

കരിവാട്ട്-കരിനാട്ടി, പറിച്ചുനട്ടിട്ടു തെ ളിയുന്ന ഒരു വക നെല്ലു്.

കരിവി, കരുവി-ക്രി. ക്ഷൌരക്കത്തി. ഉ. പണിക്കോപ്പ്. ന. കൊഴുവ്. ൪. ഒരു വക വള്ളി.

കരിവി, കരി-കലപ്പ.

കരിവിലാത്തി-ഒരു മരുന്ന്.

കരിവിവള്ളി-ഒരു പച്ചമരുന്നു വള്ളി

[ഇതിന്റെ കിഴങ്ങ് വസ്തിരോഗം, മൂത്രകൃച്ഛ്രം, ഉഷ്ണവാതം ഇവയ്ക്കുനന്നു]

കരിവു്-ക്രി. വെന്തുകരിയാവുക. ഉ. ഉണ ങ്ങിപ്പോവുക ന. നിലം വെയിലേററ നെല്ലുകിട്ടാതെ കരിഞ്ഞുപോവുക.

കരിവെട്ടി-ഒരു മരം.

കരിവെയ്ക്കുക-പണയം എഴുതിയ നിലം ഒഴിഞ്ഞുകൊടുക്കുക.

കരിവേപ്പ്-വേപ്പിൽ ഒരു വകഭേദം.

[ഇതിന്റെ ഇല കടുവും തിക്തവും ക്ഷാരവും ദീപനവും വിദാഹശമകരവു മാണ്. വാതം, വിഷം, ശോഫം ഇവ യെ ശമിപ്പിക്കും].

കരിവേലകം-ഒരു വൃക്ഷം.

[പല്ലുകത്തിനും പല്ലുറപ്പിനും കൊ ള്ളാം. കഫത്തെ നശിപ്പിക്കും, അർശസ്സി നു നന്ന്].

**കരിവേഴ**-ഒരുവക നെല്ല്.

**കരിവൈജയന്തി**-ആന കൊണ്ടുപോകുന്ന ഒരു കൊടി.

**കരിശാബകം**-ആനക്കുട്ടി. മറ്റൊരുപര്യായം-കളഭം.

**കരീരകം**-യുദ്ധം, ശണ്ഠ.

**കരീരഫലകം**-തെങ്ങ്.

**കരീരം**-പു. മുളവള മുള്ളുകൊണ്ട് ആനയെ ഉപദ്രവിക്കുന്നതെന്നർത്ഥം. വ. ആണ്മുള. ഹിംസിക്കുന്നതെന്നർത്ഥം. ന. വൃക്ഷവിശേഷം, ക്രകചം, ർ. കടം. ഇ. അഗസ്തിവൃക്ഷം.

[ആണ്മുള=വംശാങ്കുരം, മുളംകൂമ്പ്, ഇല്ലിയുടെ കൂമ്പ്, മുളക്കായ്.]

**കരീരിക**-ആനക്കൊമ്പിന്റെ ചുവട്.

**കരീഷം**-ഉണങ്ങിയ ചാണകം. വിക്ഷേപിക്കപ്പെടുന്നതെന്നർത്ഥം.

**കരീഷംകഷ**-കൊടുങ്കാറ്റ്.

**കരു**-വി. കറുത്ത.

**കരു, കരുവ്**-പു. ഓട്ടുപാത്രം മുതലായതു വാർക്കുന്നതിനു അവയുടെ ആകൃതിയിൽ മണ്ണുകൊണ്ടുണ്ടാക്കിയതു്. വ. ഗർഭത്തിലിരിക്കുന്ന പ്രജ. ന. ക്ഷൌരക്കത്തി മുതലായ ചില ചെറിയ ആയുധം. ർ. ചതുരംഗത്തിന്റെ ദേവനം മറ്റും. ഇ. മൊട്ടയുടെ അകത്തെ വസ്തു. ഞ. ഹൃദയം.

**കരുകരുക്കുക**-കരുകരുപ്പുണ്ടാവുക.

**കരുകരുപ്പ്**-കണ്ണിൽ മണൽ മറ്റോ വീണാൽ ഉണ്ടാകുന്ന വേദന.

**കരുക്ക്**-പു. അറപ്പവാളിന്റെ പല്ല്. വ. അരം. ന. പനമടലിന്റെയും മറ്റും മുള്ള്. ർ. പല്ലിന്റെ വക്ക്.

**കരുക്കൻ**-പു. ആദിത്യന്റെ അസ്തമനസമയം. വ. എപ്പുകളു ലോവമതെ, കരിക്കൽ

**കരുക്കുക**-പു. ആദിത്യൻ അസ്തമിക്കുക. വ. വേദനയുണ്ടാവുക.

**കരുണ**-സാധുക്കളോടും മറ്റും തോന്നുന്ന ഒരു ഭാവം, അലിവ്, ദയ.

**കരുണൻ**-കരുണരസമുള്ളവൻ.

**കരുണമല്ലി**-കുശിമുല്ല.

**കരുണം**-ശൃംഗാരാദിരസങ്ങളിൽ ഒന്ന്. ദയതോന്നിക്കുന്നതു്, മററു സകല രസങ്ങളേയും നശിപ്പിക്കുന്നതു് എന്നിങ്ങനെ അർത്ഥം.

[കരുണരസം ഉത്ഭവിക്കുന്നതു് ഇഷ്ടനാശം അനിഷ്ടപ്രാപ്തി ഇവ ഹേതുവായിട്ടാണ്. ഇതിന്റെ അധിദേവത യമനാകുന്നു. വർണ്ണം കപോതവർണ്ണമാണ്. 'ധീരൈഃ കപോതവർണ്ണോയം കഥിതോ യമദൈവതഃ' എന്നു പ്രമാണം. കരുണരസത്തിന്റെ ഉദാഹരണത്തിനു രാമായണത്തിൽ 'ദശരഥപ്രലാപം' മുതലായതു നോക്കുക.]

**കരുണം**-അ. ദയനീയമായ വിധത്തിൽ.

**കരുണവിപ്രലംഭം**-വിപ്രലംഭശൃംഗാരത്തിന്റെ ഒരു പിരിവ്.

[വിപ്രലംഭശൃംഗാരം-പൂർവരാഗം, മാനം, പ്രവാസം, കരുണം ഇങ്ങിനെ നാലായി ഭാഗിച്ചിരിക്കുന്നു. നായികാനായകന്മാരിൽ ഒരാൾ മരിച്ചുപോയാൽ വല്ല ഉപായവും നിമിത്തം വീണ്ടും ജീവിച്ചു തനിക്കു ലഭിക്കുമെന്നു മറ്റേ ആളിനു മോഹം തോന്നുന്നപക്ഷം ആയാളുടെ ആ വിധമുള്ള ദുഃഖാവസ്ഥാനമത്രേ കരുണവിപ്രലംഭം. നിരാശപ്പെട്ടിരിപ്പാണെങ്കിൽ കരുണരസത്തിന്നു അവകാശമുള്ളൂ.]

**കരുണാകടാക്ഷം** - ദയയോടുകൂടിയ നോട്ടം.

**കരുണാകരൻ**-പു. കൃപയ്ക്കിരിപ്പിടമായുള്ളവൻ. വ. വളരെ കൃപയുള്ളവൻ.

**കരുണാകരം**-പു. ദയയ്ക്കിരിപ്പിടം. വ. കരുണാരത്നങ്ങൾ വിളയുന്ന സ്ഥലം.

൩. ദയയെ ചെയ്യുന്നതു്. ൪ വളരെ കൃപയുള്ളതു്. ൫. ഒരു വൃത്തം. ഇതു ശകാരീഛന്ദസ്സിൽപെട്ടതാണു്. പാദം ഒന്നിൽ ൧൪ അക്ഷരം വീതം കാണും.

'കരുണാകരമിഹ സനന്ദനലഘ്യഗം'

(വൃത്തമഞ്ജരി)

കരുണാപര-വി. അധികം ദയയുള്ള.

കരുണാ, കരുണാരസം-ദയ, കൃപ, കരുണരസം [കരുണം എന്നതു നോക്കുക] പൎയ്യായങ്ങൾ-കാരുണ്യം, കരുണാ, ഘൃണാ, കൃപ, ദയ, അനുകമ്പ, അനുക്രോശം. കരുണാ=ജനങ്ങളെ തന്റെ സ്വാധീനമാക്കിച്ചെയ്യുന്നതു്.

[കാരുണ്യാദി ഏഴു ശബ്ദങ്ങളും ശൃംഗാരാദിരസങ്ങളിൽപെട്ട കരുണരസവും രണ്ടാണെന്നു വിചാരിച്ചുപോകരുതു്.]

കരുണാമയ-വി. വളരെ കരുണയുള്ള.

കരുതൽ-൧. വിചാരം, നിനവു്, ൨. സൂക്ഷിച്ചുവെപ്പു്. ൩. സൂക്ഷിച്ചുവെച്ചിട്ടുള്ള മുതൽ, സമ്പാദ്യം.

കരുതലർ-ശത്രുക്കൾ,

'കരുതലരിളകൊന്നാത്തുനേരം'

(ഭഗവൽഗീത-മാധവപ്പണിക്കർ)

[കരുതാത്തവർ എന്നു പദാൎത്ഥം].

കരുതുക-൧ മുൻകൂട്ടി വിചാരിക്കുക. ൨. മുതൽ സമ്പാദിക്കുക.

കരുത്തു്-൧. സാമൎത്ഥ്യം. ൨. ദേഹത്തിന്റെയും മററും ബലം, ശക്തി.

കരുത്തൻ-൧. സമൎത്ഥൻ ൨. ശക്തൻ.

കരുനൊച്ചി, കരുനെച്ചി-ഒരു പച്ചമരുന്നു്. പൎയ്യായങ്ങൾ-സിന്ദുകം, സിന്ദുവാരം, ഇന്ദ്രസുരസം, നിൎഗ്ഗുണ്ഡി, ഇന്ദ്രാണിക.

[ഇവ ൭-ം നൊച്ചിയുടെ സാമാന്യവാചകമാണെന്നും ശേഫാലികാ, സുവഹാ, നിൎഗ്ഗുണ്ഡി, നീലിക ഇവ നാലുമാണ കരുനൊച്ചിയുടെ പേരെന്നും അഭിപ്രായം കാണുന്നുണ്ടു്.]

കരുന്തകാളി-ഒരു പച്ചമരുന്നു്. [കരിന്തകാളി നോക്കുക].

കരുപിടിക്ക-രൂപമുണ്ടാകുക.

കരുന്തുമ്പ-ഒരു ചെടി. [കരിന്തുമ്പ നോക്കുക].

കരു-വി. കറുത്ത.

കരുമ-൧. കറുപ്പു്. ൨. വാളിന്റെ മൂൎച്ച. ൩. കടുപ്പം. ൪. ശക്തി.

കരുമം-൧. കൎമ്മം. ൨. ഫലം. (പ-മ)

കരുമകൻ-വേട്ടക്കരുമകൻ, ശാസ്താവു്.

കരുമണൽ, കരിമണൽ-ഒരു മാതിരി കറുത്ത മണൽ.

കരുമന-൧ ഉപദ്രവം ൨. ദുഷ്ടത. ൩. നാശം. ൪. അപകടം. ൫. സങ്കടം. ൬. ബലം.

കരുമത്സ്യം-ഒരു വക മത്സ്യം. പൎയ്യായങ്ങൾ-പ്രോഷ്ഠി, ശഫരി.

കരുമാല്-കരുമന. [പദ്യത്തിൽ പ്രയോഗം.]

കരുമിഴി-കണ്ണിന്റെനടുവിലുള്ള കറുപ്പു്.

കരുമുകിൽ, കരിമുകിൽ-കറുത്തമേഘം.

കരുമുതക്കു്, കരിമുതക്കു്-ഒരു വള്ളി, കറുത്ത മുതക്കു്. പൎയ്യായങ്ങൾ-വിദാരി, ക്ഷീരശുക്ല, ഇക്ഷുഗന്ധാ, ക്രോഷ്ടി.

കരുമത്തിറ-ഒരു ചെടി. ഇതിനു ഫലം ഇല്ല.

കരുവരല-ഒരു വക വലിയ കാട്ടുപാമ്പു്. ഇതിന്റെ കണ്ണുകൾ ചെമന്നിരിക്കും.

കരുവഴിക്ക-മഴ്മഴിക്ക.

കരുവാട്-ഉണങ്ങിയ മത്സ്യം, ഉപ്പിട്ട മത്സ്യം.

കരുവാത്തി-കൊല്ലത്തി.

കരുവാൻ-കൊല്ലൻ. ഇരിമ്പു പണിചെയ്യുന്നവൻ. പൎയ്യായങ്ങൾ-വ്യോകാരൻ, ലോഹകാരകൻ.

കരുവാര, കരുവാറു്-അരിമ്പാറ.

കരുവാളിക്കുക-വെയിലുകൊണ്ടോ മറോ ശരീരത്തിൽ കറുത്തനിറമുണ്ടാവുക

കരുവാളിപ്പ്, കരിവാളിപ്പ്-ശരീരത്തിലുണ്ടാകുന്ന കരിനിറം.

കരുവി, കരിവി-പ്ര. ക്ഷൌരക്കത്തി വ. പണിക്കോപ്പ്. ന. കൊഴുവ്. ദ. ഒരു വക വള്ളി.

കരുവേപ്പ്-കരിവേപ്പ്.

കരുവേലപ്പട്ട-കരുവേലവൃക്ഷത്തിൻെറ പട്ട.

കരുവേലപ്പുര- കരുവേലത്തുനായന്മാർ ജോലിനോക്കിവരുന്നതും തിരുവിതാംകൂറിൽ കൊട്ടാരത്തിലുള്ളതുമായ ഒരു പുര

കരുവേലം, കരിക്കോലം-തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ ഭണ്ഡാരം.

കരുവേലം, കരുവേലകം-ഒരു വൃക്ഷം.

കരേട്ട-വരണ്ട, ഇരണ്ടപ്പക്ഷി എന്നും പറയുന്നുണ്ട്. ജലത്തിൽ കിടന്നു ശബ്ദിക്കുന്നത് എന്നർത്ഥം.

[ഇത് അശ്വഘോഷിയായ ഒരു പക്ഷിയാണെന്നാണ് മഹേശ്വരൻെറ അഭിപ്രായം. തമിഴിൽ ഇതിനു പേർ 'രാജാളി'].

കരേണു-പ്ര. ആന വ. പിടിയാന ന. കൊമ്പനാന ശ. ശിരസ്സിൽ പൊടിയുള്ളതെന്നർത്ഥം. (പിടിയാനയുടെയും കൊമ്പനാനയുടെയും പേർ) ദ. ചെറുകൊന്ന

കരേണുക-പിടിയാന.

കരേണുദധി-ആനക്കൊമ്പ്.

കരേണുദുഗ്ധ -ആനപ്പാല്.

കരേന(ൻ)ദ്രാ-കറുകപ്പുല്ല

കരേണുപതി-ആന

കരേണുഭൂ, കരേണുസുതൻ-കരേണുവിൻെറ പുത്രൻ, പാലകാപ്യൻ

[ഗജശാസ്ത്രം ഉണ്ടാക്കിയതു 'പാലകാപ്യൻ' എന്നാണ്.]

കരേളകം-കടുക്കമൂലി.

[സന്നിനിമിത്തം മോഹിച്ചവർക്ക് ഇതിൻെറ വേര് അഞ്ജനത്തിനു വിശേഷം. വിഷത്തിനും കൊള്ളാം. പശുക്കളുടെ രോഗങ്ങൾക്കും ഇതു ഉപയോഗിക്കുന്നുണ്ട്. കന്നുകളുടെ വ്രണത്തിനും കരപ്പനും ഇതിൻെറ ഇല നന്നാണ്].

കരേറുക-പ്ര. കേറുക, കരയേറുക, അകത്തോട്ടോ മേല്പോട്ടോ ചെല്ലുക വ. വലിക്കുക [സ. ക്രി കരേറുക ]

കരേററം-കേററം, വലിപ്പ.

കരോഗി-തലയിലെ അസ്ഥിക്കൂട്ടം. വായുവിനെ തടസ്ഥപ്പെടുത്തുന്നതെന്നർത്ഥം.

കരോടി-തലയോട്ട്.

കരോട്ട-അ. മുകളിൽ.

കരോട്ടേയ്ക്കു്-അ. മുകളിലേയ്ക്ക്.

കർക്ക-വി. പ്ര. വെളുത്ത വ. നല്ല.

കർക്കചിർഭിടാ, കർക്കചിർഭിടി-വെളുത്ത വെള്ളരി.

കർക്കട-ഒരായുധം.

'മർക്കടവരരെക്കർക്കടകൊണ്ടും'

(കിരാതം തുള്ളൽ)

കർക്കട(ക)ം-പ്ര. ക്രവമ്പം. വ. താമരക്കിഴങ്ങ്. ന. പാൽച്ചുര ദ. ഞണ്ട്. ഉ. കരിമ്പ്. ന്യ. മലങ്കര.

കർക്കടകി-കർക്കടകശൃംഗി.

കർക്കടകിനി- മരമഞ്ഞൾ

കർക്കടം, കർക്കടകം-പ്ര. ഞണ്ട്. ജനിക്കുമ്പോൾതന്നെ അമ്മയെ കൊല്ലുന്നതിനാൽ ഈ പേർ സിദ്ധിച്ചു. മററാരു പര്യായം കുളീരം. വ. കർക്കടകരാശി. ന. കർക്കടകമാസം.

കർക്കടശൃംഗി, കർക്കടശൃംഗികാ,കർക്കടക-കർക്കടശൃംഗി.

കർക്കട(ട്ട)-വരണ്ട.

കർക്കടാഹ്വം-കക്കരി

കർക്കടാഖ്യാ-കർക്കടശൃംഗി.

കൎക്കടാംഗാ-കൎക്കടശൃംഗി.

കൎക്കടാഹ്വം-ക്രവളം.

കൎക്കടാഹ്വാ-കൎക്കടശൃംഗി.

കൎക്കടി-ഫ. വെള്ളരി. കരത്തെ ആവരണംചെയ്യുന്നതെന്നൎത്ഥം. മറ്റൊരുപൎയ്യായം-ഉൎവ്വാരു. വ. നായിക്കോരണ. ന. പെൺഞണ്ടു. ര. ഇലവു്. ഇ. പാമ്പു്. ന്റ. കാട്ടിലന്ത. റ. ലന്തമരം. വ്യ. ദേവതാളി. ൯ വയൽവെള്ളരി.

കൎക്കടിനി-മരമഞ്ഞൾ.

കൎക്കണ്ഡം-ഞണ്ടു്.

കൎക്കനാട്ടു്-കേരളം എന്നു പറഞ്ഞുവരുന്ന ചേരരാജ്യത്തിനുണ്ടായിരുന്ന ഏഴു വിഭാഗങ്ങളിൽ ഒന്നു്.

കൎക്കന്ധു-ഫ. ലന്തമരം. മുള്ളുള്ളതെന്നൎത്ഥം. വ. പെരുന്തുടരി, തുടരി.

കൎക്കഫലം-കൎക്കടവൃക്ഷം.

കൎക്കരം-ഫ. വെളുത്ത കുതിര. കണ്ണിനു സുഖത്തെ ചെയ്യുന്നതെന്നൎത്ഥം. വ. ഞണ്ടു്. ന. ജലം ഒഴിച്ചുവെയ്ക്കുന്ന ഭരണി. ര. കുടം. ഇ. അഗ്നി. ന്റ. മുഖക്കണ്ണാടി.

കൎക്കര-വി. കട്ടപ്പമുള്ള.

കൎക്കരാക്ഷൻ-വാലാട്ടിപ്പക്ഷി.

കൎക്കരാംഗ-കരിങ്കുരികിൽ.

കൎക്കരാട്ടു-വേഗത്തിൽ ചെല്ലുന്ന നോട്ടം, ചെരിച്ച നോക്കു്, കടാക്ഷം.

കൎക്കരാട്ടു(കം)-വരണ്ട.

കൎക്കരാലം-കടിഞ്ഞാണിന്റെ വളയം.

കൎക്കരി-ഫ. വെള്ളരി. വ. കുടം.

കൎക്കരേട്ടു-വരണ്ട. 'കർക' എന്നു ശബ്ദിക്കുന്നതു് എന്നൎത്ഥം.

കൎക്കശ-വി. ഫ. കഠിനമായ വ. ദയയില്ലാത്ത. ന. ക്രൂരമായ.

കൎക്കശച്ഛദ-ഫ. ആനപ്പീച്ചിൽ. വ. കാട്ടുപീച്ചിൽ

കൎക്കശച്ഛദം-ഫ. പാടവലം, കൈപ്പൻപടവലം. വ. ശാഖോടവൃക്ഷം.

കൎക്കശദല-ശാഖോടവൃക്ഷം.

കൎക്കശദലാ-ഷ്ടോ.

കൎക്കശൻ-സാഹസപ്രവൃത്തി ചെയ്യുന്നവൻ. ഹിംസിക്കുന്നവൻ എന്നൎത്ഥം.

കൎക്കശം-ഫ. കഠിനമായിട്ടുള്ളതു്. പീഡിപ്പിക്കുന്നതു് എന്നൎത്ഥം, സ്നിഗ്ദ്ധതയില്ലാത്തതു്. വ. കമ്പിപ്പാല. കൈയിലെടുത്താൽ ശബ്ദിക്കുന്നതു് എന്നൎത്ഥം. ചെറുകപ്പുല്ലു് എന്നും അഭിപ്രായമുണ്ടു്. ന. പൊന്നാവീരം. ര. കരിമ്പു്.

കൎക്കശാ-കേകിട.

കൎക്കശാഹ്വ-കമ്പിപ്പാല.

കൎക്കശികാ-കാട്ടിലന്ത.

കൎക്കാരു-ഫ. കുമ്പളം. വെള്ളക്കുതിരയുടെ നിറമുള്ളതു് എന്നൎത്ഥം. വലിയ കുമ്പളം. വ. ഒടാ. ന. കക്കരിക്കാ. ര. വെള്ളരി.

കൎക്കാരുകം-തണ്ണിമത്ത.

കൎക്കാരു(ലു)-ചെറിയ കുമ്പളം.

കൎക്കി-ഫ. ഞണ്ടു. വ. കൎക്കടകരാശി. ന. കൎക്കടകമാസം. ര. ചെറിയ കുമ്പളം.

കൎക്കോടി-കരുട്ടുപാവൽ.

കൎക്കോടിക-ഫ. ചെറിയ കുമ്പളം. വ. കരുട്ടുപാവൽ.

കൎക്കോടകൻ-ഒരു പ്രധാനസൎപ്പം.

കൎക്കോടകം-ഫ. ക്രവളം. വ. കരിമ്പു്. ന. കരുട്ടുപാവൽ.

[നളനെകടിച്ചു വിരൂപനാക്കിയ ഒരു സൎപ്പം. അദ്ദേഹത്തിന്റെ കഷ്ടകാലത്തിൽ അദ്ദേഹത്തെ ആരും അറിയാതെയിരിപ്പാനായിട്ടു കടിച്ചതാണു്].

കൎക്കോടകാ-വലിയ കുമ്പളം.

കൎക്കോടകി-ഫ. കരുട്ടുപാവൽ. വ. വറിപ്പീച്ചിൽ.

കൎച്ചൂ-ചെചവു്.

കൎച്ചൂര(ക)-ഫ. കാച്ചൂരം, കച്ചൂരി. രോഗങ്ങളെ വ്യസനിപ്പിക്കുന്നതെന്നൎത്ഥം. വ. സ്വൎണ്ണം. ന. അരിതാരം. ര. മഞ്ഞൾ.

കൎണ്ണ-വി. ഫ. ചെവിയുള്ള. വ. ചെവികേൾക്കുന്ന.

കൎണ്ണകം-ഒരു സന്നിപാതരോഗം.

[വേപഥുക, ഒച്ചയും ചെവിയുമടയ്ക്ക, ദേഹപീഡ, ശ്വാസംവലിക്ക, ചുമ, പനി, കഫാധിക്യം, കർണ്ണാന്തങ്ങളിൽ ചൂട്, കവിൾത്തടങ്ങളിൽ വേദന ഇവയത്രേ ലക്ഷണങ്ങൾ. ഇതു കഷ്ടസാദ്ധ്യമാണ്.]

കർണ്ണകി-ആന.

കർണ്ണഛിദ്രം-ചെവിദ്വാരം.

കർണ്ണച്ഛേദം-ന. ചെവി ചെത്തുക. വ. കർണ്ണനെ കൊലചെയ്ക.

'ഭാരതചരിതം തന്നിലൊഴിഞ്ഞൊരു
കർണ്ണച്ഛേദം കേട്ടീലാരും'
(ഭാഷാനൈഷധചമ്പു)

കർണ്ണജപൻ, കർണ്ണജാപൻ-ദൂഷ്യംപറയുന്നവൻ.

കർണ്ണജളൂകാ-വളരെ കാലുകളുള്ള ഒരുമാതിരി പ്രാണി.

കർണ്ണജളൌകസ്സ്, കർണ്ണജളൌക-ചേരട്ട. പഴുതാര അല്ലെങ്കിൽ കോട്ടെരുമ എന്നും പക്ഷമുണ്ട്. മറ്റൊരുപര്യായം-ശതപദി.

കർണ്ണജിത്ത്-അർജ്ജുനൻ.

കർണ്ണദർപ്പണം-കാതിലിടുന്ന ഒരുമാതിരി ആഭരണം.

കർണ്ണധാരൻ-ചുക്കാൻപിടിക്കുന്നവൻ, അമരക്കാരൻ. കർണ്ണം (ചുക്കാൻ) ധരിക്കുന്നവൻ എന്നർത്ഥം. മറ്റൊരുപര്യായം-നാവികൻ.

കർണ്ണൻ-സൂര്യനു കുന്തിയിൽ ജനിച്ചവൻ. അംഗരാജ്യത്തുണ്ടായിരുന്ന ഒരു രാജാവ്.

[കർണ്ണൻ ദുര്യോധനന്റെ പ്രധാന സഹായിയും മിത്രവുമാകുന്നു. പാണ്ഡവന്മാരുടെ മാതാവും, യാദവരാജാവായ ശൂരസേനന്റെ മകളും കുന്തിഭോജന്റെ വളർത്തുപുത്രിയുമായ കുന്തി, ദുർവ്വാസസ്സ് മഹർഷി കൊടുത്ത മന്ത്രം ജപിച്ചു വിവാഹത്തിനുമുമ്പു ഗർഭിണിയാകയും ആയുധപാണിയായ കർണ്ണനെ കർണ്ണത്തിൽക്കൂടി പ്രസവിക്കയും ചെയ്തു. ജനങ്ങളുടെ പരിഹാസം ഹേതുവായിട്ടു കുന്തി കർണ്ണനെ യമുനയുടെ തീരത്തിലുപേക്ഷിച്ചു. അനന്തരം അധിരഥൻ എന്ന ധൃതരാഷ്ട്രമന്ത്രി കർണ്ണനെ എടുത്തു കൊണ്ടുപോയി വളർത്തി. ജനിച്ചപ്പോഴേ ഉണ്ടായിരുന്ന കുണ്ഡലവും കവചവും ദേവേന്ദ്രൻ വന്നു യാചിച്ചു കർണ്ണനിൽനിന്നുംവാങ്ങിയതിനാൽ കർണ്ണന്റെ ശക്തി വളരെ കുറഞ്ഞു. ഭാരതയുദ്ധത്തെ സംബന്ധിച്ചു മററുള്ളവരെല്ലാം വിപരീതാഭിപ്രായക്കാരായിരുന്നു. പാണ്ഡവരും കൌരവരും തമ്മിൽ വൈരം ഉറയ്ക്കുന്നതിനുമുഖ്യകാരണഭൂതൻ കർണ്ണനായിരുന്നു. കർണ്ണന്റെ മരണാനന്തരം യുദ്ധം ഏകദേശം അവസാനിച്ചപ്രകാരം ധർമ്മപുത്രർതന്നെ പ്രസ്താവിച്ചു കാണുന്നുണ്ട്. ഇതുകളെക്കൊണ്ടുഭാരതയുദ്ധത്തിൽ കർണ്ണനാശം തുലോം പ്രധാനമെന്നുപ്രസ്താവിക്കേണ്ടിയിരിക്കുന്നു. കർണ്ണനെ എടുത്തു വളർത്തിയവർ ദുര്യോധനന്റെ ആശ്രിതരായിരുന്നതിനാൽ കർണ്ണനുംകൌരവാശ്രയം വന്നുകൂടി. താൻ ബ്രാഹ്മണനാണ് എന്നു പറഞ്ഞുംകൊണ്ടുകർണ്ണൻ പരശുരാമന്റെ ശിഷ്യനായിരിക്കുന്നകാലത്തു ഒരു ദിവസം പരശുരാമൻതന്റെ മടിയിൽ തലയുംവെച്ച് ഉറങ്ങുകയുണ്ടായി. അനന്തരം ഒരു പുഴു കർണ്ണന്റെതുടയിൽതുളച്ചു കയറി. തുടയനക്കിയാൽ ഗുരുവിന്റെനിദ്രാഭംഗം നേരിടുമെന്നു ഭയപ്പെട്ടു കർണ്ണൻ കഠിനവേദനയെ വകവയ്ക്കാതെ ധൈര്യവാനായി സ്ഥിതിചെയ്തു. ഉണർന്നപ്പോൾ പരശുരാമൻ കർണ്ണനെ ക്ഷത്രിയനെന്നു മനസ്സിലാക്കി 'പഠിച്ചതു ആവശ്യപ്പെടുമ്പോൾ തോന്നാതെ പോകട്ടെ' എന്നു ശപിച്ചു. കർണ്ണൻപരശുരാമനോടു പഠിച്ചതു ശസ്ത്രവിദ്യയായിരുന്നു. പുഴുവിന്റെ വേഷത്തെ അവലംബിച്ചു തുടയെ തുളച്ചതു ഇന്ദ്രനായിരുന്നു. ഇതു കർണ്ണനെ ചതിപ്പാൻമനഃപൂർവ്വംചെയ്തതാണ്. തന്റെ പുത്രന്മാരെ കൊല്ലരുതെന്നു കുന്തി കർണ്ണ

നെക്കൊണ്ടു സത്യം ചെയ്യിപ്പിച്ചിരുന്നു ഘടോല്ക്കചനെ കൊന്നതു കൎണ്ണനാകുന്നു. കൊലചെയ്തതു വേൽകൊണ്ടാണു്. അതിനെ കൃഷ്ണൻ കളയിച്ചു. ദുൎജ്ജനസമ്പൎക്കംകൊണ്ടു ദുരഭിമാനിയായി വളൎന്ന കൎണ്ണനു കൃത്യനിഷ്ഠയും കൃതജ്ഞതാഗുണവും ഉണ്ടായിരുന്നു. ഇതിനു ദൃഷ്ടാന്തം ഭഗവദ്ദൂതിനു ശേഷം കുന്തിയുടെ ഉപദേശത്തിനു കൎണ്ണൻ പറയുന്ന മറുപടിയാണത്രേ. യുദ്ധസമയം കൎണ്ണന്റെ രഥചക്രം നിലത്തു താണുപോകുന്നതിനു ഇടയായതു കൎണ്ണൻ ഒരു ബ്രാഹ്മണന്റെ പശുവിനെ കൊല്ലുകയാൽ അദ്ദേഹം ശപിച്ചതുകൊണ്ടാകുന്നു. കൎണ്ണൻ ഗുരുവായ ദ്രോണാചാൎയ്യനോടു ബ്രഹ്മാസ്ത്രം അപേക്ഷിച്ചു അതിനു അനൎഹനാകയാൽ കൊടുത്തില്ല. പിണങ്ങിയാണു പരശുരാമനെ പ്രാപിച്ചതു്.

### കൎണ്ണന്റെ പേരുകളും അവയുണ്ടാകാനുള്ള കാരണങ്ങളും

൧. ആധിരഥി–ധൃതരാഷ്ട്രരുടെ സാരഥിയായ അധിരഥൻ എടുത്തുവളൎത്തിയതുകൊണ്ടു്. ൨. സൂതൻ–അധിരഥന്റെ പ്രവൃത്തിഹേതുവായിട്ടു്. ൩. രാധേയൻ–അധിരഥന്റെ ഭാൎയ്യയായ രാധ എന്നവൾ വളൎത്തുകകൊണ്ടു്. ൪. കാനീനൻ–അൎജ്ജുനൻ ഇന്നാരാണെന്നു മുമ്പേ സ്പഷ്ടമാകാത്തതുകൊണ്ടു്, കന്യകയിൽ ഉണ്ടായതുകൊണ്ടു്. ൫. ചമ്പാധിപൻ ൬. അംഗരാജാവ്–ഉദ്യോഗംകൊണ്ടു്. ൭. വൈകൎത്തനൻ–സൂൎയ്യന്റെ പുത്രനായതുകൊണ്ടു്. [കൎണ്ണന്റെ വില്ലിനു 'കാളപൃഷ്ഠം' എന്നു പേർ.]

കൎണ്ണപത്രം–കാതിലിടുന്ന ഓല, കാതിലോല.

കൎണ്ണപൎവ്വം–ഭാരതത്തിലെ ഒരു പൎവ്വം. [കൎണ്ണപൎവ്വത്തിൽ ആദ്യം ശിവസ്തുതി കാണുന്നതിനു വിശേഷകാരണം–എഴുത്തച്ഛൻ ഒരു പ്രദോഷദിവസമാണു് ഇതു കാവ്യമുണ്ടാക്കിയതെന്നും അതിനാൽ ശിവസ്തുതിക്കിടയായി എന്നും ചിലർ അഭിപ്രായപ്പെടുന്നു. ഇതിലെ വൃത്തം അന്നനടയാണു്. ഭാരതം മുഴുവൻ നിറഞ്ഞിരിക്കുന്ന രസങ്ങൾ വീരവും, ഭയാനകം ഇവയാണു്. (ദുശ്ശാസനനെ ഭീമൻകൊല്ലുന്ന ഭാഗത്തിൽ ഇവ രണ്ടും അധികമായുണ്ടു്,) ഈ പൎവ്വത്തിൽ 'വടക്കേദിക്കൊക്കെ ജയിച്ചു' എന്നു കാണുന്നതിന്റെ അൎത്ഥം രാജസൂയം ചെയ്ത സന്ദൎഭത്തിൽ വടക്കേദിക്കിനെ ജയിക്കാനായി അൎജ്ജുനനെ ധൎമ്മപുത്രർ നിയോഗിക്കയാൽ അൎജ്ജുനൻ അംഗാരവൎണ്ണൻ, ചിത്രരഥൻ എന്നു രണ്ടു ഗന്ധൎവ്വന്മാരേയും മററു പലരേയും ജയിച്ചതുകൊണ്ടാകുന്നു.]

കൎണ്ണപുരം–ചെവിദ്വാരം

കൎണ്ണപൂരകം–൧. കറുത്തആമ്പൽ. ൨. അശോകം. ൩. നെന്മേനിവാക

കൎണ്ണപൂരകം–കടമ്പു

കൎണ്ണപ്രാവരണർ–തങ്ങളുടെ കാതുകൾ പുതപ്പായി ഉപയോഗിച്ച ഒരു കൂട്ടർ.

കൎണ്ണഫലം–൧. ഒരുമാതിരി മത്സ്യം, കണ്ണാമീൻ. ൨. പിടിയാന.

കൎണ്ണഭൂഷണം–കാതിലിടുന്ന ആഭരണം.

കൎണ്ണം–൧. ചെവി ൨. ചുക്കാൻ. ൩. കിണ്ടി മുതലായ പാത്രങ്ങളുടെ പിടി ൪. വൻകൊന്ന.

കൎണ്ണമലം–ചെവിപ്പീ, ചെവിക്കായം.

കൎണ്ണമൂലം–ചെവിയുടെ ചുവടു്.

കൎണ്ണമോടി–ചാമുണ്ഡാദേവി, ചാമുണ്ഡി, പാൎവ്വതി.

കൎണ്ണരന്ധ്രം–ചെവിദ്വാരം.

കൎണ്ണവള്ളി–സ്രോതസ്സ്.

കൎണ്ണവൎജ്ജിതം–പാമ്പു്.

കൎണ്ണവിട്ടു്–ചെവിക്കായം.

കൎണ്ണവിവരം–ചെവിദ്വാരം.

കൎണ്ണവേധനി, കൎണ്ണവേധനിക–കാതു കുത്തുന്ന ആയുധം.

കൎണ്ണവേധം–കാതു കുത്തുക.

കർണ്ണവേഷ്ടകം, കർണ്ണവേഷ്ടനം-കർണ്ണാഭരണം, കാതിലിടുന്ന ആഭരണം. സ്ത്രീകളും പുരുഷന്മാരും ധരിക്കുന്നതാണ്. കാതിനെ മറയ്ക്കുന്നതെന്നർത്ഥം. മറെറാരുപർയ്യായം-കുണ്ഡലം.

കർണ്ണശൂല-കേട്ടാൽ ചെവിക്കു സുഖക്കേടുണ്ടാകുന്ന വാക്കും മററും.

കർണ്ണശൂലം-ചെവിക്കുത്ത്.

കർണ്ണസൂ-കുന്തി, കർണ്ണൻെറ അമ്മ.

കർണ്ണഹീനം-പാമ്പ്.

കർണ്ണാകർണ്ണി(ക)-അ. ചെവിക്കുചെവിയായി പറഞ്ഞറിയിക്കുക.

കർണ്ണാടൻ, കർണ്ണാടകൻ-കർണ്ണാടദേശത്തുള്ളവൻ.

കർണ്ണാടപ്പുരിഷ-കർണ്ണാടന്മാരുടെ കൂട്ടം.

കർണ്ണാടം, കർണ്ണാടകം-൧. കർണ്ണാടദേശം. ൨. ഒരു രാഗം. (കരു+നാട്.) കന്നറാ. ൩. ദ്രാവിഡഭാഷകളിൽകൂടി തമിഴിൽ 'കരുമരനാട്' എന്നായിരുന്നു

കർണ്ണാടി-ചെറുപ്പുള്ളടി.

കർണ്ണാധാരിണി-പിടിയാന.

കർണ്ണാഭരണം-൧. കാതിലിടുന്ന ആഭരണം.

[സ്ത്രീകളുടെ കർണ്ണാഭരണത്തിനു പർയ്യായങ്ങൾ-കർണ്ണിക, താലപത്രം. സ്ത്രീകളും പുരുഷന്മാരും ധരിക്കുന്ന കർണ്ണാഭരണത്തിനു പർയ്യായങ്ങൾ-കുണ്ഡലം, കർണ്ണവേഷ്ടനം എന്നു പേർ.]

൨. വൻകൊന്ന.

കർണ്ണാമൃതം-വി. ചെവിക്കു രസമുള്ള.

കർണ്ണാരി-നീർമരുത്.

കർണ്ണാലങ്കാരം-കുണ്ഡലം, കാതിലിടുന്ന ആഭരണം.

കർണ്ണാവതംസം-ചെവിയിൽ അലങ്കരിക്കുന്ന ആഭരണമോ പുഷ്പമോ.

കർണ്ണി-൧. കഴുത. ൨. ഗർഭപാത്രം സംബന്ധിച്ച ഒരു രോഗം ൩. വൻകൊന്ന.

കർണ്ണി-വി. ൧. കർണ്ണങ്ങളുള്ള. ൨. അമ്പ് ഉടക്കിയ

കർണ്ണികൻ-ചുക്കാങ്കാരൻ.

കർണ്ണികാ-൧. സ്ത്രീകളുടെ കർണ്ണാഭരണം. ൨. കുണ്ഡലം, കർണ്ണഭൂഷണം. ൩. പൂവിൻെറ നടുവിലുള്ള മൊട്ട്, താമരപ്പൂവിൻെറ മൊട്ട്, താമരപ്പൂവിൻെറ നടുവിൽ താമരപ്പൂവടങ്ങിയ ബീജകോശം. ൪. തുമ്പിക്കൈയുടെ പുച്ഛം. ൫. കൈയുടെ മദ്ധ്യവിരൽ ൬. മുഞ്ഞ. ൭. ചേമന്തി. ൮. പേരേലം. ൯. ആട്ടുകൊട്ടപ്പാല

കർണ്ണികാചലം-സുമേരുപർവ്വതം.

കർണ്ണികാരം-ചെറുകൊന്ന. കാമികളുടെ കർണ്ണഭൂഷണത്തെ പ്രാപിക്കുന്നതെന്നർത്ഥം. സ്വർണ്ണനിറമുള്ള പൂവുണ്ടാകുന്ന ഒരു വൃക്ഷം. ൨. വേങ്ങ ൩. പഴമുൺപാല. [കൊങ്ങ് എന്നും കാണുന്നുണ്ട്.]

കർണ്ണീമാൻ-വൻകൊന്ന.

കർണ്ണീരഥം-൧. സ്ത്രീകൾക്കു കേറുന്നതിനുള്ള തേര്. ൨. മനുഷ്യരുടെ ചുമലുകൊണ്ടെടുക്കുന്ന മഞ്ചൽ മുതലായ വാഹനം. [കർണ്ണിരഥം=കർണ്ണിയായിരിക്കുന്ന രഥം. കർണ്ണി=കർണ്ണസാദൃശ്യം.] രഥമെന്നുള്ള കേൾവിയെന്നല്ലാതെ തേരിൻെറ മററു തുല്യതയൊന്നുമില്ലാത്തതെന്നർത്ഥം.

കർണ്ണീസുതൻ-മൂലദേവൻ (ചോരണവിദ്യ സ്ഥാപകൻ). കർണ്ണിയുടെ പുത്രൻ, കരടകൻ.

കർണ്ണേജപ-വി. ൧. ഏറെറാരുവനെക്കുറിച്ചു ദോഷം പറയുന്ന ൨. ചെവിയോളം നീണ്ട.

കർണ്ണേജപൻ-ഏഷണിക്കാരൻ, ചെവിയിൽ മന്ത്രിക്കുന്നവൻ.

'കർണ്ണജപരായുള്ളോരു കർണ്ണാദികളെല്ലാം'
(പതിനാലുവൃത്തം)

കർണ്ണജപാക്ഷി-ചെവിയോളം നീണ്ട കണ്ണുകളോടുകൂടിയവൾ.

കർണ്ണോപകർണ്ണിക-കേൾവി.

കർത്തനം-ഛ മുറിക്കുക. വ. കത്തിരി.

കർത്തനി-കത്തിരി.

കർത്തം-ഛ. ഗുഹ, ദ്വാരം. വ. കീറൽ, കീറുക.

കർത്തരി, കർത്തരിക-കത്തിരി, കത്രിക. ഛേദിക്കുന്നതെന്നർത്ഥം. മറെറാരുപര്യായം-കൃപാണി.

കർത്തവ്യ-വി. ചെയ്യപ്പെടുവാൻ തക്ക, നിശ്ചലതചമില്ലാത്ത.

കർത്തവ്യത-ചെയ്യേണ്ടുന്നതിന്റെ അവസ്ഥ.

കർത്തവ്യാനുഷ്ഠാനം-ചെയ്യാനുള്ള പ്രവൃത്തികളെ ചെയ്യുക.

കർത്താവ്-ഛ. പ്രഭു. വ. നാഥൻ. ന. ഇടപ്രഭു. ര. ഉണ്ടാക്കുന്നവൻ ഝ. അവകാശി. (വ്യാകരണത്തിൽ) താൻ മേലംവായി നിന്നുകൊണ്ടു മററു കാരകങ്ങളെ അതതിന്റെ വേലയിൽ പ്രവൎത്തിപ്പിച്ചു ക്രിയയെ നിവൎത്തിക്കുന്ന കാരകം.

കർത്തൃ-വി. ചെയ്യുന്ന, പ്രവൃത്തിയുള്ള.

കർത്തൃകർത്താവ്-നാഥന്റെ നാഥൻ.

കർത്തൃത്വം-അധികാരം.

കർത്രി-കർത്തരി, കത്തിരി.

കർദനം-കുടലിന്റെ മുഴക്കം.

കർദനി-ചൈത്രമാസത്തിലെ പൌർണ്ണമി.

കർദമം-താമരക്കിഴങ്ങ്.

കർദ്ദം, കർദ്ദമം-ചളി, പങ്കം.

കർദ്ദമൻ-ഒരു പ്രജാപതി.

കർദ്ദമം-ഛ. ചളി, അഴുക്ക കുത്സിതമായശബ്ദമുള്ളതു് എന്നർത്ഥം. വ. പാപം.
'കർദ്ദമകന്നുള്ളതീർത്ഥാംബുകണ്ടായാനി'
(വാല്മീകിരാമായണം)

കർദ്ദമഗന്ധി-ചെറുതേക്ക്.

കർദ്ദമജം-ഛ. ആമ്പൽ. വ. താമര.

കർദ്ദമി മുദ്ഗരം.

കർദ്ദി-ഏലത്തരി.

കർപ്പടധാരി-പഴന്തുണി ഉടുത്തു നടക്കുന്ന ഒരുമാതിരി പിച്ചക്കാരൻ.

കർപ്പടം-പഴന്തുണി.

കർപ്പണം-ഒരുമാതിരി ആയുധം.

കർപ്പരം-ഛ. തലയോട്ട്. ഭാരം വഹിപ്പാൻ സാമർത്ഥ്യമുള്ളതെന്നർത്ഥം, മററപര്യായം-കപാലം. വ. ഒരായുധം. ന. ഒരുവക ഇരിമ്പുപാത്രം. ര. പൃഷ്ഠസ്ഥി. ഝ. അത്തിയാല്.

കർപ്പരാശം-വലിയ മണൽ, ചരൽ.

കർപ്പരാളം-മലഉകമരം. [കന്ദരാളം നോക്കുക.]

കർപ്പരി-ഛ. ഒരുമാതിരി രസാഞ്ജനം. വ. ലോഹപാത്രത്തിൽ മരമഞ്ഞൾകൊണ്ടു കഷായംവെച്ചു ചമച്ചതു്.

കർപ്പാസം, കർപ്പാസി-കരുപ്പരുത്തി, പഞ്ഞിമരം.

കർപ്പൂരകം-കച്ചോലം.

കർപ്പൂരതിലകാ-കഞ്ചാവ്.

കർപ്പൂരത്തുളസി-കർപ്പൂരത്തിന്റെ മണമുള്ള ഒരു ചെടി. പര്യായങ്ങൾ-സമീരണം, മരുവകം, പ്രസ്ഥപുഷ്പം, ഫണിജ്ജകം, ജംബീരം.

കർപ്പൂരപ്പച്ച-ഒരു ചെടി.

കർപ്പൂരം-ചീനത്തുണ്ടാകുന്ന ഒരുമാതിരി സുഗന്ധമുള്ള പശ. (കാപ്പ് + ഊറൽ). ധാരാളമായി സന്തോഷത്തെ വർദ്ധിപ്പിക്കുന്നതു് എന്നർത്ഥം. പര്യായങ്ങൾ-കർപ്പൂരം, ഘനസാരം, ചന്ദ്രസംജ്ഞം, സിതാഭ്രം, ഹിമവാലുകാ.

[മഞ്ഞിന്റെ പേരെല്ലാം കർപ്പൂരത്തിന്റെ പര്യായമാണ്. പച്ചക്കർപ്പൂരമെന്നും ചൂടൻകർപ്പൂരമെന്നും രണ്ടുവിധ

മുണ്ട്. ഇതു വെപ്പുചരക്കാണ്. പച്ചക്കപ്പൂരം തൃഷ്ണഹരമാണ്. ചെവിക്കും കണ്ണിനും കൊള്ളാം. വിഷം, വാതം, പീനസം, പ്രമേഹം, കാസശ്വാസങ്ങൾ, കഫം, ഹിൿമാവു്, ചൊറി ഇവയെ നശിപ്പിക്കും. ചൂടൻകപ്പൂരം (നല്ലകപ്പൂരം) വീര്യഗന്ധവും കട്ടിയും വെളുപ്പും ഉണ്ടെങ്കിൽ നല്ലതാണ്. വസൂരിക്കും പനിക്കും നന്ന്. ഉറക്കംവരുന്നതിനു കൊള്ളാം. നിദ്രയിൽ ശുക്ലംപോകുന്നതിനു ഇതു നന്ന്. പല്ലുകുത്തു്, വാതം, ഗർഭപാത്രത്തിലേ വേദന, കാസം, ഗർഭിണികളുടെ നടുവുകഴപ്പു് ഇവയ്ക്കു ഉത്തമമാകുന്നു.]

കപ്പൂരവള്ളി-ഒരു പച്ചമരുന്ന്.

[ഏകാദശം കപ്പൂരത്തിന്റെ ഗുണം തന്നെ. കുഞ്ഞുങ്ങളുടെ കഫം, ശൂല, പനി ഇവയ്ക്കു നന്ന്. സ്ത്രീകളുടെ ഗുന്മത്തിനും വിശേഷമാണ്. ഇതിനു 'പനിക്കൂർക്ക', 'നവര' ഇങ്ങിനേയും പേരുണ്ടു്]

കപ്പൂരവാണി-ഗ. മനോഹരമായി സംസാരിക്കുന്നവൾ. വ മനോഹരമായ വാക്കു്.

കപ്പൂരവൃക്ഷം-കപ്പൂരമുണ്ടാകുന്ന വൃക്ഷം

കപ്പൂരാ-മഞ്ഞൾ.

കർബ്ബുദാര(ക)ം-നരവരി.

കർബ്ബുദാരാ-ഗ. മലയകത്തി. വ. മുൾക്കുറിഞ്ഞി.

കർബ്ബുര-വി പലനിറമുള്ള.

കർബ്ബുരൻ-രാക്ഷസൻ. നാനാവർണ്ണമുള്ളവൻ എന്നർത്ഥം.

കർബ്ബുരം-ഗ. നാനാവർണ്ണം (പലനിറം ഒന്നുചേരുന്നതു്) മറുനിറത്തെ മാറി കലരുന്നതെന്നർത്ഥം. വ. സ്വർണ്ണം അറം ഭാവത്തെ ഉണ്ടാക്കുന്നതെന്നർത്ഥം. ന. വെള്ളം ൪. പാപം, ൫. ഒരുമാതിരി പാഷാണം ൬ ഇരുവേലി ൭ ഉമത്തു്. വ്യ. അറുമര ൯. പുണ്ഡരീകക്കരിമ്പു്.

കർബ്ബുരാ-പത്തിരി.

കർബ്ബുരി-ദുർഗ്ഗ

കർബ്ബുരി-കരുത്ത കാട്ടുതുളസി.

കർബ്ബൂര(ക)ം-ഗ. കാച്ചാലം. വ. അരിതാരം.

കർമ്മക-വി. കർമ്മംചെയ്യുന്ന, കർമ്മമുള്ള.

കർമ്മകര, കർമ്മകാര-വി. ഗ. വേല ചെയ്യുന്ന. വ. സൂത്രപ്പണിയുള്ള.

കർമ്മകരൻ-ശമ്പളംവാങ്ങി വേലചെയ്തു കാലക്ഷേപം കഴിക്കുന്ന വേലക്കാരൻ. പ്രവൃത്തി എടുക്കുന്നവൻ എന്നർത്ഥം.

കർമ്മകരി-ഗ. പെരുങ്കുരുമ്പ. വ. നല്ല കോവ

കർമ്മകാരൻ-ഗ. ശമ്പളംകൂടാതെ വേല ചെയ്യുന്നവൻ. കർമ്മത്തെ ചെയ്യുന്നവൻ എന്നർത്ഥം. വ. കൊല്ലൻ.

കർമ്മകി-വേലക്കാരൻ.

കർമ്മകീലകൻ-വെളുത്തേടൻ.

കർമ്മകുശല-വി. വേലയിൽ സാമർത്ഥ്യമുള്ള.

കർമ്മകൃത്തു്-വി. പ്രവൃത്തിചെയ്യുന്ന.

കർമ്മക്ഷമ-ക്രിയകൾചെയ്വാൻ സാമർത്ഥ്യമുള്ള.

കർമ്മക്ഷേത്രം-ഭാരതം, ഭാരതവർഷം.

കർമ്മചണ്ഡാളൻ - ദുഷ്പ്രവൃത്തിചെയ്യുന്നവൻ.

[അസൂയയുള്ളവൻ, ലുബ്ധൻ, നന്ദികെട്ടവൻ, വലിയകോപം നീളെ മനസ്സിൽവെച്ചുകൊള്ളുന്നവൻ, ചണ്ഡാളനായി ജനിച്ചവൻ ഇവർ അഞ്ചുപേരും കർമ്മചണ്ഡാളന്മാരാകുന്നു]

'അസൂയകശ്ചപിശുനഃ
കൃതഘ്നോദീർഘരോഷകഃ
ചത്വാരഃ കർമ്മചണ്ഡാളാഃ
ജന്മതശ്ചാപിപഞ്ചമഃ'

കർമ്മണ്യ-വി. വേലയിൽ സാമർത്ഥ്യമുള്ള, ഉത്സാഹമുള്ള.

കൎമ്മണ്യം-ഗു, ഉത്സാഹം, മിടുക്ക്. വ. കൂലി. ന. ശമ്പളം.

കൎമ്മണ്യാ-ശമ്പളം.

കൎമ്മണ്യഭുക്ക്-കൂലിക്കു വേലചെയ്യുന്നവൻ.

കൎമ്മത്രയം-സൃഷ്ടിസ്ഥിതിസംഹാരം ഇവ മൂന്നും.

കൎമ്മദോഷം-പ്രവൃത്തിദോഷം, പാപം.

കൎമ്മന്ദി-സന്യാസി. കൎമ്മന്ദനാൽ പറയപ്പെട്ട ഭിക്ഷുസൂത്രത്തെ അദ്ധ്യയനം ചെയ്യുന്നവൻ എന്നൎത്ഥം.

കൎമ്മധാരയം-ഒരു സമാസം.

[വിശേഷണംവിശേഷ്യത്തോടു ചേൎന്നുണ്ടാകുന്നതു്. ഉ-ം, പൊന്നുന്തടിയൻ (പൊന്നായ തടിയൻ).

കൎമ്മപാപം-പ്രവൃത്തികൾ കാരണമായുണ്ടാകുന്ന പാപം.

കൎമ്മഫലം-ഗു. പ്രവൃത്തികൊണ്ടുള്ള അനുഭവം [മേലിൽഅനുഭവിക്കാനിരിക്കുന്ന കൎമ്മഫലത്തിനു പൎയ്യായം-'ഉദൎക്കം'] വ. ജോനകനാരങ്ങ.

കൎമ്മബന്ധന-പ്രവൃത്തികൊണ്ടു കെട്ടിയ.

കൎമ്മബന്ധനം, കൎമ്മബന്ധം-പ്രവൃത്തികൊണ്ടുള്ള കെട്ടു്.

കൎമ്മഭു(വ്)-ഗു. ഭാരതഖണ്ഡം. വ. കൃഷിചെയ്യുന്ന സ്ഥലം.

കൎമ്മഭൂമി-കൎമ്മക്ഷേത്രം, ഭാരതം.

[ദക്ഷിണഇൻഡ്യയുടെ പടിഞ്ഞാറുവശത്തു തെക്കുവടക്കായി നീണ്ടുകിടക്കുന്ന 'പശ്ചിമപൎവ്വതനിരകൾ' എന്ന 'സഹ്യാദ്രി' 'മലയാദ്രി' ഇവയുടെയും പശ്ചിമസമുദ്രമാകുന്ന അറബിക്കടലിന്റെയും നടുക്കായിട്ടു നീളംകൂടിയും വീതികുറഞ്ഞും ഉള്ള ഒരു ഭൂമി കിടക്കുന്നുണ്ടു്. ആ ഭൂമിയുടെ തെക്കേക്കോടിയായ കന്യാകുമാരി മുതൽ വടക്കു ഗോകൎണ്ണം വരെ എത്തുന്ന ഭൂമിക്കു 'മലയാളം' എന്നും 'ഭാൎഗ്ഗവക്ഷേത്രം' എന്നും 'കൎമ്മഭൂമി' എന്നും 'കേരളം' എന്നും പേരുകൾ പറയപ്പെട്ടിരിക്കുന്നു.—ഭാഷാചരിത്രം].

കൎമ്മഭൃത്ത്-കൂലിക്കാരൻ, വേലക്കാരൻ.

കൎമ്മം-വി. വേലയിൽസാമൎത്ഥ്യമുള്ള, ജോലിയിൽ താല്പൎയ്യമുള്ള.

കൎമ്മം-ഗു. പ്രവൃത്തി. വ. ദുർഭാഗ്യം, മനുഷ്യരുടെ നന്മതിന്മ പ്രവൃത്തികളുടെ ഫലം ഒന്നിച്ചു കൂടിയതു്. ന. വിധി. ക. യാഗം. ഉ. ശേഷക്രിയ. ത്ര (വ്യാകരണത്തിൽ) ചില വാക്യങ്ങളിൽ ആഖ്യാതം അനുഭവിപ്പിക്കുന്നതു കാണിക്കുന്ന പദം. ഉ-ം 'രാമൻ കൃഷ്ണനെ അടിച്ചു. കൃഷ്ണനെ എന്നതു 'കൎമ്മം'.

കൎമ്മയുഗം-കലിയുഗം.

കൎമ്മരി-കൂവനീര്,

കൎമ്മവശം-കൎമ്മത്തിന്നധീനം.

കൎമ്മവിപാകം-ഗു. മുമ്പിൽചെയ്ത പ്രവൃത്തിമൂലം അനന്തരം ഉണ്ടാകുന്ന സുഖം അല്ലെങ്കിൽ ദുഃഖം. വ. പാപത്തിന്റെ പ്രതിവിധികൾ അടങ്ങിയിരിക്കുന്ന ഒരു ഗ്രന്ഥം.

കൎമ്മവിരോധം, കൎമ്മവിഘ്നം-കൎമ്മങ്ങൾ ചെയ്യുന്നതിനുണ്ടാകുന്ന മുടക്കം.

കൎമ്മവൃത്തം - അത്ഭുതപരാക്രമത്തിന്റെ പേർ, മുൻകഴിഞ്ഞ ചരിത്രത്തിന്റെ പേർ. കൎമ്മത്തിലുള്ള നിലനില്പു് എന്നു ശബ്ദാൎത്ഥം.

കൎമ്മവൈകല്യം-കൎമ്മച്ഛിദ്രം.

കൎമ്മശാല-യാഗശാല. വ. പണിപ്പുര.

കൎമ്മശീല-കൎമ്മങ്ങൾചെയ്കശീലമായുള്ള.

കൎമ്മശീലൻ-ഗു. നിത്യമായി ഓരോരോ വേല എടുക്കുന്നവൻ. വ. ഫലാപേക്ഷകൂടാതെ കൎമ്മങ്ങളിൽപ്രവൎത്തിക്കുന്നവൻ.

കൎമ്മശുദ്ധി-കൎമ്മങ്ങൾക്കുള്ള വെടിപ്പു്.

കൎമ്മശൂര-വേലചെയ്വാൻ സാമൎത്ഥ്യമുള്ള.

കൎമ്മശേഷം-ശേഷിച്ച കൎമ്മം.

കൎമ്മസചിവൻ-മന്ത്രിയല്ലാത്ത സചിവൻ, ഓരോ പ്രത്യേകപ്രവൃത്തിയിൽ സഹായിക്കുന്നവൻ.

[കപ്പം മുതലായതു പിരിക്കുന്നവരും രാജസ്ഥലത്തു നിത്യച്ചെലവും മറ്റു മുതലായതും നടത്തുന്നവരുമായ കീഴ്കാൎയ്യസ്ഥന്മാരത്രേ കൎമ്മസചിവന്മാർ രാജസഭയിലിരുന്നു് എപ്പോഴും രാജാവൊന്നിച്ചു സദാ രാജ്യകാൎയ്യങ്ങൾ അന്വേഷിക്കുന്നവരെ മന്ത്രിമാർ എന്നും ഓരോരോ പ്രത്യേക കാൎയ്യങ്ങളിൽ നിയമിക്കപ്പെട്ട അധികൃതന്മാരുടെ ആജ്ഞയനുസരിച്ചു ആ കാൎയ്യങ്ങൾ നടത്തുന്നവരെ കൎമ്മസചിവന്മാർ എന്നും വിളിക്കപ്പെടുന്നു.]

കൎമ്മസാക്ഷി-പു. ആദിത്യൻ. കൎമ്മങ്ങൾക്കു സാക്ഷിഭൂതനായവൻ എന്നൎത്ഥം വ. ഏരിക്കു്.

കൎമ്മസാക്ഷികൾ-മനുഷ്യരുടെ എല്ലാ പ്രവൃത്തികളെയും നോക്കിക്കൊണ്ടിരിക്കുന്നവർ. ഇവർ ഒമ്പതുപേരെന്നുകാണുന്നു.

സൂൎയ്യസ്സോമോയമഃ കാലോ
മഹാഭൂതാനിപഞ്ചച
ഏതേശുഭാശുഭസ്യേഹ
കൎമ്മണോനവസാക്ഷിണഃ'

കൎമ്മസിദ്ധി-വേലയുടെ നിവൃത്തി.

കൎമ്മാധികാരി-കൎമ്മംചെയ്യുന്നവൻ.

കൎമ്മാധിപൻ-പ്രവൃത്തികൾ ചെയ്യിപ്പിക്കുന്നവൻ,

കൎമ്മാന്തരം-പ്രതിക്രിയ, പ്രായശ്ചിത്തം.

കൎമ്മാന്തികൻ-ഭൃത്യൻ, വേലക്കാരൻ.

കൎമ്മാരൻ-പു. മൂശാരി. വ. കൊല്ലൻ.

കൎമ്മാരം-മുള. പലപ്രവൃത്തികൾക്കും ഉപയോഗമായിത്തീരുന്നതു് എന്നൎത്ഥം.

കൎമ്മാവു്-പ്രവൎത്തിക്കുന്നവൻ.

കൎമ്മാൎഹം-വി. കൎമ്മത്തിനു യോഗ്യമുള്ള.

കൎമ്മി-വി കൎമ്മമുള്ള. ഉ-ം, നിഷ്കാമകൎമ്മി [സ്ത്രീ-കൎമ്മിനി].

കൎമ്മി-ശക്തിവന്ദനക്കാരൻ.

കൎമ്മിക്ക-പ്ര. ചെയ്യുക. വ. കൎമ്മാനുസരണം അറിയിക്കുക.

'കൎമ്മിച്ചതെല്ലാം വരും' (ഭാരതം)

കൎമ്മിഷ്ഠ-വി. കൎമ്മത്തിൽ ശീലമുള്ള.

കൎമ്മേന്ദ്രിയം-ഗുദം, ഉപസ്ഥം, കൈ, കാൽ, വാക്കു് (നാവു്) ഇവ ൫-ം [ഇന്ദ്രിയം എന്നതു നോക്കുക]

| ഇന്ദ്രിയം | പ്രവൃത്തി |
|---|---|
| ൧. ഗുദം | മലവിസൎജ്ജനം |
| ൨. ഉപസ്ഥം | സന്തോഷിക്കുക |
| ൩. കൈയ്യ് | എടുക്കുക |
| ൪. കാൽ | നടക്കുക |
| ൫. വാക്കു(നാവു) | സംസാരിക്കുക |

'പായൂപസ്ഥം പാണിപാദൌ
വാക്ചേതീന്ദ്രിയസംഗ്രഹഃ'
(കാമന്ദകീ)

കൎവ്വടം-പ്രധാനനഗരം.

കൎവ്വം-സ്നേഹം.

കൎവ്വരൻ-പു. ഹിംസാശീലൻ. വ. രാക്ഷസൻ.

കൎവ്വരം-കടുവാ.

കൎവ്വരി-കറിക്കായം.

കൎവ്വാദാരം-മലയകത്തി.

കൎവ്വാപ്പട്ട-മസാലവകയിൽ ഒന്നു്.

കൎവ്വു(ൎവ്വൂ)രം-പു സ്വൎണ്ണം. വ. ജലം. ന. ചെറുകാച്ചോലം. ൪ കച്ചോലം.

കൎവ്വു-നദി.

കൎവ്വൂരകം-കച്ചോലം.

കൎശന-വി. പ്ര. മെലിപ്പിക്കുന്ന. വ. (മലയാളം) ഭയങ്കരമായ.

കൎശനൻ-മുഷിച്ചപ്പെടുത്തുന്നവൻ.

കൎശിത-വി.മെലിപ്പിക്കപ്പെട്ട,മെലിഞ്ഞ.

കൎശിതൻ-മെലിഞ്ഞവൻ.

കൎശ്യം-കച്ചോലം.

കൎഷൂ-പ്ര. ചെറിയ നദി, കൈത്തോട്ട്. വ. വാൎത്താ, ജീവനത്തിനു വേണ്ടി ചെ

യുന്ന കച്ചവടം മുതലായ വാൎത്തം. ആ
കൎഷിക്കുന്നതു് എന്നൎത്ഥം. ൩. വരട്ടപ്പൊ
ടിയിലെ തീയ്, വരടിത്തീയ്യ്, ഉണങ്ങി
യ ചാണകത്തിൽ കത്തിച്ച തീയ്. ൪.
കൃഷി.

കൎഷക–വി. കൃഷിചെയ്യുന്ന.

കൎഷകൻ–കൃഷിക്കാരൻ. കന്നുപൂട്ടുന്നവൻ
എന്നൎത്ഥം.

കൎഷണം–പ്ര. വലി. ഉ–ം 'ബ്യാകൎഷണം'.
൨. ഉഴവ്.

കൎഷണി–പ്ര. മലഎരുമ. ൨. വ്യഭിചാരി
ണി. ദൂരദേശത്തിരിക്കുന്ന പുരുഷന്മാരെ
ക്കൂടി തന്റെ സമീപത്തേയ്ക്കു് ആകൎഷി
ക്കുന്നവൾ എന്നൎത്ഥം.

കൎഷപണം–തങ്കരൂപം.

കൎഷഫലം–താന്നി, താന്നിമരം, താന്നി
ക്കായ്. മൂന്നുകഴഞ്ചു തൂക്കമുള്ള ഫലമു
ള്ളതു് എന്നൎത്ഥം. [താന്നിക്ക മൂന്നുകഴ
ഞ്ചാണെന്നു പ്രസിദ്ധമാണ്.]

കൎഷഫലാ–നെല്ലി.

കൎഷം–പ്ര. പതിനാറ് ആഢ്യമാഷകത്തി
ന്റെ പേർ. വിലേഖനം ചെയ്യുന്നതു്
എന്നൎത്ഥം. [ആഢ്യമാഷം എന്നതു നോ
ക്കുക.] ൨. ഉഴവ്. ൩. മൂന്നുകഴഞ്ചുകൂ
ടിയ തൂക്കം (റിച്ചാൎഡ്കോളിൻസ്.) ൪.
ഉരകല്ല്. ൫. താന്നി.

കൎഷിക്കുക–പ്ര. വലിക്കുക. ൨. ഉരയ്ക്കുക.
൩. ഉഴവുചെയ്യുക.

കൎഷിത–വി. പ്ര. വലിക്കപ്പെട്ട. ൨. ഉര
യ്ക്കപ്പെട്ട. ൩. ഉഴപ്പെട്ട.

കൎഹി–അ. ചിലപ്പോൾ.

കൎഹിചിൽ–അ. ചിലപ്പോൾ.

കൽ–അധികരണത്തെ കാണിക്കുന്ന ഒരു
പ്രത്യയം. ഉ–ം പടിക്കൽ, അവങ്കൽ.

കല–പ്ര. അംശം, ഭാഗം. ൨. ചന്ദ്രന്റെ
൧൬-ൽ ഒരു ഭാഗം. കണക്കാക്കപ്പെട്ട
ന്നതു് എന്നൎത്ഥം. ൩. കാഷ്ഠകൾ മുപ്പതു
കൂടിയതു്. കാലത്തെ കണക്കാക്കുന്നതു്
എന്നൎത്ഥം. ൪. കലാവിദ്യകളുടെ (ഗീത
നൃത്തവാദ്യാദി നൈപുണ്യത്തിന്റെ)
പേർ. ൫. (മലയാളത്തിൽ) മാനിൽ
ആണ്. ൬. കഴമ്പ്. ൭. ദമയന്തിയുടെ
സഖികളിൽ ഒരുവൾ. ൮. തൊഴിൽ.
൯. വിദ്യ. ൰. ക്ഷണത്തിന്റെ മുപ്പ
തിൽ ഒരു ഭാഗം.

(കലാവിദ്യകളെ രണ്ടുവിധം വിഭജി
ക്കാം. പ്ര. ഹൃദ്യകലകൾ (മനുഷ്യരുടെ
സുഖത്തെ പ്രദൎശിപ്പിക്കുന്നവ.) ൨. ഉപ
ജീവനകലകൾ (ആശാരി മുതലായവരു
ടെ ഉപജീവനങ്ങൾക്കു ഉതകുന്നവ.) ഹൃ
ദ്യകലകളിൽ പ്രധാനമായവ–പ്ര. ശി
ല്പം. ൨. കൊത്തുപണി. ൩. ചിത്രമെ
ഴുത്ത്. ൪. സംഗീതം. ൫. സാഹിത്യം.
ആദ്യത്തെ ൩-ം നേത്രമാൎഗ്ഗമായും പി
ന്നത്തെ ൨-ം ശ്രോത്രമാൎഗ്ഗമായും സുഖ
ത്തെ നൽകുന്നു.)

[കലയെന്നും കമലയെന്നും ദമയ
ന്തിയുടെ രണ്ടു സഖിമാരാകുന്നു. കല
എന്നൊരു സഖിയെ നൈഷധകാവ്യ
ത്തിൽ ശ്രീഹൎഷനും പറയുന്നുണ്ട്. കമ
ല വാസ്സുരുടെ സൃഷ്ടിതന്നെയായിരിക്ക
ണം. സാഹിത്യസാഹ്യം.]

കലകൾ ൬൪. (ഭോജരാജമതം).

1. ഗീതം. 2. വാദ്യം. 3. നൃത്തം.
4. നാട്യം. 5. ചിത്രകൎമ്മം. 6. പുസ്ത
കകൎമ്മം. 7. പത്രച്ഛേദ്യം. 8. ലിപി
ജ്ഞാനം. 9. വചനകൌശലം. 10.
വൈലക്ഷണ്യം. 11. മാല്യവിധി.
12. ഗന്ധയുക്തി. 13. ആസ്വാദ്യവി
ധാനം. 14. അനേകരത്നജ്ഞാനം.
15. സീവ്യം. 16. ഉപകരണക്രിയ.
17. ആജീവജ്ഞാനം. 18. തിൎയ്യഗ്യോ
നിചികിത്സ. 19. മായാകൃതം. 20.
പാഷണ്ഡസമയജ്ഞാനം. 21. ക്രീഡാ
കൌശലം. 22. സംവാഹനം. 23.

ശരീരസംസ്കാരകൌശലം. 24. ആയപ്രാപ്തി. 25. രക്ഷാവിധാനം. 26. രൂപസാദ്ധ്യ. 27. ക്രിയാമാർഗ്ഗം. 28. ജീവഗ്രഹണം. 29. നയജ്ഞാനം 30. ചിത്രവിധി. 31. ഗൂഢരാശി. 32. തുലാവിധി. 33. ക്ഷിപ്രഗ്രഹണം. 34. അനുപ്രാപ്തി. 35. സ്മൃത്യനുക്രമം. 36. ലീലാവ്യാപാരമോഹനം. 37. ഗ്രഹണാദാനം. 38. ഉപസ്ഥാനവിധി. 39. രതം. 40. ഗതം. 41. സ്ത്രീപുരുഷഭാവഗ്രഹണം. 42. സ്വരാഗപ്രകാശനം. 43. പ്രത്യംഗദാനം. 44. നഖവിചാരം. 45. ദന്തവിചാരം. 46. ഗുഹ്യസ്പർശനലോമ്യം. 47. പരമാർത്ഥകൌശലം. 48. ഭൂഷണം. 49. സമാനാർത്ഥത. 50. പ്രോത്സാഹനം. 51. മൃദുക്രോധപ്രവർത്തനം. 52. ക്രുദ്ധപ്രസാദനം. 53. സുപ്തപരിത്യാഗം. 54. പരമസ്വാപവിധി. 55. ഗുഹ്യഗൂഹനം. 56. സാശ്രുപാതനം. 57. രമണവീക്ഷണം. 58. സ്വയംശപഥക്രിയ. 59. പ്രസ്ഥിതാനുഗമനം. 60. പുനർന്നിരീക്ഷണം. 61. ലഗ്നപരീക്ഷ 62. ലേഖാ. 63. ഫലം. 64. ജീവിസ്രംസനം.

[സാഹിത്യദർപ്പണടീകാകാരന്റെ മതത്തിന്നു സ്വല്പം വ്യത്യാസമുണ്ട്.]

## നൂറ് കലാവിദ്യകൾ-മറ്റൊരഭിപ്രായം.

1. ഗീതം. 2. വാദ്യം. 3 നൃത്യം. 4. ആലേഖ്യം. 5. വിശേഷകച്ഛേദ്യം (തിലകരചനാവിശേഷം) 6. തണ്ഡുലകുസുമബലിവികാരാഃ (അണിയുക പൂന്തിരുത്തുക മുതലായതു). 7. പുഷ്പാസ്തരണം (പുഷ്പശയ്യ മുതലായതു). 8. ദശനവസനാംഗരാഗം. 9. മണിഭൂമികാകർമ്മ. 10. ശയനരചനം. 11. ഉദകവാദ്യം. 12. ഉദകാഘാതം. 13. ചിത്രാശ്ചയോഗാഃ. 14. മാല്യഗ്രഥനവികല്പാഃ 15. ശേഖരകാപീഡയോജനം. 16. നേപഥ്യപ്രയോഗാഃ. 17. കർണ്ണപത്രഭംഗാഃ 18. ഗന്ധയുക്തി. 19. ഭൂഷണയോജനം. 20. ഐന്ദ്രജാലാഃ കൌചുമാരാശ്ചയോഗാഃ (കൺകെട്ടു വശീകരണപ്രയോഗം മുതലായവ). 21. ഹസ്തലാഘവം. 22. വിചിത്രശാകയൂഷഭക്ഷ്യവികാരക്രിയാഃ. 23. പാനകരസരാഗാസവയോജനം. 24. സൂചീവാനകർമ്മാണി. 25. സൂത്രക്രീഡാ. 26. വീണാഡമരുകവാദ്യാദി. 27. പ്രഹേളികാ. 28. പ്രതിമാലാ. 29. ദുർവ്വാചകയോഗാഃ. 30. പുസ്തകവാചനം. 31. നാടകാഖ്യായികാദർശനം. 32. കാവ്യസമസ്യാപൂരണം. 33. പട്ടികാവേത്രവാനവികല്പാഃ. 34. തക്ഷകർമ്മാണി. 35. തക്ഷണം. 36. വാസ്തുവിദ്യാ. 37. രൂപ്യരത്നപരീക്ഷാ. 38. ധാതുവാദം. 39. മണിരാഗാകരജ്ഞാനം. 40. വൃക്ഷായുർവ്വേദയോഗാഃ 41. മേഷകുക്കുടലാവകയുദ്ധവിധി. 42. ശുകശാരികാപ്രലാപനം. 43. ഉത്സാദനസംവാഹനകേശമർദ്ദനകൌശലം. 44. അക്ഷരമുഷ്ടികാകഥനം. 45. മ്ലേച്ഛിതവികല്പാഃ. 46. ദേശഭാഷാവിജ്ഞാനം. 47. പുഷ്പശകടികാ. 48. നിമിത്തജ്ഞാനം. 49. യന്ത്രമാതൃക. 50. ധാരണമാതൃക. 51. സമ്പാദ്യം. 52. മനസി (ദൃശ്യാദൃശ്യാദിവിഷയമായ ചിന്ത). 53. കാവ്യക്രിയ. 54. അഭിധാനകോശം. 55. ഛന്ദോജ്ഞാനം. 56. ക്രിയാകല്പം. 57. ഛലിതകയോഗാഃ. (പരവ്യാമോഹനാർത്ഥം.) 58. വസ്ത്രഗോപനാനി. 59. ദ്യൂതവിശേഷാഃ. 60. ആകർഷക്രീഡ (പകിടകളി മുതലായതു)

61. ബാലക്രീഡനകാദി. 62. വൈനയികീനാം. 63. വൈജയികീനാം. 64. വ്യായാമികീനാഞ്ചവിദ്യാനംജ്ഞാനം

കല-(നായന്മാരുടെ) ചേനക്കാമ്പൻ.

കലകം—പരൽ.

കലകല ചെഞ്ചല്യം.

കലാകറം-മനുഷ്യശരീരത്തിലെ സപ്തധാതുക്കളുടെ ആധാരം.

'ആദ്യാമാംസധരാപ്രോക്താ
ദ്വിതീയാ രക്തധാരിണി
മേദോധരാ തൃതീയാതു
ചതുർത്ഥീശ്ലേഷ്മധാരിണി
പഞ്ചമീചമലംധത്തേ
ഷഷ്ഠീപിത്തധരാമതാ
രേതോധരാസപ്തമീസ്യാൽ
ഇതിസപ്തകലാഃ സ്മൃതാഃ'

കലക്കം-തെളിവില്ലായ്മ. വ. കലശൽ.

കലക്കൽ-കലക്കുക വ. കലങ്ങിയതു്.

കലക്കുക-ക്രി. വെള്ളത്തിലിട്ട് അലിക്കുക. വ. കടകോൽകൊണ്ടു തൈരുംമറ്റും മഥിക്കുക. ന. കലക്കലാക്കുക.

കലങ്കം—ഇരിമ്പിൻകിട്ടം.

കലങ്കഷം—സിംഹം.

കലങ്കുരം-നീർച്ചുഴി.

കലക്കൊമ്പു്-കല എന്ന മൃഗത്തിന്റെ കൊമ്പു്.

കലങ്ങൽ-തെളിവില്ലായ്മ.

[കല്കം, അനൂപ്യം, അവിലം ഇവ ന-ം കലങ്ങിയതിന്റെ പേർ.]

കലങ്ങുക-ക്രി തെളിവില്ലാതാവുക. വ. അലിഞ്ഞു വെള്ളത്തിൽ ചേരുക. ന. സമ്മിശ്രമാവുക.

കലഞ്ജം-പുകയില.

കലടം-പുരമേയുന്ന വയ്ക്കോൽ.

കലത്തി-ചില ശൂദ്രർ കല്യാണത്തിന്റെ നാലാംദിവസം ചെയ്യുന്ന ഒരു കർമ്മം. [തമിഴിൽ-മുറവേറ്റി].

കലത്തപ്പം-ഒരു പലഹാരം, ചട്ടിയപ്പം.

കലനതിക-അറിവ്.

കലധൌതം-ന സ്വർണ്ണം. വ. വെള്ളി.

കലന്ധു-ശേഫാലിച്ചീര.

കലനം-ന ചിത്രക. വ. കഠാരം. ന. വഞ്ചി (ഔഷധം)

കലവിങ്കം-ഊർക്കുരികിൽ. [കലവിംഗം, കളവിങ്കം, കളവിംകം, കളവിംഗം, ഇങ്ങിനെയും പറയാം].

കലവിംഗം-ഊർക്കുരികിൽ.

'തൊഴുതുകൊച്ചവരുകലേയവനാഴ്ത്തുനിന്നീടിനാം തുഷ്ട്യാകലവിംഗതുല്യശരീരനായ്' [ൻ (അദ്ധ്യാത്മരാമായണം)

കലപ്പ-നിലം ഉഴുന്നതിനുള്ള സാധനം. പര്യായങ്ങൾ-ലാംഗലം, ഹലം, ഗോദാരണം, സീരം.

കലപ്പട്ട്-കലം ചുമക്കുന്നതിനു കെട്ടിയുണ്ടാക്കിയ പാത്രം, ഉറി.

കലപ്പാട്ട്-നിലത്തിന്റെ അളവു്.

കലഭം-ഉമ്മത്തു്.

കലഭവല്ലഭം-ഉകമരം.

കലഭി-നീർച്ചീര.

കലം-ന. ഒരുമാതിരി മൺപാത്രം. ഇതിഴ് വ്യാഖ്യാനത്തിൽ 'പാത'. പര്യായങ്ങൾ-പിഠരം, സ്ഥാലി, ഉഖം, കന്ദും. വ. ഒരളവു്. ന. കാട്ടിചന്ത. ൪. മഴു.

കലമ്പൽ-ന കോപഭാവം, നീരസം. വ. ശകാരം. ന. കഴയൽ, കലങ്ങൽ. ൪. പരിഭ്രമം

കലമ്പുക-ക്രി. കോപിക്കുക വ. ശകാരിക്കുക. ന. കഴയുക, കലങ്ങുക. ൪. പരിഭ്രമിക്കുക


കലമ്പൊളിയൻ-മറകെട്ട മനുഷ്യൻ, അഴ്മതിയുള്ളവൻ

കലംബകം-ന. കടമ്പു് വ. മയിൽ.

കലംബി, കലംബിക, കലംബു (ബൂ)-വലിയ വശളച്ചീര.

കലംബുകം-വെണ്ണ.

കലമാൻ-ഒരു വക മാൻ. [ഇതിൻെറ കൊമ്പുകണ്ണി ചെയ്യുക്കുത്തിനും സന്നിപാതത്തിനും നന്ന്.]



കലമാൻ

കലയ-അ. വന്ദിച്ചാലും.

കലയം-ഉതിമരം.

കലയിക്ക-പക്ഷികളെ ഓടിക്ക.

കലയുക-ക്കൂട്ടം പിരിച്ചുകളയുക.

കലയ്ക്കുന്നു-തടസ്സംചെയ്യുന്നു.

കലരുക-ഹ. കൂടി യോജിക്കുക. വ. ഇടയിൽ ചേരുക. [സ. ക്രി. കലർത്തുക].

കലച്ച്, കലപ്പ്-കൂട്ടിയോജിപ്പ്.

കലൻ-കൂടിച്ചേർന്ന്. വ്യാകരണപ്രകാരം ഇതു കൊണ്ടാദിഗണത്തിൽ പെട്ടതാണ്. ദ്വിതീയവിഭക്തിയിൽ ചേരുന്നു.

കലലജം-ചെഞ്ചല്യം.

കലലജോത്ഭവം-മരുത്.

കലലം-ഗർഭപിണ്ഡം, രക്തശുക്ലത്തിൻെറ ചേർച്ച കട്ടപ്പിടിച്ചത് എന്നർത്ഥം

കലവറ-ഭക്ഷണവസ്തുക്കൾ വെച്ചു സൂക്ഷിക്കുന്ന മുറി. കലങ്ങൾ വെയ്ക്കുന്ന അറ= കലവറ.

കലവി-ഹ. ലീല. വ. ക്രീഡ. ന. ശൃംഗാരം. ര. വിനോദം. ഇ. ആഘോഷം.

കലവിങ്കം(ഗം)-ഊർക്കുരികിൽ, കടുമച്ചാത്തൻ.

കലശക്കിണ്ടി-മൺകിണ്ടി.

കലശക്കുടം-ചെറിയ മൺകുടം.

കലശപ്പാനി-ചെറിയ കുടം, വലിയ കിണ്ടി.

കലശവേൻ-അഗസ്ത്യമുനി.

കലശം-ഹ. കുടം. കലശം എന്നാൽ ഭംഗിയായി ചരിക്കുന്നത്. വ. ധൂപക്കുറി ന. പതിമുകം. ര. ബിംബശുദ്ധി വരുത്തുന്ന ഒരു കർമ്മം ജലത്തോടു ചേർന്നു നില്ക്കുന്നത് എന്നു അവയവാർത്ഥം മറുപര്യായങ്ങൾ-ഘടം, കുടം, നിപം.

കലശംകഴിക്കുക - ബിംബശുദ്ധിക്കുള്ള കർമ്മം ചെയ്യുക.

കലശമാട്ടുക-കലശക്കുടത്തിൽ ജലം പകർന്നു പൂജിച്ചു ബിംബത്തിന്നഭിഷേകം ചെയ്യുക.

കലശൽ-ഹ. കലഹം. വ. കുഴപ്പം. ന. യുദ്ധം, ശണ്ഠ. ര. കാററ്, മഴ മീനം മുതലായവയുടെ വദ്ധന.

കലശൽക്കൂട്ടുക-ഹ. ശണ്ഠപിടിക്കുക. വ. ശകാരിക്കുക. ന. അടിപിടിക്കൊരുമ്പെടുക.

കലശലാകുക-കാററു മഴ മീനം മുതലായവ വദ്ധിക്കുക.

കലശലാക്കുക-ഹ. കലഹമുണ്ടാക്കുക. വ. സമ്മിശ്രമാക്കുക.

കലശാബ്ധി-സമുദ്രം.

കലശി-ഹ. കുടം. വ. ഓരില. മൂവിലയ്ക്കും പറയാമെന്ന് അഭിപ്രായം കാണുന്നു.

കലശീസുതൻ-അഗസ്ത്യൻ. [അഗസ്ത്യൻ എന്നതു നോക്കുക].

കലശോത്ഭവൻ-അഗസ്ത്യൻ

കലശോദധി-സമുദ്രം. സമുദ്രമഥനത്തിൽ അതു (സമുദ്രം) മഥനക്രിയയ്ക്ക് ഒരു കലശംപോലെ ആധാരമായിത്തീർന്നതിനാൽ സമുദ്രത്തിനു 'കലശോദധി' എന്നു പേരുണ്ടായി. കലശംപോലെയുള്ള ഉദധി (സമുദ്രം).

കലഹക്കാരൻ-കലഹമുള്ളവൻ.

കലഹനാശനം-ഹ. തുവിമരം. വ. കലഹത്തെ നശിപ്പിക്കുന്നത്.

കലഹപ്രിയ-കലഹത്തിൽ ഇഷ്ടമുള്ള.

കലഹപ്രിയൻ-ഹ. നാരദമഹർഷി. വ. കലഹത്തിൽ ഇഷ്ടമുള്ളവൻ.

കലഹപ്രിയ(ാ)-മൈനാപ്പക്ഷി.

കലഹപ്രിയാ-പഞ്ചവൎണ്ണക്കിളി.

കലഹം-പു. യുദ്ധം. ക്രൂരശബ്ദത്തെ ഉണ്ടാക്കുന്നതെന്നൎത്ഥം. വ. വിരോധം. ന. ശകാരം. ൪. ഇരട്ട.

കലഹാന്തരിത-എട്ടുവിധം നായികമാർ ഉള്ളവരിൽ ഒരുവൾ.

[നല്ലവാക്കുള്ളവനെന്നിരുന്നാലും ആ വിധമുള്ള ഭൎത്താവിനെ ധിക്കരിച്ചു പറഞ്ഞയച്ചിട്ടു പശ്ചാത്തപിക്കുന്നവൾ].

കലഹിക്കുക-പു. യുദ്ധംചെയ്യുക. വ. കോപിക്കുക ന. കലശൽകൂട്ടുക. ൪. ശണ്ഠകൂട്ടുക. [സ. ക്രി. കലഹിപ്പിക്കുക]

കലാ-പു. അംശം, ഭാഗം. വ. തൊഴിൽ. ന. വിദ്യ. [കല എന്ന പദംനോക്കുക]

കലാചി, കലാചികാ-കൈത്തണ്ട്.

കലാഞ്ചി, കലാഞ്ഞി-കപ്പലിന്റെ ഏണി (കോവണി).

കലാടീനാ-കരിങ്കുരികിൽ

കലാദൻ-തട്ടാൻ, പൊൻപണിക്കാരൻ. പൊന്നുകൊണ്ടുള്ള ശില്പത്തെ കൈക്കൊണ്ടവനെന്നൎത്ഥം.

കലാധികം-പൂവങ്കോഴി.

കലാനാഥാ-കൎപ്പൂരം.

കലാനിധി-ചന്ദ്രൻ. കലകളുടെ ഇരിപ്പിടം എന്നൎത്ഥം.

കലാപകം-നാലു ശ്ലോകങ്ങളെ ഒന്നിച്ചു അനന്വയിക്കേണ്ടിവരുമ്പോൾ പറയുന്ന പേർ.

കലാപതി ചന്ദ്രൻ.

കലാപൻ-ചന്ദ്രൻ.

കലാപം-പു. കൎപ്പൂരം. വ. ഭൂഷണം. ന. അരമണി, ആഭരണം. ൪. മയിൽപീലി. ൫. ആവനാഴിക. ൬. സമൂഹം. കലയെ പ്രാപിക്കുന്നു എന്നു ശബ്ദാൎത്ഥം (മലയാളത്തിൽ). ൭. കലഹം, കല്പം, പടയോട്ടം, യുദ്ധം. ഉ-ം, 'ശിപ്പായിമാരുടെ പടയോട്ടം', വൃ. സ്ത്രീകൾ അരയിൽ മുട്ടത്ത വസ്ത്രത്തിന്റെ മേലെ കെട്ടുന്ന അരഞ്ഞാൺ.

കലാപാ-മയിൽപീലി.

കലാപി-പു. മയിൽ വ. കുയിൽ. ന. ഇത്തിയാൽ. ൪. പേരാൽ.

കലാപിനി-രാത്രി. വ. പെരുമുഞ്ഞ.

കലാപൂൎണ്ണൻ-ചന്ദ്രൻ.

കലാഭൃത്ത്-ചന്ദ്രൻ.

കലാങ്കുരൻ-കംസൻ.

കലാങ്കുരം-പു. സാരസപ്പക്ഷി. വ. വണ്ടാറംകോഴി.

കലാംബികാ-കൊട്ടുള്ള കടം.

കലായനൻ-ഞാണിന്മേൽക്കളിപ്പുകാരൻ.

കലായ്ക്കാരൻ-ഈയമകൂടുണ്ടാക്കുന്നവൻ പാത്രങ്ങൾക്കു ഈയം പൂശുന്നവൻ.

കലായം, കളായം-കടല, ഒരുമാതിരി പയർ. മലങ്കടല എന്നും പറയുന്നു. [കടല എന്നതു നോക്കുക].

കലായാ-മീൻകണ്ണികൾ.

കലാൽ-ചാരായക്കച്ചവടക്കാരൻ [ഹിന്ദുസ്ഥാനി ഭാഷ].

കലാവാൻ-ചന്ദ്രൻ.

കലാവികം-കോഴി, പൂവൻകോഴി.

കലാവികലം-കരികിൽ, ഊൎക്കുരികിൽ.

കലാവിദ്യ-പ്രകൃതിയിൽ നിന്നു കണ്ടുപഠിച്ച് മനസ്സുകൊണ്ടു രൂപപ്പെടുത്തി, മനോധൎമ്മം പ്രയോഗിച്ചു തുല്യമായി പ്രതിഫലിപ്പിക്കുന്ന ഒരു അഭ്യാസ നൈപുണ്യം. [കല എന്നതു നോക്കുക.]

കലാവിദ്യുത്ത്-മന്ദായാല.

കലാശം-നൃത്തവും കൊട്ടും ഒരുമിച്ചവസാനിക്കുക.

കലാശിക്കുക-പു. അവസാനിക്കുക. വ. നൃത്തവും കൊട്ടും ഒരുമിച്ചു നിറുത്തുക. [കാ-ക്രി-അവസാനിപ്പിക്കുക.]

കലാഹകം-കാഹളം.

**കലി**-പു. കലിയുഗം, നാലാമത്തെ യുഗം. ഗമിക്കുന്നത്, കണക്കാക്കപ്പെടുന്നത് എന്നർത്ഥം. വ. യുദ്ധം. ശബ്ദത്തെയുണ്ടാക്കുന്നതെന്നർത്ഥം. ന. പാപി. ര. താന്നി. ൫. കലിയുഗത്തിൻെറ മൂർത്തിയായ നിർഗ്ഗ്യം. ൬. (മലയാളം) മനുഷ്യദേഹത്തിൽ പിശാചു ബാധിച്ചുണ്ടാകുന്ന വിറയൽ.

### കലിയുടെ നിവാസസ്ഥാനങ്ങൾ

സന്തതം ചൂതുപൊരുന്നേടത്തും സുരാപാന
മന്ദമെന്നിയെ ചെയ്തീടുന്നവങ്കലും പിന്നെ
പെണ്ണുങ്ങൾക്കുമുലമാർപ്പൂത്തുള്ളവരിലും ഗുമേ-
പംക്തികൾതോറും സവ്വഹിംസകരകങ്കലും
(ഭാഗവതം)

**കലിക**-പു. മൊട്ട്, വിരിയുവാനുള്ള ദിവസത്തെ എണ്ണിക്കൊണ്ടിരിക്കുന്നത് എന്നർത്ഥം. വ. അന്നിൽപക്ഷി.

[ഒരു വസ്തുവിനെ എണ്ണുന്നവൻെറ വിരലുകൾ മടങ്ങിയിരിക്കുന്നവണ്ണം കലികയുടെ ദലങ്ങൾ കൂമ്പിക്കൊണ്ടിരിക്കയും പിന്നീട ഓരോ വിരൽ എന്നപോലെ ഓരോ ദലം വീതം നിവരുകയും ചെയ്യുന്നതുകൊണ്ടു മൊട്ട എന്നതിനു കലിക എന്ന പേർ സിദ്ധിച്ചു.]

ന. ചന്ദ്രകലികാ.

**കലികൻ**-നീർക്കോഴി.

**കലികം**-നീർക്കോഴി.

**കലികാര(ക)ം**-പു. ആവിമരം. വ. കട്ടമല്ലാത്തൻ.

**കലികാരൻ**-നാരദൻ.

**കലികാരി**-മേത്തോന്നി.

**കലിക്കുക**-പു. മധുരത്തിൻെറ അധികതകൊണ്ടു വായ്ക്കു അരുചിയുണ്ടാവുക. വ. കണ്ണിൽ വേദനയുണ്ടാവുക.

**കലിക്രിയൻ**-നാരദൻ.

**കലിഗബീജം**-കടകപ്പാലയരി.

**കലിംഗം**-പു. കടകപ്പാലയരി. കലിംഗദേശത്തിൽ വേണ്ടുവോളം ഉണ്ടാകുന്നതു, കലിയെ ഗമിക്കുന്നത് എന്നിങ്ങനെ രണ്ടർത്ഥം. വ. കട്ടമല്ലാത്തൻ, ഊക്കിരികിൽ. കലിയെ (കലഹത്തെ) ഗമിക്കുന്നതു എന്നർത്ഥം. ന. ആവിമരം. ര. തന്നിമരം. ൫. ഇത്തിയാൽ. ൬. ഒനന്മേനിവാക. ൭. ഗോദാവരി മുതൽ ഗംഗവരെയുള്ള രാജ്യം, കലിംഗദേശം. ദക്ഷിണഒറിസ്സാ, ഗഞ്ജാം, വിശാഖപട്ടണം, ഗോദാവരി ഇവ ഉൾപ്പെട്ടദേശം.

[കലിംഗദേശം ഒറീസായ്ക്കു തെക്കു ഗോദാവരി വരെയുള്ള ഭാഗമായിരുന്നു. ഇതിൻെറ പ്രധാനപട്ടണം ഇപ്പോഴത്തെ രാജമന്ദ്രിയിലായിരുന്നു.

**കലിംഗാ**-ത്രികോല്പക്കൊന്ന.

**കലിഞ്ജകം**-ഉങ്ങ്.

**കലിഞ്ജം**-പായ.

**കലിഞ്ജരാ**-ചിത്രകൂടത്തിനടുത്തുള്ള ഒരു ജനപദം. ഇതു ചരിത്രപ്രസിദ്ധമാണ്.

**കലിത**-വി. പു. അറിയപ്പെട്ട. വ. കെട്ടപ്പെട്ട. ന. സമ്പാദിക്കപ്പെട്ട. ര. കൂട്ടപ്പെട്ട. ൫. എണ്ണപ്പെട്ട.

**കലിദ്രുമം**-താന്നിവൃക്ഷം. കലി ഇരിക്കുന്ന മരം എന്നർത്ഥം.

[ദ്യൂതപണ്ണുകൽ നിന്നു നളൻ അക്ഷഹൃദയമന്ത്രം ഗ്രഹിച്ചു ഉടനെ കലി നളൻെറ ശരീരത്തെ വിട്ടു അഭയം പ്രാപിച്ചുകൊണ്ടു താന്നിമരത്തിലാണു പ്രവേശിച്ചത്. അതിനാൽ താന്നിമരത്തിനു കലിദ്രുമം എന്നു പേർ സിദ്ധിച്ചു.

**കലിധമ്മം**-ദ്യൂതം.

**കലിന്ദകന്യാ**-യമുനാനദി.

**കലിന്ദൻ**-സൂര്യൻ.

**കലിന്ദം**-പു. പർവ്വതം. ഇതിൽ നിന്നത്രെ യമുനാനദി പുറപ്പെടുന്നത്. വ. താന്നി.

**കലിനാശനം**-ഉങ്ങ്.

**കലിപഞ്ചാനം**-തിരുവിതാംകൂർ നാണയമാകുന്ന നാലു ചക്രം കൂടിയതിനുള്ള പേർ.

കലിപുരുഷൻ-കലഹാദി മൂൎത്തീകരിച്ച പുരുഷൻ, പിശാചു, ശണ്ഠക്കൂട്ടുന്നവൻ.

കലിപ്പു്-൧. അരുചി വരുത്തുന്ന ചുവ. ൨. കണ്ണിലുണ്ടാകുന്ന ഒരു മാതിരി നീററൽ.

കലിപ്രിയ-വി. ശണ്ഠയിൽ പ്രിയമുള്ള.

കലിപ്രിയൻ-കുരങ്ങു്. ൨. നാരദൻ.

കലിപ്രിയം-താന്നി.

കലിമലം-പിശാചുക്കൾ (കലി)ചെയ്യുന്ന ദോഷം.

കലിമാരകം-ആവൽ, ഞെട്ടാവൽ, കലിയെ നശിപ്പിക്കുന്നതെന്നൎത്ഥം.

കലിമാലകം,കലിമാല്യം-ആവിമരം.

കലിയൻ-കലിപണം. ൨. ഓളം, തിര.

കലിയിറക്കുക-ദൈവതോപദ്രവം നീക്കുക.

കലിയുഗം-നാലാമത്തെ യുഗം.

[നീതിന്യായങ്ങൾ മുക്കാലംശവും നശിച്ചു. ദുർവികാരങ്ങളും കഷ്ടസങ്കടങ്ങളും വൎദ്ധിച്ചു മനുഷ്യായുസ്സ കുറഞ്ഞു സ്ഥിരമില്ലാതായി. ൩൬൦ മനുഷ്യവൎഷം = ഒരു ദേവവൎഷം. ൧൨൦൦ ദേവവൎഷം = ഒരു കലിയുഗം. കലിയുഗം മനുഷ്യമാനത്താൽ വൎഷം ൪൩൨൦൦൦].

കലിയുഗാലയം-താന്നി.

കലില-വി. പ്രവേശിക്കപ്പെടുന്നതിനു പ്രയാസമുള്ള.

കലിലം-ദുഷ്പ്രവേശമായിട്ടുള്ളതു്. ഇതിൽ ബുദ്ധി ദൂരത്തുാക്ഷേപിക്കപ്പെടുന്നു എന്നൎത്ഥം. മറെറാരുപൎയ്യായം-'ഗഹന'

കലിവത്സരം-കലിവൎഷം.

[ഇതും കൊല്ലവൎഷവുമായിട്ടുള്ള അന്തരം കണക്കു കൂട്ടുന്നതിനുള്ള ക്രമം- 'കൊല്ലത്തിൽ താളാംഗമത്തെക്കൂട്ടുമ്പോൾ കലിവത്സരം കൊല്ലത്തിൽ ശരമം കൂട്ടി ക്രിസ്താബ്ദം കണ്ടുകൊള്ളണം'. താളാംഗം-ശ = ൩. ള = ൻ. ാ = ൨. ത = ൬. ൩൯൨൬. ശരമം-(മ = ൫. ര = ൨. ശ = ൫). ൫൨൫. കൊല്ലവൎഷസംഖ്യയോടു ൩൯൨൬ കൂട്ടിയാൽ കലിവൎഷസംഖ്യ. കൊല്ലവൎഷസംഖ്യയോടു ൮൨൫ കൂട്ടിയാൽ ക്രിസ്താബ്ദസംഖ്യ].

കലിവാസം-താന്നി.

കലിവൃക്ഷം-താന്നിമരം.

കലിഹരി(കാ), കലിഹാരി-മേത്തോന്നി.

കലീഫന്മാർ-മഹമ്മദവൎഗ്ഗത്തിലുൾപ്പെട്ട ഒരു വകച്ചെപ്പടിവിദ്യക്കാർ Caliphs.

കലുഷ-വി. ൧. പാപമുള്ള. ൨. തെളിവില്ലാത്ത, കലങ്ങിയ.

കലുഷത്വം, കലുഷത-കലക്കം, മനസ്സിലുള്ള വല്ലായ്മ.

കലുഷം-൧. പാപം. ശുഭത്തെ നശിപ്പിക്കുന്നതു എന്നൎത്ഥം. ൨. തെളിവില്ലായ്മ. വെള്ളത്തെ ചീത്തയാക്കിത്തീൎക്കുന്നതു എന്നൎത്ഥം. മററു പൎയ്യായങ്ങൾ-അനാച്ഛം, ആവിലം. ൩. (സാഹിത്യസാഹ്യപ്രകാരം) രീതികളിൽ ഒന്നു്.

[വാലും തലയുമില്ലാതെ വിഷയത്തെ വ്യാകുലപ്പെടുത്തി എഴുതുന്ന രീതി-കലുഷം. ഇതിനു വിപരീതം-പ്രസന്നം].

൪. പോത്തു്.

കലുഷി-എരുമ.

കലുഷിത-വി. കലക്കപ്പെട്ട.

കലേന്ദുവദനാ-രാമായണം ഇരുപത്തിനാലുവൃത്തത്തിലെ ഒരു വൃത്തത്തിന്റെ പേർ. ഉ-ം,

'കമലദലലോചനവുമലകകലാപത്തെ മസകലകളാകഷമാടമ്പിനൊത്തഗീതകളും'
(ഇരുപത്തിനാലുവൃത്തം)

കല്പ-പാഠിക്ക [ഭൂതകാലം-കററ].

കല്യാണം-൧. ഒരു ഔഷധസാധനം, സാധാരണ കരിമ്പിൻ നീരുകൊണ്ടുണ്ടാ... ന്നു. പൎയ്യായങ്ങൾ-മത്സ്യണ്ഡി, ഫാണി

തം, ഖണ്ഡം. ചീനക്കല്ലൂണ്ടം പനങ്കല്ലൂണ്ടം എന്ന ര വിധം.

[കരിമ്പനയിൽ നിന്നെടുക്കുന്ന അക്കാനി നല്ലവണ്ണം കാച്ചി കുറുകുന്ന പക്ഷം പനംകല്ലൂണ്ടം കിട്ടും.]

കല്ലൂഫലം–താളിമാതളം.

കല്ക്കം–പ്ര. പാപം, അഹംഭാവമായ ദോഷം. വ. വഞ്ചന. ന. ശുദ്ധി. ർ. (വൈദ്യത്തിൽ) അരച്ചും മററുമുണ്ടാക്കുന്ന കല്ക്കം എന്ന സാധനം ® എണ്ണ വെളിച്ചെണ്ണ മുതലായതിന്റെ മട്ട്. ന്റ അറാബിക്കപ്പുരുക്കം. ൈ. മലം. ഉപേക്ഷിക്കപ്പെടുന്നതുഎന്നത്ഥം, വ്യ. ഡംഭം. ൽ. (മലയാളത്തിൽ) ഒരു വക കോഴി.

കല്ക്കി–വിഷ്ണുവിന്റെ പത്താമത്തെ അവതാരം. [അവതാരം എന്നതു നോക്കുക]

കല്ലോടി–ഒരുമാതിരി ചീര.

കല്ലൊത്തി–കല്ലുവെട്ടുന്നവൻ.

കല്ച്ചുണ്ണാമ്പു്–കല്ലുപോലെയുള്ള ഒരു മാതിരി ചുണ്ണാമ്പ്, കഠിനി.

[ഒരു വക ചുക്കാൻകല്ലു നീററി എടുക്കുന്നതാണ്. ഔഷധിക്ക് ഈ ചുണ്ണാമ്പു തന്നെ നന്ന്. പിത്തത്തെ വദ്ധിപ്പിക്കും. തിക്ഷ്ണമാണ്. ഈ ചുണ്ണാമ്പിന്റെ ശക്തം കൂടും. ഇതു തെളിച്ചെടുത്ത ജലം ഛർദ്ദി, വായു, അജീർണ്ണം, ഗ്രഹണി, ലിംഗദായനി, ഗന്ധമാല, മൂത്രംകഴിവ്, തീപ്പൊള്ളൽ, വ്രണങ്ങൾ ഇവയ്ക്കു നന്ന്. പാഷാണവിഷം, അമ്ലവിഷം, ഇവക്കും കൊള്ളാം]

കല്ത്തളം–കല്ലുകൊണ്ടു തിലന്തിരപ്പായി പണിതതു്.

കല്ത്താമര–മരിലത്താമര, കല്ലിലുണ്ടാകുന്ന താമര.

[ശീതമാണ്. നേത്രവികാരങ്ങളെ നശിപ്പിക്കും. കഫപിത്തഹരവും, വ്രണശ്ലേഷ്മ,വൃഷ്യവുമാണ്. ഇതിനു പൃഥ്വിബന്ധകം എന്ന പേരും കാണുന്നു.]

കല്ത്തൊട്ടി–കല്ലിൽ കുഴിച്ചുണ്ടാക്കുന്ന പാത്രം.

കല്പ–വി. പ്ര. ഏകദേശം സാദൃശ്യമുള്ള, ഒട്ടു തുല്യമായ. വ. തടയപ്പെടുന്ന. ന. ബലഹീനതയില്ലാത്ത.

കല്പകം–പ്ര. കല്പകവൃക്ഷം, സ്വർഗ്ഗത്തിലെ ഒരു വൃക്ഷം. വ. കച്ചോലം.

കല്പകവാടികാ, കല്പവാടികാ–കല്പവൃക്ഷങ്ങൾ നില്ക്കുന്ന തോട്ടം.

കല്പകവൃക്ഷം–പ്ര. കല്പവൃക്ഷം, ദേവവൃക്ഷം. ആഗ്രഹിക്കുന്ന ഫലങ്ങളെ കൊടുക്കുന്നതു എന്നത്ഥം.

[മന്ദാരം, പാരിജാത(ക)ം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം ഇപ്രകാരം ദേവവൃക്ഷങ്ങൾ ®. ഒന്നു മറെറാന്നിന്റെ പര്യായമല്ല].

കല്പകാരൻ–ക്ഷൌരക്കാരൻ.

കല്പകാലം–പ്രളയസമയം.

കല്പക്ഷയം–ഒരു കല്പകാലത്തിന്റെ അവസാനം, പ്രളയം.

കല്പടവു്–കല്പട, കല്ലുകൊണ്ടു പണിതതു.

കല്പട–കേറുന്നതിനും മററും ക്രമമായി പൊക്കി കല്ലുകൊണ്ടു പണിത നട.

കല്പണി–കരിങ്കല്ലും വെട്ടുകല്ലുംകൊണ്ടുള്ള വേല.

കല്പദ്രുമം–കല്പകവൃക്ഷം, കല്പവൃക്ഷം.

കല്പതരു–കല്പതരു. [കല്പ എന്ന ശബ്ദത്തോടു വൃക്ഷപര്യായം ഏതെങ്കിലും ചേത്താൽ 'ദേവവൃക്ഷം' എന്നത്ഥം ഉണ്ടാകും.]

കല്പന–പ്ര. ആജ്ഞ, പര്യായങ്ങൾ–അവവാദം, നിർദ്ദേശം, നിദേശം, ശാസനം, ശിഷ്ടി, ആജ്ഞ. വ. രാജാവിനു കയറുന്നതിനു ആനയെ അമ്പാരികെട്ടി ചമയ്ക്കുന്നതിന്റെ പേർ. സമർത്ഥമാക്കിച്ചെയ്യുക എന്നത്ഥം. ന. വരതി. ര. കവിത. ® ഉപദേശം.

കല്പനപ്പണം-കരം, നികുതി.

കല്പനം-൧. രൂപമാക്കുക, രീതിവരുത്തുക. ൨. നിൎമ്മിക്കുക. ൩. പ്രവൎത്തിക്കുക, സാധിക്കുക. ൪. കോപ്പു.

കല്പനാശക്തി-അറിയാത്ത കാൎയ്യങ്ങളെ സൂക്ഷ്മമായി അറിഞ്ഞവരെപ്പോലെ വിവരിച്ചു പറയുന്നതിനുള്ള ശക്തി.

കല്പനി-കത്തിരി.

കല്പപാദപം-കല്പവൃക്ഷം.

കല്പം-൧. പ്രളയം, ലോകനാശം. ലോകത്തെ നശിപ്പിക്കാൻ വിരുതോടുകൂടി ഉവിക്കുന്നതെന്നൎത്ഥം. മററുപൎയ്യായങ്ങൾ-സംവൎത്തം, പ്രളയം, ക്ഷയം, കല്പാന്തം ൨. ഇന്നപ്രകാരം ചെയ്യണമെന്നുള്ള ശാസ്ത്രോക്തവിധി. തീൎച്ചയാക്കി വിധിക്കപ്പെടുന്നതെന്നൎത്ഥം. ൩. നീതിന്യായം. സമൎത്ഥം എന്നൎത്ഥം. ൪. ബ്രഹ്മാവിന്റെ ഒരു ദിവസം. ൫. ആറുശാസ്ത്രങ്ങളിൽ ഒന്നു്. (ആചാരക്രമങ്ങളെ വിവരിക്കുന്ന ശാസ്ത്രം.) ൬. കല്പവൃക്ഷം. ൭. ഉപദേശം. ൮. ദീൎഘകാലം ജീവിച്ചിരിപ്പാനും മററുമുള്ള ചില ഔഷധയോഗങ്ങൾ.

[ഒരു ദേവവൎഷം എന്നതു് നമ്മുടെ മനുഷ്യവൎഷമാകുന്നു. മനുഷ്യമാനത്താൽ കൃതയുഗത്തിനു വൎഷം ൧൭൨൮000. ത്രേതായുഗത്തിനു-൧൨൯൬000. ദ്വാപരയുഗത്തിനു-൮൬൪000. കലിയുഗത്തിനു-൪൩൨000. ഇങ്ങിനെ ആകെ ൪൩൨0000 വൎഷം ഒരു മഹായുഗം. ൧000 മഹായുഗങ്ങൾ അല്ലെങ്കിൽ ൪൩൨0,000,000 വൎഷം ഒരുകല്പം. അതാതു ബ്രഹ്മാവിന്റെ ഒരു രാവും പകലും. ബ്രഹ്മാവിന്റെ ഒരു രാവും പകലും കഴിയുമ്പോൾ കല്പാന്തമാകും എന്നു പുരാണപ്രസിദ്ധം. ഇപ്പോഴത്തെ കല്പത്തിനു 'ശ്വേതവരാഹകല്പം' എന്നു പേർ. ൧000 ദിവ്യസംവത്സരം-നമ്മുടെ ൧000 ചതുൎയ്യുഗം ബ്രഹ്മാവിന്റെ ഒരു അഹോരാത്രമാണു്. ഇതിൽ ആദ്യത്തെ ആയിരം ദിവ്യവൎഷം പകലും രണ്ടാമത്തെ ആയിരം ദിവ്യവൎഷം രാത്രിയുമാകുന്നു. ബ്രഹ്മാവു (തന്റെ) പകൽ ഉണൎന്നിരുന്നു സൃഷ്ടി ചെയ്യുന്നു; രാത്രി സൃഷ്ടിയില്ല അതിനു കാരണം അദ്ദേഹത്തിന്റെ നിദ്രയാണു്. അദ്ദേഹത്തിന്റെ മുൻപറഞ്ഞ അഹോരാത്രങ്ങൾ മനുഷ്യരുടെ രണ്ടു കല്പങ്ങളാകുന്നു. ഒന്നാമത്തേതിനു 'ഉദയകല്പം' എന്നും രണ്ടാമത്തേതിനു 'ക്ഷയകല്പം' എന്നും പേർ. കല്പാന്തപ്രളയംകൊണ്ടു സകലവും നശിക്കുമെന്നും ബ്രഹ്മാവു വീണ്ടും സൃഷ്ടി ആരംഭിക്കുമെന്നും അറിയുക ]

കല്പലക-എഴുതുന്നതിനുള്ള ഒരുമാതിരി കല്ലു്.

കല്പലത, കല്പലതിക-കല്പവള്ളി, കല്പവല്ലി, സ്വൎഗ്ഗത്തിലെ വള്ളി.

കല്പവല്ലി-കല്പകവൃക്ഷത്തോടു ചേൎന്നുണ്ടാകുന്ന വള്ളി. ആഗ്രഹിക്കുന്നതിനെ തരുന്ന സ്വൎഗ്ഗത്തിലെ ലത.

കല്പവൃക്ഷം-സ്വൎഗ്ഗത്തിലെ ഒരു വൃക്ഷം.

കല്പാന്തദഹനൻ - പ്രളയകാലത്തുള്ള അഗ്നി.

കല്പാന്തം-പ്രളയകാലം. സൃഷ്ടിയുടെ അവസാനകാലം എന്നൎത്ഥം. [കല്പം എന്നു നോക്കുക.]

കല്പാന്തവഹ്നി- ലോകത്തെ നശിപ്പിക്കുന്ന തീയ്.

കല്പിക്കുക-൧. വിചാരിക്കുക. ൨. രാജാക്കന്മാർ മുതലായവർ പറയുക. ൩. ഉപദേശിക്കുക. ൪. വരുത്തികൊടുക്കുക. ൫. ഉണ്ടാക്കുക. ൬. നിശ്ചയിക്കുക.

കല്പിത-വി. ൧. കല്പിക്കപ്പെട്ട, ഉണ്ടാക്കപ്പെട്ട. ൨. നിശ്ചയിക്കപ്പെട്ട. ൩. രാജാക്കന്മാർ മുതലായവരാൽ പറയപ്പെട്ട

ർ. ഉപദേശിക്കപ്പെട്ട. ഇ. വിചാരിക്കപ്പെട്ട. ന. വരുതികൊടുക്കപ്പെട്ട.

കല്പിതം-ന. ഉണ്ടാക്കപ്പെട്ടതു്. വ. നിശ്ചയിക്കപ്പെട്ടതു്. ന. രാജാക്കന്മാർ മുതലായവരാൽ പറയപ്പെട്ടതു്. ർ. ഉപദേശിക്കപ്പെട്ടതു്. ഇ. വിചാരിക്കപ്പെട്ടതു്. ന. വരുതികൊടുക്കപ്പെട്ടതു്. ൧. യുദ്ധത്തിനു കോപ്പിട്ടുവിക്കപ്പെട്ട ആന.

കല്പൂഴി-വെട്ടുകല്ലിന്റെ പൊടിമണ്ണു്.

കല്മദം-പാറകളിൽനിന്നു പ്രവേശിക്കുന്ന ഒരു ദ്രവം. [കന്മദം എന്നതു നോക്കുക.]

കല്മഷ-വി. ൧. മലിനതയുള്ള, അഴുക്കുള്ള. വ. പാപമുള്ള. ന. ദുഷ്ടതയുള്ള.

കല്മഷം-ന. പാപം. വ. മലിനത, അഴുക്കു്. ന. ദുഷ്ടത. [കന്മഷം എന്ന ശബ്ദം തെറ്റാണു്.]

കല്മാഷ-വി. നാനാജാതിനിറമുള്ള, പലനിറമുള്ള.

കല്മാഷപാദൻ — സൂര്യവംശത്തിലെ ഒരു രാജാവു്.

[സുദാസന്റെ മകനാകുന്നു. കാട്ടിൽ വേട്ടയാടുമ്പോൾ ഒരിക്കൽ വസിഷ്ഠന്റെ മൂത്ത പുത്രനായ ശക്തിമുനിയെ കണ്ടു. ശക്തിമുനി മാർഗ്ഗരോധംചെയ്കയാൽ കുതിരച്ചമ്മട്ടികൊണ്ടു് അടിച്ചു. ഉടൻ മാംസഭോജിയായ രാക്ഷസനായി ഭവിക്കുക എന്നു ശക്തി ശപിച്ചു. ഈ ശാപം വസിഷ്ഠവിരോധിയായ വിശ്വാമിത്രൻ അറിഞ്ഞു് ഒരു മനുഷ്യഭോജിയായ രാക്ഷസനാക്കിച്ചമച്ചു. രാജഭൃത്യൻ ഒരു മുനിയെ നരമാംസം തീററിയതാണു് ഇതിനു കാരണം. കല്മാഷപാദൻ അനന്തരം ശക്തിമുഖ്യന്മാരായ നൂറു വസിഷ്ഠപുത്രന്മാരെയും ഭക്ഷിച്ചു. പന്ത്രണ്ടുവത്സരം രാക്ഷസനായിരുന്നു പിന്നീടു പൂർവസ്ഥിതിയെ പ്രാപിച്ചു അതു വസിഷ്ഠന്റെ അനുഗ്രഹത്താലായിരുന്നു. സുദാസനിൽനിന്നു ജനിക്കകൊണ്ടു 'സൌദാസൻ' എന്നു വിളിക്കുന്നു.]

കല്മാഷം-ന. കസ്തൂരിച്ചെമ്പാവു് (ഔഷധം.) വ. നാനാജാതിനിറം. വെളുപ്പു്, ചെമപ്പു്, കറുപ്പു് മഞ്ഞ ഇവയെ ഇല്ലാതാക്കി ശോഭിക്കുന്നതു്.

കല്മാഷി-ന. യമുന. വ. ജമദഗ്നിയുടെ ഒരു പശു.

കല്യ-വി. ൧. കലാവിദ്യകളിൽ നൈപുണ്യമുള്ള. വ. വിദ്യാവ്യുല്പത്തിയുള്ള. ന. രോഗമില്ലാത്ത. ർ. സന്തോഷം നൽകുന്ന സ്ഥിതിയുള്ള. ഇ. ശുഭമായ. ന ശക്തിയുള്ള. ൧. പ്രൌഢമായ.

കല്യതാ, കല്യത-ന. രോഗമില്ലായ്മ. വ. ശക്തി. ന. സാമർത്ഥ്യം.

കല്യൻ-ന. രോഗംമാറി സുഖപ്പെട്ടവൻ. വ. തയ്യാറായവൻ.

കല്യം-ന. ഉഷസ്സു്. വ. (ജ്യോതിഷത്തിൽ) ലഗ്നം. ന. മദ്യം. ർ. ഇന്നലെ. ഇ. നാളെ. ന. ശുഭം ൧. കല്പനീയമായതു്, മിഥ്യാഭൂതമായതു്. ൧. ഉണച്ചു.

കല്യാ-ന. കശലിനിയായവരം, ശുഭവതി.
'കല്യാദൈവാൽകഥമപിസമുന്മൂലിതസ്യാം
(മയൂരസന്ദേശം) [നശല്യാ'
വ. മംഗളവചനം, സകലകാര്യത്തിലും നന്നായിട്ടുള്ളതു്. ന. കടുക്ക. ർ. (അരിപ്പൊടിമുതലായവകൊണ്ടുണ്ടാക്കുന്ന)മദ്യം

കല്യാംഗം-പപ്പടകപ്പുല്ലു്.

കല്യാണ-വി. ശുഭമായ വ. നന്മയുള്ള

കല്യാണഘൃതം-ഒരു നെയ്യു്.

[ത്രിഫലത്തൊണ്ടു്, കാട്ടുവെള്ളരി, ചിറേറലം, ദേവതാരം, ഏലാവാലുകം, നറുനീണ്ടിക്കിഴങ്ങു്, പാൽവള്ളിക്കിഴങ്ങു്, വരട്ടുമഞ്ഞൾ, മരമഞ്ഞൾത്തൊലി, ഓരിലവേരു്, മൂവിലവേരു്, താഴമ്പൂവു്, തകരം, ചെറുവഴുതിനവേരു്, കൊ

ട്ടം, മഞ്ചട്ടിപ്പൊടി, നാഗപ്പൂവ്, താളി മാതളം, വിഴാലരി, താലീസപത്രം, ഏലത്തരി, പിച്ചകമൊട്ട്, ചെങ്ങഴിനീർക്കിഴങ്ങ്, നാഗദന്തിവേര്, പത്മകം, ചന്ദനം ഇവ ഓരോ കഴഞ്ചു കല്ക്കമായിട്ട അരച്ചു നാലിടങ്ങഴി പാലിൽ കലക്കി ഇടങ്ങഴി നെയ്യും ചേർത്തു കാച്ചി മെഴുകപാകത്തിൽ അരിച്ചു സേവിക്ക. ഗർഭമ്രണാകം. ഭ്രാന്തു, ശ്വാസം, അപസ്മാരം മുതലായവ ശമിക്കും–ബാലചികിത്സ].

കല്യാണബീജം–കറുത്ത ചണംപയറ്.

കല്യാണം–ന. ശുഭം. വ. സ്വർണ്ണം. ന. വെങ്ക. ര്.പയിൻ. ഇ. (മലയാളത്തിൽ) വിവാഹം [അകല്യാണ എന്ന പദം നോക്കുക]

കല്യാണരൂപ–വി. സൌന്ദര്യമുള്ള

കല്യാണരൂപി–സൌന്ദര്യമുള്ളവൻ.

കല്യാണശീല–വി. നല്ല സ്വഭാവമുള്ള.

കല്യാണസൌഗന്ധികം–ന. ഒരു പുഷ്പം, കല്ഹാരം [സൌഗന്ധികം എന്നായാൽ മാത്രം മതി] വ. ഒരു പുരാണകഥ [ഭീമൻ പാഞ്ചാലിക്കായിട്ടുസൌഗന്ധികം എന്ന പുഷ്പം കൈക്കലാക്കുകയാണു കഥാവസ്തു].

കല്യാണാംഗ–വി. സൌന്ദര്യം ചേൎന്ന അവയവമുള്ള

കല്യാണി–വി. ശുഭമായ, നന്മയുള്ള. സ്ത്രീലിംഗം–കല്യാണിനി.

കല്യാണി–ന. രാമായണം ഇരുപത്തിനാലുവൃത്തത്തിലെ ഒരു വൃത്തം. പാദം ഒന്നിൽ ൧൧ അക്ഷരം വീതം.

ഉ–ം, 'കല്യാണരൂപീവനത്തിനുപോവാൻ വില്ലുംശരംകൈപ്പിടിച്ചോരുനേരം'
(ഇരുപത്തിനാലുവൃത്തം)

കല്യാണിഗണംമുന്നുഗുരുരണ്ടോടുചേരുകി
(വൃത്തമഞ്ജരി) [ല്'
വ തൊഗം. ന. പദ്യ. ര്. കാട്ടുഴന്ത്.

കല്യാണികം–മനയോല.

കല്യാണിനി–കറന്തോട്ടി. വ. ശുഭവതി

കല്യാപാലൻ–മദ്യം കാച്ചുന്നവൻ.

കല്യാവൎത്തം–പ്രാതൽ.

കല്യാവേശം–കലിയുടെ ബാധ.

'കല്യാവേശാൽ കലുഷമതിയാം'
(മയൂരസന്ദേശം)

കല്ഹാരം–സൌഗന്ധികപുഷ്പം. വെള്ളത്തിൽ സന്തോഷിക്കുന്നതു എന്നൎത്ഥം. മറെറാരുപൎയ്യായം–സൌഗന്ധികം.

കല്ലക്കാരം–പനകല്ക്കണ്ടം [കരിമ്പ് എന്നതു നോക്കുക].

കല്ലടക്കൊററൻ–മുള്ളൻ (നായാട്ടുകാർ).

കല്ലടപ്പ്–കല്ലുപോലെ ഒരു രോഗമുണ്ടായി മൂത്രത്തെ തടയുക, അശ്മരി.

കല്ലടിക്കോടൻ–പശ്ചിമപൎവ്വതത്തിന്റെ ഒരു ശിഖരം.

'കല്ലടിക്കോടൻ കറുത്താൽ
കരകപ്പുഴനിറഞ്ഞു'
(പഴഞ്ചൊല്ല്)

കല്ലൻ–ന. കരിങ്കൽപണിക്കാരൻ. വ. ഉറപ്പുള്ളവൻ ന. കഠിനഹൃദയൻ.

കല്ലനുള–കട്ടിയുള്ള ഒരു മഞ്ഞൾ മുള.

കല്ലാ–സ്ഫടികംകൊണ്ടുള്ളകൊന്ത (കൊന്തക്കുരുമാല).

കല്ലിക്കുക–ശരീരത്തിലുള്ള നീരോ മററൊ ഉറച്ചു കല്ലുപോലെയാവുക.

കല്ലയ്പ്പ്–കല്ലുപോലെയാവുക.

കല്ലരി–ന. അരി എന്നുള്ളതിനു പകരം ബഹുമാനസൂചകമായി താഴ്ന്ന നിലയിലുള്ളവർ ഉപയോഗിക്കുന്ന വാക്ക്. വ. നല്ല അരി [അടിയാൽനോക്കുക]

കല്ലുക്കെട്ടൻ–ധാന്യം അളക്കുന്നതിനുപയോഗിക്കുന്ന ഒരു താപ്പ്.

കല്ലള–ന. കല്ലിലുണ്ടാകുന്ന ചില ഗുഹ. വ. മൺപാത്രത്തിൽക്കല്ലുമായുള്ളപാരം.

**കല്ലറ**-മ. കല്ലുകൊണ്ടുണ്ടാക്കിയ പുരമുറി. ഉ. പ്രേതക്കുഴി. ന. പാറയിലുണ്ടാക്കിയ ഗുഹ.

**കല്ലഴ**-കൽച്ചുവര്.

**കല്ലായി**-പാത്രങ്ങളുടെ കേടു തീർത്തു നന്നാക്കുന്നവൻ, വിളക്കുന്നവൻ.

**കല്ലാൽ**-ഒരു വക വൃക്ഷം. പര്യായങ്ങൾ-ശൈലാണ്ഡം, കന്ദരാളം, കപീതനം, സുപാർശ്വകം, പ്ലക്ഷം.

**കല്ലാശാരി**-വെട്ടുകല്ലു പണിയുന്ന ഒരു ജാതിക്കാരൻ.

**കല്ലിക്കുക**-കല്ലുപോലെ ഉറയ്ക്കുക. കല്ലിപ്പ് > <പ്രതം.

**കല്ലിടക്കൊററൻ**-മുള്ളൻ വേട്ടയിലുള്ള പേർ.

**കല്ലിടാന്തി**-കല്ലിലുണ്ടായഗുഹ, കല്ലിടുക്ക.

**കല്ലിടാവ്**-കല്ലിടാന്തി, ഗുഹ.

**കല്ലിടുക്ക്**-പാറകളിലുണ്ടാകുന്ന ചില വിസ്താരം, കുറഞ്ഞ ഇട.

**കല്ലിരിമ്പ്**-കല്ലിൽനിന്നെടുക്കുന്നഇരിമ്പു.

**കല്ല്**-മ. പാറ, കരിങ്കല്ല്. മററപര്യായങ്ങൾ-പാഷാണം, പ്രസ്തരം, ഗ്രാവം, അശ്മം, ഉപലം, ശിലാ, ദൃഷത്ത്. ഉ. രത്നം. ന. മൂത്രമടപ്പുണ്ടാകുന്ന ഒരു രോഗം [കല്ലുകടിക്കുന്ന ചോറ്-ശാർക്കരം, ഓദനം. ചരൽക്കല്ലുള്ള പ്രദേശം-ശാർക്കരാദേശം, ശാർക്കരാ].

**കല്ലുപുളപ്പൻ**-ഒരുമുന്തിരി ചെടി.

**കല്ലുപ്പ്**-കട്ടയായുള്ള ഒരു വക ഉപ്പ്.

**കല്ലുമട**-കല്മട, കപ്പണ.

**കല്ലുവാഴ**-മലവാഴ.

**കല്ലുളി**-കല്ലുപണിയുന്നതിനുള്ള ഉളി, കല്ലുപൊളിക്കുന്ന പാര. പര്യായങ്ങൾ-ടങ്കം, പാഷാണദാരണം.

**കല്ലുരി**-മ. ഒരു വക മസൂരി. ഇതു പ്രയത്നസാദ്ധ്യമാണ്. പതിനെട്ടുകഴികെ കഴിക്കും. ഉ. ഒരു നരി.

കല്ലുരി എന്ന വ്യാധിക്കു ലക്ഷണംപറയാമിനി പിത്തജ്വരത്തിൽനിന്നിട്ടു രക്തങ്ങൾക്കങ്ങുണക്കുകൾ || പററിനിന്നിട്ടതൊണ്ണൂറുദിവസംജ്വരമാമയെ തൊണ്ണൂറാംനാൾപനിച്ചീടും കരുത്തീടുന്നവ്യാധിയും || ചെവതാംമുളകിൻക്കൂട്ടം പോലെയങ്ങതിലുള്ളിലായ് പശയുണ്ടായിതന്നീട്ടും വരണ്ടുപൊളിയുന്നതു || പൊളിയുമ്പോൾമദ്ധ്യഭാഗം കറുത്തിട്ടങ്ങിരിക്കയും മുന്തിരിങ്ങാത്തൊലിമണംപോലെ സൌരഭ്യമായതിൽ|| ജ്വരം തുടങ്ങിയാൽമുന്നെ ഛർദ്ദിയുംതലവെട്ടലും നട്ടനൊന്തുവിയർത്തീടുംമൂക്കിൽനിന്നൊഴുകുംജലം || വിരേചനവുമുണ്ടാകുംമൂലധാരങ്ങൾതൊന്തിടും മുളച്ചാൽസൌഖ്യമുണ്ടാകും ചികിത്സിച്ചേ ഗുണംവരൂ || ചികിത്സരക്ഷ ചെയ്യാഞ്ഞാൽ മരിച്ചീട്ടുമസംശയം പതിനെട്ടു കഴിഞ്ഞെന്നാൽ ഗുണമാമെന്നുരുമപ്പൊഴേ|| കണ്ടാലുടൻ തണുപ്പാനായുള്ളൊരൌഷധമാമരാൽ ക്രമത്താൽ ചെയ്യുകൊള്ളണമതിനായ് പറയുന്നിതു || മഞ്ചിപ്പുവുടനീരുള്ളി കടുക്കാത്തോൽവയമ്പുമാം ചന്ദനം ജീരകംപിന്നെകൊത്തമ്പാലരിയുംതഥാ|| കഷായംവെച്ചു പഞ്ചാരപ്പൊടിചേർത്തിട്ടു സേവയെൽ ഇളനീർവസകല്ക്കങ്ങളും ചേർത്തിട്ടങ്ങുകൊടുക്കണം || കരിമ്പനക്കുരിക്കിൻെറ നീരിലുംനന്നുപിന്നെയും പഞ്ചനാൾഛർദ്ദിയെത്തിട്ടു വരളുന്നുളതിന്നുമേൽ|| ചൊല്ലവൈദ്യങ്ങളെല്ലാമേ ചെയ്യിടണം പരസ്പരം വട്ടുമഞ്ഞളുംപിന്നെ മരമഞ്ഞൾകരിയുവർ || കഷായംവെച്ചു തേൻചേർത്തു കൊടുപ്പുവരളുംവരെ താന്നിക്കാമരമഞ്ഞൾതൊൽ കൊട്ടം മധുകവുംതഥാ || പാവമൂലങ്ങൾകൂട്ടിട്ടു കഷായങ്ങളുമെണ്ണകണക്കുവരൾപൊടിച്ചിട്ടുതേച്ചിലാമേലുമരാൽ || കൊടുക്കയുകമേയുള്ള വേണ്ടുകം ഗുണംതുലോം.

**കല്ലൂർവഞ്ചി(ഞ്ഞി)**-ഒരു പച്ചമരുന്ന്.

[അശ്മരി, മൂത്രകൃച്ഛ്രം, രക്തസ്രാവം ഇവക്കു നന്ന്. രക്തപിത്തവിനാശനമാണ്].
കല്ലെടമുട്ടി,കല്ലൊട്ടി-ഒരുവകമത്സ്യം.
കല്ലേർ-കല്ലുകൊണ്ടു എറിയുക.
കല്ലൊട്ടി-ഒരു വക മത്സ്യം.
കല്ലോല-വിരോധമുള്ള, ശത്രുത്വമുള്ള.
കല്ലോലം-ഫ വലിയ തിരമാല. അവ്യക്തമായി ശബ്ദിക്കുന്നതു എന്നർത്ഥം. മറ്റൊരുപര്യായം-ഉല്ലോലം. ര. സന്തോഷം.
കവ-ഫ. ഒരു വൃക്ഷത്തിന്റെ രണ്ടു കൊമ്പു കൂടിയ ഇട. ര, കാലുകളുടെഇട.
കവകം-ഫ കബളം. ര. കൂൺ.
കവകാൽ-ഇടത്തോട്ടും വലത്തോട്ടും അകന്നിരിക്കുന്ന കാൽ.
കവകാലൻ-കവകാലുള്ളവൻ.
കവകാലി-കവകാലുള്ളവൾ.
കവചനാമകം-പപ്പടകപ്പുല്ല്.
കവചപത്രം-ഭൂർജ്ജമരം.
കവചം-ഫ. കുപ്പായം, ചട്ട, ഉടുപ്പ്. കംററിനെ വഞ്ചിക്കുന്നതു എന്നർത്ഥം. ര. പപ്പടകപ്പുല്ല്. ന. കല്ലാല്.
കവചി-ചട്ടയിട്ടവൻ.
കവട-ഒരുമാതിരിപ്പുല്ല്.
കവടി-ഫ. ഗണിക്കുന്നതിനും മററുമുള്ളഒരുമാതിരി കക്ക. ര. കതകിന്റെയും മററും കമനിരപ്പലക. കവുടി എന്നു ചിലർ പറയുന്നു.
കവട്ട-വെളിയിലുള്ള വാതൽ.
കവട്ടപ്പുല്ല്-ഒരു വക മണമുള്ള പുല്ല്.
കവണ-ഫ. കല്ലുവെച്ചു എറിയുന്നതിനുള്ള ഒരു മാതിരി വില്ല്. പര്യായങ്ങൾ-ലിപ്ഷിപാലം, സൃഗം.
'എത്രയെന്നാൽക്കഥിയ്ക്കാമതിശക്തനാം മർത്ത്യനാം മതൻകവണയിൽകല്ലാറി'
(ഹരിശ്ചന്ദ്രചരിതം കിളിപ്പാട്ട്)
ര. വെടിയുണ്ട. ന. ഒരു മുഴം വീതിയുള്ള തിരുകത്തടി.
കവണി-കരയുള്ളതും നേരിയതുമായഒരു മാതിരി വെളുത്ത വസ്ത്രം.
കവനം-ഫ. കവിത. ര. വെള്ളം. ന. ജംഗമ, താൽപര്യം.
കവയിത്രി-വിദുഷി.
കവയ്ക്കുക-ഫ. രണ്ടു കാലും അകററുക. ര. ചവുട്ടാതെ കവച്ചുകടക്കുക. ന. കവിതയുണ്ടാക്കുക.
കവയ്പ്-ഫ. കവയ്ക്കുക. ര, രണ്ടുകാലും അകററുക.
കവരകി-ബലാൻ, ബലാല്ക്കാരമായി പിടിക്കപ്പെട്ടവൻ.
കവരപ്പുല്ല്-ഒരു വക പുല്ല്.
കവരം-വി. മിശ്രമായുള്ള, കൂടിക്കലർന്ന.
കവരം-ഫ. ഉപ്പുരസം. ര. പുളിരസം, പുളി. ന. തൊട്ടുകാര. ര, (മലയാളം) പിന്നിയ തലമുടി. ഇ. മരത്തിന്റെ കൊമ്പുകളുടെ ചുവട്. ഗ. തൂണിന്റെ കല്പ്.
കവരസ്ത്രീ-മന്നാളു താലം ധരിച്ച സ്ത്രീ.
കവരാ-കറുത്ത കാട്ടുതുളസി.
കവരി-ഫ. പിന്നിയ തലമുടി. ര. നായർ വെണ്ണ.
കവരി-ഫ. കറുത്ത കാട്ടുതുളസി. ര. കറിക്കായം.
കവരുക-മോഷ്ടിക്കുക, കൊള്ളയിടുക.
'കവരുന്നതിലൊരുപാതികൊടുത്താൽ അവരുമതിനു സഹായംതരുന്ന'
(പ്രദോഷമാഹാത്മ്യം തുള്ളൽ)
കവർഗ്ഗം-(വ്യാകരണത്തിൽ) ക, ഖ, ഗ, ഘ, ങ ഈ അഞ്ചു വ്യഞ്ജനങ്ങളും.
കവച്ച്-ഫ. ബലാൽക്കാരമായുള്ള മോഷണം, കൊള്ള ര. പീരങ്കിക്കാരുടെ സമീപമുള്ള ഒരു കറം.

[ഇൻഡ്യൻ പീനൽകോഡ്-വകുപ്പു ൩൮൨. വാറണ്ടു കൂടാതെ പിടിയ്ക്കാം. ആദ്യം വാറണ്ട്, ജാമ്യം എടുത്തുകൂടാ. രാജിയായിക്കൂടാ. പത്തുകൊല്ലത്തെ കഠിനമായ തടവും പിഴയും ശിക്ഷ. സെഷ്യൻകോടതിയോ ഒന്നാംക്ലാസുമജിസ്ട്രേട്ടോ വിസ്തരിക്കാം].

**കവർനാററം**-ചിലരുടെ ശരീരത്തിലുണ്ടാകുന്ന ചീത്തഗന്ധം. കവർ എന്നതിനു നാററം, ഓമ്പ എന്നീ അർത്ഥങ്ങൾ കാണുന്നു.

**കവല**-൧. വഴികൾ തമ്മിൽ യോജിക്കുന്ന സ്ഥലം. ൨. സാരം. ൩. ദുഃഖം. ൪. വിചാരം.

**കവളപ്പാറ**-ഒരു ദിക്ക്.

[ഈ സ്ഥലം പണ്ടു വിദ്വാന്മാരെക്കൊണ്ടു പ്രസിദ്ധപ്പെട്ടിരുന്നു]

**കവളം**-ഉരുള, ഉരുള. [കബളം എന്നതാണു കവളം ആയത്].

**കവളി**-മരക്കൊമ്പിന്റെ ചുവട്.

**കവളുക**-വിഴുങ്ങുക.

**കവറ**-പരമ്പുകൊട്ട (തെക്കൻദിക്കിൽ കുട്ട) മുതലായവയുണ്ടാക്കുന്ന ഒരു നീചജാതി.

**കവറു**-ഒരുമാതിരി കളിസാധനം, പകട.

**കവറുകണ്ണ്**-പകട.

**കവാടം, കവാടി**-കതക്. [കപാടം എന്നു നോക്കുക].

**കവാത്തു്**-പട്ടാളം അണിനിരക്കുന്നതിനു പരിചയിക്കുക, യുദ്ധത്തിനു അണിനിരക്കുന്നതിനു പരിചയിക്കുക. [അറബി ശബ്ദം].

**കവാരം**-താമര.

**കവി**-൧. വേണ്ടവിധമുള്ള പരിജ്ഞാനത്തോടുകൂടി പാട്ടുകളേയും ശ്ലോകങ്ങളേയും മററും എഴുതുന്ന ആൾ. ൨. വിദ്വാൻ. ൩. അസുരാചാര്യനായ ശുക്രൻ. കാവ്യത്തെ നിർമ്മിക്കുന്നവൻ എന്നർത്ഥം. [സ്ത്രീലിംഗവും കവി എന്നു തന്നെ]. ൪ (മലയാളത്തിൽ) ചേനയും മററും നട്ടാൽ മൂടുന്ന ഇല ൫ കവിത (തത്ഭവം).

**കവികം**-കടിഞ്ഞാൺ.

**കവികാ**-൧. കടിഞ്ഞാണിന്റെ ഉള്ളുകടി. ൨. കടിഞ്ഞാൺ. ശബ്ദിക്കുന്നതു എന്നർത്ഥം.

**കവിചതുഷ്ടയം**-ഉദാത്തൻ, ഉദ്ധതൻ, പ്രൌഢൻ, വിനീതൻ ഇങ്ങിനെ നാലു്.

൧. ഉദാത്തൻ=ഒളിച്ചു അഭിമാനം പറയുന്നവൻ. ൨. ഉദ്ധതൻ=അന്യന്മാരെ താഴ്ത്തി തന്നെ പുകഴ്ത്തുന്നവൻ. ൩. പ്രൌഢൻ=ഉല്ക്കൃഷ്ടതെ യഥോചിതം പറയുന്നവൻ. ൪. വിനീതൻ=തന്നെ നിന്ദിച്ചു വിനയം പറയുന്നവൻ.]

**കവിച്ചിൽ**-൧. വെള്ളവും മററും കുളം പാത്രം മുതലായവയിൽ നിന്നു കവിഞ്ഞൊഴുക. ൨. അധികത്വം.

**കവിഞ്ചി**-ചമ്മട്ടി, ചവുക്ക്.

**കവിജനനി**-സരസ്വതി.

**കവിട്ടുക, കമിട്ടുക**-വെളിയിലേയ്ക്കു് ഒഴുക്കുക. [ക. ക്രി. കവിട്ടിക്ക, കവിട്ടിപ്പിക്ക, കമട്ടിപ്പിക്ക]

**കവിണ**-കല്ലുവെച്ചെറിയുന്നതിനു കെട്ടിയുണ്ടാക്കുന്ന കയറ്. [കവണനോക്കുക]

**കവിന്നു**-കമഴ്ന്നു.

**കവിത**-൧ വിദ്വാന്മാരുണ്ടാക്കുന്ന പദ്യങ്ങളും മററും. മനോവികാരങ്ങളെ പ്രതിപാദിക്കുന്ന കല.

[കവിതയ്ക്കു പ്രധാനമായി വാസന, കല്പനാശക്തി, ലോകജ്ഞാനം, ബുദ്ധി, പദപരിചയം ഇവയാകുന്നു ആവശ്യം. ൧. കവിതയുടെ ഉദ്ദേശം-രസം. ൨. കവിതയുടെ ഉപകരണം-ആശയങ്ങളെ ശരിയായി കൊണ്ടുവരുന്ന പദങ്ങൾ. ൩. കവിതയുടെ യോഗ്യത-വിഷയത്തിന്റെ നന്മയേയും വികാരത്തിന്റെ നി

കലതയേയും അനുസരിക്കുന്നു. ൪ കവിതയുടെ ശക്തി-മനുഷ്യനെ ആകപ്പാടെ സ്പർശിക്കുന്നു.

'നരത്വംദുർല്ലഭംലോകെവിദ്യാതത്രചദുർല്ലഭാ
കവിത്വം ദുർല്ലഭംതത്രശക്തിസ്തത്രചദുർല്ലഭാ
വ്യുല്പത്തിർദുർല്ലഭാതത്ര വിവേകസ്തത്രദുർല്ലഭ'

വിവേകംഎന്നാൽത്യാജ്യഗ്രാഹ്യജ്ഞാനമാകുന്നു. അതായതു് ഒരു വസ്തുവിന്റെ പ്രധാനാംശങ്ങളെ കണ്ടുപിടിക്കാനുള്ള ശക്തിയാണു്. ദോഷങ്ങൾകൊണ്ടു കാവ്യത്വം നശിക്കയില്ല. (കരുടനു മനുഷ്യത്വം ഇല്ലെന്നു പറഞ്ഞുകൂടാ.) ദോഷങ്ങൾ പക്ഷേ കാവ്യത്തിന്റെ ഭംഗിയെ കുറക്കും.]

ഉ, (മലയാളത്തിൽ) കള്ളംപറയുക.

കവിതകെട്ടു്-കാവ്യം മുതലായ കൃതികൾ ഉണ്ടാക്കുക.

കവിത്വക്കു്-കിലുകിലുപ്പു്.

കവിത്വം-കവിത.

കവിയടക്കം-പാരമ്പര്യ ന്യായം.

കവിയൻ-തലയിണയും മററും മൂടിയും തെയ്യിരിപ്പാനിടുന്ന ഉറ.

കവിയം-കടിഞ്ഞാൺ.

കവിയിടുക-ചേനയും മററും നട്ടതിനെ ഇലകൊണ്ടു മൂടുക, പൊതിയുക.

കവിയുക-ക്രി. നിറഞ്ഞൊഴുകുക, അധികമാവുക. ഉ. അസാമാന്യമായ അഹംഭാവവും മററും കാണിക്ക.

കവിരാജൻ-രാഘവപാണ്ഡവീയം എന്ന ഗ്രന്ഥത്തിന്റെ കർത്താവു്.

[രാഘവപാണ്ഡവീയം പ്രസിദ്ധമുള്ള ദ്വയാർത്ഥഗ്രന്ഥമാണു്.]

കവിൾ-കണ്ണും വായും ചെവിയും കൂടിയതിനിടയ്ക്കുള്ള ഭാഗം, ചെകിട കവിൾത്തടത്തിനു പര്യായങ്ങൾ-ഗണ്ഡം, കപോലം.

കവിൾകൊള്ളുക-ക്രി വായിലുണ്ടാകുന്ന ചില ദീനങ്ങൾക്ക മരുന്നു വെള്ളം വായിലൊഴിക്കുക, ഉ. കുലുക്കുഴിയുക.

കവിൾത്തടം-കവിൾപ്രദേശം. [കപോലം എന്നതു നോക്കുക.]

കവിൾവാപ്പു്-കവിളിലുണ്ടാകുന്ന ഒരു ദീനം.

കവിളൻ-വീർത്ത കവിളുള്ളവൻ.

കവിളലജി-ഗണ്ഡാംബുദം എന്ന കവിൾരോഗം.

കവിളുക, കവളു-കവിൾകൊള്ളുക.

കവിഴുക-കമിഴുക. [ഋതകാലം-കവിണ.] മലന്നിരിക്കുന്ന വസ്തുവിന്റെ മുകൾവശം കീഴിലായിത്തീരുക. ഉ. പാത്രവും മററും മറിയുക ന. മുഖം താഴ്ക. കവിഴ്ത്തുക (കമിഴ്ത്തുക)> <മലത്തുക

കവിഴ്-മുഖം താഴ്ത്തുകയുംമററും.

കവിഴ്ത്തു-ചുവരിന്റെയും മററും മുകളിൽ പണിയുന്ന കല്ലു്.

കവിഴ്ത്തൽ-കവിഴ്ത്തുക.

കവിഴ്ത്തു-കമത്തു

കവുങ്ങു്, കമുങ്ങു്, കമുകു്-അടയ്ക്കാമരം. പര്യായങ്ങൾ-ഘോണ്ടാ, പൂഗം, ക്രമുകം, ഗുവാകം, ഖപുരം.

[ചൊരുക്കുന്ന അടയ്ക്കായ്ക്കു് ഉദ്വേഗം എന്നു പേർ ]

ക.ൂൽ-ഒപ്പാടു്. (അറബിഭാഷ.)

കടോരകന്യ-കാളിന്ദീനദി.

ക.ോരാ-ഒരു മല.

കവോഷ്ണ-വി. അല്പമായ ചൂടുള്ള.

കവോഷ്ണം-അല്പമായ ചൂടു്.

കവ്യം-ചിതൃക്കൾക്കായി പാകംചെയ്ത അന്നം, മന്ത്രപുരസ്സരം ദാനംചെയ്യപ്പെടുന്നതു് എന്നർത്ഥം.

കവ്യ-വി. ഉ വിചാരമുള്ള ഉ. താല്പര്യമുള്ള. ന. ആവശ്യമുള്ള.

കശ-ക്രി. ചാട്ടവാറ്, ചമ്മട്ടി (കുതിരയേയും മററും അടിക്കുന്നതിനുള്ളതു്.) മാടി

ക്കുന്നതും ശംസിക്കുന്നതും എന്നർത്ഥം. വ. മാംസാരോഹിണി. ന. (മലയാളത്തിൽ) കലശൽ.

കശകശ-കറപ്പൂതയ്യുടെ കായിൽ ഒരിയിരിക്കുന്ന പുട്ടിൽ.

(പിത്തഹരവും ശീതളവും ധാതുവർദ്ധനവും ആണ്. കണ്ണിനു നന്ന്.)

കശക്കുക-മട്ടിക്കുക, ഞെക്കിത്തിരുമ്മുക.

കശാപ്പ്-കൊല്ലുക.

കശാർഹ-പ്ര. ചാട്ടവാറ (ചമ്മട്ടി) കൊണ്ടടിക്കപ്പെടത്തക്ക. വ. അടിക്കപ്പെടത്തക്ക.

കശിപു-പ്ര. അന്നം, ചോറ്. വ. വസ്ത്രം. ന. പായ്. ദ. തലയിണ. ഉ. അന്നവും വസ്ത്രവും. ദുഃഖത്തെ കളയുന്നതെന്നർത്ഥം.

കശീശ-സുറിയാനിപ്പട്ടക്കാരൻ.

കശുഅണ്ടി-കപ്പലണ്ടി, പറങ്കിഅണ്ടി.

കശുകശു-മുറുമുറക്കുക, ചെവിയിൽ പറയുക.

കശുമാങ്ങ-കപ്പൽമാങ്ങ, പറങ്കിമാങ്ങ.

കശുമാവു-കപ്പൽമാവ്.

കശേരു(കം)-നീർമുത്തങ്ങ.

കശേരുകാ-തണ്ടെല്ല്. ശബ്ദിക്കുന്നതു എന്നർത്ഥം.

കശ്മന, കശ്മിൽ-പേരറിയപ്പെടാത്തതിൽ ഒരുവൻ.

കശ്മല-വി. പ്ര. മലിനമായ, അഴുക്കുള്ള, മൂർഛിച്ച. വ. ലജ്ജാവഹമായുള്ള.

കശ്മലം-പ്ര. അഴുക്ക്. വ. ലജ്ജാവഹതം. ന. മോഹാലസ്യം.

കശ്മീരജം-കുങ്കുമം.

കശ്മീരജന്മാവ്-പ്ര. കുങ്കുമം. വ. കുങ്കുമപ്പൂവ്.

കശ്മീർ, കശ്മീരം-ഒരു രാജ്യം.

കശ്യ-വി. ചമ്മട്ടികൊണ്ടടിപ്പാൻ തക്ക.

കശ്യപൻ-ഒരു ഋഷി. കശ്യം (മദ്യം) പാനംചെയ്യുകകൊണ്ടു ഈ പേർ വന്നു. (മരീചിയുടെ പുത്രൻ. ഇദ്ദേഹം ഒരു പ്രജാപതിയാണ്. സൃഷ്ടിയിൽ ഇദ്ദേഹം ഒരു പ്രധാനഭാഗം വഹിച്ചതാണ് ഇതിനു കാരണം. കശ്യപൻ കുറെക്കാലം പരശുരാമന്റെയും രാമചന്ദ്രന്റെയും പുരോഹിതസ്ഥാനം വഹിച്ചിരുന്നു. അദിതിയും ദിതിയും ഇദ്ദേഹത്തിന്റെ ഭാര്യമാരാണ്. അദിതിയിൽ ആദിത്യൻ മുതലായവരേയും ദക്ഷന്റെ മററു പന്ത്രണ്ടു പുത്രിമാരിൽ അസുരർ, രാക്ഷസർ പക്ഷിമൃഗാദികൾ മുതലായി സർവ്വജീവജന്തുക്കളേയും ജനിപ്പിച്ചതു ഇദ്ദേഹമാണ്. അദിതിയിൽ വിഷ്ണു വാമനമൂർത്തിയായി അവതരിച്ചു)

കശ്യപം-പ്ര. ആമ. വ. ഒരുവക മത്സ്യം.

കശ്യം-പ്ര. കുതിരയുടെ മദ്ധ്യപ്രദേശം. കശ (ചമ്മട്ടി) കൊണ്ടു അടികൊള്ളുന്നതു് എന്നർത്ഥം. വ. മദ്യം. അകത്തു ചെന്നാൽ ഉറക്കെ ശബ്ദിക്കുന്നതു് എന്നർത്ഥം.

കഷണിക്കുക-പ്ര. വിഷമിക്കുക.

'ഈയുള്ളനാംവിഷയബന്ധവിഷത്തിലുംവീണാലും കിടന്നു കഷണിച്ചു നശിച്ചിടുന്നു'

(സാരോപദേശം)

വ. കഷണമാക്കുക, നറുക്കുക.

കഷണ്ടി-രോമം ഇല്ലായ്മ. പര്യായങ്ങൾ-കേശഘ്നം, ഇന്ദ്രലുപ്തകം.

(രോമകൂപങ്ങളിലുള്ള പിത്തം വാതത്തോടുകൂടി കോപിച്ചിട്ടു രോമങ്ങളെ പിഴുതുകളകയും ആ ഭാഗങ്ങളിൽ രക്തത്തോടുകൂടിയ കഫം അവയെ വീണ്ടും മുളയ്ക്കാൻ ഇടംകൊടുക്കാതാക്കുകയും ചെയ്യുന്നതിനാലാണ് കഷണ്ടിയുണ്ടാകുന്നതു്. കഷണ്ടിക്കുള്ള പര്യായങ്ങൾ-ഖലതി, ഖൈന്ദ്രലുപ്തികൾ)

കഷ്ഠാ-പ്ര. ഉരകല്ല്, (ഉരക്കല്ല്). സ്വർണ്ണം മാററുനോക്കുന്നതിനും മററുമുള്ളതാണ്. വ. കത്തികടയുന്ന ചാണ.

കഷാകു-പ്ര. അഗ്നി. ര. സൂര്യൻ.

കഷായ-വി. പ്ര. ചവൎപ്പുരസമായ. ര. ചെമപ്പുനിറമുള്ള. ത. തവിട്ടുനിറമായ.

കഷായക്കഞ്ഞി-മരുന്നുകൊണ്ടു കഷായമുണ്ടാക്കിയതിൽവെയ്ക്കുന്ന കഞ്ഞി.

[ദാഹത്തിനും വിശപ്പിനും വളരെ നന്ന്. ദീപനവും ഗ്രാഹിയുമാണ്. നയനരോഗക്കാൎക്കും വ്രണമുള്ളവൎക്കും മററും ആവശ്യമെങ്കിൽ കൊള്ളാം.]

കഷായക്കല്ല്-ഒരുമാതിരിക്കല്ല്, കാവിമണ്ണിൻകട്ട, കാവിമണ്ണ്, പൂകാവി.

[കഷായക്കല്ല് അന്ത്രത്തിനും അൎശസ്സിനും നന്ന്. വാതപിത്തഹരമാണ്. തണുപ്പുകൊണ്ടു കണ്ണിനു ഗുണം.]

കഷായഫലം-നെല്ലിക്ക.

കഷായം-പ്ര. ചവൎപ്പുരസം. കണ്ഠത്തെ വെറപ്പിക്കുന്നത് എന്നൎത്ഥം. ര. കഥം (ഒരുവക കഷായം, മരുന്നിട്ടു വെവിച്ചവെള്ളം.) കണ്ഠത്തെ ഉപദ്രവിക്കുന്നത് എന്നൎത്ഥം. ത. വൃക്ഷാദികളുടെ പശ. ർ. തവിട്ടുനിറം. @. മെഴുക്. ന്ദ്ര. ചെമപ്പുനിറം. ൭. പലകപ്പയ്യാനി. വൃ. ഞമ. ൻ. പെരുമരുത്.

കഷായയാവനാലം-അല്പം ചെമന്ന ചോളം.

കഷായാ-പ്ര. ചെറിയകൊടിത്തുവ. ര. ചെങ്കൊടിത്തുവ.

കഷായി-പ്ര. മരുത്. ര. അയിനി. ത. ഈന്ത.

കഷി-വി. അനൎത്ഥമുള്ള, ഉപദ്രവിക്കുന്ന.

കഷികാ-ഒരുമാതിരി പക്ഷി.

കഷേ(സേ)രുകാ-നീർമുത്തങ്ങ.

കഷ്ട-വി. പ്ര. ദുഃഖത്തോടു സാധിക്കത്തക്ക. ര. ഞെരുക്കമുള്ള. ത. പ്രയാസമുള്ള.

കഷ്ടം-അ. ആരുടെ എങ്കിലും ആപത്തു കാണുമ്പോൾ ദുഃഖത്തോടു പറയുന്ന ഒരു വാക്ക്.

കഷ്ടകൎമ്മം-ദുഷ്പ്രവൃത്തി, ചെയ്യരുതാത്ത പ്രവൃത്തി.

കഷ്ടകാരക-വി. ദുഃഖമുണ്ടാക്കുന്ന.

കഷ്ടകാരകം-ലോകം.

കഷ്ടകാലം-ദുഃഖമുള്ള സമയം, ചീത്തക്കാലം.

കഷ്ടഗന്ധം-പെരുമരം.

കഷ്ടത-പ്ര. ആപത്ത്. ര. ദുഃഖം. ത. അപമാനം.

കഷ്ടപ്പാട്-പ്ര. ദുഃഖം. ര. പ്രയാസം, ബുദ്ധിമുട്ട്.

കഷ്ടഫലം-താന്നി.

കഷ്ടം-പ്ര. ദുഃഖം. ഹിംസിക്കുന്നത് എന്നൎത്ഥം. മററ പൎയ്യായങ്ങൾ-പീഡാ, ബാധാ, വ്യഥാ, ദുഃഖം, ആമനസ്യം, പ്രസൂതിജം, കൃച്ഛ്രം, ആഭീലം. ര. ക്ലേശം. ത. ദുൎഗ്ഗമം.

കഷ്ടാനുഭവം-ദുഃഖത്തെ അനുഭവിക്കുക.

കഷ്ടിക്കുക-തികയുന്നതിനു മാത്രമില്ലായ്കയാൽ ഞെരുങ്ങിയോ ചുരുക്കമായിട്ടോ സാധിക്കുക, പണിപ്പെടുക.

കഷ്ടിച്ച്-അ. പ്ര. ചുരുക്കത്തിൽ. ര. പ്രയാസത്തോടെ, പണിപ്പെട്ട്.

'കഷ്ടിച്ചുകളികൊട്ടിച്ചുഎന്നുംവരും'

(കൃഷ്ണലീല തുള്ളൽ)

കഷ്ടിപിഷ്ടി-അ. വേണ്ടുവണ്ണം ചെയ്യാൻ വശമില്ലാഞ്ഞും ദ്രവ്യമില്ലാഞ്ഞും മററും പ്രയാസത്തോടെ കഷ്ടിച്ച്.

കഷ്ടിപ്പ്-വേണ്ടതിനുംമാത്രമില്ലായ്ക.

കഷ്ട്യാ-കറിയുടെയുംമററും കഷണം.

കസന്നോത്പാദനം-ആടലോടകം.

കസം-ഉരകല്ല്.

കസവ്-പ്ര. പൊന്നോ വെള്ളിയോ കൊണ്ടുണ്ടാക്കിയ ചെറിയ നൂൽ. ര. സ്വൎണ്ണനൂലോ വെള്ളിനൂലോ പഞ്ഞിനൂലോടും മററും ചേൎത്തു പിരിച്ചത്. ത. ഈ വക നൂലുകൾകൊണ്ടു വസ്ത്രത്തിലുണ്ടാകുന്ന കരയും കറിയും മററും.

**കസവുകര**- കസവുനൂലുകൊണ്ടു വസ്ത്രത്തിലുണ്ടാക്കുന്ന കര.

**കസവുകറി**-കസവുകൊണ്ടു വസ്ത്രത്തിലുണ്ടാക്കുന്ന ഒരു കറി.

**കസേര്, കസേല**-ഇരിപ്പാനായിട്ടു മരംകൊണ്ടും ചൂരൽകൊണ്ടും മററും ഉണ്ടാക്കുന്ന ഉയൎന്ന പീഠം. പൎയ്യായങ്ങൾ-പീഠം, ആസനം. (പോൎത്തുഗീസ് ഭാഷ.)

**കസേരു**-പു. മുത്തങ്ങ ഉ. നീൎമുത്തങ്ങ.

**കസ്തീര(ക)ം**-പു. വെള്ളത്തീയം. ഉ. തകരം.

**കസ്തൂരി, കസ്തൂരിക**-സ്ത്രീ. ഒരുവക മൃഗത്തിൽനിന്നുണ്ടാകുന്ന സുഗന്ധവസ്തു. ഉ. മുതലക്കസ്തൂരി. ഗന്ധംകൊണ്ടു ദൂരദേശത്തെ ഗമിക്കുന്നതു്. മററു പൎയ്യായങ്ങൾ-മൃഗനാഭി, മൃഗമദം.

[ഇതു് ഒരു മൃഗത്തിന്റെ മദം ആകുന്നു. നാഭിയിൽ നിന്നുണ്ടായതാണു്. സൌരഭ്യമുള്ളതും മനോഹരമായുള്ളതുമാണു്. ഹൃദ്യമാകുന്നു. ശ്ലേഷ്മത്തെയും മുഖശോഷത്തെയും നശിപ്പിക്കും.]

**കസ്തൂരിപ്പിള്ള**-മൃഗം.

**കസ്തൂരിമഞ്ഞൾ**-ഒരുവക ചെടി.

**കസ്തൂരിമല്ലിക**-കസ്തൂരിമുല്ല.

**കസ്തൂരിമൃഗം**-കസ്തൂരിയുള്ള ഒരു മൃഗം.

**കസ്സൂടി**-കാകാരി.

**കസ്ബാ**-പ്രധാനപട്ടണം, പോലീസ് സ്റ്റേഷൻ.

**കസാല**-കസേര.

**കഹ്വം**-കൊക്കു്. 'ക' എന്നു ശബ്ദിക്കുന്നതു്. ജലത്തിലെ മത്സ്യാദിജന്തുക്കളോടു സ്പൎദ്ധിക്കുന്നതെന്നൎത്ഥം. മററു പൎയ്യായം-ബകം.

**കഹാഹം**-പോത്തു്.

**കള**-ധാ. ഉപേക്ഷിക്ക.

**കള**-പു. ധാന്യങ്ങളോടുകൂടെ മുളച്ചുണ്ടാകുന്ന പുല്ലും മററും.

[കള എന്നതു കൃഷിഭൂമിയിൽ വളൎന്നിട്ടു് ഒരു പ്രയോജനവുമില്ലാത്ത എല്ലാ ചെടികളുമാകുന്നു. കളകളുടെ വിത്തുകൾ മറുകണ്ടങ്ങളും വിഴുന്നതാകകൊണ്ടു് എല്ലാ കൃഷിക്കാരും കളകളെ ഇളക്കിക്കളയുന്നതിൽ ജാഗരൂകന്മാരായിരിക്കണം. ഒരിക്കൽ കള പറിച്ചുകളഞ്ഞാൽ പിന്നെ ചെലവും ശ്രമവും കാണുകയില്ല. കിഴങ്ങുകൾ അധികം ആഴത്തിൽ പോയി കഷണങ്ങളായി ഓരോ ചെടികളെ ഉണ്ടാക്കി നിലത്തെ ചീത്തയാക്കുന്ന മുത്തങ്ങാപ്പുല്ലു് കളകളിൽവെച്ചു ഒന്നാമത്തേതാണു്. കറുക മുതലായതും കളഞ്ഞേതീരുവെന്നു നിൎബ്ബന്ധമുള്ള കളകളാകുന്നു. കളകളെ വേരോടു പറിച്ചുകളയുന്നതു കൂടാതെ ചുട്ടുകളകയുമാം. ഭൂമി നനഞ്ഞിരുന്നാൽ കള പറിക്കരുതു്-കൃഷിശാസ്ത്രം.]

ഉ. (വ്യാകരണത്തിൽ) അനുപ്രയോഗങ്ങളിലെ ഒരു ധാതു.

**കളകണ്ഠം**-പു. കുയിൽ. ഉ. മാടപ്രാവു്. ന. അരയന്നം.

**കളകണ്ഠി**-കുയിൽപ്പേട.

**കളകം**-ഒരുവക മത്സ്യം.

**കളകളം**-ജനസമൂഹത്തിൽ നിന്നും പുറപ്പെടുന്ന അവ്യക്തശബ്ദം, പക്ഷി മനുഷ്യരിൽ നിന്നോ ജന്തുക്കളിൽ നിന്നോ വാദ്യങ്ങളിൽ നിന്നോ മററോ ഉണ്ടാകുന്ന അവ്യക്തമായ വലിയ ശബ്ദം. കളം എന്നാൽ അവ്യക്തമധുരം. കളത്തോടുകൂടി കളം എന്നു ശബ്ദാൎത്ഥം. മററു പൎയ്യായം-കോലാഹലം.

'കളകളമൊട്ടുമാറും കൊണ്ടവരും മററും'
(വിച്ഛിന്നാഭിഷേകം കഥകളി)

**കളകാഞ്ചി**-കിളിപ്പാട്ടു വൃത്തങ്ങളിൽ ഒന്നു്. [രാമായണത്തിലെ സുന്ദരകാണ്ഡം ഈ വൃത്തമാണു്.]

'കാകളിക്കാദ്യപാദമതേ
രണ്ടാ മൂന്നാം ഗണങ്ങളെ
ഐയഞ്ചുലഘുവാക്കീടി
ലുളവാം കളകാഞ്ചികാ'
(വൃത്തമഞ്ജരി)

കളങ്കം-൧. അടയാളം, എണ്ണപ്പെടുന്നതു്, അറിയപ്പെടുന്നതു് എന്നൎത്ഥം. ൨. അപവാദം. [പുത്രീഗമനംകൊണ്ടു ബ്രഹ്മാവിനുള്ള ദുഷ്കീൎത്തി കളങ്കമാണത്രെ] ൩. കറുപ്പ്. ൪. കററം, കറ.

കളങ്കി-വി. ൧. അടയാളമുള്ള. ൨. അപവാദവും മററുമുള്ള.

കളഘോഷം-കയിൽ

കളധ്വനി-൧. കയിൽ. ൨. അരയന്നം. ൩. മാടപ്രാവ്. ൪. മയിൽ.

കളഞ്ജം-൧. വിഷം തേച്ചിട്ടുള്ള അസ്ത്രം ഏററ മൃഗം. ൨. പുകയില ൩. കഞ്ചാവ്.

കളത്തി-ഒരു ചെടി.

കളത്രം-൧. ഭാൎയ്യ ൨. കടിപ്രദേശം. സന്തോഷിപ്പിക്കുന്നതു് എന്നൎത്ഥം. ൩. പ്രകൃതിഛന്ദസ്സിൽപെട്ട ഒരു വൃത്തം പാദം ഒന്നിൽ അക്ഷരം ൨൧.
'നയനയനൗതോടിഹ ജയചേൎന്നാൽ
വരുവതുമുകളങ്കം കളത്രം'
(വൃത്തമഞ്ജരി)

കളത്രവാൻ-ഭാൎയ്യയുള്ളവൻ.

കളധൗതം-൧. വെള്ളി. ൨. സ്വൎണ്ണം. കള (ചെളി) കളഞ്ഞതു് എന്നൎത്ഥം. ൩. മധുരമായ ശബ്ദം.

കളനാദം-൧ മധുരമായും അസ്ഫുടമായുമുള്ള ശബ്ദം. ൨. കാരന്നം. ൩. വൃഷ്ണവും കാലും ചെമന്നിരിക്കുന്ന അന്നം.

കളവിങ്ക(ഗ)ം-മുക്കുറികിൽ [കലവിംഗം എന്നതു നോക്കുക]

കളപ്പുറ-നെല്ലുമെതിക്കുന്ന സ്ഥലത്തു അളക്കുന്ന പറ.

കളപ്പാട്ട്-കളപ്പുര.

കളപ്പിച്ച-നെല്ലുമെതിക്കുന്ന സ്ഥലത്തു കൊടുക്കുന്ന ധൎമ്മം.

കളപ്പുര-കൃഷിസ്ഥലത്തിനടുത്തുള്ള നെല്പുര

കളഭക്കൂട്ട്-അകിൽ, ചന്ദനം, ഗുഗ്ഗുലു, മഞ്ചി, കുങ്കുമം, കൊട്ടം, ഇരിവേലി, രാമച്ചം (സുഗന്ധദ്രവ്യം എട്ടും.)

കളഭം-൧ ഇരിവേലി മുതലായ സുഗന്ധദ്രവ്യം എട്ടും. ൨. ചന്ദനക്കൂട്ട്. ൩. ആനക്കുട്ടി. കളമായിട്ടു ശബ്ദിക്കുന്നതു്. മററാരുപൎയ്യായം-കരിശാബകം.

കളം-വി. അവ്യക്തമധുരശബ്ദത്തോടു കൂടിയിരിക്കുന്ന, മനോഹരമായ.

കളം-൧. നെല്ലു മെതിക്കുന്നതിനുള്ള സ്ഥലം. ൨. യുദ്ധത്തിനുള്ള സ്ഥലം ൩. മനോഹരം. ൪. പലനിറത്തിലുള്ള പൊടികൾ കൊണ്ടുണ്ടാക്കുന്ന രൂപം

കളമൊലി-കുളത്തിൽനിന്നു വെള്ളം കൊണ്ടു ഉടയക്കളത്തിനും മററും പോവുക.

കളംബകൻ-പറകയും കേൾക്കയുമില്ലാത്തവൻ, പൊട്ടൻ

കളംബം-൧. അമ്പു്, ശരം ക്ഷേപിക്കപ്പെടുന്നതു് എന്നൎത്ഥം. ൨. ചീരത്തണ്ടു മുതലായതിന്റെ പേർ. ഇലക്കറിയ്ക്കു കൊള്ളാവുന്ന ചില ചെടികളുടെ തണ്ടു്. മദത്തെ ചെയ്യുന്നതു് എന്നൎത്ഥം.

കളംബി-വശളച്ചീര, കൊടിവശള. ജലത്തിൽ മുങ്ങിയില്ലുന്നതു്.

കളംബു-കൊടിവശള, വശളച്ചീര.

കളമപ്പുഴ-ഗോദാവരി.

കളമം-കളമപ്പാറിലച്ചനെല്ല്, കളമപ്പഞ്ചാലി, കമ.

[കളമം എന്നത് അധികം ജലത്തിൽ നില്ക്കുന്നതും തണ്ടിനു ബലമുള്ളതും വളരെ മാസംകൊണ്ടു വിളയുന്നതുമായ ഒരു വക നെല്ലാണ്. കളമപ്പാരിച്ചെന്നെല്ല മോഷ്ട്യവർഗ്ഗങ്ങളിൽചേർന്ന ശാലിയാണ്. ഇതു മിക്കവാറും മേടം ഇടവം ഈ മാസങ്ങളിൽ വിതക്കും. ധനു, മകരം ഈ മാസങ്ങളിൽ കൊയ്യും.]

കളമാറുക-നെല്ലു വിതച്ചശേഷം ഉഴുക.

കളമാററം-നെല്ലു വിതച്ചതിൽപിന്നെ ചെയ്യുന്ന ഉഴവ്.

കളമൊഴി-സ്ത്രീ. മധുരമുള്ള വാക്ക്. വ. മധുരവാക്കുള്ള സ്ത്രീ.

കളമോത്തമം-കസ്തൂരിച്ചെമ്പാവ്.

കളയായുന്നു-കളയാഞ്ഞു.

'വചനീയംപുനരെന്തിനു ചെയ്തു
ജീവിതമെന്തിനു കളയായുന്നു'
(ഉത്തരരാമായണം ചമ്പു)

[കളയാം, വാരാം ഇവയ്ക്കു് നിഷേധാർത്ഥമാണുള്ളത്. ഇവയോടു വർത്തമാന പ്രത്യയമായ 'ഉന്നു' ചേർത്തു് കളയായുന്നു, വാരായുന്നു എന്നാക്കി. ഈ പ്രയോഗം ഇപ്പോൾ നടപ്പില്ല ഇപ്പോഴത്തെ രൂപം കളയാഞ്ഞു, വരാഞ്ഞു എന്നാണ്. മുൻ കാണിച്ച ഉദാഹരണത്തെ വിവരിക്കുന്നു. പുനരെന്തിനുചെയ്തു ജീവിതം? എന്തിനു ജീവിതം കളയായുന്നു ? ഇതു മാത്രം വചനീയം = എനിക്കു ജീവൻ തന്നതു് എന്തിനു? ഇപ്പോൾ എന്റെ ജീവൻ എടുത്തുകളയാഞ്ഞതു് എന്തുകൊണ്ടു? ഇതു് ഒന്നു പറഞ്ഞേയിരിക്കേണ്ടതാണ്].

കളയുക-ക്രി. ഉപേക്ഷിക്കുക. വ. ദൂരത്താക്കുക. ന. നശിപ്പിക്കുക. [കാച്ചി കളയിക്കുക].

കളരവം-പു. മാടപ്രാവ്, അവ്യക്തമധുരമായ ശബ്ദത്തോടുകൂടിയതു് എന്നർത്ഥം. വ. അവ്യക്തമധുരമായ ശബ്ദം. ന. കയിപ്പക്ഷി. ര. കയിൽ.

കളരി-ആയുധാഭ്യാസത്തിനും മററുമുള്ള ശാല.

കളവാണി-സ്ത്രീ. മാധുര്യമുള്ള വാക്ക്. വ. മധുരവാക്കുള്ള സ്ത്രീ.

കളവിങ്കം, കളപിങ്കം, കളപിംഗം, കളവിംഗം-പു. കരികിൽ. മറെറാരു പര്യായം ചടകം.

['കളവിങ്കഃ പുമാൻ ഗ്രാമചടകേപി കലിംഗകേ' എന്നുള്ള മേദിനീ വചനപ്രകാരം ഈ പക്ഷി നാട്ടുപുറങ്ങളിലുള്ളതാകുന്നു കളവിങ്കം എന്നാൽ മംഗി യിൽ നടക്കുന്നതു് എന്നർത്ഥം.]

കളവ്-കക്കുക, മോഷണം, വ്യാജം, കള്ളം, പര്യായങ്ങൾ-ചൌരികാ, സ്തൈന്യം, ചൌര്യം, സ്തേയം.

[കളവു മുതലിനു പര്യായം-ലോപ്ത്രം]

കളഹംസം-കാരന്നം, ഒരു മാതിരി അരയന്നം. മധുരവാക്കായ ഹംസം എന്നർത്ഥം. ഇരണ്ട, പാത്ത ഇങ്ങിനെയും അർത്ഥം കാണുന്നു.

'കളഹംസസാമ്യിതമന്ദഗാത്രതയാം
കമനിത്തുണാമേരതി'
(സ്വന്ദോപസുന്ദയുദ്ധം കഥകളി)

കളാക്കാ-ഒരു മാതിരി കായ്.

കളാചികാ-വെററിലത്തട്ടം.

കളാദൻ-തട്ടാൻ.

കളാനുനാദി-പു. കരികിൽ. വ. പിങ്ങി പ്പുള്ള്. ന. വേഴാമ്പൽ.

കളാമകം-കളമപ്പാരിച്ചെന്നെല്ല്.

കളായം-കടല, മലകടല. വാതത്തെ ഉണ്ടാക്കുന്നതു് എന്നർത്ഥം, [കടല എന്നതു നോക്കുക] വട്ടച്ചണായി എന്ന അർത്ഥവും കാണുന്നു.

കളായാ-മീൻകണ്ണിക്കക.

കളാരി-കളക്കാ.

കളി-സ്ത്രീ. വിനോദം, നേരംപോക്ക്. വ. ആട്ടം, കഥകളി. പര്യായങ്ങൾ-ക്രീഡാ

ഖം, നടനം, നാട്യം, ലാസ്യം, നൃത്തം, നർത്തനം. ന. ശാസ്ത്രക്കളി. ർ. മാങ്ങാച്ചാറ്, (മാങ്ങാ പിഴിഞ്ഞചാറ്.) ഇ. അടയ്ക്കാക്കളി. ന്യ. ഒരുമാതിരി പലഹാരം.

[പന്തുകളി മുതലായതിന് ക്രീഡം, ഖേലം, കൂർദ്ദനം. ബാലക്രീഡകളും പറയാം.]

കളിക്കാരൻ-ആട്ടക്കാരൻ, വിനോദക്കാരൻ.

കളിക്കുക-പ്ര. വിനോദിക്കുക. വ. ആട്ടം ആടുക, ആടുക.

കളിക്കൂമ്മായം-നല്ല ചുമ്മായം, നല്ല ചുണ്ണാമ്പ്.

കളിക്കൂട്ടർ-കളിച്ചുനടക്കുന്ന പിള്ളർ.

'കൂടിച്ചേർന്നിട്ടൊരുവകകളിക്കൂട്ടർ
നിന്നെപ്പിടിപ്പാൻ'
(മയൂരസന്ദേശം)

കളിക്കൊട്ടിൽ-ആട്ടം മുതലായ ചിലകളികൾക്കായിട്ടു കെട്ടിയുണ്ടാക്കിയ സ്ഥലം

കളിക്കൊട്ട്-ആട്ടത്തിന്റെ കൊട്ട്.

കളിക്കോപ്പ്-പ്ര. ആട്ടക്കാരുടെ കിരീടവും മററും. വ. കളിക്കുന്നതിനുള്ള സാധനം.

കളിച്ചൽ, കളിച്ചിൽ-മത്സ്യത്തിനെ പിടിക്കുന്നതിനുള്ള ഒരു സൂത്രം.

കളിത്തട്ട്-ചില ക്ഷേത്രത്തിന്നടുത്തു തിക്കൂടാതെയും ചുവട്ടിൽ തട്ടുള്ളതായും ഉണ്ടാക്കുന്ന പുര. കളിത്തട്ടകം, കളിത്തട്ടും ഇങ്ങിനെയും പറയുന്നു. പര്യായങ്ങൾ-സന്നിവേശം, നികഷണം.

കളിന്ദകന്യാ-യമുനാനദി, കാളിന്ദി. കളിന്ദപർവ്വതത്തിന്റെ പുത്രി എന്നർത്ഥം.

'കളിന്ദകന്യാജലമദ്ധ്യവർത്തി'

കളിന്ദജാ-കാളിന്ദി, യമുനാനദി. [ണ്

'ആയ്ക്കാകംബലദേവവീരനോടുംകൂടപ്പ
ലതകളിന്ദജാതന്റെ പുളിനാന്തന്നിൽ'
(കംസവധം വഞ്ചിപ്പാട്ട്)

കളിന്ദനന്ദിനി-കാളിന്ദീനദി.

കളിന്ദം-ഒരു പർവ്വതം.

കളിനിറം-ഇരുണ്ടനിറം.

കളിപ്പന്തൽ-കളിക്കൊട്ടിൽ.

കളിപ്പാക്ക്-കളിപുരട്ടിയുണക്കിയപാക്ക്

കളിപ്പ്-കളി, മണ്ടത്തം.

കളിപ്പാവ-കളിപ്പനായി മരം മുതലായതുകൊണ്ടുണ്ടാക്കുന്ന രൂപം.

കളിഭ്രാന്തൻ-കളിയിൽ മതിമറന്നവൻ.

കളിമണ്ണ്-ഒരുമാതിരി ചേറ്, കരമണ്ണ്.

[കളിമണ്ണിനു പശിമമണ്ണ് എന്നും പേരുണ്ട്. പാറകളിലുള്ള കല്ലിൻപൊടി വെള്ളത്തിൽക്കലക്കി ഒരു പാത്രത്തിൽ വെച്ച് ശുദ്ധജലം വിട്ടുകലർന്ന പല പ്രാവശ്യവും ഊററിയാൽ ഒടുവിൽ നിറഭേദംകൂടാതെ ശുദ്ധജലമായിത്തീരും. അപ്പോൾ പാത്രത്തിന്റെ അടിയിൽ കടുപ്പമുള്ള തരികൾ കാണാം. ഇതിനു മണൽ എന്നു പറയുന്നു. കലക്കിയ വെള്ളം ഒഴിച്ചുസ്ഥലത്തു ചെളിപോലെ പശിമയായി മൃദുവായിക്കാണുന്നതു കളിമണ്ണ് അല്ലെങ്കിൽ പശിമമണ്ണ് എന്നറിക. ഇപ്രകാരം കളിയും മണലുമായി ഒരു പാറയിൽ രണ്ടുസാധനങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ചില പാറകളിൽനിന്നു മണൽ മാത്രവും ചിലതിൽനിന്നു കളിമാത്രവും കിട്ടുന്നു. കളിമണ്ണ്-ഇതിൽ ശീതക്കാരം ഉള്ളതിനാൽ നല്ല ഉരമാണ്. എന്നാൽ എല്ലാ നിലങ്ങളിലും കളിമണ്ണു നിമിത്തം മണൽപ്രദേശങ്ങളിലെ ... മാത്രമെ ഉപയോഗപ്പെടുന്നുള്ളു-കൃഷിശാസ്ത്രം.]

കളിമ്പം-കളി, പൈതങ്ങളുടേയും മററും നേരമ്പോക്ക്, വിനോദം.

കളിമ്പ്-കൂട്ടപാത്രങ്ങളിലും മററും ഉണ്ടാകുന്ന ക്ലാവ്.

കളിയടയ്ക്കാ-കളി പുരട്ടിയുണക്കിയ പാക്ക്.

കളിയാടുക-കളിക്കുക.

കളിയാട്ട്-ചില ദിക്കിൽ ചില ദൈവങ്ങൾക്കായിട്ടു ചെയ്യുന്ന ഒരു കർമ്മം.

കളിയാട്ടം-കളിക്കുക, വിനോദിക്കുക.

കളിയിണക്കുക-കളിക്കുന്നതിനുമുൻകൂട്ടി പഠിച്ചു തയ്യാറാവുക.

കളിവട്ടം-കളിയുടെ മാതിരി.

കളിവള്ളം-കളിപ്പാൻ നല്ലതായ ഒരുമാതിരി വലിയ വഞ്ചി.

കളിവാക്ക്-നേരംപോക്കുപറക.

കളിറ്-കൊമ്പനാന. [പഴയ മലയാളം ഇപ്പോൾ നടപ്പില്ല.]

'മദകളിറതിൽ'
'മദകളിറീററീനത്തിൻ മുമ്പിൽ
പാരിളഞ്ചിങ്കംപോലെ'
(രാമചരിതം)

കളുകളു-അ. സാഹസമായിട്ട്, മുഴുവനും.
'മുലയും മൂക്കും കളുകളയരിഞ്ഞു'
(രാമചരിതം)

കളുക്ക്-ഉളുക്ക്.

കളുക്കുക-ഉളുക്കുക.

കളേബരം-ശരീരം.

[ഇവിടെ കളശബ്ദത്തിന്നു ശുക്ലം എന്നും അവ്യക്തമായി മധുരമായിരിക്കുന്ന ശബ്ദം എന്നും അർത്ഥം. പുരുഷശരീരത്തെ പറയുന്ന സമയം ശുക്ലത്തിൽ ശ്രേഷ്ഠം, സ്ത്രീ ശരീരത്തെയാണു പറയുന്നതെങ്കിൽ സംഗീതാദിശബ്ദമാധുര്യത്തിൽ ശ്രേഷ്ഠം. വബയോരഭേദം എന്നതനുസരിച്ചു കളേബരം-കളേവരം]

'കളേബരം മൂത്രപുരീഷഭാജനം'
(ഭർതൃഹരി)

കൾക്കുക-മോഷ്ടിക്കുക.

കൾക്കുടിയൻ-മദ്യപാനി, കള്ളുകുടിക്കുന്നവൻ.

കൾഫലം-കമ്പിളിമരം.

കൾ, കള്ള്-തെങ്ങ്, പന മുതലായവയുടെ കുലകളെ തല്ലി ചെത്തി താളി തേച്ചു കിട്ടുന്ന മധു. [ഇതിനെ പുളിപ്പിച്ചു വാററിയാൽ ചാരായമായിത്തീരുന്നു.]

കള്ള-വി. മോഷ്ടിക്കുന്ന, വ്യാജംപറയുന്ന.

കള്ളക്കമ്മിട്ടം-വ്യാജമുള്ള നാണയം.

കള്ളക്കരണം-വ്യാജമായിട്ടുണ്ടാക്കിയ ആധാരം.

കള്ളക്കാട്ട്-വളരെകള്ളം.

കള്ളക്കററി-കടം വാങ്ങിച്ചാൽ കൊടുക്കാത്തവൻ.

കള്ളക്കേട്-കള്ളന്മാരുടെ ബാധ, കള്ളന്മാരിൽ നിന്നുണ്ടാകുന്ന ഉപദ്രവം.

കള്ളക്കോൽ-വ്യാജമുള്ള വെള്ളിക്കോൽ.

കള്ളച്ചക്രം-വ്യാജച്ചക്രം.

കള്ളച്ചരക്ക്-സർക്കാരിനു തീരുവ കൊടുക്കാതെ കൊണ്ടുവന്നു വില്ക്കുന്ന ചരക്ക്.

കള്ളച്ചൂത്-വ്യാജമായി പ്രയോഗിക്കുന്ന ചൂത്.

കള്ളത്തരം-വ്യാജമുള്ള സ്വഭാവം, വഞ്ചന.

കള്ളത്താക്കോൽ-മറുതാക്കോൽ.

കള്ളത്താലി-ഒരുവൻ ഒരു കന്യകയെ വേളികഴിക്കുന്നതിനു താൽപര്യപ്പെടുകയും അവളും അവളുടെ ശേഷക്കാരും സമ്മതിക്കാതെയിരിക്കയും ചെയ്താൽ ശേഷക്കാരറിയാതെ അവൻ ആ കന്യകയെ പിടിച്ചു ബലാല്ക്കാരമായിട്ടു കെട്ടുന്ന താലി.

കള്ളത്തി, കള്ളി-കക്കുന്നവൾ, മോഷണം ചെയ്യുന്നവൾ.

കള്ളത്തിരിപ്പ്-ഉപായംകൊണ്ടു പിടിക്കുക.

കള്ളന്ത്രാണം-പ്ര. ക[illegible]ശലം, ഉ. മടി.

കള്ളൻ-മോഷണംചെയ്യുന്നവൻ, കക്കുന്നവൻ. [സ്ത്രീലിംഗം-കള്ളി]. പര്യായങ്ങൾ-ചോരൻ, ഐകാഗാരികൻ, സ്തേനൻ, ദസ്യു, തസ്കരൻ, മോഷകൻ, പ്രതിരോധി, പരാസ്കന്ദി, പാടച്ചരൻ, മലിമ്ലുചൻ.

കള്ളപ്പടക-വഞ്ചി, കടൽക്കള്ളന്മാരുടെ വഞ്ചി.

കള്ളപ്പം-ഒരു പലഹാരം.

കള്ളപ്പൂട്ട്-തുറക്കുന്നതിനു പ്രയാസമുള്ള പൂട്ട്.

കള്ളം-വ്യാജം. വ. മോഷണം. ന. മടി.

കള്ളർകാററിപ്പക്ഷി-തീക്കോഴി, കള്ളക്കോഴി. പര്യായം-കോഷ്ഠി (കം).

[ഇതിൻെറ മാംസം കഫപിത്തങ്ങളെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. മൂത്രത്തെ തടുക്കും. മലത്തെ കുറക്കും. ഇതിൻെറ കാല്യ നീണ്ടിരിക്കും ]

കള്ളാടി-അടിമക്കാരുടെ ഒരു വംശം.

കള്ളി-ഫ. കക്കുന്നവൾ [പു-ം, കള്ളൻ] വ. മടിയുള്ളവൾ. ന. ദേഹം പൊള്ളിക്കുന്നതായ കറയുള്ള ഒരു വൃക്ഷം, ഇലക്കള്ളിമരം, കള്ളിപ്പാല, ചതുരക്കള്ളി മുതലായവ. ര. വള്ളത്തിൻെറ മണിക്കാലുകൾക്കിടയിലുള്ള സ്ഥലം. ഉ. വംശം, ഭാഗം. ഊ. അണിനിര.

[കള്ളി-ചതുരക്കള്ളി, എരിക്കള്ളി, ഇലക്കള്ളി, പയററങ്ങക്കള്ളി, തിരുവുകള്ളി, നാഗപടക്കള്ളി ഇങ്ങിനെ പല വിധത്തിലുണ്ട്. കള്ളിയിൽ പ്രധാനം ചതുരക്കള്ളിയും ഇലക്കള്ളിയും ആണ്. ഇവററിൻെറ പൊതുവായ ഗുണം അർസ്സ്, പ്ലീഹ, ഉദരം, ഗുന്മം ഇവയെ നശിപ്പിക്കയാണ്. വാതത്തിനും കൊള്ളാം. വിരേചനകരമാണ്]

കള്ളിപ്പാല-ദേഹം പൊള്ളിക്കുന്നതായ കറയുള്ള ഒരു വൃക്ഷം.

കള്ളിമുള്ളൻ-ഫ. ഒരു വക മുള്ളൻപന്നി. വ. ഒരു വക ചീത്ത മസൂരിദീനം.

കള്ളുകട-മദ്യം വില്ക്കുന്ന സ്ഥലം.

കഴ-(ധാതു)കഴപ്പുതോന്നുക.

കഴ-ഫ. വണ്ണം കുറഞ്ഞും നീളം കൂടിയുമുള്ള ഒരു മരത്തിരി തടി, ഈറ. വ. വള്ളം ഊന്നുന്ന കമ്പ്.

കഴകക്കാരൻ-ക്ഷേത്രത്തിൽ പരിചാരകപ്രവൃത്തി ചെയ്യുന്നവൻ.

കഴകത്തു-ഫ. നന്മ വ. പുഷ്ടി.

കഴകം-ഫ. ക്ഷേത്രത്തിലെ പരിചാരകപ്രവൃത്തി

[ആര്യബ്രാഹ്മണൻ കലിവർഷം രണ്ടായിരത്തി അഞ്ഞൂററിനിപ്പുറം കേരളത്തെ പെരുഞ്ചെല്ലൂർ, പയ്യന്നൂർ, പാഴ്പ്പൂർ, ചെങ്ങന്നൂർ എന്നു നാലായി ഭാഗിച്ചു രാജ്യഭാരം നടത്തി. അവയിൽ ഓരോ ഭാഗത്തിനും 'കഴകം' എന്നു പേർ.]

വ. കൂട്ടവിഭാഗം.

കഴകി-ഭഗവതി-[വേട്ടയിലുള്ള പേർ.]

കഴഞ്ചി, കഴച്ചി, കഴററി-ഒരു പച്ച മരുന്ന്.

[ഇതിൻെറബീജം ശുക്ലത്തിനും ശല്യത്തിനും നന്ന്. ഉഷ്ണവും ശ്ലേഷ്മഘ്നവും കൃമിനാശനവുമാണ്. ഇതു പിത്തം, കഫം, രക്തദോഷം, വീക്കം, വയറടപ്പ്, ശൂലം, രക്താർശ്ശസ്സ, പ്രമേഹം, വ്രണം, കുഷ്ഠം, ഛർദ്ദി, കൃമി ഇവയെ നശിപ്പിക്കും. കഴഞ്ചിക്കുരുവിനും വേരിനും ഉള്ള ഗുണവും മേൽപ്രകാരംതന്നെ. ഉള്ളിപ്പനിക്കു വളരെ ഉത്തമം. ഇതിൻെറ ഇല വാതം, കഫം, കൃമി, അശ്രുശൂല ഇവയെശമിപ്പിക്കും. ഇതിൻെറ വേരിന്മേൽ തൊലി ഉള്ളപ്പനിക്കും പിന്നീടുള്ള ക്ഷീണത്തിനും നന്ന്. കഴഞ്ചി മുള്ളുള്ള വള്ളിയാണ്. കായുടെ പുറത്തും മുള്ളുകാണും. ഇംഗ്ലീഷിൽ ( andicut ) ബോൺഡക്നട്. തമിഴിൽ-കഴർച്ചി. സംസ്കൃതത്തിൽ-ലതാകരഞ്ജം.]

കഴഞ്ച്-പന്ത്രണ്ടു കുന്നിക്കുരുത്തൂക്കം.

കഴഞ്ചുകോൽ, കഴഞ്ചി കോൽ-കഴഞ്ചറിവാൻ തൂക്കുന്ന കോൽ.

കഴണ്ടി, കഷണ്ടി-തലയിലെ രോമം പൊഴിഞ്ഞുള്ള സ്ഥിതി.

കഴനായ്-കഴുതായ്.

കഴനി-ഫ. വയൽ, കണ്ടം. വ. പാഴ്നിലം.

കഴനെററി-വലിയനെററി.

കഴം-ഫ. ആഴം, കയം. ഉ-ം, നടുകഴം. വ. ജലാശയം.

കഴമ-ഒരുമാതിരി നെല്ല്. [കളമ നോക്ക]

കഴപ്പ്, കഴയ്വു-ഫ. കഴയ്ക്കുക, അധികം വേലചെയ്താൽ കൈയ്ക്കും മററും ഉണ്ടാകുന്ന ഒരുമാതിരി വേദന. വ. സന്ധി. കാളറ (തീക്കൊയ്യു്) ദീനത്തിൽ കഴപ്പുകാം ഉരുണ്ടുരുണ്ടു കേറും.

കഴമ്പ്-ഫ. പഴങ്ങളുടെ അകത്തുള്ള ദശ. വ. ചില സസ്യങ്ങളുടെ തണ്ട്. ന. സാരമായ ഭാഗം. 'കളുംബം' എന്നതാണ് 'കഴമ്പ്' എന്നായതു്.

കഴയ്ക്കുക-സാമാന്യത്തിലധികം വേദനയുണ്ടാവുക.

കഴല, കഴലപ്പാട്ട്-ഫ. നാഭിയുടെ രണ്ടുവശവുമുള്ള സ്ഥലം, ഒട്ടക്. വ. പായുകടിച്ചാലുംമററുമുണ്ടാകുന്ന വേദന.

കഴലി-കഴലൊട്ട (പാദത്തൊട്ട) കൂടിയവാം.

കഴലിണ-കാൽച്ചുവട്ട രണ്ടും.

കഴലുക-അടരുക. [സ. ക്രി. കഴറുക.]

കഴൽ-ഫ. കാൽച്ചുവട്ട്, പാദം. വ. അഴ വാതൽ.

കഴവത്താക്കുക-നല്ലതായ്തീരുക.

കഴർ-കയർ.

കഴറുക-കത്തിയടക്കുക.

കഴറുപാര-കത്തിയടക്കുന്ന പാര.

കഴാ-ഫ. കണ്ടത്തിൽ വെള്ളംകടത്തുന്ന മുയ്യ്. വ. വേലിപ്പഴ.

കഴി-ഫ. ചെളി. വ. ഈമ്പാമൈക്കയ്. ന. നരകക്കുഴി. ൪ മച്ചുപലകയുടെ അടിയിൽ തുലാത്തിന്മേൽ പണിയുവെയ്ക്കുന്ന മരം. ൫. ഉപ്പിന്റെ അഴക്ക്. ൬. വെട്ടിയപ്പു്, കാത്.

കഴിക്കുക-ഫ. നിവൎത്തിക്കുക, സാധിക്കുക വ. പ്രവൎത്തിക്കുക. ന. കണക്കിൽ കാഴ്ക്കുക. ൪. തിന്നുക. ൫. അവസാനിപ്പിക്കുക. ൬. ദിവസവൃത്തിചെയ്യുക. ൭. കൊല്ലുക. ൮. ലോഹങ്ങളുടെ കറ കളയുക.

കഴിച്ചിൽ-ദിവസവൃത്തി, ഉപജീവനം.

കഴിഞ്ഞ-അവസാനിച്ച, തീൎന്ന,പോയ.

കഴിനാ-ഒരു ജലജന്തു.

കഴിപ്പ്-വി. ചീത്തതിരിഞ്ഞുതള്ളപ്പെട്ട.

കഴിമുത്തങ്ങാ-ഒരു പച്ചമരുന്ന്. പൎയ്യായങ്ങൾ-കടന്നടം, ഭാരപുരം, വാനേയം, പരിപേലവം, പ്ലവം, ഗോപുരം, ഗോനൎദ്ദം, കൈവൎത്തീമുസ്തകം.

[തമിഴിൽ 'പെരുമുത്തക്ക' എന്ന പേർ കാണുന്നു. ഇതു കഫം, പിത്തം, രക്തദോഷം, വിസൎപ്പം, ചൊറി, വിഷം, കുഷ്ഠം, സൎവ്വാംഗസന്താപം, ആമശൂലം ഇവയെ ശമിപ്പിക്കും. മേധയ്ക്കു ഹിതകരമാകുന്നു. ഇതു രൂക്ഷവും ഗ്രാഹിയും ഹിമവും ഗുരുവുമാണ്. നിറത്തെ നന്നാക്കും. സംസ്കൃതത്തിൽ കൈവൎത്തീ, മുസ്തകം.]

കഴിയുക-ഫ. അവസാനിക്കുക. വ. ചാവുക. ന. ശേഷിയുണ്ടാവുക.

കഴിവ്-ഫ. നിവാഹം. വ. പ്രാപ്തി. ന. നിവൃത്തി.

കഴു-കഴുവേററുന്ന മരം.

കഴുകൻ, കഴുവൻ, കഴുക്, കഴുവു്, കഴു-ഒരു വലിയപക്ഷി. പൎയ്യായങ്ങൾ-ദാക്ഷായ്യം, ഗൃധ്രം.

[ഇതിന്റെ കൊക്ക, ചുട്ട ഭസ്മം കണ്ണിലെ തിമിരത്തിന് ഉത്തമം. കഴുകൻകാക്ക വിഷത്തിന നന്ന്. ഇതിന്റെ മാംസം പഴകിയ അൎശസ്സ്, വാതം, ക്ഷതം, ക്ഷയം, ഉന്മാദം, ഗ്രഹ്യരോഗം, വിശേഷാൽ നേത്രരോഗം ഇവയെ ശമിപ്പിക്കും. അഗ്നിബലം, ആയുസ്സ്, മാംസം ഇവയെ വൎദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തു കളയും.]

കഴുകാൽ-ജലംകൊണ്ടു ശുദ്ധിചെയ്യു.

കഴുകുക-ജലംകൊണ്ടു ശുദ്ധിചെയ്യുക.

കഴുക്കളം-കഴുവേററുന്ന സ്ഥലം.

കഴുക്കോൽ-ം. മേഞ്ഞായത്തിലും ഉത്തരത്തിലും കുട്ടിച്ചേൎത്തു പണിയുന്ന മരം. ൨. വള്ളം ഊന്നുന്നതിനുള്ള മുളക്കോൽ.

കഴുങ്ങു, കഴുങ്ങൻ, കവുങ്ങു്, കമുങ്ങു്-അടയ്ക്കാമരം

കഴുത-ഏകദേശം കുതിരയെപ്പോലെയുള്ള ഒരു മൃഗം. പൎയ്യായങ്ങൾ-ചക്രീവാൻ, ബാലേയം, രാസഭം, ഖരം, ഗൎദ്ദഭം.

[കാട്ടുകഴുതയുടെ മാംസം ഇതിനെക്കാൾ ശ്രേഷ്ഠമാണു്. കഴുതപ്പല്ലു കണ്ണിനു നന്നു്. കഴുതനെയ്യു-വിശേഷാൽ വാതത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. അഗ്നിവൎദ്ധനമാണു്. കഴുതനെയ്യു്-വിശേഷാൽ കഫത്തെ വൎദ്ധിപ്പിക്കും. മൂത്രദോഷത്തെ നശിപ്പിക്കും. അഗ്നിയേയും ബലത്തെയും അധികമാക്കും. കഴുതപ്പാലു-വിശേഷാൽ വാതത്തെയും വായു മുട്ടലിനെയും ശമിപ്പിക്കും. ബലത്തെയും അഗ്നിയേയും അധികമാക്കും. ബുദ്ധിയെ കുറയ്ക്കും. കഴുതമൂത്രം-വിശേഷാൽ വാതം, വ്രണം, കഫം, കുഷ്ഠം, കൂട്ടുവിഷം, ചിരങ്ങു്, ഉന്മാദം, കൃമി, ഛൎദ്ദി, ഗ്രഹണി, വിറയൽ, പ്രമേഹം, ഗ്രഹപീഡ, അപസ്മാരം, ഭൂതാവേശം ഇവയെ ശമിപ്പിക്കും. അഗ്നിയെ വൎദ്ധിപ്പിക്കും. ആൺമൂത്രം നന്നു്.]

കഴുതപ്പടവലം-പാണ്ടിപ്പടവലം.

[ഇതു മധുരവും കഫപിത്തഹരവുമാണു്.]

കഴുതാക്കോൽ- താഴിനകത്തിട്ടപ്പോൾ എടുപ്പാൻവയ്യാതെ വരുന്ന താക്കോൽ.

കഴുത്താരം-കഴുത്തിൽകെട്ടു്.

കഴുത്തില-സ്ത്രീകൾ കഴുത്തിൽ കെട്ടുന്ന ആഭരണം.

കഴുത്തു്-ം. ഉടലും തലയും കൂടുന്ന സ്ഥലം. പൎയ്യായങ്ങൾ-ഗ്രീവാ, ശിരോധി. കന്ധരാ. ൨. വള്ളിയുടെയും മററും തല.

[കണ്ഠം, ഗളം-ഇവ ൨-ം, കഴുത്തിൽ മേലെഭാഗത്തിന്റെ പേർ.]

കഴുനാ-ഒരു ജലജന്തു, കഴിനാ, നീർനാ.

കഴുന്നു-ം. അമ്പു്. ൨. വില്ലിൽ ഞാൺ കെട്ടുന്നസ്ഥലം.

കഴുപ്പിശാചു-ഒരു ശകാര വാക്കു്, കഴുവേറി.

കഴുമുടം-ഒരു വൃക്ഷം.

കഴുവൻ-കഴുകൻപക്ഷി. [കഴുകൻ എന്നതു നോക്കുക.]

കഴുവിരൽ-നടുവിലുള്ള വിരൽ.

കഴുവേറി-ഒരു ശകാര വാക്കു്.

കഴുവേറുക-കഴുവിൽ കേറുക. [സ. ക്രി. കഴുവേററുക]

കറ-ം. വൃക്ഷങ്ങളുടെ പശ ൨. സ്ത്രീകൾക്കു ഋതുകാലത്തിലുണ്ടാകുന്ന രക്തം. ൩. വാഴക്കാ മുതലായതിന്റെ വെള്ളം. ൪. ചെളി, അഴുക്കു്. ൫. കറുപ്പുനിറം. ൬. തുരുമ്പു്. ൭. കളങ്കം. ൮. വിഷം. ൯. കുററം.

കറകണ്ഠൻ-ശിവൻ.

കറകണ്ഠം-മയിൽപ്പാമ്പിന്റെ കഴുത്തിലും തലയിലുമുള്ള കറുത്ത അടയാളം.

കറക്കുക-ം. പശുവിന്റെയും മററും മുലയിൽ നിന്നു പാലു വലിച്ചെടുക്കുക [സ. ക്രി. കറപ്പിക്കുക.] ൨. ചുററിക്കുക.

കറങ്ങൽ-ം. തലതിരിച്ചിൽ. ൨. ചുററിക്കൽ.

കറങ്ങുക-ം. വട്ടത്തിൽ തിരിയുക ൨. തലതിരിയുക, ചില ദീനംകൊണ്ടും മററും തലയ്ക്കു സുഖക്കേടുണ്ടായിട്ടു ചുററുമുള്ള പ്രദേശങ്ങൾ തിരിയുന്ന പ്രകാരം തോന്നുക.

കറത്തുണി-അഴുക്കുമായ തുണി, ചീത്തത്തുണി.

കറപ്പിരിക്കുക-മാമരൊഴിച്ച വാഴക്കായുടെ കറ കളയുക.

കറവ-പശുവിനേയും മറവും കറക്കുക.

കറവാച്ച്-ം. വൃക്ഷങ്ങളിൽ നിന്ന കറ ഒഴുകുക വ. സ്ത്രീകൾക്കുണ്ടാകുന്ന ഒരു ദീനം; രക്തമൊഴിവ്, രക്തസ്രാവം.

കറവാലുക-കറയൊഴുകുക.

കറവുകാണം, കറവക്കാണം-കാപ്പാനായിട്ട വാങ്ങിക്കുന്ന പശുവിൻെറയും മറവം ഉടയക്കാരന കൊടുക്കുന്ന ദ്രവ്യം.

കറാടി-ബ്രാഹ്മണരിൽ ഒരു ജാതിക്കാരൻ, കരകാടി എന്നുമുണ്ട്.

കറാമത്ത്-ഔദാര്യം. [അറബിഭാഷ.]

കറാൽ-കണിശം; ധൈര്യം. [കറാർ-അറബിഭാഷ.]

കറി-ചോറിൻെറ കൂടെ കൂട്ടി ഭക്ഷിക്കുന്നതിനുള്ള സാധനങ്ങൾ, കൂട്ടാൻ.

കറിക്കത്തി-കറി സാമാനങ്ങൾ നറുക്കുന്നതിനുള്ള ഒരു മാതിരി പിച്ചാത്തി.

കറിക്കാ-ം. കറിയുണ്ടാക്കുന്നതിനുള്ള വാഴക്കാ. വ. സാമാന്യം മൂത്ത വാഴക്കാ.

കറിക്കാൽ-മൂന്ന കാലുള്ള ഒരു മാതിരി ചെറിയ മേശ.

കറിക്കൊടി-ഒരുവക വള്ളി.

കറിക്കൊഴുപ്പ-ഒരുമാതിരി ചീര.

കറിക്കോപ്പ്-കറിക്കുള്ള സാമാനം.

കറിച്ചുണ്ട-ഒരുവക ചുണ്ട, പടർചുണ്ട.

[നമസ്കാരി, ഗന്ധകാളി, സമംഗാ, ഖദിരാ-ഇവ ൪-ം കറിച്ചുണ്ടയുടെ പേർ എന്ന ബാലപ്രിയ. മുക്കുറ്റിയുടെ പേർ എന്ന് ഔഷധി നിഘണ്ടു വാളച്ചുണ്ടയുടെ പേർ എന്ന തമിഴ് വ്യാഖ്യാനം. ഇതു മുള്ളുള്ളതാണ്. ഇലകൾ ചുണ്ടിരിക്കും. മുൻപറഞ്ഞ ൪ ശബ്ദത്തിനും മുക്കുറ്റി എന്ന അർത്ഥത്തിലാണ പ്രസിദ്ധി.]

കറിമുഞ്ഞ-ഒരു മരം.

കറിയുപ്പ്-കറിയിലും മറവും ചേർക്കുന്ന ഉപ്പ്.

[പാകത്തിൽ സ്വാദുരസം. ഗുരുവും, ശ്ലേഷ്മവർദ്ധനവും സ്നിഗ്ദ്ധവും കടുവും ക്ഷാരവുമാണ്. [ഇതിൻെറ ഭസ്മം-പാർശ്വവായു, ശൂല, മഹോദരം, നീർക്കെട്ടം ഇവയ്ക്കുപയോഗം.]

കറിവേപ്പില-കറിവേപ്പിൻെറ ഇല, കറിയിൽ ഇടുന്നതിനുള്ള ഇല.

[ഇതു കണ്ണിന്നു നന്ന്. രുചിക്കുകൊള്ളും. ദീപനവും ബുദ്ധിവർദ്ധനവുമാണ്. മേദസ്സ്, കൃമി, ജ്വരം ഇവയെ നശിപ്പിക്കും.]

കറിവേപ്പ്-കറിക്കുപകരിപ്പാൻ തക്കതായ ഇലയുണ്ടാകുന്ന ഒരു വൃക്ഷം, കരിവേപ്പ്.

കറിശ്ശൂല-കീഴ്വയറ്റിൽ വാഴക്കാ പോലെ ഉണ്ടാകുന്ന ഒരു ദീനം.

കറു-വി. കരു.

കറുക-ഒരുവക ചെറിയ പുല്ല്. അറുകൻ പുല്ല്. [തമിഴിൽ-അറുക] പര്യായങ്ങൾ-ദൂർവാ, ശതപർവ്വികാ, സഹസ്രവീര്യം, ഭാർഗ്ഗവി, രുഹാ, അനന്താ

[ഇതു മേദോഹരമാണ്. കണ്ഡൂപിടകം, ശോഫം കാമില ഇവയ്ക്കു നന്ന്. വെളുത്തകറുക വീഴ്ചയിൽ ഹിമം, വിസർപ്പം, ജ്വരം, വിഷം ഇവയെ നശിപ്പിക്കും. പിത്തകരമാണ്. രക്തപ്രസാദനിയാകുന്ന വീഴ്ചയിൽ ഹിമം]

കറുകനമ്പിടി-ശൂദ്രരുടെ ശ്രാദ്ധമുണ്ണുന്ന ഒരുവക താണതരം ബ്രാഹ്മണൻ.

കറുകപ്പുഴ-കുറ്റിപ്പുറത്തിനും പാട്ടാമ്പിക്കും മദ്ധ്യേയുള്ള ഒരു നദി. [കല്പടിക്കോടൻ എന്നതു നോക്കുക]

കറുകറെ-അ. ക്രി. ഏററവും കറുത്ത്, ഇരുണ്ട്. വ. ക്രൂരമായിട്ട്.

കറുക്കനേ-അ. ഏററവും കറുത്ത.

കറുക്കൻവെള്ളി-കറയുള്ളവെള്ളി. ചീത്തവെള്ളി.

കറുക്കുക-ക്രി കറുത്തതായിത്തീരുക, ഇരു ളുക. [കാ. ക്രി. കറുപ്പിക്കുക.] ഉ. ദേ ഷ്യപ്പെടുക.

കറുത്ത-വി. കരിക്കട്ടപോലെ നിറമായ, ഇരുണ്ടതായ.

കറുത്തഅരക്ക-കോലരക്ക.

കറുത്തചാര-ഒരുമാതിരി കറുത്ത നെല്ല്.

കറുത്തന്നാലി-മസൂരി പതിനെട്ടിൽഒന്ന് [ഇതു അസ്ഥിമേൽനിന്ന് ഉത്ഭവി ക്കുന്നു. കരുവു വന്നാറച്ചാൽ ജ്വരം വിട്ടു പോകും. പന്ത്രണ്ടുദിവസം കഴികെ പ്ര യത്നസാദ്ധ്യമെന്നു ശാസ്ത്രം]

കറുത്തപായിപ്പയർ-കറുത്ത ചെറുപ യർ.

കറുത്തഭാവം-കോപിച്ച ഭാവം.

കറുത്തവാവ്-അമാവാസ്യം. പര്യായ ങ്ങൾ-അമാവാസ്യ, അമാവസ്യ, ദർശം, സൂര്യേന്ദുസംഗമം.

കറുത്തീയം-കറുത്ത ഈയം, കാരീയം. [കരിവങ്കം എന്നു പറയും]

കറുത്തുപ്പ്-കറുത്ത ഉപ്പ്, കാരുപ്പ്.

കറുന്നനേ-അ. ഏററവും കറുത്ത്.

കറുപ്പൻ-ന കറുത്തവൻ, കറുമ്പൻ ഉ. ഒരു പിശാചു

കറുപ്പ്-ന. ലഹരിയുള്ള ഒരൌഷധം [ഇതിനെ അവിയൻ (അഫിൻ) എ ന്നും പറയും. ഉഷ്ണവീര്യമാണ്. പിത്ത ത്തെ ഉണ്ടാക്കും ബുദ്ധിയെ മറപ്പിക്കും. കഫം, ഗ്രന്ഥവായു, വ്രണം ഇവയ്ക്കു സേ വിച്ചാൽ നന്ന്. വാതത്തിനും നീരി ന്നും കൊള്ളാം. മൂത്രം തടഞ്ഞാൽ ഗുദ ദ്വാരത്തിൽ തേച്ചാൽ ഗുണമാണ്. ക ണ്ണിനു ഹിതം. മലത്തെ ചെയ്യും മറക്ക ത്തെ ഉണ്ടാക്കും. ഇതു പ്രായബലം അറി ഞ്ഞേ കൊടുക്കാവൂ ]

ഉ. കറുത്ത നിറം.

കറുപ്പുമാറ്-തലയിൽ കെട്ടുന്നതിനുള്ള ഒരു മാതിരി കറുത്ത ശീല.

കറുമുറെ-അ. വറുത്ത വസ്തുക്കൾ കടിച്ചു തിന്നുമ്പോൾ ഉണ്ടാകുന്ന ശബ്ദംപോലെ.

കറുമ്പൻ-കറുത്തവൻ.

കറുമ്പി-കറുത്ത നിറമുള്ളവൾ.

കറുമ്പുക-പശുവെങ്കിലും പശുവിനെപ്പോ ലെങ്കിലും താഴത്തെ പല്ലുകൊണ്ടു ച വച്ചുതിന്നുക.

കറുവാ-ഒരു വൃക്ഷം, കറപ്പ, കറപ്പഎന്നും കാണുന്നു. [ഇലവങ്ങംഎന്നതുനോക്കുക]

കറുവാതൈലം-കറുവയിൽ നിന്നെടു ക്കുന്ന എണ്ണ.

കറുവാത്തൊലി,കറുവാപ്പട്ട-കറുവ മരത്തിൻെറ തൊലി.

കററ-വി. ഏററവും.

കററ-നെല്ലു മുതലായ ചില ധാന്യങ്ങൾ കൊയ്തുകെട്ടിയ കെട്ട്. ഉ. പുല്ലുകെട്ട്.

കററക്കളം-നെല്ലു കൊയ്തുകെട്ടിയ കെട്ടു കൾ വയ്ക്കുന്ന സ്ഥലം.

കററച്ചിടയൻ-ശിവൻ. കററജടയുള്ള വൻ എന്നർത്ഥം (കററച്ചടയോൻ എ ന്നുമാകാം).

'പററാതൊന്നിങ്ങിനെപറ്റുമെടചൊൽകിലും കററച്ചിടയൻതൻപാദത്തൊണ'

(കൃഷ്ണഗാഥ)

കററച്ചട, കററച്ചിട-കറുത്ത ജട.

കററടവ്-ചതിവ്, നേരുകേട്.

കററടിനായക-ഒരൌഷധം. [ഇതു വിഷത്തിനു നന്ന്. ബാലന്മാ രുടെ നീരിനെ ശമിപ്പിക്കും].

കററടിശം-ന. ചെറുകൊന്നി. ഉ. ഏക നായക ഭേദം.

കററൻപുലി-ഒരു മാതിരി ചെറിയപുലി

കററമി-അരി അവയ്ക്കുമ്പോൾ ഉരലിങ്കുഴി യിൽ വെളുക്കാതെ കിടക്കുന്ന അരി.

കററവാർകുഴലി-അധികം കറുത്തും തി ങ്ങിത്തിങ്ങിയുമുള്ള തലമുടിയോടു കൂടി യവൾ, സുന്ദരി.

**കററവാർകുഴൽ, കററക്കുഴൽ**-അധികം കറുത്തും തിങ്ങിത്തെരുങ്ങിയുമിരിക്കുന്ന തലമുടി.

**കററാണി**-ഉരലിന്റെ ചുവട്ടിൽ ഭാരത്തെ അടച്ചു പണിത മരം.

**കററാർവാഴ**-ഒരുമാതിരി പോളയായുള്ള പച്ചമരുന്ന്.

[ഇതിന്റെ വീര്യം ശീതമാണ്. കൃമിരോഗം, ഉഷ്ണമനേത്രരോഗം, മഹോദരം, ശൂല, ഗുന്മം, ഉദരം കുഷ്ഠം, വിഷം, കാസം ഇവയെനശിപ്പിക്കും. ഇതിന്റെ നീര വളരെ തണുപ്പുള്ളതാണ്. വാതപിത്തഹരവും ഗുരുവുമാകുന്നു. പൂവ് ശീതളവും വാതപിത്തമിത്രുമാണത്രെ.]

**കററു**-൧. കൌശലം. ൨. തക്കത്തരം പറയുന്ന ശീലം. ൩. ജ്ഞാനം.

**കററുകിടാവ്**-കള്ളക്കിടാവ്.

**കററുക്രൂലി**-൧. ഉഴവു ചെയ്യുന്നവനു കൊടുക്കുന്ന ശമ്പളം. ൨. കാളക്കിടാക്കളെ ശിക്ഷിക്കുന്നവനു കൊടുക്കുന്ന കൂലി.

**കററുകെട്ട്**-കയിതക്കെട്ട്.

**കററുവാനിക**-ഒരൌഷധം.

[ഋതു വികാരത്തിന് അത്യുത്തമം. ഇതിന്റെ ദന്തം ചോരകരപ്പനും ചൊറിചുവന്നും നന്ന്.]

**കററുനട**-ചതിവ്, കാററുവ്.

**കററുപുലി**-ഒരു മൃഗം.

[ഇതിന്റെ മാംസം വാതത്തെ ശമിപ്പിക്കും. കണ്ണിനു ഹിതമാണ്. ശുക്ലത്തെ അധികമാക്കും. മലമൂത്രങ്ങളെ പുറത്തു കളയും. ഗ്രഹണി, വായുമുട്ടൽ, ചുമ, പഴകിയ അർശസ്സ്, മെലിവ് ഇവയെ ശമിപ്പിക്കും. സംസ്കൃതത്തിൽ വൃക്ഷമാർജ്ജാരം].

**കററുവാണിഭം**-കള്ളക്കിടാക്കളെ കച്ചവടംചെയ്യൽ.

**കററുവാഴ**-കററാർവാഴ, തമിഴിൽ-കററാഴ്‌ൈ + വാഴ. [കററാർവാഴ എന്നതു നോക്കുക].

[വാതം, വിഷം, കഫം, കുഷ്ഠം, കൃമി, ജ്വരം, ഗുല്മം, പ്ലീഹ, വൃദ്ധി, യകൃൽപീഡ, നേത്രരോഗം, ഗ്രന്ഥി, അർശസ്സ്, തീപ്പൊള്ളിയ വ്രണം, മഹോദരം, ശൂലം, രക്തപിത്തം, വായുമുട്ടൽ, ചുമ, വിസ്ഫോടം, ത്വക്ദോഷം ഇവയെ ശമിപ്പിക്കും. ശുക്ലത്തെയും ബലത്തെയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. മലത്തെ ഇളക്കും. ജരാവ്യാധിയെ നശിപ്പിക്കും. ഇതിന്റെ പൂവ് ഗുരുവും ശീതവീര്യവുമാണ്. വാതം പിത്തം കൃമി ഇവയെ കളയും. ഇംഗ്ലീഷിൽ Barbadcesaloes ബാർബാഡോസ് ആലൊസ്. തമിഴിൽ കററാഴൈ. സംസ്കൃതത്തിൽ ഘൃതകുമാരി. കററവാഴയുടെ നിര്യാസംകൊണ്ടു ചെന്നിനായകം ഉണ്ടാക്കുന്നു.]

**കററുവിദ്യ**-ചതിവ്, കററുനട, തരവഴി.

---

## കാ

**കാ**—(ധാതു) സൂക്ഷിക്ക, രക്ഷിക്ക, പ്രതീക്ഷിക്ക.

**കാകകമ്പു**-കങ്കുട്ടം, ഒരുവക മലമണ്ണ്.

**കാകഗുണചതുഷ്ടയം**-ഗൂഢമായ മൈഥുനം, കാലാകാലസംഗ്രഹണം, ഉത്സാഹം, സാവധാനത്വം ഇവ നാലും.

**കാകവല്ലി**-വലിയ ഉഞ്ഞ്.

**കാകചിഞ്ചെ, കാകചിഞ്ചി** ചെമന്ന കുന്നി കാക്കയുടെ നിറത്തിലുള്ള കറുത്ത അഗ്രഭാഗമുള്ളതെന്നർത്ഥം. കുന്നിക്കുരുവിന്റെ അഗ്രഭാഗത്തിൽ ഒരു കറുപ്പുണ്ടല്ലൊ.

**കാകച്ഛദ(ദി)**-കരിങ്കുരികിൽ.

**കാകജംബു**-ഞാറവൊവൽ.

**കാകജാതം**-കുയിൽ

**കാകജംഘാ**-ഒരു പച്ചിലമരുന്ന്.

[കഫം, പിത്തം, വിഷമജ്വരം, രക്തദോഷം, കൃമി, ജീർണ്ണജ്വരം, വിഷം,

ധ്രണം, ബാധിര്യം, അജീൎണ്ണം, ചൊറി
കഷ്ഠം ഇവയെ ശമിപ്പിക്കും. ഇതു് ഒരു
കഫഘ്നദ്രവ്യമാകുന്നു. ഇതു് അധികവും
ഉണ്ടാകുന്നതു മലംശയങ്ങളുടെ അടുക്ക
ലുള്ള കാടുകളിലാണു്. ഇല നീണ്ടതും
പരുപരുത്തതുമാകുന്നു പൂവിന്റെ നിറം
നീലമാണു്. ചെവരുതായിരിക്കും. സംസ്കൃ
തത്തിൽ കാകജംഘാ].

കാകണ്ഡം–കാവടി.

കാകണകുഷ്ഠം–ഒരു കുഷ്ഠരോഗം.

[ഇതു കുന്നിക്കുരുപോലെ നടുവു കറു
ത്തും വക്കു ചെമന്നുമിരിക്കും. അല്ലാത്ത
പക്ഷം നടുവു ചെമന്നും വക്കു കറുത്തു
മിരിക്കും. അതിന്നു കഠിനവേദനയും പ
ഴുപ്പും ഭവിക്കും. എല്ലാ കുഷ്ഠങ്ങളുടെ ല
ക്ഷണങ്ങളും ഇതിൽ ഉണ്ടാകും. ഇതു സാ
ദ്ധ്യമല്ല].

കാകണന്തി, കാകണന്തികാ–ചെമ
ന്ന കുന്നി.

കാകണി–ചെമന്ന കുന്നി.

കാകതാലീയം–യദൃച്ഛാസംഭവം എന്ന
അൎത്ഥം വരുത്തുക ഒരു ന്യായത്തിന്റെ
പേർ.

കാകതിക്താ–ഫ. ചെമന്ന കുന്നി. വ.
വലിയ ഉങ്ങു്.

കാകതിന്ദുകം–കാക്കപ്പനച്ചി.

കാകതുണ്ഡക്രം–കാരകിൽ.

കാകതുണ്ഡഫലാ–വലിയ കാക്കത്തൊ
ണ്ടി.

കാകതുണ്ഡി, കാകതുണ്ഡികാ–ഫ.
വലിയ കാക്കത്തൊണ്ടി. വ. ചെമന്ന
കുന്നി.

കാകദന്തികാ–ചെറിയ കാക്കത്തൊണ്ടി.

കാകൻ–കാക്ക.

കാകനഖി–ചെമന്നകുന്നി.

കാകനന്തികാ–ചെമന്നകുന്നി.

കാകനാമാ–കൊക്കമന്താരം.

കാകനായകം–കാവതിക്കാക്ക.

കാകനാസം–വള്ളുകക്ക്.

കാകനാസാ–വലിയ കാക്കത്തൊണ്ടി.

കാകനാസികാ, കാകനാസാ–കാക
ജംഘ. ഇതിന്നു ഭാഷയിൽ വേറെ പേ
രില്ലെന്നു തോന്നുന്നു, കാക്കപ്പനച്ചി, കാ
ക്കത്തൊണ്ടി എന്നു പറയുന്നുണ്ടു്. കാ
ക്കക്കൊക്കുപോലെയുള്ള ഫലമുള്ളതെ
ന്നൎത്ഥം.

കാകനി–ഫ. നാഴിമലന്നു. വ. മഞ്ചാ
ടി. ത. കവടി.

കാകനീലാ–ഞാറ ഞാവൽ.

കാകകൎക്കടി–ചെറിയ ഈന്തു.

കാകകൎക്കടികാ–തേനീന്തു.

കാകപക്ഷം–ഫ. കുട്ടികളുടെവളൎത്തുമുടി,
ക്ഷൌരംചെയ്യുമ്പോൾ മുഴുവൻ ചെമ്പടി
യും കളയാതെ ഏതാനും നിറുത്തിയിരി
ക്കുന്നതു്, കുടുമ. കാക്കയുടെ ചിറകു
പോലെ കറുത്തിരിക്കുന്നതെന്നൎത്ഥം. വ.
ജനിക്കുമ്പോൾതന്നെ തലയിലുള്ള മുടി.
ത. കാക്കയുടെ ചിറകു്.

കാകപൎണ്ണി–കാട്ടുപയറു്.

കാകപാദം–വള്ളുകക്ക്.

കാകപാലകം–കക്കിടം.

കാകപീലു–ഫ. പനച്ചി. വ. ചെമന്ന
കുന്നി. ത. വെള്ളക്കുന്നി, ര്. ചെറി
യ കാക്കത്തൊണ്ടി.

കാകപീലുകം–കാക്കപ്പനിച്ചി. കാക്കയു
കാപ്പിപോലെ ഇഷ്ടമായിട്ടുള്ളതു് എന്ന
ൎത്ഥം.

കാകപീലുകാ–വെള്ളക്കുന്നി.

കാകപുച്ഛം–കുയിൽ.

കാകപുഷ്ടം–കുയിൽ.

കാകപ്രാണാ–വലിയ കാക്കത്തൊണ്ടി.

കാകഫലം–വേപ്പു്.

കാകഫലാ–ഞാറഞാവൽ.

കാകബീജകം–കാക്കപ്പനച്ചി.

കാകഭാണ്ഡി–ഫ. വലിയ ഉങ്ങു്. വ.
ചെറിയ കാക്കത്തൊണ്ടി.

കാകഭീരു–ഊമൻ, മൂങ്ങ.

കാകം-൧. കാക്ക. ൨. കാക്കക്കൂട്ടം. ൩. ഒരു ദ്വീപ്. ൪ ഒരു വൃക്ഷം.

കാകമൎദ്ദ(ക)ം-കാഞ്ഞിരം.

കാകമദ്ഗു-നീൎക്കാക്ക

കാകമാചി-മണിത്തക്കാളി. കരുന്തക്കാളി, കരുമുത്തിൾ ഇങ്ങിനെയും പറയുന്നു. കാക്കകളെ പുഷ്ടിക്കുന്നത് എന്നൎത്ഥം. [ഇതിന്റെ പഴം കാക്കകൾ ഭക്ഷിക്കുന്നു]

കാകമാതാ-മണിത്തക്കാളി.

കാകമുദ്ഗാ-കാട്ടുപയറ്. അല്പജലംകൊണ്ടു സന്തോഷിക്കുന്നതെന്നൎത്ഥം. [കാകം =ഇത്തിരിജലം].

കാകമുഷ്ടികം-വിഷമുഷ്ടി.

കാകരൂക-വി. നഗ്നമായ. ൨. ഭയമുള്ള.

കാകരുകൻ-സ്ത്രീയുടെ ചൊല്ക്കീഴിൽ നില്ക്കുന്ന ഭൎത്താവ്.

കാകരുഹാ-ഇത്തിക്കണ്ണി.

കാകക്രൂകം-ഊമൻ.

കാകലകം-കറുത്ത നവരനെല്ല്.

കാകലം-കാവതിക്കാക്ക.

കാകലീദ്രാക്ഷാ-കുന്നാം ചെറിയമുന്തിരി.

കാകവല്ലഭാ-ഞാറഞാവൽ.

കാകവൈരി-ഊമൻ.

കാകശിംബി-ചെറിയ കാക്കത്തൊണ്ടി.

കാകശീൎഷം-കൊക്കമന്ദാരം.

കാകസ്ത്രീ-കൊക്കമന്ദാരം.

കാകസ്ഫൂൎജ്ജം-കാക്കപ്പനച്ചി.

കാകളീ-൧. മധുരമായ സൂക്ഷ്മ ശബ്ദം. [ഈ ശബ്ദം മനുഷ്യകണ്ഠംകൊണ്ടു ഉച്ചരിപ്പാൻ പ്രയാസമാണ്].

'ചീചൊല്ലാനപികശളശൽകാകളീരവര
(ബാണയുദ്ധം കഥകളി) [ശ്ലോ'

൨. ഒരു കിളിപ്പാട്ടുവൃത്തം.

'മാത്രയഞ്ചക്ഷരംമൂന്നിൽ
വരുന്നോരു ഗണങ്ങളെ
എട്ടുചേൎത്തുള്ളീരടിക്കു
ചൊല്ലും കാകളിയെന്നുപേർ'
(വൃത്തമഞ്ജരി)

ഉ-ം 'ശാരികപ്പൈതലേ ചാരുശീലവതി
കാരുണ്യമോലുന്ന കഥാശേഷവും ചൊല്ലുനീ'
(ഭാരതം)

൩. ഒരു തുള്ളപ്പാട്ടുവൃത്തം. ശീതങ്കനിൽ പ്രയോഗം

ഉ-ം 'കല്യാണശീലനാംകാലാരിദേവനും
കല്യാണിയായുള്ള പാൎവ്വതീദേവിയും'
(ഹനുമദുത്ഭവം)

(ഇതു കിളിപ്പാട്ടിൽ പറഞ്ഞ കാകളിവൃത്തം തന്നെ. ഉദാഹരണം നോക്കുക).

കാകളീരവം-കുയിൽ.

കാകാ-൧. കാകജംഘ. ൨. വലിയ കാക്കത്തൊണ്ടി. ൩. കാകോളി. ൪. ചെമന്ന കുന്നി. ൫. മണിത്തക്കാളി. ൬. കാട്ടത്തി.

കാകാക്ഷിന്യായം-ഒരു കാൎയ്യത്തിൽ ഉത്സാഹമിരിക്ക.

[കാക്കയ്ക്കു രണ്ടുകണ്ണിനും കൂടി ദൃഷ്ടി ഒന്നേയുള്ളൂ. അതിനെ ആവശ്യംപോലെ ഓരോ പുറത്തെ ചക്ഷുൎഗ്ഗോളത്തിലേക്കും ചെലുത്തുന്നു. ഒരു പുറം കാണുമ്പോൾ മറ്റേപ്പുറം കാണില്ല. അപ്രകാരം ഒരു വസ്തു ആവശ്യംപോലെ മറ്റു രണ്ടു പദാൎത്ഥങ്ങളിലും ചേരുന്നുവെന്നു കാണിക്കുന്നതിൽ ഈ ന്യായം പ്രവൎത്തിക്കുന്നു. മദ്ധ്യമണിന്യായം രണ്ടുപുറത്തുള്ളതിനോടും ഒരു സമയത്തുതന്നെ ചേരുന്ന സമ്പ്രദായമാണ്. പ്രകൃതന്യായപ്രകാരം ഒരു പുറത്തുള്ളതിനോടു ചേരുമ്പോൾ മറുപുറത്തുള്ളതിനോടു ചേരുന്നില്ല. ഇതാണു ഭേദം.]

കാകാംഗി-൧. കാകജംഘ. കാക്കക്കാലുപോലെയുള്ള ഫലമുള്ളതു്. (കാകനാസിക നോക്കുക.)

കാകാണ്ഡം-൧. കാക്കപ്പനച്ചി. ൨. വലിയ വേപ്പ്.

കാകാണ്ഡാ-ചണ്ണിപ്പയറ്.

കാകാണ്ഡി-൧. ചണ്ണിപ്പയറ്. ൨. വലിയ വാലുഴവം.

കാകാണ്ഡോലാ-ചണ്ടിപ്പയറ്.

കാകാദനി-൧. ചെറിയ കാക്കത്തൊണ്ടി. ൨. ചെമന്ന കന്നി. ൩. വെളുത്തകന്നി.

കാകാമ്രം-മഞ്ഞമന്ദാരി.

കാകാരി-മൂങ്ങ.

കാകാലൻ-കാവതിക്കാക്ക.

കാകാഹ്വാ-൧. കാകജംഘാ. ൨. വലിയ കാക്കത്തൊണ്ടി. ൩. മണിത്തക്കാളി.

കാകി-൧. തുവരപ്പയറ്. ൨. കാക്കപ്പെട ൩. കാകകോളി. ൪. വലിയ കാക്കത്തൊണ്ടി.

കാകിണി, കാകിനി-൧. ചെമന്ന കന്നി. ൨. കഷത്തിന്റെ നാലിലൊന്നു, പണത്തിന്റെ (പലത്തിന്റെ) നാലിലൊന്ന്.

കാകിനി-മണിത്തക്കാളി.

കാകു-൧. ദുഃഖം, ഭയം, കാമം, ക്രോധം മുതലായതുകൊണ്ടു ഉണ്ടാകുന്ന ധ്വനിയുടെ വികാരം. ൨. ചോദ്യത്തെ കാണിക്കുന്ന അടയാളം (?) ൩. പടുകരണ. ൪. ജിഹ്വ.

കാക്കുകാരാ-പടുകരണ.

കാകുദം-അണ്ണാക്ക്. കാകു (ജിഹ്വ) ഉത്ഭവിക്കുന്നേടം എന്നർത്ഥം. മറ്റൊരുപര്യായം-താലു.

കാകുൽസ്ഥൻ-സൂര്യവംശത്തിലെ രാജാക്കന്മാരുടെ ഒരു പേർ, കകുൽസ്ഥന്റെ സന്തതിയിലുള്ളവൻ, ശ്രീരാമൻ.

കാകുളകം-പൂവരശു, പടുകരണ.

കാകുളി-കർക്കടശൃംഗി.

കാകേക്ഷു-൧. കരുവിക്കരിമ്പ്, ൨. വയൽച്ചുള്ളി.

കാകേന്ദു-കാക്കപ്പുന്നിച്ചം, കാക്കയുടെ ഉൾ മൈഥുനം എന്നർത്ഥം.

കാകേഷ്ടം-വേപ്പ്.

കാകോചികാ, കാകോചി-കൂരൽ മീൻ.

കാകോദരം-സർപ്പം. കാകനോപ്പാലെയുള്ള ഉദരമുള്ളത്.

'കഴുത്തിൽകിടക്കുംകാകോദരകണപംചെ-
റ്റെഴക്കപ്പുരളാതെയെടുത്തുകളയുമ്പോൾ'
(ഭാഗവതം)

കാകോഡുംബരികാ-കാട്ടത്തിമരം.

കാകോഡുംബരികാഫലം-അഞ്ജീർ.

കാകോളം-൧. വിഷം. കാക്കയെപ്പോലെ കറുത്തനിറമുള്ളത്.

'കേകയപുത്രിയാമമ്മതൻവാക്കായ
കാകോളവേഗമേ മൂലമതിനുള്ളു'
(അദ്ധ്യാത്മരാമായണം)

൨. കാവതിക്കാക്ക. ഒരു ദിക്കിൽ ഉറച്ചു നില്ക്കാത്തതു എന്നർത്ഥം. ഇതിനു 'കട്ടക്കാക്ക' എന്നും പാറക്കാക്ക എന്നും കൂടെ പറഞ്ഞുവരുന്നു.

കാകോളി-ഒരു പച്ചമരുന്നു. പര്യായങ്ങൾ-വായസോളി, സ്വാദുരസാ, വയഃസ്ഥാ.

[ഇതു വാതപിത്തജ്വരം, ചുട്ടുനീറൽ, ക്ഷയം, രക്തദോഷം, തണ്ണീർദാഹം ഇവയെ നശിപ്പിക്കും. കഫശുക്ലവർദ്ധനമാണ്. ദേഹത്തെ തടിപ്പിക്കും. ഇതു വലിയ ശതാവരിക്കിഴങ്ങുപോലെ മോരംഗം മുതലായ ദേശങ്ങളിലുണ്ടാകുന്ന ഒരു വക കിഴങ്ങാണ്. മുറിച്ചാൽപാലൊലിക്കും, പാലിന്റെ ഗന്ധം കാണും. ക്ഷീരകാകോളിയെക്കാൾ കറുപ്പാണ്. ഇതു കിട്ടാഞ്ഞാൽ പകരം അമുക്കിരം ചേർക്കാം].

കാക്കാ-൧. ഒരു കറുത്ത പക്ഷി. പര്യായങ്ങൾ-കാകം, കരടം, അരിഷ്ടം, ബലിപുഷ്ടം, സകൃൽപ്രജം, ധ്വാങ്ക്ഷം, ആത്മഘോഷം, പരഭൃത്, ബലിഭുക്, വായസം, ചിരഞ്ജീവി, ഏകദൃഷ്ടി, മൌകലി.

[കാക്കയ്ക്കു ഒരു കണ്ണിലേ ദർശനശക്തിയുള്ളു. ഒരു കണ്ണുകൊണ്ടു നോക്കുമ്പോൾ മറെറതിനു കാഴ്ച ഇല്ല. അനന്തരം മറെറക്കണ്ണുകൊണ്ടു നോക്കുന്നതായാൽ ഈ കണ്ണും അങ്ങിനെതന്നെ. ഇതിൻെറ മാംസം വാതം, ക്ഷയം, ക്ഷതം, നേത്രരോഗം, മന്ദാഗ്നി, ഗ്രഹണി, പഴകിയ അർശസ്സ്, മസൂകാജീർണ്ണം ഇവയേയും നശിപ്പിക്കും. ബലം, ആയുസ്സ്, മാംസം ഇവയെ അധികമാക്കും. മലത്തെ പുറത്തുകളയും, മൂത്രത്തെ പെരുപ്പിക്കും, മെലിഞ്ഞവക്ക് അധികം നന്ന്. അഗ്നിയെ വദ്ധിപ്പിക്കും. ഇത് പ്രസഹവൎഗ്ഗത്തിൽപെട്ട സാധാരണ മാംസമാണ് പ്രസഹവൎഗ്ഗത്തിൽ ചേന്ന ജാംഗലമാംസമെന്നും പക്ഷം. തമിഴിൽ കാക്കൈ. ഇംഗ്ലീഷിൽ (Crow) ക്രോ].

വ. മഹമ്മദന്മാർ അമ്മയുടെ സഹോദരൻ, അമ്മാവൻ, കാരണവൻ ഇവക്കു പറയുന്ന വാക്ക്. വയസ്സിനു മൂത്തവരെയും പറയാറുണ്ട്.

കാക്കകളിച്ചാൽകൊക്കാകുമൊ-(പഴഞ്ചൊല്ല്) നീചനായിട്ടുള്ളവൻ എത്രതന്നെ നടിച്ചാലും ശ്രേഷ്ഠനാകയില്ല എന്നത്ഥം. (ശൈലി.)

കാക്കക്കണ്ണ്-കോങ്കണ്ണ്.

കാക്കക്കണ്ണൻ-കോങ്കണ്ണൻ, ചെരിച്ചു നോക്കുന്നവൻ.

കാക്കക്കണ്ണി-കോങ്കണ്ണി.

കാക്കക്കരുവേലു-ദവേലയിൽ ഒരിനം.

കാക്കക്കറാത്തി-കാക്കാലത്തി.

കാക്കക്കറവൻ-കാക്കയെ ഭക്ഷിക്കുന്ന ഒരു ജാതി, കാക്കാലൻ.

കാക്കക്കൊടി-ഒരു മരുന്ന്.

[ഛർദ്ദി, കഫം, ജ്വരം, ശ്ലേഷ്മം, കൃമി, പാണ്ഡു, പ്രമേഹം ഇവയെ നശിപ്പിക്കും.]

കാക്കച്ചെറുപയറ്-കാട്ടുപയറ്. [കാട്ടുപയറ് നോക്കുക]

കാക്കജംബു, കാകജംബു-ആറവഞ്ചൽ.

കാക്കത്തമ്പുരാട്ടി-ഒരു പക്ഷി.

കാക്കത്തമ്പുരാൻ-ഒരു പക്ഷി.

[ഇതിൻെറ മാംസം കണ്ണൻചീച്ചി എന്ന പക്ഷിയുടെ മാംസത്തിനു തുല്യമാണ്. സംസ്കൃതത്തിൽ-ഗോനർദ്ദം. ഇംഗ്ലീഷിൽ-(Crane) ക്രേൻ.]

കാക്കത്തുടലി-മുള്ളുള്ള ഒരുമാതിരിച്ചെടി

കാക്കത്തുമ്പ-ഒരു ചെടി.

കാക്കത്തൊണ്ടി-ഒരു വള്ളി.

[ഇതിൻെറ കിഴങ്ങു വിഷത്തിനു നന്ന്]

കാക്കനെപ്പററി-പെട്ടന്നു ഭയപ്പെട്ടു ഉറക്കെക്കരയുക. (പ-മ)

കാക്കപ്പനിച്ചം, കാക്കപ്പനച്ചി-ചെറുപനച്ചി, ഒരു കാട്ടുമരം. പൎയ്യായങ്ങൾ-കാകേന്ദു, കുളകം, കാകപീലുകം, കാകതിന്ദുകം.

[ഇതിൻെറ പച്ചക്കായ് വാതകരമാണ്. മലത്തെ പിടിപ്പിക്കും. പഴുത്തകായ് പിത്തവികാരം, വാതം, ഛർദ്ദി ഇവയ്ക്കു നന്ന്. കഫത്തെ വദ്ധിപ്പിക്കും. ഇതു മുള്ളുള്ള വൃക്ഷമാകുന്നു. കായ് പനച്ചിക്കായയക്കാൾ ചെറുതാണ്. സംസ്കൃതത്തിൽ-കാകതിന്ദു. മേല്പറഞ്ഞ നാലു പൎയ്യായങ്ങളും കരിഞ്ഞുമ്പച്ചെടിയുടേയും ചിറുതുമ്പച്ചെടിയുടെയും കാക്കത്തുമ്പച്ചെടിയുടെയും പേരാണെന്നു തമിഴ് വ്യാഖ്യാനം.]

കാക്കപ്പുള്ളി-മഞ്ചാടിപോലെ കറുത്തുള്ള പുള്ളി. പൎയ്യായങ്ങൾ-തിലകം, തിലകാലകം.

കാക്കപ്പൂവ്-കറുത്ത പൂവുണ്ടാകുന്ന ഒരു ചെടി.

[ഇതിന്റെ സമൂലം കണ്ണിലെ ഉഷ്ണത്തിനു നന്നു്.]

കാക്കപ്പൊന്നു്-ഭൂമിയുടെ ധാതുക്കളിൽ ഒന്നു്. അഭ്രം, പഴമാനം. [അഭ്രകം എന്നതു നോക്കുക.]

കാക്കമുല്ല-ഒരു ചെടി.

കാക്കരിക്ക-ഒരടക്കോഴിപോലെ കൊക്കുക, പാത്തപോലെ ഒച്ചയിടുക.

കാക്കവള-കണ്ണാടികൊണ്ടുള്ള ഒരു മാതിരി വള.

കാക്കവള്ളി-ഒരു വള്ളി.

കാക്കവിളക്കു്-ഒരുതരം ഇരിമ്പുവിളക്കു്.

കാക്കാത്തി-കാക്കാലന്റെ സ്ത്രീ.

കാക്കാൻ-കാക്കാലൻ.

കാക്കാലൻ-കാക്കയെ തിന്നുന്ന മന്തിക്കാരൻ, കാക്കക്കുറവൻ, കാക്കാൻ.

കാക്കുക-ഹ. മോഷണം പോകാതെയും മററും സൂക്ഷിക്കുക. വ. നോക്കിയിരിക്കുക. ന. രക്ഷിക്കുക.

കാക്ഷം-കടാക്ഷം, കടക്കണ്ണുകൊണ്ടുള്ള നോട്ടം.

കാക്ഷി-തുവര. മലയിടുക്കിലുണ്ടാകുന്നതു എന്നൎത്ഥം.

കാക്ഷീവകം, കാക്ഷീ(ബ)വം-മുരിങ്ങ.

കാക്ഷീവതി-വൃഷ്ണിവംശജൻ എന്ന പൂരുവംശത്തിലെ ഒരു രാജാവിന്റെ ഭാൎയ്യ. ഇവരം മൂന്നു സാലപന്മാരെയും നാലു മാദ്രന്മാരെയും പെററു.

കാംക്ഷ-ഇച്ഛ.

കാംക്ഷിതം-ഇച്ഛിക്കപ്പെട്ടതു്.

കാങ്കയൻ-ഇടയൻ. (പ-മ)

കാങ്ക-ചൂടു്. (പ-മ.)

കാങ്കി-ഹ. ഒരുവക നീലവസ്ത്രം. വ. ഒരുവക നീലച്ചായം.

കാങ്കു-വൈരൂപ്യം. (പ-മ.)

കാഗം-കാക്ക.

കാംഗാ-കവടി.

കാംഗുകം-നവരനെല്ലു്.

കാചകപ്പി, കായ്ച്ചുകപ്പി, കാ.ന.-ഹ. പുടം വെക്കുന്നതിനുള്ള ഒരുമാതിരി കപ്പി വ. സ്ഫടികകപ്പി.

കാചന-അ. ഒരു.

കാചനം-ഹ കടലാസ്സും മററും ഭാണ്ഡമായി ചുററിക്കെട്ടുന്നതിനുള്ള കയറു്. വ. ചരടുകൊണ്ടു ചുററുക.

കാചഭാജനം-സ്ഫടികപ്പാത്രം.

കാചം-ഹ. കാക്കപ്പൊന്നു. വ. സ്ഫടികമുണ്ടാകുന്നതിനുള്ള മണൽ, കരുപ്പുകല്ലു. ന. കപ്പി കല്ലുമണി കരുവള മുതലായതിന്റെ പേർ, മണ്ണിൽ ഒരു വകഭേദം. ചരടിൽ കോൎത്തുകെട്ടുന്നതു്, ശോഭിക്കുന്നതെന്നൎത്ഥം. ര. ഉറി. ഒ. കണ്ണിലെ ഒരു ദീനം. ന്ന. കാരുപ്പു. ൭. മെഴുകു്.

കാചമലം-കാരുപ്പു്.

കാചലവണം-കാരുപ്പു്.

കാചസംഭവം-കാരുപ്പു്.

കാചസൌവൎച്ചലം-കാരുപ്പു്.

കാചസ്ഥാലി-പൂപ്പാതിരി. കരുപ്പു നിറത്തിന്നിരിപ്പിടം എന്നൎത്ഥം.

കാചാക്ഷം-ബഹുഡിപക്ഷി.

കാചാവു്, കായാവു്-ഒരു കാട്ടുചെടി.

കാചിഘം-ഹ. പൊന്നു്. വ. എലി.

കാചിൽ-അ. ഒരു.

കാചിതം-വി. ഉറിയിൽ തൂക്കപ്പെട്ട. (കാചത്തിൽ ധൃതം=കാചിതം)

കാചൂകം-ഹ. കോഴി. വ. ചക്രവാകപ്പക്ഷി.

കാചൊത്ഥം-കാരുപ്പു്.

കാച്ചു്-ഹ. വസ്ത്രത്തിൽ ചായംപിടിപ്പിക്കുക. വ. പാലും മററും വേവിക്കുക, വെള്ളവും മററും അനത്തുക. ന. തല്ലുക. ര. കൊല്ലുക, തിന്നുക.

കാച്ചാങ്കണ്ണു്-കാലിച്ചുണ്ടാകുന്ന ഒരു മാതിരി വ്രണം.

**കാച്ചി**-ഒരുവക നെല്ല്.

**കാച്ചിക്കാ**-കാച്ചില വള്ളിയിന്മേലുണ്ടാകുന്ന കായ്.

**കാച്ചിൽ, കാച്ചൽ**-൧. വലിയ കിഴങ്ങുണ്ടാകുന്ന ഒരു വള്ളി. ൨. അതിന്റെ കിഴങ്ങ്, കാവത്ത്. ൩. ദേഹത്തിലുണ്ടാകുന്ന ചൂട്, പനി.

[കാച്ചിൽ കഫത്തെ വർദ്ധിപ്പിക്കും. ആമവാതത്തെ വരുത്തും. പിത്തത്തെ ദ്രവിപ്പിക്കും. പിച്ഛിലമാണ്. മലത്തെ ഇളക്കും. സംസ്കൃതത്തിൽ കചാചി. ഇതു ശാകവർഗ്ഗത്തിൽപെട്ട കന്ദശാകമാണ്.]

**കാച്ചിതറം**-വലിയ ചിതറം.

**കാച്ചുക**-൧. എണ്ണ പാൽ മുതലായതു വെവിക്കുക. ൨. ലോഹം മുതലായത് അനത്തുക ൩. ചൂടുവെയ്ക്കുക. ൪. അടിക്കുക, തല്ലുക. ൫. വസ്ത്രത്തിന്റെ വക്കുകളിൽ ചായംപിടിപ്പിക്കുക. ൬. കൊല്ലുക. ൭. ഭക്ഷിക്കുക. ൮. നിറംകാച്ചുക. [കാ. ക്രി. കാച്ചിക്കുക.]

**കാച്ചുപുടവ**-വക്കുകളിൽ ചായംകേറിയ വെള്ളവസ്ത്രം.

**കാച്ചുപ്പ്**-വിളയിച്ച ഉപ്പ്.

**കാച്ചുമുണ്ട്**-വിളുമ്പിൽ ചായം കേറിയ വെള്ളമുണ്ട്.

**കാച്ചുമുറി**-കാച്ചുപുടവ.

**കാച്ചുരുളി**-മദ്യവും മററും വാററുന്നതിനുള്ള ഉരുളി.

**കാജി, കാദി, കാതിയാർ**-ജഡ്ജി. (അറബി ഭാഷ.)

**കാഞ്ചനഗിരി**-മേരുപർവ്വതം.

**കാഞ്ചനക്ഷീരി**-മല എരുമ.

**കാഞ്ചനപല്ലവം**-ഉമ്മത്തില.

**കാഞ്ചനപ്പൂവ്**-മലമന്ദാരപ്പൂവ്.

**കാഞ്ചനശൈലം**-മഹാമേരുപർവ്വതം.

**കാഞ്ചനൻ(കം)**-൧. വലിയ മലയകത്തി. ൨. പൊൻവർണ്ണച്ചെന്നെല്ല്. ൩. അരിതാരം.

**കാഞ്ചനം**-൧. സ്വർണ്ണം. ശോഭിക്കുന്നതു് എന്നർത്ഥം. ൨. മലയിലുണ്ടാകുന്ന മന്ദാരം. ൩. മല്ലിക. ൪. ഉമ്മം. ൫. ധനം. ൬. നാകപ്പൂവ്. ൭. താമരയല്ലി ൮. ചമ്പകം. ൯. പുന്ന ൧൦. അത്തിയാല്.

**കാഞ്ചനകദളി**-സ്വർണ്ണവാഴ.

**കാഞ്ചനകാരിണി**-ശതാവരി.

**കാഞ്ചനപുഷ്പകം**-ആവര, പൊന്നാവര.

**കാഞ്ചനപുഷ്പികാ**-നിലപ്പന.

**കാഞ്ചനപുഷ്പി**-ഗണികാരി.

**കാഞ്ചനാര(ക)ം**-വലിയ മലയകത്തി.

**കാഞ്ചനാഹ്വയം**-൧. ഉമ്മത്തം, ഉമ്മം. ൨. താമരയല്ലി. ൩. നാകപ്പൂവ്.

**കാഞ്ചനി**-മഞ്ഞൾ. ശോഭയുള്ളതു് എന്നർത്ഥം.

**കാഞ്ചനീകാ**-ഗോരോചനം.

**കാഞ്ചി**-൧. അരഞ്ഞാൺ. ശോഭിക്കുന്നതു്, അരയിൽ കെട്ടുന്നതു് എന്നർത്ഥം

(കാഞ്ചി എന്നതു സ്ത്രീകൾ അരയിൽ ഉടുത്ത വസ്ത്രത്തിന്റെ മേലെ കെട്ടുന്നതായ അരഞ്ഞാൺ എന്നു കാണുന്നു. ഇതു പലവിധമുണ്ട്. 'ഏകയഷ്ടിർഭവേൽ കാഞ്ചീ മേഖലാഷ്ടയഷ്ടികാ; രസനാ ഷോഡശജ്ഞേയാ കലാപഃ പഞ്ചവിംശകം'-ഒരിഴയുള്ളതു കാഞ്ചി. എട്ടിഴയുള്ളതു മേഖല, പതിനാറിഴയുള്ളതു രസനാ, ഇരുപത്തഞ്ചിഴയുള്ളതു കലാപം, ഇവ പറഞ്ഞതു ഗ്രന്ഥാന്തരത്തിലെ വിശേഷമാണ്. ഇവിടെ ഈ ഭേദമില്ല. അരഞ്ഞാൺ സാധാരണ പരന്നിട്ടാണ്. അതുകൊണ്ട് ഇതു പൊന്നിൻനൂലായിരിക്കണം. അരഞ്ഞാൺ എന്ന ശബ്ദം നോക്കുക.]

൨. കാഞ്ചീപുരം. ൩. ചെമന്ന കന്നി (മ) ൪. തേരിന്റെ കാഞ്ചി

കാഞ്ചിക-കാടി.

കാഞ്ചികം-ф വെപ്പുകാടി, വായ്ക്കെട്ടി സൂക്ഷിക്കുന്നതു് എന്നർത്ഥം. വ കാടി.

കാഞ്ചിമരം-മയിലെള്ളിൽ ഒരിനം പര്യായങ്ങൾ-പിചുളം, ധാവുകം.

മയിലെള്ളിന്റെ ഗുണം തന്നെ. ഇതു ഉത്തംസവർഗ്ഗത്തിൽ ചേൎന്ന വൃക്ഷമാണു്. ഇതു നദീതീരത്തിലുണ്ടാവുക സാധാരണ കായ് വളരെ ചെറുതായിരിക്കും. കമ്പുകളിൽ മുള്ളുണ്ടു്. തമിഴിൽ പിറായഞ്ചെടി, സംസ്കൃതത്തിൽ ധാവുകം.

കാഞ്ചീപുരം-ഒരു പട്ടണം

കാഞ്ചുകീയൻ-കോല്ക്കാരൻ, ശിപായി.

കാഞ്ചൊറി-ചൊറിയണം, ആനച്ചൊറിയണം.

കാഞ്ഞിരം-കയ്പുള്ള ഒരു വൃക്ഷം.

[കഫം, രക്തദോഷം, കുഷ്ഠം, അൎശസ്സ്, വാതരോഗം, ചൊറി, ജ്വരം, വ്രണം, കൃമി, ശിരോരോഗം, ആമം, വീക്കം ഇവയെ ശമിപ്പിക്കും. ലഹരിയെ വരുത്തും. ഇതിന്റെ പച്ചക്കായ് വാതവൎദ്ധനകരമാണു്. മലം പിടിത്തമുണ്ടാക്കും. ഇതു ശുദ്ധിചെയ്യേണ്ടതാണു്. സംസ്കൃതത്തിൽ കാരസ്കരം. തമിഴിൽ-എട്ടി. ഇംഗ്ലീഷിൽ-പായിസൻനട് Poison nut.]

കാഞ്ഞിരോട്ടു് ഒരു നദി

കാഞ്ഞൂൎപ്പാത്തു്-ഒരുമന്ത്രി ജലയന്ത്രം

കാഞ്ജി-ф. കാടി. വ, പെരുമ്പ

കാഞ്ജികാ-ф. വെപ്പുകാടി. വെള്ളത്തിൽ വ്യക്തിയുള്ളതു്, വെള്ളമായുള്ളതു് എന്നർത്ഥം വ. കാടി.

കാഞ്ജികാ-ф കാടി വ. പലാശി ന. അമരവതിയിൽ ര്. കടുകിൻ കിഴങ്ങുകൊണ്ടുണ്ടാക്കുന്ന കറി.

കാട-ഒരു പക്ഷി. പര്യായം-വൎത്തകം.

[ഇതിന്റെ മാംസം വാതം, പിത്തം, കഫം, ജ്വരം ഇവയെ ശമിപ്പിക്കും. ബലത്തെയും അഗ്നിയേയും വൎദ്ധിപ്പിക്കും. പുഷ്ടിയെ ഉണ്ടാക്കും. അധികം രുചികരമാണു്, ശീതവീൎയ്യമത്രെ. തമിഴിൽ-കാടൈ. ഇംഗ്ലീഷിൽ-(Quail) ക്വൈൽ]

കാടത്തുണി-കട്ടിയുള്ള തുണി, പരപരത്ത തുണി.

കാടൻ-ф. കാട്ടുപന്നി വ കാട്ടുപൂച്ച. ന. കറുക്കൻ. ര്. കാട്ടിൽപാൎപ്പുകാരൻ.

കാടൻപുല്ലു്-ഒരു വക പുല്ലു്.

കാടൻപൂച്ച-കാട്ടുപൂച്ച.

കാടം-കിണറ്.

കാടയടിയാൻ-ഒരു പക്ഷി. പര്യായം-വൎത്തികം

[ഇതു മിക്കവാറും കാട്ടിൽ സഞ്ചരിക്കുന്നതാണു്. കാടപ്പക്ഷിയുടെ മാംസത്തിന്റെ ഗുണംതന്നെ ഇതിന്റെ മാംസത്തിനുമുള്ളതു്. ത്രുക്ഷമാണു് തമിഴിൽ വിച്ചുള്ളി.]

കാടർ-കേരളത്തിലെ ആദിമനിവാസികളിൽ ഒരു വൎഗ്ഗം.

കാടി-ф അരി കഴുകിയാലുള്ള വെള്ളം. വ. വെപ്പുകാടി, യാമ്യാമ്ലം.

[കാടി വെപ്പുകാടി എന്നും അരി കഴുകിയ കാടി എന്നും കള്ളുപുളിച്ച കാടി എന്നും മൂന്നുപ്രകാരമുണ്ടു്. ഇവയിൽ വെപ്പുകാടി വിശേഷം, കോതമ്പു്, അരി, മലർ മുതലായ പല ഔഷധങ്ങൾ ഇട്ടു കഷായമാക്കി മരണികളിൽ അടച്ചുവെയ്ക്കുക പതിവാണു്. ഇതിനെയാണു് 'നല്ല ദിവസംതോറും കാടിവെയ്ക്കുക, എന്നു പറയുന്നതു്. ഇതു ചുമപ്പും അത്യുഷ്ണവുമാകുന്നു. രുചിയെ ഉണ്ടാക്കും. അഗ്നിയെ വൎദ്ധിപ്പിക്കും. മലത്തെ ഇളക്കും. വേറെയും പല ഗുണമുണ്ടു്. കാടി പാലിനോടു ചേൎത്തു കുടിക്കരുതു്. വിഷമാണു്. വാതത്തിനു വളരെ നന്നു്. അരി കഴുകിയ കാടി തീക്ഷ്ണവും പിത്തവൃദ്ധികരവുമാകുന്നു. മലത്തെ ഇളക്കും കള്ള

പഴകിയ കാടി പുളിപ്പും തീക്ഷ്ണോഷ്ണവും കൃമിഹരവും ദീപനവും ആണ്. സന്നി ക്ക വിശേഷം. കാടിക്കു സംസ്കൃതത്തിൽ കാഞ്ജികം. തമിഴിൽ കാടി, ഇംഗ്ലീഷിൽ സൌവർഗ്രുവെൽ Sour gruel].

കാട്—ഫ. മരം, വള്ളി, മുള്ള് മുതലായവ വളരെയുള്ള സ്ഥലം. പര്യായങ്ങൾ—അടവി, അരണ്യം, വിപിനം, ഗഹനം കാനനം, വനം. കാട് > നാട്.

[അടവി മുതൽ 6-ം, സാധാരണ കാടിന്റെയും കാനനം, വനം 2-ം അധികം വൃക്ഷലതാദികളുള്ള കാടിന്റെയും പേരാണെന്ന് അഭിപ്രായമുണ്ട്. വെലിയകാടിന്ന പര്യായങ്ങൾ—മഹാരണ്യം, അരണ്യാനി.]

൨. പിഴ, പുസ്തകത്തിലെ പിഴ.

കാട്ടുകേറുക—നിരാധാരമാവുക [ശൈലി]

കാട്ടുതേടുക—മൃഗങ്ങളെ അന്വേഷിക്കുക, നായാടുക, വേട്ടയാടുക.

കാട്ടുമറയുക—മരിക്കുക. രാജാക്കന്മാരോടും മററു. ജനങ്ങൾ ഉപയോഗിക്കാനുള്ള വാക്കാണ്.

കാട്ടോടി—പഠിക്കാത്തവൻ, മൂഢൻ

കാൽ—പാറ, കല്ല്.

കാട്ടത്തി—ഫ. പേയത്തി, തേരകം. പര്യായങ്ങൾ—കാകോദുംബരികാ, ഫൽഗു, മലപൂ, ജഘനേഫലാ.

[ഇതിന്റെ തൊലി മുതലായതു കഫം, ശ്വിത്രം, പിത്തം, വ്രണം, കുഷ്ഠം, അർശസ്സ്, പാണ്ഡു, കാമില ഇവയെ ശമിപ്പിക്കും അതിസാരത്തിനു അത്യുത്തമം. കായുടെ പേരെല്ലാം ഇതിനു പേരായി വരും. ഇല വിശേഷാൽ പരുപരുത്തിരിക്കും. മററുള്ള എല്ലാ ലക്ഷണവും അത്തിയുടേതുതന്നെ. തമിഴിൽ പേയത്തി മരം. ഇംഗ്ലീഷിൽകെഗ്ഫ് Kegtree]

൨. കാട്ടന്റെ സ്ത്രീ

കാട്ടൻ—കാട്ടിൽ പാർക്കുന്ന ഒരു ജാതിക്കാരൻ.

കാട്ടപ്പ—ഒരു ചെടി, പുറമെകൊന്നറി

[കാട്ടപ്പ അപ്പയിൽഒരിനമാണ്. അപ്പ, കാളപ്പു എന്നും പേരു കാണുന്നു. കാട്ടപ്പ അർശസ്സിനു നന്ന്. മൂലക്കുരു വിശേഷം വാതഹരമാകുന്നു. വെള്ളം വെന്തു കുളിപ്പിച്ചാൽ പനിയും കരപ്പനും ശമിക്കും.]

കാട്ടരയാൽ—ഒരു വൃക്ഷം. പര്യായങ്ങൾ—നൂഡം, പൂഗം, ക്രമുകം, ബ്രഹ്മണ്യം, ബ്രഹ്മദാരു, തൂലം.

[ഈ വൃക്ഷം അധികം വളരുകയില്ല. ഇലയുടെ രണ്ടരികിലും അററംവരെ അറപ്പുവാളിന്റെ പല്ലുപോലെയുള്ള ചിഹ്നങ്ങൾ കാണും. തമിഴിൽ മുഴുകളൈച്ചെടി. ഇംഗ്ലീഷിൽ മൾബെറിത്രി Mulberry tree.]

കാട്ടാട്—ഒരു വക മാൻ.

കാട്ടാന—കാട്ടിലുള്ള ആന.

കാട്ടാവണക്ക്—ഒരു ചെടി, കടലാവണക്ക് എന്നൊരു പക്ഷം.

കാട്ടാളക്കുടി—കട്ടാളപ്പുര. പര്യായങ്ങൾ—പക്കണം, ശബരാലയം.

കാട്ടാളത്തി—കാട്ടാളന്റെ സ്ത്രീ.

കാട്ടാളൻ—വേടൻ, കാട്ടിൽപാർക്കുന്ന ഒരു ജാതിക്കാരൻ.

കാട്ടി—കാട്ടുപോത്ത്. കാരെരുമ, കടമാൻ ഇവയ്ക്കിനെയും പറയുന്നുണ്ട്.

കാട്ടിക്കാണ്ട—ഒരു സുഗന്ധപ്പുല്ല്. പര്യായം—ദേവജഗന്ധകം.

കാട്ടു ജിക്കാവ—ഒരു ചെടി

കാട്ടിലാന്ത—മുള്ളുള്ള ഒരു മരം.

[വാതം, കുഷ്ഠം, ചൊറി, വ്രണം, വീക്കം, ആമദോഷം ഇവയെ ശമിപ്പിക്കും. സംസ്കൃതത്തിൽ ശോണാ. തമിഴിൽ കാട്ടിലന്ത.

കാട്ടിലും, കാട്ടിൽ—ഏററക്കുറച്ചിലുകളിൽ ചേർത്തുപറയുന്ന ഒരവ്യയപദം.

കാട്ടീച്ച-ഒരു വക ഈച്ച. പര്യായങ്ങൾ- ദംശം, വനമക്ഷികം.

കാട്ടുക-കാണിക്കുക, ചെയ്യുക.

കാട്ടുകടുക-ഒരുമാതിരി ചെടി.

കാട്ടുകദളി-ഒരു ചെടി.

കാട്ടുകന്ന-കടമാൻ.

കാട്ടുകരയാമ്പു-ഒരു വൃക്ഷം.

കാട്ടുകലശം-ഒരു വക ഉതിമരം.

കാട്ടുകസ്തൂരി-കസ്തൂരിപോലെ മണമുള്ള ഒരു ചെടി.

കാട്ടുകവ്-ഒരു വൃക്ഷം

കാട്ടുകാക്ക-ഒരു പക്ഷി. പര്യായങ്ങൾ- ചാഷം, കികീദിവി.

[മാംസം മിക്കവാറും ഗുണംകൊണ്ടു കാക്കയുടേതിനൊപ്പം തന്നെ. സംസ്കൃതത്തിൽചാഷം. ഇംഗ്ലീഷിൽ-ബ്ളൂജെ Bluejay.]

കാട്ടുകാച്ചിൽ-ഒരു വക കിഴങ്ങ്.

കാട്ടുകിഴങ്ങ്-ഒരുമാതിരി കിഴങ്ങ്.

കാട്ടുകുയുമ്പ്-കാട്ടിലുള്ള കുയുമ്പ്.

[കഫത്തെ ശമിപ്പിക്കും. അഗ്നി വർദ്ധനകരമാണ്. സംസ്കൃതത്തിൽ അരണ്യകുസുംഭം.]

കാട്ടുകരികിൽ-ഒരു പക്ഷി.

[നാട്ടുകരികിലിന്റെ മാംസത്തേക്കാൾ ഇതിന്റെ മാംസം നന്ന. ഇതു പ്രതുദവർഗ്ഗത്തിൽ ചേൎന്ന ജാംഗലമാംസമാകുന്നു. സംസ്കൃതത്തിൽഅരണ്യചടകം ഇംഗ്ലീഷിൽ വൈൽഡ്സ്പാരോ wild sparrow].

കാട്ടുകോതമ്പ്-തിന മുതലായവയെപ്പോലെയുള്ള ഒരു വക പുല്ല്.

[പേരുകൊണ്ട് ഇതിനെ കോതമ്പിന്റെ കൂട്ടത്തിൽ ചേൎക്കരുത്. ഇതു ക്ഷുദ്രവൎഗ്ഗത്തിൽപെട്ട തൃണധാന്യമാണ്. സംസ്കൃതത്തിൽ ഗവേധുകാ. തമിഴിൽ കാട്ടുകോതുമൈ.]

കാട്ടുകോഴി-കാട്ടിലുണ്ടാകുന്ന ഒരു വക കോഴി.

[മാംസത്തിനു കോഴിമാംസത്തിന്റെ ഗുണംതന്നെ അല്പമില്ല ഗുണമല്ല. വിഷ്കിരവൎഗ്ഗത്തിൽ പെട്ട ജാംഗലമാംസമാകുന്നു. സംസ്കൃതത്തിൽ-അരണ്യകുക്കുടം. ഇംഗ്ലീഷിൽ (Jungle fowl) ജംഗിൾഫൌൾ.]

കാട്ടുഗോളിച്ചീര-ശാകവൎഗ്ഗത്തിൽചേൎന്ന പത്രശാകം.

[ഗുണങ്ങൾ ഗോളിച്ചീരയുടേതുതന്നെ സംസ്കൃതത്തിൽ അരണ്യവാസ്തൂകി.]

കാട്ടുചക്ക-കടയ്യ്.

കാട്ടുചമ്പകം-പൂവുള്ള ഒരുവക ചെറിയ വൃക്ഷം.

[ഇതു് അത്ഭുതരമാണ്. പുഷ്പങ്ങൾ കൊണ്ടു വ്യത്യാസം അറിയണം. വാതം, കഫം, നേത്രരോഗം, വ്രണം ഇവയെ ശമിപ്പിക്കും. ഒരു ചൎമ്മദ്രവ്യമാണ്. സംസ്കൃതത്തിൽ-വനചമ്പകം.]

കാട്ടുചീര-ഒരുവക ചീര.

[ഇതു ധാതു, ബലം, അഗ്നി ഇവയെ വൎദ്ധിപ്പിക്കും. പിത്തത്തെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും. അധികവും വൎഷകാലത്തിൽ താനെ ഉണ്ടാകുന്നു. പൂവു വെളുത്തതാണ്. സംസ്കൃതത്തിൽ കണേരം.]

കാട്ടുചെറുതുളസി-ഒരുവകചെറുതുളസി.

[മേദസ്സ്, പിശാചുബാധ, ഛൎദ്ദി ഇവയെ ശമിപ്പിക്കും. ചെറുതുളസിയുടെ ഗുണങ്ങളത്രെ ഇതിന്നും. സുരഭിയാണ്. സംസ്കൃതത്തിൽ വനബൎബ്ബരികം]

കാട്ടുചെറുപയറ്-ശൂക്യവൎഗ്ഗത്തിൽപെട്ട ശിംബിധാന്യം.

[സാമാന്യം ചെറുപയറിന്റെ ഗുണമാണ്. സംസ്കൃതത്തിൽ അരണ്യമുൽഗം. ഇതു വള്ളിയായി പടൎന്നുകിടക്കും.]

കാട്ടുചേന-കാട്ടിലുണ്ടാകുന്ന ചേന. പര്യായങ്ങൾ-അരണ്യസൂരണം, വനജം, വനകന്ദം ഇത്യാദി.

[അർശസ്സിനെ ശമിപ്പിക്കുന്നതിൽ കാട്ടുചേനയ്ക്കു സാമർത്ഥ്യം കൂടും. ഇതു കണ്ടാൽ വളരെ വെളുത്തിരിക്കും. സാമാന്യത്തിലധികം ചൊറിയും. ചൊറിമാററി ഭക്ഷിക്കണം. രണ്ടു മൂന്നു തവണ വെച്ചൂററുക, അമ്ലരസം ചേർക്കുക. എന്നാൽ ചൊറിമാറും.]

കാട്ടുജന്തു-കാട്ടിലുള്ള മൃഗം.

കാട്ടുജാതി-പന്നി.

കാട്ടുജീരകം-ഒരുചെടി, ഒരു ഗന്ധദ്രവ്യം.

[ഇതു് അഗ്നിബലത്തെ ഉണ്ടാക്കും. ജീർണ്ണജ്വരം, കൃമി, വയറടപ്പു, വ്രണം ഇവയെ ശമിപ്പിക്കും. രുചികരമാണു്. സംസ്കൃതത്തിൽ വനജീരം തമിഴിൽ-കാട്ടുച്ചീരകം. ഇംഗ്ലീഷിൽ-(Purple Fleabane) പർപ്പിൾഫ്ലീബേൻ.]

കാട്ടുതിപ്പലി-ഒരു പച്ചമരുന്നു്.

(രുചികരമാണു്. അഗ്നിയെ വർദ്ധിപ്പിക്കും. കാസഘ്നദ്രവ്യമാകുന്നു. പച്ചക്കുണംകൂടും, സംസ്കൃതത്തിൽ വനപിപ്പലി.)

കാട്ടുതീ-മുളകൾ തമ്മിൽ കൂട്ടിമുട്ടിയും മരത്തോടും മററും കാടുകളിൽ ഉണ്ടാകുന്ന തീ, ഏഴുന്തീ. പര്യായങ്ങൾ-ദാവൻ, ദവൻ, വനഹുതാശനൻ.

കാട്ടുതുത്തി-ഒരു ചെടി.

കാട്ടുതുമ്പ-ഒരു വക തുമ്പ. [കരിന്തുമ്പ നോക്കുക.]

കാട്ടുതുളസി-കാട്ടുതൃത്താവു, ഒരു ചെടി.

കാട്ടുതേക്കു്-ഒരു വൃക്ഷം.

കാട്ടുനാരകം, കാട്ടുചെറുനാരകം-കാട്ടിലുണ്ടാകുന്ന നാരകമരം.

കാട്ടുനൂറോൻ-ഒരുമാതിരി കിഴങ്ങു.

കാട്ടുപന്നി-കാട്ടിലുള്ള പന്നി.

കാട്ടുപയറു്-കാക്കച്ചെറുപയർ, ഒരു പച്ചമരുന്നു്. പര്യായങ്ങൾ-മുദ്ഗപർണ്ണി, കാകമുദ്ഗ, സഹാ.

(നരിപ്പയർ, കോഴിപ്പയർ ഇങ്ങനെയും പറയുന്നു. ഇതും കാട്ടുചെറുപയറുപോലെ വള്ളിയാണു്. മകുഷ്ഠകം, മയുഷ്ഠകം, വനമുദ്ഗം-ഇവ മൂന്നും കാട്ടുപയറിന്റെ പര്യായങ്ങളെന്നും കാണുന്നുണ്ടു്. ത്രിദോഷം, ഗ്രഹണി, അർശസ്സു്, ക്ഷതം, ചുട്ടുനീറൽ, വീക്കം, അതിസാരം, ജ്വരം, വാതരക്തം, തണ്ണീർദാഹം, ചുമ, വിഷം ഇവയെ ശമിപ്പിക്കും. മലംപിടിത്തമുണ്ടാക്കും. കണ്ണിനു ഹിതമാണു്. ലക്ഷണംകൊണ്ടു ചെറുപയറിനു തുല്യമാകുന്നു. ഇല ചെറുതായിരിക്കും. പൂവു മഞ്ഞനിറമാണു്. സംസ്കൃതത്തിൽ മുദ്ഗപർണ്ണി. തമിഴിൽ-നരിപ്പയററുകൊടി.)

കാട്ടുപരുത്തി-ഒരു മരം.

[ഇതിനെ സൃഷ്ടിച്ചതു ഭരദ്വാജമുനിയാകയാൽ 'ഭരദ്വാജി' എന്നു വിളിക്കുന്നു. ഇതു വ്രണങ്ങൾക്കും വിശേഷിച്ചു ആയുധംകൊണ്ടുള്ള മുറിവിനും ഉത്തമമാകുന്നു. വാതരക്തത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. സംസ്കൃതത്തിൽ വനകാർപ്പാസി. തമിഴിൽ-കാട്ടുപരുത്തി. യഥാർത്ഥമായ കാട്ടുപരുത്തി ചിത്രകൂടത്തിനു സമീപമുണ്ടുപോലും. ഒരു മുറിവുണ്ടായാൽ ഇതിന്റെ ഇലപിഴിഞ്ഞനീര അ മുറിവിൽ വീഴ്ത്തിയാൽ തൽക്ഷണം പഴയസ്ഥിതിയിലാകും.]

കാട്ടുപറങ്ങ-മുഴക്കോൽപാറങ്ങ.

[ഇതു വിരേചനകരമാണു്. വിഷം, ശോഫം, കഫം, വാതം, കൃമി ഇവയെ ശമിപ്പിക്കും.]

കാട്ടുപാവൽ-കാട്ടിലുണ്ടാകുന്ന പാവൽ, മച്ചിപ്പാവൽ.

(ഇതിന്റെ കിഴങ്ങും ബീജമില്ലാത്ത കം യും ഉണ്ട്. എല്ലാ വിഷത്തെയും കഫ ത്തെയും വിസൎപ്പത്തെയും കളയും. സൎപ്പ കോപത്തെ അടക്കും. വ്രണശുദ്ധിയെ ചെയ്യും. നയനശിരോരോഗങ്ങൾക്കും കല്പനം നന്ന്. സംസ്കൃതത്തിൽ വ ന്ധ്യാകൎക്കോടകി. തമിഴിൽ കാട്ടുപ്പുഴ പാകൽ )

കാട്ടുപിച്ചകം-ഒരു മാതിരി പൂവുണ്ടാക ന്ന വള്ളി.

(ഇതു ചൊറിചിരങ്ങിനും കരപ്പനും നന്ന്).

കാട്ടുപീച്ചിൽ-പുട്ടൽപ്പീരം.

(ഇതു മിക്കവാറും കാട്ടുവൃക്ഷങ്ങളെ അവലംബിച്ചു പടരുന്നു. പൂവിന്റെ നിറം മഞ്ഞയാണ്. ബീജം കരുത്തിരി ക്കും വീക്കം, പാണ്ഡുരോഗം, കഫം, പിത്തം, വയറുവീൎപ്പ്, മഹോദരം, ക ഷ്ഠം, കാമില, അൎശസ്സ് ഇവയ്ക്കു നന്ന്. രുചികരമാണ്. മലത്തെ ഇളക്കും. അ ഗ്നിയെ വൎദ്ധിപ്പിക്കും. സംസ്കൃതത്തിൽ ഘണ്ടാലി. ഇംഗ്ലീഷിൽ ബിററർല്യൂഫ് Bitter luffa. ഇതിന്റെ എണ്ണ മല ത്തെ ഇളക്കും വാതം, കഫം, കൃമി, പ്ര മേഹം, കുഷ്ഠം, ശിരോരോഗം ഇവയെ ശമിപ്പിക്കും. ഈ എണ്ണ അതിന്റെ വി ത്തിൽ നിന്നെടുക്കുന്നു )

കാട്ടുപീനാറിയില-ഒരു ചെടി.

(ചൊറിചിരങ്ങിനും കരപ്പനും നന്ന്)

കാട്ടുപേരിത്ത-ഒരു വൃക്ഷം.

ഗുണം പെരീന്തയുടേതുതന്നെ. വി ശേഷിച്ച് പിത്തം, സൎവാംഗസന്താപം, രക്താതിസാരം, ചുഴൽച്ച, മൂൎച്ഛ, ശ്രമം ഇ വയെ ശമിപ്പിക്കും. പേരീന്തയെക്കാൾ സ്വാദുണ്ട്. സംസ്കൃതത്തിൽരാജബദരി.

കാട്ടുപൊന്നാവീരം - ശാകവൎഗ്ഗത്തിൽ ചേൎന്ന പത്രശാകം.

(പിത്തം, പ്രമേഹം, ജ്വരം, ചുമ, അരുചി, വായുമുട്ടൽ, രക്താതിസാരം, ക ഫം ഇവയെ കളയും. ഹൃദയപ്രസാദ ത്തെ ചെയ്യും. സംസ്കൃതത്തിൽകടുകിക്കാ.

കാട്ടുപോത്ത്-കാട്ടിലുള്ളതരു വക മൃഗം, കാട്ടെരുമ എന്നു തമിഴ് വ്യാഖ്യാനം. പൎയ്യായങ്ങൾ-ലുലായം, മഹിഷം, വാ ഹദ്വിഷൻ, കാസരം, സൈരിഭം,

(ഈ പൎയ്യായങ്ങൾ യഥാൎത്ഥത്തിൽ നാ ട്ടുപോത്തിന്റെയും പേരാണ്. കാട്ടുപോ ത്തു കതിരയോടു വൈരമുള്ള മൃഗമാ കുന്നു. മാംസഗുണം പോത്തിന്റേതു പോലെതന്നെ. വന്യമാകയാൽ രുചി യും ലഘുവവും കൂടും. സംസ്കൃതത്തിൽ ഗവലം).

കാട്ടുപ്രാവ്-ഒരു പക്ഷി, നീറപ്രാവ്.

(ഇതു എല്ലാപ്രാവിലും ശ്രേഷ്ഠമാണ്. മാംസത്തിനു സാമാന്യം പ്രാവിന്റേതി ലും കൂടുതലാണ് ഗുണം. സംസ്കൃതത്തിൽ ജലപാരാവതം. തമിഴിൽ കാട്ടുപ്പുറാ. ഇംഗ്ലീഷിൽ വാട്ടർപിജിയൻ Water pigeon.)

കാട്ടുമക്കിപ്പൂവ്-ഒരു ഗന്ധദ്രവ്യം.

(മലത്തെ വൎദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. സംസ്കൃതത്തിൽ വന്യമെ ന്നു )

കാട്ടുമഞ്ഞൾ-ഒരു ഔഷധി.

(വാതരക്തം, വിഷം, ചുമ, വായുമു ട്ടൽ, കുഷ്ഠം, ശുക്ലം ഇവയെ ശമിപ്പി ക്കും. രുചികരമാണ്. അഗ്നിയെ വൎദ്ധി പ്പിക്കും. സംസ്കൃതത്തിൽ വനഹരിദ്രാ)

കാട്ടുമരം-നട്ടുണ്ടാക്കാതെ കാട്ടിൽ താനേ മുളയ്ക്കുന്ന വൃക്ഷം.

കാട്ടുമല്ലിക-ഒരു വള്ളി.

കാട്ടുമാങ്ങാൻ-കാട്ടുപൂച്ച.

കാട്ടുമാതളനാരകം-വളളിനാരകം.

(വാതം, ആമദോഷം, കഫം, കൃമി, വായുമുട്ടൽ ഇവക്കു നന്ന്. രുചികരമാണ്. മറെറല്ലാം മാതളനാരകത്തിന്റെ ഗുണംതന്നെ. സംസ്കൃതത്തിൽ വനബീജപൂരകം)

കാട്ടുമാവ്-ഒരു ചെടി, കാട്ടുമുന്തിരി.

കാട്ടുമുഞ്ഞ-ഒരു ഔഷധി.

(കഫം, മേദസ്സ്, വാതം ഇവയെ ശമിപ്പിക്കും)

കാട്ടുമുതിര-ഒരു പച്ചമരുന്ന്. (വള്ളിയാണ്).

(ഇതു ചെറുതും വലുതും ഉണ്ട്. ഗുണം രണ്ടിനും തുല്യം തന്നെ. അധികവും കാടുകളിലാണുണ്ടാകുന്നത്. അധികം പടരുകില്ല. നയനരോഗം, മലമൂത്രങ്ങളുടെ തടവ്, അർശസ്സ്, വ്രണം, ചൊറി, ശൂലം, വയറുവീപ്പ്, വിഷം ഇവക്കു നന്ന്. ഗുണം മുതിരയോടു തുല്യം തന്നെ. സംസ്കൃതത്തിൽകുലത്ഥാ. തമിഴിൽ കാട്ടുക്കൊം. ഇംഗ്ലീഷിൽ ഫോർലീവ്ഡ് കേശിയാ Flourleaved Cassia)

കാട്ടുമുരിങ്ങ-ഒരു വൃക്ഷം, മാവിലങ്കം (തമിഴ്).

കാട്ടുമുല്ല-മുല്ലപ്പൂപോലെ പൂവുണ്ടാകുന്ന ഒരു മന്തിരി വള്ളി.

(ഇതിനു മുല്ലയുടെ അത്ര ഗുണമില്ല കരപ്പനും ചൊറിക്കും നന്ന്. സംസ്കൃതത്തിൽ വനമല്ലികാ. തമിഴിൽ കാട്ടുമല്ലികെ ഇംഗ്ലീഷിൽ വൈൽഡ് ജാസ്മിൻ Wild Jasmine)

കാട്ടുമുളക്-ഒരു പച്ചമരുന്ന്. പര്യായങ്ങൾ-ചവ്യാ, ചവികാ.

(അത്യന്തം ദീപനവും പാചനവും കടുവുമാണ്. കാസശ്വാസങ്ങളെ ശമിപ്പിക്കും. കൃമിഘ്നവും കഫവാതഘ്നവുമാകുന്നു)

കാട്ടുമൂർഖൻ ഒരു വക പാമ്പ്.

കാട്ടുമൃഗം-കാട്ടിലുള്ള മൃഗം.

കാട്ടുമൈലോചന-ഒരു പച്ചമരുന്ന്. പര്യായം-രോചന.

കാട്ടുരാൻ-ഒരു ചെടി.

കാട്ടുലുവാ-ഒരൌഷധി, ഗന്ധദ്രവ്യം.

(ഇതിനു ഉലുവായിൽ പറഞ്ഞ ഗുണമേയുള്ളു. ക്ഷതിരകൾക്കു വളരെ നന്ന്. സംസ്കൃതത്തിൽ വനമേഥികം.)

കാട്ടുവരക്-ധാന്യവർഗ്ഗത്തിൽപ്പെട്ട ഒരു തൃണധാന്യം.

[വരകിന്റെ ഗുണമത്രേ ഇതിനും. വിശേഷിച്ച് വാതത്തെ കോപിപ്പിക്കും. വളരെ മലംപിടിത്തമുള്ളതാണ്. സംസ്കൃതത്തിൽ വനകോദ്രവം.]

കാട്ടുവശള-ശാകവർഗ്ഗത്തിൽപ്പെട്ട പത്രശാകം.

[വശളയിൽ പറഞ്ഞ ഗുണമാണിതിനുള്ളത്. വിശേഷിച്ച് രുചികരമാകുന്നു. സംസ്കൃതത്തിൽ വനജം.]

കാട്ടുവാക-ഒരു മരം.

കാട്ടുവാഴ-മലവാഴ.

[ചുട്ടുനീറൽ, തണ്ണീർദാഹം, പിത്തം, മെലിവു ഇവക്കു നന്ന്. രുചികരമാകുന്നു. ബലത്തെ വർദ്ധിപ്പിക്കും. സംസ്കൃതത്തിൽ ഗിരികദളി. തമിഴിൽ കാട്ടുക്കതലി.]

കാട്ടുവിഷ്ണുക്രാന്തി-ഒരു പച്ചമരുന്ന്.

കാട്ടുവെങ്കായം-ചെറിയ പോളയുള്ള ഒരു ചെടി, കാട്ടുള്ളി.

കാട്ടുവെള്ളരി-ഒരു പച്ചമരുന്ന്. പര്യായം-ഗവാക്ഷി.

[ഇതു രണ്ടുവിധമുണ്ട്. അത്യുഷ്ണമാണ്. വിരേചനത്തെ ചെയ്യും.]

കാട്ടുവെള്ളരൻ-വെളുത്ത ഉപ്പും.

കാട്ടുശതകുപ്പ-ചെറിയ ശതകുപ്പ.

[വാതം, കഫം, യോനിശൂലം, കൃമി, ചുമ, ഛർദി, ചുട്ടുനീറൽ, ശൂലം, അഗ്നിമാന്ദ്യം, പ്ലീഹ, അർശസ്സ്, ക്ഷതം ഇവയെ ശമിപ്പിക്കും. ഏതാണ്ടുസാമാക

രമാണ്. മലത്തെ തടുക്കും. ആമത്തെ പചിപ്പിക്കും. സംസ്കൃതത്തിൽ-മധുരികം. തമിഴിൽ ചതകുപ്പ. ഇംഗ്ലീഷിൽ (Fenel seed) ഫെനൽസീഡ്.]

കാട്ടുള്ളി-ഒരുപച്ചമരുന്ന്, കാട്ടുവെങ്കായം.
[കാട്ടുള്ളി വിഷത്തിനും പുഴുക്കടിക്കും ചുട്ടുവാതത്തിനും ഉപയോഗം.]

കാട്ടുള്ളിപ്പോള-൧. കാട്ടുവെങ്കായത്തിന്റെ ഇല. ൨. ഒരു ചെടി.

കാട്ടുഴുന്ന-ഒരു പച്ചമരുന്ന്. പെരുങ്കാണം എന്നും പറയും. പര്യായങ്ങൾ-ഹയപുച്ഛി, കാംബോജി, മാഷപർണ്ണി, മഹാസഹാ.
[വാതം, ജ്വരം, ക്ഷയം, പിത്തം, ചുട്ടുനീറൽ, വീക്കം, രക്തദോഷം, ചുമ ഇവയെ ശമിപ്പിക്കും, മലത്തെ തടുക്കും ബലത്തെയും കഫത്തെയും വർദ്ധിപ്പിക്കും. ഇതിനു മിക്കവാറും ഉഴുന്നിന്റെ ലക്ഷണമാണുള്ളതു്. സംസ്കൃതത്തിൽ മാഷപർണ്ണി. തമിഴിൽ-പെരിവിട്ടുകൊള്ളു ]

കാട്ടുറുമ്പ്-ഒരുവക കറുത്ത ഉറുമ്പ്.

കാട്ടൂരൻ-ഒരു ചെടി.

കാട്ടെരുമ-പെൺകടമാൻ.

കാട്ടെള്ളു-ഫലമില്ലാത്തതിലം. പര്യായങ്ങൾ-തിലപേജം, തിലപിഞ്ജം.

കാഠിന്യം-൧. ഉറപ്പ്. ൨. കഠിനത, ക്രൂരത.

കാൺവന-കാഴ്ച.

കാണ-വി. ഒററക്കണ്ണുള്ള.

കാണകപോതകം-കരുപ്രാവ്.

കാണക്കാരൻ-മുതലാകുന്ന ദ്രവ്യം വായ്പകൊടുത്തു നിലം പാട്ടത്തിനു വാങ്ങിച്ചവൻ.

കാണക്കോട-൧. നിലം പാട്ടത്തിനു എഴുതിവാങ്ങിക്കുന്നവൻ മുതലാകുന്ന ദ്രവ്യം കൊടുക്കുക. ൨. കാണംകൊടുത്തു വാങ്ങിച്ചിരിക്കുന്ന നിലമോ പറമ്പോ.

കാണജന്മമര്യാദ-മലയാളത്തിലെ വസ്തു അനുഭവക്രമം മുതലായവയെ വിവരിക്കുന്ന ഒരു ഗദ്യപുസ്തകം.

കാണപ്പാട്ടം-൧. കാണമായിട്ടു ദ്രവ്യം വായ്പകൊടുത്തെഴുതി വാങ്ങിച്ചിരിക്കുന്ന കണ്ടമോ പറമ്പോ. ൨. കാണത്തിന്റെ പലിശനീക്കി ശേഷം മുതലാളനു കൊടുക്കേണ്ടുന്ന പാട്ടം, മിച്ചവാരം.

കാണം-൧. മുതിര. ൨. ധനം, വസ്തു ൩. നിലവും മററും പാട്ടത്തിനേല്ക്കുമ്പോൾ അതിന്റെ ഉടയക്കാരനു വായ്പയായിട്ടു കൊടുക്കുന്ന ദ്രവ്യം. ൪. കാക്ക.
[പഴഞ്ചൊല്ല്-കാണംവിററും ഓണം കൊള്ളണം=വിററുനശിച്ചാലും ഘോഷിക്കാനുള്ളതു ഘോഷിക്കണം ]

കാണശിഷ്ടം-കാണത്തിന്റെ ഉദയം നീക്കി ശേഷം ഉടയക്കാരനു കൊടുക്കേണ്ടുന്ന പാട്ടം, മിച്ചവാരം.

കാണാകുക-കാണമാറാവുക, കാണ്മാൻ തക്കവണ്ണമാവുക.

കാണാക്കോൽ-വഞ്ചന, ചതിവ്.

കാണാതെ-അ. ൧. കണ്ടറിയാതെ. ൨. അറിയാതെ. ൩. മറഞ്ഞ്. ൪. കളഞ്ഞ്
[പഴഞ്ചൊല്ല്-കാണാൻപോകുന്നപൂരം പറഞ്ഞു കേൾപ്പിക്കണമൊ=ഉടൻ അനുഭവിപ്പാൻപോകുന്ന സംഗതിയെപ്പററി പറഞ്ഞിട്ടാവശ്യമില്ല.]

കാണാപ്പാഠം-പുസ്തകത്തിൽ നോക്കാതെ ചൊല്ലുക.

കാണാരി-കാണക്കാരൻ.

കാണി-൧. അല്പം, ക്ഷണനേരം
'കാണിവിളംബമതിന്നുമകളുടെ'
(പ്രദോഷമാഹാത്മ്യം തുള്ളൽ)
൨. ഒന്നിന്റെ എണ്ണതിൽ ഒരു പങ്ക് ൩. ഒരുമാതിരി തുള്ളൽ.

കാണികൾ-കാണുന്നവർ.

കാണിക്ക-൧. രാജാക്കന്മാരെയും മററും കാണ്മാൻ ചെല്ലുമ്പോൾ കാഴ്ചയായിട്ടു

വെയ്ക്കുന്ന ദ്രവ്യം ൨. ക്ഷേത്രങ്ങളിൽ വഴിപാടായിട്ടു നടയിൽവെക്കുന്നദ്രവ്യം.

കാണിക്കുക-൧. കാട്ടുക. ൨. ചെയ്യുക. ൩. കാണുമാറാക്കുക.

കാണിക്കുത്ത്-മടിശ്ശീലക്കും മറവും പുറമെ ഭംഗിയിൽ തയ്ക്കുന്ന തയ്യൽ.

കാണുക-൧. കണ്ണുകൊണ്ടറിയുക ൨. വിചാരിച്ചറിയുക.

കാണ്യകം-൧. കാക്ക. ൨. പൂവൻകോഴി. ൩. ഒരുമാതിരി പാത്ത. ൪. താലമരത്തിൽ തൂങ്ങുന്ന, കൂടുകെട്ടുന്ന ഒരുമാതിരി പക്ഷി.

കാണേയൻ, കാണേരൻ-ഒററക്കണ്ണുള്ള സ്ത്രീയുടെ മകൻ.

കാണ്ടാമരം-മണ്ണിൻെറയൊ വെള്ളത്തിൻെറയൊ അടിയിൽ കിടക്കുന്ന ഒരു മാതിരി മരം.

കാണ്ടാമൃഗം - ഒററക്കൊമ്പുള്ള ഒരുവക മൃഗം.

കാണ്ഡകടുകം-ചങ്ങലംപരണ്ട.

കാണ്ഡകണ്ടം-വലിയ കടലാടി.

കാണ്ഡകം-വയൽ വെള്ളരി.

കാണ്ഡകാണ്ഡകം-കരുവിക്കയ്യ്.

കാണ്ഡകാരം-കവുങ്ങ്.

കാണ്ഡകീലകം-പാച്ചോററി.

കാണ്ഡഗണ്ഡം-മുപ്പരപ്പൻപുല്ല്.

കാണ്ഡചതുഷ്ടയം-ഉളള (ഗോകണ്ണത്തിനും പെരുമ്പുഴയ്ക്കും മദ്ധ്യേ), കൂപം (പെരുമ്പുഴ, കോട്ട ഈ നദികൾക്കും മദ്ധ്യേ), കേരളം (പുതുപട്ടണം, കന്നേററി ഇവകൾ മദ്ധ്യേ), മൂഷികം കന്നേററിക്കും കന്യാകുമാരിക്കും മദ്ധ്യേ). ഇവ പരശുരാമക്ഷേത്രത്തിൻെറ കാണ്ഡങ്ങൾ.

കാണ്ഡതിക്ത(കം)-നിലവേപ്പ്.

കാണ്ഡനീലം-പച്ചോററി.

കാണ്ഡപടം-കൂടാരമറ.

കാണ്ഡപുംഖാ-കൊഴിഞ്ഞിൽ.

കാണ്ഡപുഷ്പാ-തുമ്പ.

കാണ്ഡപൃഷ്ഠ-വി. യുദ്ധത്തിന്നായിട്ടു ആയുധം എടുത്ത.

കാണ്ഡപൃഷ്ഠൻ- ആയുധ വിദ്യകൊണ്ട് ഉപജീവിക്കുന്നവൻ, ശസ്ത്രങ്ങളെ അത്ര വകവെക്കാത്തവൻ എന്നർത്ഥം.

കാണ്ഡപൃഷ്ഠം, കാളപൃഷ്ഠം- കണ്ണൻെറ വില്ല്.

കാണ്ഡഭഗ്നം-ഭഗ്നനിദാനത്തിൽ പെട്ട ഒരു രോഗം.

[ഇതു ൧൨ വിധമുണ്ട്. ഇരുന്നാലും നിന്നാലും കിടന്നാലും എന്നല്ല ഒരവസ്ഥയിലും സുഖമുണ്ടാകാത്തതാണ്. ഭഗ്നത്തിൽ കൈകൊണ്ടമർത്തിയാൽ ശബ്ദമുണ്ടാകും.]

കാണ്ഡം-൧. പുക്കളുടേയുംമററും തണ്ട്. ൨. അദ്ധ്യായങ്ങൾ ചേർന്നുണ്ടാകുന്നതു (ഭാഗം) * ൩. വടി. ൪. അസ്ത്രം. ൫. കതിര. ൬. ജലം. ൭. സമയം. ൮. കൂട്ടം. ൯. അവസരം. ൧൦. സ്വകാര്യസ്ഥലം. ൧൧. സ്തുതി. ൧൨. ഒരളവ്. ൧൩. അമ, പേക്കരിമ്പ്. ൧൪. ഇരുവേലി.

[൧. പദങ്ങൾ ചേർന്ന വാക്യവും ൨. വാക്യങ്ങൾ ചേർന്ന വകുപ്പും (ഖണ്ഡികയും) ൩. വകുപ്പുകൾ ചേർന്ന അദ്ധ്യായ (സർഗ്ഗം-അങ്കം) വും, ൪. അദ്ധ്യായങ്ങൾ ചേർന്ന കാണ്ഡവും (ഭാഗം) ൫. കാണ്ഡങ്ങൾ ചേർന്ന ഗ്രന്ഥവും ഉണ്ടാകുന്നു.]

കാണ്ഡരുഹാ-കടുരോഹിണി.

കാണ്ഡശാഖാ-എരുമവള്ളി

കാണ്ഡവൽ-വി. അസ്ത്രമുള്ള [വാൻ, വതി, വൽ.]

[കാണ്ഡവാൻ- ബാണത്തോടുകൂടിയവൻ എന്നർത്ഥം. കാണ്ഡം = ബാണം. മറെറാരുപര്യായം-കാണ്ഡീരൻ ]

കാണ്ഡസ്പൃഷ്ട-വി. ആയുധമെടുത്ത

കാണ്ഡികാ-മൂന്നു മൂലമുള്ള കല ൨. വയൽവെള്ളരി.

കാണ്ഡീര-വി. അസ്ത്രത്തോടുകൂടിയ,ബാണം ധരിച്ച.

കാണ്ഡീരാ-ന്ത്ര. ചങ്ങലംപരണ്ട. വ. ചെറുചീര.

കാണ്ഡീരി-മഞ്ചട്ടി.

കാണ്ഡേക്ഷു-ന്ത്ര. വയൽച്ചുള്ളി, നീര്ച്ചുള്ളി വ. മുള്ളുള്ള ഒരു ചെടി.

കാണ്ഡേരി-നാഗദന്തി.

കാണ്ഡേരുഹാ-കടുരോഹിണി

കാത്-ന്ത്ര. ചെവി. വ. ചില പാത്രത്തിന്റെ കഴ.

കാത്-കിണറ്.

കാതന്ത്രം-കാത്തികേയന്റെ പ്രീതി ഹേതുവായിട്ടു സവ്വമ്മാവു് ഉണ്ടാക്കിയ ഒരു വ്യാകരണം.

കാതം-നാലുനാഴികവഴി.

കാതയ്യവാൻ-കാതയ്യത്തോടു (ഭീരുതയോടു) കൂടിയവൻ.

കാതര-വി. ന്ത്ര. ഭയമുള്ള. വ. പാരവശ്യമുള്ള. ന. ചഞ്ചലമായ. [അകാതര എന്ന ശബ്ദം നോക്കുക]

കാതരൻ-രോഗാദികൊണ്ടു വ്യാകുലമനസ്സായിട്ടുള്ളവൻ. പണിപ്പെട്ടു കഴിച്ചുകൂട്ടുന്നവൻ എന്നത്ഥം. മറെറാരുപയ്യായം-അധീരൻ.

കാതരത, കാതരത്വം, കാതയ്യം-ന്ത്ര ഭയം, പേടി. വ. പാരവശ്യം. ന. ചാപല്യം.

കാതരാക്ഷി-ചഞ്ചലാക്ഷി, സുന്ദരി.

കാതൽ-ന്ത്ര. മരത്തിന്റെ അകത്തെ ഉറപ്പുള്ള ഭാഗം, മജ്ജ് പയ്യായങ്ങൾ-സാരം, മജ്ജാ. വ. സത്തു് സാരം,ശക്തി. ന. ആഗ്രഹം.

'കാതലേകുടെ വിഷയങ്ങളുടയച്ചു'
(ഭഗവൽഗീത)

കാതില-ചില സ്ത്രീകൾ കാതിലിടുന്ന ഒരുമാതിരി ആഭരണം.

'കാതിലവളകളുംമാലകൾകാഞ്ചികളും'
(ചാണക്യസൂത്രം)

കാതിലോല-ചില സ്ത്രീകൾ കാതിൽ ഇടുന്നതിനുള്ള ഓല. [സംസ്കൃതത്തിൽ -കാ + അതിലോല=കാതിലോല=അതിലോല(സുന്ദരി)കാ=ആര്.]

കാതുകുത്ത്-മനുഷ്യരുടെ ചെവി തുളയ്ക്കുക.

കാതോല-ന്ത്ര. കാതിലോല. വ. പനയോലമടലിൽ രണ്ടുഭാഗത്തുമുള്ളതിൽ നീളം കുറഞ്ഞ ഓല.

കാത്തിരിക്ക -ന്ത്ര. ആരും കൊണ്ടുപോകാതെയുംമററും സൂക്ഷിച്ചുംകൊണ്ടു നോക്കിയിരിക്കുക. വ. വരവിനേയും മററും നോക്കിയിരിക്കുക.

കാത്തിരിപ്പ്-ന്ത്ര. കാവലായിട്ടു നോക്കിയിരിക്കുക. വ. സമയത്തെ നോക്കിപ്പാക്കുക

കാത്ത്-കരങ്ങാലിമരത്ത്.

[കഫം, പിത്തം, കണ്ഠരോഗം, വ്രണം, പ്രമേഹം, കൃമി, വിസപ്പം, കുഷ്ഠം, മുഖരോഗം, അർശസ്സ്, സ്ഥൗല്യം ഇവയെ ശമിപ്പിക്കും. ദീപനവും രുചികരവുമാണ്. കരിങ്ങാലിവിറകിൽ നിന്നെടുക്കുന്നു. ഈ പാലോട്ടാചയ്യൻ ഉപയോഗിക്കരുത് ഈ അധികമായി ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിൽ പശുവിൻപാൽ കാച്ചി പഞ്ചസാര ചേർത്തു കൂടക്കൂടെ കൊടുക്കണം വികാരം തീരുന്നതിനു ഒരു യാമം ഛദിവരും. സംസ്കൃതത്തിൽ ഖദിരസാരം ഇംഗ്ലീഷിൽ-(Catechu) കേട്ടച്ചു കാത്തിനെ 'കാശിക്കട്ടി' എന്നും പറയും].

കാത്തുകളി-കാലുകൊണ്ടുള്ള ഒരുമാതിരി കളി.

കാത്തുനില്ക്കുക-ന്ത്ര. വസ്തുക്കളെ ആരും കൊണ്ടുപോകാതെയും മററും നോക്കിക്കൊണ്ടു നില്ക്കുക. വ. അകത്തേക്ക ആ

രെയും വിടാതെ വാതുക്കൽ കാവലായി ട്ടു നില്ക്കുക. ന. കാണുന്നതിനും മററും എപ്പോഴും സമയമുണ്ടാകുമോ എന്നു വിചാരിച്ചുകൊണ്ട് ശ്രദ്ധയോടെ നില്ക്കുക.

കാത്യായനി-പ്ര. പകുതിവൃദ്ധയായി കാഷായവസ്ത്രം ധരിച്ചവളായിരിക്കുന്ന വിധവ. വ. പാർവതി കത്യായനമഹർഷിയുടെ വംശത്തിലുണ്ടായവൾ എന്നർത്ഥം.

'കാത്യായന്യർദ്ധവൃദ്ധായാം
കാഷായവസനാധവാ' (അമരം)

ന. യാജ്ഞവല്ക്യന്റെ ഭാര്യയുടെ പേർ.

കാത്യായനൻ-പു. ഒരു മഹർഷി. വ. ഒരു ധർമ്മശാസ്ത്രപ്രവർത്തകൻ.

[ഇദ്ദേഹം പാണിനീയസൂത്രങ്ങളെ പൂർത്തിയാക്കീട്ടുണ്ട്. ശ്രൌതസൂത്രങ്ങൾ എഴുതീട്ടുണ്ട്. ഈ മഹർഷിയും 'പ്രാകൃതപ്രകാശം' എന്ന പുസ്തകം ഉണ്ടാക്കിയ വരരുചിയും ഒരാളാണെന്നും അഭിപ്രായക്കാരുണ്ട്. പുഷ്പദന്തന്റെ അവതാരമെന്നു കഥാസരിത്സാഗരം പറയുന്നു. ക്രി. മു-4-ാം നൂററാണ്ടിന്റെ പൂർവാർദ്ധത്തിൽ ജീവിച്ചിരുന്നു ]

കാഥികൻ-കഥകൾ എഴുതുന്നവൻ.

കാദംബ-മഹാശ്രാവണി.

കാദംബകം-അസ്ത്രം.

കാദംബം-പ്ര കാരന്നം. തൻ കൂട്ടത്തോടു കൂടെ സഞ്ചരിക്കുന്നതു എന്നർത്ഥം വ. കടമ്പിൻപൂവ്, കടമ്പുവൃക്ഷം. ന. അമ്പു.

കാദംബരി-പ്ര. ഒരു മാതിരി മദ്യം, കടമ്പിൻപൂവിൽ നിന്നെടുക്കുന്ന മദ്യം. കദംബരന്റേതു് എന്നർത്ഥം. കാദംബരൻ = ബലഭദ്രൻ. കദംബത്തിൽ ജാതമായ രസം കാദംബം അതിനെ (രാത്രി) ആദാനംചെയ്യുന്നതു് എന്നുമാകാം.

കാദംബരീമദ്യം വിശേഷാൽ പിത്തം ഭ്രമം ഇതുകളെ ശമിപ്പിക്കും. പല വസ്തുക്കളും കലിയുണ്ടാക്കുന്നതാണു്.

വ. സരസ്വതി ന. പെൺപക്ഷി. ര. ചിത്രരഥന്റെ പുത്രി. ഒ. ബാണഭട്ടൻ ഉണ്ടാക്കിയ ഒരു ഗദ്യപുസ്തകം. നു. മയിൽപ്പെട. ൧ പഞ്ചവർണ്ണക്കിളി.

കാദംബരം-പ്ര തൈർപ്പാട. വ. കാച്ചിയ പാലിന്റെ പാട ന. ഒരുമദ്യം.

കാദംബര്യം-കടമ്പു്.

കാദംബിനി-മേഘക്കൂട്ടം. മേഘങ്ങളുടെ കൂടിയതു്. കാദംബങ്ങൾ (കളഹംസങ്ങൾ) ഉള്ളതു് എന്നിങ്ങനെ ശബ്ദാർത്ഥം. മററാരുപര്യായം-മേഘമാല.

ഹംസങ്ങൾക്കു വർഷകാലം അസഹ്യമാണല്ലോ. മേഘാവിർഭാവത്തിങ്കൽ ഹംസങ്ങൾ അസഹ്യത ഹേതുവായിട്ടു മേഘത്തിന്റെ നേരെ പറന്നു ചെല്ലുന്ന അവസ്ഥയെ ഈ ശബ്ദം സൂചിപ്പിക്കുന്നു.

കാദർ-സർവ്വശക്തൻ (അറബിഭാഷ)

കാദളം-പ്ര. വാഴക്കാ, വാഴയുടെ കായ്. വ പഴം.

'കാദളമോദകപായസജാലങ്ങൾ'
(കൃഷ്ണഗാഥ)

കാദ്രവം-വരക്.

കാദ്രവേയൻ-സർപ്പം. കദ്രുവിന്റെ പുത്രൻ എന്നർത്ഥം.

കാദ്രവേയന്മാർ എന്നാൽ നാഗങ്ങൾ എന്നാകുന്നു അർത്ഥം. പത്തിയും വാലുമുള്ളവരും ശേഷം മർത്ത്യസാദൃശ്യകളും ദേവയോനികളും നിഗ്രഹാനുഗ്രഹശക്തിയുള്ളവരുമായ സർപ്പശ്രേഷ്ഠന്മാരത്രെ നാഗങ്ങൾ.

കാനക-വി. കനകത്തെ സംബന്ധിച്ച.

കാനകനാറി-കൈതപ്പൂവ്. സുഗന്ധവുമുള്ളമുള്ള ഒരു പൂച്ചെടി.

കാനകവാഴ-ഒരു വക ചീര.

ഇതു വാഴപ്പഴത്തി ആണെന്നും ഒരു പക്ഷമുണ്ട്. ഇതു കണ്ണുരോഗ, കഫരോഗ ഇവററിനു നന്ന്.

കാനക്കുറിഞ്ഞി-ഒരു രാഗം.

കാനക്കൈതെ-ഒരു വൃക്ഷം.

കാനജലം-മൃഗതൃഷ്ണ.

കാനനം-൧. കാട്. വെള്ളം കൊണ്ടു മാത്രം ഉപജീവിക്കുന്നടം, അന്തകമുഖം പോലെ ഭയങ്കരമായത് എന്നിങ്ങനെ ശബ്ദാൎത്ഥം. [കഃ യമൻ]. ൨. കാവ്. ൩. കന്റെ (ബ്രഹ്മാവിന്റെ) ആനനം (മുഖം) ൪. ഭവനം.

കാനനമല്ലിക-കാട്ടുമല്ലി.

കാനനാരി-പന്നി.

കാനമേഹോഡി-ഒരു ചെടി. ഗ്രാഹ്യാംശം വള്ളി.

ഇതു എല്ലാ വ്യാധിയെയും സകലവിഷയങ്ങളേയും ഗ്രഹപീഡ, ഭൂതപീഡ ഇവയേയും ശമിപ്പിക്കും. സംസ്കൃതത്തിൽ കൎണ്ണസ്ഫോടം.

കാനം-വനം, കാട്.

കാനൽ-൧. നടക്കാവ്. ൨. മരക്കൂട്ടം. ൩. ചൂട്.

കാനാഞ്ചി-ഒരുമരുന്നു. (വമനകരമാണ്

കാനിഷ്ഠികം-ചെറുവിരൽ.

കാനീനൻ-൧. കന്യകാപുത്രൻ. ൨. സത്യവതീപുത്രനായ വ്യാസൻ ൩. കുന്തീപുത്രനായ കൎണ്ണൻ.

കാനീനം-ചെമന്ന പാച്ചോററി

കാനീനി-വിവാഹം കഴിയാത്തവളുടെ പെററ പുത്രി.

കാനേഷുമാരി-ഒരു രാജ്യത്തുള്ള ജനങ്ങളുടെ ആകത്തുക എടുക്കുക.

കാന്ത-വി. സുന്ദരമായ, മംഗളമുള്ള, മനോഹരമായ.

കാന്ത-൧. ഭാൎയ്യ ൨. പ്രിയ. ൩. സുന്ദരി. ൪. ഞാഴൽ. ൫. പോരകം. ൬. അരേണുകം ൭. ത്രിസന്ധി. ൮. ചെറുതേങ്ങ. ൯. ഒരു വൃത്തം, അത്യഷ്ടിഛന്ദസ്സിൽപെട്ടത്. പാദം ഒന്നിൽ അക്ഷരം ൧൭.

'യമംകാന്താനരസലഘുവുംശനാലിത്വപ (വൃത്തമഞ്ജരി) ത്തിന്നം'

കാന്തകാരി-൧. ഒരു വക ചെറിയ മുള്ളുണ്ടാകുന്ന ചെടി. ൨. കണ്ടകാരിയുടെ കായ്, കാന്താരിമുളക്.

കാന്തക്കല്ല്-൧. അയസ്കാന്തം ൨. ചന്ദ്രകാന്തം. ൩. സൂൎയ്യകാന്തം.

കാന്തങ്ങ-കാട്ടുള്ളി.

കാന്തത-സൌന്ദൎയ്യം.

കാന്തൻ-൧. ഭൎത്താവ്. ൨. പ്രിയൻ. ൩. സുന്ദരൻ.

കാന്തപാഷാണം-അയസ്കാന്തം.

കാന്തപുഷ്പം-മലയകത്തി.

കാന്തപ്പക്ഷി-മയിൽ

കാന്തം-൧. സൂൎയ്യകാന്തം. ൨. ചന്ദ്രകാന്തം. ൩. അയസ്കാന്തം. ൪. കുങ്കുമം. ൫. പയിൻ. ൬. നീൎക്കടമ്പു. ൭. ചക്രവാകപ്പക്ഷി. ൮ പടകരണ. ൯. മാവ്. ൰. മനോഹരം. ഇച്ഛിക്കപ്പെടുന്നത് എന്നു ശബ്ദാൎത്ഥം.

കാന്തമല-കാന്തക്കല്ലുകൊണ്ടുണ്ടായിരിക്കുന്ന കുന്ന്.

കാന്തൽ-മണ്ണുംകൊണ്ടോ എരിവു കൊണ്ടോ ഉണ്ടാകുന്ന വേദന, നീററൽ.

കാന്തല(ള)കം- പടകരണ. ആനകൾ ആഗ്രഹിക്കപ്പെടുന്നതും ഭക്ഷിക്കപ്പെടുന്നതും എന്നൎത്ഥം.

കാന്തലോഹം-അയസ്കാന്തം.

കാന്തസിന്ദൂരം-അയസ്കാന്തവും മററും നീററിയുണ്ടാക്കിയ ഭസ്മം.

കാന്താരം-മേത്തോന്നി മേന്തോന്നി.

കാന്താംഘ്രിദോഹദം-അശോകം.

കാന്തായസം-അയസ്കാന്തം.

കാന്താരക്കരിമ്പ്-ഈഴക്കരിമ്പ്, നീലക്കരിമ്പ്.

[വിശേഷാൽ കഫത്തെ വർദ്ധിപ്പിക്കും മലത്തെ പുറത്തു കളയും ദേഹത്തെ തടിപ്പിക്കും.]

കാന്താര(ക)ം—കരിമ്പിന്റെ വകഭേദം, ഈഴക്കരിമ്പ്. രസമുള്ളതെന്നർത്ഥം കാന്താരക്കരിമ്പ്, നീലക്കരിമ്പ് എന്നും പറയുന്നുണ്ട്.

കാന്താരം—൧. കൊടുങ്കാട്. ൨. കാട്ടുപാത, നടപ്പാൻ പ്രയാസമുള്ള വഴി. ഭീതരെ കടത്തി വിടാത്തതെന്നർത്ഥം. ജലമുള്ള സ്ഥലത്തെ തേടിക്കുന്നതു് എന്നുമാകാം. കണ്ടാൽ മനോഹരങ്ങളായ അരങ്ങൾ (മൂർച്ചയുള്ള മുള്ളുകൾ) ഉള്ളതു് എന്നും അർത്ഥമുണ്ട്. ൩. ഈഴക്കരിമ്പ്, കാന്താരക്കരിമ്പ്. ൪. മലയകത്തി.

കാന്താരി—൧. മുളകുണ്ടാകുന്ന ഒരുമാതിരി ചെടി. ൨. അതിന്റെ കായ്, കാന്താരിമുളക്. ൩. കാന്താരക്കരിമ്പ്.

[കാന്താരിമുളക് വായുശമനത്തിനു നന്ന്. രൂക്ഷവും മധുരവുമാണ്. കഫദോഷമുംതന്നെ, അർശസ്സിനു ഗുണമല്ല].

കാന്താഹ്വ—തൊഴൽ.

കാന്തി—൧. സാമാന്യശോഭ. ഇച്ഛിക്കപ്പെടുന്നതെന്നർത്ഥം. ഉൽകൃഷ്ടമായ കാന്തിക്കു 'സുഷമാ' എന്നു പേർ. ൨. ഇച്ഛ. ൩. സൌന്ദര്യം. ൪. ചൂട്. ൫. കാവ്യഗുണങ്ങളിൽ ഒന്ന്. ൬. നേപാളരാജ്യത്തിലെ ഒരു രാജധാനി. [ജനങ്ങൾ ഇതിനെ കാഷ്ഠമണ്ഡപം (കട്മണ്ടു) എന്നു വിളിച്ചുവരുന്നു] ൭. നായികാശ്രിതങ്ങളായ ൨൮ അലങ്കാരങ്ങളിൽ ഒന്ന്.

കാന്തിദ—കാർകോകിൽ.

കാന്തിദം—നെയ്യ്.

കാന്തിദായക—പീതചന്ദനം.

കാന്തിമാൻ—൧ കാമദേവൻ. ൨. സൂര്യൻ. ൩. ചന്ദ്രൻ.

കാന്തുക—എരിവോ ചൂടോ കൊണ്ടു നീറലുണ്ടാവുക.

കാന്ദവം—ഒരുമാതിരി അപ്പം, ദോശ. [കന്ദുവി(ദോശക്കല്ലി)ൽ ഉണ്ടാകുന്നതിനാൽ ഈ പേർ വന്നു.]

കാന്ദവികൻ—കന്ദുവിൽ(ദോശക്കല്ലിൽ) ദോശയുണ്ടാക്കുന്നവൻ.

കാന്ദിശീക—വി. ഭയപ്പെട്ടോടിയ.

കാന്ദിശീകൻ—പേടിച്ചോടിയവൻ. 'ഏതു ദിക്കിലേയ്ക്കു പോകേണ്ടു' എന്നു പറയുന്നവൻ എന്നർത്ഥം. മറ്റൊരുപര്യായം—ഭയദ്രുതൻ.

കാന്യകുബ്ജം—ഒരു രാജ്യത്തിന്റെ പേർ. [കന്യാകുബ്ജം എന്നതു നോക്കുക.] Kanouj. [കാ'

'ഭൂമീപാലപ്രഥമതയുടൻകാന്യകുബ്ജാഖ്യമാം

(ആംഗലസാമ്രാജ്യം)

കാന്യജാ—പവിഴക്കൊടി.

കാപടിക—വി. വ്യാജമുള്ള, ചീത്തസ്വഭാവമുള്ള.

കാപടികൻ—൧. ശിഷ്യൻ. ൨. ഇഷ്ടംപറയുന്നവൻ.

കാപട്യം—വ്യാജം, നേരുകേട്.

കാപഥം—൧. ചീത്ത വഴി, ദുർമ്മാർഗ്ഗം. ൨. രാമച്ചം.

കാപശം—മദ്യം.

കാപാലകുഷ്ഠം—ഒരുവക മഹാകുഷ്ഠം.

[മഹാകുഷ്ഠം ഏഴുവിധമുണ്ട്. ഇതു കറുത്തിട്ടും കലത്തിന്റെ ഓട്ടുപോലെയും ചെമന്നിട്ടും രൂക്ഷമായും പരുപരുപ്പോടുകൂടിയും നേർത്തിട്ടും ഇരിക്കും. അധികം കഠിനനോവു കാണും.]

കാപാലം—കർക്കടവൃക്ഷം.

കാപാലി—൧. ശിവൻ. ൨. വിഴാൽ.

കാപാലിക—വി. തലയോടിനെ സംബന്ധിച്ച.

കാപാലികത്വം—ക്രൌര്യം.

കാപാലികൻ—ഒരു വക ശിവമതക്കാരൻ, ദുഷ്ടകർമ്മങ്ങൾ ചെയ്യുന്ന ഒരു മതക്കാരൻ.

**കാപില**-വി. ൧. കപിലനിറമായ. ൨. കപിലമഹർഷിയെ സംബന്ധിച്ച.

**കാപിലൻ**-സാംഖ്യശാസ്ത്രത്തെ അറിയുന്നവൻ.

**കാപിശം**-ഒരുമാതിരി മദ്യം.

**കാപിശായനം**-ഒരുവക മദ്യം.

**കാപുരുഷൻ**-നിന്ദ്യനായ മനുഷ്യൻ.

**കാപേയം**-കുരങ്ങിനെ സംബന്ധിച്ചത്.

**കാപോതം**-൧. കപോതസമൂഹം (പ്രാക്കളുടെ കൂട്ടം.) ൨. ഉറച്ചിലക്കാരം. കപോതവർണ്ണമുള്ളതെന്നർത്ഥം. ൩. ഒരുവക അഞ്ജനം. ൪. വേങ്ങവേർ.

**കാപോത(ക)ം**-സൌവീരാഞ്ജനം, കപോതാഞ്ജനം.

**കാപ്യ**-വി. കപിയെ സംബന്ധിച്ച.

**കാപ്യകരൻ, കാപ്യകാരൻ**-അനുതപിക്കുന്നവൻ.

**കാപ്യകരം, കാപ്യകാരം**-അനുതാപം.

**കാപ്പ്**- സൂറിയാനിപ്പട്ടക്കാരരുടെ പുറങ്കുപ്പായം.

**കാപ്പക്കുഴൽ**-തോക്കിന്റെ അകത്തെ കുഴൽ, വെടിമരുന്നിടുന്ന പിള്ളക്കുഴൽ.

**കാപ്പട**-വളുത്തുന്നതിനായിട്ട പശുക്കിടാവിനേയും മററു ചിലതിനേയും കൊടുക്കുക.

**കാപ്പി**-ഒരുമാതിരി ചെറിയ വൃക്ഷം, കാപ്പിമരത്തിന്റെ കുരു. കാപ്പിക്കു സംസ്കൃതത്തിൽ-പീലു. [മുക എന്നാതപക്ഷം -ആ ശബ്ദം നോക്കുക.]

**കാപ്പിക്ക**-കാക്കുമാറാക്കുക.

**കാപ്പിരി**-ആഫ്രിക്കാദേശത്തിലുള്ള ഒരു ജാതിക്കാർ.

**കാപ്പ്**-൧. സ്ത്രീകൾ കൈയിൽ ഇടുന്ന ഒരാഭരണം. ൨. കല്യാണത്തിനുമുമ്പിൽ മണവാളന്റെ കൈയിൽകെട്ടുന്നചരട്. ൩. വാതിൽ. ൪. രക്ഷ. ൫. കാവൽ.

**കാപ്പുകെട്ടുക**-ഒരുങ്ങിയിരിക്കുക. [ദേശലി.]

**കാമഫലം**-൧. കായുണ്ടാവുക. ൨. ചെറുകമിഴ്.

**കാമ**-വലിയ തെട്ടിക്കുഴിൻമാവ്.

**കാമകല**-രതി.

**കാമകൂടൻ**-വേശ്യയുടെ ജാരൻ.

**കാമകൂടം**-വേശ്യാവൃത്തി.

**കാമകേളി**-സംയോഗം.

**കാമക്രീഡ**-൧. കാമകേളി. ൨. ഒരു വൃത്തം.

[അതിശക്വരിഛന്ദസ്സിൽ പെട്ടതാണ്. പാദം ഒന്നിൽ ൧൫ അക്ഷരം വീതം കാണും.] [വൃത്തം 'മംതാനഞ്ചുംചേർന്നീടുന്നെങ്കിൽകാമക്രീഡാം (വൃത്തമഞ്ജരി)

**കാമഖഡ്ഗദലാ**-പൊൻകൈത.

**കാമഗ**-കുയിൽപേട.

**കാമഗാമി, കാമംഗാമി**-വി. തന്റെ ഇഷ്ടത്തിനു തക്കവണ്ണം നടക്കുന്ന.

**കാമഗുണം**-ആഗ്രഹത്തോടുകൂടിയ സ്നേഹം.

**കാമചാരം**-തോന്നിയവണ്ണം.

**കാമചാരി**-വി. ൧. ഇഷ്ടംപോലെ സഞ്ചരിക്കുന്ന ൨. ഇഷ്ടംപോലെ പ്രവൃത്തിക്കുന്ന. ൩. ആഗ്രഹിക്കു ശീലമുള്ള. [സ്ത്രീ-കാമചാരിണി.]

**കാമചാരി**-൧. ഗരുഡൻ. ൨. കാരകിൽ.

**കാമജ്വരം**-ഒരുവക പനി.

[ആഗ്രഹിക്കപ്പെട്ട സ്ത്രീയെയും മററും ലഭിക്കായ്കനിമിത്തം ഉണ്ടാകുന്ന ഈ ജ്വരത്തിങ്കൽ ചിത്തവിഭ്രമം, മടി, അലസത, അരുചി ഇവ കാണും.]

**കാമതാലം**-കുയിൽ.

**കാമദ**-വി. ഇഷ്ടമുള്ളതിനെ കൊടുക്കുന്ന.

**കാമദാനം**-ആഗ്രഹിക്കുന്നതിനെ കൊടുക്കുക.

കാമദൂതി, കാമദൂതിക-സ്ത്രീ. നാഗദന്തി. ഉ. പാതിരി.

കാമദേവൻ-കാമൻ. [കാമൻ എന്നതു നോക്കുക.]

കാമധേനു-സ്വൎഗ്ഗത്തിലെ പശു.

[പാലാഴിമഥനത്തിൽ കിട്ടിയതാണ്. ഇതു് ആഗ്രഹിക്കുന്നവൎക്കു സൎവ്വവും നൽകും. ഇതിന്റെ പാലുകുടിച്ചാൽ "ക്ഷുൽപിപാസാദിവ്യാധിമരണജരാനരാദ്യുൽപത്തിയുണ്ടാം പതിനായിരത്താണ്ടേയ്ക്കില്ല".]

കാമന-വി. ആഗ്രഹമുള്ള, അനുരാഗമുള്ള.

കാമനൻ-കാമുകൻ.

കാമനാ-ആഗ്രഹം, അനുരാഗം.

കാമനാമാ-ഞെട്ടികഴിയൻമാവ്.

കാമനാശനൻ-ശിവൻ.

കാമനീയം-സൌന്ദൎയ്യം.

കാമൻ-പു. കാമദേവൻ. അന്യോന്യം കാമിപ്പിക്കുന്നവൻ, സുരതത്തിൽ കാമത്തെ ഉണ്ടാക്കുന്നവൻ, സുരതേച്ഛയെ ഉണ്ടാക്കിത്തീൎക്കുന്നവൻ എന്നിങ്ങനെ ശബ്ദാൎത്ഥം. വ. ബലരാമൻ. ന. പരമാത്മാവു്. പൎയ്യായങ്ങൾ-മദനൻ, മന്മഥൻ, മാരൻ, പ്രദ്യുമ്നൻ, മീനകേതനൻ, കന്ദൎപ്പൻ, ദൎപ്പകൻ, അനംഗൻ, കാമൻ, പഞ്ചശരൻ, സ്മരൻ, ശംബരാരി, മനസിജൻ, കുസുമേഷു, അനന്യജൻ, പുഷ്പധന്വാവ്, രതിപതി, മകരധ്വജൻ, ആത്മഭൂവ്, ശൃംഗാരയോനി, ശ്രീപുത്രൻ, ശൂൎപ്പകാരാതി.

[കാമൻ രുക്മിണിയിൽ കൃഷ്ണനുണ്ടായവനാണ്. ഭാൎയ്യയുടെ പേർ രതി (രേഖാ) എന്നാകുന്നു. താരകാസുരനെ കൊല്ലുന്നതിനു ദേവകൾ മാൎഗ്ഗം അന്വേഷിക്കവെ ശിവനു പാൎവ്വതിയിൽ ജനിക്കുന്ന പുത്രൻ ആ കാൎയ്യം സാധിക്കുമെന്നറിഞ്ഞു. പരമ പരമേശ്വരൻ തപസ്സു ചെയ്യുന്ന സന്ദൎഭത്തിൽ അദ്ദേഹത്തെ ഭൎത്താവായി ലഭിപ്പാൻ പാൎവ്വതിയും ഘോരമായ തപസ്സിനെ അവലംബിച്ചിരുന്നു. പാൎവ്വതീപരമേശ്വരന്മാരെ യോജിപ്പിപ്പാനായി ദേവകൾ കാമദേവനെ പറഞ്ഞയച്ചു. കാമാശ്രമത്തിൽവെച്ചു പരമേശ്വരന്റെ നയനാഗ്നിയിൽ കാമദേവൻ ഭസ്മമായി. പിന്നീടു രതിയുടെ അപേക്ഷപ്രകാരം രുക്മിണിയിൽ പ്രദ്യുമ്നനായി ജനിച്ചു. കാമൻ ധൎമ്മന്റെ പുത്രനാണെന്നും പരമാത്മാവാണെന്നും മററും പല കഥകൾ കാണുന്നുണ്ട്. കാമനു മുൻപറയപ്പെട്ട പേരു കൂടാതെ ഇരാജൻ, ഇഷ്മാ, കിങ്കിരൻ, അഭിരൂപൻ, ഗൃധ്നു, കലാകേളി, കഞ്ജനൻ, രമണൻ, ദീപകൻ, മധുദീപൻ, ശമാന്തകൻ, മുഹിരൻ, ശ്രൂപാസ്ത്രൻ, മുൎമ്മുരൻ, വാമൻ, പുഷ്പകേതനൻ, മകരകേതു, രതനാരീചൻ, രാഗവൃന്തൻ, സംസാരഗുരു, ശയിങ്ങ, മായം, മായി, കണ്ണു ഇങ്ങിനെ പേരുകൾ കാണുന്നുണ്ട്. അനിരുദ്ധൻ എന്നൊരു മകനും തൃഷാ എന്നൊരു പുത്രിയും കാമനുണ്ട്. ഇദ്ദേഹത്തിന്റെ വില്ലു കരിമ്പും ശരങ്ങൾ പുഷ്പങ്ങളും വില്ലിന്റെ ഞാണ് വണ്ടുകളും മകരം ധ്വജവും തത്ത വാഹനവും ആകുന്നു. കാമദേവന്റെ ഉത്ഭവത്തിനു കാരണം പരബ്രഹ്മത്തിന്റെ ഉള്ളിൽ ആദ്യം കാമമുണ്ടായതാണെന്നു കാണുന്നു.]

കാമന്ധമി-പു. ഓട്ടുകൊണ്ടും മററും വാൎക്കുന്ന ജാതിക്കാരൻ, മൂശാരി. ഉ. കന്നാൻ.

കാമപാദപം-ഇത്തിക്കണ്ണി.

കാമപാലൻ-പു. ബലദേവൻ, കാമത്തെ രക്ഷിക്കുന്നവൻ, ഭക്തജനങ്ങളുടെ ഇഷ്ടത്തെ രക്ഷിക്കുന്നവൻ. ഉ. ശിവൻ.

കാമപ്രിയങ്കരി-അമുക്കിരം.

കാമഫലാ-വലിയഞെട്ടികഴിയൻമാവ്.

കാമബാണം-പ. കാമദേവൻെറ അസ്ത്രം.
[കാമബാണങ്ങൾ-അരവിന്ദം, അശോകം, ചൂതം, നവമാലിക, നീലോല്പലം ഇവ അഞ്ചും.]
വ. സ്ത്രീക്കു പുരുഷനിലോ, പുരുഷനു സ്ത്രീയിലോ അധികം ആഗ്രഹം തോന്നുകയും തമ്മിൽ അകന്നിരിക്കയും ചെയ്യുമ്പോൾ ഉണ്ടാകുന്ന സൌഖ്യക്കേടിനെ പറയുന്ന ഒരു പേർ.

കാമം-അ. പ. അങ്ങിനെ ഇരിക്കട്ടെ. വ. വേണ്ടുവോളം. ന. നിന്ദയോടെ, കോപത്തോടെ കൂടിയുള്ള അനുസരണം. ര. ആഗ്രഹത്തിന്നനുസരണമായി. ൫. അസൂയയോടുകൂടിയ സമ്മതം. ൬. ഇഷ്ടംതന്നെ. ഇഷ്ടമില്ലാത്തതിനെ പറയുന്നേടത്തു 'കാമം' എന്നപദം ഉപയോഗിക്കുന്നു. മനസ്സില്ലാമനസ്സോടെ സമ്മതിക്കുക.

'വാമദേവനിലേററം പ്രേമംകൊണ്ടുവക്കിന
മാമകാലാപരേ വരുവാൻവൈമുഖ്യമുളവാകി
കാമമെന്തിഹ ചേതം..............' [ൽ
(ദക്ഷയാഗം കഥകളി)

കാമം-ക്രി. വി. യഥേഷ്ടം.

കാമം-പ. ഇച്ഛ, ആഗ്രഹം, മനസ്സിലുണ്ടാകുന്ന ഒരു ഭാവഭേദം. വ. ഫലകാംക്ഷ.

കാമമന്ഥാ-ഉലുവാ.

കാമമോദി-കസ്തൂരി.

കാമയിതാവ്-കാമുകൻ. കാമിക്കുന്നവനെന്നർത്ഥം.

കാമയിതൃ-വി. കാമിക്ക ശീലമുള്ള, ആഗ്രഹിക്കുന്ന.

കാമരം-തടി അറപ്പാൻതക്കവണ്ണം പൊക്കി വെയ്ക്കുന്നതു്.

കാമരൂപം-ബംഗാളത്തിൻെറ കിഴക്കുള്ള ഒരു ഡിസ്ട്രിക്ട്, ദക്ഷിണത്രൂസാം,

കാമരൂപി-വി. മനസ്സിൽ തോന്നുന്നപ്രകാരമുള്ള രൂപത്തെ എടുക്കാവുന്ന, ഇഷ്ടംപോലെ ശരീരം മാറാവുന്ന.

കാമരൂപിണി-അമുക്കിരം.

കാമരേഖാ, കാമലേഖം-വേശ്യാസ്ത്രീ.

കാമലം-ഒരുമാതിരി പിത്തരോഗം.

കാമലികാ-തിന.

കാമലേഖ(ന)ം-അനുരാഗത്തെ വിവരിക്കുന്ന എഴുത്ത്, അനുരാഗസൂചകമായ എഴുത്ത്.

കാമവതി-മരമഞ്ഞൾ.

കാമവല്ലഭം-പ. മാവ്. വ. വണ്ടാരംകോഴി.

കാമവികാരം-കാമനാൽ മനസ്സിലുണ്ടാകുന്ന ഒരവസ്ഥ.

കാമവൃക്ഷ(ക)ം-ഇത്തിക്കണ്ണി.

കാമവൃന്താ-പാതിരി.

കാമവൃദ്ധി-ഒരൌഷധം. ഗ്രാഹ്യാംശം-ബീജം.
[ഇതു ബലത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. കാമോദ്ദീപനത്തെ ചെയ്യും. കന്നാടദേശത്തിൽ 'കാമജം' എന്നു പ്രസിദ്ധം.]

കാമശരം-പ. കാമബാണം. വ. മാവ്.

കാമശാസ്ത്രം - സ്ത്രീപുരുഷലക്ഷണങ്ങൾ അറിയുന്നതിനും മററുമുള്ള രഹസ്യപുസ്തകം.

കാമശീല-വി. കാമിക്കുക ശീലമുള്ള.

കാമസുരഭി-കാമധേനു.

കാമസൂത്രം-ശൃംഗാരത്തെക്കുറിച്ചു വാത്സ്യായനൻ എഴുതിയ ഒരു പുസ്തകം.

കാമാക്ഷി-ദുർഗ്ഗാ.

കാമാംഗം-മാവുമരം.

കാമാട്ടി-കല്ലുരാരി.

കാമാഖ്യാ-ദുർഗ്ഗാ.

കാമാതുര-വി. സ്ത്രീയിലോ പുരുഷനിലോ അധികം ആഗ്രഹം തോന്നുകയാൽ അതുകൊണ്ടു ദുഃഖമുള്ള.

കാമാനന്ദ-കസ്തൂരി.

കാമാന്തം-വി. തൃപ്തിയാകുംവണ്ണം.

കാമാന്ധ-കസ്തൂരി.

കാമാന്ധം-കയിൽ.

കാമായു-കഴുവൻ.

കാമായുധൻ- വലിയ ഞെട്ടികുഴിയൻ മാവു്.

കാമായുസ്സ്-ഗരുഡൻ.

കാമാരി, കാമജിത്തു്-പു. ശിവൻ. ൨. ഒരു മരുന്നു്, മാക്കീരക്കല്ലു്.

കാമാല-സങ്കടം.

കാമാലിക-മദ്യം.

കാമാലു-വലിയ മലയകത്തി.

കാമാവതാരം-പ്രദ്യുമ്നൻ.

കാമാശ്രമം-പണ്ടു ശ്രീപരമേശ്വരൻ തപസ്സുചെയ്ത സ്ഥലം. ഇവിടെവെച്ചാണു് കാമദേവനെ ദഹിപ്പിച്ചതു്.

കാമാഹ്വം-ഞെട്ടികുഴിയൻമാവു്.

കാമി-പു. വണ്ടാരംകോഴി. ൨. ചക്രവാകപ്പക്ഷി. ൩. മാടപ്രാവു്. ൪. കാട്ടുപ്രാവു്. ൫. ഇടവകം.

കാമി-വി. കാമമുള്ള, സ്ത്രീയിലും മററും ആഗ്രഹമുള്ള.

കാമികം-കുളക്കോഴി.

കാമിക്കുക-ആഗ്രഹിക്കുക.

കാമിത-വി. ആഗ്രഹിക്കപ്പെട്ട.

കാമിനി-സ്ത്രീ. അധികം കാമമുള്ളവൾ. ൨. ഇത്തിൾക്കണ്ണി. ൩. മദ്യം. ൪. മരമഞ്ഞൾ.

കാമിനീശം-കരിമുരിങ്ങ.

കാമില-ഒരു രോഗം.

[കാമിലയുള്ളവന്റെ കണ്ണു്, തൊലി, നഖം, മുഖം ഇവ മഞ്ഞനിറമായിരിക്കും. മലവും മൂത്രവും ചെമന്നിട്ടും മഞ്ഞളിച്ചിട്ടുമിരിക്കും.]

കാമുക-വി. ആഗ്രഹമുള്ള.

കാമുകകാന്താ-മാധവി.

കാമുകൻ-പു. കാമിക്കുന്നവൻ, കാമശീലമുള്ളവൻ, ആഗ്രഹിക്കുന്നവൻ. ൨. പ്രിയതമൻ.

കാമുകം-പു. കുരുക്കത്തിമുല്ല. ൨. ഞാഴൽ. ൩. മലവേപ്പു്. ൪. അശോകം. ൫. കരികിൽ. ൬. കാട്ടുപ്രാവു്. ൭. ചക്രവാകപ്പക്ഷി.

കാമുകാ-പു. പുഷ്പം മുതലായവയിലുള്ള ആശയോടുകൂടിയവൾ. ൨. ധനാദികളിൽ താൽപര്യമുള്ളവൾ.

കാമുകി-പു. സുരതത്തിൽ അത്യാഗ്രഹമുള്ളവൾ. ൨. വെള്ളപ്പക്ഷി.

കാമേശ്വരൻ-കുബേരൻ.

കാമേഷ്ടം-ഞെട്ടികുഴിയൻമാവു്.

കാംക്ഷ-ആഗ്രഹം.

കാംക്ഷിക്കുക-ആഗ്രഹിക്കുക.

കാംക്ഷിത-വി. ആഗ്രഹിക്കപ്പെട്ട.

കാംക്ഷിതം-അഭിപ്രായം.

കാമ്പു്-പുഷ്പത്തിന്റെ ആധാരമായ തണ്ടു്, ആധാരമായ ഭാഗം (മുഖ്യഭാഗം), ഏതു വസ്തുവിന്റെ എങ്കിലും ഉള്ളിലിരിക്കുന്ന സാരാംശം, കാതൽ, കഴമ്പു്, സാരാംശം.

കാമ്പിക്കിണർ-കാണിക്കണം. (പ-മ).

കാമ്പില്യം, കാമ്പില്ല-പു. ഒരു മരം, കമ്പിപ്പാല, കമ്പില്യദേശത്തുണ്ടായതു്. ൨. ദ്രൗപദിയുടെ സ്വയംവരം നടന്ന നഗരം.

കാമ്പീല(ക)ം-കമ്പിപ്പാല.

കാംബലം-കമ്പിളികൊണ്ടു മൂടിയ തേര്

കാംബവികൻ-പു. ശംഖു കടയുന്നവൻ. ൨. ശംഖു വിൽക്കുന്നവൻ. [കംബു=ശംഖം].

കാംബുകാ-അമുക്കിരം.

കാംബോജം-പു. കാംബോജദേശത്തിലുണ്ടായ കുതിര. ൨. കാംബോജദേശം. ൩. വെളുത്തിങ്ങാലി. ൪. പുന്ന.

കാംബോജി—പ്ര. കാട്ടുഴുന്ന്. കാംബോജദേശത്തിലുണ്ടായതെന്നർത്ഥം. വ. പൊരുങ്ങായം. ന. കുന്നി. ദ. പീനാറി. ത. മഞ്ഞാടം. ന്യ. കാർകോകിൽ.

കാംബോജം—പ്ര. ശംഖ്. വ. ആന.

കാംസ്യകാരൻ—പ്ര. ഓട്ടുകൊണ്ടു പണിയുന്നവൻ, മൂശാരി വ. കന്നാൻ

കാംസ്യം—പ്ര. ഓട്ടുപാത്രം വ. ഓട്. ന. ചേങ്ങില.

കാമ്യ—വി. ആഗ്രഹിക്കേണ്ടുന്ന, ആഗ്രഹിക്കത്തക്ക.

കാമ്യകം—പാണ്ഡവപ്രസ്ഥത്തിന്റെ പടിഞ്ഞാറേദിക്കിലുള്ള മരുഭൂമികളിൽ ഉൾപ്പെട്ടുകിടക്കുന്ന ഒരു പുണ്യസ്ഥലം. പാണ്ഡവർ താമസിച്ച വനം.

കാമ്യദാനം — പ്ര. ആഗ്രഹമുള്ളതിനെ കൊടുക്കുക. വ. ഫലേച്ഛയോടുകൂടിചെയ്യുന്ന ദാനം. ന. തുലാപുരുഷാദിദാനം. കാമ്യമായ (ഫലത്തെ ഇച്ഛിച്ചുകൊണ്ടുള്ള) ദാനം, ആഗ്രഹിക്കപ്പെടത്തക്കതായ പശു, ആന, കുതിര മുതലായതിന്റെ ദാനം എന്നർത്ഥം.

കാമ്യം—വെണ്ണ.

കാമ്യമരണം—ആത്മഹത്തി, തന്നത്താൻ മരിക്കുക.

കാമ്ലാ—വി. അല്പം പുളിയുള്ള.

കായ്, കാ—പ്ര. വൃക്ഷങ്ങളിലും മററും പൂവിന്റെ ശേഷമായിട്ടുണ്ടാകുന്ന വസ്തു. ഫലം, സസ്യം. വ. പൂക്കാത്ത വൃക്ഷത്തിന്റേയും മററും ഫലം. ന. ദേഹത്തിലുണ്ടാകുന്ന ചില മുഴ, തഴമ്പ്. ദ. ചൂതുകളിയിൽ നിരത്തുന്ന വസ്തു.

കായക്കാഞ്ഞി—മൂടുള്ള കഞ്ഞി

'നായർവിശന്നവലഞ്ഞുവരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല'

(നളചരിതം തുള്ളൽ)

കായപ്പുളി—നല്ലമുളകും വാളൻപുളിയും ഉപ്പും ജീരകവും കായവും കൂട്ടിയുണ്ടാക്കിയ ചമ്മന്തി.

കായബലനാ—പാല്മുട്ട.

കായംബലം—ശരീരശക്തി.

കായങ്കുളം വാള്—ഇരുകക്ഷികളിലും തരംപോലെ ചേരുന്ന ആൾ (ദേശി).

കായം—പ്ര. ശരീരം. അന്നപാനാദി കൊണ്ടു വളരുന്നത് എന്നർത്ഥം. വ. ദേഹിരവിരലിന്റെയും ചെറുവിരലിന്റെയും മുരടായ പ്രജാപതിതീർത്ഥം. പ്രജാപതീതീർത്ഥം. ക=പ്രജാപതി. പ്രജാപതി ദേവതയായിട്ടുള്ളതെന്നർത്ഥം. ന. വീണയുടെ കമ്പി കെട്ടുന്ന ഭാഗം. ദ. ഒരങ്ങാടിമരുന്ന്, ഒരു പശ.

'സഹസ്രവേധിജതുകം
ബാല്ഹികംഹിംഗുരാമഠം'

(അമരം)

സഹസ്രവേധി, ജതുകം, ബാല്ഹികം, ഹിംഗു, രാമഠം ഇവ ൫-ം, കായത്തിന്റെ പര്യായങ്ങൾ.

പെരുങ്കായം സാമാന്യകായം ഇങ്ങിനെ രണ്ടുവിധമുണ്ട്. കറികായം പാകത്തിൽ എരിവും ഉഷ്ണവും തീക്ഷ്ണവുമാണ്. മലത്തെ തടയും. രുചികരമാണ്. ലഘുവും പിത്തവർദ്ധനവും പാചനവും ദീപനവും ആകുന്നു. കഫം, വാതം, കൃമി, ഗുന്മം, വസ്തിയിങ്കലെ നോവ്, ഹൃദ്രോഗം, പ്ലീഹ, അർശസ്സ്, ആനാഹം, മഹോദരം, ശ്വാസം, അജീർണ്ണം, വിഷം, വീക്കം, ശൂല, കഫവാതം ഇവയെ ശമിപ്പിക്കും. പെരുങ്കായം മരത്തിന്റെ കറയാണ്. കായത്തിന്റെ ഗന്ധം ഉൽക്കടമാകയാൽ ഈ പേർ വന്നു. കായം ഗുണങ്ങൾകൊണ്ടു അരക്കിനോടു തുല്യമാകുന്നു. കായത്തിനു ഹിംഗു എന്നു സംസ്കൃതം. പെരുങ്കായത്തിനു ഉഗ്രഗന്ധം എന്നു പേർ. ദീ

യിൽ വെച്ചു പഴുപ്പിച്ച ലോഹപാത്രത്തിൽ നെയ് ചേർത്തു കായം പൊരിക്കണം. അല്പം ചെമന്നുവരുമ്പോൾ വാങ്ങി പൊടിച്ചു യോഗങ്ങളിൽ ചേർക്കണം. ഇതു പഞ്ചാബ് മുതലായ രാജ്യങ്ങളിൽ ഉണ്ടാകുന്ന ഒരു മരത്തിന്റെ കറയാണ. കായം ഉണ്ടാകുന്ന മരത്തിന്റ പര്യായങ്ങൾ—കാരവി, പൃഥ്വി, ബാഷ്പിക, കബരി, പൃഥു

ത. വൃക്ഷത്തിന്റെ കൊമ്പ്. ന്യ. കൂട്ടം. ര. പ്രധാനനഗരം. വ്യ. വാസസ്ഥലം.

കായൽ—ന്മ. ആഴം കടലുതല്ലാതെ വെള്ളം പരന്നു കിടക്കുന്ന വലുതായ സ്ഥലം, സമുദ്രത്തിൽ നിന്നും കരയ്ക്കുള്ളിലേയ്ക്കു തള്ളിക്കിടക്കുന്ന ജലാശയം. ര. പൂട്. ന. മൂള.

കായൽക്കിഴങ്ങ്—കായലിലുണ്ടാകുന്ന ഒരു മാതിരി കിഴങ്ങ്.

കായൽപ്പൂവ്— ജലാശയത്തിലുണ്ടാകുന്ന ഒരു തരം വള്ളിയുടെ ഫലം പഥ്യവും മധുരവും.

ഇതിന്റെ കായ് ഗുണങ്ങൾകൊണ്ടു മിക്കവാറും താമരക്കുരുവിനൊപ്പമാണ്.

കായസ്ഥ—ന്മ. കടുക്ക. ര. കാകോളി. ന. നെല്ലി. ഠ. ചിററേലം. ത. പേരേലം. തൃ. തുളസി.

കായസ്ഥൻ—ചില ദിക്കിൽ ഒരുദ്യോഗസ്ഥനു പറയുന്ന പേർ, മേനവൻ

'കായസ്ഥൻമാരെപ്പോലെ നാക്കാരു
കായക്ലേശവുമില്ലക്കാലം'
(ഘോഷയാത്ര തുള്ളൽ)

കായസ്ഥിക—കാകോളി.

കായാഗ്നി—ജഠരാഗ്നി.

ആമാശയപക്വാശയങ്ങളുടെ മദ്ധ്യേയാണ് ഇതിന്റെ ഇരിപ്പ്. ഈ അഗ്നിയുടെ അംശം രസാദികളിൽ ചേർന്നിരിക്കുന്നു. കായാഗ്നി കൂടിയാൽ ധാതുക്കൾ വർദ്ധിക്കും; ജ്വലിച്ചാൽ ധാതുക്കൾ ക്ഷയിക്കും. ആദ്യത്തെ ധാതു വർദ്ധിച്ചാലും ക്ഷയിച്ചാലും പിന്നത്തെ ധാതുവിനെയും താന്നാട്ടു സ്വശമാക്കിവെച്ചിരിക്കും

കായാമ്പൂ—കായാവിന്റെ പൂവ്. [കാചാവ് എന്നും കാഞ്ഞാമ്പൂവ് എന്നും പറയുന്നു.]

കായാവ്—കറുത്ത പൂവുണ്ടാകുന്ന ഒരു ചെടി.

കായിക—വി. ശരീരസംബന്ധമുള്ള

കായികാവൃദ്ധി—കറവുകാണം

കായിക്കുക—കായുള്ളതായിത്തീരുക.

കായിതം—ന്മ. എഴുത്ത്. ര. കടലാസ്.

കായില്യം—അ. കാട്ടില്യം, കാളം [ഇതു് അതിനെക്കായില്യം നല്ലതു് എന്നും മററും പറയുന്ന വാക്കിനോടു ചേരുന്നു].

കായുക—ന്മ ചൂടുള്ളതായിത്തീരുക, അരുക. ര. വല്ലതും വെയിലത്തോ തീയത്തോ വെച്ചാൽ അല്പമായിട്ടുണങ്ങുക.

കായ്കനി—പച്ചയും പഴുത്തതുമായുള്ള ഫലങ്ങൾ

കായ്കറി—കറിസാധനങ്ങളോടുകൂടുള്ള കാകളും ചീരയുംമററും.

കായ്പണം മകളുടെ വിവാഹത്തിനു മംപ്പിള തീർച്ചപ്പെടുത്തിയ പണം.

കായ്പ്പ്—കായിക്കുക.

കായ്പ്—ന്മ. കായുക, ചൂട്. ര അല്പമായുണങ്ങുക. ന. വേനൽ. ഠ. പനി.

കാര—വി. ചെയ്യുന്ന.

കാര—ന്മ. കാരാഗൃഹം, പാറാവ്. ര. മനുഷ്യരുടെ മേൽ തൊലിയുടെ പുറമേ പരുപരയുണ്ടാകുന്ന ഒരു ദീനം ന മുള്ളുള്ള ഒരു ചെടി

കാര (അരേഖാരി) പിത്തത്തെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും അഗ്നിയെ വർദ്ധിപ്പിക്കും. കണ്ണുരുകിയെ ചെയ്യും. ഇതു കണ്ടകാരി എന്നും അറിക

കാരികം എന്നും രണ്ടുതരമുണ്ട്. കണ്ടകാരിയുടെ മുള്ളു നിവന്നിരിക്കും. അകഷ്കാരികയുടെ മുള്ളു കീഴ്പോട്ടു വളഞ്ഞിരിക്കും. ഗുണംകൊണ്ടു രണ്ടും തുല്യമാണ്. സംസ്കൃതത്തിൽ കാരി. തമിഴിൽ കാരൈ. കട്ടക്കാര, കററിക്കാര രണ്ടിനും കാര എന്നും പറയും.

൪. കഴുത്തിൽ കെട്ടുന്ന ഒരാഭരണം. (തെക്കൻദിക്കിൽ 'കാറ' എന്നു പറയുന്നു.)

കാരക-വാക്യത്തിന്റെ ഒരംശം. ഇതുസംസ്കൃതമുറയിലെ വക്കു.

കാരക-വി ചെയ്യുന്ന.

കാരകദീപകം-ദീപകാലങ്കാരത്തിന്റെ ഒരിനം.

കാരകം-ഒരു ക്രിയയുടെ ആകാംക്ഷയെ പൂരിപ്പിക്കുന്നതു കാരകം.

കാരകിൽ-ഒരു സുഗന്ധവൃക്ഷം.

വാതം, കഫം, കണ്ണുരോഗം, നേത്രരോഗം, കുഷ്ഠം, വായുമുട്ടൽ, ക്ലമം, ചൃമ, ഭ്രമം ഇവയെ ശമിപ്പിക്കും. തോലിനെ നന്നാക്കും. പിത്തത്തെ അധികമാക്കും. ഇതു ഗന്ധവർഗ്ഗത്തിൽ പെട്ടതാകുന്നു. അകിലിന്റെ കൂട്ടത്തിൽ ഇതു ശ്രേഷ്ഠമാണ്. നല്ലവണ്ണം കറുത്തതും ജലത്തിലിട്ടാൽ താഴുന്നതും ഗുണം കൂടിയതുമാകുന്നു. സൌരഭ്യമില്ലാത്ത ഒരു തരമുണ്ട്. അതിനെ എടുക്കരുത്. സംസ്കൃതത്തിൽ-കൃഷ്ണാഗുരു. തമിഴിൽ-കാരകില്. ഇംഗ്ലീഷിൽ (Cedartree, Aquitlaria)സിഡർട്രീ, അകിററ്ലേറിയാ. ഇതു മണ്ണിൽ കുഴിച്ചിട്ടാൽ വാസന കൂടും.

കാരകോട്ട്-ഒരു വക കളി.

കാരടി-വടി.

കാരണ-വി. ഹേതുവായ.

കാരണചതുഷ്ടയം-ദൈവം, കോപം, ഉപവാസം, ശരീരായാസം. [പ്രസവിച്ച സ്ത്രീകൾക്കു മുലപ്പാൽ കുറയുന്നതിനുള്ളവ].

കാരണത്രയം-സമവായി, അസമവായി, നിമിത്തം ഇങ്ങിനെ മൂന്ന്.

കാരണഭൃത-വി. എന്തിനെങ്കിലും ഹേതുവായി ഭവിച്ച.

കാരണം-ഹേതു. കാര്യത്തെ ഉണ്ടാക്കുന്നതെന്നർത്ഥം. മററ പര്യായങ്ങൾ-ഹേതു, ബീജം.

കാരണമാല-ഒരലങ്കാരം.

'മുറക്കു ഹേതു കാര്യങ്ങൾ
ചേർത്താൽ കാരണമാലയാം
നീതിയാലർത്ഥമർത്ഥത്താൽ
ധർമ്മം ധർമ്മേണ സൽഗതി'
(ഭാഷാഭൂഷണം)

കാരണവൻ-പു. അമ്മാവൻ, അമ്മയുടെ സഹോദരൻ. ൨. കുടുംബത്തിലെ ഭരണകർത്താവ്. (അടിയാൻ എന്നതു നോക്കുക). ൩. അച്ഛൻ. ൪. ജ്യേഷ്ഠൻ.

കാരണവപ്പുഴവൻ-താണജാതിക്കാരോടു ജനങ്ങൾ 'കാരണവൻ' എന്നതിനു പകരം ഉപയോഗിക്കുന്ന ഒരുപചാരവാക്ക്. [അടിയാൻ എന്നതു നോക്കുക].

കാരണവസ്ഥാനം-പു. കാരണവന്റെ മുറ. ൨. അച്ഛന്റെയുംമററും അവസ്ഥ.

കാരണാ-നരകവേദന. ഹിംസിക്കുന്നതിനോടു സദൃശം എന്നർത്ഥം. മററ പര്യായങ്ങൾ-യാതനാ, തീവ്രവേദന.

കാരണിക-വി. പരീക്ഷിച്ചു ഗുണദോഷം അറിയുന്ന.

കാരണികൻ-പു. പരീക്ഷിക്കുന്നവൻ. കാരണം കൊണ്ടു ചരിക്കുന്നവൻ എന്നർത്ഥം. ൨. പ്രമാണങ്ങളെക്കൊണ്ട് അർത്ഥത്തെ നിശ്ചയിക്കുന്നവൻ. മററൊരു പര്യായം-പരീക്ഷകൻ.

കാരണോപാധി-കാരണകർത്താവ്.

കാരണ്ഡവം-കുളക്കോഴി. എപ്പോഴും ക

ച്ചുകൊണ്ടു ക്രീഡിച്ചുകൊണ്ടിരിക്കുന്നതു് എന്നൎത്ഥം. നീൎക്കാക്ക, താമരക്കോഴി, കാരണ്ഡം.

കാരണ്ഡഃ-പു. സംകല്പവു്. ൨. താമരക്കോഴി.

കാരണ്ഡ(വ)ം-കളകോഴി.

കാരണ്ഡികാ, കാരണ്ഡി-അട്ട.

കാരന്ധമി-കന്നാൻ, മൂശാരി.

കാരന്നം-ഒരു വകപക്ഷി. പൎയ്യായങ്ങൾ-കാദംബം, കളഹംസം.

ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു മിക്കവാറും അരയന്നത്തിന്റെ മാംസത്തോടൊപ്പമാകുന്നു. വിശേഷാൽ മലത്തെ പുറത്തുകളയും. സംസ്കൃതത്തിൽ കാദംബം ഇംഗ്ലീഷിൽ(Black Swan) ബ്ലാക്‌സ്വാൻ.

കാരംഭ-ഞാഴൽ. കറുത്ത വാഴയുടെ തുല്യതയുള്ളതെന്നൎത്ഥം.

കാരാ-പു പൊൻകാരം. ൨. തുവച്ചിലക്കാരം. ൩. പപ്പടക്കാരം. ൪. പടികാരം മുതലായവ. ൫. ഒററയായുള്ള അക്ഷരത്തെ പറയുമ്പോൾ അതിന്റെ പിന്നാലെ ചേൎത്തു പറയുന്ന ഒരു വാക്കു്. ൬. ആലിപ്പഴം.

കാരമുള്ളു്-കട്ടക്കാരമുള്ളു്.

കാരസ്കം-ഇന്തപ്പഴം ഉണങ്ങിയതു്.

കാരൽ-കൺമഷിതക.

കാരലതിക-കയ്പ.

കാരവം-കാക്ക.

കാരവല്ലി-പു. പാവൽ, കയ്പവല. ൨. ചങ്ങലംപരണ്ട.

കാരവി-പു കാട്ടുപാവൽ, നെയ്പാവൽ. ൨. ശതകുപ്പ. കററടിക്കുമ്പോൾ ശബ്ദിക്കുന്നതെന്നൎത്ഥം. ൩. കരിംജീരകം, ജീരകംപോലെ അഗ്നിദീപനകൎമ്മത്തിൽ സമൎത്ഥം. മരണഭയത്തിൽ നിന്നു രക്ഷിക്കുന്നതെന്നൎത്ഥം. ൪. മയിലാശിക. കരവത്തിന്റേതു് (മയൂരത്തിന്റേതു്) എന്നു ശബ്ദാൎത്ഥം. ൫. കായം ഉണ്ടാകുന്ന മരം അല്ലെങ്കിൽ ആ മരത്തിന്റെ ഇല ശില്പിയെപ്പോലെ എല്ലാ പ്രവൃത്തികളിലും സാമൎത്ഥ്യമുള്ളതെന്നൎത്ഥം. ൬. കറിക്കായം. ൭. ഞെരിഞ്ഞിൽചുളി. ൮. അയമോദകം. ൯. തുളുട. ൧൦. ഉലുവ. ൧൧. കരുട്ടുപാവൽ.

കാരവീജം-അയമോദകം, ഓമം.

കാരവേല്ലം-പു പാവൽ. പ്രയത്നേന ചലിക്കുന്നതെന്നൎത്ഥം. ൨. കാക്കത്തൊണ്ടി.

കാരവേല്ലികാ, കാരവേല്ലി-കാട്ടുപാവൽ.

കാരവേശ്മം-കാരാഗൃഹം.

കാരസ്കരം-കാഞ്ഞിരം.

കാരഹ്യം-കരിംജീരകം.

കാരാ-ബന്ധനഗൃഹം, ജയിൽ. [ഇവിടെ കുററക്കാരെ കൊണ്ടിടുന്നതിനാൽ ഈ പേരുണ്ടായി].

കാരാഗാരഃ-കാരാഗൃഹം, പാറാവു്.

'കാരാഗാരാകലിതസൂനനം'
(മയൂരസന്ദേശം)

കാരാഗുപ്ത-വി. കാരാഗൃഹത്തിൽ പാൎപ്പിക്കപ്പെട്ട.

കാരാഗൃഹഃ-തടവുകാരെ പാൎപ്പിക്കുന്നതിനുള്ള സ്ഥലം, പാറാവു്.

കാരാട-ആമ രണ്ടുതരമുള്ളതിൽ കറുത്തതു്.

കാരാഃപഥ്യ-ഏററവും കറുത്ത പഥ്യ.

കാരാണ്മ, കാരായ്മ-പു. എന്നന്നേയ്ക്കും അനുഭവത്തിനായിട്ടു നിശ്ചയിച്ചുകൊടുക്കുന്ന ക്ഷേത്രത്തിലെ പ്രവൃത്തി. ൨. തലവന്മാർ നിലമോ പുരയിടമോ വിലതീൎത്തു വില്ക്കുക.

കാരായ്മക്കാരൻ-കാരാണ്മയായിട്ടു നിലവും മറവും വാങ്ങിച്ചവൻ.

കാരായിക-വെൺകൊക്കു്, വെള്ളിപ്പക്ഷി.

**കാരാസ്ഥത്തോട്ടം**-വി. കാരസ്ഥമായിട്ട് എഴുതിവാങ്ങിച്ച.

**കാരാർകുഴൽ**-മേഘംപോലെ മനോഹരമായ തലമുടി.

'കാരാർകുഴൽമടവാർമദനായിതു'
(കണ്ണശ്ശരാമായണം)

**കാരാളൻ**-എന്നും മററം കൂടാതെയുള്ള ക്ഷേത്രവേലക്കാരൻ.

**കാരി**-മ. ഒരുവക മത്സ്യം.

**കാരി**-ഇതു പദാവസാനത്തിൽ ചേർന്നു വരുമ്പോൾ 'ചെയ്യുന്നവൻ' എന്നർത്ഥം വരും. ഉ-ം, ഉപദ്രവകാരി=ഉപദ്രവത്തെ ചെയ്യുന്നവൻ.

**കാരിക**-പ്ര. തീവ്രവേദന. വ. കൃതി (ക്രിയ). ന. ചില ശാസ്ത്രങ്ങളുടെ ചുരുക്കമായിട്ടുള്ള വ്യാഖ്യാനപുസ്തകം, വൃത്തി. ര. കാവ്യമല്ലാത്ത പദ്യം. ഠ. ആട്ടക്കാരി. ന്ന കണ്ടകാരിച്ചുണ്ട.

**കാരിണി**-ഇതു പദാവസാനത്തിൽ ചേർന്നുവരുമ്പോൾ 'ചെയ്യുന്നവൾ' എന്നർത്ഥം വരും. ഉ-ം, ഉപദ്രവകാരിണി=ഉപദ്രവത്തെ ചെയ്യുന്നവൾ.

**കാരിതക്രിയ**-(വ്യാകരണത്തിൽ) സ്വാർത്ഥത്തിൽ പ്രയോജകരൂപമുള്ളതു്.

**കാരിരുമ്പു്**-കട്ടയായുള്ള ഇരിമ്പ്.

**കാരിയം**-കാര്യം, പ്രയോജനം.

'കാർവർണ്ണനെന്നപ്പോൾകാണുന്നോരെല്ലാർക്കും
കാരിയമായെന്നതോന്നുംവർണ്ണ്യം'
(കൃഷ്ണഗാഥ)

**കാരിൽ**-ഒരു മരം.

**കാരിലവു്**-ആരണ്യകവർഗ്ഗത്തിൽ ചേർന്ന ഒരു സംഗ്രാഹിദ്രവ്യം.

[വാതം, അതിസാരം, ഏഗ്ദ്രോഗം, ഗ്രഹണിരോഗം, വ്രണം ഇവയെ ശമിപ്പിക്കും. ഇതിന്റെ നീര നസ്യംചെയ്താൽ അപബാഹുകം നശിക്കും. സംസ്കൃതത്തിൽ-ഷിംഗനി.]

**കാരീയം**-ഈയം രണ്ടുമാത്തിരിയുള്ളതിൽ കറുത്തതു്, കറുത്തീയം. പര്യായങ്ങൾ-നാഗം, സീസകം, യോഗേഷ്ടം, വപ്രം.

[കഫം, വാതം, ആമവാതം, അർശസ്സ്, വ്രണം, നേത്രരോഗം ഇവയെ ശമിപ്പിക്കും. പ്രമേഹരോഗത്തിങ്കൽ വെളുത്തീയത്തേക്കാൾ വളരെ നന്ന്. ബുദ്ധി, ആയുസ്സ്, കാന്തി ഇവയെ ചെയ്യും. ശുദ്ധിയും മാരണവും ശരിയാകാതെയിരിക്കുന്ന കാരീയം അറിയാതെ ഭക്ഷിച്ചുപോയാൽ ആ വികാരത്തിൽ വെൾവയമ്പും കടുക്കയും കൂടി പൊടിച്ചു സമം പഞ്ചസാര ചേർത്തു മൂന്നുദിവസം സേവിക്കുക. ഇംഗ്ലീഷിൽ-(Lead) ലെഡ്. തമിഴിൽ-കരുവങ്കം ]

**കാരീരാ**-ഒരു വൃത്തം. കൃതിച്ഛന്ദസ്സിൽ പെട്ടതു്. പാദം ഒന്നിൽ ഇരുപതു് അക്ഷരം വീതം കാണും.

'ഇഹകിലകാരീരമതാം നായം
സതനഭഗംഗുരുവാവാടേ'
(വൃത്തമഞ്ജരി)

**കാരീഷം**-കരീഷങ്ങളുടെ സമൂഹം. [കരീഷം=ഉണങ്ങിയ ചാണകം ]

**കാരു**-പ്ര. തച്ചൻ, നെയ്ത്തുകാരൻ, ക്ഷൌരക്കാരൻ, അലക്കകാരൻ, തോൽപണിക്കാരൻ ഇങ്ങിനെ അഞ്ചുവകക്കും പൊതുവിൽ പറയുന്ന പേർ.

'തക്ഷാചതന്തുവായശ്ചനാപിതോരജകസ്തഥാ
പഞ്ചമശ്ചർമ്മകാരശ്ചകാരവഃശില്പിനോമതാഃ'

ഉ. ശൈലകടിക്കമ്മാളർ (ആശാരി, മൂശാരി, കരുവാൻ, തട്ടാൻ, പൂശിയാശാരി ഇവർ അഞ്ചുപേരും.) ന. ചിത്രകാരാദികളുടെ പേർ കൈത്തൊഴിലുകാർ എന്നും അഭിപ്രായം കാണുന്നു. ചെയ്യുന്നവൻ, പ്രവൃത്തിയെടുക്കുന്നവൻ എന്നർത്ഥം.

കാരുക-കരളുക, പല്ലുകൊണ്ടു ചുരണ്ടി തിന്നുക.

കാരു(ളുകം)-പടുകരണ.

കാരുജം-പു. ചിത്രപ്പണിക്കാരൻ ഉണ്ടാക്കപ്പെട്ട വസ്തു. വ. കന്നു്. ന. നര. ര. ഒട്ടകം. ഔ. നാകപ്പൂവ്. ന്ത. കാവിമണ്ണു്.

കാരുണിക-വി. കരുണ (കൃപ) യുള്ള.

കാരുണികൻ-ദയാശീലൻ. മററു പൎയ്യായങ്ങൾ-ദയാലു, കൃപാലു, സൂരതൻ.

കാരുണ്യം-കരുണാരസം, കൃപ. കരുണയുടെ ഭാവം എന്നൎത്ഥം.

കാരുപ്പു്- കറുത്ത ഉപ്പു്. പൎയ്യായം-തിലകം.

[കഫം, ശൂലം, ഗുല്മം, വാതം, സ്രോതസ്സുകളുടെ തടവു് ഇവയെ ശമിപ്പിക്കും. രുചി, ചുട്ടുനീറൽ ഇവയെ ഉണ്ടാക്കും. പിത്തം, രക്തദോഷം, അഗ്നി ഇവയെ വൎദ്ധിപ്പിക്കും. സംസ്കൃതത്തിൽ-കാചലവണം. തമിഴിൽ-കാരുപ്പു്.]

കാരുമ്മത്തു്-കറുത്ത ഉമ്മത്തു്.

കാരെലി-കറുത്ത എലി.

കാരെള്ളു്-മലയിൽ വിതെക്കുന്ന ഒരുമാതിരി കറുത്ത എള്ളു്.

കാരേണവ-വി. പെണ്ണാനയെ സംബന്ധിച്ച.

കാരോട്ടു്-ചെമ്പിൽ കറുത്തീയം ചേൎത്തുണ്ടാക്കിയ ഓടു്

കാരോത്തമം, കാരോത്തരം-കള്ളിൻെറ തെളി, തെളിമദ്യം. കാരം (ക്രിയ) കൊണ്ടു ശ്രേഷ്ഠം എന്നൎത്ഥം. മററു പൎയ്യായം-സുരാമണ്ഡം.

കാരോടി-കുടം കലം മുതലായ ചില മൺപാത്രം.

കാരോല ചെളിയിലിടാത്ത കരിമ്പനയോല, കറുത്തോല.

കാൎയ്യ-വി. പ്രവൎത്തിക്കേണ്ടതായ

കാൎയ്യം-ചെയ്യേണ്ട പ്രവൃത്തി, സൽപ്രവൃത്തി.

കാർ-പു. മേഘം, മഴക്കാർ. വ. ചില ബഹുവചനത്തിങ്കൽ ചേൎത്തുപറയുന്ന വാക്കു്. ന. മുത്തങ്ങ.

കാർകുഴൽ-കറുത്ത തലമുടി.

കാർകുന്തൽ-കറുത്ത തലമുടി.

കാർകോകിലരി-ഒരങ്ങാടിമരുന്നു്. പൎയ്യായങ്ങൾ-അവല്ഗുജം, സോമരാജി, സുവല്ലി, സോമവല്ലിക, കാളമേഷി, കൃഷ്ണഫല, വാകുചി, പൂതിഫലി.

[ഇതു കുഷ്ഠം, കൃമി, കഫരോഗം, വിഷം, ചൊറി, ചിരങ്ങു്, രക്തദോഷം, വായുമുട്ടൽ, വിഷ്ടംഭം, പ്രമേഹം, ജ്വരം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഹൃദയപ്രസാദകരമാണു്. വാതം, അഗ്നി ഇവയെ വൎദ്ധിപ്പിക്കും. മലത്തിനയവുണ്ടാക്കും. കാർകോകിലരിക്കു ദുൎഗ്ഗന്ധമുണ്ടു്. ബുദ്ധിയെ നന്നാക്കും. ഇതു കിട്ടിയില്ലെങ്കിൽ പകരം തകരയരി ചേൎക്കാം. സംസ്കൃതത്തിൽ-വാകുചി. തമിഴിൽ-കാർപോക അരിചി. ഇംഗ്ലീഷിൽ-(Esculent Flacourtia) എസ്ക്യൂലൻറഫ്ലാക്കാർഷിയാ.]

കാൎക്കരിക്കുക-തുപ്പുന്നതിനായിട്ടു തൊണ്ടയിൽ നിന്നു കഫത്തിനേയോ തുപ്പലിനേയോ വായിലേയ്ക്കു വരുത്തുക.

കാൎക്കശ്യം-ന. മയമില്ലായ്ക. വ. ഉറപ്പു്, കഠിനത.

കാൎക്കാണി-ധാരാളം കച്ചവടമുള്ള സ്ഥലം, ധാരാളം പോക്കുവരവുള്ള സ്ഥലം.

കാൎക്കാലം-മഴക്കാലം. [കാർ=കറുപ്പു്.]

കാൎക്കോടകൻ-പു. അഷ്ടനാഗങ്ങളിൽ ഒന്നു്. വ. വിഷത്രുവൻ.

'അക്കാൎക്കോടകനാം ശഠൻറെയയും'

(അമരുകശതകം)

ന. ദമയന്തിയുടെ കഥയിൽ പിടികൂടിയ പെരുമ്പാമ്പു്.

കാൎത്തവീൎയ്യൻ-ഒരു രാജാവു്.

[കൃതവീൎയ്യന്റെ പുത്രനാണ്. കൃതവീൎയ്യൻ ഹേഹയരാജാവാകുന്നു. മാഹിഷ്മതി എന്ന നഗരത്തിലാണു കാൎത്തവീൎയ്യൻ ജനിച്ചതു്. അൎജ്ജുനൻ എന്നാത്രേ വിളിക്കുന്നതു്. ദത്താത്രേയനെ തപസ്സുചെയ്തു് ഒരു സ്വൎണ്ണവിമാനവും ആയിരം ഭുജങ്ങളും വാങ്ങി. വിമാനം ആഗ്രഹിക്കുന്നിടത്തെല്ലാം ചെല്ലുന്നതാണ്. വായുപുരാണപ്രകാരം കാൎത്തവീൎയ്യൻ ൮൫000 വൎഷം നീതിയോടെ രാജ്യഭാരം ചെയ്തു എന്നും ൧0000 യാഗം കഴിച്ചു എന്നും കാണുന്നു. അദ്ദേഹം നീതിമാനായിരുന്നു എന്നു ചിലരും ദുഷ്ടനായിരുന്നു എന്നു മറ്റുചിലരും അഭിപ്രായപ്പെടുന്നു. ഒരിക്കൽ രാവണനെ ബന്ധിച്ചു കാരാഗൃഹത്തിലിട്ടു. ജമദഗ്നിയുടെ കാമധേനുവിനെ അപഹരിക്കമൂലം അൎജ്ജുനൻ പരശുരാമനാൽ കൊല്ലപ്പെട്ടു. കാൎത്തവീൎയ്യനു സഹസ്രാൎജ്ജുനൻ എന്ന പേരും കാണുന്നു.]

കാൎത്തസ്വരനാമകം-ഉമ്മത്തു്.

കാൎത്തസ്വരം-സ്വൎണ്ണം. സ്വരവ്യക്തിയുണ്ടാക്കുന്നതെന്നൎത്ഥം.

കാൎത്താന്തികൻ-ജ്യോതിഷക്കാരൻ. ആയുൎയ്യോഗാദിഗണനംകൊണ്ടു മരണദിവസത്തെ മുൻകൂട്ടി അറിയുന്നവൻ എന്നൎത്ഥം.

കാൎത്തിക-ഇരുപത്തേഴുള്ളതിൽ മൂന്നാമത്തെ നക്ഷത്രം.

കാൎത്തികം-കാൎത്തിക (വൃശ്ചിക) മാസം. കൃത്തികാനക്ഷത്രയുക്തയായ പൌൎണ്ണമിയുള്ളതെന്നൎത്ഥം. മറ്റുപൎയ്യായങ്ങൾ-ബാഹുലം, ഊൎജ്ജം, കാൎത്തികികം.

കാൎത്തികികം-കാൎത്തിക(വൃശ്ചിക)മാസം കൃത്തികാനക്ഷത്രയുക്തയായ പൌൎണ്ണമിയുള്ളതു്.

കാൎത്തികേയൻ-സുബ്രഹ്മണ്യൻ. കൃത്തികകളുടെ പുത്രൻ എന്നൎത്ഥം.

[ആറു കൃത്തികകൾ വളൎത്തിയതുനിമിത്തം കൃത്തികമാരുടെ പുത്രൻ എന്നു പറയപ്പെടുന്നു. ഇദ്ദേഹത്തിന്റെ ഉത്ഭവവും മറ്റും 'സുബ്രഹ്മണ്യൻ' എന്ന പദം വരുമ്പോൾ വിവരിക്കപ്പെടും.]

കാൎത്തോട്ടി-ഒരു പച്ചമരുന്നു്. [ഇതു വാതത്തിനും കരപ്പനും നന്നു്.]

കാൎദ്ദമ, കാൎദ്ദമിക-വി. ചെളിയുള്ള.

കാൎപ്പടൻ-സങ്കടമുള്ളവൻ, ആവലാതിക്കാരൻ.

കാൎപ്പടം-പഴന്തുണി, ജീൎണ്ണവസ്ത്രം.

കാൎപ്പടികൻ-തീൎത്ഥയാത്രക്കാരൻ

കാൎപ്പണ്യം-കൃപണഭാവം, ദാരിദ്ര്യം. വ. ദയ. ന. മഹാമനസ്കത.

കാൎപ്പാസകം, കാൎപ്പാസിക-കരുപ്പരുത്തി.

കാൎപ്പാസം-പ. പരുത്തിനൂലുകൊണ്ടുണ്ടാക്കിയ വസ്ത്രം. വ. പഞ്ഞി. ന. പരുത്തി.

'വായ്പാൎന്നിടുന്ന കാൎപ്പാസംകൊണ്ടുള്ള കൂൎപ്പാസംമേനിയിൽചേൎത്തപ്പോഴും'
(കൃഷ്ണഗാഥ)

കാൎപ്പാസാസ്ഥി-പഞ്ഞിക്കുരു.

കാൎപ്പാസി-പരുത്തി. ജനോപകാരത്തെ ചെയ്യാൻ സാമൎത്ഥ്യമുള്ളതെന്നൎത്ഥം.

കാൎമ്മ-വി. പ്രവൎത്തിക്കു ശീലമായുള്ള.

കാൎമ്മണം-അരത്ത മരത്തിന്റെ വേരു കൊണ്ടുള്ള ഉച്ചാടനാദികൎമ്മം, ഔഷധികളുടെ മൂലം മുതലായതുകൊണ്ടു ചെയ്യപ്പെടുന്ന ഉച്ചാടനാദികൎമ്മം, വശീകരപ്രവൃത്തി, സ്വാധീനമാക്കുന്നതിനുള്ള പ്രയോഗം.

'നിൎമ്മായകാൎമ്മണമുപാമമമഷണിനാം'
(മുരാരി)

കാൎമ്മൻ-പ. ഫലാപേക്ഷകൂടാതെ കൎമ്മങ്ങളിൽ പ്രവൎത്തിക്കുന്നവൻ. വ. നിത്യമായി ദാരാദാരാ വേലയെടുക്കുന്നവൻ.

പ്രവൃത്തിയെടുക്കുക ശീലമായിട്ടുള്ളവൻ എന്നൎത്ഥം.

കാൎമ്മേഘം-കറുത്ത മേഘം.

കാൎമ്മുക-വി. വേലചെയ്യാൻ യോഗ്യതയോ സാമൎത്ഥ്യമോ ഉള്ള.

കാൎമ്മുകം-ന. വില്ല്. കൎമ്മത്തിനു കഴിവുള്ളതു് എന്നൎത്ഥം. ൨. മുള. ൩. വലിയ വേപ്പ്. ൪. വെങ്കരിങ്ങാലി ൫. നിക്കട്ടു്.

കാൎമ്മുകി-പു. വില്ലുള്ളവൻ, വില്ലാളി. ൨. പ്രവൃത്തി തികയ്ക്കുന്നവൻ,

കാൎമ്മുകിൽ-കൎമ്മേഘം.

കാൎയ്യ-വി. ചെയ്യേണ്ടുന്ന.

കാൎയ്യകൎത്താവു്-ചെയ്യേണ്ടതിനെ ചെയ്യുന്നവൻ.

കാൎയ്യകുശല-വി. ചെയ്യേണ്ടുന്നതിൽ സാമൎത്ഥ്യമുള്ള.

കാൎയ്യക്കാരൻ-കാൎയ്യം വിചാരിക്കുന്ന ഒരുദ്യോഗസ്ഥൻ.

കാൎയ്യക്കുറവു്- വിചാരക്കുറവുകൊണ്ടുള്ള കുററം.

കാൎയ്യതഃ-കാൎയ്യവശാൽ.

കാൎയ്യപുടൻ-പു. നാണമില്ലാത്തവൻ. ൨. മടിയൻ. ൩. ഭ്രാന്തൻ.

കാൎയ്യപുരുഷൻ-പു. മന്ത്രി ൨. പ്രധാനി.

കാൎയ്യബോധം-വേണ്ടതിന്റെ അറിവു്.

കാൎയ്യം-ന. സംഗതി. ൨. പ്രവൃത്തി. ൩. വസ്തു. ൪. പ്രയോജനം. (സം). ൫. കാരണത്തിൽ നിന്നുണ്ടായതെന്തെങ്കിലും.

കാൎയ്യംതീൎക്കുക-കഥകഴിക്കുക [ശൈലി]

കാൎയ്യലാഭം-ഉപകാരം, വല്ലതെങ്കിലും കിട്ടുക.

കാൎയ്യവിചാരം-അതാതു സ്ഥലങ്ങളിൽ വേണ്ടുന്നതിനെ വിചാരിച്ചു നടത്തുക.

കാൎയ്യവിഘ്നം-ന. വിചാരക്കുറവുകൊണ്ടും മററും ഉണ്ടാകുന്ന ഛേദം. ൨. വേണ്ടും പ്രകാരം ചെയ്യാത്തതിനാലുള്ള കുററം, കാൎയ്യക്കുറവു്.

കാൎയ്യസാദ്ധ്യം-ന. ആവശ്യമുള്ളതു വല്ലതും സാധിക്കുക. ൨. ലഭിക്കുകയുംമററും.

കാൎയ്യസിദ്ധി-ആവശ്യമുള്ളതിനെ സാധിക്കുക, കാൎയ്യലാഭം.

കാൎയ്യസ്ഥൻ-പു. ചെയ്യേണ്ടുന്നതിൽ തന്നെ ശ്രദ്ധയോടെ നില്ക്കുന്നവൻ. ൨. പ്രമാണി, ൩. കാൎയ്യവിചാരക്കാരൻ.

കാൎയ്യാ-കാര. [ഓഷധിയാണ്, മൂലംഭിക്കം ഗ്രാഹ്യാംശം.]

കാൎയ്യാകാൎയ്യം-ചെയ്യേണ്ടതും ചെയ്യേണ്ടാത്തതും, കാൎയ്യവും അകാൎയ്യവും.

കാൎയ്യാവു്-രണ്ടു മൂന്നോ മറേറാ കൂട്ടി കത്രികപോലെ കെട്ടിയതു്

കാൎത്സ്ന്യം-അ. മുഴുവനും.

കാൎവ്വണ്ടു്-അധികം കറുത്ത വണ്ടു്.

കാൎവ്വൎണ്ണൻ-ശ്രീകൃഷ്ണൻ, കറുത്ത നിറമുള്ളവൻ.

കാൎവ്വേണി-ന. കറുത്ത തലമുടി. ൨. കറുത്ത തലമുടിയോടുകൂടിയവൾ,സുന്ദരി.

കാൎശ്യം-ന. കൃശത്വം, മെലിവ്. ൨. മരുതു്. കഫാദിയെ കളയുന്നതെന്നൎത്ഥം. പെരുമരുതു്, മുളപ്പുമരുതു്. ൩. അയിനി. ൪. കച്ചോലം.

കാൎശ്മരി, കാശ്മരി-കുമിഴ.

കാൎഷികം, കാൎഷാപണം-മുൻ കഴഞ്ചു തൂക്കമുള്ള വെള്ളിനാണയം. കൎഷപ്രമാണമായ വ്യവഹാരസാധനം എന്നൎത്ഥം.

ഈ നാണയത്തിൽ മൂന്നു പണമിട വെള്ളിയുണ്ടായിരിക്കും, ഇതു് ഇപ്പോൾ നടപ്പുള്ള ബ്രിട്ടീഷ്രൂപയെക്കാൾ ഒരു പണമിട കൂടുതലാണ്.

കാൎഷികൻ-കൃഷിക്കാരൻ.

കാൎഷികം-കഴഞ്ചു്.

കാൎഷ്ണി-പു. ശതാവരി. ൨, മന്മഥൻ.

കാൎഷ്ണ്യം-ന. കൃഷ്ണത, കൃഷ്ണത്വം, കറുപ്പുനിറം. ൨. ഇരിമ്പിൻകിട്ടം.

കാർപ്പൂരി-കമിഠം.
കാർപ്പൂണ്യം-പെരുങ്കമിഴ്.
കാർഷ്യം-പെരുമരുത്.
കാല്-ഒരവയവം. പര്യായങ്ങൾ-പാദം, പത്ത്, അംഘ്രി, ചരണം.
കാലകടംകടൻ-ശിവൻ.
കാലകാ-കശ്യപന്റെ ഭാര്യ.
ഇവൾക്ക് അനവധി മക്കളുണ്ട് അവരെ കാലകേയർ എന്നു വിളിക്കുന്നു. ഭക്തി ഹേതുവായിട്ട് ഇവൾ വേദന കൂടാതെ പ്രസവിക്കുന്നതിനു വരംവാങ്ങി. മഹാഭാരതപ്രകാരം ദക്ഷന്റെ പുത്രിയെന്നു കാണുന്നു.
കാലകാലൻ-ശിവൻ.
കാലകൃത്ത്-ആദിത്യൻ. വ. എരിക്ക്.
കാലകൃതൻ-ആദിത്യൻ വ. എരിക്ക്.
കാലകേക്ഷു-നല്ല കാട്ടുകരിമ്പ്, നല്ലൂർ നാട്ടിൽ കരിമ്പ്.
കാലകേശി-അമരി.
കാലക്കേട്-ആപത്ത്.
കാലക്രമം-ക്രമേണയുള്ള കാലം.
കാലക്രമേണ-കാലേനാൾ കഴിയുമ്പോൾ.
കാലക്ഷേപം-കാലം കഴിക്കുക.
കാലഗതി-ഗ്ര. സമയം പോവുക. വ. മരണം.
കാലഗംഗ-യമുനാനദി.
കാലഗ്രന്ഥി-സംവത്സരം
കാലചക്രം-ജനിക്ക മരിക്ക വീണ്ടും ജനിക്ക മരിക്ക ഇങ്ങിനെ ചുററുന്നത്, കാലത്തിന്റെ ചുററ്, ഗ്രഹങ്ങളുടെ ചുററിസ്സഞ്ചാരം.
കാലജ്ഞ-വി. സമയത്തെ അറിയുന്ന
കാലജ്ഞൻ-ഗ്ര. ജ്യോതിശ്ശാസ്ത്രക്കാരൻ. വ. കോഴി.
കാലജ്ഞം കോഴി.
കാലടി-കാലിന്റെ ചുവട്. [കാൽ+അടി].
കാലതാമസം-നേരം താമസിക്കുക.
കാലത്ത്-അ. ഗ്ര. പകലിന്റെ ആദിയിൽ വ. സമയത്ത്.
കാലത്രയം-വർത്തമാനം, ഭൂതം, ഭാവി ഇവ മൂന്നും.
കാലദണ്ഡ്-അന്തകന്റെ ആയുധമാകുന്ന ഒരു വടി.
കാലദണ്ഡം-മരണം.
കാലദമനി-ദുർഗ്ഗം.
കാലദാനം-ദീനക്കാരനു വേണ്ടി ചെയ്യുന്ന ഒരു ദാനം.
കാലദോഷം-ചീത്തക്കാലം, ആപത്ത്.
കാലധർമ്മം-മരണം, യമന്റെ പ്രവൃത്തി എന്നർത്ഥം.
കാലൻ-യമൻ ധർമ്മാധർമ്മങ്ങളേയും ആയുസ്സിനേയും എണ്ണുന്നവൻ, കാലത്തിറമുള്ളവൻ. ക്ഷീണായുസ്സുകളെ തെളിച്ചുകൊണ്ടു പോകുന്നവൻ എന്നിങ്ങനെ അർത്ഥം. പര്യായങ്ങൾ-ധർമ്മരാജൻ, പിതൃപതി, സമവർത്തി, പരേതരാട്ട്, കൃതാന്തൻ, യമുനാഭ്രാതാവ്, ശമനൻ, യമരാട്ട്, യമൻ, കാലൻ, ദണ്ഡധരൻ, ശ്രാദ്ധദേവൻ, വൈവസ്വതൻ, അന്തകൻ.
കാലൻകോഴി-ഒരു പക്ഷി.
കാലന്നൂർ, കാലന്നൂര്-കാലന്റെ ഊര്, യമന്റെ വീട്, മരണപുരി.
കാലനേമി-ഗ്ര. ഒരു രാക്ഷസൻ.
രാവണന്റെ അമ്മാവനാണ്. ഹനുമാനെ കൊല്ലുന്നതിനു രാവണൻ ഇയാളെ പറഞ്ഞയച്ചു. അതനുസരിച്ചു സന്ന്യാസിവേഷം ധരിച്ചു ഗന്ധമാദനത്തെ പ്രാപിച്ചു ഹനുമാനെ ആഹാരത്തിനു ക്ഷണിച്ചു ഈ ക്ഷണം അദ്ദേഹം സ്വീകരിച്ചില്ല. ഉടൻ പോയി ഹനുമാൻ ഒരു കുളത്തിൽ കുളിക്കാനിറങ്ങി അനന്തരം ഒരു മുതല കാലിൽ പിടികൂടി. മുതലയെ കരയിൽ വലിച്ചിട്ട് അദ്ദേഹം വധിച്ചു. ഉടൻ മൃതശരീരത്തിൽ

നിന്ന് ഒരു അപ്സരസ്ത്രീ പുറപ്പെട്ടു 'കാലനേമിയെസൂക്ഷിച്ചുകൊള്ളണം' എന്നു പറഞ്ഞു മറഞ്ഞു. ഇവൾ ദക്ഷന്റെ ശാപം ഹേതുവായിട്ടു മുതലയായി ഭവിച്ചതാണ്. അനന്തരം ഹനുമാൻ കാലനേമിയോടടുത്തു് അവന്റെ കാലിനു പിടിച്ചു് എറിയുകയുണ്ടായി. അവൻ ആകാശമാർഗ്ഗേണ രാവണന്റെ സിംഹാസനസമീപം ചെന്നു പതിച്ചു.

൨. വിരോചനന്റെ മകനായ ഒരസുരൻ. [ഇവനെ വിഷ്ണു വധിച്ചു].

കാലപരിമാണവിജ്ഞാനം-കാലവിവരം.

൧൮ നിമിഷം-൧ കാഷ്ഠ.

൩൦ കാഷ്ഠ-൧ കല.

൩൦ കല-൧ മുഹൂർത്തം.

൩൦ മുഹൂർത്തം-൧ ദിവസം.

൩൦ അഹോരാത്രം-൧ മാസം.

രണ്ടു പക്ഷം പിതൃക്കൾക്ക് ഒരഹോരാത്രം കൂടിയ ഒരു മാസം.

മനുഷ്യവത്സരം ൧-ദേവകൾക്ക് ൧ അഹോരാത്രം.

മകരം മുതൽ മിഥുനാവസാനംവരെ ഉത്തരായണം (ദേവകൾക്കു പകൽ)

കർക്കടകം മുതൽ ധനു വരെ ദക്ഷിണായനം (ദേവകൾക്കു രാത്രി).

൧൨,൦൦൦ ദിവ്യസംവത്സരം കൂടുന്നതു ഒരു ചാതുർയുഗം. ഈ ദേവകൾക്കു ഒരു യുഗം. ടി ൧,൦൦൦ യുഗം-ബ്രഹ്മാവിനു ഒരു പകൽ.

കാലപാശം-അന്തകന്റെ കയറ്.

കാലപ്പലിശ-ആണ്ടുതോറുമുള്ള പലിശ.

കാലപ്പഴക്കം-വളരെക്കാലം കഴിക.

കാലഭക്ഷൻ-ശിവൻ.

കാലഭൃത്ത്-സൂര്യൻ.

കാലഭേദം-സമയഭേദം.

കാലഭൈരവൻ-ശിവൻ.

കാലം-൧. സമയം. ൨. അവസരം. [അകാലം എന്ന പദം നോക്കുക]. കണക്കാക്കുന്നതു്, പ്രേരിപ്പിക്കുന്നതു് എന്നർത്ഥം. മററ പര്യായങ്ങൾ-ദിഷ്ടം, അനേഹസ്സ്, സമയം.

കാലംഇടയിട്ട്-കാലം കഴിയുമ്പോൾ. (പ-മ).

കാലമാലം-കൃഷ്ണതുളസി. കറുത്ത ചെറുതുളസി.

കാലമുഖർ-രാക്ഷസസ്ത്രീകളിൽ മനുഷ്യരുടെ മക്കൾ.

കാലമൃത്യു-അധികം വയസ്സുചെന്നിട്ടുള്ള മരണം.

കാലംകണ്ടവൻ- സമയമറിഞ്ഞിരിക്കുന്നവൻ.

കാലയവനൻ-മധുരാനഗരം ആക്രമിച്ച ഒരു യവനരാജാവു്.

ഒരു യവനനൃപന്റെ ഭാര്യയിൽ യാദവരുടെ ശത്രുവായ ഗർഗ്ഗൻ എന്ന ബ്രാഹ്മണനുണ്ടായ പുത്രനാണെന്നു വിഷ്ണുപുരാണം പറയുന്നു. കൃഷ്ണൻ ഇവനെ ജയിപ്പാൻ പണിയെന്നു കണ്ടു വശീകരിച്ചു മാന്ധാതൃവിന്റെ പുത്രനും രാജാവുമായ മുചുകുന്ദന്റെ ഗുഹയിൽകൊണ്ടുപോയി. അപ്പോൾ പണ്ടു് അസുരരോടുള്ള യുദ്ധത്തിൽ ദേവകൾക്കു സഹായിക്കയാൽ വളരെ വിഘ്നംകൂടാതെ കിടന്നുറങ്ങുന്നതിനു വാങ്ങീട്ടുള്ള വരമനുസരിച്ചു മുചുകുന്ദൻ ഉറങ്ങിക്കിടക്കുകയായിരുന്നു. അതുകണ്ടു് അദ്ദേഹത്തെ കാലയവനൻ ഒന്നു ചവുട്ടി. ഉടൻ ഉണർന്നു് ഒരു നോട്ടത്തിൽ കാലയവനനെ അദ്ദേഹം ഭസ്മീകരിച്ചു.]

കാലയാപം, കാലയാപനം-കാലം കഴിക്കൽ, കാലക്ഷേപം.

കാലയുക്തി-അറുപതുവർഷത്തിൽ അമ്പത്തിരണ്ടാമത്തേതു്.

കാലരുദ്രൻ - ജഗത്സംഹാരകാരിയായ ശിവൻ.

കാലവശനാക-മരിക്കുക.

'കാലവശനായവനാക്കറയിൽവീണാൽ'
(രാമായണം ഉത്തരം)

കാലവർഷം-ഇടവപ്പാതി മുതലുള്ള മഴ.

കാലവാഹനം-പോത്ത്.

കാലവിചാരം-ബ്രാഹ്മണസ്ത്രീകൾ വ്യഭിചാരം ചെയ്താൽ അതിനുള്ള ഒരു വിചാരണ.

കാലവിരോധം-സമയത്തിനെ വിരോധിക്കുക.

കാലവിളംബം, കാലവിളംബനം-സമയത്തിന്റെ താമസം.

കാലവേല-കാലത്തിൽ ചെയ്യുന്ന വേല.

കാലവേള-തക്ക സമയം.

കാലവൈഭവം-സമയത്തിന്റെ ശക്തി

കാലശേയം, കാലശേസയം-മോര്. കലശത്തിലുണ്ടായതെന്നർത്ഥം.

കാലസംഖ്യ-മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള കാലം.

കാലസൂത്രം-വലിയ കഷ്ടപ്പാടായ ഒരു നരകം. ഇരിമ്പുസൂത്രങ്ങൾ ഉള്ളത്, പാപികളെ ഉപദ്രവിക്കുന്ന ഇരിമ്പുകമ്പികൾ ഉള്ളത് ഇങ്ങനെ അർത്ഥം.

കാലസോദരി-കാളിന്ദി.

കാലസ്കന്ദം-തമാലവൃക്ഷം.

കാലസ്വരൂപൻ-ദൈവം.

കാലാകാലങ്ങൾ-സമയവും അസമയവും.

കാലാഗ്നി-പു. ലോകനാശത്തിനായിട്ടുണ്ടാകുന്ന ഒരു തീ, സംഹാരാഗ്നി. ൨. ഉപനിഷത്ത്, ഒരു മന്ത്രം.

കാലാനുനാദി-പു. ചിതാര്പ്പുള്ള്. ൨. കരികിൽ. ൩. വേഴാമ്പൽപക്ഷി.

കാലാനുപ്രയോഗം-(വ്യാകരണത്തിൽ) ഭൂതാദികാലത്രയത്തിൽ ചില താരതമ്യം ചെയ്യുന്നത്.

കാലാനുസാരി-പു. സാമ്പ്രാണി. ൨. ശിംശപാവൃക്ഷം.

കാലാന്തകൻ-ശിവൻ.

കാലാന്തരവിഷം-എലി.

കാലാന്തരം-മറ്റൊരു കാലം.

കാലായ-കൊള്ളുനിലം.

കാലായനി-ദുർഗ്ഗ.

കാലായസം-പു. നീലമുള്ള കല്ല്. ൨. കല്ലിന്റെ ഭേദം.

കാലാരി-ശിവൻ. കാലന്റെ (യമന്റെ) ശത്രു എന്നർത്ഥം.

കാലാവധിചതുഷ്ടയം-ജനനം മരണം വരെ, യൌവനം പ്രസവം വരെ, കോപം നമസ്കാരം വരെ, മഴ യാചിക്കുന്നതു വരെ (നിലനില്ക്കും).

കാലാൾ, കാലാൾപ്പട-നിലത്തുനിന്നു യുദ്ധം ചെയ്യുന്നവർ. പര്യായങ്ങൾ-പദാതി, പത്തി, പദഗം, പാദാതികം, പദാജി, പദികം.

കാലാൾപ്പടക്കൂട്ടത്തിനു പര്യായങ്ങൾ-പാദാതം, പത്തിസംഹതി.

കാലാഴി-തള, കാലിലിടുന്നൊരാഭരണം.

കാലി-പശു. ൨. എരുമ. ൩. പോത്ത്.

കാലിക-വി. സമയത്തുണ്ടായ, തക്കതായ കാലമുള്ള.

കാലിക-കർക്കടശൃംഗി.

കാലികം-പു. മരമഞ്ഞൾ. ൨. ചന്ദനം. ൩. അന്നിൽപക്ഷി.

കാലിംഗ-വി. കലിംഗദേശത്തുള്ളതായ.

കാലിംഗം-പു. കലിംഗദേശത്തെ കുതിര, ആന. ൨. കൊടകപ്പാലയരി. ൩. കമ്മട്ടി. ൪. തണ്ണിമത്തങ്ങ. ൫. പഞ്ഞി. ൬. ചെറിയ കമ്പളം.

കാലിംഗി-വരിയൻ കക്കിരി.

കാലിംഗിക-ത്രികോല്പക്കൊന്ന.

കാലിണ-രണ്ടു കാലും.

കാലിന്ദ(ക)ം-തണ്ണിമത്തങ്ങ.

കാലിന്ദി-താമ്രപുഷ്പക്കൊന്ന.

കാലിയം-കലിയുഗം.

കാലീയം,കാലീയകം–പ്ര. മരമഞ്ഞൾ
വ. പീതചന്ദനം.
കാലുക–പ്ര. ചോരുക. വ. ചുളിക്കുക.
[ചുററിയിരിക്കുക എന്നായിരുന്നു ആദ്യമായ അർത്ഥം ഇപ്പോൾ വഹിക്കുക, ഉള്ളു, ചേൻ എന്നീ അർത്ഥങ്ങൾഉണ്ട്.]
കാലുപിടിക്കുക–അഭിമാനം വിട്ടു സേവിക്കുക. (ശൈലി).
കാലുഷ്യം–പ്ര. അഴുക്ക്. വ. കലക്കം. കലുഷഭാവം=കാലുഷ്യം.
കാലേ–അ. സമയത്തു്.
കാലേയ–വി. കലിയെ സംബന്ധിച്ച.
കാലേയകം–പ്ര. മരമഞ്ഞൾ വ. പീതചന്ദനം. കലിയെ സംബന്ധിച്ചതെന്നർത്ഥം. ന. ചന്ദനം രണ്ടും. ര. കുങ്കുമം. ശ. നായ്. ന്യ. മഞ്ഞൾ.
കാലേയം–പ്ര. മരമഞ്ഞൾ. വ. ചെമ്പുള്ളികൊടി. ന. കറുത്ത ചന്ദനം. ര. കസ്തൂരിമഞ്ഞൾ. ശ. താമരക്കുരു.
കാലോചിത–വി. സമയത്തിനു തക്ക.
കാലൊച്ച നടക്കുമ്പോഴുള്ള കാലിന്റെ ശബ്ദം.
കാല്യ–വി. പ്ര. തക്കസമയത്തുള്ളതായ, സമയത്തുണ്ടാകുവാൻ തക്ക, ഉചിതമായ കാലത്തിലുള്ള. വ. മനോരഞ്ജകമായ, ന. ശുഭമായ.
കാല്യകം–കള്ളുപാലം. കല്യ (നിരാമയ) ത്തിൽ സാധു എന്നർത്ഥം.
കാല്യൻ–ശുക്രമതി.
കാല്യം–പ്ര. ഉഷസ്സ്. വ. കാച്ചാലം. ന. ഉചിതമായ കാലത്തിലുള്ളത്.
കാല്യാ–മംഗലവചനം. [ഇതു 'കല്യാ' എന്ന ശബ്ദത്തിന്റെ രൂപാന്തരമാണ്].
കാല്യാസികം–ശുഭം, ശുഭലക്ഷണം.
കാൽ–പ്ര. കാല്, അവയവം. വ. പാദം. ന. നാലിൽ ഒരു പങ്ക്. ര. തൂണ്. ശ. ധാന്യങ്ങളുടെ മുള. ന്യ. ആററിൽ നിന്നു വെളിയിലേയ്ക്കു വെള്ളം പോകുന്നതിനു വെട്ടിയുണ്ടാക്കിയതു്. ൧. കതിര്. ൮. മരത്തിന്റെ പേട്ട്. ൻ. ഉരല്. ൺ. പാവുന്നൽ. ൽ. ചതുരംഗക്കളിയിൽ ഉപയോഗിക്കുന്ന ഒരു വാക്ക്.
കാൽക്കുപ്പായം–കാൽചട്ട.
കാൽക്കെട്ട്–പ്ര. കാളയെ കാലു കെട്ടിയിട്ടുംകൊണ്ടു വരിയെടുക്കുക. വ. വളർത്തുമൃഗങ്ങൾക്കു വരുന്ന ഒരു ദീനം, കുളമ്പുപനി.
കാൽക്കോളാമ്പി–തുപ്പുന്നതിനുള്ള ഒരു ഓട്ടുപാത്രം.
കാൽച്ച–പാത്രത്തിന്റെ ചോച്ച.
കാൽച്ചട്ട–അരയ്ക്കു താഴെയിടുന്നകുപ്പായം
കാൽച്ചിലമ്പ്–കാലിൽ ഇടുന്ന ഒരു വക കിലുങ്ങുന്ന ആഭരണം. പര്യായങ്ങൾ =പാദാംഗദം; തുലാകോടി, മഞ്ജീരം; നൂപുരം.
കാൽച്ചുവട്–കാലടി, പാദം.
കാൽത്തള–കാലിൽ ഇടുന്ന ഒരു മതിരി ആഭരണം.
കാൽത്തളിർ–പാദം, കാൽച്ചുവടിനെ മാനിച്ചുപറയുന്ന വാക്ക്.
കാൽത്താർ–പൂപോലെ ഭംഗിയും മൃദുതാവുമുള്ള കാൽ.
കാൽനഖം–കാലിലെ നഖം.
കാൽനട–കാലുകൊണ്ടു നടക്കുക, പോവുക.
കാൽപ്പടം–ഉള്ളങ്കാൽ.
കാല്പനിക–വി. പ്ര. സങ്കല്പമാത്രമായ. വ. ചതിയായ. [കല്പനയെ സംബന്ധിച്ചതു കാല്പനികം]
കാല്പ്ക്രം–കാച്ചുലം.
കാൽപ്പുറവ്–കാലിന്റെ ചെച്ച.
കാൽപിടിക്കുക–പ്ര. കാലിനെ പറ്റുക തിരുമ്മുക. വ. വളരെ വണക്കത്തോടെ ആശ്രയിച്ചു പറകയും മററും ചെയ്യുക.

കാൽപ്പുഴി-കാൽപ്പൊടി,കാലിലെമണ്ണ്.

കാൽപെരുമാററം-ഥ. കാൽപ്രയോഗം, കാൽകൊണ്ടുള്ള വേല. വ. നടക്കുമ്പോ ഴുണ്ടാകുന്ന ശബ്ദം.

കാൽപ്രയോഗം-ആട്ടക്കാരുംമററുംകുത്തു കാൽമറക്കുക.

കാൽമടക്ക്-കാൽമുട്ടിന്റെ പുറകിലത്തെ ഭാഗം.

കാൽമേസ-കാലിൽ ഇടുന്ന ഉറ.

കാൽവണ്ണ-മുട്ടിനു താഴെ പാദത്തിനു മുക ളിലുള്ള സ്ഥലം.

കാൽവിരൽ-കാലിന്റെ വിരൽ.

കാൽവിലങ്ങ്-കുററക്കാരുടെ കാൽ ര ണ്ടുംകൂടെ കൂട്ടി ബന്ധിക്കുന്ന ഇരിമ്പു ച ങ്ങല.

കാവ്-ഥ. മരക്കൂട്ടം. വ. ഭദ്രകാളിയുടെ ക്ഷേത്രം. ന. വാളിന്റെ പിടി. ര കാവടി. ത. ബ്രാഹ്മണകന്യക.

കാവചികം-കവചമിട്ടവരുടെ കൂട്ടം.

കാവടി-ഥ. തോളിൽവെച്ചു ചുമക്കുന്നതി നു തക്കവണ്ണം മരംകൊണ്ടുണ്ടാക്കിയ സാധനം [ശുചീന്ദ്രം മുതലായപ്രസിദ്ധ ക്ഷേത്രങ്ങളിൽ നേർച്ചയ്ക്കു കാവടികെട്ട് ഇന്നും നടന്നുവരുന്നു.] വ. ചില ധർമ്മ ക്കാർ കൊണ്ടുനടക്കുന്ന ഒരുമാതിരി കാ വടി.

കാവടിക്കാരൻ-കാവടി കൊണ്ടുനടക്കു ന്നവൻ.

കാവട്ടപ്പുല്ല്-ഒരുമാതിരി സുഗന്ധപ്പുല്ല്

കാവണ്ടം-കാവടി

കാവതി-ഥ. ക്ഷൌരക്കാരിൽ ഒരു ജാ തിക്കാരൻ വ. ശൂദ്രരിൽ ഒരു ജാതി.

കാവതിക്കാക്ക-മലങ്കാക്ക, വലിയ കാ ക്ക. പര്യായങ്ങൾ ദ്രോണകാകം,. കാ കോളം. [ഇതിനു കടക്കാക്ക, പാറക്കാ ക്ക ഇങ്ങിനെയും പറയുന്നു.]

(ഇതിന്റെ മാംസത്തിന്റെ ഗുണം കാക്കയുടെ മാംസത്തിനൊപ്പംതന്നെ. ഇതിന്റെശബ്ദം ക്രൂരമാണ്. തമിഴിൽ-അണ്ടംകാക്കെ. ഇംഗ്ലീഷിൽ-(Raven) റേവൻ].

കാവത്ത്-കാച്ചിൽ

കാവലാളി-കാവല്ക്കാരൻ.

കാവൽ-ഥ മോഷ്ടിച്ചു കൊണ്ടുപോകാ തെയും മററും സൂക്ഷിക്കുക. വ. കാക്ക ന്നവൻ. ന. പാറാവ്.

കാവല്ക്കാരൻ-മററൊരുത്തരും കൊണ്ടു പോകാതെയും മററും രക്ഷിക്കുന്നവൻ.

കാവല്പുര-കാവല്ക്കാരൻഇരിക്കുന്ന പുര.

കാവൽഫലം-കാവൽക്കൂലി.

കാവൽവിളി-കാവൽക്കാരുടെ വിളി.

കാവൽസ്ഥലം-കാക്കുന്ന സ്ഥലം.

കാവളം-ഒരുവക വൃക്ഷം

കാവളംകളി, കാവളംകാളി-ഒരുവക പക്ഷി.

കാവാരി-കാലില്ലാത്ത കുട.

കാവാരം-കടപ്പുറത്തൽ.

കാവി-ഒരുമാതിരി ചെമന്ന മണ്ണ്. കാ വിമണ്ണ്.

കാവിമണ്ണ്-ഒരുമാതിരി ചെമന്ന മണ്ണ്, പർവതത്തിൽനിന്നുണ്ടാകുന്നധാതുക്കളിൽ ഒന്ന്. പര്യായം-ഗൈരികം.

[കഫം, നേത്രരോഗം, ഇക്കിൾ, വി ഷം, രക്തപിത്തം, ചുട്ടുനീറൽ, ദ്രണം, തീപ്പൊള്ളൽ വ്രണം, അർശസ്സ്, ജ്വരം, വിസ്ഫോടം ഇവയെ നശിപ്പിക്കും. നി റം നന്നാക്കും. ബലവർദ്ധനകരമാണ്. തമിഴിൽ കാവിക്കൽ. ഇംഗ്ലീഷിൽ (Ochre, Red lumber stone ഓ ക്കർ, റെഡ് ലംബർസ്റ്റോൺ. ഇതുംകൂടി യതു സ്വർണ്ണഗൈരികം. ഇതു കാണുന്ന തു പാഷാണഗൈരികം. നാട്ടുജാതി യിൽ സോപനെയ്യൂന്നാൽ ചലിച്ചു കൂട്ടു വെള്ളത്തിൽ കഴുകി ഉണക്കുക, ശുദ്ധമാ കും].

കാവിവസ്ത്രം-കാവിമണ്ണു കലക്കിയതിൽ മുക്കിയ വസ്ത്രം.

കാവുക-കാവടികെട്ടി ചുമക്കുക

കാവൂട്ട-കാവിൽ കുടിവെച്ചിരിക്കുന്ന ദേവതകൾക്കായി കഴിക്കുന്ന പൂജ.

കാവ്യകം-മ ചക്രവാകപ്പക്ഷി. വ. കോഴി. ന. പരുന്ത്.

കാവേരം-കുങ്കുമപ്പൂവ്.

കാവേരി-മ. ഇൻഡ്യയിലെ പ്രധാനനദികളിൽ ഒന്ന്. കാവേരനെ (അഗസ്ത്യനെ) സംബന്ധിച്ചതു കാവേരി.

[കം=ജലം. വേരം=ശരീരം. കാവേരൻ=ജലമൂർത്തിയായ വരുണൻ. കവേരന്റെ പുത്രൻ=കാവേരൻ (അഗസ്ത്യൻ) ഗംഗയെ ജലപാത്രത്തിലാക്കിഒരിക്കൽഅഗസ്ത്യൻ സഹ്യപർവതത്തിൽ തപസ്സുചെയ്യുന്നകാലം ലോകസങ്കടശമനത്തിനായി വിഘ്നേശ്വരൻ കാക്കയുടെ രൂപം എടുത്തു ജലപാത്രം കൊത്തിമറിച്ചു. അനന്തരം അതിൽനിന്നു ഒഴുകിയുണ്ടായതാണ് കാവേരിനദി. ഈ നദിയിലുള്ള വെള്ളം ചിരങ്ങു, കുഷ്ഠം മുതലായവയെ ശമിപ്പിക്കും. രുചിയുണ്ടാക്കും, അഗ്നിയെവർദ്ധിപ്പിക്കും, ഓർമ്മവരുത്തും, ബുദ്ധിയുണ്ടാക്കും. ഇതു സഹ്യപർവതത്തിന്റെയും മലയപർവതത്തിന്റെയും താഴ്വരയോടടുത്തു ഒഴുകുന്നു].

വ. മഞ്ഞൾ.

കാവ്യ-(വ്) മ. ബ്രാഹ്മണന്റെയോ കവിയുടെയോ രീതിയുള്ള. വ. കവിതാവാസനയുള്ള. ന. മീമാംസിതമുള്ള

കാവ്യൻ-ശുക്രൻ കവിയുടെ പുത്രൻ എന്നർത്ഥം.

കാവ്യപ്രകാശം-മമ്മടന്റെ ഒരു കൃതി.

കാവ്യം-കവിത, ചമല്ക്കാരപ്രധാനമായ കൃതി.

കാവ്യലിംഗം-ഒരലങ്കാരത്തിന്റെ പേര്

'ഹേതുവാക്യപദാർത്ഥങ്ങ-
ളാവുകിൽ കാവ്യലിംഗമാം
കന്ദർപ്പ! നീ കളിക്കേണ്ട
മന്ദ! ഞാൻ ശിവഭക്തനാം'
(ഭാഷാഭൂഷണം)

കാവ്യാദർശം-കാവ്യത്തെക്കുറിച്ചു ദണ്ഡി എഴുതിയ ഒരു പുസ്തകം

കാവ്യാലങ്കാരസൂത്രം-വാമന പണ്ഡിതന്റെ കൃതി. ഇദ്ദേഹം ക്രിസ്ത്വാബ്ദം ൭൦൦-നു പിന്നീടു ജീവിച്ചിരുന്നു.

കാശപുഷ്പം-കുതിരവാൽപ്പുല്ല്.

കാശം-മ. ആറ്റുദർഭ. വ. കശ ശബ്ദിക്കുന്നതെന്നർത്ഥം. കരിവിക്കരുമ്പ് എന്നും പറയുന്നുണ്ട്.

കാശമട്ടം-പൊന്നാവീരം.

കാശസിതാ-കരിവിക്കരുമ്പിൽനിന്നെടുക്കുന്ന പഞ്ചസാര.

കാശാല്മലി-കണ്ടിലവ്.

കാശി-മ. കാശിരാജ്യം, മോക്ഷദായകനഗരങ്ങളിൽ ഒന്ന്. വ. അവിടത്തെ തീർത്ഥസ്ഥലം, അവിടത്തെ ക്ഷേത്രം. കാശിക വാരാണസി എന്നും പറയും. ഇപ്പോൾ 'ബനാറീസ്'

കാശിക്കുപോയോ-തിരിയെ വരാത്ത വിധത്തിൽ പോയോ [ശൈലി]
'പൊണ്ണത്തടിയനാം നിന്റെപരാക്രമം
കാശിക്കുപോയോ കഥിക്ക വൃകോദര'
(കല്യാണസൗഗന്ധികം തുള്ളൽ)

കാശിത്തുമ്പ-ഒരു വക മരുന്ന്, ചെടി

കാശിനാഥൻ-ശിവൻ.

കാശിപട്ട്-കരമാതിരി കട്ടിയുള്ള തുണി.

കാശിരാജാവ്-മ. അംബ, അംബിക, അംബാലിക ഇവരുടെ അച്ഛനായ രാജാവ്. വ. കാശിയിലെ രാജാവ്.

കാശ്-മ. ചെമ്പുകാശ്. വ. ചെമ്പുകാശു. ന. അറബിക്കാശു മുതലായ നാണയം. തെലുങ്കിലും കന്നടത്തിലും കാസ്.

കശ് എന്നതിനു സംസ്കൃതത്തിൽ ശോഭിക്ക എന്നൎത്ഥം. ര. സ്വൎണ്ണം.
കാശ്മുതാലി-പൊൻ കാശു കഴവെച്ചു ചില സ്ത്രീകൾ കഴുത്തിൽകെട്ടുന്ന ഒരാഭരണം, കാശുമാല.
കാശ്മുകാരം-കവുങ്ങ്.
കാശേയി-കാശിരാജാവിന്റെ പുത്രി.
കാശ്മരി-കുമിഴ്. ശോഭയുള്ളതെന്നൎത്ഥം
കാശ്മൎയ്യം-കുമിഴ്.
കാശ്മല്യം-പ്ര. കശ്മലത, കശ്മലന്റെ സ്ഥിതി, ദുഷ്ടത.
കാശ്മീരജന്മം-കുങ്കുമം. കാശ്മീരദേശത്തിലുണ്ടാകുന്നതു്. 'കാശ്മീരം' എന്നുമാകാം [ഗ്രാഹ്യാംശം-കേസരം)
കാശ്മീര(ജം)-പ്ര. കുങ്കുമം. വ. പുഷ്കരമൂലം.
കാശ്മീരജം-കൊട്ടം.
കാശ്മീരജാ-അതിവിടയം.
കാശ്മീരം-പ്ര. പുഷ്കരമൂലം. വ. കാശ്മീരരാജ്യം. ന. കുങ്കുമം ര. കാശ്മീരദേശത്തിലുണ്ടാകുന്ന മേട്ടുത്താമരക്കിഴങ്ങ്. (മേട്ടുത്താമര-ഓരിലത്താമര).
കാശ്മീരാ-പ്ര. വലിയമുന്തിരി. വ. ഓരിലത്താമര.
കാശ്മീരി-കുമിഴ.
കാശ്മീൎയ്യം-കുങ്കുമം.
കാശ്യപൻ-പ്ര. ഒരു മഹൎഷി. വ. കണാദൻ.
കാശ്യപം-മാംസം.
കാശ്യപി-പ്ര. അരുണൻ. കശ്യപന്റെ പുത്രൻ എന്നൎത്ഥം. വ. ഗരുഡൻ. ന. ഭൂമി. കശ്യപമുനിയുടേതു് എന്നൎത്ഥം കശ്യപമഹൎഷിക്ക ദക്ഷിണയായി പരശുരാമനാൽ കൊടുക്കപ്പെട്ടതു്.
കാശ്യപേയൻ-ആദിത്യൻ.
കാശ്യം-മദ്യം.
കാശ്യാ-മുളപ്പൂമരുതു്.
കാശ്വരി-കുമിഴ്.
കാഷായ-വി. ചെമപ്പുനിറമുള്ള, ചെമന്ന.
കാഷായവസന-വിധവ.
കാഷ്ഠകദളി-മരവാഴ.
കാഷ്ഠകം-ചന്ദനാഗരുമരം.
കാഷ്ഠകീടം-നശിച്ച വിറകിലുള്ള ചെറിയപുഴു
കാഷ്ഠകുടം, കാഷ്ഠക്കുടം-മരംകൊത്തി.
കാഷ്ഠകുദ്ദാലം-തോണികെട്ടുന്ന കുറ്റി. [തോണിയിലുള്ള നാനാവിധമായ ജലം തേകിക്കളയുന്ന 'കുപ്പൻകോൽ' എന്നും അഭിപ്രായമുണ്ടു്].
കാഷ്ഠജംബു-നിലഞാവൽ.
കാഷ്ഠതക്ഷകൻ-ആശാരി.
കാഷ്ഠതട്-ആശാരി.
കാഷ്ഠതന്തു-തടിയിലുള്ള ഒരു മാതിരി കൃമി.
കാഷ്ഠദാരു-എണ്ണ കുറഞ്ഞ ദേവതാരം. [ഗുണം ദേവതാരത്തിന്റേതുതന്നെ. ഗന്ധവൎഗ്ഗത്തിൽ പെട്ടതാണ്. ഉപവിധക്കു നന്നു്. ഇംഗ്ലീഷിൽ- (Indian Pinetree) ഇൻഡ്യൻപൈൻട്രി ]
കാഷ്ഠദ്രു-പ്ലാശു്.
കാഷ്ഠപാടലാ-വെൺപാതിരി.
കാഷ്ഠഭംഗി-മരംകൊത്തി.
കാഷ്ഠഭാരികൻ-വിറകുചുമക്കുന്നവൻ.
കാഷ്ഠം-പ്ര. മരത്തടി. അഗ്നിയോടു സ്വദേശം ശോഭിക്കുന്നതെന്നൎത്ഥം. മരക്കൊമ്പു്, ചുള്ളിയും-മാത്ര വ. വിറക്. ന. (മലയാളം) മലം.
കാഷ്ഠമണ്ഡപം – നേപാളരാജ്യത്തിൽ കാന്തി എന്ന പേരോടെ ഒരു രാജധാനിയുണ്ടു്. ജനങ്ങൾ അതിനു വിളിക്കുന്ന പേർ 'കാഷ്ഠമണ്ഡപം' (കട്മണ്ഡു)
കാഷ്ഠമല്ലം-ശവമഞ്ചൽ.
കാഷ്ഠവല്ലിക-എരിവള്ളി.

കാഷ്ഠലോഹി-വളഞ്ഞ വടി.

കാഷ്ഠവാടം-കൽചുവര്.

കാഷ്ഠശാരിബാ-നറുനീണ്ടി.

കാഷ്ഠാ-പ്ര. ദക്ഷന്റെ ഒരു പുത്രി, കശ്യപന്റെ ഭാര്യ. ദ്വി. മരമഞ്ഞൾ. തൃ. ദിക്ക്. ശോഭിക്കുന്നതെന്നർത്ഥം. ച. പതിനെട്ടു നിമേഷകാലം, ഇമച്ചു മിഴി കൂട്ടിയ കാലം. [നിമേഷം=മാത്ര.] പ. സ്ഥലം. ഷ. ശ്രേഷ്ഠത. സ. ലക്ഷ്യം.

കാഷ്ഠാഗരു-അല്പം മഞ്ഞനിറമുള്ള അകിൽ.

[കഫശമനകരമാണ്. ഗന്ധവർഗ്ഗത്തിൽ പെട്ടതും സാമർത്ഥ്യം അകിലിന്റെ ഗുണമുള്ളതുമാകുന്നു.]

കാഷ്ഠാംബുവാഹിനി-പ്ര. തൊട്ടി. ദ്വി. മരവി. തൃ. തോണി.

കാഷ്ഠാലുകം-കണ്ണൻചേമ്പ്.

കാഷ്ഠികാ-മരവാഴ.

കാഷ്ഠിക്കുക-മലം കളക, മലശോധന ചെയ്യുക.

കാഷ്ഠീല-പ്ര. വാഴ. ഉറപ്പുകുറഞ്ഞ കമ്പുള്ളതെന്നർത്ഥം. ദ്വി. മരവാഴ.

കാഷ്ഠീലം-മന്ദാരം.

കാഷ്ഠേക്ഷു-വെള്ളക്കരിമ്പ്.

കാഷ്ഠോദുംബരികാ-കാട്ടത്തി.

കാഷ്മര്യം-കുമിഴ്, പെരിങ്കുമിഴ്.

കാഷ്മരി-കുമിഴ്, പെരിങ്കുമിഴ്.

കാസകന്ദം-കണ്ണൻചേമ്പ്.

കാസഘ്നം-താന്നി.

കാസഘ്നി-പ്ര. ചെറുതേക്ക്. ദ്വി. കണ്ടകാരിച്ചുണ്ട.

കാസജിത്ത്-ചെറുതേക്ക്.

കാസനാസിക-നല്ലെരുപ്പക്കൊന്ന.

കാസനാശിനി-കർക്കടശൃംഗി.

കാസഭഞ്ജനം-കണ്ണൻപടവലം.

കാസാ-പ്ര. ചുമ (കുര). കാസിതമായി ശബ്ദിക്കുന്നതെന്നർത്ഥം. മറ്റൊരുപേരും -ക്ഷവഥു.

[അതിവ്യായാമം, പുകയും പൊടിയും മൂക്കിൽക്കൂടിയും വായിൽക്കൂടിയും ഏൽക്കുക മുതലായതുകൊണ്ടു കാസം ഉണ്ടാകുന്നു.]

ദ്വി. കരിമുരിങ്ങ. തൃ. കരിവിക്കരിമ്പ്.

കാസമർദ്ദനം-കയ്പൻപടവലം.

കാസമർദ്ദം-പൊന്നാവീരം. കാസത്തെ മർദ്ദിക്കുന്നതെന്നർത്ഥം.

കാസശ്വാസം-ഒരു രോഗം.

കാസരം-പ്ര. പോത്ത്. ദ്വി. കാട്ടുപോത്ത്, കാട്ടെരുമ. വെള്ളത്തിൽ കളിക്കുന്നതെന്നർത്ഥം.

കാസഹാരി-പൊന്നാവീരം.

കാസാരം-പൊയ്ക, കൃത്രിമമായ പൊയ്ക, തടാകം. കുറച്ചുസാരമുള്ളത്, ശബ്ദിക്കുന്നത്. [ഇതിലെ സാരസാദിപക്ഷികളുടെ ശബ്ദം ഇതിന്റേതാണെന്നു കല്പിക്കുന്നു.] ഇങ്ങിനെ ശബ്ദാർത്ഥം.

കാസാലു-കണ്ണൻചേമ്പ്.

കാസി-വി. ചുമയുള്ള.

കാസിക-ചുമ.

കാസീസദ്വയം-ധാതുകാസീസവും പുഷ്പകാസീസവും.

കാസീസം-പ്ര. അന്നഭേദി. ദ്വി. കവണീയം. തൃ. മയിൽതുത്ഥം.

കാസു-പ്ര. കൊഞ്ഞവാക്ക്. ദ്വി. വേലായുധം.

കാസുകാരം-കവുങ്ങ്.

കാസൃതി-രഹസ്യവഴി.

കാസേക്ഷു-കുരുവിക്കരിമ്പ്.

കാസ്തീരം-വെളുത്തീയം.

കാസ്മര്യം-കുമിഴ്.

കാഹല-വി. പ്ര. പാഴിട്ടുള്ള. ദ്വി. ഉപദ്രവം ചെയ്യുന്ന. തൃ. അധികമായ, വലുതായ, വിസ്താരമുള്ള.

കാഹളം-പ്ര. ഒരു വാദ്യം, കുഴൽ, കാളം. ദ്വി. പൂച്ച. തൃ. കോഴി.

കാഹളാപുഷ്പം-ഉമ്മത്ത്.

കാഹി-കടകപ്പാല

കാള-(വി) കറുപ്പുനിറമുള്ള

കാള-പശുവിൻറ ആൺ, എരുത്. പര്യായങ്ങൾ-ഉക്ഷാവ്, ഭദ്രം, ബലീവർദ്ദം, ഋഷഭം, വൃഷഭം, വൃഷം, അനഡ്വാൻ, സൌരഭേയം, ഗൌഃ

[കാളകളുടെ സമൂഹത്തിനു പര്യായം-'ഔക്ഷകം' കാളയുടെ മാംസം-അത്യഗ്നി, വിഷമജ്വരം, കേവലവാതം, ശുഷ്കകാസം വായുമുട്ടൽ, പീനസം, മെലിവ്, ശ്രമം ഇവയെ ശമിപ്പിക്കും. മേഹത്തെ തടിപ്പിക്കും. മൂത്രം, അഗ്നി, പിത്തം, കഫം, ബലം ഇവയെ വർദ്ധിപ്പിക്കും. കറുത്ത കാളയുടെ മാംസം ശ്രേഷ്ഠം. തമിഴിൽ എരുത്].

കാളകഞ്ജം-നീലത്താമര.

കാളകണ്ഠകം-പു. നത്തു എന്ന പക്ഷി. മറെറാരു പര്യായം-ദാത്യൂഹം. വർഷകാലത്തിൽ ശബ്ദിക്കുന്നതെന്നർത്ഥം കറുത്ത കഴുത്തുള്ളതെന്നുമാകാം. ഉ. വേങ്ങ. ന. നീർക്കാക്ക.

കാളകണ്ഠൻ-പു. ശിവൻ, കറുത്ത കഴുത്തുള്ളവൻ. ഉ. ഉക്കുറികിൽ. ന. മയിൽ. ര്. വാലാട്ടിപ്പക്ഷി.

കാളകം-ശരീരത്തിന്മേലുള്ളകറുത്തമറുവ്. താനിരിക്കുന്ന ദിക്കിനെ കറുപ്പു നിറമാക്കിത്തീർക്കുന്നതെന്നർത്ഥം.

കാളകണ്ഠികാ-നിർമ്മ്യം.

കാളകളി-വേലചെയ്യാതെ കളിച്ചുനടക്കുക.

കാളകളിക്കാരൻ-വേലചെയ്യാതെ കളിച്ചുനടക്കുന്നവൻ.

കാളകുഷ്ഠം-കങ്കുഷ്ഠം.

കാളക്രുടകം-കാഞ്ഞിരം

കാളക്രുടം-പു. കഠിനവിഷം. കാലനെക്കൂടി മോഹിപ്പിക്കുന്നത്, കറുത്ത നിറമുള്ളത് എന്നിങ്ങനെ അർത്ഥം.

[പാലാഴിമഥനസമയം പാലാഴിയുടെ മദ്ധ്യാംശം വെളിയിൽ പുറപ്പെട്ടതാണെന്നും, കൊങ്കണം മലയം മുതലായ സ്ഥലങ്ങളിൽ കാണപ്പെടുന്നതാണെന്നും പുഷ്പമാലി എന്ന ഒരാളുടെ ഭേരയിൽനിന്നുണ്ടായതാണെന്നും അഭിപ്രായം കാണുന്നു.]

ഉ. കാക്ക.

കാളക്കിടാവ്-പശുവിൻറ ആൺകുട്ടി, മൂരി.

കാളഖണ്ഡം-ഹൃദയത്തിനടുത്തിരിക്കുന്ന ഒരു മാംസം.

കാളഗംഗ-യമുനാനദി.

കാളഗന്ധം-കാരകിൽ.

കാളഞ്ജരി-പാർവ്വതി. [കാളകൊളുഞ്ജരി ഗൌരി എന്നു വാചസ്പതി.]

കാളതാലം-പച്ചിലമരം.

കാളതുണ്ഡം-കാരകിൽ.

കാളൻ-മോരൊഴിച്ചുണ്ടാക്കുന്ന ഒരുവക കറി.

കാളനിര്യ്യാസം-ഗുൽഗുലു.

കാളപർണ്ണം-തകരം.

കാളപർണ്ണി-നാല്ക്കൂപ്പക്കൊന്ന

കാളപാലകം-കങ്കുഷ്ഠം.

കാളപീലുകം-കാക്കപ്പനച്ചി, പനച്ചി.

കാളപുച്ഛ(ക)ം-കറുത്ത വാലുള്ള മാൻ.

കാളപൃഷ്ഠം-പു. കർണ്ണൻറവില്ല്. ആനകനെപ്പോലെ ഭയങ്കരമായ പൃഷ്ഠമുള്ളതെന്നർത്ഥം. ഉ. കങ്കപക്ഷി. ന. ക്രൌഞ്ചം. ര്. കരഞ്ഞാറൽ പക്ഷി.

കാളമേഷി-നാല്ക്കൂപ്പക്കൊന്ന.

കാളഭാണ്ഡികാ-മഞ്ചട്ടി.

കാളം-പു. കറുപ്പുനിറം മനസ്സിനെ പ്രേരിപ്പിക്കുന്നത്, മനസ്സിനെ വെറുപ്പിക്കുന്നത്, കണക്കാക്കപ്പെടുന്നത് എന്നിങ്ങനെ അർത്ഥം. ഉ. കാറളം, കഴൽ. ന. ഇരിമ്പ്. ര്. മുതലായ പിടിക്കുന്ന, തള്ള ചൂണ്ട. ൫. സൌവീരാഞ്ജനം. ൬. തക്കോലം. ൭. പീതചന്ദനം. ൮.

യിൽ ൻ. ചെഞ്ചല്യം. ൧൦ കൊട്ടവെ ലി. ൧൧. പൊന്നാവീരം. ൧൨. പ ന്നച്ചി.

കാളമാല-കാട്ടുതുളസി.

കാളമുഖം-കരിങ്കുരങ്ങ്.

കാളമൂലം-ചെമന്ന കൊട്ടവേലി.

കാളമേശി,കാളമേഷി-പ്ര. കാർകോ കിൽ വ. മഞ്ചട്ടി. ന. ത്രികോല്പ കൊന്ന

കാളമേശിക,കാളമേഷിക-പ്ര. മ ഞ്ചട്ടി. കറപ്പു നിറത്തോടു സ്പൎശമു ള്ളതു്. വ. കാർകോകിൽ ന. നാരല്ലൂം പ്പക്കൊന്ന.

കാളമേഷി-പ്ര. നാരല്ലൂംപ്പക്കൊന്ന. വ കരിംജീരകം.

കാളയ-മഞ്ഞൾ.

കാളരാത്രി-പ്ര. മരണദിവസത്തിൻെറ മു മ്പേ വരുന്ന രാത്രി.

'ഘോരയുമൊഴിപ്പിച്ചുകാളരാത്രിയെപ്പോലെ ഘോരയാംനിശാചരിവേഗത്തിൽ നടകൊ (അദ്ധ്യാത്മരാമായണം) [ണ്ടാൾ'

വ ഇരുട്ടുള്ള രാത്രി. മരണഹേതു എ ന്നൎത്ഥം. ന. പാമ്പിൻെറ മൂന്നാമത്തെ വിഷപ്പല്ലു്.

കാളൎ-പ്ര. ചൂടു്. വ. എരിച്ചിൽ.

കാളലോഹം-ഉരുക്ക്.

കാളവാ-തീയുള്ള സ്ഥലം.

കാളവൃന്തം-മുതിര.

കാളവൃന്തി(കാ)-പാതിരി.

കാളശാകം-പ്ര. കാട്ടുചീര. വ കരി വേപ്പ്. ന. കോഴി.

കാളസൎപ്പം-കറുത്ത സൎപ്പം

കാളസാരം-പ്ര. പീതചന്ദനം വ പന ച്ചി. ന. കരിമാൻ

കാളസ്കന്ധം-പ്ര. പനിച്ചി. കറുത്ത മര ത്തിയുള്ളതെന്നൎത്ഥം. വ. പച്ചിലമരം ന. പീനാറി. ൪ അത്തിയാല്. ൫. വേങ്ങ.

കാളസ്ഥാലി-പൂപ്പാതിരിമരം.

കാളഹസ്തി-കൎണ്ണാടദേശത്തുള്ള ഒരു മല യും നഗരവും.

കാളഹീനം-പാച്ചോററി.

കാളാ-പ്ര. പാൎവ്വതി [കാളാകാളാഞ്ജനീ ഗൌരി എന്നു വാചസ്പതി.] വ. പൂ പ്പാതിരി ന. അമരി. കറുത്തതു് എന്ന ൎത്ഥം. ക്ഷേപിക്കപ്പെടുന്നതു് എന്നുമാ കാം. ൪. നാരല്ലൂംപ്പക്കൊന്ന. ൫. ക രിംജീരകം. ൬ തിപ്പലി. ൭. മഞ്ചട്ടി. ൮. അമുക്കിരം.

കാളാഗ(ഗ്രു)രു-കാരകിൽ.

കാളാഞ്ചി-പ്ര. പൊടിപ്പ്. വ. പൊൻ തൊങ്ങൽ.

കാളാഞ്ജനി-കറുത്ത പൂവുള്ള പരുത്തി. [ഇതു ജ്വരരോഗത്തെ ശമിപ്പിക്കും. ആമദോഷത്തേയും കൃമിയേയും പുറത്തു കളയും.]

കാളാണ്ഡജം-കുയിൽ.

കാളാനുശാരിബാ-തകരം

കാളാനുസാരകം-പീതചന്ദനം.

കാളാനുസാരി-പ്ര. ചോലയം. ശീതോ ഷ്ണാദികാലത്താൽ അനുസരിക്കപ്പെടുന്ന തെന്നൎത്ഥം. വ. വെളുത്ത നറുനീണ്ടി

കാളാനുസാൎയ്യം-പ്ര. തകരം, ഗ്രാഹ്യം ശം പുഷ്പം. വ. പീതചന്ദനം. ന. കറു ത്ത ഇരുവുൾമരം

കാളാനുസാൎയ്യ(ക)ം-ചോലയം.

കാളാമുണ്ഡം-വാഴക്കാ എടുത്തതിൻെറശേ ഷം ഉള്ള തണ്ടു്.

കാളായസം-പ്ര. ഇരിമ്പു്. വ. ഉരുക്ക്.

കാളാരിമേദാ-കറുത്ത കേരിവലകം.

കാളി-പ്ര. പാൎവ്വതി. നീലനിറമുള്ളവൾ എന്നൎത്ഥം. ദുൎഗ്ഗ. വ. ഭദ്രകാളി. ന. സ ത്യവതി. അപ്സരസ്ത്രീയായ അദ്രിക യുടെ മകൾ. പരാശരമഹൎഷിക്ക് ഇവ ളിൽ വ്യാസനുണ്ടായി. ൪ മൈഥിലി

വാ൪. ൧൫ അമരി. ൧൬. പെരുംജീരകം. ൧൭. കരിംജീരകം. ൧൮. ത്രികോല്പക്കൊന്ന. ൧൯. തേക്കിട ൨൦. തുവരിമണ്ണ്.

കാളിക-വി. കറുത്ത.

കാളികം-ന. പീതചന്ദനം. ൨. കരകിൽ. ൩. മരമഞ്ഞൾ. ൪. മഷി. ൫. കറുപ്പ്.

കാളികാ-സ്ത്രീ. മേഘമാല. ൨. പാർവ്വതി. ൩. അഗ്നി. ൪. കാകോളി. ൫. കാളികാ എന്ന യോഗിനി. ൬. അമരി. ൭. കറുത്തവൾ. ൮. കരിംജീരകം. ൯. തേക്കിട. ൧൦. ഇലവങ്ങം. ൧൧. മഞ്ചി. ൧൨. കയ്യൻപടവലം. ൧൩. സപ്തസ്വധാത്രുദോഷം. ൧൪. കൎക്കടശൃംഗി. ൧൫. മദ്യം.

കാളികാപുരാണം-ഒരു ഉപപുരാണം കാളിസേവയുടെ വൈശിഷ്ട്യത്തെ കാണിക്കുന്നു.]

കാളിഖട്ടം-കൽക്കത്ത.

കാളിദാസൻ-പൌരാണികകാലത്തുണ്ടായിരുന്ന ഇൻഡ്യയിലെ വിശ്വവിശ്രുതനായ ഒരു കവി.

[വിക്രമാദിത്യസമസ്സിലെ നവരത്നങ്ങളിൽ പ്രാധാന്യം ഇദ്ദേഹത്തിനാണ്. ഇദ്ദേഹത്തിൻെറ അന്യാദൃശപ്രസിദ്ധിക്കുള്ള കാരണം താൻ രചിച്ച ശാകുന്തളം നാടകമാകുന്നു. വിക്രമോൎവ്വശീയം, മാളവികാഗ്നിമിത്രം മുതലായവയും ഈ മഹാൻെറ കവനങ്ങൾതന്നെ. കാവ്യത്തിലും താൻ പ്രഥമഗണനീയൻ എന്നതിനു പക്ഷാന്തരമില്ല. പ്രധാനകാവ്യങ്ങൾ-രഘുവംശവും കുമാരസംഭവവുമാകുന്നു. ഈ മഹാനഭാവൻ നിൎമ്മിച്ചിട്ടുള്ള ചെറിയ കാവ്യങ്ങൾ മേഘസന്ദേശവും ഋതുസംഹാരവുമാണ്. ഇവയിൽ അധികം പ്രസിദ്ധി മേഘസന്ദേശത്തിനാകുന്നു. ഈ മഹാകവിയുടെ കൃതികൾകൊണ്ട് അക്കാലത്തെ ജനങ്ങളുടെ സ്വഭാവവും ആചാരവും അനുമാനിക്കാം-കാളിദാസൻെറ അനുഗാമികൾ-സ്ത്രീ. ഭവഭൂതി. ൨. ദണ്ഡി. ൩. ബാണൻ. ൪. സുബന്ധു. ൫. ഭൎത്തൃഹരി. ൬. ഭവഭൂതി മുതലായവരാകുന്നു. കാളിദാസമഹാകവിയുടെ സ്ഥലം ഉജ്ജയിനിയാണത്രെ. ക്രിസ്താബ്ദം ആറാംനൂറാണ്ടിൽജീവിച്ചിരുന്നു.]

കാളിന്ദി-സ്ത്രീ യമുനാനദി. ൨. കൃഷ്ണൻെറ പ്രധാനഭാൎയ്യമാരിൽ ഒരുത്തി. ൩. ചന്ദ്രവംശത്തിലെ ത്രസ്സന്ധുപൻെറ ഭാൎയ്യ.

[കാളിന്ദീനദിയുടെ പൎയ്യായങ്ങൾ-കാളിന്ദി, യമുന, സൂൎയ്യതനയ, ശമനസ്വസാവ്. കളിന്ദപൎവ്വതത്തിൽ നിന്നുണ്ടാകയാൽ കാളിന്ദി എന്ന പേരുണ്ടായി. കാളിന്ദി സൂൎയ്യൻെറ പുത്രിയാകുന്നു]

കാളിന്ദീഭേദനൻ-ബലഭദ്രർ. തൻെറ ആജ്ഞയെ നിരസിക്കയാൽ കാളിന്ദി എന്ന നദിയെ കലപ്പകൊണ്ടു ഭേദിച്ചവൻ എന്നൎത്ഥം.

കാളിമ-കറുപ്പ്.

കാളിയ-വി. കറുത്ത.

കാളിയൻ-ഒരു സൎപ്പശ്രേഷ്ഠൻ.

[യമുനാനദിയിൽ കിടന്നു പാരംപെരുമാറ്റം ചെയ്ത ഈ കാളിയൻെറ മദം ശ്രീകൃഷ്ണൻ നിശ്ശേഷം ശമിപ്പിച്ചു. കാളിയമൎദ്ദനം കഥ വായിക്കുക.]

കാളീകാ-സ്ത്രീ. അന്നിൽപക്ഷി. ൨. കൊക്ക്.

കാളീചി-യമൻെറന്യായവിസ്താരസ്ഥലം.

കാളീയകം-ന. പീതചന്ദനം. ൨. മരമഞ്ഞൾ.

കാളീതനയം-പോത്ത്.

കാളുക-കത്തിജ്വലിക്കുക, കരിയുക, ദഹിക്കുക.

'വൃദ്ധീ പാളീശ്ശ്രൂമീകേളീകാളീടുന്ന കേറാക്ക
(ഭാഷാനൈഷധചമ്പു) [ന്നേരം'

കാളും, കാഠം-അ. ഇതു് ഒന്നിനെക്കാൾ അധികം എന്നും മററും പറയേണ്ടുന്നിടത്തു ചേരും.

കാളേയകം-ചോവ്വള്ളിക്കൊടി.

കാളേയം-പീതചന്ദനം.

കാഠം-രണ്ടു വസ്തുക്കളുടെ താരതമ്യവിവേചനത്തിൽ 'കാഠം' 'ഓളം' ഈ പ്രയോഗങ്ങൾ വരും.

കാഴ്ച-൧. കണ്ണിന്റെ അനുഭവം, നോട്ടം. ൨. ആഘോഷം. ൩. രാജാക്കന്മാരുടേയും മററും മുമ്പിൽവെച്ചു കാണുന്ന വസ്തു. ൪. വീണ്ടുവിചാരം.

'തീച്ചയാക്കിപ്പറഞ്ഞതുകേട്ടിട്ടു
കാഴ്ചപോരാനിനക്കെന്നുറച്ചുഞാൻ'
(സന്താനഗോപാലം-പാന)

കാഴ്ചക്കാരൻ-൧. കാണുന്നവൻ. ൨. വല്ലതും കാഴ്ചയായിട്ടു വെയ്ക്കുന്നവൻ.

കാഴ്ചദ്രവ്യം-രാജാക്കന്മാരുടേയും മററും മുമ്പിൽ വെച്ചു കാണുന്ന വസ്തു. പര്യായങ്ങൾ-ഉപഗ്രാഹ്യം, ഉപഹാരം, ഉപദാ, ഉപായനം.

കാഴ്ചപ്പട-ആയുധാഭ്യാസത്തിന്റെ അരങ്ങേററം.

കാറ-൧. കഴുത്തിൽ കെട്ടുന്ന ഒരാഭരണം. ൨. മുരൽ.

കാറയ്ക്കാ-൧. കപ്പലുമാവിന്റെ പഴുക്കാത്തകായ്. ൨. ചുണ്ടക്കായിൽ അല്പം വലിയതായ ഒരുമാതിരി കായ്.

കാറൽ-൧. വെളിച്ചെണ്ണ മുതലായതു പഴകിയുണ്ടാവുന്ന ചുവ, കനപ്പു്. ൨. നിലവിളി.

കാറു്-മേഘം, മഴക്കാറു്.

കാറുക-൧. നിലവിളിക്കുക. ൨. കലിക്കുക.

കാറുകാൻ-ഒരു പക്ഷി.

കാറുകൊള്ളുക-മഴപെയ്യുന്നതിനുള്ള മേഘം വന്നു നിറക്കുക.

കാറുവാൻ-ഒരു പക്ഷി.

കാറുവാർ(റു്)-൧. അധികാരം. ൨. വേല ൩. ജോലിത്തിരക്കു്.

കാറോടൻ-കാർക്കോടകൻ.

കാററാടി-കാററത്തു പറപ്പിക്കുന്ന ഒരു കളിപ്പണ്ടം.

കാററിൻമകൻ-൧. ഭീമൻ. ൨. ഹനുമാൻ.

കാററു്-പഞ്ചഭൂതങ്ങളിൽ ഒന്നു്, വിശറികൊണ്ടു വീശുമ്പോഴും മററും ഉണ്ടാകുന്നതു്.

കാററുകൊള്ളുക-കാററേൽക്കുക, കാററിനെ ശരീരത്തിൽ കൊള്ളിക്കുക.

കാററുപാങ്ങു്-കാററുതക്കം, കാററിന്റെ അനുകൂലം.

കാററുമറവു്-കാററു കയറാതെയിരിക്കുന്നതിനുള്ള മറ.

കാററുവാ-അധികം കാററു വരുന്ന സ്ഥലം.

കാററുവാക്കു്-കാററിനു ചൊവ്വേ.

കാററൊഴിവു്-കാററു മാറിപ്പോവുക.

കാറേറാട്ടം-കാററിന്റെ സഞ്ചാരം.

## കി

കികി-൧. കാട്ടുകാക്ക ൨. തെങ്ങു്.

കികീദിവി-കാട്ടുകാക്ക. കികീ എന്നു നിലവിളിച്ചു കളിക്കുന്നതെന്നർത്ഥം. പാഠഭേദങ്ങൾ-കികിദിവം, കികിദിവി, കികീദിവം, കികീദീവം, കികീദീവി.

കിഖി-൧. കുറുക്കൻ ൨. കുരങ്ങു്

കിക്കിളി-കിക്കിളി, കിഴിഞ്ഞ്. [അക്കുളം എന്നതു നോക്കുക].

കിങ്കണൻ-അല്പദ്രവ്യത്തെ പ്രമാണിക്കുന്നവൻ.

കിങ്കര-വി. പറയുന്നതിനെ കേട്ടു വേല ചെയ്യുന്ന, ദാസസ്വഭാവമുള്ള.

കിങ്കരൻ-ദാസൻ. കുത്സിതമായിട്ടു ചെയ്യുന്നവൻ എന്നൎത്ഥം. എന്തും ചെയ്യേണ്ടതു എന്നു ചോദിക്കുന്നവൻ എന്നുമാകാം. മറ്റു പൎയ്യായങ്ങൾ-പ്രേഷ്യൻ, ഭുജിഷ്യൻ, പരിചാരകൻ, ഭൃത്യൻ, ദാസേയൻ; ദാസേരൻ, ദാസൻ, ഗോപ്യകൻ, ചേടകൻ, നിയോജ്യൻ.

കിങ്കിണി-൧. ഒരുമാതിരി ചെറിയ മണി, കിങ്ങിണിത്തള. കുറച്ചു ശബ്ദമുണ്ടാക്കിത്തീൎക്കുന്നതെന്നൎത്ഥം. മറ്റു പൎയ്യായം-ക്ഷുദ്രഘണ്ടിക. [കിങ്കണി എന്നുമാകാം. സുഖത്തെ ശംസിക്കുന്നതെന്നൎത്ഥം]. ൨. വയ്യങ്കതക്. ൩. ചണ. ൪. മുന്തിരി. ൫. ആറ്റുഞാവൽ.

കിങ്കിരൻ-കാമദേവൻ.

കിങ്കിരം-൧. കയിൽ. ൨. കുതിര. ൩. ചെമപ്പ്.

കിങ്കിരാ-ചോര.

കിങ്കിരാതം-൧. അശോകം. ൨. മഞ്ഞക്കുറിഞ്ഞി ൩. തത്ത. ൪. കയിൽ.

കിങ്കിരാത(ല)ം-വെൾവേലം.

കിങ്കിരി-വയ്യങ്കതക്.

കിങ്ങിണി-ഒരുമാതിരി ചെറിയ മണി.

കിച്ചടി-ഒരുവകക്കറി.

കിഞ്ച-അ. അത്രയുമല്ല, അതുതന്നെയുമല്ല.

കിഞ്ചന-അ. അല്പം, കുറച്ച്.

'വാക്കിനാരാട്ടമിന്നുകിഞ്ചന
തോൽക്കയില്ലുനിശ്ചയം'
(ദാക്ഷായണീചരിതം തുള്ളൽ)

കിഞ്ചനൻ-അല്പൻ.

കിഞ്ചിൽ-അ. കുറഞ്ഞൊന്ന്, അല്പം.

കിഞ്ചിൽ-യാചന.

കിഞ്ചുക-യാചിക്കുക.

കിഞ്ചുളകം, കിഞ്ചിലികം-ഞാഞ്ഞൂൽ. കുറച്ചുകുറച്ച് ഇളകിക്കൊണ്ടിരിക്കുന്നതെന്നൎത്ഥം. മറ്റു പൎയ്യായങ്ങൾ-മഹീലത, ഗണ്ഡൂപദം.

കിഞ്ജ(ല)ം-താമരയല്ലി.

കിഞ്ജല്കം-൧. താമരയല്ലി. ഭ്രമരനയനങ്ങളെ കാറ്റത്താൽ മറയ്ക്കുന്നതെന്നൎത്ഥം. മറ്റൊരു പൎയ്യായം-കേസരം. ൨. നാകപ്പൂവ്.

കിട-ധാതു. ൧. ലഭിക്കുക. ൨. ശയിക്കുക.

കിട-൧. ചിം. ൨. എതിർ, തുല്യം, നേരെ ൩. മാതിരി, തരം. ൪. ആട്ടിൻകൂട്ടം.

കിടക്ക-മെത്ത കിടക്കുന്നതിനായിട്ടു ശീലകൊണ്ടുണ്ടാക്കി പഞ്ഞി നിറച്ചത്. പൎയ്യായങ്ങൾ-ശയ്യ, ശയനീയം, ശയനം.

കിടക്കപ്പുര-കിടക്കുന്ന മുറി.

കിടക്കുക-൧. കട്ടിലിന്റെ മീതെയും മറ്റും ശരീരത്തിനെ നീളത്തിൽ വെയ്ക്കുക ൨. ചില വസ്തുക്കൾ ഇരിക്കുക.

കിടങ്ങ്-൧. കോട്ടകൾക്കു ചുറ്റുമുണ്ടാക്കുന്ന ഒരുമാതിരി വെള്ളക്കുഴി. പൎയ്യായങ്ങൾ-ഖേയം, പരിഖാ. ൨. കോട്ടമതിൽ. ൩. കൽച്ചുവര്. ൪. ശേഖരിപ്പസ്ഥലം.

കിടച്ചിൽ-൧. ശയ്യ ൨. വേർപാട്. ൩. വല്ലതും തമ്മിൽ കൂട്ടിത്തൊടുക.

കിടച്ചുതൊടുക-കൂട്ടിത്തൊടുക.

കിടത്തുക-ശയിപ്പിക്കുക.

കിടപ്പ്-൧. കിടക്കുക, ശയനം ൨. അവസ്ഥ.

കിടയ്ക്കുക-൧. ലഭിക്കുക, കിട്ടുക ൨. കൂട്ടിസംബന്ധിച്ചു തൊടുക.

കിടയ്പ്-൧. ലാഭം. ൨. കൂട്ടിത്തൊടുക.

കിടയുക-പ്ര. ശണ്ഠകൂടുക വ. തൊടുക. ന. മുട്ടുക.

കിടാകുക-പ്ര. കല്ലെറിയുക. വ. ആണി അടയ്ക്കുക.

കിടാക്കൾ-പ്ര. പൈതങ്ങൾ. വ. മൃഗക്കുട്ടികൾ.

കിടാങ്ങൾ-പ്ര. പൈതങ്ങൾ. വ. മൃഗക്കുട്ടികൾ.

കിടാത്തൻ-കമ്മാളരുടേയും മററും ആൺ പൈതൽ.

കിടാത്തി-കമ്മാളരുടേയും മററും പെൺ പൈതൽ.

കിടാരൻ-തോൽക്കൊല്ലൻ.

കിടാരം-ചെമ്പുകൊണ്ടുള്ള ഒരുമാതിരി വലിയ പാത്രം. [തമിഴിൽ-കടാരം. സംസ്കൃതത്തിൽ-കടാഹം].

കിടാവ്-പ്ര. പൈതൽ, വ. മൃഗക്കുട്ടി.

കിടാവുക-പ്ര. തെളിക്കുക. ഉ-ം, തേർ കിടാവുക. ന. ഓട്ടിക്കുക.

കിടി-പ്ര. പന്നി. ഓടുന്നതെന്നർത്ഥം. വ. പന്നിക്കിഴങ്ങ്.

കിടിഞ്ഞൻ-ഒരുമാതിരി ചെറിയ കൊട്ട.

കിടിഭം-പ്ര. പേൻ. വ. മൂട്ട.

കിടിൽ-കിടുക് (ഓലകൊണ്ടുള്ള ചെററ).

കിടിലം-കിടുക്കം

കിടുകു-മെടഞ്ഞ, ഓലകൊണ്ടുണ്ടാക്കിയ മറ.

കിടുകിടുക്കുക-പ്ര ഭയംകൊണ്ടോ കുളിരുകൊണ്ടോ വിറയ്ക്കുക. വ. കിടുകിടെ ശബ്ദിക്കുക. ന. തുള്ളുക.

കിടുകിടുപ്പ്-പ്ര. വിറയൽ. വ. ഒരുമാതിരി ശബ്ദം. ന. തുള്ളൽ.

കിടുക്കം-പ്ര. ഓട്ടുപാത്രങ്ങളുടേയും മററും ശബ്ദം വ. ഒരുമാതിരി കിലുക്കം.

കിടുക്കനെ-അ. വേഗത്തിൽ.

കിടുക്കുക-പ്ര. കിലുക്കുക. വ. കക്ഷത്തിൽ എടുക്കുക.

കിടുങ്ങുക-പ്ര. പാത്രങ്ങളോ മറേറാ തമ്മിൽ കൂട്ടിമുട്ടി ശബ്ദമുണ്ടാക്കുക. വ. വിറയ്ക്കുക ന. മരിക്കുക

കിടുപിടി-പ്ര. ഒരു വക വാദ്യം. വ. ഒരു ശകാരവാക്ക്.

കിടുമ്മൻ-മുടക്കൻ.

കിടേശ്ശു-ഒരു വക ചെടി.

കിട്ടം-പ്ര. ഇരുമ്പുകീടൻ വ. മലം. ശമനശീലം എന്നർത്ഥം ന. ഉരുക്കിച്ചതും തള്ളേണ്ടതുമായ അംശം.

കിട്ടാക്കററി-കടം വീട്ടുവാൻ മുതലില്ലാത്തവൻ

കിട്ടാലം-പ്ര. ഇരിമ്പിൻകിട്ടം. വ. ചെമ്പുപാത്രം.

കിട്ടി-ഇടുക്കുകോൽ, കോലിറുക്കി. (എതിർത്തു എന്ന അർത്ഥവും കാണുന്നു)

കിട്ടിക്കോൽ-ഇടുക്കുകോൽ.

കിട്ടുക-പ്ര. ലഭിക്കുക; തമ്മിലുള്ളതായിത്തീരുക. വ. എത്തുക.

കിണത്തരം-കിണാട്ടം

കിണ്ടൻ-ഒരുമാതിരി പുഴു.

'തത്ര പുല്ലാതലയിണ കിണ്ടനും'

(മുമ്പപ്പാട്ടു)

കിണപ്പൻ-വണ്ണമുള്ളവൻ, ബലമുള്ളവൻ.

കിണ്ടം-പ്ര. ഇല്ലാരംഗം. വ. മോക്ഷം. ന. മോക്ഷദാം.

കിണ്ടൽ-പ്ര. ഇളക്കുക. വ. ഒററ്.

കിണ്ടാട്ടം-പ്ര ഒററ് വ. വഞ്ചന .

കിണ്ടി-വെള്ളം കുടിപ്പാനും മററുമുള്ള വാലുള്ളതായ ഒരു ഓട്ടുപാത്രം. പര്യായങ്ങൾ-കർക്കരി, ആലു, ഗളന്തികം.

കിണ്ടുക-ഇളക്കുക.

കിണ-ധം. വശപിടിക്കൽ.

കിണം-പ്ര. തഴമ്പ്. വ. മുഴ. ന. മരത്തിൽ കാണുന്ന ഒരുമാതിരി കൃമി.

'അത്യന്തം മറയത്തങ്ങാണൊരുകിണ-
ങ്ങളുടേ മണിബന്ധനാൽ'.
(അഭിജ്ഞാനശാകുന്തളം)

**കിണച്ചിൽ**-പ്ര. ശണ്ഠ. വ. വേർപാട്. ന. കുട്ടിമുട്ടുക.

**കിണയുക**-പ്ര. ശണ്ഠകൂടുക. വ. വേർപെടുക. ന. കുട്ടിമുട്ടുക. [തമിഴിൽ-കിണക്ക. തെലുങ്കിൽ-നികിനി=കോപം എന്നർത്ഥം].

**കിണർ(റ്)**-ജലം കോരുന്നതിനു വട്ടത്തിൽ കുഴിച്ചുണ്ടാക്കുന്നതു്. പര്യായങ്ങൾ-അന്ധു, പ്രഹി, കൂപം, ഉദപാനം.

[കിണററിലെ വെള്ളം വസന്തഗ്രീഷ്മങ്ങളിൽ ഗുണമേറിയിരിക്കും. "ഭൂമൌ ഖാതോല്പവിസ്താരോ ഗംഭീരോമണ്ഡലാകൃതിഃ; ബദ്ധോബദ്ധസ്സ കൂപസ്യാത്തദംഭഃകൌപമുച്യതേ" - ഭാവപ്രകാശം. "ശീതകാലേഭവേദുഷ്ണം ഗ്രീഷ്മകാലേസുശീതളം; വസന്തേതുപ്രശസ്തംസ്യാൽ കാലേതൽഗുണത്രയം"-രാജവല്ലഭം. സംസ്കൃതത്തിൽ-കൂപം. തമിഴിൽ-കിണറ്. ഇംഗ്ലീഷിൽ-(Well) വെൽ].

**കിന്നി**-വലിയ കടലാടി.

**കിണിഹി**-കടലാടി. വ്രണപ്പെടുത്തുന്നതെന്നർത്ഥം. [വലിയ കടലാടി എന്നു് ഔഷധിനിഘണ്ടു.]

**കിങ്കിണിപ്പാല**-നിലംപാല, ഒരുതരം. പര്യായങ്ങൾ-ക്ഷീരാവി, ദുഗ്ദ്ധിക.

[ഇതു കഫം, കുഷ്ഠം, കൃമി, പ്രമേഹം ഇവയെ ശമിപ്പിക്കും. ഹൃദയപ്രസാദത്തെ ചെയ്യും. വാതത്തെയും കറുത്തിരുന്ന പിത്തത്തെയും ധാതുക്കളേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. വയറിളപ്പോടുകൂടി ഒഴിക്കും. ഭഗ്നസന്ധാനത്തെ ചെയ്യും. ഇതിന്റെ നീര ചെമന്നിരിക്കും. തമിഴിൽ-ചിറുപാല, ചിററമ്മൻപച്ചരിശി. സംസ്കൃതത്തിൽ-ദുഗ്ദ്ധിക.]

**കിണുകിണേ**-അ. പതുക്കെപ്പതുക്കെ.

**കിണുക്കം**-പ്ര. വണ്ണം. വ. മണിയുടെ നാദം, കിലുക്കം.

**കിണുക്കുക**-കിലുക്കുക.

**കിണുക്കുക**-പ്ര. തടിക്കുക. വ. ബലമുണ്ടാവുക.

**കിണുങ്ങുക**-പ്ര. കിലുങ്ങുക. വ. മൂക്കുകൊണ്ടു സ്വരം വരുത്തിപ്പറയുക.

**കിണുപ്പ്**-തടിപ്പ്.

**കിണ്ണൻ, കിണ്ണം**-കഞ്ഞികുടിപ്പാനും മററുമുള്ള ഓട്ടുപാത്രം. പര്യായങ്ങൾ-കംസം, പാനഭാജനം. (കപ്പുമുതലായ മററു പാനപാത്രങ്ങൾക്കും പര്യായം ഇതാകാം.)

**കിണ്ണാമുട്ടുക**-പ്രസിദ്ധപ്പെടുത്തുക.

**കിണ്ണാണം**-പിന്നെയും പിന്നെയും ചോദിക്കുക, അനാവശ്യമായിട്ടൊ ആവശ്യത്തോടുകൂടി എല്ലാം ചോദിക്കുക.

**കിണ്ണാണിക്കുക**-അറിഞ്ഞതിനെ തന്നെയും വീണ്ടും ചോദിക്കുക.

**കിണ്വമൂലം**-കൊക്കമന്ദാരം.

**കിണ്വം**-പ്ര. വളരെ ദ്രവ്യങ്ങളെക്കൊണ്ടുണ്ടാക്കിയ സുരാബീജം. (ഒരു ദ്രവ്യം കൊണ്ടു മദ്യം ഉണ്ടാക്കുന്നതിനു ആ ദ്രവ്യമാത്രം സുരാബീജം). വ. വറുത്ത എള്ളും യവവും പൊടിച്ചു തൈർ ചേർത്തുണ്ടാക്കുന്ന മദ്യം. ന. മദ്യപാനംചെയ്തു മത്തന്മാരായവർ നഗ്നന്മാരായി കൂക്കുവിളിക്കുക. മറെറാരുപര്യായം-നഗ്നഹൂ. ശ്. പാപം. കിണ്വം എന്നാൽ ശബ്ദിപ്പിക്കുന്നു എന്നർത്ഥം.

**കിണ്വീ**-കുതിര.

**കിത**-ധാതു. വേഗത്തിൽ ശ്വസിക്കുക.

**കിതവ**-വി. പ്ര. ചതിവുള്ള. വ. ഉപദ്രവിക്കുന്ന.

**കിതയ്ക്കുക**-കിഴയ്ക്കുക, നെഞ്ചുഇടിക്കുക.

**കിതവൻ**-പ്ര. ചതിയൻ. വ. ഉമ്മത്തം.

ന. ചൂതുകളിക്കുന്നവൻ. ജ്ഞാനമത്ത ഇല്ലാതാക്കുന്നവൻ എന്നൎത്ഥം. ര. വ്യാജമുള്ളവൻ.

കിതവം-പ്ര. ഉമ്മം, ഉമ്മത്തു്. ചതിക്കുന്നതു് എന്നൎത്ഥം. ദ. അടവിക്കാച്ചോലം

കിത്താബ്-പുസ്തകം. കൊറാൻ (അറബിഭാഷ).

കിത്താൻ-രട്ടുശീല, ചണനൂൽ തുണി.

കിത്തുക-പ്ര. കാൽവിരലുകളുടെ അററം കൊണ്ടു (കുന്തുകാൽകൊണ്ടു) നടക്കുക. ദ. ഒററക്കാലിൽ ചാടുക. കുട്ടികൾ കൊന്നിക്കൊന്നിക്കളിക്കുക.

കിന്തമാം,കിന്തരാം-അ. എന്തു്, കിം. ഇതു സംസ്കൃതത്തിലും വരും.

കിന്തു-അ. പ്ര. എന്നാൽ. ദ. പിന്നെയും, ഇനിയും, എന്നു.

കിന്ദേവ-വി. നിരീശ്വരമായുള്ള

കിന്ധി-കുതിര.

കിന്ദേവൻ-ഈശ്വരനില്ലെന്നു വാദിക്കുന്നവൻ.

കിനാവു്-സ്വപ്നം.

കിനി-(ധാതു.) ദ്രവമുണ്ടാക.

കിന്നരൻ-കുത്സിതമായ ദേഹമുള്ള മനുഷ്യൻ എന്നൎത്ഥം. പൎയ്യായങ്ങൾ-കിന്നരൻ, കിമ്പുരുഷൻ, തുരംഗവദനൻ, മയു

കിന്നരന്മാർ-അശ്വമുഖന്മാർ.

[പണ്ടു ദേവയോനികളിൽ ഒരു കൂട്ടർ. ഇവൎക്കു മനുഷ്യശരീരവും അശ്വമുഖവുമാണു്. ദേവലോകത്തിലെ ഗായകന്മാർ.]

കിന്നരം-ഒരുവക വാദ്യം.

കിന്നരി-പ്ര. കിന്നരസ്ത്രീ. ദ. ചണ്ഡാലന്റെ വീണ.

കിന്നരേശൻ-വൈശ്രവണൻ. കിന്നരന്മാരുടെ നാഥൻ എന്നൎത്ഥം.

കിന്നു-അ. പ്ര. എന്തു. ദ. എങ്ങിനെ ന. ഇപ്രകാരം. ര. പോലെ. ഒ. പിന്നെയും.

കിമപി-അ. അല്പം, ഒന്നും, ഏതെങ്കിലും.

കിമു-അ. എന്തു്?, അതോ ഇതോ എന്നു വികല്പിക്കുന്നതിൽ പ്രയോഗം.

കിമുത-അ. എന്തു്?, അതോ ഇതോ എന്നു വികല്പിക്കുന്നതിൽ പ്രയോഗം.

കിമ്മനൻ-സ്വല്പ കടമത്തെ ബഹുമാനിക്കാത്തവൻ.

കിം-അ. പ്ര. എന്തു്. ദ. അതോ ഇതോ എന്നു വികല്പിക്കുന്നതിൽ പ്രയോഗം.

കിംക്ഷണ-വി. അല്പകാലത്തെ സമയമല്ലെന്നു വിചാരിക്കുന്ന.

കിംദാസൻ-ചീത്തയായ ഭൃത്യൻ.

കിംപച, കിംപചാന-വി. ലുബ്ധു (പിശുക്കു) ള്ള.

കിംപചാനൻ, കിംപചൻ-ലുബ്ധൻ (പിശുക്കൻ). കുത്സിതമായി പാകംചെയ്യുന്നവൻ എന്നൎത്ഥം.

കിംപാക-വി. ദോഷപാകമുള്ള.

കിംപാകം-പ്ര. കാക്കത്തൊണ്ടി ദ. കാഞ്ഞിരം

കിംബഹുനാ-അ. വളരെ എന്തിനു്. വളരെ പറഞ്ഞിട്ടു ഫലമെന്തു്?.

കിമ്പുരുഷൻ-കിന്നരൻ. അല്പം പുരുഷാകൃതിയുള്ളവൻ എന്നൎത്ഥം.

[ഇവരിൽ ചിലൎക്കു കുതിരമുഖവും മനുഷ്യശരീരവും മററുചിലൎക്കു മനുഷ്യമുഖവും കുതിരശരീരവും കാണും]

കിംഭ്രാ-പവിഴക്കൊടി.

കിംവദന്തി-ലോകപ്രവാദം. [ഈ വൎത്തമാനം എവിടെനിന്നുണ്ടായി എന്നറിയുന്നതിനു നിവൃത്തിയില്ലാതെയും അനേകംപേർ ധരിച്ചിട്ടുള്ളതുമാകുന്നു. ലോകപ്രവാദം എന്നു പറയുന്നു] പൎയ്യായങ്ങൾ-കിംവദന്തി, ജനശ്രുതി.

കിംവാ-അ. അല്ലെങ്കിൽ.

കിംശാരു-പ്ര. നെല്ലിന്റെ ഓക്. ക

ഞെരുന്നു ദേഹനപ്പെടുത്തുന്നതു് എന്ന ൎത്ഥം. മറെറാരുപൎയ്യായം-സസ്യശുകം
വ. ഖാണം. ന. കങ്കപക്ഷി.

കിംശുകം-പ്ലാശു്. തത്തച്ചുണ്ടിനു തുല്യമായ പുഷ്പമുള്ളതെന്നൎത്ഥം.

'കിംശുകപുഷ്പസമാധരിസുമതേ'
(പ്രാമോഷമദനാൎത്ഥ്യം തുള്ളൽ)

[കിംശുകത്തിനു മുരുക്കു് എന്നും അൎത്ഥം കാണുന്നു]

കിംശുലുകം-പ്ലാശു്.

കിയതി-അ എത്ര.

കിയൽ-അ. എത്ര.

കിയന്മാത്രം-വളരെ കുറച്ചു്.

കിരണമാലി-ആദിത്യൻ.

കിരണശ്രേഷ്ഠം-തേജഃകിരണങ്ങൾ വമിക്കുക.

കിരണം-രശ്മി. ഇരുട്ടിനെ നശിപ്പിക്കുന്നതു്, ലോകത്തിൽ ചിതറുന്നതു് ഇങ്ങനെ അൎത്ഥം. വിതറപ്പെടുന്നതു് എന്നുമാകാം.

കിരം-പന്നി. [കിരി എന്നതിൻെറ പാഠഭേദം.]

കിരാടിക-പഞ്ചവൎണ്ണക്കിളി.

കിരാത(ക)ം-നിലവേപ്പു്.

കിരാതതിക്തം-കിരിയാത്ത. കിരാതദേശത്തിലുണ്ടായ തിക്തരസദ്രവ്യം എന്നൎത്ഥം.

[കിരാതതിക്തം, ഭൂനിംബം, അനാൎയ്യതിക്തം ഈ ശബ്ദങ്ങൾക്ക 'പുത്തരിച്ചുണ്ട' എന്ന അൎത്ഥം ചിലർ പറയുന്നതു ശരിയല്ല.]

കിരാതൻ-കാട്ടാളൻ, വേടൻ. അസ്ത്രങ്ങളെ അയച്ചുകൊണ്ടു് എപ്പോഴും സഞ്ചരിക്കുന്നവൻ എന്നൎത്ഥം. കിരങ്ങളെ (പന്നികളെ) ബാധിക്കുന്നവൻ എന്നുമാവാം. മലവാസി.

കിരാതം-കിരിയാത്ത.

കിരാതാൎജ്ജുനീയം-അൎജ്ജുനനും കിരാതവേഷത്തിൽ ശിവനും തമ്മിലുണ്ടായ യുദ്ധത്തെ വിവരിക്കുന്ന ഗ്രന്ഥം. കൎത്താവു് ഭാരവിയാണു്.

കിരാതി-സ്ത്രീ. ഗംഗാദേവി, ഗംഗാനദി. വ. കാട്ടാളസ്ത്രീ. (മ) വെടിപ്പെണ്ണു്.

കിരാതിനി-മാഞ്ചി.

കിരി-പന്നി. കരിക്കുമെച്ചു ചിന്നിച്ചിതറുന്നതെന്നൎത്ഥം.

കിരിയം-ഉഴുതനിലം [പ്രയാണമായ] [ഉഴഫം എന്ന ശബ്ദമാണു് 'കിരിയം' എന്നായതു്]

കിരിയാത്ത-ഒരുവക മരുന്നു്, നിലവേപ്പു് (തമിഴിൽ) പൎയ്യായങ്ങൾ-കിരാതതിക്തം, ഭൂനിംബം, അനാൎയ്യതിക്തം.

[ജ്വരത്തിനു കിരിയാത്ത അത്യുത്തമമായ ഔഷധമാണു്. ഇതു കഫപിത്തരോഗങ്ങളേയും വ്രണം, കുഷ്ഠം, കാസം, ദാഹം, ചൊറി ഇവയേയും ശമിപ്പിക്കും. കിരാതദേശത്തുണ്ടായതുകൊണ്ടു് കിരിയാത്ത എന്ന പേർ വന്നു.]

കിരീടപതി-കിരീടംധരിച്ച രാജാവു്.

കിരീടം-രാജാക്കന്മാർ തലയിൽ അണിയുന്ന ആഭരണം. മറെറാരുപൎയ്യായം-മകുടം. നെററിയുടെ മേലെ വെയ്ക്കപ്പെടുന്നതു് എന്നൎത്ഥം.

കിരീടമാലി-അ. അൎജ്ജുനൻ

കിരീടി-പു അൎജ്ജുനൻ. വ. തിർമരുതു്. ന. ശംഖപുഷ്പി

കിരീടിക-വെൺകുന്നി.

കിരുകിരുക്കുക-കരിയിലയിളകും വണ്ണം ശബ്ദം ഉണ്ടാകുക.

കിരുകിരുപ്പു്-കരിയിലയിൽക്കൂടെ പ്രാണികൾ സഞ്ചരിച്ചാലുള്ള ശബ്ദം.

കിരുകിരെ-അ കരിയിലയുടെ ശബ്ദം പോലെ.

കിൎമ്മി-പ്ലാശു്.

കിൎമ്മീര-വി. വിചിത്ര വൎണ്ണമുള്ള.

**കിർമ്മീരൻ**-ഒരു രാക്ഷസൻ.

[ബകൻെറ സഹോദരനാണ്. ഇവനെ ഭീമൻ കൊന്നു. കാരണം-കാമ്യകവനത്തിൽ പാണ്ഡവർ പ്രവേശനം നൽകാത്തതുകൊണ്ട്. കിർമ്മീരജിത്തു, കിർമ്മീരാരി, കിർമ്മീരസൂദനൻ, കിർമ്മീരനിഷൂദനൻ ഇത്യാദി പദങ്ങൾക്കു 'ഭീമൻ' എന്നർത്ഥം. കിർമ്മീരൻ എന്ന സംജ്ഞാനാമത്തെ കിമ്മീരൻ, കിമീരൻ ഇങ്ങനെ എഴുതികാണുന്നുണ്ട്]

**കിർമ്മീരം**-പ്ര. നാനാനിറം. പല വർണ്ണങ്ങൾ കൂടിച്ചേർന്നതു് എന്നർത്ഥം. പരന്നു കിടക്കുന്നതു് എന്നുമാവാം. ഉ. നാരകം

**കിർമ്മീരിത**-വി. ചിത്രമാക്കപ്പെട്ട.

**കില**-അ. വാർത്ത, സംഭാവ്യം, ഹേതു, അരുചി, അസത്യം ഈ അർത്ഥങ്ങൾ വരും. പ്ര. പോൽ. ഉ. നിശ്ചയമില്ലാ എന്നു പറയേണ്ടുന്ന വാക്യങ്ങളിൽ ചേർക്കുന്നതു്.

**കിലകിഞ്ചിതം, കിലികിഞ്ചിതം**-നായികമാർക്കു യൌവനത്തിൽസത്വോദ്രേകംനിമിത്തമുണ്ടാകുന്ന ഉറ്റ അലങ്കാരങ്ങളിൽ ഒന്നു്.

[ചെറുചിരി, കണ്ണുകരച്ചിൽ, ചിരി, ഞെട്ടൽ, കോപം, തളർച്ച ഇവ ഇടകലർന്നുണ്ടാകുന്നതത്രേ. കിലകിഞ്ചിതം, പ്രിയതമദർശനസംഗമം മുതലായവ ഹേതുവായിട്ടുണ്ടാകുന്ന സന്തോഷംനിമിത്തമാണു മുൻപറഞ്ഞവ ഭവിക്കുന്നതു്]

**കിലാടി**-മുള.

**കിലാസം**-ചുണങ്ങു്. വെളുപ്പുനിറത്തെ ദേഹത്തിന്മേൽക്ഷേപിക്കുന്നതെന്നർത്ഥം. മറെറാരു പര്യായം-സിദ്ധ്മം.

**കിലാസഘ്നം**-കാട്ടുപാവൽ.

**കിലാസി**-വി. ചുണങ്ങുള്ള

**കിലാസി**-കിലാസം (ചുണങ്ങ്) ഉള്ളവൻ. മറെറാരു പര്യായം-സിദ്ധ്മളൻ.

**കിലിഞ്ജകം**-പ്ര. പായ. ഉ. തെ, തിര. ത. ഒന്നു്.

**കിലിമം**-ദേവദാരം.

**കിലുകില**-അ പ്ര. പാത്രങ്ങളും മററും കൂട്ടിമുട്ടുന്ന ശബ്ദംപോലെ. ഉ. ചിരി.

**കിലുകിലുക്കുക**-ചെറിയ മണികളുടെ ശബ്ദംപോലെ ശബ്ദമുണ്ടാകുക.

**കിലുകിലുപ്പ**-തന്തലകൊട്ടി, കലിക്കാപ്പുളിൽ. പര്യായങ്ങൾ-ഘണ്ടാരവം, ശണപുഷ്പികം

[കിലുകിലുപ്പു്, കിലുകിലുപ്പൻ ഇങ്ങിനേയും പറയുന്നുണ്ടു്. കഫം, പിത്തം, അജീർണ്ണം, ജ്വരം, രക്തദോഷം ഇവയെ ശമിപ്പിക്കും. ഛർദ്ദിയെ ഉണ്ടാക്കും. പൂവിൻെറ വർണ്ണം മഞ്ഞയാണ്. കായ് ഉണങ്ങിയാൽ ഉള്ളിലെ ബീജം കിലുങ്ങുന്നതുകൊണ്ടു് കിലുകിലുപ്പു് എന്ന പേരുണ്ടായി. സംസ്കൃതത്തിൽ-ശണപുഷ്പി. തമിഴിൽ-കിലുകിലുപ്പൈ.]

**കിലുകിലുപ്പു്**-കിലുങ്ങുന്ന ശബ്ദം.

**കിലുക്കം**-കിലുങ്ങുക.

**കിലുക്കാമ്പുട്ടിൽ**-ഒരുമന്തിരി ചെടി.

**കിലുക്ക്**-പ്ര. പൈതങ്ങളുടെ ഒരു മാതിരി കളിക്കോപ്പു്. ഉ. കിലുക്കൽ. ന. കിലുക്കുക.

**കിലുക്കുവെടി**-കിലുങ്ങുന്ന വടി.

**കിലുങ്ങുക**-പ്ര. മണിയിൽ നിന്നു ശബ്ദമുണ്ടാവുക. ഉ. ഒരുകാരണം മണിയുടെ ശബ്ദംപോലെ ശബ്ദം ഉണ്ടാകുക. [സം. ക്രി. കിലുക്കുക.]

**കിൽബിഷം**-പ്ര. പാപം. നരകത്തിൽ ഇടപെടുന്നതെന്നർത്ഥം. വിഷയങ്ങളിൽ കളിപ്പിക്കുന്നതു് എന്നുമാകാം. ഉ. കുററം, അപരാധം. ക്ഷേപിക്കപ്പെടുന്നതെന്നർത്ഥം.

**കില്ല**-കോട്ട. (അറബിഭാഷ.)

**കില്ലദാർ**-കോട്ടയിലെ അധിപതി.

**കില്ലു്**-സംശയം.

**കില്വി**-കിററ.

കിലിഞ്ഞി-പെൺകതിര.

കിശലം, കിശലയം-കിസലയം, തളിര്.

കിശോര-വി. ബാല്യമുള്ള, കുട്ടിപ്രായത്തിലുള്ള.

കിശോരകം-കുട്ടി.

കിശോരൻ-൧ ബാലൻ. ൨. സൂര്യൻ. ൩. ൧൫ വയസ്സിന താഴെയുള്ളവൻ.

കിശോരം-൧. കുട്ടിപ്രായം, കുഞ്ഞ്. നിലവിളിക്കുന്നതെന്നർത്ഥം. ൨. കുതിരക്കുട്ടി. ൩. മൃഗങ്ങളുടെ കുട്ടി.

കിശോരി-യുവതി.

കിഷ്കുപർവ്വ്-൧. മുള. ൨. കരിമ്പ്. ൩. വേഴൽ.

കിഷ്കിന്ധ-രാമായണത്തിൽ പറയുന്ന വാനരന്മാരുടെ രാജധാനി, ഒറിസ്സായിൽ ബാലിയുടെ രാജധാനി, ഒരു മല.

കിഷ്കു-൧. മുള. ൨. ഒരുചാൺ. ൩. കൈയ്.

കിഷ്കു-വി. ജുഗുപ്സാസംബന്ധമുള്ള, ചീത്തയായ.

കിസലയം, കിശലയം-തളിര്. കുറഞ്ഞൊന്ന് ഇളകിക്കൊണ്ടിരിക്കുന്നതെന്നർത്ഥം. മറെറാരുപര്യായം-പല്ലവം.

കിസ്സ്-തവണ, മുറ, ഗഡു. (അറബിഭാഷ.)

കിള-(ധാതു) മണ്ണിൽ പെടുക.

കിള-൧. കിളയ്ക്കുക. ൨. കളമന്താണിയുടെ ഒരു കണക്ക്.

കിളമ്പൽ-കരേററം, വളർന്ന.

കിളമ്പുക-കരേറുക, മേല്പോട്ടു വളരുക.

കിളയ്ക്കുക-തൂമ്പകൊണ്ട മണ്ണു വെട്ടിമാറുക.

കിളരം-ഉയരം, പൊക്കം.

കിളരുക-൧. വളരുക. ൨. പൊങ്ങുക.

കിളർ-ശോഭ.

കിളർക്കുക-൧. കിളർവുപിടിക്കുക. ൨. കിളർവുവച്ചുവരുക.

കിളർച്ച-ഉയർച്ച, പൊക്കം.

കിളർത്തുക-പൊക്കുക, ഉയർത്തുക.

കിളർപ്പ്-കിളർവ്.

കിളറുക-൧. ഇളക്കുക. ൨. പൊടിപൊങ്ങുക.

കിളാവ്-കിളർ, ചെമ്പിനും മററുമുണ്ടാകുന്ന ഒരുമാതിരി കറ.

കിളാവിക്കുക-കിളർക്കുക, ഓട് ചെമ്പ് ഇങ്ങനെയുള്ളതിൽ ഒരുതരം കറയുണ്ടാവുക.

കിളി-ഒരുതരം പച്ചനിറത്തിലുള്ള പക്ഷി, പക്ഷി.

കിളികിഞ്ചിതം-(കിലകിഞ്ചിതം നോക്കുക.)

കിളിക്കൊത്തി-അടയ്ക്കാക്കത്തി.

കിളിച്ചിൽ-തളിര്.

കിളിഞ്ജകം-൧. പായ. കളിപ്പാനുള്ളതെന്നർത്ഥം മറെറാരു പര്യായം-കടം. ൨. മറ, തിര.

കിളിഞ്ഞിൽ-ഒരുവക വൃക്ഷം.

കിളിപ്പാട്ട്-എഴുത്തച്ഛൻപാട്ട്.

കിളിപ്പേട-പെൺകിളി.

കിളിമുക്ക്-ഏട്ടുചരട്ടിൽ കെട്ടുന്നതിന് ഓലകൊണ്ടോ മററോ ഉണ്ടാക്കുന്നത്.

കിളിമൊഴി-൧. കിളിയെപ്പോലെ പറയുന്നവൾ. ൨. കിളിയുടെ വാക്ക്. ൩. കിളിയുടെ വാക്കുപോലെയുള്ള വാക്ക്.

കിളിർ-കിളരുന്ന. (പ-മ.)

കിളിവാക്കെട്ട്-മരത്തിന്റെ രണ്ടുകവരങ്ങൾ കൂടിയിരിക്കുന്നത്.

കിളിവാതിൽ-ഭവനത്തിന്റെ ഭിത്തിയിൽ പൊക്കത്തിൽ വെയ്ക്കുന്ന കൊച്ചുവാതിൽ. പര്യായങ്ങൾ-വാതായനം. ഗവാക്ഷം.

കിളുക്കുക-മുളയ്ക്കുക.

**കിളുന്ന**-തളിര്.

**കിളുപ്പ്**-വിത്തിൽനിന്ന പുറപ്പെടുന്ന മുള

**കിള്ളൽ**-നുള്ളിപ്പറിക്കുക

**കിള്ളുക**-നുള്ളിപ്പറിക്കുക.

**കിഴ**-(വ്യാകരണത്തിൽ) ലോപാദേശകങ്ങളിൽ ഒന്ന്.

**കിഴക്കൻ**-വി. കിഴക്കേദിക്കിലുള്ള, കിഴക്കേദിക്കിൽനിന്ന വരുന്ന.

**കിഴക്കിനി**-നാലുകെട്ടായുള്ള ഭവനത്തിന്റെ കിഴക്കേക്കെട്ട്.

**കിഴക്ക്**-സൂര്യൻ ഉദിക്കുന്ന ദിക്ക്. പര്യായം-പ്രാചി.

[കിഴക്കേദിക്കിൽ വെച്ചതിന 'പൂർവം' എന്ന പേർ.]

**കിഴങ്ങൻ**-വിഡ്ഢി, ഭോഷൻ.

**കിഴങ്ങ്**-ചില വള്ളികളുടെയും മറ്റും ചുവട്ടിൽ നിന്ന മണ്ണിന്റെ അടിയിലേക്കുണ്ടാകുന്ന സാധനം, കന്ദം.

**കിഴപ്പ്**-അധികം ഓട്ടകയോ മറ്റോ ചെയ്താൽ നെഞ്ചിലുണ്ടാകുന്ന ഇളക്കവും അധികശ്വാസവും

**കിഴയ്ക്ക, കിഴക്ക**-ഒരുമാതിരി വള്ളിക്കിഴങ്ങ്, ഒരുമാതിരി കാച്ചിൽ.

**കിഴയ്ക്കുക**-അധികം ഓടുകയാൽ മാറത്ത് ഇളക്കവും ശ്വാസവർദ്ധനവുമുണ്ടാകുക, ക്ഷീണിക്കുക.

**കിഴവൻ**-അധികം വയസ്സചെന്നവൻ, വൃദ്ധൻ, മൂപ്പൻ.

**കിഴവി**-വൃദ്ധ, അധികം വയസ്സചെന്നവൾ.

**കിഴാനെല്ലി**-ഒരു പച്ചമരുന്ന്, കീഴ്കാനെല്ലി. പര്യായം-വിതുന്നകം.

**കിഴി**-(ധാതു.) താഴ്ക.

**കിഴി**-നാ. മണലോ അർത്ഥമോ പണമോ വല്ലതും തുണിയിൽ ഉരുട്ടികെട്ടിയത്. ര. സമൂഹബ്രാഹ്മണരുടെ മുതലിടപെട്ട അധികാരം. മൂ. വൈദ്യന്മാർ ചെയ്യുന്ന ഒരു ചികിത്സ.

**കിഴിക്കാരൻ**-പരദേശികളായ സമൂഹബ്രാഹ്മണരുടെ അധികാരി

**കിഴിക്കുക**-നാ. ചിലതിന്റെ തോലുരിക്കുക. ര. കണക്കിൽ തള്ളി എഴുതുക. മൂ. തളയ്ക്കുക.

**കിഴികെട്ട്**-തുണിയിൽ ഉരുട്ടികെട്ടിയത്

**കിഴിച്ചിൽ**-അധികം ആശ്രയിച്ച പറയുകയും മറ്റും.

**കിഴിപ്പ്**-നാ. തോലുരിപ്പ്. ര. കണക്കിൽ തള്ളിയെഴുതുക. മൂ. തളയ്ക്ക.

**കിഴിയുക**-നാ. ഉരിയുക. ര. ആശ്രയിക്കുക, താഴ്ക. മൂ. തളച്ചിൽ.

**കിഴിവ്**-കിഴിപ്പ്.

**കിഴിശ്ശീല**-കിഴികെട്ടുന്നതിനുള്ള ശീല, ഒരുമാതിരി മടിശ്ശീല.

**കിഴ്കാനെല്ലി**-ഒരു പച്ചമരുന്ന്. [കിഴാനെല്ലി നോക്കുക].

**കിഴ്ക്കാന്തൂക്ക്**-നാ. തലകീഴായിട്ട്. ര. മലയുടെ ചെരിവ്. കിഴക്കാംതൂക്കിലുള്ളത് എന്നതിന പര്യായം-ഉന്നതാനതം.

**കിഴ്ക്കാമ്പാട്ട്**-തല കീഴായിട്ട്.

**കിഴ്ക്കില**-കറി വിളമ്പുന്ന ഇല

**കിഴ്ക്ക്**-കൈ ചുരുട്ടി വിരലിന്റെ മുട്ടുകൊണ്ട് തലയിൽ ഇടിക്കുക.

**കിഴുക്കുക**-കൈ ചുരുട്ടി മുട്ടുകൊണ്ട് തലയിൽ ഇടിക്കുക.

**കിഴുത്ത**-പാത്രത്തിന്റെയും മറ്റും ചെറിയ ദ്വാരം, ഓട്ട.

**കിറച്ചിൽ**-ഇറച്ചിൽ.

**കിറയുക**-നാ, പൊരുതുക. ര. പുറംകോട്ട വലിക്കുക.

**കിറിഞ്ഞി**-കിക്കിളി. [അക്കിളം എന്നതു നോക്കുക.

**കിറുകിഞ്ഞിപ്പാല**-ഒരു വക മരം.

**കിറുകിറുക്കുക**-ഒരുമാതിരി ശബ്ദം ഉണ്ടാക്കുക.

കിറുകിറുപ്പ്-കതകം കട്ടിളയുംകൂടി ഉരസുണ്ടാകുന്ന ശബ്ദം, കിറുകിറ എന്നുള്ള ശബ്ദം.

കിറുക്കുക-എഴുത്തിനെ വിലക്കുക.

കിറുളു-നിശബ്ദം, അഹങ്കാരം.

## കീ

കീ- അ. പക്ഷികളുടെ ഒരു ശബ്ദം പോലെ.

കീകടം-കുതിര.

കീകടി-പെൺകുതിര.

കീകസം-പ്ര. അസ്ഥി, എല്ല്. പര്യായങ്ങൾ-കല്യം, അസ്ഥി. കീ എന്നു ശബ്ദിച്ചുകൊണ്ട് ചലിക്കുന്നതെന്നൎത്ഥം. വ. അലക്.

കീകസാത്മജൻ-രാക്ഷസൻ, കീകസയുടെ പുത്രൻ. വംശജാതൻ എന്നൎത്ഥം.

കീകസാത്മജാ-കൈകസി, രാവണാദികളുടെ അമ്മ.

കീകി-കാട്ടുകാക്ക.

കീചകൻ-മരത്തിൽ പറയപ്പെടുന്ന ഒരു മല്ലൻ, വിരാടരാജാവിന്റെ സേനാധിപതി, വിരാടന്റെ ഭാൎയ്യയുടെ സഹോദരൻ.

[അജ്ഞാതവാസം പാണ്ഡവർ വിരാടരാജ്യത്തിലാണല്ലൊ കഴിച്ചുകൂട്ടിയതു്. അന്നു ദ്രൌപദിക്കു മാലിനി എന്നായിരുന്നുനാമധേയം. ദ്രൌപദിയുടെ അംഗലാവണ്യം ഹേതുവായിട്ടു മന്മഥാതുരനായ കീചകൻ തന്റെ സഹോദരിയുടെ സഹായത്തോടുകൂടി അവളുടെ ചാരിത്ര്യത്തിനു ഹാനിവരുത്തുവാൻ ശ്രമിച്ചു. ഒരിക്കൽ ആ ശുഭവതി ഈ കാൎയ്യം ഭീമനെ ധരിപ്പിച്ചു. ഭീമന്റെ ആലോചനപ്രകാരം കീചകനും മാലിനിക്കും ഒന്നിപ്പാൻ ഒരു സാങ്കേതം ആട്ടപ്പന്തൽ എന്നു തീൎച്ചയാക്കി വിവരം അവനും കീചകനെ ധരിപ്പിച്ചു. കുറിച്ച സമയം ഭീമൻ ആളു മാറി ആ സ്ഥലത്തു ചെന്നുകിടന്നു. കീചകൻ ഇതറിയാതെ മാലിനി വന്നു കിടക്കുകയാണെന്നു വിചാരിച്ചു അവിടെ ശയിച്ചു. അനന്തരം ഭീമൻ കീചകനെ ഞെക്കിക്കൊന്നു].

കീചകം-മുള, ദ്വയിദ്വാരമുള്ള മുള. കീച് എന്നാൽ അവ്യക്തമായി ശബ്ദിക്കുന്നതെന്നൎത്ഥം.

[ഏതൊരു മുളയാണു കാറ്റിനാൽ ഉരസപ്പെടുമ്പോൾ ശബ്ദിക്കുന്നതു് അതു കീചകം. അകത്തേക്കു വായുവിന്റെ ഹേതുവായിട്ടു ശബ്ദിക്കുന്ന മുള].

കീചകാഹ്വയം-നെല്ലിന്റെ മുള.

കീടക-വി. കഷ്ടമുള്ള, സ്നേഹമില്ലാത്ത, കഠിനമായ, കട്ടപ്പമുള്ള.

കീടകം-പ്ര പുഴവ്. വ. വൈശ്യസ്ത്രീയിൽ ജനിച്ച രാജപുത്രൻ.

കീടഘ്നം-ഗന്ധകം.

കീടജം-പ്ര. പട്ടുനൂൽ, പട്ട്. വ. കോശരക്ക്.

കീടജാ-അരക്ക്.

കീടപാദികാ-ചെമന്ന ചെറുപുള്ളടി.

കീടഫലം-അത്തിയാല്.

കീടം-പ്ര. പുഴവ്. വ. വണ്ട്. ന. വൃശ്ചികരാശി. (മ) ഇരിമ്പുകീടം, കിട്ടം.

കീടമാതാ-ചെമന്ന ചെറുപ്പുള്ളടി.

കീടമാരി-ചെമന്ന ചെറുപ്പുള്ളടി.

കീടോൻ-ഒരുവക കാട്ടുകിഴങ്ങ്.

കീട്ഘോരം-ചെറുചീര.

കീണം-ശവം.

കീട്ടക,കീട്ടശം-എണ്ണിനെയുള്ളത്.

കീനം-മാംസം.

കീനാശ-വി. പ്ര. കൃഷി പ്രവൃത്തിചെയ്യു

ന്ന. വ. ദുരാഗ്രഹമുള്ള. ന.ദാരിദ്ര്യമുള്ള. ര. സ്വല്പതയുള്ള.

കീനാശൻ-യമൻ.

കീനാശം-കുരങ്ങ്.

കീരനിലയം-ഇലവ്.

കീരം-കിളി, തത്ത. കീ എന്നു ശബ്ദിക്കുന്നതെന്നർത്ഥം. അക്ഷരവ്യക്തിയോടുകൂടെ ശബ്ദിക്കുന്നതു് എന്നുമാകാം. മറെറാരു പൎയ്യായം-ശുകം.

കീരവർണ്ണകം-തുണിയംഗം.

കീരവല്ലഭം-മാളിമാതളം.

കീരി- ഒരു വക ചെറിയ കാട്ടുജന്തു. (നായാട്ടുപേർ-പെരുവാലൻ).

[ഇതിൻെറ മാംസം വായുമുട്ടൽ, വാതം, മെലിവ്, ചുമ, വിഷം, പഴകിയ അർശസ്സ്, ഗ്രഹണി ഇവയെ ശമിപ്പിക്കും. ബലം, മാംസം മുതലായവയെ വൎദ്ധിപ്പിക്കും. ഇംഗ്ലീഷിൽ (Mungoose) തമിഴിൽ-കീരി.

കീരിക്കിഴങ്ങ്-വിഷത്തിനുള്ള ഒരു വക മരുന്ന്.

കീരിപ്പുല്ല്-ചെറിയ പുല്ല്.

കീരിവള്ളി-ഒരു ചെടി.

[ത്രിദോഷം, വ്രണം, കഫം മുതലായവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഇവയുടെ നീര ജ്വരാതിസാരത്തിനു നന്ന്]

കീരേഷ്ടം- പ്ര. വേപ്പ്. വ. മാവ്. ന. മലയുക മരം ര നീരിരിപ്പ.

കീൎണ്ണപുഷ്പം-പാൽമുതുക്കു.

കീൎത്തനം-പ്ര. വാക്ക്. വ. കീൎത്തിക്കുന്നതു്, വിവരിക്കുന്നതു്, പറയുന്നതു്.

കീൎത്തനാ-പ്ര. കീൎത്തി വ. വിവരിക്കുന്നതു്.

കീൎത്തനീയം-കീൎത്തിക്കത്തക്കതു്, സ്തുതിക്കത്തക്കതു്. [അകീൎത്തനീയം എന്ന പദം നോക്കുക.]

കീൎത്തി-പ്ര. യശസ്സ്, നന്മകൊണ്ടുള്ള പ്രസിദ്ധി, എല്ലാവരാലും നന്നായി പറയപ്പെടുന്നതു്. മററ പൎയ്യായങ്ങൾ-യശസ്സ്, സമജ്ഞാ. വ. വിസ്താരം. ന. വെളിച്ചം. ര. ശബ്ദം.

[കീൎത്തിശബ്ദത്തിനു 'യശസ്സ്' എന്നുള്ള അൎത്ഥമാണു പ്രസിദ്ധം].

കീൎത്തികേട്-ദുഷ്കീൎത്തി.

കീൎത്തിക്കുക-പ്ര. പറയുക. വ. സ്തുതിക്കുക.

കീൎത്തിത-വി. പ്ര. കീൎത്തിപ്പെട്ട. വ. ചൊല്ലപ്പെട്ട, സ്തുതിക്കപ്പെട്ട.

കീൎത്തിപ്പെടുക-പ്രസിദ്ധപ്പെടുക.

കീൎത്തിഭാക്ക്-ദ്രോണർ.

കീൎത്തിഭാക്ക്-വി. കീൎത്തിപ്പെട്ട.

കീൎത്തിമൽ-വി. കീൎത്തിയുള്ള. [മാൻ, മതി, മൽ].

കീല്, കീൽ-പ്ര. ചെഞ്ചല്യവും അരക്കുംകൂടെ കൂട്ടിയുരുക്കിയതു്. വ. ശല, മുള.

കീലകം-പ്ര. പശുവിനെ കെട്ടുന്ന കുററി, കറക്കുന്നസമയം കാൽ കെട്ടുവാനുള്ള കയറ്. വ. കയർ. ബന്ധിക്കപ്പെടുന്നതെന്നർത്ഥം. മറെറാരു പൎയ്യായം-ദാമം.

കീലൻ-ശിവൻ.

കീലം-പ്ര. അഗ്നിജ്വാല. പക്ഷി മുതലായവയുടെ ഗതിയെ തടുക്കുന്നതെന്നർത്ഥം. വ. അല്പം. ന. കുററി ര. ആപ്പ്. ഒ. ആണി, ഇരിമ്പാണിമുതലായ തറയ്ക്കുന്ന സാധനം. 'കീല' ശബ്ദത്തിനു ബന്ധിക്കുന്നതു്, ബന്ധിക്കപ്പെടുന്നതു് എന്നിങ്ങനെ അൎത്ഥം. ന. മരക്കന്നം.

കീലരന്ധ്രം-ആണിദ്വാരം.

കീലാ-അഗ്നിജ്വാല.

കീലാലധി-കടൽ.

കീലാലം-ന. വെള്ളം. അഗ്നിജ്വാലയെ കെടുക്കുന്നതെന്നർത്ഥം. ഉ. രക്തം.

'കീലാലംവലിനിർഝരംനവരത
സ്നാനോല്ലസല്ലാണോല്ലസൽ'
(വിഷ്ണുനാമാഭിഷേകംകഥകളി)

൩. തേൻ.

കീലിഞ്ജം-ഉഞ്ഞ്.

കീലിത-വി. ബന്ധിക്കപ്പെട്ട, കെട്ടപ്പെട്ട. [കീലം=ആണി. കീലിതം=തറയ്ക്കപ്പെട്ടത്.]

കീലിതൻ-ബന്ധിക്കപ്പെട്ടവൻ.

കീശധ്വജൻ-അർജ്ജുനൻ, കീശം (വാനരം) കൊടിയടയാളമായുള്ളവൻ.

'കീശധ്വജനുടെ ചിത്തമിളക്കാൻ'
(കിരാതം തുള്ളൽ)

കീശപർണ്ണം-വലിയ കടലാടി.

കീശപർണ്ണി-കടലാടി. വാനരരോമതുല്യങ്ങളായ ഇലകളുള്ളതെന്നർത്ഥം.

കീശം-കുരങ്ങ്. 'കീ' എന്ന ശബ്ദമുള്ളതെന്നർത്ഥം.

കീശരോമാ-നായിക്കുരണ.

കീശവല്ലി-കടലാടി.

കീഴടങ്ങുക-ഒരുവന്റെ ശാസനയെ അനുസരിച്ചു നടക്കുക. [സ. ക്രി. കീഴടക്കുക.]

കീഴധികാരം-പ്രധാന ഉദ്യോഗസ്ഥന്മാരുടെ താഴെയുള്ള ഉദ്യോഗം.

കീഴമ-കീഴ്സ്ഥിതി.

കീഴര-മുന്തിരിയിൽ പാതി.

കീഴരമ-മുന്തിരികൊണ്ടു നാല്പതു പങ്കുവെച്ചതിൽ ഒരു പങ്ക്, അരമയുടെ മുന്നൂറ്റിരുപതിൽ ഒരു പങ്ക്.

കീഴരയ്ക്കാണി-അരയ്ക്കാണിയുടെ മുന്നൂറ്റിരുപതിൽ ഒരംശം.

കീഴറുക്കുക-ഉറക്കുക, ഉറങ്ങാതിടുക

കീഴാകുക-കീഴടങ്ങുക. [സ. ക്രി. കീഴാക്കുക.]

കീഴാണ്ട്-കഴിഞ്ഞ സംവത്സരം, കഴിഞ്ഞയാണ്ടിൽ.

കീഴാനെല്ലി-ഒരു പടരുന്ന ചെടി, ഒരു പച്ചമരുന്ന്. [കിഴുകാനെല്ലിയെന്നും കാണുന്നു.]

കീഴാറു-പ്രമാണിയുടെ വരുതി കേട്ടു നടക്കുന്ന ആൾ.

കീഴിട്ട-താഴെ.

കീഴിൽ-അ. ന. പണ്ട്. ഉ. താഴെ.

കീഴിലെ-അ. ന. കഴിഞ്ഞ. ഉ. താഴത്തെ. ൩. പണ്ടത്തെ.

കീഴ്-അ. ന. താഴെ. ഉ. പണ്ട്.

കീഴ്ക്കച്ചവടക്കാരൻ-വലിയ കച്ചവടക്കാരന്റെ ആളായിട്ടു കച്ചവടം ചെയ്യുന്നവൻ.

കീഴ്ക്കച്ചവടം-വലിയ മുതലാളിയോടു കടം വാങ്ങിച്ചും അവന്റെ ആളായിട്ടും ചെയ്യുന്ന കച്ചവടം.

കീഴ്ക്കട-വി. പണ്ടത്തെ.

കീഴ്ക്കട-കടിഞ്ഞൂൽ.

കീഴ്ക്കണക്ക്-ഒന്നിൽ കുറഞ്ഞ കണക്ക്.

കീഴ്ക്കരറു-കീഴ്ക്കരൽ.

കീഴ്ക്കാണി-മുന്തിരിയുടെ എണ്പതിൽ ഒരു പങ്ക്, കാണിയുടെ മുന്നൂറ്റിരുപതിലൊരംശം.

കീഴ്ക്കാറ്റ്-അ. കീഴ്ക്കാമ്പാട്.

കീഴ്ക്കാമ്പാട്ട്-കീഴ്ക്കാറ്റ്.

കീഴ്ക്കാൽ-ന. ആയിരത്തിരുനൂറ്റിഎണ്പതിൽ ഒന്ന്, ഒരു കീഴ്ക്കണക്ക്. ഉ. തോക്കിന്റെ പാത്തി.

കീഴ്ക്കിടപ്പുറു-ബാക്കി, ശേഷിപ്പ്, മിച്ചം.

കീഴ്ക്കൂട്ടം-സമ്പ്രതിപ്പിള്ളയുടെ താഴെയുള്ള കണക്കെഴുത്തുകാരൻ, കീഴ്ക്കൂറുപിള്ള.

കീഴ്ക്കൂറ്-ഭൂമം. [കീഴ്ക്കൂർവാഴ്ച.]

കീഴ്ജാതി-നീചജാതി, താണുള്ള ജാതിക്കാരൻ.

കീഴ്ത്തരം-വി. രണ്ടാംതരം, വിലകുറയുന്ന.

കീഴ്ത്തെ-ഗ്രാ. കൊച്ചുതെങ്ങ്. ഉ. ചെറിയ തെങ്ങിൻ തൈ.

കീഴ്നാളിൽ-അ. കഴിഞ്ഞകാലത്തിൽ.

കീഴ്പ്പെടുക-കീഴടങ്ങുക. [സം. ക്രി. കീഴ്പ്പെടുത്തുക.]

കീഴ്പ്പെട്ട്, കീഴ്പോട്ട്-അ. താഴെയോട്ട്.

കീഴ്മതിയം-ചോറപടി.

കീഴ്മര്യാദ-മുമ്പിനാലുള്ള മുറ, പണ്ടത്തെ ചട്ടം.

കീഴ്മാടമ്പ്-ഇടപ്രഭുക്കന്മാരുടെ താഴെയുള്ള പ്രഭുത്വം.

കീഴ്മാടമ്പി-ഇടപ്രഭുക്കന്മാരുടെ വരുതി അനുസരിക്കേണ്ടുന്ന ഒരു ചെറിയ പ്രഭു.

കീഴ്മാറി-മാറ്റുകുറഞ്ഞ പൊന്ന്.

കീഴ്മുക്കാൽ-മുന്തിരിയുടെമുക്കാൽഭാഗം.

കീഴ്മുന്തിരി-മുന്തിരികൊണ്ടു മുന്നുററിരുപതു പങ്കുവെച്ചതിൽ ഒരു പങ്ക്, ഒന്നു കൊണ്ടു ലക്ഷത്തിരായിരത്തിനാനൂറു പങ്കുവെച്ചതിൽ ഒരു പങ്ക്.

കീഴ്മുറി-താഴത്തെ മുറി.

കീഴ്മേൽ-അ. കീഴെയും മേലെയും.

കീഴ്ലോകം-പാതാളലോകം.

കീഴ്വയർ-വയററിന്റെ പാതിക്കുതാഴെയുള്ള ഭാഗം, അടിവയർ.

കീഴ്വാക്ക്-ഗ്രാ. താണജാതിക്കാരുടെ വാക്ക്. ഉ. ശകാരം.

കീഴ്വിചാരം-കീഴധികാരം, രണ്ടാമന്റെയും മററും അധികാരം.

കീഴ്ശാന്തി-മേൽശാന്തിക്കാരന്റെ താഴെയുള്ള ശാന്തിക്കാരന്റെ വേല.

കീഴ്ശാന്തിക്കാരൻ-മേൽശാന്തിക്കാരന്റെ താഴത്തെ ശാന്തിക്കാരൻ.

കീഴ്കാനെല്ലി-കിഴുകാനെല്ലി, കീഴാർനെല്ലി.

കീറൽ-വി. കീറിയ.

കീറൽ-ഗ്രാ. ചീന്തൽ. ഉ. വെട്ടി നീളത്തിലെടുക്കുക. ന. കീറി വേർതിരിക്കുക.

കീറാമുട്ടി-ഗ്രാ. പ്രയാസമുള്ള വ്യവഹാരം. ഉ. കീറുവാൻ പ്രയാസമുള്ള വിറക്.

കീറ്-തുണ്ട്, പിളപ്പ്, ചീന്തൽ.

കീറുക-ഗ്രാ. ചീന്തുക. ഉ. പിളക്കുക. ന. പോറുക [കാ. ക്രി. കീറിക്കുക.]

കീററ്-പിളപ്പ്, കീറി വേർതിരിച്ചെടുത്ത പങ്ക്.

കീററുനാമം-ഊർദ്ധ്വപുണ്ഡ്രം.

## കു

കു-ഭൂമി. ശബ്ദിക്കുന്നതെന്നർത്ഥം.

കു-ചീത്ത. കു> <സു. ഉ-ം, കുമതി> < സുമതി.

കു-അ. ചില സംസ്കൃതവാക്കുകളുടെ ആദിയിൽ വരുമ്പോൾ പാപം, നിന്ദ്യം, അല്പം, വിരോധം ഇങ്ങിനെ അർത്ഥങ്ങൾ വരും.

കുകഭം-മദ്യം.

കുകം-ചക്രവാകപ്പക്ഷി.

കുകര-വി. ചോങ്കരകൈയുള്ള, ശോഷിച്ച കൈയുള്ള, രോഗാദികൊണ്ടു കൈയിനു തകരാറുപററിയ.

കുകർമ്മ-വി. ദുഷ്കർമ്മംചെയ്യുന്ന.

കുകീലം-പർവതം.

കുകടം-നീരാരൽ.

കുകന്ദരം-ഗ്രാ. ഊരമൽക്കുഴി. നിതംബപ്രദേശത്തെ കുറഞ്ഞൊന്നു കുഴിഞ്ഞതെന്നർത്ഥം.

[നിതംബപ്രദേശത്തിലുള്ള (തണ്ടെല്ലിന്റെ താഴെ നിതംബത്തിന്റെ രണ്ടു പാർശ്വങ്ങളിലുമുള്ള) രണ്ടു കുഴികൾക്കു കകുന്ദരങ്ങൾ എന്നു പേർ.]

വ. കക്കരവൃക്ഷം.

കുകുരം—പു. നായ്. വ. തുണിയാങ്കം.

കുക്രുടി–ഇലവ്.

കുകൂലം—പു കുററികൾ നാട്ടിയകുഴി. കുത്സിതമായ കൂലം എന്നർത്ഥം. വ. ഉമിത്തീ. ന. കവചം.

കുകോലം–ചെറിയചന്ത.

കുക്കുക–ചുടുക. [കൂപ്പ്–ചൂട്.]

കുക്കുടഗുണചതുഷ്ടയം–പ്രഭാതത്തിൽ ഉണരുക, കൂട്ടരോടു തീററി, പോരു്, ആപന്നയായ നാരിയുടെ രക്ഷണം ഇവ നാലും.

കുക്കുടധരൻ–സുബ്രഹ്മണ്യൻ.

[ശൂരപത്മാസുരനെ കൊലചെയ്തപ്പോൾ അവന്റെ ശരീരത്തിൽ പകുതി കുക്കുടവും പകുതി മയിലുമായി. രണ്ടിനെയും സുബ്രഹ്മണ്യൻ സ്വീകരിച്ചതിനാൽ ഈ പേർ വന്നു. സ്കാന്ദപുരാണം നോക്കുക ]

കുക്കുടപുടം–ലോഹാദികളെ സിന്ദൂരിക്കുന്നതിനു തീയിട്ടതിന്റെ ഒരു കണക്കു്. [സിന്ദൂരിക്കുക–പുടത്തിൽവെച്ചു സിന്ദൂരമാക്കുക.]

കുക്കുടം—പു. പൂങ്കോഴി, കോഴി. കുടിലമായി ആരാവം ചെയ്യുന്നതു് എന്നർത്ഥം. വ. മയിൽക്കോഴി. ന. നായ്.

കുക്കുടമസ്തകം–ചെവിയം.

കുക്കുടശിഖാ—പു കുയമ്പപ്പൂവ്. വ. കോഴിപ്പൂവ്.

കുക്കുടാണ്ഡകം–കോഴിമുട്ടൻനെല്ല്.

കുക്കുടി—പു. പിടക്കോഴി. വ. പല്ലി. ന. ഇലവ്.

കുക്കുഭം–കാട്ടുകോഴി. കുക എന്നു ശബ്ദിക്കുന്നതു് എന്നർത്ഥം.

[കുക്കുഭപ്പക്ഷിയുടെ മാംസം മൂന്നു ദോഷങ്ങളെയും ശമിപ്പിക്കും. ഇതു കുക എന്നു ശബ്ദിക്കും. നാട്ടുകോഴിയെപ്പോലെയിരിക്കും.]

കുക്കുരം—പു. നായ്. കുക്രോധം ചെയ്യുന്നവനും ശബ്ദിക്കുന്നവനും എന്നർത്ഥം. വ. തുണിയാങ്കം. ശ്വാവിന്റെ സ്വഭാവത്തോടുകൂടിയതു് എന്നർത്ഥം. ശ്വാവിന്റെ ഗന്ധമുള്ളതു് എന്നുമാകാം.

കുക്കുരവൃക്ഷം–ഒരൌഷധം.

[കഫം, രക്തദോഷം, പിത്തം, അതിസാരം, ചുട്ടുനീറൽ, ജ്വരം ഇവയ്ക്കു നന്നു്. ഇല പുകയിലപോലെ വലുതാണു്. പൂവിന്റെ നിറം താമ്രമാകുന്നു].

കുക്കരി–വെള്ളുട്ടി.

കുക്ഷം–വയറു്.

കുക്ഷി—പു വയർ മലത്തെ ഉള്ളിൽനിന്നു പുറത്തേയ്ക്കു കളയുന്നതുകൊണ്ടു ഈ പേർ വന്നു. മററു പര്യായങ്ങൾ–പിചണ്ഡം, ജഠരം, ഉദരം, തുന്ദം. വ. ശല്പപത്രം. ന. ഏതിന്റെ എങ്കിലും ഉൾവശം (ഉള്ള്). ദ്ര. ഗുഹ. ഒ. കോടരം. ആ. വാളിടുന്ന ഉറ.

കുക്ഷിപൂരണം–വയറുനിറയ്ക്കുക.

കുക്ഷിംഭരി–തന്റെ വയറു മാത്രം നിറയ്ക്കുന്നവൻ.

കുഡ്മളം–വിടർന്നുതുടങ്ങിയ മൊട്ടു്. കുഡ്മളം എന്നും കാണുന്നു. ജലംകൊണ്ടുപാകയും കാററുകൊണ്ടുപാകയും ചെയ്യപ്പെടുന്നതു് എന്നർത്ഥം.

കുഗ്രാമം–നാട്ടിൻപുറം.

കുങ്കുമപ്പട്ട്–ഒരുജാതിമരം.

കുങ്കുമപ്പൂ–കാശ്മീരദേശത്തുള്ള ഒരുമാതിരി ചെമന്ന പൂവ്.

കുങ്കുമപ്പൊടി–കുങ്കുമപ്പൂവിൽ നിന്നെടുക്കുന്ന പൊടി, കുങ്കുമം.

കങ്കമം-ന. കാശ്മീർദേശത്തുള്ള ഒരുമാതിരി പൂവിൽനിന്നെടുക്കുന്ന ചെമന്ന പൊടി. വ. ഒരുമാതിരി ചെമന്നുള്ള കുറിക്കൂട്ട്, കങ്കമം-ആദാനംചെയ്യപ്പെടുന്നതു് എന്നർത്ഥം. പര്യായങ്ങൾ-കങ്കമം, കാശ്മീരജന്മാ, അഗ്നിശിഖം, വരം, ബാല്ഹീകം, പീതനം, രക്തം, സങ്കോചം, പിശുനം, ധീരം, ലോഹിതചന്ദനം.

[വാതം, പിത്തം, കഫം, ശിരോരോഗം, ചുമ, ക്ഷയം, വ്യംഗ്യം, കഫം, കൃമി, ഛർദ്ദി, വിഷം, കണ്ണരോഗം, അരുചി, ഇക്കിൾ ഇവക്കു നന്ന് സൌന്ദര്യവർദ്ധിനി ഉത്തമം, നിറത്തെ നന്നാക്കും. ബലത്തെ വർദ്ധിപ്പിക്കും. കങ്കമത്തിനു പകരം കയിമ്പിൻപൂവു ചേർക്കാം. ഇംഗ്ലീഷിൽ (Saffron) സെഫ്രൻ]

കങ്കമവർണ്ണം-ചെമപ്പ്.

കങ്കമി-വലിയ വാലുഴവം.

കുട്മളം,കുട്മളു-പൂവുണ്ടാകുന്നതിനുള്ള മൊട്ട്.

കുഗന്ധികാ,കുഗന്ധി-ചെറും കുമ്പാം.

കുചന്ദനം-ന രക്തചന്ദനം. ഗന്ധമില്ലാത്ത (കുത്സിതമായ) ചന്ദനം എന്നർത്ഥം വ. ചപ്പങ്ങം.

കുചഫലം-ന. താളിമാതളം. വ. വള്ളാർമരം.

കുചം-ഉല നായകന്മാരാൽ നഖംകൊണ്ടു കീറപ്പെടുന്നതു എന്നർത്ഥം. വയസ്സുകാലത്തു വളരുന്നതു എന്നുമാകാം.

കുചര-വി. ന ഉന്നൽപ്പെട്ട. വ ചീത്ത വാക്കുപറയുന്ന ന. ദുഷ്പ്രചാരമുള്ള.

കുചാഗ്രം-മുലക്കണ്ണ്.

കുചാംഗേരി-പുളിയാരൽ.

കുചേല-വി. മുഷിഞ്ഞ വസ്ത്രമുള്ള.

കുചേലം-പാടക്കഴങ്ങ്.

കുചേലി(ലാ)-പാടക്കിഴങ്ങ്.

കുച്ചം-വെളുത്ത ആമ്പൽ.

കുച്ചുകം-ഇരട്ടമുറി.

'കച്ചുകമായിട്ടുകാണുന്നതാകയാൽ'

(കൃഷ്ണഗാഥ)

കുജൻ-ന. ചൊവ്വാ. ഭൂമിയിൽനിന്നുണ്ടായവൻ. വ. നരകാസുരൻ.

കുജം-വൃക്ഷം. ഭൂമിയിൽനിന്നു ജനിച്ചുണ്ടായതു.

കുജംബുകാ-ആററഞൊവൽ.

കുജംഭില-വി. വ്യാജം ചെയ്യുന്ന, കള്ളമുള്ള.

കുജാ-ന സീതാ. വ. ദുർഗ്ഗാ.

കുജ്ജിശാ-ഒരു വക മത്സ്യം.

[ബലത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. വാതത്തിനു നന്ന്. മലം പിടിത്തമാണ്.]

കുജ്ഝടി, കുജ്ഝടകാ-മഞ്ഞുകട്ടി.

കുഞ്ചനം-ഒരു നേത്രരോഗം.

[വാതം മുതലായ ദോഷങ്ങൾ പോളകളെ വലിച്ചു ചുരുക്കുക ഹേതുവായിട്ടു കണ്ണിനു നോക്കുന്നതിനു ശക്തിയില്ലാതാകും; അതത്രെ കുഞ്ചനം].

കുഞ്ചൻനമ്പിയാർ-ഒരു പ്രസിദ്ധനായ കവി.

[ഇദ്ദേഹത്തിൻെറ ജനനം വൃശ്ചികമാണെന്നുള്ളതാണ്. ജന്മഭൂമി ബ്രിട്ടീഷ് മലബാറിൽ കിള്ളിക്കുറിശിമംഗലം (ശുകപുരം) ആകുന്നു. ചൊവാപ്പൂതു കലക്കത്ത് എന്നാണ് മരിക്കുമ്പോൾ ഇദ്ദേഹത്തിനു നല്ല വയസ്സുണ്ടായിരുന്നിരിക്കണം. തുള്ളക്കഥ എന്ന ഒരു പുതിയരീതി കണ്ടുപിടിച്ചതു ഇദ്ദേഹമാകുന്നു].

കുഞ്ചഫലാ-വലിയ കമ്പളം.

കുഞ്ചം-പട്ടതൊങ്ങൽ.

കുഞ്ചലം-മരംമരണം. (തല ചിന്നിപ്പിറകിൽ വിട്ടാൽ തുമ്പിൽ തുങ്ങുന്നതാകുന്നു).

കുഞ്ചി-വി. ചെറിയ.

കുഞ്ചി-൧. പിൻ കഴുത്തു. ൨. ചെറപ്പം. ൩. കരിഞ്ചീരകം.

കുഞ്ചികം-ഒരു മർമ്മം.

കുഞ്ചികാ-൧. ചെമന്നകന്നി. ൨. കരിഞ്ചീരകം. ൩. ഉലുവം. ൪. താതിരി. ൫. താക്കോൽ. ൬. ഒരു വക മത്സ്യം.

കുഞ്ചിക്കുഴി-പിൻകഴുത്തിന്റെ മുകളിലുള്ള ഭാഗം.

കുഞ്ചിത-വി. വളയ്ക്കപ്പെട്ട, വളഞ്ഞ 'അകുഞ്ചിത' എന്ന പദം നോക്കുക.

'കുഞ്ചിതഞ്ചില്ലീവല്ലികൾ വിലാസവും'
(വാല്മീകിരാമായണം.)

കുഞ്ചിതം-൧. മുളക്. ൨. തകരം

കുഞ്ചു്-വി. ചെറിയ.

കുഞ്ചുക-കന്നിയുക.

കുഞ്ചുക്കുട്ടക്കാരൻ-തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ പട്ടാളത്തിൽ ശിപായി.

കുഞ്ചുട്ടക്കാർ-എന്നു സാധാരണ പറയുന്നു. കുഞ്ചുവും കൂട്ടരും എന്നർത്ഥം. തിരുവിതാംകോട്ടു ൯൩൩-ൽ നാടുനീങ്ങിയ മാർത്താണ്ഡവർമ്മ മഹാരാജാവു് തന്റെ മരുമകനായ ൯൭൩-ൽ നാടുനീങ്ങിയ മഹാരാജാവിനെ "കുഞ്ചു" എന്നാണ് വിളിച്ചിരുന്നതു്. അദ്ദേഹത്തിന്റെ സൈന്യത്തെയും അദ്ദേഹത്തെയും മാർത്താണ്ഡവർമ്മ മഹാരാജാവു് കുഞ്ചുവും കൂട്ടരും എന്നു സാധാരണ പറഞ്ഞുവന്നിരുന്നു. അന്നുമുതൽക്കു ആ സൈന്യത്തിനു "കുഞ്ചുട്ടക്കാർ" എന്നു പേർ സിദ്ധിച്ചു. (വിദ്യാവിനോദിനി. ൧൦രെ തുലാം പുസ്തകം ൧൦. നമ്പർ ൧)

കുഞ്ചുക്കൂട്ടം-തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ പട്ടാളം. (കുഞ്ചുക്കൂട്ടക്കാരൻ എന്നതു നോക്കുക)

കുഞ്ജം-൧. വള്ളിക്കുടില്. ൨. ആനക്കൊമ്പ്. ൩. താടിയെല്ല്.

കുഞ്ജഗക്ഷാരമൂലം-മുള്ളങ്കി.

കുഞ്ജരൻ-ശ്രേഷ്ഠൻ.

'സ്യാദുത്തരപദേവ്യാഘ്ര
പുംഗവർഷഭകുഞ്ജരാഃ
സിംഹശാർദ്ദൂലനാഗാദ്യാഃ
പുംസിശ്രേഷ്ഠാർത്ഥവാചകാഃ'

വ്യാഘ്രൻ, പുംഗവൻ, ഋഷഭൻ, കുഞ്ജരൻ, സിംഹൻ, ശാർദ്ദൂലൻ, നാഗൻ ഈ ശബ്ദങ്ങൾ ഉത്തരപദത്തിൽ സ്ഥിതിചെയ്യുമ്പോൾ ശ്രേഷ്ഠാർത്ഥമാകും. ഉ-ം, പുരുഷകുഞ്ജരൻ=പുരുഷശ്രേഷ്ഠൻ ഇത്യാദി.

കുഞ്ജരപിപ്പലി-അത്തിത്തിപ്പലി.

കുഞ്ജരം-൧. ആന. ഭംഗിയുള്ള ഹനുപ്രദേശത്തോടുകൂടിയതു എന്നർത്ഥം. ൨. അത്തിത്തിപ്പലി. ൩. താന്നിവൃക്ഷം.

കുഞ്ജരസുധാ-അരയാല്.

കുഞ്ജരാ-൧. താതിരി. ൨. പാതിരി.

കുഞ്ജരാരാതി-സിംഹം.

കുഞ്ജരാലുകാ-വെട്ടുചേമ്പ്.

കുഞ്ജരാശനം-അരയാൽ. ആനയുടെ ഭക്ഷണസാധനം. (ആന ആലില തിന്നുമല്ലോ)

കുഞ്ജലം-കാടി. കുത്സിതമായ ജലത്തോടുകൂടിയതു എന്നർത്ഥം.

കുഞ്ജവല്ലരി-ഇഞ്ച.

കുഞ്ജികാ-ഇഞ്ച.

കുഞ്ഞമ്മ-മാടമ്പികളുടെ സ്ത്രീ. ൨. ചെറിയമ്മ.

കുഞ്ഞാക്കിഞ്ഞിത്തട്ടു്-കുരികുട്ടു്.

കുഞ്ഞി-൧. ചെറുതു, കുട്ടി. ൨. ചെറുതു്. ൩. ചില സ്ത്രീകൾക്കിടുന്ന പേർ.

കുട-(ധാ) ആസകലം ശേകംവിധം കുട്ടുക.

കുട-വെയിലും മഴയും തട്ടാതിരിപ്പാനായി ഓലശീല കടലാസു ഇവകൊണ്ടുണ്ടാക്കുന്ന സാധനം.

കടകൻ-൧. ഒരു പച്ചമരുന്നു്, കടങ്ങൽ, വല്ലാരെ (മഴ്കു്). ൨. കടകമലയിൽ പണ്ടുണ്ടായിരുന്ന രാജാവു്.

കടകപ്പാല-ഒരു വക വൃക്ഷം. കടകപ്പാലയരിക്ക പൎയ്യായങ്ങൾ-കലിംഗം, ഇന്ദ്രയവം, ഭദ്രയവം.

[ഇതു ത്രിദോഷകരമാണ്, വിശേഷാൽ അഗ്നിമാന്ദ്യം, രക്താതിസാരം, വയററിൽ വേദന, ഛൎദ്ദി, പനി, രക്തപിത്തം മുതലായവയെ ശമിപ്പിക്കും. തമിഴിൽ-കടചപ്പാലൈ].

കടകം-പ്ര. കൊഴുവ്. വ. കരിയാ. വളവുള്ളതു് എന്നൎത്ഥം.

കടകരാജ്യം-കടകന്റെ രാജ്യമായിരുന്ന പൎവ്വതം.

കടക്കാരൻ-പ്ര. കട എടുത്തു നടക്കുന്നവൻ. വ. കുടപിടിക്കുന്ന ശിഷ്യൻ. ന. കുടംകൊണ്ടു നടക്കുന്നവൻ.

കടക്കാൽ-കുടയിൽ പിടിക്കുന്നതിനുള്ള തണ്ട്.

കടക്കൂലി-പ്ര. കടയോ കുടമോ മററാരു ത്താനാട്ട വാങ്ങിച്ചാൽ കൊടുക്കുന്ന കൂലി. വ. മററൊരുത്തന്റെ വീട്ടിനു കൊടുക്കുന്ന കൂലി.

കടങ്കു-ദേൽപ്പുര.

കടംഗകം,കുഡംഗകം-കുടിൽ.

കടങ്ങൽ-ഒരു പച്ചമരുന്നു്, കടകൻ.

കടച്ചിൽ,കടച്ചൽ-കലുക്കൽ.

കടജൻ-പ്ര. അഗസ്ത്യൻ. വ. ദ്രോണർ.

കടജം,കടവാ-കടകപ്പാല. ഗിരികൂടത്തിലുണ്ടാകുന്നതെന്നൎത്ഥം.

കടന്ന-പ്ര. രണ്ടു കൈകളും കൂട്ടി വെള്ളം കൊള്ളുന്നതുപോലെ പിടിച്ചതു്. (സംസ്കൃതത്തിൽ പ്രസൃതി).വ. മുകൾഭാഗം, ശിഖരം.

കടച്ചുണ്ടി-നീൎച്ചീര. പൎയ്യായങ്ങൾ-വാരിപൎണ്ണി, കുംഭികം.

കടജീവം-പൂത്തിലഞ്ഞി.

കടത്തിലെ വിളക്ക്-മറഞ്ഞിരിക്കുന്ന ആൾ. പ്രേരിപ്പില്ലാത്ത ആൾ. [ശൈലി.]

കടന്നാടം-പ്ര. പലകപ്പുഴുങ്ങി. വ. കഴിമൂലങ്ങു. വളഞ്ഞാടുന്നതെന്നൎത്ഥം. [കടന്നകം എന്ന ശബ്ദവും കാണുന്നു.]

കടപ-വി. സന്ന്യാസിയായ, ജ്ഞാനിയായ.

കടപം-താമര.

കടപ്പൻ-കൃഷ്യ്. ഉ-ം, വാഴക്കടപ്പൻ.

കടപ്പന-കടകെട്ടുന്നതിനു മാല ഉപകരിക്കുന്ന ഒരുമാതിരി പന, താളിപ്പന.

കടപ്പായൽ-വെള്ളത്തിലെ ഒരുമാതിരി പായൽ.

[ത്രിദോഷം, വ്രണം, വീക്കം, ജ്വരം, മുറിവിൽനിന്നും മററും ഒലിക്കുന്ന രക്തം ഇവക്ക നന്നു്. മലത്തെ ഇളക്കിക്കളയും. സംസ്കൃതത്തിൽ-കുംഭിക. തമിഴിൽ-അന്തരത്താമരൈ. ഇംഗ്ലീഷിൽ-(Water-Soldier) വാട്ടർ സോൾഡർ.]

കടപ്പുല്ല്-ഒരുമാതിരി പുല്ല്. പൎയ്യായങ്ങൾ-ഛത്രം, അതിഛത്രം, പാലഘ്നം.

[ഈ പുല്ല് ജലത്തിലുണ്ടാകുന്നതാണ്. ഇല വയമ്പിന്റേതുപോലിരിക്കും]

കടം-പ്ര. വെള്ളംകോരുന്നതിനും മററുമുള്ള ഒരുമാതിരി പാത്രം, മൺകുടം. പൎയ്യായങ്ങൾ-കലശം, ഘടം, കുംഭം, നിപം. വ. ചെപ്പുക്കുടം. ന. കലശക്കുടവും മററും. ര. വാഴ പന മുതലായിട്ടു ചില തിനുണ്ടാകുന്ന പൂങ്കുല. ല. വൃക്ഷം. കൊമ്പു ചുള്ളി മുതലായതുകൊണ്ടു വളയുന്നതെന്നൎത്ഥം. ന്യ. ചൂററിക. ൧ കോട്ടസ്ഥലം, വ്യ. പൎവ്വതം ൻ. കെട്ടുവേലി.

കടങ്കടം-മരമഞ്ഞൾ

കടംഗകം-പ്ര. ചെറിയകുടിൽ. വ. ലതാഗൃഹം.

കടംതുളപ്പൻ-ഒരുവക മത്സ്യം.

കടമ്പുളി-പ്ര. ഒരു വൃക്ഷം. വ. അതിന്റെ കായ്. ന. പിണറിൻപുളി.

കടമ്പുശ-ഒരുവിധം കളി.

കടമല്ല-ഒരുവക മുല്ല.

[വ്രണം, നേത്രരോഗം, മുഖരോഗം, ഇവക്കു നന്ന്.]

കുടയാണി-മുകം പരന്ന ആണി.

കുടയുക-കല്ലുക. [കാ. ക്രി. കടയിക്കുക.]

കുടരം-ഫ കടകോൽത്തണ്ട്. വ. കുതിര.

കുടരുന്ദ്രാ-ത്രികോല്പക്കൊന്ന.

കുടർ, കുടൽ-മനുഷ്യരുടെയുംമററും വയററിലിരിക്കുന്ന ഒരുമാതിരി മാംസം.

കുടർമാല, കുടൽമാല-മാലാരൂപേണ ഉദരത്തിൽ വ്യാപിച്ചുകിടക്കുന്ന കുടൽ. പര്യായങ്ങൾ-അന്ത്രം, പുരീതത്ത്.

കുടർവാതം-കുടലിലുണ്ടാകുന്നരോഗം.

കുടൽ-കുടർ.

കുടൽചുരുക്കി-ഒരുവക മരുന്ന്.

കുടൽത്തിര-കുടൽമാല.

കുടലൻ-വയറൻ

കുടലേററം-കുടലിരിക്കുന്നസ്ഥലത്തുനിന്നു മേല്പോട്ടു കേറുക.

കുടവയർ-കുടംപോലെയുള്ള വയറ്.

കുടവയറൻ-കുടംപോലെ വയറുള്ളവൻ. പര്യായങ്ങൾ-തുന്ദിലൻ, തുന്ദിഭൻ, തുന്ദി, ബൃഹൽകുക്ഷി, പിചണ്ഡിലൻ.

കുടി-ഫ. വെള്ളവുംമററും കുടിക്കുക. വ. മദ്യപാനം. ന. പ്രജ. (കുടികിടപ്പുകാരൻ.) ക. വീട്, ഇ. ഒക്കെഴവൻ. ന്ന. കുടുംബം. ര. ഭേദ്ദ. (സംസ്കൃതം.) വ ഭവനം ൻ. ശരീരം. ഫാ. മുരാമഞ്ചി. ഫഫ. കുടപ്പായൽ ഫഫ. വളഞ്ഞതു്.

കുടിയിരുത്തുക-പുരവെച്ചു പാർപ്പിക്കുക, വസിപ്പിക്കുക.

കുടിഏറുക-കുടിയിരിക്കുക.

കുടിഒഴിക്കുക-ഫ. പാർക്കുന്ന സ്ഥലം ഒഴിവാക്കുക. വ. ചിലർ മറ്റുള്ളയെ ഉപേക്ഷിക്കുക.

കുടികൾ-ഫ. പ്രജകൾ വ. ഭവനങ്ങൾ.

കുടികല്യാണം-കല്യാണം കഴിഞ്ഞിട്ടു മണവാളന്റെ വീട്ടിലേയ്ക്കുള്ള യാത്ര.

കുടിക്കൂട്ടുക-അടിമക്കാർ കല്യാണംകഴിക്കുക.

കുടികെടുക്കുക-പ്രജകളുടെയും വീടുകളുടെയും നശിപ്പിക്കുക.

കുടികെട്ട്-അടിമക്കാരുടെ കല്യാണം.

കുടികെട്ടുക-അടിമക്കാർ കല്യാണംകഴിക്കുക.

കുടികേട്-പ്രജകൾക്കപദ്രവം, കുടിനാശം

കുടികൊള്ളുക-ഭവനത്തിൽ പാർക്കുക.

കുടിക്കടം-ഫ. അവാട്ടുകടം. വ. കുടികൾ സംബന്ധിച്ച കടം.

കുടിക്കുക-വെള്ളമായിരിക്കുന്ന വസ്തുക്കൾ വായിലൊഴിച്ചിറക്കുക, പാനംചെയ്യുക.

കുടിചരം-കടൽപ്പന്നി, നീർപ്പന്നി.

കുടിഞ്ഞ-കാളക്കിടാങ്ങളെ സൂക്ഷിക്കുന്ന സ്ഥലം.

കുടിഞ്ഞിൽ-ഫ. കുടിഞ്ഞ. വ. കുടിൽ, ചെറിയ വീട്.

കുടിത-വി. വളഞ്ഞ.

കുടിദ്രോഹം-രാജാവോ മന്ത്രിയോ പ്രജകളെ ഉപദ്രവിക്കുക.

കുടിനീർ-ഫ. കഷായം. വ. ഉമിനീർ.

കുടിപതി-വീട്ടുജമാനൻ.

കുടിപാട്-വാസസ്ഥലം, പാർപ്പിടം.

കുടിപുറപ്പെടുക-വീടുവിട്ടു പോവുക. [സ. ക്രി. കുടിപുറപ്പെടുവിക്കുക.]

കുടിപൂകൽ-വിവാഹം കഴിഞ്ഞാൽ ഉത്താവിന്റെ ഭവനത്തിലേയ്ക്കു പോവുക.

കുടിപ്പക-കുടുംബത്തോടുകൂടിയുള്ള ശത്രു.

കുടിപ്പഴി-കുടിപ്പക.

കുടിപ്പററ്-പണ്ടാരവകയ്ക്കു ചെല്ലുവാനുള്ള കരം വകയിൽനിന്നും കണക്കെഴുതാതെ ഉദ്യോഗസ്ഥന്മാർ കുടിക്കുത്തിനു പറയുന്ന ദ്രവ്യം.

കുടിപ്പോകൽ-കുടിപോകൽ.

കുടിമ-ഫ. പാർക്ക. വ. മറ്റൊരാളുടെ വസ്തുകൊണ്ടു ജീവിക്ക.

കടിമരിക്കം-കടികളുമായിട്ടുള്ള ഇണക്കം
കടിമരിങ്ങ്-കടിമരിക്കം.
കടിമരിങ്ങുക-ഇണങ്ങിപ്പാർക്കുക.
കടിമാറുക-ക്രി. പശുക്കിടാങ്ങൾ നാമ്പറം മുലകുടിമാറുക. വ. ഭേദനം മററാം ഭക്ഷിക്കിലാക്കിപ്പാർക്കുക.
കടിമാററം-കടിമാറുക.
കടിയൻ-മൃഗപാന്തി.
കടിയപ്പൻ-ചിററപ്പൻ.
കടിയാൻ, കടിയാനവൻ-ക്രി. വീട്ടുകാരൻ. വ. പാട്ടം കൊടുക്കുന്നവൻ (ഇടകുടിയാൻ)
കടിയാസ്ഥ-ക്രി. പാർക്കുന്ന സ്ഥലം. വ. കടിയാന്റെ അവസ്ഥ.
കടിയിരിക്കുക-പുരവെച്ചു പാർക്കുക
കടിയിരിപ്പ്-ക്രി. കുടിവെച്ചു പാർക്കുക. വ. കഴിഞ്ഞ്വ.
കടിരം-കട്ടിൽ
കടില-വി. ക്രി. വളവുള്ള, വളഞ്ഞുഗമിക്കുന്ന. വ. ചതിവുള്ള, കള്ളമുള്ള. [അകടില എന്ന ശബ്ദം നോക്കുക]
കടിൽ-കച്ചവടത്തിനായിട്ടും മറവും ചെറുതായിട്ടു കെട്ടിയുണ്ടാക്കിയ പുര, മാടപ്പുര.
കടിലത-ക്രി. വളവ്. വ. ചതിവ്.
കടിലപുഷ്പികാ-ചോനകപ്പുല്ല്.
കടിലം-ക്രി വളഞ്ഞത്. വ. തകരം. ന. ശംഖ്.
കടിലവിധി-ദുർഭേദം.
കടിലാ-ക്രി. സരസ്വതീനദി വ. ചോനകപ്പുല്ല്.
കടിവരവ്-ക്രി കടിയാനവന്മാരിൽ നിന്നുള്ള വരവ്. വ. കല്യാണം കഴിഞ്ഞിട്ടുള്ള ഭാര്യാഭർത്താക്കന്മാരുടെ വരവ്.
കടിവഴക്ക്-ക്രി. കടികൾ തമ്മിലുള്ള വഴക്ക്. വ. പുലയരുടെ ഇടയിൽ സ്ത്രീകളെക്കുറിച്ചുണ്ടാകുന്ന തർക്കം.
കടിവററുക-നാല്ക്കാലികളുടെ കറവ മാറുക.
കടിവാങ്ങുക-മാറിപ്പാർക്കുക.
കടിവാരം-കൃഷിക്കാരുടെ അംശം.
കടിവില-കടികളിൽ നടപ്പായി വിളുന്ന വില.
കടിവെയ്ക്കുക-കല്യാണംകഴിച്ചുഭാര്യയെ തന്റെ ഭവനത്തിലേയ്ക്കു കൊണ്ടുവരുക.
കടിശോധന-സർക്കാരിൽ നിന്നും കടികളിൽ ശോധനചെയ്യിപ്പിക്ക.
കടിശ്ശിക-കരംവകയിൽ നിന്നും കൊടുക്കാതെ കടിയാന്റെ പററിൽ നില്ക്കുന്ന ദ്രവ്യം.
കടീ-ക്രി. ഭാര്യ. വ. ഭവനം, ഇരിപ്പിടം.
കടീകാ-കട്ടിൽ.
കടീരകം, കടീരം-ക്രി. കട്ടിൽ വ. തൊണ്ട്. [അകടീരം എന്നതു നോക്കുക.]
കടു-വി. ചെറുതായ, ഇടുക്കായ, അടവായ.
കടുകടുക്കുക-കടുകടെ ശബ്ദിക്കുക.
കടുകടുപ്പ്-കടുക്കയിൽ കല്ലോമററോ ഇട്ടു കലുക്കിയാലുള്ള ശബ്ദം.
കടുക്കുടെ-അ. വായ് ചുരുങ്ങിയ പാത്രത്തിൽകൂടെ വെള്ളം ഒഴുകുന്ന ശബ്ദം.
കടുക്ക-ക്രി കൊച്ചു വായുള്ള പാത്രം, ചുരക്കുടുക്കയും മററും. വ. തലയോട്ട്.
കടുക്കം-ക്രി. അകപ്പെടുക. വ. കടുങ്ങുക.
കടുക്കി-ജന്നൽ.
കടുക്ക്-ക്രി കടുക്ക്. വ. കടുക്കിടുക. ന. ഇടുക്ക്.
കടുക്കുക-ക്രി. കടുക്കിലാക്കുക, കടുക്കിലകപ്പെടുവിക്കുക. വ. കറിയുള്ള വസ്തു പാത്രത്തിലിട്ടു കലുക്കുക.
കടുങ്കകം-വള്ളിക്കടിൽ.
കടുങ്ങുക-ക്രി കടുക്കിൽ അകപ്പെടുക. വ. അകപ്പെടുക ന. കലുങ്ങുക. ര. കടുക്കയിൽ കല്ലോ മററോ ഇട്ടു കടുക്കുമ്പോൾ ഉള്ള ശബ്ദംപോലെ ശബ്ദമുണ്ടാവുക.

കുട്ടന്ന-മുകൾഭാഗം, ശിരസ്സ്.

കുട്ടംബകം-പുരണകപ്പല്ല്.

കുട്ടംബക്കാരൻ-കുടുംബമുള്ളവൻ, ഭാര്യയും പുത്രനും ഭവനവുമുള്ളവൻ.

കുട്ടംബപ്രതിഷ്ഠ-വിവാഹം.

കുട്ടംബം-മ. വീട്ട, ഭവനം. ഉ. സന്തതി.

കുട്ടംബവ്യാപൃതൻ-എപ്പോഴും കുടുംബസംരക്ഷണത്തിനായി യത്നിച്ചുകൊണ്ടിരിക്കുന്നവൻ.

കുട്ടംബി-വി. കുടുംബമുള്ള.

കുട്ടംബി-കുടുംബമുള്ളവൻ, ഗൃഹസ്ഥൻ.

കുട്ടംബികൻ-ഒരു കുടുംബം രക്ഷിപ്പാനുള്ളവൻ.

കുട്ടംബിനി-മ. ഭാര്യ.

[കുടുംബിനി എന്നാൽ ഭർത്തൃ പുത്ര ഭൃത്യാദികളോടുകൂടിയവളും അവരുടെ സംരക്ഷണത്തിൽതന്നെ സദാ വ്യാപൃതയുമായ സ്ത്രീയാകുന്നു. കുടുംബിനി= കുടുംബം ഉള്ളവൾ. കുടുംബം=താൻ പോഷിപ്പിക്കേണ്ട പുത്രഭൃത്യാദികൾ. കഡുംബിനി എന്നു ചിലർ രണ്ടാമത്തെ അക്ഷരം 'ഡ'കാരമാക്കി പഠിക്കുന്നുണ്ടു്. 'ട'കാരമാണു വേണ്ടതു്]

ഉ. ഒരു ചെടി.

[വ്രണം, ചൊറി, കഫം. പിത്തം മുതലായവക്കു നന്നു്. എരിക്കാപോലെ ഇലയും പാലുമുള്ളതാണു്. പടരുന്നതല്ല. സംസ്കൃതത്തിൽ-അർക്കപുഷ്പി. തമിഴിൽ-വലിയമ്മാൻപച്ചരിചി].

കുട്ടമ-മ. കരുകിന്റെ താഴെയും മുകളിലുമുള്ള വൃക്ഷം. ഉ. ഹിന്ദുക്കളിൽ പുരുഷന്മാർ ക്ഷൌരംചെയ്യിക്കുമ്പോൾ മിച്ചമായിട്ടു നിറുത്തുന്ന തലമുടി. പര്യായങ്ങൾ-ശിഖ, ചൂഡാ, കേശപാശി.

കുട്ടമച്ചാത്തൻ-കുടുമിച്ചാത്തൻ. [അതുപം നോക്കുക].

കുട്ടമത്തുള്ള-കുടുമ ചെലുത്തുന്ന ഇല.

കുട്ടമി-ഹിന്ദുക്കളുടെ കുടുമ.

കുട്ടമ്മ-കുടുമ. പര്യായങ്ങൾ-ശിഖ, ചൂഡ, കേശപാശി.

കുട്ടമ്മിക്കാരൻ-ഇടിയൻ.

കുട്ടമ്മിച്ചാത്തൻ-ഒരു മാതിരി പക്ഷി. കുടുമച്ചാത്തൻ എന്നും പറയുന്നുണ്ടു്. പര്യായങ്ങൾ-കലിംഗൻ, ഭൃംഗൻ. ധൂമ്യാടൻ.

[മാംസം മിക്കവാറും കരികിലിന്റെ തിനോടൊപ്പമാണു്. ഇതിന്റെ തലയിൽ മഞ്ഞനിറമുള്ള കുടുമയുണ്ടു്. തമിഴിൽ കുടുമിക്കടുവൻ].

കുട്ടമ്മിച്ചെട്ടി-കുടുമിക്കാരൻ.

കുട്ടമ്മിയവൽ-ഇടിയനുണ്ടാക്കുന്ന അവിൽ.

കുട്ടവാ,കുട്ടവാപ്പെട്ടി-പനയിൽനിന്നു് അക്കാനി എടുത്തൊഴിക്കുന്നതിനുള്ള ഒരു പാത്രം. [കുടുക എന്നുമുണ്ടു്].

[ഇതു പനയോലകൊണ്ടുണ്ടാക്കുന്നു. ചെറുതും വലുതും രണ്ടുതരമുണ്ടു്].

കുട്ടസ്സ്-വി. ഇട കാണാത്ത, സ്ഥലവിസ്താരം കുറഞ്ഞ.

കുട്ടി-മ. പെൺ പന്നി. ഉ. കുറുക്കൻ. ന. നാട്ടുപന്നി

കുട്ടികം-മ. ചെമ്പുകൊണ്ടുള്ള ഒരു മാതിരി പാത്രം.

'കട്ടിലും മെത്തകളും കുടുകം ചട്ടുകങ്ങൾ'
(പ്രദോഷമാഹാത്മ്യം ഉള്ളൂർ)

ഉ. കഴവി.

കുട്ടൻ-മ. ഒരു മത്സ്യം. ഉ. ചെറുക്കൻ. ന. കുറുക്കൻ.

കുട്ടനം-മ. ചതയ്ക്കുക, അടിക്കുക, വെട്ടിക്കുക. ഉ. ശകാരിക്കുക, കാറിപ്പറയുക. [അകുട്ടനം എന്നു നോക്കുക].

കുട്ടനാട്ട്-അമ്പലപ്പുഴ മുതലായ പ്രദേശം

കുട്ടനി-വിടന്മാരെയും വേശ്യമാരെയും അന്യോന്യം പാട്ടത്തിലാക്കി വിടന്മാരുടെ പക്കൽനിന്നു പണം കയ്ക്കലാക്കി ഉപജീവിക്കുന്നവൾ.

കട്ടമിതം-നായികാശ്രിതങ്ങളായ ഉപ്യ- അലങ്കാരങ്ങളിൽ ഒന്ന്. കേശസ്തനാധ രാദികളെ ഗ്രഹിക്കുന്ന സമയം വാസ്തവ ത്തിൽ സന്തോഷംതന്നെയെങ്കിലും പരി ഭ്രമംകൊണ്ടു തലയും കൈയും കുടഞ്ഞു കളക.

കട്ടാക-വി. മാറിക്കുന്ന.

കട്ടാകം-ചതവു്, ഇടി.

കട്ടാടൻ-മകരത്തിൽ കൊയ്യുന്ന ഒരുവക നെല്ലു്.

കട്ടാരം-പു ത്യജിപ്പു്. ഉ. സ്ത്രീസംഗം.

കട്ടി-പു. മൃഗങ്ങളുടെയും മററും കുഞ്ഞു്. ഉ. പട്ടിക്കുട്ടി. ന. മനുഷ്യരുടെ കുഞ്ഞു. പര്യായങ്ങൾ-പോതൻ, പാകൻ, അർഭ കൻ, ഡിംഭൻ. പൃഥുകൻ, ശാബകൻ, ശിശു [പോതാ, പാകാ, അർഭകാ, ഡിംഭാ, പൃഥുകാ-സ്ത്രീ].

കട്ടിക്കരണം-തല നിലത്തുകുത്തി ശരീ രം മറിക്കുക.

കട്ടിച്ചാത്തൻ-ഒരുമാതിരിസേവാമൂർത്തി.

കട്ടിച്ചുവരു്-പു. ഇടിഞ്ഞ മതിൽ ഉ. നാശം.

കട്ടിനീ-വേശ്യയിൽ പ്രധാന്യമുള്ളവൾ.

'കട്ടിനീതാമേ ലക്ഷ്മിക്കുട്ടി നീ കേട്ടുകൊള്ളു

(പൂരപ്രബന്ധം) [ക'

കട്ടിമം-പു. കടിൽ, ചെറിയ വീട്ടു്. [അകട്ടിമം എന്നതു നോക്കുക]. ഉ. പ ട്ടക്കെട്ടു സ്ഥലം, കെട്ടിപ്പട്ടത്തെരം മുത ലായതു്. ന. ഭൂമിമാതൃം.

കട്ടിയിട്ടക-മൃഗങ്ങൾ പ്രസവിക്കുക.

കട്ടിഹാരിക-ഭൃത്യ, അടിമ.

കട്ടിസ്സുഞ്ചി-മടിശ്ശീല.

കട്ടീരകം-കടിൽ.

കട്ടീരം-ചെറിയ മല.

കട്ടീശാരം-നാശം.

കട്ടു്-പു. വിരൽകൊണ്ടു മറെറാരുത്തന്റെ തലയിൽ ഇടിക്കുക. ഉ. കൈ ചുരുട്ടി മറെറാരുത്തനെ ഇടിക്കുക.

കട്ടക-ഇടിക്കുക, വിരൽകൊണ്ടു തല യിൽ ഇടിക്കുക, കിഴുക്കുക.

കട്ടപ്പായൽ-കടപ്പായൽ.

കട്ടപ്പാള-പാമ്പു കുത്തിയുണ്ടാക്കുന്ന ഒരു മാതിരി പാത്രം.

കട്മലകം-കരുത്ത ആമ്പൽ.

കട്മള-വി. വിരിഞ്ഞ.

കട്മളം,കഡ്മളം-പൂവിന്റെ കാരണ മായ മൊട്ടു്. [അകട്മളം എന്നതു നോ ക്കുക].

കടാരം-മോരു്.

കഠം-വൃക്ഷം.

കഠരം,കടരം-പു. കടകോൽത്തണ്ടു്. ഉ. കടകോൽ കെട്ടുന്ന തൂണി ന്റെ (കയറി ന്റെ) പേർ. ന. ഗുരുതല്പാശ്രാത്തിന്റെ അടപ്പുപലക. ഗതിയെ തടസ്സപ്പെടുത്തു ന്നതെന്നർത്ഥം.

കഠാരം-മഴു, കോടാലി, വെണ്മഴു. പഴു തില്ലാത്തേടത്തുകൂടി പ്രവേശിക്കുന്നതെ ന്നർത്ഥം.

കഠാരി-കോടാലി.

കഠാരു-കരഞ്ഞു്.

കഠിമം-മാതളനാരകം.

കഠേരകാ-തുളസി. കണ്ണമായി മേിക്കുന്ന തെന്നർത്ഥം.

കഠേരം-അഗ്നി.

കഡംഗം-വള്ളിക്കുടിൽ.

കഡച്ഛഞ്ചി-നെപ്പാവൽ.

കഡികാ-മണ്ണുകൊണ്ടോ മരംകൊണ്ടോ ഉണ്ടാക്കിയ പാത്രം.

കഡുംബം, കഡവം-നാഴി, ഇടങ്ങഴി യിൽ നാലിലൊരു ഭാഗം.

കഡുംഗകം-വള്ളിക്കുടിൽ.

കഡ്യച്ഛരി-ഉരത്തു മോഷ്ടിക്കുന്നവൻ

കന്ധ്യാം–ചുവര് (ചുമര്). കടിയിൽ (ഗൃഹത്തിൽ) വരുമെ ഉപയോഗപ്പെട്ടതെന്നർത്ഥം.

കണഞ്ജ(ര)ം, കണഞ്ജി–കാട്ടുചീര.

കണപാം–ശവം, ശബ്ദിക്കുന്നതു. വിപരീതലക്ഷണയാ ശബ്ദിക്കാത്തതെന്നുമാകാം.

കണി–ഫ. ചൊങ്കൊകൈയൻ. കുത്സിതമെന്ന് പറയപ്പെടുന്നവൻ എന്നർത്ഥം. രോഗാദികൊണ്ടു കൈകൾ തകരാറ പററിയവൻ. വ. പൂവരശ്ശു, പടുകരണ. ഇലകൾ ഒടിക്കുമ്പോൾ ശബ്ദിക്കുന്നതെന്നർത്ഥം.

കണരക്കം–ഇളക്കം.

കണരക്ക്–മാപ്പിളമാരിൽ ചില ജാതിക്കാരുടെ സ്ത്രീകൾ കാതിലിടുന്ന ഒരാഭരണം.

കണരങ്ങുക–തലയോ ശരീരമൊ ഇളക്കുക [സ. ക്രി. കണരക്കുക].

കണ്ട്–ഫ. കുഴി, ആഴം. വ. കയം, വെള്ളം അധികമുള്ള കുഴി.

[കണ്ടുള്ളപ്രദേശം (നിലയില്ലാത്തവിധം)–അഗാധം, അതലസ്പർശം.]

കണ്ട–ഫ. മീൻകൊട്ട. വ. തുറ ന. വൃത്തിയില്ലാത്ത സ്ത്രീ ൪. ദാസി.

കണ്ടക–വി. തടിച്ച.

കണ്ടക്കംമണ്ടക്കം–അ. അങ്ങോട്ടും ഇങ്ങോട്ടും വെറുതെ മാറിനടക്കുക.

കണ്ടണി–ഇല്ലാത്തദോഷം മറ്റൊരാളോട്ടു പറക, ഏഷണി.

കണ്ടണിക്കാരൻ–ഇവന്റെ ദുഷ്യം അവനോടും അവന്റെ ദുഷ്യം ഇവനോടും പറഞ്ഞ് അവരെ തമ്മിൽ ഭിന്നിപ്പിക്കുന്നവൻ.

കണ്ടൻ–വി. ആഴമുള്ള.

കണ്ടപ്പണി–കീഴൂരം (വെല)യൊഴിൽ

കണ്ടപ്പുല്ല്–ഒരുവക മണമുള്ള പുല്ല്.

കണ്ടപ്രവൃത്തി–അടിമവേല.

കണ്ടം–കണ്ടു.

കണ്ടളപ്പാല–ഒരുമാതിരി ചെടി.

കണ്ടളപ്പുഴ–ഒരുവക പുഴ.

കണ്ടറ–ഫ. അകത്തെ കാരാഗൃഹം. വ. നിലവറ

കണ്ടാമണ്ടി–കണ്ടണി, നുണ.

കണ്ടി–ഫ. ചന്തി. വ. ഒരുവക കൊച്ചു പാത്രം. ന. കരിമ്പിൻകക്ഷണം. ൪. അരഞ്ഞി എടുത്ത കപ്പൽമരങ്ങ.

കണ്ടിയാട്ടി–ഉരയാടിപ്പക്ഷി.

കണ്ടിലവു്–ഒരുമാതിരി ഇലവുമരം.

കണ്ടുകണ്ണു്–കുഴിഞ്ഞകണ്ണ്.

കണ്ടു പവഴം–ഒരാഭരണം.

[പ്രധാനമായി ബ്രാഹ്മണസ്ത്രീകൾ അണിയുന്നു. വളരുടെയും കാപ്പിന്റെയും കൂടെയിടുന്നതാണ്. ആദ്യഗർഭത്തിലേ ഇടുകയുള്ളു. ആറാംമാസത്തിലൊ ഏഴാംമാസത്തിലൊ ഒരു നല്ല ദിവസംനോക്കിയിടും.]

കണ്ടുമുത്തങ്ങാ– മുത്തങ്ങയിൽ ഒന്നു. പര്യായങ്ങൾ–ചൂഡലാ, ചക്രലാ, ഉച്ചലാ

കണ്ടൂളം ഒരുതരം വള്ളം, വളുക്കഴിയില്ലാത്ത ഉരം.

[ഇളു കന്നുകാലികളുടെ ചാണകവും, മൂത്രവും, കിടക്കുന്നതിനു അവയെല്ലാം വിരിച്ചുകൊടുക്കുന്ന വയ്ക്കോൽ ക്രമേണ ദ്രവിച്ചു പൊടിയായി ഒരു കുഴിയിലിട്ടു സൂക്ഷിക്കുന്നതാകുന്നു.]

കന്ന–വി. ഫ മടയുള്ള വ. രോഷമുള്ള. ന. പ്രവൃത്തികൾക്ക സാമർത്ഥ്യമില്ലാത്ത, ഉത്സാഹമില്ലാത്ത, ചുറുചുറുക്കില്ലാത്ത. ൪ മടങ്ങിയ. ൫. ബുദ്ധിഹീനതയുള്ള. ൬. ബലഹീനതയുള്ള, ഒന്നു [കഞ്ഞ എന്ന ശബ്ദം നോക്കുക]

കന്നക–വി. മിടുക്കിയായ.

കന്നത, കന്നതാം–ഫ മടക്കം. വ. മടി.

കണ്ടാവം-ഫ സങ്കടം. വ. മടക്കം, വല്ലായ്മ, വിപരീതഭാവം.

കന്റാ-പ്രവൃത്തികളിൽ മന്ദതകാണിക്കുക, മടി.

കന്റാ-പ്രതിബന്ധം.

കന്റിത-വി. ഫ മൂൎച്ചകെട്ടത്തിട്ടുള്ള വ. അംശഹീനതയുള്ള ന. ബുദ്ധിഹീനതയുള്ള ർ. സ്ഥിരതയില്ലാത്ത.

കന്റിതൻ-പരവശൻ.

കന്റിമം-വിഷാദം, ദുഃഖം.

കന്റോത്തരം-അ ഫ. മടിക്കൂടാതെ വ. ഉത്സാഹത്തോടെ

കണ്ഡഗോലകം-കാടി.

കണ്ഡൻ-ഭൎത്താവു ജീവിച്ചിരിക്കുമ്പോൾ വ്യഭിചാരത്തിൽ ഉണ്ടായ പുത്രൻ.

കണ്ഡഭാവം-അതൃപ്തി.

കണ്ഡ-ഫ കുഴി. വ. ഹോമകുണ്ഡം. ന. കുടം. ർ. പൊയ്ക. ഇ. കലം. ഇതിൽ അരി വേവിക്കുന്നതിനാൽ ഈ പേർ വന്നു.

കണ്ഡാഗം-ഇഞ്ച.

കണ്ഡലപ്പാല-ഒരു മരം. അമ്പൂരി എന്നും പറയും. മുളക് മുതലായതിനെ വെയിലിൽ ചാടിക്കും വിഷത്തിന് നന്ന്. കായ് വല്ലകത്തിനു കൊള്ളാം.

കണ്ഡലം-ഫ. കാതില കാതിനെ രക്ഷിക്കുന്നത് എന്നൎത്ഥം. സ്ത്രീകളും പുരുഷന്മാരും ധരിക്കുന്ന കൎണ്ണാഭരണം. മററൊരുപൎയ്യായം കൎണ്ണവേഷ്ടനം. വ. പുസ്തകത്തിൽ ചില അവസാനങ്ങളിൽ ഇടുന്ന ഒരടയാളം.

കണ്ഡലി-വി. കന്ധലമുള്ള [ലി, ലിനി, ലി]

കണ്ഡലി-ഫ പാമ്പ്. ചുരുണ്ടുകിടക്കുന്നവൻ എന്നൎത്ഥം.

'കണ്ഡലിവരനൊരാവനന്ധചമനന്നാകിലും'

(വാല്മീകിരാമായണം)

വ. കാക്കപ്പന്നിച്ചം. ന. നായ്ക്കുണണ. ർ. വൻകുന്നു ഇ. ചിററമൃത്. ന്ന. നാഗതാളി. ഐ. മലയകത്തി. ഷ. മയിൽ. ൻ. പുള്ളിമാൻ.

കണ്ഡലിനി-ഫ. ചിററമൃത്. വ. മൂലധാരമെന്ന ചക്രത്തിൽ സ്ഥിതിചെയ്യുന്ന ഒരു ശക്തി.

കണ്ഡലീശ്വരൻ-സൎപ്പരാജാവ്.

കണ്ഡിനം-വിദൎഭരാജ്യത്തിലെ തലസ്ഥാനം.

'കുണ്ഡിനമെന്നുപ്രസിദ്ധമതാംഭൂവി
മണ്ഡനമാകിയ നഗരംതന്നിൽ'

(പ്രദോഷമാഹാത്മ്യം തുള്ളൽ)

കണ്ഡി-ഫ. വ്രതികളുടെ ജലപാത്രം, കിണ്ടി, പള്ളവിൽത്തും വായ് കുറകിയതുമായ ഒരു പാത്രം. മററൊരു പൎയ്യായം-കമണ്ഡലു. വ. കുണ്ഡൻ. ന. കതിര ഉപകരണമായിട്ടുള്ളതെന്നൎത്ഥം.

കണ്ഡികാ-ജലപാത്രം, കമണ്ഡലു

'കുണ്ഡിനനരപതി ഭീഷ്മകനമ്പൊടു'
കണ്ഡികതന്നിൽ നിറച്ചോരു ജലവും'

(രുഗ്മിണീസ്വയംവരം തുള്ളൽ)

കണ്മണി-വളരെ ചെറുത്.

കന്നി-പുരുഷൻെറ ലിംഗം. [സഭ്യമല്ല]
[പൎയ്യായങ്ങൾ-ശിശ്നം, മേഢ്രം, മേഹനം, ശേഫസ്സ്].

കത-മരത്തിലും മററും ചവുട്ടിക്കേറുവാൻ വെട്ടിയുണ്ടാക്കിയ പഴുത്

കത-അ. എവിടെനിന്ന്, എന്തികൽനിന്ന്.

കതപൻ-പെണ്ണുങ്ങളുടെ മകൻ

കതപം-പകലിൻെറ എട്ടാമത്തെ അംശം. ഈ സമയത്തു സൂൎയ്യൻ ഭൂമിയെ തപിപ്പിക്കുന്നതുകൊണ്ട് ഈ പേരുണ്ടായി.

['ത്രൈമുത്രിംശദഹോരാത്രഃ' എന്നതുകൊണ്ട് ൩൦ മുഹൂൎത്തമുള്ള രാവു പകലാണെന്നും അതിൽ ൧൫ മുഹൂൎത്തം ഒരു പകലാണെന്നും സിദ്ധമാണ്.]

വ. കമ്പിളി ന. വെളുത്ത പശു.

കുതപ്പ്-കുത

കുതം-കുതിപ്പ്, ചാടുന്നതിനായിട്ടു പൊങ്ങുക, ചാട്ടം.

കുതരുക-കുത്തുക, കുടയുക, കുതറുക.

കുതള-കട്ടമയും ചിറകുംവെളുത്തകഴുകൻ. [ഇതിന്റെ മാംസം വാതം, ക്ഷതം, ഗ്രഹണി, ക്ഷയം, അൎശസ്സ്, നേത്രരോഗം, ഗുഹ്യരോഗം ഇവകൾക്കു നന്ന്, മെലിഞ്ഞവൎക്ക് ഉത്തമം. സം—ഭാസം]

കുതറൽ-ഉതറൽ, ഒരുത്തൻ പിടിച്ചാൽ തന്റെ ബലംകൊണ്ടു പിടിയിൽനിന്നു മാറുക, ഉതറുക.

കുതറുക-പ്ര. കീറുക, കുത്തിക്കീറുക. വ. ഉതറുക. ന. കുത്തുക. ദ. കുടയുക. ഇ. ഛിന്നഭിന്നമാക്കുക.

കുതി-പ്ര. കുതികാൽ. വ. കുതിപ്പ്.

കുതികാൽ-കാൽ, പാദത്തിന്റെ പുറകിലെ പാദം.

കുതികാൽവെട്ടി-പ്ര. ചതിയൻ. വ. [illegible]ക്കപ്പെടുന്നവന്റെ കുതികാൽ വെട്ടുന്നവൻ.

കുതിക്കുക-ചാടുന്നതിനായിട്ടു മേല്പെട്ടു പൊങ്ങുക.

കുതിചി-ഒരു ചെറിയ പക്ഷി.

കുതിഞരമ്പ്-കുതികാലിന്മേലുള്ള ഞരമ്പ്.

കുതിപ്പ്-പ്ര. ചാടുന്നതിനായിട്ടു കാൽ പൊക്കുക. വ. വെള്ളം തിളക്കുക.

കുതിര-പുറത്തുകേറി ഓടിക്കുന്നതിനും യുദ്ധത്തിനും മററും ഉപകാരമുള്ള ഒരു മൃഗം. പൎയ്യായങ്ങൾ—ഘോടകം, പീതി, തുരഗം, തുരംഗം, അശ്വം, തുരംഗമം, വാജി, വാഹം, അൎവ്വാവ്, ഗന്ധൎവ്വം, ഹയം, സൈന്ധവം, സപ്തി. [മാംസം വാതത്തിനും നേത്രരോഗത്തിനും നന്ന്. മൂത്രത്തെ വൎദ്ധിപ്പിക്കും.]

കുതിരകെട്ട്-മുളയും വയ്ക്കോലുംകൊണ്ട് കുതിരയുടെ രൂപം കെട്ടിയുണ്ടാക്കുക.

കുതിരക്കാരൻ-കുതിരയെ മേയ്ക്കുന്നവൻ.

കുതിരക്കാഗ്രാം-മുതിര വേവിച്ചത്.

കുതിരക്കാൽ-പ്ര. കുതിരയുടെ കാൽ. വ. ചതുരംഗക്കളിയിൽ കുതിരയെ വെയ്ക്കുന്നതിനുള്ള ക്രമം.

കുതിരച്ചമയം-കുതിരയ്ക്കു വേണ്ടുന്ന അലങ്കാരം.

കുതിരച്ചമ്മട്ടി-കുതിരയെ അടിക്കുന്ന വാറ്.

കുതിരച്ചാണി-കുതിരയെ ഓടിക്കുന്നതിനു അഭ്യസിക്കുന്നവൻ.

കുതിരച്ചിറാലിപ്പ്-കുതിരയുടെ കരച്ചിൽ.

കുതിരച്ചേവകൻ-കുതിരക്കാരൻ, കുതിരപ്പടയാളി.

കുതിരച്ചേണം-കുതിരക്കോപ്പ്, ജീനിയും മററും.

കുതിരപ്പട-കുതിരപ്പട്ടാളം, കുതിരകളെയും കൂട്ടിയുള്ള യുദ്ധം.

കുതിരപ്പന്തി-കുതിരയുടെ നിര. പൎയ്യായങ്ങൾ വാജിശാല, മന്ദുരാ

കുതിരപ്പല്ല്-കുതിരയുടെ പല്ല്. [കണ്ണുചികിത്സക്കുപയോഗം]

കുതിരപ്പൽപാഷാണം-ഒരുവക പാഷാണം, ഒരു വിഷമുള്ള മരുന്ന്. [ഇതു സന്നിക്കു നന്ന്]

കുതിരപ്പാവാൻ-കുതിരക്കാരൻ.

കുതിരപ്പുറ-ഞാണിന്മേൽകളിക്കാരുടെ ഒരുമാതിരി ചാട്ടം. വ. കുതിരയുടെ പുറം.

കുതിരമുഖം-പ്ര. മുഴങ്കാലിന്റെ എല്ല്. വ. കുതിരയുടെ മുഖം.

കുതിരമുടി-കുതിരയുടെ കഴുത്തിലുള്ള രോമം.

**കുതിരയങ്കവടി** - കുതിരപ്പുറത്തു കേറുമ്പോൾ ചവിട്ടി കേറുന്നതിനുള്ള ഒരു സാധനം (അങ്കവടി).

**കുതിരയിടുക** - കുതിർക്കുക, കുതിർക്കുന്നതിനായിട്ടുള്ള വെള്ളത്തിൽ ഇടുക.

**കുതിരലാടം** - കുതിരയുടെ കാലിൽ തറയ്ക്കുന്ന ഇരിമ്പ്.

**കുതിരലായം** - കുതിരപ്പുര.

**കുതിരവലി** - മൃഗങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന ഒരു വക ദീനം.

**കുതിരവാപ്പ്** - ഒരു വക കരപ്പൻ.

**കുതിരവാലിപ്പുല്ല്** - ഒരു മാതിരി പുല്ല്.

**കുതിരുക** - നനഞ്ഞു വീർക്കുക, നനഞ്ഞു മൃദുത്വമുള്ളതാവുക. [സ. ക്രി. കുതിർക്കുക].

**കുതിർച്ച** - നനവ്, ഈറം.

**കുതിർപ്പ്** - കുതിർക്കുക.

**കുതിർമ്മ** - കുതിർച്ച.

**കുതുകം** - ൧. താല്പര്യം, ഉത്സാഹം. ൨. ആഗ്രഹം. ൩. സന്തോഷം. പാപത്തെ നശിപ്പിക്കുന്നത്. കുതുവിനെ (തോലുകൊണ്ടുണ്ടാക്കിയ എണ്ണക്കുടത്തെ) ശബ്ദിപ്പിക്കുന്നത് ഇങ്ങനെ അർത്ഥം. [അ കൗതുകം എന്ന ശബ്ദം നോക്കുക].

**കുതുകുതെ** - അ. തിളയ്ക്കുന്ന ശബ്ദം.

**കുതുപം** - ചെറിയ തോൽക്കുടം.

**കുതു** - തോൽക്കുടം, തോൽകൊണ്ടുണ്ടാക്കിയ എണ്ണക്കുടം. കുത്സിതമായി ഉണ്ടാക്കപ്പെടുന്നത് എന്നർത്ഥം.

**കുതൂഹല** - വി. ൧. ആശ്ചര്യം ജനിപ്പിക്കുന്ന. ൨. വിശിഷ്ടതയുള്ള. ൩. താല്പര്യമുള്ള ൪. യശസ്സുവഹിച്ച

**കുതൂഹലം** - ൧. താല്പര്യം. ൨. താല്പര്യം ജനിപ്പിക്കുന്ന വസ്തു. ൩. ആഗ്രഹം.

**കുതൃണം** - ൧. നാന്മുകപ്പുല്ല്. ൨. കടകപ്പായൽ.

**കുതഃ** - അ. യാതൊരു സ്ഥലത്തുനിന്നും യാതൊരു കാരണംകൊണ്ടു, എവിടെനിന്നു, എന്തിൽനിന്ന്. [അകുതോഭയ എന്ന പദം നോക്കുക]

**കുത്തക, കുത്തത** - ൧. ചില കച്ചവടത്തിനും മറ്റുമുള്ള ഉടമ്പടി. ൨. ഉടമ്പടിയായിട്ട് ഏറ്റുവാങ്ങിച്ചു കച്ചവടം ചെയ്യുന്ന സ്ഥലം.

**കുത്തകക്കാരൻ** - കുത്തകയിൽ ഒരു വേല നോക്കുന്നവൻ, കുത്തകയായിട്ട് ഏറ്റവൻ.

**കുത്തിക്കവരുക** - ബലത്തോടെ മോഷ്ടിക്കുക, കൊള്ളയിടുക.

**കുത്തിക്കവർച്ച** - കൊള്ള.

**കുത്തിക്കൂട്ടുക** - കൊച്ചു വീടുണ്ടാക്കുക.

**കുത്തിക്കെട്ടുക** - തുന്നിത്തൈയ്ക്കുക.

**കുത്തിക്കൊല** - ആയുധംകൊണ്ടു കുത്തിക്കൊല്ലുക.

**കുത്തിക്കൊല്ലി** - കൊലപാതകൻ.

**കുത്തിക്കൊല്ലുക** - ൧. കൂർത്ത ആയുധം കൊണ്ടു കൊല്ലുക. ൨. ചതിക്കുക.

**കുത്തിച്ചാകുക** - തന്നെത്താൻ കൊല്ലുക.

**കുത്തിപ്പറയുക** - കേട്ടാൽ വേദനതോന്നും വിധത്തിൽ പറയുക. ൨. ചൂണ്ടിക്കാണിച്ചു ശകാരിക്കുക.

**കുത്തിപ്പിടിത്തം** - ൧. അമർത്തിപ്പിടിക്കുക. ൨. അതിജാഗ്രതയോടെ ചെയ്യുക.

**കുത്തിപ്പിരിക്കുക** - കോർത്തു വലിച്ചുപിരിക്കുക.

**കുത്തിമറയ്ക്കുക** - ഓലകൊണ്ടോ പനമ്പുകൊണ്ടോ മറയ്ക്കുക.

**കുത്തിയടയ്ക്കുക** - കൈയാലകുത്തി പറമ്പ് അടവാക്കുക.

**കുത്തിയിടുക** - ചില ധാന്യങ്ങൾ കുഴിച്ചിടുക.

**കുത്തിയിരിക്കുക** - കാലുകുത്തിയിരിക്കുക.

**കുത്തിയുടുക്കുക** - ഞൊറിഞ്ഞുടുക്കുക, തറ്റുടുക്കുക.

**കുത്തിയുടുപ്പ്** - ഒരുമാതിരി ഞൊറിഞ്ഞുടുപ്പ്.

കുത്തിയെടുക്കുക-ചിലതു പറിച്ചെടുക്കുക, വേരോടെ എടുക്കുക.

കുത്തിയൊലിക്കുക-പാഞ്ഞൊഴുകുക.

കുത്തിയോട്ടപ്പാട്ട്-കുത്തിയോട്ടത്തിനുള്ള പാട്ട്.

'ചെട്ടികുളങ്ങരെ മാതേവിയമ്മക്ക്
എട്ടുവയസ്സിലെ കുത്തിയോട്ടം
ഇരുവശത്തും ചൂരലിട്ടു
എന്നപ്പെടുത്തുന്ന പാട്ടുകണ്ടോ'
ഇത്യാദി (ഒരു പഴയ പാട്ട്)

കുത്തിയോട്ടം-നേർച്ചകളിൽ ഒന്ന്, പള്ളരണ്ടും തിരുമ്മി ചൊവിയെ നേർവരുത്തി മൊട്ടുസൂചിയെക്കാൾ ഘനം കുറഞ്ഞ വെള്ളിക്കമ്പി വളച്ച് അതിൽ ഉടക്കി അതിന്റെ കഴിയിൽ ചൂരൽ കോർത്തു പിടിച്ചുകൊണ്ടു പോക.

കുത്തില-വാഴയിലകൊണ്ടും മററും കുത്തിയുണ്ടാക്കിയ പാത്രം.

കുത്തിവാരുക-കൊള്ളയിടുക.

കുത്തിവെയ്ക്കുക-വസൂരിയുടെ ചലമോ മററോ കുത്തിവെയ്ക്കുക.

കുത്ത്-പ്ര. കുന്തം, മുള്ള്, മൃഗങ്ങളുടെ കൊമ്പ് മുതലായവയെക്കൊണ്ട് വല്ലതിന്മേലും പ്രയോഗിക്കുക. ഉ. ചില വാക്കുകളുടെ ഇടയിലിടുന്ന ഒരടയാളം. ന. സൂചികൊണ്ടുള്ള തയ്യൽ.

കുത്തുക-പ്ര. കുന്തം മുള്ള, മൃഗങ്ങളുടെ കൊമ്പു മുതലായവകൊണ്ട് വല്ലതിന്മേലും പ്രയോഗിക്കുക. ഉ. സൂചികൊണ്ടു തയ്ക്കുക ന. അബദ്ധമായിട്ട് എഴുതിയ അക്ഷരത്തിനെ വിലക്കുക. ര. വേദനപ്പെടുക.

കുത്തുകട്ടിൽ-കമ്പിത്തുളച്ചു കയറോ വള്ളിയോ കൊണ്ടു കെട്ടിയ കട്ടിൽ.

കുത്തുകര-പ്ര. വസ്ത്രത്തിലുണ്ടാക്കുന്ന ഒരു മാതിരി കര. ഉ. കുത്തുകരയുള്ള വസ്ത്രം.

കുത്തുകല്ല്-വീതി കുറഞ്ഞുള്ള കല്ല്.

കുത്തുകാരൻ-പ്ര. കുത്തുന്നവൻ, വല്ലക്കാരൻ. ഉ. തയ്യൽക്കാരനും മററും.

കുത്തുകാൽ-ആട്ടക്കാരുടെ ഒരുമാതിരി കാൽപ്രയോഗം.

കുത്തുകുലി-ഉന്തുകൂലിയും മററും.

കുത്തുചട്ടകം-വലിയ പാത്രത്തിൽ അരിയിളക്കുന്ന ഇരിമ്പു ചട്ടകം.

കുത്തുചരട്-കമ്പിപ്പിരിച്ച ചരട്.

കുത്തുണി-വരയുള്ള ഒരു വക ശീല.

കുത്തുപണി-തയ്യൽപണി.

കുത്തുപണിക്കാരൻ-തയ്യൽക്കാരൻ.

കുത്തുപനി-തലക്കുത്തുള്ള ഒരുവക പനി.

കുത്തുപരിച-പടപ്പരിച.

കുത്തുപാള-പാളകൊണ്ടു കുത്തിയുണ്ടാക്കിയ പാത്രം.

കുത്തുപുര-പ്ര. നെല്ലും മററും കുത്തുന്നതിനുള്ള പുര, ഉരൽപ്പുര. ഉ. തയ്യൽപ്പുര. ന. പുസ്തകം കുത്തിക്കെട്ടുന്ന പുര.

കുത്തുമതി-കുറവുക.

കുത്തുമുല-സ്ത്രീകളുടെ ചായാത്തമുല.

കുത്തുമൊഴി - ദ്വന്ദ്വം തോന്നത്തക്ക വാക്ക്.

കുത്തുവാക്ക്-കുത്തുമൊഴി, ദ്വന്ദ്വം തോന്നത്തക്കവണ്ണം സംവാദത്തിൽ പറയുന്ന വാക്ക്.

കുത്തുവിളക്ക്-കോൽവിളക്ക്.

'പൊന്നിൻകുത്തുവിളക്കുമായ് പ്രണതരായ്
നിന്നൂസുമിത്രാസുതർ'
(ഉത്തരരാമായണം ചമ്പു)

കുത്ര-അ. എവിടെ.

കുത്രചിൽ-അ. ഒരിടത്ത്, ചിലേടത്ത്.

കുത്രാപി-അ. ഒരേടത്ത്.

കുത്സ-ശകാരം. ഉ. നിന്ദ. അധിക്ഷേപവാക്ക് എന്നർത്ഥം.

കുത്സനം-പ്ര. ശകാരം. ഉ. നിന്ദ.

കുത്സം-വജ്രം.

കുത്സലാ-അമരി.

കുത്സിക്കുക-നിന്ദിക്കുക.

കത്സിത-വി. മ. വെറുപ്പിക്കുന്ന. വ. നീചസ്ഥിതിയിലുള്ള. ന. ദുഷ്ടതയുള്ള. ർ നിന്ദിക്കപ്പെട്ട, നിന്ദ്യമായുള്ള, ജാത്യാചാരകുചാലികളെക്കൊണ്ടു നിന്ദിക്കപ്പെട്ട. 'അകത്സിത' എന്നതു നോക്കുക

കത്സിതം-മ. നിന്ദിക്കപ്പെട്ടതു്. വ. വലിയ നാമ്പുകല്ലു്. ന. കൊട്ടം.

കത്സിതശാല്മലി-കണ്ടിലവു്

കത്സിതാംഗം-കടയു്.

കഥം-മ. ചെമ്പാലിപ്പട്ടം, ആനപ്പുറത്തു വിരിക്കുന്ന കമ്പിളി, വീരവാളിപ്പട്ടു്. രത്നകമ്പിളിയെന്നും കാണുന്നു. ശോഭയുള്ളതെന്നർത്ഥം. വ. കശ, ഭഷ. ബ്രാഹ്മണഹസ്തങ്ങളിൽ ചേരുന്നതെന്നർത്ഥം.

കദേശലക്ഷണചതുഷ്ടയം - പ്രീതി, മാനം, ജാതി, വിദ്യാലയം ഇവയില്ലാത്തതു.

കദ്ദാലം-മ തൂമ്പാ. വ. മലയകത്തി. ഭൂമിയെ പിളർക്കുന്നതെന്നർത്ഥം.

കദ്ര്യം-ചുവരു്, കഡ്യം.

കദ്രവ-വരകു്.

കടാദൻ-ഭക്ഷിക്കുന്നവൻ.

കധാന്യം-തിന മുതലായവ.

കദ്രചൂർണ്ണം-കൽച്ചുണ്ണാമ്പു്.

കദ്രം-പർവ്വതം.

കന-മന.

കനഖം-കഴിനഖം.

കനഖി-കഴിനഖമുള്ള.

കനടം-വലിയ പവകപ്പയ്യാനി.

കനടി മ നായാല കത്സിതയായ നടിയെപ്പോലുള്ളതു് എന്നർത്ഥം. വ. കൊന്തമ്പാലരി.

കനലി-അകത്തി.

കനാളി-പൂഴചിക്കാറ.

കനാമകാ, കനാശകാ-കൊടുള്ളവ ഭൂമിയെ മനുഷ്യസഞ്ചാരക്ഷമമല്ലാതാക്കിത്തീർക്കുന്നതു്, വെരങ്ങാളിള്ളവ.

കനാലികം-കയിൽ.

കനി-ധാതു. മേഹം മുൻവശത്തേയ്ക്കു വളയ്ക്കുക

കനി-മ. കഴിയുക. വ. വളവു്.

കനിക്കാമ്പുറവു്-കരികിമണ്ണു്.

കനികഴക-മ. കനിപ്പിടുക. വ. കനിച്ചുനിറുത്തുക ന. വളയ്ക്കുക

കനിച്ചിൽ-കനിവു്, അല്പമായ വളവു്.

കനിച്ചുഴവ-ഒരുവക നീലപ്പക്ഷി.

കനിപ്പു്-മ. കനിക്കുക, വളയ്ക്കുക. വ. അക്ഷരത്തിൽ കനിപ്പിടുക

കനിയൻ-ഒരുവക വലിയ ഉറുമ്പു്.

കനിയാളൻ - കൃഷികളുള്ള ഒരുതരം അടിമ

കനിയുക-കമ്പിടുക, തല കീഴ്പോട്ടു വളയുക. [കനിക്കുക-സ. ക്രി. കനിപ്പിക്കുക].

കനിവു-കനിച്ചിൽ.

കനിഷ്ഠൻ-കനിഷ്ഠമുള്ളവൻ.

കനിഷ്ഠു്-കശുമ്പു്, മോക്ഷമുള്ള സ്വഭാവം.

കനീലി-പേയമരി.

കന്നുകന്നെ- അ. കൊച്ചുകൊച്ചായിട്ടു വളരെ.

കന്നമാല-വളച്ച വില്ലു്.

കന്നകാരി-മ. മോന്തായം വെയ്ക്കുന്ന തിന ഉത്തരത്തിൽനിന്നു് കൊടുക്കുന്ന തൂണു്. വ. കന്നത്തിൽ ഉറപ്പിക്കുന്ന മരം.

കന്തകോല്-മരക്കന്തം.

കന്തപ്പയറു - കന്തംകൊണ്ടുള്ള ഒരു ഭ്യാസം.

കന്തപ്പാട്ടു്-കല്യാണത്തിനുള്ള ഒരുമാതിരി പാട്ടു്, തച്ചോളിപ്പാട്ടു്.

കന്തപ്പുണ്ണു്-കാലിലുണ്ടാകുന്ന ഒരുമാതിരി വ്രണം.

കന്തം- മ. കണ്ണുവനുള്ള ഒരായുധം. കണ്ണുക എന്നതിൽനിന്നുണ്ടായതു്.

[കുന=മുന] മറെറാരു പര്യായം-പ്രം സം. വ. കാട്ടു കേന്തയ്.

കുന്തൽ-ഛ വിരൽ കുത്തിനടക്കുക. വ. അഹംഭാവം.

കുന്തലം-യവം

കുന്തളദേശം-ഇൻഡ്യായുടെ വടക്കുപടിഞ്ഞാറുള്ള ഒരു രാജ്യം.

കുന്തളം-ഛ. തലമുടി. കുന്തത്തിനെപ്പോലെ ശ്രുത്തതെന്നർത്ഥം. വ. പാനപാത്രം. ന. യവം. ര. മാലാവായ്ക്കു അടുത്ത ഒരു രാജ്യം.

കുന്തളവർദ്ധനം-കയ്യോന്നി.

കുന്തളി-മുടിയൻചീര.

കുന്തളിക-ഛ. നെയ്ത്തവി. വ. മുടിയൻചീര.

കുന്തളോശീരം-ഇരുവേലി.

കുന്താനി-ഉരല്.

കുന്താലി-കല്ലിൽ വെട്ടുന്ന തുമ്പാ.

കുന്തി-ഛ. പാണ്ഡുവിൻെറ ഭാര്യ, പാണ്ഡവരുടെ അമ്മ (ധർമ്മപുത്രർ, ഭീമൻ, അർജ്ജുനൻ ഇവരുടെ അമ്മ. നകുലസഹദേവന്മാരുടെ അമ്മ മാദ്രിയാണ്) വസുദേവരുടെ സഹോദരി, കുന്തിഭോജൻെറ ദത്തുപുത്രി, യാദവരാജാവായ ശൂരൻെറ മകൾ.

[പാണ്ഡുവിനു നേരിട്ട ശാപംനിമിത്തം ഭാര്യമാരിൽ സന്താനമുണ്ടാകായ്കയാൽ ദുർവ്വാസസ്സു മഹർഷി കുന്തിക്കു അഞ്ചു മന്ത്രം കൊടുത്തു. കന്യകയായിരിക്കുമ്പോൾതന്നെ നാരദൻെറ കൃത്രിമം ഹേതുവായിട്ടു ഒരു മന്ത്രംകൊണ്ടു സൂര്യനനിൽ കർണ്ണനുണ്ടായി. പിന്നെ മൂന്നു മന്ത്രം ജപിച്ചു യമൻെറ പുത്രനായി യുധിഷ്ഠിരനും വായുവിൻെറ പുത്രനായി ഭീമനും ഇന്ദ്രൻെറ പുത്രനായി അർജ്ജുനനും ജനിച്ചു. ഒരു മന്ത്രം കുന്തിക്കു ശേഷിച്ചിട്ടുണ്ടായിരുന്നു തനിക്കു വളരെ വാത്സല്യമുള്ള മാദ്രിക്കു നൽകി. മാദ്രി പാണ്ഡുവിൻെറ രണ്ടാമത്തെ ഭാര്യയാണ്. ആ മന്ത്രംകൊണ്ട് മാദ്രി അശ്വനീദേവന്മാരെ ധ്യാനിച്ചു അവർക്ക് നകുലസഹദേവന്മാർ ഉത്ഭവിച്ചു].

വ. ഗുഗ്ഗുലു. ന. ഇരുന്തിൽ.

കുന്തിക്കുക-ഛ. നാട്ടിനിറുത്തുക. വ. വിരലിൽ കുത്തിനിൽക്കുക ന. അഹംമതി കാണിക്കുക, അഹങ്കരിക്കുക.

കുന്തുക-ഛ. വിരലിൽ കുത്തിനടക്കുക. വ. എത്തിനോക്കുക. ന. അഹങ്കരിക്കുക.

കുന്തുകാൽ-കാൽ വിരലുകളുടെ അററം.

കുന്തുരുക്കം-സുഗന്ധമുള്ള ഒരു പശ. പര്യായങ്ങൾ-പാലങ്കി, മുകുന്ദം, കുന്ദം, കുന്ദുരു.

[വാതം, ജ്വരം, ഗ്രഹപീഡ, കഫം, സ്വേദം, രാക്ഷസപീഡ, മുഖരോഗം, അലക്ഷ്മി, പ്രദരം, വൃദ്ധി, ചുട്ടനീറൽ ഇവയ്ക്കു നന്ന്. തൈലമുണ്ടാക്കാം. പുകക്കാം. നിറത്തെ നന്നാക്കാം. സം-കുന്ദുരു തമിഴിൽ കുന്തുരുക്കം. ഇംഗ്ലീഷിൽ (Olibanum) ഒലിബേനം. കങ്കലീയം, തെള്ളി ഇങ്ങിനെ പേരുണ്ട്].

കുന്ദം-കുരുക്കുത്തിമുല്ലയിൽ ഒരുവക ഭേദം. ഭൂമിയെ ശുദ്ധിവരുത്തുന്നതു് എന്നർത്ഥം. വ. നവനിധികളിൽ ഒന്ന്. ഭൂമിയെ ക്ലേശിപ്പിക്കുന്നതു് എന്നർത്ഥം. ന. കുന്തുരുക്കം. ഭൂമിയെ ചിരിക്കുന്നതു് എന്നർത്ഥം ര. താമര.

കുന്ദകം-ഛ. കുരുക്കുത്തിമുല്ല വ. കുന്തുരുക്കം. ന. കണവീരം.

കുന്ദമം-പൂച്ച

കുന്ദരു(രു)-കുന്തുരുക്കം.

കുന്ദരം-ഒരുവക പുല്ല്.

[ബലവർദ്ധനകരമാണ്. അതിസാരത്തിനും പിത്തത്തിനും നന്ന്. ചുട്ടുകാലുകളെ(?) അത്യന്തം ഇലക്ക പരപ്പും

തീക്ഷ്ണവുമുണ്ട്. ധാന്യം മുതലായതു വിളയുന്ന നിലത്തിൽ ഉണ്ടാകും].

കന്ദാ-വെളുത്ത വലിയ പിച്ചകം.

കന്ദിനി-താമരപ്പൊയ്ക.

കന്ദു-ഉലി.

കന്ദു, കന്ദുരു, കന്ദരം-കന്തുരുക്കം.

കന്ദുരുകി-മലയിന്ത, ഈന്തു്, ഈന്തിൽ കന്തുരുക്കംപോലെ സുഗന്ധമുള്ളതെന്നർത്ഥം.

കന്ദുരുഷ്കം-കന്തുരുക്കം.

കന്മാൻ-ഇടവകം, ഇടമ്പിരി.

കന്മാഷം-പ്ര പട്ടുതോര വ. കറയ വം. ന. പകുതി വെന്ത യവം മുതലായതു്. ര്, ഓവില്ലാത്ത യവാദി. കുത്സിതമായ മാംസം എന്നർത്ഥം.

കന്നൻ-പ്ര ഒരു വക വാഴ. വ. ജ്യേഷ്ഠൻ.

കന്നൻവാഴ-കണ്ണൻവാഴ.

കന്നമുക്കി-ഒരു വൃക്ഷം.

കന്നലക്കോനാതിരി, കന്നലക്കോൻ-കോഴിക്കോട്ടുരാജാവ്, സാമൂതിരി

കന്നാതെ-കാവില്ലാതെ, കേട്ടുകൂടാതെ 'കന്നാതതിനൊരുകർത്താവുംഞാൻ' (ഭഗവൽഗീത-മാധവപ്പണിക്കർ)

കന്നി-ഒരുവല്ലി, ഇരട്ടി മധുരത്തിൽ ഒരു ഭേദം.

[ചെമന്ന കന്നിക്കു പര്യായങ്ങൾ-കാകചിഞ്ചി, ഗുഞ്ജം, കൃഷ്ണലം.

കന്നിക്കുക-കണ്ടപോലെക്കൂട്ടുക, ക്രമാൽ കൂട്ടുക, ഒന്നിച്ചു കൂട്ടുക.

കന്നിക്കരു-കന്നിയുടെ കരു.

കന്നിച്ച്-ഉച്ചത്തിൽ.

കന്നിത്തൂക്കം-കന്നിക്കുരുവാകും കനമുള്ളതു്.

കന്നിമകൾ-പാർവതി.

കന്നിൻകുമാരി, കന്നിൻമാനിനി, കന്നിൻമാതു-പാർവതി.

കന്നിപ്പശ-കന്നിക്കുരു അരച്ചുണ്ടാക്കിയ പശ.

കന്നിയിട-കന്നിത്തൂക്കം.

കന്ന്-മല, പർവതം.

കപാലം-ലന്തമരം.

കപാകം-കാഞ്ഞിരം.

കപിത-വി. കോപിച്ച.

കപിനി-പ്ര. മീൻപിടിക്കുന്നവൻ, വ. മീൻകൂട്.

കപിന്ദൻ-ചാലിയൻ.

കപീലു-കാക്കപ്പനച്ചി.

കപൂയ-വി. വെറുപ്പിക്കപ്പെട്ട, നീചതയുള്ള, നിന്ദ്യമായുള്ള, ജാത്യാചാരകലാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ട. കുത്സിതമായി നശിക്കുന്നതെന്നർത്ഥം.

കപ്പ-അടിച്ചുകൂട്ടിയ ചവറ്.

കപ്പക്കുഴി-അടിച്ചുകൂട്ടുന്ന ചപ്പും ചെളിയും മറ്റും ഇടുന്ന കുഴി.

കപ്പച്ചീര-ഒരുമാതിരി ചീര.

കപ്പപ്പാട്-രാജാക്കന്മാരോടും മറ്റും ജനങ്ങൾ 'ഗൃഹം' എന്നതിനുപയോഗിക്കുന്ന ഉപചാര വാക്ക്.

കപ്പമഞ്ഞൾ-ഒരു പച്ചമരുന്ന്. പര്യായങ്ങൾ-വിശല്യാ, അഗ്നിശിഖാ, അനന്താ, ഫലിനി, ശാകപുഷ്പി.

[കാസശ്വാസം, വിഷം ഇവകൾക്കു നന്ന്].

കപ്പമാടം-കപ്പപ്പാട്.

കപ്പമേനി-ഒരു ചെടി.

[കോഴിപ്പൂണ്ട്, പൂച്ചമയക്കി ഇങ്ങിനെയും പറയും. വിഷത്തിനു നന്ന്].

കപ്പവേലി-വേലു.

കപ്പവേളു-ഒരുമാതിരി കക്ക.

കപ്പായം-കഴുത്തിനു താഴെ ദേഹം മൂടിയിടുന്നതിനു തുണിയുണ്ടാക്കിയതു്. പര്യായങ്ങൾ-തനുത്രം, വർമ്മ, ദംശനം, ഉരച്ഛദം, കങ്കടകം, ജഗരം, കവചം.

കുപ്പാൽവള്ളി-ഒരുവക വള്ളി.

കുപ്പി-൧. ചില ദിക്കിലെ മണ്ണുകൊണ്ടും സ്ഫടികംകൊണ്ടും മററുമുണ്ടാകുന്ന പലമാതിരി പാത്രങ്ങൾ, മഷിക്കുപ്പി, കലശക്കുപ്പിയും മററും. ൨. ഒരുമാതിരി ചെടി.

കുപ്പിക്കരപ്പൻ-ഒരുവക കരപ്പൻ.
[ചെറുനീരടപ്പും. നീർദാഹവും ഛർദ്ദിയും അതിസാരവും ഉണ്ടാകും. അതു ദേഹത്തിൽ ഒരിടത്തെങ്കിലും മുളകുകമവോളം വട്ടത്തിൽ കറുത്തുവീഴും].

കുപ്പിക്കൽ-ഒരു രത്നം

കുപ്പിക്കിണ്ണം-ഒരുമാതിരി പരപ്പുള്ള കുപ്പിപ്പാത്രം, പിഞ്ഞാണം.

കുപ്പിണി-സൈന്യവിഭാഗം.
[൫ ശിപായി (ലാഞ്ഞുൾപ്പടെ), ൪ നായക്കൻ, ൫ അവാൽ, ൧ തവ, ൧ സൂബ, ൧ താമ്പർ, ൧ ശീനക്കുഴൽ ഇത്രയും കൂടിയതു്].

കുപ്പിപ്പറണി-കുപ്പിയുണ്ടാകുന്ന സാധനംകൊണ്ടു ചെയ്യുന്ന പരണി.

കുപ്പിപ്പിഞ്ഞാണം-കുപ്പിക്കിണ്ണം.

കുപ്പിയോട്-കുപ്പി പൊട്ടിയ ശകലം.

കുപ്പിവിളക്ക്-കണ്ണാടി ചേർത്തുണ്ടാക്കുന്ന ഒരുമാതിരി വിളക്ക്.

കുപ്പ്-ചൂത്.

കുപ്യം-നീചലോഹം. വെള്ളി, സ്വർണ്ണം ഇവയല്ലാത്തതു്. [അകുപ്യം എന്ന പദം നോക്കുക].

കുപ്യശാല-ലോഹങ്ങൾ ഉരുക്കി പണിയുന്ന പണിപ്പുര.

കുപ്രിയ-വി. നികൃഷ്ടമായ, കീഴ്ത്തരമായ.

കുബേരകം-൧. പൂവരശു, പട്ടകരണ. കുത്സിതമായ മരത്തോടുകൂടിയതു് എന്നർത്ഥം. ൨. തെങ്ങ്.

കുബേരൻ-വൈശ്രവണൻ. നിന്ദിതമായ ശരീരത്തോടുകൂടിയവൻ, ധനത്തെ ചെലവിടാതെ ഒളിച്ചുവെയ്ക്കുന്നവൻ എന്നിങ്ങിനെ ശബ്ദാർത്ഥം.
[വൈശ്രവണന്റെ അമ്മ ഇഡവിഡ (ഇലവില, ഇളിബിളി) അച്ഛൻ വിശ്രവസ്സ്. വൈശ്രവണൻ നവനിധിയുടെ അധിപനാണ് യക്ഷന്മാരുടെ രാജാവാകുന്നു ലങ്കാധിപതിയായിരുന്നു. അനുജനായ രാവണൻനിമിത്തം സർവ്വവും ഉപേക്ഷിച്ചു് ശിവഭജനാർത്ഥം അളകാപുരത്തെ പ്രാപിച്ചു. വൈശ്രവണൻ വിരൂപിയെന്നു പ്രസിദ്ധം. മൂന്നു കാലും, എട്ടുപല്ലും ഉണ്ട്. ഒരു കണ്ണിനു പകരം മഞ്ഞനിറത്തിൽ ഒരടയാളം മാത്രമുണ്ട് കുബേരന്റെ ഭാര്യക്കു യക്ഷി (മുരാസുരന്റെ പുത്രി) എന്നും പുത്രന്മാർക്ക് മണിഗ്രീവൻ (വർണ്ണകവി) മയൂരാജൻ (നളകൂബരൻ) എന്നും പുത്രിക്കു മീനാക്ഷി എന്നും ഉദ്യാനത്തിനു ചൈത്രരഥം എന്നും സ്ഥാനത്തിനു കൈലാസമെന്നും നഗരത്തിനു അളകയെന്നും വിമാനത്തിനു പുഷ്പകം എന്നും ദാസന്മാർക്കു കിന്നരർ എന്നും പറയുന്നു. അളകക്കു പ്രഭാ, വസുധാരാ, വസുസ്ഥലി ഇങ്ങനെ നാമങ്ങളും കാണുന്നുണ്ട്].

കുബേരാക്ഷി-൧. കോടിക്കഴ. ൨. കഴഞ്ചി. ൩. പാതിരി.

കുബേരാക്ഷം-കഴഞ്ചി.

കുബ്ജ-വി. കൂനുള്ള, വളവുള്ള.

കുബ്ജ-൧. കൂനി. ൨. ഒരു ചെടി. (അകുബ്ജം എന്ന പദം നോക്കുക).

കുബ്ജക-വി. കൂനുള്ള.

കുബ്ജകാ-വെങ്കരിഞ്ഞാവി, വെള്ളമുള്ള ഒരുവക ചെടി.

കുബ്ജൻ-കൂനൻ. കുത്സിതമായ [illegible] വളവുള്ളവൻ.

കബ്ജം-വലിയ കടലാടി.

കബ്ജ(ക)ം-മുള്ളുചേമന്തി.

കബ്ജികാ-എട്ടുവയസ്സായവളും വിവാഹം കഴിയാത്തവളുമായ പെൺകുട്ടി.

കമ്ഠം-വെള്ളം.

കമ-ധാതു. അടിക്കുക.

കമ-മ. അടി, തല്ല്, ബന്ധനം. വ. ധ്യാന്യങ്ങളും മററും കുന്നപോലെ കൂട്ടുക.

കമച്ചൽ-കഴക്ക്, കലശൽ.

കമതി-വി. ദുർബ്ബുദ്ധിയുള്ള.

കമതി-ദുർബ്ബുദ്ധി.

കമയൂട്ടുക-ബന്ധിപ്പിക്കുക.

കമയ്ക്കുക-മ. അടിക്കുക. വ. കൂട്ടുക.

കമരി - ശബ്ദിച്ചു. [പഴയമലയാളം, ഇപ്പോൾ നടപ്പില്ല].

'വടകങ്ങൾകമരി' (രാമചരിതം)

കമള-വെള്ളത്തിലും മററും അതുമകൊണ്ടു തന്നെ ഉണ്ടാകുന്ന ഒരു വസ്തു, പോള.

കമളയ്ക്കുക-കമളയുണ്ടാവുക.

കമറുന്ന-ശബ്ദിക്കുന്ന.

കമാരകൻ-മ. ചെറിയ ആൺ പൈതൽ, ബാലൻ. വ. യൌവ്വനമുള്ളവൻ. ന. പുത്രൻ.

കമാരകാ-തീർമരതം. ഓരോ നിലയിൽ ഏറെക്കാലം നില്ക്കുന്നതിനാൽ കമാരസദൃശം എന്നർത്ഥം.

കമാരചൂഡാ-കരിമ്പുള്ളടക്കം.

കമാരജീവം-പുത്രഞ്ജീവി.

കമാരൻ-മ. പുത്രൻ. വ. ബാലൻ, പൈതൽ. ന. യൌവ്വനമുള്ളവൻ. ര. സുബ്രഹ്മണ്യൻ, എപ്പോഴും ബാലനായവൻ, കാമസുന്ദരൻ, നരാപി ബ്രഹ്മചാരിയായവൻ, കത്സിതന്മാരെ മർദ്ദിക്കുന്നവൻ, ഭൂമിയിൽ സമ്പത്തിനെ കൊടുക്കുന്നവൻ. ൫. യുവരാജാവ്. ക്രീഡാസക്തൻ എന്നർത്ഥം. നീചരെ കെടുക്കുന്നവനെന്നുമാം.

കമാരം-തത്ത.

കമാരയു-രാജപുത്രൻ.

കമാരവാഹി-മയിൽക്കോഴി.

കമാരസൂ-ഗംഗാനദി.

കമാരി-മ. കുറുഞ്ഞി (വെളുത്ത പൂവുള്ളത്). വ. കററവാഴ. ന. തുളസി മുല്ല ര. മയിനാപ്പക്ഷി. ൫. മലയമുക്കി (വെളുത്ത പൂവുള്ളത്). ൬. കാട്ടുപാവൽ. ൭. പേരേലം

കമാരി-മ. കന്യക. കളിക്കുന്നവൾ എന്നർത്ഥം. കാമവികാരമില്ലാത്തവൾ എന്നുമാം. വ. കററാർവാഴ. ന. ചെറുകുറിഞ്ഞി. ആഗ്രഹിക്കപ്പെടുന്നത്, കളിക്കുന്നത് എന്നിങ്ങനെ അർത്ഥം. ര. പേരേലം. ൫. തുളസിമുല്ല. ൬. കടമുല്ല.

കമിപ്പ്-കുമ്പലായിട്ടു കൂട്ടുക.

കമിഴ്ക-കുമ്പൽകൂട്ടുക, ധാന്യങ്ങളേയും മററും പൊക്കത്തിൽ കുമ്പാരമായിട്ടു കൂട്ടുക. [സ ക്രി. കമിക്കുക]

കമിഠം-രാത്രി മിന്നുന്നതും കടപോലെയിരിക്കുന്നതുമായ ഒരു വസ്തു. [ഉണങ്ങിക്കിടക്കുന്ന സ്ഥലത്തു ആദ്യമായി മഴവെള്ളം വിഴുമ്പോൾ ഇതു ധാരാളമായുണ്ടാകും].

കമിഴ-ഉലായന്ത്രത്തിന്റെ വന്നിൽ വെയ്ക്കുന്ന കല്ല്, പീഞ്ഞായി.

കമിഴ്-മ. കമ്പിൾമരം. പര്യായങ്ങൾ- ഗംഭാരി, സർവതോഭദ്ര, കാശ്മരി, മധുപർണ്ണിക, ശ്രീപർണ്ണി, ഭദ്രപർണ്ണി, കാശ്മർയ്യം. വ. ഉരുണ്ട വസ്തു.

[കഷയം, വീക്കം, ത്രിദോഷം, ഭ്രമം, തണ്ണീർദാഹം. വാതരോഗം, ചുട്ടുനീറൽ, ആമശൂലം, വീക്കം, ജ്വരം, അർശസ്സ്,

രക്താദോഷം ഇവക്കു നന്ന്. അഗ്നിയെ വൎദ്ധിപ്പിക്കും. മലത്തെ ഇളക്കും. കായ് കിട്ടിയില്ലെങ്കിൽ ഉച്ചമലരിപ്പൂവു ചേൎക്കാം. തമിഴിൽ-പെരുകമിഴഞ്ചെടി].

കുമുഖം-പന്നി.

കുമുത്(ദ്)-ഫ. വെളുത്ത ആമ്പൽ. വ. ചെന്താമര.

കുമുദ്-ആമ്പൽപൊയ്ക.

കുമുദകന്ദം-ആമ്പൽകിഴങ്ങ്.

കുമുദബന്ധു. ഫ. ചന്ദ്രൻ. വ. കൎപ്പൂരം.

കുമുദബാന്ധവം-കൎപ്പൂരം.

കുമുദബാന്ധവൻ-ചന്ദ്രൻ. ആമ്പലിന്റെ ബന്ധു എന്നൎത്ഥം. ചന്ദ്രോദയത്തിൽ ആമ്പൽ വിടരുന്നതുകൊണ്ട് ഈ പേരുണ്ടായി.

കുമുദൻ-ഫ. ലോകത്തിന്റെ തെക്കുപടിഞ്ഞാറെ കോണിലെ ആന. ആമ്പൽ പൂവിന്റെ നിറമുള്ളതെന്നൎത്ഥം. വ. രാമായണത്തിൽ പറയുന്ന ഒരു കുരങ്ങ്.

കുമുദം-ഫ. വെളുത്ത ആമ്പൽ. ഭൂമിയിൽ സന്തോഷമത്തെഉണ്ടാക്കുന്നതു് എന്നൎത്ഥം. വ. കരിങ്കുരങ്ങ്, കുരങ്ങ്. ന. വെള്ളി. ര. പാമ്പ്. ഉ. ചെന്താമര. ന്ന. കൎപ്പൂരം.

കുമുദവതി-ഫ. ആമ്പൽപൊയ്ക. വ. ശ്രീരാമന്റെ പുത്രനായ കുശന്റെ ഭാൎയ്യ.

കുമുദവനം-ആമ്പൽക്കൂട്ടം.

കുമുദാ-ഫ. തംതിരി. വ. കുമിഴ്. ന. മൂവില. ര. കടപ്പായൽ.

കുമുദാഭിഖ്യം-വെള്ളി.

കുമുദിക, കുമുദ-ഫ. ചെറുകുമിഴ്. ഭൂമിയിൽ സന്തോഷിച്ചിരിക്കുന്നതെന്നൎത്ഥം. വ. കമ്പിളം, ന. തേക്കുമരം.

കുമുദിനി-ആമ്പൽ പൊയ്ക. കുമുദങ്ങളുള്ളതു് എന്നൎത്ഥം.

കുമുദിനീപതി-ഫ. ചന്ദ്രൻ. വ. കൎപ്പൂരം.

കുമുദേശൻ-ചന്ദ്രൻ.

കുമുദോദ്ഭവം-കണവീരം.

കുമുദ്വതി-ഫ. ആമ്പൽപൊയ്ക. ആമ്പലുള്ളതു് എന്നൎത്ഥം. വ. ശ്രീകൃഷ്ണന്റെ സേനയുടെ പേർ.

കുമുദ്വൽ-വി. ആമ്പൽകൊണ്ടു നിറഞ്ഞിരിക്കുന്ന. [ദ്വാൻ, ദ്വതി, ദ്വൽ]

കുമുദ്വാൻ-ആമ്പൽ അധികമായിട്ടുള്ള പ്രദേശം.

കുമുറുക-ഫ. നീറുക, പുകപിടിക്കുക. വ. ഇടി നാദംപോലെ ശബ്ദമുണ്ടാക.

കുമോദകൻ-വിഷ്ണു. കു=ഭൂമി. ഭൎത്താവാകയാലെ ദുഷ്ടനിഗ്രഹംചെയ്തു ഭാരം കളഞ്ഞു പരിപാലനംചെയ്യുക നിമിത്തമേ ഭൂമിയെ സന്തോഷിപ്പിക്കുന്നവൻ എന്നൎത്ഥം.

കുമ്പ-വയറു്.

'വമ്പനായനീയിപ്പോഴിതെന്തിനാ
കുമ്പതപ്പിപ്പറക്കൊന്നോക്കിടുന്നു'
(സന്താനഗോപാലം പാന)

കുമ്പഞ്ഞി- കമ്പിനി, ഇംഗ്ലീഷിൽ- Company.

കുമ്പളങ്ങാ-കുമ്പളത്തിന്റെ കായ്.

[പഴയ കുമ്പളങ്ങാ അധികം ഗുണമുള്ളതാകുന്നു.]

കുമ്പളത്താലി-സുറിയാനി സ്ത്രീകളുടെ മംഗല്യസൂത്രത്തിൽ കോൎക്കുന്ന ഒരാഭരണം.

കുമ്പളം- ഒരു വക കറിസ്സാധനവള്ളി. പൎയ്യായങ്ങൾ-കൂശ്മാണ്ഡകം, കൎക്കാരു.

കുമ്പി-ഫ. ചൂടു്. വ. ആറുമണലിലും മററും വെയിലുള്ളപ്പോൾ വെള്ളംപോലെ കാണുന്ന ആവി.

കുമ്പിടുക-നമസ്കരിക്കുക, കുനിയുക.

കുമ്പിരി-കമ്പി, ചൂടു്.

കുമ്പിൾ- ഫ. ഇല കോട്ടിയുണ്ടാക്കുന്ന പാത്രം. വ. ഒരു വൃക്ഷം.

കുംബാ-യാഗശാലയുടെ ചുററുമുള്ള മറ.

[ശവാവു മുതലായതു് അകത്തെക്ക കടക്കാതിരിപ്പാൻ വേണ്ടി ചെയ്യുന്നതാണ്.]

കുംഭ–കടവയർ.

കുംഭകൎണ്ണ–ഒരു മുനി.

കുംഭകം–പ്ര. നാസാരന്ധ്രം. വ. യോഗാഭ്യാസക്കാരുടെ ശ്വാസമടക്കുന്നതിനുള്ള ഒരു പ്രയോഗം.

കുംഭൻ–കുംഭകൎണ്ണന്റെ ഒരു പുത്രൻ.

കുംഭകൎണ്ണൻ–ഒരു രാക്ഷസൻ. കുംഭാകാരത്തിലുള്ള കൎണ്ണങ്ങളോടു കൂടിയവൻ എന്നൎത്ഥം.

[അച്ഛൻ വിശ്രവസ്സ്. അമ്മ കേശിനി. കുംഭകൎണ്ണൻ അതിഭയങ്കരനും രാവണസഹോദരനുമാണ്. അനവധി ഋഷികളെയും അപ്സരസ്ത്രീകളെയും ഭക്ഷിച്ചിട്ടുണ്ട്. ഒരിക്കൽ ഇന്ദ്രപദത്തിന്നായി ബ്രഹ്മാവിനെ തപംചെയ്കയും സരസ്വതിദേവകളുടെ അപേക്ഷപ്രകാരം കുംഭകൎണ്ണന്റെ നാവിന്മേൽ സ്ഥിതി ചെയ്തു നിദ്രാപദം എന്നു പറയിക്കയും ചെയ്തു. അതിന്നുശേഷം കുംഭകൎണ്ണൻ നിദ്രയെ വരിച്ചു. അന്നുമുതൽ ഉറക്കം തുടങ്ങി. ആറുമാസം തുടൎച്ചയായി ഉറങ്ങും. ഉണൎന്നാൽ ഒരു ദിവസം ആ സ്ഥിതിയിലിരിക്കും. രാമരാവണയുദ്ധത്തിൽ ശ്രീരാമൻ കൊന്നു. ഇന്ദ്രനെയും ഐരാവതത്തെയും അവമാനിക്ക ഹേതുവായിട്ടു ബ്രഹ്മാവു കുംഭകൎണ്ണനെ ശപിച്ചിട്ടുണ്ട് പിന്നീടാണ് തപസ്സുചെയ്തു ബ്രഹ്മാവിനെ സന്തോഷിപ്പിച്ചതു്.]

കുംഭകാമില–ഒരു രോഗം.

[കാമിലതന്നെ ക്രമംകൊണ്ടു ഉദരത്തിന്റെ അന്തൎഭാഗത്തെ ഗമിച്ചിട്ടു നീരോടുകൂടി വരും. അതത്രെ കുംഭകാമില.]

കുംഭകാരൻ–കുശവൻ. കടം ഉണ്ടാക്കുന്നവനെന്നൎത്ഥം. മറ്റൊരു പൎയ്യായം–കുലാലൻ.

കുംഭകാരക–കക്കടപക്ഷി.

കുംഭകാരാലയം–കുശവക്കുടി.

കുംഭകാരി–പ്ര. കലത്ഥാഞ്ജനം. വ. മനയോല. ന. കാട്ടുമുതിര.

കുംഭകാരികാ–പ്ര. കാട്ടുമുതിര. വ. കലത്ഥാഞ്ജനം.

കുംഭക്ഷൎക്ഷം–അവിട്ടത്തിൽ പാതിയും ചതയവും പൂരുരുട്ടാതിയിൽ മുക്കാലും കൂടിയ സമയം.

കുംഭജം–അകത്തി.

കുംഭതുംബി–വട്ടച്ചുര.

കുംഭദാസി–കടപ്പായൽ.

കുംഭഫലാ–വലിയ കുമ്പളം.

കുംഭബീജകം–ഉറഞ്ചി.

കുംഭമാസം–ചിങ്ങംതൊട്ടു് ഏഴാമത്തെ മാസം, മേടം മുതൽ പതിനൊന്നാമത്തേതു്.

കുംഭയോനി–പ്ര അഗസ്ത്യൻ. വ. വസിഷ്ഠൻ. ന. ദ്രോണർ.

കുംഭയോനി(ക)–തുമ്പ.

കുംഭം–പ്ര. കടം. ഭൂമിയെ നിറയ്ക്കുന്നതെന്നൎത്ഥം. വ. ആനത്തലയിലെ മുഴ. ന. കുംഭമാസം. ൪ കുംഭരാശി. ൫. വാസനയുള്ള ഒരു പഴം. ൬. ത്രികോല്പക്കൊന്ന, ശിവത ൭. ഗുഗ്ഗുലുമരം. ഭൂമിയെ പൂരണംചെയ്യുന്നതെന്നൎത്ഥം.

കുംഭരാശി–പതിനൊന്നാമത്തെ രാശി.

കുംഭലഗ്നം–കുംഭരാശി.

കുംഭലാ–ശ്രാവണി.

കുംഭസംഭവൻ–പ്ര. അഗസ്ത്യൻ കുംഭത്തിൽനിന്നുണ്ടായവൻ, കടത്തിൽ പിറന്നവൻ. മിത്രാവരുണന്മാരുടെ രേതസ്സിനെ ഉൎവ്വശി കലത്തിൽ സൂക്ഷിച്ചു രക്ഷിക്കവേ അഗസ്ത്യൻ ജനിച്ചതായി പറയുന്നു. വ. വസിഷ്ഠൻ. ന. ദ്രോണർ

കുംഭാ–പ്ര. വെൺകുന്നി. വ. വ്യഭിചാരിണി

കുംഭാണ്ഡം, കുംഭാണ്ഡി-വലിയ കമ്പളം.

കുംഭാലാബു-വട്ടച്ചുര.

കുംഭാശ്രമം-രാമേശ്വരം ക്ഷേത്രത്തിലുള്ള ഉത്സവത്തിന്റെ പേർ. [ഈ ക്ഷേത്രം രാമനാഥപുരം ജില്ലയിലാണ്.]

കുംഭി-വി. കുംഭമുള്ള. [ഭീ, ഭിനീ, ഭി.]

കുംഭി-പു. ആന. ൨. കടം. ൩. കമ്പിളിമരം ൪. ഒരു നരകം. ൫. ചെറുകുമിഴ്. ഇലകളെക്കൊണ്ടു തന്നെത്താൻ മറയ്ക്കുന്നതെന്നർത്ഥം. ൬. മുതല. ൭. ഗുഗ്ഗുലു. ൮. പാതിരി. ൯. കടപ്പായൽ. ൰. ചെറിയ മന്തി. ൰൧. പപ്പടവൃക്ഷം.

കുംഭിക-സ്ത്രീ. നീർച്ചീര. ജലത്തിൽ നിറയുന്നതെന്നർത്ഥം. കുംഭീക എന്നുമാകാം. ൨. അത്തിത്തിപ്പലി. ൩. ചെറുകുമിഴ്. ൪. കടപ്പായൽ. ൫. പാതിരി. ൬. ഒരു രോഗം.

[കുംഭിക എന്ന രോഗത്തിന്റെ ലക്ഷണം—കറുത്ത കുരുക്കളുണ്ടാകും. അവ ഞാവൽപ്പഴത്തിന്റെ അകത്തുള്ള കുരുക്കൾപോലെയിരിക്കും.]

കുംഭികുംഭം-ആനത്തലയിലെ മുഴ.

കുംഭിനി-സ്ത്രീ. പിടിയാന. ൨. ഭൂമി.

കുംഭിനീബീജം-നേർവാളം.

കുംഭിലൻ-പു. കള്ളൻ. ൨. വല്ലാത്ത കാലങ്ങളിൽ ജനിക്കുന്നവൻ.

കുംഭിലം-ചക്രമത്സ്യം.

കുംഭീക-നീർച്ചീര.

കുംഭീകം-പുന്ന

കുംഭീനസം-സർപ്പം.

കുംഭീനസി-അംഗാരവർണ്ണനെന്ന ഗന്ധർവന്റെ ഭാര്യ

[അർജ്ജുനൻ അംഗാരവർണ്ണനെ കൊല്ലാൻ തുടങ്ങിയപ്പോൾ കരയുന്നതു കണ്ടു ധർമ്മപുത്രർ അവൾക്കു അഭയം നൽകി.]

കുംഭീപാകം-ഒരു നരകം.

'ഘോരമായുള്ള കുംഭീപാകമാകിയ'
(അദ്ധ്യാത്മരാമായണം)

കുംഭീബീജം-നേർവാളം.

കുംഭീരം-പു. മുതല. ശക്തിയേറുകമൂലം ജലത്തിൽ കിടക്കുമ്പോൾ അതിലിറങ്ങുന്ന ആനയെക്കൂടി പിടിക്കുന്നതെന്നർത്ഥം. ൨. പായ്.

കുംഭീര(ല)-മുതല.

കുംഭോലു-ഗുഗ്ഗുലു.

കുംഭോലൂഖലക-ഗുഗ്ഗുലു.

കുമ്മട്ടി-ഒരുമാതിരി വെള്ളരി, കാട്ടുവെള്ളരി.

കുമ്മാട്ടി-ഭദ്രകാളിയെ സംബന്ധിച്ച സദ്യ [തമിഴിൽ-പൊങ്കൽ.]

കുമ്മാട്ട്-കച്ചീട്ടിലും മറ്റും ഒപ്പിടുന്നതിന്റെ അടുക്കൽ മുതലിന്റെ സംഖ്യ എഴുതുക, ലക്കം.

കുമ്മായം-കക്കാ ചുട്ട പൊടി.

കുമ്മാരം-മുള.

കുമ്മി-സ്ത്രീകളുടെ ഒരുമാതിരി കളി.

കുമ്മിണി-അം. അല്പം.

കുയിൽ-പു. ഒരുവക കറുത്ത പക്ഷി. പര്യായങ്ങൾ-വനപ്രിയം, പരഭൃതം, കോകിലം, പികം.

[കുയിലിന്റെ മാംസം-നയനരോഗം, പിത്തം, കഫം, രാജയക്ഷ്മാവ് ഇവയ്ക്കു നന്ന്. മലം പിടിക്കും. മൂത്രം കുറയും ഇംഗ്ലീഷിൽ- (Cuckoo) കക്കൂ.]

൨. ഒരുവക മീൻ. ൩. തോക്കിന്റെ തീക്കല്ലു ചേർത്തു കൊള്ളുന്ന സ്ഥലം, കറിഞ്ഞി.

[ഇപ്പോൾ തീക്കല്ലിനു പകരം കേപ്പാണ് അധികമായി ഉപയോഗിച്ചുവരുന്നത്].

കയില-വളരെ കറുത്ത മനുഷ്യൻ.

കയ്യമ്പ-ചുണ്ടപോലെ ഇലയും മുള്ളുമുള്ള ഒരു ചെടി.

[കയ്പ്പുമ്പയ്യു അംഗരിയുടെ ഗുണമുണ്ട്. വിക്കത്തിനുത്തമം. പൂവു വളരെ ചുമന്നതാണ്. ചായത്തിനു കൊള്ളാം. ഇംഗ്ലീഷിൽ (Officinal Carthamus) ഒഫീസിനൽ കാരെത്മസ്. ഇതിന്റെ എണ്ണ ബലത്തെയും കഫപിത്തങ്ങളേയും വർദ്ധിപ്പിക്കും. മലത്തെതടുക്കും. കണ്ണിനു ഹിതമല്ലാം. രക്തത്തെ ദുഷിപ്പിക്കും].

കര-ധാതു ശബ്ദവിശേഷം പുറപ്പെടുവിക്കുക.

കര-ക്രി ചുമ വ. പട്ടിയുടെ ശബ്ദം.

കരകാ-ഇന്തിൽ.

കരക്കീ-കരഞ്ഞ്.

കരക്കൈചർ- രക്കന്മാരിൽ (വാനരരിൽ)വെച്ച് അരചൻ (രാജാക്കൾ, പ്രധാനം)

കരൽ-ശബ്ദം. [പഴയ മലയാളം. ഇപ്പോൾ നടപ്പില്ല]

'മേഘകരലൊത്ത ചെറുഞാണൊലി'

(രാമചരിതം)

(കരലോടുകൂടിയവൻ കരലൻ)

കരക്കൻ-കരഞ്ഞ്.

കരയ്ക്കുക-ക്രി. മോങ്ങുക. [പട്ടിയുടെ ശബ്ദത്തിനു 'കര, മോങ്ങൽ' എന്നുപേർ]. വ. അർത്ഥമില്ലാതെ സംസാരിക്കുക. [ശൈലി].

കരങ്ക്രൂരാ-വണ്ണാരംകോഴി.

കരാഗകാ-മാൻ, കരാൽമാൻ.

കരാഗനാഭി-കസ്തൂരി.

'കരംഗനാഭിയാലലങ്കരിച്ചതും'

(വിഷ്ണുന്നാമിരാമം കഥകളി)

കരംഗം-ക്രി. മാൻ. ഭൂമിയിൽ കാട്ടിനടക്കുന്നതെന്നർത്ഥം വ. രണ്ടിഷ്ടപ്പക്ഷി.

കരാഗമം-മാൻ, കരാൽമാൻ.

കരാഗിക-ക്രി. പിടമാൻ, വ. കാട്ടുപയറ്.

കരാഗിണി-കാട്ടുപയറ്.

കരങ്ങ്-മരത്തിൽ ചാടി സഞ്ചരിക്കുന്ന ഒരുവക ജന്തു, മരഞ്ചാടി. കരിങ്കരങ്ങ്, വെളുത്ത കരങ്ങ്, കരടിക്കരങ്ങ്, ശികങ്ങൾ.

[കരങ്ങിന്റെ മാംസം-വാതം, അർശസ്സ്, കൃമി, വായുമുട്ടൽ, പാണ്ഡു, ക്ഷയം, നയനരോഗം, ചുമ ഇവ ശമനമാം].

കരചില്ലാ-ഞണ്ട്.

കരചിൽ-മൂക്കാതെ ചുഴക്കുന്ന പഴപ്പ്.

കരടൻ-ചെമ്മാൻ, ചെരുപ്പുകുത്തി.

കരട്ട്-ക്രി. സ്ത്രീകളുടെ കാതിൽ മരംകൊണ്ടുണ്ടാക്കിയിട്ടുന്നത്. വ. അണ,വായ്

[പ്രധാനമായി ബ്രാഹ്മണസ്ത്രീകൾ ഇതു നടക്കാതിൽ ഇടാറുണ്ട്. അഞ്ചു ചെറിയ കല്ലു വെച്ചിരിക്കും. ചിലർ കരട്ട് എന്നും പറയുന്നുണ്ട്].

കരട്ടുക-ചവുട്ടി തറുമാറാക്കുക.

കരണ്ടകം-മഞ്ഞനിറത്തിലുള്ള പൂവോടുകൂടിയകരഞ്ഞി. സർവമായൗഷധമായതുകൊണ്ടു ജനങ്ങൾ കൈക്കലാക്കുന്നതിനാൽ ഈ പേരുണ്ടായി. [പാഠാന്തരങ്ങൾ-കരണ്ടകം, കരണ്ഡകം, കരണ്ധകം.]

കരണ്ടം-നീരരൽ.

കരണ്ടി-ക്രി. ഇരിക്കുന്നതിനുള്ള പലക. വ ഒരുവക ചെടി. ന. കരിമ്പനയുടെ കായ്.

കരണ്ധകം-പൊൻനിറത്തിൽ പൂവുള്ള ഒരു ചെടി, പൊൻനിറം കരഞ്ഞി, മഞ്ഞക്കുറുഞ്ഞി, മഞ്ഞപ്പൂവുള്ള കുറുഞ്ഞി.

കരന്ധു -ഒരു മീനം, ആന്ത്രവീക്കം.

കരപ്പൻ-ഈറിയുചീപ്പ്.

കരമ്പു -പന്നി പ്രസവിപ്പാൻ ഉണ്ടാക്കുന്ന സ്ഥലം.

കരംം-ഞാറപ്പക്ഷി, കട്ടക്കൊത്തി, അഴുകരൽ എന്ന പക്ഷി. ശബ്ദിക്കുന്നതെന്നർത്ഥം.

കരരി-പ്ര. ഞാറപ്പക്ഷി. വ. വെണ്ണാട്ട്.

കരലം-അഴുകരൽ.

കരലം-പ്ര. ഞാറപ്പക്ഷി, അഴുകരൽ. വ. കരനിര.

കരൽ-ശബ്ദം. [കരലൻ-കരലൊട്ട (ശബ്ദത്തൊട്ട) കൂടിയവൻ.]

കരൽനാഴി-കഴുത്തിൻെറ അകത്തെഭാഗം, വല്ലതും ഭക്ഷിച്ചാൽ അത് അകത്തെയ്ക്കിറങ്ങുന്ന വഴി.

കരൽവള്ളി-കരൽനാഴി.

കരവ-കല്യാണവും മററം പ്രമാണിച്ചു സ്ത്രീകൾ ശുഭാവസരത്തിൽ കീഴ്നടപ്പനുസരിച്ചു പുറപ്പെട്ടുവിക്കുന്ന ശബ്ദവിശേഷം.

കരവ(ക)ം-പ്ര. വെളുത്ത മന്ദാരം. വ. ചെങ്കുരഞ്ഞി.

കരവകം-പ്ര ചെങ്കുരഞ്ഞി, ചെമന്ന പൂവുള്ള കുരഞ്ഞി, അധികം പുഷ്പരസമില്ലായ്കയാൽ വണ്ടുകളുടെ ശബ്ദം കുറയുന്നത്, ചെമന്ന പൂവുള്ള മുൾക്കുരഞ്ഞി. വ. വരിനെല്ല (കറത്തത്.)

കരസ-കഴുപ്പ.

കരള-പ്ര. നുണ. വ. മോഷ്ടു.

'കരളുപറഞ്ഞിട്ടെന്തൊരുകാര്യം'

(കിരാതം തുള്ളൽ)

ന. ദൂഷണം ൪. അസത്യം.

കരളം-പ്ര. കരനിര.

'നിടിലസീമ്നി നിരന്നതിഭംഗിയിൽ

പൊടിയണിഞ്ഞതളുകരളങ്ങളും'

വ. ഞാറപ്പക്ഷി.

കരാൽ-തവിട്ടുനിറം

കരാൾനെല്ല്-ഒരു വക നെല്ല്.

[തവരയോടടുത്ത ഗുണമുള്ളതാണ്].

കരാൽമാൻ-ഒരുവക മാൻ.

[ഇതിൻെറ കണ്ണുകൾക്ക വളരെ ഭംഗിയുണ്ട്].

'കുരങ്കരാൽമിഴി ളുളുമ്പിന ശംഗരവള്ളി'

(ലീലാതിലകം)

കരാലിക്കുക-കണ്ണിൽ കരടുവീണു വേദനയുണ്ടാവുക

കരാലിപ്പ്-കണ്ണിൽ കരട വീണാലുണ്ടാകുന്ന വേദന.

കരാശാണി-ഒരു മരുന്നുചെടി.

[വിഷം, കഫം, വാതം, അതിസാരം, ശൂല ഇവ നശിപ്പിക്കം.]

കരികിൽ-പ്ര. ഒരുവക ചെറിയ പക്ഷി. വ. ഒരു കാട്ടുചെടി.

[മൂന്നു ദോഷങ്ങൾക്കും നന്ന്. ബലത്തെ വൎദ്ധിപ്പിക്കും. വിഷമേററവൎക്ക അത്യുത്തമം. സംസ്കൃതത്തിൽ-ചടകം. തമിഴിൽ-കരുവി. ഇംഗ്ലീഷിൽ-(Sparrow) സ്പാരൊ.]

കരികിൽതാളി-ഒരു കാട്ടുചെടി.

കരിക്കുക-ഞെരിച്ചാൽ മണ്ണുപൊടിക്കുക.

കരികൻ-പ്ര. ഒരു ജാതിക്കാരൻ. വ. നായന്മാരിൽ ഒരു കൂട്ടക്കാരൻ.

കരിപ്പുഴി-ഞെരിച്ചാൽ നിലത്തുനിന്നു പൊടിക്കുന്ന മണ്ണ്.

കരിട്ടുകല്ല്-കണ്ണാടിയും സ്ഫടികവും ഉണ്ടാക്കുന്നതിനുള്ള ഒരു മണൽ.

കരിയൻ-കണ്ഠത്തിൽ ഇരിക്കുന്ന ഒരുമാതിരി പക്ഷി.

കരിസ്സു-സുറിയാനിക്കാരിൽ ചിലർ എള്ളുകൊണ്ടു നടത്തുന്ന ഒരു വസ്തു [പോൎട്ടുഗീസ് ഭാഷ.]

കരിശുമാല-കരിശു കോൎത്തിട്ടുള്ള ഉരുക്കൾ

കരിധാന്യം-ഒരുവക ധാന്യം.

[പുഷ്ടികരമാണ്. ബലത്തെ വൎദ്ധിപ്പിക്കും. കഫിരക്ക അത്യുത്തമം.]

കരു-പ്ര. സോമവംശത്തിലുള്ള ഒരു രാജാവിൻെറ പേർ. അച്ഛൻ-സംവരണൻ. അമ്മ-തപതി.

[സോമവംശത്തിൽ പ്രതാപശാലിയായി നാടുവാണിരുന്ന ഒരു രാജാവാണ് കുരു. ഇദ്ദേഹത്തിന്റെ പിൻവാഴ്ചക്കാർ എന്ന അർത്ഥത്തിലാകുന്നു ദുര്യോധനാദികൾ 'കൌരവ'സ്ഥാനം അംഗീകരിച്ചത്. കുരു ധൃതരാഷ്ട്രന്റെയും പാണ്ഡുവിന്റെയും പൂർവികനാണെങ്കിലും ധൃതരാഷ്ട്രരുടെ മക്കൾക്കു മാത്രമേ 'കൌരവർ' എന്ന നാമധേയമുള്ളൂ. വൈദിക കാലത്തു പഞ്ചനദത്തിൽ പാർത്തിരുന്ന ആര്യന്മാരിൽ അത്യുത്സാഹശീലന്മാരായിരുന്നവർ കൂട്ടംകൂടി ഗംഗയുടേയും യമുനയുടേയും മദ്ധ്യദേശത്തുള്ള ഇപ്പോഴത്തെ ഡെൽഹിയുടെ സമീപത്തായി 'കുരു' എന്ന പ്രസിദ്ധമായ രാജ്യം സ്ഥാപിച്ചു.]

(പ്രാചീനാര്യാവർത്തം).

൨. ഒരു രാജ്യം. ൩. ഭൂമിയുടെ വടക്കെ അറ്റത്തുള്ള ഒരു ഖണ്ഡം, ഉത്തരകുരു. ൪. ഫലങ്ങളുടെ അകത്തുള്ള ബീജം. ൫. പരു. പര്യായങ്ങൾ—വിസ്ഫോടം, പിടകം. ൬. മസൂരി. ൭. കണ്ടകാരിച്ചുണ്ട.

കുരുകന്ദകം-മുള്ളങ്കി.

കുരുകുരുപക്ഷി-ഒരുവക പക്ഷി.

[മാംസം ത്രിദോഷങ്ങളെയും ശമിപ്പിക്കും. സം-കുരബാഹു].

കുരുക്ക്-ചില പക്ഷികളെയും മററും പിടിപ്പാനുള്ള ഒരു സൂത്രം.

കുരുക്കുത്തി-ഒരു ചെടി. ൨. ഒരുമാതിരി മുല്ല.

കുരുക്കുപല്ലൻ-ഒരു മഹാജന്തു. സ്ഥലജീവിയാണ്. ആദ്യത്തെ സാക്ഷാൽ സ്ഥലജീവി ഇതാണത്രെ.

കുരുകുലം-നൂററവരുടെ വംശം. കൌരവ വംശം.

കുരുക്കുക-മുറുക്കുക, കിളക്കുക. [സ. ക്രി. കുരുപ്പിക്കുക.]

കുരുക്കുത്തിമുല്ല-സുഗന്ധപുഷ്പമുള്ള ഒരു വള്ളി.

[പൂവ്-കഫം, പിത്തം, വിഷം, രക്തദോഷം, ശിരോരോഗം, വിക്കം ഇവക്കു നന്ന്. ആമത്തെ പചിപ്പിക്കും. മുടിയെ നന്നാക്കും. സം-കുന്ദം. തമി-കുരുന്ത്. ഇംഗ്ലീ-(White jasmine) വൈററ് ജാസ്മിൻ].

കുരുക്ഷേത്രം-പാണ്ഡവരും കൌരവരും തമ്മിൽ യുദ്ധമുണ്ടായ സ്ഥലം (ഇന്ദ്രപ്രസ്ഥത്തിനടുത്താണ്).

'തപതിയെപ്പെററുണ്ടായി കുരുവാംനരപതി തപസാ കുരുക്ഷേത്രം നിർമ്മിച്ചതവനല്ലോ'

(ഭാരതം)

കുരുങ്ങുക-കുരുക്കിൽ അകപ്പെടുക. [അ. ക്രി. കുരുക്കുക.]

കുരുടൻ-൧. കണ്ണുകാണാത്തവൻ. പര്യായങ്ങൾ-അന്ധൻ, അള്ളക്ക്. ൨. മുണ്ടൻ.

കുരുടം-നീരാരൽ.

കുരുടി-൧. കണ്ണു കാണാത്തവൾ. ൨. പൊക്കംകുറഞ്ഞവൾ, മുണ്ടി.

കുരുട്-(വി) ൧. കണ്ണുകാണാത്ത. ൨. കൊച്ചു്.

കുരുട്ടുക, കുരുട്ടുക-കറമ്മുക, കരളുക.

കുരുട്ടുകണ്ണൻ-കണ്ണുകാണാത്തവൻ

കുരുട്ടുകണ്ണ്-കാഴ്ചയില്ലാത്ത കണ്ണ്.

കുരുട്ടുകല്ല്-സ്ഫടികമുണ്ടാകുന്നതിനുള്ള കല്ലും മണ്ണും.

കുരുട്ടുപാവൽ-പാവലിൽ ഒരുവകഭേദം.

[കയ്പും, ശൈത്യം, അരുചി മുതലായവക്കു നന്ന്. സം-കാർക്കോടകി]

കുരുട്ടുപ്രാവ്-ഒരു പക്ഷി.

[ഇതു കാട്ടിൽ സഞ്ചരിക്കുന്നു. സം-കാനനകപോതം.]

കുരുട്ടുമാവ്-കാട്ടുമാവ്, കോമാവ്.

[കുരുട്ടുമാവ് എന്നതു ചെറിയ കായുള്ള മാവാണ്. പച്ചക്കായ് മലം പിടിത്തമുള്ളതാണ്. പഴുത്ത കായ് ബല

ത്തെയും അഗ്നിയെയും വൎദ്ധിപ്പിക്കും. ഇതിന്റെ കായ് പാലിനോടു ചേൎത്തു ഭക്ഷിക്കരുതു്].

കരുട്ടുവെള്ളരി—ഒരു ഫലശാകം.

[ഇതിന്റെ ഇളം കായ് ഉണങ്ങിയതിനു മുരുക്കിൻവററൽ എന്നു പറയുന്നു. കായിന്മേൽരോമമുണ്ടായിരിക്കും. ഇരുണ്ട നിറമാണു്. ഇളംകായ് മൂത്രത്തെ വൎദ്ധിപ്പിക്കും. മലത്തെ ഇളക്കും. മൂത്തകായ്ക്കു് എരിയും പുളിയും കാണും. സം-ശശാന്ദ്രലി].

കരുണ്ട(ക)ം—പ്ര. മഞ്ഞപ്പൂവുള്ള മുൾക്കുറുഞ്ഞി. വ. മഞ്ഞക്കുറുഞ്ഞി.

കരുണ—ഒരുമാതിരി മുല്ല.

കരുതി—പ്ര. മഞ്ഞളും ചുണ്ണാമ്പുംകൂടി കലക്കിയതു്. വ. ചോര. ന. ഒരു മാതിരി ബലി.

കരുതിക്കളി—രക്തക്കഴമ്പു്. (പ-മ)

കരുത്ത—വി. മുഴച്ച.

കരുത്തി—മീൻകൂട്ടു്, ഒററൽ. പൎയ്യായങ്ങൾ—മത്സ്യധാനി, കവേണി.

കരുത്തോല—തെങ്ങിന്റെ കൂമ്പോല.

കരുദേശം—കരുരാജ്യം.

കരുനീർ—പശുവിന്റെ ചലം.

കരുന്തു്—ചെറിയ തളിര്.

"കരുന്തുകാലിൽ തളിയിട്ടനാളെ"

കരുന്തുകല്ലു്—ഇരിമ്പു വെണ്മവരുത്തുന്നതിനുള്ള ഒരുമാതിരി കല്ലു്.

കരുന്നേരി—പൎവ്വതം, തിട്ടകം, ശൈലകം.

കരുപ്പു്—വി. മുഴച്ച.

കരുപ്പൂഴി—ഞാഞ്ഞൂൽ നിലത്തുനിന്നു പൊക്കുന്ന മണ്ണ്.

കരുപ്പരുത്തി—പഞ്ഞിയുണ്ടാകുന്ന ഒരുമാതിരി ചെടി.

[പരുത്തി, നൽപ്പരുത്തി ഇങ്ങിനെയും പറയും. പിത്തം, കണ്ണീർമേഹം, കഫം, ചുട്ടുനീറൽ, ശ്രമം, അരുചി, മൂൎച്ഛ, ചുഴൽച്ച ഇവക്കു നന്നു്. സാം-കാൎപ്പാസി. തമി-പരുത്തി].

കരുപ്പു്—മുളപ്പു്, കിളപ്പു്, തേങ്ങക്കകത്തിരിക്കുന്ന കരുപ്പു്.

കരുപ്പുകാലു്—നാട്ടിയാൽ കിളക്കുന്ന പത്തൽ.

കരുപ്പുവിത്തു്—വിതപ്പാൻ കിളപ്പിച്ച വിത്തു്.

കരുമുളകു്—നല്ലമുളകു്, കൊടിമുളകു്.

കരുമൂലി—ഒരുമാതിരി മുള്ളുള്ള മരം.

കരുംബൊ, കരുംബികാ—തുമ്പ.

കരുംബി—മലന്തിപ്പലി.

കരുമ്പ—പ്ര. ഇളനീർ. വ. മധുരക്കള്ളു്.

കരുരാജാവു്—ദുൎയ്യോധനൻ, കുരുരാജ്യത്തിലെ രാജാവു്.

കരുവകം—പ്ര. ചെങ്കുറുഞ്ഞി. ഭൂമിയിൽ നല്ലതെന്നു സ്തുതിക്കപ്പെടുന്നതെന്നൎത്ഥം. വ. ചെമന്ന പൂവുള്ള മുൾക്കുറുഞ്ഞി.

കരുവി—കണ്ടത്തിൽ ഇരിക്കുന്ന ഒരുമാതിരി പക്ഷി.

കരുവി(ബി)സ്തം—ഒരു പലം (൪൮ പണത്തൂക്കം) പൊന്നിന്റെ പേർ. കരുക്കളിൽ പ്രസിദ്ധം എന്നൎത്ഥം.

കരുവിക്കരിമ്പു്—കശ.

[വാതം, പിത്തം, രക്താൎശസ്സ്, മൂത്രകൃ[illegible], [illegible] ചുട്ടുനീറൽ [illegible], [illegible], [illegible] ഇവകളെ [illegible] യവുകളുള്ളും. [illegible] സം-കാശം. തമി-കരുവിക്കരിമ്പു്].

കരുവിന്ദം—പ്ര. മുത്തങ്ങ. കരുദേശത്തിൽ കിട്ടുന്നതെന്നൎത്ഥം. വ. മാണിക്യം. ദ. കാരെള്ളു്. ര. ചായില്യം. ൫. ഉഴുന്നു്. ന്യ. കരാൾനെല്ലു്.

[കരുവിന്ദം എന്നും കുരുവിന്ദത്തിനുമില്ല എന്നും പറയുന്നുണ്ട്].

കരുവില്ലാ-ഒരുവക ചെമന്ന രത്നം, മാണിക്യം.

കരുവില്ലാക്കട്ടുക്ക-ഒരങ്ങാടിമരുന്ന്.

കരുവീര(ക)ം-നീർമരുത്.

കരുഠം-കരനിര.

കുരൂപ-വി. സൌന്ദര്യമില്ലാത്ത, ഭംഗികേടുള്ള.

കുരൂപ്യം-വെളുത്തീയം.

കരുശ്ലുക-ഌ. ചുമയ്ക്കുക. വ. വട്ടി ശബ്ദിക്കുക.

കുർക്കരി-ചെണ്ണട്ടി.

കുക്കുടം-ദകാഴി.

കുക്കുര-പട്ടി, നായ്.

കുണ്ണജം-നരവയസ്സ്.

കുട്ടനാ-പന്തുകളി, കണ്ണാമ്പൊത്തുകളി മുതലായ ചില കളി. [കുട്ടനാ എന്ന പദം അധികം നടപ്പു].

കുപ്പുര-ഌ. മുഴങ്കൈ. വ. മുഴങ്കാൽ.

കുപ്പാസം-കുപ്പായം.

കുയ്യാപ്പുള്ള് കടപ്പുക-രാജ്യത്തിനു പുറത്താക്കുക (ശൈലി).

കുഴുത്-(വ്യാകരണത്തിൽ) ഒരു അല്പധ്വനമായ അംഗക്രിയയെ കുറിക്കുന്നതു്.

കുര്വ്വരൻ-രാക്ഷസൻ.

'ഓന്റൂനു കർവ്വരു ക്രവ്യാൽകുഞ്ചു രായാളൂരക്ഷസീ'

(ശബ്ദാർണ്ണവം)

കുലംധാതു. ഫലമുള്ളതാകുക.

കുല-ഌ. പൂക്കുല മുതലായതു്. ഫലമോ കായോ ചേർന്നിട്ടുള്ള കൊറ എന്നും, കൊമ്പു്. വ. വില്ലു വളച്ചുകെട്ടുക.

കുലയററാൽ മടലിൽ തവ്വാ-നമ്മുടെ പ്രധാന രക്ഷിതാക്കൾ നമ്മെ ഉപേക്ഷിച്ചാൽ അന്യരുടെ സഹായംകൊണ്ടു ഫലമില്ല. (പഴഞ്ചൊല്ലു്)

കുലക - വി. ശ്രേഷ്ഠതയുള്ള വംശത്തിൽ ജനിച്ച

കുലകകർക്കടി-ചീനവെള്ളരി

കുലകൻ-ഌ. കുലശ്രേഷ്ഠതയുള്ള സ്വത്തപ്പണിക്കാരൻ, മൂത്തശില്പി. (മൂത്താശാരി എന്നപോലെ) ജാതിക്കാരെ കൂട്ടിച്ചേർത്തുകൊണ്ടു സഞ്ചരിക്കുന്നവൻ എന്നർത്ഥം. വ. കാക്കപ്പനിച്ചം.

കുലകം-ഌ. കാക്കപ്പനിച്ചി. "കുലകം" എന്നുമുണ്ടു്. വ. പടോലം. ന. കൈപ്പൻപടവലം. ര. പനച്ചി. ൫. കപ്പൂരതുളസി.

കുലക്ഷയാ-നായിക്കൊരുണ.

കുലക്ഷയം-വംശനാശം.

കുലഗിരി-(കുലപർവ്വതം നോക്കുക.)

കുലഗുരു-വംശത്തിനു പ്രത്യേകമായിട്ടുപദേശിക്കുന്ന ആചാര്യൻ.

കുലചേരു്-കുമ്മായം തേപ്പാൻ ഇരിമ്പുകൊണ്ടുണ്ടാക്കിയതു്.

കുലജ-വി. നല്ല വംശത്തിൽ ജനിച്ച.

കുലഞ്ജന ാ. നരവയസ്സ്.

കുലട-വ്യഭിചാരിണി 'കുലാനി അടതി ഇതി കുലടാ' അന്യ ഭവനങ്ങളിൽ (പുരുഷന്മാരെ തേടി) ചെല്ലുന്നതുകൊണ്ടു കുലട എന്ന പേരുണ്ടായി. കുലത്തിന് അപമാനമുണ്ടാകത്തക്കവിധം തന്നിഷ്ടംപോലെ നടക്കുന്നവൾ എന്നതാൽപര്യം.

[കുലടശബ്ദത്തിനു കുലങ്ങളിൽ സഞ്ചരിക്കുന്നവൾ എന്നാണു ശബ്ദാർത്ഥം. ഇവർ രണ്ടുതരമുണ്ടു്. ഌ. വ്യഭിചാരിണി-ജാരന്മാരെ അന്വേഷിച്ചു അവരുടെ വാസതിക്കു ചെല്ലുന്നവൾ. അതായതു മുഖ്യ പാംസുലമാർ. വ. ഭിക്ഷക്കു വേണ്ടി (അന്യന്മാരെ തിരഞ്ഞല്ല) വീട്ടുതോറും സഞ്ചരിക്കുന്ന ഒരു പരിവ്രാജി.

കുലടജ്യോതവം-മത്തു്.

കുലടൻ-തന്നിൽനിന്നു ജനിക്കാതെ വിലയ്ക്കുവാങ്ങിച്ചോ മറ്റൊ ലഭിച്ച പുത്രൻ.

കുലടി-മനയോല.

കുലതന്തു-സന്തതി, വംശാഭിവൃദ്ധി.

'വിശ്വമെല്ലാം പരത്തിക്കുലതന്തവേ'
(അദ്ധ്യാത്മരാമായണം)

കുലത്ഥം-മുതിര.

കുലത്ഥാ-സ്ത്രീ കാട്ടുമുതിര. വ. കുലത്ഥാഞ്ജനം.

കുലത്ഥാഞ്ജനം-ഒരുവക അഞ്ജനം.

[വ്രണം, ചൊറി, നേത്രരോഗം, സ്ഥാവരവിഷം, ജംഗമവിഷം, വിസ്ഫോടം ഇവക്കു നന്ന്. തമി-കുളത്ഥാഞ്ജനം].

കുലത്ഥികാ-സ്ത്രീ കുലത്ഥാഞ്ജനം. വ. ദ്രുത്ഥിൽ ഒരുവക ഭേദം. മുതിരയുടെ ആകൃതിയിലുള്ളതെന്നർത്ഥം. ന. കാട്ടുമുതിര ര. മുതിര. ഒ. ചെങ്കൽ ന്യ ചെറുവിടക്കോൽ.

കുലത്ഥം-മുതിര.

കുലദൈവം-പരദേവത.

കുലധർമ്മം-അതാതു വംശത്തിൽ ജനിച്ചാൽ ചെയ്യേണ്ടുന്ന മര്യാദ, വംശാചാരം.

കുലധാരകൻ-പുത്രൻ.

കുലനഗരി-കുലപുരി.

കുലനാശം-പു. ഒട്ടകം. വ. വംശനാശം

കുലനാശനൻ-ജാതിയിൽനിന്നു തള്ളപ്പെട്ടവൻ.

കുലപതി-പു. വംശത്തിൽ പ്രമാണി വ. പതിനായിരം ശിഷ്യരെ പഠിപ്പിച്ചു രക്ഷണംചെയ്യുന്ന മുനി.

'മുനീനാം ദശസാഹസ്രം
യോന്നദാനാദിപോഷണാൽ
അദ്ധ്യാപയതി വിപ്രർഷി
രസൌ കുലപതിഃ സ്മൃതഃ'

കുലപത്രകം-മരിക്കൊഴുന്ത്.

കുലപർവ്വതങ്ങൾ-ഭാരതത്തിൻ്റെ ഭാരം വഹിക്കുന്ന ഏഴു പർവ്വതങ്ങൾ. മഹേന്ദ്രം, മലയം, സഹ്യൻ, ശുക്തിമാൻ, ഋക്ഷപർവ്വതം, വിന്ധ്യൻ, പാരിയാത്രം ഇവ ഏഴും.

'മഹേന്ദ്രോ മലയഃസഹ്യഃ
ശുക്തിമാനൃക്ഷപർവ്വതഃ
വിന്ധ്യശ്ച പാരിയാത്രശ്ച
സപ്തൈതേ കുലപർവ്വതാഃ'

[കുലശബ്ദത്തോടു പർവ്വതപര്യായം ചേർത്താൽ കുലപർവ്വതങ്ങൾ എന്ന അർത്ഥം വരും. ഉ-ം, കുലാചലം, കുലശൈലം, കുലാദ്രി, കുലക്കുന്ന്, കുലഗിരി ഇത്യാദി.]

കുലപാലിക-പതിവ്രതാധർമ്മത്തോടുകൂടി തറവാടു കാത്തു രക്ഷിക്കുന്നവൾ. കുലത്തെ രക്ഷിക്കുന്നവൾ എന്നർത്ഥം. മറ്റൊരു പര്യായം-കുലസ്ത്രീ.

കുലപുഷ്പം-കൊങ്കമന്ദാരം.

കുലപ്പുല്ല്-കുച്ചുൻപല്ല്.

കുലപ്പാമ്പ്-കടൽ സംബന്ധിച്ച കൃമി.

കുലപ്പിയം-കാലിൻ്റെ മണിക്കെട്ടിലെ ഒരു മർമ്മം.

കുലഭൃത്യാ-സ്ത്രീ. വംശത്തിലെയും പ്രത്യേകമായിട്ടു വേലചെയ്യുന്ന വീട്ടുകാരി. വ. ഗർഭിണികളെ സൂക്ഷിക്കുന്നവൾ

കുലമറിയൻപയറ്-ഒരുവക പയറ്.

കുലം-പു. വംശം. തമ്മിൽ കൂട്ടംകൂട്ടുന്നതെന്നർത്ഥം. വ. വാസസ്ഥലം, ദേഹം. ന. കൂട്ടം. ര. സജാതീയങ്ങളായ പ്രാണികളോടുകൂടിയ സമൂഹം. കൂട്ടപ്പെട്ടതെന്നർത്ഥം.

കുലംകൂട്ടുക-സംബന്ധംചെയ്ക.

കുലമല-കുലപർവ്വതം.

കുലമ്പിക്കുന്നു-കുരമ്പിക്കുന്നു, കുപ്പിക്കുന്നു.

കുലയ്ക്കുക-ക്രി. വളയ്ക്കുക. വ. വില്ലുവളച്ചു ഞാൺകെട്ടുക. ന. വാഴമുതലായവ കുലയ്ക്കുക.

കുലയുക-ക്രി വിറയ്ക്കുക

'കൊട്ടംചിലങ്ങാണൊലിചെയ്യുതുകേട്ടു
കലഞ്ഞിതുകിഷ്കിന്ധാപുരിയെങ്ങും'
(കണ്ണശ്ശരാമായണം)
൨. തൊറുക.

കലവൻ-ശ്രേഷ്ഠൻ.

കലവണ്ണാ-നാല്ക്കൊപ്പക്കൊന്ന.

കലവാഴ-കലയോടുകൂടെയുള്ള വാഴ.

കലവിദ്യ-തന്റെ വംശക്കാർ മുമ്പിനാലേ പഠിച്ചുവരുന്ന വിദ്യ.

കലവിപ്രൻ-കലഗുരു.

കലവില്ല്-വളച്ചുഞാണംകൊണ്ടുകെട്ടിയ വില്ല്.

കലശി-മൂവില.

കുലശേഖരൻ-വംശത്തിൽ പ്രധാനൻ.

കുലശേഖരപ്പെരുമാൾ - തിരുവിതാംകൂർ മഹാരാജാവിന്റെ പേർ.

കുലശ്രേഷ്ഠി-വി. വംശത്തിൽ പ്രധാനമായ.

കുലശ്രേഷ്ഠി-മൂത്തശില്പി, ശില്പികളുടെ കൂട്ടത്തിൽ പ്രധാനി.
[മൂത്തശില്പി എന്നതു മൂത്താശാരി എന്നവണ്ണം ഗ്രഹിക്കുക.]

കുലസംഭവ-വി. ൧. നല്ലകുലത്തിൽ ജനിച്ച. ൨. ഏതെങ്കിലും ഒരു വംശത്തിൽ ജനിച്ച.

കുലസൌരഭം-കപ്പൂരതുളസി.

കുലസ്ത്രീ-പാതിവ്രത്യധർമ്മത്തോടുകൂടി തറവാട്ടുകാര്യം രക്ഷിക്കുന്നവൾ. മറ്റൊരു പര്യായം-'കുലപാലികാ'.

കുലസ്ഥം-൧ മുതിര (കാണം). ൨. ചെങ്കല്ല്. ൩. കാവിമണ്ണ്.

കുലഹണ്ഡകം-നീർച്ചുഴി.

കുലഹലം-൧. അടക്കാമണിയൻ. ൨. നീലക്കടമ്പ.

കുലഘാതക-വി. വംശത്തെ ഛേദിക്കുന്ന.

കുലഹീന-വി. ക്ഷേമമില്ലാത്ത, താണകുലത്തിലുള്ള.

കുലാ-മനയോല.

കുലാചലം-(കുലപർവ്വതം നോക്കുക.)

കുലാചാരം-ജാതിമര്യാദ.

കുലാഞ്ഞിൽ-തേങ്ങയുണ്ടാകുന്ന കുല.

കുലാടം-പരൽ.

കുലായം-പക്ഷിക്കൂട്. പക്ഷികളുടെ കുടുംബം ഇതിൽ ഗമിക്കുന്നതുകൊണ്ട് ഈ പേർ സിദ്ധിച്ചു.

കുലായികാ-പക്ഷികളെ വളർത്തുന്ന സ്ഥലം.

കുലാൽവണ്ടി-കുതിരകെട്ടിയ വണ്ടി.

കുലാലൻ-൧. കുശവൻ. ഭൂമിയെ ശോഭിപ്പിക്കുന്നവൻ എന്നർത്ഥം. ൨. കാട്ടുകോഴി

കുലാലം-൧. ഉമ്മൻ. ൨. കക്കപ്പക്ഷി.

കുലാലി-൧. നീലാഞ്ജനം. ൨. കുശവന്റെ സ്ത്രീ. [കുലത്ഥാഞ്ജനം എന്നും കാണുന്നു.] ൩. കാട്ടുമുതിര.

കുലാലികാ-൧. കുലത്ഥാഞ്ജനം. ൨. കാട്ടുമുതിര.

കുലി-൧. കൈയ്. ൨. കണ്ടകാരിച്ചുണ്ട, പുത്തരിച്ചുണ്ട, കൂട്ടിപ്പിണഞ്ഞുകിടക്കുന്നതെന്നർത്ഥം. ൩. ഭാര്യയുടെ ജ്യേഷ്ഠത്തി. ൪. മലയകത്തി. ൫. ചെറുവഴുതിന.

കുലിക-വി. നല്ലകുലത്തിൽ ജനിച്ച.

കുലികൻ-൧. ബന്ധു. ൨. കുലശ്രേഷ്ഠൻ. ൩. വംശത്തിൽ പ്രധാനി. ൪. ഇരിപ്പവൃക്ഷം. ൫. ശില്പികളുടെ തലവൻ. [കുലകൻ എന്നതിന്റെ പാഠഭേദം.]

കുലികവേലാ-ഓരോ ദിവസത്തിലും യാതൊരു വേലയും ആരംഭിക്കാൻ പാടില്ലാതെ അശുഭകരമായുള്ള ഏതാനും കാലഭാഗങ്ങളുള്ളവയിൽ തെവക, മലയാളത്തിൽ ഗുളികവേള.

കുലിക്ഷുദ്രാ-കണ്ടകാരി.

കുലിംഗകം-൧. ഉപ്പൻകിളി. ൨. കടമച്ചാത്തൻ.

കുലിംഗം-കുരുവി.

കുലിരം-ഞണ്ട്.

കുലിശദ്രുമം-ചതുരക്കള്ളി.

കുലിശം-പു. വജ്രായുധം. പർവതങ്ങളെ പക്ഷച്ഛേദനംനിമിത്തം ചെറുതാക്കുന്നത്, ഭൂമിയെ സ്വല്പയാക്കിച്ചെയ്യുന്നത്, യശസ്സിനെ വർദ്ധിപ്പിക്കുന്നത് എന്നിങ്ങനെ ശബ്ദാർത്ഥം. ൨. ചങ്ങലംപരണ്ട.

കുലീന-വി നല്ല തറവാട്ടിൽ ജനിച്ച. പര്യായങ്ങൾ- കുലീനൻ, മഹാകുലൻ. [അകുലീനൻ എന്ന ശബ്ദം നോക്കുക]

കുലീനലക്ഷണചതുഷ്ടയം- മറ്റുള്ളവരെ കണ്ടാലും മുഖപ്രസാദം, യഥാശക്തി ദാനശീലം, മധുരവാക്ക്, ഒരുവനെക്കുറിച്ചും നിന്ദയില്ലായ്മ ഇവ നാലും ഉയർന്നകുലത്തിലും ജാതിയിലും ജനിച്ചവരുടെ ഗുണങ്ങൾ ആകുന്നു.

കുലീനം- അശ്വലക്ഷണം പൂർത്തിയായ ആൺകുതിരയിൽ നിന്ന് അത്തരം പെൺകുതിരയിലുണ്ടായ നല്ലജാതി കുതിര.

കുലീനസം-പു. വെള്ളം. ൨. ഇരുവേലി.

കുലീനകം-മകുട്ടപ്പയറ്.

കുലീരം-പു. ഞണ്ട്. ൨. കർക്കടകമാസം.

കുലീശം-വജ്രം.

കുലുക്ക്-വൃക്ഷത്തിന്റെ കൊമ്പോ മറ്റോ വിറപ്പിക്കുക, വിറപ്പിക്കൽ.

കുലുക്കം-ഇളക്കം.

കുലുക്കത്തി-ഒരുവക ചെടി.

കുലുക്കുഴിയുക-വെള്ളം വായിലൊഴിച്ചു കുലുക്കിത്തുപ്പുക.

കുലുംഗം-കരാൽമാൻ.

കുലുങ്ങുക-വിറയ്ക്കുക. [കലുങ്ങുക-സ. ക്രി കുലുക്കുക.]

കുലുമ്പിക്കുക-പ്ര കലുക്കുക. ൨ ക്ഷോഭിക്കുക, ക്രുദ്ധിക്കുക.

'കണ്ണുങ്ങളുടെ ചെവി തിണ്ണം കുലുമ്പിച്ചു'
(കൃഷ്ണഗാഥ)

[കണ്ണുങ്ങളാൽ കുലുമ്പിച്ചു=ചെവി കുലുക്കി]

കുലേശ്വരൻ-ശിവൻ.

കുല്ഫം-നരിയാണി.

കുല്മാഷം-പു. കാടി, വെപ്പുകാടി. പകുതി വെന്തമാഷത്തോടു കൂടിയതെന്നർത്ഥം. ൨. പാതി വിളഞ്ഞ യവം. ൩. വറുത്ത നെല്ല്. ൪ പെരുമ്പയറ്. ൫. ഉഴുന്ന് ഇത്യാദി. ൬. ഭക്ഷ്യവിശേഷം. ൭ കന്മായം.

കുല്യ-വി. നല്ല വംശത്തിലുണ്ടായ.

കുല്യ-പു. കൈത്തോട്, വാച്ചാല് മുതലായത്.

[കൃഷിക്കുപയോഗത്തിനും മറ്റുമായി വലിയ ജലാശയങ്ങളിൽനിന്നു ജലം തിരിച്ചു കൊണ്ടുപോകുന്നതിനു നിർമ്മിക്കുന്നതാണ്.]

൨. നദി. ൩. ചെറിയ അടപതിയൻ.

കുല്യൻ-പു. വലിയ തറവാട്ടുകാരൻ. ൨. ആലോചനക്കാരൻ.

കുല്യം-അസ്ഥി, എല്ല്. ദേഹത്തിലിരിപ്പാൻ യോഗ്യമുള്ളതെന്നർത്ഥം.

കുല്ലാത്തൊപ്പി-കുമ്പൾതൊപ്പി, കൂമ്പൻതൊപ്പി.

കുവണിക-കോവണി.

കുവ-മൂശ.

കുവകാലുക-തോളിച്ചീര.

കുവട്ട് - പർവതത്തിന്റെ മുകൾഭാഗം (കോട്ട്.)

കുവം-പു. ശകാരം. ൨. നൈതൽപുഷ്പം. ൩. ചെങ്ങഴിനീർപ്പൂവ്. [താമര, ആമ്പൽ മുതലായതിന്റെ സാമാന്യപ്പേർ.]

കുവംഗം-കാരീയം.

കുവ(ല)ം-ആമ്പൽ.

കുവലം-പു. ലന്തവൃക്ഷം, ലന്തക്കായ്. ൨. കരിങ്കുവളം. ൩. മുത്ത്. ൪. ജലം.

കുവലയം-പു. താമര, ആമ്പൽ മുതലായതിന്റെ സാമാന്യപ്പേർ. ൨. വെള്ളാമ്പൽ, കരിങ്കുവളം. [പാഠഭേദങ്ങൾ- കുവേലം, കുവലം. കുവം]. ൩. ഭൂവലയം=ഭൂമണ്ഡലം. [കു=ഭൂമി]

'കമലമാല്യസമന്വിതം കവലയബാഹുല്യാ-
മോദകസൗഭാഗ്യമാത്രീം'
(രുക്ഷയാഗം കഥകളി)

കുവലയാനന്ദം – അർത്ഥാലങ്കാരങ്ങളെ വിവരിക്കുന്ന ഒരു പുസ്തകം [ഗ്രന്ഥകർത്താ-അപ്പയ്യദീക്ഷിതർ].

കുവലയാപീഡം-കംസന്റെ ആന. [ബാലരായ രാമകൃഷ്ണന്മാരാൽ കൊല്ലപ്പെട്ടു].

കുവലയിനി-ആമ്പൽപൊയ്ക.

കുവലീ-ലന്തമരം.

കുവാദ-വി. ചീത്തവാക്ക പറയുന്ന

കുവാഹ്ലലം-ഒട്ടകം.

കവി-ഊമൻ.

കവിങ്കകം-ഊക്കരികിൽ.

കുവിന്ദൻ-ചാലിയൻ. കത്സിതമായി ഉപജീവനത്തെ ലഭിക്കുന്നവൻ എന്നർത്ഥം.

കുവേണി-മീൻകൂട്ട്.

കുവേരകം-പൂവരശ്ശ്, പട്ടകരണ.

കുവേരൻ-വൈശ്രവണൻ.

കുവേരാക്ഷി-പ്ര. കഴഞ്ചി. വ. പാതിരി.

കുവേലം-പ്ര. ആമ്പൽ. വ. കഴഞ്ചി.

കുശക്കലം-കുശവൻ ഉണ്ടാക്കുന്ന കലം.

കുശക്കഴി-ഒരുമാതിരി ചെളിമണ്ണ്, കുശമണ്ണ്.

കുശത്തി-കുശവന്റെ സ്ത്രീ.

കുശദ്വീപ്-സപ്തദ്വീപുകളിൽ ഒന്ന്.

കുശധ്വജൻ-ജനകന്റെ സഹോദരൻ [ജനകൻ മിഥില രാജാവാണ്]. [ഭരതന്റെ ഭാര്യയായ മാണ്ഡവിയും, ശത്രുഘ്നന്റെ ഭാര്യയായ ശ്രുതകീർത്തിയും കുശധ്വജന്റെ പുത്രിമാരാണ്].

കുശൻ-പ്ര. ശ്രീരാമനു സീതയിൽ ഉണ്ടായ മൂത്ത പുത്രൻ. [സീതയെ രാമചന്ദ്രൻ വനത്തിൽ കളഞ്ഞതിൽ പിന്നീടാണ കുശനും ലവനും ജനിച്ചത്. വാല്മീകിയുടെ ആശ്രമത്തിലത്രെ ജനനം. ഇരട്ട പ്രസവിച്ചു എങ്കിലും ജ്യേഷ്ഠലംഘനംകൊണ്ടു 'കുശൻ' അത്രെ മൂത്ത ആൾ. കുശൻ രാജാവാക്കപ്പെട്ടു. കുശസ്ഥലി (കുശാവതി) എന്ന നഗരം പണിയിച്ചത് ഇദ്ദേഹമാണ്]. വ. ബ്രഹ്മപുത്രനായ ഒരു രാജാവ് (കുശാംബന്റെ അച്ഛൻ).

കുശനാഭൻ-കുശന്റെ രണ്ടാമത്തെ പുത്രൻ [കുശനാഭൻ ദേവസ്ത്രീയായ ഘൃതാചിയോട്ട ചേർന്ന് ഇരുപതു കന്യകമാരെ ജനിപ്പിച്ചു].

കുശപുഷ്പം-പ്ര. ഒരു സുഗന്ധപുഷ്പം വ. തുണിയരങ്കം.

കുശപ്പാത്രം-കുശവനുണ്ടാക്കിയ പാത്രം.

കുശപ്ലവം-ഒരു വനം.

കുശം-പ്ര. വെള്ളം. പാപത്തെ നശിപ്പിക്കുന്നത് എന്നർത്ഥം. വ. ദർഭ; വെളുത്ത ദർഭ ന. ഇരുവേലി. ദ്വ. വൃക്ഷം.

കുശമണ്ണ് - കുശവൻ കലമുണ്ടാക്കുന്ന മണ്ണ്, കുശക്കഴി

കുശയം-പ്ര. പാനപാത്രം. വ. കവളം

കുശർ-ഏഷണി, നുണ

കുശല്ക്കാരൻ-ഉപായി.

കുശല-വി-പ്ര. സാമർത്ഥ്യമുള്ള, യോഗ്യതയുള്ള, പഠിപ്പുള്ള. വ. നല്ലതായ, ശരിയായ ന. ഭാഗ്യമുള്ള.

കുശലത, കുശലത്വം-സാമർത്ഥ്യം, മിടുക്ക്.

കുശലപ്രശ്നം-സൌഖ്യത്തെക്കുറിച്ചു ചോദിക്ക.

കുശലം-പ്ര. സൌഖ്യം, ക്ഷേമം. വ. സുകൃതം, കത്സിതത്തെ കുറയ്ക്കുന്നത്, നല്ലവരിൽ നല്ലപോലെ യോജിക്കുന്നത് എന്നിങ്ങനെ അർത്ഥം. ന. സൽഗുണം, യോഗ്യത, സാമർത്ഥ്യം.

കുശലി-വി. കുശലമുള്ള, ഭാഗ്യമുള്ള.

കശലി—മുലംപ്പുംത്രു
കശവൻ—മൺ പാത്രം പണിചെയ്തു ഉപജീവിക്കുന്ന ഒരു ജാതിക്കാരൻ. പര്യായങ്ങൾ—കുംഭകാരൻ, കുലാലൻ.
കശസ്ഥലി—പ്ര. ശ്രീരാമന്റെ മൂത്ത മകനായ കുശനാൽ നിർമ്മിക്കപ്പെട്ട നഗരം. കുശാവതി എന്നും പറയും. ഉ. ദ്വാരകാപട്ടണം.
'പട്ടിണികൊണ്ടുമെലിഞ്ഞ
പണ്ഡിതനകുശസ്ഥലി
പട്ടണംകണ്ടപ്പോഴെ
വിശപ്പുംദാഹവും'
[രൈവതൻ പണിയിച്ച നഗരമാണ്. രൈവതൻ ഇല്ലാതിരുന്നപ്പോൾ-ബ്രഹ്മലോകത്തിൽ പോയിരുന്ന അവസരം നോക്കി-യക്ഷന്മാർ ഈ നഗരത്തെ നശിപ്പിച്ചു. രാക്ഷസന്മാരാണ നശിപ്പിച്ചതെന്നും പക്ഷംകാണുന്നു].
കശാ—മധുരമാതളനാരകം.
കശാഷ്ഠം—കരഞ്ഞ്.
കശാഗ്രബുദ്ധി—ബുദ്ധിക്കു കൂർപ്പുള്ള, അതിബുദ്ധിയുള്ള.
കശാണ്ഡം—പ്ര. കുശൻ, ഏഷണി. ഉ. പറയുമ്പോൾ ഉണ്ടാകുന്ന തടവ്, വക്ക്.
കശാംബൻ—കുശന്റെ പുത്രൻ.
[ഇന്ദ്രസദൃശനായ ഒരു പുത്രനെ ആഗ്രഹിച്ചു തപസ്സുചെയ്തതിന്റെശേഷം ഇന്ദ്രൻതന്നെ പോടിച്ചു കുശാംബന്റെ മകനായ ഗാധിയായി ഉത്ഭവിച്ചു].
കശാല്—നല്ലവണ്ണം.
കശാല്മലി—ചാമരം.
കശാവതി, കശസ്ഥലി—ശ്രീരാമന്റെ മൂത്ത മകനായ കുശൻ പണിയിച്ച നഗരം.
കശാസനം—ഇരിപ്പാനായിട്ട ദർഭകൊണ്ടു നെയ്തുണ്ടാക്കിയതു്.
കശാസ്തരണം - ദർഭകൊണ്ടുണ്ടാക്കിയ മെത്ത.
കശി—പ്ര. ഒരുമാതിരി ഇരിമ്പ്, ഉരുക്ക്. ഉ. കാച്ചിക്കൊട്ടിയ ഇരിമ്പ്. ന. കൊഴു. ഠ. വെണ്മഴു.
കശികതരു—പെരുമരുത്.
കശികൻ—വിശ്വാമിത്രന്റെ പിതാവ്.
[വിശ്വാമിത്രന്റെ ഒരു പൂർവികനേയുള്ളു എന്നും അഭിപ്രായംകാണുന്നു].
കശികം—പ്ര. പെരുമരുത്. ഉ. മരുത്. ന. കരവിക്കരിമ്പ്. ഠ. താന്നി.
കശിംശപാ—അല്പം മഞ്ഞനിറമുള്ള ഇരവുൾമരം.
കശീദാ—രക്തചന്ദനം.
കശീല—വി. ദുശ്ശീലമുള്ള.
കശീലവൻ—പ്ര. ചാക്കിയാര്. ഉ. ആട്ടക്കാരനും മററും, വണ്ടികളിൽതന്നെ പാട്ടുപാടുകയും കഥപറകയും ചെയ്യുന്നവൻ, കുത്സിതമായ ശീലത്തോടുകൂടിയവൻ എന്നർത്ഥം. ന. വാല്മീകി. ഠ. കുശനും ലവനും (രാമചന്ദ്രന്റെ പുത്രന്മാർ).
കശുകശുക്കുക—തമ്മിൽ പതുക്കപ്പറയുക.
കശുകശുപ്പ്—തമ്മിൽ പതുക്കപ്പറയുന്നതു്.
കശുമ്പൻ—കുശുമ്പുള്ളവൻ.
കശുമ്പൽ—പരകീയം നന്നായതു കേട്ടുവരിക.
കശുമ്പിക്കുക—പരകീയപ്പാരിത്രം മററും കേട്ടുവരിക.
കശുമ്പ്—മററുള്ളവന്റെ ഭാഗ്യവും മററും കാണുമ്പോൾ തോന്നുന്ന ദൗർഭാഗ്യം കേട്ട്.
കശേശയം—പ്ര. താമരപ്പൂവ്. ജലത്തിൽ ഇരിക്കുന്നതു് എന്നർത്ഥം. ഉ. വെണ്ടാമ്പൽ. ന. ചെങ്കൊന്ന.
കഷാകു—പ്ര. കരഞ്ഞ. ഉ. ചെന്ന പൂവുള്ള ഏരിക്ക്. ന. കൊടുവേലി.
കഷ്ഠംകേകം—കീരി.

കുഷ്ഠകൃന്തനം-തകര.
കുഷ്ഠകേതു-നിലയാവര.
കുഷ്ഠഗന്ധി-ഏലാവാലുകം.
കുഷ്ഠഗന്ധിനി-അമുക്കുരം.
കുഷ്ഠഘ്നം-പു. കരിങ്ങാലി. ൨. ഹിതാവലി. ൩. കൈപ്പൻപടവലം.
കുഷ്ഠഘ്നി-പു. കാട്ടത്തി. ൨. കാർകോകിൽ.
കുഷ്ഠച്ചൊറി-ചൊറിയുടെ മാതിരിയിൽ കാണുന്ന ഒരുമാതിരി കുഷ്ഠം.
കുഷ്ഠതോദനം-ചെങ്കരിങ്ങാലി.
കുഷ്ഠദോഷാപഹാ-കാർകോകിൽ.
കുഷ്ഠനാശനം-പു. വെങ്കടുക്. ൨. പന്നിക്കിഴങ്ങ്. ൩. നൊന്മനിവാക.
കുഷ്ഠനാശിനി-പു. മണിത്തക്കാളി. ൨. കാർകോകിൽ.
കുഷ്ഠം-പു. ഒരു ദീനം, ത്വഗ്ദോഷം. മററൊരു പര്യായം-ശ്വിത്രം. കുത്സിതമായി സ്ഥിതിചെയ്യുന്നത് എന്നർത്ഥം. ൨. കൊട്ടം. രോഗങ്ങളെ കളയുന്നത് എന്നർത്ഥം.
കുഷ്ഠരിപു-കരിങ്ങാലി.
കുഷ്ഠരോഗം-ത്വഗ്ദോഷം.
കുഷ്ഠരോഗി-വി. കുഷ്ഠരോഗമുള്ള.
കുഷ്ഠലം-ചീഞ്ഞസ്ഥലം.
കുഷ്ഠസൂദനം-വൻ കൊന്ന.
കുഷ്ഠഹന്താവ്-പു. ഒരു മരുന്ന്, പാവ്. ൨. മാറാംപു.
കുഷ്ഠഹന്ത്രി-കാർകോകിൽ.
കുഷ്ഠഹാ-പു. വേപ്പ്. ൨. കൈപ്പൻ പടവലം.
കുഷ്ഠഹൃത്ത്-ചീനാറി.
കുഷ്ഠാ-കൂട, വട്ടി, കട്ട (കൊട്ട) മുതലായതിന്റെ വായ്.
കുഷ്ഠാരി-പു. ഗന്ധകം. ൨. ചീനാറി, ൩. കരിങ്ങാലി. ൪. കൈപ്പൻപടവലം.
൫. ചെറിയ തൊഴുകണ്ണി. ൬. ഉമ്മരമാതിരി (ഗ്രാഹ്യാംശം-പുഷ്പം.)
കുഷ്ഠി-വി. കുഷ്ഠരോഗമുള്ള. [ഷ്ഠീ, ഷ്ഠിനി, ഷ്ഠി.]
കുഷ്മാണ്ഡ(ക)ം-പു. കുമ്പളം. ൨. കുമ്പളങ്ങ.
കുഷ്മാണ്ഡം, കുഷ്മാണ്ഡി-വലിയ കമ്പളം.
കുസീദം-പു. പലിശ, വട്ടി. കൂടിച്ചേരുന്നതെന്നർത്ഥം. പലിശ മുതലിനോടൊന്നിച്ചു ചേരുന്നതുകൊണ്ട് ഈ അർത്ഥം സിദ്ധിച്ചു. ൨. രക്തചന്ദനം.
കുസീദിക-വി. പലിശയ്ക്കു കൊടുക്കുന്ന
കുസീദികൻ-കടംകൊടുത്തു പലിശവാങ്ങി ഉപജീവിക്കുന്നവൻ. കുസീദത്തിന്നായി ധനം കൊടുക്കുന്നവൻ എന്നർത്ഥം. [കുസീദം = പലിശകൊണ്ടു കാലക്ഷേപം കഴിക്കുക.]
കുസുംഭം-പു. കയമ്പപ്പൂവ്. വസ്ത്രങ്ങളിലുംമററും ചായമായി പററിച്ചേരുന്നതെന്നർത്ഥം. ൨. കിണ്ടി, കമണ്ഡലു. ൩. സ്വർണ്ണം. ൪. കുങ്കുമം.
കുസുമം-പു. പുഷ്പം. വണ്ടുകൾ ഇതിൽ ചെന്നു പാറുന്നതുകൊണ്ട് ഇങ്ങിനെ പേരുണ്ടായി. ൨. സ്ത്രീകളുടെ തീണ്ടാരി.
കുസുമാ-പാതിരി.
കുസുമാഞ്ജനം-പുഷ്പാഞ്ജനം. കുസുമതുല്യമായ അഞ്ജനം, കുസുമനാശകമായ അഞ്ജനം ഇങ്ങിനെ അർത്ഥം. മററു പര്യായങ്ങൾ-രീതിപുഷ്പം, പുഷ്പകേതു, പൌഷ്പകം.
[ഈയ ഉരുക്കി ഉലയിൽവെച്ചു ഊതിയാൽ അതിൽനിന്നുണ്ടാകുന്ന കിട്ടം എന്നു അഭിപ്രായം കാണുന്നു.]
കുസുമാത്മകം-കുങ്കുമം.
കുസുമാധിപം-ചമ്പകം.
കുസുമാസവം-തേൻ.

**കസുമായുധൻ**-കാമദേവൻ. കസുമ ശ ബ്ദത്തോടുകൂടി അസ്ത്രൻ, ബാണൻ, ശ രൻ എന്നീ പദങ്ങൾ ചേൎത്താൽ കാമ ദേവൻ എന്ന അൎത്ഥം വരും.

**കസുമാലൻ**-കള്ളൻ.

**കസുമിത**-വി. പൂവുണ്ടായ, പൂത്ത.

**കസുമേഷു**-കാമദേവൻ. കസുമങ്ങളാ കന്ന(പൂക്കളാകന്ന) ഇഷു(അമ്പു)കളോ ടുകൂടിയവൻ എന്നൎത്ഥം.

**കസൂലം**-ഫ. നെല്ലുര. വ. വല്ലം.

**കസ്രുതി**-ഫ ദുൎമ്മാൎഗ്ഗം. വ. ശാഠ്യം, ന. കപടം.

'കസൃതിപെരുകിന കുമതി
രാക്ഷസനിങ്ങനെ'
(ചാണക്യസൂത്രം)

കുത്സിതമായ നടപടി എന്നൎത്ഥം. ['സൃ' ധാതുവിനു ഗമനം എന്നൎത്ഥം. ചീത്തയായ വിധത്തിലുള്ള ആചരണം എന്നു കസൃതിക്കു വ്യുൽപത്തി].

**കസ്തുംബുരു**, **കസ്തുംബുരു**-കൊത്തമ്പാല യരി. കുത്സിതമായ രോഗത്തെ നശി പ്പിക്കുന്നതെന്നൎത്ഥം.

**കസ്തുഭൻ**-വിഷ്ണു. ഭൂമിയെ നിലയ്ക്കു നിറ ത്തിയവൻ എന്നൎത്ഥം.

**കസ്തുഭം**-സമുദ്രം, കടൽ

**കുഹക**-വി. ഇന്ദ്രജാലമുള്ള, ചെപ്പടിവി ദ്യയുള്ള.

**കുഹകൻ**-ചതിയൻ.

**കുഹകം**-ഫ. ചെപ്പടിവിദ്യ വ. വഞ്ചന.

**കുഹചന**-അ വല്ലേടത്തും, ഒരിടത്തും

'ബാണമെസ്സ്വരംകുഹചനദിനേ
കേളിചാലോ നൃശാദിൽ'
(ബാണയുദ്ധം കഥകളി)

**കുഹചിൽ**-അ. വല്ലേടത്തും, ഒരേടത്തും.

**കുഹൻ**-കുബേരൻ.

**കുഹന**-വി. ഫ. കള്ളമുള്ള, ചതിവുള്ള. വ. കപടഭക്തിയുള്ള.

**കുഹന**-ഫ. വ്യാജം. വ. കപടഭക്തി. ദ്രവ്യത്തിലുള്ള ആഗ്രഹംകൊണ്ടു കപ ടമായി ചെയ്യുന്ന ധ്യാനം മൌനം എന്നിവ. താൻ വലിയ യോഗ്യനാ ണെന്നു അന്യരെ ഭ്രമിപ്പിപ്പാൻ ചെയ്യുന്ന ധ്യാനാദികം പറയാം. കാണുന്നവരെ അത്ഭുതപ്പെടുത്തുന്നതെന്നൎത്ഥം.

**കുഹനം**-ഫ ചുണ്ടെലി, എലി. വ. പാമ്പ്.

**കുഹനിക**-കപടഭക്തി.

**കുഹരം**-ഫ. സുഷിരം, പോതു്. ഭൂമിയെ ഹരിക്കുന്നതു്, പദാൎത്ഥത്തെ നിൎദ്ദേശമാ ക്കി ഹരിക്കുന്നതു്, ഇരുട്ടുകൊണ്ടു വിസ്മ യിപ്പിക്കുന്നതു്, കാഠിന്യത്തെ നല്കുന്ന തു് എന്നിങ്ങനെ അൎത്ഥം. വ. ചെവി. ന. തൊണ്ട. ൪ ഗ്രഹ.

**കുഹുസ്വന(ര)ം**-കോഴി.

**കുഹളി**-തെങ്ങിൻപൂക്കില.

**കുഹാ**-ഫ ലന്തമരം വ. കടുരോഹിണി. ന മഞ്ഞുകട്ടി.

**കുഹു**, **കുഹൂ**-ഫ ക്ഷീണ കറുത്തവാവു്. ഇരുട്ടിന്റെ അധികത ഹേതുവായിട്ടു് ആശ്ചൎയ്യത്തെ ഉണ്ടാക്കുന്നതെന്നൎത്ഥം വ. കുയിലിന്റെ ശബ്ദം.

**കുഹൂകണ്ഠം**-കുയിൽ.

**കുഹൂമുഖം**-കുയിൽ.

**കുഹൂരവം**-കുയിൽ

**കുഹൂരവി**-കുയിൽപ്പട.

**കുഹേഡി(ലി)കാ, കുഹേഡി(ലി)**-മഞ്ഞുകട്ടി.

**കുഹേളി**-മഞ്ഞു്.

**കുഹേളികാ** മഞ്ഞു്.

**കുളകം**-ഫ. കാക്കപ്പനച്ചി. വ. പാട്ടാ ളം. ന. ഒന്നോ അതിലധികമോ ശ്ലോകങ്ങളെ കൂട്ടിച്ചു ഒന്നായിക്കൊണ്ടി രിക്കുമ്പോൾ പറയുന്ന പേർ.

**കുളക്കടവു്**-കുളത്തിലേക്കു് ഇറങ്ങി കുളി ക്കുന്ന സ്ഥലം.

**കുളക്കോഴി**-കുളത്തിലും മററും വെള്ളത്തോടടുത്തു പാൎക്കുന്ന ഒരു പക്ഷി. [ഇതിൻെറ മാംസം വാതത്തെയും രക്തദോഷത്തെയും പിത്തത്തെയും നശിപ്പിക്കും. ക്ഷാരമുണ്ടു്. കഫവൎദ്ധനകരമാണു്. സം-കാരണ്ഡവം. ഇംഗ്ലീഷിൽ -(Water fowl) വാട്ടർ ഫൌൽ.]

**കുളങ്കര**-കുളത്തിൻെറ കര.

**കുളച്ചു**-വിക്കു്, കൊഞ്ഞവാക്കു്.

**കുളച്ചീര**-വെള്ളത്തിലോ വെള്ളത്തിനടുത്തോ ഉണ്ടാകുന്ന ഒരു ചെടി.

**കുളപ്പുര**-കുളത്തിൻെറ വക്കിനോടു ചേൎന്നുണ്ടാകുന്ന പുര.

**കുളമാവു്**-ഒരു വൃക്ഷം.

**കുളമാൎഗ്ഗം**-ശക്തിപൂജ.

**കുളം**-കുളിപ്പാനുണ്ടാക്കുന്ന ജലസ്ഥലം. [നൂററിമുപ്പതു കോലിൽ കുറയാതെ ചുററളവും ചതുരശ്രവും ഉണ്ടായിരുന്നാൽ നാൻ. സാംസ്കൃതത്തിൽ-വാപി. തമിഴിൽ -കുളം ]

**കുളംകോരിക്കുക**-നശിപ്പിക്കുക. [ശൈലി.]

**കുളന്തോരി(ണ്ടി)**-കുളം കുഴിക്കുന്നവൻ.

**കുളമ്പു്**-മൃഗങ്ങളുടെ കാൽച്ചുവടു്.

**കുളമ്പുമൂക്കൻ**-കുളമ്പുപോലെയുള്ള മൂക്കോടുകൂടിയവൻ. പൎയ്യായങ്ങൾ-ഖുരണസ്സ്, ഖുരണസൻ.

**കുളവക്കു്**-൧. പൊന്നാനിയിൽ ഒരു പട്ടണം. ൨. കുളത്തിൻെറ വക്കു്.

**കുളവൻ**-മീൻ, നരിമീൻ.

**കുളവി**-കടന്നൽ.

**കുളച്ചു്**-വിക്കു്, കൊഞ്ഞവാക്കു്.

**കുളറുക**- വിക്കിപ്പറയുക, കൊഞ്ഞപറയുക.

**കുളൎനാക്കു്**-പറയുമ്പോൾ തടവുണ്ടാകുന്ന നാക്കു്.

**കുളാൎണ്ണവം**-ശാക്തേയ കൎമ്മത്തെപ്പററി വിസ്തരിക്കുന്ന ഗ്രന്ഥം.

**കുളി**-൧. വെള്ളത്തിൽ മുങ്ങിക്കുളിക്കുക. ൨. വെള്ളംകൊണ്ടു ശരീരം കഴുകുക. (അട്ടിതോൽ എന്നതു നോക്കുക.)

**കുളികവേള**-ഗുളികവേള. ('കലികാവല' എന്നതു നോക്കുക.)

**കുളിക്കുക**-വെള്ളത്തിൽ മുങ്ങുക. വെള്ളംകൊണ്ടു ശരീരം കഴുകുക. [സ ക്രി. കുളിപ്പിക്കുക.]

**കുളിപ്പുര**-കുളിക്കുന്നതിനുള്ള പുര.

**കുളിമം**-ദേവതാരം.

**കുളിരിങ്ങ**-ചന്ദനവും രക്തചന്ദനവും.

**കുളിരുക**-തണുപ്പുകാരണം സുഖക്കേടുണ്ടാവുക, തണുപ്പുതട്ടുക.

**കുളിർ, കുളൂർ**-വി. തണുപ്പുള്ള.

**കുളിർ**-൧. മഴയോ, മഞ്ഞോ ഉണ്ടാകുമ്പോൾ തോന്നുന്ന ഒരവസ്ഥ, തണുപ്പു്. ൨. ചന്ദനം.

**കുളിൎക്കുക**-തണുക്കുക.

**കുളിൎന്ന**-വി തണുത്ത, കുളിരുള്ള.

**കുളിൎപ്പു്**-കുളിൎമ്മ, തണുപ്പു്.

**കുളിൎമ്മ**-കുളിൎപ്പു്.

**കുളീരം**-൧ ഞണ്ടു്. ൨. കൎക്കടകമാസം.

**കുളീരശൃംഗി**-കൎക്കടശൃംഗി.

**കുളീരവിഷാണി(കാ)** കൎക്കടശൃംഗി.

**കുളൂർ, കുളിർ**-വി. തണുപ്പു്. തണുപ്പുള്ള.

**കുളൂൎക്കല്ലു്**-ചന്ദ്രകാന്തം.

**കുളൂൎക്കുക**-തണുക്കുക.

**കുളൂൎമതി**-ചന്ദ്രൻ.

**കുള്ളൻ**-കൊച്ചു മനുഷ്യൻ, മുണ്ടൻ. പൎയ്യായങ്ങൾ-ഖൎവ്വൻ, ഹ്രസ്വൻ, വാമനൻ.

**കുള്ളി** പൊക്കംകുറഞ്ഞ സ്ത്രീ, മുണ്ടി.

**കുഴ**-ധാ. ദ്രവത്തോടു ചേരുക, ക്ഷീണിക്ക.

**കുഴ**-൧. ചില പാത്രങ്ങളിലും, സൂചി മുതലായവയിലും ചരടും മററും കോൎക്ക

ന്നതിനുള്ള ഭാരം, കാത്ത്. ൨. പാൽ കറക്കുന്നതിനു മുളകൊണ്ടുണ്ടാക്കിയ ഒരു മാതിരി പാത്രം.

കുഴക്കട്ട, കൊഴുക്കട്ട-അരിമാവുകൊണ്ടുരുട്ടിയുണ്ടാക്കിയ ഒരു പലഹാരം.

കുഴക്ക്-൧. വിഘ്നം. ൨. പ്രയാസം. ൩. തക്കം. ൪. കലഹം.

കുഴങ്ങുക-൧. വിഘ്നമാവുക. ൨. കലങ്ങുക. ൩. ക്ഷീണിക്കുക. [സ. ക്രി. കുഴക്കുക].

കുഴച്ചട്ടകം-മരംകൊണ്ടു പിടിയിട്ട ഒരു മാതിരി വലിയ ചട്ടുകം.

കുഴച്ചാട്ടം-കുഴക്ക്, കാര്യങ്ങളിലെ വെടിപ്പില്ലായ്മ.

കുഴച്ചിൽ-൧. കലക്കം. ൨. കലയുക.

കുഴച്ചുമറിക്കുക-൧. വല്ലതും വെള്ളം കൂട്ടി ഇളക്കി യോജിപ്പിക്കുക. ൨. കൂട്ടിക്കലർത്തുക.

കുഴപ്പം-൧. തിട്ടുക്കം. ൨. കുഴച്ചിൽ

കുഴപ്പ്-കുഴപ്പം.

കുഴപ്പുക-തിടുക്കപ്പെടുക.

കുഴമറിച്ചിൽ-൧. കുഴയുടെ മാററം. ൨. ക്രമക്കേടായിട്ടും തീർച്ചയില്ലാതെയും ആവുക.

കുഴമറിയുക-മുമ്പേ ഇരുന്നഅവസ്ഥയിൽ നിന്നിളകി ക്രമക്കേടായിത്തീരുക.

കുഴമറിവ്-കുഴമറിച്ചിൽ.

കുഴമ്പിക്കുക-കൊഴുക്കുക.

കുഴമ്പ്-൧. കൂട്ട്, എണ്ണയും മററും കൂട്ടിച്ചേർത്തു കുഴച്ചുണ്ടാക്കിയ മരുന്ന്. ൨. ചില മരുന്നുകൾ കൂട്ടി കാച്ചി അരിച്ച ഒരുമാതിരി എണ്ണ.

കുഴയ്ക്കുക-൧. കൂട്ടിക്കലർത്തുക. ൨. അവിക്കുക.

കുഴയുക-൧. കൂടിക്കലരുക. ൨. അവിയുക. [സ. ക്രി. കുഴപ്പിക്കുക].

കുഴലപ്പം-കുഴലിലുണ്ടാക്കിയ ഒരു പലഹാരം.

കുഴലാൾ, കുഴലി-ഈ പദത്തിന്റെ മുന്നിൽ വണ്ട്, മേഘം മുതലായ ശബ്ദങ്ങൾ വന്നാൽ കറുത്തതലമുടിയുള്ളവൾ എന്ന അർത്ഥംവരും.

കുഴലൂതുക-കുഴൽവിളിക്കുക.

കുഴലൂത്ത്-കുഴലിൽ ഊതി ശബ്ദം പുറപ്പെടുവിക്കുക

കുഴൽ-ഊതുവാനുള്ള ഒരുവക വാദ്യം. ഓടക്കുഴൽ, ചീങ്കുഴൽ, കൊമ്പുകുഴൽ മുതലായത്. ൨. സ്ത്രീകളുടെ തലമുടി. ൩. ഒരാഭരണം. ൪. മൃദംഗകുഴലും മററും.

കുഴൽക്കണ്ണാടി-കുഴലിന്റെ ആകൃതിയിലുള്ള കണ്ണാടി, ചീനക്കണ്ണാടി.

കുഴൽക്കാരൻ- കുഴൽ വിളിക്കുന്നവൻ. പര്യായങ്ങൾ-വേണുധ്മാവ്, വൈണവികൻ.

കുഴൽക്കുന്തം - ഒരുമാതിരി കുന്തം. (Bayonet).

കുഴൽവിളി-കുഴലൂത്ത്.

കുഴവി-അരകല്ലിൻപിള്ള, അമ്മിപ്പിള്ള.

കുഴി-൧. കുഴിച്ചുണ്ടാക്കിയ സ്ഥലം, കുണ്ടുള്ള ഭൂമി. പര്യായങ്ങൾ-ഗർത്തം, അവടം. ൨. ശവക്കുഴി.

കുഴികണ്ണൻ-കണ്ണു താണവൻ.

കുഴികലം-കുഴിയുള്ള ഒരുമാതിരി പാത്രം

കുഴികല്ല്-൧. മാപ്പുര. ൨. കുഴിയമ്മി.

കുഴികിണ്ണം-വട്ടം കൂടിയ ഒരുമാതിരി ഓട്ടുകിണ്ണം.

കുഴികുത്തു്-കുഴിയുണ്ടാക്കുക.

കുഴികുന്തി-പാര.

കുഴിക്കാണം-൧. ശവം അടക്കുന്ന കുഴിക്കു കൊടുക്കുന്ന ദ്രവ്യം. ൨. ചെറിയ തെങ്ങിൻതൈയ്ക്കു കൊടുക്കുന്ന വില.

കുഴിക്കാരായ്മ- വൃക്ഷങ്ങൾക്കു പിരിപ്പുദ്രവ്യം കൊടുത്തു പുരയിടം എഴുതിവാങ്ങിക്കുന്നതിനു പറയുന്ന ഒരു പേർ.

കുഴിക്കുക-കുഴിയുണ്ടാക്കുക.

കുഴിക്കേട്-തെങ്ങിൻതൈ നട്ടാൽ വളരുന്നതിനു മുമ്പെ ഉണ്ടാകുന്ന കേട്.

കുഴിച്ചിടുക-ക്രി. ചില വിത്തുകൾ നടുക. വ. കുഴിയിൽ വെച്ചു മൂടുക. ന. ശവം അടക്കുക.

കുഴിച്ചീല-കൈമുണ്ട്.

കുഴിതവി-ഓട്ടുകൊണ്ടുള്ള ഒരുമാതിരി തവി, കുഴിയുള്ള തവി.

കുഴിതാളച്ചുണ്ടി-ഒരുമാതിരി പയൽ.

കുഴിതാളം-ഒരു വാദ്യം.

കുഴിതോണ്ടുക-ഗൂഢമായി ദ്രോഹിക്കുക. [ശൈലി.]

കുഴിത്തറ-കല്ലറ, ശവക്കുഴി.

കുഴിത്താളി-കന്നുകാലികൾക്കു വെള്ളം കൊടുക്കുന്ന ഒരുവക വലിയ മൺപാത്രം.

കുഴിത്തൈ-കൊച്ചു തെങ്ങിൻതൈ.

കുഴിനഖം-നഖത്തിലുണ്ടാകുന്ന ഒരു ദീനം. ചികിത്സ-മനയോല, ചുണ്ടവേര് ഇവ സമം പൊടിച്ചു ശർക്കരയിൽ കുഴച്ചിടുക.

കുഴിനരി-ഒരുവക കുറുക്കൻ.

കുഴിനാട്ട്-കമ്പക്കാലൊ തൂണോ നാട്ടുവാനുണ്ടാക്കിയ കുഴി.

കുഴിപ്പൻ-ഉരുളി.

കുഴിപ്പലക-പണപ്പലക.

കുഴിപ്പിക്കുക-കുഴിയുണ്ടാക്കിക്കുക.

കുഴിപ്പൂവ്-വെടിമരുന്നുകൊണ്ടുള്ള ഒരു പ്രയോഗം.

കുഴിപ്പുറ്റ്-ശവം അടക്കിയ കുഴി.

കുഴിബലി, കുഴിഹോമം-കുഴിവെലിക്കട.

കുഴിമടി-വലിയമടി.

കുഴിമടിയൻ-വലിയ മടിയുള്ളവൻ.

കുഴിമാടം-ശവക്കുഴി, കല്ലറ.

കുഴിമൂക്കൻ-കുഴിഞ്ഞ മൂക്കുള്ളവൻ. പര്യായങ്ങൾ-അവടീടൻ, അവനാടൻ, അവഭ്രടൻ, നതനാസികൻ.

കുഴിയടി-രണ്ടുമെല്ലാം ഒന്നിച്ചു കൂടുന്ന തടമുള്ള ഭാഗം.

കുഴിയൻ-പുലയന്റെയും പറയന്റെയും ആൺകുട്ടി, നീചൻ, ചതിയൻ, കള്ളൻ.

'ഇക്കുഴിയൻ മമ തല്ലുകൊണ്ടും
വെക്കമെടുത്തു നടപ്പാനായ്'
(സ്യമന്തകം തുള്ളൽ)

കുഴിയൻ-ക്രി. എണ്ണത്തൂടം, കുഴിവലി. വ. ഒരുമാതിരി പിഞ്ഞാണം.

കുഴിയമ്മി-മരുന്നരയ്ക്കുന്നതിനുള്ള ഒരുമാതിരി അരകല്ല്.

കുഴിയാന-പൊടിയിൽ ഇരിക്കുന്ന ഒരു വക കൊച്ചു പ്രാണി.

കുഴിയിൽചാടിക്കുക-ചതിക്കുക. [ശൈലി.]

കുഴിയുക-കുഴിയുണ്ടാവുക. [സ. ക്രി. കുഴിക്കുക.]

കുഴിയെടുക്കുക-കുഴിയുണ്ടാക്കുക.

കുഴിവിത്ത്-കുഴികുത്തി നടേണ്ടുന്ന ചില വിത്തുകൾ.

കുഴിവില-തെങ്ങിൻതൈയുടേയോ പിലാവിൻതൈയുടേയോ വില.

കുഴിവ്-ക്രി. കുഴി. വ. താഴ്ച.

കുറ-ധാ. ചുരുങ്ങുക.

കുറ-ക്രി. പോരായ്ക. വ. കുററം. ന. അറകുററം, കുറവ്, അവമാനം.

കുറക്-ക്രി. അരയ്ക്കു താഴെയുള്ളഭാഗം മുഴുവൻ. പര്യായങ്ങൾ-കടി, ശ്രോണി, കകുന്മതി. വ. കൈ. ന. പന്നിളുട.

കുറച്ചിൽ-പോരായ്ക, കുറവ്.

കുറഞ്ഞ-വി. അല്പമായ.

കുറഞ്ഞോന്-അ. അല്പം

കറതീക്കക-ക്രി. നന്നാക്കുക, കുറവുതീക്കുക. വ. അവമാനംകളയുക [കാ. ക്രി. കറതീപ്പിക്കുക]

കറത്തലപ്പിണ്ണം-തലയില്ലാത്ത ഉടൽ, കബന്ധം.

കറത്തി-കറവന്റെ സ്ത്രീ.

കറനാഴി-സാമാന്യമായുള്ളതിൽ അല്പം ചെറിയ നാഴി, മറെറാരു നാഴികൊണ്ടളന്നാൽ കറവുവരുന്ന നാഴി.

കറപടി-കറവ്.

കറപറ-മറെറാരു പറകൊണ്ടളന്നാൽ കറവുവരുത്തുന്ന പറ, കള്ളപ്പറ.

കറമാനം-കറവ്, കുറഞ്ഞതു്.

കറയ-അ. അല്പമായി.

കറയക്കണ്ടില്ല-കുറഞ്ഞവനെന്നു വിചാരിച്ചില്ല.

കറയ്ക്കുക-ക്രി. അല്പമാക്കുക. വ. താഴ്ത്തുക. ന. ഹീനമാക്കുക.

കറയുക-ക്രി. അല്പമാവുക. വ. താഴുക. ന. ഹീനമാവുക. [കാ. ക്രി. കറപ്പിക്കുക]

കറവൻ-ഒരു താണജാതിക്കാരൻ കറിഞ്ഞിനിലവാസി.

കറവന്താളി-ഒരുവക താളി.

കറവാകുക-ക്രി. കറയുക. വ. അവമാനമാവുക. [സ. ക്രി. കറവാക്കുക]

കറവ്-ക്രി. കറച്ചിൽ, ചുരുക്കം. വ. അവമാനം.

കറം-വാമനൻ, മുണ്ടൻ. [പ്രചാരലുപ്തം]

കറംമാൻ-ഒരുവക മാൻ

കറള-കരളുയുടെ പൂർവ്വരൂപം, ഷൺമുഖനി പിന്നീടു വ്യാജമെന്നും ഈ പദത്തിനത്ഥം വന്നു.

കറാശാണി-ഒരുതരം അയമോദകം, ആശാളി.

[ഇല കറിക്കു നന്നു്. കറാശാണി-വ്യാതം, കഫം, കൊഷ്ഠശൂലം, കൃമി, ഛദ്ദി, മഹോദരം, ഗുല്മം, ആനാഹം, അശ്മസ്സ്, പ്ലീഹ, ഉദരരോഗം, ശുക്രദോഷം ഇവയെ ശമിപ്പിക്കും. സംഭാവ്യവാണു്.]

കറി-ക്രി. ഹിന്തുക്കൾ നെററിയിൽ ഇടുന്ന അടയാളം. വ. ലാഞ്ഛ്. ന. എഴുത്തു്. ര ചില വസ്ത്രത്തിൽ തിരിച്ചിടുന്ന അടയാളം ൫ തവണ, പ്രാവശ്യം. ൬. ചിട്ടി. ൭ നിശ്ചയം. വൃ. സമയം. ൯. ഒരളവ്.

കറിക്കോൽ-വെള്ളം വരുന്നതു് അറിയുന്നതിനു വെയ്ക്കുന്ന അടയാളമുള്ള കോൽ.

കറിക്കുക-ക്രി. എഴുതുക. വ. അടയാളം വെയ്ക്കുക. ന. നിശ്ചയിക്കുക. ര. ഉന്നംനോക്കുക [കാ ക്രി. കറിപ്പിക്കുക.]

കറിക്കൂട്ടു്-ഒരുമാതിരി സുഗന്ധവസ്തു, ചന്ദനവും മററും.

[കപ്പൂരം, അകിൽ, കസ്തൂരി, അഞ്ചാലപ്പൂട്ടിൽ ഇവയെല്ലാം കൂട്ടിച്ചേർത്തുണ്ടാക്കിയ കറിക്കൂട്ടിനു 'യക്ഷകർദ്ദമം' എന്നു പേർ. തക്കോലത്തിന്റെ സ്ഥാനത്തു ചന്ദനവും ചേക്കാറുണ്ടു്.]

കറിക്കൊള്ളുക-വിചാരിക്കുക, മനസ്സിൽ വെക്കുക, ലക്ഷ്യമാക്കുക.

കറിച്ചി-ഒരുവക മത്സ്യം വ. ഒരുവക വള്ളി.

കറിച്ചു്-അ ക്രി. പററി, സംബന്ധിച്ചു്. വ. ഹേതുവായിട്ടു്.

കറിഞ്ചി-മലവാരം.

കറിഞ്ഞി-ക്രി. തേക്കിന്റെ കാഞ്ഞിരത്തിന്റെ സ്വമ്പാരം തീ വീഴുന്ന സ്ഥലം. വ. അവിടെ ഇടുന്ന മരത്തു്. ന. ചക്കിപ്പുല.

കറിഞ്ഞിപ്പുല-കറിഞ്ഞിയിൽ ഒന്നുള്ള പുല.

കറിപ്പടി-ചുരുക്കമായിട്ടെഴുതിയ ചില എഴുത്തുകൾ.

കറിപ്പ്-ക്രി. കറിക്കുക. വ. കണക്കുകൂട്ടി എഴുതുന്ന ഒരുമാതിരി എഴുത്ത്. ന. ചില വർത്തമാനക്കുറിപ്പ്.

കറിമാനം-ചുരുക്കമായിട്ടെഴുതി കൊടുത്തയയ്ക്കുന്ന എഴുത്ത്.

കറിയ-വി. ചെറിയ, നീളം കുറഞ്ഞ.

കറിയത്-ക്രി. ചെറിയത്. വ. കൊച്ചുമുണ്ട്. ന. കട്ടിലിന്റെ കുറുമ്പടി. പര്യായങ്ങൾ-വാമനം, ന്യക്ക്, നീചം, ഖർവം, ഹ്രസ്വം.

കറിയമുണ്ട്-ചെറിയമുണ്ട്.

കറിയാട്ട്-ആവിയാട്ട്. [തമിഴിൽ-ചെമ്മിലിയാട്.]

[ഇതിന്റെ മാംസം കാഞ്ഞൊന്ത വാതത്തെ ശമിപ്പിക്കുന്നതാണ്. ആട്ടിന്റെ മാംസത്തേക്കാൾ ഗുണം കറവാണ്. മുളക്, പാല്, എള്ള്, മുള്ളങ്കി, ശർക്കര, തേൻ ഇവ ഇതിന്റെ മാംസത്തിനു വിരോധമാണ്].

കറിയിടുക-ക്രി. കറിതൊടുക. വ. മുണ്ടിൽ അടയാളമിടുക. ന. ചിട്ടിയിടുക. ശ. ലാക്കുനോക്കുക.

കറിവെക്കുക-ക്രി. സമയം നിശ്ചയിക്കുക. വ. വസ്ത്രത്തിൽ അടയാളമിടുക. ന. ചിട്ടികുടുക. ശ. ലാക്കുനോക്കുക.

കറു-വി. നീളമില്ലാത്ത.

കറുക-അ. ക്രി. കൊച്ചായി വ. വേഗമായി. ന. വിലങ്ങെ.

കറുക, കറുകക്കഴമ-ഒരുവക ചെറിയ നെല്ല്.

[കറുകനെല്ല് മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും ബലവർദ്ധനകരമാണ്. സംസ്കൃതത്തിൽ-മുണ്ഡശാലി.]

കറുക-അ. വേഗത്തിൽ

കറുകുക-ക്രി. കൊച്ചാകുക, ചെറുതാവുക. വ. അടുക്കുക. ന. പാല് മുതലായതു വെന്തു കുറഞ്ഞു കൊഴുക്കുക. ശ. പ്രാവു മൂളുക. ഉ. കുറയുക. ന്ത. താഴുക. [കുറുക്കുക, സ. ക്രി. കുറുക്കിക്കുക.]

കറുകുറുക്കുക-ശ്വാസം തടഞ്ഞു തൊണ്ടയിൽനിന്ന് ഒരുമാതിരി ശബ്ദം പുറപ്പെടുക.

കറുകുറുപ്പ്-ശ്വാസത്തിന്റെ തടവുകൊണ്ടുണ്ടാകുന്ന ഒരു ശബ്ദം

കറുക്ക്-വി. ക്രി. വിലങ്ങെയുള്ള. വ. കൊച്ചായ. ന. എളുപ്പമായ.

കറുക്ക്-ക്രി. പുറത്തെ എല്ല്, മുതുക്. വ. വിലങ്ങൽ.

കറുക്കൽ-ക്രി. ചുരുക്കം. വ. അടുപ്പിൽ വെച്ചു കൊഴുപ്പിക്കുക, വററിക്കുക.

കറുക്കൻ-കുറുനരി, കൂകുന്ന ഒരു കാട്ടുജന്തു, ഊളൻ. പര്യായങ്ങൾ-ശിവ, ഭൂരിമായൻ, ഗോമായു, മൃഗധൂർത്തകൻ, സൃഗാലൻ, വഞ്ചകൻ, ക്രോഷ്ടാവ്, ഫേരു, ഫേരവം, ജംബുകം. (നായാട്ടുപേർ-ആട്ടിക്കടിയൻ).

കറുക്കുക-ക്രി. വററിക്കുക. വ. ചുരുക്കുക. ന. കൊച്ചാക്കുക. ശ. മരം വെട്ടിവീഴിക്കുക.

കറുക്കുമരുന്ന്-പ്രസവിച്ചുകിടക്കുന്ന ചില സ്ത്രീകൾ കുടിക്കുന്ന ഒരു മുക്കടി.

കറുക്കുവഴി-എളുപ്പത്തിൽ പോകാവുന്ന വഴി.

കറുക്കുവിളി, കൂക്കുവിളി-ഒരുമാതിരി ശബ്ദം.

കറുക്കെ-അ. ക്രി. വേഗത്തിൽ. വ. വിലങ്ങെ.

കറുഞ്ഞി-ഒരു ചെടി.

[ചുട്ടുനീറൽ, ഛർദ്ദി, പിത്തം, ജ്വരം, തണ്ണീർദാഹം ഇവയെ ശമിപ്പിക്കും. സം-തരണി. തമി-ചിറുകറിഞ്ചി. ഇം-(Cabbage rose) കാബേജ് റോസ്].

കറും-വി. കൊച്ചായുള്ള

കറുംകണക്ക്-വേഗത്തിൽ കൂട്ടാവുന്ന കണക്ക്.

കുറുംകാട്ട്-കൊച്ചു കാട്ട്.

കുറുംകുഴൽ-ഊതുന്നതിനുള്ള ഒരുമാതിരി വാദ്യം.

കുറുച്ചിയൻ-മലയാളത്തിൻെറ വടക്കു വൈനാട്ടിലുള്ള മലകളിൽ പാക്കുന്ന ഒരു ജാതിക്കാരൻ.

കുറുച്ചുലി-ഒരുവക വള്ളി.

കുറുഞ്ചുഴിക-ചുരയുടെ ഇടയുത്തരം.

കുറുട്ടുന്നു, കുരുട്ടുന്നു-കുറുമ്മുന്നു, കരയുന്നു.

കുറുനരി-കുറുക്കൻ, ഊളൻ.

കുറുനാക്ക്-നാക്കിനടിയിൽ വരുന്ന ഒരു ദീനം.

കുറുനാൾ-മററന്നാൾ.

കുറുന്തവൽ-വേരും കൊമ്പുകളും മാത്രമുള്ളതും തടിമരമില്ലാത്തതുമായ ചെടി മരം. പര്യായങ്ങൾ-സ്തംബം, ഗുല്മം.

കുറുന്തിരട്ട്-വിവരമായിട്ടു ചുരുക്കത്തിലെഴുതിയ കണക്കോല.

കുറുനിര-നെററിയുടെ മേലെ വണ്ടിൻെറ ആകൃതിയിൽ വേറെവേറെ ഭംഗിയിൽ വെട്ടിനിറുത്തുന്ന തലമുടി. പര്യായങ്ങൾ-അളകം, ചൂർണ്ണകുന്തളം.

[ചില സ്ത്രീകളുടെ നെററിയിൽ വരിയായിട്ടുണ്ടാകുന്ന ചെറിയ തലമുടിക്കും കുറുനിര എന്നു പറയുന്നു].

കുറുന്തുവൽ-കുറുന്തവൽ.

കുറുന്തോട്ടി-ഒരുവക മരുന്ന്. പര്യായങ്ങൾ-ബല, വാട്യാലകം. (വേറെയുമുണ്ട്).

'ബലാസമം ഗൌരനികാചഭദ്രാ
ഭദ്രൌദനീസ്യാൽ ഖരകാഷ്ഠികാച
കല്യാണിനീഭദ്രബലാചമോടാ
വാടി ബലാദ്യുതി ശോഹപയാസ്യാൽ'
(രാജനിഘണ്ടു)

[കുറുന്തോട്ടിയിൽ മഹാബല, നാഗബല, ബലിക മുതലായി പല ഇനമുണ്ട്. ഗുണങ്ങളും വെവ്വേറെയാണ്. കുറുന്തോട്ടി-വാതം, പിത്തം, രക്തദോഷം, ക്ഷതം, വായുമുട്ടൽ, ചുമ, വാതരക്തം ഇവക്കു നന്ന്. രുചികരമാണ്. നിറം നന്നാക്കും. ദേഹത്തെ തടിപ്പിക്കും. തമിഴിൽ ചിററാമുട്ടി.]

കുറുപ്പ്-പു. നായന്മാരിലുള്ള സ്ഥാനപ്പേർ. വ. ഒരു ജാതിക്കാർ. ന. ചായമിടുന്ന ഒരു ജാതിക്കാരൻ.

കുറുമൻ-കുറിച്ചി.

കുറുമൊഴി-സുഗന്ധപുഷ്പമുണ്ടാകുന്ന ഒരു വള്ളി. കുറുമൊഴിമുല്ലയുടെ പര്യായങ്ങൾ-മാഗധി, ഗണികാ, യൂഥികാ, അംബഷ്ഠാ. മഞ്ഞക്കുറുമൊഴിമുല്ലയ്ക്കു-ഹേമപുഷ്പിക എന്നു പേർ.

[കുറുമൊഴി നാലുതരമുണ്ട്. വെളുപ്പ്, കറുപ്പ്, മഞ്ഞ, നീലം ഈ പൂക്കളെക്കൊണ്ടു് ആയതറിയണം. പിത്തം മുഖരോഗം, രക്തദോഷം, ദന്തരോഗം, ത്വക്ദോഷങ്ങൾ, നേത്രരോഗം, നവജ്വരം, ശിരോരോഗം, ചുട്ടുനീററൽ, അശ്മരി, തണ്ണീർദാഹം ഇവക്കു നന്ന്. സം-യൂഥിക. തമി-മുല്ലൈ. ഇം-(Jasminum auriculatum)-ജാസ്മിനം ആറിക്കുലേററം].

കുറുമ്പ്-പു. കരട്. വ, അഹംഭാവം,

കുറുമ്പടി-കട്ടിളയുടെ താഴെയും മുകളിലും പണിയുന്ന മരം.

കുറുമ്പൻ-ദുഷ്ടൻ.

കുറുമ്പാട്ട-ഒരുവക മത്സ്യം.

കുറുമ്പുവ്-ചാമ തിന മുതലായ കൃഷി.

കുറുമ്മൻ-ചപ്പും ചോടിയും.

കുറുമ്മൽ-വയ്തിരിച്ച തിരിക.

കുറുമ്മുക-വത്തിരിച്ചിട്ടു കളിക്കുക.

കുറുവടി-മുണ്ടൻവടി, ചെറിയ വടി.

കുറുവാ-ഒരുവക മത്സ്യം.

കുറെ-അ. അല്പം.

കുറച്ച്-അ. അല്പം.

കുററക്കാരൻ-കുററമുള്ളവൻ.

**കുററടി**-നിന്ദാവാക്ക്.

**കുററപ്പാട്**-കുററം.

**കുററപ്പെടുത്തുക**-കുററക്കാരനാക്കുക, കുററംപറയുക.

**കുററം**-പിഴ, അപരാധം.

**കുററവാളികൾ**-കുററം ചെയ്യുന്നവർ.

**കുററവിധി**-കുററക്കാരനു നിശ്ചയിക്കുന്ന ശിക്ഷ.

**കുററി**-൧. വൃക്ഷം വെട്ടിയതിൻെറ ശേഷിച്ച മുറി. പര്യായങ്ങൾ-സ്ഥാണു, ധ്രുവം, ശങ്കു. [കുററികൾ നാട്ടിയ കുഴിക്കു 'കുക്കുലം' എന്നു പേർ.] ൨. നിലത്തു തറയ്ക്കുന്ന കമ്പു്. ൩. എണ്ണയോ നെയ്യോ സൂക്ഷിക്കുന്ന പാത്രം. ൪. പാൽ കറക്കുന്നതിനുള്ള ഒരു പാത്രം. ൫. മാങ്ങാ ഉപ്പിലിടുന്ന മരപ്പാത്രം. ൬. കള്ളും തെളിവു്. ൭. കുടിയാൻ. ൮. ഒരുമാതിരി പറ.

**കുററിക്കാട്**-കുറുങ്കാട്.

**കുററിക്കാണം**-പണ്ടാരവകയ്ക്കും മുതലാളനും കൊടുക്കുന്ന തടിവില.

**കുററിക്കാൽ**-തൂണ്.

**കുററിക്കോട്ട**-ഒരുമാതിരി ചെറിയ കോട്ട

**കുററിച്ചൂൽ**-തേഞ്ഞു നീളംകുറഞ്ഞ ചൂൽ.

**കുററിത്തുറപ്പ**-തേഞ്ഞു നീളംകുറഞ്ഞ ചൂൽ.

**കുററിനാട്ടിബലി**-ബ്രാഹ്മണർ മുതലായവർ മരിച്ചാൽ പത്താംദിവസം ചെയ്യുന്ന കർമ്മം.

**കുററിനില്പ്**-കടിഞ്ഞില.

**കുററിപിടി**-൧. പൊലികടം. ൨. ചെറിയ കച്ചവടം.

**കുററിപിടിക്കാരൻ**-൧. പൊലികടക്കാരൻ. ൨. കടം വാങ്ങി കച്ചവടം ചെയ്യുന്നവൻ.

**കുററിപൂജ**-പുരവാസ്തുബലി.

**കുററിമാച്ചിൽ**-തുറപ്പക്കമ്പ്, കട്ടമ്പ്.

**കുററിയററുക**-സന്തതി നശിക്കുക.

---

## കൂ

**കൂകൽ**-൧. വിളിയോടുകൂടി നീട്ടി ഒരു ശബ്ദം പുറപ്പെടുവിക്ക. ൨. കുറുക്കൻ, കോഴി മുതലായവയുടെ ശബ്ദം. ൩. ഉറച്ചു വിളിക്കയും മറവും ചെയ്ക.

**കൂകൽ, കൂവൽ, കൂവ്**-ഒരമ്പാട്ട്, ഒരുക്കം, തയാറ്.

**കൂകു**-കീർത്തിമതിയായ കന്യക.

**കൂകുക, കൂവുക**-ദൂരത്തുള്ളവരെ വിളിക്കുന്നതിനോടു ചേർത്തു് ഒരുമാതിരി ശബ്ദം പുറപ്പെടുവിക്കുക. ൨. കുറുക്കനും കോഴിയും മററും ശബ്ദിക്കുക

**കൂകുദൻ**-അലങ്കരിച്ചുള്ള കന്യകയെ ദാനംചെയ്യുന്നവൻ.

**കൂക്ക**-കൂകൽ.

**കൂക്കിവിളി**-ഉറക്കെ ശബ്ദിക്കുക. പര്യായങ്ങൾ-ഉച്ചൈർഘുഷ്ടം, ഘോഷണം.

**കൂക്കുക**-ഉറക്കെ ശബ്ദിക്കുക.

**കൂചൽ**-൧. ഭയം. ൨. ലജ്ജ.

**കൂചം**-മുല.

**കൂചികാ, കൂചി**-൧. താക്കോൽ. ൨. പൊടിഉടപ്പാൻ രോമം പററിച്ചുണ്ടാക്കിയ സാധനം.

**കൂചിമാരൻ**-കാമശാസ്ത്രപ്രകാരം ശംഖിനീപ്രിയൻ.

**കൂചുക**-൧. ചേടിക്കുക. ൨. ലജ്ജിക്കുക. ൩. ശങ്കിക്കുക.

**കൂച്ച്**-൧. കയ്യും കാലും വലിച്ചു. ൨. ഒരുമാതിരി വിലങ്ങ്. ൩. ശബ്ദമില്ലാത്ത വിധം അധോവായു പോവുക.

**കൂച്ചുക**-൧. കയ്യും കാലും തമ്മിൽ അടുപ്പിച്ചു ചേർത്തുവെയ്ക്കുക അല്ലെങ്കിൽ ചേ

ത്തുകെട്ടുക. വ. ശബ്ദമില്ലാത്തവിധം അധോവായു പുറപ്പെടുവിക്കുക.

ക്രച്ചുടൽ-ആനയുടെ കാലിലിടുന്ന ചങ്ങല.

ക്രച്ചവിലങ്ങ്-ആനയുടെ കാലിൽ ഇടുന്ന ചങ്ങല.

ക്രൂജനം-പക്ഷികളുടെ ശബ്ദം.

ക്രൂജം-കാക്ക.

ക്രൂജാവ് – പിടിമെന്ത, ഒരുമാതിരി പാത്രം.

ക്രൂജിതം-പക്ഷികളുടെ ശബ്ദം.

ക്രൂത്തു്-ചക്കയുടെ നടുവിലിരിക്കുന്ന വസ്തു.

ക്രൂഞ്ഞാൽ, ക്രൂഞ്ചൽ-ഊഞ്ചൽ, ഊഞ്ഞാൽ.

ക്രൂഞ്ഞിരിക്ക-ഒരു പച്ചമരുന്ന്, ആന ച്ചുവടി.

ക്രൂട്-പ്ര. പശു പക്ഷിമൃഗങ്ങൾക്ക പാർക്കുന്നതിനുള്ള സ്ഥലം വ. ഉ. ന. കശ ല്പര. ര ശരീരം.

[പക്ഷികളുടെ ക്രൂടിന പര്യായങ്ങൾ —കലായം, നീഡം].

ക്രൂട-പ്ര. മീൻകൊട്ട (കുട്ട). വ. വിളു കൊട്ട. ന. ചെറിയ വല്ലം.

ക്രൂട-വി പ്ര. അസത്യമുള്ള. വ. ഭംഗമ ല്ലാത്ത, ഉറപ്പുള്ള.

ക്രൂട-അ. ഒരുമിച്ച്.

ക്രൂടകം-പ്ര കൊഴു. വ. വഞ്ചന ന. മുരമഞ്ഞൾ [ഗ്രാഹ്യാംശം മൂലാദികം].

ക്രൂടകി-കട്ടരാഷ്ണി.

ക്രൂടക്കുടെ-അ. പിന്നെയുംപിന്നെയും

ക്രൂടജം-കടകപ്പാല.

ക്രൂടപത്രം-ഒരുവക ദുഷ്പ്രയോഗം, ആ ഭിചാരം, ക്ഷുദ്രം.

ക്രൂടപ്പിറപ്പ്-ഒരേ ഗർഭത്തിൽനിന്നു ജനി ച്ചു, ഒരേ തള്ളപെറ്റു, ഉടപ്പിറപ്പ്.

ക്രൂടപ്രകൃതി-കപടശീലം.

ക്രൂടം-പ്ര കൊടുമുടി, സൂര്യനാൽ കാന്തി യാൽ ലഹിപ്പിക്കപ്പെടുന്നതെന്നർത്ഥം. വ. കൊല്ലന്റെ മുട്ടിക. ന. വഞ്ചന, കപടം. ര. ശരീരം ഭ. ഗൃഹം, പര ക്കുന്ന സ്ഥലം. ന്ത ക്രൂമ്പാരം. ൧. ഇന്ദ്ര ജാലം. വ്വ സമൂഹം. ൻ. കണി, മൃഗാ ദികളെ പിടിപ്പാനുള്ളവല മുതലായതു്. ൧൦. ചുരു്. ൧൧. അസത്യം. ൧൨. കഴുക്കാൽപിടിപ്പിക്കുന്ന ക്രൂടം. ൧൩. ഒരുപോലെയുള്ള വസ്തു. ൧൪. കൊഴു. ൧൫. നെല്ലു മുതലായതു ക്രൂട്ടിയതിന്റെ പേർ. കൊടുമുടിപോലെ ഉയർന്നിരിക്കുന്ന തു് എന്നർത്ഥം. ൧൬. നിശ്ചലമായവസ്തു.

ക്രൂടയന്ത്രം-കരുക്ക്, മൃഗാദികളെ കുടുക്ക വാനുള്ള യന്ത്രം. ക്രൂടസ്വരൂപമായ യ ന്ത്രം എന്നർത്ഥം.

ക്രൂടലർ-ശത്രു.

'ക്രൂടലർകാലനാം ഭൂപാലബാലകൻ'

(ബ്രഹ്മോക്ഷമാഹാത്മ്യം തുള്ളൽ)

ക്രൂടശാല്മലി-പ്ര കണ്ടിലവ്. വ. ചെ മ്മരം. ന മുള്ളിലവ്, (ചിററിലവ്) ര. മയിലിലവ്. ഭ. കാട്ടുപൂള.

ക്രൂടസാക്ഷി-കള്ളസ്സാക്ഷി.

ക്രൂടസ്ഥ-വി. എല്ലാറ്റിലും ഒരുപോലെ വ്യാപിച്ചിരിക്കുന്ന.

ക്രൂടസ്ഥൻ പ്ര. ഈശ്വരൻ, സകല സൃ ഷ്ടികൾക്കും മേല്പുള്ളവൻ, കാലത്രയ ത്തിലും ഭേദംവരാതെ നില്ക്കുന്ന വസ്തു വ. പ്രധാനി.

ക്രൂടസ്ഥം-പ്ര. ആത്മാവ്. വ. സ്വഭാവ ത്തിനു സദാ ഒരു മാററവും ക്രൂടാതെ എ ന്നും നിലനില്ക്കുന്ന വസ്തു. ക്രൂടംപോലെ സ്ഥിതിചെയ്യുന്നതു് എന്നർത്ഥം വ. പുലി ച്ചുവടി.

ക്രൂടാ-അ. ക്രൂടകയില്ല. (ഒരു വിഷേധ വാക്ക്).

ക്രൂടാഗാരം-മാളികമേ.

ക്രൂടാതെ-അ. വേറെ.

കൂടാർത്ഥഭാഷിതം - കെട്ടിയുണ്ടാക്കിയ കള്ളക്കഥ.

കൂടാസ്സ് - ഉള്ളു.

കൂടാരം - വസ്ത്രംകൊണ്ടുള്ളതും അപ്പോഴപ്പോൾ ഉണ്ടാക്കുകയും അഴിക്കുകയും ചെയ്യാവുന്നതുമായ പുര.

കൂടാരത്തുണി - കൂടാരം ഉണ്ടാക്കുന്നതിനുള്ള ശീല.

കൂടി - അ. ഫ. ഒരുമിച്ച് വ. അധികമായി.

കൂടിക്കാഴ്ച - തമ്മിൽ കാണുക.

കൂടിപ്പുലവാട്ട് - പട്ടികളുടെ പിണച്ചിൽ (സംയോഗം).

കൂടിയാട്ടം - ചാക്യാന്മാരുടെയും മററും ഒരു മാതിരി നൃത്തം, സംസ്കൃതനാടകാഭിനയം.

കൂടിവിചാരം - ആലോചന.

കൂടുക - ഫ. ചേരുക, ഒരുമിക്കുക, യോജിക്കുക. വ. വർദ്ധിക്കുക, അധികമാവുക. ന. കഴിയുക ര. ഏറെപ്പെടുക. ഒ. സംഭവിക്കുക, തീരുക. ഞ. സമയമുണ്ടാവുക. [സം. ക്രീ കൂടുക].

കൂടുതൽ - ഏറെ, അധികമാവുക.

കൂടെ - അ. ഒരുമിച്ച്.

കൂട്ട് - ഫ. സഹായം. വ. പരസ്പരം ന. യോജിപ്പ്. ര. കറി മുതലായതിനു വേണ്ടുക മുതലായവ അരച്ചും മററും ചേർക്കുന്നത്. ഒ. പലതും ഒന്നായിച്ചേർക്കുന്നത്. ഞ. ഉത്തരവും കഴുക്കോലും മോന്തായവും കൂട്ടിയത്. ൧ മതിൽ, ... വ്യ. സംഘം. ൻ. കൂട്ടം. ൧൦. ... ഫ കൂട്ടുകറി.

കൂട്ടിക്കടവ് - ഫ. പൊന്നാനി താലൂക്കിനോട് ചേരുന്നതും കാറിപ്പുറം പള്ളിപ്പുറം എന്നീ ദിക്കുകൾക്കിടയ്ക്കുള്ള റെയിൽവേ പാലത്തിനടുത്തുള്ളതുമായ സ്ഥലം. വ. ഒരു നദി മററൊരു നദിയോട് ചേരുന്നയിടം.

കൂട്ടക്കാരൻ - സഹായക്കാരൻ, കൂടെയുള്ളവൻ.

കൂട്ടക്കൊട്ട് - പലരും ചേർന്ന് ഒന്നിച്ച് കൊട്ടുക, യുദ്ധം തുടങ്ങുന്നസമയം പലരും ചേർന്ന് കൊട്ടുന്ന ഒരുമാതിരി കൊട്ട്.

കൂട്ടക്ഷരം - കൂട്ടിച്ചേർത്ത അക്ഷരം.

കൂട്ടൻ - കൂട്ടുകാരൻ, ചങ്ങാതി.

കൂട്ടനായർ - ഒരു വകപ്പിലെ പ്രധാനി.

കൂട്ടപ്പട - കൂട്ടത്തോടുള്ള യുദ്ധം.

കൂട്ടപ്പാഠകം - "മേല്പത്തിയൂർ നാരായണ ഭട്ടതിരി ഉണ്ടാക്കിയ ഒരു നാടകമാണ്. ഭട്ടതിരി ഒരിക്കൽ ഒരില്ലത്തു ചെന്നു. അന്ന് അവിടെ കാരണവർ ഒരു അഫനായിരുന്നു. കാര്യസ്ഥനായിട്ടു ഒരു ഏമ്മേനും, ഉണ്ണികളെ വായിപ്പിപ്പാൻ ഒരു പിഷാരടിയും ഉണ്ടായിരുന്നു. അഫന്നു പരിഗ്രഹം ഉണ്ടായിരുന്നോ എന്നു ചോദിപ്പാനില്ലല്ലോ. അഫന്റെ സാധുത്വവും പരിഗ്രഹത്തിന്റെ ദുരാഗ്രഹവും ഏമ്മേനിന്റെ കാര്യസ്ഥതയും കൂടി ചേർന്നപ്പോൾ ഇല്ലത്തെ മുതലെല്ലാം നശിച്ചു. ഇതുകണ്ടു വ്യസനിച്ചാണ് ഭട്ടതിരി ഈ നാടകം ഉണ്ടാക്കിയത്. ആ നാടകത്തെ അമ്പലവാസികളുടെ ആവശ്യത്തിനും പഠിപ്പിനുമായി അവർക്കു കൊടുത്തു. കല്യാണം, പന്ത്രണ്ടാംമാസം മുതലായ അടിയന്തിര ദിവസങ്ങളിൽ ഇന്നും അമ്പലവാസികൾ ഈ നാടകം ആടിവരുന്നുണ്ട്." (മം-മാ)

കൂട്ടം - ഫ. സമൂഹം വ. കൂമ്പാരം ന. ചിട്ടി. ര. വഴക്ക് ഒ. ഒരു പങ്ക്. ഞ യോജിപ്പ്. ൧. ഒരു ജാതി. വ്യ. വിവരം. ൻ. സംഭാഷണം.

കൂട്ടംകലമ്പി - കൂട്ടത്തിൽ കലക്കം ഉണ്ടാക്കുന്നവൻ.

കൂട്ടർ - കൂട്ടുകാർ.

കൂട്ടവിളി - പലരുംകൂടി വിളിക്കുക

കൂട്ടാക്കുക-ഉ. അനുസരിക്കുക ‌ ഗ. യോജിപ്പെടുക. ന. മേലാവെന്നു വിചാരിക്കുക. ര. കൂട്ടാക്കിത്തീർക്കുക.

കൂട്ടാൻ-കറി.

കൂട്ടായ്മ-യോജിപ്പ്.

കൂട്ടായ്മക്കാരൻ- നടത്തിക്കുന്നവൻ, പ്രമാണി.

കൂട്ടായ്മക്കവച്ച്-അഞ്ചോ അതിലധികമോ ആളുകൾ യോജിച്ചു കവച്ചു ചെയ്യുക.

[ഇതു ശിക്ഷാനിയമപ്രകാരമുള്ള ഒരു കുററമാകുന്നു. വകപ്പ് നൻമ. വാറണ്ടു കൂടാതെ പിടിക്കാം. ആദ്യമായി വാറണ്ടയക്കണം. ജാമ്യം എടുത്തുകൂടാ. രാജിയായിക്കൂടാ. ജീവപര്യന്തം തടവോ പത്തുകൊല്ലത്തെ കഠിനതടവോ വിധിക്കുന്നതുകൂടാതെ പിഴയും വിധിക്കാം. സെഷൻകോടതി വിസ്തരിക്കാം.]

കൂട്ടാല-ചില ക്ഷേത്രങ്ങളിലെ മുതലുകളും വെച്ചു സൂക്ഷിക്കയും അവിടത്തെ കാര്യവിചാരം ചെയ്കയും ചെയ്യാനുള്ള സ്ഥലം.

കൂട്ടാളൻ-കൂടെയുള്ളവൻ.

കൂട്ടാളി-കൂട്ടാളൻ.

'കൂട്ടാളിവൃന്ദത്തോടേവേട്ടയ്ക്കിനോടമപ്പോണ്ടു'
(കിരാതം തുള്ളൽ)

കൂട്ടാഴി-ജനങ്ങളും ക്ഷേത്രംവകയും വഴിയിട്ടെടുത്തു കൊടുക്കുന്ന ദ്രവ്യം.

കൂട്ടിക്കലച്ച്-കൂട്ടി യോജിപ്പ്.

കൂട്ടിക്കലർത്തുക-യോജിപ്പിക്കുക.

കൂട്ടിക്കെട്ട്-ചേർത്തുകെട്ട്, ചേർച്ച.

കൂട്ടിക്കൊടുക്കുക-പതിവുള്ളതിൽ അധികം കൊടുക്കുക.

കൂട്ടിക്കൊണ്ടുപോകുക - വല്ലവരെയും കൂടെ കൊണ്ടുപോവുക.

കൂട്ടിക്കൊണ്ടുവരുക-കൂടെ കൊണ്ടുവരുക.

കൂട്ടിച്ചൊല്ലുക-വാക്കുകളെ ചേർത്തു ചൊല്ലുക.

കൂട്ടിപ്പറയുക-ഉ. വ്യാജംപറയുക. ഗ. അധികം പറയുക. ന. ചേർത്തുപറയുക.

കൂട്ടിമുട്ടുക-ഉ. തമ്മിൽ മുട്ടുക. ഗ. യുദ്ധത്തിനൊ മറ്റോ എതിർക്കുക.

കൂട്ടിമൂട്ടുക-കൂട്ട് ഒത്തുകുക.

കൂട്ടിയയയ്ക്കു-കൂടെ അയയ്ക്കു.

കൂട്ടിയാട്ട്-രാജാക്കന്മാരും മററും വഴിക്കു പുറപ്പെടുമ്പോൾ അവരുടെ മുമ്പിൽ നടന്നു ഉറക്കെ ശബ്ദിക്കുക.

കൂട്ടിരിക്കുക-ഉ. ചില രാജസ്ത്രീകളും മററും ഒത്തുവായിട്ടിരിക്കുക. ഗ. കൂടായിട്ടിരിക്കുക. ന. ഒരുപോലെയിരിക്കുക.

കൂട്ടിരിപ്പ്-കൂട്ടായിരിക്കുക.

കൂട്ടില്ലാക്കസ്തൂരി-ഉ. സ്വാഭാവികമായുള്ള കസ്തൂരി. ഗ. അതുസംബന്ധിച്ച ഒരുവക കരം.

കൂട്ടിവായിക്കുക-വാക്കുകളാക്കി ചേർത്തു ചൊല്ലുക.

കൂട്ടിവെയ്ക്കുക-ഉ. ചേർത്തുവെയ്ക്കുക, ശേഖരിച്ചുവെയ്ക്കുക. ഗ. അധികം വെയ്ക്കുക.

കൂട്ടുക-ഉ. ചേർക്കുക. ഗ. ഉൾപ്പെടുത്തുക. ന. സങ്കലനംചെയ്ക, പല സംഖ്യകളെ ചേർത്തു ആകത്തുക ഉണ്ടാക്കുക. ര. ഇവ മറവചിലതിനോട് ഉൾപ്പെടുത്തുമ്പോൾ അധികമാക്കുക, തിന്നുക, പണിയുക ഇങ്ങനെ അർത്ഥങ്ങളും വരും.

കൂട്ടുകച്ചവടം-മററാളുകളോടുകൂടെ പങ്കായിട്ടു കച്ചവടംചെയ്ക.

കൂട്ടുകറി-കൂട്ടിയുണ്ടാക്കിയ കറി.

കൂട്ടുകാരൻ-ഉ. സ്നേഹിതൻ, ചങ്ങാതി. ഗ. പങ്കാളൻ.

കൂട്ടുകൂടുക-ഉ. കൂട്ടത്തിൽ ചേരുക ഗ. ചങ്ങാതിയാവുക ന. ചങ്ങാത്തംകൂടുക [സക്രി. കൂട്ടുകൂട്ടുക]

കൂട്ടുകൃഷി-പങ്കുകൃഷി.

കൂട്ടുകെട്ട്-ഒരുമിപ്പ്, സ്നേഹംകൊണ്ടുള്ള യോജിപ്പ്, സമൂഹം, യോഗം.

കൂട്ടുപടി-പ്ര. കൂട്ടുന്ന കറി. വ. കൂട്ടുന്നതിനുള്ള സാധനം.

കൂട്ടുപാത- കരക്കുവഴി (വിലങ്ങുവഴി) ചേരുന്ന സ്ഥലം.

കൂട്ടുപോകുക-സഹായത്തിനായിട്ടു കൂടെ പോവുക.

കൂട്ടുവാൻ-കറി.

കൂട്ടുവിത്ത്-കരുത്ത ചാര പൊൻകൊളി മുതലായതിൽ പലതും കൂടികലൎന്നുള്ള വിത്ത്.

കൂണി-രോഗാദികൊണ്ടു കയ്യിനു തകരാറു പററിയവൻ. [കുണി എന്നതിൻെറ പാഠഭേദം.]

കൂണിക-മൃഗങ്ങളിൽ ഏതിൻെറ എങ്കിലും കൊമ്പ്.

കൂണിത-വി. അടയ്ക്കപ്പെട്ട.

കൂണിതേക്ഷണൻ-കഴുവൻ.

കൂൺ, കൂണ്-പ്ര. ഭൂമിയിൽനിന്നു കുടയുടെ ആകൃതിയിൽ എഴുന്നുണ്ടാകുന്ന ഒരു സാധനം, കുമിൾ, പൂണ്. വ. ചില മരങ്ങളിൽ എഴുന്നുഭവിക്കുന്നതു്.

[അരിക്കൂൺ, പന്നിക്കൂൺ ഇങ്ങനെ വേറെ വേറെ പേർ കാണുന്നു. കൂൺ മൂന്നു ദോഷങ്ങളെയും വൎദ്ധിപ്പിക്കും. സംസ്കൃ-ശിലീന്ധ്രം. തമിഴിൽ-കാളാൻ. ഇം-(Mush room) മഷ്റൂം ]

കൂതി-പ്ര സ്ത്രീകളുടെ ഗുഹ്യം. വ. പൃഷ്ഠഭാഗം. [കൎണ്ണാടകം-കൂ൮=കുണ്ണു=ഇരിക്ക ]

കൂതികുലുക്കിപ്പക്ഷി- ഒരുമാതിരിപ്പക്ഷി, ടിട്ടിഭപ്പക്ഷി.

കൂത്ത്-പ്ര. കളി. വ. നൃത്തം, താണ്ഡവം. ന. അത്ഭുതം. ൪. ചാക്യാർ ചെയ്യുന്ന കഥാപ്രസംഗം.

കൂത്തൻ-കൂത്താടി, വെള്ളത്തിലെ ഒരുവക ചെറിയ ജന്തു.

കൂത്തമ്പലം-കൂത്താടുന്നതിനുള്ള അമ്പലം

കൂത്തരങ്ങ്-പ്ര. കൂത്തിനുള്ള സ്ഥലം വ. കൂത്തു കാണുന്നതിന് ഇരിപ്പാനുള്ള സ്ഥലം.

കൂത്താടി-പ്ര. ആട്ടക്കാരൻ. വ. ആട്ടക്കാരി. ന. വെള്ളത്തിലെ ഒരുവക ചെറിയ ജന്തു.

കൂത്താടിച്ചി-തേവിടിച്ചി, ആട്ടക്കാരി.

കൂത്താടുക-പ്ര. കളിക്കുക. വ. ഓടിക്കളിക്കുക. ന. നൃത്തംചെയ്യുക.

കൂത്താട്ടം-പ്ര. കൂത്ത്. വ. ഓടിക്കളി.

കൂത്താങ്കുരി-ഒരുമാതിരി പക്ഷി.

കൂത്തി-പ്ര. പെൺപട്ടി. വ. തേവിടിച്ചി.

കൂത്തിച്ചി-തേവിടിച്ചി.

കൂദാശ-റോമൻകത്തോലിക്ക പള്ളിയിലെ ഏഴ് സത്യകൎമ്മങ്ങളിൽ ഒന്ന്.

കൂൻ-പ്ര. വളവ്, കൂന്. വ. കുബ്ജാരം. ന. കൂൺ.

കൂനൻ-പ്ര. കനിവുള്ളവൻ. വ. ഒരുവക എറമ്പ്. ന. കുമ്പൽ.

കൂനാപ്പുര-കൊച്ചു ചീത്തപ്പുര

കൂനി-കൂനുള്ളവൾ.

കൂനെല്ല്-വളഞ്ഞ തണ്ടെല്ല്.

കൂന്തങ്ങ-ആമ്പൽക്കിഴങ്ങ്.

കൂന്തൽ-തലമുടി.

കൂന്തൽചെഴുമണി-ചൂഡാമണി.

കൂന്തൽമീൻ-സമുദ്രത്തിലെ ഒരുവക മത്സ്യം.

[ഇതു രണ്ടുതരമുണ്ട്. അതിൽ പെരുന്തലിൻെറ അസ്ഥിയെ കടൽനാക്ക് എന്നു പറയുന്നു. സംസ്കൃതത്തിൽ-സമുദ്രഫേനം.]

കൂന്തൽവെയ്യ- ഒരുമാതിരി ആയുധാഭ്യാസം.

കൂന്താണി-പ്ര. മുരൽ. വ. കല്ലിൽ വെട്ടുന്ന ഒരുമാതിരി ഉളി.

കൂന്താലി-കല്ലിൽ വെട്ടുന്ന ഉളി.

കൂപകം-പു. വെള്ളം വററിയ പുഴയിൽ വെള്ളത്തിന്നായി കുഴിക്കുന്ന കുഴി അല്പമായ കിണറ് എന്നൎത്ഥം. ൨. പാമരം. കുറഞ്ഞൊന്നു ശബ്ദിക്കുന്നതെന്നൎത്ഥം ൩. തോണികെട്ടുന്ന കുററി ൪. ആററുമണലിൽ കുഴിക്കുന്ന ഒരുമാതിരി കുഴി, ഓലി, കേണി. ൫. വലിയ കിണറ്. ൬ നിതംബപ്രദേശത്തിലുള്ള കുഴി [തണ്ടെല്ലിന്റെ താഴെ നിതംബത്തിന്റെ രണ്ടു പാൎശ്വങ്ങളിലുള്ള രണ്ടു കുഴിക്കു കൂപകങ്ങൾ എന്നു പറയുന്നു] ൭ ഗുഹ. വ്യ. ഭാരം

കൂപം-കിണറ്. കാച്ചുജലമുള്ളതു് എന്നൎത്ഥം. ശബ്ദിക്കുന്നതു് എന്നുമാകാം. ഭൂമിസംബന്ധമായ ജലം ഇരിക്കുന്നിടം. [കു=കുത്സിതം അപഃ=അപ്പുകൾ (ജലങ്ങൾ) ]

കൂപമണ്ഡൂകൻ- കൂപത്തിലെ തവളയെപ്പോലെ ലോകപരിജ്ഞാനം ഇല്ലാത്തവൻ.

കൂപരാജ്യം- മലയാളത്തിന്റെ തെക്കും വടക്കുമുള്ള ഭാഗത്തിനു രണ്ടിനുംകൂടെയുള്ള പേർ.

കൂപാരം-സമുദ്രം, കടൽ.

കൂപി-ചണ്ടിപ്പുയറ്.

കൂപികാ- നദിയുടെ നടുവിലുള്ള പാറയോ കല്ലോ.

കൂപ്പ്-പു. കൈകൾരണ്ടും കൂട്ടിത്തൊഴുക. ൨. പൂ മുതലായതു കൂമ്പുക ൩. കുളത്തിൽ ഇറങ്ങുവാൻ കെട്ടുന്ന ഒഴുകുന്നട

കൂപ്പുക -തൊഴുക, വന്ദിക്കുക.

കൂപ്പുകടവ് -കുളത്തിൽ കെട്ടുന്ന ഒഴുകുന്നട

കൂപ്പുകൈ-തൊഴുതു (പിടിച്ചു) കൈ

'കൂപ്പുകൈയായ് നിന്നു
മുനിയെന്നിയോഗിച്ചുടൻ'

(വാല്മീകിരാമായണം )

കൂബരം-നുകം കെട്ടുവാനായി തേരിന്മേൽ കെട്ടുന്നതു്, നുകം കെട്ടുവാനുള്ളതാണ്ടു്, നുകത്തിലും തേരിലുംകൂടെ വെച്ചുറപ്പിക്കുന്ന ഒരു തടി. ശബ്ദിക്കുന്നതു് എന്നൎത്ഥം

കൂബരി-തേര്, വണ്ടി.

കൂമൻ-മൂങ്ങ

കൂമം-കുളം, തടാകം.

കൂമ്പ്-പു പന തെങ്ങു മുതലായതിന്റെ നാമ്പ് ൨ ഓലയുടേയും മററും കൂൎത്ത ഭാഗം. ൩. ചിലതിന്റെ നാമ്പ്.

കൂമ്പൽ-കൂമ്പാരം, മേലോട്ടു കൂമ്പിയിരിക്കുന്ന സാധനം.

കൂമ്പൽതൊപ്പി-കൂൎത്തതൊപ്പി.

കൂമ്പാരം-കൂമ്പൽ, മണ്ണു നെല്ലു മുതലായതു മേലോട്ടു കൂമ്പിച്ചു കൂട്ടിയതു്.

കൂമ്പാള-കവുങ്ങിൻപാളയുടെ അകത്തെ പാള ചില ചെറിയ പൈതങ്ങൾ ഉടുക്കുന്ന വസ്ത്രം.

കൂമ്പുക-പു കൂമ്പുവരുക. ൨. മേലോട്ടു കൂൎത്തുവരുക. ൩. വിടൎന്ന പൂക്കളും മററും കൂടുക, മന്ദിച്ചുപോകുക.

കൂയി-വേട്ടയിലെ തെമ്മാടി വിളി.

കൂരു്-പു അമ്പിന്റെ കൂൎത്ത മുന. ൨. അമ്പ്. ൩. നാരായത്തിന്റെ മുന. ൪. മുള്ള്.

കൂരു -വി. മൂൎച്ചയുള്ള, മുനയുള്ള.

കൂര-പു. വയ്ക്കോൽ മേഞ്ഞ ചെറിയവീട്. ൨ ഒരു വക നെല്ല്.

കൂരൻ-പു. ഒരുവക കാട്ടുമനുഷ്യൻ. ൨. ഒരു വക പന്നി. ൩ മുണ്ടൻ.

കൂരം-ചോറ്, ആഹാരം.

കൂരമ്പു -മൂൎച്ചയുള്ള അമ്പ്.

'കൂരമ്പു പോലെ പെയ്താപോലെ ചെയ്തുകൊണ്ടും'

(ചാണക്യസൂത്രം)

൨ കട്ടിളയുമ്മറത്തെ മേല്പുരയും താഴെ ഓട്ട അടയ്ക്കുന്ന ഒരു പലക.

കൂരപ്പു്-പു. വലിയ ഇരുട്ട്. ൨. മഴയും വെയിലും ഇല്ലാത്തുള്ള ഒരു മങ്ങിയ സ്ഥിതി.

കൂരാപ്പൊത്ത്-ചുവരിന്മേൽഉണ്ടാക്കിയ ദ്വാരം.

കൂരാമ്പൽ-ചെറുകന്തം, വേൽ.

കൂരി-നാ. ഒരുവക മത്സ്യം. ൧. കരികിൽ ൨. മുഴക്കാത്തകായ്.

കൂരിക്കൂട്-ഒരുമാതിരി പക്ഷിക്കൂട്.

കൂരിരുൾ(ട്ട്)-വലിയഇരുട്ട്. പര്യായം-അന്ധതമസം.

കൂരുക-മുനയുള്ളതായിത്തീരുക.

കൂർക്ക-നാ. ഒരുമാതിരി കിഴങ്ങ്. ൧. കൂർക്കംവലിക്ക. ൨. പടവിളി.

[കൂർക്കക്കിഴങ്ങ രണ്ടുവിധം-ചെറിക്കൂർക്ക (ചീവക്കിഴങ്ങ) പനിക്കൂർക്ക (നവര)].

കൂർക്കം-ചിലർ ഉറങ്ങുമ്പോൾ ഉണ്ടാകുന്ന ശബ്ദം. [കൂർക്ക എന്നും കാണുന്നു]

കൂർക്കുക-മുനയുണ്ടാക്കുക, കൂർത്തതായിത്തീരുക. [സ. ക്രി കൂർപ്പിക്കുക]

കൂർച്ച-വി. മുനയുള്ള, മൂർച്ചയുള്ള.

കൂർച്ചകം-ജീവകം.

കൂർച്ചൻപല്ല്-കൂർത്തപല്ല്.

കൂർച്ചപഞ്ഞി-ആട്ടുകൊട്ടപ്പാല.

കൂർച്ചം-നാ. മൂർച്ച. ൧. മുന. ൨. പൊടിപ്പ്. ൩. മീശ. ൪. തള്ളവിരലിന്റെ സന്ധി ൫. ദർപ്പുല്ലു കെട്ടിയുണ്ടാക്കുന്ന ഒരു വസ്തു. ൬. മൂക്കിന്റെ മേലെ രണ്ടു പുരികത്തിന്റെ നടുവിലുള്ള ആജ്ഞാചക്രസ്ഥാനം. ശബ്ദിക്കുന്നിടം എന്നർത്ഥം. [ആജ്ഞാചക്രമാകയാൽ ഇവിടെ പ്രണവധ്വനിയുണ്ടെന്നു സാരം]. ൭. വെളുത്ത ദർഭ.

കൂർച്ചശസ്സ്-നരിയാണി

കൂർച്ചശീർഷം-നാ. ജീവകം. മീശയോടു സദൃശമായ തലപ്പുള്ളതു എന്നർത്ഥം. തിരുതാമപ്പാല, തതനാലപ്പാല എന്നും കാണുന്നു ൧. തെങ്ങ്

കൂർച്ചശേഖരം-തെങ്ങ്

കൂർച്ചികാ-നാ. പാലിൽ തൈരോ മോരോ പകർന്നു കാച്ചിയതു. വികാരത്തെ പ്രാപിച്ചതു എന്നർത്ഥം. ൧. തൂലിക. ൨. താക്കോൽ ൩. സൂചി.

[തൈരോടുകൂടെകാച്ചിയ പാല് = ദധികൂർച്ചിക. മോരോടു കൂടെ കാച്ചിയ പാല് = തക്രകൂർച്ചിക. രണ്ടിനും പൊതുവ് = കൂർച്ചിക]

കൂർത്ത-വി. കൂർപ്പുള്ള, മുനയുള്ള.

കൂർത്തമൂക്കൻ-കൂർത്തിരിക്കുന്നമൂക്കുള്ളവൻ. പര്യായങ്ങൾ-ഖരണസ്സ്, ഖരണസൻ.

കൂർത്തിരിക്കുക-മുനയുള്ളതായിരിക്കുക, കൂർപ്പുള്ളതായിരിക്കുക.

കൂർത്തമൂർത്ത-വി. കൂർപ്പും മൂർച്ചയുമുള്ള.

കൂർദ്ദനം-നാ. പന്തുകളി മുതലായകളി. ൧. ബാലക്രീഡ. ൨. കളി, നേരംപോക്ക്. കളിക്കുക എന്നർത്ഥം

കൂർദ്ദനി-കാമദേവന്റെ മഹിമയെ ഉദ്ദേശിച്ചു ആഘോഷിക്കുന്ന ഒരു ഉത്സവം.

കൂർപ്പ്-മുന, അററം വളരെ ചെറുതായി കൂർത്തിരിക്കുക. മൂർച്ചയുള്ള അഗ്രത്തിന്റെ അവസ്ഥ

കൂർപ്പം-നാ കൂർപ്പ്. ൧. പുരികങ്ങളുടെ നടുവ്

കൂർപ്പരം-നാ. മുഴം കൈ, കൈമുട്ട്. പദാർത്ഥങ്ങൾ എടുക്കുമ്പോൾ ശബ്ദിക്കുന്നതു എന്നർത്ഥം. ൧. മുഴം കാൽ.

കൂർപ്പാസകം, കൂർപ്പാസം-നാ. കുപ്പായം. കൈമുട്ടിന്മേൽ ക്ഷേപിക്കുന്നതു എന്നു ശബ്ദാർത്ഥം. ൧. കാലടി വരെ ഇറക്കമുള്ളതായ സന്യാസിക്കുപ്പായം ൨. റവുക്ക

കൂർപ്പിക്കുക-മുനവരുത്തുക.

കൂർമ്മ-നാ. കൂർപ്പ്. ൧. മിനുസം.

കൂർമ്മത-നാ മുന ൧. കൂർപ്പ്.

കൂർമ്മൻ-പ്രാണാദി വായുക്കളുടെ അവാന്തരഭേദങ്ങളിൽ ഒന്ന്.

[ഇമച്ചു മിഴിക്കുന്നടത്തു കൂൎമ്മൻ സ്ഥിതിചെയ്യുന്നു].

**കൂൎമ്മപുരാണം**-ഒരു ശൈവപുരാണം.

[ഈ പുരാണം വിഷ്ണുവിന്റെ കൂൎമ്മാവതാരത്തെപ്പററിയാണെങ്കിലും ശിവസേവയെ ഉപദേശിക്കുന്നുണ്ടു്].

**കൂൎമ്മപൃഷ്ഠം**-വൻകുറുഞ്ഞി.

**കൂൎമ്മബുദ്ധി**-കുശാഗ്രബുദ്ധി.

**കൂൎമ്മം**-ആമ. പതുക്കെ ഗമിക്ക ശീലമുള്ളതു് എന്നൎത്ഥം.

**കൂൎമ്മാംഗന്യായം**-"ആമയ്ക്കു അതിന്റെ തല മുതലായ അംഗങ്ങൾ ആവശ്യംപോലെ നീട്ടുവാനും ചുരുക്കുവാനും (ഉള്ളിലേയ്ക്കു വലിപ്പാനും പുറത്താക്കുവാനും) കഴിയും. സന്ദൎഭംസ്പഷ്ടം".

**കൂൎമ്മാവതാരം**-വിഷ്ണു കൂൎമ്മമായി അവതരിച്ചതു. [അവതാരം എന്ന ശബ്ദം നോക്കുക].

**കൂൎമ്മി**-ആമപ്പിട.

**കൂൎവാഴ്ച**-രാജ്യാധികാരത്തിന്റെ ഒരു മുറ.

**കൂലകം**-൧. തീരം. ൨. നാഗദന്തി.

**കൂലദ്രു**-സമുദ്രതീരം.

**കൂലം**-൧. തീരം, പുഴ സമുദ്രംമുതലായതിന്റെ കര. ൨. കുന്നു്. ൩. പൊയ്ക.

**കൂലംകഷ**-വി. കരയെ കീഴ്ത്തോണ്ടുന്ന

**കൂലംകഷം**-൧. സമുദ്രം, കടൽ ൨. നദിയിലെ ഒഴുക്കു്. ൩. പൂൎണ്ണമായി.

**കൂലംകഷാ**-നദി.

**കൂലവതി**-നദി.

**കൂലഹണ്ഡകം**-നീർച്ചുഴി.

**കൂലാ**-ചെറിയ മന്തി.

**കൂലി**-വേലചെയ്യുന്നവൎക്കു കൊടുക്കുന്ന ശമ്പളം.

**കൂലിക്കാരൻ**-പതിവായിട്ടു മാസശമ്പളമില്ലാത്ത വേലക്കാരൻ.

**കൂലിച്ചം**-വിളിക്കുമ്പോൾ വേലയ്ക്കു വരുന്നതിനുവേണ്ടി കൊടുക്കുന്ന നിലം, വിരുത്തി.

**കൂലിച്ചേവകൻ**-അന്നന്നത്തെ ശമ്പളത്തിനു വേലചെയ്യുന്നവൻ, കൂലിക്കാരൻ.

**കൂലിച്ചേവുകം**-കൂലിച്ചം.

**കൂലിപ്പണി**-അന്നന്നത്തെ ശമ്പളത്തിനുള്ള വേല.

**കൂലിവേല**-കൂലിക്കു ചെയ്യുന്ന തൊഴിൽ.

**കൂലിവേലക്കാരൻ**-കൂലിക്കായി വേല ചെയ്യുന്നവൻ.

**കൂലുക**-കനിയുക, താഴുക.

**കൂവ**-൧. ഒരുമാതിരി ചെടി. ൨. അതിന്റെ കിഴങ്ങു്. ൩. ചിലർ വിളിക്കുമ്പോൾ കൂട്ടിച്ചേൎക്കുന്ന ഒരു ശബ്ദം.

**കൂവനൂറു്**-കൂവപ്പൊടി, കൂവയിൽനിന്നെടുക്കുന്ന നൂറു്.

[വാതം, വായുമുട്ടൽ, വ്രണം, പിത്തം, തണ്ണീർദാഹം, രക്തദോഷം, കാമല, ക്ഷയം, കുഷ്ഠം, മൂത്രകൃച്ഛ്രം, പാണ്ഡു, ചുമ, ജ്വരം, സൎവ്വാംഗസന്താപം ഇവയ്ക്കു നന്നു്. രുചികരമാണു്. ദേഹത്തെ തടിപ്പിക്കും.]

**കൂവപ്പൊടി**-കൂവനൂറു്.

**കൂവര**-വി. സൌന്ദൎയ്യമുള്ള, ഭംഗിയുള്ള. [രൻ, രി, രം.]

**കൂവരകു്**-പഞ്ഞപ്പുല്ലു്, കേപ്പ. സം-രാഗിണി.

**കൂവരൻ**-കൂനൻ.

**കൂവരം, കൂബരം**-വണ്ടിയിൽകെട്ടുന്ന കുതിരകളുടേയും മററും നുകത്തിന്റെ മദ്ധ്യേ വെച്ചു കെട്ടുന്ന തണ്ടു്.

**കൂവരി**-മുള്ളുചമന്തി.

**കൂവളക്കടുക്ക**-കൂവളത്തിന്റെ കായ് ഉള്ളിലുണ്ടാകുന്ന കടുക്ക.

**കൂവളം**-ഒരു വൃക്ഷം. പൎയ്യായങ്ങൾ-ബില്വം (വില്വം), ശാണ്ഡില്യം, ശൈലൂഷം, മാലൂരം, ശ്രീഫലം.

[വാതം, വായുമുട്ടൽ, കഫം, ക്ഷയം, ഛൎദ്ദി, ചുമ, ഇക്കിൾ, ജ്വരം, ശൂലം,

അതിസാരം ഇവസ്സുനന്. രുചികരമാണ്. ആമത്തെ പചിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. സംസ്കൃതത്തിൽ 'വില്വം' ഇംഗ്ലീഷിൽ Bengal kins, prickly Crateva tree ബെങ്കാൾ കിൻസ്, പ്രിക്ലി ക്രേറ്റേവാ ട്രി].

കൂവാരം-കടൽ.

കൂവിട്-൧. വിളി. ൨. ആയിരം കോൽ അകലം.

കൂവിടുക-വിളിക്കുക, കൂവുക, കൂക്കുക.

കൂവീച്ച-വളരെ ചെറിയതായ ഒരുവിധം ഈച്ച.

കൂശുക-൧. ലജ്ജിക്കുക. ൨. ഭയപ്പെടുക.

കൂശ്മാണ്ഡി-൧. ചെറിയ കുമ്പളം. ൨. വലിയ കുമ്പളം. [ചെറിയ കുമ്പളത്തിന്റെ മദ്ധ്യമഫലംമാത്രം ഗ്രാഹ്യാംശം].

കൂഷ്മാണ്ഡ(ക)ം, കൂശ്മാണ്ഡ(ക)ം, കൂശ്മാണ്ഡകി-കുമ്പളം. ബീജങ്ങളിൽ കുറഞ്ഞൊന്നു ചൂടുള്ളതു് എന്നർത്ഥം.

[കുമ്പളവിത്തു പിത്തകരമാണത്രേ. വലിയ കുമ്പളത്തിന്റെ നാളവും മദ്ധ്യമഫലവും ഔഷധിക്കു നന്ന്].

കൂസൽ-൧. ലജ്ജ ൨. ഭയം.

കൂസുക-കൂശുക.

കൂഹ-മഞ്ഞ്.

കൂഹക-വി. വഞ്ചനയുള്ള.

കൂഹന-൧. കപടഭക്തി ൨. കപടം, വഞ്ചന.

കൂളൻ-൧. മുണ്ടൻ. ൨. പോത്ത് (കിടാവ്)

കൂളം-പതിര, ചണം.

കൂളി-൧. ദേവത ൨. ഏഷണിക്കിടാവ്. നീർക്കോഴി [ജലത്തിൽ മുങ്ങുക, മുക്കിയിടുക].

കൂളിപ്പട-പിശാചുക്കളുടെ കൂട്ടം

കൂളിത്താമര-ജലത്തിലുള്ള ഒരുവക മത്സ്യം.

കൂഴ്-പുഴുങ്ങിയ പലഹാരം

കൂഴ-ഒരുമാതിരി പ്ലാവ്.

കൂഴച്ചക്ക-പഴുത്താൽ മധുരക്കുറവും വഴുവഴുപ്പുമുള്ള ചക്ക

കൂഴത്തരി-൧ ഉണക്കില്ലാത്ത മുഴുത്തയരി, അവസ്സുത്ത അരി. ൨ രാജാക്കന്മാർക്ക കുത്തിക്കൊടുക്കുന്ന അരി.

കൂഴപ്പാളയം-കൂടാരത്തോടുകൂടിയുള്ള പട്ടാളം.

കൂഴം-കുഴത്തരി, ഉണക്കലരി.

കൂഴംകുത്തുക-കോവിലുകളിൽ നെല്ലു കുത്തി കാലംകഴിക്കുക.

കൂർമുള്ള-ഒരു ഔഷധം.

[വെള്ളം വെന്തു കുളിച്ചാൽ കുഞ്ഞുങ്ങളുടെ മൂന്നാം തിങ്കളിലേ രോഗങ്ങൾക്കും കരപ്പനും നന്ന്.]

കൂറ്-൧ സ്നേഹം ൨ വലിയ സ്നേഹം. ൩. പങ്ക്. ൪. ദയ. ൫. താൽപര്യം. ൬. അവകാശം ൭. രണ്ടേകാൽ ദിവസം കൂടിയതു്. രണ്ടേകാൽ നക്ഷത്രം കൂടിയതു്. ൮. സമൂഹം. ൯. വില.

കൂറ-൧. വസ്ത്രം. ൨. മുട്ടപ്പ്. ൩. കൊടിക്കൂറ. ൪. ഒരുമാതിരി പേൻ. ൫. മാറാപ്പ്.

കൂറക്കിടുക-൧. തോലും മറവും പതംവരുത്തുക. ൨. നിറം വരുത്തുക.

കൂറക്കടഞ്ഞതിൽ-കൂടാരം.

കൂറൻകൈക്കോട്ട്-ഇടുങ്ങിയ-വീതികുറഞ്ഞ ഒരുമാതിരി കിളക്കമ്പാ.

കൂറപ്പേൻ-ഒരുമാതിരി പേൻ.

കൂറയിടുക-കൊടിക്കൂറ ഇടുക.

കൂറവലിക്കുക-കൊടിക്കൂറ താഴെ ഇറക്കുക.

കൂറിടുക-പങ്കിടുക.

കൂറിയ-വി. പറഞ്ഞ, പ്രസിദ്ധമായ.

ക്രൂറക-ഫ. പ്രസിദ്ധപ്പെടുത്തുക. വ. ലേലംവിളിക്കുക. ന. സംസാരിക്കുക. ഖ. വിളിക്കുക

ക്രൂറപറക-ഒരുത്തനുവേണ്ടി പറക.

ക്രൂറവെച്ചുകെട്ടു-പങ്കിടുക.

ക്രൂററൻ-ഫ. കാള. വ. നകംവെക്കാത്ത കാള. ന. ശക്തിയുള്ള മനുഷ്യൻ. ഖ. യമൻ.

ക്രൂററൻകണ്ണുക-ഫ. കാള കണ്ണുക. വ. അഹംകരിക്കുക.

ക്രൂററനാട്ട്-പൊന്നാനിക്കടുത്തുള്ള ഒരു ഡിസ്ത്രിക്ട്. ഇപ്പോഴും തലസ്ഥാനമാണ്.

ക്രൂററം-കരച്ചിൽ, നിലവിളി. [ഹഃ 'ക്രൂറത്തിലുംകൊടിയവിക്രമപാണ്ഡ്യസിം

ക്രൂററരി-അരിവെക്കുന്നതിനു ക്രൂലിയായിട്ട് എടുക്കുന്ന അരി.

ക്രൂററപ്പ്-ഫ. സ്നേഹക്കുറവ്. വ. നിന്ദ

ക്രൂററാൻ-ഫ. സ്നേഹിതൻ. വ. പങ്കുകാരൻ [ക്രൂററാൻ> <മാററാൻ.]

ക്രൂററാന-ബലംകൂടിയ ആന.

ക്രൂററായ്മ-ഫ. സ്നേഹം, സ്നേഹമുള്ളവൻെറ സ്ഥിതി. വ. പങ്ക്.

ക്രൂററാരം-നിലവിളി, ശബ്ദം.

ക്രൂററാർ-ബന്ധുക്കാർ.

ക്രൂററ്-മനുഷ്യരുടെ നിലവിളി, ശബ്ദം.

ക്രൂററകാരൻ-ഫ. പങ്കുകാരൻ. വ. സ്നേഹിതൻ.

ക്രൂററകൃഷി-പങ്കുകൃഷി.

ക്രൂററവാണിഭം-കൂട്ടുകച്ചവടം.

കൃ

കൃകണ(ര)ം-ഇരുവാൽചാത്തൻ. 'കൃ' എന്നു ശബ്ദിക്കുന്നു എന്നർത്ഥം.

[കാരടുവിൽതന്നെ ഒരു വകഭേദമെന്നും അട് പ്രായമുണ്ട്. തമിഴിൽ-കക്കരം വ്വ എന്നു പേർ.]

കൃകണ-ചായമിടുന്നവൻ.

കൃകം-തൊണ്ട, കഴുത്തിൻെറ അകം.

കൃകരാ-ഫ തുവള വ. കണവീരം. ന. ചെവിയം. ഖ. ഇരുവാൽചാത്തൻ.

കൃകലം-ജീവവായുക്കളിൽ ഒന്ന്.

കൃകര(ല)-തിപ്പലി.

കൃകലാസം-ഫ. ഓന്ത്. ശിരസ്സ്, ഗ്രീവ ഇവയെ ഇളക്കുന്നത് എന്നർത്ഥം. മററൊരു പര്യായം-സരടം. വ. പല്ലി.

[ഓന്തുകടിച്ചാൽ ശരീരം കരുവാളിച്ചിട്ടോ നാനാവർണ്ണമായിട്ടോ ഇരിക്കും. മോഹം അതിസാരം ഇവയുണ്ടാകും ]

കൃകവാകു-ഫ കോഴി, പൂവൻകോഴി. കൃകം (ഗളം) കൊണ്ടു വചിക്കുന്നത് എന്നർത്ഥം വ മയിൽ. ന. ഓന്ത്. ഖ. പല്ലി, ഗൌളി.

കൃകാടികാ-കഴുത്തിൻെറ മുഴ. കൃകത്തെ (കണ്ഠത്തെ) പ്രാപിച്ചതെന്നർത്ഥം. പിൻകഴുത്തും തലയുംകൂടി ചേരുന്ന ദേശം? പിടരി, (മലയാളത്തിൽ) പിരളിയെന്നും പറയുന്നുണ്ട്.

കൃച്ഛ്ര-വി പ്രയാസമുള്ള.

കൃച്ഛ്രം-ഫ. ശരീരദുഃഖം. സുഖത്തെ നശിപ്പിക്കുന്നത് എന്നർത്ഥം വ. പാപം കളയുന്നതിനുള്ള ഒരു പ്രായശ്ചിത്തം. ന. പ്രയാസം, ബുദ്ധിമുട്ട്.

കൃച്ഛ്രാരി-വിടത്തൽ (ഗ്രാമ്യം-ശംഖശംഭകം).

കൃണാണ്ഡാ-കാട്ടുചീര.

കൃൺറ-ചായമിടുന്നവൻ.

കൃത-വി. ഫ. ചെയ്ത, ചെയ്യപ്പെട്ട. വ. മുഴുവൻ തീർന്ന, തയാറായ. ന. സൃഷ്ടിക്കപ്പെട്ട. ഖ. പ്രാപ്തിവന്നിട്ടുള്ള, പാകം വന്നിട്ടുള്ള.

ക്ലിശ്യക-ക്രി ദുഃഖിക്കുക. വ. അദ്ധ്യാപനപ്പെടുക.

കൃതകര്‌മ്മ-വി. മിടുക്കുള്ള, ത്രാണിയുള്ള.

കൃതകര്‌മ്മാവു്-തന്റെ തൊഴിൽ ചെയ്തിട്ടുള്ളവൻ

കൃതക-വി. ക്രി ഉണ്ടാക്കപ്പെട്ട വ. ഉണ്ടാക്കിവെച്ച ന. കള്ളമായ, വ്യാജമുള്ള, കൃത്രിമമായ.

കൃതകപടം-കള്ളം കാണിച്ചു്.

'സൂക്ഷിച്ചോട്ടേറെനേരം കൃതകപടമുറങ്ങും' (അമരുകശതകം)

കൃതകൃത്യൻ-കൃതാര്‌ത്ഥൻ.

കൃതകൻ-മാതാപിതാക്കന്മാരുടെ പക്കൽനിന്നും വിലക്കു വാങ്ങിയ കുട്ടി.

കൃതകം-ക്രി. ഉണ്ടാക്കിയ ഉപ്പു്, വിളയുപ്പു്. വ. രസാഞ്ജനം.

കൃതകാമ-വി. ആഗ്രഹം സാധിച്ച.

കൃതകാല-വി. കാലം നിശ്ചയിക്കപ്പെട്ടിട്ടുള്ള, കുറെകാലത്തേക്കു താമസിച്ചിട്ടുള്ള.

കൃതകൃത്യ-വി. ചെയ്യാനുള്ളതിനെ ചെയ്തു. തൃപ്തി വന്നിട്ടുള്ള, ജയം ലഭിച്ചിട്ടുള്ള, കാര്യം കൈവന്നിട്ടുള്ള [അകൃതകൃത്യ എന്ന പദം നോക്കുക]

കൃതകൃത്യത-ചെയ്യേണ്ടതു ചെയ്തിട്ടുള്ള സുഖം.

കൃതക്രയൻ-വാങ്ങിയവൻ.

കൃതക്ഷണ-വി. മതിയായ സന്ദർഭം കിട്ടിയ.

കൃതഘ്ന-വി ഉപകാരംചെയ്തവരെ മറക്കുന്ന. [ഘ്നൻ, ഘ്നി, ഘ്നം].

കൃതഘ്നത-ഉപകാരത്തെ മറക്കുന്നവന്റെ സ്വഭാവം.

കൃതചൂഡൻ-ചൂഡാകർമ്മം കഴിഞ്ഞവൻ [അകൃതചൂഡൻ എന്ന ശബ്ദം നോക്കുക].

കൃതച്ഛിദ്രാ-കാട്ടുപീച്ചിൽ

കൃതജ്ഞ-വി. ഉപകാരസ്മരണമുള്ള

കൃതജ്ഞത-ഉപകാരംചെയ്തവനെക്കുറിച്ചു വിചാരിക്കുന്ന സ്വഭാവം. കൃതജ്ഞത >< കൃതഘ്നത

കൃതജ്ഞം-നായ്.

കൃതതീര്‌ത്ഥ-വി. ക്രി. പുണ്യസ്ഥലങ്ങൾ ദർശിച്ച. വ. അദ്ധ്യാപകന്റെ കീഴിൽ പതിവായി പഠിച്ചിട്ടുള്ള.

കൃതദാശ(ന)ൻ-കൃതമായിരിക്കുന്ന ദശനത്തോടുകൂടിയവൻ [അകൃതദശനൻ എന്ന ശബ്ദം നോക്കുക].

കൃതപാണ്ഡീതകം-അറബിക്കുന്തുരുക്കം.

കൃതപുംഖ-വി. ശരപ്രയോഗത്തിങ്കൽ സാമർത്ഥ്യമുള്ള [അകൃതപുംഖ എന്നപദം നോക്കുക].

കൃതഫലം-തക്കോലം.

കൃതമാലം-ക്രി. കൊന്നവൃക്ഷം. ഇതിന്റെ പൂകൊണ്ടു മാല ഉണ്ടാക്കുന്നതിനാൽ ഈ പേരുണ്ടായി. വ കൂട്ടമായും മാലാകാരമായും സഞ്ചരിക്കുന്ന ഒരു വക മാൻ.

[കൃതമാലമൃഗത്തിന്റെ മാംസത്തിനു മാനിന്റെ മാംസഗുണമാണുള്ളതു്].

കൃതമാലാ-ഒരു നദി. [ഈ നദി കേരളത്തിന്റെ ഒരു അതിർത്തി ആയിരുന്നു].

'കൃതമാലാമലയാചല
പശ്ചിമാംഭോധിമദ്ധ്യേ'
(കേരളപാണിനീയം പീഠിക)

കൃതമുഖ-വി. സാമർത്ഥ്യമുള്ള, പരിപ്പുള്ള, ബുദ്ധിയുള്ള. കൃതമുഖൻ എന്നതിനു പരിഷ്കൃതമായ മുഖത്തോടുകൂടിയവൻ എന്നു ശബ്ദാർത്ഥം.

കൃതം-ക്രി. കൃതയുഗം. വ ഫലം, സാദ്ധ്യം. ന. ചെയ്യപ്പെട്ടതു്, ചെയ്യപ്പെട്ട പ്രവൃത്തി. ഭ. പര്യാപ്തം (മതി) ധ. നാലു് എന്ന അക്കം.

കൃതം-അ. മതി, വേണ്ട.

കൃതയുഗം-നാലു യുഗങ്ങളിൽ ഒന്നാമത്തേതു, സത്യയുഗം.

കൃതലക്ഷണ-വി. ഗ. ഗുണങ്ങൾകൊണ്ടു പ്രസിദ്ധിയുള്ള. വ. അടയാളപ്പെട്ടതീട്ടുള്ള. ന. ഭംഗിയുള്ള, രൂപമുള്ള. ര. നിശ്ചയമുള്ള. ഉ. മര്യാദയുള്ള. ന്യ. പ്രമാണമുള്ള.

കൃതവതി-ചെയ്തവൾ.

കൃതവർമ്മാവ്-ഒരു കൌരവയോദ്ധാവ്. യദുവംശത്തിൽ ചേർന്ന സാത്വതകുലത്തിൽ ഉള്ളവനായ ഹൃദികന്റെപുത്രൻ. അതിനാൽ ഹാർദ്ദിക്യൻഎന്നും പേരുണ്ട്. [കൃതവർമ്മാവിനെ ഭോജൻ എന്നും പറയും. ദ്വാരകയിൽവെച്ച് സാത്യകി കൊന്നു].

കൃതവാൻ-ചെയ്തവൻ.

കൃതവിദ്യ-വി. പഠിപ്പുള്ള.

കൃതവീര്യൻ-ഹേഹയരാജാവ്. [കാർത്തവീര്യന്റെ അച്ഛനാണ്. പതിനായിരം യാഗംകഴിക്കയും ഭൂലോകഭരണം ഭംഗിയായി നടത്തുകയുംചെയ്തു].

കൃതവേതന-വി. കൂലിക്ക് വേലചെയ്യുന്ന, കൂലിയുള്ള.

കൃതവേദി-വി. ഉപകാരസ്മരണയില്ലാത്ത

കൃതവേധനാ-വെളുത്തപൂവുള്ള ഒരു ചെടി. കാട്ടുപീച്ചിൽ.

കൃതവേഷ-വി അലങ്കരിച്ചിട്ടുള്ള, ഉടുപ്പിട്ടുള്ള

കൃതസാപത്നികാ-ഒന്നാമതു വിവാഹം ചെയ്ത ഭാര്യ, മുമ്പേ വേൾക്കപ്പെട്ടസ്ത്രീക്ക് അവളുടെ ഭർത്താവു പിന്നെ ഒരുത്തിയെ വേട്ടാൽ ഉണ്ടാകുന്ന പേർ. അനേകം സ്ത്രീകളെ വിവാഹംചെയ്തവൻ ആദ്യം വിവാഹംചെയ്ത സ്ത്രീയുടെ പേർ [ദശരഥന്റെ ഭാര്യമാരിൽ കൌസല്യക്ക് ഈ പേർപറയാം] കൃതമായ സപത്നിയുടെ ഭാവത്തോടുകൂടിയവൾ എന്നർത്ഥം. സമാനനായ പതിയോടുകൂടിയവൾ-സപത്നി.

കൃതഹസ്ത-വി. ഗ. ശരപ്രയോഗത്തിങ്കൽ സാമർത്ഥ്യമുള്ള. വ. മിടുക്കുള്ള. [കൃതഹസ്തൻ എന്ന ശബ്ദം നോക്കുക].

കൃതഹസ്തത-സാമർത്ഥ്യം, വൈഭവം.

കൃതാഞ്ജലി-ഗ. കൂപ്പുകൈ. വ. മുക്കുറ്റി.

കൃതാന്ത-അരേണകം.

കൃതാന്തജനകം-കാരകിൽ.

കൃതാന്തജനകാ-അരേണകം

കൃതാന്തൻ-യമൻ. സംഹാരം ചെയ്യുന്നവൻ; അന്തകാലത്തെ ചെയ്യുന്നവൻ എന്നിങ്ങനെ ശബ്ദാർത്ഥം.

കൃതാന്താ-ഇന്നതിന്നപ്രകാരം എന്നുള്ള ശാസ്ത്രീയനിശ്ചയം, നിശ്ചയമായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന അവസാനം. വ. ദുഷ്ടപ്രവൃത്തി, അമംഗലകർമ്മം.

കൃതാഭിഷേക-വി. ഗ. അഭിഷേകംചെയ്യപ്പെട്ട. വ. രാജ്യാധിപത്യംനിശ്ചയിച്ചഭിഷേകംചെയ്യപ്പെട്ട.

കൃതാർത്ഥ-വി. വേണ്ടുന്ന കാര്യത്തെ സാധിച്ച. വ ഭാഗ്യമുള്ള.

കൃതാർത്ഥത-ഗ സാധിക്കേണ്ടതു സാധിച്ചിട്ടുള്ള സുഖം. വ. ഭാഗ്യം.

കൃതാലയം-തവള.

കൃതാവമതി - ചെയ്യപ്പെട്ടതായിരിക്കുന്ന അവമാനത്തോടുകൂടിയവൾ.

കൃതി-വി. അറിവുള്ള, വിദ്യയുള്ള. വ. പ്രവൃത്തിയിൽ സാമർത്ഥ്യമുള്ള. [തീ, തിനീ, തി]

കൃതി-ഗ. പ്രവൃത്തിയിൽ സാമർത്ഥ്യമുള്ളവൻ. വ. വിദ്വാൻ. [കൃതി എന്ന ശബ്ദം നോക്കുക]. ന കൃതാർത്ഥൻ. ര. ധന്യൻ.

കൃതി-ഗ. പ്രവൃത്തി. വ വേല. ന. പ്രകൃതി ഷ്ഠ ര കഥ.

കൃത്ത-വി. മുറിക്കപ്പെട്ട [കർത്തനംചെയ്യപ്പെട്ട; കർത്തനംചെയ്യു=മുറിക്ക].

'നികൃത്തകചമണ്ഡലാ
നിശിതമണ്ഡലാഗ്രണസാ'
(കിർമ്മീരവധം കഥകളി)

കൃത്തി-ഗ. മാനിന്റെയും മററും തോൽ. ഛേദിക്കപ്പെട്ടതു എന്നർത്ഥം.

'ഇക്കൃത്തിയുടുത്തു കരത്തിലെടുത്തുനടക്കും'
(ദക്ഷയാഗം കഥകളി)
വ. ഒരുമാതിരി മാനിന്റെ തോൽ.

കൃത്തികകൾ-കാർത്തികേയന്റെ വളർത്തമ്മമാരായ ആറു നക്ഷത്രങ്ങൾ

കൃത്തികാ-ഫ. കാർത്തിക. വ. ശകടം.

കൃത്തിവാസസ്സ്-ശിവൻ. കൃത്തിയെ (തോലിനെ) വാസസ്സ് (വസ്ത്രം)ആക്കിയവൻ.

കൃത്തുകൾ-(വ്യാകരണത്തിൽ) സിദ്ധക്രിയയെ കുറിക്കുന്ന രൂപങ്ങൾ.

കൃത്ന-വി. ഫ മിടുക്കുള്ള വ. ജോലി ചെയ്യുന്നതിനു ശേഷിയുള്ള. ന. ശക്തിയുള്ള

കൃത്യ-വി ചെയ്യേണ്ടുന്ന.

കൃത്യ-ഫ ക്രിയ, പ്രവൃത്തി. വ. മാരണദേവത. ദേവതാവിശേഷം ഭേദിക്കുന്നതെന്നർത്ഥം.

'കൃത്യാഞ്ചതാമസിധരാം ഭുവനം ദഹന്തീം,
(നാരായണീയം)

ന. പകരുന്ന വ്യാധി. ര വാവൽ.

കൃത്യ-ഫ. പ്രവൃത്തി. വ. നിയമം ന. നടപ്പ്.

കൃത്രം-കലപ്പ

കൃത്രിമ-വി. സഹജമല്ലാത്ത, മനുഷ്യയത്നത്താൽ ഉണ്ടാക്കപ്പെട്ട.

കൃത്രിമധൂപകം-ധൂപക്കൂട്ടം, അനേക പദാർത്ഥങ്ങളെക്കൊണ്ട് ഉത്ഭവിക്കപ്പെട്ടതായ ധൂപം.

കൃത്രിമൻ-ഒരുവൻ മരിക്കാറാകുമ്പോൾ തന്റെ ശേഷക്രിയകൾ ചെയ്യാൻവേണ്ടി തന്റെ സകലമുതലിനും അവകാശിയാക്കി സ്വീകരിക്കുന്ന പ്രായം തികഞ്ഞ ഒരന്യൻ.

കൃത്രിമപുത്രകം-മരംകൊണ്ടും മററും ഉണ്ടാക്കുന്ന കുട്ടിപ്പാവ.

കൃത്രിമം-ഫ സ്വാഭാവികമല്ലാത്തത്. [അകൃത്രിമം എന്നതിനു നേരേ മറുപക്ഷം]. (മലയാളം) ഉപായം, കള്ളക്കൌശലം. വ. വിളയുപ്പ്. ന. കാരുപ്പ്. ര രസാഞ്ജനം. ഇ. പച്ചപ്പുഴുവ്. ന്ദ അറബിക്കുന്തുരുക്കം. ൧. ചീനക്കർപ്പൂരം.

കൃത്സ്ന-വി. മുഴുവനായ.

കൃത്സ്നം-ഫ. മുഴുവൻ, ഒട്ടൊഴിയാതെയുള്ളത്. വ. വെള്ളം.

കൃത്വാ-അ ചെയ്തിട്ട്.

കൃദരം-ഫ. പത്തായപ്പുര. വ. ഭവനം.

കൃന്തനം-ഛേദനം, മുറിക്കുക.

കൃപാ-ദയ.

കൃപണ-വി, ഫ. ദാരിദ്ര്യമുള്ള. വ. നീചത്വമുള്ള.

കൃപണൻ-പിശുക്കിന്റെ ശക്തികൊണ്ടു ദരിദ്രനെപ്പോലെ കഷ്ടമായി ജീവിക്കുന്നവൻ.

കൃപൻ-ശരദ്വാനു ജാലാവതിയിൽ ജനിച്ച പുത്രൻ.

[ബ്രഹ്മപുത്രനായ അംഗിരസ്സിനു ഉചത്ഥ്യൻ, ബൃഹസ്പതി, സംവർത്തൻ ഇങ്ങനെ മൂന്നു പുത്രന്മാരുണ്ടായി അവരിൽ ഉചത്ഥ്യന്റെ മകനായി ദീർഘതമാവു ജനിച്ചു. തൽപുത്രനത്രേ ഗൌതമൻ എന്ന മഹർഷി. അദ്ദേഹത്തിന്റെ പുത്രനായ ശരദ്വാൻ എന്ന മുനിക്കു വേദത്തിൽ വാസന കുറഞ്ഞതുനിമിത്തം അച്ഛൻ ജാതകം നോക്കിച്ചു ധനുർവേദത്തെ അഭ്യസിപ്പിച്ചു. ധനുർവേദത്തിൽ ശരദ്വാൻ അതിസമർത്ഥനായിത്തീർന്നു തപസ്സുതുടങ്ങി. ഒന്നാംതരം തപോവിഘ്നത്തിനായി ഇന്ദ്രൻ ജാലാവതി എന്ന അപ്സരസ്സ്ത്രീയെ അയച്ചു. ചാപബാണങ്ങളോടു നില്ക്കുന്ന ശരദ്വാന്, മററു ജനങ്ങളോടുകൂടിയ ദേവതയെ കണ്ടമാത്രയിൽ കൈയ്യിലിരുന്ന വില്ലും അമ്പും താഴെ വീണുപോകയും ഇന്ദ്രിയസ്ഖലനമുണ്ടാകയും ചെയ്തു. ആ ഇന്ദ്രിയം ശരസ്തംബത്തിൽ വീണു രണ്ടായി ഒരു പെണ്ണും ഒ

യി. ശന്തനുവിന്റെ സേനാധിപൻ അവരെ കാട്ടിൽവച്ചു കണ്ടു കുട്ടികളോടുകൂടിയായി ശന്തനുരാജാവിനു കൊടുത്തു അദ്ദേഹം തന്റെ കുഞ്ഞുങ്ങളാക്കി കൃപയോടു വളർത്തി. അതിനാൽ ആണിനു 'കൃപൻ' എന്നും പെണ്ണിനു 'കൃപി' എന്നും പേരിട്ടു. ഗൌതമമഹർഷി വിവരം അറിഞ്ഞു ശന്തനുവിനോടു പരമാർത്ഥം പറഞ്ഞു. ശരദ്വാൻ കൃപനെ പഠിപ്പിച്ചു പരമാചാര്യനാക്കി. ശന്തനു കൃപരെ സ്വരാജ്യത്തെ ധനുർവ്വേദാധ്യാപകനായി നിയമിച്ചു. ഭാരതയുദ്ധത്തിന്റെ അവസാനത്തിൽ രാത്രിയിൽ പാണ്ഡവരെ ആക്രമിച്ച മൂന്നു കൌരവയോദ്ധാക്കളിൽ ഒരുവനത്രേ കൃപൻ.]

കൃപി, കൃപീ–അശ്വത്ഥാമാവിന്റെ മാതാവ്, ദ്രോണരുടെ ഭാര്യ [കൃപൻ എന്നതു നോക്കുക.]

കൃപാകടാക്ഷം–ദയയോടുകൂടിയുള്ള നോട്ടം.

കൃപാണകം–വാൾ. കൃപയെ ഉപേക്ഷിക്കുന്നതെന്നർത്ഥം.

കൃപാണധാര–വാളിന്റെ മൂർച്ച (മൂർച്ച).

കൃപാണിക, കാ–൧. കത്രിക വാസ്തവത്തിൽ കൃപയില്ലാത്തതെന്നർത്ഥം. ൨. വാൾ.

കൃപാലു–വി. വളരെ ദയയുള്ള.

കൃപീടപാലം–൧. സമുദ്രം ൨. ചുക്കാൻ, തുഴ.

കൃപീടം–വെള്ളം

കൃപീടയോനി–൧. അഗ്നി കൃപീടത്തിന്റെ (വെള്ളത്തിന്റെ) യോനി (ഇരിപ്പിടമായവൻ), ജലത്തിന്റെ കാരണഭൂതൻ എന്നിങ്ങിനെ ശബ്ദാർത്ഥം. ൨. കൊടുവേലി.

[കൃപീധായോനി എന്നു ചിലർ 'ധ' കാരം ഉച്ചരിച്ചു പഠിച്ചുവരുന്നതു തെററാകുന്നു. 'ട'കാരംതന്നെ സാധുവായതെന്നറിക.]

കൃമി, ക്രിമി–൧. പുഴുജാതി, സാമാന്യമായ പുഴു. ൨. അരക്ക്. ൩. കഴുതം. സഞ്ചരിക്കുന്നതു് എന്നർത്ഥം.

'ദ്രുമാമയേ മദോൽപ്പുംസികീടേ ച
ക്രിമിവൽക്രമിഃ'

(രഭസൻ)

കൃമികണ്ടകം–൧. വിഴാൽ. ൨. അത്തിയാല്.

കൃമികോശം–പട്ടുനൂലുണ്ടാക്കുന്ന പുഴുക്കൂട്.

കൃമികോശോത്ഥ–വി. പുഴുക്കൂട്ടിൽ നിന്നുണ്ടായ

കൃമിക–പുഴുക്കുക.

കൃമിഗ്രന്ഥി–കാലിലെ ഒരു ദീനം.

കൃമിഘ്ന–വി. പുഴുവിനെ നശിപ്പിക്കുന്ന.

കൃമിഘ്നം–൧. വിഴാലരി. ൨. മഞ്ഞൾനാരകം. ൩. ചേരമരം. ൪. പുടകന്നം. ൫. മുതക്ക്. ൬. വലിയ വെളുള്ളി.

കൃമിഘ്നാ–മഞ്ഞൾ.

കൃമിഘ്നി–വിഴാൽ.

കൃമിജം–അകിൽ.

കൃമിജഗ്ധ–൧. അകിൽ. ൨. കാഷ്ഠാഗരു

കൃമിജലജം–കൃമിശംഖ്

കൃമിജാ–ലാക്ഷാ, കോലരക്ക്.

കൃമിജിത്ത്–വിഴാൽ.

കൃമിതരു–കാട്ടുമാവ്

കൃമിദന്തകം–പല്ലുനോവ്.

കൃമിനാശനം–വിഴാൽ.

കൃമിപർവ്വതം–ചിതൽപുററ്.

കൃമിപ്രിയാ–ആറവണാവൽ.

കൃമിഫലം–അത്തിയാല്.

കൃമിഭോജനം–ഒരു നരകം.

കൃമിമർദ്ദനം–ഉങ്ങ്.

കൃമിരിപു–വിഴാൽ.

കൃമിലം–ദേവതാരം.

ക്രമിവൎണ്ണം-ചെമന്നവസ്ത്രം.

ക്രമിവാരിരുഹം-ക്രമിശംഖ്.

ക്രമിവൃക്ഷം-കരുട്ടമാവ്.

ക്രമിശംഖ്-പിരിശംഖ്.

ക്രമിശത്രു-പൂവരശിൻകരു.

ക്രമിശുക്തി-കക്കാ.

ക്രമിഹരം-മുളക്.

ക്രമിഹാ-വിഴാൽ.

ക്രമിഹൃത്ത്-കരിംകടുക്.

ക്രമീലകം-മക്കുട്ടപ്പയറ്.

ക്രമുകം കവുങ്ങ്.

ക്രശ-വി. ൧. ചെറുതായ. ൨. മെലിഞ്ഞ, [ക്രശം=സൂക്ഷ്മമായ]

ക്രശഗൻ-ശിവൻ.

ക്രശത-മെലിച്ചിൽ.

ക്രശൻ-൧. മെലിഞ്ഞവൻ. ൨. പാവപ്പെട്ടവൻ.

ക്രശബന്ധുരം - ഒതുക്കംകൊണ്ടു മനോഹരം.

ക്രശരം, ക്രസരം-എള്ളും അരിയും കൂട്ടി വെച്ചുണ്ടാക്കിയ ചോറ്.

ക്രശലാ, തലമുടി.

ക്രശശാഖം-ചപ്പുകെട്ടപ്പുല്ല്.

ക്രശാംഗി-൧. സുന്ദരി. ൨ അരയാൽ.

ക്രശാനു-൧. അഗ്നി. ചെറുതായാലും ഏററവും വൎദ്ധിക്കുന്നു, ക്രശമാക്കിച്ചെയ്യുന്നവൻ എന്നിങ്ങനെ അൎത്ഥം. ൨. കൊടുവേലി.

ക്രശാനുരേതസ്സ് -ശിവൻ. ക്രശാനുരൂപമായ(അഗ്നിരൂപമായ) രേതസ്സ് (ശുക്ലം) ഉള്ളവൻ എന്നൎത്ഥം.

[ശിവന്റെ രേതസ്സ് അഗ്നി വഹിച്ചപ്പോൾ അഗ്നി കൂടി ദഗ്ദ്ധഹനായിതീൎന്നു എന്നു പുരാണപ്രസിദ്ധമാണല്ലോ].

ക്രശാശ്വി-നാട്യക്കാരൻ, നടൻ. ക്രശാശ്വമുനിപ്രോക്തമായ നടസൂത്രത്തെ അദ്ധ്യയനം ചെയ്യുന്നവൻ എന്നൎത്ഥം.

ക്രശികാ-എലിച്ചെവി.

ക്രശോദര-വി. ൧ ചെറിയ വയറുള്ള. ൨. സൌന്ദൎയ്യമുള്ള.

ക്രശോദരി-൧. ഇടുങ്ങിയ ഉദരമുള്ളവൾ. സുന്ദരി. ൨. വെളുത്ത നറുനീണ്ടി.

ക്രഷക-വി. ഉഴവുചെയ്യുന്ന.

ക്രഷകം-൧. കൊഴു. ൨. കാള.

ക്രഷം-ഉരക്കൽ.

ക്രഷി-ധാന്യങ്ങളും മററും വിതച്ചുണ്ടാക്കുക. ഉഴുതുക എന്നൎത്ഥം.

ക്രഷിക-എലിച്ചെവി.

ക്രഷികൻ-൧. ക്രഷിചെയ്യുന്നവൻ. കന്നുപൂട്ടുന്നവനെന്നൎത്ഥം. ൨. വേലക്കാരൻ.

ക്രഷിക്കാരൻ-ക്രഷിയുള്ളവൻ. പൎയ്യായങ്ങൾ-ക്ഷേത്രാജീവൻ, കൎഷകൻ, ക്രഷികൻ, ക്രഷീവലൻ. Cultivator.

ക്രഷിത്തരം-ക്രഷിചെയ്യുന്നതിനു തക്കതായ സമയം.

ക്രഷിപ്പണി-ക്രഷിസ്ഥലം.

ക്രഷിപ്പണി-ക്രഷി.

ക്രഷിപ്പാട്ട് - ക്രഷിസംബന്ധമായ പാട്ട്.

[ധാന്യഭേദങ്ങളെപ്പററിയും വിതപ്പും നടവാനും ക്രഷിചെയ്യുവാനും മററുമായിട്ടു പരശുരാമൻ ബ്രാഹ്മണൎക്കു ചെയ്ത ഉപദേശത്തിനെ കൊല്ലവൎഷാരംഭത്തിൽ ഒരു നമ്പൂരി നാലു പാദമായിട്ടു ചമച്ച ഒരു ഭാഷാഗ്രന്ഥം ‘കേരളകല്പം’ എന്നു മുമ്പ് ഒരു സംസ്കൃതഗ്രന്ഥം പരശുരാമൻ ഉണ്ടാക്കീട്ടുണ്ട്].

ക്രഷീവലൻ-ക്രഷിചെയ്യുന്നവൻ, ക്രഷിയുള്ളവൻ.

ക്രഷ്ട-വി. ഉഴവുചെയ്യപ്പെട്ട, ക്രഷിചെയ്യപ്പെട്ട, കിളച്ച.

ക്രഷ്ടപച്യ-വി. കിളച്ചുണ്ടായുള്ള വളൎന്നവരുന്ന.

ക്രഷ്ണം-ഉഴുതകണ്ടം.

കൃഷ്ടി-വിദ്വാൻ. സകല കാൎയ്യങ്ങളിലും നിഷ്കൎഷയുള്ളവൻ എന്നൎത്ഥം.

കൃഷ്ണകന്ദം-ഉ. ചെന്താമര. വ. ശക്കര.

കൃഷ്ണകൎമ്മ-വി. ചീത്തപ്രവൃത്തിചെയ്യുന്ന.

കൃഷ്ണകരവീരാ-കറുത്ത പൂവുള്ള അരളി.

കൃഷ്ണകാകൻ-അധികം കറുത്ത കാക്ക, മലങ്കാക്ക.

കൃഷ്ണകാംബോജി-കന്നി.

കൃഷ്ണകായാ-പോത്ത്.

കൃഷ്ണകാൎഷ്ണകം-കാൎഷ്ണംഗത.

കൃഷ്ണകുസുമം-കറുത്ത പൂവുള്ള അര(ള)ളി.

കൃഷ്ണക്രാന്തി-വിഷ്ണുക്രാന്താ, ശംഖപുഷ്പീ വിശേഷം എന്നും കാണുന്നു.

[വൃന്ദാവനചാരിയായ കൃഷ്ണൻ ഇതിന്റെ പുറത്തു ചവുട്ടിയതു ഹേതുവായിട്ടു ഇതിന്നു മാഹാത്മ്യം സിദ്ധിച്ചതായി കേൾവിയുണ്ടു്. 'വിഷ്ണുക്രാന്താ' എന്ന പൎയ്യായം ഇതിന്മേൽ വിഷ്ണുചൈതന്യം ഉണ്ടെന്നു തെളിയിക്കുന്നു].

കൃഷ്ണഗംഗാ-കൃഷ്ണാനദി.

കൃഷ്ണഗന്ധാ-കരിമുരിങ്ങ.

കൃഷ്ണഗൎഭാ-ചെറുകമിഴ്.

കൃഷ്ണചഞ്ചുകം-കടല.

കൃഷ്ണചണകം-കറുത്തകടല

കൃഷ്ണചന്ദനം-ഹരിചന്ദനം.

കൃഷ്ണചന്ദ്രൻ-വസുദേവൻ.

കൃഷ്ണചൂഡാ, കൃഷ്ണചൂഡികാ-ചെമന്നകന്നി.

കൃഷ്ണചൂൎണ്ണം-പഴയ ഇരിമ്പിൻകിട്ടം.

കൃഷ്ണജടാ-മാഞ്ചി.

കൃഷ്ണജീരകം-കരിഞ്ചീരകം.

കൃഷ്ണതണ്ഡുലാ-ഉ. തിപ്പലി. വ. കന്മഹോഡി.

കൃഷ്ണതാഗ്രു:-ഏററവും വാസനയുള്ള ചന്ദനം.

കൃഷ്ണതാരം-കരിമാൻ.

കൃഷ്ണത, കൃഷ്ണത്വം-ഉ. കറുപ്പ്. വ. ബുദ്ധികേട്. ന. ദുഷ്ടത

കൃഷ്ണതരി-അഗ്നി.

കൃഷ്ണതണ്ഡുലം-വിഴാൽ.

കൃഷ്ണതുളസി-കറുത്തതുളസി.

കൃഷ്ണത്രിവൃതാ-നാല്പൊപ്പക്കൊന്ന.

കൃഷ്ണദന്താ-കമിഴ്.

കൃഷ്ണദ്വൈപായനൻ-വ്യാസൻ.

കൃഷ്ണധത്തുര(ക)ം, കൃഷ്ണധസ്തൂരം-കറുത്ത ഉമ്മത്ത്.

കൃഷ്ണധനം-ദൌഷ്ട്യത്താൽ സമ്പാദിച്ച ധനം (പണം)

കൃഷ്ണൻ-ഉ. വിഷ്ണു. വ. വിഷ്ണുവിന്റെ ദശാവതാരത്തിൽ ഒൻപതാമത്തെ അവതാരമൂൎത്തി.

[പണ്ടു മഥുരയിൽ ശൂരസേനന്റെ പുത്രനായി ഒരു യാദവശ്രേഷ്ഠനുണ്ടായിരുന്നു. വസുദേവൻ എന്നു പേരുള്ള ആ മഹാൻ ദേവകന്റെ മകളായ ദേവകിയെ കല്യാണംകഴിച്ചു. ദേവകി കംസന്റെ സഹോദരിയായിരുന്നു. കംസൻ മഥുരയെ ഭരിച്ചുവന്നു. ഭോജരാജവംശനായ ഇവൻ തന്റെ പിതാവായ ഉഗ്രസേനനെ കാരാഗൃഹത്തിലിട്ടു ബലാല്ക്കാരേണ രാജ്യം ഭരിച്ചുവന്നു്. ദേവകിയെ വസുദേവൻ വിവാഹം കഴിച്ചു വരുമ്പോൾ കംസനാണു് അവരുടെ തേർ തെളിച്ചതു്. മാൎഗ്ഗമദ്ധ്യേ 'ഹേ കംസ! ദേവകി പ്രസവിക്കുന്ന എട്ടാമത്തെ പുത്രൻ നിന്നെ കൊല്ലും' എന്നു ഒരശരീരിവാക്കു കേൾക്കയുണ്ടായി. ഉടൻ കോപാന്ധനായ കംസൻ വാളെടുത്തു ദേവകിയെ വെട്ടിക്കൊല്ലുന്നതിന്നായി ഒരുമ്പെട്ടു. അനന്തരം വസുദേവരുടെ സമാധാനോക്തികൊണ്ടു് കോപം അടക്കി. ദേവകി പ്രസവിക്കുന്ന ശിശുവിനെ അപ്പഴപ്പോൾ കംസനെ

ഏല്പിച്ചുകൊള്ളാമെന്നായിരുന്നു വസുദേവരുടെ പ്രധാനകരാറ്. ഇങ്ങിനെയിരിക്കെ ദേവകി കടിഞ്ഞൂൽ പ്രസവിച്ചു. അതിനെ ഉടൻ വസുദേവർ കംസനെ ഏല്പിച്ചു. എട്ടാമത്തെ ശിശുവിനെ തന്നാൽ മതി എന്നു പറഞ്ഞ് ആ കുഞ്ഞിനെ കംസൻ തിരിയെ കൊടുത്തു. ഏതാനും ശിശുക്കൾ ഉണ്ടായതറിഞ്ഞ് നാരദൻ കംസനെ പ്രാപിച്ചു വൃഷ്ണിയാദവന്മാരെല്ലാം ദേവാംശജാതന്മാരും അങ്ങും പരിജനങ്ങളും അസുരാംശജാതരെന്നും മറ്റും പറകയുണ്ടായി. ഉടൻ കോപാന്ധനായ കംസൻ എല്ലാ കുട്ടികളേയും വധിച്ചു. ഇങ്ങിനെ ആറു ശിശുക്കളെ കൊന്നതിന്റെ ശേഷം ഏഴാമത്തും ദേവകിക്കു ഗർഭം ഉത്ഭവിച്ചു. വിഷ്ണുമായ ആ ഗർഭത്തെ രോഹിണിയിലാക്കീട്ടു നന്ദഗോപരുടെ പത്നിയായ യശോദയിൽ താനും ജനിപ്പാനൊരുമ്പെട്ടു. രോഹിണി വസുദേവരുടെ മറ്റൊരു ഭാര്യയായിരുന്നു. അക്കാലത്തു ദേവകിയുടെ ഗർഭം അലസിപ്പോയി എന്നു ഒരു കിംവദന്തി നാടെങ്ങും നിറഞ്ഞു. രോഹിണിയിൽ അനന്തരം രാമൻ ജനിച്ചു. ഇദ്ദേഹം വാസ്തവത്തിൽ ദേവകിയുടെ ഏഴാമത്തെ പുത്രനും അവതാരപുരുഷനും കൃഷ്ണന്റെ ജ്യേഷ്ഠനുമാണ്. പിന്നീടു ചിങ്ങമാസവും കൃഷ്ണപക്ഷവും അഷ്ടമിതിഥിയും രോഹിണി നക്ഷത്രവും കൂടിയ ദിവസം അർദ്ധരാത്രിയിൽ വിഷ്ണുഭഗവാൻ കൃഷ്ണനായി ദേവകിയിൽ അവതാരംചെയ്തു. ഇതാകുന്നു ഒമ്പതാമത്തെ അവതാരം. ഭൂദേവിയുടെ സങ്കടപരിഹാരാർത്ഥം കംസാദിദുഷ്ടരെ നശിപ്പിക്കുന്നതിനായിട്ടായിരുന്നു ഈ അവതാരം. ദേവകി പ്രസവിച്ചു ഉടൻതന്നെ ആ ശിശുവിനെ വസുദേവർ എടുത്തു നന്ദഗോപരുടെ പത്നിയായ യശോദ പ്രസവിച്ചു കിടക്കുന്ന സ്ഥലത്തു കൊണ്ടുചെന്നു അവിടെ കിടത്തി മറ്റെ പെൺകുട്ടിയെ എടുത്തു കൊണ്ടുവന്നു ദേവകിയുടെ അരികിലും കിടത്തി. ഈ കൃത്യം വളരെ ഗൂഢമായിട്ടായിരുന്നു. പ്രസവിച്ച വിവരം കംസൻ അറിഞ്ഞപ്പോൾ ദേവകിയുടെ അരികിൽ കിടന്നിരുന്ന (പെൺ) കുഞ്ഞിനെ എടുത്തു പതിവിൻപ്രകാരം വട്ടശ്ശിലമേൽ അടിപ്പാനായി ഓങ്ങി. തദനന്തരം അതു കൈയിൽ നിന്നു തെറ്റി ആകാശമാർഗ്ഗത്തിൽ എത്തി, 'ദുഷ്ടനായ കംസ! നിന്റെ അന്തകൻ അമ്പാടിയിൽ വളരുന്നു' എന്നു പറഞ്ഞു മറഞ്ഞു. കംസനു ഉടൻ അത്യധികം ഭീതിവളർന്നു. ആയിടെ ജനിച്ച എല്ലാ ശിശുക്കളേയും വധിപ്പാൻ കംസൻ ആജ്ഞാപിച്ചു. ഇതിലേയ്ക്കായി പൂതന, ശകടൻ, തൃണാവർത്തൻ, ബകാസുരൻ, അഘാസുരൻ, ധേനുകൻ മുതലായവർ പ്രയത്നിച്ചു. എന്നാൽ അവരെല്ലാം നശിച്ചതായിരുന്നു അതിന്റെ ഫലം. ഒരിക്കൽ കൃഷ്ണൻ ബ്രഹ്മാവിന്റെ അഹങ്കാരത്തെ തീർത്തു നളകൂബരമണിഗ്രീവന്മാർക്കു ഗതി നൽകി. യമുനയിൽ കിടന്നു പരോപദ്രവംചെയ്തു കാളിയൻ എന്ന സർപ്പശ്രേഷ്ഠന്റെ മദം അടക്കി. ഗോവർദ്ധനയാഗത്തിൽ ഇന്ദ്രനും കൃഷ്ണനു കീഴടങ്ങി. വീണ്ടും കംസനിയോഗം കൊണ്ടു ചാടിപ്പുറപ്പെട്ട സുദർശനൻ, ശംഖചൂഡൻ, അരിഷ്ടൻ, കേശി ഇവരും കൃഷ്ണനാൽ വധിക്കപ്പെട്ടു. കംസൻ പിന്നീടു രാമകൃഷ്ണന്മാരെ ചതിച്ചു കൊല്ലുന്നതിനു ചാപയാഗം ഏർപ്പെടുത്തി. അക്രൂരൻ അവരെ ആളയച്ചുവരുത്തി. അവർ സ്ഥലത്തു വന്നുചേരുന്നതിനിടയിലും വന്നുചേർന്നതിൽപിന്നീടും അവരെ കൊലചെയ്വാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. ഈ സന്ദർഭത്തിലാണു കുവലയാപീഡം എന്ന ആനയുടേയും മല്ല

ന്മാരായ ചാണൂരൻ, മുഷ്ടികൻ ഇവരുടേയും നാശം. ഒടുക്കം കംസനും കൃഷ്ണനാൽ വധിക്കപ്പെട്ടു പിന്നെ രാമകൃഷ്ണന്മാരെ വിദ്യാഭ്യാസം തുടങ്ങിച്ചു. ഗുരു സാന്ദീപിനിമഹർഷിയായിരുന്നു. വിദ്യാഭ്യാസം പൂൎത്തിയായപ്പോൾ ഗുരുദക്ഷിണയായി പ്രഭാസതീൎത്ഥത്തിൽ മുങ്ങിപ്പോയ ഗുരുപുത്രനെ വരുണാലയത്തിൽനിന്നു കൈക്കലാക്കിക്കൊടുത്തു. അനന്തരം മുചുകുന്ദനു മോക്ഷം നൽകി. രുക്മിണി, സത്യഭാമ, ജാംബവതി, കാളിന്ദി, മിത്രവിന്ദ, സത്യ, ഭദ്ര, ലക്ഷണ ഇങ്ങനെ എട്ടുപേരെ ഭഗവാൻ ക്രമേണ വിവാഹംചെയ്തു മുരനേയും നരകനേയും കൊന്നു. സ്വൎഗ്ഗത്തുനിന്നു പാരിജാതം അപഹരിച്ചു. ബാണന്റെ മദം തീൎത്തു. നൃഗന്റപതിക്കു മോക്ഷം നൽകി. പൌണ്ഡ്രകനെ വധിച്ചു ഖാണ്ഡവദഹനത്തിൽ 'വജ്രനാഭം' എന്ന ചക്രവും 'കൌമോദകി' എന്ന ഗദയും അഗ്നിയോടു സമ്മാനമായി വാങ്ങി. ധൎമ്മപുത്രരുടെ രാജസൂയം ഭംഗിയായി നടത്തിച്ചു. ഈ അവസരത്തിൽ ജരാസന്ധനെ വധിപ്പിക്കയും ശിശുപാലനെ വധിക്കയും ചെയ്തു. വസ്ത്രാപഹരണത്തിൽ പാഞ്ചാലിയെ സഹായിച്ചു. കുചേലനു ഐശ്വൎയ്യസമ്പത്തേകി. അമ്മയുടെ ആജ്ഞയനുസരിച്ചു പാതാളത്തു നിന്നു മരിച്ചുപോയ ആറു ശിശുക്കളേയും കൊണ്ടുവന്നു കാട്ടി. പഞ്ചജനാസുരനെ കൊന്നു. ബഹുലാശ്വഭൂപതിയുടേയും ശ്രുതദേവബ്രാഹ്മണന്റേയും പൂജകളെ സ്വീകരിച്ചു. സന്താനനഷ്ടം ഹേതുവായിട്ടു സങ്കടം അനുഭവിച്ചുവന്ന ബ്രാഹ്മണനു ശിശുക്കളെ നൽകി സന്തുഷ്ടനാക്കി. ശ്രീകൃഷ്ണനു ൧൬൦൦൮ ഭാൎയ്യമാരും ഓരോ ഭാൎയ്യയിലും ൧൦ വീതം പുത്രന്മാരും ഉണ്ടായിരുന്നു. കൃഷ്ണൻ വളരെക്കാലം ദ്വാരകയിൽ സസുഖം വാണരുളി. അവസാനത്തിൽ ജരസൻ എന്ന ഒരു വേടൻ മൃഗം എന്നു വിചാരിച്ചു ശരമെയ്യുകയാൽ കൃഷ്ണൻ മൃതനായി. അൎജ്ജുനനത്രെ ശേഷക്രിയകൾ ചെയ്തതു്. കുറച്ചുകഴിഞ്ഞു ദ്വാരകയും സമുദ്രത്താൽ നശിപ്പിക്കപ്പെട്ടു.

൩. അൎജ്ജുനൻ. ൪. വേദവ്യാസൻ.

കൃഷ്ണപക്ഷം-കറുത്തപക്ഷം.

കൃഷ്ണപൎണ്ണി-കറുത്തതുളസി.

കൃഷ്ണപൎവ്വരം-കറുത്ത കാട്ടുതുളസി.

കൃഷ്ണപല്ലികാ-കരിംകച്ചോലം.

കൃഷ്ണപാകഫല, കൃഷ്ണപാകഫലാ, കൃഷ്ണപാക, കൃഷ്ണഫലാ-പെരിങ്കിളാവുവൃക്ഷം. കൃഷ്ണപാകഫലം എന്നാൽ പഴക്കുമ്പോൾ കറുപ്പു വൎണ്ണമായിത്തീരുന്ന കായുള്ളതു് എന്നൎത്ഥം.

കൃഷ്ണപിണ്ഡീതകം-വലിയ മലങ്കാര.

കൃഷ്ണപുഷ്പം-കറുത്തഉമ്മത്തു്.

കൃഷ്ണപുഷ്പി-ഞാഴൽ.

കൃഷ്ണഫലാ-കാൎക്കോകിലരി. കറുത്ത നിറത്തിലുള്ള ഫലമുള്ളതു് എന്നൎത്ഥം.

കൃഷ്ണബൎബ്ബരം-കറുത്ത കാട്ടുതുളസി.

കൃഷ്ണബീജം-൧. തണ്ണിമത്ത. ൨. ചെമ്മുരിങ്ങ.

കൃഷ്ണഭൂമജം-ഗാമൃത്തികം.

കൃഷ്ണഭേദ, കൃഷ്ണഭേദാ-കടുരോഹിണി, പൊട്ടിച്ചാൽ കറുത്ത നിറമാകുന്നതു് എന്നൎത്ഥം.

കൃഷ്ണം-൧. കറുപ്പു്. ൨. കുരുമുളകു്. ൩. കരിഞ്ജീരകം. ൪. ചെറുതിപ്പലി. ൫. സൌവീരാഞ്ജനം. ൬. കാക്ക. ൭. കാരകിൽ. ൮. കയിൽ. ൯. ഇരുമ്പു്. ൧൦. കാരീയം.

കൃഷ്ണമണി-കറുത്തമണി. പത്മരാഗം-അരക്കു, കവിടികൾ.

കൃഷ്ണമല്ലികാ, കൃഷ്ണമല്ലി-കറുത്ത ചെറുതുളസി.

കൃഷ്ണമാല്യകം-കറുത്ത ചെറുതുളസി

കൃഷ്ണമിശ്രൻ-ഒരു സംസ്കൃത കവി. ഇദ്ദേഹം ഒരു സ്വാമിയാരാണ്. കാവ്യനാടകാദിസക്തനായ, തന്റെ, ഒരു ശിഷ്യനെ വേണ്ടി പ്രബോധചന്ദ്രോദയം എന്നൊരു നാടകം ഉണ്ടാക്കീട്ടുണ്ട്.

കൃഷ്ണമിഴി-കറുത്ത മിഴി.

കൃഷ്ണമുഖം-കരിങ്കുരങ്ങ്.

കൃഷ്ണമൂലി-കറുത്ത നറുനീണ്ടി.

കൃഷ്ണമൃഗം-ഒരുവക മാൻ, കരിമാൻ.

കൃഷ്ണരായവർഷം-ഫൺർ-ക്ക നൻ-നൻ.

കൃഷ്ണരുഹാ-കരിങ്കച്ചോലം.

കൃഷ്ണലവണം-ന കാരുപ്പ്. വ. തുവച്ചിലയുപ്പ്.

കൃഷ്ണലാ-ന. കന്നിവള്ളി, ചെമന്നകന്നി. കാപ്പുനിറത്തെക്കൂടി കൈക്കൊണ്ടതു് എന്നർത്ഥം വ. കറുത്ത നറുനീണ്ടി

കൃഷ്ണലോഹം-അയസ്കാന്തം.

കൃഷ്ണലോഹിത-വി. കറുപ്പും ചെമപ്പും കൂടിയ നിറമുള്ള.

കൃഷ്ണലോഹിതം-ധൂമ്രവർണ്ണം.

കൃഷ്ണവക്ത്രം-കരിങ്കുരങ്ങ്.

കൃഷ്ണവർത്മാവ്-പു. അഗ്നി. താൻ പോകുന്നവഴി കറുത്തിട്ടുള്ളവൻ എന്നർത്ഥം. വ. കൊട്ടുവലി.

കൃഷ്ണവല്ലഭൻ-ഒരു സംസ്കൃതകവി. 'കാവ്യഭൂഷണശതകം' എന്നൊരു കൃതി നിർമ്മിച്ചു.

കൃഷ്ണവല്ലി-കറുത്ത നറുനീണ്ടി വ. കരി. ന. കറുത്തതുളസി.

കൃഷ്ണവൃന്താ-ന പൂപ്പാതിരി, പാതിരി. കറുത്ത ഞെട്ടിയുള്ളതു് എന്നർത്ഥം വ. കമിഴ്. ന. കാട്ടുഴുന്ന്

കൃഷ്ണവൃന്തികാ-ന കാട്ടുഴുന്ന്. വ. കമിഴ്. ന. പാതിരി.

കൃഷ്ണവേണ(ണ്ണ)ാ-കൃഷ്ണാനദി.

കൃഷ്ണശകുനി-കാക്ക.

കൃഷ്ണശാരം-കരിമാൻ (കറുപ്പുമാൻ). കറുത്തതും നാനാവർണ്ണമായതും എന്നർത്ഥം.

കൃഷ്ണശാലി-കരിഞ്ഞാലിനെല്ല്.

കൃഷ്ണശൃംഗം-പോത്ത്.

കൃഷ്ണസഖം-നീർമരുത്.

കൃഷ്ണസംജ്ഞകം-കാരുപ്പ്.

കൃഷ്ണസമുത്ഭവാ-കൃഷ്ണാനദി.

കൃഷ്ണസർജ്ജം-വേങ്ങ.

കൃഷ്ണസ്കന്ധം-പച്ചിലമരം.

കൃഷ്ണസാരഥി-നീർമരുത്.

കൃഷ്ണസാരം-ന. കരിമാൻ (കറുപ്പുമാൻ) കറുപ്പുനിറംകൊണ്ടു ശ്രേഷ്ഠം എന്നർത്ഥം 'ഇകൃഷ്ണസാരമതിലങ്ങു കലച്ചചാപം' (മലയാളശാകുന്തളം) വ. മുള്ളുള്ള ഒരു വൃക്ഷം. ന. ചതുരക്കള്ളി. ര. കരിഞ്ഞാലി. ഉ മാൻ. ന്ന കരിഞ്ചാരമാൻ.

കൃഷ്ണസാരംഗം-കരിമാൻ.

കൃഷ്ണസാരാ-ഇരുവുൾമരം (കറുത്തതു്).

കൃഷ്ണാ-വി. ന കറുത്തനിറമുള്ള. വ. ദുർബുദ്ധികെട്ടുള്ള. ന. ദുഷ്ടതയുള്ള [കൃഷ്ണം എന്നതിനു മനസ്സിനെ ആകർഷിക്കുന്നതു് എന്നർത്ഥം]

കൃഷ്ണാ-ന. പാഞ്ചാലി. വ തിപ്പലി. ന. കൃഷ്ണാനദി. ര. കറുത്ത മുന്തിരി. ഉ. കരിഞ്ചീരകം ന്ന. കാക്കോളി. ൧. കരിങ്കടുക്. ൨. വലിയമുന്തിരി. ൻ. അമരി. ൨൦ നറുനീണ്ടി (കറുത്തതു്). ൨൧. കരിങ്കച്ചോലം.

[കൃഷ്ണാനദി- ഈ മലയപർവ്വത്തിൽനിന്നുത്ഭവിക്കുന്ന. ഷേണ്ണഇൻഡ്യയിലുള്ള ഒരു നദിയാണ്. വിന്ധ്യശൈല

ത്തിൻെറ തെക്കവശത്തുകൂടി ഒഴുകി മസൂലിപട്ടണത്തിൽവച്ചു സമുദ്രത്തോടു ചേരുന്നു.]

കൃഷ്ണാജിനം-കൃഷ്ണമൃഗത്തിൻെറ തോൽ.

കൃഷ്ണാമിഷം-ഇരുമ്പ്.

കൃഷ്ണായസം, കൃഷ്ണായസ്സ്- ഇരിമ്പ്. (കാളായസം എന്നതിൻെറ പാഠം)

കൃഷ്ണാർജ്ജകം-കറുത്ത ചെറുതുളസി.

കൃഷ്ണാലു-കരിഞ്ചേമ്പ്.

കൃഷ്ണാവാസം-അരയാല്.

കൃഷ്ണിക-കരിങ്കടുക്. കറുപ്പുനിറമുള്ളത് എന്നർത്ഥം.

കൃഷ്ണേക്ഷു-നീലക്കരിമ്പ്.

കൃഷ്ണോദുംബരികാ-കാട്ടത്തി.

കൃസരം, കൃശരം-എള്ളും അരിയും കൂട്ടി വെച്ചുണ്ടാക്കിയ ചോറ്.

## കൢ

കൢപ്ത-വി. ൧. തയാറായ, ചെയ്യപ്പെട്ട. ൨. നിശ്ചയിച്ചിട്ടുള്ള, നിശ്ചയമായ. ൩. വെട്ടപ്പെട്ട.

കൢപ്തധൂപം-അറബിക്കുന്തുരുക്കം.

കൢപ്തി-൧. ജയം. ൨. തയാറാക്കൽ. ൩. നിശ്ചയം.

കൢപ്തിക-വി. വാങ്ങിയിട്ടുള്ള.

## കെ

൧കെച്ച-കളിക്കാരുടെ കാലിൽകെട്ടുന്ന ഒരുമാതിരി മണി, കെച്ചമണി.

കെച്ചച്ചിലന്തി-കാലിൻെറ മുട്ടിന്മേൽ ഉണ്ടാകുന്ന ഒരുമാതിരി വീക്കം.

കെച്ചപ്പദം-ഒരുമാതിരി ആട്ടം.

കെഞ്ചൽ-അധികം അപേക്ഷിക്കുക, ഇരക്കുക.

കെഞ്ചുക-അധികം അപേക്ഷിക്കുക, ഇരക്കുക.

കെടുക-൧. നശിക്കുക. ൨. ഇല്ലാതാകുക.

കെടുകാര്യം-നഷ്ടം, ചേതം.

കെടുക്കുക-൧. നശിപ്പിക്കുക. ൨. ഇല്ലാതാക്കുക. ൩. തോല്പിക്കുക.

കെടുതി-നാശം.

കെടുമ്പ്-൧. അസൂയ. ൨. ചീത്തനാറ്റം. ൩. ചീത്തച്ചുവ.

കെടുമ്പൻ-൧. അസൂയക്കാരൻ. ൨. ദുഷ്ടമനുഷ്യൻ.

കെടുമ്പിക്കുക-ചീത്തയാകുക.

കെടുവളം-വളമില്ലാത്ത കണ്ടവും മറ്റും.

കെടുവ്-സമയം.

കെട്ട്-൧. ചരടു മുതലായതുകൊണ്ടു ചുറ്റിമുറുക്കുക. ൨. വിവാഹം, കല്യാണം. ൩. ക്രമം, മുറ. ൪. ചിറ. ൫. കൂട്ടം. ൬. വല്ലതും സംബന്ധിപ്പിപ്പാൻ ഇരുമ്പു മുതലായതുകൊണ്ടുള്ള ചില പണികൾ. ൭. ഒരു ചട്ടം.

കെട്ട-വി. ൧. നശിച്ച. ൨. കേടുവന്ന ൩. ആപത്തായ.

കെട്ടറുപ്പ്-൧. കെട്ടു മുറിക്കൽ. ൨. കെട്ടിപ്പുലച്ച്

കെട്ടിഒഴിക്കുക- വീട്ടിനെ ഉപേക്ഷിച്ചു പോക.

കെട്ടിക്കേറുക-വിവാഹംകഴിഞ്ഞു കുടികേറുക.

കെട്ടിക്കൊടുക്കുക-൧. വിവാഹത്തിനായി കൊടുക്കുക. ൨. കൊടുപ്പാനുള്ള ദ്രവ്യം കൊടുക്കുക.

കെട്ടിക്കൊള്ളുക-൧. വിവാഹംചെയ്യുക. ൨. സൂക്ഷിക്കുക.

കെട്ടിഞാലുക- കെട്ടിത്തൂങ്ങുക, തൂങ്ങിച്ചാകുക.

കെട്ടിത്തൂക്കുക-ഏതാനും വസ്തു എങ്കിലും മുകളിൽ കെട്ടി കീഴ്പ്പോട്ടു ഞാത്തുക.

കെട്ടിത്തൂങ്ങുക-കെട്ടിഞാലുക.

കെട്ടിപ്പറക-അധികമാക്കിപ്പറക, കൂട്ടിപ്പറക.

കെട്ടിപ്പാച്ചൽ-മലയർ വണ്ണാൻ മുതലായവർ ദൈവത്തിന്റെ വേഷംകെട്ടി ആടുക.

കെട്ടിപ്പിടിക്കുക- രണ്ടു കൈകൊണ്ടും പിടിച്ചു തന്റെ ദേഹത്തോടു ചേർക്കുക, ആലിംഗനം ചെയ്യുക.

കെട്ടിപ്പിടിത്തം-കെട്ടിപ്പിടിക്കുക.

കെട്ടിപ്പിണച്ചിൽ-തമ്മിൽ ചുററിപ്പിടിക്കുക, ചുററിപ്പിണച്ചിൽ

കെട്ടിപ്പെറുക്കുക-ഭവനത്തിലുള്ള കോപ്പുകൾ മുഴുവനും കൊണ്ടുപോകുന്നതിനായിട്ട് എടുക്കുക.

കെട്ടിമറിച്ചിൽ-കടക്കിലാക്കുക.

കെട്ടിമേച്ചിൽ-പുരയുടെ മുകളിൽ ഓല കെട്ടി നനയാതെ ആക്കുക.

കെട്ടിമേടിക്കുക- തരുവാനുള്ള മുതലിനെ ശരിയായി വാങ്ങിക്കുക.

കെട്ടിയടിക്കുക-മുക്കാലിൽകെട്ടി തല്ലുക, വല്ലതിലും പിടിച്ചുകെട്ടി അടിക്കുക.

കെട്ടിയവൻ-ഭർത്താവു്.

കെട്ടിയവൾ-ഭാര്യ.

കെട്ടിയാട്ടം-കെട്ടിപ്പാച്ചൽ.

കെട്ടിയിടുക-കെട്ടാക്കി സൂക്ഷിക്കുക.

കെട്ടിയിരിപ്പു്-സൂക്ഷിച്ചുവച്ചിരിക്കുന്ന ധനം.

കെട്ടിലമ്മ-മ. കോട്ടയത്തുരാജാവിന്റെ ഭാര്യയ്ക്കു പറയുന്ന ഒരു പേർ. ൨. വിവാഹംകഴിഞ്ഞ സ്ത്രീ.

കെട്ടിവയ്പു്-മ. ദ്രവ്യം സൂക്ഷിക്കുക ൨. കയറോ മററാ കൊണ്ടു എന്തെങ്കിലും ചുററിമുറുക്കിവെയ്ക്കുക.

കെട്ടിവരവു്-സക്കാരിൽനിന്നും മററും വരുന്ന ദ്രവ്യം.

കെട്ടുക-മ. ചരടു മുതലായതുകൊണ്ടു ചുററിമുറുക്കുക ൨. കല്യാണം കഴിക്കുക.

ഈ ശബ്ദം വേറെ ചിലതിനോടു ചേർത്തുപറയുമ്പോൾ ഉണ്ടാക്കുക, പണിയുക എന്നീ അർത്ഥങ്ങൾ വരും. [കാ. ക്രി. കെട്ടിക്കുക ]

കെട്ടുകഥ-പുരാണങ്ങളിലും മററും ഉൾപ്പെടാത്തതായും ഒരുവൻ ആലോചിച്ചുണ്ടാക്കിയതായുമുള്ള കഥ.

കെട്ടുകല്യാണം- കല്യാണഅടിയന്തരം. (അടിയോൻ എന്നതു നോക്കുക )

കെട്ടുകുററി-പശുവിനെയും മററും കെട്ടുന്നതിനുള്ള കുററി.

കെട്ടുകെട്ടു്-കലവറ വിചാരം.

കെട്ടുകെട്ടുകാരൻ-കലവറ വിചാരിപ്പുകാരൻ.

കെട്ടുതോണി-ഒരുമാതിരി വലിയവള്ളം.

കെട്ടുപാടു് -കൂട്ടുകെട്ടു, കൂററായ്മ, സ്നേഹം

കെട്ടുപെടുക-കെട്ടിൽ അകപ്പെടുക

കെട്ടുമരം-തടിച്ചങ്ങാടം.

കെട്ടുവഞ്ചി-കെട്ടുവള്ളം.

കെട്ടുവരമ്പു്-കണ്ടത്തിലുള്ള വലിയവരമ്പു്.

കെട്ടുവള്ളം-കെട്ടുവഞ്ചി.

കെണ്ട-മ. ഒരുവക മീനം ൨. തടി.

കെരവുന്ന-താണിരിക്കുന്ന.

കെല്പു്-ശക്തി, ആരോഗ്യം, പ്രഭാവം.

കെല്പർ-ശക്തിയുള്ളവർ

കെല്പുകേടു്-ശക്തികുറവു്, ക്ഷീണം

കെല്പാരി-മെലിഞ്ഞവൻ.

കെറുപ്പു്-ഡംഭം, നിരസം.

## കേ

കേകയം-ഒരു രാജ്യം.

കേകയൻ-കേകയരാജ്യത്തെ രാജാവു്.

കേകയി-കേകയരാജാവിന്റെ പുത്രി.

കേകര-വി കോങ്കണ്ണുള്ള.

കേകാ-മയിലിന്റെ ശബ്ദം. കേ എന്നു ശബ്ദിക്കുന്നതു എന്നർത്ഥം.

കേകാവല-മയിൽ.

കേകികം-മയിൽ.

കേകിപിഞ്ഛം-മയിൽപീലി.

കേകി-മയിൽ. കേകയുള്ളത്, തലപൊക്കിയുള്ള ശബ്ദമുള്ളത്.

കേകിശിഖാ-മയിൽചോരിക

കേചനം-അ ചില.

കേചിൽ-അ ചില.

കേട-വ്യാധം.

കേടകം-പരിശ

കേടൻ-കള്ളൻ.

കേട്-൧. അററകററം. ൨. അപകടം. ൩. നാശം, ൪. രോഗം.

കേടുപാട്-അററകററം.

കേടുപോക്കുക-അററകററം തീർക്കുക.

കേട്ട-൨൭ നക്ഷത്രങ്ങളിൽ പതിനെട്ടാമത്തേത്, തൃക്കേട്ട.

കേട്ടുകേഴ്വി, കേട്ടുകേൾവി - പണ്ടുള്ളവർ പറഞ്ഞുകേട്ടിട്ടുള്ള വർത്തമാനം.

കേട്ടുചോര-രോഗംകൊണ്ടും മററും ചീത്തയായ ചോര.

കേണി-മാലി, ആററുമണലിൽ കുഴിക്കുന്ന ഒരുമാതിരി കുഴി.

'തോടുകവിടെകേണി കരുളുവയെല്ലാം
കേണിതടാകംമററ്'
(രാമചരിതം)

കേണികാ-കൂടാരം.

കേതകം-പൂക്കൈത.

കേതകി-നാ. കൈത, പൂക്കൈത, ൨. താഴമ്പൂവ്.

കേതനം-നാ. കൊടിക്കൂറ. ഇതുകൊണ്ട് അറിയപ്പെടുന്നു എന്നർത്ഥം. കൊടിമരത്തിന്റെ മുകളിൽ വെയ്ക്കുന്ന അടയാളം. ൨. കൊടിമരം ൩. അടയാളം. ൪. സ്വകാര്യംപറയുക. ൫. ചെയ്യപ്പെടേണ്ടത്.

കേതിത-വി. നാ. വിളിക്കപ്പെട്ട. ൨. നിവസിക്കപ്പെട്ട.

കേതു-നാ. നവഗ്രഹങ്ങളിൽ ഒന്ന് (രാഹുവിന്റെ ൭-ാം രാശിയിൽ നില), വാൽനക്ഷത്രം.

[കേതു-വിപ്രചിത്തിയുടേയും സിംഹികയുടേയും പുത്രനായ ഒരു ദാനവനാണ്. രാഹുവും കേതുവും ഛായാഗ്രഹങ്ങളാകുന്നു. കേതു ഉദിക്കുമ്പോൾ ലോകത്തിനു ഉപപ്ലവം (കഷ്ടത) ഉണ്ടാകുമെന്നു ശാസ്ത്രപ്രസിദ്ധം. കേതു ഒരു പാപഗ്രഹമാണ്. കേതുവിന്റെ സഞ്ചാരക്രമം ഒരു രാശിയിൽ ഒന്നരക്കൊല്ലമാകുന്നു. കാരകത്വത്തിൽ കേതുവിനെക്കൊണ്ടു മാതാവിനെ ചിന്തിക്കണം]

'ഉപപ്ലവായലോകാനാം
ധൂമകേതുരിവോത്ഥിതഃ'
(കുമാരസംഭവം)

൨. കൊടിമരം. പൂജിക്കപ്പെടുന്നത് എന്നർത്ഥം. ൩. മുമ്പൻ, പ്രമാണി. ൪. അടയാളം. ൫. രൂപം ൬. പകൽ. ൭. മീനം. ൮. ശത്രു.

കേതുമാല-ഭൂമിയെ ഒമ്പതു ഖണ്ഡമായിട്ടു പറയുന്നതിൽ പടിഞ്ഞാറേഖണ്ഡം.

കേതുരത്നം-വൈഡൂര്യം.

കേദരം-നാ. കണ്ണിന്റെ രോ. ൨. വൃക്ഷവിശേഷം. ൩. പക്ഷിവിശേഷം

കേദാരകടുകാ-കടുരോഹിണി.

കേദാരകം-നാ. വിളഭൂ. ൨. കരന്നവരനെല്ല്.

കേദാരഗൌഡം-ഒരു രാഗം.

കേദാരജം-പത്മം.

കേദാരൻ-ശിവൻ.

കേദാരം-നാ. കൃഷിസ്ഥലം. ജലംകൊണ്ടു നനയ്ക്കപ്പെടുന്നത് എന്നർത്ഥം. വിളഭൂമി, വയൽ. ൨. ഹിമവാന്റെ ഒരു ദേശം, ഒരു പുണ്യക്ഷേത്രം.

കേനാരം-നാ. തല. ൨. തലയോട്. ൩. സന്ധി. ൪. ഒരു നരകം.

കേനിപ-വി. [illegible].

കേനിപാതകം-ചുക്കാൻ, തുഴ, പങ്കയം. ജലത്തിൽ വീണുകൊണ്ടിരിക്കുന്നതു് എന്നർത്ഥം.

കേന്ദു(കാ)-പനച്ചി.

കേന്ദ്രം-൧. രാശികൾ പന്ത്രണ്ടുള്ളതിൽ ൧, ൪, ൭, ൧൦ ഇവയ്ക്കു പറയുന്ന പേർ ൨. (മലയാളം) വിരോധം. ൩. വൃത്താകാരത്തിന്റെ മദ്ധ്യം, മദ്ധ്യം.

കേന്ദ്രരാശികൾ-൧, ൪, ൭, ൧൦ ഇവ നാലും.

കേന്ദ്രിക്കുക-൧. ഒന്നു നാലു മുതലായ രാശികളിൽ സൂര്യൻ മുതലായ ഗ്രഹങ്ങൾ ചെല്ലുക. ൨. തമ്മിൽ വിരോധമായിത്തീരുക.

കേമ-വി. ശരീരപുഷ്ടികൊണ്ടോ ബുദ്ധികൊണ്ടോ മറ്റോ വലിപ്പമുള്ള.

കേമത്വം-മിടുക്കു്.

കേമദ്രുമം-ദാരിദ്ര്യം.

കേമൻ-സമർത്ഥൻ [കേമൻ, കേമി, കേമം].

കേമിക്കുക-ഏതുപ്രകാരമെങ്കിലും വലുതാക്കുക.

കേമുകം-തിങ്ങള്ളര്. ശാകവർഗ്ഗത്തിൽ ചേർന്നതു്. കോമ്പുകം, കേവുകം, കേമുകം ഇങ്ങിനെയും പറയും.

കേയപ്പെരുമാൾ-ആദിത്യവർമ്മരാജാവു [ഈ ആദിത്യവർമ്മരാജാവു് ഭാനുവിക്രമന്റെ അനന്തരവനാണ്. പിൻവാഴ്ചക്കാരനായി ഇദ്ദേഹത്തെയാണു പരശുരാമൻ അഭിഷേകംചെയ്തതു്]. കേരളത്തെ രക്ഷിപ്പാനായി പരദേശത്തുനിന്നു ആദ്യം കൊണ്ടുവരപ്പെട്ട രാജാവു കേയപ്പെരുമാൾ എന്നു കാണുന്നു. (കലി. ൩൩൧൯)

കേയൂരം-തോൾവള. കൈയുടെ ശിരസ്സിൽക്കൂടി ചേരുന്നതു് എന്നർത്ഥം. മറ്റൊരുപര്യായം-അംഗദം. [കൈ+ ഊരക].

കേരം-൧. തെങ്ങു്. ൨. തേങ്ങാ

'കേരമരിചലവണാദികളുമേയും'

(നളചരിതം കഥകളി)

കേരലാ-വിഴാൽ.

കേരവം-അരയന്നം. [കേ=ജലത്തിൽ. രൌതി=ശബ്ദിക്കുന്നു].

കേരളൻ-മലയാളത്തിലെയ്ക്കു പണ്ടുണ്ടായിരുന്നരാജാവു്.

കേരളപഴമ-കൊല്ലം൬൭൬-മാണ്ടിടയ്ക്കു പറങ്കികൾ കേരളത്തിൽ ഇറച്ചതിന്റെ ശേഷം നടത്തീട്ടുള്ള വിവരങ്ങൾക്കു് അവർ വെച്ചിരുന്ന ഡയറിപുസ്തകങ്ങളുടെ പേർ ബറോസ് എന്നു പറയും.

കേരളം-മലയാളം.

[തിരുവിതാംകൂർ, കൊച്ചി, മലബാർ ഈ രാജ്യങ്ങൾ ഉൾപ്പെട്ടതായിരുന്നു. ഇപ്പോൾ കന്യാകുമാരിമുതൽ ഗോകർണ്ണംവരെ ൧൩൦ കാതം നീളം ൧൦ യോജന വീതിയിലുള്ള ഭൂമിയെ കേരളം എന്നു വിളിക്കുന്നു. കേരളത്തിന്റെ പേരും, പേർ ഉണ്ടാകാനുള്ള കാരണവും ചുവടെ ചേർക്കുന്നു.

൧. മലയാഴം, മലയാളം-സഹ്യാദ്രിമലയാദ്രികളുടെ താഴ്വാരത്തിൽകിടക്കുന്നതുകൊണ്ടു്.

൨. ഭാർഗ്ഗവക്ഷേത്രം, പരശുരാമക്ഷേത്രം-ശ്രീപരശുരാമനാൽ സമുദ്രത്തിൽനിന്നും വീണ്ടെടുക്കപ്പെട്ടതുകൊണ്ടു്.

൩. കർമ്മഭൂമി-കർമ്മങ്ങളെക്കൊണ്ടുമാത്രം ശുദ്ധിയാകുന്ന സ്ഥലമായതുകൊണ്ടു്.

൪. കേരളം-കേരം എന്നു പറയുന്ന നാളികേരവൃക്ഷങ്ങളുടെ ധാരാളതകൊണ്ടു് ഈ പേർ സിദ്ധിച്ചു.

ഇന്ദ്രന്റെ മകനായ ജയന്തനു കേരളൻ എന്ന പേരോടുകൂടി ഒരു പുത്രൻ ഉണ്ടായിരുന്നെന്നും അദ്ദേഹത്താൽ പാലിക്കപ്പെട്ടതുകൊണ്ടു് കേരളം എന്ന പേ

ണ്ടായി എന്നും ചിലർ അഭിപ്രായപ്പെടുന്നു. കേരളൻ എന്ന പേരോടുകൂടിയ ഒരു രാജാവു ഭരിച്ചതിനാൽ ഈ പേർ സിദ്ധിച്ചു എന്നു മററു ചിലർ പറയുന്നു. കേരളത്തിന്റെ അതിർത്തികൾ കന്യാകുമാരി മുതൽ ഗോകർണ്ണപര്യന്തം എന്നാണു വെച്ചിട്ടുള്ളതു്. സംസ്കൃതത്തിൽ ഇതിനു പേർ ഭാർഗ്ഗവക്ഷേത്രം. കേരളം എന്ന ചേരരാജ്യത്തിനുണ്ടായിരുന്ന വിഭാഗങ്ങൾ-൭. അവ ൧. വേണാട്ട് ൨. പൂഴിനാട്ട്. ൩. കർക്കനാട്ട്. ൪. ചിരുനാട്ട്. ൫. കുട്ടനാട്ട്. ൬. കുടനാട്ട്. ൭. മലയനാട്ട്. ഇതായിരിക്കാം പരശുരാമൻ കേരളത്തിൽ നിർമ്മിച്ച സപ്തകൊങ്കണങ്ങൾ].

കേരളമാഹാത്മ്യം—കേരളോൽപത്തി. [കേരളത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഒരു പുരാണഗ്രന്ഥം].

കേരളീയ-വി. കേരളത്തെ സംബന്ധിച്ചുള്ള.

കേലകൻ-ഭണ്ഡിപ്പുകാരൻ

കേലാസം-പളുങ്ക്. സ്ഫടികം.

കേലികലാ-സരസ്വതിയുടെ വീണ.

കേലികിലൻ-നേരമ്പോക്കുപറകയോ കാട്ടുകയോ ചെയ്യുന്നവൻ.

കേലികീർണ്ണം-ഒട്ടകം.

കേലിഘോഷകൻ-നേരംപോക്കുകാരൻ.

കേലിനാഗരൻ-ശരീരസുഖത്തിൽതന്നെ ആഗ്രഹമുള്ളവൻ.

കേവടം-ഗുഹ.

കേവർത്തം-മത്സ്യം. കേ (ജലത്തിൽ) വർത്തിക്കുന്നതു്.

കേവല-വി. ൧. ഒറ്റയായ, തനിച്ചു. ൨. വിശേഷമായ, അസാധാരണമായ. ൩. മുഴുവനമായ. ൪. ശുദ്ധമായ, കൂട്ടുചേരാത്ത. ൫. തനിഷ്ഠമുള്ള, അസൂയയുള്ള.

കേവലജ്ഞാനം-൧. ബ്രഹ്മജ്ഞാനം. ൨. തികഞ്ഞ അറിവു്.

കേവലജ്ഞാനി-പണ്ടുണ്ടായിരുന്ന ഒരു പുണ്യവാൻ.

കേവലൻ-൧. അസൂയയും തനിഷ്ഠവുമുള്ളവൻ. ൨. ഏകൻ. ൩. മോക്ഷകൻ.

കേവലപ്രകൃതി-(വ്യാകരണത്തിൽ) കൃതികളെ പ്രകൃതിയെ പ്രമാണിച്ചു രണ്ടായി തിരിച്ചിട്ടുള്ളതിൽ ഒന്നു്.

കേവലം-നിശ്ചയിക്കപ്പെട്ടതു്. നന്മയുള്ളതു് എന്നർത്ഥം.

കേവലം-അ. ൧. മുററം, മിക്കവാറും. ൨. മാത്രം, ഒന്നുമാത്രം, തന്നെ. ൩. മുഴുവനും, അശേഷം.

കേവലാത്മാവു്-ദൈവം.

കേവലസ്വരൂപം-ഏകസ്വരൂപം.

കേവിറക്കുക-ആളുകളെയും മററും ഒരു സ്ഥലത്തുനിന്നു വള്ളത്തിൽകയററി മറെറാരുദിക്കിലിറക്കുക.

കേവു-വള്ളത്തിൽ കയററിക്കൊണ്ടുപോയി വല്ലടത്തും ഇറക്ക.

കേവുകപ്പൽ-കേവിറക്കുന്നതിനുള്ള കപ്പൽ.

കേവുകാരൻ, കേവി-കേവുവള്ളത്തിലും കേവുകപ്പലിലും കയററിക്കൊണ്ടുപോയി ഇറക്കുന്നവൻ.

കേവുതോണി-കൂലിക്കായിട്ടു വഴിപോക്കരെ കയററി മറുദിക്കിൽ ഇറക്കുന്നതിനുള്ള വള്ളം.

കേവുവള്ളം-കേവുതോണി.

കേശകൻ-തലമുടി കെട്ടുന്നതിനു സമർത്ഥൻ.

കേശഘ്നം-കഷണ്ടി, തലയിലെ രോമം കൊഴിയുക.

കേശടൻ-വിഷ്ണു.

കേശടം-൧. പലകപ്പുഴു. ൨. ആട്. ൩. കാമന്റെ ശരവും. ൪. മൂട്ട. ൫. പേൻ.

കേശൻ-പു. വരുണൻ. വ. വിഷ്ണു.

കേശപക്ഷം-തലമുടിയുടെ സമൂഹം.

കേശപണ്ണി-വലിയകടലാടി.

കേശപാശം-പു. കുടുമ. കെട്ടിവച്ച തലമുടി എന്നൎത്ഥം വ. തലമുടിയുടെ സമൂഹം.

കേശപാശി-കുടുമ.

കേശബന്ധം-തലമുടിയുടെ കെട്ടു്.

കേശഭാരം- ആട്ടക്കാരുടെ ഒരുമാതിരി കിരീടം.

കേശം-പു. തലമുടി, മൂൎദ്ധാവിൽ ശയിക്കുന്നതു് എന്നൎത്ഥം. വ. ഇരുവേലി. ന. സിംഹം. ൪. കതിര.

കേശമഥനി-വന്നി.

കേശമാൎജ്ജനം-തലമുടി നന്നാക്കുന്നതിനുള്ള ചീപ്പു്.

കേശമുഷ്ടി(ക)ം-വലിയ വേപ്പു്.

കേശരഞ്ജനം, കേശരാജം-കയ്യോന്നി.

കേശരം-പു. താമരയല്ലി. ജലത്തിൽ നശിക്കുന്നതു് എന്നൎത്ഥം. പൂവിന്റെ അല്ലി. വ. സിംഹം കുതിരമുതലായ ചില മൃഗങ്ങളുടെ കഞ്ചി രോമം. ന. ഇലഞ്ഞിവൃക്ഷം. ൪. പുന്നാഗവൃക്ഷം.

കേശരി-സിംഹം.

കേശരുഹാ-വലിയ അമരി.

കേശശ്രുവാ-ഇത്തിക്കണ്ണി.

കേശവ-വി. തലമുടിയുള്ള.

കേശവം-പുന്ന.

കേശവൎദ്ധിനി-മഞ്ഞക്കുറന്തോട്ടി.

കേശവൻ-പു. വിഷ്ണു നല്ല തലമുടിയുള്ളവൻ, കേശി എന്ന അസുരനെ കൊന്നവൻ ബ്രഹ്മാ വിഷ്ണു ശിവൻ ഇവർ മൂന്നുപേരും അടങ്ങിയിരിക്കുന്നവൻ എന്നൎത്ഥം. ബ്രഹ്മരുദ്രന്മാരുടെ പിതാവു്, സൂൎയ്യാദികളിൽ പ്രതിബിംബിച്ചു ആവക ഗോളങ്ങളും തേജസ്സുള്ളതാക്കിക്കൊണ്ടുള്ള കേശങ്ങളും എന്ന രശ്മികളോടുകൂടിയവൻ. പ്രളയകാലത്തിൽ ജലത്തിൽ ശവംപോലെ തോന്നത്തക്കവിധത്തിൽ ശയിച്ചുകൊണ്ടിരിക്കുന്നവൻ. എന്നിങ്ങനെയും അൎത്ഥങ്ങൾ ഉണ്ടു്. വ. നല്ല തലമുടിയുള്ളവൻ, ധാരാളം തലമുടിയുള്ളവൻ

കേശവല്ലി-മഞ്ഞക്കടലാടി.

കേശവഹന്ത്രൃഫലാ, കേശവഹന്ത്രി, കേശവഹൃത്ഫലാ-വന്നി.

കേശവായുധം-മാവു്.

കേശവാലയം-അരയാല്.

കേശവാവാസം-അരയാല്.

കേശവേശം-വേറിട്ടു ഭംഗിയിൽ കെട്ടിവെച്ച തലമുടി. മറെറാരുപൎയ്യായം-കബരി.

കേശഹസ്തം-പു. നല്ലതലമുടി. വ. തലമുടിയുടെ സമൂഹം.

കേശാകേശി-തലമുടിക്കു പിടിച്ചു് അന്യോന്യം അടികൂടുക.

കേശാദിപാദം - അ. തലമുടിതുടങ്ങി കാൽചുവടുവരെ.

കേശാംബുനാമ-ഇരുവേലി.

കേശാഹ്വാ-വലിയ അമരി

കേശാരുഹാ-മഞ്ഞക്കുറന്തോട്ടി.

കേശാഢ്യം-ഇരുവേലി.

കേശി-വി. തലമുടിയുള്ള.

കേശി-പു. ഒരു രാക്ഷസൻ.

[ഇവൻ ഇന്ദ്രനോടു യുദ്ധംചെയ്തു തോററിട്ടുണ്ടു്].

വ. ഒരസുരൻ

[ശ്രീകൃഷ്ണനെ കൊല്ലുന്നതിനു വന്നവനാണു്. അദ്ദേഹം ഇവനെ വധിച്ചു. ഇവന്റെ വരവു കുതിരയുടെ രൂപത്തിലായിരുന്നു].

കേശി-ദുൎഗ്ഗാ.

കേശി-പു. വലിയ ശതാവരി. വ. അമരി. ന. നറുമാഞ്ചി.

കേശികാ-൧. ശതാവരി. ൨. നറുമഞ്ഞി.

കേശിനി-൧. ചണ്ണ, ചണ്ണക്കുവ. കേശത്തിനു ഹിതമായത് എന്നർത്ഥം. ൨. മാഞ്ചി. ൩. വിശ്രവസ്സിന്റെ ഭാര്യ, രാവണന്റെ അമ്മ. കൈകശി എന്നും പറയും. ൪. ഭംഗിയുള്ള തലമുടിയുള്ളവൾ.

കേശിമഥനൻ-വിഷ്ണു.

കേശ്യം-൧. ഇരുവേലി. ൨. കാരകിൽ. ൩. കയ്യോന്നി.

കേസരം-൧. താമരയല്ലി. വെള്ളത്തിൽ വ്യാപിക്കുന്നത് എന്നർത്ഥം. പൂവിന്റെ അകത്തെ അല്ലി. ൨. സിംഹം കുതിര മുതലായ ചില മൃഗങ്ങളുടെ കുഞ്ചി (കഴുത്തിലെ) രോമം. ൩. ഇലഞ്ഞി. ൪. പുന്നമരം. പ്രസിദ്ധങ്ങളായ അല്ലികൾ ഉള്ളത് എന്നർത്ഥം. ൫. ചായില്യം. ൬. സ്വർണ്ണം. ൭. നാകപ്പൂവ്. ൮. മാതളനാരകം.

കേസരവരം-കുങ്കുമം.

കേസരാമ്ലാ-മാതളനാരകം.

കേസരി-൧. സിംഹം. കേസരങ്ങൾ (സ്കന്ധരോമങ്ങൾ) ഉള്ളതെന്നർത്ഥം. ൨. കുതിര. ൩. നാകപ്പൂവ്. ൪. മാതളനാരകം. ൫. ചെമ്മുരിങ്ങ ൬. പുന്ന. ൭. അഞ്ജന എന്ന വാനരസ്ത്രീയുടെ ഭർത്താവ്, ഹനുമാന്റെ പിതാവ്.

കേസരികാ-മഞ്ഞക്കുറുന്തോട്ടി.

കേസരിയോഗം-വ്യാഴം ചന്ദ്രനോട് ചേർന്നിരിക്ക.

കേളഞ്ജയാ-മുഞ്ഞ.

കേളാത-വി. കേട്ടിട്ടില്ലാത്ത.

'നടേതാനൊരുനാളുമകേളാത
കൊട്ടുവാക്കുകൾ കേട്ടതിനന്തരം'

(സന്താനഗോപാലം പാന)

കേളി-൧. ക്രീഡ. കളിയായിട്ടുള്ളത് എന്നർത്ഥം. ക്രീഡിക്കുന്നത് എന്നുമാകാം. ൨. ആട്ടം മുതലായ ചില കളികൾക്കു മുമ്പേ കൊട്ടുന്ന കൊട്ട്. ൩. കീർത്തി. ൪. കേൾവി.

കേളികദംബം-പൊടിക്കടമ്പ്.

കേളികാ-അശോകം.

കേളികിണ്ണം-ഒട്ടകം.

കേളിക്ക-ആട്ടംകളി.

കേളിക്കൈ-സ്ത്രീകളുടെ ഒരുമാതിരി ആട്ടം.

കേളിഗൃഹം-സ്ത്രീകളുമായി കളിക്കുന്നതിനുള്ള ഭവനം.

കേളിമുഖം-നേരംപോക്ക്.

കേളിയാടുക-കളിക്കുക.

കേളിയാട്ടം-കളി

കേളിവൃക്ഷം-പൊടിക്കടമ്പ്.

കേൾക്കുക-൧. ചെവികൊണ്ടറിയുക. [സ ക്രി. കേൾപ്പിക്കുക.] ൨. ചോദിക്കുക.

കേൾമുതൽ-ആദ്യത്തെ വില.

കേൾവി-൧. കേൾക്കുക. ൨. പ്രസിദ്ധമായ വർത്തമാനം.

കേഴ-ഒരുവക മാൻ.

കേഴി, കേഴ്ച-മരിച്ചുപോയ ഒരു ബന്ധുവിന്റെ തലയിൽ എണ്ണ ഒഴിക്കുന്ന ഒരു അടിയന്തിരം.

കേഴുക-കരയുക [കേഴിക്കുക.]

കേൾച്ച്-കരച്ചിൽ.

കേറുക, കയറുക-വല്ലതിന്റെയും അകത്തോട്ടോ മുകളിലോട്ടോ ചെല്ലുക. [സ ക്രി. കേറ്റുക]

കേററം, കയററം-കയററം.

## കൈ

കൈ-൧. മനുഷ്യർക്കും മററും കഴുത്തിനു താഴെ ഇടത്തും വലത്തും തൂങ്ങിക്കിടക്കുന്ന അവയവങ്ങൾ [ഇടത്തുകൈ, വല

ന്നുകൈ.] പര്യായങ്ങൾ—ഭുജം, ബാഹു, പ്രവേഷ്ടം, ദോസ്സ്. ൨ മൺവെട്ടി കോടാലി മുതലായതിന്റെ അലക് കൊണ്ടുംമററും ഉണ്ടാക്കിയിട്ടുന്ന കൈയ്. ൩. മനസ്സിൽ ഇരിക്കുന്നതിനെ പുറത്തു കാണിക്കുന്ന ആട്ടക്കാരുംമററും കാണിക്കുന്ന സംജ്ഞ. ൪. അധികാരം നടത്തുന്നതിനും മററും തക്കതായുള്ള എഴുത്ത്. ൫ തുമ്പിക്കൈ, ആനയുടെ അവയവം. ൬. പനയുടെയും വാഴയുടേയും മററും തണ്ട്. ൭ അധികാരം.

കൈ-വി ഒരു കൈയിൽ കൊള്ളുവാൻ തക്ക.

കൈകടത്തുക—ആക്രമിക്കുക.

കൈകടപ്പു—അതിക്രമം, അക്രമം, അടികലശൽ.

കൈകണ്ടവിദ്യ— പരീക്ഷിച്ചു ഫലം അറിഞ്ഞിട്ടുള്ള മരുന്നും മററും.

കൈകളി—മോക്ഷണം.

കൈകളിക്കുക-മോഷ്ടിക്കുക.

കൈകാട്ടുക – മനസ്സിലിരിക്കുന്നതിനെ അറിയിക്കുന്നതിനായിട്ടു കൈകൊണ്ടു യുക്തംപോലെ കാണിക്കുക.

കൈകാരെക-പരിചയിക്കുക.

കൈകാര്യം-ഫ പെരുമാററം. ൨. ഉപകാരം, പ്രയോജനം.

കൈക്രൂട്ടുക—ഫ. തീരുക. ൨. കൈ തമ്മിൽ ചേരുക. ൩. കലഹിക്കുക.

കൈക്കൂപ്പ്—ഫ. വന്ദിക്കുക, തൊഴുക. ൨. രണ്ടും കൈയും കൂടിയ പൊക്കം.

കൈക്കൂപ്പുക-ഫ തൊഴുക. ൨. തലയ്ക്കുമീതെ രണ്ടു കൈയും പൊക്കി ചേർത്തു പിടിക്കുക.

കൈകേയി —കേകയരാജാവിന്റെപുത്രി. [ദശരഥന്റെ ഭാര്യമാരിൽ ഒരുവൾ. ഭരതന്റെ അമ്മ. മന്ഥരയുടെ ദുരുപദേശം കേട്ടു ഭരതനെ രാജാവാക്കി അഭിഷേകം ചെയ്യുന്നതിനും രാമനെ വനത്തിൽ അയക്കുന്നതിനും ദശരഥനോടു നിർബ്ബന്ധിച്ചുസമ്മതിപ്പിച്ചു].

കൈകൊടുക്കുക—ഫ. വിശ്വസിപ്പാൻ തക്കതായ എഴുത്തുകൊടുക്കുക. ൨. മറെറാരുവന്റെ കൈയിൽ പിടിക്കുക.

കൈകൊട്ട്—രണ്ടു കൈയുടേയും അകങ്ങൾ തമ്മിൽ കൂട്ടിയടിച്ചുണ്ടാകുന്ന ശബ്ദം.

കൈകോർക്കുക-രണ്ടു കൈയുടെ വിരലുകൾ ഇടകലർത്തിപ്പിടിക്കുക.

കൈക്കടം—തൽക്കാലമായുള്ള ആവശ്യത്തിനു വാങ്ങിക്കുന്ന കടം.

കൈക്കണക്ക്—ഫ. കരംകൊടുത്തവനു സർക്കാരിൽനിന്നു കിട്ടുന്ന ഒരെഴുത്ത്. ൨. ദ്രവ്യംകൊടുപ്പാനോ വാങ്ങിപ്പാനോ ഉണ്ടെന്നുവരുകിൽ ഓർമ്മയ്ക്കായിട്ടു തന്നത്താൻ എഴുതിവെക്കുന്ന കണക്ക്. ൩. കച്ചീട്ട്, കടം വാങ്ങിയവൻ എഴുതിക്കൊടുക്കുന്ന ഒരാധാരം. ൪. ചിട്ടി മുമ്പൻ ചിററാളന്മാർക്കു ചിട്ടിപ്പണം പററുന്നവകയ്ക്കു കൊടുക്കുന്ന രസീത്.

കൈക്കരുത്തു —കൈയ്യൂക്ക്, സാമർത്ഥ്യം.

കൈക്കൽ-പക്കൽ, കൈയിൽ.

കൈക്കലാക്കുക— ഏതുപ്രകാരമെങ്കിലും തന്റേതാക്കിത്തീർക്കുക, പിടിച്ചുപറിക്കുക.

കൈക്കാണം—ഫ. കൈക്കൂലി, കോഴ.

'കൈക്കാണത്തിനു കൊതിവരുമ്പോൾ
വക്കാണത്തിനു വട്ടംകൂട്ടും'
(ശീലാവതി തുള്ളൽ)

൨. കൈയിലുള്ള.

കൈക്കാരൻ—ഫ. ശക്തിയുള്ളവൻ. ൨. നല്ല വേലക്കാരൻ. ൩. സമർത്ഥൻ. ൪. സ്ഥാനക്കാരൻ. ൫. ധനവാൻ ൬ ചതിവൻ ൭. പള്ളിരക്ഷകൻ.

കൈക്കിതം-വി. സ്വാധീനമായുള്ള.

കൈക്കിര-വി കൈയിലെടുക്കുന്നതിനു ചേർച്ചയുള്ള.

കൈക്കിര-കൈയിലെ ആഹാരം.

കൈക്കില-ചൂടുള്ളപാത്രം എടുക്കുന്നതിന് കൂട്ടിപ്പിടിക്കുന്ന ഇല.

കൈക്കീഴ്-അധികാരത്തിന താഴെ.

കൈക്കുക-കയ്പുരസം ഉണ്ടാകുക.

കൈക്കുത്ത്-കൈകൊണ്ടുള്ള ഇടി.

കൈക്കുററപ്പാട്-കൈവേല. [ബഹുമാനസൂചകമായ വാക്കാണ്].

കൈക്കുററപ്പാടുചെയ്യുക - എഴുതുക. [ബഹുമാനസൂചകമായവാക്ക്]. (അടിതോൽ എന്നതു നോക്കുക).

കൈക്കുററം കൈദോഷം.

കൈക്കൂട്-കൈയുടെ ചുവട്ടിൽ അടിയിലെഭാഗം, കക്ഷം.

കൈക്കൂലി-കൈക്കാണം, കോഴ, വല്ല കാൎയ്യവും സാധിച്ചുകൊടുക്കാമെന്നു പറഞ്ഞു വല്ലതും മുമ്പേവാങ്ങുക.

കൈക്കെട്ട്-കൈയിൽകെട്ടുന്ന ഒരാഭരണം.

കൈക്കൊട്ട്-വ്യഭിചാരം ചെയ്തവരെ പുറത്തു തള്ളിക്കളയുമ്പോൾ ബ്രാഹ്മണർ കഴിക്കുന്ന ഒരു കൎമ്മം.

കൈക്കൊട്ടുക-ക്രി. വ്യഭിചാരം ചെയ്തും മററും ജാതിക്കുറവുവന്നവരെ തങ്ങളുടെ ജാതിയിൽനിന്നു കളയുക. ല. കൈ തമ്മിലടിക്കുക.

കൈക്കൊള്ളുക-ക്രി. എടുക്കുക. ല. സമ്മതിക്കുക

കൈക്കോടാലി-ഒരുമാതിരി ചെറിയ കോടാലി.

കൈക്കോട്ട്-തുമ്പാ പൎയ്യായങ്ങൾ-ഖനിത്രം, അവദാരണം.

കൈക്കോൽ-ന. മുളകൊണ്ടുള്ള വലിയ കോൽ, കഴക്കോൽ ല. ഒരുമാതിരി വടി

കൈക്കോളൻ-വസ്ത്രം നെയ്യുന്നവരിൽ ഒരു ജാതിക്കാരൻ.

കൈക്കോളാമ്പി-ഒരുമാതിരി ചെറിയ കോളാമ്പി.

കൈക്കോഴ-കൈക്കൂലി

കൈങ്കൎയ്യം-കിങ്കരന്റെ സ്വഭാവം, ഭൃത്യന്റെ അവസ്ഥ.

കൈങ്ങോട്ട, കൈക്കോട്ട - രണ്ടു കൈത്തണ്ടുകളുടേയും മടക്കുകൾ കൂട്ടിപ്പറയുന്ന പേർ.

കൈച്ചരട്-ഏവകാരുടെ കൈയിൽ കെട്ടുന്ന ചരട്.

കൈച്ചാത്ത്-തങ്ങളുടെ ദ്രവ്യത്തിന താൻതന്നെ എഴുതിവെച്ചിരിക്കുന്ന കണക്ക്.

കൈച്ചിത്രം-കൈകൊണ്ടുണ്ടാക്കുന്ന ചിത്രം, കൈവേലയുടെ ഭംഗി.

കൈച്ചീട്ട്-ന. കടംവാങ്ങുന്നവൻ എഴുതിക്കൊടുക്കുന്ന എഴുത്ത്. ല. കാൎയ്യക്കാരനെക്കൊണ്ടും മററും സൎക്കാരിൽനിന്നും എഴുതിവെപ്പിക്കുന്ന എഴുത്ത്.

കൈച്ചുറുക്ക്-കൈകൊണ്ടുള്ള വേലകളിലെ വേഗം.

കൈച്ചേതം-കൈദോഷം.

കൈച്ചോദ്യം-ഏതൊരു വസ്തു എങ്കിലും തന്റെ പക്കലിരിക്കുമ്പോൾ അതിനുണ്ടാകുന്ന നാശം, കൈദോഷം.

കൈടം-വി. കീടത്തെ (പുഴുവിനെ) സംബന്ധിച്ച

കൈടഭജിത്ത്-വിഷ്ണു. കൈടഭൻ എന്ന അസുരനെ ജയിച്ചവനെന്നൎത്ഥം.

കൈടഭൻ-ഒരസുരൻ.

[കല്പാവസാനത്തിലെ വിഷ്ണുവിന്റെ യോഗനിദ്രയിൽ ചെവിയിൽനിന്നു കൈടഭൻ മധു ഇങ്ങിനെ രണ്ടു അസുരന്മാർ ജനിച്ചു. അതിയോഗ്യന്മാരായ ഇവർ വിഷ്ണുവിന്റെ നാഭിയിലെ ബ്രഹ്മാവിനെ വധിപ്പാൻ വട്ടംകൂട്ടി. ഉടൻ വിഷ്ണു മധുകൈടഭന്മാരെ കൊന്നു. ഇതിനാലാകുന്നു വിഷ്ണുവിന കൈടഭാന്ത

കൻ, കൈടഭജിത്തു്, മധുസൂദനൻ, മധുഭേദി എന്നീ പേരുണ്ടായതു്. ഇവരുടെ മേദസ്സുകൊണ്ടാണ ഭൂമിയെ നിൎമ്മിച്ചതു്. അതാണ ഭൂമിക്കു 'മേദിനി' എന്ന പേരുണ്ടാകാൻ കാരണം].

കൈടിരം-ചുക്കു്.

കൈടീരു-കീരി.

കൈഡര്യം-പു. ചെറുകുമിഴ്. വളരെ കയ്പുള്ളതാകയാൽ ഭയപ്പെടുന്നതെന്നൎത്ഥം. വ. കരിവേപ്പു്. ന. ആവിമരം ര. മലങ്കാര.

കൈഡര്യാ-കരിവേപ്പില.

കൈത-പു. പൂക്കൈത. പൎയ്യായം-കേതകി.

[കേതകി-കൈതയ്ക്കു പൎയ്യായമാണെന്നും കേതകം എന്നതാണ കൈതയുടെ പൎയ്യായമെന്നഭിപ്രായമുണ്ടു്] വ. വിരൽകൈത, തഴകൈത, കടച്ചക്ക (പിറത്തിച്ചക്ക) ഉണ്ടാകുന്ന കൈത. ന. തിന്നാൻകൊള്ളുവുന്ന ചക്കയുണ്ടാകുന്ന ഒരുമാതിരി കൈത.

കൈതകാ-കേതകിപുഷ്പം, കൈതപ്പൂവു്.

കൈതച്ചക്ക-കൈതയുടെ കായ്.

കൈതക്കൊടി-ഒരു വള്ളി.

[പടൻകടക്കം. നീരിന്ന കള്ളിലോ കാടിയിലോ അരച്ചിട്ടാൽ നന്നു്].

കൈതമുല-കൈതയുടെ തണ്ടിൽനിന്നിറങ്ങുന്ന വേരു്.

കൈതമൂൎക്ക്ഖൻ-ഒരുമാതിരിപാമ്പു്

കൈതൎയ്യം-പു. കമ്പിളമരം. വ. കരിവേപ്പു്.

കൈതവകം-ചൂതു്.

കൈതവൻ-പു. ചതിവൻ. വ. വ്യാജമുള്ളവൻ.

കൈതവം-പു. ചതി. വ. വ്യാജം. ന. വൈഡൂൎയ്യം. ൪. ഉമ്മത്തു്.

കൈതവേട്ടു-കൈതമുല.

കൈതൊഴുക-കൈകൊണ്ടു വന്ദിക്കുക.

കൈത്തണ്ടു് - കൈകളുടെതണ്ടു്, മട്ടുമുതൽ കൈപ്പടംണിവരെയുള്ള പ്രദേശം. പൎയ്യായം-പ്രകോഷ്ഠം.

കൈത്തരിപ്പു്-പു. കൈയിലുണ്ടാകുന്ന ഒരു സുഖക്കേടു്. വ. കൈയൂക്കു്.

കൈത്തലം - ഉള്ളംകൈ, കൈയുടെ അകം.

കൈത്തളിർ-ഉള്ളംകൈ, കൈ.

കൈത്താർ - താമരപ്പൂപോലെ ഭംഗിയുള്ള കൈ.

കൈത്താളം-പു. ഒരുവാദ്യം, കൈമണി. വ. കൈകൊണ്ടു താളംപിടിക്കുക.

[കൈത്താളംപിടിക്കുന്നവൻ എന്നതിന പൎയ്യായങ്ങളും-പാണിവാദൻ, പാണിഘ്നൻ].

കൈത്തിരി-കൊളുത്തി കൈയിൽ കൊണ്ടുപോകുന്ന തിരി.

കൈത്തുഴ-വള്ളത്തിൽ കേറിയാൽ മറ്റൊരു സാധനം കൂടാതെ കൈകൊണ്ടു തന്നെ തുഴയുക.

കൈത്തോക്കു്- ഒരുമാതിരി ചെറിയ തോക്കു്.

കൈത്തോട്ടു്-വളരെ വെള്ളമുള്ള ജലാശയങ്ങളിൽനിന്ന കൃഷി ആവശ്യത്തിനും മറ്റുമായി വെള്ളം തിരിച്ചു കൊണ്ടുപോകുന്നതിന നിൎമ്മിച്ച ചെറിയതോടു്, വായ്ച്ചാലു്. പൎയ്യായം-കുല്യാ.

കൈത്തോൽ- വില്ലന്മാർ എയ്യുമ്പോൾ ഇടത്തു കൈയിൽ കെട്ടുന്ന ഒരു തോൽ.

കൈത്തോളം-കൈയാമം, കയ്യാമം

കൈദാരകം, കൈദാരികം, കൈദാൎയ്യം-കൃഷി ചെയ്യുന്ന കണ്ടങ്ങളുടെ കൂട്ടം.

കൈദാരം-[illegible].

കൈദാൎയ്യം-വിളഭൂമിയുടെ കൂട്ടം, വലുതായുള്ള കൃഷിസ്ഥലം, വയൽ.

കൈദി-തടവുകാരൻ. [അറബിഭാഷ].

കൈനഖം - കൈകളുടെ വിരലുകളിന്മേൽ (അററത്തു) നില്ക്കുന്ന അസ്ഥി.

കൈനന-പെൺപറഞ്ഞു കഞ്ഞികുടിക്ക (വേളികഴിപ്പാനായി ഒരു പെണ്ണിനെ ചോദിക്കുക).

കൈനാട്ട്-പരിശയുടെ അകത്തു പിടിക്കുന്നതിനുള്ള ഒരു പണി.

കൈനാറി-മണമുള്ള ഒരുമാതിരി പൂച്ചെടി.

കൈനിദാനം-കൈകൊണ്ടു കണ്ടം നോക്കുക.

കൈനില-ഫ. താണവർ ഉയർന്നവരോടു വീട്ടിനുപകരം പറയുന്ന ഉപചാരവാക്ക്. ഉ. പടവീട്ട്, സൈന്യങ്ങൾ യുദ്ധത്തിനു പുറപ്പെട്ടുചെന്നു പാർക്കുന്ന സ്ഥലം.

കൈനിറെ, കൈനിറയെ-അ. കൈനിറച്ച്.

കൈനീട്ടം-ഫ ആദ്യമായി കൊടുക്കയൊ വാങ്ങുകയൊ ചെയ്യു. ഉ. വിഷുദിവസം കൊടുക്കുന്നതു. ന. കൈയുടെ നീളം.

കൈനീട്ടുക-കൈ നിവൎത്തുക.

കൈനേട്ടം-താൻ സമ്പാദിച്ച ധനം.

കൈനൊടിക്കുക-കഴവിരലും പെരുവിരലും കൂട്ടി ശബ്ദം ഉണ്ടാക്കുക.

കൈനൊടിപ്പ്-കഴവിരലും പെരുവിരലും കൂട്ടിയുണ്ടാകുന്ന ശബ്ദം.

കൈനോക്കുക-കൈക്കകത്തെ വരകളാൽ ഗുണത്തിന്റെയൊ ദോഷത്തിന്റെയൊ ലക്ഷണം അറിയുക.

കൈനോട്ടക്കാരൻ- കൈനോക്കി ലക്ഷണം പറയുന്നവൻ.

കൈനോട്ടം-ഫ കൈനോക്കി ലക്ഷണംപറക. ഉ. നാഡിപിടിത്തം.

കൈപഴക്കം-ഫ. കൈകൊണ്ടു പ്രവൃത്തിച്ചുണ്ടായ വശത ഉ. പെരുമാറ്റം കൊണ്ടുണ്ടായ പഴക്കം.

കൈപാകം- അരിവെയ്പിലുള്ള സാമൎത്ഥ്യം.

കൈപാട്ട്-ഫ. കൈവെപ്പ. ഉ. മറെറാരാളുടെ അധീനതയിൽകീഴ്. ന. കൈകൊണ്ടു ചെയ്യുന്നതിനു സ്വാധീനം.

കൈപിടി- ആയുധങ്ങളുടെയും മറ്റും പിടിക്കുന്നതിനുള്ള ഭാഗം.

കൈപിടിക്കുക - കൈകൊണ്ടു പിടിക്കുക.

കൈപിടിത്തം-ഫ. കൈകൊണ്ടു പിടിക്ക. ഉ. കൈമേൽ പിടിക്ക. ന. വിവാഹം

കൈപ്പ്-ആറു രസങ്ങളിൽ ഒന്ന്.

കൈപ്പ-ഫ. പാവൽ ഉ. ഒരു മത്സ്യം.

കൈപ്പക്കാ-പാവയ്ക്കാ.

കൈപ്പച്ചീര-കൈപ്പുള്ള ചീര.

കൈപ്പച്ചെപ്പാര-ഒരു വള്ളി.

കൈപ്പട-ഫ. താൻതന്നെ എഴുതിയതു, കൈയക്ഷരം. ഉ. കൈവേല.

കൈപ്പടപ്പുറം, കൈപ്പടാണി-മണിബന്ധം (മണികെട്ടുന്ന സ്ഥലം) മുതൽ കൈയിന്റെ ചെറുവിരലിന്റെ മുരട്ടുവരെയുള്ള കൈപ്പടത്തിന്റെ പുറം ഭാഗം. പൎയ്യായം-കരഭം.

കൈപ്പടം- കൈയുടെ പത്തി, ഉള്ളം കൈ.

കൈപ്പണം-ഫ. ഉടനെ കൊടുക്കുന്ന വില, രൊക്കവില. ഉ. കൈയിലുള്ള ധനം.

കൈപ്പത്തി-കൈയുടെ കഴുത്തു താഴത്തെ ഭാഗം.

കൈപ്പയില-കൈപ്പച്ചീര.

കൈപ്പൻകരിങ്ങാലി-ഒരു വള്ളി. [കരിങ്ങാലിപോലെ ഇലയും മുള്ളുമുള്ളതാകുന്നു.]

[വിശേഷാൽ പിത്തത്തെയും രക്തദോഷത്തെയും ശമിപ്പിക്കും.]

കൈപ്പൻകോവ-കാട്ടുകോവ.

കഫം, വിഷം, അരുചി, പാണ്ഡു, പിത്തം, രക്തദോഷം ഇവയ്ക്കു നന്ന്. കായ് മൂത്തിട്ടേ വരുത്തും. കാട്ടുകോവ മലത്തെ ഇളക്കുന്നതാണ്. ഇലയ്ക്കു നല്ല മണം കാണും. പൂവു വെളുത്തിരിക്കും. സംസ്കൃതത്തിൽ—തിക്തതുണ്ഡി.]

കൈപ്പലക-പ്ര. തോൽപലക. ഉ. ചക്രം എണ്ണുന്നതിനുള്ള പലക.

കൈപ്പററു്-അനുഭവം.

കൈപ്പററുക-ഏററുവാങ്ങുക.

കൈപ്പഴുതു്-കൈ കടക്കുന്നതിനു മാത്രമുള്ള ദ്വാരം.

കൈപ്പാണി- കമ്മായം തേയ്ക്കുമ്പോൾ നിരപ്പുവരുത്തുന്ന പലക.

കൈപ്പാര-ഒരുമാതിരി ചെറിയ പാര.

കൈപ്പിടി-കൈകൊണ്ടു പിടിക്കുക.

കൈപ്പിഴ-കൈക്കുറ്റം, തന്റെ കൈയിൽ നിന്നുണ്ടായ കുററം.

കൈപ്പുണ്യം-ചിലരുടെ കൈകൊണ്ടു പ്രവൃത്തിച്ചാൽ ഉണ്ടാകുന്ന ഒരു വിശേഷഗുണം.

കൈപ്പുനി-ഒരുമാതിരി മൈ.

കൈപ്പെട്ടകം-ചെറിയ പെട്ടി.

കൈപ്പൊരുത്തം-കൈപ്പുണ്യം.

കൈപ്പൊരുൾ-കൈമുതൽ.

കൈമ-പ്ര അധികാരം. ഉ. ശക്തി.

കൈമടക്കം-പ്ര ദാരിദ്ര്യം ഉ. ചുരുട്ടിപ്പിടിച്ച കൈ. ന. കൈക്കൂലി.

കൈമണി-കോട്ടുകൊണ്ടുള്ള ഒരു വാദ്യം.

കൈമതിൽ-ചെറിയ മതിൽ.

കൈമരം-പിച്ചാത്തിയുടെയും മററും പിടി, മരപ്പിടി, പിടി.

കൈമൾ, കയ്മൾ, കൈമൾ-പ്ര. നായന്മാരുടെ ഇടയിൽ ഒരു സ്ഥാനപ്പേർ. ഉ. കമ്മാളന്മാർ നായന്മാരെ എല്ലാവരെയും പറയുന്ന ബഹുമാനപ്പേർ.

കൈമറിച്ചിൽ-പ്ര. കൈമാററം, ഒരുത്തന്റെ ദ്രവ്യം മറെറാരുത്തന്റേതാക്കിത്തീർക്കുക. ഉ. ഒരുത്തന്റെ മുതൽ എടുത്തു മറെറാരുവകയ്ക്കു ചെലവിടുകയോ മാററം ചെയ്കു.

കൈമാട്ടു്-പിച്ചാത്തിപ്പിടിയും മററും.

കൈമാറാപ്പു്-ചെറിയ ഭാണ്ഡം, കൊച്ചു തുണിക്കെട്ടു്.

കൈമാറുക-ഒരു കൈയിലിരിക്കുന്നതിനെ മറേറക്കയിൽ പിടിക്കുക. ഉ. വല്ലതും ഒരുത്തന്റെ കൈയിൽനിന്നു വാങ്ങിച്ചു മറെറാരുവനു കൊടുക്കുകയോ മറെറാ ചെയ്യുക [സ. ക്രി. കൈമാറുക].

കൈമാററം—കൈമറിച്ചിൽ.

കൈമിടുക്കു്-കൈയൂററം. സാമർത്ഥ്യം.

കൈമുട്ടു്-പ്ര. കൈത്തണ്ടിന്റെ നടുവിലെ മടക്കിന്റെ പിൻഭാഗം. പര്യായങ്ങൾ-കഫോണി, കൂർപ്പരം. ഉ. കൈയിൽ രൂപയും മററും ഇല്ലാത്തതുകൊണ്ടുള്ള സുഖക്കേടു്.

കൈമുതൽ-കൈയിലിരിക്കുന്ന ധനം, തനതു ധനം.

കൈമുതികന്യായം "സ്പഷ്ടമായി പറയാതെതന്നെ അറിയാവുന്നതാണ് എന്നിങ്ങനെ അർത്ഥസിദ്ധതയെ കാണിക്കുന്നതാണ് ഈ ന്യായം. പിന്നെപ്പറയണോ, പിന്നെയെന്തു്? ഇത്യാദി ശബ്ദങ്ങളെക്കൊണ്ടാണു ഇതിനെ മലയാളത്തിൽ പ്രതിപാദിക്കുന്നതു്".

കൈമുദ്ര്-കൈപിടിച്ച മുദ്ര ചെയ്ക

കൈമുദ്രാപണം-കൈമുദ്രണ്ണവർ മന്ത്രം മററും കൊടുക്കുന്ന കാഴ്ചപ്പണം

കൈമുറി-കറിപ്പ്, കറിമാനം.

കൈമൂടി-വിൽ തൊൻകെട്ടി വെണെപ്പ ടാതിരിക്കുന്നതിനു തോൽ മുതലായതു കൊണ്ടു നിർമ്മിച്ച കൈത്തണ്ടിന്മേൽ കെട്ടുന്ന സാധനം. പര്യായങ്ങൾ-ഗോധം, തലം.

കൈമെത്ത-ഒരുമാതിരി തലയണ.

കൈമോതിരം-കൈവിരലിൽ ഇടുന്ന മോതിരം.

കൈമോശം-കൈക്കുറം, വല്ല വസ്തു വിനും തന്റെ പക്കൽ ഇരിക്കുമ്പോൾ ഉണ്ടായ നാശം.

കൈയകലം-ദൂരം.

കൈയക്ഷരം-പ്ര. കൈകൊണ്ടെഴുതിയ അക്ഷരം. വ. അക്ഷരം. ന. താൻ തന്നെ എഴുതിയ അക്ഷരം.

കൈയടക്കം-പ്ര. ചെപ്പിടിവിദ്യ. വ. സ്വാധീനത്തിൽ സൂക്ഷിച്ചിരിക്കുന്ന ധനം.

കൈയടി-കുട്ടികളുടെ കൈയിൽ പണ്ടു ആശാന്മാർ അടിക്കുന്ന അടി.

കൈയടിക്കുക-പ്ര. നിശ്ചയമായിട്ടു പറഞ്ഞു കൈപിടിക്കുക, ഉടമ്പടിചെയ്യുക. വ. കൈയിലടിക്കുക (കൈയടിപ്പ്).

കൈയമ്പ്-ഒരുമാതിരി ചെറിയ ആയുധം.

കൈയയക്കുക-വിട്ടുകളയുക, ഉപേക്ഷിക്കുക.

കൈയലക്-ചില ആയുധങ്ങളുടെ പിടി.

കൈയാക്കം-പ്ര. കൈയുടെ ശക്തി. വ. കൈയുടെ നീളം.

കൈയാങ്കളി-കൈകൊണ്ടുമാത്രം പരസ്പരം തട്ടത്തടിക്കുന്ന ഒരുമാതിരി കളി, ഓണത്തല്ല്.

കൈയാണ്ടവൻ-ചോകന്മാർ നായന്മാരെ വിളിക്കുന്ന ഒരു ബഹുമാനപ്പേർ.

കൈയാമം-കുററക്കാരുടെ കൈയിലിടുന്ന വിലങ്ങ്, കൈവിലങ്ങ്.

കൈയായം-കൈയുടെ സ്വാധീനം. വ. കൈയുടെ നീളം.

കൈയാറ്-ആററിൽനിന്നു പുറപ്പെടുന്ന ചെറിയ കൈവഴി, തോട്.

കൈയാല-മണ്ണുകുഴച്ചു പുരയ്ക്കുപുറമേയും വെക്കുന്ന ചുവര്. വ. മണ്ണുകോരി മറിച്ചു പറമ്പിനു ചുററുമുണ്ടാക്കുന്നതു്, ഇടവു്, മാട്.

കൈയാലപ്പുര-മണ്ണുകുഴച്ചു വെച്ചുണ്ടാക്കിയ കൈയാലയുടെ മതിലോടുകൂടിയുണ്ടാക്കിയ പുര.

കൈയാൾ-വേലക്കാരൻ, ഒരു നല്ല വേലക്കാരന്റെ സഹായത്തിനു നില്ക്കുന്ന താണതരം വേലക്കാരൻ.

കൈയിണ-രണ്ടുകൈയും.

കൈയിരി, കൈയൂരി - തുലാംകോലിന്റെ തണ്ട്. ചാലത്തിൽ നടക്കുമ്പോൾ പിടിപ്പാനായിട്ടു കെട്ടിയുണ്ടാക്കിയതു്.

കൈയിരിപ്പ്-കൈയിലുള്ള ദ്രവ്യം, കൈമുതൽ.

കൈയിലു-തവി, ചിരട്ടത്തവി, മരത്തവി.

കൈയിൽ-തവി.

കൈയുപ്പ്-ഭക്ഷിക്കുമ്പോൾ വിളമ്പുന്ന ഉപ്പ്.

കൈയുറ-കൈപൊതിയാനുള്ള ഒരു ഉന്നൽപണി.

കൈയൂക്ക്-കൈയുടെ ശക്തി.

കൈയൂററം-പ്ര. കൈയുടെ മിടുക്ക്. വ. ശക്തി.

കൈയെടുക്കുക-വന്ദിക്കുക.

കൈയെഴുത്ത്-പ്ര. കൈയക്ഷരം. വ. ഒപ്പ്.

കൈയേല്ക്കുക-കൈക്കൊള്ളുക.

കൈയേററം-കൈയേറുക, അതിക്രമം, അടിക്കയും മററും.

കൈയേററം-പ്ര. കൈയേറുക. വ. ശിക്ഷാനിയമപ്രകാരം ഒരു കുററം.

[അനുവാദംകൂടാതെ പിടിച്ചുകൂടാ; അത്ര സമർഥരായവർക്കും. ഇതു ഒട്ടുക്കും. രാജിയാകും. മൂന്നുമാസത്തെ വെറുംതടവു വിധമമില്ലമായ തടവോ ഒററ ശിക്ഷ പിഴയോ രണ്ടുംകൂടിയോ വിധിക്കാം.

ഷ്ഠു മജിസ്ത്രേട്ടിന്നു വിസ്തരിക്കാം. തി. ഡി. യി. വകുപ്പ് ൪൪൨.

കൈയൊപ്പ്-ഒപ്പ്, എഴുത്തിൽ വെയ്ക്കുന്ന അടയാളം.

കൈയൊഴിച്ചിൽ-ം. അവസരം. വ. കൈയിലൊന്നുമില്ലാതാവുക.

കൈയൊഴിയുക-ം. വിട്ടൊഴിയുക. വ. ചെലവാക്കുക.

കൈയൊഴിവ്-കൈയൊഴിച്ചിൽ.

കൈയോങ്ങക്കളി-കൈയാങ്കളി, ഒരു ണങ്ങല്ല്.

കൈയോങ്ങുക-അടിക്കുന്നതിന്നു മറവും കൈപൊക്കുക

കൈരവൻ-ം. ചൂതുകളിക്കാരൻ. വ. ചതിവൻ. ന. ശത്രു.

കൈരവം-ം. വെളുത്ത ആമ്പൽ. കേരവങ്ങൾക്ക (ഹംസങ്ങൾക്ക) ഇഷ്ടമായത് എന്നർത്ഥം. വ. കൊട്ടം.

കൈരവിണി-ആമ്പൽപൊയ്ക.

കൈരവി-ം. നിലാവ്. വ. മുല്ലവം.

കൈരളി-ം. കേരളഭാഷ, മലയാളഭാഷ. വ. വിഴാൽ. ന. കേരളത്തിലെ സ്ത്രീ

കൈരാതം-ം കിരാതചന്ദനം. വ. നിലവേപ്പ്.

കൈരാളം, കൈരാളി-വിഴാൽ.

കൈരൊക്കം-വി. മുടൻ കൊടുത്ത.

കൈല-കൈലാസം.

കൈലാസം-ശിവന്റെയും വൈശ്രവണന്റേയും ഇരിപ്പിടമായ ഒരു പർവ്വതം. ഹിമവാന്റെ കൊടുമുടി, കേളീസമൂഹത്താൽ സമ്പത്തിയുള്ളപ്പെടുന്നത് എന്നർത്ഥം [കൈലാസം എന്നതു സ്ഫടികമയമെന്നു സാരം].

കൈലാസത്തിനു ഗണപർവ്വതം, രജതാദ്രി, വെള്ളിമല എന്നീ പേരുകളും കാണുന്നു.

ഹിമവാന്റെ മുകളിൽ ൨൦൨൨൩ അടി ഉയരത്തിലുള്ള ഈ പുണ്യസ്ഥലത്തിൽ സാധാരണ തീർത്ഥയാത്രക്കാർ അകലം വിചാരിച്ചു വളരെ പോകാറില്ല. കൈലാസത്തിൽ ഒട്ടുവളരെ ഭിക്ഷുക്കാർ ഈശ്വരനെ ഭജിച്ചു കാലം നയിക്കുന്നു. അടുത്താണ മാനസസരസ്സ്.

കൈലേസ്-മുഖം തുടയ്ക്കുന്നതിനുപയോഗിക്കുന്ന ചെറിയ തുണിക്കഷണം.

കൈവട്ടകം-ഓട്ടുകൊണ്ടുള്ള ഒരു ചെറിയ പാത്രം.

കൈവണങ്ങുക-തൊഴുക, കൈകൂപ്പി വന്ദിക്കുക.

കൈവയ്ക്കുക-ം. അടിക്കുക. വ. കൈകൊണ്ടു പെരുമാറുക.

കൈവയ്ക്കുത്ത് - കൈവേലയിലെ ഗുണം, കൈപ്പുണ്യം.

കൈവത്ത(ക)ൻ-മുക്കുവൻ. കേവർത്തങ്ങളെ (മത്സ്യങ്ങളെ) ഹിംസിക്കുന്നവൻ എന്നർത്ഥം. മത്സ്യജാതികൊണ്ടു വർത്തിക്കുന്നവൻ എന്നുമാകാം.

കൈവർത്തി, കൈവർത്തിമുസ്തകം, കൈവർത്തീമുസ്തകം, കൈവർത്തമുസ്തകം - കഴിമുത്തങ്ങാ. [തമിഴിൽ പെരുമുത്തങ്ങ].

കൈവർത്തികാ-ഒരു വള്ളി.

[അഗ്നിമാന്ദ്യം, ചുമ, വായുമുട്ടൽ, കഫം ഇവക്കു നന്ന്. ഈ വസ്ത്രത്തിൽ ചായമിടുന്നതിനു കൊള്ളാം].

കൈവലച്ചിൽ-ധനം ഇല്ലായ്ക, കൊണ്ടുള്ള ഞെരുക്കം.

കൈവല്ലം-വിഴാൽ.

കൈവല്യം - മോക്ഷം. ലൌകികത്തിൽ നിന്നൊഴിക, ശരീരേന്ദ്രിയങ്ങളോടു പിരിഞ്ഞിരിക്കുന്ന ആത്മാവിന്റെ ഏകഭാവം എന്നിങ്ങനെ അർത്ഥം.

കൈവശം-വി. സ്വാധീനമായുള്ള.

കൈവള-൧. കൈയിലിടുന്ന ഒരാഭരണം. ൨. ഒരുമാതിരിചെടി. പര്യായങ്ങൾ-അവാപകം, പാരിഹാര്യം, കടകം, വലയം.

കൈവഴി-൧. ആറു മുതലായതിന്റെ പിരിവ്, ആറുവകാൽ. ൨. ആറംവശം വല്ലതും കൊടുത്തയയ്ക്കുക.

കൈവഴിച്ചെല്ലം-തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ ഭണ്ഡാരം.

കൈവാക്ക്-൧. നിർവഹിക്കാവുന്ന കാര്യം. ൨. കൈക്കൽ. ൩. അവസരം. ൪. കൈച്ചെല്ല്.

കൈവായ്പ-മുട്ടുവായ്പ, കടം.

കൈവാശി-ചെലവു നീക്കി ശേഷിച്ച മുതൽ.

കൈവാളസഞ്ചി-ശീലകൊണ്ടുള്ള ഒരു മാതിരി സഞ്ചി

കൈവാൾ-ചെറിയ അറപ്പുവാൾ.

കൈവാഴ്ച-രാജ്യംഭരിക്കുക.

കൈവിടുക-൧. ഉപേക്ഷിക്കുക. ൨. പിടിച്ചതിൽനിന്നു കൈ എടുക്കുക.

കൈവിധേയം-കൈവശം.

കൈവിരൽ-കൈയുടെ വിരൽ.

കൈവില-ഉടനേ കൊടുക്കുന്ന വില, രൊക്കവില.

കൈവിലങ്ങ്-കുറ്റക്കാർക്കും ഭ്രാന്തന്മാർക്കും കൈയിലിടുന്ന വിലങ്ങ്.

കൈവിഷം-ഭക്ഷണത്തോടുകൂടി കൊടുക്കുന്ന വിഷം.

കൈവിഷത്തിന് വിശേഷമായ ഒരു ഔഷധം സപ്ലമാകുന്നു. ഇത് വയമ്പോടുകൂടി ചാണമേൽ അരച്ച് കാച്ചി മിവസം സേവിച്ചാൽ ഏതു വക എല്ലാ ഉപദ്രവങ്ങളും ശമിക്കാതിരിക്കയില്ല എന്നാൽ സപ്ലമാവകയോയാൽ ഇതിൽ കുറച്ചുകൂടി അധികം നന്നായിരിക്കും.

"ധന്വന്തരി"

കൈവിളക്ക്-കൈയിൽ കൊണ്ടുനടക്കുന്ന വിളക്ക്, കോൽവിളക്ക്.

കൈവീച്ച്-നടക്കുമ്പോൾ ഉണ്ടാകുന്ന കൈയുടെ ഇളക്കം.

കൈവീശുക, കൈവീഴുക-കൈയാട്ടുക

കൈവെടിയുക-ഉപേക്ഷിക്കുക.

കൈവേഗം - കൈവേലകളിലെ ചുറുക്ക്.

കൈവേല-കൈകൊണ്ടുള്ള പ്രവൃത്തി.

കൈശമ്പളം-തന്റെ വേലക്കാർക്കു കൊടുക്കുന്ന ശമ്പളം.

കൈശികം-തലമുടിക്കൂട്ടം, വേണ്ടുവോളം രോമമുള്ള സ്ഥിതി.

കൈശികി-ശൃംഗാരം.

കൈശോരം-ബാല്യം [പതിനഞ്ചു വയസ്സുവരെയുള്ള ഭാവം=കിശോരഭാവം. അകൈശോരം എന്നതു നോക്കുക]

കൈശ്യം-കേശസമൂഹം. [അകൈശ്യം എന്നതു നോക്കുക].

'കൈശ്യത്തിങ്ങും മെഴുക്കലതിവികൃതമേറ്റം'

(അമരുകശതകം)

—ഠഠഠ—.

## കൊ

കൊക്ക്-൧. പക്ഷിയുടെ ചുണ്ട്. പര്യായങ്ങൾ-ചഞ്ചു, ത്രോടി. ൨. [illegible] ഒരുമാതിരി പക്ഷി. പര്യായങ്ങൾ-ബകം, കഹ്വം. ൩. [illegible] കരച്ചിൽ. ൪. മന്തിന്റെ നിലവിളി. ൫. മന

കൊക്കു പൂട്ട്. കൊളുത്ത്.

കൊക്കര ഉരുക്കുകൊണ്ടു കാച്ചുന്ന മരുന്ന്

കൊക്കര-വി. വളഞ്ഞ.

കൊക്കരണി-ഒരുമാതിരി പൊയ്ക, പുഷ്കരണി.

[തമിഴിൽ-നട് ചതുരമായി വെട്ടിയിരിക്കുന്ന കുളം ഇംഗ്ലീ-Oblong-tank ഒബ്ലോങ്ങ് ടാങ്ക്]

കൊക്കരിക്കുക-കൊക്കുക.

കൊക്കി-ഒരാഭരണം.

കൊക്കുക-കോഴിയോ മററോ ശബ്ദിക്കുക.

കൊക്കമന്താരം-ഒരു ചെടി. പര്യായങ്ങൾ-ശിവമല്ലി, പാശുപതം, ഏകാഷ്ഠീലം, ബുകം, വസുക.

[ബകമന്ദാരം എന്നും പറയും വലിയ പൂവുള്ള ഇലഞ്ഞി എന്നും അഭിപ്രായമുണ്ട്. തമിഴിൽ-കൊക്കമന്താരൈ. സം-ശിവമല്ലി].

കൊക്കോ-"ഇതു പുതിയതായി വന്നിട്ടുള്ള ഒരു പേയസാധനമാണ്. ഇതു കാപ്പിയോളമോ തേയിലയോളമോ ലഹരിയുള്ള സാധനമല്ല ഇതിൽ അരയ്ക്കാൽഭാഗം പോഷിപ്പിക്കുന്ന വസ്തുവും (പ്രോട്ടീഡ്) പാതിഭാഗം നെയ്യും (ഫാററ്) ഉണ്ട്. അതിനാൽ പേയങ്ങളിൽവെച്ചു ഇതു ഉത്തമമാകുന്നു."

കൊക്കോകം-സ്ത്രീകളെ സംബന്ധിച്ചു എഴുതിയ ഒരു പുസ്തകം, കൊക്കോകശാസ്ത്രം.

കൊക്കോട്ട-ഒരു കൃഷിആയുധം.

[ഇതു മണ്വെട്ടിപോലെതന്നെ. ഇതിലെ ഇരിമ്പു വീതികുറഞ്ഞും ചെറുതുമാണ് പിടിക്കു നീളമുണ്ട്. കാലുകുത്തി കിളയ്ക്കാം കുഴി വലിക്കുന്നതാണെങ്കിൽ കയ്ക്കാവാലെയും പിടിക്കാം].

കൊങ്ക-സ്ത്രീകളുടെ മുല. [ചോളഭാഷാപദം].

കൊങ്കണൻ, കൊങ്കണി, കൊങ്ങിണി-കൊങ്കണദേശക്കാരൻ.

കൊങ്കണം-ന. കൊങ്കണദേശം.

[പശ്ചിമപർവതങ്ങളുടെ പടിഞ്ഞാറായി ബാംബേക്കു വടക്കു ബസിൻപട്ടണം മുതൽ തെക്കു ഗോവാവരെയുള്ള ദേശം 'കൊങ്ങ്' നാട്ടിലെ രാജാവ് കൊങ്ങൻ എന്നുള്ള തമിഴ് വാക്കിനെ സംസ്കൃതീകരിച്ചതാണ് കൊങ്കണശബ്ദം.]

വ. ഒരുമാതിരി പുല്ല് അല്ലെങ്കിൽ മുള.

കൊങ്കണാ-പരശുരാമന്റെ അമ്മയായ രേണുകാ, ജമദഗ്നിയുടെ ഭാര്യ.

കൊങ്ങ്-ന. പാലക്കാട്ടുശേരിക്കു കിഴക്കുള്ള ഒരു ദേശം. വ. കൊന്ന.

കൊങ്ങൻ-ന. കൊങ്ങുദേശക്കാരൻ. വ. കൊങ്ങിലെ രാജാവ്.

കൊങ്ങാ-ന. കഴുത്ത്. വ. മലയകത്തി, പര്യായങ്ങൾ-കോവിദാരം, ചമരികം, കുദ്ദാലം, കന്ദാലം.

[കൊങ്ങ എന്നു മലയാളികളാലും മലയകത്തി എന്നു തമിഴരാലും പറയപ്പെടുന്നു.]

കൊങ്ങുക-കൊഞ്ചുക.

കൊങ്ങുമന്താരം-ന. കൊക്കമന്താരം. വ. കാട്ടത്തി.

കൊച്ചുക്കാലൻ-നീണ്ട കാലുള്ളവൻ.

കൊച്ചുങ്ങ-നാളികേരം മുററുംമുമ്പ് അതിന്റെ ചൊട്ടപ്രായത്തിലുള്ള പേരു, വെള്ളയ്ക്കാ,

കൊച്ചൻ-ചെറിയവൻ.

കൊച്ചമ്മ-ന. അമ്മയുടെ അനുജത്തി. വ. ജ്യേഷ്ഠമാനത്തി.

കൊച്ചി-ഒരു രാജ്യം, നഗരം.

കൊച്ചിലത്തിപ്പുല്ല്-ഒരു പുല്ല്.

കൊച്ചു-വി. ചെറിയ.

കൊച്ചുവാക്ക്-ചുരുങ്ങിയവാക്ക്.

കൊച്ചുള്ളവാക്ക്-ചീത്തവാക്ക്.

കൊഞ്ച്, കൊഞ്ചൻ-ഒരുവക മത്സ്യം.

കൊഞ്ചൽ-ന. ചെറിയ പൈതങ്ങളെ കളിപ്പിക്കുക, പൈതങ്ങളോടു കളിക്കുക വ. കൊഞ്ചു.

കൊഞ്ചുക—കൊച്ചു പൈതങ്ങളെ കളിപ്പിപ്പാൻ അവരോടു കളിവാക്കു പറകയുംമററുംചെയ്യുക.

കൊഞ്ഞ—അക്ഷരം നല്ലവണ്ണം തെളിയാതെയുള്ള വാക്ക്.

[ശിഷ്ടം, അവിസ്പഷ്ടം—രണ്ടും കൊഞ്ഞിക്കൊണ്ടു പറയുന്നതിന്റെ പേർ].

കൊഞ്ഞനം—ചൊടികൊണ്ടുകൊണിക്കുന്ന ഒരു ഗോഷ്ഠി, കോക്കിറി. [കൊഞ്ഞം എന്നും കാണുന്നുണ്ടു്].

കൊഞ്ഞൻ—കൊഞ്ഞക്കാരൻ.

കൊഞ്ഞം—കൊഞ്ഞനം.

കൊഞ്ഞുക—കൊഞ്ഞപറയുക.

കൊട്ട്—കൊണ്ടു്.

കൊട—ദാനം. (പ-മ)

കൊടക്—ഒരു രാജ്യം. [ഇംഗ്ലീഷിൽ-കൂർഗ്].

കൊടച്ചെവിയൻ — ആന. (നാട്ടുപേർ).

കൊടന്ന — നിറഞ്ഞ കൈയ്, മുഷ്ടി; ഒന്നോ രണ്ടോ കൈ നിറച്ചുള്ളഅളവു്.

കൊടപ്പിലാവു്—ഒരു വൃക്ഷം.

കൊടവൻ — കൊടങ്ങൽ എന്ന പച്ചമരുന്നു്.

കൊടി—൧. കൊടിക്കൂറ. ൨. വെററിലക്കൊടി. ൩. മുളകുകൊടി. ൪. ചില മൃഗങ്ങളുടെ വാലിന്മേൽ കാണുന്ന വെളുത്ത അടയാളം. ൫. അററം, മുനം, ൬. ചില്ലീവല്ലിക്കൊടി. ൭. പൊക്കിൾക്കൊടി ൮. ഉയർന്ന സ്ഥാനം. [കൊട്ടു എന്നു ധാതു]. അതിവിദഗ്ദ്ധം എന്നർത്ഥം. ഉ—ം, അന്നക്കൊട.

കൊടിക്കാരൻ—കൊടിക്കൂറ എടുത്തു നടക്കുന്നവൻ.

കൊടിക്കീഴ്—തിരുവിതാംകൂറിൽ നടപ്പുണ്ടായിരുന്ന ഒരു നികുതി.

കൊടിക്കഴൽ—ഒരു ചെടി, ഔഷധം.

കൊടിക്കൂറ—കൊടിമരത്തിന്മുകളിൽ ഉയർത്തുന്നതിനും മററും തുണികൊണ്ടുണ്ടാക്കുന്നഒരു സാധനം. പര്യായങ്ങൾ—പതാക, വൈജയന്തി, കേതനം. ധ്വജം. [കേതനധ്വജശബ്ദങ്ങൾ കൊടിമരത്തിന്റെയും പേരാണെന്നും പക്ഷമുണ്ട്].

കൊടിക്കൊഴിഞ്ഞിൽ - ഒരുമാതിരി കാട്ടുചെടി.

കൊടിക്കോൽ—കൊടിക്കൂറയുടെകോൽ.

കൊടിച്ചി—൧. പശു. ൨. പെൺപട്ടി. ൩. ചില സുന്ദരികളെ പറയുന്ന ഒരു ശകാരവാക്ക്.

കൊടിഞ്ഞാലി— വെററിലക്കൊടിയിൽനിന്നു തൂങ്ങിവരുന്ന വള്ളി.

കൊടിഞ്ഞിൽകുത്ത്, കൊടിഞ്ഞ—ഒരുമാതിരിലെ കുത്ത്.

കൊടിത്തൂവ-തൊട്ടാൽ ചൊറിയുന്ന ഒരു പച്ചമരുന്നു്.

കൊടിനടുവ്—മനുഷ്യരുടെ അര.

'മുലയിണതുടയിണകൊടിനടുവെന്നിവ
സകലവുമെത്ര മനോഹരം. . . .'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

കൊടിപ്പാല-ഒരു വള്ളിച്ചെടി.

കൊടിമരം — കൊടിക്കൂറ തൂക്കുന്നതിനു നാട്ടുന്ന മരം. പര്യായങ്ങൾ—കേതനം, ധ്വജം.

കൊടിയ-വി. ഭയങ്കരമായ, വലിയ, കടുപ്പമായ.

കൊടിയാട-കൊടിക്കൂറ.

കൊടിയാവണക്ക്—ഒരു മരുന്നുചെടി.

കൊടിയിടുക-വെററിലക്കൊടിയ്ക്കു കൊടിയായി നടുക.

കൊടിയിറക്കുക-കൊടിമരത്തിൽനിന്നു കൊടിക്കൂറ താഴത്താക്കുക.

കൊടിയേറുക-കൊടിമരത്തിന്റെ മുകളിലേക്കു കൊടിക്കൂറ കയററിവിടുക.

കൊടിയേററ്-ഉത്സവം.

കൊടിവശള-ഒരുവകചീര. പൎയ്യായം-കളംബി.

കൊടിൽ - തീയിൽനിന്നെടുക്കുന്നതിനും മററുമുള്ള ഒരിരിമ്പുസാധനം.

കൊട്ട്, കൊട്ടം-വി. ൧. ക്രൂരതയുള്ള. ൨. വലുതായ. ൩. ഭയങ്കരമായ.

കൊട്ടക്കൽ-കൊട്ടുക്കുക.

കൊട്ടക്കൽവാങ്ങൽ-പലിശക്കു കൊടുക്കുകയും വാങ്ങിക്കുകയും, ഇടപാട്.

കൊട്ടക്കാപ്പുള്ളി-ഒരു വൃക്ഷം കടമ്പുളി, പിണരിൻപുളി.

കൊട്ടക്കുക-വല്ലതും സമ്മാനമായിട്ടോ വിലയ്ക്കായിട്ടോ മറെറാ മറെറാരുവൻെറ പക്കൽ ഏല്പിക്കുകയും മററും ചെയ്യുക, നല്കുക, ഏല്പിക്കുക. [കാം. ക്രി. കൊടുപ്പിക്കുക].

കൊട്ടം-വി. വലിയ, ഭയങ്കരമായ.

'കൊട്ടംകാട്ടിൽകിടന്നുഴലുംപോലെയും'
(ചാണക്യസൂത്രം)

കൊട്ടംകൈ-൧. കഠിനപ്രവൃത്തി. ൨. കിടക്കുമ്പോഴോ മററും തലയിൽ ചേൎക്കുന്നതിനായിട്ടു മടക്കുന്ന വലച്ചകൈ.

'പച്ചസ്സൌഖ്യപടക്കിടക്കയിൽമൃദം-
മന്ദം കൊട്ടമതംകപതി . . . '
(കനകലതാനാടകം)

കൊട്ടംകാററ്-വലിയ കാററ, ഭയങ്കരമായകാററ്. പൎയ്യായങ്ങൾ-പ്രകമ്പനം, മഹാവാതം,

കൊട്ടങ്ങ-വാങ്ങിയത്തിൽനിന്നു ഉത്തരത്തിലേയ്ക്കു കൊടുക്കുന്ന മരം. [വാങ്ങിയം, വാങ്ങ്യം=പുരയ്ക്കു വിസ്താരം കൂട്ടുന്നതിനുവേണ്ടി വെയ്ക്കുന്ന വാരയുത്തരം.

കൊട്ടയ്-വലുത്, ഭയങ്കരം

കൊട്ടത്തുവ്വ-തൊട്ടാൽ ചൊറിയുന്ന ഒരു പച്ചമരുന്ന്. പൎയ്യായങ്ങൾ -യാസം, യവാസം, ദുസ്പൎശം, ധന്വയാസം, കനാശകം, രോദനി, കച്ഛുരാ അനന്താ, സമുദ്രാന്താ, ദുരാലഭാ.

കൊട്ടംതൊഴുത്ത്-ഇടകറഞ്ഞ തൊഴുത്തു. ഇടുക്കുകൂട്.

കൊട്ടപ്പം-കടപ്പം, ഭയങ്കരത്വം, ഭയങ്കരത.

കൊട്ടമ-കടുപ്പം, ഭയങ്കരത്വം, ഭയങ്കരത.

കൊട്ടംപിരി-ക്രമക്കേടായി അധികമുള്ള പിരി.

കൊട്ടമുടി-മലയുടെ ശിഖരം. പൎയ്യായങ്ങൾ-കൂടം, ശിഖരം, ശൃംഗം.

കൊട്ടവാൾ-ഒരുമാതിരി വെട്ടുകത്തി.

കൊട്ടവേലി-ഒരുവക പച്ചമരുന്ന്. ൧. ചെത്തിക്കൊട്ടവേലി. ൨. തുമ്പക്കൊട്ടവേലി. ൩. നീലക്കൊട്ടവേലി. പൎയ്യായങ്ങൾ-പാഠീ, ചിത്രകം, വഹ്നിസംജ്ഞകം.

[വാതം, കഫം, വീക്കം, കൃമി, കഷ്ടം, ചുമ, അൎശസ്സ്, ഗ്രഹണി, ചൊറി, മഹോദരം, പ്ലീഹ ഇവയ്ക്കു നന്ന്. അഗ്നിയെ വൎദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. വെളുപ്പ്, ചെമപ്പ്, കറുപ്പ്, മഞ്ഞൾ ഈ നിറങ്ങളിൽ പൂവുള്ളതായി നാലുതരമുണ്ട്. ശുദ്ധിചെയ്യണം. ഉണക്കി ഉപയോഗിക്കുക നന്ന്. സം-ചിത്രകം. തമി-ചിത്തിരമൂലം. ഇംഗ്ലീ-Plumbago rosea പ്ലംബേഗോ റൊസിയാ].

കൊട്ടരം-ക്രൂരഭാവം

കൊട്ട്-൧ വാദ്യങ്ങളെ കോലുകൊണ്ടു ശബ്ദിപ്പിക്കു. ൨. വടികൊണ്ടു തല്ലുക. ൩. കിഴുക്കുക.

കൊട്ട-വി. ഉണങ്ങിയ മരം, കൊട്ടപ്പാക്ക്. കൊട്ടത്തേങ്ങ ഇത്യാദി.

കൊട്ട-൧. ഓട്ടയും മററുംകൊണ്ട് ഉണ്ടാക്കുന്ന ഒരുമാതിരി പാത്രം, കുട്ട. [തെക്കൻദിക്കിൽ ഈ പദം ഗ്രാഹ്യമാണ്. അവിടങ്ങളിൽ 'കുട്ട' എന്നു പറഞ്ഞുവരുന്നു]. പൎയ്യായങ്ങൾ-കാണ്ഡോലം, പിടം. ൨. വൃഷണം.

കൊട്ടക്കോരിക- വെള്ളംകോരുന്നതിനു മരമോ ചെമ്പോ മറ്റോ കൊണ്ടുണ്ടാക്കിയ ഒരുമാതിരി പാത്രം.

കൊട്ടടയ്ക്കാ-ഉണങ്ങിയ പാക്ക്.

കൊട്ടണത്തരി-ഉണക്കില്ലാത്ത മുഴുത്തയരി, അവസ്ഥയാത്ത അരി.

കൊട്ടണം-കൊട്ടണത്തരി.

കൊട്ടത്തളം-കരിങ്കല്ലുകൊണ്ടു കിണററിനടുത്തുണ്ടാക്കുന്ന തളം, തളക്കല്ല്.

കൊട്ടത്തളം-ഇഷ്ടിക മുതലായതുകൊണ്ടു കിണററിന്റെ മുഖം ബന്ധിക്കപ്പെടുന്നത്, പര്യായം-വീനാഹം.

കൊട്ടത്തേങ്ങാ-ഉണങ്ങിയ തേങ്ങാ

കൊട്ടപ്പാട്ട്-പറമ്പിന്റെ അതിരായുള്ള കൈയാലയുടെ അരിക്.

കൊട്ടപ്പാലാ - ഈററകൊണ്ടുണ്ടാക്കുന്ന ഒരുമാതിരി വള്ളം.

കൊട്ടമണ്ണ്-ഒരു കൊട്ടയിൽ കൊള്ളുന്ന മണ്ണ്.

കൊട്ടം-ഒരങ്ങാടിമരുന്ന്, പര്യായങ്ങൾ-വ്യാധി, കുഷ്ഠം, പാരിഭാവ്യം, വാപ്യം, പാകലം, ഉൽപലം.

[വാതം, വിഷം, വിസർപ്പം, വാതരക്തം, വായുമുട്ടൽ, ചുമ, ചൊറി, ചിരങ്ങ്, കഫം, കുഷ്ഠം, മൂത്രമേഹം, തലവേദന, ഇക്കിൾ, രക്താലസം, ചർദ്ദി ഇവയ്ക്കു നന്ന്. കണ്ണിനു ഹിതം. സ്വരം നന്നാക്കും. തമിഴിൽ-കൊട്ടം. ഇംഗ്ലീ-Costus root. കൊസ്റ്റസ് റൂട്ട്. കൊട്ടം അധികമായുണ്ടാകുന്നതു സിന്ധുനദിതീരങ്ങളിലാണ്. മാൻ കൊമ്പിന്റെ ആകൃതിയിൽ പാമ്പിൻപുറം ചെറുകരളുകൾ പൊട്ടിയിട്ടില്ലാത്തതു നന്ന് ഉപയോഗിക്കേണ്ടതാണ്. കൊട്ടം അരച്ചു പുറമേ പിരട്ടിയാൽ വാതവ്യാധിയെ ശമിക്കും]

കൊട്ടയാട്ടക-പ്ര. കടയുക, കലുങ്ങുക. ദ്വി. ഞെരുങ്ങുക, പ്രയാസപ്പെടുക [സം. ക്രി. കൊട്ടയാട്ടുക].

കൊട്ടയാട്ടം-പ്ര. കടക്കം ദ്വി. ഞെരുക്കം, ബുദ്ധിമുട്ട്.

കൊട്ടവൻ(ആല)-ചെമ്പുകൊട്ടി.

കൊട്ടാരം-പ്ര. രാജാക്കന്മാരുടെ രാജധാനി ദ്വി. ക്ഷേത്രത്തിലെ വകയായ ഭവനം.

കൊട്ടി-പ്ര. ജലത്തിലുള്ള ഒരു ചെടി. ദ്വി. ചില സ്ത്രീകൾ കഴുത്തിൽകെട്ടുന്ന ഒരാഭരണം. തൃ. കാളയുടെ കഴുത്തിൽകെട്ടുന്ന ഒരു വസ്തു.

കൊട്ടിക്കിഴങ്ങ്- വെള്ളത്തിലുണ്ടാകുന്ന ഒരുമാതിരി ചെടിയുടെ കിഴങ്ങ്.

കൊട്ടിക്കൊല്ലം-ചന്ദ്രഗിരിക്കടുത്തു മലബാറിന്റെ വടക്കേയറ്റത്തുള്ള പണ്ടത്തെ ഒരു പട്ടണം.

കൊട്ടിച്ചിരിക്കുക-കൈപ്പടങ്ങൾ യോജിപ്പിച്ചും ശബ്ദിപ്പിച്ചുംചിരിക്കുക, കൈകൊട്ടിച്ചിരിക്ക.

കൊട്ടിച്ചോരിയുക-കടഞ്ഞിടുക.

കൊട്ടിത്തെളിക്കുക-തോരാതെയുണ്ടാവുക.

കൊട്ടിത്തെളിപ്പ്-തോരമഴ.

കൊട്ടിപ്പാട്ട് - കൊട്ടുമ്പോൾ കൂടെയുള്ള പാട്ട്.

കൊട്ടിയമ്പലം -വഴിയിലും മററും അതാതേടത്തു കെട്ടുന്നതുള്ള (ചെറിയ)വഴി. കൊട്ടിയം=(തമിഴ്)-കാവൽ].

കൊട്ടിയാൽ ...ക്കുക-വിളംബരം അറിയിക്കുക

കൊട്ടിൽ-പ്ര. കമ്മാളന്മാരുടെയും മററും വീട്. ദ്വി. കട്ടിൽ. തൃ. തൊഴുത്ത.

'കൊട്ടിലിലെ കാറിച്ചുണ്ണോത'
(ഭക്തിസിന്ധാധാരം ഉണ്ണായി)
[തൊട്ടംപുര എന്നർത്ഥം].

കൊട്ടുക-ക്രി. വാദ്യങ്ങൾ അടിച്ചു ശബ്ദിപ്പിക്കയും തല്ലുകയും മററും ചെയ്യുക. വ. മുട്ടിയടയുക [കാ. ക്രി. കൊട്ടിക്കുക].

കൊട്ടുകാൽ-നടക്കുമ്പോൾ തമ്മിൽ കൂട്ടിമുട്ടുന്ന കാൽ.

[തമ്മിൽ ഏററവും അടുപ്പമുള്ള മുട്ടുകളോടുകൂടിയവനു പര്യായങ്ങൾ - സംജ്ഞു, സംഹതജാനുകൻ].

കൊട്ടുകാരൻ-കൊട്ടുന്നവൻ.

കൊട്ടുകോൽ-വാദ്യങ്ങളിൽ കൊട്ടുവാനുള്ള കയ്യ്, കൊട്ടുകയ്യ്.

കൊട്ടുതടി, കൊട്ടുപിടി-ആശാരിയുടെ പണിക്കോപ്പുകളിൽ ഒന്ന്.

കൊട്ടുപണി-ചിപ്പുളിയും മററും കൊണ്ടുള്ള പണി.

കൊട്ടുമാരയാൻ-കൊട്ടുന്ന ഒരു ജാതിക്കാരൻ.

കൊട്ടുമുഴക്കം-വാദ്യത്തിൻെറ ഘോഷം.

കൊട്ടുവടി-കൊട്ടുകോൽ

കൊട്ടുവെള്ളം-ചോട്ടുവെള്ളം, വൃക്ഷങ്ങളിൽനിന്നും വീഴുന്ന മഴവെള്ളത്തുള്ളി.

കൊട്ടോട്-വെള്ളോട്.

കൊണിച്ചം-അററം, മൂല.

കൊണ്ട-ക്രി. സ്ത്രീകൾ (ഒരു വശത്തേയ്ക്കു) കെട്ടിവെച്ച തലമുടി. വ. കേശപാശം.

കൊണ്ടർ-പർവ്വതവാസികൾ.

കൊണ്ടൽ-ക്രി. മേഘം വ. ചാമ തിന മുതലായ കൃഷി.

കൊണ്ടൽകോൾ-മഴക്കാറ്.

'കൊണ്ടൽക്കോളാൽ കലിതകുതുകം പീലിയെല്ലാം പരത്തി'
(മയൂരസന്ദേശം)

കൊണ്ടൽവർണ്ണൻ-ശ്രീകൃഷ്ണൻ. മേഘനിറമുള്ളവൻ എന്നർത്ഥം.

കൊണ്ടവാറു-അ. വാഞ്ഛിച്ചപ്രകാരം.

കൊണ്ടൽവേണി-അധികം കറുത്ത തലമുടിയുള്ളവൾ, സുന്ദരി.

കൊണ്ടററി-ചില കളികൾക്കു തറയിൽ ഇടുന്ന (ചെയ്യുന്ന) അടയാളം.

കൊണ്ടാടുക-ക്രി. ആദരിക്കുക. വ സന്തോഷിക്കുക, വാഴ്ത്തുക. ന. സ്തുതിക്കുക. ര. സന്തോഷിച്ചു തലകുലുക്കുക.

കൊണ്ടാട്ടം-ക്രി. സ്തുതി, പ്രശംസ. വ. ആദരിച്ചും സന്തോഷിച്ചുമുള്ള തലകുലുക്കൽ. ന. വത്തൽ, ഉപ്പേരി വറുക്കുന്നതിനു കമ്പളങ്ങ മുതലായതു നറുക്കി ഉപ്പിലിട്ടുണക്കിയത്. ര. മുതിരയും മററും കൊണ്ടുണ്ടാക്കുന്ന ഒരു കറി.

കൊണ്ടി-വി. ഇണക്കമില്ലാത്ത, അനുസരണമില്ലാത്ത.

കൊണ്ടി-ക്രി. സ്ത്രീകൾ കഴുത്തിൽകെട്ടുന്ന ഒരാഭരണം.

[ഇതു ചെറിയ താലിപോലെയിരിക്കും-പക്ഷേ താലിയുടെ തല ഇതിനുണ്ടായിരിക്കയില്ല. ഇപ്പോൾ അധികമായി ഉപയോഗപ്പെടുത്തിവരുന്നതു നായർ സ്ത്രീകളാണ്].

വ. പശു കറപ്പിക്കാതെ ഇരിക്കുന്നതിനു ചെയ്യുന്ന ഒരു ക്ഷുദ്രം. [ക്രിയ-കൊണ്ടിയിടുക].

കൊണ്ടിരിക്കുക-ക്രി. ചേർന്നിരിക്കുക. വ. കൈവശത്തിലിരിക്കുക.

കൊണ്ടിലാൻ-ഒരു ചെറിയ പക്ഷി.

കൊണ്ടിളക്കുക-ആയുധങ്ങളോ മററോ കൊണ്ടുകേററ മറവശത്തു കടക്കുക.

കൊണ്ടു-അ. തൃതീയ വിഭക്തിയുടെ അർത്ഥത്തിനായിട്ടു ചേർക്കുന്ന ഒരവ്യയം.

കൊണ്ടുചാടുക - വേഗത്തിൽ എടുത്തു കൊണ്ടുപോവുക.

കൊണ്ടുനടക്കുക-ക്രി. കൊണ്ടുപോവുക. വ. എടുത്തുംകൊണ്ടു സഞ്ചരിക്കുക, ചുമക്കുക ന. പ്രസിദ്ധമാക്കുക. ര. മോഷ്ടിച്ചു കൊണ്ടുപോവുക.

കൊണ്ടുപിടിക്കുക-ക്രി. തമ്മിൽചേർന്നുപൂട്ടുക, കൂടിപ്പററുക. വ. നല്ലവണ്ണം ഉത്സാഹിക്കുക ന. അധികമാവുക.

കൊണ്ടുപിടിത്ത -ഫ. തമ്മിൽചേൎന്നു പ്പൂക. വ. നല്ലവണ്ണമുള്ള ഉത്സാഹം. ന. അധികത.

കൊണ്ടുരസിക്കുക - നല്ലവണ്ണംമനസ്സിൽ കൊള്ളുകനിമിത്തം അധികം സന്തോഷിക്കുക.

കൊണ്ടേറുക - അസ്ത്രമോ മുള്ളോ മറ്റൊ കൊണ്ടുകേറിയതു തിരിയെ ഇറങ്ങുക.

കൊണ്ടൊഴിയുക - എടുത്തുകൊണ്ടു മാറി പ്പോവുക.

കൊണ്ടോടി - സൂചി.

കൊത - കത, തെങ്ങു മുതലായവയിൽ കയറുന്നതിനും വല്ലതും ഒന്നിച്ചു ചേൎക്കുന്നതിനും മറ്റും എളുപ്പത്തിനുവേണ്ടി അല്പം വെട്ടിയെടുത്തുകളക.

കൊതം - ഇട.

കൊതി - ഫ. ആഗ്രഹം. വ. ഭക്ഷിച്ചതു ദഹിക്കാഞ്ഞാലുണ്ടാകുന്ന ഒരു ദീനം.

കൊതിക്കൂട്ടുക - കൊതി ഏൽക്കുക.

കൊതിക്കുക - ആഗ്രഹിക്കുക.

കൊതിത്തരം - കൊതിയുള്ളവൻ്റെ ശീലം.

കൊതിനം - ഫ. ഇഞ്ചിയുടേയും മറ്റും പുറത്തെ തൊലി. വ. നറുക്ക്, ശകലം.

കൊതിപ്പുല്ല് - ഒരുമാതിരി പുല്ല്.

കൊതിപ്പേട് - ഭക്ഷിച്ചതു ദഹിക്കാഞ്ഞാലുണ്ടാകുന്ന ഏമ്പക്കം.

കൊതിമണം - അജീൎണ്ണത്തിലുണ്ടാകുന്ന ഏമ്പക്കത്തിൻ്റെ നാററം (ദുൎഗ്ഗന്ധം)

കൊതിയൻ - ഫ കൊതിയുള്ളവൻ, ഭോജനപ്രിയൻ. വ ഒരുവക മത്സ്യം.

കൊതിവെല്ലുക - ഒരുവൻ കണ്ടു കൊതിച്ച വസ്തു ഭക്ഷിക്കുകകൊണ്ടു ദീനംവരുക.

കൊതുക് - പറക്കുന്ന ഒരുവക ചെറിയ പ്രാണി.

വീടുകളുടെ പുറങ്ങളിൽ മഞ്ഞളും യം തേച്ചു പിടിപ്പിക്കയും ഗൃഹങ്ങൾക്കു പുറം ഗുഗ്ഗുലുസിദ്ധം പിടിപ്പിക്കയും ചെയ്താൽ കൊതുകുകളുടെ ഉപദ്രവം ഇല്ലാതെയിരിക്കും.

കൊത്തുകൊത്തുക - പല്ലുകടിക്കുക.

കൊത്തമ്പ് - ഫ. തെങ്ങിൻപൂക്കുലയുടെ പുറമെയുള്ള പോള. വ. പനൽക്കതിരിൻ്റെ പുറമെയുള്ളതു്.

കൊത്ത് - ഫ. പക്ഷികളുടെ ചുണ്ടുകൊണ്ടുള്ള പ്രവൃത്തി. വ. വെട്ടുകത്തി, കത്തി മുതലായവകൊണ്ടു പലുകെ വെട്ടുക. ന. വെട്ട്. ദ. തെങ്ങാമുതലായതിൻ്റെ ചപ്പറുടുത്താൽ ശേഷിപ്പുള്ളതു്; പിഴിഞ്ഞെടുക്കമ്പോഴുണ്ടാകുന്ന പിശട്ട്. ഇ. പാമ്പിൻ്റെ കടി. ന. കല്ല് മരം മുതലായതിൽ പണിതുണ്ടാക്കിയ ചിത്രം. ര. പലുകെ കിളയ്ക്കുക. ല. തെങ്ങാപ്പൂള മുതലായ ചില കഷണം. ൻ. കൊത്തിപ്പണിക. ഫ. പൂങ്കൊത്ത്, പൂക്കളുടേയോ തളിരുകളുടേയോ കൂട്ടം (കുല).

കൊത്ത - വി. മൂക്കാത്ത. ഉ-ം, കൊത്തച്ചക്ക.

കൊത്തൻ - ധാന്യങ്ങളെ നശിപ്പിക്കുന്ന ഒരുവക പുഴ.

കൊത്തമ്പാലരി - മരുന്നാടിമരുന്ന്. പൎയ്യായങ്ങൾ - ഛത്രാ, വിതുന്നകം, കുസ്തുംബുരു, ധാന്യാകം.

[ത്രിദോഷം, തണ്ണീർദാഹം, ജ്വരം, ചുട്ടുനീറൽ, ചൂട്, ഛൎദ്ദി, കൃമി, മെലിവ്, രക്താതിസാരം, അൎശസ്സ്, വായു മുതൽ ഇവകളെ നാശം. കണ്ണിനു ഹിതം. രുചിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. ഇതുകിട്ടാതെവന്നാൽ പകരം ശതകുപ്പ ചേൎക്കാം. സംസ്കൃതത്തിൽ - ധാന്യകം. തമിഴിൽ - കൊത്തമല്ലി. ഇംഗ്ലീഷിൽ - Coriander seed കൊറിയാണ്ഡർ സീഡ്].

കൊത്തമരം - ഒരുമാതിരി വള്ളിപ്പയറ്.

**കൊത്തമല്ലി**-൧. കൊത്തമ്പാലരി. ൨. ഒരു ദേവി, ഭദ്രകാളി.

**കൊത്തരക്കല്ല്**-ശംഖിയില്ലാത്തതും മുനയുള്ളതുമായ കല്ല്.

**കൊത്തൽ**-കൊത്തുക

**കൊത്തവാറ**-(കൊത്തുവാറ നോക്കുക)

**കൊത്തളം**-൧. കോട്ടയുടെ മുകളിലുള്ള വെടിപ്പഴുത്, തോക്കുവെയ്ക്കുന്നതിനുള്ള ദ്വാരം. ശത്രുക്കളുടെ വരവിനെ ദൂരത്തുന്നേ നോക്കി ഗ്രഹിക്കുന്നതിനും അവരെ തടുക്കുന്നതിനുമായി രാജധാനിയോടു ചേർത്തു പണിയുന്നതു, പട്ടണത്തിൻെറ അതിർത്തികളിലും മററും ഉയരത്തിൽ കെട്ടിയുണ്ടാക്കുന്ന തെരുവു മണ്ഡപം. പര്യായങ്ങൾ-അട്ടം, ക്ഷൌമം.
[ഇതിൽ എല്ലാ യുദ്ധസാമഗ്രികളും രാജഭടന്മാരും എല്ലാപ്പൊഴും തയാറായിരിക്കും].
൨. മരത്തൊട്ടി.

**കൊത്തി**-൧. തോക്കിൻെറ കൊത്തിക്കുന്ന സാധനം. ൨. മഴു.

**കൊത്തിനിരത്തുക**-അല്പമായിട്ടു കിളച്ചു നിലം നിരപ്പാക്കുക.

**കൊത്തിപ്പിരിക്കുക**-പക്ഷികൾ മുട്ടയിൽനിന്നു കുഞ്ഞുങ്ങളെ വേർതിരിക്കുക, പക്ഷികൾ പ്രായംചെന്ന കുഞ്ഞുങ്ങളെ വേർതിരിക്കുക.

**കൊത്തിയെടുക്കുക**-൧. പതുക്കെ വെട്ടിയെടുക്കുക. ൨. പക്ഷിയോ മററൊ ചുണ്ടുകൊണ്ടെടുക്കുക.

**കൊത്തിവലിക്കുക**-പക്ഷിയും മററും ചുണ്ടുകൊണ്ടു പിടിച്ചിഴയ്ക്കുക.

**കൊത്തിവിരിക്കുക**-പക്ഷികൾ മൊട്ടകളിൽനിന്നു കുട്ടികളെ വേർതിരിക്കുക.

**കൊത്തിവിളിക്കുക**-പിടക്കോഴി കുഞ്ഞിനെ വിളിക്കുക.

**കൊത്തിറ, കൊത്തിൾ**-ഒരുവക പക്ഷി.

**കൊത്തുക**-൧. പക്ഷി ചുണ്ടുകൊണ്ടു പ്രവർത്തിക്കുക. ൨. വെട്ടുകത്തി കത്തി മുതലായവകൊണ്ടു പതുക്കെ വെട്ടുക. ൩. വെട്ടുക. ൪. പാമ്പുകടിക്കുക. ൫. പതുക്കെ കിളയ്ക്കുക. ൬. കൊത്തിപ്പണിക. ൭. കല്ലു മരം മുതലായവയിൽ ചിത്രം പണി ഉണ്ടാക്കുക. ൮. ചക്കയെയും വാഴത്തടയെയും മററും ചെറുതാക്കി നുറുക്കുക. [സ. ക്രി. കൊത്തിക്കുക.]

**കൊത്തുകരു**-കൊത്തിപ്പണിയുന്നതിനുള്ള ഉളി.

**കൊത്തുപണി**-കരിങ്കല്ലിലും ആനക്കൊമ്പിലും മററും കൊത്തിയുണ്ടാക്കുന്ന ചിത്രം.

**കൊത്തുവരള**-ഒരുവക ചീര. പര്യായം-ഉപോദകി.

**കൊത്തുവാൽ(ൾ)**-ചില ചന്തകളിലെ ഒരു വിചാരിപ്പുകാരൻ, ഒരു ഉദ്യോഗസ്ഥൻ. [പൊർട്ടുഗീസ് ഭാഷ].

**കൊന്ത**-൧. ഒരു വൃക്ഷം ൨. കൊന്തക്കുരുകൊണ്ടുള്ള മാല.

**കൊനഷ്ടം, കനിഷ്ഠം, കനഷ്ടം**-വൈഷമ്യം, പ്രയാസം.

**കൊന്തൻപല്ല്, കൊന്തറപ്പല്ല്**-ഭംഗികേടായിട്ടു ചരിഞ്ഞോ പൊങ്ങിയോ ഇരിക്കുന്ന പല്ല്.
[കൊന്തപ്പല്ലൻ എന്നതിനു പര്യായം-കരാളൻ].

**കൊന്തൻപുല്ല്**-ഒരുമാതിരി പുല്ല്.

**കൊന്തമണി**-കൊന്തയുടെ കുരു.

**കൊന്ന**-വി. അധികം വയസ്സായി കായ്ക്കുന്ന സമയംകഴിഞ്ഞു നില്ക്കുന്ന.

**കൊന്ന**-ഒരു വൃക്ഷം. പര്യായങ്ങൾ-ആരഗ്വധം, രാജവൃക്ഷം, ശമ്പാകം, ചതു

ടംഗ്ഗം, ആരേവതം, വ്യാധിഘാതം, കൃതമാലം, സുവൎണ്ണകം.

കൊന്നച്ചൂട്ടംപൂരാൻ-ശിവൻ.

കൊന്നത്തെങ്ങ്-കായ്ക്കാതെ വലുതായി നില്ക്കുന്ന തെങ്ങ്.

കൊന്നി-കവിൾ.

കൊപ്പ്-ചിലജാതി സ്ത്രീകൾ മേൽക്കാതിലിടുന്നതിൽ ഒരാഭരണം.

കൊപ്പം-കാട്ടാനയെ പിടിക്കുന്ന കുഴി. വ. അപകടം.

കൊപ്പര, കൊപ്ര-ഉണങ്ങിയ തേങ്ങാ.

കൊപ്പിളിക്കുക-കവിൾ കൊള്ളുക, കുലുക്കുഴിയുക.

'കടുകടേ വരും രുധിരംകൊപ്പിളിച്ചുടൽതപാടിയവേ ചവിട്ടിയും തമാ'
(പാതാളരാമായണം)

കൊപ്പുൾ-പൊക്കിൾ.

കൊമ-ഫ. കവിൾ. വ. അടി, തല്ല്.

കൊമ്പ്-ഫ. കാളയുടെയും മറ്റും തലയിൽ കാണുന്ന കൊമ്പ്. വ. ആനയുടെ വായിലെ കൊമ്പ്. ന. കുഴൽ, ഊതുന്നതിനുള്ള ഒരു വളഞ്ഞ വാദ്യം. ൪. മരത്തിന്റെ ശിഖരം. ൫. പല്ലക്കിന്റെ തണ്ട്.

കൊമ്പനാന-ആണാന, കൊമ്പുള്ള ആന.

കൊമ്പൻനൈ-എരിമരുന്ന്.

കൊമ്പൻ-ഫ. കൊമ്പനാന. വ. നട്ടപ്പീനം. ന. ഒരു മത്സ്യം. ൪. ഉറുക്കാരൻ.

[കൊമ്പൻമീൻ വാതത്തെ ശമിപ്പിക്കും. രുചികരമാണ്. സംസ്കൃതത്തിൽ-ശൃംഗി. ഇംഗ്ലീ-(Sheat-fish) ഷീറ്റ്ഫിഷ്].

കൊമ്പൻചിറാക്-ഒരുവക മത്സ്യം.

കൊമ്പി-പശു എരുമ പെണ്ണാട് മുതലായ കൊമ്പുള്ള മൃഗസ്ത്രീകൾ. വ. ഒരു മത്സ്യം.

കൊമ്പിക്ക-കോപിക്ക.

കൊമ്പുകാരൻ-കൊമ്പ് എന്നുള്ള വാദ്യത്തെ ഊതുന്നവൻ.

കൊമ്പേറിമൂക്കൻ-മരത്തിന്റെ കൊമ്പുവഴി സഞ്ചരിക്കുന്ന ഒരുവക പാമ്പ്.

കൊയിത്ത്-അറപ്പ്, നെല്ലും മറ്റും വിളഞ്ഞാൽ ചെത്തിയെടുക്കുക.

കൊയിത്തരിവാൾ-നെല്ല്, ചാമ മുതലായവ കൊയ്യുന്നതിനുള്ള കത്തി.

കൊയിത്താൾ-കൊയ്യുന്നവർ.

കൊയിത്തുകാരൻ-കൊയ്യുന്നവൻ.

കൊയിത്തുകൂട്ടുക-കൊയ്ത്തുകഴിയുക.

കൊയിത്തുപിടിക്കുക-കൊയ്തുതുടങ്ങുക.

കൊയ്യുക-നെല്ലു മുതലായ ധാന്യങ്ങൾ ചെത്തിയെടുക്കുക. [കാ. ക്രി. കൊയ്യിക്കുക]. പൎയ്യായങ്ങൾ-ലവം, അഭിലാവം, ലവനം.

കൊല-കൊല്ലുക.

കൊലക്കളം-കൊല്ലുന്ന സ്ഥലം.

കൊലക്കുറ്റം-വല്ല ആളെയും കൊന്നാലുള്ള ശിക്ഷ.

[വാറണ്ടുകൂടാതെ പിടിക്കാം. ജാമ്യം വാങ്ങേണ്ടയക്കണം. ജാമ്യം എടുക്കുകൂടാ, രാജിയായിക്കൂടാ. മരണശിക്ഷയോ ജീവപൎയ്യന്തം തടവും പിഴയുമോ വിധിക്കണം. വിസ്താരം സെഷ്യൻ കോടതി. ശി. നി. വകുപ്പ് ൩൦൨].

കൊലച്ചോറ്-കൊല്ലുന്നതിനു കൊണ്ടുപോകുമ്പോൾ കുറ്റക്കാരനു കൊടുക്കുന്ന ചോറ്.

കൊലത്തീർപ്പ്-കൊല്ലുന്നതിനു കോടതി ചെയ്യുന്ന വിധി.

കൊലനിലം-കൊലചെയ്യുന്ന സ്ഥലം.

കൊലപാതകൻ-കൊലചെയ്യുന്നവൻ.

കൊലപാതകം-ന. കൊല, വ. കൊലചെയ്യാലുള്ള പാപം.

കൊലപ്പല്ല്-വ്യാഘ്രത്തിന്റെയും മററും വലിയ പല്ല്.

കൊലപ്പാമ്പ്-വയററിലുള്ള വെര.

കൊലമാല-കൊലക്കററം ചുമത്തപ്പെട്ടവനിടുന്ന മാല.

കൊലയാന-കൊല്ലുന്ന ആന.

കൊലവില്ല്-കൊലചെയ്യാനുള്ള വില്ല്.

കൊലവിളി-ന. മരണത്തിന്ന മുമ്പു പുറപ്പെടുവിക്കുന്ന വലിയ ശബ്ദം. വ. കൊല്ലുന്നസമയത്തുള്ള നിലവിളി.

കൊല്യ-ന. ദാസവൃത്തി, രാജശുശ്രൂഷ, വ. ഐശ്വര്യം, അഭിവൃദ്ധി.

കൊല്യമ - അതിശയം, ആഡംബരം. കൊലുമ 'കൊലു' എന്ന ധാതുവിൽ നിന്നു തന്മാത്രരൂഢിതൻ.

'കാന്തിക്കാതൽ കൊലുമ കലരും
കഞ്ജനേത്രന്റെ ബിംബം'
(മയൂരസന്ദേശം)

കൊലുപ്പ്-ഭാഗ്യം.

കൊലുസ്സ്-(നായർ ബാലികമാർ) കാലിൽ ഇടുന്നതും വെള്ളിയിൽ ചെയ്യപ്പെടുന്നതുമായ ഒരാഭരണം. വ. ബ്രാഹ്മണസ്ത്രീകൾ കൈയിൽ ഇടുന്നതിനായി പൊന്നുകൊണ്ടു മുടവുപോലെ തീപ്പിക്കുന്ന ഒരാഭരണം.

കൊല്ലു-ചിറ, മട, ചെറിയ തോട്.

കൊല്ലക്കുടി-കൊല്ലന്മാരുടെ വീട്ടിൻ കൂട്ടം, കൊല്ലന്റെ ആല.

കൊല്ലക്കുറിപ്പ്- തോൽകൊണ്ടു വേല ചെയ്യുന്ന ഒരു ജാതിക്കാരൻ.

കൊല്ലത്തി-കൊല്ലന്റെ സ്ത്രീ.

കൊല്ലൻ-ഇരിമ്പു പണിയുന്ന ഒരു ജാതിക്കാരൻ.

കൊല്ലമുളക്-ഒരുമാതിരി വലിയമുളക്; കപ്പമുളക്.

കൊല്ലം-ആണ്ടു, സംവത്സരം. വ. ഒരു ദേശം, തിരുവിതാംകൂറിലെ ഒരു താലൂക്ക്.

[കൊല്ലവർഷാരംഭം - കലിവർഷം നൻവന്ദ-ന ക്രിസ്ത്വാബ്ദം വ്വവ൧-ൽ തിരുവിതാംകൂറിൽ രാജ്യഭാരംചെയ്തിരുന്ന ഉദയമാർത്താണ്ഡവർമ്മരാജാവു വടക്കൻ കൊല്ലത്തു എഴുന്നള്ളി കേരളത്തിലേ സകല വിദ്വാന്മാരെയും വരുത്തി സൂർയ്യന്റെ ഗതി കണക്കുകൂട്ടി നോക്കി ചിങ്ങമാസം ൧-ാംനു- മുതൽ ഒരു പുതിയ വർഷം നിശ്ചയിച്ചു. അതിന്നു കൊല്ലവർഷം എന്നു പേർ. ഈ മഹാരാജാവു കൊല്ലം ൫-ാം ആണ്ടിൽ നാടുനീങ്ങി. കൊല്ലവർഷാരംഭവത്സരമായ വ്വവ൧-ാം വർഷത്തോടു ഏകദേശമടുത്താണു പെരുമാക്കന്മാരുടെ വാഴ്ച അവസാനിച്ചതും ശ്രീ ശങ്കരാചാർയ്യസ്വാമി അവർകൾ അവതരിച്ചു ദിഗ്ജയംചെയ്തു അദ്വൈതശാങ്കരമതം സ്ഥാപിച്ചതും. ഈ രണ്ടു സംഗതികളിൽ ഒന്നിന്റെ സ്മാരകമായിട്ടാണു കൊല്ലവർഷം എന്നൊരു ശബ്ദം ആരംഭിച്ചതു എന്നു പ്രബലമായ അഭിപ്രായമുണ്ട്].

കൊല്ലവർഷം-ആണ്ടു.

കൊല്ലാക്കൊല-ക്രമത്തിലധികം വേദനപ്പെടുത്തുക; കൊല്ലാതെ കൊല്ലുക.

കൊല്ലായ്ക-നക്ഷത്രം.

കൊല്ലായി - വരമ്പിന്റെ പൊട്ടൽ, ഉടവ്.

കൊല്ലി-ന. കൊല്ലുന്നവൻ. വ. ഒരുമാതിരി തുമ്പ, കുന്താണി. ന. മൂല.

കൊല്ലുക-ന. ശരീരത്തിൽനിന്നു ജീവനെ കളയുക. പര്യായങ്ങൾ-പ്രമാപണം,

നിഷ്ഹരണം, നികരണം, നിശരണം, പ്രവാസനം, പരാസനം, നിഷൂദനം, നിഹിംസനം, നിർവാസനം, സംജ്ഞപനം, നിർഗ്രന്ഥനം, അപാസനം, നിസ്തർഹണം, നിഹനനം, ക്ഷണനം, പരിവർജ്ജനം, നിർവ്വാപണം, വിശസനം, മാരണം, പ്രതിഘാതനം, ഉദ്വാസനം, പ്രമഥനം, ക്രഥനം, ഉജ്ജാസനം, ആലംഭം, പിഞ്ജം, വിശരം, ഘാതം, ഉന്മാഥം, വധം. വ. പഴയ പായ് പരമ്പു മുതലായവയെ നന്നാക്കുക. [സം. ക്രി. കൊല്ലിക്കുക].

കൊവിട്ട്-കവിറ.

കൊവ്വംപറക്ക-കട്ടികറ ഒററക്കാലിൽ ചാടുക.

കൊശി-രുചി, സ്വാദ്, കൊതി, തൃപ്തി.

കൊശുവ്-കൊശി.

കൊസ്രാക്കൊള്ളി-മ. ഉപദ്രവം. വ. തടസ്സം. ന. വിഷമം.

കൊററ-മ. മുതിര. വ. കോണ്.

കൊററുക-കൊള്ളുക.

കൊളുക-വയനാട്ടു മുതലായ സ്ഥലങ്ങളിലെ ഒ ഇടങ്ങഴി കൊള്ളുന്ന ഒരളവ്.

കൊള്ളത്ത്-മ. തുടലുകളിലും മററും കോർക്കുന്നതിന ഇരിമ്പു മുതലായതുകൊണ്ടുണ്ടാക്കിയ ഒരുമാതിരി വളഞ്ഞ സാധനം. വ. ശരീരത്തിനുള്ളിലുണ്ടാകുന്ന കോച്ച്, ഒരു സുഖക്കേട്, വിലങ്ങ്. ന. തീകൊണ്ടുചന്ത വല്ലതിലും പിടിപ്പിക്കുക.

കൊളുത്തുക-മ. ഇരിമ്പു മുതലായതുകൊണ്ടുള്ള കൊളുത്തുകൊണ്ട തൊടുത്തുക. വ. ശരീരം (ഞെരമ്പു) കോച്ചുക. ന. തീപിടിപ്പിക്കുക.

കൊള്ള-മ. വലിയ മോഷണം, കവർച്ച. വ. ചെലവ്വം.

കൊള്ളകൊടുക്കുക-ബലമായി മോഷ്ടിക്കുക.

കൊള്ളക്കൊടുക്ക-കൊടുക്കയും വാങ്ങിക്കയും ചെയ്യുക.

കൊള്ളപ്പട-കവർച്ചയുള്ള യുദ്ധം.

കൊള്ളയിടുക-ബലാൽക്കാരമായി മോഷ്ടിക്കുക.

കൊള്ളരുതാത്ത-വി. ചീത്തയായ, ഉപകാരമില്ലാത്ത.

കൊള്ളാകുന്ന-വി. നല്ലതായ, ഉപകാരമുള്ള.

കൊള്ളാകുക-നല്ലതായിത്തീരുക.

കൊള്ളാത്ത-വി. കൊള്ളരുതാത്ത. വ. പാത്രത്തിലോ മററൊ ഒതുങ്ങാത്ത.

കൊള്ളാം-വി നല്ല.

കൊള്ളാം-അ. സമ്മതിച്ചു പറയുന്ന ഒരു വാക്ക്. നല്ലതായി, നന്നായി. (വ്യാകരണത്തിൽ) ഒരു വ്യാക്ഷേപകം.

കൊള്ളായ്ക-മ. ചീത്തത്തം, നന്മകേട്. വ. ഒതുങ്ങായ്ക.

കൊള്ളായ്മ-അകായ്ക, ചീത്തത്തം.

കൊള്ളി - തീക്കനലോടുകൂടിയിരിക്കുന്ന വിറക്.

കൊള്ളിമിന്നൽ-മ. തീക്കൊള്ളി വീഴുക. വ. ഇടിവാറ.

കൊള്ളിമീൻ-ചാടുന്ന ഒരുമാതിരി നക്ഷത്രം.

കൊള്ളിയൻ-തീക്കൊള്ളികൊണ്ടു സഞ്ചരിക്കുന്ന ഒരു പിശാച്.

കൊള്ളിയാൻ-ഇടിവാറ.

കൊള്ളിയുന്ന-അരവ്വം മുതലായി അടുപ്പിൽ സംബന്ധിച്ചുള്ള വേല.

കൊള്ളിയൂട്ട്-ശവം ദഹിപ്പിപ്പാൻ വിറകുണ്ടാക്കി അവർക്കു കൊടുക്കുന്ന സദ്യ.

കൊള്ളിവാക്ക്-കേട്ടാൽ മനസ്സിന വേദനതോന്നുന്ന വാക്ക്, ചുടുവാക്ക്. 'കൊള്ളിവാക്കല്ലാതെ ചൊല്കയില്ല' (ശീലാവതി)

കൊള്ള്-മ. വഴി. വ. മൂല. ന. മുഖം.

കൊള്ളുക-൧. സ്വീകരിക്കുക. ൨. വിലയ്ക്കും മറ്റും വാങ്ങിക്കുക. ൩. നടത്തുക. ൪. രക്ഷിക്കുക. ൫. പാത്രങ്ങളിലും മറ്റും ഒതുങ്ങുക. ൬. ഏറികയും മറ്റും ചെയ്താൽ ആയതു വല്ലതിന്മേലും മുട്ടുകയോ കൊണ്ടുകേറുകയോ ചെയ്ക. ൭. അടി മുതലായതു ഏല്ക്കുക ൮. കൊള്ളാവുന്നതായിത്തീരുക. [ക. ക്രി. കൊള്ളിക്കുക].

കൊഴി-൧. നീളം കുറഞ്ഞ ഒരുമാതിരി ചീത്ത വടി. ൨. കൊഴിക്കുക. ൩. കൊള്ളരുതാത്തത്.

കൊഴിക്കുക-അരിയും മറ്റും മുറത്തിലിട്ടു കലുക്കി തരംതിരിച്ചു താഴെ വീഴിക്കുക.

കൊഴിച്ചിൽ-പൂക്കളും മറ്റും താഴത്തു വീഴുക, പൊഴിക.

കൊഴിഞ്ഞിൽ-ഒരു പച്ചമരുന്ന്.

[കൊഴുവം, കൊടികൊഴിഞ്ഞിൽ ഇങ്ങിനെയും പറയും. വാതം, കഫം, കൃമി, വിഷം, വായുമുട്ടൽ, വ്യംഗ്യരോഗം, രക്തദോഷം, ഹൃദ്രോഗം, ഗുല്മം, ദുഷ്ടവ്രണം, യകൃത്തു, പ്ലീഹ, ചുമ, ജ്വരം ഇവയ്ക്കു നന്ന്. സംസ്കൃതത്തിൽ-ശരപുങ്ഖം. ഇം-Purple Tephrotia പപ്പിൾടെഫ്രോഷ്യം].

കൊഴിയിടുക-കയറുമുറുക്കാൻപിരികൾ തയാറാക്കുക.

കൊഴിയുക-പൊഴിയുക, കാറ്റുകൊണ്ടും മറ്റും പൂ മുതലായവ താഴത്തുവീഴുക.

കൊഴിവാൾ-വാളേറുകാർ പലപ്പോഴും നേരെ ഏറിയുന്ന വാളിനെ കോഴിപോലെ ചാടിച്ചെറിയുമ്പോൾ പറയുന്ന പേര്.

കൊഴു-വി ൧. തടിച്ച. ൨. കട്ടിയായ, കട്ടയായ.

കൊഴു-൧. കലപ്പയുടെ അററത്തു വെച്ചുറപ്പിക്കുന്ന ഇരിമ്പ്. പര്യായങ്ങൾ-ഫാലം, കൃഷകം. ൨. നിലങ്ങൾക്കു ഉ-വഷ്ടത്തേയുള്ള അനുഭവമുറ.

കൊഴുക്ക-തടിക്ക, വണ്ണംവെയ്ക്കുക

കൊഴുക്കട്ട-അരിമാവുകൊണ്ട് ഉരുട്ടിയുണ്ടാക്കിയ ഒരു പലഹാരം.

കൊഴുക്കുക-൧. വെള്ളമായ വസ്തു കുറുകുക. ൨. തടിക്കുക. [സ. ക്രി കൊഴുപ്പിക്കുക].

കൊഴുച്ചാൽ-കൊഴു (കരി) മുറിച്ച ചാലിന്റെ പേർ.

കൊഴുന്ന്, കൊഴുന്തു - സുഗന്ധമുള്ള ഒരു ചെടി, പുഷ്പം.

കൊഴുപ്പ-ഒരു ചീര. പര്യായങ്ങൾ-ഗോജിഹ്വാ, ദാൎവ്വികാ. തമിഴിൽ-വെണ്ടച്ചെടി.

[പിത്തരോഗം, രക്തദോഷം, പ്രമേഹം, കുഷ്ഠം, നേത്രരോഗം, ജ്വരം, വ്രണം, വിഷം, ദന്തരോഗം ഇവയെ ശമിപ്പിക്കും. ശീതളമാണ്. കൊഴുപ്പയെ തോമുഞ്ഞി എന്നും പറയുന്നു. പൂവിന്റെ മുഖം കീഴ്‌വെട്ടിരിക്കും].

കൊഴുപ്പ്-കൊഴുത്തതിന്റെ അവസ്ഥ.

കൊഴുപ്പുമടി-പശുക്കളെ കറന്നശേഷം അകിടു ചുരുങ്ങാതെയിരുന്നാലുള്ള പേർ, കല്ലുവിട്ട്.

കൊഴുമീൻ-ഒരുവക മീൻ. പര്യായങ്ങൾ-ഉലൂപി, ശിശുകം. [കടൽപ്പന്നി എന്നു മറെറാരു പക്ഷം ]

[പശുവിനെപ്പോലെ തടിച്ചതാകയാൽ പശുമീൻ എന്നും പറയുന്നുണ്ട്. സംസ്കൃതത്തിൽ-ഗോമത്സ്യം. മാംസം വാതത്തെ ശമിപ്പിക്കും].

കൊഴുമുതലായ്മ-കൊഴുവനും മുതലാളനും തമ്മിൽ ഇടപെടുന്നതിന്റെ മുറ

കൊഴുമുള- കൊഴുവുണ്ടാക്കുന്നതിനായിട്ട് അടിച്ചുപരത്തിയ ഇരിമ്പ്.

കൊഴമോരു–ചില മരുന്നുകൾ ചതച്ചിട്ടു വെച്ചിരുന്ന മോര്, മരുന്നുകൾ ഇട്ടു കാച്ചിയ മോര്.

കൊഴലാഭം–കൃഷിയിലുണ്ടാകുന്ന ലാഭം.

കൊഴവ–ം. ഒരുവക മത്സ്യം. ൨. ഒരു പച്ചമരുന്ന്.

കൊഴവൻ–മുതലാളനോടു നിലമോ പുരയിടമോ എഴുതിവാങ്ങിച്ചനുഭവിക്കുന്നവൻ, കുടിയാൻ.

കൊഴവായി–ഒരുവക മത്സ്യം.

കൊഴവിറങ്ങുക–കണ്ടത്തിൽ കൃഷിതുടങ്ങുക. [സ. ക്രി. കൊഴവിറക്കുക].

കൊഴവെക്കുക–ം. കൃഷിയിറക്കുക. ൨. കലപ്പയിൽ കൊഴച്ചെലുത്തുക.

കൊറടാ–ം. ചമ്മട്ടി, ചുവുക്ക്. ൨. ചരട്.

കൊറി–ം. അരി, പയറു മുതലായവയെ ഓരോന്നായിട്ടുപെറുക്കിത്തിന്നുക. [ക്രിയ-കൊറിക്കുക]. ൨, കറിയാട്ട്.

കൊറുക്–ം. ദുർബ്ബുദ്ധി. ൨. അപസ്മാരം, സന്നി.

കൊറുക്കാപ്പുളി–ഒരുചെടി.

[ഈ ചെടിയെ മലംസിൽ വേലിക്കുപയോഗപ്പെടുത്തിവരുന്നു. ഇതു നട്ടുവളർത്തിയാൽ ആ വേലിയിൽനിന്നു അതിന്റെ വലിപ്പത്തിനനുസരിച്ചു വേണ്ടുവോളം വിറകുകിട്ടും].

കൊററക്കുട–രാജപ്രൌഢിയെ സൂചിപ്പിക്കുന്ന കുട.

കൊററൻ–ം. വലിയ ആണാട്. ൨. ഒററയാൻപന്നി. ൩. വൃദ്ധൻ. ൪. താണജാതിക്കാരൻ. ൫. ഷണ്ണക്കീടൻ.

കൊററം–വി ം. ജയകരമായ. ൨. രാജകീയമായ. ൩. ശക്തിമത്തായ.

കൊററവൻ–ം. രാജാവ്.

'ഉറമഹാരകൊററവർ കുലമെല്ലാം'
(ഭഗവൽഗീത-മാധവപ്പണിക്കർ)

൨. ശിവൻ.

കൊററി–ം. കൊക്ക്, മുണ്ടി.

[ഇതിന്റെ മാംസം വാതം, പിത്തം, രക്തദോഷം ഇവയ്ക്കു നന്ന്. ചെങ്കൊക്ക്, കരിങ്കൊക്ക് ഇങ്ങിനെ പലതരമുണ്ട്. സം-ബകം. തമി-കൊക്ക്. ഇം-Crane (ക്രെയിൻ).]

"കൊററിനവകയില്ലാഞ്ഞിട്ടങ്ങോരു
കൊററിപ്പക്ഷികണക്കെമെലിഞ്ഞു"

൨. ചെറിയത്, കുഞ്ഞ്. ൩. പൊൻപൂച്ച. ൪. പ്രേത നക്ഷത്രം. ൫. ലുബ്ധുള്ളവർ.

കൊററു–ഭക്ഷണം.

കൊററുംകോളും–ഭക്ഷണസാധനങ്ങൾ.

കൊററുസാക്ഷി–കള്ളസ്സാക്ഷി.

കൊററുള്ളവൻ, കൊററുകാരൻ–ധനവാൻ, കാലക്ഷേപത്തിനു മുട്ടില്ലാത്തവൻ, സ്വത്തുള്ളവൻ.

## കോ

കോകധൂമം–മലയണ്ണാൻ.

[ഇതിന്റെ മാംസം വാതം, വായുമുട്ടൽ, ചുമ, മെലിവു ഇവയെ ശമിപ്പിക്കും].

കോകദേവാ–പ്രാവ്.

കോകനദച്ഛവി–വി. ചെമന്ന

കോകനദച്ഛവി–ചെമപ്പുനിറം, ചെന്താമരപ്പൂവിന്റെ നിറംപോലെയുള്ള നിറത്തിന്റെ പേർ.

കോകനദം–ം. ചെമന്നതാമര. ൨. ചെമന്ന ആമ്പൽ. ചക്രവാകപ്പക്ഷികളെ ശബ്ദിപ്പിക്കുന്നതു എന്നർത്ഥം.

കോകം–ം. ചക്രവാകപ്പക്ഷി. കോകനദം താമരവളയത്തെ ആമോദംചെയ്യുന്നതു എന്നർത്ഥം. ൨. ചെന്നായ്. മറവുകളെ പിടിക്കുന്നതു എന്നർത്ഥം. ൩. തവള. ൪. ഇരട്ട.

കോകാഹം-വെള്ളക്കുതിര.
കോകാഹ്വം-ചെന്നായ്.
കോകി-ചക്രവാകി.
കോകിലം-കുയിൽ. ശബ്ദമധുരിമകൊണ്ടു ഹൃദയത്തെ ആദാനംചെയ്യുന്നതു് എന്നർത്ഥം.
കോകിലാക്ഷം-വയൽച്ചുള്ളി, കുയിലിന്റെ കണ്ണുപോലെയുള്ള പുഷ്പം ഉള്ളതു എന്നർത്ഥം.
കോക്കട്ടിൽ-കയറുകൊണ്ടു കെട്ടിയ കട്ടിൽ.
കോക്കരണി-കല്പടവു കെട്ടിയിറക്കിട്ടുള്ള കുഴിക്കിണറ്.
കോക്കാൻ-കാട്ടുപൂച്ച,കാട്ടുകേറിയപൂച്ച.
കോക്കിറി-ചെടികൊണ്ടു കാട്ടുന്ന ഒരു ഗോഷ്ടി, കൊഞ്ഞനം.
കോക്കുറ്-കറി, ഭംഗ്യക്കറി, ഭംഗ്യപരീക്ഷ.
കോക്രൂറ-ആപൽക്കരമായ ഒരുമാതിരി പുഴ.
കോക്കോട്ട്-ഒരുമാതിരി കൊച്ചു പാര.
കോങ്കണ്ണ്-ചരിച്ചു നോക്കുന്ന കണ്ണ്.
[കോങ്കണ്ണുന പശ്ചായങ്ങളും-വലിരൻ, കേകരൻ].
കോങ്കാൽ, കോണക്കാൽ-നിര പണിയുന്നതിന്റെ കോണകളിൽ പണിയുന്ന മരം.
കോചം-വി. ചുണങ്ങുന്ന.
കോച്ച്-പ്ര. കോച്ചിൽ. വ. പാള.
കോച്ചൽ-ശരീരത്തിന്നകത്തു ഞെരമ്പിനെ സംബന്ധിച്ചുണ്ടാകുന്ന ഒരു ദീനം, കൊളുത്ത് [ക്രിയ-കോച്ചുക].
കോച്ചാട്-കോഞ്ഞാട്ട.
കോച്ചിൽ-മുതിരയുടേയും മററും അരിയെടുത്തു ശേഷമുള്ള തൊലിയും മററും.
കോഞ്ഞാട്ട, കോച്ചാട്ട- തെങ്ങിന്റെ മടലിലുണ്ടാകുന്ന ഒരുമാതിരി ചൂട്ട്, അരിയാട.
കോട്ട്-പ്ര. അവസാനം. വ. കോണ്.
[കോട്ടിൽ = മൂലയിൽ].
'എല്ലാരുമൊരോരോ
കോട്ടിനപോയപ്പോൾ'
(കൃഷ്ണലീലതുള്ളൽ)
ന. ഒഴിഞ്ഞകോണ്. ര. പ്രദേശം. ഉ-ം, പുളിക്കോട്ട്, കോഴിക്കോട്. ത. കോട്ട.
കോട-പ്ര. പടിഞ്ഞാറ്. വ. പടിഞ്ഞാറുനിന്നു വരുന്ന കാററ്, പടിഞ്ഞാറൻ കാററ്.
കോടക്കാർ-കാലവർഷത്തിലെ മഴക്കാർ.
'കോടക്കാർകൊണ്ടിരുളിയലുമീ-
യംബരംകാണവേമാൻ'
(മയൂരസന്ദേശം)
കോടക്കാററ് - തണുപ്പധികമുള്ള പടിഞ്ഞാറൻകാററ്.
കോടക്കഴൽ-കാടക്കുഴൽ.
കോടങ്കി-പ്ര. ഗോഷ്ടികാട്ടുന്നവൻ. വ. കുറിപറഞ്ഞും ഭിക്ഷയെടുത്തും നടക്കുന്ന ഒരു ജാതിക്കാരൻ.
കോടപ്പുറം-പടിഞ്ഞാറെവശം.
കോടമഴ-പടിഞ്ഞാറുതുടങ്ങിവരുന്ന മഴ.
കോടരപുഷ്പി-മറക്കുന്നി.
കോടരം-മരത്തിന്റെ പൊത്ത്. കുടിലമായിരിക്കുന്നത് എന്നർത്ഥം.
കോടരി-നഗ്നയായ സ്ത്രീ.
കോടൽ-പ്ര. വളവ്. വ. ചെരിവ്, കോട്ടം.
കോടവി-മുലയോനി എന്നിവകളെ മറയ്ക്കാതെ നഗ്നയായി നടക്കുന്നവൾ, അപകടമായി നടക്കുന്നവൾ എന്നർത്ഥം. കോട്ടവി എന്നുമാകാം.
കോടാകോടി-വി. കണക്കില്ലാത്ത, അനവധി.
കോടാണി-കോടിക്കഴുക്കോലിൽ ചേർന്ന കഴുക്കോൽ.

കോടാലി-മരം വെട്ടുകയും വിറകു കീറുകയും ചെയ്യുന്ന ആയുധം.

കോടാശാരി-ഒരു പച്ചമരുന്ന്, പെരിമുരിങ്ങ.

വിഷത്തിന്നും ബാലപീഡക്കും നന്ന്.

കോടി-വി. പുത്തനായ.

കോടി-൧. നൂറു ലക്ഷം. ൨. മേൽപുരയുടെ കോണ്, ചുഴികോടി. ൩. വാൾ മുതലായ ആയുധങ്ങളുടെ മൂർച്ചയുള്ള ഭാഗം (മുന). കഠിനമായിരിക്കുന്നതെന്നർത്ഥം. ൪. ഇരുപതു എന്ന അക്കം. ൫. ശ്രേഷ്ഠത. ൬. തുലോം അഗ്രഭാഗം. ൭. കോണ്. ൮. കൂട്ടം. ൯. വില്ലിന്റെ അററം. ശത്രുക്കളെ പ്രകോപിപ്പിക്കുന്നതെന്നർത്ഥം. ൧൦. ഒരുചെടി. ൧൧. മുനയ്.

കോടികാശ്ശുക-കണികാശ്ശുക, ഒന്നാമതായി കാശ്ശുക.

കോടിക്കല്ല്-ഭിത്തിക്കുംമററും മൂലയിൽ പണിയുന്ന കല്ല്.

കോടിക്കഴുക്കോൽ-പുരയുടെ കോടിയിൽ പണിതു ചേർക്കുന്ന കഴുക്കോൽ.

കോടിക്കൊല്ലം- കോടീശ്വരം, തുളുരാജാവിന്റെ രാജധാനി.

കോടിപ്പുടവ-അലക്കാത്ത പുടവ.

കോടിതീർത്ഥം-ചിത്രകൂട പർവതത്തിലെ ഒരു കിണറ്.

[ചിത്രകൂടത്തിൽ കമഥനാഥ എന്ന മലയിൽ ലക്ഷ്മണൻ താമസിച്ച കൊട്ടമുടിയിൽനിന്നു ഒരേഴുനാഴിക അകലെയാണു രാമഘട്ടം. ഇതിനു കിഴക്കുവശം ഒരു പർവതമുണ്ട്. അതിന്മേൽ കേറുന്നതിനു പല പടവുകളും പടുത്തിട്ടുണ്ട്. അവയിൽ ൨൪൨ കല്പടവുകൾ കേറിച്ചെന്നാൽ ഒരു കിണറു കാണാം. അതത്രെ കോടിതീർത്ഥം. അതിലെ ജലം പളുങ്കുപോലെ നിർമ്മലവും ശീതളവുമായിരിക്കുന്നു. അലഞ്ഞു വലഞ്ഞ യാത്രക്കാർ ഈ വെള്ളം ഉപയോഗിച്ചു ഉത്സാഹഭരിതരും ഉന്മേഷപൂർണ്ണരുമായിത്തീരുന്നു. ഈ വെള്ളം സ്വച്ഛമധുരവുമാണ്. അതു കുടിച്ചാൽ ഉള്ളിൽ വല്ലാത്ത കുളിർമതോന്നും.-ആത്മപോഷിണി ൧൦൯൫ കർക്കടകം].

കോടിവർഷാ-ഒരു മരുന്ന്, ചോനകപ്പുല്ല്. അഗ്രങ്ങളെക്കൊണ്ടു സ്വരസത്തെ വർഷിക്കുന്നതെന്നർത്ഥം.

കോടിശം-കട്ടയുടയ്ക്കുന്ന ഒരുമാതിരി തടി, മുട്ടി. കോടി (അഗ്രം) കൊണ്ടു മൺകട്ടയെ ശയിപ്പിക്കുന്നതെന്നർത്ഥം.

കോടീരം-൧. പിരിച്ച തലമുടി, ജട. ൨. തലയിൽ കെട്ടിയതു്, ബ്രഹ്മനിഷ്ഠന്മാരായവരുടെ ശിഖ.

'കോടീരമാശു പിടിച്ചു നിലത്തടിച്ചീടിനാ-
നപ്പോളവിടെനിന്നെത്രയും'
(ഭാഗവതം)

കോടീശ്വരൻ-വലിയ ധനവാൻ.

കോട്ടുക-൧. കോട്ടമുണ്ടാവുക. ൨. വളയുക. ൩. ചെരിയുക. [സം. ക്രി. കോട്ടുക]. ൪. കളയുക.

കോട്ട-൧. രാജധാനിക്കു ചുററും മററും പണിയുന്ന വലിയ മതിൽ. ൨. വലിയ ഒരളവ്. ൩. എണ്ണം.

[വാക്കുകൊണ്ടു കോട്ടകെട്ടുക=അധികം സംസാരിക്കുക.

കോട്ടനാറി-ജീവികാലം, ജാതകം.

കോട്ടപ്പടി-കോട്ടവാതിൽ.

കോട്ടം-ദോഷം.

കോട്ടം, കോട്ടൽ-൧. ചെരിവ്. ൨. കാററം. ൩. ദുഃഖം. ൪. നഷ്ടം.

കോട്ടമൂപ്പൻ-ചില കോട്ടകളിലെ പ്രമാണിക്കു പറയുന്ന പേർ.

കോട്ടവി-൧. വസ്ത്രമില്ലാത്തവളായ സ്ത്രീ, നഗ്ന-[കോടവി എന്നും നോക്കുക]. ൨. ബാണന്റെ അമ്മ.

'അന്നേരം കോട്ടവീനാമ
നഗ്നമുക്തശിരോരുഹാ'

പുരോവതസ്തോകൃഷ്ണസ്യ
പുത്രപ്രാണരിരക്ഷയാ' (ഭാഗവതം)

**കോട്ടാവി**-കോട്ടുവാ, വായ് പൊളിച്ചു ശ്വാസംവിടുക. [കോട്ടുവാ എന്നതു നോക്കുക].

**കോട്ടാരൻ**-ദുർവൃത്തൻ. വ. കാമാതുരൻ.

**കോട്ടാരം**-പ്ര. രാജധാനി, നഗരം. വ. കിണറ്. ന. പുഷ്കരണി. ദ. ചുക്ക്.

**കോട്ടി**-ഗോഷ്ഠി.

**കോട്ടുക**-മടക്കുക.

**കോട്ടുവാ**-മനുഷ്യർക്ക് ഉള്ള വേഗങ്ങളുള്ളതിൽ ഒന്ന്. വായ് പൊളിച്ചു ശ്വാസം വിടുക.

[കോട്ടുവായിടുക, മൂരിനിവരുക മുതലായ അംഗസംകോചവികാസങ്ങൾക്ക് ജൃംഭം, ജൃംഭണം എന്നു പേർ].

**കോട്ടേരുമ**-ഒരുമാതിരി പേൻ, എരിവമൂട്ട.

**കോഠം**-വട്ടപ്പുണ്ണ്. എല്ലാം ഉത്സാഹങ്ങളിൽനിന്നും മനസ്സിനെ പിന്തിരിക്കുന്നതു എന്നർത്ഥം. മറെറാരു പര്യായം-മണ്ഡലകം.

[ദേഹത്തിൽ ചെമന്ന ചൊറിച്ചിലോടുകൂടി വളരെ തിണർപ്പുകളുണ്ടാകും. അതിനു ഉദാകോഠം എന്നു പേർ. അതുതന്നെ കൂടക്കൂടെ ഉണ്ടാവുകയും ക്ഷണത്തിൽ നശിക്കുകയും ചെയ്താൽ അതിനു കോഠം എന്നു പേർ].

**കോഠരം**-അഴിഞ്ഞിൽ.

**കോണകച്ചെട്ടി**-കോണകം നെയ്യുന്ന ഒരു ജാതിക്കാരൻ, നൂൽചെട്ടി.

**കോണകം, കോണം**-ഗുഹ്യം മറെക്കുന്നതിനു കമെ ഉടുക്കുന്ന ഒരു ശീല, കൌപീനം.

**കോണകന്നം**-ഒരുമാതിരി മൂട്ട.

**കോണനൻ**-പ്ര. ശനി എന്ന ഗ്രഹം. വ. ചൊവ്വാഗ്രഹം.

**കോണം**-പ്ര. വാദ്യനക്കോൽ. ശബ്ദിപ്പിക്കപ്പെടുന്നതെന്നർത്ഥം. വ. വാൾ മുതലായ ആയുധങ്ങളുടെ മൂർച്ചയുള്ള ഭാഗം (മുന). ന. വടി, കോൽ. ദ. (മലയാളം) മൂല.

[ഇതു വീണയും മററും ശബ്ദിപ്പിക്കുന്നതിനു വില്ലിന്റെ മാതിരിയിൽ ചെയ്യുന്നതാണ്].

**കോണപൻ**-നിരൃതി. കോണം-വിദിക്. തെക്കുപടിഞ്ഞാറേദിക്ക്. അതിനെ രക്ഷിക്കുന്നവൻ എന്നർത്ഥം.

**കോണാകോണി**-അ. ഒരു കോണു തുടങ്ങി മറെറക്കോണുവരെ, ഏങ്കോണിച്ച്.

**കോണി, കോവണി, കോവേണി**-പ്ര. ചവുട്ടി മുകളിൽ കേറുന്നതിനു മരം മുതലായതുകൊണ്ടുണ്ടാക്കുന്ന സാധനം. പര്യായങ്ങൾ-നിശ്രേണി, അധിരോഹണി. വ. ശവക്കട്ടിൽ. ന. കട്ടിയുള്ള തുണികൊണ്ടുണ്ടാക്കിയ ഒരുമാതിരി ഉറപ്പ.

**കോണിപ്പടി**-കോവണിയിൽ ചവുട്ടി കേറുന്ന പടി.

**കോണിറയം**-ഭവനത്തിന്റെ കോണിലെ തിണ്ണ.

**കോണ്**-പ്ര. മൂല, ചതുരത്തിലുള്ള വസ്തുക്കളുടേയും മററും മൂല. വ. വാളിന്റേയും മററും മൂർച്ച.

**കോണുക**-കോട്ടുക, ചൊവ്വില്ലാതാവുക, വളയുക, ചെരിയുക.

**കോൺകത്തി**-വളഞ്ഞകത്തി. [ക്രൂകത്തി എന്നു ചിലർ].

**കോൺകല്ല്**-പുരയുടെയും മററും മൂലയിൽ പണിയുന്ന കല്ല്.

**കോൺകഴക്കോൽ**-കോടിക്കഴക്കോൽ.

**കോതമ്പ്**-ഒരുവക ധാന്യം. പര്യായങ്ങൾ-ഗോധൂമം, സുമനം.

വാതത്തെ ശമിപ്പിക്കും. ആയുർവർദ്ധനകരമാണ്. ദേഹത്തെ തടിപ്പിക്കും. തമിഴിൽ-കോതുമെ. സം-ഗോധൂമം].

**കോതാണ്ഡം**-ചില ദിക്കിൽ പള്ളിയുടെ

ത്തിൽ പഠിപ്പാൻ ചെല്ലാത്ത പിള്ളരെ ശിക്ഷിക്കുന്നതിനു തൂക്കുന്ന ഒരു കയറു്, ആഞ്ചൊല്ലു്.

കോതാളി മൂങ്ങ.

കോതു്-തലമുടിയുടെ ഇടക്കു കളഞ്ഞു നന്നാക്കുക, ചീകുക ൨. നെററിയോടടുത്തു തലമുടി വലിച്ചുവെട്ടി ഭംഗിവരുത്തുക. ൩. മരത്തിന്റെ കൈയ്യു പനയോല മുതലായതു വെട്ടിയിട്ടാൽ അവയെ വെട്ടിച്ചെറുതാക്കുക [ക്രിയ-കൊതുക്കുന്നു]. ൪. വള്ളത്തിന്റെ രണ്ടററത്തുമുള്ള് അകത്തെ ഭാഗങ്ങൾ. ൫. കററ.

'കോതിയാലാതുരമെച്ചും'
(ഭഗവൽഗീത-മാധവപ്പണിക്കർ)

കോതുക-തലമുടിയും മററും വകക്കുക.

കോതുകാൽ-ആട്ടക്കാർ ചവുട്ടുന്ന ഒരുമാതിരി ചുവടു്.

കോദണ്ഡം-൧. വില്ലു്. ൨. ഒരു രാജ്യം. ൩. പിരികം, ഭ്രൂ.

കോദണ്ഡി-വില്ലുള്ളവൻ, വില്ലാളി.

'കോദണ്ഡിക്കിളകുന്നലാക്കിലിഷുവെ-
ന്നുള്ളകല്പിച്ചതും ഭൈക്ഷ്യമാം'
(അഭിജ്ഞാനശാകുന്തളം)

കോദ്രവം-വരക് എന്ന ധാന്യം. ഭക്ഷിച്ചാൽ വയററിൽ ശബ്ദത്തെ ഉണ്ടാക്കുന്നതു് എന്നർത്ഥം. മറെറാരു പര്യായം-കോരദൂഷം.

കോദ്രവീണം-വരക് വിളയുന്ന സ്ഥലം.

കോന്തക്കാലൻ-കാലിനു നീളം കൂടിയവൻ.

കോന്തലു്-തലമുടി മരക്കൊമ്പു് പനയോല മുതലായതു കോതുക.

കോന്തലമുറിയൻ-ഉപ്പുകുറവൻ.

കോന്തളം-പുരയുടെ മൂലയിൽ ഉണ്ടാകുന്ന ഒരുമാതിരി തൂണം.

കോന്ന കോന്തായി-ഉയൻ്റ്.

കോന്ത്രാളം-കോതാണ്ടം.

കോറൻ-൧ രാജാവു്. ൨. പ്രമാണി, നാഥൻ.

കോപന-വി. കോപിക്കു ശീലമുള്ള.

കോപനാ-കോപിക്കു ശീലമുള്ളവൾ, കോപിനി, കോപനി എന്നുമാകാം.

കോപം-൧. ക്രോധം. ൨. നീരസം. പര്യായങ്ങൾ-കോപം, ക്രോധം, അമർഷം, രോഷം, പ്രതിഘം, രുട്ട്, ക്രുധ്. (അസൂയ എന്നതു നോക്കുക).

കോപാഗ്നി-കോപമാകുന്ന അഗ്നി, തീപോലെ ഭയം തോന്നിക്കുന്ന കോപം.

കോപി-വി. ൧ കോപശീലൻ. പര്യായങ്ങൾ-ക്രോധനൻ, അമർഷണൻ, കോപീ. ൨. കട്ടുറാവ്.

കോപിക്കുക-രസമില്ലാത്ത വിധത്തിൽ നോക്കുകയും മററും ചെയ്ക.

കോപിഷ്ഠ-വി. അധികം കോപമുള്ള.

കോപ്പു്-൧. സാമാനം, ഉപകരണം. ൨. ആട്ടക്കാരുടെ കിരീടം മുതലായതു്. ൩. ചതുരംഗക്കരു ൪. ഒരുമ്പാടു്, ഒരുക്കം. ൫. വിരുന്നു്. ൬. വെടിപ്പായി ക്രമപ്പെടുത്തിയതു്.

കോപ്പ-ഏതെങ്കിലും ഒഴിച്ചു കുടിക്കുവാൻ ഉപയോഗിക്കുന്ന ഒരു പാത്രം.

കോപ്പായം-നഷ്ടം.

'കാത്തുകൊള്ളായ്കിലോ
കോപ്പായമായിപ്പോം'
(കൃഷ്ണഗാഥ)

കോപ്പാള-വെള്ളം കോരുന്നതിനു കോട്ടിക്കെട്ടിയ ഒരുമാതിരി പാള.

കോപ്പിടുക-അലങ്കരിക്കുക ൨. കുതിരക്കു ജീനിയും മററും കെട്ടുക ൩. യുദ്ധത്തിനായിട്ടു ചട്ടയും ആയുധങ്ങളും ധരിക്കുക. ൪. ഒരുമ്പെടുക.

കോപ്പുകൂട്ടുക-അതാതുകാര്യത്തെ സാധിപ്പാൻ ആവശ്യമുള്ള സാധനങ്ങളെ ശേഖരിക്കുക, വട്ടംകൂട്ടുക.

കോപ്പുറം-പരിചയുടെ അരിക് (വിളുമ്പ്).

കോപ്രാട്ടി-ചിരിപ്പിക്കുന്നതിനുള്ള ഒരുമാതിരി കളി, ഗോഷ്ഠി.

കോമട്ടി-കച്ചവടക്കാരിൽ ഒരു ജാതിക്കാർ.

'പട്ടാണികളും പല ചെട്ടികളും കോമട്ടികളും പല പട്ടന്മാരും'

(ഘോഷയാത്ര തുള്ളൽ).

കോമൻ-കന്നുകാലികൾക്കുണ്ടാകുന്ന ഒരു ദീനം.

കോമൻപാച്ചിൽ-കോമൻ എന്നുള്ള ദീനത്തിന്റെ വരവ്.

കോമപ്പാട്ട്-വീരവാളിപ്പട്ട്.

കോമരക്കാരൻ-പിശാചു തുള്ളുന്നവൻ.

കോമരൻ-ചോകന്മാരുടെ ക്ഷൌരക്കാരൻ.

കോമരം-൧. മൂൎത്തി. ൨. അവതാരം.

'കോമരമായിർകൊണ്ടുടനാനന്ദം തന്നുടെ കോമരമായിട്ടു നിന്നപിന്നെ'

(കൃഷ്ണഗാഥ)

൩. വെളിച്ചപ്പാട്, ആചാൎയ്യൻ.

കോമൽ-വലിയ ഉപദ്രവം. [തമിഴിൽ കോമ്പൽ-കോപം].

കോമള-വി. ൧. മാൎദ്ദവമുള്ള. ൨. സൌന്ദൎയ്യമുള്ള. ൩. മാധുൎയ്യമുള്ള. ൪. മനോഹരമായ. പൎയ്യായങ്ങൾ-സുകുമാരം, കോമളം, മൃദുലം, മൃദു.

കോമളം-൧. മാൎദ്ദവം. ൨. സൌന്ദൎയ്യം. ൩. മാധുൎയ്യം. ൪. മനോഹരം ൫. ജലം. ൬. രീതികളിൽ ഒന്ന്. [സാഹിത്യസാഹ്യം].

കോമാൻ-രാജാവ്.

കോമ്പ്-വളരാത്ത ചെറിയ തേങ്ങാ.

കോമ്പൻ, കോമ്പൽ-൧. കഴവെച്ചു ചരടിൽ കോൎത്തിട്ടുള്ള പൊൻ നാണയക്കൂട്ടം. ൨. ചില പലഹാരങ്ങളും മത്സ്യങ്ങളും മററും ഈൎക്കിലിൽ കോൎത്തത്.

കോമ്പിയച്ചൻ, കോമ്പിച്ചൻ-പാലക്കാട്ടുരാജാവ്.

കോമ്പുര-ഭവനത്തിന്റെ കോണിലുള്ള പുരമുറി.

കോയഷ്ടി, കോയഷ്ടിക-കുളക്കോഴി, നീർക്കോഴി. കുള്ളർകാണിപ്പക്ഷി എന്നും പറയുന്നു. വെള്ളം ഒരു വടിപോലെ ആധാരമായിട്ടുള്ളത് (വെള്ളത്തിൽ താണുപോകാത്തതു്) എന്നൎത്ഥം

കോയിക്കൽ-കൊട്ടാരം.

'കോയിക്കൽപോയ്ക്കൊട്ടകൾകാണ്മൻ'

(രുക്മിണീസ്വയംവരം തുള്ളൽ).

കോയിക്കൽ-൧. ചില രാജാക്കന്മാരുടെ ഭവനത്തിനു പറയുന്ന പേർ. ൨. ചില ദിക്കിൽ സൎക്കാർവകക്കു കരം പിരിക്കുന്ന സ്ഥലം. ൩. ക്ഷത്രിയരിൽ ചിലരുടെ ഭവനത്തിനു പറയുന്ന പേർ.

കോയിമ്മ, കോയ്മ-൧. സൎക്കാരു ൨. അധികാരം. ൩. അധികാരികൾ ഇരുന്നു കാൎയ്യവിചാരംചെയ്യുന്ന സ്ഥലം.

കോയിമ്മക്കൂർ-പണ്ടാരവകക്കു ചെല്ലുന്ന അവകാശം.

കോയിമ്മസ്ഥാനം-സൎക്കാരിലെ അധികാരം.

കോയിൽ, കോവിൽ-രാജഭവനം

കോയില്ക്കാരൻ-രാജസേവകൻ.

കോയിലകം-രാജഭവനം. [കോവിലകം നോക്കുക]

കോയിവിള-കാട്ടുനെൽകൃഷിക്കു വിതെക്കുന്ന വിത്ത് (നെല്ല്).

കോര-൧. ഒരുവക പുല്ല്. ൨. ഒരുവക മത്സ്യം.

കോരകം-൧. പൂവുണ്ടാകുന്നുള്ള മൊട്ട്.

'പേർമുലക്കോരകംപുൽകും പുരുഷോത്തമൻ'

(കുചേലവൃത്തം വഞ്ചിപ്പാട്ട്).

വ. തക്കോലപ്പുട്ടിൽ. ന. താമരവള യം. ർ. അടവിക്കാച്ചംലം.

കോരകിതം-മുകളിതം.

കോരണ്ഡം-കരിങ്കുറിഞ്ഞി

കോരണ്ഡി-ചന്ദനമരം

കോരദൂഷം-വരക്. രക്തത്തെ ദുഷിപ്പിക്കുന്നതു എന്നർത്ഥം.

കോരപ്പുഴ-കൊയിലാണ്ടിനദി.

കോരംഗി-പ്ര. ചിറ്റേലം,ഒച്ചയടപ്പിനെ മാററുന്നതു എന്നർത്ഥം വ. തിപ്പലി.

കോരൽ-പ്ര. വെള്ളം മുതലായതു കോരുക. വ. മീൻപിടിക്കുന്ന കൂട.

കോരിക-പ്ര. ചോറ വിളമ്പുന്നതിനു ഓട്ടുകൊണ്ടോ ചെമ്പുകൊണ്ടോ ഉണ്ടാക്കുന്ന ഒരു പാത്രം വ. ചോറ പടയ്ക്കുന്നതിനുള്ള ഒരുമാതിരി ഓട്ടുപാത്രം.

കോരുക-പാത്രം പ്ലാവില മുതലായതു കൊണ്ടു ജലവും മററും എടുക്കുക.

കോരുവല-മത്സ്യം പിടിപ്പാനുള്ള ഒരുമാതിരി ചെറിയ വല.

കോർക്കുക-ചരടു മുതലായതു ഛിദ്രങ്ങളൂടെ കടത്തി മറുപുറത്തു വരുത്തുക.

കോർപ്പി-വൃശ്ചികംരാശി.

കോർപ്പ്-പ്ര. ചരടു മുതലായതു കോർക്കുക വ. ചരടിലും മററും കോർത്ത വസ്തു.

കോർമുതല-ചിറാക്.

[മാംസം ചീങ്കണ്ണിയുടേതിനു സമമാണ് ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുചമാംസമാകുന്നു. സംസ്കൃതത്തിൽ ജലകിരാടം].

കോർമ്പൻ-ഒന്നാമതും മററും കോർത്ത മാല.

കോലകം-പ്ര. നല്ലമുളക്. വ. തക്കോലപ്പുട്ടിൽ, കട്ടപിടിച്ചതു എന്നർത്ഥം ന. അരിഞ്ഞിൽ. ർ. നവര.

കോലക്കുഴൽ- മുരളിയും പുറപ്പെടുവിക്കുന്ന ഒരു മാതിരി കുഴൽ.

'മേളത്തിൽചാടിനാൻകോലക്കുഴൽതന്നെ'

(കൃഷ്ണഗാഥ)

കോലടി-പ്ര. വടികൊണ്ടു തട്ടയടിക്കുന്ന ഒരുമാതിരി കളി. വ. കൊച്ചുവടികൾ കൊണ്ടു ഇരണ്ടുപേർകൂടി അന്യോന്യം തട്ടയടിച്ചുകളിക്കുന്ന ഒരുമാതിരി കളി.

കോലടിപ്പാട്ട്-കോലടിക്കളിക്കു പൂരം തനമായിട്ടു നടന്നു വരുന്ന ഒരു പാട്ട്.

കോലത്തിരി- കോലത്തു രാജാവിന്റെ ഒരു വിശേഷപ്പേര്.

കോലത്തുനാട്-തലശ്ശേരി മുതൽനീലേശ്വരംവരെയുള്ള ദിക്ക്.

[കോലത്തുനാട്ടു രാജാക്കന്മാരുടെ വംശം ഇപ്പോൾ കോട്ടയം നാട്ടുകളും, ചിറക്കൽ താലൂക്കിലെ പ്രധാന ശാഖ അരിപ്പാട്ട് അനന്തപുരത്തും താമസിക്കുന്നു].

കോലത്തുരാജാവ് - കോലത്തുനാട്ടിലെ രാജാവ്.

കോലദലം-ഒരു മരുന്നു, മററും, ഒരുമാതിരി സുഗന്ധദ്രവ്യം, നഖം.

കോലപാദികാ-ചണ്ടിപ്പയറ്.

കോലപുച്ഛം-ഞാറപ്പക്ഷി

കോലം-പ്ര. പന്നി. ഒടിച്ചതു എന്നർത്ഥം. വ. പൊങ്ങുതടി. വളരെ തടികൾ ഒന്നായിച്ചേർത്തു കെട്ടിയുണ്ടാക്കുന്നതു, ഇതു പ്ലൂതമായതു എന്നർത്ഥം.

[പൊങ്ങുതടി ചിലേടങ്ങളിൽ മുളയും മരവും മററും കൂട്ടിക്കെട്ടിയും മററു ചിലേടങ്ങളിൽ ചൂരൽ മുതലായ തുണവിശേഷങ്ങളാലും ഉണ്ടാക്കപ്പെടുന്നു].

ന. ഇലന്തമരം ലന്തക്കായ്. (ലയശം ഉം) ർ. ദേഹം, അലങ്കാരം, മേററം ന്നിനൊപ്പമുണ്ടാകുന്നരൂപം ഒ. ശരീരം. ന്ത. കോലത്തുനാട്. ൧. തിപ്പലി. ൨. മുളക്. ൩. കൊട്ടവേലി.

കോലംതുള്ളൽ-പിശാചും മററും ഉപദ്രവിച്ചാൽ അവരെ കളയുന്നതിനായിട്ടു കണിയന്മാർ കാട്ടുന്ന ഒരുമാതിരി തു

ള്ളൽ, പാളയിൽ രൂപം എഴുതി മുഖ ത്തും മറവും വെച്ചു കെട്ടി തുള്ളുക.

കോലാമജ്ജ—ചന്ദനമരം.

കോലംബകം—വീണയുടെ തണ്ട്. ശബ്ദ ത്തെ വിസ്തരിപ്പിക്കുന്നതു് എന്നർത്ഥം.

കോലംബം—കൊല്ലവർഷം.

കോലയാൻ—ഒരുവക മത്സ്യം, കോലാ മത്സ്യം.

കോലരക്ക്—ചില മരത്തിന്റെ കൊമ്പു കളിലുണ്ടാകുന്ന ഒരുമാതിരി ചെമന്ന അരക്ക്. പര്യായങ്ങൾ—ലാക്ഷാ, രാ ക്ഷാ, ജതു, യാവം, അലക്തം, ദ്രുമാ മയം.

കോലമാലം—മലയാംവണക്ക്.

കോലവല്ലി—ഒരങ്ങാടിമരുന്ന്, അത്തി തിപ്പലി, പന്നിക്കുതുല്യമായ (ഭൂമിയെ കഴിച്ചു വേരോട്ടമുള്ള) വള്ളിയുള്ളതു് എന്നർത്ഥം.

കോലസാരി—സമർത്ഥനായ നടൻ.

കോലസ്വരൂപം—പ്ര കോലത്തുനാട്. വ. കോലത്തുനാട്ടിലെ രാജാവ്.

[ചേരമാൻ പെരുമാൾ മഹാരാജാ വിന്റെ ആദ്യത്തെ ഭാര്യയിൽനിന്നുത്ഭ വിച്ച വംശം. ചേരമാൻപെരുമാൾ മ ഹാരാജാവിന്റെ മൂന്നാമത്തെ ഭാര്യ യിൽനിന്നുത്ഭവിച്ചതാണു തിരുവിതാം കൂർ രാജവംശം. ഇതിനു തൃപ്പാപ്പസ്വരൂ പം എന്നു പേർ].

കോലാ—പ്ര. ചന്ദനമരം. വ. തിപ്പലി, കെ ട്ടിപ്പിണഞ്ഞുകിടക്കുന്നതു് എന്നർത്ഥം.

കോലാചാരി—ചിത്രപ്പണിക്കാരൻ.

കോലാട്—ഒരുമാതിരി ആട്. പര്യായ ങ്ങൾ—സ്തുഭം, ഛാഗം, ബസ്തം, ഛഗല കം, അജം. 'കോലാടിൻകൂട്ടത്തിനു ആ ജകം' എന്നു പേർ.

കോലാധിനാഥൻ—കോലത്തരി.

കോലാൻ, കോലാ—ഒരുമാതിരി മ ത്സ്യം, കോലാമത്സ്യം. പര്യായം-കാക്ക മത്സി.

കോലായ—ഇറയം.

കോലാർവണ്ടി—ഒരുമാതിരിച്ചാട്, ഒരു മാതിരി തേര്.

കോലാഹലം—പ്ര. അനേകം ജനങ്ങളിൽ നിന്നോ ജന്തുക്കളിൽ നിന്നോ വാദ്യങ്ങ ളിൽ നിന്നോ മറ്റോ ഉണ്ടാകുന്നതും അ ക്ഷരവ്യക്തിയില്ലാത്തതുമായ വലിയ ശബ്ദം. പലരുടെ ശബ്ദങ്ങളും ഒന്നായി ച്ചേർന്നു ഇടകലർന്നതു എന്നർത്ഥം. മറ്റൊരു പര്യായം-കളകളം.

കോലി—ചന്ദമരം.

കോലിടുക—കലഹത്തിനു കാരണം ഉ ണ്ടാക്കുക, കലഹത്തിനു വഴി കാണിച്ചു കൊടുക്കുക.

കോലിറയം, കോലായി—കോലായ, തിണ്ണ.

കോല്യം, കോല്യന്ന—വി. പ്ര പ്രകാശി ക്കുന്ന വ. ചെയ്യുന്ന. ന. ഉള്ള.

'ലോലപല്ലവലീലകോല്യമംഗുലി' (ബാണയുദ്ധം കഥകളി)

കോല്യക—പ്ര പ്രകാശിക്കുക. വ. ചെയ്യു ക. ന. വഹിക്കുക ദ. ധരിക്കുക. ഒ. ഉപയോഗിക്കുക. നു. ഉണ്ടാവുക. ൧. ചേരുക വൃ. കൈക്കൊള്ളുക.

കോല്യഴിഞ്ഞ—ഒരുമാതിരി ചെടി.

കോലെഴുത്ത്—ഒരുമാതിരി എഴുത്ത്.

[വട്ടെഴുത്തുമാറി കോലെഴുത്തായി പഴയ മലയാളവും മദ്ധ്യകാല മലയാള വും ഈ എഴുത്തിലാകുന്നു. കൊല്ലവർഷം ൭൦൦ വരെ ഇതുപയോഗിച്ചുവന്നു].

കോല്യാ—തിപ്പലി.

കോൽ, കോല്—പ്ര ചെറിയ വടി, വടി. വ. മരത്തിന്റെ ചെറിയ കൊ മ്പ്. ന. രാജാവിന്റെ അധികാരം, ചെങ്കോൽ. ദ. ശർക്കരയും മറവും ഉണ്ടാ ന്നതിനുള്ള കോൽ, വെള്ളിക്കോൽ. ഒ. അധികാരമുദ്ര.

'നാലുകെട്ടിലധികാരമുദ്രയായ്
കോലുകിട്ടിയതെനിക്കസാമ്പ്രതം'
(അഭിജ്ഞാനശാകുന്തളം)

കോൽക്കള്ളി - പാലുള്ള ഒരുമാതിരി ചെടി.

കോൽക്കാരൻ-(വടികൊണ്ടു നടക്കുന്ന) ശിപായി.

കോൽക്കുറുപ്പ്, തോൽകുറുപ്പ് - തോൽകൊണ്ടു പണിയുന്ന ഒരു ജാതിക്കാരൻ, തോലുല്ലേല്ലൻ.

കോൽക്കൂറ്-രാജാവിനുള്ള അധികാരമോ അവകാശമോ.

കോൽച്ചൂട്ട്-ഒരുമാതിരി ഇരിമ്പു സൂചി.

കോർത്താഴ്-നീളത്തിലുള്ള ഒരുമാതിരി താഴ്.

കോൽത്തള-കുറ്റക്കാരെക്കും മറ്റും ഇടുന്ന ഒരുമാതിരി വിലങ്ങ്.

കോൽത്തളം-പ്ര. നീളത്തിലുള്ള ഇറയം, കോലിറയം. ദ്വി. രംഗസ്ഥലം.

കോൽപ്പുല്ല്-ഒരുമാതിരി പുല്ല്.

കോൽപ്പുളി-വാളൻപുളി, വാപ്പുളി.

കോൽമുതല-ഒരുമാതിരി പല്ലി.

കോൽവിലങ്ങ്-കോൽ തള.

കോൽവിളക്ക്-ഇരിമ്പുകൊണ്ടു കോലുള്ള വിളക്ക്.

കോവർകഴുത-പെൺകുതിരയിൽ കഴുതയ്ക്കു ജനിച്ചുണ്ടായ കുതിര.

കോവൽ, കോവല്, കോവ - ഒരുമാതിരി വള്ളി. പര്യായങ്ങൾ-തുണ്ഡികേരി, രക്തഫലാ, ബിംബിക, പീലുപർണ്ണി. തമിഴിൽ-കോവൽവള്ളി.

[കഫപിത്തരോഗങ്ങളും, കൈകഷിത്വം, ശോഫം, പാണ്ഡുരോഗം, ജ്വരം, ശ്വാസം, കാസം ഇവയെ നശിപ്പിക്കും].

കോവിദ-വി. പ്ര. അറിവുള്ള. ദ്വി. മിടുക്കുള്ള. തൃ. വിദ്യയുള്ള.

കോവിദൻ-വിദ്വാൻ എല്ലാത്തിനേയും അറിയുന്നവൻ എന്നർത്ഥം.

കോവിദാരം-മലയകത്തി, കൊങ്ങ. ഭൂമിയെ പിളർക്കുന്നതു് എന്നർത്ഥം. മന്ദാരം എന്നും കാണുന്നു.

കോവി(യി)ലകം-പ്ര. ചില രാജാക്കന്മാരുടെ രാജധാനിക്കു പറയുന്ന പേർ. ദ്വി. ക്ഷത്രിയരുടെ ഭവനം.

[കോവിലകം, കോലകം- തിരുവിതാംകോട്ടു കൊട്ടാരം എന്നു പറയുന്നതുപോലെ കൊച്ചിയിലും മലബാറിലും ഈ പദം ഉപയോഗിച്ചുവരുന്നു].

കോവിൽ-പ്ര. ക്ഷേത്രം, അമ്പലം. ദ്വി. ക്ഷത്രിയജാതി. തൃ. സാമന്തരിൽ ചിലർക്കു പറയുന്ന ഒരു പേർ.

കോവി(യി)ൽപണ്ടാല-ക്ഷത്രിയന്മാരിൽ ചിലർക്കു പറയുന്ന ഒരു ബഹുമാനപ്പേർ.

കോവി(യി)ൽപ്പാട്ട് - ക്ഷത്രിയന്മാരിൽ ചിലർക്കു ചില ദിക്കിൽ പറയുന്ന ഒരു പേർ.

കോശകം-പ്ര. മുട്ട. ദ്വി. വൃഷണം.

കോശചഞ്ചു-വണ്ടാരംകോഴി.

കോശഫലം-തക്കോലപ്പുട്ടിൽ. ഉറയിൽ വിത്തുകൾ ഉള്ളതു എന്നർത്ഥം.

കോശം-പ്ര. ഭണ്ഡാരം. ദ്വി. പൊതിഞ്ഞിരിക്കുന്ന വസ്തു. തൃ. കട്ടുകൾ ജനിക്കുന്നതാം അവയെ പൊതിഞ്ഞിരിക്കുന്ന വസ്തു. ച. പുറമ്പോക്ക്. പ. സമൂഹം. ഷ. ധനസമൂഹം, പൊന്നു വെള്ളി ഇവ. സ. വാളിന്റെ ഉറ, അറ. അ. സത്യം ചെയ്ക. ന. വൃഷണം. ദ. മുട്ട. ഏ. ജാതിക്ക. ദ്വാ. ദിവ്യപ്രമാണഭേദം. ത്ര. ഒരുമാതിരി കട്ടച്ചെപ്പ്. [ഇതുകൊണ്ടാണ് പാമ്പിന്റെ കൈകോടികൾ എന്ന പേരുണ്ടായതു്].

കോശലികം-കൈക്കൂലി.

കോശാഗാരം-ഖജനാ.

കോശാതകം-തലമുടി.
കോശാതകി-ഉ. കച്ചുവടം വ. കച്ചവടക്കാരൻ. ന. പിച്ചകം.
കോശി-ചെരിപ്പ്.
കോശികാ-പാന പാത്രം.
കോഷകം-വൃഷണം, മുട്ട.
കോഷം-കോശം.
കോഷശായിക-പിച്ചാങ്കത്തി.
കോഷ്ഠപുഷ്പം-പാൽ കരിമ്പ.
കോഷ്ഠം-ഉ. വിത്തുകോട്ട, നെല്ലിടുന്നതിനുള്ള പുര. വ. അന്തർഭാഗം, ഗൃഹാന്തർഭാഗം, പുരക്കകത്തെ പുരമുറി. നിഷ്കർഷിക്കപ്പെട്ടുന്നതു് എന്നർത്ഥം. ന. വയററിനകം, അന്തർജ്ജഠരം, ഉദരവയറു്.

[ഇതു ഉദരത്തിൻെറ അന്തർഭാഗമാണ്. ഇതിനെ അന്തർഭാഗമെന്നും മഹാസ്രോതസ്സ് എന്നും ആമാശയ പക്വാശയങ്ങളുടെ ആശ്രയം എന്നും പറയുന്നു. ഇതു ആന്തരമായ രോഗസ്ഥാനമാണത്രെ].

ർ. (വ്യാകരണത്തിൽ) ചിഹ്നങ്ങളിൽ ഒന്നു്. ഇതു വലയം ( ) പോലെ തന്നെ ശബ്ദവാക്യത്തിനകത്തും വേറെ ശബ്ദവാക്യം വരുന്ന ദിക്കിലും മററും ഉപയോഗം. ഉ-ം, [ ]

കോഷ്ണ-വി. കറഞ്ഞ ചൂടുള്ള, അല്പം ചൂടുള്ള.
കോഷ്ണം-കറഞ്ഞ ചൂടു്.
കോസടി-വിരിച്ചു കിടക്കുന്നതിനു തുണികൊണ്ടുണ്ടാക്കി പഞ്ഞിയടച്ചിട്ടുള്ള സാധനം, ഒരുമാതിരി ചെറിയ കിടക്ക.
കോസലം, മഹാകോസലം - ഒരു രാജ്യം.

[അയോദ്ധ്യാപട്ടണത്തിൻെറ വടക്കു വിദേഹത്തിൻെറ പടിഞ്ഞാറും ഹിമവാൻെറ തെക്കും പാഞ്ചാലത്തിൻെറ കിഴക്കുമായി കിടക്കുന്ന ദേശം. കോസലത്തിൻെറ പ്രധാന നഗരം അയോദ്ധ്യ. സരയൂനദി ഈ രാജ്യത്തിൽക്കൂടി ഒഴുകുന്നു. ഇപ്പോഴും ഡക്കാണിൻെറ വടക്കുകിഴക്കുഭാഗം മുതൽ മാർവാവരെയുള്ള രാജ്യം].

കോഹല(ള)ൻ-ആദ്യം നാടകം ഉണ്ടാക്കിയ ഒരു മുനി.
കോഹി-കടകപ്പാല.
കോളകം-മുളക്.
കോളൻ-കരമന്ദ മഹാരാജാവിൻെറ പുത്രന്മാരിൽ ഒരുവൻ.
കോളംബകം-വീണയുടെ തണ്ട്.
കോളംബം-കൊല്ലവർഷം.
കോളവട-താണ ജാതിക്കാരുടെ വിവാഹനിശ്ചയം.
കോളാരു-ഉ. മാംസം. വ. വരവ്.
കോളാമ്പി-തുപ്പുന്നതിനുള്ള ഒരുവക ഓട്ടുപാത്രം. പര്യായങ്ങൾ-പ്രതിഗ്രാഹം, പതൽഗ്രഹം.

'തങ്കക്കോളാമ്പിതാംബൂലചർവ്വണക്കോപ്പും'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

കോളാർ, കോളാളൻ-വിലയ്ക്കു വാങ്ങിക്കപ്പെട്ട മനുഷ്യൻ.
കോളി-ഇലന്തമരം.
കോളിൽ-അ. അതുവഴി, ക്രമേണ, സൌകര്യത്തിൽ.
കോളുകാരൻ-കൊള്ളുന്നവൻ, വാങ്ങിക്കുന്നവൻ.
കോളെടുക്കുക-കടലിൽ കററു പെരുക്കുക.
കോളോടം-മീൻ പിടിപ്പാനുള്ള വള്ളം.
കോൾ, കോളു-ഉ. കൊള്ളുക, വാങ്ങിക്കുക. വ. സൂക്ഷ്മം, കാൻ. ന. കമ്മസ്സം(?) ...ശ്രം. ർ. നോട്ടം. ഒ. വിവേകം. ത്ര. കടലിലെ കാററ്. ഠ. അപമാനം. പ്ര. തരത്ത്. ൻ. ആപത്ത്. ഫ്രാ. അഭിഷ്യാ മുതലായവയെ അനുഭവിക്കുക. ഫ്രാ കച്ചവടം. ഫ്രാ കാറ്.
കോൾമയിർ-അധികമായ സന്തോഷമോ ഭയമോ ഉണ്ടാകുമ്പോൾ ദേഹത്തിലെ രോമങ്ങൾ എഴുന്നുനില്ക്കുക, രോമാഞ്ചം.

കോറംമുതൽ-വാങ്ങിച്ചപ്പോറം കൊട്ട ത്തവില.

കോറംമുതല-ഒരുമാതിരി വലിയ മുതല.

കോറംവാ-ശരീരത്തിൽ മുറിവോ വ്രണ മൊ കൊണ്ടുണ്ടായ കുഴി.

കോറംവില-കോറംമുതൽ.

കോഴ-ന. കാര്യം നേടുന്നതിനായിട്ടു ഉദ്യോഗസ്ഥന്മാൎക്കും മറ്റും കൊടുക്കുന്ന ദ്രവ്യം, കൈക്കൂലി. 2. കരം, കപ്പം 3. ഭയം, ശങ്ക. 4. ദുഃഖം. (ശങ്കയ്ക്കു ഉദാഹരണം.)

'ചുഴന്നിന്നിട്ടന്നവലോകരെനോക്കീട്ടു
കോഴ പൂണ്ടേററവും കേഴുംപിന്നെ'
(കൃഷ്ണലീല തുള്ളൽ)

5. കററം.

കോഴപ്പാട്ട്-ബുദ്ധിമുട്ട്.

കോഴി-ഒരുവക പക്ഷി, പൂവൻകോഴി, പിടക്കോഴി, കുളക്കോഴി, മയിൽകോഴി, കാട്ടുകോഴി, പറകോഴി ഇങ്ങിനെ പലതരമുണ്ട്. സാമാന്യം കോഴി എന്നതിന്ന പൎയ്യായങ്ങൾ-കൃകവാകം, താമ്രചൂഡം, കുക്കുടം, ചരണായുധം.

(മാംസം-വാതം, വിഷജ്വരം, ക്ഷയം, ഛൎദ്ദി, നേത്രരോഗം ഇവയെ നശിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. അഗ്നിയെ വൎദ്ധിപ്പിക്കും. സ്വരത്തെ നന്നാക്കും. നാട്ടുകോഴിക്കു മുമ്പറഞ്ഞ ഗുണങ്ങളുണ്ടെങ്കിലും ഗുരുത്വവും കഫവൎദ്ധനകരവുമാണ്. സാമാന്യവിധിയിൽ കാട്ടുകോഴി ഉത്തമം. കോഴിമാംസം തൈരോടൊന്നിച്ചു ഭക്ഷിക്കരുത്.)

കോഴിക്കാരം-കോഴിക്കാഷ്ഠം.

കോഴിക്കട്ടൻനെല്ല്-വ്രീഹികളിൽ ഒന്ന്.

[ഇതിന്ന മിക്കവാറും നവരയുടെ ഗുണങ്ങൾ ഉണ്ട്. സംസ്കൃതത്തിൽ-കളമാന്ധം.]

കോഴിക്കൃഷി-കോഴിയെ ധാരാളമായി വളൎത്തി ആദായമെടുക്കുന്ന ഒരു തൊഴിൽ.

കോഴിക്കോട്ട് - മലയാളത്തിൽ ഒരു രാജ്യം.

കോഴിപ്പോര് - കോഴികൾ തമ്മിൽ കൊത്തുക.

കോഴിയങ്കം-കോഴിപ്പോര്.

കോഴിയവര-ഒരു ചെടി.

[അവരയുടെ ഗുണം തന്നെ. ഇതു നട്ടു വളൎത്തുന്നു. കായ് വിരൽപോലെ ഉരുണ്ടിരിക്കും. മൂത്താൽ ഗുണം കുറയും സംസ്കൃതത്തിൽ-വൃത്തനിഷ്പാവികാ.]

കോറു-മുറിക്കുക, കീറുക.

കോറ-വി. ഉണങ്ങിയ.

കോറ-ന. മുതാറി. ഉണങ്ങിയപാക്ക്.

കോറുവാ-സാവധാനത്തിലുള്ള ഒരുമാതിരി ശകാരം.

## കൌ

കൌകൃത്യം - ചീത്തപ്രവൃത്തി, പാപകൎമ്മം.

കൌക്കുടികൻ-ന. കപടഭക്തിക്കാരൻ. 2. ഒരുമാതിരി സന്യാസി. കുക്കുടിയെ (മായയെ) കാണുന്നവൻ എന്നൎത്ഥം.

[പുഴുക്കളെയും മററും ചവുട്ടിപ്പോകാതിരിക്കുന്നതിന്ന എല്ലായ്പ്പോഴും നിലത്തു നോക്കി നടക്കുന്ന ഭിക്ഷുക്കളെ 'കൌക്കുടികർ' എന്നു വിളിക്കുന്നു.]

കൌക്ഷേയകം-വാറം. കുക്ഷിയിൽ ഭവിച്ചതു് എന്നൎത്ഥം.

'രാക്ഷസരെയിതേ കാംക്ഷിതപിശിതേ
രൂക്ഷതരം മമ കൌക്ഷേയകമിതു
വക്ഷസി പതതി പുരാ തേ'

കൌഞ്ചമാരണൻ - സുബ്രഹ്മണ്യൻ.

[ക്രൌഞ്ചദാരണൻ എന്നതു നോക്കുക.]

കൌട-വി ന. സ്വന്തഗൃഹത്തിൽ വസി

ക്കുന്ന. ൨. സ്വാതന്ത്ര്യമുള്ള. ൩. ചതിയുള്ള. ൪. മര്യാദയില്ലാത്ത.

കൌടകികൻ- മാംസം വില്ക്കുന്നവൻ, പക്ഷികളെ പിടിക്കുന്നവൻ.

കൌടജം-കുടകപ്പാല. ഗിരികൂടത്തിലുണ്ടാകുന്നതു് എന്നൎത്ഥം.

കൌടതക്ഷൻ-൧. തനിഷ്ടമായിട്ടു വേലചെയ്യുന്ന ആശാരി. ൨. കൌടനായ (കുടിയിൽ പാൎക്കുന്ന) തച്ചൻ.

കൌടൻ-കുടിയിൽ പാൎക്കുന്നവൻ.

കൌടം-൧. ചതി. ൨. കളവു്. ൩. കുടകപ്പാല.

കൌടസാക്ഷി- കള്ളസ്സാക്ഷി പറയുന്നവൻ.

കൌടി-൧. ചതിയുള്ളവൾ. ൨. സ്വാതന്ത്ര്യമുള്ളവൾ. ൩. സ്വന്തഗൃഹത്തിൽ താമസിക്കുന്നവൾ. ൪. മര്യാദയില്ലാത്തവൾ.

കൌടിക-വി. പക്ഷികളെ പിടിക്കുന്ന.

കൌടികൻ-മാംസം വിററു ഉപജീവിക്കുന്നവൻ. കൂടത്തെ (മൃഗാദികളെ കുടുക്കുവാനുള്ള യന്ത്രത്തെ) കൊണ്ടു ചരിക്കുന്നവൻ എന്നൎത്ഥം.

[ഒരു കുടികെട്ടി ദേശത്തുപാൎക്കുന്നു എന്നല്ലാതെ ആ ദേശത്തു അവകാശമൊന്നും ഇല്ലെന്നു താല്പൎയ്യം.]

കൌടിലിക-വി. പക്ഷികളെ പിടിക്കുന്ന.

കൌടില്യൻ- ചാണക്യൻ, ചന്ദ്രഗുപ്തന്റെ മന്ത്രി.

കൌടില്യം-൧. കുടിലത, ചതി. ൨. ചൌൎയ്യം. ൩. വളവു്. [അകൌടില്യം എന്ന ശബ്ദം നോക്കുക.] ൪. വലിയ മുള്ളങ്കി.

കൌടുംബ-വി. ഭവനത്തിലെയ്ക്കാവശ്യമുള്ള.

കൌടുംബം-ബന്ധുത്വം.

കൌടുംബികൻ-ഖേഗൃഹത്തിലെ നായകൻ അല്ലെങ്കിൽ പിതാവു്.

കൌഡവികം-നാഴിവിത്തു വിതെയ്ക്കുന്ന സ്ഥലം.

കൌണ്ഡിന്യൻ-ഒരു മുനി.

[ശിവനെ കോപിപ്പിച്ചു. അപ്പോൾ വിഷ്ണു രക്ഷിക്കകകൊണ്ടു വിഷ്ണുഗുപ്തൻ എന്ന പേരുണ്ടായി.]

കൌണപവൃത്തം- രാക്ഷസവൃത്തി, ക്രൂരതരം.

കൌണപദന്തൻ-ഭീഷ്മൻ.

കൌണപൻ- രാക്ഷസൻ. കോണപന്റെ വംശത്തിലുണ്ടായവൻ എന്നൎത്ഥം. [കോണപൻ എന്ന പദം നോക്കുക.] ശവം ഭക്ഷിക്ക ശീലമായിട്ടുള്ളവൻ എന്നൎത്ഥം.

കൌതുകം-൧. ആഗ്രഹം. ൨. കാത്തിരിപ്പു്. ൩. സന്തോഷം ൪. ഉത്സവം. ൫. മംഗല്യസൂത്രം. ൬. വിനോദം, നേരമ്പോക്കു്. ൭. കാഴ്ച. ൮. പാട്ടു്. ൯. തുള്ളൽ. ൧൦. പ്രദക്ഷിണം. ൧൧. താല്പൎയ്യം, ഉല്ലാസം.

കൌതുകസൎവ്വസ്വം-ഒരു ചെറിയ നാടകം.

[കൎത്താവു ഗോപീനാഥൻ. ഹാസ്യരസപ്രധാനം.]

കൌതുകാഗാരം-നല്ല വീടു്.

കൌതുകി-വി. ആഡംബരമുള്ള, വേഷപ്രൌഢിയുള്ള.

കൌതൂഹലം-൧. ആഗ്രഹം. ൨. കാത്തിരിപ്പു. ൩. സന്തോഷം. [അകൌതൂഹലം എന്ന ശബ്ദം നോക്കുക]

കൌതൂഹല്യം-൧. ആഗ്രഹം. ൨. കാത്തിരിപ്പു. ൩. സന്തോഷം. [അകൌതൂഹല്യം എന്നതു നോക്കുക.]

കൌദ്രവീണം - വരക കൃഷിചെയ്യുന്ന സ്ഥലം.

കൌന്തി-അരേണുകം, കുന്തിദേശത്തിലുണ്ടായതു്. കുന്തിക്കു ദുൎവ്വാസസ്സുപദേശിച്ച "മന്ത്രവൃന്ദധമംകയാൽ" കുന്തിയെ സംബന്ധിച്ചതു എൻമാവം.

കൌന്തികൻ-കുന്തക്കാരൻ. കുന്തം ആയുധമായിട്ടുള്ളവൻ എന്നർത്ഥം.

കൌന്തേയൻ-കുന്തിയുടെ പുത്രൻ. [ധർമ്മപുത്രനും മററും.]

കൌന്തേയ -നീർമരുത്.

കൌനഖ്യം-നഖങ്ങളിലെ അഴുക്ക്.

കൌപീനം-പു. കോണകം. ഗുഹ്യപ്രദേശത്തെ മറയ്ക്കുന്നതു എന്നർത്ഥം വ. ഗുഹ്യപ്രദേശം. പാപത്തെ ചെയ്യുന്നതു കൊണ്ടു ഈ പേർ വന്നു. ന. പാപം. കൂപപതനത്തെ അർഹിക്കുന്നതു എന്നർത്ഥം.

കൌബേര-വി. കുബേരനെ സംബന്ധിച്ച.

കൌബേരം-കൊട്ടം.

കൌമാര-വി. കുമാരനെ സംബന്ധിച്ച.

കൌമാരകം-അഞ്ചു വയസ്സിൽ താണ പ്രായം. [സ്ത്രീകളുടെ സംഗതിയിൽ പതിനാറുവയസ്സിനു താണപ്രായം.] കുമാരനെ സംബന്ധിച്ച എന്നു ശബ്ദാർത്ഥം.

കൌമാരം-കുമാരന്റെ അവസ്ഥ, ബാല്യം, ശിശുത്വം.

കൌമാരി-പു. മാതൃക്കളും ഏഴുള്ളവരിൽ ഒരുവൾ, ഒരു ദേവി. [സപ്തമാതൃക്കൾ എന്നതിൽ വിവരിക്കപ്പെടും.] കുമാരനെ സംബന്ധിച്ചവൾ, കാർത്തികേയന്റെ ശക്തി എന്നർത്ഥം. വ. പന്നിക്കിഴങ്ങ്.

കൌമുദി-പു. നിലാവ്, ചന്ദ്രന്റെ ശോഭ. കുമുദത്തെ (ആമ്പൽ പൂവിനെ) വിടുർത്തുന്നത് എന്നർത്ഥം മററു പര്യായങ്ങൾ-ചന്ദ്രിക, ജ്യോത്സ്ന.

'വന്നാളുതാവൻമയകൌമുദീയം'

(നളചരിതം കഥകളി)

വ. വ്യാകരണ പുസ്തകങ്ങളിൽ ഒന്ന്. (സിദ്ധാന്തകൌമുദി.)

കൌമോദകി-വിഷ്ണുവിന്റെ ഗദ. കുമോദകനെ (വിഷ്ണുവിനെ) സംബന്ധിച്ചതു എന്നർത്ഥം.

[ഇതു് അഗ്നി കൃഷ്ണനു കൊടുത്തതാണെന്നു് അഭിപ്രായം കാണുന്നു.]

കൌരവൻ-കുരു എന്ന രാജാവിന്റെ പുത്രൻ, ആ രാജാവിന്റെ വംശത്തിൽ ജനിച്ചവൻ.

കൌരവ്യൻ-പു. കുരുവിന്റെ വംശത്തിലുള്ളവൻ. വ. കുരുക്കളുടെ നാടുവാഴി. ഐരാവതകുലത്തിലെ ഒരു നാഗേന്ദ്രൻ, ഉലൂപിയുടെ പിതാവ്.

'കൌന്തേയന്മാർ കൌന്തേയന്മാർ
കൌരവ്യന്മാർ കൌരവ്യന്മാർ'

(ഘോഷയാത്ര തുള്ളൽ)

കൌർപ്പി-വൃശ്ചികം രാശി

കൌർമ്മം-പു. ഒരു കല്പത്തിന്റെ പേര്. വ. പതിനെട്ടു പുരാണങ്ങളിൽ ഒന്ന്.

കൌല-വി. കുലത്തെ സംബന്ധിച്ച. വ. നല്ല വംശത്തിൽ ഉൾപ്പെട്ട. ന. പാരമ്പര്യത്തിൽ വന്നിട്ടുള്ള.

കൌലടിനേയൻ, കൌലടേയൻ-പതിവ്രതയായി ഭിക്ഷാർത്ഥം വീടുതോറും സഞ്ചരിക്കുന്ന സ്ത്രീയുടെ പുത്രന്റെ പേർ. [കുലട എന്ന പദം നോക്കുക].

[കുലട രണ്ടുതരമുണ്ട്. പു. അസതിയായ കുലട വ. സതിയും ഭിക്ഷുകിയുമായ കുലട. അസതിയായ കുലടയുടെ പുത്രനെ കൌലടേരൻ എന്നു വിളിക്കുന്നു].

കൌലടേയൻ-രണ്ടുതരത്തിലുള്ള കുലടാസ്ത്രീകളുടെയും പുത്രന്റെ പേർ. [കുലട എന്നതു നോക്കുക].

കൌലടേരൻ - വ്യഭിചാരിണിയുടെ പുത്രൻ.

കൌലത്ഥീനം-മുതിരവിളയുവാൻ യോഗ്യമായ സ്ഥലം.

കൌലാലകം-മീനപ്പാത്രം.

കൌലിക-പു. വംശത്തിൽ ചേർന്ന. വ. വംശത്തിൽ പതിവുള്ള.

കൌലികൻ-വംശത്തിൽ ചേർന്നവൻ.

കൌലീനം-പു. നല്ല കുലത്തിലെ ജന

നം. വ. ലോകാപവാദം, ന. യുദ്ധം. ര്. പശു പക്ഷി സർപ്പം ഈ ജന്തുക്കളുടെ യുദ്ധം.

[പശുക്കളും പശുക്കളും, പക്ഷികളും പക്ഷികളും, സർപ്പങ്ങളും സർപ്പങ്ങളും തമ്മിലുള്ള യുദ്ധമെന്നറിക].

കൌലീന്യം-കുലീനത്വം, നല്ല വംശത്തിൽ ജനിച്ചിരിക്കുന്ന സ്ഥിതി.

കൌലേയക - വി. നല്ല കുലത്തിൽ ജനിച്ച.

കൌലേയകൻ-വലിയതറവാട്ടുകാരൻ.

കൌലേയകം-പു. പട്ടി. കുലത്തിൽ ഭവിച്ചതു എന്നർത്ഥം. വ. വേട്ടപ്പട്ടി

കൌല്യ-വി. ഉന്നതവംശത്തിൽ ജനിച്ച.

കൌവ്വ്-പു. കാഴ്ച. വ. അതിതാൽപര്യം.

കൌശം-കാന്യകുബ്ജം.

കൌശലക്കാരൻ-കൌശലമുള്ളവൻ.

കൌശലം-പു. കുശലത, സാമർത്ഥ്യം. വ. ക്ഷേമം, ഭാഗ്യം ന. സൂത്രം, ഉപായം ര്. സൂത്രപ്പണികളിലും മറവുമുള്ള വാർത്ത.

കൌശലവിദ്യ - കൌശലമുള്ളവന്റെ ചില സൂത്രപ്പണിയും മറവും.

കൌശലി, കൌശലിക-സമ്മാനം.

കൌശലികം-കൈക്കൂലി.

കൌശല്യം- കുശലത, സാമർത്ഥ്യം. [അകൌശല്യം എന്നതു നോക്കുക].

കൌശികൻ-പു. വിശ്വാമിത്രൻ.

(വിശ്വാമിത്രമഹർഷിക്കു ഗാധേയൻ എന്നും പേരുണ്ട്)

വ. ഇന്ദ്രൻ. ന. പാമ്പാട്ടി ര് ഒരു സന്ന്യാസി.

(ചിലരെ ചില കള്ളന്മാർ പിടികൂടി. അവർ ഒരുവിധം കള്ളന്മാരിൽനിന്നു ഓടി രക്ഷപ്പെട്ടു. ആ മാർഗ്ഗത്തെ കള്ളന്മാർക്കു തെളിച്ചുകൊടുത്തതു ഈ സന്ന്യാസിയാണ്. അതിനാൽ നരകത്തിൽ വീഴുന്നതിനിടയായി.

കൌശികം - പു. ഗുഗ്ഗുലു. വ. മൂങ്ങ. കശങ്ങളിൽ (വൃക്ഷങ്ങളിൽ) സഞ്ചരിക്കുന്നതു എന്നർത്ഥം. ന. കീരി.

കൌശി(ഷി)കം-പു. പെരുമരുത്. വ. ഊമൻ. ന. ഗുഗ്ഗുലു. ര്. കീരി.

കൌശികായുധം-മേഘത്തിൽ കാണുന്ന വില്ല്.

കൌശികി-പു. ഒരാറ്. വ. ദുർഗ്ഗ. ന. ജമദഗ്നിയുടെ മാതാവായ സത്യവതി.

കൌശേയം-പട്ടുനൂൽകൊണ്ടുള്ള വസ്ത്രം. പുഴുക്കൂട്ടിൽനിന്നെടുത്ത നൂൽകൊണ്ടുണ്ടാക്കിയതു.

കൌഷാരവി-മൈത്രേയമുനി.

[കുഷാരുവിന്റെ പുത്രനാകയാൽ കൌഷാരവൻ എന്നും കൌഷാരവി എന്നും പറയുന്നു. ഇദ്ദേഹം വിദുരർക്കു ജ്ഞാനോപദേശം ചെയ്തു].

കൌഷീതകൻ-ബ്രാഹ്മണരിൽ ഒരു ശാഖക്കാർ.

'കൌഷീതകനുപത്താരാരാത്രിപിൻ കൂറ്റിലുംശ്ശുദ്ധം'

കൌസല്യ- കോസലരാജാവിന്റെ പുത്രി, കൌസലരാജകുമാരി. പു. ശ്രീരാമന്റെ അമ്മ, ദശരഥന്റെ ഭാര്യ. വ. പുരുവിന്റെ ഭാര്യ ന. ജനമേജയന്റെ മാതാവ്.

കൌസീദ-വി. പു. കൈവായ്പയെ സംബന്ധിച്ച വ. ആദായത്തിനു അത്യാശയുള്ള.

കൌസീദ്യം-പു. മടി, ചോദിപ്പില്ലായ്മ. വ. അധികപ്പലിശ വാങ്ങുക.

കൌസുംഭ - വി. കുസുമ്പപ്പൂനിറമായ, ചുമന്ന.

'ധന്യംകൌസുംഭരാഗംതടവിനതലയിൽ-
ക്കണ്ടുമോരോരുഭാഗം'

(ഭാഷാനൈഷധചമ്പു)

കൌസ്തുതിക-വി. ൧ ചതിവുള്ള. ൨ ഇന്ദ്രജാലവിദ്യയുള്ള.

കൌസ്തുഭം-൧. വിഷ്ണുവിന്റെ ആഭരണമായ ഒരു മണി. കസ്തുഭനെ (വിഷ്ണുവിനെ) സംബന്ധിച്ചതു എന്നർത്ഥം. കസ്തുഭത്തിൽ (സമുദ്രത്തിൽ) നിന്നുണ്ടായതു എന്നുമാകാം. ൨. ഒരു വ്യാകരണപുസ്തകം (ശബ്ദകൌസ്തുഭം).

## ക്ര

ക്രകചം-൧. മരം അറക്കുന്നതിനുള്ള വാൾ, ഈർച്ചവാൾ, 'ക്ര' എന്നു ശബ്ദിക്കുന്നതു് എന്നർത്ഥം. മറ്റൊരു പര്യായം-കരപത്രം. ൨. വയ്യങ്കതക്.

ക്രകണം, ക്രകരം-൧. ഇരുവാൽ ചാത്തൻ. 'ക്ര' എന്നു ശബ്ദിക്കുക ശീലമുള്ളതു എന്നർത്ഥം. കരേട്ടുവിൻ വകഭേദം എന്നും അഭിപ്രായമുണ്ട്. തമിഴിൽ 'കക്കരാവു്'.

ക്രതു-൧. യാഗം. ചെയ്യപ്പെടുന്നതു എന്നർത്ഥം. ൨. സങ്കല്പം, നിശ്ചയം. ൩. സപ്തർഷികളിൽ ഒരാൾ. ൪. പത്തു പ്രജാപതികളിൽ ഒരാൾ. ൫. ബുദ്ധി, സാമർത്ഥ്യം. ൬. ശക്തി. ൭. യോഗ്യത. ൮. ആലോചന. ൯. ഉപാസന, ആരാധനം. ൧൦. അശ്വമേധയാഗം. ൧൧. ആഷാഢമാസം. ൧൨. വിഷ്ണു. [ക്രതു എന്ന പ്രജാപതിയുടെ ഭാര്യയായ 'സന്നതി' തള്ളവിരലിന്റെ മുട്ടോളം വലിപ്പമുള്ള ൬൦൦൦൦ ഋഷിമാരെ പ്രസവിച്ചു].-(വിഷ്ണുപുരാണം)

ക്രതുധ്വംസി-ശിവൻ. ദക്ഷയാഗത്തെ നശിപ്പിച്ചവൻ എന്നർത്ഥം.

ക്രതുപുരുഷൻ-വിഷ്ണു.

ക്രതുഭുക്കു്-ദേവൻ. യാഗത്തിങ്കൽ ഭുജിക്കുന്നവൻ. യാഗസാധനങ്ങളെ ഭുജിക്കുന്നവൻ. യാഗത്തെ വിഘ്നം കൂടാതെ രക്ഷിക്കുന്നവൻ എന്നർത്ഥം.

ക്രതുരാജാവു്-രാജസൂയം.

ക്രഥനം-൧. കൊല്ലുക, കൊല. ൨. വെട്ടുക.

ക്രന്ദം-വിളി, കരച്ചിൽ.

ക്രന്ദനം-൧. കരച്ചിൽ ൨. നിലവിളി. ൩. പോർവിളി, യോദ്ധാക്കന്മാർ പരസ്പരം സ്പർദ്ധയോടു ചെയ്യുന്ന പോർവിളി. വിളിക്കുക എന്നർത്ഥം. ൪. പൂച്ച.

ക്രന്ദിതം-൧. കരച്ചിൽ. ൨. നിലവിളി.

ക്രപുകം-വിലയ്ക്കുവാങ്ങുക.

'ക്രപുകഃക്രയഃ' (വൈജയന്തി)

ക്രമ-വി കുഴപ്പമില്ലാത്ത, മുടക്കൊറ്റാത്ത, രീതിയുള്ള.

ക്രമക്കേടു്-മുറയില്ലായ്മ.

ക്രമകൻ-ക്രമമായി (ശരിയായി) പഠിക്കുന്ന വിദ്യാർത്ഥി.

ക്രമണം-൧. സഞ്ചാരം ൨. കുതിര

ക്രമശഃ-അ. മുറയ്ക്ക്, ക്രമത്തിൽ.

ക്രമപ്പെടുത്തുക-ക്രമത്തിൽ ആക്കുക. [ക്രമപ്പെടുത്തുക എന്നതിനെ ചിലർ സംസ്കൃതമാക്കുവാൻ വേണ്ടി 'ക്രമീകരിക്ക' എന്നു പ്രയോഗിക്കാറുണ്ട്. കരിക്ക എന്നതിനു ഒന്നിനെ മറ്റൊരു വിധമാക്കിച്ചെയ്ക എന്നാണർത്ഥം. അതുകൊണ്ടു നാമവിശേഷണങ്ങളിൽ മാത്രമേ 'കരിക്ക' ചേർക്കാവൂ. ക്രമീകരിക്കയിൽ 'ക്രമം' നാമമാകയാൽ ഇതു യോജിക്കയില്ല. ക്രമപ്പെടുത്തുക എന്ന മലയാളരൂപം മതി]-(സാഹിത്യസാഹ്യം)

ക്രമം-൧. മുറ, രീതി, കുഴപ്പമില്ലായ്മ. ൨. മര്യാദ. ൩. നീതി. ൪. നടപ്പ്. ൫. ചേർച്ചയുള്ള അവസ്ഥ. ൬. ഇന്നപ്രകാരം ചെയ്യണം എന്നുള്ള ശാസ്ത്രോക്തവിധി.

ക്രമാൽ-അ. ൧. ക്രമേണ, കാലവിളംബം കഴിയുമ്പോൾ

ക്രമിക-വി. പ്ര. തുടച്ചയായ. വ. വംശം നഗരമായ.

ക്രമുകം-പ്ര. കവുങ്ങ്. മണ്ണു തട്ടുന്നേട ത്തെല്ലാം വേരൂന്നിപ്പിടിക്കുന്നതു എന്നൎത്ഥം. വ. ചെമന്ന പാച്ചോററി. ആക്ര മിക്കുന്നതു എന്നൎത്ഥം. ന. കാട്ടരയാൽ. ൪. പെരുമുത്തങ്ങ.

ക്രമേണ-അ. പ്ര. ക്രമത്തിനു്. വ. ക്രമം കൊണ്ടു്, കുറെ നേരമോ ദിവസമോ ക ഴിയുമ്പോൾ.

ക്രമേളകം-ഒട്ടകം. ചവിട്ടിച്ചാടി നട ക്കുന്നതു എന്നൎത്ഥം.

ക്രമോൽകൎഷം-ക്രമത്തിനുള്ള വൎദ്ധന.

ക്രയണം-വിലക്കു വാങ്ങിക്കുക.

ക്രയം-വിലയ്ക്കു വാങ്ങിക്കുക.

ക്രയവിക്രയം-കച്ചവടം.

ക്രയവിക്രയികൻ-കച്ചവടക്കാരൻ. ക്ര യവിക്രയങ്ങളെക്കൊണ്ടു ജീവിക്കുന്നവൻ എന്നൎത്ഥം.

ക്രയാരോഹൻ-കച്ചവടം ചെയ്യുന്നവൻ.

ക്രയികൻ-കച്ചവടക്കാരൻ, വിലക്കു സാ മാനം കൊള്ളുന്നവൻ. മറെറാരു പ ൎയ്യായം-ക്രായകൻ.

ക്രയ്യ-വി. വിലകൊടുത്തു വാങ്ങിപ്പാൻ തക്ക.

ക്രയ്യം-വില്ക്കുന്നതിനായി കച്ചവടക്കാർ അങ്ങാടിയിൽ നിരത്തിവെച്ച സാധനം. വില്ക്കപ്പെടുന്നതു എന്നൎത്ഥം.

ക്രവ്യ-മാംസം.

ക്രവ്യം-മാംസം. ഛേദത്തെ ഉണ്ടാക്കുന്നതു എന്നൎത്ഥം.

ക്രവ്യവാഹനൻ-അഗ്നി. [വേദത്തിൽ പ്രയോഗം.]

ക്രവ്യാൽ-രാക്ഷസൻ. പച്ചമാംസം തി ന്നുന്നവൻ എന്നൎത്ഥം.

ക്രവ്യാദ-വി. മാംസത്തെ ഭക്ഷിക്കുന്ന.

ക്രവ്യാദൻ-രാക്ഷസൻ.

ക്രവ്യാദം-പ്ര. സിംഹം. വ. പരുന്തു്.

ക്രശിമാവു്-മെലിഞ്ഞിരിക്കുന്ന സ്ഥിതി. [അക്രശിമാവു് എന്ന പദം നോക്കുക.]

---oooOooo---

## ക്രാ

ക്രാകചികൻ-അറപ്പുകാരൻ. ഈൎച്ച വാൾകൊണ്ടു അറക്കുന്നവൻ.

ക്രാഥം-കൊല.

ക്രാന്തം-പ്ര. വ്യാഘ്രം. വ. കുതിര. ന. നട, പദവിന്യാസം. ക്രാന്തം=ക്രമി ച്ചതു്, അധിവസിച്ചതു്.

ക്രാന്താ-ചെറു വഴുതിന.

ക്രാന്തി-പ്ര. ക്രമിക്കുക. വ. കരേറം. ന. പോവുക. ൪. മുഴിക്കുക, തോ ല്പിക്കുക. ൫. നട, ചവിട്ടടി.

ക്രാന്തു-ഒരു പക്ഷി.

ക്രായക-വി. കച്ചവടംചെയ്യുന്ന.

ക്രായകൻ, ക്രായികൻ-വിലക്കു സാ മാനം കൊള്ളുന്നവൻ.

ക്രാസനം-മാൎദ്ദവം.

ക്രാസി-ഒരുമാതിരി ചെറിയ അഴിക്കാൽ.

---

## ക്രി

ക്രിമി, ക്രമി-പ്ര. കൃമി, വ. അരക്കു്.

ക്രിമി, കൃമി-ഓരോ മാതിരി ചെറിയപ്രാ ണികൾ, പുഴു.

ക്രിമിജാ-അകിൽ. കൃമികളാൽ ഭക്ഷിക്ക പ്പെടുന്നതു എന്നൎത്ഥം.

ക്രിയ-പ്ര. പ്രവൃത്തി. മറെറാരു പൎയ്യായം- കൎമ്മം. ചെയ്യുക, ചെയ്യപ്പെടുന്നതു് എ ന്നൎത്ഥം. വ. ഉപായത്തിലുള്ള പ്രവൃത്തി. ന. ആരംഭം. ൪. വാക്യങ്ങളുടെ അവ സാനത്തിൽ വെക്കുന്ന പദം. അകൎമ്മ ക്രിയ, സകൎമ്മക്രിയ. ൫. ഉത്സാഹം.

ഉ. പ്രായശ്ചിത്തം. ന്യാ. ശിക്ഷ. ര. പൂജനം. വ്യ. വിചാരം. ന. സാമാജ്യപാലനം. പ്ര. ചികിത്സാ. പ്ര. ചേഷ്ടം.

ക്രിയാകാര-വി. വേലചെയ്യുന്ന.

ക്രിയാഗ്രം-അ. പ്രവൃത്തിക്ക മുമ്പ്.

ക്രിയാദീപകാ-ദീപകാലങ്കാരത്തിൽ ഒരിനം.

ക്രിയാനിദ്ദേശാ-തെളിവ്.

ക്രിയാപാഥം-ചികിത്സയുടെ രീതി.

ക്രിയാപദം-പ്ര. കത്താവിനേയും കമ്മത്തിനേയും ക്രടി യോജിപ്പിക്കുന്ന പദം. ഉ. കത്താവിന്റെ പ്രവൃത്തിയെ അറിയിക്കുന്ന പദം.

ക്രിയാബന്ധം-ക്രിയയോടുള്ള സംബന്ധം.

ക്രിയാംഗജം-(വ്യാകരണത്തിൽ.) ക്രിയാംശം എന്നു പറയുന്ന വിനയെച്ചംതന്നെ ഭേദകമായി തീന്നതു.

ക്രിയാംഗം-(വ്യാകരണത്തിൽ.) പിൻവരുന്ന ക്രിയയാൽ, അത്ഥം പൂണ്ണമായി വരുന്ന അപൂണ്ണക്രിയ. വിനയെച്ചം എന്നും പറയും.

ക്രിയാവൽ-വി. ക്രിയയുള്ള.

ക്രിയാവാൻ-കമ്മങ്ങളിൽ ഉത്സാഹത്തോടുകൂടിയവൻ.

ക്രിയാസമഭിഹാരം-എന്തെങ്കിലും പ്രവൃത്തിയെ വീണ്ടും വീണ്ടും ചെയ്യു.

ക്രിസ്തവൻ, ക്രിസ്ത്യാൻ-ക്രിസ്ത്യാനി.

ക്രിസ്ത്യാനിമതം - ക്രിസ്ത്യാനികളുടെ വിശ്വാസപ്രകാരമുള്ള ഒരു നിശ്ചയം.

ക്രിസ്തു-ക്രിസ്ത്യാനിമതസ്ഥാപകനായ ഒരു അവതാരപുരുഷൻ.

ക്രിസ്തുമതം-ക്രിസ്തുവിൽ ഭക്തിയോടുകൂടിയ ഒരു വിശ്വാസം, ക്രിസ്ത്യാനികളുടെ ആചാരവും മറവും.

ക്രിസ്തുവർഷം- ക്രിസ്തു ജനിച്ചതുമുതലുള്ള വർഷം.

ക്രിസ്ത്യാനി-ക്രിസ്തുമതാനുസാരി.

ക്രിസ്ത്വബ്ദ- [ക്രിസ്തു+അബ്ദം] ക്രിസ്തു ജനിച്ച ആണ്ടുമുതൽ എണ്ണിത്തുടങ്ങിയിരിക്കുന്ന (അബ്ദം) വഷം. ക്രിസ്ത്വാബ്ദം (ക്രിസ്തു+അബ്ദം) എന്നും രൂപമുണ്ട്. ഇംഗ്ലീഷിൽ ഇതിനെ A.D. എന്നു പറയും.

[ക്രിസ്ത്വബ്ദത്തിനു മുമ്പുള്ളതിനെ ക്രിസ്തുവിനു മുൻ (ക്രി മു) ഇത്രാംവഷം എന്നു പറയുന്നു. ഇംഗ്ലീ B. C. (Before Christ) എന്നുപേർ. വേറെയും അബ്ദങ്ങളുണ്ട്. കൊല്ലംബ്ദം (കൊല്ലവഷം), വിക്രമാദിത്യാബ്ദം, കല്യബ്ദം, ശകാബ്ദം ഇത്യാദി].

—:0:—

## ക്രീ

ക്രീഡകൻ-പ്ര. കളിക്കാരൻ. ഉ. വാതിൽ കാക്കുന്നവൻ.

ക്രീഡനകം-കളിപ്പാനുള്ള വസ്തു.

ക്രീഡനം-കളി.

ക്രീഡാ-പ്ര. കളി. പര്യായങ്ങൾ-ദ്രവം, കേളി, പരീഹാസം, ക്രീഡാ, ലീലാ, നമ്മം. ര. സ്ത്രീപുരുഷന്മാർ പരസ്പരം പ്രേമാതിശയം കൊണ്ടു ചെയ്യുന്ന പരിഹാസം. കളിക്കട്ടിലുള്ള [illegible].

[ക്രീഡം' എന്നും 'ലീലാ' എന്നും സമാനാഥങ്ങളിൽ പ്രയോഗിക്കാം. അപൂവം മറവിധവാക്കും [illegible] പാഠം. ഉ-ം. അക്ഷക്രീഡാ.]

ക്രീഡാശൈലം-കളിക്കാനായിട്ടുള്ള മൈതാനിർ. ചെറിയ മല.

ക്രീണനം-വിലയ്ക്കു വാങ്ങൽ.

ക്രീണിക്കുക-വിലയ്ക്കു വാങ്ങിക്കുക.

ക്രീത-വി. വിലക്കു വാങ്ങപ്പെട്ട.

ക്രീതകൻ-മാതാപിതാക്കന്മാരിൽ നിന്നു വിലയ്ക്കു വാങ്ങിച്ചു വളർത്തപ്പെടുന്ന പുത്രൻ.

ക്രീതാനുശയം-വിലക്കു വാങ്ങിച്ച വസ്തുവിനെ തിരിച്ചു കൊടുക്കുക.

—:0:—

## ക്രു

ക്രുങ്-അന്നിൽപക്ഷി

ക്രുഞ്ചം-അന്നിൽപക്ഷി.

ക്രുത്-കോപം.

ക്രുദ്ധ-വി. കോപിച്ച.

ക്രുധിക്കുക-കോപിക്കുക.

ക്രുധാ-കോപം.

'ക്രോധഃകോപോപമർഷാരോഷൌ
മന്യുരുട് ക്രുത് ക്രുധം സ്ത്രിയഃ'
(വൈജയന്തി)

[ക്രുധാശബ്ദത്തിനു പ്രയോഗം കുറവാണ്. ക്രുത് എന്നതിൻെറ തൃതീയൈകവചനമായി പ്രയോഗിക്ക പതിവ്.]

ക്രുമുകം-കവുങ്ങ്.

ക്രുശാ-കുറുക്കൻ.

ക്രുഷ്ട-വി. ക്രോശിക്കപ്പെട്ട; വിളിക്കപ്പെട്ട

ക്രുഷ്ടം-കരച്ചിൽ.

—:0:—

## ക്രൂ

ക്രൂര-വി. ഉ മനഃകഠിനതയുള്ള. ഉ. ദയയില്ലാത്ത.

ക്രൂരത-കഠിനത്വം, ദയയില്ലായ്മ.

ക്രൂരൻ-ഉ. പരദ്രോഹം ചെയ്യുന്നവൻ, ഛേദിക്കുന്നവൻ എന്നർത്ഥം. ഉ. ദയയില്ലാത്തവൻ. ന. കർണൻ.

ക്രൂരം-ഉ. കഠിനമായിട്ടുള്ളത്. ഉ. ചെമന്ന അരളി. ന. പരുന്ത്. ർ. കങ്കപക്ഷി.

ക്രൂശ്, കുരിശ്-ഉ. ഒന്നിന്മേൽ ഒന്നായി വിലങ്ങനെ ഉണ്ടാക്കിയിട്ടുള്ള ഒരു മാതിരി കഴു. ഉ. ക്രിസ്ത്യാനികളുടെ മതചിഹ്നം. ന. കഷ്ടത. ർ. ക്രിസ്തുവിനെ കൊല്ലുന്നതിനുപയോഗിച്ച കഴു.

—:0:—

## ക്രെ

ക്രേണി-വിലക്കുവാങ്ങിക്ക.

'ക്രേണീവിക്രയഃ' (വൈജയന്തി)

ക്രേതവ്യ-വി. വിൽക്കേണ്ടതായ, വില്ക്കപ്പെടുവാൻ തക്ക.

ക്രേതാവ് - വിലകൊടുത്തു വാങ്ങിക്കുന്നവൻ.

ക്രേയ-വി. വില്പാൻ യോഗ്യമായ.

ക്രേയം-വില്പാൻ കൊള്ളാവുന്ന വസ്തു

—:0:—

## ക്രൈ

ക്രൈസ്തവ-വി. ക്രിസ്തുവിനെ സംബന്ധിച്ചുള്ള.

—:0:—

## ക്രോ

ക്രോഡപാദം-ആമ.

ക്രോഡം-ഉ. പന്നി ഉ. നെഞ്ച്, ഉര മധ്യം. രണ്ടു കൈകളിൻെറയും മധ്യപ്രദേശമെന്നർത്ഥം (മാർവ്വിടം) ന. ഗ്രഹം. ർ. പൊത്ത്. ൫. പന്നിക്കിഴങ്ങ്.

ക്രോഡീകരിക്ക-ഉ. പലേടത്തുനിന്നു എടുത്തു ഒന്നിച്ചു ചേർക്കുക, എടുക്കുക, ശേഖരിക്കുക. ഉ. ആലിംഗനംചെയ്യുക.

ക്രോധന-വി. കോപശീലമുള്ള.

ക്രോധനം-പ്രഭവാദി സംവത്സരങ്ങളിൽ ൫൯-മത്തേത്.

ക്രോധാ, ക്രോധവസാ—ന. ദക്ഷന്റെ ഒരു പുത്രി. കശ്യപന്റെ ഒരു ഭാൎയ്യ. ഇ. മാംസത്തെ ഭക്ഷിക്കുന്നതുകളും കൂൎത്ത പല്ലുള്ളവയുമായ മൃഗങ്ങൾ, മത്സ്യങ്ങൾ, പക്ഷികൾ മുതലായവയുടെ അമ്മ.

ക്രോധം—കോപം. [ക്രിയ—ക്രോധിക്കുക]. ക്രോധത്തിൽനിന്നുണ്ടാകുന്ന വ്യസനങ്ങൾ.

'പൈശുന്യം സാഹസം ദ്രോഹം
ഈൎഷ്യാസൂയാൎത്ഥദൂഷണം
വാഗ്ദണ്ഡജം ച പാരുഷ്യം
ക്രോധജോപിഗണോഷ്ടകഃ'

ക്രോധസംരംഭം—ക്രോധം കലൎന്നുള്ള പ്രവൃത്തി.

ക്രോധാലു—വി. കോപശീലമുള്ള.

ക്രോധി—വി. ന. കോപശീലമുള്ള. ഇ. പ്രഭവാദി സംവത്സരങ്ങളിൽ ൩൮-ാമത്തേതു്.

ക്രോഡി—പു. വരാഹമാൻ. [ഗ്രാഹ്യാംശം മാംസം]. ഇ. പോത്തു്.

ക്രോശം—ഒരു വിളിപ്പാടു ദൂരം, കാൽയോജനദൂരം.

[൨൪ അംഗുലം കൂടിയതു ഒരു ഹസ്തം (മുഴക്കോൽ). ൨൦൦൦ ഹസ്തം കൂടിയതു് ഒരു ക്രോശം].

ക്രോശിക്കുക—ന. വിളിക്കുക. ഇ. നിലവിളിക്കുക.

ക്രോഷ്ടാവു്—കുറുക്കൻ. നിലവിളിക്കുന്നവൻ എന്നൎത്ഥം.

ക്രോഷ്ടുകൻ—കുറുക്കൻ.

ക്രോഷ്ടുവിന്ന—മൂവില. പെരുമല്ലി എന്നും അഭിപ്രായമുണ്ടു്. ഓരില എന്നു രാജനിഘണ്ടു.

ക്രോഷ്ടുകശീൎഷം—ഒരു വാതരോഗം.

[കാലിന്റെ മുട്ടിൽ വീക്കമുണ്ടാകും. വലിയ വേദന കാണും. വീക്കം വലുതാകുമ്പോൾ കുറുക്കന്റെ തലപോലിരിക്കും].

ക്രോഷ്ടി—കരിമുതുക്കു്. 'ധാതുപുഷ്ടിക്കു ഞാൻ സമൎത്ഥൻ' എന്നു വിളിച്ചുപറയുന്നതെന്നൎത്ഥം.

—:o:—

## ക്രൌ

ക്രൌഞ്ചദാരണൻ, കൌഞ്ചദാരണൻ—ന. സുബ്രഹ്മണ്യൻ. ക്രൌഞ്ചപൎവ്വതത്തെ പിളൎക്കുന്നവൻ എന്നൎത്ഥം. ഇ. പരശുരാമൻ.

'കൈലാസ ധനദാവാസേ
ക്രൌഞ്ചഃ ക്രൌഞ്ചോദധീയകേ'
(ബൃഹന്നാമാവലി)

ക്രൌഞ്ചൻ—താരകാസുരന്റെ ഒരു സഹായി.

ക്രൌഞ്ചം—ന. അന്റിൽപക്ഷി, കൎല്യ. വളഞ്ഞു ചരിഞ്ഞു പറക്കുന്നതു് എന്നൎത്ഥം. മറെറാരു പൎയ്യായം—കുഞ്ച്. ഇ. ഒരു പൎവ്വതം. ൩. സപ്തദ്വീപുകളിൽ ഒന്നു്. ൪. അഴകരൽ.

[ഒരിക്കൽ ഇന്ദ്രനും സുബ്രഹ്മണ്യനും തമ്മിൽ ഒരു വാദം നടന്നു. അപ്പോൾ അഭിപ്രായം ചോദിച്ചതു ക്രൌഞ്ചപൎവ്വതത്തോടായിരുന്നു. അതു കരുവായി ഇന്ദ്രനു അനുകൂലമായി അഭിപ്രായംപറകയാൽ കാൎത്തികേയൻ ക്രുദ്ധനായി തന്റെ അസ്ത്രത്തെ മലക്കു് എതിരെ എറിഞ്ഞു. തദനന്തരം ശരം തറകയാൽ മല പിളൎന്നു. ഈ പൎവ്വതത്തെ ഒരിക്കൽ പരശുരാമനും പിളൎന്നിട്ടുണ്ടു്. ക്രൌഞ്ചപൎവ്വതം ഹിമവാന്റെ പൌത്രനാണു്].

ക്രൌൎയ്യം—ക്രൂരത, കഠിനത.

—:o:—

## ക്ല

ക്ലപിതം, ക്ലിപ്തം, കൢപ്തം—മുൻകൂട്ടി നിയമിക്കപ്പെട്ടിട്ടുള്ളതു്.

ക്ലമഥം, ക്ലമം-ശ്രമം, തളർച്ച, ക്ഷീണം, വാട്ടം.

ക്ലാന്തത്വം-ക്ഷീണത.

'ക്ലാന്തത്വത്തൊടുചൊല്ലുമക്ഷരമണിമയ' (അമരുകശതകം)

ക്ലാന്തം-പ്ര. തളർന്നതു്.

'ക്ലാന്തം മദ്ധ്യപ്രദേശം വിനതമതിതരാം തോരംനിറം പാണ്ഡുരാംഗം' (അഭിജ്ഞാനശാകുന്തളം)

൨. വാടിയതു്. ൩. മെലിഞ്ഞതു്.

ക്ലാന്തി-തളർച്ച.

ക്ലിന്ന-വി. നനവുതട്ടിയ. [ക്ലേദത്തെ പ്രാപിച്ചതു ക്ലിന്നം].

ക്ലിന്നാ-പ്ര. നനഞ്ഞ. ൨. വെളുത്ത കണ്ണകാരി.

ക്ലിന്നാക്ഷ-വി. വെള്ളം ഒഴുകുന്നതായ കണ്ണുള്ള, ചീമ്പക്കണ്ണുള്ള.

ക്ലിന്നാക്ഷം-ചീങ്കണ്ണു്.

ക്ലിപ്തി-പരിച്ഛേദം.

ക്ലിശിത-വി. പ്ര. ക്ലേശിക്കപ്പെട്ട, ക്ലേശിച്ച. [ദാരിദ്ര്യാദികളാൽ ബാധിക്കപ്പെട്ടവൻ- ക്ലിശി] മറെറാരുപര്യായം -ക്ലിഷ്ടൻ. ൨. നിശ്ചയമില്ലാത്ത, പ്രയാസമുള്ള.

ക്ലിഷ്ട-വി. ക്ലേശമുള്ള, തളർച്ചയുള്ള, ദോഷം ചെയ്ത, ഞെരുങ്ങിട്ടുള്ള, പ്രയാസപ്പെട്ട.

ക്ലിഷ്ടം-പ്ര. അന്യോന്യ വിരുദ്ധാർത്ഥമായ വാക്കു്, ക്ലേശമുള്ളതു്. പരസ്പരം ചേർച്ചയില്ലാത്തതു് എന്നർത്ഥം. സാഹിത്യസാമ്യപ്രകാരം രീതികളിൽ ഒന്നു്.

ക്ലിഷ്ടി-പ്ര. ക്ലേശം, വേദന. ൨. പ്രയാസം.

ക്ലീതകം- എരട്ടിമധുരം. നപുംസകത്വത്തെ കളയുന്നതു് എന്നർത്ഥം.

ക്ലീതകാ-അമരി.

ക്ലീതകിക-അമരി. കൊടുത്തു വാങ്ങുന്നതു്. ഇതു കൊടുത്താൽ പകരത്തിന വേറെ സാധനം കിട്ടുന്നതെന്നു താൽപര്യം.

ക്ലീബ-വി. പ്ര. നപുംസകലിംഗമായ പരാക്രമമില്ലാത്ത ൨. ബലഹീനതയുള്ള. ൩. നീചത്വമുള്ള.

ക്ലീബം-നപുംസകത്വമുള്ള ആൾ. ആണുംപെണ്ണുമല്ലാത്തതു. ധൃഷ്ടതയില്ലാത്ത ആൾ എന്നർത്ഥം.

ക്ലീബൻ എന്നു മലയാളത്തിൽ പ്രയോഗിക്കരുതു്.

ക്ലേദനം-പ്ര. നനവു്. ൨. പഴുപ്പു്. ൩. കഫം.

ക്ലേദം-പ്ര. നനവു്. ൨. പഴുപ്പു്.

ക്ലേദു-ചന്ദ്രൻ.

ക്ലേശം-പ്ര. വേദന, ബുദ്ധിമുട്ടു് ൨. ദുഃഖം. ൩. പ്രയത്നം, ബാധിക്കുന്നതു് എന്നർത്ഥം.

ക്ലേശിക്കുക-പ്ര വേദനപ്പെടുക, ബുദ്ധിമുട്ടുക. ൨. ദുഃഖിക്കുക. ൩. പ്രയത്നപ്പെടുക.

ക്ലേശിത-വി. പ്ര. ക്ലേശിപ്പിക്കപ്പെട്ട, ദുഃഖിപ്പിക്കപ്പെട്ട ൨. ഞെരുക്കപ്പെട്ട.

ക്ലൈതകികം-ഒരു മദ്യം.

ക്ലൈബ്യം-നപുംസകത്തിൻെറ അവസ്ഥ

ക്ലോദകം-പ്ര. കഫം. ൨. കായാഗ്നികളിൽ ഒന്നു്.

ക്ലോമം-പ്ര. മൂത്രാശയം, ഉദരത്തിലുള്ള ജലാധാരം, പുപ്പുസം എന്ന മാംസവിശേഷം, ശമനശീലം എന്നർത്ഥം. ൨. കരൾ.

ക്ലോശം-യോ. [വേദത്തിൽ പ്രയോഗം.]

## ക്വ

ക്വ-അ. എവിടെ.

ക്വാംഗു-തിന.

ക്വചന, ക്വചിൽ-അ. പ്ര. ചിലേടത്തു. ൨. ദിക്കിൽ.

ക്വണനം-പു. ചെറുതായുള്ള വാദ്യങ്ങളുടെ ശബ്ദം, വീണയുടെയും മറ്റും ശബ്ദം. വ. ചെറിയ മൺപാത്രം.

ക്വണം, ക്വണനം, ക്വാണം, ക്വണിതം-പു. ശബ്ദം, ചെറുതായുള്ള വാദ്യങ്ങളുടെ ശബ്ദം, വീണ മുതലായ സകല വാദ്യധ്വനികളുടെയും പേർ. വ. ഭൂഷണധ്വനി. ന. ആയുധങ്ങൾ കൂട്ടിമുട്ടുമ്പോൾ ഉണ്ടാകുന്ന ശബ്ദം.

ക്വഥം, ക്വഥനം-വേവിക്കുക.

ക്വഥനപടാ-തൈലബിന്ദു. ഏതെങ്കിലും നീർപണ്ടം തിളച്ച് ആവിയാകുന്നതിന വേണ്ട ചൂട്.

ക്വഥിത-വി. കഷായപ്പെട്ട.

ക്വഥിതം-ശരിയായി വേവുചെന്ന കഷായം മുതലായത്.

ക്വാഥനം-കൊല, ഹിംസ.

'ക്വാഥനം പ്രതിസാരണം'

(വൈജയന്തി)

ക്വാഥാ-പു. കഷായം. വ. സങ്കടം, വ്യസനം.

ക്വാഥോൽഭവം-പു. ഒരുമാതിരി തുത്ത്. വ. രസാഞ്ജനം.

---

## ക്ഷ

ക്ഷ-വ്യഞ്ജനങ്ങളിൽ മുപ്പത്തഞ്ചാം അക്ഷരം

ക്ഷഃ-നരസിംഹാവതാരത്തിൽ വിഷ്ണുവിനുള്ള പേർ

ക്ഷണകം-ചാഞ്ചല്യം

ക്ഷണതു-മുറിവ, വ്രണം.

ക്ഷണദ-പു. രാത്രി. അവ്യാപാരസ്ഥിതിയെയും ഉത്സാഹത്തെയും യഥാക്രമം ക്ഷണദാനംചെയ്യുന്നത് എന്നർത്ഥം. വ. മഞ്ഞൾ.

ക്ഷണദൻ-ജ്യോതിഷക്കാരൻ.

ക്ഷണദം-വെള്ളം.

ക്ഷണനം-സംഹാരം.

ക്ഷണപ്രകാശാ-മിന്നൽ.

ക്ഷണപ്രഭാ-മിന്നൽപിണർ. ക്ഷണത്തിൽ ശോഭിക്കുന്നത് എന്നർത്ഥം.

ക്ഷണമാത്രം-അല്പനേരം.

ക്ഷണം-പു. അല്പാന്തരം, നാഴികയിൽ ആറിലൊരുഭാഗം. വ. വേഗം. ന. ഉത്സവം, വിരുന്ന്. ശ. അവസരം. ത. വിരുന്നിനും മറ്റും വിളിക്ക.

[൩൦ കലകൂടിയത് ഒരു ക്ഷണം. അശുഭത്തെ കളയുന്നത് എന്നർത്ഥം.]

ക്ഷണരാമി-മാടപ്രാവ്.

ക്ഷണിക-വി. ക്ഷണനേരത്തേക്കുമാത്രം ഒരേസ്ഥിതിയിലിരിക്കുന്ന, ചഞ്ചലമായുള്ള, [അക്ഷണിക എന്ന ശബ്ദംനോക്കുക].

ക്ഷണികാ-മിന്നൽ.

ക്ഷണിക്കുക-വിരുന്നിനും മറ്റും വിളിക്കുക.

ക്ഷണിനി-രാത്രി.

ക്ഷത-വി. പു. ഭംഗിച്ചിട്ടുള്ള. വ. ക്ഷയം. (ന്യൂനത) തട്ടീട്ടുള്ള, ഉപദ്രവം ഏറ്റ. ന. മുറിപ്പെട്ട, മുറിവുള്ള.

ക്ഷതജം-പു. രക്തം, ചോര. ക്ഷതത്തിൽ (മുറിവിൽ) നിന്നുണ്ടായത് എന്നർത്ഥം. വ. ചലം.

ക്ഷതം-പു. മുറിവ്. വ. വ്രണം. ന. ആഘാതം.

ക്ഷതവ്രത-വി. വ്രതത്തിന് ഭംഗംവന്ന, ബ്രഹ്മചര്യം മുടക്കിയ.

ക്ഷതവ്രതൻ-ബ്രഹ്മചര്യാദി വ്രതത്തെ ഉപേക്ഷിച്ചവൻ.

ക്ഷതഹാ-അകിൽ.

ക്ഷതാംഗ-വി. മുറിവോടു അംഗങ്ങളോടുകൂടിയ.

ക്ഷതി-പു. ഉപദ്രവം. വ. വ്രണം. ന. നാശം. ശ. കീറൽ.

ക്ഷത്താവ്-൧. തേർ നടത്തുന്നവൻ. ൨. വാതിൽ കാവൽക്കാരൻ. ൩. ക്ഷത്രിയസ്ത്രീയിൽ ശൂദ്രനുണ്ടായ പുത്രൻ. ഇവന്റെ ജീവനം ഗോപുരം കാവലാണ്. ൪. വൈശ്യസ്ത്രീയിൽ ശൂദ്രനൽ ജനിച്ച പുത്രൻ. ൫. ബ്രഹ്മാവ്. ൬. ദാസിയുടെ പുത്രൻ. ൭. ഒരുവക മത്സ്യം. ൮. കോശാദ്ധ്യക്ഷൻ.

തേർ തെളിക്കുന്ന സൂതൻ യുദ്ധയാത്രയിൽ ഇടത്തും വിവാഹയാത്രയിൽ വലത്തും ഭാഗത്തുവേണം ഇരിപ്പാൻ.

ക്ഷത്തൃ-വി. വേലചെയ്യുന്ന.

ക്ഷത്രബലം-ക്ഷത്രിയന്റെ ശക്തി.

ക്ഷത്രം-൧. രാജ്യഭരണം. ൨. ക്ഷത്രിയവംശം.

ക്ഷത്രി-൧. ശൂദ്രനു ക്ഷത്രിയസ്ത്രീയിലുണ്ടാകുന്നവൻ. ൨. ധനം. ൩. ജലം. ൪. ദേഹം.

ക്ഷത്രിയധർമ്മചതുഷ്ടയം-പ്രജാപാലനം, ദാനം, വേദാദ്ധ്യയനം, വിഷയവിരക്തി ഇവ ൪-ം.

ക്ഷത്രിയൻ-നാലു ജാതിക്കാരെ പ്രധാനമായി പറയുന്നതിൽ രണ്ടാമത്തെ ജാതിക്കാരൻ, ബാഹുജൻ. പര്യായങ്ങൾ-മൂർദ്ധാഭിഷിക്തൻ, രാജന്യൻ, ബാഹുജൻ, ക്ഷത്രിയൻ, വിരാട്ട്. നാശത്തിൽനിന്നു രക്ഷിക്കുന്നവൻ എന്നർത്ഥം

ബ്രാഹ്മണൻ കപിലവർണ്ണം, ക്ഷത്രിയൻ അരുണവർണ്ണം, വൈശ്യൻ പീതവർണ്ണം, ശൂദ്രൻ കൃഷ്ണവർണ്ണം.

ക്ഷത്രിയൻ എന്ന പദത്തിനു ഋഗ്വേദത്തിൽ ശക്തിമാൻ എന്നർത്ഥം. ഇതു ദേവന്മാരുടെ വിശേഷണമായിട്ടാണു ചേർത്തുവന്നിരുന്നതു്. കാലക്രമേണ 'യോദ്ധാക്കളായ ഒരു ജാതിക്കാർ' എന്നുള്ള അർത്ഥം കല്പിക്കപ്പെട്ടു.

ക്ഷത്രിയാണി, ക്ഷത്രിയാ-ക്ഷത്രിയജാതി സ്ത്രീ.

ക്ഷത്രിയന്റെയോ അന്യപുരുഷന്റെയോ ഭാര്യയായാലും വിരോധമില്ല. ക്ഷത്രിയകുലത്തിൽ തന്നെ ജനിച്ചിരിക്കണം.

ക്ഷത്രിയി-ക്ഷത്രിയന്റെ ഭാര്യയും ക്ഷത്രിയകുലത്തിൽ ജനിക്കാത്തവളുമായ സ്ത്രീ.

ക്ഷന്തവ്യ-വി. ക്ഷമിക്കത്തക്ക.

ക്ഷന്താവ്-ക്ഷമയുള്ളവൻ.

ക്ഷപ-൧. രാത്രി. ൨. ഒരു ചെടി, കരിഞ്ചുമ്പ. സകല ചേഷ്ടകളേയും ക്ഷയിപ്പിക്കുന്നതു് എന്നർത്ഥം. ൩. മഞ്ഞൾ. ൪. മരമഞ്ഞൾ.

ക്ഷപണ-വി. നാണമില്ലാത്ത.

ക്ഷപണകൻ-൧. ബുദ്ധമുനി. ൨. മതവിരോധക്കാരിൽ ബുദ്ധമതക്കാരൻ. ൩. വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരുവൻ (ഒരു കവി).

ക്ഷപണൻ-൧. നാണമില്ലാത്തവൻ. ൨. ജിനന്മാരിലൊരുവൻ, അർഹതന്റെ പേർ.

ക്ഷപണം-൧. അശുദ്ധി, പുത്തികേട്. ൨. നാശം.

ക്ഷപണി-൧. തുഴക്കോൽ, തണ്ട്. ൨. വല

ക്ഷപാ-വെള്ളം.

ക്ഷപാകരൻ-ചന്ദ്രൻ. ക്ഷപയെ (രാത്രിയെ) ഉണ്ടാക്കുന്നവൻ എന്നർത്ഥം.

ക്ഷപാചരൻ-രാത്രിഞ്ചരൻ, രാക്ഷസൻ

ക്ഷപാടൻ-രാക്ഷസൻ, രാത്രിയിൽ സഞ്ചരിക്കുന്നവനെന്നർത്ഥം.

'ഇതികൃതവചനം സ്വാഞ്ചസ്വപക്ഷ
ശ്രുതിഖചിതംപ്രചലിതനിക്ഷപാടം'
(കിർമ്മീരവധം കഥകളി)

ക്ഷപിത-വി. കൊല്ലപ്പെട്ട, നശിപ്പിക്കപ്പെട്ട.

ക്ഷമ-വി. ൧. സഹനശീലമുള്ള. ൨. കഴിവുള്ള. ൩. ശക്തിയുള്ള ൪. ദയയുള്ള. ൫. ഉചിതമായ.

ക്ഷമണീയ-വി. ക്ഷമിക്കത്തക്ക, മാപ്പുകൊടുക്കത്തക്ക.

ക്ഷമൻ-൧ സമർത്ഥൻ ൨ ശിവൻ.

ക്ഷമം-൧. ഉചിതമായുള്ള, യുക്തമായിട്ടുള്ളതു്. ൨. യുദ്ധം.

ക്ഷമാ-൧. സഹനശക്തി, സഹിക്കുക എന്നർത്ഥം. ൨. ഭൂമി. ൩. ദുർഗ്ഗ. ൪ രാത്രി. പര്യായങ്ങൾ-ക്ഷാന്തി, തിതിക്ഷാ. ൫. കരിങ്ങാലി.

ഈർഷ്യ, വൈരം, അസൂയ മുതലായി അനാവശ്യമായി ഹൃദയത്തിൽ തള്ളിക്കൊണ്ടിരിക്കുന്ന ഭാവഭേദങ്ങളെ വെളിയിലേക്കു ചാടി പ്രവർത്തിക്കാതെ ഉള്ളിൽ തന്നെ ഒതുക്കിനിറുത്തുക അല്ലെങ്കിൽ ആ ഭാവഭേദങ്ങൾക്കുള്ള ഹേതുക്കൾ പൂർത്തിയായുണ്ടായിരുന്നാലും അവ ഉത്ഭവിക്കാതിരിക്കുക ഇതാകുന്നു ക്ഷമ. അന്യന്റെ ഐശ്വര്യത്തിലുള്ള ദുസ്സഹത്വമത്രേ ഈർഷ്യ.

ക്ഷമാദേവി-ഭൂമി.

ക്ഷമാപണം-ക്ഷമായാചനം, മാപ്പു ചോദിക്കുക.

ക്ഷമാവത്തു്-വി. ക്ഷമയുള്ള, കോപമില്ലാത്ത.

ക്ഷമാവരൻ-ക്ഷമയുള്ളവൻ.

ക്ഷമാവാൻ-ക്ഷമയുള്ളവൻ.

ക്ഷമാശക്തി-ക്ഷമിക്കുന്നതിനുള്ള ശക്തി.

ക്ഷമാശീലൻ-സഹനശീലൻ. പര്യായങ്ങൾ-ക്ഷമി, ക്ഷമിതാവു്, തിതിക്ഷു, ക്ഷന്താവു്, സഹനൻ, സഹിഷ്ണു.

ക്ഷമിക്കുക-സഹിക്കുക, മാപ്പുകൊടുക്കുക, കോപിക്കാതെയും മറ്റും ഇരിക്കുക.

ക്ഷമിതാവു്-ക്ഷമാശീലൻ.

ക്ഷമിത്രു-വി ക്ഷമാശീലമുള്ള.

ക്ഷമി-൧. ക്ഷമാശീലൻ, സഹനശക്തിയുള്ളവൻ. ൨. വെള്ളക്കിര.

ക്ഷയഥു-കാസരോഗം, ചുമ, രാജയക്ഷ്മാവു്.

ക്ഷയപക്ഷം-കറുത്തപക്ഷം.

ക്ഷയം-൧ കുറവു്, നാശം. ൨. ചെലവു്. ൩. യമന്റെ ഭവനം. ൪. പ്രളയം. പ്രാണികൾ ക്ഷയിക്കുന്നസമയം എന്നർത്ഥം. ൫. ഭവനം. ൬. രാജയക്ഷ്മാവു്. ൭. സാമാന്യഹീനം. ൮. അഷ്ടവർഗ്ഗം ക്രമേണ ക്ഷയിച്ചുപോകുന്നതു്. ൯. ശത്രുക്കളുടെ പ്രവൃത്തിഹേതുവായിട്ടുണ്ടാകുന്ന ഉടച്ചൽ. ൧൦. പ്രഭവാദിസംവത്സരങ്ങളിൽ ൬൦-ാമത്തേതു്.

അഷ്ടവർഗ്ഗം-'കൃഷിർവ്വണിക്പഥോ ദുർഗ്ഗം സേതുഃ കുഞ്ജരബന്ധനം; ഖന്യാകരവിദാനഞ്ച ശൂന്യാനാഞ്ച വിവേശനം'.

ക്ഷയരോഗം-രാജയക്ഷ്മാവു്.

ക്ഷയരോഗി-വി. ക്ഷയരോഗമുള്ള.

ക്ഷയിക്കുക-കുറയുക, നശിക്കുക [സം. ക്രി. ക്ഷയിപ്പിക്കുക.]

ക്ഷയോന്മുഖ-വി. നാശം അടുത്തിരിക്കുന്ന, നഷ്ടമാവാറാകുന്ന.

ക്ഷയ്യ-വി. ക്ഷയത്തിനു അർഹമായ, ക്ഷയം വരാവുന്ന, ക്ഷയമുള്ള.

ക്ഷര-വി. ൧. നാശമുള്ള. ൨. ഇളക്കമുള്ള.

ക്ഷരണം-൧ പൊഴിയുക ൨. ഒഴുകുക, ഒലിക്കുക ൩. തുള്ളിത്തുള്ളിയായി വീഴുക. ൪. ഉരുകുക ൫. വിയർപ്പു്, ഇറ്റുക.

ക്ഷരത് - സ്രവിച്ചൊഴുകിക്കൊണ്ടിരിക്കുന്നതു്.

'ഉച്ചൈരൈരാവതകരീന്ദ്രക്ഷരന്മദഗന്ധമി-
ളിതാംഗപാംഗയുതാരം'
(കിർമ്മീരവധം കഥകളി)

ക്ഷരം-൧. നാശം. ൨. വെള്ളം. ൩. മേഘം. ൪. ശരീരം. ൫. മൂഢത.

ക്ഷരിതം-വി. ൧. തുള്ളിത്തുള്ളിയായി വീണ. ൨. ഒലിച്ച. ൩. ഉരുകിയ.

ക്ഷരി-മഴക്കാലം.

ക്ഷവ(ക)ം-൧. ചെങ്കടുക്. ൨. പെരുമ്പയറ്.

ക്ഷവഥു-പു ചുമ (കര). ൧. തുമ്മൽ ൨. തൊണ്ടയിലുള്ള ഒരു കരുകരുപ്പ്.

മൂക്കിനെ ആശ്രയിക്കുന്നതായി 'ശൃംഗാടകം' എന്നൊരു മർമ്മമുണ്ട്. അതിലുള്ള വായു ദുഷിച്ച് കഫത്തൊടും പല വിധത്തിലും അധികമായ ശബ്ദത്തോടും ചേർന്നതായിട്ട് മൂക്കിൽക്കൂടി പുറപ്പെടും. ഇതാത്രെ ക്ഷവഥു.

ക്ഷവം-പു. തുമ്മൽ (തുമ്പൽ). ൧. ചുമ ൨ തൊണ്ടയിലുള്ള ഒരു കരുകരുപ്പ്. ൩. കടുക്. തുമ്മിക്കുന്നത് എന്നർത്ഥം.

## ക്ഷാ

ക്ഷാത്ര-വി. ക്ഷത്രിയനെ സംബന്ധിച്ച

ക്ഷാത്രം-പു. ക്ഷത്രിയജാതി. ൧. ക്ഷത്രിയഗുണങ്ങൾ.

'ശൌര്യം തേജോധൃതിർദാക്ഷ്യം
യുദ്ധേ ചാപ്യപലായനം
ദാനമീശ്വരഭാവശ്ച
ക്ഷാത്രം കർമ്മസ്വഭാവജം'
(ഗീത)

ക്ഷാന്ത-വി. സഹിക്കുന്ന.

ക്ഷാന്തം-ക്ഷമിക്കപ്പെട്ടത്. മറ്റൊരു പര്യായം-സോഢം.

ക്ഷാന്തി-ക്ഷമ, സഹനശക്തി എന്നർത്ഥം

ക്ഷാന്തു-വി. സഹിക്കുന്ന, ക്ഷമിക്കുന്ന

ക്ഷാമ-വി. പു. ദുർബ്ബലതയുള്ള ൧. ക്ഷീണിച്ച.

ക്ഷാമകാലം-വേണ്ടുന്ന വസ്തുക്കൾ ഒന്നും ധാരാളമായി കിട്ടാത്തസമയം, പഞ്ഞകാലം.

ക്ഷാമൻ-വിഷ്ണു.

ക്ഷാമം-പു. പഞ്ഞം (പഞ്ചം). ൧. ഇല്ലായ്ക.

ക്ഷാമാസ്യം- ക്രമക്കേടായുള്ള ലക്ഷണം കൊണ്ടുണ്ടാകുന്ന അസ്വാസ്ഥ്യം, രോഗങ്ങളുടെ വിപരീതമായുള്ളത്.

ക്ഷാര-വി. പു കാരമായുള്ള ൧. ഉപ്പുരസമുള്ള, ഉവരുള്ള ൨. തീക്ഷ്ണമായ. ൩. പുളിരസമുള്ള. ൪. ഒലിക്കുന്ന. ൫ ഉരുകുന്ന.

ക്ഷാരകം-പു. പുതിയ മൊട്ട്. ൧. ചാറ്, രസം. ൨. പക്ഷിയുടെയും മത്സ്യത്തിന്റെയും കൂട്. ൩. വളരെ ചെറിയ കായ് (പൂവൽ) ൪. മൊട്ടായ് തെളിയുന്നതിനു മുമ്പു കാണുന്ന വൃന്തം.

ക്ഷാരകൻ-അലക്കുകാരൻ.

ക്ഷാരണം, ക്ഷാരണാ-കുറ്റം ചുമത്തുക. [മുഖ്യമായി വ്യഭിചാരം സംബന്ധിച്ചാണ്.]

ക്ഷാരദ്രു-ഒരു വൃക്ഷം.

ക്ഷാരപപ്പടം-കാരം ചേർത്തുണ്ടാക്കിയ പപ്പടം.

[ഇതു് ഏററവും രുചിയെ ഉണ്ടാക്കും സംസ്കൃതത്തിൽ-പാപഡം.]

ക്ഷാരം-പു ഉപ്പ്. ൧. ചാമ്പൽ, ഭസ്മം ൨. കരുകല്ല്, കണ്ണാടി, കുപ്പി, കരുവളു, കല്ലുമണി മുതലായത്. ൩. സാരം, ചാറ്. ൪ നീർ, സത്ത്. ൫. പൊൻകാരം, പപ്പടക്കാരം, ചവർക്കാരം, തുവർച്ചിലക്കാരം, വിളയുപ്പ്, പൊടിയുപ്പ്, ചുണ്ണാമ്പ്, ശർക്കര, ഉപ്പുരസം.

ക്ഷാരമധ്യ-വലിയ കടലാടി.

ക്ഷാരമൃത്തികാ- ഓർപ്പുള്ള മണ്ണ്. ക്ഷാരരസമുള്ള മണ്ണ് എന്നർത്ഥം.

ക്ഷാരികാ-വിശപ്പ്.

ക്ഷാരിത-വി. പു. കറയുള്ള ൧. അപകീർത്തി പറഞ്ഞും മററും കുററം ചുമത്തപ്പെട്ട. ൨. ക്ഷാരമായിട്ടുണ്ടാക്കപ്പെട്ട. ൩. ഉപ്പും പുളിയും മററുമുള്ള വസ്തുക്കളിൽനിന്നു വാററി എടുക്കപ്പെട്ട.

ക്ഷാരിതൻ-മൈഥുനംനിമിത്തം ഉണ്ടായും ഇല്ലാത്തതുമായ ദോഷങ്ങളെ ആരോപിച്ചു നിന്ദിക്കപ്പെട്ടവൻ. ൧. ദോഷം നിമിത്തം ദുഷിച്ചവൻ,

ക്ഷാരോദധി-ലവണ (ഉപ്പു) സമുദ്രം.

ക്ഷാളനം-കഴുകുക.

ക്ഷാളിക്കുക-കഴുകുക.

ക്ഷാളിത-വി. കഴുകപ്പെട്ട.

## ക്ഷി

ക്ഷിതി-പു. ഭൂമി. പ്രാണികൾ ഇതിൽ സഞ്ചരിക്കുകകൊണ്ടു ഈ പേർ വന്നു. ൨. ഭവനം. ൩. നാശം ൪. പ്രളയകാലം. ൫. ഒരു മരുന്നു. ൬. കരിഞ്ഞാലി. ൭. ഗോരോചനം

ക്ഷിതികമ്പം-ഭൂകമ്പം.

ക്ഷിതികണം-പൂഴി.

ക്ഷിതിക്ഷിത്ത്-രാജാവു്.

ക്ഷിതിജൻ-പു. ചൊവ്വാ. ൨. നരകാസുരൻ.

ക്ഷിതിജം-പു. വൃക്ഷം. ൨. ഭൂനാഗം, ഞാഞ്ഞൂൽ.

ക്ഷിതിജരേഖാ-ഭൂമിയും ആകാശവും തൊട്ടു വൃത്താകാരമായി ഉണ്ടെന്നുതോന്നുന്ന ഭൂചക്രവാളരേഖ.

ക്ഷിതിജാ-സീത. ഭൂപുത്രി എന്നൎത്ഥം.

ക്ഷിതിധരം-പൎവ്വതം.

ക്ഷിതിനാഥൻ, ക്ഷിതിപൻ-രാജാവു്.

ക്ഷിതിപതി, ക്ഷിതിപാലൻ-രാജാവു്.

ക്ഷിതിഭൃത്ത്-പു. പൎവ്വതം, ൨. രാജാവു്

ക്ഷിതിരുഹം-വൃക്ഷം.

ക്ഷിതിവൎദ്ധനം-ശവം.

ക്ഷിതീശൻ-രാജാവു്.

ക്ഷിപകൻ-യുദ്ധശാലി.

ക്ഷിപണം-പു. അയക്കുക, എറിയുക. ൨ നിന്ദിക്കുക.

ക്ഷിപണി-പു. ആചാൎയ്യൻ. ൨. അമ്പു്. ൩. വള്ളത്തിന്റെ തണ്ടു്. ൪. വല. ൫. ആയുധം.

ക്ഷിപണു-പു. വില്ലാളി, ൨. ഒരായുധം. ൩. വായു, കാററു്.

ക്ഷിപാ-പു. പ്രേരണം. ക്ഷേപിക്കുക എന്നൎത്ഥം. ൨. രാത്രി.

ക്ഷിപ്ത-വി. പു. വിടപ്പെട്ട. ൨. അയയ്ക്കപ്പെട്ട. ൩. എറിയപ്പെട്ട. ൪. പ്രേരിപ്പിക്കപ്പെട്ട. ക്ഷേപിക്കപ്പെട്ടതു് എന്നൎത്ഥം. ൫. നീക്കപ്പെട്ട.

ക്ഷിപ്തകുക്കരം-ഭ്രാന്തുപിടിച്ച പട്ടി.

ക്ഷിപ്തം-വെടിയേററുണ്ടായ വ്രണം.

ക്ഷിപ്താ-രാത്രി.

ക്ഷിപ്നു, ക്ഷിപ്ണു-വി ക്ഷേപിക്കുന്ന, അയയ്ക്കുന്ന, എറിയുന്ന.

ക്ഷിപ്നു-ഉപേക്ഷിക്കുക ശീലമായിട്ടുള്ളവൻ.

ക്ഷിപ്ര-വി വേഗമുള്ള.

ക്ഷിപ്രതമ-വി. ഏററവും വേഗമുള്ള.

ക്ഷിപ്രം-അ, കാലതാമസം കൂടാതെ.

ക്ഷിപ്രം-പു. ഒരു മുഹൂൎത്തത്തിന്റെ പതിനഞ്ചിലൊരംശം ൨. പെരുവിരലിന്റെയും ചൂണ്ടാണിവിരലിന്റെയും മദ്ധ്യപ്രദേശം.

ക്ഷിയ-നാശം, ക്ഷയിക്കുന്നതു്.

ക്ഷിണു-ഉപദ്രവിക്കുക ശീലമായിട്ടുള്ളവൻ.

## ക്ഷീ

ക്ഷീജനം-ഓടക്കുഴൽ മൂളുക.

ക്ഷീണ-വി. പു. ക്ഷീണമുള്ള. ൨. മെലിഞ്ഞ.

ക്ഷീണത-പു. ക്ഷീണം. ൨. മെലിവു്. ൩. ബലക്ഷയം.

**ക്ഷീണം**-തളൎച്ച.

**ക്ഷീണലോചനൻ**-കണ്ണു ക്ഷയിച്ചുപോയവൻ, കുരുടൻ.
'ക്ഷീണാലോചനനായ നൃപനോടറിയിച്ചാൻ' (ഭാരതം)

**ക്ഷീണിക്കുക**-൧. തളരുക. ൨. മെലിയുക.

**ക്ഷീബ**-വി. കുടിച്ചു മദിച്ച.

**ക്ഷീബകം**-വലിയ വേപ്പ്.

**ക്ഷീബൻ**-മദ്യം മുതലായതുകൊണ്ടു മത്തനായവൻ. മദിച്ചവൻ എന്നൎത്ഥം.

**ക്ഷീരകണ്ഠൻ**-കൊച്ചു പൈതൽ.

**ക്ഷീരകന്ദം**-പാൽമുതുക്ക്.

**ക്ഷീരകം**-പാൽക്കുരുമ്പ.

**ക്ഷീരകാകോളി**-ഒരു പച്ചമരുന്ന്.

**ക്ഷീരകാണ്ഡ(ക)ം**-ചതുരക്കള്ളി.

**ക്ഷീരഖൎജ്ജൂരം**-പേരീന്തു.

**ക്ഷീരജം**-തൈർ

**ക്ഷീരതുംബി**-പാൽച്ചുര.

**ക്ഷീരദലം**-എരിക്ക്.

**ക്ഷീരദ്രുമം**-അരയാല്.

**ക്ഷീരനീരം**-൧. ആലിംഗനം. ൨. ജലവും പാലും. ൩. ജലത്തെപ്പോലെയുള്ള പാല്.

**ക്ഷീരപൎണ്ണം**-എരിക്ക്.

**ക്ഷീരപാത്രം**-പാൽപാത്രം.

**ക്ഷീരപാദപം**-൧. അത്തിയാൽ ൨. കല്ലാൽ.

**ക്ഷീരപാനം**-പാൽകുടി.

**ക്ഷീരപുഷ്പി**-ശംഖപുഷ്പി.

**ക്ഷീരബലാ**-ഒരു തൈലം.

**ക്ഷീരഭാജനം**-പാൽപാത്രം.

**ക്ഷീരം**-൧. പാൽ. ഹിംസയിൽനിന്നു വിടിയ്ക്കുന്നതെന്നൎത്ഥം. മററു പൎയ്യായങ്ങൾ-ദുഗ്ദ്ധം, പയസ്സ്. ൨. വെള്ളം. വിഷ്ണുവിന്റെ നിവാസസ്ഥാനം എന്നൎത്ഥം.

**ക്ഷീരവികൃതി**-പാലിൽ തൈരോ മോരോ പകൎന്നു കാച്ചിയത്. ക്ഷീരത്തിന്റെ (പാലിന്റെ) വികാരമെന്നൎത്ഥം.

**ക്ഷീരവിദാരി**-ഒരു പച്ചമരുന്ന്, പാൽമുതുക്ക്.

**ക്ഷീരവിഷാണികാ**-ക്ഷീരകാകോളി.

**ക്ഷീരവൃക്ഷം**-നാല്പാമരം. ന്യഗ്രോധം, ഉദുംബരം, അശ്വത്ഥം, മധൂകം ഇവ നാലു വൃക്ഷങ്ങൾ.

**ക്ഷീരവൃക്ഷങ്ങൾ**-നാല്പാമരങ്ങൾ.

**ക്ഷീരശരം**-പാൽപ്പാട.

**ക്ഷീരശുക്ല**-൧. പാൽമുതുക്ക്. ൨. ക്ഷീരകാകോളി. ൩. മുതുക്ക്. ൪. പഴമുൺപാല.

**ക്ഷീരസമുദ്രം**-പാൽക്കടൽ.

**ക്ഷീരസാഗരകന്യക**-ലക്ഷ്മീദേവി.

**ക്ഷീരസാഗരം**-പാൽക്കടൽ.

**ക്ഷീരസാരം**-വെണ്ണ.

**ക്ഷീരസ്ഫടിക**-ഒരു രത്നം.

**ക്ഷീരാന്നം**-പാൽച്ചോറ്.

**ക്ഷീരാബ്ധി**-പാൽക്കടൽ.

**ക്ഷീരാബ്ധിതനയാ**-ലക്ഷ്മീദേവി.

**ക്ഷീരാംബുരാശി**-പാൽക്കടൽ.

**ക്ഷീരാവി**-കിണികിണിപ്പാല, ചെറുപാല. എരുക്കള്ളി എന്നു മററുചിലർ. ക്ഷീരത്തെ രക്ഷിക്കുന്നതെന്നൎത്ഥം.

**ക്ഷീരി**-൧. എരിക്ക്. ൨. ചതുരക്കള്ളി. ൩. കോതമ്പ്. ൪. പഴമുൺപാല. ൫. കല്ലാൽ. ൬. പേരാൽ. ൭. ചിററയാൽ. ൮. ക്രവന്ദ്.

**ക്ഷീരിക**-൧. പഴമുൺപാല. പാലുള്ളതെന്നൎത്ഥം. ൨. ഒരുവക ചീര.

**ക്ഷീരിണി**-൧. കിണികിണിപ്പാല. ൨. കമിഴ്. ൩. ക്ഷീരകാകോളി. ൪. മലഎരുമ. ൫. കഴഞ്ചി. ൬. പാൽച്ചുര. ൭. നറുനീണ്ടി.

ക്ഷീരോദതനയാ-ലക്ഷ്മീദേവി.
ക്ഷീരോദം-൧. പാൽക്കടൽ.
[സമുദ്രം ൭. ൧. ലവണോദം. ൨. ഇക്ഷുരസോദം. ൩. സുരോദം. ൪. ഘൃതോദം. ൫. ദധ്യുദം. ൬. ക്ഷീരോദം. ൭. ജലോദം. 'ലവണേക്ഷുസുരാസൎപ്പിർദധിക്ഷീരപയോമയാഃ' എന്നു പ്രമാണം.]
൨. ഉള്ളി.

—oo—

## ക്ഷു

ക്ഷുണൻ-വേദത്തെ അഭ്യസിച്ചുവെങ്കിലും അതിനെ പഠിപ്പിക്കാൻ പ്രാപ്തിയില്ലാത്തവൻ.
ക്ഷുണം-പുളിഞ്ചിമരം.
ക്ഷുണ്ണ-വി. ൧. പരിചയിക്കപ്പെട്ട, പിടിക്കപ്പെട്ട. ൨. ചതയ്ക്കപ്പെട്ട, പൊടിക്കപ്പെട്ട, മുറിച്ച, മുറിഞ്ഞ. ൩. തോല്പിക്കപ്പെട്ട. ൪. ജയിക്കപ്പെട്ട. ൫. കറഞ്ഞ. ൬. ചവിട്ടീട്ടുള്ള. ൭. സാധാരണമായ. ൮. അഭ്യസിച്ച.
ക്ഷുണ്ണകം-ശവസംസ്കാരസമയം അടിക്കുന്ന വാദ്യം.
ക്ഷുതകം-ചെങ്കടുക്.
ക്ഷുതം-൧. തുമ്മൽ (തുമ്പൽ). ൨. ചുമ.
ക്ഷുതാഭിജനനം-കറുത്ത കടുക്. [ക്ഷുധാഭിജനനം എന്നതിന്റെ പാഠം.]
ക്ഷുത്ത്-൧. വിശപ്പ്. ൨. തുമ്മൽ (തുമ്പൽ). ചെല്ലപ്പെടുന്നതു് എന്നൎത്ഥം.
ക്ഷുദം-മാവ്, അരിപ്പൊടി.
ക്ഷുദ്ര-വി. ൧. ഹീനമായ. ൨. ലുബ്ധുള്ള. ൩. നിസ്സാരമായ. ൪. ക്രൂരമായ.
ക്ഷുദ്ര-൧. ചെറിയവൾ. ൨. അംഗവൈകല്യമുള്ളവൾ. ൩. ലുബ്ധുള്ളവൾ. ൪. ക്രൂര. ൫. അട്ടക്കാരത്തി. ൬. വേശ്യ. ൭. തേനീച്ച. ൮. കൊതുക്. ൯. ചുണ്ടരിച്ചുണ്ട. ൧൦. പുളിയാരൽ. ൧൧. കണ്ടകാരിച്ചുണ്ട. ൧൨. ചിററരത്ത. ൧൩. മാഞ്ചി. ൧൪. ചെറിയ നീർച്ചീര. ൧൫. ഒരു മീനം, ഇക്കിളിൽ ഒന്ന്. [ഇക്കിരം എന്ന ശബ്ദം നോക്കുക.]
ക്ഷുദ്രകണ്ടകി-ചെറുവഴുതിന.
ക്ഷുദ്രകംബു-പിരിയുള്ള ശംഖ്.
ക്ഷുദ്രക്കാരൻ-ആഭിചാരക്കാരൻ.
ക്ഷുദ്രഘണ്ടികാ-കിങ്ങിണിത്തള. ചെറിയ മണികൾ ഉള്ളതു് എന്നൎത്ഥം.
ക്ഷുദ്രചന്ദനം-രക്തചന്ദനം.
ക്ഷുദ്രജന്തു-ചെറിയജന്തു; കൃമിയും മററും.
ക്ഷുദ്രജംബു-൧. ഞാവൽ. ൨. ആറഞാവൽ.
ക്ഷുദ്രതമ-വി. ഏററവും ക്ഷുദ്ര.
ക്ഷുദ്രധാന്യം-തിന മുതലായവ
ക്ഷുദ്രനാസിക-വി. ചെറിയ മൂക്കുള്ള.
ക്ഷുദ്രൻ-൧. പിശുക്കിന്റെ ശക്തികൊണ്ടു ദരിദ്രൻ എന്നപോലെ കഷ്ടമായി ജീവിക്കുന്നവൻ, ലുബ്ധൻ. പണം തിരുമ്മുന്നവൻ എന്നൎത്ഥം. ൨. നിസ്സാരൻ. ൩. ക്രൂരസ്വഭാവി. ൪. ശൂദ്രസങ്ങളിൽ ഒന്ന് [ഇതു് ഒരു വേദനയേയും ഉണ്ടാക്കുകയില്ല.]
ക്ഷുദ്രം-൧. അല്പം. ൨. ക്രൂരത. ൩. ക്രൂരപത്രം, ആഭിചാരം. ൪. ചെറുചീര.
ക്ഷുദ്രപനസം-അയനി.
ക്ഷുദ്രപ്രയോഗം-ആഭിചാരപ്രവൃത്തി.
ക്ഷുദ്രഭണ്ടാകി-ചെറുവഴുതിന.
ക്ഷുദ്രരോഗം-മന്ദവേഗമായും മഹാവേഗമായും ക്രൂരമായും മറവുള്ള രോഗം.
ക്ഷുദ്രവാർത്താകി-ചെറുവഴുതിന.
ക്ഷുദ്രവാർത്താകിനി-വെളുത്ത കണ്ടകാരിച്ചുണ്ട.
ക്ഷുദ്രശംഖം-പിരിയുള്ള ശംഖ്, ശംഖത്തെക്കൊണ്ടു ചെയ്യാവുന്ന കാര്യമൊന്നും ഇല്ലാത്തതു്. ശംഖിന്റെ ആകൃതിമാത്രമുള്ളതെന്നൎത്ഥം.

ക്ഷുദ്രശർക്കരികാ-ചോളപ്പഞ്ചസാര.

ക്ഷുദ്രാണ്ഡം-കട്ടിമത്സ്യം.

ക്ഷുദ്രാമ്ലാ-൧. പുളിയാരൽ. ൨. കാട്ടുവെള്ളരി.

ക്ഷുദ്രികാ-൧. ചെറിയ കാട്ടീച്ച. ൨. ചെറിയ മണി (ആഭരണങ്ങൾക്കുള്ളതു്).

ക്ഷുദ്രൈലാ-ചിറ്റേലം.

ക്ഷുധാ-വിശപ്പ്.

ക്ഷുധാകുശലം-വിടത്തൽ, മുള്ളുള്ള ഒരു വൃക്ഷം.

ക്ഷുധാഭിജനനം-കവുത്ത കടുക്. വിശപ്പുണ്ടാക്കുന്നതെന്നർത്ഥം. ക്ഷുതാഭിജനനം എന്നുമാകാം.

ക്ഷുധാന്വിത, ക്ഷുധാർത്ത, ക്ഷുധിത-വി. വിശപ്പുള്ള.

ക്ഷുധുനൻ-ദുഷ്ടൻ, മൂഢൻ.

ക്ഷുന്നിവൃത്തി- വിശപ്പു ശമിപ്പിക്കയെന്നുള്ളതു്.

ക്ഷുപഢോഢമുഷ്ടി- വിഷമുഷ്ടി, ഒരു ഫലശാകം.

ക്ഷുപം-നന്നേ ചെറിയ കൊമ്പും മുരടുമായുള്ള ചെടി. കാട്ടുതീപിടിക്കുന്ന സമയം 'ചടചട' എന്നു ശബ്ദിക്കുന്നതെന്നർത്ഥം.

ക്ഷുബ്ധ-വി. ൧. ഇളകിയ, കലങ്ങി മറിഞ്ഞ. ൨. സങ്കടപ്പെട്ട.

ക്ഷുബ്ധം-കടകോൽ.

ക്ഷുഭിത-വി. ൧. ഇളകിയ, ഭയപ്പെട്ട. ൨. കലങ്ങിയ. കോപിച്ച.

ക്ഷുഭ്യത്തു്-വി. ഇളകിക്കൊണ്ടിരിക്കുന്ന.

ക്ഷുഭ്യൻ-ക്ഷോഭിച്ചിരിക്കുന്നവൻ.

ക്ഷുമ-൧. അഗശി. ൨. ചണ. ൩. മുതിര. ൪. അമരി.

ക്ഷുരകൻ-ക്ഷൌരക്കാരൻ.

ക്ഷുരകം-൧. തേമലെള്ളു്. ൨. വലിയ ഞെരിഞ്ഞിൽ.

ക്ഷുരകി-ക്ഷൌരക്കാരത്തി.

ക്ഷുരപത്രാ, ക്ഷുരപത്രികാ - ചെഞ്ചീര.

ക്ഷുരപ്രം-ശരവിശേഷം. ഖുരപ്രം എന്നും പാഠമുണ്ടു്.

ക്ഷുരപ്രശരം-കത്തിയമ്പു്.

'ബതക്ഷുരപ്രശരപ്രഹരപ്രമഥിത
നായിപ്രയാതി ദ്രുതം—'
(അംബരീഷചരിതം കഥകളി)

ക്ഷുരം-൧. കത്തി, വാൾപോലെ മൂർച്ചയുള്ളതു്, ക്ഷൌരക്കത്തി. ൨. വയൽച്ചുള്ളി, വാൾപോലെ മൂർച്ചയുള്ള മുള്ളുള്ളതു്. ൩. ഞെരിഞ്ഞിൽ. ൪. കുതിരക്കുളമ്പു്. ൫. പശു മുതലായവയുടെ കുളമ്പു്. ൬. കട്ടിൽക്കാലിന്റെ ചുവടു്.

ക്ഷുരാംഗം-വലിയ ഞെരിഞ്ഞിൽ.

ക്ഷുരി-ഒരുമാതിരി കളി,

ക്ഷുരിക-൧. ഒരായുധം, ഛുരിക. ൨. ചെഞ്ചീര.

ക്ഷുരീ-ക്ഷൌരക്കാരൻ. ക്ഷുരം (കത്തി) ഉള്ളവൻ എന്നർത്ഥം.

ക്ഷുല്ല-വി. ചെറിയ.

ക്ഷുല്ലക-വി. ൧. സൂക്ഷ്മമായ. ൨. ചെറിയ. ൩. കടപ്പമുള്ള. ൪. ദാരിദ്ര്യമുള്ള. ൫. ഹീനമായ. ൬. ദുഷിച്ച. ൭. ഇളയ. ൮. വേദനപ്പെട്ട.

ക്ഷുല്ലകൻ-നീചൻ. ഇരപ്പാളി എന്നർത്ഥം. ഖുല്ലകൻ എന്നുമാവാം. നശിച്ചുപോകുന്നതു് എന്നർത്ഥം.

ക്ഷുല്ലകം-൧. കാക്ക. ൨. തൈവഞ്ഞു്.

ക്ഷുല്ലതാതകൻ-ചിററപ്പൻ.

## ക്ഷേ

ക്ഷേത്ര-(വി) ൧. വയലുകൾ ഉള്ള. ൨. കൃഷി ചെയ്തിട്ടുള്ള.

ക്ഷേത്രഗണിതം-ഭൂമിയുടെയും മററും അളവുശാസ്ത്രം.

[ഗണിതശാസ്ത്രങ്ങളിൽവച്ചു ക്ഷേത്രഗണിതം അതിപ്രാചീനകാലത്താണ് (ക്രി.മു.-ശതകങ്ങൾ) ഉന്നതിയെ പ്രാപിച്ചത്. ഇതിന്റെ ഉല്പത്തിസ്ഥാനം ഇൻഡ്യയാകുന്നു. യജ്ഞവേദികൾ പണിയിക്കുവാനുള്ള സൂത്രങ്ങളിൽനിന്നാണ് ഇതുണ്ടായത്. ഇതിന്റെ സൂത്രങ്ങൾ കല്പസൂത്രങ്ങളുടെ ഒരു ഭാഗമായ ശുൽബസൂത്രങ്ങളിൽ പറഞ്ഞിട്ടുണ്ട്].

ക്ഷേത്രജ-(വി) ൧. വിളഭൂമിയിൽനിന്നുണ്ടായ. ൨. ശരീരം മുതലായവയിൽനിന്നു ജനിച്ച.

ക്ഷേത്രജൻ-൧. പുത്രൻ. ൨. ഭർത്താവുള്ളപ്പോൾ അടുത്ത ചാർച്ചക്കാരനാൽ അവളിൽ ജനിപ്പിക്കപ്പെട്ട പുത്രൻ, രോഗത്താലോ മൃതിയാലോ പുത്രനെ ഉണ്ടാക്കുവാൻ നിവൃത്തിയില്ലാതെ പുരുഷന്റെയോ തന്റെ സപിണ്ഡന്മാരുടെയോ നിയോഗപ്രകാരം തന്റെ ഭാര്യയിൽ ഒരു സഗോത്രനോ അന്യനോ പ്രാപിച്ചുണ്ടായ പുത്രൻ.

ക്ഷേത്രതന്ത്രം-ക്ഷേത്രത്തിലെ പ്രധാന പൂജാവിധി.

ക്ഷേത്രജ്ഞ-(വി) ൧. മിടുക്കുള്ള. ൨. ക്ഷേത്രത്തെ അറിഞ്ഞ.

[ക്ഷേത്രജ്ഞശബ്ദം ആത്മാവിനെ പറയുമ്പോൾ പുല്ലിംഗമാത്രവും വ്യക്തിയേയും സമർത്ഥനേയും പറയുമ്പോൾ ത്രിലിംഗവുമെന്നു ചിലർ വ്യാഖ്യാനിച്ചുകാണുന്നു].

ക്ഷേത്രജ്ഞൻ-൧. ആത്മാവ്. ക്ഷേത്രം=ശരീരം. ശരീരത്തെ അറിയുന്നവൻ എന്നർത്ഥം. ൨. വേശ്യാസംഗം ചെയ്തു നടക്കുന്നവൻ. ൩. കൃഷിക്കാരനും മററും.

ക്ഷേത്രപാലൻ-൧. വിളഭൂമി (വയൽ) കാക്കുന്നവൻ. ൨. ശിവൻ. ൩. അമ്പലം സൂക്ഷിപ്പുകാരൻ.

ക്ഷേത്രം-൧. വിളഭൂമി, നല്ലവയൽ. ൨. ശരീരം.

'ഇദംശരീരം കൌന്തേയ-
ക്ഷേത്രമിത്യഭിധീയതേ'
(ഭഗവദ്ഗീത)

൩. ഭാര്യ. ഇതുമൂലം ക്ഷയിക്കുന്നതിനാൽ ഈ പേർവന്നു ൪. പുണ്യസ്ഥലം, അമ്പലം. ൫. നല്ല വിദ്യാർത്ഥിയായവൻ (ം) ന്നു പാത്രമായ ആൾ. ൬. സ്ഥാനം, ഇരിപ്പിടം.

ക്ഷേത്രവിത്ത്- ആത്മികജ്ഞാനമുള്ള. [ക്ഷേത്രശബ്ദത്തിനു ഇവിടെ ദേഹമെന്നർത്ഥം. അതിനെ അറിഞ്ഞവൻ എന്നു താൽപര്യം].

ക്ഷേത്രസംബന്ധി-൧. അമ്പലത്തിലെ വേലക്കാരും മററും. ൨. ക്ഷേത്രത്തിൽ സംബന്ധമുള്ളവൻ.

ക്ഷേത്രസംഭവം-൧. തിപ്പലി. ൨. വെണ്ട

ക്ഷേത്രാജീവ-(വി) കൃഷിചെയ്യുന്ന.

ക്ഷേത്രാജീവൻ-കൃഷിക്കാരൻ. ക്ഷേത്രം (കൃഷിസ്ഥലം) ജീവനോപായമായിട്ടുള്ളവൻ എന്നർത്ഥം.

ക്ഷേത്രി-(വി) കൃഷിചെയ്യുന്ന

ക്ഷേത്രി-൧ കൃഷിക്കാരൻ. ൨. ഭർത്താവ്. [ക്ഷേത്രശബ്ദത്തിനു കളത്രം എന്നർത്ഥമുണ്ട്. കളത്രത്തിന്റെ നാഥനായവൻ =ഭർത്താവ്].

ക്ഷേത്രിയം-൧ മെച്ചിൽസ്ഥലം. ൨. മരണത്തിന്റെ ശേഷം ചെല്ലുകൊള്ളുന്ന ദണ്ഡ്. ൩. പൊറുക്കാത്ത രോഗം.

ക്ഷേത്ര്യ-ചോളം.

ക്ഷേപണം-൧. പ്രേരണം, അയയ്ക്കുക. ൨. നേരംപോക്ക്. ൩. നിന്ദ.

ക്ഷേപണി-൧ തോണി കുത്തുന്ന കഴുക്കോൽ. ൨. തോണിയുടെ ഇരു പാർശ്വത്തിലും കെട്ടുന്നതും ഇളക്കിത്തുഴയുന്നതു

മായ കാവ്യവിശേഷം (ശ്ലോകമേശം ത ണ്ട്). പ്രേരിപ്പിക്കുന്നതെന്നർത്ഥം. ന. വല. ര. കഴുതാക്കോൽ,

ക്ഷേപം–പ്ര. മുതകം.

'ഭൂജാക്ഷേപംചെയ്തഥ'

(അമരുകശതകം)

വ. അയയ്ക്കുക. ന. ഡംഭം, ര. താമസം ഉ. നിന്ദ. ന്ദ. നേരമ്പോക്ക്. ൦. പുഷ്പസമൂഹം. വ്യ. വീഴുക.

ക്ഷേപിക്കുക–പ്ര. അയയ്ക്കുക വ. എറിയുക, വലിച്ചെറിയുക. ന. താമസിക്കുക. ര. നിന്ദിക്കുക. ഉ. വെയ്ക്കുക.

ക്ഷേപിഷ്ഠ–(വി) ഏററവും വേഗമുള്ള, വേഗതിശയമുള്ള.

ക്ഷേമ–(വി) ഭാഗ്യമുള്ള.

ക്ഷേമകൻ–പ്ര. നിമിയുടെ പുത്രൻ, ചന്ദ്രവംശത്തിലെ ഒടുവിലത്തെ രാജാവ്. വ. ഒരു രാക്ഷസേശ്വരൻ.

[ഇവന്റെ മകൻ ഭീമാക്ഷൻ. ക്ഷേമകനെ ദിവോദാസൻ (കാശിരാജാവു) വധിച്ചു].

ക്ഷേമകര, ക്ഷേമകാര–(വി) നന്മയെ ചെയ്യുന്ന, സുഖത്തെ ചെയ്യുന്ന.

ക്ഷേമപ്രയോജകൻ–സുഖത്തെ ചേർക്കുന്നവൻ.

ക്ഷേമവൃദ്ധി–പ്ര. സുഖാധിക്യം. വ. ശംബരരുടെ സേനാപതി.

[ദ്വാരകയെ ആക്രമിച്ചു കൃഷ്ണപുത്രനായ സാംബൻ കൊല്ലിച്ചു].

ക്ഷേമാ–ദുർഗ്ഗ.

ക്ഷേമി–ക്ഷേമാവസ്ഥയിലിരിക്കുന്നവൻ.

ക്ഷേമേന്ദ്രൻ–ഒരു കവി.

[ക്രിസ്ത്വബ്ദം പതിനൊന്നാംനൂറാണ്ടിന്റെ മദ്ധ്യത്തിൽ ജീവിച്ചിരുന്നു. കാശ്മീരബ്രാഹ്മണനാണ്, 'സമയമാതൃക' മുതലായി പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്].

ക്ഷേമ്മം–പ്ര. സുഖം. അസ്സത്തെ കളയുന്നതു് എന്നർത്ഥം. വ. നിത്യാനന്ദം. ന. ഗൃഹം. നിവാസസ്ഥാനം എന്നർത്ഥം. ര. അടവിക്കച്ചോലം. ഹിംസിക്കുന്നതു് എന്നർത്ഥം. ഉ. കരസ്ഥമായ ധനത്തെ സൂക്ഷിച്ചു രക്ഷിക്കുക.

ക്ഷേമ്യ–(വി) പ്ര. ഭാഗ്യമുള്ള. വ. സുഖമുള്ള

—:ഠ:—

## ക്ഷൈ

ക്ഷൈത്രം–കൃഷിചെയ്യുന്ന കണ്ടങ്ങളുടെ സമൂഹം, വിളഭൂമിക്കൂട്ടം.

ക്ഷൈരേയ–വി. പാലിനെസംബന്ധിച്ച

ക്ഷൈരേയി–പാൽക്കഞ്ഞി.

ക്ഷൈണ്യം–പ്ര. നാശം. വ. മെലിവ്.

—:ഠ:—

## ക്ഷോ

ക്ഷോഡം–ആനയെകെട്ടുന്ന കുററി.

ക്ഷോണി–ഭൂമി ശബ്ദിക്കുന്നതു് എന്നർത്ഥം

ക്ഷോണി (ണീ) തലം–ഭൂമി.

ക്ഷോണി (ണീ) പതി–രാജാവ്.

ക്ഷോണി (ണീ) പാലൻ–രാജാവ്.

ക്ഷോദം–പ്ര. അരച്ചുപൊടിച്ച പൊടി, പൊടി പൊടിക്കപ്പെട്ടതു് എന്നർത്ഥം. വ. കഴിയമ്മി. ന. പൂഴി. ര. വെള്ളം. ഉ. ആലോചന.

ക്ഷോദിത–വി. പൊടിക്കപ്പെട്ട.

ക്ഷോദിതം–പൊടിക്കപ്പെട്ടതു്, പൊടി.

ക്ഷോദിമാവ്–അല്പം.

ക്ഷോദിഷ്ഠ–വി. പ്ര. അതിക്ഷുദ്രനായ. വ. അത്യല്പമായ. ന. നന്നായി പൊടിക്കപ്പെട്ട.

ക്ഷോഭണം–കാമദേവന്റെ പഞ്ചശരങ്ങളിൽ ഒന്ന്.

ക്ഷോഭം–പ്ര. മനസ്സിന്റെ ഇളക്കം, ഭയം. വ. കലക്കം, കലക്കം. ന. കോപം.

ക്ഷോഭിക്കുക-ക്രി ഭയപ്പെടുക. വ. കോപംകൊണ്ടും മററും അധികം ഇളകുക.

ക്ഷോഭ്യ-വി. ഇളകുന്ന, ഇളക്കാൻ കഴിയുന്ന, ഇളക്കപ്പെടാവുന്ന, സ്ഥിരമല്ലാത്ത

ക്ഷോമം-പട്ട്.

ക്ഷോമ(ക)ം-അടവിക്കാച്ചാലം.

—:o:—

## ക്ഷൌ

ക്ഷൌണി-ഭൂമി.

ക്ഷൌണിപ്രാചീരം-സമുദ്രം.

ക്ഷൌദ്രം-ക്രി. തേൻ. ക്ഷുദ്രകളായ മക്ഷികകളാൽ ഉണ്ടാക്കപ്പെട്ടതു് എന്നർത്ഥം. വ. വെള്ളം. ന. ചമ്പകം.

ക്ഷൌമ-വി. ക്രി. നേരിയശീലകൊണ്ടുള്ള വ. നേരിയ ശീലകൊണ്ടും മററും പൊതിഞ്ഞ.

ക്ഷൌമം-ക്രി. ഒരുമാതിരി മാളിക, അട്ടം. വ. നേരിയവസ്ത്രം, ന. പട്ട്.

[ക്ഷൌമം എന്നതു ശത്രുക്കളുടെ വരവിനെ ദൂരത്തന്നെ നോക്കി ഗ്രഹിപ്പാനും തടുപ്പാനുംവേണ്ടി രാജധാനിയോടു ചേൎത്തു പണിചെയ്യുന്ന കെട്ടിടം, തെരുവുമണ്ഡപം എന്നും പറയും, അതായതു പട്ടണത്തിന്റെ അതിൎത്തിയിലും മററും പൊക്കത്തിൽ കെട്ടിയുണ്ടാക്കുന്നതു്. വീരന്മാർ ഇതിലിരുന്നു ശബ്ദിക്കുന്നു എന്നർത്ഥം].

ക്ഷൌമി-ചണ.

ക്ഷൌരകൻ-ക്ഷൌരക്കാരൻ.

ക്ഷൌരക്കത്തി-ക്ഷൌരക്കാരന്റെ കത്തി.

ക്ഷൌരക്കാരൻ-ക്ഷൌരം കഴിയുന്നവൻ. [സ്ത്രീ-ക്ഷൌരക്കാരി.] പൎയ്യായങ്ങൾ-ക്ഷുരി, മുണ്ഡി, ദിവാകീൎത്തി, നാപിതൻ, അന്താവസായി.

ക്ഷൌരം-ക്ഷൌരം കഴിയുക. പൎയ്യായങ്ങൾ-ക്ഷൌരം, ഭദ്രാകരണം, മുണ്ഡനം, വപനം.

ക്ഷൌരികൻ-ക്ഷൌരക്കാരൻ.

ക്ഷ്ണുത-വി. മൂർച്ചകൂട്ടപ്പെട്ട.

ക്ഷ്ണുതം-ചാണയ്ക്കുവെച്ചും മററും മൂർച്ചകൂട്ടിയ ശസ്ത്രം മുതലായവ. മൂർച്ചകൂട്ടിയതു്.

ക്ഷ്മാ-ഭൂമി. സഹനശീല എന്നർത്ഥം.

ക്ഷ്മാപതി-രാജാവ്.

ക്ഷ്മാഭൃത്തു്-ക്രി. രാജാവ്. വ. പർവ്വതം.

ക്ഷ്വേഡ-വി. ക്രി. വളഞ്ഞ. വ. ദുഷ്ടതയുള്ള.

ക്ഷ്വേഡ-ക്രി. പടവിളി. വ. മുളവടി.

[ക്ഷ്വേഡ എന്നതു വീരന്മാർ ശത്രുക്കളെ പരിഭ്രമിപ്പിക്കുന്നതിനു ചെയ്യുന്ന സിംഹനാദമാകുന്നു. ക്ഷ്വേളാ എന്ന പാഠവും കാണുന്നുണ്ട്.]

ക്ഷ്വേഡ(ള)ം-ക്രി. സാമാന്യവിഷം. വ. എരിക്ക്.

ക്ഷ്വേഡി(ളി)തം-പടവിളി, അട്ടഹാസം, സിംഹനാദം.

ക്ഷ്വേളം-ക്രി സാമാന്യവിഷം. അന്തമില്ലാതാക്കുന്നതു് എന്നർത്ഥം.

'കാളിയനാഗത്തെ കാളകൂടംതന്നിൽ
ക്ഷ്വേളമിയന്നൊരു വെള്ളംതന്നെ'

(കൃഷ്ണഗാഥ)

വ. ശബ്ദം.

—:o:—

## ഖ

ഖ-ഹല്ലുകളിൽ രണ്ടാം അക്ഷരം.

ഖഖാ-കിണർ, ഉറവുകുഴി.

ഖക്ഖടം-ക്രി. കഠിനം, കർക്കശം. വ. എഴുത്തുകല്ല്.

ഖക്കരം-കരതിര.

ഖഗണൻ-സൂര്യവംശത്തിലെ ഒരു രാജാവ്.

ഖഗാബ്ധ്യം-തത്ത.

**ഖഗം**—പു. പക്ഷി. ആകാശത്തിൽ ഗമിക്കുന്നതു് എന്നൎത്ഥം. ൨. എരിക്കു്. ൩. ഒരു വൃക്ഷത്തിൻെറ പേർ. ൪. അമ്പു്. ൫. ഗ്രഹം. ൬. കാററു്.

**ഖഗൻ**—പു. ആദിത്യൻ. ൨. ദേവൻ.

**ഖഗമൻ**—സഹസ്രപാദനെ ശപിച്ച ഒരു മുനി.

**ഖഗശത്രു**—പു. ഓരില. ൨. പരുന്തു്.

**ഖഗേശ്വരൻ**—ഗരുഡൻ. ഖഗങ്ങളുടെ (പക്ഷികളുടെ) ഈശ്വരൻ (രാജാവു്).

**ഖചര**—വി. ആകാശത്തിൽ സഞ്ചരിക്കുന്ന.

**ഖചരം**—പു. പക്ഷി. ൨. മേഘം. ൩. മുതങ്ങ.

**ഖചിത**—വി. ചേൎക്കപ്പെട്ട, പതിക്കപ്പെട്ട, പതിച്ചിട്ടുള്ള.

**ഖജനാവു്**—പണം വെച്ചുസൂക്ഷിക്കുന്ന സ്ഥലം.

**ഖജപം**—നെയ്യു്.

**ഖജം**—പു. തവി, കരണ്ടി. ൨. കടയുന്നതിനുള്ള കോൽ.

**ഖജലം**—മഞ്ഞു്.

**ഖജാക**—തവി, ചട്ടുകം, കരണ്ടി. മഥനം ചെയ്യുന്നതു് എന്നൎത്ഥം.

**ഖജാന**—ഭണ്ഡാരപ്പുര.

**ഖഞ്ജ**—വി. മുടന്തുള്ള.

**ഖഞ്ജാ**—ശ്ലോകത്തിനുള്ള ഒരുമാതിരി വൃത്തം.

**ഖഞ്ജക**—ശ്ലോകത്തിനുള്ള ഒരുമാതിരി വൃത്തം.

**ഖഞ്ജഖേടം**—വാലാട്ടിപ്പക്ഷി, കരിങ്കുരികിൽ.

**ഖഞ്ജഖേലം**—വാലാട്ടിപ്പക്ഷി, കരിങ്കുരികിൽ.

**ഖഞ്ജൻ**—കാലുകൾ മുടന്തുള്ളവൻ. നടപ്പിൽ വൈകല്യമുള്ളവൻ എന്നൎത്ഥം. മറെറാരു പൎയ്യായം—ഖോഡൻ.

**ഖഞ്ജനം**—വാലാട്ടിപ്പക്ഷി.

**ഖഞ്ജനാ**—ചെങ്കടുകു്.

**ഖഞ്ജരീടം**—കരിങ്കുരികിൽ. മുടന്തനെപ്പോലെ നടക്കുന്നതു എന്നൎത്ഥം. വാലാട്ടിപ്പക്ഷി എന്നും കാണുന്നു. മറെറാരു പൎയ്യായം—ഖഞ്ജനം.

'അപിഖഞ്ജനമഞ്ജനാഞ്ചിതേ
വിദധാതേരുചിഗൎവ്വദുൎവ്വിധം'

ഇതുകൊണ്ടു കരിങ്കുരികിലിൻെറ നിറം കറുപ്പു് എന്നു തെളിയുന്നു.

**ഖടം**—പു. പൊട്ടക്കിണർ. ൨. കഫം. ൩. പുല്ലു്. ൪. കൈക്കോടാലി. ൫. കലപ്പ.

**ഖടഖാദകൻ**—പു. കുറുക്കൻ. ൨. കാക്ക.

**ഖടി**—പു. കമ്മായം, ചുണ്ണാമ്പു്, എഴുത്തുകല്ലു്. Chalk. ൨. രാമച്ചം.

**ഖടിനി**—കമ്മായം, ചുണ്ണാമ്പു്, എഴുത്തുകല്ലു്. Chalk.

**ഖട്ടാ**—പു. കട്ടിൽ. ൨. ഒരുവക പുല്ലു്.

**ഖട്ടാശം, ഖട്ടാശി**—മെരുക്, വെരുക.

**ഖട്ടാസം**—പു. പച്ചപ്പുഴു. ൨. വെരുക്, മെരുക.

**ഖട്ടി**—ശവക്കട്ടിൽ.

**ഖട്ടിക**—വി. വേട്ടചെയ്യുന്ന.

**ഖട്ടികൻ**—വേടൻ.

**ഖട്ടേരക**—വി. ഹ്രസ്വകായമുള്ള, ശരീരത്തിനു നീളം കുറഞ്ഞ.

**ഖട്വ**—പു. കട്ടിൽ (മം). ഉറക്കമുള്ളവരാൽ ആഗ്രഹിക്കപ്പെടുന്നതു എന്നൎത്ഥം. ൨. ചണ്ടിപ്പയർ.

**ഖട്വാംഗം**—പു. ഗദ. ൨. കാവടി.

[ഈ ഗദ യോഗികൾ കൊണ്ടുനടക്കുക പതിവാണു്. അവർ അതിനെ ശിവൻെറ ആയുധമായി വിചാരിക്കുന്നു. ഈ ഗദയുടെ മറെറാരു തലയോടു വെച്ചുറപ്പിച്ചിരിക്കും. ഇതിനു 'ഖിംഖിരം' എന്നും 'പാംസുലം' എന്നും കൂടെ പേർ കാണുന്നുണ്ടു്.]

'ഖട്വാംഗംനാമമണിവെണ്മഴുകട്ടുളി'
(വാല്മീകി രാമായണം)

ഖട്വാംഗൻ-ദിലീപൻ, സൂര്യവംശത്തിലെ ഒരു രാജാവ്.

(ദേവാസുരയുദ്ധത്തിൽ ദേവന്മാരെ സഹായിച്ചതിനിമിത്തം എന്തുവരം വേണമെന്നു സന്തുഷ്ടന്മാരായ അവർ ചോദിച്ചു. തന്റെ ജീവിതം ഇനി എത്രകാലത്തേക്കുണ്ടെന്നറിയണമെന്നു ദിലീപൻ അപേക്ഷിച്ചു. ഒരു നാഴികയേക്കൂടിയുള്ളു എന്നറികയാൽ രാജാവ് തന്റെ ലോകത്തേക്കു തിരിച്ചുവന്നു ഭക്തികൊണ്ടു പരമാത്മാവിൽ ലയിച്ചു)

ഖട്വാംഗനാമികാ - ആലിലക്കല്ലൂർവഞ്ചി.

ഖടി-എഴുത്തുകല്ല് (ചോക്ക്), Chalk, ചേടി.

[ലേപനംചെയ്യുന്നപക്ഷം വിഷംകൊണ്ടുള്ള വീക്കം, വ്രണം, കഫം, രക്തദോഷം, പിത്തം, നേത്രരോഗം, ചുട്ടുനീറൽ ഇവകൾ നന്ന്. ഭക്ഷിച്ചാൽ മണ്ണിന്റെ ദോഷം ഇതും ചെയ്യും. ഒരു ഉപരസദ്രവ്യമാണ് സംസ്കൃതത്തിൽ-ഖടി. ഇംഗ്ലീഷിൽ - Pipe clay, Chalk]

ഖടിക-കമ്മായം, ചുണ്ണാമ്പ്, എഴുത്തുകല്ല് Chalk.

ഖഡ്ഗം-പു വാൾ. ഇതുകൊണ്ടു ഖണ്ഡിക്കുന്നു എന്നർത്ഥം. പ. കാണ്ടാമൃഗം, വാൾപൂച്ചി, വാൾമരം. പിളക്കുന്നു എന്നർത്ഥം. ന. ശൃംഗം. ദ്. പഞ്ചസംഖ്യ. ഒ. ഇരിമ്പ്. ന്യ. ഉരുക്ക്.

ഖഡ്ഗകോശ(ക)ം-വാളുറ.

ഖഡ്ഗധാര-കത്തിക.

ഖഡ്ഗപാണി-വാൾ ധരിച്ചവൻ.

ഖഡ്ഗരാടം-പരിച.

ഖഡ്ഗവിധാനം-വാളുറ

ഖഡ്ഗശിംബി-ചെറുവൻപയറ്.

ഖഡ്ഗി-പു. കാണ്ടാമൃഗം. പ. വാൾക്കാരൻ. ന. വിഷ്ണുവിന്റെ പത്താമത്തെ അവതാരം

ഖഡ്ഗികൻ-പു. വാളോടുകൂടിയവൻ. പ. ആടുമാടുകളെ അറുക്കുന്നവൻ.

ഖഡ്ഗികം-അരിവാൾ.

ഖണ്ഡ-വി. മുറിഞ്ഞിട്ടുള്ള, പൂർണ്ണമാകാത്ത, മുഴുവനാകാത്ത

ഖണ്ഡകാവ്യം- മഹാകാവ്യലക്ഷണമില്ലാത്ത ഒരു ചെറിയ കാവ്യം.

ഖണ്ഡന-വി. മുറിഞ്ഞിട്ടുള്ള, പൂർണ്ണമാകാത്ത,

ഖണ്ഡനം-പു. മുറിക്കൽ. പ. വിരോധിച്ചു നശിപ്പിക്കയും മറ്റും. ന. ഗ്രന്ഥത്തെ ആക്ഷേപിച്ചു പ്രതികൂലമായി ചെയ്യുന്നത്. (വിമർശത്തിന്റെ ഒരു ഉൾപ്പിരിവ്).

ഖണ്ഡപരശു-പു ശിവൻ. പരശു എന്ന അസുരനെ ഖണ്ഡിച്ചവൻ, ദുഷ്ടഖണ്ഡനശീലമായ മഴുകൊണ്ടു ഖണ്ഡിക്കുന്നവൻ, വെണ്മഴു എന്ന ആയുധമുള്ളവൻ. പ. പരശുരാമൻ ന. വിഷ്ണു ദ്. രാഹു.

[ഖണ്ഡപർശു എന്നും പറയും-'ഖണ്ഡപർശുരപി'-വാചസ്പതി].

ഖണ്ഡപാലൻ പലഹാരം വില്ക്കുന്നവൻ.

ഖണ്ഡപ്രളയം-സ[illegible] ലോകനാശം.

ഖണ്ഡ[illegible] ([illegible]) [illegible] യന്ത്രം.

ഖണ്ഡം-പു [illegible] 2 [illegible] [illegible]. പ. [illegible]. ന. [illegible] ദ്. [illegible]. ഒ. [illegible]. ന്യ. [illegible].

ഖണ്ഡ[illegible]-വെളിച്ചം.

ഖണ്ഡാധികാരം-പു. [illegible]. ഖണ്ഡങ്ങളെ (കഷണങ്ങളെ) വികാരം എന്നർത്ഥം. [illegible].

ഖണ്ഡവേഷ്ടകം-ഒരുവക പലഹാരം.

ഖണ്ഡശർക്കര-കല്ക്കണ്ടം.

ഖണ്ഡശീല-വ്യഭിചാരിണി.

ഖണ്ഡസിതാ-കല്ക്കണ്ടം.

ഖണ്ഡിക, ഖണ്ഡികം-പ്ര. മലം കടല. ഖണ്ഡം (പരിപ്പ്) ഉള്ളത് എന്നർത്ഥം. വ. അമര. ന. കക്ഷം. ര. പയർ.

ഖണ്ഡികാ-പ്ര. അമരപ്പയർ. വ. വട്ടച്ചുണായി. ന. (സാഹിത്യസാമ്പ്രദായപ്രകാരം) വകുപ്പ്, വാക്യങ്ങൾ ചേർന്നത്.

ഖണ്ഡിക്കുക-പ്ര. മുറിക്കുക, ഒടിക്കുക. വ. അംശിക്കുക. ന. വേർതിരിക്കുക. ര. പരിച്ഛേദിക്കുക.

ഖണ്ഡിത-വി. പ്ര. മുറിക്കപ്പെട്ട, മുറിഞ്ഞ, ഒടിക്കപ്പെട്ട. വ. അംശിക്കപ്പെട്ട. ന. പരിച്ഛേദിക്കപ്പെട്ട. ര. വേർതിരിക്കപ്പെട്ട. ഇ. ഉപദ്രവം തട്ടിയ, ഇടവിട്ട. ന്യ. പൂർണ്ണമല്ലാത്ത.

[ഖണ്ഡമാക്കപ്പെട്ടിട്ടുള്ളതു-ഖണ്ഡിതം].

ഖണ്ഡിതം-നിശ്ചയം.

ഖണ്ഡിതാ-എട്ടുവിധം നായികമാരിൽ ഒരുവൾ.

[മറെറാരുത്തിയിൽ പ്രവേശിച്ച അടയാളങ്ങളോടുകൂടി ഒരു ഭർത്താവു തന്റെ ഭാര്യയുടെ സമീപം വരുമ്പോൾ ഭാര്യക്കു അസൂയ തോന്നുകയാണെങ്കിൽ അവൾക്കു 'ഖണ്ഡിതാ' എന്നു പേർ]

ഖണ്ഡകമ്പു-കണ്ടക്കാരിയ്.

ഖണ്ഡ്യം-പ്ര. മുറിക്കത്തക്കത്, ഒടിക്കത്തക്കത്. വ. അംശിക്കത്തക്കത്. ന. പരിച്ഛേദിക്കത്തക്കത്.

ഖതമാലം-പ്ര. പുക. വ. മേഘം. ന. മുത്തങ്ങ.

ഖദിരപത്രികാ-പ്ര. മുക്കുററി. വ. ഒരുകൈപ്പൻ കരിങ്ങാലി.

ഖദ്ദു-കത്തു, എഴുത്തു. [അറബി ഭാഷ].

ഖദിരം, ഖദിരം, ഖദിരി-പ്ര. കരിങ്ങാലിവൃക്ഷം. ഉറപ്പുള്ളതു എന്നു ശബ്ദാർത്ഥം. വ. കറിച്ചുണ്ട. ന. മുക്കുററി. ര. വാളച്ചുണ്ടി. ഇ. പടർച്ചുണ്ട.

ഖദ്യോതൻ-ആദിത്യൻ. ആകാശത്തിൽ ശോഭിക്കുന്നവൻ എന്നർത്ഥം.

ഖദ്യോതം-മിന്നാമിനുങ്ങ്. ആകാശത്തിൽ ശോഭിക്കുന്നതു, ആകാശത്തെ ശോഭിപ്പിക്കുന്നതു ഇങ്ങനെ ശബ്ദാർത്ഥം.

ഖദ്യോതാന്വയം-സൂര്യവംശം.

ഖദ്രു-മുരൾമരം.

ഖനക-വി. തുരക്കുന്ന, തുരന്നു മോഷ്ടിക്കുന്ന.

ഖനകൻ-പ്ര. എലി. വ. തുരങ്കമിടുന്നവൻ. ന. രത്നാദി കുഴിച്ചെടുക്കുന്നവൻ.

ഖനകാ-എലി.

ഖനനം-തുരക്കുക, കുഴിക്കുക.

ഖനി-രത്നാദികൾ വിളയുന്ന സ്ഥലം. കുഴിക്കപ്പെടുന്നതു എന്നർത്ഥം. മറെറാരുപര്യായം-ആകരം. [വജ്രം മുതലായ രത്നങ്ങളും സ്വർണ്ണം മുതലായ ലോഹങ്ങളും കുഴിച്ചെടുക്കുന്ന സ്ഥലം]

ഖനിതാവ്-പ്ര. കലപ്പ പിടിച്ചു ഉഴുന്നവൻ. വ. കുഴിക്കുന്നവൻ.

ഖനിത്ര-വി. തുരന്നു മോഷ്ടിക്കുന്ന.

ഖനിത്രം-പ്ര. പാരക്കോൽ. വ. മുയ കൈക്കോട്ടു മുതലായ കിളയ്ക്കുന്ന ആയുധം. ഇതുകൊണ്ടു കിളക്കുന്നു എന്നർത്ഥം.

ഖൻ-സൂര്യൻ.

ഖപുരം-പ്ര. അടയ്ക്കാമരം, കമുക്, കവുങ്ങ്. വ. കുടം. ന. വെള്ളുള്ളി. ര. പെരുമുത്തങ്ങ. ഇ. കുന്തുരുക്കം.

ഖഭം-പക്ഷംരാശി.

ഖം-പ്ര. ആകാശം, രൂപമില്ലാത്തതിനാൽ അറിയപ്പെടാൻ പ്രയാസമുള്ളത്. വ. ഇന്ദ്രിയം. ഖേദിപ്പിക്കുന്നതു എന്നർത്ഥം. ന. പുരം. ര. ക്ഷേത്രം. ഇ. സ്വർഗ്ഗം, ദേവലോകം. ന്യ. അനുസ്വാരം, ബിന്ദു.

൧. ഗ്രഹ, ഭാരം. വ്യ. നവഭാരങ്ങൾ ക്കും പറയുന്ന ഒരു പേർ. ൻ. വ്രണം. ൧൦. സുഖം, സന്തോഷം. ൧൧. ബുദ്ധി.

ഖമണി-ആദിത്യൻ.

ഖംഖാ—നായിക്കൊരുണ.

ഖര-വി. ൧. കഠിനമായ. ൨. മൂൎച്ചയുള്ള. ൩. എരിവുള്ള.

ഖരകം-പപ്പടകപ്പുല്ല്.

ഖരകിരണൻ-൧. ആദിത്യൻ. ൨. എരിക്ക്.

ഖരകോണം-തിത്തിരിപ്പുള്ള്.

ഖരചിക്കണം-അരക്കപതം.

ഖരച്ഛദം-൧. തേക്കമരം. ൨. ശാഖോടവൃക്ഷം.

ഖരണസ്, ഖരണസൻ-ക്രൂരമൂക്കുള്ളവൻ. [ഖര + നസ്].

ഖരത്വക്-തൊട്ടാവാടി.

ഖരത്വം-ചതുഷത്വം, [പരുപരുപ്പ് എന്ന ഭാഷ].

ഖരദിനം-ചോറ്റുപ്പ്.

ഖരദൂഷണം-ഉമ്മത്തു്.

ഖരൻ-൧. കഠിനൻ. ൨. ഒരു രാക്ഷസൻ. [രാവണന്റെ സഹോദരൻ. ശ്രീരാമൻ വധിച്ചു].

ഖരപുഷ്പ-൧. ആട്ടുനാറി വേള. പരുപരുപ്പുള്ള പൂവോടുകൂടിയതു എന്നു ശബ്ദാൎത്ഥം. നമ്പർവേള എന്നും കാണുന്നു. ൨. കരുത്ത കാട്ടുതുളസി.

ഖരപ്രിയം-പ്രാവ്.

ഖരബുസം-൧. കൎപ്പൂരതുളസി. ൨. വെളുത്തവ. ൩. വലിയ കടലാടി.

ഖരമഞ്ജരി- വലിയ കടലാടി. മൂൎച്ചയുള്ള പൂക്കുലയോടുകൂടിയതു എന്നൎത്ഥം.

ഖരം-൧. അത്യുഷ്ണം, വലിയ ചൂട്. ഇതിയതെ ആരോഹം ചെയ്യുന്നതു എന്നൎത്ഥം. ൨. കഴുത. വലിയ വായുള്ളതു എന്നൎത്ഥം. ൩. ക, ച, ട, ത, പ, ഈ അക്ഷരങ്ങൾക്കു ഒരുക്കൂളി വ്യാകരണപ്രകാരമുള്ള പേർ. ൪. ദേവതാളി ൫. വെൺകൊടിത്തുവ. ൬. വെട്ടിക്കതിര. ൭. അഴകരൽ വൃ. വെളുത്തഎള്. ൻ. കങ്കപ്പക്ഷി. ൧൦ കാക്ക. ൧൧ പ്രഭവാദി അറുപതു സംവത്സരങ്ങളിൽ ഇരുപത്തഞ്ചാമത്തെ സംവത്സരം. ൧൨. ൨൨ എന്നുള്ള സംഖ്യ.

ഖരസ്കന്ദാ-മുരൾ.

ഖരാ-൧. ദേവതാളി. പരുപരുപ്പുള്ളതു എന്നൎത്ഥം. ൨. തെമാങ്കിരി പുല്ല്.

ഖരാംശു—സൂൎയ്യൻ.

ഖരാലികൻ—ക്ഷൌരകൻ.

ഖരാശ്വാ- മയിലോശിക, കഴുത ഭക്ഷിക്കുന്നതു, ഉഷ്ണത്വത്തെ പ്രാപിക്കുന്നതു ഇങ്ങിനെ അൎത്ഥം. ൨. കരിഞ്ജീരകം.

ഖരാഹ്വാ—൧. മയിലോശിക. ൨. കരിഞ്ജീരകം.

ഖരു-കുതിര.

ഖൎജ്ജിക-രുചി, സ്വാദു.

ഖൎജ്ജു-ചൊറി, വേദനപ്പെടുത്തുന്നതു എന്നൎത്ഥം.

ഖൎജ്ജൂരം-വെള്ളി.

ഖൎജ്ജൂരം-൧. വെള്ളി. ദുഃഖിപ്പിക്കുന്നതു എന്നൎത്ഥം. ൨. ഈന്തൽ. ൩. ഈത്ത (തുണ്ടമം).

[ഖൎജ്ജൂരം-കാട്ടീന്ത, ഖൎജ്ജൂരി-സാധാരണ ഈത്തപ്പഴമുണ്ടാകുന്ന ഈത്ത. ഇങ്ങ അഭിപ്രായവും കാണുന്നു.]

ഖൎജ്ജൂരകം-തേൾ.

ഖൎജ്ജൂരി-ചിററീന്തൽ.

ഖൎപ്പടം-൧. കച്ചുരുമ്പ്. ൨. കേണകം.

ഖൎപ്പരൻ-൧. കള്ളൻ. ൨. ചതിയൻ.

ഖൎപ്പരം-൧. തലയോട്. ൨. കട Umbrella.

ഖൎമ്മം-൧. പൌരുഷം. ൨. പട്ടു്.

ഖൎവ്വ-വി. ചെറിയ, നീളം കുറഞ്ഞ, ഹ്രസ്വമുള്ള, അപൂൎണ്ണതയുള്ള.

ഖൎവ്വടം-നാലുറ കടിയുള്ള നഗരി, ഗ്രാമ

വും നഗരവും ഇടകലർന്നത്, ഗ്രാമശത മദ്ധ്യത്തിലുള്ള പ്രധാന ഗ്രാമം, ഉപഗ്രാമം, കണ്ടകാവൃതമായ ഗ്രാമം, പർവ്വതപ്രാന്തത്തിലുള്ള ഗ്രാമം, ചന്തനഗരം.

ഖർവ്വൻ-മുണ്ടൻ.

ഖർവ്വം-ആയിരംകോടി,(൧൦,൦൦൦,൦൦൦,൦൦൦) വ. കുറിയത്. ന. കുബേരന്റെ നവനിധികളിൽ ഒന്ന്. ര. മുള്ളുരചമന്തി.

ഖർവ്വരം-ക്ലാവ്.

ഖല-വി. പ്ര. നികൃഷ്ടമായുള്ള. വ. ക്രൂരമായുള്ള.

ഖലകം-ഉരുളി

ഖലകം-കുടം.

ഖലകുലം-മുതിര.

ഖലതി-വി. കഷണ്ടിയുള്ള.

ഖലതി-കഷണ്ടി.

[രോമപോരങ്ങളിലുള്ള പിത്തം വാതമൊന്നിച്ചു രോമങ്ങളെ പിഴുതുകളയും. ആ പോരങ്ങളിൽ രക്തത്തോടുകൂടിയ കഫം അടഞ്ഞുവീഴും. മുളക്കാൻ ഇടംകൊടുക്കയില്ല. ഇതാണു കഷണ്ടിക്കു കാരണം].

ഖലനാ-ആകാശവള്ളി.

ഖലിനി-പ്ര. കളങ്ങളുടെ കൂട്ടം. വ. ഖലന്മാരുടെ സമൂഹം. മറ്റൊരുപര്യായം-ഖല്യ.

ഖലൻ-പ്ര. ദുഷ്ടൻ, ക്രൂരൻ. വ. സൂചകൻ. ന. ഏഷണിക്കാരൻ. പഴുത്തുനംക്കുന്നവൻ എന്നർത്ഥം. വ. ചലിച്ചുകൊണ്ടിരിക്കുന്നവൻ.

[ഖലിക്ക=ചലിച്ചുകൊണ്ടിരിക്ക 'ഖല സഞ്ചലനേ' ഖലൻ=ചലിച്ചുകൊണ്ടിരിക്കുന്നവൻ]

ഖലപൂ-അടിച്ചുതളി മുതലായ പല വേലകളും ചെയ്യുന്നവൻ. പ്രദേശം ശുദ്ധമാക്കുന്നവൻ എന്നർത്ഥം.

ഖലമൂർത്തി-പ്ര മഹാരസങ്ങളിൽ ഒന്ന്, രസം. വ. പഴകിയ കള്ളൻ, ക്രൂരനായ കള്ളൻ.

ഖലം-പ്ര. കല്ലം. വ. കളം. ന. കല്ക്കുരം. ര. ഉമ്മത്ത്. ഇ. പച്ചിലമരം.

ഖലീകാരം-ദോഷം, അനർത്ഥം

ഖലീനം, ഖലിനം-പ്ര കടിഞ്ഞാണിന്മേലുള്ള കടി. വ. കടിഞ്ഞാണം.

ഖലിശം-ഒരു മത്സ്യം. [വെള്ളത്തിനു മീതെ പൊങ്ങിച്ചാടുന്ന ഒരുവക മീൻ].

മാംസം ശൂലത്തിനു നന്ന്. വാതം കോപിക്കും. മലം പിടിക്കും. അന്നുപമാംസമാണ്. ആമത്തെ കുറഞ്ഞൊന്നു പചിപ്പിക്കും.

ഖലു-അ. വിരോധം, വാക്യാലങ്കാരം, അനുസരണം, ജിജ്ഞാസ, അവധാരണം ഇത്യാദി അർത്ഥങ്ങളിൽ പ്രയോഗിക്കുന്ന ഒരവ്യയപദം [പോൽ, ആകട്ടെ].

ഖലൂരിക-ആയുധാഭ്യാസശാല, കളരി.

ഖലേശായം-കാള പശു മുതലായതിനെ കെട്ടുന്ന കെട്ടുകുറ്റി. മറ്റൊരു പര്യായം-മേധി.

ഖല്യ-കളങ്ങളുടെ കൂട്ടം, ഖലന്മാരുടെ സമൂഹത്തിന്റെ പേർ. മറ്റൊരുപര്യായം-ഖലിനി.

ഖല്വം-പ്ര. അമ്മിക്കല്ല്. വ. മുതിര ന. ചെറിയ അമര. ര. കടല

ഖല്ലി-ഒരു വാതവ്യാധി.

'ഖല്ലീതുപാദജംഘോരുകരമൂലാവമോടനീ'

(മാധവനിദാനം)

[വായു പുറവടി, കണങ്കാൽ, തുട കരമൂലം ഇവയെ പിളർക്കുകയും വേറെപ്പെടുത്തുകയും ചെയ്യും. ഇതാത്രെ ലക്ഷണം.]

ഖല്ലം-പ്ര. തിരുവക്കല്ല്. വ. വെഴാമ്പൽപക്ഷി.

ഖവല്ലരി-ആകാശവള്ളി

ഖല്ലിടം-കഷണ്ടിത്തല.

ഖവാരി-മഞ്ഞുവെള്ളം.

ഖവാഷ്പം-മഞ്ഞുവെള്ളം.

ഖശാ-ദക്ഷന്റെ ഒരു പുത്രിയും കശ്യപന്റെ ഭാര്യയുമാണ്.

[യക്ഷന്മാരുടെയും മററും ജനനി, അതിനാൽ അവർക്കു ഖശാത്മജർ എന്ന പേർ സിദ്ധിച്ചു.]

ഖർപ്പം-പു. കോപം. ൨. ക്രൂരത

ഖസതിലം-കശകശ.

ഖസം-പു. ചിരങ്ങ്. ൨. കശകശ.

ഖസ്ഖസം-കശകശ.

ഖസ്ഫടികം-പു. പളുങ്ക് ൨. സൂര്യകാന്തം. ൩. ചന്ദ്രകാന്തം.

ഖലകപോതന്യായം-"നെല്ലുണക്കുന്ന കളമുററത്തു പ്രാവുകളെല്ലാം ഒന്നായി ഒരേസമയത്തുതന്നെ വന്നുചേരുന്നതുപ്രകാരം ഏകകാലത്തിൽ തന്നെ അനേകവസ്തുക്കൾ ഒരു വസ്തുവിൽ ചേരുന്നു എന്ന സംഗതികളിൽ ഈ ന്യായം പ്രവർത്തിക്കുന്നു. കദംബഗോളകന്യായപ്രകാരം അനേക വസ്തുക്കളിൽ ഒരു കാര്യം ഏകകാലത്തുണ്ടാവുകയാണ്. പ്രകൃതന്യായപ്രകാരം ഒരു വസ്തുവിനെ അനേക വസ്തുക്കൾ ഏകകാലത്തു ആശ്രയിക്കുകയാകുന്നു."

ഖറാറു് ആക്കുക-നശിപ്പിക്കുക. [അറബി ഭാഷ.]

---

## ഖാ

ഖാ-നദി.

ഖാടം-ശവക്കട്ടില്

ഖാട്ടി-പു. ശവക്കട്ടിൽ. ൨. മൂഢത

ഖാട്വിക-ശവക്കട്ടിൽ.

ഖാണ്ഡം-ഇക്ഷുവികാരം, കേശമാലം, ഭേദം, ശബ്ദം, കണ, ഉത്തര, ഹരി, കിയൂരം, ഭാരതം, ഭേദം ഇങ്ങിനെ ഖാണ്ഡം മൻ ചന്തു

ഖാണ്ഡവപ്രസ്ഥം-ഇന്ദ്രപ്രസ്ഥം.

പാഞ്ചാലീസ്വയംവരം കഴിഞ്ഞതിൽ പിന്നെ പാണ്ഡവന്മാരാണ് പാഞ്ചാലിയെ വരിച്ചതെന്ന് എല്ലാ രാജാക്കന്മാർക്കുമൊപ്പം ദുര്യോധനാദികളും മനസ്സിലാക്കി. അധികം താമസിയാതെ ഭീഷ്മർ, ദ്രോണർ, വിദുരർ എന്നിവരുടെ ഉപദേശപ്രകാരം ധൃതരാഷ്ട്രർ പാണ്ഡവരെ വരുത്തി രാജ്യത്തിലെ അർദ്ധാംശം ഞാൻ നിങ്ങൾക്കായി തരുന്നു എന്നു പറഞ്ഞ് അവർക്കായി കൊടുത്തതു സസ്യശൂന്യമായ ഖാണ്ഡവപ്രസ്ഥമെന്ന ഈ കാടാണ്. കൃഷ്ണന്റെ പുരോഗാമിത്വത്തിൽ പാണ്ഡവർ ഈ സ്ഥലത്തു ചെന്നെത്തിയ ഉടനെ അവിടം മുഴുവൻ സ്വർഗ്ഗം എന്നപോലെ അലങ്കരിച്ചു. അവർ അവിടെ നല്ലൊരു നഗരം പണിതീർത്തു വാണു വരുന്നു. ഇന്ദ്രപട്ടണംപോലെ ശോഭായമാനമായ ഈ ഖാണ്ഡവപ്രസ്ഥനഗരത്തിൽനിന്നശേഷം കൃഷ്ണൻ ദ്വാരകയ്ക്കു പോയി. ധർമ്മപുത്രർ ആ രാജ്യം സോദരന്മാരോടും മററും യഥാർത്ഥം പരിപാലിച്ചു.

ഖാണ്ഡവം-പു. ഒരു വനം.

[ഈ വനം കുരുക്ഷേത്രത്തിലാണ്. ഇന്ദ്രന്റെ സ്വന്തം- അർജ്ജുന കൃഷ്ണന്മാരുടെ സഹായത്തോടുകൂടി അഗ്നി ദഹിപ്പിച്ചു. ഇതു യമുനാ തീരത്തിലാണ്. ഖാണ്ഡവവനദഹനത്തിനു സഹായിപ്പാൻ തയ്യാറായ കൃഷ്ണാർജ്ജുനന്മാരുടെ അപേക്ഷപ്രകാരം അഗ്നി വരുണനോട് സോമന്റെ വകയായ ഗാണ്ഡീവം എന്ന വില്ലും, അക്ഷയങ്ങളായ തൂണീരങ്ങളും, കപിധ്വജത്തോടുകൂടിയ രഥവും, ചക്രായുധവും വാങ്ങി. രഥം വിശ്വകർമ്മാവു പണിതുകൊണ്ടു നിർമ്മിച്ചതാണ് ചക്രം കൃഷ്ണനും മററുള്ളവും

അതിഥാനം സ്വീകരിച്ചു. ഇതുകൂടാതെ അഗ്നി ഭുജിക്കുന്ന ഒരു ശരവും കൊടുത്തു ഇതത്രേ ഖാണ്ഡവദാഹകി.]

വ. മധുരയപ്പം, മധുരപ്പലഹാരം.

ഖാണ്ഡികൻ-പലഹാരം വില്ക്കുന്നവൻ.

ഖാത-വി. പ്ര. കുഴിച്ചിട്ടുള്ള. വ. കുഴിച്ചിട്ടുള്ള.

ഖാതകൻ-പ്ര. കുഴികുഴിക്കുന്നവൻ. വ. കടമ്പെട്ടവൻ.

ഖാതകം-കിഴങ്ങ്.

ഖാതഭ്രൂവ്-കിഴങ്ങ്.

ഖാതം-പ്ര. കൊക്കരണി, സമചതുരമായ കുളം, കുഴിച്ചുണ്ടാക്കപ്പെട്ട കുളം. കുഴിച്ചുണ്ടാക്കപ്പെട്ടതു് എന്നു അർത്ഥം. വ. വെട്ട്.

ഖാത്രം-മൺവെട്ടി.

ഖാദകൻ-പ്ര. ഭക്ഷിക്കുന്നവൻ. വ. വാങ്ങുവാങ്ങിക്കുന്നവൻ.

ഖാദനം-ഭക്ഷണം, തീററി.

ഖാദി-ഭക്ഷിക്കുന്നവൻ.

ഖാദിക്കുക-പ്ര ഭക്ഷിക്കുക. വ. കടിച്ചു തിന്നുക.

ഖാദിതം-ഭക്ഷിക്കപ്പെട്ട അന്നം മുതലായതു്.

ഖാദിത-വി. പ്ര. ഭക്ഷിക്കപ്പെട്ട. വ. കടിക്കപ്പെട്ട.

ഖാദുക-വി. ഉപദ്രവകരമായ, ദോഷകരമായ, മോഷ്ടാവായുള്ള. [സ്ത്രീ-ഖാദുകി.]

ഖാദ്യ-വി. പ്ര. ഭക്ഷിപ്പാൻ യോഗ്യമായ. വ. കടിക്കത്തക്ക, കടിച്ചുതിന്നാവുന്നതു്.

ഖാദ്യം-കടിച്ചുതിന്നാവുന്നതു്.

ഖാനം-സ്ഥലം, വന്നസ്ഥലം. [ഹിന്ദുസ്ഥാനിശബ്ദം.]

ഖാനി-രത്നാദികൾ വിളയുന്ന സ്ഥലം. [ഖനി നോക്കുക.]

ഖാനികം-ചുമരുപ്പൊളു്.

ഖാനിലൻ-തുരന്നു മോഷ്ടിക്കുന്നവൻ.

ഖാനോദകം-തെങ്ങുവൃക്ഷം.

ഖാപഗാ-ഗംഗാനദി.

ഖാരി-പതിനാറു ദ്രോണം, ഉമ്മിൽ വലരെ സ്ഥലമുള്ളതു് എന്നർത്ഥം.

[ഒരു ഇടങ്ങഴി കൊള്ളുന്ന തൂപ്പ്, നാലു ഇടങ്ങഴി, ഇങ്ങിനെയും കാണുന്നു.]

ഖാരീകം, ഖാരീവാപം- പതിനാറു ദ്രോണം വിതയ്ക്കുന്ന നിലം.

ഖാല്വാടൻ-കഷണ്ടിത്തലയൻ.

'ഖല്വാടോദിവസേശ്വരസ്യകിരണൈഃ'

(ഭർത്തൃഹരി)

## ഖി

ഖിഖി-കുറുക്കൻ, പെരുങ്കുറുക്കൻ.

ഖിഖിരൻ, ഖിംഖിര(ൻ)ം-കുറുക്കൻ, പെരുങ്കുറുക്കൻ.

ഖിദിരൻ-പ്ര. സന്യാസി. വ. ദരിദ്രൻ. ന. സ്വത്തുനാശം വന്നവൻ.

ഖിദ്ര-വി. പ്ര. ദാരിദ്ര്യമുള്ള. വ. രോഗമുള്ള.

ഖിദ്രം-പ്ര. ദാരിദ്ര്യം. വ. രോഗം.

ഖിന്ന-വി. പ്ര. സങ്കടമുള്ള. വ. ക്ഷീണമുള്ള.

ഖിന്നത-പ്ര. സങ്കടം. വ. ക്ഷീണം. ന. തളർച്ച.

ഖിരഖില്ലം-മയിൽ.

ഖില-വി. തരിശായുള്ള, വന്ധ്യമായുള്ള, ശൂന്യമായുള്ള.

ഖിലധാതുക്കൾ-(വ്യാകരണത്തിൽ) ഭാഷയിൽ കാണപ്പെടുന്ന രൂപവികലങ്ങളായ ധാതുക്കൾ. ഉ-ം, ഉൾ, എൻ, ഇൽ, അൽ, മൽ ഇത്യാദി.

ഖിലഭൂമി-കൃഷിചെയ്യപ്പെട്ടിട്ടില്ലാത്ത ഭൂമി.

ഖിലം-കരി മുതലായതുകൊണ്ടു ഒരിക്കലും ഉഴുതാത്ത ഭൂമി.

---

## ഖു

ഖുരകം-മയിലെള്ളു്.

ഖുരണസ-വി. പതിമൂക്കുള്ള, കുളമ്പുമൂക്കുള്ള.

ഖുരണസൻ-കുളമ്പുമൂക്കൻ.

ഖുരണസ്സ്-പതിമൂക്കുള്ളവൻ. കുളമ്പുപോലെയുള്ള മൂക്കോടുകൂടിയവൻ.

ഖുരപ്രം-ബാണവിശേഷം.

'ശരാനനക്ഷിപ്തഖുരപ്രഖണ്ഡിതഃ'
(ഹരിവിലാസം)

ഖുരം-പു. ക്ഷൌരക്കത്തി. വ. നാല്ക്കാലികളുടെ കുളമ്പ്. ഭൂമിയെ ഛേദിക്കുന്നതു എന്നർത്ഥം. ന. ഒരു മരുന്നു്, നാഗണം. ഭൂമിയെ പിളർക്കുന്നതു എന്നർത്ഥം. ർ. പുലിച്ചുവടി.

ഖുരളി-കളരി.

'പുരമീനവരഖുരളീഷുവികളി-
ച്ചതുലം ശിവൻ'
(വാല്മീകിരാമായണം)

ഖുരാളകം-ഇരുമ്പുകൊണ്ടുള്ള അസ്ത്രം.

ഖുല്ലകൻ-നീചൻ.

---

## ഖേ

ഖേഗമനം-നഞ്ഞു്.

ഖേചര-വി. ആകാശത്തിൽ സഞ്ചരിക്കുന്ന.

ഖേചരം-പു. പക്ഷി. വ. മേഘം. ന. കതിര. ർ. രസം.

ഖേട(ക)ം-വി. നികൃഷ്ടമായ, ഇന്ദ്രിയചാപലങ്ങൾകൊണ്ട നിന്ദിക്കപ്പെട്ട. പു. പരിഘ. വ. ഉപഗ്രാമം. ന. കഫം.

ഖേടകം-ബലരാമന്റെ ഗദ.

ഖേടൻ-നിന്ദ്യൻ.

ഖേദ(ന)ം-പു. ദുഃഖം, സങ്കടം.

'അലം വൃഥാ ഖേദനമോമനോജ്ഞേ'
(ഭർത്തൃഹരി)

വ. തളർച്ച.

ഖേദിക്കുക-ദുഃഖിക്കുക.

ഖേയം-കിടങ്ങു്. കുഴിച്ചുണ്ടാക്കപ്പെട്ടതു എന്നർത്ഥം.

ഖേല-പു. ക്രീഡ, ഒരുവിഷയത്തിൽ തന്നെ സ്ഥിരമായി നിൽക്കാത്തതു എന്നർത്ഥം. സ്ത്രീപുരുഷന്മാർ പരസ്പരം പ്രേമാധിക്യംകൊണ്ടു ചെയ്യുന്ന പരിഹാസം എന്നും അർത്ഥം കാണുന്നു. വ. പന്തുകളി മുതലായ കളി. ന. ബാലക്രീഡ. അവിടവിടെ പറയുന്നതു് എന്നർത്ഥം.

ഖേലനം-കളി, ഉല്ലാസം.

ഖേലി-പാട്ടു്.

ഖേസരം-പെട്ടിക്കുതിര, കോവർകഴുത.

—:o:—

## ഖോ

ഖോഡ-വി. ഒറ്റക്കാൽ മുടന്തുള്ള.

ഖോഡൻ-ഒറ്റക്കാൽ മുടന്തൻ.

ഖോലകം-പു. കരിച്ചട്ടി. വ. ചെപ്പാവു്.

ഖോലൻ-ഒറ്റക്കാൽ മുടന്തൻ.

ഖോലി-അമ്പു.

—:o:—

## ഖ്യാ

ഖ്യാതഗർഹണ-വി. നിന്ദിക്കപ്പെട്ട, പ്രസിദ്ധപ്പെട്ട നിന്ദയോടുകൂടിയ, സഭയിൽ നിന്ദിക്കപ്പെട്ട. [മററൊരു പര്യായം-അവധീരിതൻ.]

ഖ്യാത-വി. കീർത്തിയുള്ള, യശസ്സുള്ള, പ്രസിദ്ധിയുള്ള.

ഖ്യാതി-കീർത്തി, യശസ്സ്, പ്രസിദ്ധി. നടന്നതു പറയുക എന്നർത്ഥം.

ഖ്യാതിമത്ത്-വി കീർത്തിയുള്ള. [മാൻ, മതി, മത്.]

ഖ്യാപനം-പു. പരസ്യം, അറിയിപ്പ്. ഉ. രഹസ്യത്തെ വെളിയിലാക്കുക ന. ഏറ്റുപറക. ശ. കീർത്തിയുണ്ടാക്കുക

—:o:—

# ഗ

ഗ-ഹല്ലുകളിൽ മൂന്നാം അക്ഷരം.

ഗ-പു. ഗണേശൻ. ഉ. ഗന്ധർവൻ.

ഗഗന(പുഷ്പം)കുസുമം-ആകാശപുഷ്പം. വാസ്തവമല്ലാത്ത വസ്തു. കഴിയാത്ത കാര്യം എന്നു താൽപര്യം.

ഗഗനചര-വി. ആകാശത്തിൽ സഞ്ചരിക്കുന്ന.

ഗഗനചരം-പു. പക്ഷി. ഉ. മേഘം. ന. ഗ്രഹങ്ങൾ.

ഗഗനചാരി-വി. ആകാശത്തിൽ സഞ്ചരിക്കുന്ന.

ഗഗനചാരി-പു. പക്ഷി. ഉ. മേഘം. ന. ഗ്രഹങ്ങൾ.

ഗഗനതലം-ആകാശം.

ഗഗനധ്വജൻ-സൂര്യൻ.

ഗഗനധ്വജം-പു മേഘം. ഉ. ഗ്രഹങ്ങൾ. ന. എരിക്ക്.

ഗഗനം-പു ആകാശം, ദേവന്മാർ ഗമിക്കുന്ന വഴി, പക്ഷികൾ ഗമിക്കുന്ന വഴി. ഉ. അഭ്രകം.

ഗഗനസിന്ധു-ഗംഗാ.

ഗഗനേചരൻ-രാക്ഷസൻ.

ഗംഗാ-പു, ഒരാറ്. ഉ. ഗംഗാദേവി. ഹരിപദത്തിൽ നിന്നോ ഹരശിരസ്സിൽ നിന്നോ ഭൂമിയെ പ്രാപിച്ചത്. മറു പര്യായങ്ങൾ-വിഷ്ണുപദി, ജഹ്നുതനയ, സുരനിമ്നഗ, ഭാഗീരഥി, ത്രിപഥഗ, ത്രിസ്രോതസ്സ്, ഭീഷ്മസൂ

[ഗംഗയുടെ പുറപ്പാട് വിഷ്ണുവിന്റെ പെരുവിരലിൽ നിന്നാണ്. സൂര്യവംശത്തിലെ ൪൨-മത്തെ രാജാവായ സഗരൻ പണ്ട് അശ്വമേധം ചെയ്യുന്നതായി വസിഷ്ഠാദികളോട് ആലോചിച്ച് ആരംഭിച്ചപ്പോൾ ദേവേന്ദ്രൻ അശ്വത്തെ മോഷ്ടിച്ച് പാതാളത്തു തപസ്സു ചെയ്യുന്ന കപില വാസുദേവന്റെ പിറകെ കെട്ടിയിട്ടു. അതിനെ ഭൂമിയിലെങ്ങും കാണാഞ്ഞു തിരവാനായി സഗരന്റെ ൬0000 പുത്രന്മാർ പിതാവിന്റെ ആജ്ഞയോടുകൂടി ഭൂമിയെ പാതാളത്തോളം വെട്ടിക്കുഴിച്ചു കപിലമഹർഷിയുടെ പിറകെ കെട്ടിയിരുന്ന കുതിരയെ കണ്ടുപിടിച്ച് അദ്ദേഹത്തെ ദ്രോഹിച്ചു. അനന്തരം അവരെ ഒന്നൊഴിയാതെ അദ്ദേഹം ഭസ്മമാക്കി. സമുദ്രം മുമ്പിൽ ഒരു തോടുപോലെയിരുന്നതിൽ വെട്ടിക്കുഴിച്ച സ്ഥലം മുഴുവനും ചേർന്നതുകൊണ്ട് ഇപ്രകാരം വലുതായി ഭവിച്ചു. സഗരപുത്രന്മാർ വർദ്ധിപ്പിച്ചതു നിമിത്തം 'സാഗരം' എന്നു സമുദ്രത്തിനു പേരുണ്ടായി. പിന്നീട് ഈ വംശത്തിലെ ൪൮ ാമത്തെ രാജാവായ ഭഗീരഥൻ തന്റെ പൂർവന്മാരായ സഗരന്മാർക്കു സൽഗതിക്കുവേണ്ടി ഗംഗയെ പാതാളത്തോളം കൊണ്ടുവരുന്നതിനു ബ്രഹ്മാവിനെ ഉദ്ദേശിച്ചു തപസ്സുചെയ്തു. ഗംഗയെ കൊണ്ടുപോകുന്നതിനു വരം വാങ്ങി. ഗംഗയുടെ പതനം ഭൂമി സഹിക്കുന്നതല്ലാത്തതിനാൽ അനന്തരം ഭഗീരഥൻ തപസ്സുകൊണ്ടു പരമേശ്വരനെ പ്രസാദിപ്പിച്ചു. ഗംഗ ഭൂമിയിൽ ഇറങ്ങിയപ്പോൾ അതിന്റെ ഊക്ക ഭൂമിക്കു ദുസ്സഹമായിരുന്നതുനിമിത്തം ഭഗീരഥന്റെ അപേക്ഷപ്രകാരം പരമേശ്വരൻ അതിനെ തലയിൽ താങ്ങി. ഇതാത്രെ ഗം

ധരൻ എന്ന പേരിന്നു കാരണം ശിവന്റെ ജടയിൽനിന്നു ഗംഗ സപ്തസിന്ധുക്കളായി ഒഴുകി. പോരുന്ന വഴിക്കു ജഹ്നുമഹർഷിയുടെ യാഗശാലയെ നശിപ്പിച്ചതുകൊണ്ട് അദ്ദേഹം കോപിച്ചു ഗംഗയെ ആചമിച്ചു. പിന്നീട ദേവകളുടെ പ്രാർത്ഥനമൂലം ചെവികളിൽക്കൂടി ഗംഗയെ പുറത്താക്കി. ഇപ്രകാരം ജഹ്നുമഹർഷിയിൽനിന്നുണ്ടായതുനിമിത്തം ഗംഗയ്ക്കു 'ജാഹ്നവി' എന്ന പേർ സിദ്ധിച്ചു. ഭഗീരഥൻ ഇത്രയുംക്കെ പണിപ്പെട്ടു കൊണ്ടുചെന്നു ൬0000 പിതൃക്കളെയും ശുദ്ധാ വരുത്തി. ഗംഗാജലത്താൽ ഉദകക്രിയ ചെയ്യുകിലെ സ്വർഗ്ഗം കിട്ടു എന്നു ഗരുഡന്റെ ഉപദേശത്തെ കൈക്കൊണ്ടു തന്റെ മുത്തപ്പപ്പനു സാധിപ്പാൻ കഴിയാത്ത തപസ്സ ചെയ്തു ഭഗീരഥൻ ഗംഗയെ ഭൂമിയിൽ കൊണ്ടുവരുക നിമിത്തം ഗംഗയ്ക്കു 'ഭാഗീരഥി' എന്ന പേരുണ്ടായി. ആദ്യം ശ്രീപരമേശ്വരന്റെ ശിരസ്സിലും പിന്നീട് അവിടെനിന്നു ഭൂമിയിലും അവിടെനിന്നു പാതാളത്തിലും ഇപ്രകാരം മൂന്നു മാർഗ്ഗം ഗമിക്കയാൽ 'ത്രിപഥഗാ' എന്ന പേർ സിദ്ധിച്ചു. (ത്രി=മൂന്ന്. പഥം =വഴി ഗ=ഗമിക്ക) ഗംഗ ഹിമവാന്റെയും മേനയുടെയും പുത്രിയും ഉമയുടെ സഹോദരിയുമാകുന്നു. [ബ്രഹ്മാവിന്റെ ശാപം ഹേതുവായിട്ടു ലോകത്തിൽ ശന്തനുവിന്റെ ഭാര്യയായിട്ടു ഭീഷ്മർ മുതലായി എട്ടുപേരെ പ്രസവിച്ചു. ഇങ്ങിനെയും ഗംഗയെക്കുറിച്ചു] കാണുന്നു. ആപഗാ, ഹരശേഖര, ദേവളൂ, ഗാന്ധിനി, ഭോസാമ, കിരാതി ഇവയും ഗംഗയുടെ പേർതന്നെ.

ഗംഗാജൻ, ഗംഗാപുത്രൻ-പു. ൧. ഭീഷ്മർ ൨. കാർത്തികേയൻ.

ഗംഗാടേയം-ഒരു മത്സ്യം.

ഗംഗാദത്തൻ-ഭീഷ്മർ. (എട്ടാമത്തെ വസുവിന്റെ അംശം).

ഗംഗാദ്വാരം-ഹരിദ്വാരമെന്ന സ്ഥലം.

ഗംഗാധരൻ-ശിവൻ. ഗംഗയെ ധരിക്കുന്നവനെന്നർത്ഥം.

ഗംഗാധരാ-കടൽ.

ഗംഗാലഹരി-ജഗന്നാഥപണ്ഡിതന്റെ ഒരു കാവ്യം.

ഗംഗുകാ-തിന.

ഗംഗോലം-ഗോമേദകം.

ഗജകണാ-അത്തിത്തിപ്പലി.

ഗജത-ആനക്കൂട്ടം.

ഗജദന്തഫലാ-ആനക്കൊമ്പൻവെള്ളരി.

ഗജദന്തം-ആനക്കൊമ്പ്.

ഗജച്ചിട്ട്-ഏഴിലംപാല.

ഗജൻ-ഒരു രാക്ഷസൻ. ശിവനാൽ വധിക്കപ്പെട്ടു.

ഗജപിപ്പലി-അത്തിത്തിപ്പലി.

ഗജപുടം-ലോഹാദികളെ ഭസ്മമാക്കുന്നതിന്റെ ഒരു അഗ്നിപ്രയോഗം.

ഗജബന്ധനി-സ്ത്രീ. ൧. വാരിക്കുഴി, ൨. ആനപ്പന്തി.

[വാരിക്കുഴി എന്നു ആനയെ ചതിച്ചു ചാടിച്ചു പിടിക്കാനായി കാട്ടാനകൾ സഞ്ചരിക്കുന്ന കാട്ടിൽ കുഴിച്ചുണ്ടാക്കുന്നതാണ്].

ഗജഭക്ഷ്യ, ഗജഭോജ്യ-[illegible]വൃക്ഷം. ആനകളുടെ ഭക്ഷണസാധനം എന്നർത്ഥം.

ഗജഭക്ഷ്യ-കരിമ്പന.

ഗജം-പു. ൧. ആന. മദിക്കുന്നതെന്നർത്ഥം. ൨. ഒരളവ്. ([illegible] ഇഞ്ച് =ഒരടി. [illegible] =ഒരു ഗജം)

ഗജാരാതി-സിംഹം.

ഗജമുഖൻ-ഗണപതി.

ഗജമുഖാനുജൻ-സുബ്രഹ്മണ്യൻ.

ഗജവല്ലഭാ-സ്ത്രീ. ൧. ഇരുന്നൽ, ൨. കാട്ടുവാഴ.

ഗജസ്നാനം-ഉപായാംശമില്ലാത്ത പ്രവൃത്തി. (ആനകൾ കുളിച്ചുകഴിഞ്ഞാൽ മണ്ണും ചളിയും കോരി ദേഹത്തിൽ പൂശുക പതിവാണല്ലൊ അതുപോലെ).

ഗജാനനൻ (ദന്തൻ, മുഖൻ, വദനൻ) – ഗണപതി. ആനമുഖനെന്നർത്ഥം.

ഗജാരി-ശിവൻ.

ഗജാശനം-൧. താമരക്കിഴങ്ങ്. ൨. അരയാൽ.

ഗജാഹ്വാ-അത്തിത്തിപ്പലി.

ഗജേന്ദ്രമോക്ഷം-ഇന്ദ്രദ്യുമ്നന്റെ മോക്ഷം. (ഇന്ദ്രദ്യുമ്നൻ എന്നതു നോക്കുക).

ഗജേഷ്ടാ-൧. മുതക്ക്. ൨. വാഴ.

ഗഞ്ജ-൧. മദ്യംവില്ക്കുന്ന സ്ഥലം, കള്ളഷാപ്പ്. കൂകി വിളിക്കുന്നേടം എന്നർത്ഥം. ൨. രത്നങ്ങൾ വെട്ടിയെടുക്കുന്ന സ്ഥലം. ൩. തൊട്ടി. ൪. പാനപാത്രം. ൫. കഞ്ചാവ്.

ഗഞ്ജന-വി. ൧. പരിഹസിക്കുന്ന. ൨. അധികരിക്കുന്ന. ൩. തോല്പിക്കുന്ന. ൪. ജയിക്കുന്ന.

ഗഞ്ജിക-മദ്യം വില്ക്കുന്ന സ്ഥലം.

ഗഡകം-൧. കട്ടിമത്സ്യം. ജലത്തിൽ നനഞ്ഞു ഇഴഞ്ഞു നടക്കുന്നതെന്നർത്ഥം. ൨. പരൽ.

ഗഡം-൧. തടവ്. ൨. മറവ്. ൩. കട്ടിമത്സ്യം. ൪. പരൽ. ൫. മേതപ്പ്.

ഗഡികാരം, ഗഡിയാരം, ഗഡിഹാരം, ഗഡിയാരം-വാച്ച്, മണി, സമയം അറിയാൻ ഉണ്ടാക്കീട്ടുള്ള ഒരു യന്ത്രം.

ഗഡു-൧. പിൻപുറത്തുള്ള മുഴ, കൂന്. ൨. തവണ, പ്രാവശ്യം.

ഗഡു-വി. കൂനുള്ള.

ഗഡുക-൧. കടം. ൨. മോതിരം.

ഗഡു, ഗഡുവ്, ഗട്ടു-തവണ, പണമാ യാന്ത്രമോ ഏല്പിക്കേണ്ട മുറ, കണിശം.

ഗഡുകം-൧. കട്ടിമത്സ്യം ൨. പരൽ.

ഗഡുര-വി. കൂനുള്ള.

ഗഡുരൻ-കൂനൻ.

ഗഡുല-വി. കൂനുള്ള.

ഗഡുലൻ, ഗഡു-കൂനൻ.

ഗഡുചി-ചിറ്റമൃത്.

ഗണകൻ-൧. ജ്യോതിഷക്കാരൻ, പ്രശ്നവാദി. ഗണിക്കുന്നവനെന്നർത്ഥം. ൨. കണക്കെഴുത്തുകാരൻ.

'മാരിപെയ്യുമെന്ന ഗീരിവണ്ണമുര-
ചെയ്യുയാൽ ഗണകനേകൻ....'
(അന്യാപദേശശതകം)

ഗണചതുഷ്ടയം-നെല്ലിക്ക, കടുക്ക, തിപ്പലി, കൊടുവേലി ഇവ നാലും.


ഗണച്ഛന്ദ-സങ്കോചമില്ലാത്ത, സ്വൈരമായുള്ള.

ഗണദേവതകൾ-ദേവകളിൽ ഓരോ കൂട്ടം, ആദിത്യാദി ഒമ്പതു വർഗ്ഗക്കാർ. ഒന്നിച്ചു സഞ്ചരിക്കുന്ന ദേവന്മാർ എന്നർത്ഥം.

[൧. ആദിത്യന്മാർ-൧൨. ൨. വിശ്വദേവന്മാർ-൧൦ ൩. വസുക്കൾ ൮ ൪. തുഷിതന്മാർ-൩൬ ൫. ആഭാസ്വരന്മാർ-൬൪ ൬. അനിലന്മാർ-൪൯. ൭. മഹാരാജികന്മാർ-൨൨൦. ൮. സാധ്യന്മാർ-൧൨. ൯. രുദ്രന്മാർ-൧൧]

ഗണനം, ഗണന-൧. കണക്ക്. ൨. എണ്ണുക ൩. ഗണിക്ക.

ഗണനയന്ത്രം-മണിബന്ധം, മണിച്ചട്ടം (കുട്ടികൾ കണക്കു പഠിപ്പാനുള്ളത്).



ഗണനീയ-വി. എണ്ണപ്പെടത്തക്ക, കണക്കാക്കപ്പെടുവാൻ കഴിയുന്ന.

ഗണപതി-വിഘ്നേശ്വരൻ, ഗണനാഥൻ [ശിവന്റെ പുത്രൻ]. പര്യായങ്ങൾ-

വിനായകൻ, വിഘ്നരാജൻ, ദ്വൈമാതുരൻ, ഗണാധിപൻ, ഏകദന്തൻ, ഹേരംബൻ, ലംബോദരൻ, ഗജാനനൻ.

[ശിവന്റെ ഭൃത്യന്മാരായ ഗണങ്ങളുടെ പ്രധാനിയാണ്. ഗണപതിയുടെ ജനനി പാർവതിയാണ്. വിഘ്നങ്ങളെ തീർക്കുന്നതിനാൽ വിഘ്നേശ്വരൻ എന്നു പേരുണ്ടായി. എലിയാണ് വാഹനം. അതുകൊണ്ട് ആഖുരഥൻ എന്ന പേർ സിദ്ധിച്ചു. ഗണപതിയുടെ ശരീരം മഞ്ഞനിറവും കുറിയതുമാണ്. വലിയ വയറുണ്ട്. ആനത്തലയും ഒററക്കൊമ്പും ശംഖും ചക്രവും ഗദയും നാലു കൈയും (ഓരോന്നിലും ആമ്പൽ പിടിച്ചിട്ടുണ്ട്) ഉണ്ട്. പാർവതിയും പരമേശ്വരനും പിടിയും കൊമ്പനുമായി കാട്ടിൽ സഞ്ചരിച്ചപ്പോൾ ഉണ്ടായ പുത്രനാണ് ഗണപതി. ഒരിക്കൽ ശിവനെ കാണുന്നതിനു പരശുരാമൻ കൈലാസത്തിൽ ചെന്നു. അദ്ദേഹം ഉറക്കമാകയാൽ ഗണപതി പരശുരാമനെ അകത്തുവിട്ടില്ല. അവർ തമ്മിൽ കലശൽ കൂടി. ഗണപതി പരശുരാമനെ പൊക്കി എടുത്തെറിഞ്ഞു. ബോധം വന്നപ്പോൾ പരശുരാമൻ പരശു എടുത്ത് ഗണപതിയെ എറിഞ്ഞു. പരശു ശിവൻ കൊടുത്ത ആയുധമാണല്ലോ. അതു ഗണപതിയുടെ ഒററക്കൊമ്പിനെ ഒടിച്ചു. 'ഏകദന്തൻ' 'ഏകദംഷ്ട്രൻ' എന്നപേരിനു കാരണം ഇതാണ്. ഗണപതിക്കു ആനത്തല വരുവാൻ പല കാരണങ്ങൾ പറയുന്നുണ്ട്. ൧. പാർവതി ശനിയെ വിളിച്ചു പുത്രനെ കാണിക്കയാൽ ശനിയുടെ നോട്ടംകൊണ്ടു തല ദഹിച്ചു. അതിനു പകരം ആനത്തല വെച്ചു. ൨. ഒരിക്കൽ ശിവൻ ആദിത്യനെ കൊന്നിട്ടു ജീവിപ്പിച്ചു. ഉടൻ ശിവന്റെ മകന്റെയും തല പോകട്ടെ എന്നു കശ്യപൻ ശപിച്ചു. തല പോയപ്പോൾ ഇന്ദ്രന്റെ ആനത്തല എടുത്തു പകരം വെച്ചു. ൩. പാർവതി ഒരിക്കൽ കുളിക്കാൻ പോയപ്പോൾ ശിവൻ വന്നു അകത്തു കടക്കാൻ ഭാവിച്ചു. ഗണപതി തടുത്തു. ഉടൻ ശിവൻ ഗണപതിയുടെ തലയെ വെട്ടി പകരം ഒരാനത്തല വെച്ചു. ഇങ്ങിനെ പലവിധം പറയുന്നു].

ഗണപതിക്കു കുറിക്കു—ആരംഭിക്കുക. (ശൈലി).

ഗണപീഠകം—മാറിടം.

ഗണം—൧. കൂട്ടം. ൨. ശിവന്റെ അനുചരന്മാരായ ഭൂതങ്ങൾ. ഗണപതിയുടെ കീഴിലുള്ള ഒരുകൂട്ടം ദേവകൾ. ൩. ജാതി. ൪. സേനാവിഭാഗം. കണക്കപ്പെടുന്നതു് എന്നർത്ഥം. [അക്ഷൗഹിണി എന്നതു നോക്കുക.]

[ഗണം-൨൭ രഥം, ൨൭ ആന, ൮൧ കുതിര, ൧൩൫ കാലാൾ ഇത്രയും കൂടിയ സൈന്യം.]

൫. ഛന്ദോവിഭാഗം. (കരികച്ഛന്ദസ്സം എന്നു തമിഴിൽ). ന്യായശാസ്ത്രപ്രകാരം മൂന്നക്ഷരം കൂടിയതു്. ൬ നാലുമാത്ര കൂടിയതു്.

'ത്രിവർണ്ണാദ്യന്തമധ്യസ്ഥ
മധ്യലഘ്വാദ്യന്തഗൗരവൈഃ
സർവമധ്യഗുരുത്വാദ്യ
ന്ത്യലഘ്വഗ്രഗണാസ്ത്രകാഃ
ക്ഷമാംബുപവനാഗ്ന്യർക്ക
സ്വർഗ്ഗചന്ദ്രമാഃ പ്രോക്താ
ശ്രീവൃദ്ധിർമ്മരണം രോഗം
ഭക്തിർജ്ജയധനാഃ ക്രമാൽ'

| | ഗണം | ലക്ഷണം | ഉദാഹരണം | ദേവത | ഫലം |
|---|---|---|---|---|---|
| ൧. | മഗണം | മൂന്നുഗുരു | മല്ലാക്ഷീം | ക്ഷ്മാ | ശ്രീ |
| ൨. | യഗണം | ആദിലഘു | യശോദാം | അംബു | വൃദ്ധി |
| ൩. | രഗണം | മദ്ധ്യലഘു | രാഗിണീ | അഗ്നി | മൃതി |
| ൪. | സഗണം | അന്ത്യഗുരു | സരസാം | അനിലൻ | യാത്ര |
| ൫. | തഗണം | അന്ത്യലഘു | താരൈവ | ഖം | ഠം |
| ൬. | ജഗണം | മദ്ധ്യഗുരു | ജഘനേ | അർക്കൻ | രുക് |
| ൭. | ഭഗണം | ആദിഗുരു | ഭാവയ | ഇന്ദു | കീർത്തി |
| ൮. | നഗണം | മൂന്നുലഘു | നൃവര | സ്വച്ഛന്ദൻ | ആയുസ്സ് |

ക്ഷ്മാ = ഭൂമി. അംബു = വെള്ളം. അഗ്നി = വഹ്നി. അനിലൻ = വായു ഖം = ആകാശം. അർക്കൻ = സൂര്യൻ. ഇന്ദു = ചന്ദ്രൻ. ഠം = ശൂന്യം. രുക് = രോഗം.

ഗണരാത്രം-രാത്രിസമൂഹം രാത്രികളുടെ കൂട്ടം; അനേകം രാത്രികൾ എന്നർത്ഥം.

ഗണരൂപ(ക)ം-പു. ഒരു പൂച്ചെടി, എരിക്ക്. അനേകം സ്വരൂപമുള്ളതെന്നർത്ഥം. വ. മന്ദാരം.

ഗണഹാസ(ക)ം-കാട്ടുകച്ചോലം. (തമിഴിൽ-കരിങ്കച്ചോലം.) ആൾക്കൂട്ടത്തെ ചിരിപ്പിക്കുന്നതെന്നർത്ഥം.

ഗണാചലം-കൈലാസപർവ്വതം, ഗണപർവ്വതം.

ഗണാധിപൻ-ഗണപതി. ഭൂതഗണങ്ങളുടെ നാഥനെന്നർത്ഥം.

ഗണിക-പു. വേശ്യാസ്ത്രീ. പണക്കാരെ എണ്ണി കണക്കാക്കുന്നവൾ, ജനക്കൂട്ടം ഭോഗ്യവസ്തുവായിട്ടുള്ളവൾ എന്നിങ്ങനെ അർത്ഥം.

[ഗണികകളുടെ സമൂഹത്തിനു 'ഗാണിക്യം' എന്നു പേർ.]

വ. ഒരു പൂച്ചെടി. വേശ്യയെപ്പോലെ ജനങ്ങളെ ആശ്രയിക്കുന്നതെന്നർത്ഥം. ന. പിടിയാന.

ഗണികാരിക-മുഞ്ഞവൃക്ഷം. വേശ്യയെപ്പോലെ മോഹിപ്പിക്കുന്നത്. ഉത്തമമായ ഔഷധമാകയാൽ കണക്കാക്കപ്പെടുന്നതെന്നർത്ഥം.

ഗണിക്കുക-പ. എണ്ണുക, കണക്കുകൂട്ടുക. വ. സാരമായി കരുതുക, മാനിക്കുക, വകവെക്കുക.

ഗണിത-വി. പ. എണ്ണപ്പെട്ട. വ. മാനിക്കപ്പെട്ട. ന. അറിയപ്പെട്ട

ഗണിതം-പു. ജ്യോതിഷം. വ. കണക്കാക്കപ്പെട്ടത്. ന. നാലുമാത്ര.

'മാത്രനാലതിന്നൊരു ഗണിതമെന്നുണ്ടല്ലോ'
(ഭാഗവതം)

ഗണിതശാസ്ത്രം-ജ്യോതിഷം.

ഗണിതസാരം-ഒരു ജ്യോതിഷഗ്രന്ഥം.

ഗണേയ-വി. കണക്കാക്കപ്പെട്ടവാൻ കഴിയുന്ന.

ഗണേരു-പു. ചെറുകൊന്ന. വ. പിടിയാന.

ഗണേരുക-വേശ്യാസ്ത്രീയുടെ തോഴി.

ഗണേശകുസുമം-ചെമന്ന അരളി.

ഗണേശഗീതം-ഭഗവൽഗീതയിൽ കൃഷ്ണന്റെ പേരിനു പകരം ഗണപതിയുടെ പേർ ചേർത്തു ഗണപത്യന്മാർ ഉപയോഗിക്കുന്ന ഒരു പുസ്തകം.

ഗണേശൻ-ഗണപതി.

ഗണേശഭൂഷണം-സിന്ദൂരം.

ഗണേശ്വരൻ-സിംഹം.

ഗന്ധകം-പു. വാൾപ്പുലി. വ. കസ്തൂരിമൃഗം. ന. പരൽ, ഴ ന്ധ്രവിക്ക്.

ഗണ്ഡകാരി ലി, ഗണ്ഡകാളി-മ ക്കററി. കയ്യുകളിൽകറപ്പുള്ളതെന്നർത്ഥം. [കറിച്ചുണ്ട, വാളച്ചുണ്ടി, പഴച്ചുണ്ട ഇങ്ങനെയും അഭിപ്രായം കാണുന്നു.]

ഗണ്ഡകാശില-സാളഗ്രാമം.

ഗണ്ഡകി-പ്ര. കരിയ്യ്. വ. ഒരു നദി.

ഗണ്ഡദാസൻ-അഗ്നിമിത്രന്റെ മഹിഷിയായ ധാരിണിദേവിയുടെ നടപൻ.

ഗണ്ഡം-പ്ര. കവിൾത്തടം. മുഖത്തിന്റെ ഒരു ഭാഗമെന്നർത്ഥം. മറെറാരു പര്യായം-കപോലം.

[കണ്ണിനോടു വളരെ സമീപിച്ച ഭാഗം ഗണ്ഡവും, അതിനു താഴെ കപോലവുമാണെന്നാണ് ചിലരുടെ അഭിപ്രായം.]

വ. ആനയുടെ കവിൾത്തടം.

ഗണ്ഡമാല-കവിൾവാപ്പ് എന്ന ദീനം. [മേദസ്സും കഫവും കൂടി തൊറപ്പഴം, ലന്തക്കുരു, നെല്ലിക്ക ഇവയെപ്പോലെ കക്ഷം, കവിൾ, പിൻകഴുത്ത്, കഴുത്ത്, ഒടികൾ ഇവയിൽ വളരെ മുഴകൾ ഉണ്ടാക്കും. കാലക്രമേണ പഴുക്കും. അതത്രേ ഗണ്ഡമാല. മാലപോലെ മുഴകൾ ഉണ്ടാകനിമിത്തം ഈ പേർ സിദ്ധിച്ചു.]

ഗണ്ഡമാലിക-മുത്തററി.

ഗണ്ഡശൈലം-ഒരു ഉരുളൻപാറ. പർവതങ്ങളിൽ നിന്നു പിരണ്ടു വീണ വലിയ പാറക്കല്ല്. ഗണ്ഡതുല്യമായ ശൈലം എന്നർത്ഥം.

ഗണ്ഡാന്തം, കെണ്ണാന്ത -ശുഭകർമ്മങ്ങൾക്ക് മാപചരിക്കാനു ഒരു സമയം, ആപൽക്കരമായ സന്ധി, കന്നുതന്തുടെ ഇരിപ്പും

[അശ്വതി, മകം, മൂലം ഈ നക്ഷത്രങ്ങളുടെ ആദിയിൽ പ്രഥമ നാഴികയും, ആയില്യം, കേട്ട, രേവതികളുടെ അന്ത്യ നാഴിക ചെന്നതിനുമേൽ പ്രഥമ നാഴികയും ഗണ്ഡാന്ത സമയമാകുന്നു. സർവ്വശുഭകർമ്മങ്ങൾക്കും ഈ സമയം ഉപേക്ഷിക്കേണ്ടതാണ്.]

'ഗണ്ഡാന്തേഷു ത്രിഷു അശ്വോമത്സ്യാഃപിതൃ മാതൃകചാന്തകൈഃഅഹിജീവതിഭുപാദശേഷ ജവാജിസമന്വിതഃ'

ഗണ്ഡാലി-പ്ര. അഷ്ടമംഗൽമുത്തങ്ങ എന്ന മരുന്ന്, വെൺകറക. കവിൾത്തടത്തെ അലങ്കരിക്കുന്നതെന്നർത്ഥം. (ചിലർ വെൺകറകയെ കണ്ണാലങ്കാരമായി ഉപയോഗിക്കാറുണ്ടല്ലോ) വ. പേരത്തന. മീൻകണ്ണിക്കറക

ഗണ്ഡി-പ്ര. അടിയിലുണ്ടാകുന്ന ഒരു ദീനം. വ. തായ്മരം.

ഗണ്ഡിനി-ദുർഗ്ഗ

ഗണ്ഡീരം-വാതക്കൊടി എന്ന മരുന്ന്, വലിയ ചേന എന്നും അഭിപ്രായമുണ്ട്. മാങ്ങാനാറി എന്നു വേറെ ചിലർ പറയുന്നു. ഗണ്ഡത്തിന്റെ അവയവം പോലെ ഇഷ്ടമായിട്ടുള്ളതു് എന്നർത്ഥം.

ഗണ്ഡു-പ്ര. തലയിണ. വ. സന്ധി.

ഗണ്ഡുകം-പ്ര. നിലവിളക്ക്. വ. പന്ത്.

ഗണ്ഡൂപദം-ഞാഞ്ഞൂൽ, ഉരഗം. ഗണ്ഡുകൾ (ശരീരഗ്രന്ഥികൾ-മുഴകൾ) തന്നെ പാദമായിട്ടുള്ളവ എന്നർത്ഥം.

ഗണ്ഡൂപദി-പ്ര. ഞാഞ്ഞൂൽപെട. ഗണ്ഡൂപദത്തിന്റെ (ഞാഞ്ഞൂലിന്റെ) സ്ത്രീ എന്നർത്ഥം വ. ചെറുതരം ഞാഞ്ഞൂൽ.

ഗണ്ഡൂലം-വളഞ്ഞ.

ഗണ്ഡൂഷം, ഗണ്ഡൂഷ-കവിൾക്കൊള്ളുക, കവിൾക്കൊള്ളുക, തേവക ള്ളിക.

ഗണ്ഡോളി-കുന്നിൽ. പിടിച്ചിരിക്കുന്നു് എന്നർത്ഥം.

ഗണ്യ-വി പ്ര. കണക്ക കൂട്ടപ്പെടേണ്ടുന്ന. വ. പ്രമാണിക്കപ്പെടത്തക്ക, ഗണനത്തിന്നവകാശമുള്ള.

**ഗത**-വി. ൧. പോയ ൨. നശിച്ച

**ഗതനാസിക**-വി. മൂക്കില്ലാത്ത ൨. മൂക്കുപോയ

**ഗതം**-നടപ്പ്.

**ഗതാക്ഷൻ**-അന്ധൻ.

**ഗതാഗതം**-പോകയും വരികയും [ഗത + ആഗതം].

**ഗതിഭേദം**-പലവിധത്തിലുള്ള പോക്ക്, വെവ്വേറെ പ്രകാരം.

**ഗതി**-൧ നടപ്പ് ൨. രക്ഷ. ൩. സമ്പത്ത്. ൪. മോക്ഷം. ൫. സഹായം ൬. ഉപായം ൭. അവസ്ഥ. ൮. വ്യാകരണപ്രകാരം ഒരു വിഭക്തിയോടു ചേർന്ന് അതിന്റെ അർത്ഥത്തെ പരിഷ്കരിക്കുന്ന അവ്യയം. ഉ-ം, തൊട്ട്, കൂടെ ഇത്യാദി.

**ഗതിലാ**-നദി.

**ഗത്യന്തരം**-അന്യഗതി.

**ഗദ്ഗദ**-വിക്കിപ്പറയപ്പെട്ട.

**ഗദ്ഗദം**-ഇടറിപ്പറക, തൊണ്ട ഇടറിയുള്ള്.

**ഗദ്ഗദവതി**-തൊണ്ടയ്ക്കു ഇടർച്ചയോടു കൂടിയവൾ.

'എന്നീവണ്ണമുരച്ചു ഗദ്ഗദവതീ
ദേശാന്തരേ പോകുവാൻ'
(അമരുകശതകം)

**ഗദ്ഗദസ്വനം**-പൊഞ്ഞ്.

**ഗദ**-ഒരായുധം.

**ഗദൻ**-ഒരു യാദവൻ, ശ്രീകൃഷ്ണന്റെ അനുജൻ.

[ഈ ഗദൻ എന്ന യാദവനാണ് സുഭദ്രയുടെ വർത്തമാനം അർജ്ജുനനോടു പറഞ്ഞത്].

**ഗദം**-൧ വ്യാധി. മുറവിളയുണ്ടാക്കിത്തീർക്കുന്നത് എന്നർത്ഥം. ൨. കൊട്ടം.

**ഗദാഗ്രജൻ**-വിഷ്ണു.

**ഗദാധരൻ**-ഗദയെ ധരിക്കുന്നവൻ, വിഷ്ണു.

**ഗദാവസാനം**-മാഗധൻ കൃഷ്ണന്റെ നേർക്കെറിഞ്ഞ ഗദ തൊണ്ണൂറ്റൊമ്പതു യോജന ദൂരെ ചെന്നു വീണു. ആ ഗദ വീണ മധുരാപശ്ചിമത്തിന് ''ഗദാവസാനം'' എന്നു പേരുണ്ടായി.

**ഗദിക്കുക**-പറയുക.

**ഗദിത**-വി. പറയപ്പെട്ട.

'മനസാ വചസാ വിദിതം ഗദിതം'
(നളചരിതം കഥകളി)

**ഗദ്യ**-വി. ഗദിക്കത്തക്ക, പറയപ്പെടുവാൻ തക്ക.

**ഗദ്യം**-കവികളുടെ കൃതി, കവിതാവിശേഷം.

[ഗദ്യം എപ്പോൾമുതൽ എഴുതിത്തുടങ്ങിയെന്നു നിശ്ചയമില്ല. എങ്കിലും കലിവർഷം ൩൩൦൦-നിപ്പുറം എഴുതിത്തുടങ്ങി എന്നൂഹിക്കാം. നാഗരികവർദ്ധനയ്ക്കു ഗദ്യം ആവശ്യമാകുന്നു. പദ്യത്തെക്കൊണ്ടുള്ളതിനേക്കാൾ ഉപകാരം ഗദ്യത്തെക്കൊണ്ടാണ്. ഇതിനു പ്രധാന കാരണം ഭാഷാകാഠിന്യം (പദപ്രയോഗകാഠിന്യം) എന്നുള്ളതിനു സംശയമില്ല. പദ്യത്തിനു പറയപ്പെടുന്ന നിർബന്ധമൊന്നും ഗദ്യത്തിനില്ല. 'ഗദ്യം കവീനാം നികഷം വദന്തി' ഗദ്യം എഴുതി ഫലിപ്പിക്കുന്നതിലാണ് കവിയുടെ സാമർത്ഥ്യം തെളിയുന്നത്. ഇവിടെ കവിശബ്ദം പ്രയോഗിച്ചിരിക്കയാൽ കാവ്യരൂപമായ ഗദ്യമെഴുതുന്നവനേയും കവി എന്നുതന്നെ വിളിച്ചിരുന്നു എന്ന് സ്പഷ്ടമാകുന്നു].

[പദ്യം എന്നാൽ അക്ഷരം മാത്ര ഇവയുടെ ക്രമത്തോടുകൂടിയ പദങ്ങളുള്ളത്. ഗദ്യം എന്നാൽ ആവക വ്യവസ്ഥയില്ലാത്ത കേവല പദയോജന മാത്രമായിട്ടുള്ളത്].

**ഗന്തവ്യ**-വി. ഗമിപ്പാൻ തക്ക.

ഗന്തു-വഴിപോക്കൻ.

ഗന്തുകാമ-വി. പോകാനാഗ്രഹമുള്ള.

ഗന്ത്രി-കാളവണ്ടി. ഗമനശീലം എന്ന ൎത്ഥം. മറെറാൎത്ഥപൎയ്യായം-കംബളിവാഹ്യകം.

ഗന്ത്രികം-ചാട്ട്, വണ്ടി.

ഗന്ദ്രലം-സിംഹം.

ഗന്ധകമഴ-ഒരുമാതിരി മഴ.

[൧൮൧൯-മെ മാസം ൧൦-ാംനു- വണ്ടിപ്പെരിയാററിനു സമീപമുള്ള ആർണസ്സൂൽ തോട്ടത്തിൽ ഈ മഴ പെയ്തു. ഇതിനു കാരണം നമ്മുടെ കിഴക്കൻ കാട്ടുകളിൽ ഉണ്ടാകുന്ന ഏതോ ഒരുതരം വൃക്ഷങ്ങളുടെ പരാഗങ്ങൾ വായുവിന്റെ വ്യാപാരംകൊണ്ടു് ആകാശത്തിലേക്കുയൎന്നു മഴപെയ്ത സമയം മഴത്തുള്ളികളുമായി സംയോജിച്ചു ഭൂമിയിലേക്കു പതിച്ചതാണെന്നാണു ഭൂഗൎഭശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്-കൈരളി പുസ്തകം ൩. ലക്കം ൨. ൧൦൮൩-കുംഭം].

ഗന്ധകം-ഒരു മരുന്നു്. ൧. നെല്ലിക്കാഗന്ധകം. ൨. പാൽഗന്ധകം. ഗന്ധമുള്ളതെന്നൎത്ഥം മററു പൎയ്യായങ്ങൾ-ഗന്ധാശ്മാ, സൌഗന്ധികം. ൩. മുരിങ്ങ.

ഗന്ധകരസായനം-പുടംവച്ച ഗന്ധകം, ഒരുവക രസായനം.

ഗന്ധകാരി-ഇരുന്തിൽ.

ഗന്ധകാളി-൧. പടച്ചുണ്ട. ൨. കരിഞ്ഞാലി.

ഗന്ധകുടി-മുരാമാഞ്ചി. ഗന്ധത്തിന്നിരിപ്പിടം എന്നൎത്ഥം.

[ചിററീന്തൽ എന്ന അഭിപ്രായക്കാരും ഉണ്ടു്. ചിററീന്തൽ ഒരു ഗന്ധദ്രവ്യമാണെന്നു് എന്റെ പരിശോധനയിൽ കാണുന്നില്ല].

ഗന്ധകോകില-ഒരുതരം വള്ളി, നല്ല ഗന്ധമുള്ളതാണു്.

ഗന്ധചേലിക-൧. കസ്തൂരി ൨. പച്ചപ്പുഴുവു്.

ഗന്ധജടില-വയമ്പു്.

ഗന്ധദീപം-മഞ്ഞൾ.

ഗന്ധനം-൧. ഉത്സാഹം. ൨. ഹിംസാവിചാരം. ൩. അറിയിക്ക. ൪. പ്രകാശനം. ൫. ഗന്ധതൃണം. ൬. നവപാണ്ടിനെല്ലു്.

ഗന്ധനാകുലി-൧. ചിററരത്ത. ഗന്ധമുള്ള നാകുലി എന്നൎത്ഥം. ൨. ചെവിയം (അതിതിപ്പലിവേരു്). ൩. പേരരത്ത. ൪. അരത്ത.

ഗന്ധപാഷാണം-ഗന്ധകം.

ഗന്ധപീത-നറുമഞ്ഞൾ.

ഗന്ധഫലം-കൂവളം. ൨. വിളാൎമരം.

ഗന്ധഫല-൧. ഇരുന്തിൽ. ൨. മുല്ല. ൩. ഞാഴൽ. ൪. മുരൾ.

ഗന്ധഫലീ-൧. ചമ്പകമൊട്ടു്.

'നഷ്ടാംപരോഗന്ധഫലീമഗ്ലൗൽ'

൨. ഞാഴൽ. ഗന്ധമുള്ള ഫലങ്ങൾ ഉള്ളതെന്നൎത്ഥം.

ഗന്ധബന്ധു-മാവു്.

ഗന്ധം-൧. സൌരഭ്യം, മണം. ൨. ചന്ദനം. ൩. വിഷയങ്ങളിൽ ഒന്നു്. ആഘ്രാണിക്കപ്പെടുന്നതു് ഹിംസിക്കപ്പെടുന്നതു് എന്നിങ്ങനെ അൎത്ഥം. ൪. കറിമുരിങ്ങ. ൫. ലേശം, അല്പാംശം.

'മന്മഥഗന്ധം ഗ്രഹിക്കാതെവർ'

(ശ്രീകൃഷ്ണവിലാസം)

'ഗാന്ധഗന്ധമേ

ലേശസംബന്ധ ഗൎവ്വതഃ'

ഗന്ധമാദനം-ഒരു പൎവ്വതം പുഷ്പഗന്ധംകൊണ്ടു സന്തോഷിപ്പിക്കുന്നതെന്നൎത്ഥം.

[ഇതും മേരുവിന്റെ പടിഞ്ഞാറെ ഖണ്ഡം കാണുന്നു].

ഗന്ധമാദനൻ-൧. ശ്രീരാമന്റെ വാനരസേനാപതി, രാവണന്റെ പുത്രനായ

ഇന്ദ്രജിത്തു വധിച്ചു. ഉടൻ ഹനുമാൻ കൈലാസത്തിൽനിന്നു കൊണ്ടുവന്ന ഔഷധങ്ങൾകൊണ്ടു ജീവിപ്പിച്ചു. ൨. രാവണന്റെ ഒരു പേർ

ഗന്ധമാർജ്ജാരൻ-ഒരു മൃഗം, മെരുക്, വെരുക്.

ഗന്ധമാർജ്ജാരവീര്യം-പച്ചപ്പുഴുവ്.

ഗന്ധമാല-ഒരു ക്ഷുദ്രരോഗം.

[പിത്തം കോപിച്ചുണ്ടാകുന്ന കക്ഷം എന്ന രോഗത്തിലുള്ള കുരുക്കളിൽ ഒരു കുരു അധികം വലുതായിട്ടും സ്ഫോടതുല്യമായിട്ടും തൊലിപ്പുറത്തുണ്ടാകും. അതത്രെ ഗന്ധമാല].

ഗന്ധമുഖ്യം-കസ്തൂരിമൃഗം

ഗന്ധമൂലി-കച്ചോലം, ചെറുകച്ചോലം. ഗന്ധമുള്ള കിഴങ്ങുള്ളതെന്നർത്ഥം. [ചെറുമുഞ്ഞൻ ചെടിയുടെ പേരെന്നും കാണുന്നു]

ഗന്ധമൂഷി-നച്ചെലി.

'ഛുഛുന്ദരീ ഗന്ധമൂഷീ
ദീർഘദേഹീതുമൂഷികാ'
(ലിംഗഭട്ടീയം)

ഗന്ധമൃഗം-പു. മെരുക്. ൨. കസ്തൂരിമൃഗം.

ഗന്ധമൈഥുനൻ-കാള.

ഗന്ധമോഹിനി-ചമ്പകമൊട്ട്.

ഗന്ധരസം-നറുംപശ. ഗന്ധമുള്ള രസത്തോടുകൂടിയതെന്നർത്ഥം.

[രസഗന്ധം എന്ന പാഠവും കാണുന്നു].

ഗന്ധരാജം-പു. ചന്ദനം. ൨. പച്ചപ്പുഴുവ്. ൩. കണ്ണുള്ളി.

ഗന്ധലോലുപ-പു. ഈച്ച. ൨. കൊതുക്.

ഗന്ധവഹൻ-കാററ്, ഗന്ധത്തെ വഹിക്കുന്നവൻ എന്നർത്ഥം.

ഗന്ധവഹം-മൂക്ക്.

ഗന്ധവാഹൻ-കാററ്. ഗന്ധത്തെ വഹിക്കുന്നവൻ എന്നർത്ഥം.

ഗന്ധവാഹം-മൂക്ക്.

ഗന്ധവിഹ്വലം-കോതമ്പ്.

ഗന്ധവ്യാകുലം-തക്കോലപ്പുട്ടിൽ.

ഗന്ധർവ്വഗ്രഹപീഡ-ഒരു രോഗം. ഉന്മാദഭേദം. ഉന്മാദനിദാനത്തിൽ പെട്ടതാണ്.

[ഗന്ധർവ്വഗ്രഹത്താൽ പീഡിക്കപ്പെട്ടാൽ മനസ്സിനു സന്തോഷം, മണൽത്തിട്ട വനമദ്ധ്യം ഇവിടങ്ങളിൽ സഞ്ചാരം, സംഗീതത്തിലും, ഗന്ധമാല്യങ്ങളിലും പ്രിയം, ശുദ്ധാചാരം, നൃത്തം, ചിരി മനോഹരമന്ദഗമനം ഇവയുള്ളവനായിരിക്കും].

ഗന്ധർവ്വൻ-പു. ദേവകളുടെ പാട്ടുകാരൻ. (ഹാഹാ ഹൂഹൂ തുടങ്ങിയുള്ളവർ ഗന്ധർവ്വന്മാരാകുന്നു) ൨. കുതിര. ൩. ഒരുവക മാൻ. ൪. മരിച്ചവരുടെ ആത്മാവ്.

[ഗന്ധർവ്വൻ - ഭൂലോകസ്വർഗ്ഗങ്ങളുടെ ഇടയിൽ സഞ്ചരിക്കുന്ന പിശാചവിശേഷം. ഗന്ധർവ്വന്മാർ സോമരസം ഉണ്ടാക്കുന്നവരാണെന്ന് അഭിപ്രായമുണ്ട്. ബ്രഹ്മാവിന്റെ മൂക്കിൽനിന്നു ജനിച്ചവരാണെന്നു ചിലരും കശ്യപന്റെ മക്കളാണെന്നു മററു ചിലരും പറയുന്നു. ഇവർക്കു ഭാര്യമാർ അപ്സരസ്ത്രീകളാണ്. ഇവരുടെ പ്രമാണിയുടെ പേർ ചിത്രരഥൻ എന്നാകുന്നു].

ഗന്ധർവ്വനഗരം-മായാനഗരം, ഉണ്ടെന്നു മനസ്സിൽ തോന്നിപ്പിക്കുന്ന നഗരം, മനോഹരമായ ഒരു സങ്കല്പനഗരം, വെറും തോന്നൽ.

[ഇതു വാസ്തവത്തിൽ ഇല്ലാത്തതും ഉണ്ടെന്നു തോന്നിക്കുന്നതുമാകുന്നു. മായകൊണ്ടുണ്ടാക്കിയതാകുന്നു ഇതു ആകാശമാകയാൽ അത്ഭുതാപ്രകാശ പൂർണ്ണമാണ്].

ഗന്ധർവ്വം-പു. കുതിര. ഗന്ധത്തെ അറിയുന്നു എന്നർത്ഥം. ൨. ഒരുവക മാൻ.

(ഇതിന്റെ ചെമ്പത്ത വയറം നീണ്ട വാലും കാണും) ന. യാതനാശരീരം. ഗന്ധവ് ശബ്ദത്തിന്റെ ഗന്ധത്തെ അറിയുന്നതെന്നർത്ഥം. ർ വെളുത്തായവണക്ക്. ഇ. കയിൽ. ന്ന. കസ്തൂരിമൃഗം.

ഗന്ധർവവിദ്യ-സംഗീതം.

ഗന്ധർവവിവാഹം-എട്ടുവിധം വിവാഹങ്ങളിൽ ഒന്ന്.

[കാമുകൻ അനുരക്തയായ സ്ത്രീയെ ബന്ധുക്കളോടും മററം ആലോചിക്കാതെയും കർമ്മങ്ങളും ക്രമങ്ങളെയും കൈക്കൊള്ളുക].

ഗന്ധർവവേദം-സംഗീതത്തെക്കുറിച്ചുള്ള ഒരു ഉപവേദം.

ഗന്ധർവഹസ്തകം-ആവണക്ക്. ഗന്ധർവം (മൃഗവിശേഷം-ഭൂതവിശേഷം). അതിന്റെ കൈപോലെയുള്ള ഇലയുള്ളതെന്നർത്ഥം.

ഗന്ധവാ-കയിൽപ്പെട്ട.

ഗന്ധശേഖരം-കസ്തൂരി.

ഗന്ധസാരണം-പ. പൂച്ചുവടി. വ. മുദ്ഗരം.

ഗന്ധസാരം-പ. ചന്ദനം. ഗന്ധമുള്ള കാതലോടുകൂടിയതെന്നർത്ഥം. വ. കച്ചോലം. ന. തേക്കുമരം. ർ. മുല്ല ഇ. മുദ്ഗരം.

ഗന്ധസോമം-വെളുത്ത ആമ്പൽ.

ഗന്ധരേണു-നരച്ചുലി.

ഗന്ധാഗരു-മഞ്ഞപ്പുനാറിയകിൽ.

ഗന്ധാശ്മാ-ഗന്ധകം.

ഗന്ധാഢ്യ-ചെമന്ന തുളസി.

ഗന്ധി-വി. മണമുള്ള

ഗന്ധി-ജീരകം.

ഗന്ധികാ-ഗന്ധകം.

ഗന്ധിമക-മണക്കുക.

ഗന്ധിനി-മുരാമാഞ്ചി. പ്രശസ്തഗന്ധമുള്ളതെന്നർത്ഥം.

ഗന്ധോതു-വെരുക്.

ഗന്ധോത്തമ-മദ്യം. ഗന്ധംകൊണ്ടു ശ്രേഷ്ഠമായതെന്നർത്ഥം.

ഗന്ധോളി-പ. കട്ടുന്നിൽ. (ഗാന്ധാളി എന്നതിന്റെ പാഠം). വ. ചെറിയ വാളു്.

ഗഭസ്തി-രശ്മി, കിരണം ഗമിച്ചുകൊണ്ടു തന്നെ ദിക്കുകളെ പ്രകാശിപ്പിക്കുന്നതു്, ആകാശത്തിൽ ശോഭിക്കുന്നതു്-ഇങ്ങിനെ അർത്ഥം.

'ഭാസ്വാൻ വിവസ്വാൻ
നഭസ്വാൻ ഗഭസ്തിമാൻ'
(അദ്ധ്യാത്മരാമായണം)

ഗഭീരം, ഗംഭീരം-പ. ആഴമുള്ള പ്രദേശം. ശമനാദികൾ ഒയാതെ കൊട്ടുകന്നതെന്നർത്ഥം. ജലജന്തുക്കൾ ഇതിലൂടെ ഗമിക്കുന്നു എന്നുമാവാം. വ. മഹത്വമുള്ള.

ഗഭീരിമ-മഹത്വം, ഗാംഭീര്യം.

'സാരളിയും സൽഗഭീരിമയുമാളും'
(കാശിപുരാണം)

ഗംഭാരി-ഒരു വൃക്ഷം, പെരുംകുമിൾ. ജലത്തെ ഉറിക്കുന്നതെന്നർത്ഥം.

ഗംഭീര-വി. ബുദ്ധിക്ക് ആഴമുള്ള.

ഗംഭീരജാതം-ഒരുവക മരം.

[ഇതിന്റെ ഉള്ളിൽ വളരെ മണവും തണ്ടിന്മേൽ ഉപയോഗവും അധികമായ ഗന്ധവും സ്വാദും കാണും]

ഗംഭീരത-ഗാംഭീര്യം, ബുദ്ധിയുടെ ആഴം.

ഗംഭീരവൃദ്ധി-ഒരു രോഗം.

[ദുഷ്ടപാകത്താൽ പിടിക്കപ്പെട്ടതായിട്ടും വിരൂപമായിട്ടും അകത്തുള്ള വലിയ. വലിയ ദ്വണം കാണും].

ഗംഭീരം-പ. സാമാന്യസാന്ദ്രപ്രകാരം ഗീതകളിൽ ഒന്ന്. പ്രധാനമായി നന്നായിരിക്കുന്ന അർത്ഥപുഷ്ടിയുള്ളതു

'ഗാംഭീരാ'. പദങ്ങളെ ചേക്കുന്നതിൻെറ മാതിരി ഭേദങ്ങളിൽ ഒന്ന്. വ. ബുദ്ധിക്കാഴമുള്ള

ഗാംഭീരാ-ഒരുവക ഇക്കിൾ. (ഇക്കിൾ എന്നതു നോക്കുക)

ഗമ, ഗമനം-യാത്ര.

ഗമി-വഴിപോക്കൻ.

ഗമിക്കുക-നടക്കുക.

ഗമ്യ-വി. ഗമിക്കത്തക്ക, പ്രാപിക്കപ്പെടുവാൻ കഴിയുന്ന.

ഗയൻ-പു. ഒരസുരൻ. വ. ഒരു ഗന്ധർവൻ.

ഗയാ-നഗരം, ഒരു പുണ്യസ്ഥലം (ബീഹാറിൽ)

ഗരം-പു. വിഷം. വ. കൃത്രിമവിഷം.

ഗരളം-വിഷം. ഗരത്തെ (കൃത്രിമവിഷത്തെ) ദാനംചെയ്യുന്നതെന്നർത്ഥം. (കുറച്ചു ശരീരത്തിൽ ചേന്നാലും കൃത്രിമവിഷത്തെപ്പോലെ പ്രവത്തിക്കും). മററ പര്യായങ്ങൾ-വിഷം, ക്ഷ്വേളം.

ഗരളഭേദം-വിഷത്തിനുള്ള ഒരു മരുന്നു, കരളേകം.

ഗരാഗരി-ഒരു മരുന്ന്, ദേവതാളി (ഖരാശരി എന്നുമാവാം).

ഗരി-ദേവതാളി. ശബ്ദിക്കുന്നതെന്നർത്ഥം.

ഗരിമാവ്-കനം, ഗുരുത്വം, അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്.

ഗരിഷ്ഠ-വി. ഏററവും കനമുള്ള, ഉറപ്പുള്ള.

ഗരീയസ്സ്-വി. ഏററവും കനമുള്ള, ഉറപ്പുള്ള. [യാൻ, യസി, യസ്സ്].

ഗരുഡത്തുള്ള്-വിഷം ഇറക്കുന്നതിനുള്ള ഒരു മന്ത്രം.

ഗരുഡധ്വജൻ-വിഷ്ണു. ഗരുഡൻ ധ്വജചിഹ്നമായിട്ടുള്ളവൻ എന്നർത്ഥം

[അതാതു ദേവന്മാരുടെ വാഹനങ്ങളെ അവരവരുടെ കൊടിമരത്തിന്മേൽ ചിഹ്നമായ്ക്കും].

ഗരുഡൻ-വിഷ്ണുവിന്റെ വാഹനം, പക്ഷികളുടെ രാജാവ്. ഗരുത്തുകളെ (ചിറകുകളെ)ക്കൊണ്ടു പറക്കുന്നവൻ എന്നർത്ഥം. മററ പര്യായങ്ങൾ-ഗരുത്മാൻ, താർക്ഷ്യൻ, വൈനതേയൻ, ഖഗേശ്വരൻ, നാഗാന്തകൻ, വിഷ്ണുരഥൻ, സുപർണ്ണൻ, പന്നഗാശനൻ. (അരുണൻ എന്ന ശബ്ദം നോക്കുക).

[ഗരുഡന്റെ അമ്മ വിനത, അച്ഛൻ കശ്യപപ്രജാപതി. ഗരുഡന്റെ ആകൃതി പകുതി പക്ഷിയും പകുതി മനുഷ്യനുമാണ്. ഗരുഡന്റെ ജനനസമയമുണ്ടായ ശോഭ ദേവതകളെ അഗ്നി എന്നു ഭ്രമിപ്പിച്ചു. അതുനിമിത്തം അവർ വന്ദിച്ചു. ഗരുഡനു വിനായകയിൽ സമ്പാതി എന്നൊരു പുത്രനുണ്ടായി. വിനായകയ്ക്കു 'ഉന്നതി' എന്നും പേരുണ്ട്. ഒരിക്കൽ ഭാര്യാസഹിതം ഒരു ബ്രാഹ്മണനെ ഭക്ഷിക്കയാൽ തൊണ്ട വെന്തുപോയി. ബ്രാഹ്മണരെ ഒഴിച്ചു മററ മനുഷ്യരെ ഭക്ഷിച്ചുകൊള്ളുന്നതിനു മാതാപിതാക്കന്മാരുടെ അനുവാദം മുമ്പുതന്നെ ഉണ്ടായിരുന്നു. ഗരുഡൻ ഒരിക്കൽ അമൃതം മോഷ്ടിക്കയാൽ ഇന്ദ്രനുമായി യുദ്ധമുണ്ടായി. ഇന്ദ്രൻ തോററു. വജ്രായുധം പൊടിഞ്ഞു. എന്നിട്ടും അമൃതം ഇന്ദ്രൻ തിരിയെ വാങ്ങി].

ഗരുഡപ്പച്ച-വിഷം ഇറക്കുന്നതിനുള്ള ഒരു കല്ല്.

ഗരുഡാഗ്രജൻ-അരുണൻ. ഗരുഡന്റെ (അഗ്രജൻ) ജ്യേഷ്ഠൻ എന്നർത്ഥം

ഗരുത്ത്-ചിറക്. ശബ്ദിക്കുന്നതെന്നർത്ഥം.

ഗരുത്മത്-വി. ചിറകുള്ള. [ത്മാൻ, ത്മതി, ത്മത്].

ഗരുത്മാൻ-പു. ഗരുഡൻ. നല്ല ചിറകുള്ളവൻ എന്നർത്ഥം. വ. പക്ഷി. ചിറകുകളുള്ളതെന്നർത്ഥം. ന. കഴുവൻ.

ഗർഗ്ഗൻ-പു. ഒരു ജ്യോതിശ്ശാസ്ത്രജ്ഞനായ മുനി. വ. കൃഷ്ണന്റെയും യാദവന്മാരുടെയും ഗുരു.

ഗർഗ്ഗം-കാള.

ഗർഗ്ഗരം-പു. ഒരുവക മത്സ്യം. ൨. ജലത്തിലെചുഴി. ൩. ഒരുവക സംഗീതയന്ത്രം.

ഗർഗ്ഗരി-മോർ കടയുന്ന പാത്രം, മങ്കലി, പാക്കലം. 'ഗർഗ്' എന്നു ശബ്ദിക്കുന്നതെന്നർത്ഥം. (ഗർഗ്ഗരി എന്നതിനു 'കലശി' എന്ന പാഠവും കാണുന്നു.]

ഗർജ്ജനം-പു. ശബ്ദം. ൨. അലർച്ച. ൩. ഇടിമുഴക്കം. ൪. കോപം.

ഗർജ്ജരം-മഞ്ഞമുള്ളങ്കി.

ഗർജ്ജിക്കുക-ക്രി. ശബ്ദിക്കുക. ൨. അലറുക. ൩. ഇടിമുഴങ്ങുക.

ഗർജ്ജിത-വി. ശബ്ദിച്ച.

ഗർജ്ജിതൻ-പു. മദംപൊട്ടിയ ആന. ശബ്ദിക്കുന്നവൻ എന്നർത്ഥം. മററു പര്യായങ്ങൾ-മത്തൻ, പ്രഭിന്നൻ. ൨. ശബ്ദിക്കുന്നവൻ.

ഗർജ്ജിതം-പു. ഇടി, മേഘശബ്ദം. ൨. അലർച്ച.

ഗർത്തം, ഗർത്ത-പു. കുഴി, കുണ്ടുള്ളഭൂമി ൨. പോത്. ൩. ഓമൽച്ചുഴി. സർപ്പാദികളെ ഉള്ളിൽ അടക്കിവെക്കുന്നതെന്നർത്ഥം.

ഗർത്തിക-നെയിത്തുശാല.

ഗർദ്ദഭം-കഴുത.

ഗർദ്ദഭാണ്ഡം-പു. പൂവരശുവൃക്ഷം. ൨. കല്ലാൽവൃക്ഷം. കഴുതയെപ്പോലെ അത്രവേഗത്തിൽ വേരോട്ടമുള്ളതെന്നർത്ഥം.

ഗർദ്ദഭികാ ക്ഷുദ്രരോഗങ്ങളിൽ ഒന്ന്.

[മണ്ഡലാകാരമായി പരന്നുയർന്നു ചെമന്ന കുരുക്കളുണ്ടാകും. വേദന കാണും.]

ഗർദ്ധന-വി ആശയുള്ള, അത്യാഗ്രഹമുള്ള

ഗർദ്ധം-അത്യാഗ്രഹം.

ഗർഭകം-തലമുടിയുടെ ഉള്ളിൽ വെച്ചു കെട്ടിയ മാല

ഗർഭചിഹ്നം-ഗർഭമുണ്ടായാലുള്ളഅടയാളം.

ഗർഭച്ഛിദ്രം-ഗർഭം കലക്കുക.

ഗർഭദീക്ഷ-ഭാര്യയ്ക്കു ഗർഭമുണ്ടായാൽ പ്രസവിക്കുന്നതുവരെയും ഭർത്താവു ക്ഷൗരം ചെയ്യാതെ ഇരിക്ക.

ഗർഭധാരണം-ഗർഭംധരിക്ക.

ഗർഭപാതം-ഗർഭംപതിക്കുക

[അഞ്ചും ആറും മാസങ്ങളിൽ ഗർഭം സ്ഥിരശരീരിയായിരിക്കും. അതുകൊണ്ട് അതിനു പാതമത്രെ ഉണ്ടാകുന്നത്.]

ഗർഭപാത്രം-സ്ത്രീകളുടെ വയററിൽ ഗർഭം ഇരിക്കുന്ന സ്ഥലം.

"ഇത് ആകൃതിയിൽ ഏകദേശം പതുങ്ങിയ പേരക്കാപോലെ ഒരു മാംസസഞ്ചിയാണ്. ഇതു മാംസച്ചരടുകളാൽ പ്രധാനമായി ഉണ്ടാക്കപ്പെട്ടിരിക്കുന്നു. നാലുവശത്തേക്കും ഒന്നോടൊന്നു പകച്ചു കിടക്കുന്നു. രക്തസിരകളും വേണ്ടുവോളം ഉണ്ട്. ഇതു രണ്ടു പ്രധാനഭാഗങ്ങളായി പകുക്കപ്പെട്ടിരിക്കുന്നു. മുകളിലത്തെ വലിയതു പിള്ളയുള്ള ഇരിപ്പിടമാണ്. കീഴത്തേതു കുടത്തെ കണ്ഠാകാരമുള്ള അടപ്പിനാൽ ഗർഭകലശത്ത് അടഞ്ഞിരിക്കുന്നു. ഗർഭപാത്രം പിള്ളയുടെ വളർച്ചകൊണ്ടു നാൽ വിരൽ ഉയർന്നു മാറിടംവരെയ്ക്കും വലിപ്പം വരുന്നു. മുഴുത്തു മയമായി അണ്ഡാകൃതിയായ പരപ്പോടെ ഭവിക്കുന്നു".

ഗർഭപിണ്ഡം-ഗർഭം ഉൽപാദിച്ചതിന്റെ ശേഷം ശുക്ലരക്തങ്ങൾ ചേർന്നു പിണ്ഡാകാരമായിരിക്കുന്ന ഒരു വസ്തു.

ഗർഭം-പു. പുരുഷന്റെ ശുക്ലം സ്ത്രീയുടെ യോനിയിൽ പതിച്ചു രക്തത്തോടുകൂടെ ചേർന്നു വളരുന്ന വസ്തു. മററു പര്യായം-ഭ്രൂണം. (ശരീരമാകെ എന്നു തോന്നുക) ഉള്ളിലിരിക്കുന്നത്, ശബ്ദിക്കുന്നത് ഇങ്ങനെ അർത്ഥം. ൨. വയററിലിരിക്കുന്ന കുട്ടി ൩. അന്തർഭാഗം

ങ്കം. ൨. ഉള്ളിലുള്ളതു്. ൩. വയറു്. ൪. ബാലൻ.

[ഗർഭഗ്രഹണത്തിനു് 'പ്രജനം' 'ഉപസരം' എന്നു പര്യായങ്ങൾ.]

ഗർഭവതി-ഗർഭമുള്ളവൾ, ഗർഭിണി.

ഗർഭശ്രീമാൻ-ഗർഭത്തിൽ ആയിരിക്കുമ്പോഴേ ശ്രീയോടു (ഐശ്വര്യത്തോടു) കൂടിയവൻ.

ഗർഭസ്രാവം-പിള്ളയഴിക (മൂഢഗർഭനിദാനത്തിൽ പെട്ട ഒരു രോഗമാണു്).

[നാലുമാസംവരെ ഗർഭത്തിനു ദ്രവമുള്ളതിനാൽ അതു സ്രവിക്കും. അതത്രെ ഗർഭസ്രാവം.]

ഗർഭാഗാരം-ഉള്ളറ, കാററു കടക്കാത്തതു നിമിത്തം ഗർഭതുല്യമായ ഗൃഹം. അന്യബാധയില്ലാത്തതെന്നർത്ഥം.

ഗർഭാധാനം-പ്ര. ഗർഭം ഉണ്ടാകുന്നതിനു മുമ്പേ ചെയ്യുന്ന ഒരു കർമ്മം. വ. ഗർഭോൽപാദനം.

ഗർഭാലംബനം- ഋതുദർശനികകാലത്തു ഗർഭം ഉണ്ടാവാൻ ചെയ്തിരുന്ന ഒരു കർമ്മം.

ഗർഭാലയം-ഈററില്ലം.

ഗർഭാശയം-ഗർഭപാത്രം.

ഗർഭാശയം-മറുപിള്ള. ഗർഭം ഇതിൽ ശയിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു മറെറാരു പര്യായം-ജരായു.

ഗർഭിണി-ഗർഭമുള്ളവൾ. മററു പര്യായങ്ങൾ-ആപന്നസത്വാ, ഗുവ്വിണി, അന്തർവ്വത്നി.

## ഗർഭിണികൾക്കു പുളികുടിക്കാനു നല്ല ദിവസങ്ങൾ.

ഞായർ, ചൊവ്വ, വ്യാഴം ഈ ആഴ്ചകളും പുണർതം, പൂയം, പൂരുരുട്ടാതി, രോഹിണി, അശ്വതി, മകീരം, ഉത്രിട്ടാതി, അത്തം, തിരുവോണം, കാർത്തിക ഈ നാളുകളും, ചരരാശികൾ നാലും, ഉഭയരാശികൾ നാലും ഇടവവും കൊള്ളാം. നിത്യദോഷവും, ഉദയാദിദോഷവും സ്ത്രീകളുടെ ജന്മാനുജന്മ നക്ഷത്രങ്ങളും വജ്ജിക്കണം. വെലിയിറക്കവും വേണം.

ഗർഭിണ്യവേക്ഷണം-പ്രസവസംബന്ധമായ കർമ്മം.

ഗർഭിതം-പ്ര. ഉള്ളിൽ നിറയ്ക്കപ്പെട്ടതു്. വ. കാവ്യദോഷങ്ങളിൽ ഒന്നു്.

[ഒരു വാക്യത്തിൻെറ ഗർഭത്തിൽ മറെറാരു വാക്യത്തെ തള്ളിക്കേറുക]

'കല്യാണി കാലാന്തകവല്ലഭേ കേൾ
ചൊല്ലാം നിൻ നൽപ്പല്ലവതുല്യശോഭം
(കിളിയില്ല തെല്ലും) തവ പാദപത്മ-
മല്ലാതെനിക്കില്ലവലംബമൊന്നും'
(ദോഷോദാഹരണം)

ഗർഭീകരിക്കുക-ഉൾക്കൊള്ളുക, ഉള്ളിൽ നിറയ്ക്കുക.

ഗർഭോപഘാതിനി-ഗർഭം അലസിയ പശു, കാള ചവിട്ടി ഗർഭം നശിച്ചുപോയ പശു. മറെറാരു പര്യായം-വേഹത്തു്. ഗർഭത്തെ ഉപഹനിച്ചവൾ എന്നർത്ഥം.

[ഗർഭംധരിച്ചതിൽ പിന്നീടു കാമോദ്രേകവശത നിമിത്തം പിന്നെയും കാളയെ ചവിട്ടുന്നതിനു സമ്മതിക്കുന്നതുകൊണ്ടാണു ഗർഭം നശിക്കുന്നതു്].

ഗർഭോൽപാദം-ഗർഭത്തെ ഉണ്ടാക്കുക

ഗർമ്മുത്തു്-പ്ര. ഒരു പുല്ലു്, അരച്ചിപ്പുല്ലു് വ. തിന, വേഴൽ ൨ സചർണ്ണം.

ഗർവ്വം-അഹങ്കാരം, തന്നെ എല്ലാവരും മാനിക്കണമെന്നുള്ള ദുരഹങ്കാരത്തെ ഉണ്ടാക്കിത്തീക്കുന്നതെന്നർത്ഥം മററു പര്യായങ്ങൾ-അഭിമാനം, അഹങ്കാരം.

ഗർവ്വാടൻ-പ്ര. വാതിൽ കാവൽക്കാരൻ. വ. കാവൽക്കാരൻ. ൩. ഗ്രാമത്തിലെ പ്രമാണി.

ഗർവ്വിക്കുക-അഹങ്കരിക്കുക.

ഗർവ്വിത-വി. അഹങ്കാരമുള്ള

ഗർവ്വിഷ്ഠ-വി. അഹങ്കാരമുള്ള.

ഗർഹണം-നിന്ദ.

'ഗംഗാധരന്റെ മഹത്വമറിയാതെ
ഗർഹണ ചെയ്യുന്നതർഹതയല്ലാഹോ'
(ദക്ഷയാഗം കഥകളി)

ഗർഹാ-നിന്ദ.

ഗർഹിക്കുക-നിന്ദിക്കുക.

ഗർഹിത-വി നിന്ദിക്കപ്പെട്ട.

ഗർഹ്യ-വി. നിന്ദിക്കപ്പെടേണ്ടുന്ന, നിന്ദിക്കേണ്ടുന്ന, ജാത്യാചാരകുചാദികളെ കൊണ്ടു നിന്ദിക്കപ്പെടത്തക്ക

ഗർഹ്യവാദി-വി. നിന്ദ്യവാക്ക പറയുന്ന, ചീത്തയായി പറയുന്ന.

ഗലം-തൊണ്ട

ഗലദ്ഗ്രഹം-സന്താപംകൊണ്ടോ ദുഃഖംകൊണ്ടോ ഇടനെഞ്ചു പൊട്ടി പുറപ്പെടുന്ന വാക്ക്.

ഗല്ഭം-പ്ര. ധൈര്യം. വ. നിഗളം.

ഗല്യാ-തൊണ്ടയുടെ സമൂഹം.

ഗല്ലകം-വീഞ്ഞു കുടിക്കുന്നതിനുള്ള ചെറിയ കണ്ണാടിപ്പാത്രം

ഗല്ലം-കവിൾ,

ഗവയം-ഒരുവക മാൻ, ആറ്റുമാൻ (ഇതു പശുവിനൊപ്പമുള്ള ഇരിക്കും) ശബ്ദിക്കുന്നതെന്നർത്ഥം.

ഗവരാജൻ-കാള

ഗവലൻ-കാട്ടുപോത്ത്.

ഗവലം-കാട്ടുപോത്തിന്റെ കൊമ്പ്. പശുക്കളെ തട്ടുന്നതെന്നർത്ഥം

ഗവാക്ഷകഷിഭ ജനൽവാതിലിന്റെ തണ്ട്

ഗവാക്ഷം-കിളിവാതിൽ പശുവിന്റെ കണ്ണുപോലെയുള്ളതെന്നർത്ഥം. സൂര്യചന്ദ്രന്മാരുടെ രശ്മി വ്യാപിക്കുന്നതിനുള്ള പഴുത് എന്നുമാകാം. 2 ഒറ്റജാലകദ്വാരം-വാതായനം.

ഗവാക്ഷി-പ്ര. ചെറിയ കാട്ടുവെള്ളരി. ഭൂമിയിൽ പടർന്നുകിടക്കുന്നതെന്നർത്ഥം. വ. ചെറുകമ്മട്ടി. ന. ശംഖുപുഷ്പം. ര. പേക്കമ്മട്ടി. ഇ ശാഖോടവൃക്ഷം ന. വള്ളിമുല്ല ം. മലയമുക്കി.

ഗവാദനി-ഒരുവക മത്സ്യം.

ഗവീശ്വരൻ പശുക്കളുടെ ഉടമസ്ഥൻ. ഗോക്കളുടെ നാഥൻ എന്നർത്ഥം.

ഗവേധു, ഗവേധുക, ഗവേധു, ഗവേധുക-ഒരുവക ധാന്യം. (മുതിരം ഭക്ഷിക്കുന്നതാണ്). ജലത്തിൽ വളരുന്നതെന്നർത്ഥം.

ഗവേഷണം, ഗവേഷണാ-പ്ര അന്വേഷണം. വ ബ്രാഹ്മാദിക്രിയകൾക്കു യോഗ്യന്മാരായിട്ടുള്ളവരെ അന്വേഷിക്കുക.

ഗവേഷിത-വി. അന്വേഷിക്കപ്പെട്ട.

ഗവ്യ-വി. പശുവിനെ സംബന്ധിച്ച.

ഗവ്യം-പാൽ, വെണ്ണ, പശുവിന്റെ അവയവം മുതലായി പശുവിനെ സംബന്ധിച്ച എല്ലാം വസ്തുവിന്റെയും പേർ.

ഗവ്യാ-പ്ര പശുക്കൂട്ടം വ രണ്ടുനാഴിക ദൂരം.

ഗവ്യൂതി, ഗവ്യൂതം-രണ്ടുക്രോശം കൂടിയ ദൂരം. (൨൪ അംഗുലം=ഒരു മുഴക്കോൽ. ൪൦൦൦ മുഴക്കോൽ ഒരു ക്രോശം) രണ്ടുനാഴിക ദൂരം എന്നു കാണുന്നു.

ഗഹനപ്രവേശൻ-അറിയാൻ കഴിയാത്ത പ്രവൃത്തിയോടുകൂടിയവൻ.

ഗഹന-വി പ്രവേശിപ്പാൻ കഴിയാത്ത.

ഗഹനം-പ്ര കാട്.

'..ഹനമതെന്നു തോന്നുന്നു ഗഹനമേ'
(നളചരിതം കഥകളി)

പ്രവേശിപ്പാൻ കഴിയാത്തതെന്നർത്ഥം. (ഇതു സാധാരണ കാടാണ്) വ. ദുഷ്പ്രവേശമായിട്ടുള്ളത്, പ്രാപിക്കാൻ കഴിയാത്തത്.

ഗഘാചരം-പ്ര. ഗ്രഹ. ഗമനത്തെ കടിച്ച മർദ്ദിച്ചെയ്യുന്നതെന്നർത്ഥം. വ. ബന്ധ് ന. വള്ളിക്കടിഞ്ഞിൽ. ർ സർപ്പം, ഡംഭം.

ഗഘാചരി-പ്ര. ഭൂമി, ഗഘാചരം (ഗ്രഹ) ഉള്ളത്. വ. ഗ്രഹ

ഗളകംബളം-പശുക്കളുടേയും മററും താട. കഴുത്തിൽ കരിമ്പടംപോലെ തൂങ്ങിനില്ക്കുന്നതെന്നർത്ഥം.

ഗളഗണ്ഡം-ഒരു ദീനം, കണ്ഠമാല

[കഴുത്തിൽ അനാബന്ധുത്തോടുകൂടിവലുതായൊ ചെറുതായൊ വൃഷണം എന്നവണ്ണം വീണ്ടു തൂങ്ങികിടക്കും].

ഗളഗ്രഹം-ഒരുമാതിരി ചാറ്.

ഗളതലം-കഴുത്ത്.

ഗളനാളം-കഴുത്ത്.

ഗളന്തിക, ഗളന്തി-മൺകിണ്ടി, കിണ്ടി, കരകക്കിണ്ടി.

ഗളം-പ്ര. കഴുത്ത്. വ. കഴുത്തിന്റെ മേലെഭാഗം (ചങ്ക്). അന്നാദികളെ ഇറക്കുന്നത് എന്നർത്ഥം

ഗളവിദ്രധി ഒരു രോഗം.

[വാതപിത്തകഫങ്ങൾമൂലം കഴുത്തുമുഴുവൻ വ്യാപിച്ചുണ്ടാകുന്ന നീര്. ഇതിന എല്ലാ വേദനകളും കാണും].

ഗളവ്രതം-മയിൽക്കോഴി.

ഗളശുണ്ഡിക-ഒരു രോഗം.

ഗളാഗളി-അ. കഴുത്തോടു കഴുത്ത് ഉരസി

ഗളാവിലം-ഒരു മത്സ്യം (കൊഞ്ച്)

ഗളികക-ഉഴുക, വീഴുക, ഇല്ലാതാകുക

ഗളിത-വി. പ്ര. ഒഴുകിയ വ. വീണ ന. വീണ്ടു, ഭേദിച്ചു ശകലീഭവിച്ചു ൪ കാണാതുപോയ. ൫ ഇല്ലാതായ

ഗളിതകമ്പം-വിടവുകൾ നശിച്ചുപോയ സ്വഭാവമാകാത്ത കച്ചാര ഗം.

ഗളിതദന്തൻ-പല്ലു പോയവൻ.

ഗളോദ്ദേശം-ശ്രംഗങ്ങളുടെ കഴുത്തിന്റെ താഴെയുള്ള ഒരു ഭാഗം, കതിരയുടെ കഴുത്തിന്റെ സന്ധി, മേലെസന്ധി, കതിരയുടെ കഴുത്തിന്റെയും മുതുകിന്റെയും സന്ധിഭാഗം.

ഗളൌഘം -ഒരു രോഗം.

[കഴുത്തിൽ നീരുണ്ടാകുന്നതാണ്. വലുതായിരിക്കും. അന്നത്തെ തടുക്കും. കഠിനജ്വരം കാണും. ഉദാന വായുവിന്റെ ഗതിയെ നിരോധിക്കും].

## ഗാ

ഗാ-പാട്ട്, പദ്യം

ഗാംഗടം-ഒരു മത്സ്യം, കൊഞ്ച്.

ഗാംഗടേയം-ചെമ്മീൻ

ഗാംഗൻ, ഗാംഗായനി-പ്ര. ഭീഷ്മർ. വ. കാർത്തികേയൻ.

ഗാംഗം-പ്ര. സ്വർണ്ണം. വ. തീർത്ഥജലം.

ഗാംഗേയൻ-പ്ര. ഭീഷ്മർ വ. സുബ്രഹ്മണ്യൻ.

ഗാംഗേയം-പ്ര. സ്വർണ്ണം. ഗംഗയുടെ അപത്യം എന്നർത്ഥം. വ. നിലപ്പന, കശിമുത്തങ്ങ മുത്തങ്ങ. ന. ഉമ്മത്ത്. ർ. വാള എന്ന മീൻ

ഗാംഗേരുകി-ആനക്കുറുന്തോട്ടി. (ഉരകത്തിന്റെ പേരെന്നും അഭിപ്രായമുണ്ട്). മലയെ ഭേദിപ്പിക്കുന്നതെന്നർത്ഥം. വലിയ ഉരകം.

ഗാജരം-മഞ്ഞമുള്ളങ്കി.

ഗാഞ്ജി-ചെമ്പോവ്.

ഗാഞ്ജാം കാട്ടുകരമ്പ്.

ഗാഡി വണ്ടി. (ഹിന്തുസ്ഥാനിഭാഷ)

ഗാഡിച്ചി-ശംഖുപുഷ്പി.

ഗാഢ-വി. പ്ര. കട്ടപ്പുള്ള. വ. അധികമായ. ന. മുറുകിയ.

ഗാഢം-അ. മുറുകെ, ഏററവും, അധികം.

ഗാഢബന്ധം-സാഹിത്യസാമഹ്യപ്രകാരം കെട്ടുപാട്ടു പ്രമാണിച്ചു വാക്യം രണ്ടുവിധമുള്ള

തിൽ ഒന്ന്. ഇടയ്ക്കു് ഒരിടത്തും നിലച്ചുപോകാതെ കടശിവരെ ആകാംക്ഷ തുടർന്നു നില്ക്കത്തക്ക വിധമുള്ള ബന്ധം 'ഗാഢം'. ഗാഢം — ശിഥിലം.

ഗാഢമുഷ്ടി-വാൾ.

ഗാഢമുഷ്ടി-വി. ൧. കൈ ചുരുട്ടിപ്പിടിച്ച. ൨. ലുബ്ധുള്ള.

ഗാഢാശ്ലേഷം-മുറുകെത്തഴുകൽ.

ഗാണപത, ഗാണപത്യ-വി. ഗണപതിയെ സംബന്ധിച്ച.

ഗാണപത്യം-൧. ഒരുമതം. ൨. കൂട്ടത്തിലെ പ്രധാനിയുടെ അവസ്ഥ

ഗാണിക്യം-വേശ്യമാരുടെ കൂട്ടം.

ഗാണ്ഡീവം, ഗാണ്ഡിവം-൧. അർജ്ജുനന്റെ വില്ല്. ഗാണ്ഡി (ഗ്രന്ഥി) യോടുകൂടിയതു് എന്നർത്ഥം ൨. സാധാരണ വില്ലു.

[ഇതു ഖാണ്ഡവവനം ദഹിപ്പിച്ചപ്പോൾ അഗ്നി അർജ്ജുനനു കൊടുത്ത വില്ലാണ്. സോമൻ വരുണനും വരുണൻ അഗ്നിക്കും മുമ്പു കൊടുത്തിരുന്നു.]

ഗാണ്ഡീവി-൧ അർജ്ജുനൻ. ൨. നീർമരുതു്.

ഗാതാഗതിക-പോകയും വരികയും എന്നതിനെ സംബന്ധിച്ച, ഗതാഗതത്തിലുണ്ടായ.

ഗാതു-൧. പാട്ടു്. ൨. രാത്രിയിൽ പാടുന്ന ഒരു പക്ഷി. ൩. മാന്ത്രം. ൪. ഭൂമി ൫. അഭിവൃദ്ധി. ൬. കുയിൽ.

ഗാത്രഭംഗാ-നായ്ക്കൊരണ,

ഗാത്രം-൧. ശരീരം ൨. അവയവം ൩. ആനയുടെ മുൻകാൽ, ആനയുടെ മുൻകാലിന്റെ മുട്ടിനു താഴെടം. (പിൻകാലിന്റെ മുട്ടിനു താഴത്തെ ഭാഗത്തിനു 'അവരം' എന്നു പേർ) ഇതുകൊണ്ടു ഗമിക്കുന്നതിനാൽ ഈ പേർ വന്നു.

ഗാത്രസങ്കോചി-മരപ്പട്ടി.

ഗാത്രാനുലേപനി-കുറിക്കൂട്ട്.

ഗാത്രാവരണം-പരിച.

ഗാഥ-൧. പാട്ട് ൨. ശ്ലോകം. ൩. രാഗം.

ഗാഥകൻ-പാട്ടുകാരൻ.

ഗാധം-൧. ഇറങ്ങിക്കേറുന്ന സ്ഥലം, നിലയുള്ള ദിക്ക്. ൨. കാമം ൩. ലോഭം.

ഗാധി-വിശ്വാമിത്രന്റെ പിതാവ്.

[ബ്രഹ്മാവിന്റെ പുത്രൻ കുശൻ. തൽപുത്രൻ കുശനാഭൻ. തൽപുത്രൻ ഗാധി. തൽപുത്രൻ വിശ്വാമിത്രൻ. കൌശാംബരാജാവിന്റെ പുത്രൻ എന്നും വിഷ്ണുപുരാണം അനുസരിച്ചു ഇന്ദ്രന്റെ ഒരവതാരമെന്നും കാണുന്നുണ്ട്]

ഗാധിനഗരം(പുരം)-കന്യാകുബ്ജം.

ഗാധിനന്ദനൻ-വിശ്വാമിത്രൻ.

ഗാധേയൻ-വിശ്വാമിത്രൻ എന്ന മഹർഷി.

ഗാനതാനപ്രഭേദം-പാട്ടിനു ശ്രുതികൂട്ടുക എന്നുള്ളതു്.

ഗാനം-൧. പാട്ട്. ൨. വാദ്യം.

ഗാനവൃത്തിചതുഷ്ടയം-കൈശികി, ഭാരതി, സാത്വതി, ആരഭടി ഇവ നാലും.

ഗാനി-പാട്ടുകാരൻ.

ഗാന്തു-വി. ഗമിക്കുന്ന, പോകുന്ന.

ഗാന്തു-൧. വഴിപോക്കൻ ൨. പാട്ടുകാരൻ.

ഗാന്ദിനി-അക്രൂരന്റെ അമ്മ, ശ്വഫല്ക്കന്റെ ഭാര്യ.

[കാശിരാജാവിന്റെ പുത്രി. മാതാവിന്റെ ഗർഭത്തിൽ പന്ത്രണ്ടുവർഷം കിടന്നു. പുറത്തു വരണമെന്നു പറഞ്ഞതിൽ മൂന്നുസംവത്സരം ദിവസംതോറും ഓരോ പശുവിനെ ബ്രാഹ്മണർക്കു ദാനംചെയ്യണമെന്നു് അച്ഛനോടു മറുപടി പറകയുണ്ടായി. അതിൻവണ്ണം ചെയ്തു പ്രസവം നാമം അനുസരിച്ചു 'ഗാന്ദിനി'

എന്നു നാമകരണംചെയ്തു. ജീവിതകാലമത്രയും ഈ ദാനം ചെയ്തുവന്നു.]

ഗാന്ദിനീസുതൻ-പു. അക്രൂരൻ. വ ഭീഷ്മർ ന. കാർത്തികേയൻ

ഗാന്ധർവ്വ-വി. ഗന്ധർവ്വനെ സംബന്ധിച്ച. [ർവ്വൻ, ർവ്വീ, ർവ്വം.]

ഗാന്ധർവ്വകൻ-പാട്ടുകാരൻ.

ഗാന്ധർവ്വം-ഒരു വിവാഹം, സ്ത്രീപുരുഷന്മാർ തമ്മിലുള്ള അനുരാഗംനിമിത്തം ബന്ധുക്കളുടെ അറിവും വിധിപ്രകാരമുള്ള ആചാരങ്ങളും കൂടാതെ നടത്തുന്ന വിവാഹം.

ഗാന്ധാരം-പു. സപ്തസ്വരങ്ങളിൽ മൂന്നാമത്തേത്. വ. ഒരു രാജ്യം (കന്ദഹാർ) ന. നവംപശം. ര. സിന്ദൂരം.

[ഗാന്ധാരദേശത്തിൽ ഉണ്ടാകയാൽ ഈ സ്വരത്തിനു ഗാന്ധാരം എന്നു പേർ വന്നു. സുഖത്തിനു ഹേതുഭൂതമായതെന്നും പറയാം. ആടും കുറിയാടും ഗാന്ധാരസ്വരത്തിൽ ശബ്ദിക്കുന്നു].

ഗാന്ധാരൻ-ഗാന്ധാരരാജ്യത്തെ രാജാവ്

ഗാന്ധാരി-ദുര്യോധനന്റെ മാതുലനായ ശകുനി.

ഗാന്ധാരീ-പു. ദുര്യോധനാദികളുടെ അമ്മ [ഗാന്ധാരരാജാവായ സുബലന്റെ മകൾ. ഇതുകൊണ്ടു ഗാന്ധാരിക്കു സൌബലി, സൌബാലയി എന്നും പേരുണ്ട്. ധൃതരാഷ്ട്രരുടെ പത്നി. ആതിഥ്യം ഹേതുവായിട്ടു ഗാന്ധാരി വ്യാസനെ പ്രസാദിപ്പിച്ചു. അപ്പോൾ അദ്ദേഹം ഒരു വരത്തെ ദാനം ചെയ്യാമെന്നും അപേക്ഷിക്കുക എന്നും പറഞ്ഞു. നൂറു പുത്രന്മാരെ കിട്ടണമെന്നായിരുന്നു അപേക്ഷ. രണ്ടു വർഷം ഗർഭമായിരുന്നു കരുമാംസപിണ്ഡത്തെ പെറ്റു. നൂറൊന്നായി ഖണ്ഡിച്ച് അവയെ മരണികളിലാക്കി. ആദ്യം ഒന്നിൽ നിന്നു ദുര്യോധനൻ ഉത്ഭവിച്ചു. ഒരുമാസം കഴിഞ്ഞതിന്റെ ശേഷം ദുശ്ശാസനൻ മുതലായി നൂറു പുത്രന്മാരും 'ദുശ്ശള' എന്ന് ഒരു പുത്രിയും മറ്റൊന്നിൽ നിന്നുത്ഭവിച്ചു. ഭർത്താവായ ധൃതരാഷ്ട്രരും ഭാര്യയായ ഗാന്ധാരിയും വാൽക്യത്തിൽ കാട്ടുതീയിൽപെട്ടു നശിച്ചു കാരണം ഭർത്താവു കുരുടനായിരുന്നതിനാൽ ഭാര്യയും കണ്ണുകെട്ടിക്കൊണ്ടു നടന്നതായിരുന്നു].

വ. വെങ്കൊടിത്തൂവ. ന. ചെങ്കൊടിത്തൂവ.

ഗാന്ധികൻ-പു. എഴുത്തുകാരൻ. വ. സുഗന്ധവർഗ്ഗം വില്ക്കുന്നവൻ.

ഗാംഭീര്യം-പു. ആഴം. വ. മഹത്വം, വലിപ്പം.

ഗാമി-വി. നടക്കുന്ന. [മീ, മിനി, മി]

ഗാമുക-വി. പോകുന്ന. [കൻ, കാ(കീ), കം]

ഗായക-വി പാടുന്ന

ഗായൽ-വി. പാടുന്ന [യൻ, യന്തീ, യൽ]

ഗായത്രി-പു. കരിങ്ങാലിവൃക്ഷം. വ. ഒരു ഛന്ദസ്സ്. (ഒരു പാദത്തിൽ ആറക്ഷരമുണ്ടായിരിക്കും) ന. ഒരു മന്ത്രം. ഗാനംചെയ്യുന്നവനെ രക്ഷിക്കുന്നതെന്നർത്ഥം.

[ഗായത്രി പുരാണത്തിൽ സൂര്യനെപ്പറ്റിയുള്ള സ്തോത്രങ്ങളും അത്യധികം പരിശുദ്ധിയുള്ളതായി ഗണിച്ചിരിക്കുന്ന ഒരു മന്ത്രമാകുന്നു. സന്ധ്യാവന്ദനങ്ങളിൽ ഇതപ്പോൾ എല്ലാ ബ്രാഹ്മണരും ജപിക്കാറുണ്ട്. 'തത്സവിതുർവ്വരേണ്യം ഭർഗ്ഗോ ദേവസ്യധീമഹിധിയോ യോനഃപ്രചോദയാൽ' സൂര്യനോടുള്ള ഒരു പ്രാർത്ഥന. പരബ്രഹ്മ സംബന്ധമുള്ള പ്രകാരം വേദാന്തികൾ വ്യാഖ്യാനിച്ചുകാണുന്നു].

ഗായത്രീവല്ലഭൻ-ശിവൻ.

ഗാരിത്രം-ധാന്യം, അരി.

ഗാരുഡ-വി. ഗരുഡനെ സംബന്ധിച്ച.

ഗാരുഡം-പ്ര. ഗരുഡമന്ത്രം. ഉ. പതിനെട്ടു പുരാണങ്ങളിൽ ഒന്നു്. ൩. മുപ്പത്തിരണ്ടുപനിഷത്തുകളിൽ ഒന്നു്. ൪. സ്വൎണ്ണം. ൫. മരതകം.

ഗാരുഡി-ഷാതാളു ഗരുഡക്കോടി.

ഗാരുഡികൻ-പ്ര. വശീകരണക്കാരൻ. ഉ. വിഷവൈദ്യൻ.

ഗാരുഡവിദ്യ-വിഷവൈദ്യം.

ഗാരുത്മതം-മരതകക്കല്ലു്. ഗരുത്മാവിൽ നിന്നുണ്ടായതെന്നൎത്ഥം.

ഗാൎദ്ധ-വി. അത്യാഗ്രഹമുള്ള, കൊതിയുള്ള (ദ്ധൻ, ദ്ധി, ദ്ധം).

ഗാൎദ്ധം-അത്യാഗ്രഹം.

ഗാൎദ്ധ്യം-അത്യാഗ്രഹം, തൃഷ്ണ.

ഗാൎഭിണം-ഗൎഭിണികളുടെ കൂട്ടം.

ഗാൎഹപത്യം-ഹോമാഗ്നികളിൽ ഒന്നു്. ഗൃഹപതിയെ സംബന്ധിച്ചതെന്നൎത്ഥം.

ഗാൎഹസ്ഥ്യം-ഗൃഹസ്ഥന്റെ ധൎമ്മം, ഗൃഹസ്ഥാശ്രമത്തെ സംബന്ധിച്ച.

ഗാൎഹ്യ-വി. ഗൃഹത്തെ സംബന്ധിച്ച.

ഗാൎഹ്യം-നിന്ദ്യം.

ഗാലം-ഒഴുക്കൽ, ഒലിപ്പു്.

ഗാലവൻ-ഒരു മുനി.

[വിശ്വാമിത്രന്റെ ഒരു ശിഷ്യനാണു് ഗാലവൻ. പഠിപ്പു മുഴുപ്പിച്ചശേഷം ഗുരുവിനോടു് എന്താണു് ദക്ഷിണ വേണ്ടതെന്നു ഗാലവൻ ചോദിച്ചു. ഇതു വിശ്വാമിത്രനു അത്ര രസിച്ചില്ല. ഓരോ കറുത്ത ചെവിയുള്ള വ്യാഠ വെളുത്ത കുതിരകളെ ആറുനൂറു ആവശ്യപ്പെട്ടു. ഗാലവൻ പരിഭ്രമിച്ചായി. വിവരം ഗരുഡനെ അറിയിച്ചു ഗരുഡൻ ഗാലവനെ യയാതിയുടെ സമീപത്താക്കി. ആവശ്യപ്പെട്ട കുതിരകളെ നൽകുന്നതിനു യയാതിക്കു സാധിച്ചില്ല. എന്നാൽ മകളായ മാധവിയെ ഗാലവനു കൊടുത്തു. ഗാലവൻ മാധവിയെ ക്രമേണ മൂന്നുപേൎക്കു നൽകി ൨൦൦ വീതം ൬൦൦-കുതിരകളെ വാങ്ങിച്ചു. മൂന്നുപേർ എന്നു പറഞ്ഞതു് അയോദ്ധ്യാരാജാവായ ഹൎയ്യശ്വൻ, കാശി രാജാവായ ദിവോദാസൻ, ഭോജരാജാവായ ഉശീനരൻ ഇവരായിരുന്നു. മൂന്നുതവണയുള്ള വിവാഹത്തിൽ ഒരുത്തരാവിനു ഒരു പുത്രൻവീതം അവൾ മൂന്നുപേരെ പ്രസവിച്ചു. പക്ഷേ ഒരു വരം ഹേതുവായിട്ടു മാധവിയുടെ കന്യകാത്വം നശിച്ചില്ല. അനന്തരം ഗാലവൻ മാധവിയേയും ൬൦൦ കുതിരകളെയും വിശ്വാമിത്രനു ദക്ഷിണയായി നൽകി. അദ്ദേഹം അതു സ്വീകരിച്ചു. അവളിൽ വിശ്വാമിത്രനുണ്ടായ പുത്രനാണു് അഷ്ടകൻ. വിശ്വാമിത്രൻ വനത്തിൽ പോയി. പിന്നെ മാധവിയെ ഗാലവൻ യയാതിയുടെ സമീപം തിരിയെ കൊണ്ടാക്കി. ഹരിവംശം അനുസരിച്ചു ഗാലവൻ വിശ്വാമിത്രന്റെ പുത്രനായിരുന്നു].

ഗാലവം-പ്ര. പാച്ചോററി എന്ന മരം. നയനരോഗത്തെ നശിപ്പിക്കുന്നതെന്നൎത്ഥം. ഗാലവമുനിയിൽ നിന്നുണ്ടായതെന്നുമാവാം. ഉ. ചന്ദ്രിച്ചി.

ഗാലി-പ്രാക്കു്, ദുഷിച്ചവാക്കു്, ശകാരം.

ഗാഹനം-പ്ര. കുളി. ഉ. പ്രവേശനം.

ഗാളനം-പ്ര. ദ്രവരൂപമായ വസ്തുക്കളെ അരിക്കുക. ഉ. ഉരുക്കുക.

ഗാളിക-[illegible].

ഗി

ഗിനിപ്പുല്ലു്-ഒരുവക പുല്ലു്.

[ഇതു കാലികളുടെ തീററിക്കു നല്ലതാണു്. ഗിനിപ്പുല്ലു ശീലിക്കാത്ത കാലികൾക്കു ആദ്യം [illegible] കാച്ചു് [illegible]]

ഗിരണം-വിഴുങ്ങുക.

ഗിര്-വാക്ക്.

ഗിരാ-വാക്ക്.

'ബ്രാഹ്മണീവചനം വാചാ ജല്പിതം
ഭണിതം ഗിരാ'
(ശബ്ദാർണ്ണവം)

ഗിരി-വി വണക്കമുള്ള

ഗിരി-പു. പർവ്വതം. രത്നങ്ങൾ സിദ്ധൌഷധങ്ങൾ മുതലായവയെ ഒളിച്ചുവെയ്ക്കുന്നതെന്നർത്ഥം. ൨. വിഴുങ്ങൽ. 'ഗീർണ്ണിർഗ്ഗിരൌ' എന്നമരം. ൩. വലിയ പാറ. ൪. ഒരുമാതിരി നയനരോഗം. ൫. പന്തു്. ൬. മേഘം. ൭. എലി, ചുണ്ടെലി.

ഗിരിക-ചുണ്ടെലി. ധാന്യം മുതലായവയെ വിഴുങ്ങുന്നതെന്നർത്ഥം. (ചെറിയ എലിക്കും പറയാമെന്നു പക്ഷമുണ്ടു്).

ഗിരികണ്ടകം-പു. ഇന്ദ്രന്റെ ഇടിവാൾ ൨. വൈരം.

ഗിരികർണ്ണി-പു. വിഷ്ണുക്രാന്തി, കൃഷ്ണക്രാന്തി. എലിക്കാതിന്റെ ചെവിപോലെയുള്ള ഇലകളുള്ളതെന്നർത്ഥം. ൨. വെള്ളക്കൊടിത്തൂവ. ൩. മലയമുക്കി.

ഗിരികർണ്ണിക-പു. ഭൂമി. ൨. മലയമുക്കി. ൩. വെളുത്ത കടലി.

ഗിരികാണൻ-ഒററക്കണ്ണൻ, കരുടൻ.

ഗിരിജ-പു. പാർവ്വതി പർവ്വതപുത്രി എന്നർത്ഥം. ൨. അരത്ത. ൩. പർവ്വതകദളി. ൪. കാട്ടുമാതളനാരകം ൫ കാട്ടുവാഴ. ൬ ചെറിയ കല്ലൂർവഞ്ചി. ൭ കാരവള്ളിമുല്ല. ൮. ഗംഗാനദി

ഗിരിജതു-കന്മദം.

ഗിരിജം-പു. അഭ്രം. പർവ്വതത്തിലുണ്ടായതെന്നർത്ഥം. ൨. കന്മദം ൩. ഇരിമ്പു്. ൪. കാവിമണ്ണു്. ൫ ചോചയം. ൬. തിരിപ്പ. ൭. മലയകത്തി.

ഗിരിജാമലം-അഭ്രം.

ഗിരിജാഹ്വയം-കന്മദം.

ഗിരിജ്വരം-പു. ഇടിവാൾ, ഇന്ദ്രന്റെ വജ്രായുധം. ൨. വൈരം.

ഗിരിതടം-താഴ്വര.

ഗിരിധ്വജം-ഇടിവാൾ

ഗിരിനന്ദിനി, ഗിരിഭൂ-പു. പാർവ്വതി. ൨. ഗംഗ.

ഗിരിപക്ഷാരി-ദേവേന്ദ്രൻ.

ഗിരിപൃഷ്ഠം-പർവ്വതത്തിന്റെ മുകൾഭാഗം.

ഗിരിമല്ലിക-കുടകപ്പാല. പർവ്വതത്തിന്മേൽ മല്ലികപോലെ ശോഭിക്കുന്നതെന്നർത്ഥം.

'സമുന്മിഷന്തീ ഗിരിമല്ലികാനാം
പ്രസൂനരാജീ സുതരാംചകാശേ'
(കൃഷ്ണവിലാസം)

ഗിരിമാനം-ആന.

ഗിരിവർത്തിക-കണ്ണൻപീച്ചി.

ഗിരിശൻ-ശിവൻ. കൈലാസപർവ്വതത്തിൽ ശയിക്കുന്നവനെന്നർത്ഥം.

ഗിരിശരാസനൻ-ശിവൻ. പർവ്വതം വില്ലാക്കിയവൻ എന്നർത്ഥം.

ഗിരിശൃംഗം-പർവ്വതത്തിന്റെ കൊടുമുടി.

ഗിരിസാരം-പു. ഇരിമ്പു്. ൨. വെളുത്തീയം.

ഗിരീശൻ-പു. ശിവൻ. കൈലാസനാഥൻ എന്നർത്ഥം. ൨. ഹിമാലയൻ.

ഗില-വി. വിഴുങ്ങുന്ന. (ലൻ, ലാ, ലം).

ഗിലഗിലം-മുതല.

ഗിലഗ്രാഹം-മുതല.

ഗിലനം-വിഴുങ്ങുക

ഗിലം-പു. ജോനകനാരകം. ൨. ചീങ്കണ്ണി

ഗിലി-വിഴുങ്ങുക.

ഗിലിത-വി. വിഴുങ്ങപ്പെട്ട

## ഗീ

**ഗീഃ**-സരസ്വതി, വാക്ക്.

**ഗീത**-വി. പാടപ്പെട്ട.

**ഗീതം**-പാട്ട്.

**ഗീതാ**-ഒരു പുസ്തകം.

[പദ്യരൂപമായിരിക്കും. ഏതെങ്കിലും പ്രത്യേക ധർമ്മവിഷയത്തെയോ തത്വത്തെയോ വ്യാഖ്യാനിക്കുന്നതായിരിക്കും. ഉ-ം, രാമഗീതാ, ഭഗവൽഗീത, ശിവഗീത. സാധാരണയായി ഗീത എന്നു പറഞ്ഞുവരുന്നതു ഭഗവൽഗീതയെയാണ്. കൃഷ്ണൻ അർജ്ജുനനുപദേശിച്ച തത്വങ്ങൾ അടങ്ങീട്ടുള്ള ഭഗവൽഗീത എന്ന കൃതി.]

**ഗീതാഗോവിന്ദം**-ഒരു കാവ്യം. (പ്രധാനം ശൃംഗാരരസം.)

[൧൨-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ജയദേവൻ ഉണ്ടാക്കിയതാണ്. ഇതിൽ ശ്രീകൃഷ്ണനും രാധയുമായുള്ള കളികളെ വർണ്ണിച്ചിരിക്കുന്നു.]

**ഗീതി**-൧. പാട്ട്. ൨. മാത്രാവൃത്തങ്ങളിൽ ഒന്ന്.

**ഗീഥാ**-൧. പാട്ട്. ൨. പ്രസംഗം.

**ഗീർ**-വാക്ക്.

**ഗീർണ്ണ**-വി. ൧. വിഴുങ്ങപ്പെട്ട. ൨. സ്തുതിക്കപ്പെട്ട.

**ഗീർണ്ണം**-൧. വിഴുങ്ങപ്പെട്ടതു്. ൨. സ്തുതിക്കപ്പെട്ടതു്. ശബ്ദിക്കപ്പെട്ടതെന്നർത്ഥം (ശബ്ദത്തിനു ഇവിടെ സ്തുതി എന്നു താൽപര്യം).

**ഗീർണ്ണി**-വിഴുങ്ങുക, വിഴുങ്ങൽ.

**ഗീർല്ലതാ**-വലിയ വാലുഴവം.

**ഗീർവ്വാണ**-വി. ദേവസംബന്ധമായ.

**ഗീർവ്വാണൻ**-ദേവൻ. (ഗീഃ=വാക്ക്. ബാണം=അസ്ത്രം.) ശാപലക്ഷണമായ വാക്കിനെതന്നെ ബാണമാക്കിച്ചെയ്യുന്നവൻ, ഫലിക്കുന്ന വാക്കുകൾ പറയുന്നവൻ എന്നിങ്ങനെ അർത്ഥം.

**ഗീർവ്വാണകുസുമം**-ഇലവംഗപ്പൂവ്.

**ഗീർവ്വാണം**-സംസ്കൃതഭാഷ.

**ഗീർവ്വാണവാണി**-ദേവഭാഷ, സംസ്കൃതം.

**ഗീഷ്പതി**-വ്യാഴം. വാക്കുകളുടെ നാഥൻ എന്നർത്ഥം. ഗീഷ്പതി എന്നുമാകാം. (അഹരാദീനാം പത്യാദിഷുവാ എന്നുള്ള വികല്പരേഫമാത്രം കാരണം).

## ഗു

**ഗുഗ്ഗുലു(ലു)**-ഒരു മരുന്ന്. മററു പർയ്യായങ്ങൾ-കുംഭം, ഉലൂഖലകം, കൌശികം, പുരം. ശരീരത്തെ കാക്കുന്നതെന്നർത്ഥം.

[ഇതു വാതം, വ്രണം, വീക്കം, വാതരക്തം, കഫം, കുഷ്ഠം, കൃമി, അപചി, അശ്മരി, അർശസ്സ്, പ്രമേഹം, പിടകം, പ്ലീഹ, ആമവാതം, ഗ്രന്ഥി (മുഴ), ഗണ്ഡമാല, ഗുല്മം, ഗ്രഹപീഡ, നലവ്, ചെവിയടപ്പ്, മഹോദരം, ചുമ ഇവയെ നശിപ്പിക്കും. മലത്തിനയവുണ്ടാക്കും. മുറിവിനെ യോജിപ്പിക്കും. ഒരു വ്യാധിക്കു നന്ന്. ഈ വൃക്ഷം പർവ്വതങ്ങളിലുണ്ടാകുന്നു. ഇല വേപ്പിലയുടെ ആകൃതിയിൽ ചെറുതായിരിക്കും. ഗുഗ്ഗുലു എന്നു് ഈ മരത്തിന്റെ കറയാണ്. ഗുഗ്ഗുലു അഞ്ചുതരമുണ്ട്. ൧ മഹിഷാക്ഷം (ധൂമ്രവർണ്ണം). ൨. മഹാനീലം (നല്ല കറുത്തനിറം). ൩. കുമുദം (വെളുത്തനിറം). ൪. പത്മം (ചെമന്നനിറം). ൫. ഹിരണ്യം (സ്വർണ്ണനിറം). ഹിരണ്യവും (അതു കിട്ടുന്നപക്ഷം) മഹിഷാക്ഷവും മനുഷ്യർക്ക് ഉപയോഗിക്കാം. മറെറവ മൂന്നും ഉപയോഗിച്ചുകൂടാ. പുതിയതു നന്ന്. ഭർശ്വൽ-കൽ.]

**ഗുച്ഛകന്ദം**-ശാകവർഗ്ഗത്തിൽപെട്ട കന്ദശാകം.

ഗുച്ഛകരഞ്ജം-കരിങ്ങോട്ട (കരിഞ്ഞോട്ട)

ഗുച്ഛകം-പ്ര. പൂങ്കുല. ദ്വി. മാല.
[പൂങ്കുല ഏതാനും വിടർന്നതും ഏതാനും വിടരാത്തതുമാണ്. മററൊരു പര്യായം-'സ്തബകം'. ഗുത്സകം എന്ന് പാഠം കാണുന്നു ഗുച്ഛകം എന്നാൽ മധുപാനത്തിൽ അത്യധികം താൽപര്യമുള്ള വണ്ടുകളാൽ ചുററപ്പെട്ടതെന്നർത്ഥം. ഗുച്ഛം എന്നുമാകാം]
തൃ. തുണിയാങ്കം.

ഗുച്ഛപത്രം-പന.

ഗുച്ഛപുഷ്പം-കരിമ്പന, ഏഴിലംപാല.

ഗുച്ഛഫല-മുന്തിരിങ്ങാവള്ളി.

ഗുച്ഛഫലം-വാഴ.

ഗുച്ഛം-പ്ര. പൂങ്കുല. ദ്വി. മുപ്പത്തിരണ്ടിഴയുള്ള മാല. തൃ. ചാമരം ൪ നെല്ല്, യവം മുതലായതിന്റെ തണ്ട്.

ഗുച്ഛാർദ്ധം-ഇരുപത്തിനാലിഴയുള്ള മുത്തുമാല. ഗുത്സാർദ്ധം എന്നുമാവാം.

ഗുജ്-വ്യാധി.

ഗുജറാററ്-പണ്ടത്തെ സൌരാഷ്ട്രം.

ഗുഞ്ജ-പ്ര. കുന്നി. ദ്വി. മദ്യം വില്ക്കുന്ന സ്ഥലം. തൃ. ഉപ്പുപടന (ഉപ്പു വിളയുന്ന സ്ഥലം).

ഗുഞ്ജാഗ്രന്ഥി-മുത്തങ്ങ. ഉണങ്ങിയാൽ വ്യക്തമല്ലാതെ ശബ്ദിക്കുന്നതെന്നർത്ഥം.

ഗുഞ്ജാഫലാ-കന്നിക്കുരു.

ഗുഡ-ചതുരക്കള്ളി.

ഗുഡചി-ചിററമൃത്.

ഗുഡജിഹ്വികാന്യായം-"ശർക്കരയും നാവും കൂടിച്ചേർന്നാൽ മധുരരസമാണല്ലോ ഫലം. അപ്രകാരം ഉചിതസംബന്ധം കൊണ്ടുണ്ടാകുന്ന സൽഫലങ്ങളെ കാണിക്കുന്നതിനാണ് ഈ ന്യായത്തിന്റെ പ്രവൃത്തി"

ഗുഡപുഷ്പം-ഇരിപ്പുവൃക്ഷം. ശർക്കരയ്ക്കു തുല്യമായ പുഷ്പമുള്ളതെന്നർത്ഥം.

ഗുഡഫലാ-പ്ര. ഉകമരം. ശർക്കരയ്ക്കു തുല്യമായ ഫലമുള്ളതെന്നർത്ഥം. ദ്വി. ലന്തമരം. തൃ. തേററമരം.

ഗുഡഭാ-ചോമപ്പഞ്ചസാര.

ഗുഡം-പ്ര. ശർക്കര. ദ്വി. ഗുളിക. തൃ. ഗോളം. ചുററുന്നതെന്നർത്ഥം.

ഗുഡശർക്കര-പഞ്ചസാര.

ഗുഡാ-പ്ര. ചതുരക്കള്ളി. ചുററിപ്പിണയുന്നതെന്നർത്ഥം. ദ്വി. വലിയ മുന്തിരി. തൃ. കരുപ്പത്തി.

ഗുഡാകേശൻ-പ്ര. അർജ്ജുനൻ ദ്വി. ശിവൻ. [തി'
'മമദേഹേഗുഡാകേശയച്ചാന്യദ് ദ്രഷ്ടുമിച്ഛസി'
(ഭഗവൽഗീത)

ഗുഡൂചി-ചിററമൃത്. (ഗുളൂചിയുടെ പാഠം.)

ഗുണകാര-വി. പെരുക്കുന്നതിനുള്ള.

ഗുണകാരം-പെരുക്കുക.

ഗുണജ്ഞ-വി. ഗുണത്തെ അറിയുന്ന.

ഗുണത, ഗുണത്വം-പ്ര. ആശ്രയം. ദ്വി. സുകൃതം. തൃ. വിശേഷത. ൪ പെരുക്കം.

ഗുണത്രയം-സത്വരജസ്തമോഗുണങ്ങൾ.

ഗുണദോഷക്കാരൻ-പ്ര. ഗുണത്തെയും ദോഷത്തെയും അറിയുന്നവൻ. ദ്വി. ഗുരുസ്ത്രീയുടെ ഭർത്താവ്.

ഗുണദോഷജ്ഞ-വി. ഗുണത്തെയും ദോഷത്തെയും അറിയുന്ന.

ഗുണദോഷം-പ്ര. നന്മയും തിന്മയും ദ്വി. ബന്ധുത്വം.

ഗുണദോഷവിചാരം-നന്മതിന്മകളെ കുറിച്ചുള്ള വിചാരം.

ഗുണൻ-വെയ്പുകാരൻ.

ഗുണനം-പ്ര. പെരുക്കം. ദ്വി. ഓരോന്നായി പറയുക.

ഗുണനിക-ആട്ടം, ദ്വി. വീണ്ടും പറക

ഗുണനിധി-വി. ഗുണത്തിന്റെ ഇരിപ്പിടമായ.

ഗുണനീയ-വി. കണക്കുകൊണ്ടു പെരുക്കേണ്ടുന്ന.

ഗുണനീയൻ-അഭ്യസിക്കുന്നവൻ.

ഗുണനീയം-അഭ്യാസം.

ഗുണപാഠം - വൈദ്യശാസ്ത്രത്തിൽ ഒരു ഭാഗം.

ഗുണബന്ധന-വി. ഗുണത്തോടുചേർന്ന.

ഗുണം-൧. നന്മ. ൨. സ്വഭാവം. ൩. ഞാൺ. ബാണത്തെ തന്നിൽ ചേർത്തു വിടുന്നതെന്നർത്ഥം. ൪. വലച്ചരട്. ൫. കയറ്. പിടിച്ചുവലിക്കുന്നതെന്നർത്ഥം. ൬. സന്ധി മുതലായതു്. ൭. വൈദ്യശാസ്ത്രപ്രകാരമുള്ള സ്നിഗ്ദ്ധാദിയായ ൨൦ ഗുണങ്ങൾ.

| | |
|---|---|
| ൧ ഗുരു | ൧൧ ലഘു |
| ൨ മന്ദം | ൧൨ തീക്ഷ്ണം |
| ൩ ഹിമം | ൧൩ ഉഷ്ണം |
| ൪ സ്നിഗ്ദ്ധം | ൧൪ രൂക്ഷം |
| ൫ ശ്ലക്ഷ്ണം | ൧൫ പരുഷം |
| ൬ സാന്ദ്രം | ൧൬ ദ്രവം |
| ൭ മൃദു | ൧൭ കഠിനം |
| ൮ സ്ഥിരം | ൧൮ സരം |
| ൯ സൂക്ഷ്മം | ൧൯ സ്ഥൂലം |
| ൧൦ വിശദം | ൨൦ വിച്ഛിലം |

(ഗുരു > <ലഘു. ഇത്യാദി എല്ലാം വിപരീതം.)

൮. രസം. ൯. തർക്കശാസ്ത്രപ്രകാരമുള്ള ൨൪ ഗുണങ്ങൾ. ൧൦. ജ്യോതിശ്ശാസ്ത്രപ്രകാരം കണക്കിന്റെ പെരുക്കം. ൧൧. ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്ന രൂപരസഗന്ധാദികൾ. ൧൨. സത്വരജസ്തമോഗുണങ്ങൾ. ൧൩. ശൗര്യം ധൈര്യം മുതലായ ഗുണങ്ങൾ. ൧൪. വ്യാകരണത്തിൽ ഒരു സംജ്ഞ.

ഗുണനം, ഗുണനാ-കണക്കുശാസ്ത്രത്തിൽ മടക്കുക, പെരുക്കുക.

ഗുണലയിക-കൂടാരം.

ഗുണവാൻ-വി. ഗുണമുള്ള.

ഗുണവൃക്ഷകം-പായ്മരം. കയറുകൊണ്ടു കെട്ടപ്പെട്ട ചെറിയ വൃക്ഷം എന്നർത്ഥം. മറ്റൊരു പര്യായം-കൂപകം. തോണി കെട്ടുന്ന കുറ്റിയുടെ പേർ എന്നുമാവാം.

ഗുണശാലി-വി. ഗുണമുള്ള, നന്മയുള്ള.

ഗു[illegible]ാ-൧. കരിങ്കുറുക. ൨. മാംസരോഹിണി.

ഗുണാധികാരം-അധികഗുണം.

ഗുണാധിക്യം-അധിക ഗുണം.

ഗുണാംബുരാശി-ഗുണത്തിന്റെ ഇരിപ്പിടം. വളരെ ഗുണമുള്ള എന്നർത്ഥം.

ഗുണി-വി. നന്മയുള്ള.

ഗുണി (ൻ)-ഗുണവാൻ.

ഗുണിക-വീക്കം, നീര്.

ഗുണിക്കുക-പെരുക്കുക.

ഗുണിത-വി. പെരുക്കപ്പെട്ട.

ഗുണോൽക്കർഷ-വി ഗുണാധിക്യമുള്ള.

ഗുണോൽകൃഷ്ട-വി ഗുണാധിക്യമുള്ള.

ഗുണ്ടിടുക-സമയ സംബന്ധമായി വെടി വെക്കുക.

[ലണ്ഡൻ മുതലായി പാശ്ചാത്യനഗരങ്ങളിലും ആംഗലേയർ ഭരിച്ചുവരുന്ന ഭാരതഖണ്ഡത്തിലെ ചില പ്രധാന നഗരങ്ങളിലും പകൽ ൧൨-മണിക്കു ശരി കതിനവെടി പൊട്ടിക്കുക എന്നുള്ള ഏർപ്പാടുണ്ട്, അതിന്റെ പേർ. മലയാളപഞ്ചാംഗപ്രകാരം ഒരു തീയതി ആരംഭിക്കുന്നതു ദിനകരോദയത്തിലാണ്. ആംഗലേയരുടെ തീയതി ആരംഭിക്കുന്നതു് അർദ്ധരാത്രം മുതൽക്കാണ്. തീയതിയുടെ വ്യത്യാസം അറിവാനായിട്ടാണ് അവർ മദ്ധ്യാഹ്നത്തിൽ ഗുണ്ടിടുന്നതു്.

ഗുണ്ഠ(ണ്ഡ)നം-൧. ഒളിപ്പ്. ൨. മൂടിവെയ്ക്കുക, മറച്ചുവെയ്ക്കുക ൩. പൂശുക, പുരട്ടുക. ഉ-ം 'ഭസ്മഗുണ്ഠനം'

ഗുണ്ഠിത-വി. മൂടപ്പെട്ട, ഒളിക്കപ്പെട്ട.

ഗുണ്ഡകം-പൊടി.

ഗുണ്ഡാലാ-ഒരു വൃക്ഷം.

[വെള്ളത്തിലുണ്ടാകുന്നു. വളരെ വേരുകാണും. വിക്കാ, ക്രിമി, വ്രണം ഇവയ്ക്കു നന്ന്]

ഗുണ്ഡാസിനി-ഒരുവക പുല്ല്.

[ഇല പരന്നിരിക്കും, ജലത്തിലുണ്ടാകുന്നു. പിത്തം, വ്രണം, ശ്രമം, ചുട്ടുനീറൽ ഇവയ്ക്കു നന്ന്. പശുക്കൾക്ക വലിയ നാശമുണ്ടാകുന്നതാണ്].

ഗുണ്ഡിത-വി ഛ. പൊടിക്കപ്പെട്ട വ. ചുററപ്പെട്ട.

ഗുണ്ഠിത-പൊടിക്കപ്പെട്ട പൊടിയും മററം പിരണ്ട സ്വഭാവം മറഞ്ഞുകിടക്കുന്ന എന്നർത്ഥം ഗുണ്ഠിതം എന്നുമാകാം.

ഗുണ്യൻ-ഗുണവാൻ.

'ഗുണ്യന്മാരായ് ഗുരുവിനയരായ്'
(മയൂരസന്ദേശം)

ഗുത്ഥം-കാട്ടുകോതമ്പ്.

ഗുത്സം-ന്മ ഇഴയുള്ള മുത്തുമാല (ഗുച്ഛം എന്നുമാകാം) ചുററുന്നത് എന്നർത്ഥം.

ഗുത്സാൎദ്ധം-ഇരുപത്തുനാലിഴയുള്ള മുത്തുമാല. (ഗുച്ഛാൎദ്ധം എന്നുമാവാം)

ഗുദകീലം-അർശസ്സ്.

ഗുദഗ്രഹം-മലത്തിന്റെ തടവ്.

ഗുദഭ്രംശം-ഒരു ദീനം.

ഗുദം-മലദ്വാരം മലത്തെ വിടുന്നത് എന്നർത്ഥം. മറവപര്യായങ്ങൾ-അപാനം, പായു.

ഗുദരോഗം-ഒരു രോഗം.

ഗുദായഹര-വചന.

ഗുദാങ്കുരം-അർശസ്സ്.

ഗുപ്ധര-വി. ഭക്ഷിക്കുന്ന

ഗുന്ദ്ര-ഛ. കഴിമുത്തങ്ങ, നാഗമുത്തങ്ങ ജലത്തോടടുത്തുണ്ടാകുന്നത് എന്നർത്ഥം. വ. ഞാഴൽ.

ഗുന്ദ്രം-അമ. ആടിക്കളിക്കുന്നത് എന്നർത്ഥം. അംപൊട്ടൽ, പേക്കരിമ്പ് ഇങ്ങിനെയും ഭാഷ കാണുന്നു

ഗുന്മം, ഗുല്മം-ഛ. ഒരു ദീനം.

[അപഥ്യങ്ങളായവയെ ഭക്ഷിക്കുക കൊണ്ടും അഗ്നി ബലത്തെ കവിഞ്ഞുള്ള ഭുക്തിനിമിത്തവും ശരീരബലത്തിനനുസരിക്കാത്ത കർമ്മം മൂലവും വാതം മുതലായ ദോഷങ്ങൾ അധികം ദുഷിച്ച് ഉദരാന്തർഭാഗത്തിൽ ഗ്രന്ഥിരൂപമായ ഗുന്മത്തെ ഉണ്ടാക്കുന്നു. ഇത് അഞ്ചുവിധം, അതിനു രണ്ടു പാർശ്വഭാഗങ്ങൾ, ഹൃദയം, നാഭി, വസ്തി ഇങ്ങിനെ അഞ്ചു സ്ഥാനങ്ങൾ ഉണ്ട്].

വ. കുരുത്തുവൽ. ന. സേനാമുഖം ൪. പുൽക്കൂട്ടം.

ഗുന്മി-വി. ഗുന്മമുള്ള.

ഗുന്മിനി-വള്ളിക്കുടിൽ (പടന്നുപിടിച്ച വള്ളി).

ഗുപ്ത-വി. ഛ. ഒളിക്കപ്പെട്ട. വ. രക്ഷിക്കപ്പെട്ട.

ഗുപ്തകൻ-രക്ഷിതാവ്, സൂക്ഷിക്കുന്നവൻ.

ഗുപ്തൻ-വൈശ്യരുടെ പേരോടുകൂടി സാധാരണ ചേർക്കാറുള്ള ഒരു പ്രത്യയം.

ഗുപ്താ-നായ്ക്കുരണ.

ഗുപ്തി-ഛ. മറവ് വ. രക്ഷണം. ന. ഒളിപ്പിടം. ൪ നിലവറ ൫ കാരാഗൃഹം മുതലായത്.

ഗുംജനം-മുഴക്ക്.

ഗുംഫനം-ഛ. ഉള്ളടക്കം വ. കോപ്പ്. ന. കഥാബന്ധം.

ഗുംഫം-ഛ. പദബന്ധം, കാലിന്റെ നരിയാണി വ. വിസ്താരാലങ്കാരം

ഗുംഫിത-വി. ഛ. കോർക്കപ്പെട്ട. വ. കെട്ടപ്പെട്ട.

ഗുമസ്ഥൻ, ഗുമസ്ഥാവ്, ഗുമസ്താ-എഴുത്തുകാരൻ, എഴുത്തുജോലിയോടുകൂടിയ കാര്യസ്ഥൻ. (പേർഷ്യൻഭാഷ).

ഗുമുഗുമെ-ശബ്ദവിശേഷം.

'ഗുമുഗുമെയെഴുമംവിയുഭേമിച്ച്'

(കുമാരസംഭവം)

ഗുരണം-പ്ര. ഒരിമ്പാട്ട്, ഉദ്യമം, ഓങ്ങൽ, ഓരാരമ്പ്യമനം. (ഗോരണം എന്നും പാഠം കാണുന്നു) ഉ. ഉദ്ഗുരം.

ഗുരു-വി. പ്ര. കനമുള്ള. ഉ. ഭേദിക്കാത്ത.

ഗുരു-പ്ര. ആചാര്യൻ. ഉ. പിതാവ്

[ആരാണോ തന്നെ വിധിച്ചവണ്ണം തൻെറ ഗർഭാധാനം മുതലായ കർമ്മങ്ങളെ ചെയ്യുകയും ചോറുതന്നു വളർത്തുകയും ചെയ്യുന്ന അദ്ദേഹമത്രെ ഗുരു. ഇത് അച്ഛൻ തന്നെ എന്നു സ്പഷ്ടം].

൩. വ്യാഴം. ൪. ഗർഭം. ൫. ദീർഘാക്ഷരങ്ങളും കൂട്ടക്ഷരങ്ങളും. ൬. നായികക്കാരണ. ൭. ഒൻപതാംരാശി.

ഗുരുകം-വി. പ്ര. അല്പം ഘനമുള്ള. ഉ. (മാത്രയിൽ) ദീർഘമുള്ള.

ഗുരുകാര്യം-സാരമുള്ള കാര്യം

ഗുരുഘ്നം-വെങ്കടക്.

ഗുരുജനം-പ്ര. ബഹുമാനപൂർവം ഗുരുവിനെ നിർദ്ദേശിച്ചു പറയുന്ന വാക്ക്. ഉ. ഗുരുക്കന്മാരുടെ കൂട്ടം.

ഗുരുതല്പഗൻ-ഗുരുദ്രോഹി.

ഗുരുതമ-വി. ഏറ്റവും മുഖ്യമായ.

ഗുരുതമൻ-പ്ര. വിശിഷ്ടഗുരു. ഉ. വിഷ്ണു.

ഗുരുതാ-പ്ര. ഗൌരവം.

'ശൈലഗുരുസംഗതകൈകന്നിതംഗുരുതാ മൂലംനടക്കുന്നതും'

(അഭിജ്ഞാനശാകുന്തളം)

ഉ. പ്രയാസം. ൩. പ്രാബല്യം, വലിപ്പം. ൪. ബഹുമാനം. ൫. ആദരവ്. ൬. ഗുരുസ്ഥാനം, ൭. പ്രാധാന്യം.

ഗുരുത്വം-പ്ര. കനം, വലിപ്പം (പ്രയാസം) ഉ. ഭേദിക്കാത്ത സ്ഥിതി.

ഗുരുദക്ഷിണ-ഗുരുവിനു കൊടുക്കുന്ന ദക്ഷിണ.

[വയലോ പശുവോ പത്തായമോ കുതിരയോ കുടയോ ചെരുപ്പോ ധാന്യമോ വസ്ത്രങ്ങളോ ശാകമോ ഗുരു ഇഷ്ടപ്പെടുന്നതു കൊണ്ടുവന്നു കൊടുക്കണമെന്നു ഭവിഷ്യൽപുരാണം നാലാം അധ്യായത്തിൽ പറയുന്നു].

ഗുരുനാഥൻ-ആശാൻ.

ഗുരുപത്നി-ഗുരുവിന്റെ ഭാര്യ

ഗുരുപാരമ്പര്യം-ഗുരുക്കന്മാർ പരമ്പരയാ ചെയ്തുവന്ന മുറ.

ഗുരുപുഷ്പികാ-കോല്പുളി.

ഗുരുഭാര്യ-ഗുരുവിന്റെ ഭാര്യ.

ഗുരുഭൃതൻ-ആശാൻ.

ഗുരുമണി-പുഷ്പരാഗം.

ഗുരുരത്നം-ഗോമേദകം.

ഗുരുലഘുതാ-വലുപ്പച്ചെറുപ്പം.

ഗുരുവാരം-വ്യാഴാഴ്ച.

ഗുരുശുശ്രൂഷ-ഗുരുവിന്റെ ഇഷ്ടംപോലെ ചെയ്യുക.

ഗുരുശുശ്രൂഷാചതുഷ്ടയം-അപ്പം, അന്നം, സ്ഥാനം, സംഭാവം ഇവ നാലും.

ഗുരുസാര(ക)ാ-ഇരുപൂളമരം.

ഗുരുഹാ-പ്ര. ഗുരുവിനെ കൊന്നവൻ. ഉ. വെങ്കടക്.

ഗുർജ്ജരം-ഗുജറാത്തുദേശം. Gujarat.

ഗുർവിണി-ഗർഭമുള്ളവൾ. വളർന്നുകൊണ്ടിരിക്കുന്ന ഗർഭത്തോടുകൂടിയവൾ എന്നർത്ഥം.

ഗുർവി-പ്ര. ഗർഭമുള്ളവൾ. ഉ. ഗൌരവമുള്ളവൾ. ൩. കനമുള്ളവൾ.

ഗുല്ഗുലു-ഒരു മരം. (ഗുഗ്ഗുലു എന്ന പദം നോക്കുക).

[മലയാളികൾ ഗുല്ഗുലു എന്നും പരദേശികൾ ഗുഗ്ഗുലു എന്നും പറയുന്നു

ഗുഗ്ഗുലു എന്ന പദം പാരദേശിക പുസ്തകങ്ങളിൽ കാണുന്നില്ല. ഇതു ഒരു മരമാണ്. വാതകഫരോഗങ്ങളും, വസ്തി, വ്രണം, വാതോദരം, മേദോദോഷം, പ്രമേഹം, പ്ലീഹോദരം, കാസം, കൃമി, കുഷ്ഠം, അർശസ്സ്, ശോഫം, മൂത്രബാധ ഇവയെ ശമിപ്പിക്കും. ഇതു രസായനോത്തമമാണ്. വർണ്ണസ്വരഹിതമാകുന്നു].

ഗുല്ഫം-കാലിന്റെ നരിയാണി, പുറവടി. തച്ചുപൊട്ടുന്നതിൽനിന്നു രക്ഷിക്കപ്പെടുന്നത്.

ഗുല്മം-പു. സേനാവിഭാഗം. (അക്ഷൌഹിണി എന്നതു നോക്കുക). രക്ഷിക്കപ്പെടുന്നതെന്നർത്ഥം. ഉ. ഒരു രോഗം, ന. കുന്തവൽ, വേരും കൊമ്പുകളും മാത്രമുള്ളതും തടിമരമില്ലാത്തതുമായ ചെടി മരം. ര. ഗുന്മം. ഉ. ചുല്ലൂട്ട.

ഗുല്മമൂലം-ഇഞ്ചി.

ഗുല്മി-നെല്ലി.

ഗുല്മിനി-ഇലകളും ചുള്ളികളും ഉള്ളതായ വള്ളി.

ഗുവാകം-കവുങ്ങുമരം. മലശോധനയുണ്ടാക്കുന്നത് എന്നർത്ഥം. (ഗൂവാകം എന്നും പാഠം കാണുന്നു).

ഗുഹ-പു. പർവ്വതത്തിന്റെ ദ്വാരം. പര്യായങ്ങൾ-ദേവഖാതം, ബിലം (വിലം) ഗുഹ, ഗഹ്വരം.

[ആരുണ്ടാക്കിയതെന്നറിഞ്ഞുകൂടാത്തതായും, മനുഷ്യരോ മൃഗങ്ങളോ ഉണ്ടാക്കിയതോ ജലം മുതലായതു വീണുണ്ടായതോ എന്നു സംശയഗ്രസ്തമായും, പുരാതനവും ദീവിചിത്രവുമായും ഇരിക്കുന്നതത്രെ ഗുഹ].

ഉ. മുവില. ന. ഓരില.

ഗുഹൻ-പു. സുബ്രഹ്മണ്യൻ. ശത്രുക്കളിൽനിന്നു തന്റെ സൈന്യത്തെ രക്ഷിക്കുന്നവൻ എന്നർത്ഥം. ഉ. രാമായണത്തിൽ പറയുന്ന ഒരു മുക്കുവൻ, രാമഭക്തനായ ശൃംഗിവേരരാജാവ്. ഉ. വിഷ്ണു.

ഗുഹം-കുതിര

ഗുഹാ-മൂവില. തന്റെ പ്രഭാവത്തെ മറച്ചുവെക്കുന്നത് എന്നർത്ഥം.

ഗുഹാശയം-പു. സിംഹം. ഉ. വരിയൻപുലി. ന. കരടി. ര. കടുവാ. ഉ. എലി.

ഗുഹ്യകർ-മാണിഭദ്രൻ മുതലായ നിധിപാലകന്മാർ. കുബേരന്റെ നിധികളെ രക്ഷിക്കുന്നവർ എന്നർത്ഥം.

[ഗുഹ്യകന്മാർ പ്രായേണ കുത്സിതമായിട്ടു സംസാരിക്കുന്നവരാകുന്നു].

ഗുഹ്യകേശ്വരൻ-വൈശ്രവണൻ.

ഗുഹ്യപത്രം-അരയാൽ.

ഗുഹ്യപ്രദേശം-രഹസ്യസ്ഥലം.

ഗുഹ്യം-വി. രഹസ്യമായ.

ഗുഹ്യം-പു. സ്വകാര്യമായിട്ടുള്ളത്. ഉ. ലിംഗം. ന. യോനി. ഒളിച്ചുവെയ്ക്കുന്നത് എന്നർത്ഥം. ര. ആമ.

ഗുഹ്യോപദേശം-രഹസ്യമായിട്ടുള്ള ഉപദേശം.

ഗുളഫലം-ഉകമരം.

ഗുള(ഡ)ം-ശർക്കര.

ഗുളാന്നം-ശർക്കരപ്പായസം.

ഗുളാബം-പനിനീർച്ചെടി.

ഗുളാബപുഷ്പം-പനിനീർപുഷ്പം.

ഗുളാർദ്രകം-ഒരുമാതിരി കുഴമ്പ്.

ഗുളാബ് - പനിനീർ, പനിനീർച്ചെടി. (പേർഷ്യൻഭാഷ)

ഗുളിക-അരച്ചുരുട്ടിയുണക്കിയ മരുന്ന്.

ഗുളികൻ-നവഗ്രഹങ്ങളുടെ കൂട്ടത്തിലുള്ള ഒരു സർപ്പം.

ഗുളികവേള-ഓരോ ദിവസത്തിലും യാതൊരു വേലയും ആരംഭിക്കാൻ പാടില്ലാത്ത അശുഭകരമായുള്ള ഏതാനും കാലഭാഗങ്ങളിൽ ഒരേക.

['കലികാവേലം' എന്ന സംസ്കൃതപദമാണു മലയാളത്തിൽ 'ഗുളികവേള'യായിത്തീർന്നതു്].

ഗുളികാസ്ത്രം-വെടിയുണ്ട.

ഗുളുഗുളു-പഴങ്ങൾമുതലായതു ജലത്തിൽ വീഴുന്ന ശബ്ദം.

'ഉല്പന്നമായി ഗുളുഗുളുശബ്ദവും'
(പഞ്ചതന്ത്രം)

ഗുല്ഛം-പൂക്കെട്ടു്.

ഗുളൂചി-ചിററമൃതു്. രക്ഷിക്കുന്നതു എന്നർത്ഥം. (ഗുഡൂചി എന്നുമാവാം).

## ഗൂ

ഗൂഢ-വി. ഒളിക്കപ്പെട്ട, മറയ്ക്കപ്പെട്ട, രഹസ്യമായുള്ള.

ഗൂഢകർമ്മം-രഹസ്യമായുള്ള പ്രവൃത്തി.

ഗൂഢകാമി-കാക്ക.

ഗൂഢജൻ-ഭർത്താവു ദൂരസ്ഥനോ മററോ ആയിരിക്കുമ്പോൾ ഭാര്യ ജാരസംസർഗ്ഗംകൊണ്ടു സമ്പാദിച്ച പുത്രൻ.

ഗൂഢനീഡം-കരിങ്കുരികിൽ.

ഗൂഢപത്രം-അഴിഞ്ഞിൽ.

ഗൂഢപാത്തു്-പു. പാമ്പു്. മററുള്ളവർക്കു തിരിച്ചറിയുന്നതിനു എളുപ്പമില്ലാത്ത പാദങ്ങളുള്ളതു് എന്നർത്ഥം.

[സർപ്പങ്ങൾക്കു വളരെ പാദങ്ങളുണ്ടെന്നു കേൾവിയുണ്ടു്. പക്ഷേ നമുക്കു കാണ്മാൻ കഴിയുന്നില്ല.]

ഉ. ആമ.

ഗൂഢപാദീശൻ-ശേഷൻ.

'ഗൂഢപാദീശാംശജൻ'
(അദ്ധ്യാത്മരാമായണം)

ഗൂഢപുരുഷൻ-ഒററുകാരൻ, സ്വകാര്യമായി കാര്യങ്ങൾ ഗ്രഹിക്കുന്നതിനു അയക്കപ്പെടുന്നവൻ, ചാരപുരുഷൻ.

ഗൂഢഭോജനം-കതിര.

ഗൂഢം-ഒളിച്ചുവെച്ചതു്. ഗുഹനം ചെയ്യപ്പെട്ടതു് എന്നർത്ഥം. മറെറാരു പര്യായം-ഗുപ്തം.

ഗൂഢമന്ത്രം-പു. രഹസ്യമായ കൂടിവിചാരം. ഉ. വശീകരണം.

ഗൂഢമാർഗ്ഗം-ഇടുവഴി.

ഗൂഢമൈഥുനം-കാക്ക.

ഗൂഢവർച്ചസ്സ്-തവള.

ഗൂഢസ്ഥൻ-ആത്മാവു്.

ഗൂഢാംഗം-ആമ.

ഗൂഢാംഘ്രി-പാമ്പു.

ഗൂഥം-മലം. ശബ്ദത്തോടുകൂടിയതെന്നർത്ഥം.

ഗൂന-വി. ഒഴിയപ്പെട്ട.

ഗൂനം-മലവിസർജ്ജനംചെയ്യതു്.

ഗൂവാകം-കവുങ്ങു് (ഗുവാകം എന്നതിന്റെ പാഠം).

'ഗുവാകോപിച ഗുവാകഃ'
(താരപാലവചനം)

ഗൂഷണാ-മയിൽ വാലിലെ കണ്ണു്

ഗൂഹനം-ഒളിപ്പു്.

ഗൂഹിക്കുക-ഒളിക്കുക, മറയ്ക്കുക.

ഗൂഹിത-വി. ഒളിക്കപ്പെട്ട.

---

## ഗൃ

ഗൃഞ്ജനം-പു. [illegible]. [illegible] പറയപ്പെടുന്നതെന്നർത്ഥം. ഉ. ചുവന്നുള്ളി, വെളുത്തുള്ളി.

ഗൃത്സമദൻ-ഒരു ഋഷി. ഋഗ്വേദത്തിലെ ചില ഗീതങ്ങളുടെ കർത്താവു്.

ഗൃദ്ധ-വി. ആഗ്രഹമുള്ള, ആശയുള്ള, ലുബ്ധുള്ള.

ഗൃദ്ധത-ആഗ്രഹം.

ഗൃധ്രം-കഴുകു് (വു്) എന്ന പക്ഷി. മാംസത്തിൽ ആഗ്രഹമുള്ളതെന്നർത്ഥം.

ഗൃധ്രസി-ഒരു വാതരോഗം.

[വായു തുടയുടെ മേൽഭാഗത്തിലെപിൻഭാഗം തുടങ്ങീട്ട് അര, പൃഷ്ഠം, തുട. മുട്ട്, കണങ്കാൽ, കാൽച്ചുവട് ഇവയെ ക്രമേണ സ്തംഭനത്തോടും കഠിനനോവോടും കൂടി പിടിച്ചുവലിക്കും. ഇതു രണ്ടു വിധമുണ്ട്. മടിയും ഗൌരവവും അരുചിയും കാണും].

ഗൃഷ്ടി-സ്ത്രീ. ഒന്നുപെററ പശു, പശു വ. പന്നി. (ഘൃഷ്ടിയുടെ പാഠാന്തരം). ന. നിലപ്പന, പന്നിക്കിഴങ്ങ് ർ. കമിഴ്. ഇ ലന്തമരം.

ഗൃഷ്ടികാ-സ്ത്രീ. പന്നിക്കിഴങ്ങ്. വ. ലന്തമരം. ന. കമിഴ്.

ഗൃഹകപോതം-വളർത്തുന്ന പ്രാവ്.

ഗൃഹകുക്കുടം-നാട്ടുകോഴി.

ഗൃഹകൃത്യം-വീട്ടുവേല.

ഗൃഹഗോധികാ-ഗൌളി, പല്ലി (ഗൃഹത്തിലെ ഉടുമ്പ്, ഉടുമ്പിൻെറ സാദൃശ്യമുള്ള ജന്തു)

[പല്ലി കടിച്ചാൽ ചുട്ടും നീരും കുത്തിനോവും വിയർപ്പുമുണ്ടാകും].

ഗൃഹഗോലി ളി, ക-പല്ലി.

ഗൃഹഘ്നി-കാടി.

ഗൃഹദേവി-ജരാ എന്ന രാക്ഷസി. മഗധരാജാവായ ജയദ്രഥൻെറമന്ദിരത്തിൽ പാർത്തുവന്നു. മനുഷ്യഗൃഹങ്ങളോരോന്നും പാർക്കുകയാണ് ഇവളുടെ പതിവ്. ദാനവനാശത്തിനുവേണ്ടി പിതാമഹൻ സൃഷ്ടിച്ചു. യൌവ്വനയുക്തരായ പുത്രരോടുകൂടി ഇവളെ ഭക്തന്മാർ ചുവരിൽ വരച്ചാൽ അവരുടെ ഗൃഹങ്ങളിൽ വൃദ്ധിയും അല്ലാത്ത വീടുകളിൽ ക്ഷയവും നേരിടും. (ജര എന്ന പദം നോക്കുക)

ഗൃഹനീഡം-ഊർക്കുരികിൽ എന്നപക്ഷി.

ഗൃഹപതി-പു. ഭവനത്തിൻെറ ഉടയവൻ. വ. ആതിത്ഥ്യൻ. ന. ഗൃഹസ്ഥൻ. ർ. യാഗംചെയ്യുവൻ.

ഗൃഹപ്രവേശം-പു. കുടിവെയ്ക്കുക. വ. പുതിയ വീടുണ്ടാക്കി അതിൽ ഒന്നാമതായി കടക്കുക.

ഗൃഹം-ഭവനം പര്യായങ്ങൾ-ഗൃഹം, ഗേഹം, ഉദവസിതം, വേശ്മ, സത്മ, നികേതനം, നിശാന്തം, വസ്ത്യം, സദനം, ഭവനം, അഗാരം, മന്ദിരം, ധിഷ്ണ്യം, ഓകസ്സ്, നിവസനം, സ്ഥാനം, വാസ്തു, നിവേശനം, ശരണം, ധാമ, സംസ്ത്യായം, നിവാസം, ആവസഥം, ക്ഷയം, വാസതേയി, സഭാ, പള്ളി, വസതി, ക്ഷേമം, നികായ്യം, നിലയം, ആലയം, വാസം, കുടി, ശാല. സകലരാലും സ്വീകരിക്കപ്പെടുന്നതെന്നു 'ഗൃഹ'ത്തിൻെറ അത്ഥം. സമ്പാദിക്കുന്ന ധനം അശേഷവും ഗ്രഹിക്കുന്നതെന്നുമാകാം വ. ഇല്ലം. ന. മന. ർ മഠം. ഇ കോയിക്കൽ ന്യ. കോവിലകം. ൧. കൊട്ടാരം. വ്യ. ഭായ്യ. ധാന്യം മുതലായവയെ എടുത്തു സൂക്ഷിക്കുന്നവൾ എന്നത്ഥം ൻ. കല്ലങ്ങളിൽ ഒരു ഭാഗം ജനനംമുതൽ മരണംവരെയുള്ള സംസ്കാരാദികളെ വണ്ണിക്കുന്നതു്.

[വീട്, ഇല്ലം, മന, മഠം, കോയിക്കൽ, കോവിലകം, കൊട്ടാരം ഇതിലേതാണ് ഒരു പ്രകൃതത്തിൽ ഉപയോഗിക്കേണ്ടതെന്നു നിശ്ചയമില്ലാതെ വന്നാൽ അവിടെ 'ഗൃഹം' എന്ന സംസ്കൃതപദം പ്രയോഗിക്കുക- സാഹിത്യസാഹ്യം ] (അടിയോൽ എന്നതു നോക്കുക)

ഗൃഹമണി-വിളക്ക്.

ഗൃഹമാചികാ-നരിച്ചീർ.

ഗൃഹമൃഗം-നായ്.

ഗൃഹമേധി-ഗൃഹസ്ഥൻ, വിവാഹം ചെയ്യുവൻ.

ഗൃഹയാലു-ഗ്രഹണശീലൻ.

ഗൃഹസ്ഥഗുണചതുഷ്ടയം- ദാതൃത്വം, പ്രിയവക്തൃത്വം, ധീരത്വം, ഉചിതജ്ഞത ഇവ നാലും.

ഗൃഹസ്ഥൻ- ൧. ഭവനത്തിലിരിക്കുന്നവൻ. ൨. വിവാഹം ചെയ്തവൻ.

ഗൃഹസ്ഥപാല്യചതുഷ്ടയം- ശ്രാന്തനായ ജ്ഞാതി, നിസ്സ്വനായ കുലശ്രേഷ്ഠൻ, പുത്രനില്ലാത്ത സ്വസാവ്, ദരിദ്രനായ സഖാവ്.

ഗൃഹസ്ഥാശ്രമം, ഗൃഹാശ്രമം- ജീവിതകാലത്തിന്റെ രണ്ടാമത്തെ ഭാഗം.

[ഒരു ഭാൎയ്യയോടുകൂടി ഗൃഹകൃത്യങ്ങൾ ചെയ്കയും പഠിപ്പിക്കയും ബലികൾ കഴിക്കയും ദാനങ്ങൾ കൊടുക്കയും ചെയ്യുന്ന കാലം.]

ഗൃഹസ്ഥൂണം- ഭവനത്തിന്റെ തൂണ്, പുരയുടെ തൂണ്.

ഗൃഹാക്ഷം- കിളിവാതിൽ.

ഗൃഹാധിപൻ- ഭവനത്തിന്റെ പ്രമാണി

ഗൃഹാംബു- കാഞ്ഞി.

ഗൃഹാമ്ലം- കാടി.

ഗൃഹായണി- ഗൃഹസ്ഥൻ.

ഗൃഹാരാമം- അടുക്കളപ്പൂങ്കാവ്, ഉമ്മരപ്പൂങ്കാവ്.

ഗൃഹാവഗ്രഹണി- ചോറപടി. ഗൃഹത്തിന്റെ അതിൎത്തിയെ കാണിക്കുന്നതെന്നൎത്ഥം.

ഗൃഹാശയ- വെററിലക്കൊടി.

ഗൃഹി- ഗൃഹസ്ഥൻ. ഗൃഹസ്ഥാശ്രമത്തിലിരിക്കുന്നവൻ, ഗൃഹങ്ങൾ (ഭാൎയ്യ) ഉള്ളവൻ എന്നൎത്ഥം.

ഗൃഹിണി- ഭാൎയ്യ.

ഗൃഹികൻ- ഗൃഹസ്ഥൻ.

ഗൃഹീത- വി. ൧. പിടിക്കപ്പെട്ട. ൨. അറിയപ്പെട്ട.

ഗൃഹീതാവ്- ഗ്രഹണശീലമുള്ളവൻ.

ഗൃഹീതൃ- വി. ൧. അറിയുന്ന ൨. എടുക്കുന്ന.

ഗൃഹ്യ- വി. ൧. ഗ്രഹിപ്പാൻ തക്ക. ൨. വീട്ടിനുള്ളിലുള്ള.

ഗൃഹ്യക- വി. സ്വാതന്ത്ര്യമില്ലാത്ത.

ഗൃഹ്യകങ്ങൾ- ഭവനത്തിൽ കളിപ്പാനായും മററും വളൎത്തുന്ന തത്ത കോഴി മുതലായ പക്ഷികളും മാൻ മുതലായ മൃഗങ്ങളും.

ഗൃഹ്യകൻ- അന്യന്നധീനൻ, പരതന്ത്രൻ

ഗൃഹ്യകം- ഗൃഹത്തിൽ വളൎത്തപ്പെട്ടത്.

ഗൃഹ്യകൎമ്മങ്ങൾ- ഗൃഹസംബന്ധമായ കൎമ്മങ്ങൾ.

[സംസ്കാരങ്ങളിൽ പ്രധാനമായിട്ടുള്ളവ വിവാഹം, ഗൎഭകാലത്തെ ക്രിയകൾ, പ്രസവം, അന്നപ്രാശനം (ചോറൂണ്), ചൌളം, വിദ്യാരംഭം, വീട്ടുപണിയിക്കൽ, ശവദാഹക്രിയകൾ, ശ്രാദ്ധം ഇവയാകുന്നു.]

ഗൃഹ്യാചാരം- ഗൃഹസ്ഥമൎയ്യാദ, വീട്ടാചാരം.

---

## ഗെ

ഗെട്ടു, ഗഢു തവണ, പ്രാവശ്യം.

—:( :—

## ഗേ

ഗേണ്ഡുകം- പന്ത്. മേല്പെട്ടുയൎന്ന ചന്ദ്രനെന്നവണ്ണം ശോഭിക്കുന്നതെന്നൎത്ഥം. (ഗേന്ദുകം, ഗേണ്ഡുകം, ഗെന്ദുകം ഇവ പാഠാന്തരങ്ങൾ.) മറെറാരു പൎയ്യായം- കന്ദുകം.

ഗേയം- വി. പാടുവാൻ തക്ക.

ഗേഹം- ഭവനം.

ഗേഹാസന്നസ്ഥലി- മാലകം.

'ഗേഹാസന്നസ്ഥലിയതിലതി
സ്വൈരമെത്ത് സഞ്ചരിക്കും'

(മയൂരസന്ദേശം)

ഗേഹി- വി. ഭവനമുള്ള.

ഗേഹിനി- ഭാൎയ്യ.

'ഗേഹിനി! സമുപാഗതയായധുനാ
വിധിനാ'

(ശാകുന്തളം)

ഗോഹസ്തുരൻ-വീട്ടിൽ മാത്രം ശൌര്യം കാണിക്കുന്നവൻ, സാമർത്ഥ്യമില്ലാത്ത വെറും നാട്യക്കാരൻ.

—:0:—

## ഗൈ

**ഗൈരം**-കാവിമണ്ണ്.

ഗൈരി-മേത്തോന്നി.

ഗൈരികം-൧. കാവിമണ്ണ്. ൨. സ്വർണ്ണം. ഗിരിയിങ്കൽ ഭവിച്ചതെന്നർത്ഥം.

[പൊന്ന്, വെള്ളി, ചെമ്പ്, മനോ ല, കാവിമണ്ണ്, അഞ്ജനം, കാരിയ്യം, ഈയ്യം, ഇരിമ്പ്, ചായില്യം, ഗന്ധകം, അഭ്രം മുതലായവ പർവതത്തിൽ നിന്നു ണ്ടാകുന്ന ധാതുക്കളാകുന്നു.]

ഗൈരേയ-വി. മലയിലുണ്ടായ.

ഗൈരേയം-൧. കല്മദം. ഗിരിയിങ്കൽ ഭവിച്ചതെന്നർത്ഥം. ൨. കാവിമണ്ണ്.

ഗൈർവാണി-സംസ്കൃതഭാഷ.

## ഗോ

**ഗോ**-൧. പശു. മേഞ്ഞുനടക്കുന്നതെന്നർത്ഥം. (ഗമിക്കുന്നവരം). ൨. കാള. ഓടുന്നതു് എന്നർത്ഥം. ൩. സ്വർഗ്ഗം. ൪. ശരം. ൫. വാക്ക്. ൬. വജ്രം. ൭. ദിക്ക്. ൮. നേത്രം. ൯. രശ്മി. ൧൦. ഭൂമി. ൧൧. ജലം.

'സ്വർഗ്ഗേഷുപശുവാഗ്വജ്ര
ദിങ്നേത്രഘൃണിഭൂജലേ'
(അമരം)

൧൨. യാഗഭേദം (പശുമേധയാഗം). ൧൩. രോമം. ൧൪. സരസ്വതി. ൧൫. ഋഷഭം. ൧൬. അമ്മ. ൧൭. ആദിത്യൻ. ൧൮. ചന്ദ്രൻ.

ഗോകണ്ടകം-ഞെരിഞ്ഞിൽ. ഭൂമി പശുജലാദ്യുപദ്രവത്തെ ചെയ്യുന്നതെന്നർത്ഥം.

ഗോകർണ്ണം-൧. സർപ്പം. കണ്ണും ചെവിയും ഒന്നായതു്. ൨. ഒരു ദിക്കിന്റെ പേർ. മലയാളത്തിന്റെ വടക്കേഅതിര്. ൩. ഒരു പുണ്യക്ഷേത്രം. ൪. പെരുച്ചെവിമാൻ. പശുവിന്റെ ചെവിപോലെയുള്ള ചെവിയുള്ളതെന്നർത്ഥം. സുകുമാരമൃഗം എന്നും പക്ഷമുണ്ട്. ൫. മോതിരവിരലും പെരുവിരലും കൂടിയ ചാൺ. പശുച്ചെവിക്കു തുല്യമായതെന്നർത്ഥം. ൬. പശുവിന്റെ ചെവി. ൭. പാമ്പ്. ൮. വെട്ടിക്കുതിര.

ഗോകർണ്ണി-പെരുംകുരുമ്പ. പശുച്ചെവിയോടു സദൃശമായ ഇലകളുള്ളതെന്നർത്ഥം.

ഗോകിലം, ഗോകീലം-൧. കലപ്പ. ൨. ഉലക്ക.

ഗോകുലം-൧. പശുക്കൂട്ടം. ൨. തൊഴുത്തു്.

ഗോകുലാഷ്ടമി-കൃഷ്ണാഷ്ടമി (അഷ്ടമിരോഹിണി).

ഗോകൃതം-ചാണകം.

ഗോക്ഷീരം-പശുവിൻപാൽ.

ഗോക്ഷുരം, ഗോക്ഷുരകം - ഞെരിഞ്ഞിൽ. ഭൂമിയിൽ ക്ഷുരസദൃശമായുള്ളതെന്നർത്ഥം.

ഗോഖുരം-ഞെരിഞ്ഞിൽ.

ഗോഘൃതം-൧. പശുവിൻനെയ്യ്. ൨. മഴവെള്ളം.

ഗോഘ്നൻ-പശുവിനെ കൊല്ലുന്നവൻ.

ഗോചരങ്ങൾ-൧. വിഷയങ്ങൾ. ഇന്ദ്രിയങ്ങൾ ഇവയിൽ സഞ്ചരിക്കുന്നു എന്നർത്ഥം. ൨. അറിയുന്നവ.

ഗോചരൻ-കാണപ്പെട്ടവൻ.

ഗോചരം-ഇന്ദ്രിയങ്ങളെക്കൊണ്ടുള്ള അറിവ്, ഇന്ദ്രിയങ്ങളാൽ അറിയാൻ പാടുള്ളതു്, വ്യക്തമായതു്, വിഷയീഭവിച്ചതു്.

ഗോചരീഭവിക്ക-വിഷയമായിത്തീരുക.

ഗോജിഹ്വാ-കൊഴപ്പ. പശുവിന്റെ നാവുപോലെയുള്ള ഇലകൾ ഉള്ളതെന്നർത്ഥം.

ഗോണികാ-പതഞ്ജലിയുടെ അമ്മയുടെ പേർ.

ഗോണ്ഡം-മുഴച്ച പൊക്കിൾ, നീണ്ട പൊക്കിൾ.

ഗോണ്ഡൻ-നീണ്ട പൊക്കിൾ ഉള്ളവൻ.

ഗോത-പശുക്കൂട്ടം.

ഗോതമൻ-മൂഢൻ.

ഗോതുംബ-ചെറിയ കാട്ടുവെള്ളരി. (ചെറിയ കമ്മട്ടി, പേയ്ക്കുമ്മട്ടി ഇങ്ങിനെയും പറയുന്നുണ്ട്).

ഗോത്രജ-വി. വംശത്തിൽ ജനിച്ച.

ഗോത്രൻ-പു. ഇന്ദ്രൻ. ൨. പശുക്കളെ മേയ്ക്കുന്നവൻ

ഗോത്രഭിത്ത്-ദേവേന്ദ്രൻ.

ഗോത്രം-ന. വംശം. പറയപ്പെടുന്നത് എന്നർത്ഥം. ൨. പേർ. ഇതുകൊണ്ട പ്രസിദ്ധപ്പെടുന്നു എന്നർത്ഥം. ൩. പർവ്വതം ഗോവിനെ (ഭൂമിയെ) രക്ഷിക്കുന്നതെന്നർത്ഥം. ൪. ക്ഷേത്രം. ൫. വഴി. ൬. ജ്ഞാനം, ൭. ധനം. ൮. തൊഴുത്ത്. ൯. കൂട്ടം.

ഗോത്രാ-സ്ത്രീ. ഭൂമി. ൨. പശുക്കൂട്ടം. ൩. അയ്മ്പ. ൪. വയമ്പ്. ൫. ഓരിലത്താമര.

ഗോത്രാരി-ദേവേന്ദ്രൻ

ഗോദ-വി. പശുവിനെ കൊടുക്കുന്ന

ഗോദം-ന. തലച്ചോറ്. ൨. മൂത്രാശയം

ഗോദാ-ഗോദാവരി എന്ന ആറ്.

ഗോദാരണം-ന. കലപ്പ, കരി, ഭൂമിയെ പിളർക്കുന്നതെന്നർത്ഥം. ൨. തൂമ്പ.

ഗോദാവരി-ഒരാറ്.

[ഇതു സഹ്യപർവ്വതത്തിൽ നിന്നു പുറപ്പെടുന്നു. ഒഴുകുന്നതു വിന്ധ്യന്റെ തെക്കേ ഭാഗത്തുകൂടിയാണ്. ഇതിലെ ജലം വാതം, പിത്തം, കഫം, വിസർപ്പം, രക്തദോഷം തണ്ണീർദാഹം, വ്രണം ഇവയെല്ലാം നന്ന്. പാപനാശനവും അഗ്നിവർദ്ധനകരവുമാണ്. തമിഴിൽ-കോദാവരി.

ഗോദുഹൻ ഇടയൻ ഗോപൻ. കറക്കുന്നവൻ എന്നർത്ഥം

'ഗോപഗോദുഹവല്ലവാഃ'

(ത്രികാണ്ഡശേഷം)

ഗോദോഹനി-പാൽക്കര.

ഗോധ-സ്ത്രീ. ഉടുമ്പ്. ൨. കൈകവചം ൩. ഞാണടി തട്ടി വേദനയുണ്ടാകാതിരിക്കുന്നതിനായി തോൽ മുതലായവകൊണ്ടുണ്ടാക്കി കൈത്തണ്ടിൽ ചുററുന്ന കൈമൂടി. ചുററപ്പെടുന്നതെന്നർത്ഥം. മറെറാരു പര്യായം-'തലം'.

'ബദ്ധഗോധാംഗുലിത്രവാൻ.'

(ഭാരതം)

ഗോധാപദി-സ്ത്രീ. ചെമന്ന ചെറുപുള്ളടി. (ഇതു മുക്കുററിയിൽ ഒരുവക ഭേദമെന്നും പക്ഷമുണ്ട്) ഉടുമ്പിന്റെ കാലടിക്കു തുല്യമായ വേരുകൾ ഉള്ളതെന്നർത്ഥം. ൨. നിലപ്പന

ഗോധാരം-ഉടുമ്പിൻകുട്ടി. ഗോധയുടെ (ഉടുമ്പിന്റെ) അപത്യം എന്നർത്ഥം

[ഇതു സർപ്പത്തിന്നു ഗോധയിൽ ജനിച്ചതായും ഇതിനു 'ചന്ദനഗോധ' എന്ന പേരുള്ളതായും അഭിപ്രായം കാണുന്നു. ഭാഷയിൽ 'ഘോരപാധ' എന്നു പറയുന്നുണ്ട്. ഈ ഘോരപാധയ്ക്കു കൃഷ്ണസർപ്പത്തിൽനിന്നു ജനിച്ചതും നാലുകാലുള്ളതും കടിച്ചാൽ നിശ്ചയമായും മനുഷ്യർ മരിച്ചുപോകുന്നതുമാണെന്നു മറെറാരഭിപ്രായം. ഇതു് എന്താണെന്നു ഇതുവരെ തീർച്ചപറയാൻ തരമില്ല. സാമാന്യം ഉടുമ്പിൻകുട്ടിയാണെന്നുള്ളതും സംശയംതന്നെ]

ഗോധി-പു. നെററി. വസ്ത്രം മുതലായവകൊണ്ടു ചുററപ്പെടുന്നതെന്നർത്ഥം. മററ

പര്യായങ്ങൾ—അളികം (അളീകം) ഫലാടം. ൨. ഉടുമ്പ്.

ഗോധിക–നീരുടുമ്പ്. ചുററിപ്പിണഞ്ഞു കിടക്കുന്നതെന്നർത്ഥം. മറെറാരു പര്യായം–നിഹാകം.

ഗോധികാത്മജം–ഉടുമ്പിൻകുട്ടി. (ഗോധാരം എന്നതു നോക്കുക.)

ഗോധുക്ക്–പശുക്കളെ മേയ്ക്കുന്ന ഗോപൻ (ഇടയൻ). പശുവിനെ കറക്കുന്നവൻ എന്നർത്ഥം.

ഗോധൂമം–പു. കോതമ്പ്. ചുവന്നത് എന്നർത്ഥം. മറെറാരു പര്യായം–സുമനം. ൨. നാരകം.

ഗോനർദ്ദം–പു. കഴിമുത്തങ്ങ. തമിഴിൽ പെരുമുത്തങ്ങ. ജലത്തെ ശബ്ദിപ്പിക്കുന്നതെന്നർത്ഥം. ൨. കാക്കത്തമ്പുരാൻ.

ഗോനസം–പെരുമ്പാമ്പ്, (സർപ്പവിശേഷം). പശുവിൻമൂക്കുപോലുള്ള മൂക്കോടുകൂടിയതെന്നർത്ഥം. (ഗോനാസം എന്നും ഗോനസി എന്നും പാഠം കാണുന്നു).

ഗോപ–വി. പശുവിനെ രക്ഷിക്കുന്ന.

ഗോപക–വി. പശുവിനെ രക്ഷിക്കുന്ന

ഗോപകം–നറുമ്പശ.

ഗോപതി–പു. ശിവൻ. ൨. ആദിത്യൻ.

'ഗോപതിമാരുദയം ചെയ്തതുപോലെ'
(അദ്ധ്യാത്മരാമായണം)

൩. രാജാവ്. ൪. കാള. ൫. ഇടവകം ൬. ചന്ദ്രൻ. ൭. കൃഷ്ണൻ. ൮. വരുണൻ. ൯. ഉടയ്ക്കാത്തവനും സ്വേച്ഛയാ സഞ്ചരിക്കുന്നവനുമായ കാള. പശുക്കളുടെ ഒത്താവെന്നർത്ഥം.

ഗോപതിധ്വജൻ–പു ശിവൻ ൨. കൃഷ്ണൻകൊന്ന ഒരസുരൻ.

ഗോപൻ–പു. സ്വർണ്ണഭണ്ഡാരത്തിന്റെ അധികാരി. രക്ഷിക്കുന്നവൻ എന്നർത്ഥം ൨. ഇടയൻ. ൩. രാജാവ്. ൪. രക്ഷിതാവ്. ൫. പശുവിനെ കറക്കുന്നവൻ. ൬. തൊഴുത്തിലെ ഏററക്കുററങ്ങൾ നോക്കുന്നവൻ.

ഗോപനം–പു. രക്ഷണം. ൨. ഒളിപ്പ് ൩. പച്ചില.

ഗോപനീയ–വി. പു. രക്ഷിക്കപ്പെടുവാൻ തക്ക. ൨. ഒളിക്കപ്പെടുവാൻ തക്ക.

ഗോപഭദ്രാ–കുമിഴ്.

ഗോപഃ–നറുമ്പശ. ജലത്തിൽ നിന്നു രക്ഷിക്കുന്നതെന്നർത്ഥം (ഗോരസം എന്നു പാഠം)

ഗോപരസം–നറുമ്പശ.

ഗോപവധു–നറുനീണ്ടി.

ഗോപശശം–നറുമ്പശ.

ഗോപസുത–പു. ഇടച്ചി. ൨. നറുനീണ്ടി

ഗോപാ–നറുനീണ്ടി. (ഗോപി എന്നതിന്റെ പാഠം.)

ഗോപാനം–സൂര്യകിരണങ്ങളാലുള്ള ശോഷണം.

ഗോപാനസി–മുഖപ്പലക, ചുവർമേൽ പുലിമുഖവും മറവും വളയ്ക്കുന്നതിനു വെയ്ക്കുന്ന വളമരം. ഗോപാനത്തെ (സൂര്യകിരണങ്ങളാലുള്ള ശോഷണത്തെ) നശിപ്പിക്കുന്നതെന്നർത്ഥം.

ഗോപാംഗനാ–പു. ഇടച്ചി. ൨. നറുനീണ്ടി.

ഗോപായിത–വി. രക്ഷിക്കപ്പെട്ട.

ഗോപാലൻ–പു. ഇടയൻ ൨. ശ്രീകൃഷ്ണൻ. ൩. രാജാവ്.

ഗോപാലിക–പു. ഇടച്ചി. ൨. നറുനീണ്ടി.

ഗോപി–പു. ഇടച്ചി, ഇടയത്തി. ൨. നറുനീണ്ടി. രക്ഷിക്കുന്നതെന്നർത്ഥം (പാഠം–ഗോപാ). ൩. ഒരുമാതിരി മണ്ണ്. ൪. നെററിയിലിടുന്ന ഒരുമാതിരി കുറി.

ഗോപിക–പു. ഇടച്ചി. ൨. നറുനീണ്ടി.

ഗോപികൾ–കൃഷ്ണന്റെ ബാല്യത്തിലെ സഖികൾ, ഗോപസ്ത്രീകൾ.

ഗോപിക്കുക-൧. രക്ഷിക്കുക. ൨. മറയ്ക്കുക.

ഗോപീചന്ദനം – കുറിയിടുന്ന മണ്ണ്, ഗോപി.

ഗോപിതൊട്ടുവിക്കുക-സാധിക്കണമെന്നുള്ള വിചാരത്തോടെ ഒരുമ്പെടുന്ന ഒരു കാര്യത്തിനു പെട്ടെന്നു മറ്റൊരുവൻ വിഘ്നം വരുത്തുക. (ശൈലി).

ഗോപിത്തം-ഗോരോചന.

ഗോപുരം-൧. രാജധാനിയുടേയും ക്ഷേത്രത്തിന്റേയും ചുറ്റുമുള്ള മതിലിൽ നാലു വശത്തും നേരെയുള്ള മാളിക. ൨. കോട്ടവാതിൽ. വന്നുചേരുന്നവരെ രക്ഷിക്കുന്നത് എന്നർത്ഥം. മറ്റൊരു പര്യായം-പുരദ്വാരം. ൩. കഴിമുത്തങ്ങ. ജലം സ്ഥാനമായിട്ടുള്ളത്, ജലത്താൽ രക്ഷിക്കപ്പെടുന്നത് എന്നിങ്ങനെ അർത്ഥം. ൪. വാതിൽ. ൫. പട്ടണം, ൬. മുത്തങ്ങ.

[തിരുവനന്തപുരത്തുള്ള ഗോപുരത്തിന്റെ പണി കൊല്ലം ൭൪൧-ൽ ആദിത്യവർമ്മ മഹാരാജാവിന്റെ കാലത്ത് ആരംഭിച്ചു. മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്തു (൯൧൩-൯൧൪ ഈ ആണ്ടുകളിൽ) അഞ്ചുനിലവരെ തീർന്നു. ൯൪൫-ൽ പണി മുഴുവൻ തീർന്നു]

ഗോപ്താ-വി. രക്ഷിക്കുന്ന.

ഗോപ്യ-വി. ൧. രക്ഷിക്കപ്പെടേണ്ടുന്ന. ൨. രഹസ്യമായുള്ള.

ഗോപ്യകൻ-ദാസൻ. അന്യന്മാരാൽ രക്ഷിക്കപ്പെടുന്നവൻ എന്നർത്ഥം.

ഗോപ്യചതുഷ്ടയം- ശത്രു, ശത്രുബലം, അവമാനം, രാജകോപം ഇവ നാലും.

ഗോപ്യൻ-ദാസൻ.

ഗോപ്യാധി-പണയം.

ഗോഭണ്ഡീരം-നീർക്കോഴി.

ഗോഭി-കൊഴുപ്പ

ഗോമകൾ-സീത.

ഗോമയച്ഛത്രം- ചാണകത്തിലുണ്ടാകുന്ന കൂൺ, കുപ്പക്കൂൺ.

ഗോമയപ്രിയം-൧. ചാണകത്തിലുണ്ടാകുന്ന കൂൺ. ൨. പൂതണക്കപ്പുല്ല്.

ഗോമയം-൧. ചാണകം, ഗോവിന്റെ പുരീഷം. ൨. ഗവ്യം.

ഗോമലം-ചാണകം.

ഗോമൽ-വി. പശുവുള്ള.

ഗോമക്ഷിക-കാട്ടീച്ച.

ഗോമാങ്ങ-കോട്ടമാങ്ങ.

ഗോമാൻ-വളരെ പശുക്കൾ ഉള്ളവൻ, പശുക്കളുടെ ഉടമസ്ഥൻ.

ഗോമായു-കുറുക്കൻ, കുറുനരി. വികൃതമായ ശബ്ദത്തെ പുറപ്പെടുവിക്കുന്നതെന്നർത്ഥം.

ഗോമാവ്-കോട്ടമാവ്.

ഗോമി-൧. കുറുക്കൻ. ൨. പശുക്കളുടെ ഉടമസ്ഥൻ.

ഗോമി-വി. പശുവുള്ള.

ഗോമീനം-കൊഴുമീൻ.

ഗോമുഖം-൧. ഒരു വാദ്യം (വാദ്യവിശേഷം). ൨. മുതല.

ഗോമൂത്രം-പശുമൂത്രം.

[എല്ലാ മൂത്രങ്ങളിലും ശ്രേഷ്ഠമാണ്. അനേക രോഗങ്ങൾക്കു നന്ന്. തമിഴിൽ – പചുമൂത്തിരം. ഇംഗ്ലീഷിൽ-(Cow's urire) കൌസ് യൂറൈൻ.]

ഗോമൂത്രികാ-ഒരുതരം വലിയ പുല്ല്.

[ഇതു ചെമന്നിരിക്കും. പശുക്കൾക്കു പാലിനെ അധികമാക്കും. ഈ നിലങ്ങളിലും കറുത്ത മണ്ണുള്ള പ്രദേശങ്ങളിലുമാണ് മിക്കവാറും ഉണ്ടാവുക ]

ഗോമൃഗം-ഒരുമാൻ.

ഗോമേദകം, ഗോമേദം-൧. രത്നം,

[ഗോമേദകം കഫം, പിത്തം. ക്ഷയം, പാണ്ഡു ഇവയ്ക്കു നന്ന്. രുചിയെ

ഉണ്ടാക്കും അഗ്നി വൎദ്ധനകരമാണു് ബുദ്ധിക്ഷീണത്തിനെ വരുത്തും രോഗങ്ങളെ എല്ലാം ശമിപ്പിക്കും തമിഴിൽ- കോമേതകം. ഇംഗ്ലീഷിൽ- (Onyz Gem) ഓനിക്സ് ജെം.]

വ. പച്ചില. ന. പീതചന്ദനം ൪ കാക്ക.

ഗോമേധം-പശുയാഗം.

ഗോംഭസ്സ്-ഗോമൂത്രം.

ഗോരക്ഷകൻ-പു. ഇടയൻ. വ. രാജാവ്.

ഗോരക്ഷി-ഒരു പത്രശാകം.

[പിത്തം, ജ്വരം, ചുട്ടുനീറൽ, വിസ്ഫോടം, അതിസാരം, ഛൎദ്ദി ഇവക്കു നന്നു്. ഇതിനു നല്ല ഗന്ധം കാണും. അഞ്ചു മൂലങ്ങളുള്ള ഇലയുണ്ടായിരിക്കും.]

ഗോരണം-ഉദ്യമം, ഓങ്ങൽ. (ഗുരണത്തിന്റെ പാഠം.)

ഗോരസം-പു. പശുവിൻമോര്. വ. പശുവിൻപാൽ. ന. പശുവിൻതൈര്. ൪. തൈർ (സാമാന്യം)

ഗോരാജൻ-കാള.

ഗോരാടിക-പഞ്ചവൎണ്ണക്കിളി.

ഗോരു-വിതയ്ക്കുന്നതിനുള്ള ഒരു യന്ത്രം.

ഗോരോചന-ഒരു സുഗന്ധവസ്തു.

[ഗോരോചന-അലക്ഷ്മി, ഉന്മാദം, കുഷ്ഠം, കൃമി, ക്ഷതം, ഗ്രഹപീഡ, ഗൎഭസ്രാവം, ഭൂതപീഡ, രക്തദോഷം, നേത്രരോഗം വിഷം ഇവയെ നശിപ്പിക്കും. രുചികരമാണു്. ദേഹകാന്തിയുണ്ടാക്കും. വശീകരണത്തിനു നന്നു്. ബുദ്ധിക്കു ഹിതം. നിറം മഞ്ഞയാണു്. തമിഴിൽ-കോരോചനൈ. ഇംഗ്ലീഷിൽ- (Gallstone Bijoor) ഗാൾസ്റ്റോൺ ബിജൂർ.]

ഗോൎദ്ദം-തലച്ചോറു്. ഉത്സാഹത്തിനു ഹേതുവായതെന്നൎത്ഥം.

ഗോൎദ്ദം-തലച്ചോറ്.

ഗോലാ-പു. മനോല വ. ഗോദാവരി നദി. ന. കവടി. ൪. നല്ല കോവ

ഗോലാസം-കൂൺ.

ഗോലി-മിനുസമുള്ള ഒരുതരം കല്ലിന്റെ പേർ.

ഗോലീഢം-വെൺപാതിരിവൃക്ഷം പശുക്കൾ ഭക്ഷിക്കുന്നതെന്നൎത്ഥം.

ഗോലോമി-പു. വയമ്പ്. വ. വെൺകറുക. ന. കരികറുക. പശുവിന്റെ രോമംപോലെയുള്ളതെന്നൎത്ഥം. ൪ ജടാമാഞ്ചി.

ഗോവന്ദനി-ഞാഴൽ. ഭൂമിയിൽ സ്തുതിക്കപ്പെടുന്നതെന്നൎത്ഥം.

ഗോവൎണ്ണദോർ-ഗവൎണ്ണർ.

ഗോവൎദ്ധനധരൻ-കൃഷ്ണൻ.

ഗോവൎദ്ധനാചാൎയ്യൻ — ജയദേവന്റെ സമാനകാലീനന്മാരായ കവികളിൽ ഒരാൾ.

ഗോവൎദ്ധനം-വൃന്ദാവനത്തിലുള്ള ഒരു പൎവ്വതം

[ഇന്ദ്രപ്രീതിക്കായിട്ടു് ഒരിക്കൽ നന്ദഗോപർ മഹേന്ദ്രയാഗം തുടങ്ങി. ഇവൎക്കു സമൃദ്ധമായി നല്ല തൃണവും ജലവുമാണല്ലോ. ഇതിനു് ഇന്ദ്രന്റെ പ്രീതി തന്നെയാണു പ്രധാനം. യാഗം ആരംഭിച്ചപ്പോൾ ഉദിഷ്ടകാൎയ്യത്തിനു കാരണം ദേവേന്ദ്രനല്ലെന്നും ഗോവൎദ്ധനപൎവ്വതമാണെന്നും മററും കൃഷ്ണൻ പറഞ്ഞു. ഇതു കേട്ടു നന്ദൻ ഗോവൎദ്ധനയാഗം തുടങ്ങി കൃഷ്ണൻ ഗോവൎദ്ധനപൎവ്വതത്തിന്റെ രൂപം ധരിച്ചുവന്നു യാഗാംശം സ്വീകരിച്ചു. ദേവേന്ദ്രൻ കോപിച്ചു ഏഴു് അഹോരാത്രം ഒഴിയാതെ ഭയങ്കരമായ മഹാവൎഷം തകൎത്തു കന്നുകാലികളുടെയും മററും രക്ഷക്കു കൃഷ്ണൻ ഗോവൎദ്ധനപൎവ്വതത്തെ

കടയക്കിപ്പിടിച്ചു. ഇന്ദ്രന്റെ ഗർവം അതോടെ തീൎന്നു. ഇതിനാൽ കൃഷ്ണനു 'ഗോവിന്ദൻ' എന്നു മറെറാരു പേർ കൂടിയുണ്ടായി].

ഗോവിത്തു് - യുദ്ധവീരൻ, അസ്ത്രജ്ഞൻ.

ഗോവിന്ദൻ - വിഷ്ണു (കൃഷ്ണൻ). ഭൂമിയെ വരാഹമാക്കിയവൻ. (മഹാബലിയിൽ നിന്നു ഭൂമിയെ സമ്പാദിച്ചവൻ), പശുക്കളെ വശപ്പെടുത്തുന്നവൻ, വരാഹരൂപത്തോടെ ഭൂമിയെ പ്രളയജലത്തിൽ നിന്നുദ്ധരിച്ചവൻ, സ്വൎഗ്ഗത്തെ പാലനം ചെയ്യുവൻ, കാമധേനുവിനു ഐശ്വൎയ്യത്തെ നൽകിയവൻ, ഗോക്കളുടെ നായകൻ, മത്സ്യാദിരൂപത്തോടെ വേദത്തെ വീണ്ടെടുത്തവൻ എന്നിങ്ങനെ അൎത്ഥം (ഗോവൎദ്ധനം എന്നതു നോക്കുക) വ. ബൃഹസ്പതി.

ഗോവിന്ദപുത്രചതുഷ്ടയം - ശങ്കരാചാൎയ്യരുടെ ഗുരുവായ ഗോവിന്ദസ്വാമിക്കു നാലു ജാതിയിലായി വരരുചി, വിക്രമാദിത്യൻ, ഭട്ടി, ഭൎത്തൃഹരി ഇങ്ങിനെ ഉണ്ടായ നാലു പുത്രന്മാർ.

ഗോവിഷ്ഠാ - ചാണകം.

ഗോവിൾ - ചാണകം.

ഗോശകൃത്തു് - ചാണകം

ഗോശാല - പ്ര പശുക്കൂടു്, തൊഴുത്തു്. വ. തിരുവരത്തിലുററൻ.

ഗോശീൎഷം ചെങ്ങഴിനീൎപ്പൂവിന്റെ ഗന്ധത്തോടു സദൃശമായ ഗന്ധമുള്ള ചന്ദനം. ഗോവിന്റെ ശിരസ്സാകൃതിയുള്ളതെന്നൎത്ഥം.

[മലയപൎവ്വതത്തോടു ചേൎന്നു 'ഗോശീൎഷം' എന്ന പൎവ്വതം ഉണ്ടത്രെ. അവിടെ ഉണ്ടായതാകുന്നതും അഭിപ്രായം കാണുന്നു].

ഗോഷ്ഠം - അമ്പാടി. പശുക്കൾ സ്ഥിതി ചെയ്യുന്നേടം എന്നൎത്ഥം. മറെറാരുപൎയ്യായം - ഗോസ്ഥാനകം.

ഗോഷ്ഠാഷ്ടമി - കൃഷ്ണാഷ്ടമി (അഷ്ടമിരോഹിണി). തുലാമാസത്തിലെ വെളുത്ത അഷ്ടമി എന്നു കോളിൻസ് നിഘണ്ടു.

ഗോഷ്ഠി - പ്ര. മൎയ്യാദയില്ലാത്തപ്രവൃത്തി. വ. വാഗ്. ന. (സം)സഭ. എല്ലാവരും ഒരുപോലെ ശോഭിക്കുന്നേടം എന്നൎത്ഥം.

ഗോഷ്പദം - പ്ര. പശുക്കൾ മേയുന്ന സ്ഥലം. വ. പശുക്കളുമ്പോളുമുള്ള അളവു്. ന. പശുക്കളമ്പു്.

ഗോസം - നവംപശു (ഗോപം എന്നതിന്റെ പാഠം)

ഗോസംഖ്യൻ - ഇടയൻ. പശുക്കളെ വ്യക്തമായി വിളിക്കുന്നവൻ എന്നൎത്ഥം.

ഗോസമൂഹം - ഗോക്കളുടെ കൂട്ടം. പൎയ്യായങ്ങൾ ഗവ്യാ, ഗോത്രാ.

ഗോസൎഗ്ഗം - പ്രഭാതകാലം. പശുക്കളെ വിടുന്ന സമയം എന്നൎത്ഥം.

ഗോസ്തനം - പ്ര. നാലിഴയുള്ള മുത്തുമാല. സംഖ്യകൊണ്ടു പശുവിന്റെ മുലയോടു സദൃശം എന്നൎത്ഥം. വ. വലിയ മുന്തിരി.

ഗോസ്തനി - മുന്തിരി. പശുവിന്റെ മുലയ്ക്കു തുല്യമായ ഫലമുള്ളതെന്നൎത്ഥം.

ഗോസായി - ഭിക്ഷ യാചിച്ചുനടക്കുന്ന ഒരുവക തപസ്വികൾ.

ഗോസ്ഥാനം, ഗോസ്ഥാനകം — അമ്പാടി. പശുക്കളുടെ സ്ഥാനം എന്നൎത്ഥം.

ഗോസ്വാമി - പശുക്കളുടെ ഉടമസ്ഥൻ.

ഗോഹത്യ - പശുവധം.

ഗോഹനം - ഊടക, മുക്കിക.

ഗോഹരീതകി - കൂവളം.

ഗോളകൻ - വിധവയുടെ പുത്രൻ. ഭൎത്താവു മരിച്ചതിൽപിന്നെ ജാരസംസൎഗ്ഗംകൊണ്ടുണ്ടായ പുത്രൻ. അകത്തിട്ടു വളൎത്തപ്പെടുന്നവൻ (പുറത്തു കാണിപ്പാൻ നിവൃത്തിയില്ലല്ലോ) എന്നൎത്ഥം.

ഗോളം, ഗോളകം - പ്ര. ഉണ്ട, മണ്ണുകൊണ്ടുണ്ടാക്കിയ ഉണ്ട മുതലായതു്. വ.

മാഡലം ന. ഇന്ദ്രിയാന്തരമായ അവയവവിശേഷം. ൪. പാട്ട ൫. മക്ഷി. ന്റു. മനോഷ ൭. മഞ്ജലി.

ഗോളിച്ചീര-ഉപ്പുകറ്റ (ഉപ്പുററി)
[അശസ്സ്, അഗ്നിമാന്ദ്യം, വിഷം ഇവയ്ക്കു നന്ന്. വാതം, കഫം ഇവയെ വൎദ്ധിപ്പിക്കും. രുചികരമാണ്, വയറടപ്പുണ്ടാക്കും. ശാകവൎഗ്ഗത്തിൽപെട്ട പത്രശാകമാകുന്നു. മിക്കവാറും വേനലിൽ ഉണ്ടാകും. വയൽ, തണപ്പുള്ള പ്രദേശം ഇ ചിടങ്ങളിലാണുണ്ടാകുന്നതു്. സംസ്കൃതത്തിൽ ഘോലി, ലോണി. ഇംഗ്ലീഷിൽ Purslane പഴ്സ്ലേൻ].

—ഃഃ—

## ഗൌ

ഗൌ-പ്ര. വസ്തു. ൨. വെള്ളം. ന. കാള. ൪. ഇടവം. ൫. ആന

ഗൌഡ, ഗൌഡ-ഒരു ദേശം (ഇപ്പോഴം) ബങ്കാളം.

ഗൌഡൻ-ഗൌഡദേശക്കാരൻ.

ഗൌഡപാദർ-ഗൌഡരാജാവു്.

ഗൌഡം-പ്ര ഗൌഡം എന്ന ദേശം ൨. ഗൌഡഭാഷ.

ഗൌഡഭാഷ-"ക്രിസ്ത്വാബ്ദം ൧൨-ാംശതവൎഷത്തിൽ പുരാതനങ്ങളായ രാജകുടുംബങ്ങൾ ക്ഷയിച്ചു രാജപുത്രന്മാരെന്ന ജാതിക്കാർ എല്ലായിടത്തും പ്രബലന്മാരായിത്തീൎന്നതിനോടുകൂടി പ്രാകൃതഭാഷകൾ ഹിന്ദി മുതലായ ഭാഷകളായി പരിണമിച്ചു. ഉത്തര ഹിന്ദുസ്ഥാനിൽ അഞ്ചു ഗൌഡഭാഷകൾ ഉണ്ടെന്നു ചിലർ പറഞ്ഞുവരുന്നു. എന്നാൽ ഇപ്പോൾ ഗൌഡഭാഷകൾ അഞ്ചിലധികം ഉള്ളതാകുന്നു. അവ ബംഗാളി, ഒറിയാ, ഹിന്തി, പഞ്ചാബി, സിന്തി, ഗുജറാത്തി, മഹാരാഷ്ട്രം, കാശ്മീരി, മാൎവാഡി ഹിന്ദുസ്ഥാനി ഇവയാകുന്നു".

ഗൌഡരാജ്യം-ബങ്കാളത്തിന്റെ വടക്കുവശം. ഇതിനു പുണ്ഡ്രദേശം എന്നും പേരുണ്ടു്.

ഗൌഡഭാഷകൾ-ബങ്കാളി, ഒറിയാ, ഹിന്തി, പഞ്ചാബി, സിന്തി, ഗുജറാത്തി, മഹാരാഷ്ട്രം, കാശ്മീരി, മാൎവാഡി, ഹിന്ദുസ്ഥാനി.

ഗൌഡി-സാഹിത്യസാമ്രാജ്യപ്രകാരം (സംസ്കൃത) രീതികളിൽ ഒന്നു്. ഗൌഡദേശക്കാൎക്കു പ്രിയമാകയാൽ ഈ പേർ വന്നു. ഇതിനു് അക്ഷരാഡംബരം പ്രധാനം.

ഗൌണ-വി. പ്ര. കീഴിലുള്ള, കീഴ്ത്തരമായ, താണ. ൨. രൂപകമായ, അലങ്കാരരൂപകമായ. ന. ലക്ഷണസംബന്ധമായ, വിശേഷണമായ. ൪. ഗുണസംബന്ധമായ [സ്ത്രീലിംഗം-ഗൌണി]

ഗൌണപക്ഷം-ഒരു തൎക്കത്തിന്റെയോ മറേറാ ബലഹീനമായ ഭാഗം.

ഗൌണിക-വി. സത്വരജസ്തമോഗുണങ്ങളെ സംബന്ധിച്ച.

ഗൌതമൻ-പ്ര. ഒരു മുനി.
[ബ്രഹ്മാവിന്റെ പുത്രൻ ഉചത്ഥ്യൻ തൽപുത്രൻ ദീൎഘതമാവു്. തൽപുത്രൻ ഗൌതമൻ.]
[ഹിന്ദുക്കളുടെ തൎക്കശാസ്ത്രം ഉണ്ടാക്കിയതു ഗൌതമമഹൎഷിയാകുന്നു. അദ്ദേഹം ജീവിച്ചിരുന്നതു കപിലാചാൎയ്യൻ ജീവിച്ചിരുന്നതിനു് ഒന്നോ രണ്ടോ ശതാബ്ദങ്ങൾ കഴിഞ്ഞിട്ടാകുന്നു. അദ്ദേഹം ഉണ്ടാക്കിയ ന്യായസൂത്രം എന്ന തൎക്കശാസ്ത്രം അഞ്ചു ഭാഗമായിട്ടാണ് വിഭാഗിക്കപ്പെട്ടിട്ടുള്ളതു്. തത്വദൎശികകാലം-പ്രാചീനാൎയ്യാവൃത്തം.]
൨. ശാക്യമുനി. ശാക്യന്മാർ ഗോതമ (ഗൌതമ) ശിഷ്യന്മാരാണു്. ആ വംശത്തിലുണ്ടാകയാൽ ഗൌതമൻ. പത്മയോ

ങ്ങൾ-ശാക്യമുനി, ശാക്യസിംഹൻ, സർവാർത്ഥസിദ്ധൻ, ശൌദ്ധോദനി, ഗൌതമൻ, അർക്കബന്ധു, മായാദേവീസുതൻ. ൩. ഭാരദ്വാജൻ. ൪. ന്യായദർശനത്തിന്റെ സ്ഥാപകനായ ശതാനന്ദൻ. ൫. അഹല്യയുടെ ഭർത്താവ്. ൬. കൃപൻ. ൭. ബുദ്ധൻ.

ഗൌതമി-൧. ദുർഗ്ഗ. ൨. ഗോദാവരിനദി. ൩. ഗോരോചന. ൪. ദ്രോണരുടെ ഭാര്യയായ കൃപി (കൃപം). ൫. ഗോമതിനദി. ൬. ഒരു ഭയങ്കരരാക്ഷസി.

ഗൌധാരം-ഉടുമ്പിൻകുട്ടി. (ഗോധാരം എന്നതു നോക്കുക)

ഗൌധൂമീനം-ഗോതമ്പുവിളയുവാൻ യോഗ്യമായ ക്ഷേത്രം.

ഗൌധേയം, ഗൌധേരം-ഉടുമ്പിൻകുട്ടി.

ഗൌര, ഗൌഢ-(ഇപ്പേരുകൾ) ബങ്കാളം.

ഗൌര-വി. ൧. വെളുത്ത. ൨. മഞ്ഞനിറമുള്ള. ൩. ചെമന്ന.

ഗൌരഃ-൧. വെളുപ്പ്. മനസ്സ് ഇതിനെപ്പറ്റി ഉത്സാഹമുള്ളതായിരിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു. ൨. മഞ്ഞനിറം. ൩. ചെമപ്പ്. ൪. സ്വർണ്ണം. ൫. കർപ്പൂരം ൬. താമരവള്ളി. ൭. അരിതാരം. ൮. വെങ്കടക്. ൯. വെള്ള.

ഗൌരവം-സാഹിത്യസംഹൃദ്യപ്രകാരം ഒരു ശബ്ദവൃത്തിവിശേഷം. മാത്രമുള്ള മന്ദമായ ഗണിക്കമാത്രം ചെയ്യുന്നേടത്തു ഗൌരവം.

ഗൌരവം-൧. യശസ്സ്. ൨. തേജസ്സ്. ൩. ശ്രേഷ്ഠത. ൪. ഗുരുത്വം, വിചാരസ്ഥിതി, കനം. ഗൌരവം > <ലാഘവം. ൫. അറിവ്. ൬. എതിരേല്പ്. അതിഥിയും മറ്റും തന്റെ വീട്ടിൽ വരുമ്പോൾ വേഗം എഴുന്നേറ്റ് അവർക്ക് ചെയ്യുന്ന സല്ക്കാരം. മറ്റൊരു പര്യായം-'അഭ്യുത്ഥാനം'.

ഗൌരാതപത്രം-വെൺകൊറ്റക്കുട

ഗൌരി-൧. പാർവതി. മഞ്ഞനിറമുള്ളവൾ എന്നർത്ഥം. ചെമപ്പുവർണ്ണമുള്ളവൾ എന്നു മറ്റൊരു പക്ഷം. ൨. കന്യക (പത്തുവയസ്സായ പെൺകുട്ടി, എട്ടു വയസ്സായവൾ എന്നും കാണുന്നു.) ഋതുമതിയാവാത്ത വിവാഹത്തെക്കുറിച്ച് ഉത്സാഹമുള്ളവൾ എന്നർത്ഥം.

'അഷ്ടവർഷാഭവേൽകന്യാ
നവവർഷാചരോഹിണി
ദശവർഷാഭവേൽഗൌരി
അതഊർദ്ധ്വംരജസ്വലാ' (സ്മൃതി)

൩. ഭൂമി, ൪. വരുണന്റെ ഭാര്യ. ൫. ഗോരോചന. ൬. തുളസി. ൭. മരമഞ്ഞൾ. ൮. സ്വർണ്ണവാഴ. ൯. ആകാശമഞ്ചി. ൧൦. വള്ളിമുല്ല. ൧൧. ഞാവൽ. ൧൨. മഞ്ഞൾ. ൧൩. വെങ്കാരം. ൧൪. മഞ്ചട്ടി,

ഗൌരികാ-കന്യക.

ഗൌരിപ്പാഷാണം, ഗൌരീപാഷാണം-വിഷമുള്ള ഒരുവക കല്ല്.

ഗൌലക്ഷണികൻ-പശുലക്ഷണം അറിയുന്നവൻ.

ഗൌഷ്ഠീനം-മുമ്പിൽ ഗോപന്മാരും പശുക്കളും പാർത്തിരുന്ന സ്ഥലം. ഇപ്പോൾ പശുക്കൾ ഒഴിഞ്ഞിരിക്കുന്ന ദേശം.

'വിധായഗൌഷ്ഠീനമഥക്ഷമാതലേ'
(നാരായണീയം)

ഗൌഹ്യകം-വി. ഗുഹ്യകസംബന്ധമായുള്ള.

ഗൌളി-പല്ലി. പര്യായങ്ങൾ-മുസലി, ഗൃഹഗോധിക (ഗൃഹഗോളിക) (ഗൌളിശാസ്ത്രം എന്ന ശബ്ദം നോക്കുക.)

ഗൌളിപത്ത്-ഒരു രോഗം.

ഗൌളിശാസ്ത്രം-പല്ലിയുടെ ശബ്ദത്തെ അറിഞ്ഞു ലക്ഷണം പറവാൻതക്ക ഒരു പ്രമാണഗ്രന്ഥം.

[ഇതിന്റെ ശബ്ദംകേട്ടു കാൎയ്യസംശയങ്ങൾ തീൎക്കാം. അനേകം ശ്ലോകങ്ങളെയും തിരിച്ചറിയാം. ഒരിക്കൽ മരീചി മുതലായ മഹൎഷികൾ ബ്രഹ്മാവിനോടു കാലത്രയസംഭവങ്ങളെ അറിയുന്നതിന് എളുപ്പമായ മാൎഗ്ഗം ഏതെന്നു ചോദിച്ചു. അതിനു പരമേശ്വരനെ സേവിക്കയാണു നന്നെന്ന് അദ്ദേഹം മറുപടി പറഞ്ഞു. അനന്തരം അവർ പരമശിവനെ തപസ്സുചെയ്തു. നാല്പതുദിവസമായപ്പോൾ ഒരു കൃഷ്ണത്രയോദശിനാൾ സന്ധ്യാസമയം പരമേശ്വരൻ മഹൎഷിമാരുടെ മുമ്പിൽ പ്രത്യക്ഷനായി. തൃക്കയ്യിൽ ഒരു ഗുളപിണ്ഡവുമുണ്ടായിരുന്നു. അദ്ദേഹം അതിനെ തിരുമ്മിപ്പൊടിച്ച് അണുപ്രായമാക്കി മേല്പോട്ടു എറിഞ്ഞു. ഉടൻ ഓരോ ഗുളാണുക്കളിൽനിന്നു വെളുപ്പ്, കറുപ്പ്, ചെമപ്പ്, മഞ്ഞ, പച്ച ഈ നിറങ്ങളിൽ അഞ്ചു ജന്തുക്കൾ ഉത്ഭവിച്ചു. ഇവ പതനം, സഞ്ചാരം, ആരോഹം, അവരോഹം, ശബ്ദം മുതലായവ ഹേതുവായിട്ടു ത്രികാലസംഭവങ്ങളെ അറിയിക്കുന്നു. ഗുളത്തിൽനിന്നുണ്ടാകയാൽ 'ഗൌളി' എന്നു പേർവന്നു. കൃഷ്ണത്രയോദശി സന്ധ്യാസമയം ഉത്ഭവിക്കയാൽ ആ സമയം പ്രദോഷവ്രതക്കാർ ഇവയെ കാണുക ശ്രേഷ്ഠമാണ്. വ്രതമില്ലാത്തവൎക്കും ആ ഫലമുണ്ടാകും. ഈ ജന്തുക്കളെ കൊല്ലുന്നവൎക്കു ബ്രാഹ്മണശിശുക്കളെ കൊന്നാലുള്ള പാപമുണ്ടാകും. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നു നാലു ജാതികളും പുരുഷൻ, സ്ത്രീ, നപുംസകം എന്നു മൂന്നു വകഭേദവുമുണ്ട്. ഗൌളിശാസ്ത്രം അനേകം മുനികൾ എഴുതീട്ടുണ്ടെങ്കിലും 'നാരദീയം' എന്നതിനാണ് അധികം പ്രസിദ്ധി.]

## ഗ്മ

ഗ്മാ-ഭൂമി.

## ഗ്ര

ഗ്രഥനം-കെട്ട്, ബന്ധനം.

ഗ്രഥിത-വി. ൧. കോൎക്കപ്പെട്ട. ൨. കെട്ടപ്പെട്ട.

ഗ്രഥിതം-൧. കോൎക്കപ്പെട്ടത്. ൨. ഒരു രോഗം.

[കഫംനിമിത്തം ലിംഗം നെല്ലിന്റെ ഓകകൊണ്ടു സമം നിറഞ്ഞിരിക്കുന്നു എന്നു തോന്നും. ഇതത്രെ ഗ്രഥിതം.]

ഗ്രന്ഥകൎത്താവ്-പുസ്തകത്തെ ഉണ്ടാക്കുന്നവൻ.

ഗ്രന്ഥകാരൻ-ഗ്രന്ഥമെഴുത്തുകാരൻ

ഗ്രന്ഥക്കടി-പുസ്തകശാല.

ഗ്രന്ഥനം-ബന്ധനം, കെട്ട്.

ഗ്രന്ഥം-൧. പുസ്തകം. ൨. മുപ്പത്തുരണ്ടക്ഷരം കൂടിയത്.

ഗ്രന്ഥവരി - കോവിലകങ്ങളിലും മററും വിവരങ്ങൾ എഴുതിവെക്കുന്നത്.

[കലിവൎഷം ൩൩൦൦-ന് ഇപ്പുറം കോവിലകങ്ങളിലും മററും കാൎയ്യാവസ്ഥകളെ ഗ്രന്ഥവരിയായി എഴുതിവെയ്ക്കുക പതിവുണ്ടായിരുന്നു. ഇവ ഗദ്യത്തിലായിരുന്നു. ചിറക്കൽ ഗ്രന്ഥവരി, തലശ്ശേരിഗ്രന്ഥവരി, കൊച്ചീഗ്രന്ഥവരി, തിരുവിതാംകൂർ ഗ്രന്ഥവരി ഇവ ഇപ്പോൾ ഇരിപ്പുണ്ട്. ആദ്യം കോലെഴുത്തിലായിരുന്നു എഴുതിയത്.]

ഗ്രന്ഥസമുച്ചയം-ഗ്രന്ഥങ്ങളുടെ കൂട്ടം.

ഗ്രന്ഥി-വി. പുസ്തകമുള്ള (ന്ഥീ, ന്ഥിനി, ന്ഥി.)

ഗ്രന്ഥി-൧. മുട്ട്. ൨. സന്ധി. ൩. മുഴ. ൪. ഗ്രന്ഥകൎത്താവ്. ൫. ഒരു രോഗം.

[പ്രത്യേകം ദുഷിച്ചിട്ടുള്ള വാതപിത്ത കഫങ്ങളും മാംസരസങ്ങളും, മേദസ്സ്, ഞരമ്പുകളും ഇവയെ ദുഷിപ്പിച്ചിട്ട നീരിനെ ഉണ്ടാക്കും. ഇതു ദൃഢമായും വട്ടമായുമിരിക്കും ]

൬. മുളയുടെ കമ്പ്. വളയുന്നത് എന്നർത്ഥം. ൭. കരിഞ്ചുണ്ണ വൃ പെരുമുത്ത ങ്ങ. ൮. പിണ്ഡാളൻചെമ്പ്. ൧൦ ശർക്കര

ഗ്രന്ഥികൻ-ഗണിതക്കാരൻ.

ഗ്രന്ഥികം-൧. തിപ്പലിവേര്. ൨ ഗുഗ്ഗുലു ൩. കരിഞ്ചുണ്ണ. ൪ മുള.

ഗ്രന്ഥിതം-൧ കെട്ടപ്പെട്ടത്. ൨. കോർക്കപ്പെട്ടത്. കൂട്ടിച്ചേർക്കപ്പെട്ടത് എന്നർത്ഥം.

ഗ്രന്ഥിപർണ്ണം-തുണിയംകം. ഗ്രന്ഥി സദൃശങ്ങളായ ഇലകൾ ഉള്ളത് എന്നർത്ഥം. കമ്പിൽ ഇലകൾ ഉള്ളത് എന്നുമാകാം

ഗ്രന്ഥിലം-൧. വയ്യങ്കത ൨. മുട്ടുവള കമ്പുള്ളത് എന്നർത്ഥം. ൩ ഇഞ്ചി ൪. തിപ്പലിമൂലം. ൫ പെരുഞ്ചീര. ൬. പിണ്ഡാളൻചെമ്പ്. ൭. അടവിക്കച്ചോലം.

ഗ്രന്ഥിലാ-൧ വള്ളിക്കറുക. ൨. മീൻകണ്ണിക്കറുക ൩ വയമ്പ്. ൪. പെരുമുത്തങ്ങ.

ഗ്രസനം-൧. വിഴുങ്ങൽ. ൨ ആക്രമം.

ഗ്രസിക്കുക-൧ വിഴുങ്ങുക. ൨. ഭക്ഷിക്കുക.

ഗ്രസ്ത-വി. ൧. വിഴുങ്ങപ്പെട്ട. ൨. ഭക്ഷിക്കപ്പെട്ട. ൩. സ്പഷ്ടമല്ലാതെ പറയുന്ന.

ഗ്രസ്തം-൧. വ്യാധികളും മറ്റും കൊണ്ടുള്ള ഉച്ചാരണദോഷത്താലോ ബാലത്വം ബധിരത്വം മുതലായവകൊണ്ടോ പദങ്ങളെയോ അക്ഷരങ്ങളെയോ ലോപിച്ചു പറയുന്ന വാക്ക്. ൨. ഭക്ഷിക്കപ്പെട്ട അന്നാദികൾ.

ഗ്രസ്താസ്തമനം-സൂര്യനും ചന്ദ്രനും ഗ്രഹണം പിടിച്ചു മോചനത്തിനുമുമ്പ് അസ്തമിച്ചാലുള്ളതിന്റെ പേർ. ഈ ദിവസം ശ്രാദ്ധാദികൾക്കു നിഷേധം; സൂര്യന്റെയും ചന്ദ്രന്റെയും ശുദ്ധമണ്ഡലം കാണുന്നതിനു മുമ്പ് ഉണ്ണാനും പാടില്ല.

ഗ്രഹചാരം-ഗ്രഹങ്ങളുടെ സഞ്ചാരം.

ഒരു രാശിയിൽ

ആദിത്യൻ-൧ മാസം.
ചന്ദ്രൻ-രണ്ടരദിവസം.
ചൊവ്വ-൪൫ ദിവസം.
ബുധൻ-൧ മാസം.
വ്യാഴം-൧ വർഷം.
ശുക്രൻ-൧ മാസം.
ശനി-രണ്ടര വർഷം.
രാഹു-ഒന്നര വർഷം
കേതു-ഒന്നര വർഷം.

ചില സമയങ്ങളിൽ ഗ്രഹങ്ങളുടെ ഗതി പിറകോട്ടായിരിക്കും. അതിനു 'വക്രഗതി' എന്നുപേർ.

ഗ്രഹശത്രുമിത്രബാന്ധവാവസ്ഥ.

ആദിത്യനു-ചന്ദ്രകുജവ്യാഴന്മാർ ബന്ധുക്കളും ബുധൻ സമനും ശനിശുക്രന്മാർ ശത്രുക്കളുമാകുന്നു.

ചന്ദ്രനു-ആദിത്യബുധന്മാർ ബന്ധുക്കളും ചൊവ്വ, വ്യാഴം, ശുക്രൻ, ശനി ഇവർ സമന്മാരുമാകുന്നു.

ചൊവ്വാക്കു ആദിത്യചന്ദ്രവ്യാഴന്മാർ ബന്ധുക്കളും ശുക്രനും ശനിയും സമന്മാരും ബുധൻ ശത്രുവുമാകുന്നു.

ബുധന്-ആദിത്യശുക്രന്മാർ ബന്ധുക്കളും ചൊവ്വായും വ്യാഴവും ശനിയും സമന്മാരും ചന്ദ്രൻ ശത്രുവുമാകുന്നു.

വ്യാഴത്തിനു ആദിത്യനും ചന്ദ്രനും ചൊവ്വായും ബന്ധുക്കളും ശനി സമനും ബുധശുക്രന്മാർ ശത്രുക്കളുമാകുന്നു.

ശുക്രന്—ശനിബുധന്മാർ ബന്ധുക്കളും കുജവ്യാഴന്മാർ സമന്മാരും ആദിത്യചന്ദ്രന്മാർ ശത്രുക്കളുമാകുന്നു.

ശനിക്കു—ശുക്രബുധന്മാർ ബന്ധുക്കളും വ്യാഴൻ സമനും ആദിത്യനും ചന്ദ്രനും ചൊവ്വായും ശത്രുക്കളുമാകുന്നു.

## ഗ്രഹങ്ങളുടെ ദൃഷ്ടിക്രമം.

എല്ലാ ഗ്രഹങ്ങൾക്കും ൩, ൧൦ ഇവയിൽ കാൽ ദൃഷ്ടി. ൫, ൯ ഇവയിൽ അര ദൃഷ്ടി. ൪, ൮ ഇവയിൽ മുക്കാൽ ദൃഷ്ടി ൭-ൽ പൂർണ്ണദൃഷ്ടി. വിശേഷിച്ചും ശനിക്കു മൂന്നിലും പത്തിലും, വ്യാഴത്തിനു അഞ്ചിലും ഒൻപതിലും, ചൊവ്വാക്കു നാലിലും എട്ടിലും പൂർണ്ണദൃഷ്ടി ഭവിക്കുന്നു.

ഗ്രഹണം—൧. എടുക്ക, കൈക്കൊൾക. ൨. അറിവ്. ൩. സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം. സൂര്യചന്ദ്രന്മാരുടെ ഗ്രഹണത്തിന് ഉപരാഗം, ഗ്രഹം (ഗ്രഹണം) എന്ന പര്യായങ്ങൾ

(രാഹു എന്ന അസുരൻ ദേവന്മാരൊന്നിച്ചിരുന്നു അമൃതപാനം ചെയ്തതു സൂര്യചന്ദ്രന്മാർ അറിഞ്ഞു വിഷ്ണുവിനോടു പറകയാൽ അദ്ദേഹം രാഹുവിന്റെ ശിരച്ഛേദം ചെയ്തു എന്നും അമൃതമഹിമാവുകൊണ്ടു രണ്ടു ഖണ്ഡങ്ങളും അജരാമരതയെ പ്രാപിച്ചു എന്നും വൈരനിര്യാതനത്തിനു രാഹു സൂര്യചന്ദ്രന്മാരെ അപ്പഴപ്പോൾ ആക്രമിക്കുന്നു എന്നും മററും പുരാണകഥയുണ്ടു്. രാഹു ചന്ദ്രനെ വിഴുങ്ങുന്നതായും മററുംകവികളും അതിശയോക്ത്യാ വർണ്ണിച്ചുകാണുന്നു. ഹിന്ദുക്കളുടെ ഗോളശാസ്ത്രത്തിൽ ലേശവും പരിചയമില്ലാത്ത പാമരന്മാർ ഈ അന്ധവിശ്വാസത്തെ ഇന്നും ഒഴിച്ചിട്ടില്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ജ്യോതിശ്ശാസ്ത്രപ്രകാരം രാഹുവും കേതുവും തമോഗ്രഹങ്ങളുണ്ടു്. മററു ഗ്രഹങ്ങളെപ്പോലെ ഇവക്കു ബിംബമില്ല. ഈ പേരുകൾ സൂര്യചന്ദ്രന്മാർ സഞ്ചരിക്കുന്ന വൃത്തങ്ങൾ തങ്ങളിൽ യോജിക്കുന്ന സമ്പാതസ്ഥലങ്ങൾക്കാണു് പറയുന്നതു്. സൂര്യചന്ദ്രന്മാർ ഈ രാഹുകേതുക്കളിൽ ഒന്നിനോടു അടുത്തു നിന്നാലേ ഗ്രഹണം വരൂ. സൂര്യനെ മറയ്ക്കുന്നതു ചന്ദ്രനും ചന്ദ്രനെ മറയ്ക്കുന്നതു ഛായയുമാകുന്നു. രാഹുകേതുക്കളോടടുത്തു സൂര്യൻ നില്ക്കുമ്പോൾ വരുന്ന കറുത്തവാവുനാൾ സൂര്യഗ്രഹണമുണ്ടാകുന്നു. ചന്ദ്രബിംബം ഛായയാൽ മറയ്ക്കപ്പെടുമ്പോൾ ചന്ദ്രഗ്രഹണം ഉണ്ടാകുന്നു].

ഗ്രഹണി—ഒരു രോഗം. ജഠരാഗ്നിയെ ഗ്രഹിക്കുന്നതു് എന്നർത്ഥം. (എപ്പോഴും മലം പ്രവഹിച്ചുകൊണ്ടിരിക്കും). മറെറാരു പര്യായം—പ്രവാഹികാ.

[അതിസാരം ശമിച്ചതിൽ പിന്നീടു അഗ്നിബലം വരുന്നതിനു മുമ്പു അപഥ്യസാധനഭോജനം നിമിത്തം അഗ്നി വീണ്ടും അധികം മന്ദിക്കയും അതുമൂലം ഗ്രഹണിയുണ്ടാകയും ചെയ്യുന്നു. അതിസാരം ഇല്ലാതിരുന്നാലും അഗ്നിബലത്തെ കവിഞ്ഞു ഗുരുദ്രവ്യഭക്ഷണം കഴിച്ചാൽ ഗ്രഹണിയുണ്ടാകും. അതിസാരം പിടിപെട്ടിരിക്കുന്ന സമയവും അപഥ്യഭക്ഷണം ഗ്രഹണിയെ ഉണ്ടാക്കുന്നതാണു്.]

ഗ്രഹണീഹരം—൧. കരയാമ്പൂവ്. ൨. ഗ്രഹണിയെ ശമിപ്പിക്കുന്ന ഒരു മരുന്നു്.

ഗ്രഹനായകം—എരിക്കു്.

ഗ്രഹപതി—൧ ആദിത്യൻ. ചന്ദ്രാദി ഗ്രഹങ്ങളുടെ നാഥൻ എന്നർത്ഥം. ൨. എരിക്കു്.

ഗ്രഹപ്പിഴ—ദൗർഭാഗ്യം, ദുരദൃഷ്ടം, ദൈവികമായ കഷ്ടത.

ഗ്രഹഭാജനം-കതിര.

ഗ്രഹം-൧. നവഗ്രഹങ്ങൾക്കു പ്രത്യേകം പറയുന്ന ഒരു പേർ. ൨. ഗ്രഹണം. സൂൎയ്യനും ചന്ദ്രനും ഇതിനാൽ ഗ്രഹിക്കപ്പെടുന്നു എന്നൎത്ഥം. മറെറാരു പൎയ്യായം 'ഉപരാഗം'. ൩. പിടിക്കുക ൪. നിൎബ്ബന്ധം.

ഗ്രഹയാലു-വി. ഗ്രഹിക്കുന്ന, അറിയുന്ന.

ഗ്രഹരാജം-൧. കൎപ്പൂരം, ൨. എരിക്ക്.

ഗ്രഹസ്ഥിതി-നവഗ്രഹങ്ങളുടെ ഇരിപ്പ്.

ഗ്രഹിക്കുക-൧. അറിയുക. ൨. പിടിക്കുക ൩. വാങ്ങിക്കുക. ൪. പഠിക്കുക. (കാ. ക്രി. ഗ്രഹിപ്പിക്കുക).

ഗ്രഹീത, ഗ്രഹീതം-൧. പിടിക്കപ്പെട്ട. ൨. അറിയപ്പെട്ട.

ഗ്രഹീതുകാമൻ-പിടിക്കാൻ തുനിയുന്നവൻ, ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവൻ.

ഗ്രഹീതൃ-വി. ൧. അറിയുന്ന. ൨. എടുക്കുന്ന.

## ഗ്രാ

ഗ്രാമടിക-നികൃഷ്ടമായ ഗ്രാമം.

ഗ്രാമണി-൧. ഗ്രാമത്തിൽ പ്രമാണി. ഗ്രാമത്തെ നയിക്കുന്നവൻ, കൊണ്ടു നടക്കുന്നവൻ എന്നൎത്ഥം. ൨. ക്ഷൌരക്കാരൻ ൩. ശ്രേഷ്ഠൻ. ൪. അധിപൻ. ൫. അമരി.

ഗ്രാമത-ഗ്രാമങ്ങളുടെ കൂട്ടം.

ഗ്രാമതക്ഷൻ, ഗ്രാമതച്ചൻ-ഊരാച്ചൻ, ഗ്രാമക്കാൎക്കധീനനായ ആശാരി, ഊരിൽ അവകാശിയായ തച്ചൻ.

ഗ്രാമം-൧. ജനങ്ങളുടെ കൂട്ടം. പ്രാണികളാൽ സേവിക്കപ്പെടുന്നതു് എന്നൎത്ഥം. ഭക്ഷണം ഭരിക്കുന്നതും എന്നുമാകാം. മററൊരു പൎയ്യായം-സംവസഥം ൨. ദേശം, കര, ഊര ൩. കൂട്ടം. ഉ-ം, ഗുണഗ്രാമം, ശബ്ദഗ്രാമം ഇത്യാദി.

(ഗ്രാമശബ്ദം തനിച്ചു പ്രയോഗിച്ചാൽ അതു ഗ്രഹസമൂഹത്തിൻെറയും ഷഡ്ജാദി സ്വരത്തിൻെറയും പേരായിരിക്കും.)

'സ്ഫുടീഭവൽഗ്രാമവിശേഷമൂൎച്ഛനാം'
(മാഘം)

(മൂന്നുവിധം-ഷഡ്ജഗ്രാമം, മധ്യമഗ്രാമം, ഗാന്ധാരഗ്രാമം)

ഗ്രാമമുഖം-൧. ദേശത്തിൻെറ മുഖ്യ. ൨. ചന്തസ്ഥലം.

ഗ്രാമമൃഗം-നായ്.

ഗ്രാമസൂകരം-പോക്ക്

ഗ്രാമാധിപൻ-ഗ്രാമത്തിൽ പ്രമാണി.

ഗ്രാമാന്തം-ഗ്രാമസമീപദേശം (ഉപശല്യം എന്നതു നോക്കുക). ദേശത്തിൻെറ അവസാനം എന്നും കാണുന്നു.

ഗ്രാമികൻ-ഗ്രാമക്കാരൻ.

ഗ്രാമീണ-൧. അമരി എന്ന മരുന്ന് നാട്ടുപുറത്തുണ്ടാകുന്നതു് എന്നൎത്ഥം ൨. ചെഞ്ചീര.

ഗ്രാമീണം-൧. നായ്. ൨. നാട്ടുപന്നി.

ഗ്രാമേയം-വി. ഗ്രാമത്തിലുണ്ടായ, പരിഷ്കാരമില്ലാത്ത.

ഗ്രാമേയി-വേശ്യാസ്ത്രീ

ഗ്രാമ്യ-വി. ൧. ഗ്രാമത്തിൽ വെച്ചു, ഗ്രാമസംബന്ധമായ. ൨. സഭ്യമല്ലാത്ത.

ഗ്രാമ്യധൎമ്മം-സ്ത്രീസംഗം, പാമരന്മാരുടെ പ്രവൃത്തി (വിവാഹമുള്ളവർ സ്ത്രീസേവയിൽ ചിന്ത നിവൎത്തിക്കുന്നവരാണല്ലോ).

ഗ്രാമ്യൻ-വിടൻ.

ഗ്രാമ്യം-൧. സഭ്യമല്ലാത്തതും അപരിഷ്കൃതന്മാരുടെ ഇടയിൽ കേട്ടുവരുന്നതുമായ ഗ്രാമ്യവചനം. ഗ്രാമത്തിൽ വെച്ചുള്ളതെന്ന ശബ്ദാൎത്ഥം അപരിഷ്കൃതന്മാരുടെ ഇടയിലുണ്ടായതു് എന്നു താല്പൎയ്യം. ൨.

കാവ്യത്തിൽ പദദോഷങ്ങളിൽ ഒന്ന്.
ഗ്രാമ്യം × സഭ്യം.

ഗ്രാമ്യാശ്വം-കഴുത.

ഗ്രാവധരാഹകം-അമുക്കിരം.

ഗ്രാവാ, ഗ്രാവം-പു. പർവതം. വ. കല്ല്.

'ഉഗ്രാവഗ്രാഗ്രഗ്രാഹ്യം'
(ഭാരതം)

(ചീത്ത ഗ്രാവങ്ങളുടെ (കല്ലുകളുടെ) അഗ്രങ്ങൾ കൊണ്ടു ഉഗ്രമായും അഗ്രാഹ്യമായുമുള്ളതു്. അഗ്രം=മുന. ഉഗ്രം=കടുപ്പം. അഗ്രാഹ്യം=സ്വീകരിക്കാൻ പാടില്ലാത്തതു.)

(ഗ്രാവം-ന. പു. ഗ്രൃ; ഗ്ര) മറയ്ക്കുന്നതു് എന്നർത്ഥം ശബ്ദിക്കുന്നതു് എന്നുമാവാം.

ഗ്രാവസ്തുത്ത്-ഋത്വിക്കുകളിൽ ഒരാൾ.

ഗ്രാസം-ഉരുള, ഉരുള, ഭക്ഷിക്കപ്പെടുന്നതു് എന്നർത്ഥം.

ഗ്രാഹക-വി. വാങ്ങിക്കുന്ന.

ഗ്രാഹകൻ-പു. വാങ്ങുന്നവൻ. വ. പുള്ള് എന്ന പക്ഷി.

ഗ്രാഹകം-പു. നീരാരൽ. വ. ചീങ്കണ്ണി. ന. പരുന്ത്. ര. പുള്ള്.

ഗ്രാഹം-പു. ചീങ്കണ്ണി. കോർമുതല എന്നും പക്ഷമുണ്ടു്. പ്രാണികളെ പിടിച്ചാൽ വിടാത്തതു് എന്നർത്ഥം മറ്റൊരു പര്യായം 'അവഹാരം,' ലതാകാരമായി ചുററികൊണ്ടു പ്രാണിഹിംസ ചെയ്യുന്നതു്, മത്സ്യവിശേഷമെന്നു മഹിംഗാഭട്ടീയം, (അവഹാരം എന്ന ശബ്ദം നോക്കുക) വ. കോൾമുതല. ന. വാങ്ങിക്കുക. ര. മുതല. ൯ പാമ്പു്.

ഗ്രാഹി-വി. പു. വാങ്ങിക്കുന്ന. വ. മലബന്ധത്തെ ചെയ്യുന്ന.

ഗ്രാഹി-വിളാവൃക്ഷം, വിളാമരം മലബന്ധത്തെ ചെയ്യുന്നതു് എന്നർത്ഥം.

ഗ്രാഹിണി-സ്ത്രീ. ചെറിയ കൊടിത്തൂവ. വ. മുക്കുററി.

ഗ്രാഹ്യ-വി. ഗ്രഹിക്കപ്പെടുവാൻതക്ക, കൈക്കൊള്ളത്തക്ക.

ഗ്രാഹ്യചതുഷ്ടയം-അമൃതം വിഷത്തിൽ നിന്നാലും, സുഭാഷിതം ബാലനിൽ നിന്നാലും, സൽകർമ്മം ശത്രുവിൽ നിന്നാലും, സ്ത്രീരത്നം ദുഷ്കുലത്തിൽ ജനിച്ചതായാലും സ്വീകരിക്കാം.

ഗ്രാഹ്യം-സ്വീകാര്യം.

—:0:—

## ഗ്രീ

ഗ്രീവ, ഗ്രീവം-സ്ത്രീ. കഴുത്തു്. ഇതു കൊണ്ടു ഭക്ഷിക്കുന്ന വസ്തുവിനെ ഇറക്കുന്നതിനാൽ ഈ പേർവന്നു. വ. പിടലി.

ഗ്രീവി-ഒട്ടകം.

ഗ്രീഷ്മ (കാല)ം-വേനൽ(ക്കാലം),

ഗ്രീഷ്മജ-സ്ത്രീ. കച്ചൂരി. വ. മുശിമുല്ല.

ഗ്രീഷ്മം-വേനൽക്കാലം, ഗ്രീഷ്മർത്തു. രസങ്ങളെ ഗ്രഹിക്കുന്ന കാലം എന്നർത്ഥം.

ഗ്രീഷ്മസുന്ദരം-വേനൽപ്പച്ച.

(ഗ്രീഷ്മർത്തു-മേടം ഇടവം ഈ രണ്ടു മാസങ്ങൾ കൂടുന്ന കാലമാണു്. ഇംഗ്ലീഷിൽ Summer)

—:0:—

## ഗ്രൈ

ഗ്രൈവേയം, ഗ്രൈവേയകം-കഴുത്തിൽ കെട്ടുന്ന ആഭരണം, കണ്ഠാലങ്കാരം. ഗ്രീവയിങ്കൽ ഭവിച്ചതു് എന്നർത്ഥം.

ഗ്രൈഷ്മി-മുശിമുല്ല.

—:0:—

## ഗ്ല

ഗ്ലപിതാ-പ്ര. തളൎന്ന. വ. വാട്ടപ്പെട്ട.
ഗ്ലസ്ത-വി. വിഴുങ്ങപ്പെട്ട.
ഗ്ലഹാ-പ്ര. ചൂതുകളിയിൽ വാതുചൊല്ലി പണയംകെട്ടുക. വ. ചൂതു.

## ഗ്ലാ

ഗ്ലാന-വി. പ്ര. തളൎന്ന. വ. രോഗമുള്ള.

'ഗ്ലാനം ഗാത്രം മെലിഞ്ഞോൻ'
(അമരുകശതകം)

ഗ്ലാനി-തളൎച്ച, ക്ഷീണം, വാട്ടം.
ഗ്ലാസ്നു-വി. പ്ര. തളൎന്ന. വ. രോഗമുള്ള.

## ഗ്ലൌ

ഗ്ലൌസ്സ്-പ്ര. ചന്ദ്രൻ. മാസംതോറും ക്ഷയിക്കുന്നവൻ എന്നൎത്ഥം. വ. കൎപ്പൂരം.

## ഘ

ഘ-ഹല്ലുകളിൽ നാലാം അക്ഷരം.
ഘട-ചേൎച്ച.
ഘടകൻ-പ്ര. ചേൎക്കുന്നവൻ. വ. പൊരുത്തം നോക്കുന്നവൻ.
ഘടകം-(വ്യാകരണത്തിൽ) വാക്യത്തിനുള്ള ഏതു പദത്തിനോടെങ്കിലും നേരെ അന്വയമുള്ള 'മം' മുതലായവ ഘടകങ്ങളാകുന്നു.
ഘടകൎപ്പരൻ-വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങളിൽ ഒരാൾ.
ഘടഘടം-ശബ്ദവിശേഷം.

'പടഹഘടാഘടായിതം മുഴക്കി'
(ശ്രീകൃഷ്ണചരിതം)

ഘടന, ഘടനം-ചേൎക്ക.
ഘടനാ, ഘടാ-ആനകൾ കൂടിച്ചേരുന്നതിന്റെ പേർ, ആനകളുടെ നിരക്കുക.
ഘടം-പ്ര. കടം. ചേൎക്കുന്നതു് എന്നൎത്ഥം. (ഘടി എന്നും പാഠം കാണുന്നു) വ. ആനത്തലയിലെ മുഴ. ന. കുംഭരാശി. ഒ. പൎവ്വതാഗ്രം. ഉ. തല.
ഘടാ-പ്ര. മധുരമാതളനാരകം. വ. സമൂഹം.

'ഘനാഘനാഘടാപടലാവൃത
ഗവാക്ഷ'
(അംബരീഷചരിതംകഥകളി)

ഘടി-പ്ര. നാഴിക (൨൪ മിനിട്ടു്). വ. നാഴിക വട്ടക. ന. ചെമ്പില. ഒ. കുടം. ഉ. നില, സ്ഥിതി, അവസ്ഥ.
ഘടിക-നാഴിക.
ഘടികം-മൂലാധാരം.
ഘടികായന്ത്രം-ഛായകൊണ്ടു നാഴിക അറിവാനുള്ള യന്ത്രം.
ഘടിക്കുക-പ്ര. ചേരുക. വ. ലഭിക്കുക. (സ ക്രി ഘടിപ്പിക്കുക)
ഘടിഘടൻ-ശിവൻ.
ഘടീയന്ത്രം-കിണറുകളിൽനിന്നു വെള്ളം കയറ്റുന്നതിനുള്ള ഒരു യന്ത്രം.
(ഇതിൽ ചക്രത്തെ തിരിക്കുമ്പോൾ കുടങ്ങൾ കിണറ്റിൽ ഇറങ്ങുകയും അതിൽനിന്നും കയറുകയും ചെയ്യും. ഇതു ആട്ടുന്നതു കാളകളെക്കൊണ്ടാണു്. ഈ സമ്പ്രദായം ഉത്തരദേശങ്ങളിൽ ഉപയോഗിച്ചുവരുന്നു. പാടങ്ങളിൽ കൃഷിക്കു വേണ്ടുന്ന വെള്ളം കിണറുകളിൽ നിന്നു കോരുന്നതിനു ആളുകൾ ഈ ചക്രം ഉപയോഗിച്ചു )
ഘടിത-വി. പ്ര. ചേൎക്കപ്പെട്ട. വ. ലഭിക്കപ്പെട്ട

ഘടീകാരൻ—കഥമുണ്ടാക്കുന്നവൻ, കശവൻ

ഘടീയന്ത്രം—കിണററിൽനിന്നു വെള്ളം കോരുന്ന യന്ത്രം. (ഏത്തം—തുലാം) ഘടികളുടെ യന്ത്രം എന്നർത്ഥം.

ഘടോൽക്കചൻ—ഭീമന്റെ പുത്രൻ.

(പാണ്ഡവരും കൌരവരും തമ്മിലുള്ള യുദ്ധത്തിൽ പാണ്ഡവപക്ഷക്കാരനായിരുന്നു. കർണ്ണൻ ശക്തി എന്ന ആയുധംകൊണ്ടു വധിച്ചു. അമ്മയുടെ പേർ 'ഹിഡിംബി' (ഹിഡിംബ) എന്ന പൈശാചകസ്ത്രീ.

ഘട്ടഗാ—ഒരു നദി.

ഘട്ടദേയം—൧. ചുങ്കം. ൨. കടവുകൂലി.

ഘട്ടന—൧. നടപ്പു. ൨. മൂടി. ൩. അടി ൪. കൂട്ടിമുട്ടുക. ൫. ഉരയുക.

ഘട്ടനം—അടി.

ഘട്ടം—൧. കടവു. ൨. ചുങ്കസ്ഥലം.

[മണികർണ്ണഘട്ടം, രാമഘട്ടം മുതലായി ഗംഗാദിപുണ്യനദികളുടെ ഓരോ കടവിനും അതിന്റെ പിൻവക്കത്തിനും കൂടി 'ഘട്ടം' എന്നു പറഞ്ഞുവരുന്നുണ്ട്]

ഘട്ടി—൧. ചെറിയകടവു്. ൨. കനം. ൩. സാമർത്ഥ്യം.

ഘട്ട്യക്കാരൻ—മംഗലസ്തുതി ചെയ്യുന്നവൻ.

ഘട്ട്യം—മംഗലസ്തുതി.

ഘണഘണ—മണിയുടെ ശബ്ദം.

ഘണ്ട—൧. വെൺപാതിരിവൃക്ഷം. ൨. നാക്കുമണി. ൩. ചേങ്ങില.

ഘണ്ടൻ—ശിവൻ.

ഘണ്ടാകർണ്ണൻ—൧. ചെവിയിൽ മണി കെട്ടിയ ഒരു ദൈവതം, ഒരു ഭരദേവത. ൨. കാതുകളിൽ മണിയുള്ളവൻ.

ഘണ്ടാപഥം—൧. വിശാലമായ രാജവഴി. ഒന്നാംതരം റോഡ്. മണിയുള്ള മാർഗ്ഗം എന്നർത്ഥം.

(ഈ വഴിയിൽക്കൂടി കല്യാണോത്സവവും മററും പ്രമാണിച്ചു വാദ്യഘോഷങ്ങളോടെ ജനങ്ങൾ സഞ്ചരിക്കുന്നതിനാൽ ഈ അർത്ഥം ഉണ്ടായി.

മണികെട്ടിയ ആന സഞ്ചരിക്കുന്ന സ്ഥലം എന്നുമാവാം. ഘണ്ടാപഥം എന്നു പറയുന്നതു പത്തു വില്ലോടു വിസ്താരമുള്ള രാജമാർഗ്ഗമാണ് എന്നു ചാണക്യൻ പറയുന്നു.

("ദശധന്വന്തരോരാജമാർഗ്ഗോ ഘണ്ടാപഥഃസ്മൃതഃ")

൨. കിരാതാർജ്ജുനീയത്തിനു മല്ലിനാഥൻ എഴുതിയ വ്യാഖ്യാനത്തിന്റെ പേർ.

ഘണ്ടാപാടലി—വെൺപാതിരിവൃക്ഷം. പശുക്കളുടെ ഭക്ഷണാർത്ഥം ഹനിക്കപ്പെടുന്നതും പരപ്പുള്ളതും എന്നർത്ഥം.

ഘണ്ടാപുഷ്പം—ഉമ്മത്തു്.

ഘണ്ടാഭയം—മരണഭയം.

[ഘണ്ടാഭയം എന്നതിനു ഘണ്ടയെ സംബന്ധിച്ച ഭയം എന്നാണർത്ഥം. ഇവിടെ ഘണ്ട എന്നതു് യമന്റെ കാളയുടെ കഴുത്തിലുള്ള മണിയെന്നു അറിയേണ്ടതാണു്]

'ഘണ്ടാഭയംതീർത്തു രക്ഷിക്ക'

(ദേവീമാഹാത്മ്യം)

ഘണ്ടാരവാ—ഒരു ചെടി, കിലുക്കാമ്പെട്ടി, തന്തലക്കൊട്ടി, കിലുകിലപ്പൻ, കലിക്കംപ്പട്ട്. മണിശബ്ദതുല്യമായ ശബ്ദമുള്ളതു എന്നർത്ഥം.

ഘണ്ടാരവം—മണിനാദം.

ഘണ്ടികാ—ചെറിയമണി.

ഘന—വി. ൧. മാനമുള്ള. ൨. ശ്രേഷ്ഠതയുള്ള, കനമുള്ള. ൩. നിബിഡമായ (ഇടതൂർന്നതായ). ൪. കഠിനമായിട്ടുള്ള.

ഘനകഫം—ആലിപ്പഴം.

ഘനഘടാ—മേഘസമൂഹം.

ഘനജംബാളം—വളരെ ചേറുള്ള സ്ഥലം.

ഘനജ്വാല-മിന്നൽ.
ഘനത-പ്ര. മഹത്വം. ൨. തിങ്ങൽ.
ഘനപല്ലവം-കരിമുരിങ്ങ.
ഘനപാഷണ്ഡം-മയിൽ.
ഘനപ്രിയാ-ആററുതൊവൽ.
ഘനം-പ്ര. മേഘം. വായുവിനാൽ ഹനിക്കപ്പെടുന്നതു് എന്നർത്ഥം. താപത്തെ തീക്കുന്നതു എന്നുമാവാം. ൨. ബലമാനം ൩. മണി, ചേങ്ങല, എലത്താളം. ൪. നാട്യത്തിലെ ഒരുവക ഭേദം.

[കൈകൊണ്ടുള്ള ആംഗ്യവും കാൽകൊണ്ടുള്ള നൃത്തവും അധികം വേഗത്തിലും അധികം സാവധാനത്തിലുമല്ലാതെ ഇടമട്ടിലായാൽ അതിനു 'ഘനം' എന്നു പേർ ]

൫. മുത്തങ്ങ. ഇതുകൊണ്ടു ഹനിക്കുന്നതിനാൽ ഈ പേർ വന്നു. ഇരിമ്പുലക്ക, ഇരിമ്പുഗദ എന്നും കാണുന്നു. ൬. മൂത്തങ്ങ. ൭. ഇടതൂർന്നതു് (നിബിഡം) ൮. കഠിനമായിട്ടുള്ളതു്. ൯. എലവങ്ങം. ൧൦. ഉരുക്ക്. ൧൧. മുളക്. ൧൨. വെളുത്തീയം. ൧൩. അഭ്രകം.
ഘനരവം-മയിൽ.
ഘനരസം-പ്ര. വെള്ളം. ൨. പച്ചക്കർപ്പൂരം. ൩. കഷായം. മേഘത്തിന്റെ രസം എന്നർത്ഥം. ൪. പെരുങ്കുരുമ്പ. ൫. പാൽകുരുമ്പ.
ഘനരുചി-മിന്നൽ.
ഘനവാഹനൻ-ശിവൻ.
ഘനവീഥി-ആകാശം.
ഘനസമയം-വർഷകാലം.
ഘനസാരം-പ്ര. കർപ്പൂരം. ശീതളത്വം നിമിത്തം മേഘത്തിന്റെ സാരംപോലെയുള്ളതു്. മുത്തങ്ങയുടെ സാരം എന്നുമാവാം.

[മുത്തങ്ങയിൽ നിന്നു കർപ്പൂരമെടുക്കുന്നതിനു വിധിയുണ്ടു്. 'ഘനസാരസ്സുക്പൂരദക്ഷിണാവർത്തപാരദ'മെന്നു വൈജയന്തി.]

൨. വെള്ളം.
ഘനാ-പ്ര. കാട്ടുഴുന്നു്. ൨. തുളസി.
ഘനാഘന-വി. പ്ര. കടപ്പമുള്ള. ൨. ക്രൂരമായ ൩. കൊലയിൽ താൽപര്യമുള്ള.
ഘനാഘനൻ-ഇന്ദ്രൻ.
ഘനാഘനം-പ്ര. വർഷിക്കുന്ന മേഘം, കാർമേഘം ൨. മദയാന, ആരുമുകൊല്ലുന്ന ആന. ഹനിക്കുന്നതു് എന്നർത്ഥം. ൩. പോത്തു്.

'ശക്രാഘാതുകമത്തഭോ
വർഷുകാബ്ദോഘനാഘനഃ'
(അമരം)

ഘനാന്തം-ശരൽക്കാലം.

'ഘനാഘനാന്തേതടിതാംഗണൈരിവ'
(മാഘം)

ഘനാമയം-ഈന്ത.
ഘനാശ്രയം-ആകാശം.
ഘനിക്കുക-പെരുക്കുക.
ഘനീകരിക്ക, ഘനീഭവിക്ക-കട്ടപിടിക്ക, ഘനമായി ഭവിക്ക.
ഘനോപലം-ആലിപ്പഴം.
ഘലം-മുത്തങ്ങ.
ഘരട്ടം-തിരുവക്കല്ലു്.
ഘരം-കതിര.
ഘർഘരാ, ഘർഘരി-ഗംഗാനദി.
ഘർഘരം-പ്ര. ഘർഘരനദം.

[ഘർഘരനദം വിന്ധ്യപർവ്വതത്തിൽ നിന്നു പുറപ്പെട്ടു് വംഗദേശത്തിൽകൂടി ഒഴുകി ഗംഗയിൽ ചേരുന്നു. ചമ്പാനഗരിക്കു കാച്ച കിഴക്കാഗത്തു കിടക്കുന്നു.]

൨. ശബ്ദം. ൩. മുഴക്കപ്പു് ൪. വാതിൽ ൫. മൂങ്ങ.
ഘർമ്മ-വി. ചൂടുള്ള.
ഘർമ്മം-പ്ര. ഉഷ്ണം. ൨. ഉഷ്ണകാലം. ൩. വിയർപ്പു്. വിയർത്തൊഴുകുന്നതു് എന്ന

ൎത്ഥം. ൪. വെയിൽ. ൫. പശുവിൻ പാൽ.

ഘൎമ്മമാത്ര-കാലത്തിന്റെ ഉഷ്ണവും ശീതവും അളക്കുന്നതിനുള്ള സൂത്രം Thermometer.

ഘൎമ്മാതപം-ഉഷ്ണമധികമുള്ള വെയിൽ.

ഘൎമ്മാംശു-സൂൎയ്യൻ.

ഘൎഷണം-ഉരയ്ക്കൽ, അരയ്ക്കൽ, ഉരമ്മുക.

ഘൎഷണി-മഞ്ഞൾ.

ഘൎഷിക്ക-ഉരയ്ക്കുക, അരയ്ക്കുക, ഉരമ്മുക.

ഘലം-മോര്.

ഘസി-ആഹാരം.

ഘസിക്കുക-വിഴുങ്ങുക.

ഘസ്മര-വി. അധികം ഭക്ഷിക്കുന്ന, ഭക്ഷണം പ്രധാനമായിട്ടുള്ള.

ഘസ്രം-പു. പകൽ. ഇരുട്ടിനെ കളയുന്നതു എന്നൎത്ഥം. വ. കുങ്കുമം.

## ഘാ

ഘാട, ഘാടം-പിടലി, പിടരി, പിരടി, കഴുത്തിലെ മുഴ, പിൻകഴുത്തും തലയും കൂടി ചേരുന്ന ഭാഗം. കഴുത്തും തലയും കൂടിച്ചേരുക്കുന്നതു എന്നൎത്ഥം.

ഘാടം-പു. കടവു്. വ. കടം, മംഗലി.

ഘാടിക-പിടലി.

ഘാണ്ടികൻ, ഘാണ്ടികാൎത്ഥികൻ-മണിയടിക്കുന്നവൻ.

ഘാതകൻ-കൊല്ലുന്നവൻ, ദുഷ്ടൻ, ഉപദ്രവിക്കുന്നവൻ.

ഘാതകി-കൊലപാതകി.

ഘാതകം-കൊലപാതകം.

ഘാതപക്ഷി-പരുന്തു്.

ഘാതം-പു. കൊല, വധം. വ. അടി. ൩. ആയുധം. ൪. ഗുണനം. (൪-ം, ൯-ം, തമ്മിലുള്ള ഘാതം=൩൬.)

ഘാതി-വി. കൊന്ന, കൊല്ലുന്ന. വ. ഉപദ്രവിക്കുന്ന. (സ്ത്രീ. ഘാതിനി. ഘാതി.)

ഘാതുക-വി. ക്രൂരമായുള്ള. (കൻ. കീ കം.) ഹിംസാശീലമുള്ള.

ഘാസം-പു. പൈപ്പുല്ലു്, ഇളംപുല്ലു്. (പശുക്കൾക്കു തിന്നാവുന്ന എല്ലാത്തരം പുല്ലുകളും ഇതിൽ ഉൾപ്പെടും) പശുക്കൾ ഇതിനെ തിന്നുന്നതിനാൽ ഈ പേർ വന്നു. വ. പയറു്.

ഘാസി-അഗ്നി.

ഘാസുക-ഭക്ഷിയ്ക്കുക.

## ഘു

ഘുഘുകൃത്തു്-കാട്ടുപ്രാവു്.

ഘുടം-നരിയാണി.

ഘുടാ-ലന്തമരം.

ഘുടി-നരിയാണി.

ഘുടിക-പു. ന(ഞെ)രിയാണി. കാലടി തിരിക്കയും മറിക്കയും ചെയ്യുന്നതു ഇതു കൊണ്ടാകയാൽ ഈ പേർ വന്നു. വ. ജപമാല. ൩. ഗുളിക.

ഘുണം-മരം തുളയ്ക്കുന്ന വണ്ടു് മുതലായ ക്ഷുദ്രജന്തുക്കളുടെ പേർ.

ഘുണാക്ഷരന്യായം-യാദൃച്ഛികസംഭവം "പുഴുക്കളും മററും മണലിൽകൂടിയിഴയുമ്പോൾ ചില അക്ഷരങ്ങളുടെ ആകൃതി ഇഴഞ്ഞുപോയ സ്ഥലത്തു കാണും. അക്ഷരം എഴുതണമെന്നു വിചാരിച്ചു് ഇഴഞ്ഞിട്ടുള്ളതല്ല. യാദൃച്ഛികമായി അക്ഷരങ്ങളായിട്ടു തീരുന്നതാണ്. അതു കൊണ്ടു "ഘുണാക്ഷരന്യായേന" എന്നു പറയുന്നു."

ഘുണവല്ലഭാ-പു. അതിവിടയം. വ. ഇലവു്.

ഘുണ്ടാ-ലന്തമരം.

ഘുണ്ഡം-കണങ്കാൽ.

ഘുമുഘുമു-ശംഖിൻെറ ശബ്ദം.

ഘുരണം-ശബ്ദം.

ഘുലഘുലാരവം-ഒരുവക പ്രാവ്, കാട്ടുപ്രാവ്.

ഘുലഞ്ചം-കാട്ടുകോതമ്പ്.

ഘുഷ്ട-വി. ഉറച്ചു ശബ്ദിക്കപ്പെട്ട.

ഘുഷ്ടി-ഉറച്ചുള്ള ശബ്ദം.

ഘുസൃണം-കുങ്കുമം.

ഘുസൃണാപിഞ്ജരതനു-ഗംഗാനദി.

—:○:—

## ഘൂ

ഘൂകനാദിനി-ഗംഗാനദി.

ഘൂകം-മൂങ്ങ, ഊമൻ. ഘൂ എന്നു ശബ്ദിക്കുന്നതു് എന്നർത്ഥം.

'ഘൂകവൃന്ദമത്തുകോടരത്തിലും'
(അന്യാപദേശശതകം)

ഘൂകാരി-കാക്ക.

ഘൂകാവാസം-ശാഖോടവൃക്ഷം.

ഘൂർണ്ണനം, ഘൂർണ്ണം-ചുഴൽച്ച, ഭ്രമം.

ഘൂർണ്ണികാവാതം-ചുഴലിക്കാററ്.

ഘൂർണ്ണിത-വി. ൧. ചുഴലപ്പെട്ട. ൨. തിരിയുന്ന.

ഘൂർണ്ണിതൻ-൧. ഉറക്കം തൂക്കുന്നവൻ. ൨. ഉണർച്ചയില്ലാത്തവൻ. ഘൂർണ്ണയുണ്ടായവൻ എന്നർത്ഥം. മററൊരു പര്യായം-പ്രചലായിതൻ.

—:○:—

## ഘൃ

ഘൃണ-൧ കരുണാരസം. ആഹ്ലാദിപ്പിക്കുന്നതു് എന്നർത്ഥം. കൃപ, ദയ. ൨. നിന്ദ. ൩. ജുഗുപ്സ (ലജ്ജ). ൪. രോഷം.

ഘൃണാകര-വി. കൃപയുള്ള. ൨. നിന്ദയുള്ള.

ഘൃണാഫലം-തണ്ണിമത്ത.

ഘൃണാവതി-ഗംഗാനദി.

ഘൃണി-വി. ൧ കൃപയുള്ള. ൨. നിന്ദയുള്ള. (ണീ. ണിനീ ണി)

ഘൃണി-൧. രശ്മി. ഭൂമിയെ നനയ്ക്കുന്നതു എന്നർത്ഥം. ജലം ഒഴുകുന്നതു, വെള്ളത്തെ വിടുന്നതു് ഇങ്ങിനെയുമാവാം. ൨. പന്നി.

ഘൃണിനിധി-ഗംഗാനദി.

ഘൃതകരഞ്ജം-ഒരു വന്യവൃക്ഷം.

[ഇതിനു പുങ്ങിൻെറ ഗുണമാണുള്ളതു്. വാതം, വ്രണം, വിഷം, അർശ്ശസ്സ് ത്വഗ്ദോഷം ഇവയ്ക്കു നന്നു്].

ഘൃതകുമാരി-കററവാഴ.

ഘൃതാചി-൧. ഒരപ്സരസ്ത്രീ.

[ഭരദ്വാജനാൽ പത്തു തനയന്മാരുണ്ടായി, ഇവർക്കു നൂറു പുത്രികൾ ഉണ്ടായിരുന്നതായും വായുവിൻെറ ശാപം കൊണ്ടു അവർ അംഗഹീനരായിത്തീർന്നു എന്നും ഒരു കഥയുണ്ടു്. വായുവിനോടു കൂടെ അവർ ആകാശത്തേക്കു ചെല്ലായ്ക കൊണ്ടാണ് ശപിച്ചതു്. ശാപം തീർന്ന ശേഷം അവരെ ബ്രഹ്മദത്തൻ കല്യാണം കഴിച്ചു. ബ്രഹ്മദത്തൻ കാമ്പില്യരാജാവായിരുന്നു.]

൨. രാത്രി. ൩. ഇന്ദ്രസ്വർഗ്ഗം. ൪. സരസ്വതി. ൫. പോരാളം.

ഘൃതാചി-വി. ൧. നെയ്യ് പൊതിഞ്ഞ, നെയ്യ് പൂശിയ. ൨. പ്രകാശിക്കുന്ന.

ഘൃതം-൧ നെയ്യ്. നനയ്ക്കുന്നതു എന്നർത്ഥം. ൨. ജലം

ഘൃതമാല-നെയ്യപ്പം.

ഘൃതാർച്ചിസ്സ്-അഗ്നി.

ഘൃതോദം-നെയ്സ്സമുദ്രം.

ഘൃഷ്ട-വി ഘർഷിക്കപ്പെട്ട.

ഘൃഷ്ടി-൧. ഘർഷി. ൨ രശ്മി ൩. പന്നി. ൪. ഉരസൽ ൫. പൊടിക്കൽ. ൬. നിലപ്പന. പന്നിക്കിഴങ്ങ്. ൭. മലയമുക്കി.

(പന്നികൾ നിലപ്പനക്കിഴങ്ങു കുത്തിയെടുത്തു തിന്നുക സാധാരണമാണ്).

ഘൃഷ്ടി-പന്നി

—:o:—

## ഘോ

ഘോടകം, ഘോടം-കുതിര. ചുററിത്തിരഞ്ഞോടുന്നതു് എന്നർത്ഥം. 'ഘോടകപാംക്തികളുന്നക്കൊട്ടിലുകളും' (കുചേലവൃത്തം വഞ്ചിപ്പാട്ട്)

ഘോടകാരി-പു. പോത്തു. വ. കണവീരം.

ഘോണാ-മൂക്ക്, ഗന്ധം ഗ്രഹിപ്പാൻ ആഘ്രഹിച്ചു വിഷയത്തിൽ ചുററിത്തിരിയുന്നതു് എന്നർത്ഥം.

ഘോണാന്തഭേദനം-പന്നി.

ഘോണി-പന്നി. നീണ്ട മൂക്കുള്ളതു് എന്നർത്ഥം.

ഘോണ്ട-പു. കമുകമരം. ആടുന്നതു് എന്നർത്ഥം. വ. ഇലന്തക്കായ്. ഉരുളുന്നതു് എന്നർത്ഥം ഇലന്തമരം എന്നുമാവാം. ര. കാട്ടിലന്ത.

ഘോര-വി. ഭയംവരുത്തുന്ന.

ഘോരദർശന-വി. ഭയങ്കരനോട്ടമുള്ള.

ഘോരദർശനം-പു. ഭയങ്കരനോട്ടം. വ. മൂങ്ങ. ന. ചെമപുലി

ഘോരൻ-പു. ഭയങ്കരൻ. വ. ശിവൻ.

ഘോരം-പു. ഭയാനകരസം. ഭയപ്പെടുത്തുന്നതു എന്നർത്ഥം വ. കുങ്കുമം.

ഘോരരാസനാ, ഘോരരാസി-കുറുക്കൻ.

ഘോരവാശനാ, ഘോരവാശി-കുറുക്കൻ.

ഘോലജ -മൈന

ഘോലം-പു മോര് വ. പാട നീക്കാതെയും വെള്ളം ചേർക്കാതെയും ഉണ്ടാക്കിയ മോര്.

ഘോലി-ശോഷിച്ചീര.

ഘോഷ-വി. പു ഉച്ചത്തിൽ ശബ്ദമുള്ള. വ. ഇടയന്മാരുള്ള

ഘോഷകം, ഘോഷം-പീരം, പീച്ചിൽ. ഉണങ്ങിയാൽ ശബ്ദിക്കുന്നതു് എന്നർത്ഥം.

ഘോഷണം, ഘോഷണാ-ഉച്ചത്തിൽ ശബ്ദിക്ക, കൂക്കൽ

ഘോഷം-പു. ഉച്ചത്തിലുള്ള ശബ്ദം. വ. ഇടയന്മാരുടെ കുടി. ഇടയഗ്രാമം പശുക്കൾ ശബ്ദിക്കുന്ന സ്ഥലം എന്നർത്ഥം ന. വെള്ളോട്ട്. ര. മുഴക്കം.

ഘോഷയാത്ര-രാജാക്കന്മാരുടെ പ്രൌഢിയോടു കൂടിയ പുറപ്പാട്.

ഘോഷയിത്നു-കുയിൽ.

ഘോഷവതി-വീണ.

ഘോഷാ-പു. കാട്ടുശതകുപ്പ വ കർക്കടശൃംഗി. ന. കാട്ടുപീച്ചൽ. ര ശതകുപ്പ. ര. വിഴാൽ.

ഘോഷാക്ഷരം, ഘോഷവർണ്ണം-ഘ, ഝ, ഢ, ധ, ഭ ഈ വ്യഞ്ജനങ്ങൾ

ഘോഷാരവം-ഘോഷശബ്ദം.

ഘോഷി-(വ്യാകരണത്തിൽ) 'ഹ' എന്ന വ്യഞ്ജനം.

ഘോഷിക്കുക-പു. ശബ്ദിക്കുക വ. കോലാഹലമുണ്ടാക്കുക.

ഘോഷിതം-ഘോഷിക്കപ്പെട്ടതു്.

ഘോഷിപ്പ്-കോലാഹലം.

—:o:—

## ഘ്ര

ഘ്രാണതർപ്പണം-സുഗന്ധം, മൂക്കിനിഷ്ടമുള്ള ഗന്ധത്തോടുകൂടിയ വസ്തു. ഘ്രാണേന്ദ്രിയത്തെ തൃപ്തിവരുത്തുന്നതു് എന്നർത്ഥം.

ഘ്രാണദുഃഖദാ-ഇരാങ്കരം (ഗ്രന്ഥ്യാംശം പത്രാരി).

ഘ്രാണനം-പു. മണക്കുക. വ. മണം.

ഘ്രാണനം-ഫ. മണക്കുക. വ, മണം. ന, മൂക്ക്. ർ. നാററപ്പെട്ടത്.

ഘ്രാണിക്കുക-മണക്കുക (കാ. ക്രി. ഘ്രാണിപ്പിക്കുക).

ഘ്രാണേന്ദ്രിയം-മൂക്ക്.

ഘ്രാത-വി. മണക്കപ്പെട്ട, നാററപ്പെട്ട.

ഘ്രേയ-ഘ്രാണിക്കത്തക്കതായ, മണപ്പിക്കത്തക്കതായ.

—:0:—

# ങ

ങ—ഹല്ലുകളിൽ അഞ്ചാം അക്ഷരം.

—:ാ:—

# ച

ച—ഹല്ലുകളിൽ ആറാം അക്ഷരം.

ച-(അ) ഫ. ഉം. വ. വിശേഷിച്ചും. ന, എങ്കിലും. ർ. കൂടെ ഉ. എന്നാൽ. ന്ത. അന്യോന്യമായി. ൧. അതുഹേതുവായി. ൯. തുല്യമായി. ൻ. അല്ലെന്നവരികിൽ ഫം. ഗ്രന്ഥപൂരണം.

ചഃ ശിവൻ.

ചകട്ട്-ശകടം.

[ശകടം എന്നതാണ് ചകട എന്നായത്].

ചകരി-തേങ്ങയിലുള്ള ഒരുവിധം നാര്.

ചകരിക്കണ്ണി-കൊശവൻെറ ചക്രം.

ചകലാസ്സ്-ഒരുവക ചെമന്ന രോമക്കമ്പിളി.

ചകലം-വി. ഉരുണ്ട, വൃത്തമായ.

ചകാരം-ച എന്ന അക്ഷരം.

ചകിഞ്ചി, ചവിഞ്ചി, ചേഞ്ചി-ചക്കയുടെ അകത്തുള്ള ചുളയ്ക്കുചുററും പററിയിരിക്കുന്ന വസ്തു.

ചകിത-വി. ഭയപ്പെട്ട, ഭയമുള്ള. ഉ-ം ചകിത ശശശാവങ്ങൾ

ചകിതൻ-ഭീരു(ഭയന്നവൻ), ഇളകിയവൻ, തൃപ്തിയെ പ്രാപിച്ചവൻ.

ചകിതം-ഫ. ഭയം. വ. പ്രത്യക്ഷമായ കാരണമില്ലാതെ ഭർത്തൃസമീപസ്ഥയായ നായികയുടെ അകാരണമായ ഭയസംഭ്രമം. ഇതു നായികാസ്ത്രീകളുമായ ഉല്ലലംകാരങ്ങളിൽ ഒന്നാണ്.

ചകിരി-തേങ്ങയുടെ തൊണ്ടിനകത്തുള്ള ഞരമ്പ്.

ചകിരിക്കണ്ണി-കശവൻെറ ചക്രം.

ചകിരിക്കയറ-തേങ്ങയുടെ മടൽ ചതച്ചു പിരിച്ച വസ്തു.

ചകുതി-ചതിവു, വഞ്ചന.

ചകോരം, ചകോരകം-ഒരു പക്ഷി, ഉപ്പൻ. ചെമ്പോത്ത്, ഈശ്വരൻകാക്ക ഇങ്ങിനെയും പറയുന്നു. ചന്ദ്രികാപാനം ഹേതുവായിട്ടു തൃപ്തിപ്പെടുന്നതു എന്നർത്ഥം [ചകോരപ്പക്ഷിയുടെ മാംസം വിശേഷാൽ വാതത്തെ ശമിപ്പിക്കും. പുഷ്ടിയെ ഉണ്ടാക്കും. ബലത്തെ വർദ്ധിപ്പിക്കും. ഈ പക്ഷി തീക്കനൽ ഭക്ഷിക്കും. വിഷത്തെ സൂചിപ്പിക്കും. ചന്ദ്രരശ്മിയെ പാനം ചെയ്യും. തമിഴിൽ നിലാമൊക്ക് ഇംഗ്ലീഷിൽ ദി ഗ്രീക്കുപാർട്രിഡ്ജ് The Greek Partridge].

ചകോരിക-പെൺചകോരം.

ചക്ക്-എള്ള് തേങ്ങ മുതലായവ ആട്ടുന്ന യന്ത്രം, കരിമ്പാട്ടുന്ന യന്ത്രം.

ചക്ക-ഫ. പ്ലാക്കായ്. വ. കൈതയുടെ കായ്. ന. താഴയുടെ കായ്. ർ. അതിലിക്കായ്. ഉ. ഒരു വിരോച്ചവൃത്തി.

ചക്കകാട്ടുക-കൈകൊണ്ടു കാട്ടുന്ന ഒരുമാതിരി അധിക്ഷേപം.

ചക്കപ്രഥമൻ-ചക്കപ്പഴംകൊണ്ടുണ്ടാക്കുന്ന ഒരു മധുരക്കറി.

ചക്കമുല്ല-കുറമൊഴി എന്ന പൂച്ചെടി.

ചക്കമുള്ളു്-ചക്കയുടെ മുള്ളു്.

ചക്കമുള്ളൻ-ഒരുവക കൈവള.

ചക്കര - മധുരക്കള്ളു് കുറുക്കിയുണ്ടാക്കുന്ന ഒരു വസ്തു. [‘ശക്കര’ ആണു് ‘ചക്കര’ യായതു്.]

ചക്കരക്കള്ളു്-മധുരമുള്ള കള്ളു്.

ചക്കരക്കള്ളൻ-ഒരുമാതിരിച്ചെമന്ന ഉറുമ്പു്.

ചക്കരക്കുമ്മട്ടി-ഒരുമാതിരി കക്കരിക്കാ

ചക്കരപ്പാവു്-ഉരുക്കിയ ചക്കര.

ചക്കരപ്പുകയില- ചക്കരവെള്ളം തളിച്ച പുകയില.

ചക്കാട്ടു്-ചക്കിൽ എണ്ണ കരിമ്പു് മുതലായവയാട്ടുക.

ചക്കാത്തി-ചക്കകാരത്തി.

ചക്കാൻ-ചക്കകാരൻ.

ചക്കാല-പ്ര. ശൂദ്രരിൽ ഒരു താണജാതി. വ. ചക്കപുര.

ചക്കി-പ്ര. ചില ജാതിക്കാരുടേ സ്ത്രീകൾക്കുള്ള പേർ.
[ശക്തി എന്നതാണു് ചക്കി ആയതു്]
വ. പെൺപൂച്ച.

ചക്കിപ്പൂച്ച- പെൺപൂച്ച. ചക്കിപ്പൂച്ച > < കണ്ടൻപൂച്ച (കണ്ണൻപൂച്ച).

ചക്കിലിയൻ-ചെരിപ്പുണ്ടാക്കുന്ന ജാതിക്കാരൻ.

ചക്കിവത്തിച്ചിര-വാസ്തുകം, ചീര.

ചക്കുകൊക്കു്-ചക്കുകണയുടെ മുകളിൽ കൊള്ളിച്ചുവെയ്ക്കുന്ന ഒരു മരക്കഷണം.

ചക്കുതോക്കു്-ഒരുവക വലിയ തോക്കു്.

ചക്കുപാര-ചക്കിൽ നിന്നു പിണ്ണാക്കു കുത്തിയെടുക്കുന്ന കോൽ.

ചക്കുപുര-ചക്കാല.

ചക്കുമുക്കി-തീക്കല്ലിൽ നിന്നു തീ പുറപ്പെടുവിക്കുന്ന ഒരു വസ്തു.

ചക്കുമ്മട്ടു്- ചക്കപുര.

ചക്കുരൽ-ചക്കിൻെറ ഉരൽ.

ചക്കലിമീൻ-ഒരുവക മത്സ്യം (ഇതു വിശേഷാൽ മലത്തെ പിടിപ്പിക്കും. ഏറെയപ്രസാദകരമാണു്)

ചക്കുവരി-ചക്കിനുള്ള കരം.

ചക്കുവെടി-ഒരുവക വലിയവെടി.

ചക്കുഴക്കു്-ചക്കുകൂലി എടുക്കുന്ന എണ്ണ.

ചക്രകണ്ടകം-പ്ര. ചതുരക്കള്ളി. വ. ലന്തമരം.

ചക്രകൻ-(തക്കശാസ്ത്രത്തിൽ) യുക്തികൂടാതെ വാദിക്കുന്നവൻ.)

ചക്രകം-വി. വണ്ടിപോലുള്ള, വൃത്തമായ

ചക്രകാരകം-പുലിച്ചുവടി എന്ന ചെടി. ചക്രതുല്യത്തെ ചെയ്യുന്നതു എന്നത്ഥം.

ചക്രകുല്യാ-ഓരില.

ചക്രക്രൂടം-ചക്രത്തിൻെറ മദ്ധ്യത്തിൽ അല്ലികളെല്ലാം ചെന്നുചേരുന്ന ഉരുണ്ട ഒരു സാധനം. പര്യായങ്ങൾ-പിണ്ഡിക, നാഭി.

ചക്രഗജം-തകര.

ചക്രജീവകൻ-കുശവൻ.

ചക്രതീപട്ടി-ഒരുമാതിരി വലിയ തീപട്ടി.

ചക്രദംഷ്ട്രം-പന്നി.

ചക്രധരൻ-വിഷ്ണു

ചക്രധരം-പാമ്പു്.

ചക്രനഖം-പുലിച്ചുവടി.

ചക്രനാമാ-ചക്രവാകപ്പക്ഷി.

ചക്രപാണി-വിഷ്ണു, ചക്രായുധത്തെ ധരിച്ചവൻ, കൈയിൽ സുദശനം എന്ന ചക്രമുള്ളവൻ എന്നത്ഥം.

ചക്രപാദകം-പ്ര. വണ്ടി. വ. ആന.

ചക്രപ്പത്തായം-വെള്ളം വററിക്കുന്ന ചക്രം ഇട്ടു തിരിക്കുന്നതിനുള്ള ഒരു പണി.

ചക്രപ്രദം-പ്ര ധനപ്രദം. വ. തീർച്ചയിലുടെ പ്രദ. ന. സുദശനം എന്ന ആയുധത്തിൻെറ പ്രദ.

ചക്രബന്ധം—ശബ്ദാലംകാരങ്ങളിൽ ഒന്ന്. ചിത്രം എന്ന അലങ്കാരത്തിന്റെ വകഭേദം.

ചക്രബാണം-വണ്ടിച്ചക്രംപോലെ തിരിയുന്ന ഒരു ബാണം.

ചക്രബാലധി-പട്ടി.

ചക്രഭൃത്ത്-വിഷ്ണു.

ചക്രഭേദിനി-രാത്രി.

ചക്രം-൧. ചുഴി. ൨. ഒരുമാതിരി ആയുധം. ൩. വണ്ടി. ൪. ചക്ക്. ൫. ജലം വററിക്കുന്നതിനുള്ള ഒരു യന്ത്രം. ൬. ചക്രിക്കുന്നി. ൭. തിരുവിതാംകൂർ രാജ്യത്തിൽ നടപ്പായിരുന്ന ഒരു ചെറിയ വെള്ളിനാണയം. ൮. നീർച്ചുഴി. ൯. രാജ്യം. തൃപ്തിയെ ചെയ്യുന്നതെന്നർത്ഥം. ൧൦. കൂട്ടം. ൧൧. ദേശം, ദിക്ക്. ൧൨. അണിഭേദം. ൧൩. കാലചക്രം. ൧൪. വൃത്തം. ൧൫. രാശികളുടെ ഗതി. ൧൬. വിടപ്പാത്ത ൧൭. പാമ്പിന്റെ തലയിലെ ഒരടയാളം. ൧൮. വ്യൂ, മണ്ഡലം. ൧൯. ഭൂമി. ൨൦. ചൊറി, ചിരങ്ങ്. ൨൧. ചക്രവാകപ്പക്ഷി. പ്രഭാതകാലത്തിൽ പ്രിയാലാഭംകൊണ്ട് തൃപ്തിപ്പെടുന്നതു എന്നർത്ഥം. ൨൨. തകരം. ൨൩. വിഷ്ണുവിന്റെ ആയുധം (ഹയഗ്രീവനെക്കൊന്നു ചക്രവും പഞ്ചജനനെക്കൊന്നു ശംഖവും ലഭിച്ചു) ൨൪. ചക്രാകാരമായ ജലത്തിന്റെ കീഴ്പോട്ടുള്ള പോക്ക്. ചക്രാകാരേണ ഗമിക്കുന്നത് എന്നർത്ഥം ൨൫. തേർചക്രം. ഗതിയെ ചെയ്യുന്നതു എന്നർത്ഥം. ൨൬. സേന. പ്രസിദ്ധപ്രവൃത്തികളെ ചെയ്യുന്നതു എന്നർത്ഥം.

ചക്രാതിരിപ്പു-വട്ടത്തിൽ ചുററുക.

ചക്രാതിരിയുക—വട്ടത്തിൽ ചുററുക (സം. ക്രി. ചക്രം തിരിക്ക)

ചക്രമത്സ്യം-ഒരുവക മീൻ, പര്യായം-ശാലം.

ചക്രമർദ്ദകം-തകര. ചൊറി ചിരങ്ങ ഇവയെ മർദ്ദനം ചെയ്യുന്നതു എന്നർത്ഥം. (ചക്രം=ചൊറി, ചിരങ്ങ്)

ചക്രമുഖം-പന്നി.

ചക്രയാനം-വണ്ടി, രഥം.

ചക്രരേഖ-ചിലരുടെ കൈയിലുള്ള ഒരു അടയാളം.

ചക്രല-കണ്ടമുത്തങ്ങ. പെരുമുത്തങ്ങ, പെരുങ്കാരപ്പുല്ല് ഇങ്ങിനെയും പറയുന്നു. ചക്രസാദൃശ്യമുള്ളതു എന്നർത്ഥം.

ചക്രലക്ഷണാ-ചിററമൃത്.

ചക്രവണ്ടി-ചക്രപ്പലകകൾ കൂട്ടി ഇണക്കുന്ന വണ്ടി.

ചക്രവർത്തി-സാർവഭൌമനായ രാജാവ്, രാജരാജൻ, ആസമുദ്രക്ഷിതീശ്വരൻ. രാജമണ്ഡലത്തിൽ അല്ലെങ്കിൽ ഭൂമണ്ഡലത്തിൽ സർവ്വാൽകൃഷ്ടനായിത്തീരുക ശീലമുള്ളവൻ, സൈന്യചക്രത്തെ ഭൂമണ്ഡലമൊട്ടുക്ക കൊണ്ടുനടക്കുന്നവൻ എന്നുമാവാം. മറെറാരു പര്യായം-സാർവഭൌമൻ. ൨. ചീര.

ചക്രവർത്തിനി-൧. രാജരാജന്റെ (ചക്രവർത്തിയുടെ) മഹിഷി ൨. വെങ്കച്ചോലം. കർക്കാച്ചോലം, ഇന്ദ്രയവടി ഇങ്ങിനെ പലവിധം പറയുന്നു. അരക്ക ഈ മരത്തിന്റെ കറയാണ്. ചക്രാകാരേണ വർത്തിക്കുന്നു എന്നർത്ഥം ൩. മാമ്പ്.

ചക്രവല്ലരി ഇലക്കള്ളി.

ചക്രവല്ലവം-പൂത്താകാരം.

ചക്രവാകം-ഒരു പക്ഷി. പര്യായങ്ങൾ-കോകം, ചക്രം, ചക്രവാകം, രഥാംഗാഹ്വയനാമകം. (പകൽ ഇണ ചേർന്നിരിക്കും; രാത്രിയിൽ പിരിഞ്ഞുപോകും.)

[മാംസവിശേഷമാണ് അഗ്നിദീപ്തി വർദ്ധിപ്പിക്കും. The ruddy goose, Brahmany goose മിറ്റ്വിംഗ്ഗ്രൂസ്,

ബ്രാഹ്മണി ഗ്രൂസ്. ചക്രപര്യായങ്ങളെല്ലാം ഇതിന്റെയും പര്യായങ്ങളാകുന്നു.]

ചക്രവാതം-ചുഴലിക്കാററ്.

ചക്രവാളം-ന. ക്രുട്ടം. ഠ. കണ്ണിനെത്തുന്ന ദൂരം. ൩. മണ്ഡലം. ചക്രം എന്നപോലെ വൃത്താകാരമായതു്. ൪. ദിങ്മണ്ഡലം. ൫. ലോകാലോക പൎവ്വതം ഭൂമണ്ഡലത്തെ ചുററിക്കൊണ്ടിരിക്കുന്നതു എന്നൎത്ഥം. (ചക്രം = ഭൂമണ്ഡലം). 'ചക്രവാഡം' എന്നുമാവാം.

(ലോകാലോകപൎവ്വതം സപ്തദ്വീപ സപ്ത സമുദ്രരൂപമായ ഭൂമിയുടെ പുറമേ ചക്രാകാരേണ ചുററിക്കൊണ്ടിരിക്കുന്നു എന്നു പ്രസിദ്ധി. ചക്രവാളം = ഭൂമിയെ ചുററീട്ടുള്ളതും അപ്പുറം ഇരുട്ടും വെളിച്ചവും ഇല്ലാത്തതുമായ ഒരു പൎവ്വതം. ചക്രവാളം-മണ്ഡലം. ചക്രാകാരമായ വാലം (പരിവേഷം) ഉള്ളതെന്നു വ്യുൽപത്തി.

'അതിക്രമിച്ചാരഥചക്രവാളം'

(ശ്രീകൃഷ്ണചരിതം മണിപ്രവാളം.)

ചക്രശ്വാസം-മരണസമയത്തു ചുററിത്തിരിഞ്ഞു വലിക്കുന്ന വായു.

ചക്രസംജ്ഞം-ന. വെളുത്തീയം. ഠ. ചക്രവാകപ്പക്ഷി.

ചക്രസാഹ്വയം-ചക്രവാകപ്പക്ഷി.

ചക്രാ-ന. കക്കടകശൃംഗി. ഠ. പെരുമുത്തങ്ങ.

ചക്രാകാര-വി. ചക്രത്തിന്റെ മാതിരിയുള്ള.

ചക്രാകാരം-ന. ചക്രസ്വരൂപം. ഠ. വട്ടം തിരിച്ചിൽ.

ചക്രാകാ-തകരം.

ചക്രാഹ്വാ-തകരം.

ചക്രാംഗം-ന. അരയന്നം. ചക്രാകാരമായ അംഗത്തോടുകൂടിയതു എന്നൎത്ഥം. ഠ. തേര.

ചക്രാംഗി-ന. [illegible] ഠ. അരയന്നപ്പിട. ൩. കടുകരോഹിണി. ചക്രാകാരമായിരിക്കുന്ന അംഗത്തോടുകൂടിയതു എന്നൎത്ഥം. 'ചക്രാംഗി' എന്നുമാവാം. ൪. ചക്രവാകപ്പക്ഷി. ൫. മഞ്ചട്ടി. ൬. കക്കടശൃംഗി.

ചക്രാധിവാസി-നാരകം.

ചക്രാഹ്വം-ന. ചക്രവാകപ്പക്ഷി. ഠ. തകര.

ചക്രി-ന. പാമ്പു്. ചുരുണ്ടുകിടക്കുന്നതു എന്നൎത്ഥം. ഠ. കേശവൻ. ൩. വിഷ്ണു. ൪. ചക്രവൎത്തി. ൫. അന്നം. ൬. ഗ്രാമപുരുഷൻ. ൭. ചക്രവാകപ്പക്ഷി. ൮. ആടു്. ൯. കാക്ക. ൧൦. കഴുത. ൧൧. തകര. ൧൨. തൊട്ടകാര. ൧൩. പുളിച്ചുവടി.

ചക്രീവാൻ-ന. കഴുത. ചക്രംപോലെ ചുററിത്തിരിയുന്നതു എന്നൎത്ഥം. ഠ. ഒരു രാജാവിന്റെ പേർ.

ചക്രേശ്വരൻ-വിഷ്ണു. ഠ. ചക്രവൎത്തി.

ചക്ഷുർവാഹനം-ആട്ടുകൊട്ടപ്പാല.

ചക്ഷുശ്ശ്രവസ്സ്-പാമ്പു്. കണ്ണുചെവിയായിട്ടുപകരിക്കുന്നതു എന്നൎത്ഥം.

(സൎപ്പത്തിനു കാണുമ്പോൾ കേൾക്കുന്നതിനും കേൾക്കുമ്പോൾ കാണുന്നതിനും നിവൃത്തിയില്ല.)

ചക്ഷുശ്ശ്രവണം-ന. കണ്ണും ചെവിയും. ഠ. പാമ്പു്. [ചക്ഷുശ്ശ്രവണൻ എന്നുമുണ്ടു്.]

'ചക്ഷുശ്ശ്രവണഗളസ്ഥമാം ദൎദ്ദുരം'

(രാമായണം)

ചക്ഷുഷ്യ-വി ന. കണ്ണിനു കൊള്ളാവുന്ന. ഠ. കാഴ്ചക്കു ഭംഗിയുള്ള. ൩. കണ്ണിൽനിന്നുണ്ടായ.

ചക്ഷുഷ്യാ-ന. കലത്താഞ്ജനം. (ഇതിൽ ഒരു വകഭേദമെന്നും കാണുന്നു) ഠ. ആട്ടുകൊട്ടപ്പാല. ൩. കാട്ടുമുതിര.

ചക്ഷുഷ്യം-ന. കണ്ണിനു ഹിതമായതു്. ഠ. നീലക്കല്ലു്. അഞ്ജനക്കല്ലു്, രസാഞ്ജനം. ൩. തേററാമ്പരൽ. ൪. സൌവീരാഞ്ജനം. ൫. കരിമുരിങ്ങ, ൬. പൂക്കൈത.

ചക്ഷുസ്സ്-കണ്ണ്. സ്വരൂപത്തെ മനസ്സിലാക്കിത്തരുന്നതു എന്നർത്ഥം.

ചങ്കൻ, ചങ്കൻകരി-ഒരു മത്സ്യം.

ചങ്കിടി-ഏററുപാട്ടുക, കൂടെപ്പാട്ടുക.

ചങ്കിടിക്കാരൻ-പാട്ടുകാരനെ സഹായിച്ചു പാടുന്നവൻ.

ചങ്ക്-പ്ര. കഴുത്തിന്റെ മേലേഭാഗം, പര്യായം-കണ്ഠം, ഗളം. വ. ശംഖം.
[ശംഖം എന്നതാണ് ചംക് എന്നായതു]

ചംക്രമണം-നടപ്പ്, സഞ്ചാരം.

'തളരുന്ന ഗ്രഹചംക്രമണേന'
(കിമ്മീരവധം കഥകളി)

ചങ്ഗം-പ്ര. ചന്തമുള്ള. വ. സാമർത്ഥ്യമുള്ള.

ചങ്ങ-താക്കോലുകൾ ഇടുന്നതിനുള്ള ചെറിയ തുടൽ.

ചങ്ങല-തുടൽ(ർ).
[ശൃംഖല എന്നതാണ് 'ചങ്ങല' ആയതു]

ചങ്ങലപ്പുറത്തഴി-കണ്ണേററി നദിയുടെ മുഖം
(മദ്ധ്യകേരളത്തിന്റെ അതിര്).

ചങ്ങലംപരണ്ട-ഒരു വള്ളി.
(വാതം, കൃമി, കഫം, നേത്രരോഗം, അർശസ്സ്, അഗ്നിമാന്ദ്യം, ഗുദകീലം, ഗുല്മം, ശൂലം, പ്ലീഹ, മഹോദരം, ലൂതവിഷം, ദുഷ്ടവ്രണം ഇവകളെ നശി. അസ്ഥിയെക്കൂട്ടിപ്പിടിപ്പിക്കും. സംസ്കൃതത്തിൽ—അസ്ഥിസംഹാരിക. തമിഴിൽ-പിരണ്ടെ. ഇംഗ്ലീഷിൽ Heliotropium Indicum-ഹെലിയൊട്രൊപിയം ഇൻഡികം)

ചങ്ങലവട്ടക-ചങ്ങലവിളക്ക്.

ചങ്ങലവിളക്ക്-കൊണ്ടുനടക്കുന്ന ഒരു മാതിരി തൂക്കുവിളക്ക്.

ചങ്ങാടം-വെള്ളത്തിന്നു മീതെക്കൂടെ വല്ലതും കൊണ്ടുപോകുന്നതിനുവേണ്ടി വള്ളമോ തടിയോ ചേർത്തു കെട്ടിയുണ്ടാക്കുന്നതു്.

ചങ്ങാതം-പ്ര. വിരുത്തി. വ. സ്നേഹം.

ചങ്ങാതി-സ്നേഹിതൻ, കൂട്ടുകാരൻ.

ചങ്ങാതിത്വം, ചങ്ങായ്ത്തം, ചെങ്ങാത്തം-സഖിത്വം, സ്നേഹിതന്റെ നില.

ചങ്ങാളൻ-ചങ്ങാതി, സ്നേഹിതൻ.

ചഞ്ചരീകം-വണ്ട്. ചരിക്ക ശീലമുള്ളതു എന്നർത്ഥം.

ചഞ്ചലപ്പെടുക-കഴപ്പത്തിലാവുക.

ചഞ്ചല-വി. ഇളകുന്ന.

ചഞ്ചല-പ്ര. മിന്നൽ. ഇളകുന്നതു് എന്നർത്ഥം. വ. തിപ്പലി.

ചഞ്ചലത, ചഞ്ചലത്വം-ഇളക്കം, ചാപല്യം.

ചഞ്ചലബുദ്ധി-വി. ബുദ്ധിക്കിളക്കമുള്ള

ചഞ്ചലം-ഇളക്കം.

ചഞ്ചലാക്ഷി-കണ്ണിനു സൗന്ദര്യമുള്ളവൾ, സുന്ദരി.

ചഞ്ചലാളി-മിന്നൽക്കൂട്ടം.

ചഞ്ചലിക്കുക-ഇളകുക.

ചഞ്ചളീകം-വണ്ട്.

'ചഞ്ചളീകങ്ങൾപോലെ
ചഞ്ചലതരാളകവും'
(വാല്മീകി രാമായണം.)

ചഞ്ചു-വി. പ്ര കീർത്തിപ്പെട്ട. വ. സാമർത്ഥ്യമുള്ള

ചഞ്ചു-പ്ര. പക്ഷിയുടെ കൊക്ക്. ആഹാരത്തെ തിരഞ്ഞു ചെല്ലുന്നതു എന്നർത്ഥം. വ. ആവണക്ക്. മരത്തിന്റെ ഉറപ്പില്ലായ്കയാൽ കാററടിച്ചാൽ ഇളകുന്നതു എന്നർത്ഥം. ചെമ്പന്നാവണക്ക്, വെളുത്താവണക്ക്.

ചഞ്ചുപുടം-കൊക്കിനകം

ചഞ്ചുരം-തീർച്ചയി

ചഞ്ചുസൂചി-ഒരുപക്ഷി, കുരുകേഴി

ചട-ജട. [ജടയാണ് 'ചട' ആയതു്.]

ചടക-പ്ര. ഊർക്കുരികിൽപ്പിട. വ. തിപ്പലിവേർ.

ചടകാ-നാ. ഊർക്കുരികിൽ. ധാന്യം മുതലായവയെ കൊത്തിയെടുക്കുന്നതു് എന്നർത്ഥം. മറെറാരു പര്യായം-'കളവിങ്കം.' (ഇതിന്റെ പിടയ്ക്കു ചടകാ് എന്നു പേർ.) ൧. പടകം

ചടകാശിരസ്സ്, ചടകാശിരാ-തിപ്പലിവേര. ചടകയുടെ ശിരസ്സുപോലെയുള്ളതു എന്നർത്ഥം.

ചടക്കം-നാ. വിരോധം. ൧. ശാഠ്യം.

ചടയ്ക്കുക-നാ. മെലിയുക. ൧. ക്ഷീണിക്കുക.

ചടങ്ങ്-നാ. ഷഡംഗം എന്നതിന്റെ തത്ഭവം, ൧. മതസംബന്ധമായ ഒരു അടിയന്തിരം. കെട്ടുകല്യാണം. ൨. വട്ടം, ക്രമം, ഏർപ്പാട്, ൩. സംപ്രദായം, രീതി

ചടച്ചി-വീരതരാദിഗണത്തിൽ ചേർന്ന ഒരു പിത്തഘ്നദ്രവ്യം.

(കഫം, കുഷ്ഠം, കൃമി, പിത്തം, ചുട്ടുനീറൽ, ഗുല്മം, മഹോദരം, ആനാഹം, വീക്കം, വിഷം, ജ്വരം ഇവക്കു നന്നു്. ഇതിന്റെ പൂവു ചെമന്നിരിക്കും. ചടച്ചി മലത്തെ ഇളക്കുന്നതാണ്. സംസ്കൃതത്തിൽ-ആവർത്തകി.)

ചടന്തു്-മുടന്തു്.

ചടന്തൻ-മുടന്തൻ.

ചടന്തുക-മുടന്തുക.

ചടന്തുകാൽ-മുടന്തുള്ള കാൽ.

ചടന്തുകാലൻ-മുടന്തുകാലുള്ളവൻ.

ചടപിട-ഉച്ചത്തിൽ കേൾക്കുന്ന ശബ്ദം, വെടിവെക്കുമ്പോഴത്തെ ശബ്ദം.

ചടപ്പു-മെലിച്ചിൽ, ക്ഷീണം.

ചടയൻ-ഒരു വകപ്പുല്ല്, ജടയൻ,

ചടയൻകഞ്ചാവു്-ഒരു ലഹരി ദ്രവ്യം.

(കഞ്ചാവിനുള്ള ഗുണങ്ങൾ ഇതിനു ഏറിയിരിക്കും. ചേപ്പട്ടിയും മററും കടിച്ച വികാരത്തിനു നന്നു്. ഉറക്കം വരുത്തും. സംസ്കൃതത്തിൽ-ഹർഷിണി.)

ചടവു്-മെലിച്ചിൽ.

ചട(ടി)കാ-നാ. തിപ്പലിമൂലം. ൧. കുരികിൽപേട.

ചടു-നാ. വയറ്. ൧. ഇഷ്ടവാക്ക്, സ്നേഹംനിമിത്തം പൊളിപറയുക.

ചടുപിടെ-അ. സാവധാനംകൂടാതെ.

ചടുല-വി. നാ ഇളക്കമുള്ള ൧. സൌന്ദര്യമുള്ള.

ചടുല-മിന്നൽ.

ചടുലം-നാ. സുന്ദരം. ൧. ഇളകുന്നതു. പര്യായങ്ങൾ- ചഞ്ചലം, ചടുലം.

ചടുലാക്ഷ-വി. നല്ല കണ്ണുള്ള (ക്ഷൻ. ക്ഷി. ക്ഷം)

ചടുലാക്ഷി-സുന്ദരി.

ചട്ടു്-നാ. മുടന്തു്. ൧. കാറം, കറവു്.

ചട്ട-നാ. കുപ്പായം. പര്യായങ്ങൾ-കഞ്ചുകം, വാരവാണം. ൧. തോക്കിന്റെ മരം

(ചട്ടയിട്ടവന്റെ പര്യായങ്ങൾ-സന്നദ്ധൻ, വർമ്മിതൻ, സജ്ജൻ, ദംശിതൻ, വ്യൂഢകങ്കടൻ.)

ചട്ടക്കട്ടിൽ-ഉഴിഞ്ഞാക്കട്ടിൽ.

ചട്ടക്കാരൻ-ഒരു ജാതിക്കാരൻ, യൂറോപ്യൻമാതിരി ഉടുപ്പിട്ടൊരുങ്ങിയവൻ.

ചട്ടക്കാലൻ-മുടന്തൻ.

ചട്ടക്കൈ-ചട്ടയുടെ (ഉടുപ്പിന്റെ) കൈ.

ചട്ടത്തല, ചട്ടിത്തല-കഷണ്ടി.

ചട്ടൻ-മുടന്തൻ, മുടവൻ.

ചട്ടനെ-പെട്ടന്നു.

ചട്ടപ്പാത്തി-തോക്കിന്റെ മരം.

ചട്ടമഴിക്കുക-മര്യാദലംഘനം ചെയ്യുക.

ചട്ടമറിച്ചുകെട്ടുക-പുറകോട്ടു കൈ പിടിച്ചു കെട്ടുക.

ചട്ടമാകുക-ഒരുങ്ങുക.

ചട്ടമാക്കുക-ഒരുക്കുക

ചട്ടമായിട്ടു്-അ. നാ. പതിവായിട്ടു ൧. ക്രമമായിട്ടു്.

ചട്ടമിടുക-നാ. അടിയിൽ കണ്ടെഴുതുന്നതിനായിട്ടു മേൽ എഴുതിക്കൊടുക്കുക. ൧. വരതി കൊടുക്കുക.

ചട്ടം—പ്ര. ക്രമം, ന്യായം. വ. കല്പന. ന. മെരുകിന്റെ ആമാശയം. ദ്. തിട്ടം. ഉ. രീതി, മാതിരി. ന്ന മരംകൊണ്ടു അരികിട്ടുക. ൬. ഭാഷ. വ്യ വൃത്തിൻ. സമയം പ്ര. ഒരുമാതിരി വരകോൽ

ചട്ടം-ആ നിത്യമായ്.

'ഉപചരങ്ങൾ ചെയ്യുന്ന ചട്ടം'

(മയൂരസന്ദേശം)

ചട്ടംകെട്ടുക—പ്ര. ഏർപ്പാടുചെയ്യുക വ. ക്രമപ്പെടുത്തുക ന. പ്രമാണിക്കുക ദ് ന്യായം സ്ഥിരപ്പെടുത്തുക.

ചട്ടംമറിക്ക—ചട്ടുവം.

ചട്ടംവരയ്ക്കുക -ഒരുചുവരയ്ക്കുക (ചണ്ടു ആശാൻമാരുടെ കാലത്തു).

ചട്ടവട്ടം—പ്ര. ക്രമം. വ. അവസ്ഥ. ന. ഏർപ്പാടു.

ചട്ടവാൾ—അറപ്പുവാൾ.

ചട്ടറ്റം—വി. പൂർണ്ണമായ.

ചട്ടററ—വി. പ്ര. കുറവില്ലാത്ത വ. കാറമില്ലാത്ത.

'ചട്ടററവില്ലുമയ്യം വട്ടപ്പരിശവാളും'

(പ്രബോധമാഹാത്മ്യംതുള്ളൽ)

ചട്ടി—ഒരുമാതിരി മൺപാത്രം.

ചട്ടികലം ഒരുമാതിരി മൺപാത്രം.

ചട്ടിണി—ചമ്മന്തിക്കറി.

ചട്ടിത്തല—ചട്ടിപോലെയുള്ള തല.

ചട്ടിത്തലയൻ— ചട്ടിപോലെ തലയുള്ളവൻ.

ചട്ടിപ്പണം—കലാൽ ചവനം ചാരായത്തിനുള്ള കരം.

ചട്ട്—പ്ര. കാറം, കറവ്. വ. ന്യൂനത ന. കോട്ടം ദ് ചൂടു്.

ചട്ടുകപ്രായം—സ്ഥിരമില്ലാത്ത അവസ്ഥ

ചട്ടുകം—അടപ്പുള്ള വെന്ന വസ്തുക്കൾ ഇളക്കുന്നതിനു മരമോ ഇരിമ്പോ കൊണ്ടുള്ള ഒരു സാധനം.

ചട്ടുകാൽ—മുടന്തുകാൽ.

ചട്ടുകാലൻ—മുടന്തൻ, കാലിൽ തൊണ്ടുള്ളവൻ.

ചട്ടുകാലി—മുടന്തുള്ളവൾ.

ചണ—വി. സാമർത്ഥ്യമുള്ള.

ചണ—ഒരു ചെടി, വക്ക്.

(വാതകഫങ്ങൾക്കു നന്നു. ഛർദ്ദിയെ ഉണ്ടാക്കും, തൊലി ചരടിനു കൊള്ളാം. വളരെ ബലമുള്ളതാണ്. ശണം എന്നതാണ് ചണം എന്നായതു്.)

ചണക—പ്ര ചെറുചണം. വ ചെറുപയറ്.

ചണകൻ—ചാണക്യന്റെ അച്ഛൻ.

ചണ(ക)ം—കടല. ചണം പയറ എന്നും കാണുന്നു. സുഖമായ ദാനം ചെയ്യുന്നതു എന്നർത്ഥം. മറെറാരു പര്യായം-ഹരിമന്ഥകം.

ചണകാമ്ലം—ചണപ്പുളി.

ചണനാര, ചണനൂല്—ചണം ചതച്ചുണ്ടാക്കുന്ന നാര്.

ചണവിത്തു—ഒരു ശിംബിധാന്യം. പര്യായങ്ങൾ-മാതുലാനി, ഭംഗ.

(ഈ പര്യായങ്ങൾ വ—ം 'ചെറുകുന്നെല്ലിനും' ഉപയോഗിക്കുന്നു.)

ചണംപുല്ല്—ഒരുവക പുല്ല്.

[പശുക്കൾക്കു പാൽ വർദ്ധനക്കു ബലത്തിനും നന്നു. സംസ്കൃതത്തിൽ-'ചണികാ']

ചണംപുളി—കടലയുടെ തണ്ടു മുതലായവ മൂട്ടുണ്ടാക്കുന്ന ഒരുതരം ക്ഷാരം.

[ജഠരാഗ്നിയെ വർദ്ധിപ്പിക്കും. അജീർണ്ണം, ശൂലം, മലമൂത്രങ്ങളുടെ തടവ് ഇവക്കു നന്നു. ചതിയ വരും സംസ്കൃതത്തിൽ-ചണകാമ്ലം]

ചണായ ഒരുവക പാവ്.

ചണ്ട—പായൽ, കചവൽ [ശണ്ഠ ആണ് ചണ്ടയായതു്.]

ചണ്ടു—ധാന്യങ്ങളുടെ പതര.

ചണ്ടാർ—ശത്രുക്കൾ.

**ചണ്ടി**-ന. ദുർബുദ്ധി.

'ശണ്ഠകളില്ലാ ശാഠ്യകളില്ലാ
ചണ്ടികളാകിയമനുഷരില്ല'
(ഘോഷയാത്ര തുള്ളൽ)

൧. വിലക്ഷണം. ൨. പായൽ. ൩. വസ്ത്രത്തിൽ, പതിന ൪ കരിമ്പിൻചൂട്ട്.

**ചണ്ടിത്വം, ചണ്ടിതാ, ചണ്ടിതരം**-ന. വിലക്ഷണം. ൧. ഭേദപ്പെട്ടതനം ൨. ദുർത്തികേട്. ൩. അധികപ്രസംഗം.

**ചണ്ടിപ്പയറു**-ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകം, ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യം എന്നും അഭിപ്രായമുണ്ട്.

(പിത്തം, സന്താപം, അരുചി ഇവക്ക നന്ന്. ഗുണം ഉഴുന്നിനോടൊക്കും. കായ്ക്ക് ആകൃതികൊണ്ട് നായ്ക്കുരുണയുടെ കായ്പോലെയിരിക്കും. നിറം കറുപ്പാണ്, സംസ്കൃതത്തിൽ-ശിംബിപുഷ്പി.)

**ചണ്ഡ**-വി. വളരെ കോപമുള്ള, ക്രൂരതയുള്ള.

**ചണ്ഡകൌശികൻ**-ഒരു മുനി.

**ചണ്ഡത**-അതികോപം.

**ചണ്ഡദീധിതി**-സൂര്യൻ. ചണ്ഡങ്ങളായ (ഉഗ്രങ്ങളായ) ദീധിതികളോ (കിരണങ്ങളോട്) കൂടിയവൻ

**ചണ്ഡൻ**-അതികോപശീലൻ. മറെറാരു പര്യായം-അത്യന്തകോപനൻ.

**ചണ്ഡപ്പായിൽ**-വെള്ളത്തിലുണ്ടാകുന്ന ഒരു ചെടി.

**ചണ്ഡാ**-ന. കാട്ടുകച്ചോലം, തീക്ഷ്ണസ്വഭാവമുള്ളതെന്നർത്ഥം. നറുംചണ്ണ, ചണ്ണക്കിഴങ്ങ്. ൧. ഒരു വള്ളി. ൨. കാട്ടുകിഴങ്ങ് ൩. ദുർഗ്ഗാഭഗവതി. ൪. വലിയ മന്ത്. ൫. ചെങ്കറുക. ൬. ശംഖപുഷ്പി. ൭. എലിച്ചെവി. ൮. നായ്ക്കൊരണ ൯. വെളിലക്കോവ. ൧൦. കോപം ൧൧. വരസ്ത്രീ.

**ചണ്ഡം**-ന. കൊല്ലുളി. ൧. അടവിക്കച്ചോലം, ൨. ചരളം. ൩. ചെമന്ന അരളി. ൪. ഉഗ്രം

**ചണ്ഡമുണ്ഡാ**-ദുർഗ്ഗ.

**ചണ്ഡരശ്മി**-ന. കഠിനരശ്മി. ൧. പ്രളയകാലസൂര്യൻ.

**ചണ്ഡാതകം**-പട്ടുട, വരസ്ത്രീകൾ തുടയുടെ മദ്ധ്യംവരെ ഉടുക്കുന്ന വസ്ത്രം. മറെറാരു പര്യായം-അർദ്ധോരുകം.

['ചണ്ഡാ' എന്നതിന 'കോപനാ' എന്നർത്ഥമാണെങ്കിലും ഇവിടെ വരസ്ത്രീ എന്ന താൽപര്യം.]

**ചണ്ഡാതം**-ന. കണവീരം. ക്രൂരമായി പരക്കുന്ന ഗന്ധമുള്ളത് എന്നർത്ഥം. ൧. ചെമന്ന അരളി.

**ചണ്ഡാലൻ, ചാണ്ഡാലൻ**-പറയൻ, ബ്രാഹ്മണസ്ത്രീയിൽ ശൂദ്രനുണ്ടായവൻ. കോപിക്കുന്നവൻ എന്നർത്ഥം. നീചൻ, അധമൻ.

(ഇവന്റെ വാസം ശ്മശാനത്തിങ്കലാണ്. നിന്ദ്യമാംസമാണ് ഭക്ഷണം. ഉടുക്കുന്നതു ശവത്തിന്മേൽ നിന്നെടുത്ത വസ്ത്രമാകുന്നു. കിരാതാദികളായ മ്ലേച്ഛജാതികൾ ചണ്ഡാലന്റെ വകഭേദങ്ങളാകുന്നു)

**ചണ്ഡാലവല്ലകി**-കിന്നരി, ഒരുവക വാദ്യം, ചണ്ഡാലന്റെ വീണ.

**ചണ്ഡാലവീണ**-ചണ്ഡാലന്റെ വീണ. പര്യായങ്ങൾ-ചണ്ഡാലിക, കണ്ഡോലവീണ, ചണ്ഡാലവല്ലകി കിന്നരി എന്നും പേരുണ്ട്.

**ചണ്ഡാലി**-പറച്ചി.

**ചണ്ഡാലികാ**-ന. കിന്നരി. ചണ്ഡാലന്റെ വീണ. ൧. പറച്ചി ൨. ദുർഗ്ഗാ. ൩. വെളിലക്കോവ.

**ചണ്ഡാംശു**-ന. ആദിത്യൻ. ക്രൂരങ്ങളായ രശ്മികൾ ഉള്ളവൻ എന്നർത്ഥം ൧. ഏരിക്ക്

ചണ്ഡി-അതികോപമുള്ളവൾ

ചണ്ഡി,ചണ്ഡിക-പ്ര. ദുർഗ്ഗ. വ. കാമി. ന. പാർവ്വതി. ചണ്ഡൻ എന്ന അസുരനെ കൊന്നവൾ, കോപിക്കുന്നവൾ, ദുഷ്ടന്മാരുടെ നേർക്ക കോപമുള്ളവൾ ഇങ്ങിനെ ശബ്ദാർത്ഥം.

ചണ്ഡിലം-ക്ഷീര.

ചണ്ഡീഗോമയം-എരുമച്ചാണകം.

ചണ്ഡീദാസൻ-ഒരു സംസ്കൃത കവി, സാഹിത്യദർപ്പണകർത്താവായ വിശ്വനാഥകവിയുടെ മുത്തച്ഛൻെറ സഹോദരപുത്രനാണ്, കാവ്യപ്രകാശടീക ഉണ്ടാക്കി

ചണ്ഡീപാഠ-ദേവീമാഹാത്മ്യം.

ചണ്ഡീമാഹാത്മ്യം-ദേവീമാഹാത്മ്യ

[ദുർഗ്ഗ അസുരന്മാരെ ജയിച്ചതു സംബന്ധിച്ചുള്ള ഒരു കാവ്യം. മാർക്കണ്ഡേയപുരാണത്തിൻെറ ഒരു ഭാഗം. 'ചണ്ഡീപഥ' എന്നും പറയും.]

ചണ്ഡീശൻ-ശിവൻ.

ചണ്ണ-ഒരു ചെടി, ചണ്ണക്കൂവ. പര്യായങ്ങൾ-ശംഖിനി, ചോരപുഷ്പി, കേശിനി

ചണ്ണക്കൂവ-ഒരു ചെടി.

ചണ്ണമുള്ളങ്കി ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകം.

[മുള്ളങ്കിയിൽ കുറഞ്ഞ ഗുണമേ ഇതിനുള്ളൂ. വാതം, കഫം, ഗുല്മം ഇവക്കു നന്ന്, ഇതു മുള്ളിയുടെ ആകൃതിയിൽ വലുതായിട്ടുള്ള ഒരുതരമാണ്. സംസ്കൃതത്തിൽ-ഗൃഞ്ജനം.]

ചണ്ണുക-അധികം ആഗ്രഹത്തോടെ ഭക്ഷിക്കുക.

ചത-പ്ര. മർമ്മം. വ. ഇടി. ന. മാംസം.

ചതകുപ്പ-ഒരങ്ങാടിമരുന്നു.

ചതക്കത്തി-വെററിലപാക്ക ചതെക്കുന്ന ഒരായുധം.

ചതയ്ക്കുക-തല്ലുക, തല്ലിപ്പരത്തുക, മർദ്ദിക്കുക.

ചതച്ചിൽ, ചതപ്പ്-ചതവ്.

ചതയം-ഇരുപത്തിനാലാം നക്ഷത്രം.

('ശതഭിഷക്' എന്നതാണ് 'ചതയം' എന്നായത്.)

ചതയുക-ഇടിക്കുമ്പോൾ പരക്കുക.

ചതവു-ഇടിക്കുമ്പോൾ പരക്കുന്ന സ്ഥിതി.

ചതസ്രം-നാല്.

ചതി, ചതിവു-വഞ്ചന, കപടം.

[ചതി-പീനൽ കോഡിൻപ്രകാരം ഒരു കുററമാകുന്നു. തി. ശി. നി. വകുപ്പ് ൪൧൫-൪൨൦-വാറണ്ടുകൂടാതെ പിടിച്ചുകൂടാം. ആദ്യംതന്നെ വാറണ്ടയക്കാം. ജാമ്യമെടുക്കാം. രാജിയായിക്കൂട. ഒരുകൊല്ലത്തെ രണ്ടിലേതുവിധമെങ്കിലുമായ തടവോ പിഴയോ രണ്ടുംകൂടിയോ വിധിക്കാം. ഒന്നാംക്ലാസ്സ മജിസ്ത്രേട്ടിനോ രണ്ടാംക്ലാസ്സ മജിസ്ത്രേട്ടിനോ വിസ്തരിക്കാം ]

ചതിക്കുക-വഞ്ചിക്കുക

ചതിക്കുഴി-ആനയെ പിടിക്കുന്ന കുഴി.

ചതിമരണം-പെട്ടെന്നുള്ള മരണം.

ചതിര-വി. വിലാസഹാസമുള്ള.

ചതിവൻ-വഞ്ചകൻ, ധൂർത്തൻ.

ചതിവ്-വഞ്ചന,

ചതുക്ക്,ചതുപ്പ്-പ്ര. ചതവ്. വ. മുടച്ച് ന. മടിവ്. ര. കാട്ടുമുണ്ടാവാൻ ഹേതുവാകത്തക്ക ആഴങ്ങളിൽ ചണ്ടി ഞെരുങ്ങുന്ന മടിവും പരപ്പും ൪. താഴ്ന്ന നിലം.

ചതുക്കുക-പ്ര. ചതയ്ക്കുക. വ. ഉടയ്ക്കുക. ന. മടിവുണ്ടാക്കുക.

ചതുർ-വി നാലു(ചതുഃ, ചതുസ്, ചതുർ.)

ചതുര-വി. സാമർത്ഥ്യമുള്ള, മടികൂടാതെ കാര്യങ്ങളിൽ പ്രവർത്തിക്കുന്ന.

ചതുരക്കള്ളി-ഒരു പച്ചമരുന്ന്. പൎയ്യായ ങ്ങൾ സീഹുണ്ഡം, വജ്രദ്രു, സ്നുക്, സ്നുഹി, ഗുഡാ, സമന്തദുഗ്ദ്ധാ.

(കുഷ്ഠം, വാതം, കഫം, മഹോദരം, ശൂലം, വിഷം, അൎശസ്സ്, ഗുന്മൻ, ദുഷ്ട വ്രണം, വീക്കം, അശ്മരി മുതലായവ യെ ശമിപ്പിക്കും. ഇതു അത്യുഷ്ണവും ഉ പവിഷവുമാകുന്നു. ഇതിനെ പഞ്ചഗവ്യ ത്തിൽ ശുദ്ധിചെയ്യുക. ഇതിൻെറ പാലു് തീപോലെ പൊള്ളിക്കുന്ന ഗുണമുള്ളതാ കുന്നു. മുള്ളുള്ളതാണു്. ഇതിൻെറ പാലി ൻെറ വിഷവികാരത്തിൽ കോൽപ്പുളി യില തണുത്ത വെള്ളത്തിൽ അരച്ചു ലേ പനം ചെയ്യുന്നതും തണുത്ത ജലം പാ നം ചെയ്യുന്നതും നന്നു്. തമിഴിൽ ചതു രക്കള്ളി. ഇംഗ്ലീഷിൽ Milk hedge plant, Prickly pear മിൽക്ക് ഹെഡ്ജുപ്ലാൻറ, പ്രിക്ലിപീയർ. വൈര ക്കള്ളി എന്നും പേർ കാണുന്നു)

ചതുരംഗക്കരു—ചതുരംഗം കളിക്കുന്ന ചൂതു

ചതുരംഗഖണ്ഡം-ചതുരംഗം കളിക്കുന്ന വര.

ചതുരംഗപ്പട-ആന കുതിര തേർ കാ ലാൾ ഇവ നാലുംകൂടിയുള്ള സൈന്യം.

ചതുരംഗപ്പടം-ചതുരംഗഖണ്ഡം വരച്ചു കടലാസു്.

ചതുരംഗപ്പലക-ചതുരംഗഖണ്ഡം വര ച്ച പലക.

ചതുരംഗപ്പോരു്-ചതുരംഗക്കളി.

ചതുരംഗബലം-ചതുരംഗപ്പട.

ചതുരംഗം-ഃ യുദ്ധത്തിനുള്ള നാലവയ വം, ആന തേർ കുതിര കാലാൾ. ഃ. ഒരു കളി.

[ചതുരംഗം രണ്ടുപേർ തങ്ങളിൽ ചെ യ്യുന്ന ഒരു കളിയാകുന്നു. സമബലവാ ന്മാരായ രണ്ടു രാജാക്കന്മാർ തങ്ങളിൽ ധൎമ്മയുദ്ധം ചെയ്യുന്നു എന്നാണു് ഈ കളിയുടെ ഭാവന].

ചതുരംഗംപൊരുതുക-ചതുരംഗം കളി ക്കുക.

ചതുരംഗസേന-ആനയും കുതിരയും തേ രും കാലാളും കൂടിയ ഒരു സൈന്യം.

ചതുരംഗി-വി. ആന മുതലായ നാലംഗ മുള്ള. (ഗീ, ഗിണീ, ഗി)

ചതുരംഗിണി-നാലംഗപ്പട.

ചതുരംഗുലം-ഃ. നാലുവിരൽ നീളം. ഃ. കൊന്നവൃക്ഷം. ഓരേകമ്പിന്നും ന ന്നാലംഗുലം അകലമുള്ളതു എന്നൎത്ഥം

ചതുരത-സാമൎത്ഥ്യം.

ചതുരന്തം, ചതുരന്തയാനം-പല്ലക്കു്.

ചതുരബ്ദ-നാലുവയസ്സു ചെന്ന പശു.

ചതുരം-വി. നീളവും വീതിയും ഒരുപോ ലെയുള്ള, നാലുവശവും ഒരുപോലെ യുള്ള.

ചതുരം-ഃ. വട്ടത്തലയിണ. ഃ. ആന ലായം. ന. സാമൎത്ഥ്യം. ര്. കാക്ക.

ചതുരശ്രം-ഃ. നാലുകോണുള്ള. ഃ. ലഗ്ന ത്തിൽനിന്നും നാലാംരാശിക്കും അഷ്ടമ രാശിക്കുമുള്ള പേർ.

ചതുരാനനൻ-ഃ. ബ്രഹ്മാവു്. നാന്മു ഖൻ എന്നൎത്ഥം. (ചതുർ=നാലു ആ നനം=മുഖം. നാലു മുഖങ്ങളുള്ളവൻ) ഃ. ചാതുൎയ്യമുള്ള മുഖമുള്ളവൻ.

ചതുരായം-ചതി.

ചതുരാശ്രമം-ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, ഭിക്ഷു ഇവരുടെ ആശ്ര മം നാലും.

ചതുരുപായം-സാമം ദാനം ഭേദം ദ ണ്ഡം ഇവ നാലിനും കൂടിയ പേർ.

ചതുൎഗ്ഗതി-ആമ.

ചതുൎഗ്ഗുണം-നാലിനെ നാലിൽ പെരുക്കി യതു.

ചതുൎജ്ജാതം-ഏലം ഏലവങ്ഗം പച്ചില നാകപ്പൂവു ഇവ നാലും.

**ചതുൎത്ഥ**-വി. നാലാമത്തെ

**ചതുൎത്ഥമദം**-ഒരു രോഗം. (മൃത്തിന്റെ നാലാമത്തെ മദാവസ്ഥ)

**ചതുൎത്ഥി**-൧. നാലാമത്തെപക്കം. ൨. നാലാമത്തെ വിഭക്തി. (ഉദ്ദേശിക)

**ചതുൎദ്ദന്തം**-ഇന്ദ്രന്റെ ആന.

**ചതുൎദ്ദലം**-നീരാരൽ.

**ചതുൎദ്ദശ**-വി. പതിന്നാല്.

**ചതുൎദ്ദശമനുക്കൾ**-പതിനാലുമനുക്കൾ.

൧. ഉത്തമൻ. ൨. താമസൻ. ൩. സൂൎയ്യൻ. ൪. സ്വായംഭുവൻ. ൫. സ്വാരോചിഷൻ. ൬. രൈവതൻ. ൭. ചാക്ഷുഷൻ. ൮. ഭൌച്യൻ. ൯. രൌച്യൻ. ൰. വൈവസ്വതൻ. ൰൧. ബ്രഹ്മം. ൰൨. ദക്ഷൻ. ൰൩. ധൎമ്മൻ. ൰൪. രുദ്രൻ.

**ചതുൎദ്ദശരത്നങ്ങൾ**-പതിനാലു രത്നങ്ങൾ (സമുദ്രമഥനത്തിൽ കിട്ടിയവ)

[൧. ലക്ഷ്മി. ൨. കൌസ്തുഭം ൩. പാരിജാതം. ൪. സുര. ൫. ധന്വന്തരി. ൬. ചന്ദ്രൻ. ൭. കാമധേനു. ൮. ഐരാവതം. ൯. രംഭാദികൾ. ൰. ഉച്ചൈശ്രവസ്സ്. ൰൧. വിഷം. ൰൨. ശാൎങ്ഗം. ൰൩. ശംഖം. ൰൪. അമൃതം.]

'ലക്ഷ്മീഃ കൌസ്തുഭപാരിജാതകസുരാ-
ധന്വന്തരിശ്ചന്ദ്രമാഃ
ഗാവഃ കാമദുഘാഃ സുരേശ്വരഗജോ
രംഭാദിദേവാംഗനാഃ
അശ്വഃ സപ്തമുഖോ വിഷം ഹരിധനുഃ
ശംഖോമൃതം ചാംബുധേ
രത്നാനീഹ ചതുൎദ്ദശപ്രതിദിനം
കുൎയ്യുഃ സദാമംഗളം.'

**ചതുൎദ്ദശലോകങ്ങൾ**-പതിനാലു ലോകങ്ങൾ.

[അതലം, വിതലം, നിതലം, സുതലം, തലാതലം, മഹാതലം, രസാതലം, ഭൂലോകം, ഭുവൎല്ലോകം, സ്വൎല്ലോകം, മഹൎല്ലോകം, ജനലോകം, തപോലോകം, സത്യലോകം ഇങ്ങിനെ ൰൪. ആദ്യത്തെ ൭-ം താഴെ, മറ്റേവ മേലെകളിൽ]

**ചതുൎദ്ദശലോകസാക്ഷികൾ**-സൎവ്വസാക്ഷികൾ.

[ആദിത്യചന്ദ്രന്മാർ, അഗ്നി, ജലം, ഹൃദയം, കാലൻ, പകൽ, രാത്രി, രണ്ടു സന്ധ്യകൾ, ധൎമ്മം, വായു, ആകാശം, മഹി.

**ചതുൎദ്ദശവിദ്യകൾ**-പതിനാലുവിദ്യകൾ

അംഗങ്ങൾ ൬. വേദങ്ങൾ ൪. മീമാംസ, ന്യായശാസ്ത്രം, പുരാണം, ധൎമ്മശാസ്ത്രം ആക ൰൪.

'ഷഡംഗമിശ്രിതാവേദാ
ധൎമ്മശാസ്ത്രം പുരാണകം
മീമാംസാതൎക്കമപിച
ഏതാവിദ്യാശ്ചതുൎദ്ദശ'

**ചതുൎദ്ദശാൎത്ഥബോധനങ്ങൾ**-൰൪ അൎത്ഥബോധനങ്ങൾ.

[സംയോഗം, വിപ്രയോഗം, സാഹചൎയ്യം, വിരോധിതാ, അൎത്ഥം, പ്രകരണം, ലിംഗം, ശബ്ദാന്തരസമാഗമം, സാമൎത്ഥ്യം, ഔചിതി, ദേശം കാലം, വ്യക്തി, സ്വരാദ്.]

**ചതുൎദ്ദശി**-പതിനാലാമത്തെപക്കം.

**ചതുൎഭദ്രം**-ധൎമ്മം, അൎത്ഥം, കാമം, മോക്ഷം ഇവ നാലിനോടുംകൂടിയുള്ളവൻ. ഇതിൽ നാലും ശ്രേഷ്ഠമാകുന്നു എന്നു ശബ്ദാൎത്ഥം.

[ഇവയിൽ ഒന്നിനു അധികം ബലവും മറ്റതിനു ബലക്ഷയവും ഉണ്ടായിരിക്കാതെ ഒരേ നിലയിലിരിക്കണം.]

**ചതുൎഭുജൻ**-വിഷ്ണു. നാലുകൈകളുള്ളവൻ എന്നൎത്ഥം.

**ചതുൎമ്മാസ്യം**-നാലുമാസത്തെ സന്യാസവൃത്തി.

[കൎക്കടകമാസത്തിൽ വെളുത്തപക്ഷത്തിൽ ഏകാദശി തുടങ്ങി തുലാം വെളുത്തപക്ഷ ദ്വാദശിവരെ ഇതു സന്ന്യാസികൾക്ക് അനുഷ്ഠേയമായുള്ള വ്രതമാണ്.]

ചതുൎമ്മുഖൻ-ബ്രഹ്മാവ്.

ചതുൎയ്യുഗം -കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം ഇവ നാലും. (കാലപരിമാണവിഭാഗം, കല്പം ഇവ നോക്കുക.)

ചതുൎവ്വൎഗ്ഗം-ധൎമ്മം, അൎത്ഥം, കാമം, മോക്ഷം ഇവ നാലിനും കൂടിയുള്ള പേർ. (ധൎമ്മം=യാഗാദി. കാമം=യഥാവിധി, സ്ത്രീസേവ. അൎത്ഥം=ധനം. മോക്ഷം=മുക്തി.) മോക്ഷത്തോടുകൂടിയ ധൎമ്മകാമാൎത്ഥങ്ങളുടെ- ധൎമ്മാൎത്ഥകാമമോക്ഷങ്ങളുടെ പേർ. മോക്ഷം=സംസാരബന്ധത്തിൽ നിന്നുള്ള മോചനം. ചതുൎവ്വൎഗ്ഗത്തിന നാലിന്റെ സമൂഹം എന്ന ശബ്ദാൎത്ഥം.

ചതുൎവ്വൎണ്ണം - ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ ശൂദ്രൻ ഇര നാലുജാതിക്കും കൂടിയുള്ള പേർ.

ചതുൎവ്വിധം-വി. നാലുപ്രകാരമുള്ള.

ചതുൎവ്വിംശത്ത്-ഇരുപത്തിനാല്.

ചതുൎവ്വേദം-ഋക്, യജുസ്സ്, സാമം, അഥൎവ്വണം ഇര നാലു വേദങ്ങൾക്കും കൂടെയുള്ള പേർ.

ചതുശ്ശതം-വി. നാനൂറ്.

ചതുശ്ശാലം-നാലുകെട്ടുള്ള ഭവനം.

ചതുഷ്കം, ചതുഷ്ടയം-വി. നാലായുള്ള.

ചതുഷ്കോണം-നാലുകോണ്.

ചതുഷ്ടയം-ന. നാലിരട്ടി, നാലുകൂടിയ. ഉ. ചതുരം. ന. പുത്രത്തിന്റെ നടവ്. ൪. ൧-൪-൭-൧൦ ഇര രാശികൾ.

ചതുഷ്ടോമം-അശ്വമേധത്തിന്റെ മുമ്പിലെ ദിവസം.

ചതുഷ്പഥ്യ്-ഒരു വിഷരോഗം.

[പുലി മുതലായ നാല്ക്കാലികളുടെയും മനുഷ്യൻ മുതലായ ദ്വിപാത്തുകളുടെയും നഖമോ പല്ലോ ഏററ വിഷപ്പെട്ടാൽ ആ സ്ഥലത്തു പഴുപ്പും ചൂടും ഉണ്ടായി ചലമൊലിക്കും, ജ്വരവും കാണും.]

ചതുഷ്പഥം-പു. നാല്ക്കാലിമൃഗം ഉ. ശ്ലോകം. ന. നാൽക്കൂട്ടപ്പെരുവഴി, നാലു വഴി കൂടിയതു് എന്നൎത്ഥം. മററൊരു പൎയ്യായം-ശൃംഗാടകം.

ചതുഷ്പദി-ശ്ലോകം

ചതുഷ്പാടി-നദി.

ചതുഷ്പാത്ത്-നാല്ക്കാലിമൃഗം.

ചതുഷ്ഷഷ്ടി-അറുപത്തുനാല്.

ചതുഷ്ഷഷ്ടികലാ-അറുപത്തുനാലു കലാവിദ്യകൾ.

ചതുസ്തനാ-പശു.

ചതുസ്സമം-ന. നാലു ചതുരം. ഉ. ചന്ദനം മുതലായവകൊണ്ടുള്ള കറിക്കൂട്ട്.

ചതുസ്സരിൽപതി-സമുദ്രം.

ചതുൎഹായണി-നാലുവയസ്സുചെന്നപശു.

ചത്വരം-ന. (നട്ട) മുററം. ദരിദ്രർ ഇവിടെ വന്നുനിന്നു യാചിക്കുന്നതിനാൽ ഈ പേരുണ്ടായി. ഉ. മെഴുകിയനിലം. അഗ്നിഹോത്രം വെക്കുന്നതിന സംസ്കരിച്ചുണ്ടാക്കിയ സ്ഥലം. ഇതിൽ യാഗഫലത്തെ യാചിക്കുന്നു എന്നൎത്ഥം. (ചത്വരങ്ങൾ - നാലോ അതിലധികമോ പാതകൾ വന്നു കൂടുന്നേടങ്ങൾ)

ചത്വാരിംശത്ത്, ചത്വാരിംശം-നാല്പതു്.

ചദിരം-പു. ആന. ഉ. പാമ്പ് ന കൎപ്പൂരം.

ചന-അ പു. ഇതു കിം ശബ്ദത്തിന്റെ മുകളിൽ ചേരാമ്പോൾ ഒരുത്തൻ ഒരുത്തരിക്കൽ ഇങ്ങിനെ അൎത്ഥം വരും ഉ. തികയാത്ത, കുറച്ച്.

ചന-പ്ര കനകകദലികളുടെ ഗർഭോൽപ്പാദനം. വ. പഴക്കാറായ സമയം.

ചനകം-ചണകം, കടല, ചണം പയറ്.

ചനച്ചം-ശിഖരംപൊട്ടുന്നതിന്റെ പേര്

ചനച്ച്-പ്ര. പഴക്കാറാകുക. വ. ശിഖരം പൊട്ടുക.

ചനചന അ ചാറലുള്ളതായി.

ചന്ത-പ്ര കച്ചവടസ്ഥലം. വ. വില്ക്കുന്നതിനും കൊള്ളുന്നതിനും ജനങ്ങൾ കൂടുന്ന ദിവസം.

ചന്തക്കാരൻ-പ്ര. അഴകുള്ളവൻ വ. ചന്തയിലിരുന്നു കച്ചവടം ചെയ്യുന്നവൻ

ചന്തനഗരം-കച്ചവടത്തെരുവ്.

ചന്തം-ഭംഗി, അഴക്.

ചന്തമരം, ചന്തമരി-പൂവരശു

ചന്തി-പ്ര ആസനം വ. പിൻപുറം, പൃഷ്ഠം [സന്ധി എന്നതാണ് ചന്തി ആയത് ]

ചന്തു-സന്ധി, ഏപ്പ്.

ചന്ത്രക്കാരൻ-മുതൽ പിടിച്ചു ചെലവിടുന്ന ഒരു ഉദ്യോഗസ്ഥൻ.

ചന്ത്രപ്പുര-ചന്ത്രക്കാരൻ ഇരുന്നു പണം പിരിച്ചു സൂക്ഷിക്കുന്ന സ്ഥലം.

ചന്ത്രം-ചന്ത്രക്കാരന്റെ വേല.

ചന്ദൻ-ചന്ദ്രൻ.

'ഹിമാംശുശ്ചന്ദ്രമാശ്ചന്ദ്രഃ
ശശീ ചന്ദ്രോഹിമദ്യുതിഃ'
(ശബ്ദാർണ്ണവം)

ചന്ദനക്കുറ്റ്-ചന്ദനമുട്ടി.

ചന്ദനക്കൂട്ട്-കറിക്കൂട്ട്, അംഗഗന്ധം.

ചന്ദനഗോപി-നറുനീണ്ടി.

ചന്ദനത്തൈലം-ചന്ദനത്തിന്റെ എണ്ണ

ചന്ദനപ്പൂടിയിട്ടിരിക്കുക- ചമ്മണംകെട്ടിയിരിക്ക.

ചന്ദനം- ഒരു സുഗന്ധവൃക്ഷം. മററു പര്യായങ്ങൾ-ഗന്ധസാരം, മലയജം (മലയം), ഉൽപ്പത്തി ആഹ്ലാദിപ്പിക്കുന്നത് എന്നർത്ഥം.

(ചന്ദനം കഫം, കൃമി, പിത്തം, രക്തദോഷം, ശ്രമം, മെലിവ്, മൂലരോഗം, മൂർഛ, മദം, കണ്ണീർദാഹം, വിഷം, വിസർപ്പം, ചുട്ടുനീറൽ, ഛർദ്ദി ഇവയ്ക്കു നന്ന്. ആലേപനങ്ങളിൽവെച്ചു ശ്രേഷ്ഠം എന്നു സംഗ്രഹം. അരച്ചുതേച്ചാൽ നിറം വരുത്തും. തമിഴിൽ-ചന്ദനം. ഇംഗ്ലീഷിൽ-Sandal wood.)

ചന്ദനമുഷ്ടി, ചന്ദനമുട്ടി-പിടിച്ചരയ്ക്കുവാൻ കൈയിലെടുക്കാവുന്ന ചന്ദനത്തടക്കഷണം.

ചന്ദനാ നറുനീണ്ടി.

ചന്ദനാചലം-മലയപർവതം.

ചന്ദനാദ്രി മലയപർവതം.

ചന്ദനാലയം-മലയപർവതം ചന്ദനവൃക്ഷങ്ങൾക്കിരിപ്പിടം എന്നർത്ഥം.

ചന്ദനീയാ-ഗോരോചന

ചന്ദിരൻ-ചന്ദ്രൻ

'ചന്ദിരെ ചന്ദ്രഹസ്സ്നെ'-കോശാന്തരം)

ചന്ദിരം-പ്ര. ആന വ. കർപ്പൂരം.

ചന്ദ്രകല-ചന്ദ്രന്റെ പതിനാറിൽ ഒരംശം. (മലയാളത്തിൽ 'ചന്ദ്രക്കല' എന്ന പ്രയോഗമാണ് അധികം.)

ചന്ദ്രകലിക-ചന്ദ്രക്കല

ചന്ദ്രകം-പ്ര പീലിക്കണ്ണ്. ചന്ദ്രനെപ്പോലെയുള്ളത് എന്നർത്ഥം. മറ്റൊരു പര്യായം-മേചകം'. വ. പൊൻവണ്ട്. ത. വിരൽ, നഖം. ഭ വെളുത്തമുളക്.

ചന്ദ്രകാന്തൻ-ശശി.

ചന്ദ്ര -ചന്ദ്രയോഗനം.

ചന്ദ്രകാന്തം-പ്ര ഒരു രത്നം. ചന്ദ്രകാന്തക്കല്ല്-ചന്ദ്രരശ്മിയിൽ ഇളകി ഒലിക്കുന്നു. ചന്ദ്രമണി എന്നും പറയും. വ. വെൺചന്ദനം. ത. വെളുത്ത ആമ്പൽ.

(പിത്തം, വിഷം നേത്രരോഗം, രക്തദോഷം, സർവ്വശരീരസന്താപം ഇവകളെ നന്ന്. ശിവപ്രീതികരമാണ്. ധരിച്ചാൽ അലക്ഷ്മിയെ കളയും. വെളുത്തതും മിനുത്തതും ചന്ദ്രരശ്മി തട്ടിയാൽ ജലമൊഴുകുന്നതുമായ ചന്ദ്രകാന്തം നന്ന്. തമിഴിൽ-ചന്തിരകാന്തം. ഇംഗ്ലീഷിൽ- Moon-stone, Moongem. മൂൺസ്റ്റോൺ, മൂൺജെം)

ചന്ദ്രകാവി-ചെമന്ന ഉറമാൽ

ചന്ദ്രകി-മയിൽ.

ചന്ദ്രകിരണം-നിലാവ്.

ചന്ദ്രകേതു-൧. ലക്ഷ്മണന്റെ പുത്രൻ ൨. ചകോരദേശത്തിലെ ഒരു രാജാവ്.

ചന്ദ്രകല- ചന്ദ്രന്റെ പതിനാറിൽ ഒരംശം.

ചന്ദ്രകലാധരൻ-ശിവൻ.

ചന്ദ്രഗുപ്തൻ- മൌര്യവംശത്തെ സ്ഥാപിച്ചവൻ.

[മഗധാദേശത്തിൽ വാണു. മുദ്രാരാക്ഷസം' നാടകത്തിലെ നായകനാകുന്ന ഈ രാജാവിന്റെ പേർ അലക്സാണ്ടരുടെ ചരിത്രത്തിൽ 'സന്ദ്രകോട്ടസ്സ്' എന്നു കാണുന്നു. അലക്സാണ്ടർ ഇൻഡ്യയെ ആക്രമിച്ച മക്കദൊന്യരാജാവാണ്. ഇൻഡ്യാചരിത്രസംബന്ധമായ ചില സംഭവങ്ങളുടെ കാലം നിശ്ചയിക്കുന്നതിൽ ചന്ദ്രഗുപ്തനു പ്രാധാന്യമുണ്ട്. നന്ദവംശത്തിലെ ഒരു രാജാവിനു 'മുര എന്ന ഒരു ശൂദ്രസ്ത്രീയിൽ ജാതനായ പുത്രൻ [ബി സി. ൩൨൧-ൽ] മഗധയിലെ രാജാവായ ചന്ദ്രഗുപ്തൻ മരിച്ചിട്ട് ഇപ്പോൾ ൨൨൦൦-ൽ ചില്വാനം കൊല്ലമായിട്ടുണ്ട് ]

ചന്ദ്രഗോളിക-നിലാവ്.

ചന്ദ്രഗ്രഹണം ചന്ദ്രനുണ്ടാകുന്ന ഒരു മറവ്. (ഗ്രഹണം എന്നതു നോക്കുക)

ചന്ദ്രചഞ്ചലാ-തിരുതമീൻ.

ചന്ദ്രചൂഡൻ-ശിവൻ.

ചന്ദ്രജ്ഞാപലം-ചന്ദ്രകാന്തം.

ചന്ദ്രതാരവു- ഒരുവക പുഷ്പം.

ചന്ദ്രദത്തൻ-ഒരു കവി

ചന്ദ്രദാരകൾ-ദക്ഷന്റെ പുത്രിമാരായ ൨൭-നക്ഷത്രങ്ങൾ ഇവരെ ചന്ദ്രൻ വേട്ടു

ചന്ദ്രദ്യുതി-ചന്ദനം.

ചന്ദ്രൻ-രാത്രി വെളിച്ചം തരുന്ന ദേവൻ' അമ്പിളിയമ്മാമൻ. സന്തോഷിപ്പിക്കുന്നവൻ എന്നർത്ഥം. പര്യായങ്ങൾ-ഹിമാംശു, ചന്ദ്രമസ്സ്. ഇന്ദു, കുമുദബാന്ധവൻ, വിധു, സുധാംശു, ശുഭ്രാംശു, ഓഷധീശൻ, നിശാപതി, അബ്ജൻ, ജൈവാതൃകൻ, സോമൻ, ഗ്ലൌവ്വ് മൃഗാങ്കൻ, കലാനിധി, ദ്വിജരാജൻ, ശശധരൻ; നക്ഷത്രേശൻ, ക്ഷപാകരൻ

(ചന്ദ്രൻ അനസൂയയിൽ അത്രിമഹർഷിക്കുണ്ടായവനാണ്. അത്രിഘോരമായ തപസ്സുചെയ്തുകൊണ്ടിരിക്കേ കണ്ണിൽ നിന്നുണ്ടായി എന്നു കാണുന്നു 'അസ്ത്ര്യത്രിനേത്രപ്രഭവഃ കലാത്മാ ശശീതി നക്ഷത്രഗണസ്യനാഥഃ' പാലാഴിമഥനത്തിൽ ഭവിച്ചവനാണെന്നും ധർമ്മന്റെ പുത്രനെന്നും സൂര്യന്റെ പുത്രനെന്നും കൂടെ കാണുന്നുണ്ട് ചന്ദ്രന്റെ രഥത്തിനു മൂന്നു ചക്രവും അതു വലിക്കാൻ പത്തു വെള്ളക്കുതിരയുമുണ്ട്. ഒരിക്കൽ ശിവൻ തന്റെ ശൂലംകൊണ്ടു ചന്ദ്രന്റെ തലയെ രണ്ടായി മുറിച്ചു. ഇതിനു കാരണം ചന്ദ്രൻ ബൃഹസ്പതിയുടെ ഭാര്യയായ താരയെ മോഷ്ടിച്ചതാണ് ചന്ദ്രൻ ദക്ഷന്റെ ൨൭-പുത്രിമാരെ (നക്ഷത്രങ്ങളെ) വേട്ടു. ചന്ദ്രൻ രോഹിണിയോടുമാത്രം വളരെ സ്നേഹം കാണിച്ചു. ഇതിനാൽമററുള്ളവർ ദക്ഷനോടു ആവലാതി

പറഞ്ഞു ദക്ഷൻ ഗുണദോഷിച്ചു. ഫലിച്ചില്ല. അദ്ദേഹം ചന്ദ്രനെ ശപിച്ചു. തന്നിമിത്തം ചന്ദ്രൻ മക്കളില്ലാതെ ക്ഷയരോഗിയായി ഭവിച്ചു. അനന്തരം ഭാര്യമാർ വ്യസനിച്ചു മദ്ധ്യസ്ഥതചെയ്തു. ശാപം മുഴുവനും പിൻവലിക്കാൻ ദക്ഷന്നു നിവൃത്തിയുണ്ടായില്ല. ചന്ദ്രന്റെ ക്ഷയത്തെ താൽക്കാലികമാക്കിച്ചെയ്തു. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾക്കു ഇതാണ് കാരണമെന്നു പറയുന്നുണ്ട്]

ചന്ദ്രനാഗം-പ്ര. ഒരുവക കറുത്ത സർപ്പം ഉ. പെരുമ്പാമ്പിന്റെ തല. ന. രത്നം.

ചന്ദ്രനാമാ, ചന്ദ്രനാമകം-കർപ്പൂരം.

ചന്ദ്രബാല-ഏലം. ചന്ദ്രം=കർപ്പൂരം. ഗന്ധസാദൃശ്യംകൊണ്ടു 'ചന്ദ്രബാല' എന്നു പേർ സിദ്ധിച്ചു.

ചന്ദ്രബിംബം-ചന്ദ്രന്റെ പ്രതിമ.

ചന്ദ്രഭവനം-കർക്കടകം.

ചന്ദ്രഭാഗാ-ഒരു നദി.

(ചന്ദ്രഭാഗീ എന്നുമാവാം. അമൃതമയനായ ചന്ദ്രനെ പാനംചെയ്വാൻ വേണ്ടി ദേവകൾ പകുത്തു അനന്തരം അതിൽ നിന്നു ഏതാനും അമൃതത്തുള്ളികൾ വീണു അതു പ്രവഹിച്ചതാണ് ഈ നദി. ചന്ദ്രന്റെ ഭാഗത്തിൽ നിന്നുണ്ടായതു. ചന്ദ്രഭാഗങ്ങൾ എന്നു പേരുള്ള രണ്ടു പർവ്വതങ്ങളുടെ നടുവിൽ നിന്നുത്ഭവിച്ചതു എന്നുമാവാം. ഇതു ഹിമവാനോടടുത്തുള്ള ചന്ദ്രഭാഗം എന്ന പർവ്വതത്തിൽ നിന്നു പുറപ്പെട്ട് കാശ്മീരദേശത്തിൽ കൂടി ഒഴുകുന്നു)

ചന്ദ്ര-പ്ര. സ്വർണ്ണം. ആഹ്ലാദിപ്പിക്കുന്നത് എന്നർത്ഥം. ഉ. കർപ്പൂരം. ന. വെള്ളം. ര കമ്പിപ്പാല. ഒ. ചെവരം. ന്യ. ചന്ദ്രകാന്തം.

ചന്ദ്രമണ്ഡലം-ചന്ദ്രബിംബം.

[ചന്ദ്രമണ്ഡലത്തിന്റെ വ്യാസം ൨൧൬൦ മൈൽസ്. ഭൂവ്യാസത്തിന്റെ നാലിൽ ഒന്ന്.)

ചന്ദ്രമണി-ചന്ദ്രകാന്തം.

ചന്ദ്രമസ്സ്-പ്ര. ചന്ദ്രൻ. കർപ്പൂരംപോലെയുള്ളവനെന്നർത്ഥം. ഉ. കർപ്പൂരം.

ചന്ദ്രമാസം, ചാന്ദ്രമാസം-ചന്ദ്രന്റെ ഗതിയെ അടിസ്ഥാനപ്പെടുത്തിയുള്ള മാസം.

ചന്ദ്രമൌലി-ശിവൻ.

ചന്ദ്രരശ്മി-നിലാവ്.

ചന്ദ്രരേഖ-പ്ര ചന്ദ്രകല ഉ. ഒരു മരുന്നു, കാർകോകിൽ.

ചന്ദ്രലോഹകം-വെള്ളി.

ചന്ദ്രവംശം-സോമവംശം.

[ഒരു രാജവംശം; ചന്ദ്രനിൽനിന്നുത്ഭവം. യാദവർ എന്നും പൌരവർ എന്നും രണ്ടായി പിരിച്ചിരിക്കുന്നു. കൃഷ്ണൻ യദുകുലത്തിൽ ഭവിച്ചു. പാണ്ഡവർ, കൌരവർ, ദുഷ്ഷന്തൻ മുതലായവർ പൌരവരാകുന്നു. ഈ വംശക്കാരുടെ പേർ വിഷ്ണുപുരാണംകൊണ്ടറിയാം]

ചന്ദ്രവല്ലരി-സോമലത.

ചന്ദ്രവിഹംഗമം-കൊക്ക്.

ചന്ദ്രശാല-പ്ര. നിലാമുറ്റം. ഉ. നിലാവ്. ന. മട്ടുപ്പാവ്.

ചന്ദ്രശില-ചന്ദ്രകാന്തക്കല്ല്.

'ചന്ദ്രിക[illegible]
ചന്ദ്രശിലാമണി'

(ശൃംഗാര[illegible])

ചന്ദ്രശേഖരൻ-പ്ര. ശിവൻ. ചന്ദ്രനെ ശിരസ്സിൽ അലങ്കരിച്ചിരിക്കുന്നവൻ എന്നർത്ഥം. ഉ. ഒരു സംസ്കൃതകവി. പ്രസിദ്ധനായ വിശ്വനാഥകവിയുടെ പി

താവു. പുഷ്പമംഖ, ഭാഷാർണ്ണവം എന്ന ഗ്രന്ഥങ്ങളും ഉണ്ടാക്കീട്ടുണ്ട്.

ചന്ദ്രസംഭവാ-ചിററേലം.

ചന്ദ്രസംജ്ഞം-പച്ചക്കർപ്പൂരം. ചന്ദ്രന്റെ പര്യായങ്ങളാകുന്ന സംജ്ഞകളും ഉള്ളതു് എന്നർത്ഥം.

ചന്ദ്രഹാസൻ-ഒരു കേരളരാജാവു്.

[യാഗം ചെയ്യുന്നതിനുള്ള കുതിരയും കൊണ്ടു കൃഷ്ണനും അർജ്ജുനനും ചന്ദ്രഹാസന്റെ രാജ്യത്തിൽ ചെന്നു. അവിടെ വെച്ചു ചന്ദ്രഹാസൻ അവരുടെ ഒരു ഇഷ്ടനായിത്തീൎന്നു. അച്ഛന്റെ പേർ സുധാമ്മികൻ. ജനനത്തിലേ മാതാപിതാക്കന്മാർ മരിച്ചു. വലിയ ദരിദ്ര്യത്തിൽ പെട്ടു ഒടുവിൽ രാജാവായി]

ചന്ദ്രഹാസം-പു. വാൾ. ചന്ദ്രനെപ്പോലെ ശോഭയുള്ളതു് എന്നർത്ഥം. ഉ. രാവണന്റെ വാൾ.

'ചന്ദ്രഹാസാസിമന്ത്രകേ ദശഗ്രീവ
കൃപാണേ ച കനീയസി ച ഗ്ഗൽഗ്ഗലെ' (ഹൈമൻ)

ന. വെള്ളി.

ചന്ദ്രാൎദ്ധപ്രഭം-വി. അൎദ്ധചന്ദ്രാകാരമായിരിക്കുന്ന.

'ചമച്ചു ചന്ദ്രാൎദ്ധപ്രഭമാകും വ്യൂഹം' (ഭാരതം)

ചന്ദ്രാലോകം-ഒരു അലങ്കാരഗ്രന്ഥം

ചന്ദ്രാംശു-പു. വിഷ്ണു. ഉ. ചന്ദ്രരശ്മി.

ചന്ദ്രിക-സ്ത്രീ. നിലാവു്. ചന്ദ്രന്റെ പ്രകാശം, ചന്ദ്രനോടുകൂടിയതു്, ചന്ദ്രനുണ്ടെന്നു അറിയിക്കുന്നതു് ഇങ്ങനെ ശബ്ദാർത്ഥം. 'ചന്ദ്രമാ' എന്നുമാവാം.

'ചന്ദ്രികാ ചന്ദ്രിമാചാന്ദ്രീ' (ശബ്ദാർണ്ണവം)

ജലസമുദ്രപിയായിരിക്കുന്ന ചന്ദ്രന്റെ മണ്ഡലത്തെ സൂൎയ്യരശ്മി സ്പർശിക്കുമ്പോൾ ആ ഭാഗം തന്നെ പ്രകാശിച്ചു അവിടെ നിന്നു ഉദ്ഭവായിട്ടുണ്ടാകുന്ന രശ്മികളത്രെ ചന്ദ്രിക.

ഉ. ഏലം. ന. ചന്ദ്രശാലനി ൪. വെളുത്ത കണ്ടകാരിച്ചുണ്ട. ൫. തിംകൾ മീൻ. ൬. കന്നഹോമി. ൭. കാർകോകിൽ. ൮. ഉലുവാ. ൯. വെളുത്ത തൊഴി. ൧൦. വള്ളിമുല്ല.

ചന്ദ്രികാങ്കണം-നിലാവുമുററം.

ചന്ദ്രിമാ-ചന്ദ്രികം.

ചന്ദ്രിലം-ചീര.

ചന്ദ്രോദയം-ചന്ദ്രൻ ഉദിക്കുക.

ചന്ദ്രോപലം-ചന്ദ്രകാന്തക്കല്ലു്.

ചന്ദ്രോത്സവകാലം—ശരൽക്കാലത്തിലേ ശുക്ലപക്ഷത്തിൽ ഏകാദശിനാൾ തുടങ്ങി ആ വെളുത്തവാവുവരെ.

ചന്നം-ഒരു പെൺകക്ഷണം.

ചപല-വി സ്ത്രീ. ഇളക്കമുള്ള. ഉ. അല്പനേരത്തേക്കുള്ള. ന. വേഗമുള്ള. ൪. വിറയ്ക്കുന്ന.

ചപല-സ്ത്രീ. ലക്ഷ്മി. ഉ. തിപ്പലി. ആശുപ്രസിപ്പിക്കുന്നതു് എന്നർത്ഥം. ന. മിന്നൽ. ഇരുമായി ഗമിക്കുന്നതു് എന്നർത്ഥം ൪. നാവു്. ൫. വേശ്യ. ൬. മദ്യം. ൭. നദി. ൮. ഭംഗി.

ചപലത-സ്ത്രീ. ഇളക്കം. ഉ. ഭയം.

ചപലൻ-പു പെട്ടെന്നു(ഒരെറ തീർച്ചയം കൂടാതെ) കൊല താഡനം മുതലായതു ചെയ്യുന്നവൻ, മറെറാരു പര്യായം. ചികുരൻ ഉ. അസ്ഥിരൻ.

ചപലപത്രം-അരയാൽ. ഇലകൾ സദാ ഇളകിക്കൊണ്ടിരിക്കുന്നതിനാൽ ഈ പേരുണ്ടായി.

ചപലം-കാലതാമസംകൂടാതെ (ക്രിയാവിശേഷണമവ്യയം)

ചപലം-പു, രസം. ഒരു ദിക്കിൽ സ്ഥിരമായി നില്ക്കാത്തതു എന്നർത്ഥം. ഉ. വ്യാകുലം. ന. പെരുംപയറു്. ൪. അടവിക്കച്ചോലം. ൫. മാൻ. ൬. കരഞ്ഞു്.

ചപലാംഗം-ചീങ്കണ്ണി.
ചപലാവക്ത്രാ—ഒരു വൃത്തത്തിന്റെ പേർ.
ചപേടം-പു. ഉള്ളംകൈ. വിരലെല്ലാം നിവർത്തി പരത്തിയ കൈപ്പടം. ചത്രാദികളെ ആശ്വസിപ്പിക്കുന്നതു എന്നർത്ഥം. ഇതത്രേ അനുഗ്രഹാദികൾ ചെയ്യുന്ന കൈ. വ. അടി.
ചപ്പ്-വി. പു. കൊള്ളരുതാത്ത, ചീത്ത. വ. സ്വാദില്ലാത്ത.
ചപ്പ്-പു. കരിയില. വ. അടിച്ചുകൂട്ട്. ന. ചവയ്ക്കൽ.
[ശഷ്പം എന്നതു ചപ്പ് എന്നായി]
ചപ്പ-ചപ്പട്ട.
ചപ്പങ്ങം-ചെമന്ന ചായം എടുക്കുന്ന ഒരു വൃക്ഷം. പര്യായങ്ങൾ-കമലോത്തരം, കുസുംഭം, വഹ്നിശിഖം, മഹാരജതം.
ചപ്പടാച്ചി-പു. നേരംപോക്ക്, വ. മയവാക്ക്.
ചപ്പട്ട-പു. ചീത്ത. വ. സ്വാദില്ലാത്ത. ന. മടിയുള്ള.
ചപ്പത്തിട്ടുന്ന-കൊല്ലൻ.
ചപ്പൻ-പു, അനായാസ്യൻ. വ. മടിയൻ.
ചപ്പം-ചപ്പ്.
ചപ്പൽ-ചവയ്ക്കൽ.
ചപ്പാണി-പു. ഞൊണ്ടി. വ. പൊണ്ണത്തടി.
ചപ്പിടാച്ചി, ചൊപ്പിടാച്ചി-പു. നേരംപോക്ക്. വ. മയവാക്ക്.
ചപ്പില-ഉണക്കില.
ചപ്പിളാഞ്ചി-രസമില്ലാത്ത വാക്ക്.
ചപ്പിളി-ചീത്തവാക്ക്.
ചപ്പുക-പു. ചവയ്ക്കുക. വ. ചവന്നാചക, ഉ-ം, ചപ്പിയമുക്ക്, ന. ചുണ്ടുകൾ കൊണ്ടു മുലയുണ്ടാക്കിക്കുടിക്ക. ഉ-ം, കുചപ്പാൽ ചപ്പിക്കുടിക്കുന്നു. ർ. ഉരുകുക.

ചപ്രതാലയൻ-ചപ്രത്തലയൻ, ചെശിയില്ലാത്ത തലമുടിയുള്ളവൻ.
ചപ്രം, ശപ്രം-പടംവെച്ചു പൂമിപ്പാൻ കെട്ടിയുണ്ടാക്കുന്നത്.
ചപ്രമഞ്ചം-ചായംപിടിപ്പിച്ച കട്ടിൽ.
ചം-പു. ആമ. വ. ചാകരപ്പക്ഷി. ന. അറബിക്കസ്തൂരകം.
ചമത-പ്ലാശുവൃക്ഷം. പര്യായങ്ങൾ-ഏധസ്സ്, സമിത്ത്. (ചമതയ്ക്കു 'ഇധ്മം' എന്നൊരു പര്യായം കൂടിയുള്ളതായിക്കാണുന്നു.)
[സമിത്ത് അത്രേ ചമതയായത്.]
ചമത്ത്-ശക്തി. വ. പ്രാപ്തി.
ചമത്തൻ-പു. ശക്തൻ. വ. പ്രാപ്തൻ.
ചമയപ്പാട്ട്-കഴിക്കണം.
ചമയം-പു. ഉടുപ്പ്. വ. ആഭരണം. ന. വേഷം. ർ. എലുക.
ചമയൽ-പു. അണിയിപ്പ്. വ. ആഭരണം. ന. അരിവെപ്പ്.
ചമയുക-പു. അലങ്കരിക്കുക. വ. ഉടുക്കുക. ന. ആയിത്തീരുക. ർ. ഒരുങ്ങുക. ഇ. വേഷംകെട്ടുക. (സ. ക്രി. ചമയിക്കുക)
ചമയ്ക്കുക-പു. ഉണ്ടാക്കുക. വ. പാകം ചെയ്യുക.
ചമരം-കവരിമാൻ, ചമരമൃഗം. ചമരിമാൻ. തന്നെത്തന്നെ രക്ഷിക്കുന്നതു എന്നർത്ഥം.
ചമരി-കവരിമാൻ
ചമരിക-പു. കവരിമാൻ. വ. മയക്കത്തി, കോരക, പൊന്മാങ്ങ നുരുമ്മ ദകസരങ്ങൾ ഉള്ളതു എന്നർത്ഥം.
ചമരികം-മന്ദാരം എന്ന പുഷ്പം.
ചമരിമാൻ-കവരിമാൻ.
(ഇതിന്റെ മാംസം വാതം, പിത്തം, ചുമ ഇവയെ തീർക്കും. തമിഴിൽ, ചവരി മാൻ)
ചമൽക്കാരം-അത്ഭുതം. വ. സാമർത്ഥ്യം. ന. വലിയ കടലാടി. ർ. മംഗി. ഇ.

സഹൃദയന്മാരുടെ ഹൃദയത്തിന് ആഹ്ലാദത്തെ ജനിപ്പിക്കുന്ന കവിതാധർമ്മം.

ചമൽകൃതി-സ്ത്രീ. അത്ഭുതം. വ. സാമർത്ഥ്യം.

ചമസം-യജ്ഞപാത്രവിശേഷം. (സോമപാനത്തിനുള്ള പാത്രമാണ്.) വ. തവി.

ചമസി-സ്ത്രീ. അരിമാവ്. വ. എള്ളുണ്ട. ന. ദോശ.

ചമൂ-സ്ത്രീ. സേനാവിഭാഗം (അക്ഷൌഹിണി നോക്കുക). വ. സേന. ശത്രുസൈന്യത്തെ നശിപ്പിക്കുന്നത് എന്നർത്ഥം.

ചമൂരു-ഒരുവക മാൻ.

[ഇതിന്റെ നിറം വെളുത്തോ കറുത്തോ ഇരിക്കും. വാൽ കാണുകില്ല ഒരു പക്ഷേ ഉണ്ടെന്നു വരികിൽ അല്പമേ കാണൂ, കൃഷ്ണമൃഗം എന്നും പറയുന്നുണ്ട്.]

ചമ്പ്-ഇറച്ചി.

ചമ്പ-സ്ത്രീ. ഒരു താളം. വ. ഉണക്കമീൻ. ന. ജലത്തിലുണ്ടാകുന്ന ഒരു ചെടി. ര. ഒരു പ്രധാന ദിക്ക്. ഉ. മിന്നൽ (ശമ്പ)

ചമ്പകം-പു. ഒരു വൃക്ഷം. പുഷ്പാഹരണത്തിൽ ആഗ്രഹമുള്ളവരാൽ ഗമിക്കപ്പെടുന്നത് എന്നർത്ഥം. വ. കുഞ്ഞ്, ന. സ്വർണ്ണവാഴ.

(ചമ്പകം-കഫം, പിത്തം, ചുട്ടുനീറൽ, രക്തദോഷം, കൃമി, കുഷ്ഠം, വിഷം, വ്രണം, ചൊറി, ജ്വരം, വാതരക്തം, മൂത്രകൃച്ഛ്രം ഇവക്കു നന്ന്. പൂവിന്നു സൌരഭ്യമുണ്ട്. നിറം മഞ്ഞയാണ്. തമിഴിൽ -ചെമ്പൈ. ലാററിൻ- Michelia Champaca മിച്ചെലിയാ ചംപകാ)

ചമ്പകമാല-ഒരു വൃത്തം.

[ഇതു പംക്തിഛന്ദസ്സിൽ പെട്ടതാണ്. പാദം ഒന്നിൽ അക്ഷരം പത്തുവീതം കാണും. 'ഭം മസഗം കേൾ ചമ്പകമാലം' ഇതിന്ന 'രുക്മവതി' എന്നും പേരുണ്ട്-വൃത്തമഞ്ജരി.]

'ചമ്പകമാലാവൃത്തമതിന്നേൻ
ചമ്പകമാലാനേർതനോ! മീശം
മുമ്പതുനാലഞ്ചാറഥപത്തി-
ങ്ങൊമ്പതുമഞ്ചിങ്കൽ വിരാമം'
- -(കാന്തവൃത്തം)

ചമ്പടം-വൃത്തികെട്ടവസ്ത്രം.

ചമ്പൻ-മൂക്കാത്തപാക്ക്.

ചമ്പൻ-യയാതിയുടെ സന്തതിയിൽ ഒരുവനായ പൃഥുലാക്ഷന്റെ മകൻ, ചമ്പുനഗരം പണിയിച്ചു.

ചമ്പളം, ശമ്പളം-മാസപ്പടി.

ചമ്പാരിപ്പടം-ആനയുടെ ചമയക്കോപ്പ്.

ചമ്പാവ്, ചെമ്പാൻ, ചമ്പാ-ഒരു വക വെളുത്തനെല്ല്.

ചമ്പ്രംപടിഞ്ഞിരിക്കുക - കാലുമടക്കിയിരിക്കുക. (ചമ്പറം, ചമ്പം, ചമ്മണം)

ചമ്പ്രാവള്ളി-ഒരുവള്ളി.

ചമ്പു, ചമ്പൂ-ഒരു ഗ്രന്ഥം.

[ഗദ്യപദ്യസമ്മിശ്രമായ ഒരു കാവ്യം ഉ-ം ഭോജചമ്പു (രാമായണം). നളചമ്പു, ഭാരതചമ്പു, ഉത്തരരാമായണം ചമ്പു, ഉഷാകല്യാണചമ്പു ഇത്യാദി]

ചമ്മട്ടി-കൊരടാവ്.

ചമ്മണം-കാലുമടക്കിയിരിക്ക, ചപ്പണം കൂട്ടുക, ചമ്പറം.

ചമ്മന്തി-ഒരു കറി, ചട്ടിണി.

ചമ്മല്-പ്രയാസം, ഉപദ്രവം, വൈഷമ്യമുള്ള സംഗതി.

ചമ്മി-ചണ്ടി, പായൽ

ചയനം-ഒരുമിച്ചു കൂട്ടുക

ചയം-പു. കൂട്ടം. വർദ്ധിക്കുന്നത് എന്നർത്ഥം വ. മൂടി. ന. ഭവനം. ര. മതിലടി, ചാരമതിൽ. (ഈ മതിലിന്റെ അടിയിൽ ഉറപ്പിനായി കെട്ടിയുണ്ടാക്കുന്നതാണ്) ഉ. മൺതിണ്ണ. (കോട്ടയുടെ പുറത്തു കിടങ്ങു കീറുമ്പോൾ ആ വക മണ്ണും കല്ലും

കൂടി കൂട്ടിയുയർത്തിയുണ്ടാക്കുന്നതു്) ന്തരാമരം ൭. പല്ലുകേപ്പല്ല്.

ചര-വി. പ്ര. നടക്കുന്ന. വ. ഇളകുന്ന.

ചരകൻ-ചരകം എന്ന വൈദ്യഗ്രന്ഥത്തിന്റെ കർത്താവ്.

[വാഗ്ഭടന്റെ അഷ്ടാംഗഹൃദയം ചരകന്റെയും സുശ്രുതന്റെയും കൃതികളുടെ സംഗ്രഹമാണ്. ചരകൻ അനന്തന്റെ അവതാര പുരുഷനാണുപോലും].

ചരകം-ഒരു വൈദ്യഗ്രന്ഥം.

ചരക്ക്-പ്ര. സാമാനം, കച്ചവടത്തിനുള്ള പലമാതിരി പദാർത്ഥങ്ങളും. വ. വാപ്പ്.

ചരക്കുമേനി-വൻതരം വള്ളം.

ചരട്-നൂല്, നൂൽപിരിച്ചുണ്ടാക്കുന്നത്, നാര, നാരുപിരിച്ചുണ്ടാക്കുന്നത്.

ചരടം-കരിങ്കുരികിൽ.

ചരട്ടപമ്പരം-ഏറുപമ്പരം.

ചരട്ടുളി-കയറുകെട്ടിയ ചാട്ടുളി.

ചരണതളിർ-കാൽച്ചുവട്, പാദം.

ചരണതാർ-കാൽച്ചുവട്, പാദം.

ചരണം-കാൽ. ചരിക്കുന്നതു എന്നർത്ഥം. മററു പര്യായങ്ങൾ-പാദം, പത്തു്, അംഘ്രി. വ. ചുവട് ന. സഞ്ചാരം. ല. മൂലം. ൫. ശ്ലോകത്തിന്റെ ഒരു പാദം. ൬. പാട്ടുകളുടെ ഓരോ ഖണ്ഡം.

ചരണംചെയ്ക-നടക്കുക.

ചരണമുദ്ര-കാൽച്ചുവട്.

ചരണായുധ-കോഴി. ചരണം ആയുധമായിട്ടുള്ളതു് എന്നർത്ഥം.

ചരണ്ടി-വിവാഹം കഴിഞ്ഞവളും ഭർത്തൃഗൃഹവാസയോഗ്യയായ സ്ത്രീ. (ചിരണ്ടി എന്നതിന്റെ പാഠം)

ചരതം-പ്ര. സൂക്ഷ്മം. വ. സൂക്ഷിച്ചുവെയ്ക്കുക. ന. സാവധാനം, സത്യമായിട്ട്. ല. മന്ദം.

ചരതിക്കുക-സൂക്ഷിക്കുക, സൂക്ഷിച്ചുവെയ്ക്കുക.

ചരതിച്ച്-സരസമായിട്ട്, സൂക്ഷിച്ച്.

ചരൻ-ഒററുകാരൻ, രാജകാര്യമായി കാര്യങ്ങൾ ഗ്രഹിപ്പാൻ അയക്കപ്പെടുന്ന ഗൂഢപുരുഷൻ, ചാരൻ.

ചരമ-വി. പ്ര. പിമ്പുള്ള, ഒടുക്കത്തെ. വ. പടിഞ്ഞാറുള്ള.

ചരമകാലം-പ്ര. അവസാനകാലം, മരണസമയം. വ. സന്ധ്യ.

ചരമക്ഷ്മാഭൃത്ത്-അസ്തമനപർവ്വതം, ആദിത്യചന്ദ്രന്മാർ സഞ്ചരിക്കുന്ന പർവ്വതം എന്നർത്ഥം. മററൊരു പര്യായം-അസ്തം.

ചരമഗിരി-അസ്തപർവ്വതം

ചരമഗതി-മരണം, നാശം.

ചരമം-പ്ര. അസ്തമനശൈലം. വ. ഒടുവിലുള്ളത്, ഒടുവിലത്തെയത്. ന. മരണം.

ചരം-പ്ര. നടക്കുന്ന വസ്തു ചരം > < അചരം. (ജംഗമം > < സ്ഥാവരം). മററു പര്യായങ്ങൾ-ചരിഷ്ണു, ജംഗമം, ത്രസം, ഇംഗം, ചരാചരം. വ. ദൂതം. ന. കവടി. ല. കരിങ്കുരികിൽ.

ചരയുക-അയയുക, കായുക.

ചരരാശി-മേടം, കർക്കടകം, തുലാം, മകരം ഇങ്ങനെ നാലു രാശികൾക്കും കൂടിയുള്ള പേർ.

ചരൽ-ഉരുണ്ട ചെറിയ കല്ല്.

[ശർക്കര എന്നതാണ് ചരൽ എന്നായതു്]

ചരവ്-പ്ര. ചെരിച്ചിൽ, ചെരിവ്. വ. ഒഴിവ്. ന. കാവ്.

ചരളം-ഒരു വൃക്ഷം. ചരളമരം. സരളമാത്ര ചരളമായതു്. മററു പര്യായങ്ങൾ-പീതദ്രു, സരളം, പൂതികാഷ്ഠം. ചരൾ എന്നുമാകാം.

[വാതം, കണ്ഠരോഗം, കർണ്ണരോഗം മുതലായതിനു നന്ന്. ഒരുതരം ദേവതാരമാണ് പുഷ്പിക്കുന്നതല്ല. സംസ്കൃതത്തിൽ-സരളം, തമിഴിൽ-ചരളദേവദാരം. ഇംഗ്ലീഷിൽ Long leaved pine ലോങ് ലീവ്ഡ് പൈൻ.]

ചരാകം-ചട്ടി.

ചരാചരങ്ങൾ-മനുഷ്യാദികളും വൃക്ഷാദികളും.

ചരാചരഗുരു-സ്ഥാവരജംഗമങ്ങളായ സകലത്തിന്റെയും നാഥൻ, ദൈവം.

ചരാചരം-നടക്കുന്ന വസ്തു ചരിക്കുന്നതു എന്നർത്ഥം. [പി'

'ചരാചരംജംഗമസ്യാദിഗേവിഷ്ടപമയംര

(ഹേമചന്ദ്രൻ)

ചരാത്, ചരാവം-ഫ. ചട്ടി. വ. ഇടിത്തീൽവിളക്ക്. പര്യായങ്ങൾ-ശരാവം, വർദ്ധമാനകം.

ചരിക്കുക-ക്രി. ഒരുവശം പൊങ്ങുകയും മറ്റേവശം താഴുകയും ചെയ്യുക. വ. സഞ്ചരിക്കുക, നടക്കുക, ഇളകുക. ന. വെള്ളമായ വസ്തുക്കൾ ഒന്നിൽ നിന്നും മറ്റൊന്നിലേക്കു ആക്കുക.

ചരിച്ചിൽ-ഒരുവശം പൊക്കി മറ്റേവശം താഴ്ത്തിവെക്കുക.

ചരിതൻ-(പദാന്തത്തിൽ) ചരിത്രത്തോടു കൂടിയവൻ, സ്വഭാവമുള്ളവൻ. ഇതു സമാസം പദാന്തത്തിലേ കാണാറുള്ളൂ. ഉ-, പാവനചരിതൻ= ശുദ്ധമായുള്ള ജീവിതത്തോടു കൂടിയവൻ. സച്ചരിതൻ =നല്ല സ്വഭാവമുള്ളവൻ.

ചരിതം-ഫ. ചരിത്രം, വൃത്താന്തം, കഥ, കെട്ടുകഥ. വ. നിശ്ചയിച്ച ചട്ടം. ന. നല്ലനടപ്പ്.

(ചരിതം എന്നും ചരിത്രം എന്നുമുള്ളതിൽ ചരിതം എന്നതു പദ്യസംബന്ധമായ കൃതികളും ചരിത്രം എന്നതു ഗദ്യസംബന്ധമായ കൃതികളും ഉപയോഗിച്ചു വരുന്നു ഉ-, ശ്രീകൃഷ്ണചരിതം, ഇൻഡ്യാചരിത്രം.)

ചരിതാർത്ഥത-തൃപ്തി, കൃതാർത്ഥത.

ചരിത്രം ഫ. കഥ, വൃത്താന്തം. വ. കല്പനച്ചട്ടം. ന. നല്ലനടപ്പ്. ര നന്നായിട്ടോ ചീത്തയായിട്ടോ ഉള്ള ലക്ഷണം.

ചരിയുക-ക്രി. ഒരുവശത്തേക്കാവുക. വ. കിടക്കുക. ന. ഒരുവശത്തു കിടക്കുക. ര. ആന ചാവുക.

ചരിവ്, ചരുവ്, ചെരിവ്-ഫ. ഇറക്കം, മലയുടെ ഇറക്കം. വ. ചരിച്ചിൽ, ചൊവ്വില്ലായ്മ. ന. കിടക്കുക. ര ഒരുവശത്തു കിടക്കുക.

ചരിഷ്ണു-നടക്കുന്നവസ്തു, ജംഗമം. സഞ്ചരിക്കശീലമായതു് എന്നർത്ഥം.

ചരു-ഫ. ഹോമത്തിനായിട്ടു വെയ്ക്കുന്ന ചോറ്, അഗ്നിമുഖത്തിൽ ഹോമിക്കപ്പെടുന്ന അന്നം. ദേവന്മാരാൽ ഭക്ഷിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. വ. ഹവിസ്സ് പാകംചെയ്യാനുള്ള പാത്രം. ന. ഹവിസ്സ്.

'ഗൃഹീതപാപംയസംചരും'

(ശ്രീരാമോദന്തം)

ചർക്കരാ-ശരൽക്കല്ലുപ്രായം.

ചർക്കരീതരൂപം-(വ്യാകരണത്തിൽ) ഒരു ക്രിയയെ തുടരെത്തുടരെയോ വിശേഷവിധിയായിട്ടോ ചെയ്ക എന്നർത്ഥത്തിൽ ഉണ്ടാവുന്ന രൂപഭേദം.

ചർക്കുക, ചറുക്കുക-തെറ്റുക, വഴുക്കുക.

ചർച്ച-ഫ. വിചാരം. വ. സുഗന്ധലേപനം. ന. വിവാദം.

ചർച്ചം-നവനിധികളിൽ ഒന്ന്. സ്മരിക്കപ്പെടുന്നതു് എന്നർത്ഥം. അഞ്ജനപ്രയോഗം മുതലായതു കൊണ്ടു തിരയപ്പെടുന്നതു് എന്നുമാവാം.

ചർച്ചരി-ഫ. നൃത്തവിശേഷം. വ. ഉത്സവം. ന. കൈകൊട്ടും, കൈകൊട്ടുന്ന ഒച്ച. ര ഘോഷശബ്ദം, ഒരുവക പാട്ട്. ത. ചുരുണ്ടതല.

ചർച്ചാ-ഫ. വ്യഭിചാരിണി. വ. പ്രമാണം കൊണ്ടുള്ള അർത്ഥപരീക്ഷ. വിചാരിക്കപ്പെടുന്നതു എന്നർത്ഥം. ന. ചന്ദനം കുങ്കുമം മുതലായതു പൂശുക. അഭ്യംഗനം

ഹേതുവായിട്ടു മനഃപരിഷ്കാരം സിദ്ധിക്കുന്നതുപോലെ ഇതുകൊണ്ടു ശരീരത്തിനു പരിഷ്കാരമുണ്ടാകുന്നു എന്നർത്ഥം.

ചർച്ചിക-ദുർഗ്ഗാ, ചാമുണ്ഡാദേവി, പാർവ്വതി

ചർച്ചിക്യം-സുഗന്ധലേപനം.

ചർച്ചിത-വി. പ്ര. പൂശപ്പെട്ട ഉ-ം, ചന്ദനാ. വ. ചർച്ചിതം. വ്യാപിക്കപ്പെട്ട ഉ-ം, ചന്ദ്രികാചർച്ചിതം.

ചർപ്പടം-വിരലെല്ലാം നിവർത്തിപ്പരത്തിയ കൈപ്പടം. (ചപേടം എന്നതിന്റെ പാഠം.)

'ചർപ്പടഃ സ്ഫാരവിപുലേ ച
പേടേ ചർപ്പടേവിച'
(മേദിനി)

ചർഭടം-കക്കരി.

ചർമ്മകഷാ-പ്ര. ഒരു ചെടി, ചർമ്മലന്ത. അരച്ചുതേച്ചാൽ ചർമ്മദോഷത്തെ കളയുന്നതു് എന്നർത്ഥം. വ. മുതക്ക.

ചർമ്മകാരൻ-ചെമ്മാൻ, ചെരിപ്പുണ്ടാക്കുന്നവൻ, തോൽക്കൊല്ലൻ.

ചർമ്മകി-വാവൽ.

ചർമ്മകീല-ഒരുമാതിരി അർശസ്സ്.

(ഇതിനു 'താമരമുള്ളു്' എന്നു പേര്. സർവ്വശരീരസഞ്ചാരിയായ വ്യാനൻ കഫത്തെ സ്വീകരിച്ചിട്ടു ത്വക്കിനു പുറത്തുണ്ടാകുന്ന അർശസ്സാണു്. ഇതു ആണിപോലെയും മറപ്പോടും പരുപരപ്പോടും കൂടിയുമിരിക്കും.)

ചർമ്മഗന്ധികാ-വാവൽ.

ചർമ്മചടാ(ടി)കാ, ചർമ്മടി-വാവൽ.

ചർമ്മചൂഡം-കോഴി.

ചർമ്മജം-പ്ര. രോമം. വ. ചോര.

ചർമ്മണ്വതി-പ്ര. വാഴ. വ. ഒരു നദി.

(ചന്ദ്രവംശത്തിലെ രാജാവായ രന്തിദേവനു ലക്ഷം പാചകന്മാരുണ്ടായിരുന്നു. ദിവസംതോറും ൨൦൦൦-കന്നുകാലികളേയും അത്രയും മററു മൃഗങ്ങളേയും കൊന്നു പാചിച്ചു ആവശ്യമുള്ള ഭക്ഷണസാധനങ്ങളോടുകൂടി പാവപ്പെട്ടവർക്കു് കൊടുത്തുവന്നു. ഇപ്രകാരം വധിക്കപ്പെട്ട മൃഗങ്ങളുടെ ചോര ഒരു നദിയായി പ്രവഹിച്ചിരുന്നു. ആ നദിയുടെ പേർ 'ചർമ്മണ്വതി'.)

ചർമ്മദണ്ഡാ-ചമ്മട്ടി.

ചർമ്മപത്രാ-നരിച്ചീർ.

ചർമ്മപിടകാ-ചെവക വസൂരി.

[അരുചി, ചെത്തപ്പു്, സ്ഫോടം ഇവ കാണും. പേ പാറും. അത്രമുണ്ടാകും]

ചർമ്മപ്രഭേദിക-തോലുളി.

ചർമ്മപ്രസേവിക(ം)-ഉലത്തുരുത്തി, ഉലത്തോൽ, തോൽകൊണ്ടു തുന്നിയുണ്ടാക്കിയതു എന്നർത്ഥം.

ചർമ്മഭേദിക-തോലുളി.

ചർമ്മം-പ്ര. തോൽ. ചരിക്കുന്നതു് എന്നർത്ഥം. മററു പർയ്യായങ്ങൾ-കൃത്തി, അജിനം. വ. പരിച, ശത്രുവിന്റെ പ്രഹരത്തെ നോക്കി നശിക്കുന്നതു എന്നർത്ഥം.

ചർമ്മമുണ്ഡാ-ദുർഗ്ഗാ.

ചർമ്മയഷ്ടി-ചമ്മട്ടി.

ചർമ്മലന്ത-ഒരു ചെടി. പർയ്യായങ്ങൾ-സപ്തലാ, വിമലാ, സാതലാ, ഭൂരിഫേനാ, ചർമ്മകഷാ

(കഫപിത്തരോഗങ്ങൾ, വിസ്ഫോടം, രക്തദോഷം, ഉദാവർത്തം, ഗുല്മം, പ്ലീഹ, ശോഫം, മേൽവായു വീർപ്പു്, മഹോദരം, വിസർപ്പം, കുഷ്ഠം, ശൂലം, ചെമ്മുകൻ, പലവിധത്തിലുള്ള വ്രണങ്ങൾ ഇവയെ നശിപ്പിക്കും. പൂവ് സപ്തതിമായിരിക്കും. ശാഖയിൽ-കായുണ്ടു്).

ചർമ്മസംഭവ-ഏലം.

ചമ്മാരം-ചായില്യത്തിൽ ഒരിനം (നിറം വെളുപ്പാണ്.)

ചമ്മി-വി. തൊലിയുള്ള.

ചമ്മി-പു. പരിചക്കാരൻ, വാളും പരിചയും ധരിച്ചവൻ. വ. പൂതണക്ക. ചമ്മം പോലെയുള്ള ഇലകൾ ഉള്ളത് എന്നർത്ഥം. ന. എഴുതുന്നതിന് ഉപകരിക്കുന്ന ഒരു മരത്തിന്റെ തൊലി. ര. വാഴ.

ചര്യ-വി. ചരിക്കേണ്ടുന്ന.

ചര്യ-പു. നടപ്പ്. വ. ആചരിക്ക. ന. യോഗശാസ്ത്രത്തിങ്കലുള്ള സ്ഥിതി. ഒരു വസ്തുവിൽ മനസ്സിനെ ഗമിപ്പിക്കുക എന്നർത്ഥം.

ചർവ്വണം-പു. ചവയ്പ്, വ. പുഴുക്ക്, (പല കറിസാമാനങ്ങളും കൂട്ടിയിട്ടുണ്ടാക്കുന്നത്)

ചർവ്വരാ-ഈച്ച, കറുത്ത ഈച്ച, ചെറുതേനീച്ച.

ചർവ്വിക്കുക-ചവയ്ക്കുക, തിന്നുക.

ചർവ്വിത-വി. ചവയ്ക്കപ്പെട്ട.

ചർവ്വിതചർവ്വണം-പു. അയവിറക്കുക, ചവച്ചതിനെ പിന്നെയും ചവയ്ക്കുക. വ. പറഞ്ഞുകഴിഞ്ഞതിനെപ്പററി വീണ്ടും പറയുക

ചർവ്വിതം-ഭക്ഷിക്കപ്പെട്ട അന്നാദികൾ ചർവ്വണം ചെയ്യപ്പെട്ടത് എന്നർത്ഥം.

ചല-വി ഇളക്കമുള്ള.

ചല-പു വ്യഭിചാരിണി. വ. അറബിക്കുന്തുരുക്കം.

ചലചഞ്ചു-ചകോരപ്പക്ഷി.

ചലചല-മണിയടിക്കുന്ന ശബ്ദം.

ചലജിഹ്വാ-നായ്.

ചലട-വർഷയമുറം, അരിപ്പ്.

ചലത്ത്-വി. ഇളക്കമുള്ള (ലൻ, ലന്തി, ലൽ.)

ചലദന്തം-ഇളകുന്ന പല്ല്.

ചലദലം-അരയാൽ വൃക്ഷം. എപ്പോഴും ഇളകിക്കൊണ്ടിരിക്കുന്ന ഇലകൾ ഉള്ളത് എന്നർത്ഥം

ചലനം-പു ഇളക്കം. വ. ഉഴൽച്ച. ന. വിറയൽ. ര. കാൽ. ൩. മാൻ.

ചലപത്രം-കരിഞ്ഞാലി

ചലം പു ദുഷ്ട്, ദുഷിച്ചരക്തം വ. ഇളക്കം ന. ഇളകുന്നത്. ര. നരംപശ. ൩. മുപ്പകാരം ൪. ചമ്പകം. ൫. രസം.

ചലന്മുന്ന-പൂലമുന്ന.

ചലലാ, ചപല-ലക്ഷ്മി.

ചലവിക്കുക-പഴുക്കുക, ചലം വെക്കുക.

ചലാചല-വി. ഇളക്കമുള്ള, ഇളകുന്ന.

ചലാചലം-പു കാക്ക. വ. ഇളകുന്നത്.

ചലിക്കുക-പു. ഇളകുക വ. സഞ്ചരിക്കുക. ന. ഭയംകൊണ്ടിളകുക.

ചലിത-വി. പു. ഇളക്കപ്പെട്ട. ഇളകിയ. ന. സഞ്ചരിച്ച.

ചലിതം-പുറപ്പെട്ട സൈന്യം. മറെറാരു പര്യായം-'പ്രചക്രം'

ചലിപ്പ്-പു. ക്ഷീണത, വ. അലട്ട്. ന. ഇളക്കം, ചാഞ്ചല്യം ര. അരുചി, ൩. ഭയംകൊണ്ടുള്ള ഇളക്കം.

ചലിപ്പൻ-പോങ്ങൻ, പല്ലക്ക ചുമക്കുന്നവൻ.

ചലിപ്പിക്കുക-പു. ഇളക്കുക വ. അരിപ്പിക്കുക. ന. ക്ഷീണിപ്പിക്കുക ര. അലട്ടുക ൩. അരുചിപ്പെടുത്തുക

ചലിപ്പിയാതെ-ഇളക്കാതെ.

ചല്ല-വി. ചീത്ത, ഉപകാരമില്ലാത്ത

ചല്ലടം, ചല്ലട-അരിപ്പ്. പര്യായങ്ങൾ-ചാലനി (ചാലനം), തിതഉ. മുറത്തിന്റെ പര്യായങ്ങൾ-പ്രസ്ഫോടനം, ശൂർപ്പം.

ചല്ലടം-ഒരുമാതിരി അരച്ചട്ട.

ചല്ലം-പ്ര. കടത്തുതോണി. ഹ. ചങ്ങാടം. ത. വള്ളക്കാരന്റെ കോൽ. ര. ചെറിയപ്പെട്ടി, പണപ്പെട്ടി.

ചല്ലരിപ്പറ, ചല്ലരി-ഒരുമാതിരി വാദ്യം, ഒരുവക ചെണ്ട.

ചല്ലാവു്, ചല്ലാ—നേരിയശീല, മസ്ലിൻ.

ചല്ലി-പ്ര. ജലത്തിലുണ്ടാകുന്ന ഒരുവക പുല്ല്. ഹ. അല്പൻ. ത. മേച്ചിൽക്കുന്നവൻ. ര. ചെമ്പുകമ്പ്ത്രം.

ചവ, ചവെച്ചൽ, ചവെപ്പു-ചപ്പുക, വായിലിട്ടു നുറുങ്ങെ ചവയ്ക്കുക.

ചവയ്ക്കുന്നു-വായിലിട്ടു കടിക്കുന്നു, ചപ്പുന്നു.

ചവയ്പു്-വായിലിട്ടു നുറുങ്ങെ ചവയ്ക്കുക, ചപ്പുക.

ചവടി-കഴുത്തിലിടുന്ന ഒരുമാതിരി ആഭരണം

ചവട്ട-ഒരു കിഴങ്ങു്. സംസ്കൃതത്തിൽ ... ആഴം.

ചവണ-കൊടിൽ, ഇറുക്കുകോൽ,

ചവണി-ചകിണി, ചേണി.

ചവതി-ക്ഷയരോഗം.

ചവരി-ചാമരം.

ചവക്കായ്-പാക്ക്.

ചവക്കാരം-ചവല്കാരം.

[വാതം, കഫം, ക്രൂരവിഷം, ഗ്രഹണി, വായുമുട്ടൽ മുതലായവയെ നന്നു ശമിപ്പിക്കും. സംസ്കൃതത്തിൽ-യവക്ഷാരം. തമിഴിൽ-ചവുക്കാരം. ഇംഗ്ലീഷിൽ-Carbonate of Potash, Nitrate of potash. കാർബൊണേറ്റ് ഓഫ് പൊട്ടാഷ്, നൈട്രേറ്റ് ഓഫ് പൊട്ടാഷ്.]

ചവക്കിക-കമക്ക

ചവർഗ്ഗം-(വ്യാകരണം) ച, ഛ, ജ, ഝ, ഞ ഈ വ്യഞ്ജനങ്ങൾ.

ചവർപ്പ്-കമർപ്പ്, കഷായരസം.

[യാതൊന്നു ആസ്വദിച്ചാൽ നാവിനെ തരിപ്പിക്കയും അന്നനാളത്തിൽ തടവാനേയും നെഞ്ചിൽ പരപരപ്പിനേയും ഉണ്ടാക്കുകയും ചെയ്യുന്നു, അതത്രേ ചവർപ്പ്രസമുള്ള വസ്തു.]

ചവല-പ്ര. വെറും ധാന്യം. ഹ. പൊള്ള. ത. ലോഹാദികളിൽ വരുന്ന പൊട്ട്. ര. നേർമ. ഉ. മെലിച്ചിൽ.

ചവലം-വലിയ ഉഴുന്ന്.

ചവല്കാരം-കർമ്മം വകയിൽ ഒന്ന്. പര്യായങ്ങൾ യവക്ഷാരം, യവാഗ്രജം, പാക്യം.

[ഇതു യവാങ്കുരങ്ങൾ ചുട്ടു വെണ്ണീറാക്കി അതിൽ നിന്നെടുക്കുന്ന ഒരുതരം ക്ഷാരമാകുന്നു]

ചവളക്കാരൻ-പ്ര. മുക്കുവൻ. ഹ. നായരിൽ ഒരു താണജാതിക്കാരൻ. ത. വേല്ക്കാരൻ.

ചവളം-പ്ര. ഒരുമാതിരി കുന്തം.

'കുന്തം ചവളം വില്ലും ശരവും'

(പ്രാമാണമാഹാത്മ്യം ഭാഷ)

ഹ. കക്കൂരാ

ചവള് ... കുടുക്കു മുതലായ ചരക്കുകൾ.

ചവളിപ്പുറക്കൊട്ട് ... കല്ലു ... മുതലായ സാധനങ്ങൾ.

ചവളിയം-സകലാവയവങ്ങളും. (പ-മ.)

ചവളുക-പ്ര. ഞെരുക്കുക. ഹ. വിരൂപമാവുക ഉ-ം, 'മുഖം ചവണ്ടിരിക്കുന്നു.'

ചവറ്റുക-തൂക്കാവുക.

ചവറ്-പ്ര കപ്പ. ഹ. ചണ്ടി.

ചവറില വാഴയില.

ചവറൻ-ഹീനൻ, അയോഗ്യൻ, ഭോഷൻ

ചവററില-ഉണങ്ങിയ ഇല.

ചവിക, ചവികാ-൧. കാട്ടുമുളക കൊടി ചർവ്വണം ചെയ്യപ്പെടുന്നത് എന്നർത്ഥം. ൨. കാട്ടുതിപ്പലി.

ചവിട്ട്, ചവുട്ട്-൧. കാൽകൊണ്ടു ഇടിക്കുക. ൨. കാൽവെക്കുക. ൩. തൊഴി. ൪. ഉതപ്പ്. ൫. ചവുട്ടിത്തിരുമ്മുക. ൬ മണ്ണും ചെളിയോ ചവുട്ടി മയം വരുത്തുക. ൭. ചവിട്ടുചിരട്ട. ൮ കന്നുകാലി, പക്ഷി മുതലായവയുടെ സംയോഗം. ൯. കീഴ്പ്പെടുക്കാം. ൧൦. ചുവടിന്റെ പതിച്ചിൽ ൧൧. ധാന്യം മെതിക്കുക. ൧൨. ചക്രം തിരിക്കുക. ൧൩. നിന്ദ. ൧൪ നൃത്തംചെയ്ക.

ചവിട്ടി-കണ്ടത്തിൽ മണ്ണു നിരത്തുന്നതിന മരം കൊണ്ടുണ്ടാക്കിയ ഒരു കരു.

ചവിട്ടുക-൧ അടിവയ്ക്കുക, നടക്കുക. ൨. ചവുട്ടിക്കളയുക. ൩. തൊഴിക്കുക ൪. മയം വരുത്തുക. ൫. നശിപ്പിക്കുക. ൬ മറയ്ക്കുക.

ചവിട്ടുകല്ല്-നടക്കല്ല്.

ചവിട്ടുപടി-വള്ളത്തിന്റെ അററത്തുനിന്ന് ഊന്നുന്ന പടി, കാൽവെക്കുന്ന മരക്കഷണം, ചവുട്ടിക്കേറുന്ന പടി.

ചവിണി-൧. ഇരക്കകോൽ. ൨. ചെറുകോലിൽ. ൩. തിരി തെളിക്കുന്ന കത്രിക.

ചവുക്ക്-ചമ്മട്ടി.

ചവുക-ചുങ്കസ്ഥലം. [പെർഷ്യൻ ഭാഷയാണ്]

ചവുക്കാളം- ഒരുമാതിരി വരയുള്ള പതപ്പ്.

ചവുക്കിളി, ചവുക്കളി-കാതിലിടുന്ന ഒരുമാതിരി ആഭരണം.

ചവുക്കദാരൻ, ചവുക്കദാർ-ചവുക്ക ഉദ്യോഗസ്ഥന്മാരിൽ പ്രധാനി.

ചവ്യം, ചവ്യാ-൧. കാട്ടുമുളക്. ൨. കാട്ടുതിപ്പലി. ചർവ്വണം ചെയ്യപ്പെടുന്നത് എന്നർത്ഥം.

ചവ്യാ-൧. വയമ്പ്. ൨. കരുപ്പത്തി. ൩. കരിംകുറുക.

ചവ്വ്-ശൈവലം.

ചവ്വരി-ഒരുവക പനയിൽനിന്നെടുക്കുന്ന സാധനം. (ഇതു ഭക്ഷണത്തിനു നന്ന്.)

ചവ്വാത്ത്-ബങ്കാളത്തു ഉണ്ടായിക്കൊണ്ടിരുന്ന ഒരുമാതിരി സുഗന്ധദ്രവ്യം.

ചഷകം-പാനപാത്രം, ഒഴിച്ചു കുടിക്കുന്നതിനുള്ള പാത്രം, മദ്യം സേവിപ്പാനുള്ള പാത്രം. ഭക്ഷിപ്പാനുള്ളതു എന്നർത്ഥം.

'കാഞ്ചനചഷകവും വെടിഞ്ഞു'

(മഹാഭാരതം)

ചഷാലം-൧. യൂപത്തിന്മേലെ വള. ൨. യൂപത്തിൻ ചുവട്ടിലെ ഇരിമ്പുവള.

[ഇതു യജ്ഞസ്തംഭത്തിന്റെ മുകളിൽ വളയമായി മരംകൊണ്ടുണ്ടാക്കിവെക്കുന്ന ഒരു വസ്തുവാണ്. ഇതു യൂപത്തിൽ ചേരുകകൊണ്ടു യൂപം ഇതിനെ ഭക്ഷിക്കുന്നതായി കല്പിക്കുന്നു. (ചഷഭക്ഷണേ)

ചളങ്ങ, ചളുങ്ങ-ഒരു വൃക്ഷം.

ചളത്-ചരളമരം.

ചളി-൧. ചേർ.

ചളിമയമായ പ്രദേശത്തിന് 'പങ്കിലം' എന്നു പേർ.

൨. വയറുകടിയിൽ വയററിൽനിന്നു പോകുന്ന ഒരുവക മലം.

ചളിക്കുക-൧ കറി മുതലായവ പഴകി കൊള്ളരുതാതാകുക. ൨. ബുദ്ധി മടിക്കുക, ലജ്ജിക്കുക, കുണ്ഠിതം ഭാവിക്കുക.

ചളിപ്പ്-൧. കറി മുതലായവ പഴകി കൊള്ളരുതാതാവുക. ൨ ബുദ്ധിമടിപ്പ്. ൩. അറപ്പ്.

ചളിപ്പുതം-ചളിപോലെയുള്ള.

ചളുക്കം-പിതുക്കം, ഞെരുക്കം, ചതുക്കം.

ചളുങ്ങ്-ചണ്ണനാര്, വക്കനാര്.

ചളുങ്ങ, ചുളുങ്ങ-ഒരു വൃക്ഷം. (കയറിനുപായോഗമുണ്ട്.)

ചളുങ്ങുക-പിതുങ്ങുക, ഞെരുങ്ങുക, ചതുങ്ങുക. (സ. ക്രി. ചളുക്കുക)

ചളുപിളെ - ചളിയിൽ നടന്നാലുള്ള സ്ഥിതി.

ചളുമ്പ്-പ്ര. മൂക്കാത്ത അടയ്ക്കാ, ചമ്പൻ വ. ചളിപ്രദേശം.

ചള്ള-ചള്ളി.

ചള്ള-വി. പ്ര. പ്രായംസമുള്ള. വ. ചീത്തയായ. ന. കലശൽകൂട്ടുന്ന.

ചള്ളക്കൻ-മുൻകോപമുള്ള, കോപിഷ്ഠൻ

ചള്ളത്തം-ലാഘവം, ഹീനത.

ചള്ള്-വി. പ്ര. പ്രായംസമുള്ള, വ. വെറുപ്പുള്ള. ന. മൂക്കാത്ത. ൪. ചീത്ത.

ചള്ളുക-ചളുങ്ങുക, ചതുങ്ങുക.

ചള്ളുപറക-ചീത്തപറക.

ചള്ളുപിണയുക-ശണ്ഠകൂട്ടുക.

ചറുക്കുക, ചക്കുക-തെറ്റുക, വഴക്കുക

ചറുചറെ-അ. ഇറ്റിററ്.

ചറച്ചാത്തൻ-ഒരു പറവക.

[ഇതു ചിലേടങ്ങളിൽ രാത്രിയിൽ വൃക്ഷങ്ങൾതോറും പറന്ന് ഇരതേടുന്ന ജന്തുവാണ്]

## ചാ

ചാക-ചാവുക, മരിക്കുക.

ചാകചക്യം-ശോഭ, കാന്തി.

ചാകാച്ചാവ്-ചാകാതെ ചാവുക, ചത്തതിനൊപ്പമാവുക.

'ചാകാച്ചാവിന്നകപ്പെട്ടിളുപരമുടയോർ'
(ഉത്തരരാമചരിതം ചംപു)

ചാകുക, ചാവുക-മരിക്കുക.

ചാകൊലി - ചത്തുന്നിമിത്തമുള്ള കരച്ചിൽ.

ചാക്കരി-ചാക്കിൽ കെട്ടി വരുന്ന അരി.

ചാക്ക്-പ്ര. മരണം. വ. ഒരുമാതിരി ശീല. ന. കച്ചവടച്ചരക്ക് ഇട്ടു തോളിൽ വഹിച്ചുംകൊണ്ടു നടക്കുന്ന ഒരുമാതിരി സഞ്ചി.

ചാക്കടി, ചാകടി-വംശം അന്യം നിൽക്കുക.

ചാക്കാല(ം)-ചാവുപുല.

ചാക്കി-ചാക്യാർ.

ചാക്കിയാര്-ബ്രാഹ്മണർക്ക് അല്പമായി ജാതിക്കുറവു വന്നാൽ തള്ളപ്പെടുന്ന ഒരു ജാതിക്കാരൻ, നാട്യക്കാരൻ. (ചാക്യാർ എന്നതു നോക്കുക)

ചാക്കിരി-ദാസവൃത്തി, പരികർമ്മം.

ചാക്കശീല-ചാക്കു കെട്ടിയുള്ള ശീല.

ചാക്ര-വി. ചക്രത്തെ സംബന്ധിച്ച

ചാക്രി, ചാക്കിരി-തൊഴിൽ.

ചാക്രിക-വി. ചക്രസംബന്ധമുള്ള. (കൻ, കീ, കം.)

ചാക്യാർ-ചാക്കിയാർ.

[ചാക്യാരും ചാക്യാർകൂത്തും-പണ്ട് പരശുരാമന്റെ കാലത്ത് പരദേശത്തുനിന്ന് സൂതകുലജാതന്മാർ കേരളത്തിൽ വന്നു. കേരളത്തിലെ ഉത്തമകുലത്തിലെ ദമ്പതിമാരിൽ നിന്ന് വ്യഭിചാരംകൊണ്ടു അനുലോമമായി ദോഷപ്പെട്ടാൽ പരക്രമാ ജീവമാ ഒരു ശുദ്ധവും ഒരു അശുദ്ധവും ആയിരിക്കുമ്പോൾ ജനിക്കുന്ന പുരുഷന്മാരെ പരശുരാമൻ സൂതകുലക്കാരോടു ചേർത്ത് ശ്ലാഘ്യകർമ്മന്മാരായിരുന്നതിനാൽ അവർക്ക് 'ചാക്യാർ' എന്ന പേർ കൊടുക്കയും സംസ്കൃതനാടകം, അലങ്കാരശാസ്ത്രം, വ്യാകരണശാസ്ത്രം, ഭാരതം, രാമായണാദി പുരാണങ്ങൾ, തർക്കശാസ്ത്രം ഇവ പഠിച്ച് പുരാണകഥകളെ പ്രബന്ധമാക്കിട്ടുള്ളതിനെ സഭയിൽ പ്രകാശിപ്പിച്ചു ജനങ്ങൾ

ക്ക അറിവുണ്ടാക്കി കൊടുക്കുകയും നാടകങ്ങൾ സഭയിൽ അഭിനയിച്ചു ആടുകയും ചെയ്തു. ദേവന്നും ജനങ്ങൾക്കും സന്തോഷം വരുത്തുന്നതു അവക്കു വൃത്തിയായി കല്പിക്കുകയും ചെയ്തു. ഈ ആജ്ഞാനുസരണം പ്രവൎത്തിക്കുന്നതിനെ കേരളത്തിൽ 'ചാക്യാർകൂത്തു്' എന്നു പറയുന്നു. ഈ കൂത്തു് ക്ഷേത്രത്തിൽ വെച്ചു മാത്രമേ നടത്താവൂ എന്നാണു് ഏൎപ്പാടു്. കൂത്തിനു ചാക്യാർ, നമ്പ്യാർ, നങ്ങ്യാർ ഇങ്ങിനെ മൂന്നുപേർ വേണം. സ്ത്രീ-ഇല്ലോടമ്മ, ചില്ലടമ്മ.]

ചാക്രികൻ-൧. ചക്രക്കാരൻ. ൨. മണിയടിക്കുന്നവൻ. ൩. വണ്ടിക്കാരൻ, വണ്ടി ഓടിക്കുന്നവൻ. ൪. കുശവൻ.

ചാക്ഷുഷ, ചാക്ഷുഷിക-വി. പ്രത്യക്ഷമായുള്ള, കണ്ണിനെ സംബന്ധിച്ച.

ചാക്ഷുഷൻ-ആറാമത്തെ മനു.

ചാക്ഷുഷപ്രത്യക്ഷം-കണ്ണുകൊണ്ടു കാണുക.

ചാക്ഷുഷി-ഒരു വിദ്യ.

[ഇതു് അൎജ്ജുനനു അംഗാരവൎണ്ണൻ കൊടുത്തതാണു്.]

'മാനിയാംനിനക്കുഞാൻ
ചാക്ഷുഷിയെന്നവിദ്യ
ദാനംചെയ്യുന്നതുണ്ടു
പ്രാണനെരക്ഷിക്കയാൽ
കാമദരഥാശ്വസൂതാ
യുധാദികളുണ്ടാം
സോമവംശോത്ഭവനാം
നിനക്കുധനഞ്ജയ'

(ഭാരതം)

(ഈ വിദ്യ സോമനായി മനു കൊടുത്തതും അവിടുന്നു വിശ്വാവസുവിനു കിട്ടീട്ടു അവൻ അംഗാരവൎണ്ണനു കൊടുത്തിട്ടുള്ളതുമാകുന്നു). ഈ വിദ്യയുടെ ഫലം.

'യച്ചക്ഷുഷാദ്രഷ്ടുമിച്ഛേൽ
ത്രിഷുലോകേഷുകിഞ്ചന
തൽപശ്യേൽയാദൃശംചേച്ഛേൽ
താദൃശംദ്രഷ്ടുമൎഹതി'

(എന്നു മൂലം)

ചാംഗം-പുളിയാരൽ.

ചാംഗേരി-പുളിയാരൽ.

ചാച്ചിൽ, ചാച്ചൽ-ചെരിച്ചിൽ, ചാച്ചു്, ചായുക.

ചാഞ്ചല്യം-൧. ചഞ്ചലത, അനക്കം, ഇളക്കം. ൨. പാരവശ്യം. ൩. വേഗമായ ഗതി. ൪. സ്ഥിരമില്ലാത്ത സ്വഭാവം. ൫. അനിത്യത.

ചാഞ്ചാടുക-തെന്നിത്തെറിച്ചു നടക്കുക. (ചാഞ്ചാടുക.)

ചാഞ്ചാട്ടം-തെന്നൽ.

ചാടു്-൧. വണ്ടി, ചുമട്ടുവണ്ടി. ൨. കുഞ്ഞുങ്ങൾ പിടിച്ചു നടക്കുന്ന ചെറിയ വണ്ടി.

ചാട-ജാട, തട്ടിപ്പു.

ചാടകേരം, ചാടകൈരം - ഊൎക്കരികിൽ പക്ഷി.

ചാടൻ-വഞ്ചകൻ, കള്ളത്രാണമുള്ളവൻ.

ചാടി, ശാടി-ഭരണി, കട്ടിയുള്ള വലിയ കലം.

ചാടു-ഇഷ്ടവാക്കു്, മോഹനവാക്കു്.

ചാടുക്കൾ=മോഹനവാക്കുകൾ.

ചാടുക-൧. കുതിക്കുക, ഉള്ളുക, ആടുക. ൨. പായുക. ൩. ഒഴിഞ്ഞുപോവുക. ൪. അകപ്പെടുക, വീഴുക ൫. ചാട്ടുക.

ചാടുകാര-വി. ഇഷ്ടമായിട്ടു നല്ല വാക്കു പറയുന്ന. (രൻ, രി, രം)

ചാടുകാരം-പൊന്മണിയും മുത്തും കൂട്ടിക്കോൎത്ത മാല.

ചാടുപാടു്-ഫലിതക്കാരൻ, പുറാട്ടുകാരൻ, കളി പറയുന്നവൻ.

ചാടുവാക്കു്-ഭയത്തെയും സ്തുതിയെയും തോന്നിക്കുന്ന വാക്കു്.

ചാടൂക്തി-പ്ര. ആത്മപ്രശംസ. വ. മുഖസ്തുതിയേയും സ്തുതിയേയും തോന്നിക്കുന്ന വാക്ക്.

ചാട്ട്-പ്ര. ദുഷ്ടത. വ. ഏറിക. ന. ചാട്ടം

ചാട്ട്-വി. പ്ര. കൊല്ലുന്ന. വ. ചാണുന്നതിനുള്ള.

ചാട്ട-ചമ്മട്ടി.

ചാട്ടം-പ്ര. കുതിപ്പ്, തുള്ളൽ. വ. പാച്ചിൽ. ന. ഒഴിച്ചിൽ. ര. തെറിച്ചുപോവുക. ൫. കോപം.

ചാട്ടുക-കുന്തം എറിയുക

ചാട്ടുകുന്തം-വേൽ, കുന്തം.

ചാട്ടമാട്ട-വഞ്ചന, തർക്കം.

ചാട്ടവാറ്-ചമ്മട്ടി. (കുതിര മുതലായതിനെ അടിപ്പാനുള്ളതാണ്. സംസ്കൃതത്തിൽ-കശം.)

ചാട്ടവില്ല്-കുന്തം ചാണുന്നതിനുള്ള വില്ല്.

ചാട്ടുളി-ചാണുന്ന ഉളി.

ചാണ-പ്ര. മൂർച്ചകൂട്ടുന്ന കല്ല്. വ. തേപ്പുകല്ല്. ന. ചന്ദനവും മറ്റും അരയ്ക്കുന്നതിനുള്ള കല്ല്. ര. ഗുളികയും മറ്റും ഉരയ്ക്കുന്നതിനുള്ള കല്ല്.

ചാണകം-കന്നുകാലികളുടെ മലം. പയ്യുടെ-ഗോവിട്ട്, ഗോമയം.

[ചാണകം-ഇക്കിരം, വയറുമുട്ടൽ ഇവയെ ശമിപ്പിക്കും. സാമാന്യവിധിയിൽ പശുവിൻ ചാണകം എടുക്കുക].

ചാണകവറളി-ചാണകം പരത്തി ഉണങ്ങിയത്, ഉണക്കച്ചാണകം.

ചാണക്കീനം-പയറ വിളയുന്നതിനു യോഗ്യമായ ക്ഷേത്രം.

ചാണക്കല്ല്-പ്ര. ചന്ദനവും മറ്റും അരയ്ക്കുന്ന കല്ല്, ചാണ. വ. മൂർച്ചകൂട്ടുന്ന കല്ല്. ശാണമാണ് ചാണയായത്.

ചാണക്കല്ലൻ-കടച്ചിക്കല്ലൻ

ചാണക്യൻ-പ്ര. വാത്സ്യായനന്റെ ഒരു പേർ. വ. നന്ദകുലത്തെ നശിപ്പിച്ചു ചന്ദ്രഗുപ്തനെ രാജാവാക്കിയ ഉപായിയും മഹാബുദ്ധിമാനുമായിരുന്ന ഒരു ബ്രാഹ്മണൻ. മുദ്രാരാക്ഷസം നാടകത്തിലെ മുഖ്യ പ്രധാന പാത്രം. വിഷ്ണുഗുപ്തൻ, കൗടില്യൻ ഇങ്ങിനെയും പേരുണ്ട്.

ചാണക്യസൂത്രം-ഒരു പുസ്തകത്തിന്റെ പേർ.

ചാണപ്പുളി-പ്ര. ചാണപിടിച്ചു വെച്ചിട്ടുള്ള പുളി. വ. പഴുത്തുണങ്ങിയ വാളംപുളി ജലത്തിൽ തിളപ്പിച്ചു പിഴിഞ്ഞരിച്ചു കുറുക്കി ശർക്കരപ്പാകത്തിൽ വാങ്ങി കലക്കി കാച്ചിയ ഉപ്പും പൊടിച്ചിട്ടു ചേർത്ത് ശർക്കരയുണ്ടപോലെ എടുക്കുന്ന വസ്തു.

ചാണാപ്പായി-പൊടിപ്പേട്ടുകട്ടി.

ചാണി-പ്ര. കർമ്മത്തെ അണിപൊഴിക്കുന്നവൻ. വ. ചാണകം.

ചാണൂരൻ-കംസന്റെ അനുചരനായ ഒരു മല്ലൻ.

(ചാണൂരനെ കംസവധാവസരത്തിൽ കൃഷ്ണൻ കൊന്നു)

ചാണൂരമർദ്ദനൻ-കൃഷ്ണൻ.

ചാൺ-പ്ര. പെരുവിരലും ചൂണ്ടാണിവിരലും കൂട്ടി അളക്കുന്ന അളവ്, പന്ത്രണ്ടുവിരൽ അളവ്, അരമുഴം. വ. ഒരുവക മത്സ്യം (ശാൺ)

ചാണ്ടു-ചാണ്ടൽ-നീട്ടി എറിയുക.

ചാണ്ടുക-പ്ര. നീട്ടിയെറിയുക. വ. ചാടുക.

ചാണ്ഡ്യം-ബലം, ശക്തി.

ചാണ്ഡാലൻ-ചണ്ഡാലൻ.

ചാണ്ഡാലിക-പ്ര. ചണ്ഡാലസ്ത്രീ. വ. കിന്നരം. ചണ്ഡാലന്റെ വീണ. ച ണ്ഡാലന്റേത് എന്നർത്ഥം. ന. മൂർഖ.

[ചാണ്ഡാലികാ കിന്നരോത്തമായോമാഞ്ചയിതെ]

(മേദിനി)

ചാതകം-വേഴാമ്പൽ പക്ഷി പര്യായങ്ങൾ സാരംഗം, സ്തോകകം.

ചാതകാനന്ദനം-പ്ര. വർഷകാലം. വ. മേഘം.

ചാതിക്കോരം-അസമയം, യോജിപ്പില്ലാതിരുന്ന വേല.

ചാതുരം-വി. പ്ര. നാലിനെ സംബന്ധിച്ച. വ. സാമർത്ഥ്യമുള്ള.

ചാതുര(ക)ം-ന. ചെറിയ വട്ടത്തലയിണ, ൨. നാലു ചക്രമുള്ള വണ്ടി.

ചാതുരി-സാമർത്ഥ്യം, നിപുണത.

ചാതുരികൻ-തേരാളി.

ചാതുർജ്ജാതം — ഏലത്തരി, ഇലവങ്ങത്തൊലി, പച്ചില, നാഗപ്പൂവ് ഇവ നാലിനും കൂടെയുള്ള പേർ.

ചാതുർത്ഥകജ്വരം-ഒരുമാതിരി ജ്വരം

ചാതുർത്ഥികം,ചാതുർത്ഥ്യം- ഒരുമാതിരി പനി.

ചാതുർമ്മാസ്യം-നാലുമാസം അനുഷ്ഠിക്കുന്ന ഒരു വ്രതം [ആഷാഢശുക്ലപക്ഷം ദശമി മുതൽ കാർത്തികമാസം പൌർണ്ണമിവരെ അനുഷ്ഠിക്കുന്ന ഒരു വ്രതം].

'ആഷാഢേ ദശമീം ശുക്ലാ-
മാരഭ്യസ്യാത്തു കാർത്തികീ
പൌർണ്ണമാസീതാവധികം
ചാതുർമ്മാസ്യവ്രതാദികം'
(വരാഹപുരാണം)

ചാതുര്യം-ന. സാമർത്ഥ്യം ൨. വാചാലത ൩. വിദഗ്ദ്ധത ൪ സ്നേഹം. ൫. അഴക്. ൬. മനോഹരത

ചാതുർവർണ്ണ്യം-വി ബ്രാഹ്മക്ഷത്രിയവൈശ്യ ശൂദ്രന്മാർ നാലു ജാതിക്കാരേയും സംബന്ധിച്ചുള്ള (ചാതുർവർണ്ണ്യം എന്നതിനു നാലു ജാതികൾ കൂടിയതു്, നാലുനിറമായി കല്പിച്ചതു് എന്നിങ്ങനെ ശബ്ദാർത്ഥം). [ബ്രാഹ്മണൻ കപിലനിറവും, ക്ഷത്രിയൻ അരുണനിറവും, വൈശ്യൻ പീതനിറവും, ശൂദ്രൻ കൃഷ്ണനിറവും ആകുന്നു].

'കപിലശ്ചാരുണാഃ പീതാഃ
കൃഷ്ണാശ്ചേതി പൃഥക് പൃഥക്
ബ്രാഹ്മണാഃ ക്ഷത്രിയാ വൈശ്യാഃ
ശൂദ്രാശ്ചൈവയഥാക്രമം'
(വിഷ്ണുപുരാണം)

ചാതുർവർണ്ണ്യം മയാസൃഷ്ടം
ഗുണകർമ്മവിഭാഗശഃ'
(ഗീത)

ചാതുർവിദ്യം-നാലു വേദം

ചാത്തൻ ഒരു ദേവമൂർത്തി, കുട്ടിച്ചാത്തൻ. (ശാസ്താവ്-ശാസ്താ)

ചാത്തം-മരിച്ചവർക്കുവേണ്ടി കഴിക്കുന്ന ഒരു കർമ്മം ശ്രാദ്ധം (ശ്രാദ്ധം എന്നതാണ് ചാത്തം ആയതു്)

ചാത്താവ്-ശാസ്താവ്. (ശാസ്താവാണു ചാത്താവായതു്).

ചാന്തു്-പു. ചുണ്ണാമ്പ് ൨. കുമ്മായം കരിപ്പട്ടി മണൽ ഇവ ചേർത്തു് കുഴച്ച് കെട്ടിടങ്ങളുടെ ചുവരുകൾ പൂശുന്നതു് ൩. ചില മരത്തിന്റെ എണ്ണ. ൪. സ്ത്രീകൾ നെററിയിൽ തൊടുന്ന ചാന്തു്.

[സ്ത്രീകൾ തൊടുന്ന ചാന്തു്-തെററിപ്പൂവ് ജലത്തിലിട്ടു മൂന്നു നാലു ദിവസം വെച്ചേക്കണം. അഴുകിയതിന്റെ ശേഷം, ഉണക്കലരി വറുത്തു് അതു കരിയുമ്പോൾ തെററിപ്പൂവെള്ളം അതിൽ ഒഴിക്കണം. പിന്നീടു തവികൊണ്ടിളക്കി തുട്ടിയരിച്ചെടുത്തു രണ്ടാമതും വററിച്ചു് ചട്ടിയിലോ മററോ സൂക്ഷിച്ചുവെക്കുക. ഇതു നാറഞ്ഞാൽ ചാന്താവും.]

ചാന്താട്ടം-ചാന്തു തേയ്ക്കുക, ചുണ്ണാമ്പു പൂരട്ടുക.

ചാന്താർ-ചാന്തുള്ള. ൨-ം, ചാന്താർ മുലയിണ.

ചാന്ദ്ര-വി. ചന്ദ്രനെ സംബന്ധിച്ച(ന്ദ്രൻ, ന്ദ്രീ, ന്ദ്രം)

ചാന്ദ്രകം-പു തേൻ. ൨. ചുക്ക്.

ചാന്ദ്രഭാഗ-ചന്ദ്രഭാഗാനദി.

ചാന്ദ്രമസി-ബൃഹസ്പതിയുടെ ഭാര്യ.

ചാന്ദ്രമാനം-ചന്ദ്രന്റെ ഗതികൊണ്ടുള്ള ഒരു കണക്ക്.

ചാന്ദ്രമാസം-ചന്ദ്രഗതികൊണ്ടു വരുന്ന മാസം

ചാന്ദ്രം-പു. ചന്ദ്രസംബന്ധമായ മാസം, ൨. ചന്ദ്രകാന്തം, ൩ ചാന്ദ്രായണവ്രതം.

ചാന്ദ്രായണം—ചന്ദ്രന്റെ ക്ഷയവൃദ്ധി പോലെ ഓരോ ദിവസം ഓരോ ഉരുള കുറച്ചും കൂട്ടിയും ഉണ്ണുന്ന ഒരു വ്രതം.

'കൃഛ്റചാന്ദ്രായണാദിക്രിയകൊണ്ടു'
(ശീലാവതി)

[വെളുത്തവാവിന്റെ പതിനഞ്ചു വാക്ഷണത്തിൽ തുടങ്ങി ദിവസേന ഓരോന്നു കുറച്ചു് കറുത്ത വാവിന് ഭക്ഷണമില്ലാതാക്കി പിന്നീടു ദിവസന്തോറും ഓരോന്നു വെളുത്തവാവുവരെ വർദ്ധിപ്പിക്കുക]

ചാന്ദ്രി—൧. ബുധൻ. ൨. നിലാവ്. ൩. വെളുത്ത കണ്ടകാരിച്ചുണ്ട. ൪. കാർകോകിൽ.

ചാന്നാട്ടി—ചാന്നാന്റെ സ്ത്രീ.

ചാന്നാൻ—കരിമ്പനചെത്തുന്ന ഒരു താണ ജാതിക്കാരൻ.

ചാപം—൧. വില്ല്. ൨. ധനുരാശി. ൩. മഴവില്ല്. ചപം എന്ന പേരായ തൃണവിശേഷത്തിന്റെ വികാരം എന്നർത്ഥം.

ചാപയഷ്ടി—വിൽക്കോൽ.

ചാപലം, ചാപല്യം—ഇളക്കം, നിലകേട്, അസ്ഥിരത, ദ്രുതഗതി, സംശയം, അവിവേകം.

ചാപി—ചാപം ധരിച്ചവൻ. ൨. ശിവൻ.

ചാപ്പ—൧. തോക്കിന്റെ കൊത്തി. ൨. അടയാളം.

ചാപ്പിടുക—മുദ്രവെക്കുക.

ചാപ്പിള്ള—ചാവുപിള്ള, ചാവുകിടാവ്.

ചാമ—ഒരുവക ധാന്യം.

[കഫം, വിഷം, പിത്തം ഇവയ്ക്കു നന്ന്. ശരീരം ചടപ്പിക്കും. വാതവർദ്ധനകരമാണ്. മലത്തെ പിടിക്കും. സംസ്കൃതത്തിൽ—ശ്യാമാകം].

ചാമരപുഷ്പം—൧ കവുങ്ങ്. ൨. പൂക്കൈത. ൩. കാവിക്കരിമ്പ്. ൪. മാവ്.

ചാമരം—൧. ചമരിമൃഗത്തിന്റെ വാൽ. ൨. വെഞ്ചാമരം. മറ്റൊരു പര്യായം—പ്രകീർണ്ണകം.

[ചാമരം എന്നതിന്റെ പ്രാചീനകവിപ്രയോഗം. 'ചാമര'—എ—ം. 'കുന്ദധവളവെൺചാമരവിധൂതം'
(ശൈവഗീത)]

ചാമരി—കതിര.

ചാമത്തം, ചാമാത്തം—സമാവർത്ത(ന)ം എന്നുള്ള കർമ്മം.

ചാമീകരം—൧. പൊന്ന്. ചമീകരം എന്ന പേരായ ആകരത്തിലുണ്ടായത് എന്നർത്ഥം.

'ചാമീകരപ്രഭാപൂർണ്ണശലാകികരം'
(അദ്ധ്യാത്മരാമായണം)

൨. ഉമ്മത്ത്.

ചാമുണ്ഡാ—കാളി, ദുർഗ്ഗ, ശ്രീപാർവ്വതി. ചണ്ഡമുണ്ഡന്മാരെ നിഗ്രഹിച്ചവൾ എന്നർത്ഥം.

ചാമുണ്ഡി—കാളി, ദുർഗ്ഗ.

ചാമ്പ, ചാമ്പ്—൧ ഒരുവക വൃക്ഷം, ഞാവൽ.

'മാമ്പഴം തിന്നേണം ചാമ്പയ്ക്കതിന്നേക്ക്'
(കുഞ്ചനമ്പ്യാർ)

൨. തിളം.

ചാമ്പൽ—൧. ചാരം, ഭസ്മം. ൨. കണ്ണന്റെ അടപ്പ്. ൩. പൂക്കാം ക്രിയക.

ചാമ്പുക—൧. കുത്തു് അല്ലാ അമരുക, ഞെരുക.

'ചാമ്പിയമർന്ന കണ്ടില്ലേ'
(കുഞ്ചനമ്പ്യാർ)

൨. മരവുക. ൩. ക്രിയക.

ചാമ്പേയം—൧. ചമ്പകം. ചമ്പ എന്ന ദേശത്തുണ്ടായതു എന്നർത്ഥം. ൨. നാഗപ്പൂമരം ൩. സ്വർണ്ണം. ൪. അരയാൽപ്പട്ടി. ൫ ഉമ്മത്ത്.

ചാമ്യം—ആഹാരം, ഭക്ഷണം.

ചായംതേയില.

ചായക്കാരൻ-പ്ര. ചായം പിടിപ്പിക്കുന്നവൻ. വ. അലക്കുകാരൻ

ചായപ്പുടവ-ചായംകേറിയ വസ്ത്രം.

ചായം-നിറം, വർണ്ണം.

ചായൽ-പ്ര. തലമുടി. വ. ന്രം. ന. ഇല്ലത്. ര. ഛായ, നിഴൽ. ഝ. പക്ഷ, പാർശ്വം. ന്റ. ചാച്ചൽ.

ചായ്-പ്ര. മംതി, ചായൽ. വ. ചാംവി, ചാഴി.

ചായിക്കുക-പ്ര. പഴുക്കുക, വഴയ്ക്കുക. വ. ഒരു പക്ഷത്തിൽ ചേരുക.

ചായിപ്പ്, ചായ്പ്-പ്ര. പുരയോടു കൂടി ചായിച്ചു കെട്ടിയുണ്ടാക്കുന്ന മുറി, ഒരു ഭാഗത്തോട്ടുള്ള ചരിവ്. വ. നിലം തല്ലി.

ചായില്യം-ഒരങ്ങാടിമരുന്ന്; ഒരുമാതിരി ചെമന്ന ചായം.

[ഇതു കഫം, പിത്തം, കാമല, കുഷ്ഠം, കുഷ്ഠവിഷം, നേത്രരോഗം, നെഞ്ചുകലിപ്പ്, ത്രിദോഷജ്വരം, ദ്വിദോഷജ്വരം, ആമവാതം, പ്ലീഹ, ചൊറി ഇവയ്ക്കു നന്ന്. ഇതു മൂന്നുവിധം ഉണ്ട്. (പ്ര. ചർമ്മാരം. വ. ശുകതുണ്ഡകം. ന. ഹംസപാദം.) മൂന്നാമത്തേതു ഉത്തമം. സംസ്കൃതത്തിൽ-ഹിംഗുലം. തമിഴിൽ-ചാതിലിംകം. ഇംഗ്ലീഷിൽ-Sulphate of Mercury, Vermilion.

ചായിവ്, ചായ്വ്-പ്ര. വളവ്, കതിച്ചിൽ വ. ഇറക്കം. ന. ചെരിച്ചിൽ.

ചായുക, ചായ്ക്ക-പ്ര. ചെരിയുക. വ. കിടക്കുക ന. വീഴുക, വൃക്ഷവും മററും വീഴുവാൻ ഉടങ്ങുക. ര. ആശ്രയിക്കുക ഝ. ഒരുവശത്തേക്കു ചരിയുക.

'കരളുമല്ലന്നിറമെങ്കു ചേററം
വെളളമല്ലമുലചായ്ഞ്ഞുമില്ല'.
'ലീലാതിലകം'

ചായ്മാനം -മൗനം, ഉത.

ചാര-വി. ചരിക്കുന്ന പോകുന്ന,നടക്കുന്ന

ചാര-ഒരുമാതിരി അരി.

ചാരകൻ-പ്ര. കതിരക്കാരൻ വ. കൂട്ടുകാരൻ. ന. ദൂതൻ, ചാരൻ.

ചാര(ക)-മരംമരം.

ചാരചക്ഷുസ്സ്-പ്ര. ചാരന്മാരെ (ഗൂഢപുരുഷന്മാരെ)ക്കൊണ്ടു ദൂരത്തുള്ള വൃത്താന്തങ്ങളെ കാണുന്നവൻ. വ. ചാരന്മാർ (ഗൂഢപുരുഷന്മാർ) ആകുന്ന ചക്ഷുസ്സ് (നേത്രം.)

'ചാരചക്ഷുസ്സും വിചാരവുമില്ലേതും നിത്യം'
(അദ്ധ്യാത്മരാമായണം)

ചാരടി-പ്ര. ഒരിലത്താമര. സഞ്ചരണശീലം എന്നർത്ഥം. തമിഴ് വ്യാഖ്യാനത്തിൽ 'ഒരിതരം താമര. നിലത്താമര, എന്നു മറെറാരഭിപ്രായം. വ. കിഴുകാനെല്ലി.

ചാരടികാ-അമരി. വ. പവിഴക്കൊടി.

ചാരണ-തഴുതാമ.

ചാരണതാം-നാട്യവിദ്യ, ആട്ടം.

ചാരണൻ-പ്ര. നാട്യക്കാരൻ. വ. ദേവഗായകൻ. ന. വഴിയാത്രക്കാരൻ, പരദേശ യാത്രക്കാരൻ ര. ചാരൻ.

ചാരണന്മാർ-വന്ദികളിൽതന്നെ പാടുകയും കഥപറകയും ചെയ്യുന്നവരുടെ പേർ. കീർത്തിയെ പരത്തുന്നവർ എന്നർത്ഥം.

ചാരത്തു-(ത) സമീപത്തു.

ചാരൻ-ദൂതൻ, രഹസ്യമറിഞ്ഞു നടന്നു വർത്തമാനങ്ങളറിയുന്നവൻ. പര്യായങ്ങൾ-യഥാർഹവർണ്ണൻ, പ്രണിധി, അപസർപ്പൻ, ചരൻ, സ്പശൻ, ചാരൻ, ഗൂഢപുരുഷൻ (ചാരൻ=ഗമനശീലൻ)

ചാരപഥം-രണ്ടു റോട്ടു(വഴി)കൂടുന്ന സ്ഥലം.

ചാരഫലം-ജനിച്ച കൂറിൽ നിന്നു അതതു ഭാഗത്തിൽ അതതു ഗ്രഹങ്ങൾ നില്ക്കുമ്പോൾ ഉണ്ടാകുന്ന ഫലം.

ചാരാ-പ്ര. ഗമനം, സഞ്ചാരം. (മലയാളത്തിൽ) ഭസ്മം. (സംസ്കൃതത്തിൽ-ക്ഷാരം) ഉ. മുരൾമരം.

ചാരൽ-പ്ര. മറെറാന്നിൽ തൊട്ടിരിക്കായ്മ ചെയ്യുകയോ. ഉ. ചായിവ്. ന. ആഗ്രഹം.

ചാരവായു-പടിഞ്ഞാറൻകാററ്.

ചാരവേ-(അ) അടുത്തു്.

ചാരഴി-ചാരിയിരിപ്പാനുള്ള അഴി.

ചാരായക്കട-ചാരായം വില്ക്കുന്ന സ്ഥലം

ചാരായക്കുത്തുമതി-ചാരായക്കുത്തക.

ചാരായം-കള്ളുവാററി എടുത്തതു്. (അക്കാനി എന്നതു നോക്കുക).

ചാരിക-വേലക്കാരി, പരിജനത്തിലൊരുവൾ, പരിചാരിക.

ചാരിക്കുക-ചാലിക്കുക.

ചാരിതാൎത്ഥ്യം-ചരിതാൎത്ഥത, സാഫല്യം, അഭിലാഷനിവൃത്തി, തൃപ്തി.

ചാരിത്രദൂഷണം-മൎയ്യാദകേട്, പാതിവ്രത്യഭംഗം.

ചാരിത്രഭംഗം-പാതിവ്രത്യഹാനി, മൎയ്യാദകേട്.

ചാരിത്രം, ചാരിത്ര്യം-പാതിവ്രത്യം, മൎയ്യാദ, ആചാരം, ശീലഗുണം.

ചാരിത്രശീല-മൎയ്യാദക്കാരി.

ചാരിത്രശുദ്ധി-പാതിവ്രത്യശുദ്ധി, ഗുണമുള്ള ആചാരം.

ചാരിത്രാ-കോല്പുളി.

ചാരിയാവു്-ചെമന്ന രോമംകൊണ്ടുള്ള പുതപ്പ് (പോൎത്തുഗീസ്ഭാഷ).

ചാരു-പ്ര. കാകമം. 'കാശ്മീരം ചാരുമാൽ ഫികം സാങ്കാചം പിശുനംവരം' എന്ന പ്രമാണം. ഉ. ചവുക്കാ.

ചാരു-വി. ഭംഗിയുള്ള, മനോഹരമായ. ചാര എന്നതിനു ചിത്തത്തെ ഗമിക്കുന്നതു എന്നൎത്ഥം.

ചാരു-പ്ര. ബൃഹസ്പതി. ഉ. കൃഷ്ണനു രുക്മിണിയിലുണ്ടായ പുത്രൻ.

ചാരുക-പ്ര. ചാരിയിരിക്കുക. ഉ. ഒരു പക്ഷത്തിൽ കൂടുക. ന. ഒരു വസ്തുവെ മറെറാന്നിന്മേൽ ചേൎത്തു നിറുത്തുക. ർ. കതകടയുക. ഉ. ആശ്രയിക്കുക. ന്റ. കതകടയ്ക്കുക ൧. ഏല്പിക്കുക.

ചാരുകാരൻ-മൂന്നാംസ്ഥാനക്കാരൻ.

ചാരുത, ചാരുത്വം-ഭംഗി.

ചാരു്-പ്ര. നായന്മാരുടെ പേരുകൾക്കു പിമ്പു വയ്ക്കുന്ന ഒരു വാക്ക്.

ചാരുഗുപ്തൻ-കൃഷ്ണനു രുക്മിണിയിലുണ്ടായ പുത്രൻ.

ചാരുദത്തൻ-മൃച്ഛകടി നാടകത്തിന്റെ നായകൻ.

ചാരുദത്താ-ഭാസന്റെ ഒരു നാടകം.

ചാരുദൎശനം-പ്ര. കല്ലാല്. ഉ. ഇത്തിയാല്.

ചാരുദേഷ്ണൻ, ചാരുദേഹൻ-കൃഷ്ണനു രുക്മിണിയിലുണ്ടായവൻ.

ചാരുധാരാ-ശചി.

ചാരുധാരാ-ശചി.

ചാരുനാളകം-ചെന്താമര

ചാരുനേത്രം-പ്ര ഭംഗിയുള്ള കണ്ണു്. ഉ. മാൻ.

ചാരുപടി-ചാരിയിരിക്കുന്ന പലക.

ചാരുഫലാ-മുന്തിരിങ്ങാ.

ചാരുമതി-കൃഷ്ണനു രുക്മിണിയിലുണ്ടായ പുത്രി.

ചാരുമതിൽ-മരച്ചീനി മുതലായവ ചുറ്റിനായി കെട്ടിയുണ്ടാകുന്ന മതിൽ. പ ശ്വാദങ്ങൾ-ചായം, വല്ലം.

ചാരുമരം-മൂന്നു്, തോപ്പു്.

ചാരുമാനാ-മറ്റൊരുത്തന്റെ പേരുവച്ചു എഴുതിവാങ്ങിക്കുന്ന എഴുത്ത്.

ചാരുമാദാ-കറമുഴി.

ചാരുരാവാ-ശചി.

ചാരുലോചനം-പു. ഭംഗിയുള്ള കണ്ണ്. ൨. മാൻ.

ചാരുശീല-വി. നല്ല ശീലമുള്ള.

ചാരുശില-രത്നം.

ചാരുഹാസിനി-സ്ത്രീ. രുക്മിണി. ൨. ലക്ഷ്മണാ.

ചാരുസ്മിതം-പുഞ്ചിരി.

ചാരെഴുത്ത്-വിശ്വസ്തമായ പ്രമാണം.

ചാരേക്ഷണൻ-ദൂതൻ, ചാരചക്ഷുസ്സ്.

ചാർ-പു. നായന്മാരുടെ പേരിനു പിമ്പു ചേർക്കുന്ന ഒരു ഉപചാരവാക്ക്. ൨. മരുന്നും മററും പിഴിഞ്ഞെടുക്കുന്ന ജലം. [ചാർ എന്ന ധാതുവിൽനിന്നും ചാരു (കസേരയുടെയും മററും) ചാരു; (ചാർത്തു എഴുതുക എന്നതിലെ); ചാർ (രാമച്ചാർ എന്നതിലെ) ഇവ കാണുക. ചാർച്ച (ചാർ + ച) എന്നതിന്റെ ഒടുവിലെ 'ച' നാമപ്രത്യയമാണ്. ചോർ, ചോർച്ച; തീർ, തീർച്ച, വീഴ് വീഴ്ച; കാണുക. മ എന്ന ഒരു നാമപ്രത്യയമുണ്ട്; നൽ, നന്മ; വലി, വലിമ; ഒരു, ഒരുമ മുതലായവ നോക്കുക].

ചാർച്ച-സംബന്ധം, രക്തസംബന്ധം, ഉടപ്പം.

ചാർച്ചിക്യം-ചന്ദനം കുങ്കുമം മുതലായവ കൊണ്ടു മേൽ പൂശുക. അഭ്യംഗം മനഃപരിഷ്കാരത്തെ എന്നവണ്ണം ഇതു നിമിത്തം ദേഹത്തിനു പരിഷ്കാരമുണ്ടാകുന്നു എന്നർത്ഥം.

ചാർത്ത്, ചാർത്തൽ-പു. എഴുത്ത്. ൨. ബിംബങ്ങളിൽ ചന്ദനം, ആഭരണം, വസ്ത്രം മുതലായവ അലങ്കരിക്കുക. ൩. വാഴക്കുല. ൪. ആധാരം. ൫. ചാട്ടോല. ൬. മരക്കഷണങ്ങൾ തമ്മിലുള്ള ചേർപ്പ്. ൭. നാല്ക്കാലികളുടെ നെററിയിലുള്ള ചാർത്ത്.

ചാർത്ത്-പു. ഭംഗി. ൨. കൂട്ടം.

ചാർത്തുക-പു. അലങ്കരിക്കുക, അണിയുക. ൨. എഴുതുക. ൩. ചേർക്കുക.

ചാർത്തുപടി-പേർവഴി എഴുതിയ കണക്ക

ചാർത്തുമുറി-നിലം പുരയിടങ്ങളുടെ ആധാരം.

ചാർന്ന-വി. സംബന്ധമുള്ള, ഉടപ്പമുള്ള.

ചാർമ്മണം-പു. ചർമ്മങ്ങളുടെ സമൂഹം. ൨. പരിചക്കൂട്ടം.

ചാർമ്മിണം-പരിചക്കാരുടെ കൂട്ടം.

ചാർവാകൻ-പു. ദൈവമില്ലെന്നും മററും തർക്കിക്കുന്ന ഒരു മതക്കാരൻ, ഹേതുവാദിയായ ബുദ്ധമതക്കാരൻ. മറെറാരു പര്യായം-ലൗകായതികൻ (ലോകായതികൻ).

[സ്വർഗ്ഗം എന്നൊന്നില്ല, ഇഹലോകസുഖം തന്നെ സ്വർഗ്ഗം എന്നും മററും ഉപദേശിക്കുന്ന ഈ മതത്തിനു പേർ ചാർവാകമതം.]

൨. ദുര്യോധനന്റെ ഇഷ്ടനായ ഒരു രാക്ഷസൻ.

ചാർവാകം-ചാർവാകമതം, വേദവിരുദ്ധമായ മതങ്ങളിൽ ഒന്ന്, ചാർവാകൻ ഉണ്ടാക്കിയത്.

ചാർവാംഗി-സുന്ദരി.

ചാർവി-സ്ത്രീ. സുന്ദരി. ൨. നിലാവ്. ൩. കാന്തി, ശോഭ. ൪. ബുദ്ധി. ൫. സാമർത്ഥ്യം.

ചാല-അധികം.

ചാലകം-പു. ദുശ്ശീലമുള്ള ആന, മുഠാന. ൨. ജാലകം, ജന്നൽ. (ജാലകം എന്നതിന്റെ തത്ഭവം)

ചാലനം-പു. ചല്ലടം. ൨. അനക്കം, ഇളക്കം.

ചാലനി-ചല്ലടം. ചലിപ്പിക്കുന്നതു, അതു ട്ടുന്നതു എന്നൎത്ഥം.

ചാലം-ഫ. വീട്ടിന്റെ മേല്പുര. ഉ. അനങ്ങതക്കതു.

ചാലവേ, ചാലേ-അ. നല്ലവണ്ണം.

ചാലിക്കുക-അലിക്കുക, യോജിപ്പിക്കുക

ചാലിടുക-ഫ. ഉഴവു ചാൽചെയ്യുക. ഉ. വയലുകളിൽ ചെറിയ തോടുകൾ ഉണ്ടാക്കുക.

ചാലിയത്തി-ചാലിയന്റെ സ്ത്രീ.

ചാലിയൻ- നൽചെട്ടി, നെയിത്തുകാരൻ. പൎയ്യായങ്ങൾ-തന്തുവായൻ, കുവിന്ദൻ.

ചാലിയപ്പരിച-ചെമന്ന പരിച.

ചാലിയപ്പരിഷ-നൽചെട്ടിയുടെവംശം

ചാലിയം-ചായില്യം, ചെമന്ന ചായം.

ചാല്-ഫ. ഉഴപ്പൊളി. ഉ. തോട്. ന. തുറമുഖം. ര. തവണ, സമയം. ഇ. നിലം, ഭൂമി.

ചാലേ, ചാലവേ-അ. നല്ലവണ്ണം, നന്നായി.

ചാലേകവാതിൽ-കിളിവാതിൽ.

ചാല്പണി-ഫ. കണ്ടത്തിൽ ഉഴവു ചാൽ ചെയ്ക. ഉ. ജലം ഒഴുകുവാൻ തക്കവണ്ണം തോടുണ്ടാക്കുക.

ചാല്യ, ചാലനീയ-ഫ. അനക്കത്തക്ക. ഉ. ഇളക്കത്തക്ക.

ചാല്യൻ- ചാപല്യമുള്ളവൻ, ഇളകത്തക്കവൻ.

ചാല്യം-ചാപല്യം.

ചാവു്-മരണം, ചാക്കാല.

ചാവടി-ഫ. ഒരു കച്ചേരി. ഉ. ചുങ്കസ്ഥലം. ന. ചവുക്ക, കാററുകൊണ്ടു ഇരിക്കുന്നതിനും മറവുമുള്ള ചെറിയ ഭവനം. ര. കാവൽസ്ഥാനം.

ചാവട്ട-ചാരത്തലയിണ.

ചാവൽ-ഫ. പൂവൻകോഴി. ഉ. പക്ഷികളിൽ ആൺ.

ചാവല്ലു്-മരംപാടില്ലാത്ത,

ചാവറം-മരണധൎമ്മം.

ചാവറക്കാർ-സംശപ്തകന്മാർ.

ചാവാളൻ-മൎത്ത്യൻ, മനുഷ്യൻ.

ചാവി-ഫ. ചള്ള, ധാന്യങ്ങളിലെ പതിരു്. ഉ. വണ്ടിച്ചക്രത്തിലെ ആണി. ന. ഒരുവക പുഴു.

ചാവുകുടി-ശൂന്യം വെച്ച വംശം.

ചാവുപിള്ള, ചാപിള്ള-ഫ. പ്രസവിക്കുമ്പോൾ ജീവനില്ലാത്തകുട്ടി. ഉ. കഥയില്ലാത്തവൻ.

ചാവുപുല-സാമന്തക്കാരൻ മരിച്ചാലുള്ള അശുദ്ധി.

ചാവുററ-വി. മരണഭയം കൂടാതെ യുദ്ധത്തിനു ചെല്ലുന്ന.

ചാവുററവൻ-മരണഭയം കൂടാതെ യുദ്ധത്തിനു ചെല്ലുന്നവൻ.

ചാവേറു്-മരണഭയം കൂടാതെ യുദ്ധത്തിനു ചെല്ലുക.

ചാവേറുക-മരണഭയം കൂടാതെ യുദ്ധത്തിനു ചെല്ലുക.

ചാവേറുവിരുത്തി-യുദ്ധത്തിൽ മരിച്ചവന്റെ വീട്ടുകാൎക്കു വേണ്ടി സൎക്കാരിൽനിന്നു കൊടുത്തിരിക്കുന്ന നിലമോ പുരയിടമോ.

ചാവോല-ചരമവിവരം എഴുതിയ ഓല.

ചാശം-കാട്ടുകാക്ക, ഭക്ഷണപ്രിയം എന്നൎത്ഥം.

ചാസം-കാട്ടുകാക്ക, ഹിംസാശീലം എന്നൎത്ഥം.

ചാള-ഒരുവക കടൽമീൻ. ഉ. കടിൽ. ന. കാവൽപുര. (ശാല എന്നതിന്റെ തത്ഭവം)

ചാളിക-പണസ്സഞ്ചി.

ചാളുക-കള്ളുകുടിച്ചവനെ പോലെ നടക്കുക.

ചാളുവാ-വായിൽനിന്നൊലിക്കുന്ന വെള്ളം.

ചാഴി-പ്ര. നെല്ല് നശിപ്പിക്കുന്നതും പറക്കുന്നതുമായ ഒരുവക വണ്ട്, ചെള്ള്. വ. ചാഴി, പതിത്.

ചാഴിക്കോൽ-ചാഴിയെ ഓടിപ്പാൻ ഔഷധം തേച്ച ഒരു മരത്തിന്റെ കൊമ്പ്.

ചാറ്-പ്ര. പച്ചമരുന്ന് മുതലായവ ഇടിച്ചു പിഴിഞ്ഞെടുക്കുന്ന നീര്. വ. നല്ലമുളക്, പുളി മുതലായവ കലക്കി കായവും ചേർത്ത് തിളപ്പിക്കുന്ന വസ്തു. ന. വല്ലതിന്റെയും നീര്. ൪. രസം.

ചാറ-ഒരുമാതിരി വലിയ മൺപാത്രം.

ചാറൽ, ചാററൽ-ചാറൽ, ചന്നംപിന്നം പെയ്യുന്ന മഴ.

ചാറുക-ചാറുക, ചന്നംപിന്നം മഴപെയ്യുക.

ചാററ്, ചാററൽ-പ്ര. ഉച്ചത്തിൽപറക. വ. കണിയാൻ മുതലായ ചില മന്ത്രവാദികൾ തങ്ങളുടെ മൂർത്തികളെ വിളിച്ചു പാടുക.

ചാററുക-പ്ര. ഉച്ചത്തിൽ പറയുക, വ. മൂർത്തികളെ വിളിച്ചു പാടുക.

—oooo—

## ചി

ചികയുക-അല്പമായിട്ടു മണ്ണുമാന്തുക.

ചികിത-വി. അറിയപ്പെട്ട, മനസ്സിലാക്കിയ.

ചികിത്സ-രോഗത്തെ മാററുവാനുള്ള പ്രവൃത്തി, വൈദ്യം. മറെറാരു പര്യായം-രുക്പ്രതിക്രിയ. ആരോഗ്യം ഇതിന്നധീനമാകയാൽ ഈ പേർ വന്നു.

[അസാദ്ധ്യരോഗത്തിലും ചികിത്സ കൂടിയേകഴിയൂ. അതല്ലാത്തപക്ഷം രോഗത്തിനു ഹേതുവായ പാപം തീരാതെ പുനർജ്ജന്മത്തിൽ ആ രോഗം തന്നെ വീണ്ടും വരുമല്ലോ.]

ചികിത്സകൻ-വൈദ്യൻ. വ്യാധിപ്രതീകാരത്തെ ചെയ്യുന്നവൻ എന്നർത്ഥം.

ചികിത്സാക്രമം-പ്ര. വൈദ്യം ചെയ്യുന്നതിനുള്ള മുറ. വ. ഒരു വൈദ്യഗ്രന്ഥം.

ചികിത്സാപാദചതുഷ്ടയം-വൈദ്യൻ ഔഷധം, പരിചാരകൻ, രോഗി (നാലും).

ചികിത്സിക്കുക-വൈദ്യം ചെയ്യുക

ചികിലം-ചെളി, പങ്കം.

ചികീർഷ-ചെയ്യാനുള്ള ആഗ്രഹം.

ചികീർഷിതം-ആഗ്രഹം, താല്പര്യം, നോട്ടം.

ചികുര-വി. ഇനങ്ങുന്ന, അസ്ഥിരമായ.

ചികുരൻ-ദുരാശനിമിത്തം ചഞ്ചലനായവൻ.

ചികുരം-പ്ര. തലമുടി. 'ചി'എന്ന വ്യക്തമല്ലാതെ ശബ്ദിക്കുന്നു, വണ്ടുകളാൽ സ്തുതിക്കപ്പെടുന്നത് ഇങ്ങിനെ ശബ്ദാർത്ഥം

'താഞ്ചനഘനിരകചം മുതൽ
പൂഞ്ചികുരതതിയവരതി'

(നളചരിതം കഥകളി)

വ. പർവതം, ന. പാമ്പ്. ൪. വളർത്തുന്ന കീരി.

ചിക്കുരം-തലമുടി.

ചിക്രോഡം-അണ്ണാൻ.

ചിക്കാ-പ്ര. ചുണ്ടെലി. വ. പാക്ക്.

ചിക്കം-നച്ചെലി.

ചിക്ക്-പ്ര. ധാന്യം ഉണങ്ങുന്നതിനു വേണ്ടി വെയിലത്തു നിരത്തുക. വ. തലമുടി ചീകുക. ന. തലമുടിക്കെട്ടിനുള്ളിലുണ്ടാകുന്ന അഴുക്ക്.

ചിക്കണം-പ്ര. അടക്കാ. വ. കവുങ്ങ്. ന. നെയ്യ് മുതലായതുചേർത്ത് സ്നിഗ്ദ്ധമാക്കിയ അന്നവും മററും.

ചിക്കണം-വി. മെഴുകുപമമായ.

ചിക്കണി-പ്ര. അടയ്ക്കാമരം. വ. അടയ്ക്ക. ന. കടുക്ക.

ചിക്കസം-യവം മുതലായതു് അരച്ചുണ്ടാക്കിയ മാവു്.
ചിക്കനേ-അ. വേഗത്തിൽ.
ചിക്കിവരുക്കുക-തലമുടിയുടെ ഉടക്കാക്കുക
ചിക്കറുക്കി-ചീപ്പ്.
ചിക്കിണി-വി ചെറുതായ.
ചിക്കുക-ക്ര. ഉണങ്ങുന്നതിന ധാന്യം വെയിലത്തു നിരത്തുക ๔. തലമുടിചീകുക.
ചിക്കപ്പെരമ്പു്-ധാന്യം നിരത്തുന്നതിനുള്ള പരമ്പു്.
ചിക്കെന്നു്-അ. വേഗത്തിൽ, ഉടനെ.
ചിങ്കട(ഡ)ം-ഒരുവക മത്സ്യം.

[ചിങ്കടമത്സ്യത്തിൻെറ മാംസം-പിത്തം, രക്തദോഷം, മേദസ്സ് ഇവയ്ക്കു നന്നു്. മലം ചിടിത്തമുള്ളതാണ്. വാതം ബലം, കഫം ഇവയെ വർദ്ധിപ്പിക്കും].

ചിങ്കലം, ചിങ്കളം, ചിങ്ങലം-ക്ര. ഒരുമാതിരി കറുത്ത വലിയ താടിമീശയുള്ള കരങ്ങ്. ๔. ചിങ്കളമേഷ. ന. ലങ്ക
ചിങ്കളക്കരങ്ങ്-ഒരു മാതിരി കറുത്ത വലിയ കരങ്ങ്.
ചിങ്കളൻ-ലങ്കക്കാരൻ, സിലോൺകാരൻ.
ചിങ്കാരം-ആഭരണം, രംഗി.
ചിങ്കാരിക്കുക-അലങ്കരിക്കുക.
ചിങ്കി, ചിങ്കിക്കളി-കാക്കാലന്മാരുടെ ഒരുമാതിരി കളി, ചിങ്കകളി.
ചിങ്കികളിപ്പിക്കു, ശിങ്കികളിപ്പിക്ക-വട്ടത്തിലാക്കുക.
ചിങ്കിരനെ-വിഷം കൂട്ടിയ ക്ഷേണവസ്തു.
ചിങ്കു്-ധാന്യം മുതലായവയിൽ പെട്ടും കൊള്ളരുതാത്തതുമായ ഭാഗം.
ചിങ്ങക്കൂറു്-ചന്ദ്രൻ ചിങ്ങരാശിയിൽ ഇരിക്കുന്ന സമയം.
ചിങ്ങൻ-വാഴയിൽ ഒരു ഇനം.
ചിങ്ങനാട്ട്-ശേഖിങ്ങനാട്ട്.
ചിങ്ങൻപഴം-ചിങ്ങൻവാഴയിലെപഴം.
ചിങ്ങമാസം-ഒരു മാസത്തിൻെറ പേർ.
ചിങ്ങം-ക്ര. ചിങ്ങമാസം. ๔. ചിങ്ങരാശി ന. സിംഹം.

[സിംഹം എന്നതു ചിങ്ങം എന്നായി]

ചിങ്ങംപുഴ-ഒരു മാതിരി പുഴ.
ചിങ്ങംരാശി-അഞ്ചാമത്തെ രാശി.
ചിങ്ങളം, ചിങ്കളം-സിംഹളം, ലങ്ക.
ചിങ്ങംവാഴ-ഒരു മാതിരിവാഴ.
ചിങ്ങംവ്യാഴം-വ്യാഴം എന്ന ഗ്രഹം ചിങ്ങം എന്ന രാശിയിൽ ഇരിക്കുന്ന കാലം.

[വ്യാഴത്തിൻെറ ഒരു പരിവർത്തനത്തിന ൧൨ കൊല്ലം വേണം.]

ചിച്ചിഡം-വലിയപടോലം.
ചിച്ചീ നിഷേധിച്ചു പറയുന്ന ഒരു വാക്കു.
ചിഞ്ച-വാളൻപുളി, പുളി, കോൽപുളി. പുളിമരം വ്യക്തമല്ലാത്ത ശബ്ദത്തെ പുറപ്പെടുവിക്കുന്നതു എന്നർത്ഥം. പുളിമരത്തിന മറു പര്യായങ്ങൾ-തിന്തിഡി (തിന്ത്രിണി), അമ്ലിക (അമ്ലിക).
ചിഞ്ചാടകം-ഒരുമാതിരി പുല്ല്.
ചിഞ്ചാമ്ലം-ചാണമ്പുളി.
ചിട-ശേഖരം ചിൻെറ പാദവും മസ്സുവും കൂടി ചിരിക്കുന്ന ചെമ്പുടി, ജട.
ചിടയൻ,ചെടയൻ-ക്ര ജടയുള്ളവൻ. ๔. ഒരു മാതിരിയുള്ള ചെടി, കഞ്ചാവു്.
ചിട്ട-ക്ര കട്ടയാനവന്മാർക്ക സർക്കാരിൽ നിന്നു കൊടുക്കുന്ന ആധാരങ്ങൾ ലക്ഷം. ๔. ഭാഗ്യക്കുറി മുതലായതു്, ചീട്ട്.
ചിട്ടിക്കാരൻ-ചിട്ടിയിൽ കൂടിയവൻ.
ചിട്ടിക്കുറി-ചിട്ടിക്കെട്ടുകണന്നതിന എഴുതിയിടുന്ന കുറി, ഭാഗ്യക്കുറി.
ചിണുക്കുക, ചിണുങ്ങുക-തളിക്കുക, വീഴ്ക്ക.
ചിണുങ്ങുക-ക്ര. പിറുപിറുപ്പോടെ കരയുക, മുരക്കുക. ๔. കണ്ണുചോരവെ കരയുക.

**ചിട്ടിപ്പതിവ്**-നിലം പൂവയ്ക്കുടങ്ങൾക്ക പണ്ടാരവകയിൽ നിന്നും കുടിയാനവന്മാക്ക് കൊടുക്കുന്ന ഒരാധാരം.

**ചിണ്ട്**-പൂങ്കുല, പൂക്കൾ പൂങ്കുലമാതിരി കൂട്ടിക്കെട്ടിയതു.

**ചിത**-വി. പ്ര. കൂട്ടപ്പെട്ട. (മലയാളത്തിൽ) യോഗ്യമായ. ദ. ശേഖരിക്കപ്പെട്ട. ന. ഖചിക്കപ്പെട്ട.

**ചിത**-പ്ര. പട്ടട, കട്ട, ചുടല. മററ പര്യായങ്ങൾ-ചിത്യാ, ചിതി. ദ. കൂമ്പാരം. ന. ശവദാഹത്തിനു കൂട്ടുന്ന വിറക്. ർ. ശവം ദഹിപ്പിക്കുന്ന സ്ഥലം. ചിത എന്നതിനു വിറകുകൊണ്ടു നിറഞ്ഞതു് എന്നർത്ഥം.

**ചിതക്കേട്**-പ്ര. അയോഗ്യത. ദ. ചേർച്ചകേട്. ന. രോഗം, ക്ഷീണം.

**ചിതനാട്**-കേരളം എന്നു പറഞ്ഞുവരുന്ന ചേരരാജ്യത്തിനുണ്ടായിരുന്ന ഏഴു വിഭാഗങ്ങളിൽ ഒന്ന്.

**ചിതം**-യോഗ്യത. ദ. ചേർച്ച. ന. സുഖം.

**ചിതൽ**-മരവും മററും തിന്നുന്ന ഒരു വക ചെറിയ പ്രാണി.

**ചിതൽതിന്നി**-ഒരു പക്ഷി.

**ചിതൽപ്പുററ്**-ചിതൽ മണ്ണുകൊണ്ടുണ്ടാക്കുന്ന കൂട്.

**ചിതറൽ**-പൊട്ടി നുറുക്കുകളായി വീഴുക.

**ചിതറുക**-പ്ര. പൊട്ടിപല നുറുക്കുകളായി വീഴുക. ദ. തൂകുക, ചിന്നുക. ന. തകരുക. (സ ക്രി ചിതറിക്കുക).

**ചിതർനൈ**-ഉത[illegible]മന.

**ചിതാഗ്നി**-പട്ടടയിലെ അഗ്നി, ശവം ദഹിപ്പിക്കുന്ന അഗ്നി.

**ചിതി**-പ്ര. പട്ടട. ദ. കൂമ്പാരം.

**ചിൽ**-അ. കിംശബ്ദത്തിൻെറ രൂപങ്ങളിൽവരും ഉ-ം, കശ്ചിൽ=ഒരുത്തൻ, കാചിൽ=ഒരുത്തി, കിഞ്ചിൽ=ഒരു, സ്വല്പം.

**ചിൽക്കാതൽ**-ബോധം തന്നെയുള്ളതു്, ഈശ്വരചൈതന്യം.

**ചിത്ത്**-ബോധം, ബുദ്ധി, ജ്ഞാനം, വിശേഷജ്ഞാനകാരണം.

**ചിത്തകലിത**-വി. മുമ്പേ വിചാരിക്കുന്ന, മുൻഗ്രഹിക്കുന്ന, കാത്തുകൊണ്ടിരിക്കുന്ന.

**ചിത്തകാമ്പ്**-മനസ്സ്.

**ചിത്തചാഞ്ചല്യം**-പ്ര. ഭയം. ദ. സംശയം, മനസ്സിൻെറ ഇളക്കം.

**ചിത്തജൻ**-കാമദേവൻ.

**ചിത്തജന്മാവ്**-കാമദേവൻ.

**ചിത്തനിരോധനം**-മനസ്സിനെ തടുക്കുക.

**ചിത്തപഞ്ചനിലകൾ**-നാലുണ്ട്. പ്ര. "ക്ഷിപ്തം(രജോഗുണത്താൽ വിഷയത്തിലേക്ക വിടപ്പെടുന്നതു). ദ. വിക്ഷിപ്തം (രജസ്തമോഗുണലേശം കൂടിയ സത്വഗുണമുള്ളതിനാൽ ചില സന്ദർഭത്തിൽ ധ്യാനത്തോടിരിക്കകൊണ്ട് ക്ഷിപ്തത്തിലും ശ്രേഷ്ഠമായതു്.) ന. മൂഢം (ആലസ്യം, നിദ്ര മുതലായ തമോഗുണവൃത്തികളോടു കൂടിയതു്). ർ. ഏകാഗ്രം (രജസ്സും തമസ്സും അശേഷം നീങ്ങിയ ശുദ്ധസത്വം ഹേതുവായിട്ട് ഏക ലക്ഷ്യത്തിൽ സ്ഥിരമായി നില്ക്കുന്നതു്). ര. നിരുദ്ധം (വൃത്തികളെല്ലാം അടങ്ങി സംസ്കാരം മാത്രം ശേഷിച്ചതു)."

**ചിത്തപത്മം**-മനസ്സ്, ചിത്തം.

**ചിത്തപരികർമ്മങ്ങൾ** - പുണ്യവാന്മാരിൽ സ്നേഹം, ദുഃഖികളിൽ കരുണ, സുഖികളിൽ സന്തോഷം, പാപികളിൽ ഉപേക്ഷ. (ഇവ എല്ലാം).

**ചിത്തപ്രസന്നത**-മനസ്സിൻെറ തെളിവ്

**ചിത്തഭൂവ്**-കാമദേവൻ.

**ചിത്തഭ്രമം**-മനസ്സിൻെറ ഇളക്കം, ഭ്രാന്ത്.

**ചിത്തം**-പ്ര. മനസ്സ്. ദ. ഹൃദയം. വിശേഷജ്ഞാനമുള്ളതു് എന്നർത്ഥം. ഇതുകൊണ്ടു അറിയുന്നതിനാൽ ഈ പേർ വന്നു.

ചിത്തയോനി-കാമദേവൻ.

ചിത്തരംഗം-മനസ്സ്.

ചിത്തലം-പുള്ളിമാൻ.

ചിത്തവിപ്ലവം-ഭ്രാന്ത്.

ചിത്തവിഭ്രമം-പ്ര. ഭ്രാന്തു, മനസ്സിന്റെ ഇളക്കം, ഭൂതാവേശവും മററും കൊണ്ടുണ്ടാകുന്ന ചിത്തചാഞ്ചല്യം. വ. ഒരു ജ്വരം.

[ചിത്തവിഭ്രമം എന്ന സന്നിപാതത്തിൽ അസഹ്യമായ തലതിരിവ്വിൽ ബുദ്ധിഭ്രമം, സന്താപം, ബോധക്ഷയം, ഇക്കിൾ ഇവയുണ്ടായിരിക്കും. കണ്ണുരുട്ടുക, ചിരിക്കുക, പാടുക, ആടുക, പിച്ചുപറക ഇവയും കാണും].

ചിത്തവിലോഭനം-മനസ്സിളക്കുന്നതു്.

ചിത്തവൃത്തി-മനസ്സിന്റെ പ്രവൃത്തി, മനോവ്യാപാരം.

ചിത്തവൈവശ്യം-മനസ്സിന്റെ പരവശത.

ചിത്തശല്യസപ്തകം-"പകലത്തെ ചന്ദ്രൻ, യൌവനം മറഞ്ഞ നാരി, വിദ്യാവിഹീനനായ സുന്ദരൻ, താമരയില്ലാത്ത പൊയ്ക, ദരിദ്രസജ്ജനം, ധനത്തിൽ അത്യാഗ്രഹമുള്ള പ്രഭു, ദുഷ്ടനായ രാജസേവകൻ" ഇങ്ങനെ ൭.

ചിത്തശാന്തി-മനസ്സടക്കം.

ചിത്തശുദ്ധി-മനശ്ശുദ്ധി.

ചിത്തസമുന്നതി-അഭിമാനം നടിപ്പ്. ചിത്തത്തിന്റെ (മനസ്സിന്റെ) സമുന്നതി (വലിപ്പം)=ഞാൻ ഉൽകൃഷ്ടൻ എന്നുള്ള മനസ്സ്.

ചിത്തസരോജം-മനസ്സ്. [സരോജം (താമരപ്പൂ)പോലെ ഉള്ളത്.]

ചിത്താനന്ദം-സന്തോഷം, ആനന്ദം.

ചിത്താനുവർത്തനം-ഇഷ്ടം അനുസരിക്കുക.

ചിത്താഭിലാഷം-മനസ്സിലെ ആഗ്രഹം.

ചിത്താഭോഗം-മനോവൃത്തി, കേട്ടതിനെ മനസ്സിൽ ഉറപ്പിക്കുക, ഒരേ കാര്യത്തിൽ തന്നെ സ്ഥിരമായി നില്ക്കുക, മനസ്സിന്റെ സുഖാദി താല്പര്യം.

ചിത്തി-ജ്ഞാനം.

ചിത്തോത്ഥം-പ്ര. ചിത്തസമുന്നതി, അഹങ്കാരം. വ. ഏണാങ്കരാശി.

ചിത്തോദ്രേകം-ഡംഭം, അഹങ്കാരം.

ചിത്യ-പട്ടട, ചുടല.

ചിത്ര-വി. പ്ര. രംഗിയുള്ള. വ. പലനിറമുള്ള.

ചിത്ര-പ്ര. പതിനാലാം നക്ഷത്രം, ചിത്തിര. വ. എലിച്ചെവി(യൻ). ൩. ചെറുകമ്മട്ടി ൪. മീൻകണ്ണിക്കുമ്പ. ൫. ചെറിയ കാട്ടുവെള്ളരി. ൬. വലിയ ദന്തി. ൭. ചെറിയ ദന്തി.

ചിത്രകണ്ഠം-പ്രാവ്. (മാടപ്രാവ്. കാട്ടുപ്രാവ്.)

ചിത്രകം-പ്ര. തൊടുകുറി, രംഗിയുള്ളതു എന്നർത്ഥം. വ. പുലി. ൩. വെള്ളത്താവണക്ക്. ആവണക്ക്. ൪. കൊടുവേലി, ചിത്തത്തെ രക്ഷിക്കുന്നതു എന്നർത്ഥം. ൫ സിംഹം.

ചിത്രകാ-തൊടുകുറി.

ചിത്രകംബളം-ഒരുവക [illegible].

ചിത്രകാരൻ-ചിത്രം എഴുതുന്നവൻ.

ചിത്രകർമ്മം-പ്ര. ചിത്രമെഴുത്ത്. വ. തൊടുകാരം.

ചിത്രകാരൻ, ചിത്രകാരകൻ-ചിത്രകാരൻ.

ചിത്രകായം-പ്ര. കടുവ. വ. പുലി. ൩. സിംഹം.

['പുണ്ഡരീകപഞ്ചാസ്യചിത്രകായമൃഗദ്വിഷഃ' എന്ന മഹാപ്രമാണംകൊണ്ടു 'സിംഹം' എന്ന അർത്ഥം സ്പഷ്ടമാകുന്നു.]

**ചിത്രകുണ്ഡലൻ**-ധൃതരാഷ്ട്രന്റെ പുത്രൻ

**ചിത്രകൂടക്കല്ല്**-നാഗക്കല്ല്.

**ചിത്രകൂടം**-പു. ചിത്രങ്ങൾ കൊണ്ടു അലങ്കരിച്ചിരിക്കുന്ന ഭവനം. ൨. പ്രയാഗക്ഷേത്രത്തിനു സമീപമുള്ള ഒരു പർവ്വതം.

"വാല്മീകിയുടെ ആശ്രമമുണ്ടായിരുന്ന സ്ഥലം, ശ്രീരാമനും സീതയും ഇവിടെ താമസിച്ചിട്ടുണ്ട്. ഇതു യമുനയുടെ ദക്ഷിണതീരത്താണ്. ശ്രീരാമന്റെ ദണ്ഡകാരണ്യയാത്രയിൽ ഇവിടെയെത്തി വാല്മീകിയെ കണ്ടു. 'ചിത്രകൂടാചലേ ഗംഗയോരന്തരം' ഗംഗകളുടെ മദ്ധ്യഭാഗത്തിൽ എന്നു ഇതുകൊണ്ടു തെളിയുന്നു രണ്ടുഭാഗത്തും ഗംഗാനദി ഒഴുകുന്നതായ സ്ഥലം, ആഗ്രാ, അയോദ്ധ്യാ എന്നീ രാജ്യങ്ങളുൾപ്പെട്ട സംയുക്തസംസ്ഥാനങ്ങളുടെ വടക്കേഅറ്റത്തു 'ബാംഡാ' എന്ന ജില്ലയിലാണ് ചിത്രകൂടപർവ്വതം. അതിനു സമീപം ആ പേരുള്ള ഒരു ചെറിയ നാട്ടുണ്ട്. ഇതിൽ താമസിക്കുന്നവരെ 'പാണ്ഡയർ' എന്നു വിളിച്ചുവരുന്നു. ഇതിലൂടെയാണ് 'മന്ദാകിനി' എന്ന പുണ്യനദി കിഴക്കോട്ടു പ്രവഹിക്കുന്നത്. ചിത്രകൂടം വൈഷ്ണവന്മാരുടെ പുണ്യയാത്രാസ്ഥലമാകുന്നു. അത്രിമുനി നിവസിച്ചിരുന്ന പുണ്യാശ്രമത്തിന്റെ ഭഗ്നശിഷ്ടങ്ങൾ യാത്രക്കാർക്കു അവിടെ കാണാം. ശ്രീരാമന്റെ താമസം മുതൽ ചിത്രകൂടം ഒരു പുണ്യക്ഷേത്രമായിത്തീർന്നു. ആണ്ടുതോറും ഗംഗാസ്നാനത്തിനായി പോകുന്നവരിൽ മിക്കപേരും പ്രയാഗക്ഷേത്രം സന്ദർശിക്കുക പതിവാണ്. അവിടെ ചെല്ലുന്നതിനുള്ള വഴിയിൽ നിന്നുള്ള ഒരു രഥ്യയിലൂടെ കുറെ നടക്കുന്നതായാൽ ചിത്രകൂടത്തിൽ എത്താം" ൩. സർപ്പത്തിനെ പ്രതിഷ്ഠിപ്പാനായി കല്ലുകൊണ്ടുണ്ടാക്കുന്ന ഒരു പണി.

**ചിത്രകൃത്ത്**-പു. ചിത്രം എഴുതുന്നവൻ. ൨. തൊട്ടുകാര.

[കനം കുറവാണെങ്കിലും വളരെ ഉറപ്പുള്ളതിനാൽ അത്ഭുതകരമാകുന്നു, എന്നു തൊട്ടുകാരയെ സംബന്ധിച്ചു ചിത്രകൃത്തിന്റെ ശബ്ദാർത്ഥം.]

**ചിത്രകേതു**-പു. ദ്രുപദന്റെ പുത്രൻ, ഇവനെ ദ്രോണർ കൊന്നു. ൨. ഗരുഡന്റെ പുത്രൻ.

**ചിത്രക്കാരൻ**-ചിത്രമെഴുത്തുകാരൻ, ചിത്രവേലക്കാരൻ. പര്യായങ്ങൾ-രംഗാജീവൻ, ചിത്രകാരൻ.

**ചിത്രക്കെട്ട്**-പു. നല്ലകെട്ടിടം. ൨. നന്നായിക്കെട്ടുക.

**ചിത്രഗുപ്തൻ**-അന്തകന്റെ എഴുത്തുകാരൻ മനുഷ്യരുടെ നല്ല സൽപ്രവൃത്തികളെയും ദുഷ്പ്രവൃത്തികളേയും എഴുതിവെക്കുന്നവൻ.

**ചിത്രഗ്രീവം**-പ്രാവ്.

**ചിത്രചിത്രം**-വി. അത്യത്ഭുതമായ.

**ചിത്രതണ്ഡുല**-പു. വിഴാൽ, ഭംഗിയുള്ള അരിയുള്ളതു എന്നർത്ഥം. (വിഴാലരി ഇതിൽ നിന്നാണുണ്ടാകുന്നതു്.) ൨. ആവണക്ക്.

**ചിത്രതനു**-ചീവൽപക്ഷി.

**ചിത്രത്തയ്യൽ**-ചിത്രവേലയായിട്ടു തയ്ക്കുന്നതു്.

**ചിത്രദർശനൻ**-ധൃതരാഷ്ട്രരുടെ പുത്രൻ.

**ചിത്രദണ്ഡകം**-ചേന.

**ചിത്രനേത്രാ**-പഞ്ചവർണ്ണക്കിളി.

**ചിത്രപടം**-പു ചിത്രം ൨. അച്ചടിശീല

**ചിത്രപത്രകം**-പ്ലാശു.

**ചിത്രപദാ**-ഒരു വൃത്തത്തിന്റെ പേർ.

[രണ്ടു ഭഗണവും രണ്ടു ഗുരുവും. ഉ-ം 'ചീർത്തൊരു ചിത്രപദാർത്ഥം' ഇത്യാദി. അനുഷ്ടുപ്പിൽ ചേർന്നതാണ്. 'ഭംഭഗ ചിത്രപദാഗം' എന്നു പ്രമാണം.]

ചിത്രപർണ്ണി-ും. ഓരില. വ. നീർക്കിപ്പലി. ന. തുമ്പ ര്. മഞ്ചട്ടി, ഇ. കാരപ്പൊഴി.

[മുവില എന്നും അഭിപ്രായം കാണുന്നു.]

ചിത്രപാദാ-പഞ്ചവർണ്ണക്കിളി.

ചിത്രപ്പണി-ചിത്രവേല, രൂപംകൊത്തിയുണ്ടാക്കുകയും മററും.

ചിത്രപ്പുല്ല്-ചായമിടുന്ന പുല്ല്, തൂലിക.

ചിത്രഫലാ-ും. വെളുത്ത (ചെറിയ) വെള്ളരി. വ. കക്കാരിവഴുതിന. ന. കണ്ടകാരിച്ചുണ്ട. ര്. ഐയിരമിക്കോവ.

ചിത്രബർഹൻ-ഗരുഡൻെറ പുത്രൻ.

ചിത്രബാണൻ-ധൃതരാഷ്ട്രരുടെ പുത്രൻ.

ചിത്രബർഹം-മയിൽ.

ചിത്രഭാനു-ും. അഗ്നി. പല നിറങ്ങളുള്ള കിരണങ്ങളോടുകൂടിയവൻ എന്നർത്ഥം. വ. ആദിത്യൻ.

ചിത്രഭാനുകൌ-സൂര്യനും ചന്ദ്രനും. വിചിത്രമായ രശ്മികളോടു കൂടിയവർ എന്നർത്ഥം.

ചിത്രം-ും. അത്ഭുതരസം. മനസ്സിനെ പലവിധമാക്കിത്തീർക്കുന്നതു എന്നർത്ഥം. വ. ചായം തേയ്ക്കുക, രൂപം (പടം) വരയ്ക്കുക. ന. രൂപം ര് ചിത്രം എഴുത്തുകാർ എഴുതുന്ന ചിത്രം. ഇ. പലനിറം ഒരുമിച്ചു ചേർന്നതു്, നാനാജാതിനിറം. മററു പര്യായങ്ങൾ-കിർമ്മീരം, കല്മാഷം, ശബളം, ഏതം, കർബ്ബുരം ന്യ. അദ ശകം. ൧. ചെറിയതരം വൃ ഷിവർപക്ഷിൻ. തണ്ണിമത്ത ൧൦ അതൃതമടമാശവസ്തു. ൧൧. ശബ്ദാലങ്കാരങ്ങളിൽ ഒന്ന്.

ചിത്രമൃഗാ-പുള്ളിമാൻ.

ചിത്രമെഴുതുക-ചായംകൊണ്ടു വല്ലതിൻെറയും രൂപം വരയ്ക്കുക.

ചിത്രമെഴുത്തു-രൂപം വരയ്ക്കുക, ചായമിടുക.

ചിത്രമേഖലാ-മയിൽ.

ചിത്രയജ്ഞം-ഒരു നാടകഗ്രന്ഥം.

(ഇതു് വൈദ്യനാഥവാചസ്പതിയുണ്ടാക്കിയതാണ്. ദക്ഷൻെറ കഥയാത്ര പ്രമേയം).

വ. ഒരു ഗന്ധർവ്വൻ.

ചിത്രയോധി-ും നിർമ്മരുതു്. വ. ഒരു രാക്ഷസൻ. രാവണൻെറ ഒരു മന്ത്രി.

ചിത്രരഥൻ-ും. ഒരു ഗന്ധർവ്വരാജാവു്, കശ്യപൻെറ ഭാര്യയായ മുനിയുടെ പുത്രരിൽ ഒരുവൻ. ദ്രുപദൻെറ പുത്രൻ. (ദ്രോണർ വധിച്ചു).

ചിത്രലേഖാ-ും. ബാണപുത്രിയായ ഉഷയുടെ സഖി. നല്ല ചിത്രമെഴുത്തുകാരിയാണ്. (ഉഷാപരിണയം നോക്കുക). വ. ഒരു അപ്സരസ്സ്.

ചിത്രലേഖനം-ചിത്രമെഴുത്തു്.

ചിത്രലോചനാ-പഞ്ചവർണ്ണക്കിളി.

ചിത്രവാലം-ഒരു പക്ഷി.

ചിത്രവാഹനൻ-ചിത്രാംഗദയുടെ പിതാവു്, മണിപൂരരാജ്യത്തിലെ രാജാവു്.

ചിത്രവീര്യം-ചെമന്നാവണക്ക്.

ചിത്രശലഭം-കണ്ണൻപാററ.

ചിത്രശിഖണ്ഡി-അംഗിരസ്സുമഹർഷി.

ചിത്രശിഖണ്ഡികൾ-മരീചി മുതലായ മഹർഷിമാർ ഏഴു്, ഏഴു നക്ഷത്രങ്ങൾ.

ചിത്രശിഖണ്ഡിജൻ-ബൃഹസ്പതി. ചിത്രശിഖണ്ഡിയുടെ (അംഗിരസ്സിൻെറ) പുത്രൻ എന്നർത്ഥം.

ചിത്രസേനൻ-ും. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ. വ. യക്ഷരുടെ ഒരു പ്രധാനി. ന. ഒരു ഗന്ധർവ്വൻ. ര് കർണ്ണൻെറ ഒരു പുത്രൻ. നകുലനാൽ വധിക്കപ്പെട്ടു.

൭. ദ്രുപദന്റെ ഒരു പുത്രൻ. കർണ്ണൻ വധിച്ചു. ൯. ജരാസന്ധന്റെ ഒരു സൈന്യാധിപൻ.

ചിത്രസേനാ-ഒരു നദി.

ചിത്രാക്ഷി-പഞ്ചവർണ്ണക്കിളി.

ചിത്രാന്നം-പലനിറമുള്ള ചോറ്.

ചിത്രാംഗാ-൧. ചായില്യം ൨. അരിതാരം. ൩. വട്ടച്ചുവൽ. ൪. കൊട്ടുവേലി.

ചിത്രാംഗദൻ-൧. ശന്തനുരാജാവിന്റെ പുത്രൻ, അമ്മ-കാളി (സത്യവതി). ഭീഷ്മരുടെ സഹോദരൻ. ൨. ഒരു ഗന്ധർവൻ.

(ചിത്രാംഗദൻ എന്ന ഗന്ധർവനാൽ ചിത്രാംഗദൻ വധിക്കപ്പെട്ടു)

ചിത്രാംഗദാ-അർജ്ജുനന്റെ ഭാര്യയും ബഭ്രുവാഹനന്റെ മാതാവും. ചിത്രവാഹനരാജാവിന്റെ മകൾ.

ചിത്രാംഗദസൂ-സത്യവതി. (വ്യാസന്റെ അമ്മ)

ചിത്രാപൂർണ്ണിമ-മേടമാസം വെളുത്ത വാവ്.

ചിത്രാംബരം-ചിത്രമുള്ള വസ്ത്രം.

ചിത്രായസം-ഉരുക്ക്.

ചിത്രാസനം-സിംഹാസനം.

ചിത്രി-പുലി.

ചിത്രിക-പുസ്തകത്തിൽഇടുന്ന അടയാളം.

ചിത്രിണി-നാലുവക സ്ത്രീകളിൽ രണ്ടാമത്തേവൾ. (സ്ത്രീ എന്നതു നോക്കുക).

ചിത്രിത-വി. നാനാവർണ്ണമാക്കപ്പെട്ട, പുള്ളിയുള്ള, ചായമിട്ട.

ചിത്രീകൃത-ചിത്രമാക്കിച്ചെയ്യപ്പെട്ട, ചിത്രത്തിലെഴുതപ്പെട്ടപോലെ സ്തബ്ധമായിത്തീന്ന. ൨. ചിത്രത്തിലാക്കിയ.

ചിത്രോപലാ-ഒറിസ്സം രാജ്യത്തിലെ ഒരു നദി.

ചിത്സ്വരൂപം-പരമാത്മാവ്.

ചിദംബരൻ-ശിവൻ.

ചിദംബരം-ഒരു ക്ഷേത്രം.

ചിദാത്മാവ്-പരമാത്മാവ്.

ചിദാനന്ദം-സന്തോഷം.

ചിദാനന്ദൻ-ചിദ്രൂപനായും ആനന്ദരൂപനായുമുള്ളവൻ.

ചിദാഭാസൻ-ജീവാത്മാവ്.

ചിദ്രൂപ-൧. ജ്ഞാനമായുള്ള. ൨. ഗുണാധികാരമുള്ള. ൩. ബുദ്ധിയുള്ള.

ചിദ്രൂപൻ-പരമാത്മാവ്.

ചിന-൧. നാല്ക്കാലികൾക്കു ഗർഭം കെട്ടുക. ൨. മരത്തിന്റെയോ കലയുടെയോ കൊമ്പ്. ൩. ഒട്ടുപഴുത്ത കായ്. ൪. കോപം.

ചിനക്ക്-൧. നരക്ക്, ഒരംശം. ൨. കീറൽ, ചീന്തൽ.

ചിനക്കുക-൧. ഒച്ചകാട്ടുക, കീഴ്ജാതിക്കാർ മേൽജാതിക്കാരെ മാറി നില്പാൻ ശബ്ദം പുറപ്പെടുവിക്കുക, ഹാ ഹാ ഹൂ ഹൂ ഇത്യാദി. ൨. മുരമുരക്കുക, കലഹിക്കുക, കോപിക്കുക. ൩. നഖംകൊണ്ടു മാന്തുക, ചീന്തുക.

ചിനയ്ക്കുക-൧. മുളയ്ക്കുക, കിളുക്കുക. ൨. ഗർഭം ഉണ്ടാവുക. ൩. പഴുക്കുക.

ചിനങ്ങുക-നരങ്ങുക. (സ. ക്രി. ചിനക്കുക.)

ചിനമ്പ്-വി. അല്പമായുള്ള.

ചിനം-൧. കോപം. ൨. മദം.

ചിനമ്പ്-അ. കുറച്ച്, അല്പം.

ചിനയ്പ്പ്-൧. മുളയ്പ്പ്, കൂമ്പ്. ൨. ഇളംകൊമ്പ്. ൩. പഴുക്കുക.

ചിനിപ്പ്-കോപം.

ചിന്ത്-മൂളിപ്പാട്ട്, പാട്ട്.

ചിന്ത-വിചാരം. ഓർമ്മവെയ്ക്കുക എന്നർത്ഥം.

"ചിന്തായാശ്ച ചിതായാശ്ച

ബിന്ദുമാത്ര വിശേഷതഃ!

ചിന്താഹരതി നിർജ്ജീവം
ചിന്താമഹതി ജീവിനം॥"

ചിന്തനം-വിചാരം.

ചിന്തനീയ-വി. വിചാരിക്കേണ്ടുന്ന.

ചിന്താമണി- ന. ഒരുവക വൈദ്യശാസ്ത്രം. ര. വിചാരിക്കുന്നതിനെ എല്ലാം കൊടുക്കുന്ന ഒരു ദിവ്യരത്നം.

ചിന്താരത്നം-ന. ജ്ഞാനസമ്പാദനത്തിനുതകുന്ന ഒരു പുസ്തകം. ര. ചിന്താമണി.

ചിന്താവശ-വി. വിഷാദമുള്ള.

ചിന്തിക്കുക-വിചാരിക്കുക, നിരൂപിക്കുക, ധ്യാനിക്കുക.

ചിന്തിത-വി. വിചാരിക്കപ്പെട്ട.

ചിന്തുക-ചിതറുക, ചിന്നുക, തൂകുക.

ചിൻതൂരം-ന. കറിയിടുവാനുള്ള ഒരുമാതിരി ചെമന്ന വസ്തു, സിന്ദൂരം. ര. ഔഷധത്തിന്നായിട്ടു രസം, സ്വർണ്ണം മുതലായവ പുടംവെച്ച ഭസ്മം.

ചിൻതൂരിക്കുക- സിന്ദൂരത്തിനായിട്ടു രസവും മററും പുടംവെക്കുക, ഔഷധം നീററുക.

ചിന്തെരു്-മിനുസം വരുത്തുന്ന ഒരുമാതിരി മഷി, ചീവുളി. (പോർട്ടുഗീസു ഭാഷ.)

ചിന്തേരിടുക-ചിന്തേരുളി കൊണ്ടു ചീകി മിനുക്കുക.

ചിന്ത്യ-വി. ന. വിചാരിപ്പാനുള്ള. ര. ഗ്രഹിക്കത്തക്ക.

ചിന്ന-വി. ചെറിയ.

ചിന്നൻ-ന. ചെറിയവൻ. ര. അഞ്ചു ശ്വാസങ്ങളിൽ ഒന്ന്.

[ചിന്നശ്വാസം-മുറിഞ്ഞുള്ള ശ്വാസങ്ങളെ ശക്തി വിടും. ഉച്ചൊത്തമായിട്ടു വിളംബമായി. മർമ്മം മുറിഞ്ഞാൽ എങ്ങിനെയോ അല്ലാപരമെയുള്ള വേദന കാണും. വരുവീഴ്പ്പ്, വിയർപ്പ്, ഇന്ദ്രിയനാശം, മൂത്രാശയത്തിനു പുഴുവ ഉണ്ടാകും. കണ്ണു ഇളകും, അല്ലെങ്കിൽ കണ്ണുനീർ നിറയും. തളർച്ച കാണും. ഒരു കണ്ണു ചെമന്നിരിക്കും. ചൈതന്യം നശിക്കും. മുഖം വാടും. കാന്തി കുറയും. ചെപറയും സന്ധിബന്ധം വേർപെടും. ഈ രോഗി ഉടൻ മരിക്കും ]

ചിന്നൽ-ന. ചിതറൽ. ര. പൊട്ടിക്കുക. ന. ചോരിച്ചിൽ.

ചിന്നി-ഒരു ചെറിയ അളവു, ഇടങ്ങഴിയുടെ നാലിലൊന്ന്.

ചിന്നുക-ന. ചിതറുക. ര. പൊട്ടുക. ന. തകരുക.

[ചിന്നിച്ചിതറിയതു- പര്യായങ്ങൾ- വ്യസ്തം, ആകുലം, അപ്രഗുണം.]

ചിന്മയ - വി. ആനന്ദസ്വരൂപമായ. ജ്ഞാനസ്വരൂപമായ.

ചിന്മയി-മഹാമായ.

ചിന്മാത്രൻ-ജ്ഞാനമയൻ.

ചിപിടകം-അവിൽ.

ചിപ്പം-ഉരുട്ടിക്കെട്ടിയ പുടവ്.

ചിപ്പി-ന. മുത്തു വിളയുന്ന കക്കാ. ര. ഒരു ചെറിയ മൊന്ത.

ചിപ്പുളി-ചീവുളി, ചീകുളി, ചിന്തേര്.

ചിബുകം-താടി, ചുണ്ടിന്റെ കീഴെയുള്ള പ്രദേശം. ശോഭയെ സമ്പാദിക്കുന്നതു എന്നർത്ഥം.

ചാമികം-തങ്കം.

ചിമിട്ടൻ-കള്ളൻ, കളി.

ചിമിട്ടു്-ന. ചുരുക്ക്. ര. മിടുക്ക്.

ചിമിട്ടു്-വി. ചെറിയ.

ചിമിട്ടുക-ന. ചുരുക്കമാക്കുക. ര. മിടുക്കോടെ ചെയ്യുക.

ചിമിഴ-അടുക്കു്, ആഭരണങ്ങളുംമററും കരുതിവെക്കുന്ന ഒരുമാതിരി ചെറിയ പാത്രം.

ചിമുക്കുക-കൈകൊണ്ടു ചുരുട്ടിക്കൊണ്ടു ഇറുക്കുക

'തളികയതൊരുലക്കയെടുത്തു
ചെള്ളുകൊണ്ടചിമുക്കിണകണ്ടു'
(നളചരിതം തുള്ളൽ)

ഉ. അനങ്ങുക. ന. സംസാരിക്കുക. ര്‍ ഭയപ്പെടുക.

ചിമുക്ക്-ബലം.

ചിമ്മൽ-കണ്ണിമപ്പ്.

ചിമ്മുക - കണ്ണടയ്ക്കുക, കണ്ണിമയ്ക്കുക (ചിമ്മുക എന്നും കാണുന്നുണ്ട്)

ചിമ്പരാഗം-ഒരു രാഗം. ചിമ്പ = ശബ്ദിക്ക. (തമിഴ്.)

ചിമ്പാകം-ഒരു വൃക്ഷം.

'ചെമ്പകം ചിമ്പാകവും'
(നളചരിതം)

ചിയ്യാൻ-പല്ലക്ക ചുമക്കുന്ന ഒരു കൂട്ടക്കാരൻ. (തമിഴിൽ-ചിവിയാൻ.)

ചിര-പ്ര. ശിരസ്സ്. ഉ. അഗ്രം. ന. കൊമ്പ്.

ചിര-ക്ഷൌരംചെയ്ക. (തത്ഭവം-ക്ഷുരം)

ചിരകാലം-വളരെക്കാലം.

ചിരക്കുക-ക്ഷൌരംചെയ്യുക.

ചിരക്രിയ-വി. മടിയുള്ള, വളരെ താമസിച്ചുകൊണ്ടു കാര്യങ്ങളെ നടത്തുന്ന. (മറ്റൊരുപര്യായം-ദീർഘസൂത്രൻ.)

ചിരങ്ങ്-ശരീരത്തിൽ തൊലിമേലുണ്ടാകുന്ന ഒരുവക ദീനം, ചൊറി. പര്യായങ്ങൾ-കച്ഛു, പാമാ, വിചർച്ചിക. [ചിരങ്ങുള്ളവൻ-കച്ഛുരൻ, പാമനൻ.]

ചിരങ്ങൻ-ചൊറിയുള്ളവൻ.

ചിരജീവികൾ-മരണമില്ലാത്തഏഴുപേർ അശ്വത്ഥാമാവു, ബലി, വ്യാസൻ, ഹനുമാൻ, വിഭീഷണൻ, കൃപർ, പരശുരാമൻ.

'അശ്വത്ഥാമാബലിർവ്യാസോ
ഹനൂമാംശ്ചവിഭീഷണഃ
കൃപഃ പരശുരാമശ്ച
സപ്തൈതേചിരജീവിനഃ'

ചിരഞ്ജീവി-പ്ര. വളരെക്കാലം ജീവിക്കുന്നവൻ. പര്യായങ്ങൾ-ജൈവാതൃകൻ, ആയുഷ്മാൻ. ഉ. ഇലവ്. ന. ജീവകം. ര്‍. കാക്ക. (വളരെക്കാലം ജീവിച്ചിരിക്കുന്നതു എന്നർത്ഥം.)

ചിരഞ്ജീവിതം-വളരെക്കാലത്തെ ജീവിച്ചിരിപ്പ്.

ചിരട്ട-തേങ്ങയുടെ പുറത്തെത്തോട്.

ചിരണ്ടി-പ്ര. യുവതി, വിവാഹം കഴിഞ്ഞവളും പ്രാരബ്ധയൌവനയുക്തയുമായ സ്ത്രീ. ഉ. ശംഖപുഷ്പി. മറ്റൊരു പര്യായം-സുവാസിനി.

ചിരണ്ടുക-ചുരണ്ടുക.

ചിരതിക്തം-കിരിയാത്ത.

ചിരന്തന-വി. പണ്ടേയുള്ള.

ചിരന്തനം-പുരാതനം, പഴയതു്.

ചിരന്തനൻ-ദൈവം, പുരാതനൻ. പുരാണപുരുഷൻ.

ചിരം-ശിരസ്സ്.

'ഉരത്തിനൻ ചിരത്തിനാലും'
(രാമചരിതം)

ചിരം-അ. ദീർഘകാലം.

[ചിരായ, ചിരരാത്രായ, ചിരസ്യ, ചിരേണ, ചിരാൽ ഇവയെല്ലാം അവ്യയമാണ്. 'ദീർഘകാലം' എന്നർത്ഥം].

ചിരമേഹി-കഴുത.

ചിരയ്ക്കുക-ക്ഷൌരം ചെയ്യുക.

ചിരരാത്രായ-അ. ദീർഘകാലം, വളരെ കാലം.

ചിരരാത്രം-വളരെ രാത്രി കൂടിയതു്.

ചിരവ-തേങ്ങ ചെരണ്ടുവാനുള്ള ഒരു സാധനം.

ചിരവത്തടി-ചിരവയുടെ തടി.

ചിരവനാക്ക്-ചിരവത്തടിയിൽ ഇട്ടുറപ്പിക്കുന്ന ഇരിമ്പുസാധനം.

ചിരവിലം-ഉങ്ങ്.

**ചിരസ്സുത**-ഫ. പെററ പലനാൾ കഴിഞ്ഞവൾ. വ. കുടി വററിയായ പശു.

**ചിരസ്യ**-അ. വളരെക്കാലം.

**ചിരാതീതം**-വളരെക്കാലം മുമ്പു കഴിഞ്ഞതു്.

**ചിരായ**-അ. വളരെക്കാലം

**ചിരായുസ്സ്**-വി. ഫ. വളരെക്കാലം ജീവിച്ചിരിക്കുന്ന.

**ചിരായുസ്സ്**-ഫ. കരിമ്പന വ. കാക്ക. ന. ഇലവുമരം.

**ചിരാൽ**-ഗരുഡൻ.

**ചിരാൽ**-അ. വളരെക്കാലം.

**ചിരി(കം)**-തത്ത.

**ചിരിണ്ടി**-യുവതി. (ചിരണ്ടി എന്നതു നോക്കുക)

**ചിരി**-ഫ. സന്തോഷമുണ്ടാകുമ്പോൾ മുഖത്തിന്നുണ്ടാകുന്ന ഒരു ഭാവം. വ. സന്തോഷം നിമിത്തം പല്ലുകാണിച്ചു ശബ്ദിക്കുക. [ചിരി എന്നതു തെക്കൻ. ചിറി എന്നതു വടക്കൻ]

[പൊട്ടിച്ചിരി=അച്ചുരിതകം. പുഞ്ചിരി=സ്മിതം. ഇടമട്ടിലുള്ള ചിരി=വിഹസിതം.

**ചിരിക്കുക**-ഫ. സന്തോഷംകൊണ്ടു പല്ലു കാട്ടി ശബ്ദിക്കുക. വ. ഉള്ളിലുള്ള സന്തോഷത്തെ മുഖത്തു കാണിക്കുക. സന്തോഷം കൊണ്ടു ശബ്ദിക്കുക ന. പരിഹസിക്കുക. (സ ക്രി. ചിരിപ്പിക്കുക.)

**ചിരിവില്വം**—ഫ. ആവിവൃക്ഷം. വ. ഉങ്ങ്.

**ചിരുത**-ഫ. ഒരുമാതിരി അനുഗ്രഹം. വ. ശ്രീദേവി ന. ഒരു സ്ത്രീയുടെ പേർ

**ചിരേണ**-അ. വളരെക്കാലം.

**ചിർഭടം**-ഫ വലിയ വെള്ളരി. വ. വെളുത്ത വെള്ളരി.

**ചില**-വില്ല്.

'ബലവീര്യാംബുധി വിജയൻ നികലചില്ലും കൈയിലെടുത്തുപറ്റുകൊ'
(സന്താനഗോപാലം തുള്ളൽ)

**ചില**-വി. ഏതാനും, കുറെ.

**ചിലചില**-വി. ഏതാനും, ഏറെക്കുറെ.

**ചിലയ്ക്കുക**-ഫ പക്ഷികൾ ശബ്ദിക്കുക. വ. പക്ഷികളെപ്പോലെ ശബ്ദിക്കുക. ന. കിലുങ്ങുക.

**ചിലതു**-വല്ലതും, ചിലതു.

**ചിലന്നി(ന്തി)**-എട്ടുകാലി. പര്യായങ്ങൾ-ലൂതം, തന്തുവായം, ഊർണ്ണനാഭം, മർക്കടകം. വ. ചെവികളുടെ കാലിൽ വരുന്ന ചൊറി. [ചിലന്തിക്കരപ്പൻ= ഒരുവക കരപ്പൻ]

**ചിലപ്പോൾ**-അ. ചില സമയത്ത്.

**ചിലയ്പ്പ്**-ഫ. ആരവം. വ. പക്ഷികളുടെ ശബ്ദം ന. കിലുക്കം, (ക്രിയ-ചിലയ്ക്കുക).

**ചിലമ്പ്**-കിലുങ്ങുന്നതിന്നായി പൊന്നു മുതലായതു കൊണ്ടുണ്ടാക്കി കാലിൽ ഇടുന്ന ഒരാഭരണം.

**ചിലമ്പൽ**-കിലുക്കം.

**ചിലമ്പാണ്ടി**—ബ്രാഹ്മണരിൽ ഒരു ജാതി.

'മുണ്ടൻ ചപ്പാണം പട്ടരാക്കി-
ചൊന്നുകറച്ച ചിലമ്പാണ്ടിക്ക്'
(രുക്മിണീസ്വയംവരം തുള്ളൽ)

**ചിലമ്പുക**-കിലുങ്ങുക.

**ചിലമ്പൊലി**-ചിലമ്പിന്റെ നാദം, കിലുകിലുക്കമായ ശബ്ദം

**ചിലർ**-ഏതാനുംപേർ.

**ചിലയ്ക്കു**-ഫ പക്ഷി മുതലായവയെപ്പോലെ ശബ്ദിക്ക. വ. ഉമ്പിളുക്കെ സംസാരിക്ക.

**ചിലവ്**-ചെലവ് [എന്നതു നോക്കുക.]

**ചിലിചി(ചീ)മം**-മത്സ്യം. ചി (ചി) ചി ചിമി എന്നും കാണുന്നു)

ചിലിമ്പി–ഹുക്കാവലിക്കുമ്പോൾ തീയിടുന്ന സ്ഥലം. (ഹിന്ദുസ്ഥാനിഭാഷ)

ചിലിചി(ചീ)മം–ചെമ്മീൻ (ചിലീചീമി എന്നുമുണ്ട്.)

ചിലുക–ദോഷം, ഉപദ്രവം.

ചിലുകൻ–ഉപദ്രവി, വക്കാണക്കാരൻ.

ചിലുക്ക്–നിലത്തു തറച്ച ആണി.

ചിലുചിലെ–അ. കിലുകിലെ.

ചിലുത്തു–മതിയായി.

ചിൽപ്പുരുഷൻ–പരമാത്മസ്വരൂപൻ, ഈശ്വരൻ.

ചിലെടത്ത്–ചില ദിക്കിൽ.

ചില്ലം–ഒരു ക്ഷുദ്രരോഗം.

[വാതവും പിത്തവും നഖമാംസങ്ങളിൽ നിന്നിട്ടു ചൂട്ടം പഴുപ്പുമുണ്ടാകും]

ചില്ല്–൧. വട്ടത്തിലുള്ള സ്ഫടികം. ൨. സ്ഫടികം. ൩. വെടിവയ്ക്കുമ്പോൾ തോക്കിലിടുന്നതിനായിട്ടു ഈയം കൊണ്ടു വാർത്തുണ്ടാക്കുന്ന ഒരു ഉരുണ്ട വസ്തു.

ചില്ലക്ഷരം–(വ്യാകരണം) ണ, ന, ര, റ, ല, ള, ഴ ഇവ ഏഴും (ഇവയുടെ തമിഴ് പേർ 'ഒററ്', എന്നാകുന്നു. ചില്ലക്ഷരങ്ങൾക്കു സ്വരസ്പർശം ഇല്ല)

ചില്ലൻ–ചീത്തക്കണ്ണോടുകൂടിയവൻ, ചീങ്കണ്ണൻ (ചുല്ലൻ എന്നും പില്ലൻ എന്നും കൂടെ പാഠം കാണുന്നു.)

ചില്ല–വി. ചീത്തക്കണ്ണുള്ള.

ചില്ലകം–പാച്ചോററി.

ചില്ലടമ്മ–ചാക്യാരുടെ സ്ത്രീ. [ചാക്യാർ എന്നതിന്റെ സ്ത്രീലിംഗം.]

ചില്ലക–ചീവിട്. (തമിഴിൽ ചിലവൂട്) ഝില്ലിക എന്നതിന്റെ പാഠം

ചില്ലം–൧. ചീത്തക്കണ്ണ്. ൨. ഒരുവക പരുന്ത്. ൩. അളിക്കൺകരുവി. മററു പക്ഷികളെ തകർത്തു ഇടുന്നത് എന്നർത്ഥം. ൪. മലങ്കരികിൽ. ൫. ചിന്നപ്പരുന്ത്.

ചില്ലറ–വി. ൧. ചുരുക്കമായ, കുറഞ്ഞ, സാരമില്ലാത്ത. ൩. ചില.

ചില്ലറക്കച്ചവടം–ചുരുങ്ങിയ കച്ചവടം.

ചില്ലാങ്കുരി–ഒരുവക മീൻ

ചില്ലി–കലം കുടം മുതലായതിലുള്ള ചെറിയ ദ്വാരം. ൨. കണ്ണാടി മുതലായതു ഉടഞ്ഞ തുണ്ട്. ൩. മരത്തിന്റെ ചെറിയ കൊമ്പ്. ൪. ചീവിട്. ൫. പുരികം. ൬. അളിക്കൺ കരുവി.

ചില്ലിക്കുത്ത്– പാത്രങ്ങൾക്കുണ്ടാകുന്ന ചെറിയ ദ്വാരം.

ചില്ലിക്കൊടി–പുരികം

ചില്ലീലത–പുരികം

ചിലാന്നാ–ഒരു തുക തികഞ്ഞിട്ടു കുറെക്കൂടെയുള്ള, ശിഷ്ടമുള്ള.

ചിവില്ലിക–ഒരുവക ചെറിയ ചീര.

[അതിസാരം, അജീർണ്ണം, ഛർദ്ദി, ജ്വരം ഇവയ്ക്കു നന്നു. ഇല അഗശിയുടേതിനു തുല്യമാണ്. വിശേഷിച്ചു നിറം ചെമന്നിരിക്കും. പരുപരുപ്പും കാണും.]

ചിവുകം–താടി.

ചിഹ്നധാരിണി–വെളുത്ത നറുനീണ്ടി.

ചിഹ്നം–൧. അടയാളം അറിവു തരുന്നത് എന്നർത്ഥം.

ചിഹ്നിതം–അങ്കിതം, അടയാളപ്പെടുത്തിയതു

ചിഹ്നനം–(വ്യാകരണപ്രകാരം) അങ്ങോട്ടും ഇങ്ങോട്ടും അന്വയിക്കാവുന്ന വാചകങ്ങളെ ഇന്നതിൽ ചേരേണ്ടതെന്നു വ്യവസ്ഥപ്പെടുത്താൻ വേണ്ടി ഉപയോഗിക്കുന്ന അടയാളം.

ചിഹ്നങ്ങളുടെ പേരും അടയാളവും

| | | |
|---|---|---|
| ൧ | അങ്കുശം— | , |
| ൨. | ബിന്ദു— | . |
| ൩. | രോധിനി.— | ; |
| ൪. | ഭിത്തിക— | : |
| ൫. | വലയം— | ( ) |

൬. കോഷ്ഠം— [ ]
൭. ഉദ്ധരണി— " "
൮. കാകു— ?
൯. വിക്ഷേപണി— !
൧൦. ശൃംഖല— -
൧൧. രേഖ— —
൧൨. വിശ്ലേഷം— '
൧൩. പ്രശ്ലേഷം— ഽ

ചിംം-കമഴ്ത്തുന്ന ജലത്തിന്റെ ശബ്ദം.

ചിളിചിമം, ചിളിചിമി, ചിളീചിമി-ഒരുവക മീൻ, ചെമ്മീൻ. വിലം സഞ്ചാരികളുടെ സഞ്ചരിക്കുന്നതു് എന്നർത്ഥം.

ചിളുങ്ക്-വെട്ടിയുണക്കിയ പാക്ക്, വെട്ടുപാക്ക്.

ചിള്ളുക, ചെള്ളുക-കിണ്ടുക, മാന്തുക, അള്ളുക.

ചിറ-പു. വെള്ളത്തെ തടുക്കുന്നതിനു കല്ലും മണ്ണും കൊണ്ടുണ്ടാക്കിയതു്, അണ. പര്യായങ്ങൾ-സേതു, ആളി. ൨. വലിയ കുളം. ൩. അകൃത്രിമമായ ജലാശയം. പര്യായങ്ങൾ-അഖാതം, ദേവഖാതകം. ൪. ശ്രീ. (പഴയ മലയാളം).

(ചെറുക്കുന്നതുകൊണ്ടു് 'ചിറ' യെക്കാൾ 'ചെറ' എന്നതാണു നന്ന്.)

ചിറക്-പക്ഷികൾക്കു പറക്കുന്നതിനുള്ള ഒരവയവം. പര്യായങ്ങൾ-ഗരുത്ത്, പക്ഷം, ഛദം, പത്രം, പതത്രം, തനൂരുഹം.

ചിറകിൻകടയ്ക്കു പര്യായങ്ങൾ-പക്ഷതി, പക്ഷമൂലം.

ചിറക്കഴി-പൊയ്ക.

[സംസ്കൃതത്തിൽ- പല്വലം. തമിഴിൽ-കരുട്ടൈ. ചിറക്കഴിയിലെ വെള്ളം ത്രിദോഷശമനകരമാകുന്നു. വില്വംമുണ്ടാക്കും. കഫത്തെ ദ്വേഷിപ്പിക്കും.]

ചിറഞ്ഞു്-കേപ്പതോടുകൂടി ഇറിച്ചുതോക്കിട്ടു്.

ചിറപ്പു്-പു. ക്ഷേത്രങ്ങളിലും മററും കെട്ടി വിതാനിച്ചു കഴിക്കുന്ന ഒരു വഴിപാടു്. ൨. ഐശ്വര്യം.

ചിറപ്പുടയ-വി. കൊണ്ടാടുന്ന, ഐശ്വര്യമുള്ള.

ചിറാക്-ഒരു വലിയ കടൽ മീൻ, ത്രാവു്, ചിറാവു്.

ചിറാലിക്കുക-കരഞ്ഞു കരയുക.

ചിറാലിപ്പു്-കരിക്കുരച്ചിൽ.

ചിറി-പു. ചുണ്ടു്, ചൊടി. ൨. ചിറി.
(ചിറി എന്നു വടക്കർ. ചിരി എന്നു തെക്കർ.)

ചിറു-വി. ചെറിയ, ചെറു.

ചിറുതുമ്പ-ഒരു ചെടി.

ചിററ-വി. ചെറിയ. ഉ-ം, ചിററട.

ചിററ, ചിററു്-അമ്മയുടെ അനുജത്തി.

ചിററപ്പൻ-പു. അച്ഛന്റെ അനുജൻ. ൨. അമ്മയുടെ അനുജത്തിയുടെ ഭർത്താവു്.

ചിററമൃതു്, അമൃതു്-ഒരു ഔഷധവള്ളി. പര്യായങ്ങൾ-വത്സാദനി, ഛിന്നരുഹ, ഗുഡൂചി, തന്ത്രിക, അമൃത, ജീവന്തിക, സോമവല്ലി, വിശല്യ, മധുപർണ്ണി.

(ചിററമൃതു അനേകം രോഗങ്ങൾക്കു നന്നു്. അഗ്നിയെ വർദ്ധിപ്പിക്കും. മലം പിടിത്തമുള്ളതാണു്. ആയുസ്സ്, ബുദ്ധി, ബലം, അഗ്നി ഇവയെ വർദ്ധിപ്പിക്കും. സംസ്കൃതത്തിൽ-ഗുഡൂചി. തമിഴിൽ-ചിന്തിൽകൊടി.)

ചിററമ്മ-പു. അമ്മയുടെ അനുജത്തി.
[ചിററമ്മയുടെ മകൻ= മാതൃഷ്വസ്രീയൻ, മാതൃഷ്വസ്രീയൻ ]
൨. അച്ഛന്റെ അനുജന്റെ ഭാര്യ.

ചിററരത്ത-ഒരു ഔഷധമരമാണു്.
[ഇതു പല രോഗങ്ങളെ ശമിപ്പിക്കും. ഇതിന്റെ ഇല ചെമന്നിരിക്കും. കിഴങ്ങിനു നല്ല ഗന്ധം കാണും. സംസ്കൃതത്തിൽ-രാസ്നാ. തമിഴിൽ-ചിററരത്തൈ.]

ചിററയാൽ-ഒരു വൃക്ഷം.

[കഫം, പിത്തം, ക്രട്ടവിഷം, രക്തദോഷം ഇവ ശമനം. അരയാലിനെക്കാൾ ചെറുതാകയാൽ 'ചിററരയാൽ' എന്നു പറയുന്നു. സംസ്കൃതത്തിൽ-നന്ദിവൃക്ഷം.]

ചിററാട-ചെറിയ വസ്ത്രം.

ചിററാണി-മരയാണി.

ചിററാമ്പൽ - വെള്ളത്തിലെ ഒരുവക ചെടി.

ചിററായ്മ-ശുശ്രൂഷ.

ചിററാവണക്ക-ചെറിയ ആവണക്ക്.

ചിററാൾ-ഫ. ചെറിയ ആൾ. വ. ചെറുപ്പക്കാരനായ വേലക്കാരൻ.

ചിററാറ-ചെറിയ പുഴ.

ചിററിമ്പം-ചെറുതായ (തുച്ഛമായ) സുഖം, വിഷയസുഖം.

'ചിററിമ്പം ചേരാനിഹലോകേ'

(ഭഗവൽഗീത)

ചിററീച്ച-തേനീച്ചയിൽ ഒരു വകഭേദം. (സരഘയെക്കാൾ ചെറുതായിരിക്കും)

ചിററീന്ത-ഒരുവക ഈന്തൽമരം, മരം.

ചിററുളി-വീതി കുറഞ്ഞതായ ഒരുമാതിരി ഉളി, ചെറിയ ഉളി.

ചിററൂർ-ഒരു രാജ്യം.

[മഹമ്മദുബിൻട്ടോഗ്ലാക്കിന്റെ കാലത്തു ഉത്തരഇൻഡ്യയിൽ സ്വതന്ത്രങ്ങളായി ഭരിച്ച ഹിന്ദുരാജ്യങ്ങളിൽ പ്രധാനമായതു്.]

ചിറെറനി-ചീനരാജ്യത്തു നിന്നു വരുന്ന ഒരുമാതിരി (അരി), ഒരുവക നെല്ലു്.

[ചിറെറനി നെല്ലിനു നവരയോടടുത്ത ഗുണമുണ്ടു്. സംസ്കൃതത്തിൽ-ചീനം]

ചിറെറള്ള് -കറുപ്പുകുറഞ്ഞതായ ഒരുവക എള്ളു്.

ചിറേറലാ- ചെറിയ ഏലം. പര്യായങ്ങൾ-ഉപകഞ്ചിക, ദ്രാവിഡി, കോരംഗി, ത്രിപുട, ത്രുടി.

[ഇതു ഗർഭിണികൾക്കു ഹിതമല്ല. വളരെ രുചിയെ ഉണ്ടാക്കുന്നതാണ്. അരികരത്തിരിക്കും. ഛർദ്ദി, വാതം, കഫം, വായുമുട്ടൽ, തണ്ണീർദാഹം, മൂത്രകൃച്ഛ്റം മൂല അർശസ്സ്, അശ്മരി ഇവകളെ ശമനം. പിത്തത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും.]

ചിറേറാന്ത -ചെറിയ ഓന്തു്.

ചിറെറൗഷധം- പ്രയോജനമില്ലാത്ത മരുന്നു്.

# ചീ

ചീ-അ. വെറുപ്പിങ്കലോ ലജ്ജയിങ്കലോ പ്രയോഗിക്കുന്ന ഒരു വാക്കു്.

ചീക-ഒരുവക മീൻ.

ചീകൽ-ഫ. മിനുസം വരുത്തുക. വ. തലമുടി വിടിക്കുക.

ചീകുക-ഫ. തലമുടി വിടിക്കുക. ചീവുക. വ. മിനുസം വരുത്തുക.

ചീകുളി- മിനുസം വരുത്തുന്ന ഉളി, ചീവുളി

ചീക്ക-വി. ചീത്ത.

ചീക്ക-ചിരങ്ങു്.

ചീക്കണ്ണു് -പഴുത്തു വെള്ളം ഒഴുകുന്നതായ ഒരുവക കണ്ണിലെ ദീനം.

ചീക്കണ്ണൻ-ചീക്കണ്ണുള്ളവൻ. പര്യായങ്ങൾ-ചുല്ലൻ, ചില്ലൻ, പില്ലൻ.

ചീക്കാതു- കാതിനകത്തു ഉണ്ടാകുന്നതും പഴുപ്പുള്ളതുമായ ഒരു ദീനം.

ചീകണ്ണി-ഒരുവക വലിയ മത്സ്യ.

[ഇതിന്റെ മാംസം വാതത്തിനു നന്നു്. മലം പിടിക്കും.]

ചീകണ്ണിപ്പാറ-ഒരുമാതിരിക്കല്ലു്.

ചീക്കല്ലു് -കട്ടപ്പും കാണാത്ത കല്ലു്.

ചീകുഴൽ-ഒരുമാതിരി മുളളുകഴൽ, ഓടക്കുഴൽ.

ചീച്ചിൽ-അഴുക്കൽ.

ചീട-ഒരുമാതിരി പലഹാരം. (ആകൃതിയിൽ പിള്ളർ കളിക്കുന്ന ശോചിപോലെയിരിക്കും.)

ചീട്ട്-൧. കറിമാനം. ൨. തഹശീൽദാർ പാൎവ്വത്യകാരന്മാൎക്ക കൊടുത്തയക്കുന്ന എഴുത്ത്. ൩. ഒരുമാതിരി അച്ചടി ശീല, ചീട്ടി. ൪. കറി, നാക്ക. ൫. കളിക്കുന്നതിനുള്ള ഒരുമാതിരി ചിത്രം പതിച്ച കട്ടി കടലാസ്സുകഠം.

ചീട്ടി-ഒരുമാതിരി ശീല.

ചീഡാദേവതാരം-നല്ല ഗന്ധമുള്ള ഒരു വക ദേവതാരം.

[വാതത്തിന്ന നന്ന്. ഇതു പഞ്ചാബ് ദേശത്തിൽ ഉണ്ടാകുന്നു. അഗ്നിവൎദ്ധനകരമാണ്.]

ചീനാകൎക്കടികാ-ചീനവെള്ളരി.

ചീണ്ടുക-തമ്മിൽ കലഹിക്കുക.

ചീണ്ടാ-ഉപദ്രവം.

ചീത്ത-വി. ഹീനമായ, ദുഷ്ടതയുള്ള.

ചീത്തത്തം-കൊള്ളരുതായ്ക.

ചീത്താന്തരം-കൊള്ളരുതാത്ത പ്രവൃത്തി, വഷളത്തം.

ചീത്തത്തരം-വി കൊള്ളരുതാത്ത.

ചീത്തം-൧. ശക്തി, ൨. മിടുക്ക്.

ചീന(കം)-ചീനക്കർപ്പൂരം.

ചീനകം-തിന

ചീനക്കണ്ണാടി-കുഴൽക്കണ്ണാടി.

ചീനകൎപ്പൂരം-ചീനദേശത്തിലുള്ള കൃത്രിമമായ കൎപ്പൂരം.

[കഫം, കൃമി, കുഷ്ഠം, കണ്ണുരോഗം, ഛൎദ്ദി, ചൊറി ഇവകളെ നന്ന്. ബുദ്ധിയെ നന്നാക്കും സംസ്കൃതത്തിൽ-ചീനകം]

ചീനക്കാരം-ചീനത്തുണ്ടാകുന്ന കാരം.

ചീനക്കിഴങ്ങ്-മധുരമുള്ള ഒരുമാതിരി കിഴങ്ങ്.

ചീനക്കട-ഒരുമാതിരി വിശേഷമുള്ള കട.

ചീനക്കുഴൽ-൧. കുഴൽക്കണ്ണാടി ൨. ചീങ്കുഴൽ.

'തങ്ങളൊന്നിച്ചുലൎശര
ചീനക്കുഴൽവിളിപോലെ'
(ഉത്തരരാമചരിതം ചംപു)

ചീനച്ചട്ടി-൧. വാൎത്തെടുത്ത ഇരിമ്പ്. ൨. ഒരുമാതിരി ഇരിമ്പുപാത്രം.

ചീനജം-ഉരുക്ക്.

ചീനപട്ടം-ഈയം.

ചീനപിഷ്ടം-കാരീയം. ൨. സിന്ദൂരം.

ചീനപ്പാവ്-ഒരങ്ങാടിമരുന്ന്.

ചീനപ്രിയം-മുളക്.

ചീനമുളക്-ഒരുവക മുളക്, കപ്പൽ മുളക്.

ചീനം-൧. ഒരു രാജ്യത്തിന്റെ പേർ. (ചൈനാരാജ്യം) ൨. ഒരുവക മീൻ ൩. ഒരുമാതിരി തുണി ൪. നൂൽ ൫. കാരീയം. ൬. പിണ്ഡഭേദം. ൭. ചിറാനി നെല്ല്.

[ചീനം എന്ന മാനിന്ന മാടപ്രാവിന്റെ നിറവും മുപ്പതംഗുലം പൊക്കവും കാണും.]

ചീനരാജം-കാരീയം, ഈയം.

ചീനവസ്ത്രം-ചീനപ്പട്ട്, പട്ട്.

ചീനവെടി-ഒരുവക വെടിക്കോപ്പ്.

ചീനവല-ഒരുവക അഴിമുഖങ്ങളിലെ വല.

ചീനാകം-ഒരുവക കൎപ്പൂരം.

ചീനാംശുകം-ചീനപ്പട്ട്.

ചീനി-൧. ശൎക്കര. ൨. വാലുമുളക്. ൩. കണ്ടമരം. ൪. മുളകുള്ള ചെടി.

൭ ഒരു മരം. ൮. മധുരമുള്ള ഒരുവക കിഴങ്ങ്. ൯ മുളകുണ്ടാകുന്ന ഒരുമാതിരി ചെടി.

ചീനിക്കാ-പുളിഞ്ചിക്കാ.

ചീനിക്കിഴങ്ങു-മധുരക്കിഴങ്ങ്.

ചീനിപ്പടൽ-ചീനിക്കിഴങ്ങിൻ വള്ളി.

ചീന്-വലിയ വള്ളം.

ചീനോഷണം-വാൽമുളക്.

ചീന്തൽ-കീറൽ.

ചീന്ത്-കീറ്, പിളപ്പ്.

ചീന്തുക-൧. കീറുക. ൨. പിളക്കുക.

ചീപ്പ്-൧. തലമുടി ചീകുന്ന വസ്തു, ഈർകൊല്ലി. പര്യായങ്ങൾ-പ്രസാധനി, കങ്കതികാ ൨. വെള്ളം കേറുന്നതിനും ഇറക്കുന്നതിനും ഉള്ള വാതിൽ. ൩. സാക്ഷ.

ചീമ്പ-വി. ചീഞ്ഞ, അളിഞ്ഞ.

ചീമ്പക്കണ്ണൻ-കണ്ണളിഞ്ഞിരിക്കുന്നവൻ

ചീമ്പക്കണ്ണി- കണ്ണളിഞ്ഞിരിക്കുന്നവൾ

ചീമ്പൽ-കണ്ണടയ്ക്കുക

ചീമ്പുക-കണ്ണടയ്ക്കുക, കണ്ണളിയുക.

ചീമ്പ്ര-വി. ചീഞ്ഞ

ചീമ്പ്രക്കണ്ണ്-ചീമ്പക്കണ്ണ്.

ചീയക്കാ, ചീനിക്കാ-പുളിഞ്ചിക്കാ.

ചീയുക-൧ അഴുകുക ൨ അധികം വേകുക. (സ. ക്രി. ചീയിക്കുക.)

ചീര്-൧. വരമ്പ്. ൨. വണ്ണം.

ചീര-ഒരുവക ഇലക്കറിസാധനം.

[ചീര മുതലായ ഇലക്കറിസാധനങ്ങൾക്കു പര്യായങ്ങൾ-ശാകം, ഹരിതകം, ശിഗ്രു ചീര(വാസ്തുച്ചീര)-ത്രിദോഷം, രക്തപിത്തം, പ്ലീഹ, ക്രിമി, അർശസ്സ്, മൂത്രത്തടവ്, ജ്വരം ഇവക്കു നന്ന്. മലത്തെ ഇളക്കും ശുക്ലത്തെ പചിപ്പിക്കും രുചിയെ ഉണ്ടാക്കും അഗ്നിബലം വർദ്ധിപ്പിക്കും. ബുദ്ധിയെ നന്നാക്കും]

ചീരകച്ചെമ്പാവ്-ഒരുതരം വെളുത്ത നെല്ല്. [ചീരച്ചമ്പാവ് എന്നും കാണുന്നുണ്ട്].

[ഗുണം ചെന്നെല്ലിനൊട്ടൊക്കെ തുല്യമാണ്. അഗ്നിവർദ്ധനകരമാകുന്നു. സംസ്കൃതത്തിൽ-സൂക്ഷ്മശാലി. പിത്തം, രക്തദോഷം; സന്താപം വരൾച്ച ഇവകൾക്കു നന്ന്].

ചീര(ക)ം-കാശീസം.

ചീരകം-൧. ഒരങ്ങാടിമരുന്ന്, ജീരകം. ൨. ഒരുമാതിരി എഴുത്ത്.

ചീരകമുല്ല-ഒരുവക മുല്ല.

ചീരം-൧. മരത്തൊലികൊണ്ടുള്ള വസ്ത്രം, മരവിരി. ൨. ഈയം.

ചീരാപ്പ്-ഒരുവക ദീനം, ജലദോഷം.

ചീരാംബരം-മരവുരി.

ചീരി-൧. ചീവിട്. വർദ്ധിക്കുന്നതെന്നർത്ഥം. ൨. കണ്ണിനുള്ള മൂടുപടം.

ചീരിപത്രാ-പാവൽ.

ചീരു-ക്രമം.

ചീരുക, ചീരിക-ചീവിട്. 'ചീ' എന്ന ശബ്ദിക്കുന്നതെന്നർത്ഥം.

ചീരുള്ളി-ചെമന്നുള്ളി.

ചീർക്കുക-വർദ്ധിക്കുക; കനക്കുക, തടിക്കുക, വീക്കുക.

ചീർണ്ണ-വി. ൧ ചെയ്യപ്പെട്ട, നടത്തപ്പെട്ട ൨. അഭ്യസിക്കപ്പെട്ട. ൩. ഭക്ഷിക്കപ്പെട്ട.

ചീർത്ത-വി. വർദ്ധിച്ച.

ചീർപ്പ്-൧. തടിപ്പ്. ൨. സാക്ഷ; തടവ്. ൩. തലമുടി ചീകുന്ന വസ്തു, ചീപ്പ്, ഈർകൊല്ലി ൪. വെള്ളം കേറുന്നതിനും ഇറക്കുന്നതിനും ഉള്ള വാതിൽ.

ചീർമ്മ-ചിറപ്പ്, ശ്രീ.

ചീലാന്തി-൧. ഒരു വൃക്ഷം. ൨. പൂവരയുടെ ഒരുമാതിരി ഭേദം.

ചീലികാ-ചീവിട്ട്. (ഝില്ലിക എന്നതിന്റെ പാഠം).

ചീവ-ഒരുമാതിരി കിഴങ്ങുണ്ടാകുന്ന ചെടി, ക്രൂക്ക (ചീവക്കിഴങ്ങ്=ചീവയുടെ കിഴങ്ങു).

ചീവ്രത-ക്ഷേത്രങ്ങളിൽ ബിംബങ്ങളെ തണ്ടിന്മേൽ വെച്ചു എഴുന്നെള്ളിക്കുവാനുള്ള ഒരുതരം വാഹനം. (ജീവത നോക്കുക)

ചീവരം-പ്ര. പിച്ചക്കാരന്റെ കീറത്തുണി. വ. ബുദ്ധതപസ്വിയുടെ ഉടുപ്പ്. (വസ്ത്രം). ന. വസ്ത്രം, ഉടുപ്പ്. ര. തൊലി ഉ-ം തരുചീവരം.

ചീവരി-തപസ്വി, ഭിക്ഷു.

ചീവൽ-ഒരുവക പക്ഷി, ചീവൽപ്പക്ഷി. [ഇതിന്റെ മാംസം ആവണക്കെണ്ണയിൽ വറുത്തോ ആവണക്കിൻവിറകു കൊണ്ടു തീയെരിച്ചു വേവിച്ചോ ഭക്ഷിക്കരുതു്. മാംസം-പിത്തം, ക്രൂരവിഷം, വാതം ഇവക്കു നന്നു്. രുചികരമാണ്. മലം പിളിക്കും. ഈ പക്ഷി പല വണ്ണങ്ങളോടു കൂടിയതാകുന്നു. സംസ്കൃതത്തിൽ ചാഷം. തമിഴിൽ-ചീവലുകത്തമ്മിള്ള].

ചീവാടി-ഒരുവക ചെറിയ കപ്പൽ.

ചീവിട്ട്, ചീറംവിട്ട്, ചീവീട്ട്-ഇടവിടാതെ രാത്രിയിൽ ശബ്ദിക്കുന്ന ഒരു വക ചെറിയ ജന്തു. പര്യായങ്ങൾ-ഭൃംഗാരി, ചീരുക, ചീരി, ഝില്ലിക.

ചീള-പഴന്തുണി.

ചീളന്ത-അ. ചെട്ടന, ഉടനെ, വേഗത്തിൽ.

ചീളി-പ്ര. കീറത്തുണി. വ. കിളിവാതിലിൽ പണിയുന്ന ഒരു പണി.

ചീളിചിമം-ചെവിയിൽ.

ചീള്-അളപ്പ്, പൂള്.

ചീറൽ-പ്ര. കോപം. വ. മുരുമുക്കുക.

ചീറുക-പ്ര. കലഹിക്കുക, കോപിക്കുക. വ. മുരുമുരുക്കുക.

ചീററം-പ്ര. കോപം. വ. പാമ്പിന്റെ ഊത്തു്.

ചീററൽ-പ്ര. പാമ്പിന്റെ ഊത്തു്. വ. കോപം.

ചീററ്-പ്ര. പാമ്പിന്റെ ഊത്തു് വ. ശ്വാസം ശക്തിയോടെ മൂക്കിൽക്കൂടി കളക.

ചീററുക പ്ര. പാമ്പു് ഊതുക വ. കോപിക്കുക. ന. ഭയപ്പെടുത്തുക, ശാസിക്കുക. ര. ശ്വാസത്തെ ശക്തിയോടെ മൂക്കിൽക്കൂടെ കളക.

# ചു

ചുകപ്പ്-ചെമപ്പ്, ചുമപ്പ്.

ചുകരുക-നഖംകൊണ്ടു ചുരണ്ടുക.

ചുക്ക-പ്ര. കാടി (ചെക്കാ). വ. മുട്ട്.

ചുക്ക്-ഉണങ്ങിയ ഇഞ്ചി. പര്യായങ്ങൾ-ശുണ്ഠി, മഹൌഷധം, വിശ്വം, നാഗരം, വിശ്വഭേഷജം.

[ചുക്ക്-വാതം വായുമുട്ടൽ, വയറുനോവു്, ഛർദ്ദി, വീക്കം, വയർ വീർപ്പ്, കഫം, ചുമ, ദഹ്നി, ഹൃദ്രോഗം, ആമവാതം, ശ്ലീപദം, മഹോദരം, പാണ്ഡു, ശ്വാസം, ഇക്കിൾ ഇവക്കു നന്നു്. അഗ്നിയെ വർദ്ധിപ്പിക്കും. സ്വരത്തെ തെളിയിക്കും. പിത്തം കോപിക്കയില്ല].

ചുക്കള്ള-കോട.

ചുക്കാൻ, ചുക്കാന്നം-ബോട്ടിന്റെ തലതിരിക്കുന്നതിനു കപ്പലിന്റെ അമരത്തു പണിഞ്ഞുവെക്കുന്ന ഒരു യന്ത്രം, ചുഴ, പതാകം. പര്യായങ്ങൾ-അരിത്രം, കേനിപാതകം.

ചുക്കാന്നം-ഒരു ഇരട്ടിയതിന്റെ മിഞ്ചൽ.

ചുക്കാങ്കാരൻ-ചുക്കാൻ പിടിക്കുന്നവൻ.

ചുക്കാരം-സിംഹത്തിന്റെ അലച്ച.

ചുക്കിണ്ണി-അറ പട്ടമുള്ള ഒരുമാതിരി പകിട.

ചുക്കിരി-കടിക്കുന്ന പാത്രം.

ചുക്കിലി- ചിലന്തി(ന്നി)വല.

ചുക്കിലിവല-ചിലന്തി(ന്നി)വല

ചുക്കുക-അ ക്രി. ൧. ഉണങ്ങുക. ൨. ചുരുങ്ങുക. ൩. ചുളുങ്ങുക.

ചുക്കനാറിപ്പുല്ല്-എരുമപ്പുല്ല്.

ചുക്രം-൧. ഞെരിഞ്ഞാമ്പുളി, രോഗങ്ങളെ തടസ്ഥപ്പെടുത്തുന്നത്. വ്യസനപ്പെടുത്തുന്നതെന്നർത്ഥം. ൨. മരപ്പുളി. ൩. പുളിരസം. ൪. ചുത്തപ്പുളി. ൫. കാഞ്ഞി. ൬. പുളിയഞ്ചീര.

ചുക്രിക, ചുക്രാ, ചുക്രി-ഞെരിഞ്ഞാമ്പുളി.

[പുളിയാരൽ എന്നും പറയുന്നുണ്ട്]

ചുക്ഷാ-൧. ഉപദ്രവിക്കുക, കൊല്ലുക. ൨. കഴുകുക.

ചുങ്ക-ഹുക്കാ, പുകവലിപ്പാനുള്ള സാധനം.

ചുങ്കക്കടവ്— തീരുവസ്ഥലത്തിന്നരികെ വള്ളം അടുക്കുന്ന സ്ഥലം.

ചുങ്കക്കാരൻ-തീരുവ പിരിക്കുന്ന ഉദ്യോഗസ്ഥൻ.

ചുങ്കക്കുലി-ചുങ്കപ്പുര (ചാവടി) കളിൽ കൂടെ കടത്തി കൊണ്ടുപോകുന്ന സാധനങ്ങളിൽ നിന്നും കടന്നുപോകുന്ന ആളുകളിൽ നിന്നും രാജാവു പിരിച്ചെടുക്കുന്നത്. പര്യായം ശുല്കം.

[ചുങ്കപ്പുര സാധാരണ നഗരങ്ങളുടേയും രാജ്യത്തിൻേറയും അതിർത്തികളിൽ സ്ഥാപിക്കപ്പെടുന്നു. സമുദ്രം നദി മുതലായവ കടക്കുമ്പോളുള്ള കപ്പൽക്കൂലി തോണിക്കൂലി മുതലായവയും ശുല്കം എന്നുതന്നെ പറയപ്പെടുന്നു.]

ചുങ്കച്ചാവടി-തീരുവ പിരിക്കുന്നവരുടെ കാച്ചേരി, ചവുക്ക.

ചുങ്കത്താൻ-ചുക്കവരുത്ത്ക്കാരൻ. (തളിപ്പറമ്പ് ലുങ്ക്.)

ചുങ്കം-തീരുവ, ചരക്കുകൾക്കുള്ള കരം.

ചുങ്കസ്ഥലം - തീരുവസ്ഥലം, ചുങ്കച്ചവുക്ക.

ചുങ്കിക്കുന്നു-ചെലവിൽ കുറച്ചു സൂക്ഷിക്കുന്നു.

ചുങ്കിപ്പ്-ചെലവിൽ കുറച്ചു സൂക്ഷിക്കുക

ചുങ്ങുക-൧. ഉണങ്ങിയുംമററും ചുളുങ്ങുക, മെലിയുക, ശോഷിക്കുക. ൨. ഉണങ്ങുക. ൩. ചുരുങ്ങുക.

ചുചുന്ദരി- നച്ചെലി. മറെറാരു പര്യായം-ഗന്ധമൂഷി.

ചുഞ്ചു-൧. വിത്തം. ൨. പ്രസിദ്ധം. ൩. ചുണ്ടെലി. ൪. ഒരു കൂട്ടുകൂടിയ ജാതി. ൫. നച്ചെലി. ൬. കൊക്ക്.

ചുഞ്ചു-(പദങ്ങളുടെ ഒടുവിൽ ഉപയോഗിക്കുന്ന ഒരു പ്രത്യയം). കീർത്തി, സാമർത്ഥ്യം.

'മരണചുഞ്ചുക്കളായിവിളങ്ങിയുള്ളോരണൻ'

(കൃഷ്ണഗാഥ)

ചുഞ്ചുപുടം-കൊക്ക്.

'മിണ്ടാതാക്കുന്നുചുഞ്ചുപുടനികടമതിൽ'

(അമരുകശതകം)

ചുടർ-അഗ്നി, പ്രകാശം, ശോഭ.

'തൊഴുതേൻ ഞാൻ ദീപം
ദീപത്തിൻചുടരൊളി'

(ഭഗവൽഗീത-മാധവപ്പണിക്കർ)

ചുടല-ശവംചുടുന്ന സ്ഥലം, ചുടുകാട്.

[ചുടലക്കാടിന്റെ പര്യായങ്ങൾ-ശ്മശാനം, പിതൃവനം.]

ചുടലക്കളം-ശവംചുടുന്ന സ്ഥലം, ചുടുകാട്.

ചുടലക്കുഴി-ശവംചുടുന്ന സ്ഥലം.

ചുടുക-൧. വേവിക്കുന്നതിനായിട്ടുതീയിൽ ഇടുക. ൨. ദഹിക്കുക. ൩. ചുട്ടുതോന്നുക, വേദനതോന്നുക.

ചുട്ടുകൊള്ളി-ഒന്നിനും കൊള്ളാത്തവിധമുള്ള വാക്ക്.

ചുട്ടചുടെ-അ. അനച്ചയോടെ

ചുട്ടമുളക്-വി. നല്ലവണ്ണം വേകാത്ത ചുവയോടുകൂടിയ

ചുട്ടവാക്ക്-ദണ്ഡംതോന്നുന്നതാക്കവാക്ക

ചുട്ടാതം-കാലിൻെറ അകത്തുള്ള ഒരു ദീനം.

ചുട്ടി-ഫ. ആട്ടക്കാരുടെ മുഖത്തു് അരിമാവുകൊണ്ടുണ്ടാക്കുന്നതു്. വ. നാല്ക്കാലികളുടെ നെറ്റിക്കുള്ള ചാന്തു്. ന. വസ്ത്രത്തിൻെറ അററത്തുചെമപ്പുനൂൽകൊണ്ടുണ്ടാക്കുന്ന ഒരടയാളം. ര. വേഗത, ചുറുക്ക്.

ചുട്ടിത്തുണി – ആട്ടക്കാരൻെറ നെററിമേൽ വെച്ചുമുറുക്കുന്ന ചുട്ടിയുള്ള തുണി.

ചുട്ടിത്തേവാങ്കം-ഒരുവക മത്സ്യം.

ചുട്ടിവമ്പു്-ഒരുവക കറുത്ത ഉറുമ്പു്.

ചുട്ട്- നാല്ക്കാലികളുടെ നെററിമേലുള്ള ചാന്തു് (കുറി).

ചുട്ടെഴുത്തുകൾ-(വ്യാകരണം) 'അ, ഇ, എ' എന്ന വിശേഷക സർവനാമങ്ങൾക്കു തമിഴിൽ ചെയ്തിട്ടുള്ള പേർ.

ചുണ്ട-മുള്ളുള്ള ഒരു ചെടി.

[ഇതു് പലമാതിരിയുണ്ടു്. ഫ. കറുത്തചുണ്ട. വ. വെളുത്തചുണ്ട. ന. പുത്തരിച്ചുണ്ട. ര. പടച്ചുണ്ട. ഝ. കണ്ടകാരിച്ചുണ്ട. ത. ചെണ്ടിച്ചുണ്ട. ഠ. ആനച്ചുണ്ട.]

ചുണ്ടക്കായ്-ചുണ്ടയുടെ കായ്.

ചുണ്ടൻ-ഫ. ഒരുമാതിരി ഉമ്പ. വ. ഒരുമാതിരി തോണി. ന. ചുണ്ടൻവള്ളം

ചുണ്ടൻ വി. ചുണ്ടുള്ള, കൂർത്ത മുനയുള്ള

ചുണ്ടപ്പന-കുടപ്പന.

[പിണ്ഡം, ഒണ്ണിമാറം, ഋതം. ചുട്ടനീരിൽ ഇവക്ക നന്നു്. മാചിയുണ്ടാക്കം. സംസ്കൃതത്തിൽ-മാഡം തമിഴിൽ-കൂന്തപ്പനെ. ഇംഗ്ലീഷ്-Tam leaf caryota, Marshy date tree.]

ചുണ്ടപ്പുല്ല്-ഒരു സുഗന്ധമുള്ള പുല്ല്.

ചുണ്ടവാഴത്തിന്ന-ഒരുവക ചെറിയമത്തി. ചി പഴമിന

ചുണ്ടവില്ല്-പഞ്ഞിവില്ല്, തൊററാലി.

ചുണ്ടി-ഒരുവക ചെറിയ പക്ഷി.

ചുണ്ടിപ്പറക-കലശൽകൂട്ടുക.

ചുണ്ട്-ഫ. അധരം, ചിറി. പര്യായങ്ങൾ-ഓഷ്ഠം, അധരം. [അധരം എന്നു നോക്കുക.]

[ചുണ്ടിൻെറ രണ്ടവസാന സ്ഥലങ്ങൾ=സൃക്കണി.]

വ. പക്ഷിയുടെ കൊക്ക്. ന. വള്ളത്തിൻെറ തല. ര. അമ്പ് മുതലായ ആയുധങ്ങളുടെ മുന. ഝ. വാഴക്കുലയുടെ അററത്തുള്ള മൊട്ടു്.

ചുണ്ടെലി-ചെറിയ എലി. പര്യായങ്ങൾ-ഗിരിക, ബാലമൂഷിക.

[മാംസം എലിമാംസത്തിനൊക്കും.]

ചുണ-ചൊടിപ്പ്, മിടുക്ക്.

ചുണകെട്ടവൻ-ചൊടിപ്പുംമിടുക്കുമില്ലാത്തവൻ.

ചുണകേട്ട്-ചൊടിപ്പും മിടുക്കുമില്ലായ്മ.

ചുണങ്ങ്-ചെറിയൊരു ചർമ്മരോഗം.

[ചുണങ്ങുള്ളവൻ- കിലാസി, സിധ്മളൻ.]

ചുണങ്ങുക-ഉരിക്കുക, തൊലി തിരിക്കുക

ചുണമ്പുക-ചൊടിക്കുക.

ചുണയ്പ്-ചൊടിപ്പ്

ചുണ്ണ-ആനയുടെ ദ്വന്ദ്വരോഗം.

ചുണ്ണാമ്പ്-കക്കായോ ചുണ്ണാമ്പുനീറായ പാറ കരിച്ചത്.

ചുണ്ണാമ്പ്-ഒരുതരം എരിക്കു് കടകപ്പുകൾ ചുട്ടുകല്ലു് ഉണ്ടാകും സ്ഫടികം പവിഴം ചിപ്പി ഇവയായും ശംഖം മുതലായവയായും നീററിയെടുക്കുന്നതു്.

ചുണ്ണാമ്പുകല്ല്- ചുണ്ണാമ്പു നീററുന്നതിനുതകുന്ന ഒരുമാതിരി കല്ല്.

ചുണ്ണാമ്പുകാരൻ-ചുണ്ണാമ്പു നീററിയുണ്ടാക്കുന്നവൻ.

ചുണ്ണാമ്പുവള്ളി-ഒരുവക വള്ളി.

ചുണ്ണി-പുരുഷന്റെ ലിംഗം. (സഭ്യമല്ല)

ചുണ്ഡാ-പ്ര. കിണറ്. വ. തൊട്ടി.

ചുത്തപ്പുള്ളി-മിന്നാമിനി.

[വാതം, കഫാധികമായ പാണ്ഡു, കൃമി ഇവകളെ നന്ന്. ഇതു ശർക്കര കരിമ്പിൻനീര് കള്ളു മുന്തിരിങ്ങ മുതലായവ കൊണ്ടുണ്ടാകുന്നതാണ്.]

ചുന-മാങ്ങായുടേയും മററും ഞെട്ടിൽ ഉണ്ടാകുന്ന നീർ.

ചുനയ്ക്കുക-ചുന ചുവയ്ക്കുക.

ചുനയ്പ്പ്-ചുന.

ചുനിക്ക-കനിക്ക, ചുററുക.

ചുനിപ്പ്, ചുനിവ്-കനിവ്, വളവ്.

ചുമ-ഒരു ദീനം, കുര. പര്യായങ്ങൾ-കാസം, ക്ഷവഥു.

(കണ്ടകാരിച്ചുണ്ട വേരു കഷായം വെച്ച് തിപ്പലി പൊടിച്ചു ചേർത്തു കുടിച്ചാൽ ചുമകളൊക്കയും മാറുന്നതാണ്.)

ചുമക്കുക-പ്ര. ചുമടെടുക്കുക. വ. സഹിക്കുക. ന. അനുസരിക്കുക.

ചുമക്കുക്ക്-ഒരു പച്ചമരുന്ന്.

ചുമട്-ഭാരം.

ചുമട്ടുതാങ്ങി-ചുമട് ഇറക്കുന്നതിനായിട്ടു വഴിയിൽ കല്ലോ മരമോ കൊണ്ടുണ്ടാക്കിയതു്.

ചുമട്ടാൾ-ചുമട്ടുകാരൻ.

ചുമട്ടുകാള-ചുമടെടുക്കുന്ന കാള.

ചുമതല-പ്ര. ഉത്തരവാദിത്വം, അധികാരം. വ. പണ്ടാരവക പണവും മററും ചെലവു നീക്കി അധികം ഇരിക്കുന്നതു്.

ചുമത്തുക-പ്ര. എടുപ്പിക്കുക. വ. ഒരുത്തന്റെ മേൽ ഒരു ചുമടുവെയ്ക്കുക. ന. കാര്യവിചാരമെങ്കിലും കററമെങ്കിലും ഒരുത്തന്റെ പേരിലുള്ളതു മററൊരുത്തന്റെ പേരിലാക്കുക.

ചുമയ്ക്കുക-കുര പുറപ്പെടുവിക്കുക, കുരയ്ക്കുക, ദീനംകൊണ്ടു തൊണ്ടയിൽനിന്നു ശബ്ദം പുറപ്പെടുക.

ചുമര്, ചുവര് ഭിത്തി. പര്യായങ്ങൾ-ഭിത്തി, കുഡ്യം.

ചുമൽ-തോള്. പര്യായങ്ങൾ-അംസം, ഭുജശിരസ്സ്, സ്കന്ധം.

ചുംബകം-അയസ്കാന്തം.

ചുംബനം-ഉമ്മ.

ചുംബിക്കുക-ഉമ്മകൊടുക്കുക, ഉമ്മവെയ്ക്കുക.

ചുംബിത-വി. പ്ര. ഉമ്മകൊടുക്കപ്പെട്ട (വെയ്ക്കപ്പെട്ട). വ. മധുപാനത്തിനായി മുഖത്തോടു ചേർക്കപ്പെട്ട.

ചുമ്മ-അ. പ്ര. വെറുതെ.

'ചുമ്മാതെന്തേപടന്തേംഗ്ഗഢതരമരങ്ങാൽ കൊണ്ടുബന്ധിച്ചു്'

(അമരുകശതകം)

വ. മട്ടിയായി. ന. സംഗതികൂടാതെ. ര. ഒരു അനക്കവും കൂടാതെ ഇ. ദുന രംപോക്കായിട്ട്.

ചുമ്മൽ-ചുമയ്ക്കുക.

ചുമ്മാട്-ചുമടിന്റെ അടിയിൽ തലനോകാതെയിരിപ്പാൻ വെയ്ക്കുന്നതു്.

ചുമ്മുക-ചുമയ്ക്കുക.

ചുര-പ്ര ഒരുവക കറിസാധനമുണ്ടാകുന്ന വള്ളി. പര്യായങ്ങൾ-തുംബി, അലാബു. വ. പശുവിന്റെ നിറഞ്ഞ കറക്കുന്നതിന്റെ പേർ ന. പിരിയാണിയുടെ പഴുതു്. ര. ആയുധങ്ങളിൽ പിടിയിലേക്കു കേറുന്നതിനുള്ള മുന, പിച്ചാത്തിയുടെ തുരന്നു്.

ചുരക്കുക-പിഴിയുക.

ചുരകെട്ടുക-പശുവിനെ കൊണ്ടിയിടുക.

ചുരക്കണ്ടി-മലയിടുക്കുവഴി.

ചുരക്കുടുക്ക-ഉണങ്ങിയ ചുരങ്ങ ഉള്ളു ചുരണ്ടുണ്ടാക്കുന്ന പാത്രം.

ചുരക്കുക-മുലയിൽ പാൽ വന്നു തിങ്ങുക.

ചുരങ്ങ,ചുരയ്ക്ക-ചുരയുടെ ഫലം.

[ഇതു ഭക്ഷിക്കത്തക്കതും സ്വാദുള്ളതുമാണ്. ചുരങ്ങ രണ്ടുവിധമുണ്ട്. പാൽച്ചുരങ്ങ, കയ്പ ചുരങ്ങ. കയ്പ ചുരങ്ങ ഭക്ഷിക്കാൻ കൊള്ളുകയില്ല. ചിലേടങ്ങളിൽ ബ്രാഹ്മണർ ചുരങ്ങ തിന്നാറില്ല.]

ചുരണ്ടൽ-ചീകൽ.

ചുരണ്ടുക-ചീകുക.

ചുരത്തുന്ന—മുലയിൽ പാൽ വന്നു തിങ്ങുന്ന.

ചുരപ്പാത്രം-ചുരക്കുടുക്ക.

ചുരം-പ്ര. തൂക്കെയുള്ള വലിയ കേററം. ൨. ഉയർന്ന നിലം.

ചുരമാന്തൽ-കാള ഗവാദികൾ കൈകൊണ്ടു മണ്ണു മാന്തുക.

ചുരമാന്തുക-കാള ഗവാദികൾ കൈകൊണ്ടു മണ്ണുമാന്തുക.

ചുരയ്ക്കാ,ചുരങ്ങ-ചുരവള്ളിയുടെ കായ്.

ചുരരിവേന്തൻ-ത്രിമൂർത്തിമാർ മൂന്നുപേർ

ചുരവ-ചിരവ.

ചുരവലിയ്ക്കുക-പശുവും മററും ചുരത്തിയ പാൽ അകത്തേക്കു വലിക്കുക.

ചുരി-വി. ചുരുണ്ടിരിക്കുന്ന.

ചുരി-കാല തുടയ്ക്കുന്നതിനുള്ള ഒരു ഇരിമ്പു സാധനം.

ചുരിക-ഒരുമാതിരി ഇരുമുനവാള്. പര്യായങ്ങൾ-ശസ്ത്രീ, അസിപുത്രീ, അസിധേനുക, ഛുരിക.

ചുരികക്കോൽ- വേല ചെയ്യുന്നവർ ചുരികപോലെ മരം കൊണ്ടുള്ള ആയുധം.

ചുരികുഴൽ-ചുരുണ്ടിരിക്കുന്ന തലമുടി.

ചുരികുഴലാൾ-ചുരുണ്ട തലമുടിയോടുകൂടിയവൾ=സ്ത്രീ. (ചുരി=ചുരുണ്ടിരിക്കുന്ന)

ചുരിനാരായം—കാല തുടയ്ക്കുന്നതിനുള്ള ചുരി.

ചുരീകരിക്ക-മോഷ്ടിക്ക.

ചുരുക്കം-വി. ഏറെയില്ലാത്ത.

ചുരുക്കം-പ്ര. ഏറെയില്ലായ്ക. കാവ്. ൨. സംക്ഷേപം. ൩. ചുരുക്കം.

ചുരുക്കൽ-ചുരുക്ക്, സഞ്ചിക്കഴ.

ചുരുക്ക്-പ്ര. ചുരുക്കം. ൨. കുരുക്ക്. ൩. സഞ്ചിയുടെ കഴുത്തിൽ കോർക്കുന്ന ചരട്. ൪. സഞ്ചിയുടെ വായ് ചുരുക്കിക്കെട്ടുന്നതിനുള്ള വൽക്കഴ.

ചുരുക്കുകോൽ-വലയുടെ ചുരുക്കുചരട്.

ചുരുക്കുമോതിരം-ചുരുക്കം.

ചുരുക്കുവട്ടി-ചരടുകൊണ്ടു വലിച്ചു മുറുക്കിക്കെട്ടുന്ന പുല്ലുവട്ടി.

ചുരുക്കുസഞ്ചി-ചുരുക്കിക്കെട്ടുന്ന സഞ്ചി.

ചുരുങ്ങിടമാർ-സുന്ദരികൾ, കൃശോദരികൾ, സുമധ്യമകൾ.

ചുരുങ്ങുക-പ്ര. കുറയുക, കാറുക. ൨. ചുളുങ്ങുക. ൩. മടങ്ങുക. ൪. ഒതുങ്ങുക [ചുരുക്കുക-സ-ക്രി].

ചുരുട്ടപ്പം — ഒരുമാതിരി പലഹാരം. (biscuit)

ചുരുട്ടൽ-പ്ര. ഉരുട്ടുക. ൨. കൈ ചുരുട്ടിപ്പിടിക്കുക.

ചുരുട്ട്-പ്ര. [illegible]. ൨. ഉരുള. ൩. ചുരുട്ടിയതു്. ൪. പുകയില ചുരുട്ട്. ൫. ഒരു പലഹാരം.

ചുരുട്ടുക-പ്ര. ചുരുളാക്കുക, ഉരുട്ടുക, മടക്കുക. ൨. കൈ ചുരുട്ടിപ്പിടിക്കുക. ൩. മടക്കുക.

ചുരുട്ടപാമ്പ്, ചുരുട്ടുപാമ്പ്—ചുരുണ്ടിരിക്കുന്ന ഒരുമാതിരി ചെറിയ പാമ്പ്, ചേരട്ട.

ചുരുണ—പ്ര. ചരടുകള. ൨. ചുരുട്ടിയ ഒരു പാക്കെട്ട്. ൩. കണക്കെട്ട്. ൪. കയറിൻ കെട്ട്.

ചുരുളുക-ഉരുളുക, ചുരുണ്ടുപോകുക.

ചുരുൾ-നാ. എഴുത്തുചുരുൾ. ൨. ഓലയിലെഴുതിയത്, പട്ടു മുതലായതിൽ എഴുതുന്നത്. ൩. വള്ളത്തിന്റെ ചുരുണ്ടുള്ള അറ്റം. ൪. പുകയില തെറുത്തത്. ൫. തിരമാല.

ചുരുൾച-നാ. ചുരുൾച ൨. ചുരുങ്ങിയിരിക്ക.

ചുലുകി-നാ. ഉടുമ്പുമീൻ. ൨. ചീങ്കണ്ണി.

ചുല്ല-വി. ചീങ്കണ്ണുള്ള.

ചുല്ലകീ-നാ. കടൽപ്പന്നി. ൨. കടം.

ചുല്ലം-ചീങ്കണ്ണു

ചുല്ലി, ചുല്ലിക-അടുപ്പ്.

ചുവ-നാ. ദുസ്സ്വാദ്, രുചികേട്. ൨. രസം

ചുവക്കുക-ചുവപ്പുനിറമാകുക. [ചുവപ്പിക്കുക സ. ക്രി]

ചുവടു-നാ. പാദംകൊണ്ടുള്ള അളവ്. ൨. കാലടി. ൩. വൃക്ഷത്തിന്റെയും അടി ൪. അടിസ്ഥാനം, മൂലാധാരം ൫. മൂലം. ൬. ഉത്ഭവം, കാരണം, ൭. ആരംഭം. ൮. ആട്ടക്കാരുടെ കാലുവെപ്പ്. ൯. നിലം [ചുവട്ടിൽ=നിലത്തിൽ] ൧൦. മരത്തിന്റെ നിഴൽ. ൧൧. യോജ്യത. [ചുവടിനു 'ചോടു' എന്നും പ്രയോഗം കാണുന്നു.]

ചുവട്ടടി-കാലടി.

ചുവത്ത-വി. പശ്ചാത്തിൽചെമപ്പുനിറമുള്ള

ചുവന്ന, ചുമല, ചുവല-വി. ചെമപ്പുനിറമായ.

ചുവന്നുള്ളി-ഈരുള്ളി.

.[ഇതിനു ഈഴവുള്ളി, ചെന്താളുള്ളി, നീരുള്ളി ഇങ്ങനെയും പേർ കാണുന്നു വെള്ളുള്ളിയിൽ കുറഞ്ഞ ഗുണമേ ഇതിനുള്ളു. അര്‍ശസ്സിനും ഗ്രഹണിക്കും ഉത്തമം സംസ്കൃതം-ഗൃഞ്ജനം. തമിഴിൽ ഈരവെങ്കായം.]

ചുവപ്പ്, ചോപ്പ്-രക്തനിറം.

ചുവപ്പുഛായം-ചെമന്ന ഛായം.

ചുവയ്ക്കുക-നാ. ദുസ്സ്വാദു തോന്നുക ൨. ഇഷ്ടക്കേടു തോന്നുക

ചുവര്, ചുമര്-മതിൽ, ഭിത്തി. പര്യായങ്ങൾ ഭിത്തി, കുഡ്യം

ചുവരുതാര-ഭിത്തിമേൽ വെക്കുന്ന ഉത്തരം.

ചുവല-വി. ചുവന്ന, ചെമന്ന

ചുള-ചക്ക ഉള്ളി മുതലായവയുടെ അകത്ത് അടുക്കടുക്കായിരിക്കുന്ന ചെറിയ പങ്കുകൾ.

ചുളിക്കുക-നാ, ചുരുങ്ങുക, ഞൊറിയുക, മടങ്ങുക. ൨. നീരസഭാവം കാട്ടുക.

ചുളിപ്പ്, ചുളിവ്-നാ. നീരസഭാവം കാട്ടുക. ൨. വസ്ത്രത്തിന്റെയും മറ്റും ഞൊറിവ്, ചുളുക്ക്. ൩. മടക്ക്.

ചുളുകം-നാ. ചെളി. ൨. ചെറിയ പാത്രം ൩. ഉള്ളം കൈയുടെ കുഴി.

ചുളുക്കം-ഞൊറിവ്.

ചുളുക്ക്-നാ. ചുളിവ്, ഞൊറിവ്. ൨. നീരസഭാവം കാട്ടുക.

ചുളുക്കുക-ചുളിവുണ്ടാക്കുക, ഞൊറിവുണ്ടാക്കുക

ചുളുങ്ങുക-നാ. ചുരുങ്ങുക, ഞൊറിയുക. ൨. ഭയപ്പെടുക.

ചുളുചുളുക്കുക - വേദനതോന്നുക, വിങ്ങുക.

ചുളുചുളുപ്പ്-വിങ്ങൽ, വേദനതോന്നൽ

ചുളുചുളെ-അ. അധികംവേദനയോടെ

ചുളുവു-സഹായം. (ചുളുവിൽ സഹായത്തിൽ)

ചുള്ള-മൂട്ട.

ചുള്ളൽ-നുറുങ്ങ്; ശകലം, കഷണം.

ചുള്ളി-നാ ഉണങ്ങിയ ചെറിയ കൊമ്പ്. ൨. ഒരുവക ചെടി.

ചുള്ളിക്കാട്-നാ. കുറുങ്കാട്. ൨. ചുള്ളിയുള്ള സ്ഥലം.

ചുള്ളിക്കൊഴു-ഒരുമാതിരി കൊഴു.

ചുള്ളിക്കോൽ-ചെറിയ കോൽ.

ചുള്ളിവിറക്-വണ്ണംകുറഞ്ഞ വിറക്.

ചുള്ള-വി. സാരമില്ലാത്ത, ചെറിയ.

ചുഴക്കോൽ-കൊല്ലൻ തീയിൽ പെരുമാറുന്ന ഇരുമ്പുകോൽ.

ചുഴനീർ-തട്ടാന്മാർ അടുപ്പിൽ തീ പടരാതിരിക്കുവാൻ തളിക്കുന്ന വെള്ളം.

ചുഴന്ന-വി. ചുററിയ.

ചുഴച്ച്-പ്രതിജ്ഞ, ആണ.

ചുഴലം-അ. ചുററും, നാലുപുറത്തും, വട്ടത്തിൽ.

ചുഴലവും-അ. ചുററും, വട്ടമായി.

ചുഴലവെ-അ. ചുററും.

ചുഴലി-൧. ചുഴലിദ്ദീനം. ൨. ചുഴലിക്കാററ്. ൩. ചുഴൽച്ച, ചുററൽ. ൪. നീർച്ചുഴിവ്.

ചുഴലിദ്ദീനം-അപസ്മാരം.

ചുഴലുക-൧. ചുററുക, ചക്രം തിരിയുക. ൨. തലതിരിയുക. ൩. കണ്ണുമൂന്നടുക്കുക.

ചുഴൽ-൧. ചുററൽ, ചുഴി. ൨. നീർച്ചുഴി.

ചുഴൽക്കാററ്-ചുററിയടിക്കുന്ന കാററ്.

ചുഴൽച്ച-ചുററൽ, വട്ടം തിരിച്ചിൽ.

ചുഴവു-ചുററൽ, വട്ടം തിരിച്ചിൽ.

ചുഴവുകോൽ-ഇരിമ്പുപാര.

ചുഴരുക-ആണയിടുക.

ചുഴററി-൧. വിശറി. ൨. തിരിയുന്ന ചക്രത്തിന്റെ അച്ചുതണ്ട്. ൩. കയറു ചുററുന്നതിനുള്ള യന്ത്രം.

ചുഴററുക-൧. ചുററുക. ൨. തലതിരിക്കുക ൩. വട്ടത്തിരിക്കുക.

ചുഴി-൧. നീർച്ചുഴി ൨. ചെറിയ വൃത്തം ൩. വൃത്തം. ൪. ചുഴൽച്ച. ൫. രോമത്തിന്റെ ഭേദമായി വട്ടത്തിലുള്ള അടയാളം. ൬. ചുഴിമണൽ. ൭. ചെമ്മട് വട്ടത്തിൽ തിരിയുന്നത്. ൮. വളച്ചിൽ

ചുഴിക്കോടി-തെക്കുവടക്ക നീളത്തിലും കിഴക്കുപടിഞ്ഞാറു നീളത്തിലുമുള്ള പുരത്തിൽ കൂടുന്നേടം.

ചുഴിക്കുക-ചുററിക്കുക.

ചുഴിക്കററി-കട്ടിളയിൽ കതക് ഇടുന്നതിനു കുഴിച്ചിട്ടുള്ളത്.

ചുഴിച്ചൽ-൧. വെള്ളത്തിന്റെ ചുററൽ ൨. അധികം മനസ്സിളക്കമുള്ള വിചാരം. ൩. ചുററൽ.

ചുഴിഞ്ഞു-ചുഴന്നുവീണ.

ചുഴിപ്പു-൧. ചുഴിച്ചിൽ. ൨. ചുരുക്കം.

ചുഴിയംചുഴിയമായി-വട്ടംവട്ടമായി.

ചുഴിയുക-ചുററുക, വട്ടം ചുററുക.

ചുഴിവ്-൧. നീർച്ചുഴിവ്. ൨. വട്ടത്തിൽ തിരിക.

ചുറ-൧. കയറുചുററിയത്. ൨. വൃത്തം, വട്ടം.

ചുറഞ്ഞവൻ-വക്രബുദ്ധി.

ചുറപ്പൻ-ഉരട്ടും പിരട്ടും പറയുന്നവൻ.

ചുറപ്പ്-വക്രത, വളവ്.

ചുറയുക-ചുററിക്കുക, ചുഴറുക.

ചുറയ്ക്കുക-൧. ചുററിക്കെട്ടുക. ൨. വീശുക.

ചുറുക്ക-മദ്യം.

ചുറുക്ക്-വേഗം, ചൊടിപ്പ്.

ചുറുക്കെ-അ. വേഗത്തിൽ.

ചുറുചുറുപ്പ്-ചൊടിചൊടിപ്പ്, ചുണ, വേഗത.

ചുറുമ്പ്-[illegible].

ചുററക്കാരൻ-സ്നേഹിതൻ.

ചുററവു-ചതിവ്, വക്രിമ.

ചുററം-൧ സ്നേഹം, ചങ്ങാതിത്വം, സേവ, സംബന്ധം. ൨. വൃത്താകാരം, വട്ടം.

'ചുററത്തിൽവന്നിട്ടു വൃന്ദംനിന്നിടുന്ന'

(കൃഷ്ണഗാഥ)

ചുററംകൂട്ടുക-ചങ്ങാത്തം കൂടുക, സ്നേഹിക്കുക.

ചുററമ്പലം-നാലമ്പലം, ശ്രീകോവിലി ന്റെ ചുററുമുള്ള അമ്പലം.

ചുററൽ-ഫ. വസ്ത്രം ധരിക്ക. വ. ചുററി സ്സഞ്ചരിക്ക, ചുററുക, ന. വളവു. ര. ചുററളവു്. ഉ. വിരോധം, തടവു്.

ചുററിക, ചുത്തിക-ഇരുമ്പുകൊട്ടുവടി.

ചുററിക്കാലിൽ-നാലുവശവും.

ചുററിക്കുക-ഫ. വട്ടത്തിൽ തിരിക്കുക. വ. ആലുംമററും വല്ലതിലും ചുററിക്കുക. ന. മടപ്പിക്കുക. ര. ചതിക്കുക.

ചുററിക്കൂടുക-വിടാതെ കൂടെ നടക്കുക, വല്ലതും സാദ്ധ്യത്തിനുവേണ്ടി പരിചരിക്കുക.

ചുററിക്കെട്ടുക-വളച്ചുകെട്ടുക.

ചുററിപ്പു-ഫ. ചുററിക്കുക. വ. ആലുംമ ററും ചുററുക. ന. ഉപദ്രവിക്കുക.

ചുററു്-വി. ഫ. ഉരുണ്ടതായ. വ. ചുററു മുള്ള. ന. വളവുള്ള.

ചുററു-ഫ. തിരിവു്. വ. ചുററളവു്, മ ണ്ഡലം. ന. വളയം, ഇരുമ്പുചുററു്. ര. സ്ത്രീകൾ കാലിൽ ഇടുന്ന ഒരു മോ തിരം. ഉ. വസ്ത്രം ധരിക്ക. ഌ. കുഴിന ഖം. ൡ. വൈഷമ്യം. ഩ. ബ്രാഹ്മണ സ്ത്രീകൾ കാതിൽ ഇടുന്ന ഒരാഭരണം.

ചുററുക-ഫ. ചുററിക്കെട്ടുക. വ. ചുററിസ്സ ഞ്ചരിക്കുക ന. ചുററിവളയുക

ചുററുത്തരം-ഉത്തരത്തിന്റെ മുകളിൽ ക ഴുക്കോൽ പിടിക്കുന്നതിനു പതിക്കുന്ന ഉത്തരം.

ചുററുനിര-പുരയ്ക്കു ഉത്തരത്തിന്റെകീഴെ പലകകൊണ്ടു പണിയുന്നതു്.

ചുററുപാടു-അ. നാലുപുറത്തും, അയൽ പക്കം.

ചുററുപാട്ടു്-അയൽപക്കം.

ചുററും, ചുററിലും-വി. ചുഴലവുമുള്ള.

ചുററും-അ. ഫ. ചുഴലവും. വ. നാലു പുറത്തും.

ചുററുവിളക്കു് - നാലുവശത്തുമുള്ള വി ളക്കു്.

# ചൂ

ചൂചുകം-മുലക്കണ്ണു്. കുട്ടികളാൽ പാ നംചെയ്യപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. 'അയ്യോകമാരകാ! ചൂചുകംമോചിക്ക' (കൃഷ്ണലീല തുള്ളൽ)

ചൂടൻ-ഒരുവക കർപ്പൂരം.

ചൂടൻകർപ്പൂരം-ഒരുവക മരുന്നു്.

ചൂടൻകറി-ശോധിക്കറി.

ചൂടൽ-ഫ. തലയിൽ അലങ്കരിക്കുക. വ. കുടപിടിക്ക. ന. വൃക്ഷങ്ങളുടെ തണലു ള്ള പ്രദേശം, ചോല.

ചൂടി-ചകിരിപിരിച്ചു് ഉണ്ടാക്കിയ കയറു്.

ചൂടിടുക-ചൂടുവെയ്ക്കുക; കാച്ചിവെയ്ക്കുക.

ചൂടു്-വി. അനച്ചയുള്ള.

ചൂടു്-ഫ. ഉഷ്ണം. വ. എരിച്ചിൽ, കന്നൽ. ന. വൈരാഗ്യം.

ചൂടുക-ഫ. തലയിൽ അലങ്കരിക്കുക. വ. കുടപിടിക്കുക. [ചൂടിക്കുക കാ. ക്രി.]

ചൂടുകോൽ-ചൂടുവെയ്ക്കുന്ന ഇരിമ്പു്.

ചൂടുപാള-കടയ്ക്കു പകരം തലയിൽ വെ ക്കുന്ന പാള.

ചൂടുപട്ടിൽ-കടയ്ക്കു പകരം തലയിൽ ഇ ടുന്ന ഒരുമാതിരി പായ്.

ചൂടുവെക്കുക-ചില ദീനങ്ങൾക്കു് നാടി കളിൽ ഇരുമ്പുംമററും പഴുപ്പിച്ചു വെക്കു ക, കാച്ചി വെക്കുക.

ചൂടെടുക്കുക- ഉഷ്ണം കൊണ്ടു വ്യസനി ക്കുക.

ചൂടോടെ-അ. അനച്ചയോടെ.

ചൂട്ടിപ്പു്-തീച്ചൂട്ടി.

ചൂട്ടൻ-വി. നെററിമേൽ ചാന്തുള്ള.

**ചൂട്ടൻകറി**-ഗോപിക്കറി.

**ചൂട്ടാല**-ചൂള.

**ചൂട്ട്**-തെങ്ങിൻെറ ഓലയോ കോഞ്ഞാട്ടയോ കരിമ്പിൻ ചണ്ടിയോ കൊണ്ടുണ്ടാക്കുന്ന ഓരോരോ പിടിയായിട്ടു കെട്ടി തീ കൊളുത്തി വഴി നടക്കുമ്പോൾ വെളിച്ചം കാണുമാനായിട്ടു രാത്രിയിൽ കൊണ്ടുനടക്കുന്ന വസ്തു. ര. അഹംഭാവം. ൩. ചില നാല്ക്കാലിമൃഗങ്ങളുടെ നെററിയിൽ ഉള്ള ചാന്തു്.

**ചൂട്ടുക**-മൂടിയും മററും ചൂടുക.

**ചൂട്ടുകളം**-പട്ടട, ചുടല.

**ചൂട്ടുകാട്ടുക**-ക്രി. വെളിച്ചം കാണുന്നതിനു ചൂട്ടു കത്തിച്ചു കാണിക്കുക. ര. വാഴക്കാ പഴപ്പിക്കുന്നതിനു പത്താഴത്തിൽ വെച്ചു തീ കത്തിച്ചു പുകക്കുക. ൩. ഏഷണി പറഞ്ഞു കൊടുക്കുക.

**ചൂട്ടുകോൽ**-ക്രി. ചൂട്ടുവെയ്ക്കുന്ന ഇരിമ്പു്. ര. ഇറച്ചി ചുടുന്ന ഇരിമ്പു്.

**ചൂട്ടുനിര**-ക്രി. ഭിത്തിയുടെ മീതെ ചില മൂലകളിലും മററും മരംകൊണ്ടു അടച്ചു പണിയുന്നതു്.

**ചൂട്ടുവെക്കുക**-ചൂട്ടുകത്തിച്ചു വല്ലതിനും തീ വെക്കുക.

**ചൂട്ടുവെളിച്ചം**- ചൂട്ടുകത്തിച്ചിട്ടുള്ള പ്രകാശം.

**ചൂഡ**-ക്രി. കുടുമ, തലമുടി. ര. മയിലിൻെറ തലയിലെ ശിഖ (മയിൽ കുടുമ). ൩. കിരീടം, ഉയരെ നില്ക്കുന്നതു് എന്നർത്ഥം. ൪. വെളുത്ത കന്നി. ൫. ശിരസ്സ്. ൬. അഗ്രഭാഗം. ൭. ഗൃഹത്തിൻെറ ഉപരിഭാഗത്തുള്ള മുറി. ൮. ഒരാഭരണം. ൯. കിണറ്.

**ചൂഡകം**-കിണറ്.

**ചൂഡാകർമ്മം**-കുടുമവെക്കുന്ന ഒരു കർമ്മം. (ചൌളം എന്നു നോക്കുക.)

**ചൂഡാമ്ലാ**-മരപ്പുളി.

**ചൂഡാമണി**-ക്രി. തലയിൽ അലങ്കരിക്കുന്ന രത്നം (ശിരോരത്നം), ചൂഡയിലുള്ള മണി എന്നർത്ഥം. ര. ചെമന്ന കന്നി.

**ചൂഡാരത്നം**-ക്രി. ചൂഡാമണി, ചൂഡയിൽ (ശിരസ്സിൽ) അണിയുന്ന രത്നം. ര. അശ്വത്ഥാമാവിൻെറ തലയിലുള്ള ഒരു രത്നം.

കൊന്നെടുക്കണം ചൂഡാരത്നമെന്നോതുമയുടെ (ഭാഗവതം)

**ചൂഡാർമണി**-വിഷം ഇറക്കുന്നതിനു ഉപകരിക്കുന്ന ഒരു പച്ചമരുന്നു്.

**ചൂഡാല**-ക്രി. ഒരുവക പുല്ലു്. കണ്ണുമുത്തങ്ങ. ഇതിൻെറ കതിരു കണ്ടാൽ കുടുമയുടെ സാദൃശ്യമുള്ളതിനാൽ ഈ പേരുണ്ടായി. ചൂഡയുള്ളതു് എന്നർത്ഥം. ര. വെളുത്ത കന്നി.

**ചൂഡാലൻ**-ക്രി. കുടുമയുള്ളവൻ. ര. മയിൽ.

**ചൂഡാലം**-തല.

**ചൂണ്ട**-ക്രി. മീൻപിടിക്കുന്ന കൊളുത്തു്. (ചൂണ്ടൽ എന്നു നോക്കുക.) ര. ചില ക്ഷേത്രങ്ങളിൽ നേർച്ച കഴിക്കുന്നവരുടെ മുതുകത്തെ പുറത്തു കുത്തുന്ന ഇരിമ്പു കൊളുത്തു്.

**ചൂണ്ടകുത്തുക**-മുതുകത്തെ പുറത്തു ഇരിമ്പു കൊളുത്തുകൊണ്ടു കുത്തുക.

**ചൂണ്ടക്കാരൻ**-ചൂണ്ടകൊണ്ടു മീൻ പിടിക്കുന്നവൻ.

**ചൂണ്ടക്കോൽ**- ചൂണ്ടച്ചരടുകെട്ടുന്നകോൽ

**ചൂണ്ടച്ചരട്**-ചൂണ്ടകെട്ടുന്ന ചരടു്.

**ചൂണ്ടപ്പന**-കള്ളുചെത്തിയെടുക്കുന്ന ഒരുവക പന, കൂന്തപ്പന.

[കൂന്തപ്പന-ചുട്ടുതീരൽ, ഭ്രമം, പിത്തം, വെള്ളദാഹം ഇവകളെ തീർക്കും. രുചികരമാണു്. സംസ്കൃതത്തിൽ-മാഡം. തമിഴിൽ-കൂന്തർപ്പനൈ.]

**ചൂണ്ടൽ**-ഃ. മീൻപിടിക്കുന്ന ഇരിമ്പുകൊളുത്ത്. പര്യായങ്ങൾ-ബളിശം, മത്സ്യവേധനം. [ചൂണ്ട, ചൂണ്ടൽ. തമിഴിൽ-ചുണ്ടിൽ.] വ. ചൂണ്ടിക്കാണിക്കുക. ന. ഉണ്ടവില്ലുകൊണ്ടു തെറ്റുക. ര് ഒരുകളി.

**ചൂണ്ടാണി, ചൂണ്ടാണിവിരൽ**-ചെറിയ വിരലിന്റെ നാലാം വിരൽ. പര്യായങ്ങൾ-തജ്ജനി, പ്രദേശിനി.

**ചൂണ്ടുക**-ഃ. ചൂണ്ടിക്കാണിക്കുക. വ. തെറ്റവില്ലിൽ കല്ലുവെച്ചു തെറ്റുക. ന. വിളക്കിലെ തിരി നീട്ടുക.

**ചൂണ്ടുകോൽ**-വിളക്കിലെ തിരി നീട്ടുന്നതിനുള്ള കോൽ.

**ചൂണ്ടാന്നി, ചൂണ്ടോന്നിവിരൽ**-ചെറിയ വിരലിന്റെ നാലാംവിരൽ.

**ചൂതകം**-ഃ. മാവ് (വൃക്ഷം). വ. ചെറിയ കിണറ്.

**ചൂതപുഷ്പം**-മാവിന്റെ പൂവ്.

**ചൂതഫലം**-മാങ്ങ.

**ചൂതബീജം**-മാങ്ങയണ്ടി.

**ചൂതം**-ഃ മാവുവൃക്ഷം. വ. മാവിൻപൂ. ന. മാങ്ങ. ചൂതം എന്നതിനു പാനം ചെയ്യത്തക്ക രസമുള്ളതു എന്നർത്ഥം.

**ചൂതാടുക**-ചൂതുകളിക്കുക.

**ചൂതാട്ടം**-ചൂതുകളി.

**ചൂതായുധൻ**-കാമദേവൻ.

**ചൂതാളി**-ചൂതുകളിക്കാരൻ, ധൂർത്തൻ.

**ചൂത്**-ഃ. പകിട മുതലായ കളി. വ. പകിടയും മറ്റും കളിക്കുമ്പോൾ എണ്ണിവയ്ക്കുന്ന കരു. ന. ചതുരംഗക്കരു.

**ചൂതുകളി**-പകിട കമ്പിത്തായം മുതലായ കളി.

[ചൂതുകളി എന്നതിനു പര്യായങ്ങൾ-ദ്യൂതം, അക്ഷവതി, കൈതവം, പണം. ചൂതിന്റെ പേർ എന്നും അഭിപ്രായമുണ്ട്. ചൂതുകളിയിൽ വാതു പറഞ്ഞു പണയംകെട്ടുന്നതിൻപര്യായങ്ങൾ-പണം, ഗ്ലഹം. ചുക്കിണിക്കു പര്യായങ്ങൾ-അക്ഷം, ദേവനം, പാശകം.]

കൌരവസംഘത്തിലെ പ്രധാനച്ചൂതുകാരന്മാർ-ശകുനി, വിവിംശതി, ചിത്രസേനൻ, സത്യവ്രതൻ, പുരുമിത്രൻ, ജയൻ.

**ചൂതുകളിക്കുക**-പകിട കമ്പിത്തായം മുതലായവ കളിക്കുക.

**ചൂതുപടം**-ചൂതുകളിപ്പാൻ വരച്ചിട്ടുള്ള ശീലയോ കടലാസോ. പര്യായങ്ങൾ-അഷ്ടാപദം, ശാരിഫലം.

[ചൂതുവക്കുന്നതിനുള്ള കള്ളികൾ വരച്ചിട്ടുള്ള പലകയുടേയും അതുമാതിരി വര വരച്ചിട്ടുള്ള പ്രദേശത്തിന്റെയും പേർ ഇതുതന്നെ.]

**ചൂതുപൊരുതുക**-ചൂതുകളിക്കുക.

**ചൂതുപോര്**-ചൂതുകളി.

**ചൂത്ത്**-ഃ. വൃഷ്ണം, വ. ക്രതി. ന. വൃക്ഷണം. ര്. പുരുഷന്റെ ലിംഗം.

**ചൂന്നെടുക്കുന്നു**-തുരന്നെടുക്കുന്നു.

'ചൂന്നെടുത്തവിടെബ്ബാധിച്ചബാധവുംതീർത്തു
(ഭാഗവതം)

**ചൂരടിക്കുക**-മണക്കുക.

**ചൂരൽ**-മുള്ളുള്ള ഒരുമാതിരി ചെടി, പിരമ്പ്.

[ഇതിന്റെ അഗ്രം കൃമിയെ നശിപ്പിക്കും. രുചികരമാണ്. മലത്തെ ഇളക്കും. സംസ്കൃതത്തിൽ-വേത്രം. തമിഴിൽ-പിരമ്പ്.]

**ചൂരി, ചൂരിക**-ചെറിയ കിണറ്.

**ചൂരിവാൾ**-ഒരുമാതിരി വാൾ.

**ചൂര്**-മണം.

**ചൂർ**-ഃ. വാട, ഗാറം, ദുർഗ്ഗന്ധം. വ. ദുഃഖം, അനർത്ഥം. ന. വെറുപ്പ്, അരുചി. ര്. പിശാച്. ഉ. ശത്രു. ഊ. രാക്ഷസൻ.

ചൂൎണ്ണകം-കഠോരാക്ഷരങ്ങളും സമാസങ്ങളും ഇല്ലാത്ത ഒരുമാതിരി പദ്യം.

ചൂൎണ്ണകുന്തളം-കുനുനിര, നെററിക്കു നേരെയുള്ള ചെറുതായ ചുരുണ്ട തലമുടി. നെററിക്കു മേലെ വണ്ടിന്റെ ആകൃതിയിൽ വേറെവേറെ ഭംഗിയിൽ വെട്ടി നിറുത്തുന്ന തലമുടി. കസ്തൂരിക്കിഴങ്ങു മുതലായ വാസനാദ്രവ്യങ്ങൾ പൊടിച്ചിട്ടു സുഗന്ധമുണ്ടാക്കിത്തീൎത്ത കുന്തളങ്ങൾ എന്നൎത്ഥം.

ചൂൎണ്ണനം-പൊടിക്കുക.

ചൂൎണ്ണപാരദം-ചായില്യം.

ചൂൎണ്ണം-൧. പൊടി, ഗന്ധദ്രവ്യവിശേഷം. ൨. അരച്ചുപൊടിച്ച പൊടി ൩. ചൂൎണ്ണായ്യ്.

[വസ്ത്രാദികൾക്കു സൌരഭ്യമുണ്ടാക്കുന്നതിന്നു ഉപയോഗിക്കുന്ന പൊടി പൂകതൈലം മുതലായവക്കു ചൂൎണ്ണം എന്നു പറയാറുണ്ട്.]

ചൂൎണ്ണയന്ത്രം-പൊടിയാക്കുന്ന യന്ത്രം.

ചൂൎണ്ണി-൧. നൂറു കവടി കൂടിയതു്. ൨. ഭാഷ്യം.

[ഈ ഭാഷ്യം പാണിനിസൂത്രത്തെ അടിസ്ഥാനമാക്കി പതഞ്ജലിയുണ്ടാക്കിയ മഹാഭാരതം സംബന്ധിച്ചതാണ്.]

൩. ഒരു ർ പൊടി. ൪. ഒരു തുക (സംഖ്യ).

ചൂൎണ്ണിക-൧. നാടകങ്ങളിൽ പറയുന്ന ഒരുമാതിരി സംസ്കൃതവാക്യം, ഭാഷ്യം

[വാക്യങ്ങൾക്കു മൂന്നുവിധം സ്വരൂപമുള്ളതിൽ ഒന്നു്. അംശാംശിഭാവമില്ലാതെ ഒററയായി നീണ്ടു പോകുന്ന വാക്യം 'ചൂൎണ്ണിക'. ഉ-ം, 'എണ്ണക്കു വെള്ളത്തെക്കാൾ കനം കുറവും' (സാഹിത്യസാഹ്യം)]

൨. വറുത്തുപൊടിച്ച ധാന്യം.

ചൂൎണ്ണിക്കുക-പൊടിക്കുക.

ചൂൎണ്ണിതം-വി. പൊടിക്കപ്പെട്ട, ഉടയ്ക്കപ്പെട്ട, ഉണ്ടയുണ്ടയായി ചിതറപ്പെട്ട.

ചൂൎണ്ണികൃത്ത്-ഭാഷ്യകാരൻ.

ചൂന്ത്-തൂന്ത്.

ചൂലം-തലമുടി.

ചൂല്, ചൂൽ-തുറപ്പ, അടിച്ചുവാരുന്നതിന്നു ഈൎക്കിലും മററും കൊണ്ടു കെട്ടിയുണ്ടാക്കുന്ന വസ്തു. പൎയ്യായങ്ങൾ-സംമാൎജ്ജനി, ശോധനി

ചൂലിക-൧. കോഴിയുടെ പൂവു്. ൨. ആനയുടെ ചെവിക്കുററി.

ചൂഷ, ചൂഷ്യ-കച്ചക്കയറ്. (ആനയുടെ നടുഭാഗത്തു കെട്ടുന്നതു്)

ചൂള-൧. വായിൽ നിന്നു പുറപ്പെടുവിക്കുന്ന ഒരുമാതിരി ശബ്ദം, ചൂളംകുത്തു്. ൨. കക്കായും മററും നീററുന്നതിനുള്ള ഒരു മാതിരി അടുപ്പ്. ൩. ഒരുവക വൃക്ഷം.

ചൂളക്കാരൻ-കക്കായും മററും നീററുന്നവൻ.

ചൂളക്കുഴി-ചൂളഅടുപ്പിന്റെ കുഴി.

ചൂളൻ-ചൂളക്ക്.

ചൂളപാടുക-൧. വായ്കൊണ്ടു ഒരുമാതിരി ശബ്ദം പുറപ്പെടുവിക്കുക, ചൂളംകുത്തുക. ൨. നശിക്കുക.

ചൂളപ്പാട്ട്-൧. വായ്കൊണ്ടു ഒരുമാതിരി ശബ്ദം പുറപ്പെടുവിക്കുക, ചൂളംകുത്തുക ൨. നാശം.

ചൂളപ്രാവ്-ഒരുമാതിരി പക്ഷി, പച്ചക്കിളി. പൎയ്യായം-ഹാരീതം.

[പച്ചനിറവും കഴുത്തിനു ചെമന്ന വരയുമുള്ളതാണ്. മിഴിക്കു പാടലവൎണ്ണം. മാംസം-പിത്തകഫങ്ങൾക്കു നന്നു്. ബലികരമാണ്. ഒച്ച നന്നാക്കും. മുതലായ ഗുണം.]

ചൂളയിടുക-൧. ചൂളംകുത്തുക. ൨. ചൂളയടുപ്പിൽ തീയിടുക.

ചൂളവെക്കുക-ക്രി. ചൂളയടപ്പുണ്ടാക്കുക. ഉ. ചൂളയടപ്പിൽ കക്കയും മററും നിര ത്തി വെക്കുക.

ചൂളി-തലമുടി.

ചൂളിക-നാ. ആനയുടെ ചെവിക്കുററി. പൊന്തിനില്ക്കുന്നതെന്നർത്ഥം. ഉ. നാട കത്തിലെ ഒരു പൂർവാംഗം-അണിയറ യിൽ നിന്നു സംഗതികൾ വെളിവാക്കു ന്നതു്. (നാടകം എന്നതു നോക്കുക.)

ചൂളുന്നു-ചുളുങ്ങുന്നു.

ചൂഴ-അ. ചുററും.

ചൂഴം, ചൂഴ്ം-ചുററം.

ചൂഴവും, ചുഴലവും-അ ചുററിലും.

ചൂഴവേ-അ. ചുററിലും.

ചൂഴിക-ഭിത്തിപ്പുറത്തു വെക്കുന്ന ഉത്തരം

ചൂഴുന്നു-ക്രി. ചുററുന്നു.

'ഒന്നാമതേഴാഴികൾചൂഴുമൂഴിയും'

(മയൂരസന്ദേശം)

ഉ. വട്ടത്തിൽ തുളച്ചെടുക്കുക.

ചൂഴററ-വി. ചുററപ്പെട്ട.

---

## ചെ

ചെകതി-നാശം, തോൽവി.

ചെകം-ജഗത്തു്. (പ-മ.)

ചെകിടൻ, ചെവിടൻ-ചെവി കേൾ പ്പാൻ കഴിയാത്തവൻ. പര്യായങ്ങൾ- ഏഡൻ, ബധിരൻ.

ചെകിടടപ്പു്-ചെവി കേൾക്കാതാവുക.

ചെകിടടയുക-ക്രി. ചെവി കേൾക്കാതാ വുക, ഉ. ചെവി അടയുക.

ചെകിടടയ്ക്കുക-ചെവികേൾക്കാതാവുക

ചെകിടി-ചെവി കേൾക്കാത്തവൾ.

ചെകിടിക്കുന്നു-അമർപ്പിടിക്കുന്നു.

ചെകിടിപ്പു്-അമർപ്പിടിക്കുക

ചെകിട്-ക്രി. ചെവി. ഉ. ചെള്ള. ന. കാതിന്റെ ഭാഗത്തിനു ഇടതുവശം പൃ ഷ്ഠം കാണുന്നേടത്തു ബ്രാഹ്മണസ്ത്രീകളും മററും ഇടുന്ന ഒരാഭരണം. (കല്ലുവെച്ച തായിരിക്കും.)

ചെകിട്ടിലാക്കുക-കേൾക്കുക. (സം. ക്രി. ചെകിട്ടിലാക്കുക)

ചെകിള-ക്രി മീനിന്റെ തെക്ക്ള. ഉ. ഒരു മത്സ്യം.

ചെക്കൻ ചെറുക്കൻ.

ചെക്കലേ-അ. രാവിലേ.

ചെക്കൽ-പുലർകാലം.

ചെക്കാലി-വിഷമുള്ള ഒരുമാതിരി ചെ റിയ കടന്നൽ.

ചെക്കിടി-ഇടിമുഴക്കം.

ചെക്കിടിമിന്നൽ—മിന്നൽ, കൊള്ളി യാൻ.

ചെക്കിലിപ്പട്ടി-എല്ലായ്പ്പോഴും കരയുന്ന പട്ടി.

ചെങ്കടൽ-സമുദ്രത്തിന്റെ ഒരു ഭാഗം.

ചെങ്കടലാടി-ഒരുവക മരുന്നു്.

ചെങ്കണ്ണു്-ക്രി. ചുവന്ന കണ്ണു്. ഉ. ഒരു ദീനം, ചിമ്പക്കണ്ണു്.

ചെങ്കതിരോൻ-ആദിത്യൻ.

ചെങ്കനൽ-തീക്കട്ട.

ചെങ്കമലം-ചെന്താമര.

ചെങ്കരപ്പൻ-ഒരുവക മസൂരി.

[ആറ് അല്ലെങ്കിൽ പത്തു ദിവസം കഴിഞ്ഞാൽ പ്രയത്ന സാദ്ധ്യം]

ചെങ്കരപ്പൻ—കുട്ടികൾക്കുണ്ടാകുന്ന ഒരു ദീനം.

[ഈ കരപ്പനു-പനി, കരച്ചിൽ, വയ റു വലിക്കുക, അതിസാരം, മൂലംതള്ളൽ, സ്വരമടപ്പു്, ശരീരം മെലിച്ചിൽ ഇവ കാണും. ഇതിനു കരിഞ്ജീരകം, ചന്ദ നം, പാവട്ടാവേരു്, മുഞ്ഞി, ജാതിക്ക ഇവ സമം തേനിൽ മുക്കിടി സേവിക്ക].

ചെങ്കരിങ്ങാലി-ഒരുവക വൃക്ഷം.

[ഇതിനു സാമാന്യം കരിങ്ങാലിയുടെ ഗുണങ്ങളുണ്ടു്. വിശേഷിച്ചു് ആമവാതം, ജ്വരം, വ്രണം, മൂത്രപീഡ, രക്തരോഗം, രക്തവാതം ഇവക്കു നന്നു്. സംസ്കൃതത്തിൽ-രക്തഖദിരം].

ചെങ്കലശം-ഒരുവക വൃക്ഷം.

ചെങ്കല്ലു്-വെട്ടുകല്ലു്, ചെമന്ന കല്ലു്.

ചെങ്കവരിമാൻ-ഒരുവക മാൻ.

[ഇതിന്റെ മാംസം വാതപിത്തങ്ങൾക്കു നന്നു്. സംസ്കൃതത്തിൽ-രോഹിതം തമിഴിൽ-കേസരിയെങ്കിറ മൃഗം].

ചെങ്കവരിമീൻ-ഒരുവക നല്ല മത്സ്യം.

[മാംസം-വാതം, ശിരോരോഗം, ഛർദ്ദി, അസ്ഥിതവാതം ഇവക്കു നന്നു്. സംസ്കൃതത്തിൽ-രോഹിതം. തമിഴിൽ-ചെങ്കയൽമീൻ].

ചെങ്കളുത്തി-ഒരു പച്ചമരുന്നു്.

ചെങ്കള്ളു്-ചക്കരക്കള്ളു്.

ചെങ്കറുക-ചെമന്ന കറുക.

[കരിങ്കറുകയ്ക്കു തുല്യമായ ഗുണം തന്നെ. സംസ്കൃതം-അരുണദൂർവ്വ].

ചെങ്കാററു്-കഠിനമായ കിഴക്കൻ കാററു്

ചെങ്കുട്ടവൻ-കുട്ടനാടിന്റെ അധിപതിയായിരുന്ന ഒരു പ്രഭു, കുട്ടം എന്ന നാടു വാഴുന്നവൻ.

ചെങ്കുത്തു-കിഴക്കാന്തൂക്കു്.

ചെങ്കുന്നി-ഒരുവക വള്ളി.

ചെങ്കുമട്ടി-ഒരുവക കറിസാധനമുണ്ടാകുന്ന വള്ളി.

ചെങ്കുരമ്പ-ചെമന്ന നിറമുള്ള കരിമ്പു്, നല്ല കരിമ്പ.

ചെങ്കുറുഞ്ഞി-ഒരുവക പൂച്ചെടി, ചെമന്ന വാടാക്കുറിഞ്ഞി.

[കഫം, പിത്തം, വീക്കം, വയറുവീപ്പു്, രക്തദോഷം, വായുമുട്ടൽ, വാതരോഗം, ശൂലം, ചുമ ഇവക്കു നന്നു്. പൂവു് ചെമന്നിരിക്കും. സംസ്കൃതത്തിൽ-രക്താമ്ലാനം. തമിഴിൽ-ചെകപ്പുപ്പൂവുള്ള വാടാക്കുറിഞ്ഞി. ഇംഗ്ലീഷിൽ-(Amaranth) അമരന്തു്].

ചെങ്കൊടി-ചെമന്ന ശീലകൊണ്ടുണ്ടാക്കിയ കൊടിക്കൂറ.

ചെങ്കൊടിത്തൂവ-ഒരു വിരേചനീയദ്രവ്യം, തൊട്ടാൽ ചൊറിയുന്ന ഒരു പച്ചമരുന്നു്.

[വെൺകൊടിത്തൂവയുടെ ഗുണംതന്നെ ഇതിനുമുള്ളതു്. വിശേഷിച്ചു വാതം, വിഷമജ്വരം, പിത്തം, പ്രമേഹം, ഗുല്മം, മേഹം ഇവക്കു നന്നു്. സംസ്കൃതത്തിൽ-ദുരാലഭ. തമിഴിൽ-ചിറുകാഞ്ചൊറി].

ചെങ്കൊട്ടവേലി-ചെത്തിക്കൊടുവേലി.

ചെങ്കൊമ്പു്-മററു മൃഗത്തെ കൊല്ലുന്ന കൊമ്പുള്ള മൃഗത്തിന്റെ പേരു്.

ചെങ്കോൽ-പ്ര. രാജചിഹ്നം.

'മണിമയവിലസൽകാം
മലർചരചെങ്കോൽ'
(ഉത്തരരാമചരിതം ചമ്പു)

വ. രാജശക്തി.

ചെങ്ങഴിനീർക്കിഴങ്ങു്-ഒരുവക ചെടി.

വ. ഒരുവക താമരക്കിഴങ്ങു്.

ചെങ്ങഴിനീർപ്പൂ-ഒരുവക താമരപ്പൂവു്.

ചെങ്ങഴിനീർ-നല്ലവണ്ണം ചെമന്നതും, സന്ധ്യാകാലത്തിൽ വികസിക്കുന്നതുമായ ഒരുതരം ആമ്പൽ.

[ഗുണങ്ങൾ കരിങ്ങ സൌഗന്ധികത്തിനോടൊക്കും. സംസ്കൃതത്തിൽ-ഹല്ലകം. തമിഴിൽ-ചെങ്കഴുനീർ].

ചെങ്ങാതി-സ്നേഹിതൻ. പര്യായങ്ങൾ-സ്നിഗ്ദ്ധൻ, വയസ്യൻ, സവയസ്സു്.

ചെങ്ങാലപ്പുളവൻ-ഒരുവക കരപ്പൻ.

[ഒരുതരം പുളവൻപോലെ പൊളപ്പുണ്ടാകും. ഉടനുടൻ ചൊറിച്ചിലും വരും. ചലമൊഴുകും, ചില ഉണങ്ങും].

ചെങ്ങാലി-ഒരുവക പക്ഷി.
ചെങ്ങിന-വി. ചെമന്ന
ചെങ്ങി-ചെമന്ന.
ചെങ്ങുക-ചുവക്കുക.
'ചെങ്ങിയിളകുന്ന മിഴി'
(രാമചരിതം)
"വക്ത്രാം നേത്രേ ചിലസലിലവും
ചെങ്ങുമെൻ വല്ലഭയോടു"
ചെങ്ങുമിഴി-ചുവന്ന കണ്ണ്.
ചെഞ്ചെമ്മെ-അ. നേരെ, ചൊവ്വേ, ഏററവും, നല്ലവണ്ണം.
ചെഞ്ചല്യം-പയിനംപശ.
[വാതം, വിഷം, വിസർപ്പം, വിയർപ്പു മുതലായ പല രോഗങ്ങൾക്ക നന്ന്. സംസ്കൃതത്തിൽ-രാലം. തമിഴിൽ-കങ്കിലിയം].
ചെഞ്ചാന്ത്-ചെമന്ന സുഗന്ധവസ്തുക്കൾ അരച്ചുണ്ടാക്കിയതു്.
ചെഞ്ചാലി-ചെന്നെല്ല്.
ചെഞ്ചായം-ചെമന്ന ചായം.
ചെഞ്ചോറ്-ചായില്യം.
ചെഞ്ചിട-ചെമന്ന ജട.
ചെഞ്ചീര-ചെമന്ന ചീര.
[മദം, വായുമുട്ടൽ, പിത്തം, കഫം, രക്തദോഷം ഇവക്ക നന്ന്. മലത്തെ ഇളക്കും, വാതവർദ്ധനകരമാണ്. ഇതിന വാസ്തുച്ചീരയുടെ ആകൃതിയുണ്ട്. സംസ്കൃതത്തിൽ-പാലക്യാ. ഇംഗ്ലീഷിൽ-(Spinage)
ചെഞ്ചോടി-ചെമന്ന നിറമുള്ള ചുണ്ട്.
ചെഞ്ചോരി-ഒരുവക ചെടി.
ചെഞ്ചോളം-ഒരുവക ധാന്യം.
ചെടി-ക്രി. ചെറിയ മരം. വ. വളം.
ചെട്ടക്കനെ-തെരിക്കനെ, ചെട്ടെന്ന്. തമിഴിൽ-ചട്ടെൻറ്.
ചെടിക്കുക-ക്രി. അരോചകപ്പെടുക. വ. മതി എന്ന തോന്നുക.
ചെടിപ്പ്-ക്രി. അരോചകം വ. മതി എന്ന തോന്നൽ.
ചെട്ടി-ക്രി. ശൂദ്രരിൽ താണ ഒരു ജാതി. വ. കച്ചവടക്കാരൻ.
ചെട്ടിച്ചി-ചെട്ടിയുടെ സ്ത്രീ.
ചെട്ടിപ്പുല്ല്-ഒരുവക ധാന്യം.
ചെട്ടിവെള്ളരി-ഒരുവക വള്ളി.
[പിത്തം, അശ്മരി, പ്രമേഹം, ചുട്ടുനീറൽ, മൂത്രകൃച്ഛ്റം മെലിവു ഇവക്ക നന്ന്. സംസ്കൃതത്തിൽഗോപാലകർക്കടി]
ചെട്ടിയാർ-ചെട്ടി.
ചെട്ട-സിദ്ധാന്തം.
ചെണ്ട-ഒരുവക കൊട്ടുന്ന വാദ്യം. പര്യായം-ഡിണ്ഡിമം.
ചെണ്ടകൊട്ടിക്കുക-ക്രി. ചെണ്ട അടിപ്പിക്കുക. വ. ചതിക്കുക. ന. അബദ്ധത്തിൽ ചാടിക്കുക. ര. വഞ്ചിക്കുക.
ചെണ്ട്-ക്രി. പൊടിപ്പ്, കമ്പം. വ. പൂച്ചെണ്ട്. ന. ഭംഗി. ര. പൂങ്കുല. ഉ. പൂക്കൾ പൂങ്കുലമാതിരി കൂട്ടികെട്ടിയതു്.
ചെണ്ടകൊട്ട്-ചെണ്ട അടിച്ചു ശബ്ദിക്ക
ചെണ്ടകൊട്ടുക-ക്രി ചെണ്ട അടിക്കുക. വാദ്യം കൂട്ടുക. വ. വഞ്ചനയിൽ പെടുക.
ചെണ്ടക്കാരൻ —ചെണ്ട കൊട്ടുന്നവൻ. വ. ചതിക്കുന്നവൻ
ചെണ്ടക്കോൽ-ചെണ്ടകൊട്ടുന്ന കോൽ.
ചെണ്ടത്തം-ദോഷതാം. വ. അബദ്ധം.
ചെണ്ടൻ-മടിയനായ വലൻ.
ചെണ്ടപിണച്ചിൽ-ക്രി. ദോഷത്തിൽ അകപ്പെടുക വ. വഞ്ചിക്കപ്പെടുക.
ചെണ്ടപിണയുക-ദോഷത്തിൽ അകപ്പെടുക. വ. വഞ്ചിക്കപ്പെടുക.
ചെണ്ടാർ-ബന്ധു (പ-മ)
ചെണ്ടുമല്ലിക-ഒരുവക മഞ്ഞപ്പുഷ്പം.
ചെണ്ടമുറിയൻ-മനത്രപ്പഴം മുറിച്ചു വേകിച്ചതു്, പഴംനറുക്ക്.

ചെറുക്ക്-വി. ഗു. കേടുള്ള, ചീഞ്ഞയായ. വ. നിന്ദ്യമായ.

ചെറുക്ക്-കേട്, ചീഞ്ഞതം.

ചെറുമ്പൽ-മത്സ്യത്തിന്റെ പുറത്ത് വട്ടത്തിൽ ഇരിക്കുന്ന വസ്തു.

ചെത്ത-വി. ഉപയോഗമില്ലാത്ത, ജീർണ്ണിച്ച

ചെത്താ-ശബ്ദം.

ചെത്തൽ-ഗു. ചെത്തുക. വ. മത്സ്യത്തിന്റെ ചെതുമ്പൽ. ന. പല്ലിൽ ഇരിക്കുന്ന അഴുക്ക്.

ചെത്തി-ഒരുവക ചെമന്ന പൂവുള്ള ചെടി

ചെത്തിക്കൊട്ടുവേലി-ചെമന്ന കൊട്ടുവേലി.

ചെത്തു്-മുറിക്കുക, കണ്ടിക്കുക.

ചെത്തുക-ഗു. മുറിക്കുക. വ. കള്ളു ചെത്തിയെടുക്കുക. ന. സമമാക്കുക, കനംകുറയ്ക്കുക. ര. ചെത്തിപ്പറിക്കുക. ള. കൊയ്യുക

ചെത്തുകാരൻ-ഗു. ചെത്തുന്നവൻ. തെങ്ങു മുതലായവ ചെത്തി കള്ളെടുക്കുന്നവൻ. വ. മുറിക്കുന്നവൻ.

ചെത്തുപന-കള്ളെടുക്കുന്ന പന.

ചെത്തുപാട്-ഗു. ചെത്തിയപാട്. വ. ശബ്ദം.

ചെത്തുപാട്ടം-ചെത്തി കള്ളെടുക്കുന്നതിന മുതലാളിക്കു കൊടുക്കുന്ന ദ്രവ്യം.

ചെത്തുപൂള്-മരം ചെത്തുമ്പോഴുണ്ടാകുന്ന കനം കുറഞ്ഞ കഷണം.

ചെൻ-വി. ചെമപ്പുനിറമുള്ള, നന്മയുള്ള.

ചെന്തളിർ-ചെമന്ന തളിർ.

ചെന്തഴ-ചെമന്ന തഴ.

ചെന്താന്നി-ഒരു ചെടി.

ചെന്താമര-ചെമന്ന താമര.

[ഇതിന വെള്ളത്താമരയിൽ കാണുന്ന ഗുണമെല്ലാമുള്ള സംസ്കൃതത്തിൽ രക്തകമലം. തമിഴിൽ-ചെന്താമരൈ]

ചെന്താമരാക്ഷ-വി. ചെന്താമരപ്പൂപോലെ കണ്ണുള്ള.

ചെന്താമരാക്ഷൻ-ഗു. ചെന്താമരപ്പൂപോലെ കണ്ണുള്ളവൻ. വ. വിഷ്ണു. ന. സുന്ദരൻ.

ചെന്താരടി-ചെമന്ന പുഷ്പം പോലുള്ള കാലടി.

ചെന്താർ-ചെമന്ന പൂവ്.

ചെന്താർബാണൻ-കാമദേവൻ.

ചെന്താർമാനിനി ലക്ഷ്മീദേവി.

ചെന്താർശരൻ-കാമദേവൻ.

ചെന്തിന-ചെമന്ന തിന.

ചെന്തീ-ജ്വലിക്കുന്ന തീ.

ചെന്തുരു ഒരു ചെടി.

ചെന്തൂരകം-ചീഞ്ഞയായിട്ടുള്ള കങ്കമം.

ചെന്തെങ്ങ്-ചെമന്ന തേങ്ങയുണ്ടാകുന്ന തെങ്ങ്.

ചെന്ത്രം-സ്ത്രീകൾ കഴുത്തിൽ ഇടുന്ന ഒരാഭരണം.

ചെന-പർവ്വതങ്ങളിൽ കാണപ്പെടുന്ന സ്വല്പ ജലാശയം, മലയുറവ്.

ചെന്നപട്ടണം—മദിരാശി, മദ്രാസ്, Madras.

ചെന്നം-ചെകിട്.

ചെന്നായ്-കാട്ടുനായ്. പര്യായങ്ങൾ-കോകം, ഈഹാമൃഗം, വൃകം.

[ഇതിന്റെ മാംസം വാതം, പകിയ എന്നിവ ശമിപ്പിക്കുന്നു. ഉഷ്ണമായ താന്നാകം.]

ചെന്നി-ചെവിക്കും കണ്ണിനും ഇടയ്ക്കുള്ള അവയവം

ചെന്നികുത്ത്-തലകുത്ത്.

ചെന്നികുത്തുക-തലകുത്തുണ്ടാവുക.

ചെന്നിനായകം-ഒരു ഔഷധം.

ചെന്നീർ വൃണങ്ങളിൽ നിന്ന പുറപ്പെടുന്നതും അല്പം ചെന്നിറമായ വെള്ളം.

ചെന്നെല്ല്-ചെമന്നനെല്ല്, ചെഞ്ചാലി. [ത്രിദോഷം, രക്താദോഷം മുതലായ പല രോഗങ്ങൾക്കു നന്ന് ശാലികളിൽ വച്ചു ഉത്തമമാണ്. സംസ്കൃതം രക്തശാലി]

ചെപ്പം-ഭണ്ഡാരം, നിക്ഷേപപാത്രം.

ചെപ്പടി, ചെപ്പടികളി-ൻ ചെപ്പും പന്തുംകൊണ്ടുള്ള കളി. ര. ഉപായം.

ചെപ്പടിക്കാരൻ—ചെപ്പടിവിദ്യ ഉള്ളവൻ.

ചെപ്പടിവിദ്യ-ൻ. ചെപ്പും പന്തും കൊണ്ടു കളിക്കുന്ന ഒരു സമ്പ്രദായം. ര. വഞ്ചന, ഉപായം.

ചെപ്പി-ൻ ചെവി ര ചെകിട്. ന. കർണ്ണമലം. പര്യായ:-പിഞ്ഞ്ജൂഷം.

ചെപ്പിക്കാട്ടം-ചെവിയിലെ മലം, ചെവിക്കായം.

ചെപ്പിത്തോണ്ടി-ചെവിത്തോണ്ടി.

ചെപ്പു -ൻ അടപ്പുള്ളതായ ഒരുമാതിരി ചെറിയ മരപ്പാത്രം പര്യായങ്ങൾ-സമുൽഗകം, സമ്പുട(ക)ം. ചിമിഴ് ര. നിക്ഷേപപാത്രം. ന. ചെമ്പു.

ചെപ്പുകുടം-ചെമ്പുകൊണ്ടുള്ള കുടം.

ചെപ്പുട്-ആധാരം ചെയ്യുന്ന ചെമ്പുതകിട്.

ചെം-ൻ. ചെമന്ന. ര. ഭംഗിയുള്ള. (ഒരു ശുദ്ധബോധകം)

ചെപ്പു -ചെമന്ന നിറം.

ചെമ്പ-വി ചെമന്ന, ചെമ്പുനിറമുള്ള.

ചെമ്പ്-ൻ. ലോഹങ്ങളിൽ ഒരുവക പര്യായങ്ങൾ താമ്രം, ശുല്ബം, മ്ലേച്ഛമുഖം, ദ്വ്യഷ്ടം, വരിഷ്ഠം, ഉദുംബരം.

[ചെമ്പ്-കഫം, പിത്തം, മഹോദരം പാണ്ഡു മുതലായ പല രോഗങ്ങൾക്കു നന്ന്. വിശപ്പിനെ വരുത്തും. കണ്ണിനു നന്ന്. ശുദ്ധിച്ചു മാരണവും ശരിയാകാതിരിക്കുന്ന ചെമ്പ് അറിയാതെ ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിങ്കൽ വരിനെല്ലിന്റെ അരി അല്ലെങ്കിൽ വേരു കാച്ചിആണത്ത വെള്ളത്തിൽ അരച്ചു കലക്കി പഞ്ചസാര ചേർത്തു മൂന്നുദിവസം പ്രഭാതത്തിങ്കൽ സേവിക്കുക ]

ര. ഒരു വലിയ ചെമ്പുപാത്രം. ന. ചെമ്പുകൊണ്ടുള്ള ഏതെങ്കിലും വസ്തു. മ. വഞ്ചന.

ചെമ്പകപ്പൂ — ചെമ്പകവൃക്ഷത്തിന്റെ പൂവ്.

ചെമ്പകം-ഒരു സൌരഭ്യമുള്ള പൂവുണ്ടാകുന്ന മരം. മററു പര്യായങ്ങൾ—ചാമ്പേയം, ഹേമപുഷ്പകം.

[ഇതു ചുട്ടുനീറൽ, കുഷ്ഠം, വ്രണം, ചൊറി ഇവയ്ക്കു നന്ന്. ചെമ്പകമൊട്ട് മൂത്രകൃഛ്റത്തിനു അത്യുത്തമമാകുന്നു].

ചെമ്പകരാമൻ,ചെമ്പകരാമപ്പട്ടം-തിരുവിതാംകൂർ മഹാരാജാവു കൊടുത്തിട്ടുള്ള ഒരു സ്ഥാനപ്പേർ.

[കൃത്യനിഷ്ഠ, സ്വാമിഭക്തി, വിശ്വാസം ഇവക ഗുണങ്ങൾ ഉള്ള സർക്കാരുദ്യോഗസ്ഥന്മാരെ ഉത്സാഹിപ്പിക്കുന്നതിനു തിരുവിതാംകൂറിൽ ഏർപ്പെടുത്തപ്പെട്ട സ്ഥാനപ്പേർ].

ചെമ്പകശ്ശേരി-ഇടവകകളിൽ ഒന്ന്.

[എ. ഡി ൧൭൦൦-ൽ തിരുവിതാംകൂർ അനേകം ഇടവകകളായി ഭാഗിച്ചിരുന്നു. അവയിൽ ഒന്ന് അമ്പലപ്പുഴ താലൂക്കു മുഴുവൻ ചെമ്പകശ്ശേരി രാജാവു ഭരിച്ചു].

ചെമ്പഞ്ഞി-ചെമപ്പു ചായം എടുക്കുന്നതിനുള്ള ഒരുമാതിരി പഞ്ഞി.

ചെമ്പഞ്ഞിച്ചാറ്—ചെമ്പഞ്ഞി തിരുമ്മി പിഴിഞ്ഞെടുക്കുന്ന ചെമന്ന ചായവെള്ളം.

ചെമ്പട-ഒരു താളം.

ചെമ്പട്ടപ്പ്-വലിയ ചെമ്പുപാത്രം വെയ്ക്കുന്ന അടുപ്പ്.

ചെമ്പൻ-വി. ചെമ്പുനിറമുള്ള.

ചെമ്പൻതല-ചെമ്പുനിറമുള്ള തലമുടി.

ചെമ്പൻമീശ-ചെമ്പുനിറമുള്ള മീശ.

ചെമ്പരത്തി-ഒരുമാതിരി ചെമന്ന പൂവുള്ള പൂച്ചെടി. പര്യായങ്ങൾ-ഓണ്ഡ്രപുഷ്പം, ജവാ (പാ)പുഷ്പം.

[ഛർദ്ദി, പ്രമേഹം, പ്രദരം ഇവകൾ നന്ന്. ഗർഭവൃദ്ധിയെ ചെയ്യും. മലത്തെ പിടിക്കും. പൂവു ആദിത്യ പൂജക്കു നല്ലത്. തമിഴിൽ-ചെമ്പരത്തി. ഇംഗ്ലീഷിൽ (Shoe flower; China rose) ഷൂഫ്ളവർ, ചൈനാറോസ്.]

ചെമ്പരത്തിത്തടിയൻ-ഒരുവക കരപ്പൻ.

[ചെമ്പരത്തിപ്പൂപോലെ തടിച്ചു മാംസം പൊരുതാകും. തലനോവ്, പനി, ഓരോരോ ഭാഗം വീങ്ങുക ഇവ ലക്ഷണം].

ചെമ്പരുന്ത്-ചെമന്ന പരുന്ത്.

ചെമ്പലക-കനംകുറഞ്ഞ മരപ്പലക.

ചെമ്പല്ലി-പു. ഒരുവക ചെമന്ന മീൻ. വ. ഒരുമാതിരി ചെമന്ന നെല്ല്.

ചെമ്പഴുക്ക-പു. പഴുത്ത അടയ്ക്ക. വ. പഴുത്തുതുടങ്ങിയ കായ്.

ചെമ്പറക്കണ്ണൻ-കണ്ണു ചെമന്നിട്ടുള്ളവൻ.

ചെമ്പറം-പു. ചെമപ്പു നിറം. വ. പഴുത്തുതുടങ്ങിയ കായ്.

ചെമ്പാതി-നേരെ പാതി.

ചെമ്പാൻ-ചമ്പാവ്, ഒരുവക നെല്ല്.

ചെമ്പാലിപ്പട്ടം, ചെമ്പാരിപ്പട്ടം-പു. ചെമപ്പു വസ്ത്രം. വ. ആനയുടെ ചമയക്കോപ്പുകളിൽ ഒന്ന്, ആനപ്പുറത്തു വിരിക്കുന്ന കമ്പിളി. പര്യായങ്ങൾ-പ്രാവരണി, ആസ്തരണം, വർണ്ണം, കഥം, പരിസ്തോമം.

ചെമ്പിക്കുക-ചെമപ്പു നിറമായിതീരുക

ചെമ്പിച്ച-വി ചെമ്പുനിറമായ.

ചെമ്പിടുന്നു-ചെമ്പുപലക തറയ്ക്കുന്നു.

ചെമ്പിപ്പ്-ചെമപ്പുനിറമാക്കുക.

ചെമ്പുകപ്പൽ-ചെമ്പിട്ട കപ്പൽ.

ചെമ്പുകൊട്ടി-ചെമ്പുപണിക്കാരൻ. പര്യായങ്ങൾ-ശൌല്ബികൻ, താമ്രകുട്ടകൻ.

ചെമ്പുതെളിയുക-വഞ്ചന തെളിയുക. [സ-ക്രി ചെമ്പുതെളിയിക്കുക].

ചെമ്പുതൊട്ടി-വെള്ളം കോരി നിറയ്ക്കുന്നതിനുള്ള ഒരുമാതിരി ചെമ്പുപാത്രം.

ചെമ്പുപട്ടയം-ചെമ്പുതകിട്.

ചെമ്പുപലക-ചെമ്പുകൊണ്ടു പലകപോലെ ഉണ്ടാക്കിയതു്.

ചെമ്പുലി-പുഴക്കാപ്പുലി.

ചെമ്പേട്-ചെമ്പുപട്ടയം.

ചെമ്പൊൽത്തളിർ-ചെമന്ന തളിര്.

ചെമ്പൊൽത്താർ-ചെന്താമരപ്പൂവ്, ചെമന്ന പൂവ്.

ചെമ്പൊല്പദം-ചെന്താമരപ്പൂപോലുള്ള ഭംഗിയുള്ള കാൽച്ചുവട്.

ചെമ്പൊന്ന്-നല്ലനിറമുള്ള പൊന്ന്, ഒന്നാംതരം സ്വർണ്ണം.

ചെമ്പോത്ത്-ഒരു ചെമന്ന പക്ഷി, ഉപ്പൻ.

[മാംസം-വാതം, നേത്രരോഗം മുതലായവക്കു നന്ന്. സംസ്കൃതത്തിൽ-ഭരദ്വാജം. തമിഴിൽ-ചെമ്പോത്ത്. ഇംഗ്ലീഷിൽ-(Snake bird) സ്നേക് ബേഡ്.]

ചെമ്പ്രാക്കൊടി-പു. തകരം. വ. വെളുത്തിയം.

[ഇതു പുരാതനവാക്കാകുന്നു.]

ചെമ്പ്രാവള്ളി-ഒരുവക വള്ളി.

ചെമ്മണ്ണ്-ചെമന്ന മണ്ണ്.

ചെമ്മരം-ഒരു വൃക്ഷം. പര്യായങ്ങൾ-രോഹി, രോഹിതകം, പ്ലീഹശത്രു, ദാഡിമപുഷ്പകം.

[ഇതു പ്ലീഹ, യകൃത്ത്, വിഷം, ഉദരം, ഗുല്മം, കസ്തൂരരോഗം, രക്താമോഷം, കൃമി, നേത്രരോഗം, വ്രണം ഇവകൾ നന്നു്.]

ചെമ്മരിയാട്ട്-ഒരുവക നല്ലയാട്ട്.

ചെമ്മാത്തു്-ചേഷ്ടു്, നിന്ദിച്ചുകാട്ടുന്ന ഒരു കൈക്രിയ.

ചെമ്മാൻ-പു. ചെരിപ്പുകുത്തി. വ. ഒരുവക ചെമന്ന മാൻ.

ചെമ്മാനം-ചെമന്ന ആകാശം.

ചെമ്മാത്രു-കത്തനാരാകുന്നതിനു മുൻപുള്ള ഒരു സ്ഥാനം.

ചെമ്മീൻ-ഒരുവക മീൻ, കൊഞ്ചു്. പര്യായങ്ങൾ-നളമീനം, ചിളിചിമം.

[ചെമ്മീനിന്റെ മാംസം മൂന്നുദോഷങ്ങളേയും കോപിപ്പിക്കും. മത്സ്യങ്ങളിൽ വച്ചു ചീത്തയാണു്. വലുതും ചെറുതുമുണ്ടു്. ഇംഗ്ലീഷിൽ-(Shrimp)ഷ്റിമ്പ്]

ചെമ്മു്-പു. ഭംഗി. വ. നന്മ, അനുഗ്രഹം.

'ഇങ്ങിനെനമ്മുടെ സമ്പോൾചെമ്മുള്ളോരിമ്മിക്കൾ ല്ലങ്ങൊരുകോണത്തുകാണാമ്മുന്നു'

(കൃഷ്ണഗാഥ)

നാ. സാമ്മു്, സാത്തു്.

ചെമ്മുക-ചേർത്തിടുക.

ചെമ്മുരിങ്ങ-ഒരുവക മുരിങ്ങമരം.

[മുരിങ്ങയുടെ ഗുണംതന്നെ. വിശേഷിച്ചു വീക്കത്തിനു നന്നു്. പിത്തത്തെ കോപിപ്പിക്കയില്ല. പൂവു ചെമന്നിരിക്കും. സംസ്കൃതത്തിൽ-രക്തശിഗ്രു. തമിഴിൽ-ചെമ്മുരുങ്കൈ.]

ചെമ്മുള്ളി-ഒരുവക മുള്ളുള്ളചെടി.

ചെമ്മുക്കൻ-മൂക്കുചെമന്നവൻ.

ചെമ്മെ-അ. പു. നല്ലവണ്ണം, നല്ലതുപോലെ, ചൊവ്വേ. വ. വിശേഷാൽ.

ചെമ്മൊത്ത-അനുഗ്രഹവാക്കു്.

ചെയ്യം-പു. ഒഴുക്കം. വ. സാമർത്ഥ്യം. (പ മ.)

ചെയ്യരുതാത്ത-വി. പ്രവർത്തിച്ചുകൂടാത്ത

ചെയ്യുക-പ്രവർത്തിക്കുക, നടത്തുക.

ചെയ്തി, ചേതി-വർത്തമാനം, പ്രവൃത്തി, ചെയ്തകാര്യം.

'ഇച്ചെയ്തിയെല്ലാം രായസംപിള്ള വായിച്ചു...'

(പഴയരായസം)

[ഇവിടത്തെച്ചെയ്തി ആവിതു ഇതു ഴി നോക്കുക.]

ചെയ്തിപെട-വസ്തുതയറിവാനായി. (പ-മ)

'ചെയ്തിപെടച്ചോദിച്ചവനോടെ'

(ഭഗവൽഗീത മാധവപ്പണിക്കർ)

ചെക്ക്-കാടി.

ചെരിപ്പു്-പു. കാലിനു രക്ഷയ്ക്കായിട്ടു തോലുകൊണ്ടുണ്ടാക്കുന്ന സാധനം, മെതിയടി, പാദരക്ഷ പര്യായങ്ങൾ-പാദുക, പാദു, ഉപാനത്തു്. വ. അടിസ്ഥാനം, പുരത്തറയ്ക്കും മറവും ആദിയിൽ പണിയുന്ന കല്ലണി.

ചെരിപ്പുകുത്തി-ചെരിപ്പുണ്ടാക്കുന്ന ഒരു ജാതി.

ചെരിപ്പുവാറ്-ചെരിപ്പു കൂട്ടിക്കെട്ടുന്ന വാറു്.

ചെരിവു്, ചരിവു്, ചരുവു്-മലയുടെ ഇറക്കം.

ചെരുമൽ-ഞെരുക്കം.

ചെറ്റുപ്പു്-ചെറുമ്പു, ചകോരം.

ചെൽവം-നിക്ഷേപം,ധനം, ഐശ്വര്യം

ചെലത്ത-ശ്രേഷ്ഠ.

ചെലവു്-പു. തനിക്കാവശ്യമുള്ള കാര്യങ്ങൾക്കായിട്ടു കൊടുക്കുന്ന മുതൽ, ചെലവാക്കൽ. വ. ചെലവിനായിട്ടു നിശ്ചയിച്ചു വെച്ചിരിക്കുന്ന മുതൽ. ന. വില

ചെലവാഴിക്കുക-പ്ര. ചെലവിടുക. ൨. നശിപ്പിക്കുക.

ചെലവാറുക്കുക-പ്ര. ചെലവിടുക. ൨. നശിപ്പിക്കുക [ക ക്രി. ചെലവറുപ്പി ക്കുക ]

ചെലവറുപ്പ്-ചെലവാക്കുക.

ചെലവിട്ടുക-ചെലവാക്കുക.

ചെലുചെലുക്കുക-എണ്ണയിൽ വല്ലതും കിടന്നു വെന്തു ശബ്ദിക്കുക.

ചെലുചെലുപ്പ്-എണ്ണയിൽ വല്ലതും കിടന്നു പൊരിയുമ്പോഴത്തെ ശബ്ദം.

ചെലുചെലെ-അ. ക്രമമില്ലാത്ത ശബ്ദത്തോടെ.

ചെലുത്തുക-പ്ര. കടത്തുക. ൨. അടിച്ചു കേറുക ൩. നടത്തുക ൪. നടപ്പാക്കുക. ൫. തീർത്തുകൊടുക്കുക. ൬. നിവർത്തിക്കുക ൭. വളരെ തിന്നുക, ചെലുത്തുക, ചെലുത്തൽ.

ചെല്ലപ്പിള്ള-വാത്സല്യമുള്ള പൈതൽ.

ചെല്ലാ-പ്ര. താംബൂലഭാജനം. ൨. ചെറിയ പിച്ചളപ്പെട്ടി, ചെല്ലം എന്ന പാത്രം. ൩. പ്രൌഢാതിശയം. ഉ-ം, ചെല്ലക്കിടാവ്, ചെല്ലംകാര്യക്കാർ

ചെല്ല വിചാരിപ്പ്-തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ [illegible] വിചാരം

ചെല്ലി-പ്ര. കണ്ണിൽ ഉണ്ടാകുന്ന ഒരു [illegible] പുഴു. ൨. കൂട്ടത്തിൽ നിന്നു [illegible] പ്പായ മൃഗം ൩. [illegible] നശിപ്പിക്കുന്ന ചെള്ള് ൪. [illegible]

ചെല്ലുക-പ്ര. പോകുക ൨. എത്തുക ൩. പ്രവേശിക്കുക ൪. കഴിയുക, കടന്നുപോകുക ൫. സംഭവിക്കുക ൬. [illegible] ക്കുക. ൭. ചെല്ലൽ, ചെലവ്

ചെവി-ശബ്ദത്തെ അറിയുന്ന അവയവം (കാത്). പര്യായങ്ങൾ കർണ്ണം, ശബ്ദഗ്രഹം, ശ്രോത്രം, ശ്രുതി, ശ്രവണം, ശ്രവസ്സ്.

ചെവികടി-പ്ര. ചെവി ചൊറിച്ചിൽ. ൨. ചെവിയിൽ പറക.

ചെവികൊടുക്കുക-കേൾക്കുക.

ചെവിക്കല്ല്-ചെവിയുടെ അകത്തു ശബ്ദം തട്ടുന്ന ഒരു ഭാഗം.

ചെവിക്കായം-ചെവിയിലെ മലം.

ചെവിക്കടെ-ചെവിയുടെ മേൽഭാഗം.

ചെവിക്കുത്ത്-ചെവി വേദന. വെളുത്ത എരിക്കിന്റെ ഇലയിൽ ഇന്തുപ്പ് പൊടിയും നല്ലെണ്ണയും കൂടി [illegible] അല്പമായി പുരട്ടിയശേഷം തീയിൽ വാട്ടിപ്പിഴിഞ്ഞ നീര് മൂന്നു തുള്ളിവീതം ചെവിയിലൊഴിച്ചാൽ എത്രകഠിനമായ ചെവിക്കുത്തും ഉടൻ ശമിക്കും.

ചെവിക്കുന്നി-ചെവിയുടെ ഒരു ഭാഗം

ചെവിക്കൊള്ളുക-കേൾക്കുക.

ചെവിട്-പ്ര. ചെവി. ൨. ചെവികേൾക്കായ്ക.

ചെവിത്ത-[illegible]

ചെവിത്തട്ട്-ചെവിയുടെ കീഴ്ഭാഗം.

ചെവിതോണ്ടി ചെവിപ്പീ എടുക്കുന്ന വസ്തു

ചെവിപാർക്കുക-കേൾക്കുന്നതിനുവേണ്ടി ശ്രദ്ധയോടെ ചെവികൊടുക്കുക.

ചെവിപ്പാമ്പ്-ചെവിയിൽ കേറുന്ന ഒരു ചെറിയ പ്രാണി.

ചെവിപ്പീ ചെവിയിലെ മലം.

ചെവിപ്പൂ ചിലസ്ത്രീകൾ കാതിൽ ഇടുന്ന ആഭരണം.

ചെവിയൻ-മുയൽ.

ചെവിയാ-[illegible].

[[illegible], കഫം, പുഴു മുതലായ പല രോഗങ്ങൾക്കു നന്ന്. സംസ്കൃതത്തിൽ-[illegible]. തമിഴിൽ-ചെവ്വിയം.]

ചെവിയോൎമ്മ-കേൾക്കുന്നതിലെ ജാഗ്രത, ചെവിയുടെ സൂക്ഷ്മം.

ചെവ്വ്-ചൊവ്വ്, ഋജുത്വം, വളവില്ലായ്മ

ചെവ്വേ-അ. നേരെ.

ചെളി-ചേറ്, അഴുക്ക്.

ചെളിപ്പ്-ചെളുപ്പം (പ-മ.)

ചെളുക്ക-മത്സ്യത്തിന്റെ ചെതുമ്പൽ.

ചെള്ള്-൧. ഒരുവക ഈച്ച. ൨. തെങ്ങിന്മേൽ ഉപദ്രവിക്കുന്ന ഒരുവക പറക്കുന്ന ചെറിയ പ്രാണി.

ചെള്ള-൧ ചെകിട്. ൨. ചെളി.

ചെള്ളക്കുഴി-ചെളിക്കുഴി.

ചെള്ളം-ഒരുവക വൃക്ഷം.

ചെള്ളി-ചെമ്മീൻ.

ചെഴ-വി. ൧ നല്ലതായ. ൨, ബലമുള്ള. ൩. മനോഹരമായ.

ചെഴുന്ന-വലുതായുള്ള (പ-മ.)

ചെഴും-ധാരാളമായുള്ള. (പ-മ.)

ചെറിയ-വി. ൧. ചെറുതായുള്ള, അല്പമായുള്ള, സാരമില്ലാത്ത ൨. ഇളയ പ്രായമുള്ള.

ചെറിയ കണ്ടകാരിച്ചുണ്ട-ഉൾതുവള.

ചെറിയ കാട്ടുവെള്ളരി-പേക്കുമ്മട്ടി.

ചെറിയ കിച്ചുകിലുപ്പ്-പുള്ളില.

ചെറിയ കുമ്പളം-നെയ്ക്കുമ്പളം.

ചെറിയ കുരുവിക്കരുമ്പ് - ചെറിയ കശ.

ചെറിയത്-ചെറുതായുള്ളത്, താഴ്ന്നത്

ചെറിയവൻ - ൧ ഇളയപ്രായമുള്ള ആൾ. ൨, താഴ്ന്ന ആൾ.

ചെറിയിക്കുന്നു-ചെറുതാക്കുന്നു

ചെറുക്കുക-൧ എതിൎക്കുക. ൨ തടുക്കുക

ചെറുചുണ്ടി മുഖം വെളുത്ത കുരങ്ങ്.

ചെറു (ഒരു ശബ്ദഭേദം ) ൧ ചെറിയ. ൨, ഇളയപ്രായമുള്ള.

ചെറുക-ദേഹം.

[ചെറുകയടക്കുക=ദേഹം ചുരുക്കുക. ഉ-ം, 'മൂൎന്നു വൎഷമുറങ്ങുമനന്തരമുണൎന്നും ചെറുകയടക്കം'.]

(ഭഗവൽഗീത-മാധവപ്പണിക്കർ)

ചെറുകച്ച കോണകം.

ചെറുകച്ചോലം-ഒരു സൌരഭ്യമുള്ള മരുന്ന് പുളിമഞ്ഞൾ, കൃവ ചട്ടായങ്ങൾ-ശടി, ഗന്ധമൂലി, ഷൾഗ്രന്ഥിക, കൎപ്പൂരം, പലാശം.

[സന്നിപാതജ്വരം, വ്രണം, കാസം, കഫരോഗം, അരോചകം, ചൊറി, രക്തദോഷം, വക്ത്രരോഗം ഇവകളന്ന്].

ചെറുകടലാടി ഒരുവക പച്ചമരുന്ന്

ചെറുകടുക്—കടുക രണ്ടുതരമുള്ളതിൽ ഒന്ന്.

ചെറുകത്തി-ഒരുമാതിരി പിച്ചാത്തി.

ചെറുകദളി-ഒരുവക ചെടി.

ചെറുകമുക്-ഒരുവക കമുകുമരം.

ചെറുകഴുക്കോൽ-പുരയുടെ കഴുക്കോലിന്റെ ഇടയിൽ കോൎക്കുന്ന വാരി.

ചെറുകറിക്കോപ്പ്-പുണ്ട (പുണ്ടയ്ക്കാ), അച്ചിങ്ങ, അമരക്ക, വഴുതിനങ്ങ ഇത്യാദി.

ചെറുകാഞ്ഞിരം-ഒരുവക കൈപ്പുള്ള മരം

ചെറുകാര-ചെറിയ മുള്ളുകാട്.

ചെറുകിട-വി ഇളയ പ്രായമുള്ള കൊച്ചായുള്ള

ചെറുകിഴങ്ങ്-ഒരുമാതിരി ചെറിയ കിഴങ്ങ്.

ചെറുകിഴുകാനെല്ലി-ഒരുവക ചെടി

ചെറുകുക-കുറയുക, കൊച്ചാകുക, ചുരുങ്ങുക, ചുളുങ്ങുക.

ചെറുകുടൽ-ചെറിയ കുടൽ.

ചെറുകുഴിഴ്-വന്യവൎഗ്ഗത്തിൽചേൎന്ന ഒരു കാസസ്ഥദ്രവ്യം.

ചെറുകുമ്മട്ടി-കുമ്മട്ടിവകയിൽ ഒന്ന്.

ചെറുകുളമ്പൻ-ക്രൂരൻ(നായാട്ടുപേർ)

ചെറുകുറിഞ്ഞി-ഒരുവക ചെടി.

ചെറുകെ-അ. ചെറുതായിട്ടു, അല്പമായിട്ട്.

ചെറുകൈത-വിരകൈത

ചെറുകൈയ്പ്പ്-വി. കാറലു കയ്പ്പുള്ള.

ചെറുകൊന്ന-ഒരുവക വൃക്ഷം. തമിഴിൽ കോങ്കുമരം.

ചെറുകോൽപനച്ചി-ഒരു ചെടി.

ചെറുക്ലാവു്-ഒരു വൃക്ഷം. തമിഴിൽ ചെറകളം.

ചെറുക്കൻ-൧ ബാലൻ. ൨. ശിഷ്യൻ.

ചെറുക്കുക-൧. നിറുത്തുക. ൨. വിരോധിക്കുക. ൩. തടുക്കുക. ൪. കൊല്ലുക.

ചെറുചണ്ണം-ചണം രണ്ടുള്ളതിൽ ചെറിയമാതിരി.

ചെറുചാര-ഒരുവക നെല്ല്.

ചെറുചീര-ഒരുവക ചീര.

ചെറുചുണ്ട—ഒരുവക ചെടി, പുത്തരിച്ചുണ്ട.

ചെറുചൂട്-അല്പചൂട്, മന്ദോഷ്ണം.

ചെറുചൂരൽ-ഒരുവക ചൂരൽ.

ചെറുഞാണൊലി-ഞാണിന്റെ ഒച്ച

ചെറുതു-വി. കൊച്ചായിട്ടുള്ള, ഇളയ.

ചെറുത്-കൊച്ച്.

ചെറുതണ്ടി-വി. ചെറിയ തണ്ടിലുള്ള

ചെറുതരം-വി. ചെറിയ കൂട്ടത്തിലുള്ള.

ചെറുതാളി-ഒരുവക താളി.

ചെറുതുടലി ഒരുവക മുൾക്കാട്.

ചെറുതുളസി-ഒരുവക തുളസി.

ചെറുതേക്കു്-ഒരുവക പച്ചമരുന്നു്.

ചെറുതേൻ-ചെറിയ ഈച്ചയിൽ നിന്നുണ്ടാകുന്ന തേൻ.

ചെറുനാരകം-ജോനകനാരകം.

ചെറുനാരങ്ങ-൧. ജോനകനാരങ്ങ. ൨. മധുരനാരങ്ങ.

ചെറുനാവു്-ചെറുനാക്ക്, കുറുനാക്ക്.

ചെറുനാഴി-ഇടങ്ങഴിയിൽ നാലിൽ ഒരംശം.

ചെറുനീര്-മൂത്രം.

ചെറുപഞ്ചമൂലം-ഓരില മുതലായ അഞ്ചുവേരു മരുന്നിനും കൂടെയുള്ള പേർ.

ചെറുപയറു്-ഒരു പച്ചനിറമായ പയറ [കഫം, പിത്തം, നേത്രരോഗം, രക്തദോഷം, ജ്വരം, ഇവയ്ക്കു നന്ന്. കുറഞ്ഞൊരു വാതത്തെ കോപിപ്പിക്കും. ദേഹകാന്തിയെ ഉണ്ടാക്കും. മലത്തെ പിടിക്കും കണ്ണിനു ഹിതമാണ്. ശിംബിധാന്യങ്ങളിൽവെച്ച ശ്രേഷ്ഠമാണ്. ഇതു പലതരത്തിലുണ്ട്. സംസ്കൃതത്തിൽ മുൽഗം]

ചെറുപിടക്കോൽ-ഒരു ഔഷധച്ചെടി.

ചെറുപിന്നേററുതടി-ചെറിയ കന്നം.

ചെറുപുളി-അല്പമായിട്ടുള്ള പുളി.

ചെറുപുള്ളി-അല്പവൃത്തി മുതലുള്ള കുടിയാൻ.

ചെറുപൂള-ഒരു പച്ചമരുന്ന്.

ചെറുപ്പകാലം-ബാല്യകാലം, വയസ്സു കുറഞ്ഞിരിക്കുന്ന സമയം

ചെറുപ്പക്കാരൻ-ബാല്യക്കാരൻ, വയസ്സ് കുറഞ്ഞവൻ.

ചെറുപ്പക്കാരി-ബാല്യക്കാരത്തി, വയസ്സു കുറഞ്ഞവൾ.

ചെറുപ്പ-വി. ഇളവയസ്സുള്ള, ചെറിയ.

ചെറുപ്പം-ബാല്യം.

ചെറുപ്പുന്ന-ഒരുമാതിരി വൃക്ഷം, വല്ല ഭവം.

ചെറുപ്പുന്നയരി- ചെറുപ്പുന്ന വൃക്ഷത്തിന്റെ അരി, ഒരൌഷധമരുന്ന്.

ചെറുപ്പുള്ളടി-ഒരു പച്ചമരുന്ന്, നിലമ്പരണ്ട.

ചെറുമ-ചെറുപ്പം.

ചെറുമണലി-ഒരു ചെടി.

ചെറുമൻ-പുലയൻ.
ചെറുമന്തി-മുഖം വെളുത്ത കരങ്ങ്.
ചെറുമപ്പാട്ട്-പുലയന്റെ തീണ്ടാവഴി യകലം
ചെറുമരപാ-ഒരുവകവൃക്ഷം.
ചെറുമി-പുലയന്റെ സ്ത്രീ, പുലക്കള്ളി.
ചെറുമുല്ല-ഒരുവക പൂവുള്ള ചെടി.
ചെറുമുന്തിരി-കാട്ടുമുന്തിരി.
ചെറുവന്നി-കാട്ടുവന്നി. ചെറിയ ഇലയുള്ള ഒരു വൃക്ഷം.
ചെറുവഴുതിന-കാട്ടുവഴുതിന. ഒരു പച്ചമരുന്ന. കറുത്തചുണ്ട. ആനച്ചുണ്ട
ചെറുവാൾ-ഒരുമാതിരി ചെറിയ വാൾ
ചെറുവിത്ത്-മൂപ്പുകുറഞ്ഞ വിത്ത്, വേഗത്തിൽ വിളയുന്ന ഒരുമാതിരി നെല്ല്.
ചെറുവിരൽ-അഞ്ചുവിരലുള്ളതിൽ കൊച്ചു വിരൽ.
ചെറുവേലം-ഒരു വൃക്ഷം.
[കഫം, വാതരോഗം ഇവയ്ക്കു നന്ന്. പിത്തത്തെ വർദ്ധിപ്പിക്കും.]
ചെറുവേള-ഒരു ചെടി.
ചെറുശ്ശേരി-ഒരു ഗ്രന്ഥത്തിന്റെ പേര്, കൃഷ്ണപ്പാട്ട്, കൃഷ്ണഗാഥ
ചെറൂരൻ-ഒരുവക ചെടി.
ചെററ്-വി. അല്പം, കുറ. (തമിഴിൽ-ചെററു)
ചെററ-ഗ. വള്ളികൊണ്ടോ ഓലകൊണ്ടോ മിടഞ്ഞുണ്ടാക്കുന്ന വസ്തു. ഉ. പാവപ്പെട്ടവന്റെ വീട്, കുടിൽ.
ചെററക്കുടി-ചെററകൊണ്ടുണ്ടാക്കിയ വീട്.
ചെററത്തരം-ഹീനത, ആഭാസത്വം.
ചെററം-അ. അല്പമെങ്കിലും.

—ooo—

## ചേ

ചേകവത്തി, ചോവത്തി-ഈഴത്തി.
ചേകവൻ, ചോവൻ, ചേകോൻ-ഈഴവൻ, കള്ളുചെത്തുന്നവൻ.
ചേകവർ സേവകർ
ചേകിതാനൻ-ഗ ശിവൻ ഉ കേകയ രാജാവായ ധൃഷ്ടകേതുവിന്റെ പുത്രൻ, ഒരു യാദവരാജാവ്. മഹാഭാരതയുദ്ധത്തിൽ പാണ്ഡവരുടെ പക്ഷത്തിൽ ചേർന്നു യുദ്ധം ചെയ്തു.
ചേക്കുക-ഗ. വൃക്ഷങ്ങളിൽ കയറുക. ഉ. പക്ഷികൾ ചേക്കേറുക.
ചേക്ക-പക്ഷികൾ കൂടി രാത്രിയിൽ ഒരു വൃക്ഷത്തിൽ ഇരിക്കുക.
ചേക്കയിരിക്കുക-പക്ഷികൾ രാത്രിയിൽ ഒരു വൃക്ഷത്തിൽ കൂടി ഇരിക്കുക.
ചേക്കയിരിപ്പ്-പക്ഷികൾ രാത്രിയിൽ വൃക്ഷത്തിൽ കുടിയിരിക്കുക.
ചേക്കയേറുക, ചേക്കേറുക-പക്ഷികൾ രാത്രിയിൽ ഉറങ്ങുവാൻ കയറുക.

'കൂട്ടമതാമരപ്പൂക്കൾ
വിടരുന്നിതുമംബരത്തി
പ്രാക്കളും വന്നു ചേക്കേറ-
ന്നിക്കന്നസ്തമിതൻ ധ്രുവം'

(ഭാഷാഭൂഷണം)

ചേക്കൽ-അഴകുക, ചീയുക.
ചേക്ക്-പണംവെച്ചു കളിക്കുന്ന ഒരു കളി
ചേങ്കില, ചേങ്ങില ഓട്ടുകൊണ്ടുള്ള ഒരു വാദ്യം.
ചേങ്ങോൽ കോരപ്പുല്ല് പാലക്കാട്ടുപായ് ഇതുകൊണ്ടുണ്ടാക്കുന്നു.
ചേടകൻ, ചേടൻ ഭൃത്യൻ, വേലക്കാരൻ. അന്യൻ പറഞ്ഞതു കേട്ടു നടക്കുന്നവൻ എന്നർത്ഥം ഉ ജാരൻ.
ചേടൻ-നായകന്റെ സഹായി, നായികാനായകന്മാരെ അന്യോന്യം ചേർക്കുന്നതിൽ വിരുതൻ. (നായകസഹായികചതുഷ്ടയം നോക്കുക)

ചേടി-ഌ ദാസി. [ചേട്ട്=അഴക്-തമിഴിൽ.] വ. ഒരുതരം മണ്ണ്.

ചേടിമണ്ണ്-വെളുത്തമണ്ണ്.

ചേട്ട-ഌ. വൃത്തികേടിനുള്ള ഒരു മൂൎത്തി, മൂദേവി, ലക്ഷ്മിയുടെ ജ്യേഷ്ഠത്തി. വ. ചേട്ടത്തി. ന. ഒരുമാതിരി പാമ്പ്. ൪. ദുർബുദ്ധിയുള്ളവൾ.

ചേട്ടക്കാരൻ-വകയ്ക്കുകൊള്ളരുത്തവൻ.

ചേട്ടത്തി-ഌ. മൂത്തസഹോദരി. വ. ജ്യേഷ്ഠന്റെ ഭാൎയ്യ.

ചേട്ടൻ-ഌ. മൂത്തസഹോദരൻ, ജ്യേഷ്ഠൻ. വ. നായർ വൎഗ്ഗത്തിൽ അനുജത്തി ജ്യേഷ്ഠത്തിയുടെ ഭൎത്താവിനെ വിളിക്കുന്ന പേർ.

ചേട്ടവക-ഒരുവക പാമ്പ്.

ചേണ്-ഌ. ശക്തി, ബലം. വ. ഭംഗി. ന. സ്ഥിരത. ൪. മീൻപിടിപ്പാൻ വേ കൊണ്ടുണ്ടാക്കുന്നത്. ൫. അരിപ്പ്.

ചേണം-നാട്ടുകാരുടെ ഒരുമാതിരി ജീനി.

ചേണാൎന്ന-വി. ബലമുള്ള, ഉറപ്പുള്ള. [ചേൺ=ഉയൎച്ച. ആർ=അപൂൎവ്വം.] ഉയൎച്ചയുള്ളതും അപൂൎവ്വവുമായ എന്നൎത്ഥം

ചേണി-ഏണി, ശ്രേണി.

ചേണിയൽ-ഭംഗിയുള്ള. (പ-മ)

ചേണുററ-വി. ശക്തിയുള്ള.

ചേതകി-കടുക്കമരം. വിശേഷജ്ഞാനത്തെ ഉണ്ടാക്കുന്നതു് എന്നൎത്ഥം.

ചേതന-വി. ജീവനുള്ള.

ചേതന-ഌ. ബുദ്ധി. ഇതു നിമിത്തം ജ്ഞാനങ്ങളോടു കൂടിയിരിക്കുന്നു. അതിനാൽ ഈ പേരുണ്ടായി. വ. ജ്ഞാനം. ന. ജീവൻ.

[മനസ്സു സങ്കല്പവികല്പവും ബുദ്ധി നിശ്ചയാത്മികയുമാകുന്നു.]

ചേതനകി-കടുക്ക.

ചേതനൻ-പ്രാണിജ്ഞാനമുള്ളവൻ, ജീവനുള്ളവൻ.

ചേതനാ-ജീവശക്തി.

ചേതപാതം-നഷ്ടം, നാശ

ചേതം-ഌ. ഹാനി, നഷ്ടം, കാച്ചിൽ. വ. ഉപദ്രവം, നാശം. ന. ആപത്ത്.

ചേതയ്യൊം-ചേതസ്സിൽ. (പ-മ)

ചേതസ്സ്-മനസ്സ്. ഇതു കൊണ്ടറിയുന്നതിനാൽ ഈ പേരുണ്ടായി. വിശേഷജ്ഞാനമുള്ളതു് എന്നൎത്ഥം.

ചേതി, ചെയ്തി-വൎത്തമാനം.

ചേതിക-ചിച്ചകം.

ചേതിരിവു-കോടിക്കഴുക്കോലിൽ നിന്നു ഇറപ്പാത്തോട്ടം ഇറക്കുന്ന കഴുക്കോൽ.

ചേതോഭംഗം-മനസ്സു്.

ചേതോഹരം-വി ഌ. ആഹ്ലാദിക്കുന്ന. വ. ഇഷ്ടമുള്ള.

ചേദി-ഒരു പുരാതനരാജ്യം.

[ഇതിൽ ബന്ധവന്ധ് മദ്ധ്യദേശങ്ങൾ എന്നീ ആധുനിക വിഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു.]

ചേദിരാജൻ-ചേദിരാജ്യത്തെ രാജാവ്.

[ശിശുപാലൻ ഒരു ചേദിരാജാവാണ്.]

ചേന-ഒരുമാതിരി വട്ടത്തിലുള്ള കിഴങ്ങ്. പൎയ്യായങ്ങൾ- അൎശോഘ്നം, സൂരണം, കന്ദം.

[കാട്ടുചേനയ്ക്കു വനസൂരണം എന്നു പറയപ്പെടുന്നു. 'വനസൂരണകന്ദസ്തു വിശേഷാദൎശസാംഹിതഃ' എന്നു പ്രകാരം ചേന-കഫവാതരോഗങ്ങൾ, പ്ലീഹ, കൃമിരോഗം, ശ്വാസം, [illegible], കാസം, ഛൎദ്ദി, മൂലക്കുരു, [illegible], [illegible] ഇവക്കു നന്ന്. ദീപകമാണ്. അല്പം ഘൎഷണമുണ്ട്. അഗ്നിബലത്തെ ഉണ്ടാക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. പാചകമാകുന്നു. രക്തപിത്തം, ചൊറി, കുഷ്ഠം ഈ രോഗങ്ങളുള്ളവൎക്കു നന്നല്ല. ചേന അൎശസ്സിനു നന്ന്. ചെറിയ ചേന

ഇംഗ്ലീഷിൽ-A kind of yam എ കൈൻഡ് ഓഫ് യാം. കാട്ടുചേനൎ എന്ന ശബ്ദം നോക്കുക.]

ചേനത്തണ്ടൻ- form ഒരുമാതിരി പാമ്പ്. ഒരുമാതിരി വസ്ത്രം.

ചേനത്തലയൻ-കഷണ്ടിയുള്ളവൻ.

ചേന്തന്ന-നിലം, വയൽ.

ചേന്തൽ-ചെരിച്ചു ചെത്തുക.

ചേന്തുക-ചെരിച്ചു ചെത്തുക.

ചേപ്പ്-കീശ, കുപ്പായസഞ്ചി.

ചേമന്തി-ഒരുമാതിരി പൂച്ചെടി.

[വാതം, പിത്തം, കഫം, വായ്പുണ്ണ് മുതലായവൎ നന്ന്. പൂവ് വെളുത്തിരിക്കും. സംസ്കൃതത്തിൽ- ശതപത്രി.]

ചേമ്പ്-ചൊറിയുന്ന ഒരുമാതിരി ചെറിയ കിഴങ്ങ്.

[പിത്തത്തിനും രക്തദോഷത്തിനും നന്ന്. മുലപ്പാലിനെ വൎദ്ധിപ്പിക്കും കഫവാതങ്ങളെയും ബലത്തെയും അധികമാക്കും. വിഷ്ടംഭത്തെച്ചെയ്യും. മലമൂത്രങ്ങളെ പുറത്തു കളയും. ഇതിനോടു വെണ്ണചേൎത്തു ഭക്ഷിക്കരുത്. ഇതുപോലെയുള്ള മററു കിഴങ്ങുകളും ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിങ്കൽ ത്രികടു കഷായത്തിൽ കായം ചേൎത്തു സേവിക്കുക. സംസ്കൃതത്തിൽ-ആലുകം.]

ചേരു-form ഒരുവക വൃക്ഷം. പൎയ്യായങ്ങൾ-വീരവൃക്ഷം, അരുഷ്കരം, അഗ്നിമുഖ, ഭല്ലാതകി. ഒരളവ്. നട്ടെപ്പിനും മീതെ വല്ലതും വയ്ക്കുന്നതിനായിട്ട് കെട്ടിയുണ്ടാക്കുന്നത്.

[ചേർ ഒരു ഉപവിഷമാകുന്നു. പ്രധാനമായ പ്രത്യൌഷധം താന്നിയാണ. ചേൎക്കുരു ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിന് ചെറുചീര നീരു പഞ്ചസാര ചേൎത്തു സേവിക്കുക. ഇതു തട്ടിയുണ്ടാകുന്ന ശോഫാദി വികാരത്തിൽ ചെറുചീര സമൂലം കടുക് ഇവ സമം വെണ്ണചേൎത്തരച്ചു തേക്കുക. തമിഴിൽ-ശേങ്കൊട്ടൈ. ഇംഗ്ലീഷിൽ - Marking-nut plant. മാൎക്കിങ് നട് പ്ലാൻറ.]

ചേര-ഒരുവക വിഷമില്ലാത്ത പാമ്പ്. പൎയ്യായങ്ങൾ-രാജിലം, ഡുണ്ഡുഭം (ദുണ്ഡുഭം). (നായാട്ടുപേർ-എഴുത്താണിവാലൻ)

ചേരഉദയമാൎത്താണ്ഡവൎമ്മാ-ഒരു മഹാരാജാവ്.

[എ-ഡി ൧൩൨൪-ൽ തിരുവിതാംകൂറിൽ സിംഹാസനാരോഹണം ചെയ്തു]

ചേരട്ട-form പെരിക്കാലട്ട. പൎയ്യായങ്ങൾ-കൎണ്ണജളൌകസ്സ്, ശതപദി ഇവ ൨-ം പഴുതാരയുടെ പേരെന്നും പക്ഷമുണ്ട്. തമിഴിൽ-ചെവ്വട്ട. ചെന്നട്ട.

ചേരൻ-കേരളരാജ്യത്തിലെ പണ്ടത്തെ ഒരു രാജാവിൻെറ പേര്. കരന്ദമഹാരാജാവിൻെറ ഒരു പുത്രൻ.

ചേരക്കാററ-കിഴക്കൻ കാററ്.

ചേരട്ടപ്പാമ്പ്-ഒരുവക പാമ്പ്.

ചേരം-കേരളരാജ്യം, മലയാളം.

[പുരാതനകാലങ്ങളിൽ ചേരം, കേരളം ഒരു രാജ്യമായിരുന്നു. എ-ഡി-൩൨൫-ൽ രണ്ടു രാജ്യങ്ങളായി ഭവിച്ചു. ചേരരാജ്യത്തിൽ കോയമ്പത്തൂർ ജില്ലയും മൈസൂർ സേലം ഇവയുടെ ദക്ഷിണഭാഗങ്ങളും, കേരളത്തിൽ തിരുവിതാംകൂർ കൊച്ചി മലബാർ ഇവയും ഉൾപ്പെട്ടിരുന്നു.]

ചേരമാൻ കേരളൻ-കലി ൩൩൧൮-ൽ കേരളത്തെ ഭരിച്ച ഒരു രാജാവ്.

ചേരമാൻ പെരുമാൾ- കേരളത്തിലെ ഒടുവിലത്തെ പെരുമാൾ.

[ഭാസ്കരരവിപ്പെരുമാൾ എന്നും പറയും. കലി ൩൪൪൫-ൽ കേരളം ഭരിച്ചിരുന്നു. വളരെക്കാലം വാണിരുന്നിട്ടുണ്ട് അറിവ്.]

ചേരാത്ത-വി. ചേർച്ചയില്ലാത്ത, ഒരുമിപ്പില്ലാത്ത.

ചേരാമ്പതിവ്, ചേരമാമ്പതിവ്-ചേരമാൻ പെരുമാൾ മലയാളത്തിൽ പണ്ട് കല്പിച്ചിരുന്ന ചട്ടം.

ചേരായിസ്വരൂപം - കായംകുളം രാജാവ്.

ചേരായ്ക-യോജിപ്പില്ലായ്ക.

ചേരായ്മ-ചേർച്ചകേട്, ഒരുമിപ്പുകേട്.

ചേരി-പ്ര. പട്ടണം. വ. ചെറിയ ഗ്രാമം, ഗ്രാമം. ന. അയൽപക്കം. ർ. ജനക്കൂട്ടം. ൫ പട്ടാളത്തിൽ ഒരു ഭാഗം.

ചേരിക്കൽ-പ്ര. കൃഷിചെയ്യുന്ന മല. വ. മേതിക്കുന്ന സ്ഥലം. ന. രാജാക്കന്മാരുടെയും ക്ഷേത്രങ്ങളുടെയും വകയായ ഏറനാടും ഭൂമി. ർ. സങ്കേതം.

ചേരിക്കാർ-കരക്കാർ.

ചേരുക-പ്ര. സമീപിക്കുക. വ. കിട്ടുക. ന. സംബന്ധിക്കുക. ർ. കൂടുക. ൫. ഒന്നിക്കുക. ൬. ഉൾപ്പെടുക. [ചേർക്കുക. സ. ക്രി.]

ചേരുംവണ്ണം-ആ. ചേരുന്നപ്രകാരം, യുക്തംപോലെ

ചേരുമാനക്കാരൻ- ഒരു താഴ്ന്ന സർക്കാർ ഉദ്യോഗസ്ഥൻ. വ. ഒരു ഗ്രാമത്തിലെ പ്രമാണി.

ചേരുമാനം-പ്ര. ശേഖരം. വ. സർക്കാരിൽ ഒരു താഴ്ന്ന ഉദ്യോഗം. ന. സംബന്ധം. ർ. കലച്ച്, മിശ്രം.

ചേരുവ-ചേർച്ച്, കലർച്ച.

ചേർ-വി. ചേരുന്ന. (പ-മ.)

ചേക്കുരു-ചേരുമരത്തിന്റെ കായ്.

ചേർച്ച-പ്ര. സ്നേഹം. വ. യോജിപ്പ്, സംബന്ധം. ന. യോഗ്യത. ർ. അടുപ്പം. [ചേർ എന്ന ധാതുവിൽനിന്ന്. ചേർ, ചേർപ്പ്, ചേക്കൾ മുതലായതു നോക്കുക ]

ചേർച്ചകേട്-യോജിപ്പില്ലായ്ക.

ചേർച്ചക്കാരൻ-ചേർച്ചയുള്ളവൻ.

ചേർത്ത-വി. അരികെയുള്ള, മുറിച്ച.

ചേർന്ന-വി. അരികെയുള്ള, യോജിച്ച, സംബന്ധിച്ച.

ചേർന്നവൻ-സ്നേഹിതൻ, ഉടപ്പക്കാരൻ.

ചേർന്നുകൂടുക-പ്ര. ഏല്ക്കുക. വ. ഒന്നിച്ച് കൂടുക. ന. വല്ലതും സാധിക്കുന്നതിന്നു വേണ്ടി സ്നേഹം ഭാവിക്കുക.

ചേർപ്പടം-മുഷിഞ്ഞ മുണ്ട്.

ചേർപ്പ്-പ്ര. ഒന്നിപ്പ്. വ. ഐക്യത, ചേർക്കുക.

ചേർമങ്ങല-ചേങ്ങില.

'മേളത്തിൽനിന്നുതകിലുംമുരശും
താളംപിഴക്കാതെചേർമങ്ങലയും'
(അജ്ഞാനകഠാരം)

ചേർലാഭം-കൊഴലാഭം.

ചേൽ(ല്)-ഭംഗി.

ചേല്(ൽ)-വി. പ്ര ഭംഗിയുള്ള. [ചേൽ =ചെല്ലം. ഉ-ം, ചേൽക്കണ്ണാൾ ] വ. നിറപ്പുള്ള. ന. യോഗ്യമായുള്ള. ർ. സ്നേഹമുള്ള. ൫. ആശ്വാസമുള്ള. ൬. ഭാരമുള്ള.

ചേൽക്കണ്ണാൾ-സുന്ദരി. (ചേല് എന്നതു നോക്കുക.)

ചേവ-വി. ന്യൂനമായ

ചേല-പ്ര സ്ത്രീകൾ ഉടുക്കുന്ന കരയുള്ള വസ്ത്രം. വ. ചേലാകർമ്മം. ന. ഒരുവക വൃക്ഷം (ഈ വൃക്ഷത്തിന്റെ തോലി.)

ചേലകം-ഒരു സുഗന്ധമുള്ള പുല്ലിന്റെ പേർ.

ചേലപ്രക്ഷാളകൻ-വെളുത്തേടൻ, അലക്കുകാരൻ.

ചേലം-പ്ര. വസ്ത്രം. മറയപ്പെടുന്നതെന്നർഥം.

'ചേലാന്തേന തിരോധത്തേ സ്തനതടം
ബിംബാധരം പാണിനാ'
(കുവലയാനന്ദം)

[ചേലം എന്ന ശബ്ദം പദങ്ങളുടെ ഒടുവിൽ വരുമ്പോൾ 'ഹീനത്വ' എന്നർത്ഥം വരും. ഉ-ം, ഭാര്യാചേലം].

൨. ഒരു പട്ടണം.

**ചേലമരം**-ഒരുമാതിരി വൃക്ഷം.

**ചേലാ**-വസ്ത്രം.

**ചേലാകർമ്മം**-മംഗല്യക്കല്യാണം.

**ചേലാക്കുക**-൧. നിരപ്പാവുക. ൨. യോഗ്യമാക്കുക. ൩. അലങ്കൃതമാക്കുക. ൪. സുഖം വരുക. [ചേലാക്കുക. സ. ക്രി.]

**ചേലാലം**-വെള്ളരിക്ക.

**ചേലിക**-റവുക്ക.

**ചേലിചീമം, ചേലിമം**-ചെമ്മീൻ.

**ചൈലേയകം, ചൈലേയം**-൧. ഒരു അങ്ങാടിമരുന്ന്, കൽപ്പൂവ്. പര്യായങ്ങൾ-കാലാനുസാര്യം, വൃദ്ധം, അശ്മപുഷ്പം, ശീതശിവം, ശൈലേയം.

[ശൈലേയം-ജ്വരം, ചുട്ടുനീറൽ, കഫം, പിത്തം, രക്തദോഷം, ദാഹം, ഛർദ്ദി, ശ്വാസം, വിഷം, കാസം, രക്തപിത്തം, വായുമുട്ടൽ, ചൊറി, കുഷ്ഠം, അശ്മരി, വ്രണം ഇവകൾ നന്ന്. ശീതളമാണ്. രുചിയെ ഉണ്ടാക്കും. തമിഴിൽ-കൽമുള്ള്. ഇംഗ്ലീഷിൽ-(Permelia, Benzoin)പെർമേലിയാ ബെൻസോയിൻ].

൨. ചാതുര്യം.

**ചേൽ**-അ. ൧. എങ്കിൽ. മറെറാരു പര്യായം-യദി. ൨. എന്ന്.

**ചേൽക്കണ്ണി**-നല്ല കണ്ണുള്ളവൾ, സുന്ദരി.

**ചേവകക്കാരൻ**-൧. ഭൃത്യൻ. ൨. ഭടൻ.

**ചേവകൻ**-൧. സേവകൻ. ൨. ഭൃത്യൻ. ൩. ഭടൻ. ൪. ശിപായി.

**ചേവകം**-൧. സേവ. ൨. ഉദ്യോഗം. ൩. യുദ്ധസാമർത്ഥ്യം.

**ചേവകമോടി**-സേവകന്മാരുടെ ചമയം

**ചേവടി**-൧. പാദം, കാൽ ചുവട്. ൨. വണങ്ങുവാൻ തക്ക പാദം. ൩. (ചെ + അടി) ചെമന്ന കാൽ.

**ചേവടിത്തളിർ, ചേവടിത്താർ**-ഭംഗിയുള്ള കാൽ ചുവട്.

**ചേവൽ**-പൂവൻകോഴി.

[ചാവൽ എന്നതു അധികം നടപ്പ്]

**ചേഷ്ട, ചേഷ്ടനം**-൧. ഗോഷ്ഠി. ൨. വ്യാപാരം. ൩. പ്രവൃത്തി. ൪. ഹിതാഹിതപ്രാപ്തിപരിഹാരാർത്ഥക്രിയ.

**ചേഷ്ടിക്കുക**-പ്രവർത്തിക്കുക.

**ചേഷ്ടിതം**-പ്രവൃത്തി.

**ചേള**-ഒരുവക മീൻ. ചെളാക്കോര.

**ചേളാകം**-കച്ചവടച്ചരക്ക് ഇട്ട് തോളിൽ വഹിച്ചുംകൊണ്ട് നടക്കുന്ന ഒരുമാതിരി സഞ്ചി, ചാക്ക്.

**ചേറൽ**-അരിയും മററും മുറത്തിലിട്ട് തിരിക്കുക. ചേററുക (പാററുക).

**ചേറ്**-൧. ചെളി. ൨. ചേർമരം.

**ചേറുക**-നെല്ല് മുതലായതിന്റെ പതിർ കളഞ്ഞു ശുദ്ധിയാക്കുക, പാററുക (ചേററുക).

**ചേറുമീൻ**-ഒരുവക മത്സ്യം.

**ചേറുമുറം**—അരിയുംമററും തിരിക്കുന്ന മുറം. ചേററുന്ന (പാററുന്ന) മുറം.

**ചേററുകണ്ടം**—പാടം. (ചേററുകണ്ടം > <പൂഴിക്കണ്ടം). നീരുവിതയ്ക്കുള്ള കണ്ടം.

**ചേററുകത്തി**—ചോകോന്മാരു കൊണ്ടു നടക്കുന്ന ഒരുമാതിരി വീതിയുള്ള കത്തി

**ചേററുപടി**-൧. നിരയുള്ള അടിപ്പടി. പര്യായങ്ങൾ-ഗുഹാവഗാഹനി, ദേഹളി. ൨. പിച്ചാത്തി മുതലായവ തേയ്ക്കുന്ന മരക്കഷണം.

ചേറുപാട്-ചേറുള്ള മണ്ണ് (നിലം).
ചോറൂറിത-കണ്ഠത്തിൽ വിരയ്ക്കുക.

## ചൈ

ചൈതന്യചന്ദ്രോദയം-ഒരു നാടകം [ഇതു കവികർണ്ണപൂരൻ ഉണ്ടാക്കിയതാണ്. ചൈതന്യൻ ഒരു വൈഷ്ണവപരിഷ്കാരിയായിരുന്നു. വിഷ്ണുവിൻെറ ഒരവതാരമെന്നു ചിലരുടെ അഭിപ്രായം].
ചൈതന്യൻ-ഒരു വൈഷ്ണവപരിഷ്കാരി
ചൈതന്യഭേദചതുഷ്ടയം— പ്രമാതൃചൈതന്യം, പ്രമാണചൈതന്യം, പ്രമാചൈതന്യം, പ്രമേയ ചൈതന്യം (വിഷയചൈതന്യം)
ചൈതന്യം-പ്ര. ആത്മാവിൻെറ അവസ്ഥ. വ. ജീവശക്തി. ന. വീര്യം.
ചൈത്താൻ, ചെകിത്താൻ-പിശാച്, രാക്ഷസൻ. (അറബിഭാഷ).
ചൈത്യ-വി. ഈശ്വരാരാധനയുള്ള.
ചൈത്യം-പ്ര. യജ്ഞസ്ഥാനവിശേഷം. അഗ്നിയുടേതെന്നർത്ഥം. ബലിക്കുള്ള സ്ഥലം, ബലിപീഠം. വ. ദേവാലയം, ക്ഷേത്രം. ന. ഗ്രാമപൂജിതവൃക്ഷം. ര. ഓർമ്മയ്ക്കുതകുന്ന അടയാളം ഉ. ബൌദ്ധാലയം.
ചൈത്യകം-അരയാൽ.
ചൈത്യതരു-അരയാൽ.
ചൈത്രമാസം, ചൈത്രം—മേടമാസം. ചിത്തിരനക്ഷത്രത്തോടുകൂടിയ പൂർണ്ണിമ ഈ മാസത്തിൽ വരുന്നതിനാൽ ഈ പേരുണ്ടായി.
ചൈത്രരഥം-വൈശ്രവണൻെറ പൂങ്കാവ്. ചിത്രരഥൻ എന്ന ഗന്ധർവ്വനാൽ നിർമ്മിക്കപ്പെട്ടതുകൊണ്ട് ഈ പേരുണ്ടായി.
ചൈത്രി-ചൈത്രമാസത്തിലെ പൂർണ്ണിമ.
ചൈത്രികം, ചൈത്രി-മേടമാസം.
ചൈദ്യൻ-ചേദിരാജ്യത്തെ രാജാവ്.
ചൈല-വി. വസ്ത്രംകൊണ്ടുണ്ടാക്കിയ.
ചൈലധാവൻ-വെളുത്തേടൻ, അലക്കുകാരൻ.
ചൈലം-പ്ര വസ്ത്രം [ചേലം എന്നതിൻെറ പാഠം]. വ. മാംസം.

## ചൊ

ചൊക്കട്ടാൻ ഒരുമാതിരി ചൂതുകളി.
ചൊക്കട്ടാമണ്ഡപം-പ്ര. ഒരുമാതിരി ആസ്ഥാനമണ്ഡപം. വ. ഒരുമാതിരി കളിസ്ഥലം.
ചൊക്കൻ-പ്ര. കാവൽ കാക്കുന്ന പട്ടി. വ. കരങ്ങ്. ന. പട്ടി.
ചൊക്കനാഥൻ--യുധിഷ്ഠിരവിജയവ്യാഖ്യാനത്തിൻെറ കർത്താവ്. ചൊക്കം=(തമിഴിൽ) ഭംഗി.
ചൊക്കി—പ്ര. കൃത്തിപ്പട്ടി. വ. പെൺപൂച്ച. ന. ചെണ്ടുമല്ലിക (ചീനച്ചെക്കി) ര. പെൺകരങ്ങ്.
ചൊക്കിളി-ശൃംഗാരവിനോദം.
ചൊങ്കൻ-ഒരു കൈ ശോഷിച്ചിട്ടുള്ളവൻ.
ചൊങ്കുകൈയൻ-കൈ ശോഷിച്ചിട്ടുള്ളവൻ
ചൊങ്കുകൈയ്-ശോഷിച്ച കൈയ്.
ചൊടി-പ്ര മനുഷ്യരുടെ ചുണ്ട്. വ. വേഗം ന. ചൂട്. ര. കോപം, കടുപ്പം.
ചൊടിക്കുക-പ്ര ചുറുക്കുണ്ടാകുക. വ. കോപിക്കുക.

'ചൊടിച്ചു ദാസ്യമാരെക്കൊ-
ണ്ടടിച്ചു ശണ്ഠയും കൂട്ടും'
(നാളായണീചരിതം ഉള്ളൂർ)

ന. വേഗത്തിൽ പറകയോ പ്രവർത്തിക്കയോ ചെയ്യുക
ചൊടിപ്പ്-പ്ര. വേഗം. വ. ചൂട്. ന. കോപം.

**ചൊടിയൻ**-ഒരുവക മത്സ്യം.

**ചൊട്ട്**-ന. നഷ്ടം. വ. ചൂട്. ന. തുള്ളി, ഇററിററ ക്രി. മുഷ്ടികൊണ്ടു തലക്കിട്ടിടിക്ക.

**ചൊട്ട**-വി. ചെറിയ.

**ചൊട്ട**-ന. ഒരുവക ചെറിയ വാൾ വ. തെങ്ങു മുതലായവയുടെ കല വരുന്നതു് ന. വിരിയാത്ത പൂക്കുല. ക്രി. പൈതങ്ങളുടെ ഒരുമാതിരി കളി.

**ചൊട്ടക**-ഒരുമാതിരി ചെറിയ വാൾ.

**ചൊട്ടച്ചാൺ**-കൈയുടെ പെരുവിരലും ചൂണ്ടാണിയും കൊണ്ടുള്ള ഒരളവു്.

**ചൊട്ടപ്പൂട്ട്**-പറങ്കിത്താഴ്.

**ചൊട്ടാൾ**-ചെറിയ ആൾ.

**ചൊട്ടി**-ന കഷണ്ടി. വ. ചൊട്ടവാൾ. ഉ-ം 'ചൊട്ടികൾ ഈട്ടികൾ'. ന. രണ്ടു കമ്പുകൊണ്ടുള്ള ഒരുമാതിരിക്കളി, ചൊട്ടിയും കോലും (കണിയും) കൊണ്ടുള്ള കളി. ചൊട്ടി-വലിയ കമ്പ്. കണി= ചെറിയ കമ്പ്.

**ചൊട്ടിത്തല**-കഷണ്ടിത്തല.

**ചൊട്ടിപ്പ്**-ന. വഞ്ചന. വ. ഇല്ലാത്തഭാഗം. ന. നഷ്ടം. ക്രി. കൃത്രിമം.

**ചൊട്ടുക**-ന. ഇററിററ വീഴുക. വ. കൈ ചുരുട്ടിപ്പിടിച്ചുംകൊണ്ടു തലക്കിടിക്കുക, കിഴുക്കുക. ന. വഞ്ചിക്കപ്പെടുക. ക്രി. ഭംഗം വരുക. (ചൊട്ടിക്കുക സ. ക്രി).

**ചൊട്ടുകാര്യം**-നിസ്സാരകാര്യം.

**ചൊത്തി**-വി. കാച്ചിലുള്ള, ശോഷിച്ച.

**ചൊത്തി**-ന. അവയവങ്ങളിലെ കാറ്റു്, കാച്ചിൽ. വ. ശോഷിച്ച കൈ.

**ചൊത്തിക്കൈയൻ**-കൈ വളഞ്ഞോ ശോഷിച്ചോ ഉള്ളവൻ

**ചൊത്തിക്കൈ**-വളഞ്ഞോ ശോഷിച്ചോ ഉള്ള കൈ.

**ചൊത്ത്**-ചെരുക്കപിടിച്ച വസ്തുവിലുള്ള ഭാരം

**ചൊന**-ചെമപ്പുനിറം.

**ചൊന്നാൻ**-പൊൻപണിക്കാർക്കു ചില ദിക്കിൽ കൊടുക്കുന്ന ബഹുമാനപ്പേർ.

**ചൊരകുത്തു**-ചോർച്ച അടയ്ക്കുക.

**ചൊരി**-ചോര.

**ചൊരികലമുണ്ണി**-പിശുക്കൻ.

**ചൊരിച്ചിൽ**-ന ഒഴിക്കുക, ഒഴുകുക വ. അധികമായി പെയ്യുക, വർഷിക്കുക.

**ചൊരിമഴ**-പെരുമഴ.

**ചൊരിയുക**-ഒഴിക്കുക. പൊഴിക്കുക വ. ചിന്തുക (കാ. ക്രി. ചൊരിയിക്കുക).

**ചൊരിവ്**-ഒഴുക്കൽ, പൊഴിച്ചിൽ.

**ചൊരുകുക**-(ചൊരുക) തിരുകുക

**ചൊരുക്ക്**-ന. അമലുള്ള വസ്തുക്കൾ ഭക്ഷിച്ചാലുള്ള ഉപദ്രവം, പക വ. ലഹരി.

**ചൊരുക്കൻ**-വി. ചൊരുക്കുണ്ടാക്കുന്ന, ലഹരി പിടിക്കുന്ന.

**ചൊരുക്കൽ**-അമലുള്ള വസ്തുക്കൾ ഭക്ഷിച്ചാലുണ്ടാകുന്ന ഉപദ്രവം പക, ലഹരി.

**ചൊരുക്കുക**-ലഹരിപിടിക്കുക, തലയ്ക്കു മാന്ദ്യം വരുക.

**ചൊൽ**-ന. കീർത്തി. വ. ആജ്ഞ.

**ചൊല്ക്കണ്ണി**-സുന്ദരി.

**ചൊല്ക്കീഴ്**-വി. അനുസരണമുള്ള.

**ചൊല്ക്കൊണ്ട** വി. കേൾവിപ്പെട്ട, പ്രസിദ്ധമായ.

**ചൊല്ക്കൊള്ളുക**-കേൾവിപ്പെടുക, പ്രസിദ്ധമുണ്ടാകുക.

**ചൊൽനായിക**-വാഗ്ദേവി.

**ചൊല്ലൂത്ത്, ചൊൽത്ത്**-വായിക്കുക. വ. പാടുക.

**ചൊല്പടി**-വി. അനുസരണമുള്ള, കീഴ്വഴക്കമുള്ള.

**ചൊല്പെററ**-വി. ചൊല്പൊങ്ങുന്ന, കീർത്തിയേറുന്ന.

**ചൊല്പൊങ്ങുന്ന**-വി. കേൾവിയുള്ള.

ചൊല്ലപ്പെട്ട-൧. കേൾവിപ്പെട്ട. ൨. പറയപ്പെട്ട.

ചൊല്ലാർ-വി പ്രസിദ്ധമായ. (പ-മ)

ചൊല്ലാന്ന, ചൊല്പെററ-വി. കീൎത്തിയുള്ള, കേൾവിപ്പെട്ട. [ചൊല്ലാർ=പ്രശസ്തമായ].

ചൊല്ലി-അ. കുറിച്ചു്. ൨. വിചാരിച്ചു്.

ചൊല്ലിക്കൊടുക്കുക-പഠിപ്പിക്കുക, പറഞ്ഞു കേൾപ്പിക്കുക.

ചൊല്ലിത്തെളിയുക-പറഞ്ഞു നന്നാക്കുക.

ചൊല്ലിയന്ന-വി. കേൾവിപ്പെട്ട.

ചൊല്ലിയാടുക—പാട്ടുചൊല്ലുന്നതിനെ അനുസരിച്ചു് കൈകാണിച്ചാടുക.

ചൊല്ലിയാട്ടം-പാട്ടുചൊല്ലുന്നതിനെ അനുസരിച്ചു കൈകാണിച്ചുള്ള ആട്ടം.

ചൊല്ലിവിടുക-പറഞ്ഞയയ്ക്കുക.

ചൊല്ലിവിലക്കുക-പറഞ്ഞു വിരോധിക്കുക.

ചൊല്ലു്-൧. വാക്കു്, വാചകം. ൨. കേൾവി. ൩. പഴഞ്ചൊല്ലു്.

ചൊല്ലുക-൧. പറയുക, അനുസരിക്കുക. ൨. ഉരുക്കഴിക്കുക, പാടുക. [കം. ക്രി. ചൊല്ലിക്കുക.] ചൊല്ലൽ.

ചൊല്ലുവിളി—കീഴ്വഴക്കം, അനുസരണം.

ചൊല്ലുവേല-പറയുന്ന പ്രവൃത്തി.

ചൊല്ലുള്ള-വി. കീൎത്തിയുള്ള.

ചൊല്ലെഴുന്ന-വി. കീൎത്തിയുള്ള.

ചൊല്ലേറുന്ന-വി കീൎത്തിയുള്ള.

ചൊവ്വു്-വി. നേരായുള്ള, ന്യായമുള്ള.

ചൊവ്വു്-൧. വളവില്ലായ്മ, നേര. ൨. തീൎപ്പോക്കു്. ൩. നിരപ്പു്. ൪. നിശ്ചയം.

ചൊവ്വുള്ളിക്കൊടി-ഒരുവക വൃക്ഷം.

ചൊവ്വാ-൧. ചൊവ്വാ എന്ന ഗ്രഹം. പൎയ്യായങ്ങൾ-അംഗാരകൻ, കുജൻ, ഭൌമൻ, ലോഹിതാംഗൻ, മഹീസുതൻ. ൨. ചൊവ്വാഴ്ച.

ചൊവ്വാഴ്ച-ആഴ്ചവട്ടത്തിൽ മൂന്നാം ദിവസം.

ചൊവ്വിടുക-൧. നേരെയാക്കുക. ൨. നിരപ്പുവരുത്തുക. ൩. വഴിയുണ്ടാക്കുക.

ചൊവ്വുള്ള-വി. ൧. നേരെയുള്ള. ൨. സമമായുള്ള.

ചൊവ്വേ, ചൊവ്വോടെ-അ. നേരെ, ശരിയായിട്ടു്.

ചൊള്ളു്-പുഴുക്കേടുള്ള ധാന്യം മുതലായതു്.

ചൊള്ള-൧. മെലിച്ചിൽ. ൨. വളച്ചു മുഴുവനും വരുന്നതിനു മുമ്പേ ഉണങ്ങിപ്പോകുന്ന ഫലം.

ചൊറി-ചിരങ്ങു്. പൎയ്യായങ്ങൾ-കണ്ഡൂ (കണ്ഡു), ഖജ്ജു, കണ്ഡൂയം.

[കാഴ്ചയിൽ ചെറിയ തരത്തിലുള്ളതു ചൊറി. വലുതായിക്കാണുന്നതു ചിരങ്ങു്.]

ചൊറിച്ചിൽ-൧. ചൊറിയുക. ൨. മന്നൽ.

ചൊറിപ്പുഴു-തൊട്ടാൽ ചൊറിയുന്ന ഒരുമാതിരി പുഴു.

ചൊറിമധുരം-വി. അല്പമധുരമുള്ള.

ചൊറിയണങ്ങു്, ചൊറിയണം-തൊട്ടാൽ മേൽ ചൊറിയുന്ന ഒരുമാതിരി വള്ളി.

ചൊറിയൻ-ചിരങ്ങുള്ളവൻ, ചൊറിയുള്ളവൻ.

ചൊറിയുക-മാന്തുക, നഖംകൊണ്ടു ഉരസുക.

ചൊറിവാക്കു്-മനഃപൂൎവ്വം കോപം ഉണ്ടാക്കുന്ന വാക്കു്.

ചൊറുകൽ-൧. മന്തൽ. ൨. ഉരസുക,

ചൊറുകക-(ചൊറുക) ചൊറിയുക, മന്തുക.

ചൊറുചൊറെ-അ. ധാരയായിട്ട്.

## ചോ

**ചോ**കൻ-ഈഴവൻ.

ചോകം-മലഎരുമവേര്.

ചോക്ഷ-പ്ര. പരിശുദ്ധമായ. ദ. സമർത്ഥമായ. ന. ബുദ്ധിമത്തായ. ൪. ബഹുമാനമുള്ള.

ചോച്{ക്}ം-ഇലവങ്ങം. പ്രശസ്തമായ വല്ക്കമുള്ളതെന്നർത്ഥം.

ചോചം-പ്ര. ഇലവങ്ങം. ദ. തൊലിയും മററും കൊത്തിയ മാങ്ങ മുതലായ ഫലം. ന. കരിമ്പനത്തേങ്ങ. ൪. വാഴപ്പഴം. ൫. വൃക്ഷത്തിൻെറ തൊലി (പട്ട). ൬. തേങ്ങ. ൭. ഒരു പഴത്തിൻെറ തിന്നാൻ പാടില്ലാത്ത ഭാഗം.

ചോടയം-ഭംഗി.

ചോടി-പട്ടട, സ്ത്രീകളുടെ അകത്തേ ഉടുപ്പ്, ചെറിയ ഉടുപ്പ്.

ചോട്-പ്ര. ഇണ, രണ്ട്. ദ. വലുപ്പത്തിൽ ഒന്നുപോലെയിരിക്കുന്നത്. ന. ചുമട്. ൪. ചുവട്. ൫. ജോട്.

ചോട്ടാക്കാരൻ-വളഞ്ഞ വടികൊണ്ടു നടക്കുന്നവൻ, അകമ്പടിക്കാരൻ.

ചോട്ടാവടി-വളഞ്ഞ വടി.

ചോണൽ, ജോനൽ-ഉപദ്രവിക്കാത്ത ഒരുമാതിരി ചെമന്ന ഉറുമ്പ്.

ചോതടി-പ്ര. ചാവടി. ദ. ഒരുവക വാഴപ്പഴം.

ചോതന-പ്ര. വെളിച്ചെണ്ണ മുതലായത് അളക്കുന്ന ഒരു അളവുപാത്രം. ദ. പരീക്ഷ. ന. ശോധന, കററംതീർക്കുക. ൪. ലോഹാദികൾക്ക് ശുദ്ധിവരുത്തുക. ൫. വെടിപ്പാക്കുക.

ചോതനക്കാരൻ-കച്ചവടത്തിനായിട്ടു കൊണ്ടുനടക്കുന്ന ചരക്കുകൾക്ക് തീരുവ തീർന്നിട്ടുണ്ടോ എന്നു നോക്കുന്നതിന് സർക്കാരിൽ നിന്നു നിശ്ചയിച്ചിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ.

ചോതി-പതിനഞ്ചാംനക്ഷത്രം, സ്വാതി.

ചോത്ര-വി. പച്ചക്കല്ലിൽ ചെമന്ന.

ചോദന-പ്ര. കല്പന. ദ. കല്പിച്ചയക്കുക.

ചോദനി-കൊടുത്തൂവ. (ദോദനി എന്നതിൻെറ പാഠം.)

ചോദിക്കുക-പ്ര. പറഞ്ഞയക്കുക. ദ. തരണമെന്നു പറയുക.

ചോദിത-വി. അയക്കപ്പെട്ട, പ്രേരിപ്പിക്കപ്പെട്ട.

ചോദ്യ-വി. അയക്കപ്പെട്ടവൻ തക്ക.

ചോദ്യപ്പെടുക-പ്ര വിസ്തരിക്കപ്പെടുക. ദ. അറിയപ്പെടുക.

ചോദ്യം-പ്ര. യാചന, അന്വേഷണം. പര്യായങ്ങൾ-പ്രശ്നം, അനുയോഗം, പൃച്ഛാ. ദ. ശിക്ഷ. ന. ദൈവശിക്ഷ. ൪. ന്യായസ്ഥലത്ത് വാദിപ്രതികളെയും സാക്ഷിക്കാരെയും കൂട്ടി വിസ്തരിക്കുക.

[അത്ഭുതപ്പെട്ടു ചോദിക്കുന്നതിനു പര്യായങ്ങൾ- ചോദ്യം, ആക്ഷേപം, അഭിയോഗം.]

ചോദ്യോത്തരം-ചോദ്യവും ഉത്തരവും.

ചോനകൻ-ചോനകമാപ്പിള.

ചോനകനാരകം-ഒരുമാതിരി നാരങ്ങ ഉണ്ടാകുന്ന വൃക്ഷം.

ചോനകനാരങ്ങ-ചോനകനാരകത്തിൻ കായ്.

ചോനകപ്പുല്ല്-ഒരുവക സൌരഭ്യമുള്ള പുല്ല്. പര്യായങ്ങൾ-മരുന്മാല, പിശുന, സ്പൃക്ക, ദേവി, ലത, ലഘു, സമുദ്രാന്ത, വധു, കോടിവർഷ, ലങ്കോപിക.

[ഇതു പ്രമേഹം, കാസം, മൂത്രകൃച്ഛ്രം, അശ്മരി, വിഷം, കുഷ്ഠം, കൃമി,

വിയർപ്പ്, സർവാംഗസന്താപം, ചുട്ടുനീറൽ, അലക്ഷ്മി, ശൂലം, ജ്വരം, ദൌർഗ്ഗന്ധ്യം, പ്രമേഹം, രക്തദോഷം, ഛർദ്ദി, ത്രിദോഷം, ചുമ ഇവയെ നശിപ്പിക്കും. സുഗന്ധദ്രവ്യമാകുന്നു ഇതിനെ 'ചോനകപ്പുല്ല്' 'സ്വർണ്ണകപ്പുല്ല്' ഇങ്ങിനേയും വിളിക്കുന്നു ]

ചോനാട്ടുപുല്ല്-പഞ്ഞപ്പുല്ല്, റാഗി.

ചോപ്പിളാങ്കി-ചുണയില്ലാത്തവൻ(വ൦)

ചോമ്പേറി-മടയൻ.

ചോമാതിരി-യാഗംചെയ്ത ബ്രാഹ്മണൻ, സോമയാഗം ചെയ്തവൻ.

ചോര-പ്ര. രക്തം. പര്യായങ്ങൾ-രുധിരം, അസൃക്, ലോഹിതം, അസ്രം, രക്തം, ക്ഷതജം, ശോണിതം. വ. ഒരു മാതിരി പുല്ല്.

ചോര(ക)൦-അടവിക്കാച്ചൽ.

ചോരകളം(കള)-പ്ര. ഉന്മദം. വ. കലഹപ്രിയം.

ചോരക്കരപ്പൻ-ഒരുവക കരപ്പൻ.

[നിറക താഴും. വായ് ചുട്ടും. ചെറുനീരടക്കും. ചുട്ടും വീഴും. ചെമന്ന ചോരത്തുള്ളി വീഴും. ഉടനുടൻ വർദ്ധിക്കയും മാറുകയും ചെയ്യും. ചൂട്ടുവെള്ളം അതു സഹിക്കും. മുലകടി ഒഴിയും ഞെളിഞ്ഞു കരയും].

ചോരക്കുഞ്ഞു്-പ്രസവിച്ചു പത്തുദിവസം കഴിയുന്നതിനു മുമ്പുള്ള കുഞ്ഞ്, കട്ടക്കിടാവ്.

ചോരക്കുരു-ഒരുമാതിരി ചെമന്ന പരു.

ചോരചൊരിച്ചിൽ-രക്തം ഒലിപ്പ്.

ചോരച്ചാച്ച്-പ്ര. രക്തംകൊണ്ടുള്ള ഉടുപ്പ്. വ. കള്ളന്മാരോടുള്ള ഭേദം.

ചോരണം-മോഷണം, കള്ളം.

ചോരതലച-കൊടിയുടെ പുറിയ നായ്, മന്തിരിക്കാവലുയുടെ ഭേ.

ചോരത്തിളപ്പ്-യൌവനത്തിലുണ്ടാകുന്ന അഹമ്മതി.

ചോരത്തുള്ളി-ചോരയുടെ തുള്ളി.

ചോരദമ്മം-പ്ര. കള്ളന്റെ മുറ, മോഷണം. വ. ചതിവ്.

ചോരൻ-കള്ളൻ.

ചോരനീര്-കരപ്പനിൽ ഒരുവക.

[പനി, കര, കൈകാൽ ഉളുക്ക്, മേലെല്ലാം ചീരയരി പോലെ പൊട്ടുക, തുമ്പക്കുടംപോലെ തിണർക്കുക, അരയ്ക്കു കീഴ്പെട്ടു തണുപ്പ്, ഛർദ്ദി, അതിസാരം-ഇതിനു അയമോദകം ജീരകം മുത്തി വയമ്പ് ഇവ സമം അരച്ചു മോരിൽ വിതുമ്പി സേവിക്ക].

ചോരപൂപ്പ്-ഒരു പച്ചമരുന്ന്, ചണ്ണ, (ചണ്ണക്കൂവ). രാത്രിയിൽ വിടരുന്ന പൂവുള്ളതു് എന്നർത്ഥം. (ചോരന്മാർക്കു വികാസം രാത്രിയിലാണല്ലോ) ചങ്കുകുപ്പിയുടെ പേരാണും കാണുന്നുണ്ട്.

ചോരപ്പട്ടുകൾ-കതിർക്കുല.

ചോരപ്പാച്ചിൽ-പ്ര. കള്ളന്മാരുടെ ഓട്ടം. വ. ചോരയൊഴുക്ക.

ചോരപ്പുഴ രക്തനദി.

ചോരപ്പാക്ക്-പ്ര. ചോര ഒഴുകുക. വ. കള്ളന്മാരുടെ പോക്ക്.

ചോരമയൂരം-ചോരമയൂഖം, രക്തമഴി പെയ്യൽ.

ചോരമൂകളം-ചോരയിൽ മുക്കൽ.

ചോരവാച്ച്-ചോരയൊലിപ്പ്, രുധിരം.

ചോരവാപ്പ്-ഒരുവക കരപ്പൻ.

[പനി, ചൊറിവു്, കണ്ണുചാപ്പ് ഇവ ലക്ഷണം].

ചോരവൃത്തി-മോഷണം.

ചോരസ്സായു-വലിയ കാക്കത്തൊണ്ടി.

**ചോര(സം)ബന്ധം**-പ്ര. രക്തവഴിക്കുള്ള ഉടപ്പം ൨. കള്ളന്മാരോടുള്ള ചേർച്ച്

**ചോരി**-വി. ചെമന്ന. ഉ-ം 'ചെ രിവായ്'

**ചോരി**-രക്തം. (ചോരയുടെ പൂർവ്വരൂപം) 'ചോരി കടുകട കടിത്തു' (രാമചരിതം)

**ചോരിക**-മോഷണം.

**ചോരിച്ചോവാ**-ചുണ്ട്.
'മന്ദപൂണർന്നും ചോരി-
ച്ചോവാംപിശകിന്നകന്നും'
(ഉത്തരരാമചരിതം)

**ചോരിവാ**-ചെമന്ന ചുണ്ട്, മനുഷ്യരുടെ ചൊടി.

**ചോരുക**-പ്ര. പാത്രങ്ങളുടെ സുഷിരത്തിൽക്കൂടെ ഒഴുകിപ്പോകുക, നിറഞ്ഞൊഴുകുക. മുകളിൽ നിന്ന് മഴവെള്ളം പുരക്കകത്തു വീഴുക ൨. മറിക്കളയുക. ൩. കൈവിടുക. [ചോക്കുക. ചോത്തുക]

**ചോർച്ച**-ഓട്ടയിൽ കൂടെ വെള്ളം ഒലിക്കുക.

**ചോപ്പ്**-വെച്ചൂറി.

**ചോല**-പ്ര മലയിൽനിന്നു വരുന്ന ഉറവ്, മലയുറവ്. ൨. തണൽ. ൩. നടക്കാവ്. ൪. തോപ്പ്.

**ചോലകം**-പ്ര. മാർച്ചട്ട. ൨. ഒരുമാതിരി പുല്ല്.

**ചോലകി**-നാരകം.

**ചോലത്തലമുടി**-ധാരാളമായ തലമുടി,

**ചോലപ്പുളവൻ**-ഒരുവക കരപ്പൻ.
[പനിച്ചു മൂട്ടപ്പുകണ്ടു പള്ളകളുപോലെ പൂകംപൊട്ടിയമർന്നു ചിരങ്ങുപോലെയാകും. പനിക്കും].

**ചോലവെള്ളം**-മലയുറവു വെള്ളം.

**ചോലി**-പ്ര. കാര്യ്യാർഗ്ഗകം, വേല, ജോലി. ൨. പ്രയാസമുള്ള വേല. ൩. കുടുംബത്തിൽ നിന്നുണ്ടാകുന്ന അസഹ്യത.

**ചോഷ്ഠം**-നല്ലജാതിക്കുതിര.

**ചോളു്**-എളുപ്പം.

**ചോളകം**-പ്ര. മാർച്ചട്ട. ൨. ഒരുമാതിരി പുല്ല്.

**ചോളകുലവല്ലി**— ചോളരാജകുടുംബത്തിലെ ഒരു കന്യക.
[ഈ സ്ത്രീയെ എ. ഡി. ൧൪൯൪-ൽ വേണാട്ടധിപനായി ഭവിച്ച ശ്രീവീരശ്രീ ഉദയമാർത്താണ്ഡവർമ്മമഹാരാജാവു വിവാഹം ചെയ്തു].

**ചോളൻ**-പ്ര. ചോളദേശത്തെ രാജാവ്, ചോഴൻ, കരമന്ദമഹാരാജാവിന്റെ ഒരു പുത്രൻ. ൨. ചോളദേശത്തെ കുടിയാനവൻ.

**ചോളം**-പ്ര. കുപ്പായം. ഇതുകൊണ്ടു ശ്രേഷ്ഠത ഭവിക്കുന്നതിനാൽ ഈ പേരുണ്ടായി. മറെറാരു പര്യായം- 'കൂർപ്പാസകം' ൨. മുലപ്പടം ൩. കാലടിവരെ ഇറക്കമുള്ളതായ സന്ന്യാസിക്കുപ്പായം (സ്ത്രീകൾ ആച്ഛാദനത്തിന്നായി അടിവരെ മൂടുന്ന കുപ്പായം).
[ചോളം എന്നതിനു സാധാരണ കുപ്പായം എന്നർത്ഥം കാണുന്നു. എന്നാൽ റവുക്ക മുതലായതു് ഇതിൽ ഉൾപ്പെടും. ചോളം ചെറിയതാണെങ്കിൽ 'ചോളി' എന്നു പറയും].
൪. ഒരുവക ധാന്യം.
[ചോളം എന്ന ധാന്യം-കഫം, പിത്തം, രക്തദോഷം ഇവക്കു നന്ന്, മലം പിടിക്കും. രുചികരമാണ്. സംസ്കൃതത്തിൽ-യാവനാലഃ. ഇംഗ്ലീഷിൽ-(Great millet) ഗ്രേറ്റ്മില്ലെറ്റ്].
൫. ചോളദേശം.
[ചോളദേശം-പാണ്ഡ്യരാജ്യത്തിന്റെ (ഇപ്പോഴത്തെ മധുര തിരുനൽവേലിയുടെ) വടക്കു ഭാഗത്തായിട്ടു പണ്ടുണ്ടായിരുന്ന ഒരു രാജ്യം. തലസ്ഥാനം കാഞ്ചീപുരം. ചോളരാജ്യം കാവേരി തീരമ

യിരുന്നു പുതുക്കോട്ടയ്ക്കു വടക്കു നെല്ലൂർ വരെയുള്ള ദേശങ്ങൾ ഇതിൽ ഉൾപ്പെട്ടിരുന്നു. ചോളരാജ്യത്തിന്റെ പുരാതന തലസ്ഥാനം ത്രിശ്ശിനാപ്പള്ളിക്കു സമീപം 'ഉറയ്യൂർ' എന്ന സ്ഥലമായിരുന്നു].

ചോളവിനേതാ-ചോളരാജാവു.

ചോളി-൧. കുപ്പായം. ൨. മറപ്പുര.

ചോളിയലു-കള്ളപ്പണം, വിലകുറഞ്ഞതു്

ചോഴൻ-ചോളൻ, ഒരു രാജാവു്.

ചോഴ(ള)ം-ഒരു ദേശം (കാവേരിനദിക്കു സമീപം).

ചോഴമണ്ഡലം-ഇൻഡ്യയുടെ കിഴക്കേ സമുദ്രതീരത്തിന്റെ ഒരു ഭാഗം.

ചോഴിയൻ—ചോഴദേശത്തെ ബ്രാഹ്മണൻ.

ചോറപ്പുല്ലു്-ഒരുമാതിരി ചെമന്ന പുല്ലു്.

ചോറു്-അരി വെള്ളത്തിലിട്ടു വെന്തു് ഊറ്റി എടുത്തതു്. പര്യായങ്ങൾ-ഭിസ്സാ, ഭക്തം, അന്ധസ്സ്, അന്നം, ഓദനം, ദീദിവി.

[ഭിസ്സടാ, ദഗ്ധികാ ഇവ രണ്ടും കരിഞ്ഞ ചോറ്].

ചോറൂണു്-൧. ഭക്ഷണം കഴിക്കുക. ൨. കുട്ടികൾക്കു ആദ്യമായി ചോറു കൊടുക്കുക.

[ജനിച്ച ദിവസത്തിന്റെ ൧൮൦-ാം ദിവസം മുതൽ ൩൬൦-ദിവസം വിധികാലം. അതിനു മേൽ ൩൦൦-ദിവസം വിധിപരം. ആ സമയത്തു മുഹൂർത്തം ഉണ്ടായിരുന്നാലും അന്നപ്രാശനം അരുതു് പിന്നീടു മുഹൂർത്തം ഉള്ളപ്പോൾ കൊള്ളാം. ചോറൂണിനു ജന്മനക്ഷത്രം വർജ്ജിക്കണം].

ചോറുകഞ്ഞി-വറ്റുകഞ്ഞി.

ചോറുകത്താവു്-രക്ഷിതാവു്.

ചോറുകാരൻ-അരിവെപ്പുകാരൻ.

ചോറുപണിക്കാരൻ-അരിവെപ്പുകാരൻ. പര്യായങ്ങൾ-ആരാളികൻ, ആന്ധസികൻ, സൂദൻ, ഔദനികൻ, ഗുണൻ.

ചോറുപാളയം—ഭക്ഷണത്തിനായിട്ടു കാത്തിരിക്കുന്നവൻ.

## ചൌ

ചൌക്ക-൧. തീരുവസ്ഥലം. ൨. കാവൽസ്ഥലം.

ചൌക്കദാരൻ-ചൌക്കയിൽ പ്രമാണി.

ചൌക്കാളം-ഒരുവക കട്ടിയുള്ള തുണി.

ചൌക്കി-ചവുക്ക.

ചൌക്കിളി-ആണുങ്ങൾ കാതിൽ ഇടുന്ന ഒരു പൊന്നാഭരണം.

ചൌക്കു്-കോരടാവു, ചമ്മട്ടി.

ചൌണ്ട്യം, ചൌണ്ഡ്യം - കൽത്തൊട്ടിയിലുള്ള വെള്ളം.

ചൌരൻ-കള്ളൻ.

ചൌരാ-അടവിക്കച്ചോലം.

ചൌരി(ക)-മോഷണം, കളവു്, കക്കുക എന്ന പ്രവൃത്തി.

ചൌരികൻ-കള്ളൻ.

ചൌരികം-മോഷണം.

ചൌര്യം-മോഷണം.

ചൌഹാര -കൃമിശത്രു.

ചൌളം-മൂന്നുവയസ്സിൽ കുടുമിവെക്കുന്ന ദേവാലയത്തിൽ വെച്ചു ചെയ്യുന്ന കർമ്മം. കുടുമിവെപ്പു്.

[ഇതിനു ചൂഡാകർമ്മം എന്നു പേരുണ്ടു്. ൧, ൨, ൩ ഈ കൊല്ലങ്ങളിലും ഉണ്ടാകാം

'ജന്മസംവത്സരാപൂർണ്ണേ
ചൂഡാകർമ്മവിധീയതേ
ദ്വിതീയേവാതൃതീയേവാ
കർത്തവ്യംശ്രുതിചോദനാൽ'

(യമസ്മൃതി)

'തൃതീയേവൎഷേചൂഡാകൎമ്മപഞ്ചമേവാ'
(ശംഖസ്മൃതി)
ഇതുകൊണ്ട് അഞ്ചാംവൎഷത്തിലുമാകാമെന്നു തെളിയുന്നു.]

## ച്യ

**ച്യവനൻ**-ഒരു മഹൎഷി.
[അച്ഛൻ ഭൃഗു. അമ്മ പുലോമ. പുലോമയെ പുലോമൻ എന്ന രാക്ഷസൻ സൂകരവേഷം ധരിച്ച് കട്ടുകൊണ്ടുപോയി. ആ സമയം അവളുടെ ഗൎഭപാത്രത്തിൽ നിന്നും വീഴുകയാൽ 'ച്യവനൻ' എന്ന പേർ സിദ്ധിച്ചു. ച്യവനൻ ഒരിക്കൽ നൎമ്മദയുടെ തീരത്തിൽ തപസ്സു ചെയ്തിരിക്കെ ശൎയ്യാതനൃപന്റെ പുത്രിയായ സുകന്യ അതിലേ പോവുകയുണ്ടായി. ചിതൽപ്പുറ്റുകൊണ്ടു കണ്ണൊഴികെ ച്യവനന്റെ ശരീരം മുഴുവനും മൂടിയിരിക്കയായിരുന്നു. ചിതൽപ്പുറ്റിൽ രണ്ടു കണ്ണുമാത്രം കാണുകയാൽ സുകന്യ ഒരു കോൽകൊണ്ടു കുത്തിനോക്കി. മഹൎഷി കോപിച്ചു. ഉടൻ ശൎയ്യാതൻ അവളെ അദ്ദേഹത്തിനു ഭാൎയ്യയായി നൽകി. അപ്പോൾ മഹൎഷിയുടെ കോപം ശമിച്ചു. ഒരിക്കൽ അശ്വിനികൾ ച്യവനന്റെ ആശ്രമത്തിൽ ചെന്നു. വൃദ്ധനും വിരൂപിയുമായ മഹൎഷിയെ ഉപേക്ഷിച്ചു തങ്ങളോടു ചേരണമെന്നു സുകന്യയോടപേക്ഷിച്ചു. സാധിച്ചില്ല. അനന്തരം ച്യവനനും തങ്ങളുമായി ഒരു കുളത്തിൽ ചെന്നു കുളിച്ചു മൂവരും ഏകരൂപധരന്മാരായി സുകന്യയെ പ്രലോഭിച്ചു. അവൾ ഭൎത്താവിനെ തിരിച്ചറിഞ്ഞു. ച്യവനൻ പിന്നീട് ഇന്ദ്രനെ നിൎബ്ബന്ധിച്ചു സമ്മതിപ്പിച്ച് അവരെ സോമയാഗത്തിൽ ചേൎത്തു ഇങ്ങിനെ ഭാരതത്തിൽ കാണുന്നുണ്ട്. ശതപഥബ്രാഹ്മണത്തിലും മറ്റും വേറെവിധമാണു കാണുന്നത്.]

**ച്യവനം**-൧. അനക്കം ൨. നഷ്ടം ൩. മരണം. ൪. വീഴ്ച, പതനം.

**ച്യുത**-വി. ൧. വീണുപോയ ൨. ഇളകിയ

**ച്യുതം**-മാവുവൃക്ഷം.

**ച്യുതസംസ്കാരം**-൧. വ്യാകരണശുദ്ധമില്ലായ്മ. ൨. കാവ്യത്തിൽ പദദോഷങ്ങളിൽ ഒന്ന്. വ്യാകരണപ്രകാരം തെറ്റായ ശബ്ദം. ഉ-ം, മനോസാക്ഷി [മനസ്സാക്ഷി എന്നു വേണം.] ൩. വേർപാട്. ൪. നന്മപൊയ്പ്പോയ്ക.

**ച്യുതസായകൻ**-വി. ലാക്ക പിഴച്ചവൻ.

**ച്യുതി**-൧. വീഴ്ച. ൨. അപാനദ്വാരം.

**ച്യുപം**-൧. മുഖം. ൨. വായു.

## ഛ

**ഛ**-ഹല്ലുകളിൽ ഏഴാമക്ഷരം.

**ഛഗം**-ആട്.

**ഛഗണം**-ഉണക്കച്ചാണകം.

**ഛഗലൻ**-അത്രിമഹൎഷി.

**ഛഗലം**-൧. മറിക്കന്നി. ൨. ഒരു രാജ്യം ൩. നീലവസ്ത്രം.

**ഛഗലകം**-വെള്ളാട്, ആട്.

**ഛഗലാ**-൧. ആട്ടിൻപെട. ൨. മറിക്കന്നി.

**ഛഗലാന്ത്രി, ഛഗലാംഘ്രി, ഛഗലാണ്ഡി, ഛഗലാ**-മറിക്കന്നി.

**ഛടാ**-൧. കൂട്ടം.
'ആനനശ്രീശോധിതാമരകതീ
മാണിക്യകാന്തിച്ഛടാ'
൨. ശോഭ, രശ്മി.

**ഛത്രാഫലം**-കവുങ്ങ്.

ഛത്മം, ഛദ്മം—വ്യാജം.

ഛത്രകം—൧ പൊൻമാൻ. ൨ വില്ലുപോലെ വളച്ചു പണിതിട്ടുള്ള അമ്പലം. ൩ കൂൺ ൪ നീർക്കാക്ക.

ഛത്രപത്രം-ഓരിലത്താമര

ഛത്രഭംഗം—൧ പതിത്വം. ൨ വൈധവ്യം ൩ രാജ്യം നഷ്ടമാവുക.

ഛത്രം—൧. കുട വെൺകൊറ്റക്കുട. മറയ്ക്കുന്നത് എന്നർത്ഥം മറ്റൊരു പര്യായം—ആതപത്രം ൨ പൂതണക്കപ്പുല്ല്.

ഛത്രാ ൧ കൊത്തമ്പാലരി ൨. കാട്ടുശതകുപ്പ ഭൂമിയെ മറയ്ക്കുന്നത്, കുടപോലെയുള്ള പൂങ്കുലയുള്ളത് എന്നർത്ഥം. ൩. തക്കോലപ്പുട്ടിൽ. ൪. കണ്ടപ്പുല്ല് (കുടപ്പുല്ല്) ൫ മഞ്ചട്ടി. ൬. കൂൺ.

ഛത്രാകം—൧ കൂൺ ൨ ചെറുവേലം.

ഛത്രാകീ- ഒരങ്ങാടിമരുന്ന്, അരത്ത. കുടയുടെ സദൃശമായ ഇലകൾ ഉള്ളത് എന്നർത്ഥം

ഛത്രാണി—തുമ്പ

ഛത്രാതിഛത്രം—൧ ഒരു സൌരഭ്യമുള്ള പുല്ല്, ശതകുപ്പ.

ഛത്രാധാന്യാ—കൊത്തമ്പാലയരി.

ഛത്രി—വി. കുടയുള്ള [ത്രീ, ത്രിണി, ത്രി.]

ഛത്രിക—൧. ശതകുപ്പ. ൨ കൂൺ.

ഛത്രികൻ—കുടപിടിക്കുന്നവൻ.

ഛത്രീ—൧ ക്ഷൗരകൻ. ൨ പുഴിവംപായ

ഛത്വര—ഗുഹ

ഛദ്മ—കപടം

ഛദിക—൧ ചിറമുള്ള്. ൨. മഞ്ചട്ടി

ഛദരം ൧ പച്ചില ൨. ഇലവങ്ങം.

ഛദനം, ഛദം—൧ ഇല വൃക്ഷത്തെ മറയ്ക്കുന്നത് എന്നർത്ഥം. ൨ ചിറക് അംഗത്തെ മറയ്ക്കുന്നത് എന്ന താല്പര്യം ൩ മൂടി.

ഛദ്രം—൧. പച്ചില ൨. പച്ചിലമരം, കർണ്ണികാരം ൩. ഇലകൾ.

ഛദിസ്സ്, ഛദി—പുരമേയുന്നതിനുള്ള സാധനങ്ങൾ (ഓല, പുല്ല്, വൈക്കോല്, ഓട്, ചെമ്പുപലക മുതലായവ) പുര മറയ്ക്കുന്നതെന്നർത്ഥം.

ഛന്ദകൻ—൧. രക്ഷാകർത്താവ് ൨. വശ്യസ്വഭാവൻ

ഛന്ദനം—൧ മൂടി. ൨ ചിറക്. ൩. ഇല. ൪ ഉറ.

ഛന്ദനാമം—മറയ്ക്കപ്പെട്ട പേർ

ഛന്ദം, ഛന്ദസ്സ്—൧. അഭിപ്രായം മറച്ചുവെയ്ക്കുന്നതെന്നർത്ഥം. ൨. സ്വാധീനം.

ഛന്ദസ്സ്—൧. ആറു ശാസ്ത്രങ്ങളിൽ ഒന്ന് ൨. വേദത്തിന്റെ ഗായത്രി മുതലായ ഛന്ദസ്സുകളുടെ പേർ. ആഹ്ലാദിപ്പിക്കുന്നത് എന്നർത്ഥം. ൩. വൃത്തനിർണ്ണയങ്ങളായ ഉക്താദ്യക്ഷരങ്ങൾ.

## വൃത്തശാസ്ത്രപ്രകാരമുള്ള ഛന്ദസ്സുകൾ.

[ഒരു പാദത്തിൽ ആകെ അക്ഷരം—

| | |
|---|---|
| ഉക്ത ൧. | ശക്വരി ൧൪. |
| അത്യുക്ത ൨. | അതിശക്വരി ൧൫. |
| മധ്യ ൩. | അഷ്ടി ൧൬. |
| പ്രതിഷ്ഠ ൪. | അത്യഷ്ടി ൧൭. |
| സുപ്രതിഷ്ഠ ൫. | ധൃതി ൧൮. |
| ഗായത്രി ൬. | അതിധൃതി ൧൯. |
| ഉഷ്ണിക്ക് ൭. | കൃതി ൨൦. |
| അനുഷ്ടുപ്പ് ൮. | പ്രകൃതി ൨൧. |
| ബൃഹതി ൯. | ആകൃതി ൨൨. |
| പംക്തി ൧൦. | വികൃതി ൨൩. |
| ത്രിഷ്ടുപ്പ് ൧൧. | സംകൃതി ൨൪. |
| ജഗതി ൧൨. | അഭികൃതി ൨൫. |
| അതിജഗതി ൧൩. | ഉൽകൃതി ൨൬. |

ഛന്ദസ്സ്—(ശാസ്ത്രം, വൃത്തം) വേദാംഗങ്ങളിൽ ഒന്ന്. ഇതിനെ സംബന്ധിച്ചുള്ള ഏററവും പുരാതനമായ പിംഗ

ലൻ ഉണ്ടാക്കിയ ഛന്ദശ്ശാസ്ത്രം ആകുന്നു] ൪. വേദം. ൫. ഇച്ഛ. ൬. താന്തോന്നിതം

ഛന്ദിത-(വി) സന്തോഷിക്കപ്പെട്ട

ഛന്ദോഭംഗം-ശ്ലോകത്തിൽ അക്ഷരക്കുറവ്.

ഛന്ദോമയൻ-വി വേദസ്വരൂപൻ.

ഛന്ന-വി. മറയ്ക്കപ്പെട്ട, നിൎജ്ജനമായുള്ള

ഛന്നചാരി-ഗൂഢമായി നടക്കുന്നവൻ

ഛന്നത-മറവ്.

ഛന്നൻ-മറഞ്ഞവൻ.

ഛന്നപാപ-വി. പാപത്തെ മറച്ച.

ഛന്നം-പു. വിജനപ്രദേശം. മറവുള്ളിടമെന്നൎത്ഥം. ൨. മറയ്ക്കപ്പെട്ടത്.

ഛന്നവേഷ-വി. വേഷത്തെ മറച്ച.

ഛൎദ്ദന-പു. മലങ്കാര. ൨. വേപ്പ്.

ഛൎദ്ദി-ഭക്ഷിച്ചവസ്തു വായിൽക്കൂടി പുറത്തോട്ടു പോക, കക്കൽ. പൎയ്യായങ്ങൾ-പ്രഛൎദ്ദിക, വമി, വമഥു.

ഛൎദ്ദികാ-വിഷ്ണുക്രാന്തി.

ഛൎദ്ദിക്കുക-ഭക്ഷിച്ചവസ്തു വായിൽക്കൂടെ പുറത്തേക്ക് പോകുക, കക്കുക. [സ. ക്രി. ഛൎദ്ദിപ്പിക്കുക.]

ഛൎദ്ദിഘ്നം-കരിവേപ്പ.

ഛലനം, ഛലം-പു. വ്യാജം. ൨. വഞ്ചന.

ഛലം-പു. യഥാൎത്ഥാൎത്ഥത്തിൽ നിന്നു തെറ്റുക മറ്റൊരു പൎയ്യായം-സ്ഖലിതം. ൨. ചതി. ൩. ഉരുട്ട്, വിരട്ട്.

ഛല്ലി-പതാൽ, തൊലി.

ഛവി-പു. ശോഭ (സാമാന്യശോഭ) ഇരുട്ടിനെ നശിപ്പിക്കുന്നതെന്നൎത്ഥം. ൨. രശ്മി. ൩. പ്രഭ.

ഛാ-രസം

ഛാഗകൎണ്ണം-മത്ത്.

ഛാഗം-കോലാട്. ഇലകളെക്കൂടി മുറിച്ചുതിന്നുന്നതെന്നൎത്ഥം.

ഛാഗമുഖൻ-കാൎത്തികേയൻ.

ഛാഗരഥൻ-അഗ്നി

ഛാഗ(ല)ം-ആട്, കോലാട്.

ഛാഗികം-പെണ്ണാട്.

ഛാഗീ-പെണ്ണാട്.

ഛാഗീഘൃതം-ആട്ടിൻനെയ്യ്.

ഛാത-വി. പു. മുറിക്കപ്പെട്ട; ഛേദിക്കപ്പെട്ട. ൨. മെലിഞ്ഞ, ക്ഷീണിച്ച ബലഹീനമായ. ചെത്തിക്കുറച്ചതുപോലെ ബലം കുറഞ്ഞ എന്നൎത്ഥം

ഛാതൻ-ദുൎബ്ബലൻ.

ഛാത്രൻ-ശിഷ്യൻ, ഗുരുവിന്റെ ദോഷങ്ങളെ മറച്ചുവെക്കുന്നവൻ എന്നൎത്ഥം.

ഛാത്രം-ഛാത്രം എന്നു പേരുള്ള തേൻ.

[ഈ തേൻ വിശേഷിച്ചു രക്തപിത്തം, പ്രമേഹം, കൃമി, തണ്ണീർദാഹം, ഭ്രമം, ശ്വിത്രം, വിഷം, മോഹം ഇവയ്ക്കു നന്ന്. ധാതുപുഷ്ടിയെ ചെയ്യും. നിറം അല്പം ചെമപ്പാണ്. എന്നാൽ മഞ്ഞളിപ്പു കൂടും. ഇതു മിക്കവാറും ഹിമവൽ പൎവ്വതത്തിന്റെ താഴ്വരയിലുള്ള വനങ്ങളിൽ ഉണ്ടാകുന്നുണ്ട്.]

ഛാദനം, ഛാദം-പു. മറവ്. ൨. വമ്പുപറഞ്ഞു ഭയപ്പെടുത്തുക.

ഛാദനം-കരിങ്കുറിഞ്ഞി.

ഛാദം-പുരമേയുന്നതിനുള്ള സാധനം.

ഛാദിക്കുക-പു. ഖണ്ഡിക്കുക ൨. മറയ്ക്കുക ൩. വമ്പുപറയുക.

ഛാദിത-വി. പു. മറയ്ക്കപ്പെട്ട. ൨. മൂടിക്കപ്പെട്ട

ഛാദ്യ-വി. പു. മറയ്ക്കപ്പെടത്തക്ക. ൨. മൂടിക്കപ്പെടത്തക്ക.

ഛാന്ദസ്-വി. വേദത്തെ സംബന്ധിച്ച.

ഛാന്ദസൻ-വാദ്ധ്യാൻ, വേദജ്ഞനായ ബ്രാഹ്മണൻ, വേദാദ്ധ്യയനം ചെയ്യുന്നവൻ. മറ്റൊരു പൎയ്യായം-ശ്രോത്രിയൻ.

ഛാന്ദോഗ്യം-വേദോപാദാനം, സാമവേദത്തിന്റെ ഉപനിഷത്തു്, വേദം.

ഛായ-സ്ത്രീ. നിഴൽ. താപാദികളെ കളയുന്നതു് എന്നൎത്ഥം ൨. പ്രതിബിംബം. ൩. രൂപം, വടിവു്, ശോഭ. ൪. ആദിത്യന്റെ ഭാൎയ്യ.

[വിശ്വകൎമ്മാവിന്റെ പുത്രിയും സൂൎയ്യന്റെ ഭാൎയ്യയുമായ സംജ്ഞ സ്വഭൎത്താവിന്റെ തീവ്രതയെ സഹിക്കവയ്യാഞ്ഞ ഛായ എന്ന തന്റെ ദാസിയെ അദ്ദേഹത്തിന്റെ സമീപത്താക്കിയും വെച്ചു ഗമിക്കുകയുണ്ടായി. അക്കാലത്തു ഛായയിൽ ഉണ്ടായവരാണു് ശനി സാവൎണ്ണി എന്ന പുത്രന്മാരും തപതി എന്ന പുത്രിയും. ഒരിക്കൽ സംജ്ഞയുടെ പുത്രൻ ഇവരെ ചവുട്ടുന്നതിനു കാലുയൎത്തി. ഇതിനു കാരണം ഛായ ഇവരോടു പക്ഷഭേദം കാണിച്ചതായിരുന്നു. കാലു പൊക്കിയപ്പോൾ ഛായ അവനെ ശപിച്ചു. അതുകൊണ്ടു കാലിൽ വ്രണം വന്നു. ഇതുനിമിത്തം ഛായ തന്റെ ഭാൎയ്യയായ സംജ്ഞയല്ലെന്നു സൂൎയ്യൻ ഗ്രഹിച്ചു, പിന്നീടു അദ്ദേഹം സംജ്ഞയെ അന്വേഷിച്ചു കരസ്ഥമാക്കി.]

൫. ശോഭ. ൬. പോഷണം. ൭. മണവാമസ്ത്രീ.

ഛായം-ശോഭിക്കുന്നതു്. ൨. ൦, കാശഗ്ഗഛല്ലായം.

ഛായാതരു-സ്ത്രീ. പടൎച്ചയുള്ള വൃക്ഷം. ൨. സുരപുന്നാഗം (ദേവപുന്ന)

ഛായാദേവി-ആദിത്യന്റെ ഭാൎയ്യ

ഛായാനാഥൻ-സൂൎയ്യൻ.

ഛായാപതി-ആദിത്യൻ.

ഛായാപഥം-ആകാശം.

ഛായാപുത്രൻ-ശനി. (സൂൎയ്യഭാൎയ്യയായ ഛായയുടെ പുത്രൻ)

ഛായാമൃഗധരൻ-ചന്ദ്രൻ.

ഛായാവൃക്ഷം-സ്ത്രീ കല്ലാല്. ൨. സുരപുന്നാഗം (ദേവപുന്ന.)

ഛി-അ. വെറുപ്പിങ്കലോ വിരോധത്തിങ്കലോ പ്രയോഗിക്കപ്പെടുന്ന ഒരു അവ്യയം.

ഛിക്ക-തുമ്മൽ.

ഛിക്കനി-ഉത്തംകരം (തുമ്മി). ഇതു വൃക്ഷമായിട്ടും ലതയായിട്ടും രണ്ടുതരമുണ്ടു്.

ഛിത-വി. മുറിക്കപ്പെട്ട, ഛേദിക്കപ്പെട്ട.

ഛിത്തി-ഛേദം.

ഛിത്വര-വി സ്ത്രീ. കബളത്തരമുള്ള ൨. ശത്രുതയുള്ള ൩. ദുഷ്ടതയുള്ള

ഛിദ-സ്ത്രീ. ഖണ്ഡനം. ൨. നാശം.

ഛിദകം-ഇന്ദ്രന്റെ വജ്രം.

ഛിദി-കോടാലി.

ഛിദ്രക്കാരൻ-കലഹക്കാരൻ.

ഛിദ്രോദരം-ഉദരരോഗത്തിൽപ്പെട്ട ഒരു രോഗം.

[മുള്ളു, എല്ലു, കല്ലു, പല്ലു മുതലായവ അന്നത്തോടു കൂടി വിഴുങ്ങിയാൽ ഉള്ളിൽ ചെന്നാൽ കുടൽമാല ഭേദിച്ചു ഛിദ്രങ്ങളുണ്ടാകും.]

ഛിദ്രം-സ്ത്രീ. ദ്വാരം. ഛേദിക്കപ്പെടുന്നതു് എന്നൎത്ഥം. ൨. ദോഷം. ൩. കലഹം. ൪. അവസരം, തരം.

ഛിദ്രവൈദേഹി-അതിതിപ്പലി.

ഛിദ്രിക്കുക-സ്ത്രീ. ഉലയ്ക്കുക. ൨. കലഹിക്കുക. ൩. പൊട്ടുക. ൪. അലസുക. ൫. പിരിയുക ൬. ഭാഗംവെക്കുക. [കാ. ക്രി. ഛിദ്രിപ്പിക്കുക.]

ഛിദ്രിതം-വി. ഉഴപ്പെട്ട.

ഛിന്ന-ചിറ്റാമൃതു്.

ഛിന്ന-വി. മുറിക്കപ്പെട്ട, ഛേദിക്കപ്പെട്ട, പൊട്ടിയ.

ഛിന്നഗ്രന്ഥിനിക-ഉള്ളിക്കിഴങ്ങു്.

ഛിന്നഭിന്നം-ചിന്നിച്ചിതറിയതു്, ശിഥിലമാക്കിയതു്. [ഛിന്നം=ഛേദിക്കപ്പെട്ടതു്. ഭിന്നം=ഭേദിക്കപ്പെട്ടതു്].

ഛിന്നരുഹ-ം അമൃതുവള്ളി, ചിററമൃത്. മുറിച്ചാൽ പൊടിക്കുന്നത എന്നൎത്ഥം. വ. മയിലെള്ള്. ന. പൊൻകൈതര. ഇരുതിൽ.

ഛിന്നിക്ക-ഭാഗമാവുക, പലതായി പിരിക്കുക. (കം. ക്രി. ഛിന്നിപ്പിക്ക.)

ഛിന്നോത്ഭവ-അമൃതുവള്ളി, ചിററമൃത്.

ഛിലിഛിന്ധം-പാതാളഗരുഡക്കൊടി

ഛുഛുകാ-നച്ചെലി.

ഛുഛുന്ദരം, ഛുഛുന്ദരി-നച്ചെലി.

ഛുദം-ം. പകരം വീട്ടുക, പ്രതിക്രിയ. വ. രശ്മി (വെളിച്ചത്തിൻെറ.)

ഛുരി-കത്തി.

ഛുരിക-ം. കത്തി, ചുരിക എന്ന ആയുധം. ഛേദിക്കുന്നതെന്നൎത്ഥം. വ. ചെഞ്ചീര.

ഛുരിത-വി. പതിക്കപ്പെട്ട.

ഛുരിതം-ം. പതിക്കപ്പെട്ടത്. വ. വ്യാപ്തം.

ഛേക-വി. ഇണക്കമുള്ള.

ഛേകൻ-വിദഗ്ധൻ, സമൎത്ഥൻ.

ഛേകം-കളിക്കുന്നതിന്നു മററും ഗൃഹത്തിൽ വളൎത്തുന്ന തത്ത കോഴി മുതലായ പക്ഷികളുടേയും മാൻ മുതലായ മൃഗങ്ങളുടേയും പേർ.

ഛേകാനുപ്രാസം-ശബ്ദാലങ്കാരങ്ങളിൽ ഒന്ന്. അനുപ്രാസത്തിൻെറ ഉൾപ്പിരിവ്.

ഛേകാപഹ്നുതി-അപഹ്നുതി എന്ന അലങ്കാരത്തിൻെറ ഒരു പിരിവ്.

ഛേകോക്തി-സൂചകവാക്ക്.

ഛേദനം, ഛേദം-ം. ഖണ്ഡനം, കണ്ടിക്കുക, മുറിക്കുക. വ. ഖണ്ഡം.

ഛേദനീയം-ം. തേററാമ്പരൽ. വ. തോറമരം. ന. ഛേദിക്കത്തക്കത്.

ഛേദിക്കുക-കണ്ടിക്കുക.

ഛേത്താ-വി ഛേദിക്കപ്പെട്ടവൻ തക്ക

ഛേലകം-ആട്, കോലാട്.

ഛോടി-മുക്കുവൻ.

ഛോലംഗം-ചെറുനാരങ്ങ, മാതളനാരങ്ങ.

ഛോഹാര-പശുവിൻമുലപോലെ നീളമുള്ള ഈത്തപ്പഴം.

---

# ജ

ജ-വല്ലകളിൽ എട്ടാംഅക്ഷരം.

ജ, (ജൻ, ജാ, ജം). ജന്മാവ്-ജനിച്ച എന്നൎത്ഥം വരുത്തുവാൻ പദാന്തത്തിൽ ചേൎക്കുന്നത്. ഉ-ം, പത്മജൻ=പത്മത്തിൽ (താമരയിൽ) ജനിച്ചവൻ-ബ്രഹ്മാവ് (പത്മജന്മാവ്). ഗിരിജം=ഗിരിയിൽ ജനിച്ചവൾ (പാൎവ്വതി). നീരജം=നീരിൽ (ജലത്തിൽ) ജനിക്കുന്നത്-താമര.

ജകുടം-ം. മലയപൎവ്വതം. വ. പട്ടി.

ജകുടാ, ജക്രുടം-പട്ടി.

ജക്ഷകൻ-ഭക്ഷിക്കുന്നവൻ.

ജക്ഷണം, ജക്ഷി-ഭക്ഷണം.

ജക്ഷ്മ, ജക്ഷ്മാവ്-രാജയക്ഷ്മാവ് എന്ന ദീനം.

ജഗച്ചക്ഷുസ്സ്-ആദിത്യൻ, ലോകത്തിൻെറ കണ്ണ്.

ജഗൽ, ജഗത്ത്-ം. ലോകം. പ്രളയകാലത്തിൽ നൽകുന്നതെന്നൎത്ഥം. വ. ജനം ന. വായു ഗമിക്കുന്നതെന്നൎത്ഥം. ര. ജംഗമം. ഗമിക്കുന്നതെന്നൎത്ഥം.

ജഗൽകൎത്താവ്-ജഗദീശ്വരൻ.

ജഗൽകാരണം-ദൈവം.

ജഗദ്ഗുരു-ം ശിവൻ വ. വിഷ്ണു ന. ബ്രഹ്മാവ്. ര നാരദൻ

ജഗത്രയം-മൂന്നുലോകം.

ജഗൽപതി-ലോകനാഥൻ, ദൈവം.

ജഗൽപിതാ-പു. ബ്രഹ്മാവ്. വ. ദൈവം.

ജഗൽപ്രാണൻ-വായു, കാററ്. പ്രപഞ്ചത്തിന്റെ ജീവൻ എന്നൎത്ഥം.

ജഗൽസ്ഥിതി-പു. ലോകത്തിന്റെ ഇരിപ്പ്. വ. ലോകരക്ഷ.

ജഗതി-പു. ലോകം. പ്രളയകാലത്തിൽ നശിക്കുന്നതെന്നൎത്ഥം. വ. ഒരു പാദത്തിൽ പന്ത്രണ്ടക്ഷരമുള്ള ഛന്ദസ്സ്. ന. ഭൂമി. ജനമുള്ളതെന്നൎത്ഥം. ൪ ജനം.

ജഗദന്ധകാരണൻ - ജഗദാദികാരണൻ.

'പുണ്യപൂരുഷ! വിഭോ! ജയജഗദന്ധകാരണ! വിഭോ!'
(കിമ്മീരവധം കഥകളി)

ജഗദൻ-പു. രക്ഷകൻ. വ. അകമ്പടിക്കാരൻ.

ജഗദംബ, ജഗദംബിക-ദുൎഗ്ഗ, ദേവി.

ജഗദാധാരാ-പു. സമയം വ. കാററ്.

ജഗദാശ്രയൻ - ലോകത്തെ താങ്ങുന്നവൻ, ദൈവം.

ജഗദീശ-പു. പാൎവ്വതി. വ. ലക്ഷ്മി.

ജഗദീശൻ-പു. ദൈവം. വ. വിഷ്ണു.

ജഗദീശ്വരൻ-ദൈവം.

ജഗദീശ്വരി-പു. പാൎവ്വതി, വ. ലക്ഷ്മി. ന. ദേവി.

ജഗദുത്ഭവം-ലോകത്തിന്റെ ഉത്ഭവം.

ജഗദ്ഗുരു-ദൈവം.

ജഗദ്വാസി-ലോകവാസി.

ജഗദ്വേഷി-പു. ലോകത്തെ ദ്വേഷിക്കുന്ന. വ. ലോകത്തെ ഉപദ്രവിക്കുന്ന.

ജഗദ്ധരൻ-വേണീസംഹാരം മാലതീമാധവം ഇവയുടെ വ്യാഖ്യാതാവായ ഒരു പ്രസിദ്ധനായ ഗ്രന്ഥകാരൻ. മാതാ-ദമയന്തി. പിതാവു-രത്നധരൻ. ക്രിസ്ത്വബ്ദം ൧൪-ാം നൂററാണ്ടിനു ശേഷം ജീവിച്ചിരുന്നു.

ജഗന്നാഥൻ-പു. ലോകനാഥൻ, ദൈവം. വ. വിഷ്ണു. ന. ദത്താത്രേയൻ. ൪. ജഗന്നാഥപുരത്തിലെ ഒരു ബിംബം.

[കൃഷ്ണനെ ജരസൻ കൊന്നതിന്റെ ശേഷം മരത്തിന്റെ ചുവട്ടിൽ കിടന്നിരുന്ന ആ അഴുകിയ അസ്ഥികളെ ചില ഭക്തന്മാർ കാണുകയും എടുത്തു പെട്ടിയിൽ സൂക്ഷിക്കയും ചെയ്തുവരികയായി. പിന്നീടു ജഗന്നാഥന്റെ ഒരു ബിംബം ഉണ്ടാക്കി അതിനുള്ളിൽ കൃഷ്ണന്റെ അസ്ഥികളെ സൂക്ഷിക്കേണമെന്നു ഇന്ദ്രദ്യുമ്നനൃപനോടു കല്പിച്ചു. ഈ നൃപൻ ഒരു വിഷ്ണുഭക്തനായിരുന്നു. പണി അശേഷം തീൎന്നതിന്റെ ശേഷമല്ലാതെ അതിനെ കാണുന്നതിനായിട്ടു ആരും വരുകയില്ലെങ്കിൽ ആ ഭാരം താൻ ഏററു എന്നു വിശ്വകൎമ്മാവ് പറഞ്ഞു. കൈയും കാലും കഴിയുന്നതിനു മുമ്പ് ക്ഷമയില്ലാതെ ഇന്ദ്രദ്യുമ്നൻ പണി നോക്കുന്നതിനായി ചെന്നു. അപ്പോൾ പതിനഞ്ചു ദിവസം കഴിഞ്ഞിരുന്നുള്ളു. ഇന്ദ്രദ്യുമ്നനെ കണ്ടിട്ടു വിശ്വകൎമ്മാവ് ബിംബത്തെ ഇട്ടുംകളഞ്ഞു പോയി. അനന്തരം ഇന്ദ്രദ്യുമ്നന്റെ അപേക്ഷ ഹേതുവായിട്ടു ബ്രഹ്മാവ് ആ ബിംബത്തെ ദേഹവിപ്പെട്ടതാക്കയും പ്രതിഷ്ഠാസമയത്തിൽ താൻകൂടെ ഒരു മുഖ്യ പുരോഹിതസ്ഥാനം വഹിക്കയും ചെയ്തു.]

ജഗന്നാഥപണ്ഡിതൻ-ഒരു പ്രസിദ്ധനായ ഗ്രന്ഥകൎത്താവ്.

[ഇദ്ദേഹത്തിന്റെ പ്രധാനകൃതി രസഗംഗാധരം ആകുന്നു. ഗംഗാലഹരി, കരുണാലഹരി, അമൃതലഹരി, പീയൂഷലഹരി, സുധാലഹരി, ഭാമിനീവിലാ

സാ ഈ പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. ക്രിസ്ത്വാബ്ദം ൧൬൭൦ നസമീപം ജീവിച്ചിരുന്നിരിക്കണം.]

ജഗന്നാഥം-ബങ്കാള ഉൾക്കടലിന്നരികെ ഒരു കേൾവിപ്പെട്ട സ്ഥലം.

ജഗന്നായകൻ-ദൈവം.

ജഗന്നാശം-ലോകനാശം.

ജഗന്നിവാസൻ-ദൈവം.

ജഗന്മംഗലൻ-ദൈവം.

ജഗന്മംഗല-സ്ത്രീ. ലക്ഷ്മി. വ. പാർവ്വതി.

ജഗന്മണ്ഡലം-വിശ്വംമുഴുവൻ.

ജഗന്മയൻ-ദൈവം, ജഗത്തുകളാകുന്ന രൂപത്തോടുകൂടിയവൻ.

ജഗന്മയി-പാർവ്വതി.

ജഗന്മാതാ-സ്ത്രീ. മായാദേവി. വ. പാർവ്വതി.

ജഗന്മോഹന-വി. സൌന്ദര്യമുള്ള.

ജഗരം-കവചം, കുപ്പായം. ദേഹത്തെ രക്ഷിക്കുന്നതിന്ന സദാ തയാറുള്ളത് എന്നർത്ഥം.

ജഗല(ല്ലം)-സ്ത്രീ. കൊഴുത്തമദ്യം. വ. മദ്യത്തിൻെറ അടിയിൽ ഊറിക്കിടക്കുന്ന കല്ലം. ന. ചാണകം.

ജഗ്ധ-വി. ഭക്ഷിക്കപ്പെട്ട.

ജഗ്ധം-ഭക്ഷണം.

ജഗ്ധി-സ്ത്രീ. ഭക്ഷണം (ഊണ്). വ. ഭക്ഷണകർമ്മം. ന. സഹഭോജനം. ഭക്ഷിക്കുക എന്നർത്ഥം.

ജഘനം-സ്ത്രീകളുടെ അരയുടെ മുൻഭാഗം. സുരതസമയം പുരുഷന്മാർ ഹനിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു. ജഘനം ▷ <നിതംബം.

ജഘനേഫല-സ്ത്രീ. കാട്ടത്തി. വ. പേയത്തി.

ജഘന്യ-വി. പു. ഒടുക്കത്തെ. വ. നിന്ദ്യമായുള്ള.

ജഘന്യജൻ-പു. അനുജൻ. ഒടുവിൽ ജനിച്ചവനെന്നർത്ഥം. വ. ശൂദ്രൻ.

ജഘന്യൻ-പു. ഒടുവിൽ ജനിച്ചവൻ. വ. അധമൻ.

ജഘന്യം-ന. ഒടുവിലുള്ളത്. വ. ഒടുവിലുണ്ടായത്. ജഘനത്തിൽ ഭവിച്ചതെന്നർത്ഥം. ന. അധമം.

ജൻ-പു. ശിവൻ. വ. വിഷ്ണു.

ജം-ന. ജലം. വ. ജനനം. ന. വിഷം. ർ. സുഖം. ലോകങ്ങൾക്ക കാഴ്ചയെ കൊടുക്കുന്നവൻ എന്നർത്ഥം.

ജംഗമ-വി. ഇളകുന്ന, സഞ്ചരിക്കുന്ന.

ജംഗമം-സഞ്ചരിക്കുന്ന വസ്തു. [ജംഗമം ▷ <സ്ഥാവരം] കുടിലമായി ഗമിക്കുന്നതെന്നർത്ഥം. കുടിലം എന്നതു പ്രായികമാണ്. വളയാതെ നടന്നാലും ജംഗമം തന്നെ. മററു പര്യായങ്ങൾ-ചരിഷ്ണു, ചരം, ത്രസം, ജംഗം, ചരാചരം.

'ചരാചരംജംഗമേസ്യാദംഗവിഷ്ടപയോരപി' എന്നു പ്രമാണം.

ജംഗമകുടി-കുട.

ജംഗമേതരം-അചരം, സ്ഥാവരം. ജംഗമത്തിൻെറ (നടക്കുന്ന വസ്തുവിൻെറ) ഇതരം (വിപരീതം); നടക്കാത്തവസ്തു, വൃക്ഷലതാദികൾ. മറെറാരു പര്യായം-സ്ഥാവരം.

ജംഗല-വി. വിജനമായുള്ള.

ജംഗാലം-അതിര്, വരമ്പ്.

ജംഗുലം-വിഷം

ജംഘ [illegible] കാൽ). ഉണ്ടാകുന്നത്. വളരുന്നതു [illegible] എന്ന അർത്ഥം. കാൽവണ്ണ.

'ജംഘകൾ കൈതപ്പൂക്കൾസമാനം'

(ഒരു പഴയ കൃതി)

ജംഘിലാ-ഒരു രാഗം.

ജംഘാ-കണങ്കാൽ, കാൽ.

ജംഘാകാരികൻ-പു. അഞ്ചൽക്കാരൻ. വ. ദൂതിനും മററും വേണ്ടി വഴിനടക്കു

ന്നവൻ ജംഘാബലംകൊണ്ടു ജീവിക്കുന്നവൻ എന്നർത്ഥം. മറെറാരു പര്യായം—ജാംഘികൻ.

ജംഘാത്രാണം-കാൽക്കുപ്പായം

ജംഘാലൻ- വളരെ വേഗം നടക്കുന്നവൻ. വേഗത്തിൽ നടക്കുമ്പോൾ കണങ്കാലുകൾ നല്ലവണ്ണം ഇളകുന്നതുകൊണ്ടു ഈ പേരു സിദ്ധിച്ചു. മറെറാരു പര്യായം—അതിജവൻ.

ജട-പു. ചേരാലിന്റെ പാലും ഭസ്മവും കൂട്ടിപ്പിരിച്ച തലമുടി, എണ്ണതേച്ചു കുളിയുംമററും ഉപേക്ഷിച്ചു വ്രതാനുഷ്ഠാനത്തോടിരിക്കുന്നവരുടെ ശിഖ. കൂട്ടിപ്പിണഞ്ഞുകിടക്കുന്നതു് എന്നർത്ഥം. മറെറാരു പര്യായം—സടാ. ഉ. വിട്ടവേര്.

ജടാ-പു. മാഞ്ചി, ജടയുള്ളതു്. കൂട്ടിപ്പിണഞ്ഞു കിടക്കുന്നതെന്നർത്ഥം. ഉ. നായിക്കൊരണ. ന. ശതാവരി.

ജടാജൂടം-പു. ജട. ഉ. ശിവന്റെ ജട.

'പ്രേമസ്ഥത്തിയൊടഭ്രനിർഝരണിയെ-
ക്കററജ്ജടാജൂടമാം'
(മദനകാമചരിതം നാടകം)

ജടാജ്വാലാ-വിളക്ക്.

ജടാധാരി-വി. ജടയുള്ള.

ജടാമാഞ്ചി, ജടാമാംസി-പു. ഒരങ്ങാടിമരുന്നു്, ഗോലോമി, ഭൂതകേശം. ഉ. വയമ്പിൽ ഒരു വകഭേദം.

ജടാമൂലാ-ശതാവരി.

ജടായു(സ്സ്)-പു. ശ്യേനിയിൽ അരുണന്റെ പുത്രനായ ഒരു പക്ഷിരാജാവ്.

[സീതയെ രാവണൻ മോഷ്ടിച്ചു കൊണ്ടുപോകുന്നമധ്യേ സീതയുടെ കരച്ചിൽകേട്ടു ജടായു എത്തി തടയുകയും ചന്ദ്രഹാസംകൊണ്ടു മുറിവേററ നിലത്തു പതിക്കുകയും മരിക്കുംമുമ്പു വന്നുചേർന്ന ശ്രീരാമനെക്കണ്ടു രാവണനുമായി നടന്ന ഘോരയുദ്ധത്തെയും മററും വിവരിക്കയും ചെയ്തു. അനന്തരം മരിച്ചു. ശേഷക്രിയകൾ രാമലക്ഷ്മണന്മാർ ചെയ്തു. ജടായുവിനു മോക്ഷം ലഭിച്ചു. പരമയോഗ്യവായ ജടായു ദശരഥന്റെ ഒരു മിത്രമായിരുന്നു. ശനിയുടെ കോപത്തിൽനിന്നു ആ നൃപനെ രണ്ടുവട്ടം രക്ഷിക്കയുണ്ടായിട്ടുണ്ടുപോലും. ജടായു ഗരുഡന്റെ പുത്രനാണെന്നും ചിലർ അഭിപ്രായപ്പെട്ടു കാണുന്നുണ്ടു്.]

ഉ. ഇഗ്ഗുല്യ.

ജടാലംകാരം-കരാഭരണം.

[തലപിന്നി പുറമ്പുവെച്ചു കെട്ടുന്നതാണു്.]

ജടാസുരൻ-ഒരു അസുരൻ.

[ജടാസുരൻ ബ്രാഹ്മണവേഷം ധരിച്ചു ധർമ്മപുത്രർ, സഹദേവൻ, നകുലൻ, പാഞ്ചാലി ഇവരെ അപഹരിക്കയും ഭീമനാൽ വധിക്കപ്പെടുകയും ചെയ്തു ]

ജടി-പു. ഇത്തി. ഉ. ചിററാല് ന. പേരാല്. ര്. താപസൻ ജടയുള്ളവനെന്നർത്ഥം.

ജടില-വി. ജടയുള്ള.

ജടില-പു. മഞ്ചി. ജടകൾ ഉള്ളതു എന്നർത്ഥം. ഉ. വയമ്പു. ന. തിപ്പലി. ര്. കിഴക്കനെല്ലി. ര. ഗൗതമന്റെ പുത്രി, ഏഴുപേരുടെ ഭാര്യയും സുകൃതിനിയുമായ ഒരു സ്ത്രീ.

ജടിലൻ-പു. സിംഹം. ഉ. തിപ്പലി. ന. ജടയുള്ളവൻ.

ജടിലം-പു സിംഹം. ഉ. മേൽപ്പുവ്. ന. ആള്.

ജട്ടലം, ജഡ്ഡുലം-ശരീരത്തിലുള്ള കറുത്ത മറുവ്. ശരീരത്തെ പീഡിപ്പിക്കുന്നതെന്നർത്ഥം.

ജട്ടു(ഡ്ഡു)ലൻ-ശരീരത്തിന്മേൽ കറുത്ത മറുവുള്ളവൻ.

ജഠര-വി. ഗ്ര. കട്ടപ്പമുള്ള. വ. ബന്ധിക്കപ്പെട്ട. ന. പഴകിയ.

ജഠരം-പ്ര. വയറ്. ജന്തു അല്ലെങ്കിൽ മലം ഇതിൽ ഉണ്ടാകുന്നതിനാൽ ഈ പേർ വന്നു. വ. കഠിനമായ വസ്തു. ന. ഗുഹ, ർ. ഗർഭപാത്രം.

ജഠരാഗ്നി-വയററിലെ അഗ്നി.

ജഠരാമം-നീരൊഴിവ്.

ജഠരാമയം-വയററിലെ ദീനം.

ജഡ-വി. ഗ്ര. തണുപ്പുള്ള. വ. മൂഢതയുള്ള. ന. ജീവനില്ലാത്ത.

ജഡക്രിയ-വി. താമസിച്ചു ചെയ്യുന്ന

ജഡത, ജഡത്വം-പ്ര. തണുപ്പ്. വ. മൂഢത. ന. ജാഡ്യം. ശരീരാവയവങ്ങളെക്കൊണ്ടും മനസ്സുകൊണ്ടും ഒന്നും പ്രവർത്തിപ്പാൻ കഴിവില്ലായ്ക.

ജഡൻ-മൂഢൻ, മന്ദബുദ്ധി. ലോകസ്ഥിതിയെ അറിയാത്തവൻ എന്നർത്ഥം. മററൊരു പര്യായം-അജ്ഞൻ.

['ഇഷ്ടംവാനിഷ്ടംവാസുഖദുഃഖംവാനവേത്തിയോമോഹാൽ; പരവശഗഃ, സ ഭവതിഹനാമ്നാജഡസംജ്ഞകഃപുരുഷഃ' =യാവനൊരുവനാണോ അജ്ഞാനംഹേതുവായിട്ടു ഇഷ്ടാനിഷ്ടങ്ങളെയും സുഖദുഃഖങ്ങളെയും അറിയാത്തവനും മററുള്ളവർക്കു അധീനനും ആയിരിക്കുന്നു അവനാത്രെ ജഡൻ]

ജഡഭരതൻ-ഒരു മുനി.

ജഡാ-പ്ര. ദേഹം വ. മാംസം ന. വിരക്കുമുട്ടി ർ. വ്യാപാരമില്ലാത്തതു. ഌ. വെള്ളം. ൡ. കാരീയം. ൧ തണുപ്പോടുകൂടിയതു.

ജഡാ-പ്ര. നാട്ടുമഞ്ഞ. വ. കിഴകാനെല്ലി.

ജഡിമാ-തണുപ്പ്.

ജഡീകൃതം-ജഡമാക്കപ്പെട്ടതു.

ജഡീഭൂതം-ജഡമായി ഭവിച്ചതു.

ജഡുലം-മറുക്, ശരീരത്തിൽ കാണുന്ന കറുത്ത പുള്ളി.

ജതു-കോലരക്ക്, അരക്ക്. വൃക്ഷത്തിന്മേലുണ്ടാകുന്നതെന്നർത്ഥം.

ജതുക, ജതൂക-വാവൽ, ആവൽ. അരക്കിന്റെ നിറമുള്ളതു എന്നർത്ഥം.

ജതുകം-പ്ര. ചെറുകായം. ജതുവിനെ (മെഴുകിനെ) പ്പോലെ ഒട്ടുന്നതു എന്നർത്ഥം. വ. അരക്ക്.

ജതുഗൃഹം-അരക്കില്ലം

ജതുനി-വാവൽ, ആവൽ.

ജതുമണി-മറുക് (മറു), ഒരു ക്ഷുദ്രരോഗം.

[കഫരക്തം നിമിത്തം ജനിക്കുമ്പോൾതന്നെ സമമായിട്ടും ഉയർന്നിട്ടും വേദനയോടു കൂടാതെയും മണ്ഡലാകൃതിയായിട്ടും ഉണ്ടാകുന്ന ലാഞ്ഛനം]

ജതുരസം-കറുത്ത അരക്ക്.

ജതുകാ-പ്ര. വാവൽ. വ. വെങ്കോച്ചാലം. അരക്കുണ്ടാകുന്നതു എന്നർത്ഥം.

[അരക്ക് ഈ മരത്തിന്റെ കറയെന്നു കാണുന്നു.]

ജതുമുഖം-പുഴക്കണ്ണിനെല്ല്.

ജത്രു-പൂണെല്ല്, വാരിയെല്ല്. കണ്ഠസന്ധമദ്ധ്യേ ജനിക്കുന്നതു എന്നർത്ഥം.

[പൂണെല്ല് ചുമലിന്റെയും കണ്ഠത്തിന്റെയും സന്ധിയാണ്.]

ജനകൻ-പ്ര. പിതാവ്. ജനിപ്പിക്കുന്നവൻ എന്നർത്ഥം. മററു പര്യായങ്ങൾ-താതൻ, പിതാവ്. വ. മിഥിലാരാജാവ്.

[ജനകൻ വിദേഹം അല്ലെങ്കിൽ മിഥില എന്ന രാജ്യത്തിലെ രാജാവും സീതയുടെ വളർത്തച്ഛനുമാണ്. പരിശുദ്ധത, വിജ്ഞാനം ഇവകൊണ്ടു ജനകൻ വിഖ്യാതനായിരുന്നു. രാമചന്ദ്രൻ സീതയെ ഉപേക്ഷിച്ചതിന്റെ ശേഷം അദ്ദേഹം

സർവ്വവും വെടിഞ്ഞു വനവാസിയായി ബ്രഹ്മജ്ഞാനിയായി ഭവിച്ചു. അദ്ദേഹത്തിൻെറ ഗുരുവും ഉപദേഷ്ടാവും യാജ്ഞവല്ക്യൻ എന്ന മഹർഷിയായിരുന്നു ജനകനെ വിദേഹൻ എന്നും മിഥിലൻ എന്നും കൂടി വിളിക്കാറുണ്ട്. വിദേഹരാജാവായ ജനകൻ മഹാകാവ്യകാലത്തു (൧൦൦൦-൨൦൦൦) എങ്ങും ശ്രുതിപ്പെട്ട ഒരാളായിരുന്നു ]

ജനകം - കാരണം. ജനിപ്പിക്കുന്നതെന്നർത്ഥം.

ജനത-ജനക്കൂട്ടം.

ജനനദിവസം-ജനിച്ചദിവസം.

ജനനചതുഷ്ടയം, ജന്തുചതുഷ്ടയം-ജരായുജം അണ്ഡജം സ്വേദജം ഉദ്ഭിജ്ജം ഇങ്ങിനെ നാലു്.

ജനനഭൂമി-പ്ര. ജനിച്ചദിക്ക്. വ. അട്ടിപ്പേർ.

ജനനമരണങ്ങൾ-ജനനവും മരണവും.

ജനനം-പ്ര. ഉത്ഭവം, പിറവി. വ. വംശപാരമ്പര്യം. പര്യായങ്ങൾ-ജന, ജനനം, ജന്മം, ജനി, ഉല്പത്തി, ഉത്ഭവം.

ജനനി-പ്ര. മാതാവ്, അമ്മ. ജനിപ്പിച്ചവൾ എന്നർത്ഥം. മററുപര്യായങ്ങൾ-ജനയിത്രി, പ്രസൂ, മാതാ. വ. ജനനം. വ. കരികാച്ചാലം. (രജനി എന്നതിൻെറ പാഠം) ൪. കാമുകി. ൭. വാചാൽ. ൩ മഞ്ചട്ട. ൧ കരത്ത അരണവു മാഞ്ഞി. ൯ കടുരോഹിണി.

ജനപദം-പ്ര രാജ്യം. വ. സമുദായം. ന. ജാത്ര് നാട്ടിൻപുറം

ജനപുഷ്ടി-ജനങ്ങൾ വർദ്ധിക്കുക, ജനപ്പെരുപ്പം.

ജനപുഷ്ടികരം-വി. ജനങ്ങൾക്കു പുഷ്ടി വരുത്തുന്ന.

ജനപ്രഭസൂരി-ഒരു സംസ്കൃതകവി. ജൈനമതക്കാരൻ. സിദ്ധാന്താഗമസ്തവം, പാശ്ചനന്ദസ്തവം, ശോഭനസ്തോത്രം, വീരസ്തവം, ചതുർവിംശതിജിനസ്തവം, വിഷാപഹാര കല്യാണകസ്തവം ഇതുപോലെ ഏഴുനൂറു പുസ്തകങ്ങൾ ഉണ്ടാക്കിയതായി കേൾവിയുണ്ട്.

ജനപ്രവാദം-കേൾവി.

ജനപ്രിയം-പ്ര കൊത്തമ്പാലയരി. വ. കരിമുരിങ്ങ

ജനബാധ-അസഹ്യത, അലട്ട്.

ജനം-പ്ര. ജനക്കൂട്ടം. വ. പ്രജ.

ജനംഗമൻ-ചണ്ഡാലൻ. ധർമ്മികന്മാരല്ലാത്തവരുടെ അടുക്കൽ ചെല്ലുന്നവൻ എന്നർത്ഥം. മററുപര്യായം-ജലംഗമൻ

ജനമേജയൻ-പ്ര. പരീക്ഷിത്തിൻെറ പുത്രൻ. (ജനാൻ ഏജയതി കമ്പയതി= ശത്രുക്കളെ വിറപ്പിക്കുന്നവൻ)

(പരീക്ഷിത്തു് അർജ്ജുനൻെറ പൌത്രനാകുന്നു.)

[ജനമേജയൻ ഒരു കീർത്തിപ്പെട്ട രാജാവാണ്. ഹസ്തിനാപുരിയിൽ വാണു. ഈ നൃപനോടാണ് വൈശമ്പായനൻ മഹാഭാരതം ചൊല്ലിക്കേൾപ്പിച്ചത്. ഇദ്ദേഹം സർപ്പസത്രം കഴിച്ചു. ഇതിനു കാരണം പിതാവായ പരീക്ഷിത്തു തക്ഷകനെന്ന മഹാസർപ്പത്തിൻെറ വിഷം തീണ്ടി മരിച്ചതാണ്. സർപ്പയാഗത്തിൽ തക്ഷകൻ ഒഴികെ എല്ലാനാഗങ്ങളും ദഹിച്ചു. തക്ഷകൻ രക്ഷപ്പെട്ടതു ആസ്തികൻ എന്ന മുനിയുടെ അപേക്ഷ ഹേതുവായിട്ടു യാഗം നിറുത്തുകയാലാകുന്നു. മഹാഭാരതകഥ വൈശമ്പായനമുനി പറഞ്ഞുകേട്ടതിൽ പിന്നെ രാജാവിനു കുഷ്ഠരോഗബാധയിൽ നിന്നു മോചനം ലഭിച്ചുവത്രെ. ജനമേജയനു 'സർപ്പശത്രു' എന്നും പേർ കാണുന്നു ]

വ. പൃഥ്വിന്റെ കൌസല്യയിൽ ഉണ്ടായവൻ.

**ജനയൽ, ജന്നൽ, ജനൽ, ജനവാതിൽ**-കാററവരുന്നതിനുള്ള ചെറിയ വാതിൽ, വാതായനം.

**ജനയിതാ**-പിതാവു്.

**ജനയിത്രി**-മാതാവു്.

**ജനയിഷ്ണു**-പൂർവൻ, കാരണവൻ, പഴവൻ.

**ജനരഞ്ജന**-മനുഷ്യസ്നേഹം, സൽഗുണശീലം.

**ജനരാൾ, ജനരാട്ടു്**-ജനറൽ, ജനാധിപതി

**ജനലോകം**- ലോകങ്ങൾ പതിനാലുള്ളതിൽ ഒന്നു്.

**ജനവാദം**-വർത്തമാനം.

**ജനശ്രുതി**-എവിടെനിന്നുത്ഭവിച്ചു എന്നതിരിച്ചറിവാൻ പാടില്ലാത്തതും പലരും ധരിച്ചിട്ടുള്ളതുമായ വർത്തമാനം, മററൊരുപര്യായം-കിംവദന്തി.

**ജനസ്ഥാനം** - ദണ്ഡകവനത്തിൽ ഒരു ഭാഗം

'ഗൌതമീതീരേമഹാകാനനേപഞ്ചവടി
ഭൂതലേമനോഹരസഞ്ചരിച്ചീടുന്നൊരു
യാമിനീചരിജനസ്ഥാനവാസിനിയായ'
(അദ്ധ്യാത്മരാമായണം)

**ജനാർദ്ദനൻ**-പു. വിഷ്ണു. ദുഷ്ടജനങ്ങളെ അർദ്ദനം ചെയ്യുന്നവൻ (പീഡിപ്പിക്കുന്നവൻ), കടൽ നടുവിൽ സ്ഥിതിചെയ്യുന്ന ജനന്മാർ എന്ന ദൈത്യന്മാരെ പീഡിപ്പിച്ചവൻ, മായാവിനാശനൻ, ജനനത്തെ (ജന്മത്തെ) ഇല്ലാതാക്കുന്നവൻ, മോക്ഷത്തിന്നായിക്കൊണ്ടു ജനങ്ങളാൽ യാചിക്കപ്പെടുന്നവൻ ഇങ്ങനെ അർത്ഥം, ൨. കൃഷ്ണൻ.

**ജനാർദ്ദനം**-വക്ഷ

**ജനാല**-കിളിവാതൽ.

'കളത്തിൻെറനേക്കുള്ളജനാലയിൽ'
(മാളവികാഗ്നിമിത്രംനാടകം)

**ജനാശനാ**-ചെന്നായ്.

**ജനാശ്രയം**- വഴിയമ്പലം, മണ്ഡപം. ജനങ്ങൾക്കിരിപ്പാനുള്ള സ്ഥലം എന്നർത്ഥം.

**ജനി**-പു. ജനനം. ൨. സ്ത്രീ. ൩. കാച്ചോലം ൪. പുത്രഭാര്യ. ഇവളിൽ വംശം ഉത്ഭവിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

**ജനിക്കുക**-പു. പിറക്കുക, ൨. ഉത്ഭവിക്കുക [ജനിപ്പിക്കുക. സ. ക്രി.]

**ജനിതാവു്**-പിതാവു്.

**ജനിത്രി**-അമ്മ

**ജനിതൻ**-പിതാവു്

**ജനിതാ**-മാതാവു്.

**ജനിപ്പിക്കുക**-ഉണ്ടാക്കുക.

**ജനിഭൂവു്**-പിറന്ന ഗൃഹം.

'ജനിഭുവിമയന്ത്യാം'
(നളചരിതംകഥകളി)

**ജനിമാ**-ജനനം, ഉല്പാദനം.

**ജനിമൃതികൾ**-ജനനവും മരണവും.

**ജനീ**-പു. ജനനം. ൨. സ്ത്രീ ൩. മാതാവു്. ൪. മകൻെറ ഭാര്യ. ൫. വെൺകച്ചോലം ൬. കടുരോഹണി.

**ജനീതാത്മാനരാഗ** – വശ്യാദികൊണ്ടു സ്നേഹമുണ്ടാക്കുന്ന സ്ത്രീ.

**ജനു**-ജനനം.

**ജനുസ്സ്**-ജനനം, ജനിക്ക എന്നർത്ഥം.

**ജനോദാഹരണം**-പു. മഹത്വം ൨. ശ്രേഷ്ഠത

**ജനോപകാരം**-ജനങ്ങളുടെപ്രയോജനം.

**ജനോപദ്രവം**-ജനപീഡ.

**ജനൌഘം**-ജനസമൂഹം.

**ജന്തു**-പ്രാണി. മററ പര്യായങ്ങൾ-പ്രാണി, ചേതനം, ജന്മി, ജന്യു, ശരീരി.

[ജന്തു എന്നുള്ള ശബ്ദം മനുഷ്യരൊഴിച്ചുള്ള പ്രാണികൾക്കാണു് അധികം ഉപയോഗിക്കാറ നടപ്പു്.]

ജന്തുക്കൾ നാലുവിധം—൧. ജരായുജം (പ്രസവിച്ചുണ്ടാകുന്നത്). ൨. അണ്ഡജം (മുട്ടയിൽനിന്ന വിരിയുന്നത്). ൩. സ്വേദജം(വിയർപ്പിൽനിന്നുണ്ടാകുന്നത്) ൪. ഉത്ഭിജ്ജം (മുളച്ചുണ്ടാകുന്നത്)

ജന്തുക-അരക്ക്.

ജന്തുക്കൾ-മനുഷ്യൻ മുതലായ പ്രാണികൾ.

ജന്തുത്വം-മൃഗസ്വഭാവം.

ജന്തുധർമ്മങ്ങൾ-ആഹാരം, വിഹാരം, മൈഥുനം, നിദ്ര ഇവ നാലും.

ജന്തുധർമ്മം-ജന്തുക്കളുടെ സ്വഭാവഗുണം.

ജന്തുനാശനം-൧. പെരുങ്കായം. ൨. വിഴാൽ.

ജന്തുപ്രായ-വി. മൃഗസ്വഭാവമുള്ള.

ജന്തുഫലം-അത്തി. ഫലത്തിൽ ജന്തുക്കളുള്ളത് എന്നർത്ഥം.

[അത്തിക്കായിൽനിന്ന് ഈച്ചയുണ്ടാകുമെന്നുള്ളതു പ്രസിദ്ധമാകുന്നു]

ജന്തുമതി-ഭൂമി.

ജന്തുവൃത്തം-മൃഗങ്ങളുടെ ശീലം.

ജന്തുവൃത്തി-മൃഗങ്ങളുടെ സ്വഭാവം.

ജന്തുഹന്ത്രീ-വിഴാൽ.

ജന്തുഹിംസ-പ്രാണിവധം.

ജന്മകാരൻ-മുതലാളൻ, ജന്മി, ഉടമസ്ഥൻ.

ജന്മതാരം-൧. ജനനദിവസം. ൨. ജനിക്കുമ്പോളുള്ള നക്ഷത്രം

ജന്മദിക്ക്-ജനിച്ച ദിക്ക്.

ജന്മനക്ഷത്രം-൧. ജനിച്ച ദിവസം. ൨. ജനിക്കുമ്പോഴത്തെ നക്ഷത്രം.

ജന്മനക്ഷത്രം വരുന്ന ഗ്രഹങ്ങളുടെ ഫലം.

ഞായർ-അലസ്യം.
തിങ്കൾ-ബുദ്ധിവികാസം,
ചൊവ്വാ-അലച്ചിൽ.
ബുധൻ-വിദ്യാലാഭം.
വ്യാഴം-ഭോഗസൌഖ്യം.
വെള്ളി-ധനാഗമം.
ശനി-രോഗം.

ജന്മനാൾ-ജനിച്ച ദിവസം.

[വിവാഹത്തിന പുത്രന്റെ ജന്മനാൾ വർജ്ജിക്കണം. നാമകരണം, ചോറൂണ്, ഉപനയനം ഇവക്കും ജന്മനാൾ നന്നല്ല]

ജന്മപക-ജാതിവൈരം.

ജന്മപത്രിക-ജാതകം.

ജന്മപാദപം-മൂലപാദപം.

ജന്മപ്പക-കുടിപ്പക, വംശപരമ്പരയായുള്ള പക.

ജന്മപ്രകൃതി-സ്വഭാവം, ജനിച്ചപ്പോഴെയുള്ള ശീലം

ജന്മപ്രഭൃതി-ജനനംമുതൽ, ജനിച്ചതുതുടങ്ങി.

ജന്മഭം-൧. ജനനദിവസം. ൨. ജനിച്ച ദിവസത്തെ നാൾ, പിറന്നാൾ,

ജന്മഭ്രഷ്ടൻ-ജാതിഭ്രഷ്ടൻ.

ജന്മം-൧. ജനനം ൨. മുതലാളന്റെ വസ്തു, അട്ടിപ്പേർ.

ജന്മർക്ഷം-പിറന്നാൾ.

ജന്മവാദം-മുതലാളന്റെ വസ്തു സംബന്ധിച്ചുള്ള തർക്കം

ജന്മസാഫല്യം-ജനിച്ചതിന്റെ സഫലത, ജന്മം സഫലമായിത്തീരുന്നത്, കൃതാർത്ഥത, ശ്രേഷ്ഠമായ സുഖം

ജന്മസിദ്ധി-൧. ജന്മസാഫല്യം. ൨. ജന്മം കിട്ടുക എന്നുള്ളത്.

ജന്മാധികാരം-ജന്മത്തിന്റെ അധികാരം

ജന്മാധികാരി-വി. ജന്മത്തിന്നധികാരമുള്ള.

ജന്മാന്തരകൃതം-വി. മുജ്ജന്മത്തിൽ ചെയ്ത, മറ്റൊരു ജന്മത്തിൽ ചെയ്ത

ജന്മാന്തരം-പ്ര. മറുജന്മം വ. അന്യ (മുൻ) ജന്മം, മുൻപിലത്തെയോ ഇനിയത്തെയോ ജന്മം. ന. സദ്ഗുണശീലം, നന്ദി.

ജന്മാന്തരവാസന - പൂർവ്വജന്മവാസന, മറെറാരു ജന്മവാസന.

ജന്മാഷ്ടമി-ശ്രാവണമാസത്തിലെ കൃഷ്ണപക്ഷത്തെ അഷ്ടമി, കൃഷ്ണന്റെ ജനനദിവസം.

ജന്മി-പ്ര. ഭൂമിയുടെ ഉടയവൻ, മുതലാളൻ. വ. മനുഷ്യർ മുതലായ പ്രാണികളുടെ പേർ. ജനനമുള്ളവൻ എന്നർത്ഥം.

ജന്മിഭോഗം-ജന്മിക്കുള്ള അവകാശം.

ജന്മിമാറാട്ടം-മുതലാളന്റെ വസ്തുവിനെ കുറിച്ചുള്ള തർക്കം.

ജന്യ-വി. ജനിക്കത്തക്ക.

ജന്യ-പ്ര. മാതാവ്. വ. മാതാവിന്റെ സഖി ന. തോഴി. ര. ഇഷ്ടം, സന്തോഷം.

ജന്യന്മാർ-പ്ര വേൾക്കുന്നതിന്ന വരുമ്പോൾ വരൻ ഒന്നിച്ചു വന്നിരിക്കുന്ന അയാളുടെ ബന്ധുക്കൾ സ്നേഹിതന്മാർ മുതലായവർ. വ. കുടി വെയ്പാൻ വരുമ്പോൾ കൂടിവന്നിട്ടുള്ള അവളുടെ ബന്ധുക്കൾ സഖികൾ മുതലായവർ.

ജന്യൻ-പ്ര. പിതാവ്. വ. തോഴൻ. ന. ജനങ്ങൾക്ക ഹിതമായതിനെ ചെയ്യുന്നവൻ. ര. കല്യാണാപ്പുണ്ണിന്റെ ഭൃത്യൻ. ഉ ഭർത്താവിന്റെ സ്നേഹിതൻ. ന്യൂ. വാഹകൻ.

ജന്യം-പ്ര യുദ്ധം, ജനിക്കുക, ഇപ്പോൾ മരിക്കുമെന്ന തീർച്ചയാക്കി വെല്ലുക, കൂട്ടത്തെ ജന്മത്തെ തീർച്ചയാക്കുക ഇങ്ങനെ അർത്ഥം.

'ജന്യമഹോത്സവമതികോലാഹലം'
(പ്രമേഷമാഹാത്മ്യം തുള്ളൽ)

വ. ശ്രുതി, ജനവാദം. ന. ചന്തക്കൂട്ടം ര. കാര്യം. ഉണ്ടാകുന്നതെന്നർത്ഥം.

ജന്യു-പ്രാണി.

ജപമാല, ജപമാലിക-ജപിക്കുന്ന മാല, രുദ്രാക്ഷമാല.

ജപം, ജാപം, ജപനം-പ്രാർത്ഥനയായ വേദത്തിലെ ചില വാക്യങ്ങളും മന്ത്രമോ നാമങ്ങളോ ചൊല്ലുക, വേദാധ്യയനം. മാനസികമായ അധ്യയനം എന്നർത്ഥം. മറെറാരു പര്യായം-സ്വാധ്യായം.

ജപപരായണൻ-ജപത്തിങ്കൽ താൽപര്യമുള്ള.

ജപാ, ജവാ-ചെമ്പരത്തി.

ജപാകുസുമം-ചെമ്പരത്തിപ്പൂവ്.

[ചെമ്പരത്തിപ്പൂവിന്ന പര്യായങ്ങൾ-ജാവം (ജപാ) പുഷ്പം, ഓഡ്രപുഷ്പം ]

ജപിക്കുക-പ്രാർത്ഥനയും മന്ത്രം ചൊല്ലുക

ജപ്ത-വി. ജപിക്കപ്പെട്ട.

ജപ്തി-കണ്ടുകെട്ടുക, ഒരുവൻ മറെറാരുവന്ന കൊടുപ്പാനുള്ള പണത്തിന്ന വ്യവഹാരപ്പെട്ടാൽ കടക്കാരന്റെ വസ്തുവിനെ കടം വീട്ടുന്ന വകയ്ക്കു സർക്കാരധീനത്തിൽ വെയ്ക്കുക (അറബിഭാഷ.)

ജപ്യം-വി. ജപിക്കേണ്ടുന്ന. 'കിംജപ്യം കിമുലക്ഷണം'.

ജമ-ശേഖരിപ്പ്, കരംപിരിവ്.

ജമക്കാളം, ജമുക്കാളം, ജമുക്കാളമ-പൊതപ്പ്. [പേർഷ്യൻഭാഷ.] വിരിച്ചു കിടക്കുന്നതിന്ന മനോഹരമായ വിരിപ്പുതുണി

ജമവെച്ച്-വരവിന്റെം ചിലവിന്റെം ഉള്ള കണക്ക്.

ജമദഗ്നി-ഒരു മുനി, പരശുരാമന്റെ പിതാവ്.

[ജമദഗ്നിയുടെ അച്ഛൻ ഋചീകൻ. ഉൽകൃഷ്ടദൈവഭക്തിയുള്ള ജമദഗ്നി ഭൃഗുവംശജനാണ്. അമ്മ സത്യവതി. സത്യവതി ക്ഷത്രിയരാജാവായ ഗാധിയുടെ പുത്രിയാകുന്നു. സത്യവതി ഗർഭിണിയായിരിക്കുമ്പോൾ ഋചീകൻ ബ്രാഹ്മണഗുണങ്ങളോടുകൂടിയ ഒരു പുത്രനെ ഇച്ഛിച്ച് ഒരു ആഹാരം നൽകി. ഈ സന്ദർഭത്തിൽ തന്നെ സത്യവതിയുടെ മാതാവിനു ഒരു ആഹാരം കൊടുത്തു. ഇതു യുദ്ധവൈദഗ്ദ്ധ്യമുള്ള ഒരു പുത്രനെ പ്രസവിപ്പാൻ വേണ്ടിയായിരുന്നു. സ്ത്രീകൾ രണ്ടുപേരും ആഹാരം വെച്ചുമാറി. അതിനാൽ ഋചീകപുത്രനായ ജമദഗ്നി ക്ഷത്രിയഗുണമുള്ള ബ്രാഹ്മണനായും ഗാധിസൂനുവായ വിശ്വാമിത്രൻ ബ്രാഹ്മണഗുണങ്ങളോടുകൂടിയ ക്ഷത്രിയനായും ജനിച്ചു. ജമദഗ്നി രേണുകയെ വിവാഹം ചെയ്തു. രേണുക സൂര്യവംശത്തിലെ രേണുരാജാവിന്റെ മകളാണ്. ജമദഗ്നി വിവാഹംചെയ്തതു് വേദാഭ്യാസം പൂർത്തിയായതിൽ പിന്നീടായിരുന്നു. രേണുക ആശ്രമത്തിൽവച്ച് അഞ്ചു പുത്രന്മാരെ പ്രസവിച്ചു. അവരുടെ പേർ രുമണ്വാൻ, സുഷേണൻ, വസു, വിശ്വാവസു, പരശുരാമൻ എന്നിങ്ങനെയായിരുന്നു. രേണുക ഒരിക്കൽ അഗ്നിഹോത്രത്തിനു ജലം കൊണ്ടുവരുവാൻ കുളത്തിൽ പോയപ്പോൾ ജലക്രീഡയിൽ ആസക്തനായ ചിത്രരഥന്റെ ഛായ കണ്ടു നോക്കിക്കൊണ്ടു നിന്നുപോയി. ചിത്രരഥനും ഭാര്യയും കൂടി ഉല്ലാസമായി പെരുമാറുകയായിരുന്നു. രേണുക പതിവിൻപ്രകാരം വരേണ്ടസമയം കഴിഞ്ഞിട്ടും ജലം കൊണ്ടുവരികയാകട്ടെ തിരിച്ചെത്തുകയാകട്ടെ ചെയ്തില്ല. വൈകി കുടവുംകൊണ്ടു രേണുക താമസിച്ചു വരികയാൽ കോപാന്ധനായ ഋഷി വസ്തുവം അറിഞ്ഞു രേണുകയുടെ ശിരസ്സു ഛേദിപ്പാൻ പുത്രന്മാരോടാജ്ഞാപിച്ചു. പരശുരാമൻ മാത്രം ആജ്ഞയെ അനുസരിച്ച് മാതാവിനെ വധിച്ചു. ജമദഗ്നിയുടെ ശാപംനിമിത്തം മറ്റുള്ള പുത്രന്മാർ ഭ്രാന്തന്മാരായി ഭവിച്ചു. ജമദഗ്നി പരശുരാമനെക്കുറിച്ചു സന്തോഷിച്ച് എന്തു വരം വേണമെന്നു ചോദിച്ചു. തന്റെ അമ്മയെ ജീവിപ്പിക്കണമെന്നും സഹോദരന്മാരെ പൂർവസ്ഥിതിയിലാക്കണമെന്നും അദ്ദേഹം അപേക്ഷിച്ചു. പിതാവ് അപ്രകാരം ചെയ്തു. ജമദഗ്നി ഹേഹയരാജാവായ കാർത്തവീര്യന്റെ പുത്രന്മാരാൽ കൊല്ലപ്പെട്ടു. ഇതിനു കാരണം ജമദഗ്നിയുടെ മകനായ പരശുരാമൻ കാർത്തവീര്യനെ വധിച്ചതായിരുന്നു. ഒരിക്കൽ കാർത്തവീര്യൻ ജമദഗ്നിയുടെ ആശ്രമത്തിൽ ചെന്നു യഥായോഗ്യം സൽക്കരിക്കപ്പെട്ടതിന്റെ ശേഷം തിരിച്ചുപോകുമ്പോൾ ആശ്രമത്തിനു പുറമുള്ള വൃക്ഷങ്ങളെ നശിപ്പിക്കയും സുരഭി എന്ന പശുക്കുട്ടിയെ അപഹരിക്കയും ചെയ്തു. ഇതുകൊണ്ടാണു പരശുരാമൻ കാർത്തവീര്യനെ വധിപ്പാനിടയായതു്.]

ജമൻ- [illegible] [illegible] [വൈദ്യശാസ്ത്ര.]

ജമാ [illegible] (ക്രമം). [illegible] [illegible]

ജമായന്തി, ജമാ [illegible]-കരംപിരിവു് [illegible] [illegible] അധികാരികളുടെ കൂട്ടം.

'നാട്ടിൽഞ്ഞാലേ! റവന്യൂ വകനിഖിലകണ-
ക്കൊക്കെയെന്നല്ല പിന്നെ-
ക്കേട്ടല്ലംചൊല്ലുവൻതൻമുതൽചെലവുകളും
സൂക്ഷ്മമായി ഗ്രഹിപ്പാൻ
കോട്ടംകൂടാതെതീർത്തുമൊത്തുറയെ
ജമാബന്തിയെന്നോതിടുന്ന ...'

ജമാവസൂൽബൊക്കി-പിരിവും കടിശ്ശികയും.

ജമീദാർ, ജമേദാർ-പട്ടാളത്തിലെ ഒരു ഉദ്യോഗസ്ഥൻ.

ജംപതികം-ഭാര്യാഭർത്താക്കന്മാർ. (ഭാര്യയുടേയും ഭർത്താവിൻറയും കൂടിയ പേർ). മററു പര്യായങ്ങൾ-ദമ്പതി, ഭാര്യാപതി, ജായാപതി.

ജംപാ-ചെമ്പരത്തി.

ജമ്പാല(ള)ം-൧. ചെളി (ചളി). ഗതിയെയൊ വസ്തുവിനെയൊ ഗ്രസിക്കുന്നത്, ഗമനത്തെ തടസ്ഥപ്പെടുത്തുന്നത് എന്നർത്ഥം. ൨. ചിറ ൩. നിർവാളം ൪. കടലാവണക്ക്.

ജംബാലം-൧. കരിമ്പായൽ. ൨. പൂക്കൈത.

ജാംബാലിനി-നദി.

ജംബീരഫല-ചെറുനാരങ്ങ.

ജംബീരം, ജംബിരം-ജോനകനാരകം, ചെറുനാരകം. ഭക്ഷിക്കപ്പെടുന്നത് എന്നർത്ഥം.

ജംബു, ജംബൂ-൧. ചമ്പ, ചാമ്പയ്ക്ക. ൨. ഞാവൽ (കായ്). ഭക്ഷിക്കപ്പെടുന്നത് എന്നർത്ഥം. ൩. കുറുക്കൻ.

ജംബു-പലകപ്പയ്യാനി.

ജംബുകൻ-൧. കുറുക്കൻ. മാംസം ഭക്ഷിക്കുന്നവൻ എന്നർത്ഥം. ൨. വരുണൻ.

ജംബുമാലി-ഒരു രാക്ഷസൻ.

[രാവണൻറ സേനാനായകനാണ്. ഹനുമാനാൽ വധിക്കപ്പെട്ടു.]

ജംബൂ-൧ ചാമ്പ, ചാമ്പക്ക, ൨. ഞാവൽ. ൩. കുറുക്കൻ.

ജംബൂകൻ-കുറുക്കൻ

'ഖരാരാച്ഛകപിജംബൂക
വരാഹസാരമേയാഖവഃ'
(വാചസ്പതി)

ജംബൂകം-൧. പൂക്കൈത. ൨. പലകപ്പയ്യാനി.

ജംബൂദ്വീപം-ലവണസമുദ്രത്തിനകത്തുള്ള ഭൂമി.

[ഇതു സപ്തദ്വീപങ്ങളിൽ ഒന്നാണ്. മഹാമേരു അതിൻറ മദ്ധ്യവും ഭാരതവർഷം അതിൻറ പ്രധാനവർഷവുമാണ്. അതിൻറ വർഷങ്ങൾ-൧. ഭാരതം. ൨. കിംപുരുഷം. ൩. ഹരിവർഷം. ൪. (മേരുവുള്ള) ഇളാവൃതം. ൫. രമ്യകം. ൬. ഹിരണ്മയം. ൭. ഉത്തരകുരു. ൮. ഭദ്രാശ്വം. ൯. കേതുമാലം.]

ജംബൂനദി-മേരുവിങ്കൽനിന്ന് ഒഴുകുന്ന ഒരു നദി.

ജംബൂഫലം-൧. ചാമ്പക്കാ. ൨. ഞാവൽക്കാ.

ജംബൂല(ള)ം-൧. പൂക്കൈത. ൨. ഞാവൽ.

ജംഭക-ക്രി. ൧. തിന്നുന്നു, വിഴുങ്ങുന്നു. ൨. കൊല്ലുന്നു, നശിപ്പിക്കുന്നു. ൩. മൂരി നിവിരുന്നു.

ജംഭൻ-൧. ഇന്ദ്രൻറ ശത്രുവായ ഒരു അസുരൻ. ൨. ഒരു രാക്ഷസൻ.

[ജംഭാസുരൻ ഇന്ദ്രൻറ ശത്രുവാകയാൽ ജംഭാരി, ജംഭരിപു എന്നിങ്ങനെ ഇന്ദ്രനു പേരുണ്ടായി. ജംഭൻ എന്ന രാക്ഷസൻ അർജ്ജുനനോടു യുദ്ധംചെയ്യുകയും കൃഷ്ണനാൽ വധിക്കപ്പെടുകയും ചെയ്തു. ജംഭൻ എന്ന പേരു പല രാക്ഷസന്മാർക്കും ഉള്ളതായി കാണുന്നു.]

ജംഭഭേദി-ഇന്ദ്രൻ. ജംഭൻ എന്ന അസുരനെ ഭേദിച്ചവൻ (കൊന്നവൻ) എന്നർത്ഥം.

ജംഭം-പു. ജോനകനാരകം, ചെറുനാരകം. പുളിപ്പുഹേതുവായിട്ട് ദേഹത്തെ തിരിക്കയും മറിക്കയും ചെയ്യുന്നത്. ൨. പല്ല്. ൩. കോട്ടുവായിടുക, മൂരിനിവിരുക

ജംഭരിപു-ഇന്ദ്രൻ.

ജംഭല(ര)ം-ജോനകനാരകം, ചെറുനാരകം

ജംഭാ, ജംഭികാ, ജംഭകാ-കോട്ടുവായിടുക.

ജംഭാരി-പു. ഇടിവാൾ. ൨. ഇന്ദ്രൻ.

ജംഭീര(ല)ം-പു. ജോനകനാരകം, ചെറുനാരകം. ൨. കർപ്പൂരതുളസി. ൩. മണിക്കഞ്ഞകം, സമുദ്രപ്പച്ച.

ജയഢക്ക-ചെങ്ങില.

ജയതാളം-ഒരുവക താളം

ജയദേവർ-സുപ്രസിദ്ധമായ ഗീതാഗോവിന്ദം എന്ന ഗാനകാവ്യത്തിന്റെ കർത്താവ്.

[കലിവർഷം ൪൨൦൦-നിടക്ക ജീവിച്ചിരുന്നു. പ്രധാനകൃതികൾ-ചന്ദ്രാലോകം, ഗീതാഗോവിന്ദം(അഷ്ടപദി). ഇവ രണ്ടും സംസ്കൃതകൃതികളാണ്. ജയദേവരുടെ പിതാവ് 'ശ്രീഭോജദേവൻ' എന്ന ബ്രാഹ്മണനും മാതാവ് 'പത്മാവതി'യും ആകുന്നു. ജന്മഗ്രാമത്തിന്റെ പേർ 'ബിന്ദുബില്വം'.]

ജയദ്രഥൻ-ഒരു സിന്ധുരാജാവ്. കൌരവന്മാരുടെ സഹോദരിയായ ദുശ്ശളയുടെ ഭർത്താവ്.

[ജയദ്രഥൻ കൌരവരുടെ സഹായിയാണ്. ഒരിക്കൽ ജയദ്രഥൻ വേട്ടക്കായി വനത്തിൽ പോയപ്പോൾ പാണ്ഡവരുടെ വനവാസകാലമായിരുന്നു. അപ്പോൾ പാഞ്ചാലി മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. ആ സ്ത്രീരത്നം അക്ഷയപാത്രത്തിന്റെ സഹായത്താൽ ജയദ്രഥനും കൂടെ വന്ന ആറു സഹോദരന്മാർക്കും പരിവാരങ്ങൾക്കും തൃപ്തിയാകുംവിധം ഭക്ഷണം നൽകി. അന്ന് ആ മാനുകളുടെ മാംസവും മററു പദാർത്ഥങ്ങളും ഉണ്ടായിരുന്നു. ഭക്ഷണാനന്തരം ജയദ്രഥൻ പാഞ്ചാലിനിമിത്തം മോഹപരവശനായി അവളെ തന്നോടൊന്നിച്ചു പോരണമെന്നു ക്ഷണിക്കയും ക്ഷണം തിരസ്കരിക്കയാൽ ദ്രൌപദിയെ ഹഠാൽ പിടിച്ചുകൊണ്ടുപോകയും ചെയ്തു. പാണ്ഡവർ തിരികെ വന്നപ്പോൾ വിവരം അറിഞ്ഞു ജയദ്രഥനെ പിടിച്ചു തടവിലാക്കി. ഭീമൻ നന്നേ അടിക്കയും ചവുട്ടുകയും ചെയ്തു 'ഞാൻ പാണ്ഡവരുടെ അടിമയാണ്' എന്ന് അവനെക്കൊണ്ടു പറയിച്ചു. ഒടുവിൽ പാഞ്ചാലിയുടെ മദ്ധ്യസ്ഥതയിൽ വിട്ടയച്ചു. ധർമ്മപുത്രരുടെ കല്പന ഹേതുവായിട്ട് അവനെ വധിച്ചില്ല. ഭാരതയുദ്ധത്തിന്റെ ൧൪-ാം ദിവസം ജയദ്രഥൻ അർജ്ജുനനാൽ വധിക്കപ്പെട്ടു ]

ജയദ്ബലൻ-അജ്ഞാതവാസത്തിൽ സഹദേവന്റെ പേർ.

ജയന-പു. ആന കുതിരകൾക്കുള്ള കവചം. ൨. ജയിക്കുക.

ജയൻ-പു. സൂര്യൻ. ൨. അർജ്ജുനൻ ൩. ധർമ്മപുത്രൻ. ൪. വിഷ്ണുവിന്റെ ഒരു കാവൽക്കാരൻ. ൫. ശിവന്റെ ഒരു ദാസൻ. ൬. ജയവാൻ

ജയന്തൻ-പു. ഇന്ദ്രന്റെ പുത്രൻ ജയശീലൻ എന്നർത്ഥം. മറെറാരു പര്യായം-പാകശാസനി. ൨. ശിവൻ ൩. വിഷ്ണു ൪. അജ്ഞാതവാസത്തിൽ ഭീമന്റെ പേർ

ജയന്തി-പു. ദുർഗ്ഗാദേവി. ൨. ഇന്ദ്രന്റെ പുത്രി. ൩. പുഷ്പമത്ത, കഴുതാവൽ എന്നും പേരുണ്ട്. ൪. ഇത്തിക്കണ്ണി. ൫.

മുഞ്ഞ. ൬. പൂഷൻ എന്ന രാജാവിന്റെ ഭാൎയ്യ. ൭. ജയിച്ചിരിക്കുന്നവളായ സ്ത്രീ ൮. നാസ്തൂരണ. ൯. തഴുതാവലി. ൧൦. കൊടിക്കുറ, കൊടി ൧൧. ഭഗവാന്റെ അവതാര ദിവസങ്ങൾ മത്സ്യജയന്തി, കൃഷ്ണജയന്തി ഇത്യാദി.

ജയപത്രം - ൧. ജയവൎത്തമാനം ൨. തീൎപ്പ്.

ജയപാലം-നേൎവാളം.

ജയഭേരി-ജയത്തിങ്കൽ കൊട്ടുന്ന ഒരുവക വാദ്യം.

ജയം-വെല്ലുക, ഉൽക്കൎഷസിദ്ധി, സൎവോൽക്കൎഷേണ വൎത്തിക്കുന്ന സ്ഥിതി. മറെറാരു പൎയ്യായം-വിജയം.

[ജയശീലൻ എന്നതിനു പൎയ്യായങ്ങൾ-ജേതാവ്, ജിഷ്ണു. ജിത്വരൻ. ഇതുകൂടാതെ ജൈത്രൻ എന്നും കാണുന്നു. അമരകോശം സങ്കീൎണ്ണവൎഗ്ഗത്തിൽ 'ജയിക്കുക' എന്നതിന്റെ പേരായി 'ജയം' 'ജയനം' ഇങ്ങിനെ രണ്ടു ശബ്ദം കാണുന്നതിനെക്കൂടി ഗ്രഹിച്ചുകൊള്ളുക.]

ജയമാൎഗ്ഗചതുഷ്ടയം-ജനങ്ങളെ സത്യംകൊണ്ടും, ദീനതയെ ദാനംകൊണ്ടും, ഗുരുവിനെ ശുശ്രൂഷകൊണ്ടും, ശത്രുവിനെ ആയുധംകൊണ്ടും ജയിക്കണം.

ജയവിജയന്മാർ-വിഷ്ണുപാൎഷദന്മാർ, ജയനും വിജയനും.

[സനകാദികൾ ഒരിക്കൽ വിഷ്ണുവിനെ കാണ്മാൻ ചെന്നപ്പോൾ ജയവിജയന്മാർ തടുത്തു 'ദുൎജ്ജനാഗ്രേസരന്മാരായ നിങ്ങൾ പോയി നിൎജ്ജരാദേഷികളാകുന്നതാകണം' എന്നു മുനികൾ ശപിച്ചു. മഹൎഷിമാർ പോയശേഷം 'മൂന്നു ജന്മംകഴിഞ്ഞു നിങ്ങൾ എന്നോടുചേൎന്നുകൊള്ളുവിൻ; അതുവരെ വിദ്വേഷഭക്തിയോടെ എന്നെ സേവിപ്പിൻ; ഞാൻ തന്നെ നിങ്ങളെ വധിക്കാം" എന്നു വിഷ്ണു ജയവിജയന്മാരോടു കല്പിച്ചു സമാധാനപ്പെടുത്തി. ൧-ാം ജന്മം-ഹിരണ്യാക്ഷൻ, ഹിരണ്യകശിപു. ൨-ാം ജന്മം-രാവണൻ, കുംഭകൎണ്ണൻ. ൩-ാം ജന്മം ശിശുപാലൻ, ദന്തവക്ത്രൻ.]

ജയശബ്ദം-ജയിച്ചിട്ടുള്ള ശബ്ദം.

ജയശംഖ്-ജയിച്ചിട്ടുള്ള ശംഖുനാദം.

ജയശേഖരൻ-രാജാവ്.

ജയശ്രീ ജയംകൊണ്ടുള്ള ഐശ്വൎയ്യം.

ജയസന്തോഷം- ജയിച്ചിട്ടുള്ള സന്തോഷം.

ജയസേനൻ-൧. ചന്ദ്രവംശത്തിൽ സാൎവ്വഭൌമനു വസുന്ധരയിൽ ഉണ്ടായവൻ. ൨. അജ്ഞാതവാസത്തിൽ നകുലന്റെ പേർ.

ജയസ്തംഭം-ജയക്കൊടി, യുദ്ധത്തിൽ കിട്ടിയ വിരുത്.

ജയാ-൧. പാൎവ്വതി. ൨. പാൎവ്വതിയുടെ ഒരു തോഴി ൩. തൃതീയ, അഷ്ടമി, ത്രയോദശി. ൪. കടുക്ക. ൫. മുഞ്ഞ, പുഴമുഞ്ഞ. ൬. കഞ്ചാവ്. ൭. അറുപതിൽ ഇരുപത്തെട്ടാം വൎഷം. ൮. ചെറുവന്നി. ൯. കരിങ്കറുക. ൧൦. മഞ്ഞൾ. ൧൧. വിഷ്ണുകാന്തി.

ജയാജയം-ജയവും തോൽവിയും.

ജയാഭയം-മുഞ്ഞയും കടുക്കയും.

ജയാപീഡൻ-(എട്ടാംനൂററാണ്ടിലെ) ഒരു കാശ്മീരരാജാവ്.

ജയി-വി. ജയിക്കുന്ന.

ജയിത്രൻ-ജയശീലൻ.

ജയിൽ, ജെയിൽ, ജേൽ-ബന്ധനഗൃഹം. പൎയ്യായങ്ങൾ- ബന്ധനാലയം, കാര.

ജയൈഷി-ജയിപ്പാനായിക്കൊണ്ട് ഇച്ഛിക്കുന്നവൻ.

ജയ്യ-വി. ജയിപ്പാൻ കഴിയുന്ന

ജര-ന്ത്രീ. വാൎദ്ധക്യം, വാൎദ്ധക്യംകൊണ്ടു ശരീരത്തിൽ പുളുക്കമുതലായതു വരുക; മാംസങ്ങളുടെ ഞൊറി, വാൎദ്ധക്യത്തിൽ ശരീരത്തിന്നുണ്ടാകുന്ന പ്രകൃതിമാററം. മററൊരു പൎയ്യായം-'വിസ്രസ'. യൌവ്വനത്തെ കളയുന്നതു് എന്നൎത്ഥം. വ. ഒരു വ്യാധൻ. [ജരസൻ എന്നതു നോക്കുക]

ജരജ്ജാനി-വൃദ്ധനായ ഭൎത്താവു്.

ജരഠ-വി. ന്ത്രീ. വാൎദ്ധക്യമുള്ള, പഴയ. വ. കഠിനമായിട്ടുള്ള. ജരഠം എന്നാൽ നശിക്കുന്നതു എന്നൎത്ഥം. ന. വളഞ്ഞ. ർ. മഞ്ഞച്ചെന്ന വെളുപ്പുള്ള.

ജരഠൻ-പു. വൃദ്ധൻ.

'ജരഠനാമെന്നുടെതാതനെയും കൊണ്ടുഞാൻ'

(വിഷ്ണുനാഭിഷേകം കഥകളി)

വ. പാണ്ഡു (പാണ്ഡവരുടെ പിതാവു്).

ജരണ്ഡി- വെള്ളത്തിലുണ്ടാകുന്ന ഒരുതരം പുല്ലു്.

ജരണ-വി. ന്ത്രീ. പഴകിയ. വ. നശിച്ച.

ജരണം-ന്ത്രീ. ജീരകം. അന്നത്തെ ദഹിപ്പിക്കുന്നതു് എന്നൎത്ഥം. വ. വാൎദ്ധക്യം. ന. പെരുംകായം. ർ. തുവൎച്ചിലയുപ്പു്. ഒ. കൊട്ടം. ന്നു. കരിഞ്ജീരകം. ൈ. വെളുത്തജീരകം. ൃ. കൊട്ടാവലിൻ. പൊന്നാവീരം. ന്ത്രാ. ഒരുവക മൈ

ജരതൻ-വൃദ്ധൻ.

ജരതി, ജരതിക-വൃദ്ധയായ സ്ത്രീ.

ജരദ്ഗവം-വൃദ്ധൻ. ജരന്നായഗോവു് എന്നൎത്ഥം.

ജരദ്ഗവി-മൂരിപ്പശു.

ജരന്താ-പോത്തു്.

ജരയുന്നു ക്രി. നരയ്ക്കുന്നു, വയസ്സുചെല്ലുന്നു.

ജരൽ-വി. ന്ത്രീ. വാൎദ്ധക്യമായ വ. പഴകിയ.

ജരല്ക്കാ-ന്ത്രീ. ഒരു മുനി. വ. സൎപ്പരാജനായ വാസുകിയുടെ സഹോദരി.

[ജരല്ക്കാരു എന്ന മുനി ജരല്ക്കാരു എന്നവളെ വേട്ടു അവളിൽ അസ്തികൻ ജനിച്ചു സൎപ്പസത്രത്തെ മുടക്കിയതു് ഈ അസ്തികൻ എന്ന മുനിയാകുന്നു. ഒരിക്കൽ ജരല്ക്കാരു തന്റെ പത്നിയുടെ മടിയിൽ നിദ്രയിൽ ശയിക്കേ ഭാൎയ്യയായ ജരല്ക്കാരു ഉണൎത്തി. സൂൎയ്യാസ്തമനം കണ്ടു സന്ധ്യാവന്ദനത്തിനായിട്ടാണ് ഉണൎത്തിയതു്. ഇതുകൊണ്ടു കോപാന്ധനായി ഭൎത്താവു ഭാൎയ്യയെ ഉപേക്ഷിച്ചു പോയി. പോകുമ്പോൾ 'നിന്റെ ഗൎഭമുണ്ടു്. നാഗവംശത്തിനു രക്ഷിതാവായ ഒരു പുത്രനെ നീ പ്രസവിക്കും' എന്നു പറകയുണ്ടായി. ഈ പുത്രനത്രെ അസ്തികൻ.]

ജരസൻ-കൃഷ്ണനെ അറിയാതെ കൊന്ന വേടൻ

[ഇവൻ കൃഷ്ണദേവന്റെ പാദംകണ്ടു മൃഗമാണെന്നു വിചാരിച്ചു് അതിനെ ലക്ഷ്യമാക്കി ഒരു അമ്പു് എയ്തു ഉടൻ അയാൾ ശ്രീകൃഷ്ണന്റെ അടുക്കൽ ചെന്നു ദേവാനനകണ്ടു വ്യാധൻ പശ്ചാത്തപിച്ചു ഭക്തപ്രിയനായ ശ്രീകൃഷ്ണൻ വ്യാധനു സൽഗതി കൊടുത്തു ശ്രീകൃഷ്ണൻ വൈകുണ്ഠലോകം പ്രാപിച്ചു പരഗതി പ്രാപിച്ചപ്പോൾ ശ്രീകൃഷ്ണനു ൧൨൫ വയസ്സായിരുന്നുവത്രെ ]

ജരസ്സ്-വൃദ്ധത

ജരാ ഒരു രാക്ഷസി. (ജരാസന്ധൻ, ഗൃഹദേവി ഇവ നോക്കുക.)

ജരാതുര വാൎദ്ധക്യംകൊണ്ടു ക്ഷീണിച്ച

ജരാനരകൾ-ജരയും നരയും, വാൎദ്ധക്യം.

ജരായണി-ജരാസന്ധൻ.

ജരായു-ന്ത്രീ. ഗൎഭപാത്രത്തിൽ കിടക്കുന്ന പ്രാണിയെ പൊതിഞ്ഞിരിക്കുന്ന ഒരു തൊലി, മറുപിള്ള. ഗൎഭം വെളിയിൽ പോന്നാൽ ജീൎണ്ണമായിത്തീരുന്നതു് എന്നൎത്ഥം. വ. പാമ്പിന്റെ പടം.

ജരായുജ-വി. ജരായുവിൽ ജനിച്ച

ജരായുജങ്ങൾ-മനുഷ്യർ പശുക്കൾ മുതലായവ ഗർഭാശയത്തിൽ നിന്നു ജനിക്കയാൽ ഈ പേർ സിദ്ധിച്ചു നേരെ പ്രസവിച്ചുണ്ടാകുന്നവ.

ജരാസന്ധൻ-ഒരു മഗധരാജാവു്.

[ബൃഹദ്രഥന്റെ പുത്രനാണ്. വളരെക്കാലം മക്കളില്ലാതിരുന്ന ബൃഹദ്രഥപത്നിമാർ രണ്ടുപേരും ഒരു പുത്രന്റെ പകുതി പ്രസവിക്കയും ഭയപ്പെട്ടു ദൂരെ എറിഞ്ഞുകളകയും ചെയ്തു. അനന്തരം ജര എന്ന പേരുള്ള നരമാംസഭോജിനിയായ രാക്ഷസി അവയെ എടുത്തുകൊണ്ടുപോയി ഒന്നായി വെച്ചു. രണ്ടും ഒന്നിച്ചു ചേർന്നു ഒരു ശിശുവായി ഉച്ചത്തിൽ കരച്ചിൽതുടങ്ങി. കരച്ചിൽകേട്ടു വന്നവർ രാക്ഷസിയിൽനിന്നു കിട്ടിയ വിവരങ്ങൾ രാജാവിനെ മനസ്സിലാക്കി. രാജാവു ശിശുവിനു ജരാസന്ധൻ (ജരയാൽ ചേർക്കപ്പെട്ടവൻ) എന്ന നാമധേയം നൽകി ശിവഭക്തനായിത്തീർന്ന ജരാസന്ധൻ ഒട്ടുവളരെ രാജാക്കന്മാരെ ജയിച്ചു കീഴടക്കി. ഒടുവിൽ കൃഷ്ണനോടെതിരിട്ടു. ഇതിനു കാരണം കൃഷ്ണൻ കംസനെ വധിച്ചതാണ്. കംസൻ ജരാസന്ധന്റെ മകളുടെ ഭർത്താവായിരുന്നു. ജരാസന്ധൻ കൃഷ്ണനെ മഥുരയിൽ വെച്ചു പതിനെട്ടുപ്രാവശ്യം എതിർത്തു എങ്കിലും ജരാസന്ധനു തോൽവിയായിരുന്നു ഫലം. പക്ഷേ ശക്തിക്ഷയം ഹേതുവായിട്ടു കൃഷ്ണൻ മഥുരയിൽനിന്നു ദ്വാരകയ്ക്കു പോകേണ്ടിവന്നു. ജരാസന്ധൻ വളരെ നൃപന്മാരെ തടവുകാരായി പാർപ്പിച്ചിരുന്നു. അവരെ മോചിപ്പിക്കുന്നതിനു ഭീമനോടും അർജ്ജുനനോടുംകൂടി കൃഷ്ണൻ ജരാസന്ധനെ പ്രാപിച്ചു. തടവുകാരെ വിട്ടയച്ചില്ല. ഭീമനുമായുള്ള ഘോരയുദ്ധത്തിൽ ജരാസന്ധൻ വധിക്കപ്പെട്ടു. ജരാസന്ധനു 'ജരായണി' എന്ന പേരും കാണുന്നു. ജരാസന്ധൻ ദാനവനായ വിപ്രചിത്തിയുടെ അംശമാണ്. ജരാസന്ധന്റെ ഉത്ഭവം ഭോജകുലത്തിലാണ്. യയാതി വംശത്തിൽ നിന്നാണ് ഭോജകുലത്തിന്റെ ഉത്ഭവം.]

ജരിക്ക-അ. ക്രി. ജരപിടിക്ക, തൊലി ചുളിയുക. വ. ദഹിക്ക.

ജരിതാ-ഒരു പക്ഷി.

[അനപത്യത്വം ഹേതുവായിട്ടു മന്ദപാലൻ എന്ന മുനി ഒരു ആൺപക്ഷിയുടെ രൂപത്തിൽ ജരിതായോടു സംസർഗ്ഗംചെയ്തു. അവളിൽ നാലു പുത്രന്മാർ ജനിച്ചു. അവരുടെ പേർ ജരിതാരി, സാരിസൃക്കൻ, സ്തംബമിത്രൻ, ദ്രോണൻ എന്നായിരുന്നു. മന്ദപാലൻ അവളെ കൈവെടിഞ്ഞു ഗമിച്ചു. ഖാണ്ഡവവനത്തിൽ ദഹിപ്പാൻ തുടങ്ങിയ ആ പുത്രന്മാരെ മന്ദപാലൻ അഗ്നിയോടു ശുപാർശചെയ്തു രക്ഷിച്ചു. സ്വപുത്രരെ രക്ഷിക്കുന്നതിനു അവൾ ചെയ്യുന്ന ഉത്സാഹം കണ്ടിട്ടു മന്ദപാലനു ആർദ്രത തോന്നിയാണ് അഗ്നിയോടു ശുപാർശ ചെയ്തതു്.]

ജർദ്ധം-ന. മാംസം. വ. വാർദ്ധക്യാകൊണ്ടു തൊലി ഞൊറിഞ്ഞതു്.

ജർജ്ജര-വി. ക്രി. പഴയ, കീറിയ. വ. തകർന്ന, പൊടിഞ്ഞ, ശകലങ്ങളായി ഭവിച്ച.

ജർജ്ജരം-ന. ഇന്ദ്രന്റെ കൊടി. വ. കരിംപായൽ. ന. ചെമന്നുള്ളി.

ജർന്നം-കർപ്പൂരം

ജർത്തിലാ-കാട്ടെള്ളു്.

ജത്രു-തന

ജന്മൻകാരൻ-ജന്മി എന്ന രാജ്യത്തി ലുള്ളവൻ.

ജലകണം-വെള്ളത്തിന്റെ തുള്ളി.

ജലകന്ദകം-നീർക്കിഴങ്ങ്.

ജലകം-ശംഖ്.

ജലകരാകം-പ്ര. ശംഖ്. ദ്വി. താമര. തൃ. തേങ്ങാ. ച. കിണറ്. പ. തിര. ഷ. മേഘം.

ജലകർമ്മാ-ഒരു മീനം.

ജലകല്മം-ചെളി, വെള്ളത്തിലെ അടിമട്ട്.

ജലകാന്തം-കാറ്റ്.

ജലകാന്താരൻ-വരുണൻ.

ജലകാംക്ഷം, ജലകാംക്ഷി-ആന.

ജലകുന്തളം, ജലകേശം-പായൽ.

ജലകൂപി-പ്ര. കുളം. ദ്വി. ഉറവ്, ഊററ്. തൃ. കിണറ്. ച. നീർച്ചുഴി.

ജലക്രീഡ-വെള്ളത്തിൽ കിടന്നുള്ളകളി

ജലംഗമൻ-ചണ്ഡാലൻ. (ജനംഗമൻ എന്നതു നോക്കുക.)

ജലഗാ-നദി.

ജലഗുല്മം-ആമ.

ജലചര - വി. വെള്ളത്തിൽ സഞ്ചരിക്കുന്ന.

ജലചരം-മീൻ.

ജലചാരി-മീൻ.

ജലജ-വി വെള്ളത്തിലുണ്ടാകുന്ന.

ജലജാ-ലക്ഷ്മി.

ജലജന്തുക-അട്ട.

ജലജന്തുകാം-വെള്ളത്തിലെ ജന്തുക്കൾ. ഉദാ മത്സ്യം-യാദസ്സുകൾ.

ജലജപം-മഴപെയ്തു ജലം കിട്ടുന്നതിനുള്ള ജപം.

ജലജം-പ്ര. മത്സ്യം. ദ്വി. താമര.

'ജലജാലംചിതൻ ജലജമാനനം'

(ഭാഗവതം ൧൪ വൃത്തം)

തൃ. കക്കാ, ശംഖ്. ച. മുപ്പുകടം. പ. കരിംപായൽ ഷ. നീർമയൂ. സ. പവിഴം. അ. ഉപ്പു. ന. ഞാവൽ. ദ. മുത്തു.

ജലജിഹ്വാ-പ്ര. മുതല ദ്വി. ഉടുമ്പു. തൃ. നായ്.

ജലജീവി-മുക്കുവൻ.

ജലതാപികം-വാള എന്ന മീൻ.

ജലദ-വി. വെള്ളത്തെ കൊടുക്കുന്ന.

ജലദം-പ്ര. മേഘം. ദ്വി. മുത്തങ്ങ.

ജലദാനം-വെള്ളം കൊടുക്കുക.

ജലദാശനം-മരുത്.

ജലദോഷം-ഒരു രോഗം.

ജലദ്രോണി-വെള്ളം വെക്കുന്ന ഒരു വലിയ പാത്രം.

ജലദ്വാരം-ചാല്, തോട്.

ജലധര-വി. വെള്ളത്തെ ധരിക്കുന്ന.

ജലധരം-പ്ര. മേഘം. ദ്വി. സമുദ്രം. ജലത്തെ ധരിക്കുന്നതു എന്നർത്ഥം. തൃ. ശംഖ്. ച. മുത്തങ്ങ. പ. തെങ്ങുകര.

ജലധാര-വെള്ളംകൊണ്ടുള്ള ധാര.

ജലധാരണം-വെള്ളംകൊണ്ട് കഴുകുക, ശിക്ഷാവശ്യമുള്ളത.

ജലധി- പ്ര. സമുദ്രം. ദ്വി. സംഖ്യാവിശേഷം.

ജലധികാ-നദി.

ജലധിജ-ലക്ഷ്മി.

ജലനകുലം-കഴുതം, നീർപ്പൂച്ച

ജലനിധി- സമുദ്രം. ജലത്തിന്നിരിപ്പിടമെന്നർത്ഥം.

ജലനിർഗ്ഗമം-പ്ര. ദ്വാരം, ചാൽ (ഓവ്). ദ്വി. ചക്രക്കാരന്റെ ജലത്തിന്റെ കീഴ്പ്പെട്ടുള്ള പോക്ക്, ഊററ് എന്ന കിണറ് കൂടം മുതലായവയിൽ നിന്നും അനേകംഗമിച്ചിരിക്കുന്ന ജലം മെല്ലെ ചെല്ലുക, ഉറവ്. ജലങ്ങൾ ഇവയിൽ നിന്നു പുറപ്പെട്ടു പോകുന്നതുകൊണ്ടു ഈ പേർ സിദ്ധം.

ജലനീലി-കരിമ്പായൽ, കവത്തചണ്ടി. വെള്ളത്തെ നീലനിറമാക്കുന്നതെന്നർത്ഥം

ജലപതി-വരുണൻ

ജലപക്ഷി-വെള്ളത്തിൽ സഞ്ചരിക്കുന്ന പക്ഷി.

ജലപാത്രം-കിണ്ടി മുതലായതു്.

ജലപാനം-വെള്ളംകുടി.

ജലപിപ്പികം-മീൻ.

ജലപിശാചു-ഒക്കെയും അട്ടയുമെന്ന വിചാരിക്കുക

ജലപുഷ്പം-ന. താമര, ആമ്പൽ ഇത്യാദി. വ. ആവി.

ജലപ്രവാഹം-ഒഴുക്കു്. പര്യായങ്ങൾ-വാരിപ്രവാഹം, നിർഝരം, ഝരം(ഝരം, ഝരി) ഇവ മൂന്നും അരുവിയാറിന്റെ പേരെന്നും പക്ഷമുണ്ടു്.

ജലപ്രസാദം-ന. തേററാമ്പരൽ വ. വെള്ളത്തിന്റെ തെളിവു്.

ജലപ്രളയം- വെള്ളപ്പൊക്കം, ലോകനാശം.

ജലപ്രായം-വെള്ളം അധികമുള്ള അന്തപ്രദേശം.

ജലപ്രിയം-ന. മീൻ. വ. വേഴാമ്പൽ പക്ഷി.

ജലപ്ലവം-കഴുന്നാ, നീർപ്പൂച്ച.

ജലബന്ധകം-കെട്ടിയ ചിറ.

ജലബന്ധു-മീൻ.

ജലബാധ- മലമൂത്രങ്ങൾ ഒഴുകുന്നതിന പറയുന്ന ഒരു വാക്കു്.

ജലബി(വി)ലപം-ഞണ്ടു്.

ജലബ്രഹ്മി-ഒരുവക പച്ചമരുന്നു്.

ജലമസ്സ്യം.കാ-സ്ത്രീകളുടെ വെള്ളത്തിലെ കളി.

ജലമയ-വി. വെള്ളമുള്ള.

ജലമസി-കർപ്പൂരം.

ജലമാർജ്ജാരൻ-കഴുന

ജലമുക്-ന. മേഘം ജലത്തെ മോചിക്കുന്നതു എന്നർത്ഥം വ. മുത്തങ്ങാ ന. കർപ്പൂരം.

ജലമുക്പുഷ്പത്തു്-മയിൽ

ജലമൃത്തിക-ന. ആലിപ്പഴം വ. മേഘം

ജലമോദം-രാമച്ചം.

ജല -ന വെള്ളം. ജഡമായിരിക്കുന്നതു്, തണുപ്പുള്ളതു്, തടുക്കപ്പെടുന്നതു് എന്നർത്ഥം. പര്യായങ്ങൾ-ആപഃ (അപ്പുകൾ), വാർ, വാരി, സലിലം, കമലം, ജലം, പയസ്സ് കീലാലം, അമൃതം, ജീവനം, ഭുവനം, വനം, കബന്ധം, ഉദകം, പാഥസ്സ്, പുഷ്കരം, സർവതോമുഖം, അംഭസ്സ്, അർണ്ണസ്സ്, തോയം, പാനീയം, നീരം, ക്ഷീരം, അംബു, ശംബരം, മേഘപുഷ്പം, ഘനരസം, വ. ഇരുവേലി.

ജലയന്ത്രം-ജലം കയററുവാൻ എന്തെങ്കിലും ഉപായോഗിച്ചാലും അതിനുള്ള പേർ.

ജലരങ്കം-കൊക്കു്.

ജലരാശി-സമുദ്രം.

ജലരാശികൾ-കർക്കടകം, വൃശ്ചികം, മീനം, മകരം.

ജലരുഹം-താമര.

ജലരൂപൻ- കാമദേവന്റെ കൊടിയിന്മേലുള്ള മകരമത്സ്യം.

ജലരേഖ-വെള്ളത്തിലെ വര.

ജലലത-ഓളം, തിരമാല.

ജലവജ്രം- വജ്രായുധംപോലെ ആപൽകരമായ ജലസമൂഹം, മേഘത്തിനുള്ള ഭാവഭേദം.

ജലവാഹനം-തോണി മുതലായതു്.

ജലവാസം-രാമച്ചം.

ജലവാഹം-മേഘം.

ജലവിഷുവം-തുലാസംക്രമം. ആദിത്യൻ തുലാരാശിയിൽ ചെല്ലുന്ന സമയം.

ജലവൃശ്ചികം-ചെമ്മീൻ, ചിംകടമത്സ്യം.

ജലവേണി-മഴക്ക്.

ജലവ്യാളം-നീൎക്കോലി. വെള്ളത്തിലെ പാമ്പ് എന്നൎത്ഥം. മറെറാരുപൎയ്യായം-അലഗൎദ്ദം.

ജലശയനൻ, ജലശായി-വിഷ്ണു. പ്രളയകാലത്തു ശേഷസൎപ്പത്തിന്മേൽ ജലത്തിൽ കിടക്കുന്നതിനാൽ ഈ പേരുണ്ടായി.

ജലശായി-പു. വിഷ്ണു. ൨. നീൎക്കോഴി.

ജലശുക്തി-പു. ഞവണ്ണ്. ജലസംബന്ധത്തിലെല്ലാം ഉണ്ടാകുന്നത്, ജലസംബന്ധത്തിലുള്ള ശിപ്പി എന്നിങ്ങിനെ അൎത്ഥം. ൨. കക്ക.

ജലശൂല-അന്ത്രശൂല.

ജലശൂ(സൂ)കരാ-മുതല.

ജലസന്ധി-കടലിടുക്ക്.

ജലസൂചി-പു. അട്ട. ൨. ചീങ്കണ്ണി. ൩. കോലാമീൻ. ൪. കങ്കപ്പക്ഷി.

ജലസൂത്രം-വെള്ളംകൊണ്ടുപോകുന്ന ഒരു വിദ്യ.

ജലസ്തംഭനം, ജലസ്തംഭം-വെള്ളത്തിൻമേൽ ചെയ്യുന്ന ഒരുമാതിരി കൺകെട്ടുവിദ്യ.

ജലസ്ഥലഭ്രമം-ജലമുള്ളേടം സ്ഥലമെന്നും സ്ഥലം ജലമുള്ളേടമെന്നും തെററിദ്ധരിക്കുക.

ജലഹസ്തി-കടലാന, നീരാന.

ജലഹാസം-കടൽനുര.

ജലാകാന്താരൻ വരുണൻ.

ജലാകാംക്ഷി-ആന.

ജലാഖു-കഴുതാ, നീൎപ്പൂച്ച.

ജലാഞ്ചലം-കരിമ്പായൽ.

ജലാടനം-കൊററിപ്പക്ഷി, കങ്കപ്പക്ഷി.

ജലാന്ധകാ-ചിറാകമീൻ.

ജലാധാരം-പു. ജലം നിറയുന്ന പ്രദേശത്തിന്റെ സാമാന്യമായ പേർ. മറെറാരു പൎയ്യായം-ജലാശയം. ൨. പൊയ്ക. ൩. കടം.

ജലാധിപൻ-വരുണൻ.

ജലാംബികാ-കിണറ്.

ജലാമോദം-രാമച്ചം.

ജലാൎദ്ര- വസ്ത്രഖണ്ഡംകൊണ്ടു ഉണ്ടാക്കപ്പെട്ട വിശറി.

ജലാലു-നീൎച്ചേമ്പ്.

ജലാവൎത്തം-നീൎച്ചുഴി.

ജലാശയം-പു. ജലം നിറയുന്ന പ്രദേശത്തിന്റെ സാമാന്യമായ പേർ മറെറാരു പൎയ്യായം. ജലാധാരം. ൨. രാമച്ചം. ൩. കടൽ ൪ മീൻ. ൫ പൊയ്ക.

ജലാശ്രയ-വെള്ളിപ്പക്ഷി.

ജലേന്ദ്രൻ-വരുണൻ.

ജലേശൻ-വരുണൻ.

ജലേശയൻ-പു. മീൻ. ൨. വിഷ്ണു

ജലോച്ഛ്വാസം-വാച്ചുൽ, വെള്ളം കവിയുന്ന ചാൽ.

ജലോദരം-മഹോദരം എന്ന ദീനം.

ജലൌകസ്സ്-അട്ട.

ജലൌകാ-അട്ട.

ജല്പി, ജല്പതി-വി. വെറുതെ പറയുന്നു.

ജല്പക-വി. മുമ്പില്ലാതെ പറയുന്ന

ജല്പനം, ജല്പം-പു. മുമ്പില്ലാത്ത സംസാരം. ൨. വിണ്ടത്തം, മുഷിവ്.

ജല്പാക-വി. മുമ്പില്ലാതെ പറയുന്ന.

ജല്പിക-ചിലമ്പ്.

ജല്പിത-വി. പറയപ്പെട്ട.

ജല്പിതം-വാക്ക്.

ജവന-വി. അധികവേഗമുള്ള.

ജവനൻ-അതിവേഗം ഓടുന്ന കുതിര. മറെറാരു പൎയ്യായം-ജവാധികൻ.

ജവനഃ-പു. കുതിര. വ. ദ്രാവ്.

ജവനിക, ജവനി-തിരശ്ശീല, കൂടാരമം. എളുപ്പം താഴ്ത്തുന്നതിനും ഉയർത്തുന്നതിനും കഴിയുന്നത്. പാഠഭേദങ്ങൾ-യവനികാ, യമനികാ. മറ്റു പര്യായങ്ങൾ-പ്രതിസീരം, തിരസ്കരിണി.

ജവന്തിപുഷ്പം-ചെമന്തി.

ജവ-വി. വേഗമുള്ള.

ജവം-വേഗം.

ജവളി, ജൌളി, ചവളി-തുണി, കച്ച, ചേല മുതലായ ചരക്കുകൾ.

ജവാത്തുക്കൂട്ടക്ക-മെരുകിനെ (പച്ചപ്പുഴുവിനെ) സംബന്ധിച്ച ഒരു പഴയ കരം.

ജവാദ്(ത്തു)-പു. ഒരുവക കസ്തൂരി. വ. കസ്തൂരിമൃഗം. ന. മെരുക്.

ജവാദി-പച്ചപ്പുഴുവ്.

ജവാധിക-വി. അധികവേഗമുള്ള.

ജവാധികൻ-വളരെ വേഗം ഓടുന്ന കുതിര. മറ്റൊരു പര്യായം-ജവനൻ.

ജവാപുഷ്പം, ജപാപുഷ്പം-ചെമ്പരത്തി, ചെമ്പരത്തിപ്പൂവ്. ജവാപുഷ്പം എന്നതിന് വേഗത്തിൽ വാടുന്ന പുഷ്പം എന്നർത്ഥം. ജപാപുഷ്പം എന്നും പറയാം. 'ജവായന്തു ജപാസ്ത്രീയാം' എന്നു ധർമ്മദാസൻ.

ജവാബ്-മറുപടി (അറബിഭാഷ.)

ജവി-വി. വേഗമുള്ള. (വി, വിനി, വി)

ജവി-പു. കുതിര. വ. ഒട്ടകം.

ജവീയസം-വെള്ളി.

ജസദം-നാകം.

ജസുരി-ഇന്ദ്രന്റെ വജ്രായുധം.

ജഹക-വി. ഉപേക്ഷിക്കുന്ന.

ജഹകം-പു. പൈതൽ. വ. സമയം. ന. പാമ്പിന്റെ പടം.

ജഹാ-നാഗ്ഗരണ. 'ജഹ' എന്നതിന്റെ പാഠഭേദം. ചെറിയുകകൊണ്ട് എല്ലാവരും ത്യജിക്കുന്നതെന്നർത്ഥം.

ജഹ്ണുതനയാർ-ജഹ്നുതനയാർ.

ജഹ്നു-പു. ഒരു മുനി.

[ഈ മുനി പുരൂരവസ്സിന്റെ സന്തതിയിലുള്ളവനാണ്. ഗംഗ തന്റെ തപോവിഘ്നത്തിനു ഭാവിച്ചതായി തോന്നുകകൊണ്ട് ഗംഗയെ മുഴുവൻ കുടിച്ചുകളഞ്ഞു. പിന്നീട് ചെവിയിൽക്കൂടി പുറത്താക്കി. ഇതുകൊണ്ടാണ് ഗംഗയ്ക്കു ജാഹ്നവി, ജഹ്നുകന്യാ, ജഹ്നുതനയാ, ജഹ്നുസുതാ എന്നും മറ്റും പേരുണ്ടായത്. 'ഗംഗ' എന്ന ശബ്ദം നോക്കുക.]

വ. വിഷ്ണു.

ജഹ്നുകന്യാ, ജഹ്നുതനയാ, ജഹ്നുസുതാ-ഗംഗാനദി. ജഹ്നുമുനിയുടെ പുത്രി എന്നർത്ഥം. (ഗംഗ എന്ന ശബ്ദം നോക്കുക)

ജളത, ജളത്വം-പു. മന്ദത, ബുദ്ധിമാന്ദ്യം. വ. അറിവില്ലായ്മ. ന. അപമാനം.

ജളൻ-പു. മന്ദബുദ്ധിയുള്ളവൻ. വ. ഭോഷൻ.

ജളബുദ്ധി-അറിവില്ലാത്തവൻ. പര്യായങ്ങൾ-ജഡൻ (ജളൻ), അജ്ഞൻ.

ജളമതി-മന്ദബുദ്ധി, ബുദ്ധിയില്ലായ്മ.

ജല്ലുകാ-അട്ട.

ജല്ലുകാ-അട്ട.

ജളൌകാ-അട്ട. ജലത്തിൽ കിടക്കുന്നു എന്നർത്ഥം.

ജളൌകസ്സ്-അട്ട.

## ജാ

ജാ-ഗംഗാനദി.

ജാഗര-വി. ഉണർച്ചയുള്ള.

ജാഗരണം-ഉണൎച്ച, ഉറക്കമൊഴിക്കുക.

ജാഗരം-പ്ര. കുപ്പായം. മേഹരക്ഷയ്ക്ക് എപ്പോഴും തയാറുള്ളത് എന്നൎത്ഥം. വ. ഉറക്കമൊഴിക്കുക.

ജാഗരാ-ഉറക്കമൊഴിക്കുക.

ജാഗരി-വി. ഉണൎച്ചയുള്ള.

ജാഗരിക്കുന്നു-ഉണൎച്ചയുണ്ടാകുന്നു.

ജാഗരിത-ഉണൎച്ചയുള്ള, ഉണൎന്നിരിക്കുന്ന.

ജാഗരൂക-ഉണൎച്ചയുള്ള, ഉണൎന്നിരിക്കുന്ന, ജാഗ്രതയുള്ള.

ജാഗൎത്തി-ജാഗരണം, ഉണൎച്ച, ഉറക്കമൊഴിക്കുക.

ജാഗൎയ്യ-ഉണൎച്ച, ഉറക്കമൊഴിക്കുക.

ജാംഗലങ്ങൾ-മാൻ മുതലായവ.

ജാംഗലം-പ്ര. മാംസം. വ. ഭംഗിയുള്ള ദേശം, ജാംഗലദേശം ന. വക്ഷഹരണമന്ത്രം. ൪. പിതാരിപ്പുള്ള്.

ജാംഗലി-പ്ര. വിഷവൈദ്യ. വ. നായിക്കൊരുണ.

ജാംഗലി, ജാംഗലികൻ-സൎപ്പവശീകരക്കാരൻ, പാമ്പുപിടിക്കുന്നവൻ.

'തൽക്ഷണംചെയ്യിപ്പിച്ചു
ജാംഗലികാദ്ധ്യന്മാരാം'
(ഭാഗവതം)

ജാംഗൂലം-കങ്കാരം.

ജാംഗൂലം-പ്ര. കാട്ടുപീച്ചലിന്റെ കായ്. വ. വിഷം.

ജാംഗുലി-ദുൎഗ്ഗ

ജാംഗുലികൻ, ജാംഗുലി-പ്ര. വിഷവൈദ്യൻ ജാംഗുലി (വിഷവൈദ്യം) അറിയുന്നവൻ എന്നൎത്ഥം. വ. പാമ്പുപിടിക്കുന്നവൻ.

ജാഗ്രത-പ്ര. ഉറക്കമൊഴിച്ചിൽ. വ. സൂക്ഷ്മം, താൽപൎയ്യം.

ജാഗ്രതപ്പെടുന്നു-പ്ര. സൂക്ഷ്മം ഉണ്ടാകുന്നു. വ. താൽപൎയ്യപ്പെടുന്നു. [സ. ക്രി. ജാഗ്രതപ്പെടുത്തുന്നു.]

ജാഗ്രൽ-വി. ഉണൎന്നിരിക്കുന്ന, ജാഗ്രതയുള്ള.

ജാഗ്രൽബുദ്ധി-ജാഗ്രതയുള്ള മനസ്സ്.

ജാഗ്രിയാ-ജാഗരണം.

ജാംഘനീ-തുട

ജാംഘികൻ-ഓട്ടാളൻ, ഓടുന്നവൻ, ജംഘാബലംകൊണ്ടു ജീവിക്കുന്നവൻ.

ജാംഘികം - അതിവേഗത്തിൽ പോകുന്നതു്.

'ത്രൈലോക്യംകണ്ടജാംഘികോത്തമനും-
ഒടാപേതനയനായതി'
(അംബരീഷചരിതംകഥകളി)

ജാംഘികം-പ്ര. ഒട്ടകം. വ. മുവു..

ജാജലി-ഒരു ബ്രാഹ്മണൻ.

[തപസ്സുചെയ്തു ഇഷ്ടംപോലെ സഞ്ചരിക്കുന്നതിനുള്ള അമാനുഷശക്തി നേടി ഉടൻ അഹങ്കാരംകയറി തനിക്കു തുല്യൻ ആരും ഇല്ലെന്നു തെളിഞ്ഞു. അങ്ങിനെയിരിക്കെ തനിക്കു വൈശ്യനായ തുലാധാരനോളം യോഗ്യതയില്ലെന്നു അശരീരിവാക്കുണ്ടായി. അതു കേട്ടു ഉടൻ തുലാധാരന്റെ ശിഷ്യനായി ജ്ഞാനം അഭ്യസിപ്പാൻ തുടങ്ങി.]

ജാജ്വല്യമാന-വി. വീണ്ടും വീണ്ടും ശോഭിക്കുന്ന.

ജാട-തട്ടിപ്പ്.

ജാടലി-പാതിരിവൃക്ഷം.

ജാഠര-വി. വയററിനെ സംബന്ധിച്ച.

ജാഠരാഗ്നി-വയററിലെ അഗ്നി.

ജാഡ്യം-പ്ര. തണുപ്പ്. വ. മടിയത്വം. ന. മടി, മന്ദത. ൪. ആലസ്യം. ൫. മൌഢ്യം.

ജാഡ്യാരി-ജാതകത്താരകം.

ജാത-വി. ജനിച്ച.

ജാതകകഥകൾ - ബുദ്ധഭഗവാന്റെ മുജ്ജന്മത്തിൽ പൂൎവ്വം പറയപ്പെട്ട കഥകൾ.

[ഇവ ക്രിസ്ത്വാബ്ദത്തിനു വളരെ മുമ്പിൽതന്നെ ഇൻഡ്യയിൽനിന്നു പ്രാപ്പെട്ടു രൂപഭേദങ്ങളോടുകൂടി യൂറോപ്പിൽ എല്ലാരാജ്യങ്ങളിലും വ്യാപിച്ചു.]

ജാതകപദ്ധതി-ഒരു ജ്യോതിഷഗ്രന്ഥം.

ജാതകബ്രാഹ്മണൻ – ജ്ഞാനകർമ്മങ്ങൾ ഇല്ലാതെ ജനനം കൊണ്ടുമാത്രം ബ്രാഹ്മണനായുള്ളവൻ.

ജാതകം-ന. ജന്മപത്രിക, ജനനഫലം അറിയുന്നതിനു എഴുതുന്നതു്. വ. അപ്പോൾ പ്രസവിച്ച കുഞ്ഞു്.

ജാതകർമ്മം-ഒരു പൈതൽ ജനിക്കുമ്പോൾ കഴിക്കുന്ന ഒരു കർമ്മം.

[ഇതു ബുദ്ധിവർദ്ധനക്കാരുണ്ടായുള്ള ചെയ്യുന്ന ഒരു സംസ്കാരമാകുന്നു.]

'പ്രാങ്നാഭിവർദ്ധനാൽപുംസോ
ജാതകർമ്മവിധീയതേ'

(മനു)

ജാതകസാരം-ഒരു ജ്യോതിഷഗ്രന്ഥം.

ജാതഖേദം-അ. സങ്കടത്തോടെ.

ജാതപുത്രാ-പുത്രനെയോ പുത്രന്മാരെയോ ജനിപ്പിച്ചിട്ടുള്ള സ്ത്രീ.

ജാതപ്രേത-വി. ജനിച്ചുമരിച്ച.

ജാതമാകുന്നു-ജനിക്കുന്നു.

ജാതമാത്ര-വി. അപ്പോൾ ജനിച്ച.

ജാതമോദം-അ. സന്തോഷത്തോടെ.

ജാതം-ന. ശിശു. വ. തരം. ന. കൂട്ടം. ർ. ജനനം.

ജാതരൂപ-വി. സൌന്ദര്യമുള്ള.

ജാതരൂപം-ന. സ്വർണ്ണം. പ്രശസ്തമായ രൂപമുള്ളതു് എന്നർത്ഥം. വ. ഉമ്മത്തു്.

ജാതരോഷം-അ. കോപത്തോടെ.

ജാതവതി-ജനിച്ചവൾ

ജാതവേദസ്സ്-ന. അഗ്നി. വേദങ്ങൾ ഹിരണ്യം ഇവ ഇവനിൽ നിന്നുണ്ടായതുകൊണ്ടു് ഈ പേർ വന്നു. ശുഭത്തെയും അശുഭത്തെയും അറിയുന്നവൻ, ജനിച്ചവരുടെ ദേഹത്തിലൊക്കെ ജഠരാഗ്നിരൂപമായി സ്ഥിതിചെയ്യുന്നവൻ, വേദത്തിനു ഉൽപത്തിസ്ഥാനം ഇങ്ങിനെയും അർത്ഥമുണ്ടു്. വ. കൊടുവേലി.

ജാതാപത്യ- പ്രസവിച്ചവൾ. പുത്രൻ പിറന്നവൾ എന്നർത്ഥം.

[അപ്പോൾ പ്രസവിച്ചവളുടെ (പെറ്റെഴുന്നേല്ക്കാത്തവളുടെ) പേർ എന്നും കാണുന്നുണ്ടു്.]

ജാതാതിഷംഗം-അ. അതികോപത്തോടെ.

ജാതാലസ്യ- വി. ആലസ്യത്തോടുകൂടിയ.

ജാതി-ന. തരം, മാതിരി, വക. വ. ഗോത്വം, മനുഷ്യത്വം മുതലായ സാമാന്യത്തിന്റെ പേർ. ന. ജനനം. ർ. വംശം. ൫. ജാതിക്കാമരം ൬. പിച്ചകം. സുഖം ഇതിൽ നിന്നുണ്ടാകുന്നതിനാൽ ഈ പേർ വന്നു. ൭. നെല്ലി. ൮. കമ്പിപ്പാല. (൯) ഒട്ടും കറയില്ലാത്തതു്. ൧൦. (വ്യാകരണത്തിൽ) പൊതുവെ പല എണ്ണങ്ങൾക്കു ചേരുന്ന ഒറ്റയായ പദാർത്ഥം ഉ-ം, തെങ്ങു എന്ന വ്യക്തിക്കു വൃക്ഷം എന്നതു ജാതി. (ആകൃതിഗ്രഹണാജാതിഃ എന്നു ജാതിലക്ഷണം.)

ബ്രാഹ്മണനു 'ശർമ്മ', ക്ഷത്രിയനു 'വർമ്മ', വൈശ്യനു 'ഗുപ്തൻ', ശൂദ്രനു 'ദാസൻ'. (ഇതിനു ജാതിദ്യോതകനാമചതുഷ്ടയം എന്നു പേർ. ശർമ്മ, വർമ്മ, ഗുപ്തൻ, ദാസൻ ഇവ നോക്കുക.)

ജാതികാർത്ത്വ്യം-ഒരു ജാതിക്കാരെ മേരിക്കുക.

ജാതികർത്താവു-ഒരു ജാതിക്കാരിൽ പ്രമാണി, പ്രഭു.

ജാതികോശം-ന. ജാതിക്കായ്. വ. ജാതിപത്രി.

ജാതികോശി-ജാതിപത്രി.

ജാതിക്കാ- ഒരങ്ങാടിമരുന്ന്. പര്യായങ്ങൾ-ജാതീകോശം, ജാതീഫലം.

[കഫം, കണ്ഠരോഗം, കൃമി, ഛർദ്ദി, വായുമുതൽ മുതലായ പല രോഗങ്ങൾക്ക നന്ന്. തേജസ്സിനേയും രുചിയേയും ഉണ്ടാക്കും അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. തമിഴിൽ-ചാതിക്കാ. ഇംഗ്ലീഷിൽ-nutmeg നട്മെഗ്.]

ജാതിക്കൂട്ടം-വംശക്കൂട്ടം, ജനക്കൂട്ടം.

ജാതിക്കെട്ട-പ്ര. ജാതിബന്ധം. വ. ജാതിമര്യാദ.

ജാതിദ്യോതകനാമചതുഷ്ടയം - പ്ര ബ്രാഹ്മണന്റ ശർമ്മ, ക്ഷത്രിയന്റ വർമ്മ, വൈശ്യന്റ ഗുപ്തൻ, ശൂദ്രന്റ ദാസൻ. വ. ബ്രാഹ്മണന്റ ദേവൻ, ക്ഷത്രിയന്റ ത്രാതാവ്, വൈശ്യന്റ ഭൂതി, ശൂദ്രന്റ ദത്തൻ.

ജാതിധർമ്മം-ജാതിമര്യാദ.

ജാതിപത്രീ-ഒരു മരുന്ന്.

[കഫ, കൃമി, ചുമ, ഛർദ്ദി, വായുമുതൽ, വിഷം, തണ്ണീർദാഹം, ദുർഗ്ഗന്ധം ഇവയ്ക്കു നന്ന്. രുചിയെയുണ്ടാക്കും. തമിഴിൽ-ചാതിപത്തിരി. ഇംഗ്ലീഷിൽ-mace മേസ്. സംസ്കൃതത്തിൽ-ജാതിപത്രി.]

ജാതിപുഷ്പം-പിച്ചകപ്പൂവ്.

ജാതിഫലം-ജാതിക്കാ.

ജാതിഭ്രംശം-ജാതിഭ്രഷ്ട്, [illegible]

ജാതിഭ്രഷ്ട-വി. ജാതിയിൽ നിന്ന തള്ളപ്പെട്ട.

ജാതിഭ്രഷ്ട്-ജാതിക്ക പുറത്ത്.

ജാതിമര്യാദ-ജാതിയുടേയോ വംശത്തിന്റേയോ മര്യാദ.

ജാതിമാത്രം-വി. ജാതിമാത്രമായുള്ള.

ജാതിമാത്രോപജീവി-പ്ര. ജാതിമാത്രം കൊണ്ടു ജീവിക്കുന്നവൻ. വ. ബ്രാഹ്മണവംശത്തിൽ ജനിച്ചും ബ്രാഹ്മണകർമ്മത്തെ ചെയ്യാതെയും ഇരിക്കുന്നവൻ.

ജാതിമാനം-സ്വജാതിയെകുറിച്ചുള്ള അഭിമാനം.

ജാതിലിംഗം-ചായില്യം.

ജാതിവഴക്ക-വംശവഴക്ക.

ജാതിവൈരം-പ്ര. സ്വഭാവേനയുള്ള വൈരം. [കീരിയും സർപ്പവും തമ്മിൽ, എണ്ണയും പിണ്ണാക്കും തമ്മിൽ-എന്നപോലെ.] വ. അടുത്ത ചാർച്ചക്കാർ തമ്മിലുള്ള പക.

ജാതിവ്യവഹാരം-ജാതിവഴക്ക.

ജാതിശ്രേഷ്ഠ-വി. ജാതിയിൽ പ്രമാണിയായ.

ജാതിസാരം-ജാതിക്കാ.

ജാതിഹീന-പ്ര. താണജാതിയിലുള്ള, ജാതിയിൽ മഹിമയില്ലാത്ത.

ജാതീകോശം-ജാതിക്കാ.

ജാതീഫലം-ജാതിക്കാ.

ജാതു-അ. പ്ര. ഒരിക്കൽ (ഒരു കാലത്ത്).

'കദാചിജ്ജാതുവിൽ'

(ദക്ഷയാഗം കഥകളി)

'ജീവലോകഹസ്തജാതുസഹായസ'

(നളചരിതം കഥകളി)

വ. ചിലപ്പോൾ

ജാതുകം-പെരുങ്കായം.

ജാതുകാ-കടവാതിൽ.

ജാതുചിത്-അ. ഒരിക്കൽ.

ജാതുധാനൻ-രാക്ഷസൻ, പിശാചു.

ജാതുഷ-വി. അരക്കുകൊണ്ടു തീർത്ത, അരക്കോടു സംബന്ധിച്ച.

ജാതൂഷം-അരക്കുകൊണ്ടുണ്ടാക്കിയ പാവ മുതലായതിന്റെ പേർ.

ജാതുകർണ്ണൻ-ശിവൻ.

ജാതോക്ഷം-പു കാളയുടെ സ്വഭാവത്തെ പ്രാപിച്ച കാളക്കുട്ടി (ആരണ്യയൗവനാവസ്ഥനായ കാള), അപ്പോൾ പിറന്ന കാള. മ. കാള.

ജാത്യന്ധ-വി കുരുടനായി ജനിച്ച.

ജാത്യം-വി. പു. സഹജമായുള്ള, സ്വാഭാവികമായുള്ള. മ. നല്ല വംശത്തിൽ ജനിച്ച. ന. ഉത്തമമായ. ർ. ഇമ്പമുള്ള, ഭംഗിയുള്ള.

ജാത്യാ-വി. ജനനാലുള്ള, ജനനാൽ തന്നെ, സ്വാഭാവികമായി.

ജാത്യാചാരം-ജാതിക്കടുത്ത ആചാരം.

ജാത്യാദി-പിച്ചകത്തില മുതലായവകൊണ്ടുള്ള ഒരൗഷധയോഗം.

ജാത്യാന്ധൻ-പിറവിക്കുരുടൻ.

ജാത്യാഭിമാനം-ജാതികൊണ്ടുള്ള അഭിമാനം.

ജാത്യാവൈരം-സ്വഭാവേനയുള്ളവൈരം.

ജാന-വി. അറിഞ്ഞ.

ജാനകി-സീത, ജനകരാജാവിന്റെമകൾ

ജാനപദം-പു ജനം മ. നാട്ട്, രാജ്യം. ജനങ്ങൾ ഇതിൽ നടന്നുകൊണ്ടിരിക്കുന്നതിനാൽ ഈ പേരുണ്ടായി.

ജാനി-(സമാസപദാന്ത്യത്തിൽ) ഭാര്യ. ഉ-ം, ഭൂജാനി-ഭൂ (ഭൂമി) ഭാര്യയായിട്ടുള്ളവൻ=രാജാവ്.

ജാനു-മുട്ട്. വളരുന്നതു എന്നർത്ഥം.

ജാനുദഘ്നം-അ. മുട്ടോളം.

ജാപകൻ-പു. ജപിക്കുന്നവൻ. മ. മന്ത്രിക്കുന്നവൻ. ന. ദുരാലോചനക്കാരൻ.

ജാപകം-പു. പീതചന്ദനം [ജായകം എന്നതിന്റെ പാഠം.] മ. ചെമ്പുള്ളി. ന. സാമ്പ്രാണി. ർ. വെളുത്ത ചന്ദനം.

ജാപനം-പു. ഒഴിവ്, തള്ളുക. മ. നിവൃത്ത.

ജാപം-വേദാദ്ധ്യയനം. (ജപം എന്നതിന്റെ പാഠാന്തരം) 'പ്രജാപോപാഗ്ര്യമേണങ്ങളവ' എന്നുദാഹരണം.

ജാബാലൻ-പു. ആടുമേയ്ക്കുന്നവൻ. മ. ഒരു മുനി.

ജാബാലി-പു. ഒരു നിരീശ്വരവാദിയായ ബ്രാഹ്മണൻ.

[ദശരഥന്റെ ഒരാചാര്യൻ. ദശരഥന്റെ കല്പനയെ അനുസരിച്ചിട്ടാവശ്യമില്ലെന്നും കാട്ടിൽ പോകാതെ ഭരതനോടു രാജ്യം വാങ്ങി മുറപോലെ ഭരിക്കണമെന്നും ശ്രീരാമനെ ഉപദേശിച്ചു.] മ. ഒരു നീതിശാസ്ത്രഗ്രന്ഥത്തിന്റെ കർത്താവ്.

ജാമദഗ്ന്യൻ-പരശുരാമൻ.

ജാമാ-പു. പുത്രി. മ. മകന്റെ ഭാര്യ.

ജാമാതാ(വ്)-മകളുടെ ഭർത്താവ്. ഭാര്യയെ അളക്കുന്നവൻ (ഭാര്യാഗുണങ്ങളെ പരിശോധിച്ചു തൃപ്തിപ്പെടുത്തുന്നവൻ) എന്നർത്ഥം. മ. തൊഴുകണ്ണി. ന. പ്രഭു. ർ. സൂര്യകാന്തിപ്പുഷ്പം.

ജാമി-പു. കുലസ്ത്രീ. മ. ഉടപ്പിറന്നവൾ. സുഖം അനുഭവിക്കുന്നവൾ എന്നർത്ഥം. ന. മകന്റെ ഭാര്യ ർ. പുത്രി.

ജാമിത്രം-ഏഴാമിടം.

ജാമേയൻ-സഹോദരിയുടെ പുത്രൻ.

ജാമ്യക്കാരൻ-ജാമ്യം ഏല്ക്കുന്നവൻ. പര്യായങ്ങൾ ലഗ്നകൻ, പ്രതിഭൂവ്.

ജാമ്യം, ജാമീൻ-പു മുന്നാമൻ. മ. ഉറപ്പ്, രക്ഷ. [അറബിഭാഷ]

ജാമ്യമേല്ക്ക-മുന്നാമനായിതീരുക. [ജാമ്യമേല്പിക്കുക. സ ക്രി.]

ജാംബവാ-പു. സ്വർണ്ണം. മ. ഞാവൽക്കായ്, ചാമ്പക്കായ്.

ജാംബവതി-പു. ജാംബവാന്റെ പുത്രി. ശ്രീകൃഷ്ണന്റെ ഭാര്യ, സാംബന്റെ അമ്മ. മ. നാഗദമന്, (സർപ്പപ്പോള).

ജാംബവാൻ-കരടികളുടെ രാജാവ്, കപിശ്രേഷ്ഠൻ.

[ജാംബവാൻ ബ്രഹ്മാവിൻെറ പുത്രനാണ്. കൃഷ്ണനും ജാംബവാനും തമ്മിൽ ഘോരയുദ്ധം ഉണ്ടായി. ഇതിനു കാരണം-സൂര്യൻ സത്രാജിത്തെന്ന യാദവശ്രേഷ്ഠനു കൊടുത്ത മണിയെ അണിഞ്ഞുംകൊണ്ടു ഒരിക്കൽ സത്രാജിത്തിൻെറ അനുജൻ പ്രസേനൻ നായാട്ടിനായി വനത്തിൽ പോയി അവിടെവെച്ചു ഒരു സിംഹം പ്രസേനനെക്കൊന്നു മണിയുംകൊണ്ടു കടന്നു. മണിയുടെ പേർ സ്യമന്തകം എന്നായിരുന്നു. സിംഹത്തിൻെറ പക്കൽനിന്നും മണി ജാംബവാൻ കൈക്കലാക്കി. ഇതിനെ അന്വേഷിച്ചുപോയ മാർഗ്ഗത്തിലാണ് കൃഷ്ണനും ജാംബവാനും തമ്മിൽ യുദ്ധമുണ്ടായത്. യുദ്ധത്തിൽ ജാംബവാൻ തോററു. സ്യമന്തകത്തെയും തൻെറ പുത്രിയായ ജാംബവതിയേയും കൃഷ്ണനായിട്ടു നൽകി. ശ്രീരാമനു ജാംബവാൻ സീതാന്വേഷണത്തിൽ വേണ്ട സഹായം ചെയ്തിട്ടുണ്ട്. ജാംബവാൻ ചിരംജീവികളിൽ ഒരുവനാണ്.]

ജാംബൂനദം-പൊന്ന്. ജംബൂനദിയിലുണ്ടായതു എന്നർത്ഥം.

'ജാംബൂനദവും പട്ടും വളയും'
(സ്യമന്തകം തുള്ളൽ)

ജായ-സ്ത്രീ. വിവാഹം കഴിച്ച ഭാര്യ. ഭർത്താവു പുത്രരൂപേണ ഇവളിൽ ജനിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

ജായകം-പീതചന്ദനം. ഗന്ധാന്തരത്തെ ജയിക്കുന്നതു എന്നർത്ഥം. വ. പുഴുകു

ജായാജീവൻ-നടൻ (വേഷക്കാരൻ.) ജായയെക്കൊണ്ടുപജീവിക്കുന്നവൻ എന്നർത്ഥം.

ജായാനുജീവി-കൊക്ക്.

ജായാപതികൾ-ഭാര്യാ ഭർത്താക്കന്മാർ, ഭാര്യയുടെയും ഭർത്താവിൻെറയും കൂടിയ പേർ.

ജായു-ഔഷധം, മരുന്ന്. രോഗാത്തെ അമിഭവിക്കുന്നതു എന്നർത്ഥം.

ജായു-വൈദ്യൻ.

ജാരജൻ-വ്യഭിചാരിപുത്രൻ.

ജാരജാ-വ്യഭിചാരിപുത്രി.

ജാരണി-പെരുഞ്ജീരകം.

ജാരത്വം-വ്യഭിചാരം.

ജാരൻ-ഉപശയനക്കാരൻ, കൂട്ടുഭർത്താവ്, രഹസ്യക്കാരൻ. പരസ്ത്രീയുടെ യൌവ്വനത്തെ കളയുന്നവൻ എന്നർത്ഥം. മററാരുപര്യായം-ഉപപതി.

ജാരവൃത്തി-ജാരൻെറ പ്രവൃത്തി, വ്യഭിചാരം.

ജാരി-ദുർഗ്ഗ.

ജാരിണി-വ്യഭിചാരിണി.

ജാല-കഴക്കോലിൻെറ താഴത്തെ വളവ്.

ജാലക-പു. വഞ്ചനയുള്ള. വ. ചെപ്പിടിവിദ്യയുള്ള. ന. വലയുള്ള.

ജാലകം-പു. പുതിയമൊട്ട്. വ. വളരെ ചെറുതായകായ്, പിഞ്ചു. ന. മൊട്ടായി പ്രകാശിക്കുന്നതിനു മുമ്പു ആദ്യം കാണുന്ന പുഷ്പം. ൪. മൊട്ട് ൫ കിളിവാതിൽ. ൬ കൂട്ടം ൭ വല. ൮ പൂമൊട്ട്. ൯ അഹങ്കാരം. ൧൦. വാഴക്കാ.

ജാല(ക)ം-കടമ്പ്.

ജാലകാരകൻ-ചിലന്നി, ചിലന്തി

ജാലകിനി-ചെമ്മരിയാട്.

ജാലക്കാരൻ-മുക്കുവൻ.

ജാലഗർഭം-മരക്കുരങ്ങ്.

[വിശേഷിച്ചുധാന്യമായും ഒന്നുമായും അല്പമായും വഴിയാപ്പാടു കൂടിയും മാറാത്തതും ജലദോഷവും ഉണ്ടാകുന്നതായും വിസർപ്പംപോലെ വ്യാപിക്കുന്നതായുമിരിക്കുന്ന തീത്]

ജാലപാത്ത് – അരയന്നം, പാത്തയും മറവം.

ജാലപാദം–പ്ര. അരയന്നം. വ. താറാവു.

ജാലം–പ്ര. കൺകെട്ടുവിദ്യ, ക്ഷുദ്രം, മായ. വ. മൊട്ട്. ന. കിളിവാതിൽ, ജനൽ. ർ. ക്രട്ടം. റ. വല. ജലത്തിൽ ഇടുന്നതു്. ജാലം (കിളിവാതിൽ) പോലെയുള്ളതു്, കണ്ണികണ്ണിയായി നെയ്യപ്പെട്ടതു് ഇങ്ങനെ അർത്ഥം. മറ്റൊരുപര്യായം– 'ആനായം'. ഗ്ര. പൂമൊട്ട്. ര. അഹമ്മതി. വ്യ. ഒരുവക കണ്ണിലീനം. ൻ. കടമ്പു വൃക്ഷം. ഫ. കവചം. ഫ്ര. വനം.

ജാലയക്കട്ടിള–കട്ടിളച്ചട്ടം.

ജാലി–പ്ര. പടവലം. (പടോലം.) വല പോലെ സൂക്ഷ്മങ്ങളായ കണ്ണികളോടു കൂടിയ പൂവുള്ളതു് എന്നർത്ഥം. വ. കാട്ടുപീച്ചിൽ. ന. ചണ. ർ. വല.

ജാലികൻ–പ്ര. വലവെച്ചു മൃഗങ്ങളെ പിടിക്കുന്നവൻ. ജാലംകൊണ്ടു ചരിക്കുന്നവൻ എന്നർത്ഥം. വ. ഒരു ദേശത്തിലെ പ്രധാന ഭരണക്കാരൻ. ന. ചതിയൻ ർ. ചെപ്പടിവിദ്യക്കാരൻ ഖ. മുക്കവൻ. ഞ. വലക്കാരൻ.

ജാലികം–കരങ്ങ്.

ജാലിനീ–പ്ര ചായമിടുന്നതിനുള്ള മുറി. വ. മേവതാളി. ന. കാട്ടുപീച്ചിൽ.

ജാല്മ–അവിവേകമുള്ള. വ. ഹീനതയുള്ള.

ജാല്മൻ–പ്ര. നീചൻ, ഇരപ്പാളി, ഹീനൻ. കാര്യങ്ങളെ മറച്ചുവെക്കുന്നവൻ എന്നർത്ഥം. വ. അവിവേകി, ആലോചന കൂടാതെ പ്രവർത്തിക്കുന്നവൻ.

ജാവകം–പ്ര. ചെറുവള്ളിക്കൊടി. ല കറുത്ത അരക്ക്.

ജാഷകം–പീതചന്ദനം [ജായകം എന്നതിന്റെ പാഠം]

ജാഹക(ൻ)ം–പ്ര. പൂച്ച. വ. മരപ്പട്ടി.

ജാഹ്നവീ–ഗംഗാനദി.

(ഒരിക്കൽ ജഹ്നു എന്ന മഹർഷി ഒരു യാഗംകഴിപ്പിച്ചുകൊണ്ടിരുന്നു. ഭഗീരഥൻ ഗംഗയെ ആകാശത്തു നിന്നു പാതാളത്തേക്കു കൊണ്ടുവരുന്നവഴിക്കു അതിലെ (ഗംഗയിലെ) ജലം യാഗശാലയെ മുക്കി. അനന്തരം ക്രുദ്ധിച്ച മഹർഷി ജലം അശേഷം പാനംചെയ്തു. പിന്നെ ഭഗീരഥന്റെയുംമറവം പ്രാർത്ഥനഹേതുവായിട്ടു മുനി ഗംഗാജലത്തെ കാതുവഴിയേ പുറത്താക്കി. ഇപ്രകാരം ജഹ്നുവിൽനിന്നുണ്ടാകയാൽ ഗംഗക്കു 'ജാഹ്നവി' എന്ന പേർ സിദ്ധിച്ചു. ഗംഗ എന്ന ശബ്ദം നോക്കുക.)

ജാളി(ക), ചാളി(ക)–പണസ്സഞ്ചി.

ജാള്യം–ജളത, മോക്ഷതാം.

ജാള്യത–ജളത, മോക്ഷതാം.

ജി

ജിഗത്നു–ശ്വാസം, പ്രാണൻ.

ജിഗമിഷാ–ഗമിപ്പാനുള്ള ആഗ്രഹം.

ജിംഗിണി–കാരിലവു്.

ജിംഗീ–മഞ്ചട്ടി.

ജിഗീഷാ–പ്ര. ജയിപ്പാനുള്ള ആഗ്രഹം. വ. മത്സരം, പിണക്കം. ന ഉന്നതി, ബലത ർ. ഉത്സാഹം, ശ്രമം.

ജിഘത്സാ–തിന്നാനുള്ള ആഗ്രഹം.

ജിഘത്സു–വി. വിശപ്പുള്ള.

ജിഘാംസാ–പ്ര. കൊല്ലാനുള്ള ആഗ്രഹം. വ പകവീളുക, വൈരപ്രതിക്രിയ.

ജിഘാംസക–പ്ര കൊലചെയ്യുന്ന. വ. പകവീളുന്ന.

ജിഘാംസു–വി. കൊല്ലുന്ന.

ജിഘാംസു–ശത്രു.

ജിഘൃക്ഷ–പ്ര. ക്ഷേമണേച്ഛ. വ. കൈക്കലാക്കാനുള്ള ആഗ്രഹം.

ജിജ്ഞാസ-൧. അറിവാനുള്ള ആഗ്രഹം. ൨ അന്വേഷണം, ശോധന, വിചാരണ.

ജിജ്ഞാസു-൧ അറിവാനാഗ്രഹിക്കുന്ന ൨, മോചനം ലഭിപ്പാനാഗ്രഹമുള്ള

ജിത-വി ജയിക്കപ്പെട്ട.

ജിതക്രോധൻ-൧. വിഷ്ണു ൨ ശിവഭക്തനായ ഒരു മുനി.

ജിതശ്രമം-അ. പ്രയാസംകൂടാതെ

ജിതാക്ഷര-വി. നല്ലവണ്ണം വായിക്കുന്ന; വേഗം വായിക്കുന്ന.

ജിതാത്മാവ്-ആത്മാവിനെ നിയന്ത്രണം ചെയ്യുവൻ, ഉള്ളടക്കമുള്ളവൻ.

ജിതാമിത്രൻ-൧. വിഷ്ണു. ൨. ശത്രുക്കളെ ജയിച്ചവൻ

ജിതി-൧. ജയം. ൨, ലാഭം.

ജിതേന്ദ്രിയ-വി ഇന്ദ്രിയങ്ങളെ ജയിച്ച, അടക്കമുള്ള.

ജിതേന്ദ്രിയൻ-അടക്കമുള്ളവൻ, മുനി. ഇന്ദ്രിയസമൂഹത്തെ ജയിച്ചവൻ.

ജിത്ത്-വി. ജയിച്ച

ജിത്യ-വി. ജയിക്കപ്പെടുവാൻതക്ക.

ജിത്യ-കൊഴു.

ജിത്വര-വി. ജയിക്കുന്ന.

ജിനൻ-൧. ബുദ്ധൻ, ബുദ്ധമുനി. ൨. വിഷ്ണു. ൩. വൃദ്ധൻ.

ജിനവല്ലഭസൂരി-ഒരു സംസ്കൃതകവി. ജിനമതം. സംസ്കൃതത്തിലും പ്രാകൃതത്തിലും സമമായി മഹാവീരസ്വാമിസ്തോത്രം എന്നൊരു പുസ്തകം ഉണ്ടാക്കി.

ജിനിസ്സ്, ദിനിസ്സ്, ദിനുസ്സ്-൧. മാതിരി, ജാതി, തരം [illegible] ൨. സാധനം

ജിലേബി-ഒരു പലഹാരം.

[ഗോതമ്പുമാവു തൈരിലോ വെള്ളത്തിൽ കുഴച്ചു പാകപ്പെടുത്തി ചുഴൽ മാതിരിയിൽ നെയ്യിൽ കാച്ചി, പഞ്ചസാര പാവുകാച്ചി അതിൽ ഇട്ട് എടുക്കുന്നതു് ]

ജില്ല-൧. മണ്ഡപത്തുംവാതിൽ. ൨. കോവിലകത്തിൻ വാതിൽ. ൩. താലൂക്ക്. ൪. തുക്കിടി. ൫ ദേശപ്പുറം. ൬. സീമ. ൭ രാജ്യം. ൮. ഏതാനും താലൂക്കുകൾ കൂടിയതു്. സിവിൽ വ്യവഹാരങ്ങൾക്കു തീർച്ചയാക്കുന്നതിനായി തിരിക്കപ്പെട്ടിട്ടുള്ള രാജ്യത്തിന്റെ പിരിവുകൾ. ൯. ഒരുതരം കോടതി. [അറബി ഭാഷ].

ജിഷ്ണു-വി. ജയമുള്ള.

ജിഷ്ണു-൧. വിഷ്ണു, കൃഷ്ണൻ. ൨. ഇന്ദ്രൻ. ൩. അർജ്ജുനൻ. ൪. ജയശീലൻ.

ജിഹാനകം-ലോകനാശം.

ജിഹ്മ-വി. ൧. വളഞ്ഞ. ൨. ചതിവുള്ള. ൩. ദുഷ്ടതയുള്ള. ൪. അയോഗ്യതയുള്ള. ൫. മടിയുള്ള. ൬. ഭംഗിയില്ലാത്ത.

ജിഹ്മഗ-വി. ൧. വളഞ്ഞുനടക്കുന്ന. ൨. സാവധാനത്തിൽ നടക്കുന്ന (തിരിയുന്ന).

ജിഹ്മഗം-പാമ്പ്.

ജിഹ്മം-൧ വളഞ്ഞതു്. ൨. ഒരു മരം. ൩. തകരം.

ജിഹ്മാക്ഷ-വി. കോങ്കണ്ണുള്ള.

ജിഹ്മമേഹനം-തവള

ജിഹ്മയോധി-ഭീമൻ (ഭീമസേനൻ എന്ന പാണ്ഡവൻ).

ജിഹ്വ-നാക്ക്.

ജിഹ്വക-ഒരുവക സന്നിപാതം.

ജിഹ്വാല-വി അത്യാശയുള്ള, കൊതിയുള്ള.

ജിഹ്വാഗ്രം-നാക്കിന്റെ അറ്റം.

ജിഹ്വാപം-൧ കടുവാ. ൨. പുലി. ൩. കരടി ൪. നായ്, പൂച്ച

ജിഹ്വാമൂലം-നാവിന്റെ മൂലഭാഗം.

ജിഹ്വാസ്തംഭം-ഒരു രോഗം.

[വാഗ്ജിഹ്വിനി എന്നപേരോടുകൂടിയ സിരയെ ആശ്രയിച്ചു വായു കോപിച്ചു നാക്കിനെ സ്തംഭിപ്പിക്കുക ഇതുകൊണ്ടു ഭക്ഷിപ്പാനും ജലപാനം ചെയ്യാനും സംസാരിപ്പാനും വയ്യാതെ വരും.]

**ജിഹ്വിക**-നാക്ക്.

**ജിഹ്വികാ**-ഒരു സന്നിപാതം.

[ഇതിൽ ശ്വാസാവേഗം, ചുമ, സന്താപം ഇവയുണ്ടാകും നാക്കു തേരകത്തിലപോലെയിരിക്കും. അധികം പുറത്തേക്കു തള്ളും. ചെവി അടക്കും, സംസാരിക്കയില്ലാ, ബലം നശിക്കും ]

---

## ജീ

**ജീതി**-൧. ജയം. ൨. ക്ഷയം, താഴ്ച ൩. നഷ്ടം.

**ജീന**-വി. പഴയ, വയസ്സചെന്ന.

**ജീൻ, ജീനി**-കുതിരക്കോപ്പുകളിൽ ഒന്ന്, കുതിരപ്പുറത്തിരുന്നു ഓടിപ്പാനുള്ള തോൽപീഠം. [പേർഷ്യൻ ഭാഷ ]

**ജീമൂതൻ**-൧. ഒരു മല്ലൻ.

[വിരാടരാജാവിന്റെ സഭയിൽവെച്ച് ഭീമനാൽ കൊല്ലപ്പെട്ടു].

൨. ഇന്ദ്രൻ. ൩. രക്ഷിക്കുന്നവൻ.

**ജീമൂതനാമാ**-വസുമനസ്സ എന്ന രാജാവിനു വരുണൻ കൊടുത്ത ഒരു കുതിര

**ജീമൂതം**-൧. മേഘം. ൨. പർവ്വതം. ൩. ദേവതാളി. ൪. കാട്ടുപീച്ചിൽ

**ജീമൂതവാഹനൻ**-൧. ഇന്ദ്രൻ ൨. ദായഭാഗം എന്ന ഗ്രന്ഥത്തിന്റെ കർത്താവ്. ൩. ഒരു വിദ്യാധരരാജാവ്, നാഗാനന്ദം എന്ന നാടകത്തിന്റെ നായകൻ.

[ഔദാര്യം മുതലായ ഗുണങ്ങൾകൊണ്ട് പ്രസിദ്ധനായിരുന്നു. പിതാവു ജീമൂതകേതുവാണ്. ഇദ്ദേഹത്തിന്റെ രാജ്യം ബന്ധുക്കൾ ആക്രമിച്ചു. അപ്പോൾ അതിനെ അവർക്കു നൽകീട്ടു മലയപർവ്വതത്തിൽ ചെന്നുതപസ്സുചെയ്യണമെന്നു നിർബന്ധിച്ചു. ഒരിക്കൽ അവിടെ ഗരുഡഭക്ഷണാർത്ഥം നിശ്ചയിച്ചിരുന്ന ഒരു ചെറിയ സർപ്പത്തിനു പകരം ഗരുഡസമീപം പ്രാപിച്ചു തന്റെ സൗശീല്യംകൊണ്ടു നാഗഭക്ഷണം ഉപേക്ഷിക്കണമെന്നു ഗരുഡനോടു നിർബന്ധിക്കയും സമ്മതിപ്പിക്കയും ചെയ്തു].

**ജീമൂതവാഹി**-പുക.

**ജീരകം**-ചീരകം. അന്നത്തെ ദഹിപ്പിക്കുന്നതെന്നർത്ഥം. മററുപര്യായങ്ങൾ-ജരണം, അജാജി, കണം.

[വാതം, വയറടപ്പ്, കഫം, കൃമി, ഗുല്മം, ഗ്രഹണി, വ്രണം, അതിസാരം അരുചി, ജീർണ്ണജ്വരം ഇവക്കുനന്ന്. ഒരു ഗന്ധദ്രവ്യമാകുന്നു. അഗ്നിയേയും പിത്തത്തേയും വർദ്ധിപ്പിക്കും. വല്ലകാരണവശാലും കൂട്ടാൻ പുകയുകയോ കരിയുകയോ ചെയ്താൽ അല്പം പച്ചജീരകം അരച്ചൊഴിച്ചാൽ പുകസ്വാദിനു ശമനം വരും. തമിഴിൽ ചീരകം. ഇംഗ്ലീഷിൽ-(Cumin Seed) കമിൻസീഡ്]

**ജീർണ്ണ**-വി. ൧. വൃദ്ധതയുള്ള, പഴയതായ. ൨. ദഹിക്കപ്പെട്ട.

**ജീർണ്ണജ്വരം**-പഴകിയ പനി.

**ജീർണ്ണത**-൧. വൃദ്ധത, പഴയതായസ്ഥിതി. ൨ ദഹിക്കപ്പെട്ടത്.

**ജീർണ്ണപർണ്ണം**-൧. പഴുത്ത ഇല ൨. കടമ്പ്.

**ജീർണ്ണഭൂമി**-കളകൾ ധാരാളംവളരുന്ന നിലത്തിന്റെ പേർ.

[ഈ നിലത്തിൽ പണംചെലവാക്കുന്നതിനു മടിക്കരുത്. വേല ചെയ്യുന്നതിൽ ജാഗ്രതവേണം-കൃഷിശാസ്ത്രം].

ജീർണ്ണം-ഗ്ര. പഴയത്. വ. ചോദയം. ന. ജീരകം

ജീർണ്ണാവശേഷം-നഷ്ടശിഷ്ടം, നശിച്ചു കിടക്കുന്ന ശേഷിപ്പ്.

ജീർണ്ണി-ഗ്ര വാൎദ്ധക്യം, പഴക്കം വ ദഹനം.

ജീർണ്ണിക്ക-നശിക്ക, അററകുററംവരിക, പൊടിഞ്ഞുപൊടിഞ്ഞു കാലക്രമംകൊണ്ടു ഇല്ലാതാവുക.

ജീർണ്ണോദ്ധാരണം, ജീർണ്ണോദ്ധാരം-കേടു പോക്കുക, പഴകിയതിനെ നന്നാക്കുക.

ജീവ്-ഗ്ര. കോടാലി. വ. ശരീരം ന. വണ്ടി. ർ ജന്തു

ജീവക-വി. ഗ്ര വേലചെയ്തു ഉപജീവനം കഴിക്കുന്ന വ. വളരെക്കാലം ജീവിച്ചിരിക്കുന്ന

ജീവകൻ-ഗ്ര. ഭൃത്യൻ. വ. പാമ്പു പിടിക്കുന്നവൻ. ന. ബുദ്ധസന്യാസി ർ. ജന്തു

ജീവകം-ഗ്ര. വേങ്ങ. വ അഷ്ടവൎഗ്ഗൗഷധങ്ങളിൽ ഒന്നു്. ന. പ്രാണി. ർ ഔഷധം

[ജീവകം എന്ന ഔഷധം-രക്തപിത്തം, വാതരോഗം, ദാഹജ്വരം, സർവ്വാംഗസന്താപം, ക്ഷയം, കാസം, ശ്വാസം, രാജയക്ഷ്മാവ്, ദൌർബല്യം, മെലിച്ചിൽ, മൂത്രകൃച്ഛ്രം ഇവക്കു നാശം ശുക്ലവൃദ്ധിയെ ചെയ്യും. കഫകരമാണ്. പര്യായങ്ങൾ-കൂർച്ചശീർഷം, മധുരകം, ശൃംഗം, ഹ്രസ്വാംഗം, ജീവകം ജീവിപ്പിക്കുന്നത് എന്നർത്ഥം].

ജീവചരിത്രം-ഉത്തമന്മാരായ ആളുകളുടെ ജീവചരിത്രം എഴുതുന്നതുവളരെ പ്രയോജനകരമാകുന്നു അവർ പറഞ്ഞിട്ടുള്ളതും പ്രവർത്തിച്ചിട്ടുള്ളതും നാം അറിയുമ്പോൾ നമുക്കും ആ അവസ്ഥയിൽ തന്നെ ജീവിക്കണമെന്നുള്ള ഒരു നല്ല ആഗ്രഹം ഉണ്ടാകാതെയിരിക്കയില്ലാ.

ജീവച്ഛവം-ചൈതന്യമില്ലാതെ ജീവൻ മാത്രമുള്ള ശവം.

ജീവഞ്ജീവം-ഗ്ര. വട്ടച്ചുംവൽ എന്ന പക്ഷി. വ. ചകോരപ്പക്ഷി.

ജീവത-ആനപ്പുറത്ത് എഴുന്നള്ളിക്കാനുള്ള വിഗ്രഹത്തെ വെയ്ക്കുന്ന ഒരു ചട്ടക്കൂട്. (ദേശ്യപദമാണ്. ജീവിത, ചീവത, ശീവത ഇങ്ങിനെയുമുണ്ട്. "ആനയുടെ മെയ്യിൽക്കേറ്റും ജീവതയും" എന്നു കാണുന്നു.)

ജീവതത്വം-പ്രധാനഗുണം.

ജീവഥ-ഗ്ര. ദീർഘായുസ്സുള്ള. വ. സത്യമുള്ള, സൽഗുണമുള്ള.

ജീവഥം-ഗ്ര. മയിൽ. വ. ആമ. ന. ജീവൻ. ർ. മേഘം.

ജീവദ്രവ്യം-പ്രധാനദ്രവ്യം

ജീവധാനി-ഭൂമി.

ജീവധാരണം-ഗ്ര. ജീവനെ ധരിക്ക. പര്യായങ്ങൾ ജീവൻ, അസുധാരണം. വ രക്ഷണം.

ജീവൻ-ഗ്ര. പ്രാണൻ. വ. ഇരിപ്പ് ന. ജീവനം. ർ കർണ്ണൻ. ഒ ബൃഹസ്പതി. ഞ വിഷ്ണു (ത്രിവിധജീവൻ-ഗ്ര. അവിച്ഛിന്നൻ, ചിരായുസൻ, സ്വപ്നകല്പിതൻ വ. വിശാൽ, ദൈവജ്ഞൻ, പ്രാജ്ഞൻ)

ജീവനകം-ആഹാരം.

ജീവനപഞ്ചമൂലം-ഔഷധഭേദം.

ജീവനം-ഗ്ര. ജീവൻ. വ. വൃത്തി, കൂലി. ന. വെള്ളം. ർ പൃഥിവീജലം. ഒ ജീവകം ഞ. വെണ്ണ.

ജീവന്താ-ഗ്ര വലിയ അടപതിയൻ. വ. മേദ.

ജീവനാഘാതം-വിഷം.

ജീവനാഥൻ-ഭൎത്താവു്.

ജീവനിക-കടുക.

ജീവനി-പ്ര. അടപതിയൻ വ. മേദ. ന. കമുഴി. ദ്ര. പെരുംകുമ്പ. ഉ. കാകോളി ന്യ. മഹാമേദ. ഐ. ഡോഡി (ഒരു ഫലശാകം)

ജീവനീയം-പ്ര. വെള്ളം. വ. പാലു്. ന. അടപതിയൻ.

ജീവനീയാ-കടുക.

ജീവനോപായം-നിത്യവൃത്തിക്കുള്ള മാൎഗ്ഗം. പൎയ്യായങ്ങൾ-ആജീവം, ജീവിക, വാൎത്ത, വൃത്തി, വൎത്തനം, ജീവനം.

ജീവനൌഷധം-മൃതസഞ്ജീവനി, ജീവനെകൊടുക്കുന്ന ഔഷധം, അമൃതം.

ജീവന്തി-പ്ര. വന്നി. വ. ഇത്തിക്കണ്ണി. ന. അടപതിയൻ. ദ്ര. ചിററമൃതു്. ഉ. കടുക. ന്യ. മേദ. ഐ. ഡോഡി. വൃ. കാകോളി

ജീവന്തിക-പ്ര ഇത്തിക്കണ്ണി വ. അമൃതു്. ന. അടപതിയൻ. ദ്ര. തണ്ടൻചീര ഉ. കടുക.

ജീവന്തികൻ-പക്ഷികളെ പിടിക്കുന്നവൻ.

ജീവൻ-പ്ര. പ്രാണൻ. വ. ജീവാത്മാവു്. ന. വ്യാഴം.

ജീവന്മുക്തൻ-ആത്മജ്ഞാനമുള്ളവൻ, ജീവനോടുകൂടിത്തന്നെ സംസാരബന്ധത്തിൽ നിന്നു മോചിക്കപ്പെട്ടവൻ.

ജീവന്മുക്തി-ആത്മജ്ഞാനം, ജീവനോടുകൂടിത്തന്നെ സംസാരബന്ധത്തിൽനിന്നു മോചിപ്പിക്കൽ.

ജീവപത്നി-ഭൎത്താവു ജീവിച്ചിരിക്കുന്ന സ്ത്രീ

ജീവപുഷ്പം-പ്ര. കൎപ്പൂരതുളസി. വ. മക്കിപ്പൂവു്.

ജീവപ്രിയ-കടുക

ജീവഭദ്രാ-അടപതിയൻ.

ജീവമന്ദിരം-ദേഹം.

ജീവമാതൃകകൾ-കമാരി, ധനദാ, നന്ദാ, വിമലാ, മംഗലാ, ബലാ, പത്മാ ഇങ്ങിനെ ഏഴു.

'കമാരീധനദാനന്ദാ
വിമലാമംഗലാബലാ
പത്മാചൈതിചവിഖ്യാതാഃ
സപ്തൈതാജീവമാതൃകാഃ'

ജീവം-പ്ര. വലിയ വേപ്പു്. വ. ചീവൽപ്പക്ഷി.

ജീവംജീവം-ചകോരപക്ഷി.

ജീവലോകം-എല്ലാ പ്രാണികളും.

ജീവസ്ഥാനം-മൎമ്മം.

ജീവാ-പ്ര. വയമ്പു്. വ. അടപതിയൻ എന്ന പച്ചമരുന്നു്.

ജീവാക്ഷരം-പ്ര സ്വരാക്ഷരം. വ. മന്ത്രങ്ങളിലും മററും പ്രാധാന്യമുള്ള അക്ഷരം.

ജീവാതു-പ്ര മൃതസഞ്ജീവനി, ജീവിപ്പാനുള്ള മരുന്നു്. വ. ചോറു്. ന. ജീവൻ

ജീവാതൃകം-കൎപ്പൂരം.

ജീവാത്മകാൎയ്യചതുഷ്ടയം-ജ്ഞാനം, കൎമ്മം, കൎത്തവ്യം, പരിണാമം ഇവനാലും

ജീവാത്മാവു്-സുഖദുഃഖങ്ങളെ അറിയുന്ന ആത്മാവു്, ജീവനുള്ള ആത്മാവു്.

[വേദാന്തസിദ്ധാന്തപ്രകാരം ഈശ്വരനു ജ്ഞാനശക്തി, ഇച്ഛാശക്തി, ക്രിയാശക്തി എന്നു പ്രധാനമായി മൂന്നു ശക്തികൾ ഉണ്ടു്. അതിൽ ഇച്ഛാശക്തികൊണ്ടാണു് ഈശ്വരൻ പ്രപഞ്ചം സൃഷ്ടിക്കുന്നതു്. അല്ലാതെ കുശവൻ കളിമണ്ണുകൊണ്ടു കുടം തീൎക്കുമ്പോലെ പഞ്ചഭൂതങ്ങളെക്കൊണ്ടു സ്ഥാവരജംഗമങ്ങളെ ചമക്കുന്നില്ല 'ഇച്ഛാമാത്രം പ്രഭോഃ സൃഷ്ടിഃ' എന്നാണു പ്രമാണം. ഈ ശക്തി വിശിഷ്ടനായി പരമാത്മരൂപനായിരിക്കുന്ന ഈശ്വരന്റെ പ്രതിബിംബങ്ങളാണു മനുഷ്യരുടെ ജീവാത്മാക്കൾ.

ജീവാധാരം-ഹൃദയം.

ജീവാനപേക്ഷി - പ്രാണാപേക്ഷയില്ലാത്തവൻ.

ജീവാന്തകൻ - ൧. പക്ഷി പിടിക്കുന്നവൻ. ൨. ജീവനെ കാലനായുള്ളവൻ, കൊലചെയ്യുന്നവൻ.

ജീവാവസാനം-മരണം.

ജീവിക-൧. വൃത്തി, ജീവനം, ജീവനോപായം ൨. അടവതിയൻ.

ജീവികാമാർഗ്ഗം - ശമ്പളത്തോടു കൂടിയ ജോലി.

ജീവികാര്യചതുഷ്ടയം-ആഹാരം, നീഹാരം, നിദ്ര, മൈഥുനം ഇവ ൪-ം.

ജീവികാവ്യാപാരങ്ങൾ-ഈ ലോകം സംബന്ധിച്ച കാര്യങ്ങളെ സാധിപ്പാനുള്ള പ്രവൃത്തികൾ.

ജീവിക്ക-൧. ജീവനോടിരിക്ക. ൨. ഉപജീവിക്ക, വൃത്തികഴിക്ക. [സ. ക്രി. ജീവിപ്പിക്കുക]

ജീവിച്ചെഴുന്നേല്ക്ക-ഉയിർത്തെഴുന്നേല്ക്ക.

ജീവിത-വി. ജീവിച്ച.

ജീവിതകാലം-ജീവിച്ചിരിക്കുന്ന കാലം. മറൊരർത്ഥ പര്യായം-ആയുസ്സ്.

[മനുനിയമപ്രകാരം ഒരു ബ്രാഹ്മണന്റെ ജീവിതകാലം നാലായി ഭാഗിച്ചിരിക്കുന്നു. ൧. ബ്രഹ്മചാരി-ഗുരുവോടു വേദം പഠിക്കുന്ന കാലം. ൨. ഗൃഹസ്ഥൻ-ഭാര്യാസമേതാ ഗൃഹകൃത്യനിർവ്വഹണവും, വേദം പഠിപ്പിക്കുക, ബലികഴിക്കുക, ദാനംകൊടുക്കുക ഇവയും ചെയ്യേണ്ടകാലം. ൩. വാനപ്രസ്ഥൻ-ധ്യാനേന്ദ്രിയ നിഗ്രഹങ്ങൾക്ക വേണ്ടി വനത്തിൽ താമസിക്കേണ്ടകാലം ൪. സന്യാസി- സന്തോഷ സന്താപങ്ങളേയും, മോഹങ്ങളേയും ഉപേക്ഷിച്ച പരമാത്മാവിൽ ലയിപ്പാനുള്ള ആഗ്രഹം മാത്രം സ്വീകരിച്ച് ഭിക്ഷയെടുത്ത് ഉപജീവിക്കേണ്ടകാലം.]

ജീവിതം-൧. ജീവൻ. ൨. ആയുസ്സ്. ൩. ശമ്പളം.

ജീവിതവ്യം-ജീവിക്കുവാനുള്ള കാലം.

ജീവിതാവധി-മരണംവരെയുള്ളകാലം.

ജീവിതാശ- ജീവിക്കണമെന്നുള്ള ആഗ്രഹം.

ജീവിതേശൻ-൧. ഭർത്താവ്. ൨. കാലൻ.

ജീവ്യാ-൧. കടുക്ക. ൨. അടവതിയൻ. ൩. കിണികിണിപ്പാല.

## ജു

ജുകം-൧. നായ്. ൨. മലയപർവ്വതം.

ജുഗുപ്സ, ജുഗുപ്സനം-൧. നിന്ദ. ൨. ആക്ഷേപം ൩. അസൂയ. ൪. വെറി. ൫. അധിക്ഷേപം, അപവാദം.

ജുഗുപ്സിത-വി. നിന്ദിക്കപ്പെട്ട.

ജുട്ട്-സേവകൻ.
'ജനാപിതൽപദജുട്ടാക് ലക്ഷ്മണാഗ'
(ലക്ഷ്മണോപദേശം കഥകൾ)

ജുതും-മിഥുനം രാശി.

ജുംഗാ, ജൂംഗാ-മറികന്നി.

ജുഷ്ട-വി. സേവിക്കപ്പെട്ട.

ജുഷ്ടി-ഉച്ഛിഷ്ടം.

ജുഹു-ഹോമപാത്രങ്ങളിൽ ഒന്ന്.
'പാത്രങ്ങളും സ്രുവ ജുഹുവാദികൾ'
(ഭാഗവതം)

ജുഹുരാണം-കർപ്പൂരം.

ജൂകം-തുലാംരാശി.

ജൂടം-ജട, കെട്ടിപ്പിരിച്ച മുടി.

ജൂതി-വേഗം.

ജൂർണ്ണ-വി. ൧. നശിച്ച. ൨. പഴയ.

ജൂർണ്ണം-കമ്പംപുല്ല്.

ജൂർണ്ണാഹ്വാ-ചോളം.

ജൂർണ്ണി-൧. വേഗം. ൨. ആദിത്യൻ.

ജൂർത്തി-പനി.

ജൂഷം-പരിപ്പുവെള്ളം.

ജൃംഭണംചെയ്ക-മൂരിനിവിരുക.

ജൃംഭണം, ജൃംഭം, ജൃംഭാ-൧. കോട്ടുവാ. ൨. വിടിച്ച്, വളച്ച്. ൩. മൂരിനിവിരുക.

ജൃംഭിക്ക-൧. കോട്ടുവായിടുക. ൨. വിടിരുക. ൩. മൂരിനിവിരുക.

ജൃംഭിച്ച-വി. ൧. വർദ്ധിച്ച. ൨. മൂരിനിവിന്ന.

ജൃംഭിണി-അരത്ത

ജൃംഭിത-വി. ൧. വിടിന്ന. ൨. കോട്ടുവായിട്ട. ൩. മൂരി നിവിന്ന.

ജൃംഭിതം-൧. കോട്ടുവാ. ൨. വീക്കം. ൩. വിടർച്ച്.

## ജേ

ജേതവ്യ-വി. ജയിക്കപ്പെടുവാൻ തക്ക.

ജേതാ-ജയിപ്പവൻ, ജയിക്കുന്നവൻ.

ജേതൃ-വി. ജയിക്കുന്ന.

ജേമനം-ഭക്ഷണം.

ജേയാ-നായ്ക്കുരണ.

ജേൽ-ജയിൽ, കാരാഗൃഹം. [ഇംഗ്ലീഷു ഭാഷ]

'പള്ളിക്കൂടംപലതുവലുതാം
പാളയം പള്ളികളും-
പ്പുള്ളിക്കാരെത്തടവിലിടുവാ-
നുള്ള ജേലാലുപത്രി'
(മയൂരസന്ദേശം)

ജൈത്ര-വി. ജയമുള്ള.

ജൈത്രൻ-ജയിക്കുന്നവൻ.

ജൈത്രം-രസം.

ജൈത്രരഥൻ-ജയശീലൻ.

ജൈത്രശരൻ-കാമൻ.

ജൈത്രി-പുഴമുത്ത.

ജൈനൻ-ജിനൻ, ൨. ജൈനമതക്കാർ, ജിനമുനി സ്ഥാപിച്ച മതത്തെ അനുസരിക്കുന്നവൻ.

[ബുദ്ധമതക്കാരെപ്പോലെ ജൈനന്മാർക്കും സന്യാസാശ്രമങ്ങൾ ഉണ്ട്. അവർ യാതൊരു ജന്തുവിനേയും ഉപദ്രവിക്കയില്ല. ഹിന്ദുമതത്തിലെ മിക്ക ആചാരങ്ങളേയും അവരും ഉപേക്ഷിച്ചിരിക്കുന്നു. കൂടാതെ ബുദ്ധമതക്കാരെപ്പോലെ കർമ്മത്തിലും നിർവ്വാണത്തിലും വിശ്വസിച്ചുവരികയും ചെയ്യുന്നുണ്ട്. ജൈനമതവും ഈശ്വരാജ്ഞയെ ത്യജമതം തന്നെയാകുന്നു. അവരുടെ മതഗ്രന്ഥങ്ങളായ ആഗമങ്ങൾ ഏഴായി വിഭജിക്കപ്പെട്ടിരിക്കുന്നു. അവയിൽ മുഖ്യമായ ഭാഗത്തിൽ പതിനൊന്നു അംഗങ്ങൾ ഉണ്ട്. ഈ അംഗങ്ങളിൽ ഒന്നായ ആചാരാംഗസൂത്രത്തിൽ സന്യാസാശ്രമവിധികളും മതസ്ഥാപകനായ മഹാവീരന്റെ ചരിത്രവും അടങ്ങീട്ടുണ്ട്.]

ജൈപാലം-നേർവാളം.

ജൈമിനി-ഒരു മുനി.

[മീമാംസാദർശനസ്ഥാപകനും വ്യാസന്റെ ശിഷ്യനും സാമവേദാചാര്യശ്രേഷ്ഠനുമാണ്.]

ജൈവാതൃക-വി. ൧. ആയുസ്സുള്ള. ൨. മെലിഞ്ഞ

ജൈവാതൃകൻ-൧. ചന്ദ്രൻ. ൨. വളരെ ആയുസ്സുള്ളവൻ. ൩. പുത്രൻ. ൪. സന്യാസി ൫. ഔഷധം.

ജൈവാതൃകം-കർപ്പൂരം.

ജൈവേയൻ-ബൃഹസ്പതിയുടെ പുത്രനായ കചൻ.

ജോട്ട്-പു. ഇണ, ഇരട്ട. വ. വല്ലപ്പത്തിൽ ഒരുപോലെയുള്ളത്. ന. ചെരിപ്പ്. (ഹിന്ദുസ്ഥാനിഭാഷ.)

ജോംഗ(ഗി)കം-അകിൽവൃക്ഷം.

ജോംഗം-പീതചന്ദനം.

ജോനകനാരകം-ചെറുനാരകം, ഒരുവക നാരകം.

[വാതം, വായുമുട്ടൽ, കഫം, കഫോൽക്ലേശം, കൃമി, ശൂലം, ഛർദ്ദി, തണ്ണീർദാഹം, അഗ്നിമാന്ദ്യം, ആമദോഷം, അരുചി, ഹൃദ്രോഗം ഇവക്കു നന്ന്. സുഗന്ധിയാണ്. പിത്തത്തെ വർദ്ധിപ്പിക്കും. നിറത്തെ നന്നാക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കും. ഇതിന്റെ കായ് പാല്യമായി ഭക്ഷിച്ചാൽ വിരുദ്ധമാണ്. സംസ്കൃതത്തിൽ-ജംബീരം തമിഴിൽ-എലുമിച്ചം. ഇംഗ്ലീഷിൽ -(Lemons) ലെമൻസ്.]

ജോനൻ, ചോനൻ-യവനൻ, തുലുക്കൻ.

ജോനകപ്പുല്ല്-ഒരുവക പുല്ല്.

ജോന്താല-ചോളം.

ജോരാവരി-ബലാൽക്കാരം, ബലബന്ധം

ജോലന-സഞ്ചി.

ജോലാ - പൊക്കണം, തോൾമാറാപ്പ്. ഹിന്ദുസ്ഥാനിഭാഷ.]

ജോലാമാലി-പ്രയാസമുള്ള കാര്യങ്ങൾ.

ജോലി-പു. വേല, കാര്യം. വ. പ്രയാസമുള്ള കാര്യം. ന. വീട്ടുകഴിച്ചിൽകൊണ്ടുള്ള അസഹ്യം.

ജോഷം-പു. ഭാഗ്യം. വ. സുഖം. ന. സന്തോഷം.

ജോഷം-അ. മൗനമായി, മിണ്ടാതെ.

ജോഷാ-സ്ത്രീ.

ജോഷിതാ-സ്ത്രീ.

ജോഷിത്ത്-സ്ത്രീ

---

## ജ്ഞ

ജ്ഞ-വി. (പദാന്തത്തിൽ) അറിവുള്ള. ഉ-ം, സർവ്വജ്ഞ=സർവ്വത്തെയും അറിയാവുന്ന.

ജ്ഞൻ-പു. ബുധൻ എന്ന ഗ്രഹം. വ. അറിയുന്നവൻ. ഉ-ം, നയജ്ഞൻ, നീതിജ്ഞൻ ഇത്യാദി.

ജ്ഞപിത-വി. പു. അഭ്യസിപ്പിക്കപ്പെട്ട. വ. അറിയിക്കപ്പെട്ട.

ജ്ഞപ്ത-വി. അറിയപ്പെട്ട.

ജ്ഞപ്തി-പു. ബോധനം, അറിയിപ്പ്, ഗ്രഹണം വ. ഓർമ.

ജ്ഞാത-വി. അറിയപ്പെട്ട.

ജ്ഞാതവ്യം-അറിയത്തക്കത്.

ജ്ഞാതസിദ്ധാന്തൻ-പു. ശാസ്ത്രസാരം അറിഞ്ഞവൻ. വ. പല മതഭേദങ്ങളും അറിയുന്നവൻ. ന. മന്ത്രവാദി.

ജ്ഞാതാവ്-അറിയുന്നവൻ.

ജ്ഞാതി-പു. ബന്ധു. വ. കൂട്ടുകാരൻ.

ജ്ഞാതിക്കാരൻ-ബന്ധു, അകന്ന ചാർച്ചക്കാരൻ

ജ്ഞാതിഭാവം-ബന്ധുത്വം.

ജ്ഞാതൃ-വി. അറിയുന്ന, അറിവുള്ള

ജ്ഞാതേയം-ബന്ധുത്വം.

ജ്ഞാനചതുഷ്ടയം-സ്പർശം, രസം, ഗന്ധം, രൂപം. ഇവ മുതലായ ഗുണങ്ങൾ ഉള്ളവ.

ജ്ഞാനചക്ഷുസ്സ്-ദിവ്യദൃഷ്ടി.

ജ്ഞാനദർപ്പണൻ-ജിനൻ.

ജ്ഞാനദൃഷ്ടി-പു. ജ്ഞാനസംബന്ധമുള്ള കണ്ണ്, ഉൾക്കണ്ണ്. വ. ഉൾക്കാഴ്ച അറിവ്. ന. കാലത്രയത്തെ അറിയുന്നത്.

ജ്ഞാനപിതാവ്-ഒരുവനെ ജ്ഞാനസ്നാനം ചെയ്യപ്പെട്ടപ്പോൾ അവന്റെ ഉത്തരവാദിയായിട്ട് നിൽക്കുന്നവൻ, തലതൊടുന്ന ആൾ.

ജ്ഞാനപൂൎവ്വ-വി. അറിവിൽ മുൻപുള്ള, അധികം അറിവുള്ള, ജ്ഞാനത്തോടുകൂടിയ.

ജ്ഞാനബോധം-തിരിച്ചറിവ്.

ജ്ഞാനമാതാവ് - ജ്ഞാനസ്നാനത്തിങ്കൽ ഉത്തരവാദിയായി നില്ക്കുന്ന സ്ത്രീ, തല തൊടുന്ന സ്ത്രീ.

ജ്ഞാനമാൎഗ്ഗം-അറിവിനുള്ള വഴി.

ജ്ഞാനമുദ്ര-വലതുകൈ നീട്ടി പെരുവിരലും ചൂണ്ടാണിവിരലും ചേൎത്തു അതുപോലെ ഇടതുകൈ ഇടതുകാതിന്റെ സമീപം പിടിച്ചും ഇരിക്കുക.

ജ്ഞാനമൂൎത്തി-പു. ദൈവം ഉ. ശിവൻ

ജ്ഞാനം-പു. അറിവ്, മോക്ഷഅറിവ്, മുക്തിബോധം. ഉ. ലൌകികകാൎയ്യങ്ങളിലുള്ള അറിവ്, ആത്മകാൎയ്യം. ന. മോക്ഷത്തിങ്കലുള്ള ബുദ്ധി, പരമാൎത്ഥതത്വത്തെ അറിയത്തക്കതായ ബുദ്ധിവിശേഷം. ഇതിനാൽ അറിയപ്പെടുന്നതുകൊണ്ടു ഈ പേർ വന്നു.

ജ്ഞാനവൽ-വി. ജ്ഞാനമുള്ള, അറിവുള്ള.

ജ്ഞാനവിചാരം-അറിവിനുള്ള വിചാരം.

ജ്ഞാനവ്യവസ്ഥാപിതം - ജ്ഞാനംകൊണ്ടു ഇന്നവിധമുള്ളതെന്നു നിശ്ചയിക്കിയതു.

ജ്ഞാനശാസ്ത്രം-അറിവിനുള്ള പുസ്തകം.

ജ്ഞാനസ്നാനകൻ-ജ്ഞാനസ്നാനം ചെയ്യുന്നവൻ.

ജ്ഞാനസ്നാനം-സത്യകൎമ്മത്തിൽ ഒന്നു, ശുദ്ധമുള്ള കുളി, വെള്ളത്തിൽ മുക്കുക

ജ്ഞാനഹീന-വി. അറിവില്ലാത്ത, മൂഢതയുള്ള.

ജ്ഞാനാന്ധ്യം-തീരെ അറിവില്ലായ്മ, മൂഢത.

ജ്ഞാനാൎത്ഥം-അ. ജ്ഞാനത്തിനായിട്ട്.

ജ്ഞാനി-വി. ജ്ഞാനമുള്ള, അറിവുള്ള.

ജ്ഞാനി-പു. അറിവുള്ളവൻ. ഉ. ജ്യോതിഷക്കാരൻ. ജ്ഞാനികൾ നാലുവിധമെന്നു കാണുന്നു. കുടീചകൻ, ഹംസൻ, ബഹൂദകൻ, തുൎയ്യാതീതൻ, പരമഹംസൻ, അവധൂതൻ.

ജ്ഞാനിചതുഷ്ടയം-ബ്രഹ്മവിത്ത്, ബ്രഹ്മവിദ്വരൻ, ബ്രഹ്മവിദ്വര്യൻ, ബ്രഹ്മവിദ്വരിഷ്ഠൻ.

ജ്ഞാനേന്ദ്രിയം-ചെവി, തൊലി, കണ്ണ്, നാവ്, മൂക്ക്.

ജ്ഞാനോപദേശം-ആത്മോപദേശം.

ജ്ഞാപക-വി. അറിയിക്കുന്ന, പഠിപ്പിക്കുന്ന.

ജ്ഞാപകൻ-പു. വാദ്ധ്യാർ. ഉ. യജമാനൻ.

ജ്ഞാപകപ്പെടുന്നു - ഓൎക്കുന്നു. [സ. ക്രി. ജ്ഞാപകപ്പെടുത്തുന്നു.]

ജ്ഞാപകം-പു. ഓൎമ്മ. ഉ. കുറിപ്പടി. ന. കുറിമാനം. ര. ബുദ്ധി.

ജ്ഞാപകലേഖനം - അറിവു എഴുതുന്നതു.

ജ്ഞാപനം-പു. ഓൎമ്മ. ഉ. അറിവ്.

ജ്ഞാപിത-വി. പു. ബോധിപ്പിക്കപ്പെട്ട. ഉ. ഓൎമ്മിക്കപ്പെട്ട. ന. തോല്പിക്കപ്പെട്ട

ജ്ഞേയം-വി. അറിയപ്പെടുവാൻതക്ക.
'ജ്ഞേയമായുള്ളപരമാൎത്ഥാനമറിയുമ്പോഴം'
(അദ്ധ്യാത്മരാമായണം)

## ജ്യാ

ജ്യാ-പു. ഭൂമി. ഇതിലിരുന്നു എല്ലാം നശിക്കുന്നതുകൊണ്ടു ഈ പേർ വന്നു. ഉ. ഞാൺ. തേഞ്ഞുപോകുന്നതു എന്നൎത്ഥം. [ഞാൺ'
'കല്പാന്തകാലകടകാമുഖാകലിതമായ് ജ്യാകൎഷ
(അമരുകശതകം)

ജ്യാകൎഷണം = ജ്യയുടെ (വില്ലിന്റെ) കൎഷണം (വലി).

ജ്യാഘോഷം-ഞാണൊലി

ജ്യാനി-വാർദ്ധക്യം, ബലക്ഷയം.

ജ്യാമഘൻ-ഒരു സോമവംശരാജാവ്.

[ഭാര്യ ശൈബ്യ പ്രസവിച്ചിട്ടില്ലായിരുന്നു ഭാര്യയെ ഭയപ്പെട്ടിട്ടു ജ്യാമഘനു മറ്റൊരുവളെ പരിഗ്രഹിക്കുന്നതിനു നിവൃത്തിയില്ലാതെ പാർത്തുവരികയായിരുന്നു ഒരിക്കൽ ജ്യാമഘൻ ഒരു രാജാവിനെ യുദ്ധത്തിൽ തോല്പിച്ചു. ആ രാജാവിന്റെ അതിസുന്ദരിയായ മകളെക്കണ്ടു ജ്യാമഘൻ മോഹപരവശനായി അവളെയും കൂട്ടിച്ചുകൊണ്ടു വേളികഴിക്കണമെന്നുള്ള താൽപര്യത്തോടുകൂടി ശൈബ്യയുടെ സമ്മതം വാങ്ങുവാൻ ചെന്നു ഈ കന്യക ഏതെന്നു ശൈബ്യ ചോദിച്ചു. ജ്യാമഘൻ കിടുകിടെ വിറച്ചുംകൊണ്ടു 'നീ പ്രസവിപ്പാൻ പോകുന്ന പുത്രനു പത്നിയായി കൊണ്ടുവന്നതാണ്' എന്നു മറുപടി പറഞ്ഞു. ശൈബ്യ വാർദ്ധക്യത്തിൽ വിദർഭൻ എന്നു പേരുള്ള ഒരു പുത്രനെ പ്രസവിക്കയും അവൻ ആ കന്യകയെ വിവാഹം ചെയ്കയും ചെയ്തു ഭാര്യമാരുടെ വരുതിയിൽ പെട്ടു സ്വാതന്ത്ര്യമില്ലാതെ അവരുടെ ഇഷ്ടംപോലെ നടക്കുന്ന ഭർത്താവിനു ജ്യാമഘൻ ഒരു ദൃഷ്ടാന്തഭൂതനാകുന്നു ]

ജ്യായസ്സ്-വി. ൧. അധികം വയസ്സു ചെന്ന. ൨. പ്രശംസിക്കപ്പെടുവാൻ യോഗ്യനായ, അതിശ്രേഷ്ഠതയുള്ള

ജ്യായാൻ-ജ്യേഷ്ഠൻ.

ജ്യാവരൻ-രാജാവ്.

ജ്യുതി-പ്രകാശം, ശോഭ, വെളിച്ചം

ജ്യേഷ്ഠ-വി. ൧. അതിശ്രേഷ്ഠമായ ൨. അധികം വയസ്സുചെന്ന. ൩. മുൻപിറന്ന. (ന) ജ്യേഷ്ഠത, ജൈഷ്ഠ്യം

ജ്യേഷ്ഠതി-൧. മൂത്തസഹോദരി. ൨. ജ്യേഷ്ഠന്റെ ഭാര്യ.

ജ്യേഷ്ഠൻ-൧. മൂത്തസഹോദരൻ. ൨. മൂത്തസഹോദരിയുടെ ഭർത്താവ്. ൩. ഏറ്റവും ശ്രേഷ്ഠൻ. ൪. അതിവൃദ്ധൻ.

ജ്യേഷ്ഠം-൧. ജ്യേഷ്ഠമാസം, മിഥുനമാസം ജ്യേഷ്ഠാനക്ഷത്രയുക്തയായ പൌർണ്ണമിയോടുകൂടിയതു് എന്നർത്ഥം. മറ്റൊരു പര്യായം—ശുക്രം ജൈഷ്ഠ്യം എന്നുമുണ്ട്. ൨. വെളുത്തീയം.

ജ്യേഷ്ഠാ-൧. ജ്യേഷ്ഠതി. ൨. നിർഭാഗ്യദേവത, ലക്ഷ്മിയുടെ മൂത്തസഹോദരി. ൩. നിർഭാഗ്യം ൪. പതിനെട്ടാമത്തെ നക്ഷത്രം, കേട്ട. ൫. ഗൌളി, ൬. നടുക്കുള്ള വിരൽ.

ജ്യേഷ്ഠാംബു-കഞ്ഞിയുടെ എങ്കിലും കാടിയുടെ എങ്കിലും പാട.

ജ്യേഷ്ഠാശ്രമി-ഗൃഹസ്ഥൻ, രണ്ടാമത്തെ ആശ്രമമുള്ളവൻ.

ജൈഷ്ഠം-മിഥുനമാസം.

ജ്യോതിർമ്മയ-വി തേജോരൂപമായ.

ജ്യോതിരിംഗണം-മിന്നാമിനുങ്ങ്. നക്ഷത്രതുല്യമായി സഞ്ചരിക്കുന്നതെന്നർത്ഥം മറ്റൊരു പര്യായം-ഖദ്യോതം.

ജ്യോതിശ്ചക്രം-ഗ്രഹങ്ങളുടെ മാർഗ്ഗം, സൂര്യാദി ഗ്രഹങ്ങൾക്കും അശ്വിന്യാദി നക്ഷത്രങ്ങൾക്കും ആധാരമായും, വൃത്താകാരമായും ചാമരശ്രേഷ്ഠമായും, ഗഗനമധ്യസ്ഥമായും, അദൃശ്യമായുമുള്ള ഒരു വസ്തുവിശേഷം.

ജ്യോതിശ്ശാസ്ത്രം-ഗണിതം, ഗ്രഹശാസ്ത്രം

ജ്യോതിഷക്കാരൻ-ജ്യോതിശ്ശാസ്ത്രം അറിയുന്നവൻ, ഗണിതക്കാരൻ, ലക്ഷണം പറയുന്നവൻ. പര്യായങ്ങൾ—സാംവത്സരൻ, ജ്യോതിഷികൻ (ജ്യൌതിഷികൻ), ദൈവജ്ഞൻ, ഗണകൻ, മൌഹൂർത്തികൻ, മൌഹൂർത്തൻ, ജ്ഞാനി, കാർത്താന്തികൻ.

ജ്യോതിഷം - ഗണിതശാസ്ത്രം, ഗ്രഹശാസ്ത്രം.

ജ്യോതിഷികൻ-ജ്യോതശ്ശാസ്ത്രം അറിയുന്നവൻ.

ജ്യോതിഷ്കം-ആദിത്യൻ മുതലായ ഗ്രഹങ്ങൾ.

ജ്യോതിഷ്കഃ-പു ഉലുവ. വ. ചെറുപ്പുന്ന.

ജ്യോതിഷ്ടോമം-യജ്ഞഭേദം.

ജ്യോതിഷ്മതി-പു. ചെറുപ്പുന്ന ജ്യോതിസ്സോടുകൂടിയതെന്നൎത്ഥം. വാലുഴവം എന്നും കാണുന്നു. വാലുളുവ് എന്ന തമിഴ്വ്യാഖ്യാനം. വ. ഒരു രാജ്യം.

ജ്യോതിഷ്മാൻ-പു ബ്രഹ്മാവിന്റെ മൂന്നാമത്തെ പാദം. വ. ലോകനാശത്തിൽ പ്രത്യക്ഷമാവാനിരിക്കുന്ന ഏഴുസൂൎയ്യന്മാരിൽ ഒന്ന്, ആദിത്യൻ.

ജ്യോതിസ്സ്-പു പ്രകാശം. വ. നക്ഷത്രം, കൃഷ്ണമണി ശോഭിക്കുന്നതെന്നൎത്ഥം. ന. ദൃഷ്ടി. ർ. സൂൎയ്യൻ. ഌ അഗ്നി. ൡ. ചന്ദ്രൻ ൧. മിന്നാമിനുങ്ങ്. ൨. രശ്മി.

ജ്യോതീരഥൻ-ധ്രുവൻ.

ജ്യോൽസ്നാ-പു നിലാവോടുകൂടിയ രാത്രി. വ. നിലാവ്. ന. പടോലം. പ്രകാശമുള്ളതെന്നൎത്ഥം. മററപൎയ്യായങ്ങൾ -ചന്ദ്രിക, കൌമുദി ന. അരേണുകം

ജ്യോൽസ്നാപ്രിയം-ചകോരം.

ജ്യോൽസ്നി-പു. നിലാവുള്ള രാത്രി വ. പടവലം ന. അരേണുകം

ജ്യോൽസ്നിക-പു. നിലാവുള്ള രാത്രി. വ. അരേണുകം

ജ്യോത്സ്യൻ-ജ്യോതിഷക്കാരൻ

ജ്യോത്സ്യം-ജ്യോതിഷം.

ജ്യൌതിഷപഞ്ചാംഗം-നക്ഷത്രം, തിഥി, വാരം, യോഗം, കരണം ഇവ ൫-ം.

ജ്യൌതിഷികൻ-ജ്യോതിഷക്കാരൻ

ജ്യൌൽസ്നീ-പു നിലാവുള്ള രാത്രി. നിലാവുള്ളതു എന്നൎത്ഥം. വ. പടോലം. നിലാവുള്ളപ്പോൾ ശോഭിക്കുന്നതെന്നൎത്ഥം.

## ജ്വ

ജ്വരഘ്ന-പു. ചിററമൃത്. വ. ചീര.

ജ്വരഘ്നി-മഞ്ചട്ടി.

ജ്വരം-പു. പനി. ദുഃഖിപ്പിക്കുന്നതു് എന്നൎത്ഥം

[ഇരുവേരി, മുത്തങ്ങാക്കിഴങ്ങു, പുത്തരിച്ചുണ്ടവേര്, പാടക്കിഴങ്ങു്, കൊത്തമ്പാലയരി, ചുക്ക് ഇവകൊണ്ടുള്ള കഷായം എല്ലാ ജ്വരങ്ങൾക്കും നന്ന്.]

'ഭതായതോയദഭ്രനിംബ
പാഠാധാന്യമഹൌഷധൈഃ
കൃതഃ കഷായഃ സൎവ്വേഷാം
ജ്വരാണാം പാചനഃപരം'

[ജ്വരലക്ഷണം-വിയൎപ്പില്ലായ്ക, ഐന്ദ്രിയമനസ്സുകൾക്കു സന്താപം. സൎവ്വാംഗങ്ങളിലും ഇരുവക ലക്ഷണങ്ങൾ ഒരുമിച്ചു യാതൊരു രോഗത്തിങ്കൽ കാണപ്പെടുന്നുവോ ആ രോഗമാത്രേ ജ്വരം] വ. അഗ്നിബാധയാലുണ്ടാകുന്ന ഉപദ്രവം.

ജ്വരാന്തകം-പു. വൻകൊന്ന. വ. ഉത്തരഹിരിയാഞ്ഞു്.

ജ്വരിക്കുന്നു-പു പനിക്കുന്നു വ. കോപമുണ്ടാകുന്നു.

ജ്വരിത-വി. പനിയുള്ള

ജ്വലനൻ-പു അഗ്നി. കത്തുന്നവൻ എന്നൎത്ഥം. വ കൊടുവേലി.

ജ്വലനം-പു ജ്വലിക്കുക വ. കൊടുവേലി.

ജ്വലനാശ്മാ-സൂൎയ്യകാന്തം.

ജലനോപലം-സൂൎയ്യകാന്തം.

ജലിക്കുക-ക്രി. കത്തുക, ശോഭിക്കുക ൨. കോപം ഉണ്ടാകുക. [സ. ക്രി ജ്വലിപ്പിക്കുക.]

ജലിത-വി. ൧. കത്തിയ. ൨. ജ്വലിപ്പിക്കപ്പെട്ട.

ജലിനി-പെരുംകുരുമ്പ.

ജ്വാല-തീനാമ്പ്, അഗ്നിജ്വാല. ജ്വലിക്കുന്നതു എന്നൎത്ഥം.

ജ്വാലാജിഹ്വാ-കൊടുവേലി.

ജ്വാലാമുഖി-ഭൂമിക്കു കീഴെനിന്നു തീപുറപ്പെടുന്ന ഒരു പുണ്യസ്ഥലം, ഹിമാലയത്തിലെ ഒരു പുണ്യസ്ഥലം, ഒരു അഗ്നിപൎവ്വതം

[ശിവൻെറ പത്നിയായ സതി തീക്കുട്ടി തന്നത്താൻ ഹോമിച്ചതു ഇവിടെ വെച്ചാണെന്നുപാലും.]

ജ്വാലാവക്ത്രൻ-ശിവൻ.

# ഝ

ഝ-ഹല്ലുകളിൽ ഒൻപതാം അക്ഷരം

ഝഗതി, ഝഗിതി-ഝടിതി.

ഝടഝട-ശബ്ദവിശേഷം.

ഝടി-ചെടി.

ഝടിതി-അ. വേഗം, പെട്ടെന്നു.

[ഝടുതി എന്നും കാണുന്നു. ഝഗിതി എന്ന പാഠവും ഉണ്ട്.]

'ആഹന്ത്യമക്ഷുഝഗിതി ഝടിതി സ്രാക്ഭ്രമകമശല്ലേ'

(ഗണരത്നമഹോദധി)

ഝണഝണാ, ഝണഝണം-ശബ്ദവിശേഷം.

ഝണൽകാരം-ലോഹനിൎമ്മിതമായ ആഭരണത്തിൻെറ ശബ്ദം.

ഝണ്ഡു-ഒരു ഔഷധി.

[ക്ഷുദ്രക്ഷുപവൎഗ്ഗത്തിൽ പെട്ടതു. ജഗരം, ഗന്ധപീഢ, ഭൂതാവേശം ഇവ ഒക്കെ ഒന്ന്. ഇംഗ്ലീഷിൽ-French mary gold ]

ഝട-കിഴുകാനെല്ലി. ഫലസമൂഹമുള്ളതു എന്നൎത്ഥം.

ഝടാമലാ-കീഴുകാനെല്ലി.

ഝർ-ബൃഹസ്പതി.

ഝങ്കാരം, ഝംകൃതം-മൂളൽ, ഇരപ്പ്, വണ്ടിൻെറ നാദം.

ഝംകാരിണി-ഗംഗാനദി.

ഝംകാരിതാത്മാവ്-ആത്മഹംകരിക്കുന്നവൻ.

ഝംകൃതി-സ്ത്രീ. ലോഹംകൊണ്ടു നിൎമ്മിച്ചിട്ടുള്ള ആഭരണങ്ങളുടെ ശബ്ദം.

ഝംഝ-സ്ത്രീ. കൊടുങ്കാറ്റിൻെറ ശബ്ദം. ൨. മഴപെയ്യുന്ന ശബ്ദം. ൩. കൊടുങ്കാറ്റ്, ൪ ചിലമ്പുനാദം. ൫. വലുതായ തുള്ളിയിൽ മഴപെയ്യുക. ൬. കളഞ്ഞുപോയ വസ്തു.

ഝരഝനം-സ്ത്രീ ലോഹംകൊണ്ടുള്ള ആഭരണങ്ങളുടെ ശബ്ദം. ൨. മണിനാദം.

ഝംഝലം-ശബ്ദവിശേഷം. ലോഹം കൊണ്ടുള്ള ആയുധങ്ങളുടെ ശബ്ദം, മണിനാദം.

ഝംഝാവാതം-മഴയോടുകൂടിയ കാറ്റ്.

ഝഷ, ഝഷാ-സ്ത്രീ. ചാട്ടം. ൨. ഒരു അളം.

ഝഷാകം-കരഞ്ഞ്.

ഝഷാരം-കരഞ്ഞ്.

ഝഷാരി-ഭീക്കാരം.

ഝഷി-കരഞ്ഞ്.

ഝരം, ഝരാ, ഝരി-സ്ത്രീ. അരുവിയാറ്. ക്രമത്തിൽ കാലുകനായി വരുന്നതു. വൎഷകാലം കഴിഞ്ഞാൽ ജലപ്രവാഹം ക്രമത്തിൽ കുറയുകയാണെല്ലോ പതിവ്. ൨. ഉറവ്.

ഝരിക-പ്രവാഹം
'ഝസ്യക്കാംക്ഷാക്ഷിബാഷ്പാമ്പുകഝരിക'
(അമരുകശതകം)

ഝരീ-ഫ. അരുവിയാറ്. ൨. നദി. ൩. പ്രവാഹം.

ഝഞ്ഝാ-ഒരു വാദ്യം, ചല്ലരിപ്പറ (പറ) 'ഝഞ്ഝ' ശബ്ദത്തെ കൊട്ടുന്നത് എന്നർത്ഥം

ഝഞ്ഝരാ-ഫ. വേശ്യ, തേവിടിച്ചി, കുലട. ൨. ഉടുക്ക്, ഒരു വാദ്യം.

ഝഞ്ഝരാവതി-ഗംഗാനദി.

ഝഞ്ഝരീ-ഒരു വാദ്യം, കൈത്താളം.
'ഡിണ്ഡിമമഡ്ഡുമിടയ്ക്കയുടുക്കുകൾ
മഡ്ഡുഝല്ലരികൾഝഝരിവാദ്യം'
(സ്യമന്തകം തുള്ളൽ)

ഝഞ്ഝീകം-ഫ. രശ്മി. ൨. ദേഹം, ൩. പടം, രൂപം.

ഝലരി-കറിയാട്ട്.

ഝല-ഫ. പെൺകുട്ടി, പുത്രി. ൨ സൂര്യപ്രകാശം, വെയിൽ. ൩ മിന്നുക. ൪. ചീവിട്.

ഝലഝല-ഫ ആന ചെവിയടിക്കുന്നശബ്ദം. ൨. മഴത്തുള്ളി വീഴുന്നശബ്ദം.

ഝലി-പാക്ക്.

ഝല്ലകണ്ഠം-മാടപ്രാവ്, പ്രാവ്, കപോതം

ഝല്ലകം-ഒരു വാദ്യം, കൈമണി.

ഝല്ലരീ-ഫ. ഒരു വാദ്യം. ൨. കുറുനിര ൩. കറിയാട്ട്.

ഝല്ലിക-ഫ. പ്രകാശം, ശോഭ. ൨. ചായമോ സുഗന്ധവസ്തുവോ തേച്ചപ്പാനുള്ള തുണിക്കഷണം.

ഝഷധ്വജൻ-കാമദേവൻ.

ഝഷം-ഫ. മത്സ്യം. തന്നിൽ താഴെയുള്ള മത്സ്യങ്ങളെ ഹിംസിക്കുന്നത് എന്നർത്ഥം. ൨. മീനംരാശി. ൩. ചൂട്. ൪. കാട്. ൫ മണൽക്കാട്.

ഝഷാ-ഫ ആനക്കുറുന്തോട്ടി വാതാരോഗത്തെ നശിപ്പിക്കുന്നത് എന്നർത്ഥം. ൨ വലിയ ഉരകം.

ഝഷാങ്കൻ, ഝഷകേതനൻ, ഝഷകേതു, ഝഷധ്വജൻ-കാമൻ

ഝഷാശനം-ചീങ്കണ്ണി, കടൽപന്നി.

ഝഷോദരി-വ്യാസന്റെ അമ്മയായ സത്യവതി.

ഝള്ളഝള-ശബ്ദവിശേഷം. ആനകൾ കാതുകൊണ്ടടിക്കുന്ന ശബ്ദം.

ഝള്ളി കൈത്താളം, ഒരു വാദ്യം.

ഝാംകൃതം-പാദസരം തണ്ട മുതലായതിന്റെ ശബ്ദം.

ഝാടം-ഫ. വള്ളിക്കുടിൽ. ൨. കാട്.

ഝാട, ഝാടി-ഫ കിഴുകാനെല്ലി. ൨. കറുമുഴി.

ഝാടാമലാ, ഝാടിക-കിഴുകാനെല്ലി.

ഝാടലം-വെണ്ണാതിരിമരം. കുട്ടിപ്പിണഞ്ഞുകിടക്കുന്നത് എന്നർത്ഥം. കാട്ടുപതത്തിച്ചെടി, മുഷ്കകവൃക്ഷം ഇങ്ങനെയും അഭിപ്രായം കാണുന്നു. മുളിയിലാവ്, മുഴമ്പിലാവ്, മുളംപ്ലാവ്, മുളംപ്ലാച്ചി എന്നു ദേശഭേദേന പറയപ്പെടുന്നു.

ഝാമകം-ചുട്ട ചെങ്കല്ല് (ഇഷ്ടിക).

ഝാമരം-സൂചിയുംമററും തേയ്ക്കുന്ന കല്ല്.

ഝാലരി-ഫ. കഴിത്താളം. ൨. വൃക്ഷവിശേഷം.

ഝാവുകം-കാഞ്ഞിരമരം, മയിലെള്ളിൽ ഒരു വകഭേദം. 'ഝാ' എന്നു ശബ്ദിക്കുന്നതെന്നർത്ഥം.

ഝിംഗിനി-ഫ പന്തം, ചൂട്ട്, തീവെട്ടി. ൨. ഒരുമാതിരി വെള്ളരിക്ക.

ഝിംഗിനി, ഝിംഗി, ഝിംഝിണി-കാരിലവ്.

ഝിംഝിരീട-ഒരൌഷധി.

[ബലം മുലപ്പാല് ഇവയെ വദ്ധിപ്പിക്കും. രക്താതിസാരത്തിന നന്ന്. പൂവ് മഞ്ഞനിറമായിരിക്കും ]

ഝിണ്ടി-പ്ര. നീലക്കുറിഞ്ഞി (കരിങ്കുറിഞ്ഞി). ഉണങ്ങിയാൽ 'ഝി' എന്ന ശബ്ദിക്കുന്നതെന്നത്ഥം. വ. മുൾക്കുറിഞ്ഞി (ചെമ്പകുറിഞ്ഞി).

ഝിരി-ചീവിട്. (തമിഴിൽ) ചിലവൂട്.

ഝിരികാ, ഝിരീകാ, ഝിരുക-ചീവിട്.

ഝില്ലിക-പ്ര. ചീവിട്. മനസ്സിനെ ശിഥിലമാക്കിച്ചെയ്യുന്നതെന്നത്ഥം. വ. വെയിലിന്റെ പ്രകാശം. ന. ശോഭ. ചീവിട അലക്കുക.

ഝില്ലികണ്ഠം-മാടപ്രാവ്.

ഝില്ലീ-പ്ര. കൈമണി. വ. ചീവിട്. ന. വിളക്കിന്റെ തിരി. ര. ശോഭ.

ഝില്ലിഝങ്കാരനാദമണ്ഡിതസിംഹ-

വ്യാഘ്ര (അദ്ധ്യാത്മരാമായണം)

ഝില്ലീക, ഝില്ലുക-ചീവിട്.

ഝീരിക, ഝീരുക-ചീവിട്.

ഝുണ്ടം-ഒരു വൃക്ഷം, ഒരു ചെടി.

ഝുഗനിലി)-പ്ര. ഒരുമാതിരി പാക്ക്. വ. മുള്ളങ്കനം

---

# ഞ

ഞ-ഹല്ലുകളിൽ പത്താം അക്ഷരം.

ഞങ്ങൾ-പ്ര. ഞാനും എന്റെ കൂടെയുള്ളവരും. വ. ഞാൻമുതലായവർ. ന. ഞാനും എന്റെ ശേഷക്കാരും. ര. നമ്മൾ, ഞാൻ.

ഞഞ്ഞാപിഞ്ഞാ-അസംബന്ധപ്രലാപം, വല്ലതും കറച്ച്.

ഞടുക്കം-നടുക്കം

ഞട്ടി-പൂവ് കായ് മുതലായതിന്റെ ഞെട്ട്. പര്യായങ്ങൾ-വൃന്തം, പ്രസവബന്ധനം.

ഞണം-താമരെട്ടുക്കുന്നതിനുള്ള ഒരു ചെടി, ചണം.

ഞണക്ക്-പ്ര. വീങ്ങൽ. വ. ചതവ്, മുറിവ്.

ഞണക്കം-പ്ര. വീങ്ങുക. വ. ചതവ്. ന. മടി. ര. സംശയം.

ഞണങ്ങുക-പ്ര. ചുളുങ്ങുക, പിളുങ്ങുക. വ. ചതയുക ന. മടയായിട്ടിരിക്കുക. ര. സംശയിക്കുക. (സ. ക്രി ഞണക്കുക.)

ഞെണ്ഞെൺചുന്നു-കട്ടിപ്പിടിക്കുന്നു, പറ്റുന്നു.

ഞണഞണപ്പ്-ഒട്ടുക, പറ്റിപ്പിടിക്കുക, പശപോലാക.

ഞനഞനെ-അ പശപ്പ, ഒട്ടുന്ന.

ഞണ്ട്-ഒരുവക ജലജന്തു, ഒരുവക മത്സ്യം. പര്യായങ്ങൾ-കുളീരം, കർക്കടകം.



ഞണ്ട്

[ഇതിന്റെ മാംസം വാതം, പിത്തം, അസ്ഥിരോഗം ഇവകളെ നന്ന്. കഫവദ്ധനകാരമാണ്. ഞണ്ടുകൾ പലതരമുണ്ട്. പുഴഞണ്ട്, കടൽഞണ്ട്, കരഞണ്ട്, വയൽഞണ്ട് ഇംഗ്ലീ-ഭാഷ Crab.]

ഞമ-ഒരു വൃക്ഷം.

(അശ്മസ്സ്, പാണ്ഡു, പ്രമേഹം, പിത്തം, കഫം, രക്താതിസാരം ഇവകളെ നന്ന്. ചവപ്പുള്ളതാണ്. ഇല തന്നിയിലപോലിരിക്കും. സം-ധവ.)

ഞമഞ്ഞി, ഞെമഞ്ഞിക്ക-മ കക്ക. വ. ഒരുവക ജലജന്തു, മുരിങ്ങ്.

[ഞവഞ്ഞ് (ഞവഞ്ഞിൽ, ഞമഞ്ഞി, നത്തയ്ക്ക) ഇതിന്റെ അസ്ഥിശൂലം, നേത്രരോഗം, വിസ്ഫോടം ഇവക്കു നന്ന്. മാംസം വാതത്തിനും മററും നന്ന്. മത്സ്യവർഗ്ഗത്തിൽ പെട്ടതാണ്. ജോനകനാരങ്ങാനീരിൽ സേചനയന്ത്രംകൊണ്ടു പചിച്ചു ചൂടുവെള്ളത്തിൽ കഴുകി ഉണക്കുക, ശുദ്ധിയാകും. സം-ക്ഷുദ്രശംഖം. ത-നത്തൈ.]

ഞെമുങ്ങുക-ഞെങ്ങുക.

ഞെമുണ്ടുന്ന, ഞെവിണ്ടുന്ന-ഞെവിടുന്ന, ഞെരുക്കുന്ന. മ-ം, പാലിൽ പുഴുങ്ങി ഞെണ്ടുന്നു.

ഞെരക്കം-ക്ഷീണത്തിങ്കൽ പുറപ്പെടുവിക്കുന്ന ഒരു നേരിയ ശബ്ദം, വിലാപം, നെടുവീർപ്പ്.

ഞെരങ്ങുക-ക്ഷീണത്തിങ്കൽ നേരിയശബ്ദം പുറപ്പെടുവിക്കുക, വിലപിക്കുക, നെടുവീർപ്പിടുക.

ഞെരട്ട-മ. നൂലിന്റെ കെട്ട്. ചരട്ടിന്റെ ഏച്ച്. വ. തുണി നെയ്യുമ്പോൾ അതിന്റെ നൂലുകളിൽ ഉണ്ടാകുന്ന ഏച്ച്. ന. ഞെരട്ടുള്ള തുണി. ര് വിരൽകൊണ്ടു തിരുമ്മുക.

ഞെരട്ടുക-മ. നൂലുകൾ ഏച്ചുക. വ. വിരൽകൊണ്ടു തിരുമ്മുക. ന. ഏച്ചുപിരിക്കുക.

ഞെരമ്പ്-മ നരമ്പ്. വ. നാഡി. പര്യായങ്ങൾ-നാഡി, ധമനി, സിര.

ഞെരമ്പുവലി-ഞെരമ്പുകോച്ചൽ.

ഞെരമ്പുവികാരം-ഞെരമ്പു പിടിത്തം, ഞെരമ്പിനിമിത്തം വരുന്ന ദീനം.

ഞെരമ്പുവേദന- ഞെരമ്പിന്റെ വലിവുകൊണ്ടുള്ള വേദന.

ഞെരിഞ്ഞാമ്പുളി-ഞെരിഞ്ഞാമ്പുളി.

ഞെരിഞ്ഞിൽ-ഞെരിഞ്ഞിൽ.

ഞെരിമീൻ-ഒരുവക മീൻ, നരിമീൻ.

ഞെരിയാണി- നരിയാണി, കാലിന്റെ കണ്ണ്. പര്യായങ്ങൾ-ഘുടികം, ഗുല്ഫം.

ഞെവ-ഒരുവക വൃക്ഷം.

ഞെവഞ്ഞ്, ഞെവിഞ്ഞ്- ഞമഞ്ഞി. തമിഴിൽ-നത്തൈ. പര്യായങ്ങൾ-ശംബൂകം, ജലശുക്തി.

ഞെവരി-വിതയ്ക്കുമ്പോൾ ഞേക്കു നിലം നിരപ്പുവരുത്തുന്നതിലേക്കുള്ള ഒരു പലക.

ഞെവക്കുക-നിരപ്പാക്കുക.

ഞെവിര, ഞെവര-ഒരുവക നെല്ല്.

ഞെളുക്ക- കൊവുക, കൊവുന്നപോലെ വരുക.

ഞെളപ്പ്, ഞെളപ്പം-തണുപ്പ്, നനവുഭാവം, ഈറം.

ഞെള്ള-ഒരു വൃക്ഷം, ഞെഴുക.

ഞെറുമ്പാണൽ-ഒരുവക തൈ

# ഞൊ

ഞൊങ്ങണ- ആററരികേ നില്ക്കുന്ന ഒരുവക വൻപുല്ല്, നായ്ക്കൂരിമ്പു.

ഞൊങ്ങൾ-'ഞാൻ' എന്ന പദത്തിന്റെ ബഹുവചനരൂപം. ഇതിൽ നിന്നാണ് ഞങ്ങൾ എന്ന രൂപമുണ്ടായതു്.

ഞൊഞ്ഞൂൽ, ഞൊഞ്ഞൂൾ-തലപൊങ്ങി തിരിക്കുന്നതായി മണ്ണിലുള്ള ഒരുവക പ്രാണി. പര്യായങ്ങൾ-മഹീലത, ഗണ്ഡുപദം, കിഞ്ചുലുകം.

'ഞൊഞ്ഞൂലമെന്നാരുക്കുട്ടംഭൂമിയിലഞ്ഞൂറാമിരട്ടിമണ്ണുംകൂടി'
(തക്കിനീനപായംവരംതുള്ളൽ)

ഞാണ്-മ. വില്ലിന്റെ ചരട്. വ. കയറ്, ചരട്. വില്ലിന്റെ ഞാണിനു പര്യായങ്ങൾ- മൌർവി, ജ്യാ, ശിഞ്ജിനി, ഗുണം.

ഞാങ്ങൽ-ഒരുമാതിരി മുള.

ഞാണൊലി-വില്ലിന്റെ ചരടിനുള്ള ശബ്ദം. പര്യായം-വിസ്ഫാരം.

ഞാത്ത്, ഞെത്ത്-ത. തൂക്കൽ. വ. മൂക്കിൽ ഇടുന്ന ഒരാഭരണം.

ഞാത്തുക-ത. തൂക്കിയിടുക. വ. ഞാത്തി ഇടുക.

ഞാനം-ജ്ഞാനം. (പ-മ)

ഞാൻ-ഉത്തമപുരുഷസർവ്വനാമം. അവനവനേ ഉദ്ദേശിച്ച് അവനവൻ തന്നെ പറയുമ്പോൾ ഉപയോഗിപ്പാനുള്ള സർവ്വനാമം. (അടിയോൽ എന്നതു നോക്കുക.)

ഞായം-മുറ, ന്യായം, നടപ്പ്. (പ-മ.)

ഞായൽ-ഒരുമാതിരി നിലം, ഞാററടി.

ഞായർ-ത. ഞായറാഴ്ച. വ. ആദിത്യൻ. ന. മാസം.

ഞായറാഴ്ച-ഒന്നാം ആഴ്ച.

ഞായുന്നു-ചായുന്നു, ചാഞ്ഞുകിടക്കുന്നു.

ഞാലി-ത. തൂങ്ങൽ, ഞാത്ത്. വ. വാളിന്റെയും മററും പിടിക്കുള്ള ആഭരണം. ന. ഒരാഭരണം (കഴുത്തിൽ കെട്ടുന്നത്). ര. കൊമ്പുകളിൽനിന്നു ഞാന്നു കിടക്കുന്ന വൃക്ഷങ്ങളുടെ വേര്. ഉ. ഞാലിപ്പൂട്ട്.

ഞാലിച്ചം-തൂങ്ങൽ.

ഞാലിപ്പൂട്ട്-ഏത്തംവച്ചു വെള്ളം കോരുമ്പോൾ കല്ലാകാഞ്ഞു തൂക്കുന്ന മുള.

ഞാലുക, ഞെലുക-തൂങ്ങുക, തൂങ്ങിക്കിടക്കുക, ആടുക. (പ-മ.)

ഞാൽച്ച-തൂങ്ങൽ.

ഞാവൽ, ഞാറ-ത. ഒരുവക കായുള്ള വൃക്ഷം. വ. നിലഞാവൽ. ന. ഒരുവക മീൻ. ഞാവൽ കായുടെ പര്യായങ്ങൾ-ജംബു, ജംബൂ, ജാംബവം.

[ഇതിന്റെ പഴുത്ത കായ് വ്രണം, ചുമ, വയറുകടി, പുണ്ണീറൽ, കൃമി മുതലായവക്കു നന്ന്. വയറടപ്പുണ്ടാക്കും. ഇതിന്റെ കായ് പാലിനോടൊന്നിച്ചു ഭക്ഷിക്കരുത്. തമിഴിൽ-നാവൽ.]

ഞാഴൽ-ഒരുവക ഔഷധമരം. പര്യായങ്ങൾ-ശ്യാമ, മഹിളാഹ്വയാ, ലതാ, ഗോവന്ദിനി, ഗുന്ദ്രാ, പ്രിയംഗു, ഫലിനി, ഫലീ, വിഷ്വക്സേനാ, ഗന്ധഫലി, കാരംഭം, പ്രിയകം.

[വാതം, രക്തദോഷം, പിത്തം, ജ്വരം, ഛർദ്ദി മുതലായവക്കു നന്ന്. അരച്ചു പൂശിയാൽ മുഖത്തിനു ശോഭയുണ്ടാകും. വശീകരണത്തിനു നന്ന്. തമിഴിൽ-ഞാഴല്.]

ഞാറ്-ത. നെല്ലിന്റെ തൈ, പറിച്ചു നടാറായ നെല്ല്.

ഞാറ-ത. ഒരുവക വൃക്ഷം. ഞാവൽ, ഞാറൽ. വ. വയലിലെ ഒരു പക്ഷി, ഞാറപ്പക്ഷി.

ഞാററുകാല-നെൽഞാറു പറിച്ചുനടുന്ന സ്ഥലം.

ഞാററുനില-യാതൊരു നക്ഷത്രത്തിലെങ്കിലും ആദിത്യന്റെ നില.

ഞാററുമുടി-ഒരുപിടി ഞാറു കെട്ടിയതു്.

ഞാററുവട്ടം-യാതൊരു നക്ഷത്രത്തിലും ആദിത്യൻ നില്ക്കുന്ന സമയം.

ഞാററുവട്ടി-പാകുന്ന സ്ഥലം.

[കൃഷിശാസ്ത്രപ്രകാരം ഞാററുവട്ടി എന്നു പറയപ്പെടുന്നതു ചെറിയ കണ്ടത്തിൽ പണിചെയ്തു വിത്തുകൾ വളരെ ഞെരുക്കമായി ഇട്ടു വിതയ്ക്കുന്നതാകുന്നു. ചിലപ്പോൾ നെല്ലുവിത്തു മുളപ്പിച്ചിട്ടാണു വിതക്കുന്നതു്. ഒന്നാം ദിവസം നെല്ലിനെ വാരിക്കൊണ്ടു മൂടി ചൂടും നനവും തട്ടിച്ചാൽ മുളപൊട്ടും. നാലോ ആറോ ആഴ്ചവട്ടം കഴിഞ്ഞിട്ടു ഞാററുവട്ടിയിൽ നിന്നിളക്കി മേൽപ്രകാരം തയ്യാറാക്കിയ കണ്ടത്തിൽ നടണം. ആറുമാസത്തെ മൂപ്പുള്ള നെല്ല

ഞാറുവട്ടിയിൽ ആറാഴ്ചയോളം കിട ക്കുന്നതിൽ വിരോധമില്ലെങ്കിലും മൂന്നോ നാലോ ആഴ്ച കഴിഞ്ഞാൽ നടുക യാണ്.]

ഞാറുവേല-ഏതെങ്കിലും നക്ഷത്രത്തി ങ്കൽ ആദിത്യൻ സ്ഥിതിചെയ്യുന്ന സ മയം.

ഞാറുഴം-പാകുന്ന സ്ഥലം.

ഞെക്ക്-പ്ര. ഞെരുക്കൽ. വ. അമുക്കൽ.

ഞെക്കൽ-അമർത്തൽ.

ഞെക്കന്റെ-പ്ര. ഞെരുക്കുന്ന. വ. അമു ക്കുന്ന.

'ഒരുത്തൻകാലടിഞെക്കും

ഒരുത്തൻകൈകെതിരുമ്മീടും'

(നാളയേണിചരിതം തുള്ളൽ)

ഞെങ്ങുക-പ്ര. വീഴ്ച്ചമുട്ടുക. വ. അമരുക. പിഴിയുക. ന. ചതയുക. ർ. കൈ ക്കോലുകൊണ്ടു പൊങ്ങുക. [സ. ക്രി. ഞെക്കുക]

ഞെട-ശബ്ദവിശേഷം, വീഴുന്നശബ്ദം, വൃ ക്ഷങ്ങൾ ഞെരുങ്ങുന്ന ശബ്ദം.

ഞെട്ടക്കം-നടുക്കം, ഞെട്ടൽ

ഞെട്ടക്കനെ-അ. പെട്ടെന്ന്.

ഞെട്ടങ്ങുക-പ്ര. നടുങ്ങുക. വ. ഇളകുക.

ഞെട്ടഞ്ഞെടെ-അ. പ്ര. തകച്ചയായിട്ട്. വ. പെട്ടെന്ന. ന. ശബ്ദവിശേഷം.

'ഞെട്ടഞെടനടനടനടവികൾതോറും

കരടികൾകട്ടതരമലറുന്നേരം'

(ഭാഷാമഷനൈഷധചമ്പു)

ഞെട്ടപ്പ്-ഞെട്ട്, കായ്കളുടെ തണ്ട്.

ഞെട്ട്-ഞെട്ടപ്പ്, തണ്ട്.

ഞെട്ടൽ-പ്ര നടുക്കം വ. ഇളക്കം.

ഞെട്ടാഞെട്ടങ്ങ-ഒരു ഔഷധമത്തെ.

ഞെട്ടി-ഒരു കായുടയോ ഇലയുടേയാ ഞെട്ട്.

ഞെട്ടികുഴിയൻമാവ്-ഒരു വൃക്ഷം, തണ്ട്.

[പച്ചക്കായ് പിത്തം, രക്തദോഷം, ദാഹം ഇവയെ ഉണ്ടാക്കും. പഴുത്തകാ യ് അരുചി, തണ്ണീർദാഹം, ശ്രമം മുത ലായവക്കു നന്ന്. ഈ മാങ്ങ നല്ലപോ ലെ പഴുത്താലും തൊലിക്കു ചുവപ്പ് കാണും. സം-രാജാമ്രാ.]

ഞെട്ടുക-പ്ര. നടുങ്ങുക. വ. ഇളകുക.

ഞെണ്ടക്കം-ഞണ്ടക്കം.

ഞെണ്ടാഴക്ക - മുപ്പത്തിരണ്ടിൽ ഒന്ന നാഴി.

ഞെമുണ്ടുക, ഞെവിണ്ടുക-വിരലുക ളുടെ മദ്ധ്യേ വച്ചു ഞെക്കുക, പിളുക്കു ക, വിരകിപ്പിഴിയുക.

ഞെരിക്ക്-ചെറുകഴുക്കോൽ കേറുന്നതി ന കഴുക്കോലിൽ വച്ചുകെട്ടുന്ന ഒരു വാരി.

ഞെരിച്ചിൽ-തകർക്കുക, ചതയ്ക്കുക.

ഞെരിഞ്ഞാമ്പുളി-ഒരു വള്ളി, ചുണ്ണാ മ്പുവള്ളി.

ഇതിന കടമ്പുളി, കൊടുക്കാമ്പുളി, പിണറിൻപുളി ഇങ്ങനേയും പേരുണ്ട്. കഫം, വാതം, ശൂലം, പ്ലീഹ, അശ്മരി, ചുമ, അരുചി ഇത്യാദിക്കു നന്ന്. മല ത്തെ ഇളക്കും. സം-അമ്ലവേതസം. ത മി-പുളിവഞ്ചി. ഇംഗ്ലീഷിൽ-Common Sorrel കാമൺ സോറൽ.

എന്റെ അന്വേഷണത്തിൽ ചുണ്ണാ മ്പുവള്ളി എന്നതു ഷഡംകൃതിയ മറ്റൊ തരം വള്ളി എന്ന് അറിയുന്നു.

ഞെരിഞ്ഞിൽ-ഒരുങ്ങാടിമരുന്ന്. പര്യാ യങ്ങൾ-പലങ്കഷാ, ഇക്ഷുഗന്ധം, ശ്വ ദംഷ്ട്രാ, സ്വാദുകണ്ടകം, ഗോകണ്ടകം, ഗോക്ഷുരകം, വനശൃംഗാടാ.

ഞെരുപ്പ്-പ്ര. ഞെരിച്ചിൽ. വ. തെരി പ്പ്, തീയ്.

ഞെരിയൻപുളി- ഞെരിഞ്ഞാമ്പുളി. പര്യായങ്ങൾ-സഹസ്രാവധി, ചുക്രം, അമ്ലവേതസം, ശതവേധി.

ഞെരിയുക-ക്രി. തകരുക, ഉടയുക, വിള്ളുക. ര. ചതയുക ന. ഞെങ്ങുക. [സ. ക്രി ഞെരിക്കുക ]

ഞെരിവു്-ഉടവു്, ചതവു്.

ഞെരുക്കം-ഥ. അമുക്കൽ. ര. ഉപദ്രവം. ന. ബലബന്ധം. ര്. ആവശ്യം. ഒ മുറുക്കം, ഇറുക്കം.

ഞെരുങ്ങുക-ക്രി. നിർബന്ധത്തിൽ പെടുക. ര. തങ്ങുക. ന. വിഷമിക്കുക. ര്. ഞെരുക്കം സഹിക്കുക. (സ. ക്രി. ഞെരുക്കുക.)

ഞെരുഞെരെ-അം. കട്ടപ്പുമുള്ളതു വല്ലതും പൊടിക്കുമ്പോളുണ്ടാകുന്നപോലെ ഉള്ള ശബ്ദം.

ഞെവിട്ടുക, ഞെവിണ്ടുക, ഞെമുണ്ടുക-വിരകിപ്പിഴിയുക.

ഞെളിച്ചിൽ-ഥ. ശരീരം പിറകോട്ടു വളക്കുകം. ര. മോടിഭാവം. ന. അഹങ്കാരം.

ഞെളിയൻ-അഹങ്കാരി.

ഞെളിയുക-ക്രി. പിറകോട്ടു ശരീരം വളക്കുക. ര. അഹംകാരത്തോടു കൂടെ നടക്കുക. (സ. ക്രി ഞെളിക്കുക.)

ഞെളിവു്-ഥ. പിറകോട്ടു ശരീരം വളക്കുക. ര. മോടിഭാവം. ന. അഹങ്കാരം.

ഞെള്ളു-മുളകൾ തെറിപ്പിക്കുക.

ഞെഴുക-ഒരുവക കാടു്.

ഞെറി-വസ്ത്രമടക്കു്, പിന്നൽ.

ഞെറി, നെറി-ഥ ചട്ടം. ര. ക്രമം.

ഞെറിച്ചിൽ-വസ്ത്രം മടക്കുക, ചുളുക്കൽ.

ഞെറിയുക-വസ്ത്രം ചുളുക്കുക, ഞെറിവുണ്ടാകുക.

ഞെറിവു്-ഥ മടക്കു. ര. വസ്ത്രത്തിലും മറ്റും ഉണ്ടാകുന്ന ചുളുക്ക്.

ഞൊറുക്ക്-ഭീതം വരാറാകുമ്പോൾ ദേഹത്തിലുണ്ടാകുന്ന ഒരു വല്ലായ്മ.

ഞെറുക്കുക-ഭീതം വരാറാകുമ്പോൾ ദേഹത്തിൽ ഒരു വല്ലായ്മ തോന്നുക.

ഞെറുമ്പൽ-പല്ലുകടി.

ഞെറുമ്പിക്കുക-ക്രി. പല്ലുകടിക്കുക. ര. മീശപിരിക്കുക, ന്ിവിരുക.

ഞെററിയൽ-ഓളം മറിച്ചിൽ.

ഞേങ്ങോൽ-ഥ. നുകത്തോടു ചേർത്തു കെട്ടുന്ന സാധനം. ര. ഒരായുധം, കെണ്ടു.

ഞെട്ട-മുഷ്ടികൊണ്ടു് മടക്കിട്ടു് ഇടിക്കുക. കുത്തു്.

ഞെട്ടുന്നു-കൈചുരുട്ടിപ്പിടിച്ചുകൊണ്ടു് മടക്കിട്ടിടിക്കുന്നു.

ഞെൺ-ഞെളിവു്.

ഞൊടിക്കുന്നു-കൈവിരലുകൾ തമ്മിൽ തെറിച്ചിട്ടു ഒരുവക ശബ്ദം പുറപ്പെടുവിക്കുന്നു. നാമം-ഞൊടിപ്പു. ഞൊടി, നൊടി-ഥ. ഞൊടിക്കുമ്പോളുണ്ടാകുന്ന ശബ്ദം ര. ഒന്നു ഞൊടിക്കുവാൻ വേണ്ട സമയം, ക്ഷണനേരം.

ഞൊട്ട-ശരീരത്തിന്റെ സന്ധികളിൽ നിന്നുവരുന്ന ശബ്ദം.

ഞൊട്ടയൊടിക്കുന്നു - ഞൊളയിടുന്നു, ഞൊട്ടകളയുന്നു.

ഞൊട്ടാഞൊടിയൻ-തെപ്പരുത്തി.

ഞൊങ്ക-കൈയുടെ ശോഷിപ്പു്, ചൊറ, വളഞ്ഞകൈ.

ഞൊങ്കൻ-കൈ ശോഷിച്ചവൻ

ഞൊങ്കുന്നു-കൈ ശോഷിച്ചുപോകുന്നു.

ഞൊങ്ങണം-നൊങ്ങണം, തൊണ്ടിച്ചപ്പു്, മണിത്തുമ്പ

ഞൊടുങ്ങുന്നു, ഞെടുങ്ങുന്നു-ക്രി. ചൊടുകുന്നു ര. കുഴിക്കുന്നു.

ഞൊറി-വസ്ത്രത്തിലുണ്ടാകുന്ന മടക്കിന്റെ ചുളുക്ക്

ഞൊറിച്ചിൽ-ചുളിച്ചിൽ.

ഞൊറിവു്-വസ്ത്രത്തിലും മറ്റും ഉണ്ടാകുന്ന ചുളിവു്.

ഞൊട്ട്-കൈചുരുട്ടിപ്പിടിച്ചുകൊണ്ടു ഒലയ്ക്കിട്ടു ഇടിക്കുക, കുത്ത്.

ഞൊട്ടുന്നു-കൈചുരുട്ടിപ്പിടിച്ചുകൊണ്ടു തലയ്ക്കിട്ടിടിക്കുന്നു.

ഞൊള്ള, നോള്ള-വായിൽനിന്നു ഒലിക്കുന്ന ഉമിനീർ.

# ട

ട-ഹല്ലുകളിൽ പതിനൊന്നാംഅക്ഷരം.

ടകാരൻ-ശിവൻ.

ടഗരാ-വെങ്കാരം

ടംക(ഗ)ം-വെങ്കാരം.

ടംക(ഗ)ണം-പൊങ്കാരം.

ടങ്കടീകൻ-ശിവൻ.

ടങ്കണക്ഷാരം-പൊൻകാരം,

ടങ്കപതി-കമ്മട്ടം വിചാരിപ്പുകാരൻ.

ടങ്കം-പു. വെണ്മഴു, കല്ലുളി, കല്ലുപൊളിക്കുന്ന പാര. 'ടം' എന്നു ശബ്ദിക്കുന്നതു് എന്നർത്ഥം.

'ടങ്കവും മൃഗവും പരശുവും
തിങ്കളും തിരുനീർ ഫണികളും'
(കിരാതം തുള്ളൽ)

വ. കോപാക്കാട്ട്. ന. പൊങ്കാരം ർ. ഡംഭം. ഔ. വാൾ. ന്ന. കോപം, ൌ. മണ്വെട്ടി. വ്യ. കാൽ, ജംഘ. ൻ. ഒരു മുദ്രനാണയം. ഫ. ഞെട്ടികഴിയൻമാവ്.

ടങ്കശാല-കമ്മട്ടപ്പുര.

ടങ്കാനകം-മുചുകാട്ടുമരം. കാട്ടരയാൽ.

ടങ്കാര-പു. ഞാണിന്റെ ശബ്ദം. വ. ആശ്ചര്യം ന. കരച്ചിൽ, ശബ്ദം. ർ. കീർത്തി.

ടംഗം-പു. പടന്ന, മുമ്പാ, കൈക്കോട്ട്. വ. പൊൻകാരം.

ടവാഷ്-വിയപ്പു തുടപ്പാനും മറവുമായി കൈയിൽ വെച്ചുകൊണ്ടിരിക്കുന്ന വസ്ത്രഖണ്ഡം. പട്ടുംയങ്ങൾ-നക്തകം, കപ്പടം.

ടാങ്കരൻ-കാമുകൻ.

ടാങ്കാരം-കിലുകിലുപ്പ്, ശിഞ്ജിതം.

ടാപ്പ്, ഡാപ്പ്-പു. കറിപ്പടി, ഉപകരണങ്ങളെ എല്ലാം കറിച്ചിട്ടുള്ള ലിസ്റ്റ്. വ. വണ്ടിയുടെ മേൽക്കൂട്ട്.

ടാരം-കുതിര.

ടാവ്യ-സൂത്രം, കള്ളം.

ടിട്ടിഭ(ക)ം, ടിടിഭ(ക)ം-കുളക്കോഴി. ടിട്ടിഭ(ക)ം എന്നാൽ 'ടിട്ടി' എന്നു ശബ്ദിക്കുന്നതു് എന്നർത്ഥം. [യഥാ' 'ടിട്ടിഭമെന്നാൽ കുളക്കോഴിയെന്നറി (പഞ്ചതന്ത്രം)

[ടിട്ടിഭപ്പക്ഷിക്കു 'കൃതികലുക്കിപ്പക്ഷി' എന്നും പേരുണ്ട് ഇതിന്റെ കാൽ മഞ്ഞനിറമാണ്. ശരീരം നാനാവർണ്ണമായിരിക്കും. ഇതിന്റെ നിദ്രയില്ല ടിട്ടി എന്നു ശബ്ദിക്കുന്നു. സഞ്ചാരം മിക്കവാറും രാത്രിയിലാണ്. കിടപ്പു ജലത്തിലാകുന്നു. തമിഴിൽ- ചിറകുരുവി. ഇംഗ്ലീഷിൽ-Parra Jacana.

ടിണ്ഡിശം-കരുട്ടുവെള്ളരി.

ടിപ്പ്-ചെപ്പ്, ചിമിഴ്.

ടിപ്പണി-ഒരു ഗ്രന്ഥത്തിൽ അങ്ങുമിങ്ങും ദുർഘടപദങ്ങൾമാത്രം ചെയ്യുന്ന വ്യാഖ്യാനം.

ടീക-ഒരു ഗ്രന്ഥത്തിനു സമഗ്രമായിട്ടുള്ള അർത്ഥവിവരണം. വിഷമപദവ്യാഖ്യയുടെ പേരെന്നും കാണുന്നു 'ടീകന്തരം വ്യാഖ്യാ'.

ടുക-ഒരു മരം, കാട്ടുമല്ലി, താർക്കവൽ എന്ന മരുന്നു എന്നു ചിലർ.

ടുണ്ടുക-വി. പ്ര. ചെറിയ. ഉ. കട്ടപ്പമുള്ള

ടുണ്ടുകം-പ്ര ഒരു വൃക്ഷം. പലകപ്പയ്യാനി ഉ. പീനാറി.

ടുണ്ടുകി-പാദ (സംസ്കൃതത്തിൽ-പാഠം.)

ടുനാക-തിലപ്പന

ടേപനം-അയക്ക, എറിക.

ടേര, ടേരക-വി. കോങ്കണ്ണുള്ള.

ടോട-വി. ചെറിയ.

ടോപം-ഡംഭം.

# ഠ

ഠ-ഹല്ലുകളിൽ പന്ത്രണ്ടാം അക്ഷരം.

ഠക്കുരം-പ്ര. വിഗ്രഹം, ദേവത. ഉ. ദേവതകളോട്ട ബഹുമാനത്തിനായി ചേർക്കുന്ന ഒരു പദം.

ഠൻ-ശിവൻ.

ഠാണാവ്, ഠാണാ-പ്ര. വിചാരണ കഴിയുന്നതുവരെ കുറ്റക്കാരെ താമസിച്ചു സൂക്ഷിക്കുന്ന മുറി. ഉ. ഇരിപ്പുസ്ഥലം, സ്ഥാനം.

ഠായം-ഒരുവക പാട്ടും കളിയും.

ഠാരം-ഉറച്ച മഞ്ഞ്.

ഠാലിനി-കച്ച, അരക്കെട്ട്.

ഠിക്കാനം-പ്ര. മറപ്പിപ്പ് ഉ. ഇരിപ്പിടം.

# ഡ

ഡ-ഹല്ലുകളിൽ പതിമൂന്നാം അക്ഷരം.

ഡക്കാരി-ചണ്ഡാളരുടെ വീണ.

ഡൻ-ശിവൻ.

ഡമരം-പ്ര കലഹം, ആയുധം കൂടാതെയുള്ള കലഹം ഉ. ആർപ്പുകൊണ്ടും ഭാവംകൊണ്ടും ശത്രുവിനെ ഭയപ്പെടുത്തുകനം കൊള്ള മുതലായ ഉപദ്രവം. ഉ. അമളി. ഉ. നാശം 'ഡമ' എന്ന കോലാഹല ശബ്ദത്തെ ഉണ്ടാക്കുന്നത് എന്നർത്ഥം. [ക്ഷന്ത'

'ഡംഭാഹംകാരങ്ങൾകൊണ്ടുഡമരംഭൂമി'

(പാലാഴിമഥനം കഥകളി)

ഡമരു-പ്ര. ഒരു വാദ്യം, ഉടുക്ക. ഉ. കടുന്തുടി. 'ഡമ' എന്ന ശബ്ദിക്കുന്നത് എന്നർത്ഥം.

ഡങ്കാരം-ടങ്കാരം.

ഡാംഗരി, ഡംഗാരി-ആനക്കൊമ്പൻ വെള്ളരി.

ഡംബര-വി കീർത്തിയുള്ള.

ഡംബരം-പ്ര. കലഹം. ഉ. അഹംഭാവം

'ഡംബരമാണ്ടുമുഴങ്ങിത്തുടങ്ങീടി-
ങ്ങംബരംതന്നിലേ മെല്ലെ മെല്ലെ'
(കൃഷ്ണഗാഥ)

ഡംബൽ-വ്യായാമത്തിനുള്ള ഒരു പദാർത്ഥം. (ഇരുമ്പുകൊണ്ടുള്ള ഉണ്ട.)

ഡംഭം-അഹംഭാവം.

ഡംഭ്-അഹംഭാവം.

ഡമാനം-ഒരുവക വാദ്യം.

ഡർബാർ-രാജസദസ്സ്.

ഡയനം-പ്ര. പല്ലക്ക്, അന്തോളം, മഞ്ചൽ മുതലായ വാഹനങ്ങൾ. ഉ. സ്ത്രീകൾക്കിരിപ്പാൻ യോഗ്യമായ രഥവിശേഷം. ഭൂമിയിൽ സ്പർശിക്കാതെ നടക്കുന്നു എന്നർത്ഥം. 'ഹയനം' എന്നും.

ഡലകം, ഡല്ലകം-ഉറി, കൊട്ട (കൊ).

ഡലായത്തു-ശിപായി. (ഹിന്ദുസ്ഥാനി ഭാഷ.)

ഡാഗ്-പട്ട, മടിപ്പ്.

ഡുളു-അയിന്ദ്രപ്പലാവ്, ആയനിക്കം. വിറകിനുപയോഗിക്കുന്നു തിരിക്കാം ഭസ്മമാക്കപ്പെടുന്നതുകൊണ്ട് ഈ പേർ വന്നു.

ഡാഡിമപുഷ്പക-ചെമ്മരം

ഡാഡിമം, ദാഡിമം- മാതളം, മാതളം, മാതളം, മാതളം. ഉറുമാമ്പഴം. പൊട്ടിച്ചിതറുന്നു് എന്നർത്ഥം.

ഡാംഗർ-ഒരുകറി, ഉഴുന്നുമാവു മോരിൽ കലക്കി ഇഞ്ചി, പച്ചമുളക്, കായം ഇവ ചേർത്തു കടുകുവറക്കുന്നതു്.

ഡാംഗരി-ആനക്കൊമ്പൻ വെള്ളരി.

ഡാമര-വി. ഭയങ്കരമായ.

ഡാഹ്ലകം-നഞ്ഞു്.

ഡിണ്ഡിമം-ചെണ്ട. 'ഡിംഡിം' അല്ലെങ്കിൽ 'ഡിണ്ഡി' എന്നിങ്ങനെ ശബ്ദിക്കുന്നതെന്നർത്ഥം. പെരുമ്പറ, മദ്ദളം, മുരക്ക്, പറ.

ഡിണ്ഡിരമോദകം-ചണ്ണമുള്ളങ്കി.

ഡിണ്ഡീരം, ഡിണ്ഡിരം-കടൽനാക്ക്, കടൽനര. 'ഹിണ്ഡീരം' എന്നുമുണ്ട്. 'ഹിണ്ഡി' എന്നു ശബ്ദിക്കുന്നതു് എന്നർത്ഥം.

ഡിംഗരൻ-പു. ഭൃത്യൻ. വ. കള്ളൻ. ന. നീചൻ

ഡിംഗരി-ആനക്കൊമ്പൻ വെള്ളരി.

ഡിംബം-പു. കലഹം, ആയുധം കൂടാതെയുള്ള കലഹം. വ. അനർത്ഥം. ന. കൊള്ള മുതലായ ദേശോപദ്രവം, ഉപദ്രവം. ഇതിനാൽ ജനങ്ങൾ ഓടിപ്പോകുന്നതുകൊണ്ടു് ഈ പേർ വന്നു. ർ വെള്ളത്താവണക്ക്. ൡ പെരുമഴ. ന്റ പ്രളയം.

ഡിംഭ-കരയുന്ന സ്ഥിതിയില്ലാത്ത കുട്ടി മുലകുടിപ്രായത്തിലുള്ള കുട്ടി. മുലകുടിപ്പാനായി അമ്മയോന്നിച്ചു ശയിച്ചു കിടക്കുന്നതെന്നർത്ഥം. മററു പര്യായങ്ങൾ- ഉത്താനശയൻ, സ്തനപാ, സ്തനന്ധയി.

ഡിംഭകൻ-ജരാസന്ധന്റെ ഒരു കൂട്ടുകാരൻ.

ഡിംഭൻ-പു. കൊച്ചുപൈതൽ, കുട്ടി കുട്ടിപ്പിണ്ണത്തുകിടക്കുന്നതു് എന്നർത്ഥം.
'അംഭോജമൊട്ടിനോടൊത്തകുമകുചകുംഭംപൊരുക്കവേഡിംഭന്നേനൽകിനാൾ'
(കൃഷ്ണലീല തുള്ളൽ)
വ. മൂഢൻ, അറിവില്ലാത്തവൻ.

ഡിംഭം-കുട്ടി.

ഡിംഭാനിലൻ-ഇളങ്കാററു്.

ഡില്ലി-ഡൽഹി.

ഡീക്കു്-ഡംഭു്.

ഡുണ്ഡുകം-ഒരു വൃക്ഷം, പലകപ്പയ്യാനി ('ദുന്ദുകം' എന്നും പാഠമുണ്ടു്.) 'ഡുഡും' എന്നു ശബ്ദിക്കുന്നതു് എന്നർത്ഥം.

ഡുണ്ഡുഭം-ഒരുവക പാമ്പു്, ചേര. 'ഡുംഡും' എന്നു ശബ്ദിക്കുന്നതു് എന്നർത്ഥം. ഒളിച്ചുനടക്കുന്നതു്, അടങ്ങിയിരിക്കുന്നതു് ഇങ്ങിനെയുമാവാം. 'ഇരുതലപ്പാമ്പു്' എന്ന അർത്ഥവും കാണുന്നു.

ഡുണ്ഡുല-ചെറിയ മൂങ്ങ.

ഡുലാ-ചെറിയ മൂങ്ങ.

ഡുളി(ലി)-പെണ്ണാമ. 'ദുളി' എന്നു പ്രസിദ്ധം. ജലം കലക്കിമറിക്കുന്നതു് എന്നർത്ഥം.

ഡേരാ-കൂടാരം.

ഡോഡികാ, ഡോഡി-വിഷമുഷ്ടി.

ഡോമൻ-താണജാതിക്കാരൻ.

ഡോരഡി-ചെറുവഴുതിന.

ഡോലി-പല്ലക്ക്.

ഡോള-പു. ഉഴിഞ്ഞാൽ, ഊഞ്ഞാൽ. വ. പല്ലക്ക്. ന. മനായാല. ർ അമരി. (തമിഴ് പാഠമാണു് 'ഡോളു'. കാററിനാൽ ഉൽക്ഷേപിക്കപ്പെടുന്നതു് എന്നർത്ഥം.)

ഡോളായന്ത്രം-മരുന്നു പുഴുങ്ങിചെയ്തു് എടുക്കുന്നതിനുള്ള ഒരു സമ്പ്രദായം.

ഡോളായമാന-വി. ഇളകുന്ന.

ഡോളായമാനം—ഇളകും.

ഡോളായിതം — ഊഞ്ഞാൽ പോലെ ആടിക്കൊണ്ടിരിക്കുന്നതു്, ചഞ്ചലം.

'ഡോളായിതമിഹമാമകഹൃദയം'

(കിമ്മീരവധംകഥകളി)

# ഢ

ഢ—ഹല്ലുകളിൽ പതിന്നാലാം അക്ഷരം

ഢക്ക—നിഷാണ (നിസ്സാണ) വാദ്യം. തിരിച്ചറിവാൻ പാടില്ലാത്തവിധം ശബ്ദിക്കുന്നതെന്നർത്ഥം. 'വീരവാണം' 'ഭേരി' ഇങ്ങിനെയും പറയുന്നുണ്ടു്.

ഢക്കാനാദചലജ്ജലാ—ഗംഗാനദി.

ഢങ്കാരം—ഒരു ശബ്ദം.

ഢമാനം, ഢമ്മാനം—ഒരുവക വാദ്യം.

ഢാമരാ—പിടപ്പാത്ത.

ഢാലം—പരിശ.

ഢാലി—പരിശ ധരിച്ച യോദ്ധാവു്.

ഢിക്ക്, ഢീക്കം, ഢീക്ക്—പു. ഗർവം ഉ. പൊങ്ങച്ചം.

ഢീക്കൻ, ഢിക്കൻ—പു. അഹങ്കാരി. ഉ. വെറും പൊങ്ങച്ചം പറയുന്നവൻ, തന്നെത്താൻ സ്തുതിക്കുന്നവൻ.

ഢുംഢനം—അന്വേഷണം.

ഢുംഢി—ഗണേശൻ.

ഢൌല—ഒരു വലിയ വാദ്യം.

# ണ

ണ—ഹല്ലുകളിൽ പതിനഞ്ചാം അക്ഷരം

ണൻ—ശിവൻ.

ണത്താർമാനിനി—നൽത്താർമാനിനി, ലക്ഷ്മീദേവി.

ണം—പു. ജ്ഞാനം. ഉ. നിശ്ചയം. ന. ദാനം, സമ്മാനം. ര്. ആഭരണം.

ണാ—പശു.

# ത

ത—ഹല്ലുകളിൽ പതിനാറാം അക്ഷരം, വ്യഞ്ജനങ്ങളിൽ ഒന്നു്, ഒരു ഖരാക്ഷരം.

തക—പു. താളഭേദം. ഉ-ം, തകതക. ഉ. പച്ചച്ചത.

തകട്, തകിട്—ലോഹങ്ങളും അടിച്ചു പരത്തിയതു്.

തകടം—പു. തരക്കേട്. ഉ. മറിപ്പു. ന. ഉരുട്ടു്.

തകടി—വി. വിസ്താരമുള്ള.

തകപ്പൻ—തന്ത, അച്ഛൻ.

തകം—ദക്ഷിണസമുദ്രത്തിൽ ഒരു പർവതം.

തകര—ഒരു ചെടി. പര്യായങ്ങൾ—പ്രപുന്നാടം, ഏഡഗജം, ദദ്രുഘ്നം, ചക്രമർദ്ദകം, പത്മാടം, ഉരണാഖ്യം.

[ഇതു വാതകഫദോഷം, ചൊറി, ചിരങ്ങു്, വ്രണം, കുഷ്ഠം, വയറുവേദന, ശിരോരോഗം, കൃമി ഇവയെ നശിപ്പിക്കും. കാന്തിയെ ഉണ്ടാക്കും. സംസ്കൃതത്തിൽ—'ചക്രമർദ്ദ'. തമിഴിൽ—തകരൈ, ഇംഗ്ലീഷിൽ Oval Leaved Cassia എന്നും പറയും. ഇതു കിട്ടാതെ വന്നാൽ പകരം കൊട്ടം ചേർക്കാം.]

തകരൻ—ദീനക്കാരൻ

തകരം—പു. മരുക്കൊഴുന്തു. പര്യായങ്ങൾ—ദ്രപ്പ്, പിച്ചുരം, നതം, വക്രം. ഉ. മരഞ്ഞാടിമരം. ന. വലിയ ഒരു കൊമ്പു്.

[വിഷം, ദുർദോഷം, അപസ്മാരം, നേത്രരോഗം, ഉന്മാദം, ഭൂതം, ശിരോരോഗം ഇവയെ ശമിപ്പിക്കും.]

തകരാറു-൧. സമ്മിശ്രം. ൨. പ്രയാസം. ൩. വിരോധം, കലഹം. ൪. തെററ്. [തകരാർ എന്നതു അറബിഭാഷയാണ്.]

തകരുന്നു-൧. നശിക്കുന്നു. ൨. ഉടയുന്നു. ൩. പൊടിയുന്നു. (സ ക്രി. തകൎക്കുന്നു)

തകൎക്കുന്നു-൧. അഹങ്കരിക്കുന്നു. ൨. ദൈത്യങ്ങൾ അഹങ്കരിക്കുന്നു. ൩. പൊടിക്കുന്നു. (പ-മ)

തകൎച്ച-൧. നാശം. ൨. പൊടിയുക. ൩. ഉടയുക. ൪. നുറുങ്ങുക.

തകൎപ്പ്-൧ പൊട്ടൽ. ൨. നശിപ്പിക്കുക. ൩. ദൈത്യങ്ങളുടെ അഹങ്കാരം.

തകല-തവല, ഒരു ചെറിയ പാത്രം

തകഴി-൧. ചെറുതായുള്ള അരി. ൨. മുറിവിനുള്ള ഒരു മരുന്ന്. ൩. ഒരുദിക്ക്.

തകിടം മറിയുന്നു, തകിടംമാറുന്നു-മുഖമാററം ചെയ്യുന്നു, വശം മാറുക.

തകിടി-൧. കാടില്ലാത്ത കുന്നിൻപുറം. ൨. മാങ്ങായണ്ടിത്തോട്.

തകിടിപ്പുറം-കാടില്ലാത്ത കുന്നിൻപുറം.

തകിട്ടുവൈരം-പരപ്പുള്ള വൈരക്കല്ല്.

തകിൽ-ഒരുവക വാദ്യം.

തകില-വി. ൧. ചതിയുള്ള. ൨. കൌശലമുള്ള.

തകലാ-ഒരു ഔഷധം.

തകുന്ന, തകും-ചേരുന്ന, വഹിക്കുന്ന, ഉള്ള, യോഗ്യമായ, തക്കതായ. (പ-മ)
[തകം എന്നവിലധാതുവാണ്. ഇതിന്റെ പേരെച്ചരൂപമായ 'തക്ക' എന്ന ഒന്നു മാത്രമെ ഇപ്പോൾ നടപ്പുള്ളു ]

തകൃതി-വി. ൧. ഘോരമായുള്ള, ഭംഗിയുള്ള, നല്ല. ൨. ശോഭയുള്ള.

തകൃതി-൧. അധികാരം. ൨. സംപൂൎണ്ണത. ൩. ശോഭ.

തകൃതിയിൽ-തകൃതികൊണ്ട്, ആൎഭാടത്തോടെ.
'വെള്ളം തള്ളിത്തകൃതിയിൽ വരും'
(മയൂരസന്ദേശം)

തക്ക, തക്കതു്-വി. ൧. യോഗ്യമായുള്ള. ൨. അവസരമുള്ള. ൩. മതിയായുള്ള. ൪. ചേൎച്ചയുള്ള.

തക്ക-സ്ത്രീകൾ കാതിലിടുന്ന ഒരാഭരണം.

തക്കതിന്മണ്ണം, തക്കവണ്ണം, തക്കവാർ-വി. ൧. യുക്തംപോലെ. ൨. അതിനുവേണ്ടി

തക്കപോലെ, തക്കവണ്ണം-അ. യുക്തംപോലെ.

തക്കം-൧. തരം.
[തക്കം-പിടിച്ചുപറിക്കാൎക്ക്. സാഹസം- തീവെട്ടിക്കൊള്ളക്കാൎക്ക്. കച്ചടക്കം-വൎത്തകന്മാൎക്ക്. കിട്ടിയതുകൊണ്ടും- ചില്ലറക്കള്ളന്മാൎക്ക്.]
൨. സമയം. ൩. യോഗ്യത. ൪ സൌകൎയ്യം. ൫. സാമൎത്ഥ്യം. ൬. ഔചിത്യം. (പ-മ.)

തക്കവൻ-വി. യോഗ്യൻ.

തക്കാരി-മുഞ്ഞവൃക്ഷം, തഴുതാവൽ.

തക്കാരിവഴുതിന-ശാകവൎഗ്ഗത്തിൽ ചേൎന്ന ഫലശാകം. തമിഴിൽ-കത്തിരി.

തക്കാളി-ഒരുതരം ചെടി.

തക്കിടി-വ്യാജം, വഞ്ചന.

തക്കിടിക്കാരൻ-കള്ളൻ.

തക്കിടിമുണ്ടൻ-നീളംകുറഞ്ഞു വണ്ണം കൂടിയവൻ.

തക്കിടിയൻ-കള്ളൻ.

തക്കിപ്പറക-ഢക്കിപ്പറക.

തക്കുക-൧ തങ്ങുക. ൨. സംശയിക്കുക. ൩. സൂക്ഷിക്കുക. ൪. [illegible]

തക്കോലകം, തക്കോലപ്പുട്ടിൽ, തക്കോല(ക)ം-ഒരങ്ങാടിമരുന്ന്. പൎയ്യായങ്ങൾ- കോലകം, തക്കോലകം, കോശ[illegible].

[വാതം, കഫം, കൃമി, അഗ്നിമാന്ദ്യം, വിഷം, വയറടപ്പ്, നേത്രരോഗം, വായുമുട്ടൽ, തണ്ണീർദാഹം, മൂത്രകൃച്ഛ്രം മുതലായവയെ നശിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഇംഗ്ലീഷിൽ-(Cubeb pepper) ക്യൂബെബ് പെപ്പർ.]

തക്രധാര-മോരുകൊണ്ടുള്ള ധാര, ഒരു ചികിത്സ.

തക്രം-മോര്, നാലിലൊന്നു വെള്ളം കൂട്ടിയ മോര്.

തക്രവാസനം, തക്രാധിവാസനം-നാരകം.

തക്രസാരം-വെണ്ണ.

തക്ഷകൻ-പു. പ്രധാനപ്പെട്ട എട്ടു സർപ്പങ്ങളിൽ ഒന്ന്, കദ്രുവിൽ കശ്യപന്റെ പുത്രനായ നാഗരാജാവ്.

[തക്ഷകൻ എന്ന സർപ്പാധിപന്റെ അമ്മയെ ഖാണ്ഡവദാഹത്തിൽ അർജ്ജുനൻ കൊല്ലുകയാൽ അയാൾക്കു അർജ്ജുനനോടു വിരോധം നേരിട്ടു. അതു തീർപ്പാൻ തക്ഷകൻ തരം നോക്കിയിരിക്കവെയാണ് കർണ്ണൻ നാഗാസ്ത്രം പ്രയോഗിച്ചത്. ആ അസ്ത്രത്തിൽ കർണ്ണൻ അറിയാതെ തക്ഷകൻ കടന്നതിൽ അർജ്ജുനന്റെ കിരീടത്തെ മാത്രം നശിപ്പിക്കാൻ തരംകിട്ടി. അതുകൊണ്ട് ഉള്ളിലെ വിരോധം തീരാഞ്ഞു തന്നെ ഒന്നുകൂടി അയക്കണമെന്നു കർണ്ണനോടു തക്ഷകൻ യാചിച്ചു. തൊടുത്ത അസ്ത്രം ഇനിയൊരിക്കൽകൂടി തൊടുക്കയില്ലെന്നു കർണ്ണൻ തക്ഷകനെ ഉപേക്ഷിച്ചു. ഉടൻ തക്ഷകൻ സ്വയമേവ ഒരു അസ്ത്രമായി ചെല്ലുകയും കൃഷ്ണൻ പാകയാൽ അർജ്ജുനൻ തക്ഷകനെ കൊല്ലുകയും ചെയ്തു. തക്ഷകന്റെ മകനാണ് അശ്വസേനൻ.]

വ. ആശാരി. തക്ഷകശബ്ദത്തിനു കൊത്തുപണിചെയ്യുന്നവൻ എന്നർത്ഥം. ന. ഭരതന്റെ പുത്രനായ ഗാന്ധാരരാജാവ്. ൪. ദേവകളുടെ ശില്പശാസ്ത്രി.

തക്ഷകം-ഞെരിഞ്ഞിൽ.

തക്ഷൻ-പു. തച്ചൻ, ആശാരി. വ. സൂത്രധാരൻ.

തക്ഷശില-ഗാന്ധാരരാജാവായ തക്ഷന്റെ പ്രധാനനഗരം, ഒരു പുരം.

[ഇവിടം ജനമേജയനുപതി അടക്കി എന്നു ഭാരതം.]

തക്ഷശിലാദേശം-ടാക്സിലം എന്നു വിളിക്കുന്ന ഉത്തരപഞ്ചാബ്.

തക്ഷാവ്-ആശാരി. മരം ചെത്തി ചെത്താക്കുന്നവൻ എന്നർത്ഥം.

തങ്കക്കട്ടി-പൊൻകട്ടി.

തങ്കക്കാശു-പൊന്നുകൊണ്ടുള്ള ഒരുവക നാണയം.

തങ്കച്ചി-പു. തിരുവിതാംകൂർ രാജാവിന്റെ പെണ്മക്കളെ വിളിക്കുന്ന പേർ. പുല്ലിംഗം-തമ്പി. വ. സഹോദരി. ന. അനുജത്തി.

തങ്കത്തകിട്-പൊൻതകിട്.

തങ്കപ്പൂച്ച്-പൊന്നുകൊണ്ട് പൂശുക.

തങ്കഭസ്മം-സ്വർണ്ണം പുടംവെച്ചത്.

തങ്കം-പു. മാറ്റേറിയ പൊന്ന്. വ. സ്നേഹം. ന. ഭയം. ൪. കല്ലുകൾ തമ്മിൽ ഉരച്ചു. ൫ ഉടപ്പ്. ൬. അന്തസ്സ്.

തങ്കുടുന്നു-പൊന്നുതകിടാക്കുന്നു, പൊന്നിൽ ചെയ്യുന്നു.

തങ്കമേഖ-പൊന്നിനുള്ള വര.

തങ്ങ-കരിമ്പിന്റെ തടങ്ങൾ.

തങ്ങുന്നു-ചേരുന്നു, അണയുന്നു, ഉണ്ടായിരിക്കുന്നു (പ-മ)

തഗരം-തകരം.

തഗരം-പു. ആടുമാടുകൾ.

തങ്ങൽ-൧. മരത്തിന്റെ കൊമ്പിൽ തടഞ്ഞിരിക്ക, തടവ്. ൨. താമസം, പാർപ്പ്.

തങ്ങൾ-൧. താൻ. ൨. മഹമ്മദുപട്ടക്കാരൻ.

തങ്ങിപ്പറക-വിക്കിപ്പറക.

തങ്ങുന്നു-൧. തടയുന്നു. ൨. താമസിക്കുന്നു, പാർക്കുന്നു. (തങ്ങിക്കുന്നു. സ. ക്രി.) (പ-മ)

തച്ച്-൧. ആശാരിവേല. ൨. ആശാരി കല്ലാശാരി വാളൻ ഇവരുടെ ഒരുദിവസത്തെ വേല. ൩. അവരുടെ ഒരുദിവസത്തെ കൂലി.

തച്ചൻ-ആശാരി.

തച്ചുവാടി-ആശാരിയുടെ പുര.

തച്ചാന്ത്യം-ആശാരിയുടെ കൂലി.

തച്ചിടുന്നു-തല്ലുന്നു, അടിക്കുന്നു.

തച്ചുകൂലി-ആശാരിയുടെ ദിവസശമ്പളം.

തച്ചുപണി, തച്ചുവേല-ആശാരിയുടെ വേല.

തച്ചുശാസ്ത്രം-മരപ്പണിക്കുള്ള ഒരു പ്രമാണം. ഗൃഹങ്ങൾ മുതലായവ പണികഴിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള ശാസ്ത്രം.

തച്ചുളി-ആശാരിയുടെ ഉളി.

തച്ചേല്ക്കുന്നു-പുരപണിത്തടിയിന്മേലുള്ള പിശാചുക്കളെ വാസ്തുബലി ദിവസം ഒഴിക്കാൻ കഴിയ്ക്കുന്നു. (തച്ചേല്പിക്കുന്നു സ. ക്രി.)

തച്ചോളിപ്പാട്ടു, തച്ചോള്ളിപ്പാട്ടു-പഴയ കാലത്തെ വീരപ്രവൃത്തികളെ അടിസ്ഥാനപ്പെടുത്തിയുള്ള (പഴയ) പാട്ടുകൾ.

തജ്ജീ-കറിക്കായം.

തഞ്ചക്കാരൻ-സമയം നോക്കുന്നവൻ, തരംനോക്കുന്നവൻ, കൌശലസാരി.

തഞ്ചങ്ങൾ-ആയുധാഭ്യാസികളുടെ നില.

തഞ്ചം-൧. തരം. ൨. ആയുധവിദ്യക്കാരുടെ നില.

തഞ്ചംതാഴ്ച-ആയുധവിദ്യക്കാരുടെ ഒരു പ്രത്യേകനില.

തഞ്ചൽ-തങ്ങൽ.

തഞ്ചാവൂർ-ഇന്ത്യയിൽ ഒരു രാജ്യം, ഒരു നഗരം.

തഞ്ചുന്നു-൧. തങ്ങുന്നു. ൨. നില്ക്കുന്നു. ൩. തടയുന്നു. ൪. ഇരിക്കുന്നു. ൫. ഉറങ്ങുന്നു. (പ-മ.)

തഞ്ഞുപോകുന്നു-ചതയുന്നു.

തട-൧. ചേമ്പിന്റെയും മററും തട. ൨. കഞ്ഞികുടിപ്പാനായിട്ടു വാഴപ്പോളകൊണ്ടു വട്ടത്തിലോ ചതുരത്തിലോ കെട്ടിയുണ്ടാക്കുന്ന വസ്തു. ൩. വാഴമാണം. ൪. വിരോധം. ൫. തടവ്. ൬. രക്ഷ, പിടിത്തം. ൭. മറുത്തുനില്പ്. ൮. കഴി. ൯. ഉതെപ്പ്. ൧൦. വരമ്പ്. ൧൧. തടവിൽ പാർപ്പിക്ക.

തടകം-കര.

തടക്കുടുന്നു-൧. തൃപ്തിപ്പെടുന്നു. ൨. വിരോധിക്കുന്നു.

തടക്കണ്ണ്-വലിയ കണ്ണ്.

തടക്കൈ-വലിയ കൈ.

തടക്കൊങ്ക-വലിയ കൊങ്ക.

തടങ്ങൽ-൧. വിരോധം. ൨. മുടക്കം. ൩. മറിപ്പിലാക്കുക. ൪. പിടിത്തം.

തടച്ചിൽ-൧. തടവ്, വിരോധം, മുടക്കം. ൨. ഉതെപ്പ്.

തടത്തല്ല്-കഴപ്പ്, കഴമറിച്ചിൽ.

തടത്തല്ലുന്നു-കഴയ്ക്കുന്നു.

തടത്തിരന്തോളൻ-വിരിഞ്ഞ മാറിടമുള്ളവൻ.

തടം-വി. (പലതുകളുടെ മുമ്പിൽ ചേർന്നു വരുന്നത്.) ഉ-ം, തടക്കൈ (തടം = വലിയ.)

തടം-പു. തോട്ടത്തിൽ ഉണ്ടാക്കുന്ന തടം. ൨. സമുദ്രം പുഴ മുതലായതിന്റെ തീരം. ഉയർന്നു നില്ക്കുന്നതെന്നർത്ഥം. ൩. വൃക്ഷത്തിന്റെ ചുവട്ടടിയും മറവും. ൪. ചെകിട്ട. ൫. കടിപ്രദേശം. ൬. മറവ്. ൭. മലയിടുക്ക്. ൮. മലച്ചരിവ്. ഉയരമുള്ളടമെന്നർത്ഥം. ൯. ആകാശം അല്ലെങ്കിൽ ചക്രവാളം.

തടം ഒരു ശുദ്ധമലയാളപദമാണ്. 'തടയുക' എന്നതിൽ നിന്നുണ്ടായി. 'നദീതടം'-ഈ തടം സംസ്കൃതപദമാകുന്നു.

തടമുല-സ്ത്രീകളുടെ മുല.

തടയം-പാത്രത്തിൽവെച്ച് വല്ലതും തൂക്കുമ്പോൾ പാത്രത്തിന്റെ കനമറിയുന്നതിനു ഇടുന്നത്.

തടയുന്നു-പു. വിരോധിക്കുന്നു. ൨. മുടങ്ങുന്നു. ൩. രക്ഷിക്കുന്നു. ൪. പിടിക്കുന്നു.

തടവ്-പു. വിരോധം. ൨. മുടക്കം. ൩. താമസം. ൪. നിരത്ത്. ൫. ഉതപ്പ്. ൬. പാറാവ്.

തടവയറൻ-അധികം തിന്നുന്നവൻ, വലിയ തീറ്റിക്കാരൻ.

തടവൽ-തലോടൽ, ദേഹത്തിൽ പതുക്കെ തിരുമ്മുക.

തടവല-ഒരുവക വലിയ വല

തടവിലിടുക-ബന്ധനത്തിലാക്കുക, പാറാവിലാക്കുക.

തടവുകാരൻ-തടവിലാക്കപ്പെട്ടവൻ, പാറാപ്പുള്ളി, പുള്ളിക്കാരൻ.

തടവുന്നു-പു. തലോടുന്നു, പതുക്കെ തിരുമ്മുന്നു. (സ. ക്രി. തടവിക്കുന്നു.) ൨. തടുക്കുക, തലോടുക, തഴുകുക. ൩. ചേർക്കുക. (പ-മ)

തടവെക്കുന്നു-പു. വിരോധമായിരിപ്പാൻ വല്ലതും തടവായിട്ട വെയ്ക്കുന്നു. ൨. കണ്ണി കടിപ്പാൻ തടവെയ്ക്കുന്നു.

തടസ്ഥൻ-പു. ബന്ധുവും ശത്രുവും അല്ലാത്തവൻ, മദ്ധ്യസ്ഥൻ. ൨. വിധികർത്താവ്. (നാമം-തടസ്ഥത, തടസ്ഥം.)

തടസ്സം-തടസ്ഥത

തടാകം-പൊയ്ക, താമരപ്പൊയ്ക. വളഞ്ഞുചരിഞ്ഞു കരയോടുകൂടുന്നത് എന്നർത്ഥം. കുളം. തടാകം എന്നുമാവാം. അടിച്ചുകയറുന്നത് എന്നർത്ഥം.

ഇതു ധിസ്സിഷ്ഠവും അസാധുവും അകൃത്രിമവുമായിരിക്കുമെന്ന പറയുന്നു.

തടാകശുക്തി-ചെവണ്ട്, ചെവണ്ണി.

തടി-പു. മരം. ൨. ശരീരം. ൩. വണ്ണം. ൪. കണ്ണത്തിന്റെ ഒരു തുക. ൫. തണ്ട.

തടിക്കറ-വെള്ളി നാണയത്തിൽ പറ്റിയിരിക്കുന്ന ഒരുമാതിരി കറപ്പ്.

തടിക്കുന്നു-വണ്ണം വെയ്ക്കുന്നു, പുഷ്ടിയുണ്ടാകുന്നു. (സ. ക്രി. തടിപ്പിക്കുന്നു.)

തടിച്ച-വി. വണ്ണമുള്ള. തടിച്ചതു എന്നതിന്റെ പര്യായങ്ങൾ-പീനം, പീവരം, സ്ഥൂലം.

തടിച്ചാൽപോരുന്നു-തടി വള്ളത്തിന്റെ രേഖയായിട്ട വെട്ടുണ്ടാകുന്നു.

തടിച്ചി-വണ്ണമുള്ളവൾ. തടിച്ചി ⊳ ⊲ തടിയൻ.

തടിത്ത്-മിന്നൽ. കണ്ണിനെയും ഇരുളിനെയും മറയ്ക്കുന്നത് എന്നർത്ഥം. തടിത്ത് എന്നും പറയാം. തഡിൽ എന്നതിന്റെ താഡനം ചെയ്യുന്നത് എന്നർത്ഥം. ഇടിവെട്ടുക എന്നതു പ്രസിദ്ധം.

തടിത്വാൻ-പു. മേഘം. മിന്നലിനെ കൊണ്ടു കൂടിയതെന്നർത്ഥം. ൨. മുത്തങ്ങ.

തടിനി-നദി, ആറ്, പുഴ. തടങ്ങൾ (തീരങ്ങൾ) ഉള്ളത് എന്നർത്ഥം.

തടിപ്പ്-പു. വണ്ണം, പുഷ്ടി. ൨. കൊഴുപ്പ്. ൩. വീക്കം. ൪. തഴമ്പ്.

തടിപ്പത്താക്ക്-ഒരു നാണയം

തടിമാടൻ-൧. അധികം തടിച്ചവൻ. ൨. രോഷൻ.

തടിമിടുക്ക്-ശരീരസാമർത്ഥ്യം, ബലം.

തടിമുറങ്ങ് (ങ്ങ്)-ദുശ്ശാഠ്യം, ദുർവ്വാശി.

തടിയൻ-വണ്ണമുള്ളവൻ, രോഷൻ.

തടിവിലങ്ങ്-മരവിലങ്ങ്

തടുക്ക്-ചെറിയ പായ്.

തടുക്കുന്നു-൧ വിരോധിക്കുന്നു, നിറുത്തുന്നു. ൨. മുടക്കുന്നു. (കാ. ക്രി. തടുപ്പിക്കുന്നു) തടുക്കുക=പ്രതിബന്ധം, പ്രതിഷേധം.

തട്ട്-൧. തുലാം ഇരുത്തി മീതെ നിരത്തുന്ന പലക, മച്ചുപലക. ൨. കൊല ൩. മരണം. ൪. വഞ്ചന. ൫. വെള്ളത്തിലോ തേരിലോ ഇരിപ്പാനുള്ള സ്ഥലം. ൬. ചെമ്പ് മരം മുതലായവ കൊണ്ടുള്ള ഒരുമാതിരി പരന്നപാത്രം, തുലാസിന്റെ തട്ടും മററും. ൭. താലം ടൽ. ൮. ഉപദ്രവം ൯. കല്ലുകൊണ്ടും മററും അടിക്കുക ൧൦. തൊടുക. ൧൧. ഉതെപ്പ്. ൧൨. കൊള്ളുക.

തട്ട-പക്ഷികളെ വിരട്ടുന്നതിനുള്ള ഒരു സാധനം, കിട്ടുകിട്ടപ്പൻ.

തട്ടം-൧. പരപ്പുള്ള പാത്രം. ൨ ഒരുമാതിരി കതിര.

തട്ടൽ-൧ മുട്ടുക ൨ തൊടുക.

തട്ടാക്കുടി-൧ തട്ടാന്മാരുടെ വീടുകൾ ൨. തട്ടാന്മാരുടെ തെരുവ്.

തട്ടാത്തി-തട്ടാന്റെ സ്ത്രീ തട്ടാത്തി. ◁ തട്ടാൻ.

തട്ടാൻ പൊൻപണിക്കാരൻ.

തട്ടാമുട്ടി-തരതല, ദുസ്തർക്കം

തട്ടാരൻ-വെളുത്തേടൻ

തട്ടി-൧. മറ ൨. കടിലിന്റെ വാതിൽ

തട്ടിക്കളയുന്നു-൧. കടത്തുകളയുന്നു ൨ മുട്ടിക്കളയുന്നു. ൩. നശിപ്പിക്കുന്നു. ൪. നിരസിക്കുന്നു. ൫. കൊല്ലുന്നു. ൬. വഞ്ചിക്കുന്നു.

തട്ടിക്കഴിക്കുന്നു-കുറയ്ക്കുന്നു, എടുത്തുകളയുന്നു.

തട്ടിക്കുന്നു-൧ വഞ്ചിക്കുന്നു. ൨. കൈക്കലാക്കുന്നു. ൩. നിഷ്ഫലമാക്കുന്നു. ൪. അടിപ്പിക്കുന്നു, മുട്ടിക്കുന്നു. ൫ കൈകൊട്ടിക്കുന്നു ൬ തൊടീക്കുന്നു ൭ കുടയിക്കുന്നു.

തട്ടിക്കേറുന്നു-൧ കയറുന്നു. ൨. ശൌര്യത്തോടെ ചെല്ലുന്നു, അധികാരം ചെലുത്തുന്നു, ശാസിക്കുന്നു. (നാമം-തട്ടിക്കേററം.)

തട്ടിടുന്നു-മച്ചിടുന്നു, പലകപാകുന്നു.

തട്ടിത്തൂക്കുന്നു-കഴിയുമററം നികത്തുന്നു

തട്ടിപ്പ്-൧. ചതി, വഞ്ചന ൨ വ്യാജം. ൩. അടിക്കുക.

തട്ടിപ്പറയുന്നു-തള്ളിപ്പറയുന്നു, എതിർത്തുപറയുന്നു, വിലക്കിപ്പറയുന്നു.

തട്ടിപ്പറിക്കുന്നു-പിടിച്ചുപറിക്കുന്നു.

തട്ടിമൂടുന്നു-നികത്തുന്നു, കുഴിനികത്തുന്നു.

തട്ടിമൂളിക്കുന്നു-തടസ്സമില്ലാതെ പ്രവൃത്തിക്കുന്നു.

തട്ടിയടപ്പ്-പശുക്കൂട്ടിന്റെ മേലുള്ള അഴി.

തട്ടിയൽ-തട്ടി.

തട്ടിയെടുക്കുന്നു-വഞ്ചിച്ചെടുക്കുന്നു.

തട്ടിവിടുന്നു-കുസലും കോട്ടവും കൂടാതെ തുറന്നു പറയുന്നു, അടിച്ചുനീക്കുന്നു

തട്ടിവിളിക്കുന്നു-വെല്ലുവിളിക്കുന്നു.

തട്ടു-മട്ടുകതിര.

തട്ടുകെടുന്നു-൧ അഴുകിപ്പിഞ്ഞുന്നു. ൨. ക്ഷീണിക്കുന്നു. ൩. അപജയപ്പെടുന്നു. ൪. തളരുന്നു

തട്ടുകേട്-൧. തൊയക്കം. ൨. ക്ഷീണം. ൩. അഴുകി. ൪. അപജയം.

തട്ടുക്കുക-തട്ടുക്കുക.

തട്ടുന്നു ൧. തല്ലുന്നു. ൨. മുട്ടുന്നു. ൩. കൈകൊണ്ടു പതുക്കെ തല്ലുന്നു. ൪. തൊടുന്നു. ൫. കൈകൊട്ടുന്നു. ൬. തകടിക്കുന്നു. ൭. ഉപേക്ഷിക്കുന്നു. ൮. ഉപായം കൊണ്ടോ ബലം കൊണ്ടോ കൈക്കലാക്കുന്നു. ൯. ഉരസുന്നു. ൧൦. കൊല്ലുന്നു.

തട്ടുപടി-൧. ഇരിപ്പാൻ പുരയുടെ നിരയോടു ചേൎത്തു കട്ടിൽപോലെ പണിതുണ്ടാക്കിയ പലക. ൨. വള്ളത്തിന്റെ അററത്തുനിന്നു ഊന്നുവാനായിട്ടു ഉണ്ടാക്കിവെച്ചിരിക്കുന്ന പലക. ൩. ചെറിയതരം കട്ടിൽ.

തട്ടുപലക-തട്ടിടുന്ന പലക, പുരമുറിയുടെ അടിയിലും മീതേയും നിരത്തിയിടുന്ന പലക.

തട്ടുപുര-മച്ചിട്ട ഭവനം.

തട്ടുപുഴ(വു്)-വെരികിൻ പുഴവു്.

തട്ടുമുട്ടു-വീട്ടുസാമാനം.

തട്ടുവാണിഭം-രത്നങ്ങളുടെ വ്യാപാരം.

തഡഗം-തടാകം.

തഡാക(ഗ)ം-തടാകം.

തഡാഗം-കാട്ടിലും മററുമുള്ള സരസ്സ്, തടാകം.

തഡിത്വാൻ-൧. മേഘം. ൨. മുത്തങ്ങ.

തൺ-വി. തണുത്ത.

തൺപെടുക-തണുക്കുക, താഴ്മവരുക, മോഹാലസ്യപ്പെടുക.

തണങ്ങു്-അടയ്ക്കാമരത്തിന്റെ ഓല

തണൽ-ഛായ, നിഴൽ.

തണലാറുന്നു-തണലിലിരുന്നു ക്ഷീണമാററുന്നു.

തണലിളയ്ക്കുന്നു-തണലിൽ ഇരിക്കുന്നു, തണലാറുന്നു. (നാമം-തണലിളപ്പു്.)

തണിച്ചിൽ-൧. [illegible]. ൨. ശമനം.

തണിയുന്നു-൧. [illegible] ൨. ശമിക്കുന്നു.

തണിവു്-൧. ശമനം, തീൎപ്പു്. ൨. ശമനം വരുത്തുക.

തണുക്കുന്നു-൧. ചൂടാറുന്നു, ആറുന്നു. ൨. കുളിരുന്നു. ൩. ചൂടാറിയതായിത്തീരുന്നു, തണുത്തതായിത്തീരുന്നു. ൪. അടങ്ങുന്നു. (സ. ക്രി. തണുപ്പിക്കുന്നു.) ൫. മടിക്കുന്നു.

തണുതണേ-അ. തണുപ്പായി.

തണുപ്പു്-൧. ശീതം, കുളിർ. ൨. ശാന്തത. ൩. ആശ്വാസം. ഉഷ്ണത്തിന്റെ (ചൂടിന്റെ) വിപരീതഗുണം.

തണുപ്പുകൊടുക്കുന്നു-കാളയ്ക്കു ബലം വരുത്തുക ഔഷധം കൊടുക്കുന്നു.

തണുവു്-വി. തണുപ്പുള്ള.

തണുവു്-തണുപ്പു്.

തണുവെള്ളം-തണുത്തവെള്ളം.

തണ്ണീർ- പച്ചവെള്ളം. (തൺ+നീർ) നീർ=വെള്ളം.

തണ്ട-൧. കാലിൽ ഇടുന്ന ആഭരണം. ‘[illegible]’ ([illegible]) ൨. മുൻകൈ, മുഴങ്കൈ. ൩. പല്ലക്കും [illegible] മണി.

തണ്ടകം, തണ്ഡകം, ദണ്ഡകം-നര.

തണ്ടഞ്ചീര-ഒരുവക ഇലക്കറിസാധനം. പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. [illegible] ഒരുവക നാഗശാകമാണ്. [illegible] കോഴിയിറച്ചിയും [illegible] തിന്നരുതു്. സംസ്കൃതത്തിൽ-‘തണ്ഡുലീയം’.

തണ്ടൻ- ധൈര്യമുള്ളവൻ, അഹംഭാവമുള്ളവൻ.

തണ്ടൻപയറു്-ഒരുവക പയറു്.

തണ്ടപ്പത്തു്-പേരുവഴി എഴുതിയ കണക്കു്.

**തണ്ടരഞ്ഞാണം**- അരയിലിടുന്ന ഒരു മാതിരി ആഭരണം.

**തണ്ടലർ**-താമരപ്പൂവ്.

**തണ്ടലർശരൻ**-കാമദേവൻ.

**തണ്ടൽ**-കരം പിരിക്കുക.

**തണ്ടാടി**- മീൻ പിടിക്കുന്ന ഒരുമാതിരി വല.

**തണ്ടാത്തി**-തണ്ടാന്റെ സ്ത്രീ.

**തണ്ടാൻ**-ചോകന്മാർക്കു കല്പിച്ചുകൊടുത്ത ഒരു സ്ഥാനപ്പേര്.

**തണ്ടായം**-പ്ര. ചുമടെടുക്കുന്നതിനു നീളമുള്ള കഴ. വ. തണ്ടുനീട്ടിവലിക്കുക.

**തണ്ടായ്മ**-തണ്ടാന്റെ സ്ഥാനം.

**തണ്ടായുധം**-ശര.

**തണ്ടാരിൽമാതു്**-ലക്ഷ്മീദേവി.

**തണ്ടാർ** - താമരപ്പൂവ്. തൺ+താർ. തൺ=തണുത്ത. താർ=പൂവ്.

**തണ്ടാർമകൾ**-ലക്ഷ്മി.

**തണ്ടാർമാനിനി**-ലക്ഷ്മി.

**തണ്ടാർശരൻ**-കാമദേവൻ.

**തണ്ടാളർ**-വള്ളക്കാരൻ.

**തണ്ടി**-സമവയസ്സുള്ള, സമശക്തിയുള്ള, തുല്യമായ.

**തണ്ടികക്കുല**-ഒരു തണ്ടിന്റെ രണ്ടററ്റത്തും കെട്ടിത്തൂക്കി എടുക്കുന്ന വാഴക്കുല.

**തണ്ടു്**-പ്ര. കമ്പു്, തടി, തൃണാദികളുടെ കമ്പു്. (ദണ്ഡം ആണു് തണ്ടായതു്.) വ. വലിപ്പം, ഡംഭം, ഡീൽ. ന. വള്ളം തുഴയുന്നതിനുള്ള സാധനം.

**തണ്ടുകുററി**- തണ്ടുവെച്ചു കെട്ടി വള്ളത്തിൽ ഉറപ്പിക്കുന്ന ഒരു മരക്കഷണം.

**തണ്ടുതപ്പി**-ചണ്ടി, അഹങ്കാരി.

**തണ്ടുതപ്പി**-വി. അഹങ്കാരമുള്ള.

**തണ്ടുതപ്പിത്തം, തണ്ടുതപ്പിത്തരം**- അഹങ്കാരം.

**തണ്ടുപത്തി**-തണ്ടിന്റെ അററത്തു മരം കൊണ്ടു വട്ടത്തിൽ ഉണ്ടാക്കിവച്ചു കെട്ടുന്ന സാധനം

**തണ്ടുപല്ലു**-കൊമ്പുകററി, കച്ചി.

**തണ്ടുവലി**-തണ്ടുവലിച്ചു വള്ളം നടത്തുക, തണ്ടുപിടിത്തം.

**തണ്ടെല്ലു്**-മുതുകിലെ അസ്ഥി.

**തണ്ടേറുന്നു**-പല്ലക്കിൽ കേറുന്നു.

**തണ്ടേററം**-പല്ലക്കിൽ കേറുക.

**തൺപെടുക**-പ്ര. തണുക്കുക. വ. വാടുക. ന. നശിക്കുക. ര. താഴ്ചവരുക. ഌ. മോഹാലസ്യപ്പെടുക. (പ-മ.)

**തൺപോരാന**-യുദ്ധത്തിൽ ക്ഷീണിച്ച ആന.

**തണ്ഡകം**-പ്ര. ഒരുമ്പാടു്. വ. നര. ന. താഴ്വരം. ര. തൂൺ. ഌ. കരിങ്കുരികിൽ. ൠ. വ്യാധിവിശേഷം.

**തണ്ഡു**-താണ്ഡവം ഉണ്ടാക്കിയവനും ശിവന്റെ ഇഷ്ടനുമായ ഒരു സാംഗീതക്കാരൻ.

**തണ്ഡുരീണം**-പ്ര. അരിക്കാടി. വ. കറുത്ത കാട്ടുതുളസി.

**തണ്ഡുലപുഷ്പാണി**-മലരു്.

**തണ്ഡുലഫലാ**-തിപ്പലി.

**തണ്ഡുലം**-പ്ര. അരി.

'ചക്രത്തിനിപ്പോളിരുന്നാഴിതണ്ഡുലം'

(കംസവധം തുള്ളൽ)

വ. വിഴാലരി. അരിയുള്ളതു് എന്നർത്ഥം.

**തണ്ഡുലാ**-പ്ര വിഴാൽ. വ. വലിയ കറന്തോട്ടി.

**തണ്ഡുലാംബു**-അരിക്കാടി.

**തണ്ഡുലി**-പ്ര. ചെറുചീര. വ. കരുവേലമരി. ന. കീരിവള്ളി.

**തണ്ഡുലീയം**-പ്ര. ചെറുചീര. നറുക്കരിപോലെയുള്ള വിത്തുള്ളതു്. അരിയോടുകൂടെ യോജിച്ചു നില്ക്കുന്നതു് എന്നിങ്ങനെ അർത്ഥം. വ. വിഴാൽ.

**തണ്ഡുലോത്ഥം**-അരിക്കാടി.

തന്തു-മാപ്പിടിയിട്ട ചട്ടകം മുതലായതി ന്റെ പേർ. [തട്ടു എന്നതിന്റെ പാഠം]

തന്ത്രി-ഏ. പൊങ്ങുതടി. വ. വീണ.

തണ്ണിമത്തന-കമ്മട്ടി തമിഴിൽ-ചക്കരെ കമ്മട്ടി. സംസ്കൃതത്തിൽ-കാലിംഗം ഇംഗ്ലീഷിൽ -Water melon വാട്ടർ മെലൻ

തണ്ണീർ-വെള്ളം. തൺ + നീർ.

തണ്ണീരാകാരം-വെള്ളം കുടിക്കുക. (എ ളുമയെ കാണിക്കുന്നതിനുള്ള ഒരാചാര വാക്ക്.)

തണ്ണീർകുടി-ഏ. വെള്ളംകുടി. വ. ദേവ തമാൎക്ക് കഴിക്കുന്ന ഒരു ബലി.

തണ്ണീർദ്ദാഹം-വെള്ളംകുടിപ്പാനുള്ള ആ ഗ്രഹം.

തണ്ണീർപ്പന്തൽ-വെള്ളം കൊടുക്കുന്നതി നുള്ള സ്ഥലം, വഴിയമ്പലം, പൎയ്യാ യങ്ങൾ-പ്രപാ, പാനീയശാലികാ.

തണ്മ-ഏ. തണുപ്പ്. വ. താഴ്ച. ന. ക ളിർ.

തൽ-അ അതുഹേതുവായിട്ട്.

തൽ-ഏ. അത്. വ. പദങ്ങളുടെ മുമ്പിൽ ചേൎന്നുവരുമ്പോൾ ചുട്ടെഴുത്തിന്റെ അ ൎത്ഥം കട്ടുന്നു. ഉ-ം, തൽസമയം (ആ സമയം )

തൽക്ഷണം-കരവിരൽ നൊടി, മാത്ര, അപ്പോൾ.

തൽക്കാലബുദ്ധി, തൽക്കാലധി-അ താതു സമയത്തു തോന്നുന്ന അറിവ്.

തൽക്കാലം-അ. ഇപ്പോഴത്തേയ്ക്ക്.

തൽക്കാലം-വൎത്തമാനകാലം. ആ കാ ലം എന്നൎത്ഥം മരാഠായ പൎയ്യായം-ത ദാത്വം.

തൽക്കാലസദൃശം-വി. അതാതുകാല ത്തിനുതക്ക.

തൽക്കറി-മനയോല ത്രികം.

തൽക്രിയ-വി. ശമ്പളംകൂടാതെ വേല ചെയ്യുന്ന.

തൽതൽ-അതാത്.

തൽപത്രി-വാഴ.

തൽപത്രി-കറിക്കായം.

തൽപര-വി. ഭ. തൽപരമുള്ള. വ. ഉത്സാഹമുള്ള. (നാമം) തൽപരത്വ, താൽപൎയ്യം.

തൽപരൻ-താൽപൎയ്യത്തോടു കൂടിയ വൻ. അത് പരം (പ്രധാനം) ആയിട്ടു ള്ളവൻ. ഇവിടെ തൽ എന്ന സൎവ്വനാ മം കൊണ്ടു ഇഷ്ടമായ വസ്തുവിനെ വി വക്ഷിക്കുന്നു

തൽപരം-അ. അതിന്റെശേഷം.

തൽഭവം-ഇതരഭാഷയിൽ നിന്നു ശബ്ദ മെടുത്തു സ്വഭാഷയിലെ വ്യാകരണപ ട്ടങ്ങളനുസരിച്ചു ഉച്ചാരണത്തിലും രൂപ ത്തിലും മാററങ്ങൾ ചെയ്തിട്ടുള്ള പദം. ഉ-ം, ഘനം=കനം.

തൽഫലം-അതുവികാരച്ചായ..

തത-വി പരപ്പുള്ള, വിസ്താരമുള്ള.

തതം-ഏ പരപ്പ്, പരന്നതു. വിസ്തരി ക്കപ്പെട്ടതു എന്നൎത്ഥം, വ. വിസ്താരം. ന. കമ്പിമേൽ വായിക്കുന്ന വാദ്യം, വീണ മുതലായ വാദ്യങ്ങളുടെ പേർ. സ്വരങ്ങളെ വിസ്തരിപ്പിക്കുന്നതു (സ്പ ഷ്ടമാക്കപ്പെടുന്നതു) എന്നൎത്ഥം

തതഃ-അ. ഏ അതുകൊണ്ട്. വ അ തിൽനിന്നു. ന. അപ്പോൾ. ഭ എങ്ങി നെ ഉ. പിന്നെയും ഊ. അതിന്റെ ശേഷം. ൠ. പിന്നത്തെതിൽ ൡ. അ വിടെനിന്ന്.

തതി-സമൂഹം.

തതഃപ്രഭൃതി-അ. അതുമുതൽ, അ പ്പോൾമുതൽ.

തത്ത പെൺകിളി, കി ളി. പൎയ്യായങ്ങൾ- കീരം, ശുകം



തത്തമ്മ ...
സം കഥാ, പിഞ്ഞ, തത്ത.

ച്ഛമ, മെലിവ്, രജോയക്ഷ്മാവ്, ഗുല്മം ക്ഷയം ഇവയെ നശിപ്പിക്കും. തമിഴിൽ കിളി. ഇംഗ്ലീഷിൽ-Parrot പാരട്ട്.

തത്തക്കൂട്ടം-കിളിക്കൂട്ടം (ശൂകകം).

തത്തൽ-ക്രി. ചാട്ടം. വ. തുള്ളൽ. ന. മോടി.

തത്താട്ടക്കർ-അപ്രകാരമുള്ളത്.

തത്താട്ടശങ്ങൾ-അതുപോലെ ഉള്ളവ.

തത്താരം- കഞ്ഞുങ്ങൾ ഓടിക്കളിക്കുന്നത്.

തത്തുന്നു-ക്രി. ചാടുന്നു. വ. തുള്ളുന്നു. ന. മോടിക്കുട്ടി നടക്കുന്നു. (തത്തിക്കുന്നു. സ. ക്രി.)

തത്ര-അ. അവിടെ, അതിങ്കൽ.

തത്രൈവ-അ. അവിടെത്തന്നെ.

തത്വചതുഷ്ടയം-ആത്മാവ്, പൃഥിവി, അപ്പ്, തേജസ്സ് ഇവ നാലും.

തത്വജ്ഞ-വി. പരമാത്മബോധമുള്ള.

തത്വജ്ഞാനം-പരമാത്മബോധം.

തത്വദർശിനികകാലം — കലിവർഷം ൧൭൦൨ മുതൽ ൧൮൭൦ വരെ.

തത്വബോധം-യഥാർത്ഥജ്ഞാനം.

തത്വബോധി- പരമാത്മത്തെ അറിയുന്ന.

തത്വമാർഗ്ഗം-നല്ലവഴി, നേരവഴി.

തത്വം-ന. പരമാത്മം.

'കണ്ണനവനശിഖിമദ്ധ്യഗനാമരടെ നിതത്വമെവമാ'

(നളചരിതം കഥകളി)

൧ പരമാത്മാവ്. ന. സത്യം ൪ മനസ്സ്. ൫. സംവിധാനം. ൬. താളം ൭ പത്ത മട്ടിലുള്ള നൃത്തമുറകളുടെ പേർ. കരചരണാദിഗതികളെ പ്രത്യേകം വിവരിച്ചു കാണിക്കുന്നതു. ൮ ന്തത്വം.

[illegible]

### തത്വഭേദങ്ങൾ.

"ഇന്ദ്രിയമിതുപോലും ഭൂതങ്ങളുമഞ്ചം പിന്നെ മന്ധലംമൂന്നും ഗുണംമൂന്നുമീശന്മാർമൂന്നും * ഭൂഷണംമൂന്നും തത്വംമൂന്നും ദൈഹങ്ങൾമൂന്നും ഏഷണാമൂന്നും നാഡി മൂന്നും ജാഗ്രാദിമൂന്നും * പ്രാണാദിയഞ്ചും രാഗാദികളെട്ടുമുപ പ്രാണന്മാരഞ്ചും കരണങ്ങളെട്ടുംതഥാ * ആധാരമാറംകോശമഞ്ചുംധാതുക്കളേഴും ബോധിച്ചീടുകതത്വതൊണ്ണൂറ്റാറിവയെല്ലാംകൂടെ."

(ചിന്താരത്നം)

തത്വം ൨൪-എന്നും ൩൬-എന്നും ൯൬-എന്നും പറയുന്നു.

൨൪-തത്വങ്ങൾ:-

പൃഥിവി, അപ്പ്, തേജസ്സ്, വായു, ആകാശം ൫

കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക് ൫

രൂപം, രസം, ഗന്ധം, സ്പർശം, ശബ്ദം ൫

വാക്ക്, പാദം, പാണി, പായു, ഉപസ്ഥം ൫

പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ ൫

൩൬-തത്വങ്ങൾ:-(മുൻചൊന്ന ൨൫-ം)

നാഗൻ, കൂർമ്മൻ, കൃകലൻ, ദേവദത്തൻ, ധനഞ്ജയൻ ൫

മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരം, അനാഹതം, വിശുദ്ധി, ആജ്ഞ ൬

(മുൻചൊന്ന ൩൬-ം)

൯൬-തത്വങ്ങൾ:-

വചനം, ദാനം, ഗമനം, വിസർഗ്ഗം, ആനന്ദം ൫

അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം ൫

രസം, രക്തം, മാംസം, മേദസ്സ്, മജ്ജ, അസ്ഥി, ശുക്ലം ൭

കാമം, ക്രോധം, ലോഭം, മദം, മത്സരം, ഡംഭം, അഹങ്കാരം, മോഹം വ്യമനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം, ചലനം, ഓടൽ, കാവനം, കമ്പനം വ്യ

ഇഡം, പിംഗലം, സുഷുമ്നം ൩
സൂൎയ്യമണ്ഡലം, സോമമണ്ഡലം, വഹ്നിമണ്ഡലം ൩
വാതം, പിത്തം, കഫം ൩
പുത്രേഷണം, വിത്തേഷണം, ദാരേഷണം ൩
സത്വം, രജസ്സ്, തമസ്സ് ൩
ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി ൩
ബ്രഹ്മാ, വിഷ്ണു, രുദ്രൻ ൩
ആദ്ധ്യാത്മികം, ആധിഭൌതികം, ആധിദൈവികം ൩
സ്ഥൂലം, സൂക്ഷ്മം, കാരണം ൩

ആകെ ൯൬

ജ്ഞാനേന്ദ്രിയപഞ്ചകം, കൎമ്മേന്ദ്രിയപഞ്ചകം, മനസ്സ്. ഈ ൧൧-ം, അത്രേ ഏകാദശതത്വങ്ങൾ.

തത്വവാദി-പരമാൎത്ഥത്തെ പറയുന്നു.

തത്വവാൻ-തത്വമുള്ളവൻ.

തത്വശാസ്ത്രങ്ങൾ-ഷഡ്ദൎശനങ്ങൾ.

൧. ന്യായം-ഗൌതമമഹൎഷി സ്ഥാപിച്ചതു്.
൨. വൈശേഷികം - കണാദമഹൎഷി സ്ഥാപിച്ചതു്.
൩. സാംഖ്യം-കപിലമഹൎഷി സ്ഥാപിച്ചതു്.
൪. യോഗം-പതഞ്ജലിമഹൎഷി സ്ഥാപിച്ചതു്.
൫. പൂൎവ്വമീമാംസ-ജൈമിനി സ്ഥാപിച്ചതു്.
൬. ഉത്തരമീമാംസ (വേദാന്തം)-വ്യാസൻ സ്ഥാപിച്ചതു്.

ഇവയിൽ പ്രധാനം വേദാന്തം. ഇതിനെ ഇൻഡ്യയിൽ വിശ്വവിഖ്യാതനായ ശങ്കരാചാൎയ്യർ പ്രബലതയിൽ വരുത്തി.

തത്വാൎത്ഥം-സാരാംശമുള്ള അൎത്ഥം.

തത്വശാസ്ത്രം- ഈശ്വരനും ലോകത്തിനും ആത്മാവിനും തമ്മിലുള്ള സംബന്ധത്തെപ്പറ്റി പ്രസ്താവിക്കുന്ന ശാസ്ത്രം.

തത്സമം-ഇതരഭാഷയിൽ നിന്നു ശബ്ദമെടുത്തു യാതൊരു ഭേദവും ചെയ്യാതെ യഥാസ്ഥിതിയിൽ തന്നെ സ്വഭാഷയിൽ ചേരുമാറുന്ന ഭാഷാന്തരപദം.

തത്സമയം-അന്നേരം, ആ സമയം.

തത്വാന്വേഷകൻ- പരമാൎത്ഥസ്ഥിതിയെ അന്വേഷിച്ചറിയുന്നവൻ.

തഥാ-അ. അപ്രകാരം, അങ്ങനെ.

തഥാഗതൻ-ബുദ്ധമുനി. നിഷ്കൃഷ്ടമായ ജ്ഞാനത്തോടു കൂടിയവൻ എന്നൎത്ഥം. പുനരാവൎത്തി കൂടാതെ മോക്ഷത്തെ പ്രാപിച്ചവൻ എന്നുമാവാം.

തഥാവിധ-വി. അപ്രകാരമുള്ള.

തഥ്യ-വി. സത്യമുള്ള, എന്നും നില്ക്കുന്ന.

തഥ്യം-സത്യവചനം. തഥാ എന്നതിൽ (സത്യത്തിൽ) ശരിയായിട്ടുള്ളതു് എന്നൎത്ഥം.

തദനന്തരം-അ. അതിന്റെശേഷം.

തദനു-അ. അതിന്റെശേഷം.

തദാ-അ. അപ്പോൾ.

തദാത്വം-വൎത്തമാനകാലം, അപ്പോൾ എന്നതിന്റെ ഭാവം. മറ്റൊരുപൎയ്യായം 'തൽക്കാലം'.

തദാനീം- അ. അപ്പോൾ. തദാനീം > < ഇദാനീം.

തദാനീന്തനൻ-അക്കാലത്തുള്ളവൻ.

തദീയ-വി. അവന്റെ-അവളുടെ-അതിന്റെ സംബന്ധിച്ച.

തദ്ദിനം-അ. ആ ദിവസം

തദ്വത്-വി. അതുള്ള

തദ്വത്-അ. അതുപോലെ

തദ്വിധം-അപ്രകാരം.

തനതു്-വി. സ്വന്തമായുള്ള.

തനയൻ-പുത്രൻ. കുലത്തെ വൎദ്ധിപ്പിക്കുന്നവൻ എന്നൎത്ഥം.

തനയം-പു. വർദ്ധന, ഐശ്വര്യം. വ. വംശം.

തനയാ-സ്ത്രീ. പുത്രി. വ കറവവാഴ. ന. നായികൊരണ.

തനി-വി. തനിച്ച്.

തനി-കലപ്പില്ലാത്തത്, പരിശുദ്ധമായത്. (പ-മ)

തനികാ-വള്ളിയും മറ്റും ഇറപ്പിച്ചുകെട്ടുന്ന കയറ

തനിക്കുതാൻപോന്ന-വി. സകലത്തിനും പ്രാപ്തിയുള്ള.

തനിക്കുതാൻപോരിമ - തനിക്കുതാൻ പോരിക, പ്രാപ്തി, മഹത്വം.

തനിച്ചു-അ. ഏകമായി, വേറെ.

തനിച്ച-വി. സ്ത്രീ. വലിയ. വ. കൃശമായ.

തനിമ-സ്ത്രീ. ഏകത്വം, ഏകാന്തം. വ. കൃശം.

തനിയേ-അ. തനിച്ച്.

തനീയസ്സ്-വി. ഏററവും ചെറിയ.

തനു-വി. സ്ത്രീ അല്പമായ. വ. മെലിഞ്ഞ.
'പരമതനുശരീരേ'
(ശാകുന്തളം)
ന. നേർത്ത.

തനു-സ്ത്രീ. ശരീരം. പുത്രാദി കുടുംബത്തെ ഉണ്ടാക്കുന്നത്, പ്രപഞ്ചത്തെ വിസ്തരിക്കപ്പെടുന്നത്. പിത്രാദിയാൽ ഉണ്ടാക്കപ്പെടുന്നത് ഇങ്ങിനെ ശബ്ദാർത്ഥം. വ. തൊലി. ന. അല്പം. സൂക്ഷ്മമായത്. വിസ്തരിക്കപ്പെടുന്നത് എന്നർത്ഥം. ര. ഇടവിട്ടത്. ഔ. കൃശം.

തനുകാ-വി. മെലിഞ്ഞ, ചെറിയ.

തനുകം-ഏലവർഗ്ഗം.

തനുക്രൂപ-ശരക്രൂപ.

തനുക്ഷീരം-അമ്പഴം.

തനുച്ഛദം-ഇലയുടുപ്പ്.

തനുജന-പുത്രൻ.

തനുജാ-പുത്രി.

തനുത്രം, തനുത്രാണം-ചട്ട കപ്പായം. ശരീരത്തെ രക്ഷിക്കുന്നത് എന്നർത്ഥം.

തനുപത്രം-ഓടമരം.

തനുഭവൻ-പുത്രൻ.

തനുമദ്ധ്യം-ഇളി (അര), കടി.

തനുമദ്ധ്യാ-സ്ത്രീ. ഒരു വൃത്തത്തിന്റെ പേർ. വ. കൃശമായ മദ്ധ്യപ്രദേശത്തോടുകൂടിയവൾ.

തനുമാനസി-വിവിധവിഷയങ്ങളെ വിട്ടു ആത്മചിന്തയിൽ മനസ്സു ലയിക്കുക

തനുരസം-വിയർപ്പ്.

തനുരുഹം-രോമം.

തനുലോതനം-നീര് (രക്തത്തിന്റെ ഒഴുക്ക്).

തനുവല്ക്കലം-വെളുത്ത പാച്ചോററി.

തനുവ്രണം-മുഖക്കുരു.

തനൂ-ശരീരം.

തനൂകൃത-വി. ചെറുതാക്കപ്പെട്ട, ചെത്തിക്കുറയ്ക്കപ്പെട്ട.

തനൂജൻ-പുത്രൻ

തനൂജാ-പുത്രി.

തനൂനപാത്ത്-സ്ത്രീ. അഗ്നി. ശരീരത്തെ നശിപ്പിക്കാത്തവൻ. ജഠരാഗ്നിരൂപേണ ജീവികളുടെ ഉള്ളിലിരുന്ന ദേഹത്തെ നശിക്കാതെ സൂക്ഷിച്ചു രക്ഷിക്കുന്നവൻ. വിറകോടുകൂടാതെ തന്റെ ദേഹത്തെ രക്ഷിക്കാത്തവൻ, വേണ്ട സമയം തനിക്കു ഭക്ഷണം (ഇന്ധനഹവ്യാദി) കിട്ടാതിരുന്നാൽ സ്വദേഹത്തെ കളയുന്നവൻ എന്നിങ്ങിനെ അർത്ഥം. വ. കൊടുവേലി.

തനൂമാൻ-ഒരിടൻ.
'തനൂമാന്മാർക്കുതുല്യം
വരുവാൻമോഹമുണ്ടെങ്കിൽ'
(ഹനുമദൂതവം തുള്ളൽ)

തനൂരുഹം-സ്ത്രീ. രോമം. വ. ചിറക്. ശരീരത്തിൽ മുളച്ചുണ്ടായത് എന്നർത്ഥം

തനൂരുദരം-മല ചോരം

തത-പ്ര. ബാലഭാഷികളിൽ പിതാവിനെ പറയുന്ന ഒരു വാക്ക്. ദ്വി. കുറ്റുപ്പിൽ കിടക്കുന്ന ഉരുണ്ട പല്ലി.

തന്തക്കൂറ്-പിതാവിന്റെ അവകാശം.

തന്തപ്പുഴവൻ-അപ്പൻ. (അടിയിൽ എന്നതിലെ അപ്പൻ എന്ന പദം നോക്കുക)

തന്തപ്പുഴവൻ എന്ന ശബ്ദം രാജാക്കന്മാരോടു ജനങ്ങൾ ഉപയോഗിക്കുന്നതാണ്.

തന്തലകൊട്ടി-ഒരു തൈ.

തന്തവഴി-പിതൃപാരമ്പര്യം.

തന്തി-പ്ര. കയർ ദ്വി. ഫിഡിൽ മുതലായതിലെ കയർ. തൃ. പശു ച. വര, മൂ. ഉ. വിസ്താരം, വിശാലത.

തന്തി-ചാലിയൻ.

തന്തിക്ക-കഴിച്ചുകൂട്ടുക (സാധിക്ക).

തന്തിപാലൻ-പ്ര. അജ്ഞാതവാസത്തിൽ സഹദേവനുണ്ടായിരുന്ന പേർ. ദ്വി. പശുക്കളുടെ രക്ഷിതാവ്.

തന്തിയാൻ-പിതാവ് (തന്തൻ, തന്തയൻ).

തന്തിരുവടി-അനുഗ്രഹം.

തന്തു-പ്ര. നൂൽ. വിസ്തരിക്കപ്പെടുന്നത് എന്നർത്ഥം ദ്വി. മത്സ്യം. തൃ. സന്തതി. ച. ചിലന്തിവല. പ. കോർമ്പല ന. താമരനൂലയം സ. പരമാത്മാവ്.

തന്തുകം-കടുക്.

തന്തുകീടം-പട്ടുനൂൽപ്പുഴു.

തന്തുനാഗം, തന്തുനാഗം-പ്ര. മകരമീൻ, ചിറാക ദ്വി. മുതല

തന്തുപർവ്വം-ശ്രാവണമാസത്തിലെ വെളുത്തവാവ് ദിവസം (കൃഷ്ണന്റെ ഉപനയനദിനം).

തന്തുഭം-കടുക്. കൂട്ടംകൊണ്ടു ശോഭിക്കുന്നത് എന്നർത്ഥം.

തന്തുരം-താമരവളയം.

തന്തുല-വിഴലരി. ക്രിമിസൂത്രത്തെ കളയുന്നത് എന്നർത്ഥം. [തണ്ഡുലം എന്നതിന്റെ പാഠം]

തന്തുവർദ്ധനൻ-പ്ര. വിഷ്ണു. ദ്വി. ശിവൻ.

തന്തുവാപൻ-നെയ്ത്തുകാരൻ.

തന്തുവായൻ-പ്ര. ചാലിയൻ നൂലുകൊണ്ടു നെയ്യുന്നവനെന്നർത്ഥം ദ്വി. ചിലന്തി. നൂലിനെ ചെയ്യുന്നവൻ എന്നർത്ഥം.

തന്തുവായം-നെയ്ത്ത്.

തന്തുവിഗ്രഹ-വാഴ.

തന്തുശാല-ചാലിയന്റെ വീട്.

തന്തുസന്തതം-പാകിയ നൂൽ.

തന്തുസാരം-കവുങ്ങ്.

തന്ത്ര-വി. അധീനതയുള്ള.

തന്ത്രകം-പുതിയവസ്ത്രം, കോടിവസ്ത്രം, നെയ്ത്തുതറിയിൽനിന്ന് അടുത്തകാലെ എടുത്തതും മുറിക്കാത്തതും അലക്കാത്തതും ആയ വസ്ത്രം [ശബ്ദ-കല്പ.]

തന്ത്രണം-പ്ര. നടപ്പുരീതി ദ്വി. രാജ്യാധികാരം.

തന്ത്രതാ-പ്ര. ആശ്രയം, വശത, കീഴടക്കം. ദ്വി. രീതിയിൽ കൊണ്ടുവരിക.

തന്ത്രം-പ്ര. കൈത്തറി, സൂത്രം. ദ്വി. ഉപായം. തൃ. വാദ്യങ്ങൾ ച. കൂട്ടുകെട്ട്. പ. അധീനത ഷ. പുരാണകൃത്യം. സ. മന്ത്രത്തിലെ ഒരു ഭാഗം. അ. അലക്കാത്ത വസ്ത്രം. ന. ഔഷധം. ദ. ശാസനം. ഏ. പ്രധാനകർമ്മം. ദ്വാ. സേന. ത്ര. ശാസ്ത്രം. ച. സിദ്ധാന്തം. പ. ഐശ്വര്യം. ഷ. നെയ്ത്തുകൾ നൂൽ പാകുക. സ. ഉപകരണം. കൂട്ടംകൊണ്ടു വിസ്തരിക്കുന്നതിനാൽ ഈ പേർ വന്നു. (തന്ത്രിസ്സാര)

തന്ത്രവാപൻ-പ്ര. ചാലിയൻ. ദ്വി. ചിലന്തി

തന്ത്രവാപം-നെയ്ത്ത്.

**തന്തുവായൻ**-പു. ചിലന്തി. (തന്തുവായൻ എന്നതിന്റെ പാഠം.) ൨. ചാലിയൻ.

**തന്ത്രി**-വി. തന്ത്രമുള്ള.

**തന്ത്രിക**-ചിററമൃത്. കുടുംബത്തെ ധരിക്കുന്നത്, രോഗോപദ്രവം കൂടാതെ സൂക്ഷിച്ചു രക്ഷിക്കുന്നത് എന്നർത്ഥം.

**തന്ത്രീ**-പു. വീണയുടെ കമ്പി. ൨. ക്ഷേത്രങ്ങളിൽ തന്ത്രം കഴിക്കുന്ന ബ്രാഹ്മണൻ. ൩. ഉപായക്കാരൻ. ൪ ചരട് ൫ ചിററമൃത്. ൬. പാട്ടുകാരൻ ൭ ശിപായി.

**തന്ത്രീവീണ**-സാധാരണ വീണ. കൈവിരൽകൊണ്ടു മീട്ടുമ്പോൾ അതാതു സ്വരങ്ങളെ മനോഹരമാകുംവണ്ണം പുറപ്പെടുവിക്കുന്നത്. വീണ ഇതുകൂടാതെ രണ്ടുവിധം ഉണ്ട്. യന്ത്രവീണ, മന്ത്രവീണ. ഒന്നാമത്തേതു തന്ത്രീവീണയും കൂടി.

**തന്ദ്ര**-തവി.

**തന്ദുലം**-വിഴൽ.

**തന്ദുലി**-പു കീരിവള്ളി. ൨. കരുട്ടുവെള്ളരി. ൩. ചെറുചീര.

**തന്ദ്ര**-വി. ക്ഷീണിച്ച, തളർന്ന.

**തന്ദ്രാ**-പു. മടി. ൨. അലസത. ൩. ഉറക്കം. ഇതിനാൽ തളർന്നുപോകുന്നതുകൊണ്ട് ഈ പേർ വന്നു. ൪. ഒരു രോഗം.

**തന്ദ്രാലക്ഷണം**-നിദ്ര ഹേതുവായിട്ടു പരവശനായിരിക്കുന്നവനു എന്നവണ്ണം ഇന്ദ്രിയങ്ങൾ സ്വവിഷയത്തെ ഗ്രഹിക്കായ്കിരിക്ക, ദേഹത്തിനു ഗുരുത്വമുണ്ടാവുക, മൂരിനിവിരുക, ശരീരം തളരുക ഈ ലക്ഷണങ്ങൾ ഉള്ളവനു തന്ദ്രിയുണ്ടെന്നറിയണം. എപ്പോൾ മനസ്സ് തളരുകയും ഇന്ദ്രിയങ്ങൾ ശ്രമത്തോടുകൂടി സ്വവിഷയങ്ങളിൽ നിന്നു നിവർത്തിക്കയും ചെയ്യുന്നുവോ, അപ്പോൾ അയാൾക്കു നിദ്രയുണ്ടാകുന്നു ഒരു ഗ്രന്ഥകർത്താവു നിദ്രയിൽ ഇന്ദ്രിയമനസ്സുകൾക്കു മോഹമുണ്ടാകുന്നു എന്നും തന്ദ്രിയിൽ ഇന്ദ്രിയത്തിനു മാത്രമേ മോഹമുണ്ടാകുന്നുള്ളു എന്നും പറയുന്നു].

**തന്ദ്രാലു**-വി. മടിയുള്ള.

**തന്ദ്രി, തന്ദ്രിക**-പു. മടി. ൨. തന്റെ ക്ഷീണാവസ്ഥയെപ്പോലും താനറിയായ്ക. ൩. ഉറക്കത്തിന്റെ ആദ്യവും അവസാനവുമുള്ള ആലസ്യം. ൪. അദ്ധ്വാനിക്കയും മററും ചെയ്യുക കൊണ്ടുണ്ടാകുന്ന ശരീരത്തിന്റെ അലസത.

**തന്ദ്രികം**-ഒരു സന്നിപാതരോഗം.

ഈ സന്നിപാതത്തിനു വല്ലാതെ മടി, ദാഹം, കഫാധിക്യം, കണ്ണീർദാഹം, കറുത്തു വല്ലാതെ കട്ടപ്പുമുള്ള മുള്ളുകൾ നിറഞ്ഞതുപോലെ തോന്നിക്കുന്ന നാക്കു, അതിസാരം, ശ്വാസം, കുളച്ച്, സന്താപം, ചെവിവേദന, കഴുത്തിനു തണുപ്പ് അല്ലെങ്കിൽ മാന്ദ്യം ഇവയുണ്ടാകും. എപ്പോഴും ബോധമില്ലാതെ കിടക്കും.

**തന്നിമിത്തം**-അ. അക്കാരണംകൊണ്ടു

**തന്നി(ന്നീ)**-ഓരില.

**തന്നില**-തന്റെ അവസ്ഥ.

**തന്നിഷ്ടം**-പു. തന്റെ ഇഷ്ടം. ൨. സ്വാതന്ത്ര്യം.

**തന്നെ**-അ. പു. തനിച്ചു. ൨. അതേ

**തന്നെ**-താൻ എന്ന സർവ്വനാമശബ്ദത്തിന്റെ പ്രതിഗ്രാഹികാരൂപം.

**തന്നെപ്പോററി**-തന്നെത്താൻ പോററുന്നവൻ.

**തന്മയം**-അതുതന്നെ എന്നുള്ള സ്ഥിതി, അനുഭവരസം.

**തന്മയത്വം**-ഓരോരോ കഥാപാത്രങ്ങളുടെ പറച്ചിലുകളിലും കവിവാക്യങ്ങളിലും സന്ദർഭോചിതമായ സ്വാഭാവികത്വം.

തന്മാത്രം-അ. അണുമാത്രം, അവൻ മാത്രം.

തന്യതു-൧. വായു. ൨. രാത്രി. ൩. ഇടി.

തന്വംഗി-൧. സുന്ദരി. ൨. മുന്നൂറ്റിനാല്പത്തിആറ് എന്നുള്ള സംഖ്യ

തന്വീ-൧. സുന്ദരി. ൨. കറിക്കായം. ൩. മൂവില.

തൻ-വി. തന്റെ.

തന്റെ-താൻ എന്ന സർവ്വനാമപദത്തിന്റെ സംബന്ധികാരൂപം.

തന്റേടക്കാരൻ-ഊറ്റക്കാരൻ,

തന്റേടം-ഊറ്റം, സ്ഥൈര്യമുള്ള പ്രജ്ഞ.

തപഃക്ലേശസഹൻ - തപസ്സുകൊണ്ടുണ്ടാകുന്ന ക്ലേശങ്ങളെ സഹിക്കശീലമായിട്ടുള്ളവൻ.

തപതി-സൂര്യന്റെ മകൾ, സംവർണ്ണന്റെ (സംവരണന്റെ) ഭാര്യ, കുരുവിന്റെ അമ്മ.

തപതി-ഒരു നദി. (Tapti.)

തപന-വി. ൧. ചൂടുള്ള. ൨. എരിയുന്ന. ൩. പ്രകാശിക്കുന്ന. ൪. വേദനയുള്ള.

തപനച്ഛദം-സൂര്യകാന്തിപ്പൂവ്.

തപനകരൻ, തപനദീധിതി-സൂര്യൻ.

തപനതനയൻ-൧. സുഗ്രീവൻ. ൨. യമൻ. ൩. കർണ്ണൻ.

തപനതനയ-൧. യമുനാനദി ൨. വന്നി.

തപനതനൂജ യമുനാനദി

തപനൻ-൧ ആദിത്യൻ ചൂടിനെ ചെയ്യുന്നവനെന്നർത്ഥം ൨. അഗസ്ത്യൻ. ൩. ശിവൻ

തപനം-൧ പ്രിയവിരഹാവസാനത്തിൽ കാമദേവശം ഹേതുവായുണ്ടായ താപം. ൨. ഒരു നരകം. ൩. സന്താപം. ൪. ചലനം. ൫. സൂര്യകാന്തം. ൬. വെരുക്കിൽ. ൭. ചെരുപ്പ.

തപനമണി-സൂര്യകാന്തം.

തപനാംശു-൧. സൂര്യൻ. ൨. സൂര്യരശ്മി.

തപനീ-ഗോദാവരിനദി.

തപനീയ-വി. ൧. ചൂടുള്ള, ചൂടുപിടിപ്പിപ്പാൻതക്ക ൨. തപസ്സുചെയ്യേണ്ട.

തപനീയ(ക)ം-൧. സ്വർണ്ണം, പൊന്ന്. ഇതു തീയിൽ ചൂടാക്കുന്നതിനാൽ ഈ പേരുണ്ടായി ൨. പൊൻവർണ്ണച്ചെന്നെല്ല്

തപനേഷ്ടം-ചെമ്പ്.

തപം, തപസ്സ്-൧. തപിക്കൽ. ൨. മാഘമാസം. ൩. വേനൽ, ഗ്രീഷ്മർതു. ചൂടുണ്ടാക്കുന്നതെന്നർത്ഥം. ൪. ഉഷ്ണം. ൫. നിയമോപവാസാദി കൊണ്ടുള്ള ദൈവസേവ, കൃഛ്റചാന്ദ്രായണാദികർമ്മം. ഇതുകൊണ്ടു തപിക്കുന്ന എന്നർത്ഥം. ൬. ധർമ്മം. ൭. തപോലോകം. ൮. ശിശിരം.

തപസൻ-൧. സൂര്യൻ. ൨. ചന്ദ്രൻ.

തപസ്തക്ഷൻ-ഇന്ദ്രൻ.

തപസ്തനൂജ്-ധർമ്മപുത്രർ. [തപസ്സിന്റെ (യമന്റെ) തേജസ്സിൽ (ഉദരത്തിൽ) നിന്നു ജനിച്ചവൻ (ഉണ്ടായവൻ) എന്നർത്ഥം.

'പത്രം തപസ്സുതനുമാദരവോടുവിളിച്ചുടനേ'
(കിർമ്മീരവധം കഥകളി)

തപസ്യം-൧. മാനസം, വാചികം, കായികം. ൨. സാത്വികം (സാക്ഷ്യമാക്ഷം ചെയ്യുന്ന തപസ്സ്), രാജസം (സാത്രാകാംക്ഷിയായുള്ള തപസ്സ്), താമസം (പരപീഡനാർത്ഥം ചെയ്യുന്ന തപസ്സ്)

തപസ്ഥലി-കാശി.

തപസ്യം-൧. മീനമാസം, ഫാൽഗുനമാസം. തപസ്സിനു യോഗ്യമായ കാലം എന്നർത്ഥം. മറ്റൊരു പര്യായം-ഫാൽഗുനികം. ൨. മുല്ലപ്പൂവ്.

തപസ്വിനി-൧. തപസ്സു ചെയ്യുന്നവൾ.

ഉ. മഞ്ചി എന്ന മരുന്നു. മടകാം ഉ ഷ്ണത്തിനാൽ തപസ്സു ചെയ്യുന്നവളെപ്പോലെ യിരിക്കുന്നതു് എന്നർത്ഥം ന. ത്രാവണി

തപസ്വീ—പു. തപസ്സു ചെയ്യുന്നവൻ. ബ്രഹ്മചര്യാദി വിഹിതതപസ്സുള്ളവൻ പര്യായങ്ങൾ—താപസൻ, പാരികാംക്ഷി. ഉ. കരികിൽ. ന. മക്കിപ്പൂവു്.

തപാൽക്കാരൻ—അഞ്ചൽക്കാരൻ.

തപസം—ഒരു പക്ഷി.

തപാൽച്ചാവടി—അഞ്ചൽപുര.

തപിത—വി. ചൂടുപിടിപ്പിക്കപ്പെട്ട

തപിക്കുന്നു—പു. ഉഷ്ണിക്കുന്നു, ചുടുന്നു. ഉ. ദുഃഖിക്കുന്നു. ന. തപസ്സുചെയ്യുന്നു. (സ. ക്രി. തപിപ്പിക്കുന്നു.)

തപു—പു. കൊടുവേലി. ഉ. എരിക്കു്.

തപോധനൻ—മഹർഷി.

തപോധനം—മക്കിപ്പൂവു്.

തപോനിധി—മഹർഷി.

തപോബല—തപശ്ശക്തി.

തപോമയാഗ്നി— തപസ്സുകൊണ്ടുണ്ടാകുന്ന തീ.

തപോരാജൻ—ചന്ദ്രൻ.

തപോലോകം—പതിനാലുലോകങ്ങളിൽ ഒന്നു്.

തപോവനം—തപസ്സു ചെയ്യുന്നതിനുള്ള കാടു്.

തപ്ത—വി. തപിച്ച.

തപ്തകാഞ്ചനം—സ്വർണ്ണം.

തപ്തകൃച്ഛ്രം—ഒരുമാതിരി തപസ്സു്.

മൂന്നുദിവസം ചൂടുവെള്ളവും ചൂടുനെയ്യും ചൂടുപാലും കടിക്കണം. മൂന്നുദിവസം ചൂടുവായു ശ്വസിക്കണം.

തപ്തജന്മം—ഒരു നരകം

'തപ്തജന്മനരകത്തിലേപ്പോലെ പുത്രദുഃഖത്തിൽവെന്തുരുകേണ്ടാ'

(സന്താനഗോപാലം—പാന)

തപ്തരൂപകം—വെള്ളി

തപ്ര—പിഴ.

തപ്പരാടി—അന്വേഷിച്ചു, തിരഞ്ഞു

തപ്പർ—കൈകൊണ്ടും മറ്റും തപ്പുക.

തപ്പാൽ, തപാൽ, ടപ്പാൽ—അന്യസ്ഥലങ്ങളിൽ എഴുത്തുകൾ എത്തിച്ചു കൊടുക്കുവാനുള്ള ഏർപ്പാടു്. (ഹിന്ദുസ്ഥാനി ഭാഷ.)

തപ്പിട്ട, തപ്പട്ട—തപ്പു്. പര്യായങ്ങൾ—ആനകം, പടഹം.

തപ്പിതം—തെററു്.

തപ്പു—പു. ഒരുവക വാദ്യം. ഉ. തെററു്.

'തപ്പില്ലതിനന്നീതാൻതന്നെചൊൽകിലും'

(ഭാഗവതം)

ന. തപ്പുക.

തപ്പുകാരൻ—പു. തപ്പുകൊട്ടുന്നവൻ. ഉ. തപ്പുന്നവൻ.

തപ്പുതൽ—തെററു്.

തപ്പുന്നു—പു. തപ്പിനോക്കുന്നു. ഉ. തെററുന്നു. ന. സംശയിക്കുന്നു.

തം—പു. വാൽ. ഉ. നെഞ്ചു്, ന. ഗർഭപാത്രം. ര രത്നാഭരണം.

തമക—ഭവള.

തമകൻ—അഞ്ചുമരണവായുക്കളിൽ ഒന്നു്.

തമകശ്വാസലക്ഷണം— തളർച്ച, തണ്ണീർദാഹം, കൂടക്കൂടെ ചുമ, മോഹം, കഴുത്തുചൊറിച്ചിൽ, ഉറക്കമില്ലായ്മ, കണ്ണുകൾ മേല്പെട്ടു മിഴിക്കുക, നെററി വിയർക്കുക, ശരീരപീഡ, വായു് വരളുക, ദേഹം വിറയൽ ഇത്യാദിയാകുന്നു.

തമത—വി. ആശയുള്ള, അനുഗ്രഹമുള്ള.

തമൻ ഭാഷ സൂര്യചന്ദ്രന്മാരെ ക്ഷീണിപ്പിക്കുന്നവൻ എന്നർത്ഥം.

തമനം—ശ്വാസം മുട്ടുക.

തമപ്പാപ്പച്ച—ഒരു സസ്യം.

തമാ-ഏററവും കൂടുതൽ എന്നൎത്ഥമുള്ള ഒരു സംസ്കൃതപ്രത്യയം. ഉ-ം, പ്രിയതമം—ഏററവും കൂടുതൽ പ്രിയമായ.

തമാ-പച്ചിലമരം,

തമംഗം-പ്ര. തട്ടു, തറ, സമനിലം. വ. കളിത്തട്ട്, രംഗസ്ഥലം.

തമയൻ-മൂത്തസഹോദരൻ. തമയൻ > തമ്പി. (പ്ര മ.)

തമത്-മരം തുളയ്ക്കുന്ന ഒരുമാതിരി ഉളി വിധമ. [illegible]

തമരത്ത-ഒരുവക വൃക്ഷം. [illegible]

തമരം-ഈയം, കവളത്തിന്റെ [illegible]രം.

തമർക്കുറ്-ഉദയസ്ഥാനം.

തമൽ-ഒരു പക്ഷി.

തമല-ഓട്ടുമൊന്ത.

തമസം-പ്ര. ഇരുട്ട്. വ. കിണറ്. ബ ഒരു പട്ടണം.

തമസാ-ഒരു നദി.

തമസ്വതി-പ്ര. മഞ്ഞൾ. വ. രാത്രി.

തമസ്വി-വി. ഇരുളുള്ള.

തമസ്വിനി, തമാ-പ്ര. രാത്രി. ഇരുട്ടുള്ളത് എന്നൎത്ഥം. വ, മഞ്ഞൾ.

തമസ്സ്-പ്ര. ഇരുട്ട്. അജ്ഞത ചെയ്യുന്നതെന്നൎത്ഥം. അന്ധത, വ. അജ്ഞാനം, മൂഢത. ന. [illegible]. സൂൎയ്യചന്ദ്രന്മാരെ ക്ഷയിപ്പിക്കുന്നവൻ, ഇവരുടെ സഞ്ചാരമാൎഗ്ഗം, വിഷ്ണു ശിരശ്ഛേദനം ചെയ്തുകൊണ്ട് ജീവിച്ചുവരും, സൂൎയ്യചന്ദ്രന്മാരെ മറയ്ക്കുകകൊണ്ടു ഇരുട്ടിനെ ഉണ്ടാക്കുന്നവൻ ഇങ്ങിനെ ശബ്ദാൎത്ഥം. ൪ പാപം ൫ പ്രകൃതിയുടെ മൂന്നു ഗുണങ്ങളിൽ ഒന്ന്. മോഹത്തിനു കാരണമായ അജ്ഞത ഉണ്ടാക്കുന്നതു എന്നൎത്ഥം.

തമാ രാത്രി.

തമാൻ തിളക്കമുള്ള കാൽ [illegible]പ്പായം.

തമാല(ക)-പ്ര പച്ചില, പച്ചിലമരം. വ നീർമാതളം.

തമാലപത്രം-പ്ര. പച്ചിലമരത്തിന്റെ ഇല. വ. തൊടുകുറി. തമാലപത്രത്തിന്റെ ആകൃതിയിലുള്ളതു എന്നൎത്ഥം.

തമാലം-പ്ര. പച്ചിലമരം. ശ്യാമതരു എന്നൎത്ഥം. വ. തൊടുകുറി. ന. [illegible].

[illegible]

തമാലികാ-കിഴക്കാനെല്ലി. [illegible]

തമാശ്-വിനോദം. [illegible]

[illegible]

തമിസ്രം-ഇരുട്ട്. [illegible] ഉള്ളതു എന്നൎത്ഥം.

തമിസ്രാര(വു്)-സൂൎയ്യൻ. ഇരുട്ടിനെ കളയുന്നവൻ എന്നൎത്ഥം.

തമിസ്രാ-പ്ര. ഇരുളുള്ള രാത്രി. വ. മ[illegible]ഞ്ഞൾ

തമിഴൻ-[illegible]

തമിഴ-തമിഴ്ഭാഷ

തമിഴ് ദ്രാവിഡഭാഷകളിൽ ഒന്നാകുന്നു തമിഴ് [illegible] ദ്രാവിഡശ്ശബ്ദം [illegible] [illegible] = [illegible] = [illegible] = ദ്രാവിഡം. [illegible] [illegible] [illegible] [illegible] ആയി [illegible].

[illegible]

തമിഴ്കൂറു്-പ്ര [illegible] ഒരു വ്യാഖ്യാനം. [illegible]

[illegible]

'തമിഴ്കൂത്തു'' എന്ന പദം ഇതും താം മുപായംശിച്ചു വരുന്നതു് എന്നു തോന്നുന്നു.

തമിഴ്ക്കൂറ്, തമിഴ്പ്പടി- തമിഴ്ഭാഷയിൽ എഴുതിയതു്.

തമിഴ്പ്പാടം-ക്ഷേത്രത്തിൽ ഒരു ജാതി.

തമിഴാമ-ഒരു പച്ചമരുന്നു്. ചാരണ എന്നും വെളുത്തതിനു മൂത്രചാരണ എന്നും പറയും.

തമിഴക-കമിഴക. (പ-മ.)

തമീ-പ്ര. രാത്രി. ക്ഷീണിക്കുന്ന സമയം എന്നർത്ഥം. ദ്വി. മഞ്ഞൾ.

തമുക്കു്-വല്ലതും പ്രസിദ്ധപ്പെടുത്തുമ്പോൾ അടിക്കുന്ന ഒരു വാദ്യം.

തമുക്കടിക്ക-കൊട്ടിഘോഷിക്ക.

'ഒസ്യാരംചെയ്തുതമുക്കടിച്ചുരിസരിക്കാൻ' (അമരുകശതകം)

തമുക്കുകാരൻ-തമുക്കടിക്കുന്നവൻ.

തമോഗു-രാഹു.

തമോഗുണം-മൂന്നുഗുണങ്ങളിൽ ഒന്നു്.

തമോഘ്നൻ-പ്ര. സൂര്യൻ. ദ്വി. ചന്ദ്രൻ.

തമോഘ്നം-കൊടുവേലി.

തമോനുത്തു്-പ്ര. ചന്ദ്രൻ. ദ്വി. അഗ്നി. തൃ. ആദിത്യൻ. തമസ്സിനെ കളയുന്ന തെന്നർത്ഥം.

തമോപഹൻ-പ്ര. അഗ്നി. ദ്വി. ചന്ദ്രൻ തൃ. സൂര്യൻ. ഇരുട്ടിനെ നശിപ്പിക്കുന്ന വനെന്നർത്ഥം.

തമോഭരം-കൂരിരുട്ട്.

തമോമണി-ഗോമേദകം.

തമ്പ്-കൂടാരം.

തമ്പകം-ഒരു വൃക്ഷം.

തമ്പനമാക്കുക-സ്തംഭിപ്പിക്കുക, കെടുക. (പ-മ.)

തമ്പലം-വെററിലയും പാക്കും ചുണ്ണാമ്പും കൂടെ കടിച്ചു ചവച്ചു തുപ്പുന്നതിന്റെ പിശട്.

'അമ്പലമെന്നമറന്നതിനാലിൽ തമ്പലമിട്ടമിനിമടിക്കുമാറെ'

(നളചരിതം തുള്ളൽ)

തമ്പാ-പശു.

തമ്പാക്ക്-പൊന്നും ചെമ്പും കൂട്ടിയുരുക്കിയ ഒരു ലോഹം.

തമ്പാട്ടി-ക്ഷത്രിയരിൽ ഒരു കൂട്ടക്കാരുടെ സ്ത്രീകൾക്കു പറയുന്ന ഒരു പേർ.

തമ്പാൻ-ക്ഷത്രിയരിൽ ഒരുജാതി.

തമ്പി-പ്ര. അനുജൻ. ദ്വി. തിരുവിതാംകൂർ രാജാവിന്റെ മകൻ. തൃ. ഒരുവക സ്ഥാനമാനമുള്ളവൻ. തമ്പി > തങ്കച്ചി

തമ്പുരാക്കൾ, തമ്പ്രാക്കൾ-ആഢ്യബ്രാഹ്മണരിൽ ഒരുവക ... (uncertain)

തമ്പുരാട്ടി-പ്ര. രാജസ്ത്രീ. ദ്വി. യജമാനത്തി.

തമ്പുരാൻ-പ്ര. രാജാവ്. ദ്വി. യജമാനൻ, കർത്താവ്. തൃ. ദൈവം.

തമ്പേർ-പട്ടാളക്കാരുടെ ഒരുവക വാദ്യം. (പോർട്ടുഗീസ് ഭാഷ)

തമ്പേറുകാരൻ-തമ്പേറടിക്കുന്നവൻ.

തംബാ-പശു.

തംബികാ-പശു.

തംബുരു-നാലുകമ്പിയുള്ള ഒരുവക വീണ

തംബുരുവായന-തംബുരു എന്നുള്ള വാദ്യത്തെ ശബ്ദിപ്പിക്ക.

തമ്മിട്ടം-തമ്പേർ.

തമ്മിൽ-അന്യോന്യം, അങ്ങോട്ടുമിങ്ങോട്ടും.

തമ്മിൽതമ്മിൽ- അന്യോന്യം, പരസ്പരം.

തമ്മിൽതല്ല്-അങ്ങോട്ടുമിങ്ങോട്ടും അടിക്ക.

തമ്മുടെ-തങ്ങളുടെ. (ഇപ്പോൾ പ്രയോഗമില്ല)

തയ്യം-രക്ഷ.

തയ്യൽ-നൂലും സൂചിയും കൊണ്ടുള്ള പ്രയോഗം.

തയ്യൽക്കാരൻ-തയ്ക്കുന്നവൻ.

തയ്യൽപ്പണി-തയ്ക്കുന്നവേല.

തയ്യലാൾ-സൌന്ദര്യമുള്ള സ്ത്രീ.

തയ്യാറു-ഒരുക്കം, വട്ടംകൂട്ടുക.

തരക്-പ്ര. കമീശൻപണം. വ. ദുലാസ്. ന. തരമന്തിരി ചങ്ങഴി.

തരകൻ-പ്ര. കമീശൻ. വ. സുറിയാനിക്കും മററും രാജാവു കല്പിച്ചു കൊടുക്കുന്ന ഒരു സ്ഥാനപ്പേർ.

തരക്കലരി-ഉണക്കലരി.

തരക്ക്-തരി.

തരക്കുന്നു-പ്ര. കത്തിത്തെളിക്കുന്നു, വ. തോക്കളയുന്നു.

തരക്കേട്-വി. പ്ര. തരമില്ലാത്തുള്ള. വ. ഉ. വിപരീതമായ.

തരക്കേട്-പ്ര. തരമില്ലായ്മ, അവസരക്കേട്, പാകക്കേട്. വ. വിപരീതസ്ഥിതി. ന. മടക്കം. ര. കുറവ്. ഒ. നഷ്ടം. ന്. ആപത്ത്, ദുഃഖം.

തരക്ഷു-ചെറുപുലി. ചാടിപ്പിടിച്ചുതിന്നുന്നത് എന്നർത്ഥം. മറെറാരു പര്യായം-മൃഗാദനം.

ഇതിന്റെ ശരീരത്തിന്റെ ആകൃതിയാണെന്നു. കറുത്ത വരി കാണും. എന്ന് അഭിപ്രായം കാണുന്നു.

തരഗതി-പ്ര. ക്രമം. വ. തരംതിരിച്ചിൽ.

തരങ്ങൽ- ഉരലിലിട്ടുകുത്തി ധാന്യങ്ങളുടെ തൊലി കളക.

തരങ്ങഴി-അരിയവച്ചുകുത്തുമ്പോൾ ഉരലിന്റെ ചുവട്ടിൽ വീഴുന്നത്.

തരങ്ങുന്നു-കുത്തിത്തൊലികളയുന്നു.

തരടി-ഒരു വൃക്ഷം.

കഫത്തെ ശമിപ്പിക്കും; ഇതിന്റെ ... ചെമന്ന വിത്തും കാണും.

തരണം-പ്ര. കടക്കുക. വ. പൊങ്ങുതടി.

തരണി-ആദിത്യൻ. സംസാരക്കടലിൽ ഭക്തന്മാർക്ക് തോണിയായുള്ളവൻ. സൂര്യനെക്കൊണ്ടു ഇരുട്ടിനെ കടക്കുന്നതിനാൽ ഈ പേരുണ്ടായി എന്നും അഭിപ്രായമുണ്ട്.

തരണി-പ്ര. മാരിലത്താമര. വ. തോണി. കടക്കാനുള്ള ഉപകരണമെന്നർത്ഥം. ന. കറിഞ്ഞി. രോഗസങ്കടത്തിൽനിന്നു കരകയറുന്നതെന്നർത്ഥം. (ഈ കറിഞ്ഞി വെളുത്ത പൂവുള്ളതാണെന്നു അഭിപ്രായം കാണുന്നു.) ര. കററാർവാഴ. ഒ. ചെമ്പ്. ന്. ഭൂമി. ൬. എരിക്ക്. വ്യ. കടൽ.

തരണിമണി-മാണിക്യം.

തരത്-കുളക്കോഴി.

തരപണ്യം-കേവുകൂലി, തോണിക്കൂലി, കപ്പൽക്കൂലി. കടപ്പാനുള്ള മൂല്യം എന്നർത്ഥം.

തരപ്പടി-തുല്യതയുള്ള.

തരം-(ഒരു സംസ്കൃതപ്രത്യയം.) അധികത്തിന്, കുറച്ചു കൂടുതൽ എന്നർത്ഥം. ഉ-ം, പ്രിയതരം. ഇതിലും കൂടുതലിന് 'പ്രിയതമം' എന്നു പറയും.

തരം-പ്ര. മാതിരി, വ. അവസരം, സമയം. ന. ഗുണം. ര. സമം. ഒ. അനുകൂലം. ന്. മാററം.

തരംഗപരമ്പരാ-തിരമാല.

തരംഗാ-പ്ര. തിര. കരയ്ക്കു ചെല്ലുന്നത് എന്നർത്ഥം. വ. ഓളം.

തരംഗിണി-പ്ര. നദി, പുഴ. തിരമാലയുള്ളത് എന്നർത്ഥം. വ. ഒരു പുസ്തകത്തിന്റെ പേർ. രാമായണം ഒരു വൃത്തത്തിലേക്ക് ...-ം, ...-ം വൃത്തങ്ങളാലുള്ളതാകുക.

തരംഗിതം--മാളും ഇളകുന്ന

തരന്തൻ-രാക്ഷസൻ.

തരന്തം-പു. സമുദ്രം. വ. തവള.

തരന്തരം-പ്രത്യേകം പ്രത്യേകം, ക്രമം പോലെ.

തരംതിരിച്ചൽ-വേർതിരിച്ചൽ.

തരന്തിരിപ്പ്-വേർതിരിപ്പ്, ഓരോതര ത്തിലുള്ളവയെ വേറെ വേറെ തിരിച്ചു വയ്ക്കുക.

തരന്തിരിയുന്നു-വേറെ വേറെ തിരിയു ന്നു. (സ. ക്രി. തരംതിരിക്കുന്നു)

തരംതിരിവ്-വേർതിരിവ്.

തരന്തു-ആയുധങ്ങളിൽ പിടിയിലോട്ടു കേ റുന്നതിനുള്ള മുന.

തരംബുജം--തണ്ണിമത്തൻ.

തരംമാറുന്നു-തരം വേറെ വേറെ തിരി യുന്നു (സ. ക്രി തരംമാറ്റുന്നു.)

തരംമാററം-തരംമാറുക.

തരമാകുന്നു- നല്ല തക്കത്തിലായിത്തീരു ന്നു. (സ. ക്രി. തരമാക്കുന്നു.)

തരവഴി, തരവഴിത്തരം-പു. തന്നോ ന്നിത്തം. വ. നിന്ദ. ന. അവമാനം.

തരവാരി-വാൾ.

തരസം-ഇറച്ചി, മാംസം. ബലത്തിന്നാ ധാരം എന്നർത്ഥം.

തരസാ-അ. വേഗം.

തരസാനം-വള്ളം.

തരസ്ഥാനം-വള്ളക്കടവ്.

തരസ്വീ-വി. പു വേഗമുള്ള. വ. തേജ സ്സുള്ള. ന ശക്തിയുള്ള.

തരസ്വീ-പു. വേഗമുള്ളവൻ. (തരസ്സ= വേഗം) വ. ശക്തൻ ന. ശൂരൻ. ര വായു.

തരസ്സ്-പു. വേഗം. വ. ശക്തി, പരാ ക്രമം. അസാദ്ധ്യകാര്യങ്ങളെപ്പോലും സാധിക്കുന്നതിനാൽ ഈ പേരുണ്ടായി.

തരള-വി. പു വിറയലുള്ള. വ. പ്രകാശ മുള്ള. ന. വിസ്താരമുള്ള.

തരളത-പു. കണ്ണിന്റെ ഇളക്കം വ. വി റയൽ.

തരളത്വം-പു. വിറയൽ, ഇളക്കം. വ. പ്രകാശം.

തരളം-പു. മുത്തുമാലയുടെയും മറ്റും നടു നായകക്കല്ല്. പ്രഭകൊണ്ട് കാന്തിയെ തരിക്കുന്നത് എന്നർത്ഥം. വ. ഇളക്കം, വിറയൽ. ന. പ്രകാശം, ശോഭ. ര. മാണിക്യം.

തരളാ-പു. കഞ്ഞി. ഇളയഞ്ഞത് എന്നാ ർത്ഥം. വ. മദ്യം.

തരളാക്ഷ-വി. കണ്ണിന്നിളക്കമുള്ള, സൌ ന്ദര്യമുള്ള.

തരളിത-വി. ഇളക്കപ്പെട്ട.

തരാതരം-പലമാതിരി.

തരി-പു. മണൽപ്പൊടി വ. ചെറുതായ നുറുക്ക്. ന. വള തള മുതലായ ആഭ രണങ്ങളുടെ അകത്തു കിലുങ്ങുന്നതിനു യിട്ടിടുന്ന ലോഹശകലം. ര. ഇലഞ്ഞി യെ ചെറിയകമള. ഒ. (സം) തോണി, വള്ളം.

തരികം-പൊങ്ങുതടി.

തരിക്കുന്നു-പു. ദേഹത്തിൽ മരവിപ്പുണ്ടാ കുന്നു. വ. രോമാഞ്ചമുണ്ടാകുന്നു (സ. ക്രി. തരിപ്പിക്കുന്നു.) ന. കടക്കുന്നു.

തരിത-വി. അക്കരെകടത്തപ്പെട്ട.

തരിതണ്ണം-പു. തഴുതാമ വ. ഒരുമാതി രി പുഴുക്കട്, ന. ചൊറി; ചെരിപ്പ്.

തരിതാ-പു. ചൂണ്ടാണിവിരൽ. വ. വെ ള്ളുള്ളി.

തരിപ്പ്-പു. ദേഹത്തിൽ തരിപ്പുണ്ടാവു ക. വ. രോമാഞ്ചം.

തരിപ്പണം-വറുത്തുപൊടിച്ച അരി.

തരിപ്പൻ ചെറിമീൻ.

തരിപ്പുല്ല്-മരി.

തരിപ്പുവാതം-ഒരുമാതിരി വാതരോഗം

തരിപ്പെടുക-തരിയായിത്തീരുക.

തരിമണൽ-പൊടിമണൽ

തരിമ്പു-വി. അല്പം, കുറെ.

'പരവശമവനൊട്ടുതരിമ്പുമില്ല'

(കിരാതം തുള്ളൽ)

തരിവള-തരിയിട്ട കൈവള.

തരിശ്ശു-വി. പാഴായ, വഴുതെ.

തരിശുനിലം-വാഴാത്തനിലം.

തരീഷം-പ്ര. സമുദ്രം. വ. ആകാശം ന. അലങ്കരണം.

തരു-പ്ര. വൃക്ഷം. വെയിലിനെ തടുത്തു കഴിച്ചുകൂട്ടുന്നതു് എന്നർത്ഥം. വ. അതിവേഗം. [വേദത്തിൽ പ്രയോഗം.]

തരുണ-വി പ്ര. യൌവ്വനമുള്ള. വ. ചെറിയ. ന. പുതിയ.

തരുണകം-മുള, കിളുന്തു.

തരുണജ്വരം-ഒരാഴ്ചവട്ടം നില്ക്കുന്നപനി.

തരുണദധി-അഞ്ചുദിവസം ചെന്ന കട്ടിയായ പാൽ.

തരുണൻ-യൌവ്വനയുക്തൻ. ദുഷ്കരമായ കാര്യങ്ങളെക്കൂടി സാധിക്കുന്നവൻ എന്നർത്ഥം. മറുപര്യായങ്ങൾ-വയസ്ഥൻ, യുവാവു്.

തരുണം-പ്ര. പെരുഞ്ജീരകം വ. വെളുത്ത ആവണക്ക്. ന. അവസരം. ഉ-ം, ഇത്തരുണത്തിൽ.

തരുണി-പ്ര. യൌവ്വനമുള്ളവൾ. കന്യാവസ്ഥയെ കടന്നവൾ എന്നർത്ഥം. മറ്റൊരു പര്യായം-യുവതി (16 വയസ്സുവരെ) വ. സുന്ദരി. ന. ചെറിയ ചെന്തി. ഗ. മുല്ലച്ചെടി. ദ. കറ്റവാഴ. ഞ. പെരുഞ്ജീരകം.

തരുണീകടാക്ഷകാമം, തരുണീകടാക്ഷമാല്യം-തിലകവൃക്ഷം.

തരുതടം വൃക്ഷത്തിന്റെ ചുവട്.

തരുത[illegible]-ഞ. മ[illegible].

തരുതലം-വൃക്ഷത്തിന്റെ ചുവട്.

തരുതൂലികാ-വവ്വാൽ.

തരുനഖം-മുള്ളുചെടി.

തരുന്നു-[illegible] (കു. ക്രി. [illegible])

തരുമൂഷ്-[illegible] സംബന്ധിക്കുന്ന [illegible] ഒരു [illegible].

തരുമൂലം-വൃക്ഷത്തിന്റെ ചുവട്.

തരുമൃഗം കുരങ്ങ്.

തരുരാജൻ-കരിമ്പന

തരുരാജാവു-പാരിജാതവൃക്ഷം.

തൎക്കകൻ-[illegible], [illegible].

തൎക്കം-പ്ര. വിചാരം. വ. സംശയം. ന. തൎക്കശാസ്ത്രം. ഗ. ഊഹം [തൎക്ക-ഊഹം എന്ന അൎത്ഥത്തിൽ [illegible] -[illegible], ഊഹം [illegible] കടക്കുന്നതു്, [illegible] [illegible] എന്നു വ്യുൽപത്തി.] ദ. വിരോധം.

(പ്രതിജ്ഞ, ഹേതു, ഉദാഹരണം, ഉപനയം, നിഗമനം ഇവയഞ്ചു [illegible] വയവങ്ങൾ.)

തൎക്കവിദ്യ-തൎക്കശാസ്ത്രം

പ്രത്യക്ഷംമുതലായ പ്രമാണങ്ങളെക്കൊണ്ടു സ്വ[illegible] വസ്തുവിനെ [illegible] [illegible] [illegible]. ഉറപ്പിക്കുന്ന [illegible] [illegible]

തൎക്കശാസ്ത്രം-[illegible].

തൎക്കാരി-പ്ര. [illegible], ([illegible]) [illegible] എന്നു വ്യുൽപത്തി. 'തകാരി' എന്നും പറയുന്നു്. ഈ ശബ്ദം സംസ്കൃതമായിരിപ്പാൻ ഇടയില്ല. വ. [illegible] [illegible].

തൎക്കി-തൎക്കശാസ്ത്രജ്ഞൻ.

തൎക്കിക്കുന്നു-പ്ര. വാദിക്കുന്നു. ദ്വി. സംശയിക്കുന്നു. തൃ. ഊഹിക്കുന്നു. ച. വിരോധിക്കുന്നു. പ. വിവദിക്കുന്നു.

തൎക്കിത-വി. പ്ര. തൎക്കിക്കപ്പെട്ട. ദ്വി. ഊഹിക്കപ്പെട്ട.

തൎക്കോത്തരം-തൎക്കിക്കുന്നതിന്റെ ഉത്തരം.

തൎക്ഷു-ചെറുപുലി.

തൎക്ഷ്യം-ചവക്കാരം.

തൎജ്ജനം-പ്ര. കോപം. ദ്വി. നിന്ദ

തൎജ്ജനീ-ചൂണ്ടാണിവിരൽ. ചൂണ്ടിക്കാണിച്ചു ഭീഷണിപറയുന്നത് എന്നൎത്ഥം. മറ്റൊരു പൎയ്യായം-പ്രദേശിനി.

തൎജ്ജമ, തൎജ്ജിമ-ഭാഷാന്തരംചെയ്യുന്നത്, പൊരുൾതിരിച്ചത്. (അറബിഭാഷ.)

തൎജ്ജിക്കുന്നു-പ്ര. നിന്ദിക്കുന്നു. ദ്വി. ഭയപ്പെടുത്തുന്നു.

തൎജ്ജിത-വി. നിന്ദിക്കപ്പെട്ട.

തൎണ്ണകം, തൎണ്ണം-പശുക്കിടാവ്, അപ്പോൾജനിച്ച കാളക്കുട്ടി. തിന്നുന്നത് എന്നൎത്ഥം.

തൎണ്ണി-പ്ര. പൊങ്ങുതടി ദ്വി. സൂൎയ്യൻ.

തൎത്തരീക-വി. തോണിയിൽ കടക്കുന്ന.

തൎത്തരീകം-തോണി, പൊങ്ങുതടി.

തൎദ്ദു-മരപ്പിടിയിട്ട ചട്ടകം മുതലായത്. മറ്റൊരു പൎയ്യായം-ദാരുഹസ്തകം.

തൎപ്പണം-പ്ര. തൃപ്തി പ്രീണനം എന്നൎത്ഥം ദ്വി. തൃപ്തിവരുത്തുക എന്ന ക്രിയ. തൃ. പുഷ്ടി. ച. പിതൃപൂജ, പിതൃയജ്ഞം, പിതൃദേവന്മാരുടെ തൃപ്തിക്കായിട്ട് ഉദകവും കൂട്ടി ജലം കോരി ഒഴിക്കുന്ന ഒരു കൎമ്മം. 'ബോധായനീയസ്നാനവുംമറ്റും' എന്നും കാണുന്നു.

തൎപ്പിണി-കരിമ്പലമരം.

തൎപ്പിക്കുന്നു-തൎപ്പണം എന്ന കൎമ്മം കഴിക്കുന്നു.

തൎപ്പടം-പ്ര. തകര. ദ്വി. വത്സരം.

തൎമ്മം-യാഗശാലയിലെ തൂണിന്റെ മേലെഅറ്റം. യൂപവലയത്തെ കടന്നു നില്ക്കുന്നത് എന്നൎത്ഥം. മറ്റൊരു പൎയ്യായം-യൂപാഗ്രം.

തൎഷം-പ്ര. ദാഹം. ദ്വി. ഇച്ഛ. സഹിക്കവയ്യാത്ത ദാഹമുള്ളവൻ ജലത്തെ കാംക്ഷിക്കുന്നതുപോലെയുള്ള അത്യാഗ്രഹം എന്നൎത്ഥം.

തൎഷിത-വി. പ്ര. ദാഹമുള്ള. ദ്വി. ഇച്ഛയുള്ള.

തൎഹണം-ഉപദ്രവം. (വേദത്തിൽ പ്രയോഗം). പീഡനം.

തൎഹി-അ. എങ്കിൽ, എന്നാൽ.

തല-പ്ര. ശിരസ്സ്. പൎയ്യായങ്ങൾ-ഉത്തമാംഗം, ശിരസ്സ്, ശീൎഷം, മൂൎദ്ധാവ്, മസ്തകം. [തല എന്നതു ചോളഭാഷാപദമാണ്.] ദ്വി. വൃക്ഷം, തടി, വടി മുതലായതിന്റെ മുകൾ തൃ. മേലത്തെഅറ്റം. ച. അതിരു. പ. മുമ്പ്. ഷ. തുടസ്സം. സ. തലമുടി.

തലകം-കൊക്കരണി, വലിയ കുളം.

തലകഴപ്പ്-തലക്കുത്ത്.

തലകീഴായി-അ കീഴ്ക്കാംതൂക്കായി.

തലകുടായി-തലകീഴായി. (പ-മ.)

തലകൊടുക്ക-മുൻപിട്ടുനില്ക്കു, ഓരോമേല്ക്കു.

തലക്കം-മേലത്തെഅറ്റം, തലപ്പ്.

തലക്കരണം-മുന്നാധാരം.

തലക്കല്പന-തലയിലെഴുത്തു വിധി

തലക്കാച്ചിൽ-ഭ്രാന്ത്.

തലക്കാവൽ-പ്രധാനകാവൽ.

തലക്കാത്ത്-കടിഞ്ഞൂൽകുട്ടി.

തലക്കുട്ടി-തലപ്പിള്ള.

തലക്കുറ്റ്-തലയോട്.

തലക്കെട്ട്-പ്ര. ശിരോവാചകം, മുഖവുര. ദ്വി. തലയിൽ മുണ്ടു മുതലായത് കെട്ടുക.

തലക്കെട്ട്-തലക്കുത്ത്.

തലക്കോരിക - യുദ്ധത്തിനു പോകുമ്പോൾ തലയിൽ ഇടുന്ന ഒരുമാതിരി തൊപ്പി.

തലഘാതം-പ്ര. കൈപ്പടംകൊണ്ടുള്ള തലയിലെ അടി. ഉ. തല (തമ്മിൽ) മുട്ടുക.

തലചുററൽ-തലതിരിച്ചൽ.

തലച്ചന്മാർ-നായന്മാരിൽ ഒരുവകക്കാർ.

തലച്ചാൽ-ഒന്നാമത്തെ ഉഴവ്.

തലച്ചാത്ത്-വേലചെയ്യുമ്പോൾ പണിയായുധങ്ങളുടെ വാത്തലയിൽ ചേക്കുന്ന ലോഹം.

തലച്ചിലവന്മാർ-നായന്മാരിൽ ഒരുവകക്കാർ.

തലച്ചുമട്-തലയിൽവച്ചു ചുമക്കുന്ന ചുമട്.

തലച്ചുററ്-തലകറങ്ങുക, തലതിരിച്ചൽ എന്ന ദീനം.

തലച്ചെന്നവർ-ഒരുദ്യോഗസ്ഥൻ, കരം പിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ, നായകൻ.

തലച്ചേ(ശ്ശേ)രി-ഒരു ദിക്കിന്റെ പേർ.

തലച്ചോറ് - തലമണ്ടയ്ക്കകത്തിരിക്കുന്ന ഒരു വസ്തു. പര്യായങ്ങൾ-മസ്തിഷ്കം, ഗോർദം.

മനുഷ്യശരീരത്തിലുള്ള പലമാതിരി സ്നായുക്കളുടെയും മൂലസ്ഥാനം ജ്ഞാനത്തിന്റെ ഇരിപ്പിടമായ തലച്ചോറാകുന്നു. ഒരു വിരലിന്മേലോ മററോ മുറിവുകളുണ്ടായാൽ ജ്ഞാനപ്രവർത്തകങ്ങളായ ഞരമ്പുകൾ ഈ വിവരം തലച്ചോറിലെത്തിക്കുന്നു.

തലതരിക്കുന്നു-തലമരയ്ക്കുന്നു. [സംശയം തോന്നുമ്പോഴും കോപമുണ്ടാകുമ്പോഴും ഇങ്ങിനെ പറയാറുണ്ട്.]

തലതരിപ്പ്-പ്ര. തലയ്ക്കുണ്ടാകുന്ന ഒരു അസൗഖ്യം, അല്പമായ ഭ്രാന്ത്. ഉ. കോപം.

തലതല്ലുക-വഴക്കുപിടിക്കുക.

തലതാഴ്ച-കുനിച്ചൽ.

തലതാളം-ഒരുവക വാദ്യം.

തലതാഴുന്നു-കുനിയുന്നു

തലതാഴ്ത്തുക-ഗർവ്വശമിക്കുക (ശമിപ്പി).

തലതിരിച്ചൽ-തല ചുററൽ.

തലതിരിയുന്നു-തലചുററുന്നു. (സ. ക്രി. തലതിരിക്കുന്നു).

തലതിരിവ്-തലച്ചുററ്.

തലതൊടുന്നു-പ്ര. അനുഗ്രഹിക്കുന്നു. ഉ. ജ്ഞാനസ്നാനത്തിങ്കൽ പൈതലിന്റെ പേൎക്കായിട്ടു ഉത്തരം പറയുന്നു.

തലതൊട്ടവൻ - പ്ര. അനുഗ്രഹിച്ചവൻ. ഉ. ജ്ഞാനസ്നാനത്തിങ്കൽ പൈതലിന്റെ പേൎക്കായിട്ടു ഉത്തരമേററവൻ.

തലത്തട്ട്, തലേത്തട്ടി-വിഷൂചികയെപ്പോലെ വേഗത്തിൽ മരണം വരുത്തുന്ന പകരുന്ന വ്യാധി.

തലനാട്, തലാട്ട്-കരിമ്പിൻതല.

തലനാര്-തലമുടി.

തലനാൾ-കഴിഞ്ഞദിവസം, ഇന്നലെ.

തലനീര് - തലയിൽനിന്നിറങ്ങുന്ന ഒരു മാതിരി നീര്, ഒരു ദീനം.

തലനിലം-മുഴപ്പ്, പൂൎവം.

തലനീലി-ഒരു പച്ച മരുന്ന്, പ്രസാരിണി, വെളിപ്ലാക്കുഴി.

തലനോവ്-തലകുത്ത്.

തലപുരാണം-സ്ഥലത്തെക്കുറിച്ചു പറയുന്ന ഒരു പുരാണം.

തലപ്പ്-അഗ്രം, മേലത്തെ അററം.

തലപ്പണം-തലയൊന്നിന് ഒരു പണം വീതം സർക്കാരിലേക്ക് കൊടുക്കുന്ന കരം, തലപ്പുള്ളും ഉള്ള തരം.

തലപ്പണി-സദ്യകളിൽ ആദ്യം ഇലവെക്കുന്ന പന്തി.

തലപ്പണിക്കാരൻ - പ്രധാനവേലക്കാരൻ.

തലപ്പത്താവക-ആവക താനിയം

തലപ്പൻ-നായന്മാരിൽ ഒരുവകക്കാർ

തലപ്പന്തി-സദ്യകളിൽ ആദ്യം ഇലവെക്കുന്ന പന്തി.

തലപ്പന്ത്-പന്തുകൊണ്ടുള്ള കളിയിൽ ഒന്നാമത്തെകളി.

തലപ്പാട്ട-തലപ്പണം.

തലപ്പാവ്-ഉരുമാൽ, തലയിൽകെട്ട്.

തലപ്പുറവ്, തലപ്പുഴ-തലയിൽ ഉണ്ടാകുന്ന ഒരു ദീനം.

തലപ്പെടുക-ക്രി. എതിർക്കുക. വ. ഒരുമിക്കുക. ന. നമസ്കരിക്കുക, കവിടുക. (പ-മ)

തലഭാഗം തലവെയ്ക്കുന്ന സ്ഥലം.

തലം-ന സ്ഥലം, പ്രദേശം. വ. സ്വരൂപം. ഉ-ം, ഭൂതലം. ന. തർക്കകം. ഒ. കാലിന്നകം. ഉ ചുവട്. ന കൈയിൽ ഞാണതട്ടാതിരിപ്പാൻ വില്ലാളികൾ കൈത്തണ്ടിന്മേൽ കെട്ടുന്ന ഒരു തോൽ (കൈമൂടി). മറപ്പെണ്ണതെന്നർത്ഥം ഒ. ഒരുച്ചാൺ അളവ്. വൃ മൂലം ൻ താഴെഭാഗം ഥം കരിമ്പന ഥ താണസ്ഥിതി. ഥ കളം ഥ കാട്.

തലമണ്ട തലയോട്.

തലമല-മലയുടെ മുകൾപരപ്പ്.

തലമീനം-ചെമ്മീൻ

തലമുടി-തലരോമം പര്യായങ്ങൾ-ചികുരം, കുന്തളം, ബാലം, കചം, കേശം, ശിരോരുഹം.

കെട്ടിവച്ചതലമുടിക്ക്-കബരം, കേശവേശം ഇങ്ങിനെ പര്യായങ്ങൾ. പൂമാലയുടങ്ങിയുള്ള മാലകൾ കൊണ്ടു കെട്ടപ്പെട്ട തലമുടിക്ക് 'ധമ്മില്ലം' എന്ന പേർ.

തലമുട്ട്-അററം.

തലമുതിച്ചു-പൊക്കം.

തലമുറ-പുരുഷാന്തരം.

തലമുറിയൻ-ക്രി മാറ്റുമൂല്യാണം ചെയ്യുവൻ വ. തലമുറിഞ്ഞവൻ.

തലയ്ക്കുനിരം-തലയിണ.

തലയപ്പൻ-നായന്മാരിൽ ഒരുവകക്കാർ.

തലയാതിരി-"ആദ്യകാലങ്ങളിൽ താകളെന്നും നാട്ടുകളെന്നും അവരവർവിഭവങ്ങളോടുകൂടിയ അമ്പലത്തിൽ ഗ്രാമങ്ങൾ ഓരോ കൂട്ടമായി തിരിഞ്ഞു അതാതു കൂട്ടത്തിലേക്ക് മുമ്പന്മാരെ കൊല്ലം വാഴത്തക്കവണ്ണം നിയമിക്കപ്പെട്ട ആൾ".

തലയാന - പ്രധാനയാന, തലയാന ▷ ◁കഴിയാന.

തലയാളൻ-ചിട്ടിമുമ്പൻ. തലയാളൻ ▷ ◁ചിററാളൻ.

തലയാളി-പ്രമാണി, തലവൻ.

തലയിട്ടവൻ-അധോമുഖൻ.

തലയിണ-തല പൊക്കിവയ്ക്കുന്ന ചെറിയ മെത്ത. പര്യായങ്ങൾ-ഉപധാനം, ഉപബർഹം (തലേണ, തലയണ ഇങ്ങനെയും ചില ദിക്കിൽ പറയുന്നുണ്ട്.)

തലയിൽകെട്ടിവയ്ക്കു- പിടിച്ചേല്പിക്കു. (ശൈലി.)

തലയിൽകെട്ട്-ക്രി. മുണ്ടുകൊണ്ടുംമററും തലയിൽ കെട്ടുക. വ. തലപ്പാവ്.

തലയിൽവിധി, തലയിലെഴുത്ത്-ദൈവകല്പിതം, ഈശ്വരവിധി, ഭാഗ്യം. (ശൈലി )

തലയിറവ-ഒന്നാമത്തെ കിടാവ്.

തലയോട്ട തലയിലെ മൂടി. പര്യായങ്ങൾ-കപാലം, കീകസം.

തലവൻ തലയാളി.

**തലവരവ്**-ഒരു തണ്ണതരം കീഴ്കണക്ക് പ/വ.പ തിമിരിമ അല്ലെങ്കിൽ 20,863,180,800-ൽ പ

**തലവരി**-തലപ്പണം.

**തലവഴി**-അ തലയിൽക്കൂടെ.

**തലവഴി**-വൃക്ഷത്തിന്റെ മുകൾഭാഗം.

**തലവാച(ക)ം**-മുഖവുര.

**തലവാട്**-അഗ്രം.

**തലവാരി**-വലിയ ചീപ്പ്.

**തലവിധി**-തലയിലെഴുത്ത്.

**തലവില**-ആദിയിലെ വില.

**തലവിറയൽ**-തലവിറയ്ക്കൽ.

**തലവേദന**-തലനോവ്.

**തലസ്ഥാനം**-മൂലനഗരം, രാജധാനിയുള്ള നഗരം പര്യായങ്ങൾ-പുര്, പുരി, നഗരി, പത്തനം, പുടഭേദനം, സ്ഥാനീയം, നിഗമം.

**തലഹൃദയം**-പ. കൈക്കകം, വ. കാലിന്നകം.

**തലാചി**-പായ്.

**തലാട്ട്**-കരിമ്പിൻതല.

**തലാതലം**-കീഴ്ലോകങ്ങൾ ഏഴുള്ളതിൽ ഒന്ന്.

**തലിനം**-വി. പ. ഇടയിട്ട. വ. തെളിഞ്ഞ. ന. മുറുവായ. ര അല്പമായ.

**തലിനാ**-കട്ടിൽ.

**തലു**[illegible]**ം, ച**[illegible]-സ്ത്രീകൾ കഴുത്തിൽ കെട്ടുന്ന ആഭരണം.

**തലേക്കാലം** -കഴിഞ്ഞകാലം.

**തലേക്കൊല്ലം** -കഴിഞ്ഞവത്സരം.

**തലേക്കുറ്റം**-പന്നി.

**തലേനാൾ**-കഴിഞ്ഞദിവസം.

**തലോടൽ** ശരീരത്തിൽ പതുക്കെ തിരുമ്മുക.

**തലോടുന്നു**-ശരീരത്തിൽ പതുക്കെ തിരുമ്മുന്നു.

**തലോദരി**-ഭാര്യ, സ്ത്രീ.

**തലോദാ**-നദി.

**തല്ലം**-കാട്.

**തല്പകൻ**-മെത്തയിരിക്കുന്നവൻ, കിടക്കുന്നതിന്ന കിടക്ക തയ്യാറാക്കുന്ന ഭൃത്യൻ.

**തല്പകീടം**-മൂട്ട.

**തല്പനം**-പ. ആനയുടെ മുതുക്. വ. മുതുകിലെ എല്ലില്ലുള്ള മാംസം.

**തല്പം**-പ. മെത്ത, കിടക്ക. വ. മാളിക, മേട, നിലമേട. ഇതിൽ ഉറച്ചിരിക്കുന്നതിനാൽ ഈ പേർ വന്നു. ന. ഭാര്യ.

**തല്പലം**-ആനയുടെ മുതുകിലെ എല്ല്.

**തല്ല്**-അടി.

**തല്ലജം**-പ ശ്രേഷ്ഠം, പ്രശസ്തം. ഉ-ം, തരുണീതല്ലജം = പ്രശസ്തയായ തരുണി.

ഇതു സമസ്തപദത്തിൽ ചേർന്നതായിട്ടല്ലാതെ പ്രയോഗിക്കപ്പെട്ടു വരുന്നില്ല. വ ശ്രേഷ്ഠം.

**തല്ലം**-പ. കിറ, കുഴി, വ. കഴി.

**തല്ലി**-പ യുവതി വ. വരുണന്റെ ഭാര്യ. ന വള്ളം.

**തല്ലികാ**-ഇഞ്ച

**തല്ലുകൊള്ളി**-പതിവായി തല്ല (അടി) കൊള്ളുന്നവൻ, ദുസ്സാമർത്ഥ്യക്കാരൻ.

**തല്ലുകൊള്ളിത്തരം**-ദുസ്സാമർത്ഥ്യം.

**തല്ലുന്നു**-വടികൊണ്ടും മററും അടിക്കുന്നു. (കാ ക്രി. തല്ലിക്കുന്നു.)

**തവ**-(സംസ്കൃതത്തിൽ) നിന്റെ, നിന്നെ.

**തവ**-പട്ടാളത്തിലെ ഒരു വാദ്യം.

**തവക്ഷീരി**-നാമക്കൂവ.

**തവണ**-പ. മുറ വ. അവധി. ന. സമയം.

**തവണക്കച്ചീട്ട്**-തവണ വെച്ചു കൊടുക്കുന്നതിന്ന സമ്മതിച്ചെഴുതിയ ചീട്ട്.

**തവണക്കാരൻ**-പ. തവണയ്ക്കു കൊടുക്കുന്നവൻ. വ. തവണയ്ക്കു കാക്കുന്നവൻ.

തവണപ്പണം-തവണയ്ക്കു കൊടുക്കുന്ന പണം.

തവണമുടക്കം-തവണയ്ക്കു വിരോധം വരുത്തുക.

തവരാജം-ഒരുമാതിരി പഞ്ചസാര.

തവർഗ്ഗം-(വ്യാകരണത്തിൽ) ത, ഥ, ദ, ധ, ന ഈ വ്യഞ്ജനങ്ങളുടെ പേർ.

തവല, തമല-ഒരുമാതിരി ഓട്ടുപാത്രം, മൊന്ത.

തവള, തമള-ഒരു ജന്തു, മാക്രി. പര്യായങ്ങൾ-ഭേകം, മണ്ഡൂകം, വർഷാഭ്വ, ശാലൂരം, പ്ലവം, ദർദ്ദുരം.

തവളക്കുഞ്ഞു അല്ലെങ്കിൽ പെൺതവളക്കു പര്യായങ്ങൾ-ഭേകി, വർഷാഭ്വി. തവള വാതത്തെ ശമിപ്പിക്കും. മൂത്രത്തടവു തീർക്കും. ജലത്തിലിരിക്കുന്ന തവളകൾക്കു ഈ ഗുണം ചേരുകയില്ല. ജലത്തിലുണ്ടായാലും അല്പം വളർന്നാൽ കരയിൽ കയറി ദേഹം മറച്ചിരിക്കും. നാവു കാണുകയില്ല. കല്ലിന്റെ പോട്ടിലുമിരിക്കും. ആഹാരമില്ലെങ്കിലും ശരീരപുഷ്ടിയുണ്ടായിരിക്കും, ഈ വർഗ്ഗത്തിനു പെരുന്തവളയെന്നു പറയും. തമിഴിൽ-തവളൈ. ഇംഗ്ലീഷിൽ-Frog ഫ്രോഗ്.

തവളമുടിൽ-തവളക്കുഞ്ഞ്.

തവി-ദ്രാ. ചിരട്ടക്കയിൽ. വ. വെള്ളികൊണ്ടുണ്ടാക്കുന്ന ഒരുമാതിരി തവി. ന. എണ്ണത്തുടം.

തവിട്-ദ്രാ. അരിയുടെ പുറമെയുള്ള ചെമന്നപൊടി. വ. അരിച്ചപ്പൊടി.

തവിട്ട-ഒരു പായ്.

തവിട്ടുകിളി-ഒരുവക വെട്ടുക്കിളി.

തവിട്ടുണ്ട-ഒരു പലഹാരം.

തവിഷീ-നദി.

തവിഷ്യാ-ബലം, ഊക്ക്.

തവിഴാമ-ഒരു പച്ചമരുന്ന്, തഴുതാമ.

തവിഷം-സം. കടൽ, സമുദ്രം. വ. സ്വർഗ്ഗം. ന. പൊന്ന്.

തവ്വ്-ദ്രാ. സമയം, തക്കം. വ. അവസരം ന. ഉത്തരം.

തവ്വുടക്കിപ്പറയുന്നു-പറഞ്ഞു മടക്കംവരുത്തുന്നു.

തഷ്ട-വി. ചെത്തിക്കുറയ്ക്കപ്പെട്ട. പര്യായങ്ങൾ-ത്വഷ്ടം, തക്ഷം, തനൂകൃതം.

തസ്കരത-സം. മോഷണം. വ. കള്ളം.

തസ്കരൻ-കള്ളൻ. അതു (ചോരണം) ചെയ്യുന്നവൻ എന്നർത്ഥം.

തസ്കരം-സം. അടവിക്കാച്ചാലം, വ. മലങ്കാര. ന. ചെവി.

തസ്കരി-മുൻകോപമുള്ള (കടുംകോപമുള്ള) സ്ത്രീ.

തസ്കരിക്കുന്നു-മോഷ്ടിക്കുന്നു.

തസ്ഥു-വി. സ്ഥാവരമായുള്ള.

തസ്മാൽ-അ. അതു ഹേതുവായിട്ട്.

തഹശീൽദാർ-ഒരു ഉദ്യോഗസ്ഥൻ. (പെഷ്യൻഭാഷ.)

തള-ദ്രാ. കാലിൽ ഇടുന്ന ഒരാഭരണം. പര്യായങ്ങൾ-ഹംസകം, പാദകടകം. വ. വിലങ്ങ്. ന. ചില മൃഗങ്ങളുടെ കാലു തമ്മിൽ കെട്ടുക, ചില മൃഗങ്ങളെ കെട്ടി നിറുത്തുക.

തള എന്നതു ചോളഭാഷാപദമാകുന്നു.

തളക്കല്ല്-ചവുട്ടിനടപ്പാൻ തക്കവണ്ണം നിരത്തിയിടുന്ന കല്ല്.

തളപിരിഞ്ഞ-യഥേഷ്ടം സ്വാതന്ത്ര്യമായി സഞ്ചരിക്കുന്ന. (പ-മ)

തളപ്പ്-ദ്രാ. ചങ്ങലകൊണ്ടോ കയറുകൊണ്ടോ കെട്ടുക. വ. മരത്തിൽ കേറുമ്പോൾ കാലിൽ ഇടുവാൻ വട്ടത്തിൽ കെട്ടിയ വള്ളി.

തളയ്ക്കുന്നു-ചങ്ങലകൊണ്ടോ കയറുകൊണ്ടോ കെട്ടുന്നു.

'മാട്ടകൾ മഹിഷികൾ കുഞ്ഞുകളും പുന-
രാട്ടകളെന്നിവയങ്ങു തളപ്പാൻ'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

തളം-പ്ര. ഭവനത്തിന്റെ കൂടെ പണിയുണ്ടാക്കുന്ന ഒരു സ്ഥലം. വ. തളിരം. സം. തലയിലിടുന്ന മരുന്ന്. (ലം ആണ് ളം ആയത്.)

തളരുന്നു-പ്ര. ക്ഷീണിക്കുന്നു. വ. വാടുന്നു. സം. ആറുന്നു. (പ-മ.)

തളർച്ച-ക്ഷീണം, ആലസ്യം.

തളത്തു-കാച്ചു.

തളത്തുക-ആറിക്കുക, തണുപ്പിക്കുക, അഴയ്ക്കുക. (പ-മ.)

തളവാതം-ഒരുമാതിരി വാതരോഗം.

തളവാടം-പ്ര. പണിക്കോപ്പ്. വ. പണിക്കോപ്പുകൾ ഇട്ടിരിക്കുന്ന സ്ഥലം.

തളാപ്പ്, തലായിപ്പ്-മരത്തിൽ കേറുന്നതിനു വട്ടത്തിൽ കെട്ടി കാലിൽ ഇടുന്ന വള്ളി.

തളി-പ്ര. കൈയിൽ ജലം കോരി നിലത്തു തുള്ളിതുള്ളിയായി വീഴിക്ക. വ. മലയാളത്തിൽ പ്രധാനമായ നാലു ക്ഷേത്രങ്ങളുടെ പേർ.

തളിക, തളുക-ഭക്ഷിപ്പാൻ ഉപയോഗിക്കുന്ന ഒരു പാത്രം.

തളിക്കുന്നു-ജലം കൈയിൽ കോരി ഇറ്റിറ്റു വീഴ്ത്തുന്നു.

തളിച്ചുകുളി-പ്ര. പുലകഴിഞ്ഞിട്ടുള്ള കുളി. വ. അശുദ്ധി നീങ്ങുവാനുള്ള കുളി.

തളിമം-പ്ര. നന്നാക്കിയ സ്ഥലം. വ. കട്ടിൽ. സം. മെത്ത.

തല്പം-പ്ര. കനത്തിൽ അറുത്ത പലക. വ. തൂക്കല്ല്. സം. മേട.

തളിർ-കിളുന്ന്, കരുന്ന്. (പ-മ.) പര്യായങ്ങൾ-പല്ലവം, കിസലയം.

തളിക്കൂറ-ഒരുവക മണമുള്ള വൃക്ഷം.

തളിർക്കുന്നു-തളിരുണ്ടാകുന്നു.

തളിർക്കുല-കിളുന്തുകുല, പൂക്കുല. പര്യായങ്ങൾ-വല്ലരി, മഞ്ജരി.

തളിപ്പ്-തളിക്കുക.

തളിയ്ക്ക-തളിക്കുക.

തളുതം-തളിരം.

തള്ള്-ഉന്ത്.

തള്ള-അമ്മ, മാതാവ്.

രാജാക്കന്മാരോടു അറിയിക്കുമ്പോൾ 'പഴന്തള്ള' എന്നു വേണ്ടതാണ്. (അടിയാൻ എന്നതു നോക്കുക.)

തള്ളക്കൂറ്-അമ്മയുടെ അവകാശം.

തള്ളച്ചി-പന്നി.

തള്ളൽ-ഉന്തൽ.

തള്ളവഴി-അമ്മയുടെ പാരമ്പര്യം.

തള്ളവിരൽ-പെരുവിരൽ.

തള്ളാക്കൊട്ട-മീൻപിടിക്കുന്ന കൊട്ട

തള്ളിവിടുക-ഉന്തിയയക്കുക.

'സീമാതീതകളെന്നു മലയോ
കേരളം തള്ളിവിട്ടാൻ'
(മയൂരസന്ദേശം)

തള്ളുന്നു-പ്ര. ഉന്തുന്നു. വ. പുറന്തള്ളുന്നു.

തള്ളുപടി-തള്ളിക്കളഞ്ഞത്.

തള്ളേറ-തള്ളൽ

തള്ളേറുകാരൻ-പ്ര. പോക്കുവിളിക്കുന്നവൻ. വ. ദുശ്ശീലൻ.

തഴ-പ്ര. ഒരുമാതിരി കൈത. വ. ഒരുമാതിരി കൊടിക്കൂറ. സം. ഒലിവ്. ഭ. വെൺചാമരം. (പ-മ.)

തഴക്കം-ശീലം, പരിചയം.

തഴക്കുന്നു-പരിചയിക്കുന്നു.

തഴച്ച-വളർച്ച, വളർന്നു.

തഴന്ത-തഴച്ച.

തഴപ്പാ-തഴകൊണ്ടുണ്ടാക്കിയ പായ്, ഒരുവക പായ്.

തഴപ്പ്-പ്ര. തിളപ്പ്. വ. വളർച്ച.

തഴമ്പ്- ആയുധങ്ങൾ മുതലായവയുടെ പെരുമാററം മുതലായതു ഹേതുവായിട്ടു ശരീരത്തിൽ ഉണ്ടാകുന്ന തൊലിക്കട്ടി.

തഴയ്ക്കുന്നു-വദ്ധിക്കുന്നു, വളരുന്നു. (സ. ക്രി. തഴപ്പിക്കുന്നു.) (പ-മ.)

തഴി-എണ്ണയിൽ മുക്കി വ്രണത്തിൽ ഇടുന്ന തുണി.

തഴുകൽ-ആശ്ലേഷം, ആലിംഗനം.

തഴുകുന്നു- കെട്ടിപ്പിടിക്കുന്നു, ആശ്ലേഷം ചെയ്യുന്നു, പുണരുന്നു, തലോടുന്നു. (പ-മ.)

തഴുതു്-പ്ര. സാക്ഷ വ. ഓടാമ്പൽ.

തഴുതണ്ടം, തഴുതണ്ണം-ഒരുവക ദീനം

തഴുതാമ-ഒരു പച്ചമരുന്നു്.

തഴുതാവൽ-ഒരു പച്ചമരുന്നു്.

തഴുത്ത-തഴച്ച. (പ-മ.)

തഴെ-തഴ=മയിൽപീലി. (പ-മ.)

തറ-പ്ര. പടുത്തുണ്ടാക്കിയ സ്ഥലം, സ്ഥലം വ. ആണിതറപ്പു്. (പ-മ.)

തറക്കെട്ടു്-വീട്ടിന്റെ അസ്ഥിവാരം ഇടുക, കല്ലുകെട്ടുക.

തറച്ചിൽ-പ്ര. ആണിയും മററും തറയ്ക്കുക. വ. പററിഉറയ്ക്കുക.

തറയുന്നു-ഉറയ്ക്കുന്നു. (സ. ക്രി. തറയ്ക്കുന്നു. കാ. ക്രി. തറപ്പിക്കുന്നു)

തറയ്ക്കുന്നു-പ്ര. ആണിയും മററും അടിച്ചു കേററുന്നു. വ. ഉറപ്പിക്കുന്നു. (കാ. ക്രി. തറയ്പ്പു്)

തറയ്പ്പു്-ആണിഅടിച്ചു കേററുക.

തറവാടു്-പ്ര. കുടുംബം വ. ഭവനം.

തറവാടി-തറവാട്ടുകാരൻ.

തറവാട്ടുമുതൽ-കുടുംബസ്വത്തു്, വീട്ടുമുതൽ.

തറി-പ്ര. നൂലു് നെയ്യുന്ന തറിമരം. വ. തൂണു്. ന. കാൽ. ർ. മരം, ജാതി.

തറിക്കുന്നു - മുറിച്ചുകളയുന്നു, മുറിക്കുന്നു. (പ-മ.)

തറിച്ചക്ക-കറിക്കുവെട്ടിയ ചെറിയചക്ക

തറിനാക്കു്-തറിമരത്തൂൺ.

തറിപ്പു്-മുറിച്ചുകളക.

തറിമുറണ്ടു്-ന്യായമല്ലാത്ത സിദ്ധാന്തം, ശാഠ്യം.

തറിയിടുന്നു-പ്ര. തറിമരം നാട്ടുന്നു. വ. പത്തൽ നാട്ടുന്നു.

തറുതക്കേട്ടം-സിദ്ധാന്തം.

തറുതല-ദുർയുക്തി.

തറുന്നു-താറടുക്കുന്നു.

തറുപ്പു്-പൊടിതുടപ്പാൻ രോമം പററിച്ചുണ്ടാക്കിയ സാധനം.

തറുവിക്കളഞ്ഞു-ഒളിച്ചുപോയി.

തററുടുക്കുന്നു- ഞൊറിഞ്ഞു താറുവച്ചുടുക്കുന്നു.

താററുടുപ്പു്-ഞൊറിഞ്ഞുടുപ്പു്; തററുടുക്കുക

## താ

താ-തന്നാലും, തരിക.

താകരം-ചാരായം.

താക്കരി-വലിയ കള്ളൻ.

താക്കി-സാക്ഷി.

താക്കിഴായു്-തഴുതു്.

താക്കീതു-ശാസന, മാപ്പു്.

താക്കു്-പ്ര. അടി, മുട്ടു്. വ. സമയം, തക്കം. ന. മുഴക്കം.

താക്കുക- അടിക്കുക, മുട്ടുക, മുഴക്കുക. (പ-മ.)

'വാദ്യമേളമൊരുമിച്ചുതാക്കിയും'

(ഭാഷാനൈഷധചമ്പു)

താക്കോഴ-സാക്ഷ.

താക്കോൽ-താഴ തുറപ്പാൻ ഇരുമ്പുകൊണ്ടുണ്ടാക്കുന്ന ഒരു വസ്തു.

താക്ഷണ്യൻ, താക്ഷ്ണൻ-ആശരിയുടെ മകൻ.

താങ്കൾ താൻ എന്ന സർവ്വനാമപദത്തിന്റെ പൂജകബഹുവചനം.

താങ്ങ്-പ്ര. സഹായം ഉ. ഊന്ന്. ന. അടി.

താങ്ങൾ, തങ്ങൾ, തങ്ങ്-താൻ എന്ന സർവ്വനാമത്തിന്റെ ബഹുവചനം. ഏതാനും വിഭക്തികളിൽ പ്രയോഗിച്ചു വരുന്നു.

താങ്ങൽ-സഹായം.

താങ്ങൾ-താങ്കൾ.

താങ്ങിടുന്നു-പ്ര. തടയായിട്ടു വല്ലതുമിടുന്നു. ഉ. ഊന്നുകൊടുക്കുന്നു.

താങ്ങുന്നു-സഹായിക്കുന്നു, വഹിക്കുന്നു, രക്ഷിക്കുന്നു

താങ്ങുന്നു- വ്രണങ്ങളിലും മററും മുട്ടി വേദനപ്പെടുത്തുന്നു (സ ക്രി. താക്കുന്നു)

താച്ചി-മുലകൊടുക്കുന്ന അമ്മ, ചെറിയമ്മ

താട-പ്ര പക്ഷികളുടെയും മററും കഴുത്തിന്റെ താഴത്തെ ഭാഗം (തൂങ്ങിക്കിടക്കുന്നതു്.) പര്യായങ്ങൾ-സാസ്നം, ഗളകംബളം. ഉ. കോഴിപ്പൂ A cock's comb.

താടക, താഢക, താരക-ഒരു രാക്ഷസി.

മാരീചന്റെ അമ്മ. സുന്ദൻ എന്ന അസുരന്റെ പത്നി. സുകേതു എന്ന യക്ഷന്റെ പുത്രി എന്നും അഭിപ്രായമുണ്ടു്. അഗസ്ത്യശാപംനിമിത്തം രാക്ഷസിയായി ഗംഗാതീരത്തിലെ താടകാവനത്തിൽ സഞ്ചരിക്കവെ ശ്രീരാമൻ വധിച്ചു താടകയുടെ ഭർത്താവും-സുന്ദൻ എന്ന യക്ഷന്റെ ഭാര്യയായ സുന്ദരി അഗസ്ത്യനെ ഉപദ്രവിക്കയാൽ അദ്ദേഹത്തിന്റെ ശാപം ഹേതുവായിട്ടു രാക്ഷസിയായി

താടകേയൻ മാരീചൻ

താടങ്കം-സ്ത്രീകൾ ധരിക്കുന്ന പൊന്നാലുണ്ടായ കർണ്ണാഭരണം, കാതില. പര്യായങ്ങൾ-കർണ്ണികാ, താലപത്രം.

താടി-പ്ര. വായുടെ താഴത്തെ ഭാഗം. പര്യായം-ചിബുകം. ഉ. മീശ. [താടിയെല്ല് = ഹനു.]

താഡകാഫലാ-ഏലത്തരം.

താഡനീ-ചമ്മട്ടി.

താഡം, താഡനം-അടി.

താഡങ്കം-സ്ത്രീകളുടെ കാതിലിടുന്ന ആഭരണം. [താടങ്കം എന്നതു നോക്കുക.]

താഡി-പ്ര കടപ്പന. ഉ. ഒരുവക ആഭരണം.

താഡിക്കുന്നു-അടിക്കുന്നു [സ. ക്രി. താഡിപ്പിക്കുന്നു.]

താഡിത-വി. അടിക്കപ്പെട്ട.

താണ-വി. താഴ്ന്ന

താണജാതി-കീഴ്ജാതി.

താണ്ടുന്നു-പ്ര. കടക്കുന്നു, ചാടിക്കടക്കുന്നു.

'കായൽതാണ്ടുന്നകണ്ടാൽ'
(മയൂരസന്ദേശം)

ഉ. വെല്ലുന്നു. [താട്ടുന്നു എന്ന ശബ്ദവും അപൂർവ്വം ചില നിഘണ്ടുകളിൽ കാണുന്നുണ്ടു്.]

താണ്ഡവക്കാരൻ-നൃത്തക്കാരൻ.

താണ്ഡവതാലികൻ-നന്ദികേശൻ, തണ്ഡി, ശിവന്റെ ഭൃത്യൻ.

താണ്ഡവപ്രിയൻ-ശിവൻ.

താണ്ഡവം-പ്ര നാട്യം, നൃത്തം. തണ്ഡു എന്ന ഋഷിയാൽ പറയപ്പെട്ടതു് എന്നർത്ഥം. മററു പര്യായങ്ങൾ-നടനം, നാട്യം, ലാസ്യം, നൃത്യം, നർത്തനം ഉ. ഒരുവക പുല്ല്.

താന്മ വണക്കം, താഴ്മ, വിനയം. (പ മ.)

താന്മപ്പെടുന്നു-വണക്കപ്പെടുന്നു. [സ ക്രി. വണക്കപ്പെടുത്തുന്നു.]

താന്ത-വി ക്ഷീണിക്കപ്പെട്ടതായ, ദുഃഖമുള്ള.

താതജനയിത്രികം- അച്ഛനമ്മമാർ [താതൻ=അച്ഛൻ. ജനയിത്രി=അമ്മ]

താതൻ- അച്ഛൻ. പുത്രശരീരത്തെ ഉണ്ടാക്കിയവൻ, കലത്തെ നിർമ്മിക്കുന്നവൻ, വിസ്തരിപ്പിക്കുന്നവൻ ഇങ്ങിനെ ശബ്ദാർത്ഥം.

താതനം-കരിങ്കുരികിൽ.

താതിരി-ഒരു വൃക്ഷം, അതിന്റെ പൂവ്. പര്യായങ്ങൾ - അഗ്നിജ്വാല, സുഭിക്ഷം, ധാതകി, ധാതുപുഷ്പികം.

താതിരി-പിത്തം, വിഷം, അതിസാരം, തണ്ണീർദാഹം, കൃമി, രക്തദോഷം, വിസർപ്പം, വ്രണം, പ്രവാഹിക (മുക്കൽ) ഇവയെ ശമിപ്പിക്കും. ലഹരിയുള്ളതാണ്. ഗർഭസ്ഥാപനമാകുന്നു. ഇം— Grislea tromentosa ഗ്രീസിലിയാട്രോമെന്റാസ.

താത്തുന്നു-ക്രി. താഴെയാക്കുന്നു വ. അമർത്തുന്നു.

താൽക്കാലിക-വി. അപ്പോഴുണ്ടായ.

താൽപര്യപ്പെടുന്നു- ശ്രദ്ധിക്കപ്പെടുന്നു. [സ. ക്രി. താൽപര്യപ്പെടുത്തുന്നു]

താൽപര്യം-ക്രി. ശ്രദ്ധ. വ. ഉത്സാഹം. ന. സാരം.

താൽപര്യം- തൽപരം = അതുമുഖ്യം. ഇതിൽനിന്നു താൽപര്യം എന്നതുണ്ടായി. ഇതുപോലെ ഇദംപരം=ഇതുമുഖ്യം ഇതിൽനിന്നു ഐദംപര്യം എന്നതുണ്ടായി. താൽപര്യത്തോടുകൂടിയവൻ=തൽപരൻ, പ്രസിതൻ, ആസക്തൻ.

താദർത്ഥ്യ -അതിനായ്ക്കൊണ്ടുള്ളഅവസ്ഥ

താദാത്മ്യ -തൽസ്വരൂപത.

താദൃശ-വി അപ്രകാരമുള്ള.

താൻ-ആരെ പറ്റി പറയുന്നുവോ അയാളെ നിർദ്ദേശിക്കുന്ന സർവ്വനാമം.

താൻ-അ. തനിച്ച്, മാത്രം.

താന്ത-വി. ക്രി. ക്ഷീണിച്ച
'താന്തം പ്രക്ഷാളഗണ്ഡം വദനമുരസിജം'
(അഭിജ്ഞാനശാകുന്തളം)
വ. താപത്തോടുകൂടിയ.
'സഹിതാശ്രുപാദമനമമാന്തസേ
മതിതാന്തയായെവരൊട്ടുമെ'
(നളചരിതം കഥകളി.)

താന്തൻ-ഖിന്നൻ, ക്ഷീണിച്ചവൻ.

താന്താങ്ങൾ-അവരവർ.

താന്തോന്നി-തനിക്കു ബോധിച്ചതുപോലെ നടക്കുന്നവൻ, ദുർബുദ്ധി.

താന്തോന്നിത്തം-സ്വാതന്ത്ര്യം.

താന്ത്രിക-തന്ത്രത്തെ സംബന്ധിച്ച.

താന്ത്രികൻ-ക്രി ഏതെങ്കിലും ചില ശാസ്ത്രതത്വങ്ങളെ അറിഞ്ഞവൻ. മററു പര്യായം-ജ്ഞാതസിദ്ധാന്തൻ. വ. വിദ്വാൻ. ന. തന്ത്രംപഠിച്ചവൻ, സൂത്രക്കാരൻ

താന്ദ്രികം-ഒരു ഭീനം, സന്നി എന്ന ദീനത്തിൽ ഒരുവക

താനക്കിളി-രാജാവു ബ്രാഹ്മണർക്കു കൊടുക്കുന്ന ഒരു പണക്കിഴി.

താനപ്രദാനം - ശ്രുതിപിടിക്ക എന്ന വേല.

താനം-ക്രി രാഗം വ. പാട്ട് ന. സൂൽ. ര. പരപ്പ്, വിസ്തീർണ്ണം.

താനവം-ചെറിയതു, മെലിഞ്ഞതു്.
'ഹാന്ത്യപ്രദാതാനവമാസസാദ'

താനൂരം-നീർച്ചുഴി.

താനേ-അ. തനിച്ച്, താൻതന്നെ.

താനേതന്നെ-അ. തന്നത്താനെ, താൻതന്നെ

താന്നി-ഒരു വലിയ വൃക്ഷം, പര്യായങ്ങൾ-വിഭീതകം, അക്ഷം, തുഷം, കർഷഫലം, ഭൂതാവാസം, കലിദ്രുമം.

താന്നി–കാസം, അക്ഷിരോഗം, ശ്രമ, കൃമി, ഇക്കിൾ, വായുമുട്ടൽ, വക്ത്രരോഗം, ഒച്ചയടപ്പ്, മലബന്ധം, കണ്ഠരോഗം, രക്തദോഷം, ജ്വരം ഇവയ്ക്കു നന്ന്. എണ്ണ തലമുടിക്കു നിറത്തെയും പുഷ്ടിയെയും ഉണ്ടാക്കും. മലത്തെ ഇളക്കും.

താന്നിക്കാ–താന്നിവൃക്ഷത്തിന്റെ കായ്.

താപജ്വരം–ഉഷ്ണജ്വരം.

താപത്യൻ–പു. തപതിയുടെ കുലത്തിൽ ജനിച്ചവൻ. ഉ. ഭീമൻ.

ചന്ദ്രവംശരാജാക്കന്മാരിൽ സംവരണനെന്ന ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു സൂര്യപുത്രിയായ തപതി. തപതിയുടെ പുത്രൻ കുരു.

'താപത്യാ സമുപഗതാസ്തപസ്വിവര്യാഃ'
(കിമ്മീരവധം കഥകളി)

ന. അർജ്ജുനൻ. ര്. തപതിയുടെ പിൻഗാമി.

താപത്രയം–പു. ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം ഇവമൂന്നും.

ആദ്ധ്യാത്മികം–ആത്മാവിനെ സംബന്ധിച്ചുള്ള ദുഃഖം. ആധിഭൗതികം–പഞ്ചഭൂതങ്ങളെ സംബന്ധിച്ചുള്ള ദുഃഖം. ആധിദൈവികം–ദൈവികമായ ദുഃഖം. ദൈവത്തിങ്കൽ നിന്നുണ്ടാകുന്ന ദുഃഖം.

ഉ. അനക്ഷരസാക്ഷരണം, ദുഷ്പ്രഭുസേവനം, ലംബോദരാലിംഗനം ഇവ മൂന്നും പ്രാപഞ്ചികതാപത്രയങ്ങളാകുന്നു.

താപനൻ–സൂര്യൻ ('തപനസ്താപനോ രവിഃ' എന്നു സാരസ്വതം.)

താപനം–ചേരമരം.

താപം–പു. ദുഃഖം. ഉ. ഉഷ്ണം, ചൂട്.

താപശമനകരമായുപായം – ഈശ്വരപൂജ, ബുധന്മാരെ അനുസരിക്ക, വിദ്വാന്മാരെ ബഹുമാനിക്ക, പാപകർമ്മങ്ങളെ വെടിയുക ഇവ നാലും.

താപസതരു, താപസദ്രുമം – ഓടമരം. താപസന്മാരുടെ വൃക്ഷം എന്നർത്ഥം.

[ഇതു വനസ്ഥലങ്ങളിൽ ധാരാസുലഭമാണ്. ഓടവള്ളി എന്നുപറയാറുമുണ്ട്. ഇതിന്റെ ഫലത്തെ താപസന്മാർ ഭക്ഷിക്കുന്നു. എണ്ണയും മററുംകൂടി അവർ ഉപയോഗിക്കുന്നുണ്ട്].

താപസൻ–മഹർഷി, ബ്രഹ്മചര്യാദിവിഹിതതപസ്സുള്ളവൻ. മററു പര്യായങ്ങൾ–താപസി, പാരികാംക്ഷി.

താപസപത്ര(ക)ം–മക്കിപ്പൂവ്.

താപസം–കൊക്ക്.

താപസീ–തപസ്സുചെയ്യുന്ന സ്ത്രീ

താപസപ്രിയ–മുന്തിരി.

താപസപ്രിയം–മുരമരം.

താപിഞ്ഛം–പച്ചിലമരം. വെയിലിൽ തളർന്നു വരുന്നവരെ തണലിൽ ഇരുത്തി രക്ഷിക്കുന്നത് എന്നർത്ഥം. താപിച്ഛം, താപിഞ്ജം ഇങ്ങിനെയും പാഠം കാണുന്നു.

മലയാളത്തിൽ 'താപിഞ്ഛം' എന്ന പ്രയോഗമാണ് ഉത്തമം. പണ്ടേയുള്ള നടപ്പും അപ്രകാരമാകുന്നു].

താപ്പ്–പു. തരവ്. ഉ. ലാക്കം. ന. ഭാഗ്യം. ര്. സുഖം.

താപ്പാകുന്നു–പഴകുന്നു. [സ. ക്രി. താപ്പായി].

താപ്പാക്കുന്നു–കാട്ടാനയെ ഇണക്കുന്നതിനു നാട്ടാനയെ കൂടെ കൂട്ടുന്നു.

താപ്പാന–പു. കാട്ടാനയെ കുഴിയിൽനിന്നു കേററുന്ന നാട്ടാന. ഉ. ശേഷിയുള്ളവൻ.

താപ്പിടി, താപ്പുപിടി–കാലം(ത്)പെരുക്കുക; ഉരമണിയാക്കുക.

താപ്പുകാണുന്നു-അളവു പരീക്ഷിക്കുന്നു

താപ്പുകൂട്ടുന്നു-ലഭിക്കുന്നു. [സ. ക്രി. താപ്പുകൂട്ടുന്നു].

താപ്പുനോക്കുന്നു-അളവുപരീക്ഷിക്കുന്നു.

താപ്യം-മാക്കിരക്കല്ല്.

താമര-വെള്ളത്തിലുണ്ടാകുന്ന ഒരുമാതിരി ചെടി.

[താമരയുടെ പൂവ്-കഫം, രക്തദോഷം, പിത്തം, ഭ്രമം, ശ്രമം, വിഷം, തണ്ണീർദാഹം, നേത്രരോഗം, ഛർദ്ദി മുതലായവകളെ നന്ന്. തമിഴിൽ-താമരൈ. ഇംഗ്ലീ-Lotus ലോട്ടസ്. താമരക്കിഴങ്ങ്-ഇതിനു താമരവളയത്തിൻെറ ഗുണം തന്നെ. വിശേഷിച്ചു കഫത്തിനും ചുമക്കും നന്ന്. വിഷ്ടംഭത്തെ ചെയ്യും പര്യായങ്ങൾ-കരഹാടം, ശിഫാകന്ദം താമരത്തണ്ട്-നാളം താമരക്കുരു-പിത്തം, ഛർദ്ദി, രക്തദോഷം ഇവകളെ നന്ന്. മലത്തെ പിടിപ്പിക്കും. രുചികരമാണ്, ബലം, വാതകഫങ്ങൾ ഇവയെ വർദ്ധിപ്പിക്കും. വിഷ്ടംഭത്തെ ചെയ്യും. ഗർഭസ്ഥാപനകരമാണ്. സം-പത്മബീജം. ഇം-Seed of the lotus സീഡ് ആഫ് ദി ലോട്ടസ്].

താമരക്കിളി-ഒരു പക്ഷി.

ഈ പക്ഷി മിക്കവാറും താമരയിലയിൽ ശയിക്ക ഹേതുവായിട്ട് 'താമരക്കിളി' എന്ന പേരുണ്ടായി. ഇതിൻെറ മാംസം-വാതം, രക്തദോഷം, പിത്തം ഇവകളെ നന്ന്. മലമൂത്രങ്ങളെ പുറത്തു കളയും. സംസ്കൃതത്തിൽ - പുഷ്കരശായിക

താമരക്കുളം-താമരയുള്ള പൊയ്ക

താമരക്കോഴി-വെള്ളത്തിൽ സഞ്ചരിക്കുന്ന ഒരു പക്ഷി.

താമരനൂല് - താമരത്തണ്ടിനകത്തുള്ള നൂൽ.

താമരപ്പൂമകൾ ലക്ഷ്മീദേവി.

'താമരപ്പൂമകളായ കോമളപ്പെണ്മണിയുടെ' (കാചലവൃത്തം വഞ്ചിപ്പാട്ട്)

താമരപ്പൂവ്-വെള്ളത്തിലുണ്ടാകുന്ന ഒരു മാതിരി പൂവ്. പര്യായങ്ങൾ-പത്മം, നളിനം, അരവിന്ദം, മഹോല്പലം, സഹസ്രപത്രം, കമലം, ശതപത്രം, കുശേശയം, പങ്കേരുഹം, താമരസം,സാരസം, സരസീരുഹം, ബിസപ്രസൂനം, രാജീവം, പുഷ്കരം, അംഭോരുഹം.

താമരപ്പൊയ്ക - താമരയുള്ള പൊയ്ക. പര്യായങ്ങൾ-പത്മാകരം, തടാകം, കാസാരം, സരസീ, സരസ്സ്.

ആദ്യത്തെ രണ്ടും വിസ്തീർണ്ണവും അഗാധവും അകൃത്രിമവുമായിരിക്കും. പിന്നത്തെ മൂന്നും കൃത്രിമമായ പൊയ്ക. താമരപ്പൊയ്കയിലെ വെള്ളം കഫം, രക്തദോഷം, പിത്തം, വിഷം, ഛർദ്ദി, മൂത്രകൃഛ്റം, കൃമി, മെലിവ്, ചുഴൽച്ച, സർവ്വാംഗസന്താപം ഇവകളെ നന്ന്. വിഷ്ടംഭത്തെ ഉണ്ടാക്കും. വാതത്തെ വർദ്ധിപ്പിക്കും. സ്തനദാർഢ്യകരമാകുന്നു. സം-പദ്മിനി. തമി-താമരൈക്കുളം. ഇം-A pond abounding in lotuses എ പോണ്ഡ് എബോണ്ഡിങ് ഇൻലോട്ടസെസ്.

താമരം-ഥ. ജലം, വ. നെയ്. 'താമരം വല്ലതമഞ്ഞവു'-(ഭ ഉനിഘണ്ടു).

താമരമുള്ള-ഒരുവക ഔഷധം. [മുള്ളിലാ എന്നു നോക്കുക].

താമരയല്ലി-താമരയുടെ അകത്തുള്ള അല്ലി.

ഇതു തണ്ണീർദാഹം, പിത്തം, കഫം, വീക്കം, വിഷം, രക്താർശസ്സ്, സർവാംഗസന്താപം ഇവയെ നശിപ്പിക്കും. രുചികരമാണ്. മലത്തെ പിടിപ്പിക്കും. സം-കിഞ്ജല്കം. ഇം-ഫിലമെൻറ ആഫ് ലോട്ടസ് Filament of lotus

താമരവളയം—താമരയുടെ തണ്ട്, പത്മവലയങ്ങളും മൃണാളം, ബിസം

പിത്തം, ജ്വരം, രക്തദോഷം, മൂത്രകൃഛ്റം, സർവ്വാംഗസന്താപം, ഛർദ്ദി, നേത്രരോഗം ഇവ ശമിക്കും. മുലപ്പാൽ അധികമാക്കും. മുടിക്കു കൊള്ളാം. വിഷ്ടംഭിയാണ്. മലത്തെ പിടിപ്പിക്കും വാതകഫശുക്രങ്ങളെ വർദ്ധിപ്പിക്കും ഇം The fibrous root of a lotus ദി ഫൈബ്രസ് റൂട്ട് ഓഫ് എ ലോട്ടസ്.

താമരസം—പ്ര താമര. തമൃത്തുകളാൽ (തളർന്നവരാൽ) രുചിക്കപ്പെടുന്നത്, താമരം=ജലം. ജലത്തിൽ ഉറങ്ങുന്നത് ഇങ്ങിനെ ശബ്ദാർത്ഥം വണ്ടുകളാൽ രുചിക്കപ്പെടുന്നതെന്നുമാകാം. വ. പൊന്ന്. ന. ചെമ്പ്. ൪ ലളിതപദം എന്ന വൃത്തത്തിന്റെ മറെറാരുപേർ.

താമരസാക്ഷി—വി. താമരപ്പൂപോലെ കണ്ണുള്ള.

താമരസാക്ഷൻ—വിഷ്ണു.

'താമരസാക്ഷൻതന്മെത്തതൊഴുതു'
(കല്യാണസൗഗന്ധികം തുള്ളൽ)

താമലകി—ഒരു പച്ചമരുന്ന്, കിഴകാനെല്ലി, കീഴാനെല്ലി. തമിഴിൽ-അരനെല്ലി. ചെറിയനെല്ലി എന്നർത്ഥം.

താമസ—വി. മൂഢതയുള്ള.

താമസൻ—മൂഢൻ.

'താമസന്മാരെയടക്കിനാൻക്രമം'
(ഭാഗവതം)

താമസം—പ്ര. പച്ചില. വ. പാമ്പ്. ന. ഉരമൻ.

താമസം—പ്ര. നേരമായിപ്പോക, താമസിക്ക. (സം) വ. മൂഢത ന. ഒളി. ൪. കോപം.

താമസശീല—വി. മൂഢതയുള്ള.

താമസി—പ്ര. ഇരുട്ട് അധികമായ രാത്രി. മറെറാരുപര്യായം-തമിസ്രം വ. ദുർഗ്ഗ. ന. നിരൃതിയുടെ ഭാര്യ.

താമസിക്കുന്നു—പ്ര. നേരംകൂടപ്പോകുന്നു. വ. പാർക്കുന്നു. ന. സമയംതെറ്റിക്കുന്നു. ൪ ചെയ്വാൻ മടിച്ചിരിക്കുന്നു. [സംക്രി താമസിപ്പിക്കുന്നു.]

താമിസ്രം—ഇരുട്ടുള്ള നരകം.

'താമിസ്രപ്രായകിടനരകല്പ ചിരകാലം'
(ഭാഗവതം)

താംബൂലചർവ്വണം—വെററിലതിന്നൽ.

താംബൂലപേടിക—വെററിലപ്പെട്ടി.

താംബൂലം—വെററില.

താംബൂലവല്ലി, താംബൂലവള്ളി—വെററിലക്കൊടി.

താംബൂലി—വെററിലക്കൊടി മനുഷ്യന്തുച്ഛരായും ആസക്തിയും ചെയ്യുന്നു എന്നർത്ഥം

താംബൂലികൻ—വെററിലവില്ക്കുന്നവൻ.

താമ്ര—വി. ചെമ്പുനിറമായ, ചെമ്പിലു, അല്പം ചെമന്ന

താമ്രകർണ്ണിക—[illegible].

താമ്രകം—ചെമ്പ്. ഉഗ്രഹിക്കപ്പെടുന്നത് എന്നർത്ഥം.

[illegible]

താമ്രകുണ്ഡി—[illegible] ചെമ്പുനിറമുള്ള [illegible] എന്നർത്ഥം.

താമ്രകുട്ടകൻ—[illegible] എന്നർത്ഥം

താമ്രകരം—വി. ചെമ്പു [illegible]

താമ്രകന്ദം—ചെമ്പിച്ച [illegible]

താമ്രക്ഷം—[illegible].

താമ്രചൂഡം—പ്ര. കോഴി, പൂങ്കോഴി. തലയിൽ ചോന്ന പൂവുള്ളത് എന്നർത്ഥം വ. കുക്കുടം.

താമ്രത്രപുജം-വെള്ളോട്ട്.

താമ്രദ്വീപം-ലങ്ക.

താമ്രദ്രു-രക്തചന്ദനം.

താമ്രപത്രം-൧. ചെമ്പുതകിട്. ൨. തണ്‍ചീര. ൩. മുളംപ്ലാശ്ശ്.

താമ്രപുഷ്പം-കാട്ടുചെമ്പകം.

താമ്രപുഷ്പാ-പാതിരി.

താമ്രപുഷ്പികാ-നാല്ലോംപ്പക്കൊന്ന.

താമ്രഭസ്മം- ചെമ്പു പുടംവച്ച് എടുത്ത പൊടി.

താമ്രം-൧ ചെമ്പ്. ൨. ചെമ്പുനിറം, ചെമപ്പ്.

താമ്രമൂല-൧. മുക്കുറ്റി. ൨. ചെങ്കൊടിത്തുവ.

താമ്രവല്ലി-൧. ഒരുവക വള്ളി, ചെവ്വള്ളി. (ചെമ്പ്രംവള്ളി എന്നു ചിലർ)

ചിത്രകൂടദേശത്തിൽ താമ്രവല്ലി എന്നു പറഞ്ഞുവരുന്നു. കഫം, മുഖരോഗം, കണ്ഠരോഗം ഇവക്കു നന്ന്. ഇതു ശ്രോതസ്സുകളിൽ തടഞ്ഞിരിക്കുന്ന കഫത്തെ പുറത്തുകളയും.

൨ മഞ്ചട്ടി.

താമ്രവീജം-മുതിര.

താമ്രവൃക്ഷം-൧. രക്തചന്ദനമരം. ൨. മുതിര.

താമ്രശാസനങ്ങൾ- ചെമ്പുപട്ടയങ്ങൾ.

(ഒരു മാതൃക.)

൨-ാം നമ്പർ ചെമ്പുപട്ടയം. ഇതു കലിവർഷം ൩൩൩൧-ാ ക്രിസ്തുവർഷം ൨൩൦ ൽ എഴുതിയതാകുന്നു. സ്ഥാണുരവിഗുപ്തപെരുമാൾ തിരുവിതാംകൂറിലെയും കൊച്ചിയിലെയും ക്രിസ്ത്യാനികൾക്കു വേണ്ടി 'മരുവാൻ സാപ്പിർഈശോ' എന്ന ആളിന്റെ കൈക്കു കൊടുത്തിട്ടുള്ള പട്ടയമാണ്. അഞ്ചുകടി എന്ന സ്ഥലവും ൭ വിടുപേറും(സ്ഥാനമാനങ്ങൾ) നാലുകുടി തച്ചരയും, എട്ടുകുടി ഈഴവരയും, ഒരുകുടി വണ്ണാനയും, തെങ്ങിൽ കയറുന്നതിനും ഉപ്പിനും ഉള്ള കരവും ആനക്കാർ കൊടുക്കേണ്ടും കരവും ആററിൽനിന്നും സ്വർണ്ണം അരിച്ചെടുക്കുന്നതിനുള്ള കരവും മററും പള്ളിവകക്കു കൊടുത്തിരിക്കുന്നു എന്നാണു ഈ പട്ടയത്തിന്റെ സാരം. ഇതിൽ ഇരുപതു വകുപ്പുകൾ ഉണ്ട്. ൪-ാം വകുപ്പിൽ ഒരു ഭാഗം താഴെ ചേർക്കുന്നു.

'നാലു വാതിലകത്തും വിളക്കും പൂമിയാക കാരാണ്മയെ കൊടുക്കമെട്ടത്തും കൊപ്പതവാരം അഞ്ചു വണ്ണവും മണിക്കിരാമവും കൊൾവതാക'

താമ്രശിഖം, താമ്രശിഖി-കോഴി.

താമ്രസാര(ക)ം-രക്തചന്ദനം.

താമ്രസാരകം-കരിങ്ങാലി.

താമ്രസാരികം-൧ രക്തചന്ദനം. ൨. ചെങ്കരിങ്ങാലി.

താമ്രസിന്ദൂരം-ചെമ്പു നീററിയ ഭസ്മം, താമ്രഭസ്മം.

താമ്രാ-൧. മലന്തിപ്പലി. ൨. താമ്രവല്ലി. ൩. ചെമന്ന കന്നി.

താമ്രാക്ഷ-വി. ചെമന്ന കണ്ണുള്ള.

താമ്രാക്ഷം-കയിൽ.

താമ്രാക്ഷി-൧. ചെമന്ന കണ്ണുള്ളവൾ. ൨. കയിൽപ്പേട.

താമ്രാധരാ-൧ ചെമന്ന ചൊടിയുള്ള ൨. സൌന്ദര്യമുള്ള.

താമ്രാഭം-രക്തചന്ദനം.

താമ്രാർദ്ധം-വെള്ളോട്ട്.

താമ്രാശ്മാ-മാണിക്യം.

താമ്രിക-വി. ചെമ്പുകൊണ്ടുള്ള.

താമ്രിക-ചെമന്ന കന്നി.

താമ്രികൻ-ചെമ്പുകൊണ്ടുപണിയുന്ന ഒരു ജാതിക്കാരൻ, ചെമ്പുകൊട്ടി.

താമ്രൌഷ്ഠ്-വി. ചുവന്നുള്ള.

'ശ്രീഷ്മോഷ്മദ്യുതിതാമ്രദാനനസരോജം
താം' (കിമ്മീരവധം കഥകളി)

തായ്ക്കിഴവി - കുട്ടികൊടുക്കുന്നവൾ, ഗണികക. A bawd.

തായ്ക്കോട്ട-കോട്ടയ്ക്കകം, രാജധാനി.

തായ്പുര-ഭവനത്തിന്റെ അറക്കെട്ട്, അകത്തെമുറി.

തായ്മരം-നില്ക്കുന്ന മരത്തിന്റെ ചുവട്ടു മുതൽ കൊമ്പുവരെയുള്ള തടി.

തായ്വഴി, താവഴി-അമ്മവഴിക്കുള്ള കുടുംബശാഖ.

തായ്-അമ്മ.

തായനം-വളർനം.

തായം-ഒരുമാതിരി ചൂതുകളി.

തായാട്ടുന്നു-ക്രി. കളിക്കുന്നു. വ. കൊമ്മ യിടുന്നു.

തായാട്ട്-ക്രി. ധൃഷ്ടത. വ. നിന്ദ. ന. ക ള്ളം. ര. തണുതപ്പിത്തം.

'തായാട്ടുകാട്ടുന്നശിശ്ശുക്കളെത്താൻ
താഡിച്ചു ശിക്ഷിച്ചുവളൎക്കാവണം'
(ശ്രീകൃഷ്ണചരിതം)

ന. തന്റേടം.

തായാട്ടം-ക്രി. കളി. വ. കൊമ്മ.

തായു-കള്ളൻ [വേമത്തിൽ പ്രയോഗം].

താരു്-ക്രി. വഴുക്കു. വ. പുഷ്പം.

താര-വി. ക്രി. അത്യുച്ചമായ. വ. ശംഭി യുള്ള.

താരക-ക്രി. നക്ഷത്രം. രാത്രിയുടെ പോ ക്കറിയിക്കുന്നതു്, തോണിക്കാർ കൊണ്ടു കടക്കുന്നതു് ഇങ്ങിനെ അൎത്ഥം. വ. ക ണ്ണിന്റെ കൃഷ്ണമണി. മനസ്സിനെ കട ക്കുന്നതു് എന്നൎത്ഥം. ന. ചൊവ്വ കണ്ണു വെള്ളരി. ര. മേഘാളി. ഒ മുള്ളു്. ഞ. ബൃഹസ്പതിയുടെ ഭാൎയ്യ (താര)

താരക-വി. ക്രി. രക്ഷിക്കുന്ന. വ. അക്കരെക്കടത്തുന്ന.

താരകജിത്ത്-സുബ്രഹ്മണ്യൻ താരകാസു രനെ ജയിച്ചവൻ എന്നൎത്ഥം.

താരകൻ-ക്രി. ഒരസുരൻ.

താരകനെ സുബ്രഹ്മണ്യൻ കൊന്നു. താരകാസുരൻ വജ്രാംഗന്റെയും വജ്രാം ഗിയുടെയും പുത്രനാണ്. കഠിനമായ ത പസ്സുചെയ്തു് ഇവൻ ബ്രഹ്മാവിനെ തൃപ്ത നാക്കി. ഈ തപസ്സു പാരിയാത്രപൎവ്വത ത്തിലായിരുന്നു. ഏഴുദിവസംചെന്ന ഒരു കുഞ്ഞു് ഒഴികെ മറ്റാരാലും കൊല്ല പ്പെടരുതെന്നു താരകൻ വരംവാങ്ങി. താരക ന്റെ ഉപദ്രവം സഹിക്കാഞ്ഞു ദേവ ന്മാർ രക്ഷക്കു ബ്രഹ്മാവിനോടപേക്ഷിക്കു യുണ്ടായി. ശിവന്റെ മകനേ താരകനെ വധിപ്പാൻ കഴിയൂ എന്നു് അദ്ദേഹം മറു പടിപറഞ്ഞു. ഒടുവിൽ ശിവന്റെ പുത്ര നായ കാൎത്തികേയൻ ജനിക്കയും ജനിച്ചു ഏഴുദിവസത്തിനകം താരകനെ കൊല്ലു കയുംചെയ്തു. താരകനും വിഷ്ണുവുമായുള്ള യുദ്ധത്തിൽ വിഷ്ണുപ്രയോഗിച്ച സുദൎശന ചക്രം താരകന്റെ കഴുത്തുമുറിക്കുന്നതിനു പകരം അവന്റെ കണ്ഠത്തിൽ ഒരാഭര ണമായിത്തീൎന്നു.

വ. രക്ഷിക്കുന്നവൻ. ന. പുഞ്ചാൻപിടി ക്കുന്നവൻ.

താരകബ്രഹ്മം-എല്ലാത്തിനും ആധാര മായ ബ്രഹ്മം, ദൈവം.

താരകം-ക്രി. കണ്ണു വ. മന്ത്രം.

താരകം, താരകാ-കൃഷ്ണമണി.

താരകാമയം-താര(ക)യെ സംബന്ധിച്ചു ണ്ടായ ദേവാസുരയുദ്ധം.

താരകാരി-സുബ്രഹ്മണ്യൻ. താരകൻഎന്ന അസുരന്റെ ശത്രു എന്നൎത്ഥം.

താരകിണി-നക്ഷത്രങ്ങളും മേഘങ്ങളുമുള്ള ദിവസം.

താരകിത-വി. നക്ഷത്രമുള്ള.

താരജീവനം-സ്വൎണ്ണം.

താരണം-ചങ്ങാടം.

താരണി-വി. പൂവണിഞ്ഞ.

'താരണിമാതുജാനകി' (രാമചരിതം)

താരൽ-ചങ്ങാടം.

താരതണ്ഡുലം-വെളുത്താമ്പലം.

താരതമ്യം-വലിപ്പച്ചെറുപ്പം, അവസ്ഥ, സ്ഥിതി.

താരൻ-പു. വിഷ്ണു ൨ ശിവൻ.

താരപുഷ്പം-കുരുക്കുത്തിമുല്ല.

താരമ്പൻ-കാമദേവൻ. താര് (പുഷ്പം) അമ്പു (അസ്ത്രം) ആയിട്ടുള്ളവൻ.

താരം-അത്യുച്ചമായ ശബ്ദം. അന്യശബ്ദങ്ങളെക്കാൾ മുൻകടന്നു നിൽക്കുന്നതെന്നർത്ഥം. ൨. നല്ലമുത്ത്, മുത്തുരത്നത്തിന്റെ നിർമ്മലത. മാലിന്യത്തെ കളയുന്നതെന്നർത്ഥം. ൩. അക്കരെ കടക്കുക. ൪. വെള്ളി. ൫ ഒരു നാണയം, ൬. നക്ഷത്രം. തോണിക്കാർക്ക് ദിക്കും സമയവും അറിഞ്ഞു തിരിപ്പാൻ (തോണി നടത്താൻ) ഹേതുവായതെന്നർത്ഥം. രാത്രിയുടെ പോക്കറിയുന്നതെന്നുമാവാം. ൭ നദിയുടെകര. ൮. കണ്മണി.

താരം-ദാരങ്ങൾ, ഭാര്യ. (പ-മ).

താരം വി. പു. അത്യുച്ചമായ.

'താരമാം സ്വരമാമ്രേഡവാമതിനാൽ'

(കേശവീയം)

൨. നിർമ്മലമായ.

'താരഹാരമുരസ്സിലും'

(അമരുകശതകം)

താരള്യം-ചാഞ്ചല്യം.

താരാ, താരക-പു. ഒരു വാനരസ്ത്രീ, ബാലിയുടെ ഭാര്യ.

അംഗദന്റെ അമ്മ. ബാലി മരിച്ചതിന്റെ ശേഷം താര ബാലിയുടെ അനുജനായ സുഗ്രീവനെ ഭർത്താവാക്കി.

൨. നക്ഷത്രം. ൩. മുഴങ്ങുന്ന ഒച്ച. ൪. കാലുചവിട്ടിയ പാട്ട്. ൫. വളിയന്റെ മൂച്ച്. ൬. ചവിട്ടിയ വഴി. ൭. ബൃഹസ്പതിയുടെ ഭാര്യ. താരക എന്നും പറയും. ൮. ഹരിശ്ചന്ദ്രന്റെ ഭാര്യ, രോഹിദാസന്റെ അമ്മ താരാമതി എന്നും വിളിക്കും.

ബൃഹസ്പതിയുടെ ഭാര്യയായ താരയെ ചന്ദ്രൻ അപഹരിക്കയാൽ ഘോരമായ ദേവാസുരയുദ്ധം ഉണ്ടായി. ബ്രഹ്മാവു സമാധാനപ്പെടുത്തി താരയെ ബൃഹസ്പതിക്കു തിരിയെകൊടുപ്പിച്ചു. താരയിൽ ചന്ദ്രനുണ്ടായ പുത്രനത്രേ ബുധൻ.

താരാ-പു. ചീഡാദേവതാരം ൨. മുത്ത്.

താരാഗണം-നക്ഷത്രക്കൂട്ടം.

താരാട്ടുക-കുട്ടികളെ പാട്ടുചൊല്ലി ഉറക്കുക. താരാട്ടം, ആരാട്ടം.

താരാട്ടം-ലാളനം.

താരാട്ടു-കുഞ്ഞുങ്ങളെ ഉറക്കുന്നതിനു ചൊല്ലുന്ന ഒരുവക പാട്ട്.

താരാട്ടുന്നു-പു. ലാളിക്കുന്നു ൨. കുഞ്ഞുങ്ങളെ ഒരു വക പാട്ടുചൊല്ലി ഉറക്കുന്നു.

താരാധിപൻ-പു. ചന്ദ്രൻ. ൨ ബാലി. ൩. ബൃഹസ്പതി. ൪. സുഗ്രീവൻ ൫. ശിവൻ.

താരാപഥം നക്ഷത്രമാർഗ്ഗം, ആകാശം.

താരാഭൂഷാ-രാത്രി.

താരാഭ്രം-കർപ്പൂരം.

താരായണം-പരിശുദ്ധമായ അത്തിവൃക്ഷം.

താരാർ-വി. പൂനിറഞ്ഞിരിക്കുന്ന.

താരാർപൊഴിൽ-(താർ) പുഷ്പങ്ങളെക്കൊണ്ടു (ആർ) നിറഞ്ഞ (പൊഴിൽ) പൊയ്ക

'താരാർപൊഴിലിൽ തെളിഞ്ഞുമരുന്ന'

(കണ്ണശ്ശരാമായണം കിഷ്കിന്ധാകാണ്ഡം)

'ആർ' എന്ന പദത്തിനു നിറഞ്ഞ, സൂക്ഷ്മമായ, അപൂർവമായ ഇങ്ങിനെ പല അർത്ഥങ്ങളും ഉണ്ട്.

താരാർബാണൻ-പുഷ്പബാണൻ, കാമദേവൻ.

താരാർമകൾ- ലക്ഷ്മീദേവി. പൂമകൾ എന്നർത്ഥം.

താരാർമാതു്-ലക്ഷ്മി

ഇവിടത്തെ 'ആർ' എന്നതിനു തിങ്ങിയിരിക്ക എന്നർത്ഥം.

താരി-ന. താളം. ൨ സഹായം. ൩ സഖിത്വം. ൪. അനുസരണം

താരിതരാനദി ലക്ഷ്മീദേവി.

താരിപ്പു്-ചരക്കുകളുടെ നിരക്കു്

താരുണ-വി. യൌവനമുള്ള

താരുണ്ണി-ന. പൂമകൾ. ൨. ബ്രഹ്മാവു്.

താരുണ്യം-ന. യൌവനാവസ്ഥ. തരുണന്റെ ഭാവം എന്നർത്ഥം. ൨. പുതുമ

താരേയൻ-ബാലിയുടെ പുത്രനായ ഒരു കുരങ്ങു്, അംഗദൻ. താര എന്നവളിൽ ഉണ്ടായവനെന്നർത്ഥം

താർ-ന. പുഷ്പം, പൂവു്. ൨. തുളുങ്ങ തമിഴിൽ-മാല. (പ-മ)

താർകുഴലാൾ-പുഷ്പങ്ങൾ ധരിക്കുന്ന തലമുടിയോടുകൂടിയവൾ.

താക്ഷാണി സാക്ഷി.

താർക്കികൻ-തർക്കശാസ്ത്രക്കാരൻ

താർക്ഷി-പാതാളഗരുഡക്കൊടി.

താർക്ഷ്യൻ-ന. ഗരുഡൻ. കശ്യപമുനിയുടെ പുത്രൻ എന്നർത്ഥം

തൃക്ഷൻ എന്ന മുനിയുടെ കുലത്തിൽ ജനിക്കയാൽ കശ്യപനെ താർക്ഷ്യൻ എന്നു വിളിക്കുന്നു. താർക്ഷ്യശബ്ദത്തിൽനിന്നു അപത്യപ്രത്യയം വെച്ചാലും താർക്ഷ്യ എന്നേ രൂപം

൨. കുതിര.

'താർക്ഷ്യാ[illegible]താർക്ഷ്യാ[illegible]

ചി[illegible]'

(നാരായണീയം)

൩. അരുണൻ ൪. ശിവൻ.

താർക്ഷ്യം-ന ഒരുജാതി മരുന്നു്, മരതകക്കല്ലു്. ൨. കുതിര. ൩. കഴുകൻ. ൪. മരത്തു് ൫ പാമ്പു് ൬ വണ്ടി. ൭. സ്വർണ്ണം ൮. വിഷമിറക്കുന്നതിനുള്ള ഒരു മരുന്നു്.

താർക്ഷ്യനാദൻ-പരുന്തു്.

താർക്ഷ്യശൈലം-മരതകക്കല്ലു്.

താർണ്ണ-വി. തൃണംകൊണ്ടുണ്ടാക്കിയ.

'താർണ്ണപർണ്ണങ്ങൾ ഉടജങ്ങൾ അധിവസിക്കുന്നവൻ'

(ഭാഗവതം)

താർണ്ണം-തൃണംകൊണ്ടുണ്ടാക്കിയ സദ്മം.

താർതാവൽ, താറുതാവൽ-ഒരു പച്ചമരുന്നു്, കടലച്ചുവക്കി.

വാതം, പിത്തം, ജരാവ്യാധി, അജീർണ്ണം, ഗുല്മം ഇവകളെ നന്നു്. അഗ്നിവർദ്ധനകരമാണു്. വെളുപ്പും കറുപ്പും രണ്ടുവിധമുണ്ടു്. വെളുത്തതു രസായനത്തിൽ ശ്രേഷ്ഠം. സം-വസുകം. തമി-നരമത്തച്ചൂരി

താർതാവലരി-ഒരുജാതിമരുന്നു്.

താർതീയം-മൂന്നാംഭാഗം.

താർത്തീയിക-വി. മൂന്നാമത്തെ.

താർപ്പൂട്ടസ്-ക്രയ്യക.

താർപ്പൂട്ടനം-ക്രയ്യനം, കുടനം.

താർമകൾ-ലക്ഷ്മീദേവി.

'താർമകൾക്കുമുളതാണവരിക്കോരം'

(രാമായണം)

താർമങ്ക-ലക്ഷ്മീദേവി.

താർമകൻ കാമദേവൻ, താരജൻ.

താലകന്ദം-നിലപ്പന.

താലക-താഴ്, പൂട്ട്.

താലാങ്കൻ-ഭീഷ്മർ.

താലജംഘൻ - ഹൈഹയവംശത്തിലെ അവന്തിരാജാവായ ജയധ്വജന്റെ പുത്രൻ ഔർവമഹർഷികളെ ആരാധിച്ചു

താലജാതകൻ-ബലരാമൻ.

**താലപത്രം**-പ്ര. കരിമ്പനയോല. ൨. കാതോല, സ്ത്രീകൾ ധരിക്കുന്ന പൊന്നോല മുതലായ കർണ്ണാഭരണം. പനയോല കൊണ്ടുണ്ടാക്കിയതെന്നർത്ഥം. പൊന്നു മുതലായവകൊണ്ടുണ്ടാക്കിയതും ഈ പേർ തന്നെ.

**താലപർണ്ണി**-പ്ര. ചിററീന്തൽ. ൨. മുരാമാഞ്ചി. കരിമ്പനപ്പട്ടയ്ക്കു സദൃശമായ ഇലകൾ ഉള്ളതെന്നർത്ഥം. ൩. കാട്ടുശതകുപ്പ.

**താലപ്പൊലി**-അനേകം സ്ത്രീകൾ ഒന്നുചേർന്ന് ആഭരണങ്ങളും അണിഞ്ഞ് ഓരോ പാത്രത്തിൽ അരി, പൂക്കുല, പൂവ് ഇവയും ഇട്ടു വിളക്കും കൊളുത്തിവെച്ച് എല്ലാവരും ഓരോന്നു കൈയിൽ പിടിച്ചു കുരവയുമിട്ട് ആർപ്പുവിളിയോടും വാദ്യഘോഷത്തോടും ക്ഷേത്രത്തെ ചുററിവരുന്ന ഒരു ഘോഷം.

**താലം**-പ്ര. കരിമ്പന. ഉറച്ചുനിൽക്കുന്നതെന്നർത്ഥം. ൨. കുടപ്പന. ൩. അരിതാരം. ൪. പിഞ്ഞാണം മുതലായ ചില പരന്ന പാത്രം. ൫. നടുവിരലും പെരുവിരലും കൂട്ടിവച്ച ചാൺ. ൬. താളം. ൭. ദുർഗ്ഗാദേവിയുടെ സിംഹാസനം.

**താലമൂലിക, താലമൂലി**-ഒരു പച്ചമരുന്ന്, നിലപ്പന. കരിമ്പനയുടെ വേരിനു തുല്യമായ കിഴങ്ങുള്ളതെന്നർത്ഥം.

**താലരേചനകൻ**-കളിക്കാരൻ.

**താലലക്ഷ്മാൻ**-ബലരാമൻ.

**താലവൃന്തം(കം)**-ആലവട്ടം, വീശുന്ന സാധനം, വിശറി. പുഷ്പത്തിന്റെ ഞെട്ടുപോലെ ഇതിന്റെ പിടി കരതലത്തിലുള്ളതിനാൽ ഈ പേർ വന്നു. മററൊരുപേര്യം-വ്യജനം.

'അംഭോജച്ഛദതാലവൃന്തമതിനാ-
ലായോടവീശട്ടായോ'
(അഭിജ്ഞാനശാകുന്തളം)

**താലവ്യം**-'ച, ഛ, ജ, ഝ, ഞ, ഇ, യ, ശ' ഈ എട്ടക്ഷരങ്ങൾക്കും കൂടെയുള്ള ഒരു പേർ. താലുവിൽനിന്നു ജനിക്കുന്നതുകൊണ്ടു ഈ പേർ വന്നു. താലു=അണ്ണാക്ക്. 'ഇചുയശാനാംതാലു' എന്നു പാണിനി.

**താലവ്യസ്വരങ്ങൾ**-(വ്യാകരണപ്രകാരം) അ, ആ, ഇ, ഈ, എ, ഏ, ഐ ഇവയാകുന്നു.

**താലാങ്കൻ**-പ്ര. ബലഭദ്രൻ താലം=(കരിമ്പന. അങ്കം=അടയാളം.) കരിമ്പനയുടെ മാതിരിയിൽ കൊടിയടയാളമുള്ളവൻ എന്നർത്ഥം. ൨. ശിവൻ.

**താലാങ്കം**-പനയോല.

**താലാവചരൻ, താളാവചരൻ**-ഒരു മാതിരി കളിക്കാരൻ, ആട്ടക്കാരൻ.

**താലി(ളീ)**-കീഴാനെല്ലി. സ്ഥിരതയെ ചെയ്യുന്നതെന്നർത്ഥം.

**താലി**-പ്ര. വിവാഹത്തിൽ സ്ത്രീയുടെ കഴുത്തിൽ കെട്ടുന്ന ഒരാഭരണം. ൨. സ്ത്രീകൾ സാധാരണ കെട്ടുന്ന മറെറാരുതരം ആഭരണം.

**താലികം**-പ്ര. ഉള്ളംകൈ. ൨. കൈകൊട്ട്. ൩. മുദ്രബന്ധനം.

**താലികാ**-പ്ര. നിലപ്പന. ൨. താഴുവല്ലി.

**താലിതാ**-പ്ര. നിറംപിടിച്ചവസ്ത്രം. ൨. കെട്ട്. ൩. കയറ്, ൪ വാദ്യം

**താലിശം**-പർവ്വതം.

**താലീഭവം**-ഒരങ്ങാടിമരുന്ന്, മാക്കീരക്കല്ല്.

**താലീശപത്രീ**-മരങ്ങാട് മരുന്ന്.

**താലീശാ**-താലീസവൃക്ഷം.

**താലീസപത്ര**-കീഴാനെല്ലി.

**താലീസപത്രം**-അങ്ങാടിമരുന്ന്, ഒരുതരം വൃക്ഷത്തിന്റെ ഇല.

ഇതു കഫം, വാതം, ചുമ, അരുചി, ക്ഷയം, വായുമുട്ടൽ, ഗുല്മം, അഗ്നിമാ

ന്ദ്യം, ഛർദ്ദി, ഇക്കിളം, ആമദോഷം ഇവകളാണ്. സ്വരത്തിനു കൊള്ളാം. വലുതും ചെറുതും രണ്ടുവിധമുണ്ട്. ഗുണം രണ്ടിനും തുല്യംതന്നെ. ത-താല്ചിപത്തിരി.

താല്വ-അണ്ണാക്ക്, തൊണ്ട ഭുക്താശേഷം സ്ഥിതിചെയ്യുന്നേടം എന്നർത്ഥം.

താല്വകണ്ടകം-ഒരു രോഗം. ബാലരോഗനിദാനത്തിൽ പെട്ടതു്.

ഇതു അണ്ണാക്കിലെ മാംസം കഫം കോപിക്കയാൽ ഉണ്ടാകുന്നതാണ്. താല്വപ്രദേശത്തിലും ശിരസ്സിലും നിമ്നനതയുണ്ടാകും. അണ്ണാക്ക വീഴുകകൊണ്ടു കുട്ടി മുലകുടിക്കുക പ്രയാസം. മലം അയഞ്ഞുപോകും, വെള്ളദാഹം, കണ്ണിലും കഴുത്തിലും മുഖത്തിലും വേദന ഇവയുണ്ടാകും. തല പൊക്കാൻ പ്രയാസമായിരിക്കും. കുടിച്ച പാൽ ഛർദ്ദിക്കും

താല്വജിഹ്വാ-പു മുതല. വ. ചീങ്കണ്ണി ന. അണ്ണാക്ക്.

താല്വപാകം-ഒരു രോഗം

പിത്തം ഹേതുവായിട്ടു അണ്ണാക്കിൽ അതിഭയങ്കരമായ പഴുപ്പുണ്ടാകും.

താല്വപുപ്പുടം-ഒരു രോഗം.

കഫമേദസ്സുകൾ ഹേതുവായിട്ടു അണ്ണാക്കിൽ ലന്തക്കുരുപോലെയും വേദനയില്ലാതെയും നീരുണ്ടാകും.

താല്വശോഷം-ഒരു രോഗം.

വാതപിത്തങ്ങളാൽ ക്ഷിതം അണ്ണാക്ക ഉണങ്ങും. നീറുന്നു എന്നു തോന്നും. ഉഗ്രമായ ശ്വാസവും ഉണ്ടാകും.

താലൂക്ക്-മണ്ഡപത്തുംവാതിൽ. (അറബി ഭാഷ)

താല്വരം-തീപ്പൂള്.

താല്വഷ(ക)-അണ്ണാക്ക്.

താലോല-ലാളനം.

താലോലിക്കുന്നു-ലാളിക്കുന്നു, ഓമനിക്കുന്നു (പ-മ.)

താവക-വി നിന്നെ സംബന്ധിച്ച.

താവകീന-വി. നിന്നെ സംബന്ധിച്ച.

താവടം-കഴുത്തില. കഴുത്തിലിടുന്ന ഒരാഭരണം, അയവായി കെട്ടുന്ന കണ്ഠാഭരണം, നീളമുള്ള മാല (ഫലന്തിക). (പ-മ.)

താവടി-ദേവതിയെ സംബന്ധിച്ച ഉത്സവം.

താവന്താ-അവശ്യം സാധിക്കേണ്ടതു്.

താവത്-അത്രയും.

യാവത്തോംതാവദേവാസ്യ്ക്കേ-യാവൽ ഭത്തോം താവൽഏവ അസ്ത്രകേ-ഷേത്രവ്യത്യസിയോം അത്ര (അല്ല മഴവനം) ഉണ്ട്.

താവൽ-അ പു അപ്പോൾ

'താവൽകല്പാന്തകാലോൽക്കട . . .'

വ വാക്യാലങ്കാരം.

'ആസ്സാംതാവദിയം . . . .'

താവൽക്കാലം-അ. അതുവരെ.

താവൽപര്യന്തം-അ. അതുവരെ,

താവാ-ഞാൻ.

താവല്-നാക്കരി

താവലരി-നാക്കരി.

താവളം-വഴിക്കാർക്ക ഇടയിൽ പാർപ്പാനുള്ള സ്ഥലം, വിശ്രമസ്ഥലം, ഇരിപ്പിടം. തങ്ങുന്ന സ്ഥലം (പ-മ)

താവിഷം-പു. സ്വർഗ്ഗം വ. കടൽ.

താവിഷം-പു. ചന്ദനം വ. സ്വർഗ്ഗം. ന. സ്വർഗ്ഗം.

താവുക-പു. ചാടിക്കടക്കുക. വ. ഉണ്ടാവുക, ഉണ്ടായ്‌വരുക ന. തെവുക. ഭ. പാറുക. ഒ. തഴുക.

താവുരു-ഇടവംരാശി.

താസ്കര്യം-കള്ളൻ.

താസ്യനം-ചന്ദന

താറം-കാല്.

താള്-ഗ. ചെമ്പിന്റെ തകട്. വ. കടലാസ്.

താളകം-മരഞ്ഞാടിമരുന്നു, അരിതാരം, പൊന്നരിതാരം.

താളക്കാരൻ-ഗ. താളമുള്ളവൻ. വ. കൈമണി കൊട്ടുന്നവൻ.

താളക്കൂട്ടം-കൈമണി.

താളക്കേട്-ഗ. താളപ്പിഴ. വ. തരത്തെറ്റ്.

താളടി-തണ്ടുപുല്ല്, കൊഴുക്കാറി, കച്ചി.

താളം-ഗ. നൃത്തഗീതവാദ്യങ്ങളുടെ മാത്രനിയമം. വ. കൈമണി ന. അരിതാരം. ർ. കരിമ്പന. ൭. കൊട്ടുക. ൯. തള്ളവിരലും നടുവിരലും കൂട്ടി അളന്ന അളവ്.

താളംപിഴക്ക-അബദ്ധത്തിൽ ചാടുക, സമയം തെറ്റുക.

താളംമറിയുക-താളക്കേടുണ്ടാവുക.

താളി-ഗ. കരിമ്പന. വ. തലയിലെ എണ്ണ. വിഴുക്കു കളയുന്നതിനുള്ള സാധനം. ഒരു ചെടി.

താളിയുടെ മാതിരികൾ- എരിത്താളി, ഞണ്ണന്താളി. എച്ചിത്താളി, കാട്ടുതാളി, കറവന്താളി, കൈത്താളി, തിരുമുടിത്താളി, ദേവതാളി മുതലായവ

താളിക്കുന്നു-കടുകുവറുക്കുന്നു

താളിപ്പ്-കടുകുവറക്കൽ.

താളിപ്പന-കുടപ്പന.

താളിപ്പുല്ല്-ദേവകപ്പുല്ല്.

താളിമാതളം-മാതളനാരകം. പര്യായങ്ങൾ-കരകം, ദാഡിമം (ഡാഡിമം.)

താളിമാതളം-മധുരരസം പുളിരസവുമുള്ള രണ്ടുവകയുണ്ട്. ഇതു കാസം, വാതകഫപിത്തരോഗങ്ങൾ, അരോചകം ഇവയെ നന്ന്. ഇതു മധുരിച്ചതും പുളിച്ചതും മധുരവും പുളിയും കലർന്നതും ഇങ്ങിനെ മൂന്നായിട്ടുണ്ടെന്നു മററൊരഭിപ്രായം. കായുടെ തൊണ്ട് രക്താതിസാരത്തേയും കൃമിയേയും ശമിപ്പിക്കും ഗ്രാഹിയാണ്. ചിലടക്കിൽ ഇതിനെ ഉമമാമ്പഴം എന്നും മററ ചിലേടങ്ങളിൽ മാതളം എന്നും പറഞ്ഞുവരുന്നു. മധുരമുള്ളതു ഏറ്റവും പഞ്ചാബ്, കാബൂൾ മുതലായ ദേശങ്ങളിലും, മധുരവും പുളിയും കലർന്നതു ഈ ദേശങ്ങളിലും, പുളിയുള്ളതു പാണ്ടി മുതലായ ദേശങ്ങളിലും ഉണ്ടാകുന്നു. ത-മം തുരെ ഇംഗ്ലീഷിൽ-Pomegranate പോംഗ്രാനേററ്.

താളിയോല ഗ്രന്ഥം എഴുതുവാനുള്ള കടപ്പനയോല.

താഴ്-പൂട്ട്, പൂട്ടുന്നതിനു ഇരുമ്പും മററും കൊണ്ടുണ്ടാക്കിയ വസ്തു

താഴ്ച വി ഗ. ആഴമുള്ള വ. ഹീനതയുള്ള ന. താഴ്ന്ന

താഴ്ച്ച ഗ. ആഴം വ. കുന്ന്. ന. കറവ് ർ. ഇടിവ്. ൭. വണക്കം ൯. ഹീനത ൧. താണനിലം

താഴ്ച്ചയുള്ളപ്രദേശം = നിമ്നം. ശഭീരം, ഗംഭീരം.

താഴ്ത്തുക-താഴ്ത്തുക.

താഴ്ത്തിക്കെട്ട-ചായ്പ്പ്, താഴ്വാരം

താഴ്പ്പെടുക-കീഴ്പ്പെടുക

താഴ്മ-വണക്കം, വിനയം.

താഴ്വര-അടിവാരം.

താഴ്വാരം-അടിവാരം.

പർവതത്തിന്റെ താഴ്വാരം- സ്നു, പ്രസ്ഥം, സാനു.

താഴ്വിത -താണപ്രദേശം.

താഴ്വു-താണപ്രദേശം, മുവട്, അടിഭാഗം.

താഴ, താഴ -കേതകീപുഷ്പം.

താഴത്തേ-വി. താഴെയുള്ള.

താഴത്തോട്ട്, താഴോട്ട്-അ. കീഴ്പ്പെട്ട്.

താഴംപൂ-കേതകിപുഷ്പം, സൌരഭ്യമുള്ള കൈതപ്പൂവ്.

താഴി-കൈകഴുകുന്നതിനു മണ്ണുകൊണ്ടുണ്ടാക്കിയ ജലപാത്രം.

താഴിക-താഴികക്കുടം.

താഴികക്കുടം-ക്ഷേത്രത്തിന്റെ മുകളിൽ പണിതു വയ്ക്കുന്ന കുടം.

താഴുന്നു-ക്രി. താഴത്താകുന്നു. വ. കുനിയുന്നു ന. കുറയുന്നു [സ. ക്രി. താഴ്ത്തുന്നു, താക്കുന്നു]

താഴേ-അ. ചുവട്ടിൽ.

താക്ഷ-സാക്ഷ.

താറ്-വസ്ത്രം ഉടുക്കുമ്പോൾ മുൻപിൽനിന്നു വലിച്ചു പുറകിൽ കുത്തുന്ന അറ്റം.

താറാവ്-ഒരുവക പക്ഷി. പര്യായങ്ങൾ-ശരാരി, ആടി, ആഡി.

ഇതിന്റെ മാംസത്തിനു വെള്ളിപ്പക്ഷിയുടെ മാംസത്തിന്റെ ഗുണമാണു മിക്കവാറുമുള്ളത്. മലത്തെ പുറത്താക്കും. തമി-താറാവ്, താരാ. ഇം-Duck ഡക്ക്.

വ. താർതാവൽ, നഞ്ഞച്ചൂരിഞ്ഞമരം.

താറുടക്കുന്നു-താറുടുക്കുന്നു.

താറുന്നു-ക്രി. നിന്ദ്യമാകുന്നു. വ. അയയുന്നു ന. വിട്ടുമാറുന്നു. ഭ. ശമിക്കുന്നു.

താറുമാറ്-ക്രി. ക്രമമില്ലായ്മ. വ. കലച്ചു. ന. ക്രമംകെട്ട്. ഭ. ആപത്ത്. ത. കലഹം.

താറുമാറാകുന്നു-ക്രി. ക്രമമില്ലാതാകുന്നു. വ. കലരുന്നു. ന. ക്രമംകെട്ടാകുന്നു. ഭ. അമാന്തമാകുന്നു. [സ. ക്രി. താറുമാറാക്കുന്നു]

താറുന്നു-ക്രി. ആക്ഷേപിക്കുന്നു, പരിഹസിക്കുന്നു. വ. നിന്ദിച്ചു അകറ്റുന്നു. ന. ആട്ടിപ്പുറത്തുകളയുന്നു.

## തി

തികക്കുന്നു-ക്രി. തികയ്ക്കുന്നു, തീയുടെ ശക്തിഹേതുവായിട്ടു പതഞ്ഞുപൊങ്ങുക. [സ. ക്രി-തികപ്പുന്നു].

'കാളിയന്റെശ്വാസങ്ങളേറ്റ തികന്നവെള്ളം' (കൃഷ്ണഗാഥ)

വ. വേവുന്നു.

തികച്ചിൽ-പൂർത്തി.

തികഞ്ഞവൻ-ദുസ്സാമർത്ഥ്യക്കാരൻ.

തികട്ടുന്നു-ഭക്ഷിച്ചതു ദഹിക്കാതെ വയറ്റിൽനിന്നു കുറച്ച് കുറച്ച് വായിലേക്കുവരുന്നു.

തികയ്പ്പ്-ക്രി. തികച്ചു. വ. തൃപ്തി.

തികയുന്നു-ക്രി. മുഴുവനാകുന്നു. വ. തീയാകുന്നു. ന. അവസാനിക്കുന്നു. [സ. ക്രി. തികയ്ക്കുന്നു.]

തികവ്-ക്രി. പൂർത്തി. വ. അവസാനം. ന. നിശ്ചയം. ഭ. ശക്തി. ത. കഴിവ്.

തികളുക-തികയുക.

തികഴ്-[illegible]

ത[illegible]-ക്രി. [illegible]

ത[illegible], തി[illegible]-ക്രി. [illegible] തസരം.

തി[illegible]ക്കുന്നു-ക്രി. [illegible] ടുന്നു.

തി[illegible]ക്കുന്നു-[illegible]ക്കുന്നു.

തി[illegible]ന്നു-ക്രി. [illegible] വ. [illegible]ക്കുന്നു.

തിക്കുട്ടുന്നു-ക്രി. പറയുന്നു. വ. [illegible]ന്നു. ന. വി[illegible]ന്നു. [സ. ക്രി-[illegible]ട്ടിക്കുന്നു.]

തിക്ത-വി. കയ്പുള്ള.

തിക്തകം-പു. പടവലം. രൂപാന്തരത്തിൽ തിക്തരസയോഗമുള്ളതെന്നർത്ഥം. ര. നിലവേപ്പ്. ന. വേപ്പ്. ർ ഓടമരം.

തിക്താ-പു. കയ്പുരസം. മുഖാത്തെ ശുദ്ധിവരുത്തുന്നതു എന്നർത്ഥം. കഫാദിയെ അല്പമാക്കിച്ചെയ്യുന്നതു എന്നുമാകാം. ര. കുടജവൃക്ഷം, ന. പപ്പടകപ്പുല്ല്. ർ. നീർമാതളം.

തിക്തശാകം-പു. കയ്പച്ചീര ര. നീർമാതളം. വളരെക്കാലം ഒരേ നിലയിൽ നില്ക്കുന്നതിനാൽ കുമാരതുല്യം എന്നർത്ഥം.

തിക്താദ്വയം-ചുണ്ടയും പടർചുണ്ടയും

തിക്തീകരിക്ക-കയ്പുതോന്നിക്ക, വെറുപ്പിക്ക.

തിഗ്മ വി. പു. ചൂടുള്ള. ര. തീക്ഷ്ണമുള്ള,

തിഗ്മകരൻ, തിഗ്മദീധിതി, തിഗ്മരശ്മി, തിഗ്മാംശു-സൂര്യൻ,

തിഗ്മം-പു അത്യുഷ്ണം. ര കടുപ്പം. ന. മൂർച്ച

തിഗ്മാംശു-പു. സൂര്യൻ. ര. അഗ്നി. ന. ശിവൻ.

തിങ്കൾ-പു. ചന്ദ്രൻ. ര. തിങ്കളാഴ്ച. ന. മാസം.

തിങ്കൾ, തിങ്ങൾ-മാസം.

'മുക്കാലുന്നാംവ്രതവുമൊരുതിങ്കൾക്ക'
(മയൂരസന്ദേശം)

തിങ്കൾക്കിടാവ്-ചന്ദ്രക്കല.

തിങ്കളാഴ്ച- ഏഴാഴ്ചകളിൽ രണ്ടാമത്തെ ആഴ്ച.

തിങ് ത്വാ സംസ്കൃതത്തിൽ ക്രിയാപദങ്ങളുടെ പേർ.

തിങ്ങൽ-തിക്കൽ.

തിങ്ങക്കിരാംമീൻ ഒരുമാതിരി ചെറിയ മീൻ,

തിങ്കൾമീൻ- സാമാന്യം മത്സ്യത്തിന്റെ ഗുണമുണ്ട്. ബലത്തെ വർദ്ധിപ്പിക്കും. വിശേഷിച്ച രുചിയെ ഉണ്ടാക്കും. ഇതു വൃത്താകൃതിയാണ്. ഇരുപുറവും മുള്ളു കാണും, സം-ചന്ദ്രികം.

തിങ്ങൾഭജനം-മാസംതോറും ചെയ്യുന്ന ഭജനം.

തിങ്ങുകൾ-ക്രിയാപ്രത്യയങ്ങൾ.

തിങ്ങുന്നു-പു. ഞെരുങ്ങുന്നു. ര. നിറയുന്നു. [സ. ക്രി. തിങ്ങുന്നു.]

തിജിലൻ-പു. ചന്ദ്രൻ. ര. രാക്ഷസൻ.

തിടപ്പള്ളി-ക്ഷേത്രത്തിലെ അടുക്കളപ്പുര

തിടം-പു. ശക്തി, ബലം. ര. ഉറപ്പ്, ധൈര്യം, കരുത്ത്, തിറം. ന. പുഷ്ടി.

തിടമെനവേ-ദൃഢമായി.

തിടമ്പ്-പു. ശരീരം, ര. ക്ഷേത്രങ്ങളിൽ എഴുന്നെള്ളിപ്പിനു ഉപയോഗിക്കാറുള്ള ദേവവിഗ്രഹം, ബിംബം.

'അമ്പലത്തിനകത്തുചെന്നമ്പലിത്തിടമ്പുപറിക്കയും' (ത്രിപുരദഹനംതുള്ളൽ)

തിടിക്കനെ-പെട്ടെന്ന്.

തിടിനെ-പൊടുന്നനവെ,

തിട്ടക്കപ്പെടുന്നു- പു. പരിഭ്രമിക്കുന്നു. ര. സംഭ്രമിക്കുന്നു

തിട്ടക്കം-പു. പരിഭ്രമം, ര. സംഭ്രമം. ന. കുഴപ്പം.

തിട്ടതിട്ടക്കം-പു. വലിയ കുഴപ്പം, ര. പരിഭ്രമം.

തിട്ടതിടേ-അ പരിഭ്രമത്തോടെ, സംഭ്രമത്തോടെ, കുഴപ്പത്തോടെ, ധൃതിയായിട്ട്.

തിട്ട്-ഉറപ്പ്.

തിട്ട-പു. ഉയർത്തിക്കെട്ടിയസ്ഥലം. ര. ഉറപ്പ്,

തിട്ടതി-പു മുട്ട്. ര. പരിഭ്രമം, ദുഃഖം, ദൗര്ഭാഗ്യം.

'ഒട്ടുപോലിങ്ങനെവട്ടംപോരുന്നല്ലാത്തം
തിട്ടതിപൂണ്ടങ്ങുനിന്നപിന്നെ'
(കൃഷ്ണഗാഥ)

ന. ദുഃഖം. ര് ഭാഗ്യദോഷം.

**തിട്ടം**-ഗ്രാ. നിശ്ചയം. വ. ഉറപ്പ്. ന. നേര്.

ദൃഷ്ടം എന്നതാണ് തിട്ടം ആയത്.

**തിട്ടംവരുത്തുന്നു**-ഉറപ്പുവരുത്തുന്നു, നിശ്ചയംവരുത്തുന്നു.

**തിട്ടി**-ശകാരിച്ചു.

**തിൺ**-വി. ബലമുള്ള, ഉറപ്പുള്ള, കട്ടിയായ്, തടിച്ച.

**തിൺതുട**-തടിച്ച തുട.

**തിണ്മ**-ഗ്രാ. ഘനം, കട്ടി, ഉറപ്പ്, ശൌര്യം, വലിപ്പം, തടിപ്പ്.

'സ്വാകണ്ണുതലംതന്നുടെതിണ്മയെക്കാണ്മോളം' (കൃഷ്ണഗാഥ)

വ. തിണപ്പ്.

**തിണക്കുന്നു**-അടികൊണ്ടും മററും തടിച്ചുപൊങ്ങുന്നു, വീക്കുന്നു.

**തിണപ്പ്**-തടിച്ചുപൊങ്ങുക.

**തിണ്ണ**-ഇറയം, കോലായ, താ. പത്മയങ്ങളം-വിതർദ്ദി, വേദികം

**തിണ്ണനിരങ്ങം**- തൊഴിലില്ലാതെ വീടുതോറും നടക്കുക.

**തിണ്ണനിരങ്ങുന്നു**- മടിനിമിത്തം വീടുതോറും നടക്കുന്നു.

**തിണ്ണം**-അ. ഗ്രാ. വേഗത്തിൽ. വ. ബലമായിട്ട്.

**തിണ്ണമിടുക്ക്**-വീട്ടുമിടുക്ക്.

**തിണ്ടാടുക**-കഷ്ടപ്പെടുക, അങ്ങുമിങ്ങും അലഞ്ഞുനടക്കുക.

**തിണ്ടിക്ക**-പുണ്ണിന്റെ വക്ക വീർക്കുക.

**തിണ്ടു**-ഗ്രാ. ചരക്കുകെട്ട്. വ. തേച്ചുവരമ്പ്. ന. വരമ്പു.

**തിതഉ** - ചല്ലടം. , വിസ്തരിപ്പിക്കുന്നതു് എന്നർത്ഥം ' അരിപ്പുവട്ടി.

**തിതിക്ഷ**-ക്ഷമ. തീക്ഷ്ണമായ (ഒട്ടും ഇളകാത്തതായ) സഹനശക്തി എന്നർത്ഥം. പ്രതികാരബുദ്ധി കൂടാതെ സർവ്വദുഃഖങ്ങളെയും സഹിക്കുക

**തിതിക്ഷു**-വി. ക്ഷമയുള്ള.

**തിതിഭം**-ഇന്ദ്രഗോപം എന്നജന്തു (കീടം)

**തിതിരാ**-തിത്തിരിപ്പുള്ള്.

**തിതീർഷു**-വി. കടപ്പാൻ ആഗ്രഹമുള്ള.

'തിതീർഷുർദ്ദുസ്തരംമോഹാദുഡുപേനാസ്മി സാഗരം' (രഘുവംശം)

**തിത്തി**-ഊതുന്നതിനുള്ള തോൽകൊണ്ടുള്ള ചെറിയ കുഴൽ.

**തിന്തിഡീ,തിന്തിഡീകം**-പുളിമരം.

**തിത്തിരം**-തിത്തിരിപ്പുള്ള്.

**തിത്തിരി**-ഒരുവക പക്ഷി, തിത്തിരിപ്പുള്ള, ചിച്ചിരിപ്പക്ഷി. 'തിത്തി' എന്നു ശബ്ദിക്കുന്നതു് എന്നർത്ഥം.

തിത്തിരിപ്പുള്ള്-ഇതിന്റെ മാംസം രക്തദോഷം, ജ്വരം, ഛർദ്ദി, വായുമുട്ടൽ, ഇക്കിൾ ഇവകളെ നശിപ്പിക്കും. വാതം അധികമായും പിത്തം മദ്ധ്യസ്ഥിതിയിലും കഫം കുറഞ്ഞുമിരിക്കുന്ന സന്നിപാതം ശമിപ്പിക്കും. ബലത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. മലത്തെപ്പിടിക്കും. രുചിയെ ഉണ്ടാക്കും. ശരീരത്തെ തടിപ്പിക്കും. ബുദ്ധിയെ നന്നാക്കും. നിറം കൊടുക്കും. മത്തതിത്തിരിക്ക് ഉത്തമം. ഇതിനെ ആവണക്കിൻ വിറകുകൊണ്ടു തീയെരിച്ചു വേവിച്ചു ആ എണ്ണയിൽ വറുത്തു ഭക്ഷിക്കരുതു്. അ-ചിച്ചില്വ്. ഇം-the Francoline Partridge മി ഫ്രാങ്കോലൈൻ പാർട്ട്രിഡ്ജ്.

**തിത്തിലം**-ഗ്രാ. കഴിവുള്ള പാത്രം. വ. ഉലാക്കപ്പെട്ട.

**തിഥം**-ഗ്രാ. അഗ്നി. വ. സ്നേഹം. ന. സൂര്യൻ. ര് വത്സരം.

തിഥി-പക്ഷം. എല്ലായ്പ്പോഴും ഗമിച്ചുകൊണ്ടിരിക്കുന്നതു് എന്നൎത്ഥം. ചന്ദ്രന്റെ പതിനഞ്ചു ദിവസങ്ങൾ.

തിഥിസംഖ്യ-(ജ്യോതിഷപ്രകാരം) പതിനഞ്ച്.

തിന്തിഡി-പുളിമരം. ഉമിനീരിനെ ഉണ്ടാക്കുന്നതു് എന്നൎത്ഥം.

തിന്തിഡീകാ-പുളിവൃക്ഷം, പുളിങ്ങ.

തിന്ത്രിണി-൧ പുളിവൃക്ഷം. ൨. പുളിരസം.

തിന്ത്രി(ഡീ)ണീകം- വാളമ്പുളി, പുളിങ്ങ.

തിന്ദുകം, തിന്ദുകീ-പനിച്ചി, തുമ്പച്ചെടി. ആൎദ്രമായിഭവിക്കുന്നതു് എന്നൎത്ഥം

തിന്മ-വി. ചീത്തയായുള്ള.

തിന്മ- ൧. ദോഷം. ൨. ചീത്തത്തം. നന്മ> <തിന്മ.

തിന-ഒരുവക ധാന്യം. പൎയ്യായങ്ങൾ-കംഗു, പ്രിയംഗു.

തിന-വിശേഷാൽ കഫത്തെ ശമിപ്പിക്കും. പിത്തത്തിനും ചുട്ടുനീറലിനും നന്നു്. ശരീരത്തെ തടിപ്പിക്കും. വാതവൎദ്ധനകരമാണു്. രുചി ഉണ്ടാക്കും. മുറിവിനെ കൂട്ടിപ്പിടിപ്പിക്കും. കതിരുകൾക്കു അധികം നന്നു്. മഞ്ഞനിറമുള്ളതിനു ഗുണം ഏറും. തിന പാലിനോടെ‌ാം തിളപ്പിച്ചു ഭക്ഷിക്കരുതു്. ഇം-Millet മില്ലെററ്. തിന എന്നതു് ചോളഭേദമാണു്.

തിന്തിശം-തോട്ടുകാര. ചിരഞ്ജീവി എന്നൎത്ഥം.

തിന്നാമ്പാല-ഒരു മരുന്നുചെടി.

തിന്നി-നന്നായ് ഭക്ഷിക്കുന്നവൻ.

തിന്നുന്നു-ഭക്ഷിക്കുന്നു.

തിപ്പലി-ഒരുവക അങ്ങാടിമരുന്നു്. പൎയ്യായങ്ങൾ-കൃഷ്ണാ, ഉപകുല്യാ, വൈദേഹി, മാഗധീ, ചപലാ, കണാ, ഉഷണം, പിപ്പലി, ശൌണ്ഡി, കോലം.

[പിപ്പലി- (ഉണങ്ങിയതു്) വാതം, കഫം, ചുമ, വായുമുട്ടൽ, കുഷ്ഠം, ജ്വരം, മഹോദരം, കൃമി, ആമദോഷം, പ്രമേഹം, അരുചി, ഗുല്മം, അൎശസ്സ്, പ്ലീഹ, ശൂലം, ക്ഷയം, അഗ്നിമാന്ദ്യം, കാസശ്വാസം ഇവകളെ വിശേഷം. ശുക്ലവൃദ്ധികരമാണു്. രസായനവിധിപ്രകാരം ഉപയോഗിക്കുന്ന പക്ഷം ത്രിദോഷത്തിനും അത്യുത്തമമാകുന്നു. മലത്തിനെ അയവുണ്ടാക്കും. ഇതു മീൻ വറുത്തു ശേഷിച്ച എണ്ണയിലോ നെയ്യിലോ പാകംചെയ്തു ഭക്ഷിക്കയോ അരച്ചു തേക്കയോ ചെയ്യരുതു്.]

തിപ്പലിമൂലം- ൧. ചെറുതിപ്പലിയുടെ വേരു ഉണങ്ങിയതു്.

ഇതു് കഫം, കൃമി, വാതം, വയറുവീപ്പു്, വായുമുട്ടൽ, പ്ലീഹ, ഗുല്മം, ക്ഷയം, ചുമ, ഛൎദ്ദി, ശൂലം, ഇക്കിൾ, കണ്ഠരോഗം ഇവകൾക്കു നന്നു്. അഗ്നിവൎദ്ധനകരമാണു്. രുചിയെ ഉണ്ടാക്കും. ആമത്തെ പചിപ്പിക്കും. മലത്തെ ഇളക്കും. ത-തിപ്പിലിക്കട്ടെ. ഇം-Piperroot പൈപ്പർറൂട്ട്.

൨. കാട്ടുതിപ്പലിവേർ. ഞാറക്കമൂലം എന്നു തമിഴ്.

തിപ്പു-വി. ചീത്തയായ.

തിമി-൧ ഒരുവക വലിയ മത്സ്യം തന്നേക്കാൾ ശക്തനായ ശത്രുവുള്ളതുനിമിത്തം എപ്പോഴും ഭയംകൊണ്ടു ക്ഷീണിക്കുന്നതു എന്നൎത്ഥം.

തിമി ഒരു യോജന നീളമുള്ള മത്സ്യമാണു്. പെരുന്തലമത്സ്യം എന്നും അൎത്ഥം കാണുന്നു.

൨. സമുദ്രം.

തിമികോശം-സമുദ്രം.

തിമിത-വി. ഭൂ. ഇളക്കമില്ലാത്ത. ഒ. സ്ഥിരമുള്ള. ന. നനഞ്ഞ.

തിമിതം, സ്തിമിതം-നനഞ്ഞത്.

തിമിദ്ധ്വജൻ-ഒരു രാക്ഷസൻ.

ഇയാളെ ഇന്ദ്രൻ കൊന്നു ദശരഥന്റെ സഹായം കൂടി ഇതിലേക്കുണ്ടായിരുന്നു. തിമിദ്ധ്വജനുമായുള്ള യുദ്ധത്തിലാണ് കൈകേയി ദശരഥനെ സഹായിച്ചതും രണ്ടു വരങ്ങൾ വാങ്ങിയതും. രാമചന്ദ്രനെ കാട്ടിലയപ്പാൻ കൈകേയി ഉപയോഗപ്പെടുത്തിയ വരങ്ങൾ ഇവ രണ്ടുമാണത്രേ.

തിമിംഗിലം-തിമി എന്ന മത്സ്യത്തെ വിഴുങ്ങുന്നതായ മറ്റൊരു മത്സ്യം.

തിമിംഗിലഗിലം-തിമിംഗിലത്തെ വിഴുങ്ങുന്ന മത്സ്യം.

'തിമിംഗിലഗിലോപ്യസ്തി തൽ
ഗിലോപ്യസ്തി രാഘവ'

തിമിക്കുന്നു-സന്തോഷം കൊണ്ടു ചാടിക്കളിക്കുന്നു.

തിമിർത്ത-വി. തികഞ്ഞ, നിറഞ്ഞ.

തിമിർപ്പ്-സന്തോഷംകൊണ്ടുള്ള ചാടിക്കളി, അഹംകാരം.

'അജ്ഞവംശന്നിൽചെന്നങ്ങിറങ്ങി
തിമിർപ്പോടെ' (ഭാഗവതം)

തിമിരം-ഭൂ. ഇരുട്ട്. കർമ്മകന്മാരുടെ ഏറ്റവും യങ്ങളെ ഒണ്ടാപ്പിക്കുന്നതു എന്നർത്ഥം. ഒ. കണ്ണിലുണ്ടാകുന്ന ഒരു ദീനം.

തിമില-ഒരു വാദ്യം.

തിമിശം-തണ്ണിമത്തങ്ങ. ഒ. തൊട്ടുകാര.

തിസ-ഒരു നദി

തിമ്യത്ത്-നനവുള്ളത്.

തിയ്യ, തീയത്ത്-ചീത്ത.

തിയ്യതി-ദിവസം.

തിയ്യത്തി-ചോകത്തി.

തിയ്യൻ-ചോകൻ.

തിയ്യാടി-അമ്പലവാസികളിൽ ഒരു ജാതിക്കാരൻ.

തിയ്യാട്ട്-തിയ്യാട്ടുണ്ണി വേഷംകെട്ടി വഴിപാടായിട്ടു ചെയ്യുന്ന ഒരുത്സവം.

തിയ്യാട്ടുണ്ണി-തിയ്യാടി.

തിയ്യാട്ടുപറ-തിയ്യാട്ടിനു കൊട്ടുന്ന ഒരു വാദ്യം.

തിര-ഭൂ. സമുദ്രത്തിലെ ഓളം. പര്യായങ്ങൾ ഭംഗം, തരംഗം, ഊർമ്മി, വീചി.

ഭംഗം തരംഗം ഇവരണ്ടും ചെറിയതിരയുടെ പേർ എന്നും ഊർമ്മി, വീചി ഇവ രണ്ടും തിരയുടെപേർ എന്നും അഭിപ്രായഭേദം കാണുന്നുണ്ട്. എന്നാൽ ഏതെങ്കിലും പരിശോധനയിൽ മുൻപറഞ്ഞപ്പെട്ട ശബ്ദങ്ങൾ നാലും തിരയുടെ പേർ എന്നു തന്നെ ഖണ്ഡിച്ചു പറയേണ്ടിയിരിക്കുന്നു. അതിനു പ്രധാന കാരണം പ്രയോഗബാഹുല്യമാണത്രേ.]

ഒ. മറ ന. മഞ്ചാടിക്കുരുകൊണ്ടുണ്ടാക്കുന്ന ഒരു ഭക്ഷണവസ്തു.

തിരകം-തിസ്തിലകം.

തിരക്ക്-ഭൂ. അന്വേഷണം. ഒ. തിക്ക്.

തിരക്കുന്നു-ക്രി. അന്വേഷിക്കുന്നു. ഒ. തിക്കുന്നു. [ക-ക്രി. തിരക്കിക്കുന്നു.]

തിരച്ചിൽ-അന്വേഷണം.

തിരശ്ചീന-വി. വിലങ്ങത്തിലുള്ള.

'ശരം തിരശ്ചീനമന്തരസംഭേദ'
(മാഘം)

തിരട്ട്-ഒരുവക കണക്ക്.

തിരട്ടു (തിരണ്ടു) കല്യാണം-വയസ്സറിയിക്കുന്ന കല്യാണം.

തിരട്ടുന്നു-ക്രി. ഉരുട്ടുന്നു. ഒ. കടക്കുന്നു.

തിരട്ടുപ്പാൾ-ഒരു പലഹാരം.

ഉഴുന്നു തിരുമ്മി അരച്ചു ഉരുളയിൽ പരുവകയിട്ടു വെച്ചു

തിരണ്ട-വി. ൧ വലിയ. ൨. മുററിയ. ൩. ഋതുവായ.

തിരണ്ടകല്യാണം-ഋതുകല്യാണം.

തിരണ്ടി-ഒരുവക മത്സ്യം.

തിരണ്ടിരിക്ക-സ്ത്രീകൾ ആദ്യം ഋതുവായിരിക്ക.

'തങ്ങടെകളുടെ തിരണ്ടിരിക്കുന്നതും
രണ്ടതിന്നായെന്തൊരുമ്പെട്ടിരിക്കുന്നതും'
(ഭാഷാനൈഷധചമ്പു)

തിരപിടിക്കുന്നു-ക്രി. തിരശ്ശീലപിടിക്കുന്നു. ൧. കഥകളിക്കും മററും വേഷക്കാർ അരങ്ങത്തു പുറപ്പെടാറാകുമ്പോൾ ഒരു ശീല നിവൎത്തിമറച്ചുപിടിക്കുന്നു.

തിരപ്പുറപ്പാടു-ആഡംബരം (ശൈലി).

തിരമാല-സമുദ്രത്തിലെ ഓളം.

വലിയതിരമാല = ഉല്ലോലം, കല്ലോലം.

തിരയ്ക്കുക-ചുരുട്ടുക. [തിരച്ചു=ചുരുട്ടി].

തിരയുന്നു-അന്വേഷിക്കുന്നു.

തിരിശ്ശീല-കഥകളിക്കും മററും മറയ്ക്കുന്ന വസ്ത്രം. പൎയ്യായങ്ങൾ-പ്രതിസീരാ, ജവനികം, തിരസ്കരണി.

തിരസ്സ്-അ ൧. രഹസ്യമായി. ൨. വളവായി.

തിരസ്കരണം-൧. മറ. ൨. നിന്ദ. ൩. ഉപേക്ഷിക്കുക എന്ന സ്ഥിതി.

തിരസ്കരിണി-മറയുന്നതിനുള്ള ഒരുവിദ്യ ചില മന്ത്രങ്ങളുടെ ശക്തികൊണ്ടുമനുഷ്യരാൽ അദൃശ്യരായി തീരുവാനുള്ള ശക്തിയെ പ്രദാനംചെയ്യുന്ന ഒരു ശാസ്ത്രം.

'തിരസ്കരിണി ഒവ തരുന്നു ഞങ്ങൾ'
(നളചരിതം കഥകളി)

എന്നെ ആരും കാണാതിരിക്കാനുള്ള വിദ്യ. ഈ വിദ്യ പ്രയോഗിച്ചാൽ ഒരുവനു താൻ ആവശ്യപ്പെടുന്ന ആളുകൾ ഒഴികെ മററുള്ളവൎക്കൊക്കയും അദൃശ്യനായി തീരാം.

തിരസ്കരിണി, തിരസ്കാരിണി-൧. മറ. ൨. കൂടാരത്തിനു ചുററുമുള്ള മറ. മറയ്ക്കുന്നതു എന്നൎത്ഥം.

തിരസ്കരിക്കുന്നു-൧ ഉപേക്ഷിക്കുന്നു. ൨. നിന്ദിക്കുന്നു. ൩. മറയ്ക്കുന്നു. ൪. ധിക്കരിക്കുന്നു.

തിരസ്കാരം-൧, നിന്ദ. ൨. ഉപേക്ഷ. ൩. മറ. ൪. ധിക്കാരം.

തിരസ്കൃത-വി. ൧. നിന്ദിക്കപ്പെട്ട. ൨. ഉപേക്ഷിക്കപ്പെട്ട ൩. മറയ്ക്കപ്പെട്ട. ൪. ധിക്കരിക്കപ്പെട്ട.

തിരസ്കൃതി-൧. നിന്ദ. ൨. ഉപേക്ഷ. ൩. മറ, ൪. ധിക്കാരം.

തിരസ്ക്രിയ-൧. നിന്ദ. ൨. ഉപേക്ഷ. ൩. മറ. ൪. ധിക്കാരം.

തിരൾച്ച-൧. സ്ത്രീകൾ ആദ്യം ഋതുവാകൽ. ൨. വളൎച്ച.

തിരളുന്നു-൧. സ്ത്രീകൾ ആദ്യം ഋതുവാകുന്നു, വയസ്സറിയുന്നു. ൨. വൎദ്ധിക്കുന്നു. ൩. പൂൎത്തിയാവുന്നു. ൪. ഉണ്ടാകുന്നു ൫ മിന്നുകുന്നു.

തിരണ്ടവൾ = മദ്ധ്യമ, ദൃഷ്ടരജസ്സ്.
തിരളാത്തവൾ = ഗൌരി, നഗ്നികം, അനാഗതാൎത്തവ.

തിരി-വെളിച്ചം കത്തിപ്പാൻ വിളക്കിൽ തെറുത്തിടുന്നതുണി, വൎത്തി,

തിരികാണി-കുശവൻകലംമനയുന്നസൂത്രം

തിരികല്ല്-പയറു കോതമ്പു മുതലായവ പൊടിക്കുന്നതിനുള്ള സൂത്രക്കല്ല്, തിരികക്കല്ല് (തിരുവകല്ല്).

തിരിക്കുന്നു-൧. പുറപ്പെടുന്നു. ൨. ചുററിക്കുന്നു, വട്ടത്തിലാക്കുന്നു. ൩. തിരികക്കല്ലിലിട്ടു പൊടിക്കുന്നു. ൪ പിരിക്കുന്നു. വിളക്കുകത്തിപ്പാൻ തുണിതെറുക്കുന്നു. ൫ തെറുക്കുന്നു. ൬. വേർപെടുത്തുന്നു ൭ അറിയിക്കുന്നു.

തിരിച്ചൽ-൧. ചുററൽ ൨. തിരിക.

തിരിനീട്ടുന്നു-ക്രി. തിരിചുണ്ടുന്നു, വിള ക്കിലെ ദീപംതെളിക്കുന്നു. ല. ഉത്സാഹി പ്പിക്കുന്നു.

തിരിപ്പ്-ചുററിപ്പ്.

തിരിപ്പടി-ക്രി. വഞ്ചന. ല. ഉപായം.

തിരിപ്പടിഎടുക്ക-ചതിക്ക.

തിരിപ്പൻ-ക്രി. മറമുടി, സ്ത്രീകളു തലമു ടിയുടെ കൂടെ വെച്ചുകെട്ടുന്ന കരിമ്പടം മുതലായവ, ല. തികഞ്ഞവൻ, കള്ളൻ.

തിരിപ്പുന്ന-ഒരു പച്ചമരുന്ന്.

തിരിമാലി-ക്രി. വഞ്ചന ല. ഉപായം.

തിരിമാലിത്തരം - വഞ്ചിക്കുന്ന സ്വഭാ വം. ല. ഉപായശീലം.

തിരിയുന്നു-ക്രി. ചുററുന്നു ല. അലയുന്നു. ന. മറിയുന്നു. ര. തെണ്ടുന്നു, ഇരന്നുനട ക്കുന്നു, ഇ. അറിയുന്നു. ന്യ. നല്ലതും ചീ ത്തയുംവേർപെടുത്തുന്നു. [സ-ക്രി-തിരി ക്കുന്നു.] ൧. മാറുന്നു.

തിരിയുഴിച്ചിൽ-തിരികൊളുത്തിയുഴിക

തിരിയെ, തിരികെ-അ. വീണ്ടും.

തിരിവ്-ക്രി. ചുററൽ. ല. അറിവ്. ന. കല്ലുനാണയം. ര. നല്ലതും ചീത്തയും തിരിഞ്ഞുവച്ചിട്ടുള്ളതിൽചീത്തയായത്.

തിരിശ്രുമാനം-വഞ്ചന, ഉപായം.

തിരീടം-ക്രി ഒരു പച്ചമരുന്ന, പാച്ചോ ററി. മോക്ഷശമനം എന്നർത്ഥം. ല. സ്വച്ഛം.

തിരു-വി. പുണ്യമുള്ള. ല. ശ്രേഷ്ഠമുള്ള. ന. മാനമുള്ള.

തിരുകാണി-കമ്മാളരുടെയും മററും വിര ഞ്ഞതിരിക്കുന്നപാത്രം.

തിരുകൽ-ഇടയിൽ തള്ളിക്കേററുക, ഉറ ഉള്ളതാക്കുക.

തിരുകുന്നു-ഇടയിൽ തള്ളിക്കേററുന്നു, ഉറ ഉള്ളതാക്കുന്നു.

തിരുകററി-പുളിക്കററി.

തിരുകാണി-രാജാവിനു കൊടുക്കുന്ന സ മ്മാനം.

തിരുക്കൽപ്പൂവ് - ഒരാഭരണം. (തലമുടി യിൽ അണിയുന്നത്. പൂവിന്റെ ആകാരമായി രിക്കും)

തിരുടൻ-കള്ളൻ.

തിരുത-ക്രി. ഒരുവക മത്സ്യം. ല. തെര ളുടെ പേർ.

തിരുതാളി-ഒരുവള്ളി.

തിരുത്ത്, തിരുത്തൽ-ഗ്രന്ഥങ്ങളിലും മററും പിഴയുള്ളതു നീക്കി നേരെ എഴു തുക, ശരിയാക്കൽ.

തിരുനാമപ്പാല, തിരുനാമ്പാല- ഒരു മരുന്ന്.

തിരുനാമം-പുണ്യനാമം, ശ്രേഷ്ഠമുള്ളനാമം

തിരുനാവ-ബ്രാഹ്മണർ വേദം പഠിക്കുന്ന ഒരു മുഖ്യസ്ഥലം.

പണ്ടുനമ്പൂതിരിമാർ വേദശാസ്ത്രത്തിൽ ഒരാളെ തെരഞ്ഞെടുത്തു വാദ്ധ്യാരാക്കുന്ന വാ ദ്ധ്യാനതിനു അവരോധിപ്പാൻ നമ്പൂതി രിമാരും ഇതര ജാതിക്കാരും ഒന്നിച്ചുകൂ ടേണ്ടതിലേക്ക തിരുവപ്പാട്ടിലെസ്ഥലം.

തിരുനാവാഴിക-കല്പിക്കുക.

തിരുനാൾ-രാജാവു ജനിച്ചപിറന്ന പി റന്നാൾ.

തിരുനീർ-ചാണകം ചുട്ടുണ്ടാക്കിയ ഭസ്മം.

തിരുനെൽവേലി-ഒരു ദിക്ക്.

തിരുനെററി- ക്രി. രാജാക്കന്മാരുടെയും മററും നെററി. ല. ദേവ പ്രതിമകളുടെ യും നടുവിലുള്ള സ്ഥലം.

തിരുമനസ്സ്-ക്രി. രാജാക്കന്മാരുടെയും മ ററും മനസ്സ്. ല. രാജാക്കന്മാരെയും മററും പറയുന്ന ഒരു ബഹുമാനവാക്ക്.

തിരുമാടമ്പ്-രാജാക്കന്മാർക്ക പൂണൂലി ടുന്ന കർമ്മം.

തിരുമാംസം-മരിയാദ്യം, ചൊണം.

**തിരുമുഖം**-൧. രാജാക്കന്മാരുടെയും മററും മുഖം. ൨. കേരളത്തിൽ ചില രാജാക്കന്മാർ അവരുടെ പ്രജകളിൽ ചിലക്കു കൊടുക്കുന്ന ഒരു സ്ഥാനം.

**തിരുമുടി**-രാജാക്കന്മാരുടെയും മററും തലമുടി.

**തിരുമുത്ത്**-രാജാക്കന്മാരുടെയും മററും പല്ല്.

**തിരുമുമ്പന്മാർ**-സ്വാമിയാന്മാർ.

**തിരുമുമ്പ്**-രാജാക്കന്മാരുടെയും മററും മുൻഭാഗം.

**തിരുമുമ്പിൽ, തിരുമുമ്പാകെ**-അ. രാജാക്കന്മാരുടെയും മററും മുൻഭാഗത്തിൽ.

**തിരുമുൽക്കാഴ്ച**-രാജാക്കന്മാർക്കും മററും വച്ചുകാണുന്ന കാഴ്ച.

**തിരുമുൽപ്പാട്, തിരുമുമ്പ്പാട്**-കേരളത്തിലുള്ള ഒരു ക്ഷത്രിയവർഗ്ഗം. (തിരുപ്പാടു നോക്കുക).

**തിരുമുല്പ്**-തിരുമുൻപ്.

**തിരുമുററം**-ക്ഷേത്രത്തിൻെറ മുററം.

**തിരുമൂപ്പ്**-രാജവാഴ്ച.

**തിരുമേനി**-൧. രാജാക്കന്മാരുടെയും മററും ശരീരം. ൨. വിഷ്ണുക്രാന്തി.

**തിരുമൈ**-തിരുമേനി. (തിരു + മെയ്യ്)

**തിരുമ്മൽ**-൧. തലോടൽ. ൨. ഉഴികം.

**തിരുമ്മുന്നു, തിരുമ്പുന്നു**-൧. തലോടുന്നു. ൨. ഉഴിയുന്നു.

**തിരുവചനം**-൧. ദൈവത്തിൻെറ വാക്കു. ൨. രാജാവിൻെറ വാക്ക്.

**തിരുവടയാളം**-൧. രാജാവിൻെറ എഴുത്ത്. ൨. സന്ന്യാസിയുടെ എഴുത്ത്.

**തിരുവടി**-രാജാക്കന്മാരെയും മററും മാനിച്ചു പറയുന്ന ഒരു വാക്ക്.

**തിരുവട്ടപ്പയൻ, തിരുവട്ടപ്പശ**-ഒരങ്ങാടിമരുന്ന്. പര്യായങ്ങൾ-പായസം, ശ്രീവാസം, വൃകധൂപം, ശ്രീവേഷ്ടം, സരളദ്രവം.

തിരുവട്ടപ്പശ-വാതം, കഫം, നേത്രരോഗം, ശിരോരോഗം, വിയർപ്പ്, ദുർഗ്ഗന്ധം, ഭൂതപീഡ, സ്വരസാദം, അലക്ഷ്മി, രാക്ഷസപീഡ, ജ്വരം, ആക്ഷേപം എന്ന വാതം മുതലായവക്കു നന്ന്. മൂത്രകൃഛ്രം. മുറിവിൽനിന്നു അതിവേഗത്തിൽ ഒഴുകുന്ന രക്തത്തെ നിറുത്തും. പുകക്കുന്നതിനു നന്ന്. തൈലസംസ്കാരത്തിലും ഉപയോഗിക്കാം. ഇതു സൌരാഷ്ട്രദേശത്തിങ്കൽ പ്രസിദ്ധം. ചരളമെന്ന ദേവതാരത്തിൻെറ പശകൊണ്ടുണ്ടാക്കപ്പെടുന്ന ധൂപദ്രവ്യമാണ്. സാംപ്രാണി ആയിരിക്കാം. ഇം-Gom-copal, Sandazak, Turpentine, Incense ഗാംകോപൽ, സന്ഡസെക്, ടർപ്പെൻൈറൻ, ഇൻസെൻസ്.

**തിരുവനന്തപുരം**-തിരുവിതാംകൂർ രാജ്യത്തിൻെറ തലസ്ഥാനം.

**തിരുവമ്പാടി**-ഒരു പുണ്യസ്ഥലം.

തിരുവിതാംകൂറിൻെറ പ്രധാന പട്ടണമായ തിരുവനന്തപുരത്തു അനന്തൻകാട് എന്ന സ്ഥലത്ത് പണ്ടൊരു കൃഷ്ണൻകോവിലും ശാസ്താംകോവിലും മാത്രം ഉണ്ടായിരുന്നു. ഈ സ്ഥലത്തു കൊല്ലവർഷം ൨൨൫-ൽ തുളുദേശത്തുനിന്നും 'ദിവാകരൻ' എന്നുപേരായ ഒരു സ്വാമിയാർ യദൃച്ഛയായി എത്തിയപ്പോൾ അദ്ദേഹത്തിനു അനന്തശായിയായി ദർശനം ലഭിക്കയാൽ അദ്ദേഹം അന്നു നാടുവാണിരുന്ന മഹാരാജാവിനോടും അന്നുണ്ടായിരുന്ന ക്ഷേത്രത്തിൻെറ സംബന്ധികളോടും ആലോചിച്ച് ഇരിപ്പത്തിൻെറ കാതൽകൊണ്ടു അനന്തശയനബിംബം ഉണ്ടാക്കി പ്രതിഷ്ഠിച്ചു. ക്ഷേത്രം പണി

യിക്കയും ക്ഷേത്രാധികാരികളിൽ പ്രധാനികളെ ചേൎത്തു എട്ടരയോഗം എന്ന ഒരു സമാജത്തെ ഉണ്ടാക്കുകയും മററും ചെയ്തു.

തിരുവത്താഴം—സത്യകൎമ്മം; കുൎബ്ബാന.

തിരുവന്തളി—രാജാവു നാടുനീങ്ങിയാൽ ഏഴിനും പന്ത്രണ്ടിനുമുള്ള അടിയന്തരങ്ങൾ.

തിരുവയർവാഴ്ക—രാജസ്ത്രീകൾ ഗൎഭമുണ്ടാവുക.

തിരുവരത്തിക്കുററൻ—൧. സ്വേച്ഛാചാരിയായ കാള. ൨. ദേവന്റെ കാള. ൩. ഗോശാല. [ഇടച്ചരം എന്നതു നോക്കുക.]

തിരുവല—ഇരപ്പാളി.

തിരുവാണ—രാജാവിനേയും മററും കുറിച്ചുള്ള ആണ.

തിരുവാതിര—ആറാമത്തെ നക്ഷത്രം.

പുരാതനകാലങ്ങളിൽ സ്ത്രീകൾക്ക് ഇതു ഉല്ലാസപ്രദമായ ഒരു ഉത്സവദിവസമായിരുന്നു. ഇതു മറ്റു ഇപ്പോൾ വളരെ ഭേദപ്പെട്ടിട്ടുണ്ട്. തിരുവാതിരയുടെ ഉത്സവത്തെപ്പററി താഴെ പറയുന്ന വിധം ഐതിഹ്യങ്ങൾ കാണുന്നു. ൧. കുമാരസംഭവകഥയിൽ പ്രിയനാഥവിരഹം കൊണ്ടു രതി വിലപിക്കുന്നതു വിചാരിച്ചു ആൎദ്രചിത്തയായി ഭൎത്തൃസമാഗമം അധികം താമസിയാതെ ഉണ്ടാകുമെന്നു ശ്രീപാൎവ്വതി വരം നൽകിയ ദിവസമെന്നു ചിലർ. ൨. ബാലഗോപാലനെ ഭൎത്താവായി കിട്ടുവാൻ ഗോപസ്ത്രീകൾ കാത്യായനീപൂജ നടത്തിയ ദിവസമെന്നു മററു ചിലർ.

തിരുവാതിരക്കളി—കൈകൊട്ടിക്കളി.

തിരുവാഭരണം—രാജാക്കന്മാരുടെയും മററും ആഭരണം.

തിരുവായ്മൊഴിയുക—പറക ഉ-ം, 'ശ്രീകൃഷ്ണൻ തിരുവായ്മൊഴിഞ്ഞു.'

തിരുവാലത്തിരി—ഉച്ചപൂജാസമയം പണ്ടാരം ബലിത്തിരി രാജാക്കന്മാരും മററും ഘോഷസംബന്ധമായി കഴിക്കുന്ന ഒരു കൎമ്മം.

തിരുവാളി—ഇരപ്പാളി.

തിരുവാഴി—രാജാക്കന്മാരുടെയും മററും മോതിരം.

തിരുവാഴിത്താൻ—൧. രാജസേവയുള്ളവൻ. ൨. നേരംപോക്കുകാരൻ (ശ്രീവാഴ്ത്തുവോൻ) സ്തുതിപാഠകൻ.

മുൻകാലങ്ങളിൽ രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും മന്ദിരങ്ങളിൽ വിനോദത്തിനായി ചിലരെ പാൎപ്പിക്കുക പതിവായിരുന്നു. അവരിൽ ഒരുവർ.

തിരുവാററ—രണ്ടു കൈവഴിയായി ഒഴുകുന്ന ആറ്.

തിരുവിതാംകോട്—൧. തിരുവിതാംകൂർ രാജ്യം (ശ്രീവിതാംകോടു). ൨. തിരുവിതാംകൂർ രാജ്യത്തിലെ ഇരണിയൽ താലൂക്കിൽ ചേൎന്ന ഒരു പകുതി.

തിരുവിതാംകൂർരാജവംശം—വഞ്ചിരാജകുലം.

തിരുവിതാംകൂർ മഹാരാജാക്കന്മാർ പത്മനാഭപുരം (ശ്രീവല്ലഭപുരം) എന്ന സ്ഥലത്തു താമസിച്ചു കേരളരാജാവായി പള്ളിയുറങ്ങിയ രാമനാൽ തിരുവാളും സിംഹാസനവും കൊടുത്തു അഭിഷേകം കഴിച്ചു വാഴിക്കപ്പെട്ട ചോഴരാജാവിന്റെ മാതാവിന്റെ ഏററ മഹാരാജാവിന്റെ വംശജന്മാരാകുന്നു.

തിരുവില്ലു—ഒരു മീൻ.

തിരുവില്ലക്കാവു—ഒരു പ്രസിദ്ധപ്പെട്ട ശാസ്താംകാവിൽ.

കൊച്ചിസംസ്ഥാനത്തുള്ള ചൊവ്വരയുള്ള വിദ്യാഭ്യാസത്തിനു വളരെ കീൎത്തിപ്പെട്ടതാണ്.

തിരുവുടമ്പു്-ബിംബം, പ്രതിമ.

തിരുവുടയാട-രാജാക്കന്മാരുടെയും മററും വസ്ത്രം.

തിരുവുടൽ- രാജാക്കന്മാരുടെയും മററും ശരീരം. (ബ്രഹ്മണവാക്ക്.)

തിരുവുളി-മരം തുളക്കുന്നതിനുള്ള ഒരുമാതിരി ഉളി.

തിരുവുള്ളക്കേടു്- രാജാക്കന്മാരുടെയും മററും കോപം.

തിരുവുള്ളം- രാജാക്കന്മാരുടെയും മററും മനസ്സു് അല്ലെങ്കിൽ കരുണ, അല്ലെങ്കിൽ പ്രസാദം.

തിരുവെഴുത്തു്- രാജാക്കന്മാരുടെയും മററും എഴുത്തു്.

തിരുവോണം-ഇരുപത്തിരണ്ടാംനക്ഷത്രം

തിരോധാനം-ഃ. മറ, മൂടി, തിരശ്ശീല. വ. ഉടപ്പു്. ന. മറവു്.

തിരോഭാവം-മറവു്.

തിരോഹിത-വി. മറയ്ക്കപ്പെട്ട

തിരോഹിതൻ-ഃ. ഒളിച്ചവൻ. തിരോധാനം ചെയ്തവൻ എന്നർത്ഥം. വ. മറഞ്ഞവൻ.

തിര്യക്ക്, തിര്യങ്ങ്-അ. വിലങ്ങത്തിൽ

തിര്യക്കു്- പ്രാണികളിൽ മനുഷ്യനൊഴികെയുള്ളവരെ ചേർത്തുപറയുന്നതിനു സംസ്കൃതത്തിലുള്ള ഒരു ശബ്ദം, താണജന്തു.

ഭാഷയിൽ ഇതിനു ശരിയായ ശബ്ദമില്ല.

തിര്യഗ്യോനി - പക്ഷിമൃഗാദിജന്തുക്കൾക്കു പറയുന്ന പേർ.

തിര്യങ്ങ്-ഃ. വിലങ്ങത്തിൽ നടക്കുന്നവൻ. വ. വളഞ്ഞുനടക്കുന്നവൻ. ന. മറഞ്ഞുനടക്കുന്നവൻ.

തിലകല്കം-എള്ളിൻപിണ്ണാക്കു്.

തിലകൻ-(പദാന്ത്യത്തിൽ) ഃ. പ്രസിദ്ധൻ, പ്രമാണി, തൊടുകുറിയായവൻ. വ. കാക്കപ്പുള്ളിയുള്ളവൻ.

തിലകം-ഃ. തൊടുകുറി, സ്ത്രീശോഭയെ ഉണ്ടാക്കിത്തീർക്കുന്നതു് എന്നർത്ഥം. പൊട്ടു്. വ. മറ. ന. മയിലെള്ളു്. എള്ളിൻപൂപോലെയുള്ള പൂവുള്ളതു എന്നർത്ഥം. ര. മഞ്ചാടിമരം. ഩ. ശ്രേഷ്ഠത. ൬. മൂത്രാശയം. ഉദരത്തിലുള്ള ജലാധാരം, പുപ്ഫസമെന്ന പേരോടുകൂടിയ മാംസവിശേഷം. ജലാംശത്തെ ദേഹമാസകലം കൊണ്ടുനടക്കുന്നതു് എന്നർത്ഥം. ൭. കാക്കപ്പുള്ളി. വ്യ. കാരുപ്പു്.

തിലകാങ്കൻ-മറുകുള്ളവൻ,

തിലകാളകം-ഃ. ദേഹത്തിലുള്ള ഒരു കറുത്ത അടയാളം, മറുക്, കാക്കപ്പുള്ളി. വ. ക്ഷുദ്രരോഗനിദാനത്തിലുള്ള ഒരു രോഗം.

എള്ളിന്മണിപ്രായമായി വേദനകൂടാതെ ശരീരതുല്യമായ നിറത്തോടുകൂടി ദേഹത്തിലുണ്ടാകുന്ന കറുത്ത നിറം.

ന. ശൂകദോഷനിദാനത്തിലുള്ള മറെറാരു രോഗം.

ലിംഗത്തെ അശേഷം പഴുപ്പിക്കും. തന്നിമിത്തം ലിംഗമാംസം കറുത്തു കൊഴിയും. ഇതിനു കറുത്ത എള്ളിനോടു സാമ്യമുണ്ടാകയാൽ 'തിലകാളകം' എന്ന പേരുണ്ടായി.

തിലകിത-വി. തിലകം (തൊടുകുറി) അണിഞ്ഞ.

'നിഖിലശുകകലവിമല
തിലകിതകളേബരേ'
(അദ്ധ്യാത്മരാമായണം)

തിലജം-തൈലം.

'തിലജദ്രോണിയിലിന്നുടനുളുപവരെ'
(കേരളവർമ്മ രാമായണം)

തിലതണ്ഡുലന്യായം- എള്ളും അരിയുംകൂട്ടിക്കലൎത്തിയാലുള്ള സ്ഥിതി.

തിലപൎണ്ണി-പു. രക്തചന്ദനം.

തിലപൎണ്ണി എന്ന നദിയുടെ തീരത്തിലുണ്ടാകുന്നതിനാൽ രക്തചന്ദനത്തിന തിലപൎണ്ണി എന്ന പേരുണ്ടായി.

വി. ഒരു നദി.

തിലപിഞ്ജം-കാമ്പില്ലാത്ത എള്ള്, കാട്ടെള്ള്. ഫലമില്ലാത്ത തിലം എന്നൎത്ഥം.

തിലപുഷ്പം-എൾപ്പൂവ്.

തിലപേജം-കാമ്പില്ലാത്ത എള്ള്, കാട്ടെള്ള്. ഫലമില്ലാത്ത തിലം എന്നൎത്ഥം.

തിലം-എള്ള്.

തിലംതുദൻ-വാണിയൻ, എണ്ണ വില്ക്കുന്നവൻ.

തിലരസം-നല്ലെണ്ണ.

തിലഹോമം- പ്രേതമുക്തിക്കുള്ള ഒരു കൎമ്മം

തിലിത്സം, തിലിത്സം- പെരുമ്പാമ്പ്, മലമ്പാമ്പ്, മണ്ഡലി. ഒളിച്ചുനടക്കുന്നതു എന്നൎത്ഥം.

തിലു-ഒരു തൈ.

തിലുങ്ക്-പു. ഒരുദേശം. വി. തെലുങ്കുദേശത്തെ ഭാഷ.

തിലുങ്കൻ- തിലുങ്കദേശത്തുള്ളവൻ

തിലുങ്കച്ചെട്ടി-തിലുങ്കദേശത്തുള്ളശ്രേഷ്ഠൻ.

തിലോത്തമ-പു. സ്വൎഗ്ഗത്തിലെ അപ്സരസ്ത്രീകളിൽ ഒരുവൾ.

തിലോദകം-ഉദകക്രിയ.

തില്ല്-ചിരട്ട, നന്മയില്ലായ്ക. തല്ല് > <തില്ല്.

തില്യം-എള്ളുവിളയുന്നേടം. മറ്റൊരു പക്ഷം-തൈലീനം.

തില്വം-ഒരു പച്ചമരുന്ന്, പാച്ചോറ്റി. സ്നിഗ്ദ്ധത വരുത്തുന്നതു എന്നൎത്ഥം.

തിവക്കുന്നു-തിളക്കുന്നു.

തിഷ്യകേതു-ശിവൻ.

തിഷ്യഫലാ-നെല്ലിവൃക്ഷം. മംഗളകരമായ ഫലത്തോടുകൂടിയതു എന്നൎത്ഥം.

തിഷ്യം-പു. പൂയം, എട്ടാംനക്ഷത്രം. സന്തോഷത്തെ ചെയ്യുന്നതു എന്നൎത്ഥം. വി. കലിയുഗം.

തിള-ആൎദ്രമായുള്ള വസ്തുക്കൾ ഒരു പാത്രത്തിൽ പകൎന്ന അടുപ്പിൽവച്ചു തീകത്തിച്ചാൽ തീയുടെ ശക്തികൊണ്ടു മേല്പെട്ടു പൊങ്ങിവരുന്നതിന പറയുന്ന പേർ.

തിളക്കം-പ്രകാശം. [തുളക്കം, തെളക്കം എന്ന രൂപങ്ങളുമുണ്ട്].

തിളങ്ങുക-പ്രകാശിക്കുക (ശോഭിക്കുക).

തിളതിളപ്പ്-അധികം.

തിളയ്ക്കുന്നു-ആൎദ്രമായുള്ളവസ്തുക്കൾ ഒരു പാത്രത്തിൽ പകൎന്ന അടുപ്പിൽ വച്ചു തീകത്തിക്കുമ്പോൾ തീയുടെ ശക്തികൊണ്ടു മേല്പെട്ടു പൊങ്ങുന്നു, തികയ്ക്കുന്നു [സ. ക്രി-തിളപ്പിക്കുന്നു].

തിളയ്വ്-തികയ്ക്കുക, തിളയ്ക്കുക.

തിള്ക്കുക-തിക്കുക, തിങ്ങുക.

തിറ-കരം, കപ്പം.

'മൃനകമ്പടി നടത്തി വീരരായ ഭൂമാന്മാർ
തിറനൽകവാൻ'
(ഉത്തരരാമായണം ചമ്പു)

തിറക്കേട്-സാമൎത്ഥ്യക്കേട്, മിടുക്കില്ലായ്മ.

തിറം-പു. മിടുക്ക, സാമൎത്ഥ്യം. വി. പ്രത്യേക സാമൎത്ഥ്യം. ത. മംഗി. ക. ദാൎഢ്യം.

തിറക്കണ്ണ്-ചെരിഞ്ഞാനോട്ടം.

തിറമ്പുക-ഉളക്കുക.

തിറവിയ-വ. വലുതായ.

## തീ

തീ-പു. പഞ്ചഭൂതങ്ങളിൽ ഒന്ന്, അഗ്നി. വി. കൊട്ടാവലി. പഞ്ചായത്തിന്റെ അംഗശ്യം നോക്കുക.

തീക്കനം-തീപ്പൊരി.

തീക്കട്ട-തീക്കനൽ.

തീക്കണ്ണൻ-ശിവൻ.

തീക്കനൽ-എരികനൽ, തീക്കട്ട, ജ്വലിക്കുന്ന തീ.

തീക്കരി-തീപിടിച്ച കരി.

തീക്കല-പൊള്ളിയവടുക്, തീത്തഴമ്പ്.

തീക്കലം-നെരിപ്പോട്. പര്യായങ്ങൾ-അംഗാരധാനിക, അംഗാരശകടി, ഹസന്തി, ഹസനീ.

തീക്കല്ല്-തീയുണ്ടാകുന്നകല്ല്.

തീക്കാൽ-൧. തീപ്പൊരി. ൨. പാറയിൽനിന്നൊഴുകുന്ന തീനദി.

തീക്കച്ചി-തീപ്പെട്ടിത്തിരി.

തീക്കടുക്ക-തീ, ഉരച്ചു തീയെടുക്കുന്നതിനുള്ള സാധനം വയ്ക്കുന്ന പാത്രം, തീപ്പെട്ടി.

തീക്കുന്തം-യുദ്ധത്തിനുള്ള ഒരു ബാണം.

തീക്കൂറ്-ദീപസ്തംഭം, വിളക്കുമരം, കപ്പലുകൾക്കു വെളിച്ചം കാട്ടുന്നതിനു പണിയിക്കുന്ന ഉയർന്നമാളിക.

തീക്കുഴി-അടുപ്പ്.

തീക്കൊള്ളി-എരികൊള്ളി, തീയുള്ള വിറകുകൊൽ. പര്യായങ്ങൾ-അലാതം, ഉന്മുകം. (ഉല്മൂകം=കത്താത്ത തീക്കൊള്ളി)

തീക്ഷ്ണ-വി. ൧. മൂട്ടമുള്ള. ൨. മൂർച്ചയുള്ള. ൩. ശക്തിയുള്ള. ൪. കടുപ്പമുള്ള ൫. ബുദ്ധിയുള്ള ൬. സ്നേഹമില്ലാത്ത

തീക്ഷ്ണകണ്ടകം-൧. മുള്ളുള്ള ഒരു വൃക്ഷം, കാര ൨. മുള ൩. ഉമ്മത്ത്.

തീക്ഷ്ണകന്ദ(ക)ം-വെളുത്തുള്ളി.

തീക്ഷ്ണകരൻ-ആദിത്യൻ.

തീക്ഷ്ണകരം-ആദിത്യരശ്മി.

തീക്ഷ്ണകർമ്മാവ്-വി. കഠിനപ്രവൃത്തിയുള്ള

തീക്ഷ്ണക്ഷുപ്പാ-കടുമുളക്.

തീക്ഷ്ണഗന്ധാ, തീക്ഷ്ണഗന്ധികാ-ഒരു വൃക്ഷം, മുരിങ്ങ.

തീക്ഷ്ണത-കഠിനത, കടുപ്പം

തീക്ഷ്ണതണ്ഡുലം-കരുങ്ങാട്ടമരം, തിപ്പലി.

തീക്ഷ്ണതൈലം-ഒരുമാതിരി ഉഷ്ണവീര്യമുള്ള എണ്ണ.

തീക്ഷ്ണദണ്ഡൻ-കഠിനനായ യജമാനൻ.

തീക്ഷ്ണദംഷ്ട്രം-കടുവാ

തീക്ഷ്ണപത്രം-ഒരു വൃക്ഷം, കൊത്തമ്പലി

തീക്ഷ്ണപുഷ്പം-കരയാമ്പൂ

തീക്ഷ്ണഫലം-കൊത്തമ്പാലയരി.

തീക്ഷ്ണം-൧. ഉഷ്ണം. ൨. വിഷം. ൩. ലോഹം. ൪. എരിവ്. ൫. വഷം. ൬. യുദ്ധം. ൭. ഇരിമ്പ്. ൮. തിട്ടം ൯. യുദ്ധം. ഹിംസിക്കുന്നത് എന്നർത്ഥം. ൧൦. മൂട്ട്. ൧൧. ആയുധം. ൧൨. കടല്ലുപ്പ്. ൧൩. ഇഞ്ചി. ൧൪. മുളക്. ൧൫. കന്തുരുക്കം.

തീക്ഷ്ണരസം-വെടിയുപ്പ്.

തീക്ഷ്ണലോഹം-ഉരുക്ക്.

തീക്ഷ്ണവൃക്ഷഫലം-ഇകണക്കരു, ഉക.

തീക്ഷ്ണവ്രണം-കഠിനവ്രണം.

തീക്ഷ്ണശൂകം-ഒരു ധാന്യം, യവം.

തീക്ഷ്ണസാരം-ഇരിമ്പ്.

തീക്ഷ്ണാംശു-൧. ആദിത്യൻ. ൨. ഉതം.

തീക്ഷ്ണോഥപരാഗം-മുളകുപൊടി

തീക്ഷ്ണോത്തമാ-൧. ചുക്ക്. ൨. മുളക്. ൩. തിപ്പലി.

തീച്ചട്ടി-നെരിപ്പോട്.

തീച്ചൂട്-തീയുടെ ചൂട്. പര്യായങ്ങൾ-സന്താപം, സംജ്വരം.

തീച്ചെടികം-സ്വയം പ്രകാശമുള്ള ചില ഔഷധികൾ.

തീട്ട്-ചില രാജാക്കന്മാരുടെയും മററും എഴുത്തിനു പറയുന്നപേർ.

തീട്ടം-മലം.

തീട്ടകം-ചൂണ്ടുക [തീട്ടിപ്പുറക=ചൂണ്ടിപ്പുറക.]

തീട്ടവരം, തീട്ടൂരം, തീട്ടൂരം-കൊച്ചീരാജാവിന്റെ എഴുത്തു്.

തീണ്ടൽ-അശുദ്ധി.

തീണ്ടാനാഴി, തീണ്ടാർമാഴി, തീണ്ടാമഴി-ഒരു ചെടി, മുക്കുററി, തൊട്ടാവാടി.

തീണ്ടാപ്പാട്ട്-തീണ്ടാതെ ഇരിക്കേണ്ട ത്തോളമുള്ള അകലം.

തീണ്ടാമതി-തീണ്ടാപ്പാട്ട്.

തീണ്ടാരി-സ്ത്രീകൾക്കു മാസന്തോറമുണ്ടാകുന്ന ഋതുകാലം, സ്ത്രീകൾക്കുള്ള അശുദ്ധി, വിലക്കം, മാസമുറ.

തീണ്ടായിരിക്കുന്നവൾ=രജസ്വല, സ്ത്രീധർമ്മിണി, അവി, ആത്രേയീ, മലിനീ, പുഷ്പവതീ, ഋതുമതി, ഉദക്യ. തീണ്ടാരിമാറിയ സ്ത്രീ=നിഷ്കളം, വിശതാത്മവം.

തീണ്ടാരിക്കുന്നു-ഋതുവാകുന്നു, വിലക്കമാകുന്നു.

തീണ്ടിക്ക-അശുദ്ധിയാക്കുക.

തീണ്ടിക്കളി-നീചന്മാരോടടുത്തു് അശുദ്ധിയായാലുള്ള കളി.

തീണ്ടിട്ടുക-കൃഷിക്കുപയോഗമുള്ള ഒരു പണി.

തീണ്ട് ഇടൽ നന കൃഷികളിൽ ആവശ്യമാണ്. ഇനി പ്രസ്താവിക്കുന്ന മാതിരിയാണ് തീണ്ടിടുന്നതു്. മണ്ണു മാഞ്ഞിന്മണ്ണും ഇളക്കി ചെടിയാക്കി കളകൾ പെറുക്കിയതിൽപിന്നീടു പൂട്ടംപ്പെകൊണ്ടു നിലത്തിന്റെ ഒരു വക്കത്തു ഒരു ചാലുകീറണം. ചാലു ചെറുക്കവടക്കായി കീറിയാൽ കിഴക്കപ്പെടുത്തുന്ന പലക വലതുവശമായിട്ടുംകൊണ്ടു വലതുവശം പടിഞ്ഞാറോട്ടായി മണ്ണു മറിയുന്നു. നിലത്തിന്റെ തെക്കേ അററം ലേക്കായി പോരാം കലപ്പയെ വലതുഭാഗത്തേക്കു തിരിച്ചു ആദ്യത്തെ ചാലിൽ നിന്നും ഒരടി അകലമായി വേറെ ഒരു ചാലു തെളിക്കുക. ഈ ചാലിൽ നിന്നു മറിയുന്ന മണ്ണു കിഴക്കോട്ടേക്കു മറിഞ്ഞു മുമ്പു പടിഞ്ഞാറോട്ടു മറിഞ്ഞുകിടക്കുന്ന മണ്ണിനോടു മറിഞ്ഞുചേർന്നു ഒരു തീണ്ടുണ്ടാകുന്നു. ഇപ്രകാരം ആവശ്യംപോലെ തീണ്ടുകൾ ഉണ്ടാക്കാം. തീണ്ടിന്മേൽ വിതയ്ക്കുന്നതിനു മുമ്പേ മൺവെട്ടികൊണ്ടോ മററോ നിരത്തേണ്ടതാകുന്നു.

തീണ്ടുന്നു-അശുദ്ധിയാകുന്നു, അശുദ്ധിയാകുമാറു നീചജാതികൾ അടുത്തു വരുന്നു [നാമം തീണ്ടൽ]

തീത്ത-ചീത്ത.

തീത്തഴമ്പ്-പൊള്ളിയ വടു.

തീത്തൊങ്ങി തീയുടെ ചൂടു ഏൽക്കാതിരിപ്പാനുള്ള ഒരു മറ.

തീൻ-ഭക്ഷണം, തിററി.

തീൻകടം-പ്ര കടംകഥ വ. തീററകഥ.

തീൻകഴൽ-തൊണ്ട, തൊണ്ടക്കുഴൽ.

തീൻപണ്ടം-പ്ര ഭക്ഷണസാധനം. വ. വയറ്.

തീൻപണ്ടി-വയററിൽ ഭക്ഷിച്ചവസ്തു കിടക്കുന്ന ഒരു സ്ഥലം.

തീൻപതി-മെച്ചിൽസ്ഥലം.

തീൻപുലം-മെച്ചിൽസ്ഥലം.

തീനി-വളരെ തിന്നുന്നവൻ

തീപ്പതൽ-തീപ്പൊരി.

തീപ്പന-ഒരു പച്ചമരുന്ന്.

തീപ്പാതി-വി. തീകൊണ്ടു പകുതി വെന്ത.

തീപ്പുണ്ണ്-തീകൊണ്ടു പൊള്ളിയ വ്രണം

തീപ്പെട്ടുന്നു-പ്ര, മരിക്കുന്നു എന്നർത്ഥമുള്ള ഒരു ബഹുമാനവാക്ക്. വ. തീപ്പെടലുണ്ടാകുന്നു.

**തീപ്പെട്ടി**-ഉരസുമ്പോൾ തീകത്തുവാൻ മരുന്നു തേച്ചു പുരട്ടീട്ടുള്ള ചെറിയ കോലുകൾ അടങ്ങിയ പെട്ടി.

**തീപ്പെട്ടിത്തിരി, തീക്കുറ്റി**-ഉരസുമ്പോൾ തീപിടിക്കത്തക്ക മരുന്നു അററത്തു പുരട്ടീട്ടുള്ള ചെറിയ കോൽ.

**തീപ്പൊരി**-തീത്തരി. പര്യായങ്ങൾ- സ്ഫുലിംഗം, അഗ്നികണം.

**തീപ്പൊലിക്കുന്നു**-തീകെടുക്കുന്നു.

**തീപ്പൊള്ള്, തീപ്പൊള്ളൽ, തീപ്പൊള്ളം**-തീകൊണ്ടു പൊള്ളുക.

**തീപ്പൊള്ളുന്നു**-തീകൊണ്ടു പൊള്ളുന്നു.

'കക്കാച്ചുണ്ണാമ്പുതോയതെളിയുമതിലിരട്ടിച്ചുതോങ്ങടനെയ്യും
നൽക്കപ്പിക്കള്ളിൽവീഴ്ത്തീട്ടതുപുനരൊരുയാമംകലക്കീട്ടുപിന്നെ
യോജിച്ചാൽതൊട്ടുതേച്ചാൽവിതുകരുതുകനന്നെന്നുതീപ്പൊള്ളൽപോവാൻ
തേക്കാൻനേരംകലക്കീടണമതുമറവാൻനല്ലതൈകകണ്ടവിദ്യ'

കക്കാച്ചുണ്ണാമ്പ് എന്നു പറഞ്ഞതു കൽച്ചുണ്ണാമ്പല്ല. അതു കല്ലുനീററിയുണ്ടാക്കുന്നതാണ്. അതു മതിൽ കെട്ടുന്നേ കൊള്ളാവൂ. ഉരുക്കിയ നെയ്യ് തീസ്പർശം ഉണ്ടായ ഉടനെ പിരട്ടിയാൽ പൊള്ളുകയില്ല. ആട്ടിൻപാൽ കറന്നു കാച്ചി തൈരാക്കി കടഞ്ഞെടുത്തു ഉരുക്കിയ നെയ്യായിരിക്കണം. കമ്പുങ്ങാനീരിൽ പകുതി വെള്ളിച്ചെണ്ണ ചേർത്തു കാച്ചി പുരട്ടിയാൽ തീപ്പൊള്ളൽവ്രണം കരിയും. കമ്പുങ്ങായുടെ ഉള്ളിലെ ചോറും തൈരും കൂടി ചാലിച്ചു പുരട്ടിയാലും മതി.

**തീഭയം**-തീയിൽ നിന്നുള്ള ഭയം.

**തീമറ**-തീമറഞ്ഞ്.

**തീയൻ**-ഒരു ജാതിക്കാരൻ, ഈഴവൻ. [സ്ത്രീ-തീയത്തി.]

തീയർ-ദ്വീപർ എന്ന പദത്തിൽ നിന്നു ലോപിച്ചതു്. ദ്വീപത്തിൽനിന്നു വന്നവർ.

**തീയത്ത്**-ചീത്തയായുള്ളതു്.

**തീയാട്ട്**-തീയാട്ടുണ്ണികളെക്കൊണ്ടു കഴിപ്പിക്കുന്ന ഒരു ഉഴിച്ചൽ

തീയാട്ടുണ്ണി ഭദ്രകാളിയുടെ മുടിയണിഞ്ഞും വേഷം കെട്ടിയും തുള്ളും. അതിനു മുമ്പു ആ ദേവിയുടെ കളമെഴുത്തും പാട്ടും ഉണ്ട്.

**തീരജം**-കരയിൽ (തീരത്തിൽ) നിൽക്കുന്ന വൃക്ഷം.

**തീരം**-ന. നദി, കുളം, സമുദ്രം മുതലായവയെ തൊട്ടുള്ള സ്ഥലം. തോണിക്കാരുടെ കർമ്മസമാപ്തസ്ഥാനം. (തോണിതുഴഞ്ഞു കരയ്ക്കു എത്തിക്കുക സാധാരണമാണല്ലോ) ൨. ഒരുമാതിരി ശരം. ൩. തകരം. ർ. ഈയം.

**തീരാക്കൊണ്ടി**-ന. പ്രയാസമുള്ള കാര്യം. ൨. തീരാത്തവഴക്ക്.

**തീരാത്ത**-വി. അവസാനിക്കാത്ത, തീർച്ചയില്ലാത്ത.

**തീരിത**-വി. തെളിവുപോലെ തീർച്ചപ്പെട്ട.

**തീരു്**-പറവച്ചീട്ട്, സമ്മതച്ചീട്ട്.

**തീരു**-ശിവൻ.

**തീരുന്നു**-ക്രി. അവസാനിക്കുന്നു. ൨. നിവൃത്തിയാകുന്നു.

**തീരുമാനം**-ക. മുഴുവനെ.

**തീരുമാനം**-തീർച്ച.

**തീർക്കുന്നു**-ക്രി. അവസാനിപ്പിക്കുന്നു. ൨. നിവർത്തിക്കുന്നു. ൩. പണിയുന്നു. [കാ. ക്രി. തീർപ്പിക്കുന്നു.]

**തീർച്ച**-ന. അവസാനം. ൨. നിവൃത്തി. ൩. തീരുമാനം, നിശ്ചയം.

**തീർച്ച**-ന. ഒടുക്കം.

**തീർച്ചമൂർച്ച**-നിവൃത്തി.

തിണ്ണ-വി. പ്ര. കടക്കപ്പെട്ട. ൨. പരക്കപ്പെട്ട.
തിൎത്തുപറയുന്നു-നിശ്ചയംപറയുന്നു.
തീൎത്ഥകൻ, തീൎത്ഥികൻ-സന്യാസി, തീൎത്ഥാടനം ചെയ്തു നടക്കുന്നവൻ.
തീൎത്ഥകരൻ-പ്ര. യവനന്മാരിൽ ഒരു പ്രമാണി. ൨. ആശാൻ
തീൎത്ഥദേവൻ-ശിവൻ.
തീൎത്ഥൻ-ഗുരു, ഉപാധ്യായൻ.
തീൎത്ഥപാദൻ-പ്ര. ശിവൻ ൨. വിഷ്ണു. ൩. മഹാൻ. ൪. മഹൎഷി. ൫. പൂജ്യപാദൻ.
തീൎത്ഥമാടുന്നു-പുണ്യതീൎത്ഥത്തിൽ കുളിക്കുന്നു.
തീൎത്ഥം-പ്ര ശുദ്ധജലം. ൨. ജലം. ൩. പുണ്യസ്ഥലം. ൪. കിണററിന്നരികെയുള്ള നീൎത്തൊട്ടി. ൫. ശാസ്ത്രം. ൬. ഋഷികളാൽ സേവിക്കപ്പെട്ട ഗംഗാദി തീൎത്ഥജലം. ൭. യാഗം ൮. പഠിത്തം, അധ്യയനം.
തീൎത്ഥയാത്ര, തീൎത്ഥാടനം-തീൎത്ഥസ്നാനത്തിന്നായിട്ടു നടക്കുക.
തീൎത്ഥവാസി-തീൎത്ഥമാടിനടക്കുന്നവൻ.
തീൎത്ഥസ്നാനം-തീൎത്ഥമാടുക.
തീൎത്ഥികൻ-സന്യാസി.
തീൎന്ന-വി. തികഞ്ഞ
തീൎപ്പ്-പ്ര വിധി. ൨ ന്യായവിധി ൩. തികവ്.
തീൎമ്മ-നിവൃത്തി.
തീൎമ്മുറി-തീച്ചീട്ട്.
തീൎവ്വില-തീച്ചവില, കൊള്ളവില.
തീൎവ്വിലയോല-വിലച്ചീട്ട്.
തീൎവ്വ്-തീരുവ, ചുങ്കം.
തീവരം-സമുദ്രം.
തീവിന-പാപം, അധൎമ്മം.
തീവെട്ടം-തീയുടെ വെളിച്ചം.
തീവെട്ടി-തിരിച്ചൂററി. തീകത്തിക്കുന്ന വിധം ഒരു നീളമുള്ള വടിയുടെ അററത്തു നാലോ അഞ്ചോ അതിലധികമോ ഇരുമ്പുകോലുള്ള ഒരു സാധനം. ദീപയഷ്ടി.
തീവ്ര-വി. പ്ര. ഉഷ്ണമുള്ള. ൨. കടുപ്പമുള്ള. ൩. വേഗമുള്ള. ൪. അധികമായുള്ള
തീവ്രൻ-പ്ര ശിവൻ. ൨ കഠിനൻ.
തീവ്രം-പ്ര. ഉഷ്ണം. ൨. കഠിനം. ൩. ഏറവും.
തീവ്രാ-പ്ര. ഗണ്ഡൂഷി. ൨. കടുരോഹിണി. ൩. ചെറുകടുക്.
തീവ്രവേദന-പ്ര. കഠിനവേദന. ൨. നരകവേദന.
തീററൽ-തീററിക്ക, മേയിക്ക
തീററി-ഭക്ഷണം.
തീററിക്കേറുന്നു-ധൈൎയ്യത്തോടെ ശത്രുവിനെ എതിൎക്കുന്നു
തീററിക്കഥ-കടംകഥ.
തീററിയടുക്കുന്നു-ധൈൎയ്യത്തോടെ ശത്രുവിനോട അടുക്കുന്നു.
തീററുന്നു-പ്ര. ഭക്ഷിപ്പിക്കുന്നു ൨. കന്നുകാലികളെ മേയിക്കുന്നു.

## തു

തു-അ. പ്ര. ഭേദം. ൨. തന്നെ. ൩. ആകട്ടെ. ൪. പാദപൂരണം.
തുക-പ്ര സംഖ്യ ൨. തുവ, തുവരയാൾ (തുവരക) ൩ കൂട്ടം.
തുകമോതാ-സവ്യൂഹത്തിന്റെ മരാവ്.
തുകൽ-തൊലി കര.
തുകരുക-ഉലക്കുക, ഉണങ്ങുക, വരളുക.
തുകാഗാക്കിരി-തുവരാറ്
തുകിൽ-പ്ര. വസ്ത്രം. ൨ തിര (തുകിൽ)
തുക്കാ-യാചകൻ, ഉരപ്പൻ, ഉക്കാൽപ്പാകി
തുക്കിടി, തുക്കടി-രാജ്യത്തിന്റെഭാഗം.
തുക്കുക-ഉരാനാടക്കുക

തുഗ-പ്ര. മുളവെണ്ണ. ദ്വി. കൂവനൂറ്.

തുംഗ-വി. പ്ര. ഉയരമുള്ള. ദ്വി. ശ്രേഷ്ഠമായുള്ള. തൃ. നീളമുള്ള. ച. മുൻകോപമുള്ള.

തുംഗത്വം-പ്ര. ഉയർച്ച. ദ്വി. ശ്രേഷ്ഠത.

തുംഗൻ-പ്ര. ബുധൻ. ദ്വി. ശിവൻ. തൃ. ശ്രേഷ്ഠൻ. ച. ബുദ്ധിമാൻ.

തുംഗബീജം-രസം.

തുംഗഭദ്ര-ഒരു നദി.

[തുംഗഭദ്രയിലെ ജലം രക്തപിത്തത്തെയും ചൊറിയേയും ഉണ്ടാക്കും. പരിചയിച്ചാൽ കൊള്ളാം. ദക്ഷിണദേശത്തിലെ ഒരു നദിയാണ്. ഈ നദി കൃഷ്ണാനദിയിൽ ചേരുന്നു.]

തുംഗഭദ്രാ-മുറട്ടായ ആന, മദംപിടിച്ച ആന.

തുംഗം-പ്ര. ഉന്നതം, ഉയർന്നത്. നശിപ്പിക്കപ്പെടുന്നതു എന്നർത്ഥം. ദ്വി. ശ്രേഷ്ഠം. തൃ. ഒരു വൃക്ഷം. പുന്നാഗം, പുന്നമരം. അറിയുന്നതു എന്നു ശബ്ദാർത്ഥം. ച. തെങ്ങ്. പ. മുണ്ടപ്പന. ഷ. താമരയല്ലി. സ. പർവ്വതം. അ. വാളംപുലി.

തുംഗാ-പ്ര. കൂവനൂറ. ദ്വി. വന്നി.

തുംഗി, തുംഗാ-ഒരു മരുന്നു, നായർവെണ്ണ, അട്ടനാറിവേള. രോഗങ്ങളെ ഹിംസിക്കുന്നതു എന്നർത്ഥം.

തുംഗി-പ്ര. രാത്രി. ദ്വി. മഞ്ഞൾ.

തുംഗീശൻ-പ്ര. ചന്ദ്രൻ. ദ്വി. സൂര്യൻ. തൃ. കൃഷ്ണൻ.

തുംഗീശേഖരൻ-ശിവൻ.

തുച്ഛ-വി. പ്ര. ഹീനമായുള്ള. ദ്വി. ഉപേക്ഷിക്കപ്പെട്ട.

തുച്ഛം-പ്ര. അല്പം. ദ്വി. ഉമി, പതര്. തൃ. ഒന്നുമില്ലാത്തത്, ശൂന്യം. ശൂന്യം എന്ന അർത്ഥത്തിൽ പര്യായങ്ങൾ-ശൂന്യം, വശികം, തുച്ഛം, രിക്തകം.

തുച്ഛ്യാ-പ്ര. അമരി. ദ്വി. ചിറോലം.

തുച്ഛീകരിക്ക-നിസ്സാരമാക്ക.

തുഞ്ചൽ-പ്ര. ഉറക്കം. ദ്വി. തളർച്ച. തൃ. മരണം.

തുഞ്ചത്തെഴുത്തച്ഛൻ-രാമാനുജൻ എഴുത്തച്ഛൻ

[എഴുത്തച്ഛൻ എന്നതു നോക്കുക].

തുഞ്ചം-അററം.

'തുഞ്ചങ്ങളാം ചക്രാരനക്കമെന്യേ ചവിയും' (മലയാളശാകുന്തളം)

തുഞ്ചുന്നു-പ്ര. ഉറങ്ങുന്നു. ദ്വി. തളരുന്നു. തൃ. മരിക്കുന്നു.

തുട-പ്ര. അരയ്ക്കു താഴെ രണ്ടുകാലിന്റെയും മുട്ടിനുമീതെയുള്ള സ്ഥലം, പര്യായങ്ങൾ സക്ഥി, ഊരു. ദ്വി. തവണ. ഉ-ം, ഇരുപത്തൊരുതുട.

തുടക്-ഒരു മൺപാത്രം, പാത്രം.

തുടക്കം-ആരംഭം.

തുടക്കോമ്പ്-തുട.

തുടക്കൊറം-അച്ച്, ഘടനം.

തുടങ്ങൻകത്തി-രീതിയുള്ളപിച്ചാത്തി.

തുടങ്ങി-അ. നിന്നു, മുതൽ.

തുടങ്ങുന്നു-ആരംഭിക്കുന്നു.

തുടതുള്ളുക-ഭീരുത കാണിക്കുക.

തുടപ്പന-ഈന്ത്.

തുടം-പ്ര. എണ്ണയും മററും അളക്കുന്ന ഒരു പാത്രം. ദ്വി. പുഷ്ടി, വണ്ണം, തടിപ്പ്. തൃ. വലുപ്പം.

തുടമാനം-അളവുമുതൽ.

തുടമ്പ്-കൂട്ടിച്ചേർപ്പ്.

തുടയ്ക്കുന്നു-പ്ര. തുടക്കുന്നു. ദ്വി. വെടിപ്പാക്കുന്നു.

തുടപ്പ്-പ്ര. തുടപ്പ്. ദ്വി. വെടിപ്പാക്കൽ.

തുടരി, തുടലി-വളരെ മുള്ളുള്ളതും പടരുന്നതുമായ ഒരു വൃക്ഷം.

[പഴുത്തകായ് വാതം, പിത്തം, രുധിരം, ഇവ കളയുന്നു. ചവർപ്പും എരിപ്പും രസമുള്ളതുമാണ്. രുചികരമാകുന്ന

കൃമിയെ വർദ്ധിപ്പിക്കും. അതുപോലെ തന്നെ കഫത്തെയും, മലത്തെ ഇള ക്കും. ഇതിന്റെ കായ് ചെറിയലന്തയു ടെ കായെക്കാൾ ചെറുതാണ്].

തുടരുന്നു-പിന്നാലെ ചെല്ലുന്നു, പിന്നാ ലെ പ്രവർത്തിക്കുന്നു.

തുടരത്തുടരെ-അ. പിന്നാലെ പിന്നാ ലെ.

തുടരേ-അ. പിന്നാലെ.

തുടർ-ഫ. ചങ്ങല. വ. ഒരു മാതിരി അര ഞ്ഞാണം.

തുടർച്ച്-ഫ. പിൻചെല്ലുക, പിൻപ്രവർത്തി ക്കുക. വ. ആരംഭം.

തുടർന്ന്-ഇടവിടാതെ.

തുടർമാല-കഴുത്തിൽ ഇടുന്ന ഒരാഭരണം.

തുടൽ-ഫ. ചങ്ങല. വ. തുടലരഞ്ഞാണം. ന. വിലങ്ങ്.

തുടലരഞ്ഞാണം-അരയിൽ കെട്ടുന്ന ഒ രാഭരണം.

തുടവ്, തുടം-ബലം, പുഷ്ടി. ഉ-ം, തുട വിയശരം. [തുടവൻ=പുഷ്ടിയുള്ളവൻ]

തുടവാള്പ്പ്, തുടവാള-തുടയിലുണ്ടാകുന്ന ഒരു മീനം.

തുടസ്സം-ആരംഭം.

തുടി-ഫ. ഒരു വാദ്യം.

'പടഹം തുടിപറകൊമ്പുകാഹളം'

(ഘോഷയാത്ര തുള്ളൽ)

വ. നെഞ്ചി(ഞ്ഞി)ടിപ്പ്. ന. കിണ റ്റിൽനിന്നു ജലം കോരുവാനുള്ള യ ന്ത്രം. പര്യായങ്ങൾ-നേമി, ത്രികാ. കി ണറ്റിന്റെ അടുക്കൽ കമ്പും മറ്റും കെട്ടുന്നതിനു മരംകൊണ്ടുണ്ടാക്കിയ യ ന്ത്രം. ഠ. ചിറോലം, ഏറ്റത്തി. ഒ. കൊട്ടം. ത. ഭേല്പകാലം. ധ. സംശയം.

തുടിതുടിനടക്കുക=രഹസ്യമായ പര സ്യമാക്കിക്കൊണ്ടു നടക്കുക.

തുടിക്കുന്നു-ഫ. പിടയ്ക്കുന്നു. വ. നെഞ്ചി (ഞ്ഞി)ടിക്കുന്നു. ന. വെള്ളത്തിൽ കൈ യിട്ടു ശബ്ദിപ്പിക്കുന്നു.

തുടിപ്പ്-ഫ. പിടച്ചൽ. വ. നെഞ്ചി ടിപ്പ്.

തുടിയടിക്കുന്നു-ഫ. വാദ്യംകൊട്ടുന്നു. വ. വിളംബരം പ്രസിദ്ധപ്പെടുത്തുന്നു.

തുടുക്കനെവേ-അ. വേഗത്തിൽ.

തുടുക്കനെ-അ. പെട്ടെന്ന്.

തുടുക്കുന്നു-ചെമക്കുന്നു.

തുടുതുടെ-വി. അധികം ചെമന്ന.

തുടുപ്പ്-ഫ. ഇളംകന്നിനുള്ളകോൽ. വ. വാഴക്കൈ. ന. ചെമപ്പ്.

തുടുമാ-ഏലി.

തുട്ട്-ചെമ്പുകൊണ്ടുള്ള ഒരുവക നാണയം.

തുട്ടി-വേലക്കാർ ഹാജരില്ലാഞ്ഞാൽ ആ ദിവസത്തെയ്ക്കുള്ള ശമ്പളപ്പിടിത്തം.

തുണ-ഫ. സഹായം. വ. കൂട്ട്. ന. ര ക്ഷ. ഠ. ആശ്രയം.

തുണയ്ക്കുന്നു-സഹായിക്കുന്നു.

തുണർ-വി. ഫ. വെണ്മയുള്ള. വ. ശോഭ മായ.

തുണവൻ-ആസ്ഥഹിതൻ, സഹായിക്കുന്ന വൻ

'വിണ്ണവർതുണവൻ ഏറ്റു'

(രാമചരിതം)

വിണ്ണവർതുണവൻ=രാമചന്ദ്രൻ.

തുണി-വസ്ത്രം.

തുണ്ട്-ഫ. ഖണ്ഡം. വ. കഷണം. ന. തുണ്ടം.

തുണ്ടം-ഫ. കഷണം, നുറുക്ക്. വ. പങ്ക്.

തുണ്ടൻ-ഫ. ചെറുപ്പി. വ. കൊമ്പൻ.

തുണ്ടാടരം-ചെറുപ്പം.

തുണ്ടിക്കുന്നു-നുറുക്കുന്നു, കഷണിക്കുന്നു.

തുണ്ടിപ്പ്-നുറുക്ക്.

**തുണ്ഡം**-പു. മുഖം വ. പക്ഷികളുടെ കൊക്ക്. ന. വായ്. കേന്ദ്രവസ്തുവിനെ കടിച്ചുമുറിക്കുന്നത് എന്നർത്ഥം.

**തുണ്ഡി**-പു മുഖം. വ കൊക്ക്. ന ശിവന്റെ കാളയുടെ പേർ.

**തുണ്ഡി, തുന്ദി**-പു. വലിയ പൊക്കിളുള്ള. വ. കടവയറുള്ള

**തുണ്ഡികം**-നാഭി.

**തുണ്ഡികേരി**-പു. തൊണ്ടിത്തി. വ. കോവൽവള്ളി, നല്ലകോവ. തമിഴിൽ-കോവൽവക്കി. തുണ്ഡം=മുഖം. തുണ്ഡികം=മുഖം അവയവമായിട്ടുള്ളത്-ഓഷ്ഠം. അതിനെ പ്രേരിപ്പിക്കുന്നത്. ഓഷ്ഠതുല്യം എന്നു ഫലിതാർത്ഥം. തുണ്ഡകേരി, തുണ്ഡകേശി, തുണ്ഡികേശി എന്നിങ്ങനെയും പാഠങ്ങൾ കാണാറുണ്ട്. ന. ഒരു രോഗം.

തുണ്ഡികേരി എന്ന രോഗം താലുഗതമുഖരോഗനിദാനത്തിലുള്ളതാണ്. അണ്ണാക്കിൽ കാട്ടുപരുത്തിക്കുരുപോലെ നീരുണ്ടാകും. വേദന, കുത്തിനോവ്, ചൂട്, പഴുപ്പ് ഇവയും കാണും.

**തുണ്ഡിഭ, തുണ്ഡില**-വി പു. പെരുവയറുള്ള. വ. വലിയ പൊക്കിളുള്ള.

**തുതി**-സ്തുതി. (പ-മ )

**തുത്തനാകം**-ഒരു ലോഹം, നാകം.

**തുത്തം, തുത്ഥ്**-ഒരഞ്ജനമരുന്ന്.

**തുത്തി**-ഒരു ചെടി.

**തുത്തിപ്പീര**-ഒരു വൃക്ഷം.

**തുത്ഥ**-പു. ചെറിയ ഏലം. എരിവുള്ളത് എന്നർത്ഥം. വ. അമരി. വേദനപ്പെടുത്തുന്നത്, മറയ്ക്കുന്നത് എന്നീപ്രകാരം അർത്ഥം.

**തുത്ഥകം**-നീലത്തുരിശ്.

**തുത്ഥം**-പു. അഞ്ജനം വ. നീലത്തുരിശ്, തുരിശ്. ന. അഗ്നി.

**തുത്ഥാ**-ചിററേലം.

**തുത്ഥാഞ്ജനം**- (മയിൽതുത്ഥം, തുരിശു) നീലത്തുരിശു, മയിൽ തുത്ഥിൽനിന്നെടുക്കുന്ന അഞ്ജനം. മററു പര്യായങ്ങൾ- ശിഖിഗ്രീവം, വിതുന്നകം, മയൂരകം.

കഫം, നേത്രരോഗം, ശ്വിത്രം, അശ്മരി, മൂത്രകൃച്ഛ്രം, അർശസ്സ്, ഏതരോഗം, ചൊറി, വിഷം, കൃമി, കുഷ്ഠവിഷം ഇവ മാററുന്നു. അശുദ്ധമായിരിക്കുന്നതു അറിയാതെ സേവിച്ചാൽ ഉണ്ടാകുന്ന വികാരത്തിൽ മൂന്നു ദിവസം പ്രഭാതത്തിൽ നാരങ്ങാനീരു സേവിക്കുക, അതില്ലെങ്കിൽ കാച്ചിയെണ്ണ മലത്തിൽ മലപ്പൊടി കലക്കി സേവിക്ക. തമിഴിൽ-തുരിശു. ഇം- Sulphate of Copper, Blue vitriol.

**തുദം**-കാട്ടരയാൽ.

**തുനി**-പു. നാല്പാമരങ്ങളിൽ ഒരു മരം. പക്ഷ ശയനത്തോടടുത്തുള്ള ഒരു മാംസം, കണ്ഠികൾ, വ. ഒരു മീനം.

**തുനിച്ചൽ**-ഒരു കാര്യത്തിൽതന്നെയുള്ള ഉത്സാഹം

**തുനിയുന്നു** ഒരു കാര്യത്തിൽതന്നെ ഓർമ്മ വച്ചു ഉത്സാഹിക്കുന്നു.

**തുനിവ്**-തുനിച്ചൽ.

**തുന്ന(ന്ദ)ം**-കടുക്.

**തുന്ദപരിമൃജൻ, തുന്ദപരിമാർജ്ജൻ**-മടിയൻ. വയറുതടവിക്കൊണ്ടിരിക്കുന്നവൻ എന്നർത്ഥം.

**തുന്ദം**-പു. വയറ്. വേദനപ്പെടുത്തുന്നതെന്നർത്ഥം. വ. കടവയറ്. ന. ഉയർന്ന പൊക്കിൾ

**തുന്ദി, തുണ്ഡി**-വി. പു. വലിയ പൊക്കിളുള്ള. വ. കടവയറുള്ള.

**തുന്ദി**-പു. നാഭി വ. വയറ്.

തുന്ദിഭ, തുന്ദില, തുന്ദിക, തുന്ദിത-വി. പ്ര. വലിയ (ഉയർന്ന) പൊക്കിളുള്ള. ഉ. കുടവയറുള്ള.

തുന്നൽപ്പണി-തയ്യൽവേല.

തുന്നൽപ്പണിക്കാരൻ - തയ്യൽക്കാരൻ. പര്യായങ്ങൾ- തുന്നവായൻ, സൌചികൻ.

തുന്നം-ഛിന്നം.

തുന്നം-ഒരു മരം, പട്ടകരണ.

ഇതു ആലിൻെറ ആകൃതിയെപ്പോലെ തോന്നിക്കുന്നതും ആനകൾ തിന്നുന്നതുമായ വൃക്ഷമാണ്.

തുന്നൽ-തയ്യൽ.

തുന്നവായൻ-തയ്യൽക്കാരൻ. ഇവിടെ തുന്നം എന്നാൽ ഛിന്നം എന്നു അർത്ഥം. കുപ്പായം മുതലായതിനു ശീലകളെ മുറിച്ചു തുന്നുന്നവൻ.

തുന്നാരൻ-തുന്നൽപ്പണിക്കാരൻ.

തുന്നിക്കൂട്ടുന്നു-തയ്ക്കുന്നു.

തുന്നിക്കുന്നു-ചക്കയിലെ ഞാറ്റ വട്ടത്തിൽ തൂക്കുന്നു.

തുന്നിപ്പ്-വട്ടത്തിൽ തുളയ്ക്കുക.

തുന്നുന്നു-തയ്ക്കുന്നു. [കാ. ക്രി. തുന്നിച്ചു.] തുന്നുക എന്നതിനു പര്യായങ്ങൾ- സേവനം, സീവനം, സ്യൂതി.

തുൻപം-ദുഃഖം.

തുമ്പ്-പ്ര. തെളിവ്, ലക്ഷ്യം. ഉ. അറ്റം. ന. ബുദ്ധി, അറിവ്.

തുമ്പില്ലാത്ത-അറിവില്ലാത്ത.

തുമ്പുകെട്ട-അറിവില്ലാത്ത.

തുപ്പ്-തുപ്പൽ.

തുപ്പട്ട്-രണ്ടത്തിരി കളിയും ചരട്ടുകരയുമുള്ള വെള്ളവസ്ത്രം.

തുപ്പട്ടാ(വ്)-മേലങ്കി, വിശേഷപ്പെട്ട വസ്ത്രം. (ഹിന്ദുസ്ഥാനിഭാഷ.)

തുപ്പട്ടി-പ്ര. തുപ്പട്ട്. ഉ. മേശയിലും മറ്റും വിരിക്കുന്ന വസ്ത്രം.

നാലെണ്ണം ഒന്നായി (കൂട്ടിക്കെട്ടി) വെച്ചിരിക്കുന്ന വസ്ത്രത്തിനാണ് തുപ്പട്ടി എന്നു അധികമായി പറഞ്ഞുവരിക.

തുപ്പൽ-വായിലെവെള്ളം, ഉമനീർ.

തുപ്പായി-പ്ര. ദ്വിഭാഷി, പൊരുൾ തിരിച്ചു പറയുന്നവൻ. പാക്കികളിൽ ഒരു ജാതി.

തുപ്പുനീര്-തുപ്പൽ.

തുപ്പുന്നു-വായിൽനിന്നു തുപ്പൽ പുറത്തുകളയുന്നു.

തുഭം-കോലാട്, ആട്.

തുഭ്യം-(സംസ്കൃതം) നിനക്കായിക്കൊണ്ട്.

തുമ്പ-ഒരു ചെടി.

വാതം, കഫം, കൃമി, ഗുല്മം, അർശസ്സ് മുതലായവകൾ നന്ന്. ഒരു വിധം ഉഷ്ണം. ചോരയെ ഇളക്കും. സംസ്കൃതം- ദ്രോണപുഷ്പി.

തുമ്പക്കൊട്ടാവലി-ഒരു പച്ചമരുന്ന്.

തുമ്പം-ദുഃഖം.

തുമ്പി-പ്ര. പൂക്കൾതോറും പറന്നുനടക്കുന്ന പ്രാണി. ഉ. വണ്ട്.

തുമ്പിതുള്ളൽ=കീടകം.

തുമ്പിക്കരം-ആനയുടെ തുമ്പിക്കൈ.

തുമ്പിക്കൈ-ശുണ്ഡം.

തുമ്പിക്കൈയ്യിൽനിന്നു വരുന്ന വെള്ളത്തുള്ളി=വമഥു, കരശീകരം.

തുമ്പി[illegible]-[illegible] കപ്പൽ.

തുമ്പിയാരം-തൊട്ടി വലിയ കായൽ.

തുമ്പി[illegible]-[illegible].

തുമ്പിലം-ഒരു വൃക്ഷം.

തു[illegible]-[illegible].

തുംബോരൻ, തുംബുരു-ഒരു ഗന്ധർവൻ.

തുംബാ-നാ. ചെല്ലി. ൨. പാൽച്ചുര.

തുംബി, തുംബ-ചുരവള്ളി. രോഗങ്ങളെ നശിപ്പിക്കുന്നത് എന്നർത്ഥം.

തുംബുരി-കൊത്തമ്പാലയരി.

തുംബുരു-നാ. കൊത്തമ്പാലയരി. ൨. ഒരു ഗന്ധർവ്വൻ. ൩. ഒരു വാദ്യവിശേഷം. ൪. ഒരു മുനി.

തുമയ്ക്കുക-തുമ്മുക, ചുമയ്ക്കുക.

തുമുലം-നാ ഇടകലർന്ന യുദ്ധം, യുദ്ധകോലാഹലം, കലഹം., ഭയങ്കരമായ (ലഹളയോടുകൂടിയ) കലഹം, യുദ്ധം.

'കളകളമെന്നബലകൃതമെന്നതുമുലം
കലഹമാമുളള ഞാൻ കരോമ്യധുനാ'
(കിർമ്മീരവധം കഥകളി)

രണ്ടുസൈന്യങ്ങളുംകൂടിച്ചേർന്ന് സങ്കലിതമായി ചെയ്യുന്നയുദ്ധം. 'തുമുലോവ്യാകുലോരണഃ' (ത്രികാണ്ഡശേഷം) കൂടികലർന്നതു എന്നശബ്ദാർത്ഥം. ൨. തന്നി. ൩. ഭയങ്കരം.

തുമുലം-വി. കൂട്ടമായി ശബ്ദിക്കുന്ന. ശബ്ദമുണ്ടാക്കുന്ന, കൂടികലർന്ന(സങ്കുലം.) ൨. ഭയങ്കരമായ.

'ഭൈരവതരതുമുലാരവകോലാഹല
ഭേരീനാദത്തോടിടചേർന്നിതു പെരുമ്പട
(ഭാരതം)

തുമ്മൽ, തുമ്പൽ-ചിലപ്പോൾ മൂക്കിൽനിന്നു വെള്ളത്തോടുകൂടിയോ കൂടാതെയോ പുറപ്പെടുന്ന ഒരുമാതിരിശബ്ദം, ജലദോഷം ഹേതുവായിട്ടുണ്ടാകുന്ന ഒരു ശബ്ദം. പര്യായങ്ങൾ-ക്ഷുൽ, ക്ഷുതം, ക്ഷവം, ഛിക്കാ.

'സ്ത്രീയാം ക്ഷുൽക്ഷുതം ഛിക്കാ'
(രഭസൻ)

തുമ്മുന്നു-മൂക്കിൽനിന്നു ഒരുമാതിരിശബ്ദം പുറപ്പെടുന്നു.

തുയരം-നാ. ദുഃഖം. ൨. കരുണ, ൩. ആപത്ത്.

തുയിൽ-നാ. ഉറക്കം.

'പാലാഴിയിൽ തുയിൽകൊള്ളുന്ന'
(മഹാഭാരതം)

൨. ദുഃഖം. ൩. തുകിൽ. (വസ്ത്രം)

'പട്ടുടുത്തൊററത്തുയിലുംവെച്ചു്'
(തച്ചോളിപ്പാട്ട്)

൪. മരണം.

'തുയിൽമഴിന്തെഴുമന്നം' (രാമചരിതം)

തുയിർ-നാ ദുഃഖം.

'വിരഹതുയിർപൂണ്ടു്'
(രാമായണസങ്കീർത്തനം)

൨. ആപത്തു്.

തുയിർപെടുന്നു-ദുഃഖിക്കുന്നു.

തുയിലുക-ഉറങ്ങുക.

തുയിലുണർവ്-നിദ്രയിൽനിന്നുള്ള പ്രബോധം.

തുയ്യ-വി. പരിശുദ്ധമായ.

'തുയ്യവളർദീപസമമായവൻവിളങ്ങും'
(ഭഗവൽഗീത)

തുയ്യം-നാ. അററം, മുന. ൨. വെടിപ്പ്. ൩. പൂർണ്ണം. ൪. പരിശുദ്ധം. ൫. നല്ലത്.

തുര-വി. വേഗമുള്ള, നിമിഷമുള്ള.

തുരക്കാരൻ-കാര്യവിചാരക്കാരൻ.

തുരക്കുന്നു-തുളയ്ക്കുന്നു, ദ്വാരമുണ്ടാക്കുന്നു.

തുരഗം-കുതിര. വേഗത്തിൽ ഗമിക്കുന്നത് എന്നർത്ഥം.

തുരഗി-നാ. കുതിരപ്പുറത്തു കയറുന്ന. ൨. കുതിരയുള്ള.

തുരഗീ-നാ. കുതിരക്കാരൻ, ൨. ഭരതൈ.

തുരത്തുന്നു-നാ. ഇളക്കുന്നു, ൨. ഓടിക്കുന്നു.

'ഭൈസചരമന്യതോമയന്യ-
നെത്തിയവരെയെത്തുരത്തി'
(അന്യാപദേശശതകം)

൩. പിന്തുടരുന്നു.

തുരം-നാ. കാര്യവിചാരം. ൨. ചുമതല. ൩. വേഗം.

തുരങ്കക്കാരൻ-പ്ര. കത്തിക്കുവച്ചു ചെയ്യുന്നവൻ. വ. ദ്വാരമുണ്ടാക്കുന്നവൻ. ന. ഐരെട്ടുക്കുന്നവൻ.

തുരങ്കം-ചുവരിലും മററും തുരന്നുണ്ടാക്കുന്ന ദ്വാരം. വ. ഐമകുഴി.

തുരഗഗന്ധാ-അമുക്കിരം.

തുരംഗദ്വേഷിണി-എരുമ.

തുരഗപ്രിയം-യവം

തുരംഗ(മ)ം-കുതിര. വേഗത്തിൽ ഗമിക്കുന്നതു എന്നർത്ഥം.

തുരംഗവദനൻ-കിന്നരൻ. കുതിരയുടെ മുഖമുള്ളവൻ എന്നർത്ഥം. [കിന്നരന്മാർ എന്ന ശബ്ദം നോക്കുക].

തുരപ്പണം-തുരക്കുന്നുളി. തമര്.

തുരപ്പൻ-പ്ര. തമരുളി. വ. വലിയഎലി

തുരയൻ-മേന്മയുള്ളവൻ, അധികാരി. (ധുരഎന്ന പദം തുരയിൽനിന്നുണ്ടായതാണ്.)

തുരവ്-പ്ര. വലിയകിണർ. വ. കുഴി. ന. ഒളിപ്പ്. ക്രി. തുരങ്കമുണ്ടാക്കുക.

തുരവൻ-വലിയഎലി.

തുമ്പം-പ്ര. അററം, മുന. വ. വെടിപ്പ്. ന. പൂർണ്ണം. ക്രി. പരിപൂർണ്ണം. ഒ നല്ലത്.

തുരള-ജലമോക്ഷം.

തുരായണ-വി. താൽപര്യമുള്ള, ആസക്തിയുള്ള. [പാരായണ എന്നതിന്റെ പാഠം].

തുരായണം-ഒരുപ്രത്യേകബലി.

തുരാഷാട്ട്-ഇന്ദ്രൻ വേഗവാനായ ശത്രുവിനെ അഭിഭവിക്കുന്നവൻ എന്നർത്ഥം.

തുരി-ചെമ്പകര.

തുരിക്ക്-ഒരുജാതിമരം.

തുരിശക്കാരൻ-ലുബ്ധൻ, പിശുക്കൻ.

തുരിശകേട്-സൂക്ഷ്മക്കുറവ്.

തുരിശപ്പെടുന്ന-ത്വരപ്പെടുന്ന.

തുരിശം-ത്വര, ലജ്ജ

തുരി-പ്ര തറി. വ. തുണിനെയ്യുന്നതിനു വേണ്ടി ഉണ്ടാക്കിയ ഒരു വസ്തു, തിരപ്പൻ

തുരീയ, തുര്യ-വി. നാലാമത്തെ.

തുരീയം-നാലിൽ ഒന്ന്.

തുരീയാർദ്ധം-എട്ടിലൊന്ന്.

തുരുതുരെ-അ. തെരുതെരെ, നിറയനിറയെ.

"തുരഗശ്രേഷ്ഠം പാഞ്ഞുതുരുതുരെ"

തുരുത്ത്-ദ്വീപ്.

തുരുത്തി-പ്ര. ഉല. വ. തീയ കത്തിക്കുന്നതിനു തോൽകൊണ്ടുണ്ടാക്കിയ ഒരു വസ്തു.

തുരുമ്പ്-പ്ര ചകിരിയുടെ മുടിയോള്. വ. ഇരിമ്പിൻകറ. ന. ചെടികളിലും മററും പൂപ്പു പകരം പറയുന്നൊരു പേർ

തുരുമ്പിക്കുക-ഇരുമ്പിനുകറപിടിക്കുക.

തുരുഷ്കൻ-തുലുക്കൻ

തുരുഷ്കം-പ്ര. ഒരുതരം മരം, (ഞാവൽ) കാട്ടിലും വേഗത്തിൽ വ്യാപിക്കുന്നതു എന്നർത്ഥം. വ. തിരുവട്ടപ്പശ.

തുര്യാംശം-നാലിൽ ഒരംശം.

തുർവ്വസു-ദേവയാനിയിൽ യയാതിക്കുണ്ടായവൻ

ഇവൻ വാർദ്ധക്യം സ്വീകരിക്കായ്കയാൽ യയാതി ശപിച്ചു.

തുലച്ചൽ-പ്ര അവസാനം, വ. നാശം.

തുലനം-തൂക്കം.

തുലയുന്ന-പ്ര അവസാനിക്കുന്നു. വ. മരിക്കുന്നു. ന. ഇല്ലാതാകുന്നു, നശിക്കുന്നു.

**തുലയ്ക്കുന്നു**-ക്രി. നിവർത്തിക്കുന്നു. ൨. അവസാനിപ്പിക്കുന്നു ൩. നശിപ്പിക്കുന്നു

**തുലവ്**-അവസാനം.

**തുലസാരിണി**-അമ്പറ, ആവനാഴിക.

**തുലാ**-ക്രി. വെള്ളംകോരുന്നതിനുള്ള ഒരു യന്ത്രം, തുലായന്ത്രം ൨. തുലാപലം.

**തുലാകൂടം**-കള്ളത്തൂക്കം, കള്ളപ്പടി.

**തുലാകോടി**-കാൽച്ചിലമ്പു്, തുലാകാരമായകോടിയോടു് (അഗ്രത്തോടു) കൂടിയതെന്നർത്ഥം.

**തുലാക്കൂറ്**-ചന്ദ്രൻ തുലാരാശിയിൽ നില്ക്കുന്നസമയം

**തുലാക്കോട്ട**-തുലായന്ത്രത്തിൽ കെട്ടി വെള്ളംകോരുന്ന ഒരു മരപ്പാത്രം.

**തുലാത്തെക്കൻ**-തുലാം വൃശ്ചിക മാസങ്ങളുടെ ഒടുവിൽ മഴക്കാലത്തു് ഉണ്ടാകുന്ന കൊടും കാററു്.

**തുലാദാനം**-കൊടുക്കുന്നവൻെറ ഇടയൊപ്പിച്ചു തൂക്കി പൊന്നോ മറ്റോ ദാനം ചെയ്ക (തുലാപുരുഷദാനം)

**തുലാധടം**-ക്രി. തുഴ, തണ്ടു്. ൨. തുലാസിൻെറ തട്ടു്.

**തുലാധരൻ**-കച്ചവടക്കാരൻ.

**തുലാധാരൻ**-ഒരു വൈശ്യൻ. ബ്രാഹ്മണനായ ജാജലിയെ ജ്ഞാനം അഭ്യസിപ്പിച്ച ആൾ.

**തുലാധാരം**-ക്രി. തുലാംരാശി. ൨. നിറകോൽചരടു്.

**തുലാപുരുഷദാനം**-കൊടുക്കുന്ന ആളിൻെറ ഇടയൊപ്പിച്ചു തൂക്കി പൊന്നോ മറ്റോ ദാനംചെയ്ക, തുലാഭാരദാനം. പര്യായങ്ങൾ കാമ്യദാനം, പ്രവാരണം. തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ തുലാഭാരമണ്ഡപത്തിൽ തൂക്കീട്ടുള്ള ഒരു ത്രാസിൽ വലതത്തട്ടിൽ നല്ല മുഹൂർത്തത്തിൽ സ്വാലങ്കാരഭൂഷിതനായ തിരുവിതാംകൂർ മഹാരാജാവിനെയും, മറെറതിൽ തുലാഭാരക്കാശു എന്നു പറയുന്ന സ്വർണ്ണനാണയങ്ങളെയും പൂജിക്കപ്പെട്ട ഒരു പ്രതിമയെയും ഇട്ടു ശരിയായി നിറുത്തു് അവയെ എടുത്തു് ബ്രാഹ്മണർക്കായി കൊണ്ടു ദാനംചെയ്യുന്നതാകുന്നു.

**തുലാപ്പടി**-തൂക്കുന്നതിനുള്ള കട്ടി(പടി).

**തുലാഭാരം**-ഒരാളിനു ശരിയായിട്ടു തൂക്കിയ വസ്തു.

**തുലാം**-ക്രി. തുലാപലം, ൨. തൂക്കുന്നയന്ത്രം. ൩. കിണററിൽനിന്നു ജലം കോരുന്ന യന്ത്രം.

**തുലാമാനം**-തൂക്കി കൃത്യപ്പെടുത്തുന്നതു്.

**തുലാമാസം**-അല്പശിമാസം.

**തുലാരാശി**-ഏഴാമത്തെ രാശി.

**തുലാവാട**-തുലാത്തെക്കൻ.

**തുലാസു്, ത്രാസു്**-തൂക്കി പലവും മററും അറിയുന്നതിനുള്ള ഒരു യന്ത്രം.

**തുലാസുപടി**-തൂക്കം അറിവാൻ ത്രാസിൽ ഇടുന്ന കട്ടി.

**തുലാസൂത്രം**-നിറകോൽചരടു്.

**തുലിത**-വി. തുല്യമാക്കപ്പെട്ട

**തുലിനി**-ഇലവു്.

**തുലുക്ക**-തുർക്കഭാഷ.

**തുലുക്കൻ**-മുഹമ്മദീയൻ.

**തുലുക്കാണം**-തുർക്കരാജ്യം.

**തുല്ലാം**-അ. ഏററവും

**തുല്ല്**-ക്രി. കളിയിൽ പിഴവരുമ്പോൾ പറയുന്ന ഒരു വാക്കു്. ൨. നാശം, അവസാനം.

**തുല്യ**-വി. ഒപ്പമായ, സമമായ.

**തുല്യത**-ഒപ്പം, സമത്വം.

**തുല്യപാനം** - പലർകൂടി ഒന്നു ചിച്ചിരുന്നു കുടിക്ക. മററായ പര്യായം-സപീതി.

**തുല്യം**-ഒപ്പം, സദൃശം. തുലാംകൊണ്ടു ഗണിക്കപ്പെടുന്നതു എന്നർത്ഥം. പര്യായങ്ങൾ-സമം, തുല്യം, സദൃക്ഷം, സദൃശം, സദൃക്, സാധാരണം, സമാനം.

**തുല്യംചാർത്തുന്നു**-രാജാവു മുദ്രവെക്കുന്നു, രാജാവു് എഴുതുന്നു.

**തുല്യമാകുന്നു**-സമമാകുന്നു. [സ. ക്രി- തുല്യമാക്കുന്നു].

**തുല്യയോഗിതാ**-ഒരലങ്കാരം.

ലക്ഷണം—

'വർണ്ണ്യത്തിനൊന്നിലും ചൊല്ലാ-
മവർണ്ണ്യത്തിലതെങ്കിലും
ധർമ്മൈക്യം ചൊൽകിലുണ്ടാകാം
തുല്യയോഗിതഭൂഷണം'

ഉ-ം അനലശിഖകളുമനിലസുതഹൃദയവും തെളിഞ്ഞൊരാഹന്ത വിഷ്ണുപദം ഗമിച്ചു തദാ
(അദ്ധ്യാത്മരാമായണം)

**തുപ്പ്**-പു. വിരോധം. ഉ. തർക്കം. ന. തെളിവു.

**തുവയ്ക്കുന്നു**-പു. ഇരിമ്പോ മറ്റോ കാച്ചി മുക്കി മയം വരുത്തുന്നു. ഉ. നനയ്ക്കുന്നു.

**തുവയ്പ്പ്**-ഇരിമ്പോ മറ്റോ കാച്ചി മുക്കി മയം വരുത്തുക

**തുവര, തുവര**-ഒരുമാതിരി പയറ്. പര്യായങ്ങൾ-ആഢകി, കാക്ഷി, മൃൽസ്നാ, തുവരികാ, മൃത്സാലകം, സുരാഷ്ട്രജം.

തുവര-വെളുപ്പ്, കറുപ്പ്, ചെമപ്പ് ഇങ്ങിനെ മൂന്നുതരമുണ്ട്. ഈ വിവരം പുഷ്പം കൊണ്ടറിയാമായിരിക്കും. കഫം, പിത്തം, രക്തദോഷം, ജ്വരം, വിഷം, അതിസാരം ഇവകളെ നാശ്. വാതത്തെ അല്പം വർദ്ധിപ്പിക്കും. ധാരാളം ബലിയെ ഉണ്ടാക്കും. തുവരപ്പയറിൽ നെയ്യുപയോഗിച്ചാൽ വാതം കോപിക്കയില്ല. തമിഴ്-തുവര. ഇം-Pegeon pea. തുവരപ്പയറ്=വാതകം, ശീതളം, അപക്വതിക്തം, രക്തപിത്തഹം].

**തുവര**-വി. ചവർപ്പുള്ള.

**തുവർക്കറ**-ചൊരപ്പായ്. (അല്പം ചെമ്മണ്ണു്)

**തുവരൻ, തോരൻ**-കറി.

**തുവരപ്പരിപ്പ്** - തുവരകൊണ്ടുണ്ടാക്കിയ പരിപ്പ്.

**തുവരപ്പാട്**-പു. ഒരളവ്, എട്ടിലൊന്ന് അംഗുലം. ഉ. എട്ടംഗുണമണി.

**തുവരം**-പു. ചവർപ്പുരസം രോഗങ്ങളെ നശിപ്പിക്കുന്നതു എന്നർത്ഥം. മറ്റൊരു പര്യായം-കഷായം. ഉ. ചോരം.

**തുവരിക**-പു തുവരപ്പയറ്. ചവർപ്പുരസം കൂടിയുള്ളതു എന്നർത്ഥം. ഉ. തുവരി മണ്ണ്.

**തുവരിമണ്ണ്**-ടസൗരാഷ്ട്രദേശത്തിലുള്ള ഒരുതരം മണ്ണ്.

തുവരിമണ്ണ്-ശോഫം, നേത്രരോഗം, വ്രണം, ശ്വിത്രം, വിഷം, കുഷ്ഠം, വിസർപ്പം ഇവയെ നശിപ്പിക്കും. ഇതിനെ സൌരാഷ്ട്രം. സം-സൌരാഷ്ട്രി. ഇം- Silicate of alumina)

**തുവരുന്നു**-ഉണങ്ങുന്നു, വറ്റുന്നു.

**തുവർക്ക**-ചവർക്കുക.

**തുവർച്ചിലക്കാരം**-ഒരു ലവണം. പര്യായങ്ങൾ-സുവർച്ചികാക്ഷാരം, കപോതം, സുവർച്ചലം, സൌവർച്ചലം, രുചകം.

സുവർച്ചികക്ഷാരം എന്ന പേരിൽ നാം വെള്ളത്തിൽ കലക്കുന്ന ഈ ക്ഷാരത്തിൽ നിന്ന് ഉണ്ടാകുന്ന സ്വർജ്ജികാക്ഷാരത്തിലും ചെറിയ വ്യത്യാസം കാണുന്നു.

തുവർച്ചിലക്കാരം-വാതം, വയറുവീർപ്പ്, ഗുൽമം, ശൂലം, വ്രണം, കൃമി, ഉദരരോഗം ഇവകളെ നാശ്.

തുവർച്ചിലപ്പ് = സൌവർച്ചലം, രുചകം, രുചകം. ഇതിനെ മലയാളത്തിൽ തുവർച്ചിലുപ്പു്.

തുവർച്ചിലമുപ്പ്-ശൂലം ആമദോഷം, കൃമി, മലബന്ധം, ഉർദ്ധ്വവാതം, ഗുല്മം, ഇവക്കു നന്ന്. ഏറെയുപ്പരസം ദോഷത്തെ ചെയ്യും. രുചികരമാണ്. മറെറല്ലാ ഉപ്പുകളെപ്പോലെ പിത്തത്തെ വർദ്ധിപ്പിക്കയില്ലാ. ഇതു കിട്ടാതെ വന്നാൽ പകരം പൊടിയുപ്പു ചേർക്കാം.

തുവത്തുന്ന-ക്രി. ഉണക്കുന്നു. വ. കുളിച്ചാൽ വസ്ത്രംകൊണ്ടു ദേഹത്തിലെ ജലം തുടച്ചുകളയുന്നു.

തുവൽ-നിമിഷം, ശീഘ്രം.

തുവാല-തുടയ്ക്കുന്നവസ്ത്രം. Towel.

തുവ്വൽ, തുവ്വാൽ, തൂവൽ-ചിത്രമെഴുതുന്നതിനുള്ള ശലാക, ചായമിടുന്നതിനുള്ള പല്ല് [സം-തൂലികം.]

തുഷം-പു. താന്നിവൃക്ഷം. സന്തോഷിപ്പിക്കുന്നതു എന്നർത്ഥം വ. ഉമി. അഗ്നി ഇതുകൊണ്ടു സന്തോഷിക്കുന്നതിനാൽ ഈ പേരുണ്ടായി. മറെറാരു പര്യായം-ധാന്യത്വക്

തുഷോദകം-കാടി.

തുഷാര-വി. തണുപ്പുള്ള.

തുഷാരകരൻ-ചന്ദ്രൻ

തുഷാരഗിരി-ഹിമവാൻ പർവ്വതം.

തുഷാരം-പു. മഞ്ഞു. വ. തണുപ്പ്. ഉണ്ണിച്ചുവരെ സന്തോഷിപ്പിക്കുന്നത് എന്നർത്ഥം. ന. ചാററമഴ. ൪ കളിത്തിരിക്കുന്നവസ്തു ൫ ചീനക്കർപ്പൂരം.

തുഷാരാദ്രി-ഹിമവാൻ പർവ്വതം

'പിന്നെത്തുഷാരാദ്രി നന്ദനയായ്ച്ചമഞ്ഞന്നമാരവിമയനുള്ള നാമത്തെയും'

(ഭാഗവതം)

തുഷിതൻ-ഒരുദേവത

തുഷിതന്മാർ ന്നു ഇവരുടെസംഖ്യ കൾ ബൌദ്ധ പാരമ്പര്യ ഗ്രന്ഥങ്ങളിലും പുരാണാന്തരങ്ങളിലും നിന്നു ഗ്രഹിച്ചുകൊള്ളുക. തുഷിതന്മാർ-സന്തോഷിക്കുന്നവർ.

തുഷ്ട-വി. സന്തോഷിച്ച.

തുഷ്ടൻ-സന്തോഷിച്ചവൻ.

തുഷ്ടം-പനച്ചി.

തുഷ്ടി-പു. സന്തോഷം. വ. വൃദ്ധി (വിരുത്തി), ഒരുവക കിഴങ്ങ്.

തുഷ്ട-കാതിലിടുന്ന ആഭരണം.

തുസ്തം-പു. പൊടി. വ. ഉമി.

തുഹിനകരൻ-ചന്ദ്രൻ.

തുഹിനകരം-കർപ്പൂരം.

തുഹിനകിരണൻ-ചന്ദ്രൻ.

തുഹിനദ്യുതി (രശ്മി)-ചന്ദ്രൻ.

തുഹിനം-പു. മഞ്ഞു. താമരപ്പൂക്കളെ വ്യസനിപ്പിക്കുന്നതു എന്നർത്ഥം വ. നിലാവ്.

തുഹിനാചലം-ഹിമവാൻപർവ്വതം

തുഹിനാംശു-ചന്ദ്രൻ.

തുള-ഓട്ട, ദ്വാരം.

തുളയ്ക്കപ്പെട്ടത് = വേധിതം, ഛിദ്രിതം, വിദ്ധം.

തുളമാനം-പു. കുഴി, മുളയുടെയും മററും ദ്വാരം. വ. ദ്വാരത്തിൻെറ വലിപ്പം. ന. ദ്വാരമുണ്ടാക്കുക.

തുളയൻ-ദോഷൻ.

തുളയുന്ന-ഓട്ടയുണ്ടാകുന്നു.

'തിരിഞ്ഞുമൂർദ്ധനിമദ്ധ്യം തുളഞ്ഞുപുറപ്പെട്ടം'

(ഭാഗവതം)

തുളയ്ക്കുന്ന-ഓട്ടയുണ്ടാക്കുന്നു,

തുളയ്ക്കുക = വ്യധം, വേധം.

തുളസി-പു. ഒരു സുഗന്ധച്ചെടി.

വാതത്തിനും വിഷത്തിനും കഫത്തിനും നന്ന്. രുചികരമാണ്. മൂത്രതട്ടൽ. ദുർഗ്ഗന്ധംമാറും. തമി-തുളചി' ഇം-Basil (ബെസിൽ)

വ. ഒരുദേവി.

തുളസീദേവിയുടെ ലോകം ഗോലോകമായിരുന്നു രാധയുടെ ശാപംനിമിത്തം ഭൂമിയിൽ ധർമ്മധ്വജൻ എന്ന രാജാവിന്റെപുത്രിയായി ജനിച്ചു. ഇവളെ

അസുരാധിപനായ ശംഖചൂഡൻ ഭാൎയ്യയാക്കി. ബാല്യത്തിലേ തുളസി കൃച്ഛ്രതപംകൊണ്ടു ബ്രഹ്മാവിനെ സന്തോഷിപ്പിച്ചുണ്ടു് ഈ വരനെ കൈക്കൊണ്ടതു്. തുളസിയെ ഭാൎയ്യയായി ലഭിക്കുന്നതിന്നു ശംഖചൂഡനും തീവ്രതപം അനുഷ്ഠിക്കയുണ്ടായി. ഇവർ ഒരു മന്വന്തരം ദാമ്പത്യസുഖം അനുഭവിച്ചു. പിന്നീടു ലോകം അശേഷവും ശംഖചൂഡൻ കീഴടക്കി ഐന്ദ്രപദാധിരൂഢനായി. ഇതു ദേവാദികൾക്കു വലിയ സങ്കടത്തിന്നിടയായി. ഇവനെ കൊന്നു സങ്കടം തീൎക്കണമെന്നു ദേവന്മാർ ശിവനോടു പ്രാൎത്ഥിച്ചു. ഘോരയുദ്ധം ആരംഭിച്ചു ഏറെക്കാലം കഴിഞ്ഞിട്ടും ശംഖചൂഡനെ നിഗ്രഹിപ്പാൻ ശിവനു സാധിച്ചില്ല. ഇതിന്നു കാരണം തുളസിയുടെ പാതിവ്രത്യപ്രഭാവമായിരുന്നു. ഈ അവസരത്തിൽ വിവരം അറിഞ്ഞു വിഷ്ണു തുളസിയെ വഞ്ചിപ്പാൻ വട്ടംകൂട്ടി. അദ്ദേഹം ശംഖചൂഡന്റെ രൂപം ധരിച്ചു തുളസിയുടെ പാതിവ്രത്യത്തിന്നു ഭംഗംചെയ്തു. അനന്തരം ശംഖചൂഡൻ ശിവനാൽ വധിക്കപ്പെട്ടു. മനുഷ്യസ്ത്രീയായ തുളസി ഉടൻ ദിവ്യരൂപത്തെ അവലംബിച്ചു. ദേവിയുടെ ശരീരം ഗണ്ഡകീനദിയും, തലമുടി തുളസിച്ചെടിയുമായിത്തീൎന്നു

തുളസീവിവാഹം- വൃശ്ചികമാസത്തിൽ ദ്വാദശിയിൽ ബാലകൃഷ്ണന്റെ ഒരു ബിംബവും തുളസിച്ചെടിയും തമ്മിൽ ചെയ്യപ്പെടുന്ന ഒരു വിവാഹം.

തുളു -തുള്ളി

തുളിമ്പുന്നു-ക്രി. തുള്ളിയായിവീഴുന്നു. ഉ. പാത്രത്തിന്റെ ഓട്ട അടെക്കുന്നു.

തുളിപ്പ്-ക്രി. തുള്ളിയായി വീഴുക ഉ. പാത്രത്തിന്റെ ഓട്ടയടെക്കുക. ന. ഓട്ട അടച്ച സ്ഥലം.

തുളു്-ഉണ്ട്.

തുളു-ന. മലയാളത്തിന്റെ വടക്കെ അറ്റത്തുള്ള ഒരു ദേശം. ഉ. തുളുഭാഷ

തുളുനമ്പി-തുളുബ്രാഹ്മണൻ.

തുളുമ്പൽ-അലച്ചിൽ, പാത്രങ്ങളിലും മറ്റും നിറയാത്തവിധം ജലം മുതലായതു വീഴ്ത്തിക്കൊണ്ടു നടക്കുമ്പോൾ അതു അലയുക.

തുളുമ്പുന്നു-കവിഞ്ഞൊഴുകുന്നു, തുള്ളി വീഴുന്നു. അലയുന്നു. [സ. ക്രി. തുളുമ്പിക്കുന്നു.]

തുളുമ്പേ-അ. അലയുമാറ്, ഇളകുമാറ്.

തുളുവൻ-ന. തുളുദേശക്കാരൻ. ഉ. ഒരു മാതിരി വാഴ.

തുള്ളക്കഥ-ഒരുമാതിരി പാട്ടു.

തുള്ളക്കഥയുടെ പ്രഥമകൎത്താവു പ്രസിദ്ധകവിയായ കലക്കത്തു കുഞ്ചൻ നമ്പ്യാരാകുന്നു. ഇതിന്റെ ആവിൎഭാവത്തിന്നു കാരണം അദ്ദേഹവും ഒരു ചാക്യാരും തമ്മിലുണ്ടായ രസക്ഷയമാകുന്നു. തുള്ളൽ മൂന്നുവിധം.

൧. ഓട്ടൻ-ഇതു അധികം മുറുകിയ രീതിയാണ്. പതിനാലുവൃത്തത്തിലെ ആദിവൃത്തം (ഗുണഗണമിയലും ഗണനായകനേ) പോലെ. ൨. ശീതങ്കൻ- ഇതിനു ഓട്ടനിലും താണ മട്ടാകുന്നു. (രത്നാഭരണമണി...വിദ്യനവം) എന്ന കിളിപ്പാട്ടുരീതിപോലെ ൩. പറയൻ ശീതങ്കനിലും താണ രീതിയാകുന്നു. പതിനാലുവൃത്തത്തിലെ അവവൃത്തം (ദേവ്യന്തിനിവസിക്കിന്റെ വിളങ്ങുംബ്രഹ്മാലയാധിപൻ) പോലെ.

തുള്ളൽ-ന. ഒരുമാതിരി ആട്ടം. (തുള്ളക്കഥ എന്നതു നോക്കുക) ഉ. തുള്ളുക ന. കോപം. ൪. വിറയൽ. ൫. ഊക്കം.

തുള്ളൽക്കാരൻ-൧. നൃത്തം ചെയ്യുന്നവൻ. ൨. തുള്ളപ്പാട്ടുപാടി ആടുന്നവൻ. ൩, പിശാചു ബാധിച്ചവൻ.

തുള്ളൽപ്പനി-ഒരു രോഗം, വിറയലുള്ള പനി.

തുള്ളൽപ്പാട്ട്-ഒരുമാതിരി പാട്ട്. (തുള്ളൽക്കഥ എന്നതു നോക്കുക)

തുള്ളി-ഇററ്.

തുള്ളുന്നു-൧. ചാടുന്നു, എടുത്തുചാടുന്നു. ൨. നൃത്തംചെയ്യുന്നു. ൩. ക്രുദ്ധനാകുന്നു. [സ. ക്രി. തുള്ളിക്കുന്നു.]

തുഴ-വള്ളം നടത്തുന്നതിനു മരംകൊണ്ടുണ്ടാക്കിയ വസ്തു, നമ്പ്.

'തോണികടന്നാൽതുഴവേണ്ടെന്നൊരു
ന്യായമുണ്ടതുഭോഷ്കല്ലേതും'
(ഘോഷയാത്ര തുള്ളൽ)

തുഴച്ചൽ-വള്ളം നടത്താൻ തക്കവണ്ണം തുഴകൊണ്ടു പ്രയോഗിക്ക.

തുഴയുന്നു-വള്ളം നടത്താൻ തക്കവണ്ണം തുഴകൊണ്ടു പ്രയോഗിക്കുന്നു.

'കാലത്തെതുഴയാഞ്ഞാൽ
കടവിൽചെന്നടുക്കില്ല'
(നളായണീചരിതംതുള്ളൽ)

തുറ-൧. കപ്പൽ അടുക്കുന്ന സ്ഥലം. ൨. സങ്കേതം. ൩. അലക്കുന്ന സ്ഥലം. ൪. ഗുഹ. ൫. നിലവറ. ൬. തേച്ചുകളഞ്ഞ ഈഞ്ച മുതലായതു്. ൭. കുളം. ൮. വകപ്പ്, പിരിവ്.

തുറക്കുന്നു-൧ താക്കോൽകൊണ്ടു പൂട്ടഴിക്കുന്നു. ൨. കതകു വിടർത്തുന്നു. [തുറപ്പിക്കുന്നു കാ. ക്രി.]

തുറച്ചുങ്കം-തുറമുഖത്തെ ചുങ്കം.

തുറട്ട്-൧. കൊളുത്ത്. ൨. കടക്ക്. ൩. പ്രയാസം.

തുറട്ട്-൧. കൊളുത്ത്. ൨. കടക്ക്. ൩. പ്രയാസം.

തുററുവേല-പ്രയാസമുള്ള വേല.

തുറത്തേങ്ങ-ശേഷക്രിയ സംബന്ധിച്ച അടിയന്തരങ്ങൾക്കു സമ്മാനമായി ഒന്നിച്ചു കെട്ടിക്കൊടുക്കുന്ന രണ്ടു തേങ്ങ.

തുറപ്പ്-൧. തുറക്കുക എന്ന സ്ഥിതി. ൨. തുറന്നിരിക്കുന്ന സ്ഥിതി. ൩. ഭക്ഷിപ്പാനുള്ള ആർത്തി. ൪. വാതിൽ (തുറപ്പുകം = വാതിലുകം)

തുറപ്പ്, തുടപ്പ്-ചൂൽ.

തുറമുഖം-൧. കപ്പൽവന്നടുക്കുന്ന സ്ഥലം. ൨. തുറാടക.

തുറവ്-തുറക്കുക.

തുറസ്സ്-മറവില്ലായ്മ.

തുറാവ്-ഒരുവക മത്സ്യം.

തുറികണ്ണ്-ഉന്തിയിരിക്കുന്ന കണ്ണ്, വലിയകണ്ണ്.

തുറികണ്ണൻ-ഉന്തുകണ്ണൻ.

തുറികണ്ണി-ഉന്തുകണ്ണി.

തുറിക്കുന്നു-മിഴിക്കുന്നു.

തുറിപ്പ്-പുറത്തോട്ടുള്ള തള്ളൽ.

തുറു, തുറുക്-൧. വയ്ക്കോൽക്കുമ്പാരം. ൨. പുല്ലുവളരെ കൂടികിടക്കുന്ന സ്ഥലം.

തുറുങ്ക്-പാറാവ്, കാരാഗൃഹം.

തുറുതുറെ, തുരുതുരെ-അ. ൧. മറിഞ്ഞുമറിഞ്ഞു വീഴുക. ൨. ധാരാളമായി.

തുറുത്തൽ-കടത്തൽ, തള്ളിക്കേററുക.

തുറുത്തുന്നു-അമുക്കിനിറയ്ക്കുന്നു, തള്ളിക്കേററുന്നു.

തുറുന്നു-തിങ്ങിനിറയുന്നു.

തുറുപ്പ്, ത്രുപ്പ്, തുരുപ്പ്-൧. കതിരപ്പട്ടാളക്കാരൻ. ൨. കതിരപ്പട്ടാളം. ൩. പ്രധാനി.

തുറുമി-ഞെരുക്കിക്കൊള്ളിച്ച.

തുറുവിടുന്നു-വയ്ക്കോൽകൂട്ടിവയ്ക്കുന്നു.

തൂററ-തിങ്ങിനിറഞ്ഞ.

## തൂ

**തൂ**-(നാമപദങ്ങളുടെ മുമ്പിൽ ചേർന്നുവരുമ്പോൾ) വി. ശ്രീയുള്ള, പ്രകാശമുള്ള പരിശുദ്ധമായ, നല്ല. ഉ-ം, തൂമിന്നൽ (പ്രകാശമുള്ള മിന്നൽ). തൂമണം (നല്ല മണം).

**തൂകൽ**-ചിതറുക.

**തൂകുന്നു**-ചിതറുന്നു; ഇരിക്കുന്നപാത്രം കവിഞ്ഞു താഴെ പോകുന്നു.

'മുകുന്ദദേവസ്യ ധൻമൃദുമന്ദസ്മിതവും തൂകി'
(കിരാതം തുള്ളൽ)

**തൂക്കക്കാരൻ**-ഭദ്രകാളിപ്രീതിക്കായിക്കൊണ്ടു പുറത്തു രണ്ടു ചൂണ്ടൽ കോർത്ത് ചാട്ടിന്മേൽ കെട്ടിത്തൂങ്ങിക്കിടന്നു കളിക്കുന്നവൻ. വ. ആരാച്ചാര്. ന. വ്യഞ്ജനം മുതലായവ തൂക്കുന്നവൻ.

**തൂക്കച്ചാട്ട്**-പ്ര. ഉഴിഞ്ഞാല്. വ. തൂക്കം കഴിക്കുന്നവണ്ടി. ന. കഴുമരം.

**തൂക്കച്ചുണ്ട**-തൂക്കം കഴിക്കുന്നതിനുള്ള ഇരിമ്പുകൊളുത്ത്.

**തൂക്കപ്പയറ്റ്**-തൂക്കക്കാരന്റെ കളി.

**തൂക്കം**-പ്ര. തൂക്കുന്നപടി. വ. തൂക്കംകഴി. ന. ഭാരം. ര. ഉറക്കം. ല. മലയിറക്കം. ആ. തൂക്കുക. ഠ. ഞാലുക. വ്യ. ഉറക്കം.

'നല്ലതല്ലപതിനാറിനുള്ളും
തൂക്കമാർന്നശേഷം വന്നീ
തൂക്കമായതുപണത്തിനശേഷം
പന്തിരണ്ടുപണമെന്നുമറിയേണം'
'ധാന്യരാശി കൈക്കൊള്ളൂന്നു
നാലുകഞ്ചംപലംസ്തൂലം
പലംനൂറ് ഒന്നുതുലാം-
മതുവിംശതിഭാരമാം!'

**തൂക്ക്**-പ്ര. തൂക്കിപ്പിടിക്കുന്നത്. വ. കൈയിൽ തൂക്കിക്കൊണ്ടുപോകാവുന്നത്.

**തൂക്കുന്നു** പ്ര. ത്രാസിലും മറ്റും വെച്ചു കനം അറിയുന്നു. വ. കുറ്റക്കാരനെ തൂക്കിലിടുന്നു. ന. തൂങ്ങുന്നു, അടിച്ചുവാരുന്നു ര. മാറ്റുന്നു.

**തൂക്കുമഞ്ചം**-ഉഴിഞ്ഞാൽക്കട്ടിൽ

**തൂക്കുമരം**-കഴു, കൊലക്കുറ്റം ചെയ്ത കുറ്റക്കാരെ തൂക്കുന്നമരം.

**തൂക്കുവിളക്ക്**-തൂങ്ങുവിളക്ക്.

**തൂങ്ങൽ**-ഞാലുക

**തൂങ്ങുന്നു**- ഞാലുന്നു, ഞാന്നുകിടക്കുന്നു. [സ ക്രി തൂക്കുന്നു.]

**തൂൺ** ഊന്ന്, കാൽ.

**തൂണം, തൂണാ, തൂണി**-അമ്പറ. ശരങ്ങളെക്കൊണ്ടു നിറഞ്ഞ തൂണീരം.

**തൂണി** പ്ര അമ്പറ. വ. ഒരളവ്. ന. പടുകരണ, ര. അമരി.

**തൂണിക്കൊട്ട**-അളവുകൊട്ട.

**തൂണിയാങ്കം**- ഒരു മരുന്ന്. പര്യായങ്ങൾ-ഗ്രന്ഥിപർണ്ണം, ശുകം, ബർഹം, പുഷ്പം, സ്ഥൗണേയം, കുക്കുരം, മരൽ.

ത്രിദോഷം, രക്തദോഷം, കൃമി, കുഷ്ഠം മുതലായവ നാശം. കിഴങ്ങു മൂത്താൽ പച്ചനിറമായിരിക്കും. മൂക്കിൽ തൊടരുത്. കിളുന്തുകൾ കൂട്ടംചേർക്കും.

**തൂണീരം**-അമ്പറ.

'ബാണം തിരിച്ചുവന്നാശുതൂണീരം'
(രാമായണം)

**തൂത** ഒരുമാതിരി കടം.

**തൂതകം**-ഉഷ്ണമാകുന്നു.

**തൂമ**-വി. ശോഭയുള്ള, കറയുള്ള, വെളുത്ത.

**തൂവള**-ഒരു മരുന്ന്. പര്യായങ്ങൾ-കരീരം, കുകരം, ഗ്രന്ഥികം.

തൂവള-രക്തവാതംവീപ്പിക്കും. വാതരോഗം, വീപ്പുകൾ, മലിനത, വയറുവേദന, ക്ഷീണം, ചൊറി, ചിരങ്ങ്, വ്രണം, മുതലായ ഇവയെ നശിപ്പിക്കും.

തൂതുവള-ഒരു മരുന്ന്.

തൂത്ത-നികത്തി

തൂദം-കാട്ടരയാൽ.

തൂപ്പ്-൧. ഇലയില്ലാത്തകൊമ്പ്. ൨. അടിച്ചുവാരുക.

തൂബ്വരൻ-മീശവരാനുള്ള പ്രായമായിട്ടും മീശ മുളയ്ക്കാത്ത പുരുഷൻ.

തൂബരം-൧. മൊഴക്കാള. ൨ മൊഴപ്പശു

തൂമ-൧. പ്രകാശം. ൨. തെളിവ് ൩. ഭംഗി. ൪. ശോഭ ൫. ശുദ്ധി. ൬ നന്മ. ൭. പൂർണ്ണത ൮ പരിശുദ്ധത.

തൂമരാ-ആറുതൂവടകൂടിയത്.

തൂമൊഴി-൧. ഇഷ്ടവാക്ക്. ൨. മുഖസ്തുതി.

തൂമ്പ്-൧. ഓക് (ഓവ്.) പാത്തി. ൨. വീത്ത പൊക്കിൾ.

തൂമ്പാ-നിലം കിളപ്പാനുള്ള ആയുധം.

തൂംപൂണി-ഫലവർഗ്ഗത്തിൽപെട്ട ഒരു ഗന്ധദ്രവ്യം.

തൂംപൂണിയുടെ പഴത്തകായ് വാതം, കഫം, കൃമി, കുഷ്ഠം, ഗുല്മം, അരുചി, വായുമുട്ടൽ മുതലായവകൾ നന്ന്. മലത്തെ തടുക്കും. അഗ്നിയെ വർദ്ധിപ്പിക്കും. കണ്ണിനു ഹിതമല്ല. ഇതു നാഴൽപൂവെന്നു പേരുപറഞ്ഞു ഈ ദേശങ്ങളിൽ എടുത്തുവരുന്ന വസ്തുവാകുന്നു. സം-തുംബുരു.

തൂയ-വി. പരിശുദ്ധമായ

തൂയം-ജലം

തൂയർ-തെളിഞ്ഞവർ.

തൂര-വി. ബലപ്പാടുള്ള, ചുറുക്കുള്ള.

തൂരം-ഒരു വാദ്യം

തൂര്-൧ ബലപ്പാട് ൨ ചുറുക്ക്.

തൂരി-മത്സ്യം.

തൂരിയാട്ടുന്നു-അധികാവലചെയ്യുന്നു.

തൂരിയാട്ടം-കഠിനാവല.

തൂരുന്നു-നികരുന്നു [സ ക്രി. തൂർക്കുന്നു]

തൂർച്ച-നികത്തൽ, നിരത്തൽ.

തൂർണ്ണ-വി. വേഗമുള്ള.

തൂർണ്ണകം-ഇട്ടുഴിച്ചനെല്ല്.

തൂർണ്ണം-അ. വേഗത്തിൽ

തൂർന്ന-പരിപൂർണ്ണമായ.

തൂമ്മ-തൂർച്ച.

തൂര്യം പെരുമ്പറ.

തൂര്യരവം-പെരുമ്പറനാദം.

തൂലകം-൧. കരുപ്പരുത്തി ൨. പഞ്ഞി.

തൂലഫലം-൧. ഇലവ്. ൨. എരിക്ക്. (ചെമന്ന പൂവുള്ളത്)

തൂലം-൧. പരത്തി. തള്ളുന്നത് എന്നർത്ഥം. ൨. ഒരു മരം, കാട്ടരയാൽ. തീ പുറപ്പെടുന്നമരം എന്നർത്ഥം.

തൂലം-പഞ്ഞിയുടെപേരെന്നു ചിലർ പറയുന്നുണ്ട്.

തൂലസേചനം-തയ്യൽ.

തൂലി-ചായമിടുന്ന തൂവൽ.

തൂലിക-൧ തൂവൽ, ചായമിടുന്നതിനുള്ള പുല്ല്. ചിത്രമെഴുതുന്നതിനും മറവുമുള്ള ശലാകയുടെ (തൂവലിന്റെ) പേർ. ൨. പഞ്ഞിമെത്ത. ൩. അമരി.

തൂലികപ്പുല്ല്- നിരപ്പൻ; ചായമിടുന്ന പുല്ല്.

തൂലിനി-൧. ഇലവ്. ൨ തിരുതാളി.

തൂവട-ഇരുപത്തിനാലു പെരുക്കം കൂടിയ തുക

തൂവരം-൧ മെഴക്കാള കൊമ്പുവരേണ്ട കാലമായിട്ടും കൊമ്പുവരാത്ത കാളപശു മുതലായത്. (തൂപരം എന്നും കാണുന്നു) ൨. മൊഴപ്പശു. ൩ ചവർപ്പുരസം.

തൂവരിക-൧. തുവരപ്പയറ്. ൨ തുവരിമണ്ണ്.

തൂവൽ-൧ പക്ഷികളുടെ ബലമുള്ള വലിയ പൂട. ൨. ചായമിടുന്ന പുല്ല്.

ന. കഴഞ്ഞാഴിന്റെ ഇല. ൪. സാരമില്ലെന്നുള്ള അൎത്ഥത്തിൽ പറയുന്ന ഒരധിക്ഷേപവാക്ക്. ഉ. തൂവുക, ചിന്തിക്കളയുക.

തൂവാനപ്പലക- പുരയുടെ കഴുക്കോലിന്റെ അററത്തു വെച്ചു തറയ്ക്കുന്ന ഒരു പലക.

തൂവാനം-കാററുകൊണ്ടു അടിച്ചുവരുന്ന മഴത്തുള്ളി.

തൂവുന്നു-തൂകുന്നു, ചിന്തിക്കളയുന്നു.

തൂശാൻ-വി. സൂചിപോലെ കൂൎത്ത അഗ്രമുള്ള.

തൂശിമുല്ല-ഈൎക്കിൽമുല്ല (ഇരുവാക്ഷി).

തൂശിമുല്ല-ത്രിദോഷം, കണ്ഠരോഗം, നേത്രരോഗം, മൂലരോഗം ഇവക്കു നന്ന്. വേനല്ക്കാലത്തു പൂക്കും. തമിഴ് ഗ്രന്ഥങ്ങളിൽ ഇരുവാക്ഷി എന്നു കാണുന്നു. സംസ്കൃതത്തിൽ-നവമല്ലിക, തമിഴിൽ-ഊചിമല്ലികൈ.

തൂഷം-ഉമി.

തൂഷ്ണീക-വി. മൌനമായുള്ള.

തൂഷ്ണീകാ, തൂഷ്ണീം-അ. മൌനമായി, മിണ്ടാതിരിക്കുക.

തൂഷ്ണീശീല-വി. മിണ്ടാതിരിക്കുന്ന ശീലമുള്ള.

തൂസ്തം-പ്ര. പിന്നിയ തലമുടി. ഉ. പൊടി. ന. പാപം.

തൂറൽ-അതിസരിക്ക, വയററിൽനിന്നു മലം പോവുക.

തൂറുന്നു-അതിസരിക്കുന്നു, വയററിൽനിന്നു മലം പോവുന്നു. [സ. ക്രി. തൂറിക്കുന്നു.]

തൂററൽ-പ്ര. ചാററൽ. ഉ, അതിസാരം, വയറിളക്കം.

തൂററുന്നു-പ്ര. ചാററുന്നു. ഉ. യന്ത്രംവീശുന്നു. ന. കാററപ്പെടുത്തുന്നു. ൪. പാററിക്കുന്നു.

## തൃ

തൃക്കണ്ണോക്ക-രാജാക്കന്മാരുംമററും നോക്കുക (കാണുക).

തൃക്കണ്ണ്-രാജാക്കന്മാരുടേയും മററും കണ്ണിനു പറയുന്ന ഒരു ബഹുമാനവാക്ക്. ഉ-ം, പൊന്നുതമ്പുരാന്റെ തൃക്കണ്ണ്.

തൃക്കഴൽ-രാജാക്കന്മാരുടേയും മററും കഴലിനു പറയുന്ന ഒരു ബഹുമാനവാക്ക്. ഉ-ം, ശ്രീരാമന്റെ തൃക്കഴൽ.

തൃക്കാപ്പ്-ശ്രീകോവിലിന്റെ വാതിൽ. ഉ-ം, ശ്രീകണ്ഠേശ്വരത്തു തൃക്കാപ്പടച്ചു.

തൃക്കാൽ-കാലിനെ ബഹുമാനിച്ചു പറയുന്ന ഒരു വാക്ക്. ഉ-ം, ഗുരുവിന്റെ തൃക്കാൽ.

തൃക്കേട്ട - പതിനെട്ടാമത്തെ നക്ഷത്രം, കേട്ട.

തൃക്കൈ-കൈ എന്നതിനു പറയുന്ന ഒരു ചാരവാക്ക്. ഉ-ം, മഹാരാജാവു തിരുമനസ്സിലെ തൃക്കൈ.

'തിരുമേനി! ഇതാ ഈ മാൻ സമീപസ്ഥയായി. ഇതു തൃക്കൈക്കുവിളയാടും'.

(അഭിജ്ഞാനശാകുന്തളം)

തൃക്കാവ്-ക്ഷേത്രം.

തൃക്കീൻ-കാര്യപർ.

തൃഖാ-മാരിക്ക.

തൃച്ചട-ഒരു വള്ളി.

വാതരോഗങ്ങൾ, ഛൎദ്ദം, കൃമി, ഉദരപീഡ ഇവക്കു നന്ന്. ഈ വള്ളിക്കു പച്ചനിറവും സൌരഭ്യവും ചവൎപ്പും കാണും. ബീജം ചെറുതാം. സംസ്കൃതത്തിൽ-തുഭട. തമിഴിൽ-ഉത്തിലച്ചട.

തൃട്ട്-ഫ ജലംകടിപ്പാനുള്ള ആഗ്രഹം, ദാഹം. വ. അധികമായ ആഗ്രഹം.

തൃണകടം-പുല്ലുപായ്.

'താപംപൂണ്ടതൃണകടത്തിൽ
പള്ളികൊണ്ടിട്ടമെന്നാൽ'
(മയൂരസന്ദേശം)

തൃണകേതു(കം)-ഫ മുള. വ. കരിമ്പന

തൃണഗ്രാഹി-ഫ. ഇന്ദ്രനീലക്കല്ല്. വ വൈഡൂര്യം.

തൃണചരം-ഗോമേദകം.

തൃണജലായുകാ, തൃണജളൂകാ-മഴപ്രദേശങ്ങളിൽ കാണപ്പെടുന്ന പുല്ലട്ട.

തൃണദ്രുമം-ഫ. ഈന്തുമുതലായ വൃക്ഷം. ഹിന്താലം (ഈന്തപ്പന), താലം (കരിമ്പന), നാളികേരം (തെങ്ങ്), പൂഗം (കവുങ്ങ്), ഖർജ്ജൂരം (ഈന്ത), കേതകി (പൂക്കൈത), താളി (കടപ്പന), ഖർജ്ജൂര (ചെറിയഈന്ത) ഇവ ഏഴും.

തൃണധ്വജം-ഫ മുള തൃണങ്ങളുടെ ഇടയിൽ ഒരു കൊടിമരംപോലെ ഉയർന്നു നില്ക്കുന്നതു് എന്നർത്ഥം. വ. കരിമ്പന.

തൃണധാന്യം-ചാമ, തിന, വരക, വരിനെല്ല് (നാലും). പുല്ലുപോലെ മുളച്ചുണ്ടാകുന്നതു് എന്നർത്ഥം.

തൃണനരാധിപൻ-കരിമ്പന.

തൃണപഞ്ചമൂലം ദർഭവേര്, ഞാങ്ങണവേര്, കരിമ്പിൻവേര്, അമവേര്, വരിനെല്ലിൻവേര് ഇവ ൫-ം കൂടിയതു്.

തൃണപാദപം-തൃണദ്രുമം.

തൃണപൂലി-പായ്.

തൃണപ്രായ-വി നിസ്സാരമായ.

തൃണബീജം-ചാമ.

തൃണം-ഫ. പുല്ല്. തിന്നപ്പെടുന്നതു് എന്നർത്ഥം. പശുക്കാദികൾ തിന്മാൻ യോഗ്യമായ എല്ലാത്തരം പുല്ലിന്റെയും പേർ=ഘാസം, യവസം. ഇളമ്പുല്ല്=ശഷ്പം, ബാലതൃണം.

വ. നന്തുകപ്പുല്ല്.

തൃണരാജൻ-ഫ. കരിമ്പന. തൃണവർഗ്ഗത്തിൽവച്ചു രാജാവ് എന്നർത്ഥം. വ. പന. വ. തെങ്ങ്. ർ. കരിമ്പ്.

തൃണവൽ-അ. തൃണംപോലെ.

തൃണശൂന്യം, തൃണശൂല്യം-ഫ. വള്ളിമുല്ല. പുല്ലില്ലാത്തസ്ഥലത്തുണ്ടാകുന്നതു് എന്നർത്ഥം. തൃണശൂന്യാ, തൃണശൂല്യാ ഇങ്ങിനെയും പാഠം കാണുന്നു. വ. കൈതപ്പൂവ്.

തൃണസാര-വാഴ.

തൃണാഞ്ജനം-ഓന്ത്.

തൃണാന്നം-വരിനെല്ല്.

തൃണാവർത്തൻ-ഒരു അസുരൻ

തൃണാവർത്തൻ കൊടുങ്കാററിന്റെ രൂപം ധരിച്ചുവന്നു കൃഷ്ണനെ എടുത്തുകൊണ്ടുപോകയും കൃഷ്ണനാൽ കൊല്ലപ്പെടുകയും ചെയ്തു.

തൃണാഹ്വാ-തെങ്ങ്.

തൃണി-ചെറുകച്ചോലം.

തൃണീകരിക്കുന്നു-പുല്ലിനു തുല്യമാക്കുന്നു, തൃണംപോലെ ഗണിക്കുന്നു.

തൃണ്യാ-തൃണസമൂഹം, പുൽത്തകിടി.

'തൃണ്യാച്ഛന്നേപരിസരത്തിൽ'
(മയൂരസന്ദേശം)

തൃതീയ-വി. മൂന്നാമത്തെ.

തൃതീയ-മൂന്നാം തിഥി.

തൃതീയാകൃതം-മൂന്നുചാൽ ഉഴുതനിലം.

തൃതീയാപ്രകൃതി, തൃതീയപ്രകൃതി-ഫ. നപുംസകൻ. വ നപുംസകലിംഗം. സ്ത്രീയും പുരുഷനുമല്ലാത്തതിന്റെ പേർ. തൃതീയയായിരിക്കുന്ന പ്രകൃതി എന്നർത്ഥം.

സ്ത്രീപുരുഷപ്രകൃതികളു ഒന്നാമത്തേതും രണ്ടാമത്തേതുമായി കരുതുന്ന പക്ഷം ഇതു മൂന്നാമത്തേതു തന്നെല്ലോ

തൃത്താലപ്പൻ-ഒരു വൈദ്യൻ. (അഗ്നിഹോത്രി നോക്കുക)

തൃത്താലിചാർത്ത്-താലികെട്ടുകല്യാണത്തെ വിവരം.

തൃത്താവ്-തുളസി.

തൃപ്ത-വി. നിറഞ്ഞ, പൂർണ്ണമായ.

തൃപ്തൻ-സന്തോഷിച്ചവൻ. തൃപ്തിയെ പ്രാപിച്ചവൻ എന്നർത്ഥം.

തൃപ്തി-പ്ര. പൂർണ്ണത വ. സന്തോഷം. ന. മതി എന്നുള്ള സ്ഥിതി. മററു പര്യായങ്ങൾ-സൌഹിത്യം, തർപ്പണം.

തൃപ്തിവരുത്തുക = തർപ്പണം, പ്രീണനം, അവനം.

തൃപ്തിമൽ-ജലം.

തൃഫലാ-കടുക്ക, നെല്ലിക്ക, താന്നിക്ക ഇവ ന-ം. മൂന്നുഫലങ്ങൾ കൂടിയതു് എന്നർത്ഥം.

തൃപ്പടിദാനം-ഒരു ദാനം

കൊല്ലവർഷം ൯൨൫ മകരം ൫-ാംനു ശ്രീവീരമാർത്താണ്ഡവർമ്മ മഹാരാജാവു് തിരുവിതാംകൂർ രാജ്യത്തെ ശ്രീപത്മനാഭസ്വാമിക്കു ദാനം ചെയ്തതിന്റെ പേർ

തൃപ്പാപ്പൂസ്വരൂപം-തിരുവിതാംകൂർ രാജവംശം.

ചേരമാൻപെരുമാൾ മഹാരാജാവിന്റെ മൂന്നാമത്തെ ഭാര്യയിൽനിന്നും ഉത്ഭവിച്ചതാണ്. ആദ്യത്തെ ഭാര്യയിൽനിന്നുത്ഭവിച്ച വംശത്തിനു് കോലസ്വരൂപം എന്നു പേർ.

തൃപ്പാപ്പൂസ്വരൂപം - തിരുവിതാംകൂർ രാജ്യം.

തൃഷ-പ്ര. ദാഹം വ. ഇച്ഛ, അധികമായ ആഗ്രഹം. ന. മോഹത്തോന്നി.

തൃഷാഹം-വെള്ളം.

തൃഷാഹാ-ശതകുപ്പ

തൃഷിത-വി. ദാഹമുള്ള.

തൃഷ്ണ-പ്ര ദാഹം

തൃഷ്ണയെ തടുത്താൽ ദേഹം മെലിയും. തളച്ചയുണ്ടാകും. ചെവി കേൾക്കാതെയാകും. ചിത്തശക്തി നശിക്കും മുഴൽച്ചയും ഹൃദ്രോഗവും ഉണ്ടാകും. അതുകളിൽ ശീതങ്ങളായിരിക്കുന്ന അന്നപാനാദികളുടെ ഉപയോഗം ഒക്കെയും ഹിതം.

വ. ശ്രമം, ആഗ്രഹം.

തൃഷ്ണക്, തൃഷ്ണകൻ-പ്ര. മോഹമുള്ളവൻ വ. മോഹമുള്ളവൻ. ന. ലുബ്ധൻ, ആശയുള്ളവൻ. ര അതിലംഘമുള്ളവൻ

തൃഷ്ണത പ്ര. മോഹം വ. ഇച്ഛ.

തൃഷ്ണാരി-പപ്പടകപ്പുല്ല്.

---

# തെ

തെകിട്ടുക-തികട്ടുക, തേട്ടുക.

തെകിള-പ്ര. ചങ്കു്, ഹൃദയം. വ. മീനിന്റെ ചെകിള.

തെക്ക്-നാലുദിക്കുകളിൽ ഒന്ന്.

തെക്കേദിക്ക് = അവാചി.

തെക്കൻ-തെക്കേദിക്കിലുള്ളവൻ.

തെക്കൻകോലം-തെക്കുനിന്നുള്ള കോലം, തുലാത്തെക്കൻ.

തെക്കൻ-കഞ്ഞിപ്പുരയും മററും തെക്കേ കെട്ടുക.

തെക്കിനിപ്പുര നാലുകെട്ടായ ഭവനത്തിന്റെ തെക്കേ കെട്ടു്.

തെക്കുകഞ്ഞി-തെക്കിലെയട്ടത്ത കഞ്ഞി.

തെക്കുകിഴക്ക്-തെക്കും കിഴക്കും കൂടിയസ്ഥലം.

തെക്കുന്നു തെക്കിയെടുക്കുന്നു, മുകളിൽ പൊങ്ങിവരുന്നവയെ തന്നിയെടുക്കുന്നു

**തെക്കുപടിഞ്ഞാറ്**-നാ. തെക്കും പടിഞ്ഞാറുംകൂടെ കൂടിയ സ്ഥലം. ഉ. തെക്കുതുടങ്ങി പടിഞ്ഞാറുവരെ.

**തെക്കേഭാഗം**-തെക്കുവശം.

**തെക്കുംകൂർ**-തച്ചമല മുതൽ പുറക്കണ്ട വരെ കിഴക്കുപടിഞ്ഞാറും കൈപ്പട്ടുകടവു മുതൽ ചെത്തിത്തോട്ടു വഴിയമ്പലം വരെ തെക്കുവടക്കുമുള്ള രാജ്യം.

എ. ഡി. ൧൬൩൦-ൽ തിരുവിതാംകൂർ അനേകം ഇടവകകളായി ഭാഗിച്ചിരുന്നു. തിരുവല്ലാ, ചങ്ങനാശ്ശേരി കോട്ടയം ഇവ തെക്കുംകൂർ രാജാക്കന്മാരുടെ ഭരണത്തിൽ ഉൾപ്പെട്ടിരുന്നു.

**തെക്കുവടക്ക്**-നാ. തെക്കും വടക്കും കൂടിയസ്ഥലം. ഉ. തെക്കുതുടങ്ങി വടക്കുവരെ.

**തെക്കേ**-വി. തെക്കുള്ള.

**തെക്കേത്**-തെക്കുവശമുള്ളത്.

**തെക്കോട്ട്, തെക്കോട്ടേക്ക്**-അ. തെക്കേദിക്കിലേക്ക്.

**തെക്കോട്ടുപോക**-മരിക്ക. (ശൈലി.)

**തെങ്ങ്**-ഒരു വൃക്ഷം. (നാളികേരവൃക്ഷം).

പര്യായങ്ങൾ—നാളികേരം, ലാംഗലി.

**തെങ്ങിൻകള്ള്**- തെങ്ങിൽനിന്നെടുക്കുന്ന കള്ള്.

**തെങ്ങോല**-തെങ്ങിന്റെ ഓല.

**തെങ്ങോലവരിയൻ**-ഒരു ദുഷ്ടമൃഗം, കുറുവൻ.

**തെച്ചി**-ഒരു പൂച്ചെടി, ചെത്തി.

**തെച്ചിപ്പട്ട്**-ചെമന്നപട്ട്.

**തെണ്ടം**-നാ. ഉപദ്രവം, ദണ്ഡം. (ദണ്ഡം എന്നതു തെണ്ടം എന്നായി.) ഉ. പ്രായശ്ചിത്തം.

**തെണ്ടൽ**-നാ. യാചന, ഇരക്കുക. ഉ. ഉദരവൃത്തിക്കായി അലഞ്ഞുനടക്കുക.

**തെണ്ടൽക്കാരൻ**-നാ. യാചകൻ. ഉ. കരംപിരിക്കുന്നവൻ.

**തെണ്ടൽക്കോൽ** - കരം പിരിക്കുന്നവന്റെ വടി.

**തെണ്ടി**-യാചകൻ, ഇരപ്പാളി.

**തെണ്ടി, തണ്ടി**-(പ. മ.) തേടിവന്ന്.

**തെണ്ടിനമുണ്ട്**-ദുർവ്വാരം.

**തെണ്ടിക**-വിലങ്ങേവയ്ക്കുന്ന ഉത്തരം.

**തെണ്ടിക്കോയിമ്മ**- അധികാരം ഇല്ലാത്തവൻ ഉണ്ടെന്നു നടിക്കുക.

**തെണ്ടിത്തിന്നുന്നു**-ഇരന്നുതിന്നുന്നു.

**തെണ്ടിത്തീനി**-യാചകൻ, ഇരന്നുതിന്നുന്നവൻ.

**തെണ്ടുന്നു**-നാ. യാചിക്കുന്നു; ഭിക്ഷാടനം ചെയ്യുന്നു. [സ. ക്രി. തെണ്ടിക്കുന്നു.] ഉ. തേടുന്നു, അന്വേഷിക്കുന്നു

**തെന്താനം**-താന്തോന്നിത്തം.

**തെന്തിരയാഴി**-പടിഞ്ഞാറൻസമുദ്രം.

**തെന്നൽ**-ചെറിയ.

**തെന്നൽ**-തെക്കൻകാറ്റ്, കാറ്റ്.

'പൂമാലതെന്നൽവീശുംമുരരിപുഗിരിരുന്മേലുമന്മേഷശാലി'

(ഉത്തരരാമായണം ചമ്പു)

**തെന്നാട്**-തെക്കൻനാട്.

**തെന്നി**-വി. തെക്കേ, തെക്കുള്ള.

**തെന്നിക്കാറ്റ്**-തെക്കൻകാറ്റ്.

**തെന്നുന്നു**-നാ. തെറ്റുന്നു. ഉ. വഴുതുന്നു.

**തെപ്പുകായത്തിൽ**-ഉപായത്തിൽ.

**തെമ്മാടി**-ദുർമ്മാർഗ്ഗക്കാരൻ.

**തെമ്മാടിത്തം**-ദുർമ്മാർഗ്ഗസ്ഥിതി.

**തെയ്യാട്ടം, തീയാട്ട്**-ഭഗവതിപ്രീതിക്കായുള്ള ഒരുതരം കളി.

**തെരണ്ടി**-ഒരു മത്സ്യം, തെരച്ചി.

**തെരിക, തിരിക**-പാത്രങ്ങൾ മറിഞ്ഞുപോകാതെ ഇരിക്കുന്നതിനായിട്ടു വട്ടത്തിൽ കെട്ടിയുണ്ടാക്കി കീഴെ വയ്ക്കുന്ന വസ്തു, തിരിവളയം.

തെരികട-വി. ഉദപക്ഷ്മ്പെട്ട.
തെരിക്കനെ-അ. വേഗത്തിൽ.
തെരിക്കനെ-അ. വേഗത്തിൽ.
തെരിഞ്ഞെടുക്കുന്നു - ദന ക്രിയയ്ക്കുന്നു, വേർതിരിച്ചെടുക്കുന്നു.
തെരിഞ്ഞെടുപ്പ്-വേർതിരിച്ചെടുക്കുക.
തെരിയുന്നു, തിരിയുന്നു-ശോധനചെയ്യുന്നു, അന്വേഷിക്കുന്നു, തോന്നുന്നു.
തെരിവ്, തിരിവ്-വി. ഉദപക്ഷിക്കപ്പെട്ട, തെളിയ
തെരവ്-ഫ. ശോധനചെയ്യു ര. അന്വേഷിക്കുക.
തെരുക്കനെ-അ. വേഗത്തിൽ
തെരുതെരെ-അ. വേഗംവേഗം, വേഗത്തിൽ.
തെരുന്നനെ-അ. ഇടവിടാതെ, വേഗത്തിൽ.
തെരുവ്, തെരുവീഥി-രണ്ടുവശത്തും വീടുകളുള്ള വഴി, റോട്ട്.
തെരുവയർ-സുന്ദരിമാർ, സ്ത്രീകൾ.
'തെരിവൈ' എന്ന പൂർവ്വരൂപം. 'അരിവൈ' എന്ന പദം പോലെ.
തെലുങ്ക്-ഫ. ഒരു ദേശം ര. തെലുങ്കുഭാഷ
തെലുങ്കൻ-തെലുങ്കുദേശക്കാരൻ
തെലുങ്കർ-ആന്ധ്രദേശക്കാർ.
തെല്ല്-അ. അല്പം, കുറെ.
തെല്ല്-ഫ. ഖണ്ഡം, തുണ്ട്.

'സൂത്രാമാവിൻസുക്ഷ്മതമമാം
വില്ലതൻതെല്ലുപോലെ'
(മയൂരസന്ദേശം)

ര. വക്ക്, മുന
തെല്ലുണ്ണ്-അ. വക്കുണ്ണ്.
തെല്ലിച്ച-അ. അല്പമല്പം.
തെവളക്കനെ-തെളു(ഞ്ഞു)റപ്പ്.
തെളക്കം, തിളക്കം-ശോഭ, പ്രകാശം.
തെളങ്ങുന്നു, തിളങ്ങുന്നു-ശോഭിക്കുന്നു, പ്രകാശിക്കുന്നു.
തെളി-ഫ. ശുദ്ധി, വെടിപ്പ്. ര. പ്രസന്നത, തെളിവ്.
തെളികടഞ്ഞ-വി മിനുസംവരുത്തിയ.
തെളികണ്ണി-ഒരു ചെടി
തെളിക്കുന്നു-ഫ പ്രകാശിപ്പിക്കുന്നു. ര. (ദാഹം) നശിപ്പിക്കുന്നു ന. (നല്ലൊരിക്കൽ) മെയ്യുന്നു, അടിച്ചുവിടുന്നു. ർ. നിർമ്മലമാക്കുന്നു.
തെളിച്ചം, തെളിച്ചൽ-തെളിവ്.
തെളിതാര-ഉറക, വാറക.
തെളിമ-തെളിവ്.
തെളിയിച്ച-വി. സന്തോഷിപ്പിച്ച.
തെളിയുന്നു-ഫ. പ്രകാശിക്കുന്നു. ര. പ്രസാദിക്കുന്നു, സന്തോഷിക്കുന്നു. ന. നിർമ്മലമാകുന്നു. [തെളിയിക്കുന്നു, തെളിയിപ്പിക്കുന്നു. സ. ക്രി.]
തെളിവ്-ഫ. പ്രകാശം, സ്വച്ഛം. ര. പ്രസന്നത ന. അറിവ്. പര്യായങ്ങൾ പ്രസാദം, പ്രസന്നത.

തെളിവുള്ളത്=അച്ഛം, പ്രസന്നം.

തെളുതര-ഫ അശ്ശം, ര നടമാരുടെ തലയ്ക്കുള്ള ആഭരണം.
തെളുതെളുപ്പ്-നല്ല തെളിവായി.
തെളുതെള-അ. അധികം വെണ്മയായിട്ട്.
തെള്ളൽ-പൊടിയിൽനിന്നു അരി കളവാൻ മുറത്തിലിട്ടു കലുക്കുക.
തെള്ളി-ഫ. ഒരുമാതിരി പശ, പയനിൻകറ. ര. ഒരുവക മത്സ്യം.
തെള്ളിയ-വി. തെളിഞ്ഞ, വിശിഷ്ടമായ

'നടപ്പവർതെള്ളിയവറിവുടയോരറിവില്ലാർ' (ഭഗവൽഗീത)

തെള്ളുന്നു-മുറത്തിലിട്ടു കലുക്കുന്നു. [കാ. ക്രി. തെള്ളിക്കുന്നു.]

**തെഴുക**-പുത്തൻഇല, തളിർ. ഉ-ം, മാ വിൻതെഴുക.

**തെഴുക്കുക**-ക്രി. തഴയ്ക്കു, വളർക്കു. വ. മുള യ്ക്കു, കിളുക്കു.

'തീക്കനല്ലുകടെതെഴുത്തതു
വെയിലുതട്ടുകിൽവാട്ടമാം'
(നാരായണീചരിതംതുള്ളൽ)

**തെഴവാഴ** നേന്ത്രവാഴ.

**തെറി**-നാമ. ചീത്തവാക്ക്, നിന്ദ്യമായ പ്രവൃത്തി.

**തെറിക്കുന്നു**-ചിതറുന്നു, ചിന്നുന്നു, പൊ ട്ടിയുതെറ്റുവീഴുന്നു. [സ ക്രി തെറിപ്പി ക്കുന്നു ]

**തെറിപ്പ്**-നാ ചിതറുക, ചിന്നുക, പൊ ട്ടിയുതെറ്റുവീഴുക. വ. ഇളക്കം, അനക്കം

**തെറിയൻ**-ചീത്തവാക്കുപറയുന്നവൻ, വ ഷളൻ

**തെറിവാക്ക്**-നിന്ദാവാക്ക്, അസഭ്യം.

**തെറുക്കുന്നു** ചുരുട്ടുന്നു.

'നമുക്കുമെവാറിലതെറുപ്പതിനും'
(കിരാതം തുള്ളൽ)

ഉരുട്ടുന്നു. [കാ. ക്രി. തെറിപ്പിക്കുന്നു.]

**തെറുപ്പ്**-ചുരുട്ടുക, ഉരുട്ടുക.

**തെറ്റ്, തെറ്റൽ**-നാ പിഴ, ബുദ്ധി മോശം. വ. കാറ്റ്, കറവ്. നാ ലാ ക്കിൽനിന്നു മാറുക, മാറ്റം ര. വഴ ക്കൽ ഇ തെറ്റാലിയിൽ കല്ലു മുതലാ യതുവെച്ചു പ്രയോഗിക്കുക, നു. ഭംഗം.

**തെറ്റാലി**-തെറ്റുന്നവില്ല്.

**തെറ്റുന്നു**-ക്രി. പിഴയ്ക്കുന്നു വ. വഴുക്കു ന്നു. നാ. ഭംഗംവരുന്നു. തെറ്റാലിയിൽ കല്ലു മുതലായതു വെച്ചു പ്രയോഗിക്കുന്നു [സ ക്രി. തെറ്റിക്കുന്നു ]

**തെറ്റെന്നു** ക്രി. പെട്ടെന്നു, തൽക്ഷണം, ഉടനെ.

**തെറ്റുവില്ല്**-കല്ലുവെച്ചുതെറ്റുന്നതിനുള്ള ഒരുമാതിരി വില്ല്.

## തേ

**തേകാജലം**-ഒരു വച്ചുനാരാം, കയ്യന്ന്യം.

**തേകുന്നു**-വെള്ളംകോരി കളയുന്നു, വെ ള്ളംകോരി ഒഴിക്കുന്നു.

**തേക്ക്**-നാ ഒരുവക വൃക്ഷം. വ വെള്ളം കോരിഒഴിക്കലും കളകയും.

**തേക്കം**-നാ തിരമാല കരയ്ക്കുവന്നടിക്കു ക വ. മനംമറിച്ചിൽ നാ. അടങ്ങാ ത്ത കോപം ര. ഏങ്ങിമടിക്ക.

**തേക്കിട**-ആനവണങ്ങി, മുള്ളുള്ള ഒരു ചെറിയ വൃക്ഷം.

തേക്കിട-വാതം, പിത്തം, ജ്വരം, ചുമ, അരുചി മുതലായവയ്ക്കു നന്ന്. ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന ഒരു കഫേല്ലദ്രവ്യമാകുന്നു പൂവിന്റെ നിറം സ്വച്ഛം. കായ് ഇരട്ടയാണ്. ഇലയിൽ തൊട്ടാൽ ചൊറിച്ചിൽ വരും. സം- വൃശ്ചികാളി. തമി-തേൾകൊട്ടുക.

**തേക്കൊട്ട**- വെള്ളംകോരി തേകുന്ന കൊട്ട, തേക്കൊട്ടം.

**തേക്കുതോണി**-കണ്ടത്തിൽ വെള്ളംകോ രി തേകുന്ന തോണി.

**തേക്കുന്നു**-ക്രി വെടിപ്പാക്കുന്നു വ മിനു സവരുത്തുന്നു. നാ. മൂർച്ചകൂട്ടുന്നു ര. ഉരക്കുന്നു ഇ. പിരട്ടുന്നു, പൂശുന്നു.

**തേങ്കുഴൽ**-ഒരുമാതിരി പലഹാരം

**തേങ്ങൽ**-വെളുത്തതിന്റെ ഓളം, തിരയ ടിപ്പ്. വ മനംമറിച്ചിൽ, ഏങ്ങൽ

**തേങ്ങാ** -തെങ്ങിന്റെ കായ്, നാളികേരം.

**തേങ്ങാക്കണ്ണ്**-തേങ്ങയുടെ മറുതല വട്ടത്തിലുള്ള മൂന്നടയാളം

**തേങ്ങാമണി**-ഒരു രത്നം

**തേങ്ങാപ്പാൽ**-തേങ്ങാ ചുരകി (തിരുമ്മി) പിഴിഞ്ഞെടുക്കുന്ന ചാറ്.

**തേങ്ങാപ്പിണ്ണാക്ക്**-തേങ്ങതട്ടി വെളി ച്ചെണ്ണ എടുക്കുമ്പോഴുള്ള പിശിട്ട്.

തെങ്ങാപ്പിശ്ശ്, തെങ്ങാപ്പീര-നാ. തേങ്ങാചുരണ്ടി പിഴിഞ്ഞെടുത്തശേഷം ശേഷിക്കുന്ന വസ്തു.

തെങ്ങോമുറി-൧. ഒരു തേങ്ങയുടെ നേർപാതി. ൨. ഒരു തേങ്ങയുടെ ഉടഞ്ഞം (ഖണ്ഡം).

തേക്കുന്നു-൧. ഉരച്ചു തിരവന്നാക്കുന്നു. ൨. മനംമറിയുന്നു. ൩. നെടുവീർപ്പിടുന്നു. ൪. കേഴിക്കുന്നു.

തേച്ചിരിക്കുന്നു-ദേഹത്തിൽ എണ്ണ പിരട്ടിയിരിക്കുന്നു.

തേച്ചുൽ-പാത്രങ്ങളും മറ്റും പെരുമാറുന്നതിനാലുണ്ടാകുന്ന അടയാളമായ കരുക്കറവാ, തേമാനം.

തേച്ചുകളയുന്നു-മായിച്ചുകളയുന്നു, ഉരച്ചുകളയുന്നു.

തേച്ചുകഴുകുന്നു-ജലംകൊണ്ടു കഴുകി ശുചിവരുത്തുന്നു, വെടിപ്പാക്കുന്നു.

തേച്ചുകുളി-എണ്ണപിരട്ടിക്കുളി.

തേച്ചുകുളിക്കുന്നു-എണ്ണപിരട്ടികുളിക്കുന്നു.

തേജഃഫല-ഒരു മുള്ളുള്ളമരം.

തേജഃഫലത്തിന്റെ പഴുത്തകായ് = വാതം, കഫം, അരുചി ഇവയ്ക്കു നന്ന്. ഫലവൃക്ഷത്തിൽ പെട്ടതാണ് ധരിച്ചാൽ കുട്ടികൾക്കു ഗ്രഹപീഡയും മറ്റും ഉണ്ടാകയില്ല. മുള്ളുള്ള മരമാണ്.

തേജ-൧. ശോഭ. ൨. മൂർച്ച.

തേജനകം-അമ്പോട്ടൽ, അമ, ചേക്കർമ്പ്. മൂർച്ചയുള്ളത് എന്നർത്ഥം.

തേജനം-൧. മുള, മുളി. അഗ്നിയെ പ്രജ്വലിപ്പിക്കുന്നത് എന്നർത്ഥം. ൨. മുഞ്ഞപ്പുല്ല്. ൩. അമ്പോട്ടൽ.

തേജനി-൧. പെരുംകുരുമ്പ. അഗ്നിയെ ജ്വലിപ്പിക്കുന്നത് എന്നർത്ഥം. ൨. വലിയ വാലുഴവം. ൩. ചെറുപ്പുന്ന.

തേജലം-പിടാരിപ്പുള്ള്.

തേജസാംരാശി-സൂര്യൻ.

തേജസ്തൃതാപവാചകം-വിശപ്പ്, മോഹം, മടി, നിദ്ര മണ്ണും ഇവ ൫-ം.

തേജസ്സ്-൧. പ്രകാശം, ശോഭ. ൨. കീർത്തി. ൩. പ്രഭാവം. ൪. പൊന്ന്. ൫. പിത്തം. ൬. ബലം. ൭. ശുക്ലം. ൮. ശ്രവണാനന്തരം ലംഘ്യവാക്കിനെ ചെയ്യുന്നത് എന്നർത്ഥം. ൯. മൂർച്ച ൻ. (കത്തിയുടെ മൂർച്ചയുള്ള വക്ക്. കത്തിവായ്) ൧൦. അഴക്. ൧൧. അഗ്നി. ൧൨. കുതിരയുടെ വേഗം. ൧൩. തലച്ചോറ്. ൧൪. നെയ്യ്.

തേജസ്വി-വി. ശോഭയുള്ള, കീർത്തിയുള്ള.

തേജസ്വിനി-൧. ചെറുപ്പുന്ന. ൨. വലിയവാലുഴവം. ൩. പെരുങ്കുരുമ്പ. ൪. കീർത്തിയുള്ളവൾ. ൫. ശോഭയുള്ളവൾ.

തേജിത-വി. ൧. മൂർച്ചയാക്കപ്പെട്ട. ൨. തേക്കപ്പെട്ട, മിനുസംവരുത്തപ്പെട്ട.

തേജിതം-ചാണയ്ക്കുവച്ചുംമറ്റും മൂർച്ചകൂട്ടപ്പെട്ട ശസ്ത്രാദികൾ

തേജോഗുണങ്ങൾ-സ്പർശം, സംഖ്യ, പരിമാണം, പൃഥക്ത്വം, സംയോഗം, വിഭാഗം, പരത്വം, അപരത്വം, വേഗം, രൂപം, ദ്രവത്വം ഇവ ൧൧-ം.

തേജോമയ-വി. ശോഭയുള്ള.

തേജോമൂർത്തി-സൂര്യൻ.

തേട്-ഒരുവക മത്സ്യം.

തേടുന്നു-൧. അന്വേഷിക്കുന്നു. ൨. സമ്പാദിക്കുന്നു. ൩. വേട്ടചെയ്യുന്നു [കം. ക്രി. തേടിക്കുന്നു]

തേട്ടം-൧. സമ്പാദ്യം. ൨. അന്വേഷണം. ൩. നായാട്ട്.

തേട്ടൽ-ഭക്ഷിച്ചതു ദഹിക്കാതെ വയറ്റിൽനിന്ന് അല്പമായിട്ടു വായിലേക്കു വരിക. (സം-ഉൽഗാരം)

തേൻ-ഈച്ച പൂക്കളിൽനിന്നു ശേഖരിച്ചുവയ്ക്കുന്ന മധു. പര്യായങ്ങൾ - മധു, ക്ഷൌദ്രം, മാക്ഷികം.

തേൻ-കഫം, പിത്തം, കഷ്ഠം, ഛർദ്ദി, അർശസ്സ്, ഛർദ്ദി, ഇക്കിൾ മുതലായവ ശമിപ്പിക്കുന്നു. സ്വരത്തെ നന്നാക്കും. മലത്തെ പിടിക്കും. തേനോടു സമം നെയ്ചേർത്തു ഭക്ഷിക്കരുത്. നെയ്ചേർത്തു ഭക്ഷിച്ചു പിന്നാലെ ജലം കുടിക്കുന്നതു വലിയ ദോഷം.

തേൻകട്ട-ഉറച്ചതേൻ.

തേൻപാളക-തേങ്കൂട്, തേൻകൂട്.

തേന്മാവ്-മധുരമുള്ള മാങ്ങ കായ്ക്കുന്ന മാവ്, (സഹകാരം).

തേന്മാവിനെ അപ്പസ്സുമാവ് എന്നും പറയുന്നു. സം-ബന്ധുരസാലം. തമി-കൊട്ടമാമരം.

തേന്മൊഴി-ഫ. മധുരമുള്ളവാക്ക്, കേൾക്കുന്നതിനു ഇമ്പമുള്ളവാക്ക്. വ. പ്രശംസ നാ. വാക്കിനു മാധുര്യമുള്ള സ്ത്രീ. മധുരമായി (കേൾക്കുന്നതിനു ഇമ്പമുള്ളതായി) സംസാരിക്കുന്നവൾ.

തേനീച്ച തേൻ സമ്പാദിക്കുന്ന ഈച്ച പര്യായങ്ങൾ-സരഘം, മധുമക്ഷികം.

തേനീന്ത മധുരമുള്ള ഒരുവക ഈന്ത

ഇതിന്റെ പഴുത്ത കായ് ഹൃദ്യമാണ്. നാട്ടിൽ ബാസ്രാഈത്തപ്പഴം എന്നു പറയുന്നു സംസ്കൃതത്തിൽ-മധുഖർജ്ജൂരി.

തേപ്പ്-ഫ ഉരസ്സ്, ഉരസൽ വ. മിനുസംവരുത്തുക.

തേപ്പുകല്ല്-രത്നങ്ങൾ ഉരച്ചു നന്നാക്കുന്നതിനുള്ള കല്ല്, ഉരകല്ല്.

തേപ്പുകുഴി-രത്നങ്ങൾ നന്നാക്കുന്നതിനുള്ള കുഴി.

തേപ്പുപലക-മണ്ണ് മുതലായതു തേയ്ക്കുന്ന പലക

തേപ്പുവൈരം-തേച്ചു മിനുസംവരുത്തിയ വൈരക്കല്ല്.

തേമനം-ഫ. നനയ്ക്കുക, നനവ്. വ. കറി, രസം, മോർ മുതലായി ചോറിൽകൂട്ടുന്ന ഉപദംശപദാർത്ഥങ്ങൾ. ഇതുകൊണ്ട് അന്നം ആർദ്രമായി ഭവിക്കുന്നതിനാൽ ഈ പേർ വന്നു.

തേമനി-അടപ്പ്.

തേമം, സ്തേമം-നനവ്.

തേമാനം-ഫ. പെരുമാറ്റംകൊണ്ട വരുന്ന കുറവ്. വ. ഉരച്ചാൽ വരുന്ന കുറവ്.

തേമ്പൽ-മെലിച്ചൽ.

തേമ്പാവ്-ഒരു വൃക്ഷം.

തേമ്പാതെ-അ. കറയാതെ, ശോഷിക്കാതെ, തേഞ്ഞുപോകാതെ.

തേമ്പുന്നു-മെലിയുന്നു, ശോഷിക്കുന്നു.

തേയില-ഒരുവക ഇല.

തേയില ഒരു പാനീയദ്രവ്യമാണ്. ഇതു ലോകത്തിൽ ഒട്ടു് എല്ലാദിക്കിലും ഉപയോഗിച്ചുവരുന്നു. തേയിലച്ചെടി സാധാരണമായി എട്ടൊമ്പതടി ഉയരം വളരും. ചെടി മൂന്നടിപൊക്കം ആയാൽ പിന്നെ വളരുന്ന കൊമ്പുകൾ മുറിക്കണം. തേയില ഉണക്കുമ്പോൾ പൊടിഞ്ഞുവീഴുന്ന പൊടിക്കു പൊടിത്തേയില എന്നു പേർ. ചായ ദേഹത്തിന്റെ ക്ഷീണം തീർക്കും. ഇതിനു ലഹരിയില്ല. അഞ്ചു മിനിട്ടിലധികം തേയില തിളച്ച വെള്ളത്തിൽ ഇടരുത്.

തേയുന്നു-പെരുമാറ്റംകൊണ്ടോ ഉരച്ചൽ കൊണ്ടോ കുറവുണ്ടാകുന്നു. കുറവുവരുന്നു [തേയിക്കുന്നു സ. ക്രി]

തേര്-ഫ. രാജാക്കന്മാർ യുദ്ധത്തിനു, മറ്റും പോകുമ്പോൾ കേറുന്ന പ്രധാനവാഹനം, പര്യായങ്ങൾ - ശതാംഗം, സ്യന്ദനം, രഥം,



തേര്

൨. കേ(ക)ളുമ്പെയും ഗുണ്ടിന്റെയും വിളയിന്റെ വെച്ചുകെട്ടുന്ന കോല്.

തേരിൽ പൂട്ടിക്കെട്ടിയ കതിര=രശ്മം. തേർചക്രം=ചക്രം, രഥാംഗം. തേരാമെസ്ഥൻ = രഥിനൻ, രഥികൻ, രഥി. തേർപണിക്കാരൻ=രഥകാരൻ.

തേര-൧. തെമ്മാതിരി ശേഷിച്ച വെളു. ൨. യാചകൻ.

തേരകത്തില-തേരകവൃക്ഷത്തിന്റെയില

തേരകം-ഒരുവക വൃക്ഷം.

തേരട്ട-വളരെ കാലുകളുള്ള ഒരുവക ചെറിന്ന പ്രാണി.

തേരണം-പേയമരി.

തേരത്തപ്പുല്ല്-ഒരുവക പുല്ല്.

തേരം-പേയമരി.

തേരാളി-തേരിനെ നടത്തുന്നവൻ, സൂതൻ. പൎയ്യായങ്ങൾ-നിയന്താവ്, പ്രാജിതാവ്, യന്താവ്, സൂതൻ, ക്ഷത്താവ്, സാരഥി, സവ്യേഷ്ഠൻ, ദക്ഷിണസ്ഥൻ.

തേരുന്നു-പിന്നാലെചെല്ലുന്നു, അടുക്കുന്നു

തേരുരുൾ-തേരിന്റെ ഉരുൾ (വണ്ടി),

തേരൊലി-തേരിന്റെ ശബ്ദം.

തേരോട്ടം-൧. തേരിന്റെ സഞ്ചാരം ൨. ചില ക്ഷേത്രങ്ങളിലുള്ള തേരോട്ടം.

തേർ-രഥം, രാജാക്കന്മാൎക്ക് പ്രധാനമായുള്ള ഒരു വാഹനം.

തേർകിടാക്കുന്നു-തേർനടത്തുന്നു.

തേൎക്കതിര-തേരിൽകെട്ടുന്ന കതിര.

തേൎക്കോപ്പ്-തേരിന്റെ ചമയം.

തേൎച്ച-൧. പിന്തുടൎച്ച. ൨. വൎദ്ധനവ്, പുഷ്ടി.

തേൎച്ചക്രം-തേരിന്റെ ഉരുൾ.

തേൎത്തടം-തേരിറക്ക ഇരിപ്പിടം.

തേൎത്തട്ട്-തേരിലെ ഇരിപ്പിടം.

തേവയ്ക്കുക-തേയ്ക്കുക.

തേവടിയാൾ-തേവടിച്ചി (തേവ+അടിയാൾ).

തേവതാരം-ദേവദാരുമരം, ഒരു വൃക്ഷം

തേവർ-ദൈവം.

തേവല്-കോതി.

തേവറ-ചന്ദ്രന്റെക്ഷയം.

തേവാങ്കം-൧. മടി. ൨. ഏറെവും പതുക്കെ സഞ്ചരിക്കുന്ന ഒരു മൃഗം.

തേവാരം-ഈശ്വരസേവ.

'തേവാരവുംതമനഭോജനവുംവിശേഷാൽ' (ഭാഷാനൈഷധചമ്പു)

തേവാരി-ഈശ്വരസേവക്കാരൻ.

തേവാരിക്കുന്നു-ഈശ്വരസേവചെയ്യുന്നു

തേവിടിച്ചി(ശ്ശി)-വേശ്യാസ്ത്രീ.

തേവിടിശ്ശിത്തെരുവ്=വേശം, വേശ്യാജനസമാശ്രയം.

തേവിടിച്ചിയാട്ടം-തേവിടിച്ചികളുടെ ഒരുമാതിരി കളി.

തേള-൧. നെഞ്ച്. ൨. കരള്.

തേൾ, തികൾ-൧. ഒരു ജന്തു. പൎയ്യായങ്ങൾ-അളി, ദ്രുണം, വൃശ്ചികം. ൨. വൃശ്ചികംരാശി.

"തേൾ കടിച്ചാൽ ഉടനെ അഞ്ചുമിന്നിട്ടുനേരത്തേയ്ക്കു വിളഞ്ഞ തേങ്ങാക്കൊത്തു ചവച്ചു തിന്നുകൊണ്ടിരുന്നാൽ മതി. വേദന പെട്ടെന്നു ശമിയ്ക്കും. അരിതാരം മാതളനാരങ്ങാനീരിൽ [illegible] തേച്ചുകൊണ്ടാൽ തേളിന്റെ വിഷം തീരെ ശമിച്ചുപോകും. വേദനയും മാറും."

തേറ്-കള്ളെടുക്കുന്നവരുടെ വീതിയുള്ള കത്തി.

തേറൽ-൧. വിശ്വാസം. ൨. ധാരണ. ൩. തേൻ. ൪. വല്പനം. ൫. പുഷ്ടി.

തേറാമറ-വിശ്വാസം വരത്തക്ക സ്ഥിതിയിൽ.

തേറുന്നു-ക്രി. വിശ്വസിക്കുന്നു.

'താനടന്നസുരനേകൊന്നു വീണ്ടവസ്ഥകൾ
തേറുമാറവൾചെയ്യുന്നാളു...'
(ഭാഗവതം)

൨. വർദ്ധിപ്പിക്കുന്നു. ൩. വണ്ണംവയ്ക്കുന്നു, ൪. ആശ്വാസപ്പെടുന്നു. ൫. സൌഖ്യമാകുന്നു. ൬. വിചാരിക്കുന്നു. ൭. ധരിക്കുന്നു. ൮. അറിയുന്നു.

തേററ-നാ. പന്നിയുടെ ദംഷ്ട്രം, പിടിയാനയുടെ പുറത്തുകാണുന്ന പല്ല്.

തോറപ്പേട്ട-ഒരു പക്ഷി.

തോറപ്പേട്ടയുടെ മാംസം വാതപിത്തങ്ങൾക്കു നന്ന്. ബുദ്ധിയെ നന്നാക്കും ഈ പക്ഷി ആകൃതിയിൽ ചക്രവാളം പോലെയിരിക്കും. ചുണ്ടു ചെറുതാണ്. സം-ഉപചക്രം.

തേറാ-നാ. ബലംവരുക. ൨. വർദ്ധന. ൩. വണ്ണം. ൪. ആശ്വാസം. ൫ ധൈര്യം. ൬. വിശ്വാസം.

തേററമരം-ഒരു വൃക്ഷം.

തേററമരം ഫലം മുതലായവകൊണ്ടു മിക്കവാറും കാഞ്ഞിരംപോലെയിരിക്കും സം-കതകം. ത തേററമരം. ഇതിന്റെ വേരുമുതലായതു കഫം, ശൂലം, അരുചി ഇവയെ ശമിപ്പിക്കും.

തേററാമ്പരൽ-വെള്ളം തെളിക്കുന്നതിനുള്ള ഒരുവക കുരു.

തേററാമ്പരൽ-വാതം, കഫം, പ്രമേഹം, അശ്മരി, വിഷം, ശിരോരോഗം മുതലായവക്കു നന്ന്. വെള്ളത്തിനുള്ള അഴുക്കിനെ കളഞ്ഞു തെളിയിക്കും. ഫലവർഗ്ഗത്തിൽ പെട്ടതാണ്. സം-കതകം. ത-തേററാങ്കൊട്ട ഇം-Clearing nut.

തേററിയ-അറിയിച്ച.

തേററുന്നു-ക്രി. ആശ്വസിപ്പിക്കുന്നു. ൨. ബലപ്പെടുത്തുന്നു. ൩. വെള്ളം തെളിക്കുന്നു. ൪. വിശ്വസിക്കുന്നു. ൫. ധരിപ്പിക്കുന്നു. ൬. ബോധപ്പെടുത്തുന്നു.

## തൈ

തൈ-നാ. വൃക്ഷങ്ങളുടെ ഫലം മുളച്ചു ഒരാൾ പൊക്കമാകുന്നതിനിടയിൽ പറയുന്ന ഒരു പേര്. ൨. ചെറിയതെങ്ങ്.

തൈക്കുന്നു-ക്രി. തുന്നുന്നു. ൨. തല്ലുന്നു.

തൈക്കൂറ്-തൈവയ്പുകാരനു ചെല്ലേണ്ടുന്ന ഒരവകാശം.

തൈക്കൊങ്ക-ചെറിയമുല.

തൈക്ഷ്ണ്യം-തീക്ഷ്ണത.

തൈജസ-വി. തേജസ്സിനെ സംബന്ധിച്ച, അഗ്നിയെ സംബന്ധിച്ച, ശോഭയുള്ള.

തൈജസം-നാ. ഉരുക്കുനെയ്, നെയ്യ്. ൨. സ്വർണ്ണം മുതലായ ലോഹം, എല്ലാലോഹങ്ങളുടെ സാമാന്യമായ പേർ. തേജസ്സിന്റെ വികാരം എന്നർത്ഥം.

തൈജസാവർത്തനി-മൂശ, തൈജസങ്ങൾ (സ്വർണ്ണം മുതലായ ലോഹങ്ങൾ) ഇതിൽ വീണ്ടും വീണ്ടും ഇട്ടുരയ്ക്കുന്നതുകൊണ്ടു ഈ പേർ വന്നു. മറെറാരുപര്യായം-മൂഷ.

മൂശ എന്നാൽ ലോഹങ്ങൾ ഉണ്ടാക്കുവാനുള്ള പാത്രം എന്നർത്ഥം.

തൈജസി-നാ. അത്തിപ്പലി. ൨. ശതാവരി.

തൈതൽ-നാ. മുടഞ്ഞുണ്ടാക്കിയവട്ടിൽ. ൨. മറ.

തൈതിലം-വാൾമരൻ.

തൈത്തിരം-തിത്തിരിപ്പക്ഷികളുടെക്കൂട്ടം.

തൈത്തിര്യം-യജുർവ്വേദം.

തൈപ്പ്-തുന്നൽ.

തൈയലാൾ-യുവതി, തരുണി, സ്ത്രീ.

തൈർ-പാൽ ഉറകൂടിയതു്.

തൈർ-തയിർ എന്നുമാവാം. വാതം, പീനസം, അതിസാരം, ചുമ, മെലിവു മുതലായതിനു നന്നു്. മലം പിടിക്കും. വെള്ളംനീക്കിയ കട്ടത്തൈരിനു ഗുണം കൂടും. പുഷ്ടിയെ ചെയ്യും. ഇതു ഭക്ഷിച്ചാൽ ചൂടുള്ള അന്നപാനാദി വിരുദ്ധമാണു്. തൈർ സേവിച്ചുണ്ടാകുന്ന അജീർണ്ണത്തിൽ പഞ്ചസാര സേവിക്കുക. സം-ദധി. ത-തയിർ. ഇം-Curdled milk.

തൈർവെള്ളം=മസ്തു.

തൈക്കടൽ-തൈർസമുദ്രം.

തൈക്കലം-തൈർ ഇരിക്കുന്ന പാത്രം.

തൈലകല്ക്കജം, തൈലകിട്ടം-എള്ളിൻപിണ്ണാക്ക്.

തൈലധാര-എണ്ണകൊണ്ടു് ധാരയിടുക, ഒരു ചികിത്സ.

തൈലനിര്യാസം-പച്ചപ്പുഴവു്.

തൈലംഗം-ഒരു രാജ്യം, ഇപ്പോഴത്തെ തെലുംഗാന (കർണ്ണാട്ടിക്ക്).

തൈലപർണ്ണികം-പു. വെളുത്തചന്ദനം. എള്ളിന്റെ ഇലപോലെയുള്ള ഇലയോടുകൂടിയ 'തിലപർണ്ണം' എന്ന വൃക്ഷത്തിലുണ്ടായതെന്നർത്ഥം. പ. ഹരിചന്ദനം. ന. സാധാരണചന്ദനം.

തൈലപായിക-പു പാററ. പ. നരിച്ചീർ. എണ്ണകുടിക്കാനെന്നപോലെ എപ്പോഴും വായ് തുറന്നുകൊണ്ടിരിക്കുന്നതു് എന്നർത്ഥം. ഇതിന്റെ സ്നിഗ്ദ്ധതയായിരിക്കണം ഈ പേരിനു കാരണം.

തൈലഭാവിനി-പിച്ചകം.

തൈലം-പു. എള്ളിൽനിന്നു് എടുക്കുന്ന എണ്ണ. പ. എന്തിൽനിന്നെങ്കിലും എടുക്കുന്ന എണ്ണ.

തൈലമാലി-വിളക്കിലെ തിരി.

തൈലസ്യന്ദാ-പു. കാകോളി. പ. മലയമുക്കി.

തൈലാഭ്യംഗം-തേച്ചുകുളി.

തൈലികൻ-എണ്ണവില്ക്കുന്നവൻ, വാണിയൻ, തൈലക്കാരൻ.

തൈലിനി-വിളക്കിലെതിരി.

തൈലീനം-എള്ളു വിളയുന്നതിനു യോഗ്യമായ സ്ഥലം. മററൊരു പര്യായം-തില്യം.

തൈവപ്പാല-ഒരുവക വൃക്ഷം.

തൈഷം-മകരമാസം. തിഷ്യത്തോടു കൂടിയ പൌർണ്ണമാസി (തൈഷി) ഉള്ളതെന്നർത്ഥം.

## തൊ

തൊക്ക്-എളുപ്പം.

തൊങ്കിക്കായ്-ഒരാഭരണം.

കാതിന്റെ പിമ്പിടുന്നതു്. കണ്ടാൽ പവിഴംപോലെ തന്നെ. ഉ-ം 'കാപ്പുക്കിണങ്കിന തൊങ്കിക്കായ്'

തൊങ്കുന്നു-വേഗത്തിലോടുന്നു.

തൊങ്ങൻ-പു. കള്ളൻ. പ. അയോഗ്യൻ

തൊങ്ങൽ-പു. അലങ്കാരത്തിനായിട്ടു വിളുമ്പിനുവെച്ചു കുത്തിയതു. പ. വസ്ത്രത്തിന്റെ വിളുമ്പു്.

തൊടൽ-തൊടുക, സ്പർശിക്കുക.

തൊടി-പു. കിണററിലും മററും ഇറങ്ങുന്നതിനും കയറുന്നതിനുമുള്ള പടി. പ. തോട്ടം.

തൊടുക-വേലി വളച്ചുകെട്ടിയ തോട്ടം.

തൊട്ടുകാര-തേരമരം, തോട്ടുകാര. പര്യായങ്ങൾ-തിനിശം, സ്യന്ദനം, നേമി, രഥദ്രു, അതിമുക്തകം, വഞ്ചുളം, ചിത്രകൃൽ.

കഷ്ടം, വ്രണം, പ്രമേഹം, പിത്തം, കഫം, കൃമി ഇവകളെ നശിപ്പിക്കും. ഈ വൃക്ഷം വളരെ വലുതാണ്. സം-തിനിശം. ത-തിനിചിമരം

തൊട്ടുകുറി-നാ. തിലകം, നെററിയിൽ ചന്ദനവും മററുംകൊണ്ട് ഇടുന്ന ഒരു കുറി. പര്യായങ്ങൾ-തമാലപത്രം, തിലകം, ചിത്രകം, വിശേഷകം. വ. ശ്രേഷ്ഠം, പ്രധാനം.

തൊട്ടുക്കാരം-കൂട്ടിപ്പിനച്ചിൽ.

തൊട്ടുക്കുന്നു-നാ. ഒരുക്കുന്നു. വ. അസ്ത്രം ഞാണിന്മേൽ വയ്ക്കുന്നു.

തൊടുത്തുവിട്ട അമ്പ്=നിരസ്തം

ന. തുടങ്ങുന്നു. ര. ഒന്നിച്ചുവയ്ക്കുന്നു.

തൊട്ടുതി-ശണ്ഠ, കലശൽ.

തൊട്ടുത്തുക—ചേർക്കുക, കെട്ടിവക്കുക. [സ-ക്രി തൊടുപ്പിക്ക]

തൊട്ടുന്നു-നാ. സ്പർശിക്കുന്നു. വ. തൊട്ടറിയുന്നു. ന. സംബന്ധിക്കുന്നു. ര. പാമ്പുകടിക്കുന്നു. [തൊടുവിക്കുന്നു. സ-ക്രി]

തൊട്ടുപണയം-ചുണ്ടിപ്പണയം.

തൊട്ടുപ്പ്-നാ. ഉഴവിനുള്ള ഒരു ക്രമം. വ. അസ്ത്രം ഞാണിന്മേൽ തൊടുക്കുക, ഒന്നിച്ച് തൊടുത്തുകൊണ്ടു നിൽക്കുന്നത്. ന. കരിമുതലയുടെ മുട്ടം (ചെപ്പിടം)

തൊട്ട്-(അ) നാ. കുറിച്ചു. വ. അതുകൊണ്ട്. ന. ആ സമയം തുടങ്ങി. ര. ഹേതുവായിട്ട്. ഇ. തുടങ്ങി.

തൊട്ടാലൊട്ടി-ചെവിപ്പൂമ്പ്. (തൊട്ടാലൊട്ടി എന്നും കാണുന്നുണ്ട്)

തൊട്ടാവാടി-ഒരു പച്ചമരുന്ന്.

സം-അലംബുഷ. ഇം-Rat-thorn plant.

തൊട്ടി-നാ. മരമോ കല്ലോ കൊണ്ടുണ്ടാക്കിയ ഒരുമാതിരി പാത്രം. വ. പുൽക്കൂട്. ന. ഒരുമാതിരി ഊഞ്ഞാൽ കട്ടിൽ. ര. ഇടകുറഞ്ഞു നീണ്ടിരിക്കുന്ന പറമ്പ്. ഇ. കിണററിൽ നിന്നും വെള്ളം കോരിയെടുക്കുന്നതിനു ഉപയോഗിക്കുന്ന ലോഹപാത്രം. ന്ന. പശുക്കൾക്കു കുടിപ്പാൻ വേണ്ടി കിണറു, കുളം മുതലായവയുടെ സമീപത്തു കല്ലുംമററും കൊണ്ടുണ്ടാക്കി ജലം നിറയ്ക്കുന്നതു. പര്യായങ്ങൾ-ആഹാവം, നിപാനം.

തൊട്ടിപ്പാ(ഴാ)ഷാണം—ഒരുമാതിരി വിഷമുള്ള കല്ല്, ഒരങ്ങാടിമരുന്ന്.

തൊട്ടിയൻ-വടക്കേദിക്കിലുള്ള ഒരു ജാതിക്കാരൻ.

തൊട്ടിയവിദ്യ-ക്ഷുദ്രം, ആഭിചാരവിദ്യ

തൊട്ടിൽ-കുട്ടികളെ കിടത്തി ഉറക്കുന്ന (കിടത്തുന്ന) ആട്ടുകട്ടിൽ.

തൊട്ടിൽക്കട്ടിൽ-പൈതങ്ങളെ കിടത്തുന്ന ആട്ടുകട്ടിൽ.

തൊട്ടിൽപ്പാട്ട്-താലോലം, പൈതങ്ങളെ ഉറക്കുന്നതിനു പാടുന്ന പാട്ട്, താരാട്ട്.

തൊട്ടുകളി-ഹീനജാതിക്കാരെ തൊടുന്നതിലുണ്ടാകുന്ന അശുദ്ധി തീർക്കുവാനുള്ള കളി.

തൊണ്ട്-നാ. രണ്ടുകൈകയാലെയ്ക്കു ഇടയിലുള്ള സ്ഥലം, കയ്യാലകത്തിയ കഴി. വ. ചകരി. ന. നാളികേരത്തിന്റെ പുറത്തെ തോട്. (മടൽ, തൊലി) ര. കന്നുകാലികൾ ഓടിപ്പോകാതെ ഇരിപ്പാൻ അതിന്റെ കഴുത്തിൽ കെട്ടിയിടുന്ന മുറിത്തടി.

തൊണ്ട-കഴുത്തിന്നകം.

തൊണ്ടക്കനപ്പ്-തൊണ്ടയിലുണ്ടാകുന്ന ഒരു ചുവ.

തൊണ്ടക്കുഴി-കഴുത്തിന്നകത്തെ ദ്വാരം.

തൊണ്ടൻ-വി. കനത്ത തൊലിയുള്ള.

തൊണ്ടൻ-പു. ഭോഷൻ, നീചൻ. ൨. വൃദ്ധൻ.

തൊണ്ടയടപ്പ്-ഒച്ചയടപ്പ്.

തൊണ്ടി-പു. മോഷ്ടിച്ച വസ്തു ൨ ഒരു വക മരം. ൩. വൃദ്ധസ്ത്രീ.

തൊണ്ടികരം-ഇതു വടക്കൻ ദിക്കിൽ വൃദ്ധസ്ത്രീകളുടെ പര്യായമാണ്. തെക്കൻ ദിക്കിൽ ഇതു അധികാരസ്ഥന്മാർ ശോധനചെയ്യപ്പെടുന്ന സാധനങ്ങളുമാകുന്നു.

തൊണ്ടിത്തേരകം-പരപരയായിരിക്കുന്ന ഇലകളുള്ള ഒരുമാതിരി മരം.

തൊണ്ണ്-മോണ.

തൊണ്ണൻ-പു. ഇളയനാളികേരത്തിന്റെ ചകിരിയും ചിരട്ടയും കൂടിയിരിക്കുന്നത്. ൨. പല്ലില്ലാത്ത ആൾ.

തൊണ്ണൂറു-പത്തു കുറയ നൂറു

തൊത്ത-(പദങ്ങളുടെ മുമ്പിൽ ചേർന്നു വരുമ്പോൾ) (വി) അംഗഭംഗമുള്ള.

"തൊത്തക്കൈയും തൊത്തക്കാലും
തത്തക്കപ്പിത്തക്കത്തൈതൈ"
(ഒരു പഴയ പാട്ട്)

തൊത്ത്—ശിഖരത്തിന്മേലുള്ള പൂക്കുല, കുല, മൊട്ട്.

തൊന്തരം, തൊന്തരവ്—ഉപദ്രവം, കുഴപ്പം.

തൊന്തി-വി. കുടവയറുള്ള.

തൊന്തി-കുടവയറ്.

തൊന്തിവയറൻ-കുടവയറുള്ളവൻ.

തൊപ്പി-പു. തലമൂടുന്നതിനു ശീല മുതലായതു കൊണ്ടു തയ്ച്ചുണ്ടാക്കുന്ന വസ്തു. പര്യായങ്ങൾ ശീർഷകം, ശീർഷണ്യം, ശിരസ്ത്രം (ഹിന്ദുസ്ഥാനി ഭാഷ) ൨. വിത്തുകളുടെ തൊലി. ൩. തലയോട്ടിന്റെ മേലത്തെ ഭാഗം. ൪. ചില വൃക്ഷകളിയിൽ ഉണ്ടാകുന്ന മടക്കം.

തൊപ്പികെട്ടുക-തോല്ക്കുക.

തൊപ്പിപ്പാള—തലയിൽ ഇടുന്നതിനായിട്ട് അടയ്ക്കാമരത്തിന്റെ പാളകൊണ്ടു തൊപ്പിപോലെ കെട്ടിയുണ്ടാക്കുന്ന വസ്തു.

തൊപ്പിമദ്ദളം-ഒരുവക വാദ്യം.

തൊലി-തോൽ, തൊകൽ.

തൊലികൾ (ത്വക്ക)-ഇവ പാലിൽ നിന്ന് പാകവശാൽ ഉപരിഭാഗത്തു പാട എന്നപോലെ രക്തത്തിങ്കൽ നിന്നു പാകവശാൽ ഉണ്ടാകുന്നവയാകുന്നു. തൊലികളുടെ പേരും ഘനവും താഴെ കാണിക്കുന്നു.

| | | |
|---|---|---|
| ൧. ഭാസിനി-ഒരുനെല്ലിന്റെ- | | ൧൮-ൽ൧ |
| ൨. ലോഹിതി | ടി | ൧൬-ൽ ൧. |
| ൩. ശ്വേത | ടി | ൧൨-ൽ ൧. |
| ൪. താമ്ര | ടി | ൮-ൽ ൧. |
| ൫ വേദിനി | ടി | ൫-ൽ ൧. |
| ൬. രോഹിണി | ടി | ഒരുനെല്ല്. |
| ൭. മാംസധര | ടി | രണ്ടുനെല്ല്. |

തൊലിക്കൽ-ഉരിപ്പ്, തൊലിനീക്കുക.

തൊലിപ്പ്-തൊലിനീക്കുക, തൊലിചെത്തുക.

തൊലിപ്പനരി-അവയ്ക്കാത്തരി, വെളുക്കാത്തരി. [തൊലിപ്പൻ+അരി =തൊലിപ്പനരി.]

തൊലിയുന്നു-തൊലിനീങ്ങുന്നു, തോലുരിയുന്നു. [സ. ക്രി. തൊലിക്കുന്നു.]

തൊല്ല-പു. പ്രയാസം, വൈഷമ്യം. ൨. അസഹ്യമായുള്ള കാര്യം, ഉപദ്രവം, ആപത്ത്.

'ഭയിച്ചുഫൽഗുനനെങ്കിൽ
തുണച്ചുവന്നതുംവന്നു
നശിച്ചുപാണ്ഡവരെങ്കിൽ
നമുക്കതെല്ലാംതീർന്നു'
(കൃഷ്ണാർജ്ജുനവിജയം തുള്ളൽ)

തൊവയ്ക്കുക-തുടങ്ങുക.

തൊളി-പ്ര. ചള്ള (ചളി) കെട്ടിയസ്ഥലം. വ. ഉപയോഗമില്ലാതായത്.

തൊളിക്കുന്നു-പ്ര. തൊളിയാക്കുന്നു. വ. ഉപയോഗമില്ലാതാക്കുന്നു.

തൊളിപ്പ്-തൊളിയാക്കൽ.

തൊള്ള-പ്ര. വായ്.

'ഉള്ളമരങ്ങടെകായുംകനിയും
തൊള്ളയിലിട്ടുകടിച്ചുരസിച്ചഥ'
(രാമാനുചരിതം തുള്ളൽ)

വ. ഒച്ച, അലപ്പ്. ന. വലിയദ്വാരം.

തൊഴൽ-തൊഴുക, വന്ദിക്കുക.

തൊഴി-പ്ര. ചവിട്ട്. വ. വ്യസനം തിമിർത്തു മാറത്തടിക്കുക.

തൊഴിക്കുന്നു-പ്ര. ചവിട്ടുന്നു,

'അപ്പോഴേതലക്കിട്ടു
തൊഴിപ്പാനെന്നിയേതോന്നാ'
(നാരായണീചരിതം തുള്ളൽ)

വ. ദുഃഖംകൊണ്ടു മാറത്തടിക്കുന്നു. ന. ചൊഴിക്കുന്നു.

തൊഴിൽ-പ്ര. പണി, വേല, ജോലി. വ. വ്യാപാരം.

തൊഴിലുകൾ-(ചതുഷ്ടയം) സംഗീതസാഹിത്യാദി ഉത്തമം; കൃഷി വാണിഭങ്ങൾ മദ്ധ്യമം; സേവാവൃത്തി അധമം; ഭാരജീവിതം വിഷമം.

തൊഴിലാളി-പ്ര. പണിക്കാരൻ. വ. വ്യാപാരി ന. ഏതെങ്കിലും തൊഴിലിൽ (വേലയിൽ) പ്രവേശിച്ചിരിക്കുന്നവർ.

തൊഴുകൈ-പ്ര. കൂപ്പുകൈ, തൊഴുതുപിടിച്ച കൈ. വ. ഒരു പച്ചമരുന്ന്.

തൊഴുകണ്ണി-ചെമ്പുഞെരിഞ്ഞിൽ.

കഫം, വാതം, ചൊറി, വ്രണം, കൃമി മുതലായതിനു നന്ന്. കറച്ചു പടച്ചുള്ളതാണ്. പൂവു നീലവർണ്ണം, സൌരഭ്യമുള്ള ലതയാണ്. ഇതിനു 'ആമിത്രകത' എന്ന പേർ കാണുന്നു. ത-അവൊട്ടിപ്പച്ചൈ. വീരാമട്ടി. ഇം-Sun-flower.

തൊഴുകാറുന്നു-തെളിഞ്ഞൊഴുകുന്നു.

തൊഴുത്ത്-കന്നുകാലിക്കൂട്, മൃഗങ്ങളെ കെട്ടുന്ന സ്ഥലം. പര്യായങ്ങൾ-ഗോഷ്ഠം, ഗോസ്ഥാനകം.

തൊഴുത്തിൽകുത്ത് - വീട്ടിനുള്ളിലുള്ളവർ തമ്മിൽ ഉണ്ടാകുന്ന കലഹവും അതുനിമിത്തം ഉണ്ടാകുന്ന നാശവും.

തൊഴുന്നു-വന്ദിക്കുന്നു, കൈകൂപ്പുന്നു.

തൊഴുവം-കന്നുകാലിക്കൂട്.

## തോ

തോകകം-വേഴാമ്പൽ. സ്തോകകം എന്നതിന്റെ ഒരു പാഠം.

തോകപ്പവനൻ-മന്ദമാരുതൻ.

തോകം-വി. അല്പം.

തോകം-പ്ര. പുത്രൻ, പുത്രി. കുലത്തെ വർദ്ധിപ്പിക്കുന്നത് എന്നർത്ഥം. പുത്രിയെ പറയുന്ന ദിക്കിൽ ഹിംസാർത്ഥം ഉപയോഗിക്കാം. പിറന്നേടത്തെ മുതൽ നശിപ്പിക്കുന്നവൾ എന്നർത്ഥം. മറ്റൊരു പര്യായം-അപത്യം വ. കുട്ടി, ശിശു.

തോക്ക്-വെടിവയ്ക്കുന്ന ആയുധം.

തോക്കന-നല്ലമേകിന്റെ തിരി.

തോക്കുക-പ്ര. തോൽവിയുണ്ടാക്കുക വ. ഉഴയ്ക്കുക.

തോക്കുപുര-തോക്കുവയ്ക്കുന്ന പുര.

തോക്കുവെടി- തോക്കുകൊണ്ടു വയ്ക്കുന്ന വെടി.

തോക്മം, തോമ്മം-പു. പച്ചയവം. ഭംഗിയുള്ളതെന്നർത്ഥം. വ. പച്ചനിറം. ന. ചെവിപ്പി.

തോത്ത്-വലിച്ചു.

'തോഷവും ഖേദവും തോത്തുനിന്നീടിന'
(ചെറുശ്ശേരി)

തോട്-പു. ചെറുപുഴ. വ. ചില കായ്കളുടെ പുറത്തെ തൊലിയോ തൊണ്ടോ.

തോട-കാതിലിടുന്ന ആഭരണം.

'ഇന്നാലേലോലകാതിലിലിതമിളകിടും തോടയോടെ'
(അമരുകശതകം)

തോടകം-വൃത്തഭേദം അല്ലെങ്കിൽ രൂപകഭേദം.

തോടയം-ആട്ടക്കഥയുടെ തുടസ്സം.

തോടി-പു. ഒരു രാഗം. വ. ഒരുവക മീൻ.

തോടിമീനിന്ന സാമാന്യം മത്സ്യത്തിന്റെ ഗുണങ്ങളുണ്ട്.

തോട്ട-ഒരു വെടിയുപ്പു മരുന്നു ഇടുന്ന കുഴൽ (ഹിന്തുസ്ഥാനിഭാഷ)

തോട്ടക്കാരൻ-പു പറമ്പിൽ പൂക്കൾ മുതലായ പല വസ്തുക്കളും വച്ചുണ്ടാക്കുന്നവൻ. വ. തോട്ടം സൂക്ഷിക്കുന്നവൻ.

തോട്ടപ്പുഴുവ്-ഒരുവക കാട്ടുപുഴു, ഒരു കൃമി.

തോട്ടം-പൂങ്കാവ്, വൃക്ഷാദികൾ പലതും ഉള്ള ഒരു പറമ്പ്.

തോട്ടവശള-ശാകവർഗ്ഗത്തിൽ ചേർന്ന ഒരു പത്രശാകം.

തോട്ടാപ്പെട്ടി-വെടിമരുന്നു മുതൽ ഇരിക്കുന്ന പെട്ടി.

തോട്ടി-പു. അററത്തു കൊളുത്തുള്ള നീണ്ട കോൽ. വ. ആനത്തോട്ടി.

തോട്ടിക്കോൽ-അററത്തു കൊളുത്തുള്ള കോൽ.

തോട്ടുവാരം-തോട്ടിന്റെ കര.

'വഞ്ചിക്കൂട്ടം വരുമളവിലത്തോട്ടുവാരത്തൊതുങ്ങി'
(മയൂരസന്ദേശം)

തോണി-പു. വലിയ വള്ളം, വള്ളം. വ. കടത്തുവള്ളം. പര്യായങ്ങൾ-നൌ, തരണി, തരി. ന. മരത്തോട്ടി. ൪. രോഗികൾക്കു ധാരയിടുന്ന ഒരു മരപ്പാത്രം, ധാരപ്പാത്തി. ൫. കണ്ണിൽ വെള്ളം കേറുന്ന തൊക്കത്തോണി.

തോണിക്കൂലി, കപ്പൽക്കൂലി മുതലായത് = ആതരം, തരപണ്യം.

തോണിക്കടവ്-വള്ളം അടുക്കുന്ന സ്ഥലം

തോണിക്കാരൻ-വള്ളക്കാരൻ, ഊന്നുന്നവൻ.

തോണിക്കൂലി-വള്ളക്കൂലി,

തോണ്ട്, തോണ്ടൽ-പു. കിളച്ചു മണ്ണു കൂട്ടുക, കയ്യാലകുത്തുക, വരമ്പുകുത്തുക. വ. കോൽകൊണ്ടു നീക്കുക. ന. കുഴിയിൽനിന്നു മണ്ണുകളയുക. ൪. തോട്ടി കൊണ്ടു പറിക്ക.

തോണ്ട-ഒരു പച്ചമരുന്ന്, ഒരുവക ആവണക്ക്.

തോണ്ടുന്നു-പു. കിളച്ചു മണ്ണുകൂട്ടുന്നു, കയ്യാലകുത്തുന്നു, വരമ്പുകുത്തുന്നു. വ. കുഴിയിൽനിന്നു മണ്ണുകളയുന്നു. ന. തോട്ടി കൊണ്ടു പറിക്കുന്നു.

തോത്ത്-നീളം വീതി അളന്നു കുറിക്കുന്ന കോൽ.

തോത്രം-പു. ആനവളർ. ആനയെ ശിക്ഷിപ്പാനുപയോഗിക്കുന്ന കോൽ. ഇതു കൊണ്ടു വേദനപ്പെടുന്നതിനാൽ ഈ പേരുണ്ടായി. പര്യായങ്ങൾ-പ്രാജനം, തോദനം. വ. കാളയെയും മററും തെളിക്കുന്ന മുടിങ്കോൽ, കന്നുകാലിയെ അടിക്കുന്നതിനുള്ള വടി.

തോത്രവേത്രം-വിഷ്ണുവിന്റെ വടി.

തോദനം-കാള മുതലായതിനെ തെളിക്കുന്ന മുടിങ്കോൽ. ദുഃഖിപ്പിക്കുന്നത് എന്നർത്ഥം.

തോദം-വേദന, പീഡ.

'ഈഴുമൂതക്കിരച്ചുവിയിൽ
പായിക്കുംപോലെതോനെമന്നീടും'
(കേരളവർമ്മചരിതംമണിപ്രവാളം)

തോനേ-അ. വളരെ, അധികം. (നീചമാണ്)

തോന്നൽ-വിചാരം, നിരൂപണം, ഊഹം.

തോന്നിയവാസം-താന്തോന്നിത്തം.

തോന്നിയവാസി-താന്തോന്നി, മനസ്സുപോലെ നടക്കുന്നവൻ.

തോന്നുന്നു-ക്രി. നിരൂപിക്കുന്നു, ഊഹിക്കുന്നു, ഓർക്കുന്നു. [സ ക്രി. തോന്നിക്കുന്നു.]

തോൻറും-തോന്നും. (പ-മ.)

തോപ്പ്-വൃക്ഷങ്ങൾ മുതലായ പല വസ്തുക്കൾ നട്ടുണ്ടാക്കുന്ന സ്ഥലം. പര്യായങ്ങൾ-ആരാമം, ഉപവനം.

തോപ്പ-വീണമല (ചാഞ്ഞുവീഴുന്നതു്).

തോമ്പ്-പതിരും പൊടിയും കളയാതെയുള്ള നെല്ല്.

തോമരധരൻ-പു. വേൽക്കാരൻ. വ. അഗ്നിദേവൻ

തോമരം-പു. ഇരിമ്പുപാര, ഇരിമ്പുഗദ. വ. വേൽ. ന. പീലിക്കുന്തം. ർ. ചാട്ടുകുന്തം. ശരീരത്തിൽ പ്രവേശിക്കുന്നതും മരിപ്പിക്കുന്നതും എന്നർത്ഥം.

തോമരം എന്നതു കട്ടോലിന്റെ ആകൃതിയിൽ ഇരിമ്പു കൊണ്ടുണ്ടാക്കിയ ഒരു ആയുധവിശേഷമാകുന്നു. തമിഴിൽ -ചില്ലാക്കോൽ. ഇതു മന്ഥദണ്ഡാകാരമായ ഒരായുധം എന്നും കാണുന്നു.

തോമരിക-തുവരപ്പയറ.

തോയകുംഭം-കരിമ്പായൽ.

തോയഗർഭം-തേങ്ങ.

തോയജ-വി. വെള്ളത്തിൽ ജനിച്ച.

തോയജം-ആമ്പൽ, താമരമുതലായവ.

തോയഡിംഭം-ആലിപ്പഴം.

തോയദ-വി. വെള്ളത്തെക്കൊടുക്കുന്ന.

തോയദം-പു. മേഘം. വ. മുത്തങ്ങ. ന. ഉരുക്കുനെയ്, നെയ.

തോയധരം-പു. മേഘം വ. മുത്തങ്ങ. ന. നീരാരൽ.

തോയധി-സമുദ്രം.

'തോയധിലംഘിച്ചുശ്രീമയിൽപോയി'

തോയനിധി-സമുദ്രം.

തോയനീവി-ഭൂമി.

തോയപിപ്പലി-നീർതിപ്പലി.

തോയം-പു. വെള്ളം. തടുക്കപ്പെടുന്നതു് എന്നർത്ഥം. ചിറ കെട്ടുന്നിടത്തും മറവും തടുക്കുക പതിവാണല്ലോ. വ. ഇരുവേരി.

തോയമലം-കടൽ.

തോയരസം-നനവു്.

തോയവ്യതികരം-ആറുകൾകൂടെ സന്ധിക്കുന്ന സ്ഥലം.

തോയസൂചകം-തവള.

തോയാകരം-കുളം, വെള്ളം നിൽക്കുന്ന സ്ഥലം, സമുദ്രം.

'തോയാകരത്തെകടക്കുംപ്രകാരങ്ങൾ'
(ഭാഗവതം)

തോയോത്സർഗ്ഗം-പു. മഴ. വ. വെള്ളം ഒഴുകുക.

തോയ്യക-പു. നനയുക. വ. മുങ്ങുക. ന. ഉണ്ടായിരിക്കുക.

തോയേശൻ-വരുണൻ.

തോര-പു. ഒരുവക പയറ. വ. നാണം മറയ്ക്കുന്ന വസ്ത്രം, കോണകം.

തോരണൻ-ശിവൻ.

തോരണം-പു. പടിവാതില്ക്കൽ പുറത്തു രണ്ടുവശത്തും സ്തംഭംനാട്ടി അതിന്മേൽ മംഗളാർത്ഥമായി കെട്ടിയുണ്ടാക്കുന്ന മാലാവിതാനം. മംഗളാർത്ഥമാകയാൽ ബഹുപ്പാടുനെ ഉയരാക്കുന്നതു (ഇല

പ്പെട്ടു ചെയ്യപ്പെടുന്നതു) എന്നൎത്ഥം. അ
ന്യന്മാരെ അകത്തേയ്ക്കു കടപ്പാൻ സ
മ്മതിക്കാത്തതു. ബാഹ്യദേശവും ശരിയാ
യി തിരിക്കപ്പെടുന്നതു. ഇങ്ങിനെയു
മാകാം. ൨. വിലങ്ങത്തിൽ കെട്ടുന്ന
മാല. ൩. ഉമ്മറവാതലിന്റെ പുറമ്പു
ഭാഗം. ൪. വളച്ചുവാതൽ. മറെറാരു
പൎയ്യായം-ബഹിൎദ്വാരം. ൫. കഴുത്തു,
തൊണ്ട.

**തോരൻ, തുവരൻ**-ഒരുവക കറി.

**തോരപ്പരിപ്പു**-ഉമികളഞ്ഞ തോ
രൻപയറ.

**തോയാസാരാ**-മഴ.

'തോയാസാരാൽത്വരിതമതളീ-
ടേണമത്താപശാന്തിം'
(മയൂരസന്ദേശം)

**തോരെയിടുന്നു**-വസ്ത്രം മുതലായതു ഉ
ണങ്ങുന്നതിനു വെയിലിലോ കാററ
ത്തോ ഇടുന്നു.

'മരവിരിതോരെയിടുംമരങ്ങളിന്മേൽ'
(മലയാളശാകുന്തളംനാടകം)

**തോരുന്നു**-ഉണങ്ങുന്നു.

**തോൎച്ച, തുവൎച്ച**-ഥ ഉണക്ക. ൨. വേ
നൽ.

**തോൎത്തൽ**-വസ്ത്രംകൊണ്ടു വെള്ളം തുട
യ്ക്കുക.

**തോൎത്തുന്നു**-വസ്ത്രംകൊണ്ടു വെള്ളം തുട
യ്ക്കുന്നു.

**തോൎത്തുമുണ്ടു**-ഥ. വെള്ളം തുടയ്ക്കുന്ന വ
സ്ത്രം. ൨. ഉടുക്കുന്ന ഒരുമാതിരി ചെറി
യമുണ്ടു.

**തോൎമ്മ**-തോൎച്ച.

**തോൽ**-ഥ. മരത്തിന്റെയോ മൃഗത്തിന്റെ
യോ മനുഷ്യന്റെയോ തൊലി. ൨. വൃ
ക്ഷങ്ങൾക്കു വളമായിട്ടു ഇടുന്ന പച്ചില.
൩. കായ്കളുടെ തൊലി.
മാൻ മുതലായവയുടെ തോൽ-അജി
നം, ചൎമ്മം, കൃത്തി.

**തോൽകാപ്പ്യർ**- തമിഴിലെ പ്രധാന
വൈയാകരണൻ.
൯-ാം ശതവൎഷത്തിൽ ജീവിച്ചിരുന്നു.

**തോൽകൊല്ലു**-തോൽകൊണ്ടുള്ള ഒരു നാ
ണയം.

**തോൽകുടം**-തോൽകൊണ്ടുണ്ടാക്കിയ ഘ
ണ്ണകുടം. (സംസ്കൃതത്തിൽ-കുതു !

**തോൽക്കൊമ്പൻ**-ഒരുമൃഗം, ചാരുക്ക.

**തോൽക്കൊല്ലൻ**-തോൽകൊണ്ടു സാ
ധനങ്ങളുണ്ടാക്കുന്നവൻ. പൎയ്യായങ്ങൾ-
പാദുകൃത്തു, ചൎമ്മകാരൻ.

**തോൽവി**-അപജയം, മടപ്പു.

**തോല**- പൊന്നിന്റെയോ വെള്ളിയുടെ
യോ ഒരു ഭാരം, ഒരു വെള്ളിരൂപയ്ക്കുള്ള
കനം.

**തോലണ്ടി**-മൂക്കാത്ത മാങ്ങായണ്ടി.

**തോലൻ**-ചേരമാൻപെരുമാൾ രാജാവി
ന്റെ ഒരു കാൎയ്യസ്ഥന്റെ പേർ.

**തോലനം**-കനം, ഭാരം.

**തോലി, തോല്വി, തോല്മ**-ഥ മ
ടുപ്പു, അപജയം. ൨. നഷ്ടം.

**തോലിടുന്നു**-തോൽകൊണ്ടു പൊതിയുന്നു

**തോലിയം**-തോൽവി.

**തോലുണ്ടി**-തോൽകൊണ്ടുണ്ടാക്കിയ ഒരു
നാണയം.

**തോലുളി**-തോലു ചീകുകയും മററും ചെ
യ്യുന്ന ഒരു ഉളി. പൎയ്യായങ്ങൾ-ആര,
ചൎമ്മപ്രഭേദികാ (ചൎമ്മഭേദികാ).

**തോലുറ**-തോലുകൊണ്ടുള്ള ഉറ.

**തോവാള, തോവാളക്കട്ടിള**-കേരള
ത്തിന്റെ തെക്കെഅതിൎത്തി

**തോളായം**-കിണ്ണണം (തുരന്നു തുരന്നു
ചോദിക്കുക).

**തോഷം**-ഉത്സാഹം, സന്തോഷം.

**തോഷലം**-മുസലം.

**തോസലകൻ**-ഒരു മല്ലൻ.

കംസന്റെ അനുചരനാണ്. കൃഷ്ണൻ കൊന്നു.

**തോൾവള**-രാജാക്കന്മാരും മററും തോളിന്മേൽ കയറിനില്ക്കുന്ന നിലയിൽ ഉണ്ടാക്കിയിടുന്ന ഒരാഭരണം. പര്യായങ്ങൾ-കേയൂരം, അംഗദം.

കേയൂരം എന്നതു് തോളിന്മേൽ കയറി നില്ക്കുന്നതായ തോൾവളയാണെന്നും അംഗദമെന്നതു അതിന്നുതാഴെ കൈത്തണ്ടിന്മേൽ കെട്ടുന്ന വേറെ ഒരുതരം തോൾവളയാണെന്നും ചിലർ അഭിപ്രായപ്പെടുന്നു.

**തോഴ്മ**-സഖിത്വം.

**തോഴൻ**-കൂട്ടുകാരൻ, ചങ്ങാതി.

'ഞാനെന്തോരാനുവൃഥാപറഞ്ഞുപരിഹാ-
സാർത്ഥംപരംതോഴരേ!'
(അഭിജ്ഞാനശാകുന്തളം)

**തോഴം**-സഖിത്വം.

**തോഴി**-കൂട്ടുകാരി, സഖി.

**തോറും**-അ. പ്ര. ഓരോന്നിലും. ഉ. അനുസരിച്ചുള്ള ക്രമത്തിനു. ന. പ്രത്യേകമായി.

**തോററ**-വി. മടങ്ങിയ, മടുത്ത, ജയമില്ലാത്ത.

**തോററക്കളം**-മണ്ണാന്മാരു ഭദ്രകാളിയെ സ്തുതിച്ചു പാടുന്ന ഒരു പാട്ടു്.

**തോററം**-തോന്നുന്നതു്, വിചാരം, തോന്നൽ.

**തോററാ**-ക്രി. ഭദ്രകാളിയെക്കുറിച്ചുള്ള ഒരു വക പാട്ടു്. ഉ. പൊലിപ്പിക്ക, സൌഖ്യംവരുത്തുക. ന. ജീവിപ്പിക്ക. ര. പുറപ്പെടുവിക്ക.

**തോററംപാട്ടു്**-ഒരു തെക്കൻപാട്ടു്.

മാരികൻ ഭദ്രകാളി എന്നിവരുടെ വേഷംകെട്ടി തെക്കൻദിക്കുകളിൽ ഭദ്രകാളിക്ഷേത്രത്തിൽ പാടിവരുന്ന ഒരു വക പാട്ടാണ് ഇതു അധികമായി ഉപയോഗിച്ചുവരുന്നതു താണജാതിക്കാരാകുന്നു. വളരെ പുരാതനമായ പാട്ടാണ്.

'നന്തിയാർവട്ടപ്പൂവും
നട്ടമലർവിളക്കുംചാന്തും
അന്തിയുംപകലുമെല്ലാം
അച്ചിച്ചേൻഅടിമച്ചാക്കൻ
ബുദ്ധിയെപെരുക്കിനന്നായ്
എഴുത്തിനെപഠിപ്പതിന്നായ്
ചന്ദനമണിയുംമാലെ!
സരസ്വതിനീയുംപിന്നെ'
(ഭാഷാചരിത്രം)

തോററൻപാട്ടു് എന്നാൽ ജീവിപ്പിക്കുന്ന പാട്ടു് എന്നർത്ഥം. ദുര്യോധനന്റെ ആജ്ഞാഹേതുവായിട്ടു് വേലൻ പാണ്ഡവരെ നിഴൽക്കുത്തിക്കൊന്നാപ്പോൾ വേലത്തി തോററുകയാൽ ഈ പേർ വന്നു.

**തോററവൻ**- മടങ്ങിയവൻ. പര്യായങ്ങൾ-പരാജിതൻ, പരാഭൂതൻ.

**തോററിണു**-തോന്നുന്നു. (പ-മ.)

**തോററിയ(ന)**-വി. തോന്നിച്ച.

**തോററുന്നു**-ക്രി. ജീവനുണ്ടാക്കുന്നു. ഉ. സുഖംവരുത്തുന്നു. ന. ജനിപ്പിക്കുന്നു.

---

## തൌ

**തൌക്ഷികം**-ധനുരാശി.

**തൌതികം**-പ്ര. മുത്തു്. ഉ. മുത്തുച്ചിപ്പി.

**തൌര്യത്രികം**-ആട്ടവും പാട്ടും കൊട്ടും കൂടിയതു്. തൂര്യം=ജാഗ്രതയായി കൊട്ടുന്ന മുരജം മുതലായതു്. ത്രികം=മൂന്നു അംശങ്ങളോടുകൂടിയതു്. മുരജം മുതലായവയോടു യോഗ്യമാംവണ്ണം യോജിച്ചിരിക്കുന്ന നൃത്തഗീതവാദ്യം എന്നു താല്പര്യം. മറെറാരു പര്യായം-നാട്യം.

കഥകളി, നാടകം മുതലായവയിൽ ചേരേണ്ടതായ എണ്ണങ്ങളെല്ലാം ചേർക്കുന്ന കളി.

തൌലി-പു. തുലാംരാശി. വ. തുലാ. ന. തുലാസംബന്ധിയായ കൎമ്മമുള്ളവൻ.

തൌലികൻ-പു. ചിത്രമെഴുത്തുകാരൻ. വ. എഴുത്തുകാരൻ.

തൌളവം-തുളുദേശം.

ത്യക്ത-വി. ഉപേക്ഷിക്കപ്പെട്ട.

ത്യജിക്കുന്നു-ഉപേക്ഷിക്കുന്നു.

ത്യാഗം-പു. ഉപേക്ഷ. വ. ദാനം. തൻേറതു് എന്നുള്ള മമതയെ ഇതിൽനിന്നു കളയുന്നതുകൊണ്ടു് ഈ പേരുണ്ടായി.

ത്യാഗി-വി. പു. ദാനശീലമുള്ള. വ. ഉപേക്ഷിക്ക ശീലമുള്ള.

ത്യാജ്യ-പു. ഉപേക്ഷിക്കപ്പെടുവാൻതക്ക. വ. കൊടുക്കപ്പെടുവാൻ തക്ക.

ത്യാജ്യചതുഷ്ടയം-നികൃഷ്ടദേശം, ദുർവൃത്തി, ദുഷ്ടകളത്രം, ദുഷ്ടഭക്ഷ്യജലധനങ്ങൾ.

ത്രടി-ചിററലം.

ത്രപ-ലജ്ജ.

ത്രപാവാൻ-ലജ്ജയുള്ളവൻ.

'തളനമേതദാവാന്നാട്ടപൂവാൻത്രപാവാൻ' (നളചരിതംകഥകളി)

ത്രപു-പു. വെള്ളീയം. തീയിലിട്ടാൽ ഉടനേ ഉരുകുന്നതെന്നൎത്ഥം. വ. തകരം.

ത്രപു എന്നതു കാരീയത്തിനും പറയാമെന്നു് അഭിപ്രായം കാണുന്നു.

ത്രപുടി-ചിററലം.

ത്രപുബന്ധകം-കാരീയം.

ത്രപുലം-വെള്ളീയം.

ത്രപുഷം-വെള്ളീയം.

ത്രയം-വി. മൂന്നു്.

ത്രയീ-പു. വേദം. ഋഗ്യജുസ്സാമവേദമെന്നു മൂന്നുവിധം ഭിന്നം എന്നൎത്ഥം. വ. വേദങ്ങൾ മൂന്നും കൂടിയതിൻെറ പേർ.

ത്രയീതനു-ആദിത്യൻ. വേദസ്വരൂപൻ എന്നൎത്ഥം.

ത്രയീധൎമ്മഃ-വേദവിധി, വേദോക്തങ്ങളായ യജ്ഞാദികൎമ്മങ്ങൾക്കുള്ള പേർ. മൂന്നു വേദങ്ങളെ സംബന്ധിച്ച ധൎമ്മമെന്നൎത്ഥം.

ത്രയോദശം-വി. പതിമൂന്നു.

ത്രയോദശി-പതിമൂന്നാമത്തെ പക്കം.

ത്രസ-വി. ഇളക്കമുള്ള.

ത്രസനം-ഭയം.

ത്രസം-ചരം, നടക്കുന്ന വസ്തു, സ്ഥാവരത്തിൽനിന്നു വിപരീതമായതു്. ഇളകുന്നതെന്നൎത്ഥം.

ത്രസരം-നെയിത്തെച്ചു്, ഓടം, നൂൽചുററുന്നതിൻെറ പേർ. പേടിയുള്ളവനെപ്പോലെ അവിടവിടെ പായുന്നതെന്നൎത്ഥം. നൂൽ ചുററുന്ന കതിർ.

ത്രസരേണു-സൂൎയ്യരശ്മിയിൽ കാണുന്ന ഒരു പൊടി, പരമാണു മുപ്പതുകൂടിയതു്.

ത്രസിക്കുന്നു-പു. ഭയപ്പെടുന്നു. വ. വിറയ്ക്കുന്നു, ഞെട്ടുന്നു. [സം. ക്രി. ത്രസിപ്പിക്കുന്നു.]

ത്രസിഷ്ണു-ഭയശീലൻ.

ത്രസ്ത-വി. ഭയമുള്ള.

ത്രസ്നു-വി. ഭയശീലമുള്ള. [ത്രസ്നു=ഞെട്ടിയവൻ.]

ത്രാണ-വി. രക്ഷിക്കപ്പെട്ട.

ത്രാണം-പു. രക്ഷ.

ചിലർ 'ത്രാണനം' എന്നു പ്രയോഗിച്ചു കാണുന്നു. അതു് ഇരട്ടിപ്പാണു്. ത്രാണം എന്നതു മതി. 'ത്രാണനം' എന്നു എഴുത്തച്ഛനും മററും പ്രയോഗിച്ചുകാണുന്നുണ്ടു്. അതിനെ ആദരിച്ചുകൊള്ളുക. മേലാൽ പ്രയോഗിക്കാതിരിക്കുന്നതു് ഉത്തമം.

വ. രക്ഷിക്കപ്പെട്ടതു്.

**ത്രാണി**-ശക്തി, പ്രാപ്തി, രക്ഷ.

'ത്രാണിക്കാകംവിധമൊട്ട്'

(മയൂരസന്ദേശം)

**ത്രാത**-വി. രക്ഷിക്കപ്പെട്ട.

**ത്രാതൃ**-വി. രക്ഷിക്കുന്ന.

**ത്രാപുഷം**-വി. വെള്ളീയം കൊണ്ടുണ്ടാക്കപ്പെട്ട.

**ത്രാപുഷാ**-പ്ര. ഈയംകൊണ്ടുണ്ടാക്കിയ പാവയും മററും. ഉ. വെള്ളി.

**ത്രായന്തി**-ബ്രഹ്മി. രക്ഷിക്കുന്നതു് എന്നർത്ഥം.

**ത്രായമാണ**-ബ്രഹ്മി. രക്ഷിക്കുന്നതു് എന്നർത്ഥം.

**ത്രാസ്**-തുലാസ്, തുലായന്ത്രം

**ത്രാസനം**-പ്ര. ഞെട്ടൽ, ഭയം. ഉ. മലങ്കടല.

**ത്രാസം**-ഭയം. ഞെട്ടലിനെ ഉണ്ടാക്കുന്നതു് എന്നർത്ഥം.

**ത്രാസിത**-ഭയപ്പെടുത്തിയ.

'ത്രാസിതരിപുകുലതേ
ഭാസുരഗുണവസതേകുശലം'

(നളചരിതം കഥകളി)

**ത്രി**-വി. മൂന്നു്.

**ത്രികകുത്ത്**-ത്രികൂടപർവ്വതം. കാളയുടെ പൂഞ്ഞപോലെയുള്ള മൂന്നു കൊടുമുടികൾ ഉള്ളതു് എന്നർത്ഥം.

**ത്രികടു**-ചുക്ക് മുളക് തിപ്പലി ഇവ മൂന്നും. മറെറാരു പര്യായം- ത്ര്യൂഷണം, മൂന്നു എരിവുള്ള പദാർത്ഥങ്ങൾ ചേർന്നതു് എന്നർത്ഥം.

**ത്രികടുഷണം**-തിപ്പലി, തിപ്പലിമൂലം, ചുക്ക്.

**ത്രിക**-വെള്ളം കോരുന്ന തുടി, കിണററിന്റെ സമീപത്തിൽ കയറു മുതലായതു് കെട്ടുവാനായി മരംകൊണ്ടുണ്ടാക്കിയ യന്ത്രം. മൂന്നവയവങ്ങൾ ഉള്ളതു് എന്നർത്ഥം.

ചിലർ 'നെല്ലിപ്പടി' യാണെന്നു പറയുന്നുണ്ട്. എന്റെ പരിശോധനയിൽ അതു അത്രശരിയാണെന്നു കാണുന്നില്ല.

**ത്രികണ്ടാ**-ചതുരക്കള്ളി.

**ത്രികം**-പ്ര. നട്ടെല്ലിന്റെ താഴത്തെ ഭാഗം. മൂന്നു എല്ലുകൂടിയതു് എന്നർത്ഥം. ഉ. ചെറിയ ഞെരിഞ്ഞിൽ.

ഇതു നട്ടെല്ലിന്റെ താഴേയും ആസനത്തിന്റെ മേലേയുമായി തുടയെല്ലുകളും നട്ടെല്ലുംകൂടി ചേരുന്ന സ്ഥലമാകുന്നു.

**ത്രികരണങ്ങൾ**-പ്ര. മനസ്സ്, വാക്ക്, കായം. ഉ. ധനം, വാക്ക്, ദേഹം. (അന്യനെ സഹായിക്കേണ്ടവ.)

**ത്രികർമ്മങ്ങൾ**-പ്ര. യാഗം, വേദാദ്ധ്യയനം, ധർമ്മം. ഉ. സൃഷ്ടി, സ്ഥിതി, സംഹാരം. ന. സഞ്ചിതം, ആഗാമി, പ്രാരബ്ധം.

**ത്രികാണ്ഡശേഷം** - അമരകോശത്തിന്റെ പരിശിഷ്ടമായി ഉണ്ടാക്കീട്ടുള്ള ഒരു നിഘണ്ടു.

**ത്രികാരണങ്ങൾ**- സമവായി, അസമവായി, നിമിത്തം ഇവ മൂന്നും.

മുണ്ടിന്റെ സമവായി കാരണം നൂൽ. അസമവായി കാരണം നെയ്ത്തു്. നിമിത്ത കാരണം കോല്.

**ത്രികാർഷികങ്ങൾ**- ചുക്ക്, അതിവിടയം, മുത്തങ്ങ.

**ത്രികാലജ്ഞ**-വി. വർത്തമാനം, ഭൂതം, ഭാവി ഈ മൂന്നു കാലങ്ങളേയും അറിയുന്ന.

വർത്തമാനം = ഇപ്പോഴുള്ളതു്. ഭൂതം = കഴിഞ്ഞതു്. ഭാവി = വരാൻപോകുന്നതു്.

**ത്രികാലം**-ഇപ്പോഴുള്ളതും, കഴിഞ്ഞതും, വരാനുള്ളതുമായ മൂന്നു കാലങ്ങൾ. (വർത്തമാനം, ഭൂതം, ഭാവി.)

**ത്രികൂടം**-പ്ര ഒരു പർവതം. മൂന്നു കൊടുമുടികളുള്ളത് എന്നർഥം. പര്യായം-ത്രികകുത്.

'മദ്ധ്യസമുദ്രം ത്രികൂടാചലംവല്ല-
ന്നത്യുന്നതമതിന്മുകളിൽ ലങ്കാപുരം'
(അദ്ധ്യാത്മരാമായണം)

ത്രികൂടഗിരി.

'ദുഗ്ദ്ധാബ്ധിമദ്ധ്യന്നിന്നമദ്ധ്യേ മംഗലമായോരു ശൈലേന്ദ്രൻ ത്രികൂടമെന്നേറ്റവും പ്രസിദ്ധനായ് * വർത്തിപ്പോന്നയന്തിതുദ്ധ്യനായനാരതം രത്നകാഞ്ചനമയശോഭിതം, സുഭിക്ഷതം, * യക്ഷകിന്നരഗന്ധർവ്വോരഗസിദ്ധസേവിതം, ലക്ഷണപ്രദം നിഖിലാനന്ദദിവ്യസ്ഥലം * ക്ഷീരവാരിധൌഘന്നാവോപൊങ്ങീടും തിരകളാൽ മന്ദതാനന്ദാംചൊൻകല്ലത്തസാനുസ്ഥലം * അത്രതൽ ഗിരിഗുഹയിങ്കലുണ്ടപാം പതിമയ്യൂത്രയുംശോഭിച്ചതുമതെന്നൊരദ്ഭുതവും * സർവ്വഗുണഗണപൂർണ്ണമായനന്ദനം, സർവ്വമോഹനകരമാകിയദിവ്യസ്ഥലം; * നന്ദനസമാന,മാനന്ദമാനംധ്യോഹത് ചന്ദനാദ്യഖിലവൃക്ഷമനോഹിതം, ദിനേശമാ- * ധ്യന്ദിനകരഹരമംബുവാഹാഭംപരം, മന്ദമാരുതശീതസുഗന്ധപരിപൂർണ്ണം, * ഭൃംഗാദിവിഹംഗനാനാവിധകളരവം മംഗലപ്രമോദമംഗാദിനിഷേവിതം, * തുംഗമാതംഗസിംഹകരഭസാരംഗാദി രംഗമായഭംഗുരഭംഗിമോഹിതമായി; * ഇത്ഥമത്യാനന്ദൈകസിദ്ധമാമുദ്യാനത്തിൻ മദ്ധ്യേയുണ്ടല്ലൊ വളർന്നോരു പുഷ്കരിണിയും * നിർമ്മലായതാഗാധവിസ്തൃതകരതരം, പൊന്മയാംബുജകമുമുത്പലകല്ഹാരങ്ങൾ * പൊങ്ങിനിന്നതിശയമുദാഹിച്ചനദിനഭൃംഗസംഘം ഹംസാദിദിവ്യമംഗലരവാന്വിതം; * സന്നിധിയോടുംകൂടെ നന്ദനോദ്യാനംശോഭിക്കുന്നുപോലെ വിളങ്ങീടിനോരുദ്യാനവും.'
(ഭാഗവതം)

ഖ. കടലപ്പ്.

**ത്രികൂർച്ചകം**-മൂന്നു വായ്ത്തലയുള്ള ഒരു കത്തി.

**ത്രികോണങ്ങൾ**-(ജ്യോതിഷം) അതാതു രാശിയുടെ ൫-ാം രാശിയും ൯-ാം രാശിയും.

**ത്രികോണം**-മുക്കോണ്.

**ത്രികോണം**-വി. മൂന്നുകോണുള്ള.

**ത്രികോല്പകൊന്ന**-ഒരു മരുന്ന്, ശിവത, വെള്ളത്തകൊന്ന.
ജ്വരം, വീക്കം, ഗുല്മം, കൃമി, കുഷ്ഠം, വ്രണം, പാണ്ഡു മുതലായവകളെ നശ്. മലത്തെ ഇളക്കിക്കളയും. വാതവർദ്ധകരമാണ്. സുഖവിരേചനങ്ങളിൽ ശ്രേഷ്ഠം. തമിഴിൽ-ചിവതൈ. ഇം-(turbitt root.)

**ത്രിക്ഷുരം**-വയൽച്ചുള്ളി.

**ത്രിഖം**-പച്ചനിറമുള്ള കക്കരിക്കായ്.

**ത്രിഗണം**-ധർമ്മം, അർത്ഥം, കാമം ഇവ മൂന്നും.

**ത്രിഗുണം**-പ്ര. സത്വം, രജസ്സ്, തമസ്സ് ഇവ മൂന്നും. ഖ. മൂന്നിരട്ടി.

**ത്രിഗുണാകൃത**-മൂന്നുചാൽ ഉഴുതനിലം.

**ത്രിഗുണി**-കൂവളം.

**ത്രിഗുണിതം**-വി. പ്ര മൂന്നുകൊണ്ടു പെരുക്കിയ. ഖ. മൂന്നിരട്ടിച്ച.

**ത്രിചതുരം**-മൂന്നുനാല്.

'ഇല്ലായാസംത്രിചതുരമണി
ക്കൂറിനുള്ളിൽസാഫലം'
(മയൂരസന്ദേശം)

**ത്രിചത്വാരിംശത്ത്**-നാല്പത്തിമൂന്ന്.

**ത്രിജഗത്ത്**-ഭൂമി, സ്വർഗ്ഗം, പാതാളം ഇവ മൂന്നു ലോകങ്ങളും.

**ത്രിജട**-രാക്ഷസസ്ത്രീ.

രാവണൻ സീതയെ അശോകവനികയിൽ സൂക്ഷിച്ചുകൊള്ളുന്നതിനു ത്രിജടയെയും നിയമിച്ചിട്ടുണ്ടായിരുന്നു. ഇവൾ സീതയോടു വളരെ ദയ കാണിച്ചു. 'ധർമ്മജ്ഞ' എന്നും പേരുണ്ട്. വിഭീഷണന്റെ പുത്രി.

**ത്രിജടൻ**-ശിവൻ.

**ത്രിജടം**-കൂവളം.

**ത്രിജാതം**-ഏലം, ഇലവങ്ങം, പിച്ചില ഇവ മൂന്നും.

**ത്രിജാതികം**-ഉത്തമം (ഇഹപരബുദ്ധിയുള്ള മനുഷ്യജാതി) മധ്യമം (ഐഹികബുദ്ധിമാത്രമുള്ള പശു പക്ഷി മുതലായത്) അധമം (ഇഹപരബുദ്ധികളൊന്നും ഇല്ലാത്ത വൃക്ഷാദി).

**ത്രിജ്യ**-സ്ത്രീ. തൊണ്ണൂറുഡിഗ്രി അകലമുള്ള ഒരു ശരിയായ കോണ്. ഉ. ഒരു വൃത്തത്തിന്റെ മദ്ധ്യേനിന്നും ചുറ്റളവുവരെയുള്ള ഋജുരേഖ.

**ത്രിതക്ഷൻ**-മൂന്നു ആശാരിമാരുടെ ഒരു യോഗം.

**ത്രിതപസ്കം**-മാനസം, വാചികം, കായികം ഇവ മൂ-ം.

**ത്രിതയ**-വി. മൂന്നാമത്തെ.

**ത്രിദണ്ഡം** – ഒന്നായി രൂപിച്ചിരിക്കുന്ന മൂന്നു വടി (സന്യാസിമാർക്കുള്ളത്).

**ത്രിദണ്ഡി**-സന്യാസി. വാക്ക്, മനസ്സ്, കായം ഇവകളിന്മേൽ അധികാരം പ്രാപിച്ചവൻ.

**ത്രിദളം**-കൂവളം.

**ത്രിദശൻ**-ദേവൻ. എപ്പോഴും യൌവ്വനമുള്ളവൻ എന്നർത്ഥം.

**ത്രിദശന്മാർ**-ബ. ദേവന്മാർ. ഉ. പന്ത്രണ്ടാദിത്യന്മാർ, പതിനൊന്നു രുദ്രർ, രണ്ടു അശ്വിനീദേവകൾ, എട്ടു വസുക്കൾ ഇങ്ങനെ ൩൩ ദേവകൾ.

**ത്രിദശപൃതനാധീശൻ**-സുബ്രഹ്മണ്യൻ ദേവസേനാധിപൻ എന്നർത്ഥം.

**ത്രിദശമഞ്ജരി**-തുളസി.

**ത്രിദശാലയം**-സ്വർഗ്ഗം. ത്രിദശന്മാരുടെ (ദേവന്മാരുടെ) ആലയം (വാസസ്ഥാനം).

**ത്രിദശീജനം**-ദേവസ്ത്രീജനം.

**ത്രിദിനം**-മൂന്നുദിവസം.

**ത്രിദിവം**-പു. സ്വർഗ്ഗം. ത്രി=മൂന്നു, ദിവം=ശോഭിക്ക. പാതാളംതുടങ്ങി മൂന്നാമത്തെ ലോകം. ശോഭയുള്ളതാകയാൽ ഈ പേർ വന്നു. ഹരിഹരബ്രഹ്മാദികൾ ക്രീഡിക്കുന്ന സ്ഥലം എന്നുമാകാം. ഉ. ആകാശം.

**ത്രിദിവാ**-പേരേലം.

**ത്രിദിവേശൻ**-ദേവൻ. സ്വർഗ്ഗത്തിനു പ്രഭുക്കളായവർ എന്നർത്ഥം.

**ത്രിദിവൌകസ്സ്**-ദേവൻ.

**ത്രിദോഷം**-ബ. വാതം പിത്തം കഫം. ഉ. അവ്യാപ്തി അതിവ്യാപ്തി അസംഭവം.

**ത്രിദോഷകോപം**-വാതപിത്തകഫങ്ങളുടെ ക്രമമല്ലാത്ത ഇളക്കം.

**ത്രിധാ**-(അ) മൂന്നുപ്രകാരം.

**ത്രിധാര**-ഒരു പച്ചമരുന്ന്, ചതുരക്കള്ളി.

**ത്രിധാരിക**-ഇലക്കള്ളി.

**ത്രിനയന**-പാർവ്വതി.

**ത്രിനയനൻ**-ശിവൻ.

**ത്രിനവത**-വി. മുപ്പത്തിമൂന്നാമത്തെ.

**ത്രിനവതി**-മുപ്പത്തിമൂന്ന്.

**ത്രിനാഡികം**-ഇഡ, പിംഗല, സുഷുമ്ന.

ഇഡ-സുഷുമ്നയുടെ ഇടത്തുവശമുള്ള നാഡി. പിംഗല-സുഷുമ്നയുടെ വലത്തുവശമുള്ള നാഡി. സുഷുമ്നാ-മൂലാധാരം മുതൽ ബ്രഹ്മരന്ധ്രംവരെ എത്തീട്ടുള്ള നാഡി.

ത്രിനാഭൻ-വിഷ്ണു.

ത്രിനേത്ര -വി. മൂന്നു കണ്ണുള്ള

ത്രിനേത്രചൂഡാമണി-ചന്ദ്രൻ.

ത്രിനേത്രൻ-ശിവൻ.

ത്രിനേത്രം-രസം.

ത്രിപക്ഷം-നാല്പത്തഞ്ചു ദിവസം.

ത്രിപട-ഒരു രാഗത്തിന്റെ പേർ.

ത്രിപത്രം-കൂവളം.

ത്രിപഥഗ—ഗംഗാനദി. ത്രി=മൂന്ന്. പഥം=വഴി. ഗ=ഗമിക്ക. സ്വർഗ്ഗം ഭൂമി പാതാളം ഈ മൂന്നു ലോകങ്ങളിലേക്കു മൂന്നു വഴിയായി ഒഴുകിയതു്. സ്വർഗ്ഗത്തെ ഗമിച്ചതു് എന്നുമാവാം. 'ഗംഗ' എന്ന ശബ്ദം നോക്കുക.

൧. സ്വർഗ്ഗത്തിൽ നിന്നു ശ്രീപരമേശ്വരന്റെ ശിരസ്സിലും, ൨. അവിടെ നിന്നു ഭൂമിയിലും, ൩. അവിടെ നിന്നു പാതാളത്തിലും ഇങ്ങനെ മൂന്നു മാർഗ്ഗമായി ഗമിച്ചിട്ടുള്ളവൾ.

ത്രിപഥം-൧. മുക്കവലവഴി. ൨. സ്വർഗ്ഗം. ധർമ്മാർത്ഥകാമങ്ങൾ കൂടിയതെന്നർത്ഥം.

ത്രിപദ-വി. മൂന്നു കാലുള്ള.

ത്രിപദി-൧. ഒരു വള്ളി. ൨. ചെറുപ്പുള്ളടി.

ത്രിപർണ്ണ-കാട്ടുപരുത്തി.

ത്രിപർണ്ണി-൧. പെരുങ്കുരുമ്പ. ൨. മൂവില ൩. കാട്ടുപരുത്തി.

ത്രിപിടകങ്ങൾ-ഇതു ബുദ്ധമതക്കാരുടെ വേദഗ്രന്ഥങ്ങൾ ആകുന്നു. പാലിഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളവയാണ്.

ത്രിപുട-വി. മുക്കോണായ

ത്രിപുട-൧. ഏലത്തരി, ചിററേലം. ൨. ത്രികോല്പക്കൊന്ന, മൂന്നു പുടങ്ങൾ ഉള്ളതു്.

ഇതിന്റെ തോൽ മൂന്നടരാകുന്നു. 'ത്രിപുടി' എന്നുമാവാം.

൩. നാല്യാപ്പക്കൊന്ന ൪. മഴമുല്ല. ൫. പേരേലം.

ത്രിപുടകം-മുക്കോണകം

ത്രിപുടഃ-൧. ഉള്ളംകൈ. ൨. ശരം. ൩. കര, തീരം.

ത്രിപുടാ-൧. പാർവ്വതി, ദുർഗ്ഗ. ൨. മൂന്നലെ ഉള്ള കല. ൩. ചിററേലം.

ത്രിപുടികൾ—ജ്ഞാതാവ്, ജ്ഞാനം, ജ്ഞേയം.

ത്രിപുണ്ഡ്രം-ഭസ്മക്കുറി, മൂന്നു വര.

ത്രിപുരന്മാർ-വിദ്യുന്മാലി താരകാചക്ഷുസ്സ് കമലാക്ഷൻ ഇവർ മൂന്നുപേരും. (അസുരന്മാരാണ്).

ത്രിപുരം-മൂന്നു പുരങ്ങൾ, ത്രിപുരന്മാരുടെ വക.

പൊന്ന് വെള്ളി ഇരിമ്പ് ഇവകൊണ്ടുള്ള മൂന്നു ആകാശനഗരങ്ങൾ (വിമാനങ്ങൾ). ഇതിൽ വസിച്ചിരുന്നവർ ത്രിപുരന്മാർ ഇവരെ ശിവൻ കൊന്നു

ത്രിപുരാന്തകൻ-ശിവൻ. ത്രിപുരന്മാരുടെ കാലൻ, മയനിർമ്മിതങ്ങളായ മൂന്നു പുരങ്ങളുടെ (അസുരവിമാനങ്ങളുടെ) കാലൻ, സ്ഥൂലസൂക്ഷ്മകാരണാത്മകമായ ശരീരത്രയത്തെ നശിപ്പിക്കുന്നവൻ എന്നുമാവാം.

പണ്ടു അസുരാധിപനായ താരകന്റെ പുത്രരായി ത്രിപുരന്മാർ ജനിച്ചു. അതിശക്തന്മാരായ ഇവർ ബ്രഹ്മാവിനെ ഉദ്ദേശിച്ചു പഞ്ചാഗ്നിമദ്ധ്യത്തിൽ തപസ്സുചെയ്തു. ബ്രഹ്മാവു പ്രത്യക്ഷമായി അഭീഷ്ടം ചോദിച്ചു. വിബുധത്വം വേണമെന്ന് അവർ അപേക്ഷിച്ചു. കൊടുത്തില്ല. പിന്നീട് അവർ ഇങ്ങനെ അപേക്ഷിക്കയും ബ്രഹ്മാവു മറുപടി പറകയും ചെയ്തു.

'ഒരുത്തരാലുമൊരിക്കലും നാശം
വരുത്തിക്കൂടാതെ പുരത്രിതയത്തെ [ണം
വരുത്തിക്കൊള്ളുവാൻ വരത്തെ നൽക-

കത്തുള്ളതെങ്ങൾക്ക ചെക്കയുംവണ്ണം, ഉരത്തവണ്ണമേ വരിക നിങ്ങൾക്ക സഹസ്രവത്സരം തികയോളം കാലം'

പിന്നീട് അവർ മയനോടു പറഞ്ഞു നൂറു യോജന വിസ്താരത്തിൽ ഭൂമിയിൽ ഇരുമ്പുകൊണ്ടും ഭുവർല്ലോകത്തിൽ വെള്ളികൊണ്ടും സ്വർഗ്ഗത്തു കനകം കൊണ്ടും പുരങ്ങൾ തീർപ്പിച്ചു അവയിൽ മൂവരും താമസിച്ചു. ക്രമേണ ഇവർ ലോകോപദ്രവകാരികളായിത്തീരുകയാൽ ദേവാദികളുടെ സങ്കടം കേട്ടുവായിട്ടു ശ്രീപരമേശ്വരൻ ഇവരേയും പുരങ്ങളേയും തന്റെ തീക്കണ്ണുകൊണ്ടു ഭസ്മമാക്കി. ഇതിനാലത്രേ. അദ്ദേഹത്തിന്നു ത്രിപുരാരി, ത്രിപുരാന്തകൻ എന്നും മററുമുള്ള പേർ സിദ്ധിച്ചത്.

ത്രിപുരാസുരൻ-ത്രിമൂർത്തികളിൽ നിന്നു മൂന്നു നഗരങ്ങൾ ദാനമായി കിട്ടുകയാൽ ബാണാസുരനു ലഭിച്ച പേർ.

ത്രിഫല-കടുക്ക നെല്ലിക്ക താന്നിക്ക ഇവ മൂന്നും. മറെറാരു പൎയ്യായം-ഫലത്രികം. മൂന്നു ഫലങ്ങൾ കൂടിയതെന്നൎത്ഥം.

ത്രിബീജം-ചാമ.

ത്രിഭണ്ഡി-ത്രികോല്പക്കൊന്ന. മൂന്നു ഭേദങ്ങളുള്ളതെന്നൎത്ഥം.

ത്രിഭദ്രം-സംഗം

ത്രിഭാവനകൾ-അസംഭാവന, സംശയഭാവന, വിപരീതഭാവന.

ത്രിഭുവനം-ഭൂമി സ്വർഗ്ഗം പാതാളം ഇവ മൂന്നും.

ത്രിഭൂഷണങ്ങൾ-(കൈയ്ക്കു) ദാനം, (കണ്ഠത്തിനു) സത്യം, (കൎണ്ണത്തിനു) ശാസ്ത്രം.

ത്രിഭേദങ്ങൾ-സജാതീയം, വിജാതീയം, സ്വഗതം.

ത്രിംശത്-വി. മുപ്പത്.

ത്രിംശത്പത്രം-വെളുത്ത ആമ്പൽ.

ത്രിമധുരം-തേൻ പഞ്ചസാര കൽക്കണ്ടം ഇവ മൂന്നും.

ത്രിമാൎഗ്ഗ-ഗംഗ. 'ത്രിമാൎഗ്ഗഗ' എന്നുമാവാം

ത്രിമൂർത്തികൾ-ബ. ബ്രഹ്മാ വിഷ്ണു മഹേശ്വരൻ ഇവർ മൂവരും. ൨. അഗ്നി വായു സൂൎയ്യൻ ഇവർ മൂന്നുപേരും.

ശിവൻ-തമോഗുണമൂർത്തി. ബ്രഹ്മാവ്-രജോഗുണമൂർത്തി. വിഷ്ണു-സത്വഗുണമൂർത്തി. ത്രിമൂർത്തികളുടെ രൂപം-മദ്ധ്യത്തിൽ ബ്രഹ്മാ, വലത്തുഭാഗത്തു വിഷ്ണു ഇടത്തുഭാഗത്തു ശിവൻ.

ത്രിയംബകൻ—ശിവൻ. (ത്ര്യംബകൻ എന്നതിന്റെ പാഠം).

'ത്രിയംബകംസംയമിനം ദദർശ'

(കാളിദാസൻ)

ത്രിയാമകം-പാപം

ത്രിയാമാ-ബ. രാത്രി. മൂന്നു യാമങ്ങൾ ഉള്ളത്. ഒരു യാമം ഏഴരനാഴികയാകുന്നു, ൨. മഞ്ഞൾ. ൩. യമുനാനദി. ൪. അമരി. ൫. നാല്പാമരക്കൊന്ന.

പകലിനോടു സദൃശമായ ഒരു യാമം ഉണ്ട്. അതിനെ നീക്കിയാണു മൂന്നു യാമങ്ങൾ എന്ന് ഇവിടെ പ്രസ്താവിച്ചത്. ആദ്യ യാമത്തിന്റെ ആദ്യത്തെ പകുതിയും (പ്രദോഷകാലം), ഒടുവിലത്തെ യാമത്തിന്റെ രണ്ടാമത്തെ പകുതിയും (പ്രബോധകാലം) കൂടി ഒരു യാമമാണ് ഇവിടെ നീക്കീട്ടുള്ളത്. രാത്രി കാമപ്രധാനമാകയാൽ (ത്രിവൎഗ്ഗത്തെ) ധൎമ്മാൎത്ഥകാമങ്ങളെ യാനം ചെയ്യിക്കുന്നു എന്നുമാവാം.

ത്രിയുഗൻ-ശിവൻ.

ത്രിരാത്രം-മൂന്നു രാത്രി.

ത്രിരാത്രവ്രതം-പ്രഥമചന്ദ്രദർശനം മുതൽ മൂന്നു ദിവസം അനുഷ്ഠിക്കുന്ന ഒരു വ്രതം

മൂന്നു ദിവസവും പ്രഭാതത്തിൽ നരിയിൽ കുളിയും പൂജയും ഉപവാസവും വേണം. ശക്തിയില്ലാത്തപക്ഷം ഒരുനേരം ആഹാരം കഴിക്കാം.

ത്രിതികം-ദൈവമേരി ഒരോഡി പഴഞ്ചാലി ഇവ മൂന്നും.

ത്രിരേഖം-മൂന്നു വരയുള്ള ശംഖ്.

ത്രിലിംഗം-പുല്ലിംഗം സ്ത്രീലിംഗം നപുംസകലിംഗം ഇവ മൂന്നും.

ത്രിലോകം-ം. ഭൂമി സ്വർഗ്ഗം പാതാളം ഈ മൂന്നു ലോകങ്ങളും. ഒ. മനുഷ്യലോകം, പിതൃലോകം, ദേവലോകം.

ത്രിലോകി-വിഷ്ണു.

ത്രിലോകീരഹസ്സ്-ം. സൂൎയ്യൻ. ഒ. ഈശ്വരൻ.

ത്രിലോചനൻ-ശിവൻ. മൂന്നുകണ്ണുള്ളവൻ എന്നൎത്ഥം.

മൂന്നാമത്തെകണ്ണു അഗ്നിമയമാണു. ഈ കണ്ണുകൊണ്ടാണു കാമദേവനെ ദഹിപ്പിച്ചതു. ഇവിടെ ത്രിശബ്ദത്തിന്-മൂന്നു നേത്രങ്ങൾ, മൂന്നു ലോകങ്ങൾ, മൂന്നു കാലങ്ങൾ, മൂന്നു ഗുണങ്ങൾ, മൂന്നു വേദങ്ങൾ എന്നീ അൎത്ഥങ്ങൾ ഉണ്ടു. അതിനാൽ ഇവയിൽ നിരതിശയനായുള്ളവൻ എന്നൎത്ഥം. വേദത്രയങ്ങളെയോ പ്രണവത്തെയോ കൊണ്ടു അറിയപ്പെടുന്നവൻ എന്നുമാവാം.

ത്രിലോചനം-തെങ്ങ്.

ത്രിലോചനാ-ം പാൎവ്വതി, ദുൎഗ്ഗ. ഒ. പാതിവ്രത്യമില്ലാത്ത സ്ത്രീ.

ത്രിലോഹകം-പൊന്നു വെള്ളി ചെമ്പു ഇവ മൂ-ം.

ത്രിലോഹം-നല്ല പിച്ചള.

ത്രിവൎഗ്ഗം-ം ധൎമ്മം കാമം, അൎത്ഥം മൂ-ം.

ധൎമ്മം= വേദവിഹിതമായ യാഗാദികൎമ്മം, അൎത്ഥം=ധനസമ്പാദ്യം, കാമം =വിധിവിഹിതമായ സ്ത്രീസേവ.

ഒ. വൃദ്ധി, സ്ഥാനം (സ്ഥിതി), ക്ഷയം ഇവ മൂ-ം.

അഭ്യുദയം മേല്ക്കുമേൽ ഉന്നതിയെ പ്രാപിക്കുന്നതു വൃദ്ധി അഭ്യുദയം ക്ഷയിക്കാതെയും വൎദ്ധിക്കാതെയും ഒരു വിധത്തിൽ നില്ക്കുന്നതു-സ്ഥാനം. ശത്രുക്കളുടെ പ്രവൃത്തി നിമിത്തം വരുന്ന ദുൎദ്ദശ ക്ഷയം.

ന. സ്ഥൂലത, അന്ധത, വക്ഷൂതം ഇവ മൂ-ം. ദ. സത്വം, രജസ്സ്, തമസ്സ് ഇവ മൂ-ം.

ത്രിവലി-വയററിലുള്ള മൂന്നു മടക്ക്, മടിവുകൾ.

ത്രിവിക്രമൻ-വിഷ്ണു. മഹാബലിയുടെ യാഗസ്ഥത്തിന്നായി മൂന്നു ലോകങ്ങളിലും കാലടി വച്ചവൻ എന്നൎത്ഥം.

ം. ജനനത്തിങ്കൽ ശംഖചക്രഗദാപത്മങ്ങളോടു കൂടിയും, ഒ. കുടയും കമണ്ഡലുവും ധരിച്ച ബ്രഹ്മചാരിവേഷമായും, ന. പിന്നീടു വിശ്വരൂപമായും ഇങ്ങിനെ മൂന്നു പ്രകാരത്തിലുള്ള പരാക്രമത്തോടു കൂടിയവൻ.

ത്രിവിധ-വി. മൂന്നുപ്രകാരമുള്ള.

ത്രിവിധകൎമ്മസംഗ്രഹം-കരണം (ഇന്ദ്രിയങ്ങൾ), കൎമ്മം (ഇഷ്ടവസ്തു), കൎത്താ.

ത്രിവിധകൃത്യങ്ങൾ-മനസാവാചാ കൎമ്മണാ ഉള്ള പ്രവൃത്തികൾ.

ത്രിവിഷ്ടപം-സ്വൎഗ്ഗം. മൂന്നാമത്തെ വിഷ്ടപം എന്നൎത്ഥം.

ത്രിവൃത, ത്രിവൃത്തു-ത്രികോല്പക്കൊന്ന. മൂന്നവയവങ്ങളോടു കൂടിയതു എന്നൎത്ഥം.

ത്രിവൃതികം അഭിധാ, ലക്ഷണാ, വ്യഞ്ജനാ ഇവ മൂ-ം.

**ത്രിവേണി**-പ്ര സം. ന. പ്രയാഗത്തിനടുത്തുള്ള ഒരു സ്ഥലം

ഈ സ്ഥലത്തുവച്ചാണ് ഗംഗാനദി യമുനായോടു ചേരുന്നത്.

**ത്രിശക്തികൾ**-പ്രഭുശക്തി, ഉത്സാഹശക്തി, മന്ത്രശക്തി ഇവ ന.ം, (ശക്തിത്രയം നോക്കുക).

**ത്രിശരണങ്ങൾ**-ബുദ്ധൻ, ധർമ്മം, സംഘം. ഇവയുടെ മാഹാത്മ്യത്തെ വിചാരിച്ചു ബുദ്ധമതഗ്രന്ഥങ്ങളിൽ ഇവയെ "രത്നങ്ങൾ" എന്നു പറയുന്നു. ഈ മൂന്നവസ്ഥകളെയും ശരണം പ്രാപിച്ചവരത്രെ ബൌദ്ധഭിക്ഷുക്കൾ.

**ത്രിശരീരങ്ങൾ**-സ്ഥൂലം, സൂക്ഷ്മം, കാരണം ഇവ ന-ം.

**ത്രിശങ്കു**-പ്ര. ചന്ദ്രവംശത്തിലെ ഒരു പ്രസിദ്ധനായ രാജാവ്.

ഹരിശ്ചന്ദ്രന്റെ അച്ഛൻ. ഉടലോടെ സ്വർഗ്ഗത്തു പോകാനായി കുലഗുരുവായ വസിഷ്ഠനോടു ആലോചിച്ചു. പാടില്ലെന്നു അദ്ദേഹം പറഞ്ഞു പിന്നീടു രാജാവു വസിഷ്ഠന്റെ പുത്രന്മാരോടു മന്ത്രിച്ചു. അഹംഭാവം കണ്ടിട്ടു അവർ ത്രിശങ്കുവിനെ ശപിച്ചു ചണ്ഡാളനാക്കി. അനന്തരം ത്രിശങ്കു ആ കാര്യം വസിഷ്ഠന്റെവിരോധിയായ വിശ്വാമിത്രനോടാലോചിച്ചു. താൻ സാധിച്ചു തരാമെന്നു മുനി ഏല്ക്കയാറ. വിശ്വാമിത്രൻ യാഗം തുടങ്ങി, വസിഷ്ഠന്റെ പുത്രന്മാർ ൧൦൦ തവണ ചണ്ഡാളരായി ജനിക്കട്ടെ എന്നു ശപിച്ചുംവെച്ചു യാഗം അവസാനിപ്പിച്ചു. ത്രിശങ്കു ഉടലോടെ സ്വർഗ്ഗത്തിലേക്കു കയറിച്ചെന്നു. ദേവാദികൾ അവനെ കീഴ്പ്പെട്ടു പിടിച്ചു തള്ളി. ഇതുകണ്ടു വിശ്വാമിത്രൻ മറ്റൊരു സ്വർഗ്ഗത്തെയും ഇന്ദ്രനെയും സൃഷ്ടിപ്പാൻ മുതിൎന്നു ചില നക്ഷത്രങ്ങളെ നിൎമ്മിച്ചു ഇതിൽ ദേവകൾ ഭയംപിടിച്ചു ത്രിശങ്കുവിനെ അവർ സ്വർഗ്ഗത്തിൽ സ്വീകരിച്ചു. ത്രിശങ്കു ഇന്നും തലകീഴായി ഒരു നക്ഷത്രംപോലെ വിശ്വാമിത്രൻ സൃഷ്ടിച്ച നക്ഷത്രങ്ങളുടെ ഇടയിൽ പ്രകാശിക്കുന്നു എന്നാണ് കഥ കാണുന്നത്.

ന. പൂച്ച ന. വേഴാമ്പൽ.

**ത്രിശാല**-മൂന്നുകെട്ടുള്ള ഒരു ഭവനം, നാലുകെട്ടിൽ ഒരുഭാഗം കുറഞ്ഞപുര.

**ത്രിശിഖം**-കൃവമം.

**ത്രിശിരസ്സ്**-പ്ര. ഒരു രാക്ഷസൻ, രാവണന്റെ ഒരു ഇഷ്ടൻ. ശ്രീരാമചന്ദ്രനാൽ വധിക്കപ്പെട്ടു. ന. കുബേരൻ. ന. ജ്വരം. ൪. ഒരസുരൻ ൫. വിശ്വരൂപൻ.

**ത്രിശീർഷൻ**-ശിവൻ.

**ത്രിശൂലം**-പ്ര. മൂന്നു മുനയുള്ള ഒരായുധം. ന. ശിവന്റെ ആയുധം.

**ത്രിശൃംഗം**-ത്രികൂടപർവ്വതം.

**ത്രിശേഷങ്ങൾ**-അഗ്നിശേഷം, ശത്രുശേഷം, ഋണശേഷം. (ഇവയെ അശേഷം നശിപ്പിക്കണം).

**ത്രിസന്ധി**-ഒരു ചെടി.

ഇതു സന്ധ്യയിങ്കൽ വികസിക്കുന്നു-ചെമ്പരത്തിപ്പൂവുപോലെയിരിക്കും. ഇതളുകൾ കുറവാണ്. സൌരഭ്യമില്ല മിക്കവാറും ചെമ്പരത്തിച്ചെടിയെപ്പോലെ തന്നെ. ചെമ്പരത്തിയുടെ പുഷ്പം ഊൎദ്ധ്വമുഖമായിരിക്കും, ത്രിസന്ധിയുടേതു അധോമുഖമായിരിക്കും; ഇതാണു തമ്മിലുള്ള ഭേദം.

**ത്രിസന്ധ്യ**-സന്ധ്യ മൂന്നു. പ്രഭാതം മദ്ധ്യാഹ്നം, സായാഹ്നം, പകലിന്റെ ആദ്യന്തമദ്ധ്യഭാഗങ്ങളുടെ ഒന്നായ വാചകം. ത്രിസന്ധ്യ, ത്രിസന്ധി എന്നു രൂപം.

ത്രിസീത്യം-മൂന്നു ചാൽ ഉഴുതനിലം. മൂന്നു പ്രാവശ്യം സീതകൊണ്ടു ഉഴുതതു എന്നർത്ഥം.

ത്രിസ്ഥലി-കാശി, പ്രയാഗം, ഗയ ഇവ മൂ-ം.

ത്രിസ്രോതസ്സ്-ഗംഗ. മൂന്നുവിധം ഒഴുക്കുള്ളതു് എന്നർത്ഥം. ത്രി=മൂന്നു സ്രോതസ്സുകൾ=പ്രവാഹങ്ങൾ.

കാളിന്ദീജലം കറുപ്പ്, ഗംഗാജലം വെളുപ്പ്, സരസ്വതീജലം സാധാരണം. ഇങ്ങിനെ മൂന്നു നിറമുള്ളതു എന്നർത്ഥം. കാളിന്ദിയും സരസ്വതിയും ഗംഗയോടു ചേരുന്നതു് പ്രയാഗത്തിൽ വച്ചാണ്. പ്രയാഗത്തിൽ നിന്നു കീഴോട്ടുള്ള ഗംഗാ പ്രവാഹത്തിൽ മുൻ പറഞ്ഞ മൂന്നു നിറവും കാണും.

ത്രിസ്വരങ്ങൾ-ഹ്രസ്വം, ദീർഘം, പ്ലുതം ഇവ മൂ-ം.

വേദോച്ചാരണത്തിൽ വേണ്ടതു്-ഉദാത്തം, അനുദാത്തം, സ്വരിതം.

ത്രിഹല്യം-മൂന്നുചാലുഴുത നിലം. മൂന്നു പ്രാവശ്യം കരികൊണ്ടുഴുതതു എന്നർത്ഥം.

ത്രിഹായണ-വി. മൂന്നുവയസ്സു ചെന്ന.

ത്രിഹായണി-മൂന്നുവയസ്സുള്ള പശു.

ത്രിഹിമം-ചന്ദനം, രക്തചന്ദനം, പീതചന്ദനം ഇവ മൂ-ം.

ത്രുടി-൧. ചിറ്റേലം. പൊട്ടിച്ചിതറുന്നതു എന്നർത്ഥം. ൨. കാലവിശേഷം, ക്ഷണനേരം ൩. സൂക്ഷ്മമായതു്. ൪. സംശയം.

ത്രുടിത-വി. മുറിച്ച, ഒടിച്ച; ഒടിക്കപ്പെട്ട, നശിപ്പിച്ച.

ത്രേത-൧ ത്രേതായുഗം ൨. അഗ്നിത്രയം ത്രേതാ എന്നതിനു ശ്രൗതാഗ്നികൾ മൂ-ം കൂടിയതു് എന്നർത്ഥം. മൂന്നു ദേവതയെ പ്രാപിച്ചതു്. ത്രാഃ-അഗ്നിയെ രക്ഷിക്കുന്നതായ ആഹുതികൾ. ത്രാഃ ഇതാഃ-ആഹുതികളാൽ രക്ഷിക്കപ്പെട്ടവ എന്നർത്ഥം.

ത്രേതാഗ്നി-അഗ്നിത്രയം. ദക്ഷിണാഗ്നി, ഗാർഹപത്യാഗ്നി, ആഹവനീയാഗ്നി ഇവ മൂ-ം.

ത്രേതായുഗം-രണ്ടാംയുഗം.

ത്രേതായുഗത്തിൽ നീതിന്യായങ്ങൾ കാൽഭാഗം നശിച്ചു മനുഷ്യരുടെ എല്ലാം പ്രവൃത്തികളും ഒരാന്തരത്തോടു കൂടിയവയായിരുന്നു. അവർ ബലികർമ്മം ആരംഭിച്ചു. ആയുസ്സ ൩൦൦൦ വർഷമായി ഭവിച്ചു.

'ത്രേതായുഗേതുസംപ്രാപ്തേ
ധർമ്മഃപാദോനതാം ഗതഃ'

(എന്നു പ്രമാണം)

ത്രേധാ-അ. മൂന്നുവിധം.

ത്രൈകാലിക-വി മൂന്നുകാലത്തെ സംബന്ധിച്ച.

ത്രൈഗുണ്യം-വി. ൧ മൂന്നു ഗുണങ്ങളോടു കൂടിയ. ൨ മൂന്നു നൂലുകളോടു കൂടിയ.

ത്രൈധ-വി. മൂന്നിരട്ടിയായ.

ത്രൈമാതുരൻ-ലക്ഷ്മണൻ.

ത്രൈമാസികം—വി. ൧ മൂന്നുമാസം പ്രായമായ. ൨. മൂന്നുമാസങ്ങൾ കൂടുമ്പോൾ ഉണ്ടാകുന്ന.

ത്രൈയംബിക-വി. ശിവന്റേതായ.

ത്രൈരാശികം-ഗണിതശാസ്ത്രത്തിൽ ഒരു ക്രിയ.

ത്രൈലോക്യനാഥൻ-൧ ദൈവം. ൨. ശിവൻ ൩. വിഷ്ണു.

ത്രൈലോക്യം-മൂന്നു ലോകം.

ത്രൈവർണ്ണികൻ(കീ)—ബ്രാഹ്മണക്ഷത്രിയ വൈശ്യരെന്ന ആദ്യത്തെ മൂന്നു ജാതിയിൽ പെട്ടവൻ(ൾ).

ത്രൈവിക്രമ-വി. മഹാവിഷ്ണുവിന്റെ സംബന്ധിച്ചുള്ള.

ത്രോടകം-പു. ഒരുവക നാടകം. ദൃ-ം, വിക്രമോൎവ്വശീയം. വ. കൊമ്പാത്തോടു കൂടിയ സംസാരം.

ത്രോടി-സ്ത്രീ. കൊക്ക്. പക്ഷിയുടെ ചുണ്ടു്. കൊത്തിമുറിക്കുന്നതു് എന്നത്ഥം. വ. ചെറുകമിഴ്. ന. തോടിമീൻ

ത്ര്യക്ഷൻ, ത്ര്യക്ഷകൻ-ശിവൻ.

ത്ര്യക്ഷരം-ഓം എന്ന ശബ്ദം.

ത്ര്യഞ്ജനം-കാലാഞ്ജനം, രസാഞ്ജനം, പുഷ്പാഞ്ജനം ഇവ ന-ം

ത്ര്യദ്ധ്വഗാ-ഗംഗാ. ത്രിശബ്ദത്തോടു ചേൎന്ന അദ്ധ്വപദത്തോടു 'ഗ' ചേൎന്നാൽ ഗംഗാനദി എന്നത്ഥം.

ത്ര്യബ്ദ-മൂന്നു വയസ്സുള്ള പശു

ത്ര്യംഗടം-കാവടി.

ത്ര്യംബകഫലം-തെങ്ങ്.

ത്ര്യംബകൻ-ശിവൻ, മൂന്നു ലോകങ്ങൾക്കും പിതാവായവൻ, മുക്കണ്ണൻ.

ത്രി=മൂന്നു. അംബകം=നേത്രം. 'അംബകംനയനം ദൃഷ്ടിഃ' ത്രി മൂന്നു അംബകൻ=പിതാവു്.

ത്ര്യംബകം-ചെമ്പു.

ത്ര്യംബകസഖൻ-വൈശ്രവണൻ ത്ര്യംബകന്റെ (ശിവന്റെ) സ്നേഹിതൻ എന്നത്ഥം.

ത്ര്യരുണൻ-ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവു്.

ഒരിക്കൽ പുരോഹിതനായ വൃശനെ കൊണ്ടു തേർ തെളിപ്പിച്ചു താൻ രഥാരൂഢനായി പോകുമ്പോൾ രഥം കയറ കയറി ഒരു ബ്രാഹ്മണബാലൻ മൃതനായി. ഇതിന്റെ ഉത്തരവാദിത്വം ആൎക്കെന്നു എവിടെ വലുതായ തൎക്കമുണ്ടായി. ഇക്ഷ്വാകുകളും മുഴുവൻ വൃശനു പ്രതികൂലമായി അഭിപ്രായം പുറപ്പെടുവിച്ചു. വൃശനു കോപമുണ്ടായി പ്രാൎത്ഥന കൊണ്ടു ബാലനെ ജീവിപ്പിച്ചതിന്റെ ശേഷം ത്ര്യരുണന്റെയും മററു ഗൃഹങ്ങളിൽ അഗ്നി അതിന്റെ പ്രവൃത്തി ചെയ്യാതിരിപ്പാൻ ഇടയാക്കി. ഭക്ഷണം പോലും ഉണ്ടാക്കാൻ വയ്യാതെ അവർ വളരെ കഷ്ടപ്പെട്ടു. അവർ വൃശനോടു മാപ്പുചോദിച്ചു, അഗ്നി വീണ്ടും തന്റെ പ്രവൃത്തി തുടങ്ങി.

ത്ര്യൂഷണം-ത്രികടു, (ചുക്കു, മുളകു, തിപ്പലി). മൂന്നു എരിവുള്ള പദാത്ഥം എന്നത്ഥം.

ത്വക്-സ്ത്രീ. തൊലി. ദേഹത്തെ(രക്തമാംസാദികളെ) മറയ്ക്കുന്നതു എന്നത്ഥം. വ. മരത്തിന്റെ തൊലി (മരവിരി). മറയ്ക്കുന്നതു എന്നത്ഥം. ന. ഏലവൎങ്ങം.

ത്വക്ക്ഷീരി, ത്വക്ക്ഷീരം-മുളവെണ്ണു, മുളയിൽനിന്നുണ്ടാകുന്നതും ഗോരോചനതുല്യവുമായ ഒരൌഷധവിശേഷം. മുളന്തൊലിയുടെ കറയിൽ നിന്നുണ്ടായതു് എന്നത്ഥം.

ത്വക്പത്രം-ഏലവൎങ്ങം. തോലിനോളം കനമുള്ള ഇലകൾ ഉള്ളതു എന്നത്ഥം.

ത്വക്പത്രി-സ്ത്രീ. കായമുണ്ടാകുന്ന മരം. വ. കായമുണ്ടാകുന്ന മരത്തിന്റെ ഇല. ന. കറിക്കായം.

ത്വക്പുഷ്പം-പു. ഒരുമാതിരി ചിരങ്ങ്, തഴുതണ്ണ. വ. രോമാഞ്ചം.

ത്വക്പുഷ്പിക-ചിരങ്ങ്, തഴുതണ്ണ.

ത്വക്സാരം-പു. മുള. തൊലിനു ബലമുള്ളതു് എന്നത്ഥം. വ. നെല്ലിമുള. ന. ഏലവൎങ്ങം. ര. ചണ

ത്വക്സുഗന്ധം-നാരകം.

ത്വഗിന്ദ്രിയം-ത്വക്കാകുന്ന ഇന്ദ്രിയം, ശരീരത്തിലെ തൊലി.

ഇതു കൎമ്മേന്ദ്രിയമാണെന്നു ചിലർ പറയുന്നു.

ത്വഗ്രോഗം-പു. കുഷ്ഠരോഗം. വ. തൊലിയെ സംബന്ധിച്ച രോഗം.

ത്വങ്മാംസം-തൊലിയും മാംസവും

ത്വചനം -പു. തൊലികൊണ്ടു മൂടുക. വ. പ്രകാരം.

ത്വചാ—പു. തൊലി. ശരീരത്തെ (രക്തമാംസാദികളെ) മറച്ചുകൊണ്ടിരിക്കുന്നതു് എന്നർത്ഥം. വ. ഇലവങ്ങം. പ്രശസ്തമായ തൊലിയുള്ളതു് എന്നർത്ഥം.

'ത്വക്ത്വചൌ ത്വചാശബ്ദ്വോപാൽക്ക
ചർമ്മണിപത്രകേ'
(രത്നാകരം)

ത്വചാ—പു. തൊലി വ. ഏലവങ്ങം.

ത്വചിസാരകം-മുള. (ത്വക്സാരശബ്ദാർത്ഥം തന്നെ.)

ത്വചിസുഗന്ധാ-ചിറ്റേലം.

ത്വദീയ-വി. നിന്നെ സംബന്ധിച്ച

ത്വം-നീ (സംസ്കൃതം.)

ത്വര-ബദ്ധപ്പാടു്. സംഭ്രമിച്ചു പ്രവർത്തിക്കുക എന്നർത്ഥം. മറ്റൊരു പര്യായം-സംഭ്രമം.

ത്വരണം-അതിവേഗം, ബദ്ധപ്പാടു.

ത്വരമാണൻ- ഓടുന്നവൻ, വേഗമുള്ളവൻ.

ത്വരി ബദ്ധപ്പാടു്.

ത്വരിത-വി. വേഗമുള്ള.

ത്വരിതൻ-വേഗമുള്ളവൻ.

ത്വരിതം അ. അതിവേഗത്തിൽ, കാലതാമസംകൂടാതെ.

ത്വരിതോദിത വി. ഉഴറിപ്പറയുന്ന

ത്വരിതോദിതം-ബദ്ധപ്പെട്ടു പറയുന്ന വാക്കു്.

ത്വഷ്ട, ത്വഷ്ട്ര-വി. ചെത്തി കനംകുറയ്ക്കപ്പെട്ട.

ത്വഷ്ടാവു്-പു. ആശാരി. മരം ചെത്തി ചെറുതാക്കുന്നവൻ എന്നർത്ഥം വ. വിശ്വകർമ്മാവു്.

ഈ ദേവൻ യന്ത്രങ്ങളും മറ്റും നിർമ്മിക്കുന്നതിൽ സമർത്ഥനായിരുന്നു. ശർയ്യ തന്നെ പുരുഷന്മാർക്ക അനുരൂപമാരായ സ്ത്രീകളെ സൃഷ്ടിക്കുന്ന ജോലിയും ഇദ്ദേഹത്തിന്റെയായിരുന്നു. എപ്പോഴും ഇന്ദ്രനുമായി വിരോധത്തിൽ കഴിച്ചുവന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ പുത്രനായ വിശ്വരൂപനെ (ത്രിശിരസ്സിനെ) ഇന്ദ്രൻ വധിച്ചു. സംജ്ഞ (സരണ്യു) എന്ന പുത്രിയെ തൻ ആദിത്യനു കൊടുത്തു. എന്നാൽ അവൾക്കു ഭർത്താവിന്റെ അതികഠോരമായ തേജസ്സു സഹിക്കവയ്യാതിരുന്നു. അതിനാൽ അവളുടെ പിതാവു് സൂര്യന്റെ ഒരു ഭാഗം കടഞ്ഞെടുത്തുകളഞ്ഞു. ഈ ഭാഗംകൊണ്ടു വിഷ്ണുവിന്റെ ചക്രം, ശിവന്റെ ത്രിശൂലം മുതലായ ആയുധങ്ങൾ ഉണ്ടാക്കി.

ന. ബ്രഹ്മാവു്. ര. ആദിത്യൻ.

ത്വാദൃശ-വി. നിന്നെപ്പോലെയുള്ള.

ത്വാഷ്ട്ര-ത്വഷ്ടാവിനെ സംബന്ധിച്ച.

ത്വാഷ്ട്രീ-ചെറിയ ബ്രഹ്മി.

ത്വിഷാ-പ്രഭ.

ത്വിഷാംപതി-ആദിത്യൻ. ശോഭാധീശൻ എന്നർത്ഥം.

ത്വിഷി-രശ്മി.

ത്വിട്പതി-സൂര്യൻ.

സൂര്യകിരണങ്ങൾ അസ്തമനസമയത്തു അഗ്നിയിൽ പ്രവേശിക്കുന്നതായും, സൂര്യോദയസമയത്തു അഗ്നി സൂര്യനിൽ കയറുന്നതായും വേദത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ ശ്രുതിവാക്യാശയത്തെ അനുസരിച്ചു തന്നെ ത്വിട്ടുകളുടെ പതിയായ സൂര്യൻ അസ്തമിക്കുമ്പോൾ തൽപതികളായ ത്വിട്ടുകൾ അനുമരണത്തിനായിക്കൊണ്ടെന്നപോലെ അഗ്നിയിൽ

പ്രവേശിക്കുന്നു എന്നു മാഘകവി ഉൽപ്രേക്ഷിച്ചിട്ടുണ്ടു്. സൂര്യനു ത്വിഷാംപതി ത്വിട്പതി എന്നും മററും പേർ വന്നതിനും കാരണം ഇതുതന്നെ.

ത്വിൾ, ത്വിട്ട്-൧. പ്രഭ. ൨. പ്രകാശം. ൩. ശോഭ. ൪. കിരണം.

ത്സരു-വാൾപ്പിടി. വാൾ മുതലായ ആയുധങ്ങളുടെ പിടി, ഒളിവിലിരിക്കുന്നതു് എന്നർത്ഥം.

ത്സാരുകൻ-വാൾ മുതലായ ആയുധങ്ങളുടെ പിടിയിടുന്നതിൽ സമർത്ഥൻ.

# ഥ

ഥ-ഒരു വ്യഞ്ജനം, ദന്ത്യങ്ങളിൽ ഒന്നു്, ഹല്ലുകളിൽ പതിനേഴാം അക്ഷരം.

ഥകാരം-ഥ എന്ന അക്ഷരം.

ഥുഃ-൧. പർവ്വതം. ൨. ആപത്തിന്റെ ചിഹ്നം. ൩. ഒരു രോഗം. ൪. രക്ഷ. ൫. ഭയം.

ഥുത്ക്കാരം-തുപ്പുന്നശബ്ദം

ഥോഡനം-മൂടുക, പൊതിയുക.

# ദ

ദ-ഹല്ലുകളിൽ പതിനെട്ടാം അക്ഷരം, ഒരു വ്യഞ്ജനം, ദന്ത്യങ്ങളിൽ ഒന്നു്.

ദ-'ദാനംചെയ്യുന്ന' എന്നർത്ഥം വരുന്നതിനു പദാന്തത്തിൽ ചേർക്കുന്നു. ഉ-ം, വരദൻ (വരം തരുന്നവൻ).

ദം-൧. സമ്മാനം. ൨. പർവ്വതം. ൩. ഭാര്യ

ദക്ഷ-വി. സാമർത്ഥ്യമുള്ള.

ദക്ഷത-സമർത്ഥത

ദക്ഷൻ-൧. സമർത്ഥൻ. ൨. ബ്രഹ്മാവിന്റെ പുത്രനായ ഒരു പ്രജാപതി.

ദക്ഷന്റെ ഉത്ഭവം ബ്രഹ്മാവിന്റെ വലത്തെ തള്ളവിരലിൽനിന്നാകുന്നു. ദക്ഷൻ ഒരിക്കൽ യമുനാനദിയിൽ കുളിക്കുമ്പോൾ താമരയിലയിൽ കണ്ട ഒരു ശംഖിനെ എടുത്തു അതു് ഒരു പെൺകുട്ടിയായിരുന്നു സതി എന്നു പേരായ ഈ കുഞ്ഞിനെ ദക്ഷൻ ഓമനിച്ചുവളർത്തി. സതി ശിവൻ തനിക്കു ഭർത്താവാകണമെന്നുദ്ദേശിച്ചു ബാല്യത്തിലേ കൂടി തപസ്സാരംഭിച്ചു. അനന്തരം ശിവൻ പരീക്ഷണാർത്ഥം ഒരു ബ്രാഹ്മണവേഷം ധരിച്ചു സതിയുടെ മുമ്പിൽ വന്നു് ശിവനെ വളരെ ആക്ഷേപിച്ചു ഈ അധിക്ഷേപം സതിക്കു തീരെ രസിക്കാതെ പോകാൻ തുടങ്ങിയപ്പോൾ വാസ്തവരൂപത്തിൽ പരമശിവൻ പ്രത്യക്ഷനായി ദക്ഷൻ അനന്തരം വിവാഹക്രിയ നടത്തി. ഒരിക്കൽ പ്രജാപതിമാർ നടത്തിയ യാഗത്തിൽ ദക്ഷൻ ചെന്നപ്പോൾ എഴുന്നേററു അഭിവാദനംചെയ്യാത്തതുകൊണ്ടു ശിവനു ഹവിർഭാഗം ഇല്ലാതെ പോകട്ടെ എന്നു ദക്ഷൻ ശപിച്ചു. അനന്തരം ശിവനേയും സതിയേയും ക്ഷണിക്കാതെ ദക്ഷൻ ഒരു യാഗം ആരംഭിച്ചു. സതി യാഗത്തിനു പോകണമെന്നു ഭർത്താവോടറിയിച്ചു. അദ്ദേഹം അനുവദിച്ചില്ല. സതി ധിക്കരിച്ചു പുറപ്പെട്ടു. യാഗശാലയിൽവെച്ചു് അവമാനിതയാകയാൽ യോഗാഗ്നിയിൽ ദഹിച്ചു. വിവരം അറിഞ്ഞു ശിവൻ കോപാന്ധനായി ജടയെ ഭൂമിയിലടിച്ചു വീരഭദ്രനെ സൃഷ്ടിച്ചയച്ചു. വീരഭദ്രൻ ദക്ഷന്റെ തലയറുത്തു ദക്ഷിണാഗ്നിയിൽ ഹോമിച്ചു. പിന്നീടു ദേവന്മാരുടെ പ്രാർത്ഥനയനുസരിച്ചു ശിവൻ ആട്ടിൻതല

ച്ചു ദക്ഷനെ ജീവിപ്പിച്ചു. അനന്തരം യാഗം പൂർത്തിയാക്കി ദക്ഷൻ ശിവഭക്തനായി വളരെക്കാലം വാണു.

ഒരിക്കൽ ഒരുൻ ജലത്തിൽ മുങ്ങിക്കിടന്ന പ്രചേതസ്സുകളായാൽ ദക്ഷൻ ഒരു യാഗം തുടങ്ങി. ഇതിലേക്ക ശിവന്റെ അനുവാദമില്ലാതിരുന്നതിനാൽ യാഗവിഘ്നം വന്നതി. അനന്തരം ദക്ഷൻ സതിയെ പരമശിവന്നായിക്കൊണ്ടു വിവാഹംചെയ്തുകൊടുത്തു. (ഇങ്ങിനെ വരാഹപുരാണം.)

൩. മടികൂടാതെ കാര്യങ്ങളിൽ പ്രവർത്തിക്കുന്നവൻ. ചൊടിയുള്ളവൻ എന്നർത്ഥം. ൪. ശിവൻ. ൫. ശിവന്റെ കാള. ൬. വിഷ്ണു. ൭ പരസ്ത്രീകളോടും കൂടിയുള്ള ഒരു പ്രിയൻ.

ദക്ഷപ്രജാപതി-ദക്ഷൻ.

ദക്ഷം-൧. കോഴി. ൨. സാമർത്ഥ്യം. ൩. മൂഢത.

ദക്ഷസാവർണ്ണൻ-൯-ാം മനു.

ദക്ഷാ-൧. ഭൂമി. ൨. ഗംഗാനദി.

ദക്ഷാദ്ധ്വരധ്വംസകൻ-ശിവൻ.

ദക്ഷായ്യം—കഴുവൻ.

ദക്ഷിണ-വി. ൧. തെക്കുള്ള. ൨. വലത്തുള്ള. ൩. അനുകൂലമായ. ൪. സാമർത്ഥ്യമുള്ള.

ദക്ഷിണ-൧. കർമ്മങ്ങളുടെ അവസാനത്തിൽ ഗുരുവിനും മററും ചെയ്യുന്ന ദാനം. ൨. പ്രജാപതിയുടെ പുത്രി. ൩. ഒരുവിധം നായിക.

'യാഗശേഷവാദയോഃപ്രേമ
സത്താവാപൂർവ്വനായകെ
സമ്യക്സാത്യന്യസക്താപി,
സംജ്ഞേയോദക്ഷിണാബുധൈഃ'

ദക്ഷിണവാങ്ങുവാൻ യോഗ്യനായിട്ടുള്ളവൻ = ദക്ഷിണേയൻ, ദക്ഷിണാർഹൻ, ദക്ഷിണ്യൻ.

ദക്ഷിണൻ-൧. മനസ്സിനു കപടമില്ലാത്തവൻ. ൨. ഇഷ്ടത്തെ അനുസരിക്കുന്നവൻ. അറിവോടെ പ്രാപിക്കുന്നവൻ എന്നർത്ഥം. ൩. ശിവൻ. ൪ വിഷ്ണു. ൫. നവരസങ്ങളിൽ സർവ്വോത്തമം പ്രഥമം വഹിക്കുന്ന ശൃംഗാരത്തിനു വിഷയീഭൂതനായ നാലുവക നായകന്മാരിൽ ഒരുവൻ.

ദക്ഷിണഭാഗം-വലത്തുവശം.

'ദക്ഷിണഭാഗംപുരുഷന്മാർക്കു
സൂക്ഷ്മംദൃഢമതിവിജയനിമിത്തം'
(ലങ്കാമർദ്ദനം തുള്ളൽ)

ദക്ഷിണസ്ഥൻ-തേർതെളിക്കുന്നസൂതൻ. വലത്തുഭാഗത്തിരിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

സൂതൻ ഇരിക്കേണ്ടതു യുദ്ധയാത്രയിൽ ഇടത്തുവശത്തും വിവാഹയാത്രയിൽ വലത്തുവശത്തും ആണ്.

ദക്ഷിണാഗ്നി- അഗ്നികൾ മൂന്നുവിധമുള്ളതിൽ ഒന്ന്, തെക്കേതിൽ ഇടുന്ന ഹോമാഗ്നി. ദക്ഷിണനായ അഗ്നി. ദക്ഷിണൻ = വേദിയിൽ തെക്കുഭാഗത്തുള്ളതു്.

മഹാകാവ്യകാലത്തു ഗാർഹപത്യാഗ്നി വൃത്തത്തിലും ആഹവനീയാഗ്നി ചതുരത്തിലും ദക്ഷിണാഗ്നി അർദ്ധവൃത്താകാരത്തിലും ഇട്ടിരുന്നു.

ദക്ഷിണാചാരികൾ--ശക്തിപൂജക്കാർ രണ്ടുതരമുള്ളവരിൽ ഒന്ന്. മററൊന്നു വാമാചാരികൾ.

ദക്ഷിണാത്യ-വി. തെക്കൻ ദിക്കിലുള്ള

ദക്ഷിണാപഥം-തെക്കൻ ഇൻഡ്യ.

ദക്ഷിണാമൂർത്തി-ശിവൻ. ഇദ്ദേഹം പേരാലിന്റെ മൂട്ടിൽ യോഗാസനത്തിലിരുന്നു സർവ്വ വേദാന്തതത്വങ്ങളേയും ലോകത്തിന്നായിക്കൊണ്ടു ഉപദേശിച്ചു.

**ദക്ഷിണായനം** സൂൎയ്യൻ തെക്കോട്ടു നീങ്ങി സഞ്ചരിക്കുന്ന ആറുമാസം (കൎക്കടകം, ചിങ്ങം, കന്നി, തുലാം വൃശ്ചികം, ധനു).

**ദക്ഷിണാരുസ്സ്**-വലത്തുഭാഗത്തു മുറിവുള്ളവൻ.

**ദക്ഷിണാൎഹ**-വി. ദക്ഷിണവാങ്ങിക്കുന്നതിനു യോഗ്യതയുള്ള.

**ദക്ഷിണീയ**-വി. ദക്ഷിണ വാങ്ങിക്കുന്നതിനു യോഗ്യതയുള്ള.

**ദക്ഷിണേതര**-വി. ഇടത്തുള്ള, വിപരീതമായുള്ള.

**ദക്ഷിണേയ**-വി. ദക്ഷിണ വാങ്ങുവാൻ യോഗ്യതയുള്ള

**ദക്ഷിണേൎമ്മാവ്**-അടുത്തുചെന്നു എയ്തുകൊണ്ടു വലത്തുഭാഗം മുറിഞ്ഞ മൃഗം. വലത്തുഭാഗത്തു വ്രണമുള്ളവൻ എന്നു ശബ്ദാൎത്ഥം. [ഈൎമ്മം=വ്രണം]

**ദക്ഷിണോത്തരം**-തെക്കുവടക്കു.

**ദക്ഷിണ്യ**-വി. ദക്ഷിണ വാങ്ങിക്കുന്നതിനു യോഗ്യതയുള്ള.

**ദഗ്ദ്ധ**-വി. ൧. ദഹിപ്പിക്കപ്പെട്ട. ൨. ദഹിച്ച. ൩. കരിഞ്ഞ.

**ദഗ്ദ്ധകാകം**-കാവതിക്കാക്ക.

**ദഗ്ദ്ധാ**-ഒരു വൃക്ഷം, കൊങ്കദേശത്തിങ്കൽ കരുഹരിവൃക്ഷം എന്നു പറയുന്നു

**ദഗ്ദ്ധിക**-കരിഞ്ഞ ചോറ് കുത്സിതമായി ദഹിച്ചതു എന്നൎത്ഥം.

**ദണ്ഡ്**-പു വടി. ൨. നാലുമുഴംനീളമുള്ള ഒരളവ്. ൩. പട്ടാളത്തിന്റെ ഒരു വരി. ൪. സന്ന്യാസിയുടെ വടി. ൫. കൊടിമരത്തിന്മേൽ കൊടി ഉയൎത്തുന്നതിനു ഇളച്ചു ചെയ്യുന്ന ഒരു മരക്കഷണം. ൬. ശിക്ഷ.

**ദണ്ഡകണ്ടകം**-നിലക്കിഴങ്ങ്.

**ദണ്ഡകം**-പു സംഗീതത്തിൽ ഒരു വകഭേദം, ക്രമത്തിലധികം നീണ്ട ശ്ലോകം. വടിപോലെ നീണ്ടതെന്നൎത്ഥം.

സംഗതികളെ വിവരിച്ചു വൎണ്ണിപ്പാനാവശ്യമുള്ള സ്ഥലങ്ങളിൽ കഥകളിയിൽ ഇതിനെ ഉപയോഗിക്കുന്നു.

൨. ഒരു വനം, ദണ്ഡകാരണ്യം. ൩. ഒരുവക വ്യാധി. ൪. വടി.

**ദണ്ഡകാരണ്യം**-ദണ്ഡകവനം.

ദണ്ഡകാരണ്യം-ദണ്ഡകവനം. സൂൎയ്യവംശത്തിലെ ഒന്നാമത്തെ രാജാവായ ഇക്ഷ്വാകുവിനു നൂറു പുത്രന്മാരുണ്ടായിരുന്നു. ഇളയപുത്രന്റെ നടവടികൾ പിഴച്ചു ദണ്ഡം ഏല്പിക്കാൻ ഇടവരുമെന്നു തീൎച്ചയാക്കി പിതാവു അവനു ദണ്ഡൻ എന്നു നാമകരണം ചെയ്കയും വിന്ധ്യപൎവ്വതത്തിന്റെ മുകളിൽ നൂറു യോജന വിസ്താരത്തിൽ ഒരു രാജ്യം ഉണ്ടാക്കിക്കൊടുത്തു വാഴിക്കയും ചെയ്തു. ഈ പുരത്തിനെ 'മധുമന്തം' എന്നു വിളിച്ചുവന്നു ദണ്ഡൻ ഉശനസ്സിനെ കുലഗുരുവാക്കി വെച്ചിരുന്നു. നാട്ടുകാരെ ദണ്ഡൻ ക്രമത്തിലധികം ഉപദ്രവിച്ചുവന്നു ഒരുദിവസം അവൻ തന്റെ പുരത്തിനു സമീപമുള്ള ഗുരുവിന്റെ ഉദ്യാനത്തിൽ വസന്തലക്ഷ്മിയുടെ ശോഭകണ്ടു സന്തോഷിച്ചു ഉലാത്തുമ്പോൾ പൂവ് അറുത്തുകൊണ്ടു നില്ക്കുന്നവളും ഗുരുവിന്റെ മകളുമായ അരജയെ കണ്ടു കാമാന്ധനായി അടുത്തു താൻ ഗുരുപുത്രിയാകുന്നു പരതന്ത്രയായ താനോട്ടു അപനയം കാണിക്കുന്നതു അനുചിതമെന്നു അവൾ പറഞ്ഞു അതിനെ വകവെയ്ക്കാതെ അവളെ ബലാൽ സ്വീകരിച്ചിട്ടു ദണ്ഡൻ സ്വപുരത്തെ പ്രാപിച്ചു അരജയും പൎണ്ണശാലയിൽ എത്തി വ്യസനിച്ചു കരഞ്ഞിരിപ്പായി. പിതാവു

വന്ന ഉടൻ മക്കളുടെ ദുഃഖകാരണം ദിവ്യചക്ഷുസ്സുകൊണ്ടു മനസ്സിലാക്കി ഏഴഹോരാത്രം മുടങ്ങാതെ മണ്മാരി ചൊരിഞ്ഞു ദണ്ഡന്റെ രാജ്യവും ദണ്ഡനും നശിക്കട്ടെ എന്നു കോപാന്ധനായി ശപിച്ചു. ആശ്രമവാസികളൊക്കയും മററും അവിടെനിന്നു മാറിക്കൊള്ളുന്നതിനു മുനി ഉപദേശിച്ചു. അവർ അപ്രകാരം ചെയ്തു. ദണ്ഡനും രാജ്യവും ശാപപ്രകാരം നശിച്ചു. അത്രേ സീതയോടുകൂടി സീതാപതി വസിച്ച ദണ്ഡകാരണ്യദേശം.

ദണ്ഡപത്രന്യായം-ഒരുവക ന്യായം.

'പിലാവില മുതലായതു കത്തിക്കരിഞ്ഞാലും ആ കരി അതാതിന്റെ ആകൃതിയിൽതന്നെ ഇരിക്കുന്നു. എന്നാൽ അപ്പോൾ ഇലയാണെന്നല്ല കരിയാണെന്നാണ് അറിയുന്നതു്. ഇതിനെ ദൃഷ്ടാന്തപ്പെടുത്തിക്കൊണ്ടുള്ള ഈ ന്യായം ആകാരം മാറിയില്ലെങ്കിലും ഗുണം മാറുവാൻ വിരോധമില്ലെന്നു കാണിക്കുന്നു'.

ദധ്യന്നം-തൈർച്ചോറ്.

ദണ്ഡകാഷ്ഠം-വടി.

ദണ്ഡചക്രം-സേനാവിഭാഗം.

ദണ്ഡചക്രാദിന്യായം-ഒരുവക ന്യായം

'ഘടം എന്ന ഒരു വസ്തുവിനെക്കുറിച്ചു കുശവൻ, കൊട്ടി, വടി, ചക്രം മുതലായതെല്ലാം കാരണങ്ങളാണ്. ഈ ന്യായം മിക്കതും കാൎയ്യകാരണഭാവത്തെപ്പററി വിവരിക്കുന്ന സന്ദൎഭത്തിലേ പ്രവൎത്തിക്കയുള്ളു'.

ദണ്ഡദാസൻ-കടം വീട്ടായ്കയാൽ അടിമയായവൻ.

ദണ്ഡദേവകുലം-കോടതി (Court).

ദണ്ഡധര-വി. വടിയെടുത്ത.

ദണ്ഡധരൻ-യമൻ, കാലൻ. കാലദണ്ഡത്തെ ധരിക്കുന്നവൻ. പാപികളെ അപരാധക്രമംപോലെ ദണ്ഡിപ്പിക്കുന്നവൻ എന്നൎത്ഥം.

ദണ്ഡധാരൻ-പു. യമൻ. വ. രാജാവ്. ന. വടിപിടിച്ചവൻ. ര. സന്യാസി. ഒ. കുശവൻ.

ദണ്ഡൻ-പു. ആദിത്യന്റെ പാൎശ്വങ്ങളിൽ നില്ക്കുന്ന മൂന്നുപേരിൽ ഒരാൾ.

സൂൎയ്യൻ വളരെ ദയയുള്ളവനാകകൊണ്ടു രാക്ഷസന്മാൎക്കു വരം കൊടുത്തേക്കുമോ എന്നു പേടിച്ചു യമൻ, ഭഗനിത്രൻ ഇവർ മൂന്നുപേരും മാറാറായി വേഷങ്ങളോടുകൂടിയവരായി സൂൎയ്യന്റെ സമീപത്തിൽ വസിക്കുന്നു.

വ. യമൻ. ന. ശിവൻ. ര. വിഷ്ണു.

ദണ്ഡനമസ്കാരം—ദീൎഘനമസ്കാരം, ദണ്ഡാകാരമായി (സാഷ്ടാംഗമായി) വീണുചെയ്യുന്ന നമസ്കാരം.

ദണ്ഡനം-ശിക്ഷ.

ദണ്ഡനായകൻ-പു. സേനാപതി. വ. ശിക്ഷിപ്പാൻ അധികാരമുള്ളവൻ. ന. പോലീസ് ഉദ്യോഗസ്ഥൻ.

ദണ്ഡനീതി-പു. നീതിശാസ്ത്രം. (അൎത്ഥശാസ്ത്രം). ദണ്ഡത്തെ ബോധിപ്പിക്കുന്നതു, ദണ്ഡ്യന്മാരെ ദണ്ഡത്തെ പ്രാപിപ്പിക്കുന്നതു് എന്നൎത്ഥം.

അൎത്ഥശാസ്ത്രം എന്നാൽ ഭൂമി ധനം മുതലായതു സംബന്ധിച്ചുള്ള ശാസ്ത്രം എന്നൎത്ഥം. ഈ ശാസ്ത്രം അറിഞ്ഞിരുന്നെങ്കിലാത്രേ ഭൂമിമുതലായ സമ്പത്തിനെ പരിപാലിപ്പാൻ കഴിയൂ. ഇ[illegible]സ്പതി, ചാണക്യൻ [illegible]യവർ ഉണ്ടാക്കിയതാണ്.

വ. യമന്റെ ഭാൎയ്യ.

ദണ്ഡനീതിത്രയം-കുററം അന്വേഷിക്കുക, സ്മൃതിവിധികൾ നോക്കുക, വിദ്വാന്മാരോടു ആലോചിക്കുക (പിന്നീടാവണം ശിക്ഷ കൊടുപ്പാൻ)

ദണ്ഡപൻ-രാജാവ്.

ദണ്ഡപാണി-പു. വടിക്കാരൻ. വ. യമൻ. ന. രാജാവ്.

ദണ്ഡപാല(ക)ൻ-പു. പ്രധാന മജിസ്ട്രേട്ട്. വ. വാതിൽ കാവൽക്കാരൻ.

ദണ്ഡപാംശുലൻ—വാതിൽ കാവൽക്കാരൻ.

ദണ്ഡാപൂപന്യായം-ഒരു വക ന്യായം

'ഒരു കോലിന്മേൽ തന്നെ ഒന്നിലധികം അപ്പം ഒന്നായി കുത്തിയെടുക്കുന്നതിനെ ദൃഷ്ടാന്തപ്പെടുത്തിക്കൊണ്ട് ഒരു പ്രവൃത്തികൊണ്ടുതന്നെ അനേകം സമാനകാര്യങ്ങളെ ഓരോന്നോരോന്നായി ക്രമത്തിൽ നിർവ്വഹിക്കുന്ന സമ്പ്രദായത്തെ ഈ ന്യായം കാണിക്കുന്നു. അല്ലെങ്കിൽ അപ്പം കോർത്തു വെച്ചിരിക്കുന്ന കോലിന്റെ തല എലി കടിച്ചതു കണ്ടിട്ട് അപ്പം കൊണ്ടുപോയതും എലിയാണെന്നു ഗ്രഹിക്കുന്നപ്രകാരം വിശേഷലക്ഷണം കൊണ്ടു സാമാന്യത്തെ വേർതിരിച്ചറിയുന്ന സമ്പ്രദായത്തെ ഈ ന്യായം കാണിക്കുന്നു രണ്ടുവിധം സന്ദർഭങ്ങളിലും പ്രയോഗമുണ്ട്'

ദണ്ഡം-പു. രോഗം, പീഡ, സങ്കടം. വ. പിഴ. ന. വടി. ര. നാലുമുഴം കൂടിയ അളവ്. ഇ. പ്രായശ്ചിത്തം ന്യൂ. പട്ടാളക്കാരുടെ നിര ൧ കഷ്ടാനുഭവം. വ്യ. സൈന്യം. ൽ. കടക്കോൽ. പ്പ. നാലാമത്തെ ഉപായം.

ദണ്ഡോപായത്തിനു പര്യായങ്ങൾ- സാഹസം, ദമം, ദണ്ഡം

പ്പ. താമരവളയം. പ്പ. കുതിര. പ്പ. ആനയുടെ തുമ്പിക്കൈ

ദണ്ഡമാസ്യം-കണിയാൻപരൽ.

ദണ്ഡമാന -വടിച്ചോല.

ദണ്ഡയാത്ര-പു. ദിഗ്ജയം. വ. കല്യാണയാത്ര. ന. അകമ്പടികൂടി നടക്കുക.

ദണ്ഡയാമൻ-യമൻ.

ദണ്ഡരി-ആനക്കൊമ്പൻവെള്ളരി.

ദണ്ഡവൽപതിക്കുന്നു—വടിപോലെ നിലത്തിൽ വീഴുന്നു, അപ്രകാരം വീണു നമസ്കരിക്കുന്നു.

ദണ്ഡവാഹി-പോലീസ് ഉദ്യോഗസ്ഥൻ

ദണ്ഡവിധി-ശിക്ഷാവിധി.

ദണ്ഡവിഷ്കംഭം-പു. കടകോലിന്റെ തണ്ട്. കടകോൽ കെട്ടുന്ന തൂണ്. (കുററി). കടകോലിനെ തടഞ്ഞു നിർത്തുന്നതു എന്നർത്ഥം. വ. ഊതപ്പാത്രത്തിന്റെ അടപ്പുപലക.

ദണ്ഡവ്യൂഹം-പലതരത്തിലുള്ള വ്യൂഹഭേദങ്ങളിൽ ഒന്ന്.

വ്യൂഹം എന്നാൽ യുദ്ധശാസ്ത്രപ്രകാരം സൈന്യത്തെ അതാതു നിശ്ചിതസ്ഥലങ്ങളിൽ യഥാക്രമം നിരത്തുന്നതിന്റെ പേരാകുന്നു.

ദണ്ഡാജിനം-വഞ്ചന, ചതിവു.

ദണ്ഡാധിപൻ — പ്രധാന മജിസ്ട്രേട്ട് (Chief magistrate).

ദണ്ഡാപതാനകം-ഒരു വാതവ്യാധി.

വായു ഏററവും കഫത്തോടുകൂടി എല്ലാനാഡികളിലും നിന്നിട്ടു ദേഹത്തെ വടിപോലെ സ്തംഭിപ്പിക്കുന്നതത്രെ ഇതിന്റെ ലക്ഷണം.

ദണ്ഡാപ്പൂപന്യായം-നിസ്സംശയമായ കാര്യനിവൃത്തി.

ആഭരണം വെച്ചിരുന്ന പെട്ടിപോലും കാണാതായ സ്ഥിതിക്കു ആഭരണത്തിന്റെ കാര്യത്തെക്കുറിച്ചു പ്രത്യേകം പറയേണ്ടതില്ലെന്നർത്ഥം.

ദണ്ഡാരം-പു. വണ്ടി. വ. വള്ളം, ചങ്ങാടം. ന. മദയാന.

**ദണ്ഡാലസികാ**-നീരക്കായ് (Cholera.)

**ദണ്ഡാഹതം**-മോര്. കടകോലുകൊണ്ടു കടഞ്ഞത് എന്നർത്ഥം.

**ദണ്ഡി**-വി. ദണ്ഡുള്ള.

**ദണ്ഡി**-മക്കിപ്പൂവ്.

**ദണ്ഡി**-പു. കാവൽക്കാരൻ. ൨. വടിക്കാരൻ. ൩. ഒരു മഹാകവി.

ബാണന്റെയും കാളിദാസന്റെയും കാലങ്ങൾക്ക മദ്ധ്യേ ജീവിച്ചിരുന്നു. സുബന്ധുവും ഇദ്ദേഹവും സമാനകാലീനന്മാരാകുന്നു. പ്രധാനകവിതകൾ ദശകുമാരചരിതം (ഗദ്യകൃതി), കാവ്യാദർശം. ക്രിസ്ത്വബ്ദം ൬-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. കാളിദാസനും ദണ്ഡിയും സമാനകാലീനന്മാരെന്നും അഭിപ്രായം കാണുന്നു. ഭിന്നാഭിപ്രായങ്ങളുമുണ്ട്.

൪. യമൻ.

'ദണ്ഡത്തിനിന്നിനിയയോഗ്യനല്ലോട്ടുമേ
ദണ്ഡിയോടങ്ങുപോയ്ചെന്നുചൊല്ലീടുവിൻ' (ഭാഗവതം)

**ദണ്ഡിക**-പു. തുണിന്റെ കവരത്തിൽ വയ്ക്കുന്ന ഇഴ. ൨. വടി. ൩. കയർ. ൪. മാല.

**ദണ്ഡിക്കുന്നു**-പു. അഭ്യാസംചെയ്യുന്നു ൨. കഷ്ടപ്പെടുന്നു. ൩. ഞാണിന്മേൽ കളിക്കുന്നു. [സ. ക്രി. ദണ്ഡിപ്പിക്കുന്നു.]

**ദണ്ഡിതം**-വി. ശിക്ഷിക്കപ്പെട്ട.

**ദണ്ഡിപ്പ്**-പു. അഭ്യാസം. ൨. ഞാണിന്മേൽ കളി.

**ദണ്ഡിപ്പുകാരൻ**-വടത്തിന്മേൽ കളിക്കാരൻ.

**ദണ്ഡ്യ**-വി. ശിക്ഷിക്കപ്പെടേണ്ടുന്ന

**ദത്ത്**-പുത്രനില്ലാത്തവൻ മറ്റൊരുത്തന്റെ പുത്രനെ തന്റെ അവകാശിയാക്കിയെടുക്കുക, ഒരു കുടുംബത്തിൽ ആളില്ലാതാകുമെന്നറിയുമ്പോൾ മറ്റൊരു കുടുംബക്കാരെ അവകാശിയാക്കിയെടുക്കുക.

**ദത്ത**-വി. ദാനംചെയ്യപ്പെട്ട, കൊടുക്കപ്പെട്ട.

**ദത്തകൻ**-പു. ൧൨ വിധം പുത്രന്മാരിൽ ഒരുവൻ.

മാതാവോ പിതാവോ ദാനംചെയ്ത പുത്രൻ-ദത്തകൻ.

**ദത്തകചന്ദ്രിക**-ദേവനഭട്ടൻ ഉണ്ടാക്കിയ ഒരു ന്യായ ശാസ്ത്രഗ്രന്ഥം.

ഇതിൽ ദത്തെടുക്കുന്നതിനെക്കുറിച്ചു പ്രതിപാദിക്കുന്നു. ദേവനഭട്ടൻ രചിച്ചത്

**ദത്തകമീമാംസ**-ദത്തെടുക്കുന്നതിനെപ്പറ്റി നന്ദപണ്ഡിതന്റെ ഒരു പുസ്തകം.

**ദത്തകശിരോമണി**-ദത്തകചന്ദ്രികയുടെയും ദത്തകമീമാംസത്തിന്റെയും ചുരുക്കം അടങ്ങിയ ഒരു പുസ്തകം.

**ദത്തൻ**-കാമശാസ്ത്രപ്രകാരം പത്മിനീനായകൻ.

**ദത്താവകാശം**-ദത്തുകാരനുള്ള അവകാശം.

**ദത്താക്കുന്നു**-ദത്തെടുക്കുന്നു, ദത്തുവയ്ക്കുന്നു

**ദത്താത്രേയൻ**-ഒരു ബ്രഹ്മർഷി.

അത്രിയുടെയും അനസൂയയുടെയും പുത്രനാകുന്നു. മററു പുത്രന്മാർ സോമൻ, ദത്തൻ, ദുർവാസസ്സ് ഇവരാണ്. സ്നേഹിതനായ കാർത്തവീര്യന് ഇദ്ദേഹം ൧൦൦൦ ഭുജങ്ങൾ നൽകീട്ടുണ്ട്.

**ദത്താപഹാരം**-കൊടുത്തതിനെ തിരിയെ വാങ്ങിക്കുക.

**ദത്താപഹാരി**-വി. കൊടുത്തതിനെ തിരിയെ വാങ്ങിക്കുന്ന.

**ദത്തോല**-ദത്താവകാശത്തിനു എഴുതിയ ആധാരം.

**ദദനം**-പു. സമ്മാനം. ൨. ദാനം.

**ദദ്രു**-ഒരു രോഗം, ചുണങ്ങ്.

ദദ്രു എന്നതു പാദശോഷത്തിൽ ഒരു വകഭേദമാകുന്നു.

ദദ്രുഷ്ണം, ദദ്രുഘ്നം-ഒരു മരം, തകര.

ദദ്രുണ, ദദ്രുണ-വി. ചുണങ്ങുള്ള, ദദ്രുരോഗമുള്ള.

ദദ്രുമം-പച്ചനിറമുള്ള മണ്ണ്.

ദദ്രുരോഗി-വി. ചുണങ്ങുള്ള.

ദധ്യന്നം-തൈരുകൂട്ടിയ ചോറ്.

ദധ്യുദം-തൈർക്കടൽ.

ദധ്യോദനം-തൈരുകൂട്ടിയ ചോറ്.

ദധാനൻ-ധരിക്കുന്നവൻ.

'ദധാനമംഭോരുഹകേസരദ്യുതി'
(മാഘം)

ദധി-തൈര്.

'ദധിപാൽ വെണ്ണയിലധികമാശയും'
(ഭാഗവതം ഖര വൃത്തം)

ദധിക്രാ- പണ്ടു ആര്യന്മാർക്കുണ്ടായിരുന്ന ദിവ്യശക്തിയുള്ള ഒരു യുദ്ധാശ്വം.

ഇതു ജനങ്ങൾക്കു അതിഭയങ്കരമായിരുന്നു എന്നും അടക്കുവാൻ നിവൃത്തിയില്ലാത്ത മദമുള്ളതായിരുന്നു എന്നും ഋഗ്വേദത്തിലുള്ള ചില സൂക്തങ്ങൾകൊണ്ടു ഊഹിക്കേണ്ടിയിരിക്കുന്നു.

ദധിക്രായകൻ-തൈരു കച്ചവടക്കാരൻ.

ദധിക്ഷീരഘൃതാഹ്വയം-തിരുവട്ടപ്പശ

ദധിജം-വെണ്ണ.

ദധിത്ഥം-പു. വിളാമരം. തൈരിന്റെ നിറമായ രസം സ്ഥിതിചെയ്യുന്നേടം എന്നർത്ഥം. വ. ചെമ്പോത്ത്.

ദധിപ്രിയം-ചമത.

ദധിഫലം-വിളാമരം. തൈരിനു സദൃശമായ രസത്തോടുകൂടിയ ഫലങ്ങളുള്ളത് എന്നർത്ഥം.

ദധിമണ്ഡം-തൈർവെള്ളം.

ദധിസക്തു-തൈരുകൂട്ടിയ അരിമാവ്, തൈരിൽ അരിപ്പൊടി മലർപ്പൊടി ഇവ ചേർത്തുണ്ടാക്കുന്ന പലഹാരം. ഇഡ്ഡലി എന്നു ചിലർ പറയുന്നു. ദധിമിശ്രമായ സക്തു എന്നർത്ഥം. സക്തു=കൂടിച്ചേരുന്നത്.

ദധിസ്വേദം-മോര്.

ദധീചി, ദധീചൻ-ഒരു ഋഷി.

അഥർവന്റെ മകനാകുന്നു. അന്യനോടു പറഞ്ഞുകൊടുത്താൽ തല മുറിച്ചുകളയുമെന്നു ഇന്ദ്രൻ ദധീചനോടു പറഞ്ഞു പഠിപ്പിച്ചിരുന്ന വിദ്യയെ ഇയാൾ അശ്വിനികളെ പഠിപ്പിച്ചു. അവർ ബുദ്ധിമുട്ടിക്കയാലാണു പറഞ്ഞുകൊടുപ്പാനിടയായതു്. എന്നാൽ അശ്വിനികൾ ഇന്ദ്രകോപത്തിൽ നിന്നു രക്ഷിപ്പാനായി ദധീചന്റെ ശിരസ്സിനെ മാററി പകരം ഒരു കുതിരത്തലവെച്ചു. വിശ്വാസഭംഗം ചെയ്കയാൽ ഇന്ദ്രൻ ദധീചന്റെ തല വെട്ടിക്കളഞ്ഞതിന്റെ ശേഷം അശ്വിനികൾ അവന്റെ സ്വന്ത തല അവനു തിരിയെ നൽകി. വെട്ടിയ കുതിരത്തലയുടെ അസ്ഥികൊണ്ടു ഇന്ദ്രൻ ഒട്ടേറെ അസുരരെ വധിച്ചു. വജ്രായുധം ദധീചിമഹർഷിയുടെ അസ്ഥികൊണ്ടു നിർമ്മിച്ചതാണ്. ഇതുകൊണ്ടാണു ഇന്ദ്രൻ വൃത്രാസുരനെ കൊന്നതു്.

ദധിശോണം-കുരങ്ങ്.

ദധിസ്രുതാ-മോര്.

ദധീചാസ്ഥി-വൈരം.

ദനു-അസുരന്മാരുടെ അമ്മ, ദക്ഷന്റെ പുത്രി, കാശ്യപന്റെ ഭാര്യ.

ദനു, ദനുകബന്ധൻ - ഒരു ഭയങ്കര സത്വം.

ഇന്ദ്രനാൽ ശപിക്കപ്പെടുകയും ശ്രീരാമലക്ഷ്മണന്മാരാൽ വധിക്കപ്പെടുകയും ചെയ്തു.

ദനു-പു. ഒരു രാജാവ്. വ. ശ്രീയുടെ പുത്രനായ കബന്ധാസുരന്റെ പേർ (രാമലക്ഷ്മണന്മാർ വധിച്ചു.)

ദനുജൻ-അസുരൻ. ദനു എന്നവളിൽനി ന്നു ജനിച്ചവൻ.

ദനുജാരി-വിഷ്ണു.

ദന്തകർഷണം-ജോനകനാരകം.

ദന്തച്ഛദം-ചൊടി, ചുണ്ട്.

ദന്തതാളം-പല്ലുകടി.

ദന്തധാവനം-ധ. പല്ലുതേപ്പ്. വ. കരി ങ്ങാലിവൃക്ഷം. ന. ആവിമരം. ൪. ഇ ലഞ്ഞി.

ദന്തനാളം-ഊന്ന്, മോണ.

ദന്തപത്രകം-കണ്ടകത്തിമുല്ല.

ദന്തപത്രം-കാതിലോല.

ദന്തപുപ്പുടം-പല്ലിനെ സംബന്ധിച്ച ഒ രു ദീനം.

ദന്തപുഷ്പം-തേററാമ്പരൽ.

ദന്തഭാഗം-ആനയുടെ മുൻവശം.

ദന്തം-ധ. പല്ല്. മററുള്ളതിന്റെ ശക്തി യെ ശമിപ്പിക്കുന്നതു് എന്നർത്ഥം വ. ആനക്കൊമ്പ്. ന. പർവ്വതത്തിന്റെ കൊടുമുടി. ൪. മുപ്പത്തിരണ്ട് എന്ന സംഖ്യ.

ദന്തമലം-പല്ലിന്റെ മലം, ചെത്തൽ.

ദന്തവക്ത്രൻ-ഒരു ദാനവൻ.

കരൂഷ രാജാവാണ്. ഭാരതയുദ്ധ ത്തിൽ വധിക്കപ്പെട്ടു.

ദന്തശഠം-ധ. ഒരു പച്ചമരുന്ന്, പുളിയം രൽ വ. കോൽപ്പുളി.

ദന്തശഠാ-ധ. ചെറുനാരകം. വ. ജോന കനാരകം, നാരങ്ങ. ന. വിളാമരത്തി ന്റെ കായ്. ൪. പുളിരസം.

ദന്തഹർഷണം-ധ. ചെറുനാരങ്ങ. വ. പല്ലു തേപ്പാനുള്ള വസ്തു.

ദന്തശിരം-പല്ലിന്റെ മോണ.

ദന്തശോധന-ദന്തധാവനം.

ദന്തഹർഷകം- ചെറുനാരങ്ങ, ജോനക നാരകം.

ദന്താഘാതം-ധ കടി, കടിക്കുക. വ. വല്ലിനാരകം.

ദന്താന്തരം-പല്ലിന്റെ ഇട.

ദന്തായുധൻ-പന്നി.

ദന്താലി(കം)-കടിഞ്ഞാൺ.

ദന്താവളം-ആന. വിശേഷപ്പെട്ട ദന്ത ങ്ങൾ ഉള്ളതു് എന്നർത്ഥം.

ദന്തി-വി. ധ. ദന്തമുള്ള. വ. പല്ലുള്ള.

ദന്തി-ധ. ആന. വിശേഷപ്പെട്ട ദന്തങ്ങൾ ഉള്ളതു് എന്നർത്ഥം. വ. നാഗദന്തി.

ദന്തിക-ഒരു പച്ചമരുന്ന്, ചെറിയ നാ ഗദന്തി. രോഗങ്ങളെ ഉപശമിപ്പിക്കുന്ന തു് എന്നർത്ഥം.

ദന്തിബീജം-നീർവാളം.

ദന്തുര-വി. ധ കോന്ത്രപ്പല്ലുള്ള. വ. ത ണം പൊങ്ങിയുമിരിക്കുന്ന. ന. നിറയു ന്ന. ൪. രോമത്തെ എഴുന്നേല്പിക്കുന്ന, കോ പിക്കുന്ന.

'കാട്ടിൽനടുവേകൂട്ടത്തോടെമണ്ടിവരും

ചിലദന്തുരബന്ധുരസിന്ധുരത്തി'

(ഭാഷാനൈഷധചമ്പു)

ദന്തുരച്ഛദം-മാതളനാരകം.

ദന്തുരിത-വി. ദന്തുരമാക്കിച്ചെയ്യപ്പെട്ട. ഉയർന്നും താണും ഇരിക്കുന്ന.

ദന്തോൽപാടനം- പല്ലുപറിച്ചെടുക്കുക.

ദന്ത്യ-വി പല്ലിനെസംബന്ധിച്ച.

ദന്ത്യാഃ-ഌ, ത, ഥ, ദ, ധ, ന, ള, ല, സ ഇവ ഒമ്പതും പല്ലുകളുടെ ഇടയിൽ നിന്നു ജനിക്കയാൽ ദന്ത്യങ്ങൾ. (ഌതു ലസാനാം ദന്താഃ എന്നു പാണിനി.)

ദന്ദശൂക-വി. ഉപദ്രവിക്കുന്ന.

ദന്ദശൂകൻ-ഒരു രാക്ഷസൻ.

ദന്ദശൂകം-സർപ്പം, പാമ്പ്. അപരാധം ചെയ്യാത്തവരെക്കൂടി കടിക്കയും ചെറി യ അപരാധത്തിൽ ഏറ്റവും അനർത്ഥ ങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതുകൊണ്ടു ഈ പേർ വന്നു.

'ദന്ദശൂകപരിവേഷ്ടിതമാകും
ചന്ദനത്തരുവിനോടുസമാനം'
(കീചകവധം തുള്ളൽ)

ദന്ദശൂകാലയം-പാതാളം.

ദഫേദാർ, ഡഫേദാർ- ശിപായിമാരിൽ പ്രധാനി.

ദഭ്ര-വി. അല്പമായ, സൂക്ഷ്മമായ.

ദഭ്രം-പു. സമുദ്രം. ൨. സൂക്ഷ്മമായത്. തട്ടക്കപ്പെടുന്നത് എന്നർത്ഥം.

ദംദശം-പല്ല്.

ദമ്പടി-ചില്ലിക്കാശ്, പൈസം.

ദമ്പതികൾ-ഭാര്യാഭർത്താക്കന്മാർ, ജായയും പതിയും. ഭാര്യയുടെയും ഭർത്താവിന്റെയും കൂടിയ പേർ. ജംപതി എന്നുമുണ്ട്.

ദംഭൻ-ശിവൻ.

ദംഭനം-ചതിവ്.

ദംഭം-പു. കപടം.

'ഡിംഭനോടമന്നോടോരോ
ദംഭമരുതേ സ്വാമിൻ'
(നളചരിതം കഥകളി)

൨. അഹങ്കാരം. ൩. പാപം. ൪. വജ്രം. ഡംഭിനെ ഉണ്ടാക്കുന്നത് എന്നർത്ഥം. ൫. ഇന്ദ്രന്റെ വജ്രായുധം. ൬. എല്ലാവരും എന്നെ പുകഴ്ത്തണമെന്നുള്ള വിചാരം.

ദംഭോത്ഭവൻ- ഒരു അഹങ്കാരിയായ രാജാവ്.

ചില ബ്രാഹ്മണരോടു യുദ്ധം ചെയ്യാൻ മുതിർന്ന കാരണം ഗന്ധമാദനപർവ്വതത്തിൽ തപസ്സു ചെയ്യുന്ന നരനാരായണന്മാരോട് അവർ കിടനില്ലയില്ലെന്നു പറഞ്ഞതുകൊണ്ടു. അവന്റെ ദുഷ്പ്രവൃത്തിയെ നരനാരായണന്മാർ തടുപ്പാൻ പ്രയത്നിച്ചു. അവൻ സമ്മതിച്ചില്ല. ഉടനെ നരൻ ഉണക്കപ്പുല്ലെടുത്തു അസ്ത്രമാക്കി അയക്കയും ദംഭോത്ഭവൻ സാഷ്ടാംഗം നമസ്കരിച്ചു മാപ്പു ചോദിക്കയും ചെയ്തു.

ദംഭോളി-ഇന്ദ്രന്റെ ആയുധം, വജ്രം. ശത്രുക്കളെ തടുപ്പാൻ കഴിയുന്നതു എന്നർത്ഥം. ശത്രുക്കളെ ദുഃഖിപ്പിക്കുന്നതു എന്നുമാവാം. ആടോപം ഹേതുവായിട്ടു ലയിക്കുന്നതു എന്നുള്ള അർത്ഥവും കാണുന്നു. 'ദംഭം' എന്നും ചിലർ പറയുന്നു.

'ദംഭോളിപ്രചുരപ്രചണ്ഡഭുജനാം'
(അഭിജ്ഞാനശാകുന്തളം)

ദംഭോളിപാണി-ഇന്ദ്രൻ.

ദംശകം-പു. കാട്ടീച്ച. ൨. പട്ടി.

ദംശനം-പു. കടി. ൨. കുപ്പായം. ശരീരത്തിൽ മുറുകിച്ചെല്ലുന്നതെന്നർത്ഥം.

ദംശഭീരു-പോത്ത്.

ദംശം-പു. കാട്ടീച്ച. കടിക്കുന്നതെന്നർത്ഥം. മറ്റൊരു പര്യായം-വനമക്ഷിക. ൨. കടിക്കുക. ൩. കവചം. ൪. വിഷപ്പല്ല്. ൫. പല്ല്.

ദംശമൂലാ-മുരിങ്ങ.

ദംശി-പോത്ത്.

ദംശിക്കുന്നു-കടിക്കുന്നു.

'ചെന്നുദംശിപ്പതിന്നായ്തുടങ്ങുംമഹാ
പന്നഗന്മാരുടെപൽമുറിഞ്ഞുബലാൽ'
(ഭാഗവതം)

ദംശിതൻ-പു. കടിക്കപ്പെട്ടവൻ. ൨. കുപ്പായം ചട്ട മുതലായതു ധരിച്ചവൻ. ദംശം ഉണ്ടായവൻ എന്നർത്ഥം. കുപ്പായവും മറ്റും ദേഹത്തിൽ ഇടുമ്പോൾ അവ ശരീരത്തെ ദംശിക്കുന്നതുപോലെ തോന്നുന്നതു സാധാരണമാണല്ലോ.

ദംശീ-കുവീച്ച, കവീച്ച.

കാട്ടീച്ചതന്നെ കുറച്ചുള്ളതെങ്കിൽ അതിന്റെ പേർ കവീച്ച.

ദംശേര-വി. ഉപദ്രവമുള്ള.

ദംഷ്ട്രം—പു. അണയിലുള്ള വലിയ വളഞ്ഞ പല്ല്. ൨. പന്നിയുടെയും മററും തേററ.

ദംഷ്ട്രാസ്ത്രം—പന്നി.

ദംഷ്ട്രി—പു. പന്നി. തേററകൾ ഉള്ളതെന്നർത്ഥം. ൨. കടുവ. ൩. എലി, ൪. പാമ്പ്.

ദമഘോഷൻ-ശിശുപാലന്റെ അച്ഛൻ. ചേദിരാജാവ്.

ദമഥം—പു. തപസ്സിലുള്ള ബ്രഹ്മചര്യാദി ക്ലേശത്തെ സഹിക്കുക. ഇന്ദ്രിയനിഗ്രഹം. ൨. അടക്കം ൩. ദണ്ഡിപ്പിക്ക.

ദമൻ—പു. ഭീമരാജാവിന്റെ ഒരു പുത്രൻ. ദമയന്തിയുടെ ഒരു സഹോദരൻ. ൨. വിഷ്ണു. ൩. സൂര്യകുലത്തിലെ ഒരു രാജാവായ മരുത്തന്റെ പൌത്രൻ.

ദമന്റെ ഭാര്യയായ സുമനസ്സു വേണ്ടി തന്റെ വിരോധിയായി ഭവിച്ച വപുഷ്മാൻ മരുത്തനെ വധിക്കുക ഹേതുവായിട്ടു ദമൻ വപുഷ്മാനെ കൊന്ന് അവന്റെ ചോര മരുത്തന്റെ ശ്രാദ്ധത്തിൽ ബലിയായി നൽകി. മാംസം രാക്ഷസസന്തതിയായ ചില ബ്രാഹ്മണരെക്കൊണ്ടു ഭക്ഷിപ്പിച്ചു.

ദമനകം—പു മക്കിപ്പൂവ്. ൨ കൊഴുന്ന്.

ദമനൻ—പു. ശൂരൻ. ൨. അടക്കുന്നവൻ. ൩. ഭീമരാജാവിന്റെ ഒരു പുത്രൻ, ദമയന്തിയുടെ സഹോദരൻ. ൪. ഒരു മഹർഷി.

ദമനൻ എന്ന മഹർഷിയുടെ വരപ്രസാദമാണ് ദമയന്തിയുടേയും മററും ജനനത്തിനു കാരണം.

ദമനം—പു. അടക്കം; ഇണക്കം. ൨. ഒരു പൂവ്, മക്കിപ്പൂവ്. ൩. കരുക്കത്തിമുല്ല. ൪. കൊട്ടാവലി.

ദമം—പു. അടക്കം, പുറമെയുള്ള വൃത്തികളെ അടക്കുക.

'നിഗ്രഹോബാഹ്യവൃത്തീനാം
ദമയിത്യഭിധീയതേ'

൨. ദണ്ഡിപ്പിക്ക. ൩. ദണ്ഡോപായം. ഉപശമിപ്പിക്കുന്നതു് എന്നർത്ഥം. ൪. തപസ്സിലുള്ള ബ്രഹ്മചര്യാദി ക്ലേശത്തെ സഹിക്കുക. ൫. പ്രായശ്ചിത്തം, ശിക്ഷ.

ദമയന്തി—നളൻ എന്ന രാജാവിന്റെ ഭാര്യ. വിദർഭരാജാവായ ഭീമന്റെ മകൾ. സ്വസൌന്ദര്യം ഹേതുവായിട്ടു മററു സുന്ദരികളുടെ ദമം അടക്കുകകൊണ്ടു ഈ പേരുണ്ടായി.

നളന്റെ ദൂത്യം വഹിച്ചു വന്ന അരയന്നത്തോടു് ദമയന്തി അഭിലാഷം പറഞ്ഞയച്ചു. ആ വിവരം നളനെ അരയന്നം ധരിപ്പിച്ചു സ്വയംവരത്തിൽ നളനെ തിരഞ്ഞെടുത്തു. ഇന്ദ്രൻ, അഗ്നി, യമൻ, വരുണൻ ഇവർ ഇച്ഛാഭംഗപ്പെട്ടു. ദമയന്തീനളന്മാർക്കു ദാമ്പത്യസുഖം അധികകാലം അനുഭവിപ്പാൻ ഇടയായില്ല അതിനുമുമ്പു് നളന്റെ അനുജനും ശത്രുവുമായ പുഷ്കരൻ ചൂതുകളിയിൽ നളനെ തോല്പിച്ചു് സർവ്വവും കയ്ക്കലാക്കി കാട്ടിൽ തള്ളി. ദമയന്തി ഒന്നിച്ചു് അദ്ദേഹം വനത്തിൽ പോയി. ഒററവസ്ത്രം ഉടുത്തു രണ്ടുപേരുമായി അടവിയിൽ അലഞ്ഞുനടന്നു. കൂടെ നടന്നു സങ്കടം അനുഭവിക്കാതെ അച്ഛന്റെ പുരിയിലേക്കു പൊയ്ക്കൊള്ളുവാൻ നളൻ ദമയന്തിയോടു വേണ്ടുവോളം ഗുണദോഷിച്ചു. ആ പതിവ്രത അതു അനുസരിക്കാതെ പതിയുമായിത്തന്നെ സഞ്ചരിച്ചു. കല്യാവേശം നിമിത്തം ഒരിക്കൽ ഉറക്കത്തിൽ ദമയന്തിയെ തള്ളിയുംവെച്ചു് നളൻ കടന്നുകളഞ്ഞു. ദമയന്തി കാട്ടിൽ അലഞ്ഞുനടക്കവെ ഒരു പെരുമ്പാമ്പു് പിടികൂടി. ഒരു കാട്ടാളൻ വന്നു പാമ്പിനെ കൊന്നു. തന്നെ മോ

ഷിച്ചുതന്ന കാട്ടാളനെ ആ പതിവ്രത ശ പിച്ചു ഭസ്മമാക്കി. മഹർഷിമാരിൽനിന്നു പഴയ നിലയെ പ്രാപിക്കുമെന്ന് അനുഗ്രഹം കിട്ടി. കച്ചവടക്കാരൊന്നിച്ചു പിന്നെ ചേദിരാജ്യം പ്രാപിച്ചു ആ രാജധാനിയിൽ സൈരന്ധ്രിയായി കുറേനാൾ പാർത്തു. അനന്തരം നളൻ ഋതുപർണ്ണനെ പ്രാപിച്ചു. ഇങ്ങനെ രണ്ടുപേരും രണ്ടു പുരിയിൽ താമസിക്കവെ അവരെ അന്വേഷിപ്പാൻ ഭീമരാജാവാളയച്ചു. ആദ്യം ദമയന്തിയേയും പിന്നീട നളനേയും കണ്ടുകിട്ടി. രണ്ടുപേരും ചേൻ പിന്നീട് പൂർവ്വാധികം പ്രൌഢിയോട രമിച്ചു.

ദമി-വി. അടക്കമുള്ള.

ദമിക്കുന്നു-അടങ്ങുന്നു.

ദമിത-വി. അടക്കപ്പെട്ട.

ദമിതൻ-പു. അടക്കപ്പെട്ടവൻ ഉ. ഗർവ്വുകളഞ്ഞടക്കപ്പെട്ട കാള മുതലായത്.

ദമുനസ്സ്-അഗ്നി. ഉപശമിപ്പിക്കുന്നവൻ എന്നർത്ഥം. തളച്ച്യുണ്ടാക്കിത്തീർക്കുന്നവൻ എന്നുമാവാം. ദമൂനസ്സ് എന്നുമുണ്ട്

'ദമൂനാദമുനാഃപ്രാചീനബർഹിശ്ശുചി ബർഹിഷൌ' (നാമനിദാനം)

ദമ്യ-വി. ഇണക്കപ്പെട്ടവാൻ തക്ക.

ദമ്യം-കാള, നകം വയസ്സുമാറായ കാള, കടി വററിയ കാളക്കുട്ടി. ശിക്ഷിക്കപ്പെട്ടവാൻ യോഗ്യമായതെന്നർത്ഥം.

ദയ-കരുണാരസം. ഇതുനിമിത്തം രക്ഷിക്കുന്നതുകൊണ്ട് ഈ പേർ വന്നു.

ദയാശീലനു പർയ്യായങ്ങൾ—ദയാലു, കാരുണികൻ, കൃപാലു, സുരതൻ.

ദയനീയ-വി. ദയ തോന്നിക്കത്തക്ക, ശോച്യമായ.

ദയനീയൻ-ശോചനീയൻ.

ദയനീയം-ഇരക്കം തോന്നത്തക്കത്.

ദയാലു-ദയയുള്ളവൻ.

ദയിത-ഭാര്യ.

ദയിതൻ-ഭർത്താവ്.

ദയിതം-ഇഷ്ടമായത്. ദാനം ചെയ്യപ്പെടുന്നതെന്നർത്ഥം.

ദരൽ(ത്ത്)-പു. മ്ലേച്ഛജാതി. ഉ. വിഷമുണ്ടാകുന്ന ദേശം.

ദരദ്-പു. ഹൃദയം. ഉ. ഭയം ന. പർവ്വതം. ര. അധോമുഖമായുള്ള സ്ഥലം.

ദരദാ-ചായില്യം.

ദരം-പു. കീറൽ. ഉ. ഭയം. ഹൃദയത്തെ പിളർക്കുന്നതു എന്നർത്ഥം. ന. കുഴി. ഭയപ്പെടുക, ഭയപ്പെടുന്നേടം എന്നർത്ഥം. ര. ശംഖ്. ഇ. ഗുഹ, ദ്വാരം.

ദരാ-അ. കുറച്ചു.

ദരി-ഗുഹ. പിളർക്കപ്പെട്ടതു് എന്നർത്ഥം.

'ഹരിണിരിപുവരസഹിത
ദരിയിലിഹ പോകുമൊരു'

(കീചകവധം കഥകളി)

ഉ. ജലം ഉള്ളതോ ജലമില്ലാത്തതോ ജനങ്ങൾ ചെയ്തതൊ സ്വഭാവസിദ്ധമായിട്ടുള്ളതൊ ആയ പർവ്വതവിവരം. ന. കൃത്രിമമായി ഉണ്ടാക്കപ്പെട്ടതും ഗുഹക്കു സദൃശവുമായ മട.

ദരി പലപ്രകാരത്തിൽ ഉണ്ടാകാം. ഭൂകമ്പം, വെള്ളച്ചാട്ടം ഇവനിമിത്തവും, സൂകരം മുതലായ ജന്തുക്കളെക്കൊണ്ടും കള്ളന്മാരെക്കൊണ്ടും ഉണ്ടാക്കപ്പെടാം. ഹിന്ദുമതത്തിലും ജൈനമതത്തിലും ഉൾപ്പെട്ട സിദ്ധന്മാരുടെ വാസത്തിനായി നിർമ്മിച്ച മുനിയറകളും ഇതിൽ ഉൾപ്പെടുന്നു.

ദരിതം-വി. ഭയപ്പെട്ട ഉ. ഭയമുള്ള, ധൈര്യമില്ലാത്ത. ന. ചീന്തപ്പെട്ട.

ദരിദ്രൻ-പാവപ്പെട്ടവൻ, നിത്യവൃത്തിക്കു മുട്ടുള്ളവൻ. മററു പര്യായങ്ങൾ-നിസ്വൻ, ദുർവ്വിധൻ, ദീനൻ, ദുർഗ്ഗതൻ. ദരിദ്രൻ > <സമ്പന്നൻ.

ദരിദ്രാണം-ദാരിദ്ര്യം.

ദരിദ്രിതൻ-ദാരിദ്ര്യമുള്ളവൻ.

ദരീമുഖം-ഗുഹാദ്വാരം.

ദരോദരൻ-ചൂതുകാരൻ. ഉള്ള മുഴുവൻ ദ്യൂതമായതുകൊണ്ടു ഈ പേർ വന്നു.

ദരോദരം-പു. ചൂതു്. ഉ. ചൂതുകളിയിൽ പണയം വെയ്ക്കുക.

ദർഖാസ്തു, ദഖാസ്തു-അപേക്ഷ (പേർഷ്യൻ ഭാഷ). A tender, a bid.

ദർദ്ദരീകം-പു. തവള. ഉ. മേഘം. ന. ഒരു വാദ്യം.

ദർദ്ദുരം-പു. തവള. ശബ്ദംകൊണ്ടു ചെവിയെ പിളക്കുന്നു എന്നർത്ഥം.

'ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുരം'
(അദ്ധ്യാത്മരാമായണം)

ഉ. നരനെല്ല്, തൊളപ്പറവൻ നെല്ല്. ന. വാദ്യത്തിന്റെ ശബ്ദം. ർ. തെക്കു മലയപർവ്വതത്തോടു ചേർന്ന ഒരു പർവ്വതം.

ദർപ്പകൻ-കാമദേവൻ, കാമികളെ അഹങ്കരിപ്പിക്കുന്നവൻ.

ദർപ്പണകം-വെള്ളി.

ദർപ്പണം-പു. കണ്ണാടി. സന്തോഷിപ്പിക്കുന്നു എന്നർത്ഥം. മററു പര്യായങ്ങൾ-മുകുരം, ആദർശം.

ദർപ്പണരേഖ-ഇടത്തോട്ടു എഴുതുന്ന ഒരു മാതിരി എഴുത്തു.

ദർപ്പം-പു. അഹംകാരം, മദം.

'ദർപ്പാവാദപോവഷ്ടംഭേ
ശിഥിലോദ്രേകസ്ത്വയം മദഃ'
(മാഹശരപാദം)

ഉ. കസ്തൂരി. ന. എനിക്കു ശരി ഞാൻ തന്നെ എന്നുള്ള വിചാരം.

ദർപ്പിക്കുന്നു-അഹംകരിക്കുന്നു.

ദർപ്പിത-വി. അഹംകാരമുള്ള.

ദർബ്ബടൻ—പു. ഉദ്യോഗസ്ഥൻ ഉ. രക്ഷിക്കുന്നവൻ, ന. വാതിൽ കാവല്ക്കാരൻ.

ദർബ്ബൂൻ-രാക്ഷസൻ.

ദർബ്ബാർ, ഡർബ്ബാർ-രാജസഭ, കൂടിക്കാഴ്ച.

ദർഭ-ഒരുമാതിരി പുല്ല്. ദർഭപ്പുല്ല് കെട്ടപ്പെടുന്നു എന്നർത്ഥം. പവിത്രമായിട്ടും മററും കെട്ടുക സാധാരണമാണല്ലോ. പര്യായങ്ങൾ-കുശം, കുഥം, പവിത്രം, ദർഭ.

ദർഭകച്ഛു-കരുവിക്കരിമ്പ്.

ദർഭടാ-വിജനമായുള്ള ഒരു വീട്.

ദർഭം-ദർഭപ്പുല്ല്.

ദർവ്വടൻ-പു. വാതിൽ കാവൽക്കാരൻ, ഉ. പോലീസ് ജീവനക്കാരൻ.

ദർവ്വരീകൻ-ഇന്ദ്രൻ.

ദർവ്വരീകാ-പു. ഒരു വാദ്യം. ഉ. തീ. ന. കാററു.

ദർവ്വി, ദർബ്ബി, ദർവ്വികാ, ദർവ്വീകാ— പു. തവി, കയിൽ. ഉ. ചട്ടുകം കരണ്ടി മുതലായതു. ചോറു മുതലായതു കത്തിയെടുക്കുന്നതെന്നർത്ഥം. ന. പാമ്പിന്റെ പത്തി.

ദർവ്വിക-കൊഴുപ്പ്.

ദർവ്വീകരം, ദർബ്ബീകരം-സർപ്പം. ചട്ടുകം പോലെയുള്ള പത്തി കരമായിട്ടുള്ളതു്. (ദർവ്വി=ചട്ടുകം. കരം=കൈ). ദർവ്വിയെ (ചട്ടുകതുല്യമായ പത്തിയെ) വിടർത്തുന്നവൻ.

ദർവ്വീകരേന്ദ്രശയനൻ=അനന്തശയനൻ

ദർശക-വി. ദർശിപ്പിക്കുന്ന.

ദർശകൻ-പു. കാവല്ക്കാരൻ, ദ്വാരപാലൻ. വാതില്ക്കൽ വന്നു നില്ക്കുന്നവരെ

കാണിച്ചുകൊടുക്കുന്നവൻ എന്നൎത്ഥം. ൨. കാണിക്കുന്നവൻ. ൩. വിദ്വാൻ

ദർശനക്കാരൻ-വെളിച്ചപ്പാടൻ

ദർശനങ്ങൾ-സാംഖ്യം, യോഗം, ന്യായം, വൈശേഷികം, പൂൎവമീമാംസ, ഉത്തരമീമാംസ ഇവ ൬-ം

ദർശനങ്ങൾ-പ്ര. ഗൌതമമഹർഷി സ്ഥാപിച്ച ന്യായം. ൨. കണാദമഹർഷി സ്ഥാപിച്ച വൈശേഷികം. ൩. കപിലമഹർഷി സ്ഥാപിച്ച സാംഖ്യം. ൪. പതഞ്ജലി സ്ഥാപിച്ച യോഗം. ൫ ജൈമിനി സ്ഥാപിച്ച പൂൎവമീമാംസ. ൬. വ്യാസൻ സ്ഥാപിച്ച ഉത്തരമീമാംസ. ഇവയത്രെ ഷഡ്ദർശനങ്ങൾ. സാംഖ്യത്തിൽ നിരീശ്വരവാദം കാണുന്നു.

ദർശനം-പ്ര. കാഴ്ച. ൨. കാണുക. മററ പൎയ്യായങ്ങൾ-നിൎവ്വൎണ്ണനം, നിദ്ധ്യാനം, ആലോകനം, ഈക്ഷണം ൩. കാഴ്ച ദ്രവ്യം. ൪. വേദാന്തം മുതലായ ആഗമങ്ങളിൽ ഒന്ന്. ൫. പുരയുടെ കാഴ്ചപ്പുറം.

ദർശനീയ-വി. പ്ര. കാണേണ്ടുന്ന. ൨. ഭംഗിയുള്ള.

ദർശം-പ്ര. കറുത്തവാവ്. ശാസ്ത്രംകൊണ്ടു അറിയപ്പെടുന്നതു് എന്നൎത്ഥം. സൂൎയ്യചന്ദ്രന്മാർ ഒരുമിച്ചുവെച്ചു കാണപ്പെടുന്നതു് എന്നുമാവാം ൨ കറുത്തവാവു തോറും ചെയ്യുന്ന ഒരു കൎമ്മം (ശ്രൌതം) ൩. കാഴ്ച.

ദർശയിതാവു്-പ്ര. കാണിക്കുന്നവൻ. ൨. കാവല്ക്കാരൻ.

ദർശിക്കുന്നു-കാണുന്നു. (കാ-ക്രി-ദർശിച്ചു-കാണും).

ദർശിത-വി. കാണിക്കപ്പെട്ട.

ദലഃകോമളം-താമര.

ദലന-വി. ഖണ്ഡിക്കുന്ന, പിളൎക്കുന്ന.

ദലനം-പ്ര. ഖണ്ഡനം. ൨ പിളൎപ്പ്.

ദലപം-പ്ര. ആയുധം. ൨. സ്വൎണ്ണം.

ദലം, ദളം-പ്ര. ഇല. ൨. ഇതൾ നശിച്ചുപോകുന്നതു എന്നൎത്ഥം ൩. അംശം, ഭാഗം, ൪. അൎദ്ധം. ൫. വാളുറ. ൬. തളിർ.

ദലാഢകം-പ്ര. കടൽനുര. ൨. നെന്മേനിവാക. ൩. നാകപ്പൂ. ൪. കാവിമണ്ണു ൫. കൊടുങ്കാററ. ൬ ആനയുടെ ചെവി

ദലികം-പ്ര. തടി, മരം. ൨. മരത്തുണ്ട്.

ദലിത, ദളിത-വി. പ്ര. വിടൎന്ന. ൨. ഖണ്ഡിക്കപ്പെട്ട.

ദലോത്ഭവം-ദലം എന്നതൻ.

ദല്ലാൽ, ദല്ലാലി-ഇടനിലനിന്നു ലാഭം എടുക്കുന്നവൻ (അറബിഭാഷ)

ദവഥു-വ്യാകുലത,

ദവം-പ്ര. കാട്ടുതീ. ൨. കാട്. ദഹിപ്പിക്കുന്നതെന്നൎത്ഥം. ൩. കതിര. ൪. അഗ്നി. ൫. ചൂട്. ൬. പനി. ൭. വേദന.

ദവാഗ്നി-കാട്ടുതീ.

ദവിഷ്ഠ-വി. അതിദൂരത്തുള്ള.

ദവിഷ്ഠം, ദവീയസ്സ്-പ്ര. അതിദൂരം. ൨. അതിദൂരത്തുള്ളതു്.

ദശ-വി. പത്തു്.

ദശ-പ്ര. അവസ്ഥ. അനേകപ്രകാരത്തിലുള്ള അവസ്ഥ. ബാധിക്കുന്നതെന്നൎത്ഥം. ൨. മാനസം. ൩. വിളക്കിലെ തിരി. ൪ പത്തു്. ൫ ഗ്രഹങ്ങളുടെ ഓരോരോ കാലം

| നക്ഷത്രങ്ങൾ. | | | ദശ. | വർഷം. | ഫലം. |
|---|---|---|---|---|---|
| അശ്വതി | മകം | മൂലം | കേതു | ൭ | മൃതിഭീത്യാദി |
| ഭരണി | പൂരം | പൂരാടം | ശുക്രൻ | ൨൦ | സ്ത്രീതാപകാദിലാഭം |
| കാർത്തിക | ഉത്രം | ഉത്രാടം | ആദിത്യൻ | ൬ | ശിരോരോഗാദി |
| രോഹിണി | അത്തം | തിരുവോണം | ചന്ദ്രൻ | ൧൦ | അശനസൌഖ്യാദി |
| മകയിരം | ചിത്തിര | അവിട്ടം | ചൊവ്വാ | ൭ | വാക്പാരുഷ്യാദി |
| തിരുവാതിര | ചോതി | ചതയം | രാഹു | ൧൮ | മൃതവത്ത്വാദി |
| പുണർതം | വിശാഖം | പൂരുരുട്ടാതി | വ്യാഴൻ | ൧൬ | രാജപ്രസാദാദി |
| പൂയം | അനിഴം | ഉത്രട്ടാതി | ശനി | ൧൯ | ദേഹപീഡാദി |
| ആയില്യം | കേട്ട | രേവതി | ബുധൻ | ൧൭ | വിദ്യാലാഭാദി |

ത്തു. ജീവിതസമയം. ൭. വസ്ത്രത്തിന്റെ
കര, വസ്ത്രത്തിന്റെ രണ്ടു തലയ്ക്കലും
നടുവിലും വക്കത്തും യഥായോഗ്യമുള്ള
കര, പുടവക്കര. മുള്ളുമുതലായതിനാൽ
ദംശിക്കപ്പെടുന്നതു്. അതുകൊണ്ടു കീറു
ന്നതെന്നർത്ഥം.

ദശക-വി. പത്തു സംഖ്യയായുള്ള.

ദശകണ്ഠൻ-രാവണൻ. പത്തുതലയുള്ള
വൻ എന്നർത്ഥം.

ദശകന്ധരൻ-രാവണൻ.

ദശകാമവ്യസനങ്ങൾ- കാമവ്യസനം
പത്തുവിധം. (ദശവ്യസനങ്ങൾ നോക്കുക)

ദശകുമാരചരിതം-ദണ്ഡി ഉണ്ടാക്കിയ
ഒരു ഗദ്യ ഗ്രന്ഥം.

ദശഗണദേവതകൾ-(വിശ്വദേവകൾ
നോക്കുക.)

ദശഗുണം-പതിരട്ടി.

ദശഗോത്രങ്ങൾ-പരശുരാമൻ കൊണ്ടു
വന്ന കൊങ്കണസ്ഥരുടെ ഗോത്രങ്ങൾ
൧൦. ഭാരദ്വാജം, കൌശികം, വാത്സം,
കൌണ്ഡിന്യം, കാശ്യപം, വാസിഷ്ഠം,
ജാമദഗ്ന്യം, വൈശ്വാമിത്രം, ഗൌത
മം, ആത്രേയം.

ദശഗ്രീവൻ-രാവണൻ എന്ന പ്രസിദ്ധ
നായ രാക്ഷസരാജാവ്.

ദശദിക്കുകൾ-പത്തു ദിക്കുകൾ
നാലു ദിക്ക്, നാലു മൂല, ആകാശം,
ഭൂമി.

ദശധാ-അ. പത്തുപ്രകാരം.

ദശനച്ഛദം-൧. ചുണ്ട്. ൨. ചുംബനം.

ദശനം-൧ പല്ല്. ദംശിക്കുന്നതു് (കടി
ക്കുന്നതു്) എന്നർത്ഥം. ൨. പർവ്വതത്തി
ന്റെ കൊടുമുടി.

ദശനവാസസ്സ്-൧. ചൊടി, ചുണ്ട്.
വസ്ത്രമെന്നപോലെ പല്ലിനെ മറച്ചുകൊ
ണ്ടിരിക്കുന്നതെന്നർത്ഥം. ൨. ചുംബനം.

ദശനാഢ്യാ-പുളിയഞ്ചീര.

ദശപാപങ്ങൾ-൧. കൊല, ൨. മോഷ
ണം, ൩. അവകാശമില്ലാത്ത വിഷയാ
ശ, ൪. പിശുനത, ൫. പരുഷം, ൬.
വ്യാജം, ൭. അസംബന്ധപ്രലാപം, ൮.
ദ്രോഹചിന്ത, ൯. പരധനാഗ്രഹം, ൧൦.
നാസ്തികബുദ്ധി-ഇവ പത്തും.

ദശപുരം-൧. മാളവായിൽ ഒരു ദേശം
൨. കഴിമുത്തങ്ങ.

ദശപുഷ്പം-പൂവാംകുറുന്തല, മയിൽചെ
വി, കറുക, നിലപ്പന, കഞ്ഞുണ്ണി, വി
ഷ്ണുക്രാന്തി, ചെറൂള, തിരുതാളി, ഉഴി
ഞ്ഞ, മുക്കുററി.

ദശപ്പു-മാംസം, പുഷ്ടി.

ദശബലൻ-ബുദ്ധമുനി. ജ്ഞാനം, പ്രജ്ഞ, വീൎയ്യം, ക്ഷമ, ശീലം, ദാനം, ബലം, ഉപായം, ധ്യാനം, പ്രണിധി ഇങ്ങിനെ പത്തു ബലത്തോടുകൂടിയവൻ. ബുദ്ധി, ക്ഷാന്തി, വീൎയ്യം, ധ്യാനം, ജ്ഞാനം, കൃപ, ശീലം, ബലം, ദാനം, ഉപേക്ഷ ഇങ്ങനെ പത്തെന്നും അഭിപ്രായമുണ്ട്.

ദശമ-വി. പത്താമത്തുള്ള

ദശമി-പത്താമത്തെ പക്കം.

ദശമി-വി. ൧. അധികം വയസ്സുചെന്ന. ൨. പഴക്കമായുള്ള.

ദശമീ-അധികം വയസ്സായവൻ. പത്താമത്തേതായ മരണാവസ്ഥ അടുത്തുവന്നവൻ എന്നൎത്ഥം.

ദശമീസ്ഥ-വി. ൧. ക്ഷീണമുള്ള. ൨. വാൎദ്ധക്യമുള്ള, മരിപ്പാറായ.

ദശമീസ്ഥൻ-൧. വൃദ്ധൻ. ൨. അനുരാഗമില്ലാതായവൻ, പത്താമത്തെ സ്ഥിതിയെ പ്രാപിച്ചവൻ. കാമവിഷയത്തിൽ മൃതസദൃശൻ എന്നൎത്ഥം.

ബീജശക്തി നശിക്കുക നിമിത്തവും, മനസ്സിനെ വിഷയങ്ങളിൽ നിന്നു നിവൎത്തിപ്പിക്കുകകൊണ്ടും ക്ഷീണരാഗത്വം ഭവിക്കാം.

ദശമുഖൻ-രാവണൻ. പത്തു മുഖമുള്ളവനെന്നൎത്ഥം.

ദശമൂലം-കുമ്പിൾ, കൂവളം, മുഞ്ഞ, പാതിരി, പലകപ്പയ്യാനി, ഓരില, മൂവില, കറുത്തചുണ്ട, വെളുത്തചുണ്ട, ഞെരിഞ്ഞിൽ-ഈ പത്തു മരുന്നുകൾക്കുംകൂടിയുള്ള പേർ.

ദശയോഗം-ഒരു വൈദ്യഗ്രന്ഥം.

ദശരഥൻ-പണ്ടുള്ള ഒരു സൂൎയ്യവംശ രാജാവിൻെറ പേർ, ശ്രീരാമൻെറ അച്ഛൻ. പത്തുദിക്കിലും രഥം ഓടിക്കാവുന്നതുകൊണ്ടു ദശരഥൻ എന്ന പേരുണ്ടായി.

അയോദ്ധ്യാരാജാവായ ദശരഥൻ അജൻെറ പുത്രനാണ്. ഭാൎയ്യമാർ കൌസല്യ, കൈകേയി, സുമിത്ര ഇവരായിരുന്നു. പുത്രരില്ലാഞ്ഞു പുത്രകാമേഷ്ടി കഴിച്ചു കൌസല്യയിൽ രാമനും കൈകേയിയിൽ ഭരതനും സുമിത്രയിൽ ലക്ഷ്മണശത്രുഘ്നന്മാരും ജനിച്ചു. കൈകേയിയുടെ ഇഷ്ടമനുസരിച്ചു രാമനെ വനത്തിലയച്ചു. അതു ഹേതുവായിട്ടു (പുത്രശോകംകൊണ്ടു) ദശരഥൻ മരിച്ചു. ദശരഥൻ എന്ന പേർ വേറെ ചിലൎക്കും ഉള്ളതായി കാണുന്നു.

ദശരഥപുത്രചതുഷ്ടയം- രാമൻ, ഭരതൻ, ലക്ഷ്മണൻ, ശത്രുഘ്നൻ ഇവർ നാലും.

ദശരാജാംഗം-(രാജാംഗദശകം നോക്കുക)

ദശരൂപകം-ധനഞ്ജയൻെറ ഒരു അലങ്കാരഗ്രന്ഥം.

ദശരൂപകങ്ങൾ— പത്തുവക രൂപകങ്ങൾ.

'നാടകഞ്ചപ്രകരണം
ഭാണംപ്രഹസനംഡിമഃ
വ്യായോഗസമവാകാരൌ
വീഥ്യങ്കേഹാമൃഗാ ഇതി'

൧. നാടകം-൫ മുതൽ ൧൦ വരെ അങ്കങ്ങൾ ഉണ്ടാകും. കഥ പ്രസിദ്ധിയുള്ളതായിരിക്കണം. ധീരോദാത്തനായ നായകൻ ആവശ്യം. രസങ്ങളിൽ ശൃംഗാരമോ വീരമോ പ്രധാനമായിരിക്കണം. ഉ-ം, ശാകുന്തളം. ൨. പ്രകരണം-ഏകദേശം നാടകത്തെ അനുസരിച്ചിരിക്കും. കഥ കവികല്പിതം. നായകൻ ധീരപ്രശാന്തൻ. നായിക കുലസ്ത്രീ. പ്രധാനരസം ശൃംഗാരം. ഉ-ം, മാലതീമാധവം. ൩. ഭാണം-ഒരങ്കം, കഥ കവിക

ഷ്ടിതം. ഉ-ഠ, ലീലാമധുകരം. നിപുണ നം പണ്ഡിതനം രസികനമായ വിടൻ നായകൻ. ൪. വ്യായോഗം-ഒരങ്കം കഥ പ്രസിദ്ധിയുള്ളതു്. പാത്രങ്ങളിൽ സ്ത്രീകൾ ചുരുക്കം. നായകൻ പ്രഖ്യാത നം ദിവ്യനം രാജർഷിയുമായിരിക്കണം. ഹാസ്യം, ശൃംഗാരം, ശാന്തം എന്നിവ യൊഴിച്ചു മറ്റേതെങ്കിലും രസത്തെ അം ഗിയാക്കാം. ഉ-ഠ, ധനഞ്ജയവിജയം ൫. സമവകാരം-പല വിഷയങ്ങൾ കൂ ടിച്ചേർന്നതു്. മൂന്നങ്കം. കഥ ദേവാസുര ന്മാരെ കുറിച്ചുള്ളതു്. ദേവന്മാരായോ മനുഷ്യന്മാരായോ ൧൨ പ്രസിദ്ധ ധീ രോദാത്ത നായകന്മാരുണ്ടായിരിക്കണം. വീരരസം പ്രാധാന്യം. ഉ-ഠ, സമുദ്രമ ഥനം. ൬. ഡിമം-നാലങ്കം. ദേവൻ, ഗന്ധർവൻ, യക്ഷൻ, രക്ഷസ്സ്, മഹോ രഗം, ഭൂതം, പ്രേതം, പിശാചം തുട ങ്ങി പതിനാറു് ഉദ്ധതനായകന്മാർ. ക ഥ പ്രസിദ്ധിയുള്ളതു്. പ്രധാന രസം രൌദ്രം. ഉ-ഠ, ത്രിപുരദാഹം. ൭. ഈ ഹാമൃഗം-നാലങ്കം. കഥ കവികല്പിതം. നായകന്മാർ ധീരോദ്ധതന്മാർ. ഉ-ഠ, കുസുമശേഖരവിജയം. ൮. അങ്കം (ഉ ത്സൃഷ്ടികാങ്കം) ഒരങ്കം. നായകൻ പ്രാ കൃതനരൻ. പ്രധാനരസം കരുണ ഉ-ഠ, ശർമ്മിഷ്ഠായയാതി. ൯. വീഥി-ഒരങ്കം. രസങ്ങൾ പലവിധം. കല ആകാശഭാ ഷിതം കൊണ്ടു പൂരിപ്പിക്കുന്നു. രംഗ ത്തിൽ ഒരുപാത്രം മാത്രമേ വരാവൂ. ഉ-ഠ, മാലവികം. ൧൦. പ്രഹസനം-ഒ രങ്കം. കഥ കവികല്പിതം. പാത്രങ്ങൾ നിന്ദ്യർ. പ്രധാനരസം ഹാസ്യം. നായ കൻ ധൃഷ്ടനെങ്കിൽ ശുദ്ധപ്രഹസനം. ഉ-ഠ, കന്ദർപ്പകേളി; അല്ലെങ്കിൽ സങ്കീർണ്ണ പ്രഹസനം. ഉ-ഠ, ധൂർത്തചരിതം.

ദശവക്ത്രൻ-രാവണൻ.

ദശവയസ്സ്-സൂര്യൻ മുതലായ നവഗ്രഹ ങ്ങൾക്കും അധീനമായിട്ടു പറയുന്ന കാ ലത്തിൻെറ അവസാനം.

ദശവായു-മനുഷ്യരുടെ ശരീരത്തിലുള്ള പത്തു വായുക്കൾക്കുംകൂടെയുള്ള പേർ.

ദശവ്യസനങ്ങൾ-സ്ത്രീ, ദ്യൂതം, മൃഗയ, മദ്യം, നൃത്യം, ഗീതം, പൃഷ്ഠമാംസം (ചാ ഷൽ), വാദ്യം, പരദൂഷണം, ദിവാ സ്വപ്നം (മനോരാജ്യം) ഇവ പത്തും.

'മൃഗയാക്ഷാദിവാസ്വപ്ന
പരിവാദഃ സ്ത്രിയോമദഃ
തൌര്യത്രികം വൃഥാട്യാച
കാമജോദശകോഗണഃ'

ദശശതമുഖഫണി-അനന്തൻ.

ദശസ്വർണ്ണം-വെള്ളി, പൊന്നു്, ചെ മ്പു്, വെള്ളീയം, കാരീയം, ഇരുമ്പു്, നാ കം, ഇരിമ്പു്, ഉരുക്കു്, വെള്ളോട്ടു് (പി ച്ചള).

ദശാധിപതി-സൂര്യൻ.

ദശാന്തരം-൧. മറെറാരു ദശ. ൨. വി ളക്കു്.

ദശാന്ത്യം-സൂര്യൻ മുതലായ നവഗ്രഹ ങ്ങൾക്കും അധീനമായിട്ടു പറയുന്ന കാ ലത്തിൻെറ അവസാനം.

ദശാനനൻ-രാവണൻ. പത്തു് ആനനം (മുഖം) ഉള്ളവൻ.

ദശാപഹാരം-ഓരോരോ ഗ്രഹങ്ങളുടെ ദശകളിൽ അതാതിനു പ്രത്യേകം അം ശിച്ചുവരുന്ന പങ്കു്.

ദശാംശം-പത്തിലൊരു പങ്കു്. (ദശവക കണക്കു്.)

ദശാമയൻ-രുദ്രൻ.

ദശാർണ്ണം-ഒരു രാജ്യം.

ദശാർദ്ധം-അഞ്ചു്.

ദശാർഹൻ-൧. യാദവകുലത്തിലുള്ള ദശാ ർഹരുടെ രാജാവു്, കൃഷ്ണൻ. ൨. വിഷ്ണു. ൩. ബുദ്ധൻ.

ദശാവതാരം-വിഷ്ണുവിൻെറ പത്തവതാ രം. (അവതാരം എന്നതു നോക്കുക.)

ദശാശ്വൻ-ചന്ദ്രൻ.

ദശാസന്ധി-ഒരു ദശയുടെ അവസാനവും മറെറാരു ദശയുടെ ആരംഭവും തമ്മിൽ കൂടുന്ന സമയം.

ദശാസ്യൻ-രാവണൻ. പത്തു ആസ്യം (മുഖം) ഉള്ളവൻ എന്നർത്ഥം.

ദശാഹദാനം-മരിച്ചതിന്റെ ശേഷം പത്തുദിവസം പുലയുള്ളവർ പുല പോകുന്നതുവരെ മരിച്ചവരെ ഉദ്ദേശിച്ചു ചെയ്യുന്ന ഉദകദാനം മുതലായതു്.

ദശാഹബലി-ദശാഹദാനകാലങ്ങളിൽ ചെയ്യുന്ന ബലികർമ്മം.

ദശാഹസ്സ്-പത്തടിയന്തരം, മരിച്ചവരെ ഉദ്ദേശിച്ചു പത്താംദിവസം ചെയ്യുന്ന ഒരു കർമ്മം.

ദശേന്ദ്രിയം-വാക്ക്, പാദം, പാണി, പായു, ഉപസ്ഥം ഇങ്ങിനെ അഞ്ചും, കണ്ണ്, മൂക്ക, നാക്ക്, ചെവി, ത്വക്ക് ഇങ്ങിനെ അഞ്ചും ഉൾപ്പെടെ പത്തു ഇന്ദ്രിയങ്ങൾക്കും കൂടെയുള്ള പേർ.

ദശേശൻ-സൂര്യൻ.

ദശോപചാരങ്ങൾ-അർഘ്യം, പാദ്യം, ആചമനീയം, മധുപർക്കം, പുനരാചമനം, ഗന്ധം, പുഷ്പം, ധൂപം, ദീപം, നിവേദ്യം ഈ പത്തും.

ദശോപനിഷത്തുകൾ-൧. ഈശം, ൨. കേനം, ൩. കഠം, ൪ പ്രശ്നം, ൫. മുണ്ഡം, ൬. മാണ്ഡൂക്യം, ൭. ഛാന്ദോഗ്യം, ൮. തൈത്തിരീയം, ൯ ഐതരേയം, ൧൦ ബൃഹദാരണ്യം ഇങ്ങനെ പത്തു്.

ദഷ്ട-വി. കടിക്കപ്പെട്ട.

ദസനം-കളയുക കറയ്ക്കുക തള്ളിക്കളക.

ദസ്യു-൧. ശത്രു. ൨. കള്ളൻ, നശിപ്പിക്കുന്നവൻ എന്നർത്ഥം.

ദസ്രം-ഒന്നാമത്തെ നക്ഷത്രം, അശ്വതി.

ദസ്രന്മാർ-അശ്വിനീദേവന്മാർ. രോഗങ്ങളെ ഇല്ലാതാക്കുന്നവർ എന്നർത്ഥം.

ദസ്രം-കഴുത

ദഹനകേതനം-പുക.

ദഹനൻ-൧. ദഹിപ്പിക്കുന്നവൻ, അഗ്നി. ൨. ഒരു പച്ചമരുന്നു.

ദഹനപ്രിയ-അഗ്നിയുടെ ഭാര്യയായ സ്വാഹ.

ദഹനം-൧. ദഹിക്കുക. ൨. പ്രാവ്. ൩. ചേരുമരം. ൪. കൊടുവേലി. ൫. തെക്കിട.

ദഹനാരാതി-ജലം.

ദഹനി-പെരുങ്കുരുമ്പ.

ദഹനോപലം-സൂര്യകാന്തക്കല്ല്.

ദഹിക്കുന്നു-൧. വെന്തുപോകുന്നു. ൨. ദഹിച്ച വസ്തു ജീർണ്ണമാകുന്നു. [സ. ക്രി. ദഹിപ്പിക്കുന്നു.

ദഹ്യമാന-വി. ദഹിക്കപ്പെടുന്ന.

ദളകൃത്തം-ദളവാപ്പട്ടം.

ദള(ല)ം-൧. ഇല. ൨. ശകലം.

ദളവാ-തിരുവിതാംകൂറിലേയും കൊച്ചിയിലേയും ദിവാൻജിമാരുടെ മുൻ കാലങ്ങളിലെ സ്ഥാനപ്പേർ.

## ദാ

ദാ-൧. മുട്ട. ൨. പശ്ചാത്താപം.

ദാക്ഷ-വി. ദക്ഷനെ സംബന്ധിച്ച

ദാക്ഷം-തേക്ക.

ദാക്ഷം-കഴുകൻ.

ദാക്ഷായണൻ-ദക്ഷന്റെ മകൻ.

ദാക്ഷായണം-സ്വർണ്ണം.

ദാക്ഷായണി-൧ പാർവ്വതി. ദക്ഷന്റെ പുത്രി എന്നർത്ഥം. ൨. ദക്ഷന്റെ മകളും കശ്യപന്റെ ഭാര്യയും ദേവകളുടെ

മാതാവുമായ അദിതി ന. രേവതി. ർ. അസുരമാതാവായ ദിതി. ഒ കദ്രു.

ദാക്ഷായണികം-അശ്വതി മുതലായ ൨൭ നക്ഷത്രങ്ങൾ ഇവർ ചന്ദ്രന്റെ ഭാര്യമാരാകുന്നു. ദക്ഷപ്രജാപതിയുടെ പുത്രിമാർ എന്നർത്ഥം.

ദാക്ഷായ്യം-കഴുകൻപക്ഷി, വേഗത്തിൽ പറക്കുന്നതു എന്നർത്ഥം. വളരെ വലുതാകുന്നതു എന്നുമാവാം.

ദാക്ഷായ്യശബ്ദത്തിനു ദക്ഷന്റെ സന്തതി എന്ന അർത്ഥവും കാണുന്നു.

ദാക്ഷി-ഫ. ദക്ഷന്റെ പുത്രി. ഉ. പാണിനിയുടെ അമ്മ.

ദാക്ഷിണാത്യ-വി. തെക്കുള്ള, തെക്ക നിവസിക്കുന്ന.

ദാക്ഷിണ്യ-വി. ദക്ഷിണയ്ക്കു യോഗ്യമായ

ദാക്ഷിണ്യം-ഫ ദയ. ഉ. ഔദാര്യം, ആനുകൂല്യം. ന. ഔദാര്യം.

ദാക്ഷ്യം-സാമർത്ഥ്യം, കാര്യശക്തി, യത്നശീലം.

ദാഢകം-ഫ. പല്ല്. ഉ. ആനക്കൊമ്പ്. ന. തേററ.

ദാഡിംബം-താളിമാതളം, ഉറുമാമ്പഴം. ദാഡിമം എന്നതിന്റെ മറെറാരു പാഠം.

'ദാഡിംബസാരപിണ്ഡീ-
രസപാനപളഞ്ഞുകവല്ലഭാഃ'
(രമേസൻ)

ദാഡിമപുഷ്പകം-ഒരു വൃക്ഷം, ചെമ്മരം. താളിമാതളത്തിന്റെ പൂപോലെയുള്ള പൂവുള്ളതു എന്നർത്ഥം.

ദാഡിമം-ഫ ഒരു പച്ചമരുന്ന്, താളിമാതളം, ഉറുമാമ്പഴം. പൊട്ടിച്ചിതറുന്നതു എന്നർത്ഥം.

ഡാഡിമം എന്നു പ്രസിദ്ധമായ ഒരു പാഠം കാണുന്നുണ്ട്. എന്നാൽ വ്യാഖ്യാതാക്കന്മാർ അതിനോടു യോജിക്കുന്നതായി കാണുന്നില്ല.

ഉ. ചിററംലം.

ദാഡിമീ-താളിമാതളം.

'വണ്ടാർപൂവേണി കാണിച്ചവനര-
വനേ ദാഡിമീബീജമെന്നാൽ'
(അമരുകശതകം)

ദാഢാ-ഫ. വലിയ പല്ല്. ഉ. ആനക്കൊമ്പ്. ന. തേററ. ർ. കൂട്ടം. ഒ. ആഗ്രഹം.

ദാഢിക-മീശ.

ദാണ്ഡികൻ-ദണ്ഡിക്കുന്നവൻ, ശിക്ഷിക്കുന്നവൻ.

ദാത-വി. മുറിക്കപ്പെട്ട.

ദാതവ്യ-വി. കൊടുക്കത്തക്ക.

ദാതാ(വ്)-ദാനം ചെയ്യുന്നവൻ, കൊടുക്കുന്നവൻ.

ദാതൃ-വി. കൊടുക്കുന്ന.

ദാതൃഭോക്താവ്-തനിക്കുള്ള വിഭവത്തെ അന്യന്മാർക്ക കൊടുക്കുകയും താനനുഭവിക്കയും ചെയ്യുന്നവൻ.

ദാതൃഭോക്തൃ-വി കൊടുക്കയും, അനുഭവിക്കയും ചെയ്യുന്ന.

ദാത്യൂഹം-ഫ. നത്ത്. ശുഭത്തെ അറിയുകയും അശുഭത്തെ ഉപേക്ഷിക്കയും ചെയ്യുന്നതെന്നർത്ഥം. ദാത്യൗഹം എന്നും പാഠം കാണുന്നു. മറെറാരു പര്യായം-കാളകണ്ഠകം. ഉ. വേഴാമ്പൽ. ന. നീർക്കാക്ക.

ദാത്യൌഹം-നത്ത്. (ദാത്യൂഹം എന്നതു നോക്കുക).

ദാത്രം-ഫ അരിവാൾ. ഇതുകൊണ്ടു അരിയുന്നതിനാൽ ഈ പേർ വന്നു. ഉ. സമ്മാനം, ദാനം, (വേദത്തിൽ പ്രയോഗം) രണ്ടാമത്തെ ഉപായം.

ദാദം-സമ്മാനം, ദാനം.

ദാന്ത-വി. അടക്കമുള്ള.

തപസ്സു നിമിത്തമുണ്ടാകുന്ന ക്ലേശങ്ങളെ സഹിക്കശീലമായിട്ടുള്ളവൻ-ദാന്തൻ'

"ദാന്തമാനസന്മാരായ്
നിർജ്ജിതേന്ദ്രിയന്മാരായ്
ദാന്തന്മാരായ് സന്തതം
പരമഹംസന്മാരായ്"

(ഭാരതം)

ദാന്തൻ-പു. ഭീമരാജാവിന്റെ പുത്രൻ, ദമയന്തിയുടെ സഹോദരൻ. വ. അടക്കമുള്ളവൻ.

ദാന്തം-പു. ദമിപ്പിക്കപ്പെട്ടത്. വ. ശച്ഛ് കുഞ്ഞടക്കപ്പെട്ട കാള മുതലായത്.

ദാന്തം-പു കാള. വ. മക്കിപ്പൂവ്.

ദാന്തി-അടക്കം, ദമം, തപസ്സിലുള്ള ബ്രഹ്മചര്യാദി ക്ലേശത്തെ സഹിക്കുക.

ദാനകം-നിന്ദ്യമായ ദാനം.

ദാനചതുഷ്ടയം-നിത്യദാനം (ഫലോദ്ദേശ്യം കൂടാതെ നിത്യം വല്ലതും കൊടുക്കുക). നൈമിത്തികദാനം (പാപശാന്ത്യർത്ഥം പണ്ഡിതന്മാർക്ക കൊടുക്കുന്നതു) കാമ്യദാനം (ഐശ്വര്യത്തിന്നോ വിജയത്തിന്നോ, സന്തതിക്കോ, സുഖത്തിന്നോ ചെയ്യുന്ന ദാനം.) വിമലദാനം (ധർമ്മം മാത്രം ഉദ്ദേശിച്ചു ഈശ്വരപ്രീത്യർത്ഥം ബ്രഹ്മജ്ഞാനികൾക്ക കൊടുക്കുന്നത്)

ദാനപത്രം-കൊടുക്കുന്നതിനുള്ള എഴുത്ത്

ദാനപ്രമാണം-കൊടുക്കുന്നതിനുള്ള എഴുത്ത്.

ദാനഫലചതുഷ്ടയം—വസ്ത്രം കൊടുത്താൽ രാജ്യം, ചെരുപ്പുകൊടുത്താൽ വാഹനം, വെററിലകൊടുത്താൽ സുഖാനുഭവം, അന്നം കൊടുത്താൽ സർവ്വവും

ദാനം-പു. കൊടുക്കൽ, കൊടുക്കപ്പെടുന്നത്. മററ പര്യായങ്ങൾ-ത്യാഗം, വിഹാപിതം, ഉത്സർജ്ജനം, വിസർജ്ജനം, വിശ്രാണനം, വിതരണം, സ്പർശനം, പ്രതിപാദനം, പ്രാദേശനം, നിർവ്വപണം, അപവർജ്ജനം, അംഹതി.

സ്വധനത്തെ പരന്ന കൊടുക്കുക, തനിക്കുണ്ടാകുന്ന ധനമൊക്കെ സമർപ്പിക്കുക. അന്യന്റെ ധനസമ്പാദനത്തിൽ സന്തോഷം തോന്നുക, കടം വീട്ടുക, അപൂർവ്വവസ്തുക്കളെ കൊടുക്കുക, മറെറാരുവന്റെ വക തന്റെ സ്വാതന്ത്ര്യത്തിൽ വന്നാൽ അതു് അവനുള്ളതാണെന്നു ഭാവിക്കുക ഇവയെല്ലാം ദാനത്തിൽ ഉൾപ്പെടുന്നു.

മഹാദാനങ്ങൾ പത്തു.

"ഗോഗജാശ്വരഥാദാസാ
രത്നധാന്യധനാനിച
തിലതൈലഗദാശയ്യാ
ദിംബാന്യുഭയതോമുഖി."

(ഉഭയതോമുഖി = അല്പ്രസവയായ പശു.)

(കേരളോല്പത്തി)

തുലാപുരുഷം, ഹിരണ്യഗർഭം, ബ്രഹ്മാണ്ഡം, കല്പപാദപം, ഗോസഹസ്രം, ഹിരണ്യകാമധേനു, ഹിരണ്യാശ്വം, ഹിരണ്യാശ്വരഥം, ഹേമഹസ്തിരഥം, പഞ്ചലാംഗലകം, ധരാ, വിശ്വചക്രം, കല്പലത, സപ്തസാഗരം, രത്നധേനു, മഹാഭൂതഘടം.

(ഹേമാദ്രി)

വ. ആനയുടെ മദജലം ന. നാലുപായങ്ങളിൽ ഒന്ന്, കൈക്കൂലി ര. രക്ഷ.

ദാനമാഹാത്മ്യചതുഷ്ടയം- ഭൂതങ്ങളെ വശീകരിക്കുക, വൈരത്തെ നശിപ്പിക്കുക, ശത്രുവിനെ മിത്രമാക്കുക, എല്ലാ വ്യസനത്തെയും ഹനിക്കുക ഇവ നാലും.

ദാനവഗുരു-ശുക്രൻ.

ദാനവൻ-അസുരൻ. ദനുവിന്റെ പുത്രൻ എന്നർത്ഥം.

ദൈത്യന്മാർക്കും ദാനവന്മാർക്കും ഭേദമുണ്ടെങ്കിലും അസുരത്വസാമാന്യംകൊണ്ടു ഭേദമില്ല

ദാനവാരി-വിഷ്ണു, ദേവൻ, അസുരന്മാരുടെ ശത്രു എന്നൎത്ഥം.

ദാനവീ-അസുരസ്ത്രീ.

ദാനവേന്ദ്രൻ-അസുരരാജാവ്.

ദാനശീല-വി. കൊടുക്കുന്ന സ്വഭാവമുള്ള. ദാനശീലന്റെ പൎയ്യായങ്ങൾ-വദാന്യൻ, സ്ഥൂലലക്ഷ്യൻ, ദാനശൌണ്ഡൻ, ബഹുപ്രദൻ.

ദാനശൌണ്ഡ - വി. വളരെ കൊടുക്കുന്ന.

ദാനശൌണ്ഡൻ-ദാനശീലൻ, ധാരാളമായി കൊടുക്കുന്നവൻ. ദാനത്തിൽ പ്രസിദ്ധൻ എന്നൎത്ഥം.

ദാനാൎഹ-വി. കൊടുക്കുന്നതിനു യോഗ്യമായ.

ദാനി-വി. കൊടുക്കുന്ന.

ദാനീയം-സമ്മാനം.

ദാന്ത-പു. ദാനം ചെയ്യുന്നവൻ. വ, ഒരസുരൻ.

ദാന്ത-പു തൃപ്തി വ. അഭിവൃദ്ധി. ന കം ററ. ര്. തീ.

ദാപനം-ഒടുക്കിക്കുക, കൊടുപ്പാൻ നിബന്ധിക്കുക.

ദാപയിതൃ-വി. കൊടുപ്പിക്കുന്ന.

ദാപിത-വി. പു. കുററം ചുമത്തപ്പെട്ട വ. കീഴമൎത്തപ്പെട്ട ന. കൊടുപ്പിക്കപ്പെട്ട.

വിവാദത്തിനു വിഷയമായ ധനത്തെ രാജാവിനാൽ മുതല്പേരമസ്ഥനു കൊടുപ്പിക്കപ്പെട്ടവൻ = ദാപിതൻ

ദാമ്പത്യം-വിവാഹം, ദമ്പതിമാരെന്നുള്ള സ്ഥിതി.

ദാംഭിക-വി. പു ചതിവുള്ള. വ. ഡംഭുള്ള. ന, വ്യാജമുള്ള.

ദാംഭികൻ-പു. കപടക്കോല്ക്കാരൻ. വ. മെമ്മാതിരി മല്ലകൊക്ക. ന. ഡംഭമുള്ളവൻ.

ദാംഭികം-കൊക്ക്.

ദാമനീ-പശുക്കയർ, പശുക്കളെ കെട്ടുന്ന കെട്ടുകയർ. മറെറാരു പൎയ്യായം-പശുരജ്ജു.

ദാമം-കയർ. മുറിക്കപ്പെടുന്നതു് എന്നൎത്ഥം മറെറാരു പൎയ്യായം സന്ദാനം.

ഇവ രണ്ടും കറക്കുന്ന സമയം കാൽ കെട്ടുന്നതിനുള്ള കയറാണെന്നും അഭിപ്രായമുണ്ടു. 'ദേവദോഹനകാലപാദബന്ധനരജ്ജുഃ' രാമാശ്രമി.

ദാമാ-മാല.

ദാമിനി-മിന്നൽ,

ദാമോദരൻ-വിഷ്ണു ദാമ = തുളസിമാല, കയറു. ഉദരം = വയറു. വയററിൽ കയറുകൊണ്ടു കെട്ടപ്പെട്ടവൻ; ഉദരത്തിൽ തുളസിമാലയോടുകൂടിയവൻ; ലോകങ്ങളെ ഉദരത്തിൽ ധരിച്ചവൻ "ദാമാനിലോകനാമാനി" ദമശീലൻ "ദമാദ്ദാമോദരം വിദുഃ" ഇങ്ങിനെ ശബ്ദാൎത്ഥങ്ങൾ.

ദായക, ദായി-വി. കൊടുക്കുന്ന.

ദായകൻ-പു ദാനം ചെയ്യുന്നവൻ. വ. ഓഹരിക്കാരൻ, അവകാശി.

ദായഭാഗം-കൊടുപ്പാനുള്ള പങ്ക്.

ദായം-പു. സമ്മാനം, അവകാശം. വ. ഓഹരി ന നഷ്ടം നാശം. ര്. കൈമാററം.

ദായാദൻ - പു. പുത്രൻ. വ. ബന്ധു, (ജ്ഞാതി) ദായത്തെ (താവാട്ടുമുതലിനെ) അദിക്കുന്നവൻ എന്നൎത്ഥം.

ദായാദി-പുത്രി. (മ) സംബന്ധം, ഉടപ്പം.

ദായാദികൾ-സംബന്ധികൾ.

ദായികൻ, ദായി-കൊടുക്കുന്നവൻ.

ദായികാ, ദായിനി-കൊടുക്കുന്നവൾ.
ദാരക വി. ദാരണംചെയ്യുന്ന, പിളക്കുന്ന
ദാരകൻ-പു. പുത്രൻ. 2. ചെറുക്കൻ. 3. നാട്ടുപന്നി. 4. വല്ല ജന്തുക്കളുടേയും കുഞ്ഞ്.
ദാരകാചാര്യൻ-പള്ളിക്കൂടംവാദ്ധ്യാർ.
ദാരഗ്രഹം-ഭാര്യ. ഭർത്താവിൻെറ അനന്തരന്മാരെ കഷ്ടത്തിലാക്കുന്നവൾ എന്നർത്ഥം. (ഭാരതമഞ്ജരി ഭട്ടൻ).

'ദാരങ്ങളേ യിഹസപദി വരുത്തുക'
(ദുര്യോധനവധം കഥകളി)

ദാരശബ്ദം പുല്ലിംഗവും നിത്യബഹു വചനാന്തവുമാകുന്നു. ഒരുത്തിയെ പറയുമ്പോഴും ബഹുവചനംതന്നെ. 'ദാരാ' എന്ന ആകാരാന്ത സ്ത്രീലിംഗമായിട്ടുമാവാം. 'ക്രോഡാംഹാരം തഥാദാരാത്രയ മൂതേയഥാക്രമം, ക്രോഡേഹാരേ ചദാരേഷു ശബ്ദാഃ പ്രോക്താ മനീഷിഭിഃ, (ഹേമചന്ദ്രൻ). ഇവിടെ ഏകവചനാന്തവും സിദ്ധം.

ദാരണം-പു. കീറുക, മുറിപ്പെടുത്തൽ. 2. തേറ്റാമ്പരൽ, തേറ്റാമ്പരൽ.
ദാരദം-പു. ഒരുവക വിഷം, ദരദേശത്തിലുണ്ടായത്, ദരദമെന്ന സർപ്പത്തിലുണ്ടായത് എന്നിങ്ങനെ ശബ്ദാർത്ഥം. പർവ്വതത്തിലുണ്ടായതു എന്നുമാവാം. 2. രസം. 3. ചായില്യം. 4. ഒരുവക സർപ്പം. 5. കടൽ.
ദാരബലിഭുക്ക്. കൊക്ക്.
ദാരം-പു. വിടവ്, ദ്വാരം. 2. കീറൽ. 3. ഉഴുത നിലം.
ദാരി-പു. ഒരുവക രോഗം. 2. വിടവു.
ദാരികാ-പു. പുത്രി 2. വേശ്യ. 3. ചീന്തൽ, കീറൽ.
ദാരിത-വി. കീറപ്പെട്ട, പിളക്കപ്പെട്ട.
ദാരിദ്ര്യപത്രി ഏരോപ്പുഞ്ഞൂമ്പ.
ദാരിദ്ര്യം-ക്ഷമം. ദാരിദ്ര്യം > <നമുഖ
ദാരിദ്ര്യവാസ്-ക്ഷാമം അനുഭവിക്കുന്നവൻ.

ദാരു-പു. വൃക്ഷം. 2. ഉണങ്ങിയ മരം, വിറക്. 3. ദേവതാരവൃക്ഷം. 4. മരത്തടി, കോടാലി മുതലായ ആയുധം കൊണ്ടു പിളക്കപ്പെടുന്നതെന്നർത്ഥം. 5. ഉദാരശീലൻ, ദാനശീലൻ. 6. ചിത്രമെഴുത്തുകാരൻ, ശില്പി. 7. പിച്ചള. 8. താഴ്, പൂട്ട്. 9. പലയിലോഹമുള്ള കല്ലും മണ്ണും.
ദാരു-വി. പു. ദാനശീലമുള്ള. 2. ഒത്തുള്ള. 3. കീറുന്ന.
ദാരുക-മരപ്പാവ.
ദാരുകൻ-കൃഷ്ണൻെറ സാരഥി, കൃഷ്ണൻെറ തേർ തെളിക്കുന്ന സൂതൻ.
ദാരുകം-ദേവതാരവൃക്ഷം.
ദാരുകാ-പാവ.
ദാരുഗർഭ-മരപ്പാവ.
ദാരുണ-വി. ഭയംകരമായ.
ദാരുണം-പു. ഭയാനകരസം. 2. കൊടുവേലി. ചിത്തത്തെ പിളക്കുന്നതു എന്നർത്ഥം.
ദാരുനിശാ-മരമഞ്ഞൾ
ദാരുപത്രീ-കറിക്കായം.
ദാരുപീതാ-മരമഞ്ഞൾ.
ദാരുമത്സ്യാഹ്വയാ-ഉടുമ്പു
ദാരുമൂലം-വൃക്ഷച്ചുവട്.
ദാരുലേഖകൻ-എഴി.
ദാരുസാരം-ചന്ദനം.
ദാരുഹരിദ്ര-ഒരങ്ങാടിമരുന്ന്, മരമഞ്ഞൾ.
ദാരുഹസ്തകം-മരത്തവി, മരപ്പിടിയിട്ട ചട്ടുകം മുതലായതു്.
ദാരൈഷണാ-ഭാര്യാമോഹം.
ദാർഢ്യം-കടുപ്പം, ഉറപ്പ്.
ദാർവ്വാഘാടം-മരംകൊത്തി

ദാർവ്വാഘാടം – മരംകൊത്തിപ്പക്ഷി. മരത്തെ കൊത്തുന്നതു എന്നർത്ഥം.

ദാർവ്വി–പ്ര. മരമഞ്ഞൾ. പിളർക്കപ്പെടുന്നതെന്നർത്ഥം. ല. മഞ്ഞൾ. ന. ദേവദാരം. ർ. കൊഴുപ്പു.

ദാർവ്വിക–ഒരു പച്ചമരുന്നു്, കൊഴുപ്പ. ചക്രംപോലെയുള്ള ഇലകൾ ഉള്ളതു എന്നർത്ഥം. ദാർവ്വീക, ദാർവ്വി എന്നുമാവാം. ല. മരമഞ്ഞൾ കഷായത്തിൽ തുത്തു ചേർത്തുണ്ടാക്കുന്ന അഞ്ജനം.

ദാലനം–പല്ലുകുത്തു.

ദാലം–പ്ര. ദാലം എന്നു പേരുള്ള തേൻ.

ദാലം എന്ന തേൻ ഛർദ്ദി, കഫം, അരുചി, പ്രമേഹം, അർശസ്സ് മുതലായവക്കു നന്നു്. മഞ്ഞനിറമാണു്, കനം കൂടും. ഇന്ദ്രനീലക്കല്ലിന്റെ ശകലങ്ങൾ പോലെ ഒരുമാതിരി ചെറിയ ഈച്ചയുണ്ടു്. മരത്തിന്റെ പൊത്തുകളിൽ ഇതു കൂടുണ്ടാക്കുന്നു. ഇവയുണ്ടാക്കുന്ന തേനിനു ദാലം എന്നു പേർ.

ല. വരക.

ദാലി–പ്ര. താളിമാതളം. ല. ദേവതാളി.

ദാവം–പ്ര. കാടു്. ല. കാട്ടുതീ. ദുഃഖിപ്പിക്കുന്നതു എന്നർത്ഥം. ന. കതിര.

ദാവാഗ്നി–കാട്ടുതീ.

'പാരീരേഴിനുമുരച്ചുടതളിനദശക
ണ്ഠാഖ്യദാവാഗ്നിയെത്തൻ'
(ഉത്തരരാമായണചമ്പു)

ദാവാനലൻ–കാട്ടുതീ

ദാവികം–സരയൂനദിയിലുണ്ടായതു്. (സ്ത്രീലിംഗം–ദാവികി).

ദാശൻ–മുക്കുവൻ, മത്സ്യംപിടിച്ചു ഉപജീവനം കഴിക്കുന്ന മുക്കവർ മുതലായവരുടെ പേർ. മത്സ്യത്തെ കഴിച്ചു തിന്നുന്നവൻ എന്നർത്ഥം.

ദാശരഥി, ദാശരഥൻ – ശ്രീരാമൻ. (ഭരതാദികൾക്കും പറയാം.)

ദാശ(സ)പുരം–കഴിമുത്തങ്ങ.

ദാശാർഹൻ–കൃഷ്ണൻ.

ദാശേരൻ–പ്ര. മുക്കവന്റെ പുത്രൻ. ല. മുക്കവൻ.

ദാശേരം–ഒട്ടകം.

ദാസൻ–പ്ര. ഭൃത്യൻ. പര്യായങ്ങൾ–ഭൃത്യൻ, ദാസേയൻ, ദാസേരൻ, ദാസൻ, ഗോപ്യകൻ, ചേടകൻ, നിയോജ്യൻ, കിങ്കരൻ, പ്രൈഷ്യൻ, ഭുജിഷ്യൻ, പരിചാരകൻ. ല. മുക്കവൻ. ന. ശൂദ്രൻ. ർ. ബ്രഹ്മത്തെ അറിയുന്നവൻ. ഒ. വൃത്രാസുരൻ. ന്യ. ഒരസുരൻ. റ. ശൂദ്രരുടെ പേരോടു ചേർക്കുന്ന ഒരു പദം.

ദാസാനുദാസൻ–ഭൃത്യന്റെ ഭൃത്യൻ.

ദാസി–പ്ര. വേലക്കാരത്തി. ല. ശൂദ്രസ്ത്രീ. ന. ഒരു പൂച്ചെടി, നീലക്കുറുഞ്ഞി, കരിങ്കുറുഞ്ഞി, മുൾക്കുറുഞ്ഞി, മഞ്ഞക്കുറുഞ്ഞി. ർ. മുക്കവസ്ത്രീ. ഒ. വേശ്യാ.

ദാസീസഭം–ദാസികളുടെ കൂട്ടം.

ദാസേയ–വി. ദാസനിൽനിന്നു ജനിച്ച.

ദാസേയൻ–ദാസൻ, ഭൃത്യൻ. ദാസിയുടെ അപത്യം എന്നർത്ഥം

ദാസേര–വി. ഭൃത്യനിൽ നിന്നു ജനിച്ച.

ദാസേര(ക)ൻ–പ്ര. ഭൃത്യൻ. ല. മുക്കവൻ. ദാസിയുടെ അപത്യം എന്നർത്ഥം.

ദാസേര(ക)ം–ഒട്ടകം.

ദാസ്യം–അടിമ, ദാസ്യപ്രവൃത്തി.

ദാസ്യവൃത്തി–അടിമയിൽ ഇരിക്ക.

ദാഹക-വി. ദഹിപ്പിക്കുന്ന.

ദാഹകം-പു. കൊടുവേലി. വ. അഗ്നി.

ദാഹം-പു. ദഹിക്ക, എരിയുക വ. ചൂട്. (മ) തണ്ണീർദാഹത്തിനു പൎയ്യായങ്ങൾ-ഉദന്യാ, പിപാസാ, തൃട്ട്, തൎഷം.

ദാഹഹരണം-രാമച്ചം.

ദാഹിക്കുന്നു-ജലം കുടിപ്പാൻ തോന്നുന്നു.

## ദി

ദിക്ചതുഷ്ടയം-പ്രാചി (കിഴക്ക), അവാചി (തെക്ക,) ഉദീചി (വടക്ക), പ്രതീചി (പടിഞ്ഞാറ).

ദിക്പാലന്മാർ — ലോകപാലന്മാർ. ഇന്ദ്രൻ, അഗ്നി, പിതൃപതി, നിരൃതി, വരുണൻ, മരുത്ത് (വായു), കുബേരൻ (വൈശ്രവണൻ), ഈശൻ ഇവർ എട്ടു പേരും. (അഷ്ടദിക്പതികൾ എന്നതു നോക്കുക)

ദിക്ക്-പു. ദേശം. അവകാശത്തെ കൊടുക്കുന്നതു് എന്നൎത്ഥം. വ. തെക്ക്, പടിഞ്ഞാറ്, വടക്ക്, കിഴക്ക് ഈ നാലും ഇവയുടെ മൂലകളും, ദിക്കുകളുടെ പൎയ്യായങ്ങൾ-ദിക്, കകുപ്, കാഷ്ഠാ, ആശാ, ഹരിത്.

ദിക്കര-വി. യുവാവായ.

ദിക്കരി-ലോകത്തിന്റെ എട്ടുദിക്കിലുള്ള ആനകൾ എട്ടും വ. ഇളയസ്ത്രീ.

ദിക്കരിണികൾ-ലോകത്തിന്റെ എട്ടു ദിക്കിലുമുള്ള ആനകളുടെ പിടികൾ (ദിഗ്ഗജങ്ങൾ നോക്കുക)

ദിക്കാലപഞ്ചാംഗം-സംഖ്യാ, പരിമാണം, സംയോഗം, പൃഥക്ത്വം, വിഭാഗം ഇവ അഞ്ചും, (സംഖ്യാദി പഞ്ചാംഗം എന്നും പറയും)

ദിഗ്ഗജങ്ങൾ-ദിക്കുകളിലെ ഇരിക്കുന്നവരായ ഗജങ്ങൾ, ലോകത്തിന്റെ എട്ടുദിക്കിലുള്ള ആനകൾ എട്ടും. ഐരാവതം, പുണ്ഡരീകൻ, വാമനൻ, കുമുദൻ, അഞ്ജനൻ, പുഷ്പദന്തൻ, സാൎവ്വഭൌമൻ, സുപ്രതീകൻ.

| ദിക്കുകൾ | അധിപന്മാർ | ഗജങ്ങൾ | കരിണികൾ | ഗ്രഹങ്ങൾ |
|---|---|---|---|---|
| കിഴക്ക | ഇന്ദ്രൻ | ഐരാവതം | അഭ്രമു | സൂര്യൻ |
| കിഴക്കുതെക്ക് | അഗ്നി | പുണ്ഡരീകൻ | കപില | ശുക്രൻ |
| തെക്ക് | യമൻ | വാമനൻ | പിംഗള | കുജൻ |
| തെക്കുപടിഞ്ഞാറ | നിരൃതി | കുമുദൻ | അനുപമ | രാഹു |
| പടിഞ്ഞാറ | വരുണൻ | അഞ്ജനൻ | താമ്രകൎണ്ണി | മന്ദൻ |
| പടിഞ്ഞാറവടക്ക | വായു | പുഷ്പദന്തൻ | ശുഭ്രദന്തി | ചന്ദ്രൻ |
| വടക്ക് | കുബേരൻ | സാൎവ്വഭൌമൻ | അംഗന | ബുധൻ |
| വടക്കുകിഴക്ക് | ഈശാനൻ | സുപ്രതീകൻ | അഞ്ജനാവതി | ഗുരു. |

ദിഗ്ജയം-ദിക്കുകളെ ജയിക്ക.

ദിഗ്ദ്ധ-വി. പൂശപ്പെട്ട.

ദിഗ്ദ്ധം-വിഷം തേച്ച അമ്പു്. സ്നേഹനം ചെയ്ക=പുരട്ടുക.

ദിഗ്ഭവ-വി. ദിക്കിൽ നിന്നും ഉണ്ടായ.

ദിഗ്ഭ്രമം-ദിക്കുമാറിത്തോന്നുക.

ദിഗന്തം-പു. ദിക്കിന്റെ അവസാനം, ചക്രവാളം. വ. ദിക്കിന്റെ മറുവ്.

ദിഗന്തരം-ദിക്കിന്റെ മദ്ധ്യം, ആകാശം

ദിഗന്തരാളം-പു. ദിക്കിന്റെ നടുവ്. ൨. ദിക്കിന്റെ ഇട.

ദിഗംബര-വി. വസ്ത്രം ഉടുക്കാത്ത.

ദിഗംബരൻ-പു. ശിവൻ. ദിക്കാകുന്ന വസ്ത്രത്തോടു കൂടിയവൻ, ഉടുക്കാത്തവൻ എന്നർത്ഥം. ൨. ഒരു ബൗദ്ധ സന്ന്യാസി.

ദിഗ്ഗൃഹങ്ങൾ-അതാതു ദിക്കുകളുടെ ഗൃഹങ്ങൾ. (ദിഗ്ഗ്രഹങ്ങൾ എന്നതു നോക്കുക)

ദിഗ്വലയം-ദിക്കിന്റെ മണ്ഡലം, ചക്രവാളം.

ദിഗ്വാസി-വി. ദിക്കിൽ പാർക്കുന്ന

ദിഗ്വിശേഷം-ദിക്കുകൾ തമ്മിലുള്ള ഭേദം

ദിങ്നാഗൻ-കാളിദാസന്റെ സമകാലീനനും ശത്രുവുമായ ഒരു കവി.

ദിങ്മണ്ഡലം-ചക്രവാളം.

ദിങ്മാത്രം-അ. ഏകദേശമായിമാത്രം, കുറച്ചു, അല്പം.

ദിങ്മുഖം-ദിക്കിന്റെ നേർക്കുള്ള വശം.

ദിത-വി. മുറിക്കപ്പെട്ട, കീറപ്പെട്ട, ഭേദിക്കപ്പെട്ട.

ദിതി-ദക്ഷന്റെ പുത്രി; കശ്യപന്റെ ഭാര്യ, ദൈത്യരുടെ മാതാവ്.

ദിതിയുടെ പുത്രന്മാരെല്ലാം മരിക്കയാൽ ഇന്ദ്രനെ ജയിപ്പാൻതക്ക ശക്തിയുള്ള ഒരു പുത്രൻ വേണമെന്നു കശ്യപനോടു പ്രാർത്ഥിച്ചു ഗർഭമുണ്ടായി ഭക്തിയോടും ശുദ്ധിയോടും ജീവിക്കുന്നതായാൽ യഥേഷ്ടം ഒരു പുത്രനുണ്ടാകുമെന്നു കശ്യപൻ പറഞ്ഞു ഇന്ദ്രൻ ഈ സംഗതി അറിഞ്ഞു അവളുടെ വ്രതഭംഗത്തിനു വഴിനോക്കി ആദരവം അവളുടെ ദാസനായി അവിടെ പാർത്തു. നൂറാംവർഷത്തിൽ ഒരുദിവസം ദിതി കാൽകഴുകാതെ ഉറങ്ങാനിടയായ തരം നോക്കി ഇന്ദ്രൻ അവളുടെ വയറ്റിൽ കിടന്നിരുന്ന ശിശുവിനെ വജ്രായുധം കൊണ്ടു ഏഴായി ഖണ്ഡിച്ചു. കാത്തു സഹിക്കവയ്യാതെ കരഞ്ഞു, കരച്ചിൽ നിറുത്താൻ കഴിയാഞ്ഞിട്ടു ഇന്ദ്രൻ കോപിഷ്ഠനായി ആ ഏഴു ഖണ്ഡങ്ങളെ ഏഴേഴായി വീണ്ടും മുറിച്ചു. 'മാരോദീ' (കരയരുത്) എന്നു ഇന്ദ്രൻ പറകയാൽ ഇവർക്കു മരുത്തുകൾ എന്ന പേർ സിദ്ധിച്ചു.

ദിതിജൻ-അസുരൻ.

ദിതിജാരി-പു. വിഷ്ണു. ൨. ഇന്ദ്രൻ.

ദിതിസുതൻ-അസുരൻ. ദിതിയുടെ പുത്രൻ എന്നർത്ഥം.

ദിത്യൻ-അസുരൻ.

ദിദൃക്ഷ-കാണ്മാനുള്ള ആഗ്രഹം.

ദിദൃക്ഷു-വി. കാണ്മാനാഗ്രഹമുള്ള.

ദിധി-ഉറപ്പ്.

ദിധിഷു-രണ്ടാമത്തെ ഭർത്താവ്.

ദിധിഷൂ, ദിധിഷു, ദിധീഷൂ-പുനർവിവാഹം ചെയ്യപ്പെട്ടവൾ. മറ്റൊരു പര്യായം-പുനർഭൂ. പാപത്തെ ധരിക്കുന്നവൾ എന്നർത്ഥം.

ദിനകരതനയൻ-പു. ശനി. ൨. കർണ്ണൻ ൩. സുഗ്രീവൻ. ൪. യമൻ. ദിനകരശബ്ദത്തോടു പുത്രാദിശബ്ദങ്ങൾ ചേർന്നാലും ഈ അർത്ഥംതന്നെ.

ദിനകരൻ-ആദിത്യൻ.

ദിനകരം-എരിക്ക.

ദിനകരാത്മജാ-യമുനാനദി.

ദിനചര്യ-ദിവസന്തോറും ചെയ്യേണ്ടുന്ന മുറ

ദിനദുഃഖിതൻ-ചക്രവാകപ്പക്ഷി.

ദിനപതി-ആദിത്യൻ.

ദിനപൻ-ആദിത്യൻ.

ദിനപം-എരിക്ക.

ദിനബലം-(ജ്യോതിഷത്തിൽ) ചിങ്ങം, കന്നി, തുലാം, വൃശ്ചികം, കുംഭം-ഈ രാശികൾ. ഇവ ശീർഷോദയങ്ങളാണ്.

ദിനം-പു. ദിവസം. ൨. പകൽ. മററു പര്യായങ്ങൾ-ഘസ്രം, അഹസ്സ്, ദിവസം, വാസരം. ഇ-ം പകലിന്റെ പേർ. മുഴുവൻ ദിവസത്തിന്റെ വാചകമായിട്ടും പ്രയോഗബാഹുല്യം തെളിയിക്കുന്നു.

ദിനംപ്രതി-ദിവസംതോറും.

ദിനമണി-ആദിത്യൻ. പകലിനു രത്നം പോലെയുള്ളവൻ എന്നർത്ഥം.

ദിനമയൂഖൻ-ആദിത്യൻ.

ദിനമുഖം-പ്രഭാതം.

ദിനയൌവനം-ഉച്ച, മദ്ധ്യാഹ്നം.

ദിനരത്നം-സൂര്യൻ.

ദിനരാശികൾ-ചിങ്ങം, കന്നി, തുലാം, വൃശ്ചികം, കുംഭം, മീനം ഇവ.

ദിനവിരതി-സന്ധ്യാസമയം.

ദിനാന്തകം-ഇരുട്ട്. പകലിന്റെ അവസാനകാലം എന്നർത്ഥം. മററൊരു പര്യായം-സായം.

ദിനാന്തം-അസ്തമനസന്ധ്യ. പകലിന്റെ അവസാനകാലം എന്നർത്ഥം. മററൊരു പര്യായം-സായം.

ദിനത്തിന്റെ പശ്ചാൽഭാഗത്തിലുള്ള ൩ മുഹൂർത്തകാലത്തിന്റെ പേർ എന്നു തമിഴ് വ്യാഖ്യാനം.

ദിനാന്ധാ-വാവൽ.

ദിനാവസാനം-അസ്തമനസന്ധ്യ.

ദിനിസ്സ്, ജിനിസ്സ്-മാതിരി, തരം. (ജിനിസ്സ എന്നതു നോക്കുക)

ദിനേശൻ-ആദിത്യൻ.

ദിനേശം-ഒരു പൂച്ചെടി, എരിക്ക്.

ദിനേശവല്ലി - മരഞ്ഞാണിമഞ്ഞ്, വെമ്പാട.

ദിലീനൻ-ദുഷ്ഷന്തന്റെ അച്ഛൻ.

ദിലീപൻ-സൂര്യവംശത്തിലുള്ള ഒരു രാജാവ്.

അംശുമാന്റെ പുത്രൻ. ഒരിക്കൽ സുരഭി എന്ന പശുവിനെ യോഗ്യതയനുസരിച്ച് മാനിക്കായ്കയാൽ അവളുടെ മകളായ 'നന്ദിനിയെ' വളർത്തി അവളെ സന്തോഷിപ്പിക്കുന്നതുവരെ ദിലീപനു മക്കളുണ്ടാകയില്ലെന്നു അവൾ ശപിച്ചു. ദിലീപനും തൽഭാര്യയായ സുദക്ഷിണയും അതിജാഗ്രതയോടെ നന്ദിനിയെ വളർത്തി. സിംഹത്തിൽനിന്നു ഒരിക്കൽ അവളെ രക്ഷിപ്പാനായി ദിലീപൻ സ്വജീവനെപ്പോലും വെടിയുന്നതിനു ഒരുമ്പെട്ടു. ശാപം നീങ്ങിയതിൽ പിന്നീടു അവർക്കു രഘു എന്നൊരു മകനുണ്ടായി.

ദിലീരം-കൂൺ.

ദിവാ-പു. സ്വർഗ്ഗം. ദേവന്മാർ ഇതിൽ ശോഭിക്കുന്നു, കളിക്കുന്നു എന്നർത്ഥം. സുകൃതികളാൽ ആഗമിക്കപ്പെടുന്നതു് എന്നുമാവാം. ൨. ആകാശം. ൩. കാട്ടുകാക്ക. ൪. ദിവസം. ൫. കാട്.

ദിവസകരൻ-ആദിത്യൻ.

ദിവസപതി-സൂര്യൻ

ദിവസം-പു. പകൽ. ജനങ്ങൾ ഇതിങ്കൽ പ്രകാശിക്കുന്നു എന്നുള്ളതിനാൽ ഈ പേർ വന്നു. ജനങ്ങൾക്കു വിനോദത്തിനുള്ള കാലം എന്നുമാവാം. മററു പര്യായങ്ങൾ-അഹസ്സ്, ഘസ്രം, ദിനം, വാസരം. ൨. ഒരു പകലും ഒരു രാത്രിയും കൂടിയ സമയം. (മുഴുവൻ ദിവസം)

ദിവസവൃത്തി-നിത്യവൃത്തി.

ദിവസവിഗമം-സൂര്യാസ്തമനം.

ദിവസേശ്വരൻ-ആദിത്യൻ.

ദിവസ്പതി-ഇന്ദ്രൻ, ദേവേന്ദ്രൻ. സ്വർഗ്ഗത്തിന്റെ നാഥൻ എന്നർത്ഥം.

ദിവസ്പൃഥിവികൾ - ആകാശത്തെയും ഭൂമിയെയും ഒന്നായി പറയുന്നതിന്റെ പേർ.

ദിവാ-അ. പകൽ (പകലിൽ).

ദിവാകരൻ-ആദിത്യൻ പകലിനെ ചെയ്യുന്നവൻ എന്നർത്ഥം.

ദിവാകീർത്തി-പു. ചണ്ഡാലൻ പൂർവ്വകാലങ്ങളിൽ കീർത്തിക്കപ്പെടാത്തവൻ എന്നർത്ഥം. ഇവിടെ 'ദിവം' എന്നതിന്നു ലക്ഷണയാ പൂർവ്വകാലം എന്നു താൽപര്യം. വ. ക്ഷൌരക്കാരൻ. പകൽമാത്രം പേരു പറയുന്നതിന്നു യോഗ്യതയുള്ളവനെന്നർത്ഥം. ന. ഊമൻ.

ദിവാചരൻ-ചണ്ഡാലൻ.

ദിവാടനം-കാക്ക

ദിവാൻ-ചില രാജ്യങ്ങളിലെ പ്രധാനമന്ത്രിക്കുള്ള സ്ഥാനപ്പേർ.

ദിവാന്ധൻ-മൂങ്ങ (ഊമൻ). പകൽ കണ്ണുകാണാത്തവൻ എന്നർത്ഥം.

ദിവാന്ധികാ-നരച്ചലി.

ദിവാനിശം-അ. രാത്രിയും പകലും, എപ്പോഴും.

'സഞ്ചരിച്ചുതുടങ്ങിനാനവ-
ളോടുകൂടിദിവാനിശം'
(നാളായണീചരിതം തുള്ളൽ)

ദിവാപ്രദീപം-പകൽവിളക്ക.

ദിവാഭീത-ആമ്പൽപൊയ്ക.

ദിവാഭീതൻ-പു മൂങ്ങ. വ. കള്ളൻ. പകൽ പേടിയുള്ളവൻ എന്നർത്ഥം.

ദിവാമധ്യം-ഉച്ചസമയം.

ദിവാസ്വപ്നം, ദിവാസ്വാപം-പു പകൽ ഉറക്കം. വ. മനോരാജ്യം.

ദിവാസ്വാപം-ഊമൻ, പകൽ ഉറക്കം.

ദിവി-കാട്ടുകാക്ക.

'ചാഷോദിവിഃ കികിഃ സ്മൃതാഃ'

ദിവിജ-വി ആകാശത്തുണ്ടായ.

ദിവിജം-ഹരിചന്ദനം.

ദിവിഷൽ(ദ്)-ദേവൻ. സ്വർഗ്ഗത്തിങ്കൽ വർത്തിക്കുന്നവൻ എന്നർത്ഥം.

ദിവിഷ്ഠ-വി. സ്വർഗ്ഗത്തിലിരിക്കുന്ന.

ദിവൌകസ്സ്, ദിവോകസ്സ്-പു. ദേവൻ. ദിവം=സ്വർഗ്ഗം. ഓകസ്സ്=ഭവനം. സ്വർഗ്ഗം വാസസ്ഥാനമായുള്ളവൻ. വ. വേഴാമ്പൽ പക്ഷി. ദ്യോവ് ഗൃഹമായിട്ടുള്ളതു് എന്നർത്ഥം.

ദിവ്യ-വി. പു. സ്വർഗ്ഗസംബന്ധമായ. വ. അത്ഭുതകരമായ. ന. പ്രകാശമാനമായ. ര. ഭംഗിയുള്ള. ത. വിശേഷമായ. ന്യ. ആകാശത്തോടുചേർന്ന. ൌ. ദൈവത്തേയോ ദേവകളേയോ സംബന്ധിച്ച. വ്വ. സ്വഭാവത്തിന്നപ്പുറമുള്ള. ൻ. സൌന്ദര്യമുള്ള.

ദിവ്യഗായനന്മാർ-ഹാഹാ ഹൂഹൂ തുടങ്ങിയുള്ളവർ, സ്വർഗ്ഗത്തിലെ പാട്ടുകാർ.
'ഗന്ധർവ്വാഗാന്ധർവ്വദിവ്യഗായനഗാതവഃ'

ദിവ്യചക്ഷുസ്സ്-പു. ജ്ഞാനദൃഷ്ടി, ദിവ്യമാകുന്ന കണ്ണ്. വ. കുരങ്ങ്.

ദിവ്യജ്ഞാനം-വിശേഷമായഅറിവ്.

ദിവ്യത്വം-ദൈവസംബന്ധമായ അവസ്ഥ, മഹിമ.

ദിവ്യദ്രവ്യം-വിശേഷവസ്തു.

ദിവ്യൻ-പു. ബുദ്ധികൌശലമുള്ളവൻ. വ. ദേവസംബന്ധിയായ പുരുഷൻ. ന. യമൻ.

ദിവ്യപഞ്ചാമൃതം-നെയ്യ തൈർ പാൽ തേൻ പഞ്ചസാര ഇവ അഞ്ചുംകൂടിയതു്.

ദിവ്യം-പു. ഹരിചന്ദനം. വ. ഇലവങ്ങപ്പൂവ്. ന. ഗുഗ്ഗുലു. ര. യവം. ത. ആകാശം. ന്യ. ഒരുമാതിരി ജലം. ൌ. സത്യം.

ദിവ്യമാനുഷൻ - വിശിഷ്ടതയുള്ള മനുഷ്യൻ

ദിവ്യമൂൎത്തി-ദിവ്യശരീരം.

ദിവ്യയാനം-വിമാനം.

ദിവ്യരത്നം-വിശേഷമായ രത്നം

ദിവ്യരസം-വിശേഷമായ ഒരു മരുന്ന്, രസം.

ദിവ്യരൂപം-വിശേഷമായരൂപം.

ദിവ്യലോകം-ദിവ്യമായ ലോകം.

ദിവ്യവൎഷം-മുന്നൂററവത്തഞ്ചു മനുഷ്യസംവത്സരം കൂടിയതു്.

ദിവ്യവസ്തു-വിശേഷവസ്തു

ദിവ്യവാക്ക്-അശരീരവാക്ക്.

ദിവ്യവിഗ്രഹം-ദിവ്യശരീരം

ദിവ്യസരിത്തു്-ദേവഗംഗാ.

ദിവ്യാ-പ്ര. കടുക്ക. ൨. മഹാമേദ. ൩. കാട്ടുവാവൽ. ൪. ചെറിയബ്രഹ്മി. ൫. ബ്രഹ്മി. ൬. വെങ്കുറക. ൭. നെല്ലി. ൮. മുരാമാഞ്ചി. ൯. ശതാവരി. ൧൦. പെരുഞ്ചീരകം.

ദിവ്യാദിവ്യൻ— അൎജ്ജുനനെപ്പോലെ പകുതി ദിവ്യത്വവും പകുതി മനുഷ്യത്വവും ഉള്ളവൻ.

ദിവ്യാദിവ്യം-വി. ദൈവസ്വഭാവവും മനുഷ്യസ്വഭാവവും കൂടെയുള്ള.

ദിവ്യാന്ധം-നേത്രദൃഷ്ടിഗതമായ തിമിരരോഗനിദാനത്തിൽപെട്ട ഒരു രോഗം.

രോഗം മൂന്നാംപടലത്തിൽ ചെല്ലുമ്പോൾ പകൽ കാഴ്ചയുണ്ടാകയില്ല. ശൈത്യസംബന്ധം നിമിത്തവും പിത്തത്തിന്റെ അല്പതകൊണ്ടും രാത്രിയിൽ കാഴ്ചയുണ്ടാകും.

ദിവ്യാഭരണം-വിശേഷമായ അലങ്കാരം.

ദിവ്യാസ്ത്രം-ദേവസംബന്ധമായ ആയുധം, ബ്രഹ്മാസ്ത്രം മുതലായതു്.

ദിവ്യോദകം — മഴവെള്ളം, മഞ്ഞുവെള്ളം.

ദിവ്യോപദേശം ദിവ്യമായ ഉപദേശം

ദിവ്യോപപാദുക-വി. സ്വൎഗ്ഗത്തിന്നടുത്ത.

ദിവ്യോപപാദുകന്മാർ— ദേവന്മാർ. ദിവ്യന്മാരും ഉപപാദുകന്മാരും. ദിവ്യന്മാർ=ദ്യോവിങ്കൽ (സ്വൎഗ്ഗത്തിങ്കൽ) ഉത്ഭവിച്ചവർ. ഉപപാദുകന്മാർ=അച്ഛനമ്മമാരുടെ (ദൃഷ്ടകാരണത്തിന്റെ) അപേക്ഷകൂടാതെ അദൃഷ്ടമായ കാരണത്തിൽനിന്നു തന്നെത്താൻ ഉണ്ടാകുന്നവർ.

ദിവ്യൌഷധി-മനയോല.

ദിശാ-ദിക്ക്.

ദിശ്യ-വി. ദിക്കിൽ അല്ലെങ്കിൽ ദിക്കുകളിൽ ഭവിച്ച.

ദിഷ്ട-വി. പ്ര. കാണിക്കപ്പെട്ട. ൨. ഉപദേശിക്കപ്പെട്ട.

ദിഷ്ടകേട്ട്-കാലക്കേട്.

‘ദിഷ്ടക്കേടാൽവരുവതുപരീ
ഹാരമില്ലാത്തതല്ലോ’
(മയൂരസന്ദേശം)

ദിഷ്ടം-പ്ര. കാലം. ജനങ്ങൾക്കു സുഖദുഃഖാദികളെ കൊടുക്കുന്നതെന്നൎത്ഥം. ൨. ഭാഗ്യം. ഉപദേശിക്കപ്പെടുന്നതു്, പൂൎവ്വജന്മകൃതകൎമ്മം, ഒരു ഉപദേഷ്ടാവിനാൽ ഉപദേശിക്കപ്പെട്ടതുപോലെ തത്തൽകൎമ്മാനുഗുണകൃത്യങ്ങളിൽ പ്രാണികളെ പ്രേരിപ്പിക്കുന്നതുനിമിത്തം ഈ പേരുണ്ടായി.

ദിഷ്ടാന്തം മരണം ഭാഗ്യത്തിന്റെ അവസാനം എന്നൎത്ഥം

ദിഷ്ടി-ആനന്ദം, സന്തോഷം

ദിഷ്ട്യാ-അ. ഭാഗ്യംകൊണ്ടു ലഭിക്കുന്നതു്. (സന്തോഷം എന്ന അൎത്ഥത്തിങ്കലാകുന്നു)

ദിഷ്ണു-വി. ദാനശീലമുള്ള.

## ദീ

**ദീക്ഷ**- പു. മരിച്ചവൎക്കുവേണ്ടി ഒരു സംവത്സരം ചെയ്യുന്ന കൎമ്മം. പ. യാഗം. സ. വ്രതം ർ. ഏതെങ്കിലും ഒന്നിനെക്കുറിച്ചു കാക്കുന്ന വ്രതമായിരിക്ക.

**ദീക്ഷാന്തം**-പു. ദീക്ഷയുടെ അവസാനം. പ. യാഗാവസാനം. യാഗത്തിങ്കൽ ദീക്ഷയുടെ അവസാനത്തിൽ ന്യൂനാതിരേക ദോഷപരിഹാരത്തിനായിക്കൊണ്ടു ചെയ്യുന്ന ഇഷ്ടി. സ. യജ്ഞാന്തസ്നാനം.

**ദീക്ഷാപതി**-ചന്ദ്രൻ.

**ദീക്ഷിക്കുന്നു**-പു. മരിച്ചവൎക്കുവേണ്ടി സംവത്സരം കൎമ്മംചെയ്യുന്നു. പ. അനുഷ്ഠിക്കുന്നു. സ. യാഗംചെയ്യുന്നു

**ദീക്ഷിത**-വി. ദീക്ഷിച്ച.

**ദീക്ഷിതൻ**-സോമയാഗം ചെയ്യുന്നവൻ, സോമയാഗത്തിൽ ഋത്വിക്കുകളെ ആദേശിക്കുന്ന യജമാനൻ.

[സോമപാനമുള്ള യാഗം=സോമയാഗം ഈ യാഗം ചെയ്തവനെ പരദേശങ്ങളിൽ 'ദീക്ഷിതർ' എന്നു പറയുന്നു]

**ദീദിവി**-വി. എഴുന്നേററ.

**ദീദിവി**-പു. ചോറ്. ഇതുകൊണ്ടു ക്രീഡിക്കുന്നു. ഇതില്ലെങ്കിൽ എല്ലാത്തരം ക്രീഡയും മാറിപ്പോകും പ. ബൃഹസ്പതി.

**ദീധിതി**-രശ്മി. ശോഭിക്കുന്നതു് എന്നൎത്ഥം

**ദീന**-വി പു രോഗമുള്ള പ. ദാരിദ്ര്യമുള്ള

**ദീനത**-ദീനഭാവം.

**ദീനൻ**-പു. ദരിദ്രൻ ക്ഷയിച്ചവൻ എന്നൎത്ഥം. പ. വലഞ്ഞവൻ.

**ദീനം**-പു. ദണ്ഡം. (അടിയോൽ എന്നതു നോക്കുക.) പ. തകരം.

**ദീനാരം**-പു ഒരുവക പൊൻ നാണയം. പ. ഒരു പൊൻകണക്ക്.

**ദീപ്**-ദീപ്. (പഴയ മലയാളം)

**ദീപക**-വി. പു. ശോഭിക്കുന്ന. പ. ജ്വലിക്കുന്ന.

**ദീപകം**-പു. വിളക്ക്. പ. തിരിമേൽ കത്തിനില്ക്കുന്ന തീ, അലങ്കാരശാസ്ത്രപ്രകാരമുള്ള അലങ്കാരങ്ങളിൽ ഒന്നു്. സ. സുഗന്ധമുള്ള ഒരു കുരു. ർ. മയിലോശിക. ൰ ജീരകം. ശോഭിക്കുന്നതു് എന്നൎത്ഥം. ൻ. അയമോദകം. ൧. കുംകുമം. വ. പരുന്തു. ൻ. ദീപംപോലെയുള്ളതു്.

**ദീപകിട്ടം**-വിളക്കുമഷി.

**ദീപദ്ധ്വജം**-പു. വിളക്കുതണ്ടു്. പ. വിളക്കുമഷി.

**ദീപന**-വി പു. ജ്വലിപ്പിക്കുന്ന, പ്രകാശിപ്പിക്കുന്ന. പ. ദഹിപ്പിക്കുന്ന

**ദീപനം**-പു. ദഹിപ്പിക്കുക. പ. ദഹനം. സ കുങ്കുമം. ർ. തകരം. ൰ മയിലോശിക. ൻ. വലിയ വെള്ളുള്ളി. ൧ പെരുന്നംവീരം.

**ദീപനി**-വി. ദഹനശക്തിയുള്ള.

**ദീപനി**-പു. സുഗന്ധമുള്ള ഒരു കുരു. പ. പാട. സ. ഇലവം.

**ദീപപുഷ്പം**-ചമ്പകം.

**ദീപം**-തിരിമേൽ കത്തിനില്ക്കുന്ന തീ, വിളക്കു പ്രകാശിക്കുന്നതു എന്നൎത്ഥം മററൊരു പൎയ്യായം-പ്രദീപം.

**ദീപയഷ്ടി**-ഒരുമാതിരി പന്തം, തീവട്ടി

**ദീപസ്തംഭം**-പു. കമ്പവിളക്ക്. പ. വിളക്കുതൂൺ, വിളക്കുമരം.

**ദീപാരാധം**-പു. പെരുച്ചാഴി. പ. പ്രാവു

**ദീപ്യമാന**-വി. പ്രകാശിക്കുന്ന

ശ്രീപത്മനാഭചൂത്രവിജയം
വിരാവാട്ടുവാത്തി
ഇജി. പത്മനാഭ കവിയിന്റൊരു
നൽപ്രബന്ധം

ശ്രീപാരമാൻ കവിപുംഗവ
രംഗമാല്യ
ദീപായമാന രുചിപൂണ്ട-
വിളങ്ങിടട്ടെ
(പാണ്ഡവവിജയം-അനന്തമോദനം)

ദീപാരാധന-ക്ഷേത്രങ്ങളിൽ ഒരുമാതിരി വിളക്കുകൊളുത്തി ഉഴിയുക.

ദീപാളി-൧. തുലാമാസത്തിലുള്ള ഒരു പുണ്യദിവസം. ൨. വിളക്കുകളുടെ കൂട്ടം. (ദീപ + ആളി)

ദീപാളികുളിക്ക-പാപ്പരാവുക(ശൈലി)

ദീപിക-൧. വിളക്ക്. ൨. കരിഞ്ചീരകം. ൩. മൂട്ട്. ൪. തീക്കൊള്ളി.

ദീപിക്കുന്നു-൧. കത്തുന്നു. ൨. പ്രകാശിക്കുന്നു. ൩. ദഹിക്കുന്നു.

ദീപിത-വി. ൧. പ്രകാശിപ്പിക്കപ്പെട്ട. ൨. ജ്വലിപ്പിക്കപ്പെട്ട.

ദീപ്ത-വി പ്രകാശിച്ച. ൨. ജ്വലിച്ച.

ദീപ്തം-൧. ഒരുവക നാസാരോഗം.

മൂക്കിനു വളരെ ചൂടുണ്ടായാൽ അതിൽ വായു പുക എന്നപോലെ സഞ്ചരിക്കും. വളരെ ജ്വലിച്ചിരിക്കുന്നുവെന്നും തോന്നും. ഇതത്രേ ലക്ഷണം.
൨. വെള്ളോട്ട്. ൩. വട്ടകപ്പുളിനാരകം. ൪. സിംഹം.

ദീപ്താ-൧. ചേറവുന്ന. ൨. മേത്തോന്നി. ൩. ചമ്മലന്ത.

ദീപ്താക്ഷം-പൂച്ച.

ദീപ്താംഗം-മയിൽ.

ദീപ്തി-൧. ശോഭ. ൨. തേജസ്സ്. ൩. നായികാശ്രിതങ്ങളായ ൨൮ അലങ്കാരങ്ങളിൽ ഒന്ന്. ൪. അരക്ക. ൫. വെള്ളോട്.

ദീപ്തോപലം-സൂര്യകാന്തക്കല്ല്.

ദീപ്യ-വി. ദീപിപ്പിക്കപ്പെടുവാൻതക്ക.

ദീപ്യ(ക)ം-൧. കരിഞ്ചീരകം, ജീരകം. ൨. അയമോദകം. ദീപനത്തിനു നല്ലതെന്നർത്ഥം. ൩. മയിലോശിക.

ദീപ്യമാന-വി. ശോഭിച്ചിരിക്കുന്ന.

ദീപ്യമാനം-പ്രകാശിക്കുന്നത്.

ദീപ്രം-൧. പ്രകാശിച്ചിരിക്കുന്നത്. ൨. രീതികളിൽ ഒന്ന് (സാഹിത്യസാഹ്യപ്രകാരം)

ശബ്ദത്തിനു പ്രസാദാദികളും അർത്ഥത്തിനു ഉപമാദികളുമായി നടപ്പുള്ള അലംകാരങ്ങളെ കഴിയുന്നിടത്തോളം ചേർക്കുന്നതത്രേ ദീപ്രം. ഇതിനു വിപരീതം-ശാലീനം.

ദീർഘ-വി. നീളമുള്ള.

ദീർഘകണ്ട(ക)ം-വേരംവേലം.

ദീർഘകണ്ഠ(ക)ം-കൊക്ക്.

ദീർഘകന്ധരം-കൊക്ക്.

ദീർഘകന്ധരാ-വെള്ളിപ്പക്ഷി.

ദീർഘകാലം-വളരെക്കാലം.

ദീർഘകേശം-കരടി.

ദീർഘകോശക, ദീർഘകോഷിക, ദീർഘകോശി-൧. ഒരുവക കക്ക. ൨. അട്ടയോട്ട സാദൃശ്യമുള്ള ഒരു ജലജന്തുവിശേഷം. ൩. ആണയട്ട. ൪. ഞവഞ്ഞിന്റെ രൂപത്തിലുള്ള ഒരു ജലജന്തുവിശേഷം. ൫. മണ്ണട്ട.

ദീർഘഗതി-ഒട്ടകം.

ദീർഘഗ്രീവം-൧. ഒട്ടകം. ൨. കരിഞ്ഞാറൽ പക്ഷി.

ദീർഘഘണ്ട(ക)ം-കൊക്ക്.

ദീർഘഘാടികം-ഒട്ടകം.

ദീർഘച്ഛദാ-൧. കരിമ്പ്. ൨. തേക്കമരം.

ദീർഘജംഘം-൧. കൊക്ക്. ൨. ഒട്ടകം.

ദീർഘജിഹ്വം-൧. പാമ്പ്. ൨. നായ്.

ദീർഘത-നീളം.

ദീർഘതിമിഷാ-കക്കരി.

ദീർഘതുണ്ഡാ-ചെച്ചുലി.

ദീർഘദംഷ്ട്രകം-പുലി.

ദീർഘദർശനാ-വരുവാനുള്ള കാര്യം മുൻകൂട്ടി കാണുക.

ദീർഘദർശി-പു. കഴുവൻപക്ഷി. വ. കരടി ന. വിദ്വാൻ. ൪. കഴിഞ്ഞകാര്യങ്ങളേയും വരാൻപോകുന്ന കാര്യങ്ങളേയും കൂടി ബുദ്ധികൊണ്ടു കണ്ടറിയുന്നവൻ.

ദീർഘദൃഷ്ടി-പു. അറിവും ബുദ്ധിയും വിവേകവും ഉള്ളവൻ. വ. ദൂരത്തിൽ കാഴ്ചയുള്ളവൻ.

ദീർഘദൃഷ്ടി-നീളമുള്ള കണ്ണ്.

ദീർഘദേഹി-പെരിച്ചാഴി. മറ്റൊരു പര്യായം-മൂഷികാ.

ദീർഘനാദം-പു. ശംഖ്. വ. കോഴി. ന. നായ്.

ദീർഘനിദ്ര-മരണം.

ദീർഘനിസ്വനം-ശംഖ്.

ദീർഘപത്രാ-പു. വെങ്കായം. വ. പച്ചനിറമുള്ള മര. ന. വലിയ ചെമന്നുള്ളി. ൪. കരിമ്പന.

ദീർഘപവനം-ആന.

ദീർഘപാദ്-ഞാറപ്പക്ഷി.

ദീർഘപാദൻ-കാൽ നീളമുള്ളവൻ.

ദീർഘപുച്ഛികാ-ഉടുമ്പ്.

ദീർഘപൃഷ്ഠം-പാമ്പ്. നീണ്ട വാലുള്ളവൻ എന്നർത്ഥം.

'ദീർഘപൃഷ്ഠാധിപനിങ്ങനെ ചൊന്നപ്പോൾ' (ഭാരതം)

ദീർഘബാലം-കരടി.

ദീർഘബാഹു-കൈകൾ നീളമുള്ള.

ദീർഘം-നീണ്ടതു. മറ്റൊരു പര്യായം-ആയതം.

ദീർഘാ-പു. ഒട്ടകം. വ. ചൂണ്ടപ്പന. ന. ശരാക്കോൽ. ൪. സ്വരങ്ങളിൽ നീട്ടി ഉച്ചരിക്കുന്ന ആ, ഈ മുതലായവ.

ദീർഘാകന്ദ-പു. നീളുന്നു. വ. താമസിക്കുന്നു [സ. ക്രി. ദീർഘംകന്നു]

ദീർഘമാരുതം-ആന.

ദീർഘമൂലം-പു. ഒരു വള്ളി. വ. മൂവില.

ദീർഘരദം-പന്നി.

ദീർഘരസനം-പാമ്പ്.

ദീർഘവക്ത്രം-ആന.

ദീർഘവൃന്തം-പലകപ്പയ്യാനി. ദീർഘമായ വൃന്തമുള്ളതു എന്നർത്ഥം.

ദീർഘശൂകം-നെടുവാലിച്ചെന്നെല്ല്

ദീർഘശ്വാസം-നെടുവീർപ്പ്

ദീർഘസത്രം-വളരെക്കാലംകൊണ്ടു അവസാനിക്കുന്ന യാഗം.

ദീർഘസുരതം-നായ്.

ദീർഘസൂത്ര-വി. താമസിച്ചുചെയ്യുന്ന.

ദീർഘസൂത്രൻ-വളരെ താമസിച്ചുകൊണ്ടു കാര്യങ്ങളെ നടത്തുന്നവൻ. മറ്റൊരു പര്യായം-ചിരക്രിയൻ.

ദീർഘസൂത്രം-താമസപ്രവൃത്തി.

ദീർഘസ്നേഹം — വളരെക്കാലമായുള്ള മമത.

ദീർഘാദ്ധ്വഗൻ-പു. അഞ്ചൽക്കാരൻ വ. ഒട്ടകം

ദീർഘാദ്ധ്വാവ്-നീണ്ടവഴി, ദീർഘയാത്ര.

ദീർഘാംഘ്രി-മൂവില.

ദീർഘായുധം-പന്നി

ദീർഘായുഷ്മാൻ-വി. വളരെക്കാലം ജീവിച്ചിരിക്കുന്ന.

ദീർഘായുസ്സ്-വി. വളരെക്കാലം ജീവിച്ചിരിക്കുന്ന.

ദീർഘായുസ്സ്-പു. കാക്ക. വ. ഇലവ്. ന. ജീവകം.

ദീർഘാസ്യം-ആന.

ദീർഘിക-൧. വലുതായ കുളം, പൊയ്ക. ൨. നെട്ടാംകണ്ണി. അത്യന്തം നീണ്ടുകിടക്കുന്നതു് എന്നർത്ഥം. ൩. കറിക്കായം.

ദീവ്-ദീപ്.

## ദു

ദുക്കൂലം-൧. പട്ട്, വെളുത്തവസ്ത്രം. ൨. വെളുത്ത പട്ടുവസ്ത്രം. ദുഷ്ടമായതിനെ മറയ്ക്കുന്നതു് എന്നർത്ഥം.

കാച്ചു കാശരീരനായിരുന്നാലും വെളുത്തവസ്ത്രം ധരിക്കുമ്പോൾ അല്പമൊരു സുന്ദരനായി ഭവിക്കുമെന്നു താൽപര്യം.

ദുക്കാൻദി- കച്ചവടക്കാരൻ. (പെർഷ്യൻ ഭാഷ.)

ദുഗ്ദ്ധഫേനി-ഒരുതരം ചെറിയവൃക്ഷം.

ഭൂമിയിൽനിന്നു ഒരു മുഴംവരെ ഉയരും. ഇല എരുക്കുപോലെ നീണ്ടിരിക്കും. പാൽ വളരെ കാണും. പൂവു വട്ടത്തിലിരിക്കും. കായ്ക്കു ഭംഗിയുണ്ടു്. വാതത്തെ നശിപ്പിക്കും. രുചിയെ ഉണ്ടാക്കും. വ്രണത്തെ വററും.

ദുഗ്ദ്ധം-പാൽ. കറന്നെടുത്തതു് എന്നർത്ഥം. മററു പര്യായങ്ങൾ-ക്ഷീരം, പയസ്സ്.

ദുഗ്ദ്ധാബ്ധി-പാൽക്കടൽ.

ദുഗ്ദ്ധാംബുധി-പാൽക്കടൽ.

ദുഗ്ദ്ധാരി-പൂച്ച.

ദുഗ്ദ്ധിക-ഒരു പച്ചമരുന്ന്, കിറ(ണറി)കിണിപ്പാല. ധാരാളം പാലുള്ളതു് എന്നർത്ഥം. ചെറുപാല, എരുമക്കള്ളി ഇങ്ങിനെയും അഭിപ്രായം കാണുന്നു. മററൊരു പര്യായം-ക്ഷീരവി.

ദുണ്ഡുകം-പലകപ്പയ്യാന. ഡുണ്ഡുകം എന്നതിന്റെ പാഠം.

ദുണ്ഡുഭം-ചേര. ഡുണ്ഡുഭം എന്നതിന്റെ പാഠം.

ദുന്ദു-൧. കൃഷ്ണന്റെ പിതാവായ വസുദേവൻ. ൨. ഒരു വാദ്യം.

ദുന്ദുകൻ-ശിവൻ.

ദുന്ദുഭി-൧. ഒരു വാദ്യം, പെരുമ്പറ. ദുംദും എന്നുള്ള ശബ്ദംകൊണ്ടു പ്രകാശിക്കുന്നതു്, മേൽപറഞ്ഞ പ്രകാരമുള്ള ശബ്ദംകൊണ്ടു ആകാശത്തെ നിറയ്ക്കുന്നതു് ഇങ്ങിനെ ശബ്ദാർത്ഥം. ൨. ഇരട്ട. ൩. കവറകുണ്ണ്. ൪. അറുപതിൽ ഒരുവർഷം. ൫. പകിടക്കരു. ൬. ഒരസുരൻ.

ദുന്ദുഭി എന്ന അസുരനെ ബാലി നിഗ്രഹിച്ചു. ശ്രീരാമന്റെ ബലം പരീക്ഷിപ്പാനായി ഈ ദുന്ദുഭിയുടെ തലയെ സുഗ്രീവൻ കാണിച്ചുകൊടുക്കയും ഇതിനെ എടുത്തെറിയുന്ന ആൾ ബാലിയെ വധിപ്പാൻ ശക്തനാണെന്നു പറകയും ചെയ്തു. ഭഗവാൻ ഇതിനെ കാൽപെരുവിരൽകൊണ്ടു വളരെദൂരം എടുത്തെറിഞ്ഞതായി രാമായണം വിവരിക്കുന്നു.

൭. മൃത്യു. ൮. വിഷ്ണു. ൯. കൃഷ്ണൻ. ൰. വരുണൻ.

ദുന്ദുരാ-കാട്ടുചീര.

ദുനിയാവ്-രാജ്യം.

ദുബാശ്, ദ്വിഭാഷി-പരിഭാഷകൻ. (ഹിന്ദുസ്ഥാനിഭാഷ.)

ദുർ-അ. ഇതു ചില വാക്കുകളുടെ ആദിയിൽ വരുമ്പോൾ നിന്ദ്യം, പ്രയാസം, ഇല്ലാത്ത, കഷ്ടത ഇങ്ങിനെ പല അർത്ഥങ്ങൾ വരും.

ദുര അത്യാശ

ദുരത്യയ-വി. വേഗത്തിൽ കടന്നുകൂടാൻ പാടില്ലാത്ത.

ദുരദൃഷ്ടി-ദുർവ്വിധി.

ദുരദൃഷ്ടം-ദുഷ്കാലം, ഭാഗ്യദോഷം.

ദുരധ്വാ-ചീത്തവഴി. ദുഷ്ടമായ വഴി എന്നർത്ഥം.

ദുരധിഗമം-കടക്കാൻ പ്രയാസമുള്ളത്.

ദുരന്ത-വി. പ. അവസാനത്തിൽ ചീത്തയായുള്ള. വ. പ്രയാസമുള്ള. ന. പാപമുള്ള.

ദുരഭിഗ്രഹാ-പ നായ്ക്കുരണ. വ ചെറുകൊടിത്തൂവ. ന. വലിയ കടലാടി.

ദുരാഗ്രഹം-പ, ചീത്ത ആഗ്രഹം വ, അത്യാഗ്രഹം.

ദുരാഗ്രഹി-പ. ചീത്ത ആഗ്രഹമുള്ളവൻ വ. അത്യാഗ്രഹമുള്ളവൻ.

ദുരാചാര-വി. ദുർന്നടപ്പുള്ള, ചീത്ത പ്രവൃത്തിയുള്ള.

ദുരാത്മ-വി പ. ദുർബ്ബുദ്ധിയുള്ള വ, ചീത്ത സ്വഭാവമുള്ള

ദുരാത്മത, ദൌരാത്മ്യം-ദുർബ്ബുദ്ധി.

ദുരാത്മാവ്-ദുഷ്ടൻ, വഞ്ചകൻ.

ദുരാപ-വി. പ. പ്രാപിച്ചുകൂടാത്ത വ. ഞെരുങ്ങിപ്രാപിക്കാവുന്ന. ന. കിട്ടുകയില്ലാത്ത. ര. കിട്ടുവാൻ പ്രയാസമുള്ള.

ദുരാരോഹം-പ. കൂവളം. വ. തെങ്ങ്.

ദുരാലഭ-വി. ലഭിപ്പാൻ പ്രയാസമുള്ള.

ദുരാലഭ-പ കൊടിത്തൂവ. ദുഃഖേന ലഭിക്കപ്പെടുന്നത് എന്നർത്ഥം. വ. ചെങ്കൊടിത്തൂവ.

ദുരാലാപം - ദുഷിവാക്ക്, ചീത്തസംസാരം.

ദുരാശയ-വി. ബുദ്ധിക്കുറപ്പില്ലാത്ത.

ദുരാസദ-വി. പ്രാപിച്ചുകൂടാത്ത.

ദുരിതം-പാപം. ചീത്തനടവടി എന്നർത്ഥം. ദോഷം.

ദുരിശാ-പ ധൂതഗതി. വ. ലോഭം.

ദുരുക്തി-ചീത്തവാക്ക്.

ദുരുദ്ധരം-നശിപ്പിക്കാൻ വയ്യാത്തത്.

ദുരൂഹ-വി. ഊഹിക്കപ്പെടുവാൻ പ്രയാസമുള്ള.

ദുരൂഹം-ദുർല്ലക്ക.

ദുരേഷണാ-ശാപവചനം.

ദുരോദരൻ-ചൂതുകളിക്കുന്നവൻ. ഉദരമുഴവനും ദുഷ്ടമായുള്ളതുകൊണ്ടു ഈ പേർ വന്നു.

ദുരോദരം-പ. ചൂത്. വ. ചൂതുകളി. ന. ചൂതുകളിയിൽ പണയംവെക്കുക.

ദുർഗ്ഗ-വി. അടുത്തുകൂടാത്ത, അതിക്രമിച്ചുകൂടാത്ത.

ദുർഗ്ഗത-വി. ദാരിദ്ര്യമുള്ള.

ദുർഗ്ഗതൻ-ദരിദ്രൻ. നിന്ദിതമായി കഴിഞ്ഞുകൂടുന്നവൻ എന്നർത്ഥം.

ദുർഗ്ഗതി-പ. ദാരിദ്ര്യം. വ. നരകം. ദുഷ്ടയായ ഗതി എന്നർത്ഥം.

ദുർഗ്ഗൻ-ഒരു അസുരൻ.

ഇവനെ ദുർഗ്ഗാദേവി വധിച്ചു.

ദുർഗ്ഗന്ധ-വി. ചീത്ത മണമുള്ള.

ദുർഗ്ഗന്ധം-പ ചീത്തമണം. വ. വലിയ വെള്ളുള്ളി. ന. തുവർച്ചിലഉപ്പ്.

ദുർഗ്ഗന്ധി-വി. ചീത്തമണമുള്ള

ദുർഗ്ഗപഥം-നടപ്പാൻ പ്രയാസമുള്ള വഴി.

ദുർഗ്ഗം-പ. കോട്ട, മതിൽ, കിടങ്ങ്, പർവ്വതം മുതലായത്. ദുർഗ്ഗമസ്ഥാനം എന്നർത്ഥം, വ. ഗുഗ്ഗുലു. ന. അതിക്രമിച്ചുകൂടാത്തത്.

ദുർഗ്ഗമ-വി. പ. ചെല്ലുവാൻ പ്രയാസമുള്ള. വ. അറിവാൻ പ്രയാസമുള്ള.

ദുർഗ്ഗസഞ്ചാരം-കടപ്പാൻ പ്രയാസമുള്ള സ്ഥലത്തിൽ നടക്കുക.

ദുർഗ്ഗാ-പ. പാർവ്വതി വനപർവ്വതാദിദുർഗ്ഗസ്ഥാനങ്ങളിൽ വസിക്കുന്നവൾ, പ്രയാസപ്പെട്ടു അറിയത്തക്കവൾ, ദുഷ്ടന്മാർപോലും സ്തുതിക്കപ്പെടുന്നവൾ ഇങ്ങിനെ ശബ്ദാർത്ഥം. വ. മലയമുക്കി. ന. അമരി. ര. മയിനാപക്ഷി.

ദുർഗ്ഗാപുരി-കോട്ടയം.

ദുർഗ്രഹ-വി. മനസ്സിലാക്കുവാൻ പ്രയാസമുള്ള.

ദുർഘട-വി. പ്ര. ചെയ്യപ്പെടുവാൻ പ്രയാസമുള്ള. വ. അപകടമുള്ള.

ദുർഘോഷം-കരടി.

ദുർജ്ജനം-പ്ര. ദുഷ്ടൻ. ദുഷ്ടമായ ജനം എന്നർത്ഥം. (ദുഷ്ടജനം). മറെറാരു പര്യായം-ഖലൻ. വ. ഏഷണിക്കാരൻ

ദുർജ്ജയ-വി. ജയിപ്പാൻ പ്രയാസമുള്ള.

ദുർജ്ജയവ്യൂഹം-പലതരത്തിലുള്ള വ്യൂഹഭേദങ്ങളിൽ ഒന്ന്.

യുദ്ധശാസ്ത്രം അനുസരിച്ചു സേനയെ യഥാസ്ഥലങ്ങളിൽ യഥാവിധം നിരത്തുന്നതിന 'വ്യൂഹം' എന്നു പേർ.

ദുർജ്ജാത-വി. ചീത്തയായിട്ടു ജനിച്ച.

ദുർജ്ഞേയ-വി. അറിവാൻ പ്രയാസമുള്ള

ദുർഞ്ഞായം-ന്യായക്കേട്.

ദുർദ്ദർശ-നോക്കിക്കൂടാത്ത, ദുഃഖിച്ചാലും കാണ്മാൻ പ്രയാസമുള്ള.

ദുർദ്ദശ-ചീത്തയായ അവസ്ഥ.

ദുർദ്ദിനം-പ്ര. മേഘംകൊണ്ടു മൂടിയ ദിവസം. മഴക്കാർ മൂടി നില്ക്കനിമിത്തം സൂര്യാദി തേജസ്സുകളുടെ പ്രകാശം ഇല്ലായ്കകൊണ്ടു നിന്ദിതമായ ദിനം എന്നർത്ഥം. ഇവിടെ ദിനം എന്നതിന പകൽ എന്നർത്ഥം. വ. ചീത്തദിവസം.

ദുർദ്രുടൻ-നാസ്തികൻ.

ദുർദൃശ്യ-വി. നോക്കപ്പെടുവാൻവഹിയാത്ത

ദുർദ്ദൈവം-ഭാഗ്യദോഷം.

ദുർദ്ദേവത-പിശാചു.

ദുർദ്രുമം-പച്ചനിറമായ ഉള്ളി. ദുഷ്ടമായ ദ്രുമം എന്നർത്ഥം. ദുദ്രുമം എന്നുമാവാം.

ഇതു് ഒരു ലതയുമല്ല ദ്രുമവുമല്ല.

ദുർദ്ധര-വി. വഹിച്ചുകൂടാത്ത.

ദുർദ്ധരം-പ്ര. രസം. വ. ഇടവകം. ന. ചോരരം.

ദുർദ്ധർഷ-വി. അതിക്രമിച്ചുകൂടാത്ത.

ദുർദ്ധർഷൻ-തോല്പിക്കപ്പെടുവാൻ പാടില്ലാത്തവൻ.

ദുർദ്ധ്വാ-പ്ര. നാഗദന്തി വ. ഇലക്കള്ളി.

ദുർന്നടപ്പ്-മുറവിട്ടു നടക്കുക.

ദുർന്നയം-അപനയം, അവിവേകം.

ദുർന്നാമാ, ദുർന്നാമ്നി-ഒരുവക ചെറിയ ജലജന്തു, തെമഞ്ഞി. ചീത്തശബ്ദത്തോടുകൂടിയതു് എന്നർത്ഥം. (ദീർഘകോശക എന്നതു നോക്കുക.)

ദുർന്നാമ(ക)ം-ഒരു ദീനം, അർശ്ശസ്സ്. പാപരോഗമാകയാൽ നിന്ദിതമായ നാമത്തോടുകൂടിയതു് എന്നർത്ഥം.

ദുർന്നാമാരി-പ്ര. ചേന. വ. നിലപ്പന.

ദുർന്നിമിത്തം-പ്ര. ലക്ഷണപ്പിഴ. വ. ശുഭാശുഭസൂചകങ്ങളായ ഉൽപാതവിശേഷങ്ങളുടെ പേർ. ദോഷസൂചകങ്ങളായ അടയാളം.

ദുർന്നിവാര-വി. തടുത്തുകൂടാത്ത.

ദുർന്നീരു-പ്ര. ചീത്തവെള്ളം. വ. ദേഹത്തിനുള്ളിൽ കെട്ടിയുണ്ടാകുന്ന ജലാംശം.

ദുർന്ന്യായം-മര്യാദകേടു.

ദുർബ്ബല-വി. ബലമില്ലാത്ത.

ദുർബ്ബീജം-പ്ര. ചീത്ത വിത്തു. വ. ദോഷമുള്ള ഇന്ദ്രിയം, ദുഷ്ടസന്തതി.

ദുർബ്ബുദ്ധി-വി. ചീത്തബുദ്ധിയുള്ള.

ദുർബ്ബുദ്ധി-ചീത്തബുദ്ധി.

ദുർബ്ബോധ(ന)ം - തെററായിട്ടുള്ള അറിവ്.

ദുർഭഗ-പ്ര. ഭർത്താവിനു സ്നേഹമില്ലാത്തവൾ. വ. വിരൂപ. ന. കെട്ട ഐശ്വര്യത്തോടുകൂടിയവൾ

ദുർഭഗൻ - പ്ര. സൌന്ദര്യമില്ലാത്തവൻ. വ. ഭാഗ്യംകെട്ടവൻ

ദുർഭര-വി. എടുപ്പാൻ പ്രയാസമുള്ള.

ദുർഭാഗ്യം-ഭാഗ്യമില്ലായ്ക.

ദുർഭാവന-ദുർവിചാരം.

ദുർഭാഷണം-ശകാരം, ചീത്തവാക്ക പറക

ദുർഭാഷി-ചീത്തവാക്കു പറയുന്നവൻ (ചീത്തയായി പറയുന്നവനു പര്യായങ്ങൾ- ദുർമ്മുഖൻ, കഥകൻ.

ദുർഭിക്ഷം-ക്ഷാമം, പഞ്ഞം.

ദുർഭ്രമി-വിട്ടുമാറാത്ത ഭ്രമം.

ദുർമ്മതി-ദുർബ്ബുദ്ധിയുള്ള.

ദുർമ്മന്ത്രവാദം - ക്ഷുദ്രം, ആഭിചാരപ്രവൃത്തി.

ദുർമ്മനസ്സ്-വി. ദുഃഖമുള്ള.

ദുർമ്മനസ്സ്-ദുഷ്ടമായ മനസ്സോടുകൂടിയവൻ.

ദുർമ്മർഷണൻ-വിഷ്ണു.

ദുർമ്മരണം-അപമൃത്യു

ദുർമ്മരാ-പു. വെൺകറുക. ഉ. കരിങ്കറുക. ന. ശതാവരി.

ദുർമ്മാർഗ്ഗം-പു. ദുഷ്ടവഴി. ഉ. ദുർന്നടപ്പ്

ദുർമ്മാർഗ്ഗി-വി. ദുർന്നടപ്പുള്ള, മുറകേടായിട്ടു ചെയ്യുന്ന.

ദുർമ്മാംസം-ശരീരത്തിൽ അധികമായിട്ടുണ്ടാകുന്ന മാംസം, അധിമാംസം.

ദുർമ്മുഖ-വി. മുഖപ്രസാദമില്ലാത്ത ഉ. ദുഷ്ടമായ മുഖമുള്ള ന. അബദ്ധവാക്കു പറയുന്ന.

ദുർമ്മുഖൻ-പു. രാമായണത്തിൽ പറയുന്ന ഒരു വാനരൻ. ഉ. പ്രധാന നാഗങ്ങളിൽ ഒന്ന്. ന. അപ്രിയത്തെ പറയുന്നവൻ ർ. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ.

ദുർമ്മുഖം-പു. ദുഷ്ടമുഖം. ഉ. കുതിര.

ദുർമ്മുഖാ-വെളുത്ത കന്നി.

ദുർമ്മുഖി-അറുപതിൽ ഒരു വർഷം.

ദുർമ്മൃതി-അപമൃത്യു.

ദുർമ്മേധസ്സ്-പു. ദുഷ്ടബുദ്ധിയുള്ള. ഉ. അല്പബുദ്ധിയുള്ള.

ദുർമ്മോഹി-വി ദുരാഗ്രഹമുള്ള

ദുർയ്യശസ്സ്-ദുഷ്കീർത്തി.

ദുർയ്യുക്തി-ദുഷ്ട വ്യവഹാരം.

ദുർയ്യോഗം-പു. ദുശ്ശകുനം. ഉ. ദുർവ്യവഹാരം. ന. ദുർവിചാരം. ർ. ദ്രോഹം. ഇ. ദുഷ്ടന്മാരോടുള്ള ചേർച്ച.

ദുര്യോധനൻ- ധൃതരാഷ്ട്രരുടെ മൂത്ത പുത്രൻ, നൂറുപേരിൽ (കൌരവരിൽ) പ്രധാനി, ഗാന്ധാരിയുടെ മൂത്തമകൻ, കലഹപ്രിയമാരൻ.

ഗാന്ധാരി എന്ന പദം നോക്കുക.- പാണ്ഡുവിന്റെ മരണാനന്തരം തന്റെ പുത്രരായ നൂറുപേരെയൊന്നിച്ചു പാണ്ഡവരേയും ധൃതരാഷ്ട്രർ തന്നെ വളർത്തിവന്നു. അങ്ങിനെയിരിക്കെ ക്രമേണ കൌരവർക്കു പാണ്ഡവരിൽ സ്പർദ്ധ തുടങ്ങി. ഗദാപ്രയോഗത്തിൽ ഭീമനുണ്ടായിരുന്ന സാമർത്ഥ്യം ദുര്യോധനനു ഭീമനോടുള്ള വൈരം വർദ്ധിപ്പിച്ചു. ഉറക്കത്തിൽ ഭീമനെ കെട്ടി ഗംഗയിലിട്ടു. ചോറിൽ വിഷമിട്ടുകൊടുത്തു, പാമ്പിനെക്കൊണ്ടു കടിപ്പിച്ചു. കർണ്ണനും ശകുനിയും കൌരവർക്കു ഉററബന്ധുക്കളായിരുന്നു. കൃപാചാര്യരും ദ്രോണാചാര്യരും രണ്ടുകൂട്ടർക്കും ഗുരുക്കന്മാരായിരുന്നു. ഗുരുവിന്റെ അഭ്യാസപരീക്ഷയിൽ അർജ്ജുനൻ വിജയം പ്രാപിക്കയാൽ കർണ്ണനു അന്നുമുതൽ അസൂയയും വിരോധവും വർദ്ധിച്ചു. കർണ്ണനോടും ശകുനിയോടും മററും ആലോചിച്ചു ദുര്യോധനൻ അവനി മുഴുവനും അടക്കുന്നതിനും ആലോചന തുടങ്ങി. പാണ്ഡവരെ ഒടുക്കുന്നതിനു അരക്കുകൊണ്ടു ഒരു ഭവനം തീർത്തു അവരെ അതിനകത്തു ചതിച്ചാക്കി തീവെച്ചു. അവർ അതിൽ രക്ഷപ്പെട്ടു വനത്തെ പ്രാപിച്ചു. പിന്നീടു ചൂതുകളിയിൽ ദുര്യോധനൻ ചതിച്ചു പാണ്ഡവരുടെ നാടുനഗരാദി സർവ്വസ്വവും അപഹരിച്ചു. അവരേയും അവരുടെ ധർമ്മപത്നിയെ

യും ദാസരാക്കി. ആ സമയം ദുർയ്യോധനന്റെ വാക്കിൻപ്രകാരം ദുശ്ശാസനൻ ചെന്നു രജസ്വലയായ പാഞ്ചാലിയുടെ തലമുടിക്കു ചുറ്റിപ്പിടിച്ചു വലിച്ചിഴച്ചു സഭയിൽ കൊണ്ടുവന്നു വസ്ത്രാക്ഷേപം ചെയ്തു. ഭഗവൽകാരുണ്യത്താൽ മാനഭംഗമുണ്ടായില്ല. ഉടൻതന്നെ പാണ്ഡവർക്കു ദുർയ്യോധനൻ ൧൨ വർഷത്തെ വനവാസവും ഒരു കൊല്ലത്തെ അജ്ഞാതവാസവും ശിക്ഷവിധിച്ചു സത്യപരിപാലനാർത്ഥം പാണ്ഡവർ അതു അനുസരിച്ചു അനുഷ്ഠിച്ചു. വനവാസത്തിൽ പാണ്ഡവരുടെ കഷ്ടാവസ്ഥയെ കണ്ടു സന്തോഷിപ്പാനായി ദുർയ്യോധനാദികൾ പുറപ്പെട്ടുചെന്നു. അന്നു അവരെ ചില ഗന്ധർവ്വന്മാർ പിടിച്ചു തടവിലാക്കി. പാണ്ഡവർ അവരെ തടവിൽനിന്നും വിട്ടുവിച്ചു വനവാസവും അജ്ഞാതവാസവും കഴിഞ്ഞു വന്നതിന്റെശേഷം ധർമ്മപുത്രരുടെ അപേക്ഷപ്രകാരം ഭഗവാൻ ശ്രീകൃഷ്ണൻ ദുർയ്യോധനന്റെ സമീപത്തിൽ ദൂതനായിച്ചെന്നു അഭിപ്രായം തെരിയപ്പെടുത്തി. വളരെ സമാധാനം പറഞ്ഞിട്ടും ദുർയ്യോധനന്റെ അവസാന വചനം ഇങ്ങിനെയായിരുന്നു:–'സൂചികുത്തുവതിനുമിന്നവകാശമീ ധരണീതലേ വാശിയോടുവസിച്ചിടുന്നൊരു പാണ്ഡവർക്കുകൊടുത്തിടാ' ഇതുകേട്ടു ഭഗവാൻ തിരിയെപോന്നു യുദ്ധസന്നാഹം തുടങ്ങി. ൧൮ ദിവസം ഘോരമായ ഭാരതയുദ്ധം നടന്നു കുരുകുലം അററുവന്നു. ദുർയ്യോധനന്റെ തുടതച്ചു ഭീമൻ കൊന്നു ഭീമനുള്ള ബലാധിക്യവും അർജ്ജുനനുള്ള വിദ്യാസമ്പത്തുമാണ് ദുർയ്യോധനന്റെ മനസ്സിനെ ക്ഷോഭിപ്പിച്ചതു്.

ദുർല്ലക്ഷണം-ചീത്തലക്ഷണം.

ദുർല്ലഭ-വി. കിട്ടുവാൻ പ്രയാസമുള്ള.

ദുർല്ലഭ-കൊടിത്തൂവ.

ദുർല്ലഭചതുഷ്ടയം-സത്യവാക്ക്, സൽപുത്രൻ, സന്തുഷ്ടരായ സ്വജനം, ചേർന്നഭാര്യ ഇവ ൪-ം.

ദുർല്ലഭം-കച്ചോലം.

ദുർല്ലഭ്യ-വി. കിട്ടുന്നതല്ലാത്ത.

ദുർല്ലംഘ്യം-ലംഘിപ്പാൻ പാടില്ലാത്തതു്.

ദുർവ്വചനീയ വി. പറയാൻപാടില്ലാത്തവണ്ണം അത്രയ്ക്കു് അസഭ്യമായ.

ദുർവ്വർണ്ണം-൧. വെള്ളി. പൊന്നിനെ അപേക്ഷിച്ചു താണ നിറമുള്ളതു്. ൨. ചീര. ൩. ഏലാവാലുകം.

ദുർവ്വരാഹം-നാട്ടുപന്നി.

ദുർവ്വഹ-വി. ൧. എടുപ്പാൻ പ്രയാസമുള്ള. ൨. എടുത്തുകൂടാത്ത.

ദുർവ്വാച്യ-വി. പറയാൻപാടില്ലാത്തവണ്ണം അത്രയും അസഭ്യമായ.

ദുർവ്വാദ-വി. ചീത്തവാക്കുപറയുന്ന.

ദുർവ്വാര-വി. തടുപ്പാൻവയ്യാത്ത.

ദുർവ്വാസം-൧. ദുഃഖത്തോടു കൂടെയുള്ള പാർപ്പു്. ൨. ചീത്ത ഭവനം.

ദുർവ്വാസസ്സുപുരാണം — ഉപപുരാണങ്ങളിൽ ഒന്നു്.

ദുർവ്വാസാവു്-അത്രിമഹർഷിയുടെ പുത്രനായ ഒരു മുനി, ദുർവ്വാസസ്സ് എന്നും പറയുന്നു ഇദ്ദേഹം ശിവാംശജനാകുന്നു 'മൂഢഃ ദുഃസാദ്ധ്യാവാസോ വാസോയസ്യ' ഇദ്ദേഹത്തെ അതിഥിയായിട്ടു സ്വീകരിക്കുന്നതു വളരെ കഷ്ടമാണെന്നോ അല്ലെങ്കിൽ 'ദുഷ്ടംവാസോയസ്യ' ഇദ്ദേഹം വസ്ത്രാദികളിൽ ശ്രദ്ധയില്ലാത്തവനാണെന്നോ അർത്ഥം.

ഇദ്ദേഹം അത്യന്തം കോപിഷ്ഠനാണ്. ശിവന്റെ അവതാരമെന്നു ചിലർ അഭിപ്രായപ്പെടുന്നു ഇദ്ദേഹം ഒരിക്കൽ ശപി

കയുണ്ടായിട്ടുണ്ട്. താൻ ഒരു മാല കെട്ടത്തിനെ നിസ്സാരമായി കരുതിയതാണ് അതിനു കാരണം (പാലാഴിമഥനം കഥ നോക്കുക.) കൃഷ്ണനെയും ഒരിക്കൽ ശപിച്ചു. ഇതിനു ഹേതു പായസ പരമിന്നം ഭക്ഷിച്ചശേഷം ശരീരത്തിന്റെ കാൽ വെടിപ്പാക്കാഞ്ഞതാണ്. ശാപം അപമൃത്യു ഉണ്ടാകും എന്നായിരുന്നു. കുന്തിക്കു അനുഗ്രഹിച്ചു മന്ത്രം നൽകിയതും ഈ മഹർഷിതന്നെ, ദുർവ്വാസസ്സിനു ൧൦൦൦൦ ശിഷ്യന്മാരുണ്ട്. പാണ്ഡവന്മാർ വനവാസം തുടങ്ങി ൧൧ വർഷം കഴിഞ്ഞതിൽ പിന്നെയാണ് ദുര്യോധനാദികൾ ദുർവ്വാസസ്സിനെ ധർമ്മപുത്രരുടെ അടുക്കലേക്കു പറഞ്ഞയക്കുന്നത്.

'ശർവ്വാംശജാതനായൊരു മുനീന്ദ്രനാം
ദുർവ്വാസാവിനു കൊടുത്തവരും
[പോയാർ'
(ഭാരതം)

'ദുർവ്വാസാവു ശപിച്ചാൽപിന്നൊരു
നിർവ്വാഹവുമില്ലെന്നുടെകാന്ത'
(പാത്രചരിതം തുള്ളൽ)

ദുർവ്വിധ-വി. ൧. ദുർബ്ബുദ്ധിയുള്ള. ൨. ദുർന്നടപ്പുള്ള. ൩. ദാരിദ്ര്യമുള്ള.

ദുർവ്വിധൻ-ദരിദ്രൻ. ചീത്തപ്രകാരത്തിലുള്ളവൻ എന്നർത്ഥം.

ദുർവ്വിധി-ദുഃഖാനുഭവത്തിന് ഇടയാകുന്ന വിധി.

ദുർവ്വിനീത-വി. അടക്കമില്ലാത്ത, വിനയമില്ലാത്ത, ദുഷ്ടതയുള്ള.

'ഉർവ്വിതന്റെ പരിരക്ഷചെയ്യുമവ
ദുർവ്വിനീതജന ശാസിതാപൌരവൻ'
(അഭിജ്ഞാനശാകുന്തളം)

ദുർവ്വിനീതൻ-൧. ദുഷ്ടൻ. ൨. ഇണങ്ങാത്ത കുതിര.

ദുർവ്വിപാകം-ദുർവ്വിധി, അപകടം വരുന്ന പതനം.

ദുർവ്വിഭാവ്യ-വി. അചിന്ത്യമായുള്ള.

ദുർവ്വിലസിതം-മുട്ടുസ്വഭാവം, വക്രത്തം.

ദുർവ്വിലാസം-ദുർഭാഗ്യം.

ദുർവ്വൃത്ത്-൧. അപമാനമായിട്ടു നിവൃത്തി കഴിക്കുക. ൨. ദുശ്ശീലം.

ദുർവ്വൃത്ത-വി. ദുഷ്പ്രവൃത്തിയുള്ള.

ദുർവ്വൃത്തി-൧. അപമാനമായിട്ടു നിവൃത്തി കഴിക്കുക. ൨. ദുശ്ശീലം.

ദുർവ്യയം-പാഴ്ചെലവു, കൈക്കൂലി.

ദുർവ്യാപാരം-൧. ദുർന്നടപ്പ്. ൨. ചീത്തപ്രവൃത്തി. ൩. അന്യായക്കച്ചവടം. ൪. ആഭിചാരം.

ദുർവ്യാപാരി-വി. ൧. ദുർന്നടപ്പുള്ള. ൨. ചീത്തപ്രവൃത്തിയുള്ള. ൩. അന്യായക്കച്ചവടം ചെയ്യുന്ന. ൪. ആഭിചാരം ചെയ്യുന്ന.

ദുർഹൃത്ത്-ശത്രു. ദുഷ്ടമായ ഹൃദയത്തോടു കൂടിയവൻ എന്നർത്ഥം.

ദുശ്ചരം-൧. കരടി. ൨. കക്കാ.

ദുശ്ചരിത-വി. ചീത്തപ്രവൃത്തിയുള്ള.

ദുശ്ചരിതം-ചീത്തപ്രവൃത്തി, ദുർന്നടപ്പ്.

ദുശ്ച്യവനൻ-ഇന്ദ്രൻ. ച്യവനമഹർഷിയുടെ തപോബലത്തെ സഹിക്കാത്തവൻ, അഹല്യാഗമനം ഹേതുവായിട്ടു അധഃപതനം വന്നവൻ.

അശ്വിനീദേവകൾ സുകന്യയുടെ ഭർത്താവായ ച്യവനമഹർഷിയുടെ ജരാനര തീർത്തു യൌവ്വനം നൽകി എന്നും അതിനു പ്രതിഫലമായി അശ്വിനിദേവകൾക്കു യാഗഭാഗം കല്പിച്ചു എന്നും ഉടൻ ഇന്ദ്രൻ കോപിച്ചു മഹർഷിയുടെ നേരെ വജ്രം ഓങ്ങിയപ്പോൾ ഇന്ദ്രന്റെ കൈ

സ്സംഭിക്കയുണ്ടായി എന്നും മററും പുരാണം.

ദുശ്ശകുനം-ചീത്തശകുനം.

ദുശ്ശള-ദുര്യോധനാദികളുടെ ഉടപ്പിറന്നവൾ, ജയദ്രഥന്റെ ഭാര്യ, ധൃതരാഷ്ട്രരുടെ ഏക പുത്രി.

'ദുശ്ശളം എന്നൊരു പെണ്ണുണ്ടിവൾക്കു
പെങ്ങളായിട്ടു'
(സഭാപ്രവേശം തുള്ളൽ)

ദുശ്ശാസനൻ-ദുര്യോധനന്റെ അനുജൻ.

പാഞ്ചാലിയുടെ വസ്ത്രാക്ഷേപം ചെയ്തതു ഈ ദുശ്ശാസനനാകുന്നു. ഇതു ദുര്യോധനപക്ഷത്തുള്ള ശകുനിയൊന്നിച്ചു ചൂതു കളിച്ചു ധർമ്മപുത്രർ തോററ എന്നറിഞ്ഞപ്പോൾ ചെയ്ത ദുഷ്കൃത്യങ്ങളിൽ ഒന്നാകുന്നു. ദുശ്ശാസനനെ ഭീമൻ വധിച്ചു. ഇതു ഭാരതയുദ്ധം ൧൬-ാം ദിവസമായിരുന്നു. ദുശ്ശാസനന്റെ മകന്റെ പേർ ഭരതൻ.

ദുശ്ശീല-വി. ചീത്തസ്വഭാവമുള്ള.

ദുശ്ശ്രവം-(കാവ്യത്തിൽ) പദദോഷങ്ങളിൽ ഒന്നു.

ഉച്ചരിക്കുന്നതിനു ക്ലേശം നിമിത്തം കർണ്ണകഠോരമായി തോന്നുന്നതു. ഉ-ം കല്പിപ്പിപ്പതു.

ദുഷിക്കുന്നു-൧. നിന്ദിക്കുന്നു. ൨. കുററം പറയുന്നു. ൩. അശുദ്ധമാകുന്നു. [കാ ക്രി-ദുഷിപ്പിക്കുന്നു.]

ദുഷിവാക്കു-ചീത്തവാക്ക്.

ദുഷ്കര-വി. ചെയ്വാൻ പ്രയാസമുള്ള.

ദുഷ്കരം-പ്രയാസം.

ദുഷ്കർമ്മം-ദോഷമുള്ള പ്രവൃത്തി.

ദുഷ്കവി-വി. ചീത്തകവിതയുണ്ടാക്കുന്ന.

ദുഷ്കാലം-ചീത്തകാലം.

ദുഷ്കീർത്തി-ദുർയ്യശസ്സ്.

ദുഷ്കുലം-൧. ചീത്തവംശം. ൨. അടവിക്കച്ചോലം.

ദുഷ്ക്രുവ്-ശത്രുപക്ഷം.

ദുഷ്കൃതം-പാപം. ചീത്തപ്രവൃത്തി എന്നർത്ഥം.

ദുഷ്കൃതി-വി. പാപം ചെയ്യുന്ന.

ദുഷ്കൃതി-പാപം.

ദുഷ്കോപം-വിചാരംകൂടാതെയുള്ള കോപം.

ദുഷ്കോപി-വി. വിചാരം കൂടാതെ കോപിക്കുന്ന.

ദുഷ്ക്രമം-അതിക്രമം.

ദുഷ്ട-൧. ദോഷമുള്ളതു. ൨. നിന്ദ്യമായതു. ൩. ചീത്തയായതു. ൪. അഴുക്കു. ദുഷിപ്പാനിടയായതു, ദുഷിച്ചതു. ദുഷ്ടൻ> <ശിഷ്ടൻ.

'ദുഷ്ടകിടക്കെവറട്ടും വ്രണമതു
പൊട്ടുംപിന്നെയുമൊരുസമയത്തിൽ'
(കിരാതം തുള്ളൽ)

ദുഷ്ട-൧. വ്യഭിചാരിണി. ൨. ദുസ്സ്വഭാവമുള്ളവൾ

ദുഷ്ടത-ചീത്തസ്വഭാവം.

ദുഷ്ടപ്രതിശ്യായം-ഒരുവക നാസാരോഗം.

ഇതിനു മൂക്കൊഴുകും, പിന്നെ ഉണങ്ങും, പിന്നെ അടയ്ക്കും, പിന്നെ തുറക്കും. ശ്വാസത്തിനു വല്ലാതെ ദുർഗ്ഗന്ധം കാണും. ഗന്ധം അറികയില്ല. ഈ രോഗം കൃച്ഛ്രസാദ്ധ്യമാകുന്നു

ദുഷ്ടം-ദുഷിച്ചതു. ൨. കോട്ടം. ൩. പാപം.

ദുഷ്ടി-വി. ദോഷമുള്ള, ദുഷിപ്പിക്കപ്പെട്ട, ഉപയോഗത്തിനു കൊള്ളരുതാത്തതായ.

ദുഷ്ഠു-അ. ചീത്ത. നിന്ദാർത്ഥകം. ഉ-ം 'ദുഷ്ഠു പുത്രാ ദുർജ്ജനസ്യാൽ'. ദുഷ്ഠു> <സുഷ്ഠു.

ദുഷ്പത്രം-കാട്ടുകച്ചോലം, (അടവിക്കച്ചോലം). ദുഷ്ടങ്ങളായ ഇലകൾ ഉള്ളതു എന്നർത്ഥം.

ദുഷ്പാത്രം-വി. യോഗ്യതയില്ലാത്ത; പാത്രമല്ലാത്ത.

ദുഷ്പുത്രൻ-ഗുണമില്ലാത്ത മകൻ.

ദുഷ്പുത്രി-ഗുണമില്ലാത്ത മകൾ.

ദുഷ്പൂരം-നിറപ്പാൻ പ്രയാസമുള്ള കുളം കിണറു മുതലായതു.

ദുഷ്പ്രഥ-അപവാദം, ചീത്തപ്പേരു, ദുഷ്കീൎത്തി.

ദുഷ്പ്രജ-ചീത്തയായ സന്തതി.

ദുഷ്പ്രണീത-വി. ചീത്തയായി നടത്തിയ, ചീത്തയായി ചെയ്ത.

ദുഷ്പ്രതിജ്ഞ-സാധിപ്പാൻ പ്രയാസമുള്ള കാൎയ്യത്തെപ്പററി പറയുന്ന സത്യവാക്ക്.

ദുഷ്പ്രധർഷാ-സ്ത്രീ. പേരീന്ത. വ. ചെറുകൊടിത്തൂവ. ന. ഈന്ത. കണ്ടകാരിച്ചുണ്ട.

ദുഷ്പ്രധർഷിണി-ചെറുവഴുതിന. ദുഃഖേന പ്രധർഷിക്കപ്പെടുന്നതു്. (മുള്ളുള്ളതാണല്ലൊ) എന്നൎത്ഥം.

ദുഷ്പ്രഭു-ചീത്തപ്രഭു, ചീത്ത രാജാവ്.

ദുഷ്പ്രയത്നം-പാഴ്വേല.

ദുഷ്പ്രയോഗം-മോശമുള്ള പ്രവൃത്തി.

ദുഷ്പ്രവാദം-ദോഷാരോപണം, ദുഷ്കീൎത്തിയുണ്ടാകത്തക്കവണ്ണം. പറക.

'ഒരുത്തനുണ്ടാക്കിനദുഷ്പ്രവാദം
പരത്തുവാനാളുകളുണ്ടസംഖ്യം.'
(ശ്രീകൃഷ്ണചരിതം)

ദുഷ്പ്രവൃത്തി-ചീത്തവേല.

ദുഷ്പ്രവേശം-കടപ്പാൻ പ്രയാസമായിട്ടുള്ള കചിലം, ഗഹനം-ഇവരണ്ടും ദുഷ്പ്രവേശമായിട്ടുള്ളതിന്റെ പേർ.

ദുഷ്പ്രാപ-സ്ത്രീ. ലഭിക്കുന്നതിനു പ്രയാസമുള്ള. വ. ലഭിക്കാത്ത. ന. ചെല്ലുന്നതിനു പ്രയാസമുള്ള. ർ. ചെന്നുകൂടാത്ത.

ദുഷ്പ്രേക്ഷ്യ-വി. നോക്കിക്കൂടാത്ത.

ദുഷ്ഷന്തൻ-ചന്ദ്രവംശത്തിലെ പ്രസിദ്ധനായ ഒരു രാജാവ്, ശകുന്തളയുടെ ഭൎത്താവ്.

ചന്ദ്രവംശത്തിലെ രാജാവും പരമധാൎമ്മികനുമായ ദുഷ്ഷന്തൻ ഒരിക്കൽ മന്ത്രിമാരോടും സേനായോടും കൂടി നായാട്ടിനായി പുറപ്പെട്ടു. ക്ഷുത്തും മോഹവും നിമിത്തം ഒരുമഹാ ഏകനായി കണ്വമഹൎഷിയുടെ ആശ്രമം പ്രാപിച്ചു. അപ്പോൾ മഹൎഷി അവിടെ ഇല്ലായിരുന്നു. അതിഥി സൽക്കാരം ചെയ്തതു കണ്വന്റെ പുത്രിയും ദിവ്യകന്യകയുമായ ശകുന്തളയായിരുന്നു. അവർ തമ്മിൽ അല്പ സംഭാഷണംകൊണ്ടു അനുരാഗവശരായി ഗാന്ധൎവ്വവിവാഹം നടന്നു. കാല്പകാലത്തേക്ക ആശ്രമത്തിൽ താമസിച്ചിട്ടു രാജാവു സ്വനഗരം പ്രാപിച്ചു. ശകുന്തളക്ക ഗൎഭമുണ്ടായി. കണ്വമഹൎഷി വന്നപ്പോൾ സംഗതി എല്ലാം ദിവ്യചക്ഷുസ്സുകൊണ്ടു മനസ്സിലാക്കി. ഭയവും നാണവുംകൊണ്ടു ഇരുന്നിരുന്ന ശകുന്തളയെ സമാധാനപ്പെടുത്തി, മോഷമില്ലെന്നും വ്യസനിക്കരുതെന്നും മുനി പറഞ്ഞു. പിന്നീടു വിശ്വവിശ്രുതനായ ഒരു കുമാരനെ അവൾ പ്രസവിച്ചു. മകന്നു ൧൨ വയസ്സായപ്പോൾ ഇനി പുത്രനൊന്നിച്ചു ഭൎത്താവിനെ പ്രാപിക്കേണമെന്നു മുനി മകളോടു പറഞ്ഞു. വൃദ്ധന്മാരായ ഏതാനും താപസന്മാരേയും കൂട്ടിയയച്ചു. അവർ രാജമന്ദിരം പ്രാപിച്ചു. ശകുന്തള ഭൎത്താവിനെ കണ്ടു വന്ദിക്കയും മകനോട് അച്ഛനെ നമസ്കരിക്കാൻ പറകയും ചെയ്തു. പുത്രൻ അപ്രകാരം ചെയ്തു. അനന്തരം അവർ തമ്മിൽ കുറച്ചുനേരം സംസാരിച്ചതിൽ തനിക്ക വിവാഹം ചെയ്ത സംഗതിയെ ഓൎമ്മയില്ലെന്നും താപസിയായ നീ ചതിപ്പാനായി ഇവിടെ വന്നിരിക്കയാണെന്നും പറഞ്ഞു രാജാവു ഉപേക്ഷിച്ചു. ശകുന്തള ആധിചയോധിയിൽ മുങ്ങി; ഉടൻ 'ഒരിച്ചു

കേൾക്ക തവ പുത്രനെ വെടിയാതെനീ സുശ്രീ സമയായ കൌശിക പുത്രിയോടും' എന്ന അശരീരിവാക്യം ഉണ്ടായി. ഇതുകേട്ടു രാജാവു പുത്രനൊന്നിച്ചു ശകുന്തളയെ സ്വീകരിച്ചു രമിച്ചു. പുത്രനായ ഭരതനെ നാട്ടിന്നഭിഷേകം ചെയ്തു അനേകം നാൾ ദുഷ്ഷന്തൻ രാജ്യം പരിപാലിച്ചതിന്റെ ശേഷം സ്വൎഗ്ഗം പ്രാപിക്കയും മേനക ഒഴിച്ചുള്ള ദേവസ്ത്രീകളുമായി വസിക്കയും ചെയ്തു.

പുരാണമനുസരിച്ചുള്ള കഥയാണ ഇവ പറഞ്ഞതു. പുരാണത്തിലും നാടകത്തിലും നിബന്ധിക്കപ്പെട്ടിരിക്കുന്ന കഥകൾ തമ്മിൽ വളരെ അന്തരമുണ്ട്.

ദുഷ്ഷന്തന്റെ പിതാവു രൈഭ്യൻ.

ദുഷ്ഷമം-അ. നിന്ദ്യം.

ദുസ്തനം-വിഷംചേൎന്ന മുല.

ദുസ്തര-വി. കടപ്പാൻ വയ്യാത്ത.

'തിതീൎഷുൎദ്ദുസ്തരം മോഹാത്'
(രഘുവംശം)

ദുസ്തൎക്കം-വെറുതെയുള്ള തൎക്കം.

ദുസ്ത്യജം-ഉപേക്ഷിപ്പാൻ പാടില്ലാത്തതു്.

ദുഃസ്ഥ-വി. ദുഃഖത്തോടു കൂടിയിരിക്കുന്ന. ദുഃസ്ഥൻ > < സ്വസ്ഥൻ.

'ദുഃസ്ഥനായുള്ളൊരു നാന്മുഖനന്നേരം
സ്വസ്ഥനായ് നിന്നുടനെന്നുവീ-
[ത്താൻ'
(കൃഷ്ണഗാഥ)

ദുസ്ഥം-പു. നായ്. വ. കോഴി.

ദുസ്ഥിതി-ദുഃഖത്തോടുകൂടെയുള്ള ഇരിപ്പ്. ദുഃഖാവസ്ഥ, ദുഷ്പ്രവൃത്തി.

ദുസ്പൎശം-പു. കൊടുത്തൂവ. ദുഃഖേന സ്പൎശിക്കപ്പെടുന്നതെന്നൎത്ഥം. വ. കഴഞ്ചി.

ദുസ്പൎശാ-പുത്തരിച്ചുണ്ട. തൊട്ടുകൂടാത്തതെന്നൎത്ഥം. കണ്ടകാരിച്ചുണ്ട എന്നും പറയുന്നുണ്ട്.

ദുസ്സ്-അ. ചീത്ത.

ദുസ്സ്വപ്നം-ചീത്ത സ്വപ്നം.

ദുസ്സ്വഭാവം-ചീത്ത ശീലം.

ദുസ്സ്വാദ്-അരുചി, രുചി തോന്നിക്കാത്തതു്, മനസ്സിനു ഹിതമല്ലാത്ത ചുവ.

ദുസ്സഞ്ചാര-വി കടപ്പാൻ പ്രയാസമുള്ള, സഞ്ചരിപ്പാൻ പ്രയാസമുള്ള.

ദുസ്സന്ധാനാ-വി. ചേൎപ്പാൻ പ്രയാസമുള്ള.

ദുസ്സംഗം-ചീത്തയോടുള്ള ചേൎച്ച, ദുഷ്ടസംസൎഗ്ഗം

ദുസ്സമം-അ. നിന്ദ്യം.

ദുസ്സഹ-വി സഹിക്കവയ്യാത്ത.

ദുസ്സഹത-സഹിക്കവയ്യാത്ത സ്ഥിതി.

ദുസ്സാക്ഷി-കള്ളസ്സാക്ഷി.

ദുസ്സാദ്ധ്യം-സാധിപ്പാൻ പ്രയാസമുള്ള.

ദുസ്സാമൎത്ഥ്യം-പു. വക്രത്വം. വ. ദുൎന്നടപ്പ്. ന. മിടുക്കാൻ എന്നുള്ള ഭാവം.

ദുഃഖകണ്ഠാരം-ഒരു രാഗം.

ദുഃഖകര-വി. ദുഃഖത്തെ ഉണ്ടാക്കുന്ന.

ദുഃഖകാലം-സങ്കടമുള്ള സമയം.

ദുഃഖദോഹ്യ - കറപ്പാൻ പ്രയാസമുള്ള പശു.

ദുഃഖഭാജനം-സങ്കടത്തിനു പാത്രം, വ്യസനത്തിനു ഇരിപ്പിടം.

ദുഃഖം - സങ്കടം, പൎയ്യായങ്ങൾ-പീഡം, ബാധ, വ്യഥ, ദുഃഖം, ആമനസ്യം, പ്രസൂതിജം, കഷ്ടം, കൃച്ഛ്രം, ആഭീലം.

ജന്മം, വ്യാധി, ജരാ, ശോകം, മരണം ഇവ ൫-ം ദുഃഖപഞ്ചകം എന്നു പറയപ്പെടുന്നു.

ദുഃഖവൎദ്ധനം-ഒരുവക കണ്ണുരോഗം.

അധികാലത്തു സ്ഥാനം തെറ്റി കാറ്റു കഫത്തെ വരുത്തിയാൽ വരുമ്പോൾ കഫങ്ങൾ കോപിച്ചു ചൊറിച്ചിലോടും ചുവപ്പോടും വേദനയോടും പഴുപ്പോടും കൂടിയ നീരുണ്ടാക്കും. ഇതാണു ദുഃഖവൎദ്ധനം.

ദുഃഖശാന്തി-സങ്കടനിവൃത്തി.

ദുഃഖി-വി. സങ്കടമുള്ള.

ദുഃഖിക്കുന്നു-വ്യസനിക്കുന്നു, സങ്കടപ്പെടുന്നു, [സ ക്രി-ദുഃഖിപ്പിക്കുന്നു].

ദുഃഖിത-വി. സങ്കടപ്പെട്ട

ദുഃഖിതന്റെ ലക്ഷണം ൬ വിധം- അസൂയ, നിന്ദാശീലം, സന്തുഷ്ടി, ക്രോധം, നിത്യസംശയം, പരാശ്രയജീവിതം.

"ഈർഷ്യീ ഘൃണീത്വസന്തുഷ്ട
ക്രോധനോ നിത്യശങ്കിതഃ
പരഭാഗ്യോപജീവീച
ഷഡേതേ ദുഃഖഭാഗിനഃ"

ദുഃഖോപശമനം-സങ്കടത്തിന്റെ നിവൃത്തി.

ദുഹിതാവ്-മകൾ. പിറന്നേടത്തു നിന്നു സാമാനങ്ങൾ കൈക്കലാക്കി ഭർത്തൃഗൃഹം നിറയ്ക്കുന്നവൾ എന്നർത്ഥം. പാൽ കറക്കുന്നവൾ. ആര്യന്മാരുടെ ഇടയിൽ പുത്രിമാരുടെ ഗൃഹാശ്രമത്തിൽ പാൽ കറപ്പാൾപ്പെട്ടിരുന്നു.

ദുഹിതൃപതി, ദുഹിതുഃപതി-മകളുടെ ഭർത്താവ്.

ദുളി-അമർപ്പെട്ട, പെണ്ണാമ. വെള്ളം കലക്കി മറിക്കുന്നതു എന്നർത്ഥം ഡുളി എന്നുമാവാം

---

## ദൂ

ദൂത്-ഒരാൾ പറഞ്ഞയച്ച വർത്തമാനം മറ്റൊരാളോടു ചെന്നുപറയുക

ദൂത-വി. ദൂതുപറയുന്ന.

ദൂതകൻ-ഒരാൾ പറഞ്ഞയച്ച വർത്തമാനം മറ്റൊരാളോടു ചെന്നു പറയുന്നവൻ ഗമിക്കുന്നവൻ എന്നർത്ഥം. മറ്റൊരു പര്യായം-സന്ദേശഹരൻ.

ദൂതകർമ്മം-ദൂതന്റെ പ്രവൃത്തി.

ദൂതാംഗദം-ഒരു ചെറിയ നാടകം.

ഈ നാടകം സുഭടൻ ഉണ്ടാക്കിയതാണ്. സീതയെ തിരികെ അയപ്പാൻ രാവണനോട് ചോദിക്കുന്നതിനു അംഗദൻ പോയ കഥയാത്ര ഇതിൽ അടങ്ങിയിരിക്കുന്നു.

ദൂതി, ദൂതിക-സ്ത്രീ. ദൂതുപറയുന്നവൾ. അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ടിരിക്കുന്നവൾ എന്നർത്ഥം. മറ്റൊരു പര്യായം-സഞ്ചാരിക.

നിസൃഷ്ടാർത്ഥം, പരിമിതാർത്ഥം, പത്രഹാരി, സ്വയംദൂതി, മൂഢദൂതി, മർമ്മദൂതി, മൂകദൂതി, വാതദൂതി-ഇങ്ങിനെ ദൂതികൾ ൮ വിധം.

ഉ. പഞ്ചവർണ്ണക്കിളി.

ദൂത്യം-സ്ത്രീ. ദൂതന്റെ ഭാവം. ഉ. ദൂതൻമുഖാന്തിരം അറിയിക്കുന്ന വർത്തമാനം. ൨. ദൂതന്റെ കർമ്മം.

ദൂന-വി. ൧. വേദനയുള്ള. ൨. സന്തപിപ്പിക്കപ്പെട്ട.

ദൂനത്വം-സ്ത്രീ. ദുഃഖം. ൨. വേദന.

ദൂനൻ-ദുഃഖിതൻ.

'ദൂനം ദൂരസ്ഥിതദയിതനായ്"

(മയൂരസന്ദേശം)

ദൂര-വി അകലെയുള്ള.

ദൂരതഃ-അ ദൂരെനിന്നും.

ദൂരത്ത്-അ. അകലെ.

ദൂരദർശനൻ-കഴുവൻ.

ദൂരദർശി-വി. അകലെ കാണുന്ന.

ദൂരദർശി-സ്ത്രീ വിദ്വാൻ. കണ്ണിനും മനസ്സിനും വിഷയമല്ലാത്ത കാര്യങ്ങളെക്കൂടി ബുദ്ധിശക്തികൊണ്ടു ആലോചിച്ചറിയുന്നവൻ എന്നർത്ഥം.

൨. കഴുകൻപക്ഷി.

ദൂരദർശിനി-ദൂരത്തുള്ള വസ്തു സമീപത്തുകാണുന്ന ഒരു യന്ത്രം. (കണ്ണാടി) Telescope

ഈ യന്ത്രം ഒന്നാമതായി സൃഷ്ടിച്ചതു ൧൭-ാം നൂററാണ്ടിന്റെ ആരംഭത്തിൽ ഇററലിരാജ്യത്തെ ഒരു ജ്യോതിശ്ശാസ്ത്ര പണ്ഡിതനായ ഗലീലിയോ Galileo എന്ന മഹാനാണ്.

ദൂരദൃക്-൧. വിദ്വാൻ. ൨. കഴുകൻപക്ഷി.

ദൂരദൃഷ്ടി-ദൂരത്തുകാണുന്ന കാഴ്ച, മുൻകൂട്ടി കാണുക.

ദൂരം-൧. അകലം. ദുഃഖേന പ്രാപിക്കപ്പെടുന്നതു എന്നർത്ഥം. മറെറാരു പൎയ്യായം-വിപ്രകൃഷ്ടം(ക)ം.

ദൂരത്തുള്ളതു എന്നതിന്റെ പൎയ്യായങ്ങൾ ഇവ രണ്ടുംതന്നെ. ദവീയസ്സ്, ദവിഷ്ഠം, സുദൂരം—ഇവ ൩-ം അതിദൂരത്തുള്ളതിന്റെ അല്ലെങ്കിൽ അതിദൂരത്തിന്റെ പേർ.

൨. ഭേദം.

ദൂരവെ-അ. അകലെ.

ദൂരസ്ഥ-വി. ദൂരദേശത്തിലിരിക്കുന്ന.

ദൂരാൽ-അ. ദൂരെനിന്നു.

ദൂരീകരിക്കുന്നു-ദൂരെയാക്കുന്നു.

ദൂരീഭവിക്കുന്നു-ദൂരെയായിത്തീരുന്നു.

ദൂരീകൃത-വി. ദൂരത്താക്കപ്പെട്ട.

ദൂരെ-അ. അകലെ.

ദൂരേരിതേക്ഷണ-വി. കോങ്കണ്ണുള്ള.

ദൂൎവ്വ-൧ കറുകപ്പുല്ല്. രോഗങ്ങളെ ഹിംസിക്കുന്നതു എന്നർത്ഥം. ൨. പെരുങ്കുരുമ്പ.

ദൂലികാ, ദൂലി-അമരി.

ദൂഷ്യം-കൂടാരം.

ദൂഷക - വി. ദുഷിപ്പിക്കുന്ന, ചീത്തയാക്കുന്ന.

ദൂഷണത്രയം-വാതം, പിത്തം, ശ്ലേഷ്മം

ദൂഷണൻ-രാവണന്റെ സേനാപതിയായ ഒരു രാക്ഷസൻ.

ഇവനെ രാമചന്ദ്രൻ വധിച്ചു.

ദൂഷണം-൧. ദോഷം. ൨. ഏഷണി ൩. നിന്ദ.

അർത്ഥം സംബന്ധിച്ച മുഖ്യ ദൂഷണം ൨ വിധം. ൧ അപാത്രത്തിൽ താല്പൎയ്യം, ൨. സൽപാത്രത്തിൽ വൈമുഖ്യം.

ദൂഷികാ, ദൂഷി-കണ്ണിൻപീള. നേത്രത്തെ ദുഷിപ്പിക്കുന്നതു എന്നർത്ഥം.

ദൂഷിതം-വി. ൧ ചീത്തയാക്കപ്പെട്ട. ൨. കേടുഭവിച്ച. ൩ കുററപ്പെടുത്തിയ.

ദൂഷീവിഷം-ഒരുവക വിഷരോഗം.

അധികമായ കാററ, ശൈത്യം, വൃഷ്ടി, അനൂപദേശവാസം, ശീതകാലം, മുതിര മുതലായ ധാന്യങ്ങൾ കൊണ്ടും പകലുറക്കം നിമിത്തവും വീണ്ടുംവീണ്ടും ദുഷിപ്പിക്കപ്പെട്ട വിഷം യാതൊന്നുമൂലം ധാതുക്കളെ ദുഷിപ്പിക്കും തന്മൂലം അതിനു ദൂഷീവിഷം എന്ന പേർ സിദ്ധിച്ചു.

ദൂഷ്യ-വി. ദുഷിപ്പിക്കപ്പെടുവാൻ തക്ക.

ദൂഷ്യ-ആനയുടെ കച്ചക്കയർ. ആനയെ വികൃതമാക്കിച്ചെയ്യുന്നതു എന്നർത്ഥം. ചൂഷ്യം, ചൂഷ ഇവ പാഠഭേദങ്ങൾ.

ദൂഷ്യം-ദൂഷണം, കുററം. (സം) കൂടാരം.

ദൂഷ്യം പറയുന്നവന്റെ പൎയ്യായങ്ങൾ-കുവാദൻ, കുചരൻ.

## ദൃ

ദൃക്-൧. കണ്ണ്. ൨. ഗണിതത്തിനുള്ള ഒരു പ്രമാണഗ്രന്ഥം, ൩. അറിവ്.

ദൃക്പാതം-കടാക്ഷം. ദൃക്കിന്റെ പാതം എന്നർത്ഥം,

[illegible]തമ്മിൽസ്മിതാൎദ്രാനനയമൊരുദൃക്
പാതമാത്രം പ്രസാദം
(അമരുകശതകം)

ദൃക്ശ്രുതി-പാമ്പ്.

ദൃക്കൎണ്ണാ-പാമ്പ്.

ദൃഗ്ഗണിതം-വി. ദൃക്പ്രമാണമായി ഗണിക്കപ്പെട്ട.

ദൃഗ്ജ-കണ്ണിലെ ദീനം.

ദൃഗ്രൂപം-ജ്ഞാനസ്വരൂപം.

ദൃഢം-വി. ൧. മുറുക്കമുള്ള. ൨. കഠിനമായിട്ടുള്ള. വർദ്ധിപ്പിക്കുന്നതു് എന്നൎത്ഥം. ൩. ബലമുള്ള. ൪. നിശ്ചയമുള്ള. ൫. അധികമായ. ൬. വളൎച്ചയുള്ള. ൭. വണ്ണമുള്ള.

ദൃഢഗാത്രിക-മുറുകിയപഞ്ചി.

ദൃഢത-ഉറപ്പു്.

ദൃഢദംശകം-സ്രാവു്.

ദൃഢൻ-൧. ശക്തിയുള്ളവൻ. ൨. തടിച്ചവൻ.

ദൃഢനീരം-തെങ്ങു്.

ദൃഢപൃഷ്ഠകം-ആമ

ദൃഢപ്രരോഹം-അത്തിവൃക്ഷം

ദൃഢഫലം-തെങ്ങു്.

ദൃഢം-ഏറ്റവും.

ദൃഢം-൧ ഉറപ്പു്, ൨. ഏഴാംവാല്യകം. ൩. കോട്ട.

ദൃഢമുഷ്ടി-വി ൧ കൈ ചുരുട്ടിപ്പിടിച്ച. ൨ പിശുക്കുള്ള, ലോഭസ്വഭാവമുള്ള.

ദൃഢമുഷ്ടി-പിടിയുള്ള ആയുധം, വാൾ.

ദൃഢമൂലം-തെങ്ങുമരം.

ദൃഢവല്ക്കം-കവുങ്ങു്.

ദൃഢസന്ധി-വി സന്ധികൾ തമ്മിൽ നന്നായ് ചേൎന്നുള്ള, ഉറപ്പുള്ള, ദൃഢമായി കൂടിച്ചേൎന്നുള്ള

ദൃഢസൂത്രിക-പെരുങ്കുരുമ്പവള്ളി.

ദൃഢാംഗം-വൈരം.

ദൃഢായുധൻ-ശിവൻ.

ദൃഢീകരിക്കുന്നു-ഉറപ്പിക്കുന്നു, ദൃഢമാക്കുന്നു

ദൃതി-൧ തോൽതുരുത്തി. ൨. തോൽക്കുടം

ദൃതിഹരി-നായ്.

ദൃംഭൂ-പാമ്പു്.

ദൃപ്ത-വി. അഹങ്കാരമുള്ള.

ദൃബ്ധ-വി. ൧ കെട്ടപ്പെട്ട. ൨. ബന്ധിക്കപ്പെട്ട.

ദൃശ്യ-വി. കാണപ്പെടുവാൻതക്ക.

ദൃശ്യകാവ്യം-ഒരുമാതിരി കാവ്യം.

ഇതു മൂന്നുവിധം. ൧. നാട്യം-വാക്യാൎത്ഥബോധകം. ൨. നൃത്യം-പദാൎത്ഥബോധകം. ൩. നൃത്തം-താളലയാശ്രയം.

ദൃഷൽ-൧. കല്ലു്, പാറ. പിളൎക്കുന്നതെന്നൎത്ഥം. ൨. അരകല്ലു്.

ദൃഷത്സാരം-ഇരിമ്പു്.

ദൃഷദ്വതി-ഒരു നദി. ഇതു ആൎയ്യാവൎത്തത്തിന്റെ കിഴക്കെഅതിരാകുന്നു.

ദൃഷ്ട-വി. കാണപ്പെട്ട.

ദൃഷ്ടകൎമ്മാ-കാണപ്പെട്ടപ്രവൃത്തി.

ദൃഷ്ടം-തന്റെയും ശത്രുവിന്റെയും സൈന്യത്തിൽ നിന്നുണ്ടാകുന്ന ഭയം. കാണപ്പെടുന്നതു് എന്നൎത്ഥം.

ദൃഷ്ടരജസ്സ്-ഋതുവായവൾ, തിരണ്ടവൾ. കാണപ്പെട്ട ആൎത്തവത്തോടു കൂടിയവൾ എന്നൎത്ഥം.

ദൃഷ്ടാന്തം-൧ ഉദാഹരണം ൨. സാക്ഷി. ൩ ശാസ്ത്രം. ൪. പ്രകൃതാൎത്ഥം. (ദൃഷ്ടം അന്തമായി കാണിക്കുന്നതു്.) അക്കരെകണ്ടതു് എന്നൎത്ഥം. ൫. ഒരലങ്കാരം അപ്രകൃതമായ ഉപമാനം.

ദൃഷ്ടാന്താലങ്കാരം-'ചക്ഷുശ്രവണം ചീറിയണഞ്ഞു പക്ഷിപ്രവരന ഭക്ഷണകംലം'. (ദക്ഷയാഗം കഥകളി)

ദൃഷ്ടി-൧. കണ്ണു്. ൨. കാഴ്ച ൩. അറിവു്. ജ്ഞാനം എന്നൎത്ഥം.

നേത്രത്തിന്റെ കൃഷ്ണമണ്ഡലമദ്ധ്യത്തിൽ ചഞ്ചലതപ്രസാദമായും, ആലോചകപിത്തമയമായും, ശീതസാത്മ്യമായും, സൂക്ഷ്മരൂപമായും ഇരിക്കുന്ന ഒരു

ത്തേജസ്സാകുന്നു എന്നു ധന്വന്തരി പറയുന്നു.

ദൃഷ്ടിക്ക-നോക്കുക.

'ദൃഷ്ടിച്ചുനിന്നാനങ്ങൊട്ടുനേരം'

(കൃഷ്ണഗാഥ)

ദൃഷ്ടിദോഷം- കണ്ണുകൊണ്ടുണ്ടാകുന്ന ദോഷം, കൊതി.

ദൃഷ്ടിപാതം-നോട്ടം.

ദൃഷ്ടിബാധ-കണ്ണുകൊണ്ടുണ്ടാകുന്ന ഉപദ്രവം.

ദൃഷ്ടിവിക്ഷേപം-കടാക്ഷം.

ദെമ്പടി-പൈസാ.

—೦೦೦—

# ദേ

ദേയ-വി. കൊടുക്കത്തക്ക.

ദേവകൻ— കൃഷ്ണന്റെ അമ്മാമന്റെമൂത്തച്ഛൻ, ദേവകിയുടെ പിതാവു്.

ദേവകന്യാസ്ഥാനം— ചിത്രകൂടത്തിലെ പ്രസിദ്ധിയുള്ള ഒരു ദേവാലയം.

ദേവകൾ-ദേവന്മാർ.

ദേവകാര്യം- ദൈവാരാധന, ദേവന്റെ സംഗതി.

ദേവകാഷ്ഠം-പ്ര. ദേവദാരം, വ. ചരളം.

ദേവകി- കൃഷ്ണന്റെ അമ്മ; വസുദേവന്റെ ഭാര്യ.

അദിതിയുടെ അവതാരമായി വിചാരിച്ചു എന്നും മറ്റൊരിക്കൽ സുരപസ്ത്രീരാജാവിന്റെ ശ്രേഷ്ഠയായ പ്രസ്തീയായി ജനിച്ചു എന്നും ഒരു കഥകാണുന്നു.

ദേവകീകീർത്തനം-സംകീർത്തനം.

ദേവകീനന്ദനൻ-കൃഷ്ണൻ. ദേവകിയുടെ പുത്രൻ എന്നർത്ഥം.

ദേവകുലം-പ്ര. ദേവകളുടെ വംശം. വ. സ്വർഗ്ഗം.

ദേവകുല്യാ-ആകാശഗംഗ.

ദേവകുസുമം-മരങ്ങാടിമരുന്നു്, ഇലവങ്ങപ്പൂവ്. ശ്രീഭഗവതിയുടെ പേരുകൾ ഉള്ളതു് എന്നർത്ഥം.

ദേവകോപം-ഈശ്വരകോപം.

ദേവഖാത(ക)ം-കഴിച്ചുണ്ടാക്കാത്തകുളം, അകൃത്രിമമായ ജലാശയം (ചിറ). ദേവനാൽ (അദൃശ്യരൂപാദികളാൽ) കുഴിച്ചുണ്ടാക്കപ്പെട്ടതു് എന്നർത്ഥം.

ദേവഗണം-ദേവകളുടെ കൂട്ടം.

ദേവഗന്ധാ-മഹാമേദ.

ദേവഗാന്ധാരം-ഒരു രാഗം.

ദേവഗായകൻ-ഗന്ധർവ്വൻ.

ദേവഗുരു-പ്ര. വ്യാഴൻ. വ. കശ്യപൻ.

ദേവചികിത്സകർ-അശ്വിനികൾ.

ദേവച്ഛന്ദം-നൂറുചുറവള്ള (ഇഴയുള്ള) മുത്തുമാല. ദേവന്മാരാൽ ആഗ്രഹിക്കപ്പെട്ടുന്നതു് എന്നർത്ഥം.

ദേവജഗ്ധകം-ഒരു പച്ചമരുന്നു്, നാന്മുകപ്പുല്ലു്, കാവട്ടംപുല്ലു്. ദേവന്മാരാൽ ഭക്ഷിക്കപ്പെടുന്നതു് എന്നർത്ഥം.

ദേവടൻ-നൃത്തപ്പണിക്കാരൻ.

ദേവത-പ്ര. ദേവൻ. വ. പിശാചു മുതലായതു്. ന. ഉമ്മത്തു്.

ദേവതരു-പ്ര. കല്പകവൃക്ഷം. വ. ദേവതാരവൃക്ഷം.

ദേവതരുക്കൾ-മന്ദാരം, പാരിജാതം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം.

ദേവതാഗോഷ്ഠി-പിശാചു ബാധിച്ചു തുള്ളുക.

ദേവതാതൻ-കശ്യപൻ.

ദേവതാഡം, ദേവതാളം-ദേവതാഴ്, ഇന്ദ്രിയങ്ങളെ താഡനം ചെയ്യുന്നതെന്നർത്ഥം. അത്രയും തീക്ഷ്ണം എന്നു താല്പര്യം. ഒരു മരുന്നു്, പെരുമ്പീരം എന്നും പറയുന്നു. പര്യായങ്ങൾ-വേണി, ഖരാ, ഗരി, ദേവതാഡം, ജീമൂതം.

ഇതു പനി, കുരു, വീഴ്ച്ചമുട്ടൽ, അരോചകം, ഇക്കിൾ, ക്ഷയം, കാമില, മൂലക്കുരു, ശോഫം, പാണ്ഡു ഇവക്കു നന്ന്. മൂഷികവിഷത്തിനു അത്യുത്തമമാകുന്നു.

കൈവിഷം ഛർദ്ദിപ്പിപ്പാനും ഒക്കും. ദേവതാളിയെണ്ണ വാതം, കഫം, കൃമി, ശിരോരോഗം, പ്രമേഹം, കുഷ്ഠം ഇവക്കു നന്ന്. ഇതു വിത്തിൽനിന്നെടുക്കുന്ന എണ്ണയാകുന്നു. ദേവതാഡവൃക്ഷം-മലയാളത്തിൽ ദേവതാളി. ഒരു വമനദ്രവ്യമാകുന്നു. ഭൂതബാധയേയും കളയും.

ദേവതാരം-തേവതാരം.

ദേവതാരം-വയറു വീപ്പ്, വയറടപ്പ്, ഇക്കിൾ, ജ്വരം മുതലായവക്കു നന്ന്. ഇംഗ്ലീഷിൽ-Pinus Deodora. സ്നിഗ്ദ്ധദാരു എന്നും കാഷ്ഠദാരു എന്നും രണ്ടുതരം ഉണ്ട്. ആദ്യത്തേതിൽ അധികമായി എണ്ണ കിട്ടും. ദേവതാരവൃക്ഷത്തെ 'മദകരിവേമ്പ്' എന്നും പറയും.

ദേവതാളി-ഒരു വൃക്ഷം. ദേവതാഡം എന്നു നോക്കുക.

ദേവത്വം-ന. ദേവസായൂജ്യം.

ഇതു യജ്ഞാദിപുണ്യകർമ്മംകൊണ്ടു സിദ്ധിക്കപ്പെടുന്നതാകുന്നു.

വ. ദൈവസ്വഭാവം.

ദേവദത്ത-വി. ദേവന്മാരാൽ കൊടുക്കപ്പെട്ട.

ദേവദത്തൻ-പു. പ്രാണാദിവായുക്കളുടെ അവാന്തരഭേദങ്ങളിൽ ഒന്ന്. കോട്ടുവായിടുന്നേടത്ത് ഇതു സ്ഥിതിചെയ്യുന്നു. വ. ബുദ്ധമുനിയുടെ അനുജൻ.

ദേവദത്തം-ന. വേപ്പ്. വ. അർജ്ജുനന്റെ ശംഖം.

ദേവദാരു-തേവതാരം. മററു പര്യായങ്ങൾ-ശക്രപാദപം, പാരിഭദ്രകം, ഭദ്രദാരു, ദ്രുകിളിമം, പീതദാരു, ദാരു, പൂതികാഷ്ഠം. (ദേവതാരം നോക്കുക).

ദേവദാസൻ-ദേവനെ ശുശ്രൂഷിക്കുന്നവൻ.

ദേവദാസി-സ്ത്രീ. ഉർവ്വശി മുതലായവർ. വ. ദേവനെ ശുശ്രൂഷിക്കുന്നവൾ. ന. കാട്ടുമാതളനാരകം.

ദേവദുന്ദുഭി-തുളസി.

ദേവദൂതി-സ്ത്രീ. കാട്ടുമാതളനാരകം. വ. മധുരമാതളനാരകം.

ദേവദേവൻ-പു. ശിവൻ, ദേവന്മാർക്കും ദേവനായുള്ളവൻ. വ. വിഷ്ണു. ന. ബുദ്ധൻ.

ദേവദ്ര്യങ്-വി. പു. ദേവകളെ പ്രാപിക്കുന്ന വ. ദേവകളെ പൂജിക്കുന്ന.

ദേവധർമ്മത്രയം- യജ്ഞാദിക്രിയകൾ, സ്വാദ്ധ്യായതത്വബോധം, വിഷ്ണുപൂജ ഇവ ൩-ം.

ദേവധാനി-ഇന്ദ്രന്റെ രാജധാനി.

ദേവൻ-പു. ദേവകളിൽ ആരെങ്കിലും ഒരുവൻ. ക്രീഡിക്കുന്നവൻ എന്നർത്ഥം. വ. രാജാവ്. ജയിപ്പാനിച്ഛയുള്ളവൻ എന്നർത്ഥം. ന. ഈശ്വരൻ.

ദേവന്മാർ-ദേവകൾ. പര്യായങ്ങൾ-അമരന്മാർ, നിർജ്ജരന്മാർ, ത്രിദശന്മാർ, വിബുധന്മാർ, സുരന്മാർ, സുപർവ്വാക്കൾ, സുമനസ്സുകൾ, ത്രിദിവേശന്മാർ, ദിവൌകസ്സുകൾ, ആദിതേയന്മാർ, ദിവിഷത്തുകൾ, ലേഖന്മാർ, അദിതിനന്ദനന്മാർ, ആദിത്യന്മാർ, ഋഭുക്കൾ, അസ്വപ്നന്മാർ, അമർത്ത്യന്മാർ, അമൃതാന്ധസ്സുകൾ, ബർഹിർമ്മുഖന്മാർ, ക്രതുഭുക്കുകൾ, ഗീർവ്വാണന്മാർ, ദാനവാരികൾ, വൃന്ദാരകന്മാർ, ദേവതകൾ, ദൈവതങ്ങൾ. ദേവന്മാർ എന്നാൽ ക്രീഡിക്കുന്നവർ എന്നർത്ഥം.

ദേവനദി-ഗംഗാ.

ദേവനന്ദി-ഇന്ദ്രന്റെ ദ്വാരപാലകൻ.

ദേവനം-ഌ. കളി. ഛ. ചൂതുകളി.

'ദേവനംവിനോദനായദേവനിർമ്മിതം'

'കരണീയംദേവനമെന്നെനിക്കുതോന്നി'

(നളചരിതം കഥകളി)

ന. ചുക്കിണി, പകിട. ക്രി. ജയിപ്പാനുള്ള ഇച്ഛ. ൫. ശോഭിക്കുക. ഞ. സ്തുതിക്കുക. ൧. വ്യവഹരിക്കുക. ഛ. സന്തോഷിക്കുക. ൻ. ഉറങ്ങുക. ൧൦. മദിക്കുക. ൧൧. നടക്കുക. ൧൨. വിലാസം. ൧൩. താമര. ൧൪. സ്വപ്നം. ൧൫. കാന്തി. ൧൬. ഗതി. ൧൭. ദുഃഖം.

ദേവനാഗരം-സംസ്കൃതാക്ഷരം.

ദേവനിർമ്മിതാ-ചിററമൃത്.

ദേവനീതി-ദേവസംബന്ധമായ നീതി.

ദേവപതി-ഇന്ദ്രൻ.

ദേവപഥം-ആകാശം, ദേവകളുടെവഴി.

ദേവപുരി-ഇന്ദ്രന്റെ നഗരമായ അമരാവതി.

ദേവപൂജ-ദൈവത്തെ പൂജിക്ക.

ദേവപ്രിയകപ്പുല്ല് — ഒരുവക പുല്ല്. (ദൌഷധം.)

ദേവപ്രയത്നം-ഈശ്വരപരീക്ഷ.

ദേവഭൂതി-ഗംഗ.

ദേവഭൂമി-സ്വർഗ്ഗം.

ദേവഭൂയം-ദേവതപ്രാപ്തി.

ഇതു യജ്ഞാദിപുണ്യകർമ്മം കൊണ്ടു സിദ്ധിക്കുന്നതാണ്.

ദേവമണി-ഌ. കുതിരയുടെ ചുഴി, കുതിരയുടെ കഴുത്തിന്റെയും മുതുവിന്റെയും സന്ധിഭാഗത്തിലുള്ള രോമാവർത്തം. ഛ. മഹാമേദ ന. മേദ ക്രി. വിഷ്ണുവിന്റെ കൌസ്തുഭം എന്ന പേരായ രത്നം.

'ഘണ്ടാബന്ധസമീപസ്ഥോ
നിഗാളകീർത്തിതോബുധൈഃ
തസ്യൈവദേവമണിനാമ
രോമാവർത്തശ്ശുഭോന്തമഃ'

(അശ്വശാസ്ത്രം)

ദേവമാതാവ്-ദേവകളുടെ അമ്മ, അദിതി.

ദേവമാതൃകം-മഴകൊണ്ടു വിളയുന്ന ഭൂമി. ദേവൻ (ഇന്ദ്രൻ അല്ലെങ്കിൽ മേഘം) മാതാവിനെപ്പോലെ രക്ഷാകർത്താവായിട്ടുള്ളത് എന്നർത്ഥം.

ദേവമാനകം-കൌസ്തുഭം.

ദേവമീഢൻ – സൂര്യവംശത്തിലെ ഒരു രാജാവ്.

ദേവമുനി-നാരദൻ.

ദേവയജ്ഞം-ഹോമം. (പഞ്ചമഹായജ്ഞങ്ങളിൽ ഒന്ന്.)

ഹോമം-ദേവന്മാരെ ഉദ്ദേശിച്ചു ചെയ്യുന്നഔപാസനവൈശ്വദേവാദിഹോമം

ദേവയാനം-വിമാനം.

ദേവയാനി – ശുക്രമഹർഷിയുടെ മകൾ. (കചൻ എന്ന ശബ്ദം നോക്കുക.)

ദേവയാനിയുടെ അമ്മയുടെ പേർ 'ഊർജ്ജസ്വതി' എന്നാകുന്നു. ദേവയാനി ദൈത്യരാജപുത്രിയായ സഖിയോന്നിച്ചു താമസിച്ചുവന്നു. ഒരിക്കൽ രണ്ടുപേരും ഒരുമിച്ചു കുളിപ്പാൻ പോയി. ആടകൾ അഴിച്ചു വച്ചിട്ടു സരസ്സിലിറങ്ങി കുളിതുടങ്ങി. ഉടൻ ഒരു വലിയ കാററുവന്നു ആടകളെ അടിച്ചുപാറ്റി. ഇതുകണ്ടു അവർ കരയിൽ കേറി. കൈയിൽ കിട്ടിയ പുടവയെ വേഗം എടുത്തുടുത്തു. ദേവയാനിയുടെ പുടവ അറിയാതെ ശർമ്മിഷ്ഠ എടുത്തുടുത്തുപോയി. അതുനിമിത്തം അവർ തമ്മിൽ വലിയ വഴക്കായി. ഒടുക്കം ശർമ്മിഷ്ഠയും സഖിമാരും കൂടി ദേവയാനിയെ ഒരു പൊട്ടക്കിണററിൽ തള്ളിയിട്ടു. മൃഗയാർത്ഥം അവിടെ എത്തിയ യയാതി അവളെ കിണററിൽനിന്നെടുത്തു രക്ഷിച്ചു. വൃഷപർവ്വാവിന്റെ പുത്രി ശർമ്മിഷ്ഠ ചെയ്ത ഈ കൃത്യം വിവരമായി പറഞ്ഞു. എന്റെ

കൈപിടിച്ചു കരേററി രക്ഷിച്ച അവിടുത്തെ മേഴിച്ചു മറെറാരുവൻെറ കൈ പിടിക്കുന്നതല്ലെന്നും ഭർത്താവ് അവിടുന്നുതന്നെ എന്നും ദേവയാനി പറഞ്ഞു. പിന്നീടു യയാതി ശുക്രമഹർഷിയെ പേടിച്ചും, ദേവയാനി യയാതിയെ നിരൂപിച്ചു വ്യസനിച്ചും പിരിഞ്ഞു. അന്തിയായിട്ടും മകളെ കാണാഞ്ഞു ശുക്രമഹർഷി തിരിച്ചു. കിണററിനു സമീപം കരഞ്ഞുകൊണ്ടു നില്ക്കുന്ന മകളെ അദ്ദേഹം കണ്ടു. കാര്യമെല്ലാം ഗ്രഹിച്ചു. ശുക്രനെ പേടിച്ച് ഉടൻ ദൈത്യരാജാവ് ദേവയാനിയുടെ കാക്കൽ പതിച്ചു. അവളുടെ ഇഷ്ടംപോലെ ശർമ്മിഷ്ഠയെയും അവളുടെ ൧൦൦൦ ദാസികളേയും ദേവയാനിക്കു ദാസികളായി നൽകി. പിന്നീടു ദേവയാനിയെ യയാതി പാണിഗ്രഹണംചെയ്തു. കാലക്രമേണ യയാതിക്കു ശർമ്മിഷ്ഠയിൽ അനുരാഗം തുടങ്ങി. അവൾ ഒരു പുത്രനെ പ്രസവിച്ചു. ഇതിൽ ദേവയാനി കോപിച്ചു പിതാവിൻെറ അടുക്കലേക്കു കലഹിച്ചുപോയി. അനന്തരം യയാതിക്കു വാർദ്ധക്യപീഡകൾ വരട്ടെ എന്നു ശുക്രൻ ശപിച്ചു. പുത്രന്മാരിൽ ആർക്കെങ്കിലും തൻെറ വാർദ്ധക്യത്തെ നൽകി യൌവനം വാങ്ങിക്കൊൾക എന്ന ശാപമോക്ഷവും ശുക്രൻ കൊടുക്കുകയുണ്ടായി. ശർമ്മിഷ്ഠയുടെ പുത്രരിൽ ഇളയവനായ പൂരു ൧൦൦൦ വർഷം പിതാവിൻെറ വാർദ്ധക്യം സ്വീകരിച്ചിരുന്നശേഷം യൌവനം തിരിയെ വാങ്ങി പകരം രാജാവായി. ദേവയാനിയുടെ പുത്രരായ യദുവും തുർവ്വസുവും ശർമ്മിഷ്ഠയുടെ പുത്രന്മാരായ ദ്രുഹ്യുവും അനുദ്രുഹ്യുവും തൻെറ യൌവനം കൊടുത്തു പിതാവിൻെറ വാർദ്ധക്യം ഏററുകൊള്ളാത്തതുകൊണ്ടു ശപിക്കപ്പെട്ടു. പൂരുവിൻെറ സന്തതിയത്രേ കൌരവരും പാണ്ഡവരും.

ദേവയോനി-ദേവജാതി.

വിദ്യാധരന്മാർ, അപ്സരസ്സുകൾ, യക്ഷന്മാർ, രക്ഷസ്സുകൾ, ഗന്ധർവ്വന്മാർ, കിന്നരന്മാർ, പിശാചന്മാർ, ഗുഹ്യകന്മാർ, സിദ്ധന്മാർ, ഭൂതങ്ങൾ-ഇവർ ൧൦-ം, ദേവയോനികൾ ആകുന്നു. ദേവാംശസംഭൂതന്മാർ എന്നർത്ഥം. ഈ പത്തും വിദ്യാധരാദികളുടെ പേരെന്നു ചിലർ പറയുന്നു.

ദേവരൻ-ഭർത്താവിൻെറ അനുജൻ. ജ്യേഷ്ഠത്തിമാരോടുകൂടി നേരമ്പോക്കു പറഞ്ഞു കളിക്കുന്നവൻ എന്നർത്ഥം. ചൂതു കളിക്കുന്നവനെന്നുമാവാം.

'മതിയായുള്ളവരെൻെറ
പതിയുംദേവരൻതാനും'
(ലങ്കാമർദ്ദനം തുള്ളൽ)

മലയാളബ്രാഹ്മണരുടെ ഇടയിൽ ജ്യേഷ്ഠപതിയെ പ്രത്യക്ഷമായി കാണ്മാൻപോലും പാടില്ലാത്ത സ്ഥിതിക്കു ഈ ആഭാസമായി തോന്നിക്കുന്ന വ്യുൽപത്തി അവരുടെ ഇടയിൽ ചേരുന്നതല്ലെന്നു പറവാനേ തരംകാണുന്നുള്ളു.

ദേവരാജൻ-ഇന്ദ്രൻ.

ദേവരാതൻ-ശിവൻെറ വില്ലു സൂക്ഷിച്ചിരുന്ന സൂര്യകുലത്തിലെ ഒരു രാജർഷി.

ദേവർകോൻ-ദേവേന്ദ്രൻ.

ദേവർഷി-ദേവകളിലുള്ള മഹർഷി, നാരദനും മററും.

ദേവലൻ-൧. ദേവസേവകൊണ്ടു ഉപജീവനം കഴിക്കുന്നവൻ, കൂലിക്കു ദേവതാർച്ചനം ചെയ്യുന്നവൻ.

ഈ സേവ ഉപജീവനം കഴിക്കുന്നതിനാണ്. ഭക്തികൊണ്ടുള്ള സേവയല്ല.

൨. ഹൂഹൂ എന്ന ഗന്ധർവ്വനെ ശപിച്ച ഒരു ഋഷി.

ദേവലിംഗം-പ്ര. ദേവന്റെ അടയാളം. ദ്വി. ശിവലിംഗം.

ദേവലോകം-ഇന്ദ്രന്റെ സ്വർഗ്ഗം.

ദേവവത്സരം-മുന്നൂററമ്പത്തഞ്ചു മനുഷ്യവത്സരം കൂടിയതു്, ദിവ്യസംവത്സരം.

ദേവവർദ്ധകി-വിശ്വകർമ്മാവു്. (ദേവലോകശില്പി).

ദേവവർഷം-നൂറു മനുഷ്യവർഷം.

ദേവവല്ലഭം-പ്ര. പുന്നമരം. ദേവന്മാർക്കു പ്രിയമായിട്ടുള്ളതു് എന്നർത്ഥം. ദ്വി. ദേവദാരം.

ദേവവാഹനൻ-അഗ്നി.

ദേവവാഹിനി-പ്ര. ദേവകളുടെ സൈന്യം. ദ്വി. ഗംഗാനദി, ആകാശഗംഗ.

ദേവവൃക്ഷങ്ങൾ-മന്ദാരം, പാരിജാതകം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം ഇവ ൫-ം.

ദേവവൃക്ഷം-പ്ര. ഏഴിലംപാല. ദ്വി. ഗുഗ്ഗുലു.

ദേവശത്രു-അസുരൻ.

ദേവശാകാ-നീർമരുതു്.

ദേവശില്പി-ദേവകളുടെ ആശാരി, വിശ്വകർമ്മാവു്.

ദേവശ്രേണി-പെരുങ്കുരുമ്പ.

ദേവസഭ-പ്ര. ദേവന്മാരുടെ ആസ്ഥാനഗൃഹം. (സഭ=എല്ലാവരും ഒന്നിച്ചിരുന്നു ശോഭിക്കുന്നതു്.) മറെറാരു പര്യായം-സുധർമ്മാ. ദ്വി. ദേവകളുടെ കൂട്ടം.

ദേവസർഷപകം-ഒരു വന്യവൃക്ഷം, (ഔഷധം)

ഇതു കാസം, കൃമി, മുഖരോഗം ഇവക്കു നന്നു്.

ദേവസായുജ്യം-ദേവത്വം. യജ്ഞാദി പുണ്യകർമ്മം കൊണ്ടു സിദ്ധിക്കപ്പെടുന്നതു്.

ദേവസ്രഷ്ടാ-ബ്രഹ്മാ.

ദേവസേനാ-സ്കന്ദന്റെ ഭാര്യ.

ദേവസേനാപതി-സുബ്രഹ്മണ്യൻ. ദേവന്മാരുടെ പടനായകൻ എന്നർത്ഥം.

ദേവസ്വം-ദേവന്റെ മുതൽ.

ദേവഹൂതി-കപിലവാസുദേവന്റെ മാതാവു്.

കർദ്ദമമുനിയുടെ ഭാര്യ. സ്വായംഭുവമനുവിന്റെ പുത്രി. ദേവഹൂതിക്കു കർദ്ദമനിൽ ൯ സ്ത്രീകളും കപിലമുനിയും ജനിച്ചു. സ്ത്രീകളെ മരീചി മുതലായവർക്കു നൽകി.

ദേവാ-വലിയമുരകം.

ദേവാക്രീഡം-നന്ദനവനം (ഇന്ദ്രന്റെ ഉദ്യാനം)

ദേവാജീവൻ, ദേവാജീവി-ദേവപൂജകൊണ്ടു തന്നെ ജീവനം കഴിക്കുന്നവൻ. (ദേവലൻ എന്ന ശബ്ദം നോക്കുക)

ദേവാത്മാ-അരയാൽ.

ദേവാതിഥി-ചന്ദ്രവംശത്തിലെ അക്രോധനൻ എന്ന രാജാവിനു കരംഭയിലുണ്ടായ പുത്രൻ.

ദേവാധിദേവൻ-പ്ര. ശിവൻ. ദ്വി. വിഷ്ണു. തൃ. ബുദ്ധൻ.

ദേവാന്നം-ദേവപൂജക്കുള്ള ചോറു്.

ദേവാപി-ഒരു സോമവംശരാജാവു്.

ദേവാപി ഇന്നും കലാപഗ്രാമത്തിൽ തപസ്സുചെയ്തുകൊണ്ടിരിക്കുന്നുണ്ടു്. ഇദ്ദേഹവും സൂര്യവംശരാജാവായ മരുവും കൂടി കൽക്കി അവതാരശേഷം ലോകത്തിൽ ധർമ്മാദികളെ വീണ്ടുമുണ്ടാക്കുമെന്നും ഭാഗവതത്തിൽ പറഞ്ഞിട്ടുണ്ടു്.

ദേവാംഗന-അപ്സരസ്ത്രീ.

ദേവാംശം-പ്ര. ദേവന്റെ ഭാഗം. ദ്വി. ദേവനു കൊടുക്കുന്ന പങ്കു്.

ദേവാരണ്യം-നന്ദനവനം (ഇന്ദ്രന്റെ ഉദ്യാനം)

ദേവാലയം-ക്ഷേത്രം, ദേവഭവനം.

**ദേവാവ്**—ഭർത്താവിന്റെ അനുജൻ (ദേവരൻ എന്നതു നോക്കുക)

**ദേവാഖ്യം**—ദേവകളുടെ കഥ.

**ദേവാസുരന്മാർ** — ദേവന്മാരും അസുരന്മാരും.

പ്രജകളുടെ ക്ഷേമത്തിനു ദേവന്മാരും അസുരന്മാരും തമ്മിൽ ൧൨ യുദ്ധം ഉണ്ടായിട്ടുണ്ട്. നാരസിംഹം, വാമനം, വാരാഹം, അമൃതമഥനം, താരകാമയം, ആഡീബകം, ത്രൈപുരം, അന്ധകവധം, വൃത്രവധം, ധ്വജപാതം, ഹാലാഹലം, കോലാഹലം ഇങ്ങിനെ ൧൨.

**ദേവി**—൧. ദേവസ്ത്രീ. ൨. പട്ടംകെട്ടിയ രാജസ്ത്രീ. മററുള്ള ഭാര്യമാരെക്കാൾ ശ്രേഷ്ഠതയുള്ളവൾ എന്നർത്ഥം.

പട്ടാഭിഷേകസന്ദർഭത്തിൽ വരനോടൊന്നിച്ചു സിംഹാസനാരൂഢയായി അഭിഷേകം ചെയ്യപ്പെട്ടവളത്രേ രാജപട്ടമഹിഷി.

൩. ശ്രേഷ്ഠതയുള്ള സ്ത്രീ. ൪. പെരുങ്കുരുമ്പ. ശോഭിക്കുന്നതു എന്നർത്ഥം. ൫. ചെറുകപ്പുല്ല്. ദേവപുത്രി എന്നു പേരുള്ളതു എന്നർത്ഥം. ൬. ചിററമൃത്. ൭. തൊഴുകണ്ണി ൮ പെരുന്തുമ്പ. ൯ നിലച്ചുര. ൧൦. ഐവിരലിക്കോവ ൧൧ പെരുമുത്തങ്ങ. ൧൨. വെളുത്ത ചെറിയ വെള്ളരി. ൧൩. അരശി. ൧൪. കരുട്ടുപാവൽ. ൧൫. കടുക്ക. ൧൬. മൂവില. ൧൭. വലിയ കാട്ടുവെള്ളരി. ൧൮. കാട്ടുപാവൽ. ൧൯. പാട. ൨൦. ഹിമവാന്റെ പുത്രി, ശിവന്റെ പത്നി.

ഈ ദേവിക്കു സ്വഭാവം രണ്ടു പ്രകാരത്തിലാകുന്നു. ഒന്നു ഭയങ്കരവും മററേതു ശാന്തവുമാണ്. ഭയങ്കരസ്വഭാവത്തിന്നനുസരണമായി കാളി, ചണ്ഡി, ദുർഗ്ഗാ, ഭൈരവി, ശ്യാമാ ഇങ്ങിനെയും ശാന്തസ്വഭാവം അനുസരിച്ചു ഉമാ, ഗൗരി, ജഗന്മാതാ, പാർവതി, ഭവാനി, ഭൈരവി ഇങ്ങിനെയും നാമധേയങ്ങൾ കാണുന്നു സാധാരണമായി പൂജിക്കപ്പെട്ടു വരുന്നതു ഭയങ്കരരൂപത്തിലാണ്. ചണ്ഡീമാഹാത്മ്യത്തിൽ ദുർഗ്ഗാ, ദശഭുജ, ജഗദ്ധാത്രി, കാളി, സിംഹവാഹിനി, മുക്തകേശി, മഹിഷമർദ്ദിനി, താരാ, ജഗദ്ഗൗരി, ഛിന്നമസ്തകാ എന്ന നാമധേയങ്ങൾ പറഞ്ഞിട്ടുണ്ട്. പരമശിവന്റെ പത്നിയായതുകൊണ്ടു ഈശാനി, ബാഭ്രവീ, രുദ്രാണി, ഭഗവതി, ത്ര്യംബകി, ശർവാണി എന്നും ഉത്ഭവം നിമിത്തം ഗിരിജാ, ദക്ഷജാ, അദ്രിജാ, കന്യാ എന്നും അംബികാ, കന്യ, അപരാ, വിജയാ, അനന്താ, സതി, നിത്യ, ദാക്ഷിണാ, ഭ്രമരീ, കർബുരീ, ആര്യാ, കണ്ഠമോടി, ശിവദൂതി, സർവമംഗളാ, ചാമുണ്ഡാ, ഭദ്രകാളി, ഭീമദേവി, മഹാമാരി, മാതംഗീ, രജസി എന്നിങ്ങനെ ദേവിയുടെ വളരെ പേർ കാണുന്നു.

൨൧. സാവിത്രി. ൨൨. സരസ്വതി.

### ദേവീപൂജയ്ക്കു ആവശ്യമുള്ള ൧൭ സാധനങ്ങൾ.

ജലം, പാൽ, ദർഭനാക്ക, അരി, നെയ്യ്, അക്ഷതം, കരിങ്കുറിഞ്ഞി, കടുക്, കരക, കുങ്കുമം, ഗോരോചന, തേൻ.

**ദേവിക**—സഹ്യപർവതത്തിൽ നിന്നു പുറപ്പെടുന്ന ഒരു നദി.

**ദേവില**—വി. ൧ സുകൃതമുള്ള. ൨. നീതിയുള്ള ൩ ദേവനെ സംബന്ധിച്ച.

**ദേവീമാഹാത്മ്യം**—ഒരു കാവ്യം.

ഇതിൽ അസുരന്മാരുമായുള്ള യുദ്ധത്തിൽ ദേവിയുടെ ജയത്തെ പ്രസ്താവിക്കുന്നു. മാർക്കണ്ഡേയ പുരാണത്തിന്റെ ഒരു ഭാഗമാണ്.

**ദേവേന്ദ്രൻ**-ദേവകളുടെ രാജാവ്, ഇന്ദ്രൻ.

ദേവേന്ദ്രനെ "കാളീശിഷ്യവീരൻ" എന്നു കല്ലൂർനമ്പൂരിപ്പാടിന്റെ ബാലിവിജയം ആട്ടക്കഥയിൽ പറഞ്ഞു കാണുന്നു. (കഥ അറിയുന്നതിനു ദേവീമാഹാത്മ്യം നോക്കുക)

**ദേവേന്ദ്രപ്പള്ള**-ചിറയൂരിലുള്ള ഭഗവതിപ്രീതികരമായ കളികളുള്ള ഒരു പഴയ പാട്ട്.

**ദേവേശൻ**-പു. ഇന്ദ്രൻ. ൨. ശിവൻ. ൩. വിഷ്ണു. ൪. ബ്രഹ്മാവ്.

**ദേവേഷ്ടം**-പു. ഗുല്ഗുലു. ൨. ചെഞ്ചല്യം.

**ദേവോത്സവം**-ക്ഷേത്രങ്ങളിലെ കൊടിയേററു മുതലായ ഘോഷം.

**ദേവോദ്യാനം**-പു. നന്ദനവനം (ഇന്ദ്രന്റെ ഉദ്യാനം) ൨. ക്ഷേത്രത്തിലെ പൂന്തോട്ടം.

**ദേവേജ്യൻ**-ബൃഹസ്പതി.

**ദേശക**-വി. കാണിച്ചുകൊടുക്കുന്ന, പറഞ്ഞുകൊടുക്കുന്ന.

**ദേശകൻ**-പു. ദേശാധികാരി. ൨. ഗുരു.

**ദേശകാലജ്ഞ**-വി. അതാതു ദിക്കുകളുടെയും സമയങ്ങളുടെയും ഗുണദോഷങ്ങളെ അറിയുന്ന.

**ദേശകാലോചിതം**-ദിക്കിനും സമയത്തിനും ചേരുന്നത്.

**ദേശപ്രമാണി**-കരമേൽ മുഖ്യൻ.

**ദേശഭാഷ**-അതാതു ദേശങ്ങളിലുള്ള ഭാഷ.

**ദേശം**-ദിക്ക്, കര. സുഖത്തെ കൊടുക്കുന്നതെന്നർത്ഥം. നഗരാദിപ്രദേശം മററ പര്യായങ്ങൾ-വിഷയം, ഉപവർത്തനം.

ദേശം എന്നതു ജനപദസമൂഹം എന്നു ചിലരും, സ്ഥാനമാത്രമാകുന്നു എന്നു മററു ചിലരും, ഗ്രാമസമൂഹവാചകമെന്നു വേറെ ചിലരും, ജനപദം എന്നു ഇനി ചിലരും പറയുന്നതായി കാണുന്നു.

**ദേശരൂപം**-പു. ദിക്കിന്റെ സ്വഭാവം. ൨. നീതിന്യായം.

**ദേശവഴി**-ഇടപ്രഭുക്കന്മാർക്കുള്ള ദേശം.

**ദേശവാർത്ത**-നാട്ടിലെ വർത്തമാനം.

**ദേശവാഴി**-ഇടപ്രഭു

**ദേശവിശേഷം**-ദിക്കിന്റെ ഭേദം, ദിക്കിലെ ഗുണം.

**ദേശാക്ഷി**-ഒരു രാഗം.

**ദേശാധികാരി**-ദേശത്തെ അധികാരി.

**ദേശാന്തരം**-അന്യദേശം.

**ദേശാന്തരി**-വി. ദേശാന്തരം നടക്കുന്ന.

**ദേശികൻ**-പു. ഗുരു. ൨. സഞ്ചാരി.

**ദേശിങ്ങനാട്ട്**-ഇതിൽ പണ്ടുകൊല്ലവും അതിനു സമീപമുള്ള ദേശങ്ങളും അടങ്ങിയിരുന്നു.

**ദേശിനി**-ചൂണ്ടാണിവിരൽ.

**ദേശീയ**-വി. ദേശത്തെ സംബന്ധിച്ച.

**ദേശോചിതം**—അതാതുദേശത്തിനു യുക്തം.

**ദേശ്യ**-വി. ദേശത്തിനടുത്ത.

**ദേശ്യം**-ദേശഭാഷ.

**ദേഷ്യം**-ദ്വേഷം, കോപം.

**ദേഹണ്ഡം**-പു. വേല, അദ്ധ്വാനം. ൨. അടുക്കളപ്രവൃത്തി.

**ദേഹദാ**-രസം.

**ദേഹനം ചെയ്ക**-പുരട്ടുക.

**ദേഹപരിമാണദായം**-ശുക്ലം, ശോണിതം.

**ദേഹപ്രകൃതി**-ശരീരസ്വഭാവം

**ദേഹഭൃത്ത്**-ജീവൻ.

**ദേഹം**-ശരീരം. വളരുന്നതെന്നർത്ഥം. മററ പര്യായങ്ങൾ-കളേബരം, ഗാത്രം, വപുസ്സ്, സംഹനനം, ശരീരം, വർഷ്മം,

വിഗ്രഹം, കായം, മൂൎത്തി, തനു, തനു (മനുഷ്യൻ എന്നും കാണുക).

ദേഹലാ—മദ്യം.

ദേഹലീദീപന്യായം — രണ്ടുകാൎയ്യങ്ങളെ ഒരു സമയത്തു നിൎവഹിക്കുന്ന പ്രവൃത്തി.

ദേഹളി—പുരയുടെ ചേററപടി. മെഴുക മ്പോൾ ചാണകവും കരിയും ഇതിന്മേൽ പററുന്നതിനാൽ ഈ പേർ സിദ്ധിച്ചു. അകത്തെല്ലാ കടക്കുന്നവരുടെ ദേഹത്തെ (പാദത്തെ) സ്പൎശിക്കുന്നതെന്നുമാവാം.

ദേഹാഭിമാനം—തന്റെ ശരീരത്തെക്കുറിച്ചുള്ള അഹംഭാവം.

ദേഹാഭിമാനി—വി. ശരീരത്തെക്കുറിച്ച് അഹംഭാവമുള്ള.

ദേഹി—വി. ദേഹമുള്ള, ശരീരമുള്ള.

ദേഹി—പു. ജീവൻ. വ. ആത്മാവ്.

---

## ദൈ

ദൈതേയൻ—അസുരൻ. ദിതിയുടെ പുത്രൻ എന്നൎത്ഥം.

ദൈത്യഗുരു—ശുക്രമഹൎഷി. അസുരന്മാരുടെ ആചാൎയ്യൻ എന്നൎത്ഥം.

ദൈത്യദേവൻ—വരുണൻ.

ദൈത്യൻ—അസുരൻ. ദിതിയുടെ പുത്രൻ എന്നൎത്ഥം.

ദൈത്യനിഷൂദനൻ—വിഷ്ണു.

ദൈത്യപതി—പു ഹിരണ്യകശിപു. വ. അസുരാധിപൻ.

ദൈത്യപുരോധസ്സ്—ശുക്രൻ.

ദൈത്യപൂജ്യൻ—ശുക്രൻ.

ദൈത്യയുഗം—൧൨൦൦൦ ദിവ്യവൎഷങ്ങൾ ഉള്ള ദൈത്യരുടെ ഒരു യുഗം.

ദൈത്യാ—സ്ത്രീ. മുരാമാഞ്ചി. മുരൻ എന്ന ദൈത്യന്റെ പേരുള്ളതു എന്നൎത്ഥം. വ. മദ്യം.

ചിററീന്തൽ എന്ന അഭിപ്രായവും കാണുന്നു.

ദൈത്യാരി—വിഷ്ണു. ദൈത്യന്മാരുടെ ശത്രു എന്നൎത്ഥം.

ദൈന്യം—ന. ദീനത, ദുഃഖം. വ. പാരവശ്യം. ന. ക്ഷീണം, ദ. അപമാനം. ഇ. ലോഭം. ത്രൃ. ലജ്ജ.

ദൈൎഘ്യം, ദീൎഘത, ദൈൎഘം—സ്ത്രീ. ഉം. ദീൎഘത്തിന്റെ ഭാവം എന്നൎത്ഥം. മററ പൎയ്യായങ്ങൾ—ആയാമം, ആനാഹം.

ദൈവ—വി. ദേവനെ സംബന്ധിച്ച.

ദൈവകോവിദൻ—ലക്ഷണം പറയുന്നവൻ.

ദൈവകോവിദാ—ലക്ഷണം പറയുന്നവൾ.

ദൈവഗതി—അറിയാൻ പാടില്ലാത്ത ഏതോ ഒരു കാരണം, ദൈവത്തിന്റെ ഇഷ്ടം, വിധി.

ദൈവജ്ഞ—വി. ലക്ഷണം പറയുന്ന.

ദൈവജ്ഞൻ—ജ്യോതിഷക്കാരൻ. പൂൎവ്വജന്മങ്ങളിൽ ചെയ്ത ശുഭാശുഭങ്ങളെ അറിയുന്നവൻ എന്നൎത്ഥം.

'മുൽപ്പാടുടൻദൈവജ്ഞവരംവരുത്തി
കല്പിച്ചുകല്യാണദിനംതദാനീം'

(ഭാഷാനൈഷധചംപു)

ദൈവജ്ഞാ—സ്ത്രീ. ജ്യോത്സ്യക്കാരി, ശുഭാശുഭലക്ഷണം പറയുന്നവൾ. മററൊരു പൎയ്യായം—ഈക്ഷണികാ.

ദൈവത—ന. സമ്പത്ത്. വ. സൌഭാഗ്യം. ന. ഗുണശീലം.

ദൈവതം-ദൈവം, ദേവൻ, ദേവത.

ദൈവതീൎത്ഥം—വിരലുകളുടെ അഗ്രം.

അംഗുല്യഗ്രേ ദൈവം തീൎത്ഥം = വിരലുകളുടെ അഗ്രദേശത്തിങ്കൽ ദൈവതീൎത്ഥമാകുന്നു. ദൈവതീൎത്ഥേന തൎപ്പയേൽ = ദൈവതീൎത്ഥംകൊണ്ടു തൎപ്പിക്കണം. വിരലുകളുടെ അഗ്രംകൊണ്ടു തൎപ്പിക്കണം എന്നൎത്ഥം.

ദൈവദൂതൻ-ദൈവത്തിന്റെ ഭൃത്യൻ.

ദൈവദോഷം — ദൈവികമായുണ്ടാകുന്ന ദോഷം.

ദൈവപരീക്ഷ-പ്രശ്നംനോക്കുക.

ദൈവപ്പാല-ഒരു വൃക്ഷം, ഏഴിലംപാല

ദൈവപ്രശ്നം-ദൈവപരീക്ഷ.

ദൈവബലം-ദൈവത്തിന്റെ ശക്തി.

ദൈവം-പു. ഈശ്വരൻ. ന. ഭാഗ്യം, പൂൎവ്വജന്മകൃതമായ പുണ്യം, പൂൎവ്വജന്മങ്ങളിൽ ചെയ്ത ശുഭാശുഭകൎമ്മങ്ങളുടെ പേർ, ശുഭകൎമ്മം. പരമേശ്വരങ്കൽ ഭവിച്ചതു് എന്നൎത്ഥം. ദേവങ്കൽനിന്നാഗതം എന്നുമാവാം. സ്ത്രീ. ദൈവതീൎത്ഥം. ദേവന്മാർ ദേവതയായിട്ടുള്ളതു് എന്നൎത്ഥം. [ദൈവതീൎത്ഥം എന്നതു നോക്കുക.]

ദൈവയുഗം-പന്തീരായിരം ദിവ്യസംവത്സരം.

ദൈവവിരോധം- ദൈവത്തിന്റെ ഇഷ്ടക്കേടു്.

ദൈവവിലാസം-ദൈവത്തിന്റെ കളി.

ദൈവാധീന-വി. ദൈവത്തിന്റെ ഇഷ്ടത്തെ അനുസരിക്കുന്ന.

ദൈവാസുരം-ദേവകളും അസുരരും പരസ്പരമുള്ള സ്വാഭാവികവിരോധം

ദൈവിക-വി. ദൈവത്തിൽനിന്നുണ്ടാകുന്ന.

ദൈവേച്ഛ-ദൈവത്തിന്റെ ഇഷ്ടം.

ദൈവൈക്യം- ദൈവവുമായുള്ള ചേൎച്ച, മോക്ഷം.

ദൈവോപാസന-ഈശ്വരസേവ.

ദൈഹിക-വി. ദേഹത്തെ സംബന്ധിച്ച

---

## ദോ

ദോഗ്ധ്രി-പശു.

ദോട്ടിപ്പാഷാണം-ഒരുവക പാഷാണം.

ദോന്നാ, തൊന്ന, തുന്ന-വാഴയില വാട്ടിക്കുത്തിയ കുത്തില.

ദോരന്തരാളം -തോളുകളുടെ മദ്ധ്യപ്രദേശം, നെഞ്ചു്.

'ചാരുദോരന്തരാളം'

(ശ്രീകൃഷ്ണചരിതം)

ദോൎദ്ദണ്ഡം-കൈത്തണ്ടു്.

ദോവി- അലക്കുകാരൻ. (ഹിന്ദുസ്ഥാനി ഭാഷ.)

ദോശ-ഒരുമാതിരി പലഹാരം.

ദ്വ + അംശ = ദ്വാംശ. ദ്വ = രണ്ടു്. അംശ = ഒച്ച. രണ്ടുതവണ ഒച്ചയുണ്ടാകുന്നതു്. ദോശ തിരിച്ചും മറിച്ചും രണ്ടു പ്രാവശ്യം ഇടുകയും ആ സമയങ്ങളിൽ ശബ്ദം കേൾക്കുകയും ചെയ്യുന്നുണ്ടല്ലോ. അതുകൊണ്ടു ദോശ അല്ല 'ദ്വാശ'യാണെന്നു ചിലർ പറയുന്നു. ഏതായാലും മലയാളത്തിൽ നടപ്പിൽ വന്നിട്ടുള്ള 'ദോശ'യത്രേ എനിക്കു രുചിക്കുന്നതു്.

ദോശക്കല്ലു്-ദോശയുണ്ടാക്കുന്ന പാത്രം, ദോശച്ചട്ടി. പശ്ചാത്യങ്ങളാം ഉദ്ധീശം, പിഷ്ടപചനം.

ദോഷചതുഷ്ടയം- ഭ്രമം, പ്രമാദം, തെറ്റിധരിപ്പിക്കണമെന്നുള്ള വിചാരം, കരണാപാടവം ഇവ നാലും.

ദോഷജ്ഞ-വി. അറിവുള്ള.

**ദോഷജ്ഞൻ**-൧. വിദ്വാൻ. ഭാവിയായ ദോഷത്തെക്കൂടി അറിയുന്നവൻ എന്നർത്ഥം. ൨. വൈദ്യൻ.

**ദോഷത്രയം**-൧. വാതം പിത്തം കഫം. ൨. അവ്യാപ്തി അതിവ്യാപ്തി അസംഭവം ഇവ മൂന്നും.

൧. അവ്യാപ്തി (ലക്ഷ്യൈകദേശത്തിൽ മാത്രം ലക്ഷണം ചേർന്നിരിക്കുന്നതു്.) ഉ-ം, (ഗോവിന്റെ ലക്ഷണം) ശ്യാമത്വം. ൨. അതിവ്യാപ്തി (അലക്ഷ്യത്തിലും കൂടി ലക്ഷണം ചേരുന്നതു്). ഉ-ം, (പശുലക്ഷണം) ശൃംഗിത്വം. ൩. അസംഭവം (ലക്ഷ്യത്തിൽ ഒരിടത്തുമില്ലാത്ത ലക്ഷണത്തെ പറയുന്നതു്). ഉ-ം (പശുലക്ഷണം) ഒററക്കുളമ്പു്.

**ദോഷപരിഹാരം**-ദോഷനിവൃത്തി, ദോഷം തീരുവാനായിട്ടുള്ള പ്രായശ്ചിത്തം.

**ദോഷപ്പെടുന്നു**-൧. അശുദ്ധിയാകുന്നു. ൨. മതിക്കുറവുവരുന്നു. [സ. ക്രി. ദോഷപ്പെടുത്തുന്നു.]

**ദോഷം**-൧. പാപം. ൨. കുററം. ൩. വ്യഭിചാരം.

**ദോഷവാൻ**-ദോഷമുള്ളവൻ. [സ്ത്രീ-ദോഷവതി.]

**ദോഷവിചാരം**-൧. ദോഷത്തെ ആലോചിക്കുക. ൨. ബ്രാഹ്മണസ്ത്രീക്കു വ്യഭിചാരശങ്കയുണ്ടായാൽ അതിന്റെ നിശ്ചയം അറിയുന്നതിനായിട്ടുള്ള വിചാരം

**ദോഷാ**-അ. രാത്രിയിൽ.

**ദോഷാ**-൧. രാത്രി. ൨. കൈയ്.

'ദോർദ്ദോഷാ ച ഭുജോ ബാഹുഃ
പാണിർഹസ്തഃ കരസ്തഥഃ'
(ധനഞ്ജയകോശം)

൩. മഞ്ഞൾ.

**ദോഷാകര**-വി. കുററമുള്ള.

**ദോഷാകരൻ**-ചന്ദ്രൻ.

**ദോഷാഗമനം**-൧. രാത്രിയുടെ വരവു്. ൨. ദോഷത്തിന്റെ വരവു്.

'ദോഷാഗമനേ ശശധരമന്യേ
ദോഷംകണ്ടീലാർക്കുമൊരുന്നാളും'
(ഭാഷാനൈഷധചമ്പു)

**ദോഷാരോപ(ണ)ം**-ഗുണത്തിങ്കൽ ദോഷമുണ്ടാക്കിത്തീർക്കുക.

**ദോഷാംശം**-ദോഷമുള്ള ഭാഗം.

**ദോഷി**-വി. ദോഷമുള്ള.

**ദോഷൈകദൃക്**-ഒരുവനുള്ള ഗുണദോഷങ്ങളിൽ ദോഷത്തെമാത്രം ദർശിക്കുന്നവൻ (അറിയുന്നവൻ) മററൊരുപര്യായം-പുരോഭാഗീ

**ദോഷോപക്രമണം**-ദോഷചികിത്സ.

**ദോസ്സ്**-കൈ. ശത്രുക്കളെ അടക്കുന്നതെന്നർത്ഥം.

**ദോഹദം**-൧. ആഗ്രഹം, ഇച്ഛ. ൨. ഗർഭിണിയുടെ ആഗ്രഹം. പൂർത്തിയെ ചെയ്യുന്നതു് എന്നർത്ഥം, ഇച്ഛയുടെ പരമകാഷ്ഠ.

ദോഹദം എന്നതിനു 'ഗർഭിണീമനോരഥം' എന്ന അർത്ഥം പ്രസിദ്ധം. 'ഉപേത്യസാ ദോഹദദുഃഖശീലതാം' (രഘുവംശം) 'ദൌഹൃദം' എന്നും കാണുന്നുണ്ടു്. 'ദോഹളം' എന്നാവാമെന്നു മററൊരഭിപ്രായവും ഇല്ലെന്നില്ല.

൩. അശോകവൃക്ഷം പൂക്കുന്നതിനായി കുലസ്ത്രീകൾ അതിന്റെ ചുവട്ടിൽ ചവുട്ടുകയെന്നുള്ളതു്. ൪. ഗർഭം. ൫. വളം.

**ദോഹദവതി**-൧. ആഗ്രഹമുള്ളവൾ. ൨. വ്യാക്കൂണുള്ളവൾ. ദോഹദം=ഗർഭിണീമനോരഥം. അതോടുകൂടിയവൾ എന്നർത്ഥം.

വ്യാക്കൂണ് എന്നതു ഗർഭിണിക്കു് അതാതു വസ്തുക്കളിലുണ്ടാകുന്ന ഓരോതരം അഭിലാഷങ്ങൾ ആകുന്നു, അതോടുകൂടിയവൾ അത്രേ ദോഹദവതി.

ദോഹനം-കറക്കുക.

ദോഹം-പു. കറക്കുക. വ. പാല്ക്കുഴ.

ദോഹലി(ളി)-അശോകം.

ദോഹളം-ഇഷ്ടം. പൂമരങ്ങൾക്കു അങ്കുരം (മൊട്ടു്, മുള) വരുമ്പോഴത്തെക്കുള്ള ആഗ്രഹം, ഗർഭിണികളുടെ ആശ. (ദോഹദം എന്നതു നോക്കുക.)

'ദോഹളമായിതുപൂമരങ്ങൾക്കെല്ലാം'
(കൃഷ്ണഗാഥ)

ദോഹ്യം-പാൽ.

ദോള-സ്ത്രീ. ഒരു ചെടി, അമരി. കാററിനാൽ ഉൽക്ഷേപിക്കപ്പെടുന്നതു് എന്നർത്ഥം. വ. ഊഞ്ഞാൽ. ന. പല്ലക്കു്. ൪. സംശയം.

ദോളാന്ദോളനം-ഊഞ്ഞാലാട്ടം.

## ദൌ

ദൌത്യം-ദൂതന്റെ പ്രവൃത്തി.

ദൌർഗ്ഗന്ധ്യം-ദുർഗ്ഗന്ധത, ദുർഗ്ഗന്ധസ്ഥിതി.

ദൌർഗ്രഹം-അശ്വമേധം.

ദൌർദ്ദിന്യം-ദുർദ്ദിനത്തിന്റെ ലക്ഷണം.

ദൌർബ്ബലം-ദുർബ്ബലത.

ദൌർമ്മനസ്യം-വൈമനസ്യം, മനസ്സുകേടു്.

ദൌരാത്മ്യം-ദുരാത്മത, ദുശ്ശീലം, ദുർബ്ബുദ്ധി.

ദൌലത്തു്-ധനം.

ദൌലേയം-ആമ.

ദൌവാരികൻ-വാതിൽ കാവല്ക്കാരൻ.

ദൌവാരികി-വാതിൽ കാവല്ക്കാരത്തി.

ദൌഷ്കൻ-കൈകൊണ്ടു നീന്തുന്നവൻ.

ദൌഷ്ട്യം-ദുഷ്ടത.

ദൌഷ്യന്തി-ഭരതൻ, ദുഷ്ഷന്തന്റെ പുത്രൻ എന്നർത്ഥം.

ദൌഹിത്രൻ-മകളുടെമകൻ.

ദൌഹിത്രായണൻ-മകളുടെ മകന്റെ മകൻ

ദൌഹിത്രി-മകളുടെമകൾ.

ദൌഹൃദ-ഗർഭധാരണം.

ദൌഹൃദം-പു. ഇഷ്ടം. (ദോഹദം എന്നതു നോക്കുക.) വ. ഗർഭം. ന. വ്യഞ്ജനം.

ദൌഹൃദവതി-ഗർഭമുള്ളവൾ.

ദൌഹൃദിനി-ഗർഭിണി.

## ദ്യ

ദ്യാവാപൃഥിവികൾ - ആകാശവും ഭൂമിയും.

ദ്യാവാഭൂമികൾ-ആകാശവും ഭൂമിയും.

ദ്യുകം-മൂങ്ങാ.

ദ്യുകാരി-കാക്ക.

ദ്യുക്ഷൻ-പു. ഇന്ദ്രൻ. വ. വരുണൻ. ന. അഗ്നി. ൪. സോമൻ. ൫. അര്യമാ.

ദ്യുതി-സ്ത്രീ. ശോഭ, സാമാന്യശോഭ. ശോഭയ്ക്കു കാരണം എന്നർത്ഥം.

'ദധാനമംഭോരുഹകേസരദ്യുതിഃ'
(മാഘം)

വ. പ്രഭ.

ദ്യുതിത-വി. ശോഭിപ്പിക്കപ്പെട്ട.

ദ്യുമ്നം-പു. ദ്രവ്യം, ധനം. യാഗംതുടങ്ങിയുള്ള സുകൃതകർമ്മങ്ങളെ ചെയ്യിച്ചു സ്വർഗ്ഗലോകപ്രാപ്തിയെ സാധിപ്പിക്കുന്നതെന്നർത്ഥം. വ. ശക്തി.

ദ്യുമണി-പു. സൂർയ്യൻ. ആകാശത്തിൽ രത്നംപോലെ ശോഭിക്കുന്നവൻ എന്നർത്ഥം. വ. എരിക്കു്.

ദ്യുമത്സേനൻ-ഒരു ശാല്വരാജാവു്, സത്യവാന്റെ പിതാവു്.

ദ്യുസ്സ്-അ. ആകാശം.

ദ്യുസത്തു്-ദേവൻ. സ്വർഗ്ഗത്തിൽ സ്ഥിതി ചെയ്യുന്നവൻ എന്നർത്ഥം

ദ്യൂതകാരകൻ-ചൂതുകളിപ്പിക്കുന്നവൻ. രണ്ടുകക്ഷികളിലും ഇല്ലാത്തവരോടു ചൂതുവച്ചുകൊടുക്കയും മററും ചെയ്തു കളിനടത്തുന്നവർക്കാ പറയാമെന്നു കാണുന്നു.

ദ്യൂതകാരൻ-ചൂതുകളിക്കാരൻ.

ദ്യൂതകൃത്ത്-ചൂതുകളിക്കാരൻ.

ദ്യൂതബീജം-കവടി.

ദ്യൂതം-ചൂത്, ചൂതുകളി.

'ഞൊാദ്യൂതത്തെല്ലാംവിദുരനിലയനേ മന്ത്രരംസന്നിധായ'

(കിമ്മീരവധം കഥകളി)

ദ്യൂനം-ഏഴാമിടം.

ദ്യോതകം-കാണിക്കുന്നതു്, പ്രകാശിപ്പിക്കുന്നതു്, സൂചിപ്പിക്കുന്നതു്.

ദ്യോതനം-ഫ. വെയിൽ, ശോഭിക്കുന്നതു് എന്നർത്ഥം. വ. പ്രകാശം. ന. വിളക്ക്.

ദ്യോതം-ഫ. വെയിൽ. വ. പ്രകാശം.

ദ്യോതിത-വി. ഫ. പ്രകാശിപ്പിക്കപ്പെട്ട. വ. പ്രകാശിച്ച.

ദ്യോവു്-ഫ. സ്വർഗ്ഗം. വ. ആകാശം.

ദ്യൌസ്-വേദങ്ങളിൽ പറഞ്ഞിട്ടുള്ള ഒരു ദേവൻ, ഉഷസ്സിൻെറ പിതാവു്.

## ദ്ര

ദ്രക(ഗ)ട-ഉറക്കാ ഉണ്ടാക്കുവാനുള്ള ഒരു വക വാദ്യം.

ദ്രഢിമാവു്-ഉറപ്പു്.

ദ്രഢിഷ്ഠ-വി. ഉറപ്പുള്ള.

ദ്രപ്സം-നൈർവെള്ളം, കൊഴുപ്പുകുറഞ്ഞ തൈർ. ദ്രപ്സ്യം എന്ന പാഠവും കാണുന്നുണ്ടു്. ചിലർ അർദ്ധതൈർ-ദ്രപ്സം, നറുതൈർ-ഘനം, മേൽതൈർ-ശരം (സരം) ഇങ്ങിനെയും പറയുന്നു.

ദ്രമിഡന്മാർ-ചോളന്മാർ, കേരളന്മാർ, പാണ്ടിക്കാർ ഇവർ.

ദ്രമിളം-ഒരു രാജ്യം. ഇതിൻെറ കടലോരമാണു് കേരളം.

ദ്രവണം-ഫ. പോക്കു്. വ. ഉരുകൽ.

ദ്രവത്-വി. ഓടുന്ന.

ദ്രവന്തി-ഫ. ഒരു പച്ചമരുന്നു്, എലിച്ചെവി(യൻ), ഓടുന്നതു്, വേഗം പടന്നുപിടിക്കുന്നതു് എന്നർത്ഥം. വ. നദി. ന. വലിയദന്തി.

ദ്രവം-ഫ. ഉരുകൽ. വ. പോക്കു്. ന. ക്രീഡ. മനസ്സുഖിയുന്നതു് എന്നർത്ഥം. ര. സാരം. ഋ. ഓട്ടം. ന്യ. ചശ. ൧. പവിഴം. വ്യ. മോരു്. ൽ. മീൻ.

ദ്രവംഗ-വെളുത്തീയം.

ദ്രവരസാ-അരക്കു്.

ദ്രവിക്കുന്നു-ഫ. ഉരുകുന്നു. വ. ഓടുന്നു. [സ. ക്രി. ദ്രവിപ്പിക്കുന്നു.]

ദ്രവിണം-ഫ. ധനം.

'സംസാരത്തദ്രവിണമണിയ। ൻറാവണാന്ത്രാണിതോദം'

(ഉണ്ണുനീലിസന്ദേശം)

വ. ശക്തി. നശിച്ചുപോകുന്നതു് എന്നർത്ഥം. ന. പരാക്രമം. ഔന്നത്യത്തെ പ്രാപിപ്പിക്കുന്നതെന്നർത്ഥം, ര. സ്വർണ്ണം.

ദ്രവ്യ-വി. തക്കതായ, ചേർച്ചയുള്ള.

ദ്രവ്യകൻ-ചുമട്ടുകാരൻ.

ദ്രവ്യങ്ങൾ-ഭൂമി, ജലം, അഗ്നി, വായു, ആകാശം, കാലം, ദിക്കു്, ആത്മാവു്, മനസ്സു് ഇവ ഒൻപതും.

ദ്രവ്യദണ്ഡം-പ്രായശ്ചിത്തം നിശ്ചയിക്ക

ദ്രവ്യനാശം-ചേതം, മുതൽനഷ്ടം.

ദ്രവ്യം-ഫ. സമ്പത്തു്, വസ്തു, ധനം. നശിച്ചുപോകുന്നതെന്നർത്ഥം.

ദ്രവ്യം കൊടുക്കയും വാങ്ങി
ക്കയും ചെയ്യുന്നതിനുള്ള
നല്ലദിവസം.

'കാൎത്തികാഭാഗ്യമൂലാശ്ച
മഘാചിത്രാചരേവതി।
ആദാതവ്യംനദാതവ്യം
ദത്തംശംതുവിനശ്യതി॥'

ഇതിവചനേന—കാൎത്തിക, ഉത്രം, മൂലം, മകരം, ചിത്തിര, രേവതി ഈ നക്ഷത്രങ്ങളിൽ കൊടുക്കുന്ന ദ്രവ്യം തിരിയെ കിട്ടുകയില്ല. ശേഷം ഇരിക്കുന്ന ദ്രവ്യം നശിക്കയും ചെയ്യും. അതുകൊണ്ടു ഈ നക്ഷത്രങ്ങളിൽ ഒരു ദ്രവ്യവും ആൎക്കും കൊടുക്കരുതു്.

ദ്രവ്യം, ഗുണം, സാമാന്യം, കൎമ്മം, വിശേഷം, സമവായം ഇവയത്രേ ദ്രവ്യാദിഷൾക്കം.

൧. പിച്ചള. ൨. അരക്കു്. ൩. മദ്യം. ൪. സ്വഭാവം. ൫. ഗുണങ്ങൾക്കാശ്രയഭൂതമായ പൃഥിവ്യാദികൾ.

ദ്രവ്യശക്തി—ധനപുഷ്ടി.

ദ്രവ്യശക്തിചതുഷ്ടയം—രസം, വിപാകം, വീൎയ്യം, പ്രഭാവം ഇവ നാലും.

ദ്രവ്യസ്ഥൻ—ധനവാൻ.

ദ്രവ്യാഗമം—ധനലാഭം.

ദ്രഷ്ടാവു്—കാണുന്നവൻ, ആലോചിച്ചറിയുന്നതിനു ശേഷിയുള്ള ആൾ.

ദ്രാൿ—അ. വേഗത്തിൽ.

'ജഹായമങ്ക്ഷുഝഗിതിഝടിതി
സ്രാൿദ്രാൿശീഘ്ര്യേ'
(ഗണരത്നമഹോദധി)

'തിരോഹിതേദ്രാഗുതാത്മനീശാരേ'
(ദക്ഷയാഗം കഥകളി)

ദ്രാക്ഷാ—മുന്തിരിങ്ങ. ആഗ്രഹിക്കപ്പെടുന്നതു് എന്നൎത്ഥം.

ദ്രാക്ഷാപാകം—നീരസജനകമാകാത്ത മട്ടിൽ സംസ്കൃതപ്രത്യയാന്തപദങ്ങളെയും മലയാളപദങ്ങളെയും യോജിപ്പിക്കുന്നതു്. ഇതു പാകത്രയത്തിൽ ഒന്നാണത്രേ. (മുദ്രാലങ്കാരം എന്ന ശബ്ദം നോക്കുക)

ദ്രാക്ഷാരസം—മുന്തിരിങ്ങാച്ചാരായം.

ദ്രാഘിഷ്ഠ—വി. വളരെ നീളമുള്ള.

ദ്രാമിളൻ—ചാണക്യന്റെ ഒരു പേർ.

ദ്രാവ—ഇരപ്പാളി.

ദ്രാവകം—൧. ഉരുകി വെള്ളമായതു്. ൨. ഇടിച്ചുപിഴിഞ്ഞെടുത്ത വെള്ളം, പശ. ൩. വെങ്കാരം. ൪. മെഴുകു്. ൫. ചന്ദ്രകാന്തം. ൬. പൊൻകാരം.

ദ്രാവണം—തേററാമ്പരൽ.

ദ്രാവം—൧. ഓടുക, ഓട്ടം. ൨. പശ. ൩. വേഗം.

ദ്രാവി—പൊൻകാരം.

ദ്രാവിഡകം—൧. കച്ചോലം. ദ്രാവിഡദേശത്തിലുണ്ടായതു് എന്നൎത്ഥം. ൨. വിളയുപ്പു്.

ദ്രാവിഡദേശം—തെക്കൻഇൻഡ്യ.

ദ്രാവിഡൻ—ദ്രാവിഡദേശത്തു ജനിച്ചവൻ

ദ്രാവിഡഭാഷകൾ—൧. മലയാളം. ൨. തമിഴു്. ൩. തെലുങ്കു്. ൪. കൎണ്ണാടകം. ൫. തുളു. ഇവ ൫-ം.

ദ്രാവിഡം—൧. തമിഴു്. ൨. പഞ്ചദ്രാവിഡങ്ങൾക്കു പൊതുവായ ഒരു പേർ.

ദ്രാവിഡാവൎത്തം—ദക്ഷിണഹിന്ദുസ്ഥാൻ

ദ്രാവിഡി—ചിററേലം.

ദ്രു—വൃക്ഷം. മേല്പോട്ടുയരുന്നതു് എന്നൎത്ഥം. വൃക്ഷശാഖയും 'ദ്രു' എന്നു പറയുമെന്നു കാണുന്നു.

ദ്രുകിളിമം—ദേവദാരുവൃക്ഷം. ദേവതാജുഷ്ടമായ വൃക്ഷം എന്നൎത്ഥം. (ദ്രുഘണം എന്നും പാഠം.)

ദ്രുഘണൻ—ബ്രഹ്മാവു്. സംസാരവൃക്ഷത്തെ ഹനിക്കുന്നവൻ എന്നൎത്ഥം. ദ്രുഹിണൻ എന്നതിന്റെ പാഠം.

'ബ്രഹ്മാസ്ത്രജ്ഞസ്സ്വയംഗ്രഹിതോ
ദ്രുഘണഘടപിതമഹഃ'
(ഭാഗ്ഗി)

ദ്രുഘണം-൧. മരംവെട്ടി. വൃക്ഷം ഇതു കൊണ്ടു ഹനിക്കപ്പെടുന്നതിനാൽ ഈ പേർ വന്നു. ൨. ഇരുമ്പുലക്ക ൩. ഇരിമ്പുഗദ. ൪. കോടാലി. വൃക്ഷം ഇതു കൊണ്ടു ഹനിക്കപ്പെടുന്നു എന്നർത്ഥം ൫ കാട്ടുചമ്പകം

ദ്രുണം-തേൾ. ഹിംസിക്കുന്നതു എന്നർത്ഥം.

ദ്രുണി-൧. ജലപാത്രം (തൊട്ടി). ൨. ആമ ൩. ചെവിട്ടാമ്പായു ൪ മുട്ടയ്.

ദ്രുത-വി. ൧. ഉരുകിയ. ൨. അലിഞ്ഞ. ൩. ഒഴുകിയ ൪. ഓടിയ. ൫ ഉരുക്കപ്പെട്ട ന്യ. അലിക്കപ്പെട്ട.

ദ്രുതഗതി-വി. വേഗത്തിൽ പോകുന്ന.

ദ്രുതഗതി-വേഗത്തിലുള്ള നടപ്പ്.

ദ്രുതം-൧. കാലതാമസം കൂടാതെ എന്ന അർത്ഥത്തിൽ പ്രയോഗം. ദ്രുതം > < മന്ദം. ൨. ഉരുക്കപ്പെട്ട സ്വർണ്ണം മുതലായവ. ദ്രവിപ്പിക്കപ്പെട്ടതെന്നർത്ഥം. ൩. ഉരുകിയതു്.

ദ്രുതം-വി. വേഗത്തിൽ.

ദ്രുപദൻ-ഒരു പാഞ്ചാലരാജാവ്, പൃഷതന്റെ പുത്രൻ.

ഭരദ്വാജനോടു (ദ്രോണരുടെ പിതാവോടു) ധനുർവിദ്യ അഭ്യസിക്കുന്ന കാലത്തു് ദ്രുപദനും കൗരവപാണ്ഡവരുടെ ഗുരുവായ ദ്രോണനും സഹപാഠികളായിരുന്നു. ദ്രുപദൻ സിംഹാസനാരോഹണം ചെയ്തപ്പോൾ ദാരിദ്ര്യക്കരവു നിമിത്തം ബുദ്ധിമുട്ടിക്കൊണ്ടിരുന്ന ദ്രോണർ പണ്ടത്തെ സ്നേഹം ആസ്പദമാക്കി ദ്രുപദനെ പ്രാപിച്ചു. എന്നാൽ അയാളെ ദ്രുപദൻ അശേഷം ബഹുമാനിക്കാതെ പരിത്യജിച്ചു. ഇതിനുപകരമായി ദ്രോണർ തന്റെ ശിഷ്യനായ അർജ്ജുനനെക്കൊണ്ടു ദ്രുപദനെപിടിച്ചുകെട്ടിച്ചു; കൊന്നില്ല. പകതി രാജ്യം എടുത്തുംകൊണ്ടു വിട്ടയച്ചു. ഈ പകവീട്ടുന്നതിനു തക്ക ഒരു പുത്രനുണ്ടാകണമെന്നുള്ള പ്രാർത്ഥനയോടുകൂടി ദ്രുപദൻ ഒരു യാഗം തുടങ്ങി. അനന്തരം ധൃഷ്ടദ്യുമ്നൻ എന്ന ഒരു പുത്രനും ദ്രൗപദി എന്ന ഒരു പുത്രിയും ഹോമാഗ്നിയിൽനിന്നും ഉല്പതിച്ചു. അർജ്ജുനൻ പാഞ്ചാലിയെ(ദ്രൗപദിയെ) വിവാഹം ചെയ്കയാൽ ദ്രുപദൻ പാണ്ഡവർക്ക് സഖിയായിത്തീർന്നു. ഭാരതയുദ്ധം പതിനാലാം ദിവസം ദ്രുപദനെ ദ്രോണർ വധിച്ചു. അടുത്തദിവസം ധൃഷ്ടദ്യുമ്നനാൽ ദ്രോണനും വധിക്കപ്പെട്ടു. ദ്രുപദനു ശിഖണ്ഡി എന്നു ഒരു പുത്രനും ശിഖണ്ഡിനി എന്നൊരു പുത്രിയുംകൂടി ഉണ്ടായിരുന്നു.

'അച്ഛനെപിടിച്ചുകെട്ടിപ്പിച്ചപരിഭവം
വെച്ചുകൊണ്ടിരിക്കുന്നു ധൃഷ്ടദ്യുമ്നൻ-
[മെടോ
നിശ്ചയം ദ്രോണർതന്നെകൊന്നീ-
[ടുമവൻതാനും'
(ഭാരതം)

ദ്രുമം-൧. വൃക്ഷം. കൊമ്പുകൾ ഉള്ളതെന്നർത്ഥം. ൨. ദേവതാരം.

ദ്രുമശ്രേഷ്ഠം-കരിമ്പന.

ദ്രുമാമയം-അരക്ക്, കോലരക്ക്, വൃക്ഷത്തിന്റെ രോഗം. വൃക്ഷത്തിൽ നിന്നു പൊട്ടി ഒലിച്ചുണ്ടാകുന്നതുകൊണ്ടു ഈ പേരുണ്ടായി.

അരക്കുതന്നെ ചെമ്പഞ്ഞിച്ചാറായിട്ടും മററും ഉപയോഗിച്ചുവരുന്നു.

ദ്രുമോൽപലം-൧. കൊങ്ങമന്താരം. ൨. ചെറുകൊന്ന. വൃക്ഷത്തിൽ ഉൽപലതുല്യമായ പുഷ്പങ്ങൾ ഉള്ളതു എന്നർത്ഥം.

ദീപ്തിപതാക-ചിലപ്പോൾ കൊടിക്കുറയുടെ ആകൃതിയിൽ കാണപ്പെടുന്ന ധ്രുവദീപ്തി.

ദ്രുവയം-അളവ്, നാഴിമുതലായതു്. വൃക്ഷവികാരം എന്നർത്ഥം.

ത്തുലാംസ്സ മുതലായതു്-പൌ (യൌ) തവം. നാഴി മുതലായതു-ദ്രുവയം. കോൽ മുതലായതു-പായ്യം.

**ദ്രുഘൻ**-പുത്രൻ.

**ദ്രുഘം**-കായൽ.

**ദ്രുഘി**-പുത്രി.

**ദ്രുഘിണൻ, ദ്രുഘണൻ**-൧ ബ്രഹ്മാവു്. അസുരന്മാരെ-ദുഷ്ടന്മാരെ-ദ്രോഹിക്കുന്നവൻ എന്നർത്ഥം. ൨. വിഷ്ണു. ൩. ശിവൻ.

**ദ്രുഹ്യു**-ശർമ്മിഷ്ഠയിൽ യയാതിയുടെപുത്രൻ.

പിതാവിനു തന്റെ യൌവ്വനം നൽകി വാർദ്ധക്യത്തെ താൻ സ്വീകരിക്കായ്കയാൽ രാജ്യാധികാരം കിട്ടുകയില്ലെന്നു പിതാവിനാൽ ശപിക്കപ്പെട്ടു.

**ദ്രുഘണം**-ചുററുകല്ലു്.

**ദ്രേക്കാണം**-ഒരു രാശിയെ മൂന്നായി ഭാഗിച്ചതു്.

**ദ്രോണക്ഷീര**-പതിനാറിടങ്ങഴി പാൽ കറക്കുന്ന പശു (ദ്രോണം=൧൬ ഇടങ്ങഴി)

**ദ്രോണകാകൻ**-കാവതിക്കാക്ക.

**ദ്രോണദുഘ**-പതിനാറിടങ്ങഴി പാൽ കറക്കുന്ന പശു. (ദ്രോണം=പതിനാറിടങ്ങഴി)

**ദ്രോണൻ**-പാണ്ഡവന്മാരുടേയും ദുര്യോധനാദികളുടേയുംഗുരുവായ ബ്രാഹ്മണൻ.

ഭരദ്വാജൻ ഗംഗയിൽ കുളിക്കാൻ പോയപ്പോൾ ഘൃതാചി എന്ന അപ്സരസ്ത്രീയെ കണ്ടു് ഇന്ദ്രിയസ്ഖലനമുണ്ടായി. അതിനെ ഒരു ദ്രോണത്തിൽ (മരപ്പാത്രത്തിൽ) ആക്കി വളർത്തി. അതിനാൽ ഈ പേർ സിദ്ധിച്ചു. ഈ ബാലനെ വേണ്ട വിദ്യ അഭ്യസിപ്പിച്ചതിനു ശേഷം ഭരദ്വാജൻ തന്റെ സഖിയും പാഞ്ചാലരാജാവുമായ വൃഷതനെ ഏല്പിച്ചു. ദ്രോണർ ഈയവസരത്തിൽ പരശുരാമനിൽ നിന്നും ധനുർവേദം മുഴുവനും പഠിച്ചു. വൃഷതൻ മരിച്ചതിന്റെ ശേഷം രാജാവായ ദ്രുപദൻ ധനുർവ്വിദ്യ അഭ്യസിച്ചു മടങ്ങിവന്ന ദ്രോണാചാര്യരെ ഉപേക്ഷിക്കയാണു ചെയ്തതു. അതിനാൽ നിസ്സഹായനായി വസിച്ചു ഈ ആചാര്യൻ ഭീഷ്മരുടെ വരുതിപ്രകാരം പാണ്ഡവകൌരവന്മാരെ ബാല്യത്തിൽ ധനുർവിദ്യ അഭ്യസിപ്പിച്ചു താമസിച്ചു ഭീഷ്മന്റെ സഹോദരിയായ കൃപയെ പാണിഗ്രഹണം ചെയ്തു. ദ്രോണർ ബ്രാഹ്മണനായിരുന്നു എങ്കിലും പരശുരാമനിൽ നിന്നു ആയുധവിദ്യ അഭ്യസിച്ചു് അതിൽ പ്രസിദ്ധി നേടിയിരുന്നു. പിന്നീടു ആയുധവിദ്യയും ധനുർവിദ്യയും ദ്രോണർ പാണ്ഡവരെയും കൌരവരെയും പഠിപ്പിച്ചു. ഭാരതയുദ്ധത്തിൽ ദ്രോണർ കൌരവപക്ഷക്കാരനായിരുന്നു. ഭീഷ്മർ ജീവഹാനി വരത്തക്ക നിലയിൽ മുറിപ്പെട്ടതിന്റെ ശേഷം ശരകൂടത്തിൽ ശയിച്ചു. പിന്നീടു ദ്രോണർ പ്രശസ്തമാകുംവണ്ണം നാലുദിവസം യുദ്ധം നടത്തി. പാണ്ഡവപക്ഷത്തിൽ അനേകംപേരെ കൊന്നു പതിനാലാംദിവസം രാത്രിയിലും യുദ്ധമുണ്ടായിരുന്നു. പ്രഭാതത്തിൽ കൃഷ്ണന്റെ ഉപദേശപ്രകാരം ഭീമൻ അശ്വത്ഥാമാവു മരിച്ചുപോയി എന്നു ദ്രോണർ കേൾക്കുമാറു ഉറക്കെ പറഞ്ഞു. വാസ്തവത്തിൽ ആ പേരുള്ള ഒരു ഗജമാണു മരിച്ചതു്. വാസ്തവം അറിയുന്നതിനു ദ്രോണർ ധർമ്മപുത്രരോടു ചോദിച്ചു. ധർമ്മപുത്രർ കൃഷ്ണന്റെ ഉപദേശാനുസരണം സത്യത്തെ വിട്ടു അശ്വത്ഥാമാവു എന്നുച്ചത്തിലും ഗജം എന്നു പതുക്കെയും പറഞ്ഞു. ഇതു കേട്ട ഉടൻ ദ്രോണർ മൂർച്ഛിതനായി നിലത്തു പതിച്ചു. ധൃഷ്ടദ്യുമ്നനാൽ ഉടൻ ദ്രോണർ വധിക്കപ്പെട്ടു. ദ്രോണർക്കു കുടജൻ, ഭരദ്വാജൻ എന്ന നാമധേയങ്ങളും ഉള്ള പ്രകാരം കാണുന്നു.

**ദ്രോണപുഷ്പി**-ഒരു ചെടി, തുമ്പ.

**ദ്രോണം**-൧. പതിനാറിടങ്ങഴി. ൨. കടം. ൩. തുമ്പ ൪. കാവതിക്കാക്ക. ൫. മര ൬. തൃ. തോടം. ൭. ശരത്തിലെ മേഘം.

**ദ്രോണാ**-തുമ്പ.

**ദ്രോണി**-൧. തോണി. ൨. അമരി. രോഗത്തെ പിൻതുടരുന്നതു എന്നർത്ഥം. ൩. വെള്ളം നിറപ്പാനുള്ള പാത്രം, തൊട്ടി. ൪. ചെറിയ കാട്ടുവെള്ളരി. ൫. വേലിപ്പരുത്തി. ൬. മരക്കല ഉപ്പു ൭ വാഴ.

**ദ്രോണികാ**-൧. അമരി. ൨. പതിനാറിടങ്ങഴി വിതക്കുന്ന നിലം. ൩. മരവി. ൪. തൊട്ടി.

**ദ്രോഹചിന്തനം**-ഉപദ്രവിക്കേണമെന്നുള്ള വിചാരം. മറെറാരു പര്യായം-വ്യാപാദം.

**ദ്രോഹം**-ഉപദ്രവം, അനിഷ്ടവേല, കുററം.

**ദ്രോഹവിചാരം**-അന്യനെ കെടുക്കണമെന്ന വിചാരം. പര്യായങ്ങൾ-വ്യാപാദം, ദ്രോഹചിന്തനം.

**ദ്രോഹി**-വി. ഉപദ്രവിക്കുന്ന.

**ദ്രോഹി**-ഉപദ്രവം ചെയ്യുന്നവൻ

**ദ്രോഹിക്കുന്നു**-ഉപദ്രവിക്കുന്നു.

**ദ്രൗണം**-മരക്കലഉപ്പ്.

**ദ്രൗണായനൻ, ദ്രൗണായനി**-അശ്വത്ഥാമാവ്.

'യദ്രാമേണകൃതംതദേവകുരുതേ
ദ്രൗണായനിഃക്രോധനഃ'
(വേണീസംഹാരം)

**ദ്രൗണി**-അശ്വത്ഥാമാവ്, ദ്രോണന്റെ പുത്രൻ

'അശ്വത്ഥാമമഹാബാഹു
'യതോദ്രൗണിസ്തതോഹയാൻ'
(മഹാഭാരതം)

**ദ്രൗണികം**-പതിനാറിടങ്ങഴി വിതക്കുന്ന നിലം.

**ദ്രൗണേയം**-മരക്കല ഉപ്പ്.

**ദ്രൗപദി**-പാഞ്ചാലി, ദ്രുപദരാജപുത്രി.

യജ്ഞസേനനായ ദ്രുപദരാജാവിന്റെ യാഗവേദിയിൽ നിന്നു ജനിച്ചവളാണ്.

ദ്രൗപദി അതിസുന്ദരിയായിരുന്നു. വിവാഹാനന്തരം പാണ്ഡവർ ദ്രൗപദിയേയുംകൊണ്ടു ഗൃഹത്തിൽ വന്ന് അമ്മയോട് 'ഇന്നു ഞങ്ങൾക്ക് ഒരു നല്ല സാധനം കിട്ടി' എന്നു പറഞ്ഞു. ഇതിനുത്തരം 'അഞ്ചുപേരും ഒന്നുപോലെ അനുഭവിച്ചുകൊള്ളുക' എന്നായിരുന്നു. ഇതു നിമിത്തം അഞ്ചുപേരുടേയും ഭാര്യയായിത്തീർന്നു. ചൂതുകളിയിൽ പാണ്ഡവർ തോററതുനിമിത്തം ദുശ്ശാസനൻ ചെയ്ത ദുശ്ചേഷ്ടതകളും ദുര്യോധനന്റെ ഭാര്യയുടെ അധിക്ഷേപങ്ങളും ഈ സാധ്വി സഹിക്കേണ്ടിവന്നു. ദുർവ്വാസസ്സിന്റെ ശാപത്തിൽനിന്നും കൃഷ്ണന്റെ കൃപ ഹേതുവായിട്ടു ദ്രൗപദി പാണ്ഡവരെ സംരക്ഷിച്ചു. രജസ്വലയായിരുന്ന ഈ ദ്രൗപദിയെ ദുശ്ശാസനൻ തലമുടിക്കു ചുററിപ്പിടിച്ചു മഹാസഭയിൽ കൊണ്ടുവന്നു വസ്ത്രം ഉരിഞ്ഞുകളയുന്നതിനു തുടങ്ങിയപ്പോൾ ഉരിയുന്തോറും അരയിൽ വേറെ വസ്ത്രങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതും ശ്രീകൃഷ്ണകൃപാകടാക്ഷം തന്നെയായിരുന്നു. ദുശ്ശാസനന്റെ രക്തം ഭീമൻ കുടിക്കുമെന്നും അവന്റെ മാറു പിളർന്ന് ആ രക്തംപിരണ്ട കൈകൊണ്ടു മാരുതി തന്റെ ഈ അഴിഞ്ഞുകിടക്കുന്ന തലമുടി ബന്ധിക്കുമെന്നും അവൾ ശപഥം ചെയ്തു. വനത്തിൽവച്ചു ദ്രൗപദിയെ കണ്ടു മോഹാന്ധനായി ജയദ്രഥൻ പിടിച്ചു കൊണ്ടുപോയി. അവന്റെ അപേക്ഷയെ ദ്രൗപദി തിരസ്കരിച്ചുകളഞ്ഞതായിരുന്നു പ്രധാനകാരണം. പാണ്ഡവർ പിന്നാലെ എത്തി, ജയദ്രഥൻ ദ്രൗപദിയെ

വെടിഞ്ഞിട്ട് ഓടി. ഭീമൻ അവനെ പിടികൂടി. താൻ പാണ്ഡവന്മാരുടെ അടിമയാണെന്നു പറയുന്നതുവരെ ഭീമൻ അവനെ അടിക്കയും ചവിട്ടുകയും ചെയ്തു. ദ്രൗപദി അവനുവേണ്ടി മാദ്ധ്യസ്ഥം വഹിക്കയും ധർമ്മപുത്രർ അവനെ കൊല്ലരുതെന്നു പറകയും ചെയ്തതുനിമിത്തം അവനെ വെറുതെ വിട്ടയച്ചു. അജ്ഞാതവാസത്തിൽ ഈ ദ്രൗപദിയെ കീചകൻ മോഹിക്കയും ചതിവായി കീചകനെ ഭീമൻ വധിക്കയും ചെയ്തു. ദ്രൗപദി ദാസവൃത്തിയിലായിരുന്നു വിരാടരാജധാനിയിൽ കഴിച്ചുകൂട്ടിയതു. കീചകമരണത്തിനു കാരണം ദ്രൗപദിയുടെ ഗന്ധർവ്വന്മാരാണെന്നു ശങ്കിച്ചു അവളെയും കൂടി കെട്ടി ചിതയിൽ വച്ചു തീവയ്ക്കാറായപ്പോൾ ഭീമൻ ഒരു മരംപിഴുതു ഗദയാക്കി അടുത്തു. ഗന്ധർവ്വൻതന്നെയാണു ഈ വരുന്നതെന്നു പറഞ്ഞു എല്ലാവരും ഓടി ഒളിച്ചു. ഇങ്ങനെ ദ്രൗപദി രക്ഷയെ പ്രാപിച്ചു. യുധിഷ്ഠിരനാൽ പ്രതിവിന്ധ്യൻ, ഭീമനാൽ ശ്രുതസേനൻ, അർജ്ജുനനാൽ ശ്രുതകീർത്തി, നകുലനാൽ ശതാനീകൻ, സഹദേവനാൽ ശ്രുതകർമ്മാവ് ഇങ്ങനെ ദ്രൗപദിക്കു അഞ്ചു പുത്രന്മാരുണ്ടായിരുന്നു. ഇവരെ യുദ്ധത്തിന്റെ അവസാനദിനത്തിന്റെ തലേദിവസം രാത്രി അശ്വത്ഥാമാവു മുതൽപേർ വധിച്ചു. അനന്തരം അർജ്ജുനൻ അശ്വത്ഥാമാവു ധരിച്ചിരുന്ന ശ്രുതിപ്പെട്ട രത്നം എടുത്തു ദ്രൗപദിക്കു നൽകാൻ ഭീമനെ ഏല്പിച്ചു. ദ്രൗപദിക്കു കൃഷ്ണാ, പാർഷതി, പാഞ്ചാലി, സൈരന്ധ്രി, യാജ്ഞസേനി, പഞ്ചമി, നിത്യയൌവ്വനി എന്ന നാമധേയങ്ങളും ഉണ്ടായിരുന്നു. പാണ്ഡവർ ഇഹലോകവാസം വെടിഞ്ഞ് ഇന്ദ്രസ്വർഗ്ഗത്തിലേക്കു പോയപ്പോൾ ദ്രൗപദിയും അവരെ അനുഗമിച്ചു.]

ദ്രൗപദേയൻ-ദ്രൗപദിയുടെ പുത്രൻ.

—:0:—

## ദ്വ

ദ്വന്ദ്വചരം, ദ്വന്ദ്വചാരി—സ്ത്രീയും പുരുഷനുംകൂടി ഒരുമിച്ചു സഞ്ചരിക്കുന്ന ജന്തു, ചക്രവാകപ്പക്ഷി.

ദ്വന്ദ്വഭാവം-പു. ദ്വന്ദ്വത്തിന്റെ അവസ്ഥ, രണ്ടെന്നുള്ള ഭാവം, ശത്രുമിത്രഭാവം. വ. കലഹം.

'ഇന്നുനീപരിപാലിക്കകൊണ്ടല്ലോ
ദ്വന്ദ്വഭാവംധരിത്രിയിലില്ലാത്തു'
(സന്താനഗോപാലംപാന)

ദ്വന്ദ്വം-പു ഇരട്ട, ജോടി, ഇണ. വ. യുഗ്മം. ന. ഒരു സ്ത്രീയും ഒരു പുരുഷനും കൂടിയ ഇരട്ട സാഹചര്യമായി ചേരുന്ന രണ്ടെണ്ണം എന്നർത്ഥം. ര. സംശയം. ഭ. രഹസ്യം. ന്ന ഒരു സമാസം. രണ്ടു നാമം കൂട്ടിച്ചേർത്ത വാക്ക്.

ദ്വന്ദ്വയുദ്ധം-രണ്ടുപേർതമ്മിലുള്ളയുദ്ധം.

ദ്വന്ദ്വരാശി-മിഥുനംരാശി.

ദ്വന്ദ്വസഹിഷ്ണു-സുഖദുഃഖങ്ങളെ സഹിക്കുന്നവൻ, വിപരീതമായുള്ള രണ്ടിനേ സഹിക്കുന്നവൻ, വിപരീതകാര്യങ്ങളിൽ സമബുദ്ധിയുള്ളവൻ.

ദ്വന്ദ്വഹീനൻ-വിരോധവും അനുകൂലവും ഇല്ലാത്തവൻ, രണ്ടില്ലാത്തവൻ.

ദ്വയം-രണ്ട്.

ദ്വയാതിഗൻ — അധമത്വത്തെയും മദ്ധ്യമത്തെയും അതിക്രമിച്ചവൻ ഉത്തമൻ, രജോഗുണവും തമോഗുണവും നിശ്ശേഷം നിവർത്തിക്കുകകൊണ്ടു ശുദ്ധസത്വഗുണവാനായവൻ.

ദ്വയാർത്ഥം-ഒരുഭാഗത്തിനു രണ്ടർത്ഥം ഉണ്ടായിരിക്കയാണത്.

ദ്വാത്രിംശൽ(ത്ത്) വി. മുപ്പത്തുരണ്ട്.

ദ്വാത്രിംശദുപചാരങ്ങൾ-മുപ്പത്തുരണ്ടു ഉപചാരങ്ങൾ.

അൎഘ്യം പാദ്യം ആചമനീയം മധുപൎക്കം പുനരാചമനം സ്നാനം നീരഞ്ജനം വസ്ത്രം ആചമനം ഉപവീതം പുനരാചമനം ആഭരണം കണ്ണാടിനോക്കുക ഗന്ധം പുഷ്പം ധൂപം ദീപം നിവേദ്യം പാനീയം തോയം പുനരാചമനം കൈ ളുഴുക്കുക താംബൂലം ചന്ദനം പുഷ്പാ ഗീതം വാദ്യം നൃത്തം സ്തുതി പ്രദക്ഷിണം പുഷ്പാഞ്ജലി നമസ്കാരം.

ദ്വാദശചാന്ദ്രമാസങ്ങൾ-മാഘം, ഫാല്ഗുനം, ചൈത്രം, വൈശാഖം, ജ്യേഷ്ഠം, ആഷാഢം, ശ്രാവണം, പ്രൌഷ്ഠപദം, ആശ്വിനം, കാൎത്തികം, മാൎഗ്ഗശീൎഷം, പൌഷം ഇവ ൧൨-ം.

ദ്വാദശപുത്രന്മാർ-പന്ത്രണ്ടുവിധം പുത്രന്മാർ.

൧. ഔരസൻ-ഒരുവനു തന്റെ ധൎമ്മപത്നിയിലുണ്ടായ പുത്രൻ.

൨. പുത്രികാസുതൻ-സൎവ്വസ്വദാനസമ്പ്രദായത്തിൽ വിവാഹം കഴിച്ച പുത്രിയുടെ മകൻ.

൩. ക്ഷേത്രജൻ-രോഗത്താലോ മൃതിയാലോ പുത്രനെ ഉണ്ടാക്കുവാൻ നിവൃത്തിയില്ലാതെ വന്ന പുരുഷന്റെയോ തന്റെ സപിണ്ഡന്മാരുടേയോ നിയോഗപ്രകാരം തന്റെ ഭാൎയ്യയിൽ ഒരു സഗോത്രനോ അന്യനോ പ്രാപിച്ചുണ്ടായ പുത്രൻ.

൪. ഗൂഢജൻ-ഭൎത്താവു ദൂരസ്ഥനോ മറ്റോ ആയിരിക്കുമ്പോൾ ഭാൎയ്യ ജാരസംസൎഗ്ഗത്താൽ സമ്പാദിച്ച പുത്രൻ.

൫. കാനീനൻ-കന്യകയായ മകൾക്കു ജാരസംസൎഗ്ഗത്താലുണ്ടായ പുത്രൻ.

൬. പൌനൎഭവൻ-വിവാഹം കഴിഞ്ഞു ഋതുവാകുംമുമ്പേയോ ഋതുവായതിൽ പിന്നെയോ പുനൎവിവാഹം കഴിഞ്ഞ സ്ത്രീയിലുണ്ടായ പുത്രൻ.

൭. ദത്തകൻ-മാതാവോ പിതാവോ ദാനംചെയ്ത പുത്രൻ.

൮. ക്രീതകൻ-മാതാപിതാക്കന്മാരുടെ അടുക്കൽ നിന്നു വിലയ്ക്കുവാങ്ങിയ കുട്ടി.

൯. കൃത്രിമൻ-ഒരുവൻ മരിക്കാറാവുമ്പോൾ തന്റെ ശേഷക്രിയാദികൾ ചെയ്വാൻ വേണ്ടി തന്റെ സകല മുതലിന്നും അവകാശിയാക്കി സ്വീകരിക്കുന്ന പ്രായം തികഞ്ഞ ഒരു അന്യൻ.

൧൦. സ്വയംദത്തൻ-തന്നത്താൻ മറ്റൊരുവനു വിറ്റവൻ.

൧൧. സഹോഢജൻ-വിവാഹകാലത്തുതന്നെ സ്ത്രീയുടെ ഗൎഭത്തിലുണ്ടായിരുന്ന പുത്രൻ.

൧൨. അപവിദ്ധൻ-മാതാപിതാക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ടതിനാൽ അന്യൻ എടുത്തു വളൎത്തകുട്ടി.

(ഇതു ഗൌതമന്റെ അഭിപ്രായമാകുന്നു.)

ദ്വാദശപ്രാസം - ശബ്ദാലങ്കാരങ്ങളിൽ ഒന്ന്.

ദ്വാദശം-വി. പന്ത്രണ്ട്.

ദ്വാദശരത്നങ്ങൾ-(നവരത്നങ്ങൾ നോക്കുക)

ദ്വാദശരാശികൾ-മേടം, ഇടവം, മിഥുനം, കൎക്കടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം ഇവ ൧൨-ം.

ദ്വാദശാത്മാവ്-൧. ആദിത്യൻ. പന്ത്രണ്ടുവിധം മൂൎത്തിഭേദങ്ങൾ ഉള്ളവൻ എന്നൎത്ഥം. ൨. എരിക്ക്.

ദ്വാദശാദിത്യന്മാർ-൧. ധാതാവ്, ൨. മിത്രൻ, ൩. അൎയ്യമാ, ൪. രുദ്രൻ, ൫.

വരുണൻ, ൬. സൂര്യൻ, ൭ ഭഗൻ, ൮. വിവസ്വാൻ, ൯. പൂഷാവ്, ൧൦. സവിതാവ്, ൧൧. ത്വഷ്ടാവ്, ൧൨. വിഷ്ണു.

ദ്വാദശാംഗുലം-തെട്ടുത്തോൺ, ചെറുവിരലും പെരുവിരലും കൂടിയ ചാൺ. (തികഞ്ഞ ചാൺ ഇതാകുന്നു)

ദ്വാദശി-പന്ത്രണ്ടാമത്തെ തിഥി.

### ദ്വാദശിനാളിൽ വൈഷ്ണവന്മാർ വർജ്ജിപ്പാനുള്ള ൧൨ സാധനങ്ങൾ.

ഓട്ടുപാത്രം, മാംസം, മദ്യം, തേൻ, ഹിംസ, തൈലം, അസത്യം, ചൂതുകളി, പകലുറക്കം, വ്യായാമം, കോപം, മൈഥുനം.

'കാംസ്യംമാംസംസുരാംക്ഷൗദ്രം
ഹിംസാംതൈലമസത്യതാം
ദ്യൂതക്രീഡാംദിവാനിദ്രാം
വ്യായാമംക്രോധമൈഥുനം
ദ്വാദശ്യാംദ്വാദശൈതാനി
വൈഷ്ണവഃപരിവർജ്ജയേൽ'

ദ്വാപരൻ-മൂന്നാംയുഗത്തിന്റെഅധിപൻ

ദ്വാപരം-൧ മൂന്നാംയുഗം. ൨. സംശയം. രണ്ടു പക്ഷങ്ങൾ പ്രധാനങ്ങളായി ഭവിച്ചത് എന്നർത്ഥം.

൩൬൦ മനുഷ്യവർഷം=ഒരു ദേവവർഷം.
൨൪൦൦ ദേവവർഷം=ഒരു ദ്വാപരയുഗം.

ദ്വാർ-ദ്വാരം.

ദ്വാരക-കൃഷ്ണന്റെ പ്രധാന നഗരം. ദ്വാരിക, ദ്വാരവതി, ദ്വാരാവതി എന്നീ രൂപങ്ങളും ഉണ്ട്.

കൃഷ്ണൻ ഉത്തരായണം പ്രാപിച്ച ൭-ാം ദിവസം ഈ സമുദ്രംകേറി നശിച്ചു.

ദ്വാരദാരു-തേക്കുമരം.

ദ്വാരപാലൻ-വാതിൽ കാക്കുന്നവൻ.

ദ്വാരപാലലക്ഷണചതുഷ്ടയം - ഔചിത്യം, കൈക്കരുത്ത്, സൌന്ദര്യം, ചാതുര്യം ഇവ നാലും.

ദ്വാരപിധാനം-വാതിലിന്റെ പൂട്ട്.

ദ്വാരബലിഭുക്ക്-കൊക്ക്.

ദ്വാരം-൧. വാതിൽ, അകത്തേയ്ക്കു കടപ്പാനുള്ള വഴി. മറയ്ക്കുന്നത്, അപരിചിതന്മാരുടെ ഗതിയെ തടുക്കുന്നത് എന്നിങ്ങനെ അർത്ഥം. മറ്റൊരു പര്യായം-പ്രതീഹാരം (പ്രതിഹാരം). ൨. സുഷിരം, ഓട്ട.

ദ്വാരയന്ത്രം-പൂട്ട്.

ദ്വാരവതി, ദ്വാരാവതി-ദ്വാരക.

ദ്വാരവൃത്തം-മുളക്.

ദ്വാരസ്തംഭം-പടിക്കാൽ.

ദ്വാരസ്ഥ-വി. വാതില്ക്കൽ നില്ക്കുന്ന.

ദ്വാരസ്ഥൻ-വാതിൽ കാക്കുന്നവൻ.

ദ്വാരിക-ദ്വാരക.

ദ്വാരികൻ-വാതിൽ കാക്കുന്നവൻ.

ദ്വാസ്ഥ-വി. വാതില്ക്കൽ നില്ക്കുന്ന.

ദ്വാസ്ഥചതുഷ്ടയം-ശ്രീകൃഷ്ണന്റെ ഗോപുരം സൂക്ഷിപ്പുകാരായ നാലുപേർ. കിഴക്ക പീതൻ, തെക്ക നീലപ്രഭൻ, പടിഞ്ഞാറ ശ്വേതൻ, വടക്ക രക്തൻ.

ദ്വാസ്ഥൻ-വാതിൽ കാവല്ക്കാരൻ.

'ദ്വാസ്ഥന്മാരതുകേട്ടു വേഗേനചെന്നു
തൊഴുതാസ്ഥയാ'
(അദ്ധ്യാത്മരാമായണം)

ദ്വാസ്ഥലക്ഷണചതുഷ്ടയം - ഔചിത്യം, കൈയ്യൂക്ക്, സുമുഖത, ചതുരത.

ദ്വാസ്ഥിതദർശകൻ-വാതിൽ കാവല്ക്കാരൻ.

ദ്വാസ്ഥിതൻ-വാതിൽ കാവല്ക്കാരൻ.

ദ്വാസ്ഥിതാദർശി-വാതിൽകാവല്ക്കാരൻ

ദ്വി-വി. രണ്ടുമടങ്ങായ.

ദ്വികകാരം-൧. ചക്രവാകപ്പക്ഷി. ൨. കാക്ക.

ദ്വികകുത്ത്-ഒട്ടകം.

ദ്വികം-൧. രണ്ട്. ൨. ചക്രവാകപ്പക്ഷി. ൩. കാക്ക

ദ്വിഗുണ-വി. ഇരട്ടിയുള്ള, ഇരട്ടിച്ച.

ദ്വിഗുണാകൃത-വി. ഇരുച്ചാലുഴുത.

ദ്വിഗുണാകൃതം-ഇരുച്ചാലുഴുത നിലം.

ദ്വിഗുണിതം-ഇരട്ടിക്കപ്പെട്ട.

ദ്വിഗുണീകരിക്ക-ഇരട്ടിക്ക.

ദ്വിഗുണീകൃതം-ഇരട്ടിക്കപ്പെട്ട.

ദ്വിജ-കരഞ്ഞാടിമരുന്നു്, അരേണുകം.

ദ്വിജൻ-പു. ബ്രാഹ്മണൻ. ൨. ക്ഷത്രിയൻ ൩. വൈശ്യൻ. ൪. ചന്ദ്രൻ.

ദ്വിജന്മാവു്-പു. ബ്രാഹ്മണൻ. ൨. ക്ഷത്രിയൻ. ൩. വൈശ്യൻ. ൪. പല്ലു്. ൫. മുട്ടയിൽനിന്നു ജനിക്കുന്ന ജന്തു.

ദ്വിജപതി-പു. ചന്ദ്രൻ. ൨. കൎപ്പൂരം.

ദ്വിജം-പു. പക്ഷി. ആദ്യം മുട്ടയായിട്ടും അതിന്റെ ശേഷം മുട്ടവിരിഞ്ഞു കുട്ടിയായിട്ടും ഇപ്രകാരം രണ്ടുപ്രാവശ്യം ജനിക്കുന്നതു എന്നൎത്ഥം. ൨. സൎപ്പം. ൩. പല്ലു്. ൪. ബ്രാഹ്മണൻ. ൫. ക്ഷത്രിയൻ. ൬. വൈശ്യൻ. ദ്വിജശബ്ദത്തിനു രണ്ടുപ്രാവശ്യം ജനിക്കുന്നതു എന്നു ശബ്ദാൎത്ഥം.

ദ്വിജരാജൻ-പു. ചന്ദ്രൻ. ദ്വിജന്മാരുടെ (ബ്രാഹ്മണരുടെ) രാജാവു (നാഥൻ) എന്നൎത്ഥം. ൨. ബ്രാഹ്മണശ്രേഷ്ഠൻ. ൩. ഗരുഡൻ. ദ്വിജങ്ങളുടെ (പക്ഷികളുടെ) നാഥൻ എന്നൎത്ഥം.

ദ്വിജാ-പു. ചെഞ്ചീര. ൨. അരേണുകം. രണ്ടുതരത്തിലുണ്ടാകുന്നതു്, രണ്ടുതവണയുണ്ടാകുന്നതു് എന്നൎത്ഥം. ൩. ചെറുതേക്കു്.

ദ്വിജാതി-ബ്രാഹ്മണൻ. രണ്ടു ജനനമുള്ളവൻ എന്നൎത്ഥം.

മാതാവിൽനിന്നും ജനിക്കുന്നതു ഒരു ജന്മം; ഉപനയനം മറ്റൊരുജന്മം. ഉപനയനസന്ദൎഭത്തിൽ ഉണ്ണിയെ ദേവകളുടെ കൈയിൽ കൊടുക്കുകയും അനന്തരം ഉപനയനാൎത്ഥമായി അവരോടു വാങ്ങിക്കയും ചെയ്യുന്നു എന്നത്രെ സങ്കല്പം. ദേവലോകത്തുപോയി തിരിയെ വരുന്നതു രണ്ടാമത്തെ ജന്മമായി വിചാരിച്ചിരിക്കുന്നു.

'ദ്വിജാതിഭാവാദുപപന്നചാപലഃ'
(കുമാരസംഭവം)

ദ്വിജാംഗി-കടുരോഹിണി.

ദ്വിജിഹ്വൻ-പു. പാമ്പു്. ൨. ഏഷണിക്കാരൻ. രണ്ടു നാവുള്ളതിനാൽ ഈ പേർ വന്നു

'കേമത്വംപൂണ്ടുറ്റുള്ളഗതിയാം
മബ്ദ്ഭുജംഗദ്വിജിഹ്വ
സ്തോമത്തോടസ്ത്വയതവസാധോ!
സാധ്വബാധംവിരാധം'

ദ്വിജിഹ്വശബ്ദത്തിനു 'പാമ്പു്' എന്നും 'ഏഷണിക്കാരൻ' എന്നും അൎത്ഥമുണ്ടെന്നു ഈ ഉദാഹരണം തെളിയിക്കുന്നു.

ഗരുഡൻ പണ്ടു മാതാവിന്റെ ദാസ്യം ഒഴിപ്പാൻ ദേവലോകത്തുനിന്നു അമൃതകലശം കൊണ്ടുവന്നു സൎപ്പങ്ങൾക്കു നൽകി. അതിനെ അവർ ദൎഭവിരിച്ചു അതിന്മേൽ വെച്ചിട്ടു് കുളിപ്പാനായി പോയപ്പോൾ ഇന്ദ്രൻ അതിനെ മോഷ്ടിച്ചുകൊണ്ടു പോയി. സ്നാനം കഴിഞ്ഞു തിരിയെ വന്ന സൎപ്പങ്ങൾ അമൃതകലശം കാണാഞ്ഞു വിഷമിച്ചു അതിരുന്ന ദൎഭയെ നക്കി. അനന്തരം അവരുടെ നാവു രണ്ടായി കീറി. ഇതുകൊണ്ടത്രെ അവർ ദ്വിജിഹ്വന്മാരായി തീൎന്നതു്.

ദ്വിജിഹ്വാ-പാമ്പു്. രണ്ടുനാവുള്ളതെന്നൎത്ഥം.

ദ്വിട്ടു്-ശത്രു ദ്വേഷിക്കുന്നവൻ എന്നൎത്ഥം.

ദ്വിതയം-രണ്ടു്.

ദ്വിതീയ-വി. രണ്ടാമത്തെ.

ദ്വിതീയ-സ്ത്രീ. രണ്ടാംതിഥി. വ. രണ്ടാം വിഭക്തി. സ. ഭാര്യ. രണ്ടു തികയ്ക്കുന്നവൾ എന്നർത്ഥം. സീതാദ്വിതീയൻ = സീതയാകുന്ന ഭാര്യയോടു കൂടിയവൻ. സീതയോടുകൂടിയപ്പോൾ രണ്ടാൾ തികഞ്ഞു എന്ന താല്പര്യം.

ദ്വിതീയവയസ്സ്-യൌവ്വനം.

ദ്വിതീയാകൃത-ഇരുച്ചാലുഴുത നിലം.

ദ്വിതീയാഭാ-മരമഞ്ഞൾ.

ദ്വിത്രിരുക്തം-രണ്ടു മൂന്നുവട്ടം പറക.

ദ്വിത്വം-രണ്ടെന്നുള്ള ഭാവം.

ദ്വിധാ-അ. രണ്ടുപ്രകാരം.

ദ്വിധാഗതി-ഞണ്ടു്.

ദ്വിധാത്മകം-ജാതിക്ക.

ദ്വിപക്ഷം-വിഷമവട്ടം. ഒരേ സമയത്തു സൌകര്യമില്ലാത്ത രണ്ടു പ്രവൃത്തികൾ ചെയ്യേണ്ടതത്യാവശ്യമായി വരിക

ദ്വിപദ-വി. രണ്ടു കാലുള്ള.

ദ്വിപം-പു. ആന. 'ദ്വാഭ്യാം തുണ്ഡമുഖാഭ്യാം പിബതി' കൈകൊണ്ടും മുഖംകൊണ്ടും പാനം ചെയ്യുന്നതു്. ആദ്യം തുമ്പിക്കൈകൊണ്ടു പാനം ചെയ്യുക; പിന്നീടു അതു മുഖത്തെ വായിലാക്കി കുടിക്കുക.

'മത്തദ്വിപപ്രൌഢമന്ദസഞ്ചാരിണീ'

വ. നാകപ്പൂവ്.

ദ്വിപാ-പിടിയാന.

ദ്വിപാത്ത്-വി. രണ്ടു കാലുള്ള.

ദ്വിപാദ്യം-ഇരട്ടിശിക്ഷ, നിയമപ്രകാരം ശിക്ഷിക്കേണ്ടതിൽ ഇരട്ടിയായ ശിക്ഷ. രണ്ടു പാദങ്ങൾ (പരിണാമങ്ങൾ) ഉള്ളതു എന്നർത്ഥം.

ദ്വിഭാഷി-രണ്ടുഭാഷ സംസാരിക്കുന്നവൻ

ദ്വിളക്ക്-കീരി.

ദ്വിമാതൃജൻ-പു. ഗണപതി. വ. രണ്ടമ്മ മകൻ.

ദ്വിരദനം-ആന.

ദ്വിരദം-ആന. രണ്ടു വിശേഷപ്പെട്ട പല്ലുകൾ (കൊമ്പുകൾ) ഉള്ളതു എന്നർത്ഥം.

'ദ്വിരദവദനനാകും ദേവനേയും
[പ്രമോദാൽ'

ദ്വിരദാന്തകം-സിംഹം.

ദ്വിരദാരാതി-പു. സിംഹം. വ. ഏട്ടിമാൻ.

ദ്വിരദാശനം-പു. സിംഹം. വ. അരയാൽ.

ദ്വിരസനം-പാമ്പ്, രണ്ടു നാവുള്ളതു എന്നർത്ഥം.

ദ്വിരാപം-പാമ്പ്.

ദ്വിരുക്തം-വി. രണ്ടുവട്ടം പറയപ്പെട്ട.

ദ്വിരുക്തി-രണ്ടുപ്രാവശ്യം ഒരു പദം പ്രയോഗിക്ക.

ദ്വിരേഫം-വണ്ട്. ഭ്രമരം എന്ന പദത്തിൽ രണ്ടു രേഫാക്ഷരങ്ങൾ ഉള്ളതുകൊണ്ടു ഈ പേർ സിദ്ധിച്ചു

ദ്വിവചനം-രണ്ടു വാക്ക്, രണ്ടാമത്തെ വചനം.

ദ്വിവർഷാ-രണ്ടു വയസ്സ് പ്രായമായ പശു.

ദ്വിവിദൻ-പു. വാനരശ്രേഷ്ഠനായ ഒരസുരൻ.

ബലരാമനുമായി യുദ്ധം ഉണ്ടായി. കാരണം ദ്വിവിദൻ ഹലായുധം മോഷ്ടിച്ചതായിരുന്നു. ദ്വിവിദൻ തോല്പിക്കപ്പെട്ടു. ഇവൻ ഒരു പർവതത്തിന്മേൽ വീണു. അനന്തരം അതു ദ്വിവിദന്റെ ദേഹത്തിന്റെ ഭാരം നിമിത്തം ഖണ്ഡഖണ്ഡമായി ചിതറി.

വ. ശ്രീരാമന്റെ ഒരു വാനരമന്ത്രി.

ദ്വിവിധം-വി. രണ്ടുപ്രകാരമുള്ള.

ദ്വിഷ്, ദ്വിട്(ട്)-ശത്രു. ദ്വേഷിക്കുന്നവനെന്നർത്ഥം.

ദ്വിഷത്-ശത്രു. ദ്വേഷിക്കുന്നവനെന്നർത്ഥം

ദ്വിഷന്തപ-വി. ശത്രുവിനെ ദുഃഖിപ്പിക്കുന്ന

ദ്വിഷഡ്ഭുജൻ-സുബ്രഹ്മണ്യൻ പന്ത്രണ്ടു കൈകളുള്ളവൻ.

ദ്വിഷ്ടതാ-ദ്വേഷം.

'ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്ര ദ്വിഷ്ടതാത്താൽ'
(മയൂരസന്ദേശം)

ദ്വിഷ്ടൻ-ശത്രു.

ദ്വിഷ്ടം-ചെമ്പ്.

ദ്വിഷ്ടി-വി. ദ്വേഷിക്കപ്പെട്ട.

ദ്വിസപ്തതി-വി. എഴുപത്തുരണ്ട്.

ദ്വിസീത്യം-ഇരുചാലുഴുത നിലം.

ദ്വിഹല്യം-ഇരുചാലുഴുത നിലം.

ദ്വിഹായനി-രണ്ടുവയസ്സുചെന്ന പശു

ദ്വീപം-൧ തുരുത്ത്, നാലുവശവും വെള്ളത്താൽ ചുററപ്പെട്ട സ്ഥലം, വെള്ളത്തിൻെറ മദ്ധ്യത്തിലുള്ള തടം. ജലത്തെ രണ്ടായി ഗമിപ്പിക്കുന്നതു, രണ്ടു പ്രകാരത്തിലുള്ള അപ്പുകളോടുകൂടിയതു്. (ഒഴുകുന്ന വെള്ളം ദ്വീപിന്മേൽ ചെന്നു മുട്ടി രണ്ടായി പിരിഞ്ഞു ഒഴുകാറുണ്ടല്ലോ) ൨-ം കാവേരിനദിയുടെ മദ്ധ്യസ്ഥിതമായ 'ശ്രീരംഗപട്ടണം'. ൨. തക്കോലം.

ദ്വീപവതി-നദി, പുഴ. തുരുത്തുകൾ ഉള്ളതു്.

ദ്വീപവാൻ-കടൽ.

ദ്വീപശത്രു-ശതാവരി.

ദ്വീപാന്തരം-അന്യദ്വീപ്.

ദ്വീപി-൧. കടുവാ. ൨. പുലി. രണ്ടുതരം നിറമുള്ളതു് എന്നർത്ഥം. ദ്വീപം വാസസ്ഥാനമായിട്ടുള്ളതു എന്നുമാവാം. ൩. ചെറുവഴുതിന.

ദ്വീപികാ-ശതാവരി.

ദ്വീപുകൾ—ലോകം ഭൂമധ്യത്തിൻെറ ചുററുമുള്ള ൭ ദ്വീപുകളായി ഭാഗിക്കപ്പെട്ടിരിക്കുന്നു.

ഭേദങ്ങൾ-൧. ജംബുദ്വീപം. ൨. ഗോമേദകദ്വീപം ൩. ശാല്മലിദ്വീപം. ൪ കുശദ്വീപം. ൫. ക്രൗഞ്ചദ്വീപം. ൬ ശാകദ്വീപം. ൭. പുഷ്കരദ്വീപം. ഇവയത്രെ സപ്തദ്വീപുകൾ. ഇവയുടെ ചുററുമുള്ള സമുദ്രങ്ങൾ-൧ ലവണസമുദ്രം ൨. ഇക്ഷുസമുദ്രം. ൩. സുരാസമുദ്രം. ൪. ഘൃതസമുദ്രം. ൫. ദധിസമുദ്രം. ൬. ക്ഷീരസമുദ്രം. ൭. ജലസമുദ്രം. ഇവകൾ സപ്തസമുദ്രങ്ങൾ എന്നു പേർ.

ജംബുദ്വീപത്തിനു ൯ വർഷങ്ങൾ ഉണ്ടു്. ൧. ഭാരതവർഷം. ൨. കിംപുരുഷവർഷം ൩. ഹരിവർഷം ൪. ഇളാവൃതവർഷം. ൫. രമ്യകവർഷം. ൬. ഹിരണ്മയവർഷം. ൭. ഉത്തരകുരുവർഷം ൮. ഭദ്രാശ്വവർഷം. ൯. കേതുമാലവർഷം ഇവയാകുന്നു.

ഇവയിൽ ഭാരതവർഷം ൧. ഇന്ദ്രദ്വീപം ൨ കശേരുദ്വീപം. ൩. താമ്രവർണ്ണദ്വീപം. ൪ ഗഭസ്തിദ്വീപം. ൫ നാഗദ്വീപം ൬ സൌമ്യദ്വീപം. ൭. ഗന്ധർവ്വദ്വീപം ൮. വാരുണദ്വീപം ൯. കുമാരകദ്വീപം ഇങ്ങിനെ ഒമ്പതായും ഭാഗിച്ചിരിക്കുന്നു.

ദ്വീപ്യൻ-൧. വ്യാസൻ. ൨. ബുദ്ധൻ.

ദ്വീപ്യാ-൧. പേരീന്ത. ൨. ശതാവരി.

ദ്വേധാ-അ. രണ്ടുപ്രകാരം.

ദ്വേഷണൻ-ശത്രു. ദ്വേഷശീലൻ എന്നർത്ഥം.

ദ്വേഷ(ണ)ം-൧. ശത്രുത, വൈരം, ഇങ്ങോട്ടു ഉപദ്രവിച്ചവരെ അങ്ങോട്ടും ഉപ

ദ്രവിക്കണമെന്നുള്ള ആഗ്രഹം. ഉ. ദൂഷസ്ഥാനങ്ങളിൽ ഉണ്ടാകുന്ന നിദ്ര.

ദ്വേഷി-ശത്രു.

ദ്വേഷിക്കുന്നു-നിന്ദിക്കുന്നു, വെറുക്കുന്നു, പകയ്ക്കുന്നു.

ദ്വേഷ്ടാവ്-നിന്ദിക്കുന്നവൻ, വെറുക്കുന്നവൻ, പകയ്ക്കുന്നവൻ.

ദ്വേഷ്യ-വി. ദ്വേഷിക്കപ്പെടുവാൻതക്ക.

ദ്വേഷ്യപ്പെടുന്നു, ദ്വേഷ്യപ്പെടുന്നു-കോപിക്കുന്നു.

ദ്വൈഗുണ്യം-ന. ഇരട്ടിപ്പ് ഉ. സത്വരജസ്തമോഗുണങ്ങളിൽ വച്ചു രണ്ടു ഗുണങ്ങളുണ്ടായിരിക്കുക.

ദ്വൈതം-ന. രണ്ടെന്നുള്ള ഭാവം. ഉ. ഒരു വനം.

(ദ്വൈതവനത്തിൽ പാണ്ഡവർ വസിച്ചിട്ടുണ്ട്.)

'വാരിജാക്ഷൻ തന്നെയന
[വാസരംഭജിച്ചു
ധൈര്യമോടെദ്വൈതകാന
[നാന്തരേവസിച്ചു'
(കിരാതം കുറത്തിപ്പാട്ടു)

ദ്വൈതമതം-ജീവേശ്വരന്മാർക്കു ഭേദത്തെ സ്ഥാപിക്കുന്ന ഒരു മതം. (ഈ മതക്കാർ താർക്കികന്മാർ, മധ്വാചാര്യർ മുതലായവർ).

ദ്വൈതീയക-വി. രണ്ടാമത്തെ

ദ്വൈധ-വി. രണ്ടുപ്രകാരമായ.

ദ്വൈധം-ന രണ്ടുപ്രകാരം. ഉ. സന്ധി മുതലായ ആറു(ഷാഡ്)ഗുണങ്ങളിൽ ഒന്ന്
രണ്ടുപ്രകാരം=ബലവാനോടു സന്ധിക്കുക, ബലഹീനനോടു വിഗ്രഹിക്കുക (ഇപ്രകാരം തരാതരംപോലെ ചെയ്യുക)

ദ്വൈധീഭാവം-ന. രണ്ടെന്നുള്ള ഭാവം. ഉ. ആറു നയങ്ങളിൽ ഒന്ന്. ശത്രുവിനോടു സമനിലയിൽ വർത്തിക്കുന്നതിനോ സേനയെ രണ്ടായി തിരിച്ചു രണ്ടു സ്ഥലത്തിൽ ഏല്ക്കുന്നതിനോ ദ്വൈധീഭാവം എന്നു പേർ.

ദ്വൈപം-ന പുലിത്തോൽകൊണ്ടു മൂടപ്പെട്ട തേര്. ദ്വീപിയുടെ (വ്യാഘ്രത്തിന്റെ) ചർമ്മംകൊണ്ടു ആവൃതമെന്നർത്ഥം. ഉ. പുലിത്തോൽ.

ദ്വൈപായനൻ- വേദവ്യാസമഹർഷി, ദ്വീപത്തിലുണ്ടായവൻ

ദ്വൈമാതുര-വി. പെറ്റമ്മയും വളർത്തമ്മയും ഇങ്ങിനെ രണ്ടമ്മമാരുള്ള.

ദ്വൈമാതുരൻ-ന ഗണപതി. പാർവ്വതിയും ഗംഗയും ഇങ്ങിനെ രണ്ടമ്മമാരോടു കൂടിയവൻ എന്നർത്ഥം. രണ്ടു മാതാക്കന്മാരുടെ പുത്രൻ-പാർവ്വതി ആദ്യം ഹസ്തിനിവേഷവും പിന്നീടു അതിനെ ത്യജിച്ചു സ്വവേഷവും അംഗീകരിച്ചിരുന്നുവല്ലൊ. ആ പാർവ്വതിയുടെ പുത്രൻ എന്നുമാവാം. ബാല്യത്തിൽ ദുർഗ്ഗയും ചാമുണ്ഡിയുംകൂടി രക്ഷിച്ചതിനാൽ ഈ പേരുണ്ടായി എന്നും അഭിപ്രായം കാണുന്നു. ഉ. ജരാസന്ധൻ.

ദ്വൈമാതൃകം-മഴയാലും നദികളാലും പോഷിപ്പിക്കപ്പെട്ട രാജ്യം.

ദ്വൈമാത്രേയൻ—രണ്ടമ്മമകൻ. മറ്റൊരു പര്യായം-ദ്വിമാതൃജൻ.

ദ്വൈരാജ്യം – രണ്ടു രാജാക്കന്മാരാൽ വിഭാഗിച്ചെടുക്കപ്പെട്ട ഒരു രാജ്യം.

ദ്വൈവാർഷികം- വി. രണ്ടുവർഷങ്ങൾ കൂടുമ്പോളുണ്ടാകുന്ന.

ദ്വൈവിധ്യം-രണ്ടുപ്രകാരമുള്ള ഭാവം.

ദ്വൈസമിക-വി. രണ്ടുവർഷം കഴിഞ്ഞ.

ദ്വൈഹായനം-രണ്ടുവർഷകാലം.

ദ്വ്യഗ്രദന്തം-രണ്ടറ്റങ്ങളിലുമുള്ള പല്ല്.

ദ്വ്യഷ്ടം-ചെമ്പ്. സ്വർണ്ണം വെള്ളി ഇവ രണ്ടിലും ചേരുന്നതെന്നർത്ഥം.